PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

SECOND SESSION—1954

Friday, the 23rd July 1954.

Vol. XI] OFFICIAL REPORT [No. 10

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock, on Friday, the 23rd July 1954, with Mr. Speaker in the Chair.

POINT OF ORDER

ശ്രീ. എം. വി. ചെറിയാൻ: സർ, ഒരു പായിന്റ് ഓഫ് ഓർഡർ. തിരുവനന്തപുരത്തുനിന്നും വളരെ വിദൂരത്താണ് എന്റെ താമസം. അങ്ങനെ വിദൂരത്തിൽ താമസിക്കുന്ന ഞാനും, എന്നെപ്പോലെയുള്ളവരും അയയ്ക്കുന്ന ചോദ്യങ്ങളെ സംബന്ധിച്ചിടത്തോളം സഭയിൽ ഉത്തരം നൽകുന്നത് മററു ചോദ്യകർത്താക്കളെ അപേക്ഷിച്ചു വളരെ വിരളമാണ്. ഉത്തരം നൽകാത്ത ചോദ്യങ്ങൾ, അതായതു് പ്രിന്റുചെയ്തു് സഭയിൽ അവതരിപ്പിച്ചിട്ടും ഉത്തരം നൽകാൻ സമയമില്ലാതെ പോകുന്ന ചോദ്യങ്ങളുടെ ഉത്തരം എപ്പോഴെങ്കിലും മേശപ്പുറത്തു വയ്ക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തിരുന്നുവെങ്കിൽ അതുകൊണ്ടു ഞങ്ങൾ തൃപ്തിപ്പെടുമായിരുന്നു. ചോദ്യം ചോദിക്കാൻ സമയം അനുവദിക്കുന്നുമില്ല, ഉത്തരം മേശപ്പുറത്തു വയ്ക്കുന്നുമില്ല. ഇതിലേയ്ക്കു് ഒരു തീരുമാനമുണ്ടാകണമെന്നപേക്ഷയുണ്ടു്.

മി. സ്പീക്കർ: ചോദ്യങ്ങളെ സംബന്ധിച്ചിടത്തോളം അവ അയയ്ക്കുന്ന ബഹുമാനപ്പെട്ട മെംബറന്മാരോടു് എനിക്കു പറയാനുള്ളതു്, അവ ആഫീസിൽ കിട്ടുന്ന മുറ അനുസരിച്ചാണു്, അതായതു് പ്രയാറിട്ടി അനുസരിച്ചാണു് പരിഗണന നൽകുന്നതു്. എന്നാൽ ബഹുമാനപ്പെട്ട മെംബർ പറഞ്ഞ കാര്യം പരിഗണിക്കാൻ വല്ല സാദ്ധ്യതയുമുണ്ടെങ്കിൽ അപ്രകാരം ചെയ്യാം.

ശ്രീ. ടി. പി. സീതാരാമൻ: സർ, ചോദ്യങ്ങളോടുകൂടി അവയുടെ ഉത്തരങ്ങൾ പ്രിന്റുചെയ്തു സഭയിൽ വിതരണം ചെയ്യുന്ന ഒരു നടപടിയായിരുന്നു കൊച്ചിയിലുണ്ടായിരുന്നതു്. ആ നടപടി ഇവിടെയും സ്വീകരിക്കുകയാണെങ്കിൽ കുറെക്കൂടി സമയലാഭം ഉണ്ടാകുന്നതാണു്,

മി. സ്പീക്കർ: ആ സംഗതിയും ആലോചിക്കാവുന്നതാണു്.

ശ്രീ. കെ. എം. ജാർജ്ജ്: സർ, ഉത്തരം പറയുന്നതിനു് ഞാൻ കുറെ അധികം ചോദ്യങ്ങൾ അയച്ചിട്ടുണ്ടായിരുന്നു. ചോദിക്കുന്നതിനുള്ള സമയവും കിട്ടിയിട്ടില്ല, ചോദ്യങ്ങളുടെ ഉത്തരം മേശപ്പുറത്തു വയ്ക്കുന്നതാണു് എന്നുള്ള കീഴ്‌വഴക്കം പാലിച്ചിട്ടുമില്ല. എല്ലാം ചോദ്യങ്ങളും പ്രിന്റു ചെയ്തിട്ടുണ്ടു്. ഈ കാര്യം ബഹുമാനപ്പെട്ട സ്പീക്കർ ശ്രദ്ധിക്കണമെന്നു് അപേക്ഷിക്കുന്നു.

മി. സ്പീക്കർ: അസംബ്ലി ആഫീസിലുള്ള പ്രാക്ടീസ്, ഗവണ്മെന്റിൽനിന്നും അപ്പോഴപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ (ചോദിക്കാൻ സമയം ലഭിക്കാത്തവ) മേശപ്പുറത്തു വയ്ക്കുമെന്നുള്ളതാണു്. എന്നാൽ മെംബറന്മാർ അയയ്ക്കുന്ന ചോദ്യങ്ങൾക്കു് ഉത്തരം കിട്ടാൻ താമസമുണ്ടാകുമ്പോഴാണു് അന്നുതന്നെ മേശപ്പുറത്തുവയ്ക്കാൻ സാധിക്കാതെ വരുന്നതു്. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം പറയുന്നതിനു ഗവണ്മെന്റിനു് സന്തോഷമുണ്ടു്. പക്ഷെ സമയം അനുവദിക്കുന്നില്ല. അതുകൊണ്ടു് ഉത്തരം പറയാത്ത എല്ലാ ചോദ്യങ്ങളുടെയും ഉത്തരങ്ങൾ ബഹുമാനപ്പെട്ട മെംബറന്മാർക്കു് ഈ സമ്മേളനം അവസാനിക്കുന്നതിനു മുൻപു് മേശപ്പുറത്തു വയ്ക്കുന്നതിനു് വേണ്ട ഏർപ്പാടുകൾ ചെയ്യും.

ശ്രീ. സി. ജി. സദാശിവൻ: സർ, ആഫീസു പ്രയാറിട്ടി അനുസരിച്ചു് എന്റെ ചോദ്യം 22-ാമത്തേതായിരുന്നു. എന്നാൽ ഇന്നു് പ്രിന്റഡു ബുക്കിൽ നോക്കിയപ്പോൾ അതു 40-ാമത്തെ ചോദ്യമായിട്ടാണു് പ്രിന്റു ചെയ്തിരിക്കുന്നതു്. ഇതെങ്ങനെ സംഭവിച്ചുവെന്നു് ബഹുമാനപ്പെട്ട സ്പീക്കർ അന്വേഷിക്കുമെന്നു വിശ്വസിക്കുന്നു.

Shri A. A. D. Luiz: May I know whether the Speaker could issue instructions to the authorities concerned to send the answers as expeditiously as possible?

Mr. Speaker: That will be done.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

പി. എസ്സ്. എസ്സ്. സ്കീം.

* 355. [1] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്സ്. എസ്സ്. സ്കീമിൽ ചേരാത്ത എത്ര സ്കൂളുകളുണ്ടു്;

(ബി) ചേരാത്ത സ്കൂളുകളുടെ മേൽ എന്തെങ്കിലും നടപടി എടുക്കാനുദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): (എ) 93

(ബി) ഇല്ല.

ശ്രീ. പി. ഗോപാലൻ: ഈ പദ്ധതി നടപ്പിൽവന്നിട്ടു് ഇപ്പോൾ എത്ര കൊല്ലമായെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള : ഇതിനെപ്പററി ഗവണ്മെൻറ് ആർഡർ പാസ്സാക്കിയതു് 1951 നവംബറിലാണു്.

ശ്രീ. പി. ഗോപാലൻ : ഇത്രകൊല്ലമായിട്ടും ഈ സ്കീമിൽചേർന്നിട്ടുള്ള അദ്ധ്യാപകന്മാരുടെ ശമ്പളം ക്ലിപ്തപ്പെടുത്താത്തതു് എന്തുകൊണ്ടാണു്?

ശ്രീ. എ. താണുപിള്ള : അദ്ധ്യാപകന്മാരുടെ ശമ്പളക്കാര്യം വേറൊരു ചോദ്യമായി ചോദിക്കേണ്ടതാണു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഈ സ്കീമിൽ ചേരാത്ത മാനേജുമെൻറിന്റെ പേരിൽ വല്ല നടപടികളും എടുത്തിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള : നടപടിയെടുക്കേണ്ട ആവശ്യമില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : അതിനു് വല്ല പ്രത്യേക കാരണവുമുണ്ടോ?

ശ്രീ. എ. താണുപിള്ള : ഈ സ്കീമിൽ ചേരുന്നതു് നിർബ്ബന്ധിതമാക്കിയിട്ടില്ലെന്നുള്ളതുതന്നെ കാരണം.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ഈ സ്കീമിൽ ചേർന്നിട്ടുള്ള ചില സ്കൂളുകളിലെ അദ്ധ്യാപകന്മാൎക്കു് ശരിയായി ശമ്പളം കൊടുക്കുന്നുണ്ടോ എന്നു അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള : ആ കാര്യം അന്വേഷിക്കാം.

ശ്രീ. എം. വി. ചെറിയാൻ : അദ്ധ്യാപകന്മാരുടെ നിവേദനം കൊണ്ടല്ലേ ഈ സ്കീം തന്നെ ഗവണ്മെൻറ നടപ്പാക്കിയതു്?

ശ്രീ. എ. താണുപ[illegible] അതെ.

ശ്രീ. എം. വി. ചെറിയാൻ : ഈ സ്കീം നടപ്പാക്കിയതുകൊണ്ടാണു അതിൽ ചേൎന്ന അദ്ധ്യാപകന്മാൎക്കു ശമ്പളം കിട്ടാതിരിക്കുന്നതെന്നുള്ള വിവരം അറിയാമോ?

ശ്രീ. എ. താണുപിള്ള : ശമ്പളം കിട്ടാതിരിക്കുന്നുവെങ്കിൽ അതിനെപ്പററി അന്വേഷിച്ചു വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതാണു്.

ശ്രീ. എം. വി. ചെറിയാൻ : ഇതുവരെ ഈ പദ്ധതിയിൽ ചേരാത്ത മാനേജുമെൻറുകളെ സംബന്ധിച്ചിടത്തോളം നിർബന്ധിത നടപടികൾ നടത്തുന്ന കാര്യത്തെപ്പററി ആലോചിക്കാമോ?

ശ്രീ. എ. താണുപിള്ള : ആ കാര്യത്തെപ്പററി ആലോചിക്കണമെങ്കിൽ ഈ സഭയിലുള്ള എല്ലാ ബഹുമാനപ്പെട്ട മെംബറന്മാരുടെയും സഹായവും സഹകരണവും ആവശ്യമാണു്.

ശ്രീ. പി. കെ. യശോധരൻ : ഈ പദ്ധതിയിൽ ചേർന്നിട്ടും അദ്ധ്യാപകന്മാൎക്കു കുറഞ്ഞ ശമ്പളമാണു നൽകിക്കൊണ്ടിരിക്കുന്നതെന്നുള്ളതു അറിയാമോ?

ശ്രീ. എ. താണുപിള്ള : അറിയാം.

ശ്രീ. പി. കെ. യശോധരൻ : ശമ്പളം കൂട്ടുന്നതിനെപ്പററി എന്തെങ്കിലും നടപടി എടുക്കാൻ ഗവണ്മെൻറ ആലോചിക്കുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള: ആ കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ ഇരിക്കുകയാണ്.

ശ്രീ. കെ. എം. ജാർജ്ജ്: ഈ സ്കീം അനുസരിച്ചുള്ള പ്രയോജനം അദ്ധ്യാപകന്മാർക്ക് ഉണ്ടാകാതിരിക്കുന്നതു് ഡിപ്പാർട്ടുമെൻറിന്റെ തകരാറുകൊണ്ടാണെന്നു പറഞ്ഞാൽ വിശ്വസിക്കുമോ?

ശ്രീ. എ. താണുപിള്ള: ഈവക കാര്യങ്ങൾ ശരിപ്പെടുത്തുന്നതിനു് ഡിപ്പാർട്ടുമെൻറിനു കുറെയധികം സമയം എടുക്കേണ്ടിവരുമെന്നുള്ളതു എനിക്കറിയാം.

ശ്രീ. കെ. എം. ജാർജ്ജ്: ഈ പദ്ധതിയിൽചേർത്തു അഫ്‌സീഡു ചെയ്തിട്ടുള്ള സ്കൂളുകൾ മാനേജുമെൻറ സ്കൂളുകളെക്കാൾ തൃപ്തികരമായിട്ടാണു പ്രവർത്തിക്കുന്നതെന്നു ബോദ്ധ്യമുണ്ടോ?

ശ്രീ. എ. താണുപിള്ള: ആ കാര്യങ്ങളെല്ലാം അന്വേഷിച്ചതിനു ശേഷമേ മറുപടി പറയാൻ സാധിക്കൂ.

പ്രൈവററ് ട്യൂഷൻ.

*356. [2] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപകന്മാർ പ്രൈവററ ട്യൂഷൻ നടത്തുന്നതിനെ തടഞ്ഞിട്ടുണ്ടോ;

(ബി) പ്രൈവററ് ട്യൂഷനെപ്പററി ഹെഡ്മാസ്റ്റർമാരുടെ കാൺഫറൻസിൽനിന്നും വല്ല പ്രത്യേക നിർദ്ദേശവും ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ;

(സി) ഈ നിർദ്ദേശം നടപ്പിൽവരുത്താൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) തടഞ്ഞിട്ടില്ല, എന്നാൽ നിയന്ത്രിച്ചിട്ടുണ്ടു്. അതായതു്, ഒരു അദ്ധ്യാപകൻ ഒരു ദിവസം രണ്ടു മണിക്കൂറിൽ കൂടുതൽ ട്യൂഷൻകൊടുക്കാൻ പാടില്ലെന്നും, നാലുകുട്ടികളിൽ കൂടുതൽ പാടില്ലെന്നും നിർബന്ധിച്ചിട്ടുണ്ടു്.

(ബി) ഉണ്ടു്.

(സി) ഈ നിർദ്ദേശങ്ങൾ ഗവണ്മെൻറിന്റെ പര്യാലോചനയിലിരിക്കുകയാണു്.

ശ്രീ. പി. ഗോപാലൻ: കൊല്ലത്തുവച്ചുനടന്ന ഹെഡ്‌മാസ്റ്റർമാരുടെ കാൺഫറൻസിൽ, ഇതിനെപ്പററി തീരുമാനം ചെയ്തിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: ഉണ്ടു്.

ശ്രീ. പി. ഗോപാലൻ: ഒരദ്ധ്യാപകനു് പ്രൈവററായിട്ടു് നാലുകുട്ടികളിൽ കൂടുതൽ ട്യൂഷൻനൽകാൻ പാടില്ലെന്നു വ്യവസ്ഥചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനതത്വമെന്താണെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള : നാലുകുട്ടികളിൽ കൂടുതൽ ട്യൂഷൻ കൊടുത്താൽ അവരുടെ സർക്കാർജോലി നിർവ്വഹിക്കുന്നതിന് കായികമായിട്ടുള്ള അവശതകൾ ഉണ്ടാകാൻ ഇടയുണ്ട്. അവരുടെ കായികശക്തി ക്ഷയിക്കാൻ പാടില്ലെന്നു വിചാരിച്ചാണ് ഈ വ്യവസ്ഥ ചെയ്തിരിക്കുന്നതു്.

ശ്രീ. എം. വി. ചെറിയാൻ : അദ്ധ്യാപകന്മാരുടെ കായികശക്തി സൂക്ഷിക്കുന്നതിനുവേണ്ടിയാണോ ഈ തീരുമാനം ഉണ്ടായിരിക്കുന്നതു്?

ശ്രീ. എ. താണുപിള്ള : നിശ്ചയമായിട്ടും. ജോലിചെയ്യുന്നതിനു ഒരു പരിധി വേണ്ടതല്ലേ ? അതില്ലെങ്കിൽ ദേഹത്തിന്നു ക്ഷീണം കൂടുതൽ സംഭവിക്കും എന്നുള്ളതു അറിഞ്ഞുകൂടെ ?

ശ്രീ. എം. വി. ചെറിയാൻ : രണ്ടു മണിക്കൂറിൽ കൂടുതൽ ട്യൂഷൻ നടത്താൻ പാടില്ലെന്നു കാൺഫറൻസിലുണ്ടായിട്ടുള്ള തീരുമാനത്തെ സംബന്ധിച്ച് അദ്ധ്യാപകന്മാരുടെ വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ ?

ശ്രീ. എ. താണുപിള്ള : ഉണ്ടോ ഇല്ലയോ എന്നുള്ളതു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. വി. ചെറിയാൻ : കാൺഫറൻസിൽ നടന്ന തീരുമാനം അദ്ധ്യാപകന്മാരുടെ ഇടയിൽ വലിയ പരാതികൾക്കു ഇടവരുത്തിയിട്ടുണ്ടെന്നുള്ള വിവരം അറിയാമോ ?

ശ്രീ. എ. താണുപിള്ള : ചിലപ്പോൾ അങ്ങനെയും വരാം. എന്നാൽ അതിനെപ്പറ്റിയുള്ള റിക്കാർഡുകളൊന്നും കൈവശമില്ല.

ശ്രീ. എം. എം. മത്തായി : അവർക്കു കിട്ടുന്ന ശമ്പളംകൊണ്ടു ജീവിതം കഴിക്കാൻ സാധിക്കാത്തതുകൊണ്ടാണു ഇപ്രകാരം ട്യൂഷൻ നടത്താൻ പോകുന്നതെന്നു ഗവണ്മെൻറിനു അറിയാമോ ?

ശ്രീ. എ. താണുപിള്ള : പണം മതിയാകാത്തതുകൊണ്ടാണെന്നറിയാം.

ശ്രീ. എൻ. നാരായണക്കുറുപ്പ് : ഈ നിർദ്ദേശങ്ങൾക്കു വിപരീതമായി ഏതെങ്കിലും അദ്ധ്യാപകൻ പ്രവർത്തിക്കുന്നോ എന്നു കണ്ടുപിടിക്കുന്നതിനു വല്ല ഏർപ്പാടുകളും ചെയ്തിട്ടുണ്ടോ ?

ശ്രീ. എ. താണുപിള്ള : അദ്ധ്യാപകന്മാരെല്ലാം യോഗ്യന്മാരാണെന്നുള്ള ബോദ്ധ്യമാണു ഗവണ്മെൻറിനുള്ളതു്. അതുകൊണ്ടു ഈ കാര്യത്തിലേക്കുവേണ്ടി പ്രത്യേകം സി. ഐ. ഡി. കളെ നിയമിച്ചിട്ടില്ല.

ശ്രീ. എൻ. പരമേശ്വരൻപിള്ള : ക്ലാസ്സിൽ ശരിയായി പഠിപ്പിക്കാത്തതുകൊണ്ടല്ലേ കുട്ടികൾക്കു വെളിയിൽ ട്യൂഷൻെറ ആവശ്യം നേരിടുന്നതു്?

ശ്രീ. എ. താണുപിള്ള : സാധാരണയായി അദ്ധ്യാപകൻ പഠിപ്പിക്കേണ്ട പാഠങ്ങൾ ശരിയായി പഠിക്കുകയും, അതനുസരിച്ച് ക്ലാസ്സിൽ അദ്ധ്യയനം നടത്തുകയുമാണ് വേണ്ടതു്. അങ്ങനെ തന്നെയാണു അദ്ധ്യാപകന്മാർ പ്രവർത്തിക്കുന്നതെന്നാണു അറിവു.

ശ്രീ. എം. എം. മത്തായി : ഗവണ്മെന്റിൽനിന്നും കിട്ടുന്ന ശമ്പളം മതിയാകാത്തതുകൊണ്ടാണ് അവർ പ്രൈവററായിട്ടു ട്യൂഷൻ നടത്തുന്നതു്. അങ്ങിനെ നടത്തുന്നതു കുററകരമാണെന്നാണോ പറയുന്നതു്?

ശ്രീ. ഏ. താണുപിള്ള : കാൺഫറൻസിലെ തീരുമാനത്തിനു വിധേയമായി ട്യൂഷൻ നടത്തുന്നതിൽ തെററില്ല. അതുകൊണ്ടും പണം തികയുന്നില്ലെന്നാണെങ്കിൽ അവർ ഈ ഗവണ്മെൻറുജോലി ഉപേക്ഷിക്കയായിരിക്കും നല്ലതു്.

ശ്രീ. പി. കെ. യശോധരൻ : അദ്ധ്യാപകന്മാർ പ്രൈവററ് ട്യൂഷൻ നടത്തുന്നതുകൊണ്ടു ക്ലാസിൽ ചെല്ലുമ്പോൾ സ്റ്റാൻഡാർഡ് കുറഞ്ഞുപോകുമെന്നാണോ വിചാരിക്കുന്നതു്?

ശ്രീ. ഏ. താണുപിള്ള : സ്റ്റാൻഡാർഡ് കുറയുമെന്നല്ല പറഞ്ഞതു്. കായികമായ ക്ഷീണം സംഭവിക്കുമെന്നാണു പറഞ്ഞതു്.

ശ്രീ. ടി. കെ. ദിവാകരൻ : അദ്ധ്യാപകന്മാർ ചില ട്യൂട്ടോറിയൽ കാളേജുകളിൽ പഠിപ്പിക്കുന്നു എന്നുള്ള വിവരം അറിയാമോ?

ശ്രീ. ഏ. താണുപിള്ള : സർക്കാർ ജോലിയിൽ ഇരിക്കുന്നവർ പ്രൈവററു കാളേജുകളിൽ പഠിപ്പിക്കാൻ പാടില്ലെന്നാണ് നിയമം.

ശ്രീ. ചങ്ങാരപ്പള്ളി പി. നാരായണൻപോററി : അദ്ധ്യാപകന്മാരല്ലാത്ത മററു ഗവണ്മെൻറു ജീവനക്കാർ ട്യൂട്ടോറിയൽ കാളേജിൽ ട്യൂഷൻ നടത്തുന്നതു അനുവദിക്കത്തക്കതാണോ?

ശ്രീ. ഏ. താണുപിള്ള : അതും പാടില്ലാത്തതാണു്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : അദ്ധ്യാപകന്മാർക്കു ശമ്പളം പോരാ എങ്കിൽ കൂടുതൽ ശമ്പളം കിട്ടുന്ന മററു ജോലികൾക്കു അവർ പോകേണ്ടതാണെന്നു മുൻപ് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഇതാണോ ഇപ്പോഴത്തെ പി. എസ്. പി. ഗവണ്മെന്റിന്റെ നയം?

ശ്രീ. ഏ. താണുപിള്ള : അദ്ധ്യാപകർ തങ്ങളുടെ ജോലിക്കു വിഘാതം വരത്തക്കവണ്ണം മററുജോലിയിൽ പ്രവേശിക്കാൻ പാടില്ല. അങ്ങനെ പ്രവേശിക്കുന്നുവെങ്കിൽ അതു കുററകരമാണു്. അവർക്കു മററു ജോലിയിൽനിന്നുള്ള ആദായവുംവേണം, ഗവണ്മെൻറു ജീവനവുംവേണം എന്നു വരുമ്പോൾ ഗവണ്മെൻറു ജോലി ശരിയായി നടത്തിക്കൊണ്ടുപോകാൻ സാധിക്കാതെ വരും. ഗവണ്മെന്റിൽനിന്നും വേതനം പററുന്ന ജീവനക്കാർ ഗവണ്മെൻറു ജോലികൾ ശരിയായി നിർവ്വഹിക്കുന്നില്ലെന്നു കാണുന്നുവെങ്കിൽ അവർ ആ ജോലി വിടേണ്ടതുതന്നെയാണു്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ഇതു് അദ്ധ്യാപകന്മാരെ സംബന്ധിച്ചുമാത്രമാണോ എല്ലാ ഉദ്യോഗസ്ഥന്മാരെയും ബാധിക്കുന്നതോ?

ശ്രീ. ഏ. താണുപിള്ള : എല്ലാ ഗവണ്മെൻറു ജീവനക്കാരെയും ബാധിക്കുന്ന ഒരു പൊതുതത്വമാണു ഞാൻ പറഞ്ഞതു്.

ഗ്രന്ഥശാലാപ്രസ്ഥാനം.

※ 357. [3] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗ്രന്ഥശാലാപ്രസ്ഥാനത്തിന ഗവണ്മെൻറിൽ നിന്ന എന്തു തുക സഹായധനം നൽകുന്നുണ്ടു്;

(ബി) കഴിഞ്ഞവഷം എത്ര ഗ്രന്ഥശാലകൾക്കു് ഗ്രാൻറു് നൽകിയിട്ടുണ്ടു്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) 165485 രൂപ.

(ബി) 1953—54-ൽ 1130 ഗ്രന്ഥശാലകൾക്കു് ഗ്രാൻറു് കൊടുത്തിട്ടുണ്ടു്.

ശ്രീ. പി. ഗോപാലൻ: ഈ ഗ്രന്ഥശാലകൾക്കു് കൊടുക്കുന്ന ഗ്രാൻറു് മതിയാകാതെവരുന്നുവെന്നുള്ള വിവരം ഗവണ്മെൻറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: അങ്ങനെ മതിയാകാതെവരുന്നതായി അറിവില്ല. പല ശ്രേഡുകളായി ഗ്രന്ഥശാലകളെ തരംതിരിച്ചു് അവയുടെ ഗുണങ്ങളും എല്ലാം നോക്കി ഗ്രാൻറ കൊടുക്കുന്നുണ്ടു്.

ശ്രീ. പി. ഗോപാലൻ: ഏതുതത്വത്തിന്മേലാണു് ഇങ്ങനെ ഗ്രാൻറു് കൊടുക്കുന്നതു്.

ശ്രീ. എ. താണുപിള്ള: ഗ്രന്ഥശാലകളിൽ എത്ര പുസ്തകങ്ങൾ ഉണ്ടു് എന്നെല്ലാം പരിശോധിച്ചു് ഈ ഗ്രാൻറു് നിശ്ചയിക്കുന്നതിനായി ഒരു അഖിലസംസ്ഥാനഗ്രന്ഥശാലാ കമ്മിററി ഉണ്ടു്. അവർ ശുപാർശ ചെയ്യുന്നതനുസരിച്ചു് ഗ്രാൻറ നൽകുകയാണുചെയ്യുന്നതു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ഇന്നതരം പുസ്തകങ്ങളെ വാങ്ങാവൂ എന്നു നിയന്ത്രണം ഉണ്ടോ?

ശ്രീ. എ. താണുപിള്ള: സർ, അതു് വേറൊരു ചോദ്യമാണു്.

ശ്രീ ചങ്ങാരപ്പള്ളി പി. നാരായണൻപോററി: ഈ സംസ്ഥാനത്തു് എത്ര ഗ്രന്ഥശാലകളുണ്ടു്?

ശ്രീ. എ. താണുപിള്ള: 1657.

ശ്രീ. ചങ്ങാരപ്പള്ളി പി. നാരായണൻപോററി: കുറെ ഗ്രന്ഥശാലകൾക്കു് ഗ്രാൻറുകൊടുക്കുകയും കുറെ ഗ്രന്ഥശാലകൾക്കു കൊടുക്കാതിരിക്കുകയും ചെയ്യുന്നതെന്തുകൊണ്ടാണു്?

ശ്രീ. എ. താണുപിള്ള: അവയുടെ യോഗ്യതായോഗ്യതയാണു് കാരണം.

ശ്രീ. ചങ്ങാരപ്പള്ളി പി. നാരായണൻപോററി: ഇവയുടെ ഭരണത്തിൽ ഗവണ്മെൻറിന വല്ല നിയന്ത്രണവുമുണ്ടോ?

ശ്രീ. എ. താണുപിള്ള: അതാണു് ഞാൻ പറഞ്ഞതു്. ഗ്രാൻറ കൊടുക്കുന്ന ഗ്രന്ഥശാലകളെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിന നിയന്ത്രണമുണ്ടു്. അല്ലാത്തവയെ നിരോധിച്ചിട്ടില്ലെന്നേയുള്ളു.

ശ്രീ. എം. വി. ചെറിയാൻ: ഗ്രാൻറുള്ള ഗ്രന്ഥശാലകൾക്കു് അവയുടെ ആവശ്യത്തിനവേണ്ട ഉപകരണങ്ങളുണ്ടാക്കുന്നതിനു് തടിയും മററും കൊടുക്കാറുണ്ടോ?

ശ്രീ. എ. താണുപിള്ള: അതിനു നോട്ടീസു വേണം.

ശ്രീ. എം. വി. ചെറിയാൻ: ഗ്രാമീണസ്ഥാപനങ്ങളായ ഈ ഗ്രന്ഥശാലകൾ പഞ്ചായത്തുകളുടെ നിയന്ത്രണത്തിൽ വിട്ടുകൊടുക്കാമോ?

ശ്രീ. എ. താണുപിള്ള: ആ കാര്യത്തെപ്പറ്റി ആലോചിക്കേണ്ടതാണ്.

ശ്രീ. ടി. കെ. ദിവാകരൻ: ഇപ്പോഴത്തെ ഗ്രേഡേഷൻ കമ്മിറ്റി അംഗങ്ങൾ ആരെല്ലാം?

ശ്രീ. എ. താണുപിള്ള:

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ, (പ്രസിഡന്റ്)
,, എ. അച്യുതൻ, (വൈസ് പ്രസിഡന്റ്)
,, അഗസ്റ്റിൻ.
,, പി. എൻ. പണിക്കർ.
,, എം. എം. ജാൺ.
,, എം. താമസ്.
,, എൻ. പി. വർഗ്ഗീസ്.
,, വെട്ടൂർ രാമൻ നായർ.
,, ചന്ദ്രശേഖരൻ നായർ

ഇത്രയും പേരാണ്.

ശ്രീ. റഹിം: ഗ്രാൻറ നിശ്ചയിക്കുന്നതിനും ഈ ഗ്രന്ഥശാലകളെ പരിശോധിക്കുന്നതിനും മററുംവേണ്ടി അംഗങ്ങൾക്കു സഞ്ചാരപ്പടിയായി എത്ര ചെലവായി?

Mr. Speaker: You will do well to put a separate question.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഈ ഗ്രന്ഥശാലകൾ കൂടുതൽ ഗ്രാൻറ് വേണമെന്നു അപേക്ഷിച്ചിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: കഴിഞ്ഞ തവണ ഒരുലക്ഷം രൂപാ അനുവദിച്ചിരുന്നു. അതു പോരെന്നു പരാതിപറഞ്ഞിട്ടുണ്ട്. ഇത്തവണ കൂടുതൽ തുക അനുവദിക്കുന്നുണ്ട്.

ശ്രീ. പി. കെ. അബ്ദുൽഖാദർ: ഒരു വില്ലേജിൽ ഒന്നിൽ കൂടുതൽ ലൈബ്രറിക്കു ഗ്രാൻറ കൊടുക്കുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള: അതു് കടലാസ്സിൽ നോക്കി പറയാനേ സാധിക്കുകയുള്ളു.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ഫാസിസ്റ്റ് പുസ്തകങ്ങൾ വരുത്തുന്ന ഗ്രന്ഥശാലകൾക്കു് ഗ്രാൻറ കൊടുക്കുകയില്ലെന്നു പറഞ്ഞിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: ആ അടിസ്ഥാനത്തിൽ ഗ്രാൻറ കൊടുക്കുന്നതായി അറിവില്ല. ഏതായാലും അതു് നോക്കിപ്പറയാം.

Shri P. K. Kunjachan: Sir, a point of order. Yesterday you told us that you intend to call about thirty questions a day. But twenty minutes have already passed and you have finished only three questions so far..

Mr Speaker: Order, order, that is not a point of order. Any way, I shall try to expedite the progress.

ശ്രീ. കെ. ബാലകൃഷ്ണൻ: ഗ്രന്ഥശാലകൾക്കുള്ള ഗ്രാൻറ് വിതരണം ചെയ്യുന്നതു് പഞ്ചായത്തുകൾ വഴി ആയിരിക്കാൻ നടപടിയെടുക്കാമോ?

ശ്രീ. എ. താണുപിള്ള: അതിനെക്കുറിച്ചു ആലോചിക്കാം. പക്ഷെ അതുവരെ ഇപ്പോഴത്തെ നിയമം തുടരുവാനേ നിവൃത്തിയുള്ളു.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഗ്രന്ഥശാലകൾ പരിശോധിച്ചു് ഗ്രാൻറ നിശ്ചയിക്കുന്നതു് ഈ കമ്മിററി അംഗങ്ങളാണെന്നു പറഞ്ഞു. അതു ശരിയാണോ?

ശ്രീ. എ. താണുപിള്ള: അതെ.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഗ്രാൻറ നിശ്ചയിക്കുന്നതിനുള്ള പൂർണ്ണ അധികാരം ഈ കമ്മിററിക്കുണ്ടോ?

ശ്രീ. എ. താണുപിള്ള: ഈ അംഗങ്ങളാണ് പരിശോധിച്ചു് ശുപാർശ ചെയ്യുന്നതു്. അതനുസരിച്ചു് ഗ്രാൻറ കൊടുക്കുന്നുവെന്നേയുള്ളു.

ശ്രീ. കെ. കൃഷ്ണപിള്ള: പനമ്പിള്ളിയുടെ അദ്ധ്യക്ഷതയിലുള്ള കമ്മിററി ഗ്രഡേഷൻ കമ്മിററിയാണോ പ്രവൎത്തനകമ്മിററിയാണോ?

ശ്രീ. എ. താണുപിള്ള: പ്രവൎത്തനകമ്മിററിയാണ്.

ശ്രീ. കെ. കൃഷ്ണപിള്ള: ഈ വൈസ്പ്രസിഡൻറായിരിക്കുന്ന അച്യുതൻ മന്ത്രി അച്യുതനാണോ അതോ ഡി. എസ്. പി. അച്യുതനാണോ?

ശ്രീ. എ. താണുപിള്ള: ശ്രീ. എ. അച്യുതനാണ്. അദ്ദേഹം ഇപ്പോൾ മന്ത്രിയാണ്. മന്ത്രി അല്ലാതിരുന്ന സമയത്തു് വൈസ്പ്രസിഡൻറായിരുന്നു.

Maniamkaram.

† ※ 358. [5] **Shri K. Sattanatha Karayalar:** Will the Minister for Finance be pleased to state the policy of this Government towards the Maniamkaram?

Minister for Finance (**Shri P. S. Nataraja Pillai:**) It is proposed to abolish Maniamkaram due to the Sree Padmanabhaswami temple in respect of Sreepandaravagai lands and assess these lands to basic tax. A Bill for the purpose is under preparation.

Loans to cultivators.

† ※ 359. [6] **Shri K. Sattanatha Karayalar:** Will the Chief Minister be pleased to state:

(a) whether any sum is given by the Central Government for this State Government for giving loans to cultivators;

(b) if so, what is the amount and how is it disbursed?

---

† As the Member was absent the question was put by Shri N. Raghava Kurup with the permission of the Chair.

Shri P. S. Nataraja Pillai: (a) and (b): During the period 1949-50 to 1953-54, the Central Government have allotted a sum of Rs. 28,07,000 for this State for the purpose. But, of this, only a sum of Rs. 8,32,000 has actually been disbursed to the State.

The amount is disbursed according to the Grow More Food Loan Rules laid down in G. P. R. Dis. 8943/50| Fd. D. dated the 20th December, 1950, published in the Gazette.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഈ തുക കോവപ്പറേറീവ് അപ്പെക്സ് ബാംകുവഴി വിതരണം ചെയ്യുവാൻ നടപടിയെടുക്കാമോ?

Shri P. S. Nataraja Pillai: I do not catch the question.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഈ പറയുന്ന സംഖ്യ ഏതെല്ലാം കാര്യങ്ങൾക്കു വേണ്ടിയാണ് നൽകുന്നതു്?

Shri P. S. Nataraja Pillai: As a matter of fact, it is a direct help for Grow More Food schemes. This amount was sanctioned by the Government of India and this Government was getting this loan for G. M. F. schemes. But as far as the help that is to be rendered to the agriculturists by the Co-operative apex banks, is concerned, it is a matter for consideration and this Government is corresponding with the Central Government so as to make it more helpful in the matter of giving credit to agriculturists.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഈ തുക കൊടുക്കുന്നതു് ഏതടിസ്ഥാനത്തിലാണ്?

Shri P. S. Nataraja Pillai: The rules are published in the G. P. I have referred to. Certain conditions are prescribed under it, such as "Loans shall be granted on security for use in agricultural purposes subject to a minimum of Rs. 500 for an individual. The amount may be granted for agricultural works, such as restoration or improvement to tanks, wells, kals, etc. to any person having a right to make the improvement," and so on. It was framed and it was published in the Gazette and on this basis, applications were received by the Government and loans sanctioned.

ശ്രീ. കെ. എം. ചാണ്ടി: 28 ലക്ഷം രൂപ ഗ്രാൻറ കിട്ടിയതിൽ 8 ലക്ഷം രൂപയെ കൊടുത്തുവെന്നുള്ളതു് പറഞ്ഞു. ബാക്കിയുള്ള തുക കൂടി കൊടുക്കാത്തതിൻെറ കാരണമെന്താണ്?

ശ്രീ. പി. എസ്. നടരാജപിള്ള: അപേക്ഷകളില്ലാതിരുന്നു.

ശ്രീ. ടി. കെ. ദിവാകരൻ: ഇതിലെ റൂൾസ് പബ്ലിഷ് ചെയ്തതു് എന്നാണ്?

Shri P. S. Nataraja Pillai: 20th December 1950.

ശ്രീ. എൻ പരമേശ്വരൻപിള്ള: 1-4-1954-നശേഷം ആർക്കെങ്കിലും ലോൺ കൊടുത്തിട്ടുണ്ടോ?

Shri P. S. Nataraja Pillai: I claim notice.

ശ്രീ. യു. നീലകണ്ഠൻ: ഈ ഇരുപതുലക്ഷം രൂപ ലാപ്സായിപ്പോകുകയാണോ ചെയ്തതു്?

ശ്രീ. പി. എസ്. നടരാജപിള്ള: ഇരുപത്തെട്ടു ലക്ഷം രൂപയ്ക്കു അവർക്കു കണക്കു കൊടുക്കണം. എട്ടു ലക്ഷം രൂപ മാത്രമേ കൊടുക്കാൻ സാധിച്ചുള്ളു. ബാക്കിയുള്ള രൂപ കൊടുക്കാത്തതുകൊണ്ടു് അതിനു കണക്കു കൊടുക്കേണ്ട ആവശ്യമില്ല.

ശ്രീ. കുഞ്ഞച്ചൻ: ഈ അപ്രൂവൽ ഇപ്പോഴും നിലനില്ക്കുകയാണോ?

ശ്രീ. പി. എസ്. നടരാജപിള്ള: അതെ.

ശ്രീ. ചങ്ങാരപ്പള്ളി പി. നാരായണൻപോററി: 8 ലക്ഷം രൂപ കൊടുത്തതു് ആർക്കെല്ലാമാണു്?

Shri P. S. Nataraja Pillai: I claim notice; I shall be able to give the information if a question comes separately.

ശ്രീ. പി. ഭാസ്കരൻ നായർ: അപേക്ഷകൾ ഇല്ലാഞ്ഞിട്ടാണോ അതോ കൊടുക്കാഞ്ഞിട്ടാണോ ബാക്കി 20 ലക്ഷം രൂപ മിച്ചം വന്നതു്?

ശ്രീ. പി. എസ്. നടരാജപിള്ള: അപേക്ഷകളില്ലാതിരുന്നുവെന്നു് നേരത്തെ പറഞ്ഞു.

ശ്രീ. ടി. കെ. ദിവാകരൻ: സൗത്തു് ഇൻഡ്യൻ പ്ലാന്റേഷൻ കമ്പനിക്കു് അൻപതിനായിരം രൂപ ഗ്രാൻറു കൊടുത്തതു് എന്തടിസ്ഥാനത്തിലാണു്?

Shri P. S. Nataraja Pillai: I may say that is only an information.

ശ്രീ. പ്രാക്കുളം ഭാസി: കർഷകർക്കു് ഈ ലോൺ കൊടുക്കുന്നതിനെ സംബന്ധിച്ചുള്ള പ്രസിദ്ധീകരണം നല്കാമോ?

ശ്രീ. പി. എസ്. നടരാജപിള്ള: ഇതു് ഗസററിൽ പബ്ലിഷ് ചെയ്തിട്ടുണ്ടു്.

ശ്രീ. പ്രാക്കുളം ഭാസി: ഗസററിൽ പബ്ലിഷ് ചെയ്താൽ സാധുക്കൾക്കു് അറിയുവാൻ സാധിക്കാത്തതുകൊണ്ടു് പത്രങ്ങളിൽ പരസ്യം ചെയ്യാമോ?

ശ്രീ. പി. എസ്. നടരാജപിള്ള: പത്രങ്ങൾ വളരെ നിസ്സാരങ്ങളായ കാര്യങ്ങൾപോലും പബ്ലിഷ് ചെയ്യുന്നതുകൊണ്ടു് ഇത്ര പ്രാധാന്യമേറിയ കാര്യങ്ങൾ പരസ്യം ചെയ്തിരിക്കുകയില്ലെന്നു വിശ്വസിക്കുവാൻ നിവൃത്തിയില്ല.

ശ്രീ. പ്രാക്കുളം ഭാസി: അങ്ങിനെ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിരുന്നെങ്കിൽ മുഴുവൻ തുകയും വാങ്ങുമായിരുന്നില്ലേ?

ശ്രീ. പി. എസ്. നടരാജപിള്ള: അതൊരു അനുമാനം മാത്രമാണു്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: കൃഷിവായ്പകൾ ജി. എം. എഫ്. വഴിയായും, ഭൂപണയബാങ്കുവഴിയായും കോവാപ്പറേറിവ് അപ്പെക്സ് ബാങ്കുവഴിയായും നല്കുന്നുണ്ടു്. ഓരോ സ്ഥാപനങ്ങളും പ്രത്യേക

സ്ഥാപനമെന്ന നിലയിൽ കടം കൊടുക്കുന്നതുകൊണ്ട് ഓവർലാപ്പിംഗ് ഉണ്ടാകുന്നില്ലേ ?

Shri P. S. Nataraja Pillai: There is a great deal of overlapping in this matter. Land Mortgage Credit Bank is issuing long term credit to agriculturists. There is a proposal to advance short term credit through the Co-operative Apex Bank. Also there is the Government undertaking for advancing loans through G. M. F. schemes. These are the three different agencies at work in this line. The Government took upon themselves the responsibility of advancing loans for G. M. F. schemes to meet a particular contingency that arose in the country and the present proposal of the Apex Bank for short term credit is to relieve the present tension and for improving the general economic condition of the average cultivator.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ആ വ്യവസ്ഥകൾ വ്യക്തമായി പ്രസിദ്ധപ്പെടുത്തുകയും അതിനു വിപരീതമായി ഒരു സ്ഥാപനത്തിൽനിന്നും കടം കൊടുക്കുകയില്ലെന്നു പ്രസ്താവിക്കയും ചെയ്യുമോ ?

Shri P. S. Nataraja Pillai: The present publication itself is sufficient. But if further publication in the matter is needed, Government have no objection to do that.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ബഹുമാനപ്പെട്ട മന്ത്രിതന്നെ ഓവർലാപ്പിംഗ് ഉണ്ടെന്നു പറഞ്ഞസ്ഥിതിയ്ക്ക് ആ വ്യവസ്ഥകൾ വ്യക്തമാക്കുന്നതല്ലേ നല്ലത്.

Shri P. S. Nataraja Pillai: Government shall bestow their consideration on the matter.

ശ്രീ. എൻ. നാരായണക്കുറുപ്പ് : 1953–54-ൽ കൃഷിക്കാർക്ക് ഏതെങ്കിലും തുക ഇതിൽനിന്നും വായ്പയായി കൊടുത്തിട്ടുണ്ടോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : നാലുലക്ഷത്തിൽ ചില്വാനം രൂപ കൊടുത്തിട്ടുണ്ട്.

ശ്രീ. എൻ. നാരായണക്കുറുപ്പ് : ഇതുവരെ കൊടുത്തുതീർക്കാത്ത അനേകം അപേക്ഷകളുണ്ടെന്നറിയാമോ ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : കൊടുത്തുതീർത്തതറിയാം. കൊടുത്തുതീർക്കാത്തതിനെപ്പറ്റി പ്രത്യേകം ഒരു ചോദ്യം അയച്ചാൽ പറയാം.

ശ്രീ. എൻ. പരമേശ്വരൻപിള്ള : യാതൊരു കടവായ്പയും ജി. എം. എഫ്. ഫണ്ടിൽനിന്നു 1953–54-ൽ കൊടുത്തിട്ടില്ലെന്നു പറഞ്ഞതു ശരിയാണോ ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : 1952–53-ൽ ഒരുലക്ഷത്തിൽ ചില്വാനം രൂപ കൊടുത്തിട്ടുണ്ട്.

Shri N. Parameswaran Pillai: May I know whether this Government have disbursed any loan after 1-1-1954 ?

Shri P. S. Nataraja Pillai: I claim notice.

ശ്രീ. എൻ. നാരായണക്കുറുപ്പ്: സർ, ഒരു പായിന്റ് ഓഫ് ഓർഡർ. 28 ലക്ഷം രൂപ അനുവദിച്ചതിൽ 8 ലക്ഷമേ കൊടുത്തുള്ളുവെന്നും ബാക്കി അപേക്ഷകളില്ലാത്തതുകൊണ്ട് കൊടുത്തില്ലെന്നും പറഞ്ഞു. 1953-54-ൽ ഏതെങ്കിലും അപേക്ഷകൾ കിട്ടിയിട്ടുണ്ടോ എന്നു ചോദിച്ചപ്പോൾ നോക്കിയാലെ അറിയാവൂ എന്നു പറയുന്നു.

ശ്രീ. പി. എസ്. നടരാജപിള്ള: 1953-54-ൽ അപേക്ഷ ഇല്ലാത്തതുകൊണ്ട് കൊടുത്തിട്ടില്ലെന്നു ഞാൻ പറഞ്ഞില്ല. അപേക്ഷകൾ പൂർത്തിയാകാത്തതുകൊണ്ടു കൊടുത്തില്ല.

ശ്രീ. എം. വി. ചെറിയാൻ: സർ, ഒരു പായിന്റ് ഓഫ് ഓർഡർ. 1-4-54-നു ശേഷം എന്തുസംഖ്യ ഈ ഗവണ്മെന്റ് കൊടുത്തിട്ടുണ്ടെന്നുള്ളതു ഈ ചോദ്യത്തിന്റെ പരിധിയിൽ വരുന്നതല്ലേ? അതു ബഹുമാനപ്പെട്ട മന്ത്രി നോക്കിപ്പറയാതിരുന്നതു ശരിയാണോ?

മി. സ്പീക്കർ: അതൊരു പായിന്റ് ഓഫ് ഓർഡറല്ല. ഒരു ചോദ്യത്തിൽ വരുന്ന സപ്ലിമെന്ററികൾ അനുവദിച്ചുകൊണ്ടിരിക്കുകയാണ്. ഒരുമാതിരി ബന്ധമുള്ളതൊക്കെ മെമ്പറന്മാർക്കു വിവരങ്ങൾ ഗ്രഹിക്കുന്നതിനുവേണ്ടി അനുവദിക്കുന്നുണ്ട്. ഇന്നദിവസത്തിനുള്ളിൽ എന്നൊക്കെ ചോദിക്കുമ്പോൾ നോട്ടീസില്ലാതെ പറയുവാൻ ആർക്കും സാധിക്കുകയില്ല.

ശ്രീ. റ്റി. റ്റി. കേശവൻശാസ്ത്രി: 8 ലക്ഷം രൂപ ഏതെല്ലാം തരത്തിലുള്ള ഏതെല്ലാം ഇനം കൃഷിക്കാർക്കായിരുന്നു കടം നൽകിയതെന്നു പറയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള: എനിക്ക് വ്യക്തമായി ഇതിനുത്തരം പറയാൻ സാദ്ധ്യമാണെന്നു തോന്നുന്നില്ല. തിരുവിതാംകൂർ-കൊച്ചിയിൽ കൃഷിചെയ്യുന്ന കൃഷിക്കാർക്ക് കൊടുത്തു എന്നേ പറയാൻ കഴിയൂ.

Ex-service men.

† ※ 360. [7] **Shri K. Sattanatha Karayalar:** Will the Chief Minister be pleased to state:

(a) whether there is any body to rehabilitate the Ex-service men in this State;

(b) whether the Ex-service mens' Association are given any representation on the Board; if so, are they elected or nominated;

(c) whether this Government have received any amount for this purpose from the Central Government;

(d) if so, how much, and how is it utilised?

Minister for Finance (**Shri P. S. Nataraja Pillai**): (a) Yes; the S. P. W. R. Fund Committee and the S. S. S. and A. Board;

(b) Ex-service men are given representation by nomination;

(c) Yes;

† As the Member was absent the question was put by Shri N. Raghava Kurup with the permission of the Chair.

(d) Rs. 41,42,550-11-0. Only a sum of Rs. 12,14,776-13-3 has been spent from the Fund. It is utilised mainly on the following items;

(i) Loans to co-operative societies.
(ii) Educational concessions.
(iii) Assistance to disabled ex-service men.
(iv) Construction of hospital wards for ex-service men.

ശ്രീ. എം. എം. മത്തായി: ഈ ഫണ്ടിന്റെ വിനിയോഗത്തിൽ പല അഴിമതികളും നടക്കുന്നുണ്ടെന്നറിയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള: ഫണ്ടിന്റെ അഡ്മിനിസ്ട്രേഷനിൽ അഴിമതി നടന്നതായി ഗവണ്മെന്റിന്റെ മുമ്പിൽ വന്നിട്ടില്ല. ചില കോവാപ്പറേറ്റീവ് സൊസൈറ്റികളുടെ നടത്തിപ്പിനെ സംബന്ധിച്ച് പരാതികൾ വന്നിട്ടുണ്ട്.

ശ്രീ. പി. ഭാസ്കരൻനായർ: അവർക്ക് കുത്തകപ്പാട്ടവ്യവസ്ഥയിൽ വനമോ പുറമ്പോക്കസ്ഥലങ്ങളോ നൽകിയിട്ടുണ്ടോ?

Shri P. S. Nataraja Pillai: I claim notice.

ശ്രീ. പി. ഭാസ്കരൻനായർ: കോട്ടയത്തു എക്സ്‌സർവീസുകാർ ഒരു മോട്ടോർവർക്ക്ഷാപ്പ് തുറന്നതു ഇന്നു നിലവിലുണ്ടോ?

Mr. Speaker: You may put a separate question and get the answer.

ശ്രീ. ടി. വി. തോമസ്: ആസ്പത്രി വാർഡ് കൺസ്ട്രക്ഷൻ എന്നു ഒരിനം പറഞ്ഞുകേട്ടു. ഏതെങ്കിലും ഒരു വാർഡ് കൺസ്ട്രക്റ്റ ചെയ്തിട്ടുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: 90,000 രൂപ ഇതിലേക്ക് ചിലവിട്ടിട്ടുണ്ടെന്നാണ് കാണുന്നതു്. As to whether it has been spent, I will look into the matter.

ശ്രീ. ടി. വി. തോമസ്സ്: ഇതിൽ വളരെ അധികം ആളുകൾ ക്ഷയരോഗബാധിതരാണെന്നു കേൾക്കുന്നതു ശരിയാണോ?

ശ്രീ. പി. എസ്. നടരാജപിള്ള: അതറിയാം. വളരെ അപേക്ഷകൾ അങ്ങിനെ പറഞ്ഞു വരുന്നുമുണ്ട്.

ശ്രീ. ടി. വി. തോമസ്സ്: വളരെയധികം രൂപ ബാക്കിയുള്ളതുകൊണ്ട് ഒരു റ്റി. ബി. ആസ്പത്രി എക്സ്റ്റൻഷൻ സ്കീം അനുവദിക്കുമോ?

ശ്രീ. പി. എസ്. നടരാജപിള്ള: കമ്മറ്റികളാണ് അതു ചെയ്യേണ്ടതു്.

ശ്രീ. ടി. വി. തോമസ്: ഗവണ്മെന്റിനു യാതൊരു വിധത്തിലുള്ള നിയന്ത്രണവും ചെലുത്താൻ കഴികയില്ലെന്നാണോ പറയുന്നത്?

Shri P. S. Nataraja Pillai: Some kind of moral influence could be exerted.

Shri A. A. D. Luiz: May I know whether these are deposited in banks or in the treasuries?

Shri P. S. Nataraja Pillai : I think the monies are invested in banks.

ശ്രീ. ചെങ്ങാരപ്പിള്ളി പി. നാരായണൻ പോററി : എസ്സ്. പി. ഡബ്ളിയു. ആർ. ഫണ്ടിൽ നിന്നും ധനസഹായം കിട്ടിയ എത്ര കോവാപ്പറേററീവ് സൊസൈററികഠം ഉണ്ടെന്നു പറയാമോ?

Shri P. S. Nataraja Pillai : I think loans to co-operative societies come to 5¼ lakhs.

ശ്രീ. കെ. കരുണാകരൻ : ഈ ബോർഡിന്റെ ചെയർമാൻ മിനിസ്റ്ററല്ലേ ?

ശ്രീ. പി. എസ്. നടരാജപിള്ള : എസ്. എസ്. എസ്. എ. ബോർഡിന്റെ ചെയർമാൻ മിനിസ്റ്ററാണ്.

ചവറയിലുള്ള മണൽക്കമ്പനി.

❋ 361. [8] ശ്രീ. ടി. കെ. ദിവാകരൻ : താഴെ പറയുന്ന ചോദ്യങ്ങഠംക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1953-54 വർഷത്തിൽ ചവറയിലുള്ള മണൽക്കമ്പനികളുടെ ഉൽപ്പാദനച്ചെലവ് വർദ്ധിപ്പിച്ചു അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം കമ്പനികഠംക്ക് എത്ര രൂപയിൽ നിന്നും എത്ര രൂപയായി വർദ്ധിപ്പിച്ചു ?

(സി) എന്നാണ് വർദ്ധിപ്പിച്ച് ഉത്തരവ് പാസാക്കിയതു്; വർദ്ധിപ്പിച്ച നിരക്കനുസരിച്ചുള്ള കാസ്ററ കമ്പനികഠംക്ക് ഭൂതകാലാപേക്ഷയോടുകൂടി അനുവദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നുമുതൽ ;

(ഡി) ഈ ഉത്തരവ് ഭൂതകാലാപേക്ഷയോടുകൂടി അനുവദിച്ച കാരണത്താൽ നിലവിലിരുന്ന തുകയിൽ നിന്നും കൂടുതൽ ഓരോ കമ്പനിക്കും എത്ര രൂപ വീതം മൊത്തം ലഭിച്ചിട്ടുണ്ട് ;

(ഇ) ഈ വർദ്ധനവ് ഗവണ്മെൻറു വക ടി. എം. സി. കമ്പനികഠംക്ക് നൽകിയിട്ടുണ്ടോ ;

(എഫ്) ഈ വർദ്ധനവ് ഏതെല്ലാം കാരണങ്ങളാലാണ് അനുവദിച്ചതു് ;

(ജി) മുൻ മന്ത്രിസഭ ചാർജ്ജുവിടുന്നതിന് എത്ര ദിവസത്തിനു മുൻപാണ് ഈ ഉത്തരവു പസ്സാക്കിയതു്.

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

(എ) ഉണ്ട്.

(ബി) ഹോപ്പ്കിൻ ആൻഡ് വില്യംസ് കമ്പനിക്ക് 14.77 രൂപയിൽ നിന്നും 18 രൂപയായി വർദ്ധിപ്പിച്ചു.

(സി) (1) 8-2-54-ൽ, (2) 1950-51, 1951-52.

(ഡി) ഹോപ്പ്കിൻ ആൻഡ് വില്യംസ് കമ്പനിക്ക് 8,66,535 രൂപ 12 ണ. 4 പൈസ. ലഭിക്കുന്നുണ്ട്.

(ഇ) ഇല്ല.

(എഫ്) 1950-51-ലും 1951-52-ലും ഉൽപ്പാദനച്ചെലവ് വർദ്ധിപ്പിച്ചതുകൊണ്ട്.

(ജി) 36 ദിവസത്തിനു മുമ്പാണ്.

ശ്രീ. ടി. കെ. ദിവാകരൻ: എഫ്. എക്സ്. പെരേര ആൻഡ് സൺസ് കമ്പനിയിലെ റേററ വർദ്ധിപ്പിച്ചിട്ടുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: ബേസിക് റേററ് വർദ്ധിപ്പിച്ച് ഗവണ്മെന്റ് ആർഡർ ഒന്നുമില്ല. എന്നാൽ ചില കണക്കുകൾ അഡ്ജസ്റ്റ് ചെയ്യുന്നതിനു ഈ റേററ വച്ചിട്ടുണ്ട്. കോസ്റ്റ് ഓഫ് പ്രൊഡക്ഷനെ സംബന്ധിച്ചിടത്തോളം ഏതു റേററാണ് സ്വീകരിക്കേണ്ടതെന്നുള്ളതു ഗവണ്മെന്റാലോചനയിൽ ഇരിക്കയാണ്.

ശ്രീ. ടി. കെ. ദിവാകരൻ: ബേസിക് റേററ് കൂട്ടുന്നതിനു മുമ്പ് ഉൽപ്പാദനച്ചെലവു വർദ്ധിച്ചിട്ടുണ്ടോ എന്നു ആരെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: അന്വേഷണം നടത്തിയാണ് ഈ ആർഡർ പാസാക്കിയതെന്നു കാണുന്നു.

ശ്രീ. ടി. കെ. ദിവാകരൻ: ഏതിനത്തിലാണ് ഉൽപ്പാദനച്ചെലവു കൂടിയിട്ടുള്ളതെന്നു പറയാമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: എല്ലാംകൂടി വർക്കൗട്ടുചെയ്തിട്ടാണെന്നാണ് മനസ്സിലാകുന്നത്. വേജസ് കൂടിയിട്ടുണ്ട്. മൈനിംഗിനു ലീസുചെയ്തിട്ടുള്ള സ്ഥലങ്ങളുടെ റെൻറും വർദ്ധിച്ചിട്ടുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: 1951-52-ലെ ഈ കമ്പനിയുടെ ലാഭനഷ്ടം പരിശോധിച്ചാണോ ഉൽപ്പാദനച്ചെലവു കൂട്ടിയത്?

ശ്രീ. പി. എസ്സ്. നടരാജപിള്ള: ആ വിവരം എന്റെ കയ്യിലില്ല.

ശ്രീ. ടി. കെ. ദിവാകരൻ: 1951-52-ൽ ലാഭമുണ്ടെങ്കിൽ ഉൽപ്പാദനച്ചിലവു കൂട്ടേണ്ട ആവശ്യമുണ്ടോ?

Shri P. S. Nataraja Pillai : That is a question of policy about which I am not in a position to comment.

Shri T. S. Ramaswami: May I know the cost of production per ton in the T. M. C. in the same year?

Shri P. S. Nataraja Pillai : It is something less than the rate calculated at basic cost.

Shri T. S. Ramaswami: May I know whether that was taken into account when the cost of production to that company was increased?

Shri P. S. Nataraja Pillai : I think all the relevant factors were considered by Government when doing that.

Shri T. S. Ramaswami: May I know the exact cost of production per ton?

Shri P. S. Nataraja Pillai : At the moment I am not in a position to say.

Shri T. S. Ramaswami : Is it true that a huge amount was included in production cost for so called London charges?

Shri P. S. Nataraja Pillai : I do not know.

ശ്രീ. ടി. കെ. ദിവാകരൻ: ഇക്കാര്യത്തെപ്പറ്റി ഗവണ്മെന്റ് പുനരാലോചിച്ച് ഉൽപ്പാദനച്ചെലവ് കുറവുചെയ്യുമോ?

ശ്രീ. പി. എസ്. നടരാജപിള്ള : ഉൽപ്പാദനച്ചെലവു കുറവുചെയ്യണമെന്നാണ് ഗവണ്മെന്റിന്റെ ആഗ്രഹം. ഒരു നാഷനലൈസ്ഡ് റേറ്റ് ഫിക്സ് ചെയ്യണമെന്നു ആഗ്രഹിക്കുന്നുണ്ട്. അതിനെപ്പറ്റി പരിശോധിക്കാം.

Shri T. S. Ramaswami: May I know, Sir, whether there has been a further application for enhancing the cost of production ?

Shri P. S. Nataraja Pillai : No.

Shri T. S. Ramaswami : May I know whether the contract rate has been raised by these companies during this year ?

Shri P. S. Nataraja Pillai: Which contract rate, Sir?

Shri T. S. Ramaswami : The rate for supply of raw materials.

Shri P. S. Nataraja Pillai: It depends upon the area mined, the transport costs etc.

ശ്രീ. ടി. കെ. ദിവാകരൻ : ഇതേപ്പറ്റി ആലോചിച്ച് കമ്പനിക്ക് ലാഭം ഉണ്ടായിട്ടുണ്ടെന്നു കണ്ടാൽ അതു് റെട്രാസ്പെക്റ്റിവ് എഫക്റ്റ് വച്ച് ഈ 8 ലക്ഷം രൂപയും തിരിയെ ഈടാക്കാൻ ശ്രമിക്കുമോ?

Shri P. S. Nataraja Pillai: That is a legal point.

ഏ. എം. സി. മണൽക്കമ്പനി.

*362. [9] ശ്രീ. ടി. കെ. ദിവാകരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചവറയിലെ ഏ. എം. സി. മണൽക്കമ്പനി ഗവണ്മെന്റ് ഏറ്റെടുത്തതിനെ തുടർന്ന് കമ്പനി ഉടമസ്ഥന്മാരുമായുള്ള കണക്കുകൾ അവസാനിപ്പിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതുവരെ അവസാനിപ്പിക്കാതിരിക്കാൻ കാരണമെന്ത് ;

(സി) ഏ. എം. സി. പ്രോസസ് ചെയ്ത ഇൽമനൈറ്റ് ഇൻഡ്യാ ഗവണ്മെന്റിൽനിന്നും എക്സ്പോർട്ട ലൈസൻസ് ലഭിക്കാത്തതുമൂലം കയറ്റി അയയ്ക്കാൻ നിർവാഹമില്ലാതെ ഗോഡൗണുകളിൽ സൂക്ഷിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അപ്രകാരമുള്ള മണ്ണ് എത്ര ടൺ വരും ;

(ഇ) ഏ. എം. സി-യും ഗവണ്മെന്റുമായുള്ള ഇടപാടിൽ ഈ മണ്ണിനെപ്പറ്റി എന്തെങ്കിലും വ്യവസ്ഥ ചെയ്തിട്ടുണ്ടോ ;

(എഫ്) ഈ മണ്ണ് ഇപ്പോൾ ആരുടെ വകയായിട്ടാണ് ടി. എം. സി. 3-ൽ സൂക്ഷിച്ചിരിക്കുന്നത് ;

(ജി) എ. എം. സി. Valuation നടത്തിയ അവസരത്തിൽ ഈ മണ്ണിനായി ഗവണ്മെൻറ് എന്തെങ്കിലും വില നൽകിയിട്ടുണ്ടോ;

(എച്ച്) എ. എം. സി. ഉടമസ്ഥന് അവസാനമായി ഗവണ്മെൻറിൽ നിന്നും വിലയെടുത്തതിന് ... അനുവദിച്ചിട്ടുള്ളത് എന്നാണ്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) ഇല്ല.

(ബി) റായൽടി ഇനത്തിലുള്ള കണക്കുകൾ അവസാനിക്കാത്തതുകൊണ്ട്.

(സി) ഉണ്ട്.

(ഡി) 11,000 ടൺ.

(ഇ) ഉണ്ട്.

(എഫ്) സർക്കാർ വകയായിട്ട്.

(ജി) ഈ മണ്ണിന് വില കണക്കാക്കീട്ടുണ്ട്,

(എച്ച്) 1954 മാർച്ച് 2-ാംതീയതി.

ശ്രീ. ടി. കെ. ദിവാകരൻ: ഈ കമ്പനി എടുത്തതെന്നാണ്?

Shri P. S. Nataraja Pillai: Somewhere in 1952.

ശ്രീ ടി. കെ. ദിവാകരൻ: എ. എം. സി.-ക്ക് അവസാനമായി എത്ര രൂപ കൊടുത്തിട്ടുണ്ട്?

ശ്രീ. കെ. ബാലകൃഷ്ണൻ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ ഉത്തരം പറയുന്നതിന് വളരെ സമയം എടുക്കുന്നതുകൊണ്ട് ഒരു നോട്ടീസ് ക്ലെയിം ചെയ്തു പിന്നീട് ഉത്തരം പറഞ്ഞാൽ സമയം ചെലവഴിക്കേണ്ടായിരുന്നു.

Shri P. S. Nataraja Pillai: It is a lakh of rupees and more.

ശ്രീ. ടി. കെ. ദിവാകരൻ: ഈ കണക്കുകൾ പാസ്സാക്കാതെ കാൺഗ്രസ്സ് മന്ത്രിസഭ പിരിഞ്ഞുപോകുന്നതിനു മുമ്പ് ഈ തുക കൊടുത്തതെന്താണ്?

ശ്രീ. പി. എസ്. നടരാജപിള്ള: മന്ത്രിസഭ പോകുന്നതിനു മുമ്പ് കൊടുക്കേണ്ടതായിവന്നു. അതു് കൊടുത്തു എന്നു മാത്രമേ പറയാൻ സാദ്ധ്യമാകയുള്ളൂ.

ശ്രീ. ടി. കെ. ദിവാകരൻ: പ്രോസസ്സ് ചെയ്തു സൂക്ഷിച്ചിരിക്കുന്ന 11,000 ടൺ ഇൽമിനൈററ് റീ വാല്യുവേഷൻ ചെയ്യുമോ?

ശ്രീ. പി. എസ്. നടരാജപിള്ള: അതു് റീ വാല്യുവേഷൻ ചെയ്തിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ: അതു് റീ വാല്യുവേഷൻ നടത്തുമ്പോൾ തൊഴിലാളികളുടെ ബോണസ്സും ശമ്പളവുംകൂടി കണക്കാക്കുമോ?

ശ്രീ. പി. എസ്. നടരാജപിള്ള: കണക്കാക്കുന്നുണ്ട്.

ചവറ മണൽക്കമ്പനി.

*363. [10] ശ്രീ. ടി. കെ. ദിവാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1952-53, 1953-54 എന്നി വർഷങ്ങളിൽ ഏതെങ്കിലും വർഷത്തിൽ ചവറ മണൽക്കമ്പനികളിലേതിലെങ്കിലും നിന്ന് Exporters-ന് അല്ലാതെ സംസ്ഥാനത്തു് ആർക്കെങ്കിലും മണ്ണു് വിൽപ്പന നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആർക്ക്, ഏതു കമ്പനിയിൽനിന്ന്, എത്ര ടൺ വീതം, എന്തു വിലവച്ചു നൽകി;

(സി) ഇവർക്ക് Export Licence നൽകിയിട്ടുണ്ടോ;

(ഡി) ഇപ്രകാരം വിൽപ്പന നടത്തിയ മണ്ണു് ഇത്രനാളിനകം വാങ്ങിയിരിക്കണമെന്ന വ്യവസ്ഥയുണ്ടായിരുന്നോ;

(ഇ) കണ്ടക്കാലാവധിക്കകം മണ്ണു് വലിച്ചെടുച്ചു് എടുക്കാതിരുന്നതുകൊണ്ടു് വീണ്ടും വിലവച്ചിട്ടുകൊണ്ടു കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ആർക്കെല്ലാം;

(ജി) അവസാനമായി കാലാവധി നീട്ടിക്കൊടുത്തു് ഉത്തരവുണ്ടായതെന്നാണു്;

(എച്ച്) ഈ വ്യവസ്ഥപ്രകാരം കച്ചവടം ചെയ്തിട്ടുള്ള മണ്ണു കമ്പനിയിൽനിന്നും എത്ര ടൺ ഇനി കൊണ്ടുപോകേണ്ടതായുണ്ടു്; ആരെല്ലാം; എത്ര ടൺവീതം?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) ഉണ്ടു്.

(ബി) Ilmenite—

1952-53.

1. M/s. Volkart Bros., Cochin—4457 tons at 70 sh. per ton.
2. C. P. Mathen, Mascot Hotel, Trivandrum.—20,450 tons at 65 sh. per ton. N. A. W.
3. Travancore Titanium Products, Trivandrum—195 tons at Rs. 46-10-8 per ton.

1953-54.

1. Travancore Titanium Products, Ltd.—2,500 tons at price not yet fixed.
2. Shri N. S. Aravindan Nair, P. W. D. Contractor, Trivandrum—16,000 tons at 71 sh. per ton N. A. W.
3. Volkart Bros., Cochin—Manavalakurichi Ilmenite—20,000 tons at Rs. 41 per ton.

(സി) മെസ്സേഴ്സ് ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്റ്റ്സുകാർക്ക് ഒഴിച്ചു് എല്ലാവർക്കും എക്സ്പോർട്ടു് ലൈസൻസു് നൽകിയിട്ടുണ്ടു്.

(ഡി) ശ്രീ. അരവിന്ദൻ നായരുടെ ഇടപാടിൽ 1-11-1953-നു മുമ്പു് വിൽപ്പന നടത്തിയ മണ്ണു് വാങ്ങിയിരിക്കണമെന്ന വ്യവസ്ഥയുണ്ടായിരുന്നു.

(ഇ) ഉണ്ടു്.

(എഫ്) ശ്രീ. എൻ. എസ്. അരവിന്ദൻ നായർ മാത്രം.

(ജി) അവസാനമായി കാലാവധി നീട്ടിക്കൊടുത്തതു് 2-3-54-ൽ ആണു്.

(എച്ച്) ശ്രീ. എൻ. എസ്. അരവിന്ദൻ നായർക്കു് 16,000 ടൺ കച്ചവടം ചെയ്തതിൽ 14,250 ടൺ കൊണ്ടുപോകാതെയുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ: ശ്രീ. അരവിന്ദൻ നായർ കൊണ്ടുപോകാതെ ഇട്ടിരിക്കുന്ന 14,250 ടണ്ണിനു് ഇപ്പോഴത്തെ മാർക്കറ്റ് പ്രൈസ് അനുസരിച്ചു് വില ഈടാക്കുന്നതിനു് ശ്രമിക്കുന്നുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: അതു് റിവൈവ് ചെയ്യണമോ വേണ്ടയോ എന്നുള്ളതു് ആലോചിക്കാം.

ശ്രീ. ടി. കെ. ദിവാകരൻ: സി. പി. മാത്തനു് 55 ഷില്ലിംഗ് വില കുറച്ചു കൊടുത്തതെന്താണു്?

ശ്രീ. പി. എസ്. നടരാജപിള്ള: അങ്ങനെ കൊടുത്തിട്ടുള്ളതു് അന്നത്തെ മാർക്കറ്റ് അനുസരിച്ചായിരിക്കും.

ശ്രീ ടി. കെ. ദിവാകരൻ: ഈ കഴിഞ്ഞ റേറ്റിലുള്ള കച്ചവടത്തിൽ 5½ ലക്ഷം ദാമോദരനു് എത്ര ആയിരം ടൺ മണ്ണു് കൊടുത്തിട്ടുണ്ടു്.

ശ്രീ. പി. എസ്. നടരാജപിള്ള: അങ്ങനെ ഒരാളെ എനിക്കു് പരിചയമില്ല.

Shri T. S. Ramaswami: May I know whether there is a floor price fixed for this ?

Shri P. S. Nataraja Pillai: Generally floor prices are fixed.

Shri T. S. Ramaswami: Was there any occasion when a deviation was made in the price ?

Shri P. S. Nataraja Pillai: Never.

ശ്രീ. പ്രാക്കുളം ഭാസി: സർ, ഈ മണൽക്കമ്പനികളിൽ നടന്ന കുംഭകോണത്തിനെ അല്ലെങ്കിൽ ചാലക്കുടിയെ സംബന്ധിച്ചു് പി. എസ്. പി. ഗവണ്മെന്റ് അന്വേഷണം നടത്തിയിട്ടുണ്ടോ?

Mr. Speaker: I disallow that question.

National Industries.

❋ 364. [11] **Shri T. S. Ramaswami:** Will the Minister for Finance be pleased to state :

(*a*) the net income derived annually from each of the nationalised industries and services of the State for the last five years ;

(*b*) the nationalised industrial concerns which are running on loss ;

(*c*) the reasons for the same ;

(*d*) whether the Government contemplate extending nationalisation schemes in industrial and transport spheres; and

(*e*) if so, in what ways ?

Minister for Finance (**Shri P. S. Nataraja Pillai**) :

(*a*) 1. Travancore Rubber Works—after it was taken over by Government on 8-10-1949.

YEAR. (working period)	NET PROFITS.	NET LOSS.
8-10-1949 to 31-3-1950	Rs. 10,808-11- 0	
1-4-1950 to 31-3-1951	Rs. 63,269-13-10	
1-4-1951 to 31-3-1952	Rs. 1,58,168-4-6	
1-4-1952 to 31-3-1953	..	Rs. 1,18,620-10-1

Shri T. S. Ramaswami ; If it is a long statement, it may be laid on the table. But I would like to get the answers to part (c) and further.

Shri P. S. Nataraja Pillai : (*c*) *Travancore Rubber Works.* Due to keen competition and slump that prevailed in the market rise in price of raw rubber and heavy power cut imposed during 1952-53.

Ceramic factory. Due to accumulation of large stock of finished goods consequent on the fall in sales compared to previous years and the valuation of such accumulated stock at the lowest quality (3rd quality) rates.

Shark liver oil factory. In previous years, depreciation and interest on capital were not taken into account and the factory has earned a gross profit of Rs. 4,266-5-6. But after setting off depreciation and interest on capital in subsequent years from the gross profit a loss of Rs. 6,806-11-10 is seen incurred. Now the concern has been put on a commercial basis and the commercial system of accounting is also adopted.

Travancore Plywood Industries. Due to the general slump in the trade of plywood tea chest panels and other allied articles all over India and the consequent accumulation of stock in the factory as also on account of lowering down of production.

Mr. Speaker: The statement may be placed on the table.*

Shri P. S. Nataraja Pillai: (*d*) Government's general policy is nationalisation of industry to the extent possible ;

(*e*) This is under consideration.

Shri P. V. Avira Tharakan: May I know whether the Sitaram Mills come under the nationalised industries ?

Shri P. S. Nataraja Pillai: No, Sir.

Shri P. V. Avira Tharakan : Under what category does it come then ?

Shri P. S. Nataraja Pillai: It is now being worked on an agency basis with a view to ascertaining the probability of nationalising it.

---

* Please see Appendix I.

Shri P. V. Avira Tharakan: What is the position in regard to the profits at present ?

Shri P. S. Nataraja Pillai: It will go to the working agent under the terms of the agency.

I. A. S. and I. P. S.

✻ 365. [12] **Shri T. S. Ramaswami:** Will the Chief Minister be pleased to state :

(*a*) the number and names of officers of the State who were selected to the I. A. S. and I. P. S. ;

(*b*) the method of selection ;

(*c*) criterion which were taken into consideration for selection ;

(*d*) whether the State Government had sent any recommendation in the matter ;

(*e*) whether the State Government was consulted in the matter of their selection ;

(*f*) the reasons which weighed with the Government for the recommendations ?

Chief Minister (**Shri A. Thanu Pillai**): (*a*) 17 officers in the I. A. S. and 6 in the I. P. S.

I. A. S.	Shri B. V. K. Menon
	Shri S. Govinda Menon
	Shri George Thomas
	Shri P. S. Padmanabhan
	Shri C. Thomas
	Shri M. Abdussalam
	Shri K. K. Ramankutty
	Shri V. V. Joseph
	Shri G. Ramanathan
	Shri P. I. Jacob
	Shri P. C. Alexander
	Shri G. Bhaskaran Nair
	Shri P. M. Mathew
	Shri C. I. Abraham
	Shri N. Chandrabhanu
	Shri M. K. Devassi
	Shri S. Ananthakrishnan
I. P. S.	Shri N. Chandrasekharan Nair
	Shri M. Gopalan
	Shri N. R. Srinivasa Aiyar
	Shri M. Krishna Pillai
	Shri V. K. Bhaskaran Nair
	Shri K. Srinivasa Rao

(*b*) State officers were first interviewed by the State Selection Board, constituted by this Government and approved by the Government of India. The State Selection Board drew up a list of candidates eligible for presentation before the special recruitment board of the Union Public Service Commission which came to Trivandrum and interviewed these officers in October 1951.

(c) The primary criterion was suitability of the officers for appointment in the I. A. S. and I. P. S. cadre on the basis of the All India standards accepted by the Union Public Service Commission.

WRITTEN ANSWERS

കയർ ബോർഡ്.

❋ 366. [14] ശ്രീ. യു. നീലകണ്ഠൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കേന്ദ്രഗവണ്മെന്റ് രൂപീകരിച്ചിരിക്കുന്ന കയർ ബോർഡിൽ ഈ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് എത്ര പേരുണ്ട്;

(ബി) കയർബോർഡിന്റെ പ്രവർത്തനം എന്തായിരിക്കും; പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ എന്തെല്ലാം;

(സി) ഈ ബോർഡിന്റെ ചെലവ് ആരു് എങ്ങിനെ നിർവ്വഹിക്കുന്നു?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) ഔദ്യോഗികമായി ഈ ഗവണ്മെന്റിനു അറിവു കിട്ടിയിട്ടില്ല.

(ബി) കയർബോർഡിന്റെ പ്രവർത്തനങ്ങളെപ്പറ്റിയുള്ള സ്റ്റേറ്റ്മെന്റ മേശപ്പുറത്തു വയ്ക്കുന്നു. * പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ കയർവ്യവസായത്തെ പുനരുദ്ധരിക്കുക എന്നുള്ളതാണ്.

(സി) കയററുമതിചെയ്യുന്ന കയറിനും കയർസാധനങ്ങൾക്കും ഒരു ഹൺഡ്രഡ് വെയിററിനു ഒരു രൂപ എന്ന കണക്കിൽ ഇൻഡ്യാ ഗവണ്മെന്റ് വസൂലാക്കി ഒരു സെസ് ഫണ്ടുണ്ടാക്കി അതിൽനിന്നും ബോർഡിന്റെ ചെലവ് നിർവഹിക്കുന്നു.

കുരുമുളക്.

❋ 367. [18] ശ്രീ. എൻ. ജി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻകൊല്ലങ്ങളിൽ ഒരു കണ്ടി കുരുമുളകിന് ശരാശരി എന്തു വില വരുമായിരുന്നു;

(ബി) ഇപ്പോൾ ഒരു കണ്ടി കുരുമുളകിനു എന്തു വിലയുണ്ട്;

(സി) ഈ വിലയിടിവ് തടയുന്നതിനു ഗവണ്മെന്റ് വേണ്ട നടപടികൾ സ്വീകരിക്കുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) 1953-ൽ കണ്ടി ഒന്നിന് കുരുമുളകിന് 2,200 രൂ. മുതൽ 2,500 വരെ ശരാശരിവില ഉണ്ടായിരുന്നു.

(ബി) ഇപ്പോൾ ഒരു കണ്ടി കുരുമുളകിന് രൂ. 950 മുതൽ 1000 വരെ വിലയുണ്ട്.

(സി) ഇക്കാര്യം ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നു.

---

* Please see Appendix_II,

ധനസഹായം.

❋ 368. [23] ശ്രീ. പുതുപ്പള്ളി ഭാസി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർവ്യവസായത്തിന്റെ അഭിവൃദ്ധിമാർഗ്ഗങ്ങൾക്കായി എന്തെങ്കിലും തുക കേന്ദ്രഗവണ്മെന്റ് നൽകാമെന്നു ഏറ്റിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതു് എന്നാണ് ;

(സി) തുക എത്രയാണ് ;

(ഡി) തുക വാങ്ങിയിട്ടുണ്ടോ ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

(എ)യും (ബി)യും (സി)യും പഞ്ചവത്സരപദ്ധതിയിൽ കയർ വ്യവസായപുനരുദ്ധാരണ സ്കീമിനു കൊള്ളിച്ചിട്ടുള്ള 64 ലക്ഷം രൂപയിൽ പകുതിഭാഗം കേന്ദ്രഗവണ്മെന്റ് തരുന്നതാണ്.

(ഡി) കുറച്ചു തുക വാങ്ങിയിട്ടുണ്ട്.

കയർവ്യവസായവും പഞ്ചവത്സരപദ്ധതിയും.

❋ 369. [39] ശ്രീ. കട്ടപ്പൻ ദേവസ്യ കയിക്കൽ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കയർവ്യവസായോദ്ധാരണാർത്ഥം പഞ്ചവത്സരപദ്ധതിയിൽ എന്തു തുക കൊള്ളിച്ചിട്ടുണ്ടെന്നും അതിൽ എത്രതുക ഇതിനകം ചെലവു ചെയ്തിട്ടുണ്ടെന്നും പറയുമോ ;

(ബി) കയർവ്യവസായോദ്ധാരണാർത്ഥം ചെലവഴിച്ച തുക എന്തു പ്രവർത്തനങ്ങൾക്കായിരുന്നെന്നും അവ കൊണ്ടുണ്ടായ നേട്ടങ്ങൾ എന്തെന്നും പറയുമോ ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

(എ) 64 ലക്ഷം രൂപ കൊള്ളിച്ചിട്ടുണ്ട്. 31-3-54 വരെ ചെലവായ തുക 9,27,857 രൂപ. 6 ണ. 5 പൈസ.

(ബി) ചെലവായ തുക കയർ സൊസൈററികൾക്ക വായ്പയിനത്തിലും, ഗ്രാൻറിനത്തിലും ഡിപ്പാർട്ടുമെൻറൽ ചെലവിനത്തിലുമായാണ്. കയർവ്യവസായത്തെ സഹകരണാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിച്ചു വരുന്നുവെന്നുള്ളതാണ് നേട്ടം.

സ്പൈസസ്സിന്റെ ഉൽപ്പാദനം.

❋ 370. [44] ശ്രീ. പി. ഗോപാലൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുരുമുളക് മുതലായ സ്പൈസസ്സിന്റെ ഉൽപ്പാദനം സംഘടിപ്പിക്കുന്നതിനു് കേന്ദ്രത്തിൽനിന്നു് വല്ല നിർദ്ദേശവും ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ നിർദ്ദേശത്തിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

എക്സൈസ് ഇൻസ്പെക്ടർമാർ.

※ 371. [55] ശ്രീ. പി. കെ. സുകുമാരൻ : താഴെ പറയുന്ന ചോദ്യത്തിനു ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇപ്പോഴുള്ള എക്സൈസ് ഇൻസ്പെക്ടർമാരിൽ Physical fitness അഞ്ചടി നാലരഇഞ്ച് പൊക്കം ഇല്ലാത്തവർ എത്രപേരുണ്ട്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള) :

18 പേർ.

ഭൂമിയെ സംബന്ധിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ.

※ 372. [74] ശ്രീ. കെ. പി. ഫാർമസ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമിയെ സംബന്ധിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുവാൻ കേന്ദ്രഭക്ഷ്യകാര്യവകുപ്പിൽനിന്നും ആവശ്യപ്പെട്ടിരുന്നോ ;

(ബി) ഉണ്ടെങ്കിൽ ഗവണ്മെന്റ് എന്തു നടപടി സ്വീകരിച്ചു?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) ആവശ്യപ്പെട്ടിരുന്നു.

(ബി) ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അങ്ങനെ ഒരു കണക്ക് ശേഖരിക്കേണ്ട ആവശ്യം ഇപ്പോൾ ഇല്ലായെന്നുള്ള ഈ ഗവണ്മെന്റിന്റെ അഭിപ്രായം ഇൻഡ്യാഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ട്.

Crimes in the prohibited Area.

※ 373. [80] **Shri T. T. Daniel:** Will the Minister for Finance be pleased to state whether after the introduction of the Prohibition Scheme there is a decrease or increase in the number of crimes in the prohibited area ?

Minister for Finance (**Shri P. S. Nataraja Pillai**) : There is neither a general decrease nor increase of crime in the Prohibition area of the Trivandrum District. In the Quilon District, prohibition is in force only in the taluks of Shencottah and Pathanapuram. There is a general decrease in crimes in these two taluks after the introduction of prohibition. On the other hand, there is increase of crimes in the prohibition area comprising the three taluks of Chittur, Talappally and Cranganore in the Trichur District.

പുതിയ വ്യവസായങ്ങൾ.

* 374. [87] ശ്രീ. ഡി. വിദ്യാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും പുതിയ വ്യവസായങ്ങൾ ആരംഭിക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം? അവയ്ക്ക് ആകെ എന്തു ചെലവ് ഉദ്ദേശിക്കുന്നു?

Minister for Finance **(Shri P. S. Nataraja Pillai)** : (*a*) & (*b*) Government have at present no scheme to start any new industry. There is however a proposal to expand the Travancore Rubber Works to start manufacture of rubber tyres. But no definite scheme has been prepared in this respect by the General Manager, Travancore Rubber Works, who has been asked to submit proposals.

പെൻഷൻ നിരക്കുകൾ.

* 375. [98] ശ്രീ ജെ. എ. ഭട്ട്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) സ്റ്റേറ്റ് സർവ്വീസിൽ ജോലിചെയ്തു പെൻഷൻ പറ്റിപ്പോയ ഉദ്യോഗസ്ഥന്മാരുടെ പെൻഷൻ നിരക്കുകളിൽ 1954 മാർച്ച് മാസത്തിനു ശേഷം എന്തു വ്യത്യാസം വരുത്തിയിട്ടുണ്ട്;

(ബി) ഈ വ്യത്യാസം കാരണം ഗവണ്മെന്റിനു മാസംതോറും കൂടുതൽ ചെലവു എന്തു സംഖ്യ വരുന്നുണ്ട്;

(സി) മേൽ പറഞ്ഞ തരത്തിൽ വ്യത്യാസങ്ങൾ വരുത്താമെന്നു പെൻഷൻ പറ്റുന്നകാലത്തു പെൻഷൻപറ്റിപ്പോയ ഉദ്യോഗസ്ഥന്മാരുമായി വല്ല കരാറോ നിശ്ചയമോ ഉണ്ടായിരുന്നുവോ?

മുഖ്യമന്ത്രി ശ്രീ. എ. താണുപിള്ള:

(എ) സ്റ്റേറ്റ് സർവ്വീസിൽ ജോലിചെയ്തു പെൻഷൻപറ്റിപ്പോയ ഉദ്യോഗസ്ഥന്മാരുടെ പെൻഷൻ നിരക്കുകളിൽ 1954 മാർച്ചുമാസത്തിനുശേഷം യാതൊരു വ്യത്യാസവും വരുത്തിയിട്ടില്ല.

(ബി) എന്നാൽ തിരുവിതാംകൂർ വിഭാഗത്തിലെയും കൊച്ചി വിഭാഗത്തിലെയും പെൻഷൻകാർക്ക് ഇതേവരെ വിഭിന്നനിരക്കിൽ നൽകിവന്നിരുന്ന ക്ഷാമബത്ത 1-4-54 മുതൽ ഏകീകരിച്ചിട്ടുണ്ട്.

(ഡി) മേൽപ്പറഞ്ഞപ്രകാരം പെൻഷൻ ക്ഷാമബത്താനിരക്ക് ഏകീകരിച്ചതിൽ പ്രതിമാസം ഏകദേശം അരലക്ഷം രൂപയുടെ കൂടുതൽ ചെലവു ഗവണ്മെന്റിനു ഉണ്ടാകുമെന്നു കാണുന്നുണ്ട്; അങ്ങനെ യാതൊരു കരാറും ഉണ്ടായിട്ടില്ല.

കാളനൈസേഷൻ പദ്ധതി.

* 376. [101] ശ്രീ. പി. കേശവമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കാളനൈസേഷൻ പദ്ധതി അനുസരിച്ച് ഏതെല്ലാം മലകളാണ് സർവ്വേ ചെയ്യുവാൻ തീരുമാനിച്ചിട്ടുള്ളത്;

(ബി) തിരുവിതാംകൂർ-കൊച്ചിയിലെ മററു വന പ്രദേശങ്ങളിലും അനധികൃതമായ ഭൂമികയ്യേററം ഉണ്ടായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആ വക പ്രദേശങ്ങളും മേലെഴുതിയ പദ്ധതിയനുസരിച്ചു സർവ്വേ ചെയ്യുവാൻ വേണ്ട നടപടികൾ കൂട്ടുന്നതിനു ദയവുണ്ടാകുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) കാളനൈസേഷൻ പദ്ധതിയനുസരിച്ചിട്ടുള്ള താഴെ വിവരിക്കുന്ന വനവിഭാഗങ്ങൾ സർവ്വേ ചെയ്യുന്നതിനു തീരുമാനിച്ചിട്ടുണ്ട്:

(1)	പാഴാനി	200	ഏക്കർ
(2)	കൊല്ലമുള	1100	,,
(3)	അഞ്ചൽ	75	,,
(4)	കല്ലാർ	300	,,
(5)	നെല്ലിക്കാക്കാണി	215	,,
(6)	അഴകിയപാണ്ടിപുരം	146	,,

(ബി) അങ്ങനെ പരാതികൾ ഉണ്ടെന്നറിയാം.

(സി) അതിനുവേണ്ട നടപടികൾ ഗവണ്മെൻറു കൈക്കൊണ്ടിരിക്കുകയാണ്.

ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറ് സംയോജനം.

❋ 377. [103] ശ്രീ. പി. കെ. ചാത്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലവക ഡിപ്പാർട്ടുമെൻറ് സംയോജനം കഴിഞ്ഞോ;

(ബി) തിരുവിതാംകൂർ ഭാഗത്തും കൊച്ചി ഭാഗത്തും ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിൽ ഏതേതു ഉദ്യോഗങ്ങളാണ് ഉണ്ടായിരുന്നതെന്നു പറയുമോ;

(സി) ഓരോ വിഭാഗത്തും ഓരോ ഉദ്യോഗത്തിനു എന്തു ശമ്പള നിരക്കായിരുന്നു?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) കഴിഞ്ഞു.

(ബി-യും, സി-യും) † പട്ടിക മേശപ്പുറത്തു വെച്ചിരിക്കുന്നു.

കാളനികൾ.

❋ 378. [113] ശ്രീ. കെ. എസ്സ്. കൃഷ്ണശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) 1953-54-ാം വർഷത്തിൽ സംസ്ഥാനത്തു കാളനൈസേഷൻ പദ്ധതിയനുസരിച്ചു എത്ര കാളനികൾ സ്ഥാപിക്കപ്പെട്ടു;

(ബി) ഇതിൽ എത്ര എണ്ണം പ്രവർത്തനത്തിലായി?

---

† Please see Appendix III.

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി : (ശ്രീ. പി. കെ. കുഞ്ഞു്):

(എ) താഴെ പറയുന്ന മൂന്നു സഹകരണ കാളനികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടു്.

(1) ചിറക്കടവു് സഹകരണ കാളനി നമ്പർ 6.
(2) കൊല്ലമുള സഹകരണ കാളനി നമ്പർ 9.
(3) ഇൗരസ്റ്റേൺ അഗ്രിക്കൾച്ചറൽ സഹകരണ കാളനി നമ്പർ 10.
(ബി) ഒരെണ്ണം. ചിറക്കടവു സഹകരണ കാളനി നമ്പർ 6.

UNSTARRED QUESTIONS.

Agricultural Income Tax.

107. [1] **Shri K. Sattanatha Karayalar**: Will the Minister for Finance be pleased to state:

(*a*) the amounts of Agricultural Income-tax collected in the years 1952 and 1953;
(*b*) of this, how much is collected from rubber and tea plantations; and
(*c*) of this, how much is from foreign concerns.

Answer.

(*a*)	In the year	1952-53	Rs. 96,38,681,
	Do.	1953-54	Rs. 90,18,495.
(*b*)	Do.	1952-53	Rs. 73,47,793,
	Do.	1953-54	Rs. 64,68,751.
(*c*)	Do.	1952-53	Rs. 37,62,481,
	Do.	1953-54	Rs. 43,81,956.

Pottery Industries.

108. [6] **Shri R. Sankaranarayanan Tampi**: Will the Minister for Finance be pleased to state:

(*a*) whether a Pottery Industry was being run by the Government at Thattarambalam, Mavelikara;
(*b*) whether it is now working;
(*c*) if it is not working, the reason for the institution being stopped?

Answer.

(*a*) Yes.
(*b*) No.
(*c*) The lessees to whom the centre was given on lease for a period of three years from 11-10-1950 abandoned the centre after working it for about one year on the ground that they incurred loss.

കാപ്പിസ്റ്റിന്റെ ശമ്പളം.

109. [16] ശ്രീ. എൻ. ജി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർകാരനായ ഒരു കാപ്പിസ്റ്റിനു് എത്ര രൂപ പ്രതിമാസം ശമ്പളമുണ്ടു്;

(ബി) കൊച്ചീക്കാരനായ ഒരു കാപ്പിസ്റ്റിന് എത്ര രൂപ പ്രതി മാസം ശമ്പളമുണ്ട്;

(സി) വ്യത്യാസം ഉണ്ടെങ്കിൽ കാരണമെന്ത്;

(ഡി) തിരുവിതാംകൂറുകാരായ കാപ്പിസ്റ്റന്മാരുടെ ശമ്പളം കൊച്ചീക്കാരായ കാപ്പിസ്റ്റന്മാരുടെ ശമ്പളത്തോളം ആക്കുമോ?

ഉത്തരം.

(എ) റവന്യൂകാപ്പിസ്റ്റിന് പ്രതിമാസം 25-1-30 രൂപയും, മജിസ്ത്രേറ്റ് കോടതിയിലെ കാപ്പിസ്റ്റിന് പ്രതിമാസം 20-1-25 രൂപയും ലഭിക്കുന്നു.

(ബി) കൊച്ചിയിൽ, റവന്യൂവിഭാഗത്തിലെ കാപ്പിസ്റ്റിന് 25-1-30 രൂപയും, സർവ്വേ ഡിപ്പാർട്ടുമെൻറിലെയും മജിസ്ത്രേറ്റ് കോടതിയിലെയും കാപ്പിസ്റ്റിന് 25-1½-40 രൂപയും പ്രതിമാസം ശമ്പളം ലഭിക്കുന്നു.

(സി) മുൻപ് രണ്ടു ഭരണത്തിൻ കീഴിലായിരുന്നതിനാൽ രണ്ടു ഭാഗത്തും വ്യത്യസ്തമായ സ്കെയിൽ നിലവിലിരുന്നു.

(ഡി) സർവ്വീസു സംയോജനത്തോടുകൂടി രണ്ടുഭാഗത്തും കാപ്പിസ്റ്റന്മാരുടെ ശമ്പളം 25-1-30 ആക്കുന്നതാണ്

മഞ്ഞപ്ര-കോതകുളങ്ങര വില്ലേജുകൾ.

110. [19] ശ്രീ. എം. എ. ആൻറണി: താഴെ പറയുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ഞപ്ര-കോതകുളങ്ങര വില്ലേജുകൾ ആലുവാ കാർഷികാദായനികുതി ആഫീസരുടെ കീഴിൽനിന്നും തൃശ്ശൂർ കാർഷികാദായനികുതി ആഫീസരുടെ കീഴിലാക്കാനുള്ള കാരണമെന്ത്?

ഉത്തരം.

ഭരണസൗകര്യത്തിനുവേണ്ടി.

മി. കൃഷ്ണൻകുട്ടിമേനോൻ

111. [22] ശ്രീ. തലേക്കര കെ. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി. കൃഷ്ണൻകുട്ടിമേനോൻ എന്ന അദ്ധ്യാപകനെ എന്തു നിലയിലാണ് തൃശ്ശൂർ Government Occupational Institute-ൽ നിയമിച്ചിരിക്കുന്നതു്;

(ബി) മി. കൃഷ്ണൻകുട്ടിമേനോന് അവിടെ സ്ഥിരം വല്ല ഉദ്യോഗവുമുണ്ടോ?

ഉത്തരം.

(എ) ഗവണ്മെൻറ് അംഗീകരിച്ച ഗ്രേഡേഷൻ ലിസ്റ്റനുസരിച്ച് ശ്രീ. കൃഷ്ണൻകുട്ടിമേനോനെ രണ്ടാംഗ്രേഡ് ആക്ടിംഗ് അസിസ്റ്റൻറ് ഇൻസ്പെക്ടർ ആയിട്ടാണ് നിയമിച്ചിരിക്കുന്നതു്.

(ബി) ഇല്ല.

VOTING OF DEMANDS FOR GRANTS.

ശ്രീ. ജോസഫ് ചാഴിക്കാട്: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഈ സഭയിൽ 118 അംഗങ്ങളുണ്ട്. അതിൽ
12 NOON. 116 പേരും ഓരോ പാർട്ടിയിൽ അംഗപ്പെട്ട് ആ പാർട്ടിക്കു വിധേയമായിട്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട സ്പീക്കറും ഞാനും മാത്രമേ പാർട്ടിയിൽ ഉൾപ്പെടാതെ ഇരിക്കുന്നുള്ളു. സ്പീക്കർക്ക് ഇവിടെ പ്രസംഗം ചെയ്യേണ്ട കാര്യമില്ല, അതിനു അവകാശവുമില്ല. എന്നാൽ എനിക്കു എല്ലാം കാര്യങ്ങളെപ്പറ്റിയും പറയുന്നതിനു അവകാശമുണ്ട്. നിയമം അതിനു അനുവദിക്കുന്നുമുണ്ട്. ബഡ്ജറ്റിനെ സംബന്ധിച്ച് ഇവിടെ മൂന്നുദിവസം തുടർച്ചയായി വാദപ്രതിവാദങ്ങൾ നടന്നുവെങ്കിലും എനിക്കു സംസാരിക്കുന്നതിനു സമയം അനുവദിച്ചില്ല. അതിനു ശേഷം പല ഡിമാന്റുകളും ഇവിടെ ചർച്ചാവിഷയമായി. അപ്പോഴെല്ലാം ഞാൻ എഴുന്നേൽക്കുകയും എനിക്കുകൂടി സംസാരിക്കണമെന്നു പറയുകയും ചെയ്തിട്ടുണ്ട്. എന്നാൽ എനിക്കു സമയം അനുവദിച്ചില്ല. അതുകൊണ്ട് ഓരോ ഡിമാന്റു വരുമ്പോഴും ഒരു മിനിട്ടായാലും വേണ്ടുകയില്ല, അരമിനിട്ടായാലും വേണ്ടുകയില്ല, എനിക്കുകൂടി സമയം അനുവദിക്കേണ്ടതാണ്. ഇതിനെപ്പറ്റി ഒരു റൂളിംഗ് ഉണ്ടായാൽ കൊള്ളാം..

മി. സ്പീക്കർ: ഇതു് ഒരു പോയിന്റ് ഓഫ് ഓർഡർ അല്ല. എന്തും പറയുവാൻവേണ്ടി പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നതു ശരിയല്ല. പല മെമ്പറന്മാർക്കും അതിൽ തെറ്റുപറ്റാറുണ്ട്. ഇവിടെ നടക്കുന്ന പ്രൊസീഡിയറിനെ സംബന്ധിച്ചായിരിക്കണം പോയിന്റ് ഓഫ് ഓർഡർ കൊണ്ടുവരേണ്ടതു്. ചില സ്നേഹിതന്മാർക്കു അതു മനസ്സിലായിട്ടില്ലെന്നു കാണുന്നതു് ഖേദകരമാണ്. ഏതായിരുന്നാലും പാർട്ടികൾക്കാണ് വാദപ്രതിവാദത്തിനായി കൂടുതൽ സമയം വെച്ചിരിക്കുന്നതു്. സംഘടിതമായി നിൽക്കുന്ന രാഷ്ട്രീയ കക്ഷികൾക്ക് സമയം കൊടുത്തു കഴിഞ്ഞിട്ടേ സ്വതന്ത്രന്മാർക്കു സമയം കൊടുക്കുകയുള്ളു. സ്വതന്ത്രന്മാർക്കു അവരുടെ ഇഷ്ടംപോലെ എപ്പോഴും സമയം കിട്ടുമെന്നു പ്രതീക്ഷിക്കുന്നതു ശരിയല്ല. എന്നാൽ കഴിവുള്ളിടത്തോളം സ്വതന്ത്ര മെമ്പറന്മാരുടെ അഭിപ്രായം പ്രകടിപ്പിക്കുവാനുള്ള സന്ദർഭം അനുവദിക്കുന്നതിന് ശ്രമിക്കുകയും ചെയ്യാം.

DEMAND XX- PUBLIC HEALTH.

Minister For Local Self Government (Shri P. K. Kunju) - Sir, I move for a grant of Rs. 19,04,000 under Demand XX—Public Health. This amount is the balance of the amount already voted by the House.

Shri A. Achuthan : I second it.

മി. സ്പീക്കർ: മി. എം. എം. മത്തായിയുടെ 28-ാംനമ്പർ ഉപക്ഷേപവും ശ്രീമതി ഗൗരിയുടെ 47-ാംനമ്പർ ഉപക്ഷേപവും അവതരിപ്പിച്ചു കഴിയുമ്പോൾ ഡിമാന്റു മുഴുവൻ ഈ സഭയുടെ മുൻപിൽ ആകുന്നതാണ്. മററുള്ളവർക്ക് വാദപ്രതിവാദത്തിൽ പങ്കെടുക്കാവുന്നതുമാണ്.

Shri M. M. Mathai : Sir, I move to reduce the total allotment of Rs. 19,04,000 under Demand XX by Rs. 100.

സർ, നമ്മുടെ രാജ്യത്തെ പൊതുജനങ്ങളുടെ ആരോഗ്യത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി ശ്രമിച്ചുപോരുന്ന ഒരു ഡിപ്പാർട്ടുമെൻറാണല്ലോ പബ്ലിക്ക്ഹെൽത്തു ഡിപ്പാർട്ടുമെൻറ്. ഈ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനത്തെപ്പററി ചില കാര്യങ്ങൾ പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

സർ, നമ്മുടെ രാജ്യം പല കാര്യങ്ങളിലും ആഗോള പ്രശസ്തി ആർജ്ജിച്ചിട്ടുണ്ട്. പട്ടിണി, ദാരിദ്ര്യം, തൊഴിലില്ലായ്മ, ജനപ്പെരുപ്പം ഇതിനെല്ലാം നമ്മുടെ രാജ്യത്തിനു ആഗോളപ്രശസ്തിയുണ്ട്. അതുപോലെ അനാരോഗ്യത്തിനും നമ്മുടെ രാജ്യത്തിന് ആഗോള പ്രശസ്തിയുണ്ട്. ഇങ്ങനെ അനാരോഗ്യത്തിനും പട്ടിണിക്കും മററും നമ്മുടെ രാജ്യം കേൾവിപ്പെട്ടതാണെങ്കിലും ഭാഗ്യവശാൽ നമ്മുടെ ജനങ്ങളുടെ ബുദ്ധി കുറഞ്ഞുപോയിട്ടില്ല, അതു നമുക്കു അഭിമാനിക്കാവുന്നതാണ്. നമ്മുടെ ആരോഗ്യം ശാസ്ത്രീയമായി വർദ്ധിപ്പിക്കുവാൻ വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്തു അതു എത്രയും വേഗത്തിൽ നടപ്പിൽ വരുത്തുവാൻ കഴിഞ്ഞാൽ ലോകത്തിലുള്ള ഏതു ജനതയെക്കാളും ബുദ്ധിമാന്മാരായ ഒരു ജനതതിയെ നമുക്കു സൃഷ്ടിക്കുവാൻ സാധിക്കുന്നതാണ്. ഈ രാജ്യത്തെ ജനങ്ങളുടെ ആരോഗ്യം പുലർത്തുന്നതിനുവേണ്ടി നമ്മുടെ ഗവണ്മെൻറ ചെയ്തിട്ടുള്ള പ്രയത്നം വളരെ ശ്ലാഘനീയമാണെന്നു പറനിക്കു അഭിപ്രായമില്ല. ഏഴു വർഷങ്ങൾക്കുമുൻപു, ബ്രിട്ടീഷ്ഭരണം ഇവിടെ നിലനിന്ന കാലത്തു, പഴയ ആ ഇംപീരിയലിസത്തിൻെറ കാൽപ്പാടുകളിൽക്കൂടി ഇപ്പോഴും പോകുന്നുവെന്നല്ലാതെ വലിയ പുതുമയൊന്നും ഇന്നത്തെ പദ്ധതിയിൽ കാണുന്നില്ല. ഇതിലേക്കു കുറെ രൂപ മാററിവച്ചുവെന്നല്ലാതെ പൊതുജനാരോഗ്യാഭിവൃദ്ധിക്കുവേണ്ടി ശരിയായ ഒരു പ്ലാൻ ആസൂത്രണം ചെയ്തു വ്യാപകമായ തോതിൽ അതു് നടപ്പിൽ വരുത്തുവാനുള്ള ഏർപ്പാടുകൾ യാതൊന്നും ചെയ്യുന്നില്ല. ജനങ്ങളുടെ ആരോഗ്യത്തെ വർദ്ധിപ്പിക്കുവാൻ ഈയാണ്ടിൽ എന്തെല്ലാം ഏർപ്പാടുകളാണു ചെയ്തിട്ടുള്ളതെന്നു നോക്കുക. രണ്ടുമൂന്നു് ഹെൽത്താഫീസറന്മാരെയും നാലോ അഞ്ചോ നേഴ്സുകളേയും കൂടുതലായി നിയമിക്കുവാനുള്ള തുക കഴിഞ്ഞ ആണ്ടത്തേക്കാൾ കൂടുതലായി കൊള്ളിച്ചിട്ടുണ്ട്.

പഴയ കാലത്തു്, അതായതു് ഇംപീരിയലിസം ഈ രാജ്യത്തു നിലനിന്നപ്പോൾ, ജനിച്ചിട്ടുള്ള ആളുകളുടെ ആരോഗ്യത്തെപ്പററി നമുക്കു വിടാം. എന്നാൽ സ്വാതന്ത്ര്യാനന്തരം ജനിച്ച കുഞ്ഞുങ്ങളുടെ ആരോഗ്യം പുലർത്തുന്ന കാര്യത്തിൽ ഈ ഗവണ്മെൻറ വളരെ ശ്രദ്ധിക്കാതിരിക്കുന്നതു കാണേണ്ടതുണ്ട്. അവരുടെ ആരോഗ്യത്തെ സംരക്ഷിക്കുന്നതിനു ഗവണ്മെൻറ എന്തു ഏർപ്പാടാണു് ചെയ്തിട്ടുള്ളതു്? അവർക്കുവേണ്ടി ശരിയായ രീതിയിൽ ആരോഗ്യകേന്ദ്രങ്ങൾ ഉണ്ടാക്കിയിട്ടില്ല. ചില മെറേറർണിററി വെൽഫെയർ കേന്ദ്രങ്ങൾ അങ്ങുമിങ്ങും ഉണ്ടാക്കുവാനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. അങ്ങനെ നാലോ അഞ്ചോ കേന്ദ്രങ്ങൾ മാത്രമാണു് ഈ രാജ്യത്തുള്ളതു്. കുഞ്ഞുങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനു ഏർപ്പാടു ചെയ്യേണ്ട കാര്യങ്ങൾ പറയുമ്പോൾ പല കാര്യങ്ങളെപ്പററിയും പറയേണ്ടതായിട്ടുണ്ട്. ആറും ഏഴും, വയസ്സ് പ്രായമുള്ള എത്രയെത്ര കുഞ്ഞുങ്ങളാണു തെരുവുനീളെ അലഞ്ഞുതിരിഞ്ഞു നടക്കുന്നതെന്നു് ഗവണ്മെൻറിനറിയാമോ? അവരുടെ ആരോഗ്യപാലനത്തിനുവേണ്ടി ഗവണ്മെൻറ എന്തെങ്കിലും ചെയ്തിട്ടുണ്ടോ? അതുപോലെതന്നെ, അനാരോഗ്യ

[Shri M. M. Mathai]

അതിനും പട്ടിണിക്കും ജനപ്പെരുപ്പത്തിനും നമ്മുടെ രാജ്യത്തിനു ആഗോള പ്രശസ്തിയുള്ളതുപോലെതന്നെ പ്രസവകാര്യത്തിലും നമ്മുടെ സ്ത്രീകൾ റിക്കാർഡു സൃഷ്ടിച്ചിട്ടുണ്ടു്. ഈ വസ്തുത ശ്രീമതി ഗൗരിയും സമ്മതിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഏകദേശം മൂന്നുലക്ഷം പ്രസവങ്ങളെങ്കിലും ഒരാണ്ടിൽ ഈ രാജ്യത്തു നടക്കുന്നുണ്ടു്. എന്നാൽ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടു നോക്കിയാൽ 20,000 മോ, 25,000മോ പ്രസവകേസുകൾ മാത്രമേ മിഡ്‌വൈഫ്കളുടെ സഹായത്തോടുകൂടി നടത്തിയിട്ടുള്ളു എന്നു കാണാം.

ശ്രീമതി കെ. ആർ. ഗൗരി : ബഹുമാനപ്പെട്ട മെമ്പറിന്റെ പാർട്ടിക്കു് സന്താനനിയന്ത്രണത്തെപ്പററിയുള്ള അഭിപ്രായമെന്താണു് ?

ശ്രീ. എം. എം. മത്തായി : അതു് ഇപ്പോൾ സംഗതമല്ല. അതു് ഞാൻ പിന്നീടു പറയാം.

പ്രസവശുശ്രൂഷക്കുള്ള ഏർപ്പാടുകൾ വളരെ പരിമിതവും അനയോജ്യമായിട്ടുള്ളതാണെന്നും കാണാം. മൂന്നുലക്ഷം പ്രസവം നടക്കുന്നതിൽ ഏകദേശം 20000 പ്രസവങ്ങൾ മാത്രമേ മിഡ്‌വൈഫ്കളുടെ സഹായത്തോടുകൂടി നടക്കുന്നുള്ളൂ എന്നുള്ളതു ഒരു ഗവൺമെൻറിനും അഭിമാനിക്കാവുന്ന ഒന്നല്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : മിഡ്‌വൈഫ്കളുടെ സഹായം കൂടാതെ പെണ്ണുങ്ങൾക്കു് പ്രസവിക്കരുതെ ?

ശ്രീ. എം. എം. മത്തായി : ഗർഭം ധരിച്ചു് പത്തു മാസം തികയുമ്പോൾ ആരുടെ സഹായം ഇല്ലാതെയും അവർ പ്രസവിക്കും എന്നു് സ്നേഹിതനും അറിയാമെന്നു് ഞാൻ വിശ്വസിക്കുന്നു. പക്ഷെ ആരോഗ്യകരമായ പ്രസവം നടക്കണമെങ്കിൽ മിഡ്‌വൈഫിന്റെ സഹായം അത്യന്താപേക്ഷിതമാണു്.

സർ, ചോദ്യോത്തരവേളയിൽ പബ്ലിക്കു് ഹെൽത്തു ഡിപ്പാർട്ടുമെൻറ എന്നൊരു ഡിപ്പാർട്ടുമെൻറ ഉണ്ടോ എന്നു ഞാൻ ചോദിച്ചിരുന്നു. ഇതു കേട്ടപ്പോൾ അങ്ങനെ ഒരു ഡിപ്പാർട്ടുമെൻറു് ഉണ്ടെന്നു് നിങ്ങൾക്കു് അറിഞ്ഞുകൂടേ എന്നു് എന്റെ അടുത്തിരുന്ന ഒരു സ്നേഹിതൻ എന്നോടു ചോദിച്ചു. അങ്ങനെ ഒരു ഡിപ്പാർട്ടുമെൻറുണ്ടെന്നു് എനിക്കറിയാം. പക്ഷെ ഗ്രാമപ്രദേശങ്ങളിലുള്ള പലക്കും അങ്ങനെ ഒരു ഡിപ്പാർട്ടുമെൻറുണ്ടെന്നു് അറിഞ്ഞുകൂടാ. ഞാൻ ഗ്രാമപ്രദേശത്തു് താമസിക്കുന്നഒരാളാണു്. അവിടെ ആണ്ടിലൊരിക്കൽ ഒരു അച്ചുകുത്തുപിള്ള വന്നു് കുത്തിവച്ചിട്ടു പോകും. ഇതാണു് പബ്ലിക്കു് ഹെൽത്തു് ഡിപ്പാർട്ടുമെൻറിൽനിന്നും ഈ ഗ്രാമപ്രദേശങ്ങളിൽ നടക്കുന്ന ഏകസേവനം. ഇതും പബ്ലിക്കു് ഹെൽത്തു ഡിപ്പാർട്ടുമെൻറ ചെയ്യുന്നതാണെന്നും അവക്കറിവില്ല. അതുകൊണ്ടാണു് ഇങ്ങനെ ഒരു ഡിപ്പാർട്ടുമെൻറുണ്ടോ എന്നു ഞാൻ ചോദിച്ചതു്. ഗ്രാമപ്രദേശങ്ങളിൽ എല്ലാ ഭാഗങ്ങളിലും മിഡ്‌വൈഫുകളെ നിയമിക്കുവാൻ ഒരു പക്ഷെ പെട്ടെന്നു് സാധിക്കുകയില്ലായിരിക്കാം. പക്ഷെ ശ്രമിച്ചാൽ കുറച്ചു കാലങ്ങൾക്കുള്ളിൽ അതു് സാധിക്കുന്നതാണു്. ഇപ്പോൾ തന്നെ കൂടുതൽ മിഡ്‌വൈഫുകളെ നിയമിക്കാവുന്നതാണു. ഈ രാജ്യത്തിനു് ആവശ്യമുള്ളിടത്തോളം പരീക്ഷായോഗ്യതകളുള്ള ആളുകളെ കിട്ടുന്നില്ലാ എന്ന

വാദം സമ്മതിച്ചുതരാൻ നിവൃത്തിയില്ല. തിരുവല്ലാ താലൂക്കിൽത്തന്നെ രണ്ടു സ്ഥാപനങ്ങളിൽ മിഡ്‌വൈഫ കോഴ്സുകൾ നടത്തുന്നുണ്ടു്. ആണ്ടുതോറും അവിടെ മിഡ്‌വൈഫുകൾക്കു വേണ്ട പരിശീലനം നല്കുന്നുണ്ടു്. പക്ഷെ നമ്മുടെ ഗവൺമെൻറ് അവരെ അംഗീകരിച്ചിട്ടില്ല. മിഡ്‌വൈഫ കോഴ്സിൻെറ സിലബസ് അനുസരിച്ചുള്ള പരിശീലനം സിദ്ധിച്ചിട്ടുള്ളവരെ തൽക്കാലം മിഡ്‌വൈഫുകളായി നിയമിക്കുന്നതിനു് എന്താണു് വിരോധം ?

ശ്രീ. ടി. വി. തോമസ് : മിഡ്‌വൈഫ കോഴ്സ് നടത്തുന്ന സ്ഥാപനങ്ങളുടെ പേർ പറയാമോ ?

ശ്രീ. എം. എം. മത്തായി : ഇരവിപേരൂർ മിഷൻ ഹാസ്പിററൽ, തിരുവല്ലാ മിഷൻ ഹാസ്പിററൽ, ഈ രണ്ടു സ്ഥാപനങ്ങളുമാണു്. ഇതിനും പുറമെ ഗവൺമെൻറിനു് ഇത്ര മിഡ്‌വൈഫുകളെ ആവശ്യമുണ്ടെന്നും, അതിനു ഇന്നയിന്ന ക്വാളിഫിക്കേഷൻ ആവശ്യമാണെന്നും ഗവൺമെൻറ് പരസ്യം ചെയ്താൽ വെളിയിൽപ്പോയി പഠിച്ചുവന്നവരുടെ അപേക്ഷകൾ കിട്ടുന്നതാണു്. ഇവിടെ ആവശ്യമുള്ളിടത്തോളം മിഡ്‌വൈഫുകളെ കിട്ടാത്തതിൻെറ ഒരു പ്രധാന കാരണം ശമ്പളക്കുറവാണു് എന്നു പറയേണ്ടിയിരിക്കുന്നു. മിഡ്‌വൈഫുകളെ പരിശീലിപ്പിക്കുന്നതിനു് വളരെ നാളത്തെ കോഴ്സ് ആവശ്യമില്ല. നമ്മുടെ രാജ്യത്തു അഭ്യസ്ഥവിദ്യരായ അനേകം സ്ത്രീകൾ തൊഴിലില്ലാത്തവരായുണ്ടു്. ഒരു വർഷത്തെയോ, രണ്ടു വർഷത്തെയോ ട്രെയിനിംഗു കൊടുത്തു് ആവശ്യമുള്ള മിഡ്‌വൈഫുകളെ നിയമിക്കാൻ പ്രയാസമില്ല. മിഡ്‌വൈഫ് കോഴ്സുകൾ ഏർപ്പെടുത്തുവാൻ ഇവിടെ നല്ല സൗകര്യമുണ്ടു്. രാജ്യത്തിൻെറ നാനാഭാഗത്തും നല്ല ആശുപത്രികളുണ്ടു്. അവിടെ പരിശീലനം കൊടുക്കാവുന്നതാണു്.

ഓരോ പഞ്ചായത്തിലും ഓരോ മിഡ്‌വൈഫിനെ എങ്കിലും നിയമിക്കേണ്ടതാണു്. ഓരോ വില്ലേജിലും കൊടുക്കേണ്ടതാണു്. തൽക്കാലം അതു് സാധിച്ചില്ലെങ്കിൽ ഓരോ പഞ്ചായത്തിനെങ്കിലും കൊടുക്കേണ്ടതാണു്.

കുട്ടികളുടെ ആരോഗ്യത്തിനുവേണ്ടി ഹെൽത്താഫീസറന്മാരുടെ ആഭിമുഖ്യത്തിൽ പാൽ വിതരണം ചെയ്യുന്നുണ്ടു്. എന്നാൽ ഇതുവാങ്ങി കടയിൽക്കൊണ്ടുപോയി കച്ചവടം നടത്തുന്ന ചിലരുണ്ടു്. ആവശ്യമുണ്ടെങ്കിൽ തെളിവുതരാൻ ഞാൻ തയ്യാറാണു്. ഈ വസ്തുത ഇവിടെയുള്ള പല മെംബറന്മാർക്കും അറിയാമെന്നാണു് എൻെറ വിശ്വാസം.

ചില പട്ടണങ്ങളിൽ നാം നടന്നുപോയാൽ ദുർഗ്ഗന്ധം വമിക്കുന്ന ഓടകൾ ധാരാളമായി കാണാം. അതുപോലെ പ്രധാന പട്ടണങ്ങളിലെല്ലാം കുഷ്ഠരോഗികളും ക്ഷയരോഗബാധിതരും ആയ അനേകം ആളുകൾ റോഡിൽക്കൂടി നടക്കുന്നതായി കാണാം. ഈ തെരുവുരോഗികളെ എവിടെയെങ്കിലും പാർപ്പിച്ചു് ചികിത്സിക്കുവാനുള്ള ഏർപ്പാടുകളൊന്നും ഇവിടെ ഇല്ല. പ്രൈമറി സ്കൂളുകളുടെയും, കടകളുടെയും, പബ്ലിക്ക് ആഫീസുകളുടെയും വരാന്തയിലാണു് ഇവർകിടക്കുന്നതെന്നു പറയുമ്പോൾ പബ്ലിക്ക് ഹെൽത്തു ഡിപ്പാർട്ടുമെൻറിൻെറ ശ്രദ്ധ എത്രമാത്രം ഇവരുടെമേൽ പതിയേണ്ടതാണെന്നു പ്രത്യേകം പറയേണ്ടതായിട്ടില്ലല്ലോ. ഓരോ പഞ്ചായത്തിലും കുട്ടികളുടെ വിനോദത്തിനും അവർക്കു കളിക്കുന്നതിനുമുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതാണു്.

[ശ്രീ. എം. എം. മത്തായി]

മറ്റൊന്നു് തോട്ടം തൊഴിലാളികളുടെ കാര്യമാണ്. ശ്രീ. പ്രാക്കുളം ഭാസി കൂരപോലെയുള്ള പുരകളിൽ ഈ തൊഴിലാളികൾ എല്ലാംകൂടി തിങ്ങിഞെരുങ്ങി താമസിക്കുന്നതായി അറിയാമോ എന്നു ചോദിച്ചപ്പോൾ ഒരു മുട്ട മറുപടിയാണ് ഗവണ്മെന്റ ഭാഗത്തുനിന്നും പറഞ്ഞതു്. എനിക്കു ഈ തോട്ടം തൊഴിലാളികളെപ്പററി നല്ലപോലെ അറിയാം. ഒരു ചെറിയ കൂടലിൽ അമ്മയും, അച്ഛനും, കുട്ടികളും, മരുമക്കനും, മക്കളും, ബന്ധുക്കളും കൂടാതെ കടുവായും കുറുനരിയും പിടിച്ചുകൊണ്ടു പോകുമെന്നുള്ള ഭയത്താൽ കന്നുകാലികളും കോഴികളുമെല്ലാം ഒരു മുറിയിൽ ഒരുമിച്ചാണ് താമസിക്കുന്നതു്. ബഹുമാനപ്പെട്ട മന്ത്രി എന്റെ കൂടെ വന്നാൽ ഞാൻ അതു് കാണിച്ചുതരാം.

മറ്റൊരു കാര്യം പറയാനുള്ളതു്, തോട്ടം തൊഴിലാളികളുടെ ആരോഗ്യസംരക്ഷണത്തിനുവേണ്ടി ഓരോ തോട്ടത്തിലും ഓരോ ഡാക്കുറന്മാരെ നിയമിക്കണമെന്നുള്ള വ്യവസ്ഥയെപ്പററിയാണ്. മിക്ക തോട്ടങ്ങളിലും ഈ വ്യവസ്ഥ അംഗീകരിച്ചു കാണുന്നില്ല. ആ വിടങ്ങളിൽ പബ്ലിക്കു് ഹെൽത്തു ഡിപ്പാർട്ടുമെന്റുകൊണ്ടു് യാതൊരു പ്രയോജനവും ഉണ്ടാകുന്നില്ല. അതുപോലെതന്നെ, സംസ്ഥാനത്തുള്ള മുനിസിപ്പാലിററികളിൽ രണ്ടു മൂന്നെണ്ണത്തിനു് പബ്ലിക്ക ഹെൽത്തു ഡിപ്പാർട്ടുമെന്റിൽനിന്നും ഗ്രാന്റ നല്കുന്നു എന്നു് ബഡ്ജററിൽ കാണിച്ചിരിക്കുന്നു. ഈ മുനിസിപ്പാലിററികളിൽ ജോലി ചെയ്യുന്ന അതായതു്, തൂപ്പുകാർ, തോട്ടിപോലുള്ള മററു ജോലിക്കാർ ഇവർക്കു് ഉരെ കുറഞ്ഞ ശമ്പളമാണു് നല്കിയിരിക്കുന്നതു്. അവരുടെ ജോലിക്കു് സ്ഥിരതയുമില്ല. അതുകൊണ്ടു് ഈ മുനിസിപ്പാലിററികളിലെ കീഴ്സിബ്ബന്തികളുടെ ജീവിതത്തോതു് അല്പമെങ്കിലും ഉയർത്തുന്നതിനുവേണ്ടി പബ്ലിക്ക ഹെൽത്തിൽനിന്നും കൂടുതൽ ഗ്രാന്റ കൊടുക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നല്കേണ്ടതാണ്. നമ്മുടെ സംസ്ഥാനത്തുള്ള കാളേജുകളിലേയും, ഹൈസ്കൂളുകളിലേയും വിദ്യാർത്ഥികളുടെ ആരോഗ്യനില വളരെ പരിതാപകരമായിട്ടാണ് കണ്ടുവരുന്നതു്. ദൈനംദിനം ഈ വിദ്യാർത്ഥികളുടെ ആരോഗ്യം ക്ഷയിച്ചുകൊണ്ടിരിക്കുകയാണ്. അതോടുകൂടി ഈ സ്ഥാപനങ്ങളിൽ കുട്ടികളിൽനിന്നും ഗെയിംഫീസ് ഈടാക്കിവരികയും ചെയ്യുന്നു. ഇങ്ങനെ ഗെയിംഫീസ് വർഷംതോറും കൂട്ടി വാങ്ങിക്കുന്നതു് കുട്ടികളുടെ ആരോഗ്യനില നന്നാക്കാനാണോ, അതോ അധഃപ്പതിക്കാനാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. എല്ലാ സ്ഥാപനങ്ങളിൽനിന്നും ഗെയിംഫീസു വകയിൽ ഒരു വലിയ തുക ഈടാക്കിക്കൊണ്ടിരിക്കുന്നുവെങ്കിലും, ഓരോ സ്ഥാപനത്തിലും എത്ര കുട്ടികളാണ് കായികാഭ്യാസത്തിൽ പങ്കുകൊള്ളുന്നതെന്നു് പരിശോധിക്കുകയാണെങ്കിൽ വളരെ കുറച്ചുപേർ മാത്രമെയുള്ളുവെന്നും, ജന്മനാ ഉത്സാഹമുള്ളവർ മാത്രമെ ഇതിൽ ഏർപ്പെടുന്നുള്ളുവെന്നും കാണാൻ കഴിയും. മററുള്ള വിദ്യാർത്ഥികൾക്കു് ഇതിനു വേണ്ടിയുള്ള പ്രേരണയും പ്രചോദനവും നല്കേണ്ടതായിട്ടാണിരിക്കുന്നതു്. പബ്ലിക്ക ഹെൽത്തു ഡിപ്പാർട്ടുമെന്റിൽനിന്നും വല്ലപ്പോഴുമൊക്കെ വിദ്യാർത്ഥികളുടെ വെയിററു് എടുക്കുന്നതിനായിട്ടു ഏതാനും ആളുകൾ വരുമെന്നല്ലാതെ, അവരുടെ ആരോഗ്യനിലയെ പരിശോധിക്കാനൊ, പ്രതിവിധി ചെയ്യാനൊ ഒരുങ്ങുന്നില്ല. സർ, നമ്മുടെ സംസ്ഥാനത്തുള്ള കാളേജുകൾ, ഹൈസ്കൂളുകൾ, മിഡിൽസ്കൂളുകൾ മുതലായ സ്ഥാപനങ്ങ

ളിലെ വിദ്യാർത്ഥികൾക്ക് സംഭവിച്ചിട്ടുള്ള കായികമായ അവശത അല്ലെങ്കിൽ രോഗാവസ്ഥ പരിഹരിക്കുന്നതിന് ഗവണ്മെൻറ് എത്രയും വേഗം നടപടികൾ നടത്തേണ്ടതാണ്. മെഡിക്കൽ ഡിപ്പാർട്ടുമെൻറിലേയ്ക്ക് ചെലവാക്കുന്നതിനുവേണ്ടി നീക്കിവച്ചിട്ടുള്ള തുകയിൽനിന്നോ, അല്ലെങ്കിൽ പ്രത്യേകമായോ ഒരു തുക പബ്ലിക്ക ഹെൽത്തു ഡിപ്പാർട്ടുമെൻറു വഴിയായൊ, ഗവണ്മെൻറു നേരിട്ടോ ഈ കാര്യങ്ങൾക്കുവേണ്ടി ചെലവാക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതാണ്. പബ്ലിക്ക് ഹെൽത്തിന് കൂടുതൽ തുക ചെലവാക്കി പൊതുജനങ്ങളുടെ ആരോഗ്യം വർദ്ധിച്ചാൽ മെഡിക്കൽ വകുപ്പിൻെറ ചെലവ് കുറക്കാവുന്നതാണ്. കുട്ടികളുടെ കായികാഭ്യാസത്തിന് നമ്മുടെ സംസ്ഥാനത്തു തന്നെ അത്‌ലറ്റിക് അസ്സോസിയേഷൻ, ജിംഖാനകൾ മുതലായവ ഉണ്ടെങ്കിലും അവയൊന്നും രാജ്യവ്യാപകമായ നിലയിൽ പ്രവർത്തിക്കുന്നില്ല. അതുകൊണ്ട് ഓരോ താലൂക്കിലും അവിടവിടെ ജിംഖാനകൾ ഉണ്ടാക്കുകയൊ, അല്ലെങ്കിൽ ഗ്രാൻറുകൊടുത്തു് ഉണ്ടാക്കാൻ പ്രേരിപ്പിക്കുകയൊ ചെയ്യുന്നതായാൽ വിദ്യാർത്ഥികൾ സ്വയമേവ ഉത്സാഹമായി അതിൽ പങ്കെടുക്കുകയും, റിംഗ്സ്, ബാർ മുതലായവ മുഖേന കായികാഭ്യാസം ചെയ്ത് അവരുടെ ശാരീരികമായ കഴിവു വർദ്ധിപ്പിക്കുകയും ചെയ്യുന്നതായിരിക്കും. ഗവണ്മെൻറു അതിനുള്ള എല്ലാ സഹായങ്ങളും ഉണ്ടാക്കിക്കൊടുക്കുന്ന കാര്യത്തിൽ ശ്രദ്ധിക്കേണ്ടതായുണ്ട്. ഇത്രയും സംഗതികൾ ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ഈ ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു.

Sry. K. R. Gouri: I move to reduce the total allotment of Rs. 19,04,000 under Demand XX by Rs. 100.

സർ, ഈ മോഷൻ ഇവിടെ അവതരിപ്പിച്ചുകൊണ്ട് ഏതാനും ചില സംഗതികൾ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. സർ, പൊതുജനാരോഗ്യവകുപ്പിനെപ്പററി സംസാരിക്കുമ്പോൾ, ഈ സഭയിലെ അംഗങ്ങളും, മന്ത്രിസഭയും, ഒരു വസ്തുത വിസ്മരിച്ചുകൊണ്ട് സംസാരിക്കുമെന്നു വിശ്വസിക്കുന്നില്ല. നമ്മുടെ രാജ്യത്തു് ഇന്നും, ജീവൻ നിലനിത്താനോ, ആരോഗ്യം നിലനിറുത്തുന്നതിനോ ആവശ്യമായ ആഹാരം വാങ്ങിക്കുന്നതിനു കഴിവില്ലാത്ത, അനേകലക്ഷം ജനങ്ങളുണ്ട്. ഏതു പത്രമെടുത്തുനോക്കിയാലും, പട്ടിണി മരണങ്ങളും, പട്ടിണികൊണ്ടുള്ള ആത്മഹത്യകളും, കൊലപാതകങ്ങളുമേ കാണുകയുള്ളൂ. ആത്മാർത്ഥതയോടുകൂടി ആശുപത്രികളിൽ പ്രവർത്തിക്കുന്ന ഡാക്ടർമാരുടെ എല്ലാവരുടേയും അഭിപ്രായം, നമ്മുടെ നാട്ടിലെ സുഖക്കേടുകളിൽ ഏറിയ പങ്കും Mal-nutrition-ൽനിന്നുമാണ് ഉണ്ടാകുന്നതെന്നാണ്. മരുന്നു വാങ്ങിച്ചാൽ ആ മരുന്നുതന്നെ ആഹാരവും മരുന്നുമായി കഴിക്കുന്ന ആളുകളാണ് ആശുപത്രിയിൽ ചെല്ലുന്നതിൽ ഏറിയപങ്കും. ആ സ്ഥിതിക്ക് നമ്മുടെ സാമൂഹ്യജീവിതത്തിനു സമൂലമായ പരിവർത്തനം ചെയ്യാതെ, ജനങ്ങളുടെ ആരോഗ്യത്തെപ്പററിയുള്ള സംസാരംതന്നെ വിഭാഗീയമായിരിക്കും—പരിപൂർണ്ണമല്ല—ജീവിക്കുവാൻ ആരോഗ്യപരമായ ആഹാരം കൊടുക്കുകയാണ് പ്രധാന ആവശ്യം.

ഇന്നത്തെ സ്ഥിതിയിൽ നമ്മുടെ നാട്ടിൽ ഇതു കൊടുക്കുന്നില്ല. അതുകൊണ്ട് ആരോഗ്യവകുപ്പിലെ പ്രവർത്തനത്തിൽ ഒന്നും ചെയ്യുവാൻ ഒക്കുകയില്ലായെന്നു വിചാരിക്കുന്നില്ല. ഈ ഗവണ്മെൻറ് ആധികാര

[ശ്രീമതി കെ. ആർ. ഗൗരി]

ത്തിൽ വന്നിട്ട് കുറച്ചുദിവസമേ ആയിട്ടുള്ളുവെന്ന വസ്തുത മറക്കുന്നില്ല. ഈ ചുരുക്കം കാലത്തിനുള്ളിൽതന്നെ പലതും ചെയ്യുവാൻ കഴിയുന്നതു് ഈ ഗവണ്മെൻറ് ചെയ്യുമോ എന്നു പരിശോധിക്കേണ്ടതാണ്. പൊതുജനാരോഗ്യവകുപ്പ് അതിൻെറ ജോലി തന്നെ രണ്ടായിട്ട് വിഭജിക്കേണ്ടതാണ്. (1) രോഗനിവാരണ നടപടികൾ (2) ആരോഗ്യം ക്ഷേമമാക്കുന്ന നടപ്പടികൾ.

പൊതുജനങ്ങളുടെ ആരോഗ്യം കൈകാര്യംചെയ്യുന്ന ഈ വകുപ്പ് തീർച്ചയായും രോഗനിവാരണത്തിനു വേണ്ടത്ര പ്രാധാന്യം കൊടുക്കേണ്ടതാണ്. ഈ ബഡ്ജററ് വച്ചുനോക്കുകയാണെങ്കിൽ അങ്ങിനെ ഒരു നില ഈ ഗവണ്മെൻറ് എടുത്തിട്ടുണ്ടെന്നു തോന്നുന്നില്ല. പൊതുജനാരോഗ്യവകുപ്പു മന്ത്രിയുടെ പ്രസ്താവനയിൽതന്നെ പറയുകയുണ്ടായി നമ്മുടെ നാട്ടിൽ ലക്ഷക്കണക്കിനു് ക്ഷയരോഗികൾ ഉണ്ട്, കുഷ്ഠരോഗികളുണ്ട്, അതുപോലെതന്നെ പാരമ്പര്യമായി തുടർന്നുവരുന്ന പല സോഷ്യൽ ഡിസീസും നമ്മുടെ നാട്ടിലുണ്ട് എന്നു്. നാട്ടിൻെറ നാനാഭാഗങ്ങളിലും പല കാലങ്ങളിലായി പല സാംക്രമികരോഗങ്ങളും പടർന്നുപിടിക്കുന്നുണ്ട്. ഈ സുഖക്കേടുകളുടെയെല്ലാം കാരണം, അതു പടർന്നുപിടിക്കുന്ന രീതി, അതിനുള്ള നിവാരണ നടപടികൾ ഇതൊന്നും കാര്യക്ഷമമായി നടക്കുന്നില്ലായെന്നുമാത്രവുമല്ല ചില കാര്യത്തിൽ ഗവണ്മെൻറിൻെറ അനാസ്ഥകൂടി മുഴച്ചുകാണുന്നുണ്ട്. മലേറിയാകൺട്രോളു സംബന്ധമായി കാൺഗ്രസ്സിൻെറ ബഡ്ജററിൽ കൊള്ളിച്ചിരുന്ന തുകതന്നെ വളരെ കുറവായിരുന്നു. അതുപോലും ഈ ഗവണ്മെൻറ് 1,00,000 രൂപ വെട്ടിക്കുറച്ചിരിക്കുകയാണ്. മലേറിയാ നമ്മുടെ നാട്ടിൽ കുറഞ്ഞതായിട്ട് ഗവണ്മെൻറിൽനിന്നും പ്രസിദ്ധപ്പെടുത്തുന്ന അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ തന്നെ കാണുന്നില്ല. ആ സ്ഥിതിക്ക് ഈ തുക കുറയ്ക്കുന്നതിനു മതിയായ കാരണം തന്നെയില്ല. എങ്കിലും ഗവണ്മെൻറ് അതിന് മുൻബഡ്ജററിൽ നീക്കിവച്ചിരുന്ന തുക വെട്ടിക്കുറച്ചിരിക്കുകയാണ്. ഈ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടുതന്നെയാണെങ്കിലോ നാട്ടിലുള്ള സംഗതികൾ ഒന്നും കാണുകയില്ല. അവക്കു കിട്ടുന്ന റിപ്പോർട്ടാണ് അവർ ചേർക്കുക. അവക്കു ബന്ധമില്ലാതെ, അവരറിയാതെ വളരെ വളരെ കാര്യങ്ങൾ ഈ രാജ്യത്തു നടക്കുന്നുണ്ട്. സർ, കഴിഞ്ഞ 1952–53-ലെ വാർഷിക റിപ്പോർട്ടിൽ ചേർത്തിരിക്കുന്നതു് നാട്ടിൽ കാളറാ മരണമില്ലായിരുന്നു എന്നാണ്. സർ, എൻെറ കണ്ണുകൊണ്ടു് കാളറ മരണം ആ കൊല്ലത്തിൽ ഞാൻ കണ്ടതാണ്. നമ്മുടെ നാട്ടിൻെറ നാനാഭാഗത്തും നടന്നിരിക്കും. ഗവണ്മെൻറിനു കണക്കില്ല എന്നുമാത്രമേ ഉള്ളൂ. രോഗനിവാരണത്തിനും സാംക്രമിക രോഗങ്ങൾ ഉണ്ടാകാതെയും പടരാതെയും ഇരിക്കുന്നതിനും വേണ്ട നടപടികൾ എടുക്കണം. വേണ്ട വാക്സിൻ പ്രിപ്പയർ ചെയ്യുന്നതിനും തക്കസമയത്തു്, തക്കസ്ഥലത്തു് എത്തിക്കുന്നതിനും ഈ ഡിപ്പാർട്ട്മെൻറ് അലസതയാണ് കാണിക്കുന്നതു്. ഉദാഹരണത്തിന് ചേർത്തല താലൂക്കിൽ ഈ അടുത്തകാലത്തു് പല സ്ഥലത്തും മസൂരി പടർന്നുപിടിച്ചു. ഈ വിവരം കാണിച്ചു് അവിടെ സാനിട്ടറി ആഫീസർ കത്തുകൊടുത്തയച്ചിട്ട് ആ രോഗംപടർന്നു പിടിക്കാതിരിക്കുവാൻ വാക്സിനേഷൻ കൊടുക്കുന്നതിന്, ആ ആഫീസിൽ എത്രയുണ്ടു് പതിരുപത്തു പേർക്കു്

കൊടുക്കുവാനുള്ള വാക്സിൻമാത്രമേ ഉണ്ടായിരുന്നുള്ളു. ഡിപ്പാർട്ടുമെൻറിൽനിന്ന് വാക്സീൻ കിട്ടുവാൻതന്നെ താമസിച്ചു. അതുതന്നെ സുഖക്കേടുകൾ വളരെ പടർന്നുപിടിച്ചതിനുശേഷമാണ്.

അതുപോലെതന്നെ വളരെ പ്രധാനമായി ഗവണ്മെൻറു സ്വീകരിക്കേണ്ട ഒരു നയമുണ്ട്. ജനങ്ങൾക്ക് ജീവിതത്തിനും, വേലയ്ക്കും, ആരോഗ്യകരമായ നടപടികളും സ്വീകരിക്കുകയെന്ന്. നമ്മുടെ നാട്ടിൽ ഒരു പബ്ലിക്ക്ഹെൽത്ത് ബില്ലുണ്ട്. അത് ഇംപ്ലിമെൻറുചെയ്യുന്നതിന് ഗവണ്മെൻറു നടപടി നടത്തുമോ? പോട്ടെ അതിൻെറ കുറവുകളെ കുറിച്ചന്വേഷിക്കാറുണ്ടോ? ഇല്ല. സാധാരണ പുരോഗമന ഗവണ്മെൻറുകളെല്ലാം ഒരു വ്യവസായം തുടങ്ങുന്നതിന് അനുവാദം കൊടുക്കുന്നതിനു മുൻപ് ജോലിചെയ്യുന്നതിന് ആ വ്യവസായത്തിൻെറ പ്രത്യേക പരിതഃസ്ഥിതി അനുസരിച്ചുള്ള രക്ഷാനടപടികൾ ഉണ്ടോ എന്നന്വേഷിക്കാറുണ്ട്. ജോലി ചെയ്യുന്ന തൊഴിലാളിക്കുവേണ്ടി സൗകര്യങ്ങൾ, വിശ്രമസൗകര്യം, social insurance വ്യവസ്ഥ, Nuseries and Creches, മെഡിക്കൽ സാഹചര്യം ഇതെല്ലാം തൊഴിലാളിക്കാവശ്യമാണ്. റഷ്യയിൽ തൊഴിലാളിക്കും അവരുടെ കുടുംബത്തിനും കിട്ടുന്ന അവകാശങ്ങളെയും, സൗകര്യത്തേയും പററി പറയുകയല്ല. അവിടെ പ്രൈവററ് എൻറർപ്രൈസ് ഇല്ല. പക്ഷെ ഇന്നും പ്രൈവററ് എൻറർപ്രൈസ് നിലനില്ക്കുന്ന ചൈനയിൽ ചില നടപടികളും നിയമങ്ങളും ഉണ്ട്. അവിടെ നിയമപ്രകാരം ഒരു പുതിയ എൻറർപ്രൈസ് തുടങ്ങണമെങ്കിൽ ആ വ്യവസായത്തിലേർപ്പെടുന്ന തൊഴിലാളിക്കു വേണ്ട എല്ലാ രക്ഷാവ്യവസ്ഥകളും കൊടുക്കുന്നതിനുള്ള വ്യവസ്ഥയുണ്ടോ എന്നന്വേഷിച്ച് അതു ബോദ്ധ്യപ്പെട്ടാൽ മാത്രമേ വ്യവസായം തുടങ്ങുന്നതിനുള്ള അനുവാദംതന്നെ കൊടുക്കുകയുള്ളു. പക്ഷെ നമ്മളെസംബന്ധിച്ച് അത്രയും പോലും നമ്മുടെ ഗവണ്മെൻറു ചെയ്യുന്നില്ല. ഗവണ്മെൻറു നടത്തുന്ന സീതാറാം മിൽ ഏജൻസിവഴിക്കാണു നടത്തുന്നതെന്നു പറഞ്ഞു. അതിൻെറ ഏജൻസി ഗവണ്മെൻറുതന്നെയാണ്. അവിടെ ജോലിചെയ്യുന്ന സ്ത്രീകൾക്ക് വിശ്രമത്തിനുള്ള സ്ഥലമില്ല, ഊണുകഴിക്കാൻ സ്ഥലമില്ല. അവരുടെ കുട്ടികളെ നോക്കാൻ Creches ഇല്ല. നെഴ്സറീസ് ഇല്ല. അവരുടെ ആരോഗ്യം രക്ഷിക്കുന്നതിനുള്ള വ്യവസ്ഥയെപ്പററി പറയേണ്ടയാവശ്യംതന്നെയില്ല. സോഷ്യൽ ഇൻഷ്വറൻസ് എന്ന തത്വംതന്നെ നമ്മുടെ രാജ്യത്തിൽ സ്വീകരിച്ചിട്ടില്ല. പൊതുജനാരോഗ്യം നിലനിറുത്തേണ്ടതു് ഗവണ്മെൻറിൻെറ ചുമതലയായിത്തന്നെ ഗവണ്മെൻറു കണക്കാക്കുകയാണോ എന്നു സംശയമാണ്. ഈ വകുപ്പിൻെറ പ്രവർത്തനത്തിൽ അല്ലെങ്കിൽ, മരുന്നിൻെറ കാര്യത്തിൽ ഇന്നും, സ്വകാര്യ ഉടമ നിലനില്ക്കുന്നുണ്ട്. സ്വകാര്യഉടമ തീർച്ചയായും, ലാഭത്തിനുവേണ്ടി നിലനില്ക്കുകയാണ്. എങ്കിൽപ്പോലും ധാരാളം ആളുകൾ സ്വകാര്യആശുപത്രികളെ സമീപിക്കുന്നുണ്ട്. ഗവണ്മെൻറാശുപത്രികളില്ലാത്തസ്ഥലത്താണെങ്കിൽ നമുക്കു സമ്മതിച്ചുകൊടുക്കാം, ആശുപത്രികളില്ലാഞ്ഞിട്ടാണെന്ന്. പക്ഷെ നമ്മുടെ നാട്ടിലെ സ്ഥിതി അതല്ല. ചേർത്തലതന്നെ ഉദാഹരണത്തിനു, ജനറലാശുപത്രിയുണ്ടായിരുന്നിട്ടുപോലും, ആയിരക്കണക്കിനു ആളുകൾ അഭയം തേടുന്നതു് അവിടത്തെ ശ്രീനാരായണ മെഡിക്കലാശുപത്രിയെയാണു. ഗവണ്മെൻറ് ആശുപത്രിയിൽ കാശു കൊടുക്കേണ്ടാ എന്നാണു വെയ്പ്പ്.

[ശ്രീമതി കെ. ആർ. ഗൗരി]

പക്ഷെ യഥാർത്ഥത്തിൽ ഗവണ്മെൻറാശുപത്രികളിൽ സ്വകാര്യവ്യക്തികൾ നടത്തുന്ന ആശുപത്രിയെക്കാൾ ചെലവു കൂടുതലാണ്. ശരിയായ ചികിത്സ കിട്ടുകയില്ല. നല്ല ശുശ്രൂഷ ഇല്ല, നല്ല പെരുമാററംപോലും നമ്മൾ പ്രതീക്ഷിക്കരുത്. ഈ നില മാററണം—ഉടനെതന്നെ ഭംഗിയായി ചെയ്യുവാൻ പഠിക്കണം—പൊതുജനാരോഗ്യകാര്യത്തിൽ സ്വകാര്യ സ്ഥാപനങ്ങളുടെ പ്രോത്സാഹനംതന്നെ നിരുത്സാഹപ്പെടുത്തേണ്ടതാണ്. ഈ ഡിപ്പാർട്ടുമെൻറുകളുടെ ചുമതലതന്നെ സ്ത്രീകളെയേല്പിക്കേണ്ടതാണ്. ആതുരശുശ്രൂഷയ്ക്ക് സ്ത്രീകളാണ് പററിയവരെന്ന് അനുഭവം തെളിയിച്ചിരിക്കുകയാണ്. ഭംഗിയാക്കിനയൽപോലും പുരുഷനും സമ്മതിച്ചിട്ടുള്ളതാണ്. മെറേറർണിററി ആൻറ് ചൈൽഡ് വെൽഫയറിൻെറ സൂപ്രണ്ട് ഒരു സ്ത്രീയാണെന്നറിഞ്ഞു. അതുപോരാ, ഇതിൻെറ കുത്തക ഞങ്ങൾക്കുതന്നെ കിട്ടേണ്ടതാണ്. ജീവനോടുള്ള സ്നേഹവും വാത്സല്യവും ഒരമ്മയ്ക്കുള്ളതുപോലെ ഒരു പുരുഷനുണ്ടാകാൻ സാദ്ധ്യമല്ലല്ലൊ.

ശ്രീ. പി. കെ. യശോധരൻ: ഈ സഭയിലെ മെമ്പർ മി. ചാക്കോ സ്ത്രീകൾക്ക മെഡിക്കൽ കാളേജിൽ പ്രവേശനം കുറയ്ക്കണമെന്നു പറഞ്ഞല്ലൊ. മെമ്പറിൻെറ അഭിപ്രായമെന്താണ്?

ശ്രീമതി കെ. ആർ. ഗൗരി: അതു ഞാൻ കാര്യമാക്കുന്നില്ല. കാരണം ചിലർ ജന്മനാലേ വിരുദ്ധസ്വഭാവമുള്ളവരാണ്. അതു് വളർന്ന് സ്ത്രീവിരുദ്ധമായി ഒടുവിൽ മനുഷ്യവിരുദ്ധമായിട്ടുതന്നെ മാറുന്നതാണ്. സ്ത്രീകൾക്കുള്ള അവകാശങ്ങൾ വാങ്ങിക്കുന്നതിനവർക്കറിയാം. പ്രത്യേകിച്ച് ഉണർന്നുവരുന്ന സമുദായമെന്നനിലയിൽ ഇതിനെതിരുണ്ടാവുന്നവരുടെ പുറപ്പാട് നല്ലതിനല്ലെന്നു പറയേണ്ടിയിരിക്കുന്നു.

പ്രധാനമായി ഈ വകുപ്പിനെപ്പററി സംസാരിക്കുമ്പോൾ ഒരു കാര്യം എനിക്കുന്നിപ്പറയുവാനുള്ളതു്, പ്രസവസൗകര്യങ്ങളുടെ കാര്യത്തിലാണ്. ഈ വകുപ്പിനെപ്പററി സംസാരിച്ചപ്പോൾ മി. മ...യി പ്രസവശുശ്രൂഷക്ക് കൂടുതൽ സൗകര്യങ്ങൾ വേണമെന്നു പറഞ്ഞതിനോട് ഞാനും യോജിക്കുകയാണ്. ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രിയുടെ ഭാര്യയുൾപ്പെടെ ഈ നാട്ടിലെ മുഴുവൻ സ്ത്രീകളും, രാഷ്ട്രീയാഭിപ്രായ വ്യത്യാസമില്ലാതെ യോജിക്കുന്ന ഒരേ ഒരു കാര്യം പ്രസവത്തിനു കൂടുതൽ സൗകര്യങ്ങൾ വേണമെന്നും, പ്രസവശുശ്രൂഷയ്ക്കു കൂടുതൽ ലേഡീ ഡാക്ടർമാരേയും, മിഡ്വൈഫ്മാരേയും വേണമെന്നാണ്. ഈ നാട്ടിൽ കൂടുതൽ കൂടുതൽ Pre-natal and Postnatal Consultation Centres വേണമെന്നുള്ളതു് അടിയന്തിരാവശ്യമാണ്. 50 ശതമാനം വരുന്ന വിഭാഗക്കാരുടെ അവകാശമാണ് ഈ അവകാശം. കാൺഗ്രസ്സ് ഗവർണ്മെൻറോ, സോഷ്യലിസ്ററുഗവർണ്മെൻറോ, കമ്മ്യൂണിസ്ററു ഗവർണ്മെൻറോ ആകട്ടെ സാധിച്ചുകൊടുക്കേണ്ടതാണ്. പ്രാഥമികമായി കിട്ടേണ്ട ഈ സൗകര്യങ്ങൾ കിട്ടാത്തത്രയുംകാലം, ഭരിക്കുന്ന ഗവണ്മെൻറുകൾ സ്ത്രീകളുടെയും ഗവണ്മെൻറാണെന്നു കരുതുക സാദ്ധ്യമല്ല. പണ്ട് പ്രസവകാലത്ത് ശിശുമരണമാണ്—ഇന്നു തള്ളകളും മരിക്കുകയാണ്.

The House rose for lunch at 12-30 p. m. and reassembled at 2-30 p. m. with Mr. Speaker in the Chair.

ശ്രീമതി കെ. ആർ. ഗൗരി: ഇനിയും ട്രെയിനിംഗും പ്രസവവാർഡുകൾ വേണം—ലേഡീഡാക്ടർമാർ വേണം—ഓരോ പഞ്ചായത്തിലും കുറഞ്ഞതു് ഒരു മിഡ്‌വൈഫറി കേന്ദ്രം വേണം—എന്നെല്ലാമുള്ള ആവശ്യമേ കേൾക്കുന്നുള്ളു. കഴിഞ്ഞ അസംബ്ലിക്കുശേഷം തിരുവിതാംകൂർ-കൊച്ചി മഹിളാസംഘത്തിനെ പ്രതിനിധീകരിച്ചു് ഞാൻ മെഡിക്കൽമന്ത്രിയെ പോയി കണ്ടിരുന്നു. ഇന്നത്തെ പ്രസവശുശ്രൂഷക്കു് ആളില്ലാത്തതുകൊണ്ടു വരുന്ന ബുദ്ധിമുട്ടു ചൂണ്ടിക്കാണിച്ചപ്പോൾ ഇക്കൊല്ലം, ട്രെയിനിംഗിനായി 100 മിഡ്‌വൈഫ്മാരെ സ്റ്റൈപ്പെൻഡോടുകൂടി എടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്നദ്ദേഹം പറഞ്ഞതാണു്. എന്നാൽ ഇന്നു് എന്റെ അറിവു് ശരിയാണെങ്കിൽ വെറും 30 പേരെ മാത്രമേ എടുക്കുന്നുള്ളു എന്നാണറിയുന്നതു്.

ശ്രീ. പി. കെ. കുഞ്ഞു്: അല്ല. ഈ പ്രാവശ്യം 75 പേരെ എടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടു്. സ്റ്റൈപ്പെൻഡോടുകൂടിയാണു്.

ശ്രീമതി കെ. ആർ. ഗൗരി: എങ്കിൽ നന്നു്. സർ, നമുക്കു് 550-ഓളം പഞ്ചായത്തുകളുണ്ടു്. അതിൽ മിഡ്‌വൈഫുകൾ ഉള്ളതു് വെറും 20 പഞ്ചായത്തിനാണെന്നാണറിയുന്നതു്. ബാക്കിയുള്ള പഞ്ചായത്തുകളിൽ മിഡ്‌വൈഫ്സിനെ കൊടുക്കേണ്ടിയിരിക്കുകയാണു്. ഒരു പ്ലാൻ വച്ചു് ഇത്ര കൊല്ലംകൊണ്ടു് ഈ പഞ്ചായത്തിനെല്ലാം മിഡ്‌വൈഫ്മാരെ കൊടുക്കണം. കഴിയുന്നതും 75 പേരെങ്കിലും സ്റ്റൈപ്പെൻഡറി ആക്കണം. അതുപോലെ മിഡ്‌വൈഫ്സിനെ ട്രെയിൻചെയ്യുവാൻ അവകാശപ്പെട്ട സെന്ററുകളും—ഡിസ്ട്രിക്റ്റ് വിമെൻസ് ആൻഡ് ചിൽഡ്രൻസ് ഹാസ്പിറ്റലുകൾക്കുകൂടി കൊടുക്കണം. സ്റ്റൈപ്പെൻഡറി അല്ലാതെ അവിടെ ചിലവില്ലാതെ ചേർന്നു പഠിക്കുവാനുള്ള അവകാശം കൊടുത്താൽ ചുററുനിന്നെങ്കിലും കുട്ടികൾ പഠിക്കുവാൻ ചേരുന്നതാണു്. ഈ ഗവണ്മെന്റിനു് സ്ത്രീകളുടെ കാര്യത്തിൽതന്നെ വലിയ അവജ്ഞയാണെന്നു് കാണിക്കുന്നതിനുള്ള ഉദാഹരണം, മെറേറർണിററി ആൻഡ് ചൈൽഡ് വെൽഫെയറിനു് ജനങ്ങളാൽ വെറുക്കപ്പെട്ട കോൺഗ്രസ്സ്ഗവണ്മെന്റ വച്ചിരുന്നതിൽനിന്നുപോലും ഒരുലക്ഷം രൂപ കുറച്ചിരിക്കുകയാണു് എന്നുള്ളതാണു്. ശ്രീമാൻ പനമ്പിള്ളിയുടെ ഭാഷയിൽ പറയുകയാണെങ്കിൽ സ്ത്രീകളുടേയും കുഞ്ഞുങ്ങളുടേയും കാര്യമല്ലേ, ചോദിക്കാൻ ആളുകാണുകയില്ലെന്നു കരുതി ആയിരിക്കാം. സ്ത്രീകളുടെ അവകാശങ്ങൾ അവഗണിക്കുന്ന മന്ത്രിസഭ തുടരുവാൻ ഞങ്ങൾക്കു് അനുവദിക്കാൻ സാദ്ധ്യമല്ല.

കണ്ടിജൻസി ജീവനക്കാരെ ഫുൾടൈം ജീവനക്കാരായി ഉയർത്തിയതിനു് ഈ ഗവണ്മെന്റിനെ ഞാൻ അനുകൂലിക്കുകയാണു്. അതുപോലെ പൊതുകക്കൂസിന്റെ ആവശ്യാർത്ഥം കുറെ തുക കൊള്ളിച്ചിരിക്കുന്നതും അഭിനന്ദനീയമാണു്. ജനങ്ങൾ കൂടുതൽ കൂടുതൽ താമസിച്ചുവരുന്ന സ്ഥലങ്ങളിൽ സ്ത്രീകൾ അവരുടെ വലിയ ഡിമാന്റാക്കി ഈ പ്രശ്നം കൊണ്ടുവന്നിരിക്കുകയാണു്. പക്ഷെ എല്ലാവർക്കും മെഡിക്കൽവകുപ്പുമന്ത്രി ആകുവാനോ മറേറാ സാധിക്കുമോ? എല്ലാം കരുനാഗപ്പള്ളി താലൂക്കിൽ മാത്രം വേണ്ടിയിരുന്നു. ആളുകളെക്കൊണ്ടു പറയിപ്പിക്കാതിരിക്കുവാനെങ്കിലും, വേറെ ഒരു താലൂക്കുകൂടി ഈ ആവശ്യത്തിനു് തിരഞ്ഞെ

[ശ്രീമതി കെ. ആർ. ഗൗരി]

ടുക്കേണ്ടതായിരുന്നു. സർ, ഒരുകാര്യം പ്രധാനമായിട്ടു കരുതേണ്ടതായിട്ടുണ്ട്. മന്തിന്റെ കാര്യമാണു ഞാൻ പറയുന്നതു്. ചേർത്തലപോലെയുള്ള തീരപ്രദേശത്തു് ഇന്നു ഇതു് ഒരു മെനേസ്സ് ആയിത്തീർന്നിട്ടുണ്ട്. സർ, ഞങ്ങളുടെ നാട്ടിൽ പെണ്ണുകാണാൻ വരുന്നവർ ആദ്യം പെണ്ണിന്റെ കാലാണു നോക്കുന്നതു്. കാലിലും കയ്യിലും നീരുണ്ടാകുന്നതോ പോകട്ടെ, നീരു വരാത്ത ആളുകൾക്കുപോലും, ഇതിന്റെ അണുക്കൾ ശരീരത്തിൽ കയറിയാൽ ആരോഗ്യമില്ലാതെയാകുന്നുണ്ട്. ഈ സ്ഥലങ്ങളെല്ലാം ഇൻഡസ്ട്രീയൽ സെൻറേഴ്സാണ്. തൊഴിലില്ലായ്മയും പട്ടിണിയുംകൊണ്ടു കഴിയുന്ന ഈ വിഭാഗത്തിന്റെ ഇടയിൽ ഈ സുഖക്കേട് ഇന്നു എത്രത്തു് വ്യാപ്തിയിലുണ്ടെന്നു കണക്കില്ല. ഫൈലേറിയൽ കൺട്രോൾ തുടങ്ങിയതിന് ശേഷം ഇതേവരെ സെൻസസ് എടുത്തിട്ടില്ല. ഈ സുഖക്കേടിന്റെ വ്യാപ്തി പരിഹാരമാർഗ്ഗം ഇതിനെപ്പററി എല്ലാം ഗവണ്മെൻറ് ഗവേഷണം നടത്തേണ്ടതാണ്. കേന്ദ്രഗവണ്മെൻറിനു വിട്ടുകൊടുത്തു് ചുമതല ഒഴിഞ്ഞു എന്നു വിചാരിക്കുന്നതു ശരിയല്ല.

ഈ വകുപ്പിനെപ്പററി പലതും പറയുവാനുണ്ട്. സമയമില്ലാത്തതിനാൽ ചുരുക്കുകയാണ്. വകുപ്പിന്റെ ഭരണം കാൺഗ്രസ്സ് ഗവണ്മെൻറിന്റെ പുരോഗമനനയം തുടരുകയാണെന്ന് ധനകാര്യവകുപ്പു മന്ത്രി പറഞ്ഞു. അതു ശരിയാണ്. ആ പുരോഗമനം പെർഹെഡ്ഡിനു 51-52-ൽ 2 രൂപ 1 അണയും, 52-53-ൽ 1 രൂപ 8 അണയും, 54-55-ൽ ഇന്നു് 1 രൂപ 7 അണയുമാണ് നീക്കിവച്ചിരിക്കുന്നതു്. അങ്ങനെ പുരോഗമനം തെളിഞ്ഞു. സർ, ഈ വകുപ്പ് പ്രവർത്തിക്കേണ്ടതിനെപ്പററി എനിക്കു ചില നിർദ്ദേശങ്ങൾ ഉണ്ട്.

1. ഓരോ കൊല്ലത്തിലും എന്തു ചിലവു വന്നാലും വേണ്ടില്ല, ഗവണ്മെൻറ് ഒരു മെഡിക്കൽ കാൺഫറൻസ് വിളിച്ചുകൂട്ടണം. അതിൽ ഗവണ്മെൻറും, പ്രൈവററും ആസ്പത്രികളിൽ ജോലിനോക്കുന്ന ഡാക്ടേഴ്സ് പബ്ളിക്ഹെൽത്തു് പ്രവർത്തകർ, പൊതുജനാരോഗ്യത്തിനു വേണ്ടി പ്രവർത്തിക്കുവാൻ തയാറുള്ള സാമൂഹ്യപ്രവർത്തകർ. ഇവർ പങ്കെടുക്കണം, ഈ കാൺഫറൻസിൽ ഈ നാട്ടിലെ സുഖക്കേടുകൾ—സാംക്രമികരോഗങ്ങൾ—സോഷ്യൽ ഡിസീസസ്, പുതിയതരം സുഖക്കേടുകൾ—ഇതിന്റെ വ്യാപ്തി, പരിഹാരമാർഗ്ഗം ഇവയെല്ലാം ചർച്ചചെയ്യണം. ഗവണ്മെൻറിനു അങ്ങനെ നാട്ടിലെ ആരോഗ്യസ്ഥിതിയെപ്പററി ഒരു ധാരണയുണ്ടാകണം. അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനം നട ണം.

2. പബ്ളിക്ക് ഹെൽത്തു ആൻഡ് മെഡിക്കൽവകുപ്പ്, ഇവയുടെ പ്രവർത്തനങ്ങൾ യോജിപ്പിക്കണം. പ്രിവെൻറീവ് ആൻറ് ക്യുറേററീവ് എന്നീ രണ്ടു വശങ്ങളെപ്പററി ഗവണ്മെൻറിനുതന്നെ ഒരു parity ഉണ്ടാകണം. പ്രിവെൻറീവ് സൈഡിനു് അതർഹിക്കുന്ന പ്രാധാന്യംകൊടുത്തു പ്രവർത്തിക്കണം. പ്രിവെൻറീവ് സൈഡിൽ പബ്ളിക്ഹെൽത്തു് എഡ്യുക്കേഷനു അർഹിക്കുന്ന സ്ഥാനം കൊടുക്കണം. പബ്ളിക്ക്ഹെൽത്തു് സിനിമാസ് പ്രോത്സാഹിപ്പിക്കണം. ശ്രീമതി അയിഷാബീവിയുണ്ടായിരുന്ന കാലത്തു് മെറേറർണിററി ആൻഡ് ചൈൽഡ് വെൽഫെയർ പ്രശ്നത്തെപ്പററി പ്രസംഗങ്ങൾ നടത്തിയിരുന്നപോലെ പ്രസംഗങ്ങളും, സുഖക്കേടു പകരുന്ന രീതിയെപ്പററി സിനിമാസിനു് പ്രദർശനപ്രോത്സാഹനവും കൊടുക്കണം.

3. മെറേറർണിററി ആൻഡ് ചൈൽഡ് വെൽഫെയർ, ഒരു വകുപ്പു തന്നെയാക്കി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

ഗവൺമെൻറ് ജനങ്ങൾക്കു വേണ്ടിയുള്ളതാണെന്നു ബോദ്ധ്യപ്പെടണമെങ്കിൽ ഇതെല്ലാം ചെയ്യേതീരൂ.

ഡാക്ടർ എൻ. കെ. കുമാരൻ: സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. പൊതുജനാരോഗ്യവകുപ്പെന്നു പറയുന്നതു് പൊതുജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും വേണ്ടിയുള്ളതാണ്. അതിനാൽ ഗവൺമെൻറ ആവിഷ്കരിച്ചിട്ടുള്ള പല നയങ്ങളും പരിപാടികളും ഒരു സമൂലപരിവർത്തനം വേണമെന്നോ ഏതു വിധത്തിൽ വേണമെന്നോ ഒരു തീസിസ് കൊടുക്കണമെന്നുള്ളതല്ലാ എൻെറ ഉദ്ദേശം. ഗവൺമെൻറിൻെറ പദ്ധതികളും നടപടികളും ജനങ്ങൾക്ക് ഉപകാരപ്രദമാകത്തക്കവിധത്തിലെ ണമെന്നാണ് എനിക്കു പറയുവാനുള്ളതു്. ഗവൺമെൻറുദ്ദേശിക്കുന്ന ഗുണം അതിനനുരൂപമായ വിധത്തിൽ ജനങ്ങൾക്ക് എത്തിച്ചേരുന്നില്ലെന്നുള്ളതാണ് പരമാർത്ഥം. ഗവൺമെൻറ് ഈ ഡിപ്പാർട്ടുമെൻറുമൂലം പല നല്ലകാര്യങ്ങളും ചെയ്യുന്നുണ്ടെന്നുള്ളതു് പരമാർത്ഥംതന്നെയാണ്. പക്ഷെ, ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ ഈ കാര്യം വേണ്ടവിധം മനസ്സിലാക്കി പ്രവർത്തിക്കാത്തതുമൂലം ജനങ്ങൾക്ക് ഉപകാരത്തിനുപകരം ഉപദ്രവമാണ് ഉണ്ടായിട്ടുള്ളതെന്നകാര്യം ഓർമ്മിപ്പിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു. എൻെറ നിയോജകമണ്ഡലത്തിൽതന്നെ ഇങ്ങനെയുള്ള കാര്യങ്ങൾ അനവധിയുണ്ട്. തൃപ്പൂണിത്തുറ തെക്കുംഭാഗം എന്ന സ്ഥലം ആളുകൾ തിങ്ങിപ്പാർക്കുന്ന ഒരു പ്രദേശമാണ്. ചുററുപാടുംനോക്കിയാൽ പൊതുജനാരോഗ്യപ്രദമായിട്ടു് അവിടെ യാതൊന്നുമല്ലെങ്കിലും പൊതുജനങ്ങൾക്ക് വളരെ ഉപദ്രവകരമാകത്തക്കവിധത്തിലുള്ള പല കാര്യങ്ങളും അവിടെയുണ്ട്. ഈ കാര്യങ്ങൾ മന്ത്രിമാരോ ഡിപ്പാർട്ടുമെൻറിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരൊ സ്ഥലം വന്നു പരിശോധിക്കുകയാണെങ്കിൽ മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ഈ രണ്ടു് ഫർലാംഗ് സ്ഥലത്തിനകത്തു് ഒരു ഡമ്പിംഗ് ഗ്രൗണ്ട്, മസൂരിപ്പുര, നാലഞ്ചു് ശ്മശാനങ്ങൾ ഇത്രയും ഉണ്ട്. ഈ സ്ഥാപനങ്ങളുടെ വേലിക്കതൊട്ടാണ് ധാരാളം ആളുകൾ താമസിക്കുന്നതു്. ഈ സ്ഥാപനങ്ങളെ വേലികെട്ടി സംരക്ഷിക്കുന്നതിനോ അടുത്തുപാർക്കുന്ന ആളുകൾക്ക് ഉപദ്രവം ഉണ്ടാകാത്തതരത്തിൽ ഇതിനെ പരിരക്ഷിക്കുന്നതിനോ ചുമതലപ്പെട്ടവരായി ഒരു ഉദ്യോഗസ്ഥനെയും അവിടെ കാണാറില്ല. മസൂരിപ്പുരയിലാണെങ്കിൽ അവിടത്തെ രോഗികൾക്ക് ആഹാരംപോലും കിട്ടുന്നില്ലായെന്നുള്ള പരാതിയുണ്ട്. സാനിട്ടറി ഉദ്യോഗസ്ഥന്മാരോടൊ, പഞ്ചായത്തുകാരോടൊ, ചോദിച്ചാൽ അവക്ക് ഇതിനെക്കുറിച്ചു് യാതൊരു വിവരവും ഇല്ലെന്നാണ് പറയുന്നതു്. ഇവയ്ക്കു പരിഹാരം കണ്ടുപിടിക്കണമെന്നു് പലനാളുകളായി അധികൃതന്മാരോട് നാട്ടുകാർ മുറവിളികൂട്ടിക്കൊണ്ടിരിക്കുകയാണ്. ആ മസൂരിപ്പുരയിൽ രോഗികളെ കൊണ്ടുവരികയാണെങ്കിൽ അവർ അവരെ അവിടെ വിട്ടിട്ടു് കടന്നുകളയും. രാത്രികാലങ്ങളിൽ ഈ രോഗികൾ അടുത്തുള്ള വീടുകളിൽ കയറി ഉപദ്രവമുണ്ടാക്കും. അടുത്തകാലത്തുപോലും അവിടെ ഒരു തല്ലു് ഇതിൻെറ ഫലമായിട്ടുണ്ടായിട്ടുണ്ട്. ഈ സ്ഥാപനം ഒ കെ ൾ ഒ പ്പു റ ഒ ം ഒ കേൾവിയുമില്ലാതിരിക്കുകയാണ്

[ഡാക്ടർ എൻ. കെ. കുമാരൻ]

വേറൊരു കാര്യം കൂടി പറയുവാനുണ്ട്. ഞങ്ങളുടെ സ്ഥലങ്ങളിൽ നല്ല റോഡുകളില്ല. ഈ ശ്മശാനങ്ങളുടെയും മസൂരിപ്പുരയുടെയും അടുത്തുകൂടെ പ്പോകുന്ന ഉദയംപേരൂർ റോഡിനു ഒരു [illegible] കൊല്ലക്കാലമായി യാതൊരുതരത്തിലുള്ള മെയിൻറനൻസും നടത്തിയിട്ടില്ല. അവിടെ പഞ്ചായത്തുണ്ടെന്നിരുന്നാൽപോലും ആ പഞ്ചായത്തിന് ഈ റോഡു മെയിൻറെയിൻ ചെയ്യുവാനുള്ള പണമുണ്ടാക്കുവാൻ സാധിക്കുന്നതല്ല. അതു പി. ഡബ്ലിയു. ഡി ഡിപ്പാർട്ടുമെൻറുകാർ ഏറ്റെടുക്കണമെന്ന് ആ പഞ്ചായത്തിൽനിന്നും ഒരു റെസലൂഷൻ പാസാക്കി അയച്ചിട്ടുണ്ട്. ഇതുവരെ അതുസംബന്ധിച്ചു ഒരു നടപടിയും നടത്തിട്ടില്ല. പഞ്ചായത്തിന് ഇതിനെ മെയിൻറെയിൻ ചെയ്യുന്നതിനു കഴിവു ഇല്ലാതെയും പി. ഡബ്ലിയു. ഡി. ക്ക് അതു ഏറ്റെടുക്കുവാൻ വിസമ്മതവും ഉള്ളതുകൊണ്ട് അവിടെ തീരെ ഗതാഗതസൗകര്യമില്ലാതിരിക്കുകയാണ്. അവിടെ ആരെങ്കിലും ഒരാൾ മരിച്ചാൽ ശവം കൊണ്ടുപോകുവാൻ ഈ ഒരു വഴിയല്ലാതെ മറ്റൊന്നുമില്ലാത്തതുകൊണ്ട് ഗതാഗതസൗകര്യമില്ലാത്ത ഈ വഴിയിൽക്കൂടി രാത്രി കാലങ്ങളിൽ മസൂര ശവങ്ങൾ കുഴിയിലും കാലിലും ഇടിച്ചുവലിച്ചു കൊണ്ടാണു പോകുന്നത്. ഇക്കാരണത്തിലുള്ള ഒരു അവസ്ഥ മാറുന്നതിനു എന്തെങ്കിലും പരിഹാരം കാണണമെന്നുള്ളതാണ് ഈ ഉപക്ഷേപം മൂലം എനിക്ക് ഗവണ്മെൻറിനോടു അഭ്യർത്ഥിക്കാനുള്ളത്. ഡമ്പിംഗ് ഗ്രൗണ്ടിനടുത്തു അനവധി വീടുകൾ ഉണ്ട്. അതു അവിടെ നിന്നും മാറണമെന്നു പറയുമ്പോൾ പ്രായോഗികമായി എന്തു നടപടിയാണ് സ്വീകരിക്കാൻ കഴിയുന്നതെന്നു ഗവണ്മെൻറുഭാഗത്തുനിന്നും ചോദിച്ചേക്കാം. എനിക്ക് അതിനൊരു നിർദ്ദേശം സമർപ്പിക്കാനുണ്ട്. പറമ്പുകളും മറ്റുമുള്ള മലംഡിപ്പോ മാറുന്ന സ്ഥലത്തേക്ക് തൃപ്പൂണിത്തുറയുള്ള സ്ഥാപനംകൂടി മാറുന്നതിനു എന്തെങ്കിലും പരിപാടികൾ സ്വീകരിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്. അങ്ങിനെ ചെയ്യുന്നതു അവിടെ താമസിക്കുന്ന ആളുകളോടു ചെയ്യുന്ന വലിയ ഒരു ഉപകാരമായിരിക്കും.

അതുപോലെതന്നെ മസൂരിപ്പുര ഒന്നുകൂടി സൂക്ഷിക്കേണ്ടതുണ്ട്. അവിടെ വരുന്ന സാധുക്കളായ രോഗികൾക്കു ആഹാരസൗകര്യവും വൈദ്യസഹായവും കിട്ടുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ഞാൻ മുമ്പു പറഞ്ഞ റോഡിൻെറ കാര്യത്തിലും ഗവണ്മെൻറു ശ്രദ്ധ പതിപ്പിക്കണം. അവിടത്തെ പഞ്ചായത്തിനു ആ റോഡു നന്നാക്കാനുള്ള യാതൊരു സാമ്പത്തിക സ്ഥിതിയുമില്ലെന്നു പല കൊല്ലമായി ഗവണ്മെൻറിനെ അറിയിച്ചുകൊണ്ടിരിക്കയാണ്. അതിനെപ്പറ്റി ഗവണ്മെൻറ് ഇതേവരെ ശ്രദ്ധിച്ചിട്ടില്ല. പഞ്ചായത്തിനു ഇതുവരെ ഒരു മറുപടി പോലും കിട്ടിയിട്ടില്ലെന്നാണ് അറിവ്. ഈ വക കാര്യങ്ങൾ മനസ്സിൽവച്ചുകൊണ്ട് വേണ്ടതു പ്രവർത്തിക്കണമെന്നാണ് എനിക്കുള്ള അഭ്യർത്ഥന. കഴിഞ്ഞദിവസം ഒരു ചോദ്യം ചോദിച്ചപ്പോൾ മുളന്തുരുത്തിയിൽ ഒരു ശ്മശാനം ഉണ്ടെന്നു പറഞ്ഞു. എന്നാൽ അങ്ങിനെ ഒരു ശ്മശാനം ഗവണ്മെൻറുവകയായി ഇല്ലെന്നാണ് പഞ്ചായത്തിൽനിന്നും കിട്ടിയ അറിവ്. പുറംപോക്കുസ്ഥലം ജനങ്ങൾ കയ്യേറി ആ വക കാര്യങ്ങൾ നിർവഹിച്ചുകൊണ്ടിരിക്കയാണ്. സംസ്കാരണം ശരിക്ക് നടക്കാ

ത്തുകൊണ്ട് അവശിഷ്ടങ്ങൾ പട്ടികൾ വലിച്ചിഴച്ച് അടുത്തുള്ള വീടുകളിൽ കൊണ്ടിടുന്നുണ്ട്. പൊതുജനാരോഗ്യവകുപ്പിൽനിന്നും ഒരു മതിൽകെട്ടി ശ്മശാനം സൂക്ഷിക്കുകയാണെങ്കിൽ ഇത്തരം ഉപദ്രവങ്ങൾ ഒന്നും സമീപവാസികൾക്ക് ഉണ്ടാകുകയില്ല. ഞാൻ പറഞ്ഞ കാര്യങ്ങളെല്ലാം ശ്രദ്ധിച്ചു ഗവണ്മെന്റ് വേണ്ടതു ചെയ്യുമെന്നു വിശ്വസിക്കുന്നു.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോറ്റി: സർ, നമ്മുടെ രാജ്യത്തെ ഒരറ്റംമുതൽ മറ്റേഅറ്റംവരെയുള്ള ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്ന ഒരു വകുപ്പിന്റെ ധനാഭ്യർത്ഥനയാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. അതിനെപ്പറ്റി സംസാരിക്കുമ്പോൾ നമ്മുടെ ഡിപ്പാർട്ടുമെന്റുകളിൽ ഒരെണ്ണം മറ്റൊന്നിനെക്കാൾ കൂടുതൽ പ്രാധാന്യമുള്ള ഒന്നാണെന്നു പറയുന്നതു ശരിയല്ലെന്നു തോന്നും. പക്ഷേ പല ഡിപ്പാർട്ടുമെന്റുകളുടേയും ഭരണസമിതി നോക്കുമ്പോൾ ഈ ഡിപ്പാർട്ടുമെന്റിനുള്ളതുപോലുള്ള പ്രാധാന്യം അവകൾക്ക് ഇല്ലെന്നു കാണാൻ കഴിയും. ഈ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം നോക്കുമ്പോൾ ദൈനംദിന ഭരണം നടത്തിക്കൊണ്ടു പോകുന്ന എന്നുള്ളതിൽ കവിഞ്ഞു് എന്തെങ്കിലും കാര്യമായി പ്രവർത്തിക്കുന്നുണ്ടെന്നു ജനങ്ങളെ മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ലെന്നു വ്യക്തമാകുന്നതാണ്. നമ്മുടെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടും മററു തരത്തിലുള്ള പ്രസിദ്ധീകരണങ്ങളും നോക്കിയാൽ ഇത്രയാളുകൾക്ക് ഇന്നയിന്ന രോഗം ബാധിച്ചു, അതിൽ ഇത്രപേർ മരിച്ചു, ഇത്രയാളുകൾ ജനിച്ചു, എന്നൊക്കെ മനസ്സിലാക്കാൻ കഴിയുമെങ്കിലും നമ്മുടെയിടയിലെ പൊതുജനാരോഗ്യപരമായ പ്രവർത്തനങ്ങൾ അൽപ്പംപോലും വ്യത്യാസപ്പെടാതെ കിടക്കുകയാണെന്നുള്ളതു പ്രത്യേകം ഗവണ്മെന്റ് ശ്രദ്ധിക്കേണ്ട ഒരു വസ്തുതയാണ്. നമ്മുടെ പട്ടണങ്ങളിലാണെങ്കിലും നാട്ടിൻപുറങ്ങളിലാണെങ്കിലും ശുചീകരണം വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. വിശേഷമായി ചില ഉത്സവം നടക്കുന്ന സ്ഥലങ്ങളിലോ കമ്പോളങ്ങളുള്ള സ്ഥലങ്ങളിലോ എന്തുമാത്രം ദുർഗ്ഗന്ധവും വൃത്തികേടുമാണ് നമുക്ക് കാണാൻ കഴിയുന്നതെന്നുള്ളതു് അനുഭവപ്പെട്ടിട്ടുള്ള വസ്തുതയാണ്. ഒരു ഉത്സവമോ മറ്റോ കഴിയുമ്പോൾ കൺസർവെൻസി ജോലികൾക്കെന്നു പറഞ്ഞു രൂപ ചിലവെഴുതുന്ന നടപടിയുണ്ട്. എന്നാൽ അതാതു സ്ഥലങ്ങളിലുള്ള ആളുകൾക്ക് ഇതുകൊണ്ട് ഒരു പ്രയോജനവും ഉണ്ടാകുന്നില്ല. അതിനാൽ ഈ വകുപ്പു കുറെക്കൂടി കാര്യക്ഷമമായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. കുറെ ഉദ്യോഗസ്ഥന്മാരും ഒരു ഡയറക്ടറും കുറച്ചു് ചെറിയ ചെറിയ കണ്ടിൻജൻസി ജീവനക്കാരുമുണ്ട്. ഫയലുകൾ എടുക്കുകയും റിപ്പോർട്ടയക്കുകയും ആർഡർ പാസാക്കുകയും ചെയ്തു് ഭരണം നടത്തിയാൽ പോരെന്നാണ് ഈ വകുപ്പിനെ സംബന്ധിച്ചിടത്തോളം എനിക്ക് പറയുവാനുള്ളതു്. ശ്രീമതി ഗൗരി മന്തിന്റെ കാര്യം പറയുകയുണ്ടായി. ഞാനും ഇതിനുമുമ്പു പലപ്രാവശ്യം അക്കാര്യത്തെപ്പറ്റി പറഞ്ഞിട്ടുണ്ട്. നമ്മുടെ തീരപ്രദേശങ്ങളിൽ കൊല്ലം മുതൽ വടക്കു എറണാകുളംവരെയുള്ള സ്ഥലങ്ങളിലുള്ളവർ പലരും ഈ ദുരിതം അനുഭവിക്കുന്നുണ്ട്. കായലോരത്തും കടലോരത്തുമുള്ള സ്ഥലങ്ങളിൽ ഈ മന്തിന്റെ ഉപദ്രവം വർദ്ധിച്ചു വരുന്നതല്ലാതെ കുറഞ്ഞുവരുന്നതായി കാണാൻ കഴിഞ്ഞിട്ടില്ല. കാലുകാണാതെ മുണ്ടും താഴ്ത്തി ഉടുത്തു പോകുന്ന വദനസൗകുമാര്യമുള്ള ധാരാളം മനുഷ്യരെ നമുക്ക് ആ പ്രദേശങ്ങളിൽ കാണാൻ കഴിയും. അതിനു ശരിയായ ഒരു പരിഹാരമാർഗ്ഗം

[ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി]

കണ്ടുപിടിച്ചിട്ടുണ്ടോ എന്നെനിക്കറിഞ്ഞുകൂടാ. എന്തായാലും അതിന്റെ നിവാരണ നടപടികൾക്കു കൊള്ളിച്ചിരുന്ന തുകയിൽനിന്നും ഒരുലക്ഷം രൂപ കുറച്ചതു വളരെ വേദനാജനകമായ ഒരു കാര്യമാണ്. ഞങ്ങളുടെ നാട്ടിലും ഒരു ഫൈലേറിയാ കൺട്രോൾ ആഫീസുണ്ട്. ഒരു മുറുക്കാൻ കടപോലെ കുറച്ച് പലകകൾ കൊണ്ടടച്ച ഒരു കടസ്സൂളിലാണ് ഫയലുകൾ അടുക്കിവച്ചിരിക്കുന്നത്; എന്നല്ലാതെ ആ ആഫീസുകൾ തുറക്കുന്നുണ്ടോ അടയ്ക്കുന്നുണ്ടോ എന്നുപോലും അറിയാൻ കഴിയുകയില്ല. ഒരു പക്ഷേ റിക്കാർഡുകൾ ശരിയായി എഴുതിയിരിക്കും. എന്തായാലും ഈ നടപടിമൂലം നാട്ടുകാർക്ക് ഒരു പ്രയോജനവും ഉണ്ടാകുന്നില്ല. ജനങ്ങൾക്ക പ്രയോജനമുണ്ടാകത്തക്കനിലയിൽ ഈ വക പ്രധാനപ്പെട്ട കാര്യങ്ങൾ നടത്തിക്കൊണ്ടു പോകണമെന്ന് എനിക്ക് അപേക്ഷയുണ്ട്. ഇങ്ങനെയുള്ള കാര്യങ്ങളിൽ ഞങ്ങളിൽ ആരെങ്കിലും ഒരു പരാതി അയച്ചാൽ തന്നെയും അതെടുത്ത് ആ ഉദ്യോഗസ്ഥനുതന്നെ അയച്ച് റിപ്പോർട്ടു വരുത്തി അവിടെ ഒരു പരാതിക്കും കാരണമില്ലെന്നുള്ള അലംഭാവ മനോഭാവത്തിൽ ഗവണ്മെന്റു കഴിഞ്ഞുകൂടിയാൽ പോരെന്നാണ് ഞാൻ പറയുന്നത്.

നാം ചിലവാക്കുന്ന തുക കൂടാതെ ലോകാരോഗ്യ സംഘടനകളിൽനിന്നും ധാരാളം സംഭാവനകൾ ഈ വക കാര്യങ്ങൾക്ക കിട്ടുന്നുണ്ട്. ആ തുകകൾ ശരിയായി ചിലവാക്കുന്നതിനു നമ്മുടെ ഗവണ്മെന്റിനു സാധിക്കുന്നുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. പലപല കഥകളും ഇതു സംബന്ധിച്ച് കേൾക്കുന്നുണ്ട്. പ്രത്യക്ഷമായി നമ്മുടെ ഭരണാധികാരികൾക്ക് ബോധ്യമുള്ള ഒരു സംഭവം ഞാനിവിടെ പറയാം. ലോകാരോഗ്യസംഘടനയിൽനിന്നും കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനു നല്കിയിരുന്ന അരിയിൽനിന്നു 20 ചാക്ക് അരി മോഷണം പോയെന്നും അതിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥനെ സസ്പെൻറു ചെയ്തു എന്നും അറിയുകയുണ്ടായി. എന്നാൽ ഇപ്പോൾ സസ്പെൻറു ചെയ്തിരുന്ന ഉദ്യോഗസ്ഥൻ രണ്ടുമാസത്തെ അവധിയിലാണെന്നാണ് കേൾക്കുന്നത്. അതു ശരിയോ തെറ്റോ എന്നറിഞ്ഞുകൂടാ. അതു പറയേണ്ടതു ബഹുമാനപ്പെട്ട മന്ത്രിയാണ്. പക്ഷെ ഒരു സാർവലൗകിക ആരോഗ്യ സംഘടനയിൽനിന്നും സംഭാവനചെയ്ത അരി ദുർവിനിയോഗം ചെയ്കയോ മോഷണം ചെയ്കയോ ചെയ്ത ഒരു ഉദ്യോഗസ്ഥനെ അവധി കൊടുത്തു വിശ്രമിക്കാനാണ് അനുവദിക്കുന്നതെങ്കിൽ അതൊട്ടും ശരിയല്ലെന്നാണ് ഞാൻ പറയുന്നത്. നമുക്ക് വേണ്ടപ്പെട്ടതും സ്നേഹമുള്ളതുമായ ഒരാളായിരിക്കാം ആ ഉദ്യോഗസ്ഥൻ. എന്നിരുന്നാലും ഇങ്ങനെയുള്ള കാര്യങ്ങളിലല്ല നമ്മുടെ സ്നേഹം കാണിക്കേണ്ടതെന്നു പറഞ്ഞുകൊള്ളട്ടെ. അതിന്റെ പ്രാസക്യൂഷൻ നടപടികൾ എങ്ങിനെയിരിക്കുന്നു എന്നുള്ളതു ഈ സഭയെ അറിയിക്കേണ്ടതാണ്. ഇതു ഞാനിപ്പോൾ പറയാനിടയായതു യൂണിസെഫിൽ (UNICEF) നിന്നും തന്ന ഒരു യൂണിവേഴ്സൽ ജീപ്പുവാങ്ങാൻ തുകകൊള്ളിച്ചിട്ടുള്ളതു കണ്ടതുകൊണ്ടാണ്.

ഒരു സംഗതികൂടി എനിക്ക് ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാനുണ്ട്. തിരുവിതാംകൂർ-കൊച്ചി സംയോജനം കഴിഞ്ഞിട്ടു കൊല്ലങ്ങൾ പലതായി. ഇതുവരെ സർവീസ് സംയോജനം പൂർത്തിയായിട്ടില്ല. ഒരു ഭാഗം ആളുകൾക്കുവേണ്ടി വാദിക്കുന്നതു ശരിയല്ലെന്നെനിക്കറിയാം.

സർവീസ് സംയോജനത്തെപ്പററി പല പരാതികളും അവകാശവാദങ്ങളും പലരും നടത്തുന്നതായി മനസ്സിലാകുന്നുണ്ട്. ഒരു ഭാഗക്കാരോടു അനീതി ചെയ്യുമെന്നു ആരുതന്നെ പറഞ്ഞാലും അതിന്റെ യഥാർത്ഥസംഗതികൾ എന്താണെന്നു നേരിട്ടന്വേഷിച്ചു ബോദ്ധ്യം വന്നതിനുശേഷമേ അവസാന തീരുമാനത്തിലെത്താവൂ എന്നാണ് എനിക്കു് പറയുവാനുള്ളതു്. സംയോജന ആർഡറുകൾ പാസാക്കിയിട്ടില്ലെങ്കിലും ചിലരുടെ അവകാശങ്ങളെ കാര്യമായി അവഗണിച്ചുകൊണ്ടാണ് സംയോജനം നടക്കാൻ പോകുന്നതെന്നു പല സംസാരങ്ങളും കേൾക്കുന്നു. സർ, നാമും മനുഷ്യരല്ലേ? പബ്ലിക്ക്ഹെൽത്ത് വകുപ്പിൽ ജോലി ചെയ്യുന്ന സ്നേഹിതന്മാർ അവരുടെ അവകാശങ്ങളെ അവഗണിച്ചുവെന്നറിഞ്ഞു് പല കാര്യങ്ങളും അതു് മററാളുകളോടു് അവസാന തീരുമാനമുണ്ടാകുന്നതിനുമുമ്പ് വെളിപ്പെടുത്തുന്നതു് തെററാണെന്നറിഞ്ഞാലും, പറഞ്ഞുവെന്നു് വന്നേക്കാം. അങ്ങനെയുള്ള ഒരു കാര്യം ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. ഞങ്ങൾക്കു പരിചയമുള്ള ചില ഉദ്യോഗസ്ഥന്മാർ യാദൃച്ഛികമായും അല്ലാതെയും ഇതു സംബന്ധിച്ച കാര്യങ്ങൾ ഞങ്ങളോടു പറഞ്ഞിരിക്കുന്നു. 109 മുതൽ കൊച്ചിവ ഭാഗം സർവീസിൽപ്രവേശിച്ച ചിലയാളുകളെ സാമുദായികമായോ പ്രാദേശികമായോ ഉള്ള പക്ഷപാതത്തിന്റെ ഫലമായി ഇവിടത്തെ സർവീസിൽ 104–ൽ പ്രവേശിച്ച ആളുകളുടെ മുകളിൽ ഉയർന്നസ്ഥാനങ്ങളിൽ നിയമിച്ചിരിക്കുന്നു എന്നറിയുന്നു. തെററാണെങ്കിൽ അതു തെററാണെന്നു പറയണം. അവർ പറയുന്നതു യഥാർത്ഥമാണെങ്കിൽ അതു പരിഹരിക്കേണ്ട കടമ ഗവണ്മെന്റിനുണ്ട്. ഞങ്ങൾ എല്ലാം ശരിയായി ചെയ്തിട്ടുണ്ടെന്നുപറഞ്ഞു സമാധാനിച്ചാൽ പോരെന്നാണ് എനിക്കു് പറയുവാനുള്ളതു്. അതുകൊണ്ടു് സംയോജന കാര്യത്തിലാണെങ്കിലും, ഡിപ്പാർട്ടുമെന്റിന്റെ ദൈനംദിനഭരണകാര്യത്തിലാണെങ്കിലും, പണം ചെലവു ചെയ്യുന്ന കാര്യത്തിലാണെങ്കിലും, ജനങ്ങൾക്കു ക്ഷേമകരമായ രീതിയിൽ പ്രവർത്തിക്കുന്നതിനു ഭരണാധികാരികളും മന്ത്രിമാരും നേരിട്ടു ശ്രദ്ധ ചെലുത്തേണ്ടതാണ്. പബ്ലിക്ക്ഹെൽത്ത് ഡിപ്പാർട്ടുമെന്റിനെപ്പററി പറയുകയാണെങ്കിൽ അതു ആരോഗ്യപരമായ പ്രശ്നങ്ങളെ കൈകാര്യംചെയ്യുന്ന ഒരു പ്രധാനപ്പെട്ട ഡിപ്പാർട്ടുമെന്റാണ്. നമ്മുടെ ജീവൽമരണപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന ഒരു ഡിപ്പാർട്ടുമെന്റാണ് ഇതെന്നു മനസ്സിലാക്കി ഭരണച്ചുമതല വഹിക്കണമെന്നു് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. വി. വി. സെബാസ്റ്റ്യൻ: ശ്രീ. ററി. എം. മത്തായി അവതരിപ്പിച്ച ഖണ്ഡനോപക്ഷേപത്തെ പിൻതാങ്ങുന്നു. പൊതുജനാരോഗ്യവകുപ്പിനെപ്പററി പ്രതിപാദിക്കുമ്പോൾ, ഈ രാജ്യത്തു് അങ്ങിനെ ഒരു ഡിപ്പാർട്ട്മെന്റ് പ്രവർത്തിക്കുന്നതായി ഈ നാട്ടിലെ ഗ്രാമീണ ജനതയ്ക്കു് അനുഭവവേദ്യമായിട്ടില്ലെന്നു പറഞ്ഞാൽ അതിൽ ഒട്ടും അതിശയോക്തി ഇല്ല. ഗ്രാമപ്രദേശങ്ങൾ ഉൾക്കൊള്ളുന്ന നിയോജകമണ്ഡലങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ബഹുമാനപ്പെട്ട മെംബറന്മാർ ഈ വസ്തുത നിഷേധിക്കുകയില്ലെന്നും എനിക്കു് ഉറപ്പുണ്ടു്.

1953–54-ൽ 20 ലക്ഷം രൂപയോളം ഈ ഡിപ്പാർട്ടുമെന്റ ചെലവു ചെയ്തു. ഈ സാമ്പത്തികവർഷത്തിൽ 29,05,000 രൂപ ചെലവു ചെയ്യുന്നതിനു് ഉള്ള പദ്ധതിയാണു് ആസൂത്രണം ചെയ്തിരിക്കുന്നതു്.

നമ്മുടെ ജനങ്ങളുടെ ആരോഗ്യനിലവാരം ഉയർത്തുന്നതിനും, രോഗത്തെ തടയുന്നതിനും രോഗചികിത്സ നടത്തുന്നതിനും കൂടുതൽ വിപുലമായ പദ്ധതികൾ ആസൂത്രണം ചെയ്തു പ്രവൃത്തിയിൽ വരുത്തുന്നതോടൊപ്പം, അവരുടെ സാമൂഹ്യസാഹചര്യങ്ങൾ (സോഷ്യൽകണ്ടിഷൻ) അഭിവൃദ്ധിപ്പെടുത്തുന്നതിനുകൂടി നാം പരിശ്രമക്കണം. വിശന്നുവലയുന്ന നഗ്നനായ ഒരു സാധുവിൻെറ പ്രശ്നം, അവനു ആദ്യം വസ്ത്രം കൊടുക്കാം, പിന്നീടു ഭക്ഷണം നൽകാം, എന്നു വച്ചതുകൊണ്ടു പരിഹരിക്കപ്പെടുകയില്ല. അവൻ ജീവിക്കുന്നതിൽ നാം തല്പരരാണെങ്കിൽ, ഈ രണ്ടു കുറവുകളും, ഭക്ഷണത്തിൻെറയും വസ്ത്രത്തിൻെറയും കുറവുകൾ, ഒരേ സമയത്തു പരിഹരിക്കുവാൻ നാം ഉത്സുകരാകണം.

. ആരോഗ്യം സംരക്ഷിക്കുന്നതിൽ ഭക്ഷണത്തിനുള്ള സ്ഥാനം പ്രഥമഗണനീയമാണ്. രോഗത്തിൻെറ മുഖ്യകാരണം ഭക്ഷണത്തിൻെറ പോരായ്മയാണ്; പോഷകാംശങ്ങളടങ്ങിയ ഭക്ഷണത്തിൻെറ കുറവാണ്. ഈ കുറവു പരിഹരിക്കുവാൻ മിൽക്ക് കാൻറീൻസ് ഏതാണ്ട് സഹായകമാണ്. മിൽക്ക് കാൻറീനെ പററി പറയുമ്പോൾ, നമ്മുടെ രാജ്യത്തു അവയുടെ പ്രവർത്തനം തീരെ തൃപ്തികരമല്ല എന്നു പറയാതെ തരമല്ല. പാൽപ്പൊടിയുടെ വിതരണത്തിൽ വളരെ അനാശാസ്യ നടപടികൾ നടന്നുവരുന്നുണ്ട്.

സർ, ഫുഡ് അഡൾട്ടറേഷനെപ്പററിയും രണ്ടു വാക്കു പറയുന്നതു സംഗതമായിരിക്കുമെന്നു ഞാൻ കരുതുന്നു. ഭക്ഷണസാധനങ്ങളിൽ മായം ചേക്കുക എന്നതു ഇന്നു സർവ്വസാധാരണമായാണ്. ഇതിനെ കാര്യക്ഷമമായി തടയുവാൻ ഗവണ്മെൻറ് ഒരു നടപടിയും സ്വീകരിച്ചുകാണുന്നില്ല. പബ്ലിക്ക്ഹെൽത്ത് ഡിപ്പാർട്ടുമെൻറിൻെറ ആശങ്കാപൂർണ്ണവും സത്വരവുമായ ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടിയിരിക്കുന്നു.

സർ, ഇന്നു ഗ്രാമീണ ജനതയ്ക്കു, അതിൽ സാധുക്കളായവർക്കു വൈദ്യസഹായവും വൈദ്യോപദേശവും ലഭിക്കുവാനുള്ള മാർഗ്ഗങ്ങൾ വളരെ വിരളമാണ്. ആശുപത്രികൾ വളരെ കുറവാണ്. ഉള്ളവയിൽ തന്നെ ആവശ്യത്തിനുവേണ്ട മരുന്നുകളോ മററു സജ്ജീകരണങ്ങളോ ഇല്ലാ. എല്ലാ ഗ്രാമീണർക്കും വൈദ്യസഹായം ലഭ്യമാകുന്നതിനുവേണ്ടി, ഗ്രാമങ്ങളിൽ താമസിച്ചു സാധുക്കൾക്കു വൈദ്യസഹായം നൽകണമെന്നുള്ള വ്യവസ്ഥയിൽ മദ്രാസിൽ അനേകം ഡോക്ടറന്മാർക്കു സബ്സിഡി നൽകുന്നുണ്ട്. ഈ മാർഗ്ഗം ഇവിടേയും അനുകരണീയമാണ്.

പബ്ലിക്ക്ഹെൽത്ത് ഡിപ്പാർട്ടുമെൻറിൻെറ സവിശേഷമായ ശ്രദ്ധ പതിയേണ്ട ഒരു രംഗമാണു മെറേറർണിററി ആൻഡ് ചൈൽഡ് വെൽഫയർ. രാജ്യത്തിൻെറ നാനാഭാഗങ്ങളിൽ അതനായുള്ള സെൻററുകൾ സ്ഥാപിച്ചു പ്രവർത്തനം നടത്തുന്നതു, ഈ ഡിപ്പാർട്ടുമെൻറിനു ചെയ്യാവുന്നതിൽ ഏററവും ഉപകാരപ്രദമായ പ്രവർത്തനമാണ്. ഗർഭിണികളായ സ്ത്രീകൾക്കു പ്രസവത്തിനുമുൻപും, പ്രസവകാലത്തും, പ്രസവത്തിനുശേഷവുമുള്ള വൈദ്യസഹായം ലഭിക്കാതെ, ഒട്ടുവളരെപേർ മരണമടയുകയോ, ആജീവനാന്തം രോഗികളായി തീരുകയോ ചെയ്യുന്നതു സാധാരണ

[ശ്രീ. വി. വി. സെബാസ്റ്റ്യൻ]

സംഭവങ്ങളാണ്. Anti-natal, natal, and post-natal സംരക്ഷണം അപരിത്യാജ്യമാണ്. ഇതിനായുള്ള ക്ലിനിക്കുകൾ രാജ്യവ്യാപകമായ തോതിൽ സ്ഥാപിക്കുന്നതു ക്ഷിപ്രസാദ്ധ്യമല്ലെന്ന് ഏവർക്കുമറിയാം. എന്നാൽ ആ ലക്ഷ്യത്തോടുകൂടി, ഒരു ദശവത്സരപദ്ധതി ആവിഷ്കരിച്ച് തദനുസരണം പ്രവൃത്തിതുടങ്ങുന്നതു് അഭിലഷണീയമായിരിക്കും. അതിന്റെ ഒരു പ്രാരംഭ പടിയായി, പഞ്ചായത്തുതോറും ഓരോ മിഡ്‌വൈഫിനെ എങ്കിലും നിയമിച്ച് പ്രവർത്തനം നടത്താവുന്നതാണ്. പഞ്ചായത്തുകൾ, അതിനായി,ഗവണ്മെന്റ അനുവാദം ആവശ്യപ്പെട്ടാൽ, ഗവണ്മെന്റ് അതനുവദിക്കുവാൻ കൂട്ടാക്കുന്നില്ല.

മെറേറർണിററി ആൻഡ് ചൈൽഡ് വെൽഫെയർ ജോലിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനു ഡി. പി. എച്ച്—നെ സഹായിക്കുവാൻ ഒരു ലേഡീഡോക്ടരെ ടെക്നിക്കൽ അഡ്‌വൈസറായും മെറേറർണിററി ആൻഡ് ചൈൽഡ്‌വെൽഫെയർ ആക്ററിവിററീസിന്റെ ഇൻസ്പെക്ട്രസ്സായും നിയമിക്കുന്നതു് ഉപകാരപ്രദമാണ്. സർ, സ്ത്രീകൾക്കു മെഡിക്കൽ കോളേജിൽ പ്രവേശനം അനുവദിക്കുന്ന വിഷയത്തിൽ ശ്രീ. എൻ. ജി. ചാക്കോ ഇവിടെ പ്രകാശിപ്പിച്ച അഭിപ്രായത്തോടു ഞാൻ വിയോജിക്കുകയാണ്. നേരേമറിച്ചു വൈദ്യവിദ്യാഭ്യാസത്തിനായി കൂടുതൽ കൂടുതൽ സ്ത്രീകളെ പ്രോത്സാഹിപ്പിക്കണമെന്നാണ് എന്റെ സുചിന്തിതമായ അഭിപ്രായം. രാജ്യമൊട്ടാകെ പ്രൈമറി ഹെൽത്തു് സെൻേറഴ്സ് തുറക്കുവാനും ഗവണ്മെന്റ് വൈകിക്കൂടാത്തതാണ്. ഇന്നു ഗ്രാമീണ പ്രദേശങ്ങളിൽ പ്രത്യേകിച്ചും ആളുകൾ തിങ്ങിപ്പാർക്കുന്ന കമ്പോളസ്ഥലങ്ങൾ ഉൾപ്പെടുന്ന ഗ്രാമങ്ങളിലെ ശുചീകരണം ഇന്നു പ്രായേണ അവഗണിക്കപ്പെട്ടിരിക്കയാണ്. ആരോഗ്യപരമായി ജീവിക്കുന്നതിനുള്ള യാതൊരു സാഹചര്യങ്ങളും അവിടങ്ങളിൽ ഇല്ല.

എന്റെ ദേശമായ അതിരമ്പുഴയിൽ പൊതുജനാരോഗ്യപ്രദമായ യാതൊരു പ്രവർത്തനങ്ങളും കാൺമാനില്ല. അവിടെ ജനങ്ങൾ പണികഴിപ്പിച്ചുകൊടുത്ത കെട്ടിടത്തിൽ സ്ഥാപിച്ചുനടത്തിവരുന്ന ഡിസ്പെൻസറി, മരുന്നുകളുടേയും സജ്ജീകരണങ്ങളുടേയും അഭാവത്താൽ, മിക്കവാറും പ്രയോജനരഹിതമാണ്. ആ സ്ഥലം ജനങ്ങൾ ഇടതിങ്ങി പാർക്കുന്ന ഒരു കമ്പോളസ്ഥലമാണ്, പബ്ലിക്ഹെൽത്തു് പ്രവർത്തനങ്ങൾക്ക് അനുപേക്ഷണീയമായ ഒരു സ്ഥലമാണതു്. ആ സ്ഥലത്തിന്റെ പ്രത്യേക സാഹചര്യങ്ങളെ പരിഗണിച്ച് അവിടെ ഒരു പ്രൈമറി ഹെൽത്തു് സെന്റർ സ്ഥാപിക്കുവാൻ പൊതുജനാരോഗ്യവകുപ്പുമന്ത്രി തയ്യാറാകുമെന്നാണ് എന്റെ ദൃഢമായ വിശ്വാസം.

ശ്രീ. പി. കെ. സുകുമാരൻ : സർ, ഞാൻ ശ്രീമതി ഗൗരി അവതരിപ്പിച്ച ഖണ്ഡനോപക്ഷേപത്തെ പിൻതാങ്ങുന്നു. അതിനെ പിൻതാങ്ങുന്നതു് ഈ രാജ്യത്തെ ജനങ്ങളുടെ ജീവനെ സ്പർശിക്കുന്ന ഒരു ഡിപ്പാർട്ടുമെൻറിന്റെ ഭരണത്തെ സംബന്ധിച്ച് ഈ ഗവണ്മെൻറിന്റെ മൗനമനോഭാവത്തെ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുവാനാണ്. ഒരു ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുന്നതാണ് നമ്മുടെ ലക്ഷ്യമെന്ന് ആവർത്തിച്ചാവർത്തിച്ചുള്ള പ്രസ്താവനകൾ എല്ലാ ഭാഗത്തുനിന്നും കേൾക്കാറുണ്ട്. ഭാവനാ

സുന്ദരമായ ഒരു ക്ഷേമരാഷ്ട്രത്തെപ്പററി ആലോചിച്ചാസ്വദിക്കുന്ന നാം അതേ സംബന്ധിച്ച് സംസാരിക്കുമ്പോൾ, ഇന്ന് ഈ രാജ്യത്തെ പൊതുജനങ്ങളുടെ ആരോഗ്യസ്ഥിതിയെപ്പററി സമഗ്രമായ ഒരു ധാരണയെങ്കിലും സമാർജ്ജിക്കേണ്ടതാണ്.

ഇന്നത്തെ ശാസ്ത്രീയ വിജ്ഞാനത്തിന്റെ പ്രണേതാക്കളുടേയും ഉപജ്ഞാതാക്കളുടേയും പൂർവ്വപിതാമഹന്മാർ ജനിക്കുന്നതിനു വളരെ മുൻപു മുതൽ തന്നെ ലോകപ്രശസ്തി ആർജ്ജിച്ചിരുന്ന ഒരു വൈദ്യശാസ്ത്രത്തിന്റെ ജന്മഭൂമിയാണ് നമ്മുടെ രാജ്യം. വൃദ്ധന്മാരെപ്പോലും യുവാക്കന്മാരാക്കുന്നതിനു കഴിവുണ്ടായിരുന്ന കായകല്പചികിത്സ ഈ അടുത്ത കാലത്താണ് ഇൻഡ്യയിലെ ഒരു ദേശീയ നേതാവായിരുന്ന വൃദ്ധനായ ശ്രീ മാളവ്യജിക്ക് അദ്ദേഹത്തിന്റെ യുവത്വം വീണ്ടെടുക്കുവാൻ സഹായിച്ചത്. വൈദ്യശാസ്ത്രത്തിലും അത്ര അനുഗ്രഹീതമായ ഒരു ഭൂമിയാണ് നമ്മുടെ രാജ്യമെങ്കിലും ഈ രാജ്യത്തെ ജനങ്ങളുടെ ആരോഗ്യ സ്ഥിതി ഏററവും ശോചനീയമാണ്. പക്ഷെ ആരോഗ്യത്തെയും ശുചീകരണത്തെയും സംബന്ധിച്ചിടത്തോളം ഇന്ന് മറെറതൊരു രാഷ്ട്രത്തിന്റെയും വളരെ പിന്നിലാണ് നമ്മുടെ ഇൻഡ്യാ രാജ്യം. ഇന്ന് ഇൻഡ്യയിലെ ശരാശരി ജീവിതായുസ്സ് 31 ആണ്. ഇംഗ്ലണ്ടു മുതലായ രാജ്യങ്ങളിൽ 50, 51, 57 എന്ന കണക്കിൽ ജീവിതായുസ്സുകൾ നിലനിൽക്കുമ്പോഴാണ് ഇൻഡ്യയിലെ ജീവിതായുസ്സ് മേൽപ്പറഞ്ഞ നിലയിലിരിക്കുന്നതെന്നോർക്കണം. ഇതിനു സഹായകമായിരിക്കുന്ന സാഹചര്യങ്ങൾ ഇന്ന് നമ്മുടെ രാജ്യത്തുണ്ട്. സാംക്രമികരോഗങ്ങൾ നമ്മുടെ നാട്ടിൽ ധാരാളമാണ്. ഇന്നലെ ബഹുമാന്യനായ മന്ത്രി ഒരു ചോദ്യത്തിന് ഉത്തരമായി പറയുകയുണ്ടായി ഈ രാജ്യത്ത് 30,000-നും 40,000-നും ഇടയ്ക്ക് ക്ഷയരോഗികൾ ഉണ്ട് എന്ന്.

ഈ രോഗം അധികവും പിടിപെടുന്നത് യുവാക്കന്മാർക്കാണ്. ഒരു രാജ്യത്തിന്റെ സമ്പത്ത് ഊർജ്ജസ്വലതയും ആരോഗ്യവുമുള്ള യുവാക്കന്മാരാണ്. അങ്ങനെയുള്ള യുവലോകത്തിന്റെ നല്ലൊരു വിഭാഗം ഇങ്ങനെ മുളയിലെ നശിക്കേണ്ടിവരുന്ന സാഹചര്യം തികച്ചും ദൌർഭാഗ്യകരമാണ്. ഇപ്പോൾ ക്ഷയരോഗം ആർക്കെല്ലാം പിടിപെട്ടിട്ടുണ്ടെന്നുതന്നെ ശരിയായി മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടില്ല. മററു ചില കാര്യങ്ങളും അറിയേണ്ടതുണ്ട്. രണ്ടു ദിവസത്തിനുമുൻപ് തിരുവനന്തപുരം റേഡിയോനിലയത്തിൽ നിന്ന് ഒരു ലേഡീഡാക്ടർ ഒരു പ്രക്ഷേപണപ്രസംഗം നടത്തി. അതിൽ തിരുവിതാംകൂർ-കൊച്ചി മാത്രമല്ല ഭാരതത്തിന്റെ എല്ലാ ഭാഗങ്ങളിലും അകാലത്തിലുള്ള മരണങ്ങളും പ്രസവകാലത്തിലുള്ള മരണങ്ങളും ഉണ്ടാകുന്നുണ്ടെങ്കിലും തിരുവിതാംകൂർ-കൊച്ചിയിലാണ് കൂടുതലായിട്ട് ഉണ്ടാകുന്നതെന്ന് അവർ പറഞ്ഞു. ഇൻഡ്യയിൽ ഒരാണ്ടിൽ ഏകദേശം 20,0000 സ്ത്രീകൾ പ്രസവകാലത്തുതന്നെ മരിക്കുകയും ഇരുപതു ലക്ഷം അമ്മമാർ പ്രസവാനന്തരം രോഗികളായിത്തീരുകയും ചെയ്യുന്നുണ്ടെന്ന് അവർ പറഞ്ഞു. അങ്ങനെ മരണനിരക്കു ജനസംഖ്യാനുപാതികമായി നോക്കുമ്പോൾ തിരുവിതാംകൂർ-കൊച്ചിയിലാണ് കൂടുതലായിട്ടുള്ളത്. ഇതിനുപരിയായി മലേറിയ, കാളറ മുതലായ മഹാരോഗങ്ങൾ പിടിപെട്ട് അനേകം ആളുകൾ മരിക്കുന്നു. പാശ്ചാത്യരാജ്യങ്ങളിൽ നിന്നും ഈ വക രോഗങ്ങൾ അഭയം തേടി കേരളത്തെ പ്രാപിച്ചിരിക്കയാണെന്നു തോന്നുന്നു. ഈ രോഗങ്ങളുടെയെല്ലാം അഭയകേന്ദ്രമാണോ നമ്മുടെ രാജ്യം എന്നുപോലും സംശയിക്കേണ്ടിയിരിക്കുന്നു,

[ശ്രീ. പി. കെ. സുകുമാരൻ]

ഈ യാഥാർത്ഥ്യബോധത്തോടുകൂടിവേണം നാമും നമ്മുടെ പബ്ളിക്ക് ഹെൽത്തു ഡിപ്പാർട്ടുമെൻറും പൊതുജനാരോഗ്യസംരക്ഷണത്തിനു വേണ്ടി പ്രവർത്തിക്കേണ്ടതു്. അതുകൊണ്ടു് ഇന്നത്തെ സ്ഥിതിഗതികൾ എന്തു്, ഭാവിലക്ഷ്യം എന്തു് ഈ വക കാര്യങ്ങളെ സംബന്ധിച്ചു വ്യക്തമായ ധാരണയോടുകൂടിയുള്ള ഒരു പരിപാടി ആവിഷ്കരിച്ചുകൊണ്ടുവേണം ഈ ഡിപ്പാർട്ടുമെൻറ കാര്യക്ഷമമായി പ്രവർത്തിക്കാൻ ശ്രമിക്കേണ്ടതു്.

സർ, ഇനിയും എനിക്കു് ഈ വക കാര്യങ്ങളെപ്പററി സംക്ഷിപ്തമായ ചില നിർദ്ദേശങ്ങൾ നൽകുവാനുണ്ടു്. കക്ഷിരഹിതമായ ഒരന്തരീക്ഷത്തിൽ നിന്നുകൊണ്ടു് അവയെപ്പററി പരിഗണിക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു. ഇവിടെ എന്തുപറഞ്ഞാലും ഒരു വിഭാഗീയ മനഃസ്ഥിതിയോടുകൂടി മാത്രമേ പലർക്കും ചിന്തിക്കുവാൻ കഴിയുന്നുള്ളു. ഞാൻ പറയുന്ന കാര്യങ്ങൾ ആ നിലയിൽ കണക്കാക്കരുതെന്നാണു് എനിക്കു് ആദ്യമായി പറയുവാനുള്ളതു്.

പൊതുജനങ്ങളുടെ ആരോഗ്യാഭിവൃദ്ധിക്കുവേണ്ടി ആവശ്യമായ പ്രവർത്തനരീതികൾ നിർദ്ദേശിച്ചുകൊണ്ടു് തയ്യാറാക്കിയിട്ടുള്ള ഒരു (ഭോർ കമ്മററി) റിപ്പോർട്ടു് ഗവണ്മെൻറിന്റെ മുൻപിലുണ്ടു്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പബ്ളിക്ക്ഹെൽത്തു ഡിപ്പാർട്ടുമെൻറും മെഡിക്കൽ ഡിപ്പാർട്ടുമെൻറും കൂടി സംയോജിപ്പിക്കേണ്ടതാണു്. . നിയമം അതനുവദിക്കുന്നില്ലെന്നു് മെഡിക്കൽ വകുപ്പുമന്ത്രി പറയുന്നതു കേട്ടു. സർ, ഒരു നിയമവും അതിനു പ്രതിബന്ധമായില്ല. അതേ പടി ഇവിടെ അനുസരിക്കണമെന്നു് എനിക്കു അഭിപ്രായമില്ലെങ്കിലും ജനങ്ങൾക്കു് ഗുണപ്രദമായ കാര്യങ്ങൾ നടപ്പിൽ വരുത്തുവാൻ ശ്രമിക്കുന്നതു് നന്നായിരിക്കും. അതോടൊപ്പംതന്നെ രാജ്യത്തു വളരെയധികം ആളുകൾ ടൈഫായിഡ് രോഗം വന്നു് മരിക്കുന്നുണ്ടു്. ഇതിലേയ്ക്കു് ആൻറി ടൈഫായിഡ് വാക്സിൻ ഇൻജക്ഷൻ നിർബന്ധമായും നടത്തേണ്ടതാണു്. ഈ അടുത്ത കാലത്തു് ടൈഫായിഡിനു വളരെ ഫലപ്രദമായ ഒരു മരുന്നു് കണ്ടുപിടിച്ചിട്ടുണ്ടു്. ക്ലോറോമിസററിൻ എന്നോ മറ്റോ ആണു് അതിന്റെ പേർ. അതു് വളരെ പ്രയോജനകരമാണെന്നു തെളിഞ്ഞിട്ടുണ്ടു്. പക്ഷെ അതിലേക്കു് ഇരുപതു ഇരുപത്തഞ്ചു രൂപാ ചിലവുവരും. സാധാരണയായി അനാരോഗ്യ സാഹചര്യങ്ങളിൽ ജീവിച്ചുപോരുന്നവർക്കാണു് ഈ ടൈഫായിഡ് രോഗം പിടിപെടുന്നതു്. അവർക്കു് ഇത്രയും തുക ചിലവാക്കി ഈ മരുന്നു് പ്രയോഗിക്കുവാൻ നിവൃത്തി കാണുകയില്ല. അതുകൊണ്ടാണു് ആൻറി ടൈഫായിഡ് ഇൻജക്ഷൻ നിർബന്ധമായി നടപ്പാക്കുവാൻ ശ്രമിക്കേണ്ടതാണെന്നു് ഞാൻ പറഞ്ഞതു്. ഗവണ്മെൻറിന്റെ സാമ്പത്തികമായ പരിമിതികളും മററു് പ്രയാസങ്ങളും എനിക്കറിയാം. എങ്കിലും പൊതുജനാരോഗ്യത്തെ പരിപാലിക്കേണ്ടതു് ഗവണ്മെൻറിന്റെ മുഖ്യമായ കർത്തവ്യമാകയാൽ അക്കാര്യത്തിൽ അടിസ്ഥാനപരമായി പ്രവർത്തിക്കേണ്ടതാണെന്നു് പറയാതെ തരമില്ല.

ഇവിടെ ഒരു നാഷണൽ ഹെൽത്തു സർവ്വീസ് നടത്തുന്നതു് നന്നായിരിക്കും. നമ്മുടെ ഫാക്ടറികളിലും വ്യവസായശാലകളിലും അതുപോലെ ജോലിചെയ്യുന്ന മററു സ്ഥലങ്ങളിലും തൊഴിലാളികളിൽ നിന്നും മുതലാളിമാരിൽ നിന്നും ഗവണ്മെൻറിൽ നിന്നും പണം പിരിച്ചു്,

പ്രാവിഡൻറ് ഫണ്ട് ഉണ്ടാക്കുന്നതുപോലെ, ഒരു ഫണ്ടുണ്ടാക്കി ഒരു നാഷണൽ ഹെൽത്തു സർവ്വീസ് ആരംഭിക്കുന്നത് നന്നായിരിക്കും. ഗവണ്മെൻറിൻെറ ഇന്നത്തെ സാമ്പത്തിക നിലയിൽ ഈ ഏർപ്പാട് സഹായകമായ ഒന്നാണെന്നുള്ളതിൽ സംശയമില്ല.

അതുപോലെ ഒരു ഹെൽത്തു യൂണിററും ഇവിടെ ഉണ്ടാക്കേണ്ടതാണ്. ഫാക്ടറികളിലും മററും ഓരോ പ്രൈമറി ഹെൽത്തു യൂണിററുണ്ടായിരുന്നാൽ അവിടത്തെ തൊഴിലാളികളുടെ ആരോഗ്യസംരക്ഷണത്തിന് വളരെ പ്രയോജനകരമായിരിക്കും. ഈ ഹെൽത്ത് യൂണിററ് ഉണ്ടാക്കേണ്ടത് ഫാക്ടറിയിൽ ഉപയോഗിക്കുന്ന പ്രത്യേക യന്ത്രസാമഗ്രികളുടെ പ്രത്യേകതയേയും അവിടെ ചെയ്യുന്ന തൊഴിലിൻെറ പ്രത്യേകതയേയും അടിസ്ഥാനമാക്കി വരാവുന്ന രോഗങ്ങൾക്കുവേണ്ടി പരിഹാരമുണ്ടാക്കാൻ സഹായിക്കുന്നവ ആയിരിക്കണം. ഇങ്ങനെ ഹെൽത്തു സർവീസും ഹെൽത്ത് യൂണിററും ഏർപ്പെടുത്തുന്നപക്ഷം നമ്മുടെ രാജ്യത്തിൻെറ പൊതുവെയുള്ള ആരോഗ്യനില സാരമായി അഭിവൃദ്ധിപ്പെടുന്നതാണ്.

സർ, ഈ ഹെൽത്ത് ഡിപ്പാർട്ടുമെൻറിൻെറ ഭരണത്തെ സംബന്ധിച്ചും ഒന്നുരണ്ടു കാര്യങ്ങൾ പറയുവാൻ ഞാനാഗ്രഹിക്കുന്നു. ഈ ഹെൽത്തു യൂണിററുകൾ പല ഭാഗങ്ങളിലും പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം സിററിയിലുണ്ട്. അത് കാർപ്പറേഷൻെറ നിയന്ത്രണത്തിനു വിധേയമാണ്. അതുപോലെ മുനിസിപ്പാലിററികളിലുണ്ട്. അവയെല്ലാം മുനിസിപ്പൽ ഭരണത്തിനു വിധേയമാണ്. ഇത്തരം ഹെൽത്തുയൂണിററുകൾ ഗ്രാമപ്രദേശങ്ങളിൽ, ഓരോ പഞ്ചായത്തുകളുടെയും കീഴിൽ ഏർപ്പെടുത്തുന്നത് അഭിലഷണീയമാണ്. ഇപ്പോൾത്തന്നെ പല ഭാഗത്തുമായി പ്രവർത്തിക്കുന്ന ഹെൽത്തുയൂണിററുകൾ അതാതു സ്ഥലത്തുള്ള പഞ്ചായത്തിൻെറ നിയന്ത്രണത്തിലേക്കു മാററുന്നത് നല്ലതാണ്. അങ്ങനെ ചെയ്യുന്നപക്ഷം ജനങ്ങളുമായി കൂടുതൽ സമ്പർക്കം പുലർത്തുവാനും അവരുടെ ആരോഗ്യത്തെപ്പററി അപ്പഴപ്പോൾ അറിയുവാനും അങ്ങനെ രോഗനിവാരണം ഉണ്ടാക്കുവാനും എളുപ്പമുണ്ട്.

ഇതിനെല്ലാം ഉപരിയായി പൊതുജനാരോഗ്യത്തെ സംബന്ധിച്ചു പറയുമ്പോൾ പ്രാധാന്യമർഹിക്കുന്ന മറെറാരുകാര്യംകൂടിയുണ്ട്; ജലദൗർലഭ്യം. ഗവണ്മെൻറിൻെറ സത്വരമായ ശ്രദ്ധ, ദയവ്, അല്പം തുക ഇത്രയുമുണ്ടെങ്കിൽ ഈ രാജ്യത്തെ ജലദൗർലഭ്യം കഴിയുന്നതുംവേഗത്തിൽ പരിഹരിക്കുവാൻ കഴിയും. സർ, ഒരു ഗവണ്മെൻറ്, ഏതുഗവണ്മെൻറായാലും ശരി, ജനക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുകയാണെങ്കിൽ ജനങ്ങളുടെ പ്രാഥമികാവശ്യങ്ങൾ നിർവഹിക്കുന്നതിനെങ്കിലും അത് വിജയിച്ചിരിക്കണം. അങ്ങനെ നോക്കുമ്പോൾ ജനങ്ങൾക്കു കുടിക്കുവാനുള്ള ശുദ്ധജലംപോലും നൽകുവാൻ ഒരു ഗവണ്മെൻറിനു കഴിഞ്ഞില്ലെങ്കിൽ ആ ഗവണ്മെൻറിനു നിലനിൽക്കാൻ അർഹതയില്ല. സർ, അങ്ങനെയുള്ള ഗവണ്മെൻറിനെ ഈ രാജ്യത്തുള്ള ജനങ്ങൾ വെല്ലുവിളിക്കുകതന്നെ ചെയ്യും. സർ, ഞാൻ പ്രതിനിധാനം ചെയ്യുന്ന നിയോജകമണ്ഡലത്തിൻെറ ഒരു ഭാഗമാണ് ഇരവിപുരം കടൽത്തീരം. അവിടെ വളരെ ജലദൗർലഭ്യമുള്ള ഒരു സ്ഥലമാണ്. ഒരു മൈലിനുള്ളിൽ നാലയ്യായിരം ആളുകൾ ആ കടൽത്തീരത്തു താമസിക്കുന്നുണ്ട്. ഒരു മാന്യസ്നേഹിതൻ ഇതിനുമുമ്പു പറഞ്ഞതുപോലെ, അച്ഛൻ, അമ്മ, വിവാഹിതനായ മകൻ, വിവാഹിതയായ മകൾ, മററു മക്കൾ ഇങ്ങനെ ഒരു നല്ല സംഖ്യവരുന്ന

[ശ്രീ. പി. കെ. സുകുമാരൻ]

അംഗങ്ങൾ ഒരു കൊച്ചു കുടിലിനുള്ളിൽ കഴിഞ്ഞുകൂടുകയാണ്. ആ പുരയിൽ ശുദ്ധവായു ചിലപ്പോഴൊക്കെ കിട്ടും. അതു് മേൽക്കൂര ഇടിഞ്ഞും പൊളിഞ്ഞും ചോർന്നും പോയതിന്റെ ഫലമായിട്ടു് കിട്ടുന്നതാണ്. അങ്ങനെ ആ തീരപ്രദേശത്തുചെന്നാൽ ഒന്നൊന്നരമൈൽ നീളത്തിൽ വൃത്തവും കോണുമില്ലാതെ നിൽക്കുന്ന പാഴ്കുടിലുകൾ ചുററും കാണാം. ആ സ്ഥലമൊന്നുകണ്ടാൽ ഈ ഗവണ്മെൻറും നമ്മുടെ പൊതുജനാരോഗ്യവകുപ്പും അവരെക്കൊണ്ടു ഭരണം നടത്തിക്കുന്ന ഈ നിയമസഭയിലെ അംഗങ്ങളുമെല്ലാം ലജ്ജിച്ചു തലതാഴ്ത്തും. അത്ര വൃത്തികെട്ട നിലയിൽ മലമൂത്ര വിസർജ്ജനം നടത്തിക്കൊണ്ടിരിക്കുന്ന ഒരു സ്ഥലവുമാണ് അതു്. കുടിക്കുവാൻ വെള്ളവുംകൂടി കിട്ടുന്നില്ലെന്നുവന്നാൽ അവിടത്തെ ജനങ്ങളുടെ ആരോഗ്യനില എങ്ങനെ നന്നാകുവാൻപോകുന്നെന്നു ഈ സഭ തന്നെ ആലോചിക്കേണ്ടതാണ്. ഇങ്ങനെയുള്ള സ്ഥലങ്ങൾ ഉണ്ടാകുന്നതു തന്നെ ഈ രാജ്യത്തിനു അഭികാമ്യമായ ഒന്നല്ല. കല്ലടയിലെ അവസ്ഥ ഇതിനു ദൃഷ്ടാന്തമാണ് നമ്മുടേ പൊതുജനാരോഗ്യമന്ത്രി ആ സ്ഥലം വന്നുകാണുകയും അവിടത്തെ ജലദൗർലഭ്യത്തെപ്പററി മനസ്സിലാക്കി വേണ്ട പരിഹാര നടപടികൾ ഉടനടി സ്വീകരിക്കുകയും ചെയ്തു കാണുന്നതിൽ സന്തോഷമുണ്ടെന്നുകൂടി ഞാൻ ഈ അവസരത്തിൽ പറഞ്ഞുകൊള്ളട്ടെ. ഞാൻ പറയുന്നതു് സങ്കുചിതമായ ഒരു പ്രാദേശിക മനഃസ്ഥിതിയോടുകൂടിയാണെന്നു് ആരും ധരിക്കരുതു്. ഈ രാജ്യത്തു് ജലദൗർലഭ്യമുള്ള സ്ഥലങ്ങൾ ധാരാളമുണ്ടു്. കോട്ടയം, കൊല്ലംടൗൺ- നമ്മുടെ കടലോരങ്ങൾ മുതലായ സ്ഥലങ്ങളിലും ജലദൗർലഭ്യമുണ്ടു്. പക്ഷെ ഒരിസ്ഥലും ജലംകിട്ടാത്ത സ്ഥലം മൺറോ തുരുത്തുപോലെയോ ഇരവിപുരം കടപ്പുറംപോലെയോ മറെറങ്ങും കാണുകയില്ല. അതുകൊണ്ടാണ് ആ സ്ഥലങ്ങളിൽ ഗവണ്മെൻറിന്റെ ശ്രദ്ധ കൂടുതലായി പതിയണമെന്നു ഞാൻ പറയുന്നതു്.

മറെറാരു പ്രധാനകാര്യം ഈ അവസരത്തിൽ ഇവിടെ ചൂണ്ടിക്കാണിക്കാനുള്ളതു് കൊല്ലം പട്ടണത്തിന്റെ വടക്കെ അതിർത്തിയിലുള്ള മലംഡിപ്പോവിനെപ്പററിയാണ്. മനോഹരമായ കൊല്ലം പട്ടണത്തിന്റെ സമീപത്തിലുള്ള ഒരു പൊതു സ്ഥലത്തു്, ഒരു ഹെൽത്താഫീസ് പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന സ്ഥലത്തു്, മനോഹരമായ ഒരു കുന്നിന്റെ മുകളിൽ മലംഡിപ്പോ സ്ഥാപിച്ചിരിക്കുന്നതു് എത്രയും അപഹാസ്യകരമാണെന്നുള്ളതിൽ തർക്കമില്ല. ഏകദേശം 15 കൊല്ലങ്ങളായി പല കാരണങ്ങളാൽ ഈ മലംഡിപ്പോ അവിടെനിന്നും മാററിത്തരണമെന്നു് ആ സ്ഥലത്തെ ജനങ്ങൾ അപേക്ഷിച്ചിട്ടുണ്ടു്. മനോഹരമായ അഷ്ടമുടിക്കായലിന്റെ തീരത്തു്, അനസ്യൂതം കാററ് ഊതിക്കൊണ്ടിരിക്കുന്ന ഒരു ഉയന്നകുന്നിന്റെ മുകളിലല്ലായിരുന്നു ഈ ഡിപ്പോ സ്ഥാപിച്ചിരുന്നെങ്കിൽ ഞാൻ ഇത്രയും പറയുകയില്ലായിരുന്നു. അവിടെ ഇപ്പോഴത്തെ ഹെൽത്താഫീസർ ഒരു ദിവസം അതിനടുത്തുള്ള ഒരു വീട്ടിൽ വച്ചുനടന്ന ഡിന്നർ സമയത്തുണ്ടായ അനുഭവം എന്നോടു പറയുകയുണ്ടായി. അദ്ദേഹം കഴിച്ചുകൊണ്ടിരിക്കുന്ന ആഹാരത്തിനുമീതെ ഈച്ച വന്നുപൊതിഞ്ഞ കഥ. മലംഡിപ്പോ അവിടെ സ്ഥാപിച്ചിരിക്കുന്നതുകൊണ്ടുണ്ടാകുന്ന ജനങ്ങളുടെ പ്രയാസങ്ങളും കഷ്ടപ്പാടും ആ അവസര

ത്തിൽ അദ്ദേഹത്തിനു ബോദ്ധ്യമായി എങ്കിലും അതു മാററുന്ന കാര്യത്തിൽ അദ്ദേഹം നിസ്സഹായനാണെന്നു പറഞ്ഞു. ഏകദേശം ഒന്നരലക്ഷം രൂപാ ഗവണ്മെൻറു അദ്ദേഹത്തെ ഏല്പിക്കുമെങ്കിൽ മലംഡിപ്പോ നിഷ്പ്രയാസം അവിടെനിന്നും മാററാൻ സാധിക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

സർ, ഇന്നു് നമ്മുടെ രാജ്യത്തു് ഡാക്ടർമാരുടെ അഭാവം വളരെയുണ്ടു്. ആവശ്യമുള്ള വൈദ്യസഹായം എല്ലായിടത്തും കിട്ടുന്നില്ലെന്നു് പരാതിയുണ്ടു്. ഇവിടത്തെ മെഡിക്കൽകാളേജിൽ അഡ്മിഷൻ കൊടുക്കുന്ന കുട്ടികളുടെ എണ്ണം പരിമിതമാണെന്നു മാത്രമല്ല, അഞ്ചും ആറും കൊല്ലത്തെ കോഴ്സ് അവർക്കു് കൊടുക്കേണ്ടതായുണ്ടു്. നമ്മുടെ രാജ്യത്തിനു് ആവശ്യമായ ഡാക്ടർമാർ, ഈ നിലയിൽ ഇവിടത്തെ മെഡിക്കൽകോഴ്സ് നടത്തുകയാണെങ്കിൽ അടുത്തകാലത്തെങ്ങും മതിയാകത്തക്കവണ്ണം ഉണ്ടായി എന്നു വരുന്നതല്ല. അതുകൊണ്ടു് കുറഞ്ഞ കാലത്തേക്കു വരുന്ന ഒരു ഷാർട്ടർടൈം കോഴ്സ് ഏർപ്പെടുത്തി, എൽ. എം. പി. കോഴ്സോ മറേറാ ഏർപ്പെടുത്തി, ആവശ്യമുള്ള ചെറിയ പരിശീലനമെങ്കിലും നടത്തി Medical practitioner മാരെ പ്രോത്സാഹിപ്പിക്കാൻ കഴിഞ്ഞാൽ ജനങ്ങൾക്കു് അതു വളരെ ഉപകാരമായിരിക്കും. അവരെ ഗ്രാമപ്രദേശങ്ങളിൽ നിയമിക്കുവാൻ കഴിയും. രണ്ടുകൊല്ലമോ രണ്ടരകൊല്ലമോ വരുന്ന ഒരു കോഴ്സു് ഏർപ്പെടുത്തിയാൽ മതിയാകുന്നതാണു്. ഇതിനെല്ലാമുപരിയായി നാം ശ്രദ്ധിക്കേണ്ട മറെറാരു കാര്യംകൂടിയുണ്ടു്. ജനങ്ങളുടെ ദാരിദ്ര്യവും പട്ടിണിയും പോഷകാഹാരങ്ങളുടെ അഭാവവുമാണു് അനാരോഗ്യത്തിനുള്ള മുഖ്യകാരണം. പാലും മുട്ടയും നല്ല ആഹാരമാണെന്നെല്ലാവർക്കുമറിയാം. പക്ഷെ അതു ലഭ്യമല്ല നമ്മുടെ ആളുകൾക്കെന്നുള്ളതാണു് മുഖ്യപ്രശ്നം. അതുകൊണ്ടു് നമ്മുടെ ആളുകൾക്കു് പോഷകാംശങ്ങളുള്ള ആഹാരം ലഭിക്കുന്നതിനും മററും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ആവശ്യമാണു്. ഇതിനെല്ലാം മൗലികമായ പരിവർത്തനമുണ്ടാക്കാൻ ആവശ്യമായ സാമൂഹ്യസ്ഥിതി സൃഷ്ടിക്കുവാനുള്ള ഒരു കാഴ്ചപ്പാടുകൂടി ഇന്നത്തെ സോഷ്യലിസ്റ്റ് ഗവണ്മെൻറിനുണ്ടായിരിക്കണമെന്നുകൂടി അനുസ്മരിപ്പിച്ചുകൊള്ളുന്നു. ഞാൻ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

ശ്രീ. എ. എ. റഹിം: സർ, ഞാൻ ശ്രീ. എം. എം. മത്തായി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഉപക്ഷേപത്തെ പിൻതാങ്ങുന്നു. അതോടുകൂടി ഒന്നു രണ്ടു കാര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. പരിഷ്കൃതാശയങ്ങളോടും വിശാലവീക്ഷണത്തോടുംകൂടി ഏതാനും ഡിപ്പാർട്ടുമെൻറുകൾ നമ്മുടെ സംസ്ഥാനത്തു സംഘടിപ്പിച്ചിട്ടുണ്ടു്. ഡിപ്പാർട്ടുമെൻറിനു വേണ്ടത്തക്ക സകല ചട്ടവട്ടങ്ങളും, വ്യവസ്ഥകളും നിബന്ധനകളും മററും ഉണ്ടാക്കിയിട്ടുണ്ടു്; പൊതുജനങ്ങളെ സംബന്ധിച്ചിടത്തോളം അവയുടെ

[ശ്രീ. എ. എ. റഹിം]

പ്രവൎത്തനം എത്രത്തോളം പ്രായോഗികമാകുന്നുവെന്നുനോക്കുമ്പോൾ തികച്ചും അപര്യാപ്തമാണെന്നു നമുക്കു കാണാൻ സാധിക്കും. നമ്മുടെ പബ്ലിക്കുഹെൽത്തു ഡിപ്പാർട്ടുമെൻറിൻെറ പ്രവൎത്തനങ്ങൾ ആശാസ്യമല്ലെന്നു പല തവണ ഈ നിയമസഭയിൽ പരാതികൾ ഉണ്ടായിട്ടുണ്ടു്. പൊതുജനാരോഗ്യത്തെ നിലനിറുത്തുന്നതിനും, രോഗം പടൎന്നുപിടിക്കാതെ സൂക്ഷിക്കുന്നതിനുമുള്ള സകല കരുക്കളും അവരുടെ കൈവശമുണ്ടു്. ഒരു പ്രചരണവകുപ്പും ഈ ഡിപ്പാർട്ടുമെൻറിൻെറ കീഴിലുണ്ടു്. സാംക്രമികരോഗങ്ങളെ തടയുന്നതു് എപ്രകാരമാണെന്നും, അവ പടൎന്നു പിടിക്കാതിരിക്കാൻ ചെയ്യേണ്ട മുൻകരുതലുകൾ എന്തെല്ലാമാണെന്നും ഉള്ള നിർദ്ദേശങ്ങൾ നാട്ടുകാൎക്കു നൽകുന്നതിനുവേണ്ടി പ്രവൎത്തിക്കുന്ന ഒരു വകുപ്പാണിതു്. ഇവരുടെ പ്രവൎത്തനം പട്ടണങ്ങളിലല്ലാതെ ഗ്രാമപ്രദേശങ്ങളിൽ നടത്തുന്നുണ്ടോ എന്നു നോക്കുകയാണെങ്കിൽ, സർ, ആരെങ്കിലും മരിച്ചാൽ 'കണ്ണാക്കു' അന്വേഷിക്കാൻ പോകുന്നതുപോലെ രോഗം പിടിപെട്ടു് ആളുകൾ മരിച്ചുശേഷം വല്ലപ്പോഴും ഒരിക്കൽ ഇവർ ഗ്രാമപ്രദേശങ്ങളിൽ കടന്നു് എന്തൊക്കെയോ ചെയ്തിട്ടു പോകുന്നുണ്ടു്. ഗ്രാമപ്രദേശങ്ങളിൽ വസിക്കുന്ന ജനങ്ങൾക്കു് സാംക്രമികരോഗങ്ങൾ തടയുന്നുള്ള ഉപദേശം കൊടുക്കേണ്ടതു് ഏററവും അത്യാവശ്യമാണു്. മാത്രമല്ല, നമ്മുടെ നാട്ടിൽ അവിടവിടെ പലപ്പോഴും ഉത്സവങ്ങൾ നടക്കുന്നുണ്ടു്. ആ സന്ദർഭങ്ങളിൽ നാട്ടിൻെറ നാനാഭാഗങ്ങളിൽനിന്നും അനവധി യാളുകൾ വന്നുചേരുന്നു. ഇങ്ങനെയുള്ള അവസരങ്ങളിൽ പബ്ലിക്കുഹെൽത്തിൻെറ പ്രചരണവകുപ്പു് കാൎയ്യക്ഷമമായി പ്രവൎത്തനം നടത്തുന്നുവെങ്കിൽ പൊതുജനങ്ങൾക്കു് ഈവക കാൎയ്യങ്ങളെപ്പററി സാമാന്യമായ അറിവു നല്കാൻ സാധിക്കുമായിരുന്നു. ഇന്നു സാംക്രമിക രോഗങ്ങൾ എന്താണെന്നുതന്നെ ഗ്രാമവാസികൾക്കു അറിയാൻ പാടില്ലാതെയാണിരിക്കുന്നതു്. സർ, നമ്മുടെ സിനിമാഹാളിലും മററും ന്യൂസ് റീൽ പ്രദർശിപ്പിക്കുന്നുണ്ടു്. സാംക്രമികരോഗങ്ങളെപ്പററി പൊതുജനങ്ങൾക്കു് ഒരു പരിജ്ഞാനം ഉളവാക്കുന്നതിനുവേണ്ടി എല്ലാ സിനിമാ ഹാളിലും ഇതിനെപ്പററിയുള്ള ഫിലിം പ്രദർശിപ്പിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ കൊടുക്കേണ്ടതാണു്. അങ്ങനെ സംസ്ഥാനത്തുള്ള എല്ലാ സിനിമാഹാളിലും പബ്ലിക്കുഹെൽത്തിലെ പ്രചരണവകുപ്പു മുഖേന സാംക്രമികരോഗങ്ങളെ തടയുന്നതിനുള്ള മാൎഗ്ഗങ്ങൾ സിനിമാ പ്രദർശനംവഴി നല്കുന്നതു കൂടുതൽ പ്രയോജനപ്രദമായിരിക്കുമെന്നാണു് എൻെറ അഭിപ്രായം. സർ, അതുപോലെതന്നെ മറെറാരുകാൎയ്യം എനിക്കു പറയാനുള്ളതു്, സാധുക്കളായ കുട്ടികൾക്കു പബ്ളിക്കുഹെൽത്തിൽനിന്നും പാൽപ്പൊടി വിതരണം ചെയ്യുന്നുണ്ടു്. എന്നാൽ ഈ വിതരണത്തിൽ പല തകരാറും കൈകടത്തലും നടക്കുന്നുണ്ടു്. വിതരണം ചെയ്യാൻ ഏല്പിക്കുന്ന പാൽപ്പൊടിയിൽ ഭൂരിഭാഗവും ഇന്നു കരിഞ്ചന്തവ്യാപാരം ചെയ്യപ്പെടുന്നുവെന്നു പറഞ്ഞാൽ ഒട്ടും അതിശോക്തിയല്ല.

ശ്രീ. പി. കെ. കുഞ്ഞു്: പാൽപ്പൊടി കരിഞ്ചന്തവ്യാപാരം ചെയ്യപ്പെടുന്നു എന്നുള്ളതിനു് വല്ല തെളിവും മെമ്പറിൻെറ പക്കലുണ്ടോ ?

ശ്രീ. എ. എ. റഹീം: സർ, തെളിവുകൾ തരാൻ ഞാൻ തയ്യാറാണ്. ഉത്തരവാദബോധത്തോടുകൂടിയാണു ഞാൻ പറയുന്നതു്. സാധുക്കളായ കുട്ടികളുടെ പേരിൽ വിതരണം ചെയ്യാൻ അനുവദിച്ചിട്ടുള്ള ഈ പാൽപ്പൊടി കരിഞ്ചന്തവ്യാപാരം ചെയ്യുന്നതു ഒരിയ്ക്കലും ആശാസ്യമല്ല. ആ കാര്യത്തിൽ ഗവണ്മെൻറ ശ്രദ്ധിക്കേണ്ടതാണ്. മറ്റൊരു കാര്യം; ഗ്രാമപ്രദേശങ്ങളിലും മററും പ്രസവക്കേസുകൾക്കു് ആവശ്യപ്പെടുന്ന സന്ദർഭങ്ങളിൽ മിഡൈ്വഫുമാരെ ലഭിക്കുന്നില്ലെന്നുള്ളതാണ്. മിഡൈ്വഫുമാരുടെ അഭാവത്തെയും അപര്യാപ്തതയെയും സംബന്ധിച്ചു് പല സന്ദർഭങ്ങളിലും ഈ നിയമസഭയിൽ പരാതിയുണ്ടായിട്ടുണ്ടു്. എന്നാൽ കൂടുതൽ മിഡൈ്വഫുമാരെ നിയമിക്കുവാൻപോകുന്നുവെന്നു് ഇപ്പോൾ അറിയുന്നതിൽ സന്തോഷിക്കുന്നു. സർ, ഗ്രാമപ്രദേശങ്ങളിൽ നടക്കുന്ന പ്രസവക്കേസുകൾക്കു് മിഡൈ്വഫുകളുടെ ആവശ്യം നേരിടുന്ന സന്ദർഭത്തിൽ, ആവശ്യക്കാർ അവരുടെ വസതിയിൽച്ചെന്നു അപേക്ഷിച്ചാൽതന്നെയും ചിലർ നിരസിക്കുകയാണു ചെയ്യുന്നതു്. വാസ്തവത്തിൽ മനുഷ്യസേവനം അനുഷ്ഠിക്കുന്നതിനായിട്ടു് നിയോഗിക്കപ്പെട്ടിരിക്കുന്ന ഈ മിഡൈ്വഫുകൾ മനുഷ്യസേവനമനഃസ്ഥിതിക്കുപകരം, കച്ചവടമനഃസ്ഥിതിയാണു ചിലപ്പോൾ കാണിക്കുന്നതു്. അഡ്വാൻസായി പണം കൊടുത്തില്ലെങ്കിൽ ചില മിഡൈ്വഫുകൾ വിളിച്ചാൽ വരികയില്ലെന്നു പരാതിയുണ്ടു്. തീരപ്രദേശങ്ങളിലും ഈ ഒരു അനാഥാവസ്ഥയാണു കണ്ടുവരുന്നതു്. മിക്കവാറും തീരപ്രദേശങ്ങളിലെ ഗർഭിണികൾ പാവങ്ങളാണ്. സാമ്പത്തികശേഷിയില്ലാത്ത സാധുക്കളാണ്. തീരപ്രദേശങ്ങളിൽ അധിവസിക്കുന്നവരായ സ്ത്രീകളുടെ പ്രസവ സംബന്ധമായ ശുശ്രൂഷകൾ നിർവ്വഹിക്കുന്നതിനുവേണ്ടി കൂടുതൽ മിഡൈ്വഫുകളെ നിയമിക്കേണ്ടതു വളരെ ആവശ്യമാണ്. സർ, പണ്ടാരത്തുരുത്തു്, ചെറിയഴീക്കൽ മുതലായ സ്ഥലങ്ങളിൽ ഉണ്ടാകുന്ന പ്രസവക്കേസുകളിൽ പ്രഥമ ശുശ്രൂഷയുടെ കുറവുകൊണ്ടു് ധാരാളം മരണങ്ങൾ സംഭവിക്കുന്നുണ്ടു്. അതുപോലെതന്നെ, മൈനാഗപ്പള്ളിയിലും മിഡൈ്വഫുകളുടെ ആവശ്യം ഒഴിച്ചുകൂടാവുന്നതല്ല. സംസ്ഥാനം ഒട്ടാകെ പഞ്ചായത്തുകൾ സംഘടിപ്പിച്ചു് വിപുലീകരിക്കാൻപോകുന്ന ഈയവസരത്തിൽ ഓരോ പഞ്ചായത്തിൻെറയും കീഴിൽ മിഡൈ്വഫുകളെ നിയമിക്കുന്നതു പൊതുജനങ്ങൾക്കു വളരെ ഉപകാരപ്രദമായിരിക്കും. മാത്രമല്ല, സാനിട്ടേഷൻ സംബന്ധിച്ചു സാനിട്ടറി അസിസ്റ്റൻറന്മാരെയും ഓരോ പഞ്ചായത്തിലേയ്ക്കും നിയമിക്കേണ്ടതു് അത്യാവശ്യമായ ഒരു കാര്യമാകുന്നു. അങ്ങനെയായാൽ നാട്ടിൻെറ നാനാഭാഗങ്ങളിലും അപ്പോഴപ്പോൾ ഉണ്ടാകുന്ന സാംക്രമികരോഗങ്ങളെപ്പററിയും, നിവാരണനടപടികളെപ്പററിയും മററും വേണ്ട നിർദ്ദേശങ്ങൾ നല്കാൻ സാധിക്കുന്നതാണ്. ഇപ്പോൾ കരുനാഗപ്പള്ളിയിൽ ഒരു ഹെൽത്തു് സെൻറർ ഉണ്ടു്. അതു് എത്രത്തോളം അപര്യാപ്തമാണു എന്നുള്ളതു ബഹുമാനപ്പെട്ട മന്ത്രി അന്വേഷിച്ചാൽ മനസ്സിലാകുന്നതാണ്. ഹെൽത്തു സെൻററിനെമാററി, അതിനുപകരം ഒരു ആശുപത്രി സ്ഥാപിക്കുന്നതായാൽ നാട്ടുകാർക്കു കൂടുതൽ പ്രയോജനമാകുമായിരുന്നുവെന്നു ഞാൻ ഈയവസരത്തിൽ ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നു. അവിടെയുള്ള ഹെൽത്തു സെൻററിലെ ഡാക്ടർ പെൻഷൻ പററി പോകാറായ ഒരു ഉദ്യോഗസ്ഥനാണെങ്കിലും അദ്ദേഹത്തെ സംബന്ധിച്ചു പത്രങ്ങളിൽപ്പോലും പരാതികൾ ഉണ്ടായിട്ടുണ്ടു്. ഈ കാര്യം ഗവണ്മെൻറിനു് അറിയാമെന്നുതന്നെ ഞാൻ മനസ്സിലാക്കുന്നു. മേലാൽ

[ശ്രീ. എ. എ. റഹിം]

ഇത്തരം പരാതികഠം ഉണ്ടാക്കാനുള്ള സന്ദർഭം ഉണ്ടാകരുതെന്നുകൂടി ഞാൻ ഗവണ്മെൻറിനെ അനുസ്മരിപ്പിക്കുന്നു. സർ, മറെറാരു കാര്യം എനിക്കു പറയാനുള്ളതു്, ആ സ്ഥലത്തു് വിസ്താരമേറിയ ഒരു കുളമുണ്ടു്. ആ കുളം മലിനവസ്തുക്കളുടെ സാങ്കേതസ്ഥാനമാണു്. ഈ കുളത്തിൽനിന്നും ഉണ്ടാകുന്ന ദുർഗ്ഗന്ധവും കൊതുകും നിമിത്തം പല സാംക്രമികരോഗങ്ങളും ഉത്ഭവിക്കാൻ ഇടയാകുന്നുണ്ടു്. എന്റെ സ്നേഹിതൻ ഡാക്ടർ സുകുമാരൻ പറഞ്ഞതുപോലെ കരിപ്പുഴയുള്ള നൈററ്സായിൽഡിപ്പോയുടെ കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. ഈ നൈററ്സായിൽഡിപ്പോ അവിടെനിന്നു മാററുന്നതു് പൊതുജനങ്ങളോടു കാണിക്കുന്ന ഒരു നന്മമാത്രമായിരിക്കും.

സർ, മറെറാരു പുതിയരോഗം ഇവിടെ പടന്നു പിടിച്ചിരിക്കുകയാണു്. അതായതു്, ആരെന്തുചെയ്താലും, പറഞ്ഞാലും അവയെല്ലാം കാൺഗ്രസ്സുകാരെ കുററംപറയുന്ന ഒരു പതിവു്. ഈ സാംക്രമികരോഗത്തെ വളത്തുവാനുള്ള ചിലരുടെ ശ്രമം തടയേണ്ടതു വളരെ അത്യാവശ്യമായ ഒരു കാര്യമാണെന്നും അതു പടന്നുപിടിക്കാതിരിക്കാനുള്ള ഏർപ്പാടുകഠം ചെയ്യണമെന്നും പറഞ്ഞുകൊണ്ടു ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

ശ്രീ. കെ. മഞ്ജുനാഥപ്രഭു: സർ, പൊതുജനങ്ങളുടെ ആരോഗ്യത്തെ നിലനിറുത്തുന്നതിനും, സംരക്ഷിക്കുന്നതിനും മററുമായി ഏർപ്പെടുത്തിയിട്ടുള്ള ഒരു ഡിപ്പാർട്ടുമെൻറാണു് പബ്ലിക്ക ഹെൽത്തു്. ഈ ഡിപ്പാർട്ടുമെൻറുകൊണ്ടു് യഥാർത്ഥത്തിൽ കൂടുതൽ നന്മയുണ്ടാകേണ്ടതു് റൂറൽ ഏറിയാകളിലാണു്. ആ സ്ഥലങ്ങളിലാണു് പല കാരണവശാലും രോഗങ്ങഠം പടർന്നുപിടിക്കാനുള്ള സാഹചര്യമുണ്ടാകുന്നതു്. നമ്മുടെ സംസ്ഥാനത്തു് ഈവകകാര്യങ്ങഠംക്കായി പ്രവത്തനം നടത്തുന്ന ഈ ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ ധാരാളം കൺസർവെൻസികളുണ്ടു്. എന്നാൽ ഭൂരിഭാഗവും മൈനർ കൺസർവെൻസികളാണെന്നുമാത്രമല്ല, ഉദ്ദേശിക്കുന്ന നന്മകളൊന്നും അതുകൊണ്ടുണ്ടാകുന്നുമില്ല. മൈനർ കൺസർവെൻസിയുള്ള മിക്കസ്ഥലങ്ങളും പഞ്ചായത്തിന്റെ ആവിർഭാവത്തോടുകൂടി മേജർ കൺസർവെൻസിയാക്കേണ്ട സാഹചര്യം ഉണ്ടായിരിക്കയാണു്. അല്ലെങ്കിൽത്തന്നെയും ജനങ്ങഠം തിങ്ങിപ്പാക്കുന്ന സ്ഥലങ്ങളിലുള്ള മൈനർ കൺസർവെൻസികളെല്ലാം മേജർ കൺസർവെൻസികളാക്കേണ്ടതാണു്.

മറെറാരു കാര്യം പറയാനുള്ളതു്, റൂറൽഭാഗങ്ങളിലെ ജനങ്ങളുടെ ആഹാരസാധനങ്ങളിൽ വന്നുകൂടുന്ന കുഴപ്പങ്ങളെപ്പററിയാണു്. സർ, ഇവിടെ ഒരു ഫുഡ് അഡൽറററേഷൻ നിയമം നിലവിലുണ്ടെങ്കിലും, അതിനെ പലപ്പോഴും അതിലംഘിച്ചാണു് ആഹാരസാധനങ്ങഠം വിതരണം ചെയ്യുന്നതു്. ആഹാരസാധനങ്ങളിൽ മററു സാധനങ്ങഠം കലർത്തുന്നതുകൊണ്ടു് അതു് ഭക്ഷിക്കുന്നവർക്കു് രോഗം ബാധിക്കാനിടയാകുന്നു. ഇങ്ങനെ എന്റെ നിയോജകമണ്ഡലത്തിൽത്തന്നെ പല ഭാഗങ്ങളിലും ആഹാരസാധനങ്ങളിൽ മായം ചേക്കുന്നതുനിമിത്തം അനവധി ആളുകഠം രോഗബാധിതരായിട്ടുണ്ടു്. റൂറൽ ഭാഗങ്ങളിൽ താമസിക്കുന്ന ഈ സാധുക്കഠംക്കു് സാമ്പത്തികശേഷിക്കുറവുനിമിത്തം ആവശ്യമായ

ചികിത്സകൾ ലഭിക്കുന്നില്ല. അതുകൊണ്ടു് എനിക്കു പറയാനുള്ളതു്, പബ്ലിക്കു ഹെൽത്തു ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ ഒരു മൂവിംഗ് ഹാസ്പിററൽ സ്ഥാപിച്ചു്, ഗ്രാമപ്രദേശങ്ങളിലെ രോഗബാധിതരായ സാധുക്കളെ സൗജന്യമായി ചികിത്സിക്കണമെന്നാണു്. കഴിഞ്ഞ വർഷം കൊച്ചിയിൽ മട്ടാഞ്ചേരി തുടങ്ങിയ സ്ഥലങ്ങളിൽ പകർച്ചവ്യാധികൾ പടർന്നുപിടിച്ചതിൻെറ ഫലമായിട്ടു് അനവധി സാധുക്കൾ അകാലനിര്യാണം പ്രാപിച്ചിട്ടുണ്ടു്. മേലാൽ ഇത്തരം പകർച്ചവ്യാധികൾ പട്ടണങ്ങളിൽ മാത്രമല്ല, നാട്ടിൻപുറങ്ങളിൽക്കൂടി പടർന്നുപിടിക്കാതിരിക്കത്തക്കവണ്ണം ഈ ഡിപ്പാർട്ടുമെൻറിൽനിന്നും വേണ്ട നടപടികൾ കൈക്കൊള്ളണമെന്നു ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു.

സർ, ഈ ഡിപ്പാർട്ടുമെൻറിലേയ്ക്കുള്ള എസ്റ്റാബ്ലിഷ്മെൻറ ചെലവിലേയ്ക്കായി ഒരിനത്തിൽ 72,400 രൂപാ, മറെറാരിനത്തിൽ 6,000 രൂപാ, ഇനിയൊരിനത്തിൽ 2,000 രൂപ ഇങ്ങനെ പലയിനത്തിലും തുക കൂടുതലായി കൊള്ളിച്ചിട്ടുണ്ടു്. അതു് തികച്ചും സ്വാഗതാർഹമാണു്. അങ്ങനെയൊരു നല്ലകാര്യമെങ്കിലും ഈ ബഡ്ജററിൽ കൊള്ളിച്ചതിൽ എനിക്കു അതിയായ സന്തോഷമുണ്ടു്. ഈ ഡിപ്പാർട്ടുമെൻറിൽ ഇങ്ങേയററത്തെ സേവനം അനുഷ്ഠിച്ചുവരുന്ന കുറെയധികം സാധുക്കൾ, അതായതു്, ചന്തസ്ഥലങ്ങൾ തൂക്കുന്നവർ, തെരുവുതൂപ്പുകാർ, ഓട കഴുകുന്നവർ, റോഡു തൂപ്പുകാർ എന്നിങ്ങനെ കുറെയധികം സാധുക്കൾ പൊതുജനങ്ങളുടെ ആരോഗ്യത്തെ രക്ഷിക്കുന്നതിനായി ജോലി നോക്കുന്നുണ്ടു്. പട്ടണങ്ങളിലും പരിസരങ്ങളിലുമുള്ള മലിനവസ്തുക്കൾ നിർമ്മാർജ്ജനം ചെയ്യുന്നതിൽ സേവനം അനുഷ്ഠിക്കുന്ന ഈ വിഭാഗക്കാർക്കു് എന്തെങ്കിലും ശമ്പളം കൂടുതൽ നല്കേണ്ടതു് വളരെ അത്യാവശ്യമാണു്. കാൺഗ്രസ്സു ഗവണ്മെൻറു് ഇങ്ങനെയുള്ള ജീവനക്കാരെ പിരിച്ചുവിടുകയും ശമ്പളം കുറയ്ക്കുകയും മററും ചെയ്തിരുന്നു. വിശേഷിച്ചും യുദ്ധകാലത്തു് ഇങ്ങനെയുള്ള പിരിച്ചുവിടൽ നിമിത്തം പിരിഞ്ഞുപോരേണ്ടിവന്നവർ പല വിധത്തിലുള്ള ദുരിതങ്ങൾ അനുഭവിച്ചിട്ടുണ്ടു്. ഞാൻ കാൺഗ്രസ്സുകാരെ കുററം പറയുകയല്ല.

മറെറാരു കാര്യം എനിക്കു പറയാനുള്ളതു്, മെഡിക്കൽ കൗൺസിലിനെപ്പററിയാണു്. ദൈനംദിനം രോഗികൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ സംസ്ഥാനത്തു് വൈദ്യന്മാരുടെയും, ഡാക്ടർമാരുടെയും ആവശ്യം കൂടിക്കൊണ്ടിരിക്കുകയാണു്. ആയുർവ്വേദം, അലോപ്പതി, യൂനാനി, സിദ്ധവൈദ്യം എന്നിത്യാദികളിൽ പ്രാവീണ്യം സമ്പാദിച്ചിട്ടുള്ളവർക്കു് മെഡിക്കൽ കൌൺസിൽ മുഖേന വേണ്ട പ്രോത്സാഹനം നല്കി ആ കുറവു പരിഹരിക്കേണ്ടതാണു്.

അടുത്തതായി പറയാനുള്ളതു്, മെറേറർണിററിയെ സംബന്ധിച്ചാണു്. കൊച്ചി സംസ്ഥാനത്തെ അപേക്ഷിച്ചു് തിരുവിതാംകൂറിൽ പ്രസവശുശ്രൂഷാകേന്ദ്രങ്ങൾ കുറവാണു്. കൊച്ചിയിലുള്ളവ ഒരുവിധം കാര്യക്ഷമമായിത്തന്നെ പ്രവർത്തിക്കുന്നുണ്ടു്. എന്നാൽ തിരുവിതാംകൂറിൻെറ വടക്കുഭാഗങ്ങളിൽ പറയത്തക്കവണ്ണം പ്രസവശുശ്രൂഷാസഹായം ലഭിക്കുന്നില്ല. ആ സ്ഥലത്തുള്ള അധികമാളുകളും പ്രസവസംബന്ധമായ സുഖക്കേടുകളാൽ മരണമടയുന്നുണ്ടു്. അതുകൊണ്ടു് കൊച്ചി വിഭാഗത്തെപ്പോലെ കാര്യക്ഷമമായ രീതിയിലുള്ള പ്രസവശുശ്രൂഷാകേന്ദ്രങ്ങൾ സ്ഥാപിച്ചു് ആ കുറവു പരിഹരിക്കേണ്ടതാണു്. ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. (ബെൽ)

ശ്രീ. പി. കെ. കുഞ്ഞു്: സർ, പബ്ലിക്ക ഹെൽത്തു ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചു ഇവിടെ പല വാദപ്രതിവാദങ്ങളും, വിമർശനങ്ങളും നടക്കുകയുണ്ടായി. പൊതുജനാരോഗ്യത്തെ സംബന്ധിച്ചു് ഏതാനും നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട മെംബറന്മാർ ചിലർ നല്കിയതിൽ എനിക്കു് അതിയായ സന്തോഷമുണ്ടു്. അതിലേയ്ക്കു അവരോടു് ഞാൻ നന്ദിയുള്ളവനാണു്. മററ ചില ബഹുമാനപ്പെട്ട മെംബറന്മാർ ഈ സഭയിൽ ഉന്നയിച്ചിട്ടുള്ള ചില വാദമുഖങ്ങൾ വെറും തെററിദ്ധാരണയുടെ അടിസ്ഥാനത്തിലാണെന്നു പറയേണ്ടിവന്നതിൽ ഖേദിക്കുന്നു. അതായതു്, ബഡ്ജററിൽ ഈ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം ഓരോ ഇനത്തിലും ഓരോ ലക്ഷം രൂപ വീതം വെട്ടിക്കുറച്ചിരിക്കുന്നുവെന്നാണു് അവരുടെ ആരോപണങ്ങൾ. കാര്യങ്ങൾ നല്ലതുപോലെ മനസ്സിലാക്കാതെയാണു് ഇപ്രകാരം ആരോപണങ്ങൾ നടത്തിയിരിക്കുന്നതു്. ആരോപണങ്ങളിൽ പ്രധാനപ്പെട്ട രണ്ടു കാര്യമാണുള്ളതു്. ഒന്നു്, മലേറിയായ്ക്കും മന്തുരോഗത്തിനുംവേണ്ടി അതർഹിക്കുന്ന വിധത്തിലുള്ള തുക ബഡ്ജററിൽ കൊള്ളിച്ചിട്ടില്ലെന്നുള്ളതാണു്. അതുപോലെതന്നെ മെറേറർണിററിയെ സംബന്ധിച്ചു ഒരുലക്ഷം രൂപ മുൻബഡ്ജററിനെ അപേക്ഷിച്ചു് വെട്ടിക്കുറച്ചിരിക്കുന്നുവെന്നതാണു് മറെറാരാരോപണം. എനിക്കു് ബഹുമാനപ്പെട്ട മെംബറന്മാരോടു് ഇതിനെപ്പററി പറയാനുള്ളതു്, ഈവക സംഗതികൾ ഭംഗിയായി നടത്തുന്നതിനുവേണ്ടി ഇൻഡ്യാ ഗവണ്മെൻറിന്റെ ഏജൻസികൾ മുഖാന്തിരം സകല ഏർപ്പാടുകളും ചെയ്യുകയും, അതിലേയ്ക്കു് പ്രത്യേകം ഫണ്ടു് നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ടെന്നാണു്. അതുകൊണ്ടു് ആ കാര്യങ്ങളിൽ വലിയ ആശങ്കയ്ക്കു വകയില്ല. മറെറാന്നു ഈ അവസരത്തിൽ എനിക്കു പറയാനുള്ളതു്, സംസ്ഥാനത്തു ശുദ്ധജലം ലഭിക്കുന്നില്ലെന്നുള്ള പരാതി അടിസ്ഥാനപ്പെടുത്തി മിക്കവാറും ഗ്രാമപ്രദേശങ്ങളിലും അല്ലാതുള്ള സ്ഥലങ്ങളിലും ശുദ്ധജലവിതരണത്തിനുവേണ്ടി ഈ ബഡ്ജററിൽ ഒരുലക്ഷം രൂപ കൂടുതൽ കൊള്ളിച്ചിട്ടുണ്ടെന്നാണു്. ഈ തുക കൊള്ളിച്ചിരിക്കുന്നതു് കുഴൽക്കിണറുകൾ സ്ഥാപിക്കുന്നതിനുവേണ്ടിയാണു്. ശുദ്ധജലം ലഭിക്കുന്നതിനു് വളരെ പ്രയാസമുള്ള സ്ഥലങ്ങളിലാണു് കുഴൽക്കിണർ സ്ഥാപിക്കാൻ ഗവണ്മെൻറ വിചാരിക്കുന്നതു്.

ശ്രീ. എം. ഭാസ്കരൻ നായർ: നമ്മുടെ പി. ഡബ്ല്യു. ഡിപ്പാർട്ടുമെൻറിൽ കുഴൽക്കിണർ ഉണ്ടാക്കുന്നതിനുവേണ്ടി ഒരു മിഷ്യൻ വരുത്തിയിട്ടുള്ളതായി അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു്: മിഷ്യൻ ഉണ്ടെങ്കിലും ആ മിഷ്യൻ കൊണ്ടു മതിയാകുന്നതല്ല.

ലട്രീൻ കുറെ കൂടുതൽ നിർമ്മിക്കുന്ന കാര്യത്തെപ്പററി ഇവിടെ പറയുകയുണ്ടായി. കരുനാഗപ്പള്ളിയിൽ മാത്രം പോരാ എല്ലാ സ്ഥലങ്ങളിലും വേണം. സ്ത്രീജനങ്ങൾ ഈ കാര്യത്തിൽ വളരെ വൈഷമ്യം അനുഭവിക്കുന്നു എന്നെല്ലാം ശ്രീമതി ഗൗരി പറയുകയുണ്ടായി. ഈ കാര്യങ്ങൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടതിന്റെ ഫലമായി ഒരുലക്ഷത്തിചില്വാനം രൂപ ഇതിലേയ്ക്കായി ഇക്കൊല്ലത്തെ ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. എല്ലാ സ്ഥലങ്ങളിലും ഇതു് പണിയിക്കണമെന്നാണു് ഗവണ്മെൻറിന്റെ ആഗ്രഹമെങ്കിലും ഗവണ്മെൻറിന്റെ പരിമിതമായ സാമ്പത്തികനിലയനുസരിച്ചു് ഗവണ്മെൻറ് ഇപ്പോൾ ഇത്രയും

തുക കൊള്ളിച്ചിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മെംബർ ശ്രീ. മഞ്ജുനാഥപ്രഭു അവർകൾ പ്രസ്താവിച്ചതുപോലെ ഇത്തവണ 72,000 രൂപ ഒരു പ്രത്യേകം ചെലവിനമായി വന്നിട്ടുണ്ട്. അതിന്റെ കാരണം പബ്ലിക്ക് ഹെൽത്ത് ഡിപ്പാർട്ടുമെന്റിൽ ശിപ്പായിമാരുടെയും മററും ശമ്പളം 42 രൂപയായിരുന്നത് 20 രൂപയാക്കി വെട്ടിക്കുറച്ചിട്ടുണ്ടായിരുന്നു; അവരെ ഫുൾടൈം ആയി നിയമിച്ച് അവർക്ക് പഴയ ശമ്പളവും കൊടുത്ത് അവരുടെ പ്രശ്നത്തിനു പരിഹാരമുണ്ടാക്കണമെന്നു വിചാരിച്ചാണ് ഈ തുക കൂടുതലായി കൊള്ളിച്ചിട്ടുള്ളത്. ഇതെല്ലാം വളരെക്കൊല്ലങ്ങളായി ഉള്ള അപേക്ഷകളുടെ ഫലമായി ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്. ഇവിടെ പറയുകയുണ്ടായി, ഗ്രാമപ്രദേശങ്ങളിലും മററും സ്ത്രീകൾക്ക് സൗകര്യമായി പ്രസവിക്കുന്നതിനു തക്കവണ്ണമുള്ള പ്രസവവാർഡുകൾ ഉണ്ടാക്കണമെന്ന കാര്യത്തെക്കുറിച്ച്. അത് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അതിനാവശ്യമുള്ള തുകയും കൊള്ളിച്ചിട്ടുണ്ട്. മിഡ്‌വൈഫുകളെക്കുറിച്ചു പറയുകയാണെങ്കിൽ ഈ സംസ്ഥാനത്ത് നമുക്കുവേണ്ടത്ര മിഡ്‌വൈഫുകൾ ഇല്ലെന്നുള്ളത് ശരിയാണ്. ഇവിടെ 253 മിഡ്‌വൈഫുകൾ പ്രവർത്തനം നടത്തുന്നുണ്ട്. ഓരോ ഡിസ്ട്രിക്ററിലും ഓരോ പബ്ലിക്ക്ഹെൽത്ത് നേഴ്സും അവരുടെ താഴെ മിഡ്‌വൈഫുകളുമാണ് പ്രവർത്തനം നടത്തുന്നത്. ഇത്തവണ കൂടുതൽ ആളുകളെ നിയമിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ഓരോ കൊല്ലവും കൂടുതൽ നിയമിക്കുന്നതാണ്. എന്നാൽ ചിലപ്പോൾ ആവശ്യമുള്ള പണം ഗവണ്മെന്റിന് ഇല്ലെന്നു വന്നേക്കും. ശരാശരി മൂന്നു മൈലിനകത്തുള്ള സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നതിന് ഒരു മിഡ്‌വൈഫുവീതം വയ്ക്കുന്നതിനു ഗവണ്മെന്റിനഭിപ്രായമുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി : തിരുവിതാംകൂറിൽ എത്ര മിഡ്‌വൈഫറി സെന്റർ ഉണ്ട്?

ശ്രീ. പി. കെ. കുഞ്ഞ് : തിരുവിതാംകൂറിൽ 153, കൊച്ചിയിൽ 100.

ശ്രീമതി കെ. ആർ. ഗൗരി : ഈ മിഡ്‌വൈഫ്മാർ ആശുപത്രികളിലാണോ ഉള്ളത്?

ശ്രീ. പി. കെ. കുഞ്ഞ് : അല്ല. പബ്ലിക്കഹെൽത്ത് ഡിപ്പാർട്ടുമെന്റിലുള്ളവരാണ്. അവർക്കു കൊടുത്തിരിക്കുന്ന നിർദ്ദേശം അവർ അവരുടെ സ്ഥലങ്ങളിൽ ഗർഭിണികളായ സ്ത്രീകളെ അഞ്ചുമാസം മുതൽ ഒൻപതുമാസംവരെ മാസത്തിൽ രണ്ടുപ്രാവശ്യം സന്ദർശിച്ചു വേണ്ട നിർദ്ദേശം കൊടുക്കണം, ഗർഭിണികളുടെ മൂത്രം പരിശോധിക്കണം, അവർക്കാവശ്യമുള്ള മരുന്നുകൊടുക്കണം, ഒൻപതുമാസം മുതൽ പത്തുമാസം വരെ ആഴ്ചതോറും പരിശോധിക്കണം. പ്രസവിച്ചു കഴിഞ്ഞാൽ പത്തു ദിവസം, ദിവസവും അവരുടെപോകണം. അവർക്ക് പ്രൈമറിയായും സെക്കൻഡറിയായും ഉള്ള ചികിത്സനൽകണം.

ശ്രീ. എൻ. ജി. ചാക്കോ : ഇതിന് അവർക്കു പ്രത്യേകം ഫീസ് കൊടുക്കേണ്ടതുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ് : ആവശ്യമില്ല. ഇതു കൂടാതെ എല്ലാ ഡിസ്ട്രിക്ററ് ആശുപത്രികളിലും ലേഡീ ഡാക്ടർമാരെയും നിയമിക്കുന്നുണ്ട്. ഹെൽത്തുയൂണിററുകൾ ഉണ്ടാകുന്നപക്ഷം പൊതുവെ ജനങ്ങളുടെ

[ശ്രീ. പി. കെ. കുഞ്ഞു്]

ആരോഗ്യപരമായ നില നന്നാകുമെന്നും രോഗനിവാരണമുണ്ടാകുമെന്നും ഉള്ള അഭിപ്രായത്തോടു ഞാൻ യോജിക്കുന്നു. അതിനു മുൻകൂട്ടിയുള്ള സകല നടപടികളും എടുക്കുന്നുണ്ടു്. പക്ഷെ, എനിക്കു് ഒരു കാര്യം പറയുവാൻ കഴിയും. എത്ര പ്രവർത്തിച്ചാലും മതിയാകാത്ത ഒരു ഡിപ്പാർട്ടുമെൻറാണു് ഇതു്. രാജ്യത്തു് സാംക്രമികരോഗങ്ങൾ ധാരാളമുണ്ടു്, തൊഴിലില്ലായ്മയുണ്ടു്, പട്ടിണിയും മററം ഒരുവശത്തു്, ഇങ്ങനെ പല പ്രശ്നങ്ങളുണ്ടു്. ഇവ പരിഹരിക്കാനുള്ള നടപടികളെല്ലാം എടുക്കുന്നുണ്ടു്.
441 മിഡ്‌വൈഫുമാരെ നിയമിക്കണമെന്നാണു് വിചാരിച്ചിട്ടുള്ളതു്. അതിനു് ഇന്നു പരിശീലനം സിദ്ധിച്ച ആളുകൾ കുറവാണു്. അതിനു വേണ്ടിയാണു് പരിശീലനകേന്ദ്രങ്ങൾ തുറക്കുന്നതു്. മി. മാത്യൂ പറയുകയുണ്ടായി മററ ചില സ്ഥാപനങ്ങളിൽ പഠിച്ചിട്ടുള്ള ആളുകളെ ഇതിനു നിയമിക്കരുതോയെന്നു്. പക്ഷെ എനിക്കു പറയുവാനുള്ളതു് ഇതിനെല്ലാം ചില നിയമങ്ങളും ചില യോഗ്യതകളും വച്ചിട്ടുണ്ടു്. അതനുസരിച്ചുവേണം പ്രവർത്തിക്കുവാൻ എന്നാണു്.

ശ്രീ. സി. ഏ. മാത്യൂ : തിരുവല്ലാ മിഷൻ ആശുപത്രിയിൽ ട്രയിനിംഗു് ഉള്ളവരുണ്ടു്. അവരെ ഡിപ്പാർട്ടുമെൻറിൽ നിയമിക്കാൻ വല്ല തടസ്സവുമുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: ട്രെയിനിംഗ് കഴിച്ചിട്ടുള്ളവർക്കു് ക്വാളിഫിക്കേഷൻ ഉണ്ടെങ്കിൽ അവരെയും നിയമിക്കുവാൻ പ്രതിബന്ധമൊന്നുമില്ല.

ശ്രീ. പ്രാക്കുളം ഭാസി : പഞ്ചായത്തുകൾതോറും മിഡ്‌വൈഫുമാരെ നിയമിക്കാമോ?

ശ്രീ. പി. കെ. കുഞ്ഞു്: നമ്മുടെ രാജ്യത്തു് മിഡ്‌വൈഫുമാരുടെ കുറവുണ്ടു്. അതുകൊണ്ടു് എല്ലാ പഞ്ചായത്തുകളിലും നിയമിക്കുവാൻ സാധിക്കുമോയെന്നാലോചിക്കേണ്ടതാണു്. ഏതായാലും ആ കാര്യം ആലോചിക്കുന്നതാണു്. മി. ഏബ്രഹാം എറണാകുളത്തു് ഇതിനുള്ള ഒരു പ്രൈവററു് സ്ഥാപനം ഉണ്ടെന്നും അതിനെ പ്രോത്സാഹിപ്പിക്കണമെന്നും പറഞ്ഞു. അങ്ങനെ ഈ മാതിരി പ്രവർത്തനങ്ങൾക്കു് ആരെങ്കിലും മുൻപോട്ടു വരുന്നതായാൽ ഗവണ്മെൻറു പ്രോത്സാഹിപ്പിക്കുന്നതായിരിക്കും. ഡാക്ടർ സുകുമാരൻ അവർകൾ ഭോർ കമ്മിററി റിപ്പോർട്ടിനെപ്പററി വിമർശിക്കുകയുണ്ടായി. എൻെറ അഭിപ്രായത്തിൽ ആ റിപ്പോർട്ടിൽ വളരെ പ്രയോജനപ്രദമായ നിർദ്ദേശങ്ങളാണുള്ളതു്. ആ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പബ്ലിക്കുഹെൽത്തു് ഡിപ്പാർട്ടുമെൻറും മെഡിക്കൽ ഡിപ്പാർട്ടുമെൻറും സംയോജിപ്പിച്ചു് ഒന്നു് ആരോഗ്യപരമായ സംരക്ഷണത്തിനും മറെറാന്നു് രോഗനിവാരണത്തിനുംവേണ്ടി പ്രവർത്തിക്കത്തക്കവണ്ണമുള്ള സാദ്ധ്യതയെപ്പററി ഗവണ്മെൻറു് ഗാഢമായി ആലോചിച്ചുകൊണ്ടിരിക്കുകയാണു്. ശ്രീമാൻ സെബാസ്റ്റ്യൻ അവർകൾ അദ്ദേഹത്തിൻെറ പ്രസംഗത്തിൽ തേയിലയിൽ മായം ചേർക്കുന്ന കാര്യത്തെപ്പററി പറയുകയുണ്ടായി. ഏതായാലും അങ്ങനെ മായം ചേർക്കുന്നതു് തെററായ നടപടിയാണു്. ജനങ്ങളുടെ ആരോഗ്യത്തെ പരാമർശിക്കുന്ന ഒരു കാര്യമായതുകൊണ്ടു് അതു കണ്ടുപിടിച്ചു വേണ്ട നടപടിയെടുക്കുവാൻ നിർദ്ദേ

ശങ്ങളും നൽകുന്നുണ്ട്. ശ്രീമാൻ നാരായണൻപോററി അവർകളും അദ്ദേഹത്തിൻെറ പ്രസംഗത്തിൽ പറയുകയുണ്ടായി മന്തുരോഗത്തിൻെറ നിവാരണത്തിനുവേണ്ടി ഒന്നും പ്രവർത്തിക്കുന്നില്ലായെന്ന്. അമ്പലപ്പുഴ, ഹരിപ്പാട്, ചേർത്തല മുതലായ താലൂക്കുകളിൽ ഇൻഡ്യാഗവണ്മെൻറിൻെറ ഒരു ഹെൽത്തുയൂണിററ് പ്രവർത്തിക്കുന്നുണ്ട്. അതിനോടുചേർന്ന് ഇവിടെയും വേണ്ട നടപടിയെടുക്കുന്നുണ്ട്. ലോകാരോഗ്യസംഘടനയുടെ നേതൃത്വത്തിൽ വിതരണം ചെയ്യുവാനായി നൽകിയ അരി മോഷ്ടിച്ചതു സംബന്ധിച്ച് വേണ്ട നടപടികളെടുത്തിട്ടുണ്ട്. പോലീസ് അന്വേഷണം നടത്തുന്നുണ്ട്. ചാർജ്ജുഷീററ് തയ്യാറാക്കി കഴിഞ്ഞുവെന്നാണറിയുന്നത്. കോടതിയിലെ അന്വേഷണത്തിൽ നിൽക്കുന്ന ഒരു കാര്യമായതുകൊണ്ട് അതിനെപ്പററി തൽക്കാലം കൂടുതലായി ഒന്നും പറയുന്നില്ല.

ശ്രീ. പി. രവീന്ദ്രൻ: കരീപ്പുഴ നൈററസായിൽ ഡിപ്പോയുടെ കാര്യം എന്തായി?

ശ്രീ. പി. കെ. കുഞ്ഞ്: ആ കാര്യത്തിലും ഗവണ്മെൻറ ശ്രദ്ധിക്കുന്നുണ്ട്.

Mr. Speaker: Order, order. It is now time for putting the demand to vote.

The cut motions moved by Shri M. M. Mathai and Sry. K. R. Gouri were, by leave, withdrawn.

The question that Government be granted a sum of Rs. 19,04,000 under Demand XX—Public Health, was put and carried.

The grant was made.

DEMAND XXI—AGRICULTURE.

4 P. M.]

Minister for Finance (**Shri P. S. Nataraja Pillai**): Sir, I move for a grant of Rs. 18,19,100 under Demand XXI—Agriculture.

Shri A. Achuthan: I second it.

Shri P. S. Nataraja Pillai: In moving this grant I request the indulgence of this House to place before them one or two facts connected with the working of this department. Sir, generally speaking, it is considered that the Agriculture Department as such is not doing very substantial work in the field of research or experiment, and that it functions only as a manure distributing agency and its activities are not such as to have a return adequate to the amount which we were spending on that branch of service. Sir, in that connection, I would request the hon. Members to review the activities of this department in the past three years and see how far its research branch has benefited the State as a whole. Take, Sir, as a first step, "Direction." Research done by that department has benefited the country to the extent of bringing under cultivation 6,500 acres of Kari lands which were thought absolutely unfit for paddy cultivation. The

[Shri. P. S. Nataraja Pillai]

work of the officers of that department has brought under plough this extensive area which today is a smiling paddy field. Sir, it is not a small matter that in a country like ours which is highly deficit in the matter of food production we were able to produce at least 4½ lakhs of paras of paddy from an area which was considered unfit for cultivation and at the same time giving work to a large number of men. The application of hyper-phosphate and calcium carbonate was done on scientific principles under the guidance and supervision of this branch of service. I would draw the attention of the members—though most of them may know—to the fact that in the course of the last one decade the department was able to create an interest in the agriculturists of this country to such an extent that they are to-day using 20,166 tons of chemical manures in their land and the value of it comes to Rs. 15 lakhs. The Agriculture Department has demonstrated the utility of these chemical manures and has drawn the attention of the agriculturists to the practical benefits they would get in using them and practical demonstrations have induced them to adopt this method with the result, that conservatives as they are, they have purchased these manures to the tune of 14 lakhs of rupees.

Shri M. P. Menon: May I know whether all these purchases were not made by private parties ?

Shri P. S. Nataraja Pillai: Whether purchased by private parties or co-operative societies or by limited companies, the manure is applied to the land and it has increased production. I am only representing to this House that this agricultural branch of service has done good work and they deserve encouragement from this House and from the general public as well. I am saying this, Sir, not in a spirit of elation over something achieved. I am only representing to this House that in spite of great handicaps and great shortcomings, this service has done some real work and to that extent they deserve encouragement from the general public as well.

Sir, in the same way they have been doing research work and demonstration in the matter of producing and popularising new varieties of paddy seeds. The cultivators have purchased and utilised these new strains of paddy seeds, and last year the Department sold new varieties of paddy seeds to the tune of 21,500 paras. So, slowly but steadily the Department is doing that. In the same way they are improving cocoanut cultivation making the trees more resistant to attacks from diseases to which they are subjected to in our country. They produce new varieties of seedlings which are being readily absorbed in the country. Last year they have sold seedlings to the value of Rs. 9,866. That shows the hold which the Department is able to maintain on the agriculturists of the country. They give directions to every agriculturist in the application of manure in the field and their research works for the conversion of unfit soil into cultivable land, for producing new varieties of paddy and cocoanut have been successful. These aspects have

to be considered by this House. I don't say that all that is possible has been done. Sir, the hon. Members know well that this is a matter of long term activity and with the facilities available to the Department they have been able to do so much. I plead for the strengthening of this branch of service realising its primary necessity. I am sure, Sir, that this department will do more strenuous work from this year onwards in accordance with the programme of work budgeted for the coming year. I expect that the hon. Members would give their particular attention to this matter and suggest ways and means so that they may be beneficial to us.

ശ്രീ. എം. വി. ചെറിയാൻ : Reclaim ചെയ്ത കരിലാന്റ് എവിടെയാണെന്നു പറയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള : അമ്പലപ്പുഴ താലൂക്കിൽ.

Mr. Speaker : Mr. K. M. Kora will move cut Motion No. 38 and then Mr. T. A. Majeed, Motion No. 54.

ശ്രീ. ജോസഫ് ചാഴികാട് : സർ, ഒരു പോയിന്റ് ഓഫ് ആർഡർ. ബ്രിട്ടീഷ് പാർലമെന്റ നടപടികളെ സംബന്ധിച്ചു ഇപ്പോഴും പാർലമെന്റ മെമ്പറായിരിക്കുന്ന, പാർലമെന്ററി നടപടികളിൽ പരിചയമുള്ള ഒരാൾ എഴുതിയിട്ടുള്ള ബുക്കിൽനിന്നും ഞാൻ വായിക്കുന്ന ഭാഗത്തെപ്പററി ഒരു തീരുമാനം ചെയ്യണമെന്നു അപേക്ഷിക്കുന്നു.

> "But there may be small parties with different opinions from those of the major parties. The Speaker must also see that the tiniest party—even a party of one Member—is heard in a debate."

Sir, this is from a book named "Parliament and Freedom of Speech", by Horace King, M. P., a recent publication. So, I want a ruling from the Chair that I would be considered as a Party and given a chance to be heard in all the debates conducted in the House. I will read once more, Sir.

Mr. Speaker: You need not repeat. That question will be considered sympathetically.

Shri K. M. Korah : Sir, I move:

"To reduce the total allotment of Rs. 18,19,100 under Demand XXI by Rs. 10."

ചില നിർദ്ദേശങ്ങൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു മാത്രമേ ഈ ഖണ്ഡനോപക്ഷേപംകൊണ്ടു് ഞാൻ ഉദ്ദേശിക്കുന്നുള്ളു. ഈ രാജ്യത്തിനു ഡാളർ സമ്പാദിക്കുന്ന ഉൽപ്പന്നങ്ങളിൽ ററീ ഒഴിച്ചാൽ ഏററവും പ്രാധാന്യം അർഹിക്കുന്നതു കുരുമുളകാണു്. കുരുമുളകുകൃഷിയെ സംബന്ധിച്ചു പറയുകയാണെങ്കിൽ ഗവണ്മെന്റ ഇതുവരെ അതിനെപ്പററി കാര്യമായി ശ്രദ്ധിച്ചിട്ടില്ലെന്നു വേണം പറയാൻ. ലോകത്തെല്ലാം വച്ചു് കുരുമുളകുകൃഷിക്കു് ശീതോഷ്ണസ്ഥിതികൊണ്ടും മണ്ണിന്റെ സ്ഥിതികൊണ്ടും ഏററവും പററിയ പ്രദേശം തിരുവിതാംകൂർ-കൊച്ചി സംസ്ഥാനമാണു്. കുരുമുളകിന്റെ ആവശ്യം വിദേശരാജ്യങ്ങളിൽ ദിവസം

[ശ്രീ. കെ. എം. കോര]

ചെല്ലുന്തോറും കൂടിവരികയാണ്. ആ സ്ഥിതിക്ക് ഗവണ്മെന്റ വേണ്ട പ്രോത്സാഹനം നൽകി ഈ കൃഷിയിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ചാൽ കുരുമുളകിന്റെ മോണോപ്പൊളി നമുക്ക് ലഭിക്കുന്നതാണ്. അങ്ങിനെ മോണോപ്പൊളി നമുക്ക് ലഭ്യമാകുന്നപക്ഷം തീർച്ചയായും കുരുമുളകിന്റെ വില ഡിക്ടേററുചെയ്തു കൊടുക്കാനും നമുക്ക് സാധിക്കും. ഈ രാജ്യത്തു പല കൃഷികളും നടക്കുന്നുണ്ട്. കൃഷിവകുപ്പുമന്ത്രി നെൽകൃഷിയെ സംബന്ധിച്ചു പറഞ്ഞ എല്ലാ കാര്യങ്ങളോടും ഞാൻ പൂർണ്ണമായി യോജിക്കുന്നു. റിസർച്ചുവകുപ്പിന്റെ ഫലമായി പല നല്ലയിനം വിത്തുകൾ കണ്ടുപിടിക്കുന്നതിനും മണ്ണിനുപററിയ വളമിട്ടു കൂടുതൽ വിളവു ഉൽപ്പാദിപ്പിക്കുന്നതിനും റിസർച്ചുവകുപ്പിന്റെ ശ്രമഫലമായി സാധിച്ചിട്ടുണ്ട്. എന്നാൽ കുരുമുളകുകൃഷിയെ സംബന്ധിച്ചിടത്തോളം ഇതുവരെ ഈ രാജ്യം ഭരിച്ച ഒരു ഗവണ്മെന്റും യാതൊരു ശ്രദ്ധയും പതിപ്പിച്ചിട്ടില്ലെന്നുള്ളതു ഖേദകരമാണ്. നെൽകൃഷിയായാലും തെങ്ങുകൃഷിയായാലും അടയ്ക്കാകൃഷിയായാലും കപ്പകൃഷിയായാലും ഒരുവിധത്തിൽ ശാസ്ത്രീയമായിട്ടാണ് കൃഷി നടത്തുന്നതെന്നു സമ്മതിച്ചേ തീരു. ശാസ്ത്രീയാടിസ്ഥാനത്തിലല്ലാതെ നടത്തുന്ന ഒരു കൃഷിയാണ് കുരുമുളക്. നാലഞ്ചുകൊല്ലം ആദായം എടുത്തു കഴിഞ്ഞാൽ കുരുമുളകുചെടി നശിച്ചുപോകുന്നതായി കുരുമുളകു കൃഷിക്കാരിൽനിന്നും നമുക്ക് മനസ്സിലാക്കാൻ കഴിയും. പിന്നെ അവിടെ ചെടി നട്ടുപിടിപ്പിച്ചാൽ വളരുകയില്ല. ഇതിനു കാരണം ഏതോ കെമിക്കൽ വളത്തിന്റെ കുറവാണെന്നു നിഷ്പ്രയാസം മനസ്സിലാക്കാവുന്നതാണ്. അതുപോലെതന്നെ ഈ ചെടിക്ക് ആവശ്യമായ വളം ഏതാണെന്നു ഇതുവരെ കൃഷിക്കാർക്കു മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. പുരയിടങ്ങളിൽ ഈ കൃഷി നടത്തി കുറെ ആദായം എടുക്കും. പിന്നെ പുതുവലിലേയ്ക്കു മാററുകയാണ് ചെയ്യുന്നതു്. ഒരു റിസർച്ചുസ്റ്റേഷൻ കുരുമുളകു കൃഷിക്ക് പ്രാധാന്യമുള്ള സ്ഥലത്തു സ്ഥാപിച്ചു് കൃഷിക്കാർക്ക് ശാസ്ത്രീയാടിസ്ഥാനത്തിലുള്ള നിർദ്ദേശം നൽകി കുരുമുളകിന്റെ വില വേൾഡു മാർക്കററിൽ ഡിക്ടേററുചെയ്യത്തക്ക പരിതഃസ്ഥിതി ഉണ്ടാക്കണമെന്നാണ് എന്റെ വിനീതമായ അഭിപ്രായം. പതിമൂന്നോ പതിനാലോ കോടി രൂപാ Export duty ഇനത്തിൽ ഗവണ്മെന്റ് ഇതിനകം വസൂലാക്കിയിട്ടുണ്ട്. അങ്ങനെ ഇരിക്കുന്ന സ്ഥിതിക്ക് പത്തോ പതിനാലോ ലക്ഷം രൂപാ ചെലവുചെയ്തു ഒരു റിസർച്ചുസ്റ്റേഷൻ കുരുമുളകു കൃഷി ധാരാളമായി ഉള്ള സ്ഥലങ്ങളിൽ എവിടെയെങ്കിലും സ്ഥാപിച്ചു പ്രവർത്തനം നടത്താൻ സാധിക്കും.

മറെറാരു കാര്യംപറയാനുള്ളതു് കരിമ്പു കൃഷിയെ സംബന്ധിച്ചാണ്. പമ്പാറിവർ ഫാക്ടറിയുടെ സമീപസ്ഥലങ്ങളിൽ കരിമ്പുകൃഷി ധാരാളമായി നടക്കുന്നുണ്ട്. ഈ കരിമ്പുകൃഷിക്കാരിൽ നിന്നും നേരിട്ടു മനസ്സിലാക്കിയതു് ഒരേക്കർ സ്ഥലത്തുനിന്നും പരമാവധി 20 ടൺ കരിമ്പ് കിട്ടുന്നു എന്നാണ്. എന്നാൽ ആ സ്ഥലത്തു നിന്നുതന്നെ സൈൻറിഫിക്കായിട്ടു കൃഷിചെയ്യുന്ന പക്ഷം 40 ടൺ വരെ ലഭ്യമാകുന്നുണ്ട്. അതിനുള്ള കാരണം കരിമ്പുകൃഷി സാധാരണയായി ആ സ്ഥലങ്ങളിൽ ആരംഭിക്കുന്നതു ചിങ്ങം, കന്നി മാസങ്ങളിലാണ്. അതു കഴിഞ്ഞിട്ട് വൃശ്ചികം മുതൽ മേടം വരെ കരിമ്പുകൃഷിക്ക് ആവശ്യമായ വെള്ളം ലഭിക്കുന്നില്ല. ഈ പമ്പാറിവർ ഫാക്ടറിയുടെ സമീപമുള്ളതായ ആററിൽ ചില സമയ

ങ്ങളിൽ സുലഭമായി വെള്ളം കിട്ടിക്കൊണ്ടിരിക്കുന്നു. ആ ആററിന്റെ സമീപപ്രദേശങ്ങളിൽ വൃശ്ചികമാസം മുതൽ മേടമാസം വരെ കരിമ്പു കൃഷി ചെയ്തിരിക്കുന്നതു ഞരണ്ടും വരണ്ടും കിടക്കുന്നതായിക്കാണാം. അതിനെ സംബന്ധിച്ച് എനിക്കു പറയാനുള്ളതു ആ സ്ഥലങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ നടപ്പിൽ വരുത്തണമെന്നാണ്. എന്നാൽ അതിനു മറെറാരു പ്രതിബന്ധം വരാൻ ഇടയുണ്ട്. പത്തും ഇരുപതോ പമ്പുവച്ച് വെള്ളം പമ്പുചെയ്താൽ ആററിൽവെള്ളമില്ലാതെയാകും. അങ്ങിനെ വരാതിരിക്കാൻ ആററിൽ ചില അണകൾ കെട്ടി വെള്ളംയി തടഞ്ഞു നിർത്തണം. അങ്ങനെ ചെയ്യുന്നപക്ഷം സാധാരണയായുണ്ടാകാറുള്ള വറവു കാലങ്ങളിൽ കൃഷിക്കുപയോഗപ്പെടുത്താം. തന്മൂലം 20 ടൺ കരിമ്പു ലഭിക്കുന്ന സ്ഥാനത്തുനിന്നും 40 ടൺ കരിമ്പ് നിഷ്പ്രയാസം കിട്ടാൻ സാധിക്കും. അതുപോലെ തന്നെ പമ്പാ റിവർ ഫാക്ടറിയിൽ നിന്നും എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളതു കരിമ്പുകൃഷിക്കാരുടെ കൾട്ടിവേഷൻ എക്സ്പെൻസനുസരിച്ച് വില കിട്ടുന്നില്ല എന്നുള്ളതാണ്. അതു അവിടങ്ങളിലെ കരിമ്പിനു ഷുഗർ കണ്ടൻസിന്റെ അഭാവംകൊണ്ടാണെന്നുമാണ്. ഇതാണ് പമ്പാറിവർ ഫാക്ടറിയുടെ സമീപസ്ഥലങ്ങളിൽ ഈ വില കുറഞ്ഞു കിട്ടാൻ കാരണമായിരിക്കുന്നത്. ഇതു സംബന്ധിച്ച് എനിക്കു നിർദ്ദേശിക്കുവാനുള്ളതു നെൽകൃഷിസംബന്ധിച്ച് സയൻറിഫിക്കുവളം ഉപയോഗിക്കുന്നതുപോലെ ഇതിനു് എന്തു വളം ആവശ്യമാണെന്നു പരിശോധിച്ച് കണ്ടുപിടിച്ച് അതു ചെയ്താൽ കരിമ്പിനു ഷുഗർ കണ്ടൻസ് കൂടും, വിലയും കൂടുതൽകിട്ടാൻ സാധിക്കും. കരിമ്പു കൃഷിക്കാർക്ക് ആ പ്രദേശങ്ങളിൽ അതായതു പമ്പാറിവർ ഫാക്ടറിയുടെ സമീപപ്രദേശങ്ങളിൽ കരിമ്പിനു വില നിശ്ചയിക്കുന്നതു കരിമ്പു വെട്ടാനുള്ള കാലത്താണ്. ആ പതിവു മാററി കരിമ്പുകൃഷി ആരംഭിക്കുന്ന കാലത്തു് അതിന്റെ വില നിശ്ചയിക്കണം.

മറെറാരു കാര്യം കപ്പക്കൃഷിയെ സംബന്ധിച്ചാണ്. ഇവിടെ ചോദ്യോത്തരവേളയിലും ചീഫ്മിനിസ്റ്ററെ ഒരു ഡപ്യൂട്ടേഷനായി ഞങ്ങൾ സമീപിച്ചപ്പോഴും ലഭിച്ച മറുപടിയുടെ വെളിച്ചത്തിൽ നിന്നും മനസ്സിലാക്കിയതു ഇന്നു ഈ രാജ്യത്തെ ഭക്ഷ്യനില വളരെ തൃപ്തികരമാണെന്നാണ്. ആന്ധ്രാ പ്രദേശത്തുനിന്നും അരി കയററി അയച്ചിട്ടുണ്ട്. എന്റെ അറിവു ശരിയാണെങ്കിൽ 35 രൂപാ വിലയ്ക്കു് അരി കയററി അയച്ചിരിക്കുകയാണ്. എന്നാൽ ഇപ്പോൾ ഈ കപ്പക്കൃഷിക്കാരുടെ സ്ഥിതിയെപ്പററി ആലോചിച്ചുനോക്കിയാൽ വളരെ പരിതാപകരമാണെന്നു കാണാം. ഇന്നു കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നവരിൽ ഭൂരിഭാഗവും സാമാന്യജനങ്ങളാണ്. കഴിഞ്ഞ കൊല്ലം ഈ സന്ദർഭത്തിൽ കപ്പയ്ക്കു മുപ്പത്തഞ്ചോ മുപ്പത്താറോ രൂപാ വിലയുണ്ടായിരുന്നതു് ഇപ്പോൾ പന്ത്രണ്ടര രൂപയ്ക്കുപോലും വിൽക്കാൻ സാധിക്കുന്നില്ല. അതേ സമയം ഒരു കണ്ടി കപ്പ വളന്നുകിട്ടാൻ പത്തോ പതിനഞ്ചോ രൂപാ വേണ്ടിവരും. ഇന്നു കപ്പ സുലഭമായി ഉണ്ടാകുന്നില്ല. എന്നിരുന്നാൽ തന്നെയും ഇന്നു നാട്ടിൽ സുലഭമായി കിട്ടാനുള്ള സാഹചര്യങ്ങളുണ്ട്. രണ്ടു മൂന്നു കൊല്ലത്തിനുമുമ്പ് ഈ രാജ്യത്തു ഫുഡ് സ്റ്റഫ്സ് വെളിയിൽ നിന്നും കൊണ്ടുവരാൻ സാദ്ധ്യമല്ലാതെ വന്നപ്പോൾ കൃഷിക്കാർ ഭൂമിയിൽ കൃഷിചെയ്യുന്നതിനു തുടങ്ങുകയും തന്മൂലം കപ്പയുടെ വില ക്രമാതീതമായി വർദ്ധിക്കുകയും ചെയ്തു. എന്നാൽ ഇപ്പോൾ ഈ രാജ്യത്തെ ഭക്ഷ്യനില വളരെ

[ശ്രീ. കെ. എം. കോര]

തൃപ്തികരമാണ്. അതേ സമയം കപ്പയുടെ വില വളരെ കുറയുകയും ചെയ്തു. അതുകൊണ്ട് കപ്പകൃഷിക്കു പ്രോത്സാഹനം കൊടുക്കത്തക്കവിധത്തിൽ അനുകൂലമായി ഉടനടി എന്തെങ്കിലും ചെയ്യേണ്ടതു് അത്യന്താപേക്ഷിതമാണ്. അങ്ങനെ ചെയ്യേണ്ടതു് ന്യായമാണെന്നു ബോദ്ധ്യമായെങ്കിൽ, അതുകൊണ്ട് ഭക്ഷ്യനിലയ്ക്കു് കോട്ടം വരികയില്ലെങ്കിൽ, അതുടനടി നാലോ അഞ്ചോ ദിവസങ്ങൾക്കുള്ളിൽ ചെയ്യണം എന്നുള്ളതു ഞാൻ ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നു. ഇന്നു കർക്കടകക്കപ്പ പറിക്കേണ്ട അവസരത്തിൽ അതിനകം അവർക്കു കൃഷിചെയ്യാൻ പ്രചോദനം നൽകുന്നതിനുവേണ്ടി ഈ സഭയിലെ വിഭിന്നപാർട്ടിക്കാർക്കും അഭിപ്രായവ്യത്യാസം ഉണ്ടാകാനിടയില്ല. അതുകൊണ്ട് ഇന്നോ അല്ലെങ്കിൽ ഈ ആഴ്ചയോ കപ്പ എക്സ്പോർട്ട് ചെയ്യാനുള്ള സൗകര്യം ഈ കപ്പകൃഷിക്കാർക്ക് ചെയ്യുന്നതു് ഒരു അനുഗ്രഹമായിരിക്കും. മറെറാരു സംഗതി......

ശ്രീ. സി. കെ. വിശ്വനാഥൻ: നമ്മുടെ രാജ്യത്തുള്ള ആളുകളുടെ ഉപയോഗത്തിനായി എത്ര ടൺ കപ്പ വേണമെന്നു് ഒരു കണക്കെടുത്തിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: ആ ചോദ്യത്തിനു എനിക്കു് പറയാനുള്ള മറുപടി ഈ നിയമസഭയിലെ അംഗങ്ങളെക്കൂടി ഉൾപ്പെടുത്തി ഒരു കമ്മററിയെ രൂപീകരിച്ചിട്ടുണ്ട്. ആ കമ്മററി ഒരു റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെംബറുടെ ശ്രദ്ധയെ ആ റിപ്പോർട്ടിലേക്കു് ക്ഷണിച്ചുകൊള്ളുന്നു. വിശദമായി എല്ലാ കാര്യങ്ങളും ആ കമ്മററിയുടെ റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുണ്ട്.

കൃഷി വകുപ്പുമന്ത്രി നെൽകൃഷിയെ സംബന്ധിച്ചു ചില കാര്യങ്ങൾ ഇവിടെ പ്രസ്താവിക്കയുണ്ടായി. 118-നു മുമ്പ് നമ്മുടെ അഗ്രികൾച്ചർ ഡിപ്പാർട്ടുമെൻറ് നിയമസഭാസമ്മേളനത്തിൽ ചർച്ചയ്ക്കു വരികയില്ലായിരുന്നു. നമുക്കു സുലഭമായി അക്കാലത്തു് അരി ബർമ്മായിൽ നിന്നും മററും ഒരു ചാക്കിനു് 5 രൂപയ്ക്കു കിട്ടിക്കൊണ്ടിരുന്ന അവസരമായതുകൊണ്ടായിരുന്നു. എന്നാൽ കഴിഞ്ഞ ഏതാനും കൊല്ലങ്ങളായി അതിനൊരു മാററമുണ്ടായി. ഇപ്പോഴും ഭാഗ്യവശാൽ നമ്മുടെ ഭക്ഷ്യനില വളരെ വളരെ തൃപ്തികരമായി വന്നിരിക്കുകയാണ്. സാധാരണ ജനങ്ങൾക്കു് വാങ്ങത്തക്കവിധത്തിൽ വില വളരെ കുറഞ്ഞു. ഈ സ്ഥിതിക്കു് പണ്ടത്തെപ്പോലെ കൃഷകരുടെ കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കാതെ, അലസത കാണിക്കാതെ ഇരിക്കുന്നതിനുവേണ്ടി ചില നിർദ്ദേശങ്ങൾ തരുവാൻ ഞാനാഗ്രഹിക്കുന്നു. തെക്കൻതിരുവിതാംകൂറിൽ ലക്ഷക്കണക്കിനല്ല, കോടിക്കണക്കിനു് ഗവൺമെൻറിൽനിന്നും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളും ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന പദ്ധതികളും പൂർത്തിയാകുന്നതോടുകൂടി ഏതാണ്ട് മൂന്നരക്കോടി പറ നെല്ലു് തെക്കൻതിരുവിതാംകൂറിൽ നിന്നു് നമുക്കു് ലഭ്യമാകും എന്ന ഒരൊററക്കാര്യം മനസ്സിൽവച്ചുകൊണ്ട് അതിനനുകൂലമായ സാഹചര്യങ്ങൾ ഉണ്ടാക്കണം. സർ, ഞാൻ ചോദിക്കുന്നു എത്രയെത്ര കുളങ്ങൾ തെക്കൻതിരുവിതാംകൂറിൽ നികന്നു കിടക്കുന്നുണ്ട് എന്നു്. പല കുളങ്ങളും നികന്നുകിടക്കുകയും അവ പല പ്രൈ

വററ പാർട്ടികളുടെ കൈവശം ഇരിക്കുകയുമാണ്. ഈ കുളങ്ങൾ ഗവണ്മെൻറ് ഏറെറടുത്ത് കഴിപ്പിച്ചതിനുശേഷം കൃഷിക്കായി വിട്ടുകൊടുക്കണം.

(Mr. Deputy Speaker in the Chair.)

നെയ്യാറണയുടെ പണി പൂർത്തിയാകുന്നതോടുകൂടി തെക്കൻ തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളവും നെല്ല് ധാരാളമായി ഉണ്ടാകുമെന്നുള്ളതു തീർച്ചയാണ്. ഈ കുളങ്ങൾ കഴിപ്പിക്കുന്നതോടുകൂടി പെരിഞ്ഞാണി അണയുടെ സമീപപ്രദേശങ്ങളിൽ കൃഷി നടത്തുവാൻ സൗകര്യം ലഭിക്കുന്നുണ്ട്.

ഇന്നു മണ്ണൊലിപ്പുമൂലം കൃഷി നടത്താൻ സാദ്ധ്യമല്ലാതെ നിലങ്ങളും കുളങ്ങളും നികന്നുകിടക്കുകയാണ്. മണ്ണൊലിപ്പിനെ സംബന്ധിച്ചു പറയുമ്പോൾ എനിക്കു പറയാനുള്ളതു് ഗവണ്മെൻറിൻെറ അനാസ്ഥകൊണ്ടു് മണ്ണൊലിപ്പു തടയുന്നതിനു് ആവശ്യമായ ഒരു കാര്യവും ചെയ്തിട്ടില്ല, എന്നാണ്. അനധികൃതമായി കൈവശം വച്ചുകൊണ്ടിരിക്കുന്ന ആയിരക്കണക്കിനേക്കർ സ്ഥലം കൃഷി നടത്തുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനും സംബന്ധിച്ചുള്ള കാര്യങ്ങൾ സമഗ്രമായി ഗവണ്മെൻറാലോചിക്കുകയും മണ്ണൊലിപ്പു തടയുന്നതിനെ സംബന്ധിച്ചു പരിശീലനം ലഭിക്കുന്നതിനായി ഡാക്ടർ സുകുമാരൻ നായരെ വിദേശങ്ങളിലേയ്ക്കയക്കുകയും ചെയ്തു. മണ്ണൊലിപ്പുമൂലം പല സ്ഥലങ്ങളിലും കഴക്കോൽക്കുത്തില്ലാതിരുന്നിടത്തു് ഇന്നു കൊച്ചുകുട്ടികൾക്കുപോലും നടന്നു പോകാൻ സൗകര്യമായ വിധത്തിൽ നികന്നുപോയിട്ടുണ്ട്. മണ്ണൊലിപ്പുമൂലം ഉണ്ടായിട്ടുള്ള ദോഷം എത്രമാത്രമാണെന്നു ഗവണ്മെൻറിനറിയാം. ഈ മണ്ണൊലിപ്പു തടയുന്നതിനുള്ള പദ്ധതി ഗവണ്മെൻറാവിഷ്കരിച്ചു് നടപ്പിൽ വരുത്തിയില്ലെങ്കിൽ തീർച്ചയായും വലിയ വൈഷമ്യങ്ങൾ നാം അഭിമുഖീകരിക്കേണ്ടതായി വരും.

നെയ്യാററിൻകരയിലുള്ള വെള്ളായണിക്കായലിനെക്കുറിച്ചു് ഞാൻ ഗവണ്മെൻറിൻെറ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. അതു് ഉദ്ദേശം ആയിരം ഏക്കറോളം വരുമെന്നാണറിവ്. അതേ സംബന്ധിച്ചു് ഒരു പദ്ധതി ഗവണ്മെൻറിൻെറ മുമ്പിലുണ്ട്. അതിനുള്ള എസ്റ്റിമേററും ഗവണ്മെൻറിൻെറ കൈവശമുണ്ട്. അതിൽ നാനൂറ് ഏക്കർ സ്ഥലം കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടുണ്ട്. അവിടെ ഗവണ്മെൻറിൻെറ കൈവശമുള്ള പദ്ധതി പൂർത്തിയാകുന്നപക്ഷം രണ്ടു ലക്ഷപ്പറ നെല്ല് നമുക്കു വിളയിക്കുവാൻ സാധിക്കും. ഗവണ്മെൻറിൻെറ മുമ്പിലുള്ള പദ്ധതി ഉടൻ നടപ്പാക്കണം. അതുപോലെ ഇനി തിരുവനന്തപുരം സിററിയിൽ ആക്കുളം കായൽ എന്ന സ്ഥലത്തു നൂറേക്കറിൽ കൂടുതൽ വിസ്തീർണ്ണമുള്ള ഒരു സ്ഥലമുണ്ട്. അവിടത്തെ കൃഷിക്കാർ വെറും സാധാരണക്കാരാണ്. ആക്കുളം കായൽ കൃഷിചെയ്യുന്നവർ ഓരോ കൊല്ലവും കണ്ണീരും കയ്യുമായിട്ടാണ് പോകുന്നതു്. അവിടെ ഒരു ചെറിയ സ്കീം നടപ്പിലാക്കാൻ സാദ്ധ്യമാകയില്ലയോ?

ശ്രീ. കെ. സി. ജോർജ്ജ്: ആക്കുളം കായലിൻെറ പ്രശ്നമുണ്ടായിട്ട് എത്ര കൊല്ലമായി എന്നറിയാമോ?

ശ്രീ. കെ. എം. കോര: തിരുവനന്തപുരം സിററിയിൽ ആക്കുളം കായൽ നാമെല്ലാവരും കണ്ടുകാണും. ഏതാണ്ട് ആറേക്കറിൽ കൂടുതൽ വിസ്തീർണ്ണമുള്ള സ്ഥലം. കൃഷിചെയ്യുന്ന ആളുകളിൽ അധികവും സാധാരണക്കാരാണ്. അവിടെ കൃഷിചെയ്യുന്ന എല്ലാ കൃഷിക്കാരും ഓരോ കൊല്ലവും കണ്ണുനീരും കയ്യുമായി പോരുകയാണ്. ഇതു് ശരിയായി ഒരു സ്കീം അനുസരിച്ച് അവിടെ പ്രവർത്തിക്കാത്തതുകൊണ്ടല്ലേ എന്ന് ഞാൻ ചോദിക്കുന്നു.

ശ്രീ. കെ. സി. ജാർജ്ജ്: ആക്കുളംകായൽ കൃഷിക്ക് ഉപയോഗക്കാൻ തുടങ്ങിയിട്ട് എത്ര കൊല്ലമായി?

ശ്രീ. കെ. എം. കോര: കൊല്ലത്തിൻെറ കാര്യമൊന്നും ഇവിടെ സംഗതമല്ല. ഇന്നു നിലവിലിരിക്കുന്ന കാര്യത്തെപ്പററിയാണ് എടുക്കേണ്ടതു്. അവിടത്തെ കൃഷിക്കാർക്ക് ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന വിഷമതകൾ ഞാൻ നിർദ്ദേശിക്കുന്ന കാര്യങ്ങൾ നടപ്പിൽവരുത്തിയാൽ പരിഹരിക്കാവുന്നതേയുള്ളു. ഈ ആക്കുളംകായലിൻെറ ചുററും ഒരു ചിറയും ഒരു തോടും ഉണ്ടാക്കിയാൽ നല്ല വിളവ് അവിടെനിന്നും എടുക്കാൻ കഴിയുന്നതാണ്. തിരുവനന്തപുരം സിററിയിൽ കൂടക്കൂടെ ഉണ്ടായിക്കാണുന്ന ജലപ്രളയം ഇങ്ങനെ പ്രവർത്തിക്കുന്നപക്ഷം നീങ്ങുവാനും ഇടവരും. ആണ്ടുതോറും ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒരു അനുഭവമാണ് അതു്. ആക്കുളംകായലിനു ചുററും ഞാൻ പറഞ്ഞതുപോലെ ചിറയും തോടും തീരുമെങ്കിൽ ഈ വെള്ളപ്പൊക്കത്തിനും നിവാരണം ഉണ്ടാകുന്നതാണ്. കഷ്ടിച്ച് അമ്പതിനായിരം രൂപയുടെ ചിലവേ വരൂ. അക്കാര്യം എത്രയും വേഗത്തിൽ ഗവണ്മെൻറ ശ്രദ്ധിക്കേണ്ടതാണ്.

ഇത്തിക്കര ആററിൽ എല്ലാ കൊല്ലവും വെള്ളപ്പൊക്കമുണ്ടാകാറുണ്ട്. ആററിൻെറ ഇരുകരകളിലുമായി ഏകദേശം പതിനായിരം ഏക്കർ സ്ഥലത്തു് കൃഷി നടത്തുന്നുണ്ട്. ഈ വെള്ളപ്പൊക്കത്തെ തടഞ്ഞു് അവിടത്തെ കൃഷി അഭിവൃദ്ധിപ്പെടുത്തുവാനുള്ള ഒരു പദ്ധതി ഗവണ്മെൻറിൻെറ മുൻപിൽ ഇരുപ്പുണ്ട്. അവിടെയുള്ള പൊഴിമുറിച്ച് ഒരു സ്പിൽവേ ഉണ്ടാക്കിയാൽ എത്രയോ ഏക്കർ സ്ഥലത്തുകൂടി അവിടെ കൃഷിചെയ്യാൻ സാധിക്കും. മൺട്രോത്തുരുത്തിൽ ആവശ്യമായ ജലസേചനസൗകര്യം ഉണ്ടാക്കിയാൽ അവിടെനിന്നും കൂടുതൽ വിളവ് എടുക്കാൻ കഴിയും. ഓണാട്ടുകരയിലെ കൃഷിക്കാരൻ എപ്പോഴും ആകാശത്തിലേയ്ക്കു നോക്കിക്കൊണ്ടിരിക്കുകയാണ്. ആകാശത്തിൽനിന്നും ലഭിക്കുന്ന വെള്ളത്തെ ആശ്രയിച്ചുമാത്രമാണ് ഓണാട്ടുകരയിൽ കൃഷിനടത്തുന്നതു്. അവിടെയും ജലസേചനത്തിനുവേണ്ടി ഒരു പദ്ധതി ആസൂത്രണംചെയ്ത് നടപ്പിൽവരുത്തിയാൽ ഇപ്പോൾ ലഭിക്കുന്നതിൽനിന്നും എത്രയോ ഇരട്ടി വിളവ് ഉണ്ടാക്കുവാൻ കഴിയും. അവിടെ പത്തുമൈൽ ദൈർഘ്യമുള്ള ഒരു തോടുണ്ട്, അതു് നന്നാക്കിയാൽമാത്രം മതിയാകുന്നതാണ്. അതുപോലെ പ്രസിദ്ധിപെററ ചെന്നിത്തലപ്പാടം, പള്ളിപ്പാടംപുഞ്ച ഈ വയൽപ്രദേശങ്ങളിലെ കൃഷിയും വളരെ എളുപ്പത്തിൽ അഭിവൃദ്ധിപ്പെടുത്താവുന്നതാണ്. അച്ചൻകോവിലാററിൽനിന്നും വരുന്ന വെള്ളം ഡൈവർട്ടുചെയ്താൽ ഈ പാടങ്ങളിൽകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനു് സഹായകമായിരിക്കും. പമ്പ, മണിമലയാറ്, ഈ ആറുകളുടെ താഴ്ന്ന ഭാഗങ്ങളിൽ ഒരു പ്രത്യേകത കാണുന്നുണ്ട്. ആറുകളുടെ ഇരുഭാഗങ്ങ

ളിലും ഇപ്പോൾ ചിറകൾ ഇട്ടിട്ടുണ്ട്. ഈ ആറുകളിൽനിന്നും വരുന്ന വെള്ളം നിലങ്ങളിലേയ്ക്കു വരാൻ നിവൃത്തിയില്ലാത്തവിധത്തിൽ സ്ഥിരമായ ബണ്ടുപോലെ ആയിത്തീർന്നിട്ടുണ്ട് ഇപ്പോൾ. പിന്നെ എങ്ങനെയാണ് ഈ ആറുകളിൽനിന്നും നിലങ്ങളിലേയ്ക്ക് എക്കലുകൾ കിട്ടുന്നതു്? ഗവണ്മെൻറ് ചിലവിൽ ചുരുക്കം ചില സ്ഥലങ്ങളിൽ ചില ഓപ്പണിംഗ് ഉണ്ടാക്കിക്കൊടുത്തതിൻെറ ഫലം അവിടത്തെ കൃഷിക്കാർ അനുഭവിക്കുന്നുണ്ട്. ഗവണ്മെൻറിനും അതു ബോദ്ധ്യമായിത്തീർന്നിട്ടുണ്ട്. ഏകദേശം രണ്ടു ഫർലാങ് ദൂരത്തിൽ ഗവണ്മെൻറ് ചിലവിൽ ചാലുകൾ ഉണ്ടാക്കിയാൽ ആ സ്ഥലങ്ങളിൽ ഭംഗിയായി കൃഷിനടത്തുവാനും വിളവു വർദ്ധിപ്പിക്കാനും സാധിക്കും. കരീനിലങ്ങളെ സംബന്ധിച്ച് ഇവിടെ പറഞ്ഞ കാര്യങ്ങൾ ഞാൻ വളരെ ശ്രദ്ധയോടുകൂടി കേട്ടു. 7,000 ഏക്കർ വരുന്ന തോട്ടപ്പള്ളിയിൽ ഒരുസ്ഥലത്തു് ഒരു പറ നിലത്തിൽനിന്നും ഒന്നോ രണ്ടോ പറ നെല്ലുമാത്രം കിട്ടിക്കൊണ്ടിരുന്ന പ്രദേശങ്ങളിൽ 27 മൈൽ ദൈർഘ്യംവരുന്ന ഒരു ബണ്ട് ഗവണ്മെൻറ് തീർക്കുകയുണ്ടായി. അതിൻെറ ഫലം എന്തായിരുന്നുവെന്ന് എൻെറ ബഹുമാന്യസ്നേഹിതനായ ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററിയും സമ്മതിക്കുമെന്നാണ് എൻെറ വിശ്വാസം. ഇന്ന് അവിടെ ഒരു പറ നിലത്തിൽനിന്നും ഇരുപതുപറ നെല്ലോളം വിളവു കിട്ടുന്നുണ്ട്. അക്കാര്യത്തിൽ ഗവണ്മെൻറ് സജീവമായി പ്രവർത്തിച്ചുവെന്ന് ഞാൻ സമ്മതിക്കുന്നു. പക്ഷെ, അവിടെ കെട്ടിയിരിക്കുന്ന 27 മൈൽ ബണ്ട് ഗവണ്മെൻറിൻെറ വകയാണ്. അതിൻെറ റിപ്പയർ കൃഷിക്കാർ ചെയ്യുക എന്നു പറഞ്ഞാൽ അതു പ്രയാസമുള്ള കാര്യമാണ്. ഇതിലേയ്ക്ക് ആവശ്യമായ ഒരു സെസ്സ് വച്ചിട്ടുണ്ട്. സെസ്സ് ഏർപ്പെടുത്തുന്ന കാര്യത്തിൽ എന്തെങ്കിലും കുഴപ്പങ്ങൾ ഉണ്ടെങ്കിൽ നിയമജ്ഞന്മാരുമായി ആലോചിച്ച് എത്രയും വേഗത്തിൽ പ്രതിവിധി കണ്ടുപിടിക്കുകയും ഒന്നുരണ്ടു മാസങ്ങൾക്കുള്ളിൽ ആ ബണ്ടിൻെറ റിപ്പയർ നടത്തിക്കൊടുക്കുകയും ചെയ്യത്തക്കവണ്ണം വേണ്ട ഉത്തരവുകൾ പാസ്സാക്കണമെന്ന് അപേക്ഷിക്കുന്നു. ഈവക കാര്യങ്ങളിൽ ഗവണ്മെൻറിൻെറ ശ്രദ്ധ പതിയുന്നുണ്ടെന്ന് ഞങ്ങൾക്കൊക്കെ അറിയാം. അതില്ലായിരുന്നു എങ്കിൽ ഞങ്ങളിൽ ഏതാനും ആളുകൾ അവിടെ ശേഷിച്ചുകിടക്കുന്ന ഭാഗങ്ങളിൽക്കൂടി റിക്ലമേഷൻ നടത്തണമെന്ന് ആവശ്യപ്പെട്ടപ്പോൾ ഉടനടി ഗവണ്മെൻറ് അതിനു തയാറാവുകയും ടെൻറർ കൊടുത്ത് അതിനു ഏർപ്പാടുചെയ്യുകയും ചെയ്യുമായിരുന്നില്ല. അക്കാര്യത്തിൽ ഗവണ്മെൻറിൻെറ പ്രവൃത്തി തികച്ചും അഭിനന്ദനീയമാണ്. ആ ഭാഗത്തെ കൃഷിക്കാർക്ക് വളരെ വളരെ ഉപകാരപ്രദമായ ഒരു സംഗതിയാണ് ഇതെന്നും ഇന്നു പ്രസ്താവിച്ചുകൊള്ളട്ടെ. തോട്ടപ്പള്ളിയിലെ സ്ഥിതി ഇതാണെങ്കിൽ വൈക്കത്തെ സ്ഥിതി എന്താണെന്നു നോക്കാം. വെച്ചൂർ കരിയിലേയ്ക്കു മൂവാററുപുഴ ആററിൽനിന്നും വെട്ടിയിരിക്കുന്ന തോട് തലയോലപ്പറമ്പുവരെ പൂർത്തിയാക്കിയിട്ടുണ്ട്. അതു പൂർത്തിയാക്കി അവിടെ ഒരു സൈഫണും ഒരു റെഗുലേറററുംകൂടി ഘടിപ്പിച്ചാൽ ഈ കരിനിലങ്ങൾ സർ, ഒരു സ്മൈലിംഗ് പാഡി ഫീൽഡായി രൂപാന്തരപ്പെടും. അതുപോലെ തുറവൂർ കരിനിലങ്ങളിലും അതുപോലുള്ള മററു കരിപ്രദേശങ്ങളിലും ഗവണ്മെൻറിൻെറ ശ്രദ്ധ പതിപ്പിക്കുകയും വേണം. മൂവാററുപുഴ, തൊടുപുഴ, മീനച്ചിൽ തുടങ്ങിയ ഭാഗങ്ങളിലുള്ള അനേകായിരം ഏക്കർ സ്ഥലങ്ങളിൽ ലിഫ്ററ് ഇറിഗേഷൻ നടപ്പിലാക്കുന്നപക്ഷം കൂടുതൽവിളവുണ്ടാക്കുവാൻ കഴിയും. ഇപ്പോൾ

[ശ്രീ. കെ. എം. കോര]

ഈ സ്ഥലങ്ങളിൽ കൃഷിചെയ്യുവാൻ സൌകര്യമില്ലാതെ കിടക്കുകയാണ്. അതുകൊണ്ട് എത്രയും വേഗത്തിൽ ആ ഭാഗങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്ന കാര്യം ഞാൻ അനുസ്മരിപ്പിച്ചുകൊള്ളുന്നു.

അവസാനമായി പ്രസിദ്ധമായ കുട്ടനാട് ഡെവലപ്പ്മെന്റ് സ്കീമിനെപ്പറ്റിയാണ് എനിക്കു പറയുവാനുള്ളതു്. ഇതു വളരെ പുരോഗമിക്കുന്നുണ്ടെന്ന് എനിക്ക് അറിയാം. ചങ്ങനാശേരി-ആലപ്പുഴ റോഡും, തോടും പണികൾ ഒന്നുരണ്ടു കൊല്ലങ്ങൾക്കകം പൂർത്തിയാകുന്നതാണ്. ആ തോടിന്റെ ഇരുവശങ്ങളിലും ആയി ആലപ്പുഴ മുതൽ ചങ്ങനാശേരിവരെയുള്ള നീളത്തിൽ 50 അടി വീതിയിൽ കുറെ സ്ഥലം പൊങ്ങിയിട്ടുണ്ട്. ഈ പദ്ധതി ആവിഷ്കരിച്ച കാലത്തു് ഇങ്ങനെ പൊക്കിയെടുത്ത സ്ഥലം കുറേശ്ശക്കുറേശ്ശയായി ആളുകൾക്ക് ലേലംചെയ്തു കൊടുക്കണമെന്നും അതിൽനിന്നും കിട്ടുന്ന ആദായം ഈ പദ്ധതിക്ക് വേണ്ടിവരുന്ന ചിലവിലേയ്ക്കു് എടുക്കണമെന്നും അങ്ങനെ ആയാൽ അതിലേയ്ക്കു് അധികം പണം ചിലവാക്കേണ്ടിവരികയില്ലെന്നും ആണ് കരുതിയിരുന്നതു്. ചങ്ങനാശേരി വളരെ അധികം ആളുകൾ തിങ്ങി പാർക്കുന്ന ഒരു സ്ഥലമാണ്. വ്യവസായപ്രാധാന്യമർഹിക്കുന്ന സ്ഥലം. നല്ല ഒരു ചന്തയുണ്ട്. ഒന്നിലധികം കാളേജുകൾ ഉണ്ട്. സർവീസ് സൊസൈറ്റിയുടെ കേന്ദ്രസ്ഥാനം. അതുപോലെ ആലപ്പുഴ നല്ല ഒരു തുറമുഖവും വ്യവസായകേന്ദ്രവും ആണ്. അതിനാൽ ഈ സ്ഥലം ആളുകൾക്ക് ലേലം ചെയ്തുകൊടുക്കാതെ ആലപ്പുഴയും ചങ്ങനാശേരിയുമായി റയിൽവേ മുഖേന ഘടിപ്പിക്കുന്നതു് നന്നായിരിക്കും. കൊല്ലം-എറണാകുളം റയിൽവേ ലയിനിൽ ചങ്ങനാശേരിയിലും ഒരു സ്റ്റേഷൻ വരുന്നുണ്ട്. അതുകൊണ്ട് അതിലേയ്ക്കു് റയിൽവേ അധികൃതന്മാരുമായി ആലോചിച്ച് ഏർപ്പാടുചെയ്യുന്നതു് ഉത്തമമായിരിക്കും. ഈ റയിൽവേ മുഖേന കിട്ടുന്ന ആദായംകൊണ്ട് ഇതിനുവേണ്ടി ചിലവാക്കുന്ന സംഖ്യ കുറെയൊക്കെ നികത്താനും കഴിയും.

തണ്ണീർമുക്കം ബണ്ടിനെപ്പറ്റിയും ഒരു വാക്കു പറഞ്ഞുകൊള്ളട്ടെ. അവിടെ ബണ്ടു കെട്ടുന്നതിന് ഹാർബർ ഡിപ്പാർട്ടുമെന്റിന്റെ ഒബ്ജക്ഷനാണ് പ്രധാനമായി കാണുന്നതു്. ഒരു പെർമനന്റ് ബണ്ടായിരിക്കും അതു് എന്നു വിചാരിച്ചാണ് അവർ ഒബ്ജക്റ്റു ചെയ്തിരിക്കുന്നതു്. എന്നാൽ ഒരു പെർമെനന്റ് ബണ്ടല്ല അവിടെ കെട്ടാൻ ഉദ്ദേശിക്കുന്നതു്. ഏകദേശം ഇരുപത്തു ലക്ഷപ്പറയോളം വരുന്ന നിലങ്ങളിൽ ഓരുവെള്ളം കയറാതാക്കിയാൽ മതി. ഈ ബണ്ട് തോട്ടപ്പള്ളി സ്പിൽവേയുമായി ഘടിപ്പിച്ചാൽ ഈ ഭാഗങ്ങളിലെ കൃഷി വളരെ വേഗത്തിൽ അഭിവൃദ്ധിപ്പെടുത്താവുന്നതാണ്. ക്രോപ് ഇൻഷ്വറൻസ് എന്നു പറയുന്ന പദ്ധതികൂടി നടപ്പിൽ വരുത്തണമെന്നുപറഞ്ഞുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

Shri T. A. Majeed: I moveo to reduce the total allotment of Rs. 18,19,:00 under Demand XXI by Rs. 100.

സർ, ധനകാര്യമന്ത്രി ചെയ്ത പ്രസംഗത്തിൽ ഈ രാജ്യത്തെ റവന്യൂവിൽ ഒരു നല്ല സംഖ്യ കാർഷികവിഭവങ്ങളിൽനിന്നും ലഭിക്കുന്നതാ

ണെന്നു പറയുകയുണ്ടായി. ഈ രാജ്യത്തുള്ള കൃഷിഭൂമിയിൽ മൂന്നിലൊന്നു് സ്ഥലത്തു നെൽകൃഷിയും മൂന്നിലൊന്നു സ്ഥലത്തു മററ ഭക്ഷ്യസാധനങ്ങളും ബാക്കിയുള്ള സ്ഥലത്തു എണ്ണക്കുരുക്കളും മററുമാണ് കൃഷിചെയ്യുന്നതെന്നും അദ്ദേഹം പറയുകയുണ്ടായി. ഏകദേശം 138 കോടി രൂപ ഈയിനത്തിൽ രാജ്യത്തിനു ലഭിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. ഇത്രയും വൻപിച്ച സമ്പത്തു് ഈ രാജ്യത്തിനു നേടിക്കൊടുക്കുന്ന കർഷകനോടു് ഈ ഗവൺമെൻറ് ശരിയായ നീതി കാണിക്കുന്നില്ലായെന്ന ആരോപണമാണ് അവർക്കുള്ളതു്. കർഷകർക്കു് ഏററവും ആവശ്യമായി വേണ്ടതു് വളമാണ്. അവർക്കു് അതു് ശരിയായി ലഭിക്കുന്നില്ലെന്നുള്ള പരാതി ഇതിനു മുൻപും പറഞ്ഞിട്ടുണ്ടു്. അവർക്കു് ആ പരാതിയുണ്ടെന്നു് ഇന്നു് ഡിമാൻറ് അവതരിപ്പിച്ചുകൊണ്ടു് ധനകാര്യമന്ത്രി ചെയ്ത പ്രസംഗത്തിലും സമ്മതിക്കുകയുണ്ടായി. ഗവൺമെൻറ് വളം വിതരണം ചെയ്യുന്നുണ്ടു്. പക്ഷെ ഈ വളം ആർക്കാണ് കിട്ടുന്നതു്? ലക്ഷക്കണക്കിനു് രൂപയുടെ വളം വിതരണം ചെയ്തു എന്നു പറയുന്നു. പക്ഷെ നാട്ടിൻപുറങ്ങളിലുള്ള സാധാരണ കൃഷിക്കാർക്കു് ശരിയായ വിലക്കു് വളം കിട്ടുന്നില്ലെന്നുള്ള പരാതിയാണ് എവിടെയും കേൾക്കുന്നതു്. ചില ഡിപ്പോകളിൽ വളം വില്ക്കുന്നുണ്ടെന്നു ഗവൺമെൻറ് പറയുന്നു. പക്ഷെ ബ്ലാക്കുമാർക്കററിലല്ലാതെ പാവപ്പെട്ട കർഷകനു് വളം കിട്ടുന്നില്ല. മായം ചേർത്ത വളമാണ് എവിടെയും കിട്ടുന്നതു്. മായം ചേർത്ത വളം വയലിൽ ഇടുന്നതുകൊണ്ടു് യാതൊരു പ്രയോജനവും കിട്ടുന്നില്ലെന്നു മാത്രമല്ല വയൽ എളുപ്പത്തിൽ നികന്നുപോകുന്നു എന്നു വരെ ആക്ഷേപമുണ്ടു്. അതുകൊണ്ടു് എനിക്കു നിർദ്ദേശിക്കുവാനുള്ളതു് വളം പഞ്ചായത്തു മുഖേന വിതരണം നടത്തണമെന്നാണ്. സഹകരണ സംഘങ്ങൾ മുഖേനയാണ് ഗവൺമെൻറ് ഇപ്പോൾ വളം വിതരണം ചെയ്യുന്നതു്. സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങളെപ്പററി നമുക്കൊക്കെ അറിയാം, കൃഷിക്കാർക്കു് അതുകൊണ്ടു് പ്രയോജനം ലഭിക്കുന്നില്ല. അതുകൊണ്ടു് പഞ്ചായത്തുമുഖേന വളം വിതരണം ചെയ്യാൻ ഏർപ്പാടു ചെയ്യേണ്ടതാണ്. അങ്ങനെ ചെയ്താൽ കർഷകനു വളരെ എളുപ്പത്തിൽ ശുദ്ധമായ വളം ലഭിക്കാൻ ഇടയാകും. ഇപ്പോൾ കൃഷിക്കാർക്കു് കൃഷി ആയുധങ്ങൾ, വളങ്ങൾ, വിത്തുകൾ മുതലായവ സൗജന്യവിലയ്ക്കു് നൽകുന്നുണ്ടെന്നുള്ളതു് മന്ത്രിമാരുടെ പ്രസംഗങ്ങളിൽകൂടി കേൾക്കുന്നുണ്ടു്. പ്രായോഗികതയിൽ ഒന്നും ഇല്ല. അഥവാ ഉണ്ടെങ്കിൽ തന്നെ നാട്ടിൻപുറങ്ങളിലെ കർഷകർക്കു് ഈ മാതിരി കാർഷികോപകരണങ്ങളും വളവും സൗജന്യവിലയ്ക്കു് ലഭിക്കുന്നില്ല. ഇന്നു കാലത്തു് ഒരു ചോദ്യത്തിനുത്തരമായി കർഷകർക്കു് ലോൺ കൊടുക്കുന്നതിനു് കേന്ദ്രഗവൺമെൻറിൽ നിന്നും 28,70,000 രൂപ കൃഷി വായ്പയായി കിട്ടിയിട്ടുള്ളതിൽ 8 ലക്ഷം രൂപ മാത്രമേ ചിലവാക്കിയിട്ടുള്ളു എന്നു് ഫിനാൻസ് മന്ത്രി മറുപടി പറയുകയുണ്ടായി. കൃഷിക്കാർ ആവശ്യപ്പെടാത്തതുകൊണ്ടാണ് അങ്ങനെ കൊടുക്കാത്തതു് എന്നും അദ്ദേഹം പറയുകയുണ്ടായി. വാസ്തവത്തിൽ ലോൺ ആവശ്യമില്ലാത്തതുകൊണ്ടല്ല, യഥാർത്ഥ കർഷകനു്, പാവപ്പെട്ട കർഷകനു് ലോൺ കിട്ടാൻ സാദ്ധ്യതയില്ലെന്നു് ബോദ്ധ്യമായതുകൊണ്ടാണ് അവർ അതിനാവശ്യപ്പെടാത്തതു്. ഈ 8 ലക്ഷം രൂപതന്നെ ആർക്കാണ് കൊടുത്തതു്? പത്തുപന്ത്രണ്ടു പേർക്കായി മാത്രം. ചിലർക്കു് ഒരു ലക്ഷവും ചിലർക്കു് അൻപതിനായിരവും ഇങ്ങനെ പത്തുപന്ത്രണ്ടു പേർക്കായിട്ടാണ് നൽകിയതു്. അതിൽ നിന്നും

[ശ്രീ. ടി. എ. മജീദ്]

മനസ്സിലാകുന്നതു് ജന്മിമാൎക്കും വലിയ കൎഷകമുതലാളിമാൎക്കുമായിട്ടാണു് ഈ ലോൺ നൽകിയതെന്നാണു്. പാവപ്പെട്ട കൎഷകൎക്കു്, വിത്തും വളവും വാങ്ങാൻ യാതൊരു സൗകൎയ്യവുമില്ലാത്ത കൎഷകൎക്കു്, സ്വന്തം വയലുകളിൽ ജലസേചനം നിൎവ്വഹിക്കുവാൻ യാതൊരു മാൎഗ്ഗവുമില്ലാത്ത കൎഷകൎക്കു്, യാതൊരു പ്രയോജനവും ഈ ലോൺഏർപ്പാടുമൂലം ഉണ്ടാകുന്നില്ല. ഈ കാൎയ്യത്തിൽ എനിക്കു് ഒരു നിൎദ്ദേശം ഗവണ്മെൻറിലേയ്ക്കു് സമൎപ്പിക്കുവാനുണ്ടു്. കൎഷകൻ എന്നു പറയുന്നതു് ജന്മിമാർ മാത്രമല്ലെന്നു് മനസ്സിലാക്കി എല്ലാസ്ഥലത്തും പാവപ്പെട്ട കൎഷകൻ താമസിക്കുന്നു എന്നും മനസ്സിലാക്കി, ഈ തുക ഡിസ്ട്രിക്റ്റ്‌വാറായി തിരിച്ചുവച്ചു് പഞ്ചായത്തുകൾ മുഖാന്തിരം പാവപ്പെട്ട കൎഷകനു് ലഭിക്കത്തക്കവണ്ണം കൊടുക്കണം. അങ്ങനെ നാട്ടിലെ യഥാൎത്ഥ കൎഷകനു് ഈ തുക ലഭിക്കത്തക്ക ഏർപ്പാടു് ഉണ്ടാക്കണം. മാത്രമല്ല, മന്ത്രി ഇന്നു പറഞ്ഞു, ലോണിനെപ്പററിയുള്ള വിവരങ്ങൾ ഗസററിൽ പരസ്യം ചെയ്യുന്നുണ്ടെന്നു്. നാട്ടിൽ എത്രപേർ ഗസററു് വായിക്കുന്നുണ്ടെന്നു് നമുക്കറിയാം. അതുകൊണ്ടു് ഈ മാതിരി കാൎയ്യങ്ങൾ, പ്രത്യേകിച്ചു് കൎഷകനെ അവശ്യം ബാധിക്കുന്ന ഈ മാതിരി കാൎയ്യങ്ങൾ ഗസററിൽ മാത്രം പരസ്യം ചെയ്താൽ പോരാ. ഈ നടപടികളെപ്പററി നാട്ടിലെ കൎഷകനു് അറിയത്തക്ക പരിതഃസ്ഥിതി ഉണ്ടാക്കണം. അതിനുള്ള പ്രചരണം നൽകുകയാണു് വേണ്ടതു്. ഇതും പഞ്ചായത്തുകൾ മുഖേന ചെയ്യേണ്ടതാണു്.

പിന്നീടു്, ഇവിടെ ഗവേഷണപരമായി പലതും നടക്കുന്നുണ്ടെന്നു പറഞ്ഞു. ഇപ്പോൾ നമ്മുടെ നാട്ടിൽ കേരകൃഷിക്കു് വലുതായ രോഗം ഉണ്ടാകുന്നുണ്ടു്. തെങ്ങുരോഗംകൊണ്ടു്, ഈ കൃഷി സാരമായി നശിക്കുന്നുണ്ടു്. ഇതു് തടയുന്നതിനെപ്പററിയുള്ള റിസെർച്ചു് നടത്തുന്നതിനു് ഓച്ചിറയിൽ ഒരു കേന്ദ്രം ഉണ്ടു്. എൻെറ പരിചയത്തിൽ ഇങ്ങനെയുള്ള ഗവേഷണകേന്ദ്രങ്ങളിലുള്ള തെങ്ങുകൾക്കാണു് രോഗം കൂടുതലായി ബാധിക്കുന്നതു്. ഓച്ചിറയിലുള്ള തെങ്ങുകൾക്കു് രോഗം കൂടുതലാണു്. ഒരുപക്ഷെ അതു് ഈ പരീക്ഷണത്തിൻെറ ഫലമായിട്ടാണോ എന്നറിഞ്ഞുകൂടാ. ഞാൻ പറയുന്നതു്, റിസർച്ചു് ഡിപ്പാർട്ടുമെൻറു് ഇതിനു് പരിഹാരമുണ്ടാക്കാനായി പ്രവൎത്തിക്കുന്നുണ്ടെങ്കിൽ അതിൻെറ വിവരങ്ങൾ അപ്പഴപ്പോൾ കൎഷകൎക്കു നൽകണം. കൃഷിഡിപ്പാർട്ടുമെൻറു മുഖാന്തിരം ഈ മാതിരി റിസർച്ചു നടത്തുന്നുവെന്നു പറഞ്ഞു. എന്നാൽ കൃഷിക്കാൎക്കു് ഇതിനെപ്പററി യാതൊരു വിവരവുമില്ല. കൎഷകനും ഡിപ്പാർട്ടുമെൻറും തമ്മിൽ യാതൊരു ബന്ധവുമില്ലെന്ന മട്ടിലാണു് ഇന്നു് റിസർച്ചു നടക്കുന്നതു്. മാതൃകാ തോട്ടങ്ങളെപ്പററിയും ഭരണറിപ്പോർട്ടിൽ ചില കാൎയ്യങ്ങൾ പറയുന്നുണ്ടു്. ഇന്നത്തെകൃഷിവകുപ്പുമന്ത്രി ഒരു അനൗദ്യോഗിക മെംബറായിരുന്ന അവസരത്തിൽ ഇവിടത്തെ മാതൃകാത്തോട്ടങ്ങളെപ്പററി വിമർശിക്കുകയുണ്ടായിട്ടുണ്ടു്. ഈ തോട്ടങ്ങളെല്ലാംതന്നെ ഇപ്പോൾ നഷ്ടത്തിലാണു്. പിന്നെന്തിനാണു് ഇതു നടത്തുന്നതു്? ഒന്നുകിൽ ഇതു് അവസാനിപ്പിക്കണം, അല്ലെങ്കിൽ ശരിയായി മാതൃകാതോട്ടങ്ങളായിത്തന്നെ നടത്തണം. മററു് ഒരു കാൎയ്യംകൂടി പറയാനുണ്ടു്. പല പ്രദേശങ്ങളിലും ജലസേചനസൗകൎയ്യം നൽകുന്ന തലച്ചിറകളും കുളങ്ങളുമുണ്ടു്. അവയെല്ലാം ജന്മിമാർ കൈയ്യടക്കിവച്ചിരിക്കുകയാണു്. എനിക്കു് ഗവണ്മെൻറിനോടു പറയുവാനുള്ളതു് ആ തലച്ചിറകളും കുളങ്ങളുമെല്ലാം അവരിൽ നിന്നും ഒഴി

പ്പിച്ച്, ജലസേചന സൗകര്യമുണ്ടാകത്തക്ക വിധത്തിൽ കൃഷിക്കാർക്കു കൊടുക്കണം. അങ്ങനെ ചെയ്യുകയാണെങ്കിൽ, അനേകം പറ നിലങ്ങൾ കൃഷിക്ക് ഉപയുക്തമായിത്തീരും. ഈ പ്രാഥമികാവശ്യങ്ങൾ സാധിച്ചുകൊടുക്കുന്ന കാര്യത്തിൽ സത്വരനടപടികൾ എടുക്കേണ്ടതാണ്. ചിറയിൻകീഴ് താലൂക്കിലെ ജലസേചനം തീരെ അപര്യാപ്തമാണ്. ഈ പ്രദേശം ഗവണ്മെന്റ് അവഗണിച്ചിരിക്കുന്നതുപോലെ തോന്നുന്നു. ശരിയായി ജലസേചനസൗകര്യം ഉണ്ടാക്കുമെങ്കിൽ പതിനായിരക്കണക്കിന് പറ നെല്ല് അവിടെ കൂടുതലായി ഉൽപ്പാദിപ്പിക്കാവുന്നതാണ്. ഇക്കാര്യത്തിലും ഗവണ്മെന്റ് അടിയന്തിരശ്രദ്ധ പതിപ്പിക്കണം.

മത്സ്യവ്യവസായ വികസനത്തെക്കുറിച്ച് രണ്ടു വാക്കു പറയുവാനുണ്ട്. ആ കാര്യത്തിനു ഗവണ്മെന്റിൽ നിന്നും വളരെ പണം ചെലവുചെയ്യുന്നതായി കാണുന്നുണ്ട്. നാർവീജിയൻ സ്കീമിലേക്ക് കോൺഗ്രസ് ഗവണ്മെന്റ കൊള്ളിച്ചിരുന്ന തുക തീരെ കുറച്ചുവെന്നു ബഹുമാനപ്പെട്ട പൂഞ്ഞാർ മെംബർ സങ്കടത്തോടുകൂടി പറഞ്ഞു. ഈ പദ്ധതിയെപ്പററി ചില വിവരങ്ങൾ ഞങ്ങൾക്കറിയുവാൻ കഴിയുന്നുണ്ട്. നീണ്ടകരയുള്ള ഈ പദ്ധതിക്ക് ഇതിനകം എത്രയോ ലക്ഷം രൂപ ഗവണ്മെന്റ ചെലവാക്കി കഴിഞ്ഞു. ഈ ബഡ്ജററിൽതന്നെ അതിന് ഒരു ലക്ഷം രൂപ കൊള്ളിച്ചിട്ടുണ്ട്. ഇതിലെ ചില പ്രവർത്തനങ്ങൾ ഞങ്ങൾക്കു കാണുവാൻ കഴിഞ്ഞു. ഇതുവരെയായി ഏഴോ, എട്ടോ കെട്ടിടങ്ങൾ ക്വാർട്ടേഴ്സിനായി കെട്ടിയിട്ടുണ്ട്. ഒരു ബണ്ട് ഇട്ടിട്ടുണ്ട്, ഒരു ബോട്ടുജട്ടി കെട്ടിയിട്ടുണ്ട്. ഇതിനെല്ലാംകൂടി എത്രയോലക്ഷം രൂപ ചെലവു ചെയ്തു. അവിടെ ഇതുവരെ 12 പേരെ പരിശീലിപ്പിച്ചു. അതിൽ 8 പേരെ പിരിച്ചുവിട്ടു. ഇപ്പോൾ 4 പേർ മാത്രമെയുള്ളു. അവർക്ക് ബോട്ടിന്റെ ബ്രേക്കു പിടിക്കാനല്ലാതെ മത്സ്യം പിടിക്കാനറിഞ്ഞുകൂടാ. ഇതുവരെ അവർ ഒരു മത്സ്യംപോലും പിടിച്ചതായി അറിവില്ല. ലക്ഷക്കണക്കിന് രൂപ ചെലവുചെയ്തതിനു ശേഷം യാതൊരു പ്രയോജനവുമില്ലെന്നാണ് ഇതിൽനിന്നു കാണുന്നത്. ഇതിനും പുറമെ ഇതിനെപ്പററി സംഭ്രമജനകമായ ഒരു വാർത്ത ഇപ്പോൾ നാടെങ്ങും പരന്നിട്ടുണ്ട്. നോർവേക്കാരുടെ ഈ ബോട്ടുകൾ ഉപയോഗിച്ച് ചവറയിലുള്ള ലോഹമണൽ അപഹരിച്ചു ഉൾക്കടലിൽ കിടക്കുന്ന കപ്പലിൽ എത്തിച്ചു കൊടുക്കുന്നു എന്നതാണ് ഈ വാർത്ത. ഇതിനൊരു തെളിവായി പറയുന്നതു്, ഈ ബോട്ടുകാർ പോയാൽ പത്തോ, പതിമ്മൂന്നോ ദിവസം കഴിഞ്ഞു മാത്രമെ മടങ്ങിവരാറുള്ളുവെന്നാണ്. ഈ ഗവണ്മെന്റുകൂടി ചേർന്നു നടത്തുന്ന ഒരു പദ്ധതിയാണിതു്. ഈ ഗവണ്മെന്റിന്റെകൂടി പണം ചെലവഴിച്ച് രാജ്യത്തിനു ദ്രോഹവും നഷ്ടവുമുണ്ടാക്കുന്ന പ്രവർത്തനങ്ങൾക്കെതിരായി കർശന നടപടിയെടുക്കണം. യാതൊരു യന്ത്രസാമഗ്രികളുടെയും സഹായമില്ലാതെ ഇവിടുത്തെ ആളുകൾ വളരെ സമർത്ഥമായ രീതിയിൽ മത്സ്യം പിടിക്കുന്നുണ്ട്. അവർക്ക് പ്രോത്സാഹനം നൽകിയാൽ കൂടുതൽ പ്രയോജനമായിരിക്കും. അവർക്ക് സൗജന്യമായി നൂലും, തടിയും മററും കൂടുതലായി വിതരണം ചെയ്യുകയാണെങ്കിൽ മത്സ്യത്തൊഴിലാളികളുടെ സ്ഥിതിയും തൊഴിലും അഭിവൃദ്ധിപ്പെടും. അതുപോലെതന്നെ മത്സ്യവികസന കാര്യത്തിൽ കായൽപ്രദേശങ്ങളെ സംരക്ഷിക്കേണ്ട കടമയുമുണ്ട്. ഈ വക കാര്യങ്ങളെ സംബന്ധിച്ച് ഗവണ്മെന്റ ശ്രദ്ധിക്കേണ്ടതാണ്. ബഹുമാനപ്പെട്ട മെംബർ മിസ്റ്റർ കോര മരച്ചീനി കയററമതിയെക്കുറിച്ചു പറയുകയുണ്ടായി. ഗവണ്മെന്റ് ഇതേപ്പററി ഒരു തീരുമാനം ചെയ്യുന്നതിനു മുൻപ്, ഗവണ്മെന്റിന്റെ ഭക്ഷ്യനയത്തെ സംബ

[ശ്രീ. ടി. എ. മജീദ്]

ന്ധിച്ച് കൃത്യമായി പഠിച്ച് ഒരു പരിശോധന നടത്തിയതിനു ശേഷം മാത്രമേ കയററുമതിയെപ്പററി അവസാനനയം രൂപീകരിക്കാവൂ എന്നെനിക്കഭിപ്രായമുണ്ട്. ഇന്ന് ഇവിടത്തെ ഭക്ഷ്യനില എന്താണെന്നും, മരച്ചീനി കയററി അയച്ചാൽ ഇവിടത്തെ ഭക്ഷ്യനില എന്തായിരിക്കുമെന്നും ശരിയായി പഠിച്ചതിനു ശേഷമെ ഈ കാര്യത്തിൽ ഒരു അന്ത്യതീരുമാനമെടുക്കാൻ പാടുള്ളു. ഇത്രയും കാര്യങ്ങൾ പറഞ്ഞുകൊണ്ടു ഞാൻ ഉപസംഹരിച്ചുകൊള്ളുന്നു.

ശ്രീ. പി. വിശ്വംഭരൻ: സർ, ഈ സംസ്ഥാനത്ത് കൃഷി ഡിപ്പാർട്ടുമെൻറ് എന്നൊരു ഡിപ്പാർട്ടുമെൻറുണ്ടെന്നുള്ള വിവരം ഈ രാജ്യത്തെ ബഹുഭൂരിപക്ഷം ആളുകൾക്കും അറിയാൻപാടില്ലാത്ത ഒരവസ്ഥയിലാണു അതിൻെറ പ്രവർത്തനം നടക്കുന്നത്. ഏതായാലും ഞങ്ങളുടെ പ്രദേശത്താണെങ്കിൽ, അസംബ്ലി റിപ്പോർട്ടു പത്രങ്ങളിൽ വായിക്കുന്നവർക്കു മാത്രമെ ഇങ്ങനെയൊരു ഡിപ്പാർട്ടുമെൻറുണ്ടെന്നുള്ള കാര്യം മനസ്സിലാകുകയുള്ളു. ആ താലൂക്കിൽ കൃഷിഡിപ്പാർട്ടുമെൻറിലുള്ള ഉദ്യോഗസ്ഥന്മാരെ കാണുവാൻതന്നെ നിവൃത്തിയില്ല. വളം വിതരണമാണ് ഈ ഡിപ്പാർട്ടുമെൻറിൻെറ പ്രധാനജോലിയെന്നു മന്ത്രിതന്നെ പറയുകയുണ്ടായി.

Shri P. S. Nataraja Pillai: Is there not an Agricultural Inspector at Neyyattinkara ?

ശ്രീ. പി. വിശ്വംഭരൻ: ഉണ്ടായിരിക്കാം. പക്ഷെ അദ്ദേഹത്തെ ആളുകൾ കണ്ടിട്ടില്ല. വളം വിതരണമാണെങ്കിൽ, കുട്ടനാട്ടെ വൻകിട ജന്മിമാർക്കു മാത്രമെ വളം കിട്ടുന്നുള്ളുവെന്നും, മററുള്ളവർക്കു കിട്ടുന്നില്ലെന്നും പരാതിയുണ്ട്. ദക്ഷിണതിരുവിതാംകൂർകാർക്ക് വളം വിതരണം ചെയ്യുന്ന കാര്യത്തിൽ എന്തെങ്കിലും ചെയ്യുന്നുണ്ടോ എന്നുതന്നെ സംശയമാണ്.

ഗവേഷണമാണ് ഇതിലെ മറെറാരു പ്രധാനപ്പെട്ട ജോലി എന്നു മന്ത്രി പറഞ്ഞു. ഓരിനിലം കൃഷിയുടെ കാര്യത്തിൽ ഡിപ്പാർട്ടുമെൻറിലെ ഗവേഷണവകുപ്പ് കാര്യമായി പ്രവർത്തിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. അതു അഭിനന്ദനാർഹമാണ്. പക്ഷെ ഇത്ര കാര്യമായ ഗവേഷണങ്ങൾ നടത്തുന്ന ഉദ്യോഗസ്ഥന്മാരൊ, ഗവണ്മെൻേറാ അതുസംബന്ധമായ വിവരങ്ങൾ സാമാന്യജനങ്ങളെക്കൂടി അറിയിക്കണമെന്നാണു എനിക്കു പറയാനുള്ളത്. ആ ഉദ്യോഗസ്ഥന്മാർക്കാണെങ്കിൽ, വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ലെന്നു പരാതിയുണ്ട്. പാച്ചല്ലൂർ എന്ന സ്ഥലത്ത് ഒരു ഗവേഷണകേന്ദ്രം ഉണ്ടെന്നു പറയപ്പെടുന്നു. അതു എൻെറ വീട്ടിൽനിന്നും ഒരു മൈലകലെയാണ്. ആ ഗവേഷണകേന്ദ്രം കണ്ടുപിടിക്കാൻ തന്നെ എനിക്കു ഒരു ഗവേഷണം നടത്തേണ്ടിവന്നു.

ശ്രീ. എം. പി. മേനോൻ: അതു സ്ഥലത്തിൻെറ പേർ അറിയാത്തതുകൊണ്ടോ, അതോ പ്രവർത്തനത്തിൻെറ കുറവോ?

ശ്രീ. പി. വിശ്വംഭരൻ: അതു പ്രവർത്തനം നടത്തുന്നതിൻെറ തകരാറുകൊണ്ടുതന്നെ. ഈ ആഫീസിനു ഒരു ബോർഡുപോലും ഇല്ല. ഒരു വൻകിട ജന്മിയുടെ വീട്ടിനകത്താണു ആഫീസു സ്ഥാപിച്ചിരിക്കുന്നത്.

The Assembly adjourned at 5 p. m. to meet again at 11 A. M, on Saturday the 24th July 1954.

APPENDIX I.

*[Please see answer to question *364 (a)]*

(i) Travancore Rubber Works.

After it was taken over by Government on 8-10-1949.

Year (working period)	*Net profit*	*Net loss*
8-10-1949 to 31-3-1950	Rs. 10,808-11- 0	
1- 4-1950 to 31-3-1951	,, 63,269-13-10	
1- 4-1951 to 31-3-1952	,, 1,58,168- 4- 6	
1- 4-1952 to 31-3-1953		Rs. 1,18,620-10-1

(ii) Travancore Minerals Concerns.

Year (working period)	*Net income.*	
1949-1950	Rs. 5,00,624- 3- 0	
1950-51	,, 3,61,983- 9- 4	
1951-52	,, 2,77,453-14- 3	
1952-53	,, 1,55,283- 2- 3	
1953-54	About Rs. 3 lakhs.	Subject to adjustments by the Comptroller as the accounts have not been audited.

(iii) Government Ceramic Factory.

Year (working period)	*Net profit.*	*Net loss.*
1125 M. E. (7½ months)	Rs. 21,196- 0-11	
1950-51	,, 19,088-11- 0	
1951-52		Rs. 4,372-12- 4
1952-53		,, 1,37,868- 9- 7
1953-54	(Accounts not finalised)	

(iv) Shark Liver Oil Factory.

Year (working period)	*Net income.*
1949-50 (7½ months)	Rs. 7,349- 0-0
1950-51	,, 11,891- 0- 0
1951-52	,, 9,757-11- 0
1952-53	,, 15,108- 6- 3
1953-54	,, 25,501- 9- 6

(v) Travancore Plywood Industries.

Year (working period)	*Net profit.*		
1949-50 (7½ months)			
	Rs.	26,000-0-0	All amounts
1950-51	,,	97,000-0-0	rounded to
1951-52	,,	39,000-0-0	the nearest
1952-53	,,	1,15,000-0-0	Rs. 1,000
1953-54	(Accounts not finalised.)		Yet a loss of Rs. 36,00)

(vi) Transport Service

Year (working period)	*Net profit.*
1949-50 (7½ months)	
	Rs. 14,57,146- 7-0
1950-51	,, 21,40,018- 0-0
1951-52	,, 17,64,430- 4-7
1952-53	,, 10,07,859-14-7

1953-54 (Accounts have not been finalised)

APPENDIX II

[Please see answer to Question No. *366 (14)]

കയർബോർഡിന്റെ പ്രവർത്തനങ്ങൾ.

കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും കയറ്റുമതി വർദ്ധിപ്പിക്കുകയും അതിന്റെ പ്രചരണം നടത്തുകയും ചെയ്യുക.

കയറുൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള കയർ കതിരുകളും തറികളും കൂടാതെ കയറുൽപ്പന്നങ്ങളുടെ നിർമ്മാതാക്കളെയും രജിസ്റ്റർ ചെയ്തും കയറും കയറുൽപ്പന്നങ്ങളും കയറ്റുമതി ചെയ്യുന്നവർക്ക് ലൈസൻസ് നൽകിയും നിർണ്ണയിക്കപ്പെടാവുന്ന മറ്റു സമുചിത നടപടികൾ സ്വീകരിച്ചും തൊണ്ടിന്റെയും കയറിന്റെയും കയറുൽപന്നങ്ങളുടെയും ഉൽപ്പാദനം കേന്ദ്രഗവണ്മെന്റിന്റെ മേൽനോട്ടത്തിൽ നിയന്ത്രിക്കുക.

ശാസ്ത്രീയവും സാങ്കേതികവും സാമ്പത്തികവുമായ ഗവേഷണം നടത്തുകയോ അതിനെ സഹായിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുകയും ഒന്നോ അതിലധികമോ ഗവേഷണശാല നടത്തുകയും നടത്തുന്നതിൽ സഹായിക്കുകയും ചെയ്യുക.

കയറുല്പന്നങ്ങൾ നിർമ്മിക്കുകയും വ്യാപാരം ചെയ്യുകയും ചെയ്യുന്നവർ നിർണ്ണയിക്കപ്പെടാവുന്ന മറ്റാളുകൾ എന്നവരിൽനിന്നും കയർവ്യവസായ സംബന്ധമായ ഏതെങ്കിലും കാര്യത്തിന്റെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുകയും അപ്രകാരം ശേഖരിക്കപ്പെട്ട സ്ഥിതിവിവരക്കണക്കോ അതിലെ ഭാഗങ്ങളോ സാരാംശങ്ങളോ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുക.

ചകരിയുടെയും കയറിന്റെയും കയറുല്പന്നങ്ങളുടെയും ക്രമം അനുസരിച്ചുള്ള മാനദണ്ഡം ക്ലിപ്തപ്പെടുത്തുകയും ആവശ്യമുള്ളപ്പോൾ അവയുടെ പരിശോധനയ്ക്കു ഏർപ്പാടു ചെയ്യുകയും ചെയ്യുക.

ഇൻഡ്യയിലും മറ്റു സ്ഥലങ്ങളിലും തൊണ്ടിന്റെയും ചകരിയുടെയും കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും കച്ചവടം അഭിവൃദ്ധിപ്പെടുത്തുകയും അന്യായമായ മത്സരം തടയുകയും ചെയ്യുക.

തൊണ്ട്, ചകരി, കയർ എന്നിവയുടെ ഉൽപ്പാദകരുടെയും കയറുൽപ്പന്നങ്ങളുടെ നിർമ്മാതാക്കളുടെയും ഇടയിൽ സഹകരണസംഘടനം പ്രവൃദ്ധമാക്കുക.

തൊണ്ടിന്റെയും ചകരിയുടെയും കയറിന്റെയും ഉൽപ്പാദകർക്കും കയറുൽപ്പന്നങ്ങളുടെ നിർമ്മാതാക്കൾക്കും ആദായം സുനിശ്ചിതമാക്കുക.

അഴുക്കൽ സ്ഥലങ്ങൾക്കും പണ്ടകശാലകൾക്കും ലൈസൻസു കൊടുക്കുകയും ആഭ്യന്തരമായ വാണിജ്യത്തിനും കയറ്റുമതിക്കും വേണ്ടി ചകരിയുടെയും കയറിന്റെയും കയറുല്പന്നങ്ങളുടെയും സംഭരണവും വില്പനയും മറ്റു പ്രകാരത്തിൽ നിയന്ത്രിക്കുകയും ചെയ്യുക.

കയർ വ്യവസായാഭിവൃദ്ധിയെ സംബന്ധിക്കുന്ന എല്ലാ സംഗതികളിലും ഉപദേശം നൽകുക.

നിർണ്ണയിക്കപ്പെടാവുന്ന മറ്റു കാര്യങ്ങൾ.

APPENDIX III

[*Please See Answer to Question No * 377 (103)*]

ഫാറസ്ററ് ഡിപ്പാർട്ടുമെൻറിൽ തിരുവിതാംകൂർ വിഭാഗത്തും കൊച്ചി വിഭാഗത്തും ഉണ്ടായിരുന്ന സ്ഥിരം ഉദ്യോഗങ്ങളുടെ പട്ടിക.

ക്രമനമ്പർ	ഉദ്യോഗത്തിൻെറ പേരു്	തിരുവിതാംകൂർ വിഭാഗം ഉദ്യോഗങ്ങളുടെനമ്പർ	തിരുവിതാംകൂർ വിഭാഗം ശമ്പള നിരക്കു്	കൊച്ചി വിഭാഗം ഉദ്യോഗങ്ങളുടെനമ്പർ	കൊച്ചി വിഭാഗം ശമ്പള നിരക്കു്
1	ഫാറസ്റ്റ് കൺസർവേറർ	1	450–50–750	1	400–600
2	ഫാറസ്റ്റ് കൺസർവേറരുടെ പേഴ്സനൽ അസിസ്റ്റൻറ്	1	225–10–275	1	175–300
3	ഡപ്യൂട്ടി കൺസർവേറർ	1	350–10–450	1	300–400
	ടി	1	275–10–325	...	...
4	അസിസ്റ്റൻറ് കൺസർവേറർമാർ	4	225–10–275	2	200–10–300
5	റേഞ്ചർമാർ ഒന്നാംഗ്രേഡ്	9	125–10–175	1	125–5–175
6	ടി രണ്ടാംഗ്രേഡ്	19	80–5–100	2	80–125
7	ഡപ്യൂട്ടിറേഞ്ചർമാർ, ക്യൂറേട്ടർ, ഡിപ്പോ ആഫീസർ	22	45–5–75	1	40–60
8	ഫാറസ്റ്റർ ഒന്നാംഗ്രേഡ്	17	30	15	40–60
	ടി രണ്ടാംഗ്രേഡ്	23	27	—	....
	ടി മൂന്നാംഗ്രേഡ്	34	24	...	....
9	ഗാർഡ് ഒന്നാംഗ്രേഡ്	32	17	24	35
	ടി രണ്ടാംഗ്രേഡ്	64	16	41	30
	ടി മൂന്നാംഗ്രേഡ്	97	15		
				ഡാണാമാർ 30	22
	ടി നാലാംഗ്രേ	131	14	വാച്ചർ 139	20

APPENDIX III—(*concld.*)

ക്രമനമ്പർ	ഉദ്യോഗത്തിന്റെ പേര്	തിരുവിതാംകൂർ വിഭാഗം		കൊച്ചി വിഭാഗം	
		ഉദ്യോഗങ്ങളുടെ നമ്പർ	ശമ്പള നിരക്ക്	ഉദ്യോഗങ്ങളുടെ നമ്പർ	ശമ്പള നിരക്ക്
10	സർവേയർ	4	45–5–75	2	30–45
11	സൂപ്രണ്ട്	...	...	1	150–200
12	ഹെഡ്ക്ലാർക്ക്	1	80–5–100	1	80–125
13	ഹെഡ്അക്കൗണ്ടന്റ്	1	80–5–100	1	125–150
14	സീനിയർക്ലാർക്ക്	...	...	1	80–125
15	ഡിവിഷൻ ആഫീസുമാനേജർ	6	45–5–75	...	
16	ക്ലാർക്ക്	9	45–5–75	20	30–75
	ടി	30	30–3–45	...	...
	ടി	55	25–1–30	ക്ലെറിക്കൽ അററൻേറഷ്സ്	
				5	25–40
17	സ്റ്റെനോഗ്രാഫർ	...	...	1	30–100
18	ടൈപ്പിസ്റ്റ്	8	30–3–45	2	30–100
19	ഹെഡ്ഡ്രാഫ്ററ്സ്മാൻ	1	80–5–100	...	...
20	ഡ്രാഫ്ററ്സ്മാൻ	7	45–5–75	1	30–75
21	ഡഫേദാർ	1	18	1	25
22	മൊച്ചി	1	14–$\frac{1}{3}$–17	1	22
23	പ്യൂൺസ്	78	11–$\frac{1}{3}$–15	12	20
24	ക്രെയിൻമേററ്	...	...	1	22
25	ഗാർഡനർ	...	....	1	20
26	ആനക്കാരൻ	...	...	10	20

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY.

SECOND SESSION—1954.

Saturday, the 24th July 1954.

Vol. XI] OFFICIAL REPORT [No. 11

The Assembly met in the Assembly Chamber, Trivandrum at Eleven of the Clock on Saturday, the 24th July 1954, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day)

ORAL ANSWERS.

ശ്രീ. എൻ. ജി. ചാക്കോ: സർ, ഒരു പായിൻറ് ഓഫ് ഓർഡർ. ചോദ്യോത്തരവേളയിൽ പല ഉപചോദ്യങ്ങൾക്കും മറുപടിയായി പല ഉറപ്പുകളും മന്ത്രിമാർ തരാറുണ്ട്. ആ ഉറപ്പു തരുന്നതോടുകൂടി അതനുസരിച്ചു പ്രവർത്തിക്കുന്നുണ്ടോ, ആ ഉറപ്പു പാലിക്കുന്നുണ്ടോ എന്ന് ഇവിടത്തെ മെമ്പറന്മാർക്ക് അറിയാൻ നിവൃത്തിയില്ലാതെയിരിക്കുകയാണ്. അതുകൊണ്ട് ആ കാര്യത്തിൽ വേണ്ടതു ചെയ്യാൻ, അതായത് ആ ഉറപ്പുകൾ എത്രത്തോളം പാലിച്ചിട്ടുണ്ടെന്നു അന്വേഷിക്കുവാൻ ഈ സഭയിൽ നിന്നു തിരഞ്ഞെടുക്കപ്പെടുന്ന ഒരു കമ്മിററിയെ നിയമിച്ചാൽ കൊള്ളാമെന്ന് എനിക്ക് അപേക്ഷയുണ്ട്.

മി. സ്പീക്കർ: ഇതു് ഒരു പായിൻറ് ഓഫ് ഓർഡർ അല്ല. ഏതായിരുന്നാലും നിയമസഭയുടെ പുതിയ റൂളുകൾ മെമ്പറന്മാരെല്ലാവരും വായിച്ചിരിക്കുമെന്നു വിചാരിക്കുന്നു. അതിൽ ഒരു അഷ്വറൻസ് കമ്മിററിയെ നിയമിക്കുന്നതിനുള്ള പ്രോവിഷൻ ഉണ്ട്. ആ ഭാഗങ്ങളിലേയ്ക്കു് മെമ്പറന്മാരുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

†Housing Scheme.

*379. [2] **Shri K. Sattanatha Karayalar**: Will the Minister for Local Self Government be pleased to state:

(a) whether the Government have any housing scheme under the Second Five Year Plan; and

† As the member was absent, the question was put by Shri N. Raghava Kurup, with the permission of the Chair.

(b) if so, what are those schemes ?

Minister for Local Self Government (**Shri P. K. Kunju**) :

(a) Schemes to be included in the Second Five Year Plan have not yet been decided finally.

(b) In view of the answer to part (a) the question does not arise.

ശ്രീ. പി. വി. അവിരാതരകൻ : സർ, ഈ സ്കീമനുസരിച്ചുള്ള വീടുകൾ പണിതു് ആളുകൾക്കു് വെറുതെ കൊടുക്കുകയാണോ?

ശ്രീ. പി. കെ. കുഞ്ഞു് : ഇതിൽ പല പദ്ധതികളുമുണ്ടു്. ഹൗസിംഗ് സ്കീം, കാളനൈസേഷൻ, സെററിൽമെൻറു് മുതലായ പദ്ധതികളാണവകൾ.

ശ്രീ. പി. വി. അവിരാതരകൻ : ഹൗസിംഗ് സ്കീം അനുസരിച്ചുള്ള വീടുകൾ പണിയിച്ചു് ആളുകൾക്കു വെറുതെ കൊടുക്കുകയാണോ?

ശ്രീ. പി. കെ. കുഞ്ഞു് : മുടക്കിയിരിക്കുന്ന തുകയ്ക്കു് രണ്ടര ശതമാനം പലിശ കണക്കാക്കിയുള്ള റെൻറു് പലിശ കൂടാതെ 25 വർഷം കൊണ്ടു് മുടക്കിയ സംഖ്യ സർക്കാരിലേയ്ക്കു് മടക്കി കിട്ടുമ്പോൾ സഹകരണ സംഘങ്ങൾ മുഖാന്തിരം വീടില്ലാത്ത അവരുടെ അംഗങ്ങൾക്കും മുനിസിപ്പാലിററികൾക്കും ഉടമസ്ഥാവകാശം വിട്ടുകൊടുക്കുന്നതാണു്.

ശ്രീ. എം. വി. ചെറിയാൻ : ഇങ്ങനെ വീടുകൾ കൊടുക്കുന്നതിലുള്ള മാനദണ്ഡം എന്താണു്?

ശ്രീ. പി. കെ. കുഞ്ഞു് : ഇതു് പലിശ കൂടാതെ 25 വർഷംകൊണ്ടു മടക്കികൊടുക്കത്തക്കവണ്ണമാണു്. മുനിസിപ്പാലിററിവഴിയായും കോവാപ്പറേററീവ് സൊസൈററിവഴിയായുമാണു് ഈ വീടുകൾ കൊടുക്കുന്നതു്. അതു് കർഷകത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, മുനിസിപ്പൽ തൊഴിലാളികൾ, മററു തൊഴിലാളികൾ എന്നിവർക്കാണു് ഉദ്ദേശിച്ചിരിക്കുന്നതു്.

ശ്രീ. എം. വി. ചെറിയാൻ : വീടുകൾ സെലക്ററുചെയ്യുന്നതിൽ പഞ്ചായത്തുകളുടെ നിർദ്ദേശം സ്വീകരിക്കാമോ ?

ശ്രീ. പി. കെ. കുഞ്ഞു് : ഇതുവരെ സ്വീകരിച്ചിട്ടില്ല. അതിനെപ്പററി ആലോചിക്കാവുന്നതാണു്.

ശ്രീ. എം. വി. ചെറിയാൻ : വീടുകൾ പണിയുന്നതു് ഡിസ്ട്രിക്ട് വാറായി തിരിക്കാൻ വേണ്ട നടപടി എടുക്കാമോ ?

ശ്രീ. പി. കെ. കുഞ്ഞു് : അതിനെപ്പററിയും ആലോചിക്കാവുന്നതാണു്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : മററു സംസ്ഥാനങ്ങളിൽ ഈ കാര്യത്തിലേയ്ക്കു് പലവിധത്തിലുള്ള സ്കീമുകൾ ഉണ്ടു്. ഇവിടെ ഏതെല്ലാം സ്കീമുകളാണുള്ളതു്?

ശ്രീ. പി. കെ. കുഞ്ഞു് : സെററിൽമെൻറു സ്കീമനുസരിച്ചു് 5 സെൻറു സ്ഥലം വീതം പാർപ്പിടമില്ലാത്ത ആളുകൾക്കു് നൽകാൻ

വ്യവസ്ഥാ ചെയ്തിരിക്കുന്നു. അവർക്ക് അതുകൂടാതെ 50 രൂപയും 250 രൂപയുടെ സാമഗ്രികളും കൊടുക്കുന്നുണ്ട്. കാളനൈസേഷൻ സ്കീമനുസരിച്ച് 3 ഏക്കറിൽ കുറയാതെയും 5 ഏക്കറിൽ കൂടാതെയും ഏക്കറേജ് കണക്കാക്കി 25 മുതൽ 200 വരെയുള്ള ആളുകൾക്ക് താമസിക്കുന്നതിനു തക്ക കാളനിയായി കൊടുക്കും. കൃഷിചെയ്യുന്നതിനു വേണ്ട ലോണും ഗ്രാൻറും കൊടുക്കുന്നതാണ്. ഹൗസിംഗ് സ്കീമിനെസംബന്ധിച്ച് ഞാൻ മുമ്പു തന്നെ പറഞ്ഞുകഴിഞ്ഞു.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഹൗസിംഗ് സ്കീം എന്തടിസ്ഥാനത്തിലാണ് കൊടുക്കുന്നത്?

ശ്രീ. പി. കെ. കുഞ്ഞ്: ഞാൻ മുമ്പു പറഞ്ഞതുപോലെ ഈ സ്വയംഭരണസ്ഥാപനങ്ങൾക്ക് 25 വർഷക്കാലംകൊണ്ട് പണം അടയ്ക്കത്തക്കവിധത്തിൽ കൊടുക്കും.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അപ്പോൾ പണം തിരിച്ചടയ്ക്കത്തക്കവിധത്തിലാണ് ആളുകൾക്ക് കിട്ടുന്നത്?

ശ്രീ. പി. കെ. കുഞ്ഞ്: അതെ. ഈ സ്ഥാപനങ്ങൾ ഗവണ്മെൻറിലേയ്ക്ക് പണം മടക്കിക്കൊടുക്കണം. അങ്ങിനെയാണ് ആളുകൾക്ക് 25 വർഷംകൊണ്ട് അത് സ്വന്തമായിത്തീരുന്നത്.

†സാമില്ലുകളും തീപ്പെട്ടിക്കമ്പനികളും.

※ 380. (3) ശ്രീ. ടി. കെ. ദിവാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1950-51-ൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത എത്ര സാമില്ലുകളും, തീപ്പെട്ടിക്കമ്പനികളും ഉണ്ടായിരുന്നു; ഇവയിൽ ആകെയുള്ള തൊഴിലാളികൾ എത്ര;

(ബി) 1952-53-ൽ ഇതിൽ എത്ര ഫാക്ടറികൾ പ്രവർത്തിച്ചിരുന്നു; എത്ര പേർക്ക് തൊഴിലുണ്ടായിരുന്നു;

(സി) സംസ്ഥാനത്തുനിന്നും ഉരുളൻതടി അനിയന്ത്രിതമായി കയററി അയയ്ക്കുന്നതുമൂലം ഈ വ്യവസായങ്ങളിൽ തൊഴിലില്ലായ്മ ബാധിച്ചിട്ടുണ്ടെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗവണ്മെൻറ് എന്തു നടപടി നടത്തി?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്):

(എ) സാമിൽ 19, തീപ്പെട്ടിക്കോലുകൾ നിർമ്മിക്കുന്ന കമ്പനികൾ 8, തീപ്പെട്ടിക്കമ്പനി 4, ആകെ അവിടെ ഉണ്ടായിരുന്ന തൊഴിലാളികൾ 1305.

(ബി) സാമിൽ 17, തീപ്പെട്ടിക്കോലുകൾ നിർമ്മിക്കുന്ന കമ്പനികൾ 8, തീപ്പെട്ടിക്കമ്പനി 4, ഇവയിൽ പ്രവർത്തിച്ചുവന്നിരുന്ന തൊഴിലാളികൾ 985.

(സി) ഉണ്ട്.

---

† As the member was absent the question was put by Shri Prakkulam Bhasi with the permission of the Chair.

(ഡി) സ്റ്റേറ്റിനു പുറത്തുള്ള കമ്പനികൾക്കു കൊടുക്കുന്ന തടികളിന്മേൽ പന്ത്രണ്ടര ശതമാനം സർ ചാർജ്ജ് ചുമത്തിവരുന്നതു് സ്റ്റേറ്റിന് അകത്തുള്ള വ്യവസായങ്ങൾക്ക് മതിയായ സംരക്ഷണമാണെന്നു കരുതി വേറെ നിയന്ത്രണമൊന്നും ആവശ്യമില്ലെന്നു തീരുമാനിച്ചു.

ശ്രീ. പ്രാക്കുളം ഭാസി: വേറെ നിയന്ത്രണമൊന്നുമില്ലെങ്കിൽ ഇവിടത്തെ തൊഴിലാളികൾക്ക് ഉപദ്രവമാണെന്നു വിചാരിക്കുന്നില്ലേ? അതായതു്, നിയന്ത്രണം ഇല്ലാതെ ഇങ്ങനെ കയററി അയച്ചതുകൊണ്ടു് അടുത്തയാണ്ടിൽ 260 പേക്ക് തൊഴിലില്ലാതെയായിത്തീർന്നുവെന്ന് മന്ത്രിതന്നെ സമ്മതിക്കുന്ന സ്ഥിതിക്ക് ഉരുളൻതടി കയററി അയയ്ക്കരുതെന്ന് നിർദ്ദേശിച്ചുകൂടേ?

ശ്രീ. പി. കെ. കുഞ്ഞു്: ആവശ്യമില്ല. ഇങ്ങനെ പന്ത്രണ്ടര ശതമാനം സർ ചാർജോടുകൂടി കയററി അയയ്ക്കുന്നതുകൊണ്ടു് വിദേശങ്ങളിൽ വിലകൂട്ടി മാത്രമേ വിൽക്കാൻ സാധിക്കയുള്ളു. ഇവിടെ വില കുറഞ്ഞിരിക്കയും ചെയ്യും.

ശ്രീ. കുട്ടപ്പൻകോയിക്കൽ: എല്ലാത്തരം തടികളും കയററി അയയ്ക്കുന്നുണ്ടോ?

Mr. Speaker: That is a different question.

ശ്രീ. കെ. കരുണാകരൻ: ഈ സംസ്ഥാനത്തുള്ള ഏതെങ്കിലും കമ്പനികൾക്ക് സീനിയറേജ് വിലയ്ക്കു് തടി കൊടുക്കുന്നുണ്ടോ?

Mr. Speakre: That also is a different question.

ശ്രീ. സി. എ. മാത്യു: തീപ്പെട്ടി വരുത്തുന്നതിനുവേണ്ടി അനേകായിരം രൂപ ഈ രാജ്യത്തു നിന്നും ആണ്ടുതോറും ചെലവാകുന്നുണ്ടെന്നറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു്: അറിയാം.

ശ്രീ. സി. എ. മാത്യു: ഈ രാജ്യത്തുതന്നെ തീപ്പെട്ടി ഉണ്ടാക്കാനുള്ള സാദ്ധ്യതകളില്ലേ?

ശ്രീ. പി. കെ. കുഞ്ഞു്: ഉണ്ടു്.

ശ്രീ സി. എ. മാത്യു: അതുകൊണ്ടു് നമ്മുടെ തീപ്പെട്ടി വ്യവസായം അഭിവൃദ്ധിപ്പെടുത്തുകയല്ലേ വേണ്ടതു്?

ശ്രീ. പി. കെ. കുഞ്ഞു്: ഈ സൗജന്യങ്ങളെല്ലാം അതിനു വേണ്ട പരിഹാരം നൽകുമെന്നു് വിചാരിച്ചുകൂടിയാണു് ചെയ്തതു്.

†കൊല്ലം പോർട്ട്.

❋ 381. [4] ശ്രീ. ടി. കെ. ദിവാകരൻ: താഴെ പറയുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം പോർട്ട് വികസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ

† As the member was absent, the question was put by Shri Prakkulam Bhasi with the permission of the Chair

സ്വീകരിക്കണമെന്ന് കൊല്ലം മുനിസിപ്പൽ കൌൺസിൽ പാസ്സാക്കിയ നിശ്ചയത്തിന്മേൽ ഗവണ്മെൻറ് എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട്

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ) : മുനിസിപ്പാലിററി പാസ്സാക്കിയതായി പറയുന്ന നിശ്ചയം ഗവണ്മെൻറിനു കിട്ടിയിട്ടില്ല. ഗവണ്മെൻറ് സ്വമേധയാ നടത്തിയ നിവേദനങ്ങളുടെ ഫലമായി ആലപ്പുഴ തുറമുഖവികസനത്തിനു അനുവദിച്ച തുകയിൽ മിച്ചം വരുന്നതു് കൊല്ലം തുറമുഖവികസനത്തിന് ഉപയോഗിക്കാമെന്ന് നാഷനൽ ഹാർബർ ബോർഡു് സമ്മതിച്ചിട്ടുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി : പൂനാസമ്മേളനത്തിൽ സംബന്ധിച്ച ബഹുമാനപ്പെട്ട മന്ത്രി ഈ കാര്യം അവരുടെ ശ്രദ്ധയിൽ കൊണ്ടുവന്നോ ?

ശ്രീ. എ. അച്യുതൻ : അതിൻെറ ഫലമായിട്ടാണ് ഇങ്ങനെ സമ്മതിച്ചതു്.

ശ്രീ. പ്രാക്കുളം ഭാസി : ആലപ്പുഴയ്ക്കു് അനുവദിച്ചിട്ടുള്ള തുകയിൽ മിച്ചം വന്നാൽ മാത്രമേ ഇതിനു ചെലവാക്കുകയുള്ളോ ?

ശ്രീ. എ. അച്യുതൻ : അല്ലെങ്കിൽതന്നെ അതിന് വേണ്ട നടപടി എടുത്തിട്ടുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി : എന്തു നടപടിയാണു നടത്തിയതു് ?

ശ്രീ. എ. അച്യുതൻ : ഇതു് ഇൻഡ്യാഗവണ്മെൻറിൻെറ രണ്ടാമത്തെ പഞ്ചവത്സരപദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അന്വേഷണം നടത്തി എസ്റ്റിമേററുവരെ തയാറാക്കിയിട്ടുണ്ട്.

ശ്രീ. റഹിം : വികസനപദ്ധതികളെന്തെല്ലാമാണ് ?

ശ്രീ. എ. അച്യുതൻ : പി. എം. സിഗ്നലിംഗ്, അപ്രോച്ച് റോഡ്, ഷെഡ്ഡ് ഇവ പണിയുക മുതലായവയാണ്.

തൂപ്പുകാരുടെ ശമ്പളം.

*382. [5] ശ്രീ. എൻ. ജി. ചാക്കൊ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) നാൺ മുനിസിപ്പൽ ടൌണുകളിലെ തൂപ്പുകാർക്ക് ഇപ്പോൾ എത്ര രൂപ ശമ്പളം കൊടുക്കുന്നുണ്ട് ;

(ബി) മുമ്പ് അവർക്ക് എത്ര രൂപ ശമ്പളം കിട്ടിക്കൊണ്ടിരുന്നു;

(സി) മുമ്പ് ഉണ്ടായിരുന്ന ശമ്പളം കുറച്ചിട്ടുണ്ടെങ്കിൽ അതു് എന്തടിസ്ഥാനത്തിലാണ് ;

(ഡി) ഇതേപ്പററി വല്ല നിവേദനവും ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എന്തു നടപടി എടുത്തിട്ടുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്) :

(എ) പബ്ലിക്ക് ഹെൽത്ത് ഡിപ്പാർട്ടുമെൻറിലെ കൺസർവെൻസി തൂപ്പുകാർക്ക് ഇപ്പോഴും പ്രതിമാസം 20 രൂപ വീതം ശമ്പളം കൊടുത്തു വരുന്നു.

(ബി) 20 രൂപ അടിസ്ഥാനശമ്പളവും 22 രൂപ വിലക്കൂടുതൽ അലവൻസും ഉൾപ്പെടെ 42 രൂപ.

(സി) തൂപ്പുകാരെ മുഴുവൻ സമയവും ജോലി ചെയ്യുന്ന വ്യവസ്ഥയിൽനിന്നും മാററി കുറച്ചുസമയം മാത്രം ജോലിചെയ്യുന്നവരാക്കിയതിനെ തുടർന്നാണു് ശമ്പളത്തിൽ കുറവു വരുത്തിയതു്.

(ഡി) ഉണ്ടു്.

(ഇ) കൺസർവെൻസി തൂപ്പുകാരെ വീണ്ടും മുഴുവൻ സമയവും ജോലി ചെയ്യുന്നവരാക്കി അവരുടെ ഇപ്പോഴത്തെ ശമ്പളം ഉയർത്തുന്ന കാര്യം ഗവണ്മെൻറിന്റെ പര്യാലോചനയിലിരിക്കുകയാണു്.

ശ്രീ. എൻ. ജി. ചാക്കോ: മററു ഡിപ്പാർട്ടുമെൻറുകളിൽ ഇതേ ജോലി ചെയ്തുകൊണ്ടിരിക്കുന്ന ആളുകളുടേയും ശമ്പളം ഇതനുസരിച്ചു് ഉയർത്താമോ?

ശ്രീ. പി. കെ. കുഞ്ഞു്: ആ കാര്യം ആലോചിക്കാം.

എറണാകുളം—കൊല്ലം റയിൽവെ.

* 383. [6] ശ്രീ. എൻ. ജി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം—കൊല്ലം റയിൽവെയുടെ പണി എന്നു പൂർത്തിയാകും;

(ബി) പ്രസ്തുത പണി സംബന്ധിച്ചു് തിരുവിതാംകൂർ—കൊച്ചി ഗവണ്മെൻറു് എന്തെങ്കിലും തുക ചെലവഴിക്കേണ്ടതുണ്ടോ;

(സി) എറണാകുളം മുതൽ കൊല്ലംവരെ എത്ര സ്റ്റേഷൻ ഉണ്ടു്;

(ഡി) പ്രസ്തുത റയിൽവെ ബ്രോഡ്ഗേജോ, മീററർഗേജോ;

(ഇ) പ്രസ്തുത ലൈനിൽ ഇലക്ട്രിക്ക് റയിൽ ഏർപ്പെടുത്തുവാൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) ആവശ്യം എന്നു തോന്നുന്ന സാമഗ്രികൾ ലഭിക്കുന്നപക്ഷം 1957-ൽ പണി പൂർത്തിയാകുമെന്നു് ഉദ്ദേശിക്കുന്നു.

(ബി) ഇല്ല.

(സി) 21.

(ഡി) മീററർഗേജ്.

(ഇ) അങ്ങനെ ഏർപ്പെടുത്തുന്നതിനു് ഇൻഡ്യാഗവണ്മെൻറുമായി എഴുത്തുകുത്തു നടത്തിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. എൻ. ജി. ചാക്കോ: തിരുവിതാംകൂറിൽ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയെ പരിഗണിച്ചു് 6 റെയിൽവേ കൂടി എടുക്കുവാൻ ആലോചിക്കാമോ?

ശ്രീ. എ. അച്ചുതൻ: അതു് ഇൻഡ്യാഗവണ്മെൻറ് ചെയ്യേണ്ടതാണു്. ഈ ഗവണ്മെൻറ് 4 റയിൽവേലൈനുകഠം റെക്കമൻഡു് ചെയ്തിട്ടുണ്ടു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: പണി എത്രത്തോളം ആയിട്ടുണ്ടു്?

ശ്രീ. എ. അച്ചുതൻ: എറണാകുളം മുതൽ കോട്ടയംവരെ പണി നടന്നുവരികയാണു്. കൊല്ലം മുതൽ മാവേലിക്കരവരെ പണി തുടർന്നു നടത്തുവാൻ പ്രാരംഭ നടപടികഠം കൈക്കൊണ്ടിട്ടുണ്ടു്.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള: മുഴുവൻ സ്ഥലത്തുനിന്നും വസ്തുക്കഠം ഗവണ്മെൻറിലേയ്ക്കു് എടുത്തുകഴിഞ്ഞിട്ടുണ്ടോ?

ശ്രീ. എ. അച്ചുതൻ: കൊല്ലം, കോട്ടയം, മാവേലിക്കര ഈ സ്ഥലങ്ങളിൽ പൊന്നുംവില കൊടുക്കുന്നതിനുള്ള ജോലി മുഴുവൻ നടന്നിട്ടില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: അഴർമനതുടങ്ങിയ ജന്മികളുടെ വസ്തുക്കഠംക്കു് പൊന്നുംവില ആക്കു് കൊടുക്കാനാണുദ്ദേശിക്കുന്നതു്?

Mr. Speaker: You may put a separate question for that.

ശ്രീ. പ്രാക്കുളം ഭാസി: ആദ്യം ബ്രോഡ്ഗേജ് മതിയെന്നു് തീരുമാനിച്ചതു് മാററിയാണോ മീററർഗേജാക്കിയതു്?

ശ്രീ. എ. അച്ചുതൻ: ആദ്യം ബ്രോഡ്ഗേജിനു് ഒരു പ്രപ്പോസൽ ഉണ്ടായിരുന്നതായി അറിവില്ല.

ശ്രീ. എം. വി. ചെറിയാൻ: എപ്പോഴെങ്കിലും ബ്രോഡ്ഗേജാക്കാൻ തക്ക രൂപത്തിലാണോ ഇപ്പോഠം പണിതുപോരുന്നതു്?

ശ്രീ. എ. അച്ചുതൻ: അതിപ്പോഠം പറയാൻ നിവൃത്തിയില്ല.

അണകഠം.

* 384. [7] ശ്രീ. എൻ. ജി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങഠംക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ—കൊച്ചിയിൽ എത്ര അണകഠം ജനകീയ ഗവണ്മെൻറാരംഭിച്ചതു മുതൽ പണിയുവാൻ തുടങ്ങിയിട്ടുണ്ടു്;

(ബി) പണിയുവാൻ തുടങ്ങിയിട്ടുണ്ടെങ്കിൽ അവ ഏതെല്ലാം;

(സി) ഏതിൻെറയെങ്കിലും പണി പൂർത്തി ആയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതിൻേറതു്;

(ഇ) പൂർത്തിയാകാൻ ഉണ്ടെങ്കിൽ അതിൻെറ പണി എന്നു തീരും?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്ചുതൻ):

(എ) 4.

(ബി) വാഴാനി, നെയ്യാർ, പീച്ചി, ചാലക്കുടി.

(സി) ഇല്ല. എങ്കിലും പീച്ചി, ചാലക്കുടി അണകളിൽനിന്നും കുറെശ്ശ ജലസേചനം ചെയ്യുന്നുണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) മേൽപ്പറഞ്ഞ അണകളെല്ലാം 1955–56–ൽ പൂർത്തിയാകും.

ശ്രീ. എം. പി. മേനോൻ: 'ഈ ജനകീയഗവണ്മെൻറാരംഭിച്ചതുമുതൽ' എന്നാണു ചോദ്യം; ഉത്തരത്തിൽനിന്നും എന്താണു മനസ്സിലാക്കേണ്ടതു്?

ശ്രീ. എ. അച്യുതൻ: മനസ്സിലാക്കേണ്ടതു് പറഞ്ഞിട്ടുണ്ട്.

ശ്രീ. എം. പി. മേനോൻ: പീച്ചി പദ്ധതി ഏതുകാലത്താണു് തുടങ്ങിയതു്?

ശ്രീ. എ. അച്യുതൻ: 1949–ൽ തുടങ്ങിയെന്നാണു് തോന്നുന്നതു്.

ശ്രീ. എം. പി. മേനോൻ: പീച്ചി ജലസേചനപദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾ എന്നു തുടങ്ങി എന്നു പറയാമോ?

ശ്രീ. എ. അച്യുതൻ: പ്രാഥമികപ്രവർത്തനമായി എസ്റ്റിമേററ തയ്യാറാക്കിയതുകൊണ്ടു് ജോലി നടക്കുകയില്ല.

ശ്രീ. എം. പി. മേനോൻ: എന്നാണു് എസ്റ്റിമേററു് തയ്യാറാക്കിയതെന്നു് അറിയാമോ?

ശ്രീ. എ. അച്യുതൻ: അതിനു നോട്ടീസുവേണം.

ആസ്പത്രികൾ

*385. [8] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ടുമെൻറ പ്രസിദ്ധീകരണത്തിൽ, പൊതുജനങ്ങളുടെ ആവശ്യങ്ങൾക്കു് അനുസരണമായി കൂടുതൽ ആസ്പത്രികൾ സ്ഥാപിക്കുന്നതു സംബന്ധിച്ചു് നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനായി ഒരു വിദഗ്ദ്ധകമ്മിററിയെ നിയമിച്ചിട്ടുണ്ടെന്നു പറയുന്നതു ശരിയാണോ;

(ബി) എങ്കിൽ ആ കമ്മിററിയിലെ അംഗങ്ങൾ ആരെല്ലാം;

(സി) ആ കമ്മിററി എന്നാണു് രൂപീകരിച്ചതു്;

(ഡി) ആ കമ്മിററിയുടെ നാളതുവരെയുള്ള പ്രവർത്തനങ്ങൾ എന്തെല്ലാം?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) ശരിയാണു്.

(ബി) (1) Surgeon General
(2) Secretary to Government (Health Section)
(3) Director of Public Health

(4) Four District Medical Officers
(5) Officer in charge, General Medical Stores.

(സി) 28-2-52-ൽ.

(ഡി) പുതിയ ആശുപത്രികൾ സ്ഥാപിക്കുന്നതു സംബന്ധിച്ച് കമ്മിററിയുടെ നിർദ്ദേശങ്ങൾ ഗവണ്മെൻറിലേയ്ക്കു് സമർപ്പിച്ചിട്ടുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി: കമ്മിററിയുടെ നിർദ്ദേശങ്ങൾ എന്താണെന്നു പറയാമോ?

ശ്രീ. പി. കെ. കുഞ്ഞു്: സർക്കാർ സ്ഥാപനങ്ങളുള്ള സ്ഥലങ്ങളിൽനിന്നും 5 മൈൽ അകലെയായിരിക്കണം പുതിയ ആശുപത്രികൾ അനുവദിക്കേണ്ടതെന്നും 20,000-ൽ കുറയാത്ത ജനസംഖ്യയുള്ള സ്ഥലങ്ങളിൽ ആയിരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി: സ്ഥലവും കെട്ടിടവും നൽകേണ്ട വ്യവസ്ഥ മാററാൻ സർക്കാർ പുനരാലോചിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞു്: കമ്മിററിയുടെ നിർദ്ദേശത്തിൽ സ്ഥലവും കെട്ടിടവും നൽകണമെന്നുമുണ്ട്. അതിനെ ആസ്പദീകരിച്ചാണ് ഗവണ്മെൻറ് ഇതുവരെ പ്രവർത്തിച്ചിട്ടുള്ളതു്. ഇനി അക്കാര്യം എത്രമാത്രം പ്രായോഗികമാകുമെന്നുള്ളതിനെപ്പററി ഗവണ്മെൻറ് ആലോചിക്കാം.

പുനഃസംഘടന.

* 386. [9] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിന്റെ പുനഃസംഘടനയും വികേന്ദ്രീകരണവും സംബന്ധിച്ച് ഗവണ്മെൻറ് അനുമതി നൽകിയ പദ്ധതിപ്രകാരം എന്തെല്ലാം കാര്യങ്ങൾ നടപ്പിൽ വരുത്തി;

(ബി) ഈ പദ്ധതിയുടെ ഫലമായി ഡിപ്പാർട്ടുമെൻറിന്റെ കാര്യക്ഷമത ഗണ്യമായി വർദ്ധിച്ചിട്ടുണ്ടോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) എല്ലാം നടപ്പിൽവരുത്തി.

(ബി) ഉണ്ട്.

ശ്രീ. പ്രാക്കുളം ഭാസി: ഈ നടപ്പിൽ വരുത്തിയതു് എന്തെല്ലാമാണെന്നു് അറിയിച്ചാൽ കൊള്ളാം.

Shri A. Achuthan: The reorganisation of the Department has been given effect to from 1-10-1951. The decentralisation and revision of scales referred to are the main features of the scheme. The only item which is yet to be finalised is the nomination of the mechanical staff for which a revised nomination list is pending with the Government for approval.

ശ്രീ. പ്രാക്കുളം ഭാസി: മെക്കാനിക്കൽ സ്റ്റാഫിന്റെ നാമിനേഷൻ ഇതുവരെ നടപ്പിലായിട്ടുണ്ടോ?

ശ്രീ. എ. അച്യുതൻ: അതിനു കുറെ സമയംകൂടി വേണ്ടിവരും.

ശ്രീ. പ്രാക്കുളം ഭാസി: എന്തുകൊണ്ടാണു് സമയം വേണ്ടിവരുന്നതെന്നു പറയാമോ?

ശ്രീ. എ. അച്യുതൻ: അവരിൽനിന്നും കുറെ റെപ്രസന്റേഷൻ വന്നിട്ടുണ്ടു്. അതിനു തീരുമാനം ചെയ്യണം.

ശ്രീ. എം. പി. മേനോൻ: ഈ നോമിനേഷൻ അനുസരിച്ചു് ഈ ഡിപ്പാർട്ടുമെന്റിൽ സൂപ്പർന്യൂമററിയായി എത്രയാളുകൾ ഉണ്ടെന്നു പറയാമോ?

ശ്രീ. എ. അച്യുതൻ: അതിനു നോട്ടീസുവേണം.

സർക്കാർ ജീവനക്കാർ.

* 387. [10] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടത്തരം സർക്കാർ ജീവനക്കാർക്കു്, എറണാകുളം, തൃശ്ശൂർ, കൊല്ലം, ആലപ്പുഴ, കോട്ടയം തുടങ്ങിയ സ്ഥലങ്ങളിൽ അനുയോജ്യമായ ഭവനങ്ങൾ നിർമ്മിക്കുന്നതിനു് ഗവണ്മെന്റു് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നത്തേയ്ക്കു് നടപ്പിൽവരുത്തും?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ): (എ) ഇടത്തരം സർക്കാർ ജീവനക്കാർക്കു് ഭവനങ്ങൾ നിർമ്മിക്കുന്നതിനു് ഉദ്ദേശമുണ്ടു്; ഏതെല്ലാം സ്ഥലത്തെന്നു് തീരുമാനമെടുത്തിട്ടില്ല.

(ബി) കഴിയുന്നത്തും വേഗം.

ശ്രീ. പ്രാക്കുളം ഭാസി: ഇടത്തരം സർക്കാർ ജീവനക്കാർക്കു് ഭവനസൗകര്യം നൽകുന്നതിനുള്ള ഒരു പദ്ധതി ഈ ഗവണ്മെന്റിനു് ഉണ്ടായിരുന്നില്ലേ; ആദ്യമായി തിരുവനന്തപുരത്തും എറണാകുളത്തും ഭവനങ്ങൾ നിർമ്മിക്കണമെന്നും ആ പദ്ധതിയിൽ ഉണ്ടായിരുന്നില്ലേ?

ശ്രീ. എ. അച്യുതൻ: ഒരു പദ്ധതിയനുസരിച്ചാണു് ഭവനനിർമ്മാണം നടത്തിവരുന്നതു്. അതനുസരിച്ചു് തിരുവനന്തപുരത്തു് എ, ബി, സി ടൈപ്പിൽ കുറെ വീടുകൾ പണിയിച്ചിട്ടുണ്ടു്. എറണാകുളത്തു് വീടുപണിയുന്നതിനുള്ള എസ്റ്റിമേറ്റു് ഇപ്പോൾ തയ്യാറാക്കിയിട്ടുണ്ടു്.

ശ്രീ. പ്രാക്കുളം ഭാസി: കൊല്ലത്തും, ആലപ്പുഴയിലും പണിയുന്നതിന്റെ കാര്യം എന്തായി?

ശ്രീ. എ. അച്യുതൻ: പദ്ധതിയിൽ അതും ഉൾപ്പെടും.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: സി ഇനത്തിൽപ്പെട്ട വീടുകൾ താമസയോഗ്യമല്ലെന്നു് ഗവണ്മെന്റിനറിയാമോ?

ശ്രീ. എ. അച്യുതൻ: അങ്ങനെ ആകാൻ വഴിയില്ല.

ശ്രീ. കെ. എ. ബാലൻ: ഈ പദ്ധതി അംഗീകരിച്ചതു് എന്നാണെന്നു പറയാമോ?

ശ്രീ. എ. അച്യുതൻ: 16-6-52-ൽ ആണെന്നു തോന്നുന്നു.

ശ്രീ. കെ. എ. ബാലൻ: ഓരോ കൊല്ലവും ചെയ്യുതീർക്കുന്ന ഭവനങ്ങൾ എത്രയാണെന്നു പറയാമോ?

ശ്രീ. എ. അച്യുതൻ: എത്രയാണെന്നു വ്യക്തമായി പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. എ. ബാലൻ: ഓരോ കൊല്ലവും എത്ര ഭവനം നിർമ്മിക്കുമെന്നു പറയാൻ കഴിയുമോ?

ശ്രീ. എ. അച്യുതൻ: അതും ഇപ്പോൾ പറയാൻ നിവൃത്തിയില്ല. ഇതിലേയ്ക്കു് ഇപ്പോൾ 2 ലക്ഷം രൂപ കൊള്ളിച്ചിട്ടുണ്ട്.

ശ്രീ. കെ. എ. ബാലൻ: ഈ പദ്ധതിയിൽ ഇങ്ങനെ ഒരു സമ്പ്രദായം സ്വീകരിക്കുന്നതിനു് ഗവണ്മെൻറിനു ഭയവുണ്ടാകുമോ?

ശ്രീ. എ. അച്യുതൻ: അതിനെപ്പററി ആലോചിക്കാം.

ശ്രീ. എൻ. പരമേശ്വരൻപിള്ള: ഇടത്തരം ശമ്പളക്കാരെന്നു പറയുന്നതു് എത്ര രൂപ മുതൽ എത്ര രൂപവരെ ശമ്പളമുള്ളവരാണ്?

ശ്രീ. എ. അച്യുതൻ: എൻ. ജി. ഒ. സിനെ മാത്രമാണു് ഉദ്ദേശിച്ചിരിക്കുന്നതു്.

റിക്ഷാവണ്ടിക്കുള്ള കരം.

* 388. [11] ശ്രീ. എൻ. രാഘവക്കുറുപ്പ്: താഴെ പറയുന്ന *ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു റിക്ഷാവണ്ടിക്കു് പ്രതിവർഷം ഈടാക്കുന്ന കരം എത്ര;

(ബി) റിക്ഷാവണ്ടിയിൽനിന്നും ഈടാക്കുന്ന കരം കുറവുചെയ്യണമെന്നു് റിക്ഷാ തൊഴിലാളികളിൽനിന്നും എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ ഗവണ്മെൻറിൽനിന്നും എന്തു നടപടി നടത്തി?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) 6 രൂപ.

(ബി) ഉണ്ട്. റിക്ഷാവണ്ടിക്കു് ഒരു മാസത്തേയ്ക്കു് 8ണ. കരമുള്ളതു് ഇപ്പോൾ കുറവുചെയ്യണമെന്നു് ഉദ്ദേശിക്കുന്നില്ല.

ശ്രീ. പി. ഭാസ്കരൻനായർ: മാസംതോറും അടയ്ക്കേണ്ടതു്, ഒരു കൊല്ലത്തേയ്ക്കു് ഒരുമിച്ചു് 6 രൂപയായി ഈടാക്കുകയാണെന്നറിയാമോ?

ശ്രീ. എ. അച്യുതൻ: 12 മാസത്തെ കണക്കാക്കി ഈടാക്കുകയാണു്.

ശ്രീ. പി. ഭാസ്കരൻനായർ: പാവപ്പെട്ട ഈ തൊഴിലാളികൾ 6 രൂപ കൊടുക്കുന്നതിനു് കഴിവില്ലാത്തവരാണെന്നുകരുതി തുക കുറയ്ക്കുന്നതിനു ശ്രമിക്കുമോ?

ശ്രീ. എ. അച്യുതൻ: മനുഷ്യർ വണ്ടി വലിക്കുന്നതിനെ പ്രോത്സാഹിപ്പിക്കരുതെന്നുള്ള ഒരു നയംകൂടി ഗവണ്മെൻറിനുണ്ട്. അതുദ്ദേശിച്ചാണു് കരം അല്പം കൂട്ടിയതു്. തൊഴിലില്ലായ്മ വർദ്ധിക്കുമെന്നുകരുതി

അതു നിറുത്തിയിട്ടില്ല. കാലക്രമേണ നിറുത്തിയാൽ കൊള്ളാമെന്നു ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. പി. ഭാസ്കരൻനായർ: അതുകൊണ്ട് ജോലിചെയ്തുകൊണ്ടിരിക്കുന്നവരിൽനിന്നും കൂടുതൽ കരം ഈടാക്കിയാൽ തൊഴിലില്ലായ്മ കുറയുന്നതിനു വല്ല മാറ്റവുമുണ്ടോ?

ശ്രീ. എ. അച്യുതൻ: തൊഴിലില്ലായ്മ കൂടുതൽ ഉണ്ടാകാതിരിക്കാൻവേണ്ടിയാണ് റിക്ഷാവലി നിറുത്താത്തതു്. ഏതായാലും കരം കുറയ്ക്കുന്ന കാര്യത്തെപ്പററി ആലോചിക്കാവുന്നതാണ്. ബഹുമാനപ്പെട്ട മെംബർതന്നെ ഇതിലേയ്ക്കു് ഒരു നിവേദനം അയച്ചിട്ടുണ്ട്. ഹാക്നി കാരിയേജ്ബിൽ കമ്മിററിയിൽ അദ്ദേഹവും ഒരംഗമാണ്. അപ്പോൾ അതിനെപ്പററി ആലോചിക്കാവുന്നതേ ഉള്ളൂ.

ശ്രീ. ററി. പി. സീതാരാമൻ: ഈ നയം എന്നാരംഭിച്ചു എന്നു പറയാമോ?

ശ്രീ. എ. അച്യുതൻ: ഇപ്പോഴുള്ളതല്ല, കുറെ മുമ്പുള്ളതാണ്.

ശ്രീ. ററി. പി. സീതാരാമൻ: ഈ തൊഴിൽ ബാൻ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. അച്യുതൻ: മുഴുവൻ ബാൻചെയ്താൽ തൊഴിലില്ലായ്മ വർദ്ധിക്കും.

Shri N. Raghava Kurup: Questions 12 and 13 are of the same nature and so they may be put and answered together.

Mr. Speaker: Yes, the Minister can do that.

മോട്ടോർവാഹനനികുതി.

* 389. [12] ശ്രീ. എൻ. രാഘവക്കുറുപ്പ്: താഴെ പറയുന്ന ചോദ്യത്തിനു പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

മോട്ടോർ വാഹനനികുതിയിൽ വ്യത്യാസം വരുത്തിയതു കാരണം പ്രതിവർഷം ഗവണ്മെൻറിലേയ്ക്കു് എന്തു തുക നഷ്ടം സംഭവിക്കുമെന്നു കണക്കാക്കിയിട്ടുണ്ടോ ?

മോട്ടോർവാഹനനികുതി.

* 390. [13] ശ്രീ. എൻ. രാഘവക്കുറുപ്പ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനനികുതിയിൽ എന്തെങ്കിലും കുറവു് 1954-ൽ വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു്;

(ബി) മേൽപ്രകാരം നികുതി ഇളവു ചെയ്യുന്നതിനുണ്ടായ കാരണങ്ങൾ എന്തെല്ലാം ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ): (12) ഉണ്ട്.

(13) എ. ബസ്സുകളിൽ സ്റ്റാൻഡിംഗ് കപ്പാസിററിക്കുള്ള ടാക്സ് സിററിംഗ്കപ്പാസിററിക്കുള്ളതിന്റെ 33⅓ ശതമാനമായിരുന്നതു് 25 ശതമാനമായി കുറവുചെയ്തിട്ടുണ്ട്.

(ബി) ബസ്സുടമസ്ഥന്മാക്ക് ഒരു ചെറിയ ആശ്വാസം നൽകുന്നതിനുവേണ്ടി മാത്രമാണ് അങ്ങനെ ചെയ്തതു്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: 12-ാമത്തെ ചോദ്യത്തിനു നൽകിയ ഉത്തരപ്രകാരം നഷ്ടം കണക്കാക്കിയ തുക എത്രയാണെന്നു പറയാമോ?

ശ്രീ. എ. അച്യുതൻ: 82,750 രൂപ.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഇത്രയും രൂപ നഷ്ടപ്പെടുന്നതിനു് ഗവണ്മെൻറിനെ പ്രേരിപ്പിച്ച പ്രത്യേക കാരണങ്ങൾ എന്താണ്?

ശ്രീ. എ. അച്യുതൻ: അതിന്റെ കാരണം മുമ്പു പറഞ്ഞു കഴിഞ്ഞു. ബസ്സുടമസ്ഥന്മാരുടെ നിവേദനങ്ങൾ വളരെ മുമ്പേ ഉണ്ടായിരുന്നു. സ്റ്റാൻഡിംഗ് പാസഞ്ചേഴ്സിനു ഈടാക്കുന്ന നികുതി വളരെ കൂടുതലാണെന്നും, ബസ്സ് സർവ്വീസുകാർ വളരെ നഷ്ടം അനുഭവിക്കുന്നുവെന്നുമായിരുന്നു നിവേദനം. അതുകൊണ്ട് കുറെ ആശ്വാസം നൽകണമെന്നു് ആവശ്യപ്പെട്ടതിനെ പരിഗണിച്ചു് ഗവണ്മെൻറ് ടാക്സ് കുറവുചെയ്തു.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ബസ്സ് സർവീസ് നഷ്ടത്തിലാണോ നടക്കുന്നതെന്നു് എൻക്വയറി നടത്തിയാണോ കരം കുറവുചെയ്തതു്?

ശ്രീ. എ. അച്യുതൻ: ഗവണ്മെൻറിനു് അതു് ബോദ്ധ്യമായതിനു ശേഷമാണ് ചെയ്തതു്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഗവണ്മെൻറിനു് എങ്ങനെ ബോദ്ധ്യമായി എന്നു പറയാമോ?

ശ്രീ. എ. അച്യുതൻ: ഡിപ്പാർട്ടുമെൻറൽ എൻക്വയറി നടത്തിയതിനുശേഷമാണ് ചെയ്തിട്ടുള്ളതു്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: എന്തെല്ലാത്തിനെപ്പററിയും എൻക്വയറി നടത്തി എന്നു പറയാമോ?

ശ്രീ. എ. അച്യുതൻ: എന്തെല്ലാം നടത്തണമോ അതെല്ലാം നടത്തിയിട്ടുണ്ട്.

വീടു നിർമ്മാണം.

*391. [14] ശ്രീ. എം. എം. മത്തായി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1952-53-ൽ തൊഴിലാളികൾക്കായി എത്ര വീടുകൾ നിർമ്മിച്ചിട്ടുണ്ട്;

(ബി) എവിടെയെല്ലാം;

(സി) എന്തു വ്യവസ്ഥകളിന്മേലാണ് വീടുകൾ താമസത്തിനു വീടു കൊടുക്കുന്നതു്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) ഇൻഡസ്ട്രീയൽ ഹൗസിംഗ് സ്കീം അനുസരിച്ച് ഒരു വീടും നിർമ്മിച്ചില്ല.

(ബി & സി) ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

ശ്രീ. എം. എം. മത്തായി: തൊഴിലാളികൾക്ക ഭവനം നിർമ്മിച്ചു കൊടുക്കുന്നതിനു ഗവണ്മെൻറിനു് എന്തെങ്കിലും പദ്ധതികൾ ഉണ്ടോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഉണ്ടു്.

ശ്രീ. എം. എം. മത്തായി: തൊഴിലാളികൾക്ക് ട്രേഡ്യൂണിയനുകളോട് ആലോചിച്ചശേഷം കെട്ടിടങ്ങൾ കെട്ടിക്കൊടുക്കുന്നതിന് ആലോചിക്കുമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അങ്ങനെ ഉദ്ദേശമില്ല. തൊഴിലാളികളുടെ കോവാപ്പറേറ്റീവ് സൊസൈറ്റീസ് ഉണ്ടെങ്കിൽ അവർ മുഖേന കെട്ടിടം കെട്ടിക്കാനേ ഉദ്ദേശമുള്ളു. 'Subsidised housing scheme for Industrial workers' എന്നൊരു പദ്ധതി ഇൻഡ്യാ ഗവണ്മെൻറ് ആവിഷ്കരിച്ചിട്ടുള്ളതനുസരിച്ച് തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറും അതിൽ പങ്കെടുക്കുന്നുണ്ടു്. അതിലുള്ള വ്യവസ്ഥകളനുസരിച്ചേ ചെയ്യാൻ സാദ്ധ്യമുള്ളു.

ശ്രീ. എൻ. പരമേശ്വരൻപിള്ള: വ്യവസായത്തൊഴിലാളികൾ അല്ലാത്ത തൊഴിലാളികൾക്ക് കെട്ടിടങ്ങൾ ഉണ്ടാക്കിക്കൊടുക്കാൻ ആലോചനയുണ്ടോ?

Mr. Speaker: You may put a separate question for that.

ശ്രീ. പി. കെ. യശോധരൻ: 1952-53-ൽ യാതൊരു സ്കീമും ഇല്ലാത്തതുകൊണ്ടാണോ വീടുപണിയാതിരുന്നതു്?

ശ്രീ. പി. എസ്സ്. നടരാജപിള്ള: സ്കീം ഇല്ലാത്തതുകൊണ്ടുമാത്രമല്ല, ഒരു സ്കീം സ്വീകരിച്ച് നടപ്പിലാക്കാത്തതുകൊണ്ടാണു്.

ആധാരമെഴുത്തു്.

*392. [15] ശ്രീ. എം. എം. മത്തായി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വസ്തുക്കൾക്ക് ആധാരമെഴുതുന്നതിനു് അതതു വർഷത്തെ വസ്തുവിന്റെ കരം കൊടുത്ത രസീതുകൾകൂടി ഹാജരാക്കാത്തപക്ഷം സബ് രജിസ്ട്രാറന്മാർ ആധാരം രജിസ്റ്ററാക്കാൻ വിസമ്മതിക്കുന്നതായി ഗവണ്മെൻറിനറിവുണ്ടോ;

(ബി) കരത്തിന്റെ രസീതുകൾകൂടി ഹാജരാക്കണമെന്നു് നിർബന്ധിക്കുന്നതുമൂലം ആധാരങ്ങൾ രജിസ്റ്റാക്കാൻ കക്ഷികൾക്ക് വളരെ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി അറിയാമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്) :

(എ) കരം കൊടുത്ത രസീതുകൾ ഹാജരാക്കിയില്ലെങ്കിൽ സബ് രജിസ്ട്രാറന്മാർ ആധാരം രജിസ്റ്ററാക്കുന്നതിനു വിസമ്മതിക്കുന്നതായി അറിവില്ല.

(ബി) എ-യുടെ ഉത്തരത്തിൽനിന്നും ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എം. എം. മത്തായി : കരം കൊടുത്ത രസീതുകൾകൂടി ഹാജരാക്കിയില്ലെങ്കിൽ ആധാരങ്ങൾ നിഷേധിക്കുന്നതായി ഞാൻ പറഞ്ഞാൽ അതു വിശ്വസിക്കുമോ ?

ശ്രീ. പി. കെ. കുഞ്ഞു് : വിശ്വസിക്കുകയും ഇനി അന്വേഷിക്കുകയും ചെയ്യാം.

തൊഴിൽ തക്കം.

❋ 393. [16] ശ്രീ. എം. എം. മത്തായി : താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1952–53-ൽ തൊഴിൽത്തക്കംമൂലം വല്ല വ്യവസായശാലകൾ പൂട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ;

(സി) 1952–53-ൽ എത്ര തൊഴിൽത്തക്കങ്ങൾ ഉണ്ടായിട്ടുണ്ടു് ?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്) :

(എ-യും ബി-യും) ഈ പ്രശ്നം ഇപ്പോൾ അഡ്ജൂഡിക്കേഷൻ കോടതിയിൽ ഇരിക്കുകയാൽ ഇതിന്റെ ഉത്തരം പറയാൻ നിവൃത്തിയില്ല.

(സി) 4065.

റയിൽവേ പണികൾ.

❋ 394. [17] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) എറണാകുളത്തുനിന്നും കൊട്ടാരക്കരയ്ക്കു് പണിതുകൊണ്ടിരിക്കുന്ന റയിൽവേ പഞ്ചവത്സരപദ്ധതിയുടെ ഒരു ഭാഗമായിട്ടാണോ ;

(ബി) നമ്മുടെ രാജ്യത്തെ ഭയങ്കരമായ തൊഴിലില്ലായ്മയ്ക്കു് ചെറിയൊരു ആശ്വാസം ലഭിക്കണമെന്ന ഉദ്ദേശത്തിന്മേലാണോ ഈ അവസരത്തിൽ തിരക്കിൽ പണി നടത്തിക്കൊണ്ടിരിക്കുന്നതു് ;

(സി) എങ്കിൽ ഈ ഉദ്ദേശസാദ്ധ്യത്തിനു അനുയോജ്യമായ വിധത്തിലാണോ ആ പണികൾ നടത്തിക്കൊണ്ടിരിക്കുന്നതെന്നു് ഗവണ്മെന്റു ശ്രദ്ധിച്ചിട്ടുണ്ടോ ;

(ഡി) ഈ റയിൽവേയുടെ എസ്റ്റിമേററിൽ ഒരാളിനു് ഒരു ദിവസത്തെ കൂലിയായി നിശ്ചയിച്ചിരിക്കുന്നതു് എത്ര രൂപയാണു് ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ) :

(എ) എറണാകുളത്തുനിന്നും കൊല്ലത്തേക്കാണ് റെയിൽവേ പണിയുന്നതു്. അതു കേന്ദ്രഗവണ്മെൻറിൻെറ പഞ്ചവത്സരപദ്ധതിയിൽപെട്ടതാണ്.

(ബി) അതേ.

(സി) ഉണ്ട്.

(ഡി) ഒരു രൂപ പന്ത്രണ്ടു് അണ വീതമാണ് എസ്റ്റിമേററിൽ കൂലി നിശ്ചയിച്ചിരിക്കുന്നതു്.

ശ്രീ. സി. കെ. വിശ്വനാഥൻ : ഏതു മന്ത്രിസഭയുടെ കാലത്താണ് ഈ കൂലി നിശ്ചയിച്ചിരിക്കുന്നതു്?

ശ്രീ. എ. അച്യുതൻ : അതു് ഒരു പ്രത്യേക ചോദ്യമായി ചോദിച്ചാൽ പറയാം.

ശ്രീ. എം. എം. മത്തായി : സർ, ഒരു പോയിൻറ് ആഫ് ആർഡർ. ചോദിക്കാത്ത ചോദ്യത്തിനു ഉത്തരം പറഞ്ഞു സമയം കളയേണ്ട ആവശ്യമുണ്ടോ?

മി. സ്പീക്കർ : ഞാൻ നേരത്തെ ഇവിടെ പ്രസ്താവിച്ചതുപോലെ ഉത്തരത്തിൽ തെററുകഠം വന്നിരുന്നാൽതന്നെ ചോദ്യങ്ങഠംക്കു് ഉത്തരം പറയണമെന്ന ഗവണ്മെൻറിനുള്ള anxiety ആണ് കാണിക്കുന്നതു്.

ശ്രീ. സി. കെ. വിശ്വനാഥൻ : ഈ റെയിൽവേകൊണ്ടു് വ്യാവസായിക പുരോഗമനവും കാർഷികപുരോഗമനവുമുണ്ടാകുമോ?

ശ്രീ. എ. അച്യുതൻ : ഉണ്ടാകും.

ശ്രീമതി കെ. ആർ. ഗൌരി : ഗവണ്മെൻറ നടത്തുന്ന ഒരു വ്യവസായത്തിൽ സ്ത്രീക്കും പുരുഷനും വ്യത്യസ്ഥമായ കൂലി നിശ്ചയിക്കാൻ വല്ല പ്രത്യേക കാരണവുമുണ്ടോ?

ശ്രീ. എ. അച്യുതൻ : അന്നു് അങ്ങിനെയാണ് നിശ്ചയിച്ചിരുന്നതു്. അതിൽ വ്യത്യസ്ഥതയുണ്ടെങ്കിൽ ഈ ഗവണ്മെൻറിനു് അതിൽ ഉത്തരവാദിത്വമില്ല.

ശ്രീമതി കെ. ആർ. ഗൌരി : സ്ത്രീകഠംക്കു പുരുഷന്മാരോടൊപ്പം തുല്യാവകാശവും തുല്യജോലിയും ആണെങ്കിൽ ഗവണ്മെൻറ് അവക്കു് തുല്യകൂലി കൊടുക്കണമെന്നു് വിചാരിക്കുന്നുണ്ടോ ?

ശ്രീ. എ. അച്യുതൻ : തുല്യഅവകാശമാണെങ്കിലും തുല്യജോലി അല്ലാ അവർ ചെയ്യുന്നതു്.

ശ്രീമതി കെ. ആർ. ഗൌരി : അവിടെ ഇപ്പോഠം സ്ത്രീകഠംക്കും പുരുഷന്മാക്കും തുല്യജോലിയാണെന്നറിയാമോ ?

ശ്രീ. എ. അച്യുതൻ : അതു് അന്വേഷിച്ചു മറുപടി പറയാനെ നിവൃത്തിയുള്ളു.

ശ്രീമതി കെ. ആർ. ഗൌരി : ചുമടു് എടുക്കുന്ന സ്ത്രീക്കും പുരുഷനും തുല്യമായിട്ടാണോ കൂലി കൊടുക്കുന്നതു് ?

ശ്രീ. എ. അച്യുതൻ: അതു് ഒരു പ്രത്യേക ചോദ്യമായി ചോദിച്ചാൽ പറയാം.

ശ്രീ. കെ. ആർ. ഗൌരി: തുല്യക്കൂലി കൊടുക്കണമെന്നു് കേന്ദ്രഗവണ്മെൻറിനോടു് അഭ്യർത്ഥിച്ചിട്ടുണ്ടോ?

ശ്രീ. എ. അച്യുതൻ: അഭ്യർത്ഥിച്ചിട്ടില്ല.

റയിൽവേ സ്ഥലമെടുപ്പു്.

* 395. [18] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) എറണാകുളം-കൊട്ടാരക്കര റയിൽവേയ്ക്കു് സ്ഥലമെടുത്തുകൊണ്ടു് പുര പൊളിച്ചു് കുടിയിറക്കപ്പെട്ട പാവങ്ങൾക്കു താമസസൗകര്യത്തിനു ഗവണ്മെൻറു എന്തെങ്കിലും ഏർപ്പാടുകൾ ചെയ്തുകൊടുത്തിട്ടുണ്ടോ;

(ബി) വസ്തു ഉടമസ്ഥർക്കു പൊന്നുംവില കൊടുക്കുമ്പോൾ കുടികിടപ്പുകാരുടെയും ദേഹണ്ഡക്കാരുടെയും അവകാശങ്ങളെക്കുറിച്ചു് അന്വേഷിക്കാറുണ്ടോ;

(സി) വീടിരിക്കുന്ന സ്ഥലത്തിന്റേയും നശിപ്പിക്കപ്പെടുന്ന കൃഷിയുടേയും വിലയും നഷ്ടവും കുടികിടപ്പുകാർക്കും ദേഹണ്ഡക്കാർക്കും ലഭിക്കേണ്ടതാണെന്നു ഗവണ്മെൻറു കരുതുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഈ അവകാശസംരക്ഷണത്തിനു് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എടുക്കുവാൻ ദയവുണ്ടാകുമോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) എറണാകുളം-കൊല്ലം റെയിൽവേക്കാണു് സ്ഥലമെടുപ്പു നടത്തുന്നതു്. എടുത്തിട്ടുള്ള പുരകളുടെ ചില അതിന്നർഹരായിട്ടുള്ളവർക്കു് രൊക്കം കൊടുത്തതിനുശേഷമേ അവരെ ഒഴിവാക്കിയിട്ടുള്ളൂ. ഇതിനും പുറമേ അങ്ങിനെയുള്ള കുടികിടപ്പുകാർക്കു് വീടുവയ്ക്കുവാൻ ആദ്യത്തെ സ്ഥലത്തിനു് സാധിക്കുന്നത്ര അടുത്തുതന്നെ പുറംപോക്കു ഭൂമികൾ കഴിയുന്നതും കൊടുക്കേണ്ടതാണെന്നു് ഗവണ്മെൻറു തീരുമാനിച്ചിട്ടുണ്ടു്.

(ബി) ഉണ്ടു്.

(സി-യും ഡി-യും) സ്ഥലത്തിന്റെയും കൃഷിയുടെയും വില വിതരണം ചെയ്യുന്നതിനുമുമ്പു് അതിന്നവകാശപ്പെട്ട എല്ലാവർക്കും പ്രത്യേകം നോട്ടീസു് കൊടുക്കുകയും അവരുടെ അവകാശങ്ങളെക്കുറിച്ചു് കേൾക്കുകയും അർഹരാണെന്നു് ബോദ്ധ്യപ്പെട്ടവർക്കു് ക്രമപ്രകാരം വീതിച്ചുകൊടുക്കുകയുമാണു് ചെയ്യുന്നതു്. ഇതിലും തക്കമുണ്ടെങ്കിൽ കോടതിമുഖേന പരിഹാരം നേടാവുന്നതാണു്.

ശ്രീ. സി. കെ. വിശ്വനാഥൻ: ഇതുവരെ എത്ര ആളുകൾക്കു് അങ്ങിനെ കൊടുത്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ എ. അച്യുതൻ: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. സി. കെ. വിശ്വനാഥൻ: കുടികിടപ്പുകാരുടെ ദേഹണ്ഡത്തിനു് വിലകൊടുത്തിട്ടില്ല എന്നു പറഞ്ഞാൽ വിശ്വസിക്കുമോ?

ശ്രീ. എ. അച്യുതൻ: അങ്ങിനെയുണ്ടെങ്കിൽ അന്വേഷിക്കാം.

ബോംബേയിൽനിന്നു വാങ്ങിയ Dredger.

✻ 396. [19] ശ്രീ. സി. ജി. സദാശിവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1948-ൽ ബോംബേയിൽനിന്നും വാങ്ങിച്ച ഒരു dredger ഇന്നു് ഉപയോഗത്തിലിരിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെ;

(സി) ഏതു ഉദ്യോഗസ്ഥനാണു് ഇതു വാങ്ങിയതു്?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) ഉണ്ടു്.
(ബി) കൊച്ചി തുറമുഖത്തിൽ.
(സി) മുമ്പിലത്തെ കൊച്ചി പി. ഡബ്ലിയു. ഡി. ചീഫ് എഞ്ചിനീയർ.

ശ്രീ. സി. ജി. സദാശിവൻ: അതിനു് എന്തു ചിലവായി എന്നു പറയാമോ?

ശ്രീ. എ. അച്യുതൻ: രണ്ടു ലക്ഷത്തിൽ ചില്വാനമാണു് അതിന്റെ വില.

ശ്രീ. സി. ജി. സദാശിവൻ: ഡ്രെഡ്ജർ വാങ്ങിച്ച ഉടനെതന്നെ ബോംബേക്കു് അയച്ചിട്ടുണ്ടായിരുന്നോ?

ശ്രീ. എ. അച്യുതൻ: വാങ്ങിച്ച ഉടനെ കേടുതീർക്കാൻ അയച്ചിട്ടുണ്ടു്.

ശ്രീ. സി. ജി. സദാശിവൻ: അങ്ങനെ അയച്ചിട്ടു് എത്രനാളം കഴിഞ്ഞിട്ടാണു് തിരിയെ വന്നതു്?

ശ്രീ. എ. അച്യുതൻ: അതേപ്പററി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. സി. ജി. സദാശിവൻ: ഇതു വാങ്ങിയ അവസരത്തിൽ നല്ലതാണെന്നു് സർട്ടിഫൈ ചെയ്തിട്ടല്ലേ വാങ്ങിയിട്ടുള്ളതു്?

ശ്രീ. എ. അച്യുതൻ: അതിൽ എന്തോ തകരാറുകൾ ഉണ്ടു്.

പി. ഡബ്ലിയു. ഡി. വകുപ്പിലെ ഷെവർലററവണ്ടി.

✻ 397. [20] ശ്രീ. സി. ജി. സദാശിവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1948-ൽ പി. ഡബ്ലിയു. ഡി. വകുപ്പിൽ 7017 രൂപ 9 അണ വിലയുള്ള ഒരു ഷെവർലററ വണ്ടി സ്റ്റാക്കിൽ കാണാതെ വന്നിട്ടുണ്ടോ;

(ബി) ഇതിനുത്തരവാദി ആരു്?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ എ. അച്യുതൻ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. സി. ജി. സദാശിവൻ: ഗവണ്മെന്റിൽനിന്നും ഞങ്ങൾക്കു തന്നിട്ടുള്ള ആഡിററ് റിപ്പോർട്ടിൽ അതേപ്പററി പറയുന്നുണ്ട്. പിന്നെ ഇല്ല എന്നു പറഞ്ഞാൽ എങ്ങിനെയാണ്?

ശ്രീ. ഏ. അച്യുതൻ: എന്റെ അറിവിൽ അങ്ങനെ ഒരു വണ്ടിയുള്ളതായി അറിവില്ല.

ശ്രീ. കെ. സി. ജോർജ്ജ്: ആഡിററ് റിപ്പോർട്ടിൽ പറയുന്ന വിവരങ്ങളും ഇല്ലെങ്കിൽ ഈ ഡിപ്പാർട്ടുമെന്റിൽ ചോദ്യങ്ങൾക്കു ഉത്തരങ്ങൾ തയ്യാറാക്കുന്ന ഉദ്യോഗസ്ഥന്മാരുടെ ജോലി എന്താണ് എന്ന് അറിഞ്ഞാൽ കൊള്ളാം?

ശ്രീ. ഏ. അച്യുതൻ: അങ്ങനെ വല്ല തെററും വന്നിട്ടുണ്ടെങ്കിൽ അതേപ്പററി അന്വേഷിക്കാം.

ശ്രീ. പി. വി. അവിരാതരകൻ: ഈ ചോദ്യങ്ങളുടെ ഉത്തരം ആരാണ് തയ്യാറാക്കി അയക്കുന്നത്?

ശ്രീ. ഏ. അച്യുതൻ: അതേപ്പററി അന്വേഷിച്ച് തെററുണ്ടെങ്കിൽ അവരുടെ പേരിൽ ആക്ഷൻ എടുക്കാം.

ശ്രീ. സി. സി. അയ്യപ്പൻ: അതു സംബന്ധിച്ച് ആഡിററ് റിപ്പോർട്ട് മേശപ്പുറത്തു വയ്ക്കാൻ ദയവുണ്ടാകുമോ?

ശ്രീ. ഏ. അച്യുതൻ: മേശപ്പുറത്തു വച്ചിട്ടുണ്ടല്ലോ.

Shri N. Raghava Kurup : Sir, on a point of order. On page 99 of the Audit Report and Appropriation Accounts of the Government of Cochin for the year 1124 it is stated like this:—

> "The Test Audit of the accounts of certain Public Works Division conducted in the year under report disclosed that a Chevrolet chassis costing Rs. 7,017-9-0 was omitted to be accounted for in the stock register."

When there is a definite finding by the Government to tha effect, when that finding has been reported in the printed documents of Government, is it proper on the part of the administration concerned to give an answer against that, and what is the remedy as far as members of this Assembly and the public are concerned when such false answers are made in the House?

Mr. Speaker : The Minister has promised to look into the matter. That must satisfy the House.

തൊഴിൽത്തക്കം.

*398. [21] ശ്രീ. യു. നീലകണ്ഠൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ചെന്തിട്ട ശ്രീപത്മനാഭ വുഡ് ഇൻഡസ്ട്രീസിൽ ഉണ്ടായ തൊഴിൽത്തക്കം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആ തൊഴിൽത്തക്കം ഡെപ്യൂട്ടി ലേബർകമ്മീഷണർ ഒത്തുതീർപ്പിലെത്തിച്ചിട്ടുണ്ടോ;

(സി) ആ ഒത്തുതീർപ്പു വ്യവസ്ഥകൾ മാനേജ്മെൻറ ലംഘിച്ചതായി സിററി വുഡ് വർക്കേഴ്സ് യൂണിയനിൽനിന്നും വല്ല പരാതിയും ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ മാനേജ്മെൻറിൻെറ പേരിൽ ഗവൺമെൻറ എന്തു നടപടി നടത്തി?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ലഭിച്ചിട്ടുണ്ട്.

(ഡി) അന്വേഷണത്തിൽ പരാതികൾ അടിസ്ഥാനരഹിതങ്ങളാണെന്നു ബോദ്ധ്യമായതിനാൽ ഒരു നടപടിയും എടുക്കേണ്ട ആവശ്യമുണ്ടായില്ല.

ശ്രീ. യു. നീലകണ്ഠൻ: ജോലി കൊടുത്തവരെ മുതലാളി പിരിച്ചുവിട്ടതായി അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞ്: പിരിച്ചുവിട്ട സംഗതിക്ക് പരിഹാരം ഉണ്ടാക്കുന്നതിന് ഡിപ്പാർട്ടുമെൻറ് ഇടപെടുകയും ഒത്തുതീർപ്പുണ്ടാക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. യു. നീലകണ്ഠൻ: അതിനുശേഷം അതേപ്പററി പരാതികൾ ലഭിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: പരാതികൾ അന്വേഷണത്തിൽ അടിസ്ഥാനരഹിതമാണെന്നു കണ്ടിട്ടുള്ളതായി പറഞ്ഞു.

ശ്രീ. യു. നീലകണ്ഠൻ: അടിസ്ഥാനരഹിതമല്ല എന്നു പറഞ്ഞാൽ അതേപ്പററി അന്വേഷിക്കാമോ?

ശ്രീ. പി. കെ. കുഞ്ഞ്: ഒന്നുകൂടി അന്വേഷിക്കാൻ നിർദ്ദേശം നൽകാം.

കേടുവന്ന പാലങ്ങളിൽക്കൂടിയുള്ള വാഹനഗതാഗതം.

*399. [22] ശ്രീ. പി. ഭാസ്കരൻ നായർ: താഴെ പറയുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭാരം കയററിയ വാഹനങ്ങൾ കടത്തിക്കൊണ്ടുപോകരുതെന്നും, പാലം അപകടത്തിലാണെന്നും, രണ്ടു കൊല്ലത്തിൽ കൂടുതലായി തുടരെ ഗസററിൽ പരസ്യം ചെയ്തിട്ടും, കാര്യമായ അററകുററപ്പണികൾ തീർക്കാതെ തന്നെ പ്രസ്തുത പാലത്തിൽക്കൂടെ നിർബ്ബാധം വാഹനഗതാഗതം നടന്നുകൊണ്ടിരിക്കുന്ന വസ്തുത ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

ഏതു പാലത്തെപ്പററിയാണ് ചോദ്യം എന്നു വ്യക്തമല്ലാത്തതിനാൽ ഉത്തരം നൽകുവാൻ നിവൃത്തിയില്ല.

ശ്രീ. പി. ഭാസ്കരൻ നായർ: ഭാരം കയററിയ വാഹനങ്ങൾ കടത്തിക്കൊണ്ടു പോകരുതെന്നും പാലം അപകടത്തിലാണെന്നും ഗവററിൽ നോട്ടീസ് ഇപ്പോഴും നിലവിൽ ഉണ്ടായിട്ടും ഭാരവണ്ടികൾ ഇതുപോലെയുള്ള പാലങ്ങളിൽക്കൂടി കടത്തിക്കൊണ്ടുപോകുന്നുണ്ടോ?

ശ്രീ. എ. അച്യുതൻ: നോട്ടിഫൈ ചെയ്തിട്ടുള്ള പാലങ്ങളിൽക്കൂടി വണ്ടി ഓടിക്കുന്നുണ്ടെങ്കിൽ അതേപ്പററി നടപടി നടത്താം.

ശ്രീ. പി. ഭാസ്കരൻ നായർ: അതിനുദാഹരണമായി കോട്ടയത്തു ചുങ്കം പാലത്തിൽക്കൂടി ഭാരവണ്ടികൾ പോകുന്നതായി അറിയാമോ?

ശ്രീ. എ. അച്യുതൻ: അതേപ്പററി അന്വേഷിക്കാം.

തിരുവിതാംകൂർ-കൊച്ചിയിലെ മൈനർ പോർട്ട്സ്.

*400. [23] ശ്രീ. എൻ. എൻ. പണ്ടാരത്തിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിലെ കൊല്ലം, ആലപ്പുഴ, തിരുവനന്തപുരം, വിഴിഞ്ഞം തുടങ്ങിയ മൈനർ തുറമുഖങ്ങൾ നന്നാക്കുന്നതിന് ഗവണ്മെൻറിന് വല്ല പ്ലാനും പദ്ധതിയും നിലവിലുണ്ടോ;

(ബി) കഴിഞ്ഞ അഞ്ചു കൊല്ലമായി ഈ വകയ്ക്ക് എത്ര രൂപ ചെലവാക്കിയിട്ടുണ്ട്; അതിൽ കേന്ദ്രസഹായധനം ഇനത്തിൽ എത്ര രൂപ ലഭിച്ചിട്ടുണ്ട്;

(സി) മൈനർ പോർട്ട്സ് നന്നാക്കുന്നതിനുവേണ്ടി കേന്ദ്രഗവണ്മെൻറ് നീക്കിവച്ചിട്ടുള്ള തുകയിൽനിന്ന് തിരുവിതാംകൂർ-കൊച്ചിക്ക് എന്തു വിഹിതം ലഭിക്കും?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) കൊല്ലം, ആലപ്പുഴ, തിരുവനന്തപുരം എന്നീ തുറമുഖങ്ങൾ നന്നാക്കുന്നതിനുള്ള പദ്ധതികൾ ഉണ്ട്. വിഴിഞ്ഞം തുറമുഖം നന്നാക്കുന്നതിനുള്ള പദ്ധതിയൊന്നും ഇപ്പോൾ ഇല്ല.

(ബി) കഴിഞ്ഞ അഞ്ചു കൊല്ലത്തേക്ക് തുറമുഖവികസനത്തിനുള്ള ചിലവും അതിനു കിട്ടിയിട്ടുള്ള കേന്ദ്രസഹായവും ഇപ്രകാരമാണ്.

	1949–50	1950–51	1951–52
വലിയതുറ പാലം	ഇല്ല.	23,355—13—6	1,82,706—1—1
ആലപ്പുഴ	92,937	49,997	8,895

	1952–53	1953–54
വലിയതുറ പാലം	1,18,659—7—10	3,29,498—5—2
ആലപ്പുഴ	9,753	20,605

കേന്ദ്രഗവണ്മെൻറ് വാഗ്ദാനം ചെയ്തിട്ടുള്ളതു് 6·91 ലക്ഷം രൂപ അതിൽനിന്നും ലഭിച്ച തുക 99,000 (1951—52). ഈ തുകയിൽനിന്നും ഉപയോഗിച്ചിട്ടുള്ളതു് 20,605 (1953—54).

(സി) 6·91 ലക്ഷം രൂപ.

പി. ഡബ്ലിയു. ഡി. യിലെ വക്ക് എസ്റ്റാബ്ലിഷ്മെൻറുകാർ.

❋ 401. [24] ശ്രീ. പി. കെ. അബ്ദുൾഖാദർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിലുള്ള വക്ക് എസ്റ്റാബ്ലിഷ്മെൻറുകാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ;

(ബി) 10-3-54-ലെ "മലയാളരാജ്യം" ദിനപ്പത്രത്തിൽ മുൻ മന്ത്രിസഭ ഇവരെ സ്ഥിരപ്പെടുത്തിയതായി റിപ്പോർട്ടു ചെയ്തുകണ്ടതു ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഡിപ്പാർട്ടുമെൻറിലെ കണ്ടിൻജൻസി ജീവനക്കാർ ഒഴിച്ച് മറ്റെല്ലാ ഡിപ്പാർട്ടുമെൻറിലെയും കണ്ടിൻജൻസി ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടില്ലേ;

(ഡി) ഇവരെ സ്ഥിരപ്പെടുത്തിയിട്ടില്ലെങ്കിൽ, സ്ഥിരപ്പെടുത്തുവാൻ വേണ്ട നടപടികൾ എടുക്കുവാൻ ദയവുണ്ടാകുമോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ററ. അച്യുതൻ) (എ) സ്ഥിരപ്പെടുത്തുന്നതിന് ആർഡർ പാസാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) ആലോചിക്കുന്നതാണ്.

പിന്നോക്ക സമുദായോദ്ധാരണ ഡിപ്പാർട്ടുമെൻറുകൾ നടത്തുന്ന വായനശാലകൾ.

❋ 402. [25] ശ്രീ. സി. കൊച്ചുകുഞ്ഞു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക സമുദായോദ്ധാരണ ഡിപ്പാർട്ടുമെൻറിൽനിന്നും എത്ര വായനശാലകൾ നടത്തുന്നുണ്ട്;

(ബി) ഈ വായനശാലകളിൽ എല്ലാംകൂടി എത്ര പുസ്തകങ്ങൾ നൽകിയിട്ടുണ്ട്;

(സി) ഓരോ വായനശാലയ്ക്കും എത്ര ദിനപ്പത്രങ്ങൾ നൽകുന്നുണ്ട്;

(ഡി) വായനശാലകളുടെ നടത്തിപ്പിനുവേണ്ടി കഴിഞ്ഞ വർഷം (1953-54) ആകെ എത്ര രൂപ ചെലവായിട്ടുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. ററി. കെ. കുഞ്ഞു):

(എ) 85.

(ബി) 7251 പുസ്തകങ്ങൾ.

(സി) ഇപ്പോൾ വായനശാലകൾക്ക് ഗവണ്മെൻറിൽനിന്നു ദിനപ്പത്രങ്ങൾ നൽകാറില്ല.

(ഡി) 9059 രൂപാ.

ശ്രീ. എൻ. കൊച്ചുകുഞ്ഞു്: ഈ വായനശാലകൾ എവിടെയെല്ലാമാണു സ്ഥിതി ചെയ്യുന്നതെന്നു പറയാമോ ?

ശ്രീ. പി. കെ. കുഞ്ഞു്: സംസ്ഥാനത്തു ആകെ 85 വായനശാലകൾ ഉള്ളതു് എവിടെയൊക്കെയാണെന്നു പറയണമെങ്കിൽ അതിലേയ്ക്കു പ്രത്യേകം ചോദ്യം ചോദിക്കേണ്ടതായിരുന്നു.

ശ്രീ. എൻ. കൊച്ചുകുഞ്ഞു്: ദിനപ്പത്രങ്ങൾ കൊടുക്കാതിരിക്കാൻ പ്രത്യേകം വല്ല കാരണവുമുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞു്: പ്രത്യേക കാരണമൊന്നുമില്ല.

ശ്രീ. എൻ. കൊച്ചുകുഞ്ഞു്: മുൻപു ഈ വായനശാലകൾക്കു വേണ്ടി അസംബ്ലി പ്രൊസീഡിംഗ്സു കൊടുത്തു കൊണ്ടിരുന്നു. ഇപ്പോൾ ഗവണ്മെൻറിൽനിന്നും അതു നിറുത്തിയതെന്തുകൊണ്ടാണു് ?

ശ്രീ. പി. കെ. കുഞ്ഞു്: ഗവണ്മെൻറ അല്ല അതു നിറുത്തിയതു്. മുൻപു് ഈ വായനശാലകൾ നടത്തികൊണ്ടിരുന്നതു്, "ബാക്ക വേഡു" വായനശാലാകമ്മിററിയുടെ കീഴിലായിരുന്നു. അതിനുശേഷം വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൻെറ അധീനതയിലായി. എന്നാൽ 1-4-54 മുതൽ ഈ വായനശാലകൾ വീണ്ടും അധഃകൃതഡിപ്പാർട്ടുമെൻറിൻെറ കീഴിലാക്കിയിരിക്കുകയാണു്. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൻെറ മേൽനോട്ടത്തിൽ വായനശാലകൾ പ്രവർത്തിച്ചിരുന്ന കാലത്താണു് പ്രൊസീഡിംഗ്സ് നൽകാതിരിക്കുന്നതു എന്നു തോന്നുന്നു.

ശ്രീ. എൻ. കൊച്ചുകുഞ്ഞു്: മേലാൽ സൗജന്യ നിരക്കിൽ വായനശാലകൾക്കു് ഈ പ്രൊസീഡിംഗ്സു നൽകാൻ ദയവുണ്ടാകുമോ ?

ശ്രീ. പി. കെ. കുഞ്ഞു്: സൗജന്യനിരക്കെന്നു പറയുന്നതു് എന്താണെന്നു മനസ്സിലാകുന്നില്ല.

ശ്രീ. എൻ. കൊച്ചുകുഞ്ഞു്: ഞാൻ പറഞ്ഞതു്, 'ഫ്റീയായിട്ടു്' എന്ന അർത്ഥത്തിലാണു്.

ശ്രീ. പി. കെ. കുഞ്ഞു്: ഗവണ്മെൻറ പ്രസിദ്ധീകരണങ്ങൾ സർക്കാർ സ്ഥാപനങ്ങൾക്കു് "ഫ്രീ" ആണല്ലോ.

Budgeted Works.

✻ 403 [26]. **Shri M. V. Cherian :** Will the Minister for Works and Transport be pleased to state :

(a) the number of budgeted works during 1952-53 and 1953-54 not yet taken up in the State ;

(b) the names of such works under the jurisdiction of the Muvattupuzha Division Officer and the reasons for the same ;

(c) is it true that a good number of works are pending for want of administrative sanction ; and

(d) who is responsible for the delay ?

Minister for Works and Transport (**Shri A. Achuthan**):

(a) 88 in 1952-53
187 in 1953-54.

(b) * A list containing information together with the reasons for not taking up the works is placed on the table;

(c) Only a few items are pending for want of administrative sanction; and

(d) Some delay is unavoidable in the normal course of things and nobody can be held responsible for it.

ശ്രീ. എം. വി. ചെറിയാൻ: ഓരോകൊല്ലവും മുൻകൊല്ലങ്ങളെ അപേക്ഷിച്ച് പെൻഡിംഗ് കൂടിവരികയാണ്. അതുപോലെ 1954–55ലും പെൻഡിംഗ് കൂടുതലായിരിക്കുമോ?

Mr. Speaker: That is a hypothetical question.

ശ്രീ. എം. വി. ചെറിയാൻ: 1952–53-ലേതിനെക്കാൾ, 1954-ൽ വർക്ക് കൂടുതൽ പെൻഡിംഗ് ആകാൻ പ്രത്യേക കാരണവുമുണ്ടോ?

ശ്രീ. എ. അച്യുതൻ: കാരണമുണ്ട്.

ശ്രീ. എം. വി. ചെറിയാൻ: അതിനുള്ള കാരണമെന്താണെന്നു വിശദമാക്കാമോ?

ശ്രീ. എ. അച്യുതൻ: പൊന്നുംവിലയ്ക്കു ഭൂമി എടുക്കുന്നതിനെ സംബന്ധിച്ച് ഭൂവുടമസ്ഥരും, ഡിപ്പാർട്ടുമെന്റുമായിട്ടുള്ള ചില തർക്കങ്ങളും കേസുകളും മററും ഉണ്ടാകും. ഇങ്ങനെയാണ് സാധാരണ താമസം നേരിടുന്നത്.

ശ്രീ. എം. വി. ചെറിയാൻ: ഡിപ്പാർട്ടുമെന്റിന്റെ മനഃപൂർവ്വമായ താമസം കൊണ്ടല്ലേ കൂടുതൽ വർക്ക് പെൻഡിംഗ് ആകുന്നത്?

ശ്രീ. എ. അച്യുതൻ: പെൻഡിംഗ് ആക്കണമെന്നുള്ള മനഃപൂർവ്വമൊന്നും ഡിപ്പാർട്ടുമെന്റിനില്ല.

എറണാകുളം, മട്ടാഞ്ചേരി പരിസരങ്ങളിലെ ശുദ്ധജലവിതരണം.

✻ 404. [27] ശ്രീ. കെ. സി. എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം, മട്ടാഞ്ചേരി പട്ടണങ്ങളുടെ പരിസരങ്ങളിലുള്ള ദ്വീപുകളിൽ ശുദ്ധജലം കിട്ടുന്നുണ്ടോ;

(ബി) ഈ കാര്യത്തിൽ ഗവണ്മെന്റിന് നിവേദനം കിട്ടിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഗവണ്മെന്റ് അതിന്മേൽ നടപടി എടുത്തിട്ടുണ്ടോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ): (എ, ബി, സി.) വല്ലാർപാടം, പനമ്പുകാട്, വൈപ്പിൻ എന്നീ കരകളിൽ ശുദ്ധജലം നൽകിവരുന്നുണ്ട്. മുളവുകാട്, താന്തോന്നി, കടമക്കുടി എന്നീ സ്ഥലങ്ങളിൽനിന്നും ശുദ്ധജലം വിതരണം ചെയ്യുന്നതിനാവശ്യപ്പെട്ടുകൊണ്ട്

* Placed on the library table.

നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. മുളവുകാട്ടിലെ ശുദ്ധജലവിതരണ ത്തിനായി ഒരു എസ്റ്റിമേററ് അനുവദിച്ചിട്ടുണ്ട്. ആവശ്യമുള്ള ഉപകരണ ങ്ങൾ കിട്ടിക്കഴിഞ്ഞാലുടനെ ജോലി ആരംഭിക്കും. കൂടാതെ സംസ്ഥാ നത്തെ തീരപ്രദേശ താലൂക്കുകളെ ഉൾപ്പെടുത്തി ഒരു കുഴൽ കിണർ പദ്ധതി, നാഷണൽ വാട്ടർസപ്ലൈ ആൻഡ് സാനിട്ടേഷൻ സ്കീമിൽ ഉൾപ്പെടുത്തി കേന്ദ്രഗവണ്മെൻറിൻെറ അംഗീകാരത്തിനയച്ചിട്ടുണ്ട്. കൊച്ചി–കണയന്നൂർ താലൂക്കും അതിൽ ഒന്നാണ്. ഈ പദ്ധതി നടപ്പി ലാകുമ്പോൾ താന്തോന്നി, കടമാക്കുടി ഈ സ്ഥലങ്ങളിലും ആവശ്യാനുസ രണം ശുദ്ധജലവിതരണം ചെയ്യുവാൻ സാധിക്കുമെന്ന് ആശിക്കുന്നു.

ശ്രീ. ജെ. എ. ഭട്ട്: ഈ വർഷത്തിൽ ഈ പദ്ധതി നടപ്പിലാ ക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ?

ശ്രീ. എ. അച്യുതൻ: പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ഇൻ ഡ്യാഗവണ്മെൻറിൻെറ അനുമതിക്കായി അയച്ചിരിക്കുകയാണ്. തിരിയെ വന്നാൽ ഉടൻതന്നെ നടപടിനടത്തും.

ശ്രീ. ജെ. എ. ഭട്ട്: ഈ കൊല്ലത്തെ ബഡ്ജററിൽ വല്ല തുകയും ഇതിനുവേണ്ടി കൊള്ളിച്ചിട്ടുണ്ടോ?

ശ്രീ. എ. അച്യുതൻ: കൊള്ളിച്ചിട്ടുണ്ടോ ഇല്ലയോ എന്നുള്ളതു് ബഹുമാനപ്പെട്ട മെംബർതന്നെ ബഡ്ജററുനോക്കി മനസ്സിലാക്കാവുന്ന താണ്.

ശ്രീമതി കെ. ആർ. ഗൌരി: ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന സ്ഥലത്തുതന്നെ ആവശ്യാനുസരണം വിതരണം നടത്തുന്നുണ്ടോ?

ശ്രീ. എ. അച്യുതൻ: ആവശ്യാനുസരണം കിട്ടുന്നില്ലെന്നു പരാ തികൾ വന്നിട്ടുണ്ട്. മാത്രമല്ല, ആവശ്യത്തിനു മതിയാകത്തക്കവണ്ണം ഇപ്പോൾ വിതരണം ചെയ്യാൻ സാധിക്കുന്നുമില്ല.

ശ്രീമതി കെ. ആർ. ഗൌരി: പരാതിയുണ്ടായിട്ടുള്ളതു് എവിടെ നിന്നാണെന്ന് പറയാമോ?

ശ്രീ. എ. അച്യുതൻ: കൊച്ചിയിൽ മട്ടാഞ്ചേരിയിലും അതിനടു ത്തുള്ള സ്ഥലങ്ങളിൽനിന്നുമാണ് പരാതി വന്നിട്ടുള്ളതു്.

ശ്രീമതി കെ. ആർ. ഗൌരി: ആ പരാതിയെ അടിസ്ഥാനപ്പെ ടുത്തി ഗവണ്മെൻറിൻെറ മനോഭാവമെന്താണെന്ന് പറയാമോ?

ശ്രീ. എ. അച്യുതൻ: ഗവണ്മെൻറ് എന്തു മനോഭാവമാണ് കൈ ക്കൊള്ളാൻ പോകുന്നതെന്ന് ഞാൻ മുൻപു പറഞ്ഞുകഴിഞ്ഞു.

സ്റ്റേററ് ട്രാൻസ്പോർട്ട് അസോസിയേഷൻ.

* 405. [28] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ–കൊച്ചി സ്റ്റേററ് ട്രാൻസ്പോർട്ട് എംപ്ലോ യീസ് അസോസിയേഷനെ ഗവണ്മെൻറ് അംഗീകരിച്ചിട്ടുണ്ടോ;

(ബി) ആ സംഘടനയ്ക്കു് ട്രാൻസ്പോർട്ടു് അധികാരികളും മററ ഉദ്യോഗസ്ഥന്മാരും പ്രത്യേകം പ്രോത്സാഹനം കൊടുക്കുന്നതായി ഗവണ്മെൻറിനറിയാമോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ഏ. അച്യുതൻ)

(എ) ഇല്ല.

(ബി) അറിഞ്ഞുകൂട.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: അറിഞ്ഞുകൂടായെന്നു ബഹുമാനപ്പെട്ട മന്ത്രി പറയുന്നു. ആ കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടില്ലെങ്കിലും വേണ്ട നടപടി കൈക്കൊള്ളുവാൻ ഒരുക്കമാണോ?

ശ്രീ. ഏ. അച്യുതൻ: അറിഞ്ഞുകൂടാ എന്നു പറഞ്ഞാൽ അതിനെപ്പററി നടപടി കൈക്കൊള്ളുന്നതെങ്ങനെയാണ്?

ശ്രീ. പി. കെ. കുഞ്ഞച്ചൻ: നടപടികൾ സ്വീകരിക്കേണ്ടതാണെന്നു ചൂണ്ടിക്കാണിച്ചാൽ അവ സ്വീകരിക്കാതിരിക്കുന്നതു കുററകരമല്ലേ?

ശ്രീ. ഏ. അച്യുതൻ: കുററകരമാണെന്നു തോന്നുന്നില്ല.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: ആലപ്പുഴ ട്രാൻസ്പോർട്ടിലെ ഒരു ഡിസ്ട്രിക്ററ ആഫീസർ ഈ കാര്യത്തെസംബന്ധിച്ചു് ഗവണ്മെൻറിൽ നിവേദനം നടത്തിയിട്ടുണ്ടോ?

ശ്രീ. ഏ. അച്യുതൻ: ഉണ്ടോ ഇല്ലയോ എന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ബോണസ്സ്.

❋ 406. [29] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1949 മുതൽ 52 വരെ ട്രാൻസ്പോർട്ടു തൊഴിലാളികൾക്കു് കൊടുത്തിട്ടുള്ള ബോണസ്സ് തിരിച്ചു ഈടാക്കുന്നതിനു് തൊഴിലാളികളുടെ പ്രാവിഡൻറ് ഫണ്ടു് പിടിച്ചെടുക്കുന്നതിനു് ഗവണ്മെൻറ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അങ്ങനെ പിടിച്ചെടുക്കാൻ ഉദ്ദേശിക്കുന്ന ആകെ തുക എത്ര;

(സി) ഇപ്പോഴും പ്രാവിഡൻറ ഫണ്ടിലേക്കു് തൊഴിലാളികളിൽനിന്നും നിക്ഷേപങ്ങൾ ഈടാക്കിവരുന്നുണ്ടോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ഏ. അച്യുതൻ)

(എ) ഉണ്ടു്,

(ബി) ഉദ്ദേശം മൂന്നുലക്ഷം രൂപ,

(സി) 1954 ജൂലൈമുതൽ പെൻഷൻ സർവ്വീസിൻെറ അടിസ്ഥാനത്തിൽ ജോലിചെയ്യുന്നവരിൽനിന്നും, നിക്ഷേപങ്ങൾ ഈടാക്കുന്നില്ല.

ശ്രീ. ടി. എ. മജീദ്: പ്രാവിഡണ്ട് ഫണ്ടിൽ അടച്ചിട്ടുള്ള തുക തൊഴിലാളികളിൽനിന്നും ഈടാക്കുന്നമെന്നുവയ്ക്കുന്നതു എന്തടിസ്ഥാനത്തിലാണ്?

ശ്രീ. എ. അച്യുതൻ: യഥാർത്ഥത്തിൽ പ്രാവിഡണ്ട് ഫണ്ടിൽനിന്നല്ല പിടിച്ചെടുക്കുന്നതു്. പെൻഷൻകൊടുക്കുന്ന ഏർപ്പാടോടുകൂടി ബോണസുംകൂടി കൊടുക്കണമെന്നു മുൻപിലത്തെ വ്യവസ്ഥയിൽ അംഗീകരിച്ചിട്ടുണ്ടായിരുന്നു. എന്നാൽ പെൻഷൻ ഉള്ള ജോലിക്കാർക്ക് ബോണസുകൊടുക്കുന്ന ഏർപ്പാട് മററുസ്ഥലങ്ങളിൽ ഇല്ല. അതുകൊണ്ടാണ് ഇവർക്കുകൊടുത്തിട്ടുള്ള ബോണസ് പെൻഷന്റെ അടിസ്ഥാനത്തിൽ തിരിച്ചെടുക്കാൻ വിചാരിക്കുന്നതു്.

Ernakulam Foreshore Embankment.

※ 407. [30] **Shri O. R. Chummar** :Will the Minister for Local self Government be pleased to state whether the Government will be pleased to take immediate steps to repair the Ernakulam Foreshore Embankment ?

Minister for works and Transport **(A. Achuthan)**: Yes.

Shri O. R. Chummar: May I know what are the steps taken in that behalf ?

ശ്രീ. എ. അച്യുതൻ: ഫോർഷോർ എംബാങ്ക്മെൻറിനെ സംബന്ധിച്ച് എങ്ങനെയാണ് പ്രവർത്തിക്കേണ്ടതെന്നുള്ളതിന് ഒരു കമ്മിററിയെ നിയമിച്ചിട്ടുണ്ട്. ആ കമ്മിററിയുടെ റിപ്പോർട്ടും വന്നിട്ടുണ്ട്. എന്നാൽ, ഒന്നുകൂടി അവരുമായിട്ട് ആലോചിച്ചതിന്മേൽ തീരുമാനിക്കാമെന്നു വിചാരിക്കുന്നു. വേണ്ടിവന്നാൽ ചില ഭേദഗതികൾകൂടി ചെയ്യേണ്ടതായിട്ടുണ്ട്.

Shri O. R. Chummar: May I know what is the change that is suggested in that report ? It is only a question of embankment.

ശ്രീ. എ. അച്യുതൻ: അവരുടെ റിപ്പോർട്ട് എന്റെ കൈവശമില്ല. ഉണ്ടെങ്കിൽ ഞാൻ അതു ബഹുമാനപ്പെട്ട മെംബറിന്റെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കുമായിരുന്നു.

*Statement of off-take of rice.

※ 408. [31] **Shri K. P. Hormis**: Will the Chief Minister be pleased to state:

(a) the comparative statement of off-take of rice after the sale of no profit and no loss basis was introduced;

(b) When the quantity was restricted to 3 ounces per unit; and

* As the member was absent, the question was put by Shri M. A. Antony with the permission of the Chair.

(c) when the quantity was unlimited?

Chief Minister **(Shri A. Thanu Pillai)** :

(a), (b) and (c) A statement showing the comparative off-take of rice from Government stock is given below:—

Period	Average rice off-take for 30 days (in tons)	
	At subsidized rates	At economic cost price
1. From July 1953 to 12th September 1953 (extra rice at economic cost was issued at the rate of 2 ozs. per adult per day during the period) ..	37,905	5,021
2. From 13th September 1953 to 6th February1954 (no extra rice ration during this period) ..	25,288	Nil.
3. From 7th February 1954 to 10th April 1954 (extra rice ration of 3 ozs. per adult per day at economic cost) ..	28,302	601
4. From 11th April 1954 to 26th June 1954 (unlimited quantity of extra rice at economic cost was issued to consumers) ..	30,662	1,514

WRITTEN ANSWERS

നാഗർകോവിൽ ക്ഷയരോഗാശുപത്രിയിലെ സ്ഥിതി.

* 409. [34] ശ്രീ. ആർ. സുഗതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) നാഗർകോവിൽ ക്ഷയരോഗാശുപത്രിയിൽ ഇപ്പോൾ എത്ര കിടക്കകൾ ഉണ്ട്?

(ബി) ഇന്നവിടെ കിടക്കകഠം കിട്ടാതെ കിടക്കുന്ന രോഗികഠം എത്രയെന്നു പറയുവാൻ ദയവുണ്ടാകുമോ;

(സി) വരുന്ന രോഗികഠംക്കെല്ലാം ചികിത്സാസൗകര്യം കിട്ടത്തക്ക വിധം പ്രസ്തുത ആശുപത്രി വിപുലപ്പെടുത്തുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) 233.

(ബി) 58 രോഗികഠം

(സി) ഉണ്ടു്. അതു് ക്രമേണ നടപ്പിലാക്കുന്നതാണു്.

Contract for the supply of meat and eggs for the T. B. Patients.

* 410. [35] **Shri T. T. Daniel**: Will the Minister for Public Health and Medicine be pleased to state:

(a) to whom has the Government given contract for the year 1954 for the supply of meat and eggs for the use of the T. B. patients in T. B. Sanatorium, Nagercoil; and

(b) what is the rate of the contract?

Minister for Medicine and Public Health (**Shri P. K. Kunju**):

(a) To Shri C. A. George, Contractor, Noornad.

(b) 27·1% below the notified market rate.

ട്രാവൻകൂർ റയൺസ് ഫാക്ടറി.

* 411. [37] ശ്രീ. ടി. ഒ. ബാവാ: താഴെ പറയുന്ന ചോദ്യത്തിനു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ട്രാവൻകൂർ റയൺസ് ഫാക്ടറിയിൽ നിന്നും ഓയിലും വിഷാംശം കലർന്നമലിനജലവും മററും പെരിയാററിലേയ്ക്കു ഒഴുക്കിവിടുന്നതുകൊണ്ടു് വെള്ളം ദുഷിക്കുന്നതുമൂലം സമീപസ്ഥരായ ആളുകഠംക്കു് നേരിടുന്ന വിഷമതകളെപ്പററി വല്ല പരാതിയും സർക്കാരിനു ലഭിച്ചിട്ടുണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):
ഉണ്ടു്.

പഞ്ചായത്തു പദ്ധതികഠം.

* 412. [38] ശ്രീ. ആർ. സുഗതൻ: താഴെ പറയുന്ന ചോദ്യങ്ങഠംക്കു തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെന്റിന്റെ ആവശ്യപ്രകാരം എത്ര പഞ്ചായത്തു് ഈ സ്റ്റേററിൽ പദ്ധതി നിർദ്ദേശിച്ചയച്ചിട്ടുണ്ടു്?

(ബി) ഏതെങ്കിലും പഞ്ചായത്തുകഠംക്കു് ഈ പദ്ധതി അനുവദിച്ചു് കൊടുത്തിട്ടുണ്ടോ?

(സി) ഇല്ലെങ്കിൽ കാരണമെന്തു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ), (ബി) & (സി) ചോദ്യം വ്യക്തമല്ല.

Powers to Panchayats.

*413. [39] **Shri M. William**: Will the Minister for Local Self Government be pleased to state;

whether the Government intend granting more powers to the Panchayats in the matter of irrigation works and communications within the respective panchayat areas ?

Minister for Local Self Government (**Shri P. K. Kunju**) : Government have already empowered the Panchayats in the matter of the selection of minor irrigation works under the G. M. F. Scheme. In respect of other works the Panchayat is competent to select works for which the expenditure is met from Panchayat Funds.

തുറമുഖ വികസനപദ്ധതി.

*414. [40] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തുറമുഖങ്ങളിൽ ഏതെല്ലാമാണു് ഇൻഡ്യാ ഗവണ്മെൻറിൻെറ തുറമുഖവികസനപദ്ധതിയിൽ ഉൾപ്പെടുന്നതു്?

(ബി) കൊച്ചീ തുറമുഖം ഒരു മേജർ പോർട്ടു് ആക്കുന്നതിനുള്ള പ്രവർത്തനം നടക്കുന്നുണ്ടോ?

(സി) വിഴിഞ്ഞം തുറമുഖം സർക്കാരിൻെറ പരിഗണനയിലുണ്ടോ?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) തിരുവനന്തപുരം തുറമുഖവികസനപദ്ധതി പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണു്. ആലപ്പുഴ തുറമുഖവികസനത്തിനു് ഇൻഡ്യാ ഗവണ്മെൻറു് വായ്പ തരുന്നുണ്ടു്. ഈ വായ്പയിൽ മിച്ചം വരുന്നതു് കൊല്ലം തുറമുഖ വികസനത്തിനു് ഉപയോഗിക്കുവാൻ നാഷനൽ ഹാർബർബോർഡു് സമ്മതിച്ചിട്ടുണ്ടു്.

(ബി) കൊച്ചീതുറമുഖം ഇപ്പോൾതന്നെ ഒരു മേജർ പോർട്ടാണു്

(സി) ഇല്ല.

പയൽ സ്കൂളുകൾ.

*415. [42] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സ്റ്റേറ്റിൽ ഇതുവരെ ഗവണ്മെൻറിൽനിന്നും എത്ര പയൽസ്കൂളുകൾ സ്ഥാപിച്ചിട്ടുണ്ടു്;

(ബി) എവിടെയെല്ലാം?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) 50.

(ബി) ലിസ്റ്റു് മേശപ്പുറത്തു വച്ചിരിക്കുന്നു. *

* Please See Appendix I

പയൽ സ്കൂളുകൾ.

✻ 416. [43] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ പറയുന്ന ചോദ്യത്തിന് മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

ഈ സ്റ്റേറ്റിലുള്ള ഓരോ ഹരിജൻ കാളനിയിലും പയൽ സ്കൂളുകൾ സ്ഥാപിക്കുവാൻ വേണ്ട നടപടികളെടുക്കുവാൻ ദയവുണ്ടാകുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്):

അടുത്തു മററു വിദ്യാഭ്യാസസൗകര്യങ്ങളുടെ അഭാവം നിമിത്തം ഏതെല്ലാം ഹരിജൻ കാളനികളിൽ പയൽ സ്കൂളുകൾ ആവശ്യമാണോ അവിടെയൊക്കെ അത്തരം സ്കൂളുകൾ സ്ഥാപിക്കുന്നകാര്യം ആലോചിക്കാം.

പഞ്ചായത്ത്.

✻ 417. [44] ശ്രീ. എം. എ. ആൻറണി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളിൽ എക്സിക്യൂട്ടീവ് ആഫീസേഴ്സിനെ നിയമിക്കുമ്പോൾ മുൻ തിരുവിതാംകൂർ വിഭാഗത്തിലുണ്ടായിരുന്ന വില്ലേജുയൂണിയനുകളിലെയും, പഞ്ചായത്തുകളിലെയും ക്ലാക്കന്മാക്ക് മുൻഗണന നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനെ സംബന്ധിച്ച് അവരിൽനിന്നും വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്):

(എ) ഇതിനെപ്പററി ആലോചിക്കാവുന്നതാണ്.

(ബി) ഉണ്ട്.

Building for the Ayurveda College.

✻ 418. [47] **Shri D. Vivekanandan :** Will the Minister for Public Health be pleased to state :

(*a*) whether the construction of the new building for the Government Ayurveda College, Trivandrum is over and whether it has been handed over to the Principal of the said institution ;

(*b*) how long is it since the building has been taken charge by the Principal ;

(*c*) have the classes of the College and the office of the Principal and the College been shifted to the new building ;

(*d*) how long is it since the classes and offices have been shifted to the new building ;

(*e*) what is the total amount of rent and the period for which it is paid, to the building taken on rent by the department to run the College and offices temporarily while the new construction was going on ; and

(*f*) is it a fact that the rented building belongs to a subordinate of the Principal ?

Minister for Local Self Government **(Shri P. K. Kunju):**

(*a*) No. Only the Science Wing has been completed and this has been handed over to the Principal.

(*b*) The Northern Wing (Science Section) was taken charge by the Principal during January 1954.

(*c*) No. The classes of the College alone have been shifted to the new building.

(*d*) Does not arise as office is not shifted.

(*e*) Part of the College, office and hostel are run in a building on a rent of Rs. 350 per mensem.

(*f*) Yes. To an erstwhile Assistant of the Principal.

Irregularities of the Director of Ayurveda.

*419. [48] **Shri D. Vivekanandan:** Will the Minister for Medicine and Public Health be pleased to state :

(*a*) whether it is a fact that many cases of misappropriations or irregularities of the Director of Ayurveda of the erstwhile Cochin State are still pending disposal by the Government ; and

(*b*) if so whether the Government would take speedy steps ?

Minister for Local Self Government **(Shri P. K. Kunju) :**

(*a*) A few cases are pending.

(*b*) Yes. Prompt action is being taken by Government.

എസ്. കെ. വി. ഫാർമസി.

*420. [50] ശ്രീ. ടി. കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സമയം മറുപടി നൽകുമോ :

(എ) എസ്. കെ. വി. എ. ഫാർമസി(തൃശ്ശൂർ) തൃശ്ശൂരും എറണാകുളത്തുമുള്ള സെയിൽസ് ഡിപ്പോകളിൽ റൊക്കവില്പന ഗുരുതരമായി കുറഞ്ഞിട്ടുണ്ടോ;

(ബി) ഇങ്ങനെ ഗണ്യമായി കുറയാനുള്ള കാരണം ടി ഫാർമസിയിലെ മരുന്നുകൾക്ക് മാർക്കററ റേററിനെക്കാൾ കൂടുതൽ വിലയായതുകൊണ്ടാണോ;

(സി) അല്ലെങ്കിൽ മരുന്നുകളുടെ ഗുണക്കുറവു കൊണ്ടാണോ;

(ഡി) കൂടുതൽ സെയിൽസു ഡിപ്പോകൾ തുറക്കുവാൻ ആലോചനയുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്) :

(എ) തൃശ്ശൂരും എറണാകുളത്തുമുള്ള ആയുർവ്വേദ സെയിൽസ് ഡിപ്പോകളിലെ റൊക്കവില്പന ഗുരുതരമായി കുറഞ്ഞിട്ടില്ല.

(ബി) അല്പം കുറവുള്ളതിനു വിലക്കൂടുതൽ ഒരു കാരണമാണ്.

(സി) അല്ല.

(ഡി) ഉണ്ട്. അത് ഗവൺമെൻറിൻെറ പര്യാലോചനയിൽ ഇരിക്കുകയാണ്.

Ayurveda Hospitals.

*421. [55] **Shri V. V. Sebastian :** Will the Minister for Local Self Government be pleased to state :

(*a*) how many Ayurveda hospitals and dispensaries are there in the State ;

(*b*) where are they located ;

(c) what is the policy of the Government in the matter of opening new Ayurveda hospitals and dispensaries ?

Minister for Local Self Government **(Shri P. K. Kunju:)**

(*a*) There are 13 Ayurveda Hospitals and 66 Dispensaries in the State including 7 Visha Vaidyasalas.

(*b*) A list of hospitals and dispensaries is given below.

(*c*) The policy of the Government in the matter of opening new Ayurveda Hospitals and Dispensaries is that every taluk will have an Ayurveda Hospital and every Panchayat area a dispensary.

List of hospitals:

1. Trichur
2. Ernakulam
3. Neyyattinkara
4. Warkala
5. Thiruvalla
6. Cheruthuruthy
7. Azhicode
8. Kodakara
9. Trippunithura
10. Tattamangalam
11. Mattancherry
12. Pallipuram
13. Trivandrum

List of dispensaries.

1. Edalakudy
2. Shencottah
3. Nedumudy
4. Vaikom
5. Muhamma
6. Onattukara
7. Karunagappally
8. Kottayam
9. Changanacherry
10. Poothrika
11. Ayroor
12. Alwaye
13. Kottarakara
14. Vellanical
15. Quilon
16. Alleppey
17. Aloor
18. Ayiloor
19. Adoor
20. Arakunnam
21. Amballoor
22. Ashtamichira
23. Cheranellor
24. Choondal
25. Chazhur
26. Chellakara
27. Chenamangalam
28. Edavanakad
29. Elangunnapuzha
30. Edavilangu
31. Eravu
32. Kolazhy
33. Kariyannoor
34. Kadavallor
35. Kandassankadavu
36. Kondazhy
37. Mundathikode
38. Mundor
39. Muriyad
40. Matchad
41. Nelleppilly
42. Pattancherry
43. Parappukkara
44. Puthoor

List of Dispensaries—(contd.)

45. Pariyaram
46. Puzhakkal
47. Porkulam
48. Poyya
49. Pancherry
50. Pazhayannur
51. Sreemoolanagaram
52. Thaniam
53. Thiruvilvamala
54. Tholur
55. Vellangalore
56. Villadaom
57. Varantharappilly
58. Vallivattom
59. Wadakkancherry

List of Visha Vaidyasalas.

60. Maradu
61. Mukunnapuram
62. Panancherry
63. Ollur
64. Anthikad
65. Thalappilly (Wadakkancherry)
66. Chittur (Ayilur)

UNSTARRED QUESTIONS.

Improvement of Tanks.

112. [1] **Shri N. A. Noor Muhammed:** Will the Minister for Works and Transport be pleased to state:

(*a*) whether Government have got a scheme for the improvement of tanks in the Southern four taluks:

(*b*) whether any amount has been allotted for the purpose during 1951-52, 1952-53 and 1953-54;

(*c*) if so the amount spent during the period?

Answer.

(*a*) Government have been taking up the improvement of tanks in the southern taluks.

(*b*) The allotment for improvements of tanks in the four taluks are as given below:

1951—52	..	Rs. 5,77,600
1952—53	..	Rs. 2,98,500
1953—54	..	Rs. 65,400

(*c*) The amount spent during these years for the four taluks are noted below:

1951—52	...	Rs. 3,08,374
1952—53	..	Rs. 2,01,259
1953—54	..	Rs. 27,630

Water Supply to Cape Comorin.

113. [6] **Shri T. S. Ramaswami**: Will the Minister for Works and Transport be pleased to state:

(*a*) what steps the Government had taken for the Water Supply Schemes to Cape Comorin;

(*b*) whether any work has been started ;

(*c*) if not, why not ?

Answer.

(*a*) (*b*) and (*c*). An estimate amounting to Rs. 4·5 lakhs has been sanctioned and pipes costing Rs. 2,97,317-8-0 have been purchased. Actual work will be started shortly.

Transport Service.

114. [15] **Shri R. Sankaranarayanan Tampi :** Will the Minister for Works and Transport be pleased to state :

(*a*) whether the Transport service buses are passing through Mavelikara ;

(*b*) whether any representation has been received to the effect that the buses should touch Thazhakkara on their way to Alleppey and Quilon ; and

(*c*) if the answer to (b) is in the affirmative, whether any action has been taken thereon ?

Answer.

(*a*) Yes.

(*b*) No.

(*c*) Does not arise in view of the answer to (b) above.

Tube Wells.

115. [16] **Shri R. Sankaranarayanan Tampi :** Will the Minister for Works and Transport be pleased to state :

(*a*) how many new tube wells are erected in the coastal areas of Karunagapally and Karthigapally during the year 1954;

(*b*) how many representations have been received for erection of tube wells in those areas ; and

(*c*) the action taken on these representations ?

Answer.

(*a*) Two. (i) Tharayil kadavu (North)
(ii) Purakad.

(*b*) nearly 10.

(*c*) A second priority list of tube well construction is being prepared. Works will be taken up in the order of priority.

State Transport Bus Service.

116. [23] **Shri T. T. Daniel :** Will the Minister for Works and Transport be pleased to state :

(*a*) whether it is a fact that hundreds of labourers are daily going from Thittuvilai, Alagiapandipuram and Ettamadai to work in the various estates near Thadikarankonam, Thovala Taluk ; and

(*b*) why is it that the Government have not extended the State Transport line from Alagiapandipuram up to Crowther's Estate for the convenience of these labourers?

Answer.

(*a*) Yes.

(*b*) There has been no demand for such an extension of State Transport services up to Crowther's Estate from Alagiapandipuram.

ലിഫ്റ്റ് ഇറിഗേഷൻ.

117. [24] ശ്രീ. ടി. ഒ. ബാവാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കുന്നത്തുനാട്ടുതാലൂക്കിൽ പുതുതായി ലിഫ്റ്റ് ഇറിഗേഷൻ നടപ്പാക്കുന്നതിനു ഏതെങ്കിലും പദ്ധതികൾ ഇൻവെസ്റ്റിഗേഷനിൽ ഇരിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികളാണ്?

ഉത്തരം.

(എ) ഉണ്ട്.

(ബി) പദ്ധതികളുടെ പേരുകൾ അടങ്ങിയ ഒരു ലിസ്റ്റ് മേശപ്പുറത്തുവച്ചിട്ടുണ്ട്. *

ചുള്ളിത്തോടും പാലവും.

118. [29] ശ്രീ. റി. റി. കേശവശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ചുള്ളിത്തോടും പാലവും അടിയന്തിരമായി പണിചെയ്തു സഹായിക്കുന്നതിലേക്കുള്ള പൊതുജനാഭ്യർത്ഥനകൾ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടികൾ നടത്തി?

ഉത്തരം.

(എ) ഉണ്ട്.

(ബി) അതിലേക്ക് വേണ്ടതായ എസ്റ്റിമേറ്റ് തയാറാക്കി കോട്ടയം ഡിസ്ട്രിക്ട് ഡവലപ്പ്മെൻറ് കമ്മിററയുടെ ആലോചനയ്ക്കായി അയച്ചിട്ടുണ്ട്.

Colachel Port.

119. [32] **Shri T. T. Daniel:** Will the Minister for Works and Transport be pleased to state:

(*a*) whether any amount is spent by the Government for improving Colachel Port; and

* Please see Appendix II.

(b) if so, what is the amount spent for the last four years ?

Answer.

(a) No.

(b) Does not arise.

Colachel Port.

120. [33] **Shri T. T. Daniel :** Will the Minister for Works and Transport be pleased to state :

(a) whether any survey is made by the Government to improve Colachel Port ; and

(b) what is the estimated cost ?

Answer.

(a) and (b). Enquiries for improving Colachel Port were made in 1937 and 1940 by the P. W. D. and the Marine Department, but as it was found that there was no scope of improving this port, no estimate for the work was got prepared.

നിവേദനം.

121. [44] ശ്രീ. എം. എ. ആന്റണി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറവൂർതാലൂക്ക് ചെങ്ങമനാട്ട് നിവാസികളുടെ 4-4-1954-ലെ ഒരു നിവേദനം ഗവണ്മെന്റിന് ലഭിക്കുകയുണ്ടായോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടിയാണ് ഗവണ്മെന്റ് ചെയ്തിരിക്കുന്നത് ?

ഉത്തരം.

(എ) ഉണ്ട്.

(ബി) ആലുവാ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് വേണ്ട നടപടികൾ എടുക്കുന്നതിന് അയച്ചു.

Bus Checking Station.

122. [45] **Shri K. T. Thomas :** Will the Minister for Works and Transport be pleased to state :

(a) whether Government have received any representation from the public and the bus operators of Ranni requesting to locate the present bus checking station at Ittyappara in a more convenient site at Perumthottathil junction ;

(b) if so, what decision has been taken on this matter ;

(c) is it a fact that Departmental authorities who enquired into the matter have reported in favour of Perumthottathil junction ;

(*d*) whether the Government have ascertained the views of the Regional Transport Board, Quilon, regarding this question; and

(*e*) if so, what is their opinion?

Answer.

(*a*) Representation has been received from the public.

(*b*) No decision has yet been taken on the matter.

(*c*) No.

(*d*) Yes.

(*e*) Their opinion is that the bus checking station may be shifted to Perumthottathil junction.

Vallom Lift Irrigation Scheme.

123. [55] **Shri K. P. Hormis:** Will the Minister for Works and Transport be pleased to state:

(a) whether Government have passed formal orders on the detailed estimate for the work in connection with Vallom Lift Irrigation Scheme; and

(b) if answer to (a) is in the negative, the reason for the delay?

Answer.

(*a*) No.

(*b*) The estimate is being examined by Government.

ചേലൂക്കായൽ.

124. [58] ശ്രീ. കെ. എസ്സ്. കൃഷ്ണശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കുന്നത്തൂർ താലൂക്കിൽ മുതുപിലാക്കാട്ട് എന്ന സ്ഥലത്തെ ചേലൂക്കായൽ നെൽക്കൃഷിക്ക് ഉപയുക്തമാക്കുവാൻ ഗവണ്മെന്റിനു ഉദ്ദേശമുണ്ടോ ;

(ബി) ഈ കായൽ മുൻപു കൃഷി നടത്തിയിരുന്ന സ്ഥലമാണോ ?

ഉത്തരം.

(എ) കായലിന്റെ ചില ഭാഗങ്ങൾ കൃഷിക്കു ഉപയുക്തമാക്കിയിട്ടുണ്ട്, ബാക്കി ഉപയുക്തമാക്കുവാൻ ഉദ്ദേശവും ഉണ്ട്.

(ബി) ചില ഭാഗങ്ങളിൽ മുൻപും കൃഷി നടത്തിയിരുന്നു.

MOTION OF CONDOLENCE

[12 Noon]

മി. സ്പീക്കർ: ധനാഭ്യർത്ഥനകളെ സംബന്ധിച്ചുള്ള ചർച്ചകൾ തുടങ്ങുന്നതിനുമുൻപ് എനിക്ക് ഇവിടെ ഒരു പ്രസ്താവന ചെയ്യുവാനുണ്ട്.

തിരുവിതാംകൂർ-കൊച്ചിസംയോജനത്തിനു മുൻപ് നിലവിലിരുന്ന കൊച്ചി ലെജിസ്ലേറ്റീവ് കൗൺസിലിലെ ഒരംഗമായി പ്രവർത്തിച്ചുകൊണ്ടിരുന്ന ശ്രീ. പി. മാണി ഈ മാസം 22-ാം നു- എറണാകുളം ജനറലാശുപത്രിയിൽവച്ച് നിര്യാതനായവിവരം സഭയെ അറിയിച്ചുകൊള്ളുന്നു.

അദ്ദേഹം ഒരു പൊതുക്കാര്യപ്രസക്തനും, കാർഷികപ്രശ്നങ്ങളും കാർഷികതാൽപര്യങ്ങളും കൈകാര്യം ചെയ്യുന്നതിൽ നിയമസഭാംഗത്തു് അത്യധികം താൽപര്യം പ്രദർശിപ്പിച്ചിരുന്ന ഒരു സജീവാംഗവുമായിരുന്നു.

തൃശ്ശൂർ വികസനപദ്ധതിക്കമ്മിററിയുടെ ഒരു അംഗമെന്നനിലയിൽ അദ്ദേഹം നിസ്വാർത്ഥമായി അനുഷ്ഠിച്ചിട്ടുള്ള സേവനം സ്മരണീയമാണ്.

പരേതനോടുള്ള ബഹുമാനസൂചകമായി സഭ അല്പനേരം എഴുന്നേററു നിന്ന് അനുശോചനം രേഖപ്പെടുത്തുന്നതു യുക്തമായിരിക്കും.

(സഭ അല്പനേരം എഴുന്നേററുനിന്നു)

PAPERS LAID ON THE TABLE

Report of the public Accounts Committee

Minister for Finance (**Shri P. S. Nataraja Pillai :**) Sir, I beg to lay on the table the First Report of the Public Accounts Committee on the Appropriation Accounts 1950-51 and Audit Report 1952.

VOTING OF DEMANDS FOR GRANTS

Demand No XXI—Agriculture (contd.)

ശ്രീ. പി. വിശ്വംഭരൻ: സർ, ഏററവും അധികം പൊതുജനസമ്പർക്കം പുലർത്തുന്നതിനും പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ പ്രവർത്തനങ്ങൾ നടത്തുന്നതിനും പര്യാപ്തമായിത്തീരേണ്ട ഒരുവകുപ്പാണ് കൃഷി ഡിപ്പാർട്ടുമെൻറങ്കിലും അതിനു നേരെ വിപരീതമായിട്ടാണ് ഇപ്പോൾ ആ ഡിപ്പാർട്ടുമെൻറു പ്രവർത്തിക്കുന്നതെന്നാണ് ഞാൻ ഇന്നലെ പറഞ്ഞതു്. ഈ അവസരത്തിൽ കൃഷിവകുപ്പിലുള്ള നാളികേര പ്രചരണ ഉദ്യോഗസ്ഥനെപ്പററിയും ഒരുവാക്കു പറയേണ്ടതുണ്ട്. ഫലപ്രദമായ യാതൊരു ജോലിയും നിർവഹിക്കാത്ത ഒരു ഉദ്യോഗസ്ഥനാണ് അദ്ദേഹമെന്നു എനിക്കു പറയേണ്ടിയിരിക്കുന്നു. ആ ഉദ്യോഗം നിറുത്തലാക്കുന്നതുകൊണ്ടു വലിയ ദോഷമൊന്നും ഈ രാജ്യത്തിനു വരാനില്ലെന്നു മാത്രമല്ല സർക്കാർ ഖജനാവിനു അതുകൊണ്ട് ഒരു ലാഭം ഉണ്ടാകുകയും ചെയ്യും. കൂടാതെ അദ്ദേഹത്തിന്റെ സർക്കീട്ടു പ്രോഗ്രാം വലിച്ചുകീറിക്കളയുവാനുള്ള ജോലി പത്രപ്രവർത്തകന്മാർക്ക് ഇല്ലാതെയും കഴിക്കാം.

ഇനി എനിക്ക് വെള്ളായണിക്കായലിന്റെ കാര്യമാണ് ഗവൺമെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളതു്. 2500-ൽപരം ഏക്കർ നിലം

[ശ്രീ. പി. വിശ്വംഭരൻ]

ആണു് വെള്ളായണികായലിലും അതിനു ചുററുമായുള്ളതു്. ഈ കായലിൽ വളരെയധികം കൃഷിപ്പിഴയ്ക്കു് ഇടവരുന്നുണ്ടു്. ആ കായൽ Grow More-Food സ്കീം അനുസരിച്ചു് പതിച്ചുകൊടുത്തപ്പോൾ വളരെയധികം ക്രമക്കേടുകളും പിശകുകളും നടന്നിട്ടുള്ളതായി ഈ സഭയിൽ ഇതിനു മുൻപു് പലതവണ പ്രസ്താവിക്കപ്പെട്ടിട്ടുണ്ടു്. അതുകൊണ്ടു് കൂടുതലായി ഞാൻ അതിനെപ്പററി പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇതിനെക്കുറിച്ചു് കഴിഞ്ഞ സഭയിൽ ഏററവും അധികം ചോദ്യം ചോദിച്ചതു് ഇന്നു് കൃഷിവകുപ്പിന്റെ ചാർജ്ജു് വഹിക്കുന്ന മന്ത്രിയാണെന്നു് എനിക്കു അറിയാവുന്നതാണു്. അതിനെപ്പററി എനിക്കു പറയുവാനുള്ളതു് വെള്ളായണിക്കായൽ കൃഷിക്കു കൊടുത്തതു സംബന്ധിച്ചുള്ള എല്ലാ പാട്ട ഇടപാടുകളും റദ്ദു് ചെയ്യണമെന്നാണു്. ഇതിനെപ്പററി അന്വേഷിച്ചു റിപ്പോർട്ടു ചെയ്യുവാൻ ഈ ഗവമ്മെൻറു ഒരു കമ്മററിയെ നിയമിച്ചിട്ടുണ്ടെന്നു കാണുന്നതിൽ ഞാൻ ഗവമ്മെൻറിനെ അഭിനന്ദിക്കുന്നു. പക്ഷെ, ഇത്രയധികം ക്രമക്കേടുകൾ ഉദ്യോഗസ്ഥന്മാരുടെ നേരെ ആരോപിക്കപ്പെട്ടിട്ടും ആ സംഭവത്തെപ്പററി അന്വേഷിക്കുന്നതിനു ഉദ്യോഗസ്ഥന്മാർ മാത്രം അടങ്ങിയ ഒരു കമ്മററിയെ നിയമിച്ചതു അത്ര നന്നായില്ലെന്നുകൂടി പറയേണ്ടിയിരിക്കുന്നു. ഇവിടെ അന്നു് ഫുഡ് സെക്രട്ടറിയായിരുന്ന ആളിന്റെ മകനും ഫുഡ് പ്രൊഡക്ഷൻബോർഡു് സെക്രട്ടറിയായിരുന്ന വ്യക്തിയുടെ മരുമകനും റവന്യൂബോർഡിലേയും സിക്രട്ടറിയേററിലേയും പല ഉദ്യോഗസ്ഥന്മാർക്കും അതുപോലെ പണവും ജനസ്വാധീനവുമുള്ള ആളുകൾക്കും ജന്മിമാർക്കും മററുമായിട്ടാണു് ആ കായലിന്റെ ഭൂരിഭാഗവും പാട്ടത്തിനു കൊടുത്തിട്ടുള്ളതെന്നുള്ള വസ്തുത ബഹുമാനപ്പെട്ട മന്ത്രിക്കും അറിയാവുന്നതാണു്. അങ്ങനെ ഈ ഉദ്യോഗസ്ഥന്മാർ ചെയ്തിരിക്കുന്ന കൊള്ളരുതായ്മകളെപ്പററി അന്വേഷിക്കുന്നതിനു എക്സിക്യൂട്ടീവു് ഉദ്യോഗസ്ഥന്മാർ മാത്രം അടങ്ങിയ ഒരു കമ്മിററിയെ നിയമിച്ചതു ഒരിക്കലും ശരിയല്ല. ഉദ്യോഗസ്ഥന്മാരുടെ അഴിമതികളെ സാധൂകരിക്കുവാനുള്ള ഒരു ശ്രമം വർഗ്ഗസ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ മററു ഉദ്യോഗസ്ഥന്മാർ നടത്തുമെന്നുള്ളതു് സ്വാഭാവികമാണു്. ഈ കമ്മററിയുടെ പ്രവർത്തനംതന്നെ വളരെ മന്ദഗതിയിലാണു നടക്കുന്നതു്. നിലങ്ങൾ പാട്ടത്തിനു വാങ്ങിയിട്ടുള്ള ആളുകളെയാണു് ഈ കമ്മററിക്കാർ പ്രായേണ വരുത്തി തെളിവു ശേഖരിക്കുന്നതു്. അതു മാററി അതിനെപ്പററി വിവരമുള്ള കൃഷിക്കാരെയും മററു ആളുകളേയും വരുത്തി തെളിവെടുത്തു കമ്മററിയുടെ റിപ്പോർട്ടു് എത്രയും വേഗത്തിൽ വരുത്തുവാനുള്ള നടപടിയും ഗവമ്മെൻറു എടുക്കേണ്ടതാണു്. പാട്ടം മുഴുവൻ റദ്ദു് ചെയ്തു് ആ നിലങ്ങൾ മുഴുവൻ യഥാർത്ഥത്തിൽ പാടത്തിറങ്ങി പണിയെടുക്കുന്ന ആളുകൾക്കു് കൊടുക്കേണ്ടതാണു്. അവരെ എല്ലാം ചേർത്തു് ഒരു സഹകരണസംഘം ഏർപ്പെടുത്തി ആ സംഘംമുഖേന കൃഷി നടത്തുന്നതും നന്നായിരിക്കും. ഏകദേശം 2500 ഏക്കർ നിലങ്ങളോളം, പാപ്പനംകോട്ടു മുതൽ വെങ്ങാനൂർ വരെ ഉള്ള സ്ഥലങ്ങൾ മുഴുവൻ ഒററബ്ലോക്കായിട്ടാണു് ഈ കായലിന്റെ ചുററും കിടക്കുന്നതു്. എത്രയും വേഗത്തിൽ ജലസേചനസൗകര്യം വരുത്തി ഇവിടത്തെ കൃഷിയെ അഭിവൃദ്ധിപ്പെടുത്തുവാനുള്ള ഒരു പദ്ധതിയും ഗവമ്മെൻറു കൈക്കൊള്ളേണ്ടതാണു്.

വെള്ളായണിക്കായലിൽ നടത്തുന്ന കൃഷിക്കുവേണ്ടി വെള്ളം പമ്പു ചെയ്തുകൊണ്ടിരിക്കുന്ന അവസരത്തിൽതന്നെ വെള്ളം കേറി കൃഷി ചെയ്യാൻ സാദ്ധ്യമല്ലാതെ വരുന്ന നിലങ്ങളുണ്ട്. അതോടൊപ്പം തൊട്ടു സമീപത്തുതന്നെ വെള്ളം ഒട്ടും കിട്ടാതെ വരൾച്ച ബാധിക്കുന്ന സ്ഥലങ്ങളും ഉണ്ട്. ഈ നിലങ്ങൾ എല്ലാം ഉൾക്കൊള്ളുന്ന പ്രദേശങ്ങൾ ഒന്നാകെ എടുത്ത് അവിടെ സമഗ്രമായി ജലസേചനം നടത്തുവാനുള്ള ഒരു പദ്ധതിയാണ് ഗവണ്മെൻറ ആവിഷ്കരിക്കേണ്ടത്. അവിടെ ഏതാനും ബണ്ടുകളും തോടുകളും ഉണ്ടാക്കുകയും സ്ഥിരമായി പമ്പിംഗ് സെററുകൾ സ്ഥാപിക്കുകയും വേണം. കരമന ആററിനു സമീപമുള്ള സ്ലൂയിസ് വികസിപ്പിക്കുന്ന പക്ഷം ഈ പ്രദേശങ്ങളിലെ കൃഷിക്ക് കുറെക്കൂടി സൗകര്യം ലഭിക്കും. അറുപതു ഏക്കർ സ്ഥലത്തോളം വരുന്ന വെള്ളായണി റിസർവായറും സംരക്ഷിക്കേണ്ടതുണ്ട്. ഏതാനും മാസങ്ങൾക്കുമുൻപ് ഇന്നത്തെ മുഖ്യമന്ത്രി വെള്ളായണിക്കായൽ സന്ദർശിച്ച അവസരത്തിൽ ഇതു സംബന്ധിച്ച നടപടികൾ കൈക്കൊള്ളുവാൻ നെയ്യാററിൻകര വളുവക്കോട് കമ്യൂണിററി പ്രോജക്ട് എക്സിക്യൂട്ടീവ് ആഫീസരോട് പറഞ്ഞതാണ്. പക്ഷെ അതിനുശേഷം എന്തു സംഭവവികാസം ഉണ്ടായി എന്ന് എനിക്കു് അറിഞ്ഞുകൂടാ. ഇതുവരെ യാതൊരു നടപടിയും നടത്തിയിട്ടില്ല. അതിനാൽ അക്കാര്യത്തിൽ ഗവണ്മെൻറ ഏററവും അടിയന്തരമായി ശ്രദ്ധിക്കണമെന്നു അപേക്ഷിക്കുന്നു. നേമം നിയോജകമണ്ഡലത്തിലുള്ള മററ് മൈനർ ഇറിഗേഷൻ കാര്യത്തിലും ഗവണ്മെൻറിൻെറ ശ്രദ്ധ കൂടുതലായി പതിപ്പിക്കണം.

<u>ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി</u> : സർ, കൃഷിവകുപ്പിലേക്ക് ധനാഭ്യർത്ഥന അവതരിപ്പിച്ചുകൊണ്ട് ധനകാര്യമന്ത്രി ചെയ്ത പ്രസംഗവും അതിനുശേഷം ഈ സഭയിൽ നടന്ന ചർച്ചകളും വിശേഷിച്ചും കൃഷികാര്യങ്ങളിൽ നേരിട്ടുള്ള പരിചയവും അനുഭവവും ഉള്ള എൻെറ ബഹുമാന്യ സ്നേഹിതൻ ശ്രീ. കെ. എം. കോര ചെയ്ത പ്രസംഗവും ഞാൻ ശ്രദ്ധയോടുകൂടി കേട്ടു. കൃഷി ഡിപ്പാർട്ടുമെൻറിനെപ്പററി പറയണമെന്നുള്ള ആഗ്രഹവും കാർഷിക പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്നുള്ള അഭിവാഞ്ഛയും ഈ നിയമസഭയിൽ സേവനം അനുഷ്ഠിക്കുവാൻ തുടങ്ങിയ കാലംമുതൽ എനിക്കുണ്ട്. ഞാൻ ജന്മനാ ഒരു കൃഷിക്കാരനാണ്. പ്രധാനമായി കൃഷിമാത്രമുള്ള ഒരു സ്ഥലത്തുനിന്നുമാണ് ഞാൻ വന്നിട്ടുള്ളതു്. അതുകൊണ്ട് ശ്രീമാൻ കോരയെപ്പോലെ പ്രായം എനിക്കില്ലെങ്കിലും സാമാന്യമായി നെൽക്കൃഷിയെപ്പററിയും നാളികേരക്കൃഷിയെപ്പററിയും പരിചയവും അനുഭവജ്ഞാനവുമുണ്ടായിട്ടുണ്ട്. ആ നിലയിൽ പൊതുവെ ഈ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനത്തെപ്പററി ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കാതിരിക്കുവാൻ നിവൃത്തിയില്ല. ആരേയും വിമർശിക്കാനോ കുററപ്പെടുത്തുവാനോ അല്ല ഞാൻ ഇതു പറയുന്നതു്.

എത്രയോ വൻപിച്ച ശമ്പളം പററുന്ന ഉദ്യോഗസ്ഥന്മാരെ ഈ ഡിപ്പാർട്ടുമെൻറ് തീററിപ്പോററുന്നുണ്ട്. അതിനനുസരിച്ചുള്ള പ്രയോജനമോ പുരോഗമനമോ ഈ ഡിപ്പാർട്ടുമെൻറിനുണ്ടാകുന്നില്ല. കുറെ പ്രചരണ ഉദ്യോഗസ്ഥന്മാർ ഈ രാജ്യത്തുണ്ട്. താൽപ്പര്യത്തോടുകൂടി കൃഷി നടത്തുന്നവരും പുരോഗമനപരമായി അതു മുന്നോട്ടു കൊണ്ടുപോകണമെന്നു ആഗ്രഹിക്കുന്നവരുമായ ആളുകളുടെ ഇടയിൽചെന്ന് നെൽ

[ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി]

കൃഷി നല്ലതാണ് നാളികേരകൃഷി നല്ലതാണ് എന്ന പ്രചരണം നടത്താൻ 250 രൂപ ശമ്പളമുള്ള ഒരു ഉദ്യോഗസ്ഥന്റെ ആവശ്യം ഉണ്ടോ എന്നു ഞാൻ ചോദിക്കുന്നു? നൂറുരൂപക്കുമേൽ ശമ്പളമുള്ള 170-ഓളം ഉദ്യോഗസ്ഥന്മാർ ഈ ഡിപ്പാർട്ടുമെന്റിലുണ്ട്. നാട്ടിൻപുറങ്ങളിലുള്ള ആളുകൾ ഇങ്ങനെയുള്ള ഉദ്യോഗസ്ഥന്മാർ ഉണ്ടെന്നോ അവരുടെ പ്രവൎത്തനങ്ങൾക്കോ പ്രചരണങ്ങൾക്കോ എന്തെങ്കിലും പ്രയോജനമുണ്ടെന്നോ അറിയുന്നില്ല. ഈ ഉദ്യോഗസ്ഥന്മാരുടെ ചെയ്തികൾ എന്തെല്ലാമാണെന്നു ഒരു പക്ഷെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ കാണുമായിരിക്കാം. എന്നാൽ അതു വായിച്ച് സമയം കളയണമെന്ന് ഞാൻ വിചാരിക്കുന്നില്ല. ഞാൻ വെളിയിൽ ഇറങ്ങി സഞ്ചരിക്കുന്ന അവസരത്തിൽ കിട്ടിയിട്ടുള്ള അറിവിനെ അടിസ്ഥാനമാക്കി പറയുകയാണെങ്കിൽ, അങ്ങനെ വെളിയിൽ ഇറങ്ങി നടക്കുന്ന ഞങ്ങൾക്കുപോലും ഈ മാതിരി ഉദ്യോഗസ്ഥന്മാർ ഈ ഡിപ്പാർട്ടുമെന്റിലുണ്ടെന്ന് അറിയുവാൻ വിഷമമാണ്. ബഡ്ജററ് കാണുമ്പോഴാണ് ഈ മാതിരി കുറെ ഉദ്യോഗസ്ഥന്മാർ അലങ്കരിക്കുന്ന ഒന്നാണ് കൃഷി ഡിപ്പാർട്ടുമെന്റ് എന്ന വസ്തുത നിയമസഭാസാമാജികന്മാരായ ഞങ്ങൾക്കുപോലും അറിവാകുന്നത്. ഡിമോൺസ്ട്രേഷൻ ആന്റ് പ്രോപ്പഗണ്ടാ ആഫീസറന്മാർ, ബോട്ടാനിസ്റ്റ്, റിസേർച്ച് ആഫീസർ, എന്റമോളജിസ്റ്റ്, കോക്കനട്ട് പ്രോപ്പഗണ്ടാ ആഫീസർ, ടാപ്പിയോക്കാ സീനിയർ റിസേർച്ച് ആഫീസർ, പാംഗർ ഡവലപ്പ്മെന്റ ആഫീസർ, പൗൾട്രി ആഫീസർ, ഇങ്ങനെ പല പല ആഫീസറന്മാർ ഈ ഡിപ്പാർട്ടുമെന്റിലുണ്ട്. ഇങ്ങനെയുള്ള ഉദ്യോഗസ്ഥന്മാർ നമ്മുടെ കൃഷിയുടെ അഭിവൃദ്ധിക്കായി നിയമിക്കപ്പെട്ടിട്ടുണ്ടെന്നു മനസ്സിലാകുന്നതുതന്നെ ബഡ്ജററ കാണുമ്പോഴാണ്.

എന്നാൽ എന്താണ് ഇവർ പ്രവൎത്തിക്കുന്നത്? ഒരുത്തക്കും അറിഞ്ഞുകൂട. ഒരു പക്ഷെ ഗവണ്മെന്റിനെ ബോദ്ധ്യപ്പെടുത്തുവാൻ അവർ വല്ലതും ചെയ്യുന്നുണ്ടായിരിക്കാം. അതിനെപ്പററി എന്തെങ്കിലും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. പക്ഷെ കൃഷിക്കാൎക്ക് കൃഷിചെയ്യുവാൻ പ്രോത്സാഹനവും പ്രചോദനവും നൽകുകയും ആളുകളിൽ കൃഷിക്ക് താല്പൎയ്യം ഉണ്ടാക്കിക്കൊടുക്കുകയുമാണ് ഈ ഡിപ്പാർട്ടുമെന്റുകൊണ്ടുള്ള പ്രയോജനം. അതാണ് ഈ ഡിപ്പാർട്ടുമെന്റിന്റെ ചുമതലയും. ഇത്രമേൽ top-heavy ആയ ഒരു ഭരണവും ഇത്ര ചുരുങ്ങിയ ഫലക്ഷമതയുള്ള ഒരു വകുപ്പും തമ്മിലുള്ള പൊരുത്തക്കേടു മതി, ഈ കൂട്ടത്തിലുള്ള ഉദ്യോഗസ്ഥന്മാർ ഏറിയ കൂറും ഒരു അലങ്കാരം മാത്രമാണെന്ന് ബോദ്ധ്യപ്പെടുത്താൻ. എന്നാൽ ഇത്രയെല്ലാം ഉദ്യോഗസ്ഥന്മാർ ഉണ്ടായിട്ടും ആ നിലയിലുള്ള ഒരു പ്രയോജനവും ഗുണവും ജനങ്ങൾക്ക് സിദ്ധിക്കുന്നില്ല എന്നുള്ളതാണ് പരമാൎത്ഥം.

നമ്മുടെ സ്റ്റേററിലെ നാളികേരകൃഷിയെപ്പററി ചില കാൎയ്യങ്ങൾ ഞാൻ പറഞ്ഞുകൊള്ളട്ടെ. നാളികേരകൃഷിക്ക് ഏററവും പുതിയതായി ബാധിച്ചിരിക്കുന്ന ഒരു ശാപം അതിന്റെ രോഗമാണ്. അതിനുവേണ്ടി പല ഗവേഷണങ്ങൾ നടത്തുകയും മരുന്നുകൾ കണ്ടുപിടിക്കുകയും ചികിത്സകൾ നടത്തുകയും മററ പ്രതിവിധികൾ ഉണ്ടാക്കുകയും മററും ചെയ്തിട്ടുണ്ടെങ്കിലും ഇതുവരെ ഈ രോഗത്തിന് പറയത്തക്ക ശമനമൊന്നും കിട്ടി

യിട്ടില്ല. കൊല്ലംമുതൽ എറണാകുളംവരെയുള്ള കായലോരപ്രദേശങ്ങളിൽ അങ്ങേ അററം മുതൽ ഇങ്ങേ അററംവരെ തിങ്ങിത്താമസിക്കുന്ന ജനങ്ങളുടെ ജീവനത്തിന് സഹായകമായി നിൽക്കുന്ന ഫലവൃക്ഷമാണ് നാളികേരം. ആ നാളികേരത്തിൻെറ വില ഇന്നു കുറഞ്ഞു. അതു് ഈ ഗവണ്മെൻറിൻെറ അധികാരത്തിനപ്പുറമുള്ള ഒരു കാര്യമാണെന്നു് പറയുമായിരിക്കാം. എങ്കിലും നാളികേരത്തിൻെറ വില കുറയാതെ സൂക്ഷിക്കേണ്ടതു് ജനങ്ങളുടെ ആവശ്യമാണ്; അതുകൊണ്ടു് ഗവണ്മെൻറ അക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

എനിക്ക് ഇനി മറെറാരു കാര്യംകൂടി പറയുവാനുണ്ടു്. അക്കാര്യത്തിൽ എനിക്കു നേരിട്ടനുഭവമുള്ളതുകൊണ്ടു് പറയുകയാണ്. ഈ രാജ്യത്തു് ഏഴെട്ടു് നേഴ്സറീസുണ്ടു്. നല്ല വിത്തുകൾ കണ്ടുപിടിച്ചു് പാകി തെങ്ങുംതൈകൾ പിടിപ്പിച്ചു് ജനങ്ങൾക്കു കൊടുക്കുകയെന്നുള്ളതാണ് ഇവ കൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളതു്. എന്നാൽ ആളുകൾക്കു് ഇതുകൊണ്ടും പ്രയോജനമുണ്ടാകുന്നില്ല. എന്നുമാത്രമല്ല അക്കാര്യത്തിൽ നഷ്ടമാണ് ഡിപ്പാർട്ടുമെൻറിനുള്ളതു്. ഡവലപ്പുമെൻറു് പദ്ധതിയായതുകൊണ്ടു് ലാഭനഷ്ടങ്ങൾ നോക്കേണ്ടതില്ല എന്നു് മറുപടി പറയുമായിരിക്കാം. പക്ഷെ, പ്രയോജനശൂന്യമായ ഒരു പദ്ധതിക്കുവേണ്ടി സാമ്പത്തിക നഷ്ടം സഹിക്കുന്നതെന്തിനാണെന്നു് ഒരു ചോദ്യം ഞാൻ ചോദിച്ചുകൊള്ളട്ടെ. എൻെറ വീട്ടിനടുത്തു് ഏതാണ്ടു നാലേക്കറിൽ ചില്ലാനം സ്ഥലത്തു് ഒരു നേഴ്സറി സ്ഥാപിച്ചിട്ടുണ്ടു്. അവിടെ ധാരാളം തേങ്ങാ പാകീട്ടുണ്ടു്. എന്നാൽ അവിടത്തെ നേഴ്സറി അസിസ്റ്റൻറു് അതു് വിററഴിക്കുവാൻ പെടുന്ന പാടു കാണുമ്പോൾ സങ്കടം തോന്നിപ്പോകുന്നു. ഇപ്പോഴും 15000 നാളികേരത്തൈകൾ അവിടെ പാകി നിൽക്കുന്നുണ്ടു്. ഡിപ്പാർട്ടുമെൻറിൽനിന്നും ആളുകളുടെ ഇടയിൽ കുറെക്കൂടി പ്രചരണം നടത്തുകയും അതിൻെറ പ്രയോജനം ശരിക്കു മനസ്സിലാക്കിക്കുകയും അതു വിററഴിക്കുവാൻ കുറെക്കൂടി പ്രചരണം നടത്തുകയും ചെയ്തിരുന്നെങ്കിൽ ഇതുകൊണ്ടുള്ള പ്രയോജനം ആളുകൾക്കു് കൂടുതൽ ലഭിച്ചേക്കുമെന്നാണ് ഞാൻ വിചാരിക്കുന്നതു്. അവിടെയുള്ള നാളികേരം നല്ലതാണെന്നു എനിക്കഭിപ്രായമില്ല. തൈകൾക്കുവേണ്ടി പാകുന്ന നാളികേരം തെരഞ്ഞെടുക്കുമ്പോൾ അതിനു ചില സ്പെസിഫിക്കേഷൻ എല്ലാം ഉണ്ടു്. അതു് അനുസരിച്ചാണോ അതു പാകുന്നതെന്നു് നിശ്ചയമില്ല. ഏതായാലും നാം വിചാരിക്കുന്ന ഫലം ഇതുകൊണ്ടു സിദ്ധിക്കുന്നില്ല.

അടുത്തതായി എനിക്കു് പറയുവാനുള്ളതു് നെൽകൃഷിയെപ്പററിയാണ്. ഇന്നാണെങ്കിൽ ഈ നാട്ടിൻെറ തെക്കെ അററം മുതൽ വടക്കെ അററംവരെ ഉള്ള ആളുകൾ ഈ കാര്യത്തെക്കുറിച്ചു് പറയുന്നുണ്ടു്. ഇതിനെ സംബന്ധിച്ചു് ബഹുമാന്യസ്നേഹിതനായ മി. കോര പറയുകയുണ്ടായി. അദ്ദേഹത്തിനു ഈ കാര്യത്തെക്കുറിച്ചു് നല്ലപോലെ അറിയാം. എനിക്കു് അത്രതന്നെ വിപുലവും കൂലങ്കഷവുമായ ജ്ഞാനമുണ്ടെന്നു് അവകാശപ്പെടുന്നില്ലെങ്കിലും, ചില കാര്യങ്ങൾ പറയാമെന്നു വിചാരിക്കുന്നു. എനിക്കു് മുഖ്യമായി പറയുവാനുള്ളതു് 1951 മുതൽ റിക്ലെയിം ചെയ്തിട്ടുള്ള ഞങ്ങളുടെ നാട്ടിലെ കരിനിലങ്ങളെ സംബന്ധിച്ചാണ്. അവിടെ സായിൽ റിസർച്ചു് നടത്തുന്നുണ്ടു്. ഈ റിസർച്ചു് ഡിപ്പാർട്ടുമെൻറും ലാൻഡു് ഡെവലപ്പുമെൻറു് ബോർഡും അമാൽഗമേററു് ചെയ്തു കൂടുതൽ സ്ഥലങ്ങ

[ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി]

ളിൽ ഇതു പ്രവർത്തിക്കാനും കൂടുതൽ പ്രയോജനമുണ്ടാക്കാനും കഴിയുമെന്നാണെന്റെ വിശ്വാസം. സാങ്കേതികമായി ഈ സംഗതിയെക്കുറിച്ച് എനിക്ക് ജ്ഞാനം കുറവാണെങ്കിലും ഇതിലെ പരിചയം വച്ചുകൊണ്ടു മാത്രം ഞാൻ പറയുന്നതാണ്. സാങ്കേതികമായ ജ്ഞാനം ഉപയോഗപ്പെടുത്തി ഈ കാര്യങ്ങൾ പൊതുജനോപകാരപ്രദമാക്കണമെന്നാണ് എനിക്ക് നിർദ്ദേശിക്കുവാനുള്ളത്. കുട്ടനാട്ടിൽ ഒരു ലക്ഷത്തി ഇരുപത്തി ഓരായിരം ഏക്കറോളം പുഞ്ച നിലങ്ങളുണ്ട്. ഇതിനു പുറമെ 9000 ഏക്കറോളം കരിനിലങ്ങളാണ്. ഈ കരിനിലങ്ങൾ കൃഷി ചെയ്യുവാൻ പ്രാരംഭനടപടിയെടുത്തത് 1951 ഏപ്രിൽ 1-ാംനു- അന്നത്തെ ചീഫ് മിനിസ്റ്ററുടെ വസതിയിൽവച്ചു കൂടിയ ഒരു കാൺഫറൻസിൽ വെച്ചായിരുന്നു. ആദ്യമായി രണ്ടായിരം ഏക്കറോളം സ്ഥലം ഗവണ്മെന്റിൽനിന്നു ബണ്ട് കെട്ടാൻ തീരുമാനിച്ചു. അതുവരെ ചെളി പ്രദേശമായിരുന്ന ആ സ്ഥലത്തു മണ്ണു ഇട്ടു ബണ്ടുകെട്ടി കൃഷി ഇറക്കുകയാണ് ചെയ്തത്. അങ്ങനെ കൃഷി ചെയ്തുതുടങ്ങിയതിന്റെ ശേഷം ഒരു പറ നിലത്തിൽ ഏകദേശം പതിനഞ്ചോ ഇരുപതോ പറ നെല്ലുവരെ, അതായത്, ഏക്കറനു 150-ഉം 200-ഉം പറ നെല്ല് വിളയിക്കുക പരിതഃസ്ഥിതിയിലായി. 118-ലാണെന്നു തോന്നുന്നു. രാജ്യത്തെ നെല്ല് മുഴുവൻ പ്രൊക്യൂർ ചെയ്തുതുടങ്ങിയത്. 118 മുതൽ 126 വരെ ഓരോ കൊല്ലത്തിലും പതിനേഴായിരവും പത്തൊൻപതിനായിരവും പറ നെല്ലിൽകൂടുതൽ പ്രൊക്യൂർ ചെയ്തിട്ടില്ലായിരുന്നു. എന്നാൽ ഈ കരിനിലങ്ങൾ ഉപയോഗപ്രദമാക്കിയതിനുശേഷം ഈ രണ്ടായിരം ഏക്കറിൽനിന്നുതന്നെ അമ്പത്തയ്യായിരം പറ നെല്ല് വിളയിച്ചെടുത്തിട്ടുണ്ട്. ഇത്രമാത്രം ആളുകൾക്ക് ക്ഷേമകരമായിട്ടുള്ളതും രാജ്യപുരോഗതിക്കുതകുന്നതുമായ പദ്ധതിയാണ് ഇത്. ഇതോടുകൂട തന്നെ സ്പിൽവെ സ്കീം നടപ്പാക്കിയാൽ ഇതിലും കൂടുതൽ നെല്ല് വിളയിക്കുവാൻ സാധിക്കുമെന്നാണ് എനിക്കു തോന്നുന്നത്. 1951-52-ൽ രണ്ടായിരവും 1952-53-ൽ 4000-വും 1953-54-ൽ 1000-വും ആണ് കൃഷി ചെയ്യാൻ ബണ്ടിട്ട് എടുത്തത്. അങ്ങനെ തന്നാണ്ടുവരെ ഏഴായിരത്തോളം ഏക്കർ ഈ പദ്ധതിയിൽ കൊണ്ടുവന്നു കഴിഞ്ഞു. അടുത്ത 1954-55-ലേക്ക് ബാക്കിയുള്ള ആയിരം ഏക്കർ നിലംകൂടി എടുക്കാൻ അവിടങ്ങളിലുള്ള കൃഷിക്കാർക്കുവേണ്ടി ഞാൻ നിവേദനം നടത്തിയപ്പോൾ അനുവദിച്ച് ഉത്തരവ് പാസ്സാക്കിയതിൽ ഞാനും കരിനിലം കൃഷിക്കാരും ഇവിടുത്തെ കൃഷി വകുപ്പിനോട് കൃതജ്ഞരാണ്. ഈ 8,000-ൽ അധികം സ്ഥലം കൃഷി ചെയ്യുന്നതിനു ഗവണ്മെന്റിലേയ്ക്കു ചെലവായിട്ടുള്ളത് 8 ലക്ഷം രൂപയാണ്. 3 കൊല്ലങ്ങളിലായി 3 ലക്ഷം രൂപയോളം ഇലക്ട്രിസിറ്റിക്കുവേണ്ടി ചെലവാക്കി. ഇങ്ങനെ 11 ലക്ഷം രൂപാ ചെലവു ചെയ്തിട്ട് നമുക്ക് അതിൽനിന്നും നല്ല റിട്ടേണുകൾ കിട്ടുകയും ചെയ്തു. സ്പിൽവെ സ്കീം പൂർത്തിയായാൽ ഈ ഒരുപ്പൂ നിലങ്ങളെല്ലാം ഇരുപ്പൂ നിലങ്ങളാക്കാൻ സാധിക്കുന്നതാണ്. ഇങ്ങനെ ഈ കരിനിലങ്ങൾ കൃഷിക്ക് ഉപകാരമാക്കിത്തീർക്കുന്നതോടൊപ്പം തന്നെ, നമുക്ക് അതിപ്രധാനങ്ങളായ മററു ചില കാര്യങ്ങൾകൂടെ സാധിക്കുന്നുണ്ട്. ഒന്നാമതായി നമുക്ക് നല്ല ഈൽഡ് കിട്ടുന്നു. രണ്ടാമത്, ബഡ്ജററു പ്രസംഗത്തിൽ ഫിനാൻസ് മന്ത്രി അവർകൾ പ്രസ്താവിച്ചതു പോലെയുള്ള തൊഴിലില്ലായ്മയ്ക്കു പരിഹാരം കിട്ടുന്നു. അതായത്,

ഇന്നു് ഈ പുഞ്ചപ്പാടങ്ങളിൽ വേലയെടുക്കുന്ന തൊഴിലാളികൾ ഏകദേശം 6000ത്തോളം പുലയരുണ്ടു്. അവർക്കു് ഈ റിക്ലമേഷൻ കൊണ്ടു് തൊഴിൽ കിട്ടുന്നുണ്ടു്. മിഥുനം കർക്കടകം ഈ മാസങ്ങളിൽ അവർക്കു് ജോലി ഇല്ലാതിരിക്കുകയാണു്. വെള്ളപ്പൊക്കംകൊണ്ടു് താമസിക്കാൻ പോലും സ്ഥലമില്ലാതെയിരിക്കുന്ന ആ സമയത്തു് ബണ്ടു് മുതലായ ജോലികൾ അവരെ വിടുന്നതായാൽ എല്ലാവർക്കും ജോലി കിട്ടുകയും ചെയ്യും.

മൂന്നാമതായി സഞ്ചരിക്കുന്നതിനു വഴിയില്ലാതിരിക്കുന്ന പുഞ്ചപ്പാടങ്ങളിൽ ബണ്ടു് നിർമ്മിക്കുന്നതുമൂലം മഴക്കാലങ്ങളിൽ ആളുകൾക്കു് സഞ്ചരിക്കുന്നതിനു വഴി കിട്ടുന്നുണ്ടു്. ഇപ്പോൾ ഏകദേശം ഇരുപത്തേഴര മൈലോളം നിലങ്ങളിലാണു് ബണ്ടു് ഇട്ടിരിക്കുന്നതു്.

ഇട്ടുകഴിഞ്ഞതും ഇടാൻപോകുന്നതുമായ ബണ്ടുകളുടെ മെയിൻറനൻസിനെക്കുറിച്ചും ഒരുവാക്കു പറഞ്ഞുകൊള്ളട്ടെ. ഇതിൻെറ അററകുററപ്പണികൾ ഇന്നു് ഗവണ്മെൻറാണു് നടത്തുന്നതു്. മുമ്പു് ഈ ആവശ്യത്തിലേയ്ക്കുവേണ്ടി ഒരു സെസ്സ്—അതു് ഒരു കൊല്ലമോ മററോ മാത്രമെ ഉണ്ടായിരുന്നുള്ളു—ഈടാക്കിയിരുന്നു. നിയമസാധുതയില്ലാത്തതിനാലാണെന്നു തോന്നുന്നു, അതിനുശേഷം അതു് നിറുത്തലാക്കി. ലഘുവായ ഒരു സെസ്സു് ഈടാക്കുകയും ഈ നിലങ്ങൾ കുറെക്കൂടി പ്രയോജനകരമായ രീതിയിൽ അററകുററപ്പണികൾ ചെയ്യാൻ നടപടികളെടുക്കുകയും ചെയ്താൽ നന്നായിരിക്കും. അല്ലെങ്കിൽ അവിടെയുള്ള ആളുകൾക്കു തന്നെ ഒന്നോ രണ്ടോ ഫർലാംഗ് നീളത്തിൽ ഇതു് പത്തോ പന്ത്രണ്ടോ കൊല്ലത്തേയ്ക്കു് ഒരു കുത്തകപ്പാട്ടത്തിൻെറ രീതിയിലുള്ള കരാറിൻപേരിൽ കൊടുക്കാം. തെങ്ങുകൾ വച്ചുപിടിപ്പിച്ചു് അതിൻെറ ചിലവും ഈടാക്കി പത്തുകൊല്ലത്തോളം ആദായമെടുക്കാൻ കുത്തകപ്പാട്ടക്കാർക്കു് അവസരം കൊടുത്തിട്ടു് പിന്നീടു് ഇവ ഗവണ്മെൻറു് വസ്തുവായി തിരിച്ചെടുക്കാനും കഴിയുമല്ലോ. ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ ബണ്ടിനെ സംബന്ധിച്ചാണെങ്കിൽ മൂന്നുനാലു ഡിപ്പാർട്ടുമെൻറുകളായിട്ടാണു് അതു് ഭരിക്കുന്നതു്. പി. ഡബ്ലിയു. ഡി., കൃഷിഡിപ്പാർട്ടുമെൻറു്, ഗ്രോമോർ കാംപെയിൻസ് ഡിപ്പാർട്ടുമെൻറു് ഇങ്ങനെ മൂന്നുനാലു ഡിപ്പാർട്ടുമെൻറുകളാണു് ഇതിൻെറ പ്രവർത്തനം നടത്തുന്നതു്. ഇതെല്ലാം കൂടി ഒന്നിച്ചുകൊണ്ടുവരേണ്ടതാണു്. ഓരോരുത്തരോടു ചോദിച്ചാലും അവർക്കു് അതിനെക്കുറിച്ചു് നിർദ്ദേശങ്ങളൊന്നുമില്ല എന്നുപറഞ്ഞു മാറുകയാണു് ചെയ്യുന്നതു്. ആ രീതി മാററണം. തോട്ടപ്പള്ളി സ്പിൽവെ സ്കീമനുസരിച്ചു് കരിനിലങ്ങളെ നല്ല കൃഷിസ്ഥലങ്ങളാക്കുന്നതിനു് ഒരു ഡിപ്പാർട്ടുമെൻറു പ്രവർത്തിക്കുന്നുണ്ടു്. പുഞ്ചസ്പെഷ്യലാഫീസർ എന്നൊരു ഉദ്യോഗസ്ഥൻ വേറൊരു തരത്തിൽ പ്രവർത്തിക്കുന്നുണ്ടു്. ഇവരുടെ ആരുടെയെങ്കിലും കീഴിൽ ഒരു പ്രത്യേക ഡിപ്പാർട്ടുമെൻറായി ഇതിനെ മാറേറണ്ടതാണു്. വ്യക്തമായ അധികാരങ്ങളോടുകൂടി പ്രത്യേകമായ നിയന്ത്രണം ചെലുത്താവുന്ന ഒരു ആഫീസിൻെറ കീഴിൽ ഇതു് കൊണ്ടുവന്നില്ലെങ്കിൽ പ്രതീക്ഷിക്കുന്നത്ര പ്രയോജനം ഇതുകൊണ്ടുണ്ടാവുകയില്ല. കൃഷിവകുപ്പിനെ സംബന്ധിച്ചു് എനിക്കു് വേറൊന്നു പറയുവാനുള്ളതു്, കുട്ടനാട്ടിലെ കർഷകരെയെല്ലാവരെയും വിളിച്ചുകൂട്ടി ആണ്ടോടാണ്ടു ഒരു കാൺഫറൻസു് നടത്തണമെന്നാണു്. പുഞ്ചകൃഷി അഭിവൃദ്ധിപ്പെടുത്തേണ്ട കാര്യങ്ങളെപ്പററി ആലോചിക്കുമ്പോൾ സാങ്കേതിക വിദഗ്ദ്ധന്മാരുടെ നിർദ്ദേശങ്ങളെപ്പോലെതന്നെ, കുട്ടനാട്ടിലെ കൃഷിക്കാരുടെ അഭിപ്രായം

[ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി]

കൂടി അറിയുന്നതു് നന്നായിരിക്കും. അവിടത്തെ കൃഷിയെ പോഷിപ്പിക്കത്തക്കവിധത്തിൽ പല നിർദ്ദേശങ്ങളും ആ കാൺഫറൻസിൽനിന്നു ലഭിക്കും. അങ്ങനെയുള്ള കാൺഫറൻസിൽനിന്നു് ഒരു എക്സ്പെർട്ട കമ്മററിയെ നിയമിച്ചു് കാര്യങ്ങൾ വേണ്ടപോലെ പരിശോധിച്ചു് അറിഞ്ഞു പ്രവർത്തിക്കാവുന്നതാണു്. നാം വലിയ തുകകൾ ചെലവാക്കി; അതിനുള്ള റിസൾട്ടുകൾ കിട്ടണമെങ്കിൽ ഈമാതിരി പദ്ധതികൾ കൈക്കൊള്ളേണ്ടതാണു്. ഈ സെഷൻ കഴിഞ്ഞാലുടൻതന്നെ ഇങ്ങനെയൊരു കാൺഫറൻസു് വിളിച്ചുകൂട്ടി കാര്യങ്ങളെപ്പററി പര്യാലോചിക്കേണ്ടതാണു്. എനിക്കു് അവസാനമായി പറയുവാനുള്ളതു്, അവിടത്തെ മെയിൻറനൻസ് വക്കിനെപ്പററിയാണു്. അവിടെ മെയിൻറനൻസ് വക്കു് ധാരാളം ചെയ്യാനുണ്ടു്. ഇപ്പോൾ ഈ മാസങ്ങളിൽ ഈ വക്കു് ചെയ്യാൻ സാധിക്കുകയില്ല. ഈ മെയിൻറനൻസ് വക്കിനു് കൺട്രാക്ററു് കൊടുക്കുകയോ ഗവണ്മെൻറുതന്നെ നേരിട്ടു് ഏറെറടുക്കുകയോ ചെയ്തു് ഈ കാര്യത്തിൽ വേണ്ടതു് പ്രവർത്തിക്കേണ്ടതാണു്. ഇങ്ങനെ പ്രവർത്തിച്ചു് ഈ പദ്ധതി വിജയിപ്പിക്കുകയാണെങ്കിൽ കർഷകരുടേയും രാജ്യത്തിൻേറയും നില അഭിവൃദ്ധിപ്പെടുത്തുവാൻ സാധിക്കും. രാജ്യക്ഷേമോൽസുകങ്ങളായ പരിപാടികളും പദ്ധതികളും ആസൂത്രണം ചെയ്തു് നടപ്പിലാക്കുന്ന വിഷയത്തിൽ ശ്രീ. കോര പറഞ്ഞതുപോലെ, ഞാനും, ഞാനുൾപ്പെടുന്ന കക്ഷിയും സവ്വ സഹകരണങ്ങളും ആക്കും നൽകാൻ സവ്വദാ സന്നദ്ധമായിരിക്കുമെന്നുമാത്രം ഇപ്പോൾ പറഞ്ഞുകൊള്ളുന്നു.

Shri. M. P. Menon : That party was given 40 minutes yesterday. We were given only 10 minutes.

ശ്രീ. എൻ. പരമേശ്വരൻപിള്ള : സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബർ ശ്രീ. ബാലകൃഷ്ണൻ അവർകൾ ഒരു പക്ഷെ സമ്മതിക്കുകയില്ലെങ്കിലും ഈ ഭാരതം പ്രത്യേകിച്ചു് നമ്മുടെ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനം ഒരു കാർഷികരാജ്യമാണെന്നും ഇവിടത്തെ ഗണ്യമായ ഒരു ജനവിഭാഗം കൃഷിയിൽ ഏർപ്പെട്ടുകൊണ്ടിരിക്കുകയാണെന്നും കർഷകൻ ഈ നാട്ടിൻെറ നട്ടെല്ലാണെന്നുമുള്ള വസ്തുത നമുക്കു് മറക്കുവാൻ സാദ്ധ്യമല്ല. 118-നുമുമ്പു് ഇവിടെ ഒരു കൃഷി ഡിപ്പാർട്ടുമെൻറു് നടപ്പിൽ വന്നിരുന്നു. എന്നാൽ അതിനുശേഷം മാത്രമാണു് ഇവിടത്തെ കൃഷിഡിപ്പാർട്ടുമെൻറിൻേറയും ഭക്ഷ്യോൽപ്പാദനവകുപ്പിൻെറയും ആവശ്യത്തെപ്പററി നമുക്കു് മനസ്സിലാകുന്നതു്. യശശ്ശരീരനായ ഡാക്ടർ കുഞ്ഞൻപിള്ളയുടെ മേലദ്ധ്യക്ഷതയിൽ ഈ ഡിപ്പാർട്ടുമെൻറു് പ്രവർത്തിച്ചുവന്നിരുന്ന കാലത്തു് ആ ഡിപ്പാർട്ടുമെൻറും ഇവിടത്തെ സാധാരണക്കാരനായ കൃഷിക്കാരനും തമ്മിൽ യാതൊരു തരത്തിലുള്ള ബന്ധവും ഉണ്ടായിരുന്നില്ല. ഇവിടെ ഒരു ജനകീയ ഗവണ്മെൻറു് ഭരണഭാരം കൈയേററതിനുശേഷം, ഭക്ഷ്യപ്രശ്നം നമുക്കു് അഭിമുഖീകരിക്കേണ്ടിവന്നതിനോടുകൂടി, ഈ ഡിപ്പാർട്ടുമെൻറു് രാജ്യത്തെ സാമാന്യജനങ്ങളെ ബാധിക്കത്തക്കവിധത്തിൽ പ്രവർത്തിപ്പിക്കേണ്ടതാവശ്യമാണെന്നു കണ്ട അവസരത്തിലാണു് ഇൻഡ്യാഗവണ്മെൻറു് ആവിഷ്കരിച്ച പഞ്ചവത്സരപദ്ധതി ഇവിടെ നട

പ്പിലാക്കിയത്. അതിൽ കൃഷിയും കൃഷിഡിപ്പാർട്ടുമെൻറിനോട് അനുബന്ധിച്ച് വെറററിനറി ഡിപ്പാർട്ടുമെൻറ്, ആനിമൽ ഹസ്ബൻററി, റൂറൽ ഡെവലപ്പുമെൻറ്, സഹകരണം ഇവയുടേയും പ്രാധാന്യം മനസ്സിലാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ഈ ഗവണ്മെൻറിൻെറ ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ളതിൻെറ തുക മതിയാകുന്നതല്ല. അത് മതിയാകാതെ വരുമെന്നുള്ള ഉൽക്കണ്ഠ ഞങ്ങൾക്കെല്ലാം ഉണ്ടായത് ഈ രാജ്യത്തെ ഇന്നത്തെ ഭക്ഷ്യനിലയെപ്പററി ഉള്ള നമ്മുടെ ഉൽക്കണ്ഠയെ ഇല്ലായ്മ ചെയ്യേണ്ടത് ആവശ്യമാണെന്നുള്ളതുകൊണ്ടാണ്. അതിന് സത്വരമായ ചില പരിപാടികളും വികസനപദ്ധതികളും ഒന്നിനൊന്നു മുമ്പോട്ടു കൊണ്ടുപോയാൽമാത്രമെ, ജനങ്ങൾക്ക് അതുകൊണ്ട് പ്രയോജനമുണ്ടാവുക ഉള്ളൂ. അങ്ങനെയുള്ള പഞ്ചവൽസരപദ്ധതിയെ സംബന്ധിച്ച് പറയുമ്പോൾ ഒന്നാമതായി അതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത് കാർഷികമായ വികസനപദ്ധതിയാണെന്ന് കാണാവുന്നതാണ്. കുട്ടനാടൻ ഡെവലപ്പമെൻറ് സ്കീം ഈ വികസനപദ്ധതികളിൽ ഒന്നാണ്. അന്ന് മുഖ്യമന്ത്രിയായിരുന്ന ശ്രീ. സി. കേശവൻ അവർകളാണ് ആ സ്കീമിൽപ്പെട്ട ആലപ്പുഴ–ചങ്ങനാശ്ശേരി റോഡിൻെറ ഉൽഘാടനം നടത്തിയത്. അദ്ദേഹം ആ റോഡിൻെറ ഉൽഘാടനം അന്ന് നടത്തിയിരുന്നില്ലെങ്കിൽ അടുത്തകാലത്ത് അതുണ്ടാകുമോയെന്നെനിക്ക് സംശയമാണ്. ഈ റോഡിൻെറ ഇരുവശങ്ങളിലും ഉണ്ടാക്കിയിട്ടുള്ള കാളനിസ്ഥലത്ത് ഉടൻതന്നെ ഭൂമിയില്ലാവരെ താമസിപ്പിക്കേണ്ടതാണ്. അവിടെ തൊഴിലാളികളാണ് അധികം താമസിക്കുന്നത്. അവർക്ക് തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും അതുപോലെതന്നെ കാളനിസ്ഥലത്തിൻെറ മെയിൻറനൻസിനുവേണ്ടി വലിയ തുകകൾ ചെലവാക്കുന്നത് ഒഴിവാക്കുന്നതിനും കാളനൈസേഷൻ പദ്ധതി ഉടൻതന്നെ നടപ്പാക്കണമെന്ന് ഞാൻ ഈ ഗവണ്മെൻറിനോട് ആവശ്യപ്പെടുകയാണ്. സർ, സഹകരണ ഫാമിംഗ് സൊസൈററിയ്ക്ക് പ്രാരംഭബഡ്ജററിൽ 80,000 രൂപാ കൊള്ളിച്ചിരുന്നു. പക്ഷെ ഈ ഇനത്തിൽ 30,000 രൂപാ കുറയ്ക്കുകയാണ ഈ ഗവണ്മെൻറ് ചെയ്തിരിക്കുന്നത്. ഈ തുകകൾ ചെലവാക്കുന്നത് സഹകരണാടിസ്ഥാനത്തിന്മേലായിരിക്കണമെന്നാണ് എനിക്ക് ഗവണ്മെൻറിനോട് ഉൽബോധിപ്പിക്കുവാനുള്ളത്.

സഹകരണത്തെ സംബന്ധിച്ചിടത്തോളം സ്ഥാനത്തും അസ്ഥാനത്തും അധരാനുകമ്പ ചൊരിയുന്ന ഗവണ്മെൻറ് സഹകരണ ഇൻസ്റ്റിററ്യൂട്ടിൻെറ ആഭിമുഖ്യത്തിൽ വിളിച്ചുകൂട്ടിയതും ബഹുമാനപ്പെട്ട സഹകരണവകുപ്പുമന്ത്രി ഉൽഘാടനം ചെയ്തതുമായ യോഗത്തിൽനിന്നും നിയോഗിച്ച ഒരു കമ്മിററി ഈ ഗവണ്മെൻറിനെ സമീപിച്ച് പല നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ട് അതിനുവേണ്ടി ഒരു പരിപാടിയും ഈ ബഡ്ജററിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നു കാണുന്നതു വളരെ ഖേദകരമാണ്. അക്കാര്യത്തിൽ ഗവണ്മെൻറിൻെറ ശ്രദ്ധയെ ഞാൻ പ്രത്യേകം ക്ഷണിച്ചുകൊള്ളുന്നു. സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഈ ഗവണ്മെൻറ് താൽപ്പര്യം പ്രദർശിപ്പിക്കയും അതിനുവേണ്ടി സെൻട്രൽഗവണ്മെൻറ് പ്രവർത്തിക്കുന്നതുപോലെ ഈ ഡിപ്പാർട്ടുമെൻറ് ഒരു മേജർഡിപ്പാർട്ടുമെൻറാക്കി കൃഷിവകുപ്പുംകൂടി ഉൾപ്പെടുത്തി ഒരു മന്ത്രിയുടെ ചുമതലയിൽ കൊണ്ടുവരേണ്ടതാണ്. അങ്ങനെയാണെങ്കിൽ കൂടുതൽ പ്രയോജനം കിട്ടുമെന്നാണ് എനിക്ക് പറയുവാനുള്ളത്. സഹ

[ശ്രീ. എൻ. പരമേശ്വരൻപിള്ള]

കരണത്തെ സംബന്ധിച്ചും കൃഷിയെ സംബന്ധിച്ചുമുള്ള കാര്യങ്ങൾ പഠിച്ച് റിപ്പോർട്ടു ചെയ്യുന്നതിന് ഒരു കമ്മിററിയെ നിയമിച്ച് ഇതു രണ്ടും കൂടുതൽ പ്രയോജനകരമായ രീതിയിൽ നടത്തിക്കൊണ്ടുപോകുന്നതിനു ആലോചിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

ശ്രീ. സി. സി. അയ്യപ്പൻ: സർ, ശ്രീമാൻ ററി. എ. മജീദ് അവതരിപ്പിച്ച കട്ട്മോഷനെ ഞാൻ പിന്താങ്ങുന്നു. ഒരു കാർഷികരാജ്യമായ നമ്മുടെ നാട്ടിൽ, ഭക്ഷ്യവിതരണവിഷയത്തിൽ ചിറസേന ഒരു ലക്ഷം രൂപ നഷ്ടം സഹിക്കേണ്ടിവരുന്ന നമ്മുടെ നാട്ടിലെ കൃഷി, വളരെ അപരിഷ്കൃതമായിട്ടുള്ള രീതിയിലാണ് നടത്തിവരുന്നതെന്നുള്ളതു വളരെ ഖേദത്തോടുകൂടി പ്രസ്താവിക്കേണ്ടിയിരിക്കുന്നു. നമ്മുടെ നാട്ടിൽ ശരിയായി കൃഷി ശാസ്ത്രീയമായരീതിയിൽ പുരോഗമിപ്പിക്കുന്നതിനും അതിനെ രക്ഷിക്കുന്നതിനുംവേണ്ടി യാതൊന്നുംതന്നെ ചെയ്തുകാണുന്നില്ല. കരിനിലത്തിനുവേണ്ട വളം നിർദ്ദേശിച്ചു എന്നതിൽകവിഞ്ഞു യാതൊരു പുരോഗതിയും ഇവിടെ ഉണ്ടായിട്ടില്ലെന്നുള്ളതു ഒരു വാസ്തവമാണ്. അതിലേക്ക് ശരിയായിട്ടുള്ള ഗവേഷണങ്ങൾനടത്തി അതിന്റെ ഫലമെല്ലാംതന്നെ കൃഷിക്കാർക്കു അനുഭവമാക്കി അവരെക്കൂടി ബന്ധപ്പെടുത്തത്തക്കനിലയിൽ പ്രവർത്തനംനടത്തണമെന്നാണ് ഞാൻ പറയുന്നതു്. പക്ഷെ ഇന്നു ഈ ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനം നാട്ടിലെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം യാതൊരു ഗുണവും നൽകുന്നില്ല. സാധാരണ കൃഷിക്കാർക്ക് ഇങ്ങനെ ഒരു ഡിപ്പാർട്ടുമെൻറുണ്ടോ എന്നും അതെന്തെല്ലാം പ്രവർത്തനം നടത്തുന്നുവെന്നും ഒന്നും അറിയാൻ കഴിഞ്ഞിട്ടില്ല. ചില കൃഷിയാഫീസുകളുടെ മുമ്പിലെല്ലാം ഒരു ബോർഡ് എഴുതിവച്ചിട്ടുണ്ട്. 'സർക്കാർ വളംഡിപ്പോ' എന്നാണ് ആ ബോർഡിൽ എഴുതിയിരിക്കുന്നതു്. ഇങ്ങനെ ഒരു ചെറിയ കച്ചവടംനടത്തുന്ന സ്ഥാപനമെന്നതിൽ കവിഞ്ഞ് കൃഷിഡിപ്പാർട്ടുമെൻറ് പുരോഗമിച്ചിട്ടില്ല. ഇതിനു പ്രധാനകാരണം ഈ ഗവണ്മെൻറു കൈക്കൊണ്ടുവരുന്ന കൃഷിയെസംബന്ധിച്ചുള്ള നയമാണ്. അതിന് ഒരു ഉദാഹരണം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ഗവണ്മെൻറ് ചെയ്തുവരുന്ന മൂന്നുനാലു കാര്യങ്ങളിൽ ഒന്നു ഗ്രോവ് മോർ ഫുഡ് കാമ്പയിൻ ആണ്. ഈ കാമ്പയിനിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന മത്സരത്തിൽ പങ്കെടുക്കുന്ന ആളുകൾക്ക് ചില പ്രത്യേക താല്പര്യം മാത്രമേ ഉള്ളു. ഈ ബഡ്ജററിൽ അതിലേക്ക് കൊള്ളിച്ചിരിക്കുന്ന തുക തട്ടിയെടുക്കുന്നതിനുള്ള ഒരു സൂത്രമായിട്ടാണ് അതു തീർന്നിരിക്കുന്നതു്. കഴിഞ്ഞകൊല്ലത്തിൽ 10,000 രൂപ ഇതിലേക്ക് കൊള്ളിച്ചിരുന്നു. ഇങ്ങനെ മത്സരം നടത്തുന്നതുപോലും നാട്ടിലെ കൃഷിക്കാരെ അറിയിക്കാതെയാണ്. ഇതിൽ പങ്കെടുക്കുന്നവർ വൻകിട കൃഷിക്കാരാണ്. അങ്ങിനെയുള്ള വൻകിട കൃഷിക്കാർക്കു ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ളതു സൂത്രത്തിൽ തട്ടിയെടുക്കാൻ അവർ പരിശ്രമിക്കുകയാണ് ചെയ്യുന്നതു്. അതെങ്ങിനെയെന്നുവച്ചാൽ ഈ വൻകിട കൃഷിക്കാർ അവരുടെ നിലങ്ങളിൽ ഏററവും നല്ലസ്ഥലത്തു് പ്രത്യേകമായി കൃഷിചെയ്തു് ആ വിവരം ഡിപ്പാർട്ടുമെൻറിനെ അറിയിക്കുന്നതിന്റെ ഫലമായി അവർ ചെന്നു ആ നിലം കൊയ്യെടുത്തു് ഒരുകണ്ടത്തിൽ ഉണ്ടായ വിളവനുസരിച്ച് ഒരേക്കറിൽ ഇത്ര എന്നുള്ള തോതു കണക്കാക്കിയാണ് സമ്മാനങ്ങൾ നൽകുന്നതു്. ഈ

സമ്മാനങ്ങൾ കൊടുക്കുന്നതു താലൂക്കാഫീസിലോ കലക്ടരുടെ ആഫീസിലോ വച്ചാണ്. ഇങ്ങനെ സമ്മാനംകൊടുക്കുന്നതുകൊണ്ട് ഏതുരീതിയിലാണ് കൃഷിചെയ്തതെന്നോ ശാസ്ത്രീയമായി എന്തടിസ്ഥാനത്തിലാണ് കൃഷിചെയ്തതെന്നോ ഉള്ള വിവരം നാട്ടിലെ കൃഷിക്കാർക്ക് അറിയാൻ കഴിയുന്നില്ല. ഇത്രയും നെല്ലുണ്ടാക്കാൻ സാധിച്ചതു ഏതു രീതിയിലാണെന്നു മററുള്ള കൃഷിക്കാരെ മനസ്സിലാക്കിക്കൊടുക്കുന്നതിനു ഈ ഡിപ്പാർട്ടുമെൻറിൽനിന്നും ഒരു പ്രവർത്തനവും നടത്തികാണുന്നില്ല. അങ്ങിനെ കൃഷിക്കാരും ഡിപ്പാർട്ടുമെൻറും യോജിച്ച് റിസർച്ച്‌വർക്കുകളും മററും ഒരു മാസ് സ്കെയിൽ കൃഷിസമ്പ്രദായം നടത്തുന്നതിനു ഇതുവരെ ഈ ഡിപ്പാർട്ടുമെൻറ് മുമ്പോട്ടുവന്നിട്ടില്ല. അതുകൊണ്ടാണ് കൃഷി അഭിവൃദ്ധിപ്പെടാതിരിക്കുന്നതു്. ഒരു കമ്മിരാജ്യമായിരുന്ന ചൈനക്ക് ഇപ്പോൾ നമ്മുടെ നാട്ടിലേക്കും സിലോണിലേക്കും അരി കയററി അയക്കാൻ സാധിക്കുന്നുണ്ട്. അവർ കൈക്കൊണ്ട പാളിസിയെ സംബന്ധിക്കുന്ന 'Agriculture in New China' എന്ന പുസ്തകത്തിലെ ഒരു ഭാഗം ബഹുമാനപ്പെട്ട സ്പീക്കറുടെ അനുമതിയോടുകൂടി വായിക്കാൻ ഞാനാഗ്രഹിക്കുന്നു.

> "Abiding by Chairman Mao Tse-tung's correct line "from the masses and back to the masses" the Chinese people have taken the first steps in linking scientific technique in agriculture with the experiences gained by the masses of peasants, and have turned the technical improvement of agricultural production into a mass movement."

ഈ രീതിയിൽ ഇവിടത്തെ കൃഷിഡിപ്പാർട്ടുമെൻറ് തീർച്ചയായും പ്രവർത്തിക്കുന്നില്ലെന്നാണ് എനിക്ക് പറയുവാനുള്ളതു്. അങ്ങിനെ പ്രവർത്തിച്ചാൽമാത്രമേ മാസ് സ്കെയിൽ പ്രൊഡക്ഷൻ സാധിക്കുകയുള്ളു.

ഇവിടെ പല ബഹുമാനപ്പെട്ട മെംബറന്മാരും സൂചിപ്പിച്ചതുപോലെ കോവാപ്പറേറീവ് ഫാമിങ്ങ്‌സിസ്റ്റത്തെപ്പററി ഇവിടത്തെ ഗവണ്മെൻറ് തീരെ ഗൗനിക്കുന്നില്ല. അതിലേക്കുവേണ്ടി പ്രോഗ്രാം ഒന്നും ചെയ്യുന്നില്ല. അങ്ങിനെ എന്തെങ്കിലും സംഘടന ഉണ്ടായാൽതന്നെയും അതിനെ പൊളിക്കാനുള്ള ഒരു നയമാണ് ഗവണ്മെൻറു സ്വീകരിച്ചിരിക്കുന്നതു്. കൊച്ചിയിൽ മുകുന്ദപുരംതാലൂക്കിൽ പരിയാരം എന്ന സ്ഥലത്തു് ഒരു കൂട്ടുകൃഷിസൊസൈററി ഉണ്ടായിരുന്നു. അതു് നല്ലനിലയിൽ പ്രവർത്തിച്ചുമിരുന്നു. അതിനെ പൊളിക്കാൻ അവിടത്തെ ജന്മിമുതലാളിമാരും ഗവണ്മെൻറും പരിശ്രമിച്ചുനോക്കി. പക്ഷെ അതു പൊളിഞ്ഞുപോയില്ല. പരിയാരംസംഭവത്തെ ബന്ധപ്പെടുത്തിയാണ് അതിനെ പൊളിക്കാൻ പരിശ്രമിച്ചതു്. കപ്പയ്ക്കു ക്ഷാമംവന്നപ്പോൾ വിലകൂടിയതുകൊണ്ട് കപ്പ കൃഷിക്കാർ കപ്പയ്ക്കു വില കുറയ്ക്കണമെന്നുള്ള ഗവണ്മെൻറിൻെറ ആഹ്വാനമനുസരിച്ച് ആ സംഘമാണ് ആദ്യമായി ഗവണ്മെൻറു പറഞ്ഞ നിലയിൽ കപ്പ കൊടുക്കാൻ തയ്യാറായതു്. എന്നാൽ ഇപ്പോൾ ആ സൊസൈററി കൃഷിചെയ്തിരുന്ന സ്ഥലം കമ്മ്യൂണിററി പ്രൊജക്റ്റിനുവേണ്ടി ഒഴിപ്പിച്ചെടുത്തിരിക്കയാണ്. ആ സ്ഥലം കന്നുകാലിമേച്ചിലിനുള്ള സ്ഥലമായി ഒഴിച്ചിട്ടിരിക്കുകയാണ്.

<u>ശ്രീ. പി. എസ്സ്. നടരാജപിള്ള</u>: ആ കോവാപ്പറേറീവ് സൊസൈററിക്ക് ആ സ്ഥലം അസൈൻചെയ്തുകൊടുത്തിരുന്നതാണോ?

ശ്രീ. സി. സി. അയ്യപ്പൻ: ആ സൊസൈററിയാണ് അവിടെ കൃഷിചെയ്തുകൊണ്ടിരുന്നതു്.

ശ്രീ. പി. എസ്സ്. നടരാജപിള്ള: അസൈൻമെൻറില്ലാതെ അവിടെ പ്രവേശിച്ചതല്ലേ?

ശ്രീ. സി. സി. അയ്യപ്പൻ: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

നമ്മുടെ നാട്ടിൽ പ്രാധാന്യമർഹിക്കുന്ന ഒരു കൃഷിയാണ് അടയ്ക്കാകൃഷി. ഈ കൃഷി സംരക്ഷിക്കേണ്ടതു വളരെ അത്യാവശ്യമുള്ള കാര്യമാണ്. ഈ കൃഷി നടത്തുന്ന ആളുകൾക്ക് മുതലാകുന്നില്ലെന്നൊരു ആക്ഷേപമുണ്ടു്. അതുമല്ല പലതരം സുഖക്കേടുകൾ ഈ കൃഷിയെ ബാധിക്കുന്നതായി കാണുന്നു. മാഹാളി, പൂവ് പൊഴിഞ്ഞുപോകുക, വീണ്ടുപോകുക ഇങ്ങനെ പല സുഖക്കേടുകൾ ഉണ്ടാകുന്നുണ്ടു്. കഴിഞ്ഞ ബഡ്ജററിൽ ഇതിന്റെ നിവാരണത്തിനായി 17,000 രൂപ പഴഞ്ഞിയിൽ ഒരു ഗവേഷണകേന്ദ്രം സ്ഥാപിക്കാൻ കൊള്ളിച്ചിരുന്നു. ഈ പഴഞ്ഞി അടയ്ക്കയുടെ ഒരു കേന്ദ്രമാണ്. അടയ്ക്ക ഉല്പാദിപ്പിക്കുന്ന വിഷയത്തിലും വെട്ടി ഉണക്കി കച്ചവടംചെയ്യുന്ന കാര്യത്തിലും വളരെ പ്രാധാന്യമുള്ള ഒരു കേന്ദ്രമാണതു്. ഇതെല്ലാം മനസ്സിലാക്കിയാണ് ബഡ്ജററിൽ അവിടെ ഒരു കേന്ദ്രം സ്ഥാപിക്കുന്നതിനു പണം കൊള്ളിച്ചിരുന്നതു്. പക്ഷെ യാതൊന്നും ചെയ്തില്ല. ഇക്കൊല്ലവും കുറെ പണം കൊള്ളിച്ചിട്ടുണ്ടു്. കഴിഞ്ഞ കൊല്ലത്തെപ്പോലെ ആകരുതെന്നാണ് എനിക്ക് അതിനെപ്പററി പറയുവാനുള്ളതു്.

ഉണക്കം ബാധിക്കുന്നസമയത്തു പമ്പുസെററ കൊടുക്കുക എന്നൊരേർപ്പാടു കൃഷിഡിപ്പാർട്ടുമെൻറു നടത്തുന്നുണ്ടു്. ചില്ലറ കൃഷിക്കാർക്കു ഈ സൗകര്യം തീരെ കിട്ടുന്നില്ല. വൻകിടമുതലാളികൾക്കാണ് പമ്പ് സെററ കിട്ടുന്നതു്. ഈ പമ്പുസെററുകൾ ആരാണ് കൊടുക്കുന്നതെന്നുള്ള വിവരംകൂടി സാധാരണ കൃഷിക്കാർക്കു അറിവില്ലാതാണിരിക്കുന്നതു്. അങ്ങിനെ അഥവാ പമ്പുസെററ കിട്ടിയാൽതന്നെയും വളരെ അധികം കൂലിയും ചിലവും വേണ്ടിവരുന്നുണ്ടു്. വൻകിട ജലസേചനപദ്ധതികൾകൊണ്ടു് വേണ്ടത്ര ഉപയോഗപ്പെടാതിരിക്കുന്ന തലപ്പിള്ളി തുടങ്ങിയ താലൂക്കുകളിൽ ഉണക്കുബാധിക്കുന്ന സന്ദർഭത്തിൽ പ്രയോജനം ഉണ്ടാകത്തക്കവണ്ണം പമ്പുസെററ നൽകേണ്ടതാണ്. അവിടെ ഒരു മൈനർ ഇറിഗേഷൻപദ്ധതി ആരംഭിക്കണമെന്നു് അവിടത്തെ കർഷകസംഘത്തിൽനിന്നും ഒരു പ്രമേയം ഗവൺമെൻറിലേക്കു് അയച്ചിട്ടുണ്ടു്. പമ്പുസെററുകൾ ഈ നാട്ടിലെ ചെറുതരം കൃഷിക്കാർക്കു കിട്ടുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യണമെന്നു് ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

മറെറാന്നുള്ളതു് കന്നുകാലികൾക്കു രോഗമുണ്ടായാൽ ചികിത്സിക്കുന്നതിനുള്ള യാതൊരു സൗകര്യവും കിട്ടുന്നില്ലെന്നുള്ളതാണ്. കുരളടപ്പൻ എന്ന ഒരു സുഖക്കേടുണ്ടു്. കഴുത്തിൽ നീരുവന്നു് അല്പദിവസത്തിനകം ശരിയായ ചികിത്സചെയ്യില്ലെങ്കിൽ മരിച്ചുപോകുന്ന ഒരു സുഖക്കേടാണതു്. ഈയിടയ്ക്കു് ഉണ്ടായ ഒരുദാഹരണം ഞാൻ പറയാം. ഇതുപോലൊരു രോഗം പിടിപെട്ട കന്നുകാലിയെ മൃഗാശുപത്രിയിൽ കൊണ്ടുചെന്നപ്പോൾ തൃശ്ശൂർപോയി മരുന്നുകൊണ്ടുവന്നാൽ ഇൻജക്ടു ചെയ്യാമെന്നാണ് പറഞ്ഞതു്. അതുപോലെതന്നെ ഇൻജക്ടുചെയ്യുന്ന

തിനുള്ള സ്റ്റിൻജ് അവിടെ ഇല്ലാത്തതുകൊണ്ട് അത് ചെറുതുരുത്തിയിൽ പോയി വാങ്ങിച്ചുകൊണ്ടുവരണം. ഇങ്ങനെയുള്ള ഒരു സ്ഥിതിയാണ് കന്നുകാലി ചികിത്സയെ സംബന്ധിച്ചിടത്തോളമുള്ളത്.

ശ്രീ. പി. എസ്. നടരാജപിള്ള: ഏതു വെറ്ററിനറി ആശുപത്രിയെപ്പറ്റിയാണ് മെമ്പർ പറയുന്നത്?

ശ്രീ. സി. സി. അയ്യപ്പൻ: വടക്കാഞ്ചേരി. കാർഷിക ഉപകരണങ്ങൾക്കുവേണ്ടി 5,000 രൂപയാണ് കൊള്ളിച്ചിട്ടുള്ളത്. ഒന്നാമതായി, കൊടുക്കുന്ന ഉപകരണങ്ങൾ ഒന്നും നല്ലതല്ല. നല്ല സാധനം കൊടുക്കേണ്ടതാണ്. ഈ 5,000 രൂപകൊണ്ട് ഒന്നും വാങ്ങാൻ സാധിക്കുമെന്നു തോന്നുന്നില്ല. 5,000 കൈക്കോട്ട് വാങ്ങാൻപോലും ഈ തുക മതിയാകുമെന്നു തോന്നുന്നില്ല. ഈവകയ്ക്കു കൂടുതൽ തുക കൊള്ളിക്കേണ്ടതാണ്.

കൃഷിയിലുണ്ടാകുന്ന പുഴുക്കേട് ഇല്ലാതാക്കാൻവേണ്ടി ഡി. ഡി. റ്റി. പൗഡർ കൊടുക്കുന്നുണ്ട്. ഇതു ലാർജ്സ്കെയിലിൽ ഉപയോഗിക്കുന്നതിന് യാതൊരു യന്ത്രവും ഉള്ളതായി അറിവില്ല. ഇപ്പോൾ ഈ പൗഡർ നാലുഭാഗത്തുമുള്ള വരമ്പുകളിൽനിന്നുകൊണ്ട് വിതറുന്നതിനേ നിവർത്തിയുള്ളു. എല്ലായിടത്തും ഈ പൗഡർ വിതറുന്നതിനുള്ള എന്തെങ്കിലും മാർഗ്ഗം കണ്ടുപിടിക്കേണ്ടതാണ്.

അവസാനമായി കോവാപ്പറേറ്റീവ് ഫാമിങ്ങ് സൊസൈറ്റികൾക്കു കൂടുതൽ ധനസഹായംനൽകി ചൈനയിൽ ഇന്നുനടക്കുന്നതുപോലെ റിസർച്ചുകൊണ്ടുള്ള അനുഭവം മാസ് സ്കെയിലിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള എല്ലാം ഏർപ്പാടും ചെയ്യണമെന്നു അഭ്യർത്ഥിച്ചുകൊള്ളുന്നു.

Mr. Speaker: The hon. Minister can now reply. He has only 15 minutes to reply.

Shri P. S. Nataraja Pillai: Sir, I would like to offer some explanation for certain very strong comments made by my friends Mr. Majeed and Mr. Ayyappan.

Sir, my friend Mr. Majeed began with saying that this Government is giving loans for agricultural developments to people who do not need them, namely capitalists. Sometime ago, in reply to an interpellation I informed the House that it was not a fact. I placed on the table the names of gentlemen to whom loans were granted with the amount of respective grants and the dates on which they were granted. This is what the information contained:

In 1951-52, 14 loans were granted; in 1952-53, 91 were granted; and in 1953-54, 94 were granted, and of these loans, above Rs. 10,000 were 13 in number, above 20,000 up to 40,000 was one, above 75,000 one and above a lakh, two. All the other loans were of smaller amounts like Rs. 5,000, 6,000, 3,000 and 1,500 and so on. This kind of turning a blind eye on facts placed before the House and going on repeating the same slogan that the real interests of the poor agriculturist are neglected by Government, I have only to say, is rather very hard and I think

[Shri P. S. Nataraja Pillai]

that a practical and realistic approach to the problem should be taken by my hon. friends for the common interest and prosperity of the State.

Then, Sir, about the distribution of manures. Two charges were made that manure is available only in the black market and even that manure available is mere sand and could only be used for levelling up paddy fields. I wonder, Sir, whether the people of Travancore are so poor in intelligence as to waste their money on buying sand.......

ശ്രീ. ടി. എ. മജീദ്: മണൽകൂടി ഉണ്ടെന്നാണു പറഞ്ഞതു്.

Shri P. S. Nataraja Pillai: Yes, Sir, the hon. Member said that this manure is full of sand and fit only to raise the levels of the paddy fields. But, the hon. member must understand that 20,000 tons of chemical manures to the value of Rs. 40 lakhs have been sold to and purchased by our agriculturists. Can the people of Travancore spend 40 lakhs of rupees simply for buying sand? I am sorry that the hon. member has made a charge of this kind against the Department. The real fact about that was that the people of our country has taken kindly to chemical manures. Sir, there is a growing demand for these manures in the country. The difficulty is in supplying these manures in time to our agriculturists.

ശ്രീ. പി. ആർ. മാധവൻപിള്ള: ഇപ്പോൾ കെമിക്കൽ വളം അതായതു് എല്ലുപൊടിയും പിണ്ണാക്കുമൊക്കെ സർ. സി. പി. യുടെ കാലത്തേക്കാൾ കൂടിയ വിലയ്ക്കാണു ഗവണ്മെന്റു വില്ക്കുന്നതെന്നറിയാമോ?

Shri P. S. Nataraja Pillai: I think, Sir, we are buying rice at a higher cost and we are buying groundnut at a higher cost. That depends upon the general rise in the prices of commodities. My friend may know perfectly well that the price has gone up in the case of all commodities which the ordinary people use. So, that apart, the only problem that the department has to deal with at the present moment is how to make adequate supplies of manures to our agriculturists. The difficulty of securing groundnut cake is created by the fluctuating market rates of the commodity in Sourashtra and Ahmedabad and the want of facilities for transport. Therefore, our people have taken to chemical manures, and it is of no help or advantage to the country to decry these manures and thus spread suspicion among our agriculturists and dissuade them from using it.

Sir, I now turn to another comment made by Mr. Majeed who is an experienced member of this House. The hon. Member made a charge that the Norwegian Project Officers, who have come here in connection with our fisheries, were a set of smugglers who smuggle mineral sands. I found such a charge in one of the newspapers also. We know, Sir, that in our country the

newspapers have on their staff expert artists who write phantasies and fancies. They write so beautifully that we are taken in by them. I am only sorry that they are not utilising their talents in writing literature for us to read and enjoy, instead of writing phantasies and fancies for the purpose of propaganda. So, Mr. Majeed has no excuse for having indulged in that kind of trade when he says that the Norwegians are smuggling mineral sands or that we are supplying only sand in the name of manure. These mineral sands can only be utilised and operated upon effectively by monopolistic concerns and nobody else has a right to deal with it. Unless one is prepared to substantiate one's statements, no one should indulge in wild charges. Such statements would not be conducive to the common interest of the country and would not keep up the prestige or standard of the people here.

Then, coming to my hon. Friend Mr. Ayyappan, he was also saying that the Department is not keeping contact with the masses. But I can say, Sir, that whatever researches the Department, in its limited capacity, has been doing, the agriculturists of the country were not slow in adopting the results of such researches, and at present there is sufficient co-operation and response from them. Any standard of scientific discovery or research should be correlated to the ordinary experience of man. That is the fundamental principle of scientific discovery. Leaving that aside, I want only to say that the charge levelled is not very fair. Sir, the number of competitors for *virippu* cultivation was 138; for *Mundakan* cultivation 140, and for *punja* the number of cultivators was 50. The winners were offered prizes. When such a large number of agriculturists were competing it cannot, in any sense, be called a closed field.

Now, Sir, I have to thank Shri Korah for the valuable suggestions which he has made with specific relation to certain problems the most important of which is the problem of tapioca. That is a very important problem which has to be tackled. The Tapioca Enquiry Committee reported that 9 pies per pound of tapioca would be uneconomic to the cultivator. On personal enquiry I now find that the price has gone down to 6 pies per pound. That being so, the producer is in a very difficult situation. And, at the same time we have prohibited export of tapioca. So, some steps have to be taken immediately to give relief to the producer. I completly agree with Mr. Majeed that the ban on export should not be lifted until our food position is secure. Our food position now is secure. But our economic standard is such that the ordinary man will not be able to buy one measure of rice by paying 8 annas. That being so, we have to think over the matter very seriously. I agree that something must be done in the near future and for doing that the Government invites every help from all parties of the House by way of suggestions and proposals. Government trust that if such help is forthcoming, they will be able to take a decision as early as possible.

[Shri P. S. Nataraja Pillai]

The next important matter to consider from the remarks made by Shri Korah is about the necessity for researches on pepper cultivation in this country. I may be excused if I bring to the notice of my friends the Konni pepper farm started by the first Director of Agriculture of Travancore. But the farm went into disrepair and became useless after a few years. But further researches have to be done in a systematic manner. The Spices Committee of the Government of India have made recommendations on this. In accordance with their recommendations, the Government of India has asked us to prepare a scheme and institute an experimental station for pepper and cardamom. They have proposed that the initial expenditure should be borne by the State Government. This Government are prepared to do that and we are taking measures to establish research stations for pepper and cardamom. That, I think is most important.

Then, my friend, Mr. Narayanan Potti stressed the necessity for developing kari lands cultivation. I thank Mr. Potti for his valuable suggestions for holding a conference regarding this. Government will consider the proposal to hold a Paddy Conference as early as possible to decide on proposals for co-ordinating and controlling cultivation in the *kari* lands and also to consider other agricultural activities. Government will take all steps possible to implement the practical suggestions made here in the House. I thank the hon. Members for their kind suggestions and proposals and requst the House to sanction my demand.

The cut motions of Shri T. A. Majeed and Shri K. M. Korah were, by leave of the House, withdrawn.

The question that Government be granted a sum of Rs. 18,19,100 under Demand XXI—Agriculture was put and carried.

The Grant was made.

The House rose for lunch at 1 p. m., and reassembled at 2 p. m., with Mr. Speaker in the Chair.

DEMAND No. XXXIV—TRANSPORT SCHEMES.

[2 P. M.]

Minister for Works and Transport **(Shri A. Achuthan)**: Sir, I rise to move for a grant of Rs. 1,10,24,400 under Demand XXXIV—Transport Schemes.

Shri P. K. Kunju : I second it.

Mr. Speaker: Cut motion No. 8 by Shri T. V. Thomas and cut motion No. 40 by Shri T. O. Bava may be moved and other members can participate in the debate.

Shri T. V. Thomas: Sir, I move :

"To omit the allotment of Rs. 4,24,400-for direction."

സർ, ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചുകൊണ്ടു എനിക്കു നമ്മുടെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് തൊഴിലാളികളുടെ അവശതകളെപ്പറ്റിയാണു പ്രധാനമായി സംസാരിക്കാനുള്ളതു്. അവയുടെ വിശദാംശങ്ങളിലേയ്ക്കു് കടക്കുന്നതിനുമുൻപു്, സർ, അങ്ങയുടെ അനുവാദം ഉണ്ടെങ്കിൽ 1951-ൽ ശ്രീ. പട്ടംതാണുപിള്ള (ഇന്നത്തെ മുഖ്യമന്ത്രി) ട്രാൻസ്പോർട്ട് തൊഴിലാളി യൂണിയന്റെ പ്രസിഡന്റായിരുന്ന അവസരത്തിൽ ഗവണ്മെന്റിലേക്കു സമർപ്പിച്ച മെമ്മോറാണ്ടത്തിന്റെ ഒരു ഭാഗം ഞാൻ ഇവിടെ വായിക്കാം. അതായതു് ഇങ്ങനെയാണു്.

> "The abominable conditions of service in our Nationalised Transport system has become a public scandal. The meagre starvation level of pay to the workers, in addition to sweated labour on one side and the awful service conditions to the travelling public on the other, find no parallel in the whole of India. And as these conditions are worsening day by day it has become an urgent public problem."

സർ, ട്രാൻസ്പോർട്ട് തൊഴിലാളികൾ പരാതിപ്പെടുന്ന അവശതകൾ ഇന്നും ഇന്നലെയും ഉണ്ടായതല്ലെന്നും അതു ആരുടെയും രാഷ്ട്രീയ ചൂതുകളിക്കു വേണ്ടി മനഃപൂർവ്വം കുത്തിപ്പൊക്കുന്നതല്ലെന്നും തെളിയിക്കാനാണു ഞാൻ ഈ ഭാഗം ഇവിടെ വായിച്ചതു്. സർ, ഈ ഡിപ്പാർട്ടുമെന്റു ആരംഭിച്ചിട്ടു ഏകദേശം 17 വർഷക്കാലമായി. പതിനേഴുവർഷക്കാലമായി നിലനിന്നു വന്നിട്ടുള്ള ഈ വ്യവസായസ്ഥാപനത്തിലെ തൊഴിലാളികൾക്കു അതു ആരംഭിച്ചപ്പോൾ കിട്ടിക്കൊണ്ടിരുന്ന വേതനത്തിൽ നിന്നും എന്തെങ്കിലും ഒരു വർദ്ധനവുണ്ടായിട്ടുണ്ടോ എന്നു പരിശോധിച്ചു നോക്കേണ്ടതാണു്. ഈ പതിനേഴുവർഷം, ഈ വ്യവസായം പ്രവർത്തിച്ചതിന്റെ ഫലമായി ഗവണ്മെന്റിനു ലക്ഷക്കണക്കിനു് രൂപ ലാഭം ഉണ്ടായിട്ടുണ്ടു്. എന്നാൽ ഡിപ്പാർട്ടുമെന്റു ആരംഭിച്ച അവസരത്തിൽ തൊഴിലാളികൾക്കുണ്ടായിരുന്ന കൂലിയുടെ തോതിൽനിന്നും ഒരു കഴഞ്ചുപോലും പുരോഗമിച്ചിട്ടില്ല. എന്നുമാത്രമല്ല, ഓരോ വർഷംകഴിയുംതോറും അവർക്കു കിട്ടിക്കൊണ്ടിരുന്ന വരുമാനം കുറഞ്ഞുകുറഞ്ഞുവരികയുമാണു ചെയ്യുന്നതു്. അതേ അവസരത്തിൽ വ്യവസായം അഭിവൃദ്ധിപ്പെട്ടുവരുന്നുമുണ്ടു്. പക്ഷേ, തൊഴിലാളികൾക്കുള്ള വേതനം കുറഞ്ഞുവരികയാണു്. സർ, ചൂഷണത്തിന്റെ സ്വഭാവം മനസ്സിലാക്കുന്നതിനു് ഇതിൽ കൂടുതൽ ഉദാഹരണം ആവശ്യമാണെന്നു തോന്നുന്നില്ല. സ്വകാര്യ വ്യവസായശാലകളിലെ തൊഴിലാളികൾ അവരുടെ അവകാശം ഉന്നയിച്ചുകൊണ്ടു അനുവാദരഹിതമായിട്ടു് മുതലാളിമാർക്കെതിരായി സമരം ചെയ്യുമ്പോൾ നിയമത്തിന്റെ പേരുംപറഞ്ഞു എല്ലാപിൻതിരിപ്പൻ ഗവണ്മെന്റുകളും ഒഴിഞ്ഞു മാറാറുണ്ടു്. മുതലാളിക്കെതിരായി സമ്മർദ്ദം ചെലുത്താൻ നിലവിലിരിക്കുന്ന നിയമം ഗവണ്മെന്റിനെ അനുവദിക്കുന്നില്ലെന്നു പറഞ്ഞു ഒഴിയാറുണ്ടു. എന്നാൽ ഗവണ്മെന്റു നടത്തുന്ന വ്യവസായത്തിലെ തൊഴിലാളികളുടെ പരാതി പരിഹരിച്ചു കൊടുക്കാൻ എന്തുകൊണ്ടു ഗവണ്മെന്റു തയ്യാറാകുന്നില്ല. അങ്ങനെ ഒഴിവുകഴിവുകൾ പറയുന്നതുകൊണ്ടാണു് ഈ ഗവണ്മെന്റിന്റെ നയം, തൊഴിലാളികൾക്കു എതിരായിട്ടുള്ള നയമാണെന്നും അതു ഒരു തനി തൊഴിലാളിവർഗ്ഗവിരുദ്ധമനോഭാവമാണെന്നും ഞങ്ങൾ പറയുന്നതു്. ഇന്നത്തെ ഗവണ്മെന്റു തൊഴിലാളികൾക്കു എതിരായിട്ടുള്ള ഒരു മനോഭാവമാണു വച്ചുപുലർത്തുന്നതെന്നു ഞാൻ പറഞ്ഞപ്പോൾ

[ശ്രീ. ടി. വി. തോമസ്]

പി. എസ്. പി. ഗവണ്മെൻറ യാതൊരു കാരണവശാലും തൊഴിലാളിവിരുദ്ധമനോഭാവമുള്ളവരല്ല എന്നു് മന്ത്രി പറയുകയുണ്ടായി. എനിക്കു അദ്ദേഹത്തോടു ചോദിക്കുവാനുള്ളതു് നിങ്ങൾ നേരിട്ടു നടത്തുന്ന വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കു ന്യായമായ ശമ്പളം കൊടുക്കുന്നില്ലെങ്കിൽ ആർക്കാണു അതിൻെറ ഉത്തരവാദിത്വം എന്നും അതിൻെറ പിന്നിലുള്ള മനോഭാവം എന്തെന്നുമാണു്. സർ, അദ്ധ്വാനിക്കുന്നവർക്കു ന്യായമായ കൂലി കൊടുത്തില്ലെങ്കിൽ, അതായതു് വേലക്കാർക്കു് കൂലി കൊടുക്കാത്ത ഒരു ഗവണ്മെൻറ മറെറതുകാര്യത്തിലാണു നീതി പാലിക്കാൻപോകുന്നതെന്നു ഞാൻ ചോദിക്കുന്നു. തൊഴിലാളികളെക്കൊണ്ടു് ജോലിചെയ്യിച്ചാൽ കൂലികൊടുക്കാത്ത ഗവണ്മെൻറ ഇതുപോലുള്ള മറെറതു വ്യവസായ സ്ഥാപനങ്ങളെപ്പോലെതന്നെ മൗലികമായി അനീതി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണെന്നു വേണം പറയാൻ. സർ, ട്രാൻസ്പോർട്ട് തൊഴിലാളികളുടെ അവശതകളെന്തൊക്കെ എന്നു നോക്കാം. ഒന്നാമതായി അവരുടെ ശമ്പളക്രമം ഏതു തരത്തിലുണ്ടുള്ളതെന്നു ആലോചിക്കണം. അതിനെപ്പററി പറയുന്നതിനു മുൻപായി ട്രാൻസ്പോർട്ട് വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കു് കൊടുക്കേണ്ട മിനിമം വേജസ് എന്തെന്നു തീരുമാനിക്കുന്നതിനുവേണ്ടി ശമ്പളത്തെപ്പററി ഇവിടെയൊരു മിനിമം വേജസ് കമ്മിററി ഏർപ്പെടുത്തിയിട്ടുണ്ടു്. നമ്മുടെ സ്റ്റേററ് ട്രാൻസ്പോർട്ടിലെ തൊഴിലാളികൾക്കെതിരായി ഈ സർക്കാർ നടത്തുന്ന ചൂഷണത്തിൻെറ ഭീകരതയെപ്പററി അറിയണമെങ്കിൽ ഈ മിനിമംവേജസ് കമ്മിററിയുടെ ശുപാർശകളെന്തെല്ലാമാണെന്നുള്ളതു പരിശോധിച്ചു നോക്കേണ്ടതാണു്. മിനിമം വേജസ് എന്നു പറഞ്ഞാൽ സർ, ഒരാൾക്കു് മാനമായി ജീവിക്കാനുള്ള കൂലി എന്നല്ല പിന്നെയോ, ഒരാൾക്കു് അവൻെറ ജീവനെ നിലനിറുത്തുന്നതിനു പര്യാപ്തമായ ഒരു കൂലിയെന്നുവേണം മനസ്സിലാക്കുവാൻ. അതു കൊടുക്കാൻ നിവൃത്തിയില്ലാത്ത വ്യവസായങ്ങൾക്കു നിലനിൽക്കാനവകാശമില്ലെന്നാണു് സിദ്ധാന്തം. അങ്ങനെ നിലനിറുത്തിക്കൊണ്ടുപോകുന്നതു് രാജ്യദ്രോഹമാണു്. ഈ അടിസ്ഥാനത്തിൽ നിന്നുകൊണ്ടു നോക്കുകയാണെങ്കിൽ ഈ ഡിപ്പാർട്ടുമെൻറ രാജ്യദ്രോഹം ചെയ്യുന്ന ഒരു ഡിപ്പാർട്ടുമെൻറാണെന്നുവേണം കരുതാൻ. വെറും ലൈസൻസുമാത്രം കിട്ടിയിട്ടുള്ള ഒരു ഡ്രൈവർക്കു് ഏററവും കുറഞ്ഞ ശമ്പളം 40 രൂപാ കൊടുക്കണമെന്നാണു് മിനിമംവേജസ് കമ്മിററി നിർദ്ദേശിച്ചിരിക്കുന്നതു്. നമ്മുടെ സ്റ്റേററ് ട്രാൻസ്പോർട്ടിലെ ഒരു ഡ്രൈവർക്കു കിട്ടുന്ന ശമ്പളം എന്താണു്. യോഗ്യതയെപ്പററി പറയുകയാണെങ്കിൽ അവർ ലൈസൻസും ബാഡ്ജും എടുത്തിരിക്കണം. എട്ടും പത്തും വർഷം പ്രാക്ററീസുള്ളവരായിരിക്കണം. ഇതിനുംപുറമെ പബ്ലിക്ക സർവ്വീസ കമ്മീഷണരുടെ ടെസ്റ്റ് പാസായിരിക്കണം. കൂടാതെ ഡിപ്പാർട്ടുമെൻറൽ ടെസ്ററും പാസായിരിക്കണം. ഇത്രയും പരീക്ഷായോഗ്യതകളുള്ള ഒരു ഡ്രൈവർക്കു ശമ്പളം വെറും 30 രൂപാമാത്രമാണു്. ഇതിൽനിന്നുംതന്നെ സ്റ്റേററ ട്രാൻസ്പോർട്ടിലെ തൊഴിലാളികളുടെ ശമ്പളത്തോതിൻെറ അപര്യാപ്തതയെപ്പററി മനസ്സിലാക്കാവുന്നതാണു്.

അടുത്തതായി, യൂണിഫാറത്തിൻെറ കാര്യംനോക്കാം. ട്രാൻസ്പോർട്ട് ഡയറക്ടർ മിനിമംവേജസ് കമ്മിററിയുടെ മുൻപിൽ മൊഴി കൊടുത്തി

ട്ടുള്ളതാണ്, ആണ്ടിൽ രണ്ടുജോഡി യൂണിഫാറം സൗജന്യമായി നൽകുമെന്നുണ്ടെന്ന്. യൂണിഫാറം കിട്ടുന്നില്ല എന്നു ട്രാൻസ്പോർട്ട് തൊഴിലാളികളും, കൊടുക്കുന്നുണ്ടെന്നു ഡയറക്ടറും പറയുന്നു. സർ, രണ്ടും വാസ്തവമാണ്. കൊടുക്കുന്നുമുണ്ട്, എന്നാൽ കിട്ടുന്നുമില്ല. ഈ കടംകഥയുടെ പൊരുളെന്താണ്? യാഥാർത്ഥ്യമിതാണ്. ഒരാണ്ടിൽ ചില തൊഴിലാളികൾക്കു കൊടുക്കും, അടുത്തയാണ്ടിൽ മററുചിലർക്കു കൊടുക്കും, ബാക്കി കുറെ പേർക്ക് അതിനടുത്തയാണ്ടിൽ കൊടുക്കും. ഇങ്ങനെ യൂണിഫാറം വിതരണത്തിൽ ഒരു പഞ്ചവത്സരപദ്ധതിയാണ് ഡയറക്ടർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതു്. ഇങ്ങനെ അഞ്ചുവർഷംകൊണ്ടു ഒരു വർഷത്തേക്കുള്ള യൂണിഫാറം കൊടുക്കുകയാണു ചെയ്യുന്നതു്. സർ, അതേപ്പററിയുള്ള പരാതികൾ ഈയിടെ തൊഴിലാളികൾ ഉന്നയിച്ചപ്പോൾ നമ്മുടെ തൊഴിലാളി വത്സലനായ മന്ത്രിക്ക് രോഷംകൊണ്ടു. ഡയറക്ടരോടു സമാധാനം ചോദിച്ചു. യൂണിഫാറം കൊടുക്കുന്നുണ്ടെന്നു ഡയറക്ടർ മറുപടി പറഞ്ഞു. എന്നിട്ടും മന്ത്രിക്കു തൃപ്തിയായില്ല. തൊഴിലാളികളുടെ കാര്യത്തിൽ അത്രക്കു താല്പര്യം നമ്മുടെ മന്ത്രിക്കുണ്ടു. യൂണിഫാറം കൊടുത്തതിനു് തെളിവുതരാമോ എന്നു മന്ത്രി ചോദിച്ചു. നമ്മുടെ ഡയറക്ടർ യൂണിഫാറം കിട്ടിയ രണ്ടുപേരെ അവിടെ ഹാജരാക്കുകയും ചെയ്തു. 1953-ലെയ്ക്കുള്ള യൂണിഫാറം കിട്ടിയിട്ടില്ലേ എന്ന് അവരോടു ചോദിച്ചു. കിട്ടിയിട്ടുണ്ടെന്നു അവർ ഉത്തരം പറഞ്ഞു. എന്നാൽ പൊയ്ക്കൊള്ളുക എന്നു പറഞ്ഞയയ്ക്കുകയും ചെയ്തു. സർ, 1953-ലെ യൂണിഫാറം കിട്ടിയോ എന്നു ചോദിച്ചതല്ലാതെ, 1951-ം, 1952-ം വർഷങ്ങളിൽ യൂണിഫാറം കിട്ടിയിട്ടുണ്ടോ എന്നു ചോദിച്ചില്ല. ഇതിലും രസം ഡ്രൈവർമാർ യൂണിഫാറം ധരിക്കാതെ വണ്ടിയോടിച്ചാൽ കുററകരമാണെന്നും വിധിച്ചിട്ടുണ്ട്. കൊടുക്കുന്ന യൂണിഫാറം ധരിക്കാത്തതു കുററം. കുററമോ ഭയങ്കരമാണ്. സർ, യൂണിഫാറം ധരിക്കാത്തതുകൊണ്ടു നമ്മുടെ ഡയറക്ടർ ഒരു ഡ്രൈവർക്കുകൊടുത്ത ചാർജ്ജുഷീററ് ഞാനീയിടെ കാണുകയുണ്ടായി. ചാർജിതാണ്:—

> "waging war against State for causing dis-affection indiscipline and discontent among the personnel of the services by not wearing uniforms."

തൂക്കി കൊല്ലാൻപോലും വിധിക്കാനുള്ള കുററം!

ഇനിയും മറെറാരുകാര്യം പറയാനുള്ളതു് ബോണസിനെ സംബന്ധിച്ചാണ്. ഈ ഡിപ്പാർട്ടുമെൻറ ആരംഭിച്ചകാലംമുതൽ നടപ്പാക്കിയ ഒരേർപ്പാടാണ് ഈ ബോണസ്. കിരാതൻ എന്നു പറഞ്ഞിരുന്ന സർ. സി. പി. യുടെ കാലത്തുപോലും തൊഴിലാളിക്ക് ബോണസ് കിട്ടാനവകാശമുണ്ടെന്നു തീരുമാനിച്ചിട്ടുള്ളതാണ്. അദ്ദേഹത്തെ ഞങ്ങൾ കിരാതൻ എന്നു വിളിച്ചിട്ടുണ്ട്, അതുപോലെതന്നെ സാറും വിളിച്ചിട്ടുണ്ട്. അങ്ങനെ ഒരു കിരാതൻെറ കാലത്തു നടപ്പിലാക്കിയ ബോണസ്സുവ്യവസ്ഥ വ്യവസായത്തിൽ ലാഭമില്ലെങ്കിൽതന്നെയും, മൊത്തം വരുമാനത്തിൻെറ നാലുശതമാനം ബോണസായി കൊടുക്കേണ്ടതാണെന്നായിരുന്നു. സർ, ഈ വ്യവസ്ഥയാണു ഇവിടെ നിലനിന്നുപോന്നിരുന്നതു്. ബോണസ്സ് എന്നു പറഞ്ഞാൽ മാനമായി ജീവിക്കാൻ പര്യാപ്തമായ വേതനം തൊഴിലാളിക്കു കിട്ടുന്നില്ലെങ്കിൽ തൊഴിലാളികളുടെ വാർഷികാവശ്യമെങ്കിലും നിർവ്വഹിക്കാൻ മുതലാളി കൊടുക്കേണ്ട ഒരു വേതനമാണ് വാർഷിക

[ശ്രീ. ടി. വി. തോമസ്]

ബോണസ്. തൊഴിലാളികൾക്കു കൊടുക്കാനായി മാററിവച്ചിരിക്കുന്ന കൂലി എന്നാണർത്ഥം. ലാഭത്തിന്റെ അടിസ്ഥാനത്തിൽമാത്രമെ ബോണസ് കൊടുക്കാവൂ എന്ന തത്വം അംഗീകരിച്ചിട്ടുള്ള ലേബർ അപ്പലേററ കോടതികൾപോലും ഈ സ്റ്റേററിലെ തൊഴിലാളികൾ നേടിയിട്ടുള്ള ബോണസ് കാര്യത്തിലുള്ള നേട്ടത്തെ ആദരിക്കാൻ തയ്യാറായിട്ടുണ്ടെന്നതാണ്. എന്നാൽ നമ്മുടെ ട്രാൻസ്പോർട്ടുമന്ത്രി ഈ തീരുമാനങ്ങളൊന്നും വകവയ്ക്കാൻ തയ്യാറില്ല. അദ്ദേഹം പറയുന്നത്, മദ്ധ്യപ്രദേശ്, സൗരാഷ്ട്രം എന്നീ സംസ്ഥാനങ്ങളിലൊഴികെ മറെറങ്ങും ബോണസ് കൊടുക്കുന്നില്ലെന്നാണ്. സർ, ഞാൻ അതിൽ അതിശയിക്കുന്നില്ല. സൂര്യനെ സൂര്യൻ എന്ന് എല്ലാവരും വിളിച്ചാലെ അദ്ദേഹവും വിളിക്കുകയുള്ളുവെന്നാണ് ഇതിൽനിന്നും മനസ്സിലാക്കേണ്ടത്. സർ, ഞാൻ ട്രാൻസ്പോർട്ടുമന്ത്രിയോടും ഗവണ്മെന്റിനോടും ഒരു വസ്തുത അറിയിയ്ക്കാനാഗ്രഹിക്കുന്നു തിരുവിതാംകൂർ-കൊച്ചിയിലെ തൊഴിലാളികൾ അവരുടെ ജീവൻ ബലികഴിച്ചും ചില നേട്ടങ്ങൾ നേടിയിട്ടുണ്ട്. അവർ നേടിയിട്ടുള്ള ഈ നേട്ടങ്ങളിൽ നിങ്ങൾ കൈവയ്ക്കരുത്. അതിൽകുറച്ച് ബാക്കിയുള്ള ചരിത്രം നിങ്ങൾ സൃഷ്ടിച്ചാൽ മതിയാവും. അവരുടെ അവകാശങ്ങളിൽ, നേട്ടങ്ങളിൽ കൈവയ്ക്കാൻ ഈ നാട്ടിലെ സംഘടിത തൊഴിലാളികൾ സമ്മതിക്കുകയില്ല.

സർ, ബോണസിനെപ്പററി പറയുമ്പോൾ അവർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട് എന്ന് ഒരു പക്ഷെ ബഹുമാനപ്പെട്ട മന്ത്രി പറയുമായിരിക്കാം. സർ, പെൻഷൻ എന്താണ്? ബോണസ് എന്താണ്? രണ്ടും വ്യത്യസ്തമായ രണ്ടവകാശങ്ങളാണ്. പരസ്പരം കൈമാറാവുന്ന അവകാശങ്ങളല്ല. ബോണസ് എന്നു പറയുന്നത് ഒരു വർഷം മുഴുവൻ അദ്ധ്വാനിച്ചതിന് പാരിതോഷികമായി തൊഴിലാളികളുടെ വാർഷികാവശ്യം സാധിക്കുന്നതിന് മുതലാളി കൊടുക്കുന്ന ഒരു തുകയാണ്. എന്നാൽ പെൻഷൻ അതല്ല. അമ്പത്തഞ്ചു വയസ്സ് കഴിഞ്ഞു കൊടുക്കാവുന്ന ഒന്നല്ല ബോണസ്. തൊഴിലാളികൾക്ക് പെൻഷനും, ബോണസ്സും കിട്ടാൻ അവകാശമുണ്ട്. ഇനി ഇവിടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന പെൻഷൻ പദ്ധതിയെപ്പററി അൽപമൊന്നു ചിന്തിക്കാം. ഭൂരിപക്ഷം തൊഴിലാളികൾക്കും പെൻഷൻ കിട്ടാത്ത ഒരു പെൻഷൻ പദ്ധതിയാണിത്. ഡ്രൈവറുടെ കാര്യംതന്നെ എടുക്കാം. ഡ്രൈവിംഗ് തൊഴിലിന്റെ കൂടപ്പിറപ്പാണ് ആക്സിഡന്റ്. എത്രയൊക്കെ ശ്രമിച്ചാലും ഒരു ഡ്രൈവറുടെ ഇരുപത്തഞ്ചുകൊല്ലത്തെ സർവ്വീസിൽ ഒരു ആക്സിഡന്റെങ്കിലും ഉണ്ടാകാതിരിക്കയില്ല. ഇതിന്റെഫലം സർവ്വീസ് ബ്രേക്ക് ആയിരിക്കും എന്നു മനസ്സിലാക്കേണ്ടതാണ്. അതുകൊണ്ട് ഒരു ഡ്രൈവർക്ക് മിക്കവാറും ഇരുപത്തഞ്ചു കൊല്ലത്തെ തുടർച്ചയായ സർവ്വീസ് ഉണ്ടാകുവാൻ വിഷമമാണ്. ഇരുപത്തഞ്ചു കൊല്ലത്തെ സർവ്വീസ് ഉണ്ടെങ്കിൽമാത്രമേ പെൻഷൻ കിട്ടുകയുള്ളു. സർ, ഇതുകൂടാതെ ഇരുപത്തഞ്ചുവർഷം തുടർച്ചയായി ഈ ഡ്രൈവറന്മാർ വേല ചെയ്യണമെന്നു നിർബ്ബന്ധിക്കുന്നത് സാദ്ധ്യമല്ലാത്ത കാര്യം ആവശ്യപ്പെടുകയാണ്. ഫാനിന്റെ കീഴിൽ പേനയും കടലാസുമായി ജോലി നോക്കിക്കൊണ്ടിരിക്കുന്ന ക്ലാർക്കന്മാർ ഇരുപത്തഞ്ചുവർഷം തുടർച്ചയായി ജോലി ചെയ്തേക്കാം. എന്നാൽ കഠിനമായി അദ്ധ്വാനം ചെയ്യുന്ന ട്രാൻസ്

പോർട്ടുതൊഴിലാളികളും ഇരുപത്തഞ്ചുവർഷം ജോലി ചെയ്യണം, എങ്കിൽ മാത്രമേ പെൻഷൻ കിട്ടുകയുള്ളു എന്നു് പറയുന്നതു് യാതൊരു ഡ്രൈവർക്കും പെൻഷൻ കൊടുക്കാതിരിക്കാനാണു്.

ഇങ്ങനെ കിട്ടാത്ത പെൻഷൻ അനുവദിക്കുന്നതോടുകൂടി പണ്ടുകാലത്തു് കൊടുത്തിട്ടുള്ള ബോണസ് തിരികെ വാങ്ങുമെന്നു പറയുന്നു. മുൻപു് ഇവിടെ ലേബർ കമ്മീഷണർ ആയിരുന്ന ശ്രീ. പി. എൻ. കൃഷ്ണപിള്ള ഒരു ലേഖനം അടുത്തകാലത്തു് പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അതിൽ ബോണസ് തിരികെ വാങ്ങുന്നതിൻെറ അനൗചിത്യത്തെപ്പററി വളരെ മിതമായ ഭാഷയിൽ പരാമർശിക്കുകയുണ്ടായി. പെൻഷൻ അനുവദിക്കുന്നതോടുകൂടി ബോണസ് തിരികെ എടുക്കുമെന്നു് ഒരു ഹീനനായ മുതലാളിപോലും ആവശ്യപ്പെടുകയില്ലെന്നു ആ ലേഖനത്തിൽ അദ്ദേഹം പറയുന്നുണ്ടു്. ബോണസ് തൊഴിലാളികളുടെ ശമ്പളത്തിൽനിന്നുമല്ലാ പ്രോവിഡൻറ ഫണ്ടിൽനിന്നുമാത്രമേ പിടിക്കുകയുള്ളുവെന്നാണു് മന്ത്രിയുടെ ആശ്വാസവചനം. ഈ പ്രോവിഡൻറ ഫണ്ടും തൊഴിലാളിയുടെ ശമ്പളത്തിൻെറ ഒരു ഭാഗമാണു്. ഇങ്ങനെ പ്രോവിഡൻറഫണ്ടിൽ കൈവയ്ക്കുന്നതു നിയമനിഷേധമല്ലേ? നിയമപ്രകാരം പ്രോവിഡൻറഫണ്ടിൽ നിന്നു് ഒരു രൂപയെങ്കിലും പിടിച്ചാൽ അതു കുററകരമാണു്. മുൻപിരുന്ന മന്ത്രിസഭ നിയമം പുല്ലുപോലെ കണക്കാക്കിയിരുന്നു. ഈ മന്ത്രിസഭയും അതുപോലെ പുല്ലാക്കി കണക്കാക്കാൻ തീരുമാനിച്ചിരിക്കുകയാണു്. സർ, ഈ നാട്ടിൽ ഏററവും കൂടുതൽ നിയമം ലംഘിക്കുന്നതു് ഗവണ്മെൻറാണു്. ഗവണ്മെൻറ ചെയ്ത ഈ സൗജന്യംമൂലം ഗവണ്മെൻറിനു് 6 ലക്ഷംരൂപയുടെ നഷ്ടംവന്നുവെന്നു് മന്ത്രി പറയുന്നു. ഇതിൻെറ പൊരുൾ എന്താണു്? ബോണസ് തിരികെ പിടിക്കുന്നതു പ്രോവിഡൻറഫണ്ടിൽ നിന്നാണു്. അതു തികയാതെവന്നപ്പോൾ ഗവണ്മെൻറ് അതു് നഷ്ടമായി കണക്കാക്കി. സർ, അങ്ങയുടെ മേശക്കകത്തു് പത്തു രൂപയുണ്ടു്. അതു് മോഷ്ടിക്കുവാൻ എനിക്കു് സാധിക്കുന്നില്ല. "ഓ, പത്തു രൂപ നഷ്ടപ്പെട്ടു" എന്നു ഞാൻ പറയുന്നതുപോലെയാണു് ട്രാൻസ്പോർട്ടു മന്ത്രിയുടെ ഇക്കാര്യത്തിലുള്ള പ്രസ്താവന.

ഈ പെൻഷൻ സ്കീമിനു് മറെറാരു വശംകൂടിയുണ്ടു്- മുപ്പതുരൂപയുടെ അടിസ്ഥാനത്തിലാണു് പെൻഷൻ അനുവദിക്കുന്നതു്. ആക്സിഡൻറം, സർവ്വീസ്ബ്രേക്കും, അദ്ധ്വാനവും മററുമുള്ള ഈ ജോലി ഇരുപത്തഞ്ചുകൊല്ലത്തെ സർവ്വീസ് നടത്തിക്കഴിഞ്ഞാൽ, അൻപത്തഞ്ചോ അറുപതോ വയസ്സു് എത്തുമ്പോഴേക്കും കിട്ടുന്ന പെൻഷൻ പതിനഞ്ചു രൂപയാണു്. കൂടാതെ അവർക്കു് കിട്ടിക്കൊണ്ടിരിക്കുന്ന ബോണസ്, ഗ്രാററുവിററി, പ്രോവിഡൻറഫണ്ടു് എന്നീ അവകാശങ്ങൾ എല്ലാം നഷ്ടപ്പെടുകയും ചെയ്യുന്നു.

ഈ ബോണസും പെൻഷനുംതമ്മിൽ വച്ചുമാററാവുന്ന ഒന്നല്ല. സർ, ന്യായമായ ശമ്പളത്തോതില്ലാതെ യാതൊരു പെൻഷൻ തുകയും നീതീകരിക്കുവാൻ പാടില്ല. സേവനവും ചിലവഴിച്ച അദ്ധ്വാനശക്തിയും ലഭ്യമാകുന്ന പെൻഷനുംതമ്മിൽ ഒരു പൊരുത്തം വേണ്ടേ? അതുകൊണ്ടു് ഞങ്ങൾ ആവശ്യപ്പെടുന്നതു് ഈ ശമ്പളക്രമംതന്നെ ന്യായമായ തോതിൽ വർദ്ധിപ്പിക്കണമെന്നാണു്. എങ്കിൽമാത്രമേ പെൻഷൻ സ്കീമിൽ തൊഴിലാളികൾക്കു് ആശ്വാസ്യ വകയുള്ളു.

[ശ്രീ. ടി. വി. തോമസ്]

പെൻഷൻ നിഷേധിച്ചു എന്നു് തൊഴിലാളികളുടെമേൽ ഒരു ആരോപണമുണ്ടു്. പെൻഷൻ തൊഴിലാളികൾ നിഷേധിച്ചിട്ടില്ല. ഇന്നു് അനുവദിച്ചുകൊടുത്തിട്ടുള്ള പെൻഷൻ പദ്ധതിയിൽ ഭൂരിപക്ഷം തൊഴിലാളികൾക്കും പെൻഷൻ കിട്ടുകയില്ല. അതുകൊണ്ടു് ആ സ്കീമിനെ ഞങ്ങൾ തിരസ്കരിച്ചിരിക്കയാണു്.

ശമ്പളക്രമത്തെപ്പററിയും വേതനത്തെപ്പററിയും പറഞ്ഞതിനു ശേഷം എനിക്കു് ഇനി ചൂണ്ടിക്കാണിക്കുവാനുള്ളതു് തൊഴിലാളികളോടുള്ള ഡിപ്പാർട്ടുമെൻറിൻെറ പെരുമാററത്തെപ്പററിയാണു്. സർ, ഹൃദയമുള്ളവരാരും സഹിക്കാത്ത പെരുമാററമാണു് ഇവരോടു കാണിക്കുന്നതു്. ഒരു ഉദാഹരണം ഞാൻ പറയാം. ഒരു ആക്സിഡൻറുണ്ടായി. ബസ്സു മറിഞ്ഞു. കൺഡക്ററർ ഉടനെ മരിച്ചു. അദ്ദേഹത്തിൻെറ കൈയിലുണ്ടായിരുന്ന ടിക്കററ റാക്കു തെറിച്ചുപോയി. ററിക്കററുകൾ കാററത്തു വിതറിപ്പോയി. ഒടുവിൽ അതെല്ലാം പെറുക്കിയെടുത്തു് പരിശോധിച്ചുനോക്കിയപ്പോൾ ഒന്നേമുക്കാൽ രൂപയുടെ കുറവുണ്ടു്. ഏകദേശം രണ്ടാഴ്ച കഴിഞ്ഞു മരിച്ച കൺഡക്ററരുടെ വിധവ തൻെറ ഭർത്താവു് ഡിപ്പോസിററു വച്ചിരുന്ന തുക ആവശ്യപ്പെട്ടപ്പോൾ ഈ ഒന്നേമുക്കാൽ രൂപ കുറച്ചാണു് കൊടുത്തതു്. എന്തൊരു ഹൃദയഭേദകമായ പെരുമാററമാണെന്നു നോക്കണം. ഇതാണു് തൊഴിലാളിയോടു കാണിക്കുന്ന മനോഭാവം. പിന്നെ ഒരു ഉദാഹരണം, രണ്ടുമാസത്തിനുമുമ്പു് ബസ്സു് പൊക്കിവച്ചിരുന്ന ജാക്കി മറിഞ്ഞു, അതിനടിയിൽ ജോലിചെയ്തുകൊണ്ടിരുന്ന തൊഴിലാളിയുടെമേൽ ബസ്സുവീണു് നട്ടെല്ലു് ഒടിഞ്ഞുപോയി. ജാക്കിക്കു് കേടുവരുത്തി എന്നുള്ളതിനെപ്പററി ആ തൊഴിലാളിയോടു് സമാധാനം ചോദിച്ചിരിക്കുന്നു. എപ്പോഴാണു്, ആശുപത്രി ചികിത്സയിലിരിക്കുമ്പോൾതന്നെ. ഇത്ര അപമാനം സഹിക്കുന്ന തൊഴിലാളികൾ ട്രാൻസ്പോർട്ടുതൊഴിലാളികളെപ്പോലെയില്ല. ട്രാൻസ്പോർട്ടുഡയറക്ടർ Labour dignity യെപ്പററിയുള്ള ആദർശങ്ങൾ പ്രസംഗിക്കുന്നുണ്ടു്. അദ്ദേഹം ഈയിടെ ഒരു സർക്കുലർ പുറപ്പെടുവിച്ചിരിക്കുന്നു; യൂണിഫാറവും ഇട്ടു് ടിക്കററുറാക്കും വിസിലുമായി നിൽക്കുന്ന കൺഡക്ററർ ബസ്സിൻെറ മുകളിൽ കയറി സാമാനങ്ങൾ ഇറക്കിക്കൊടുക്കണമെന്നു്. യാത്രക്കാർക്കു് ടിക്കററുകൊടുക്കണം; എല്ലാവർക്കും കൊടുക്കണം; എന്നിട്ടേ വണ്ടിയിൽ കയറാവൂ. അതേ അവസരത്തിൽ അവർക്കു് ഇരിക്കുവാൻ സീററു തുടച്ചുകൊടുക്കയുംവേണം. സർ, ഈയവസരത്തിൽ എനിക്കു് മുഹമ്മദ്ബിൻ ടഗ്ലക്കിൻെറ കഥയാണു് ഓർമ്മയിൽവരുന്നതു്. അദ്ദേഹം ഇതുപോലെ ആദർശം പറയുന്ന ഒരു കിറുക്കനായിട്ടാണു് ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു്. അതിനേക്കാൾ മിടുക്കനാണു് ഇന്നത്തെ ട്രാൻസ്പോർട്ടു ഡയറക്ടറെന്നു തോന്നുന്നു. ടഗ്ലക്കു്, തൻെറ തലസ്ഥാനം രാജ്യത്തിൻെറ കേന്ദ്രഭാഗത്തായിരിക്കുന്നതാണു് നല്ലതെന്നു് കരുതി. അങ്ങനെ തലസ്ഥാനം ഡൽഹിയിൽനിന്നും ഹൈദ്രാബാദിലേയ്ക്കു് മാററി. തീരുമാനം നല്ലതാണു്. അതോടൊപ്പം ഡെൽഹിയിലെ ജനങ്ങളെല്ലാം ഹൈദ്രാബാദിലേയ്ക്കും അവിടത്തെ ജനങ്ങളെല്ലാം തന്നെ ഡൽഹിയിലേക്കുംകൂടി മാറണമെന്നും അദ്ദേഹം നിർബ്ബന്ധിച്ചു. അതിൻെറ ഫലം രണ്ടിടത്തും ആളുകൾ ഇല്ലാതായി എന്നുള്ളതാണു്,

ട്രാൻസ്പോർട്ട് ഡയറക്ടറുടെ ഇത്തരം നടപടികൾ ആക്ഷേപാർഹമാണ്. മനുഷ്യരുടെ മാനുഷികമൂല്യം അംഗീകരിക്കുവാനുള്ള സൗമനസ്യം പോലും ഒരു ഡിപ്പാർട്ടുമെൻറ അദ്ധ്യക്ഷന് ഇല്ലെങ്കിൽ എങ്ങിനെയാണ് ആ ഡിപ്പാർട്ടുമെൻറും ഈ തൊഴിലാളികളും തമ്മിൽ സൗഹാർദ്ദപരമായ ഒരു ബന്ധം സ്ഥാപിക്കുവാൻ കഴിയുന്നത്? ഈ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം യാതൊരു തൊഴിൽനിയമവും ബാധകമല്ലെന്നാണ് കാണുന്നത്. സാധാരണ നിയമപ്രകാരം ഓവർടൈം വർക്ക് ചെയ്യുമ്പോൾ ഇരട്ടിക്കൂലി കൊടുക്കണമെന്നുണ്ട്. എന്തിനാണ് ഈ വ്യവസ്ഥ വച്ചിരിക്കുന്നത്? നിവൃത്തിയുള്ളിടത്തോളം ഓവർടൈം ജോലി ചെയ്യിക്കാതിരിക്കാൻ അഥവാ ചെയ്യിച്ചാൽ, അതിൻെറ പരിഹാരമായി കൂടുതൽ വേതനം കൊടുക്കാൻ. നമ്മുടെ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൽ ഈ നിയമം ബാധകമല്ല. ഒന്നര ഇരട്ടി കൂലി കൊടുക്കുന്നതാണെന്ന് എഴുതിവച്ചിട്ടുണ്ട്. പക്ഷെ കൊടുക്കുന്നത് സാധാരണ കൂലിയെക്കാൾ കുറവാണ്. അവർക്ക് ഒരു മണിക്കൂറിന് സാധാരണ മൂന്നേമുക്കാലണ കൂലിയുണ്ട്. എന്നാൽ ഓവർടൈം കൊടുക്കുന്നത് വെറും മൂന്നേകാലണയാണ്.

മറെറാരു കാര്യം കാമ്പൻസേഷനാണ്. എത്രയോ ആക്സിഡൻറുണ്ടായിട്ടുണ്ട്. അതിൽവച്ച് എത്രയോ തൊഴിലാളികൾ മരിച്ചുപോയിട്ടുണ്ട്. എന്നാൽ കാമ്പൻസേഷനായി ഇതുവരെ ഒററക്കാശുപോലും കൊടുത്തിട്ടില്ല. അതൊക്കെ ലേബർകമ്മീഷണരുമായി ആലോചിക്കട്ടെ എന്നാണ് പറയുന്നത്. സർ, Justice delayed. is Justice denied. ഒരു തൊഴിലാളി മരിച്ചാൽ അയാളുടെ സന്താനങ്ങൾക്ക് നഷ്ടപരിഹാരമായി കൊടുക്കേണ്ട തുക കൊടുക്കാൻ ശ്രദ്ധിക്കാത്ത ഒരു ഡിപ്പാർട്ടുമെൻറ മേധാവിയോടു കൂട്ടുനിൽക്കുന്ന ഒരു മന്ത്രിസഭ വാസ്തവത്തിൽ ഹൃദയമുള്ള ഒരു മന്ത്രിസഭ ആണോ എന്ന് ഈ സഭതന്നെ ആലോചിക്കേണ്ടതാണ്. ഇങ്ങനെ അവശതകളും കഷ്ടപ്പാടുകളും അപമാനവും സഹിച്ചുകൊണ്ടിരിക്കുന്ന തൊഴിലാളികൾക്കാണ് ട്രാൻസ്പോർട്ടുമന്ത്രി തീരുമാനിച്ചത് യൂണിയൻ വേണ്ടായെന്ന്; എന്നുപറഞ്ഞാൽ ഇതെല്ലാം സഹിച്ചുകൊള്ളണം എന്നാണ്. നിങ്ങൾക്ക് യൂണിയൻ പാടില്ലാ, എന്നു പറഞ്ഞാൽ തൊഴിലാളികൾക്കുള്ള ഈ അവശതയും മുതലാളിയുടെ ചൂഷണവും രണ്ടും അങ്ങനെ അനുസ്യൂതമായി നടന്നുകൊള്ളട്ടെയെന്നല്ലെ. അതുകൊണ്ട് എനിക്കു പറയുവാനുള്ളത് യൂണിയൻ പാടില്ല എന്ന വാദം ഗവണ്മെൻറുതന്നെ പുനഃപരിശോധന ചെയ്യണമെന്നാണ്. ഗവണ്മെൻറ അതിനെ മുറുകിപ്പിടിക്കുകയാണെങ്കിൽ ഈ നാട്ടിലെ തൊഴിലാളികൾ അതു വകവച്ചുകൊടുക്കാൻ പോകുന്നില്ല. യൂണിയൻ പാടില്ല എന്നു പറയുന്നയവസരത്തിൽതന്നെ കരിങ്കാലിസംഘടനയെ പ്രോത്സാഹിപ്പിക്കുന്നുമുണ്ട്. ആ വൃത്തികെട്ട നടപടി കാൺഗ്രസ്സ് ഗവണ്മെൻറാണ് തുടങ്ങിയത്. അതിനെ ഏററവും ശക്തിയായി എതിർത്തത് ഇവിടത്തെ പി. എസ്സ്. പി. നേതാവായ ശ്രീ. പട്ടം താണുപിള്ളയാണ്. ഇതുമൂലം ശ്രീ. ടി. എസ്. രാമസ്വാമിപ്പിള്ള നിരാഹാരവ്രതം അനുഷ്ഠിക്കപോലുംചെയ്തു. അന്ന് ശ്രീ. പട്ടം താണുപിള്ള ഈ കരിങ്കാലി പ്രസ്ഥാനത്തെ വളരെ ശക്തിയായി പ്രതിഷേധിച്ചിട്ടുണ്ട്.

ട്രാൻസ്പോർട്ടുമന്ത്രിയാണെങ്കിൽ അദ്ദേഹത്തിൻെറ ഏതു പ്രസ്സ് നോട്ടിലും ഒരു വാചകം ചേർക്കുക പതിവുണ്ട്. ഇതൊന്നും യൂണിയൻ

[ശ്രീ. ടി. വി. തോമസ്]

പറഞ്ഞു ഞാൻ ചെയ്യുതല്ല, തൊഴിലാളിപ്രതിനിധികൾ പറഞ്ഞിട്ടു ചെയ്യുതാണ് എന്നു്. എന്നാൽ പറഞ്ഞതു് യൂണിയൻ വേണ്ടെന്നാണ്. ഈ നയം പട്ടത്തിന്റെ മന്ത്രിസഭയിൽ ട്രാൻസ്‌പോർട്ടു മന്ത്രിയും തുടരുവാൻ ഇടയാകരുതെന്നു സൗമ്യമായ ഭാഷയിൽ ഒരു മുന്നറിയിപ്പു നൽകുവാൻ ഞാൻ ആഗ്രഹിക്കുന്നു. ചൂഷണം അനുഭവിക്കുന്ന, അപമാനിതരായ ഈ തൊഴിലാളികൾ ഏർപ്പെട്ടിരിക്കുന്ന ഈ വ്യവസായത്തിൽ വലിയ ലാഭം കിട്ടുന്നുണ്ടെന്നു നമുക്കറിയാം. ലക്ഷക്കണക്കിനുള്ള ഈ ലാഭം അവർ വെളിയിൽ പറയുകയില്ല. പന്ത്രണ്ടുലക്ഷം രൂപ റോഡു് മെയിൻറനൻസിനു മാററിവെച്ചു് മററു ഡിപ്പാർട്ടുമെൻറു ചെലവുകൾക്കു് വേറെ തുകയും മാററിവെച്ചു് അതായതു്, യാതൊരു അടിസ്ഥാനവുമില്ലാത്ത വലിയ തുകകൾ ഈ ഇനങ്ങളിലേയ്ക്കു് മാററിവെച്ചിട്ടു ലാഭമുണ്ടെന്നു പറയുന്നതു് 10 ലക്ഷം രൂപയാണു്. സ്റ്റേററു് ട്രാൻസ്‌പോർട്ടു ഡിപ്പാർട്ടുമെൻറു് എസൻഷ്യൽ സർവ്വീസായി സ്റ്റേററു് ഏററു നടത്തുന്ന ഒരു വ്യവസായമാണു്. അതിലെ ആളുകൾ നോക്കുകയാണെങ്കിൽ തൊഴിലാളികളുടെയും പൊതുജനങ്ങളുടേയും താല്പര്യം സംരക്ഷിക്കേണ്ടവരാണു്. അതുകൊണ്ടു് എനിക്കു് ഈ സഭയിലെ എല്ലാ ബഹുമാനപ്പെട്ട മെംബർമാരോടും അപേക്ഷിക്കുവാനുള്ളതു് ട്രാൻസ്‌പോർട്ടു ജീവനക്കാരുടെ ഈ അവശതകളെ പരിഹരിക്കുന്നതിനുവേണ്ടി യാതൊരു പാർട്ടി താല്പര്യവുമില്ലാതെ ഈ ഉപക്ഷേപത്തെ അനുകൂലിക്കണമെന്നാണു്. പാർട്ടി താല്പര്യമൊന്നും ഈ കാര്യത്തിൽ ബാധകമാകരുതു്. തൊഴിലാളികളുടെ താല്പര്യസംരക്ഷണത്തിനുള്ള ചുമതല നീതിയുടെ അടിസ്ഥാനത്തിൽ നിർവഹിക്കണമെന്നുള്ള സംഗതിയെ സംബന്ധിച്ചു് നാം ആലോചിച്ചു് എന്റെ ഉപക്ഷേപം ഇവിടെ പാസ്സാക്കുവാൻ നിങ്ങൾ അനുകൂലിക്കണം. തൊഴിലാളികൾക്കു് നീതി ലഭിക്കണം. ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ ഉപസംഹരിച്ചുകൊള്ളുന്നു.

Shri T. O. Bava : Sir, I move to reduce the total allotment of Rs. 1,10,24,400 under Demand XXXIV by Rs. 100.

ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിക്കുന്നതിന്റെ പ്രധാന ഉദ്ദേശം, ട്രാൻസ്പോർട്ടുവകുപ്പു് ഇന്നു ഗവണ്മെൻറിന്റെ ഏററവും പ്രധാനപ്പെട്ട ഒരു സ്ഥാപനമാണു്. ജനങ്ങൾക്കു വളരെ അത്യാവശ്യമുള്ള ഒരു ഡിപ്പാർട്ടുമെൻറു് എന്ന നിലയ്ക്കു അതിൽ ജനങ്ങൾക്കു എത്രമാത്രം വിഷമങ്ങളുണ്ടാകുന്നു എന്നെല്ലാമുള്ള വിവരം ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിക്കൂടിയാണു്. തൊഴിലാളികളുടെ ബുദ്ധിമുട്ടുകളെപ്പററിയും അവരുടെ താല്പര്യങ്ങളെപ്പററിയും ബഹുമാനപ്പെട്ട ആലപ്പുഴ മെംബർ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ഞാൻ അതിനൊന്നുംതന്നെ എതിരല്ല. ഈ തൊഴിലാളികളുടെ ആവശ്യങ്ങൾ നിറവേററുന്നതിനും അവശതകൾ പരിഹരിക്കുന്നതിനും ഉള്ള കാര്യങ്ങളിൽ ഈ സംസ്ഥാനത്തെ ജനങ്ങൾക്കു തമ്മിൽ ഒരു മത്സരം ഉണ്ടായിരിക്കരുതെന്നു എനിക്കപേക്ഷയുണ്ടു്. ട്രാൻസ്‌പോർട്ടു് യൂനിയന്റെ പ്രവർത്തനം ഇവിടത്തെ തൊഴിലാളികളുടെ രക്ഷയ്ക്കുവേണ്ടിമാത്രം ആയിരിക്കരുതെന്നും, അതേ സമയംതന്നെ ഈ രാജ്യത്തെ സാമാന്യജനങ്ങളെ സേവിക്കുന്നതിനുള്ള കർത്തവ്യംകൂടി ആ യൂണിയനുണ്ടെന്നും, അതിനുവേണ്ടി പ്രവർത്തിക്കേണ്ട ചുമതല അതിനു് ഉത്തരവാദികളായ എല്ലാവർക്കുമുണ്ടെന്നും ഞാൻ അനുസ്മരിപ്പിക്കുകയാണു്.

ദേശവൽക്കരിച്ച ട്രാൻസ്പോർട്ട് ബസ്സുകൾ ഇന്നു ഓടിക്കൊണ്ടിരിക്കുന്ന റോഡുകളിൽ, ആവശ്യമുള്ളത്ര ബസ്സുകളില്ലാത്തതുകൊണ്ട് വളരെയധികം യാത്രക്കാർ വിഷമിക്കുന്നുണ്ട്. അതേ സമയം പ്രധാനപ്പെട്ട പല ലൈനുകളും പരിപൂർണ്ണമായി ദേശവൽക്കരിക്കാതെ, ആ റോഡുകളിൽ പ്രൈവറ്റ ബസ്സുടമസ്ഥന്മാരെ ഉപദ്രവിക്കുന്നതിനുവേണ്ടി രണ്ടും മൂന്നും ബസ്സുകൾ ഓടിച്ചുകൊണ്ടിരിക്കുന്നുമുണ്ട്. എറണാകുളം ആലുവാ ലൈൻ നോക്കിയാൽ അവിടെ പ്രധാനമായി ഓടിക്കൊണ്ടിരിക്കുന്നതു് പ്രൈവറ്റ ബസ്സുകളാണ്. എന്നാൽ അവിടെ രണ്ടുമൂന്നു സർവ്വീസുകൾ സ്റ്റേററട്രാൻസ്പോർട്ടു വകയായി ഓടിച്ചുകൊണ്ടിരുന്നു. പറവൂർ—ആലുവാ ലൈനിൽ ആളുകൾക്കു ഗതാഗതം ചെയ്യുവാൻ യാതൊരു സൗകര്യവും ഇല്ലാത്തവിധത്തിൽ കുറച്ചു ബസ്സുകൾ മാത്രമെ ഓടുന്നുള്ളു. അവിടെ കൂടുതൽ സർവ്വീസുകൾ ഇടുന്നപക്ഷം, ആളുകൾക്കു കൂടുതൽ സൗകര്യമായി യാത്രചെയ്യുന്നതിനു കഴിയും. എറണാകുളം—ആലുവാ ലൈനിൽ പത്തു മിനിട്ടു ഇടവിട്ട് ധാരാളം പ്രൈവറ്റ ബസ്സുകൾ ഓടിക്കൊണ്ടിരിക്കുന്നുണ്ട്. എന്നാൽ ആ ലൈൻ പരിപൂർണ്ണമായി ഏറെറടുത്തുവെന്നു പറഞ്ഞാൽ അതു മനസിലാക്കാം. ഇന്നത്തെ നയം മൂലം അവിടെ ഇന്നു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്വകാര്യ ബസ്സുടമസ്ഥന്മാരെ നശിപ്പിക്കുന്നതിനുവേണ്ടിയുള്ള എല്ലാ പരിപാടികളും ഗവണ്മെൻറ ചെയ്യുന്നുണ്ട്. ഇങ്ങനെ ട്രാൻസ്പോർട്ടു് ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനം ദേശവൽക്കരിച്ച ഭാഗങ്ങളിൽതന്നെ അതു പരിപൂർണ്ണമാക്കിയിട്ടില്ലെന്നാണു എനിക്കു പറയാനുള്ളതു്. ഇന്നു ഈ ഡിപ്പാർട്ടുമെൻറ തിരുവിതാംകൂർ വിഭാഗത്തുമാത്രം പ്രവർത്തിക്കുന്ന ഒരു ഡിപ്പാർട്ടുമെൻറായിട്ടാണ് അനുഭവപ്പെടുന്നതു്. പെരിയാററിൻെറ വടക്കുഭാഗത്തു് ഒരു സർവ്വീസുപോലും ഇല്ല. അവിടെ ചിററൂർ മുതൽ തൃശ്ശൂർവരെയുള്ള സ്ഥലത്തു ഒരു യാത്രക്കാരനു് വണ്ടി കിട്ടണമെങ്കിൽ നാലു മണിക്കൂർ കാത്തുനിൽക്കണം. ഒരു ഗവണ്മെൻറ് ട്രാൻസ്പോർട്ട് എക്സ്പ്രസ്സ് സർവ്വീസ് നടത്തുന്നപക്ഷം ഈ പറയുന്ന വിഷമതകൾ ഒന്നും ഉണ്ടാകാനിടയില്ല. ഈ സ്ഥലങ്ങൾക്കു തമ്മിൽ 50 മൈൽ മാത്രമെ ദൂരമുള്ളു. രണ്ടു മണിക്കൂർകൊണ്ടു എത്തിച്ചേരാവുന്ന ഈ സ്ഥലങ്ങളിൽ ഇന്നത്തെ സ്വകാര്യ ബസ്സിനു അഞ്ചു് അഞ്ചര മണിക്കൂർ സമയംകൊണ്ടു മാത്രമെ എത്തിച്ചേരാൻ സാധിക്കുന്നുള്ളു. കൊച്ചി പ്രദേശത്തു് ഈ ട്രാൻസ്പോർട്ടു സ്കീം നടപ്പാക്കാത്തതുകൊണ്ടു് അവിടത്തെ ആളുകൾക്കു് വളരെ ബുദ്ധിമുട്ടുണ്ട്. കൊച്ചി പ്രദേശത്തുള്ള ആളുകളും തിരുവിതാംകൂർ–കൊച്ചി ജനവിഭാഗത്തിൻെറ ഒരു അംശമാണെന്നു ഗവണ്മെൻറ ഓർക്കണം. പ്രധാന റോഡുകളെങ്കിലും ഗവണ്മെൻറ ബസ്സിൽ സഞ്ചരിക്കുന്നതിനു് സൗകര്യമുള്ളതാക്കണം. അതോടുകൂടി ഇങ്ങനെയുള്ള റൂട്ടുകളിൽ സ്വകാര്യ ബസ്സ് സർവ്വീസുകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന തൊഴിലാളികളെ ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിൽ പ്രവേശിപ്പിക്കുന്നതിനു് ഇപ്പോഴത്തെ നിയമം ഭേദഗതി ചെയ്തെങ്കിലും വേണ്ട നടപടികൾ എടുക്കേണ്ടതാണ്. വളരെയധികം പഴക്കമുള്ള ജോലിക്കാരെ ട്രാൻസ്പോർട്ടു് ഡിപ്പാർട്ടുമെൻറിൽ നിയമിക്കുന്നതിനു് പബ്ലിക്കസർവ്വീസിൻെറ യോഗ്യതാനിർണ്ണയരീതി തടസ്സമായിട്ടാണ് കാണുന്നതു്. ട്രാൻസ്പോർട്ടു ദേശവൽക്കരിച്ചിരിക്കുന്ന റൂട്ടുകളിൽ ദേശീകരണത്തിനുശേഷം, സ്വകാര്യബസ്സിലെ തൊഴിലാളികൾക്കു ജോലിയില്ലാതായിട്ടാണ് കണ്ടുവരുന്നതു്. അവരെ

[ശ്രീ. ടി. ഒ. ബാവ.]

സ്റ്റേററ ട്രാൻസ്പോർട്ട ഡിപ്പാർട്ടുമെൻറിൽ പ്രവേശിപ്പിച്ച്, തൊഴിലില്ലായ്മ നീക്കുന്നതിനു ഈ ഡിപ്പാർട്ടുമെൻറിലേക്ക തെരഞ്ഞെടുക്കുന്നതിൻെറ മാനദണ്ഡം ഇന്നത്തേതിൽ നിന്നും പബ്ലിക്ക സർവ്വീസുകമ്മീഷൻ വ്യത്യാസപ്പെടുത്തേണ്ടതാണ്. തിരുവനന്തപുരം, കോട്ടയം, കൊട്ടാരക്കര, ഇവ കഴിഞ്ഞാൽ പ്രധാനപ്പെട്ട ലൈൻ ആലുവായാണ്. അവിടുത്തെ ബസ്സ്സ്റ്റാൻറാണെങ്കിൽ, മഴക്കാലത്ത് ചെളിയും വെള്ളവും നിമിത്തം വളം കടിക്കുന്ന കാലുകളോടുകൂടി കന്നുകാലികളെപ്പോലെ ആളുകൾ നില്ക്കുന്ന കാഴ്ചയാണു നമുക്ക കാണാൻസാധിക്കുന്നത്. വേനൽക്കാലത്താണെങ്കിൽ, അവിടെ യാതൊരു തണലുമില്ലാതെ പൊരിയുന്ന വെയിലിൽ കാത്തുനില്ക്കണം. ഇന്നു അവിടത്തെ സ്ഥിതിനോക്കിയാൽ ഈ ഡിപ്പാർട്ടുമെൻറിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ജോലിക്കാർക്കുതന്നെ കയറിയിരിക്കാൻ സ്ഥലമില്ല. രണ്ടുമൂന്നു കൊല്ലങ്ങൾക്കുമുൻപ് അവിടെയൊരു ബസ്സ്സ്റ്റാൻറ സ്ഥാപിക്കുന്നതിന് കുറെ സ്ഥലം തെരഞ്ഞെടുത്തു. അതിനുശേഷം അതു ട്രാൻസ്പോർട്ട തൊഴിലാളികൾക്കും, കമ്മ്യൂണിസ്ററുകൾക്കും മീററിംഗു നടത്താനുള്ള മൈതാനമാക്കി അവർ ഉപയോഗിച്ചുതുടങ്ങിയതുകൊണ്ട് ഇപ്പോൾ മുള്ളുവേലികെട്ടി അടച്ചിരിക്കുയാണ്. യാത്രക്കാർക്ക നില്ക്കാൻപോലും സ്ഥലമില്ലാത്ത ഒരിടത്തു കുറെ സ്ഥലം പൊന്നുംവിലയ്ക്കെടുത്ത്, കുറെ പണം ചെലവാക്കിയതിനുശേഷം, അതിൽ ഒരു വെയിററിംഗ് ഷെഡ്ഡ് നിർമ്മിക്കാത്തതിൻെറ കാരണമെന്താണെന്നറിയുന്നില്ല. അതുപോലെതന്നെ പ്രധാനപ്പെട്ട ബസ്സ്സ്റ്റാൻറുകളിൽ ആളുകൾക്ക വിശ്രമിക്കാൻ സൗകര്യമില്ല. വർഷകാലത്ത് എല്ലാ ബസ്സുകളും ചോർന്നു ഒലിച്ചുകൊണ്ടിരിക്കുന്നുവെന്നുള്ള വസ്തുതയും പ്രസ്താവയോഗ്യമാണ്. അററകുററപ്പണികൾ കാലാകാലങ്ങളിൽ ചെയ്തുതീർക്കുവാൻ ഈ ഡിപ്പാർട്ടുമെൻറ കാണിക്കുന്ന ഉദാസീനതയെക്കുറിച്ച് പറയാതിരിക്കുവാൻ നിവൃത്തിയില്ല. ഇങ്ങനെ സമയത്തു അതാതിൻെറ അററകുററപ്പണി തീർക്കാതിരിക്കുന്നതുകൊണ്ട് യാത്രക്കാർക്ക വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. അപകടങ്ങളെ സംബന്ധിച്ച് പറയുകയാണെങ്കിൽ അതൊരു സാധാരണ സംഭവമായിത്തീർന്നിരിക്കുകയാണ്. പട്ടികളെ കൊല്ലുന്നതുപോലെ, ആളുകളെ ബസ്സുകയററി കൊല്ലുന്ന രീതിയാണിന്നുള്ളത്.

അവിടെയും യൂണിയൻ പ്രവർത്തനം കാണുന്നുണ്ട്. അതായത് കഴിഞ്ഞ രണ്ടുമാസത്തിനുമുമ്പ് ആലുവായിൽ ഒരു വിധവസ്ത്രീയുടെ കുഞ്ഞിനെ ലോറികയററി അരച്ചുകൊല്ലുകയുണ്ടായി. വീട്ടിൽനിന്ന കുട്ടിയെ കൊന്നശേഷം മൂന്നുസ്ഥലങ്ങളിൽ ആ ലോറി ചെന്നിടിച്ചു, ഒരു കട്ടവണ്ടിയും മറിച്ചിട്ടു രണ്ടുഫർലാംഗു ഓടി പാടത്തേക്കു ചാടിക്കുകയുണ്ടായി. ഞങ്ങൾ ഓടിച്ചെന്നപ്പോൾ അവിടുത്തെ യൂണിയൻ ഞങ്ങളോടു കയർക്കുകയാണുണ്ടായത്. ആ കുട്ടിയെ കാണുന്നതിനോ, ആ സ്ത്രീയെ സമാശ്വസിപ്പിക്കുന്നതിനോ ഞങ്ങളെ അനുവദിക്കാതെ, യൂണിയൻ പ്രവർത്തകർ ബഹളമുണ്ടാക്കിക്കൊണ്ടിരുന്നു. ഈ നിലയിലാണ് ഇവിടുത്തെ യൂണിയൻ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അവിടുത്തെ ജനങ്ങൾ ആ ഡ്രൈവറെയോ, കൺഡക്ടറെയോ ഒരു ദേഹോപദ്രവവും ചെയ്യുകയില്ലായിരുന്നു, അതിനു ഞങ്ങൾ അനുവദിക്കുമായിരുന്നില്ല. പക്ഷെ, അപകടം ഒന്നും ഉണ്ടായില്ലെന്നുള്ള രീതിയിലാണ്

അവരുടെ സംസാരം. അന്നത്തെ ആ ഡ്രൈവർ മൂക്കററം മദ്യപിച്ചിരുന്നതുകൊണ്ടാണ് ഇങ്ങനെ അപകടം സംഭവിച്ചതെന്നു പറയുന്നു. മെഡിക്കൽ പരിശോധനയിൽ മദ്യപിച്ചതായി തെളിയുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ അനേകം അനാശാസ്യപ്രവർത്തനങ്ങൾ ഡ്രൈവർമാരുടെ ഇടയിൽ ഇന്നും നടപ്പുണ്ട്. ഈ മാതിരിയുള്ള അനാശാസ്യപ്രവൃത്തികൾ അവരുടെയിടയിൽനിന്നും നീക്കുന്നതിനുവേണ്ടി ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷനും, ചുമതലയുള്ള ആളുകളും ശ്രദ്ധിക്കണമെന്നും, യൂണിയനെ കൈകാര്യം ചെയ്യുന്ന ആളുകൾ അവർക്കു വേണ്ട നിർദ്ദേശങ്ങൾ അപ്പോഴപ്പോൾ കൊടുക്കണമെന്നും, യൂണിയനിലെ തൊഴിലാളികളുടെ സ്ഥിതി നന്നാക്കുന്നതോടൊപ്പംതന്നെ ഇതു് ജനസേവനത്തിനുള്ള ഒരു ഡിപ്പാർട്ടുമെൻറാണെന്നുള്ള ഒരു ബോധം അവർക്കുണ്ടാക്കിക്കൊടുക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു. അതുപോലെ അപകടംമൂലം മരണമടയുന്ന ആളുകളുടെ അവകാശികൾക്കു് ന്യായമായി കിട്ടുവാനുള്ള കാമ്പൻസേഷൻ കാലതാമസംകൂടാതെ കൊടുക്കുന്നതിനുകൂടി ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷൻ ശ്രദ്ധിക്കണമെന്നും എനിക്കപേക്ഷയുണ്ട്. കാമ്പൻസേഷൻ പലമാസങ്ങളായിട്ടും കൊടുക്കാത്തതായി പല സംഭവങ്ങളും എനിക്കറിയാം. മാത്രമല്ല, കിട്ടുന്നതിലൊരു ഭാഗം അതിനുവേണ്ടിയുള്ള യാത്രകൾക്കും നിവേദനങ്ങൾക്കുമായി ചെലവാകുന്നുണ്ട്. ഇതൊക്കെ ഡിപ്പാർട്ടുമെൻറിൻെറ കാര്യക്ഷമതക്കുറവാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. പാവപ്പെട്ട ഒരുവൻെറ മരണശേഷം അവൻെറ രക്തബന്ധത്തിൽപ്പെട്ട ഒരുവനു് കാമ്പൻസേഷൻ അവകാശപ്പെടുന്നതുപോലും വേദനയാണ്. എങ്കിലും ഇല്ലാല ദുരിതങ്ങളുടെ പരിഹാരത്തിനുവേണ്ടിയുള്ള ഈ കാമ്പൻസേഷൻ എളുപ്പം കൊടുക്കുവാൻ അധികാരികൾ ശ്രദ്ധിക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുന്നു.

ഖദർ കുപ്പായമിട്ടവരെ കണ്ണെടുത്തു കാണാൻ പാടില്ലാത്ത ഒരു കൂട്ടരാണ് ട്രാൻസ്പോർട്ടു ബസ്സുകളിലെ കണ്ടക്ടരന്മാർ. ഇതു പറയുമ്പോൾ എൻെറ സ്നേഹിതന്മാർ ചിരിച്ചിട്ടു് യാതൊരു കാര്യവുമില്ല. അങ്ങിനെയുള്ള നിർദ്ദേശങ്ങളാണ് നിങ്ങൾ കൊടുത്തിരിക്കുന്നതു്. മനുഷ്യനെ പട്ടാപ്പകൽ കൊലകൾ ചെയ്യുന്നതിനുള്ള എല്ലാ പരിപാടികളും നിങ്ങളുടെ കീഴിലുള്ള തൊഴിലാളികൾക്കു് നിങ്ങൾ നിർദ്ദേശിച്ചു കൊടുത്തിട്ടുണ്ട്. ഈ സ്റ്റേററിൻെറ പൊതു ബസ്സുകളിൽ ഞങ്ങളെപ്പോലുള്ളവർക്കു പോലും കയറാൻ അനുവാദമല്ലാത്ത തരത്തിൽ അവർ പ്രവർത്തിച്ചുകൊണ്ടിരിക്കയാണ്. അതോടൊപ്പം എന്തെങ്കിലും സംശയം അവരോടു ചോദിക്കയാണെങ്കിൽ അവരിൽനിന്നു വരുന്ന സഭ്യമല്ലാത്ത വാക്കുകൾ നിങ്ങളെപ്പോലും ലജ്ജിപ്പിക്കും. എന്തുകൊണ്ടാണ് ഞാൻ ഇങ്ങനെ പറയുന്നതെന്നു എൻെറ ബഹുമാനപ്പെട്ട സ്നേഹിതന്മാർക്ക് അറിയാം. അതുകൊണ്ടു് യൂണിയൻ കൈകാര്യം ചെയ്യുന്ന ആളുകൾ ഇതിനു പ്രത്യേകം നിർദ്ദേശം നൽകേണ്ടതാണ്. ഡിപ്പാർട്ടുമെൻറദ്ധ്യക്ഷൻ ഇങ്ങനെ പ്രവർത്തിക്കുന്ന ആളുകളുടെ പേരിൽ കർശന നടപടികൾ എടുക്കയും ചെയ്യണം. യൂണിയൻ ഇപ്പോൾ ജനങ്ങളുടെ സേവനത്തിനുവേണ്ടി നില കൊള്ളുന്നില്ല. ഡിപ്പാർട്ടുമെൻറിൻെറ നിർബന്ധം ചെലുത്തിയാൽ മാത്രമേ ട്രാൻസ്പോർട്ടു ബസ്സിൽ മാനമായി ആളുകൾക്കു യാത്രചെയ്യുവാൻ സാധിക്കയുള്ളൂ. ചില സ്ഥലത്തുനിന്നു ആളുകൾ കൈകാണിച്ചാൽ ഇടം

[ശ്രീ. ടി. ഒ. ബാവാ]

മുണ്ടെങ്കിലും വണ്ടി നിറുത്തുകയില്ല. ഷട്ടിൽസർവീസുകളുള്ളയിടത്തു അവിടെ വിടെയായി ബസ്സ് സ്റ്റാപ്പുകൾ നിശ്ചയിച്ചു വണ്ടി നിറുത്തുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യണം. പ്രധാന റോട്ടുകളിൽ അരമൈലിനിടക്ക് ഒരു സ്റ്റാപ്പെങ്കിലും ഉണ്ടായിരിക്കുന്നതു നല്ലതാണ്. അതല്ലെങ്കിൽ പാവപ്പെട്ട ആളുകൾ കൈകാണിച്ചാൽ വണ്ടി നിറുത്തി എന്നു വരികയില്ല. ഇങ്ങനെയുള്ള ഒരു സ്ഥിതിയാണ് ജനങ്ങൾ ഇവിടത്തെ ട്രാൻസ്പോർട്ടു സർവീസിൽനിന്നും അനുഭവിച്ചുകൊണ്ടിരിക്കുന്നതു്. ഇതു് സാധാരണക്കാരുടെ പ്രശ്നമാണ്. കമ്മ്യൂണിസ്റ്റുകാർക്കു ഭൂരിപക്ഷമില്ലാത്ത ഒരു പ്രദേശത്തു ഇവരുടെ പെരുമാററം വളരെ വ്യത്യസ്ഥമായി കാണാൻ കഴിയും. രാഷ്ട്രീയം ഇക്കാര്യത്തിൽ കുത്തിച്ചെലുത്താതെ തൊഴിലാളികളുടെ ആവശ്യങ്ങൾ നേടുന്നതിനുവേണ്ടി ട്രേഡുയൂനിയൻ അടിസ്ഥാനത്തിൽ നിങ്ങൾ പ്രവർത്തിക്കുന്നപക്ഷം ആ പാവപ്പെട്ട തൊഴിലാളികളുടെ വശത്തു ഞങ്ങളും നിൽക്കാൻ തയ്യാറാണ്. നിങ്ങൾ ഡിപ്പാർട്ടുമെൻറു മുഖേന നിങ്ങളുടെ കാര്യങ്ങൾ നേടണം. ജനങ്ങളെ ബുദ്ധിമുട്ടിക്കത്തക്ക തരത്തിലുള്ള ഒരു സമരം ആസൂത്രണം ചെയ്യരുതെന്നു ഞാൻ അപേക്ഷിക്കുന്നു. കൂടുതലായി എനിക്കു് ഈ ഡിപ്പാർട്ടുമെൻറിനെപ്പററി ഒന്നും പറയാനില്ല. ശ്രീ. ടി. വി. തോമസ്സ് ഉന്നയിച്ച തൊഴിലാളികളുടെ എല്ലാ പ്രശ്നങ്ങൾക്കും ന്യായമായ പരിഹാരമുണ്ടാകണമെന്നു് അപേക്ഷിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ: ബഹുമാനപ്പെട്ട മെംബർ ശ്രീ. ടി. വി. തോമസ് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപത്തെപ്പററി രണ്ടു വാക്കു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ട്രാൻസ്പോർട്ടു തൊഴിലാളികൾ അവശതയനുഭവിക്കുന്ന ഒരു വിഭാഗക്കാരാണെന്നു പറഞ്ഞതിനോടു് ഞാൻ യോജിക്കുകയാണ് ചെയ്യുന്നതു്. എസൻഷ്യൽ സർവീസായി പ്രഖ്യാപിച്ചിട്ടുള്ള ട്രാൻസ്പോർട്ടു തൊഴിലാളികൾ ആഴ്ചയിൽ 6 ദിവസം 8 മണിക്കൂർവീതം ജോലി ചെയ്യണം. സാധാരണ ദിവസവും ട്രാൻസ്പോർട്ടുബസ്സിൽ സഞ്ചരിക്കുകയാണെങ്കിൽ ഒരു പനിപിടിച്ചിട്ടു കഴിച്ചുവരുന്ന അനുഭവമാണ് ആളുകൾക്കു് ഉണ്ടായിക്കുന്നതു്. അതുകൊണ്ടു് തുടരെ വളരെക്കാലം ഈ സർവീസിൽ ജോലിചെയ്യുന്നവർ അനാരോഗ്യകരമായ നിലയിൽ എത്തിച്ചേരുമെന്നുള്ളതു് സംശയമററ കാര്യമാണ്. ശ്രീ. ബാവാ ഇവിടെ പ്രസ്താവിക്കയുണ്ടായി, ട്രാൻസ്പോർട്ടു തൊഴിലാളികൾ പൊതുജനങ്ങളോടു അപമര്യാദയായി പെരുമാറുന്നുണ്ടെന്നു്. എനിക്കു അദ്ദേഹത്തോടു പറയാനുള്ളതു് അതിലുള്ള ഭൂരിപക്ഷം തൊഴിലാളികളും പൊതുജനങ്ങളോടു മാന്യമായി പെരുമാറുന്നതായിട്ടാണ് ഞാൻ കണ്ടിട്ടുള്ളതെന്നാണ്. വളരെ മര്യാദയോടുകൂടി മാന്യമായി ജോലിചെയ്തു ജീവിക്കുന്നവരാണ് ബഹുഭൂരിപക്ഷം ട്രാൻസ്പോർട്ടു തൊഴിലാളികളും. ഇന്നു വളരെ ഒച്ചപ്പെട്ടു കേൾക്കുന്ന ഒരു സംഗതി ട്രാൻസ്പോർട്ടു തൊഴിലാളികൾക്കു് യൂണിയൻ സംഘടിപ്പിക്കുന്നതിനുള്ള അവകാശം ഗവൺമെൻറു അംഗീകരിച്ചു കൊടുക്കുന്നില്ലെന്നാണ്. ശ്രീ. ടി. വി. തോമസ്സ് പറയുകയുണ്ടായി, ട്രാൻസ്പോർട്ടുമന്ത്രി യൂനിയൻ അംഗീകരിക്കയില്ലെന്നു പ്രസ്താവിച്ചു എന്നു് അദ്ദേഹം പറഞ്ഞതു പിശകാണെന്നു ഞാൻ ഉറപ്പു പറഞ്ഞു കൊള്ളുന്നു.

ശ്രീ. കെ. കൃഷ്ണപിള്ള : ആര് പറഞ്ഞതു പിശകാണെന്നാണ് പറയുന്നതു്? മന്ത്രി പറഞ്ഞതോ ആലപ്പുഴ മെംബർ പറഞ്ഞതോ?

ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ : ആലപ്പുഴ മെംബർ പറഞ്ഞതു പിശകാണെന്നാണ് പറഞ്ഞതു്.

ട്രാൻസ്പോർട്ടു സർവ്വീസ് പെൻഷനബിൾ ആക്കിയിരിക്കുന്നതുകൊണ്ടു് അവരുടെ യൂണിയനെ അംഗീകരിക്കാൻ പാടില്ലെന്നു ലേബർ ഡിപ്പാർട്ടുമെൻറിൽനിന്നും രേഖപ്പെടുത്തിയിട്ടുണ്ടു്. അതിൻെറ വെളിച്ചത്തിൽ എന്തു നടപടിയാണ് എടുക്കേണ്ടതെന്നു ഗവണ്മെൻറ് ആലോചിച്ചുകൊണ്ടിരിക്കയാണു്. അതിനെന്തെങ്കിലും തീരുമാനം എടുത്തശേഷമേ വ്യക്തമായി മറുപടി പറയാൻ സാധിക്കയുള്ളു.

ശ്രീ. ടി. വി. തോമസ് : അങ്ങിനെ തീരുമാനം ചെയ്യുന്നതിനു മുമ്പ് നിലവിലിരുന്ന അംഗീകാരം പിൻവലിച്ചതു ശരിയാണോ?

ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ : അങ്ങിനെ പിൻവലിച്ചിട്ടുണ്ടെന്നു പറയുന്നതിനോടു് ഞാൻ യോജിക്കുന്നില്ല. ഒരവസാനതീരുമാനം എടുത്തതിനുശേഷമേ വ്യക്തമായി എന്തെങ്കിലും പറയാൻ സാധിക്കയുള്ളുവെന്നാണ് ട്രാൻസ്പോർട്ടുമന്ത്രി പറഞ്ഞതു്. ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറ നാഷനലൈസ് ചെയ്ത സർവ്വീസായതുകൊണ്ടു് അവർക്കു യൂണിയൻ സംഘടിപ്പിക്കുന്നതിനുള്ള അംഗീകാരം കൊടുക്കാൻ പാടില്ലെന്നുള്ള നിലപാടു് ഈ ഗവണ്മെൻറ എടുക്കുമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. 1926-ലെ ട്രേഡ്‌യൂണിയൻ ആക്ററം, 1947-ലെ അമെൻഡുമെൻറ ആക്ററം അനുസരിച്ചു് ഗവണ്മെൻറ നേരിട്ടു നടത്തുന്ന വ്യവസായങ്ങൾക്കും യൂണിയൻ രൂപീകരിക്കുന്നതിനുള്ള അവകാശം സിദ്ധിക്കുന്നുണ്ടു്. അതിൻെറ എംപ്ലോയർ ഗവണ്മെൻറാണെന്നു അമെൻഡുമെൻറ് ആക്ററിൽ പറഞ്ഞിട്ടുണ്ടെന്നാണ് ഞാൻ മനസിലാക്കുന്നതു്. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്സ് ആക്ററിലെ "ഇൻഡസ്ട്രി" എന്നുള്ള നിർവ്വചനത്തിലും ഈ ട്രാൻസ്പോർട്ടുഡിപ്പാർട്ടുമെൻറ ഉൾപ്പെടുമെന്നു മനസ്സിലാകുന്നുണ്ടു്. അതുകൊണ്ടു് ഈ കാര്യങ്ങളെല്ലാം മനസ്സിൽവച്ചുകൊണ്ടു് ട്രാൻസ്പോർട്ടു തൊഴിലാളികൾക്കു് യൂണിയൻ അനുവദിക്കണമോ എന്നുള്ള കാര്യത്തിൽ ഒരു തീരുമാനമെടുക്കണമെന്നു് ഞാൻ ഗവണ്മെൻറിനോടു് അഭ്യർത്ഥിക്കുന്നു.

ട്രാൻസ്പോർട്ടു കൺഡക്ടറന്മാർക്കു് 30 രൂപയെ ശമ്പളം കൊടുക്കുന്നുള്ളുവെന്നും അതിനാൽ അവർക്കു 15 രൂപയെ പെൻഷൻ ലഭിക്കയുള്ളുവെന്നും ശ്രീ. ടി. വി. തോമസ്സ് പറയുകയുണ്ടായി. ഈ ജോലിക്കാർക്കു് ഇൻക്രിമെൻറ് കിട്ടുമെന്നുള്ളതുകൊണ്ടു് പെൻഷൻ 15 രൂപയിൽ കൂടുതൽ കിട്ടുമെന്നുള്ളതു് തീർച്ചയാണു്.

ശ്രീ. ടി. വി. തോമസ് : 30 രൂപ ഫിക്സഡ് പേയുള്ള തൊഴിലാളികൾ വളരെയുണ്ടു്.

ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ : ററി. എസ്സ്. ആർ. വളനുസരിച്ചു് പെൻഷനബിളാക്കിയാൽ ഇൻക്രിമെൻറ കിട്ടുമെന്നാണ് എൻെറ വിശ്വാസം.

പെൻഷനബിളാക്കിയ സ്ഥിതിക്കു് ബോണസ്സുകൂടി കിട്ടണമെന്നു പറയുന്നതു ശരിയാണെന്നെനിക്കു തോന്നുന്നില്ല. 1949-ൽ മദ്രാസിൽ ഒരു കേസ് വിധിക്കുകയുണ്ടായി. അതിൽ പെൻഷൻ ഡഫേഡ്

[ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ]

വേജായി പരിഗണിക്കാമെന്നു് പറഞ്ഞിട്ടുണ്ടു്. ബോണസ്സു് ഡഫേഡു് വേജാണെന്നു വാദിക്കുന്ന മെംബർ, ജോലിക്കാർ പെൻഷൻപററിപ്പിരിഞ്ഞിട്ടു മരണംവരെ കൊടുക്കുന്ന പെൻഷൻ ഡഫേഡു് വേജായി എന്തുകൊണ്ടു് പരിഗണിക്കുന്നില്ലെന്നു ഞാൻ അതിശയിക്കയാണു്. പെൻഷനും ബോണസ്സുംകൂടി വേണമെന്നു പറയുന്നതു ശരിയായിരിക്കയില്ല. സർവ്വീസ് റഗ്ഗുലേഷൻ പെൻഷനബിൾ ജോലിക്കാരെ ബാധിക്കുന്നുണ്ടു്. അതുകൊണ്ടു് ഇവരുടെ യൂണിയൻ അംഗീകരിക്കാൻ സാധിക്കയില്ലെന്നു ലാ ഡിപ്പാർട്ടുമെൻറ പറഞ്ഞിട്ടുണ്ടെങ്കിലും ഇന്നു കേന്ദ്രത്തിൻെറ കീഴിലുള്ള പോസ്ററൽ ടെലഗ്രാഫ് ഡിപ്പാർട്ടുമെൻറിൽ ട്രേഡ്യൂണിയൻ അംഗീകരിച്ചിട്ടുണ്ടെന്നു ഗവണ്മെൻറ മനസ്സിലാക്കണം. പോസ്ററൽ ടെലഗ്രാഫ് തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഇൻഡ്യൻ സർവ്വീസ് റഗ്ഗുലേഷൻ അവരെ ബാധിക്കുന്നതാണു്. ഇൻഡ്യൻ സിവിൽ സർവീസിനു് നൽകിവരുന്ന പ്രിവിലേജ്ജ് ലീവും ക്യാഷ്വൽലീവും പെൻഷനമെല്ലാം അവർക്കും കിട്ടുന്നുണ്ടു്. ഈ ഡിപ്പാർട്ടുമെൻറിലെ എൻ. ജി. ഒ. മാർക്കു മാത്രമാണു് ട്രേഡ്യൂണിയൻ അടിസ്ഥാനത്തിൽ സംഘടിക്കുന്നതിനുള്ള അവകാശമുള്ളതു്. ഇതിൻെറയൊക്കെ വെളിച്ചത്തിൽ ഒരു ന്യായമായ തീരുമാനത്തിൽ ഗവണ്മെൻറ എത്തിച്ചേരുമെന്നു ഞാൻ വിശ്വസിക്കുന്നു.

ഈ അടുത്ത കാലത്തു ഓവർലോഡിംഗ് നിയന്ത്രിച്ചുകൊണ്ടു് ചില നിർദ്ദേശങ്ങൾ ഗവണ്മെൻറിൽനിന്നും കൊടുത്തിട്ടുണ്ടു്. അതിൻ പിന്നീടു കൂടുതൽ സർവീസില്ലാത്തതുകൊണ്ടു് യാത്രക്കാർക്കു് അസൗകര്യങ്ങൾ വന്നുകൊണ്ടിരിക്കയാണു്. ഷട്ടിൽസർവീസുകളിൽ സീററിംഗ് കപ്പാസിററിയുടെ 25 ശതമാനംകൂടി ആളുകളെ കയററാൻ അനുവദിക്കുന്നു എന്നു് അറിയുന്നു. ചിലപ്പോൾ ഈ 25 ശതമാനത്തിൽ കൂടുതൽ ആളുകളെ കയററിയും ഷട്ടിൽ സർവീസ് നടത്തുന്നുണ്ടു്. എന്നിരുന്നിട്ടും ആഫീസിലും മററും സമയത്തിനു എത്തിച്ചേരാൻ സാധിക്കാതെ വരുന്നുണ്ടു്. അതുകൊണ്ടു് കൂടുതൽ സർവീസുകൾ ആഫീസ് സമയത്തു ഇടേണ്ടതാണു്. അതുപോലെതന്നെ കല്ലാർ, പൊൻമുടി എന്നീ സ്ഥലങ്ങളിലേയ്ക്കു് ചന്തദിവസങ്ങളിൽ കൂടുതൽ സർവീസുകൾ നടത്തുന്നതിനുള്ള ഏർപ്പാടുകളും ചെയ്യേണ്ടതാണു്.

ട്രാൻസ്പോർട്ട് ജീവനക്കാർ വളരെ ആയാസകരമായ ജോലിയാണു് ചെയ്തുകൊണ്ടിരിക്കുന്നതെന്നു് ആലപ്പുഴ മെംബർ പറഞ്ഞതിനോടു ഞാൻ യോജിക്കുന്നു. ഇതര ഡിപ്പാർട്ടുമെൻറുകളിൽ ജോലി നോക്കുന്ന ക്ലാർക്കുമാർക്കുംമററും 5 മണിക്കൂർമാത്രമേ ജോലിയുള്ളു. കൂടാതെ അവർക്കു് പല പബ്ലിക്കു ഒഴിവുകളും കിട്ടുന്നുണ്ടു്. ഈ വക ആനുകൂല്യങ്ങളൊന്നും ട്രാൻസ്പോർട്ട് ജീവനക്കാർക്കു കിട്ടുന്നില്ല. മാത്രമല്ല ഈ ജോലിയോടനുബന്ധിച്ചു് ആക്സിഡൻസ് ഉണ്ടാകുന്നതിനുള്ള സാദ്ധ്യതകളുമുണ്ടു്. 25 വർഷത്തെ തുടർച്ചയായ സർവീസുണ്ടെങ്കിൽ മാത്രമേ പെൻഷൻ കിട്ടാൻ അർഹതയുള്ളു എന്ന വ്യവസ്ഥയിൽ ന്യായമായ എന്തെങ്കിലും മാററങ്ങൾ വരുത്തിയാൽ യുക്തമായിരിക്കുമെന്നാണു് ഞാൻ പറയുന്നതു്. ഇപ്പറഞ്ഞ കാര്യങ്ങളുടെ വെളിച്ചത്തിൽ ന്യായമായ നടപടികൾ എടുക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ഡി. ടി. കേശവൻ ശാസ്ത്രി: ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ഉപക്ഷേപത്തിന്റെ അവതാരകൻ, ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിന്റെ നേരെ നടത്തിയ നിശിത നിരൂപണം ഞാൻ പ്രത്യേകം ശ്രദ്ധിച്ചുകൊണ്ടിരിക്കുകയായിരുന്നു. ആലപ്പുഴ മെംബർ മി. ടി. വി. തോമ്മസ്, ട്രാൻസ്പോർട്ട് തൊഴിലാളിയൂണിയന്റെ ഇന്നത്തെ പ്രസിഡന്റാണല്ലോ. അദ്ദേഹത്തിന്റെ വാദമുഖങ്ങൾ നാം കേട്ടുകഴിഞ്ഞു. തിരുവിതാംകൂർ-കൊച്ചി ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റു കാര്യം ഇന്ന് അതിശ്രദ്ധേയമായ ഒരു പരിവർത്തനത്തിന് വിധേയമായിത്തീർന്നിരിക്കയാണല്ലോ. ട്രാൻസ്പോർട്ടുഡിപ്പാർട്ടുമെന്റിന്റെ ആരംഭത്തിനുമുൻപും അതിനു ശേഷവും തുടർച്ചയായി നിയമസഭാസാമാജികനായിരിക്കാൻ കഴിഞ്ഞിട്ടുള്ളതുകൊണ്ട്, എനിക്ക് ഈ ഡിപ്പാർട്ടുമെന്റുകാര്യങ്ങൾ പറയുവാൻ പ്രതിബന്ധമാകുമെന്നു തോന്നുന്നില്ല.

സർ, ഇന്നേയ്ക്ക്, പതിനേഴ സംവത്സരങ്ങൾക്കു മുൻപാണ്, ഈ ഡിപ്പാർട്ടുമെന്റ് ഇവിടെ ആരംഭിച്ചത്. ഈ ഡിപ്പാർട്ടുമെന്റിന്റെ പ്രയോക്താവ് ദിവാൻ സർ സി. പി. രാമസ്വാമി അയ്യർ ആയിരുന്നു. ഒരു പ്രക്ഷുബ്ധരംഗത്തിലായിരുന്നു ധനാഭ്യർത്ഥന അന്നത്തെ നിയമസഭയിൽ അവതരിപ്പിച്ചിരുന്നത്. ഇന്നത്തെ പ്രധാനമന്ത്രി ശ്രീ. പട്ടം താണുപിള്ളയും മുൻ പ്രധാനമന്ത്രി ശ്രീ. എ. ജെ. ജോണും, മുൻ ആഭ്യന്തരവകുപ്പുമന്ത്രി ശ്രീ. ററി. എം. വറുഗീസും ഞാനും അന്നത്തെ നിയമസഭയിലെ അംഗങ്ങളായിരുന്നു. അഭ്യസ്തവിദ്യരുടെ പരുപരുത്ത തൊഴിലില്ലായ്മയ്ക്ക് പരിഹാരമുണ്ടാക്കാനായിരുന്നു ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റ് ആരംഭിച്ചിരുന്നതെങ്കിലും, ഇതിനും അനുകൂലിച്ചവരും പ്രതികൂലിച്ചവരും ഉണ്ടായിരുന്നു. അന്നുവരെ, ട്രാൻസ്പോർട്ടുവക്ക് കയ്യടക്കിയിരുന്ന തല്പര കക്ഷികൾ, ജനാഭിപ്രായത്തിന്റെ പേരിൽ സംഘടിച്ച് ഈ സംരംഭത്തെ എതിർക്കുകയായിരുന്നു. ആ എതിർപ്പിന്റെ വിഷമഘട്ടം നിയമസഭയിലും ഉണ്ടായിരുന്നു.

ശ്രീ. ടി. വി. തോമ്മസ്: അന്ന് മി. ചാഴിക്കാടൻ ഉണ്ടായിരുന്നോ?

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: അദ്ദേഹം അന്നുണ്ടായിരുന്നു. നിയമസഭാംഗമായിരുന്നില്ല. തൊഴിലില്ലായ്മയ്ക്കുണ്ടാകാമായിരുന്ന പരിഹാരത്തെ ഗാഢമായി കരുതി ഞാൻ ആ ധനാഭ്യർത്ഥനയെ അനുകൂലിക്കുകയായിരുന്നു. അങ്ങനെ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റ് ആരംഭിച്ചു. ക്രമേണ വളർന്നുവളർന്ന് അതു് പണം കായ്ക്കുന്ന ഒരു മഹാ വൃക്ഷമായി ഉയർന്നിരിക്കയാണ്. ഇങ്ങനെ ഈ ഡിപ്പാർട്ടുമെന്റിന്റെ, ഭൂതകാലസ്മരണയും വർത്തമാനകാലസ്മരണയും എന്നെ പ്രേരിപ്പിക്കുകയാൽ ഞാൻ ഈ വിവരങ്ങൾ ഇവിടെ പ്രസ്താവിക്കുന്നതാണ്. തിരുവിതാംകൂർ-കൊച്ചി ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിന്റെ നിറഞ്ഞ വളർച്ചയിൽ പ്രത്യാശയും, അതിന്റെ അപജയത്തിൽ കുണ്ഠിതവുമുണ്ടാകുന്നതു് ഒരു കുററമായി ആരും കരുതുമെന്നു വിചാരിക്കുന്നില്ല. തൊഴിലാളികളെ സംബന്ധിച്ചു ശ്രീ. ടി. വി. തോമ്മസ് പറയുകയും വാദിക്കുകയും ചെയ്യുന്നതു നാം കണ്ടും കേട്ടും ഇരിക്കുകയാണല്ലോ. ആയിരക്കണക്കിനു തൊഴിലാളികൾ, ഇന്ന് ഈ ഡിപ്പാർട്ടുമെന്റുകൊണ്ട് ഉപജീവിക്കുന്നു.

[ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി]

അതെല്ലാം മറന്നുകൊണ്ടുള്ള കിരാതപദപ്രയോഗം എന്തിനാണെന്നാണ് ഞാൻ ചോദിക്കുന്നത്. പ്രധാനമന്ത്രി ശ്രീ. പട്ടം താണുപിള്ളയുടെ നേരേ വരുന്ന വാഗ്ശരങ്ങൾ നാം സൂക്ഷിക്കുന്നുണ്ടല്ലോ. ശ്രീ. പട്ടം ട്രാൻസ്പോർട്ട് തൊഴിലാളി യൂണിയൻ പ്രസിഡൻറായിരുന്നപ്പോൾ ചെയ്തിരുന്ന കരാർ വീണ്ടും അധികാരത്തിൽ വന്നപ്പോൾ ലംഘിക്കുന്നു എന്നാണ് പ്രധാന പരാതി. ഈ ഡിപ്പാർട്ടുമെൻറ് തൊഴിലാളികൾക്കാശ്രയമായിക്കാണുന്നതിൽ എനിക്ക് വളരെ സന്തോഷമാണുള്ളത്. ഇന്ന് ട്രാൻസ്പോർട്ട് തൊഴിലാളികൾ സമരരംഗത്തിലേയ്ക്ക് നീങ്ങാൻ തയ്യാറായിക്കഴിഞ്ഞിരിക്കുന്നു. അവരുടെ പ്രസ്താവനകൾ ഇതാ ചുവന്ന അക്ഷരങ്ങളിൽ അച്ചടിച്ച് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ഈ പ്രസ്താവനയും തീരുമാനവുമെല്ലാം ബഹുജനശ്രദ്ധയ്ക്ക് വിഷയമായിരിക്കയാണ്. വേണ്ടവിധം കാര്യങ്ങൾ ഗ്രഹിക്കാതെ പൊതുജനങ്ങൾ അപഹൃതചിത്തരായിത്തീരാം. അതിനാൽ വസ്തുതകളുടെ യാഥാർത്ഥ്യം വെളിപ്പെടുത്തേണ്ടത് അധികാരികളുടെ കർത്തവ്യമാണെന്നാണ് ഞാൻ പറയുന്നത്. പഠിച്ച്, പരിശോധിച്ചു പറയുന്നതാകയാൽ, ഗവണ്മെൻറ് ഈക്കാര്യം, കാര്യമായി, പരിഗണിക്കുമെന്ന്തന്നെ ഞാൻ കരുതുകയാണ്.

പ്രധാനമന്ത്രി ശ്രീ. പട്ടം കരാർ വിലംഘിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. വളരെ വർഷങ്ങളായിട്ട് എനിക്ക് അദ്ദേഹത്തെ നേരിട്ടും അടുത്തും അറിയാൻകഴിഞ്ഞിട്ടുണ്ട്. അദ്ദേഹം ഏതവസരത്തിലും ജനഹിതത്തിനനുസരിച്ചുമാത്രമേ നിന്നിട്ടുള്ളൂ. അധികാരത്തിലായപ്പോൾ അദ്ദേഹത്തിൻെറ നേർക്ക് വന്നുകൊണ്ടിരിക്കുന്ന പ്രതിരോധ നടപടികളെപ്പററി ഓർക്കാതിരിക്കാനും, നിവൃത്തിയില്ലാതായിരിക്കുന്നു. ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുന്നതിൽ ആരും അമർഷം കാണിക്കേണ്ടതില്ല. നമ്മുടെ മന്ത്രിമാരിൽ ശ്രീ. പട്ടം ശുദ്ധനും സംസ്കാരസമ്പന്നനുമാണ്. അല്പം മുൻകോപമുണ്ടെന്നുള്ളതല്ലാതെ മററൊരു കുറവും അദ്ദേഹത്തിനില്ല. പ്രാവർത്തികമായി ഞങ്ങൾ അകന്നുവെന്നല്ലാതെ ഞാൻ പറയുന്ന കാര്യങ്ങൾ യാഥാർത്ഥ്യങ്ങളാണ്. ഈ ട്രാൻസ്പോർട്ടു പ്രശ്നത്തിന് എത്രയും വേഗം പരിഹാരം കാണണമെന്നാണ് ഞാൻ പറയുന്നത്. ഇതിൽ ട്രാൻസ്പോർട്ട് മന്ത്രി ശ്രീ. അച്യുതൻ വേണ്ടവിധം പ്രവർത്തിക്കുമെന്നാണെൻെറ വിശ്വാസം.

പി. എസ്. പി. ഗവണ്മെൻറിനെ പിൻതാങ്ങുന്ന കാൺഗ്രസ്സ് പാർട്ടിയെ ചോദ്യം ചെയ്യുന്നവർ ഇന്ന് ധാരാളം ഉണ്ട്. നല്ല കാര്യങ്ങൾ ചെയ്യുന്നതിനും, ചെയ്യുന്നതിനേയും കാൺഗ്രസ്സ് പാർട്ടി പിൻതാങ്ങുകയാണ്. എന്തിനാണിതെന്നു അറിഞ്ഞുകൂടാത്തവരുടെ ചോദ്യത്തിന് അറിയുക എന്നു മാത്രം മറുപടി പറയാനേ സാധിച്ചിട്ടുള്ളൂ. പി. എസ്. പി. ഗവണ്മെൻറു ചെയ്യുന്ന എല്ലാ നല്ല കാര്യങ്ങളേയും അനുകൂലിച്ചുകൊണ്ടുള്ള കാൺഗ്രസ്സ് പാർട്ടിബന്ധം പൂർവ്വ സ്മരണകൾക്കു കൂടെ ഇടവരുത്താതിരിക്കയില്ലെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു. ഈ സന്ദർഭത്തിൽ ഒരു കാര്യം പ്രധാനമന്ത്രി ശ്രീ. പട്ടം താണുപിള്ളയോട് എനിക്ക് പറയാനുണ്ട്. സർ, "കർത്തുമകർത്തുമന്യഥാ കർത്തുമപി ശക്തിമാനീശ്വരഃ" ഇത് അങ്ങയുടെ സ്മരണമണ്ഡലത്തെ സുദൃഢം വീക്ഷിക്കു

മെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു. (ബെൽ) സർ, കഴിയുന്നതും വേഗം ട്രാൻസ്പോർട്ട് തൊഴിലാളിപ്രശ്നം പരിഹരിക്കാൻ സത്വര നടപടികൾ എടുക്കണമെന്നു് ഞാൻ പ്രത്യേകം ആവശ്യപ്പെട്ടുകൊള്ളുന്നു.

ശ്രീ. ബി. ബി. പണ്ടാരത്തിൽ: ശ്രീ. ടി. വി. തോമസു പറഞ്ഞതുപോലെ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറു തൊഴിലാളികളെക്കുറിച്ചാണു എനിക്കു പറയാനുള്ളതു്. ഈ രാജ്യത്തെ മറ്റെല്ലാ തൊഴിലാളി വിഭാഗത്തേയുംപോലെതന്നെ വളരെയധികം ക്ലേശങ്ങളും കഷ്ടപ്പാടുകളും സഹിക്കുന്ന ഒരു വിഭാഗക്കാരാണു ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറു തൊഴിലാളികൾ. ഇന്നു് അവർ അവരുടെ ന്യായമായ ചില അവകാശ വാദങ്ങളുമായി മുമ്പോട്ടു വന്നിരിക്കുകയാണു്. അതിനെ നേരിടുന്നതിനു് ഇന്നു നമ്മുടെ സർക്കാർ കൈക്കൊള്ളുന്ന നടപടികൾ കാണുമ്പോൾ പ്രജാസോഷ്യലിസ്ററു പാർട്ടി ഗവണ്മെൻറിൻെറ തൊഴിലാളിനയം എന്താണെന്നു ഞങ്ങൾക്കു വ്യക്തമാകുന്നുണ്ടു്.

സർ, ഇന്നു മുഖ്യമന്ത്രിയായിരിക്കുന്ന ശ്രീ. പട്ടം താണുപിള്ള അവർകൾ ട്രാൻസ്പോർട്ട് യൂണിയൻ പ്രസിഡൻറായിരുന്ന കാലത്തു് ട്രാൻസ്പോർട്ട് യൂണിയൻ അംഗീകരിക്കണമെന്നും അവരുടെന്യായമായ അവകാശങ്ങൾ സാധിച്ചുകിട്ടണമെന്നും കാണിച്ചുകൊണ്ടു അന്നത്തെ സർക്കാരിനു് ഒരു മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായി. ആ മെമ്മോറാണ്ടത്തിൽ പറഞ്ഞിരിക്കുന്ന അവകാശങ്ങളെക്കാൾ വളരെ തുച്ഛമായ ചില അവകാശങ്ങൾ ഉന്നയിച്ചുകൊണ്ടാണു ഇന്നു ശ്രീ. ടി. വി. തോമസിൻെറ നേതൃത്വത്തിലുള്ള ട്രാൻസ്പോർട്ടുതൊഴിലാളിയൂണിയൻ സർക്കാരിനു് ഒരു മെമ്മോറാണ്ടം നൽകിയിരിക്കുന്നതു്.

ട്രേയിഡ് യൂണിയൻ അംഗീകരിക്കയില്ലെന്നും ട്രേയിഡ് യൂണിയൻ നേതാവിനെ കാണുകയില്ലെന്നും ഒരു പ്രജാസോഷ്യലിസ്ററ പാർട്ടിയിലെ മിനിസ്റ്റർ പറയുമ്പോൾ ജനാധിപത്യത്തിൻെറ മൗലികതത്വങ്ങളെ അദ്ദേഹം എത്രമാത്രം അവഗണിക്കുന്നുവെന്നു മനസ്സിലാക്കാൻ സാധിക്കുന്നതാണു്. രണ്ടുമൂന്നു ദിവസത്തിനുമുമ്പു് നമ്മുടെ ട്രാൻസ്പോർട്ടു മിനിസ്റ്ററുടെ ഒരു പ്രസ്താവന പത്രങ്ങളിൽ കാണുകയുണ്ടായി. തൊഴിലാളികൾ ഉന്നയിച്ചിരിക്കുന്ന അവകാശവാദങ്ങൾ സമ്മതിച്ചു കൊടുത്തിരിക്കുന്നുവെന്നും ഇനി യാതൊന്നും ചെയ്തുകൊടുക്കേണ്ടതായില്ലെന്നും അതിൽ കണ്ടു. എന്നാൽ ഒട്ടുംതന്നെ വ്യക്തമല്ലാത്ത ആ പ്രസ്താവനയുടെ അവസാനഭാഗത്തു് ഈ കാര്യങ്ങളെല്ലാം ചെയ്യുന്നതിനു ഗവണ്മെൻറിനു സാവകാശം വേണമെന്നു പറഞ്ഞിട്ടുണ്ടു്. ഈ സാവകാശം പ്രതീക്ഷിച്ചുകൊണ്ടു് തൊഴിലാളികൾ കാത്തിരിക്കാൻ തുടങ്ങിയിട്ടു് നാളുകൾ വളരെയായി. അതിനു് ഇതുവരെ യാതൊരു പരിഹാരവും കാണുവാൻ സാധിച്ചിട്ടില്ല. തൊഴിലാളിപ്രതിനിധികളുമായി കൂടിച്ചേർന്നാലോചിക്കാതെയും തൊഴിലാളികളുടെ അവകാശങ്ങൾ എന്തെല്ലാമാണെന്നു ശരിയായി മനസ്സിലാക്കാതെയും മന്ത്രിയും ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷനും മന്ത്രിമാർ സൃഷ്ടിക്കുന്ന മററു കരിങ്കാലി നേതാക്കന്മാരുമായി മാത്രം കൂടിച്ചേർന്നു് ഉണ്ടാക്കുന്ന തീരുമാനങ്ങൾ ഇവിടത്തെ സംഘടിത തൊഴിലാളിവർഗ്ഗം വകവയ്ക്കണമെന്നു നിർബന്ധമില്ല.

സർ, ഈ കാര്യത്തെപ്പററി എനിക്കു പറയുവാനുള്ളതു്, ട്രാൻസ്പോർട്ടു യൂണിയൻ പ്രതിനിധികളുമായി കൂടിയാലോചിച്ചു് കാര്യങ്ങൾ

[ശ്രീ. ബി. ബി. പണ്ടാരത്തിൽ]

ഒത്തുതീർപ്പിലെത്തിക്കാൻ ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടു മന്ത്രി തയ്യാറാകണമെന്നും, അങ്ങനെ ട്രാൻസ്പോർട്ടു തൊഴിലാളികളുടെ അവകാശങ്ങൾ പരിപാലിക്കണമെന്നുമാണ്.

ട്രാൻസ്പോർട്ടിലെ മറെറാരുവിഭാഗം തൊഴിലാളികളായ പോർട്ടറന്മാരുടെ കാര്യത്തെക്കുറിച്ചാണ് ഇനി എനിക്ക് പറയുവാനുള്ളതു്. ശമ്പളമില്ലാതെ യാത്രക്കാരുടെ കാരുണ്യത്തെമാത്രം ആശ്രയിച്ചു് ജീവിക്കുന്ന ഒരു വിഭാഗക്കാർ മാത്രമാണ് അവർ. പെട്ടികൾ ചുമക്കുന്നതിനും പാഴ്സൽ ഉരുപ്പടികൾ ചുമക്കുന്നതിനും കിട്ടുന്ന തുച്ഛമായ കൂലി കൊണ്ടു് അവർ അവരുടെ ഉപജീവനം നടത്തിവരികയാണ്. അടുത്ത കാലത്തു് ഇവിടത്തെ ഏതാനും ചില ലൈനുകളിൽ റി. വി. എസ്സ്. കമ്പനിക്കാരുടെ പാഴ്സൽ സർവ്വീസ് വന്നതോടുകൂടി ഇവരുടെ കാര്യം വഷളായിരിക്കുകയാണ്. അതിനാൽ റി. വി. എസ്സ് കാർക്കു് കൊടുത്തിരിക്കുന്ന ലൈൻസു് പിൻവലിച്ചു് ആ പാഴ്സൽസർവ്വീസു കൂടി ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറുതന്നെ ഏറെറടുത്തു നടത്തുന്നതു് ഈ പോർട്ടറന്മാർക്കുപകാരപ്രദമായിരിക്കും.

അടുത്തതായി ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനങ്ങളെപ്പററി ഒന്നുരണ്ടു കാര്യങ്ങൾ പറയണമെന്നു വിചാരിക്കുന്നു. ഈ രാജ്യത്തെ ജനങ്ങളുമായി വളരെയധികം സമ്പർക്കം പുലർത്തുന്ന ഒരു ഡിപ്പാർട്ടുമെൻറാണു ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറു്. എന്നാൽ അതിനനുസരണമായ പ്രയോജനം ഇതിൻെറ പ്രവർത്തനംകൊണ്ടു് പൊതുജനങ്ങൾക്കുണ്ടാകുന്നുണ്ടോ എന്നു സംശയമാണ്. ഇന്നു് ആളുകൾക്കു് അതിൽ കയറി യാത്രചെയ്യുവാൻതന്നെ ഭയമുണ്ടു്. അതിൽ കയറാനും യാത്രചെയ്യാനുമുള്ള അസൗകര്യങ്ങളെ ഓർത്തു് എത്രതന്നെ അത്യാവശ്യമുണ്ടായാലും യാത്ര വേണ്ടെന്നുവയ്ക്കുന്ന ആളുകളുമുണ്ടു്. പ്രത്യേകിച്ചും കൊട്ടാരക്കര കോട്ടയം ലൈനിലെ ബസ്സുയാത്ര വളരെ ഭയപ്പെടേണ്ട കാര്യമാണ്. ആ ലൈനിൽ വളരെ കൂടുതൽ ആളുകൾ യാത്ര ചെയ്യുന്നുണ്ടു്. മററു ഡിസ്ട്രിക്ടുകളേക്കാൾ വളരെ മോശമായ നിലയിലാണ് ആ ഡിസ്ട്രിക്ററിലെ ട്രാൻസ്പോർട്ടു പ്രവർത്തനം കാണുന്നതു്. കൊട്ടാരക്കരയിലെ ഗാരേജിൽ ചെന്നു നോക്കിയാൽ ഇതിൻെറ വാസ്തവം മനസ്സിലാക്കാൻ സാധിക്കും. നല്ല ഒരു ബസ്സു പോലും അവിടെയില്ലെന്നു പറയുമ്പോൾ ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് മന്ത്രി അതു വിശ്വസിക്കുമോ എന്നു എനിക്കു് നിശ്ചയമില്ല. ദൈനം ദിനം വർദ്ധിച്ചുവരുന്ന യാത്രക്കാരുടെ എണ്ണത്തിനനുസരണമായി ബസ്സുകളില്ലാത്തതുകൊണ്ടാണ് ഇതുപോലെയുള്ള ബുദ്ധിമുട്ടുകളുണ്ടാകുന്നതു്. എല്ലാ ലൈനുകളിലും ആവശ്യത്തിനു ബസ്സുകൾ കൊടുത്തു കഴിയുന്നതും അരമണിക്കൂർ ഇടവിട്ടു ബസ്സുകൾ ഓടിക്കത്തക്കവണ്ണം ഏർപ്പാടുകൾ ചെയ്യേണ്ടതാണ്.

അവസാനമായി പ്രൈവററു് സർവ്വീസിനെപ്പററിയാണ് എനിക്കു് പറയുവാനുള്ളതു്. നാഷനലൈസു് ചെയ്ത റൂട്ടുകൾകൂടാതെ മററു റൂട്ടുകളിൽ പ്രൈവററുബസ്സുകൾ ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ടല്ലോ. പ്രൈവററു് ഓണർഷിപ്പുള്ള ബസ്സുകളാണ് ആ ലൈനുകളിൽകൂടി ഓടിക്കുന്നതു്. അതുകൊണ്ടു് കാംപെററിഷൻ അവിടെ സർവ്വസാധാരണ

മായി ഉണ്ട്. ബസ്സുകൾക്കു മാത്രമല്ല, റോഡിൽക്കൂടി നടക്കുന്ന ആളുകൾക്കു പോലും അപകടമുണ്ടാകത്തക്കവിധത്തിൽ അത്ര വേഗത്തിലും നിയന്ത്രണമില്ലാത്തവിധത്തിലും ആണ് ബസ്സുകൾ ഓടിക്കുന്നത്. അതു തടയുവാൻ ഗവണ്മെൻറ് ശ്രദ്ധിക്കേണ്ടതാണ്. അതിനു പ്രൈവററ് ഓണർഷിപ്പുള്ള ബസ്സുകൾ യൂണിയൻ അടിസ്ഥാനത്തിൽ ഓടിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യേണ്ടതാണ്. കൂടുതൽ ലൈനുകൾ നാഷനലൈസ് ചെയ്യുന്നതിലും ശ്രദ്ധിക്കേണ്ടതാണ്. അങ്ങനെ ഈ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കിത്തീർക്കുവാനും ഇന്നു ട്രാൻസ്പോർട്ട് തൊഴിലാളികൾക്കു നേരിട്ടിരിക്കുന്ന അവശതകൾ ഉടനടി പരിഹരിക്കുവാനും വേണ്ട നടപടികൾ ഗവണ്മെൻറു സ്വീകരിക്കും, എന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ ശ്രീ. ടി. വി. തോമസ്സ് അവതരിപ്പിച്ച ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

ശ്രീ. കെ. എം. ചാണ്ടി : സർ, ബഹുമാനപ്പെട്ട ആലുവാ മെംബർ അവതരിപ്പിച്ചിരിക്കുന്ന ഉപക്ഷേപത്തോടനുകൂലിച്ചുകൊണ്ട് ഒരു പ്രധാനകാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തണമെന്നു ഞാനാഗ്രഹിക്കുന്നു. ആലപ്പുഴ മെംബർ ശ്രീ. ടി. വി. തോമസ്സ് ചെയ്ത പ്രസംഗത്തിലും അതോടൊപ്പം അദ്ദേഹത്തിൻെറ പാർട്ടിയിലെ അംഗങ്ങൾ ഈ നിയമസഭയിൽവച്ച് എൻെറ കയ്യിൽ ഏല്പിച്ചതുമായ ലഘുലേഖയിലും പത്രങ്ങളിൽ കണ്ട വാർത്തകളിലും നിന്നു സ്റ്റേററ് ട്രാൻസ്പോർട്ടിലെ തൊഴിലാളികൾക്ക് ഒരു സ്ട്രൈക്ക് അനിവാര്യമായിത്തീർന്നിരിക്കുന്നു എന്നു കാണുന്നു. ഈ നില തുടർന്നുകൊണ്ടു പോകുന്നതു ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിനും തൊഴിലാളികൾക്കും നല്ലതല്ലെന്നും ഗവണ്മെൻറിനേയും അതോടൊപ്പം ട്രാൻസ്പോർട്ട് തൊഴിലാളി യൂണിയൻ പ്രസിഡൻറായ ശ്രീ. ടി. വി. തോമസ്സ് അവർകളേയും ഉദ്ബോധിപ്പിക്കുന്നതിന് എനിക്ക് ആഗ്രഹമുണ്ട്. സ്റ്റേററ് ട്രാൻസ്പോർട്ട് ഇന്ന് ഈ രാജ്യത്തെ പൊതുജീവിതത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒരു വ്യവസായമായിത്തീർന്നിട്ടുണ്ട്. യൂണിയൻ ഉന്നയിച്ചിരിക്കുന്ന അവകാശവാദങ്ങളേയും അവയുടെ ന്യായങ്ങളേയും പററി ഞാനിപ്പോൾ ഒന്നും പറയുന്നില്ല. അവയെപ്പററിയുള്ള വിശദമായ വിവരവും എനിക്കില്ല. എന്നാൽ ഗവണ്മെൻറ് ഇക്കാര്യത്തിൽ ഒരു പുതിയ സമീപനം നടത്തണമെന്നെനിക്ക് അഭിപ്രായമുണ്ട്. ഗവണ്മെൻറും തൊഴിലാളി പ്രതിനിധികളും തമ്മിൽ സംസാരിക്കുകയില്ല, കാര്യം പറഞ്ഞു തീർക്കുകയുമില്ല എന്നു ശഠിച്ചതുകൊണ്ട് പ്രയോജനമില്ല. അങ്ങനെ ഇക്കാര്യം ഒരു സമരത്തിലേയ്ക്ക് നീങ്ങേണ്ടിവന്നാൽ അതിൻെറ പ്രത്യാഘാതം എന്തായിരിക്കുമെന്നു ഗവണ്മെൻറ് ആലോചിക്കണം. ഏതെങ്കിലും തരത്തിൽ ഇതൊരു സമരമാക്കിത്തീർക്കാതിരിക്കുവാനാണ് ട്രാൻസ്പോർട്ട് മന്ത്രിയും യൂണിയൻ പ്രവർത്തകരും ശ്രമിക്കേണ്ടത്. യൂണിയൻ അംഗീകരിക്കുന്നതിനെപ്പററി മന്ത്രിയുടെ നിലപാട് എങ്ങിനെയൊക്കെ ഇരുന്നാലും ഇന്നു തൊഴിലാളികൾക്കു ഒരു യൂണിയനുണ്ടെന്നും അതുകൊണ്ട് ആ യൂണിയൻ പ്രതിനിധികൾ ട്രാൻസ്പോർട്ട് തൊഴിലാളികളെ സംബന്ധിച്ച് സംസാരിക്കുവാൻ അർഹതയുള്ളവരാണെന്നും നമുക്കറിയാം. അതിനാൽ ഒരു റൌണ്ട് ടേബിൾ കാൺഫറൻസോ മററോ വിളിച്ചുകൂട്ടി കാര്യങ്ങൾ ഒരു ഒത്തുതീർപ്പിലെത്തിച്ച് ഈ രാജ്യത്തെ രൂക്ഷമായി ബാധിക്കാവുന്ന ഒരു സമരത്തെ ഒഴിവാക്കേണ്ടതുണ്ടെന്ന് ഇരുകൂട്ടരും

[ശ്രീ. കെ. എം. ചാണ്ടി]

സ്മരിക്കേണ്ടതാണ്. തൊഴിലാളികളുടെ അവശതകൾ ഏതെങ്കിലുമുണ്ടെങ്കിൽ അതു പരിഹരിക്കാനുള്ള മനോഭാവത്തോടുകൂടി ഗവണ്മെന്റു ഈക്കാര്യത്തിൽ ഒരു സമീപനം നടത്തുകയാണെങ്കിൽ അതു തീരുവാൻ യാതൊരു തടസ്സവും ഞാൻ കാണുന്നില്ല. അതിനാലിക്കാര്യത്തിൽ മക്കടമുഷ്ടി പിടിക്കാതെ ന്യായമായ എല്ലാ കഴിവുകളും ഗവണ്മെന്റ് പ്രയോഗിക്കേണ്ടതാണ്. ഒരു സമരം അനിവാര്യമാക്കിത്തീക്കണം എന്നുള്ള മനോഭാവത്തോടുകൂടി യൂണിയൻ പ്രവത്തകർ മുമ്പോട്ടു പോകരുതെന്നും നിവൃത്തിയുണ്ടെങ്കിൽ തൊഴിലാളികളുടെ അവകാശവാദങ്ങൾ അംഗീകരിപ്പിക്കുവാനും അവക്കിവിടെ അഭിമാനത്തോടുകൂടി ജീവിക്കാനുമുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കണമെന്നും ആ നിലയിൽ പ്രവത്തിക്കണമെന്നും ഞാൻ തൊഴിലാളി പ്രവർത്തകരോട് അപേക്ഷിക്കുന്നു. ഗവണ്മെന്റും തൊഴിലാളി പ്രവർത്തകരും ഈ കാര്യത്തിന്റെ ഗൗരവം ശരിക്കു മനസ്സിലാക്കി ഇതു് പ്രസിപ്പിറേററു് ചെയ്യാതെ എങ്ങനെയെങ്കിലും അവസാനിപ്പിക്കണമെന്നും എനിക്കഭിപ്രായമുണ്ടു്.

ശ്രീ. ററം പി. മേനോൻ: സർ, ട്രാൻസ്പോർട്ടു വകുപ്പിന്റെ സമീപനരീതിയെ സംബന്ധിച്ചു്, തൊഴിലാളികളെ സംബന്ധിച്ചിടത്തോളം എന്റെ പാർട്ടി നേതാവായ ആലപ്പുഴ മെംബർ സഖാവ് ടി. വി. തോമസ്സും പൊതുജനങ്ങളെ സംബന്ധിച്ചിടത്തോളം ആലുവാ മെംബർ ശ്രീ. ബാവായും എന്തോ തരക്കേടുണ്ടെന്നു ചൂണ്ടിക്കാണിക്കുകയുണ്ടായി. ആ അഭിപ്രായങ്ങളോടു ഞാനും പൂർണ്ണമായി യോജിക്കുന്നു. ഒരു പോലീസ് മനോഭാവത്തോടുകൂടിയാണ് ഈ ഡിപ്പാർട്ടുമെന്റും അതിന്റെ അധിപന്മാരും അതിലെ തൊഴിലാളികളോടും പൊതുജനങ്ങളോടും പെരുമാറുന്നതെന്നു പറഞ്ഞാൽ, സാധാരണ ട്രാൻസ്പോർട്ടു ബസ്സിൽ സഞ്ചരിക്കുവാൻ സൌകര്യം ലഭിച്ച ഒരാൾ എന്ന നിലയ്ക്കു അതിലൊട്ടും അതിശയോക്തിയില്ലെന്നു തീർത്തു പറയുവാൻ കഴിയും. എല്ലാ കാര്യങ്ങളിലും പൊതുജനങ്ങളോടും തൊഴിലാളികളോടുമുള്ള പെരുമാററത്തിലും, ഈ ഒരു പോലീസ് മനോഭാവം കാണിക്കുന്നതിന് അവകാശമില്ലാതില്ല. ഈ ഡിപ്പാർട്ടുമെന്റിന്റെ അധിപന്മാരായി വന്ന ഉദ്യോഗസ്ഥന്മാർ, കഴിഞ്ഞ രണ്ടു തലമുറയായി പോലീസ് വകുപ്പിൽനിന്നും വന്നവരാണ്. അവരാണ് ഇതു് കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നതു്. ഇന്നത്തെ ട്രാൻസ്പോർട്ടുഡയറക്ടർ ട്രാൻസ്പോർട്ടു വകുപ്പു കൈകാര്യം ചെയ്യുവാൻ സർവ്വഥാ യോഗ്യനാണെന്നും കൂടി സമ്മതിക്കാതെ തരമില്ല. അദ്ദേഹം പോലീസു വകുപ്പിൽ ഇരുന്ന കാലത്തു പല രാഷ്ട്രീയ പ്രവർത്തകരേയും യമപുരിയിലേയ്ക്കു ട്രാൻസ്പോർട്ടു ചെയ്തിട്ടുണ്ടു്. ഞാൻ ഇതു ചിരിക്കാൻവേണ്ടി പറഞ്ഞതല്ല. രണ്ടുമൂന്നു രാഷ്ട്രീയപ്രവത്തകരെ യമപുരിയിലേയ്ക്കു് അയച്ചതു് എനിക്കു് നേരിട്ടു് അറിയാം. ആ പ്രശസ്തി അദ്ദേഹത്തിനുണ്ടു്.

എനിക്കു് റോഡു് ട്രാൻസ്പോർട്ടിനെപ്പററിയല്ല, വാട്ടർ ട്രാൻസ്പോർട്ടിനെപ്പററിയാണ് അൽപ്പം പറയാനുള്ളതു്. ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിന്റെ ഒരു വളത്തുപുത്രിയാണ് എറണാകുളം-അരൂർ ഫെറി സർവീസ്. ഏതാനും സംവത്സരങ്ങളായി ട്രാൻസ്പോർട്ട് വകുപ്പിന്റെ കീഴിൽ ഇതു് ഒരു ഉപവകുപ്പായി നടന്നുകൊണ്ടിരിക്കുകയാണ്. അഞ്ചാറു ബോട്ടുകൾ ഓടിക്കൊണ്ടിരിക്കുന്നുമുണ്ടു്. കഴിഞ്ഞതിന്റെ മുമ്പിലത്തെ കൊല്ലം

ഒന്നേകാൽ ലക്ഷം രൂപാ ചെലവു ചെയ്തു പ്രസിഡൻറ് എന്നും "സെൻറമേരി" എന്നും പേരുള്ള രണ്ടു ബോട്ടുകൾ വാങ്ങി. അവയുടെ ആവശ്യം വളരെയുണ്ടെന്നു് ചിലർക്കു തോന്നിയതിന്റെ ഫലമായിട്ടാണു് ഈ രണ്ടു ബോട്ടുകളും വാങ്ങിയതു്. പക്ഷെ, ഒന്നേകാൽലക്ഷം രൂപ ചെലവാക്കി വാങ്ങിയിട്ടും കഴിഞ്ഞ ഏഴുമാസങ്ങളായി ഈ ബോട്ടുകളിൽ ഒന്നു്, "സെൻറമേരി", ഓടുന്നതു വെള്ളത്തിലല്ല, കരയ്ക്കാണു്. ബോട്ടു കേടു വന്നിട്ടു് കരയ്ക്കു കയററി വച്ചിരിക്കുകയാണു്. ഒരു ചില്ലിക്കാശുപോലും അതിന്റെ റിപ്പയറിനുവേണ്ടി ഗവണ്മെൻറ് ഇതുവരെ ചെലവാക്കിയിട്ടില്ല. 'കൃഷ്ണാ' എന്ന ബോട്ടിൽ ഏകദേശം 500 പേർക്കു് സുഖമായി സഞ്ചരിക്കാം. ട്രാൻസ്പോർട്ട് ഇടപാടാണെങ്കിൽ ഏകദേശം 1000 പേർക്കുവരെ സൗകര്യപ്പെടുത്താം. ഓടുന്നില്ലെങ്കിലും ആ ബോട്ടു കരയ്ക്കല്ല, വെള്ളത്തിലാണെന്നു ഒരു സമാധാനമുണ്ടു്. ഈ രണ്ടു ബോട്ടുംകൂടി കേടുസംഭവിച്ചു് ഉപയോഗശൂന്യമായി കിടക്കുകയാണു്. അതിലേക്കുവേണ്ടി ചെലവാക്കിയിരിക്കുന്ന തുകയുടെ പലിശതന്നെ കണക്കുകൂട്ടി നോക്കുകയാണെങ്കിൽ, ആ പലിശകൊണ്ടു തന്നെ ഒന്നോ രണ്ടോ ബോട്ടു വാങ്ങിക്കാൻ സാധിക്കുമായിരുന്നു. ഇപ്പോൾ അവയുടെ യന്ത്രങ്ങളും മററു മരസാമാനങ്ങളും ദ്രവിച്ചുതുടങ്ങിയിരിക്കുകയാണു്. ട്രാൻസ്പോർട്ട് തൊഴിലാളികൾക്കു സംഘടിക്കാൻ പാടില്ലെന്നു് ശഠിക്കുന്ന മന്ത്രിയോടു് ഈ കാര്യത്തെപ്പററി പരാതി പറയുന്നതിനായി ട്രാൻസ്പോർട്ടിലെ ബസ്സുകളിലും അതുപോലെതന്നെ ബോട്ടുകളിലും സഞ്ചരിക്കുന്ന നാട്ടുകാരായ ഞങ്ങൾക്കു സംഘടിച്ചുകൂടെ എന്നാണു ഞാൻ ചോദിക്കുന്നതു്. ഫെറി പാസഞ്ചേഴ്സ് സർക്കാരിന്റെ ഈ മാതിരിയുള്ള അനാശാസ്യ പ്രവൃത്തികൾക്കു എതിരായി നടപടികൾ എടുത്തുതുടങ്ങിയിരിക്കുകയാണു്. ഫെറി സർവീസിനെസംബന്ധിച്ചിടത്തോളം പലവിധത്തിലുള്ള കുംഭകോണങ്ങൾ നടന്നിട്ടുണ്ടു്. കുംഭകോണം എന്നു പറയുന്നതു പാർലമെൻററിയാണോ എന്നു എനിക്കു അറിഞ്ഞുകൂടാ. ഫെറിസർവീസിൽ ഈ മാതിരിയുള്ള അഴിമതികൾ, അവയുടെ യന്ത്രം വാങ്ങുന്നതു സംബന്ധിച്ചു അഴിമതി, അവയുടെ മരസാമാനങ്ങൾ വാങ്ങുന്നതു സംബന്ധിച്ചു് അഴിമതി സർവീസിനകത്തു് കൈക്കൂലിയും കോഴയും ഇങ്ങനെ പലവിധ ദുർനടപടികളും ഈ സർവ്വീസിനെ സംബന്ധിച്ചു് ഉണ്ടായിട്ടുണ്ടു്. വാട്ടർ ട്രാൻസ്പോർട്ടിനെപ്പററി ഉണ്ടായിട്ടുള്ള അനേകം ആക്ഷേപങ്ങൾ രേഖാമൂലമായിത്തന്നെ എന്റെ പക്കലുണ്ടു്. അപ്പോഴപ്പോൾ ഉണ്ടാകുന്ന ആക്ഷേപങ്ങളെ സംബന്ധിച്ചിടത്തോളം അതാതു സമയത്തു അതു ഗവണ്മെൻറിന്റെയും ട്രാൻസ്പോർട്ട് ഡയറക്ടരുടെയും മുൻപിൽ വയ്ക്കുകയും ചെയ്തിട്ടുണ്ടു്.

സർ, മറെറാരുകാര്യം എനിക്കു പറയാനുള്ളതു്, നാലുകൊല്ലം അവിടെ ജോലിചെയ്ത തൊഴിലാളികളെ നാലുപേരെ പിരിച്ചുവിടുന്നതിനു് നോട്ടീസു കൊടുക്കുകയും, അവർക്കു പകരം നാലുപേരെ വയ്ക്കാൻ പബ്ലിക്ക സർവീസുകമ്മീഷനോടു ആവശ്യപ്പെടുകയും ചെയ്തിരിക്കുകയാണു്. അഞ്ചു തൊഴിലാളികൾക്കു ഏഴരമാസത്തെ ശമ്പളം ഇനിയും കൊടുത്തിട്ടില്ല. ഇതിനെ സംബന്ധിച്ചു ട്രാൻസ്പോർട്ട് ഡയറക്ടർക്കും എഴുതി, മന്ത്രിക്കും എഴുതി. എന്നാൽ എന്താണു് ഫലമുണ്ടായതു്? ഒന്നുമുണ്ടായില്ല. സർക്കാരിന്റെ കീഴിൽ നിസ്സാര ശമ്പളമായ

[ശ്രീ. എം. പി. മേനോൻ]

ആറും ഏഴും രൂപാ വാങ്ങിക്കൊണ്ടിരിക്കുന്ന ഈ സാധുക്കൾക്കു ശമ്പളക്കുടിശിഖ വരുത്തുകയെന്നുവെച്ചാൽ അവർ എത്രത്തോളം കഷ്ടപ്പാടു അനുഭവിക്കുന്നുണ്ടെന്നു ഊഹിക്കാവുന്നതാണല്ലോ. ചോദ്യോത്തരവേളയിൽ ഈ സർവ്വീസിലുള്ള സൂപ്പർന്യൂമററി തൊഴിലാളികളുടെ കാര്യം ചോദിച്ചപ്പോൾ മന്ത്രി പറയുകയാണു് നോട്ടീസുവേണമെന്നു്. ഈ വകുപ്പു് കൈകാര്യം ചെയ്യുന്ന ഒരു മന്ത്രിക്കു ഈ കാര്യത്തെപ്പററി ബോധ്യമില്ലെന്നുള്ളതിനു് ഇതിൽക്കൂടുതൽ തെളിവു വേണോ എന്നു ഞാൻ ചോദിക്കുന്നു. ഫെറി സർവ്വീസിൽ 14 ബുക്കിംഗു് ക്ലാർക്കന്മാർ ഇന്നും സൂപ്പർ ന്യൂമററിയായിട്ടു ജോലിനോക്കി വരികയാണു്. അവരിൽനിന്നും ഡിപ്പോസിററായി 200-ം 300-ം രൂപവീതം നമ്മുടെ സർക്കാർ വാങ്ങിയിട്ടുമുണ്ടു്. ഇവർ മാത്രമല്ല, രണ്ടു മെക്കാനിക്കും സൂപ്പർ ന്യൂമററിയാണു്. അതുമാത്രമോ, 49 മുതൽ 51 വരെയുള്ള രണ്ടുവർഷങ്ങളിൽ തൊഴിലാളികൾക്കു് കിട്ടാനുള്ള ഇൻക്രിമെൻറുതന്നെ കൊടുത്തിട്ടില്ല. ബോണസു് മടക്കിയെടുക്കുന്നതിനെക്കുറിച്ചു ഇവിടെ ചിലരെല്ലാം പരാതി പറയുന്നതു കേട്ടു. ഫെറി തൊഴിലാളികൾക്കു് മിക്ക വർഷങ്ങളിലും ബോണസ്സേ നൽകിയിട്ടില്ല. ഉണ്ടവനു് പാ കിട്ടുന്നില്ല, ഉണ്ണാത്തവനു് ഇലകിട്ടുന്നില്ല. ഇതാണു് ഇന്നത്തെ സ്ഥിതി. ഒരു പ്രത്യേക ശതമാനം ലാഭം കിട്ടിയെങ്കിൽ മാത്രമെ ബോണസ്സു് കൊടുക്കുകയുള്ളുവെന്നു ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചു് തീർച്ചപ്പെടുത്തിയിട്ടുള്ള വ്യവസ്ഥ, ഫെറിസർവ്വീസിനെ സംബന്ധിച്ചിടത്തോളം അംഗീകരിക്കുന്നതു നീതീകരിക്കത്തക്കതല്ല. കാരണം, റോഡു് വിഭാഗത്തിനു വരുന്ന പല ചിലവുകളും ഫെറിയുടെ കണക്കിൽ ചേർക്കുന്നുണ്ടു്. അവിടെ നിയമിച്ചിട്ടുള്ള ഒരു ചെക്കിംഗു് ഇൻസ്പെക്ടരുടെ പെരുമാററങ്ങളെ നിരീക്ഷണം ചെയ്യുകയാണെങ്കിൽ, ആ സർവ്വീസിലുള്ള കീഴു് സിൽബന്തികളെ ശിക്ഷിക്കാൻവേണ്ടി മാത്രമാണോ ഈ നിയമനം നടത്തിയിട്ടുള്ളതെന്നു തോന്നിപ്പോകും. മാസാമാസം കുറെ തുക അദ്ദേഹം സഞ്ചാരപ്പടിയായും മററും വാങ്ങിക്കുന്നുവെന്നുള്ളതിൽ കവിഞ്ഞു് യാതൊരു മേന്മയും എൻെറ അറിവിൽ കാണുന്നില്ല. സർ, മറെറാരു കാര്യം എനിക്കു പറയാനുള്ളതു്, ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിലെ ഒരു ബസ്സു് വഴിക്കുവെച്ചു എന്തെങ്കിലും കേടു സംഭവിച്ചാൽ അതിനടുത്ത ഗാരേജിലേക്കു അറിയിക്കണമെന്നു വ്യവസ്ഥയുണ്ടു്. ആ വ്യവസ്ഥയനുസരിച്ചു് മറെറാരു ബസ്സു വന്നു് യാത്രക്കാരെ കൊണ്ടുപോകുകയും ചെയ്യും. ബോട്ടു സർവ്വീസിനാണെങ്കിൽ അങ്ങനെയുള്ള നിബന്ധന പ്രായോഗികമല്ല. ഒരു ബോട്ടു നടുക്കായലിൽ വന്നു് കേടു സംഭവിക്കുകയാണെങ്കിൽ, ബോട്ടു നന്നാക്കാൻ അതിനകത്തുള്ള തൊഴിലാളികൾക്കു അനുവാദമില്ല, എന്നു മാത്രമല്ല, അങ്ങനെ നന്നാക്കുന്നതു കുററകരവും കൂടിയായിരിക്കും. അനേകം യാത്രക്കാരെ വഹിച്ചുകൊണ്ടുവന്ന ബോട്ടു് കേടു സംഭവിച്ചു നടുക്കായലിൽ അകപ്പെട്ടു പോയാൽ ഉണ്ടാകുന്ന വൈഷമ്യങ്ങൾ എന്തെല്ലാമാണെന്നുള്ളതു ഗവണ്മെൻറു ആലോചിക്കേണ്ടതാണു്. പക്ഷെ, ട്രാൻസ്പോർട്ടു ഡയറക്ടർക്കു് ഈ വൈഷമ്യങ്ങളൊന്നും ചിന്തിക്കേണ്ട ആവശ്യമില്ലായിരിക്കാം. ഈ മാതിരിയുള്ള സർവ്വീസു് അതായതു് ഈ മാതിരിയുള്ള പബ്ലിക്കു യൂട്ടിലിററി സർവ്വീസു് എപ്പോഴും പൊതുജനങ്ങളുടെ സൗകര്യത്തെ ആസ്പദമാക്കി പ്രവർത്തിക്കേണ്ടതാണു്.

സർ, ഫെറി സർവീസിൽ ഒരു സൂപ്പർവൈസർ ഉണ്ട്. അദ്ദേഹവും സൂപ്പർ ന്യൂമററിയാണെന്നാണ് പറയുന്നതു്. ഇങ്ങനെയുള്ള സൂപ്പർ ന്യൂമററികളെല്ലാം തുടർന്നുകൊണ്ടു പോകാതെ അവരുടെ ജോലിക്കു ഒരു സ്ഥിരത കൊടുക്കുകയും, ഫെറി സർവീസിന്റെ കാര്യക്ഷമമായ നടത്തിപ്പിനുവേണ്ടി എറണാകുളത്തെ ഡിസ്ട്രിക്ട് ആഫീസറുടെ അധീനത്തിൽനിന്നും ഫെറി വകുപ്പിനെ മാററി, ഒരു പ്രത്യേക വിഭാഗമാക്കി, ഫെറി സൂപ്പർവൈസറുടെ കീഴിലുള്ള ഒരു പ്രത്യേക ഉപവകുപ്പായി സംഘടിപ്പിക്കേണ്ടതു ഏററവും അത്യാവശ്യമാണ്. അങ്ങനെ ചെയ്തില്ലെങ്കിൽ ബോട്ടു ശരിയായിട്ടു സർവീസു നടത്തുകയില്ല, നാട്ടുകാരുടെ പരാതി തീരുകയില്ല. ഇങ്ങനെ പല കുഴപ്പങ്ങളും ഉണ്ടായിക്കൊണ്ടുതന്നെ ഇരിക്കും. ബോട്ടു സർവീസിലെ തൊഴിലാളികളുടെ അവശതകൾ എത്രയും വേഗം പരിഹരിക്കുന്നതിനുവേണ്ട നടപടികൾ നടത്തിയില്ലെങ്കിൽ ഞാൻ ഇന്നു പറഞ്ഞതുപോലെ കുറെ കഴിയുമ്പോൾ അവരുടെ അവകാശവാദങ്ങൾക്കുവേണ്ടി സംഘടിക്കുകയും അവ പിടിച്ചുപററാൻ ശ്രമിക്കുകയും ചെയ്യുമെന്നുള്ളതിനു് തർക്കമില്ല. ഇപ്പോൾതന്നെ ഫെറി സർവീസുകാർ അവരുടെ അവകാശവാദങ്ങളുമായി ഗവണ്മെന്റിനെ സമീപിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട ആലപ്പുഴ മെംബർ പറഞ്ഞതിനെക്കാൾ കൂടുതൽ അവശതകൾ വാട്ടർ ട്രാൻസ്പോർട്ട് തൊഴിലാളികൾക്കുണ്ട്. ഗവണ്മെന്റു ഈ വക കാര്യങ്ങളിൽ മൗനം അവലംബിക്കുകയാണെന്നു തോന്നുന്നു. അതു നല്ലതിനല്ല. കോൺഗ്രസ് ബെഞ്ചുകളിൽനിന്നും ട്രാൻസ്പോർട്ട് തർക്കത്തിൽ സമാധാനത്തിന്റെ സന്ദേശങ്ങൾ ഉയരുന്നതുകേട്ടു. അവകാശങ്ങൾ അനുവദിക്കണമെന്നു സർക്കാരിനോടും, സമരം ചെയ്യരുതെന്നു തൊഴിലാളികളോടും, മാറി മാറി ഉപദേശിക്കുകയാണവർ. ഉപദേശം പ്രയാസമില്ലാത്ത ജോലിയാണ്. ഭരിച്ചിരുന്ന കാലത്തു അവർ അതൊന്നും നടപ്പാക്കിയില്ലെന്നു മാത്രം ഓർമ്മിക്കുന്നതു നന്നായിരിക്കും.

അവസാനമായി പറയാനുള്ളതു്, ഖദർധരിച്ച ആളുകളെ ബസ്സിലും ബോട്ടിലും കയററുന്നില്ല എന്നു ശ്രീ. ബാവായുടെ ഒരു പരാതിയുണ്ടായതിനെപ്പററിയാണ്. അവരെല്ലാവരും ഈയിടെയായി തൊഴിലാളികൾക്കുവേണ്ടി വാദിക്കാൻ തുടങ്ങിയിരിക്കുന്നതുകൊണ്ട്, അവരെക്കൂടി ബസ്സുകളിൽ കയററിക്കൊണ്ടു പോകുന്നതിനു് ഈ ഭാഗത്തിരിക്കുന്ന നിങ്ങളെല്ലാവരും ശുപാർശ ചെയ്യണമെന്നു മാത്രം എനിക്കു് ആ കാര്യത്തിൽ ഒരഭ്യർത്ഥനയുണ്ട്.

<u>ശ്രീ. എ. അച്യുതൻ</u>: ബഹുമാനപ്പെട്ട ആലപ്പുഴ മെംബർ, അദ്ദേഹത്തിന്റെ ഉപക്ഷേപം അവതരിപ്പിച്ചുകൊണ്ടു് ശ്രീ. പട്ടം താണുപിള്ള ഉന്നയിച്ചതായി പറയുന്ന ഏതോ ചില രേഖകൾ ഇവിടെ വായിക്കുകയും, അതിനെ സംബന്ധിച്ചു് ചിലതൊക്കെ പ്രസ്താവിക്കുകയും ചെയ്യുകയുണ്ടായി. സർ, ഒരു കാര്യം ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. പ്രചരണത്തിനുവേണ്ടിയും, പ്രക്ഷോഭണങ്ങൾക്കുവേണ്ടിയും പ്രസംഗവേദികളിലും, നിയമസഭാ സമ്മേളനങ്ങളിലും ഒച്ചപ്പാടുകൾ ഉണ്ടാക്കിയതുകൊണ്ടു് യാതൊരു പ്രയോജനവും ഉണ്ടാകുമെന്നു തോന്നുന്നില്ല. ഭരണപരമായ ഓരോ പ്രശ്നവും സംബന്ധിച്ചു് വല്ല പരിഹാരവും നേടണമെന്നുണ്ടെങ്കിൽത്തന്നെയും, ശാന്തമായും, സമാധാനപരമായും സത്യാവസ്ഥ മുൻനിറുത്തിയും പ്രവർത്തിക്കേണ്ടതു തൊഴിലാളി പ്രവർത്തകരാ

[ശ്രീ. എ. അച്യുതൻ]

യിരുന്നാലും, ഗവണ്മെന്റുദ്യോഗസ്ഥന്മാരായാലും അനുവർത്തിക്കേണ്ട ഒരു കടമമാത്രമാണ്. ശ്രീ. പട്ടം താണുപിള്ളയുടെ മെമ്മോറാണ്ടം ആണെന്നു പറഞ്ഞു് ചില രേഖകളുടെ ഏതോ ചില ഭാഗങ്ങൾ വായിച്ചുകൊണ്ടു് ട്രാൻസ്പോർട്ടു തൊഴിലാളികളുടെ ഇന്നത്തെ നില വളരെ പരിതാപകരമായ ഒരവസ്ഥയിലാണെന്നുംമററും ചൂണ്ടിക്കാണിക്കുകയുണ്ടായി. പക്ഷെ, അന്നത്തെ ട്രാൻസ്പോർട്ടു തൊഴിലാളികളുടെ നിലപാടിനെയും, ഇന്നത്തെ നിലപാടിനെയും തമ്മിൽ അപഗ്രഥനം ചെയ്യാതെ ഇത്തരമൊരു പ്രസ്താവന ഈ നിയമസഭയിൽ നടത്തിയതു് നിർഭാഗ്യകരമായിപ്പോയെന്നേ എനിക്കു പറയാനുള്ളു. സർ, അന്നത്തെക്കാൾ വളരെ മെച്ചമായ ഒരു നിലയാണ് അവർക്കുള്ളതെന്നല്ല ഞാൻ പറയുന്നതിന്റെ അർത്ഥം. എങ്കിലും മുമ്പിലത്തെക്കാൾ ഏതാണ്ടു മെച്ചമായ ഒരു നിലയാണ് അവർക്കു് ഇന്നു ലഭ്യമായിട്ടുള്ളതെന്നു് തീർത്തുപറയാൻ സാധിക്കും. ട്രാൻസ്പോർട്ടു തൊഴിലാളികൾക്കു് ഇന്നു കിട്ടിക്കൊണ്ടിരിക്കുന്ന ശമ്പളം, ദിവസപ്പടി, അലവൻസു് മുതലായവയുടെ ഒരു ചെറിയ വിവരണം ഈ സഭയുടെ ശ്രദ്ധയ്ക്കായി കൊണ്ടുവരുന്നതു് ഈ സന്ദർഭത്തിൽ ഉചിതമാണെന്നു തോന്നുന്നു.

സർ, 30–45 ക. ശമ്പളമുള്ള ഒരു കണ്ടക്റ്ററക്കു് അടിസ്ഥാന ശമ്പളം കുറഞ്ഞതു് 30 രൂപ ശമ്പളവും, 27 രൂപ വിലക്കൂടുതൽ അലവൻസും 19 രൂപ 8 അണ. ഡെയിലി ബാററയും അങ്ങിനെ 76 രൂപ 8 അണ കിട്ടുന്നുണ്ടു്. ഓവർടൈം ജോലി ചെയ്യുകയാണെങ്കിൽ ദിവസമൊന്നിനു് 1 രൂപ 13 അണ ഓവർടൈം അലവൻസും, 12 അണ ഡെയിലി ബാററയും കിട്ടുന്നതാണ്. ഇങ്ങനെ 15 ദിവസം ഓവർടൈം ജോലി ചെയ്യുന്ന 30–45 രൂപ ശമ്പളത്തിൽ 30 രൂപ അടിസ്ഥാനശമ്പളമുള്ള ഒരു കണ്ടക്റ്ററക്കു് 114 രൂപ കിട്ടുന്നുണ്ടു്. ബിരുദധാരികളായ സെക്രട്ടറിയേററു ക്ലാക്കന്മാക്കു് ഇന്നു് എന്താണു ശമ്പളം കിട്ടുന്നതെന്നു കൂടി ആലോചിക്കേണ്ടതാണ്. ഇനിയും ഡ്രൈവറുടെ ശമ്പളമാണെങ്കിൽ, 30–75 രൂപയാണ് അവരുടെ ശമ്പളം. 75 രൂപ അടിസ്ഥാന ശമ്പളം കിട്ടുന്ന ഒരു ഡ്രൈവർക്കു് 75 രൂപ ശമ്പളം, 33 രൂപ വിലക്കൂടുതൽ അലവൻസു്, 19 രൂപ 8 അണ ഡെയിലി ബാററ ഇങ്ങനെ 132 രൂപ 8 അണ ഇന്നു ലഭിക്കുന്നുണ്ടു്. ഇതുകൂടാതെ ഇവർ ഓവർടൈം ജോലിചെയ്യുകയാണെങ്കിൽ നാലര രൂപ ഡെയിലി അലവൻസും 12 അണ ഡെയിലി ബാററയും കിട്ടുന്നതാണ്. അതായതു് ഒരു ഡ്രൈവർ 15 ദിവസം ഓവർടൈം ജോലി ചെയ്യുകയാണെങ്കിൽ അയാൾക്കു് 132 രൂപ 8 അണ കിട്ടുന്നതിനുപുറമെ 78 രൂപ 12 അണ കൂടി ഓവർടൈം വേതനമായി ലഭിക്കുന്നതുമാണ്.

ഇതിനുംപുറമെ അവർക്കു കിട്ടുന്ന സൗജന്യങ്ങളുമുണ്ടു്. ഡ്രസ്സു് കൊടുക്കുന്നുണ്ടു്. ആണ്ടിൽ രണ്ടുസെററു് യൂനിഫാറമാണ് അവർക്കു കൊടുക്കുന്നതു്. 51–52-ൽ ചില കാരണവശാൽ യൂണിഫാറം കൊടുത്തില്ല. 53-54-ൽ കൊടുത്തു. 54–55-ൽ കൊടുക്കുന്നുണ്ടു്. ഇതിനുംപുറമെ അവർക്കു് ക്യാഷ്വൽലീവു് ഇരുപതു ദിവസമുണ്ടു്. പ്രവിലേജ് ലീവു് ഒരു വർഷത്തിൽ ഒരു മാസം. പകുതി ശമ്പളത്തിൽ മൂന്നുകൊല്ലത്തെ സിക്കുലീവു് അവരുടെ സർവ്വീസിലെടുക്കാം. രണ്ടുകൊല്ലത്തെ ഫർലോയും

അവരുടെ സർവീസിലെടുക്കാം. പിന്നെ ട്രാൻസ്പോർട്ട് വാഹനങ്ങളിൽ ടിക്കറ്റില്ലാതെ ഫ്രീയായി സഞ്ചരിക്കാനുള്ള അവകാശവും ട്രാൻസ്പോർട്ടുകാർക്കുണ്ട്. ഇതാണ് ഇവിടത്തെ സ്ഥിതി. എന്നാൽ ഇതേ അവസരത്തിൽ മദ്രാസിലെ ശമ്പളംകൂടി നമുക്ക് താരതമ്യപ്പെടുത്തി നോക്കാം. അവിടത്തെ ഡ്രൈവർക്ക് 40–2–50 എഫിഷ്യൻസിബാർ–1–60 അങ്ങനെ പതിനാറു കൊല്ലംകൊണ്ട് 60 രൂപാ ശമ്പളമാണ് മദ്രാസിലെ ഒരു ഡ്രൈവർക്ക് കിട്ടുന്നത്. തിരുവിതാംകൂറിലാണെങ്കിൽ 45–75 വരെ ശമ്പളമുള്ള ഡ്രൈവർക്ക് 6 കൊല്ലംകൊണ്ട് 75 രൂപാ വാങ്ങിക്കാൻ സാധിക്കുന്നതാണ്. അവിടത്തെ കണ്ടക്ടർക്ക് 30–40 എഫിഷ്യൻസിബാർ 2–50 ഇതാണ്. അവിടത്തെ ഒരു കണ്ടക്ടർക്ക് മാക്സിമം 50 ആണ്. ഡിയർനെസ്സ് അലവൻസായി അവർക്ക് 20 രൂപയാണ് കിട്ടുന്നത്. ഇവിടെയാണെങ്കിൽ 30 രൂപ ശമ്പളമുള്ള ഒരാൾക്ക് 27 രൂപ അലവൻസും കിട്ടുന്നുണ്ട്.

മൈസൂറിലും ഡ്രൈവർമാർക്കും, കണ്ടക്ടർമാർക്കും കിട്ടുന്ന ശമ്പളവും അലവൻസും തിരുവിതാംകൂർ–കൊച്ചിയിൽ കിട്ടുന്നതിനെക്കാൾ കുറവാണെന്ന് ഈ സഭയെ അറിയിക്കുവാൻ എനിക്കാഗ്രഹമുണ്ട്. അതുകൊണ്ട്, ഇവിടത്തെ ട്രാൻസ്പോർട്ട് തൊഴിലാളികൾക്ക് ഇന്ന് വളരെ അവശതകളുണ്ടെന്നും അതെല്ലാം പരിഗണിക്കുന്നതിന് ഈ ഗവണ്മെന്റ് തടസ്സക്കാരാണെന്നും അവർക്ക് ആവശ്യമുള്ള ശമ്പളവും അലവൻസും കിട്ടുന്നില്ലായെന്നും പറയുന്നത് മുഴുവൻ പരമാർത്ഥമല്ല. അവരുടെ അവശതകളിൽ ചിലത് പരിഹരിച്ചുകിട്ടുന്നതിനുവേണ്ടി 52–ൽ ഒരു പ്രക്ഷോഭണം നടത്തി. അതിന്റെ അവസാനത്തിൽ ട്രാൻസ്പോർട്ട് ജീവനക്കാരെ പെൻഷനബിൾ ആക്കണമെന്ന് ലേബർ പ്രതിനിധികളും ഗവണ്മെന്റുംകൂടി ആലോചിച്ചതിനുശേഷം ഗവണ്മെന്റ് തീരുമാനിച്ചു. ആ പെൻഷൻ സ്കീം അംഗീകരിക്കുന്നുണ്ടെന്നാണ് ഇന്ന് റിക്കാർഡുകൊണ്ട് ഞാൻ മനസ്സിലാക്കുന്നത്. പെൻഷൻ അനുവദിച്ചു കഴിഞ്ഞാൽ ബോണസ്സിന്റെ പ്രശ്നം ഉദിക്കുന്നില്ലായെന്നുള്ള അനുമാനത്തിലാണ് ഈ പെൻഷണബിൾ സർവീസ് അംഗീകരിച്ചത്. എന്നാൽ ഇന്ന് അവർ പറയുന്നു പെൻഷനും വേണം ബോണസ്സുംവേണം എന്ന്. ഒരു രാജ്യത്തും ഒരു വകുപ്പിലുള്ള ജീവനക്കാർക്കും ഇതുരണ്ടുംകൂടി കൊടുക്കുന്നില്ല. പിന്നീട് വേണമെങ്കിൽ ചൂഷണം നടക്കുന്നുവെന്ന് പ്രചരണത്തിനുവേണ്ടി പറയാം. ഇതോടുകൂടി ട്രാൻസ്പോർട്ട് പ്രവർത്തനത്തിൽ ഇത്ര വളരെ താൽപ്പര്യം കാണിക്കുന്ന മി. താമസ്സിനോട് ഞാൻ ഒരു ചോദ്യം ചോദിക്കുന്നു. ജൂൺമാസം പത്താംതീയതി ഗോ സ്ലോ പാളിസി എന്തടിസ്ഥാനത്തിലാണ് അവർ അംഗീകരിച്ചതെന്ന്. സർവീസ് കിഴക്കേകോട്ടയിൽനിന്നും പുറപ്പെട്ടാൽ ശംഖുമുഖത്തേയ്ക്ക് പോയി വരുന്നതിന് 3 മണിക്കൂറും വേളിയിൽ പോയിവരുന്നതിന് മൂന്നര മണിക്കൂറും സമയമെടുത്ത് ജനങ്ങളെ വിഷമിപ്പിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത് എന്താണെന്നാണ് ഞാൻ ചോദിക്കുന്നത്. പല ആളുകളും ഈ കാര്യത്തെപ്പറ്റി ഗവണ്മെന്റിന്റെ അടുക്കൽ പരാതി പറഞ്ഞിട്ടുണ്ട്. ഓരോ ബസ്സും നാൽപ്പതിനായിരം രൂപ അൻപതിനായിരംരൂപ വിലയുള്ളതാണ്. അങ്ങനെയുള്ള ബസ്സുകളെ യാതൊരു നിയന്ത്രണവും ഇല്ലാതെ ഓടിച്ചതുനിമിത്തം ജനങ്ങൾക്കും കണ്ടക്ടർ ഡ്രൈവർ മുതലായ ആളുകൾക്കും ധാരാളം അപകടങ്ങളു

[ശ്രീ. എ. അച്യുതൻ]

ങ്ങളായി. അതിനു നടപടി എടുത്തതിനാണ് ഈ പാളിസി അവർ അംഗീകരിച്ചത്. ഈ ബസ്സുകൾ ഈ രാജ്യത്തെ ഒരു കോടി ആളുകളുടെ വകയല്ലേ? ആർക്കാണ് ഇതിന്റെ നഷ്ടമുണ്ടാകുക? മി. ടി. വി. താമസ്സിനു കൂടി ഇതിന്റെ നഷ്ടമുണ്ടെന്നു വിചാരിച്ചിരുന്നുവെങ്കിൽ അദ്ദേഹം തൊഴിലാളികളെ ഈ മാതിരി ഒരു നയം കൈക്കൊള്ളുവാൻ ഉപദേശിക്കുകയില്ലായിരുന്നു. അവർ ഇതിനു തീരുമാനിച്ചപ്പോൾ അതിനുള്ള പരിഹാരമെന്താണെന്നു എന്നോടു ആലോചിക്കയോ ഉണ്ടായിട്ടില്ല. ഡയറക്ടറെയോ ഗവണ്മെന്റിനേയോ അറിയിച്ചിട്ടില്ല. അതു കഴിഞ്ഞു രണ്ടു മൂന്നു ദിവസം കഴിഞ്ഞയുടനെ യൂനിഫാറം ഇല്ലാതെ ഡ്രൈവർമാരും കണ്ടക്ടർമാരും വണ്ടിഓടിച്ചുതുടങ്ങി. അതിനുകാരണമായി പറയുന്നതു അവർക്കു യൂനിഫാറം കൊടുത്തില്ലായെന്നാണ്. യൂനിയൻ അംഗീകരിക്കുകയോ അംഗീകരിക്കാതിരിക്കയോ ചെയ്യുന്നതു വേറൊരു പ്രശ്നമാണ്. യൂനിയൻ ഇപ്പോൾ അംഗീകരിക്കാൻ നിവൃത്തിയില്ല, അതിനെക്കുറിച്ചു അവസാനമായി തീരുമാനം ചെയ്യുന്നതിനു സ്വല്പം സമയം വേണം എന്നാണ് ഗവണ്മെന്റു പറഞ്ഞതു. ഈ കാര്യത്തിലേയ്ക്കുവേണ്ടി മി. താമസ്സിനേയും, സഹപ്രവർത്തകന്മാരേയും വിളിച്ചുവരുത്തി മേയ്മാസത്തിൽ ഒരു കാൺഫറൻസ് നടത്തി. പക്ഷെ, അദ്ദേഹം ഇവകകാര്യങ്ങളൊന്നും പറഞ്ഞില്ല. യൂനിഫാറത്തിന്റെ കാര്യത്തിൽ തൊഴിലാളികളുടെ പേരിൽ ഗവണ്മെന്റ് അന്യായമായി പ്രാസിക്യൂഷൻ നടത്തുന്നുണ്ടു, സ്പീഡ് കൂട്ടി ഓടിച്ചുവെന്നുള്ള കാരണത്തിന്മേൽ ചിലരുടെമേൽ കേസെടുത്തിട്ടുണ്ടു എന്നൊക്കെ പറയുകയുണ്ടായി. ഈ നടപടികൾ കൈക്കൊള്ളുന്നതിനുമുമ്പ് ഗവണ്മെന്റിനു യാതൊരു അറിവും തന്നിട്ടില്ല. അതുകൊണ്ടു അനുമാനിക്കേണ്ടതു തൊഴിലാളികൾക്കു വാസ്തവത്തിൽ അവശതയില്ലെന്നാണ്. ഗവണ്മെന്റിന്റെ നയക്കുറവുകൊണ്ടല്ല, പ്രത്യുത ഒരു സമരമുണ്ടാക്കണം, എങ്ങനെയെങ്കിലും ഒരു സമരമുണ്ടാക്കണം, എന്നാണ് അവരുടെ വിചാരം. അതിനാണ് അവർ ഇങ്ങനെയൊരു ബഹളമുണ്ടാക്കുന്നതു. ട്രാൻസ്പോർട്ടു ജീവനക്കാരുടെ അവശതകൾ പരിഹരിച്ചു കൊടുക്കുന്നതിനു ഈ ഗവണ്മെന്റിനു വലിയ താൽപ്പര്യമുണ്ടു. മി. ടി. വി. താമസ്സു പറയും, ഇദ്ദേഹം തൊഴിലാളികൾക്കുവേണ്ടിയുള്ള ആളാണ് എന്നു. അദ്ദേഹം ട്രാൻസ്പോർട്ടു വണ്ടിയിൽ സഞ്ചരിക്കുകയില്ല. ഞാൻ ധാരാളം പ്രാവശ്യം സഞ്ചരിച്ചിട്ടുണ്ടു. ഇനിയും സഞ്ചരിക്കുകയും ചെയ്യും. അതുകൊണ്ടു എനിക്കു അവരുടെ കാര്യത്തിൽ വലിയ താൽപ്പര്യമുണ്ടു. ഞാൻ ഇവിടെ തൊഴിലാളികൾക്കുവേണ്ടി മുതലക്കണ്ണീർ പൊഴിക്കുകയല്ല. യഥാർത്ഥം പറയുകയാണ്. തൊഴിലാളികൾക്കു യഥാർത്ഥത്തിൽ കിട്ടേണ്ടതു അവർക്കു കിട്ടും. ഇപ്പോൾ ട്രാൻസ്പോർട്ടു യൂണിയന്റെ പ്രവർത്തനത്തിനു സാദ്ധ്യതയില്ലെന്നു വിചാരിച്ചു ഒരു പ്രക്ഷോഭണം ഇളക്കിവിട്ടു യൂണിയൻ ഉണ്ടാക്കണമെന്നാണ് അതിന്റെ പിന്നിലുള്ള ആളുകളുടെ വിചാരം. ഞാൻ യൂണിയൻ കാര്യത്തിൽ ഗവണ്മെന്റിന്റെ നില എന്താണെന്നു പറഞ്ഞുകൊണ്ടു അവസാനിപ്പിക്കാം. അവരുടെ സർവ്വീസ് പെൻഷനബിളാക്കിയതിനുശേഷം അവർ ടി. എസ്. ആർ., സി. എസ്. ആർ. ഗവണ്മെന്റ് സർവന്റ്സ് കാൺഡക്റ്റ് റൂൾസ് ഇതിനൊക്കെ വിധേയരാണ്. അങ്ങനെയുള്ളവർക്കു യൂണിയന്റെ പ്രവർത്തനം പാടില്ല. എന്നാൽ

ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറ് ഒരു പ്രത്യേകതരത്തിലുള്ള നാഷനലൈസ്ഡ് ഇൻഡസ്ട്രിയായതുകൊണ്ട് അവർക്ക് യൂണിയൻ ആകാമോ, പാടില്ലയോ എന്നുള്ളതിനെപ്പററി തീരുമാനമെടുക്കുന്നതിന് അൽപ്പം സമയമെടുക്കും. അതു് ഈ ഗവൺമെൻറുതന്നെ തീരുമാനിക്കുന്നതിനുവേണ്ടിയാണ് ഈ നിലപാട് എടുത്തു്. ലേബർ ഡിപ്പാർട്ടുമെൻറിലേയ്ക്കു് ഈ പ്രശ്നം ഉന്നയിച്ചിട്ടുണ്ട്. ഈ ഗവൺമെൻറ് ഈ കാര്യത്തെ സംബന്ധിച്ച് ഇൻഡ്യാഗവൺമെൻറിന്റെ ലേബർ ഡിപ്പാർട്ടുമെൻറിലേയ്ക്കും എഴുതിയിട്ടുണ്ട്. ഇവരെക്കൂടാതെ ഈ സംസ്ഥാനത്തുതന്നെ പ്രസ്സ് വർക്കേഴ്സ് യൂനിയനുമുണ്ട്; ലേബർ വർക്കേഴ്സ് യൂനിയനുമുണ്ട്. അതുമായി തട്ടിച്ചുനോക്കി ഇവരുടെ കേസ് റെവ്യൂ ചെയ്യു. ഇതിനു പുറമെ, ഐ. എൻ. ടി. യു. സി. ഒക്ടോബർ മാസത്തിൽ ഡെൽഹിയിൽ സമ്മേളിക്കുന്നുണ്ട്. മിനിസ്റ്റീരിയൽ ലെവലിൽ നടത്തുന്ന ഒരു കാൺഫറൻസാണ് അതു്. അതിൽ ഈ കാര്യം അജൻഡായിൽ ഉൾപ്പെടുത്തണമെന്ന് ഈ ഗവൺമെൻറ് എഴുതി അയച്ചിട്ടുണ്ട്. അപ്പോൾ അതിനു ഒരു പരിഹാരം ഉണ്ടാകുമെന്നുള്ള ഉദ്ദേശത്തിലാണ് ഈ ഗവൺമെൻറ് ഇപ്പോൾ ഒരു നടപടിയുമെടുക്കാത്തതു്. സ്റ്റേററ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറ് ഇവിടെ മാത്രമല്ല, ഇന്നുള്ള എല്ലാ സ്റ്റേററുകളിലും നടത്തുന്നുണ്ട്. ഇവിടെ അവരുടെ സർവ്വീസ് പെൻഷനബിളാക്കി. യു. പി. യിൽ അവരുടെ സർവ്വീസ് പെൻഷനബിളാക്കണമെന്ന് സ്ട്രൈക്കു നടത്തുന്നുണ്ട്. അതുകൊണ്ട് എനിക്കു പറയുവാനുള്ളതു് ഈ കാര്യം സാവകാശമായി ആലോചിച്ചുതീരുമാനിക്കേണ്ട ഒന്നാണെന്നാണ്.

Mr. Speaker : Order, order. It is time to put the demand to vote.

The motion of Shri T. O. Bava was, by leave of the House withdrawn.

Mr. Speaker: Does the hon. Member Shri T. V. Thomas press his motion ?

Shri T. V. Thomas : Yes, Sir.

The motion was put to vote and lost.

The question that Government be granted a sum of Rs. 1,10,24,400 under Demand XXXIV—Transport Schemes was put and carried.

The grant was made.

DEMAND XXXIII—COMMUNITY DEVELOPMENT PROJECTS.

Chief Minister (**Shri A. Thanu Pillai**): Sir, I beg to move for a grant of Rs. 38,17,300 under Demand XXXIII—Community Development Projects.

Shri A. Achuthan : I second it.

Mr. Speaker: Cut motions No. 8 in the name of Dr. A. R. Menon and No. 48 in the name of Shri N. Raghava Kurup may be moved and other hon. Members can take part in the discussion. I call upon Dr. A. R. Menon to move his cut motion.

Dr. A. R. Menon: I move "to reduce the allotment of Rs. 1,00,000 for Irrigation—improvements to channels by Rs. 10" to invite the pointed attention of the administration to the absolute necessity of encouraging minor irrigation and also to offer certain observations upon the working of the Community Projects. Sir, I appreciate the various undertakings carried out by the Congress Government as well as the present Government to encourage irrigation and a substantial contribution has been made by their united effort to relieve the scarcity of water which is essential for cultivation. If you give plenty of water and facilities for purchasing manure, gradually that will lead to the reconstruction of the village ;and if the Agricultural Department renders the necessary advice with regard to the use of scientific manure, then the village reconstruction is achieved. Without these, no amount of agitation, no amount of money spent upon the village will revive the village. When all is said and done, Sir, our country is a country of villages and the villagers live upon the soil and the soil requires manure and water. I am not at all against major irrigation. But I want the Government to understand that this major irrigation scheme may take a considerable period of time before the benefit of irrigation is appreciated by the people. In the mean time with limited expense, a Government which is already groaning under financial difficulties, will be able to render greater service to our people by undertaking minor irrigation. Sir, I come from a Taluk which has a net work of irrigation canals—the only one such in the Cochin State I will not let Government take the credit for it. It was all private undertaking carried on in ancient times. Except one, many of these irrigation canals were acquired by Government, rightly in my view, because water and electricity must be nationalised and must be under the Government. Now, what happened during the war time ? Some of the irrigation canals belonging to private parties were taken over by Government under the operation of the Defence of India Rules. The War is over now, and 4 or 5 years have rolled by. But the canals were not handed over to the ryots. I requested the Collector of the District to accompany me to see these irrigation canals and he was surprised to see the difference between the canals owned by private parties and those owned by the Government. In the one, water is flowing plentifully and in the other it is silted with sand and green vegetation and water is only trickling. I will never make an unreasonable request either to Government or to this House. There are two alternatives left to you. Either you resume all the canals and keep them in proper repair and collect the revenue that you are entitled to collect, or if the Government are not in a position to pay compensation for the canals, then hand over the canals back to the original owners. You cannot have a more reasonable request that the canals may be handed over to the people to whom they originally belonged, and any compensation or any amount that you are prepared to pay as damages, may be paid later on, as you would like or in instalments. I request Government to consider this question very seriously as that Taluk supplies food to a major

portion of Cochin State. It is not only a question affecting that taluk. That Taluk is, just like the Tamil Taluks in South Travancore, the granary of that small State and anything that you can do to render help to that Taluk, will be rendering help to the whole of that State.

I wish to make a few observations about the Community Project in general. What is Community Project, Sir? It is not Government Project, it is *Community* Project. The underlying principle of Community Project is that the Government shall keep behind and will make people take a keen interest and work this project. No Government will be able to carry on satisfactorily the Community Project by themselves. Though we boast ours to be a democratic constitution, the core of our Government is still a bureaucracy with a thin coating of democracy over it; and the old mentality of the bureaucracy still persist; and the whole of India is divided into two classes, officials and non-officials, and in spite of all our efforts, still we remain in two separate compartments, each distrusting the other section. That is the position. Now, what happens when people see what your officers are doing with respect to this work? They simply say "as Government are working, why should we interfere?" I am a member of the Executive Committee of the Community Project in the Malabar and I warned the committee of the consequences of this method of approach and what I feared has happened. What is the amount allotted for this Community Project, and what is the amount you were able to use during these two years? Nearly one crore of rupees is the amount to be devoted for the Community Project Unit. Would you be able to utilise that money if you go on working like this? What is the earthly use of going and inspecting the work once in a blue moon? I think it is better that the work is handed over to private parties. Suppose the estimate is made for Rs. 100; private parties will be able to do the work for Rs. 75. So, encourage the Panchayats to take up the work. Fortunately for you, in every area, there is a Panchayat which is not the case in Malabar. There is the Panchayat. Enturst this work either to the Panchayat, or to the Municipality. If you do not trust them, whom are you going to trust? You say they are corrupt and they say that you are corrupt, and as a matter of fact both are right. There are honourable exceptions among the non-officials. Similarly, there are honourable exceptions among the Government servants.

What is Community Project? It is simply like Governmental administration in a particular area. Economical, intellectual, social and cultural, all these factors enter into this Community Project and we are interlinking this with the various departments, so as to make a solid village unit. That is the idea. Not putting up a few tanks here or digging a well there. The work must be correlated. Libraries, recreation grounds, amenities for cultural, and economic and social advancement, if these things are properly done this land which is suffering

[Dr. A. R. Menon]

from communalism and religious bigotry, will to a great extent be able to get over these weaknesses which emphatically ruined these two States. Therefore, we must entrust this work to local bodies, and your officers should give them technical advice and general supervision. Otherwise, this Community Project will go the way the Community Project is going in the adjacent State. I am not saying that you are doing work worse than others. All are doing the work in the wrong way. If you want to do a work, the officer sends it to the Executive Committee—I suppose there is an Executive Committee—for consultation and the Executive Committee draws up a list of work. The list is sent to the District Collector and the Collector sends it to Government and in many cases you have to send it to Delhi. You all know the delay in the Secretariat. Sometimes it is inevitable. In any case there is always this great delay in the paper going through these channels. Sometimes it may take 5 or 6 months. How can you get work done ? For digging a well or putting up a road we do not want an Engineer. Do not our people dig wells daily ? Many of the works which the P. W. D. are doing, ordinary people will do with less cost. If an Engineer spends Rs. 100, I will be able to do it for Rs. 75. I have done it. That is the reason why I am making this bold assertion in this House. We have got only limited resources, and we cannot afford to waste money. There is no department more wasteful than the P. W. Department. I am not blaming the P. W. D. officers. They have to go on according to certain scheduled rates. But they cannot help it. Now think about these things, try to bring all together. Try to harness the people, the members of the Panchayats, or Municipalities, the local Member of the Legislative Assemby, and also nominate people who are respectable and who are anxious to do public service.

There is another advantage that you are going to get. If you harness the Members of this Assembly and hand over to them the practical administration of the State, they will realise how difficult it is to administer. Sir, man cannot control himself, man cannot rule himself but men are called to rule millions of people. Whereas, if you make them realise the difficulties, many of the cut motions made here, many of the exaggerated demands made here—demands which would involve crores of rupees—could not be made. They will have to be careful and frugal in the matter of spending money. Sir, we must make use of the services of the Members of the Assembly. Municipal Councillors and members of the Panchayats in the administration of the State so that these people will realise for the good of the State, the difficulties of running an administration. Government should make them believe that they are doing work and should only stand behind and render them proper help. It is only to point out these facts that I have placed the cut motion. I hope and trust that the Chief Minister

would give an assurance with regard to the question of irrigation, whichever alternative he likes, so that these difficulties may be got over.

Shri N. Raghava Kurup: Sir, I move :

"To reduce the total allotment of Rs. 38,17,300 under Demand XXXIII by Re. 1".

സർ, കമ്മ്യൂണിററി പ്രോജക്ററുകളുടെ പ്രവർത്തനത്തെപ്പററി പൊതുവായി ചില സംഗതികൾ ഈ സഭയുടെ മുമ്പിൽ വയ്ക്കുന്നതിനാണ് ഞാൻ ഈ കട്ട്മോഷൻ അവതരിപ്പിക്കുന്നത്. 1954–1955 വർഷത്തേക്ക് ഈ ബഡ്ജററിൽ 62 ലക്ഷത്തിൽ ശിഷ്ടം രൂപയാണ് കമ്മ്യൂണിററി പ്രോജക്ററ് എന്ന ഹെഡ്ഡിൽ വകകൊള്ളിച്ചിട്ടുള്ളതെന്ന് ഈ ബഡ്ജററ കണക്കുകളിൽ കാണുന്നുണ്ട്. ഈ 62 ലക്ഷത്തിൽ ശിഷ്ടം രൂപയിൽ 6 ലക്ഷത്തിൽ ശിഷ്ടം രൂപ അമേരിക്കയിൽനിന്നും ജീപ്പുകൾ വാങ്ങുന്നതിനും പമ്പുകൾ വാങ്ങുന്നതിനും അതുപോലെയുള്ള കാർഷികയന്ത്രങ്ങൾ വാങ്ങുന്നതിനും വേണ്ടിയാണ് മാററിവച്ചിട്ടുള്ളതെന്ന് ഈ കണക്കുകളിൽനിന്നും വ്യക്തമാകുന്നുണ്ട്. അതു കൂടാതെ 7 ലക്ഷത്തിൽ ശിഷ്ടം രൂപ കമ്മ്യൂണിററി പ്രോജക്ററുകളിലും നാഷണൽ എക്സ്ററൻഷൻ ബ്ലോക്കുകളിലുമായി നിയമിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കൊടുക്കുന്നതിനു വേണ്ടി മാററിവച്ചിട്ടുള്ളതായും ഈ ബഡ്ജററ് വ്യക്തമായി തെളിയിക്കുന്നുണ്ട്. അതുകൂടാതെ മിസ്സിലേനിയസ് എന്ന ഹെഡ്ഡിൽ പല ഭാഗത്തായിട്ട് മൂന്നു ലക്ഷത്തിൽ ശിഷ്ടം രൂപ ഈ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ട്. നമ്മുടെ മുമ്പിൽ ധനകാര്യമന്ത്രി 62 ലക്ഷം രൂപ കമ്മ്യൂണിററി പ്രോജക്ററുകൾക്കായി കൊണ്ടുവന്നിരിക്കുന്നതിൽ മേൽപ്രകാരം ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിനും അമേരിക്കയിൽനിന്നും ജീപ്പുകളും കാർഷികയന്ത്രോപകരണങ്ങളും വാങ്ങുന്നതിനെന്നും പറഞ്ഞു, 17 ലക്ഷത്തിൽ ശിഷ്ടം രൂപയാണ് കൊള്ളിച്ചിട്ടുള്ളത് എന്നുള്ള പരമാർത്ഥം ഈ ബഡ്ജററ നമ്മോടു വിളിച്ചു പറയുന്നുണ്ട്. എന്നാൽ ഈ രണ്ടു ഇനങ്ങളിൽ അമേരിക്കയിൽനിന്നും ജീപ്പുകൾ വരുത്തുന്നതിനും ഉദ്യോഗസ്ഥന്മാർക്കു ശമ്പളം കൊടുക്കുന്നതിനുമുള്ള ഇനങ്ങൾ ഒഴിച്ച് മററ് ഇനങ്ങളിൽ കൊള്ളിച്ചിരിക്കുന്ന സംഖ്യകളിൽ പല മാററങ്ങളും വരുത്തിട്ടുണ്ട്. ഇതിനുമുമ്പ് ബഹുമാനപ്പെട്ട ചാലക്കുടി മെമ്പർ ഉൾപ്പെട്ട മന്ത്രിസഭയുണ്ടായിരുന്ന കാലത്ത് അന്ന് കമ്മ്യൂണിററി പ്രോജക്ടിന് നീക്കിവച്ചിരുന്ന സംഖ്യയിൽ കുറെ ഭാഗം ലാപ്സായിപ്പോയിട്ടുണ്ട്. അപ്രകാരമുള്ള സംഖ്യകൾ ചെലവാക്കാൻ സാധിക്കാതെവന്നതാണെന്ന് ഇന്നത്തെ ധനകാര്യമന്ത്രി ഈ സഭയിൽ പറഞ്ഞിട്ടുണ്ട്. അന്നും ജീപ്പുകൾ വാങ്ങുന്നതിനുള്ള തുകയും ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കൊടുക്കുന്നതിനുള്ള തുകയുമല്ലാ സർ, ലാപ്സായിട്ടുള്ളത്. ഇവിടെ ചില നല്ല കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടി നീക്കിവച്ചിട്ടുള്ള സംഖ്യയാണ് മേൽപ്രകാരം ലാപ്സായിപ്പോയിട്ടുള്ളത്. മുൻമന്ത്രിസഭയുടെ കാലത്തു തുകകൾ ലാപ്സാക്കികളഞ്ഞെങ്കിൽ ഇന്നത്തെ മന്ത്രിസഭ ആദ്യത്തെ ബഡ്ജററിൽ നിന്നും 11 ലക്ഷത്തിൽ കൂടുതൽ രൂപ വെട്ടിക്കുറച്ചിട്ടുണ്ടെന്നുള്ള പരമാർത്ഥവും ഞാൻ സഭയുടെ മുമ്പിൽ അറിയിച്ചുകൊള്ളുന്നു. ഈ ലാപ്സാക്കികളയുന്ന സംഖ്യയും വെട്ടിക്കുറയ്ക്കുന്ന സംഖ്യയും അമേരിക്കൻ സാധനങ്ങൾ വാങ്ങുന്നതിനും ശമ്പളം കൊടുക്കുന്നതിനുമുള്ള ഇനങ്ങളിൽപ്പെടരുതെന്ന് വളരെ കാര്യമായിട്ടു നോക്കിവരുന്നുണ്ട്.

[ശ്രീ. എൻ. രാഘവക്കുറുപ്പ്]

ഈ രണ്ടു കാര്യങ്ങളെ സംബന്ധിച്ചിടത്തോളം പി. എസ്. പി. ഗവണ്മെന്റായിരുന്നാലും ശരി, കോൺഗ്രസ് ഗവണ്മെന്റായിരുന്നാലും ശരി അവർക്കു വളരെ നിർബന്ധമുള്ള സംഗതിയായിരുന്നു. മേൽപ്രകാരം ഈ രണ്ടു കാഴ്ചപ്പാടുകൾ മാത്രമാണ് ഈ രണ്ടു ഗവണ്മെന്റിനും ഉണ്ടായിരുന്നത്. ഇതിനു പല കാരണങ്ങളുണ്ട്. ഏറ്റവും പ്രധാനമായിട്ടുള്ളത് സ്വന്തം സിൽബന്തികളെക്കൊണ്ട് നിറയ്ക്കത്തക്ക വിധത്തിൽ ഈ നിയമനങ്ങൾ പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽനിന്നും വിടർത്തി ഒരു ഉദ്യോഗസ്ഥ വലയം അങ്ങനെ സൃഷ്ടിക്കുകയും, അങ്ങനെ സ്വന്തം പാർട്ടിയുടെ താല്പര്യത്തിനു വേണ്ടി ഈ സംഖ്യ ദുർപ്രയോഗപ്പെടുത്തുകയും ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടെന്നുള്ളതാണ്. അതുകൊണ്ട് ആ സംഖ്യ ചിലവാക്കുന്നതിന് ഇവർക്കു വളരെ നിർബന്ധമുണ്ട്.

മറ്റൊന്ന് ഇവർ അമേരിക്കൻ മുതലാളിത്വത്തെ സംരക്ഷിക്കുന്നതിന് ബാദ്ധ്യസ്ഥരാണെന്നുള്ളതാണ്. കാർഷികയന്ത്രങ്ങൾ സൃഷ്ടിക്കുന്ന വ്യവസായികളെ—അമേരിക്കർ—സഹായിക്കണമെന്ന് ഇവർക്കു നിർബന്ധമുണ്ട്. ഇതുകൊണ്ട് വലിയ തുകകൾ ചോർന്നുപോകുന്നതുകൂടാതെ ഇവരുടെ അമേരിക്കൻ സ്നേഹിതന്മാരും യജമാനന്മാരുമായ വ്യവസായികളെ സംരക്ഷിക്കുക എന്നുള്ളതാണ് പരമാർത്ഥം. ഇവരുടെ ഈ ഉദ്യോഗസ്ഥന്മാർക്കു ശമ്പളം കൊടുക്കുന്നതിനും യജമാനന്മാരായ അമേരിക്കൻ മുതലാളിമാരുടെ താല്പര്യസംരക്ഷണത്തിനുമായി ഗവണ്മെന്റിന് പണം ചിലവുചെയ്യുന്നതിനു മടിയില്ല. എന്നാൽ ജനോപയോഗത്തിന് നീക്കിവച്ചിട്ടുള്ള സംഖ്യകൾ ചിലവാക്കാതെയും മററു വിധത്തിലും ചോർന്നു ചോർന്നുപോകുന്നു.

ശ്രീ. ഇടിക്കുള ഇടിക്കുള: ഉദ്യോഗസ്ഥന്മാർ ഈ നാട്ടുകാരാണോ?

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഈ നാട്ടുകാരാണ്. പക്ഷേ, എല്ലാ നാട്ടുകാരും ഉദ്യോഗസ്ഥന്മാരല്ല. ഒരു പക്ഷേ, ബഹുമാനപ്പെട്ട റാന്നി മെമ്പറും കൂട്ടരും ഈ രാജ്യത്തെ കാണുന്നതു ഉദ്യോഗസ്ഥന്മാരുടെ കണ്ണിലൂടെയാണ്. എന്നാൽ ഞങ്ങൾ കാണുന്നതു മനുഷ്യരുടെ കണ്ണിലൂടെയാണ്. അതാണ് വ്യത്യാസം. ഒരു ഭാഗത്ത് കുറെ ആളുകളെ പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽനിന്നും ഒഴിവാക്കി സ്വന്തം പാർട്ടി താല്പര്യസംരക്ഷണത്തിനുവേണ്ടി നിയമനങ്ങൾ നടത്തുന്നു. മറ്റൊരു ഭാഗത്തു അമേരിക്കൻ വ്യവസായികളുടെ താല്പര്യത്തെ സംരക്ഷിക്കുക, ഇതാണ് ഇവരുടെ നയവും പരിപാടിയും.

ഇതു പറയുമ്പോൾ മറ്റൊരു സംഗതികൂടി എനിക്കോർമ്മവരുന്നു. ഒരു അമേരിക്കൻ മാസികയിൽ അവിടത്തെ ഒരു സാമ്പത്തിക ശാസ്ത്രജ്ഞൻ ഒരു ലേഖനം എഴുതിയിട്ടുണ്ടായിരുന്നതു ഞാൻ വായിക്കുകയുണ്ടായി. ഒരു ചെറിയ വിഭാഗമാണെങ്കിലും കമ്മ്യൂണിറ്റി പ്രോജക്റ്റിന്റെ പേരിൽ ഇൻഡ്യയ്ക്കു സഹായം കൊടുക്കുന്ന കാര്യത്തിൽ ഒരു വിഭാഗം അമേരിക്കർക്ക് എതിർപ്പുണ്ട്. ഇപ്രകാരം എതിർപ്പുള്ളവർക്ക് ഒരു റ

പടിയെന്നോണമാണ് ആ ലേഖനം എഴുതിയിട്ടുള്ളത്. ആ ലേഖനത്തിൽ ആ സാമ്പത്തികവിദഗ്ദ്ധൻ പറയുകയാണ് ഇൻഡ്യക്കു സഹായം കൊടുക്കുന്നതു് ഇൻഡ്യയുടെ മാത്രം കാര്യമല്ല. ചൈന, അമേരിക്കൻ സാധനങ്ങളുടെ ഒരു വമ്പിച്ച മാർക്കററായിരുന്നു. എന്നാൽ ഇന്നു ചൈനീസ്സ് മാർക്കററ് അമേരിക്കക്കു നഷ്ടപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് ചൈനയെപ്പോലെ വമ്പിച്ച ഒരു മാർക്കററ് അമേരിക്കയ്ക്കു് ലഭിച്ചേതീരൂ. അതിലേക്കു അമേരിക്ക കണ്ണുവച്ചിട്ടുള്ളതു് ഇൻഡ്യയെയാണ്. കാർഷിക പ്രാധാന്യമുള്ള ഇൻഡ്യയിൽ കാർഷിക യന്ത്രങ്ങൾക്കു മാർക്കററുകൾ ഉണ്ടാകുന്നതിനുവേണ്ടി പ്ലാനിട്ടതിന്റെ ഫലമാണ് ഇൻഡ്യയിലെ കമ്മ്യൂണിററി പ്രാജക്ററുകൾ എന്നു് ആ ലേഖനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ആ മാസികയുടെ പേരും ലേഖകന്റെ പേരും ഞാൻ ഇപ്പോൾ ഓർക്കുന്നില്ല. ഇൻഡ്യക്കു് ഇന്നു ചുരുങ്ങിയ വിലയ്ക്കു്, ട്രാക്ടറുകളും ജീപ്പുകളും കൊടുത്താൽ അതു് ഒരു പരസ്യം മാത്രമേ ആകുകയുള്ളു എന്നും, ഇൻഡ്യയിലെ കൃഷിക്കാർക്കു് തങ്ങളുടെ ട്രാക്ടർകളും മററു യന്ത്രസാമഗ്രികളും കൊടുത്തു് അവരിൽ ഒരു യന്ത്രമനസ്ഥിതി ഉണ്ടാക്കി കൃഷിക്കാരെ പ്രേരിപ്പിക്കുകയാണെങ്കിൽ, ആദ്യം കുറെ സാധനങ്ങൾ പരസ്യം ചെയ്യുന്നതിനുവേണ്ടി വില കുറച്ചു വിൽക്കുകയാണെങ്കിൽ തന്നേയും അതു പരസ്യങ്ങൾക്കുള്ള ചെലവിനേക്കാൾ ലാഭകരമായിരിക്കും എന്നും ഒരു ദീർഘ ദൃഷ്ടിയോടുകൂടി ഇങ്ങനെ ഒരു ബിസിനസ്സ് തുടങ്ങുന്നതു നല്ലതാണെന്നും ആ ലേഖനത്തിൽ പറയുന്നുണ്ട്. ഇന്നും ഈ രാജ്യം ഒരു കാർഷിക രാജ്യമായി വച്ചുകൊണ്ടിരിക്കുന്നു. ഈ രാജ്യത്തെ വ്യവസായീകരിക്കുന്നതിനെ തടയുന്നതിനും സ്വന്തം യന്ത്രങ്ങൾ വിററഴിക്കുന്നതിനു മാർക്കററു കണ്ടുപിടിക്കുന്നതിനും വേണ്ടി പ്രവർത്തിക്കുന്ന അമേരിക്കരുടെ കെണിയിൽ നമ്മുടെ ഭരണാധികാരികൾ വീണുപോയി. ഈ രാജ്യത്തെ കൃഷി വികസിപ്പിക്കുന്നതിനു അമേരിക്കൻ കാർഷികോപകരണങ്ങൾ വേണോ എന്നു നാം ആലോചിക്കണം. ഈ അമേരിക്കൻ കാർഷികോപകരണങ്ങളുടെ ഷോ റൂം ആണ് ഇവിടത്തെ കമ്മ്യൂണിററി പ്രോജക്ററുകൾ എന്നു പറഞ്ഞാൽ തെററില്ല. സർ, കമ്മ്യൂണിററി പ്രോജക്ററുദ്യോഗസ്ഥന്മാർ അവയുടെ Salesman മാരുമാണ്. ഇന്നു പാകിസ്ഥാനിൽ നടന്നുകൊണ്ടിരിക്കുന്ന സംഗതി എന്താണെന്നു നോക്കുക. പാകിസ്ഥാനിലെ ആഭ്യന്തരകാര്യങ്ങളിൽ അവിടത്തെ അമേരിക്കൻ സ്ഥാനപതി ഇടപെടുന്നതായി പി. ടി. ഐ. വാർത്തകൾ പോലും തെളിയിക്കുന്നുണ്ട്. കാശ്മീരിൽ നടന്നതെന്താണെന്നു് നാം മനസ്സിലാക്കണം. അവിടത്തെ സ്ഥിതിഗതികൾ അവിടെ ചെന്ന പോയ അവസരത്തിൽ നേരിട്ടു മനസ്സിലാക്കിയിരിക്കണം. ഇന്നത്തെ ഇൻഡ്യൻ പ്രധാനമന്ത്രി ജവഹരിലാൽ നെഹ്രുവിന്റെ വലംകയ്യായി പ്രവർത്തിച്ചിരുന്ന അബ്ദുള്ളായെ വശപ്പെടുത്തിയിട്ട് നമ്മുടെ രാജ്യത്തിന്റെ പിന്നിൽ നിന്നുകൊണ്ടു അമേരിക്കക്കാർ ദേശീയ സ്വാതന്ത്ര്യത്തിന്റെ പിന്നിൽ കത്തി കുത്തു നടത്തുന്നു. എന്നാൽ അതിനെതിരായി ഈ രാജ്യത്തെ ദേശസ്നേഹികളായ ആളുകൾ ഒന്നോടെ ഇളകിവരുമെന്ന ഭയം അമേരിക്കക്കാർക്കുണ്ട് സർ. ഈ കമ്മ്യൂണിററി പ്രോജക്ററ പ്രവർത്തനത്തിൽകൂടി ഈ രാജ്യത്തെ എല്ലാ പ്രവർത്തനങ്ങളിലും കടന്നുകൂടുന്നതിനു വേണ്ടിയും അവർ പരിശ്രമം നടത്തുന്നുണ്ട്. മേൽപ്രകാരമുള്ള പ്രവർത്തനങ്ങളുടെ ഒരു ഭാഗമാണ് കമ്മ്യൂണിററി പ്രോജക്ററ് എന്നുള്ള ഒരു വമ്പിച്ച പരമാർത്ഥമാണ്, സർ.

[ശ്രീ. എൻ. രാഘവക്കുറുപ്പ്]

ഇതു പറയുമ്പോഠം ഒരു കാര്യംകൂടി ഞാൻ ഓർമ്മിക്കുകയാണ്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ചീഫ് മന്ത്രി ഒരു ചോദ്യത്തിനിവിടെ മറുപടി പറയുകണ്ടായി; മന്ത്രിസഭയിൽ യു. എസ്. ഐ. എസ് ഏജൻറന്മാർ ആരുമില്ലെന്നു്. പക്ഷേ, പബ്ലിക്ലൈബ്രറി ഭരണസമിതിയിൽ യു. എസ്. ഐ. എസ്. പ്രവർത്തകന്മാർ കയറി കൂടിയിട്ടുണ്ടു്. അടുത്തതായി അവർ യൂനിവേഴ്സിററിയിൽ പ്രവേശിക്കും. പിന്നീട് ക്രമേണ ബഹുമാനപ്പെട്ട ചീഫ്മന്ത്രിയുടെ സ്ഥാനത്തും വന്നു കയറാൻ ഇടയാകും. അങ്ങിനെയാണവർ നുഴഞ്ഞു കയറുന്നതു്.—കയറാൻ ശ്രമിക്കുന്നതു്. പക്ഷേ, വമ്പിച്ച ഒരു വിഭാഗം ജനങ്ങഠം ഇവരുടെ ശ്രമത്തെ തടയുന്നതിനുവേണ്ടി ജനങ്ങളുടെ നേതൃത്വത്തിൽ സമരം നടത്തുന്നതിനു തയ്യാറുള്ളതുകൊണ്ടു് മാത്രമാണ് സർ, ഇപ്പോഠം അവർ പബ്ലിക് ലൈബ്രറിയിലും കമ്മ്യൂണിററി പ്രോജക്ററുകളിലും മാത്രം ആവാസം ഉറപ്പിച്ചുകൊണ്ടിരിക്കുന്നതു്. ഇവർ മന്ത്രിക്കസേരകളിൽ കയറി വരാതിരിക്കാൻ വളരെ സൂക്ഷിച്ചുവേണം ഈ പദ്ധതി മുമ്പോട്ടു കൊണ്ടുപോകാൻ.

കമ്മ്യൂണിററിപ്രോജക്ടുകളുടെ ഇന്നത്തെ പ്രവർത്തനങ്ങളെപ്പററി ഒന്നു രണ്ടു കാര്യങ്ങഠംകൂടി പറയാം. ഇതിനുമുമ്പും പല അവസരങ്ങളിലും ഇതേപ്പററി പറഞ്ഞിട്ടുണ്ടു്. അന്നൊക്കെ പൂഞ്ഞാർമെമ്പർ ശ്രീ. ഏ. ജെ. ജോൺ പറയുകണ്ടായിട്ടുണ്ടു്, ഇതു് കമ്മ്യൂണിസ്ററുകാരെ നശിപ്പിക്കുന്നതിനുള്ള ഒരു ആയുധമായതുകൊണ്ടാണ് കമ്മ്യൂണിസ്ററുകാർ ഈ പ്രോജക്ററുകളെ എതിർക്കുന്നതെന്നു്. പക്ഷേ, ഇന്നു് അതിനെ ആരൊക്കെ എതിർക്കുന്നുണ്ടു് എന്നു ഞാൻ പറയാം. ഇൻഡ്യയിലെ കമ്മ്യൂണിററി പ്രോജക്ററ് പ്രവർത്തനങ്ങളുടെ മേധാവിയായ ശ്രീ. എസ്. കെ. ഡെ. എന്നു് ഒരാഠം ഉണ്ടു്. കുറച്ചുദിവസങ്ങഠംക്കുമുമ്പു് അല്ലാ ആഴ്ചകഠംക്കുമുമ്പു് തിരുവിതാംകൂർ-കൊച്ചിയിലെ കമ്മ്യൂണിററിപ്രോജക്ററുകളുടെ പ്രവർത്തനങ്ങളെ പരിശോധിക്കുന്നതിനായി അദ്ദേഹം ഈ രാജ്യത്തു വന്നിരുന്നു. അദ്ദേഹം നമ്മുടെ തെക്കൻതിരുവിതാംകൂറിലെ വിളവംകോടു്—നെയ്യാററിൻകര കമ്മ്യൂണിററിപ്രോജക്ററ് സെൻററർ പരിശോധിച്ചതിനുശേഷം ഒരു പ്രസ്താവന ചെയ്കയുണ്ടായി സർ. അതു് ഈ മാസം ഒന്നാം തീയതിയുള്ള മലയാളരാജ്യം പത്രത്തിൽ വന്നിട്ടുണ്ടു്. ഈ രാജ്യത്തെ കമ്മ്യൂണിററി പ്രോജക്ടിൻെറ പ്രവർത്തനം ഒരു ഭീമമായ പരാജയമാണെന്നു പറഞ്ഞു് മി. ഡേ സങ്കടപ്പെടുകയാണ്.

ഞങ്ങഠം ഇതു ആദ്യമെ പറഞ്ഞപ്പോഠം എന്തിനെയും എതിർക്കുന്നവരാണു കമ്മ്യൂണിസ്ററുകാരെന്നും അതുകൊണ്ടാണ് ഞങ്ങഠം ഈ പ്രോജക്ടുകളെയും എതിർക്കുന്നതെന്നു അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഏ. ജെ. ജാൺ പറഞ്ഞു. സർ, നെയ്യാററിങ്കര—വിളവങ്കോടു് കമ്മ്യൂണിററി പ്രോജക്ടിലെ കൃഷി വിപുലീകരിക്കുന്നതിനായി ഏകദേശം 400 ചതുരശ്രമൈൽ സ്ഥലം തെരഞ്ഞെടുക്കുകയുണ്ടായിട്ടുണ്ടു്. ആ പ്രദേശത്തുള്ള കൃഷിക്കാർക്കു കൃഷി ചെയ്യുന്നതിനുവേണ്ട പരിശീലനം നൽകുവാൻ രണ്ടു് ഉദ്യോഗസ്ഥന്മാരെ ഗവണ്മെൻറു നിയമിക്കുകയും ചെയ്തു. അവർ ഒരു കൊല്ലത്തെ പണിനടത്തി. അവർക്കു അവിടെ എന്തുചെയ്യാൻ സാധിച്ചു

വെന്നുള്ള 1952–53–ലെ തിരുവിതാംകൂർ–കൊച്ചി അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് നോക്കിയാൽ കാണാം.

"However, 10 plots of varying sizes from 10 to 55 cents, were offered for conducting demonstrations"

എന്നാണ് അതിൽ പറയുന്നത്. ഇവരുടെ പരിശ്രമത്തിന്റെ ഫലമായി 400 ചതുരശ്രമൈലുള്ള ആ സ്ഥലത്തുനിന്നും പത്തും അൻപതും സെന്റുകളിലായി ആകപ്പാടെ രണ്ടേക്കർ ഭൂമിയിൽമാത്രം കൃഷിചെയ്യുന്നതിനുള്ള ഉപദേശം അവിടത്തെ കൃഷിക്കാർക്കു കൊടുത്തിട്ടുണ്ടെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. എന്നിട്ടും ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ പറയുന്നത് ഈ കമ്മ്യൂണിററി പ്രാജക്ട് ഒരു നല്ലസംഗതിയാണെന്നും, അതിനു കുറെ പണംകൂടി നീക്കിവയ്ക്കണമെന്നുമാണ്. അദ്ദേഹം തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഒരു കോടിരൂപ മാററിവയ്ക്കണമെന്ന് ഉപക്ഷേപം അവതരിപ്പിക്കുമ്പോഴും ഞങ്ങളും അതിനോടനുകൂലിക്കുന്നുണ്ട് സർ.

പക്ഷേ സ്വന്തം സിൽബന്തികൾക്ക് സർക്കാർ ഉദ്യോഗം കൊടുക്കുകയാണ് തൊഴിലില്ലായ്മക്കുള്ള ഏക പരിഹാരമെന്നുള്ള ചിന്താഗതി അപകടകരമാണ്. ഇതുകൂടാതെ, മറെറാരു സംഗതികൂടിയുണ്ട്. 'കുരുക്ഷേത്രം' എന്നപേരിൽ കമ്മ്യൂണിററി പ്രാജക്ടുകളുടെ പ്രവർത്തനങ്ങളെപ്പററി പ്രതിപാദിക്കുന്ന ഒരു ഗവണ്മെന്റു പബ്ലിക്കേഷനുണ്ട്. ഇൻഡ്യയിലെ എല്ലാ പ്രാജക്ട് പ്രവർത്തനങ്ങളെപ്പററിയും അതിൽ സമഗ്രമായി വിവരിക്കുന്നുണ്ട്. തിരുവിതാംകൂർ–കൊച്ചിയിലെ കമ്മ്യൂണിററി പ്രാജക്ടിനെപ്പററി പറയുന്നഭാഗത്ത് ആദ്യം കൃഷിയെപ്പററി പറഞ്ഞിട്ടുണ്ട്. രണ്ടു കൃഷിഉദ്യോഗസ്ഥന്മാർ ഒരു കൊല്ലം ജോലിയെടുത്തിട്ട് രണ്ടേക്കറോളം ഭൂമി കൃഷി ചെയ്യുന്നതിനാവശ്യമായ ഉപദേശം നൽകിയിട്ടുണ്ടെന്ന് അതിലും പറയുന്നുണ്ട്. പക്ഷെ കാട്ടേജ് ഇൻഡസ്ട്രിയെപ്പററി അതിൽ പറയുന്ന ഭാഗത്തേയ്ക്ക് ഞാൻ സഭയുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. ആ പുസ്തകത്തിന്റെ 128-ാം പേജിൽ ഇങ്ങനെ പറഞ്ഞുകാണുന്നു "One of the major cottage industries is hand-loom weaving. Though more than 20,000 hand-looms are working in this project area, the textiles produced in this project area do not have a good market for want of standardisation and lack of market facilities. To improve the quality of hand-loom textiles it is proposed to instal a calendering and bleaching plant." നെയ്യാററിൻകര വിളവങ്കോടു പ്രാജക്ടു പ്രദേശത്തെ കൈത്തൊഴിൽക്കാരെ സഹായിക്കാൻവേണ്ടി ചെയ്തിട്ടുള്ള സംഗതികളാണിവ. ഈ പുസ്തകത്തിൽ ചാലക്കുടി പ്രാജക്ടിലെ കാട്ടേജ് ഇൻഡസ്ട്രിയെപ്പററിയും പറയുന്നുണ്ട്. അവിടത്തെ കൈത്തൊഴിൽക്കാരെ പ്രോത്സാഹിപ്പിക്കുവാൻ ചെയ്തിട്ടുള്ള നടപടികളെപ്പററി ഈ പുസ്തകത്തിൽ 130-ാം പേജിൽ ഇങ്ങനെ പറയുന്നു. "The hand-loom weaver faces difficulties in procuring yarn, the goods he produces are not standardised and therefore do not find a ready market. It has been recommended that if hand-loom cloth could be marketed in a more attractive form sales would improve."

സർ, ഇവർ ഭംഗിയായ ഒരു കണ്ടുപിടുത്തം നടത്തി. കൈത്തറിവ്യവസായം നല്ലതാണ്, അതിൽനിന്നും ലാഭമെടുക്കാം. ഇങ്ങനെയൊരു കണ്ടുപിടിത്തമാണ് ഒരു കൊല്ലത്തെ പരിശ്രമത്തിനുശേഷം കൈത്തറി

[ശ്രീ. എൻ. രാഘവക്കുറുപ്പ്]

വ്യവസായത്തെപ്പററി അവർ ചെയ്തിട്ടുള്ളതു്. ചില ഉപദേശങ്ങളും അവർക്കുണ്ടു്; പ്രൊഡക്ഷൻ Standardise ചെയ്യണമെന്നും മാർക്കററിംഗ് സൗകര്യം വേണമെന്നും.

ഗ്രന്ഥശാലകൾക്കു് ധനസഹായം ചെയ്യുന്ന കാര്യംകൂടി ഞാൻ പറഞ്ഞുകൊള്ളട്ടെ. കൂടുതൽ പുസ്തകങ്ങൾ വാങ്ങുന്നതിനു് പ്രാജക്ടിൽനിന്നും ധനസഹായം ചെയ്യുന്നതായി അവർ അവകാശപ്പെടുന്നുണ്ടു് എന്നു് പറഞ്ഞാൽ യൂണൈറെറഡ് ഇൻഫർമേഷൻ ലൈബ്രറിയിലെ പ്രവർത്തകന്മാർ ചുമ്മാതെ കൊടുക്കുന്ന പുസ്തകങ്ങൾ വായനശാലകൾക്കു് പ്രാജക്ടധികാരികൾ വിലയ്ക്കു കൊടുക്കുന്നു എന്നാണർത്ഥം. മററു പുസ്തകങ്ങൾകൂടി വാങ്ങി വായനശാലകളിൽ സൂക്ഷിക്കുകയുംകൂടുതലായി കൊടുക്കുന്ന ഗ്രാൻറിനു് കൂടുതൽ പുസ്തകങ്ങൾ വാങ്ങിക്കുകയും ചെയ്യുന്നതിനു് ഗവണ്മെൻറു് പ്രത്യേകം സൂക്ഷിക്കേണ്ടതാണു്. ഈ കമ്മ്യൂണിററി പ്രാജക്ടിൻെറ പ്രവർത്തനങ്ങളെപ്പററി പറയുമ്പോൾ പല ആക്ഷേപങ്ങളും പറയുവാനുണ്ടു്. ഞാനും ഞാനുൾപ്പെടുന്ന പാർട്ടിയും ഇതിൻെറ കുറവുകളെപ്പററി പറയുമ്പോൾ ഒരു സംഗതി പ്രത്യേകം ഓർമ്മിക്കാനുണ്ടു്. ഇതു് ഒരു വസ്തുത ആയിരിക്കുന്ന സ്ഥിതിക്കു് ഇതിനെ ഏതെല്ലാം വിധത്തിൽ പുരോഗമിപ്പിക്കാമെന്നു ആലോചിക്കാൻ ഞങ്ങളും തയ്യാറാണു്. പക്ഷെ, കമ്മ്യൂണിസ്ററുകാരെ ഇതിലൊന്നും ഉൾപ്പെടുത്തുകയില്ലെന്നും പറഞ്ഞു് തള്ളിക്കളഞ്ഞാൽ നിവൃത്തിയില്ല. കമ്മ്യൂണിസ്ററ എം. എൽ. എ. മാരെ ഇതിൻെറ അഡ്വൈസറി ബോർഡിൽ ഉൾപ്പെടുത്തുകയില്ലെന്നു് ശ്രീ. എ. ജെ. ജാൺ അന്നേ പറഞ്ഞു. അതിനു കാരണമുണ്ടു്. ഇവിടത്തെ കമ്മ്യൂണിററി പ്രാജക്ററ പ്രവർത്തനത്തിൽ കള്ളത്തരമുണ്ടു്; കൊള്ളയുണ്ടു്; അഞ്ചാംപത്തി പ്രവർത്തനങ്ങളുണ്ടു്; അതിനൊന്നിനും കമ്മ്യൂണിസ്ററുകാർ കൂട്ടു നിൽക്കുകയില്ലെന്നു് ശ്രീ. എ. ജെ. ജാണിനറിയാം. അതുകൊണ്ടാണു് അദ്ദേഹം അങ്ങനെ പറഞ്ഞതു്. പി. എസ്. പി. ഗവണ്മെൻറു് ഈ അഭിപ്രായത്തിനു് കൂട്ടുനിൽക്കുന്നുണ്ടോയെന്നറിഞ്ഞുകൂടാ. കൂട്ടുനിന്നാലുമില്ലെങ്കിലും തെററുകൾ കണ്ടാൽ ഞങ്ങൾ അതു പറഞ്ഞെന്നുവരും. എന്നിരുന്നാലും ഇത്രയും സംഖ്യ ചെലവാക്കുന്ന ഈ പദ്ധതികൊണ്ടു് കൂടുതൽ പ്രയോജനം രാജ്യത്തിനുണ്ടാകുവാൻവേണ്ടി ഈ പ്രാജക്ടുകളുടെ പ്രവർത്തനത്തിനു് ഞങ്ങളുടെ സഹകരണം ഇന്നത്തെ ഗവണ്മെൻറിനു കൊടുക്കുവാൻ ഞങ്ങൾ തയ്യാറാണെന്നുകൂടി ഈ അവസരത്തിൽ പറഞ്ഞുകൊള്ളട്ടെ.

ശ്രീ. കെ. കൃഷ്ണപിള്ള : സർ, അമേരിക്കൻ സാമ്രാജ്യത്വത്തിനോ റഷ്യൻ സാമ്രാജ്യത്വത്തിനോ എതിരായോ അനുകൂലമായോ പ്രസംഗിച്ചു് ഈ സഭയുടെ സമയം പാഴാക്കണമെന്നു് ഞാൻ ആഗ്രഹിക്കുന്നില്ല. ഭാരതത്തെ സംബന്ധിച്ചിടത്തോളം രണ്ടും ഒപ്പം അപകടകാരികളാണെന്നു വിശ്വസിക്കുന്നവനാണു് ഞാൻ. അതുപോകട്ടെ. സാമൂഹ്യവികസന പദ്ധതികളെ പരാമർശിച്ചു സംസാരിക്കുവാൻ എഴുന്നേററു നില്ക്കുന്ന ഈ അവസരത്തിൽ ഞാൻ പ്രതിനിധീകരിക്കുന്ന നിയോജകമണ്ഡലത്തിൻെറ നിരവധി അവശതകൾ എൻെറ മുമ്പിൽ അണിനിരക്കുന്നുണ്ടെങ്കിലും ബഡ്ജററിനെ സംബന്ധിച്ചു നടന്ന പൊതുവിമർശനവേളയിൽ പ്രതിപക്ഷ ബെഞ്ചുകളിൽനിന്നുണ്ടായ ചില വിമർശനങ്ങളാണു് അവയ്ക്കുപരിയായി പൊന്തിവരിക.

എന്നെയും സഖാവ് വിശ്വംഭരനെയും ചൂണ്ടി ബഹുമാനപ്പെട്ട ചാലക്കുടി മെംബർ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ചോദിക്കുകയുണ്ടായി, 1954-55-ലേയ്ക്കു് കാൺഗ്രസ്സ് കക്ഷി തയ്യാറാക്കിയിരുന്ന ബഡ്ജററ് എസ്റ്റിമേററിൽ ഇന്നധികാരത്തിലിരിക്കുന്ന ഞങ്ങളുടെ പ്രജാസോഷ്യലിസ്ററ കക്ഷി വരുത്തിയ ഭേദഗതികൾ ഞങ്ങളുടെ താലൂക്കിനെ എങ്ങനെ ബാധിക്കുമെന്നു ഞങ്ങൾ മനസ്സിലാക്കുന്നുണ്ടോ എന്നു്. സർ, അക്കാര്യത്തിൽ വളരെ വ്യക്തമായ മറുപടി ഞങ്ങൾക്കു പറയാനുണ്ടു്. ആ വക ഭേദഗതികളുടെ യഥാർത്ഥരൂപം ഞങ്ങൾ ശരിക്കു മനസ്സിലാക്കുന്നുണ്ടു്. പക്ഷെ തെററിദ്ധരിക്കുവാൻ ഞങ്ങൾ തയ്യാറില്ലെന്നു മാത്രം.

കഴിഞ്ഞയാണ്ടിൽ, നെയ്യാററിൻകര-വിളവങ്കോട്ട് കമ്മ്യൂണിററി പ്രാജക്ററിനുവേണ്ടി ഉൾക്കൊള്ളിച്ചിരുന്ന തുക എത്രയാണു്, അതിൽ എത്ര ചെലവായി. ചെലവാകാത്ത തുക എത്ര വേണമെങ്കിലും ആയവ്യയക്കണക്കിൽ ഉൾക്കൊള്ളിക്കുന്നതുകൊണ്ടുമാത്രം സമൂഹം വികസിച്ചുകൊള്ളുമെന്നു വിശ്വസിക്കാനുള്ള വിഡ്ഢിത്തം ഞങ്ങളുടെ നാട്ടുകാർക്കില്ലെന്നു പറയുമ്പോൾ ചാലക്കുടി മെംബർ പരിഭവിക്കേണ്ട കാര്യമൊന്നുമില്ല. 1953-54-ലേയ്ക്കുള്ള പ്രിലിമിനറിബഡ്ജററിൽ ഈ പദ്ധതിക്കുവേണ്ടി 44,47,000 രൂപ ചാലക്കുടി മെംബറുടെ ഗവണ്മെൻറ് ഉൾക്കൊള്ളിക്കുകയുണ്ടായി. പക്ഷെ റിവൈസ്ഡ് എസ്റ്റിമേററ വന്നപ്പോൾ കേവലം 10 ലക്ഷം രൂപ മാത്രമാണു് ഈ വകയ്ക്കു് നീക്കിവച്ചിരുന്നതു്. അക്കൊല്ലത്തെ ഫൈനൽഗ്രാൻറാണെങ്കിൽ 15,82,118 രൂപയായിരുന്നു. ഇക്കൊല്ലമാകട്ടെ കോൺഗ്രസ്സുകാർ തയ്യാറാക്കിവെച്ചിരുന്ന പ്രിലിമിനറി എസ്റ്റിമേററനുസരിച്ച് ഞങ്ങളുടെ പദ്ധതിക്ക് 24,41,000 രൂപ കൊള്ളിച്ചിരുന്നു. ഇന്നത്തെ ഗവണ്മെൻറാകട്ടെ യഥാർത്ഥത്തിൽ ഇക്കൊല്ലം ചെലവാകുമെന്നു് ന്യായമായി കണക്കാക്കിയ 18,41,000 രൂപയാക്കി ആ തുകയെ കുറച്ചു. ആ വിധത്തിൽ ചെലവാക്കാതിരിക്കാൻവേണ്ടി കാൺഗ്രസ്സുകാർ കൊള്ളിച്ചിരുന്നതിൽ നിന്നും ആറു ലക്ഷം രൂപ കുറഞ്ഞ ഒരു തുക തന്നാണ്ടിൽ ചെലവാക്കുവാൻ വേണ്ടി ഉൾക്കൊള്ളിക്കുക മാത്രമാണു് ഞങ്ങളുടെ ഗവണ്മെൻറ് ചെയ്തിട്ടുള്ളതു്. ഇതിൽ ഞങ്ങളുടെ നാട്ടിനെ സംബന്ധിച്ച് വലിയ ദ്രോഹമൊന്നും ഉണ്ടെന്നു വിശ്വസിക്കുവാൻ അധികാരമൊഴിഞ്ഞ കാൺഗ്രസ്സിൻെറ ഭൂതകാല ചരിത്രം നേരാംവണ്ണമറിയാവുന്ന ഞങ്ങൾക്കു് സാദ്ധ്യമല്ല

പിന്നെ ഇക്കൂട്ടർ ഞങ്ങളുടെ നാട്ടിൻെറ ക്ഷേമത്തിൽ കാണിക്കുന്ന താൽപ്പര്യത്തെപ്പററിയാണെങ്കിൽ എനിക്കു് ബഹുമാനപ്പെട്ട ചാലക്കുടി മെംബറോടും അദ്ദേഹത്തെ താങ്ങി പ്രസംഗിച്ച പത്തനാപുരം മെംബർ ശ്രീ. കളത്തിൽ വേലായുധൻ നായരോടും ചോദിക്കുവാനുള്ളതു് നിങ്ങൾക്കു് നെയ്യാററിൻകരക്കാരോട് ഇത്ര ഉദാരമായ സ്നേഹം എന്നുമുതൽ കാണാരംഭിച്ചുതെന്നാണു്. അധികാരത്തിലിരുന്ന അവസാന നിമിഷംവരെ തിരുവനന്തപുരത്തിനു തെക്കായി തിരുവിതാംകൂർ-കൊച്ചിസ്റ്റേററിൻെറ ചില ഭാഗങ്ങൾ ഉണ്ടെന്നുപോലും ഇക്കൂട്ടർ ഓർമ്മിച്ചിരുന്നതായി വിശ്വസിക്കുകവയ്യാ. അധികാരമൊഴിഞ്ഞ ഒടുവിലത്തെ മന്ത്രിസഭയിൽ പൊതുമരാമത്തുവകുപ്പിൻെറ ചുമതല വഹിച്ചിരുന്ന ശ്രീ. കളത്തിൽ വേലായുധൻ നായർ അദ്ദേഹത്തിൻെറ പ്രസംഗത്തിൽ സ്വന്തം ചെയ്തികളെ പരാമർശിച്ചുകേട്ടു. നെയ്യാററിൻകരക്കാർ അദ്ദേഹത്തിൻെറ ചെയ്തികളെ മനസ്സിലാക്കുന്നതിപ്രകാരമാണു്:—അദ്ദേഹം സ്വന്തം

[ശ്രീ. കെ. കൃഷ്ണപിള്ള]

വീട്ടിന്റെ മുൻവശത്തു കൂടിയുള്ള റോഡും സ്വന്തം ഭാര്യാവീട്ടിന്റെ പടിക്കലുള്ള റോഡും കീലിട്ടിട്ടുണ്ടു്. സ്വന്തം വീട്ടിൽനിന്നു് ഭാര്യാവീട്ടിലെത്താൻ എളുപ്പത്തിനു് പൊതുഖജനാവിലെ പണം ഉപയോഗിച്ചൊരു പുതിയ റോഡും ആരംഭിച്ചിട്ടുണ്ടു്. അല്ലാതെ ശ്രീ. കളത്തിൽ വേലായുധൻ നായർ മന്ത്രിയായിരുന്ന കാലത്തു്, സ്വന്തം പിതാവിന്റെ ജന്മദേശമെന്ന നിലയിൽ നെയ്യാറ്റിൻകരതാലൂക്കിനെ പ്രത്യേകം ഓർമ്മിക്കുവാൻ ധാർമ്മികമായി ബാദ്ധ്യസ്ഥനായിരുന്നെങ്കിലും, നെയ്യാറ്റിൻകരതാലൂക്കുകാരുടെ സഞ്ചാരസൗകര്യം വർദ്ധിപ്പിക്കുന്നതിനു് ഒരിഞ്ചുദൂരം പുതിയ ഒരു റോഡു പണിയുന്നതിനോ ഉള്ളതിൽ ഏതെങ്കിലും നന്നാക്കുന്നതിനോ അദ്ദേഹത്തിന്റെ ചെറുവിരലെങ്കിലും ചലിപ്പിക്കുവാൻ ഒരുമ്പെട്ടിട്ടില്ലെന്നുള്ള കാര്യം ഞങ്ങൾക്കു നല്ലതുപോലെ അറിയാം; അന്നാട്ടിലുള്ള എല്ലാവർക്കുമറിയാം; ആവുമെങ്കിൽ അദ്ദേഹമതു നിഷേധിക്കട്ടെ!

ഈ അവസരത്തിൽ മറ്റൊരുകാര്യംകൂടി എനിക്കു പറയുവാനുണ്ടു്. വളരെ ഘോര ഘോരം പ്രസംഗിച്ച ചാലക്കുടി മെമ്പർ ചോദിക്കുകയുണ്ടായി, നാട്ടിൽ പാലും, തേനും, പഴവും, പഞ്ചസാരയും, വെളിച്ചെണ്ണയും ഒഴുക്കുവാനുള്ള ഒന്നാമത്തെ പഞ്ചവത്സരപദ്ധതിയുടെ കാര്യം ഇങ്ങനെയാണെങ്കിൽ രണ്ടാമത്തെ പഞ്ചവത്സരപദ്ധതിയുടെ കാര്യവുമായി നാട്ടിൽ ഇറങ്ങിയാൽ തല്ലുകൊള്ളുകയില്ലേ എന്നു്. അത്തരം അധഃപതിച്ച ഭാഷ ഉപയോഗിക്കുവാൻ എന്റെ സംസ്കാരം എന്നെ അനുവദിക്കുന്നില്ലെങ്കിലും തല്ലു് ആരുടേയും തറവാട്ടു കുത്തകയല്ലെന്നു് അദ്ദേഹം ഓർമ്മിക്കുന്നതു് ആരോഗ്യത്തിനു നല്ലതാണു്. തന്നെയുമല്ല ഒരുകാര്യം തീർച്ചയുമാണു്. ആറുകൊല്ലം ഭരിച്ചു് നാട്ടിൽ പകൽ കൊള്ളനടത്തിയ കാൺഗ്രസ്സുകാർക്കു കൊള്ളാവുന്ന തല്ലൊന്നും ഈ രാജ്യത്തു് മറ്റൊരു രാഷ്ട്രീയകക്ഷിയിൽപ്പെട്ടവർക്കും കൊള്ളേണ്ടിവരികയില്ല. ചുരുക്കത്തിൽ ഒന്നും ചെലവാക്കാതിരിക്കാൻവേണ്ടി, നാട്ടുകാരുടെ കണ്ണിൽ മണ്ണിടാൻവേണ്ടിമാത്രം ബഡ്ജറ്റിൽ വൻതുകകൾ കൊള്ളിക്കുന്നതിനേക്കാൾ ചെലവാക്കുവാനായി തുകകൾ കൊള്ളിക്കുകയും പരമാവധി പ്രയോജനപ്രദമായി ചെലവാക്കുകയുമാണു് ഞങ്ങൾ, നെയ്യാറ്റിൻകരക്കാർ അംഗീകരിക്കുന്ന തത്വം. ആ തോതു വച്ചു നോക്കുമ്പോൾ ഇന്നത്തെ ഭരണകൂടത്തിന്റെ നിലപാടു് ഞങ്ങൾ ഹൃദയപൂർവ്വം അംഗീകരിക്കുകയാണു്.

ഇനി നെയ്യാറ്റിൻകര-വിളവങ്കോടു് കമ്മ്യൂണിറ്റി പ്രോജക്റ്റിനെപ്പറ്റി ചില കാര്യങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാമെന്നാണു് ഞാൻ ഉദ്ദേശിക്കുന്നതു്. കഴിഞ്ഞ രണ്ടുകൊല്ലക്കാലമായി—ഈ ആണ്ടു് അക്ടോബർ രണ്ടാംതീയതിയോടുകൂടി രണ്ടു കൊല്ലം തികയുകയാണു്—കമ്മ്യൂണിറ്റിപ്രോജക്റ്റു് അവിടെ പ്രവർത്തിച്ചുവരികയാണെങ്കിലും ഇതുപര്യന്തമുള്ള എല്ലാ പ്രവർത്തനങ്ങളും വേണ്ടത്ര വിജയിച്ചിട്ടുണ്ടെന്നു എനിക്കഭിപ്രായമില്ല. പരിപൂർണ്ണപരാജയമല്ലെങ്കിൽത്തന്നെ പ്രതീക്ഷിച്ചത്ര വിജയം ഈ പദ്ധതിക്കു് കൈവന്നിട്ടില്ലെങ്കിൽ അതിനുള്ള ഉത്തരവാദിത്വം ഇന്നു് പ്രതിപക്ഷബഞ്ചുകളിലിരിക്കുന്ന രണ്ടു പ്രധാന പാർട്ടികൾക്കും ഒപ്പമുണ്ടു്. പ്രധാനകാരണങ്ങളിലൊന്നു് തിരുവാർപ്പുമെമ്പർ ശ്രീ. രാഘവക്കുറുപ്പു് ഈ സഭയിൽ പ്രകടിപ്പിച്ച ആശയഗതിയുള്ള ആളുകൾ നടത്തിയ ദുഷ്പ്രചരണമാണെന്നു പറയുമ്പോൾ

അതൊരു പരമാർത്ഥം മാത്രമാണ്. അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയചിന്താഗതിക്കാർ നടത്തിയ പ്രചരണം നിമിത്തം നാട്ടുകാരിൽ ഒരുവിഭാഗം ആളുകളെ കമ്മ്യൂണിററി പ്രോജക്ററ പ്രവർത്തനങ്ങളിൽ സഹകരിക്കുന്നതിനു പകരം അകററിനിറുത്തുന്നതിനും ആ വിധത്തിൽ തെററിദ്ധാരണയിലൂടെയുള്ള പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നതിനും വളരെയേറെ സഹായിച്ചിട്ടുണ്ട്. കമ്മ്യൂണിററി പ്രോജക്ററുകളുടെ അഖിലേൻഡ്യാ അഡ്മിനിസ്ട്രേററർ ശ്രീ. എസ്. കെ. ഡേ തുടങ്ങിയ അമേരിക്കൻ സായ്പ്പന്മാരുടെ അഞ്ചാംപത്തിയാണീ പ്രോജക്ററുകളെന്ന് ശ്രീ. കുറുപ്പിൻെറ കക്ഷിയിൽപ്പെട്ട വലിയനേതാക്കൾവരെ പ്രചരണം നടത്തിവന്ന കഥ ഈ നാട്ടുകാർക്കെല്ലാം അറിയാവുന്ന വസ്തുതയാണല്ലോ.

അടുത്ത കാലംവരെ അധികാരത്തിലിരുന്ന കാൺഗ്രസ്സ് ഗവണ്മെൻറും ഞങ്ങളുടെ പ്രോജക്ററിൻെറ നേരെ അഭിലഷണീയമായ മനോഭാവമല്ല പ്രകടിപ്പിച്ചു പോന്നതു്. രാഷ്ട്രീയമായ പകപോക്കലിൻെറ പേരിലാണെന്നു തോന്നുന്നു, അന്നത്തെ കാൺഗ്രസ്സ്ഗവണ്മെൻറ് നെയ്യാററിൻകര-വിളവങ്കോട്ട് കമ്മ്യൂണിററിപ്രോജക്ററിനെ സംബന്ധിച്ചിടത്തോളം തികഞ്ഞ ചിററമ്മനയമാണ് അനുവർത്തിച്ചുവന്നതു്. പ്രസ്തുത പ്രോജക്ററിൻെറ ആരംഭമുഖ്യത്തിൽ ആരംഭിക്കേണ്ടതായുള്ള ജോലികൾക്ക് ഗവണ്മെൻറനുവാദം ആവശ്യപ്പെട്ട് മുകളിലേയ്ക്കയയ്ക്കുന്ന കടലാസുകളൊന്നുംതന്നെ ഡവലപ്മെൻറു സെക്ഷനിൽനിന്നും യഥാവസരം നീങ്ങാറില്ലായിരുന്നുവെന്ന് ഒട്ടധികം പരാതികൾ കഴിഞ്ഞകാലത്ത് ഉണ്ടായിട്ടുണ്ട്. ഇന്നിപ്പോൾ കാൺഗ്രസ്സുകാരുടെ ആവക ഉത്തരവാദിത്വങ്ങളിൽനിന്നും ഒഴിഞ്ഞുമാറിനിന്നുകൊണ്ട് ഏതാണ്ട് നാലുമാസം മുമ്പുമാത്രം അധികാരത്തിൽ വന്ന ഒരു മന്ത്രിസഭയുടെ മേൽ വിമർശനങ്ങളുമായി ചാടിവീഴുന്നതു് എന്തു നീതിയാണെന്നെനിക്കു മനസ്സിലാകുന്നില്ല.

ഇനി തിരുവാർപ്പു മെംബർ ഉന്നയിച്ച ചില ആക്ഷേപങ്ങൾക്കുകൂടി മറുപടി പറഞ്ഞുകൊണ്ട് എൻെറ പ്രസംഗം ഞാനവസാനിപ്പിച്ചുകൊള്ളാം. കമ്മ്യൂണിററി പ്രോജക്ററുകൾ അമേരിക്കൻ അഞ്ചാംപത്തിപ്പണിയാണെന്നും, അമേരിക്കൻ സാധനങ്ങളുടെ ഒരു പ്രകടനശാലയാണെന്നുമാണ് അദ്ദേഹത്തിൻെറ പ്രധാന ആക്ഷേപം. നെയ്യാററിൻകര-വിളവങ്കോട്ട് പ്രോജക്ററിൻെറ പ്രവർത്തനമേഖല ഒന്നു ചുററിക്കാണുവാൻ അദ്ദേഹത്തെ ഒന്നു ക്ഷണിക്കുക മാത്രമാണ് ഞാൻ ചെയ്യുന്നതു്. എത്ര അമേരിക്കൻ സായിപ്പന്മാർ അവിടെ ഉണ്ടെന്നും അമേരിക്കൻ സാധനസാമഗ്രികൾക്ക് കമ്പോളം കണ്ടുപിടിക്കുവാൻ അവിടെ എന്തു ശ്രമമാണ് നടക്കുന്നതെന്നും അപ്പോൾ അദ്ദേഹത്തിനു മനസ്സിലാകും. ആ പ്രദേശങ്ങളിലെ ഗ്രന്ഥശാലകളിൽ അമേരിക്കൻ പുസ്തകങ്ങളാണ് വിതരണം ചെയ്യുന്നതെന്നായിരുന്നു ശ്രീ. കുറുപ്പിൻെറ മറെറാരാക്ഷേപം. സർ, അതു തികച്ചും അടിസ്ഥാനരഹിതമാണ്. ഒരുപക്ഷെ മറെറല്ലായിടത്തുമെന്നപോലെ ആ പ്രദേശങ്ങളിലും യു. എസ്സ്. ഐ. എസ്സ്.കാർ ഗ്രന്ഥശാലകൾക്ക് അവരുടെ ചില ഗ്രന്ഥങ്ങൾ സംഭാവന ചെയ്തിരിക്കാം. അല്ലാതെ കമ്മ്യൂണിററി പ്രോജക്ററുകാർ ഗ്രന്ഥശാലകൾക്കു നൽകിയ സഹായം ആ രീതിയിലായിരുന്നില്ലെന്ന് ഉറപ്പിച്ചു പറയുവാൻ ഞാനാഗ്രഹിക്കുന്നു. പ്രോജക്ററിൽനിന്നും രണ്ടു താലൂക്കുകളിലുമുള്ള ഗ്രന്ഥശാലകൾക്കായി അനുവദിച്ച 3,600 രൂപ ജനസംഖ്യാനുപാതികമായി വിഭജിച്ചും നൽകേണ്ട സഹായത്തിൻെറ തോതും രീതിയും നിശ്ചയിച്ചതും

[ശ്രീ. കെ. കൃഷ്ണപിള്ള]

ഏതെല്ലാം ഗ്രന്ഥശാലകൾക്കാണ് സഹായം നൽകേണ്ടതെന്നു തീരുമാനിച്ചതും അതതു താലൂക്കുകളിലെ ഗ്രന്ഥശാലായൂണിയനുകളായിരുന്നു. നെയ്യാററിൻകരതാലൂക്ക ഗ്രന്ഥശാലായൂണിയൻ പ്രസിഡൻറിൻെറ നിലയിൽ ഞാനും അംഗങ്ങളെന്ന നിലയിൽ ശ്രീ. കുറുപ്പിൻെറ രാഷ്ട്രീയകക്ഷിയിൽപ്പെട്ട പലരും ഇക്കാര്യത്തിൽ ഇടപെട്ടിട്ടുണ്ട്. ഗ്രന്ഥശാലകളിൽനിന്നും അവരവർക്കാവശ്യമുള്ള പുസ്തകങ്ങളുടെ ഒരു ലിസ്റ്റ് ആവശ്യപ്പെടുകയും ആ ലിസ്റ്റനുസരിച്ചുള്ള പുസ്തകങ്ങൾ വാങ്ങി താലൂക്കയൂണിയൻമുഖേന വിതരണം നടത്തുകയുമാണ് ഞങ്ങൾ ഇക്കാര്യത്തിൽ അംഗീകരിച്ച നടപടി. ലിസ്റ്റിൽ എല്ലാ വിഭാഗത്തിലുമുള്ള പുസ്തകങ്ങൾ ഉണ്ടായിരിക്കണമെന്ന് പ്രത്യേകം നിർദ്ദേശവും കൊടുത്തിട്ടുണ്ട്. ഇതിൽ എന്തുമാത്രം അമേരിക്കൻ ചാരവൃത്തിയുണ്ടെന്നും അമേരിക്കൻ ഗ്രന്ഥപ്രചരണം നടക്കുമെന്നും ഞാൻ പറയാതെതന്നെ സ്വസ്ഥബുദ്ധിയുള്ളവർക്കെല്ലാം മനസ്സിലാക്കാവുന്നതേയുള്ളു. സർ, നാട്ടുകാരോടു ഉത്തരവാദിത്വമുള്ള ഈ സഭയിലെ അംഗങ്ങൾ ശ്രീ. കുറുപ്പ് പ്രകടിപ്പിച്ചതുപോലുള്ള അടിസ്ഥാനരഹിതങ്ങളായ ആരോപണങ്ങൾ ഉന്നയിക്കുന്നതു് നിർഭാഗ്യകരമാണെന്നേ എനിക്കു പറയുവാനുള്ളു.

അടുത്തതായി എനിക്കു ചൂണ്ടിക്കാണിക്കുവാനുള്ളതു് പ്രോജക്റ്റിൻെറ നേതൃത്വത്തിൽ അവിടെ നടക്കുന്ന ചില പ്രവർത്തനങ്ങളെപ്പററിയാണ്. അവിടെ കുറഞ്ഞ വിലയ്ക്കു് ചിലതരം പമ്പുകൾ പണിചെയ്തു പ്രദർശിപ്പിച്ചിട്ടുണ്ട്. അന്നാട്ടുകാരായ പാവപ്പെട്ട ഒട്ടനവധി ഇരുമ്പുവേലക്കാരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ചാണ് ഈ ജോലി നടത്തുന്നതു്. വ്യാവസായിക വികേന്ദ്രീകരണമാണ് ഇക്കാര്യത്തിൽ അംഗീകരിച്ചിട്ടുള്ള തത്വം. ഓരോരുത്തരും അവരവരുടെ വീടുകളിലിരുന്ന്, വളരെ അവ്യക്തമായ അറിവേ അവർക്കുള്ളുവെങ്കിൽത്തന്നെ പ്രസ്തുത പമ്പിനാവശ്യമുള്ള ഓരോ പ്രത്യേക ഭാഗങ്ങൾ നിർമ്മിക്കുകയും ഹെഡ്ക്വാർട്ടേഴ്സിൽവച്ച് അവയെ സംഘടിപ്പിക്കുകയുമാണു ചെയ്യുന്നതു്. അത്യാവശ്യമായ യാന്ത്രികോപകരണങ്ങൾ പ്രോജക്റ്റിൽനിന്നുതന്നെ കൊടുത്തുവരികയാണ്. ഏററവും വിജയകരമായ ഒരു പ്രവർത്തനമാണിതു്. അടുത്ത കാലംവരെ ഇത്തരം പമ്പുകൾ നമ്മുടെ നാട്ടിൽ വിദേശങ്ങളിൽനിന്നും കൂടിയ വിലകൊടുത്തു വരുത്തുകയായിരുന്നു. ഇവിടെ ഇപ്പോൾ നിർമ്മിച്ചുവരുന്ന പമ്പുകൾ വിലയിലും പ്രയോജനത്തിലും മറുനാടൻ പമ്പുകളെക്കാൾ മെച്ചപ്പെട്ടവയാണ്. ഈ അടുത്ത കാലത്തു് പ്രോജക്റ്റുകേന്ദ്രങ്ങൾ സന്ദർശിച്ച കേന്ദ്രധനകാര്യമന്ത്രി ശ്രീ. സി. ഡി. ദേശ്മുഖ്, ദുർഗ്ഗാഭായി ദേശ്മുഖ്, കമ്മ്യൂണിററിപ്രോജക്റ്റ് അഡ്മിനിസ്ട്രേറ്റർ ശ്രീ. എസ്. കെ. ഡേ തുടങ്ങിയ പ്രശസ്തവ്യക്തികൾ അങ്ങേയററം അഭിനന്ദിച്ചിട്ടുള്ള ഒരു സംരംഭമാണിതു്. ഞങ്ങളുടെ ദേശത്താരംഭിച്ചിട്ടുള്ള പത്തിരുപതു കുഴൽക്കിണറുകളിൽ ഇത്തരം പമ്പുകളാണിപ്പോൾ ഉപയോഗിക്കുന്നതു്. അവയുടെ പ്രവർത്തനം തികച്ചും വിജയകരമാണു്.

മറെറാരു പ്രധാന സംഗതികൂടി എനിക്കു് ഈ അവസരത്തിൽ ഇന്നത്തെ ഗവണ്മെൻറിൻെറ അടിയന്തിരശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കണമെന്നുണ്ട്. എൻെറ നിയോജകമണ്ഡലത്തിൽപ്പെട്ട ഒററശേഖരമംഗലം പകുതിയിൽ കുട്ടമലക്കാണി എന്ന സ്ഥലത്തു് ഒരു Dry cattle farm തുട

ജുവാനുള്ള ഒരു പദ്ധതി അവിടത്തെ കമ്മ്യൂണിററി പ്രാജക്ററിൽനിന്നും ആസൂത്രണം ചെയ്യുകയുണ്ടായി. കുറഞ്ഞത് പത്തിരുന്നൂറ് ആളുകൾക്കെങ്കിലും തൊഴിലുണ്ടാക്കുന്ന ഒരു പരിപാടിയാണ് സർ, ഇത്. ആ പ്രദേശത്തുള്ള ഗവണ്മെൻറുവക തരിശിൽനിന്നും ആറേക്കർ സ്ഥലമാണിതിനു വേണ്ടി ആവശ്യമായിവന്നത്. ഭൂതകാലത്തെ അനധികൃതങ്ങളായ കയ്യേററങ്ങളുടെ പേരിൽ സർക്കാർ ഭൂമി കൈവശം വച്ചുകൊണ്ടിരുന്ന പലരേയും കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി പ്രസ്തുത പദ്ധതിക്കാവശ്യമുള്ളതിൽ 94 ഏക്കർഭൂമി ആ പ്രദേശങ്ങളിൽ കുടികെട്ടി താമസിച്ചിരുന്ന പലരേയും മാററിപ്പോലും ഒഴിച്ചെടുക്കുവാൻ ഞങ്ങൾ വിജയകരമായി പ്രവർത്തിച്ചു. സർ, പക്ഷെ അതോടു തൊട്ടുകിടക്കുന്ന മറെറാരാറേക്കർ ഭൂമിയുണ്ട്. അതും സർക്കാർ വകയാണ്. ഒരനധികൃതപ്രവേശനത്തിൻെറ കൈവശമിരിക്കുന്ന പത്തിരുപതേക്കറിൻെറ ഒരു ഭാഗമാണത്. പക്ഷെ നാട്ടിൻെറ പൊതുവായ ആവശ്യത്തിനു വേണ്ടി ആ ഭൂമി വിട്ടുതരുവാൻ ആ മനുഷ്യൻ കൂട്ടാക്കിയില്ല. മറെറാന്നുകൊണ്ടുമല്ല സർ, അത്. ആ മനുഷ്യൻ ഒരു ഭൂതകാല മന്ത്രി ബന്ധുവാണ്. അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഇന്നത്തെ പൂഞ്ഞാർ മെമ്പർ ശ്രീ. ഏ. ജെ. ജോണിൻെറ, സജാതീയനും, സമസ്ഥാനനും, ബന്ധുവുമാണയാൾ. പ്രാജക്ററധികൃതർ പ്രസ്തുത സ്ഥലം കൈവശപ്പെടുത്തിക്കൊടുക്കണമെന്നു കാണിച്ച് ഗവണ്മെൻറിലേയ്ക്കെഴുതി. എന്നാൽ ഇന്ന് ജനനന്മയുടെ പേരിൽ വീറോടെ വാദിക്കുന്ന അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ജോൺ അദ്ദേഹത്തിൻെറ അനുസരണയുള്ള ഭൃത്യനായിരുന്ന അന്നത്തെ ഡവലപ്മെൻറു കമ്മീഷണരുമായി ആലോചിച്ചുകൊണ്ട് നാട്ടുകാർക്കെതിരായി ഒരു ഗൂഢാലോചന നടത്തി, ജാതിയുടേയും ബന്ധുത്വത്തിൻെറയും പേരിൽ പ്രസ്തുത സ്ഥലം ആക്രമിച്ചു കൈവശം വച്ചുകൊണ്ടിരുന്നയാൾക്കുതന്നെ വിട്ടുകൊടുക്കുവാനും അതേ സംബന്ധിച്ച നടപടികൾ നിറുത്തിവയ്ക്കുവാനും ഉത്തരവിടുകയാണുണ്ടായത്. ഇന്നും ആ പദ്ധതി മുടങ്ങിക്കിടക്കുകയാണ്. അതേ സംബന്ധിച്ച കടലാസുകൾ ഇപ്പോഴും ഡെവലപ്മെൻറു സെക്ഷനിലും മുഖ്യമന്ത്രിയുടെ ആഫീസിലുമുണ്ട്. ഇനിയെങ്കിലും ഒട്ടും കാലതാമസം വരുത്താതെ പ്രസ്തുത പദ്ധതി ഉടനടി ആരംഭിക്കുവാൻ വേണ്ട എല്ലാ നടപടികളും സത്വരമായി പൂർത്തിയാക്കണമെന്നാണ് ഇന്നത്തെ മുഖ്യമന്ത്രി അവർകളോട് എനിക്കു അപേക്ഷിക്കുവാനുള്ളത്.

പ്രാജക്ററിൻെറ ആഭിമുഖ്യത്തിൽ നടക്കുന്ന പല പ്രവർത്തനങ്ങൾക്കും വളരെയധികം കാലതാമസം നേരിടുന്നുവെന്നു പൊതുവെ പരാതിയുണ്ട്. ഞാൻ ആദ്യമേ സൂചിപ്പിക്കുകയുണ്ടായ, പല പ്രവർത്തനങ്ങൾക്കും യഥാകാലം അനുവാദം കിട്ടുവാൻ കഴിഞ്ഞകാലത്ത് ഇടയായിട്ടില്ലെന്ന്. ഈ താമസിപ്പിക്കൽപരിപാടി ഇനിയെങ്കിലും അവസാനിപ്പിക്കണമെന്നും ഇന്ന് അധികാരത്തിലിരിക്കുന്ന മന്ത്രിസഭയെങ്കിലും ഈവക പ്രവർത്തനങ്ങളുടെ പ്രധാന്യം മനസ്സിലാക്കി അടിയന്തിരശ്രദ്ധ ഇക്കാര്യത്തിൽ പതിപ്പിക്കണമെന്നുമാണ് എനിക്കീമന്ത്രിസഭയെ അനുസ്മരിപ്പിക്കുവാനുള്ളത്.

വളരെ പ്രധാനമായ മറെറാരു പദ്ധതിയാണ് കഴിഞ്ഞ്റ ആരംഭിച്ചിട്ടുള്ള കളക്ററീവ് ഫാം. 46-ഓളം കൃഷിക്കാരുടെ കൈവശമിരുന്ന പതിമൂന്നേക്കറോളം വയലുകൾ ഒരുമിച്ച് സഹകരണാടിസ്ഥാനത്തിൽ കൃഷിയിറക്കിയിരിക്കയാണിപ്പോൾ ഇവിടെ. മിക്കവാറും നമ്മുടെ രാജ്യത്തിൽ

[ശ്രീ. കെ. കൃഷ്ണപിള്ള]

ഇത്തരത്തിലുള്ള ആദ്യത്തെ പ്രവർത്തനമാണിതെന്നു തോന്നുന്നു. പ്രസ്തുത പദ്ധതി വിജയിപ്പിക്കുന്നതിനും അതിന്റെ മാതൃക സാർവ്വത്രികമായി സ്വീകരിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുന്നതു് നന്നായിരിക്കും. ചുരുക്കത്തിൽ പ്രോജക്റ്റിൽനിന്നും ആരംഭിക്കുവാനുദ്ദേശിക്കുന്ന എല്ലാ പ്രവർത്തനപദ്ധതികളും കൃത്യംവേഗം നടത്തുന്നതിനു വേണ്ട ഏർപ്പാടുകൾ ഗവണ്മെന്റിൽനിന്നും ചെയ്യണമെന്നും ഈ വക കാര്യങ്ങളിൽ വളരെ സുധീരമായ ഒരു നില സ്വീകരിക്കുവാൻ ഗവണ്മെന്റ് തയ്യാറാവണമെന്നും ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. പ്രോജക്റ്റിന്റെ പേരിൽ വളരെ അധികം തുക അനാവശ്യമായി ചെലവു ചെയ്യുന്നുണ്ടെന്നും, അനാവശ്യമായ അസംഖ്യം ഉദ്യോഗങ്ങൾ തന്നെ അവിടെ സൃഷ്ടിച്ചിട്ടുണ്ടെന്നും അവിടത്തെ ഉദ്യോഗസ്ഥന്മാർ അവിടത്തെ ജീപ്പുകളും മററും വളരെയേറെ ദുരുപയോഗപ്പെടുത്തുന്നുവെന്നും പൊതുവേ പരാതിയുണ്ട്. ഈവക കുഴപ്പങ്ങൾ അവസാനിപ്പിക്കുവാനും ഗവണ്മെന്റ് ശ്രദ്ധിക്കേണ്ടതാണ്. മറെറാരു കാര്യംകൂടി. പ്രോജക്റ്റ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള പ്രചരണങ്ങൾ തികച്ചും അപര്യാപ്തമാണ്. നാട്ടുകാർക്ക് കാര്യങ്ങൾ നേരെ മനസ്സിലാകാത്തതിന്റെ കാരണത്താലും കുറെയൊക്കെ പ്രവർത്തനമാന്ദ്യം സംഭവിക്കുന്നുണ്ട് തന്നെയുമല്ല, സാങ്കേതികങ്ങളായ ചില ഫോർമാലിററീസിന്റെ പേരിലും കാലതാമസം നേരിടുന്നുണ്ട്. ഇവയെല്ലാം പരിഹരിക്കാനും ഗവണ്മെന്റ തയ്യാറാകണം. അനാവശ്യച്ചെലവുകൾ നിയന്ത്രിക്കുവാനും ഒഴിവാക്കുവാനും ഗവണ്മെന്റ് ശ്രദ്ധിക്കുന്നതോടൊപ്പംതന്നെ വിജയകരമായ പ്രവർത്തനങ്ങൾക്കാവശ്യമുള്ള നിർദ്ദേശങ്ങൾകൂടി യഥാകാലം നൽകി ഈ വക സംരംഭങ്ങളെ വിജയിപ്പിക്കുവാൻ ഇന്നത്തെ ഗവണ്മെന്റ് ജാഗ്രതയായി വർത്തിക്കണമെന്നുൽബോധിപ്പിച്ചുകൊണ്ട് ഞാൻ എന്റെ ഈ ചെറു പ്രസംഗം അവസാനിപ്പിക്കുകയാണ്.

ശ്രീ. വി. ജെ. ജോസഫ്: സർ, ബഹുമാനപ്പെട്ട ചിററൂർ മെംബർ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ജനസേവനപദ്ധതികളും രാഷ്ട്രനിർമ്മാണപദ്ധതികളും നടപ്പിലാക്കുന്ന കാര്യത്തിൽ ഇവിടത്തെ ഗവണ്മെന്റ് കുറേക്കാലങ്ങളായി ഒരു നയം സ്വീകരിച്ചു വരുന്നു. ആ നയത്തിൽ ഒരു വ്യത്യാസം വരുത്തണമെന്നാണ് എനിക്കു ആദ്യമായി പറയുവാനുള്ളതു്. സർ, വിദ്യാഭ്യാസ സൌകര്യമില്ലാത്ത ഒരു പ്രദേശത്തെ ജനങ്ങൾ സംഘടിച്ചു് മൂലധനമുണ്ടാക്കി അതുകൊണ്ടു് ഒരു കെട്ടിടം പണിയിച്ചു. വേണ്ട ഉപകരണങ്ങളോടുകൂടി ആ കെട്ടിടം ഗവണ്മെന്റിനു വിട്ടുകൊടുത്താൽ, ഗവണ്മെന്റ് അതേറെറടുത്തു് അതിൽ ഒരു പ്രൈമറി സ്കൂൾ നടത്തി ആ പ്രദേശത്തെ ജനങ്ങൾക്കു് വിദ്യാഭ്യാസ സൌകര്യമുണ്ടാക്കിക്കൊടുക്കും. അതുപോലെതന്നെ ഗതാഗതസൌകര്യമില്ലാത്ത ഒരു ദിക്കിലെ ആളുകൾ ഏകോപിച്ചു് ഒരു റോഡുവെട്ടിത്തീർത്തു് ഗവണ്മെന്റിലേല്പിച്ചാൽ ഗവണ്മെന്റ് അതേറെറടുത്തു് മേലോട്ടുള്ള മെയിൻറനൻസ് നടത്തിക്കൊടുക്കും. വൈദ്യസഹായമില്ലാത്ത പല സ്ഥലങ്ങളിലും നാട്ടുകാർ സംഘടിച്ചു പണമുണ്ടാക്കി ആശുപത്രിക്കുള്ള കെട്ടിടം പണിതു് വേണ്ട ഉപകരണങ്ങളുമുണ്ടാക്കി ഗവണ്മെന്റിനെ ഏൽപ്പിച്ചതിന്റെ ഫലമായി ഗവണ്മെന്റ് ആ കെട്ടിടത്തിൽ

ആസ്പത്രി നടത്തി വരുന്നതിനും പല ഉദാഹരണങ്ങൾ ഉണ്ട്. സർ, ഈ നയത്തിലടങ്ങിയിരിക്കുന്ന തത്വത്തോടു ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു. ആവശ്യക്കാരന്റെ അറിവുപോലും കൂടാതെ അവന്റെ ആവശ്യങ്ങൾ നടത്തിക്കൊടുക്കുന്നതിനേക്കാളും വളരെ കൂടുതൽ നല്ലതാണ് അവന്റെ സഹകരണം സമ്പാദിച്ചു അവന്റെ സഹായത്തോടും പിൻതുണയോടുംകൂടി അവന്റെ ആവശ്യങ്ങൾ നിറവേറ്റിച്ചു കൊടുക്കുന്നതു്.

എന്നാൽ ഈ സഹായവും പിൻതുണയും നൽകുവാൻ സാദ്ധ്യതയില്ലാത്ത ആളുകൾ നിവസിക്കുന്ന പല പിന്നോക്കപ്രദേശങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഉദാഹരണമായി വടക്കേ കിഴക്കൻ തിരുവിതാംകൂറിലെ മലമ്പ്രദേശങ്ങൾ, തൊടുപുഴ താലൂക്കിലെ കരിമണ്ണൂർ പകുതിയുടെ കിഴക്കേ ഭാഗം, മൂവാററുപുഴ താലൂക്കിലെ വാരപ്പെട്ടി, എനാനല്ലൂർ, കോതമംഗലം എന്നീ പകുതികളുടെ കിഴക്കേ ഭാഗങ്ങൾ, ഏതാണ്ടൊരു ചെറിയ താലൂക്കിനോളം വിസ്താരമുള്ള കുട്ടമംഗലം പകുതിയുടെ ഭൂരിഭാഗവും; ഇവയെല്ലാം ഒരൊററ മലക്കെട്ടായി കിടക്കുന്നു. ഈ കുട്ടത്ത മലമ്പ്രദേശത്തു അവിടവിടായി ഏതാനും മലവർഗ്ഗക്കാർ താമസിക്കുന്നു. അവർ കാട്ടിൽ നിന്നിറങ്ങുകയോ നാട്ടുകാരുമായി സമ്പർക്കം പുലർത്തുകയോ സാധാരണമല്ല. ഒന്നു രണ്ടു തലമുറകളായി അനവധി നാട്ടുകാർ ഈ പ്രദേശത്തു കുടിയേറി താമസിച്ചു വരുന്നു. ഈ കുടിയേററക്കാർ മിക്കവാറും തിരുവിതാംകൂറിന്റെ സമതല പ്രദേശങ്ങളിൽനിന്നും വരുന്നവരാണ്. ഇവർ ജന്മഭൂമിയേയും ബന്ധുക്കളേയും ഉപേക്ഷിച്ചു ഇവിടെ വരുന്നതിനു പല കാരണങ്ങളുണ്ട്. ഒരു കൂട്ടർ തൊഴിൽ രഹിതരായിട്ടും, മറെറാരുകൂട്ടർ നാട്ടിലെ കടുത്ത ജീവിതമത്സരത്തോടു കിടപിടിക്കാൻ സാധിക്കാഞ്ഞിട്ടും, മൂന്നാമതൊരുകൂട്ടർ എന്നും കൂലിവേലക്കാരായി അന്യനെ ആശ്രയിച്ചു ജീവിക്കാനുള്ള വൈമുഖ്യംകൊണ്ടും. സ്വന്തപരിശ്രമംകൊണ്ടു സ്വതന്ത്രനായി ജീവിക്കാനുള്ള ഇവരുടെ ആഗ്രഹം സ്തുത്യർഹമാണ്. ഏതായാലും ഇവരെല്ലാവരെപ്പററിയും പൊതുവായി പറയാനുള്ള ഒരു സംഗതി ഇവർക്കാർക്കും ഒരു മൂലധനവുമുള്ളവരല്ലെന്നുള്ളതാണ്. സ്വപ്രയത്നത്തെ മാത്രമാശ്രയിച്ചു ജീവിതം നയിക്കാൻ വരുന്ന ഇവർ, ആദ്യമായി വന്യമൃഗങ്ങളെ ആട്ടിയോടിച്ചു, കാടുകൾ വെട്ടിത്തെളിച്ചു, ഭൂമി സമതലമാക്കി കൃഷികൾ ഇറക്കുന്നു. അന്നു മുതൽ കൃഷി എടുക്കുന്നതുവരെ, തങ്ങളുടെ കൃഷിയെ വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്നു രക്ഷിപ്പാനായി രാവും പകലും കാവലിടണം. എത്ര കാവലിട്ടാലും കാട്ടുമൃഗങ്ങൾക്കുള്ള ഭാഗം കൊടുത്തേ തീരു. ബാക്കി കിട്ടുന്ന കൃഷിഉൽപ്പന്നങ്ങൾ വിൽക്കാനൊരുമ്പെടുമ്പോഴാണ് ഗതാഗതസൌകര്യമില്ലായ്മ തന്നെ സാമ്പത്തികമായി ബാധിക്കുന്നെന്നു മനസ്സിലാകുന്നതു്. സർ, ഞാൻ ഇതൊന്നും ഊഹിച്ചു പറയുന്നതല്ല. ഈ പ്രദേശത്തെ എന്റെ പരിചയത്തിൽനിന്നു നേരിട്ടു മനസ്സിലാക്കിയിട്ടുള്ള വസ്തുതകളാണ്. തന്റെ കൃഷിസ്ഥലത്തുനിന്നു ഒരു തുലാം മരച്ചീനി അഞ്ചാറു മൈൽ ദൂരമുള്ള റോഡുവക്കത്തെത്തിക്കുന്നതിനു ചുമട്ടുകൂലി 4 അണ കൊടുക്കണം. അവിടെ വിററാൽ കിട്ടുന്ന വില ഏഴണ. ബാക്കിയുള്ള മൂന്നണ കൊണ്ടു് കൃഷിയിറക്കിയപ്പോൾ വാങ്ങിയ കടം വീട്ടണം. കള്ളക്കർക്കടകമാസം കഴിക്കാൻ കടം വാങ്ങിയ തുക മടക്കിക്കൊടുക്കണം. അന്നത്തെ കഴിയുവാൻ തുക മാററി വയ്ക്കണം. അവനെക്കൊണ്ടു റോഡുവെട്ടുന്നതിനോ, ആസ്പത്രി

[ശ്രീ. വി. ജെ. ജോസഫ്]

കെട്ടിടം പണിയുന്നതിനോ, സ്കൂൾകെട്ടിടം പണിയുന്നതിനോ ഒരു സംഭാവന കൊടുക്കുവാൻ സാദ്ധ്യമല്ല. അനന്തരം ഈ ഗവണ്മെൻറുനയം മൂലം ആ പ്രദേശത്തിനു ഒരു പുരോഗമനവും സിദ്ധിക്കുന്നില്ല.

നേരെ മറിച്ച് പുരോഗമിച്ച പ്രദേശങ്ങളിലെ ജനങ്ങൾക്കാണെങ്കിൽ സാമാന്യ വിദ്യാഭ്യാസമുണ്ട്. സംഘടിച്ചു പ്രവർത്തിക്കുന്നതിൻെറ ആവശ്യകത അവർക്കറിയാം. പൊതുസ്ഥാപനങ്ങളുണ്ടാക്കുവാൻ ഒരു സംഭാവനകൊടുക്കാനുള്ള അല്പസ്വല്പ സാമ്പത്തികകഴിവുമുണ്ട്. അതുകൊണ്ട് ഗവണ്മെൻറു സൌജന്യങ്ങൾ ഉപയോഗപ്പെടുത്തി ആ പ്രദേശങ്ങൾക്ക് വീണ്ടും പുരോഗമിക്കാം. ഇവരുടെ പുരോഗമനത്തിൽ എനിക്ക് അസൂയ ഇല്ല സർ. പിന്നാക്കപ്രദേശങ്ങൾക്കു പുരോഗമിക്കുവാൻ സാദ്ധ്യതയില്ലാത്തതിലുള്ള സങ്കടമേയുള്ളു.

ഒരു രാജ്യത്തിൻെറ വിവിധ ഭാഗങ്ങൾ തമ്മിൽ വലിയ വ്യത്യാസമുണ്ടായിരിക്കുന്നതു് ആശാസ്യമല്ല. ഈ വ്യത്യാസം വർദ്ധിപ്പിക്കുന്ന ഇപ്പോഴത്തെ ഗവണ്മെൻറുനയം ഉടൻ വ്യത്യാസപ്പെടുത്തേണ്ടതാണ്. എനിക്കു പറയുവാനുള്ളതു് സാമ്പത്തികനില, വിദ്യാഭ്യാസസൌകര്യം, ഗതാഗതസൌകര്യം, വൈദ്യസഹായം എന്നിവയെ ആസ്പദമാക്കി രാജ്യത്തെ Backward areas *i. e.* പിന്നാക്ക പ്രദേശങ്ങൾ എന്നും, Progressed areas *i. e.* പുരോഗമിച്ച പ്രദേശങ്ങൾ എന്നും രണ്ടായി തിരിക്കണം. പിന്നാക്കപ്രദേശങ്ങളെ സംബന്ധിച്ചടത്തോളം രാജ്യവികസനപദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നയത്തിൽ ഒരയവുവരുത്തണം. അത്യാവശ്യം ചില ദിക്കിലെല്ലാം ഈ വക സംഗതികൾ ഗവണ്മെൻറു ചെലവിൽത്തന്നെ നിർവ്വഹിച്ചുകൊടുക്കുകയും വേണം. രാജ്യമൊട്ടാകെയുള്ള സംതൃപ്തിക്കും സമാധാനത്തിനും ഇതു് അത്യന്താപേക്ഷിതവുമാണ്,

എന്നാൽ ഈ നയവ്യത്യാസം വരുത്തുന്നതിനു കാലതാമസം നേരിട്ടേയ്ക്കാം. പിന്നാക്കപ്രദേശങ്ങൾക്ക് ഒരു അടിയന്തിരാശ്വാസം നല്കുന്നതിനായി എനിക്കു പറയുവാനുള്ളതു് അടുത്തു തുടങ്ങുവാൻ പോകുന്ന പന്ത്രണ്ട് N. E. S. ബ്ലോക്കുകളിൽ കഴിയുന്നത്ര ഈ പിന്നാക്കപ്രദേശങ്ങളെ ഉൾക്കൊള്ളിക്കണമെന്നാണ്.

രണ്ടാമതായി എനിക്കു പറയുവാനുള്ളതു് നാം തുടങ്ങിയ കമ്മ്യൂണിററി പ്രാജക്ററുകളും, N. E. S. പദ്ധതികളും നിർദ്ദിഷ്ടസമയത്തു തീർക്കുന്നതിനും ഇനിയും പുതുതായി ആ വക പദ്ധതികൾ ആരംഭിക്കുന്നതിനും ആയി നമ്മുടെ കോശസ്ഥിതിയെ പരിപോഷിപ്പിക്കുന്നതിനെപ്പററിയാണ്. നമ്മുടെ ബഡ്ജററിൽ പ്രധാനമായി മുഴച്ചു നില്ക്കുന്ന ഒരു സംഗതി നമ്മുടെ ഒരു കൊല്ലത്തെ ആകെ വരുമാനം 1751 ലക്ഷം ഉറുപ്പിക മാത്രമാണെന്നുള്ളതാണ്. കൂടുതൽ സങ്കടകരമായിട്ടുള്ളതു് നമ്മുടെ ബഡ്ജററും ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ ബഡ്ജററ പ്രസംഗവും പഠിച്ചാൽ അതിൽ പ്രത്യക്ഷമാകുന്ന വേറൊരു വസ്തുതയാണ്; അതായതു് ഈ അടുത്തകാലത്തെങ്ങും ഈ വരുമാനം സാരമായി വർദ്ധിക്കാൻ പോകുന്നില്ലെന്നു്. ഇതിൻെറ അർത്ഥം ഈ അടുത്ത കാലത്തെങ്ങും ഈ രാജ്യത്തു് ഒരു കല്ലിന്മേൽ മറെറാന്നു പണിയാൻ പോകുന്നില്ലെന്നാണ്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ ബഡ്ജററ പ്രസംഗത്തിൽ

അദ്ദേഹം പറയുന്നു "കേന്ദ്രത്തിലേയ്ക്കെടുത്ത വകുപ്പുകൾ നീക്കി നമുക്കു അവശേഷിച്ച വകുപ്പുകളിൽ സെയിൽടാക്സ് മാത്രമേ ഇലാസ്റ്റിക്കായിട്ടൊള്ളു" വെന്നു്. ഇപ്പോഴത്തെ സാമ്പത്തികത്തകച്ചയും മററു പായിൻറ ടാക്സേഷൻ നിറുത്തണമെന്നുള്ള നമ്മുടെ ഉദ്ദേശവും കൂടി പരിശോധിച്ചാൽ മനസ്സിലാകും ആ ഇലാസ്റ്റിസിററി വലിച്ചാൽ നീളുന്ന തരമല്ല കുറകുന്ന തരമാണെന്നു്. എന്നിട്ടും നമ്മുടെ ധനകാര്യവകുപ്പുമന്ത്രി, ഒരു പക്ഷേ നമ്മെ ആശാരഹിതരാക്കാതിരിക്കാനാവാം, ഇനിയും നികുതിഭാരം അല്പം കൂടി വർദ്ധിപ്പിക്കാൻ സാദ്ധ്യതയുണ്ടെന്നു കാണിക്കാൻ തൻെറ ബഡ്ജററ പ്രസംഗംവഴി ഒരു കണക്കു ഈ സഭയുടെ മുമ്പിൽ വയ്ക്കുകയുണ്ടായി. പാർട്ടു ബി സ്റ്റേററുകളുടെ ശരാശരി പെർ കാപ്പിററാ ടാക്സ് റവന്യു 10·32 ക. ആയിരിക്കുമ്പോൾ ഈ രാജ്യത്തു അതു് 8·9 മാത്രമേ ആകുന്നുള്ളു വെന്നു്. ഇതിൽ ഒരു ഫാലസി അടങ്ങിയിട്ടുണ്ടെന്നു് ഒന്നു രണ്ടു ബഹുമാനപ്പെട്ട മെംബറന്മാർ ഈ സഭയിൽ പ്രസ്താവിക്കുകയുണ്ടായി. ഞാൻ അവരോടു പൂർണ്ണമായി യോജിക്കുന്നു.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും, തിങ്കളാഴ്ച പതിനൊന്നു മണിക്കു് വീണ്ടും കൂടുന്നതുമാണു്.

The Assembly adjourned at 5 P. M. to meet again at 11 A. M. on Monday, the 26th July 1954.

APPENDIX I.

(Please see answer to Question No. 415 [42]).

List of Pial Schools.

	Name of Pial School.	*Taluk.*
1	Koliyakode	Neyyattinkara
2	Cherukode	do.
3	Kulathoor	Trivandrum
4	Thalathoothakavu	Nedumangad
5	Veliyam	Kottarakara
6	Kulakada	do.
7	Kulakada East	do.
8	Anthamon	do.
9	Panaveli	do.
10	Perinad	Quilon
11	Puthupally	Karunagapally
12	Thekkekara	Karthigapally
13	Karuvatta	do.
14	Ulavacode	Mavelikara
15	Chunakkara	do.
16	Iravankara	do.
17	Punnapra	Ambalapuzha
18	Kadakarapally	Sherthalai
19	Ranni	Pathanamthitta
20	Ezhamkulam	Kunnathoor
21	Parakode	do.
22	Vallikode	do.
23	Pavukara	do.
24	Kizhakkumbhagom	Thiruvella
25	Kunnamthanam	do.
26	Sachivothamapuram	Changanacherry
27	Thottackad	do.
28	Nedumkavuvayal	do.
29	Thumarampara	do.
30	Bhadramadom	do.
31	Karukachal	do.
32	Game Range	do.
33	Narekadavu	Vaikom
34	Malakkad	do.
35	Appanchira	do.

APPENDIX I—(*contd.*)

Name of Pial School.		*Taluk.*
36	Polasseribhagom	Vaikom
37	Kumarakode	do.
38	Thalappalam	Meenachil
39	Karikode	Thodupuzha
40	Arakkulam	do.
41	Naliyani	do.
42	Pathippally	do.
43	Mullaringad	do.
44	Marayoor	Devicolam
45	Manickamangalam	Kunnathunad
46	Veliyathunad	Parur
47	Ponnore	Trichur
48	Enkakad	Talappilly
49	Ozhukupara	Quilon
50	Muttapally	Pathanamthitta

APPENDIX II.

[Please see Answer to Question No. 117 (24)].

Extract of letter No. I. 1-6864|54 dated the 14th July 1954, from the Chief Engineer, P. W. D.

The names of the schemes selected to be investigated with the names of the respective Panchayats under which the works are confined are as follows:—

Koovapady Panchayat

1 Kodanad Lift Irrigation Scheme
2 Koovapady Lift Irrigation Scheme

Malayattur Panchayat

3 Neeleswaram Scheme

Kunnakara Panchayat

4 Korankadavu Lift Irrigation Scheme
5 South Aduvassery Scheme

Kadungalloor Panchayat

6 Muppathadom South Lift Irrigation Scheme

Nedumbassery Panchayat

7 Warkode Chengal Scheme

Choornikara Panchayat

8 Nochimkara Lift Irrigation Scheme

Puduvasseri Panchayat

9 Neduvannoorkara Lift Irrigation Scheme

Appendix II—(*Contd*)

Alengad Panchayat

10 Veliathunad Lift Irrigation Schemes in Pannaikulam

Njalakam Panchayat

11 Lift Irrigation from Kalamassery bridge

Kalady Panchayat

12 Manickamangalam thura Lift Irrigation Scheme

Parakadavu Panchayat

13 Extension to Parakadavu Scheme No. 2 and provision of additional pump capacity and improving channels etc.

14 Any possible Lift Irrigation Schemes in Kuzhoor Panchayat

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY.

Second Session 1954.

Monday, the 26th July 1954.

Vol. XI] OFFICIAL REPORT [No. 12.

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Monday, the 26th July, 1954 with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

എല്ലുപൊടി വിതരണം.

* 422. [6] ശ്രീ. റി. കെ. ദിവാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്രികൾച്ചറൽ ഡിപ്പാർട്ടുമെന്റിന് ആവശ്യമായ എല്ലുപൊടി സപ്ലൈ ചെയ്യുന്നതാരാണ്;

(ബി) ഈ എല്ലുപൊടി വിതരണം ചെയ്യുന്നതിന് ഇപ്പോൾ എത്ര ഗവണ്മെന്റ് ഡിപ്പോകൾ ഉണ്ട്;

(സി) എത്ര സഹകരണസംഘങ്ങൾക്ക് ഏജൻസി നൽകിയിട്ടുണ്ട്;

(ഡി) എത്ര പ്രൈവററ് ഏജൻസികൾക്ക് നൽകിയിട്ടുണ്ട്;

(ഇ) എല്ലുപൊടി വ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്ന മററു വ്യാപാരികളെപ്പററി ഗവണ്മെന്റിൽനിന്നും എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(എഫ്) എല്ലുപൊടി വ്യാപാരം ചെയ്യുന്നതിനെ നിയന്ത്രിക്കുന്നതിനും ലൈസൻസ് ചുമത്തുന്നതിനുമായി ഗവണ്മെന്റ് എന്തെങ്കിലും ആർഡർ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ ആർഡറിലെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാം;

(എച്ച്) വ്യവസ്ഥകളെല്ലാം പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ;

(ഐ) എല്ലുപൊടിയിൽ മായംചേർത്തു വിൽക്കുന്നതായി കൃഷിക്കാരിൽനിന്നും പരാതി ലഭിച്ചിട്ടുണ്ടോ;

(ജെ) ഉണ്ടെങ്കിൽ അതു പരിശോധിക്കുന്നതിന് ഗവണ്മെന്റിൽനിന്നും എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) നിലവിലുള്ള സ്റ്റോർപർച്ചേസ് നിയമം അനുസരിച്ച് ടെൻഡർ വിളിച്ച് ഏറ്റവും താഴ്ന്ന നിരക്കിൽ വാങ്ങുന്നു. കൂടാതെ ഇൻഡ്യയിലുള്ള ഉൽപ്പാദകരിൽനിന്നും ഇൻഡ്യാഗവണ്മെന്റിന്റെ സഹായത്തോടുകൂടി അന്യോന്യസമ്മതപ്രകാരമുള്ള നിരക്കിലും വാങ്ങുന്നു.

(ബി) 42 എണ്ണം.

(സി) 305.

(ഡി) 111. ഇതിൽ 38 എണ്ണം വില്ലേജ് യൂണിയനുകളും കർഷകയൂണിയനുകളും നടത്തുന്നതാണ്.

(ഇ) ഇല്ല.

(എഫ്) ഉണ്ട്.

(ജി) ആർഡറുകളുടെ പകർപ്പ് *മേശമേൽ വച്ചിട്ടുണ്ട്.

(എച്ച്) മിക്കവാറും എല്ലാ വ്യവസ്ഥകളും നടപ്പിൽവരുത്തി. എന്നാൽ നമ്മുടെ ബഹുമാനപ്പെട്ട ഹൈക്കോടതിയിലെ ഉത്തരവിൻപ്രകാരം പ്രസ്തുത ആർഡറുകൾക്ക് ഇപ്പോൾ നിയമസാധുതയില്ല.

(ഐ) ഇല്ല.

(ജെ) ഉദിക്കുന്നില്ല.

ശ്രീ. റ്റി. കെ. ദിവാകരൻ: ഇപ്പോൾ എല്ലുപൊടി സപ്ലൈ ചെയ്യുന്നതാരാണ്?

ശ്രീ. പി. എസ്. നടരാജപിള്ള: കൺട്രാക്റ്റർമാരാണ് സപ്ലൈ ചെയ്യുന്നത്. കൺട്രാക്റ്റർമാരുടെ പേരുകൾ ഇപ്പോൾ എന്റെ കൈവശമില്ല.

Shri T. S. Ramaswami: May I know the agency through which bone meal is distributed in N. E. S. areas?

Shri P. S. Nataraja Pillai: Through Co-operative societies.

Shri T. S. Ramaswami: May I know whether Government are aware of the difficulties of peasants in getting bone meal?

---

*See appendix I.

Shri P. S. Nataraja Pillai: There is no such complaint before the Government.

ശ്രീ. സി. സി. അയ്യപ്പൻ: വളം വിതരണം, വ്യക്തികളെ ആരെയെങ്കിലും ഏൽപ്പിച്ചിട്ടുണ്ടോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഉണ്ട്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: കൺട്രാക്ററന്മാർ ഈ സ്റ്റേററിലുള്ളവരോ അതോ സ്റ്റേററിനു വെളിയിൽ ഉള്ളവരോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഏററവും കുറഞ്ഞ ടെൻറർ സ്റ്റേററിന് ഉള്ളിൽ ഉള്ളവരുടെയാണെങ്കിൽ അവക്കു കൊടുക്കും. ഏററവും കുറഞ്ഞ ടെൻറർ വെളിയിൽ ഉള്ളവരുടേതാണെങ്കിൽ അവക്കും കൊടുക്കും.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: ഇപ്പോഴത്തെ കൺട്രാക്ററന്മാർ സ്റ്റേററിനുള്ളിലുള്ളവരോ പുറത്തുള്ളവരോ എന്നു പറയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള: നോട്ടീസു വേണം.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: ഏതെങ്കിലും കമ്പനിക്കാരെ ഇതു ഏൽപ്പിക്കാറുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: ഉണ്ട്.

ശ്രീ. എം. വി. ചെറിയാൻ: എല്ലുപൊടി കൃഷിക്കാക്ക് സമയത്തിനു കിട്ടുന്നില്ലാ എന്ന് എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: അങ്ങനെ പരാതികളൊന്നും കിട്ടിയിട്ടില്ല.

ശ്രീ. എം. വി. ചെറിയാൻ: മേടകൃഷിക്കാലത്തു മൂവാററുപുഴയുള്ള കൃഷിക്കാരിൽനിന്നു ശരിയായി വളം കിട്ടുന്നില്ലെന്നു അവിടത്തെ പഞ്ചായത്തുകാക്ക് പരാതി കിട്ടിയിട്ടുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: മൂവാററുപുഴ വളം ഡിപ്പോവിൽ കുറച്ചുദിവസം വളം ഇല്ലായിരുന്നുവെന്നു പരാതി കിട്ടിയിട്ടുണ്ട്. അതു ഉടനെതന്നെ കൊടുത്തിട്ടുമുണ്ട്.

ശ്രീ. പി. കെ. അബ്ദുൽഖാദർ: എല്ലുപൊടി വാങ്ങുന്ന കൃഷിക്കാക്ക് സബ്സിഡി കൊടുക്കുന്നുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: സബ്സിഡൈസ്ഡ് റേററിലാണ് കൊടുക്കുന്നതു.

ശ്രീ. ടി. ഒ. ബാവ: വളത്തിന് അപേക്ഷകൊടുക്കുന്ന അവസരത്തിൽ പാർവത്യകാരൻ സർട്ടിഫൈ ചെയ്യണമെന്നുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: ഉണ്ട്.

ശ്രീ. ടി. ഒ. ബാവ: പാർവത്യക്കാരന്മാരുടെ പക്കൽനിന്നു സർട്ടിഫിക്കററ കിട്ടുവാൻ താമസം നേരിടുന്നതുകൊണ്ട് ആ അധികാരം പഞ്ചായത്തുകാക്ക് കൊടുക്കുവാൻ ആലോചിക്കുമോ?

ശ്രീ. പി. എസ്. നടരാജപിള്ള: ആലോചിക്കാം.

ശ്രീ. സി. സി. അയ്യപ്പൻ: വ്യക്തികൾക്ക് കമ്മീഷൻ കൊടുക്കുമോ?

ശ്രീ. പി. എസ്. നടരാജപിള്ള: വ്യക്തികൾക്കും കമ്മീഷൻ ഉണ്ട്. അമോണിയം സൾഫേററിനു 5 ശതമാനവും മററുള്ളതിനു ഏഴര ശതമാനവും കമ്മീഷൻ കൊടുക്കുന്നുണ്ട്.

ശ്രീ. സി. സി. അയ്യപ്പൻ: സബ്സിഡൈസ്ഡ് റേററിലാണോ കൃഷിക്കാർക്ക് വളം കൊടുക്കുന്നത്?

ശ്രീ. പി. എസ്. നടരാജപിള്ള: അതേ.

ശ്രീ. ടി. കെ. ദിവാകരൻ: എല്ലുപൊടിയുടെ വിതരണത്തെസംബന്ധിച്ച് കേന്ദ്രഗവൺമെൻറ പുതിയ ഒരു ഓർഡർ പുറപ്പെടുവിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള: ഇവിടെ അത് വിതരണം ചെയ്യുന്നതിന് ഇപ്പോൾ ഉള്ള ഓർഡർ മതിയാകുമെന്നാണ് ഗവൺമെൻറ വിചാരിക്കുന്നത്.

ശ്രീ. ടി. കെ. ദിവാകരൻ: പ്രൈവററ ഏജൻസി വിതരണം ചെയ്യുന്ന എല്ലുപൊടിയുടെ ക്വാളിററിയെപ്പററി ഗവൺമെൻറ അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: അതിനെ സംബന്ധിച്ച് പരിശോധിക്കുന്നതിന് ഗവൺമെൻറിനു അവകാശമുണ്ട്. പബ്ലിക്ക് സേഫ്ററി മെഷേഴ്സ് ആക്ററിൻെറ പരിധിയിലാണ് ആ അധികാരം ഗവൺമെൻറിന് കൊടുത്തിട്ടുള്ളത്. ആ നിയമത്തിനു നിയമസാധുതയില്ലെന്ന് പറഞ്ഞിരിക്കുന്നതുകൊണ്ട് പരിശോധിച്ചാൽ വൈഷമ്യമുണ്ട്.

ശ്രീ. സി. സി. അയ്യപ്പൻ: വ്യക്തികൾ വളം വിതരണം ചെയ്യുന്നത് സബ്സിഡൈസ്ഡ് റേററിലല്ലെന്ന് പരാതിയുള്ളതായി ഗവൺമെൻറിനറിയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള: ഇതുവരെ അങ്ങനെയുള്ള ഒരു പരാതി ഗവൺമെൻറിന് കിട്ടിയിട്ടില്ല.

New Industries.

*423. [7] **Shri T. S. Ramaswami**: Will the Minister for Finance be pleased to state:

(a) whether any steps were taken for exploring the possibilities of starting new industries in the State;

(b) if so what are the steps;

(c) the possible industries to be started by the State; and

(d) the details?

Minister for Finance (**Shri P. S. Nataraja Pillai**): (a) No steps were taken to start new factories. The policy of Govern-

ment at present is to stabilise existing factories before launching new schemes. Government will, however, encourage and develop cottage industries as far as possible.

(*b*) this question does not arise.

(*c*) and (*d*) There is no proposal to start any new industry this year, except the proposal to expand the Travancore Rubber Works to start the manufacture of rubber tyres on a small scale and to take over and run the Allied and Electrical Industries, Kundara.

ശ്രീ. പ്രാക്കുളം ഭാസി: ചേർത്തലയിൽ ഒരു ഗ്ലാസ് ഫാക്ടറി തുടങ്ങുന്നതിനെപ്പററി ഗവണ്മെന്റ് ആലോചിക്കുന്നുണ്ടോ?

Shri P. S. Nataraja Pillai: That can be examined.

ശ്രീ. ടി. കെ. ദിവാകരൻ: ഇപ്പോൾ നിലവിലുള്ള ഇൻഡസ്ട്രീസ് സ്റ്റെബിലൈസ് ചെയ്യുന്നതിനായി ഗവണ്മെന്റ് എന്തു നടപടി എടുത്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള: അതിനെപ്പററി അന്വേഷണം നടത്തുന്നുണ്ട്. ഉദാഹരണമായി ട്രാവൻകൂർ മിനറൽസിൽ മെഷീനറി പുതിയതായി ഇൻസ്റ്റാൾ ചെയ്യണമോ എന്നു അന്വേഷണം നടത്തുന്നുണ്ട്. അതുപോലെ സിറാമിക് ഫാക്ടറി റാഷണലൈസ് ചെയ്യാമോ എന്നു നോക്കുന്നുണ്ട്. ഇങ്ങനെ പലതും ഗവണ്മെന്റിന്റെ അന്വേഷണത്തിലിരിക്കുകയാണ്.

ശ്രീ. ടി. കെ. ദിവാകരൻ: മിനറൽസ് വ്യവസായദേശവൽകരണം ഗവണ്മെന്റ് നിറുത്തിവച്ചോ?

ശ്രീ. പി. എസ്. നടരാജപിള്ള: ഇന്നു അവ ഗവണ്മെന്റ് ഫാക്ടറികളാണ്. ലൈസൻസുപ്രകാരം ഫാക്ടറി ഉടമകളെ ഏൽപ്പിച്ചിരിക്കുകയാണ്.

ശ്രീ. ടി. കെ. ദിവാകരൻ: ഈ വ്യവസായം നടത്തുന്ന ഏജൻസിക്കു കമ്മീഷനാണോ അതോ ലാഭം മുഴുവൻ കൊടുക്കുകയാണോ?

ശ്രീ. പി. എസ്. നടരാജപിള്ള: ലാഭത്തിൽ പങ്കുള്ള ഒരു ഏജൻസിയാണ്.

ശ്രീ. എം. വി. ചെറിയാൻ: ഈ സംസ്ഥാനത്തു കുടിൽവ്യവസായങ്ങളുടെ സാദ്ധ്യതയെപ്പററി അന്വേഷിക്കുന്നതിനു നിയമിച്ച ഡാക്ടർ പി. ജെ. താമസിന്റെ കമ്മററി എന്തെങ്കിലും റിപ്പോർട്ടു ഗവണ്മെന്റിലേക്കു തന്നിട്ടുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: ഉണ്ട്.

ശ്രീ. എം. വി. ചെറിയാൻ: ആ കമ്മററിയുടെ റിപ്പോർട്ടു ഗവണ്മെന്റ് അംഗീകരിച്ചിട്ടില്ലേ?

ശ്രീ. പി. എസ്. നടരാജപിള്ള: അതിനെപ്പററി ഗവണ്മെന്റ് ഗാഢമായി ആലോചിക്കുന്നുണ്ട്.

It is now under the serious consideration of Government. They are seriously, anxiously considering how far it can be implemented.

ശ്രീ. എം. വി. ചെറിയാൻ : അതിൽ സാഗോ ഇൻഡസ്ട്രിയെപ്പററി പറഞ്ഞിരിക്കുന്ന ഭാഗം ഗവണ്മെൻറ പ്രത്യേകം ശ്രദ്ധിക്കുമോ?

Shri P. S. Nataraja Pillai : That is being thought of in the Context of the tapioca cultivation.

ശ്രീ. എം. വി. ചെറിയാൻ : ഈ സംസ്ഥാനത്തെ കപ്പകൃഷി വളരെ അധഃപതിച്ചു വരുന്നതുകൊണ്ടു് അതിനു് പ്രോത്സാഹനം നൽകുമാറു് സാഗോ ഇൻഡസ്ട്രിയെ പ്രോത്സാഹിപ്പിക്കുവാൻ ഗവണ്മെൻറു് മുതിരുമോ ?

Shri P. S. Nataraja Pillai: That can be considered.

ശ്രീ. കെ. ബാലകൃഷ്ണൻ : റബ്ബർഫാക്ടറിയിൽ മോട്ടോർ ടയർ ഉണ്ടാക്കുവാനോ സൈക്കിൾ ടയർ ഉണ്ടാക്കുവാനോ പോകുന്നതു് ?

Shri P. S. Nataraja Pillai: It is for supply to State owned motor vehicles.

ശ്രീ. ടി. വി. തോമസ് : മിനറൽസ് ഫാക്ടറി ലാഭത്തിൽ പങ്കുകൊള്ളുന്ന ഒരു ഏജൻസി ആണെന്നു പറഞ്ഞു. ലാഭത്തിൽ എത്ര ശതമാനമാണു് അവർക്കുള്ളതു് ?

ശ്രീ. പി. എസ്. നടരാജപിള്ള : ലാഭത്തിൽ 25 ശതമാനം ഏജൻസിക്കും 75 ശതമാനം ഗവണ്മെൻറിനുമാണു്.

Shri A. A. D. Luiz : Have the Government received any representation for starting any new industry in the State ?

Shri P. S. Nataraja Pillai : I am not in a position to answer that question now.

ശ്രീ. ടി. കെ. ദിവാകരൻ : മിനറൽസിനു് കിട്ടുന്ന വിലയുടെ 75 ശതമാനമാണോ കമ്പനിക്കു കിട്ടുന്നതു്?

ശ്രീ. പി. എസ്. നടരാജപിള്ള : വിലയുടെ 25 ശതമാനം ആണു് കമ്പനിക്കുള്ളതു്.

ശ്രീ. എം. എ. ആൻറണി : പനമ്പു വ്യവസായത്തെ പ്രോത്സാഹിപ്പിക്കുവാൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. പി. എസ്. നടരാജപിള്ള : കുടിൽവ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ ഗവണ്മെൻറ വിചാരിക്കുന്നുണ്ടു്.

ശ്രീ പി. വി. അവിരാതരകൻ : ഏതേതു് വ്യവസായങ്ങളാണു് ആദ്യമാദ്യം നടപ്പാക്കേണ്ടതെന്നു് ഗവണ്മെൻറ നിശ്ചയിച്ചിട്ടുണ്ടോ ?

ശ്രീ. പി. എസ്. നടരാജപിള്ള : അങ്ങനെ ഒരു ലിസ്ററു് ഗവണ്മെൻറ തയ്യാറാക്കിയിട്ടില്ല.

ശ്രീ. പി. കുഞ്ഞൻ : റാഷണലൈസേഷൻ ഈ ഗവണ്മെൻറിൻെറ പാളിസിയാണോ ?

ശ്രീ. പി. എസ്. നടരാജപിള്ള : ഗവണ്മെൻറുകൾ എല്ലാം റാഷണൽ ആണു്. റാഷണലൈസ് ചെയ്യുന്നതു് ചില തത്വങ്ങൾ വച്ചുകൊണ്ടാണു്.

ശ്രീ. പി. ആർ. മാധവൻപിള്ള: റാഷണലൈസേഷൻ എന്നു പറഞ്ഞാൽ ഈ ഗവണ്മെന്റ എന്താണു് മനസ്സിലാക്കുന്നതു്?

ശ്രീ. പി. എസ്. നടരാജപിള്ള: റാഷണലൈസ് ചെയ്യുന്നു എന്നു മാത്രം.

ശ്രീ. എം. പി. മേനോൻ: ചാലക്കുടി പോട്ടറീസ് റാഷണലൈസ് ചെയ്യുവാൻ ഗവണ്മെന്റ ആലോചിക്കുന്നുണ്ടോ?

Shri P. S. Nataraja Pillai: That is a matter which is under the consideration of Government. That has to be taken up in the context of ceramic factory because both are allied.

ശ്രീ. എം. പി. മേനോൻ: അവിടെയുള്ള തീപ്പെട്ടി കമ്പനികളുടെ പ്രവർത്തനത്തിനു് ആവശ്യമായ തടി കൊടുക്കുവാൻ വേണ്ട നടപടി ഗവണ്മെന്റ സ്വീകരിക്കുമോ?

ശ്രീ. പി. എസ്. നടരാജപിള്ള: അതിനെക്കുറിച്ചു് ആലോചിക്കാം.

Protection of salt industry.

* 424. [8] **Shri. T. S. Ramaswami:** Will the Minister for Finance be pleased to state:

(*a*) whether the Government are aware of the acute crisis the salt industry is facing due to the competition of Tuticorin salt;

(*b*) whether the Government have received any representation for controlling the import of salt from Tuticorin and for the protection of the salt industry in Travancore;

(*c*) what steps the Government have taken in the matter till now; and

(*d*) whether the Government will take immediate measures for impressing upon the Central Government to control import of Tuticorin salt?

Minister for Finance **(Shri P. S. Nataraja Pillai):** (a) There is no acute crisis.

(*b*) Yes.

(*c*) The matter is under correspondence with the Government of India and they have promised that steps will be taken to see that Salt Industry in Travancore is not adversely affected by the Zonal Scheme and that the manufacturers of salt in Travancore do not find any difficulty in disposing of their produce.

(*d*) This has already been done. Further action will be taken if considered necessary.

Mr. Speaker: A question similar to No. 9 has been answered.

അഴിമതി നിരോധനകമ്മീഷൻ.

※ 425 [10] ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇവിടെ ഒരു അഴിമതി നിരോധനകമ്മീഷൻ നിയമിക്കപ്പെടാൻ ആലോചനയുണ്ടോ;

(ബി) ഈ കമ്മീഷനിലെ അംഗങ്ങൾ ആരെല്ലാം; അവർക്ക് നൽകുന്ന പ്രതിഫലമെന്ത്; അവരുടെ ഉദ്യോഗകാലാവധി എന്ത്;

(സി) ഈ കമ്മീഷന്റെ പ്രവർത്തനരീതിയെപ്പററി ഒരു വിശദീകരണം നൽകാമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): (എ) ഉണ്ട്.

(ബി-യും സി-യും) അതു സംബന്ധമായി ഒരു ബിൽ ഈ സഭയുടെ ഈ സെഷനിൽ ഗവണ്മെന്റ ഹാജരാക്കുന്നുണ്ട്. ആ ബില്ലിനെ അടിസ്ഥാനമാക്കിയുള്ള നിയമമനുസരിച്ചിരിക്കും വ്യവസ്ഥകൾ.

ശ്രീ. ടി. എ. മജീദ്: അഴിമതി നിരോധന കമ്മീഷൻ നിയമിക്കുന്നതിനു മുമ്പായിട്ട് ഒരു പേ കമ്മീഷൻ ഉണ്ടാക്കുവാൻ ഗവണ്മെന്റ ആലോചിക്കുന്നുണ്ടോ?

Mr. Speaker: That question does not come under the scope of this question.

സംയോജനം.

※ 426. [11] ശ്രീ. എൻ. ജി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിൽ എത്ര ഡിപ്പാർട്ടുമെന്റിന്റെ സംയോജനം ഇപ്പോൾ പൂർത്തിയായിട്ടുണ്ട്;

(ബി) മുൻഗവണ്മെന്റ് പൂർത്തിയാക്കിയ സംയോജനം റദ്ദ്ചെയ്തിട്ട് പുതുതായി സംയോജനം ഈ ഗവണ്മെന്റ് നടത്തുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): (എ) 40.

(ബി) ഇല്ല.

ശ്രീ. എൻ. ജി. ചാക്കോ: സർവീസ് സംയോജനം നടത്തുന്നതിനെ സംബന്ധിച്ച് ഗവണ്മെന്റ് ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ വലിയ പരാതിയുണ്ടെന്നുള്ളതിനെപ്പററി വല്ല നിവേദനവും ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: അങ്ങനെ വലിയ പരാതികൾ ഉള്ളതായിട്ടു അറിഞ്ഞുകൂടാ. നിവേദനങ്ങൾ ചെയ്യുന്നതിനു സാവകാശം കൊടുത്തിട്ടുണ്ട്. വരുന്ന നിവേദനങ്ങൾ പരിശോധിക്കുന്നതായിരിക്കും.

ശ്രീ. ടി. പി. സീതാരാമൻ: സംയോജനം സംബന്ധിച്ച് മുൻ ഗവണ്മെന്റിന്റെ തീരുമാനം അല്ലെങ്കിൽ തത്വം ഈ ഗവണ്മെന്റ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: പല തത്വങ്ങളും സ്വീകരിച്ചിട്ടുണ്ട്. മുൻ ഗവൺമെൻറ സ്വീകരിച്ച തത്വങ്ങളിൽ തന്നെയാണ് സംയോജനം നടത്തുന്നതു്.

ശ്രീ. ടി. പി. സീതാരാമൻ: മുൻ ഗവൺമെൻറ സ്വീകരിച്ച തത്വത്തിന വിപരീതമായി പല ഡിപ്പാർട്ടുമെൻറുകളിലും സംയോജനം നടത്തിയിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: ഇല്ല.

ശ്രീ. ടി. പി. സീതാരാമൻ: ഫാറസ്റ്റ്, പഞ്ചായത്ത് ഈ ഡിപ്പാർട്ടുമെൻറുകളിൽ അങ്ങനെ പ്രവത്തിച്ചിട്ടില്ലേ?

ശ്രീ. എ. താണുപിള്ള: ഇല്ല.

ശ്രീ. ടി. പി. സീതാരാമൻ: ഇങ്ങനെ പ്രവർത്തിച്ചിട്ടുണ്ടെന്നു ഞാൻ പറഞ്ഞാൽ വിശ്വസിക്കുമോ?

ശ്രീ. എ. താണുപിള്ള: ചെയ്തതു് എനിക്കറിയാം, അതിന വിപരീതമായി പ്രവർത്തിച്ചിട്ടില്ലെന്നു് പിന്നെ എങ്ങനെയാണ് ഞാൻ അതു വിശ്വസിക്കുക.

ശ്രീ. ടി. പി. സീതാരാമൻ: കൊച്ചിയിലെ ഫാറസ്റ്റ്, പഞ്ചായത്ത് ഈ ഡിപ്പാർട്ടുമെൻറുകളിലെ ഉദ്യോഗസ്ഥന്മാരെ ഈ സംയോജനം വളരെ അലങ്കോലപ്പെടുത്തിയിട്ടുണ്ടെന്നറിയാമോ?

ശ്രീ. എ. താണുപിള്ള: ഒരു ഉദ്യോഗസ്ഥനേയും സംയോജനം അലങ്കോലപ്പെടുത്തിയിട്ടില്ല. കഴിയുന്നതും ന്യായമായിട്ട് ആക്കും പരാതിയുണ്ടാകാത്ത വിധത്തിൽ സംയോജനം നടത്തിയിട്ടുണ്ട്, എന്നാൽ അതൃപ്തരായിട്ടുള്ള ഉദ്യോഗസ്ഥന്മാർ കൊച്ചിയിലും തിരുവിതാംകൂറിലുമുണ്ട്. ആക്കെങ്കിലും പരാതിയുണ്ടെങ്കിൽ അതു് ഗവൺമെൻറിനെ അറിയിക്കണമെന്നും അതിനെക്കുറിച്ചു വേണ്ട നടപടിയെടുക്കുമെന്നും പറഞ്ഞിട്ടുണ്ട്.

ശ്രീ. എം. പി. മേനോൻ: പഞ്ചായത്തു ഡിപ്പാർട്ടുമെൻറിൻെറ സംയോജനം പൂർത്തിയായിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: ഉണ്ട്. പക്ഷെ, അതിൽ ഒരു വ്യവസ്ഥയെ സംബന്ധിച്ചിടത്തോളം അവസാനതീരുമാനം ചെയ്തിട്ടില്ല. പഞ്ചായത്തുകളിലെ ജോലിക്കാരായി കൊച്ചിയിൽ കുറെ ക്ലാർക്കന്മാരുണ്ട്. തിരുവിതാംകൂറിൽ കുറച്ചുമാത്രമെയുള്ളുവെന്നുമാത്രമല്ല കൊച്ചിയിൽ അവർ സർക്കാരുദ്യോഗസ്ഥന്മാരും തിരുവിതാംകൂറിൽ അവർ പഞ്ചായത്തു ഉദ്യോഗസ്ഥന്മാരുമാണ്. അങ്ങനെ അവരുടെ സർവ്വീസിനെ സംബന്ധിച്ചിടത്തോളം ഒരു ചെറിയ വ്യത്യാസമുണ്ട്. അക്കാര്യത്തിൽ അവസാന തീരുമാനം ചെയ്തിട്ടില്ല. ഈ കാര്യങ്ങൾ അഡ്മിനിസ്ട്രേറ്റീവു ഡിപ്പാർട്ടുമെൻറ് പരിശോധിച്ചു തീരുമാനിക്കാൻ വച്ചിരിക്കുകയാണ്. ഈ സംഗതിയൊഴിച്ചാൽ സംയോജനം പൂർത്തിയായിട്ടുണ്ട്.

ശ്രീ. എം. പി. മേനോൻ: കൊച്ചിയിൽ പഞ്ചായത്തു ഡിപ്പാർട്ടുമെൻറിലുണ്ടായിരുന്ന ജോലിക്കാരുടെ പ്രമോഷൻ തടയുകയില്ലെന്നു് ഉറപ്പു പറയാമോ?

ശ്രീ. എ. താണുപിള്ള: കാര്യങ്ങൾ വേണ്ടപോലെ ആലോചിച്ചു ചെയ്യാമെന്നല്ലാതെ അതിനെ സംബന്ധിച്ചു ഇപ്പോൾ ഉറപ്പു പറയാൻ നിവൃത്തിയില്ല.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഓരോ ഡിപ്പാർട്ടുമെന്റും ഏകീകരിക്കുമ്പോൾ ഉദ്യോഗസ്ഥന്മാരെ ആനുപാതികമായി പ്രമോട്ടു ചെയ്യുന്ന തത്വം സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: ആനുപാതികമായിയെന്നു പറയുവാൻ നിവൃത്തിയില്ലെങ്കിലും ആ കാര്യം പരിഗണിച്ചിട്ടുണ്ട്. ഉദാഹരണമായി വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽ 125-175 വരെയുള്ള ഗ്രേഡുണ്ട്. കൊച്ചിയിൽ 150-250 വരെയുള്ളതാണു്. അതുകൊണ്ടു് പ്രമോട്ടു ചെയ്യുമ്പോൾ ഈ കാര്യംകൂടി പരിഗണിച്ചാണ് ചെയ്തിട്ടുള്ളതു്. ചിലപ്പോൾ അനീതിയുണ്ടെന്നു തോന്നുന്ന അവസരത്തിൽ തസ്തികകൾ കൂട്ടുകയും കുറയ്ക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ടി. പി. സീതാരാമൻ: പഞ്ചായത്തുകളിൽ ജോലി ചെയ്യുന്ന ആളുകളെ പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമിച്ചിട്ടുള്ളതാണോ?

ശ്രീ. എ. താണുപിള്ള: അതെ. അതുകൊണ്ടാണു് ഈ കാര്യങ്ങളെല്ലാം ആലോചിച്ചു തീരുമാനിക്കാമെന്നു പറഞ്ഞതു്.

ശ്രീ. ടി. പി. സീതാരാമൻ: ഇവിടത്തെ ഉദ്യോഗസ്ഥന്മാരെ പഞ്ചായത്തു പ്രസിഡണ്ടന്മാർ നിയമിച്ചതല്ലേ?

ശ്രീ. എ. താണുപിള്ള: അതെ.

ശ്രീ. ടി. പി. സീതാരാമൻ: കൊച്ചിയിൽ ക്ലാർക്കന്മാരെ പബ്ലിക്ക സർവ്വീസ് കമ്മീഷൻ നിയമിക്കുമ്പോൾ ക്വാളിഫിക്കേഷൻ പരിഗണിച്ചാണു് നിയമിച്ചിട്ടുള്ളതെന്നറിയാമോ?

ശ്രീ. എ. താണുപിള്ള: ഇവിടെയും ക്വാളിഫിക്കേഷൻ ഉള്ളവരെയാണു് നിയമിച്ചിട്ടുള്ളതു്.

ശ്രീ. ടി. കെ. ദിവാകരൻ: പഞ്ചായത്തുകളിൽ നിയമിച്ചിരിക്കുന്ന ക്ലാർക്കന്മാരെ ഗവണ്മെന്റ് ഉദ്യോഗസ്ഥന്മാരായി സ്വീകരിക്കുവാൻ വേണ്ട നടപടിയെടുക്കുമോ?

ശ്രീ. എ. താണുപിള്ള: അതിനെപ്പററി ആലോചിക്കുന്നുണ്ട്.

പരസ്യങ്ങൾക്കു് ചെലവാകുന്ന തുക.

* 427. [12] ശ്രീ. എൻ. ജി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1953-54 ഈ വർഷത്തിൽ പത്രങ്ങൾക്കു് Advertisement charges എന്ന ഇനത്തിൽ ചെലവായ തുക എത്ര;

(ബി) അതിനുമുമ്പുള്ള 3 വർഷങ്ങളിൽ ഓരോ വർഷത്തിലും ഈ ഇനത്തിൽ ചെലവായ തുക എത്ര;

(സി) പത്രങ്ങളുടെ ഷെഡ്യൂൾ റെയിററിൽനിന്നും വ്യത്യസ്തമായ രീതിയിൽ പബ്ലിക്ക് റിലേഷൻസ് ഡയറക്ടർ സ്വന്തം അഭിപ്രായപ്രകാരം റേററ്സ് അനുവദിച്ചിട്ടുണ്ടോ;

(ഡി) ഈ ഇനത്തിൽ കഴിഞ്ഞ വർഷം ഗവണ്മെൻറിന് എന്തു മാത്രം തുക കൂടുതൽ ചെലവായി ;

(ഇ) ഈ കൂടുതൽ ചെലവ് ഗവണ്മെൻറ് അനുവാദത്തോടുകൂടി ചെയ്തിട്ടുള്ളതാണോ ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) : (എ) 69108 രൂപ. 10 ണ.

(ബി) 50–51–ൽ 16532 രൂപ 13 അണ, 51–52-ൽ 38008 രൂപ 6 അണ, 52–53-ൽ 30822 രൂപ 2 അണ.

(സി) ഇല്ല.

(ഡി) കൂടുതൽ ചെലവായിട്ടില്ല.

(ഇ) ഡി–ക്കുള്ള ഉത്തരംകൊണ്ട് ഇതു് ഉദിക്കുന്നില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : എല്ലാ പത്രങ്ങൾക്കും പരസ്യംകൊടുക്കുന്ന പതിവുണ്ടോ ?

ശ്രീ. എ. താണുപിള്ള : എല്ലാ പത്രങ്ങൾക്കും കൊടുക്കാറ് പതിവുണ്ടെന്നു തോന്നുന്നില്ല. പത്രങ്ങളുടെ സബ്സ്ക്രിപ്ഷൻറെ എണ്ണം, പരസ്യപ്പെടുത്തുന്നതിൻെറ ഉദ്ദേശസിദ്ധിക്കുള്ള സൗകര്യങ്ങൾ, ഇതൊക്കെ കരുതിയാണ് പരസ്യങ്ങൾ നൽകുന്നതു്.

ശ്രീ. കുട്ടപ്പൻകോയിക്കൽ : എത്ര കാപ്പികൾ വിതരണം ചെയ്യുന്ന പത്രങ്ങൾക്കാണ് പരസ്യങ്ങൾ നൽകുന്നതു് ?

ശ്രീ. എ. താണുപിള്ള : അതു് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. ടി. എ. മജീദ് : പത്രങ്ങളുടെ സർക്കുലേഷനെപ്പററി റിപ്പോർട്ടു ചെയ്യുന്നതാരാണ് ?

ശ്രീ. എ. താണുപിള്ള : അതു് ഗവണ്മെൻറുതന്നെ അന്വേഷിച്ചറിയും.

ശ്രീ. ടി. എ. മജീദ് : ഇങ്ങനെ അന്വേഷിച്ചു റിപ്പോർട്ടുചെയ്യുന്ന ഉദ്യോഗസ്ഥൻ ആരാണ് ?

ശ്രീ. എ. താണുപിള്ള : പബ്ലിസിററി ആഫീസർ.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ഏതെല്ലാം പത്രങ്ങൾക്കാണ് പരസ്യങ്ങൾ നൽകുന്നതു് ?

ശ്രീ. എ. താണുപിള്ള : മലയാളി, മലയാളരാജ്യം, കൗമുദി, മലബാർമെയിൽ, എക്സ്പ്രസ്സ്, ദേശബന്ധു ഇങ്ങനെ പല പത്രങ്ങളും ഉണ്ടു്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ജനയുഗം പത്രത്തിന് പരസ്യങ്ങൾ നൽകാതിരിക്കാൻ കാരണമെന്തു് ?

ശ്രീ. എ. താണുപിള്ള : അപേക്ഷിച്ചിട്ടുണ്ടോ എന്നോ? എന്തുകൊണ്ടാണ കൊടുക്കാതിരുന്നതു് എന്നൊന്നും അറിഞ്ഞുകൂടാ.

Shri T. S. Ramaswami: May I know whether the practice of giving advertisements to *Dinamalar* is stopped?

Shri A. Thanu Pillai: I do not know.

ശ്രീ. കെ. സി. ജോർജ്ജ്: കമ്മ്യൂണിസ്റ്റ്പത്രമായതുകൊണ്ടാണോ ജനയുഗത്തിനു പരസ്യങ്ങൾ നൽകാതിരുന്നതു്?

ശ്രീ. എ. താണുപിള്ള: അറിഞ്ഞുകൂടാ.

ശ്രീ. പി. വി. അവിരാത്തരകൻ: കഴിഞ്ഞനിയമസഭ പിരിച്ചുവിട്ടതിനുശേഷം ഇതുവരെ പരസ്യങ്ങൾക്ക എത്രരൂപ ചെലവായിട്ടുണ്ടു്?

ശ്രീ. എ. താണുപിള്ള: അതിനുനോട്ടീസുവേണം.

ശ്രീ. ചെന്താരപ്പള്ളി പി. നാരായണൻ പോററി: സ്റ്റേററിന്റെ വെളിയിലുള്ള പത്രങ്ങൾക്കു് പരസ്യങ്ങൾ നൽകാറുണ്ടോ?

ശ്രീ. എ. താണുപിള്ള: അതിനും നോട്ടീസുവേണം.

ശ്രീ. കെ. സി. ജോർജ്ജ്: കമ്മ്യൂണിസ്റ്റ്പത്രങ്ങൾക്ക പരസ്യങ്ങൾ കൊടുക്കാൻ പാടില്ലെന്നു നിയമം വല്ലതുമുണ്ടോ?

ശ്രീ. എ. താണുപിള്ള: അറിഞ്ഞുകൂടാ.

ശ്രീ. കെ. സി. ജോർജ്ജ്: അങ്ങനെയില്ലെങ്കിൽ നവയുഗം പത്രത്തിനു പരസ്യങ്ങൾ കൊടുക്കാമെന്നു് ഉറപ്പുപറയാമോ?

ശ്രീ. എ. താണുപിള്ള: അങ്ങനെ ഉറപ്പു ഒന്നും പറയാൻ സാധിക്കുകയില്ല.

ശ്രീ. പ്രാക്കളം ഭാസി: ആഴ്ചപ്പതിപ്പിനു കൊടുക്കാറുണ്ടോ?

ശ്രീ. എ. താണുപിള്ള: ഉണ്ടെന്നു തോന്നുന്നില്ല.

ഭക്ഷ്യധാന്യറേഷൻ.

* 428. [14] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും റിട്ടെയിൽ ഭക്ഷ്യധാന്യറേഷൻ വ്യാപാരികൾ ഭക്ഷ്യധാന്യത്തിനു ഗവണ്മെന്റു നിശ്ചിത വിലയേക്കാൾ കൂടുതൽ വില ഈടാക്കിവരുന്നതായി ഗവണ്മെന്റിനു് അറിവുണ്ടോ;

(ബി) തിരുവനന്തപുരം താലൂക്കിൽ ആററിപ്ര പകുതിയിൽ എ. ആർ. ഡി. 71-ാംനമ്പർ റേഷൻ വ്യാപാരി ഒരു യൂണിററ് ഭക്ഷ്യധാന്യത്തിനു ഗവണ്മെന്റു് ക്ലിപ്തപ്പെടുത്തിയിട്ടുള്ള 4 അണ 10 പൈസ ഈടാക്കുന്നതിനു് പകരം 5 അണ വീതം തുടർച്ചയായി 9 മാസത്തിലധികം ഈടാക്കിവന്നിരുന്നതു സംബന്ധിച്ചു സ്ഥലവാസികളുടെ വല്ല പരാതിയും ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത റേഷൻവ്യാപാരിയുടെ പേരിൽ ഇതിനകം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) ചില പരാതികൾ കിട്ടിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) അന്വേഷണം നടത്തിയതിനുശേഷം പരാതി വാസ്തവമല്ലെന്ന് തെളിഞ്ഞതിനാൽ ഹർജി റിക്കാർഡുചെയ്തിട്ടുണ്ട്.

(ഡി) ഉദിക്കുന്നില്ല.

ശ്രീ. വി. ശ്രീധരൻ: ഏതു ഉദ്യോഗസ്ഥനാണ് പരാതിയെക്കുറിച്ച് അന്വേഷണം നടത്തിയതു്?

ശ്രീ. എ. താണുപിള്ള: ഗ്രയിൻസ് പർച്ചേസ് തഹസിൽദാർ.

ശ്രീ. വി. ശ്രീധരൻ: അദ്ദേഹത്തിന്റെ റിപ്പോർട്ട് ഗവണ്മെന്റിന്റെ മുമ്പിൽവരുത്തി മുഖ്യമന്ത്രിതന്നെ വിചാരണ ചെയ്യാമോ?

ശ്രീ. എ. താണുപിള്ള: ആ ഉദ്യോഗസ്ഥൻ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടാണ്.

ശ്രീ. വി. ശ്രീധരൻ: ഈ റിപ്പോർട്ട് മന്ത്രിതന്നെ വിചാരണ ചെയ്യാമോ?

ശ്രീ. എ. താണുപിള്ള: ആ ഉദ്യോഗസ്ഥൻ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് വിചാരണചെയ്തതിനുശേഷമുള്ള റിപ്പോർട്ടാണ്.

ശ്രീ. വി. ശ്രീധരൻ: ഈ റിപ്പോർട്ട് മന്ത്രിതന്നെ വിചാരണ ചെയ്യുമോ?

ശ്രീ. എ. താണുപിള്ള: റിപ്പോർട്ട് സ്വീകാര്യമല്ലെങ്കിൽ കൂടുതൽ വിചാരണ ചെയ്യാവുന്നതാണ്.

ശ്രീ. വി. ശ്രീധരൻ: ഈ ഉദ്യോഗസ്ഥൻ ചില ആളുകളുടെ പ്രേരണനിമിത്തം പരാതി പൂഴ്ത്തിവച്ചതായി അറിവിൽപെട്ടിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: ഇല്ല.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: പരാതിക്കാരെക്കൂടി കണ്ട് അന്വേഷണം നടത്തിയതായി അറിയാമോ?

ശ്രീ. എ. താണുപിള്ള: അങ്ങനെയായിരിക്കാം.

സർ, ഇതാണ് റിപ്പോർട്ട്.

"The matter was referred to the Grain Purchase Tahsildar. He conducted enquiries on the spot. The enquiries reveal that the allegation made in the petition was groundless and that the complaint was the outcome of personal spite against the licensee. The Tahsildar also reported that the A. R. D. 71 is one of the well conducted A. R. Ds. of the Taluk."

പിന്നീട് കിട്ടിയ റിപ്പോർട്ടിലെ സ്വഭാവം ഇതാണ്.

He said enquiries were conducted. Items 1 and 2 have been already disposed of. Regarding item 3 it was found that the allegation was baseless and that it was on account of disagreement among the people about the management of a library in that locality. Whenever such complaints are received by the

Taluk Supply Officers, they conduct enquiries and if the complaints are proved, they take action against the delinquent A. R. Ds.

ഇതു് സ്ഥലത്തുള്ള ഗ്രൂപ്പുകൾ തമ്മിലുള്ള മത്സരങ്ങളിൽ നിന്നും ഉണ്ടായിട്ടുള്ളതാണെന്നാണു് തോന്നുന്നതു്. ഈ വക ഏർപ്പാടുകൾ തന്നെ താമസിയാതെ നിൽക്കാനും ഇടയുണ്ടു്. അങ്ങനെ പല കക്ഷികൾ തമ്മിൽ ഉണ്ടാകുന്ന തർക്കങ്ങളെ സംബന്ധിച്ചു് ഓരോരുത്തരും വിചാരിക്കുന്ന രീതിയിൽ ഉത്തരവു പുറപ്പെടുവിക്കാൻ നിവൃത്തിയില്ല.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: ഇതുവരെ വായിച്ചതിൽ നിന്നും ഏതുതരത്തിലുള്ള അന്വേഷണമാണു് നടത്തിയതെന്നു വ്യക്തമാകുന്നില്ല. അതുകൊണ്ടു് പരാതിക്കാരെ നേരിട്ടുകണ്ടു് അന്വേഷണം നടത്തിയോ എന്നു് ആ ഉദ്യോഗസ്ഥനോടു ചോദിക്കുമോ?

ശ്രീ. എ. താണുപിള്ള: അതു ചോദിക്കാം.

ക്യാഷ്വൽ അവധി

*429. [15] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെന്റു ജീവനക്കാർക്കു് ക്യാഷ്വൽ അവധി എടുക്കുന്നതിനു് അർഹതയുണ്ടോ;

(ബി) സർവ്വീസു് റഗുലേഷൻ അനുസരിച്ചു് അർഹതയുള്ള ക്യാഷ്വൽലീവെടുക്കുന്ന ഗവണ്മെന്റു ജീവനക്കാരെ മേലധികാരികൾ ഫൈൻ ചെയ്യുന്നതായി ഗവണ്മെന്റിനറിവുണ്ടോ;

(സി) അവിചാരിതമായി ഉണ്ടാകുന്ന അസുഖംകാരണം ഒരു ദിവസം ക്യാഷ്വൽ അവധി എടുക്കുകയാണെങ്കിൽ ഒരു ദിവസത്തേയ്ക്കു മെഡിക്കൽ സർട്ടിഫിക്കറ്റു ഹാജരാക്കുവാൻ നിർബന്ധിക്കുന്നതായി ഗവണ്മെന്റിനറിവുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) ഉണ്ടു്.

(ബി) ക്യാഷ്വൽലീവെടുക്കുന്ന ആളുകളെ മേലധികാരികൾ ഫൈൻചെയ്യുന്നതായി ഗവണ്മെന്റിനു് അറിവില്ല.

(സി) ഇല്ല.

ശ്രീ. വി. ശ്രീധരൻ: ക്യാഷ്വൽലീവു് എടുത്തതിന്റെപേരിൽ ഫൈൻചെയ്യുന്നതു ഗവണ്മെന്റിനെ ബോദ്ധ്യപ്പെടുത്തിയാൽ ഗവണ്മെന്റു ആ ഉദ്യോഗസ്ഥന്റെപേരിൽ നടപടി നടത്തുമോ?

ശ്രീ. എ. താണുപിള്ള: അതൊരു ഹൈപ്പോതെറ്റിക്കൽ ക്വസ്റ്റ്യനാണു്. ആരു്, ആരെ എപ്പോൾ ഫൈൻചെയ്തു എന്നു് പറയുകയല്ലാതെ അങ്ങനെ ബോദ്ധ്യപ്പെടുത്തിയാൽ ഇങ്ങനെ ചെയ്യുമോ എന്നൊക്കെ ചോദിക്കുന്നതു ഈ സഭയ്ക്കുതന്നെ യോജിച്ചതല്ല.

ശ്രീ. വി. ശ്രീധരൻ: ഫൈൻചെയ്യുന്നു ബോദ്ധ്യപ്പെടുത്തിയാൽ അതിനുവേണ്ട നടപടി എടുക്കുമോ എന്നാണു് ഞാൻ ചോദിച്ചതു്?

ശ്രീ. എ. താണുപിള്ള: അങ്ങനെ ചോദിക്കേണ്ട കാര്യമില്ല.

Mill Enquiry Committee.

*430. [16] **Shri T. S. Ramaswami**: Will the Chief Minister be pleased to state:

(a) the date and the recommendation of the Rice Mill Enquiry Committee Report; and

(b) steps taken for the implementation of the recommendations?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): ഇതിന്റെ ഉത്തരം മുമ്പ് പറഞ്ഞിട്ടുള്ളതാണ്.

Mr. Speaker: Yes, next question.

Libraries in private colleges.

*431. [17] **Shri P. Bhaskaran Nair**: Will the Chief Minister be pleased to state:

(a) has it come to the notice of the Government that generally the private colleges in our State do not have well equipped and up-to-date libraries;

(b) when the University Commission inspects a college before giving sanction to it do they not insist that there should be a library which must contain a minimum number of books not less than the number of students;

(c) has the Government's attention been drawn to the startling fact contained in the annual report of the University of Travancore for 1952-53 that at the time of inspection by the University Commission the South Travancore Hindu College, Nagercoil which had a strength of 320 students had in its library only 279 books?

Chief Minister (**Shri A. Thanu Pillai**): (a) No. The private colleges of long standing have well equipped and up-to-date libraries. The new private colleges are rapidly building up good libraries.

(b) Yes.

(c) This has now come to the notice of Government. The South Travancore Hindu College was asked to improve its library when the classes were sanctioned. There are now 2000 books in the college library and 500 books more have been ordered.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: പ്രൈവറ്റ് കാളേജുകളിൽ ഒരു പ്രത്യേകതരത്തിലുള്ള പുസ്തകങ്ങളാണ് വാങ്ങിവയ്ക്കുന്നതെന്നു ഗവണ്മെന്റ് മനസ്സിലാക്കീട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: ഏതു തരത്തിലുള്ള പുസ്തകങ്ങളാണെന്നു പറയാമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ചില പ്രത്യേക അഭിപ്രായങ്ങളുള്ള പുസ്തകങ്ങൾ.

ശ്രീ. എ. താണുപിള്ള : അങ്ങനെ എന്റെ അറിവിൽപ്പെട്ടിട്ടില്ല. അതെന്താണെന്നു പറഞ്ഞാൽ വല്ല പരിഹാരവും ഉണ്ടാക്കണമെന്നുണ്ടെങ്കിൽ ഉണ്ടാക്കാം.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : വിദ്യാർത്ഥികളിൽനിന്നു ലൈബ്രറി ഫീസ് ഈടാക്കുന്നതുകൊണ്ട് വിദ്യാർത്ഥികളുടേയും പഠിപ്പിക്കുന്ന അദ്ധ്യാപകന്മാരുടേയും അഭിപ്രായം അനുസരിച്ചുള്ള പുസ്തകംവാങ്ങി സൂക്ഷിക്കാൻ ശ്രമിക്കുമോ?

ശ്രീ. എ. താണുപിള്ള : അദ്ധ്യാപകന്മാരുടെ അഭിപ്രായം നോക്കണം, അതേയവസരത്തിൽ വിദ്യാർത്ഥികളുടെ അഭിപ്രായത്തിനു അത്ര വലിയ പരിഗണന നൽകണമോ എന്നു് ഒരു പ്രൊഫസറായിരുന്ന ബഹുമാനപ്പെട്ട മെമ്പർതന്നെ ആലോചിക്കേണ്ടതാണ്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : വിദ്യാർത്ഥികളുടെ കയ്യിൽ നിന്നും ഫീസ് പിരിക്കുമ്പോൾ മാനേജ്മെന്റ സ്വന്തം അഭിപ്രായം അനുസരിച്ചാണോ പ്രവർത്തിക്കേണ്ടതു്?

ശ്രീ. എ. താണുപിള്ള: ഏതായാലും നല്ലതരത്തിലുള്ള ലൈബ്രറികൾ ഉണ്ടാകണം. അതിനുവേണ്ടി യൂണിവേഴ്സിററിയാണു് പ്രവർത്തിക്കേണ്ടതു്. അവർ അതിലേക്കു വേണ്ടതു ചെയ്യണം.

ഇൻഡസ്ട്രിയൽ സർവ്വെ.

✻ 432. [18] ശ്രീ. പ്രാക്കുളം ഭാസി : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തു് എന്തെങ്കിലും ഒരു ഇൻഡസ്ട്രിയൽ സർവ്വെ നടത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ, അപ്രകാരം ഒരു സർവ്വെ നടത്തുവാൻ ഇന്നത്തെ ഗവണ്മെന്റ് ശ്രമിക്കുമോ ;

(സി) ഈ സംസ്ഥാനത്തിൽ വ്യാവസായിക വികസനത്തെ സംബന്ധിച്ചു് ഏതെങ്കിലും പദ്ധതി ഈ ഗവണ്മെന്റ് തയാറാക്കിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ, അപ്രകാരം ഒരു പദ്ധതി ആസൂത്രണം ചെയ്യുമോ?

ധനകാര്യമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

(എ) ഒരു സർവ്വെ നടത്തിയിട്ടുണ്ടു്. പക്ഷെ അതിൽ നിന്നും കുടിൽവ്യവസായങ്ങളെപ്പററി പൂർണ്ണവിവരങ്ങൾ കിട്ടിയിട്ടില്ല.

(ബി) ചെറുവ്യവസായങ്ങളെപ്പററിയും കുടിൽ വ്യവസായങ്ങളെപ്പററിയും സർവ്വെനടത്തുന്നതിനുള്ള പദ്ധതി പഞ്ചവത്സരപദ്ധതിയിൽ ചേർത്തിട്ടുണ്ടു്.

(സി) തുകൽ, മൺപാത്രം, കളിക്കോപ്പുകൾ, ഇരുമ്പുസാധനങ്ങളും പൂട്ടും, മരസാമാനങ്ങൾ, പാനെയ്ത്തു് മുതലായവയെ പോഷിപ്പിക്കുവാനും വേണ്ടധനസഹായംചെയ്തു പ്രോത്സാഹിപ്പിക്കുവാനും വേണ്ട പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടു്.

(ഡി) സി-യിലെ ഉത്തരംകൊണ്ടു് ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പ്രാക്കുളം ഭാസി : ഈ സർവ്വേ ഏതുവർഷത്തിലാണു് നടത്തിയതെന്നു പറയാമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : വർഷം ഓർമ്മയില്ല. ഒരു കമ്മിററി നടത്തിയ സർവ്വേയാണു്. അതിനുമുമ്പും ഒരു ഇൻഡസ്ട്രിയൽ സർവ്വേ നടന്നിട്ടുണ്ടു്. അങ്ങനെ രണ്ടുറിപ്പോർട്ടു ഉണ്ടെന്നാണു് ഓർമ്മ.

ശ്രീ. പ്രാക്കുളം ഭാസി : തിരുവിതാംകൂർ-കൊച്ചി സംയോജനത്തിനുശേഷമാണോ സർവ്വേ നടത്തിയതു്?

ശ്രീ. പി. എസ്സ്. നടരാജപിള്ള : എന്നാണു് ഓർമ്മ.

ശ്രീ. എൻ. രാഘവക്കുറുപ്പു് : സർ, ഒരു പായിൻറ് ഓഫ് ഓർഡർ. ചോദ്യം രേഖനുസരിച്ചു നേരത്തെ നൽകിയിട്ടുള്ളതിനു് ഉത്തരം പറയുമ്പോഴും ഓർമ്മയിൽനിന്നാണോ പറയേണ്ടതു്?

മി. സ്പീക്കർ : ഫയൽ വച്ചുകൊണ്ടാണു് ഉത്തരം പറയുന്നതു്.

Shri P. S. Nataraja Pillai: I have given the replies on the basis of my knowledge and facts. And everybody talks on that basis.

Shri N. Raghava Kurup: Is the Minister not expected to get the necessary report on the matter ? He is not basing his knowledge on the report.

Shri P. S. Nataraja Pillai: Sir, the question was "whether a survey has been done". I replied that a survey has been done. But there were more than one survey conducted. When I volunteered, in my anxiety to place all the available facts before the House, these points are being raised.

Shri N. Raghava Kurup: Is the Minister not bound to give information as to when the survey was conducted, if any was conducted, and also who were the persons who conducted the surveys. Do not these matters come under the question, Sir ?

Mr. Speaker: Of course, when questions are put, the Treasury Benches are expected to give all information in their possession. But the House will have to be satisfied with the replies that they give. I cannot compel the Treasury Bench to answer in any particular manner.

ശ്രീ. പ്രാക്കുളം ഭാസി : വ്യവസായവികസനത്തിനു ഒരു പദ്ധതി പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതല്ലാതെ പ്രത്യേകം ഒരു പദ്ധതിയില്ലേ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : ഇല്ല.

ശ്രീ. ടി. പി. സീതാരാമൻ : ഒരു പ്രധാന കുടിൽവ്യവസായമായ തഴപ്പായെ സംബന്ധിച്ചു് ഒരു സർവ്വേ നടത്തിയിട്ടുണ്ടോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : ഇല്ല.

ശ്രീ. ടി. പി. സീതാരാമൻ : 1000 രൂപ കേന്ദ്രഗവൺമെൻറിൽ നിന്നും ഇതിൻെറ സർവ്വേ നടത്താൻ അനുവദിച്ചിട്ടുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതുകൊണ്ട് അതോടുകൂടി കോവാപ്പറേററ ചെയ്തു നടത്താമെന്ന് പറഞ്ഞിട്ടുണ്ട്.

ശ്രീ. ടി. പി. സീതാരാമൻ: സർവ്വേ ഇപ്പോൾ നടക്കുന്നുണ്ടെന്നറിയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള: പഞ്ചവത്സരപദ്ധതിയുടെ സഹകരണത്തോടുകൂടി നടത്താൻ ഈ ഗവണ്മെൻറ ഏർപ്പാടുചെയ്തിട്ടുണ്ട്.

പ്രാസസ്സ് ശിപായിമാർ.

* 433. [19] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജുഡിഷ്യൽ ഡിപ്പാർട്ടുമെൻറിലെ പ്രാസസ്സ് ശിപായിമാർ പ്രാസസ്സ് നടത്തുന്നതിനു് കോടതി സ്ഥിതിചെയ്യുന്ന ടൗൺ വിട്ട് വെളിയിൽ പോകുമ്പോൾ അവർക്ക് എന്തെങ്കിലും യാത്രപ്പടിയോ ചെലവോ കൊടുക്കുന്നുണ്ടോ;

(ബി) കോടതികളിൽനിന്ന് എത്ര മൈൽ ദൂരംവരെ പ്രാസസ്സ് നടത്തുന്നതിനു് ഇവർ പോകേണ്ടിവരും?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): (എ) കൊച്ചിവിഭാഗത്തിലുള്ള പ്രാസസ്സ് ശിപായിമാർക്ക് കൊച്ചിൻ സർവീസ് റഗുലേഷൻ അനുസരിച്ചുള്ള യാത്രപ്പടി കൊടുക്കുന്നുണ്ട്. തിരുവിതാംകൂർ വിഭാഗത്തിൽപ്പെട്ടവർക്ക് അങ്ങിനെയുള്ള യാത്രപ്പടി കൊടുക്കുന്നില്ല.

(ബി) കോടതികളിൽനിന്നും കക്ഷികൾ താമസിക്കുന്ന ദൂരമനുസരിച്ച് അഞ്ചുമൈൽ മുതൽ എഴുപതു മൈൽവരെ ഇവർ യാത്ര ചെയ്യേണ്ടിവരും.

ശ്രീ. പ്രാക്കുളം ഭാസി: തിരുവിതാംകൂർ വിഭാഗത്തിലുള്ളവർക്കു യാത്രപ്പടി കൊടുക്കുന്നതിനു എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: അതു സംബന്ധിച്ച് ഹൈക്കോടതിയിൽനിന്നും നിർദ്ദേശം വന്നിട്ടുണ്ട്. ഗവണ്മെൻറ അതിനെപ്പററി ആലോചിച്ചുകൊണ്ടിരിക്കയാണ്. താമസിയാതെ ഉത്തരവുകൾ പുറപ്പെടുവിക്കും.

തോട്ടങ്ങളിലെ സ്കൂളുകൾ.

* 434. [20] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സ്റ്റേററിലെ തോട്ടങ്ങളിൽ പണി എടുക്കുന്ന തൊഴിലാളികളുടെ കുട്ടികൾക്കുവേണ്ടി നടത്തപ്പെടുന്ന പ്രൈമറി സ്കൂളുകളിൽ ക്ലാസ്സുകൾ പ്രത്യേകം തിരിച്ചിട്ടില്ലെന്നും അഞ്ചു ക്ലാസുകൾക്കുംകൂടി ഒരു അദ്ധ്യാപകനാണെന്നും ഈ അദ്ധ്യാപകന് ദിവസം ഒരു രൂപയാണ് (തൊഴിലാളിയുടെ 'ശമ്പളം') കൊടുക്കുന്നതെന്നുമുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, എന്തു നടപടികൾ നടത്തി ;

(സി) ഇല്ലെങ്കിൽ, ഈ ദുഃസ്ഥിതി മാററുവാൻ ഉടനടി വേണ്ട നടപടികൾ നടത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

(എ) തോട്ടങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കുട്ടികൾക്കു വേണ്ടി മാത്രം നടത്തപ്പെടുന്ന ഗവണ്മെൻറു പ്രൈമറിസ്കൂളുകളോ പ്രൈവററ പ്രൈമറിസ്കൂളുകളോ ഇല്ല. തോട്ടം ഉടമസ്ഥന്മാർ തൊഴിലാളികളുടെ കുട്ടികൾക്കു വേണ്ടി നടത്തുന്ന സ്കൂളുകളെ സംബന്ധിച്ചിടത്തോളം ഡിപ്പാർട്ടുമെൻറിനു നിയന്ത്രണമില്ല.

(ബി-യും) (സി-യും) ഈ കുട്ടികൾക്കു് കൂടുതൽ വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭിക്കത്തക്ക വ്യവസ്ഥകൾ ചെയ്യുന്ന കാര്യം ആലോചിക്കാം.

ശ്രീ. പ്രാക്കുളം ഭാസി : തോട്ടങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കുട്ടികൾക്കു് വിദ്യാഭ്യാസം വേണ്ടെന്നാണൊ ഗവണ്മെൻറു് തീരുമാനിക്കുന്നതു്?

ശ്രീ. എ. താണുപിള്ള : അങ്ങനെ തീരുമാനിച്ചിരുന്നെങ്കിൽ ആലോചിക്കാമെന്നു പറകയില്ലായിരുന്നു.

ശ്രീ. പ്രാക്കുളം ഭാസി : പ്രാഥമികവിദ്യാഭ്യാസപദ്ധതി സാർവ്വത്രികമായിട്ടു് കൊല്ലങ്ങൾ വളരെയായില്ലേ?

ശ്രീ. എ. താണുപിള്ള: അതുകൊണ്ടാണു് ഇനിയും താമസിക്കാതെ ആലോചിക്കണമെന്നു വിചാരിക്കുന്നതു്.

ശ്രീ. പ്രാക്കുളം ഭാസി : ഈ വർഷത്തിൽതന്നെ ഗവണ്മെൻറു് ചെയ്യാനുദ്ദേശിക്കുന്നുണ്ടോ എന്നാണു് എനിക്കറിയേണ്ടതു്?

ശ്രീ. എ. താണുപിള്ള : കഴിയുന്നതും ഈ വർഷത്തിൽതന്നെ ചില സ്കൂളുകളുടെ കാര്യത്തെപ്പററി ആലോചിക്കാം.

ശ്രീ. പ്രാക്കുളം ഭാസി : തോട്ടം മാനേജുമെൻറുതന്നെ നേരിട്ടു തോട്ടങ്ങളിൽ സ്കൂളുകൾ നടത്തണമെന്നാണോ വിചാരിക്കുന്നതു്?

ശ്രീ. എ. താണുപിള്ള : ഇതുവരെ അതിനെപ്പററി ഒന്നും തീരുമാനിച്ചിട്ടില്ല. മാനേജുമെൻറിനു് അതു ചെയ്യേണ്ട ചുമതലയുണ്ടു്. അതിനിലയ്ക്കു് ഗവണ്മെൻറു് നേരത്തേപോയി ഏറെറടുക്കുന്നതു് ബുദ്ധിപൂർവ്വകമായിരിക്കുകയില്ല.

ശ്രീ. പ്രാക്കുളം ഭാസി : തോട്ടംസ്കൂളുകളിലെ അദ്ധ്യാപകന്മാർക്കു് കൊടുക്കുന്ന ശമ്പളം ഒരു തൊഴിലാളിയുടെ ഒരു ദിവസത്തെ കൂലിയാണെന്നു ഗവണ്മെൻറിനറിയാമോ?

ശ്രീ. എ. താണുപിള്ള : അതു മാത്രമല്ല, വെളിയിലുള്ള അദ്ധ്യാപകന്മാർക്കു് ഒരു ദിവസം ഒരു കൂലിക്കാരനു കിട്ടുന്ന ശമ്പളം കിട്ടുന്നില്ലെന്നുകൂടി അറിയാം.

ശ്രീ. ടി. കെ. ദിവാകരൻ : ഈ സ്കൂളുകളിൽ നിന്നു നൽകുന്ന സർട്ടിഫിക്കററ മററ മിഡിൽസ്കൂളുകളിൽ പ്രവേശനത്തിനു് അംഗീകരിച്ചിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: ഗവണ്മെൻറംഗീകാരമില്ലാത്ത സ്കൂളുകളും യത്നംകൊണ്ടു് പ്രത്യേക സൗജന്യമായിട്ടല്ലാതെ പ്രവേശനം കിട്ടുന്നതല്ല.

ഇൻഡ്യൻ നാണയം.

*435. [21] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ നാണയം പിൻവലിച്ചുകൊണ്ടു് തൽസ്ഥാനത്തു് ഇൻഡ്യൻ നാണയം ഏർപ്പെടുത്തിയതിന്റെ ഫലമായി തിരുവിതാംകൂർ വിഭാഗത്തിലെ ജനങ്ങൾ സാമ്പത്തികമായി വളരെ നഷ്ടങ്ങൾ സഹിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ നഷ്ടം പരിഹരിക്കുവാൻ ഗവണ്മെൻറു് എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) അടിസ്ഥാന നാണയമെന്നുള്ള നിലയ്ക്കു് പൈസാക്കൂടി ഏർപ്പെടുത്തുകയാണെങ്കിൽ, ഈ നഷ്ടം പരിഹരിക്കാൻ കഴിയുമെന്നു ഗവണ്മെൻറു കരുതുന്നുണ്ടോ?

ധനകാര്യമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) അങ്ങനെ ഉള്ളതായി അറിവില്ല.

(ബി-യും, സി-യും) നാണയനിർമ്മാണം കേന്ദ്രഗവണ്മെൻറിന്റെ അധീനതയിലാകയാൽ ചോദ്യത്തിലെ ഈ ഭാഗങ്ങൾക്കു മറുപടി നൽകാൻ ഗവണ്മെൻറിനു നിവൃത്തിയില്ല.

ശ്രീ. വി. ശ്രീധരൻ: തിരുവിതാംകൂർ നാണയം നിലവിലുണ്ടായിരുന്ന കാലത്തു് ഒരു കാശു് വിലയുണ്ടായിരുന്ന സാധനത്തിന് ഇപ്പോൾ കാലണ കൊടുക്കേണ്ടിവരുന്നു എന്നുള്ള വസ്തുത ഗവണ്മെൻറിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഒരു കാശിന്റെ സാമാനം കാലണ കൊടുത്തു വാങ്ങുന്ന എന്ന ഗവണ്മെൻററിഞ്ഞിട്ടില്ല.

ശ്രീ. വി. ശ്രീധരൻ: കാലണയ്ക്കു താഴെയുള്ള പൈസ നാണയം ഇവിടെ ഇല്ലെന്നുള്ള വസ്തുത ഗവണ്മെൻറിനറിവില്ലേ?

ശ്രീ. പി. എസ്. നടരാജപിള്ള: അങ്ങനെ അറിവില്ല.

ശ്രീ. വി. ശ്രീധരൻ: വേണ്ടത്ര ഓട്ടപൈസ തയാറാക്കാൻ സെൻട്രൽഗവണ്മെൻറിനോടു ശുപാർശ ചെയ്യുമോ?

Shri P. S. Nataraja Pillai: It is not within the province of the State Government to make any such recommendations on coinage; because it is exclusively a Central subject.

ശ്രീ. അബ്ദുൾഖാദർ: സർ, ഒരു പായിൻറു് ആഫു് ഓർഡർ. കേന്ദ്രഗവണ്മെൻറിന്റെ അധികാരസീമയിൽപ്പെട്ട ഒരു കാര്യത്തെപ്പററി ഈ സഭയ്ക്കു് ചർച്ചചെയ്യുവാൻ അധികാരമുണ്ടോ?

മി. സ്പീക്കർ: അതു് ഇവിടെ നിന്നു ശുപാർശചെയ്യണമെന്നാണു് പറയുന്നതു്. That can be allowed.

ശ്രീ. കെ. സി. ജോർജ്ജ്: ചോദ്യം 14-ൽ ഒരു പ്രശ്നം വന്നിട്ടുണ്ട്. ഒരു യൂണിററിന് നാലണ പത്തു പൈസയാണ് വില. അങ്ങനെ വരുമ്പോൾ ഒരു യൂണിററിന് 5 അണ കൊടുക്കണം. അപ്പോൾ രണ്ടു പൈ നഷ്ടമുണ്ടാകുന്നില്ലേ?

ശ്രീ. പി. എസ്. നടരാജപിള്ള: ഒരു യൂണിററായി വാങ്ങിക്കുമ്പോൾ മാത്രമേ ഇങ്ങനെയുള്ള പ്രയാസം വരികയുള്ളു.

ശ്രീ. കെ. സി. ജോർജ്ജ്: ഒരു യൂണിററ വാങ്ങുന്ന സാധുക്കൾക്ക് നഷ്ടം വരുമെന്നു മനസ്സിലാക്കി എങ്കിലും ആവശ്യമുള്ളിടത്തോളം പൈസ തയ്യാറാക്കുന്നതിനു സെൻട്രൽ ഗവണ്മെൻറിനോടു ശുപാർശചെയ്യുമോ?

ശ്രീ. പി. എസ്. നടരാജപിള്ള: ഗവണ്മെൻറിൻെറ ഒപ്പീനിയൻ സെൻട്രൽ ഗവണ്മെൻറിനെ അറിയിക്കുന്നതിൽ വൈഷമ്യമില്ല.

ക്രിമിനൽകേസുകൾ.

* 436. [22] ശ്രീ. എൻ. രാഘവക്കുറുപ്പ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രജാസോഷ്യലിസ്റ്റ്പാർട്ടി മന്ത്രിസഭ അധികാരത്തിൽ വന്നശേഷം എത്ര ക്രിമിനൽകേസുകൾ പിൻവലിക്കാൻ ഉത്തരവിട്ടിട്ടുണ്ട്;

(ബി) എന്തു മാനദണ്ഡംവച്ചാണ് മേൽപ്രകാരം കേസുകൾ പിൻവലിക്കാൻ ഉത്തരവയച്ചിട്ടുള്ളതു; ആരാണ് പിൻവലിക്കേണ്ട കേസുകളുടെ വിവരം ഗവണ്മെൻറിൽ ധരിപ്പിച്ചതു്;

(സി) കോട്ടയം സബ്ഡിവിഷനൽ മജിസ്ട്രേട്ടുകോടതിയിൽ നിലവിലിരിക്കുന്ന 1951-ൽ സി. സി. 254, 1952-ൽ സി. സി. 229 സി. സി. 669 സി. സി. 390 തുടങ്ങിയ പ്രസംഗകേസുകൾ പിൻവലിക്കാതിരിക്കാൻ കാരണമെന്തു്;

(ഡി) മുൻപ്രസ്താവിച്ച കേസുകളും മററചില കേസുകളും പിൻവലിക്കുന്നതിനു് ഗവണ്മെൻറിലേയ്ക്കു് എഴുതിയിട്ടുണ്ടെന്നും, അനുവാദം കിട്ടിയാൽ ഉടൻ പിൻവലിച്ചുകൊള്ളാമെന്നും അതുകൊണ്ടു് സാക്ഷികളെ വിസ്തരിക്കേണ്ട ആവശ്യമില്ലെന്നും പ്രോസിക്യൂട്ടർ കോടതിയിൽ പറഞ്ഞു രണ്ടുകൊല്ലത്തോളമായി കേസുകൾ നീട്ടിവരികയാണെന്നുള്ള വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): (എ) 170 ക്രിമിനൽ കേസുകൾ പിൻവലിക്കാൻ അനുവദിച്ചിട്ടുണ്ട്.

(ബി) കുററ കൃത്യങ്ങളുടെ സ്വഭാവവും ഗുരുലഘുത്വവും കണക്കാക്കിയും പോലിസ് ഇൻസ്പെക്ടർ ജനറലിൻെറ അഭിപ്രായം ആരാഞ്ഞുമാണ് കേസുകൾ പിൻവലിക്കാൻ അനുവദിക്കുന്നതു്.

(സി) 1952-ൽ സി. സി. 229-ാംനമ്പർ കേസുമാത്രമേ കോടതിയിൽ തുടരുന്നുള്ളു. മററ കേസുകളിലെ വിധി കഴിഞ്ഞിരിക്കുന്നു.

(ഡി) ശ്രദ്ധയിൽ പെട്ടിട്ടില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഈ കേസു വാദിക്കുന്ന അഡ്വക്കേററു എന്ന നിലയിൽ ഇന്നും ആ കേസ് നിലവിലിരിക്കുന്നുണ്ടെന്നും പിൻവലിക്കാൻ ആർഡർ പാസ്സാക്കിയെങ്കിലും പിൻവലിച്ചിട്ടില്ലെന്നും ഞാൻ പറഞ്ഞാൽ വിശ്വസിക്കുമോ?

ശ്രീ. എ. താണുപിള്ള: അതു് 229-ാംനമ്പർ കേസാണെങ്കിൽ, പിൻവലിക്കുന്ന കാര്യം ആലോചനയിലിരിക്കുന്നു.

ശ്രീ. കെ. കൃഷ്ണപിള്ള: സർ, ഒരു പായിൻറ് ഓഫ് ആർഡർ. അഡ്വക്കേററുമാർക്കു കാര്യം പറയാനുള്ള സ്ഥലമാണോ ഈ സഭ?

മി. സ്പീക്കർ: സാമാജികന്മാർ അഡ്വക്കേററുകളാണെങ്കിൽ അങ്ങനെയുള്ള കാര്യങ്ങളും ചോദിച്ചുവെന്നു വരാം.

ശ്രീ. എൻ. രാഘവക്കുറുപ്പ്: പ്രസംഗകേസുകളുടെ കൂട്ടത്തിൽ ഈ ഒരൊററ കേസു മാത്രമേ ബാക്കിയുള്ളു എന്നാണോ പറയുന്നതു്?

ശ്രീ. എ. താണുപിള്ള: അതാണു സർ, എന്റെ കൈവശമുള്ള ഫൈലിൽനിന്നും അറിയുന്നതു്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഇനിയും അങ്ങിനെയുള്ള കേസുകൾ പിൻവലിക്കാതെയുണ്ടെങ്കിൽ അതു് പിൻവലിക്കുന്നതിനു വേണ്ടതു ചെയ്യുമോ?

ശ്രീ. എ. താണുപിള്ള: അതേപ്പററി ആലോചിക്കാം.

ശ്രീ. എൻ. രാഘവക്കുറുപ്പ്: പ്രസംഗം നടത്തിയതിനെ സംബന്ധിച്ചുള്ള കേസുകൾ പിൻവലിക്കത്തക്കതാണോ എന്നുള്ളതിനെപ്പററി ആലോചിക്കണോ?

ശ്രീ. എ. താണുപിള്ള: പ്രസംഗങ്ങൾ എന്തെല്ലാം തരത്തിലുണ്ടു്.

ശ്രീ. എം. എം. മത്തായി: ഈ കേസുകൾ പിൻവലിച്ചിട്ടുള്ളതു് ചാർജ്ജുചെയ്ത സബ്ബ് ഇൻസ്പെക്ടരുടേയും മററും അഭിപ്രായങ്ങൾ അറിഞ്ഞതിനു ശേഷമാണോ?

ശ്രീ. എ. താണുപിള്ള: അതിനു് ഉത്തരവാദപ്പെട്ടവരുടെ അഭിപ്രായങ്ങൾ അറിഞ്ഞതിനുശേഷമേ ചെയ്കയുള്ളു.

ശ്രീ. എം. എം. മത്തായി: അങ്ങിനെയല്ലാതെ കേസുകൾ പിൻവലിച്ചിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: അങ്ങിനെയല്ലാതെ പതിവില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഇപ്പോഴും ചില കേസുകളിൽ ഇതുവരെ സാക്ഷികളെ വിസ്തരിക്കാതെ മുമ്പോട്ടു കൊണ്ടുപോകുകയാണു്. ആ കേസുകളെപ്പററി അറിവില്ല എന്നാണോ പറയുന്നതു്. അങ്ങിനെയുണ്ടെങ്കിൽ അതേപ്പററി അന്വേഷിക്കുമോ?

ശ്രീ. എ. താണുപിള്ള: അതേപ്പററി അന്വേഷിക്കാം.

ശ്രീ. എ. സി. ചാക്കോ: സബ്ബ് ജുഡിസ്സായിട്ടുള്ള കാര്യങ്ങൾ ഇവിടെ ചോദിക്കാമോ?

മി. സ്പീക്കർ : പാടില്ല.

ശ്രീ. പി. വിശ്വംഭരൻ : ഒരു പായിൻറ് ഓഫ് ഓർഡർ. ഇവിടെ ഉന്നയിച്ചുകഴിഞ്ഞതിനുശേഷം, പിന്നെ അതേപ്പററി വിമർശിക്കാമോ?

മി. സ്പീക്കർ : പാടില്ല.

ശ്രീ. ടി. വി. തോമസ് : ഇമ്മാതിരി കേസുകൾ ചാർജ്ജുചെയ്ത ഇൻസ്പെക്ടരുടെ അനുകൂലമുണ്ടെങ്കിലേ പിൻവലിക്കാൻ നിവൃത്തിയുള്ളോ?

ശ്രീ. എ. താണുപിള്ള : ഗവണ്മെൻറ് സ്വജനമായി പിൻവലിക്കും. അതിന് ഉത്തരവാദപ്പെട്ട ഇൻസ്പെക്ടർജനറൽ മുതലായവരുടെ അഭിപ്രായവും അറിയും. അതിന് ചാർജ്ജുചെയ്ത ഇൻസ്പെക്ടരുടെ അനുകൂല്യം ഉണ്ടെങ്കിലേ പിൻവലിക്കാൻ സാദ്ധ്യമാകയുള്ളോ എന്നു ചോദിക്കുന്നതു് അപ്രസക്തമാണു്. അതിന് ചുമതലപ്പെട്ടവരും ഉത്തരവാദിത്വമുള്ളവരുമായ ഉദ്യോഗസ്ഥന്മാർ ഉണ്ട്. അങ്ങിനെ മുറപ്രകാരമുള്ള അന്വേഷണം നടത്തിയാണു് പിൻവലിക്കുന്നതു്.

കെ. കൃഷ്ണപിള്ള : കോടതിയിൽ നിലവിലിരിക്കുന്ന കേസുകളെപ്പററി ഇവിടെ ചർച്ച ചെയ്യുന്നതു സബ്ബ് ജൂഡിസ് ആണെന്നു പറഞ്ഞു. അതു് പിൻവലിക്കുന്നതു ശരിയാണോ?

ശ്രീ. എ. താണുപിള്ള: ഗവണ്മെൻറിനു് ന്യായമാണെന്നു തോന്നുന്ന കേസുകളിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ അഭിപ്രായം അറിഞ്ഞതിനുശേഷം മാത്രമേ അങ്ങിനെ ചെയ്യുന്നുള്ളു.

ശ്രീ. ടി. വി. തോമസ് : ചാർജ്ജുചെയ്ത ഇൻസ്പെക്ടർക്കു തോന്നിയതു പോലെയാണോ കേസുകൾ പിൻവലിക്കപ്പെടുന്നതു്?

ശ്രീ. എ. താണുപിള്ള : ചാർജ്ജുചെയ്ത ഇൻസ്പെക്ടർക്കു തോന്നിയതു പോലെയല്ലാ, മനുഷ്യർക്കു തോന്നുന്നതുപോലെയാണു്, കേസുകളുടെ സ്വഭാവമനുസരിച്ചു് പിൻവലിക്കുകയാണു്.

ശ്രീ. ടി. പി. സീതാരാമൻ: ഒരു മന്ത്രിക്കു ദേഷ്യം വരാമോ, സർ.

ശ്രീ. എ. താണുപിള്ള : ദേഷ്യം ഇല്ല.

ശ്രീ. ടി. വി. തോമസ് : ചാർജ്ജ ചെയ്ത ഇൻസ്പെക്ടരുടെ അഭിപ്രായമനുസരിച്ചു് കേസുകൾ പിൻവലിക്കുകയാണു് പതിവു് എന്നു പറഞ്ഞു. അതു ശരിയാണോ?

ശ്രീ. എ. താണുപിള്ള : ചാർജ്ജുചെയ്ത ഇൻസ്പെക്ടരുടെ അഭിപ്രായമനുസരിച്ചാണു് പിൻവലിക്കുന്നതെന്നു ഞാൻ പറഞ്ഞില്ല.

Shri R. Sankaranarayanan Thampi : Sir, a point of order. The Chief Minister in his reply to the hon. Member for Alleppey said that he should think like a man. There is an insinuation that he is a beast:

മനുഷ്യർക്കു തോന്നുന്നതുപോലെതന്നെ വേണം എന്നു് ഉത്തരവാദപ്പെട്ട സ്ഥാനത്തിരുന്നുകൊണ്ടു് പറയുന്നതു് ഈ സഭയുടെ അന്തസ്സിനു യോജിക്കുന്നതാണോ എന്നറിഞ്ഞാൽ കൊള്ളാം?

Mr. Speaker: There is no insinuation in the remark made by the Chief Minister. പറഞ്ഞതു് അത്ര ശരിയായിട്ടു് മനസ്സിലാക്കിയില്ല.

ഫുഡ്പ്രൊഡക്ഷനായി വിട്ടുകൊടുത്തിട്ടുള്ള സ്ഥലങ്ങൾ.

* 437. [24] ശ്രീ. എം. എം. മത്തായി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫുഡ്പ്രൊഡക്ഷനായി എത്ര ഏക്കർ വനം വിട്ടുകൊടുത്തിട്ടുണ്ടു്;

(ബി) കാലാവധികഴിഞ്ഞ സ്ഥലങ്ങൾ ഗവണ്മെന്റ തിരിയെ എടുത്തിട്ടുണ്ടോ;

(സി) തിരിച്ചെടുത്തിട്ടില്ലാത്ത സ്ഥലങ്ങൾ എന്തുചെയ്യാനാണു് ഗവണ്മെന്റുദ്ദേശിക്കുന്നതു്;

(ഡി) പല കൃഷിക്കാരും അവക്കു് വിട്ടുകൊടുത്തിട്ടുള്ളതിനെക്കാൾ വളരെയധികം സ്ഥലങ്ങൾ വെട്ടിത്തെളിച്ചു് കൈവശം വച്ചുകൊണ്ടിരിക്കുന്നുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) 35,000 ഏക്കർ വനഭൂമി ഫുഡ്പ്രൊഡക്ഷനായി വിട്ടുകൊടുത്തിട്ടുണ്ടു്.

(ബി) ഉണ്ടു്.

(സി) വനങ്ങളിൽ സ്ഥിരമായി ഒഴിവാക്കാവുന്ന സ്ഥലങ്ങളെ ഭൂമിയില്ലാത്തവക്കു് മുൻഗണന കൊടുത്തു് ഭൂമി പുനർവിഭജനം ചെയ്യുന്നതിനും മററുമായി ഒരു പദ്ധതി ആസൂത്രണം ചെയ്തുവരുന്നു.

(ഡി) വനങ്ങൾ സർവ്വേയ്ക്കു മുമ്പു് വിട്ടുകൊടുക്കുന്നതു നിമിത്തം പല ഭാഗങ്ങളിലും അനുവദിച്ചിട്ടുള്ളതിൽ കൂടുതൽ സ്ഥലം കൈവശം വച്ചിട്ടുണ്ടു്.

ശ്രീ. എം. എം. മത്തായി: എത്ര ഏക്കർ സ്ഥലം ഗവണ്മെന്റ വിട്ടുകൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടു്?

ശ്രീ. പി. എസ്. നടരാജപിള്ള: ശരാശരി 5 ഏക്കർ എന്നാണു് വച്ചിട്ടുള്ളതു്.

ശ്രീ. എം. എം. മത്തായി: അതു് എന്നത്തേക്കു കൊടുക്കുമെന്നാണു് വച്ചിട്ടുള്ളതു്?

ശ്രീ. പി. എസ്. നടരാജപിള്ള: അതിനു് ഒരു സ്റ്റാഫു് നിയമിച്ചു വേണ്ട നടപടികൾ ആരംഭിക്കേണ്ടിയിരിക്കുന്നു. ബഡ്ജററു് കഴിഞ്ഞതിനുശേഷം അതിനു വേണ്ട സ്റ്റാഫിനെ നിയമിക്കും.

ശ്രീ. എം. എം. മത്തായി: എന്തു വ്യവസ്ഥയിലാണു് കൊടുക്കുവാനുദ്ദേശിക്കുന്നതു്?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അതേ സംബന്ധിച്ചു് ഒരു ജി. പി. ഉണ്ടായിട്ടുണ്ടു്. അതിൽ കുത്തകപ്പാട്ടവ്യവസ്ഥയിൽ കൊടുക്കുമെന്നു പറഞ്ഞിട്ടുണ്ടു്.

ശ്രീ. എം. എം. മത്തായി: ദീർഘകാലവ്യവസ്ഥയിൽ കൊടുക്കുമെന്ന് ജി. പി. യിൽ പറഞ്ഞിട്ടുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: അതേ സംബന്ധിച്ചുള്ള വ്യവസ്ഥകളെല്ലാം ജി. പി. യിൽ പറഞ്ഞിട്ടുണ്ട്.

ശ്രീ. എം. വി. ചെറിയാൻ: വിട്ടുകൊടുത്തിട്ടുള്ള സ്ഥലത്ത് മണ്ണൊലിപ്പുകൊണ്ട് നഷ്ടം നേരിടുന്നതായി അറിയാമോ?

Mr. Speaker: That question does not come within the scope of the main question. ഇതിന് ഒരു പ്രത്യേകം ചോദ്യം ചോദിച്ചാൽ മറുപടി ലഭിക്കുന്നതാണ്.

ശ്രീ. എം. വി. ചെറിയാൻ: എന്റെ ചോദ്യവും ഇതുമായിട്ട് ബന്ധപ്പെട്ടിട്ടുള്ളതാണ്.

Mr. Speaker: No, you cannot question.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഈ നാട്ടിൽ ആകെ എത്ര ഏക്കർ സ്ഥലം വനങ്ങളിൽനിന്നും വെട്ടിതെളിച്ചിട്ടുണ്ട് എന്നു വല്ല കണക്കുമുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽനിന്നും 35,000 ഏക്കർ വിട്ടുകൊടുത്തിട്ടുണ്ട്. അതിൽനിന്നും എത്ര ഏക്കർ കൂടുതലായി കൈവശം വച്ചിട്ടുണ്ടെന്നുള്ളതിന് സൂക്ഷ്മമായ കണക്കില്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഇതൊരു ഇമ്പോർട്ടന്റ് ക്വസ്റ്റ്യനാണ്. ഗവണ്മെന്റിൽനിന്നും വിട്ടുകൊടുത്തിട്ടുള്ളതിൽ ഇരട്ടി ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ?

Shri P. S. Nataraja Pillai: I have only to submit, Sir, that Government do note that a large extent of land has been unauthorisedly encroached upon by people.

ശ്രീ. ഇടിക്കുള ഇടിക്കുള: ഇത്രയേറെ ഭൂമി വനസംരക്ഷകന്മാരുടെ അറിവും ആനുകൂല്യവും കൂടാതെ കൈവശം വയ്ക്കാൻ സാധിക്കുമോ?

Shri P. S. Nataraja Pillai: It is understood from the reports of the Forest Department that they found it very difficult to prevent the encroachment and that they had to requisition Government to post preventive Reserve Police to stop unauthorised encroachment.

ശ്രീ. ഇടിക്കുള ഇടിക്കുള: ബലപ്പെടുത്തി കൈവശപ്പെടുത്തി എന്നാണോ ഗവണ്മെന്റ് ധരിച്ചിരിക്കുന്നത്?

Shri P. S. Nataraja Pillai: To a certain extent it has to be so inferred since Reserve Police have been posted to prevent encroachments.

ശ്രീ. എം. വി. ചെറിയാൻ: ജി. എം. എഫ്. സ്കീമിനുവേണ്ടി വിട്ടുകൊടുത്ത കൃഷിഭൂമികൾക്ക് ഉടമസ്ഥർ ആരാണ്?

Shri P. S. Nataraja Pillai: It is all Government land.

ശ്രീ. എം. വി. ചെറിയാൻ: ഈ ഭൂമികൾക്ക് ടെന്യൂവർ അനുവദിക്കുന്നുണ്ടോ?

Shri P, S. Nataraja Pillai: Whether the land can be leased out is the first question that the Government have to decide.

ശ്രീ. എം. വി. ചെറിയാൻ: അങ്ങിനെ "ഫിക്സിററി ഓഫ് ടെന്യൂവർ" തീരുമാനിക്കാത്തതുകൊണ്ട് ഗവണ്മെൻറുവക ഭൂമികളിൽ നിന്നും ഗവണ്മെൻറിനു ലഭിക്കേണ്ട ആദായം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണെന്നു അറിയാമോ?

Shri P. S. Nataraja Pillai: Sir, in an extraordinary situation when there was a great deficit and the people were feeling the necessity to produce more food and when there was no possibility of producing it, under those extraordinary circumstances, Government lands were thrown open for cultivation for a limited period. No right accrues as a result of that privilege. I may say that when the Government feels convinced that the lands which are under cultivation should continue so and that it will not prejudice the internal reserves of the State, the Government will be prepared to grant it, that is until they have issued the Government proceedings determining the basis on which those lands are to be leased out.

ശ്രീ. എം. വി. ചെറിയാൻ: ഇങ്ങനെ ഭൂമി വിട്ടുകൊടുക്കുന്നതുകൊണ്ട് നമ്മുടെ ഹൈഡ്രോ ഇലക്ട്രിക്ക് പദ്ധതിക്കു ദോഷമാണെന്നറിയാമോ?

Mr. Speaker: That is supplying information.

ശ്രീ. ടി. കെ. ദിവാകരൻ: ഭൂമി ഇല്ലാത്ത കർഷകരെത്തന്നെ അവിടെനിന്നും ഒഴിപ്പിച്ചിട്ടുള്ളതായും അതു് സംബന്ധിച്ച പ്രക്ഷോഭണം ആരംഭിച്ചിട്ടുള്ളതായും അറിയാമോ?

Shri P. S. Nataraja Pillai: To the best of my knowledge, no Sir.

ശ്രീ. സി. സി. അച്ചപ്പൻ: എല്ലാവരെയും ഒഴിപ്പിച്ചുകഴിഞ്ഞതിനുശേഷമാണോ പുനർവിഭജനം ചെയ്യുന്നതു്?

Shri P. S. Nataraja Pillai: The question is about forest lands. It is not about poramboke lands.

ശ്രീ. സി. സി. അച്ചപ്പൻ: ഫോറസ്ററ ലാൻഡിലാണു് അധികം ആളുകൾ പ്രവേശിച്ചിട്ടുള്ളതെന്നറിയാമോ?

Shri P. S. Nataraja Pillai: Yes, Sir.

ശ്രീ. കെ. കൃഷ്ണപിള്ള: വനഭൂമികളിൽ ദേഹണ്ഡം ചെയ്തിട്ടുള്ളതു് ഗവണ്മെൻറ് പരിഗണിക്കുമോ?

Shri P. S. Nataraja Pillai: In the G. P. that has been issued a special provision is put in that when it is a non-revertable area the permanent improvement that has been made must be taken into consideration in settling that.

ശ്രീ. പി. കെ. അബ്ദുൽഖാദർ : കൃത്യപ്പാട്ട വ്യവസ്ഥയിലാണ് ലീസ് ചെയ്യാൻ പോകുന്നതെന്നു പറഞ്ഞു. അതു് തിരുവിതാംകൂറിൽ മാത്രമാണോ ?

Shri P. S. Nataraja Pillai: In Travancore-Cochin, Sir.

ശ്രീ. എം. എ. ആന്റണി : വനഭൂമി ഇനിയും വിട്ടുകൊടുക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

Shri P. S. Nataraja Pillai: At the present moment, the Government have decided not to throw open more lands. The lands that have been given over for cultivation will be examined and revertable and non-revertable categories will be distinguished and non-revertable areas will be settled.

Under-trial prisoners.

* 438. [25] **Shri M. M. Mathai**: Will the Chief Minister be pleased to state :

(*a*) what is the total number of under-trial prisoners in the different police lock-ups of the State ;

(*b*) what is the number of such prisoners who were in lock-ups for more than six months ; and

(*c*) how many prisoners have died in the lock-ups in the year 1952-53 ?

Chief Minister **(Shri A. Thanu Pillai)**: (*a*) 906.

(*b*) 252.

(*c*) 2.

ശ്രീ എം. എം. മത്തായി : ലാക്കപ്പിൽ കിടന്നു മരിച്ചവരുടെ മരണകാരണത്തെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ ?

ശ്രീ. എ. താണുപിള്ള : ഉണ്ടു്. ഒരാൾ ഹാർട്ട് ഫെയിലുവർ കൊണ്ടു മരിച്ചു. മറ്റൊരാൾ ഡിസെൻട്രികൊണ്ടു മരിച്ചു.

ശ്രീ. എം. എം. മത്തായി : ലാക്കപ്പുകളിൽ മലമൂത്രവിസർജ്ജനം ചെയ്യുന്നതിനുള്ള സൗകര്യമില്ലെന്നുള്ളതു് ഗവണ്മെന്റിനറിയാമോ ?

ശ്രീ. എ. താണുപിള്ള : അറിവുണ്ടു്. അതിനു് വേണ്ടതു ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടു്. Under-trial Prisoners-നെ മാറ്റിത്താമസിപ്പിക്കുന്ന കാര്യം ഗവണ്മെന്റിന്റെ ആലോചനയിലിരിക്കുകയാണു്. ജയിൽ പരിഷ്കരണ കമ്മിറ്റിയുടെ ഒരു ഇന്ററിം റിപ്പോർട്ടു വന്നിട്ടുണ്ടു്. അവസാന റിപ്പോർട്ടു് ഉടനെ വരുമെന്നു പ്രതീക്ഷിക്കുന്നു. അതിനു ശേഷം കൂടുതൽ സൗകര്യപ്രദമാക്കുന്നതിനുവേണ്ടി വേണ്ട നടപടികളെല്ലാം ചെയ്യണമെന്നുദ്ദേശിക്കുന്നു.

ശ്രീ. എം. എം. മത്തായി : അതുവരെ ശരിയായി മലമൂത്രവിസർജ്ജനം ചെയ്യേണ്ടെന്നാണോ ഇപ്പോഴത്തെ ഗവണ്മെന്റിന്റെ നയം?

ശ്രീ. എ. താണുപിള്ള : ഇതുവരെ മലമൂത്രവിസർജ്ജനം ചെയ്യുംതിരുന്നിട്ടില്ല അല്പകാലം കൂടി ഇതുപോലെ ചെയ്താൽ മതി. കഴിയുന്നതുംവേഗം സൗകര്യപ്രദമായ വിധത്തിൽ വേണ്ടതു ചെയ്യുന്നതാണു്.

ശ്രീ. എം. എം. മത്തായി : ഇതേ സംബന്ധിച്ചു് അവസാന തീരുമാനം വല്ലതും ചെയ്തിട്ടുണ്ടോ ?

ശ്രീ. എ. താണുപിള്ള : താമസിയാതെ ഉണ്ടാകും.

WRITTEN ANSWERS

വില്പനനികുതി.

✻ 439. [27] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൻദേവൻ കമ്പനിയിൽനിന്നും കാർഷികാദായനികുതി, വില്പനനികുതി, അമിതാദായനികുതി എന്നീ ഇനങ്ങളിൽ മൊത്തം എന്തു വരവുണ്ടു് ;

(ബി) ഈ ഓരോ ഇനത്തിലും എന്തുവീതം ലഭിക്കുന്നുണ്ടു് ?

(സി) ഇവയിൽ ഏതെങ്കിലും ഇനത്തിൽനിന്നു് കണ്ണൻ ദേവൻ കമ്പനിയെ ഒഴിവാക്കിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ കാരണമെന്തു് ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

(എ & ബി) ചോദ്യങ്ങൾക്കുത്തരമായ വിവരങ്ങൾ നിലവിലിരിക്കുന്ന കാർഷികാദായനികുതിയും, വില്പനനികുതിയും ആക്റ്റുകൾ പ്രകാരം വെളിപ്പെടുത്താവുന്നതല്ല.

(സി) ഇല്ല.

(ഡി) സിയുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽനിന്നും ഈ ചോദ്യം ഉദിക്കുന്നില്ല.

കണ്ണൻദേവൻ കമ്പനിയുടെ കൈവശമുള്ള ഭൂമി.

✻ 440. [28] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൻദേവൻ കമ്പനിയുടെ കൈവശമുള്ള ഭൂമി എന്തു വ്യവസ്ഥയിലാണു് അവർക്കു് വിട്ടുകൊടുത്തിട്ടുള്ളതു് ;

(ബി) എത്ര ഏക്കർ ഭൂമി കണ്ണൻ ദേവൻ കമ്പനിയുടെ കൈവശത്തിലുണ്ടു് ;

(സി) ഈ കമ്പനിയുടെ കൈവശത്തിലുള്ള ഭൂമിയെ സംബന്ധിച്ചു് ഗവണ്മെന്റ നയത്തിൽ എന്തെങ്കിലും മാററം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) 1878-ലും, 1886-ലും ഗവണ്മെന്റും, കെ. ഡി. എച്ചു്. പി. കമ്പനിയുമായി എഴുതി പിടിച്ച ഉടമ്പടികളിലെ നിബന്ധനകൾക്കു വിധേയമായി സ്പെഷ്യൽ ഗ്രാൻറായി കൊടുത്തിട്ടുള്ള ഭൂമിയാണു് ഇപ്പോൾ കമ്പനിയുടെ കൈവശമിരിക്കുന്നതു്. ഇതിനെ കൺസഷൻ ഏരിയാ എന്നു വിളിച്ചു വരുന്നു. ഉടമ്പടിയിലെ കരാറനുസരിച്ചു് ഏക്കറിനു് ആണ്ടൊന്നുക്കു് അരരൂപാക്രമത്തിൽ കമ്പനി ഗവണ്മെന്റിനു് കരം

കൊടുത്തുവന്നിരുന്നു. എന്നാൽ ടി ഉടമ്പടികൾക്കുശേഷം തിരുവിതാംകൂറിൽ പൊതുവായി ഒരു സർവ്വേയും, കണ്ടെഴുത്തും കരത്തിന്റെ വ്യതിയാനവും ഉണ്ടാകുമ്പോൾ അതിനനുസരണമായി കമ്പനി നടന്നുകൊള്ളാമെന്നു സമ്മതിച്ചിരുന്നതനുസരിച്ച്, ആയിരത്തി ഒരുനൂററി ഇരുപത്തൊന്നിലെ ബേസിക് ടാക്സിന് കമ്പനി വിധേയമാകുകയും, അവരിൽ നിന്നും ഇപ്പോൾ ബേസിക്ക കരം ഈടാക്കി വരികയും ചെയ്യുന്നു.

(ബി) 1,35,884 ഏക്കർ 46 സെൻറ്.

(സി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ട്ലൈസൻസ്സ് എൻകചയറി കമ്മിററി.

✻ 441. [36] ശ്രീ. കുട്ടപ്പൻ കോയിക്കൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1951-ൽ ഇൻഡ്യാഗവൺമെൻറിൽനിന്നും നിയമിച്ച ട്ലൈസൻസ്സ് എൻകചയറിക്കമ്മിററി (ദ്രവ്യാന്വേഷണസമിതി) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനം സന്ദർശിച്ചുവോ;

(ബി) സന്ദർശിച്ചുവെങ്കിൽ പ്രസ്തുത കമ്മിററി തിരുവിതാംകൂർ-കൊച്ചിയിൽ എവിടെയെല്ലാം സന്ദർശിച്ചുവെന്നും, ഗവൺമെൻറ് പ്രസ്തുത കമ്മിററിയുടെ മുമ്പാകെ വല്ല ശുപാർശയും ചെയ്തിട്ടുണ്ടെങ്കിൽ അതെന്താണെന്നും പറയുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) സന്ദർശിച്ചിട്ടുണ്ട്.

(ബി) എറണാകുളം, ആലപ്പുഴ, കോട്ടയം, കൊല്ലം, തിരുവനന്തപുരം എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു. സംസ്ഥാനഗവൺമെൻറ് കമ്മിററിയുടെ മുമ്പാകെ യാതൊരു ശുപാർശയും ചെയ്തിട്ടില്ല. കമ്മിററി സന്ദർശിച്ച സ്ഥലങ്ങളിലെല്ലാംനിന്നും തെളിവുകൾ ശേഖരിച്ചിട്ടുണ്ട്.

സാങ്കേതിക വിദ്യാലയങ്ങൾ.

✻ 442. [38] ശ്രീ. യു. നീലകണ്ഠൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള സാങ്കേതികവിദ്യാലയങ്ങൾ എത്ര; ഏതെല്ലാം;

(ബി) 1952-53, 53-54 ഈ സാമ്പത്തികവർഷങ്ങളിൽ ഓരോ വിദ്യാലയത്തിനും എത്രമാത്രം ധനസഹായം നൽകിയിട്ടുണ്ട്?

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) 1. 12 ഗവൺമെൻറ് ഇൻഡസ്ട്രിയൽ സ്കൂളുകൾ.

2. 97 ഗ്രാൻറ് ഇൻഡസ്ട്രിയൽ സ്കൂളുകൾ.

3. 2 ഒാക്കുപേഷനൽ ഇൻസ്റ്റിററ്യൂട്ടുകൾ (എസ്. എം. ആർ. വി. ടെക്നിക്കൽ ഇൻസ്റ്റിററ്യൂട്ട് നാഗർകോവിൽ, ഗവൺമെൻറ് ഒാക്കുപേഷനൽ ഇൻസ്റ്റിററ്യൂട്ട്, തൃശ്ശൂർ.)

4. ഗവണ്മെൻറ് കമേർഷ്യൽ ഇൻസ്റ്റിറ്റ്യൂട്ട് എറണാകുളം.
5. 82 അംഗീകൃത കമേർഷ്യൽ സ്കൂളുകൾ.

*(ബി) ഒരു സ്റ്റേറ്റ്മെൻറ് മേശപ്പുറത്തു വച്ചിരിക്കുന്നു.

എക്സൈസ് ഡിപ്പാർട്ടുമെൻറിലെ നിയമനം

※ 443. [42] ശ്രീ. പി. കെ. സുകുമാരൻ: താഴെ പറയുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

26-6-52-നു ശേഷം 30-45 സ്കെയിലിൽ സ്ഥിരലാവണം ഇല്ലാത്ത ഉദ്യോഗസ്ഥന്മാരിൽ എത്രപേരെ 80-120 സ്കെയിലിൽ എക്സൈസ് ഇൻസ്പെക്ടർമാരായും ക്ലാർക്കന്മാരായും നിയമിച്ചിട്ടുണ്ട്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

30-45 സ്കെയിലിൽ സ്ഥിരലാവണം ഇല്ലാത്ത രണ്ടു ക്ലാർക്കന്മാരെ 80-120 സ്കെയിലിൽ ഇൻസ്പെക്ടറന്മാരായി നിയമിച്ചിട്ടുണ്ട്. 30-45 സ്കെയിലിലുള്ള സ്ഥിരലാവണം ഇല്ലാത്ത ക്ലാർക്കന്മാരെ ആരെയും 80-120 സ്കെയിലിൽ ക്ലാർക്കന്മാരായി നിയമിച്ചിട്ടില്ല.

പിന്നാക്കസമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ഫീസ് സൌജന്യം.

※ 444. [67] ശ്രീ. റ്റി. ഭാസ്കരൻപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) സൌജന്യഫീസിൽ പഠിക്കുന്ന പിന്നാക്കസമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ഫീസ് സൌജന്യം ഒരു പ്രാവശ്യം ഒരു ക്ലാസ്സിൽ തോററുകഴിഞ്ഞാൽ നിറുത്തിക്കളയുവാൻ വല്ല നിയമവുമുണ്ടോ?

(ബി) മറെറതെങ്കിലും സംസ്ഥാനത്തിൽ ഈ അടിസ്ഥാനത്തിൽ ഇതേ സൌജന്യം ഇല്ലാതാക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്):

(എ) പട്ടികജാതി, പട്ടികവർഗ്ഗം, കുടുംബി എന്നീ വിഭാഗങ്ങളിൽപ്പെട്ട പിന്നാക്കസമുദായ വിദ്യാർത്ഥികൾക്ക് ഒരു ക്ലാസ്സിൽ ഒരു കൊല്ലം തോററാൽ അടുത്ത കൊല്ലവും ഫീസ് സൌജന്യം നൽകുന്നുണ്ട്. എന്നാൽ മററ പിന്നാക്കസമുദായത്തിലുള്ള വിദ്യാർത്ഥികൾക്ക് ഓരോ ക്ലാസ്സിലും ഒരു കൊല്ലം വീതം മാത്രമേ ഫീസു സൌജന്യം അനുവദിച്ചിട്ടുള്ളു.

(ബി) ഗവണ്മെൻറ് അതെക്കുറിച്ച് അന്വേഷിച്ചിട്ടില്ല.

Cottage Industry.

※ 445. [70] **Shri K. P. Hormis:** Will the Minister for Finance be pleased to state:

(*a*) whether the Government are aware of the deplorable condition of the people engaged in bamboo mats cottage industry; and

(*b*) whether the Government have any scheme to develop this industry?

Minister for Finance (**Shri P. S. Nataraja Pilla**): (*a*) Government are aware of the difficulties confronting this industry.

(*b*) Yes. For developing this industry provision has been made in the budget of the Community Projects.

* See Appendix II.

വില്പനനികുതി.

✱ 446. [78] ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്പനനികുതി പിരിവ് സമ്പ്രദായത്തിൽ കച്ചവടക്കാർ അനുഭവിക്കുന്ന വിഷമതകൾക്ക് പരിഹാരമുണ്ടാക്കുന്നതിന് വേണ്ടിയുള്ള പൊതുജനാപേക്ഷകൾ കിട്ടിയിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷകൾ സംബന്ധിച്ച് എന്തു നടപടികൾ എടുത്തു ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) ഉണ്ട്.

(ബി) നിലവിലിരിക്കുന്ന വില്പനനികുതി ചട്ടങ്ങളെ പരിശോധിച്ചു; കച്ചവടക്കാർ അനുഭവിക്കുന്നു എന്നു പറയുന്ന വൈഷമ്യങ്ങളെ ദൂരീകരിക്കുന്നതിന് വേണ്ട ഭേദഗതികൾ നിർദ്ദേശിക്കുവാൻ ഗവണ്മെന്റ് ഒരു കമ്മിറ്റിയെ നിയമിച്ചു. ഈ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് ഇപ്പോൾ ഗവണ്മെന്റിന്റെ പര്യാലോചനയിലിരിക്കുന്നു.

Travancore Credit Bank.

✱447. [83]. **Shri M. A. Antony:** Will the Minister for Finance be pleased to state:

(a) has the Government any control over the Travancore Credit Bank; and

(b) are the officers and employees of the said institution Government Servants ?

Minister for Finance **(Shri P. S. Nataraja Pillai)**: (a) Under the provisions of the Travancore Credit Bank Act IV of 1113, Government have certain powers regarding:

(1) Issue of capital,
(2) Appointment of Directors,
(3) Appointment of Chairman of the Board of Directors,
(4) Appointment of Bankers,
(5) Audit of accounts, and
(6) Fixation of the salary and allowances of the Secretary of the Bank.

They have no control over the general working of the Bank which rests with the Board of Directors.

(b) No.

സർക്കിൾ കൺസർവേറ്റർ.

✱448. [95] ശ്രീ. പി. കെ. ചാത്തൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ സർക്കിൾ കൺസർവേറ്റർ എന്ന ഒരു ഉദ്യോഗസ്ഥ തസ്തികയുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു് തിരുവിതാംകൂർ–കൊച്ചി സംയോജനത്തിനുശേഷം സൃഷ്ടിച്ചതാണോ?

(സി) ഈ സംസ്ഥാനത്തു് ഇപ്പോൾ ഉള്ള ഉദ്യോഗസ്ഥന്റെ പേർ പറയുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) ഉണ്ടു്.

(ബി) അല്ല. തിരുവിതാംകൂർ–കൊച്ചി സംയോജനത്തിനു മുമ്പു് സൃഷ്ടിച്ചു. പക്ഷെ നടപ്പിൽ വരുത്തിയതു് സംയോജനത്തിനു ശേഷമാണു്.

(സി) സർക്കിൾ കൺസർവേറ്ററുടെ നിയമനം ആകാത്തതുകൊണ്ടു് ശ്രീ. വി. മാധവൻപിള്ള സർക്കിൾ കൺസർവേറ്ററുടെ സ്വതന്ത്രചാർജ്ജു് വഹിക്കുന്നു.

UNSTARRED QUESTIONS.

കൊല്ലം കാർപ്പെന്ററി സ്കൂളിനു് തെക്കുവശമുള്ള സ്ഥലങ്ങൾ.

125. [1] ശ്രീ. ടി. കെ. ദിവാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം മുണ്ടയ്ക്കൽ വാർഡിൽ കാർപ്പെന്ററി സ്കൂളിനു് തെക്കുവശം രണ്ടേക്കറോളം സ്ഥലം അന്യായമായി കയ്യടക്കം ചെയ്തു വേലികെട്ടി ശവക്കോട്ടയ്ക്കായി ഉപയോഗിക്കാൻ കൊല്ലം ബിഷപ്പിനു് ഗവണ്മെന്റിൽനിന്നും അനുവാദം നൽകിയിട്ടുണ്ടോ?

(ബി) ഇല്ലെങ്കിൽ ഇപ്രകാരം കയ്യടക്കം ചെയ്തിരിക്കുന്നതിനെപ്പറ്റി ഗവണ്മെന്റിൽ പരാതി ലഭിച്ചിട്ടുണ്ടോ?

(സി) ഉണ്ടെങ്കിൽ ഇതേപ്പറ്റി ഗവണ്മെന്റിൽനിന്നും എന്തു നടപടി നടത്തി?

ഉത്തരം.

(എ) ഇല്ല.

(ബി) 70 സെന്റ് സ്ഥലത്തു് അനധികൃതമായി പ്രവേശനം ഉള്ളതായി ഗവണ്മെന്റിന്റെ അറിവിൽ പെട്ടിട്ടുണ്ടു്.

(സി) പ്രവേശനം ഒഴിപ്പിക്കാൻ തീർച്ചയായിട്ടുണ്ടു്. ആ തീർച്ചയിന്മേൽ ഉള്ള അപ്പീൽ നടപടിയിൽ ഇരിക്കുന്നു.

Remission of Sales Tax.

126. [6] **Shri M. P. Menon:** Will the Minister for Finance be pleased to state:

(*a*) whether any remission was granted to a wholesale cloth dealer of Ernakulam in the matter of sales-tax during the six months immediately before the last elections; and

(*b*) if so, for what reasons?

Answer.

(*a*) No.

(*b*) Does not arise in view of answer to (a) above.

ഏററവും താണ ശമ്പളം.

127. [14] താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിലെ ഏററവും താണ ശമ്പളം എന്ത്?

(ബി) ഇപ്പോഴത്തെ നില മാററി ഏററവും താണ ശമ്പളം പ്രതിമാസം 75 രൂപയാക്കുന്നതിന് ദയവുണ്ടാകുമോ?

ഉത്തരം.

(എ) ഒരു ഫുൾടൈം ജീവനക്കാരന് പ്രതിമാസം ഇരുപതുരൂപാ ശമ്പളവും ഇരുപത്തിരണ്ടുരൂപാ ഡീയർനസ്സ് അലവൻസും.

(ബി) ഗവണ്മെൻറിൻെറ സാമ്പത്തികനിലയ്ക്കനുസരണം താണ ശമ്പളക്കാരുടെ ശമ്പളം ഉയർത്തുന്ന കാര്യം ഗവണ്മെൻറിൻെറ പരിഗണനയിലാണ്.

വളം ഡിപ്പോകൾ.

128. [15] ശ്രീ. എൻ. ജി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ടതാലൂക്കിൽ എത്ര വളംഡിപ്പോകൾ ഉണ്ട്?

(ബി) പത്തനംതിട്ടതാലൂക്കിലെ എല്ലാ പഞ്ചായത്തുകളിലും ഓരോ വളംഡിപ്പോ സ്ഥാപിക്കുമോ?

ഉത്തരം.

(എ) ഒരു ഗവണ്മെൻറ് ഡിപ്പോയും 17 ഏജൻസി ഡിപ്പോകളും ഉൾപ്പെടെ 18 ഡിപ്പോകൾ ഉണ്ട്.

(ബി) പത്തനംതിട്ടതാലൂക്കിലെ എല്ലാ പകുതിയിലും ഇപ്പോൾ ഓരോ വളംഡിപ്പോകൾ ഉള്ളതിനാൽ കൂടുതൽ ഡിപ്പോകൾ സ്ഥാപിക്കേണ്ട ആവശ്യമുള്ളതായി തോന്നുന്നില്ല.

Announcement re: amendments to the Rules of Procedure and Conduct of Business of the Travancore-Cochin Legislative Assembly.

Shri N. Raghava Kurup: Sir, on a point of order. A doubt has arisen on the question of sending amendments to the Rules of Procedure already given notice of.

12 noon]

The question is—

Mr. Speaker: I have an announcement to make in regard to that.

സഭയുടെ ഡ്രാഫ്ററ റൂൾസ് ഈ മാസം 12-ാംതീയതി ബഹുമാനപ്പെട്ട മെംബറന്മാർക്ക് വിതരണം ചെയ്തിട്ടുണ്ട്. ടി ചട്ടങ്ങൾ ഈ മാസം 30-ാംതീയതി വെള്ളിയാഴ്ച പര്യാലോചനയ്ക്കായി എടുക്കുന്ന വിവരവും നേരത്തെ ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിച്ചിട്ടുണ്ട്. ഡ്രാഫ്ററ റൂൾസിന് ഭേദഗതികൾ അയയ്ക്കണമെന്ന് ഉദ്ദേശിക്കുന്നവർ, അതിനുള്ള

നോട്ടീസ് ഇന്നു മൂന്നുമണിക്കുമുൻപ് അസംബ്ലിസെക്രട്ടറിയെ ഏൽപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. എന്നാൽ, ഇതിലേയ്ക്ക് കൂടുതൽ സമയം ആവശ്യമാണെന്ന് ചില ബഹുമാനപ്പെട്ട മെംബർമാർ ആവശ്യപ്പെട്ടതനുസരിച്ച്, ഭേദഗതികൾ സംബന്ധിച്ചുള്ള നോട്ടീസ് അയയ്ക്കുന്നതിനുള്ള സമയം നാളെ ഉച്ചയ്ക്ക് മൂന്നുമണിവരെ നീട്ടിയിരിക്കുന്നു.

ഇനി ധനാഭ്യർത്ഥനകളെപ്പറ്റിയുള്ള ചർച്ച തുടരാം. മി. എം. വി. ചെറിയാൻ.

ശ്രീ. വി. ജെ. ജോസഫ്: സർ, കഴിഞ്ഞദിവസം എന്റെ പ്രസംഗം അവസാനിക്കുന്നതിനുമുൻപ് നിറുത്തുകയാണു ചെയ്തതു്. എനിക്കു നാലു മിനിട്ട് സമയംകൂടി തന്നാൽകൊള്ളാം.

മി. സ്പീക്കർ: പ്രസംഗം അവസാനിച്ചില്ലെങ്കിൽ തുടരാം.

VOTING OF DEMANDS FOR GRANTS

Demand XXXIII Community Development Projects. (contd.)

ശ്രീ. വി. ജെ. ജോസഫ്: (തുടർച്ച) സർ, ഈ രാജ്യത്തെ നികുതി അല്പംകൂടി വർദ്ധിപ്പിക്കുവാൻ സാദ്ധ്യതയുണ്ടെന്നു കാണിക്കുന്ന വേറൊരു കണക്കുകൂടി ധനകാര്യവകുപ്പുമന്ത്രി അദ്ദേഹത്തിന്റെ ബഡ്ജറ്റുപ്രസംഗത്തിൽ കൊണ്ടുവരികയുണ്ടായി. ഹൈദ്രബാദിൽ ടാക്സ് റവന്യു ആകെ വരുമാനത്തിന്റെ 79.2ശതമാനമായിരിക്കുമ്പോൾ നമ്മുടെ രാജ്യത്ത് അതു 47.3 ശതമാനം മാത്രമേ ആകുന്നുള്ളു എന്നു്. ഇതിലും ഒരു പാളിസിയുണ്ട്. അതായതു് ഈ രാജ്യത്ത് നോൺടാക്സ് റവന്യു നാം വളരെക്കാലം മുമ്പുമുതലേ പുഷ്ടിപ്പെടുത്തിപ്പോന്നതിന്റെ ഫലമായി അതു് ഇവിടെ വളരെ വർദ്ധിച്ചു. എന്നാൽ, ഹൈദ്രബാദിൽ നോൺ ടാക്സ് റവന്യു പുഷ്ടിപ്പെടുത്തുകയോ, വർദ്ധിപ്പിക്കയോ ചെയ്തില്ല. അതുകൊണ്ടാണ് ഹൈദ്രബാദിലെ ടാക്സ് റവന്യുവിന്റെ ശതമാനം ഇത്രയേറെ വർദ്ധിച്ചും നമ്മുടേതു കുറഞ്ഞും കാണുന്നതു്. അല്ലാതെ ഇവിടെ ടാക്സ് റെവന്യു കുറഞ്ഞിട്ടുമില്ല. സർ, ഈ രാജ്യത്തെ നികുതിഭാരം കൂട്ടാവുന്നത്ര കൂട്ടിക്കഴിഞ്ഞിരിക്കുന്നു. ഇനിയും നികുതി വർദ്ധിപ്പിക്കുന്നപക്ഷം അതു് ഒട്ടകത്തിന്റെ പുറത്തു കയററുന്ന അവസാനത്തെ വയ്ക്കോൽക്കൊടിയായിരിക്കുമെന്നു ഞാനീയവസരത്തിൽ ഗവണ്മെന്റിനെ അനുസ്മരിപ്പിച്ചുകൊള്ളുന്നു. ഇതു് നമ്മുടെ ധനകാര്യമന്ത്രിക്കും ബോദ്ധ്യപ്പെട്ടിട്ടുള്ളതാണെന്നും ഞാൻ വിചാരിക്കുന്നു. അല്ലെങ്കിൽ ബഡ്ജറ്റ്‌വിമർശനങ്ങൾക്കു ശേഷമുള്ള അദ്ദേഹത്തിന്റെ മറുപടിയിൽ "We have come to the breaking point" എന്നു പറയുകയില്ലായിരുന്നു.

സർ, ഇതുകൊണ്ട് നാം നിരാശപ്പെടുകയോ അധൈര്യപ്പെടുകയോ ചെയ്യേണ്ടതില്ല. ഒരു കാര്യംമാത്രം അടിയന്തിരമായി ചെയ്യണം. അതു ചെയ്യേണ്ടതു് ഈ രാജ്യത്തെ 95 ലക്ഷം ജനങ്ങളോടുള്ള നമ്മുടെ ഒരു കടമ മാത്രവുമാണ്. ഞാനുദ്ദേശിക്കുന്നതു് ഒന്നു രണ്ടു ബഹുമാനപ്പെട്ട മെംബറന്മാർ ഇതിനുമുമ്പ് ഉന്നയിച്ചിട്ടുള്ള ഒരു കാര്യമാണ്. ഈ സംസ്ഥാനം കേന്ദ്രവുമായി ചെയ്തിട്ടുള്ള സംയോജനക്കരാർ ഒരു പുനഃപരിശോധനയ്ക്ക് വിധേയമാക്കണം. എന്റെ അറിവ് ശരിയാണെങ്കിൽ സാമ്പത്തികസംയോജനക്കാര്യത്തിൽ കേന്ദ്രഗവണ്മെന്റിനുണ്ടായിരുന്ന

പരിഗണനകളിലൊന്നു എല്ലാ പാർട്ട ബി സ്റ്റേറ്റുകളും തമ്മിൽ ഐകരൂപ്യമുണ്ടായിരിക്കണമെന്നുള്ളതാണ്. അതു മുൻനിറുത്തിക്കൊണ്ട് ഇൻകംടാക്സ്, കസ്റ്റംസ്, കമ്മ്യൂണിക്കേഷൻ മുതലായ ഇനങ്ങൾ കേന്ദ്രത്തിലേയ്ക്കെടുത്തു. ഇങ്ങനെ എടുക്കുന്നതുകൊണ്ട് ഓരോ പാർട്ട ബി. സ്റ്റേറ്റിനേയും പ്രത്യേകമായി എങ്ങനെ ബാധിക്കുമെന്നാലോചിച്ചില്ല. നിർഭാഗ്യവശാൽ കേന്ദ്രമെടുത്ത ഈ വകുപ്പുകളായിരുന്നു നമ്മുടെ ഏററവും വലിയ ധനാഗമമാർഗ്ഗങ്ങൾ. മററു രാജ്യങ്ങളിൽ കേന്ദ്രമെടുത്ത ഈ വകുപ്പുകളിലെ വരവ് വളരെ കുറവായിരുന്നു. അതുകൊണ്ട് കേന്ദ്രം ഏതാനും വകുപ്പുകളെടുത്തതുമൂലം നമ്മുടെ കോശസ്ഥിതി ശുഷ്കിച്ചതുപോലെ മറെറാരു സംസ്ഥാനത്തേയും ശുഷ്കിപ്പിച്ചിട്ടില്ല. അതേസമയം നാം വിദ്യാഭ്യാസത്തിൽ വളരെക്കാലം മുമ്പുമുതലേ വളരെ മുമ്പിട്ടുനിന്നതുകൊണ്ട് നമ്മുടെ ദൈനംദിന ഭരണച്ചെലവ് മറേറതു സ്റ്റേറ്റിനേക്കാളും വളരെ കൂടുതലായിരിക്കയുമാണ്. ഇതിനുപുറമെ, ഹൈദ്രബാദിലും, മററു പാർട്ട ബി. സ്റ്റേറ്റുകളിലേയുംകാൾ കുറഞ്ഞതു മൂന്നിരട്ടിയെങ്കിലും കൂടുതൽ തിങ്ങി ഇവിടെ ആളുകൾ താമസിക്കുന്നു. അതുകൊണ്ട് ഹൈദ്രബാദിൽ ഒരു പള്ളിക്കൂടം വേണ്ടിടത്ത് നമുക്കിവിടെ മൂന്നു പള്ളിക്കൂടങ്ങൾവേണം. അവിടെ ഒരു ആശുപത്രി പണിയേണ്ട ടിക്കിൽ ഇവിടെ മൂന്നാശുപത്രികൾ പണിയണം. അവിടെ ഒരു മൈൽ റോഡു വെട്ടിയാൽ മതിയെങ്കിൽ ഇവിടെ മൂന്നുമൈൽ റോഡ് വെട്ടിത്തീക്കണം. ഈ വസ്തുതകൾ കേന്ദ്രഗവണ്മെൻറിന്റെ ദൃഷ്ടിയിൽപ്പെടുത്തണം. വന്നപിശക് അവരെ മനസ്സിലാക്കണം. കേന്ദ്രം നിശ്ചയമായി അതു പരിഹരിക്കും. അതുകൊണ്ട് എനിക്കു പറയുവാനുള്ളത് കേന്ദ്രവുമായുള്ള സാമ്പത്തികസംയോജനക്കരാർ പുനഃപരിശോധന നടത്തുന്നതിനുവേണ്ടി നമ്മുടെ ഗവൺമെൻറ് സത്വരനടപടികൾ എടുക്കണമെന്നാണ്. മന്ത്രിസഭയുടെ ഈ ശ്രമത്തിൽ ഈ സഭയിലുള്ള എല്ലാവരും കക്ഷിഭേദമെന്യേ ഐകകണ്ഠ്യേന സഹായിക്കുകയും സഹകരിക്കയും ചെയ്യുമെന്നു എനിക്കു നിശ്ചയമുണ്ട്.

ഒരു സംഗതികൂടി പറഞ്ഞുകൊണ്ട് ഞാനുപസംഹരിച്ചുകൊള്ളാം. വൈക്കം താലൂക്കിന്റെ കിഴക്കുഭാഗത്ത് വടക്കൻ കുട്ടനാട്ടിൽപ്പെട്ട അനേകായിരം ഏക്കർ സ്ഥലം കരിനിലമായി കിടപ്പുണ്ട്. ഇതിൽ കുറേഭാഗം ഗവണ്മെൻറിൽനിന്നും കൃഷിക്കാർ കുത്തകപ്പാട്ടത്തിനേററ് കൃഷിചെയ്തുവന്നിരുന്നു. വിത്തിന്റെ ഇരട്ടിയിലോ മൂന്നിരട്ടിയിലോ കൂടുതൽ വിളവുണ്ടാകാഞ്ഞതുകൊണ്ട് അവർ കൃഷിയുപേക്ഷിച്ച് കയ്യിനാൽ കുത്തകപ്പാട്ടം കൊടുത്തുവരികയാണ്. ഇതിനുള്ള പ്രധാന കാരണം നിലത്തിന് എക്കൽവളം കിട്ടാത്തതാണ്. മീനച്ചിലാററിൽനിന്നും പുറപ്പെടുന്ന കട്ടച്ചിറത്തോട് എം. സി. റോഡ് 104-ാം മൈലിനടുത്തുകൂടി ഈ കരിനിലത്തിനു ഒരു മൈൽ കിഴക്കുവരെ പോകുന്നു. ഈ തോട് ഒരു മൈൽകൂടി വെട്ടി ഈ കരിനിലത്തിലേയ്ക്കു മുറിച്ചാൽ മീനച്ചിലാററിലെ എക്കൽവെള്ളം ഈ കരിനിലങ്ങളിൽക്കൂടി ഒഴുകുകയും ആയിരക്കണക്കിനേക്കറുകളിലെ കൃഷി അഭിവൃദ്ധിപ്പെടുകയുംചെയ്യും. അനവധികാലങ്ങളായി ഇതുസംബന്ധിച്ച് നാട്ടുകാർ മുറവിളികൂട്ടിക്കൊണ്ടിരിക്കയാണ്. അതിന്റെ ഫലമായി ഏതോ ഒരു ഉദ്യോഗസ്ഥനെ ഇതുസംബന്ധിച്ചുള്ള ഇൻവെസ്റ്റിഗേഷനായി അയച്ചിരുന്നത്രെ. എന്നാൽ, അദ്ദേഹത്തിന്റെ റിപ്പോർട്ട് എങ്ങനെയായി എന്നറിയുന്നില്ല,

[ശ്രീ. വി. ജെ. ജോസഫ്]

അതുസംബന്ധിച്ച എല്ലാ വിവരങ്ങളും ശരിയായി പഠിച്ച് വേണ്ട അന്വേഷണം നടത്തി റിപ്പോർട്ടുചെയ്യാൻ ഒരു വിദഗ്ദ്ധനായ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുന്നപക്ഷം ഇതിന്റെ അത്യാവശ്യകത എത്രമാത്രമുണ്ടെന്നും അതുകൊണ്ട് നാട്ടുകാർക്കും രാജ്യത്തിനും എത്രമാത്രം പ്രയോജനമുണ്ടെന്നും ഗവണ്മെന്റിന് മനസ്സിലാക്കുവാൻ കഴിയും. ഇക്കാര്യത്തിൽ ഗവണ്മെന്റ് പ്രത്യേകം ശ്രദ്ധിക്കണമെന്നപേക്ഷിക്കുന്നു.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: സർ, മുഖ്യമന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനയിന്മേൽ, ബഹുമാനപ്പെട്ട കുമരകം മെംബർ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു. കമ്മ്യൂണിററി പ്രോജക്റ്റ്, നാഷണൽ എക്സ്റ്റൻഷൻ സർവ്വീസുകൾ തുടങ്ങിയ പദ്ധതികളുടെ ആസൂത്രണസമ്പ്രദായം, പ്രയോജനം, പ്രയോഗവിധം ഇവയെപ്പററി എന്റെ ബഞ്ചിലിരിക്കുന്ന മെംബറന്മാർക്കും, മററു മെംബറന്മാർക്കും തമ്മിൽ സാരമായ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടെന്നു ഞാൻ സമ്മതിക്കുന്നു. പക്ഷെ, ആ വക കാര്യങ്ങളെപ്പററി ഇപ്പോൾ പ്രതിപാദിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. സർ, മനുഷ്യനെപ്പോലെ ചിന്തിക്കുകയും, മനുഷ്യനെപ്പോലെ പറയുകയും, മനുഷ്യനെപ്പോലെ പെരുമാറുകയും ചെയ്യുന്ന ആർക്കും, നമ്മുടെ മുഖ്യമന്ത്രിക്കുപോലും, നിഷേധിക്കാനാവാത്ത ചില വസ്തുതകൾ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തണമെന്നേ ഞാൻ ഇപ്പോൾ ആഗ്രഹിക്കുന്നുള്ളു.

സർ, ബഹുജനങ്ങളുടെ വിധിക്ക് വിധേയനായി ഇന്ന് അധികാരത്തിൽനിന്നും വലിച്ചെറിയപ്പെട്ട്, ഇപ്പോൾ ഈ സഭയിൽ മറെറാരു സ്ഥാനത്ത് ഇരിപ്പുറപ്പിച്ചിരിക്കുന്ന മുൻ ധനകാര്യമന്ത്രി, ധനകാര്യമന്ത്രിയായിരുന്ന കാലത്ത് ചെയ്ത ഒരു പ്രസ്താവന എന്റെ സ്മരണയിൽവരുന്നു. കമ്മ്യൂണിററി പ്രോജക്റ്റുകൾ തുടങ്ങിയ സർവ്വീസുകൾ കമ്മ്യൂണിസത്തിന് ഒരു മറുമരുന്നാണെന്നും, ഈ പദ്ധതികളെല്ലാം നടപ്പിൽ വരുത്തുമ്പോഴേയ്ക്ക് കമ്മ്യൂണിസം ഈ രാജ്യത്തുനിന്നും പമ്പകടക്കുമെന്നും അദ്ദേഹം കൂടി ഉൾപ്പെട്ട വിരുദ്ധമുന്നണിക്കാരുടെ ആശ്വാസത്തിനുവേണ്ടി മാത്രമാണ് അന്ന് അദ്ദേഹം അങ്ങനെ പറഞ്ഞതെങ്കിൽ അതിനെപ്പററി എനിക്കത്ഭുതമില്ല. പക്ഷെ, വാസ്തവം എന്താണ്? സർ, അനുഭവംകൊണ്ട് കമ്മ്യൂണിസ്ററപാർട്ടിക്ക് സ്വാധീനവും പിൻതുണയുമുണ്ടെന്ന് തെരഞ്ഞെടുപ്പുകളിലുംമററുംകൂടി തെളിഞ്ഞുകഴിഞ്ഞിരിക്കയാണ്. ജനബാഹുല്യവും, തൊഴിലില്ലായ്മയും വ്യാവസായികപ്രവർത്തനങ്ങളുമുള്ള പ്രദേശങ്ങളിലേയ്ക്കല്ലേ ഈ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കേണ്ടത്? സർ, തൊഴിലില്ലായ്മയുടെ പരിഹാരവും, സാധാരണജനങ്ങളുടെ ജീവിതത്തോത് ഉയർത്തലുമെല്ലാം ഒരു പ്രത്യേക വിഭാഗത്തിന് ഉദ്യോഗം സൃഷ്ടിക്കലിൽക്കൂടിമാത്രം കാണുന്നവരാണ് ഈ പദ്ധതിയുടെ വിധാതാക്കളും, പ്രയോക്താക്കളുമെങ്കിൽ കാര്യങ്ങൾ ഇങ്ങനെയായിത്തീരുന്നതിൽ ഞങ്ങൾക്ക് അത്ഭുതമില്ല. സർ, ഇവിടെ രണ്ടു പ്രോജക്റ്റുകളാണുള്ളത്. ഒന്ന്, നെയ്യാററിൻകരയും, മറേറത് ചാലക്കുടിയിലും. രണ്ടിടത്തുമല്ല കമ്മ്യൂണിസ്ററപാർട്ടിയെ നശിപ്പിക്കേണ്ട പ്രശ്നം. ഉള്ള പ്രശ്നം സ്വന്തക്കാരെ പബ്ലിക് സർവ്വീസ് കമ്മീഷനെ ആശ്രയിക്കാതെ ഇഷ്ടംപോലെ ഉദ്യോഗങ്ങളിൽ പ്രതിഷ്ഠിക്കുകയെന്നതാണ്, ഇതേവരെ ചെലവായി

ട്ടുള്ള സംഖ്യയിൽ വളരെ വലിയൊരു ഭാഗം ശമ്പളത്തിനും അലവൻസിനുമായി പോയിട്ടുണ്ട് എന്ന വിവരം എന്റെ സ്നേഹിതൻ ശ്രീ. കറപ്പ് ചൂണ്ടിക്കാട്ടിക്കഴിഞ്ഞു. ബാക്കിയുള്ളതു് ആ ഉദ്യോഗസ്ഥന്മാരുടെ ആഫീസുകളും വസതികളും കെട്ടുവാനാണു ഉപയോഗപ്പെടുത്തിയതു്. നിർമ്മാണാത്മകമായ പ്രവർത്തനങ്ങൾ സാരമായി ഒന്നും ഈ രണ്ടു കേന്ദ്രങ്ങളിലും നടന്നിട്ടില്ലെന്നാണു് ഇതുവരെ കിട്ടിയിട്ടുള്ള വിവരങ്ങൾകൊണ്ടു് മനസ്സിലാകുന്നതു്.

ഏതു പ്രസ്ഥാനവും ഉദ്യോഗത്തിലൂടെ വിഭാവനംചെയ്യുന്ന ഒരു പാരമ്പര്യമേ കാൺഗ്രസ്സിനുണ്ടായിരുന്നുള്ളു. പി. എസ്സ്. പി-യും ആ പാരമ്പര്യം തുടരുകയാണു്. എന്നിട്ടു് ജനങ്ങളുടെ സഹകരണം കിട്ടുന്നില്ല എന്നു നിലവിളിക്കുന്നതു് വിചിത്രമായിരിക്കുന്നു. സർ, ജനങ്ങൾ എങ്ങനെ സഹകരിക്കും? അമേരിക്കയിൽ സ്വതേ ജീവിത സുരക്ഷിതത്വവും, ഭദ്രതയുമുള്ള ആളുകൾ പൊതു നന്മയ്ക്കുവേണ്ടിയുള്ള പ്രസ്ഥാനങ്ങളിലേയ്ക്കു് പ്രയത്നവും, ധനവും സൗജന്യമായി സംഭാവനചെയ്യുന്നുണ്ടാവാം. അതു കണ്ടിട്ടു് ഇവിടത്തുകാരോടും പറയുന്നു, ത്യാഗപൂർവ്വം സഹകരിക്കുക എന്നു്. ഇവിടെ ജീവിത സുരക്ഷിതത്വമുള്ളവർ യാതൊരു സംഭാവനയും ചെയ്യാറില്ല. അവരെ അതിന്നു് നിർബ്ബന്ധിക്കുന്നുമില്ല. നിർബ്ബന്ധിക്കുന്നതു തൊഴിലാളികളെയാണു്. ആഴ്ചയിൽ ആറുദിവസവും തൊഴിലില്ലാതെ പട്ടിണികിടക്കുന്ന അവർ ഏഴാംദിവസം കമ്മ്യൂണിററി പ്രോജക്ററിന്നു് പ്രതിഫലമില്ലാതെ ജോലിചെയ്യണംപോലും! എന്തൊരു ഫിലാസഫിയാണിതു്, സർ!

സർ, പ്രോജക്ററു നടക്കുന്ന പ്രദേശങ്ങളിൽ അതിന്റെ ഉപജ്ഞാതാക്കൾ സ്വാർത്ഥതയാണു മുൻനിറുത്തിയിരുന്നതു് എന്നതിന്നു് തക്ക ദൃഷ്ടാന്തങ്ങളുണ്ടു്. ചാലക്കുടി പ്രോജക്ററു് ഏരിയായിൽ നടന്നിട്ടുള്ള ഒരു സംഭവം പറയാം. ചാലക്കുടിയിൽനിന്നു് എട്ടുമൈൽ കിഴക്കോട്ടു് മാറി ആനമലറോഡിന്റെ വക്കത്തു് നൂറാൽചില്വാനം ഏക്കർഭൂമി ജി. എം. എഫ്. അടിസ്ഥാനത്തിൽ പരിയാരം കൂട്ടുകൃഷിസംഘത്തിന്നു് പതിച്ചുകൊടുത്തിരുന്നു. സംഘാംഗങ്ങളായ തൊഴിലാളികൾ അതിൽ, 75 ഏക്കറോളം വെട്ടിനിരത്തി കൃഷിയോഗ്യമാക്കി. ചാലക്കുടി ഡൈവർഷൻ കനാൽ വന്നതോടുകൂടി അതിൽ 65ഏക്കർ എതുകാലത്തും കൃഷിക്കു് ഉപയുക്തമാക്കാമെന്നായിട്ടുണ്ടു്. കമ്മ്യൂണിററി പ്രോജക്ററുകാർ വന്നിട്ടു് ആദ്യമായി ചെയ്തതു് ആ തൊഴിലാളികളെ മുഴുവൻ അടിച്ചിറക്കി, ആ 65 ഏക്കറും കൈവശപ്പെടുത്തുകയാണു്. ആ ഭൂമി കന്നുകാലികളെ മേയ്ക്കാനും, മാതൃകാവിത്തുകൾ ഉൽപ്പാദിപ്പിക്കുവാനും ആണുപോലും. ചാലക്കുടിയിൽനിന്നു് 15 നാഴിക വടക്കോട്ടുമാറി, തൃശ്ശൂരിനടുത്തു് എത്രയോ ഏക്കറുള്ള ഒരു സർക്കാർ കൃഷിത്തോട്ടമുണ്ടു്. അവിടെ ചെയ്തുപോരുന്നതു് ഇതൊക്കെത്തന്നെയാണു്. പറയത്തക്ക ഫലമൊന്നും നാട്ടുകാർക്കു് ഉണ്ടായിട്ടില്ല. അതേ ഏർപ്പാടിനു് കൂട്ടുകൃഷി സംഘക്കാർ കിളച്ചൊരുക്കിയ ഭൂമി ഇത്ര അടിയന്തിരമായി ഒഴിപ്പിച്ചു വാങ്ങേണ്ടതുണ്ടോ? തൊഴിലാളി താല്പര്യത്തിനുവേണ്ടി നിൽക്കുന്നുവെന്നു അവകാശപ്പെടുന്ന ഈ ഗവണ്മെൻറു് ഇത്തരം താന്തോന്നിത്തങ്ങൾ അനുവദിക്കുന്നതു് ശരിയാണോ സർ. മാലിപ്പുറത്തു ലാൻഡു് റിക്ലമേഷൻ നടത്താനും, ചാലക്കുടി പ്രോജക്ററിൽ ഒരു പ്രൊവിഷൻ കണ്ടു. ഞാൻ ചോദിക്കട്ടെ, മാലിപ്പുറത്തെങ്ങാണ്ടുള്ള പുതുവയ്പുഭൂമി കൃഷിചെയ്യ

[ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി]

കൊണ്ടിരുന്ന കറത്തോടം സഹകരണസംഘത്തോട് ഗവണ്മെന്റ് എന്താണു ചെയ്തതു്? കറെ പ്രമാണികൾക്കു് ആ ഭൂമി വിട്ടുകൊടുക്കുവാനല്ലേ ഏർപ്പാടുചെയ്തതു്? സഹകരണവകുപ്പുദ്യോഗസ്ഥന്മാരുടെ റിപ്പോർട്ടിനെപ്പോലും വകവയ്ക്കാതെ ആ കർഷകസംഘത്തെ പാവപ്പെട്ടവരുടെ കയ്യിൽ നിന്നു വിടുത്തി, പ്രമാണികൾക്കു് കൊടുത്ത ഈ ഗവണ്മെന്റ് പുതിയ റിക്ലമേഷൻ സ്കീം ശരിയായ വിധത്തിൽ നടത്തി തൊഴിലാളികളെ സഹായിക്കുമെന്നു എങ്ങനെ വിശ്വസിക്കാം? ചാലക്കുടി പ്രോജക്റ്റിൽ ഒരു ട്രെയിഡ്സ്കൂൾ ഉൾപ്പെടുത്തുവാൻ പോകുന്നുവെന്നു കേട്ടു. അതും നാട്ടുകാരുടെ രക്ഷയ്ക്കുള്ളതല്ലെന്നാണു് ഞാൻ അറിയുന്നതു്. കുറേപ്പേർക്കു കൂടി ഉദ്യോഗം കൊടുക്കണമെന്നേ ബഹുമാനപ്പെട്ട ചാലക്കുടി മെംബർക്കും മററും ഉദ്ദേശമുള്ളു. തൃശ്ശൂരും കളമശ്ശേരിയിലുമുള്ള 'ഓക്കുപ്പേഷണൽ' സ്കൂളുകളിൽ പരിശീലനം സിദ്ധിച്ചവരെപ്പോലും ജോലിയിൽ പ്രവേശിപ്പിക്കുവാൻ കഴിയാതിരിക്കെ ഈ പുതിയ ഓക്കുപ്പേഷണൽ സ്കൂളിന്റെ തുടക്കം കുംഭകോണങ്ങൾക്കു വേണ്ടിയുള്ളതാണെന്നു മററു് അനേകവശങ്ങളുടെ വെളിച്ചത്തിൽ, സർ, ഞങ്ങൾ ന്യായമായും സംശയിക്കുന്നു.

സർ, ബഹുമാനപ്പെട്ട കുന്നത്തുകാൽ മെംബർ ഇവിടെ പ്രസ്താവിച്ചു കേട്ടു, അമേരിക്കൻ യു. എസ്. ഐ. എസ്. ഇഷ്ടമുള്ള പുസ്തകമാണു് ലൈബ്രറികൾക്കു് സംഭാവന ചെയ്യുന്നതെന്നു്. ശരിയാണു്. യു. എസ്. ഐ. എസ്. ഉദ്യോഗസ്ഥനു് ഇഷ്ടമുള്ള പുസ്തകങ്ങൾ. ഇതേപ്പററി അനന്തശായനം വരെ പ്രോജക്റ്റ് ഉദ്യോഗസ്ഥൻ പ്രസ്താവിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ അജ്ഞതയെ അകററുവാനാണു് ഞാൻ ഈ വാസ്തവം അദ്ദേഹത്തെ ധരിപ്പിക്കുന്നതു്. സർ, ഞങ്ങൾ മനഃപൂർവ്വം ഈ പദ്ധതികളെ എതിർക്കുകയല്ല. തൊഴിലില്ലാത്ത തൊഴിലാളികൾക്കു് ഒററക്കാശുപോലും കൂലിയിനത്തിൽ ഈ പ്രോജക്റ്റുദ്യോഗസ്ഥന്മാർ ചെലവാക്കുന്നില്ല. അമേരിക്കയുടെ അമിതമായ സ്വാധീനം ചെലുത്തപ്പെടുന്നുവെന്നു സാർവ്വത്രികമായി സമ്മതിക്കപ്പെട്ടിട്ടുള്ള വൈ. എം. സി. എ. യാണു് നെയ്യാററിൻകര പ്രോജക്റ്റ് ഏരിയായിൽ മാത്രമായിട്ടു് പ്രോജക്റ്റ് ജോലികൾ നടത്തുന്നതു്. ഇതു് വസ്തുതയെയാണു് സർ, തെളിയിക്കുന്നതു്. സർ, സാധാരണക്കാരനു് വേതനം കൊടുത്തു് തൊഴിൽ ചെയ്യിച്ചു്, തൊഴിലില്ലായ്മ പരിഹരിച്ചു്, മററവിധത്തിൽ സുരക്ഷിതത്വവും ഭദ്രതയും ഉള്ള ആളുകളിൽനിന്നു് സമുദായത്തിനു് സൗജന്യമായി സേവനം ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു രാഷ്ട്രപുനരുദ്ധാരണപദ്ധതിയായി ഇതു് മാറുമെങ്കിൽ എല്ലാം രാഷ്ട്രീയപരിഗണനകളും മാററിവച്ചു് ഞങ്ങൾ ഇതിനെ സർവ്വാത്മനാ പിൻതാങ്ങുന്നു. ഞങ്ങൾക്കു് മനഃസ്സാക്ഷിയെ വഞ്ചിക്കുക സാദ്ധ്യമല്ല സർ, എന്റെ സ്നേഹിതൻ ബഹുമാനപ്പെട്ട കുമരകം മെംബറുടെ ഖണ്ഡനോപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു.

ശ്രീ. പി. വിശ്വംഭരൻ: സർ, ബഡ്ജററിന്റെ പൊതു വിമർശനവേളയിൽ പല മെംബറന്മാരെയുമെന്നപോലെ എന്നെയും, കുന്നത്തുകാൽ മെംബറെയും അഭിസംബോധനചെയ്തുകൊണ്ടു് ചാലക്കുടി മെംബർ ഗർജ്ജിച്ചതു് "കമ്മ്യൂണിററി പ്രോജക്റ്റിലേക്കുള്ള തുകകൾ വെട്ടിക്കുറച്ചതു നിങ്ങൾ കണ്ടുവോ" എന്നാണു്. സർ, കുന്നത്തുകാൽ മെംബർ

അതിന മറുപടി പറയുകയുമുണ്ടായി. എന്നാൽ എനിക്ക അദ്ദേഹത്തോട പറയാനുള്ളത് ഞാൻ അദ്ദേഹം ചൂണ്ടിക്കാണിച്ചതും കണ്ടു, കുറെക്കൂടിയും കണ്ടു എന്നാണ്. അദ്ദേഹം ബഡ്ജററ മെമ്മോറാണ്ടം തുറന്നുവച്ചുകൊണ്ടാണ് ഞങ്ങളെ അഭിസംബോധനചെയ്തത്. സർ, ഞാൻ പ്രിലിമിനറി ബഡ്ജററ 450-ാം പേജിലേക്ക അദ്ദേഹത്തിൻെറ ശ്രദ്ധയെ ക്ഷണിക്കുകയാണ്.

സർ, കമ്മ്യൂണിററി പ്രോജക്ററുകൾക്കുവേണ്ടി 1952-53-ൽ ഗവണ്മെൻറ് ചിലവാക്കിയത് 2,49,690 രൂപയാണ്. 1953-54-ൽ അവസ്സൂദവങ്ങിയുള്ള ഒറിജിനൽ എസ്റ്റിമേററ് 45 ലക്ഷം രൂപയും, അതേ വർഷത്തിൽതന്നെ റിവൈസ്ഡ് എസ്റ്റിമേററ് 23,13,000 രൂപയുമായിരുന്നു. എന്നാൽ ഈ 23,13,000 രൂപ മുഴുവനും കഴിഞ്ഞ വർഷത്തിൽ ചെലവായില്ലെന്നുള്ളതാണ് പരമാർത്ഥം. ഇതു എത്രത്തോളം ശരിയാണെന്നുള്ളതിലേക്ക് അസംബ്ലി പ്രൊസീഡിംഗ്സ് 10-ാംവാല്യം, 2-ാം നമ്പർ പേജ് 27 നോക്കിയാൽ മനസ്സിലാകുന്നതാണ്.

സർ, നെയ്യാററിങ്കര—വിളവങ്കോടിലും, കുന്നത്തുനാട—ചാലക്കുടിയിലും ഏതാണ്ട ഒന്നരവർഷത്തെ പ്രവർത്തനഫലമായി, 11,56,155 രൂപ ചെലവായിട്ടുണ്ടെന്ന കാണുന്നു. അതിൽ 1952-53-ൽ ചെലവായ 2,49,690 രൂപ കഴിച്ചാൽ യഥാർത്ഥത്തിൽ 1953-54-ൽ ചെലവായത് 9,06,465 രൂപ മാത്രമാണ്. ഈ തുകയോടുകൂടി നാലു വികസന ബ്ലാക്കുകളുടെ ജോലികൾക്കും ഇവയുടെ എല്ലാം സൂപ്പർവിഷനും കൂടി കഴിഞ്ഞ വർഷത്തെ റിവൈസ്ഡ് എസ്റ്റിമേററിൽ കൊള്ളിച്ചിരുന്ന മുഴുവൻ തുകകൾ കൂട്ടിയാലും 12 ലക്ഷം രൂപയ്ക്കു താഴെ വരുന്ന ചെലവേ ഉണ്ടായിട്ടുള്ളു എന്നു കാണാവുന്നതാണ്. അങ്ങനെ 45 ലക്ഷം രൂപ കമ്മ്യൂണിററി പ്രോജക്ററുകൾക്കുവേണ്ടി ബഡ്ജററിൽ കൊള്ളിച്ചിട്ട് വെറും 12 ലക്ഷം രൂപ മാത്രം ചെലവാക്കാൻ അനുവദിച്ച ചാലക്കുടി മെംബർ ഞങ്ങളോട പറയുകയാണ്, കമ്മ്യൂണിററി പ്രോജക്ററ് ഏറിയായിൽനിന്നും വന്നിട്ടുള്ള ഞങ്ങൾ ഇവിടെനിന്നും തിരിയെ അവിടെ ചെല്ലുമ്പോൾ തല്ലുകൊള്ളുമെന്ന്. സർ, ഇതിനെപ്പററി എനിക്ക് പറയുവാനുള്ളത്, ശാന്തമായും സമാധാനമായും അച്ചടക്കത്തോടുകൂടിയും രാഷ്ട്രീയസേവനം നടത്തുന്ന ഞങ്ങളുടെ അക്രമരാഹിത്യത്തിലുള്ള അടിയുറച്ച വിശ്വാസത്തെപ്പററി നല്ല ബോദ്ധ്യമുള്ളതുകൊണ്ടു മാത്രമാണ് അദ്ദേഹം അങ്ങനെ പറയുവാൻ സന്നദ്ധനായതെന്നാണ്. ഞങ്ങൾ മാത്രമല്ല, ഈ സംസ്ഥാനത്തെ ജനങ്ങൾ മുഴുവനുംതന്നെ അക്രമരാഹിത്യത്തിൽ അടിയുറച്ച വിശ്വാസം ഉള്ളവരാണ്. അല്ലെങ്കിൽ ഞാൻ മുൻപുപറഞ്ഞമാതിരി പ്രവൃത്തികൾ ചെയ്യുകയും, ഇതുമാതിരി പ്രസംഗങ്ങൾ നടത്തുകയും ചെയ്യുന്ന ആളുകളുടെ ആരോഗ്യത്തിന് ഹാനിതട്ടാതെ ഇനിയും പൊതുപ്രവർത്തനം നടത്തുവാൻ സാധിക്കുമായിരുന്നില്ല. സർ, നെയ്യാററിൻകര—വിളവംകോട്ട് കമ്മ്യൂണിററി പ്രോജക്ററിന 3 വർഷംകൊണ്ട് 65 ലക്ഷം രൂപയാണ് ചിലവാക്കേണ്ടത്. അതിൻെറ പകുതി കാലാവധിയായ ഒന്നരക്കൊല്ലംകൊണ്ടു 6 ലക്ഷം രൂപ കാൺഗ്രസ് ഗവണ്മെൻറ് ചിലവാക്കിയപ്പോൾ അടുത്ത ഒരു കൊല്ലത്തേയ്ക്കു 15,89,000 രൂപയാണ് പി. എസ്. പി. ഗവണ്മെൻറ കൊള്ളിച്ചിരിക്കുന്നതു്. അതു് അഭിനന്ദനാർഹമാണ്. പക്ഷെ എനിക്ക ഈ ഗവണ്മെൻറിനോട് അഭ്യർത്ഥിക്കുവാനുള്ളതു് 15,89,000

[ശ്രീ. പി. വിശ്വംഭരൻ]

രൂപ ഈ വർഷംതന്നെ ചിലവാക്കുകയും അതു് കഴിച്ചിട്ടു് കൂടുതൽ വരുന്ന സംഖ്യയ്ക്കു സപ്ലിമെന്ററിഗ്രാന്റ കൊണ്ടുവന്നു് അവിടത്തെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയും ചെയ്യണമെന്നാണു്. സർ, ഞാൻ ഇതു് പറയുന്നതുകൊണ്ടു് നെയ്യാററിൻകര—വിളവംകോടു് കമ്മ്യൂണിററി പ്രാജക്ററിലെ പ്രവൃത്തികൾ തൃപ്തികരമാണെന്നു ആരും ധരിക്കരുതു്. അവിടത്തെ കമ്മ്യൂണിററി പ്രാജക്ററ പ്രവർത്തനങ്ങളെപ്പററി പല ബഹുമാനപ്പെട്ട അംഗങ്ങളും പല ആക്ഷേപങ്ങളും പ്രകടിപ്പിക്കുകയുണ്ടായിട്ടുണ്ടു്. കമ്മ്യൂണിററി പ്രാജക്ററ ഇവിടെ തുടങ്ങുന്നതിനു് ഗവണ്മെന്റ തീരുമാനിച്ച അവസരത്തിൽ പ്രഖ്യാപിച്ചതു് ഈ പ്രാജക്ററ മേഖലയായിട്ടു് എടുക്കുന്ന സ്ഥലങ്ങളിൽ മററു സ്ഥലങ്ങളിൽ സാധാരണഗതിയിൽ ചെയ്യുന്ന എല്ലാ ഗവണ്മെന്റു് പ്രവർത്തനങ്ങളും തുടരുമെന്നും അതിനുപുറമേ 65 ലക്ഷം രൂപ ചിലവാക്കി മററു സ്ഥലങ്ങളെ അപേക്ഷിച്ചു് പുരോഗമിക്കത്തക്ക പ്രവൃത്തികൾ അവിടെ ചെയ്യുമെന്നുമാണു്. പക്ഷെ അനുഭവം നേരെമറിച്ചാണു്. കമ്മ്യൂണിററി പ്രാജക്ററു് ഉണ്ടെന്ന പേരുംപറഞ്ഞു് മററു ഡിപ്പാർട്ടുമെന്റുകളിലെ പ്രവർത്തനങ്ങൾ പ്രാജക്ററ ഏരിയായിൽ മന്ദീഭവിപ്പിക്കുകയും ചില വകുപ്പുകളുടെ പ്രവർത്തനം നിശ്ശേഷം നിറുത്തലാക്കുകയുമാണു് ചെയ്തിരിക്കുന്നതു്. ഉദാഹരണമായി കമ്മ്യൂണിററി പ്രാജക്ററ ഉണ്ടെന്ന കാരണത്താൽ പി. ഡബ്ലിയു. ഡി. പ്രവർത്തനങ്ങളൊന്നും അവിടെ നടക്കുന്നില്ല. കമ്മ്യൂണിററി പ്രാജക്ററ പ്രവർത്തനങ്ങൾകൊണ്ടു് ആ നാട്ടിലെ ജനങ്ങൾക്കു് ആവശ്യമുള്ള പൊതുമരാമത്തുപണികൾ ഒന്നും അവിടെ നടക്കുന്നുമില്ല. കമ്മ്യൂണിററി പ്രാജക്ററിൽ ഒരുമൈൽ റോഡിനു് 8,000 രൂപയിൽ കൂടുതൽ ചിലവാക്കുവാൻ പാടില്ല എന്നു് ചട്ടമുണ്ടു്. അതുകൊണ്ടു് ഇടയ്ക്കു ഒരു വലിയ കലുങ്കോ, ചെറിയ പാലമോ നിർമ്മിക്കേണ്ട ആവശ്യമുള്ള റോഡുകൾ നിർമ്മിച്ചു തീർക്കുന്നതിനു് കമ്മ്യൂണിററി പ്രാജക്ററിനു സാധ്യമല്ല. പി. ഡബ്ലിയു. ഡി.-യെ സമീപിച്ചു് അവിടത്തെ പൊതുമരാമത്തുപണികളെപ്പററി പറഞ്ഞാൽ കമ്മ്യൂണിററി പ്രാജക്ററ ഉണ്ടു്, അവരെക്കൊണ്ടു് അതൊക്കെ ചെയ്യിക്കണമെന്നാണു് അവർ പറയുന്നതു്.

പിന്നെ കമ്മ്യൂണിററി പ്രാജക്ററു് പ്രവർത്തനങ്ങളുടെ പുരോഗതിക്കു തടസ്സമായി കമ്മ്യൂണിററി പ്രാജക്ററ ഉദ്യോഗസ്ഥന്മാർ ചൂണ്ടിക്കാണിക്കുന്നതു് പണികൾ നടത്തുന്നതിനുള്ള ഗവണ്മെന്റു് അനുവാദം കിട്ടുന്നതിനു് വളരെ കാലതാമസം നേരിടുന്നു എന്നതാണു്. അതു് ഏറെക്കുറെ വിശ്വസിക്കേണ്ടതായിട്ടാണു് ഇരിക്കുന്നതു്. ഉദാഹരണമായി വിഴിഞ്ഞത്തു് 16 കുടുംബങ്ങൾക്കു് താമസിക്കുവാനുള്ള കെട്ടിടങ്ങൾ പണിചെയ്തു് പൂർത്തിയാക്കിട്ടു് 8 മാസത്തോളമായി. ഇതുവരെ ആ കെട്ടിടങ്ങൾ ആളുകൾക്കു് താമസിക്കുന്നതിനു് കൊടുക്കുവാൻ കമ്മ്യൂണിററി പ്രാജക്ററിനു സാധിച്ചിട്ടില്ല. അതിനുള്ള കാരണം അതു കൊടുക്കുന്നതിനുള്ള റൂൾസ് ഗവണ്മെന്റ ഇനിയും അംഗീകരിച്ചു് അയക്കാത്തതാണു്.

അതുപോലെതന്നെ ആവശ്യമില്ലാത്ത യന്ത്രസാമഗ്രികൾ വാങ്ങിച്ചു, പ്രാജക്ററിൽ ഗവണ്മെന്റിന്റെ പണം പാഴാക്കുന്ന ഒരു പതിവുണ്ടു്. നെയ്യാററിൻകര—വിളവംകോടു് പ്രാജക്ററിന്റെ ഹെഡ്ക്വാർട്ടേഴ്സിൽ

ചെന്നു് നോക്കിയാൽ ഒരു ട്രാക്ടറും കുറെ മററു സാമഗ്രികളും കിടക്കുന്നതുകാണാം. അവിടെ അവ ആവശ്യമില്ല. അവിടെ വരുത്തിട്ടുള്ള യന്ത്രസാമഗ്രികൾ ഫിററുചെയ്തു ശരിപ്പെടുത്തുവാനുള്ള ആളുകൾ തന്നെ അവിടെ വന്നിട്ടില്ല. ഇങ്ങനെ നിരുപയോഗപ്രദമായ രീതിയിൽ അനേകായിരം രൂപ അവിടെ ചിലവു ചെയ്തിരിക്കുകയാണു്.

അതുപോലെ അവിടെ ഒരു മൊബൈൽവർക്ക്ഷോപ്പുണ്ടു്. വർക്ക്ഷോപ്പു് അത്യാവശ്യമാണു്. പക്ഷേ അതിനു mobility ആവശ്യമില്ല. സ്ഥിരമായി സ്ഥിതിചെയ്യുന്ന ആ വർക്ക്ഷോപ്പു ഘടിപ്പിച്ചിരിക്കുന്ന ഒരു ട്രക്കു് ഉണ്ടു്. ഇരുപതിനായിരം രൂപയോളം ആ ട്രക്കിന്റെ വില വരും. ആ 20,000 രൂപ അവിടെ ചിലവാക്കേണ്ടതില്ലായിരുന്നു. പരിതഃസ്ഥിതിയെപ്പററി യാതൊരു പരിഗണനയുമില്ലാതെ അവിടെ പണം ചിലവാക്കുന്നതായി നമുക്കു ഇതിൽനിന്നു ഊഹിക്കാവുന്നതാണു്.

പൊതുജനസഹകരണത്തെപ്പററി എനിക്കു ഒരു വാക്കു പറയുവാനുണ്ടു്. പൊതുജനങ്ങൾ വിജയിപ്പിക്കേണ്ട ഒരു പരിപാടിയാണു് കമ്മ്യൂണിററി പ്രോജക്ററ് എന്നു ഇവിടെ പ്രസ്താവിച്ചു കേട്ടു. കമ്മ്യൂണിററി പ്രോജക്ററിനു ഒരു അഡ്വൈസറി ബോർഡുണ്ടായിരുന്നതു് കഴിഞ്ഞ 10 മാസമായി കൂടിയിട്ടില്ല. ഈ തിരഞ്ഞെടുപ്പു കഴിഞ്ഞതിനു ശേഷം ഇതേവരെയായിട്ടും ഒരു പുതിയ അഡ്വൈസറി ബോർഡു് രൂപീകരിച്ചിട്ടില്ല. ഇങ്ങനെയാണെങ്കിൽ പിന്നെ എങ്ങിനെയാണു് പൊതുജനസഹകരണമുണ്ടാകുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. അതുപോലെതന്നെ പല അവസരത്തിലും കൃഷിക്കാർക്കു് വളരെ അധികം വിഷമങ്ങൾ നേരിടത്തക്ക വിധത്തിലാണു് അവിടത്തെ പ്രോജക്ററ് ഉദ്യോഗസ്ഥന്മാരുടെ പ്രവൃത്തി നടക്കുന്നതു്. പലപ്പോഴും മാതൃകാപരമായ കൃഷിസമ്പ്രദായം പഠിപ്പിക്കാം, വിത്തുകൾ എല്ലാം ശരിയാക്കിക്കൊള്ളുക എന്നു പറഞ്ഞിട്ടു ഉദ്യോഗസ്ഥന്മാർ പോയാൽ പിന്നെ ആ ഉദ്യോഗസ്ഥന്മാർ അവിടെ ചെല്ലാത്ത പരിതഃസ്ഥിതി അവിടെയുണ്ടു്. വളരെ ആളുകൾക്കു ഉദ്യോഗസ്ഥന്മാരുടെ ഈ സമ്പ്രദായത്തെപ്പററി ആക്ഷേപമുണ്ടു്. കമ്മ്യൂണിററിപ്രോജക്ററിലുള്ള നെയ്ത്തുതൊഴിലാളികളുടെ ആവശ്യത്തിനു ഒരു കലണ്ടറിംഗ് പ്ലാൻറു സ്ഥാപിക്കുവാൻ പോകുന്നുവെന്നു പറഞ്ഞിട്ടുണ്ടായിരുന്നു. എന്നാൽ ആ കലണ്ടറിംഗ് പ്ലാൻറു ഇപ്പോൾ തിരുവനന്തപുരത്തു് സ്ഥാപിക്കുവാൻ പോകുന്നതായി അറിയുന്നുണ്ടു്. വളരെക്കാലമായി കഷ്ടപ്പെട്ടുകഴിയുന്ന, പട്ടിണിയിൽ ആണ്ടുകിടക്കുന്ന, പ്രോജക്ററിലെ നെയ്ത്തുതൊഴിലാളികൾക്കു ആവശ്യമായ ഈ സ്ഥാപനം ഇതേവരെ സ്ഥാപിച്ചിട്ടില്ല എന്നുള്ളതു് വളരെ പരിതാപകരമാണു്. കൈത്തറിക്കും മററു കുടിൽവ്യവസായങ്ങൾക്കും പ്രോജക്ററിൽനിന്നും പറയത്തക്ക സഹായമൊന്നും ഇതേവരെ ലഭിച്ചിട്ടില്ല. ഫിഷറിയെ സംബന്ധിച്ചാണെങ്കിൽ ഫിഷറികാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ഒരൊററ ഉദ്യോഗസ്ഥൻപോലും കമ്മ്യൂണിററി പ്രോജക്ററിൽ ഇല്ല.

സർ, 1955 ഒക്ടോബറോടുകൂടി പ്രോജക്ററിന്റെ പ്രവർത്തനം അവസാനിപ്പിക്കേണ്ടതായിട്ടാണിരിക്കുന്നതു്. 6 മാസംകൂടി അതിന്റെ കാലാവധി ദീർഘിപ്പിക്കുവാൻ പോകുന്നുണ്ടു് എന്നു് അറിയുന്നു. അങ്ങനെയാണെങ്കിൽതന്നെയും ഒരു ഒററ ബഡ്ജററുകൂടിയെ ഇനി ഉണ്ടായിരിക്കയുള്ളു. ഇക്കൊല്ലം 15 ലക്ഷം ഉറുപ്പിക ചിലവാക്കിയാലും വരുന്ന

[ശ്രീ. പി. വിശ്വംഭരൻ]

കൊല്ലം 38 ലക്ഷം രൂപ ചിലവാക്കേണ്ടതായിട്ടാണ് ഇരിക്കുന്നതു. അതുകൊണ്ടു് പ്രാജക്റ്റിന്റെ പ്രവർത്തനം മന്ദഗതിയിൽ നടത്തിയാൽ പോരാ എന്നും അതിന്റെ പ്രവർത്തനം ഏററവും ഊർജിതമായി നടത്തുന്നതിനു് കർശനമായ നടപടി മുഖ്യമന്ത്രി എടുക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

അതുപോലെ കമ്മ്യൂണിററി പ്രാജക്റ്റ് കമ്മ്യൂണിസ്റ്റുകാക്കു് എതിരായിട്ടുള്ള ഒരു ഏർപ്പാടാണെന്നും അമേരിക്കൻപാക്കററുകൾ സൃഷ്ടിക്കുവാനുള്ള ഒരു കാര്യമാണെന്നും പലരും പറയുന്നുണ്ടു്. എന്നാൽ എന്റെ പ്രദേശത്തു് പ്രാജക്റ്റ് ജീപ്പുകളിൽ കമ്മ്യൂണിസ്റ്റുകാരെയാണ് കൂടുതൽ എപ്പോഴും കാണുന്നതു് കമ്മ്യൂണിസ്റ്റ് ജന്മികൾ അവർക്കു് ആവശ്യമുള്ള വളങ്ങളും മററും കൊണ്ടുപോകുന്നതിനു് ഈ ജീപ്പ് ഉപയോഗപ്പെടുത്തുന്നുണ്ടു്. ബഹുമാനപ്പെട്ട കമ്മ്യൂണിസ്റ്റ് മെംബറന്മാരുടെ ഈ സഭയിലെ പ്രസംഗങ്ങളും ഞങ്ങളുടെ നാട്ടിലെ കമ്മ്യൂണിസ്റ്റുകാരുടെ പ്രവൃത്തികളും തമ്മിൽ ഒരു പൊരുത്തവും കാണുന്നില്ല.

ശ്രീ. എ. താണുപിള്ള: സർ, കമ്മ്യൂണിററി പ്രാജക്റ്റുകളുടെ പ്രവർത്തനങ്ങളെപ്പററി പ്രയോജനകരമായ പല അഭിപ്രായങ്ങളും ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞു. സഹകരണമനോഭാവത്തോടുകൂടി ഇപ്രകാരം നിർദ്ദേശങ്ങൾ നൽകിയ ബഹുമാനപ്പെട്ട അംഗങ്ങളോടു് ഞാൻ ആദ്യമായി നന്ദി പറഞ്ഞുകൊള്ളുന്നു. ഇവിടെ വളരെ കാര്യങ്ങൾ ഉന്നയിച്ചിട്ടുണ്ടു്. ഈ ഡിമാൻറിനോടു് വളരെ അടുത്ത ബന്ധമില്ലെങ്കിലും ജലസേചനത്തെപ്പററി പറഞ്ഞ കൂട്ടത്തിൽ ഡാക്ടർ എ. ആർ. മേനോൻ ചിററൂർ ജലസേചനപദ്ധതിയെപ്പററി പ്രസ്താവിച്ചു. അതായതു് അവിടെ ചില ആളുകൾ സ്വകാര്യമായി നടത്തിവന്ന ജലസേചന പദ്ധതി ഗവണ്മെൻറ് ഏറെറടുത്തിട്ടുണ്ടെന്നും അതു സംബന്ധമായി അവസാനവ്യവസ്ഥകൾ ചെയ്തിട്ടില്ലെന്നും പറയുകയുണ്ടായി. അതു് പരമാർത്ഥമാണ്. ഏതാനും കൊല്ലങ്ങൾക്കുമുമ്പു് കൊച്ചി ഗവണ്മെൻറ് ചിററൂരിൽ നടത്തിവന്നിരുന്ന ജലസേചനപദ്ധതികൾ എടുക്കേണ്ടതായി വന്നിട്ടുണ്ടു്. അവ ഇന്നും അതേനിലയിൽ നടന്നുവരികയാണ്. അതു് ആദ്യം നടത്തിവന്നിരുന്ന ആളുകൾക്കു് പ്രതിഫലം കൊടുത്തിട്ടില്ല. അതു് കൊടുക്കാതെ ഗവണ്മെൻറുതന്നെ ഇങ്ങനെ വച്ചുകൊണ്ടിരിക്കുന്നതു് ശരിയാണോ എന്നു ആലോചിക്കണമെന്നാണ് ഡാക്ടർ എ. ആർ. മേനോൻ പ്രധാനമായും പ്രസ്താവിച്ചതു്. ഏതായാലും ഈ ജലസേചനപദ്ധതി ശരിക്കു നടത്തേണ്ടതു് കൃഷിക്കാരുടെ ആവശ്യമാണ്. കൃഷിക്കാരുടെ പരാതി മൂലമായിട്ടാണ് ഗവണ്മെൻറ് എടുത്തതു്. അതിനെ സംബന്ധിച്ചു് പല പ്രശ്നങ്ങളും ഉണ്ടു്. അതു് മുമ്പേ നടത്തിവന്ന ആളുകൾക്കു് അതു സംബന്ധമായി എന്തു അവകാശമാണ് ഉള്ളതെന്നും ആ അവകാശങ്ങളെ സംബന്ധിച്ചു് എന്താണ് വേണ്ടതെന്നും മററുമുള്ള എല്ലാ കാര്യങ്ങളെയുംപററി ആലോചിച്ചു് ഉടനേതന്നെ തീരുമാനം ചെയ്യാമെന്നാണ് എനിക്കു് ഡാക്ടർ മേനോനോടു് ഈ അവസരത്തിൽ പറയുവാനുള്ളതു്. അതിൽക്കവിഞ്ഞു ഒന്നും പ്രസ്താവിക്കുന്നതു് ഈ അവസരത്തിൽ ശരിയായിരിക്കയില്ല. എല്ലാം സാവധാനമായി ആലോചിച്ചു് താമസിയാതെ തീരുമാനം ചെയ്യാം.

പിന്നെ മൈനർ ജലസേചനപദ്ധതിയെപ്പററിയുള്ള അദ്ദേഹത്തിന്റെ അഭിപ്രായത്തോടു ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു. പല പദ്ധതികളും നടപ്പാക്കുന്നതിന് കാലതാമസം വരുന്നുവെന്നു പറഞ്ഞു. ഇന്നതോതിലാണ് പദ്ധതികൾ നടപ്പാക്കേണ്ടതു് എന്നുള്ളതിനെപ്പററി ആലോചിക്കേണ്ടതുണ്ടു്.

പിന്നെ ഒരു അഭിപ്രായം അദ്ദേഹംതന്നെ പുറപ്പെടുവിച്ചതു് ഈ ജോലികൾ പഞ്ചായത്തുവഴി നടത്തുന്നതു് നന്നായിരിക്കുമെന്നാണ്. സർ, ആ കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്. ഇപ്പോൾതന്നെ പല ജോലികളും ഈ കമ്മ്യൂണിററി പ്രോജക്ററ പ്രദേശങ്ങളിൽ ചെയ്യുന്നതു് പഞ്ചായത്തുകളുമായിട്ടു് ആലോചിച്ചും പഞ്ചായത്തുകളുടെ സഹകരണത്തോടുകൂടിയുമാണ്. പഞ്ചായത്തുകൾ നിർദ്ദേശിക്കുന്ന പ്രകാരത്തിൽ ജോലികൾ നടക്കുന്നുണ്ടു്. കമ്മിററികളിൽ പഞ്ചായത്തുകളുടെ പ്രതിനിധികൾ ധാരാളമായിട്ടുണ്ടു്. അതുകൊണ്ടു് മതിയാകുന്നില്ല. പഞ്ചായത്തുകളെത്തന്നെ ഈ ജോലികൾ ചെയ്യുന്നതിനുള്ള ഏജൻസികളാക്കുന്ന കാര്യം ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

സർ, മിസ്റ്റർ ഡേ-യുടെ അഭിപ്രായത്തെപ്പററി ഇവിടെ പ്രസ്താവിച്ചു. അദ്ദേഹം പറഞ്ഞതു് ഇവിടെ ഒന്നും നടക്കുന്നില്ല എന്നല്ല. ഇന്നത്തെ പരിതഃസ്ഥിതിയിൽ ഇവിടെ നടക്കുന്ന ജോലികൾ അഭിനന്ദനീയമാണ് എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. പക്ഷെ ആ ജോലികൾ നടത്തുന്നതിനുള്ള വ്യവസ്ഥകൾ കുറേക്കൂടി ക്ലിപ്തപ്പെടുത്തണമെന്നാണ് ശ്രീമാൻ ഡേയുടെ അഭിപ്രായമുണ്ടായതു്. ആ അഭിപ്രായത്തോടു് ഈ ഗവണ്മെന്റും യോജിക്കുന്നു. ഇവിടെത്തന്നെ ഒരു ആക്ഷേപം നാം കേട്ടതു് ആ ജോലികൾ എല്ലാം മുൻകാലങ്ങളിൽ മററു ഡിപ്പാർട്ടുമെന്റുകൾ ചെയ്തുവന്നതാണെന്നാണ്. കമ്മ്യൂണിററി പ്രോജക്ററ പ്രവർത്തനത്തിനപ്പുറമെ, മററു ഡിപ്പാർട്ടുമെന്റുകളുംകൂടി ചെയ്തുവന്നിരുന്ന ജോലികളാണ് ഇതു്. ഇതിൽ വിശേഷവിധിയായി ഒന്നുമില്ല. കൃഷിഡിപ്പാർട്ടുമെന്റു്, പി. ഡബ്ലിയു. ഡി., ഹെൽത്തു് ഡിപ്പാർട്ടുമെന്റു് ഇവ മുഖാന്തിരമാണ് ഈ ജോലി നടക്കുന്നതു്. അതുകൊണ്ടു് ഇതു് പ്രത്യേകമായി പ്രവർത്തിക്കേണ്ടയാവശ്യമില്ല എന്നായിരുന്നു ഇതിനെ സംബന്ധിച്ചു് പ്രധാനമായി പുറപ്പെടുവിച്ച ആക്ഷേപം. മററുള്ള ഡിപ്പാർട്ടുമെന്റുകൾ ചെയ്യുന്ന ജോലികൾ തന്നെയാണ് ഈ പ്രദേശങ്ങളിൽ ചെയ്യുന്നതെന്നുള്ളതിനു സംശയമില്ല. പക്ഷേ, ഈ പ്രോജക്ററിന്റെ പ്രവർത്തനം ഈ വക ജോലികൾ ഏതാനും പ്രദേശങ്ങളിൽ കുറേക്കൂടി ത്വരിപ്പിക്കുന്നതു്, കുറേക്കൂടി ഫലപ്രദമായ രീതിയിൽ ചെയ്യുന്നതു്, നന്നായിരിക്കുമെന്നുള്ള ഉദ്ദേശത്തിലാണ് നടത്തുന്നതു്. നാടൊട്ടുക്കു് പല ഡിപ്പാർട്ടുമെന്റുകളും പ്രവർത്തിക്കുന്നുണ്ടു്. ഇങ്ങനെ നടത്തുന്ന ഈ പ്രവർത്തനങ്ങൾ ചില പ്രദേശങ്ങളിൽ അതായതു്, പിന്നോക്കമുള്ള സ്ഥലങ്ങളിൽ, അൺഡെവലപ്പ്ഡ് ഏരിയായിൽ കുറേക്കൂടി ത്വരിതപ്പെടുത്തുവാൻ മാത്രമാണ്. അല്പകാലംകൊണ്ടു് ആ പ്രദേശങ്ങളിലെല്ലാംതന്നെ പുരോഗമിക്കണം. അതു കണ്ടിട്ടു് മററു പ്രദേശങ്ങളും പ്രവർത്തിച്ചു് പുരോഗമിക്കണമെന്നാണ് ഇതിന്റെ ഉദ്ദേശം.

ശ്രീ. പി. കെ. യശോധരൻ: പി. ഡബ്ലിയു. ഡി.-യെപ്പോലെ ഇതിന്റെ പ്രവർത്തനത്തെ സൂപ്പർവൈസു് ചെയ്യുന്നതിനും ഡയറക്ഷൻ കൊടുക്കുന്നതിനും മററുമായി സബ്ഡിവിഷനുകൾ ഏർപ്പെടുത്താമോ?

ശ്രീ. എ. താണുപിള്ള: അതിനു കമ്മിററികളും ഉണ്ടു്. ഈ പറഞ്ഞ ഡിപ്പാർട്ടുമെൻറുകൾവഴി ഈ പ്രാജക്ററ് പ്രവർത്തിക്കണമെന്നാണു് ഗവണ്മെൻറ് ഉദ്ദേശിക്കുന്നതു്. ഇതുവരെ നടന്നുവന്നതിൽ കൂടുതലായി പല ഡിപ്പാർട്ടുമെൻറുകളുടെ സഹകരണവും ഉണ്ടാകണമെന്നാണു ഗവണ്മെൻറ് നിശ്ചയിച്ചതു്. കൃഷിപരമായും ഹെൽത്തു ഡിപ്പാർട്ടുമെൻറുകളിലുള്ള കാര്യങ്ങൾക്കുവേണ്ടിയും മററു ആ ഡിപ്പാർട്ടുമെൻറുകളുടെ സഹകരണം കൂടുതലായി ഉണ്ടാകണം. ഇതെല്ലാം ഒരു പ്രോഗ്രാം മുമ്പിൽ വച്ചുകൊണ്ടു് പ്രവർത്തിക്കേണ്ടതാണു്. അതില്ലാത്തതുകൊണ്ടാണു് ഇപ്പോൾ ഈ മാതിരിയുള്ള പരാതികൾക്കു് ഇടവന്നതു്. അതിനുള്ള എല്ലാ ഏർപ്പാടുകളും ഗവണ്മെൻറ് ചെയ്തുകഴിഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് ഡാക്ടർ മേനോൻെറ അഭിപ്രായത്തോടു് യോജിക്കുന്നതിനു വിരോധമില്ല.

പിന്നീടു്, ഇവിടെ അമേരിക്കാക്കാരുടെ ഉദ്ദേശത്തെപ്പററി പറയുകയുണ്ടായി. അവരുടെ സാമാനങ്ങളാണു് ഇവിടെ വാങ്ങിക്കുന്നതെന്നു പറഞ്ഞു, അതു ശരിയല്ല. ഈ പ്രാജക്ററിൻെറ ചെലവിലുള്ള ഒരംശം, അതായതു്, ആറുലക്ഷം രൂപ അവർ തരുന്നുണ്ടു്. അതു് രൂപയായി അവർ തരുന്നതല്ല; സാമാനങ്ങളായിട്ടാണു തരുന്നതു്.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: അവരുടെ ഉദ്യോഗസ്ഥന്മാർ ഇവിടെ ധാരാളമില്ലേ; അവർക്കു് വലിയൊരു ശമ്പളവും കൊടുക്കുന്നില്ലേ?

ശ്രീ. എ. താണുപിള്ള: അവരുടെ ഉദ്യോഗസ്ഥന്മാർ അത്രവളരെയൊന്നുമില്ല. അവർക്കു് അത്രവളരെ ശമ്പളമൊന്നും കൊടുക്കുന്നുമില്ല. വളരെ ഐശ്വര്യമുള്ള ഒരു രാജ്യമാണു് അമേരിക്ക. അവരുടെ പണം ലോകത്തിൻെറ പുരോഗതിക്കു് ഉപയോഗിക്കുന്നതു് നന്നായിരിക്കുമെന്നാണവരുടെ ഉദ്ദേശം. അതുകൊണ്ടു് അതു സ്വീകരിക്കുന്നതിൽ വിരോധമൊന്നുമുണ്ടെന്നു എനിക്കു തോന്നുന്നില്ല.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: ഇംഗ്ലീഷുകാരനും ഇവിടെ ആദ്യം കച്ചവടത്തിനായി വന്നവരാണു്. ഒടുവിൽ രാജ്യം പിടിച്ചടക്കി.

ശ്രീ. എ. താണുപിള്ള: അങ്ങനെയൊന്നും ഇവർ ചെയ്യുകയില്ലെന്നാണു് തോന്നുന്നതു്.

ശ്രീ. ടി. എം. ജാർജ്ജ്: റഷ്യയിൽ ഈ മാതിരി കാര്യങ്ങൾക്കു് അമേരിക്കാക്കാർ പണം കൊടുക്കുന്നുവെന്നുള്ളതു ശരിയാണോ?

ശ്രീ. എ. താണുപിള്ള: നല്ല കാര്യങ്ങൾ എല്ലായിടത്തും ഉണ്ടു്. അതുകൊണ്ടു് നമുക്കു് നല്ല കാര്യങ്ങളെ സ്വീകരിക്കാം. എനിക്കു തോന്നുന്നതു്, ഇത്തരത്തിലുള്ള അമേരിക്കൻ സഹകരണംകൊണ്ടു് നമുക്കു ദോഷമൊന്നുമില്ല. ദോഷമാണെന്നു കാണുന്ന സമയത്തു നിറുത്തിക്കളയാം. പക്ഷേ, ഒരുകൂട്ടർ ഇവിടെ വിചാരിക്കുന്നതു്, നമുക്കാർക്കും ബുദ്ധിയില്ലെന്നാണു്.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: ആർക്കും ബുദ്ധിയില്ലെന്നല്ല, കുറേ പേർക്കു് ഇല്ലെന്നേയുള്ളു.

ശ്രീ. എ. താണുപിള്ള : അതെ. കുറേപ്പേർക്കില്ല. പക്ഷെ, വളരെ പേർക്ക് ബുദ്ധിയുണ്ടെന്നുകൂടി വിചാരിക്കണം. എന്റെ അഭിപ്രായം ഐശ്വര്യമായി കഴിയുന്നവർ മററുള്ളവരെ സഹായിക്കാൻ ഒരുമ്പെടുകയാണെങ്കിൽ അതു സ്വീകരിക്കുന്നതിനു യാതൊരു തരക്കേടുമില്ലെന്നാണ്.

ശ്രീ. ടി. വി. തോമസ് : ഇതിൽ അടങ്ങിയിരിക്കുന്ന അമേരിക്കൻ ഉദ്ദേശം ഡിപ്ലമാററിക്ക് ഇമ്മ്യൂണിററി ആണെന്ന പരാതി വാസ്തവമാണോ?

ശ്രീ. എ. താണുപിള്ള : എന്തുവേണമെങ്കിലും പറയാം. വേറെ ഒരു കാര്യം പറഞ്ഞു. ചില പുസ്തകങ്ങൾ മാത്രമെ വാങ്ങിച്ചുള്ളുവെന്നും മററും പറയുകയുണ്ടായി. കുറഞ്ഞ വിലയ്ക്കു റഷ്യൻ പുസ്തകങ്ങൾ വാങ്ങാമെങ്കിൽ കുറഞ്ഞ വിലയ്ക്കു അമേരിക്കൻ പുസ്തകങ്ങളും വാങ്ങിക്കാൻ പാടില്ലെന്നു പറയുന്നതിന്റെ ഉദ്ദേശം മനസ്സിലാകുന്നില്ല. റഷ്യൻ പുസ്തകങ്ങളും വായിച്ചിരിക്കേണ്ടതാണ്. അതുപോലെതന്നെ അമേരിക്കൻ, ജർമ്മൻ മുതലായ രാജ്യങ്ങളിലെ പുസ്തകങ്ങളും നാം വായിച്ചിരിക്കേണ്ടതാണ്.

ഒട്ടുവളരെ ശമ്പളം കൊടുക്കുന്നുവെന്ന് ഒരാക്ഷേപം പറഞ്ഞു. അതിന്റെ ഏർപ്പാട് ഇതാണ്. ആറോ ഏഴോ ലക്ഷം, അമേരിക്കക്കാർ തരും. ചെലവിനെ സംബന്ധിച്ചാണെങ്കിൽ ഇൻഡ്യാ ഗവണ്മെന്റും സംസ്ഥാനഗവണ്മെന്റുമായി നടത്തുകയാണ്. ചില കാര്യങ്ങളിൽ ഇൻഡ്യാഗവണ്മെന്റ മുക്കാൽഭാഗം തരും. ചില കാര്യങ്ങൾക്ക് പകുതി തരും. അമേരിക്കക്കാർക്ക് ഇതിനൊന്നിനും പണം കിട്ടുന്നില്ല. ശമ്പളം ആകെയുള്ള ചെലവിന്റെ പത്തിലൊന്നുപോലും വരുന്നില്ല. മററു പ്രദേശങ്ങളിൽ ഇവിടത്തെക്കാൾ കൂടുതൽ ശമ്പളമാണ് കൊടുക്കുന്നതു്. ഇൻഡ്യാഗവണ്മെന്റിന്റെ ഉദ്ദേശം ഈ ഉദ്യോഗസ്ഥന്മാർക്ക് ഇപ്പോഴത്തെക്കാൾ കൂടുതൽ ശമ്പളം കൊടുക്കണമെന്നാണ്.

ശ്രീ. കെ. കൃഷ്ണപിള്ള : എസ്. കെ. ഡേയെപ്പോലെയുള്ള എത്ര അമേരിക്കാക്കാർ ഇവിടെ ഉദ്യോഗസ്ഥന്മാരായിട്ടുണ്ട്?

ശ്രീ. എ. താണുപിള്ള : ഞാൻ പറയുന്നതു്, ഇവിടത്തെ ഉദ്യോഗസ്ഥന്മാർക്ക് വലിയ ശമ്പളമൊന്നും കൊടുക്കുന്നില്ലെന്നു മാത്രമാണ്. വേറൊരു ആക്ഷേപം ഇവിടെ പറയുകയുണ്ടായി. ഇതുവരെ 50 സെന്റ സ്ഥലം മാത്രമേ കൃഷി ചെയ്തുള്ളു എന്ന്. ഇതിനു എന്തു മറുപടി പറയണമെന്നു എനിക്കറിഞ്ഞുകൂടാ. ഇതിന്റെ ആരംഭദശയിൽ ജപ്പാൻസമ്പ്രദായമനുസരിച്ച് 50 സെന്റ സ്ഥലം കൃഷിചെയ്തു. അതു് വിജയകരമാണോ എന്നു നോക്കിയിട്ടു കൂടുതൽ സ്ഥലങ്ങൾ കൃഷി ചെയ്യുവാനായി നോക്കിയിരിക്കുകയാണ്. അങ്ങനെയിരിക്കെ രണ്ടു വർഷത്തിൽ 50 സെന്റ സ്ഥലം മാത്രമെ കൃഷി ചെയ്തുള്ളു എന്നും മററും പറയുന്നതു് ശരിയല്ല.

ഹാൻഡ്‌ലൂം വീവിംഗിനെപ്പററി ഇവിടെ പറയുകയുണ്ടായി. ഇതു് ഒരുത്തരുടേയും കണ്ടുപിടിത്തമല്ല. നാമെല്ലാം ഒന്നുകിൽ ഖദർ അല്ലെങ്കിൽ കൈത്തറിത്തുണികൾ ഉപയോഗിക്കേണ്ടതാണ്. അതിനു ഞാൻ പറയുന്നതു് കൈത്തറി നെയ്ത്തിനോട് ഇത്ര താത്പര്യം പ്രദർശിപ്പി

[ശ്രീ. ഏ. താണുപിള്ള]

ക്കുന്ന ബഹുമാനപ്പെട്ട മെംബർമാർതന്നെ മിൽത്തുണികൾ ധരിക്കുകയില്ലെന്നും കൈത്തറികൾ മാത്രമെ ധരിക്കുകയുള്ളുവെന്നും ആദ്യമായി തീരുമാനിക്കണം.

ശ്രീ. ആർ. പ്രകാശം: ഗവണ്മെൻറുദ്യോഗസ്ഥന്മാർ കൈത്തറിത്തുണികൾ മാത്രമെ ധരിക്കുവാൻ പാടുള്ളു എന്നു നിർബ്ബന്ധിക്കരുതോ?

ശ്രീ. ഏ. താണുപിള്ള: അതും വേണ്ടതാണ്. പക്ഷെ, അതിനു മുമ്പിൽ ഈ നിയമസഭാമെംബർമാർ എല്ലാവരുമെങ്കിലും കൈത്തറിത്തുണികളേ ധരിക്കുകയുള്ളു എന്നൊരു നിലപാടെടുക്കണം. മാത്രമല്ല, ഗവണ്മെൻറുദ്യോഗസ്ഥന്മാർ കൈത്തറിത്തുണികൾ ധരിക്കണമെന്നു ആർഡർ പുറപ്പെടുവിക്കുകയാണെങ്കിൽ പിറേറദിവസം ഇവിടെ ചോദ്യം വരും, ഗവണ്മെൻറുദ്യോഗസ്ഥന്മാർ കൈത്തറിത്തുണികളേ ധരിക്കാൻ പാടുള്ളു എന്ന് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിൻെറ കാരണമെന്താണ്? അതുകൊണ്ട് ഈ കാര്യങ്ങളിലെല്ലാം ജനങ്ങളുടെ സഹകരണം കൂടുതൽ ഉണ്ടാക്കുന്നതിനു നാം തന്നെ മുൻകൂട്ടി പ്രവർത്തിക്കണം. അല്ലാതെ, ഇതെല്ലാം അമേരിക്കൻ ചാരന്മാരുടെ പ്രവർത്തനമാണെന്നു പറഞ്ഞു് പ്രചരണം നടത്തിക്കൊണ്ടിരിക്കുകയും അതേസമയം അമേരിക്കയുടെ സഹായമുള്ള ഈ പദ്ധതി വിജയകരമായിത്തീരണമെന്നും പറയുന്നതു് ശരിയല്ല. മി. ജോസഫ് പറഞ്ഞ കാര്യത്തോടു് ഞാൻ യോജിക്കുന്നു. ഇന്നു എവിടെയെങ്കിലും പള്ളിക്കൂടം തുറക്കുകയോ, ആശുപത്രി സ്ഥാപിക്കുകയോ ചെയ്യുന്നമെങ്കിൽ കെട്ടിടങ്ങളും സാമഗ്രികളും അവിടത്തെ ആളുകൾതന്നെ കൊടുക്കണമെന്നുള്ള നിയമത്തിൽ ഒരു വ്യത്യാസം വരുത്തുന്നതാണ്. അദ്ദേഹം സൂചിപ്പിച്ചതുപോലെ പിന്നോക്കം നില്ക്കുന്ന പ്രദേശങ്ങളിൽ അതായതു്, ധനപരമായി ഈ മാതിരി കൊടുക്കുവാൻ നിവൃത്തിയില്ലാത്ത സ്ഥലങ്ങളിൽ ഗവണ്മെൻറുതന്നെ ഈ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതാണ്. എൻ. ഇ. എസ്സ്. ബ്ലാക്കുകൾ കൊടുക്കുമ്പോൾ ഈമാതിരി പ്രദേശങ്ങൾക്കു് പ്രത്യേകം പരിഗണന നൽകുന്നതുമായിരിക്കും. അതിനാൽ ഈ ഗ്രാൻറ് അനുവദിക്കണമെന്നു അഭ്യർത്ഥിച്ചുകൊള്ളുന്നു.

Mr. Speaker: Mr. Raghava Kurup, do you press your motion?

Shri N. Raghava Kurup: Yes, Sir.

The motion was put and lost.

The motion of Dr. A. R. Menon was, by leave of the House, withdrawn.

The question that Government be granted a sum of Rs. 38,17,300 under Demand XXXIII—Community Development Projects, was put and carried.

The grant was made.

The House rose for lunch at 1 P. M. and reassembled at 2 P. M. with Mr. Speaker in the Chair.

DEMAND V—FOREST.

Minister for Finance **(Shri P. S. Nataraja Pillai):** Sir, I beg to move for a grant of Rs. 45,52,000 under Demand V—Forest.

Shri A. Achuthan: I second the motion.

Shri P. S. Nataraja Pillai: Sir, the House may very well know that in Travancore-Cochin, forests occupy a unique position so far as our revenues are concerned. Probably, one of the sources which yields the maximum revenue without any element of taxation, is our forests. If you view it in that light, it is a national asset paying a very high dividend. As such, it is the duty of this House and the people of the State to see that we get the maximum out of it for our national welfare. I hope, Sir, that every member of the House has realised the importance of our forests and trust they will extend their kindness in giving all possible suggestions and criticisms with a view to get the maximum benefit from this national asset.

Mr. Speaker: Now, motions Nos. 14 and 64 will be moved. Mr. A. C. Chacko will move his motion *i. e.*, motion No. 14 in the list.

Shri A. C. Chacko: Sir, I move "*to reduce the allotment* of Rs. 1,28,600 for General Direction by Re. 1."

ഈ ഖണ്ഡനോപക്ഷേപംമൂലം ഇന്നു ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ കാണുന്ന ചില ക്രമക്കേടുകളെ ഈ സഭയുടെ മുമ്പിൽ കൊണ്ടുവരുവാനാണു് ഞാൻ ഉദ്ദേശിക്കുന്നതു്. നമ്മുടെ രാജ്യത്തെ ഏതാണ്ടു് മൂന്നിലൊന്നുഭാഗം ഇന്നു് വനമായി സംരക്ഷിക്കപ്പെട്ടു പോരുന്നുണ്ടു്. ഏതൊരു രാജ്യവും ഒരു റിസർവ്വ്ഫണ്ടായി വനങ്ങളെ സംരക്ഷിച്ചുപോരുന്ന ഒരു പതിവുണ്ടു്. എന്നാൽ തിരുവിതാംകൂർ–കൊച്ചിയിലെ ഏതാണ്ടു് 3000 സ്ക്വയർ മൈൽ വരുന്ന വനം അഞ്ചാറുകൊല്ലങ്ങളായി അനധികൃത പ്രവേശനംമൂലം നശിപ്പിക്കപ്പെട്ടുവരികയാണു്. ഇവിടെ യുദ്ധാപരിതഃസ്ഥിതിമൂലമുണ്ടായ ഭക്ഷ്യദൌർലഭ്യംമൂലവും സ്വാതന്ത്ര്യലബ്ധിയിലുള്ള ആവേശത്തിന്റെ തള്ളൽമൂലവും ഇവിടത്തെ വനത്തിൽ ഒരു വിഭാഗം കൃഷിക്കായും കുടികിടപ്പിനുമായി കൊടുക്കുകയുണ്ടായി. ഇന്നിവിടെ ഒരു ചോദ്യത്തിനു ഉത്തരംനൽകിയ വസ്തുതയിൽനിന്നും ഏതാണ്ടു് 35000 ഏക്കർ ഭൂമി വനത്തിൽനിന്നു കൃഷിക്കായി നൽകിയിട്ടുണ്ടെന്നു അറിയാൻ കഴിഞ്ഞു. എന്നാൽ ശരിയായി ഒരു കണക്കെടുത്തു നോക്കുകയാണെങ്കിൽ ഒരു ലക്ഷം ഏക്കറിൽ കൂടുതൽ സ്ഥലത്തു ആളുകൾ പ്രവേശിച്ചു് കൃഷിചെയ്തുവരുന്നുണ്ടെന്നു മനസ്സിലാക്കാൻ കഴിയും. അനധികൃതമായി നാൾക്കുനാൾ പ്രവേശിച്ചുകൊണ്ടിരിക്കുന്ന ഈ നടപടിയെ തടയാൻ ഗവണ്മെന്റു സത്വരനടപടികൾ എടുത്തില്ലെങ്കിൽ നാം ഒരു വലിയ സ്വത്തായി നീക്കിവച്ചിരിക്കുന്ന ഈ വനം മുഴുവൻ നശിച്ചുപോവാനിടയുണ്ടു്. 1952-53–ലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ നിന്നും ഇതു വെളിവാകുന്നുണ്ടു്. സ്പീക്കറുടെ അനുമതിയോടുകൂടി അതിലൊരു ഭാഗം ഞാനിവിടെ വായിക്കാം.

[Shri A. C. Chacko]

"As in the previous year, the detection of cases was generally on the increase in all the Divisions. The increase was, as before, due to the clearance of forests by the ryots for cultivation under the guise of lease under the Grow More Food Campaign."

ഇങ്ങനെ ഭക്ഷ്യവർദ്ധനവിനുവേണ്ടി സ്ഥലം അലോട്ടുചെയ്തുകൊടുത്തതോടുകൂടി ഫാറസ്റ്റ് ഉദ്യോഗസ്ഥന്മാരുടെ അനുവാദത്തോടുകൂടിയും സമ്മതത്തോടുകൂടിയും അനേകം ഏക്കർ സ്ഥലങ്ങളിൽ ആളുകൾ പ്രവേശിച്ചു് കൃഷിചെയ്തുവരുന്നുണ്ടു്. ഇപ്രകാരം അനധികൃതമായി പ്രവേശിച്ചിട്ടുള്ള സ്ഥലങ്ങൾ തിട്ടപ്പെടുത്തി അർഹതയുള്ളവർക്കു മാത്രം സ്ഥലം കൊടുക്കാനുള്ള നടപടികൾ ഗവണ്മെൻറിൽനിന്നും തുടങ്ങിയിരിക്കുന്നതായി അറിയുന്നതിൽ ഗവണ്മെൻറിനെ ഞാൻ ശ്ലാഘിക്കുന്നു. ഇന്നു അനധികൃതമായ പ്രവേശനം ധാരാളമായി നടക്കുന്നതുകൊണ്ടു് കിടപ്പാടമില്ലാത്ത സാധാരണക്കാർക്കു വലിയ വിഷമം നേരിട്ടിട്ടുണ്ടു്. പ്രത്യേകിച്ചും മൂവാററുപുഴ, തൊടുപുഴ, മീനച്ചിൽ തുടങ്ങിയ പ്രദേശങ്ങളുടെ കിഴക്കൻഭാഗങ്ങളിൽ കിടക്കുന്ന ആളുകൾ ആ പ്രദേശത്തുള്ള വനങ്ങൾ ഗവണ്മെൻറിൽനിന്നും വിട്ടുകൊടുക്കാത്തതുകൊണ്ടും മററു പ്രദേശങ്ങളിൽനിന്നും വിട്ടുകൊടുത്തിട്ടുള്ളതുകൊണ്ടും വളരെ അധികം സങ്കടപ്പെടുന്നുണ്ടു്. കിടപ്പാടമില്ലാത്തവരും കൃഷിചെയ്യുവാൻ ആഗ്രഹമുള്ളവരുമായ ധാരാളം ആളുകൾ നിവസിക്കുന്ന തൊടുപുഴ, മൂവാററുപുഴ, മീനച്ചിൽ ഈ താലൂക്കുകളിലെ കൃഷിക്കാർക്കു് ഈ താലൂക്കുകളിലുള്ള വനപ്രദേശങ്ങളിൽനിന്നും ഭൂമി കൃഷിക്കു കിട്ടാത്തതിൽ വളരെ വിഷമമുണ്ടു്. നമ്മുടെ വനത്തിൽ ബലാൽ പ്രവേശിച്ചവരെ പുറത്താക്കി നമ്മുടെ വനം സംരക്ഷിക്കുന്നതിനുള്ള ശക്തിയുക്തമായ നടപടികൾ എടുക്കണമെന്നാണു് എനിക്കു് പറയുവാനുള്ളതു്. അതുകൊണ്ടു് കഴിയുന്നതും വേഗത്തിൽ പ്രവേശനങ്ങൾ തിട്ടപ്പെടുത്തി ഗവണ്മെൻറിൽനിന്നും കൃഷിക്കു കൊടുക്കുവാനുദ്ദേശിച്ചിട്ടുള്ള സ്ഥലങ്ങൾ വേർതിരിച്ചുകൊടുക്കണമെന്നാണു് ഞാൻ പറയുന്നതു്. ഇന്നു ഭൂമിയില്ലാത്തതുകൊണ്ടു് കൃഷിചെയ്യാൻ നിവൃത്തിയില്ലാതെയും കിടപ്പാടമില്ലാതെയും അനേകം ആളുകൾ വിഷമിക്കുന്നുണ്ടെന്നുള്ള വസ്തുത നാം അവഗണിക്കരുതു്. ഇന്നു ഭൂനയബിൽകൊണ്ടുവന്നു കിടപ്പാടമില്ലാത്തവർക്കു് സ്ഥലംകൊടുക്കാൻ ഉദ്ദേശിക്കുന്ന അവസരത്തിൽ നമ്മുടെ വനത്തിനു് യാതൊരു കോട്ടവും കൂടാതെ കൊടുക്കാവുന്ന അനേകം ഏക്കർ ഭൂമിയുണ്ടെന്നുകൂടി നാം മനസ്സിലാക്കണം. പതിവിനും അലോട്ടുമെൻറിനും ഇടയ്ക്കു് ചെറിയ ചെറിയ തുണ്ടുസ്ഥലങ്ങൾ കിടപ്പുണ്ടു്. അതുപോലെതന്നെ വടക്കുകിഴക്കൻതാലൂക്കുകളിൽ കുട്ടിവനങ്ങൾ ഉണ്ടു്. അലോട്ടുമെൻറിൻേറയും പതിവുഭൂമികളുടേയും ഇടയ്ക്കുള്ള വനഭാഗങ്ങൾ കൃഷിചെയ്യാൻ ആവശ്യമുള്ളവർക്കും കിടപ്പാടമില്ലാത്തവർക്കുമായി തിരിച്ചുകൊടുക്കേണ്ടതാണു്. അങ്ങനെ കൃഷിക്കായി കൊടുക്കാനുദ്ദേശിക്കുന്ന ഭൂമി ആളുന്നു തിരിച്ചു വ്യവസ്ഥകൾ തിട്ടപ്പെടുത്തി കൈവശം കൊടുക്കണം.

മലവർഗ്ഗക്കാർക്കു് വനത്തിൽ ഓരോ വിഭാഗം പ്രത്യേകം പ്രത്യേകം എടുത്തു കൃഷിചെയ്യാമെന്നുണ്ടു്. എന്നാൽ ഇന്നവർ വനങ്ങളിലുള്ള വലിയ മരങ്ങളെല്ലാം വെട്ടിനശിപ്പിച്ചുകൊണ്ടിരിക്കയാണു്. ഫാറസ്റ്റ് അധികാരികൾക്കു് കോഴകൊടുത്തു അവർ പല വനങ്ങളിലും

വൃക്ഷങ്ങൾ വെട്ടി കൃഷിനടത്തി വരുന്നുണ്ട്. നാട്ടുകാരും മലവർഗ്ഗക്കാരുടെ സഹായത്തോടുകൂടി വനത്തിൽ കയറി അനേകം ഏക്കർ സ്ഥലത്തു കൃഷിചെയ്തുവരുന്നുണ്ട്. പല മാർഗ്ഗങ്ങളിൽക്കൂടി നമ്മുടെ വനങ്ങൾ നശിപ്പിക്കപ്പെട്ടുവരുന്നതിനെ തടയേണ്ടതു് അടിയന്തിരാവശ്യമാണ്.

മറ്റൊരു കാര്യംകൂടി എനിക്ക് പറയേണ്ടതുണ്ട്. ശ്രീ. കോര കഴിഞ്ഞദിവസം ഇവിടെ ചൂണ്ടിക്കാണിക്കയുണ്ടായി, കുരുമുളകുകൃഷി ഈ നാട്ടിൽ വളരെ അധഃപതിച്ചുകൊണ്ടിരിക്കയാണെന്ന്. നമ്മുടെ രാജ്യത്തിനു ഡാളർക്രെഡിറ്റു ഉണ്ടാക്കിക്കൊടുക്കുന്ന ഈ കൃഷി അധഃപതിച്ചുകൊണ്ടിരിക്കയാണെന്നു നമുക്കെല്ലാം അറിയാം. ഈ കൃഷികൊണ്ടു ഇത്രമാത്രം ഗുണമുണ്ടെന്നു യുദ്ധപരിതഃസ്ഥിതിയോടുകൂടി മാത്രമാണ് ഇവിടെയുള്ളവർ മനസ്സിലാക്കിയതു്. വമ്പിച്ച നേട്ടമുണ്ടാക്കിത്തരുന്ന ഈ കുരുമുളകുകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി നമ്മുടെ ഗവണ്മെൻറു ഒരു ഗവേഷണകേന്ദ്രം തുറക്കേണ്ടതു വളരെ അത്യാവശ്യമാണ്. കുരുമുളകിന്റെ കേന്ദ്രമായ തൊടുപുഴ, മൂവാററുപുഴ, മീനച്ചിൽ തുടങ്ങിയ സ്ഥലങ്ങളിലെ കൃഷിക്കാർ വളരെ നിരാശയോടുകൂടിയാണ് കഴിഞ്ഞുകൂടുന്നതു്. ആ സ്ഥലങ്ങളിൽ ഇന്ന് മുളകുകൃഷിക്കുണ്ടായിരിക്കുന്ന നാശത്തെ അവസാനിപ്പിക്കുന്നതിനായി ഒരു ഗവേഷണകേന്ദ്രം തുടങ്ങേണ്ടതാണ്. ഇതിനു ഏററവും പററിയസ്ഥലം തൊടുപുഴ താലൂക്കിലാണ്. അവിടെ കൃഷിക്കുപയുക്തമായ വളരെ അധികം വനഭൂമികളുണ്ട്. അവിടെ ഒരു ഗവേഷണകേന്ദ്രം ഗവണ്മെൻറുവകയായി തുടങ്ങുന്നതു മൊത്തത്തിൽ നമ്മുടെ രാജ്യത്തിന് ഐശ്വര്യം ഉണ്ടാക്കുന്നതാണ്. നമ്മുടെ നാട്ടിൽ തൊഴിലില്ലായ്മ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. തികച്ചും ഒരു കാർഷികരാജ്യമായ ഈ രാജ്യത്തെ ജനങ്ങൾക്ക് ശാസ്ത്രീയമായി കൃഷിചെയ്യുന്നതിനുള്ള പരിശീലനം നൽകുവാൻ ഒരു കാർഷിക കാളേജ് ഉണ്ടാക്കേണ്ടതു ആവശ്യമാണ്. ഈ വക സംഗതികൾ തുടങ്ങുന്നതിനു സൗകര്യപ്രദമായ പ്രദേശം തൊടുപുഴതാലൂക്കാണ്. വളരെ ഫലപ്രദമായ ഭൂമി അവിടെയുണ്ട്. അതുകൊണ്ടു് ഈ കാര്യങ്ങൾ പ്രത്യേകം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു. വനഭൂമികൾ മിക്കവാറും ടൗണിൽനിന്നും പത്തും പതിനഞ്ചും മൈൽ അകലെയാണ് സ്ഥിതിചെയ്യുന്നതു്. ഈ വനങ്ങളിലേയ്ക്കു് പോകുന്നതിനു ഇപ്പോൾ ഗതാഗതസൗകര്യമില്ല. അതുകൊണ്ടു് ഫാറസ്റ്റ് ഉദ്യോഗസ്ഥന്മാർക്ക് വനത്തിൽ പോയി അവിടെ നടക്കുന്ന അക്രമങ്ങളെപ്പററി പരിശോധിക്കുന്നതിനു സൗകര്യങ്ങൾ കുറവാണ്. വനഭൂമിയിൽ ഉദ്യോഗസ്ഥന്മാരുടെ കൂടുതൽ ശ്രദ്ധപതിയുന്നതിനും കൃഷിക്കാർക്ക് കൃഷിസ്ഥലങ്ങളിൽ സൗകര്യമായി പോകുന്നതിനുമായി റോഡുകൾ ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

ഒരു സംഗതികൂടി പ്രസ്താവിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളാം. ഇക്കൊല്ലം നമ്മുടെ സ്റ്റേററിൽനിന്നും കോയമ്പത്തൂർ കാളേജിൽ ഫാറസ്ററുകോഴ്സിനു് വിദ്യാർത്ഥികളെ തെരഞ്ഞെടുത്തയക്കുകയുണ്ടായി. സാധാരണയായി പരീക്ഷനടത്തി അതിൽ വിജയികളാകുന്നവരെ അയക്കുകയാണ് പതിവു്. ഇന്ന് അതിനു വിപരീതമായ ഒരു നടപടിയാണ് സ്വീകരിച്ചതെന്നറിയുന്നു. പാസ്സാകുന്നവർ 6000 രൂപ ഗവണ്മെൻറിലേയ്ക്കു നൽകുവാൻ തയ്യാറുണ്ടെങ്കിൽമാത്രമേ അയക്കുകയുള്ളു എന്നു തീരുമാനിച്ചതിന്റെ ഫലമായി പരീക്ഷ ജയിച്ചിട്ടും

[ശ്രീ. എ. സി. ചാക്കോ]

പണം കെട്ടിവയ്ക്കുവാൻ സാധിക്കാത്തതുകൊണ്ടു് കോഴ്സിനു പോകാൻ ചിലക്ക് സാധിച്ചിട്ടില്ല. പ്രാപ്തിയെ നോക്കാതെ പണത്തെമാത്രം ലാക്കാക്കി ഇങ്ങനെ ഒരു നടപടി സ്വീകരിച്ചതു് ഈ ഗവണ്മെൻറിനെ സംബന്ധിച്ചിടത്തോളം ഒരു തെററായിപ്പോയെന്നു് ഞാൻ പറഞ്ഞുകൊള്ളുന്നു. നമ്മുടെ രാജ്യത്തിന്റെ വലിയ സമ്പത്തായ വനം സുരക്ഷിതമായി നിലനിൽക്കുന്നതിനുവേണ്ടി അനധികൃതപ്രവേശനങ്ങളെ തടഞ്ഞു ഈ ഡിപ്പാർട്ടുമെൻറിന്റെ പ്രവത്തനം കാര്യക്ഷമമാക്കണമെന്നു് അഭ്യർത്ഥിച്ചുകൊള്ളുന്നു.

Shri P. R. Madhavan Pillai: Sir, I move—

To reduce the total allotment of Rs. 45,52,000 under Demand V by Rs. 101 to impress the Government with the urgency of—

(i) registering the lands occupied by landless peasants in the food production areas and other cultivable lands in the reserve in their favour;

(ii) terminating the rights of all intermediaries who are oppressing landless cultivators with the help of officials of Police, Forest and Survey Departments;

(iii) withdrawing the Reserve Police from these areas;

(iv) stopping the practise of evicting landless cultivators for taungya cultivation;

(v) disreserving and excluding Kodumon Reserve in Kunnathoor taluk from the reserve and giving the same to landless peasants for cultivation.)

സർ, ഈ ഖണ്ഡനോപക്ഷേപം അവതരിപ്പിച്ചുകൊണ്ടു് നമ്മുടെ റിസർവുവനങ്ങളിൽ താമസിക്കുന്ന ലക്ഷക്കണക്കിനുള്ള കർഷകരുടേയും അവരുടെ കുടുംബങ്ങളുടേയും താൽപ്പര്യങ്ങളേയും സംബന്ധിച്ചു ചില കാര്യങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാണു് ഞാനാഗ്രഹിക്കുന്നതു്. നമ്മുടെ ഗവണ്മെൻറു പക്ഷത്തുനിന്നും കിട്ടിയ മറുപടിയിൽനിന്നും മുപ്പത്തിഅയ്യായിരംഏക്കർ ഭൂമി ഭക്ഷ്യോൽപ്പാദനത്തിനായി കൊടുത്തിട്ടുള്ളതായി അറിയാൻ കഴിഞ്ഞു. വാസ്തവത്തിൽ ഇന്നു 35,000 ഏക്കറല്ലാ, അതിന്റെ പത്തോ പന്ത്രണ്ടോ ഇരട്ടി ഭൂമി കർഷകരുടെ പേരിൽ, ഭക്ഷ്യോൽപ്പാദനത്തിന്റെ പേരിൽ കൈവശപ്പെടുത്തി ഭക്ഷ്യോൽപ്പാദനത്തിന്റെ പേരിലും അല്ലാതേയും സ്വന്തം പേരിലാക്കി ചിലർ വച്ചിരിക്കയാണു്. അനുഭവത്തിൽ കർഷകരുടെ കൈവശത്തിലുമാണു്. സർ സി. പി. രാമസ്വാമി അയ്യരുടെ ഗവണ്മെൻറു പറഞ്ഞതുപോലെതന്നെ—കോൺഗ്രസ്സ് ഗവണ്മെൻറ് പറഞ്ഞതുപോലെതന്നെ—ഇവരും കൈവശത്തെപ്പററി പറയുകയാണു്—അധികൃതമെന്നും അനധികൃതമെന്നും ഈ വാക്കുകൾ പറഞ്ഞുകൊണ്ടു് വനപ്രദേശങ്ങളിൽ പ്രവേശിച്ചു കൃഷി ചെയ്തുവരുന്ന ലക്ഷക്കണക്കിനുള്ള കർഷകകുടുംബങ്ങളുടെ അവകാശങ്ങളുടേയും താല്പര്യങ്ങളുടേയു നേക്ക് കണ്ണു് അടയ്ക്കുവാൻ സാദ്ധ്യമല്ലാ എന്നുള്ളതു ഗവണ്മെൻറിനെ അറിയിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ഈ അനധികൃതം എങ്ങിനെയുണ്ടായതാണു് എന്നു അന്വേഷിച്ചുനോക്കുകയാണു് വേണ്ടതു്. ഭക്ഷ്യോൽപ്പാദനത്തിനായി കൊടുത്തിട്ടുള്ളതു

ആർക്കെല്ലാം എങ്ങിനെയെല്ലാം എന്നുകൂടി നാം അറിയാൻ ശ്രമിക്കയും വേണം. ഹിന്ദുമഹാമണ്ഡലത്തിന്റെ പേരിൽ റാന്നിയിൽ വനം കൊടുത്തിട്ടുള്ളതായി പറയുന്നുണ്ട്; അതുപോലെതന്നെ പരസ്പരസഹായസംഘങ്ങൾക്കും ചില കർഷകസംഘങ്ങൾക്കും കൊടുത്തതായും പറയുന്നുണ്ട്. ഒരെങ്കിലും ഒരാൾ ഒരു കടലാസിൽ ഒരു ഒപ്പിട്ടതിനുശേഷം മററു ഇരുനൂററി അൻപതുപേരുടെ ഒപ്പുകൾകൂടി ഷീററിൽ ശേഖരിച്ച് കോൺഗ്രസ്സുമന്ത്രിയുടെ മുമ്പാകെ ചെന്നു രണ്ടോ അഞ്ചോ നാലോ വർഷംമുമ്പ് ഭൂമിയില്ലാത്ത 250 കൃഷിക്കാർക്ക് ഭൂമി തരണം എന്ന് ആവശ്യപ്പെടുന്നു. ആദ്യഒപ്പുകാരന്റെ പേരിൽ ഗവണ്മെൻറിൽനിന്നും ഭൂമി കൊടുക്കുന്നു. ആ ഒപ്പുകാരൻ 250 കർഷകരുടെ പേരിൽ വാങ്ങിയിട്ടുള്ള ഭൂമി ഏററു വാങ്ങിച്ച് ആ ഭൂമിയുടെ എല്ലാം ജന്മിയായിത്തീരുന്നു. ഇങ്ങനെ ഇരുപത്തഞ്ചോ മുപ്പതോ ഏക്കർ ലഭിച്ചിട്ടുള്ള ഒന്നാംപേരുകാരൻ അയാൾക്ക് ന്യായമായി ലഭിക്കാവുന്ന ഭൂമിയുടെ പത്തിരട്ടി കൈവശമാക്കുകയാണ് ചെയ്യുന്നത്. അങ്ങനെ കൈവശപ്പെടുത്തിയ റിസർവ്വ് ഭൂമി പാട്ടത്തിനോ, പാതിവാരത്തിനോ അഡ്വാൻസായി നൂററുക്കണക്കിനു രൂപ വാങ്ങിക്കൊണ്ടു കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഭൂമിയില്ലാതെ അദ്ധ്വാനിക്കുന്ന ഈ നാട്ടിലെ കർഷകർ എല്ലാം തള്ളിക്കയറി ചെന്നപ്പോൾ അവരിൽനിന്നും നൂറും ഇരുനൂറും മുന്നൂറും രൂപാ ഏക്കറിനു വാങ്ങിക്കൊണ്ട് വിൽക്കുകയും ചെയ്തിട്ടുണ്ട്. ഒന്നാം പേരുകാരൻ അവിടെ ഇരുനൂറും മുന്നൂറും രൂപാകൊടുത്തു ആ ഭൂമിയിൽ പ്രവേശിച്ചു കൃഷിചെയ്തവരെയും വിലതന്നെകൊടുത്തു പാട്ടയവകാശം വാങ്ങിയവരെയുമാണ് പി. എസ്സ്. പി. സർക്കാരും, കോൺഗ്രസ്സ് സർക്കാരും സർ സി. പി. യുടെ സർക്കാരും ചെയ്തിരുന്നതുപോലെ വനത്തിൽ അനധികൃതമായി കൈയേറിയവരെന്നു പറയുന്നതും.

ഇനി മറെറാരു തരത്തിൽ അനധികൃത കൈയേററമുണ്ട്. ഭൂമിയില്ലാതെ, കിടപ്പാടമില്ലാതെ വിഷമിക്കുന്ന ലക്ഷക്കണക്കായ കർഷകകുടുംബങ്ങൾ തങ്ങളുടെ ഭാര്യയേയും കുഞ്ഞുങ്ങളേയുംകൊണ്ട് വനത്തിലേക്ക് ചെല്ലുകയാണ്. ഗവണ്മെൻറിന്റെ ചില പ്രഖ്യാപനങ്ങൾ വിശ്വസിച്ചാണ് അവർ ചെല്ലുന്നത്. അവരെ ഫോറസ്ററുദ്യോഗസ്ഥന്മാർ വിളിച്ച് ഭൂമി വേണമെങ്കിൽ തരാം എന്നു പറഞ്ഞു രണ്ടും മൂന്നും ഏക്കർ വനങ്ങളിൽ കാണിച്ചുകൊടുത്തു അവരുടെ നാട്ടിലുള്ള എട്ടോ പത്തോ സെൻറു വിററു കൈവശമുള്ള പണം തട്ടിയെടുക്കുന്നുണ്ട്. ഫോറസ്ററുദ്യോഗസ്ഥന്മാരോ അല്ലെങ്കിൽ ഒന്നാം പേരുകാരൻ മുഖാന്തരമോ ആണ് അനധികൃതമുണ്ടായിട്ടുള്ളത്. ഈ ഒന്നാം പേരുകാരനും ഫോറസ്ററുദ്യോഗസ്ഥന്മാരും കൂടിയാണ് ഈ വനങ്ങളിലെ അനധികൃതകയ്യേററം പടച്ചുണ്ടാക്കിയിട്ടുള്ളത്. പക്ഷേ അതിന്റെ പാപഭാരം പണം കൊടുത്തു വസ്തു നേടിയ സാധുകൃഷിക്കാരൻ താങ്ങണമെന്നാണ് സോഷ്യലിസമയവിറക്കുന്ന ഇപ്പോഴത്തെ സർക്കാർ പറയുന്നത്. ഇന്നു ഫോറസ്ററു ഏരിയായിലേയ്ക്കു നോക്കിക്കൊണ്ട് കോൺട്രാക്റ്റ് ജന്മിമാർക്കും ഫോറസ്ററുകാർക്കും പണം കൊടുത്തു അവിടെ പ്രവേശിച്ച് കൃഷിചെയ്തു ജീവിക്കുന്നവരെ ഇറക്കിവിടുന്നതിനുപകരം, അവിടെ അനധികൃതമോ അധികൃതമോ എന്നുനോക്കാതെ ഭൂമി വേറെയുള്ളവരാണോ മററു ഭൂമിയില്ലാത്ത യഥാർത്ഥകർഷക തൊഴിലാളികളാണോ ചെറുകിടകൃഷിക്കാരാണോ എന്നു പരിശോധിച്ചറിഞ്ഞു ഇറക്കിവിടണമോ എന്നു തീരുമാനിക്കണം.

[ശ്രീ. പി. ആർ. മാധവൻപിള്ള]

ഒരു സെന്റ ഭൂമിപോലും ഇല്ലാത്ത ആളുകൾ അവിടെ ഭൂമി വാങ്ങിച്ചു താമസിക്കുന്നുണ്ടു്. അവരുടെ ഭൂമിയിലുള്ള അവകാശമംഗീകരിക്കണം. ജൂൺ 22-ാംതീയതി പി. എസ്. പി. സർക്കാർ പുറപ്പെടുവിച്ച ആർഡർ അനുസരിച്ചു നോക്കുമ്പോൾ അനധികൃതപ്രവേശനക്കാരെന്നു മുദ്രകുത്തി പാവപ്പെട്ട കർഷകരെ അടിച്ചിറക്കിവിടാൻ പോകുന്നതായി മനസ്സിലാകും. അങ്ങിനെയുള്ള വനഭൂമികളിൽനിന്നും അനധികൃതം എന്നു മുദ്രകുത്തി പാവപ്പെട്ട കർഷകരെ അടിച്ചിറക്കുന്നതിനായി റിസർവുപോലീസിനെയാണു് പി. എസ്. പി. സർക്കാർ അധികാരത്തിൽ വന്നയുടനെ നമ്മുടെ മലനാടുകളിലേയ്ക്കു് അയച്ചിരിക്കുന്നതു്. അങ്ങിനെ റിസർവ്വ് പോലീസിനെ അഴിച്ചുവിട്ടു് അവരുടെ മർദ്ദനം നടത്തുകയാണു് പി. എസ്. പി. സർക്കാർ എന്നുള്ള സംഗതിയും ഈ സഭയെ അറിയിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ഭൂമിയില്ലാത്തവർക്കു് ഭൂമി നൽകുന്നതാണെന്നു് പ്രകടനപത്രികയിലും പ്രസംഗങ്ങളിലും പ്രസ്താവനകളിലും ആവർത്തിച്ചാവർത്തിച്ചു പറഞ്ഞിട്ടുള്ള സോഷ്യലിസ്റ്റ ഗവണ്മെന്റ ന്യായമായി അദ്ധ്വാനിച്ചു ദേഹണ്ഡങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന തങ്ങളുടെ ഭൂമിയിൽ നിന്നും കൃഷിക്കാരെ അടിച്ചിറക്കാനായി റിസർവ്വു പോലീസിനെയാണു് അയച്ചിരിക്കുന്നതു് എന്നുള്ള സംഗതി ജനങ്ങളുടെ കണ്ണു തുറപ്പിക്കാതിരിക്കയില്ല.

റിസർവുവനങ്ങളിലും മററുമായി ഈയിടെ ഒന്നൊന്നരമാസം സഞ്ചരിക്കുവാൻ അവസരം ലഭിച്ച എനിക്കു വനംകൃഷിക്കാരുടെ അവശതകളേയും ആവശ്യങ്ങളേയും നേരിട്ടു മനസ്സിലാക്കുവാൻ കഴിഞ്ഞു. അവർ അനുഭവിക്കുന്ന കഷ്ടതകളും പോലീസിന്റേയും ഫാറസ്റ്റധികാരികളുടേയും മർദ്ദനങ്ങളുമെല്ലാം എനിക്കു് മനസ്സിലാക്കാൻ കഴിഞ്ഞു. അതുകൊണ്ടാണു് അതു വാസ്തവമാണെന്നു ഞാൻ പറഞ്ഞതു്. തികഞ്ഞ ഉത്തരവാദിത്വബോധത്തോടുകൂടിയാണു് വനം കൃഷിക്കാരുടെ അവശതകളെപ്പററി ഞാൻ പറയുന്നതു്. ഇതിലോരോ വരിയും തെളിയിക്കാൻ ഞാൻ തയ്യാറാണു്. എന്താണു് അവിടത്തെ കർഷകർ ചെയ്തിരിക്കുന്നതു്? ഒന്നാംപേരുകാരനും ഫാറസ്റ്റ് അധികാരികളും ചേർന്നാണു് കൃഷിക്കാരെ പററിച്ചതു്. അങ്ങനെയുള്ള വഞ്ചകന്മാർക്കു ഇനിയും ആ ഭൂമിയിൽ അവകാശം കൊടുക്കുന്നതിനു ശ്രമിക്കുന്നതുകൊണ്ടാണു് ഈ കുഴപ്പങ്ങളെല്ലാമുണ്ടായിട്ടുള്ളതു്. ഇത്തരക്കാരുടെ ഒരു ലിസ്ററുവേണമെങ്കിൽ തരാൻ ഞാൻ തയ്യാറാണു്. അവിടെയുള്ള കൃഷിക്കാരുടെ ഭാഷയിൽ പറഞ്ഞാൽ ഖദറിട്ട കാട്ടാനകൾ കൃഷിക്കാരെ ചവുട്ടി മെതിക്കയാണവിടെ. മർദ്ദകന്മാരായ കൺട്രാക്ററന്മാരോടു ചേർന്നു കൃഷിക്കാരെ ദ്രോഹിക്കാൻ അവിടത്തെ റിസർവുപോലീസും ഫാറസ്റ്റധികാരികളും സവ്യസാചികളായി..., സവ്യസന്മാരും ഒററക്കെട്ടായി നിൽക്കുകയാണു്. കോന്നിയിൽ ഒരു ഫാറസ്റ്റർ നാരായണൻ എന്നയാൾ കർഷകരെ മർദ്ദിക്കുക ഒരു തൊഴിലാക്കിയിരിക്കയാണു്. ഫാറസ്ററുദ്യോഗസ്ഥന്മാർക്കു ആളുകളെ തല്ലാനുള്ള അധികാരം നൽകിയിട്ടുണ്ടോ എന്നെനിക്കറിവില്ല. എത്ര പരാതികൾ ഉണ്ടായിട്ടും റിസർവ്വുപോലീസും നാരായണനും വന്മർദ്ദനം നടത്തുകയാണു്.

വനഭൂമി കൊടുക്കുന്നതു് ആർക്കുവേണമെന്നുള്ളതു് ഗൗരവമായി ചിന്തിക്കേണ്ട ഒരു പ്രശ്നമാണു്. നൂറുകണക്കിനും അഞ്ഞൂറുകണക്കിനും ഭൂമി ഉള്ളവർക്കു കൊടുക്കണോ അതോ ഒരു സെന്റ ഭൂമിപോലുമില്ലാത്തവർക്കു

കൊടുക്കണോ എന്നു ചിന്തിക്കേണ്ടതാണു്. അനധികൃതപ്രവേശനക്കാരെന്നു പറഞ്ഞു് അവരെ ഇറക്കിവിടാൻ പാടില്ല. അതിനി സാദ്ധ്യവുമല്ല. അവിടെനിന്നു പുറത്താക്കേണ്ടതു മററു ഭൂമിയുള്ള പ്രവേശനക്കാരെയാണു്.

അങ്ങിനെയുള്ള ഭൂമിയുള്ള വനം കയ്യേററക്കാരെ ഒഴിപ്പിച്ചു യഥാർത്ഥ കൃഷിക്കാർക്കു് ഒരു കുടുംബത്തിനു 5 ഏക്കർ എന്ന കണക്കിനു അവർ താമസിച്ചു കൃഷിചെയ്യുന്ന ഭൂമിതന്നെ നൽകുകയാണു് ഗവണ്മെൻറ ചെയ്യേണ്ടതു്. കർഷകപരസ്പരസഹായസംഘങ്ങൾക്കേ മേലാൽ ഭൂമി നല്കുകയുള്ളുവെന്നു ജൂൺ 22-ാംതീയതിയിലെ ഓർഡറിൽ പറയുന്നു. ഭൂമി കിട്ടാൻ സംഘമുണ്ടാക്കണമെന്നു പറഞ്ഞാൽ സംഘം ഉണ്ടാവുന്നതു കൃഷിക്കാരുടെ സ്വാഭിപ്രായമനുസരിച്ചല്ലെന്നു വ്യക്തമല്ലേ? ഈ സൗകര്യം നോക്കി ജന്മിമാർ കള്ളക്കൂട്ടത്തിലടിച്ചു കർഷകസംഘങ്ങളുണ്ടാക്കി വനഭൂമി കയ്യിലാക്കാനാണു് എളുപ്പം. കുടിമൂന്തകള്ളന്മാരായ ജന്മിമാരുടെ വ്യാജകർഷകസഹകരണസംഘങ്ങൾക്കു ഭൂമിനൽകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതായിട്ടുണ്ടു്. അതുപോലെ തന്നെ മറെറാരു കാര്യമുള്ളതു ഉദ്യോഗസ്ഥന്മാർ മുഖാന്തരം ഭൂമി പുനർവിതരണം ചെയ്യരുതെന്നാണു്. കർഷകക്കമ്മിററികൾ മുഖാന്തരം ഭൂമി പുനർവിതരണം നടത്തിയേ കുഴപ്പം പരിഹരിക്കാനാവുകയുള്ളു.

മറെറാരു സംഗതികൂടി പറയാനുള്ളതു് അവിടെ കർഷകരെ മർദ്ദിച്ചുകൊണ്ടിരിക്കുന്ന റിസർവുപോലീസിനെ ഉടനെ അവിടെനിന്നും പിൻവലിക്കണമെന്നാണു്. ഇന്നാണെങ്കിൽ ഫോറസ്ററുദ്യോഗസ്ഥന്മാരിൽനിന്നും മററും കിട്ടിയ അനുവാദത്തോടുകൂടി വനങ്ങളിലും പുറമ്പോക്കു സ്ഥലങ്ങളിലും കൃഷിചെയ്യുന്നവരെ മർദ്ദിച്ചും ഭയപ്പെടുത്തിയും, ഒഴിപ്പിച്ചു ടാങ്കിയാ കൾട്ടിവേഷൻ നടത്താനെന്നപേരിൽ അവരുടെ കൃഷി മുഴുവൻ നശിപ്പിക്കാൻ ഗവണ്മെൻറ ശ്രമിക്കയാണു്. ഇത്തരം ടാങ്കിയാ കൾട്ടിവേഷൻ കൊണ്ടു് പാവപ്പെട്ട കർഷകർക്കു് ഉപദ്രവം ഉണ്ടാകാതെ പ്രത്യേകം സൂക്ഷിക്കേണ്ടതാണു്.

മറെറാരു സംഗതി പറയാനുള്ളതു് ഈ രാജ്യത്തു് ഈ കൺട്രാക്ടർമാരിൽനിന്നും ഫോറസ്ററ് അധികൃതരിൽനിന്നും സർവ്വേ അധികാരികളിൽനിന്നും മർദ്ദനമേററുകൊണ്ടിരിക്കുന്ന കർഷകർക്കു് ഒരു ആശ്വാസം നൽകുന്നതിനോടൊപ്പം ഇത്തരം അക്രമങ്ങൾ കാട്ടിക്കൊണ്ടിരിക്കുന്നവർക്കെതിരായി സുശക്തമായ നടപടികൾ ഗവണ്മെൻറ കൈക്കൊള്ളണമെന്നാണു്. പള്ളിവാസലിൽ റാളാക്കാട്ട് എന്ന സ്ഥലത്തു് മുല്ലക്കാനം എസ്റ്റേററമാനേജർ ഒരു രാഘവൻപിള്ള എന്നയാൾ പല തവണ അയാളുടെ എസ്റ്റേററിനു തൊട്ടുകിടക്കുന്ന കുറെ പുറമ്പോക്കു സ്ഥലം കച്ചവടം ചെയ്തിട്ടുണ്ടു്. ഇങ്ങനെ സർക്കാർ ഭൂമി പല തവണ കച്ചവടം ചെയ്തു കഴിഞ്ഞു് പൈസ പോക്കററിലാക്കിക്കഴിഞ്ഞാൽ ആ ഭൂമി വീണ്ടും മററു കൃഷിക്കാർക്കു വില്ക്കയാണു് അയാളുടെ പതിവു്. ഇങ്ങനെ എട്ടോ പത്തോ തവണ കച്ചവടം നടത്തിയശേഷം പിന്നെയും കച്ചവടം. അതാണയാളുടെ തൊഴിൽ. ഇങ്ങനെ സർക്കാർ ഭൂമി കള്ളക്കച്ചവടം ചെയ്തു അൻപതിനായിരം രൂപയോളം അയാൾക്കു സമ്പാദിക്കുവാൻ കഴിഞ്ഞിട്ടുള്ളതായി അറിവുണ്ടു്. ഈ മനുഷ്യനു കൂട്ടുനിൽക്കുന്നവരാണു് അവിടുത്തെ ഫോറസ്ററഡിപ്പാർട്ടുമെൻറിൽ ഉള്ളവരും, സർവ്വേ ഡിപ്പാർട്ടുമെൻറിലുള്ള

[ശ്രീ. പി. ആർ. മാധവൻപിള്ള]

വരും, പോലീസ് ഡിപ്പാർട്ടുമെന്റിലുള്ളവരും. ഇവരെല്ലാവരും ഒത്തുചേർന്ന് ഇത്തരത്തിലുള്ള കള്ളക്കച്ചവടങ്ങൾ നടത്തി മദ്യപിച്ചു മദോന്മത്തരായി മദിരോത്സവം ആഘോഷിക്കുകയാണ് നമ്മുടെ കാടുകളിൽ. ഇവരുടെ മർദ്ദനത്തിൽനിന്ന് സാധുക്കളായ കൃഷിക്കാരെ രക്ഷിക്കണമെങ്കിൽ, ഒരു മാർഗ്ഗമേയുള്ളൂ. സർവ്വേ പാർട്ടിക്കാർ രാഘവൻപിള്ളയോടു ഭൂമി വാങ്ങിത്താമസിക്കുന്ന കൃഷിക്കാരെ മർദ്ദിച്ചിറക്കിവിടുകയാണ് പതിവ്. ഈ ഇടത്തട്ടുകാരെയും ഈ ഉദ്യോഗസ്ഥന്മാരെയും ഇതിൽനിന്ന് പിൻമാറുവാനും കാട്ടിലെ ഈ കൂട്ടുകെട്ടുനിറുത്തുവാനും സത്വരമായ നടപടി ഗവൺമെന്റു കൈക്കൊള്ളേണ്ടതാണ്.

സർ, ഈ നാട്ടിൽ ഭൂമിയില്ല എന്നൊരു വലിയ പരാതിയുണ്ട്. പല ഉൾനാടുകളിലും വളരെയധികം റിസർവ്വ് ഭൂമി കിടപ്പുണ്ട്. കുന്നത്തൂർ താലൂക്കിൽ 9,000 ഏക്കർ ഭൂമി കൊടുമൺ റിസർവ്വിലുണ്ട്. ഈ സ്ഥലം ഇപ്പോൾ റിസർവ്വായി കിടക്കുകയല്ല; അതു ഒരു വനവുമല്ല. കൃഷിക്കാർ അല്ലാത്തവരും തടിക്കച്ചവടം ഉള്ളവരും തടി കള്ളക്കച്ചവടം ചെയ്യുന്നവരും എല്ലാവരുംകൂടി അവിടെയുള്ള തടി മുഴുവൻ വെട്ടി നശിപ്പിച്ചിരിക്കുകയാണ്. ഇനി അവിടെ വൃക്ഷം വച്ചു പിടിപ്പിക്കുവാൻ പ്രയാസമാണ്. എന്തുകൊണ്ട് വെട്ടി വെളുപ്പിച്ച ആ വനം കൃഷിക്കാർക്കു പതിച്ചു കൊടുത്തുകൂടാ? സർ, അങ്ങയുടെ നിയോജകമണ്ഡലത്തിൽ തന്നെ രണ്ടുമൂന്നു പകുതികളിൽ ഞാൻ ഈയിടെ സഞ്ചരിക്കുയുണ്ടായി. അവിടെ രണ്ടായിരമേക്കർ വീതമുള്ള രണ്ടുമൂന്നു പുൽത്തകിടികൾ റിസർവ്വിൽപ്പെട്ടു കിടപ്പുണ്ട്. ഈ ഭൂമിയും എന്തുകൊണ്ട് കൃഷിക്കാർക്ക് പതിച്ചു കൊടുക്കുന്നില്ലെന്നു ഞാൻ ചോദിക്കുന്നു. ഈ ജൂൺ 22-ാംതീയതിയിലെ ഉത്തരവോടുകൂടി മൂന്നരരൂപയായിയിരുന്ന പാട്ടം ഏഴരരൂപയായി വർദ്ധിപ്പിച്ചു. സോഷ്യലിസ്റ്റ് ഗവൺമെന്റു വന്നതിനുശേഷം ഒരു ശകലം സോഷ്യലിസം ജനങ്ങൾക്കനുഭവിക്കാൻ ഇടവന്നതു് ഇങ്ങനെയാണ്. ഞാൻ പറയുന്നതു് ബേസിക്ടാക്സ് ഈടാക്കുമെന്ന വ്യവസ്ഥയിൽ ഈ ഭൂമികളെല്ലാം ഭൂമിയില്ലാത്ത കർഷകത്തൊഴിലാളികൾക്കു കൊടുക്കണമെന്നാണ്. അങ്ങനെ ഇവിടുത്തെ ഭൂപ്രശ്നത്തിനു ഒരു ചെറിയ പരിഹാരമെങ്കിലും ഉണ്ടാക്കാൻ ഗവൺമെന്റിനു കഴിയണം. പി. എസ്സ്. പി. ക്കാരുടെ ഭൂനയബില്ലുകളെക്കാൾ എത്രയോ മടങ്ങു ആശ്വാസം കൃഷിക്കാർക്കു നൽകുന്ന ഒരു നടപടിയായിരിക്കും ഇതു്. അതുകൊണ്ട് ഗവൺമെന്റ് അപ്രകാരം ചെയ്യുമെന്നു വിശ്വസിക്കുന്നു. ഈ ഉപക്ഷേപത്തിനു് ബഹുമാനപ്പെട്ട എല്ലാ മെംബറന്മാരുടെയും പിൻതുണയുണ്ടാകുമെന്നു വിശ്വസിക്കയും അങ്ങനെ ഇതു പാസ്സാക്കണമെന്നു അഭ്യർത്ഥിക്കുകയും ചെയ്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, തിരുവിതാംകൂറിലെ വനവിഭാഗങ്ങൾ ഇന്ന് ഭൂമുഖത്തിലേക്കുള്ളതിലും വച്ച് പ്രധാനപ്പെട്ട ഒരു വനവിഭാഗമാണ്. നമ്മുടെ സംസ്ഥാനത്ത് ആകെ 9,000 ചതുരശ്രമൈൽ ഭൂമിയാണുള്ളതു്. അതിൽ 5,000 ചതുരശ്രമൈൽ ഭൂമിയെ കൃഷിക്ക് അധീനമായിട്ടുള്ളൂ. ബാക്കിയുള്ള 4,000 ചതുരശ്രമൈൽ സ്ഥലവും, അതായതു് ഏകദേശം 25 ലക്ഷം ഏക്കർ സ്ഥലം കൃഷി ചെയ്യാതെ തരിശായി കാട്ടാന, പുലി, സിംഹം, വ്യാഘ്രം തുടങ്ങിയ

ക്രൂരജന്തുക്കളുടെ വിഹാരരംഗമായിക്കിടക്കുകയാണ് ഇവിടെ വ്യവസായം കുറവാണ്, കൃഷിക്കുവേണ്ട സ്ഥലമില്ല, ജനങ്ങൾ വേലയില്ലാതെ കഷ്ടപ്പെടുന്നു എന്നും മററും ബഹുമാനപ്പെട്ട മെംബറന്മാർ പലരും ഈ സഭയിൽ പ്രസംഗിക്കുകയുണ്ടായി. ഇവിടെയുള്ള ആളുകൾക്ക് വേലകൊടുക്കാൻ ഗവണ്മെൻറ് ആദ്യമായി നോക്കേണ്ടതു് നമ്മുടെ വനങ്ങളിലേക്കാണ്. നമ്മുടെ വനങ്ങൾ, രാമായണത്തിൽ പറഞ്ഞിരിക്കുന്നതുപോലെ

"പമ്പാസരസ്തടം ലോകമനോഹരം
സംപ്രാപ്യ വിസ്മയംപൂണ്ടരുളീടിനാൻ
ക്രോശമാത്രംവിശാലം നയനാമൃതം
ക്ലേശവിനാശനം."

നയനാഭിരാമമായി വിഭവസമൃദ്ധമായി കിടപ്പുണ്ടു്. അതിനു കാരണം കാലവർഷവും തുലാവർഷവും നമുക്ക് ഒന്നുപോലെ അനുകൂലമായി കിട്ടുന്നു എന്നുള്ളതാണ്. ഇൻഡ്യയിൽ ആകെ 25 ഇഞ്ച് മഴ പെയ്യുമ്പോൾ നമുക്ക് 145 ഇഞ്ച് മഴയാണ് ലഭിക്കുന്നതു്. ഇതു് കാലവർഷത്തിന്റെ കണക്കാണ്. തുലാവർഷത്തിലും ധാരാളം മഴ ലഭിക്കുന്നു. ഇതുപോലെ മഴകിട്ടുന്ന ഭൂമി ഭൂമുഖത്തു് മററധികം കാണുകയില്ല. ഈ വനഭൂമിയിൽ നിന്നു് ആയിരം ചതുരശ്രമൈൽ സ്ഥലം എടുത്തു്, അതായതു് ഉദ്ദേശം 6 ലക്ഷം ഏക്കറോളം സ്ഥലം എടുത്തു് നമ്മുടെ നാട്ടിലെ ജനങ്ങൾക്ക് കൃഷിചെയ്യുവാൻ മാററി വയ്ക്കേണ്ടതാണ്. ഏകദേശം മൂന്നു ലക്ഷം കുടുംബങ്ങൾക്ക് ഇതു് ഉപജീവനമാർഗ്ഗമായിത്തീരും. രണ്ടേക്കറിൽ കൂടുതൽ സ്ഥലം ഒരു കൃഷിക്കാരനും കൊടുക്കേണ്ട ആവശ്യമില്ല. ഇങ്ങനെ കൊടുത്തു് അവിടെ ഒരു കാളനി ഏർപ്പെടുത്തുവാനാണ് ശ്രമിക്കേണ്ടതു്. കാളനി ഉണ്ടാക്കുന്നതിനെപ്പററി അടുത്തകാലത്തു് ഞാൻ ഒരു പുസ്തകം എഴുതുകയും പബ്ളിഷ് ചെയ്യുകയും ചെയ്തിട്ടുണ്ടു്. ഒരു ചതുരശ്രമൈൽ സ്ഥലം ഗവണ്മെൻറ് ഒരു കാളനിക്കു വേണ്ടി എടുക്കണം. അവിടെ ജാതിമതാചാരപ്രകാരം ആരാധന നടത്തുവാനായി രണ്ടുമൂന്നു ദേവാലയങ്ങളും ഒരു പള്ളിക്കൂടവും ഒരു ആശുപത്രിയും സ്ഥാപിച്ചുകൊടുക്കണം. ഒരാളിനു് രണ്ടേക്കർ സ്ഥലം വീതം അവരുടെ പതിച്ചുകൊടുക്കണം. ഇങ്ങനെ ആണ്ടുതോറും നാലും അഞ്ചും കാളനികൾ ഏർപ്പെടുത്തുന്നപക്ഷം ഈ ഇൻക്വിലാബ് വിളിച്ചു നടക്കുന്നവരിൽ അനേകംപേർ അവിടെ കയറി താമസിക്കുകയും അങ്ങനെ രാജ്യത്തിനു ശ്രേയസ്സുണ്ടാകുകയും രാജ്യത്തിലെ പട്ടിണി പരിഹരിക്കപ്പെടുകയും ചെയ്യും.

ഇവിടെ വ്യവസായീകരണമൊന്നും വളരെ പുഷ്ടിപ്പെടാൻ പോകുന്നില്ല. ജനങ്ങളെ വ്യവസായങ്ങൾകൊണ്ടുമാത്രം തൃപ്തിപ്പെടുത്തുന്നതിനു് സാധിക്കുകയില്ല. കൊച്ചിയിൽ ഒരു റിഫൈനറി വ്യവസായം നടത്തുന്നതിനു് ഒരു അമേരിക്കൻ കമ്പനി അടുത്തകാലത്തു വന്നിരുന്നു. ഉദ്ദേശം പതിനായിരം ആളുകൾക്ക് ജോലിയുണ്ടാക്കിക്കൊടുക്കുന്ന ഒരു സംരംഭം തുടങ്ങണമെന്നായിരുന്നു അവർ ഉദ്ദേശിച്ചതു്. എന്നാൽ ഇവിടത്തെ ലേബർപ്രശ്നം കേട്ടപ്പോൾ അവർ അതു വേണ്ടെന്നുവയ്ക്കുകയാണുണ്ടായതു്. അതുപോലെ പാലായിൽ പല മോട്ടാർ കമ്പനികൾ ഉണ്ടായിരുന്നു. ഇരുന്നൂറും മുന്നൂറും പേർ അതിൽ ജോലി ചെയ്തിരുന്നു. അതിലെ വേലക്കാർ വഴക്കുണ്ടാക്കി. കമ്പനിയെല്ലാം പൊളിഞ്ഞു. ട്രാൻസ്പോർട്ടിൽത്തന്നെ കുഴപ്പങ്ങൾ ഉണ്ടാകാൻപോകുന്നതായി കേൾക്കുന്നു. തെക്കൻ തിരുവിതാംകൂറിൽ പത്തുനാൽപ്പതിനായിരം പേർക്ക് തൊഴിൽ ഉണ്ടായി

[ശ്രീ. ജോസഫ് ചാഴിക്കാട്ട്]

ആണു. ഒരു വ്യവസായമാണ് ചെത്തുവ്യവസായം. എന്നാൽ ഇവരെ തൊഴിലില്ലാതെ ആക്കിത്തീർക്കുന്നതും ആർക്കും വേണ്ടാത്തതുമായ പ്രൊഹിബിഷൻ വന്നതോടുകൂടി അത്രയും ആളുകൾക്ക് തൊഴിലില്ലാതെ ആയിത്തീർന്നു. പ്രൊഹിബിഷൻ വച്ചുപുലർത്തിക്കൊണ്ടുപോകണമെന്നാണ് ഗവണ്മെന്റ് ഇപ്പോഴും ആഗ്രഹിക്കുന്നതെങ്കിൽ അതു് അബദ്ധമാണെന്നു് ഞാൻ ഈ മന്ത്രിസഭയെ അറിയിക്കുന്നു.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട മെംബർ ഫാറസ്റ്റിനെപ്പററിയാണു് സംസാരിക്കേണ്ടതു്. ഈ പറഞ്ഞതൊന്നും ഇവിടെ സംഗതമാണെന്നു തോന്നുന്നില്ല.

<u>ശ്രീ. ജോസഫ് ചാഴിക്കാട്ട്:</u> സർ, ഇവിടെ തൊഴിലില്ലായ്മ വർദ്ധിച്ചുവരുന്നുണ്ടെങ്കിലും വ്യവസായീകരണം ഫലത്തിൽ തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിനു പകരം വർദ്ധിപ്പിക്കുകയാണു ചെയ്തിട്ടുള്ളതെന്നും അതിനു പരിഹാരമായി ഈ തൊഴിലില്ലാത്തവരെ ഫാറസ്റ്റിലേയ്ക്കു് അയയ്ക്കുകയാണ് വേണ്ടതെന്നും ചൂണ്ടിക്കാണിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാൻ ഇതു പറഞ്ഞതു്.

സർ, ഇന്നു് തെക്കൻതിരുവിതാംകൂറിൽ കാണുന്ന പ്രക്ഷോഭണത്തിനു ഒരു പ്രധാന കാരണം ഈ പ്രൊഹിബിഷൻ അല്ലയോ എന്നു് എനിക്കു സംശയമുണ്ടു്. കിഴക്കൻ മലകളുടെ മുകളിൽ ഞാൻ മുൻപു പറഞ്ഞതുപോലെ മനോഹരമായ ആ വനപ്രദേശങ്ങളിൽ നിന്നും ആയിരം ചതുരശ്രമൈൽ സ്ഥലം എടുത്തു് മൂന്നു ലക്ഷം കുടുംബങ്ങളെ അവിടെ താമസിപ്പിക്കത്തക്കവണ്ണം ഒരു കാളനൈസേഷൻപദ്ധതി ഗവണ്മെന്റു ഉണ്ടാക്കുന്നപക്ഷം ഇവിടെ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയെ നിഷ്പ്രയാസം പരിഹരിക്കാവുന്നതാണ്. ഓരോ ചതുരശ്രമൈൽ സ്ഥലത്തും ഓരോ കാളനി വീതം സ്ഥാപിച്ചു്, കോവാപ്പറേററീവ് ബേസിസിൽ ആയാലും വേണ്ടുകില്ല, കൃഷി ചെയ്യുന്നതിനു് വേണ്ട ഏർപ്പാടു ചെയ്താൽ കായലോരങ്ങളിലും മററും തിങ്ങിത്താമസിക്കുന്നവരിൽ പലരും അവിടെപ്പോയി താമസിച്ചു് അഭിവൃദ്ധിപ്പെടുവാൻ ഇടയാകുന്നതാണ്.

സർ, ഇവിടെ ഇപ്പോൾ ഭൂനയബില്ലുകൾ കൊണ്ടുവരാൻപോകുന്നു എന്നു പറഞ്ഞു. എന്താണ് അതിന്റെ അർത്ഥം? രാവും പകലും കഷ്ടപ്പെട്ടു് അദ്ധ്വാനിച്ചു് വേലചെയ്തു് രാജ്യം പുഷ്ടിപ്പെടുത്തി ജീവിതം കഴിക്കുന്ന ആളുകളിൽ നിന്നും ആ ഭൂമി വേല എടുക്കാതെ വഴിയെ അലഞ്ഞുനടക്കുന്ന ആളുകൾക്കു് കൊടുക്കണമെന്നുള്ള തത്വത്തോടുകൂടി കൊണ്ടുവരുന്ന ഒരു ബില്ലാണു് അതെന്നു ഞാൻ അറിയുന്നു. അതു ശരിയാണെങ്കിൽ ഇവിടെ ഏററവും കൂടുതൽ ഭൂമിയുള്ളതു് സർക്കാരിനാണ്. ആദ്യം സർക്കാരിന്റെ ഭൂമിയിലാണ് കൈവയ്ക്കേണ്ടതു്. സർക്കാരിന്റേതു് എടുത്തതിനുശേഷം തികയാതെവരുന്നതിനു കുടികളിൽ നിന്നും എടുക്കാം. വേലയെടുക്കാത്തവർക്കു് കൊടുക്കേണ്ടഭൂമി വേല എടുത്തുകൊണ്ടിരിക്കുന്നവന്റേതല്ല. അതുകൊണ്ടു് നമ്മുടെ വനങ്ങളിൽനിന്നും ഭൂമിയില്ലാത്തവർക്കു കൃഷിചെയ്വാൻ താൽപ്പര്യമുള്ളവർക്കുമായി ആയിരം ചതുരശ്രമൈൽ സ്ഥലം പതിച്ചുകൊടുക്കണമെന്നാണ് എന്റെ അഭിപ്രായം.

ഇപ്പോൾ വനങ്ങളിൽ കയറി താമസിച്ചിട്ടുള്ള ആളുകളെ ഇറക്കിവിടുവാനുള്ള നടപടികൾ ഗവണ്മെന്റു് എടുക്കുവാൻ പോകുന്നതായി

കേരാക്കുന്നു. അനധികൃതമായി കൈയേറ്റം ചെയ്തിട്ടുള്ളവരുടെ മേൽ നടപടി എടുക്കുന്നതിൽ തെററില്ല. എന്നാൽ ഒരു കാര്യംകൂടി ഗവണ്മെൻറ് ഓർക്കേണ്ടതാണ്. മുൻപിരുന്ന ഗവണ്മെൻറ് ഗ്രോ മോർ ഫുഡിൻെറ പേരിൽ കയറിനെടാ, നെല്ല് ഉണ്ടാക്കിനെടാ എന്നു പറഞ്ഞു ആളുകളെ വനങ്ങളിലേയ്ക്കു തള്ളി അയച്ചിരുന്നു. അവർ വെട്ടുകത്തിയും കുന്താലിയുമായി അവിടെച്ചെന്നു, 'സിംഹവ്യാഘ്രസൂകര സേവിത'മായ ആ വനങ്ങളിൽ കയറി പുലികളോടും കടുവകളോടും മററ കാട്ടുജന്തുക്കളോടും മല്ലിട്ടു, കുറെയൊക്കെ മലമ്പനിയും പിടിച്ചു പാടുപെട്ടു, അവിടവിടെ കുറെ സ്ഥലങ്ങരം കൃഷി ചെയ്തിട്ടുണ്ടു. അവർ തങ്ങരംക്കു കിട്ടിയിരിക്കുന്ന സ്ഥലം സർവ്വെ ചെയ്തിട്ടായിരിക്കുകയില്ല കൃഷി ചെയ്തിരിക്കുന്നതു. സർക്കാർ സർവ്വേചെയ്തു അതിർത്തി നിർണ്ണയിച്ചു കല്ലിട്ടു തിരിച്ചു ഭൂമി കൊടുത്തിട്ടില്ല. അങ്ങനെ കൃഷി ചെയ്തിട്ടുള്ള ആളുകളെ പോലീസുകാർ വന്നു പിടിച്ചുവലിച്ചു വെളിയിലേയ്ക്കു തള്ളുവാൻ ഗവണ്മെൻറ് ഒരിക്കലും ഇടവരുത്തരുതു. ഒരുപക്ഷെ സർവ്വെ ചെയ്തു നോക്കുമ്പോരം പിശകുണ്ടെങ്കിലും അവൻ അവിടെ വേലചെയ്യുവനാണെന്നു ഓർമ്മിക്കണം. വേലചെയ്യുന്ന ഒരു കൃഷിക്കാരൻ തൈകരംക്കു ഇലവന്നോ, കൂമ്പുവന്നോ, ആനച്ചുവടുവന്നോ, ചൊട്ടവന്നോ എന്നു അവൻെറ കുട്ടികരം വളരുന്നതുപോലെ ഉററുനോക്കിക്കൊണ്ടിരിക്കുകയാണു. ഒടുവിൽ അവ ഫലപുഷ്ടിയിലെത്തിയാൽ തനിക്കു അതിൻെറ ആദായം സ്ഥിരമായി ലഭിക്കുമെന്നു വിശ്വസിച്ചുകൊണ്ടാണു അവൻ ദേഹണ്ഡിച്ചിരിക്കുന്നതു. അങ്ങനെ ആത്മാർത്ഥമായി ദേഹണ്ഡം ചെയ്തിട്ടുള്ളവനെ ഒരു കാലത്തും ഇറക്കിവിടരുതെന്നാണു എനിക്കു ഗവണ്മെൻറിനോടു പറയുവാനുള്ളതു. ഇവിടെ സഖാവു ടി. വി. തോമസ് രണ്ടു ദിവസം മുമ്പു പറയുന്നതു കേട്ടു, പ്രതിഫലം കൊടുക്കാതെ ദേഹണ്ഡഭൂമി എടുക്കണമെന്നു. അതു ചെയ്യരുതു, സാദ്ധ്യവുമല്ല.

ഈ വക കാര്യങ്ങളിൽ ഗവണ്മെൻറ് പ്രത്യേകം ശ്രദ്ധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. എൻെറ പാർട്ടി എണ്ണത്തിൽ ഏററവും താഴന്നം വർദ്ധിച്ചിരിക്കുന്ന ഇന്നു എനിക്കു ഇത്രയും പറയുവാൻ അവസരം തന്നതിൽ ബഹുമാനപ്പെട്ട സ്പീക്കർക്കു എൻെറ പ്രത്യേകമായനന്ദിയും ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

ശ്രീ. ടി. പി. സീതാരാമൻ : സർ, ഈ രാജ്യത്തെ ആകെ വിസ്തീർണ്ണത്തിൽ മൂന്നിലൊരുഭാഗം വരുന്ന നമ്മുടെ വനഭൂമി ഈ രാജ്യത്തിൻെറ സമ്പത്ത്കേന്ദ്രമാണെന്നു പറയാൻ ഞാൻ മടിക്കുന്നില്ല. ഇപ്പോരം പല നദീതടപദ്ധതികളും തുടങ്ങിയിരിക്കുന്ന കാലമാണല്ലൊ. മുൻപു വേണ്ടിടത്തോളം വനത്തിൽ മരങ്ങരം ഉണ്ടായിരുന്നതുകൊണ്ടു ഇന്നത്തെപ്പോലെ വെള്ളത്തിനു മുട്ടുണ്ടായിരുന്നില്ല. എന്നാൽ ഇപ്പോരം വനങ്ങളെല്ലാം വെട്ടിത്തെളിച്ചതുകൊണ്ടു വനങ്ങളിൽ വൃക്ഷങ്ങരം വളരെ കുറഞ്ഞുപോയി. ശാസ്ത്രജ്ഞന്മാർ പറയുന്നതു, വർഷകാലങ്ങളിൽ വൃക്ഷങ്ങരം അവയുടെ വേരുകളിൽ വെള്ളം പിടിച്ചുവയ്ക്കുകയും, വേനൽക്കാലത്തു ഉഷ്ണം വർദ്ധിക്കുമ്പോരം അതു ഇവാപ്പറേറ്റുചെയ്തു പല തുള്ളി പെരുവെള്ളമായി പുറത്തേയ്ക്കു വിടുകയും ചെയ്യുന്നതുകൊണ്ടാണു മലകളിൽ ഉറവ ഉണ്ടാകുന്നതു എന്നാണു. അവയാണു പിന്നീടു അരുവികളായും പുഴകളായും മാറുന്നതു. ഇന്നു അരുവികളിലാകട്ടെ, പുഴകളിലാകട്ടെ വെള്ളമില്ല.

[ശ്രീ. ടി. പി. സീതാരാമൻ]

വനങ്ങളിൽ മരങ്ങളില്ലാത്തതാണു് അതിനു കാരണം. അതുകൊണ്ടു് മരങ്ങളില്ലെങ്കിൽ ഈ ജലസേചനപദ്ധതികളൊന്നും പ്രതീക്ഷിക്കുന്ന പ്രയോജനം തരുവാൻപോകുന്നില്ല. നമ്മുടെ രാജ്യത്തിന്റെ സാമ്പത്തികവും വ്യാവസായികവുമായ അഭിവൃദ്ധിക്കു് വനമാണു പ്രധാന കാരണം. അങ്ങനെയുള്ള വനങ്ങളിൽ നിന്നും ലഭിക്കുന്ന വളരെയധികം അസംസ്കൃതസാധനങ്ങൾ കൊണ്ടു് വളരെയധികം വ്യവസായങ്ങൾ നമ്മുടെ രാജ്യത്തു് നടക്കുന്നുണ്ടു്.

സർ, ഇന്നു് ഈ രാജ്യത്തു് ഓരോ വർഷം കഴിയുന്തോറും അസഹ്യമായ ഉഷ്ണം കൂടിക്കൊണ്ടിരിക്കുകയാണു്. ഉഷ്ണം വർദ്ധിക്കുന്തോറും ജനങ്ങളുടെ ആരോഗ്യത്തിനു കുറവുവരികയും, തന്മൂലം രോഗബാധിതരാകുകയും ചെയ്യുന്നു. എന്താണു് ഇതിനു കാരണമെന്നു് നാം ചിന്തിക്കേണ്ടതാണു്. ഭക്ഷ്യോല്പാദനത്തിന്റെപേരിൽ ധാരാളം സ്ഥലം നമ്മുടെ വനങ്ങളിൽ നിന്നും പതിച്ചുകൊടുത്തിട്ടുണ്ടു്. വനങ്ങളിൽ നിന്നും പതിച്ചുകൊടുക്കപ്പെട്ട സ്ഥലങ്ങളിൽ ഉണ്ടായിരുന്ന വൻവൃക്ഷങ്ങളെല്ലാം മുറിച്ചുകളഞ്ഞു്, ആ സ്ഥലങ്ങൾ വെറും മൈതാനംപോലെ ആക്കിയിരിക്കുകയാണു്. കാലാകാലങ്ങളിൽ വർഷം ഉണ്ടാകുന്നതു് നിബിഡമായ വൻവൃക്ഷങ്ങൾ ഉള്ളതുകൊണ്ടാണെന്നു് വളരെ മുൻപിനാലെ നാം പഠിച്ചിട്ടുള്ളതാണു്. എന്നാൽ ഇന്നത്തെ ശീതോഷ്ണാവസ്ഥ ഒന്നു പരിശോധിച്ചുനോക്കുകയാണെങ്കിൽ, പണ്ടെങ്ങും ഉണ്ടായിട്ടില്ലാത്ത വിധത്തിൽ ഉഷ്ണം വർദ്ധിച്ചിട്ടുണ്ടെന്നു കാണാൻ കഴിയും. മരങ്ങൾ ലേലം ചെയ്തു മുറിക്കുന്നതിനും, ടി സ്ഥലത്തു് തക്ക സമയത്തു് മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും സർക്കാരിനു ഒരു പ്ലാനിംഗ് ഇല്ലാത്തതുകൊണ്ടു് കാടു് വർഷന്തോറും കുറഞ്ഞുകുറഞ്ഞു പിന്നോക്കം പൊയ്ക്കൊണ്ടിരിക്കുന്നു. ഈ സ്ഥലങ്ങളിൽ അനധികൃതമായ കയ്യേറ്റം നടന്നിരിക്കുകയാണു്. ഒഴിയേണ്ടിവരുമെന്നുള്ള ഭീതികൊണ്ടും, പണനഷ്ടംകൊണ്ടും പ്രയത്നം യഥാവിധി ഉണ്ടാകുന്നില്ല. മണ്ണുകുത്തിയൊലിച്ചു് അയൽകൃഷിക്കു് ദോഷത്തിനു ഇടവരുത്തുന്നു. സർ, മറ്റൊന്നു് ഗ്രേസിംഗ്ലാൻഡുകളെല്ലാം കൃഷിക്കായി പതിച്ചുകൊടുക്കുന്നുവെന്നുള്ളതാണു്. പരമാർത്ഥത്തിൽ ഗ്രേസിംഗ്ലാൻഡു് ആവശ്യമാണെന്നുള്ള വിചാരത്തോടുകൂടിയാണു് മുൻപിനാലെ ഈ വനസ്ഥലങ്ങൾ കന്നുകാലികൾക്കുവേണ്ടി സൂക്ഷിച്ചിരുന്നതു്. എന്നാൽ ഇന്നു് അതൊക്കെ കൃഷിയുടെ പേരിൽ ഓരോരുത്തർ കയ്യടക്കി വച്ചിരിക്കുകയാണു്. സർ, എത്രതന്നെ ഡ്രൈലാൻഡു് പതിച്ചുകൊടുത്തു് കൃഷിചെയ്തിച്ചാലും, എത്രതന്നെ മരങ്ങൾ വെട്ടിമുറിച്ചു് കൃഷിക്കു ഭൂമികൊടുത്താലും, എത്രതന്നെ കൃഷിഭൂമിയിൽ intensive cultivation നടത്തിയാലും നാം ഉദ്ദേശിക്കുന്നതുപോലുള്ള കാർഷികഫലം ഉണ്ടാകണമെങ്കിൽ നിശ്ചയമായിട്ടും മഴയും അതുപോലെതന്നെ പച്ചിലവളവും ആവശ്യമാണു്. ഇന്നു് കൃഷിക്കു മഴയില്ലെന്നുമാത്രമല്ല, പച്ചിലവളവുമില്ല. ഇത്തരത്തിൽ മുൻപോട്ടുപോകുകയാണെങ്കിൽ, രാജ്യത്തു് എത്രത്തോളം കൃഷി അഭിവൃദ്ധിപ്പെടുമെന്നു് കണ്ടുതന്നെ അറിയേണ്ടതാണു്. വനസംരക്ഷണംകൊണ്ടുദ്ദേശിക്കുന്നതു് പ്രധാനമായിട്ടും കൃഷി പോഷിപ്പിക്കുകയും, വിപുലപ്പെടുത്തുകയുമാണു്. പാശ്ചാത്യരാജ്യങ്ങളായ ക്യാനഡാ, അമേരിക്ക, ജർമ്മനി, ഡെൻമാക്കു് മുതലായ പരിഷ്കൃതരാജ്യങ്ങളിൽ ഒരു 'റൊട്ടേഷൻ സിസ്റ്റം ആഫു് ഫോറസ്ട്രി' നടപ്പാക്കിയിട്ടുണ്ടു്. ആ സിസ്റ്റം നമുക്കും അനു

കരിക്കാവുന്നതാണ്. കൊച്ചിയിൽ കൺസർവേറററായിരുന്ന കുപ്പക്കാട്ട് ശ്രീ. ഗോവിന്ദമേനോൻ ഈ സിസ്റ്റം അവിടെ ആരംഭിച്ചിട്ടുണ്ടായിരുന്നു. വനത്തെ പല ബ്ലോക്കുകളായി തിരിച്ച് കൊല്ലംതോറും ഒരു പ്ലാൻ അനുസരിച്ച് ഒരേ തോതിലുള്ള മരവും വിറകും കിട്ടുമാറാക്കുവാനുള്ള ഒരു പദ്ധതിയാണിത്. മരങ്ങളുടെ ഉദ്ദേശം ആയുസ്സു നിർണ്ണയിച്ച് ടോട്ടൽ ഏക്കറേജിനെ വിഭജിച്ച്, ഓരോ കൊല്ലവും മുറിച്ചുനീക്കേണ്ടതും, പ്ലാൻറു ചെയ്യേണ്ടതുമായ സ്ഥലം തിട്ടപ്പെടുത്തണം. ഉദാഹരണമായി ആകെ 1000 ഏക്കർ സ്ഥലം ഉണ്ടെന്നു നിശ്ചയിക്കുക. അവിടെ മരങ്ങളുടെ ഏകദേശം വയസ്സ് 25 ആണെങ്കിൽ, 1000-ത്തിനെ 25 കൊണ്ടു ഹരിച്ചാൽ 40 കിട്ടും. 25 ബ്ലോക്കുകളായി സർവ്വെ ചെയ്തു തിരിച്ച് ഓരോ കൊല്ലവും 40 ഏക്കർ വീതം മുറിച്ചു നീക്കുകയും, 40 ഏക്കർ വീതം പ്ലാൻറു ചെയ്യുകയും വേണം. 1953-ൽ മുറിച്ചത് 1954-ൽ പ്ലാൻറുചെയ്യുക. 54-ൽ മുറിച്ച 40 ഏക്കറിൽ 55-ൽ പ്ലാൻറുചെയ്യുക. അങ്ങനെ 25 കൊല്ലംകൊണ്ട് ആകെ വനഭൂമിയിൽ മരങ്ങൾ മുറിക്കപ്പെടുകയും പ്ലാൻറുചെയ്യപ്പെടുകയും ചെയ്യപ്പെടും. മരങ്ങൾക്ക് ആവശ്യമുള്ള വളർച്ചയും കിട്ടും. അനാവശ്യമായി പ്ലാൻ ഇല്ലാതെ വൻവൃക്ഷങ്ങൾ വെട്ടിമുറിച്ചു നശിപ്പിക്കുന്ന ഏർപ്പാട് ഒരിക്കലും തുടർന്നുകൊണ്ടുപോകാൻ പാടില്ല. അതു തുടരുന്ന പക്ഷം ജനങ്ങളുടെ ആരോഗ്യത്തെ മാത്രമല്ല, കൃഷിയേയും ബാധിക്കുന്ന ദോഷങ്ങൾ ഉണ്ടാകാനിടയുണ്ടെന്നു ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു.

മറെറാരു കാര്യം പറയാനുള്ളത് വനങ്ങളിൽ അനധികൃതമായി ധാരാളം ആളുകൾ പ്രവേശിച്ച് സ്വന്തമാക്കുന്നതിനെപ്പററിയാണ്. ഈ ഏർപ്പാട് തുടർന്നുകൊണ്ടുപോകുന്നതായാൽ തന്നിമിത്തം ദേശീയവരുമാനം നശിക്കാനിടയാകുന്നതാണ്. അതുകൊണ്ട് ഭവനരഹിതരും, സാധുക്കളുമായ ആളുകൾക്ക് നമ്മുടെ സംസ്ഥാനത്ത് വിസ്തീർണ്ണമായി കിടക്കുന്ന വെറവലാൻഡിൽ ഒരു കാളനൈസേഷൻ പദ്ധതി കോവാപ്പറേററീവ് ബേസിസിൽ ഉണ്ടാക്കി താമസത്തിനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതാണ്. അതേ സമയം അനധികൃതമായി വനങ്ങളിൽ പ്രവേശിച്ചു കയ്യടക്കിവച്ചിരിക്കുന്ന ധനാഢ്യന്മാരിൽ നിന്നും ആ വക ഭൂമികൾ തിരിച്ചെടുക്കുന്നതിന് നടപടികൾ നടത്തേണ്ടതുമാണ്. സർ, ഇന്ന് അനവധി സാധുക്കൾ കിടപ്പാടമില്ലാതെ മലകളിലും കാടുകളിലും പാർക്കുന്നുണ്ട്. വാസ്തവത്തിൽ കയറിക്കിടക്കാൻ സ്ഥലമില്ലാത്തതുകൊണ്ടാണ് അവർ അങ്ങനെ ചെയ്തിട്ടുള്ളത്. രാജ്യത്തെ ഒരു പൗരനെന്ന നിലയ്ക്ക് 5 സെൻറു സ്ഥലമെങ്കിലും ഒരുത്തന് ഗവണ്മെൻറിനോടു ചോദിക്കാനുള്ള അവകാശമുണ്ട്. അതു നാം ഒരിക്കലും വിസ്മരിക്കാൻ പാടില്ല. അതാണ് ഞാൻ പറഞ്ഞത്, അങ്ങനെയുള്ളവർക്കുവേണ്ടി മുൻ പറഞ്ഞ തരത്തിൽ വേണ്ട സൗകര്യം ചെയ്തുകൊടുക്കണമെന്ന്. കാളനൈസേഷൻ പദ്ധതി നടപ്പിൽ വരുന്നതോടുകൂടി പട്ടണങ്ങളിൽ അലഞ്ഞുതിരിയുന്ന സാധുക്കളുടെ തിരക്കും കുറയുന്നതാണ്. സർ, എൻെറ നിയോജകമണ്ഡലത്തിൽ വരന്തരപ്പിള്ളി വില്ലേജിൽ ലക്ഷക്കണക്കിനു ഏക്കറോളം വിസ്താരമേറിയ സമനിരപ്പായ വനഭൂമിയുണ്ട്. കുറുമാലിപ്പുഴ അതിൻെറ നടുവിൽ കൂടി ഒഴുകുന്നു. അതിൻെറ രണ്ടു ഭാഗത്തും അനവധി ഏക്കർ സ്ഥലം നല്ല നിരപ്പായി കിടക്കുകയാണ്. ആ സ്ഥലത്ത് അനവധി ജനങ്ങളെ താമസിപ്പിച്ച് ഒരു കാളനി ഉണ്ടാക്കുവാനുള്ള സാദ്ധ്യതയുണ്ട്. മൂന്നു പൂവ് കൃഷിചെയ്യാനും വിഷമമില്ല. നാട്ടുകാരുടെ

[ശ്രീ. ടി. പി. സീതാരാമൻ]

നിവേദനഫലമായി മുൻഗവണ്മെൻറ് അതിനുവേണ്ട നടപടിയും എടുത്തിരുന്നു. ഈ കാര്യത്തിൽ ഈ ഗവണ്മെൻറിൻെറ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു. വനസംരക്ഷണത്തിൻെറ അശ്രദ്ധകൊണ്ടു് എറോഷൻ ഉണ്ടായിട്ടു് വർഷംവർഷം ധാരാളം മണ്ണൊലിച്ചുപോകുന്നു. ഇതു തടയുന്നതിനുവേണ്ടി വനസംരക്ഷണ ഡിപ്പാർട്ടുമെൻറ് ഒന്നുംചെയ്തുകാണുന്നില്ല. രാജ്യനന്മയെ ഉദ്ദേശിച്ചാണ് വനത്തെ സംരക്ഷിക്കുന്നതെന്നു് അഭിമാനിക്കുന്നുവെങ്കിൽ, ഈ മണ്ണൊലിപ്പു നിറുത്തുന്നതിനുവേണ്ടി ഇനിയെങ്കിലും ഗവണ്മെൻറു് നടപടികൾ നടത്തേണ്ടതാണ്.

അടുത്തതായി വനസംരക്ഷണത്തിനു വേണ്ടി നിയോഗിച്ചിരിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ നിലയെപ്പററിയാണ് പറയാനുള്ളതു്. കുറെ ഫാറസ്റ്ററന്മാരുണ്ടു്. അവരുടെ നില പരിതാപകരമാണ്. അവരെക്കൂടാതെ കുറെയധികം ഗാർഡന്മാരെയും നിയമിച്ചിട്ടുണ്ടു്. ഇവരുടെ കുട്ടികൾക്കു വിദ്യാഭ്യാസംചെയ്യുന്നതിനോ, രോഗചികിത്സ ചെയ്യുന്നതിനോ, കുടുംബമായി താമസിക്കുന്നതിനോ വേണ്ട ഹൗസ് അലവൻസ്, ഹിൽ ട്രാക്ററ് അലവൻസ്, യൂണിഫാറങ്ങൾ മുതലായവ ലഭിക്കുന്നതിന് യാതൊരു സൗകര്യവും ചെയ്തുകൊടുക്കുന്നില്ല. ലക്ഷക്കണക്കിനു വിലവരുന്ന വനം സംരക്ഷിക്കുന്നവരുടെ കാര്യത്തിൽ ഗവണ്മെൻറിൻെറ ശ്രദ്ധ പതിയണമെന്നു ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. സർ, അതേ സമയം എനിക്കു മറെറാരു കാര്യം ഓർമ്മയിൽ വരുന്നു. അതായതു്, തിരുവിതാംകൂർ-കൊച്ചി സംയോജനത്തോടുകൂടി കൊച്ചിയിലെ ഫാറസ്റ്റർമാരെയും, ഗാർഡുകളെയും സംബന്ധിച്ചിടത്തോളം വലിയ ഒരനീതിയാണ് ഗവണ്മെൻറ് കാണിച്ചിട്ടുള്ളതെന്നു പറയാതെ തരമില്ല. ഞാൻ അനീതിയെന്നു പറയുമ്പോൾ, ഞാനോ എൻെറ സുഹൃത്തുക്കളോ പറയുകയല്ല, ഈ വസ്തുത കൊച്ചിയിലുള്ള മിക്കവാറും ആളുകളുടെ ഇടയിൽ ഒരു ഒച്ചപ്പാടായിത്തീർന്നിരിക്കുകയാണ്. സർ, ഈ കാര്യത്തെപ്പററി ഒന്നു സ്റ്റഡി ചെയ്യേണ്ടതാണ്. ഈ സഭയിലെ ഓരോ മെംബറും ഫാറസ്ററു സംയോജനത്തിൽ ഈ ഗവണ്മെൻറു സ്വീകരിച്ച നടപടിക്രമം അറിയേണ്ടതാണ്. കൊച്ചിയിലെ ഈ വക ജീവനക്കാരുടെ ശമ്പളത്തിൽ സംയോജനത്തിനുശേഷം വന്നിട്ടുള്ള വ്യത്യാസത്തെപ്പററി ഞാൻതന്നെ മുഖ്യമന്ത്രിയോടു ചോദിക്കുകയുണ്ടായി. അപ്പോൾ അദ്ദേഹം പറയുകയാണ്, അതെല്ലാം ന്യായമായി ചെയ്തിട്ടുണ്ടെന്നു്. സർ, എനിക്കു് ഇതിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞതു് അദ്ദേഹത്തിനു് ഈ കാര്യത്തെ സംബന്ധിച്ചു് എ, ബി, സി, ഡി പോലും അറിയാൻ കഴിഞ്ഞിട്ടില്ലെന്നാണ്. സർ, ഫാറസ്ററു ഡിപ്പാർട്ടുമെൻറിൽ, തിരുവിതാംകൂർ വിഭാഗത്തു് റേഞ്ചർ, ഡപ്യൂട്ടിറേഞ്ചർ, ഫാറസ്റ്റർ, ഗാർഡു് ഇങ്ങനെ നാലു്; അതായതു് എ, ബി, സി, ഡി എന്ന നിലയിൽ ഗ്രേഡുകളുണ്ടു്. കൊച്ചിയിലും റേഞ്ചർ, ഫാറസ്റ്റർ, ഗാർഡ്, വാച്ചർ എന്നിങ്ങനെ (എ, ബി, സി, ഡി) നാലു ഗ്രേഡുകളുണ്ടു്. രണ്ടുഭാഗത്തും ഈ കേഡറുകളിൽ ഓരോന്നായി ശമ്പളവും പരീക്ഷായോഗ്യതയും, ജോലിയുടെ സ്വഭാവവും ഏതാണ്ടു തുല്യനിലയിലാണ്. അപ്രകാരം തുല്യനിലയിൽ കേഡറുകൾ തമ്മിൽ യോജിപ്പിക്കണം. എ-എയോടും, ബി-ബിയോടും, സി-സിയോടും, ഡി-ഡിയോടും യോജിപ്പിച്ചാൽ ന്യായമായി. സ്വല്പം അററകുററങ്ങൾ ഇരുഭാഗത്തും കാണും. അതു സ്വാഭാവികമാണ്. കൊച്ചിയിലെ

റേഞ്ചറും, തിരുവിതാംകൂറിലെ റേഞ്ചറും equate ചെയ്യാം. അതുപോലെ കൊച്ചി ഫോറസ്റ്ററും, തിരുവിതാംകൂർ ഡപ്യൂട്ടി റേഞ്ചറും equate ചെയ്യാം. കൊച്ചി ഗാർഡും, തിരുവിതാംകൂർ ഫോറസ്റ്ററും equate ചെയ്യാം. കൊച്ചി വാച്ചറും, തിരുവിതാംകൂർ ഗാർഡും equate ചെയ്യാം. ഫോറസ്റ്റ ഡിപ്പാർട്ടുമെന്റിൽ ഏററവും ചെറിയ ശമ്പളക്കാർ കൊച്ചിയിൽ വാച്ചറും, തിരുവിതാംകൂറിൽ ഗാർഡുമാണ്. രണ്ടു കൂട്ടരെയും വകുപ്പദ്ധ്യക്ഷന്മാർ നിയമിച്ചതാണ്. പരീക്ഷായോഗ്യത വേണമെന്നില്ല. കൊച്ചിയിലെ, എസ്. എസ്. എൽ. സി.-യും, ഗാർഡ്സ് ട്രെയിനിംഗും പാസ്സായിട്ടുള്ളവരും, 100 ഉറുപ്പിക ജാമ്യം വച്ചിട്ടുള്ളവരും, ഒരു ബീററിന്റെ സംരക്ഷണവും, 30—35 ക. ശമ്പളവുമുള്ളവരുമായ ഗാർഡ്സിനെ 20 ക. മാത്രം ശമ്പളമുള്ളവരും, ഒരു പരീക്ഷായോഗ്യതയൊ, ട്രെയിനിംഗൊ, ബീററചാർജ്ജൊ ഇല്ലാത്തവരുമായ തിരുവിതാംകൂർ ഗാർഡ്സിനോട് equate ചെയ്തിരിക്കുകയാണ്. ഇതുപോലെ 40—80 ക. ഗ്രേഡിലുള്ളവരും, ഫോറസ്റ്റേഴ്സ് ട്രെയിനിംഗ് കഴിച്ചവരും, സെക്യൂറിററി അടച്ചിട്ടുള്ളവരും, സബ്റേഞ്ച് മേൽനോട്ടവും, ഫോറസ്റ്റ കേസുകൾ നടത്തുന്ന ചുമതലയുമുള്ള കൊച്ചിയിലെ ഫോറസ്റ്റർമാരെ, 24, 27, 30 ക. ശമ്പളം വാങ്ങുന്ന, ട്രെയിനിംഗൊ, സെക്യൂറിററിയൊ നിർബന്ധമില്ലാത്ത, സബ്റേഞ്ച് ചാർജില്ലാത്ത തിരുവിതാംകൂർ ഫോറസ്റ്റർമാരോട് equate ചെയ്തിരിക്കുന്നു. ഓരോ ഗ്രേഡിലും ഇങ്ങനെ അനീതി കാണിച്ചതിനുപുറമെ, ഡിപ്പാർട്ടുമെന്റ്, സർക്കാർ സർവ്വീസിൽ പബ്ലിക്ക്സർവ്വീസ് കമ്മിഷൻ അതാതു കാലത്ത് ആവശ്യാനുസരണം നിയമിച്ച കൊച്ചിയിലെ ഗാർഡുമാരെ ഇൻറിഗ്രേഷൻ ലിസ്റ്റിൽനിന്നും ഒഴിവാക്കിയിരിക്കുന്നു. പിന്നെ പുതിയ ഇൻറിഗ്രേഷൻകാരണം മുൻ ശമ്പളത്തെ അപേക്ഷിച്ച് കൊച്ചി ഫോറസ്റ്റർക്ക് 10 ഉറുപ്പിക നഷ്ടവും ഇവിടത്തെ ഫോറസ്റ്റർക്ക് 6 ക. ലാഭവും അതായത് 16 ക.യുടെ അന്തരം ഉണ്ടാകുന്നു. കൊച്ചി ഗാർഡിന് എട്ടുറുപ്പിക നഷ്ടവും, തിരുവിതാംകൂറിൽ രണ്ടുറുപ്പിക ലാഭവും. സർ, ന്യായത്തിന്റെ കണികപോലും ഇതിലുണ്ടോ? പോരെങ്കിൽ, സ്റ്റേററ് ഇൻറിഗ്രേഷനുശേഷം കൊച്ചി വനം ഉദ്യോഗസ്ഥന്മാർക്ക് ന്യായമായി കിട്ടാവുന്ന ഉദ്യോഗക്കയററം കൊടുത്തിട്ടില്ല. അതെ സമയം പബ്ലിക്ക് സർവ്വീസ് കമ്മീഷനെക്കൊണ്ട് ഫോറസ്റ്റർമാരെ പുതുതായി റിക്രൂട്ടുചെയ്യിച്ച് പത്തും, പന്ത്രണ്ടും കൊല്ലം പഴക്കമുള്ള ഉദ്യോഗസ്ഥന്മാരുടെ അവകാശം നഷ്ടപ്പെടുത്തിയിരിക്കുന്നു. ഇനിയും പലതും ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. എനിക്കു ആകെ പത്തു മിനിട്ടേ തന്നിട്ടുള്ളു. ഈ മാതിരി നഗ്നമായ അനീതി ഇല്ലാതാക്കണം. നിരുപദ്രവികളും, നിരപരാധികളുമായ ഉദ്യോഗസ്ഥന്മാരെക്കൊണ്ട് കോടതി കയററിച്ച് ഗവണ്മെൻറിനും നാട്ടിനും ചീത്തപ്പേര് ഉണ്ടാക്കിക്കരുതെന്ന് ഞാൻ സവിനയം ഉദ്ബോധിപ്പിച്ചുകൊള്ളുന്നു. സർ, ഇതൊരു പ്രാദേശികവാദമായി ഉന്നയിക്കുകയാണെന്നു വിചാരിക്കരുത്. കൊച്ചീക്കാരെ പ്രതിനിധീകരിക്കുന്നതിന് ഇവിടെയൊരു മന്ത്രിയില്ല. കൊച്ചിക്കു മന്ത്രി വേണമൊ, വേണ്ടയൊ, എന്നു തീരുമാനിക്കുവാൻ മുഖ്യമന്ത്രിയും, പി. എസ്. പി.-യുമുണ്ടല്ലൊ. അതേപ്പററി ഇപ്പോൾ ഞാനൊന്നും പറയുന്നില്ല. പി. എസ്. പി.-യിൽ ഉൾപ്പെട്ട കൊച്ചിയിലെ രണ്ടു മെംബറന്മാർ ഉള്ളതിൽ മന്ത്രിയാകാനുള്ള യോഗ്യത ഉണ്ടായിരുന്നാലും, ഇല്ലെങ്കിലും, ഞങ്ങൾ ആ കാര്യം ഇപ്പോൾ ഗൗനിക്കു

[ശ്രീ. ടി. പി. സീതാരാമൻ]

ന്നില്ലെങ്കിലും, കൊച്ചി-തിരുവിതാംകൂർ സംയോജനത്തിനുശേഷം, കൊച്ചിയെസംബന്ധിച്ചിടത്തോളം ഒരു മൈനാറിട്ടിയായിട്ട് അവഗണിച്ചിരിക്കുന്നതു ഒരിക്കലും ശരിയല്ല.

ഫാറസ്റ്റു ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളക്രമത്തെ സംബന്ധിച്ചിടത്തോളം കൊച്ചിയെന്നോ, തിരുവിതാംകൂറെന്നോ പരിഗണിക്കാതെ നിഷ്പക്ഷമായി പ്രവർത്തിക്കേണ്ടതാണ്. ഞാൻ മുമ്പു പറഞ്ഞ നാലു ഗ്രേഡിൽ, മൂന്നിൻേറയും നാലിൻേറയും മദ്ധ്യേ വലിയ ഒരു ഗ്യാപ്പു കിടക്കുന്നു. 45—75 ക. കഴിഞ്ഞാൽ, 125—225 ക. യാണുള്ളതു്. വേണമെങ്കിൽ ഇതിനിടയ്ക്കു ഒരു ഗ്രേഡുണ്ടാക്കി ഈ വ്യത്യാസം പരിഹരിക്കാവുന്നതാണ്. അതിനു ഗവണ്മെൻറു നടപടിയെടുത്തു കാണുവാൻ ആഗ്രഹിക്കുന്നു.

സർ, ഒരു കാര്യം ഞാൻ ഈയവസരത്തിൽ ഗവണ്മെൻറിൻേറ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു. ഉദ്യോഗവിഷയത്തിൽ വരുത്തിയിട്ടുള്ള ഈ അനീതികൾ പരിഹരിച്ചുകിട്ടുന്നതിന് വേണ്ടിവന്നാൽ കോടതിവരെ പോകേണ്ടിവരുമെന്നും, അങ്ങനെയൊരവസ്ഥ ഉണ്ടാക്കാനുള്ള സന്ദർഭം കൊടുക്കരുതെന്നും ഒന്നുകൂടി ഞാൻ ഈയവസരത്തിൽ അനുസ്മരിപ്പിച്ചുകൊള്ളുന്നു. മറെറാരുകാര്യം എനിക്കു പറയാനുള്ളതു്, പബ്ലിക്കു സർവ്വീസു കമ്മീഷൻ റിക്രൂട്ടുചെയ്തിട്ടുള്ള കൊച്ചി വിഭാഗക്കാരെ ഗസററിൽനിന്നും അവരുടെ പേരുകൾ മാററിയിരിക്കുകയാണ്. അങ്ങനെ പ്രവർത്തിച്ചതു എന്തുദ്ദേശത്തോടുകൂടിയാണെന്നു മനസ്സിലാകുന്നില്ല. മാത്രമല്ല, ഏപ്രിൽ ഒന്നാംതീയതി മുതൽക്കാണു സ്ഥിരപ്പെടുത്തുന്നതിനെ സംബന്ധിച്ചുള്ള വ്യവസ്ഥയുണ്ടാക്കിയിട്ടുള്ളതു്. ആ വ്യവസ്ഥയിലും അനീതിയുണ്ടെന്നു എനിക്കു പറയാൻ കഴിയും. സംയോജനക്കരാറായ കവനൻറിനു് എതിരാണിതു്. അതുകൊണ്ടു് ഈ കാര്യങ്ങളെല്ലാം ന്യായത്തിൻേറപേരിൽ പ്രവർത്തിക്കുന്നതിനു് ഈ ഗവണ്മെൻറു ശ്രദ്ധ പതിപ്പിക്കണമെന്നു അപേക്ഷിക്കുന്നു.

സർ, അവസാനമായി എനിക്കു പറയാനുള്ളതു കേന്ദ്ര ഭക്ഷ്യവകുപ്പു മന്ത്രിയായിരുന്ന ശ്രീ. കെ. എം. മുൻഷിയാൽ ആരംഭിക്കപ്പെട്ട വനമഹോത്സവംസംബന്ധിച്ച് നമ്മളെല്ലാവരും മുൻകൈയെടുത്തു പങ്കുകൊള്ളണമെന്നാണ്. അതിൽ രാഷ്ട്രീയ ജാതിമതഭേദംകൂടാതെ എല്ലാവരെയും ഭാഗഭാക്കാകാൻ പ്രേരിപ്പിക്കണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. ഇടിക്കുള ഇടിക്കുള: സർ, ഈ സംസ്ഥാനത്തെ ഭക്ഷ്യനില ഏററവും ഗുരുതരമായ ഒരവസ്ഥയിൽ എത്തിയിരുന്ന കാലഘട്ടത്തിലാണ് മുൻ ഗവണ്മെൻറ് നാലുകൊല്ലത്തെ കാലാവധിക്കു് കൃഷിക്കായി വനഭൂമി പതിച്ചുകൊടുത്തതു്. പക്ഷെ ഭൂമി പതിച്ചുകൊടുത്തുവെങ്കിലും ഭൂമിയുടെ പരിധി നിർണ്ണയിക്കത്തക്കവണ്ണം അളന്നു് കല്ലിട്ടു കൊടുത്തിട്ടില്ലായിരുന്നു. അതുകൊണ്ടു പല കുഴപ്പങ്ങളും ഉണ്ടായിട്ടിട്ടുണ്ടു്. അതായതു് ഭൂമി കിട്ടിയവരെല്ലാം കുറേശ്ശെ കുറേശ്ശെ വികസിപ്പിക്കാൻ തുടങ്ങി. അനധികൃതമായി ഇങ്ങനെയുള്ള വികസനങ്ങൾ ഉണ്ടായിട്ടുണ്ടു്. ഈ കാര്യത്തിൽ ഫാറസ്റ്റുദ്യോഗസ്ഥന്മാരുടെ അനുകൂല്യങ്ങളും അനുമതിയും ഉണ്ടായിരുന്നുവെന്നുള്ളതു് എല്ലാവർക്കും അറിയാവുന്നതാണ്. അങ്ങനെ ഭൂമി കൈവശപ്പെടുത്തുകയും, കൃഷിനടത്തി താമസിച്ചുവരികയും ചെയ്തു.

അങ്ങനെയിരിക്കെ, മുൻപു മുഖ്യമന്ത്രിയായിരുന്ന ശ്രീ. ടി. കെ. നാരായണപിള്ളയുടെ ഭരണകാലത്ത് ആ സ്ഥലങ്ങളിൽ മണ്ണൊലിപ്പുണ്ടാകുന്നതിനെപ്പറ്റി പരാതികളുണ്ടായതിന്റെ ഫലമായിട്ട് അവയെ തടയുന്നതിനുവേണ്ടി ഈട്ടകയ്യാലവയ്ക്കുന്നതിന് ഉത്തരവു കൊടുക്കുകയുണ്ടായി. ഭൂമി കൈവശപ്പെടുത്തിയവരിൽ മിക്കവരും അങ്ങനെ കയ്യാലകൾ വയ്ക്കുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല, ഭൂമി വാങ്ങിച്ചവർതന്നെ ഇനിയും കൂടുതൽ ഭൂമി കൈവശപ്പെടുത്തുകതെന്നുള്ള ഉദ്ദേശത്തിൽ റിസർവ്വ് പോലീസിനെ ആ ഭാഗത്തേയ്ക്കു നിയോഗിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. ഭൂമി കൊടുത്ത കാലത്തുതന്നെ അളന്നു തിരിച്ചുകൊടുക്കാത്തതിനാൽ ഉണ്ടായിട്ടുള്ള വൈഷമ്യങ്ങളെ പുരസ്കരിച്ച് ഈ ഗവൺമെന്റ് ആ സ്ഥലങ്ങൾ അളന്നു തിട്ടപ്പെടുത്തിക്കൊടുക്കുന്നതിനുവേണ്ടി നടപടികൾ എടുത്തുവരികയാണ്. സർ, അതു സന്തോഷാവഹംതന്നെ. എങ്കിലും ഈ കാര്യത്തിൽ ഒരു ഫാറസ്റ്റുദ്യോഗസ്ഥൻ, എന്റെ സ്നേഹിതൻ മി. മാധവൻപിള്ള പറഞ്ഞതുപോലെ ആ സ്ഥലങ്ങളിലുള്ള ആളുകളെ വളരെ ഉപദ്രവിക്കുന്നുവെന്നുമാത്രമല്ല, ദേഹോപദ്രവംകൂടി ഏല്പിക്കുന്നുവെന്നാണ് നാട്ടിൽ പരക്കെയുള്ള വർത്തമാനം. അതിന്മേൽ പല പരാതികളും ഉണ്ടായിട്ടുണ്ട്. റിസർവ്വ് പാർട്ടിയുടെ സഹായത്തോടുകൂടി ഒരു ഫാറസ്റ്റർ നാരായണൻ ആയിരക്കണക്കിന് ആളുകളെ ദിനംപ്രതി ദേഹോപദ്രവം ഏല്പിക്കുന്നുണ്ടെന്നുള്ളതു വാസ്തവമാണ്. ഞാൻ ഇതിനെ സംബന്ധിച്ച് ചീഫ് മിനിസ്റ്ററെ അറിയിച്ചിട്ടുണ്ട്. ഫാറസ്റ്റു മന്ത്രിയുടെ അടുത്ത് ആ ദേശവാസികൾ ഒപ്പിട്ട് ഒരു പരാതി അയച്ചിട്ടുണ്ട്. ആ ഫാറസ്റ്റ് ആഫീസറെ വേറെ ഏതെങ്കിലും സെക്ഷനിലേയ്ക്ക് സ്ഥലം മാറ്റിക്കൊള്ളാമെന്ന് ഞാൻ ആവശ്യപ്പെടാതെ തന്നെ കോന്നി ഡി. എഫ്. ഒ. പറഞ്ഞിട്ടുള്ളതാണ്. എന്നാൽ അദ്ദേഹത്തിന് ഇതുവരെ സ്ഥലംമാറ്റം കൊടുത്തിട്ടില്ല. അദ്ദേഹം പിന്നെയും ആളുകളെ ദേഹോപദ്രവം ചെയ്യുന്നുണ്ട്. ജനങ്ങളുടെ ആവലാതിപ്രകാരം ആ ആഫീസറെ എന്തുകൊണ്ട് ആ സ്ഥലത്തുനിന്നും മാറ്റുന്നില്ല എന്നു ഞാൻ ചോദിക്കുകയുണ്ടായി. ഇപ്പോൾ തലയിൽ കെട്ടിയിരിക്കുന്ന തുവർത്ത് എടുത്തില്ല എന്ന കാരണത്തിന്മേൽ പല ആളുകളേയും അദ്ദേഹം ദേഹോപദ്രവം ഏല്പിച്ചിട്ടുള്ളതായി പറയുന്നുണ്ട്. റിസർവ്വുദ്യോഗസ്ഥന്മാരുടെ അകമ്പടിയോടുകൂടി നിരവധി ആളുകളെ ദേഹോപദ്രവമേല്പിച്ചതായിപ്പറയുന്നുണ്ട്. ആളുകൾ കൂടുതൽ ഭൂമി അനധികൃതമായി കൈവശം വച്ചിട്ടുണ്ടെങ്കിലും റിസർവ് പാർട്ടി അവരോടു മര്യാദയായി പെരുമാറണമെന്നാണ് എനിക്കു പറയുവാനുള്ളത്. ഫാറസ്റ്റുദ്യോഗസ്ഥന്മാർക്ക് ഭൂമി അനധികൃതമായി കൈവശപ്പെടുത്തുന്ന ആളുകളുടെ പേരിൽ നടപടി നടത്തുന്നതിനു ആവശ്യമായ നിയമമുണ്ട്.

കൂടുതൽ ഭൂമി കൈവശം വച്ചിട്ടുള്ള ആളുകളുടെ പക്കൽനിന്ന് അവർക്ക് 5 ഏക്കർഭൂമിമാത്രം കൊടുത്തുകൊണ്ട് ബാക്കിയുള്ളതു ഗവൺമെന്റിലേയ്ക്ക് എടുക്കുന്നതു അഭിലഷണീയമായിരിക്കുമെന്നു തോന്നുന്നു. ഭൂമിയില്ലാത്ത ആളുകളെ അങ്ങിനെയുള്ള സ്ഥലത്ത് കൃഷിചെയ്യുന്നതിനു

[ശ്രീ. ഇടിക്കുള ഇടിക്കുള]

അനുവദിക്കുന്നതു് നന്നായിരിക്കുമെന്നു തോന്നുന്നു. റാന്നിയിൽ ആൾപാർപ്പുള്ള സ്ഥലങ്ങളുടെ മദ്ധ്യത്തിൽ ധാരാളം ഏക്കർ വിസ്താരമുള്ള കുറ്റിവനങ്ങളുണ്ടു്. ആളുകൾ തിങ്ങിപ്പാർക്കുന്നതിനിടയ്ക്കു് ഇങ്ങനെയുള്ള കുറ്റിവനങ്ങൾ സംരക്ഷിച്ചുപോരുന്നതിന്റെ കാരണമെന്താണെന്നു മനസ്സിലാകുന്നില്ല. സർക്കാരിനു ആദായം കിട്ടത്തക്ക യാതൊരു വൃക്ഷങ്ങളും അവിടെയില്ല. അതുകൊണ്ടു് ഇന്നത്തെ കുറ്റിവനങ്ങൾ ആളുകൾക്കു താമസിക്കുവാനും കൃഷിചെയ്യുവാനുംവേണ്ടി പതിച്ചുകൊടുക്കണമെന്നു് ഞാൻ അഭ്യർത്ഥിക്കുന്നു. ഈ കുറ്റിവനങ്ങൾ ഇന്നു് ചില ഫാറസ്റ്റുദ്യോഗസ്ഥന്മാർക്കു കാശു് സമ്പാദിക്കുവാനുള്ള ഒരു മാർഗ്ഗമായിട്ടു് വച്ചുകൊണ്ടിരിക്കുകയാണു്. ഈ വനത്തിൽനിന്നു പച്ചിലകൾ വെട്ടു യെന്നു പറഞ്ഞു ആളുകളുടെ പക്കൽനിന്നും പണം ഈടാക്കിവരുന്നുണ്ടു്. ഇങ്ങിനെയുള്ള കുറ്റിവനങ്ങൾ ഇല്ലാതാക്കിയാൽ ഫാറസ്റ്റുദ്യോഗസ്ഥന്മാരുടെ അഴിമതിയും നിറുത്തുവാൻകഴിയും എന്നുള്ള സംഗതി ഗവണ്മെന്റിനെ അനുസ്മരിപ്പിച്ചുകൊണ്ടു് ഞാൻ വിരമിക്കുന്നു.

ശ്രീ. പി. എം. മക്കോസു്: സർ, ഫാറസ്റ്റു ഡിപ്പാർട്ടുമെന്റിലേക്കുള്ള ഈ ധനാഭ്യർത്ഥനയെ അനുകൂലിച്ചുകൊണ്ടു ആ ഡിപ്പാർട്ടുമെന്റിലെ ഏതാനും ചില ഉദ്യോഗസ്ഥന്മാരുടെ അഴിമതികളെക്കുറിച്ചും പാവപ്പെട്ട കൃഷിക്കാരുടെ വിഷമതകളെല്ലാം തീർക്കുന്നതിനു അടിയന്തിരാവശ്യമായിട്ടുള്ളതു് എന്തെല്ലാമാണു് എന്നുള്ളതിനെക്കുറിച്ചും ചില കാര്യങ്ങൾ ഈ സഭയുടെയും ബഹുമാനപ്പെട്ട ഗവണ്മെന്റിന്റേയും ശ്രദ്ധയിൽ കൊണ്ടുവരണമെന്നു് ഞാൻ വിചാരിക്കുന്നു. സർ, 45,22,000 രൂപ എന്തുവകയ്ക്കാണു് ഈ ഫാറസ്റ്റു ഡിപ്പാർട്ടുമെന്റിനു് അനുവദിക്കുന്നതു് എന്നാണു് ഞാൻ ചോദിക്കുന്നതു്. 1948-ലാണു് റിസർവ്വു് വനങ്ങളിൽ ഭക്ഷ്യോല്പാദനവികസനത്തിനുവേണ്ടി പാവപ്പെട്ടവർക്കും അല്ലാത്തവർക്കും കൃഷി ചെയ്യുന്നതിനു അനുവാദം കൊടുത്തിട്ടുള്ളതു്. കഴിഞ്ഞ ലോകമഹായുദ്ധംമൂലമുണ്ടായ ആപൽക്കരമായ ക്ഷാമത്തിൽനിന്നു രാജ്യത്തേയും രാജ്യത്തെ ജനങ്ങളേയും സംരക്ഷിക്കുന്നതിനുവേണ്ടി നല്ല സദുദ്ദേശത്തോടുകൂടി എടുത്തിരിക്കുന്ന ഒരു പ്രവൃത്തിയാണു് ഇതു്. ഗവണ്മെന്റു ഭാഗത്തുനിന്നുതന്നെയും ആളുകളെ അനധികൃതമായി വനത്തിൽ പ്രവേശിക്കുന്നതിനും അവിടെ പ്രവേശിച്ചു് കാടുവെട്ടിത്തെളിച്ചു് ദേഹണ്ഡങ്ങൾചെയ്തശേഷം അതുപോലെ അവിടെനിന്നും അവരെ ഇറക്കിവിടുന്നതിനും ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നു എന്നാണു് ചില കാര്യങ്ങളെക്കൊണ്ടു് എനിക്കു തോന്നുന്നതു്. ബഹുമാനപ്പെട്ട ചാഴിക്കാടൻ അവർകൾ പറഞ്ഞു, അനധികൃതമായി പ്രവേശിച്ചു് അനേകം ഏക്കർ സ്ഥലം കൈവശം വച്ചിട്ടുള്ളവരെ അവിടെനിന്നു് ഇറക്കിവിടണമെന്നു്. 1948-ൽ പാവപ്പെട്ട കൃഷിക്കാർ വന്യമൃഗങ്ങളുടെ ഇടയിൽക്കയറി വനങ്ങൾ വെട്ടിത്തെളിച്ച അവസരം മുതൽ അവരിൽനിന്നു് ചില ഉദ്യോഗസ്ഥന്മാർക്കു് അഞ്ചേകാലുംകോപ്പും ഉണ്ടു്. എന്തെങ്കിലും കാരണവശാൽ അതു് അവർക്കു കൊടുത്തില്ലെങ്കിൽ അവർ കുറ്റക്കാരായിത്തീരും. പാവപ്പെട്ട ആളുകൾ വനങ്ങളിൽ പ്രവേശിച്ചു് അഹോരാത്രം കഷ്ടപ്പെട്ടതിന്റെ മുതൽ എടുത്തിരിക്കുന്നതു് ചില ഉദ്യോഗസ്ഥന്മാരാണു്. അവരെ സഹായിക്കുന്നതിനു് ചില നേതാക്കന്മാരുമുണ്ടു്. അങ്ങിനെ വനത്തിൽ

പ്രവേശിച്ചു കൃഷി ചെയ്തതുകൊണ്ടു് പാവപ്പെട്ട കൃഷിക്കാർ വളരെ നഷ്ടം സഹിക്കുകയാണു്. ഈ അവസരത്തിലാണു് ബഹുമാനപ്പെട്ട ഗവണ്മെൻറ് റിസർവ്വ വനത്തിൽനിന്നും ഇങ്ങനെയുള്ള സ്ഥലങ്ങൾ തിരിയെ എടുക്കണമെന്നു് പറയുന്നതു്. ആ കല്പനമൂലം പാവപ്പെട്ട ജനങ്ങൾക്കുണ്ടായിട്ടുള്ള വിഷമതകൾ വളരെ ഏറെയാണു്. വളരെ ആളുകൾ അവരുടെ സകല സമ്പാദ്യങ്ങളും അവരുടെ എല്ലാ സൗകര്യങ്ങളും നഷ്ടപ്പെടുത്തി വീടുംവിട്ടു് ഉദ്യോഗസ്ഥന്മാർക്കു കൈക്കൂലിയും കൊടുത്തു് കാട്ടിൽ കൃഷിചെയ്തു വരികയാണു്. വളരെ കഷ്ടപ്പാടുകളൊക്കെ സഹിച്ചു് അവിടെ കൃഷിചെയ്തു ജീവിച്ചുവരുന്നവരെ ഒരുകാലത്തും ഈ ജനകീയ ഗവണ്മെൻറ് അവിടെ നിന്നും ഇറക്കിവിടുകയില്ലെന്നു പറഞ്ഞ ഉറപ്പിന്മേലാണു് പാവപ്പെട്ട കൃഷിക്കാർ അവിടെ കയറിയിട്ടുള്ളതു്. അങ്ങനെയുള്ള പാവപ്പെട്ട കൃഷിക്കാർക്കാണു് ഈ ആപത്തു് അധികമായി വന്നുകൂടിയിരിക്കുന്നതു്. എരുമേലി, മുട്ടപ്പള്ളി, ചാത്തൻതറ എന്നീ വനങ്ങളിൽ മൂന്നു നാലു കൊല്ലമായി കൃഷിചെയ്തു ജീവിച്ചു വരുന്നവരിൽ നാൽപ്പതും, അൻപതും പ്രതികൾ ചേർത്തമാണു് മാസംതോറും ക്രിമിനൽകേസിൽപ്പെട്ടു് കോടതികളിൽ ഇന്നു് ഹാജരായിക്കൊണ്ടിരിക്കുന്നതു്. ശരിയായ വീട്ടുപേരും പേരും ഇല്ലാതെ ഒരുവിധത്തിലുള്ള പേരുംവച്ചു് ആളുകളുടെ പേരിൽ കേസെടുത്തു് ഉദ്യോഗസ്ഥന്മാർ ജനങ്ങളെ ഭയപ്പെടുത്തി വരികയാണു്. ഉദ്യോഗസ്ഥന്മാർക്കു് ജനങ്ങളെ ചൂഷണം ചെയ്യുവാൻവേണ്ടി മാത്രം ഉണ്ടാക്കിയിരിക്കുന്ന കേസ്സുകളാണു്. ഇങ്ങനെയുള്ള കള്ളക്കേസ്സുകൾ ഇല്ലാതാക്കേണ്ടതു് വളരെ ആവശ്യമാണു്. ഇങ്ങനെയുള്ള അനർത്ഥങ്ങൾ തരണം ചെയ്തുകൊണ്ടു് റിസർവ്വ വനങ്ങളിൽ ഒരേക്കറും രണ്ടേക്കറും വീതം സ്ഥലം കൈവശംവച്ചുകൊണ്ടിരിക്കുന്ന പാവപ്പെട്ട ആളുകൾ ഉണ്ടു്. കോളനിയുടെ അടിസ്ഥാനത്തിൽ കൊടുക്കുകയാണെങ്കിൽ 20 സെൻറ ഭൂമിയാണു് അവർക്കു കൊടുക്കാവുന്നതു് എന്നാണു് പറയുന്നതു്. അങ്ങനെ വരികയാണെങ്കിൽ വളരെ ക്ലേശങ്ങൾ സഹിച്ചു് ഇതുവരെ ദേഹണ്ഡിച്ചിരിക്കുന്ന സ്ഥലത്തുനിന്നു് അവർ ഇറങ്ങിപ്പോകുന്നതു് അവർക്കു സങ്കടകരമായിരിക്കും. അനധികൃതമായി വനത്തിൽ പ്രവേശിച്ചു എന്നു പറയുന്നതു് ഒരു കാലും ശരിയല്ല. റിസർവ്വ വനത്തിൽനിന്നു ഒരു ചെറു കമ്പെങ്കിലും വെട്ടിയെടുക്കുന്നതിനു് ഫാറസ്റ്റധികാരികളുടെ സ്വാധീനംകൂടാതെ ഒരുകാലത്തും സാധ്യമല്ലെന്നു എനിക്കു് നേരിട്ടു് അറിയാവുന്ന ഒരു കാര്യമാണു്. വനത്തിൽക്കയറി മരംവെട്ടുകയോ കമ്പു മുറിക്കുകയോ ചെയ്യണമെങ്കിൽ ഇത്ര രൂപ എന്നു് ഒരു പ്രത്യേക നിരക്കുണ്ടെന്നാണു് അവരെ ഫാറസ്റ്റിലെ താഴ്ന്ന ജീവനക്കാർ ഉപദേശിച്ചിരിക്കുന്നതു്. ഞങ്ങൾ കാണിച്ചുതരുന്ന സ്ഥലം രണ്ടേക്കർ നിങ്ങൾ വെട്ടിത്തെളിച്ചു കൊള്ളണം, എനിക്കു് 500 രൂപ തരണം എന്നാണു്. അതു് നിങ്ങൾക്കു കിട്ടുകയാണെങ്കിൽ 2000 രൂപയുടെ വസ്തുവില്ലേ, പിന്നെ എനിക്കു 500 രൂപ തരുന്നതുകൊണ്ടു് നിങ്ങൾക്കു് എന്താണു നഷ്ടം എന്നാണു് ഫാറസ്റ്റു ജീവനക്കാർ അവരോടു പറയുന്നതു്. ഗവണ്മെൻറ് നിങ്ങളുടെ പേരിൽ കേസെടുത്താലും പാവപ്പെട്ടവരുടെ പേരിൽ അതു് നിങ്ങൾക്കു തന്നെ കിട്ടുകയും ചെയ്യും. വനത്തിൽ കയറുന്നതിനു് നിങ്ങളെ ആരെങ്കിലും പ്രേരിപ്പിച്ചിട്ടാണെന്നു പറഞ്ഞാൽ നിങ്ങൾക്കു് വസ്തു കിട്ടുകയും ഇല്ല. ഇങ്ങനെയൊക്കെയുള്ള ഫാറസ്റ്റുദ്യോഗസ്ഥന്മാരുടെ വാക്കു കേട്ടു് പാവപ്പെട്ട ആളുകൾ അവരുടെ സമ്പാദ്യം വിററഴിച്ചു ആ സംഖ്യ ഉദ്യോഗസ്ഥന്മാർക്കു കൊടുത്തു് പല സ്ഥലത്തും കയറിയിട്ടുണ്ടു്. ഇങ്ങനെ

[ശ്രീ. പി. എം. മക്കോസ്]

യുള്ള സാധുജനങ്ങളെ അവരുടെ കഷ്ടപ്പാടുകളിൽ നിന്നും രക്ഷിക്കുന്നതിനുവേണ്ടി കഴിഞ്ഞ കാലങ്ങളിൽ ഗവണ്മെന്റ് പ്രത്യേകം ഒരു നടപടി എടുത്തിട്ടില്ല. എങ്കിലും അതിനുവേണ്ടി ശരിയായ ഒരു നടപടി സ്വീകരിക്കുന്നതിനും നമ്മുടെ ഉദ്യോഗസ്ഥന്മാരെ നിയമം നടത്തുന്നതിനു് ഉപദേശിക്കുന്നതിനും വേണ്ട ഏർപ്പാടുകൾ ചെയ്യണം. ഒരുവശത്തുകൂടി അവർ അവിടെ (വനത്തിൽ) ജനങ്ങളെ പ്രവേശിപ്പിക്കുകയും മറുവശത്തുകൂടി അവരെ തള്ളി ഇറക്കുകയും ചെയ്യുന്നതു് നമ്മുടെ ഗവണ്മെന്റുദ്യോഗസ്ഥന്മാർതന്നെയാണു്. അതു കഷ്ടമാണു്, സർ. കൂടാതെ കൃത്രിമമായി കേസുണ്ടാക്കി പാവങ്ങളെ ഉപദ്രവിക്കുന്നുണ്ടു്. അനേകം ആളുകൾ ഇന്നു് വനത്തിൽ കഴിഞ്ഞുകൂടുന്നുണ്ടു്. കാട്ടുമൃഗങ്ങളോടു പെരുമാറുന്നതിലും വളരെ കഷ്ടമായിട്ടാണു് അവരോടു് ഉദ്യോഗസ്ഥന്മാർ പെരുമാറുന്നതു്. നീതിയും ന്യായവുമുള്ള നടപടി ഗവണ്മെന്റ് കൈക്കൊള്ളുമെങ്കിൽ അതു് വളരെ പുണ്യമായിരിക്കും. ബഹുമാനപ്പെട്ട ഗവണ്മെന്റും ഈ സഭയിലെ ബഹുമാനപ്പെട്ട മെംബറന്മാരും ഇക്കാര്യത്തിൽ അനുകൂലിക്കുകയും വളരെ ക്ഷാമവും കഷ്ടപ്പാടും നിറഞ്ഞ അവസരങ്ങളിൽ റിസർവ് വനത്തിൽ പ്രവേശിച്ച പാവങ്ങളോടു് അക്രമങ്ങൾ തുടരാതിരിക്കുന്നതിനുവേണ്ടിയും കൃത്രിമമായി ഉണ്ടാക്കിയ കേസുകൾ പിൻവലിക്കുകയും ഈ സഭയിൽ നിന്നും വേണ്ടിവന്നാൽ ഒരു കമ്മററി വച്ചു് അതിനെപ്പററി അന്വേഷിച്ചു് വേണ്ടതു് ചെയ്യുകയും വേണമെന്നു് ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: ഗവണ്മെന്റിന്റെ എല്ലാ വകുപ്പിനെപ്പററിയും നിരവധി കുറവുകളും കുററങ്ങളും നിയമസഭയിൽ പറയുന്നതു് സാധാരണയാണു്. വനം വകുപ്പിനെപ്പററി പറയുകയാണെങ്കിൽ ഇതിനൊരു പ്രത്യേകമായ പ്രാധാന്യമുണ്ടു്. വനഭൂമിയെ സംബന്ധിച്ചുള്ള നിയമങ്ങളാണെങ്കിൽ, അതിനകത്തുള്ള അക്രമങ്ങളേയും കൊള്ളയേയും തടയുവാൻ വളരെ അസൗകര്യമുള്ളതുകൊണ്ടു് അതിനകത്തുള്ള അക്രമങ്ങൾ മററു ഡിപ്പാർട്ടുമെന്റുകളിലുള്ളതിനെക്കാൾ വളരെ കൂടുതലാണെന്നും, മറച്ചുവയ്ക്കാൻ സൗകര്യമുള്ളതാണെന്നും ബഹുമാനപ്പെട്ട പല മെംബർമാരും ഓർമ്മിക്കുമല്ലോ. 'ലാ ആഫ് ദി ജംഗിൾ' എന്നു പറഞ്ഞതുപോലെ വനനിയമങ്ങളും വളരെ കർശനമാണെങ്കിലും അതു് പ്രായോഗികരീതിയിൽ ഫലക്ഷമമായി പ്രവർത്തിപ്പിക്കുവാൻ വളരെ വൈഷമ്യമുള്ള ഒന്നാണു്. വനാന്തരങ്ങളിൽ നിയമങ്ങൾ പ്രയോഗത്തിൽ കൊണ്ടുവരുകയെന്നുള്ളതു് വളരെ അസാദ്ധ്യമായ ഒരു കാര്യമാണു്. അവിടെ അക്രമങ്ങൾ നടത്തുന്നതിനെ തടയുവാൻ യാതൊരു നിവൃത്തിയുമില്ലാത്തതാണെന്നു തോന്നും. ഇക്കാര്യത്തിൽ ഗവണ്മെന്റിന്റെ നിസ്സഹായത കണ്ടാൽ ബഹുമാനപ്പെട്ട രാമപുരംമെംബർ പറഞ്ഞതുപോലെ ഝില്ലീഝങ്കാരനാദമണ്ഡിതവും സിംഹവ്യാഘ്രശല്യാദി മൃഗഗണസേവിതവുമായ വനാന്തരങ്ങളിൽ ഉദ്യോഗസ്ഥന്മാരുടെ പ്രൗഢികളൊന്നും നടക്കുകയില്ലെന്നാണു് തോന്നുന്നതു്. നമ്മുടെ തിരുവിതാംകൂർ-കൊച്ചിയിലെ വനസമ്പത്തു് അഭികാമ്യമായിട്ടുള്ളതും അനന്യസുലഭമായിട്ടുള്ളതും ആണെന്നു് വളരെ മുമ്പുതന്നെ നാം കേട്ടുതുടങ്ങിയിട്ടുണ്ടു്. നമ്മുടെ കിഴക്കെ അതിർത്തിയിലുള്ള സഹ്യാദ്രിക്കു കിഴക്കുഭാഗത്തേയ്ക്കു് പോകുമ്പോൾ അവിടെ മൊട്ടക്കുന്നുകളും മററുമാണു കാണുന്നതു്. എന്നാൽ നമ്മുടെ രാജ്യത്താണെ

ങ്കിൽ ധാരാളം വന്യമൃഗങ്ങളും സമൃദ്ധമായ വനസമ്പത്തുമുള്ള നല്ല വനങ്ങളാണുള്ളത്. കൊല്ലത്തുനിന്നും കിഴക്കോട്ടുള്ള യാത്രയിൽ ചെങ്കോട്ടയുടെ പടിഞ്ഞാറും കിഴക്കും പാലക്കാട്ടുവഴി പോകുമ്പോൾ ഇപ്പുറവും അപ്പുറവും കാണുന്ന വനദൃശ്യങ്ങൾ തമ്മിലുള്ള ഭീമമായ അന്തരം ഒന്നുമതി, വനലക്ഷ്മി കേരളലക്ഷ്മിയെ എത്രമാത്രം അനുഗ്രഹിച്ചിട്ടുണ്ടെന്നു കാണുവാൻ. നമ്മുടെ വിഭവ സംരക്ഷണത്തിൽ ഏററവും അത്യാവശ്യമായിട്ടുള്ള ഒന്നാണ് ഈ വനങ്ങൾ. ഈ വനസമ്പത്തിനെ ശരിയായി ഉപയോഗിക്കുകയും അവയെ സംരക്ഷിക്കുന്ന വിഷയത്തിൽ ശരിയായിട്ടുള്ള നിയന്ത്രണം ഉണ്ടാക്കുകയും ചെയ്യേണ്ടതു് വളരെ അത്യാവശ്യമാണ്. വനമഹോത്സവത്തെ സംബന്ധിച്ചാണെങ്കിൽ രണ്ടുമൂന്നുദിവസം അവിടെയും ഇവിടെയുമായി കുറെ മരങ്ങൾ വച്ചുപിടിപ്പിച്ച് ഇവിടെ വനങ്ങളെ സംരക്ഷിക്കുകയാണു ചെയ്യുന്നതെന്നു് വെളിയിലുള്ള ആളുകളെ അറിയിക്കുവാൻവേണ്ടി എന്തെങ്കിലും ചെയ്യുകമാത്രമാണ്. തൈകൾ നടുന്നതിന്റെയും വെള്ളമൊഴിക്കുന്നതിന്റെയും ചിത്രങ്ങൾ പത്രത്തിൽ പ്രസിദ്ധീകരിച്ചതുകൊണ്ടു് വനസമ്പത്തിനെ സംരക്ഷിക്കാൻ സാധിക്കുകയില്ല.

വന്യമൃഗസംരക്ഷണത്തെ സംബന്ധിച്ചു് ഒരുവാക്കു പറയാനുണ്ട്. ഇവിടെ വന്യമൃഗസംരക്ഷകൻ എന്നൊരു ഉദ്യോഗസ്ഥൻ ഉണ്ടുപോലും; അദ്ദേഹത്തിന്റെ ജോലി പതിവായി പ്രഭാതത്തിൽ തോക്കുമെടുത്തു കൊണ്ടുപോയി മൃഗങ്ങളെ വെടിവയ്ക്കുകയാണ്. ഇങ്ങനെയാണ് അദ്ദേഹം വന്യമൃഗസംരക്ഷണം നടത്തുന്നതു്. അതുപോലെ, കൺസർവേറർ നമ്മുടെ രാജ്യത്തെ വനസമ്പത്തുകളെ കൺസർവ് ചെയ്തു് രാജ്യത്തിനു സ്ഥിരമായ ആദായമുണ്ടാക്കുവാനുള്ള ഉദ്യോഗസ്ഥനാണ്. എന്നാൽ അദ്ദേഹം ആ കാര്യത്തിൽ കാര്യമായി ശ്രദ്ധിക്കുന്നുണ്ടോയെന്നുള്ളതു് സംശയമാണ്. ഇവിടത്തെ വനം വകുപ്പ് പ്രവർത്തനത്തിന്റെ അപര്യാപ്തതയേയും വനസമ്പത്തിന്റെ സംരക്ഷണത്തിൽ ഉദ്യോഗസ്ഥന്മാർ കാണിക്കുന്ന ഉദാസീനതയേയുംപ്പററി അടുത്തകാലത്തു് ഈ സ്റ്റേററു സന്ദർശിച്ച കേന്ദ്രത്തിലെ കൺസർവേറർ ജനറലോ മറേറാ പ്രതിപാദിക്കുകയുണ്ടായി എന്നു് കേൾക്കാനിടയായി. അതു് പരമാർത്ഥമാണെങ്കിൽ ഖേദകരമാണ്.

സർ, ഇനി ചില പ്രാദേശികകാര്യങ്ങളെപ്പററി ഒന്നു പ്രതിപാദിച്ചു കൊള്ളട്ടെ. വനങ്ങളിൽനിന്നുള്ള തടികൾവെട്ടി വീയപുരം മുതലായ ഡിപ്പോകളിൽവച്ച് ലേലംചെയ്യുന്ന ഒരു പതിവ് പണ്ടുകാലം മുതലുള്ളതാണ്. എല്ലാറേഞ്ചുകളിലും ഇതാണു പതിവ്. വീയപുരത്തുനിന്ന് തടി ലേലംപിടിക്കുന്നതിന് വടക്കുനിന്നും കിഴക്കുനിന്നും ഇപ്പോഴും ആളുകൾ വന്നുകൊണ്ടിരിക്കുന്നു. എന്നാൽ ഇപ്പോൾ അവർവന്നിട്ട് തിരിയെ നിരാശരായി പോകുന്ന കാഴ്ചയാണു കാണുന്നതു്. വനങ്ങളിലെ തടികൾ എഗ്രിമെന്റ വ്യവസ്ഥപ്രകാരം ഇന്ന ഡിപ്പോവിൽ ഡെലിവെറ കൊടുക്കാമെന്നുള്ള കരാറിൽ കൺട്രാക്ടറന്മാർ കൂപ്പിൽവച്ച് ലേലം വിളിക്കുന്നു. പക്ഷെ, ഡിപ്പോവിൽ കൊണ്ടുവരുന്നതിനുപകരം അവർ കയററിറക്ക് ചിലവു ലാഭത്തെ കരുതി കൂപ്പിൽവച്ചുതന്നെ സൈററ് ഓക്ഷൻ (Site auction) നടത്തുകയും, ഡിപ്പോവിലെ വില്പന ഇല്ലാതാക്കി ഗവണ്മെൻറാദായത്തെ തടയുകയും ചെയ്യുന്നു. വീയപുരം ഡിപ്പോവിൽ പ്രായേണ വളരെ കുറച്ചുതടികളേ വരാറുള്ളു. രണ്ടുമൂന്നുകൊല്ലം മുമ്പുവരെ മുപ്പതിനായിരം തടികൾവരെ ലേലം ചെയ്യാറുന്ന ആ സ്ഥലത്തു്

[ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി]

ഇന്നു് മൂവായിരം തടികൾപോലും വരുന്നില്ല. ആ സമയത്തു്, അതായതു്, ഈ ലേലം വിളിക്കുന്നസമയത്തു് വീയപുരത്തു് ബോട്ടുകളിലും കരകളിലും വരുന്ന ആളുകളുടെ ബഹളമാണു്. ഇപ്പോൾ അതൊന്നും അവിടെയില്ല. അവിടെ വരുന്ന തടികൾ സൂക്ഷിക്കാൻ സ്ഥലമില്ലാത്തതിനാൽ മൂന്നാറുകളുടെയും സംഗമസ്ഥാനമായ വീയപുരത്തു് ഉള്ളിലേക്കുമാറി ചിറകളാൽ ചുററപ്പെട്ടു് മൂന്നാലേക്കർ വിസ്തീർണ്ണം വരുന്ന ഒരുകുളം വാടകയ്ക്കു് ഗവണ്മെൻറിൽനിന്നും എടുത്തതു് ഇന്നു് ശൂന്യമായി കിടക്കുന്നു. അവിടെ തടി വരാറേയില്ല. ഈ കാര്യത്തിൽ ശ്രീ. സി. കേശവൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ മുമ്പിൽ നാട്ടുകാർ ഒരു നിവേദനം നടത്തിയിരുന്നു. വീയപുരത്തു് ഡെലിവെർ ചെയ്യേണ്ട തടികൾ സൈററ്'ഓക്'ഷൻ ചെയ്യരുതെന്നും അവിടെത്തന്നെ കൊണ്ടുചെന്നു് കൊടുക്കണമെന്നും അദ്ദേഹം ഒരു ഓർഡർ പുറപ്പെടുവിച്ചതായി ഞാൻ ഓർക്കുന്നു. അതിൽപ്പിന്നെ യാതൊരു നടപടിയും ഗവണ്മെൻറ് അതിന്മേൽ സ്വീകരിച്ചിട്ടില്ല. ഇങ്ങനെ തടി ലേലം ചെയ്യുന്നതുകൊണ്ടു് അവിടത്തെ പത്തിരുനൂറു സാധുകുടുംബങ്ങൾ, തടി കരയ്ക്കുകയററുകയും ലേലംചെയ്ത തടി ആളുകൾക്കു് എത്തിച്ചുകൊടുക്കുകയും ചെയ്തു് കൂലി വാങ്ങിച്ചു് ഉപജീവിച്ചു വരുന്നുണ്ടായിരുന്നു. അവർക്കു് ഇപ്പോൾ തൊഴിലില്ല. അവിടെ ഈ തൊഴിലാളികൾക്കു് തൊഴിലുണ്ടാക്കിക്കൊടുക്കുന്നതിനുവേണ്ടിയെങ്കിലും ഈ കാര്യത്തിൽ ഗവണ്മെൻറ ശ്രദ്ധിക്കേണ്ടതാണു്. തൊഴിലാളികൾക്കു് തൊഴിലില്ലാതാക്കി പട്ടിണിയിലേയ്ക്കു തള്ളിവിടുന്നതും സർക്കാരിലേയ്ക്കു ലഭിയ്ക്കേണ്ട ആദായം ഭീമമായി ചോർത്തിക്കളയുന്നതുമായ ഈ രീതിയെ മാററുന്നകാര്യത്തിൽ ഗവണ്മെൻറ് പ്രത്യേകം ശ്രദ്ധിക്കണമെന്നു് ഞാൻ അനുസ്മരിപ്പിച്ചുകൊള്ളുന്നു. ഈ കാര്യത്തിൽ ഗവണ്മെൻറ് വേണ്ട പരിഹാരം ഉണ്ടാക്കുമെന്നു് വിശ്വസിച്ചുകൊണ്ടു് അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. പി. ഗോപാലൻ: ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നതു് സഭയുടെ ദൃഷ്ടിക്കു് ഒന്നുരണ്ടു കാര്യങ്ങൾ വിഷയമാക്കേണ്ടതുകൊണ്ടാണു്. സുപ്രസിദ്ധമായ വനമഹോത്സവത്തെപ്പററി എല്ലാവരും കേട്ടിരിക്കും. അതിന്റെ ഉപജ്ഞാതാവും ഉൽഘാടകനും ശ്രീ. കെ. എം. മുൻഷിയാണെന്നാണു് പലരും ധരിച്ചുവച്ചിരിക്കുന്നതു്. വാസ്തവത്തിൽ ഇതിന്റെ ഉപജ്ഞാതാക്കൾ ഇവിടുത്തെ കാൺഗ്രസ്സുകാരാണു്. ദിവാൻ ഭരണം അവസാനിപ്പിച്ചപ്പോഴാണു് ഈ മഹോത്സവം ആരംഭിച്ചതു്. വടക്കൻ പ്രദേശങ്ങളിലാണു് ഉത്സവം പൊടിപൊടിച്ചു നടന്നതു്. കാൺഗ്രസ്സുഭരണം ആരംഭിച്ച അന്നേദിവസം മുതൽ അവരുടെ ബന്ധുക്കളും ചാർച്ചക്കാരും വനങ്ങളിൽ പ്രവേശിക്കുവാൻ തുടങ്ങി. അവർ ഒരു മഹോത്സവം തന്നെ വനാന്തരങ്ങളിൽ നടത്തി. ആ മഹോത്സവത്തിന്റെ പള്ളിവേട്ടയും ഏതാണ്ടു കഴിഞ്ഞിരിക്കുകയാണു്. കാൺഗ്രസ്സിന്റെ പരിഷ്കരിച്ച പതിപ്പായ പി. എസ്സ്. പി. ഗവണ്മെൻറ് ആ മഹോത്സവത്തിന്റെ ലാഭനഷ്ടങ്ങൾ തിട്ടപ്പെടുത്തുകയാണു്. ഒരു കാര്യം തീർത്തു പറയുവാൻ കഴിയും. അതിന്റെ ലാഭം മുഴുവൻ കാൺഗ്രസ്സുഭരണാധികാരികളും അവരുടെ അനുയായികളും തട്ടിക്കൊണ്ടുപോയി. സ്റ്റേററിനു് നികത്താനാവാത്ത നഷ്ടമാണിതുമൂലം ഉണ്ടായിട്ടുള്ളതു്. നല്ല തടികൾ

മുഴുവൻ വെട്ടി നശിപ്പിച്ചുകഴിഞ്ഞു. ഈ വന നശീകരണം മൂലം വരാവുന്ന ഭവിഷ്യത്തുകളെപ്പററി ആലോചിക്കുമ്പോൾ ആർക്കും ഭയാശങ്കകൾ ജനിച്ചുപോകും. വിദഗ്ദ്ധന്മാരുടെ അഭിപ്രായമനുസരിച്ച്, വന നശീകരണം മൂലം മഴക്കുറവും, മണ്ണൊലിപ്പും, കൃഷിനാശവും ഉണ്ടാകാനിടയുണ്ട്. എന്നുമാത്രമല്ല, നദികൾ നികന്നുപോകുകയും വേനൽക്കാലങ്ങളിൽ വെള്ളം വററിപ്പോകുകയും കാലക്രമേണ അപ്രത്യക്ഷമാകുകയും ചെയ്യും. കൃഷിക്കും മററു വ്യവസായങ്ങൾക്കും സാരമായ തടസ്സം നേരിടുന്നതാണ്. ഇതിനെപ്പററിയുള്ള ഒരു റിപ്പോർട്ട് സെൻസസ്സ് റിപ്പോർട്ടിൽനിന്നും ഞാൻ വായിക്കുന്നു. ഇതു് സഭയുടെ ശ്രദ്ധയിൽപ്പെടുമെന്നു വിശ്വസിക്കുന്നു.

"On the vexed question of the inter-relationship between forests and rainfall, the Conservator, referring to a Note on "The influence of Forests on the Storage and Regulation of Water Supply" by S. Eardley Willmot of the Indian Forest Service, says :—

> "It will be seen therefrom that not only is the maintenance of forest areas essential in the interests of rainfall and consequently of agriculture, but that more important perhaps than these—the destruction and denudation of timber-clad hill slopes would give rise to floods, (avalanches), silting up of rivers and streams, and even the disappearance of several sources of water supply..........I may add that, despite controversial opinion on this subject matter, there can be no doubt,
>
> (i) that forests exert an influence on the regulation of rainfall;
>
> (ii) that destruction of forests would eventually lead to floods, silting up of rivers, and the drying up or disappearance of streams, etc.;
>
> (iii) that many forest-clad countries have suffered immensely owing to denudation of hill slopes and that several countries that have been so affected are spending large sums of money to repair the damages and the results of past neglect, and last but not least;
>
> (iv) that agriculture mainly depends on the preservation of forests areas and the protection and safety of its waterways etc."

അപ്പോൾ നമ്മുടെ സ്റ്റേററിന് വളരെയധികം ആദായം സമ്പാദിച്ചുതരുന്ന വനവിഭവങ്ങൾ നശിക്കുമെന്നുമാത്രമല്ല നാടിന്റെ നിലനിൽപ്പുതന്നെ അപകടത്തിലാകുന്ന ഒരു സ്ഥിതിയാണ് ഈ മഹോത്സവം വരുത്തിവച്ചതു്. അതുകൊണ്ട് വനങ്ങളെ സംബന്ധിച്ച്, നമ്മുടെ ഏററവും വലിയ സമ്പത്തായ വനങ്ങളെ സംബന്ധിച്ച്, എനിക്കു പറയുവാനുള്ളതു്, അവയെ സംരക്ഷിക്കുന്നതിനു വേണ്ട സംരംഭങ്ങൾ ഉടൻ ഗവണ്മെൻറ് എടുക്കണമെന്നാണ്.

[ശ്രീ. പി ഗോപാലൻ]

രണ്ടാമതായി ചൂണ്ടിക്കാണിക്കുവാനുള്ളതു് നമ്മുടെ വനങ്ങളിൽനിന്നു് വളരെയധികം തടി വിറകായിട്ടും മററു രൂപത്തിലും അനധികൃതമായി കടത്തിക്കൊണ്ടു പോകുന്നതു സംബന്ധിച്ചു് ഏതെങ്കിലും ഒരു വ്യവസ്ഥ ഗവണ്മെൻറു് ചെയ്യേണ്ടതാണു്.

വനത്തിൽനിന്നും ഈററ, മുള, ഇവ വെട്ടുന്നതിനുള്ള അധികാരം അവർ ദുർവിനിയോഗം ചെയ്യുതായി പല പരാതികളും ഉണ്ടായിട്ടുണ്ടു്. ഒരുദാഹരണം പറയാം. ഒരിക്കൽ പേപ്പർ മില്ലുകാർ വെട്ടി ശേഖരിച്ചു് ഉണക്കാനിട്ട ഈററ മുഴുവൻ വെന്തുപോയി. എന്നാൽ അത്രയും ഈററ വനത്തിൽനിന്നും സൗജന്യമായി വെട്ടാനുള്ള അനുവാദം ഫാറസ്റ്റ് അധികൃതരുടെ സഹായത്തോടുകൂടി അവർ സമ്പാദിച്ചു. അതേപ്പററി വേണ്ട അന്വേഷണം നടത്തേണ്ടതാണു്.

വനങ്ങളിൽനിന്നും വിറകു വെട്ടാനുള്ള അനുവാദം വാങ്ങി വിലപിടിപ്പുള്ള തടികൾ വെട്ടിയെടുത്തുകൊണ്ടു പോകുക സാധാരണമാണു്. വിറകെന്ന പേരിൽ നല്ലയിനം തടികൾ കച്ചവടക്കാൎക്കു കൊടുത്തു് കോഴ വാങ്ങുന്ന സമ്പ്രദായവും ഫാറസ്ററുദ്യോഗസ്ഥന്മാൎക്കുണ്ടു്.

അതുപോലെതന്നെ പുനലൂർ പ്ലൈവുഡ് ഫാക്ടറിക്കു് വിറകു കൊടുക്കുന്ന സമ്പ്രദായം വളരെയധികം നഷ്ടമാണെന്നാണു് കാണുന്നതു്. ആ കൺട്രാക്ടുമൂലം ഗവണ്മെൻറു് വളരെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണു്. കൺട്രാക്ടുസിസ്ററം അവസാനിപ്പിക്കേണ്ടതാണു്. ഈ വക കാൎയ്യങ്ങളിൽ ഗവണ്മെൻറിനു നഷ്ടം വരാതിരിക്കത്തക്ക നിലയിൽ വേണ്ട ഏൎപ്പാടുകൾ ചെയ്യണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

വനഭൂമികളെ സംബന്ധിച്ചിടത്തോളം വളരെ അധികം മെമ്പറന്മാർ സംസാരിച്ചുകഴിഞ്ഞ സ്ഥിതിക്കു് ആ വിഷയത്തെക്കുറിച്ചു് ദീർഘമായി എന്തെങ്കിലും പറയണമെന്നു് ഞാൻ വിചാരിക്കുന്നില്ല. എന്നാൽ ഒരു കാൎയ്യം ഗവണ്മെൻറു ചെയ്യണമെന്നു് എനിക്കു് അഭിപ്രായമുണ്ടു്. പല പണക്കാരും അനധികൃതമായി സ്ഥലം കൈവശപ്പെടുത്തിയിട്ടുണ്ടു്. പല പാവങ്ങളുടേയും പേരുവച്ചു് സംഘം ഉണ്ടാക്കി സ്ഥലം കൈവശപ്പെടുത്തിയവർ വളരെയുണ്ടു്. അതുപോലെ തുച്ഛമായ വില പാവങ്ങൾക്കു കൊടുത്തു് കുടികിടപ്പാട്ടവസ്തു കൈവശപ്പെടുത്തുന്ന സമ്പ്രദായവുമുണ്ടു്. ഇവിടങ്ങളിൽ സാൎവ്വത്രികമായിരിക്കുന്ന കുടിയിറക്കുകൾക്കും മററു ഭീഷണികൾക്കും പരിഹാരം ഉണ്ടാക്കുകയും വേണം. അനധികൃതമായോ, അധികൃതമായോ കയ്യടക്കിയിട്ടുള്ള ഭൂമികൾ പരിശോധിച്ചു അൎഹിക്കുന്ന കൃഷിക്കാൎക്കു കൊടുക്കുന്നതിലേയ്ക്കു് ജനപ്രതിനിധികൾ കൂടി ഉൾപ്പെട്ട ജനകീയകമ്മിററികൾ ഉണ്ടാക്കണമെന്നു് ഞാൻ അഭിപ്രായപ്പെടുന്നു.

നമ്മുടെ വനസമ്പത്തുകൊണ്ടു് വളരെ അധികം കുടിൽവ്യവസായങ്ങൾ നടത്തുന്നതിനുള്ള സാദ്ധ്യതകളുമുണ്ടു്. ശ്രീ. ടി. കെ. നാരായണപിള്ള ഇയ്യിടെ പ്രധാനമന്ത്രിയായിരുന്നകാലത്തു് ജപ്പാനിൽനിന്നും ഒരു കുടിൽവ്യവസായ വിദഗ്ദ്ധൻ ഇവിടെ വരികയും നമ്മുടെ വനങ്ങളിലുള്ള വിഭവങ്ങൾ കണ്ടശേഷം വളരെയധികം വ്യവസായ വികസനപദ്ധതികൾക്കു് സാദ്ധ്യതകളുണ്ടെന്നു പ്രസ്താവിക്കയും ചെയ്തിട്ടുണ്ടു്. ഇത്രയധികം വനവിഭവങ്ങളുള്ള നമ്മുടെ നാട്ടിൽ പട്ടിണിയും തൊഴിലില്ലാ

യ്മയും ഉണ്ടെന്നു പറയുന്നതിന്റെ അർത്ഥം അദ്ദേഹത്തിനു മനസ്സിലാക്കാൻ കഴിയുന്നില്ലെന്നും പ്രസ്താവിച്ചിരുന്നു. ഇവിടെയുള്ള ചൂരൽ, മുള, തടി, ഈറ, നാരു്, സുഗന്ധദ്രവ്യങ്ങൾ, അരക്കു്, തേൻ, ഇഞ്ചി, പഴവർഗ്ഗങ്ങൾ മുതലായ സാധനങ്ങൾകൊണ്ടു് പലവിധ കുടിൽവ്യവസായങ്ങളും വിപുലമായ തോതിൽ നടത്താൻ കഴിയും.

കഴിഞ്ഞ ദിവസം കുരുമുളകിനെപ്പററി ഇവിടെ ഒരു മെമ്പർ പലതും പ്രസ്താവിക്കുകയുണ്ടായി. ദാമ്ളേക്കമ്മററി, മലഞ്ചരക്കു ഗവേഷണ കമ്മിററി, ഇവിടെയുള്ള വനവിഭവങ്ങളെപ്പററി ശരിയായി ശ്രദ്ധിക്കാറില്ലെന്നും അതു് ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്യുന്നില്ലെന്നും റിപ്പോർട്ടു ചെയ്തിട്ടുണ്ടു്. കഴിഞ്ഞ മേയ്മാസത്തിലെ ദാമ്ളേ റിപ്പോർട്ടിൽ കുരുമുളകു കൃഷി വികസിപ്പിക്കുന്നതിനു് ഒരു ദശവത്സരപദ്ധതി ശുപാർശ ചെയ്തിട്ടുണ്ടു്. കൂടാതെ തിരുവിതാംകൂർ-കൊച്ചി മലബാർ, മൈസൂർ എന്നീ ഭാഗങ്ങളിൽ ഓരോ റീജിയനൽ കമ്മിററി രൂപീകരിക്കണമെന്നു് ശുപാർശ ചെയ്തിട്ടുള്ളതായും പത്രങ്ങളിൽ കാണുകയുണ്ടായി. കുരുമുളകും അതുപോലുള്ള മററു പലതരം മലഞ്ചരക്കുകളും നമ്മുടെ നാട്ടിൽത്തന്നെ ശാസ്ത്രീയമായ രീതിയിൽ കൃഷിചെയ്തു് ഉൽപ്പാദിപ്പിക്കണം. അവ വിവിധ രീതിയിൽ രൂപാന്തരപ്പെടുത്തത്തക്ക വിധത്തിലുള്ള വ്യവസായ വികസനപദ്ധതികൾ രൂപീകരിക്കണമെന്നുള്ള അഭിപ്രായംകൂടി എനിക്കു് ഈ സഭയിൽ വയ്ക്കുവാനുണ്ടു്.

വനഭൂമിയെപ്പററി പറയുമ്പോൾ വനത്തിൽത്തന്നെ ജനിച്ചു് ജീവിക്കുന്ന ഗിരിവർഗ്ഗക്കാരെക്കൂടി നാം ഓർക്കേണ്ടതാണു്. ഫാറസ്ററ നിയമപ്രകാരം ഗിരിവർഗ്ഗക്കാർ ഇപ്പോഴും അടിമകളായിട്ടാണു് കിടക്കുന്നതു്. ഫാറസ്ററുദ്യോഗസ്ഥന്മാരുടെ നിരന്തരമായ ഉപദ്രവങ്ങളും അവർക്കു നേരിടേണ്ടതുണ്ടു്. ഫാറസ്ററ നിയമത്തിൽ പറയുന്നതു് ഇപ്രകാരമാണു്.

"The Travancore Forest Manual - Page 166. Hillmen residing in Government forests and reserves shall be under the control of the Forest Department. No hill man can leave his settlement or Kani or migrate to another without the permission of his head man. Appeals from the headman's decision shall lie to the Divisional Forest Officers, whose decision shall be final."

ഈ നിയമം ഭേദപ്പെടുത്തി അവർക്കു സ്വതന്ത്രമായി ജീവിക്കുന്നതിനുള്ള എല്ലാ സൗകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കേണ്ടതാണു്. അവരുടെ ഇപ്പോഴത്തെ ജീവിതരീതി വളരെ ശോചനീയമായ നിലയിലാണു്. എല്ലാ വിഭാഗങ്ങളിലും ജനസംഖ്യ വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ ഗിരിവർഗ്ഗക്കാരുടെ ജനസംഖ്യ കുറഞ്ഞുവരികയാണെന്നുള്ളതു് നാം മനസ്സിലാക്കണം. അവരുടെ ജനസംഖ്യ 128838 ആണു്. അതുകൊണ്ടു് അവർക്കാവശ്യമുള്ള കോളനികൾ, സ്കൂളുകൾ, ആസ്പത്രികൾ, ഗതാഗതസൗകര്യങ്ങൾ, കുടിപാർപ്പിനുള്ള ഭവനങ്ങൾ, കൃഷിയും ചെറുതരം വ്യവസായങ്ങളും നടത്തുന്നതിനുള്ള ധനസഹായം ഇവയെല്ലാം നൽകി അവരുടെ നില സാമ്പത്തികമായും, രാഷ്ട്രീയമായും, സാംസ്കാരികമായും ഉയർത്തേണ്ടതു വളരെ അത്യാവശ്യമാണു്. ഗിരിവർഗ്ഗക്കാരെപ്പററി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു് അധികം ആളുകൾ ഇല്ലാത്തതുകൊണ്ടു് അവരെപ്പററി കൂടുതൽ ശ്രദ്ധിക്കണമെന്നു് അപേക്ഷയുണ്ടു്. ഈ ഗിരിവർഗ്ഗക്കാരുടെ ഉന്നമനത്തിനുവേണ്ടി ഗവണ്മെൻറ് ചിലവാക്കുന്നതിന്റെ

[ശ്രീ. പി. ഗോപാലൻ]

50 ശതമാനം ചിലവാക്കാമെന്ന് ഇൻഡ്യാഗവണ്മെൻറ പറഞ്ഞിട്ടുണ്ട്. ഈ പരിതസ്ഥിതിയിൽ അവരെ സംബന്ധിക്കുന്ന സംരക്ഷണപദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് നിയമസഭാ സാമാജികന്മാർ, ഗിരിവർഗ്ഗക്കാരുടെ പ്രതിനിധികൾ, സാമൂഹ്യപ്രവർത്തകർ എന്നിവരടങ്ങുന്ന ഒരു വെൽഫെയർക്കമ്മിററിയെ രൂപീകരിക്കണമെന്ന് അഭിപ്രായപ്പെട്ടുകൊള്ളുന്നു.

ഫാറസ്ററുദ്യോഗസ്ഥന്മാരുടെ കാര്യംകൂടി പറഞ്ഞിട്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളാം. ഈ ഡിപ്പാർട്ടുമെൻറിൽ കൊഴുത്ത ശമ്പളം പററുന്ന ഉയർന്ന ഉദ്യോഗസ്ഥന്മാർ വളരെയുണ്ട്. അവൎക്ക താരതമ്യേന ജോലി കുറവാണ്. എന്നാൽ താഴ്ന്ന ഉദ്യോഗസ്ഥന്മാർ കുറവായിട്ടേ ഉള്ളു. അവൎക്ക ജോലി വളരെക്കൂടുതലാണ്. ഉദാഹരണമായി എല്ലാ ഗാർഡ് സ്റ്റേഷനിലും ഓരോ വാച്ചർവീതമേ ഉള്ളു. 24 മണിക്കൂർ ജോലി അയാൾ ചെയ്യുന്നുണ്ട്. അതുകൊണ്ട് ജോലിയുടെ കാര്യക്ഷമതയ്ക്ക് താഴ്ന്ന ഉദ്യോഗസ്ഥന്മാരെ കുറയ്ക്കാതെ ഉയർന്ന ഉദ്യോഗസ്ഥന്മാരെ കഴിയുന്നത്ര കുറച്ച്, ചെറിയ ഉദ്യോഗങ്ങളിൽ കൂടുതൽ ആളുകൾക്ക് ജോലി കൊടുത്ത് സഹായിക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുന്നു. ഈ വക കാര്യങ്ങൾ ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

Mr. Speaker: Mr. Ramachandran Nair, I will give you 5 minutes.

Shri C. K. Ramachandran Nair: Sir, I have already lost two minutes. Yet, I will try to use the rest of the time in making a few observations. After hearing the speeches of many hon. Members from all sides of the House on the question of unauthorised encroachment on reserve lands, I am tempted to speak a few words on the same subject. I am not a man living in a taluk bordering any forest land. But I am of the view that the man who lives and cultivates any reserve land must be given that property.

Now about the problem of erosion, we are experiencing great difficulty on account of soil erosion. Because of this repeated erosion the lands down below, especially paddy lands are filled with silt and sand and made unfit for cultivation. Now-a-days frequent floods also do great havoc.

Now, another point, Sir, which I want to bring to the notice of the House, is that there are people who have earned lands in the name of other persons and are actually possessing large areas of such lands. These people ought to be sacked from the forest area and the real cultivators who have no lands of their own should be given lands from forest areas. These are, Sir, the only observations I have to make on this motion.

Shri P. S. Nataraja Pillai: Sir, the Forest Department in its administration really creat a difficulty, that is, by the grants of forest lands for the Grow More Food campaign. Naturally, enough, that has been the subject matter for comment here as well as outside. Sir, it is now too late in the day to go into the genesis of the Grow More Food campaign or into the question

of exploitation of forest lands by private persons to the destruction of our forests. But let us face the facts as they exist to-day. It is admitted on all hands that large tracts of forest lands are now in the possession of private individuals. Whether they came in possession of such lands with authorisation or not, is not the question that should engage our immediate attention. I am very glad, Sir, about the helpful attitude of the various members of House when they recognised the necessity of conservation of our forests and their proper maintenance. That being so, there is no necessity for me to plead for forest conservation. The position is this: the people of the State have realised the necessity and importance of our forests in the economy of the country and they also realise the situation that has been brought into existence by private ownership of large tracts of our forest lands. The question is, how to solve this problem at the present moment. This is one of the matters which attracted the attention of Government. And, they thought it of primary importance to solve the problem in the best interests of all concerned, in the interest of national economy and in the interest of the people who are in possession of forest lands. With that object in view, they offered the problem their best thought, and a Government Order was issued on 22-6-1954 about the survey and settlement of lands leased out for food production. Sir, it was laid down in that order that in future no forest land will be allotted to individuals for purposes of Grow More Food, and that future allotments of forest land will only be for the purpose of settlement and colonisation. By this, Government have as their policy that, as far as possible, future allotments will be made keeping in view the large number of landless people and the unemployed in our country.

ശ്രീ. പി. ആർ. മാധവൻപിള്ള: യഥാർത്ഥ കൃഷിക്കാരുടെ സംഘമായിരിക്കണമോ അതോ മുതലാളികളും ചേർന്ന സംഘമാകാമോ?

ശ്രീ. പി. എസ്. നടരാജപിള്ള: യഥാർത്ഥ കൃഷിക്കാർ ചേർന്ന സംഘമായിരിക്കും നല്ലത്. കൃഷിക്കാർ ആത്മാർത്ഥമായി പരിശ്രമിക്കയാണെങ്കിൽ അങ്ങനെ സംഘടിക്കുന്നതിന് വിഷമം വരികയില്ല.

Sir, in regard to settlement and colonisation, if the area allotted is extensive and is in excess for the purpose of cultivation, it must be cultivated collectively based on co-operative principles. Then, to make settlement possible, the present area has to be surveyed and demarcated. In this G. O. the following principles were laid down:

(a) In making assignments the aim of bringing the land under colonisation and settlement will be kept in view. That is the first condition. Then, the lands will be demarcated into 'economic holdings' which will be fixed on the recommendation of the Special Officer; and the extent of the land to be leased to an individual will normally be limited to such an economic holding and the assignment will be for cultivation alone. Moreover, to create a permanent interest, the lease will be granted without limit of time, the rate of rent being liable to revision at

[Shri P. S. Nataraja Pillai]

every twelve years and subject to the conditions that the land will be liable to immediate resumption if any of the terms of the lease is violated; and that if the land is resumed for public purposes, the lessee will be entitled to the value of the improvements made on the land according to rules to be framed in the matter. So, to create an interest for the lessee a permanency of occupation is given subject to the conditions that are being laid down in the grant that he must settle down in the land and cultivate.

Then, it is further provided to meet the hardship and the peculiar conditions that exist in cases of authorised occupation. In the case of authorised occupation where the occupant has effected valuable improvements an excess area over and above the economic unit may be granted to the occupant on lease. In the case of unauthorised occupations also, the occupants will be eligible for assignment of lands occupied by them only if they are resident cultivators. But in no case will the extent assigned exceed an 'economic holding'.

Then, another set of provisions are laid down in consultation with the Forest authorities and the Land Revenue authorities. The lands that are in occupation today will be classified into two categories, that is, those lands which are kept as forest lands and those that are thrown open for settling. After demarcating these two areas separately, it will be split into economic holdings and the landless poor alone will be given the lands on lease and the people who are in possession of the land or are having their settlement in the land or are prepared to continue to cultivate there will be given the 'economic holding' and they may be given excess holding to make it a profitable affair.

Shri Madhavan Pillai referred to one point that there is a large number of middlemen who make unauthorised and illegal profit by placing themselves as middlemen and making a profit from the actual tiller of the soil. That is effectively sought to be redressed by the present set of rules which the Government have promulgated. Sir, that is the one method which the Government think will certainly solve this problem. But like all other activities, it more or less depends upon the earnestness with which all the officers who will be in charge of it acts as well as the co-operation from the public.

As far as I see this House is unanimous in the view that as regards this forest question no one questions the necessity of forest conservation or under-estimates the importance of the forest in our State; and every one is anxious to see that the landless poor who have gone to the forest and are making a living by labour should not be thrown out of their holdings. So, to satisfy them, the Government have framed a set of rules and provisions have been made in the Budget for the staff which are to work out this scheme.

ശ്രീ. പി. ആർ. മാധവൻപിള്ള: ചെറിയ കമ്മറ്റികൾ മുഖാന്തരം ഈ ഭൂമി വിതരണം ചെയ്യാൻ സാധിക്കുമോ?

Shri P. S. Nataraja Pillai: All the committees that came into existence in 1949-50 in this connection are fresh in our memory and I am afraid, I for one, feel shy to follow the principles then adopted. We had popular committees and we then saw applications flung from Palghat to Cape about the assignment of lands.

ശ്രീ. ടി. വി. തോമസ്: ആരൊക്കെയാണ് ഈ കമ്മിറ്റിയിലെ മെംബറന്മാർ?

Shri P. S. Nataraja Pillai: Unfortunately, I do not recollect it. Mr. Thomas must be able to say that. With that memory still fresh in our minds, the people of Travancore-Cochin may not wish very much for this.

We thought it would be better if we could have a democratic popular committee to shoulder that responsibility. We felt an executive subject to the criticism of this House will be restrained and will be able to do the work better and more effectively. Thus this agency has been created. What I would plead to my own countrymen is to give public support to their legitimate activity and watch if the staff goes wrong in its activities.

Sir, I turn to another aspect of the matter, forest development and conservation. I would like to point out that my friend Mr. Sitaraman was saying....

ശ്രീ. പി. ആർ. മാധവൻപിള്ള: ഫോറസ്റ്റ് നശീകരണത്തെപ്പറ്റി ഒരു പരാതിയുണ്ടായിരുന്നു. അതെപ്പറ്റി എന്താണ് പറയാനുള്ളതെന്നറിഞ്ഞാൽ കൊള്ളാം.

Shri P. S. Nataraja Pillai: I shall come to it. I shall certainly refer to it. I have made a note of it here.

I was referring to forest conservation and forest exploitation. It is not a case, as my friend Mr. Sitaraman says, that the Forest Department is working without any plan. They have a working plan. We have 3,000 sq. miles of plantation and they have worked out plantation for 1,000 sq. miles. As a matter of fact, the workable area as assessed by the Revenue Department is only 1,000 sq. miles and they have a working plan for it. The exploitation is being worked, in what they call turns—by working out each area and leaving it for a number of years and then again working it. That system is still adopted.

Now, I would like to draw the attention of the House to the other aspects of work which the Department is doing, that is, to the regeneration work. As a matter of fact, we have got 35,000 acres of teak plantations—not forest growth of trees. It is in our possession to-day. We have during the last year planted 1,350 acres with other timber trees. Recently, during the last two or three years, we have taken steps to plant soft-wood species which are becoming scarce. So, annually at the flat rate of 1,000 acres we are planting other kind of trees. Teak plantation is one of the assets which we have to consider. In that connection, I would like to throw out a suggestion. Very often we talk of unemployment and industry and rehabilitation and the magnitude of unemployment in our country. I would just refer my

[Shri P. S. Nataraja Pillai]

hon. friends here to the Roosevelt plan of finding employment that was adopted in America at a time of crisis just previous to their New Deal. Then afforestation and conservation of soil were taken as primary sources of employment because it conserves the annual resources and defends capital investment of the country or the wealth of the country. In the same way, if we can probably explore the possibility of developing a plan for our country, for our 3,000 sq. miles of forest, so as to conserve their natural resources and prevent soil erosion, produce energy by daming up of our smaller streams in the higher ranges and carry on plantation scheme with various available species of timber, it will be a national asset which we can ill-afford to lose at the present moment. For example, Sir, if actually now under the working calculation......

ശ്രീ. ടി. പി. സീതാരാമൻ: ഈ ഫാറസ്റ്റ് അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ ഓരോ കൊല്ലവും ഓരോ തരത്തിലുള്ള പ്ലാനുകളാണ് കാണുന്നത്. പ്ലാനുകളെല്ലാം ഉണ്ടെങ്കിലും ഒരു ലാംഗ് റേഞ്ച് പ്ലാൻ കാണാനില്ല.

Shri P. S. Nataraja Pillai: As in everything human, so in this too, there may be faults and there may be regression and progression. Everything human has the peculiar nature of getting wrong at some time. What I say is this. We have got according to present estimates a teak plantation which attains its maturity in seventy-five years. If the plantation is allowed to stand for seventy-five years, we get a teak in the fullest maturity. If you take that into account and if you take into account the fact that one acre of full mature teak yields Rs. 10,000 net then if you are able to plant teak in something like seventy-five thousand acres—some forty-five thousand acres more in the next three or four years—we will be getting nearly Rs 75,00,000 net yield from the forests. Now, our latest plantation is sixty years old and in ten years' time it will be mature. The initial investment to make this possible, to open up communication and bridges and to work the soil conservation on the bunting and minor bridge work in the forest area for future exploitation and economic working will afford labour for a large number of people and create national asset, increase the national asset to a very large extent. This will increase the national dividend after four or five years. I have not worked out in detail or correctly assessed the effect of such a scheme. It is a suggestion which I throw open.

Then about the specific complaints or allegations or charges that were made about some subordinates of the Forest Department. I have noted it. A mass petition was presented and Mr. Idiculla pointed to that. I plead guilty to the charges that I did not remember it at the moment. But one other fact is there. My friend Mr. Idiculla could have reminded me. Certainly, it is my duty as your representative to take notice of it and act upon it. As far as the points made by Mr. Madhavan Pillai about the particular subordinate of the Department, I have

noted it and I shall immediately do whatever ought to be done in dealing with such a matter. I promise that it will not go out of my mind and what I think fit as your representative and as a member of the Government will be done.

About my friend Mr. Sitaraman's complaints regarding integration I may say as far as I am able to understand there was no injustice Knowingly no injustice was done. I assert that 'knowingly' no injustice was done.

Shri T. P. Sitaraman: Knowingly you have done no wrong— *i. e.* Mr. Nataraja Pillai, Forest Minister.

Shri P. S. Nataraja Pillai: That is what I say, knowingly the Government has done no injustice. If any injustice has crept in, this Government is prepared to rectify the wrong. There is absolutely nothing beneath one's dignity to right a wrong done and I assure the hon. Member of that position in the matter

Mr. Speaker: The time allotted for the Demand has expired and I will now put the Demand to the vote of the House. Do you press your motion Mr. Madhavan Pillai ?

Shri P. R. Madhavan Pillai: I press my motion.

The motion was put and lost.

The motion of Shri A. C. Chacko was, by leave of the House, withdrawn.

The question that Government be granted a sum of Rs. 45,52,000—under Demand V—Forest was put and carried.

The grant was made.

Demand XXVII—Civil Works.

Minister for Works and Transports (**Shri A. Achuthan**) : Sir, I move for a grant of Rs. 1,77,04,000—under Demand XXVII—Civil Works.

Shri P. K. Kunju: I second it.

Mr. Speaker: The cut motion No. 30 of Mr. P. Bhaskaran Nair and cut motion No. 102 of Mr. M. P. Chandrasekharan Pillai may be moved and other members can participate in the debate.

Shri P. Bhaskaran Nair: I move to omit the allotment of Rs. 2,25,400 for Direction.

സർ, ഈ സാമ്പത്തികവർഷത്തിലെ അടുത്ത എട്ടുമാസത്തേയ്ക്കു് 1,77,04,000 രൂപയാണു് ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്നതു്. പൊതുമരാമത്തുവകുപ്പിലേയ്ക്കു് അനുവദിക്കുന്ന തുകയുടെ ഒരംശം മാത്രമേ യഥാർത്ഥത്തിൽ ജനങ്ങൾക്കു് ഉപകാരപ്രദമായിത്തീരുന്നുള്ളൂ. ഈ തുകയിൽ ഭൂരിഭാഗവും ഇടത്തട്ടുകാരായ കണ്ട്രാക്ടർമാരുടെ കീശ വീർപ്പിക്കുകയാണു്. ഈ സമ്പ്രദായം മാററപ്പെടേണ്ടതും, നീക്കേണ്ടതുമാണു്. ഭരണകക്ഷിയായി തുടരുവാൻ ജനങ്ങളെ ചൂഷണം ചെയ്തു ജീവിക്കുന്ന ഒരുതരം ഇത്തിക്കണ്ണികളെ പോററിപ്പുലർത്തേണ്ടതു് കോൺഗ്രസ്സിനു് ആവശ്യമായിരുന്നു. പൊതുതെരഞ്ഞെടുപ്പുവേളകളിൽ പൊതുമരാമത്തു കണ്ട്രാക്ടർമാർ, റേഷൻഷാപ്പുടമസ്ഥന്മാർ, കള്ളുഷാപ്പു്, ഗഞ്ചാഷാപ്പു് കുത്തക

[ശ്രീ. പി. ഭാസ്കരൻനായർ]

ക്കാർ തുടങ്ങിയ ചൂഷകവർഗ്ഗബന്ധുക്കളുടെ നിർല്ലോഭമായ സഹായം കോൺഗ്രസ്സ് തേടുകയും നേടുകയും ചെയ്തിരുന്നു.

എന്നാൽ പി. എസ്. പി. സർക്കാർ കാൺഗ്രസ്സുകാരുടെ കാൽനഖേന്ദു മരീചികളെ പിന്തുടർന്നു പോകുന്നവരല്ലെന്നാണ് അവകാശപ്പെടാറുള്ളത്. അതുകൊണ്ട് ഇടതട്ടുകാരായ ഈ കൺട്രാക്ടറന്മാരെ കഴിയുന്നിടത്തോളം ഒഴിവാക്കി പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ നിലയിൽ ഈ സംഖ്യ ചിലവാക്കേണ്ടതാണ്. അങ്ങനെ ചെയ്യുന്നപക്ഷം ഈ ഇടതട്ടുകാർ എടുക്കുന്ന സംഖ്യകൂടി രാജ്യത്തിന്റെ ഗതാഗത സൗകര്യ വർദ്ധനവിനുവേണ്ടി വിനിയോഗിക്കാവുന്നതാണ്.

അധികാര വികേന്ദ്രീകരണം ഈ ഗവണ്മെന്റിന്റെ നയമാണെന്ന് പലപ്പോഴും പ്രഖ്യാപിച്ചുകേട്ടിട്ടുണ്ട്. അത് വാസ്തവത്തിൽ പ്രവർത്തനരൂപത്തിൽ ജനങ്ങളെ ബോദ്ധ്യപ്പെടുത്തിക്കൊടുക്കാൻ പൊതുമരാമത്തു വേലകൾ മുഖേന സാധിക്കും. പൊതുമരാമത്തിനായി നീക്കിവെച്ചിരിക്കുന്ന സംഖ്യയിൽ ഒരു വലിയ തുക പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കാവുന്നതാണ്. അങ്ങനെ ചെയ്താൽ പൊതുജനങ്ങളുടെ സഹായസഹകരണത്തോടുകൂടി ഈ തുകകൊണ്ട് കൂടുതൽ ജോലി ഫലപ്രദമായി ചെയ്‌വാൻ പഞ്ചായത്തുകൾക്ക് സാധിക്കും. സർ, ഇന്ന് പലതരം ദാനങ്ങളുടെ ഒരു പെരുനാളാണ്. ഭൂദാനം, ബുദ്ധിദാനം, ജീവദാനം തുടങ്ങിയ പല ദാനങ്ങളും ഇപ്പോൾ നടക്കുന്നുണ്ട്. ഇതിലെല്ലാററിലും ഉപരിയായി നമ്മുടെ നാട്ടാർ അനുവർത്തിക്കുന്ന ഒന്നാണ് അദ്ധ്വാനദാനം. നാട്ടിൻപുറത്തെ പൊതുമരാമത്തുവേലകൾ പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കുന്നപക്ഷം പഞ്ചായത്തുകൾ യഥാർത്ഥമായ ജനകീയസ്ഥാപനങ്ങളായി തീരുമെന്നുമാത്രമല്ല അവിടെ ഉള്ളവർക്ക് പല തരത്തിലുള്ള അദ്ധ്വാനം നൽകുന്നതിനും അത് പ്രോൽസാഹജനകമായിതീരും. ജനങ്ങൾ നേരിട്ട് സഹകരിച്ച് ഈ പ്രവർത്തനം നടത്തുകയും ചെയ്യും. വളരെക്കുറച്ച് പണംകൊണ്ട് വളരെയധികം ജോലികൾ നിവ്വഹിക്കുവാൻ സാധിക്കും. അതുപോലെ മുനിസിപ്പാലിററികൾക്കും ഇത്തരം പൊതുമരാമത്തു ജോലികൾ നിവ്വഹിക്കാവുന്നതാണ്. പക്ഷെ അവർ കൺട്രാക്ടറന്മാരെ നിയോഗിച്ചുമാത്രം ആ ജോലികൾ ചെയ്യിക്കരുതെന്നേയുള്ളൂ. അധികാര വികേന്ദ്രീകരണം വേണമെന്ന് പറയുന്നതിന് മറെറാരു കാരണം കൂടിയുണ്ട്. ഇന്ന് ഏററവും തുച്ഛമായ ഒരു ജോലിയാണെങ്കിൽകൂടി പല എഴുത്തുകുത്തുകളും പല തട്ടിൽനടത്തി ഒടുവിൽ സൂപ്രണ്ടിംഗ് എഞ്ചിനീയരുടെ അനുമതി കിട്ടിയാൽമാത്രമെ ആ ജോലി നടത്താനൊക്കുകയുള്ളൂ. അതിപ്രധാനമായ ഒരു റോഡിൽ ഒരു കേട് ഒരു കലിങ്കിനുണ്ടെങ്കിൽ സൂപ്രണ്ടിംഗ് എഞ്ചിനീയറോ, ചീഫ് എഞ്ചിനീയറോ വന്നാലെ അതിന്റെ പണി തുടങ്ങാനൊക്കുകയുള്ളൂ എന്നൊരു നില വന്നാൽ അതുകൊണ്ട് ജനങ്ങൾക്ക് വളരെ ബുദ്ധിമുട്ടുണ്ടാകുവാൻ ഇടയുണ്ട്. അതിനാൽ അടിയന്തിരഘട്ടങ്ങളിൽ ഏകദേശം 500 രൂപായിൽ കവിയാതെവരുന്ന സംഖ്യ അനുവദിക്കുവാനുള്ള അധികാരം സൂപ്രവൈസറന്മാർക്ക് കൊടുക്കേണ്ടതാണ്. ഒടുവിൽ സൂപ്രണ്ടിംഗ്എഞ്ചിനീയർ അത് അപ്രൂവ് ചെയ്യണം എന്നൊരു വ്യവസ്ഥ വച്ചാൽ മതിയാകും. അതുപോലെ ആയിരം രൂപവരെ ചിലവു ചെയ്യാനുള്ള അധികാരം അസിസ്റ്റന്റ എഞ്ചിനീയറ

നാക്കം കൊടുക്കേണ്ടതാണ്. ഇതൊന്നും ചെയ്യാതെ പഴയ ഏട്ടുകളിൽ കാണുന്ന മാതിരിതന്നെ ഇപ്പോഴും തുടരുവാനാണു ഭാവമെങ്കിൽ ജനങ്ങൾക്ക് വളരെ ഉപകാരം ചെയ്യുവാൻ സാദ്ധ്യതയുള്ള ഈ ഡിപ്പാർട്ടുമെന്റിനെക്കൊണ്ട് പറയത്തക്ക പ്രയോജനമൊന്നും ജനങ്ങൾക്ക് ഉണ്ടാകുമെന്ന് തോന്നുന്നില്ല. ഇന്ന് കൺട്രാക്ടർമാർക്ക് വാസ്തവത്തിൽ ലേലം വിളിച്ചുകൊടുക്കപ്പെടുന്നത് മനുഷ്യന്റെ അദ്ധ്വാനശക്തിമാത്രമാണ്. ഒരു പൊതുമരാമത്തുവേലയ്ക്ക് ആവശ്യമുള്ള കല്ല്, സിമന്റ്, ഇരുമ്പ്, തടി മുതലായവയ്ക്കെല്ലാം നിരക്കുവില തീർച്ച ചെയ്തിരിക്കും. ആ സാധനങ്ങളൊക്കെ ഉപയോഗിക്കുന്നതിന് എസ്റ്റിമേറ്റ് അനുസരിച്ച് കൺട്രാക്ടർക്ക് ബാദ്ധ്യതയും ഉണ്ട്. പിന്നെ കുറയ്ക്കാനുള്ളത് മനുഷ്യന്റെ അദ്ധ്വാനശക്തിയുടെ വിലമാത്രമത്രെ. അങ്ങനെ അദ്ധ്വാനശക്തിയുടെ വിലയെയാണ് ഇപ്പോൾ ലേലം വിളിക്കുന്നത്. സർ, ഈ നടപടി മഹത്തായ മാനുഷികമൂല്യങ്ങളെ ചോദ്യം ചെയ്യുന്നതും മനുഷ്യന്റെ അദ്ധ്വാനശക്തിയെ അധിക്ഷേപിക്കുന്നതും ആയ ഒന്നാണ്. അതുകൊണ്ട് കൺട്രാക്റ്റ് സമ്പ്രദായം എത്രയും വേഗം നിറുത്തുവാൻ ഗവൺമെന്റ് തയ്യാറാകേണ്ടതാണ്.

പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിലെ പ്രവർത്തനം വളരെ കാര്യക്ഷമമാക്കിത്തീർക്കേണ്ടിയിരിക്കുന്നു. ജനക്ഷേമത്തിന് അത് എത്രയും അത്യാവശ്യമാണ്. വളരെയധികം അഴിമതിയും കൊള്ളയും നടക്കുന്ന ഒരു ഡിപ്പാർട്ടുമെന്റാണ് ഇത്. ഈ ഡിപ്പാർട്ടുമെന്റിൽ അനേകം കണ്ടിജൻസി വേലക്കാരുണ്ട്. ഓരോ സെക്ഷനിലും അങ്ങനെ കുറെ ഏറെ വേലക്കാരെ കാണും. പൊതുമരാമത്തു ഡിപ്പാർട്ടുമെന്റുകാർ നേരിട്ടു നടത്തേണ്ട ജോലികളാണ് ഇവരെക്കൊണ്ട് നിർവഹിപ്പിക്കുന്നത്. മാസത്തിൽ ഇരുപത്താറു ദിവസം ഇവർ വേല ചെയ്യുന്നുവെന്നാണ് ധാരണ. എന്നാൽ ഇവർക്ക് അത്രയും ദിവസം ജോലിയില്ലെന്നു മാത്രമല്ല സ്ഥിരമായി ജോലി കൊടുക്കാറുമില്ല. ഏതാനും ദിവസം ഇവരെക്കൊണ്ട് ജോലി എടുപ്പിച്ചതിനുശേഷം ഇരുപത്താറു ദിവസത്തെ കണക്കെഴുതും. നൂറു വേലക്കാരെക്കൊണ്ട് പണിയെടുപ്പിച്ചാൽ ഇരുനൂറു വേലക്കാരെക്കൊണ്ട് പണിയെടുപ്പിച്ചതായി രേഖകളിൽ കാണും. ഇതിൽ കുറെ വേലക്കാർ ഇഞ്ചിനീയറന്മാരുടെ ഡ്രൈവറന്മാരും അവരുടെ വീട്ടിലെ വെള്ളം കോരുന്നവരും മററു ജോലി നോക്കുന്നവരും ആയിരിക്കും. സർ, ഇത്തരം അഴിമതികളെ കർശനമായി തടയേണ്ടതാണ്. ഒരിക്കൽ ഒരു മന്ത്രി യാത്രചെയ്തുകൊണ്ടിരിക്കവെ റോഡിൽ വേല നടത്തിക്കൊണ്ടിരിക്കുന്നതുകണ്ട് കാർ പെട്ടെന്ന് നിറുത്തി അവിടെ ജോലി ചെയ്തുകൊണ്ടിരിക്കുന്ന ആളുകളെ വിളിച്ചു നോക്കിയപ്പോൾ മസ്റ്റ്റോൾ രജിസ്റ്ററിൽ പേരു കൊള്ളിച്ചിരുന്നവരിൽ മുഴുവൻ പേരെയും അവിടെ കണ്ടില്ല. ഒടുവിൽ അതിന്മേൽ നടപടി നടത്തിയിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.

ഈ രാജ്യത്ത് നിരവധി റോഡുകളുണ്ട്. ഏതു റോഡു നോക്കിയാലും കുണ്ടുംകുഴിയുമായി കിടക്കുന്നതായിട്ടാണ് കാണുന്നത്. എല്ലായിടത്തെയും നില വളരെ ശോചനീയമായിട്ടുള്ളതാണ്. എങ്കിലും എനിക്ക് ഈ സഭയുടെ ശ്രദ്ധയിൽ പ്രത്യേകമായി കൊണ്ടുവരുവാനുള്ളത് ആലപ്പുഴ–തണ്ണീർമുക്കം റോഡിലെ ശോച്യനിലയെപ്പററിയാണ്. ഞാൻ കാണിക്കുന്ന ഈ ഫോട്ടോകളിൽ കാണുന്നത് ആലപ്പുഴ–

[ശ്രീ. പി. ഭാസ്കരൻനായർ]

തണ്ണീർമുക്കം റോഡിലെ അവസ്ഥയാണ്. എവിടെ നോക്കിയാലും കുണ്ടും കുഴിയും. ബസ്സുകൾ ആ റോഡിൽകൂടി സുഗമമായി ഒരുതരത്തിലും ഓടുവാൻ നിവൃത്തിയില്ല. ബസ്സുകളുടെ വീൽ ചളിതളം കെട്ടിനില്ക്കുന്ന കുണ്ടിലും കുഴിയിലും പുതഞ്ഞുപോകുക പതിവാണ്. അത്ര വൃത്തികെട്ട ഒരു റോഡാണ് അതു്. പൊതുമരാമത്തുമന്ത്രി ഈ ഫോട്ടോകൾ ഒന്നു സശ്രദ്ധം നോക്കിയാൽനന്നു്. ആ റോഡു് എത്രയും വേഗത്തിൽ നന്നാക്കിയാൽ കൊള്ളാം.

നഗരവീഥികൾ ടാർ ഇടുന്നതിനു് മുനിസിപ്പാലിറ്റികൾ പണം ചെലവാക്കണമെന്നു പറയുന്നതു് നീതീകരിക്കാവുന്നതല്ല. കോട്ടയം നഗരസഭയുടെ അതിർത്തിക്കുള്ളിൽ റോഡുകൾ ടാറിട്ടതിനു് ഒന്നേമുക്കാൽലക്ഷം രൂപ ഗവണ്മെന്റിലേയ്ക്കു് കഴിഞ്ഞ രണ്ടു കൊല്ലത്തിനിടയ്ക്കു നൽകേണ്ടിവന്നു. ഈ റോഡുകൾ വളരെ കൂടുതലാണ്. എന്റെ മാന്യസ്നേഹിതനായ തിരുവല്ലാ മെംബർ മുൻസിപ്പൽ അതിർത്തികളിൽ നിന്നും ഇതിലേയ്ക്കു് ഗവണ്മെന്റ് പ്രത്യേകമായ ഒരു കോൺട്രിബ്യൂഷൻ ആവശ്യപ്പെടുന്നതു് ശരിയല്ലെന്നും ഈ നടപടി നിറുത്തണമെന്നും തിരുവല്ലാ സബ്ഡിവിഷൻവർക്ക്സ്കമ്മിറ്റിയിൽ ഒരു പ്രമേയം കൊണ്ടുവരികയും ഞങ്ങൾ അതു് ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു. കോട്ടയം നഗരസഭ റോഡു്സർഫേസിങ്ങിനു് ഇരുപത്തഞ്ചു ശതമാനമെങ്കിലും കോൺട്രിബ്യൂഷൻനിരക്കു് കുറച്ചുകൊടുക്കണമെന്നു് നിശ്ചയം പാസ്സാക്കി ഗവണ്മെന്റിലേയ്ക്കു് അയച്ചുവെങ്കിലും ഇതുവരെ രേഖാമൂലമായ മറുപടി നൽകിയിട്ടില്ല.

പൊതുമരാമത്തുവേലകൾ നിങ്ങൾക്കു് വേണമെന്നു് ആഗ്രഹമുണ്ടെങ്കിൽ നിങ്ങൾ ഞങ്ങൾക്കു് വോട്ടു ചെയ്യണമെന്നു് ഇതിനുമുമ്പിരുന്ന കോൺഗ്രസ്സ്മന്ത്രിമാർ പരസ്യമായി ജനങ്ങളോടു് പറഞ്ഞിട്ടുണ്ടു്. ആ ഒരു സമ്പ്രദായം ഈ ഗവണ്മെന്റ് അനുവർത്തിക്കരുതെന്നു് ഞാൻ വിനയപൂർവ്വം മുന്നറിയിപ്പു നൽകിക്കൊള്ളുന്നു. ഏതെങ്കിലും നിയോജകമണ്ഡലം ഭരണകക്ഷിയെ അനുകൂലിക്കുന്നില്ലെങ്കിൽ ആ പ്രദേശത്തെ ജനങ്ങൾക്കു് ലഭിക്കേണ്ട നീതിയും അവകാശവും ഒരിക്കലും നിഷേധിക്കപ്പെടാവുന്നതല്ലെന്നുള്ള തത്വം എപ്പോഴും മാനിക്കപ്പെടേണ്ടതാണ്. രാഷ്ട്രീയപകപോക്കലെന്നമാതിരി കോൺഗ്രസ്സുകാരെ പരാജയപ്പെടുത്തിയ നിയോജകമണ്ഡലങ്ങളിൽ താരതമ്യേന തുച്ഛമായി മാത്രമേ പൊതുമരാമത്തുവേലകൾ നിർവ്വഹിച്ചിരുന്നുള്ളു. എന്നാൽ, തിരഞ്ഞെടുപ്പു വേളയിൽ മുൻമന്ത്രിമാർ സ്ഥാനാർത്ഥികളായി നിന്നുമത്സരിച്ച പട്ടാഴി, ചാലക്കുടി, ഏഴുമറ്റൂർ മുതലായ ചില നിയോജകമണ്ഡലങ്ങളിൽ വളരെ തിടുക്കമായി പൊതുമരാമത്തുവേലകൾ ധാരാളമായി നടന്നിട്ടുണ്ടു്. തെരഞ്ഞെടുപ്പുകാലത്തു് വോട്ടുപിടിക്കുന്നതിനു് പൊതുമരാമത്തുവേലകൾ നടത്തിക്കൊടുക്കുക എന്ന സമ്പ്രദായം ഒരിക്കലും ഒരു ജനകീയമന്ത്രിസഭ അനുവർത്തിച്ചുകൂടാ. ആ തത്വം ഈ ഗവണ്മെന്റ് സ്വീകരിക്കണമെന്നാണു് എനിക്കു് പറയുവാനുള്ളതു്.

പി. ഡബ്ലിയു. ഡി. സബ്ഡിവിഷൻ വർക്ക്സ്കമ്മിറ്റികൾ ഈ നാട്ടിൽ പലയിടത്തും ഉണ്ടു്. ഈ വർക്ക്സ്കമ്മിറ്റികളിൽ മെംബറന്മാരായിരിക്കുന്ന ഞങ്ങൾ ഈ കമ്മിറ്റികളിൽ വാസ്തവത്തിൽ എന്താണു്

ചെയ്യേണ്ടതെന്ന് അറിഞ്ഞുകൂടാ. ഞങ്ങൾക്ക് ഒന്നും ചെയ്യാനില്ല. ആകെ അമ്പതിനായിരം രൂപ ഒരു സബ്ഡിവിഷനിലേയ്ക്ക് നീക്കി വച്ചിരിക്കും. ഒരു റോഡുനന്നാക്കണമെങ്കിൽ അതിൽ സിംഹഭാഗവും ചെലവായിപ്പോകും. പിന്നെ ഏതു മരാമത്തു ജോലി നടത്തണമെന്നാണ് ഞങ്ങൾ തീരുമാനിക്കേണ്ടതു്? തീരെ അപര്യാപ്തമാണ് ഈ സംഖ്യ. അതു വർദ്ധിപ്പിച്ചേ മതിയാവൂ.

സബ്ഡിവിഷൻ വർക്സ് കമ്മിററികൾ ശുപാർശ ചെയ്യുന്ന ജോലികളിൽ പലതും സെൻട്രൽ വർക്സ് കമ്മിററിയിൽ വരുമ്പോൾ അവഗണിക്കുകയാണ് ചെയ്യുന്നതു്. അതുകൊണ്ട് എനിക്കു പറയാനുള്ളതു് സബ്ഡിവിഷൻ വർക്സ് കമ്മിററി ശുപാർശചെയ്യുന്ന പൊതുമരാമത്തു വേലകൾ സെൻട്രൽ വർക്സ് കമ്മിററി അംഗീകരിക്കണമെന്നും, അതിനു വേണ്ട നിർദ്ദേശം ഉടനടി നൽകണമെന്നുമാണ്. സർ, ഇക്കഴിഞ്ഞ മാസം തിരുവല്ലാ സബ്ഡിവിഷൻ വർക്സ് കമ്മിററിയുടെ യോഗത്തിൽ ഭൂരിപക്ഷാഭിപ്രായപ്രകാരം ഒരു തീരുമാനം കൈക്കൊണ്ടു. മല്ലപ്പള്ളിയിൽ മുൻപ് ഉപയോഗിച്ചിരുന്ന ഒരു ചങ്ങാടം അവിടെ നിന്നും കുളത്തൂർ മൂഴിയ്ക്കലേക്ക് മാററി ഇടേണ്ടതാണെന്ന്. എന്നാൽ, ആ സ്ഥലത്ത് ഇടാതെ ആ ചങ്ങാടം വെണ്ണിക്കുളത്തു കോമളം കടവിലേക്ക് മാററിയിരിക്കുന്നു. എന്നു പറഞ്ഞാൽ, സബ്ഡിവിഷൻ വർക്സ് കമ്മിററിയുടെ തീരുമാനമെന്തായാലും, അതു് എത്രത്തോളം ഗൗരവം അർഹിക്കുന്നതാണെന്നും മററും നോക്കാതെ ആരുടേയോ ഇഷ്ടംപോലെ പ്രവർത്തിക്കുന്ന ഒരു നയമാണ് കാണുന്നതു്.

സർ, കോട്ടയം പട്ടണത്തിൽ ഏകദേശം നാൽപ്പത്താറായിരം ജനങ്ങൾ താമസിച്ചുവരുന്നു. അവിടെ എല്ലാം കൊല്ലവും വല്ലാത്ത ജലക്ഷാമം നേരിട്ടുകൊണ്ടിരിക്കുന്നു. ഇതിനെപ്പററി പല നിവേദനങ്ങൾ ഇതിനുമുൻപും ഉന്നയിച്ചിട്ടുണ്ടെങ്കിലും ഇതുവരെ പറയത്തക്ക പ്രയോജനങ്ങളൊന്നും ഉണ്ടായിട്ടില്ല. കോട്ടയത്തെ ശുദ്ധജലവിതരണത്തിനുവേണ്ടി ഇക്കൊല്ലം ആറുലക്ഷത്തിഅൻപതിനായിരം രൂപ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഉപകാരപ്രദമായവിധത്തിൽ അതു വിനിയോഗിക്കണമെന്നു പ്രത്യേകം അപേക്ഷിക്കുന്നു. കോട്ടയത്തെ ജലക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ഇക്കൊല്ലംതന്നെ ഒരു വാട്ടർവർക്സ് സ്പെഷ്യലാഫീസറെ നിയോഗിക്കുന്നുണ്ടോ എന്നു ചോദ്യോത്തരവേളയിൽ ഞാൻ ചോദിച്ചപ്പോൾ മന്ത്രി പറയുകയാണ്, വേണ്ടിവന്നാൽ ചെയ്യാമെന്ന്. കോട്ടയം നഗരം ജനങ്ങൾ ഇടതിങ്ങി വസിക്കുന്ന ഒരു സ്ഥലമായതുകൊണ്ട് ആവശ്യാനുസരണം ശുദ്ധജലവിതരണം നടത്തുന്നില്ലെങ്കിൽ പലവിധ സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കാൻ ഇടയുണ്ടെന്നുള്ള വിവരം ഞാൻ ഈ അവസരത്തിൽ അനുസ്മരിപ്പിക്കുന്നു. അതുകൊണ്ട് ജലവിതരണം എത്രയും വേഗം തൃപ്തികരമായി നടത്തുന്നതിനുവേണ്ടി ഈ കൊല്ലംതന്നെ ഒരു സ്പെഷ്യലാഫീസറെ അവിടെ നിയമിക്കേണ്ടതു് അത്യന്താപേക്ഷിതമാണ്. സർ, അതുപോലെതന്നെ കോട്ടയം നഗരത്തിന്റെ വടക്കു കിഴക്കുഭാഗത്തായി ഇറഞ്ഞാൽ കടവിൽ ഒരു പാലം എത്രയും അത്യാവശ്യമാണ്. അവിടെ ഒരു പാലം ഉണ്ടാക്കുന്നതിനു വേണ്ട പ്രാരംഭനടപടികളെങ്കിലും ഇക്കൊല്ലം തുടങ്ങണമെന്ന് എനിക്കപേക്ഷയുണ്ട്. സർ, അതുപോലെ അത്യാവശ്യമായ ഒന്നാണ് കോട്ടയത്തു് താഴത്തങ്ങാടിയിൽനിന്നു കുമ്മനത്തേക്ക് ഒരു പാലത്തിന്റെ

[ശ്രീ. പി. ഭാസ്കരൻ നായർ]

കാര്യവും. അവിടെയും ഗതാഗതസൗകര്യം വർദ്ധിപ്പിക്കുവാൻ ഒരു പാലം വളരെ അത്യാവശ്യമാണ്. മറ്റൊന്നു പറയാനുള്ളത് കച്ചേരിക്കടവ്, ചന്തക്കടവ്, കോടിമത മുതലായ കോട്ടയത്തെ വള്ളക്കടവുകൾ ശോചനീയമായ തരത്തിൽ ഇടിഞ്ഞു പൊളിഞ്ഞു കിടക്കുകയാണ്. ധാരാളം വള്ളങ്ങൾ, യാത്രക്കാരുടേയും, വ്യവസായത്തിന്റേയും ആവശ്യാർത്ഥം ഗതാഗതം ചെയ്യുന്ന കടവുകളാണ് ഇവ. അനാഥാവസ്ഥയിൽ കിടക്കുന്ന ഈ കടവുകളുടെ നില പുനരുദ്ധരിച്ച് ഉപയോഗയോഗ്യമാക്കണമെന്നു ഞാൻ ആവശ്യപ്പെട്ടുകൊള്ളുന്നു. കോട്ടയത്തെ പുരാതനമായ ഒരു വള്ളക്കടവാണു തെക്കുംഗോപുരക്കടവ്. കച്ചേരിക്കടവിൽനിന്നു തെക്കുംഗോപുരകടവിലേയ്ക്കുള്ള തോട് മണ്ണു നികന്നു കിടക്കുകയാണ്. ആ തോടു കുഴിച്ചു സഞ്ചാരയോഗ്യമാക്കുന്നതിനും കേടുവന്ന കൽപ്പടികൾ നന്നാക്കുന്നതിനും ഉദ്ദേശം അയ്യായിരം രൂപ ചെലവു വന്നേക്കും. ഈ മരാമത്തുവേല കോട്ടയം വർക്ക്സ് കമ്മററി ശുപാർശ ചെയ്തിട്ടുള്ളതാണ്. തെക്കുംഗോപുരംവള്ളക്കടവ് അമാന്തിക്കാതെ നന്നാക്കണം. അതുപോലെതന്നെ എന്റെ സ്നേഹിതൻ ശ്രീ. കേശ മുൻപൊരവസരത്തിൽ ചൂണ്ടിക്കാണിച്ച ആറാട്ടുപുഴ—തൊടിയൂർ തോട് ശരിയായവിധം കുഴിച്ചു മണ്ണുനീക്കി സംരക്ഷിച്ചിരുന്നുവെങ്കിൽ മാവേലിക്കര താലൂക്കിൽ ആ തോടിന്റെ കരയിലുള്ള നെൽപ്പാടങ്ങളിൽനിന്നു ഏതാണ്ട് രണ്ടുലക്ഷപ്പറ നെല്ലു വിളയിക്കാനുള്ള സാദ്ധ്യതകളുണ്ടാകുമായിരുന്നു. എന്നാൽ ആ തോടിന്റെ അനാസ്ഥിതി മൂലം പ്രയോജനരഹിതമായി അതു തീർന്നിരിക്കുകയാണ്. ആ തോടിന്റെ പണി വളരെ വേഗം പൂർത്തിയാക്കേണ്ടതാണ്. അതുപോലെതന്നെ ചേർത്തലതോടിന്റെ പണി വളരെ കൊല്ലങ്ങളായി പൂർത്തിയാക്കാതെ നീട്ടിനീട്ടിക്കൊണ്ടുപോകുകയാണ്.

ആ തോടിന്റെ പണി നിർവ്വഹിക്കുന്നതിന് ഇനിയും കൂടുതൽ അമാന്തം വരുത്തരുത്. പൊതുമരാമത്തുവേലകൾ മേൽനോട്ടം വഹിക്കുന്നതിന് വേണ്ടത്ര ഇൻജിനീയർമാരില്ലെന്നു പരാതികൾ ഉണ്ടായിട്ടുണ്ട്. ആ കുറവു പരിഹരിക്കേണ്ടതു ഏററവും ആവശ്യമായിരിക്കുന്നു. സർ, നമ്മുടെ എൻജിനീയറിംഗ് കാളേജിൽ പഠിച്ച് പരീക്ഷകൾ പാസായി ജോലികിട്ടാതെ നിൽക്കുന്ന സേവനസന്നദ്ധതയുള്ള അനേകം ചെറുപ്പക്കാർ ഈ സംസ്ഥാനത്തുതന്നെയുണ്ട്. അങ്ങനെയുള്ളവരിൽ നിന്നും എൻജിനീയറന്മാരായും, സൂപ്പർവൈസറന്മാരായും നിയമനം നടത്താവുന്നതാണ്. അങ്ങനെ നിയമനം നടത്തി നാട്ടുകാർക്ക് ഉപകാരപ്രദമായ പൊതുമരാമത്തു വേലകൾ സമർത്ഥമായി നിർവഹിക്കുവാൻ ഗവണ്മെന്റ് ശ്രദ്ധിക്കണമെന്നപേക്ഷിച്ചുകൊണ്ട് എന്റെ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു. ഈ ഉപക്ഷേപം സഭ അംഗീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ശ്രീ. എം. പി. ചന്ദ്രശേഖരൻപിള്ള: സർ, ഞാൻ ഇവിടെ അവതരിപ്പിക്കുന്ന ഉപക്ഷേപം ഇതാണ്.

'To reduce the total allotment of Rs. 1,77,04,000 under Demand XXVII by Rs. 100.'

ഈ ഉപക്ഷേപം ഈ സഭയിൽ ഹാജരാക്കിക്കൊണ്ട് ഏതാനും ചില സംഗതികൾ ചൂണ്ടിക്കാണിക്കണമെന്നു ഞാനാഗ്രഹിക്കുന്നു. പൊതു

ജനോപകാരാർത്ഥം സ്ഥാപിക്കപ്പെട്ടിട്ടുള്ള ഡിപ്പാർട്ടുമെൻറുകളിൽവച്ചു് ഏററവും പ്രാധാന്യമർഹിക്കുന്നതാണു്, പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറ്. വർഷംതോറും എത്ര തുക അതിലേയ്ക്കു നീക്കിവച്ചാലും മതിയാകുകയില്ലെന്നു മാത്രമല്ല, വളരെ കർശനമായും ശുഷ്കാന്തിയോടുകൂടിയും പ്രവർത്തനം നടത്തിയാൽത്തന്നെയും, സംസ്ഥാനത്തുള്ള പൊതുജനങ്ങളെ ആകമാനം ഒരേ സമയത്തു് തൃപ്തിപ്പെടുത്താൻ സാധിക്കുകയില്ലെന്നുള്ള വസ്തുത വിസ്മരിച്ചുകൊണ്ടല്ല ഞാൻ ഇവിടെ ചില കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുന്നതു്. സർ, ഓരോ ഇനത്തിനുമായി ആണ്ടുതോറും നീക്കിവയ്ക്കുന്ന സംഖ്യയിൽ കുറെയധികംഭാഗം ലാപ്സാക്കിക്കളഞ്ഞുകൊണ്ടിരിക്കുകയാണു്. ഇതു് എത്രത്തോളം ശരിയാണെന്നുള്ളതു് സൂക്ഷിച്ചുനോക്കുകയാണെങ്കിൽ മനസ്സിലാക്കാൻ സാധിക്കും. ഈയൊരു പാരമ്പര്യം ഇന്നും ഇന്നലെയുമുള്ളതല്ല. വളരെക്കാലമായി നടന്നുകൊണ്ടിരിക്കുന്നതാണു്. പബ്ലിക്ക് യൂട്ടിലിററി സർവ്വീസിനുവേണ്ടി കൊള്ളിച്ചിട്ടുള്ള സംഖ്യകൾ അതർഹിക്കുന്ന ഗൗരവം നൽകാതെ എന്തെങ്കിലും ജോലികൾ ചെയ്തിട്ടു് ബാക്കി വരുത്തുന്നതു് ഒരിക്കലും ശരിയല്ല. അതുകൊണ്ടു് ഇതിലേയ്ക്കു് നീക്കി വച്ചിട്ടുള്ളതിൽ യാതൊരു സംഖ്യയും ലാപ്സാക്കിക്കളയരുതെന്നു് ഞാൻ ആദ്യമെ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. സർ, 1954-55-ലേയ്ക്കു് പൊതുമരാമത്തുവേലകൾ നടത്തുന്നതിനുവേണ്ടി രണ്ടു കോടി ഇരുപതു ലക്ഷത്തി പന്തീരായിരം രൂപ ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നു. അതായതു്, റോഡുണ്ടാക്കുന്നതിനും, നന്നാക്കുന്നതിനും, തോടുകൾ, പാലങ്ങൾ ഇവ ഉണ്ടാക്കുന്നതിനും, കെട്ടിടങ്ങൾ പണിയുന്നതിനും മററുമായും പഞ്ചവത്സരപദ്ധതിപ്രകാരമുള്ള ഡവലപ്പ്മെൻറ് പ്രവർത്തനത്തിനുംവേണ്ടി ഉൾക്കൊള്ളിച്ചിരിക്കുന്ന തുകയാണിതു്. ഇത്രയും ഒരു വൻതുക ചെലവാക്കി പ്രവർത്തനം നടത്തുന്ന ഈ ഡിപ്പാർട്ടുമെൻറ്, അല്ലെങ്കിൽ ഗവണ്മെൻറ് ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നു് എനിക്കൊരപേക്ഷയുണ്ടു്. സാധാരണയായി പൊതുമരാമത്തു ജോലികൾ കൺട്രാക്ററ സിസ്റ്റപ്രകാരമാണു് നടത്തിവരുന്നതു്. ഇപ്രകാരം നടത്തുന്നതിൽ ഗവണ്മെൻറിനു് സാരമായ നഷ്ടം നേരിട്ടുകൊണ്ടിരിക്കുകയാണു്. അതുകൊണ്ടു് ഈ കൺട്രാക്ററ സിസ്റ്റം അവസാനിപ്പിക്കുന്നതു് ലാഭകരമായിരിക്കും. എൻെറ മാന്യസ്നേഹിതൻ കോട്ടയം മെംബർ ഈ കൺട്രാക്ററ സിസ്റ്റം അവസാനിപ്പിക്കണമെന്നു് അഭിപ്രായപ്പെടുകയുണ്ടായി. ആ അഭിപ്രായത്തോടു ഞാൻ സർവ്വാത്മനാ യോജിക്കുകയും, അതേ സമയത്തു് അദ്ദേഹത്തിൻെറ ആരോപണത്തെ ഞാൻ ശക്തിയായി പ്രതിഷേധിക്കുകയും ചെയ്യുന്നു. കൺട്രാക്ററർമാരെക്കൊണ്ടു് ഇത്തരം ജോലികൾ നടത്തിച്ചുകൊണ്ടിരിക്കുന്നതു് കോൺഗ്രസ്സുകാർക്കുമാത്രം എലക്ഷൻ വേളയിൽ ധനസഹായം ചെയ്യുന്നതിനുവേണ്ടിയാണെന്നു് അദ്ദേഹം ഒരാരോപണം ഉന്നയിക്കുകയുണ്ടായി. ഈ ആരോപണം ശരിയല്ലെന്നുമാത്രമല്ല, പല കൺട്രാക്ററർമാരും കോൺഗ്രസിനെതിരായിനിന്നു മത്സരിച്ച സ്ഥാനാർത്ഥികളെ സഹായിച്ചിട്ടുള്ളതായും എനിക്കു നേരിട്ടറിയാം. മാത്രമല്ല, ഇങ്ങനെയുള്ള കൺട്രാക്ററർമാർ ഇതുപോലുള്ള അവസരങ്ങളിൽ പണം കൊടുത്തു സഹായിക്കുന്നതു് ഇതിനുമുമ്പും നടന്നുകൊണ്ടിരുന്ന ഒരു പതിവാണു്. അങ്ങനെ വളരെക്കാലത്തെ പഴക്കമുള്ള ഈ ഏർപ്പാടു് മനഃപൂർവ്വം കോൺഗ്രസ്സുകാരുടെ തലയിൽ ചുമത്തുന്നതു് ആശാസ്യമാണെന്നു തോന്നുന്നില്ല. അതുകൊണ്ടാണു് ഞാൻ ആ അഭിപ്രായത്തിൽ വിയോജിക്കുന്നതു്.

[ശ്രീ. എം. പി. ചന്ദ്രശേഖരൻപിള്ള]

സർ, ഏതെങ്കിലും ജോലിക്കുള്ള എസ്റ്റിമേററ് പി. ഡബ്ലിയു. ഡി. യിൽനിന്നും തയ്യാറാക്കുന്ന അവസരത്തിൽ ആ പണിക്കു വേണ്ടിവരുന്ന തുകയുടെ 15 ശതമാനം കൺട്രാക്ററർമാർക്ക് പ്രോഫിററ ഇനത്തിൽ നീക്കിവച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ ഓരോ ജോലിക്കും 15 ശതമാനം വീതം കൺട്രാക്ററർമാർക്ക് ലാഭത്തിനുവേണ്ടി എസ്റ്റിമേററിൽ ഉൾപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. അങ്ങനെയാണെങ്കിൽ ഇപ്പോൾ ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്ന രണ്ടു കോടി ഇരുപതുലക്ഷത്തിപന്തീരായിരം രൂപയിൽ ഏകദേശം 35 ലക്ഷത്തിൽ പരം രൂപ ഇവരുടെ ലാഭത്തിനുവേണ്ടിമാത്രം ഉണ്ടെന്നുകാണാം. ഈ വൻതുക ലാഭത്തിനുവേണ്ടി ആണ്ടോടാണ്ട് ഗവൺമെൻറിൽനിന്നും അനുവദിച്ചുകൊടുക്കുന്നതു് ശരിയല്ല. അതുകൊണ്ട് അപ്പോഴപ്പോൾ ആവശ്യമുള്ള ജോലികൾ എല്ലാം തന്നെ ഗവൺമെൻറിൽനിന്നും നേരിട്ടു നടത്തേണ്ടതാണ്. ഗവൺമെൻറിൽനിന്നും നേരിട്ടു നടത്തുകയാണെങ്കിൽ നിർവഹിക്കപ്പെടുന്ന ജോലികളും ഭംഗിയായിരിക്കും. ഏകദേശം അരക്കോടി രൂപയോളം ലാഭവുമുണ്ടായിരിക്കും. ഇതു് എത്രത്തോളം ശരിയാണെന്നുള്ളതിലേയ്ക്കു് ഞാൻ ഒരു ഉദാഹരണം ചൂണ്ടിക്കാണിക്കാം. സർ, കോഴഞ്ചേരിയിൽ ഒരു പാലം ഉണ്ടാക്കുന്നതിനുവേണ്ടി ഏഴുലക്ഷം രൂപയുടെ ഒരു എസ്റ്റിമേററ സാങ്ഷനാക്കി കോൺട്രാക്ററ കൊടുത്തു. കൺട്രാക്ററർമാർ ആ ജോലി ചെയ്യാൻ മുമ്പോട്ടു വരികയും ചെയ്തു. എന്നാൽ കൺട്രാക്ററ കൊടുക്കാതെ ഗവൺമെൻറുതന്നെ നേരിട്ടു ചെയ്യാനുള്ള ഒരു സാഹചര്യമാണുണ്ടായതു്. അങ്ങനെ ചെയ്തതിൻെറ ഫലമായി നാലരലക്ഷം രൂപകൊണ്ടു് ആ ജോലി ഭംഗിയായി തീർക്കാൻ കഴിഞ്ഞു. ബാക്കി രണ്ടരലക്ഷം രൂപ ഗവൺമെൻറിനു് ആദായവുമുണ്ടായി. ഇതു് ഒരൊററ ഇനത്തിൽ ഉണ്ടായ ലാഭത്തിനു് ഉദാഹരണമായി പറഞ്ഞതാണ്. ഈ അടിസ്ഥാനത്തിൽ, ഇതുപോലുള്ള പലയിനം ജോലികളും ഗവൺമെൻറ നേരിട്ടു നടത്തുകയാണെങ്കിൽ ഒരു പൈസപോലും കൺട്രാക്ററർമാർക്കു കൊടുക്കേണ്ട ആവശ്യം വരികയില്ല. ഇങ്ങനെ ലാഭം വരുന്ന അരക്കോടിയോളം രൂപ കൊണ്ടു് നമ്മുടെ ഗ്രാമപ്രദേശങ്ങളിലെ, അല്ലെങ്കിൽ പട്ടണങ്ങളിലെ നിവസിക്കുന്ന പൊതുജനങ്ങൾക്കുവേണ്ടി റോഡോ, പാലമോ, തോടോ നിർമ്മിക്കുന്നതിനു സാധിക്കുകയും ചെയ്യും. മറെറാരു കാര്യം എനിക്കു പറയാനുള്ളതു്, പി. ഡബ്ലിയു. ഡി. എസ്റ്റാബ്ലിഷ്മെൻറ് ചെലവിലേയ്ക്കു് ആണ്ടുതോറും ഒരു വലിയ സംഖ്യ ചെലവായിക്കൊണ്ടിരിക്കുന്നുവെന്നാണ്. അവിടെയുള്ള ഇൻജിനീയർമാർ അതിനു താഴെയുള്ള ഉദ്യോഗസ്ഥന്മാർ ഇവക്കെല്ലാം അവരുടെ ശമ്പളത്തെ ആസ്പദമാക്കിയുള്ള ജോലിയില്ലെന്നുവേണം പറയാൻ. പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിൽ ധാരാളം സെക്ഷനുകൾ ഉണ്ടു്. റോഡുസെക്ഷൻ, പാലം സെക്ഷൻ, എസ്റ്റാബ്ലിഷ്മെൻറ സെക്ഷൻ തുടങ്ങി അനവധി ബ്രാഞ്ചുകളുണ്ടു്. എന്നാൽ ഈ വകുപ്പുകളിലായി നിയോഗിക്കപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥന്മാർ എൻെറ അഭിപ്രായത്തിൽ വളരെ കൂടുതലാണ്. ഇവക്ക് ശരിയായ വിധത്തിൽ ജോലിയുണ്ടാകണമെങ്കിൽ മരാമത്തു വേലകൾ ഇവരുടെ നേതൃത്വത്തിൽത്തന്നെ നടത്തിക്കണം. സർ, വാസ്തവത്തിൽ ഇന്നു് വി. ആർ. ഡി. സെക്ഷനിൽ ഉള്ളവക്ക് ജോലി ഇല്ലെന്നുവേണം പറയാൻ. ആ സെക്ഷനിലെ ജോലി നടത്തിക്കാൻ ഫണ്ടില്ലാത്തതുകൊണ്ടു് ആ

സെക്ഷനിലെ ഏതാനും റോഡുകൾ പി. ഡബ്ല്യു. ഡിപ്പാർട്ടുമെന്റിലേയ്ക്കു വിട്ടുകൊടുത്തിരിക്കുകയാണു്. അതേ സമയം അവർ അതു് ഏറെറടുത്തിട്ടും ഇല്ല. വി. ആർ. ഡി. സെക്ഷനിൽ ചെന്നിട്ടുള്ള ഏതെങ്കിലും ജോലികളെ സംബന്ധിച്ചു പരാതി പറയുമ്പോൾ പി. ഡബ്ല്യു. ഡി. പറയുന്നതു്, ഞങ്ങളുടെ ഉത്തരവാദിത്വത്തിൽപ്പെട്ടതല്ല, വി. ആർ. ഡി. സെക്ഷൻ ജോലിയാണെന്നും, അതേ സമയം വി. ആർ. ഡി. സെക്ഷൻകാരോടു പരാതി പറയുമ്പോൾ, "അതിൽ ഞങ്ങൾക്കു കാര്യമില്ല, പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിനാണെ"ന്നും പറഞ്ഞു ഒഴിയുകയാണു ചെയ്യുന്നതു്. എങ്ങനെയായിരുന്നാലും വി. ആർ. ഡി. സെക്ഷനിലെ പ്രവർത്തനം ശരിയായ വിധത്തിൽ നടക്കുന്നില്ലെന്നുവേണം പറയാൻ. അതുകൊണ്ടു് ഈ സെക്ഷനെ പി. ഡബ്ല്യു. ഡി. യിലേയ്ക്കു ലയിപ്പിച്ചു് പ്രവർത്തിക്കുകയോ അല്ലാത്തപക്ഷം കൂടുതൽ തുക ഈ ബ്രാഞ്ചിലേയ്ക്കു നീക്കിവച്ചു് ഈ ബ്രാഞ്ചിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകയോ ചെയ്യേണ്ടതാണു്.

സർ, എനിക്കു ഈയവസരത്തിൽ എന്റെ നിയോജകമണ്ഡലത്തിലെ ഒരു റോഡിന്റെ ദുരവസ്ഥ ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. തിരുവൻവണ്ടൂർ പകുതിയിൽ ഏകദേശം രണ്ടു മൈൽ മാത്രം നീളമുള്ള ഒരു റോഡുണ്ടു്. ആ റോഡിന്റെ പകുതിഭാഗവും അപകടകരമായ നിലയിൽ കുണ്ടും, കുഴിയും, ചെളിക്കെട്ടും എന്നുവേണ്ട ഒരു വിധത്തിലും സഞ്ചാരയോഗ്യമല്ലാത്ത രീതിയിലാണു് കിടക്കുന്നതു്. ഇത്രത്തോളം ശോചനീയമായ റോഡു് നമ്മുടെ സ്റ്റേററിൽ എവിടെയെങ്കിലുമുണ്ടോ എന്നുകൂടി എനിക്കു തോന്നിയിട്ടുണ്ടു്. ഞാൻ ഒരു സാഹിത്യകാരനായിരുന്നെങ്കിൽ, ആ റോഡിന്റെ ശോച്യാവസ്ഥയേയും അനാഥസ്ഥിതിയെയുംപററി ഒരു കവിതതന്നെ എഴുതുമായിരുന്നു. അത്രയ്ക്കു മോശമായിട്ടുള്ള ഒരു നിലയാണു് ഇന്നുള്ളതു്. ഏകദേശം ഒരു മൈൽ നീളംവരെ ഇപ്രകാരം ചെളിയും, കല്ലും, കുണ്ടും, കുഴിയും ചവുട്ടി ക്ലേശിച്ചാണു് ആ നാട്ടുകാർ അല്പം ഭേദപ്പെട്ട റോഡുള്ള ഭാഗത്തു ചെന്നുചേരുന്നതു്. ഈ റോഡിന്റെ പരിഷ്ക്കരണത്തിനുവേണ്ടി തുക കൊള്ളിക്കുകയും, ടെൻറർ വിളിക്കുകയും, കാൺട്രാക്ററു കൊടുക്കുകയും അതനുസരിച്ചു് ഒരു കൺട്രാക്ററർ ആയിരം രൂപ സെക്യൂരിററി വയ്ക്കുകയും ചെയ്തുവെങ്കിലും ഒടുവിൽ ഫണ്ടില്ലാ എന്ന കാരണത്താൽ മാററിവച്ചിരിക്കുകയുമാണു്. അതുകൊണ്ടു് ഒരു കാരണവശാലും ഈ കാര്യം മാററിവയ്ക്കത്തക്കതല്ല എന്നും, കഴിയുന്നതുംവേഗം ഗവൺമെൻറിൽനിന്നുതന്നെ ഈ റോഡിന്റെ പണി തുടങ്ങണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

സർ, മറെറാരുകാര്യം പറയാനുള്ളതു്, പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിൽ നിലവിലിരിക്കുന്ന അപ്പർ സബോർഡിനേററുകളെ സംബന്ധിച്ചാണു്. ഇപ്പോൾ സൂപ്പർവൈസരന്മാരായിട്ടു് ധാരാളം ആളുകൾ ഈ പരീക്ഷ പാസായിട്ടുള്ളവരുണ്ടു്. അവർ സൂപ്പർവൈസരന്മാരായിത്തന്നെ ജോലി നോക്കുകയാണു്. അവരുടെ ഇടയിൽ വളരെ അസംതൃപ്തിയാണുള്ളതു്. കാരണം അപ്പർസബോർഡിനേററു പാസായ ഇവർക്കു് അതനുസരിച്ചുള്ള പ്രമോഷൻ കിട്ടുന്നില്ല. എന്നാൽ, നമ്മുടെ അയൽസംസ്ഥാനമായ മദ്രാസിൽ അപ്പർസബോർഡിനേററ് പാസായിട്ടുള്ളവർക്കു് അസിസ്റ്റൻറു് ഇൻജിനീയരന്മാരായിട്ടും, എക്സിക്യൂട്ടീവു് എൻജിനീയരന്മാരായിട്ടും മററും പ്രമോഷൻ നൽകിവരുന്നുണ്ടു്. ആ ഒരു വ്യവസ്ഥ ഇ▾

[ശ്രീ. എം. പി. ചന്ദ്രശേഖരൻപിള്ള]

സ്റ്റേറ്റിൽക്കൂടി നടപ്പാക്കി അവരുടെ പരാതി പരിഹരിക്കേണ്ടതു് ഏറ്റവും അത്യാവശ്യമാണെന്നു ഞാൻ ഈ അവസരത്തിൽ ഗവണ്മെന്റിനെ അനുസ്മരിപ്പിച്ചുകൊള്ളുന്നു. അതു വാസ്തവമാണെങ്കിൽ അവർ അർഹിക്കുന്ന പ്രമോഷൻ കൊടുത്തു അവരുടെ അസംതൃപ്തി മാറേണ്ടതു് തീർച്ചയായും വളരെ അത്യാവശ്യമായ ഒരു സംഗതിയാണു്. ന്യായമായ ഒരു കാര്യമാണെന്നു ഗവണ്മെന്റിനു ബോദ്ധ്യപ്പെടുന്നില്ലെങ്കിൽ പരാതി പറയുന്നതിൽ അർത്ഥവുമില്ലല്ലോ. അപ്പർസബാർഡിനേററ് സിനു പ്രമോഷൻ കൊടുക്കേണ്ടതു് ആവശ്യമാണെങ്കിൽ, അതു ന്യായമാണെങ്കിൽ, അവക്കു് പ്രമോഷൻ കൊടുക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ഈ ഗവണ്മെന്റു്, മുനിസിപ്പാലിററികളോടു കാണിക്കുന്ന നയത്തെപ്പററിയും ഒരു വാക്കു പറയണമെന്നു എനിക്കു് ആഗ്രഹമുണ്ടു്. വളരെ തുച്ഛമായ ആദായമുള്ള മുനിസിപ്പാലിററിയിൽനിന്നു റോഡു സർഫസിംഗ് എന്നോ, റോഡു് മെററലിംഗ് എന്നോ പറഞ്ഞാൽ അതിനു മുനിസിപ്പാലിററിയിൽനിന്നു ഒരു കോൺട്രിബ്യൂഷൻ ആവശ്യപ്പെടുന്ന ഒരു സംപ്രദായമുണ്ടു്. ഒരു മൈൽ റോഡു് ടാർക്രീററു് ചെയ്യുവാൻ ഒരു മുനിസിപ്പാലിററി ആവശ്യപ്പെട്ടാൽ ആ മുനിസിപ്പാലിററി പതിനയ്യായിരം രൂപ കാൺട്രിബ്യൂട്ടു് ചെയ്യണം. 30,000 രൂപ വരവുള്ള ഒരു മുനിസിപ്പാലിററിയിൽനിന്നു ഒരു റോഡു് ടാർക്രീററുചെയ്യുന്നതിനു 15,000 രൂപ മാററിവച്ചാൽ മറെറാരു പണിക്കും ആ മുനിസിപ്പാലിററിയിൽ പണമുണ്ടാകുകയില്ല. നമ്മുടെ രാജ്യത്തുള്ള മുനിസിപ്പാലിററികളെല്ലാം ഒരുപോലെ നല്ല വരവുള്ളവയല്ല. വളരെ തുച്ഛമായ വരവുള്ള ഒരു മുനിസിപ്പാലിററിയിൽനിന്നു വളരെ വിഷമഘട്ടത്തിൽ ഒരു മൈൽ റോഡു ടാർക്രീറേറാ മറേറാ ചെയ്യണമെന്നാവശ്യപ്പെട്ടാൽ 15,000 രൂപയെങ്കിലും കാൺട്രിബ്യൂഷൻ കൊടുത്താലെ അതു ചെയ്യുവാൻ സാദ്ധ്യമുള്ളു എന്നു പറഞ്ഞാൽ അതു വലിയ കഷ്ടമാണു്. വളരെ വരവുള്ള മുനിസിപ്പാലിററിയെ സംബന്ധിച്ചിടത്തോളം അങ്ങനെ കാൺട്രിബ്യൂഷൻ വാങ്ങുന്നതുകൊണ്ടു് വലിയ കഷ്ടമില്ലെങ്കിലും വളരെ തുച്ഛമായ വരവുള്ള ഒരു മുനിസിപ്പാലിററിയിൽനിന്നു ഒരു മൈൽ റോഡു് ടാർക്രീറേറാ മറേറാ ചെയ്യുന്നതിനു 15,000 രൂപ കൊടുക്കേണ്ടിവന്നാൽ ആ മുനിസിപ്പാലിററിയിലെ മററുള്ള വർക്കുകളെല്ലാം നിറുത്തി വെയ്ക്കേണ്ടിവരും. തിരുവല്ലാ മുനിസിപ്പാലിററിയിൽ നിന്നും 15,000 രൂപ കൊടുക്കുവാൻ ഞങ്ങൾ നിർബന്ധിതരായി. ആ പ്രദേശത്തു ചെയ്യുവാനുള്ള മററു പല അത്യാവശ്യപണികളും നിറുത്തിവെച്ചിട്ടാണു് ഞങ്ങൾ 10,000 രൂപ കൊടുത്തതു്. ബാക്കി 5000 രൂപ ഗവണ്മെന്റിൽനിന്നു ഇളവുചെയ്തു തരണമെന്നു അപേക്ഷിച്ചിട്ടു് ഗവണ്മെന്റു് ഇളവുചെയ്തു തന്നില്ല. 5000 രൂപ കൂടി തരണമെന്നു ഗവണ്മെന്റു നിർദ്ദേശം തന്നിട്ടുണ്ടു്. പല റോഡുകളും മുനിസിപ്പാലിററിയിൽനിന്നും സംരക്ഷിച്ചുപോകേണ്ടതുണ്ടു്. എന്നാൽ വെഹിക്കിൾ ടാക്സ് ഇനത്തിലും മററും ഭീമമായ സംഖ്യ ഗവണ്മെന്റാണു വാങ്ങിച്ചുകൊണ്ടിരിക്കുന്നതു്. വെഹിക്കിൾ ടാക്സ് പിരിക്കുന്നതിൽനിന്നു മുനിസിപ്പാലിററിയെ ഒഴിവാക്കിയിരിക്കുകയാണു്. അതുപോലെ റോഡു് സംരക്ഷിക്കേണ്ട ചുമതലയും അവരിൽനിന്നും ഒഴിവാക്കണമെന്നു ഞാൻ അപേക്ഷിക്കുകയാണു്.

രണ്ടു പ്രാദേശികകാര്യങ്ങൾ കൂടി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. തിരുവല്ലാമാക്ററകനാൽ തിരുവല്ലായെ സംബന്ധിച്ചിടത്തോളം ഒരു ജീവൽപ്രശ്നമാണ്. വളരെക്കാലം മുമ്പു മുതൽക്കുതന്നെ തിരുവല്ലായും ആലപ്പുഴയും തമ്മിലുള്ള ബന്ധം പുലർത്തുന്നതിനു അതു വെട്ടിത്തരണമെന്നു ഗവണ്മെൻറിനോടു് ആവശ്യപ്പെടുകയും അതു കുറേശ്ശ വെട്ടുകയും ചെയ്തു. എന്നാൽ അതിപ്പോൾ തുടങ്ങിയപോലെ തന്നെ ഇരിക്കുകയാണ്. ബഹുമാനപ്പെട്ട ചീഫ്മന്ത്രി തിരുവല്ലായിൽ വന്നപ്പോൾ ഞാൻ അദ്ദേഹത്തെ സന്ദർശിച്ചു് ഇതിനെ സംബന്ധിച്ചു് നിവേദനം ചെയ്യുകയുണ്ടായി. അദ്ദേഹം അതിനെപ്പററി ഒരു ചെറിയ വാക്കുപോലും പറയുവാൻ തയാറായില്ല. അതിനുശേഷം പൊതുമരാമത്തുവകുപ്പുമന്ത്രിയുടെ അടുത്തും ഞാൻ ഇതിനെപ്പററി നിവേദനം ചെയ്കയുണ്ടായി. തിരുവല്ലാടൌണിന് മാത്രമല്ല, തിരുവല്ലാ താലൂക്കിനു് മുഴുവൻതന്നെയും ആ കനാൽകൊണ്ടു് പ്രയോജനമുണ്ടു്. ആ തോടിൻെറ പണി പൂർത്തിയാക്കുന്നതിനു ഈ ബഡ്ജററിൽ ഒരു സംഖ്യയും കൊള്ളിച്ചിട്ടില്ല. ഒരു 15,000 രൂപ കൊള്ളിച്ചിട്ടുണ്ടു്. അതു ഞാൻ മനസ്സിലാക്കുന്നതു കഴിഞ്ഞ കാലങ്ങളിൽ അവിടെ ചെയ്ത പണികൾക്കു് ബാക്കി കൊടുക്കുവാനുള്ള തുകയാണെന്നാണ്. ആ കാര്യത്തിൽ ഗവണ്മെൻറ് സത്വരനടപടികളെടുക്കണമെന്നു എനിക്കു് അപേക്ഷയുണ്ടു്. അതുപോലെ തിരുവല്ലാതാലൂക്കിലെ കല്ലുപ്പാറ, പനയമ്പാല തോടിൻെറ കഥയും, അതിൻെറ ഇരുകരകളിൽനിന്നും മലവെള്ളം പാഞ്ഞൊഴുകി മണ്ണുകയറി ഏതാണ്ടു 20,000–ത്തോളം ഏക്കർ സ്ഥലം കൃഷിക്കു് ഉപയുക്തമാകാതെ കിടപ്പുണ്ടു്. അതു രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. മറെറാരു മുഖ്യമായ കാര്യമാണ് പമ്പാറിവർ സ്കീം. മദ്ധ്യതിരുവിതാംകൂറിലെ ഏററവും വലിയ പമ്പാനദിയിലെ ജലം തടഞ്ഞുനിറുത്തി കൃഷിക്കും ഹൈഡ്രോ ഇലക്ട്രിക് സ്കീമുകൾക്കും മററും വെള്ളം കൊണ്ടുപോകാവുന്ന ഒരു സ്കീമാണതു്. അതു് അടുത്ത പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുവാൻ വേണ്ട നടപടികൾ കൈക്കൊള്ളണമെന്നു ഞാനപേക്ഷിക്കുന്നു.

പിന്നെ വർക്കു് എസ്റ്റാബ്ലിഷ്മെൻറുകാരുടെ കാര്യവും അവരുടെ കൂലിയുടെ കാര്യവും ആണു പറയുവാനുള്ളതു്. അതിനെപ്പററി ശ്രീ. ഭാസ്കരൻനായർ വിശദമായി ഇവിടെ പറഞ്ഞുകഴിഞ്ഞു. വരുന്ന ആളുകളെയൊക്കെ വെച്ചു ജോലിചെയ്യിക്കുകയും വരാത്തവരുടെ പേരുകൾ കൂടി വെച്ചു കണക്കെഴുതി ഉദ്യോഗസ്ഥന്മാർ കൊള്ളലാഭമടിക്കയും ചെയ്യുന്ന ഈ ഏർപ്പാടു ഉടനെ അവസാനിപ്പിക്കണം. കൂലിക്കാർക്കു് സ്ഥിരമായ ലാവണം കൊടുക്കുകയാണെങ്കിൽ ഡിപ്പാർട്ടുമെൻറിൽ നടക്കുന്ന അഴിമതികൾ ഇല്ലാതാകുമെന്നുള്ള സംഗതി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാനാഗ്രഹിക്കുന്നു.

ശ്രീ. പി. കെ. അബ്ദുൾഖാദർ: സർ, ശ്രീ. എം. പി. ചന്ദ്രശേഖരപിള്ള അവതരിപ്പിച്ചിരിക്കുന്ന ഖണ്ഡനോപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു. ബഹുജനങ്ങളെ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണ് ഗതാഗതമാർഗ്ഗങ്ങൾ. രാജ്യത്തെ വ്യവസായാഭിവൃദ്ധിക്കും കൃഷിയുടെ അഭിവൃദ്ധിക്കും ഏററവും അത്യാവശ്യമായിട്ടുള്ളവയാണ് റോഡുകൾ, തോടുകൾ, പാലങ്ങൾ മുതലായവയെന്നു് ഈ സഭയും സമ്മതിക്കുമല്ലോ. സർ, ഗവണ്മെൻറുഖജനാവിൽ

[ശ്രീ. പി. കെ. അബ്ദുൾഖാദർ]

നിന്നും ഏററവും വലിയ ഒരു സംഖ്യ ഈ ഇനത്തിൽ ചെലവഴിക്കുന്നുണ്ടെന്നുള്ള സംഗതി അറിയാതെയല്ല ഞാൻ ഈ വക സംഗതികൾ ഇവിടെ ചൂണ്ടിക്കാണിക്കുന്നതു്. എന്നാൽ അങ്ങനെ ചെലവാക്കുന്ന സംഖ്യ ഏറെക്കുറെ ചില പ്രത്യേക സ്ഥലങ്ങളിലാണെന്നാണ് ബഡ്ജററുകൊണ്ടും PWD യുടെ ഇതുവരെയുള്ള പ്രവർത്തനം കൊണ്ടും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതു്. സംയോജനത്തിനുമുമ്പ് കൊച്ചിവിഭാഗത്തു് പൊതുവിലും എന്റെ നിയോജകമണ്ഡലത്തിൽ പ്രത്യേകിച്ചും ഈ ഇനത്തിൽ വല്ലതും ചെലവു ചെയ്തിട്ടുണ്ടോ എന്നു ഈ സഭ അറിയുന്നതു നന്നായിരിക്കും. കമ്യൂണിററി പ്രാജക്ററിന്റെ ചില പ്രവർത്തനങ്ങൾ അവിടവിടെയായി നടക്കുന്നുണ്ടെന്നല്ലാതെ കാര്യമായ ഒരു തുക അവിടെ ചെലവഴിക്കുന്നില്ല. വളരെക്കാലം ജനങ്ങൾ മുറവിളികൂട്ടിയതിന്റെ ഫലമായിട്ടാണ് സബ്‌വർക്ക്സ് കമ്മിററി എന്നൊരേർപ്പാടുണ്ടായതു്. 60,000 ക. വരെ വിനിയോഗിക്കുവാൻ ഈ കമ്മിററികൾക്ക് അധികാരമുണ്ടെന്നു ഞാൻ അനുസ്മരിക്കുന്നു. വർക്ക്സ് കമ്മിററിയിൽ നാട്ടുകാരുടെ പ്രതിനിധികൾ പാസ്സാക്കുന്ന വർക്കുകൾ അവർക്ക് എത്രതന്നെ മുൻഗണന കമ്മിററിക്കാർ കൊടുത്താലും അതർഹിക്കുന്ന പരിഗണന ഗവണ്മെൻറും സെൻട്രൽ വർക്ക്സ് കമ്മിററിയും കൊടുക്കുന്നില്ലെന്നു പറയേണ്ടിവന്നതിൽ ഖേദമുണ്ടു്. 60,000 രൂപ കൊണ്ടു് ഓരോ സബ്‌വർക്ക്സ് കമ്മിററിയുടെയും പ്രവൃത്തികൾ മുഴുവൻ ചെയ്തു തീർക്കുവാൻ സാധിക്കുകയില്ലെന്നും അത്രയധികം പ്രാദേശികാവശ്യങ്ങൾ ഓരോ ഡിവിഷനും ഉണ്ടെന്നും ഗവണ്മെൻറ് പ്രത്യേകം മനസ്സിലാക്കേണ്ടതുണ്ടു്.

സബ്‌വർക്ക്സ് കമ്മിററിയെപ്പററി പറയുമ്പോൾ അതിലേയ്ക്കുള്ള നാമിനേഷനെപ്പററിയും രണ്ടുവാക്കു പറയേണ്ടതായിട്ടുണ്ടു്. ഞാൻ ഉൾക്കൊള്ളുന്ന മുകുന്ദപുരം സബ്‌വർക്ക്സ് കമ്മിററിയിൽ എറണാകുളത്തുനിന്നും ഒരാളെ നാമിനേററു ചെയ്യുകയുണ്ടായി. ഭാസ്കർ എന്നാണു പേർ. രണ്ടോ മൂന്നോ തവണ അയാൾക്ക് നോട്ടീസ് അയച്ചിട്ട് അങ്ങനെയൊരാൾ ജീവിച്ചിരിപ്പില്ലെന്നു പറഞ്ഞ് നോട്ടീസ് മടക്കിയിരിക്കുകയാണ്. വളരെ മിടുക്കന്മാരായ ആളുകൾ ജീവിച്ചിരിക്കുന്ന നമ്മുടെ നാട്ടിൽ എന്തിനു ജനിച്ചിട്ടുപോലും ഇല്ലാത്തവരെ നാമിനേററുചെയ്യുന്നു എന്നാണ് സർ, ഞാൻ ചോദിക്കുന്നതു്. അതുപോലെ ജനങ്ങളുടെ ആക്ഷേപങ്ങളിൽനിന്നും ഒഴിഞ്ഞു മാറാനുള്ള ഒരു വിദ്യയായി വർക്ക്സ് കമ്മിററികളെ കണക്കാക്കരുതു്. സർ, ഞാൻ പ്രതിനിധീകരിക്കുന്ന കൊടുങ്ങല്ലൂരിലെ ചില പ്രാദേശികാവശ്യങ്ങൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. നമ്മുടെ പഞ്ചവത്സരപദ്ധതിയിൽ മുപ്പതോ അതിൽകൂടുതലോ പാലം പണി ഉൾപ്പെടുത്തിയിട്ടുള്ളതിൽ രണ്ടു പാലങ്ങൾ മാത്രമാണ് തൃശ്ശൂർ ഡിസ്ട്രിക്ടിലേയ്ക്കുള്ളതു്. അതിൽ ഒന്നു് കൊടുങ്ങല്ലൂർ പുല്ലൂററ് പാലമാണ്. അതിനെ സംബന്ധിച്ചു് അവിടത്തെ ജനങ്ങളും ഈ സഭയിൽ കൊടുങ്ങല്ലൂരിനെ പ്രതിനിധീകരിച്ചു പലരും പലവാദങ്ങളും ഉന്നയിച്ചിട്ടുള്ളതാണ്. എന്നാൽ അതിനെ സംബന്ധിച്ചു് ഗവണ്മെൻറ് ഇതുവരെ ഒന്നും ചെയ്തിട്ടില്ല. എസ്റ്റിമേററ് തയ്യാറാക്കാത്തതുകൊണ്ടാണ് അതിന്റെ പ്രവർത്തനം തുടരാത്തതു് എന്നാണറിയുന്നതു്. തീരപ്രദേശങ്ങളെ ബാധിക്കുന്ന ഒരു പ്രശ്നമായി തീർന്നിട്ടുള്ള കടലാക്രമണത്തെ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കടലാക്രമണം തീരപ്രദേശത്തെ സംബന്ധിച്ചിടത്തോളം ഒരാപത്തായിത്തീർന്നിരി

ക്കുകയാണ്. അവിടെ ബണ്ട് ഇടുവാൻ കുറെ സംഖ്യ കൊള്ളിച്ചിട്ടുണ്ടെങ്കിലും അതിനുവേണ്ടി ഒന്നും ചെയ്തിട്ടില്ല. കൊണ്ടുവന്നിറക്കിയ കുറെ കല്ലുകൾ ആർക്കോവേണ്ടി എടുത്തു മാററുകകൂടി ചെയ്തു.

പിന്നെ കമ്മ്യൂണിററി പ്രാജക്ററിന്റെ പ്രവർത്തന പരിധിയിൽ മത്സ്യവ്യവസായകേന്ദ്രങ്ങൾ തുടങ്ങുന്നതിനു ഗവൺമെൻറ് ചിലതൊക്കെ ആലോചിക്കുന്നുണ്ടെന്നു പറഞ്ഞു. കൊടുങ്ങല്ലൂർ ഇത്തരത്തിൽ വികസിപ്പിക്കുവാൻ സാധിക്കുന്ന ഒരു പ്രദേശമായതുകൊണ്ട് ആ പ്രദേശത്തെയുംകൂടി അതിൽ ഉൾപ്പെടുത്തണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

സർ, എന്റെ നിയോജകമണ്ഡലത്തിലെ റോഡുകളുടെ ശോച്യാവസ്ഥയെപ്പററി ഞാൻ രണ്ടോ മൂന്നോ ഫോട്ടോകൾ എടുത്തു അയച്ചുതരാം. എന്നാലെങ്കിലും അവിടത്തെ റോഡുകളുടെ ശോച്യാവസ്ഥയെപ്പററി മനസ്സിലാക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഭാഗികമായി തൊഴിലില്ലായ്മ പരിഹരിക്കാനെങ്കിലും ഈ ജോലികളൊക്കെ പൂർത്തിയാക്കുന്നതു നന്നായിരിക്കും. ഇനി മെയിൻറനൻസ് സ്റ്റാഫിനെപ്പററിയാണ് എനിക്ക് ഒരു വാക്കു പറയുവാനുള്ളത്. മെയിൻറനൻസ് സ്റ്റാഫ് എന്ന ഏർപ്പാട് പഴയ കൊച്ചിയിൽ ഉണ്ടായിരുന്നതല്ല. ഇത് തിരുവിതാംകൂറിൽനിന്നു കൊച്ചിയിലേയ്ക്കു പലതിന്റേയും കൂട്ടത്തിൽ വ്യാപിച്ചിരിക്കുകയാണ്. മേസ്തിരിമാർക്ക് കൂടുതലായി ലാഭമുണ്ടാക്കാനുള്ള എന്തെങ്കിലും സൗകര്യം ചെയ്തുകൊടുക്കുകയെന്നുള്ളതിൽ കവിഞ്ഞു മെയിൻറനൻസ് സ്റ്റാഫ് തൊഴിലാളിക്ക് യാതൊരു പ്രയോജനവും ഈ ഏർപ്പാടുകൊണ്ട് ഉണ്ടാകുന്നില്ല. അതുകൊണ്ട് ഈ കാര്യത്തിലും വേണ്ട നടപടി ഗവൺമെൻറ് സ്വീകരിച്ച് തൊഴിലാളികളുടെ ന്യായമായ ആവശ്യങ്ങളും അവകാശങ്ങളും അനുവദിച്ചു കൊടുക്കണം.

സർ, ശുദ്ധജല വിതരണക്കാര്യത്തിൽ ട്യൂബ്‌വെൽസ് പല സ്ഥലത്തും അനുവദിച്ചിട്ടുണ്ടെങ്കിലും എന്റെ നിയോജകമണ്ഡലത്തിൽ ഒന്നും ചെയ്തു കാണുന്നില്ല. ഉപ്പുവെള്ളം കുടിച്ചു മന്തും മററു സാംക്രമികരോഗങ്ങളും ബാധിച്ചു ആരോഗ്യം നഷ്ടപ്പെടുന്ന ഗ്രാമീണരോട് ചെയ്യേണ്ട മനുഷ്യത്വപരമായ ഒരു നീതി നിർവഹിക്കാനെങ്കിലും ഗവൺമെൻറ് ഇതു ചെയ്യുവാൻ മുതിരേണ്ടതാണ്. ഇനി വള്ളിവട്ടത്ത് നിന്നും എടതിരിഞ്ഞിയിലേയ്ക്കു ഒരു റോഡും കാരുമാത്ര—കരൂപ്പടന്ന റോഡും പണിതു തീർക്കേണ്ടതു് മറെറാരു പ്രധാന ആവശ്യമാണ്. അതുപോലെ നാരായണമംഗലം പാലം പൊളിച്ചു പണിയുക, ആനാപ്പുഴപ്പാലം ഗതാഗതസൌകര്യങ്ങളോടുകൂടി പണിതുതീർക്കുക എന്നതും അടിയന്തിരമായ കാര്യങ്ങളാണ്. മൂത്തകുന്നത്തു ഒരു പാലം പണിതു് കോട്ടപ്പുറ—കയ്യുംപ്പുള്ളി കടത്തിൽ ഒരു ചങ്ങാടം ഏർപ്പെടുത്തുന്നതായാൽ എറണാകുളത്തുനിന്നും ബസ്സും കാർമാർഗ്ഗവുമായ ഗതാഗതങ്ങൾ അഭിവൃദ്ധിപ്പെടും. തദ്വാരാ ചെറുകച്ചവടക്കാർക്കും വ്യവസായികൾക്കും സമയലാഭവും ആദായവും ഉണ്ടായിരിക്കുന്നതുമാണ്. അഴീക്കോട്ട് എറിയാട്ട് പ്രദേശങ്ങളിലേയ്ക്ക് നീട്ടിയിട്ടുള്ള വിദ്യുച്ഛക്തി ഏർപ്പാട് കണക്ഷൻ കൊടുക്കാതെ കൊല്ലങ്ങൾ പലതായി; അതും പരിഹരിക്കാൻ അപേക്ഷ.

സർ, ചരിത്രപ്രസിദ്ധമായ കൊടുങ്ങല്ലൂർ—ഒരു കാലത്തു "മുസ്സരീസ്സ്" എന്ന പേരിൽ വിദേശികളായ വ്യവസായികളേയും ചരിത്രാന്വേഷിക

[ശ്രീ. പി. കെ. അബ്ദുൽഖാദർ]

ളേയും ആകർഷിച്ചിരുന്ന കൊടുങ്ങല്ലൂർ—ഇന്നു അധഃപതിച്ചിരിക്കുകയാണു്. പ്രകൃതിരമണീയമായ തുറമുഖം ഒരു മൈനർ പോർട്ടു് ആക്കിയാൽ രാജ്യരക്ഷയ്ക്കും നമ്മുടെ സ്റ്റേറ്റിന്റെ അഭിവൃദ്ധിക്കും വലിയ സഹായമായിരിക്കും.

സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കൂട്ടാലക്കെട്ടു ചിറ ബണ്ടു് കെട്ടിത്തരണമെന്നു് ഞാനപേക്ഷിക്കുന്നു. അവിടെ ആ ബണ്ടു കെട്ടുകയാണെങ്കിൽ ഏകദേശം 700-ൽപ്പരം ഏക്കർസ്ഥലം കൃഷിക്കുപയോഗപ്രദമായിത്തീരുന്നതാണു്. കൊടുങ്ങല്ലൂരിലുള്ള വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി അവിടെ ഗതാഗതസൗകര്യങ്ങൾ കൂടുതൽ വർദ്ധിപ്പിക്കേണ്ടതാണു്. ഒരു അർദ്ധദ്വീപായ കൊടുങ്ങല്ലൂർ മററു പ്രദേശങ്ങളുമായി ബന്ധപ്പെട്ടിരിക്കേണ്ടതു് വളരെ അത്യാവശ്യമായ ഒരു കാര്യമാണു്. വളരെക്കാലമായി യാതൊരു നിലയിലുമുള്ള അഭിവൃദ്ധി ഉണ്ടാകാതിരുന്ന ഞങ്ങളുടെ പ്രദേശങ്ങളെ സംബന്ധിച്ചു ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി അദ്ദേഹത്തിനു ആ നാടുമായുള്ള ചിരകാലപരിചയം വച്ചു് വേണ്ടവിധത്തിൽ മന്ത്രിസഭയെ അറിയിക്കുമെന്നും ഞങ്ങളുടെ ഇത്തരം പ്രശ്നങ്ങൾക്കു് ഒരു പരിഹാരമുണ്ടാക്കുവാൻ വേണ്ടതു് പ്രവർത്തിക്കുമെന്നും വിശ്വസിക്കുന്നു.

ശ്രീ. പി. രവീന്ദ്രൻ: സർ, ബഹുമാനപ്പെട്ട കോട്ടയം മെംബർ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു. സംസ്ഥാനത്തെ വരവിന്റെ ഒരു നല്ല ഭാഗം പൊതുമരാമത്തു ജോലിക്കായി നീക്കിവച്ചിട്ടുണ്ടെന്നു് ബഡ്ജററുനോക്കിയാൽ കാണാം. നീക്കിവയ്ക്കുന്ന തുക മുഴുവനും ചെലവാക്കുവാൻ ഡിപ്പാർട്ടുമെന്റിനു കഴിയുമോ എന്നുള്ളതാണു് സംശയം. കഴിഞ്ഞയാണ്ടിൽ ധാരാളം തുക ഈ ഡിപ്പാർട്ടുമെന്റിലേയ്ക്കു അനുവദിച്ചിരുന്നുവെങ്കിലും ഒരു നല്ല തുക ലാപ്സാക്കിക്കളയുകയാണു ചെയ്തതു്. ഇങ്ങനെ അനുവദിച്ചിട്ടുള്ള തുകകൾ ലാപ്സാക്കി കളയുന്ന ഒരു പാരമ്പര്യം ഇവിടത്തെ പി. ഡബ്ല്യു. ഡിപ്പാർട്ടുമെന്റിനുണ്ടെന്നു് ഒരു ആരോപണമുണ്ടു്. വളരെയധികം തുക ഇങ്ങനെ ലാപ്സാക്കിക്കളയുന്ന മറെറാരു ഡിപ്പാർട്ടുമെന്റുണ്ടോ എന്നു് എനിക്കു സംശയമുണ്ടു്. അങ്ങനെ നമ്മുടെ വരുമാനത്തിന്റെ നല്ലൊരുഭാഗം ഈ ഡിപ്പാർട്ടുമെന്റിലെ ചെലവിനായി നീക്കിവയ്ക്കുന്നുവെങ്കിലും ജനങ്ങളുടെ ആവശ്യങ്ങൾക്കനുയോജ്യമായി അതു ചെലവാക്കാതെ ലാപ്സാക്കിക്കളയുന്ന ഈ പതിവു് നിറുത്തുവാൻ ഗവണ്മെന്റു് അടിയന്തിരമായ നടപടികൾ സ്വീകരിക്കേണ്ടതാണു്. ഈ ഡിപ്പാർട്ടുമെന്റിൽ അനുവദിച്ചിട്ടുള്ള തുക ചെലവാക്കാതെ ലാപ്സാക്കിക്കളയുന്നതു സംബന്ധിച്ചുള്ള ഒന്നുരണ്ടു ഉദാഹരണങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു് ഞാൻ ആഗ്രഹിക്കുന്നു. നെടുമങ്ങാട്ടു താലൂക്കിൽ 1951–52-ൽ 32,000 രൂ. വഴിച്ചുക്കുറ്റി വിതരണത്തിനായി നീക്കിവച്ചു. പക്ഷെ, അവിടെ 3000 രൂപയുടെ ജോലി മാത്രമേ ആ വർഷത്തിൽ ചെയ്തുള്ളു. മുഴുവൻ തുകയും ചെലവാക്കിയില്ലെന്നുള്ളതോ പോകട്ടെ. അന്നു നീക്കിവച്ചിട്ടുള്ള തുകയിൽ ആ ആണ്ടിൽ ചെലവായതു കഴിച്ചു ബാക്കിയുള്ള തുക അടുത്തയാണ്ടിലെ ബഡ്ജററിൽ കൊള്ളിച്ചിട്ടുമില്ല. ഇലക്ട്രിസിററി ഡിപ്പാർട്ടുമെന്റിനെക്കുറിച്ചു് ഒരു സംഗതി ചൂണ്ടിക്കാണിക്കുവാനുണ്ടു്. ഇലക്ട്രി

സിററി ഗ്രാമീണപ്രദേശങ്ങളിൽക്കൂടി വിതരണം ചെയ്യണമെന്ന് ഗ്രാമീണ ജനങ്ങളും അപേക്ഷകൾ ഡിപ്പാർട്ടുമെൻറിനു സമർപ്പിക്കുമ്പോൾ അതിനാവശ്യമുള്ള മെററീരിയൽസ് ഇല്ലെന്നുള്ള കാരണം പറഞ്ഞ് അപേക്ഷകൾ തള്ളിക്കളയുകയാണ് ചെയ്യുന്നതു്. പക്ഷെ മെററീരിയൽസിൻെറ അഭാവംകൊണ്ടല്ല, സാധനങ്ങളുടെ കുറവുകൊണ്ടല്ല, ഡിപ്പാർട്ടുമെൻറിലെ ഫീൽഡുവർക്കിനുള്ള ജോലിക്കാരുടെ കുറവുകൊണ്ടാണ് ഈ ജോലികൾ നടക്കാതിരിക്കുന്നതെന്ന് പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതാണ്. ഈ വർഷത്തെ ബഡ്ജററിൽത്തന്നെ മൂന്ന് അസിസ്റ്റൻറ എൻജിനീയറന്മാരെ നിയമിക്കുവാൻ തുക നീക്കിവച്ചിരിക്കുന്നതായി കാണാം. പക്ഷെ ഫീൽഡ് വർക്കിനു ആളുകളെ നിയമിക്കുവാൻ വ്യവസ്ഥകളൊന്നും കാണുന്നില്ല. ഈ ന്യൂനത പരിഹരിക്കേണ്ടതാണ്.

ചേർത്തലത്താലൂക്കിൽ കൃഷിചെയ്യുന്നതിനാവശ്യമായ വെള്ളം പമ്പുചെയ്യുന്നതിനുവേണ്ടി ഇലക്ട്രിസിററി നൽകാമെന്ന് അന്നത്തെ പി. ഡബ്ലിയു. ഡി. മന്ത്രിയായിരുന്ന ശ്രീ. കളത്തിൽ വേലായുധൻ നായർ നിയമസഭാതലത്തിൽ പലപ്രാവശ്യം ഉറപ്പുകൊടുത്തിരുന്നതാണ്. പക്ഷെ, ആ വാഗ്ദാനം ഇതുവരെ പാലിക്കപ്പെട്ടിട്ടില്ല. പമ്പിങ്ങിനാവശ്യമായ ഇലക്ട്രിസിററി കൊടുക്കണമെന്ന ചേർത്തലതാലൂക്കിലെ ജനപ്രതിനിധികൾ ഇപ്പോഴും നിവേദനം നടത്തിയിട്ടുണ്ട്. അക്കാര്യത്തിൽ വേണ്ടതു് ഉടനടി ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. പൊതുമരാമത്തു ജോലികൾ കൺട്രാക്ടറന്മാരെക്കൊണ്ടു ചെയ്യിക്കുന്നതിൻെറ ന്യൂനതകളെപ്പററി ബഹുമാനപ്പെട്ട കോട്ടയം മെംബർ ഇവിടെ സംസാരിച്ചു. ആ വിഷയത്തിലേയ്ക്കു ഞാൻ കടക്കുന്നില്ല. ഇപ്പോഴത്തെ ഏർപ്പാടനുസരിച്ച് അധികാരം മുഴുവനും മേലുദ്യോഗസ്ഥന്മാർക്കാണ്. വികേന്ദ്രീകരണം നടത്തുമെന്ന് ആവർത്തിച്ചാവർത്തിച്ചു പറയുന്ന ഇവിടത്തെ പി. എസ്. പി. മന്ത്രിസഭ ഈ ഡിപ്പാർട്ടുമെൻറിലെ അധികാരവികേന്ദ്രീകരണത്തിൽ ശ്രദ്ധപതിപ്പിക്കേണ്ടതാണ്. ഇന്നു് സൂപ്പർവൈസറന്മാർക്കും അസിസ്റ്റൻറ എൻജിനീയറന്മാർക്കും ജോലികൾക്കു് അനുവാദം നൽകാനും ചെയ്യിക്കുവാനും അധികാരമില്ല. ചീഫ് എൻജിനീയരുടെയോ എക്സിക്യൂട്ടീവ് എഞ്ചിനീയരുടെയോ അനുമതിയില്ലാതെ അവർക്കു യാതൊന്നും ചെയ്യാൻ സാദ്ധ്യമല്ല. ഈ ഡിപ്പാർട്ടുമെൻറിലെ ജോലികൾ വളരെ കാലതാമസം കൂടാതെ ചെയ്യണമെങ്കിൽ ചില ജോലികളെങ്കിലും സബ്ഡിവിഷൻ കമ്മിററികളോട് ആലോചിച്ചു ചെയ്യുവാൻ സെക്ഷൻ ആഫീസറന്മാർക്കും അസിസ്റ്റൻറ് എൻജിനീയറന്മാർക്കും അധികാരം നൽകേണ്ടതാണ്. ജോലികൾക്ക് ടെക്നിക്കൽ സാംക്ഷൻ കൊടുക്കുന്നതിന് ചീഫ് എൻജിനീയർക്ക് പൂർണ്ണാധികാരം കൊടുക്കണമെന്നാണ് എനിക്ക് പറയുവാനുള്ളതു്. ഡിപ്പാർട്ടുമെൻറിലെ ജോലികൾക്ക് അഡ്മിനിസ്റ്ററേറീവ് സാംക്ഷൻ നൽകുന്നതു് ഗവൺമെൻറാണ്. ടെക്നിക്കൽ സാംക്ഷൻ കൊടുക്കുന്നതിനും ചീഫ് എൻജിനീയർക്ക് പൂർണ്ണ അധികാരമില്ലാതെയാണിരിക്കുന്നതു്. ആ അധികാരം ചീഫ് എൻജിനീയർക്കു നൽകേണ്ടതാണ്. നെയ്യാർ ഡാമിൻെറ ആവശ്യത്തിനുവേണ്ടി കുറച്ചുസാധനങ്ങൾ വാങ്ങിക്കുന്നതിന് ചീഫ് എൻജിനീയർ ടെൻഡർ വിളിക്കുകയുണ്ടായി. ടെൻഡർ സ്വീകരിച്ച് ഗവൺമെൻറിൻെറ സാംക്ഷനുവേണ്ടി അയച്ചപ്പോൾ സ്റ്റോർസ് പർച്ചേസ് കമ്മിററിമുഖാന്തിരമേ ടെൻഡർ വിളിക്കാൻ പാടുള്ളുവെന്ന് ഗവൺമെൻറ

[ശ്രീ. പി. രവീന്ദ്രൻ]

പറഞ്ഞു. അങ്ങനെ കൂടുതൽ താമസം ആ കാര്യത്തിൽ ഉണ്ടാകുവാൻ ഇടയുള്ളതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. മറ്റൊന്ന് ഈ ഡിപ്പാർട്ടുമെന്റ സാമ്പത്തികവർഷത്തിന്റെ അവസാനത്തിലാണ്, തുകകൾ ചെലവുചെയ്യുന്നതെന്ന് ആഡിറ്റ്റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. യഥാകാലം ജോലികൾ ചെയ്യാതെ ആണ്ടവസാനം എങ്ങനെയെങ്കിലും കുറെ തുക ചെലവാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഏതെങ്കിലും ചില ജോലികൾ ചെയ്തുവെന്നു വരുത്തുകയാണ് പതിവ്. ഈ ചെലവുകൾക്കു ശരിയായ ബില്ലുകളോ വൗച്ചറുകളോ സൂക്ഷിക്കാറില്ല. അങ്ങനെയാണ് നടക്കുന്നതെന്ന് ഈ ഡിപ്പാർട്ടുമെന്റിൽ ഒരു കാലത്ത് ജോലിനോക്കാൻ കഴിഞ്ഞിട്ടുള്ള എനിക്കു നേരിട്ടു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. വേറൊന്നു പറയുവാനുള്ളതു് പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള വി. ആർ. ഡി. സ്കീമിനെക്കുറിച്ചാണ്. ഇതിനെക്കുറിച്ചു ഒന്നുരണ്ടു ബഹുമാനപ്പെട്ട മെംബർമാർ ഇവിടെ പറഞ്ഞുകഴിഞ്ഞു. വി. ആർ. ഡി. സെക്ഷൻ നിറുത്തണമെന്നാണ് എന്റെയും അഭിപ്രായം. കൊല്ലം സബ്ഡിവിഷനിൽ 42 റോഡുകൾ കഴിഞ്ഞയാണ്ടു് വി. ആർ. ഡി. സ്കീം അനുസരിച്ചു നന്നാക്കാൻ സബ്ഡിവിഷൻ കമ്മിറ്റി ശുപാർശചെയ്തിരുന്നു. പക്ഷെ ആ റോഡുകളിൽ ഒരെണ്ണത്തിലും ഒരു തുമ്പാ മണ്ണുപോലും വെട്ടിയിടുവാൻ ഡിപ്പാർട്ടുമെന്റിനു കഴിഞ്ഞിട്ടില്ലെന്നുള്ളതാണ് സത്യം. പി. ഡബ്ലിയു. ഡി. ഇന്നു് കൈക്കൂലിയുടെ പര്യായമായിത്തീർന്നിട്ടുണ്ട്. ഈ ആരോപണത്തെപ്പറ്റി അന്വേഷിക്കുകയും കൈക്കൂലി തടയുന്നതിന് ആവശ്യമായ നടപടികൾ മന്ത്രി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ഈ ഉദ്യോഗസ്ഥന്മാർക്കു കൈക്കൂലി വാങ്ങിക്കുന്നതിനുള്ള സാഹചര്യം ഗവണ്മെന്റ തന്നെ സൃഷ്ടിച്ചുകൊടുക്കുന്ന ഒരു ഉദാഹരണം ഞാൻ പറയാം. കേന്ദ്ര ധനകാര്യമന്ത്രി ശ്രീ. സി. ഡി. ദേശ്മുഖ് ഈ സംസ്ഥാനം സന്ദർശിച്ചപ്പോൾ നെയ്യാർ ഡാമിന്റെ ജോലികൾ പരിശോധിക്കാൻ അദ്ദേഹം താൽപ്പര്യം പ്രകടിപ്പിച്ചു. ബഹുമാന്യനായ അതിഥിയെ നമ്മുടെ രാജ്യത്തിന്റെ പാരമ്പര്യം അനുസരിച്ചു യഥായോഗ്യം സ്വീകരിക്കണമെന്ന് ഗവണ്മെന്റ് അസിസ്റ്റന്റ എൻജിനീയർക്കു നിർദ്ദേശം നൽകി. സ്വീകരണത്തിനു വേണ്ട സജ്ജീകരണങ്ങൾ ചെയ്യുന്നതിന് 150 രൂപ മാത്രമേ ചെലവു ചെയ്യാൻപാടുള്ളുവെന്ന് ഗവണ്മെന്റ് പറഞ്ഞു. പക്ഷെ, പി. ഡബ്ലിയു. ഡി. ഉദ്യോഗസ്ഥന്മാർക്ക് ഈ വകയിൽ 500 രൂപയിൽ കൂടുതൽ ചെലവായി. ഗവണ്മെന്റ് അനുവദിച്ചതിൽ കൂടുതൽ ചെലവായ തുക കിട്ടണമെന്ന് മേലുദ്യോഗസ്ഥനോടു് ആവശ്യപ്പെട്ടപ്പോൾ അതു കൊടുക്കാൻ സാദ്ധ്യമല്ലെന്ന് പറയുകയുണ്ടായി. ആ തുക പൊതുമുതൽ ചോർത്തിയെടുത്തുകൊള്ളുവാൻ ഗവണ്മെന്റ പരോക്ഷമായ അനുവാദം നൽകുകയാണ് ചെയ്തിരിക്കുന്നതു്. ആ രീതിയിലുള്ള സാഹചര്യങ്ങളാണ് ഈ ഡിപ്പാർട്ടുമെന്റിലുള്ളതു്. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളാം. എന്റെ നിയോജകമണ്ഡലത്തിലെ ഒരു ജലസേചനപദ്ധതിയെക്കുറിച്ചാണ് എനിക്കു് പറയുവാനുള്ളതു്. അതു് വെറും ഒരു പ്രാദേശികാവശ്യം മാത്രമല്ല. അതിന്റെ പ്രാധാന്യം എന്റെ നിയോജകമണ്ഡലത്തിന്റെ പരിധിക്കുള്ളിൽമാത്രം

ഒതുങ്ങിനിൽക്കുന്നതുമല്ല. ആ പദ്ധതി പല നിയോജകമണ്ഡലങ്ങളുടെയും ആവശ്യങ്ങളെ നിറവേററും. ഇത്തിക്കര ഏലായിലെ കൃഷിനാശം തടയുന്നതിന് പരവൂർപൊഴിയിൽ ഒരു ചീപ്പുകെട്ടണമെന്നുള്ളതാണ് ആ പദ്ധതി. അതിനെപ്പററി ഈ സഭയുടെ നാനാഭാഗങ്ങളിൽനിന്നും അഭിപ്രായങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. കാൺഗ്രസ് ബെഞ്ചുകളിൽനിന്ന് ശ്രീ. കേരര മുതലായവർ ഈ പദ്ധതിയെപ്പററി ഈ സമ്മേളനത്തിൽ തന്നെ സംസാരിക്കുകയുണ്ടായി. ഇത്തിക്കര ഏലായിൽ ഇരുപത്തയ്യായിരത്തോളം പറ നിലമുണ്ട്. കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ ഈ ഏലായിലെ കൃഷിനാശം തടയുന്നതിനായി പരവൂർ പൊഴിയിൽ ഒരു ചീപ്പ് നിർമ്മിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയുണ്ടായി. ആവശ്യമായ നടപടികൾ ഇക്കാര്യത്തിൽ സ്വീകരിക്കാമെന്ന് ഗവണ്മെന്റ് വാഗ്ദാനം ചെയ്തിട്ടുണ്ടായിരുന്നു. സർ സി. പി. രാമസ്വാമി അയ്യരുടെ കാലം മുതൽ പൊതുജനങ്ങൾ ചീപ്പ് നിർമ്മാണത്തിനുവേണ്ടി ഗവണ്മെന്റിലേയ്ക്ക് നിരന്തരം നിവേദനങ്ങൾ സമർപ്പിച്ചുകൊണ്ടിരുന്നു. അതിന്റെ ഫലമായി ചില പ്രാരംഭജോലികൾ നടക്കുകയും ചെയ്തു. എസ്റ്റിമേററ് തയ്യാറാക്കിയിട്ടുണ്ടെന്നാണ് എനിക്കു അറിയുവാൻ കഴിഞ്ഞിട്ടുള്ളത്. ഒരു ചീപ്പ് നിർമ്മിക്കുകയാണെങ്കിൽ രണ്ടുലക്ഷത്തി ഇരുപത്തയ്യായിരം പറ നെല്ല് കൂടുതൽ ഉൽപ്പാദിപ്പിക്കുവാൻ കഴിയുമെന്ന് ഗവണ്മെന്റുതന്നെ കണക്കാക്കിയിട്ടുണ്ട്. ഗവണ്മെന്റിന്റെ ചില രേഖകളിൽ നിന്നാണ് ഞാൻ ഇതു മനസ്സിലാക്കിയിട്ടുള്ളത്. 2500-ൽ പരം ഏക്കർ നിലത്തിലെ കൃഷിക്ക് ഈ ചീപ്പ് പ്രയോജനപ്പെടും. ഈ പദ്ധതിയുടെ പ്രാധാന്യം മനസ്സിലാക്കിയ കേന്ദ്രഗവണ്മെന്റ് ഒരു ലക്ഷത്തോളം രൂപ ചീപ്പിന്റെ ജോലിക്കായി ലോണായിട്ടും ഗ്രാന്റായിട്ടും അനുവദിക്കുകയുണ്ടായി. പക്ഷെ അതു ചെലവാക്കാതെ ലാപ്സാക്കി കളഞ്ഞതായിട്ടാണ് എനിക്കു അറിയാൻ കഴിഞ്ഞിട്ടുള്ളത്. ആ കുററം ഗവണ്മെന്റു ഏൽക്കേണ്ടതാണ്. ഈ സഭയിൽനിന്നുതന്നെ പല കക്ഷിയിലുംപെട്ട അംഗങ്ങളുടെ ശുപാർശ ഉണ്ടായിട്ടും ഈ ജോലി ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടിയെടുക്കാത്തത് വ്യസനകരമാണ്. ഇത്തിക്കര ഏലായിലെ നിലങ്ങൾ മുഴുവനും ഇപ്പോൾ വെള്ളത്തിൽമുങ്ങി കിടക്കുകയാണ്. ആണ്ടുതോറും ഈ പൊഴി അടയ്ക്കുവാനും തുറക്കുവാനുമായി ഭീമമായ ഒരു സംഖ്യ ഗവണ്മെന്റു ചെലവാക്കുന്നുണ്ട്. അങ്ങനെയുള്ള ചെലവ് ചീപ്പ് കെട്ടിയാൽ ഒഴിവാക്കുകയുംചെയ്യാം. കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഇതേപ്പററി ആലോചിക്കാമെന്നു പറഞ്ഞിരുന്നു. പക്ഷെ ഇതുവരെ ഈ കാര്യത്തിലൊന്നും ചെയ്തതായി അറിയുന്നില്ല. ഈ അടുത്തകാലത്ത് ശ്രീ. സി. കേശവൻ മയ്യനാട്ട് കർഷക സംഘത്തിന്റെ പ്രസിഡന്റ് എന്ന നിലയിൽ ഗവണ്മെന്റിനു ഒരു നിവേദനം സമർപ്പിക്കുകയും ഈ കാര്യത്തെപ്പററി ഓരോ മന്ത്രിയേയും നേരിട്ടുകണ്ടു സംസാരിക്കുകയും ചെയ്തിരുന്നു. ബഡ്ജററിൽ ഇതിനു തുക കൊള്ളിക്കാമെന്ന് മന്ത്രിമാർ ഏററു. എന്നിട്ടും ബഡ്ജററിൽ ഇതിനുള്ള തുക ഉൾപ്പെടുത്തിയിട്ടില്ല. രണ്ടു മൂന്നു ദിവസത്തിനുമുമ്പ് പത്രങ്ങളിൽ കണ്ടു, ഈജോലിക്കു തുക അനുവദിച്ചിട്ടുണ്ടെന്നും ഉടനെ ജോലി ആരംഭിക്കുവാൻ പോകുന്നുവെന്നും. പക്ഷേ, ബഡ്ജററിൽ തുകകൊള്ളിക്കാതെ എങ്ങനെയാണ് ജോലി തുടങ്ങാൻപോകുന്നതെന്ന് എനിക്കു മനസ്സിലാകുന്നില്ല. ഏതായാലും ഇനിയെങ്കിലും ഇക്കാര്യത്തിൽ മന്ത്രിയുടെ ശ്രദ്ധ പതിയണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. സിവിൾവർക്ക്സിനുവേണ്ടി അനു

[ശ്രീ. പി. രവീന്ദ്രൻ]

വദിക്കുന്ന തുക മുഴുവനും യഥാസമയം ചെലവാക്കാതെ ലാപ്സാക്കിക്കളയുന്നു എന്ന പരാതി ഈ സഭയുടെ നാനാഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടു്. അതുകൊണ്ടു് തുക മുഴുവനും ചെലവാക്കുന്നതിനാവശ്യമായ ഒരു മെഷീനറി ഉണ്ടാക്കണമെന്നു് എനിക്കു അപേക്ഷയുണ്ടു്. ഈ കാര്യത്തിൽ ഉപേക്ഷവിചാരിക്കാൻ പാടില്ല. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളാം. തിരുവനന്തപുരം മുതൽ കൊല്ലംവരെ ബോട്ടുസർവ്വീസ്സ് നടപ്പാക്കുന്ന കാര്യത്തെപ്പററി ഗവണ്മെൻറ് ആലോചിക്കണം. ടി. എസ്സ്. കനാൽ കുഴിപ്പിച്ചാൽ ഇതു സാധിക്കുമെന്നാണു് എൻെറ വിശ്വാസം. അതു് പൊതുജനങ്ങൾക്കു് സൗകര്യപ്രദവും ഗവണ്മെൻറിനു് ആദായകരവുമായിരിക്കും. ഇതിനുമുമ്പു് ഈ കാര്യത്തെപ്പററി ഗവണ്മെൻറിലേയ്ക്കു് നിവേദനങ്ങൾ നടത്തിയിട്ടുണ്ടു്. മന്ത്രിയുടെ ശ്രദ്ധ അതിലേക്കു ഞാൻ ക്ഷണിക്കുന്നു. ഇത്രയും കാര്യങ്ങൾ ഗവണ്മെൻറിൻെറ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിച്ചുകൊണ്ടു് ഞാൻ ബഹുമാനപ്പെട്ട കോട്ടയം മെമ്പറുടെ ഖണ്ഡനോപക്ഷേപത്തെ പിൻതാങ്ങുന്നു.

ശ്രീ. വി. പി. പരമേശ്വരൻ നംപൂതിരി : സർ, നാട്ടിൻെറ ഏതു മുക്കിലും മൂലയിലും ചെന്നാലും ഇന്നു് ഭൂമിദാഹം എന്നു പറയുന്നതുപോലെ കല്ലുങ്കുദാഹം, റോഡുദാഹം, തോട്ടദാഹം എന്നീ ദാഹങ്ങൾ മാത്രമേ കേൾക്കുവാനുള്ളു. ആ ദാഹങ്ങളെല്ലാം തീക്കുവാനും ജനപ്രതിനിധികൾ സക്കാരിനോടു് അപേക്ഷിക്കുന്നുണ്ടു്. എൻെറ ബഹുമാനപ്പെട്ട സ്നേഹിതൻ ശ്രീ. ചന്ദ്രശേഖരപിള്ള പറഞ്ഞതുപോലെ നമ്മുടെ നാട്ടിലെ എല്ലാ വിഭവസമ്പത്തുംകൂടിചേത്തു ഉപയോഗിച്ചാൽ തന്നെയും നമ്മുടെ സാമാന്യജനങ്ങളുടെ ഈ ദാഹം തീക്കുവാൻ സാധിക്കുമോയെന്നു സംശയമാണു്. ഇങ്ങനെയുള്ള ഈ ചുററുപാടിൽ ഈ അഭ്യത്ഥനകളുടെ പ്രാധാന്യം പ്രത്യേകിച്ചും മനസ്സിലാക്കിക്കൊണ്ടുതന്നെയാണു് ചില അത്യാവശ്യമായ പ്രാദേശികാവശ്യങ്ങളെക്കുറിച്ചു് ചൂണ്ടിക്കാണിക്കണമെന്നു ഞാൻ വിചാരിക്കുന്നതു്. നമ്മുടെ നാട്ടിൽ പോലീസുഡിപ്പാർട്ടുമെൻറു കഴിഞ്ഞാൽ ഏററവും അധികം നിശിതമായ വിമർശനങ്ങൾക്കു് വിധേയമായിട്ടുള്ള ഒരു ഡിപ്പാർട്ടുമെൻറാണു് പൊതുമരാമത്തു്. ഇന്നു് ഈ ഡിപ്പാർട്ടുമെൻറു് വളരെ അഴിമതികൾക്കു് വിധേയമായിട്ടുണ്ടെന്നു് പറയാതെ തരമില്ല.

Mr. Speaker : Order, order. We will now adjourn to meet again tomorrow at 11 A. M.

The Assembly adjourned at 5 P. M. to meet again at 11 A. M on Tuesday the 27th July 1954.

APPENDIX I.

[Please see answer to question No. 422 (6g)]

ORDERS.

D Dis. 5733/52/Fd. D. *3rd November 1952*

THE TRAVANCORE-COCHIN MANURE DEALERS' LICENSING ORDER, 1952.

In exercise of the powers conferred by Section 3 of the Travancore-Cochin Public Safety Measures Act, V of 1950, the Government are pleased to make the following orders: —

1. (i) This Order may be called the Travancore-Cochin Manure Dealers' Licensing Order, 1952.

(ii) It extends to the whole of the State of Travancore-Cochin.

(iii) It shall not apply to any dealings by a fisherman in fish meal, fish guano or other fish manure manufactured by him.

2. In this Order, unless there is anything repugnant in the subject or context: —

(a) 'dealer' means an oil miller or a person who sells manure in quantities of not less than one maund at a time;

(b) 'Director' means the Director of Agriculture, Travancore-Cochin;

(c) 'form' means a form as set forth in the schedule to this Order;

(d) 'Licensing Authority' means the Director or any officer authorised by him to receive applications and issue licenses under this Order;

(e) 'Manure' means oil cake, bone, bonegrist, bonemeal, bonesuper fish mean, fish guano, ammonium sulphate, Ammophose, Niciphose, basil slag potassium sulphate, potassium nitrate, Kainit and proprietary manure mixtures and superphosphate;

(f) 'Oil cake' means all kinds of cake (except moure, illuppai cake, gingelly or cocoanut cake) obtained as residue after the extraction of oil from vegetable seeds whether used as manure or as food for cattle;

(g) 'oil miller' means any person owning or having in his possession or under his control, an oil mill run by power or hand-presses but does not include a person owning or having in his possession or under his control on a wooden or stone chekku;

(h) the sale of an article under any of the defined names mentioned in the first column of schedule II sha llconstitute a warranty that it accords with the definition thereof contained in the second column of that Schedule and that no other material, deleterious or otherwise, has been added to it;

(i) the particulars in column (2) of the schedule III against each item, should be marked on the manure bags in addition to the name under which the manure is sold the gross weight and the name of the manufacturers.

3. On and after 1st December 1952 no person shall carry on business as a dealer in manures in the State of Travancore-Cochin except under and in accordance with a license issued in that behalf by a licensing authority.

4. (i) Applications for licenses under this Order shall be made to the licensing authority and shall be in Form I.

(ii) A fee Rs. 10 per annum shall be payable in advance along with every application for a license, whether it be for an original license or for the renewal of a license.

(iii) A separate license fee shall be payable for each place of business of the dealer.

(iv) The applicant shall enclose with his application a treasury receipt in favour of the licensing authority for the amount of the fee due on the application.

(v) (a) Every license granted or renewed under this Order shall expire on the 31st March of the financial year in respect of which it is granted or renewed.

(b) If at any time a license is lost, torn, damaged or destroyed, the holder of such license shall forthwith intimate the fact in writing to the licensing authority having jurisdiction over the area in which he has his place of business.

(c) Upon receipt of the intimation specified in sub-clause (b) the licensing authority shall, if satisfied after making such enquiries as he thinks fit that a duplicate license may properly be issued, issue a duplicate license. The licensing authority may also *suo moto* issue a duplicate license, if a license is found to be torn or damaged when it is presented for renewal.

(d) The fee for a duplicate license issued under sub-clause (c) shall be one rupee.

5. Licenses issued under this Order shall be in Form II.

6. No license shall be issued to any person—

(a) who is not a *bonafide* dealer.

(b) who, in the opinion of the licensing authority has been profiteering in manure and hoarding or refusing to sell manure; or

(*c*) who is otherwise considered unsuitable by the licencsing authority to be granted a licence.

7. The licensing authority shall have discretion to issue or refuse to issue a licence to an applicant.

It shall not be necessary for the licensing authority to state in an order refusing a licence the reason for such refusal.

8. No person who is the holder of the licence issued under this Order shall contravene any of the conditions of the licence and if he does so, then, without prejudice to any other action that may be taken against him, his licence may be cancelled or suspended by the licensing authority.

9. The licensing authority shall have discretion to cancel, revoke or modify any licence issued by him.

10. Any Officer authorised by the Director may enter upon and inspect any premises in which he has reason to believe that the sale or storage for sale or distribution of manure is taking place contrary to the provisions of this Order or any Order made thereunder.

11. If any person contravenes any of the provisions of this Order, then, without prejudice to any other punishment to which he may be liable, any court trying the offence may order that any stocks of manures together with the packages and coverings thereof in respect of which the court is satisfied that the offence has been committed, shall be forfeited to Government.

SCHEDULE FORM I.

(See Clause 4)

Form of application for licence.

1. Applicant's name and address.
2. Applicant's place of business.
3. How long the applicant has been trading in manure.
4. Quantities of manure handled, annually during the past two years (quantities to be specified in tons).

I declare that the following quantities of manure are in my possession this day and are held at the places noted against them.

Name of place.	Quantity in tons.

I have carefully read the conditions of the licence in Form II in the Schedule to the Travancore-Cochin Manure Dealers' Licensing Order, 1952.

Signature of the applicant.

FORM II.

(See Clause 5)

THE TRAVANCORE-COCHIN MANURE DEALERS' LICENSING ORDER, 1952.

Licence for the sale or distribution of manure.

Subject to the provisions of the Travancore-Cochin Manure Dealers' Licensing Order 1952, and the orders made thereunder and to the terms and conditions of the Licence.

.. .. is/are hereby authorised to deal in the sale or distribution of manure.

2. The licensee shall carry on the aforesaid business at the following places:—

Note:—When the same person carries on business in more than one place a separate license should be obtained in respect of each such place and the registers and returns referred to in paragraphs 3 and 4 below should be maintained and submitted separately for each such place.

3. The licensee shall not store manure in any place other than that specified in paragraph 2, except with the approval of the licensing authority.

4. The licensee shall maintain a register of daily accounts showing correctly all transactions in manure in his possession or control.

It shall show

(a) the opening stock on each day;

(b) the quantities produced or received on each day showing the place of origin that is, the name of oil miller or factory or other consignor from whom received;

(c) the quantities sold, delivered or otherwise disposed of on each day showing the places of destination and the names of the consignees; and

(d) the closing stock on each day.

5. The licensee shall submit to the licensing authority so as to reach him not later than the 10th of each month, a true return in Form III set out in the schedule to the Travancore-Cochin

Manure Dealers' Licensing Order, 1952 of the stocks, receipts, deliveries and balance during the preceding month.

6. The licensee shall exhibit in a prominent position at his place of business a statement showing the following particulars in English or in the principal language of the district.

(Each kind of manure should be separately shown).

Quantity of manure stocked.

Selling price per cwt.

Date

7. The licensee shall issue to every customer a correct receipt or invoice as the case may be, in which shall be given the name, address, licence number of the licensee, the date of the transaction, the quantity sold, the price per cwt. and the total amount charged and shall keep a duplicate of such receipt or invoice, to be available for inspection on demand by any officer authorised by the Director of Agriculture, Travancore-Cochin.

8. The licensee shall give all facilities at all reasonable times to any officer authorised by the Director of Agriculture, Travancore-Cochin, for the inspection of his accounts and stocks wheresoever they may be kept and for taking samples of such manures for examination.

9. The licensee shall comply with any directions that may be given to him by the Director of Agriculture, Travancore-Cochin or ony officer authorised by him in regard to the sale or storage for sale or distribution of manure.

10. The licensee shall not have in his possession or under his control any manure in excess of the net quantity revealed by his accounts and if any such excess quantity is not properly accounted for by him it will be liable to be confiscated by the Government.

11. A contravention of any of the conditions of this licence whether by the licensee or by his agent or servant or by any person who can reasonably be presumed to have been acting on his behalf, will render the licence liable to cancellation or suspension without prejudice to any other action that may be taken against the licensee.

FORM III.

(See paragraph 5 of Form II)

Return of stocks, receipts and deliveries of manure for the month of—

Name.	Licence No. Quantity.
Address.	(Each kind of oil cake should be separately shown)

1. *Oil Millers*:

1. Stock of Oil Cake as per last return	..	..
2. Quantity of Oil Cake produced or received during the month	..	..
3. Quantity sold during the month	...	..
4. Average weekly prices of each kind of Oil Cake	..	..
5. Balance of stock of Oil	..	..
6. Cake on the last date of the month	..	..

2. *Other dealers: Each (kind of manure should be shown separately)*.

Quantity of manure purchased during the month	..	..
Quantity of manure sold during the month	..	..
Stock of manure at the end of the month	..	..
Weekly average price of manure per cwt.	..	..

Signature of the licensee.

SCHEDULE II.

DEFINITIONS IMPLIED IN THE SALE OF ARTICLES UNDER CERTAIN NAMES.

Name under which article is sold.	*Implied definition.*
1. Basic slag.	A by-product containing phosphorus obtained in the manufacture of steel and to which no addition has been made at the time of leaving or after it has left the furnace.
2. Bais Superphosphate	A non-acid phosphate produced by mixing lime with superphosphate and to which no other matter has been added.

Name under which article is sold.	*Implied definition.*
3. Bone-meal.	Commercially pure bone, raw or degreased to which no other matter has been added.
4. Bone-meal steamed.	Commercially pure crushed bone from which nitrogen has been partially removed by steaming.
5. Dissolved or vitriolised bone superphosphate.	Commercially pure bone which has been treated with sulphuric acid.
6. Dried blood or blood meal.	Blood that has been dried to which no other matter has been added.
7. Fishmeal.	Product obtained by drying and grinding fish or fish waste.
8. Guano.	The excrement and remains of birds to which no other matter has been added.
9. Meat meal; animal meal.	The product of drying and grinding slaughter house residues.
10. Hitrolime; lime nitrogen cyanamide.	Commercial Calcium Cyanamide.
11. Manure mixture.	Mixture of two or more simple manures to supply two or more fertilising ingredients.
12. Muriate of potash.	Commercial potassium chloride.
13. Nitrate of lime.	Calcium nitrate for fertilising purposes.
14. Nitrate of potash.	Commercial potassium nitrate for fertilising purposes.
15. Nitrate of soda.	Sodium nitrate for fertilising purposes.
16. Oil cakes-poonacs.	Residues obtained from oil seeds after removal of oil in an expeller or oil press.
17. Oil cake meals.	Residues obtained after removal of oil from commercially pure oil seeds by solvent extraction and to which no other matter has been added.
18. Rock phosphate or ground mineral phosphate.	The substance obtained from mineral calcium phosphate deposits.
19. Sulphate of ammonia.	Ammonium Sulphate for fertilising purposes.
20. Sulphate of potash.	Potassium sulphate used as potassic fertiliser.
21. Superphosphate.	A mineral substance containing soluble phosphate of lime.

SCHEDULE III.

Article.	*Particulars to be contained in statutory statement.*
1. Ashes.	Percentage K_2O (Potash).
2. Basic Slag.	Available and total P_2O_5 (Phosphoric acid) and Fineness of grinding *i. e.* percentage passing through 100 mesh screen.
3. Basic Superphosphate.	Total P_2O_5 content.
4. Bone-meal.	N (Nitrogen) and P_2O_5 content fineness of grinding.
5. Cyanamide.	N (Nitrogen) content.
6. Dried blood or blood meal.	N (Nitrogen) content.
7. Fish meal; animal meal.	N and P_2O_5 contents.
8. Guano.	N and P_2O_5 and K_2O contents.
9. Oil cake and meals.	N (Nitrogen) contents.
10. Rock Phosphate.	P_2O_5 and fineness of grinding.
11. Potash salts—Muriate, Sulphate and Kainit.	K_2O content.
12. Sulphate of Ammonia.	N (Nitrogen) content.
13. Superphosphate.	Water-Soluble P_2O_5 and total P_2O_5 contents.
14. Manure mixture and compound manures (Ammophos, Nicephos, Nitrophos etc.)	Amounts if any of water soluble and total N. W. S. and total P_2O_5 and K_2O contents.

Trivandrum.

P. S. PADMANABHAN,
Secretary to Government.

D. Dis. 5733/52/Fd. D. *3rd November 1952.*

THE TRAVANCORE-COCHIN MANURE MIXTURE QUALITY AND PRICE CONTROL ORDER, 1952.

In exercise of the powers conferred by section 3 of the Travancore-Cochin Public Safety Measures Act V of 1950 Government are pleased to make the following order :—

(1) This order may be called the Travancore-Cochin Manure Mixture Quality and Price Control Order, 1952.

(2) It extends to the whole of the State of Travancore-Cochin.

(3) It shall come into force at once.

(4) Unless there is anything repugnant in the subject or context, all words and expressions used in this order, shall have the same meanings as in the Travancore-Cochin Manure Dealers' Licensing Order, 1952.

2. Only firms of standing dealing in manure and approved by the Government of Travancore-Cochin on the recommendation of the Director shall manufacture and market manure mixtures. The firms shall apply in writing to the Director for permission to manufacture manure mixtures and market them. The application shall contain the following particulars :—

(*a*) The place or places of manufacture.

(*b*) The crop or crops for which each manure mixture is intended.

(*c*) The percentage of N, (organic and inorganic) total P_2O_5 water soluble P_2O_5 and K_2O of each manure mixture.

(*d*) The names of the ingredients used to make the mixture.

(*e*) The name or names of the brand or brands of the mixture.

(*f*) The District or Districts in which the manure mixture is proposed to be sold.

(*g*) A list of licensed manure dealers (with their license numbers) to whom the manure mixture will be sold for distribution to the cultivators.

3. The firms dealing in manure shall legibly mark on the manure bags the following particulars :—

(*a*) The registered brand and name of the manure mixture ;

(*b*) The N, organic and inorganic, total P_2O_5 W. S. P_2O_5, K_2O contents of the manure mixture denoted by the letters N, P (T), P (S) and K respectively;

(*c*) The registered name of the firms;

(*d*) The crop or crops for which the manure mixture is suitable and in the case of a general mixture for all crops the expression "All crops";

(*e*) The gross contents by weight in pounds.

4. The firms dealing in manure intending to put out manure mixtures in the market shall take an agreement from licensed dealers and sub-dealers to the effect that the dealers and sub-dealers will sell only to *bonafide* cultivators and licensed Co-operative Societies and not to middlemen.

5. (*a*) The firms dealing in manure shall report to the Director by a date prescribed by him every quarter the actual prices and quantities of the different manures and fertilisers acquired by them and produce the concerned invoices, if required. The Director will then notify a fair price for such of the manures and fertilizers as are commonly used in manure mixtures and these prices will form the basis for appraisal of the value of the manure mixtures till they are revised by a subsequent notification.

(*b*) Within one month of the notification as contemplated in sub-clause (*a*) the fertiliser firms shall apply to the Director for the approval of the prices they propose to charge for each of the mixtures. The Director may approve such prices if they are fair and fix the date from which they shall be operative. In accordance with his approval the Director will take into consideration the notified fair prices of the Chief ingredients in the manure mixture, handling, transport, mixing and packing charges and profit including all over head charges of the manufacturer of the manure mixtures. A reasonable rate will be specified as overhead charges taking into consideration the data made available by other dealers in manure.

(*c*) The price fixed in the manner aforesaid will be the price ex-works and apply both to wholesale and retail sales of the manufacturer. When retail sale is effected through approved sales dealers or sub-dealers the following items will after scrutiny, be allowed to be added to the prices ex-works:—

(i) Commission to dealers at a rate not exceeding 5 per cent. of the selling price ex-depot (when retail sale is made through two or more intermediate dealers, the entire commission not exceeding 5 per cent. will be shared by all the intermediaries concerned.);

(ii) Actual transport charges from the railway station nearest to the works to the sale depot of the licensed dealer or sub-dealer.;

(iii) Actual transport charges towards cart-hire from the work to the station not exceeding a maximum limit to be fixed by the Director of Agriculture;

(iv) Actual sales-tax such as may be payable under the Travancore-Cochin Sales-tax Act.

Note:—When the manufacturer himself sells direct to the consumer, through a selling office of his own organisation, he will be permitted to add to the ex-works price items (i), (ii), (iii) and (iv) above.

(d) The price at which sales are effected to cultivators shall be permanently exhibited at sales depots by the firms dealing in Manures and Dealers in the following form:—

Item 1. name of the Fertilizer or Manure Mixture.

Item 2. unit of packing, (gross or net) in which it is sold.

Item 3. selling price ex-sales depot.

(e) The declared maximum price approved by the Director shall be the maximum price and shall not be increased to cover interest for credit sales or other kinds of service.

6. The firms dealing in manure shall put in the market their fertilizers mixtures only in sealed bags, the contents of which cannot be tampered with without breaking the seal. The seal shall bear the mark of the original packer. When seals are not obtainable exemption will be allowed on application to the Director.

7. The firms dealing in manure shall not alter the ingredients or the guaranteed analysis or the price of the manure mixture except with the previous approval of the Director.

8. Officers of the Government of Travancore-Cochin authorised by the Director to inspect manure sales depots may take periodical samples of manure mixtures and send them for analysis to the Agricultural Chemist, Central Research Institute, Trivandrum, to verify the correctness of the N, total P_2O_5, water soluble P_2O_2 and K_2O contents marked on the bags. The Inspecting Officers will follow the sampling procedure laid down in the Appendix.

9. No firm dealing in manure shall manufacture or sell any manure mixtures other than those approved by the Director.

10. This order does not apply to experimental mixtures which are not offered for sale.

11. If any person contravenes any of the provisions of this Order, then without prejudice to any other punishment to which he may be liable, any Court trying such contravention may order that any stocks of manure mixture together with the containers and coverings thereof in respect of which the Court is satisfied that such provision has been contravened shall be forfeited to the Government.

APPENDIX I (*Vide* RULE 8)

PROCEDURE FOR TAKING AND ANALYSING SAMPLES OF FERTILISERS.

1. *Taking of samples* :—

(a) *Fertilisers in bulk* :—If the fertiliser is in bulk, all lumps shall be broken up and portions (shovelfuls) shall be taken from different portions of the bulk (top, middle and bottom) representing approximately 5 per cent. of the weight of the whole up to a maximum of 5 cwts. Samples shall then be taken as provided in sub-paragraph (b).

(b) *Fertilizers in bags* :—If the fertilizer is in bags, 5 per cent. of the bags shall be taken subject to a maximum of 20 bags and a minimum of 5 bags (if so many be present). The contents of the selected bags shall be emptied on to a clean, dry floor, all lumps broken up, the material well mixed and the method of sampling by quartering adopted. The procedure consists in mixing the opposite quarters and repeating the process till about 6 lbs. of sample of 2 lbs. each is obtained. These three portions shall be taken as three samples for analysis.

Samples of 2 lbs. are required in the case of fertilizer mixtures and samples of 1 lb. are sufficient in the case of straight fertilisers consisting of one ingredient only.

2. *Sampling, Packing and Sealing of samples* :—

(a) An Officer authorised by the licensing authority (the Director of Agriculture) shall carry out the sampling.

(b) Each sample obtained as specified in paragraph I shall be placed in a suitable container such as a clean, dry bottle, jar or tin provided with a tight-fitting stopper or lid so that the original composition of the fertiliser may remain unchanged.

(c) In the case of samples taken for control of quality and prices of fertilisers, the containers shall be sealed with the seals of both the sampler and the dealer or their agents.

(d) If a purchaser wishes to have a sample analysed to ascertain if it conforms to the guaranteed composition given by the seller, he shall apply in writing to the nearest officer authorised to take samples. The three samples taken as specified in paragraph 1 shall be sealed with the seals of both the seller and the purchaser or their agents.

Due to lack of adequate staff and reasons of economy samples for this purpose shall be drawn only at the time of delivery from sales depots of manure firms and not from consignments which have already reached their destination.

(e) Particulars regarding the date, place of samplings, brand of fertilisers and its guaranteed composition shall be given on the labels affixed to the containers and the samplers shall sign the said lables.

(f) The sampler shall also over his signature certify on the labels affixed to the containers that the sample has been taken strictly in accordance with paragraph 1 and 2 of these instructions.

3. *Disposal of samples* :—The three samples taken and sealed as specified in paragaaph 1 and 2 shall be disposed of as follows:—

(a) *Sampling for control of quality and prices:*—

(i) One sample shall be sent to the Agricultural Chemist for analysis;

(ii) One sample shall be handed over to the dealer-and

(iii) One sample shall be retained by the sampler.

(b) *Sampling for analysis for the purchaser:*—

(i) One sample shall be sent to the Agricultural Chemist for analysis;

(ii) One sample shall be handed over to the purchaser; and

(iii) One sample shall be left with the seller.

The cost of packing and forwarding the sample for analysis and the fee for analysis shall be borne by the purchaser. If the analysis indicates that the fertiliser does not conform to the guarantee given by the seller after allowing for the limits of error specified in paragraph 4, a claim may be lodged by the purchaser against the seller in respect of the deficiency. If, however, the seller wishes to dispute the claim so made, he shall get the sample with him analysed by an analyst approved by the Government the fee for analysis shall be met by the seller. In the event of the two analysis not agreeing the third sample with the purchaser shall be submitted for analysis to another analyst approved by the Government. The average of such two sets out of the three sets of analysis that most closely agree with each other shall be accepted by both parties as final and binding on them. The fee for the analysis of the third sample shall be borne equally by both parties as final and binding on them. The fee for the analysis of the third sample shall be borne equally by both the parties.

Illustration:—For example, if an analysis by the Agricultural Chemist shows that a certain fertiliser contains 10·2 per cent. of nitrogen as against a guaranteed nitrogen content of 12 per cent. and analysis by two public analysts give 10·5 per cent. and 10·25 per cent. the nitrogen content of the fertiliser shall be taken to be the mean of the two closely agreeing sets of figures 10·2 and 10·25 (*i. e.* 10·225 per cent.)

4. *Limits of Error*:—To decide whether a fertiliser conforms to the guarantee given by the seller the minimum guarantee given

by the seller shall be taken and the limits of error (intended to allow for difficulties in securing thoroughly representative samples, etc.) applied as follows:—A sample will be accepted as conforming to the guarantee when each of the constituents nitrogen, phosphoric acid and potash—does not differ from the guarantee by more than 5 per cent. of the guarantee percentage of the particular constitutent. For example, if a fertiliser is guaranteed to contain 7 per cent. of nitrogen, it will be accepted as conforming to the guarantee and coming within the limits of error if it contains at least 6·65 per cent. of nitrogen.

The percentages of nitrogen, phosphoric acid and potash shall be stated in terms of N, P_2 O_5 and K_2 O respectively.

5. The Government Analyst in forwarding his report shall state in the sample submitted for analysis conforms to the guarantee after allowing for the limits of error as specified in paragraph 4. All particulars about the manure, mark, seal, date and place of sampling, etc., shall be given in the report.

P. S. Padmanabhan,
Secretary to Government.

APPENDIX II.

(Please see answer to Question No. [38] b.)

Industrial Schools—Travancore-Cochin State.

S. No.	Name of Institution.	Monthly grant. Rs.	Grant given in the year 1952-53 to each school. Rs.	Grant given in the year 1953-54 to each school. Rs.
	Government Industrial Schools.			
1	Government Industrial School, Narakal ..	..	..	..
2	do. Veliyanad ..	..	..	.. Abolished from 1-1-1954.
3	do. Cranganore ..	..	..	..
4	do. Irinjalakuda ..	..	..	..
5	do. Parappukara ..	..	..	..
6	do. Lalithapuram ..	..	..	..
7	do. Triprayar ..	..	..	..
8	do. Anthicad ..	..	..	...
9	do. Tholur ..	..	..	..
10	do. Vadakkancherry .	..	..	..
11	do. Puduruthy ..	..	..	..
12	do. Cherpu ..	..	..	..

APPENDIX II—(*contd.*)

S. No.	Name of Institution.	Monthly grant. Rs.	Grant given in the year 1952-53 to each school. Rs.	Grant given in the year 1953-54 to each school. Rs.
	GRANT IN AID INDUSTRIAL SCHOOLS IN COCHIN AREA.			
1	St. Joseph's Industrial School, Chethikode ..	60	720	720
2	Cochin School of Arts, Ernakulam ..	88-8-0	1062	.. Grant is not given for 1953-54 as Government sanction received only recently.
3	Abalasaranam Girls' Industrial School ..	100	1200	1200
4	Little Flower Industrial School, Chathiath ..	90	1080	1080
5	C. P. Luiz Memorial Industrial School ..	90	1080	1080
6	St. Sebastians Industrial School ..	90	1080	... do.
7	St. Josephs Industrial School ..	90	1080	1080
8	St. Antony's Orphanage, Puliyilakunnu ..	25	300	300
9	St. Little Therasas Industrial School ..	90	1080	1080
10	St. Peters Industrial School, Karuvannur ..	165	1980	1980
11	St. Antony's H. M. R. I. S. Paluvil ..	89	1068	1068
12	St. Mary's Convent Industrial School ..	215	2580	2580
13	Pompie St. Mary's Orphanage ..	45	540	540
14	St. Mary's Poor Industrial School, Thottampetta ..	120	1440	1440
15	St. Annes G. I. School, Trichur ..	90	1080	1080

APPENDIX II—(*contd.*)

S. No.	Name of Institution.	Monthly grant. Rs.	Grant given in the year 1952-53 to each school. Rs.	Grant given in the year 1953-54 to each school. Rs.
	GRANT IN AID INDUSTRIAL SCHOOLS IN COCHIN AREA—(*contd.*)			
16	Industrial School, Arimpur ..	60	720	720
17	S. R. K. G. Industrial School, Vilangan ..	30	380	380 (Annual grant of Rs. 20 is given for building.)
18	St. Ritas Industrial School, Cherpu ..	65	780	780
19	Ex-Maharaja Memorial Needlework School ..	90	1080	1080
20	Needlework School, Palanji ..	90	1080	1080
21	Women's Industrial Home, Kunnamkulam ..	15	200	200 (Annual grant of Rs. 20—is also given for building.)
22	Bethel Industries ..	...	350	.. (Annual grant of Rs. 350—grant is not given for 1953-54 as Government sanction received only recently.)

APPENDIX II—(*contd.*)

S. No.	Name of Institution.	Monthly grant. Rs.	Grant given in the year 1952-53 to each school. Rs.	Grant given in the year 1953-54 to each school. Rs.
	GRANT IN AID INDUSTRIAL SCHOOLS IN TRAVANCORE AREA.			
1	Krishna Khadi Weaving School ..	24-9-0	294-12-0	294-12-0
2	Chithra Drawing School, Nagercoil ..	19-10-0	235-8-0	235-8-0
3	Neyyoor Weaving Institute ..	44-3-0	530-4-0	530-4-0
4	Selvamony Manas Vilas Weaving School ..	13-4-0	159	159
5	St. Joseph's Weaving School, Puthenkada ..	13-4-0	159	159
6	Sahayavilasom Weaving School ..	13-4-0	159	159
7	Sri Chitrodayam Weaving School ..	26-8-0	318	318
8	Vittivila Weaving School ..	13-4-0	159	159
9	Sri Rama Vilasom Weaving School ..	26-8-0	318	318
10	David Vilasom Technical School ..	13-4-0	159	159
11	Kottukal Charivuvila Weaving School ..	26-8-0	318	318
12	Areyoor Weaving School ..	26-8-0	318	318
13	Kodankara Weaving School ..	26-8 0	318	318
14	Muttakad Weaving School ..	30-1-0	360-12-0	360-12-0
15	St. Joseph's Weaving School, Palluvila ..	26-8-0	318	318
16	Kulathoor Weaving School ..	13-4-0	159	159
17	Kuttaninnathu Weaving School ..	26-8-0	318	318
18	Vattiyurkavu Weaving School ..	13-4-0	159	159

A|1706|2

APPENDIX II—(*contd.*)

S. No.	Name of Institution.	Monthly grant. Rs.	Grant given in the year 1952-53 to each school. Rs.	Grant given in the year 1953-54 to each school. Rs.
	GRANT IN AID INDUSTRIAL SCHOOLS IN TRAVANCORE AREA—(*contd.*)			
19	Sri Yesu Asramam Girls' Technical School ..	39-12-0	477	477
20	do. Boys' Weaving School ..	26-8-0	318	318
21	Hindu Mahilamandiram Weaving School ..	13-4-0	159	159
22	Konniyoor Mylam Weaving School ..	13-4-0	159	159
23	Sivanandavijayam Weaving School ..	26-8-0	318	318
24	Bhagavathi Vilasom Weaving School, Chirayinkil ..	17-11-0	212-4-0	212-4-0
25	Shunmukha Vilasom Weaving School ..	17-11-0	212-4-0	212-4-0
26	Attingal Weaving Institute ..	30-15-0	371-4-0	371-4-0
27	Sri Ganesodayam Weaving School ..	13-4-0	159	159
28	Sri Lila Vilas Painting School ..	13-4-0	159	159
29	Nazreth Orphanage Weaving School ..	26-8-0	318	318
30	Chathannoor Weaving School ...	13-4-0	159	159
31	S. N. V. Khadi Industry, Paravoor ..	7	84	84
32	Ravi Varma School of Painting ..	35-6-0	424-8-0	424-8-0
33	Onattukara Weaving School ..	13-4-0	159	159
34	Dharmapradayini Weaving School ..	13-4-0	159	159
35	Madhava Sivananda Vilasom Weaving School ..	13-4-0	159	159

APPENDIX II—(*contd.*)

S. No.	Name of Institution.	Monthly grant. Rs.	Grant given in the year 1952-53 to each school. Rs.	Grant given in the year 1953-54 to each school. Rs.
	GRANT IN AID INDUSTRIAL SCHOOLS IN TRAVANCORE AREA. (*Contd*)			
36	Swadesabhimani Memorial Charka Sanghom ..	15	180	180
37	Grama Seva Charka Sanghom ..	14-12-0	177	103-4-0 Grant suspended from 1-11-1953.
38	Kattuvallil Smithery School ..	13-4-0	159	159
39	Padmodayam Weaving School ..	13-4-0	159	159
40	St. Mary's School, Pampadi ..	13-4-0	159	159
41	C. M. S. Industrial School, Thiruvalla ..	13-4-0	159	Not receiving grant from 1-4-1953.
42	St. Mary's Weaving School, Kalloopara ..	39-12-0	477	477
43	Sri. Devi Vilasom Weaving School ..	13-4-0	159	159
44	St. Thomas Weaving School, Mookannur ..	13-4-0	159	159
45	Mahatma Khadi Asramom, Elanthoor ..	49-2-0	589-8-0	589-8-0
46	Little Flower Mat Weaving School, Paipad ..	9-13-0	117-12-0	Grant discontinued from 1-4-1953.
47	St. Joseph's Weaving Institute ..	29-3-0	340-4-0	340-4-0
48	St. Mary,s Technical School, Kozhuvanal ..	26-8-0	318	318
49	St. Ritas Weaving School, Kattoor ..	13-4-0	159	159
50	Subhodayam Weaving School, Vechoor ..	13-4-0	159	159

APPENDIX II—(*contd.*)

S. No.	Name of Institution.	Monthly grant. Rs.	Grant given in the year 1952-53 to each school. Rs.	Grant given in the year 1953-54 to each school. Rs.
	GRANT IN AID INDUSTRIAL SCHOOLS IN TRAVANCORE AREA. (*Contd*)			
51	Viswagaji Madom Weaving School, Shertallai ..	13-4-0	159	159
52	Bhagavathi Vilasom Weaving School, Uzhava ..	13-4-0	159	159
53	C. M. S. Industrial School, Kottayam ..	44-3-0	530-4-0	530-4-0
54	St. Antony's Weaving School, Athirampuzha ..	13-4-0	159	159
55	St. Thomas Weaving School, Kothala ..	26-8-0	318	318
56	Rural Industrial School, Melpuram ..	13-4-0	159	159
57	Sri. Velayudha Vilasom Weaving School ..	26-8-0	318	318
58	Sri. Padma Vilasom Weaving School ..	13-4-0	159	159
59	Sadhuyuvathi Vijayam Girls' Technical School ..	13-4-0	159	159
60	Kattakada Weaving School ..	26-8-0	318	318
61	Paraniyam Weaving School ..	26-8-0	318	318
62	Kalathanny Weaving School ..	13-4-0	159	159
63	Siva Ram Smithery School, Attingal ..	13-4-0	159	159
64	Thirupuram Weaving School ..	39-12-0	477	477
65	P. John Memorial Weaving School ..	13-4-0	159	159
66	Sadhusamrakshanadhi Weaving School ..	13-4-0	159	159
67	Chemgal Weaving School ..	26-8-0	318	318
68	Little Flowers' Embroidery and N|W School ..	26-8-0	318	318

APPENDIX II—(*concld.*)

S. No.	Name of Institution.	Monthly grant. Rs.	Grant given in the year 1952-53 to each school. Rs.	Grant given in the year 1953-54 to each school. Rs.
	GRANT IN AID INDUSTRIAL SCHOOLS IN TRAVANCORE AREA (*Concld.*)			
69	Little Flowers' Weaving School ..	34-4-0	411	411
70	Nilakamukku Weaving School ..	13-4-0	159	159
71	St. Mary's Weaving School, Kanam ..	26-8-0	318	318
72	Thirukudumba Vilasom Weaving School ..	13-4-0	159	Stopped functioning.
73	P. R. D. S. Weaving School, Eraviperur ..	26-8-0	318	318
74	Adventapuram Weaving School ..	26-8-0	318	318
75	Sacred Heart Convent Industrial School ..	..	750	... Annual grant of Rs. 750—Grant for 1953-54 will be given from this year's allotment.

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

Second Session—1954

Tuesday, the 27th July 1954.

Vol. XI] OFFICIAL REPORT [No. 13

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Tuesday, the 27th July 1954, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

സെററിൽമെൻറ സ്കീം

*449. [3] ശ്രീ. ടി. കെ. ദിവാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്ത് സെററിൽമെൻറ സ്കീം അനുസരിച്ച് ഇതിനകം എത്രപേർക്ക് താമസസൗകര്യം നൽകിയിട്ടുണ്ട്;

(ബി) ഇവർക്കായി ആകെ എത്ര ഏക്കർ സ്ഥലം നൽകിയിട്ടുണ്ട്; എത്ര രൂപ ധനസഹായം ചെയ്തിട്ടുണ്ട്;

(സി) എത്ര അപേക്ഷകർക്ക് ഇനി സ്ഥലം നൽകാനുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്):

(എ) 442 പേർക്ക് (കുടുംബങ്ങൾക്ക്) താമസസൗകര്യം നൽകിയിട്ടുണ്ട്.

(ബി) 17.54 ഏക്കർ സ്ഥലം നൽകിയിട്ടുണ്ട്. ഭവനനിർമ്മാണ സാധനങ്ങളായും രൊക്കം പണമായും ആളൊന്നിന് 300 രൂപയിൽ കവിയാത്ത ധനസഹായവും ചെയ്തിട്ടുണ്ട്.

(സി) 5000 അപേക്ഷകൾ.

ശ്രീ. ടി. കെ. ദിവാകരൻ: ഇത്രയും അപേക്ഷകർക്ക് സ്ഥലം കൊടുക്കാത്തത് എന്തുകൊണ്ടാണെന്ന പറയാമോ?

ശ്രീ. പി. കെ. കുഞ്ഞ്: അപേക്ഷകളുടെ മുൻഗണന അനുസരിച്ചും സ്ഥലസൗകര്യം പരിഗണിച്ചും സ്ഥലം കൊടുത്തുകൊണ്ടിരിക്കയാണ്.

ശ്രീ. ടി. കെ. ദിവാകരൻ: സെററിൽമെൻറ സ്കീം നടപ്പാക്കുന്ന ആഫീസർ ആവശ്യപ്പെട്ട ഏതെങ്കിലും സ്ഥലം റവന്യൂ ഡിപ്പാർട്ടുമെൻറിൽനിന്നും വിട്ടുകൊടുക്കാത്തതായി അറിവുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: അങ്ങിനെ അറിവില്ല.

ശ്രീ. ടി. കെ. ദിവാകരൻ: റവന്യൂ ഡിപ്പാർട്ടുമെൻറിൽ നിന്നു സ്ഥലം വിട്ടുകൊടുക്കാത്തതുകൊണ്ടാണ് ഈ സ്കീം നടപ്പിൽവരാൻ താമസിക്കുന്നതെന്ന് അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞ്: അതുകൊണ്ടു മാത്രമുള്ള താമസമല്ല.

ശ്രീ. ടി. കെ. ദിവാകരൻ: ആണ്ടിൽ എത്രപേർക്കു സ്ഥലം കൊടുക്കണമെന്ന വ്യവസ്ഥയുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: എണ്ണത്തെ സംബന്ധിച്ചിടത്തോളം ക്ലിപ്തമായ ഒരു വ്യവസ്ഥയില്ല. എല്ലാവർക്കും നൽകണമെന്നുള്ള ഒരു പദ്ധതിയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കയാണ്.

ശ്രീ. ടി. കെ. ദിവാകരൻ: ഇതുസംബന്ധിച്ച് അടിയന്തിരമായ നിർദ്ദേശങ്ങൾ കൊടുക്കുന്നതിന ശ്രമിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞ്: ആവശ്യമായ എല്ലാ നിർദ്ദേശങ്ങളും അടിയന്തിരമായി നൽകുന്നതാണ്.

ശ്രീ. എം. പി. മേനോൻ: ഈ സ്കീം പൂർത്തിയാക്കുന്നതിന എത്ര കാല താമസം വരും?

ശ്രീ. പി. കെ. കുഞ്ഞ്: അതു ക്ലിപ്തമായി പറയാൻ നിവൃത്തിയില്ല.

ഇൻഡസ്ട്രിയൽ സ്ററാറിസ്റ്റിക്സ് ആക്ററ്.

* 450. [4] ശ്രീ. ടി. കെ. ദിവാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യൻ ഇൻഡസ്ട്രിയൽ സ്റ്റാററിസ്റ്റിക്സ് ആക്ററ് സംസ്ഥാനത്തിൽ എന്നുമുതൽ നടപ്പിൽവരുത്തി;

(ബി) ഈ ആക്ററിൻെറ കാര്യക്ഷമമായ പ്രവർത്തനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഇതിലേയ്ക്ക് 1952–53, 1953–54 എന്നീ വർഷങ്ങളിൽ എന്തു തുക ബഡ്ജറ്റിൽ കൊള്ളിച്ചു; എന്തു തുക ചെലവായി?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്):

(എ) ഇൻഡ്യൻ ഇൻഡസ്ട്രിയൽ സ്റ്റാറ്റിസ്റ്റിക്സ് ആക്ററ് സംസ്ഥാനത്തിൽ 1951 അക്ടോബർ 16-ാംതീയതി മുതൽ നടപ്പിൽവരുത്തി.

(ബി) ഇൻഡസ്ട്രിയൽ സ്റ്റാററിസ്റ്റിക്സ് ആക്ററ്പ്രകാരമുള്ള ചട്ടങ്ങൾ നടപ്പിൽ വരുത്തുകയും ഈ നിയമം ബാധിക്കുന്ന സ്ഥാപനങ്ങളുടെ പട്ടിക തയാറാക്കുകയും സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനുള്ളനോട്ടീസുകൾ എല്ലാ സ്ഥാപനങ്ങൾക്കും അയയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇവയിൽ ഇൻഡസ്ട്രിയൽ സ്റ്റാററിസ്റ്റിക്സ് ലേബർ ചട്ടങ്ങൾ പ്രകാരമുള്ള സ്ഥിതിവിവരക്കണക്കുകൾ ലഭിച്ചുതുടങ്ങിയിട്ടുണ്ട്.

ചട്ടങ്ങൾപ്രകാരമുള്ള സ്ഥിതിവിവരക്കണക്കുകൾ 1955 ഫെബ്രുവരിയിൽ മാത്രമേ നിർബന്ധിതമായി ശേഖരിക്കാൻ നിവൃത്തിയുള്ളു.

(സി) 1952–53-ൽ 6623 രൂപയും 1953–54-ൽ 6683 രൂപയും ബഡ്ജററിൽ കൊള്ളിച്ചിരുന്നു. അതിൽ 1952-53-ൽ 1596 രൂപയും 1953-54-ൽ 1656 രൂപയും ചെലവായിട്ടുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: ഇതിലേയ്ക്ക് ലേബർഡിപ്പാർട്ടുമെൻറിൻെറ കീഴിൽ പ്രത്യേകം ഒരു സ്റ്റാററിസ്റ്റിക്സ് സെക്ഷനുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: ഇല്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഇതിലേയ്ക്ക് ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനുവേണ്ടി കൊള്ളിച്ചിരുന്ന തുക ലാപ്സാക്കിയതു് എന്തുകൊണ്ടാണ്?

ശ്രീ. പി. കെ. കുഞ്ഞ്: ലാപ്സാക്കിയില്ല.

ശ്രീ. ടി. കെ. ദിവാകരൻ: 1952–53-ലും, 1953–54-ലും കൊള്ളിച്ചിരുന്ന തുകയിൽ 1000 രൂപമാത്രമേ ചെലവാക്കിയുള്ളുവെന്നും ഉദ്യോഗസ്ഥന്മാരെ നിയമിച്ചില്ലെന്നും അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞ്: ഓരോ കൊല്ലവും ചെലവായതുക ഞാൻ പറഞ്ഞുകഴിഞ്ഞു. കൊള്ളിച്ചതുക മുഴുവൻ ചെലവാക്കിയിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ: അങ്ങിനെ മുഴുവൻ തുകയും ചെലവാക്കാതിരിക്കാനുള്ള കാരണം എന്താണ്?

ശ്രീ. പി. കെ. കുഞ്ഞ്: അതിനു നോട്ടീസുവേണം.

ശ്രീ. ടി. കെ ദിവാകരൻ: ഒരു സ്റ്റാററിസ്റ്റിക്കൽ ഡിപ്പാർട്ടുമെൻറ് പ്രത്യേകം രൂപീകരിക്കുന്നതിനു് തുക കൊള്ളിച്ചിരുന്നതുകൊണ്ടു് ലേബർ ഡിപ്പാർട്ടുമെൻറിൽ ഈ സ്റ്റാററിസ്റ്റിക്സ് ശേഖരിക്കുന്നതു തുടരണമെന്നു വിചാരിക്കുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: അതിൻെറ ആവശ്യം ലേബർഡിപ്പാർട്ടുമെൻറിലുണ്ടെന്നു കാണുന്നപക്ഷം തുടരും.

വെൽഫെയർ അസിസ്റ്റന്റന്മാർ.

* 451. [5] ശ്രീ. ടി. കെ. ദിവാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലേബർഡിപ്പാർട്ടുമെന്റിലെ വെൽഫെയർ അസിസ്റ്റന്റന്മാരെ കുറവുചെയ്യാൻ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ്;

(സി) ഇതിനകം എത്രപേരെ കുറവുചെയ്തിട്ടുണ്ട്;

(ഡി) ഇപ്പോൾ ഓരോ ഗ്രേഡിലുമുള്ള അസിസ്റ്റന്റന്മാർ എത്ര;

(ഇ) 1954-55-ലേയ്ക്ക് എത്രപേർക്ക് ബഡ്ജററിൽ തുക കൊള്ളിച്ചിട്ടുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്:)

(എ) ഉണ്ട്.

(ബി) 28-4-1953-ൽ.

(സി) 12.

(ഡി) ഒന്നാം ഗ്രേഡിൽ 17.
രണ്ടാം ഗ്രേഡിൽ 34.
മൂന്നാം ഗ്രേഡിൽ 37.

(ഇ) 91.

ശ്രീ. ടി. കെ. ദിവാകരൻ: ഈ ഉദ്യോഗസ്ഥന്മാരെ കുറവുചെയ്യുന്നതിനു ഉത്തരവു പുറപ്പെടുവിക്കാനുള്ള കാരണമെന്താണ്?

ശ്രീ. പി. കെ. കുഞ്ഞ്: മൂന്നാംഗ്രേഡിലുള്ള ഉദ്യോഗസ്ഥന്മാരെ കുറയ്ക്കുന്നതുകൊണ്ട് ഡിപ്പാർട്ടുമെന്റു പ്രവർത്തനത്തിന് വലിയ ദോഷമൊന്നും സംഭവിക്കാൻ ഇടയില്ലെന്ന് അപ്പോൾ തോന്നിയതുകൊണ്ടാണ് അങ്ങിനെചെയ്തത്.

ശ്രീ. ടി. കെ. ദിവാകരൻ: ഈ മൂന്നാംഗ്രേഡിലുള്ള ഉദ്യോഗസ്ഥന്മാരുടെ ജോലിയ്ക്കു പല്ല വ്യത്യാസവുമുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: ജോലിക്ക് വ്യത്യാസമില്ല. ചുമതലയെ സംബന്ധിച്ചിടത്തോളം വ്യത്യാസമുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: ജോലിക്ക് വ്യത്യാസമില്ലാത്ത നിലയ്ക്കു ഈ മൂന്നാംഗ്രേഡുകാരെമാത്രം കുറവുചെയ്യാനുള്ള കാരണമെന്താണ്?

ശ്രീ പി. കെ. കുഞ്ഞ്: ഏററവും താഴ്ന്നഗ്രേഡിലുള്ള ആളുകളെ മററസ്ഥലത്തു നിയമിക്കാൻ സാധിക്കുമെന്നുള്ളതുകൊണ്ടും ഈ ചുമതല നിർവഹിക്കുന്നതിന് കുറച്ചു മേലേപ്പെട്ട ഗ്രേഡിലിരിക്കുന്ന ആളുകളായിരിക്കും നല്ലതെന്നു തോന്നിയതുകൊണ്ടുമാണ് അങ്ങനെ ചെയ്തത്.

ശ്രീ. ടി. കെ. ദിവാകരൻ: ഈ ഗവണ്മെൻറ് ആ ഉത്തരവു നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: അതിനെപ്പററി ഇതുവരെ തീരുമാനം ചെയ്തിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ: പിന്നെ ഇപ്പോഴും 91 പേക്ക് ബഡ്ജററിൽ തുക കൊള്ളിച്ചിട്ടുള്ളത് എന്തുകൊണ്ടാണെന്നു പറയാമോ?

ശ്രീ. പി. കെ. കുഞ്ഞ്: ഉത്തരവു നടപ്പിൽവരുത്തുന്നതുവരെ തുക കൊള്ളിക്കേണ്ടതാണ്.

ശ്രീ. പി. കെ. യശോധരൻ: 500 ജോലിക്കാരിൽ കൂടുതൽ പണിയെടുക്കുന്ന ഫാക്ടറികളിൽ ഒരു വെൽഫെയർ ആഫീസറെ നിയമിക്കണമെന്നു നിർദ്ദേശമുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: ഇപ്പോഴും അങ്ങിനെ ഒരു നിർദ്ദേശമില്ല.

ശ്രീ. ടി. കെ. ദിവാകരൻ: വെൽഫെയർ അസിസ്റ്റൻറന്മാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള ഉത്തരവു പുറപ്പെടുവിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞ്: അതിനെപ്പററി ആലോചിക്കാം.

ശ്രീ. പി. കെ. യശോധരൻ: ലേബർ ആഫീസേഴ്സായി ഫസ്റ്റ് ഗ്രേഡിലുള്ളവരെ പ്രമോട്ടുചെയ്യുന്നതുകൊണ്ടല്ലേ ഇങ്ങനെ ആളുകളെ കുറവുചെയ്യേണ്ടിവരുന്നത്?

ശ്രീ. പി. കെ. കുഞ്ഞ്: അതിനെപ്പററി അറിവില്ല.

Water Supply.

※ 452. [6] **Shri T. S. Ramaswami**: Will the Minister for Works and Transport be pleased to state:

(*a*) whether it is a fact that there is acute necessity for water supply facilities in areas like Karingal in Vilavancode taluk, Erulappapuram, Charakkalvila, Pattachalianvilai, Kurusadi in the Nagercoil town and Marungoor, Thamarakulam, Cape and adjoining villages in Agastiswaram taluk and Aramboly in Thovala taluk;

(*b*) what steps are the Government taking for extending water supply to these areas in South Travancore; and

(*c*) whether the Government be pleased to take up water supply extension to these areas in the near future?

Minister for Works and Transport (**Shri A. Achuthan**):

(*a*) Yes.

(*b*) and (*c*) A scheme for water supply to Karingal has been sanctioned and work is in progress. The question of extending pipe lines to places within the Nagercoil town where there are no facilities for water supply at the present time is being considered. A scheme for taking water to Cape *vai* Suchindram has been sanctioned and work will be started shortly. A scheme of water supply to Aramboly from the Poigai hills is being investigated.

കയർ സഹകരണസംഘങ്ങൾ.

❋ 453. [7] ശ്രീ. യു. നീലകണ്ഠൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കയർ സഹകരണസംഘങ്ങളിൽ അംഗത്വം ലഭിച്ചിട്ടുള്ള തൊഴിലാളികളുടെ മൊത്തം എണ്ണം എത്ര;

(ബി) സംഘത്തിന്റെ പ്രവർത്തനംകൊണ്ട് തൊഴിലാളികൾക്ക ഉണ്ടായിട്ടുള്ളതും ഉണ്ടാകാവുന്നതുമായ ഗുണങ്ങൾ എന്തൊക്കെയാണ്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) 5,278.

(ബി) ജോലിസ്ഥിരതയും കൂടുതൽ കൂലിയും ലാഭവിഹിതവും കിട്ടുന്നതാണ്.

ശ്രീ. യു. നീലകണ്ഠൻ: ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാം സംഘങ്ങളിലുംകൂടി ഇത്ര തൊഴിലാളികൾമാത്രം ചേരാനുള്ള കാരണമെന്താണ്?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അംഗങ്ങളായി ഇത്ര പേരെ ചേർന്നിട്ടുള്ളൂ.

ശ്രീ. യു. നീലകണ്ഠൻ: ആകെ എത്രയംഗങ്ങൾ ചേർന്നിട്ടുണ്ടെന്നു പറയാമോ?

Shri P. S. Nataraja Pillai: 572 Labourers and 2562 small-scale producers have joined as Members of the Coir Workers Co-operative Society.

ശ്രീ. കട്ടപ്പൻ കോയിക്കൽ: ഈ തൊഴിലാളികൾക്ക് എന്തുകൂലി കിട്ടുന്നുണ്ടെന്നു പറയാമോ?

Mr. Speaker: That question does not come under the scope of the main question.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: സഹകരണസംഘ അംഗത്വത്തിനുള്ള ഫീസ് ഇന്നരായെന്നു വല്ല തീരുമാനവുമുണ്ടോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: മെംബർഷിപ് ഫീസുണ്ട്. ഓരോ സംഘത്തിനും പ്രത്യേകം പ്രത്യേകം ആയിരിക്കാനാണ് ഇടയുള്ളത്. അതിനെപ്പററി വ്യക്തമായി അറിവില്ല.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: സഹകരണസംഘങ്ങൾക്ക കൊടുക്കുന്ന സഹായധനം അതിലെ മെംബറന്മാരുടെ ഓഹരിയായി മാററം ചെയ്യുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഈ സംഘങ്ങളെ സംബന്ധിച്ചിടത്തോളമല്ല.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി : സഹകരണ സംഘങ്ങൾ ഉണ്ടാക്കുമ്പോൾ ഓഹരി എടുക്കാൻ നിവൃത്തിയില്ലാത്തവർക്ക് സഹായധനം കൊടുത്ത് മെമ്പറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : ആ പദ്ധതി ഹാൻഡ്‌ലൂം സഹകരണസംഘങ്ങളിൽ സ്വീകരിച്ച് നടപ്പിൽ വരുത്തിയിട്ടുണ്ട്.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി : അത് കയർ സഹകരണ സംഘങ്ങളിൽക്കൂടി സ്വീകരിക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : അതിനെപ്പററി ആലോചിക്കാം.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: സർ, ഒരു പോയിൻറ് ഓഫ് ആർഡർ. ഏഴാമത്തെ ചോദ്യത്തിലെ (ബി)-ൽ ചോദിച്ചിട്ടുള്ളത് സംഘപ്രവർത്തനം കൊണ്ട് തൊഴിലാളികൾക്ക് ഉണ്ടായതും ഉണ്ടാകാവുന്നതുമായ ഗുണങ്ങൾ എന്തൊക്കെയാണെന്നാണ്. അതിന് കൂടുതൽ കൂലിയും ജോലിസ്ഥിരതയും കിട്ടുമെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞു. അപ്പോഴാണ് എന്തുകൂലി കിട്ടുന്നു എന്ന് ഞാൻ ചോദിച്ചത്. അപ്പോൾ ചെയറിൽ നിന്നും ആ ചോദ്യത്തെ തടയുകയുണ്ടായി. എന്തുകൊണ്ടാണ് അതിനെ തടഞ്ഞതെന്ന് അറിഞ്ഞാൽക്കൊള്ളാം.

Mr. Speaker : You cannot question the ruling. When the Chair takes a decision you have to accept it.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : തൊഴിലാളികൾ അംഗമാകാത്ത കയർ സഹകരണസംഘങ്ങൾ ഉണ്ടോ ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : കയർ സഹകരണ സംഘങ്ങളിൽ തൊഴിലാളികൾ മാത്രമേ അംഗങ്ങളാകാൻ പാടുള്ളുവെന്നു വ്യവസ്ഥയുണ്ടോ ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : തൊഴിലാളികൾക്കും ചെറുതരം ഉൽപ്പാദകർക്കും അംഗമാകാം.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ചെറുതരം ഉൽപ്പാദകരിൽനിന്നു തൊഴിലാളികൾക്ക് സുരക്ഷിതത്വം കിട്ടുകയില്ലെന്നറിയാമോ ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : അതിനെപ്പററി പരിശോധിച്ചു നോക്കേണ്ടതാണ്.

പഞ്ചായത്തുകൾ.

* 454. [8] ശ്രീ. യു. നീലകണ്ഠൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് സാമ്പത്തികമായും പ്രവർത്തികമായും മുന്നോട്ടു വന്നിട്ടുള്ള പഞ്ചായത്തുകളിൽ മുന്നിട്ടു നില്ക്കുന്നവ ഏതെല്ലാം;

(ബി) സാമ്പത്തികശേഷി തീരെ ഇല്ലാത്ത പഞ്ചായത്തുകൾ ഏതെല്ലാം;

(സി) പ്രസ്തുത പഞ്ചായത്തുകൾക്ക് സ്പെഷ്യൽ ഗ്രാൻറ നൽകാൻ ഗവണ്മെൻറ് പര്യാലോചിക്കുമോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ(&)ബി) പഞ്ചായത്തു തിരഞ്ഞെടുപ്പു നടശേഷം പഞ്ചായത്തുകൾ പ്രവത്തനം തുടങ്ങിയിട്ടേ ഉള്ളു. ഒരു സാമ്പത്തികവർഷം കഴിഞ്ഞാൽ മാത്രമേ പഞ്ചായത്തുകളുടെ പുരോഗതിയെപ്പററി ഗവണ്മെൻറ് നിർണ്ണയിക്കാറുള്ളു.

(സി) പഞ്ചായത്തുകൾക്ക് സ്പെഷ്യൽ ഗ്രാൻറ നൽകുന്നതിനെപ്പററി പര്യാലോചിക്കാം.

ശ്രീ. യു. നീലകണ്ഠൻ: ഇതുവരെയും ഈ പഞ്ചായത്തുകളുടെ സാമ്പത്തികസ്ഥിതിയെപ്പററ ഗവണ്മെൻറ് അന്വേഷിച്ചിട്ടില്ലെന്നാണോ മനസ്സിലാക്കേണ്ടതു് ?

ശ്രീ. പി. കെ. കുഞ്ഞു്: അങ്ങിനെയല്ല. ഒരു വഷം കഴിഞ്ഞേ അതിന്റെ കണക്കുകൾ ശേഖരിക്കാൻ കഴിയു. ഒരു വർഷം തികയുന്നതിനുമുമ്പ് ഒരു കണക്കും എടുക്കാൻ സാദ്ധ്യമല്ല.

ശ്രീ. യു. നീലകണ്ഠൻ: ഏതെങ്കിലും പഞ്ചായത്തുകളിൽ നിന്നു് സ്പെഷ്യൽ ഗ്രാൻറ് അനുവദിക്കണമെന്നു് ഗവണ്മെൻറിനു് നിവേദനം കിട്ടിയിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: പല പഞ്ചായത്തുകളിൽ നിന്നും കിട്ടിയിട്ടുണ്ടു്.

ശ്രീ. എം. എ. ആൻറണി: പഞ്ചായത്തുഡിപ്പാർട്ടുമെൻറ് ഒരു മേജർ ഡിപ്പാർട്ടുമെൻറായിട്ടാണോ പ്രവത്തനം നടത്തിവരുന്നതു് ?

ശ്രീ. പി. കെ. കുഞ്ഞു്: ഡിപ്പാർട്ടുമെൻറ മേലദ്ധ്യക്ഷൻ ഒരു ഫസ്റ്റ്ഗ്രേഡ് ആഫീസറുടെ നിലയിലുള്ള ഒരാളല്ല.

ശ്രീ. എം. എ. ആൻറണി: പഞ്ചായത്തുഡിപ്പാർട്ടുമെൻറദ്ധ്യക്ഷനു് കൂടുതൽ അധികാരം നൽകി അതിനെ ഒരു മേജർ ഡിപ്പാർട്ടുമെൻറാക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞു്: അതിനെപ്പററി അലോചിച്ചു് ചില നടപടികൾ എടുത്തുകൊണ്ടിരിക്കയാണു്.

ശ്രീ. ടി. കെ ദിവാകരൻ: സ്പെഷ്യൽ ഗ്രാൻറ അനുവദിക്കുന്നതിനാവശ്യമായ നിയമങ്ങൾ ഈ നിയമസഭയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞു്: ഉണ്ടു്.

ശ്രീ. താണുപിള്ള ഭാസ്കരൻപിള്ള: ഈ പഞ്ചായത്തുകളുടെ ബഡ്ജററ പാസ്സാക്കി ഗവണ്മെൻറ് അയച്ചുകൊടുത്തതിൽ നിന്നും പഞ്ചായത്തുകളുടെ സാമ്പത്തികശേഷി മനസ്സിലാക്കാൻ കഴിയുകയില്ലേ?

ശ്രീ. പി. കെ. കുഞ്ഞു്: ബഡ്ജററു പാസ്സാക്കി അയച്ചിട്ടുണ്ടെങ്കിലും ഒരു വർഷം കഴിഞ്ഞതിനുശേഷമേ അതിന്റെ കണക്കെടുക്കാൻ സാധിക്കയുള്ളു.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: രണ്ടു മാസത്തിനു മുൻപേ പഞ്ചായത്തുകൾ ബഡ്ജററു പാസ്സാക്കി അയച്ചിട്ടും ധനപരമായി പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകൾ ഏതെല്ലാമെന്നു മനസ്സിലാക്കാൻ കഴിയുകയില്ലേ?

ശ്രീ. പി. കെ. കുഞ്ഞു്: കണക്കെടുക്കുന്നതിനു കഴിയും. അങ്ങിനെ പിന്നോക്കം നില്ക്കുന്ന പഞ്ചായത്തുകൾക്കു് ധനസഹായം നൽകുന്നതിനു് നിലവിലുള്ള നിയമത്തിൽ ചില ഭേദഗതികൾ വരുത്താനുണ്ടു്. അതുകൊണ്ടാണു് ഇപ്പോൾ അങ്ങിനെയുള്ള പഞ്ചായത്തുകൾക്കു് സ്പെഷ്യൽ ഗ്രാന്റു് അനുവദിക്കാൻ നിവൃത്തിയില്ലാ എന്നു പറഞ്ഞതു്.

വീട്ടുകരം.

* 455. [10] ശ്രീ. എൻ. ജി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) പഞ്ചായത്തുകളിൽ വീട്ടുകരം ഏർപ്പെടുത്തുന്നതു സംബന്ധിച്ചു് ധാരാളം ആക്ഷേപങ്ങൾ പൊതുജനങ്ങളുടെ ഇടയിൽ ഉള്ളതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പരാതികൾക്കു് വല്ല പരിഹാരവും ഉണ്ടാക്കാൻ ഗവണ്മെന്റു് ഉദ്ദേശിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) ഉണ്ടു്.

(ബി) ഗവണ്മെന്റല്ലാ പഞ്ചായത്തുകളാണു് ഇക്കാര്യത്തിൽ പരിഹാരമുണ്ടാക്കേണ്ടതു്.

ശ്രീ. എൻ. ജി. ചാക്കോ: പാർട്ടി വൈരാഗ്യം വച്ചുകൊണ്ടു് ചില പഞ്ചായത്തുകൾ കൂടുതൽ വീട്ടുകരം ചുമത്തുന്നതായി അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു്: ചില സ്ഥലങ്ങളിൽ കൂടുതൽ കരം ചുമത്തുന്നതായി പരാതി ലഭിച്ചിട്ടുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ: വീട്ടുകരം ചുമത്തുന്നതിൽ പല പഞ്ചായത്തുകളിലും പീരിയഡു് വ്യത്യാസമുള്ളതായി അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു്: അറിഞ്ഞുകൂടാ.

ശ്രീ. ടി. കെ. ദിവാകരൻ: അങ്ങിനെ വ്യത്യസ്തമായ പീരിയഡിൽ കരം ഏർപ്പെടുത്താതെ ഏതു വർഷം മുതൽ ഇടാക്കണമെന്നു് ഗവണ്മെന്റു് ഒരു തീരുമാനമെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: അതു സംബന്ധിച്ച് വേണ്ട നടപടികളെടുക്കാൻ നോക്കാം.

ശ്രീ. പി. കെ. യശോധരൻ: ഈ പഞ്ചായത്തുകൾ നാട്ടിനൊരു പഞ്ചാപത്താണെന്നറിയാമോ?

Mr. Speaker: That question is disallowed.

ശ്രീ. എം. എ. ആന്റണി: കാളവണ്ടി, കുതിരവണ്ടി, സൈക്കിൾ മുതലായവയുടെ ലൈസൻസ്ഫീസിനത്തിലുള്ള വരവ് പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കുന്ന കാര്യം ഗവണ്മെന്റ് ആലോചിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞ്: അതേപ്പറ്റി ഗവണ്മെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. എ. ആന്റണി: അതാതു പഞ്ചായത്തതിർത്തിക്കകത്തുള്ള ഭൂനികുതി പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കുന്ന കാര്യത്തെപ്പറ്റി ആലോചിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞ്: ആലോചിക്കാം.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഏതെല്ലാം തരത്തിലുള്ള വീടുകൾക്കാണ് കരം ഏർപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുള്ളത് എന്നു പറയാമോ?

ശ്രീ. പി. കെ. കുഞ്ഞ്: ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ആറുകാൽ പുരകൾക്ക് കരം ചുമത്താൻ നിർദ്ദേശം നൽകിയിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: വാടകക്കെട്ടിടങ്ങൾക്ക് ആദായത്തിന്റെ നാലു ശതമാനം കരം ഈടാക്കാനാണ് പറഞ്ഞിട്ടുള്ളത്.

ശ്രീ. എം. എ. ആന്റണി: പഞ്ചായത്തതിർത്തിക്കകത്തുള്ള കരം പിരിക്കുന്നതിന് പഞ്ചായത്തു ഇൻസ്പെക്ടറന്മാർക്ക് അധികാരം കൊടുക്കുന്ന കാര്യം ഗവണ്മെന്റ് ആലോചിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞ്: ഈ വക കാര്യങ്ങളെപ്പറ്റിയെല്ലാം ഗവണ്മെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. എ. മത്തായി: ചില പഞ്ചായത്തുകളിൽ ചെററക്കുടിലുകൾക്കുപോലും കരം ഈടാക്കിയിട്ടുള്ളതായി അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞ്: അറിവില്ല.

ശ്രീ. കെ. പി. ഹാർമസ്: എങ്ങിനെയുള്ള കെട്ടിടങ്ങൾക്കാണ് വീട്ടുകരം ഈടാക്കേണ്ടത് എന്നുള്ളതിനെപ്പറ്റിയെല്ലാം വ്യക്തമായ നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: വ്യക്തമായ നിർദ്ദേശങ്ങളുണ്ട്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: പഞ്ചായത്തുകളുടെ ഭരണപരമായ കാര്യങ്ങളിൽ ഗവണ്മെന്റ് ആവശ്യമില്ലാതെ ഇടപെടുന്നതു ശരിയാണോ?

ശ്രീ. പി. കെ. കുഞ്ഞ്: ഭരണപരമായ കാര്യങ്ങളിൽ വിപരീതമായ ഒരു നിലപാട് ഗവണ്മെന്റ് കൈക്കൊള്ളാനിടയില്ല.

ശ്രീ. [illegible]. എം. മത്തായി: എനിക്കു നേരിട്ടറിയാം, ചില ചെറിയ കുടിലുകൾക്ക് പഞ്ചായത്തുകൾ കരം ഏർപ്പെടുത്തിയിട്ടുള്ളതായിട്ട്. അതേ സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: അങ്ങിനെ പരാതികൾ ലഭിച്ചിട്ടില്ല.

എംപ്ലോയ്മെന്റ് അഡ്വൈസറി കമ്മിറ്റി.

* 456. [11] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് അഡ്വൈസറി കമ്മിറ്റി നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാം; അവരുടെ പേരുകളും വിവരങ്ങളും;

(സി) ഈ കമ്മിറ്റി ഇപ്പോൾ നിലവിൽ ഇല്ലെങ്കിൽ, ഉണ്ടായിരുന്ന കാലത്ത് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാം?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) ഉണ്ട്.

(ബി) ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്. വേണമെങ്കിൽ വായിക്കാം.

(സി) ഇപ്പോൾ നിലവിലുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി: ലിസ്റ്റ് വായിച്ചാൽ കൊള്ളാം.

(b) Employment Advisory Committee.

Chairman.

Minister for Resettlement and Employment.

Members.

1. Additional Secretary to Government, Development Department.

II. Employers' Organisations.

2. The Chairman, Travancore Chamber of Commerce, Alleppey.
3. Shri K. J. Lazar, Rice and Oil Mills, Mela.
4. Shri P. S. Padmanabhan, Representative of F. A. C. T., Alwaye.
5. Shri A. V. George, Ancheril, Kottayam.

III. Workers' Organisation.

6. Shri P. K. Dewar, President, Aspinwal Coir Factory Workers' Union, Goudese Island, Malipuram, Cochin.

7. Shri T. V. Thomas, B. A., B. L. President, Coir Factory Workers' Union, Alleppey.

8. Shri B. K. Nair, M. A., Representative of I. N. T U. C, Alleppey.

IV. *Government Employers.*

9. The Chief Engineer, P. W. D., Trivandrum.
10. The Labour Commissioner, Trivandrum.
11. The Director of Industries and Commerce, Trivandrum.
12. The Director of State Transport, Trivandrum.

V. *University.*

13. The Registrar, University of Travancore.

VI. *Municipal Corporation.*

14. The Commissioner, City Corporation, Trivandrum.

VII. *State Soldiers, Sailors and Airmen's Board.*

15. The Secretary, S. S. S. & A. Board, Trivandrum.
16. The General Secretary, Y. W. C. A., Trivandrum, and
17. The Assistant Director of Resettlement and Employment (Ex-Officio Secretary).

ശ്രീ. പ്രാക്കുളം ഭാസി: അതിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. പി. എസ്. നടരാജപിള്ള: എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഡിപ്പാർട്ടുമെന്റിന് ആവശ്യമായ നിർദ്ദേശങ്ങൾ കൊടുക്കുക, എംപ്ലോയ്മെന്റ് ആഫീസുകളുടെ പ്രവർത്തനങ്ങളെപ്പററി ചർച്ച ചെയ്യുക ഇതെല്ലാമാണ്.

ശ്രീ. പ്രാക്കുളം ഭാസി: ഈ കമ്മിററി രൂപീകരിച്ചതിനുശേഷം എത്ര പ്രാവശ്യം കൂടിയിട്ടുണ്ട്?

ശ്രീ. പി. എസ്. നടരാജപിള്ള: ആവശ്യമുള്ള സമയങ്ങളിൽ കൂടീട്ടുണ്ടെന്ന് എനിക്ക് അറിയാം.

ശ്രീ. ടി. കെ. ദിവാകരൻ: ഈ കമ്മിററിയുടെ നിർദ്ദേശങ്ങൾ സ്വീകരിക്കാത്ത ഡിപ്പാർട്ടുമെന്റുകൾ ഉണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: ചില നിർദ്ദേശങ്ങൾ സ്വീകരിക്കാതെയുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: പല ഡിപ്പാർട്ടുമെന്റുകളും വേക്കൻസികൾ എംപ്ലോയിമെന്റ് ആഫീസക്ക് വിട്ടുകൊടുത്തിട്ടില്ലെന്നറിയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള: ഗവണ്മെന്റ് അധീനതയിലുള്ള ചില സ്ഥാപനങ്ങളിൽ ആളുകളെ എടുക്കണമെന്ന് നിർദ്ദേശങ്ങൾ അയച്ചിട്ടുള്ളതായി എനിക്ക് അറിയാം.

ശ്രീ. ടി. കെ. ദിവാകരൻ: കണ്ടിജൻസി ജീവനക്കാരെ എടുക്കുന്നത് എംപ്ലോയ്മെന്റ് ആഫീസിൽനിന്നാണോ അതോ, ഗവണ്മെന്റ് നേരിട്ട് എടുക്കുകയാണോ?

Mr. Speaker: That is a separate question

Housing Scheme.

* 457. [12] **Shri Prakkulam Bhasi**: Will the Minister for Local Self Government be pleased to state:

(*a*) which are the places included in the Government Housing Scheme and the number of houses built in each;

(*b*) are West Quilon, Kilikolloor and Thrikkadavoor included in the list of places selected for the Housing Scheme; and

(c) if not why?

Mr. Speaker: Question No. 12 has been answered. Now number 13.

Prakkulam Bhasi: Sir, a point of order. No. 12 has not been answered.

Mr. Speaker: Yes, parts (*b*) & (*c*) have not been answered. The hon. Minister can give the answer.

Minister for Local Self Government **(Shri P. K. Kunju)**:

(*b*) These places are not included in the list of places selected for the Housing Scheme.

(*c*) Housing Scheme is being implemented through Co-operative Societies. Since no competent Co-operative Societies in the above places have come forward to take up the responsibility of working the schemes, no centres have been selected so far in these areas.

ശ്രീ. പ്രാക്കുളം ഭാസി: അവിടെ കോഓപ്പറേറ്റീവ് സൊസൈറ്റികൾ സംഘടിപ്പിച്ചാൽ ഈ സ്കീം അനുവദിക്കാമെന്നാണോ പറയുന്നത്?

ശ്രീ. പി. കെ. കുഞ്ഞ്: മുനിസിപ്പാലിറ്റികളുടേയും കോഓപ്പറേറ്റീവ് സൊസൈറ്റികളുടേയും ചുമതലയിലാണ് വീടുകൾ പണിയുന്നത്. ഈ സ്കീം സംബന്ധിച്ചുള്ള തീരുമാനങ്ങളെടുക്കുമ്പോൾ അവിടെ കോഓപ്പറേറ്റീവ് സൊസൈറ്റികൾ ഒന്നും മുമ്പോട്ടു വന്നിട്ടില്ലായിരുന്നു.

ശ്രീ. കെ. പി. ഹാർമിസ്: ഹൌസിംഗ് സ്കീമിന്റെ ചുമതല കോഓപ്പറേറ്റീവ് സൊസൈറ്റികൾക്കാണോ ഗവണ്മെന്റിനാണോ?

ശ്രീ. പി. കെ. കുഞ്ഞ്: കോഓപ്പറേറ്റീവ് സൊസൈറ്റികൾക്കാണ്.

ശ്രീ. കെ. പി. ഹാർമിസ്: ബോംഗസ് കോവാപ്പറേറ്റീവ് സൊസൈററികൾ ഇതിലേയ്ക്ക് രൂപീകരിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞ്: അറിഞ്ഞുകൂടാ.

ശ്രീ. കെ. പി. ഹാർമിസ്: കാലടിയിൽ അങ്ങിനെ ഒരു സൊസൈററിയുള്ളതായി വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: അതിന് പ്രത്യേകം ചോദ്യം ചോദിച്ചാൽ മറുപടി പറയാം.

Pay Scales.

✻ 458. [13] **Shri Prakkulam Bhasi**: Will the Minister for Works and Transport be pleased to state:

(*a*) the minimum and maximum pay fixed in the Transport Department for District Officer's Grade; Inspector's Grade; Conductor's Grade and Driver's Grade in 1114 M. E. and 1953; and

(*b*) the percentage of expenditure incurred under—

(1) Direction—Pay of officers and pay of establishment.

(2) Maintenance—Pay of officers and pay of establishment;

(3) Operating expenses—Running staff—Pay of officers and pay of establishment in 1114 and 1953?

Minister for Works and Transport **(Shri A. Achuthan)**:

(*a*) The statement is placed on the table.

(*b*) The statement is placed on the table.

ശ്രീ. പ്രാക്കുളം ഭാസി: സപ്ലിമെൻററി ചോദ്യങ്ങൾ ചോദിക്കുന്നതിനുള്ളതുകൊണ്ട് അതു് വായിക്കണം.

Shri A. Achuthan:

(*a*) *1114 M. E.*		Rs.
District Inspector (District Officer)		50-5-70
Inspectors		40-2-50
Conductors		20-25 & 25-30
Drivers		30-40
1953.		
District Officer	(I Grade)	225-10-275
Do.	(II Grade)	175-10-225
Do.	(III Grade)	125-10-175
Inspectors	(I Grade)	100-5-125
Do.	(II Grade)	80-5-120
Do.	(III Grade)	45-5-75
Conductors		30-3-45

Drivers	30-3-45-EB-5-60-EB-5-75
Conductors & Drivers (Temporary)	30

(*b*) *1114 M. E.*

Head of Account—	Percentage of total expenditure.
Direction—Salaries	1.81
Establishment	1.96

ശ്രീ. കെ. സി. ജോർജ്ജ്: ഈ വായിക്കുന്ന ഫിഗേഴ്സ് എല്ലാം ബഡ്ജറ്റിലില്ലേ ?

Shri A. Achuthan: These figures ar not in the Budget.

Repairs, Renewals, Replacements and Maintenance	Salaries	0·07	
	Establishment	2·17	
Percentage of total expenditure—			2·24
Operating expenses—	Salaries	Nil	
	Establishment	12·51	
Total expenditure in 1114—Rs.		8,70,516-4-12	

1952-53.

Direction—	Salaries	0·13	
	Establishment	2·42	
Percentage of total expenditure—			2·55
Repairs, Renewals, Replacements and Maintenance	Salaries	0·13	
	Establishment	3·12	
Percentage of total expenditure—			3·25
Operating expenses—	Salaries	0·2	
	Establishment	14·1	
Percentage of total expenditure—			14·3

Total expenditure for 1952-53 is Rs. 13,769,008-7-8

ശ്രീ. പ്രാക്കുളം ഭാസി: ഈ ഡിസ്ട്രിക്റ്റ ആഫീസറന്മാർക്ക് ശമ്പളം കൂട്ടിയപ്പോഴും ഇൻസ്പെക്ടേഴ്സിനും കണ്ടക്ടേഴ്സിനും കൂട്ടിക്കൊടുക്കാം തടസ്സമെന്താണ് ?

ശ്രീ. എ. അച്യുതൻ: ഡിസ്ട്രിക്റ്റ് ആഫീസറന്മാർക്ക് ഡിസെൻട്രലൈസേഷൻ ഓഫ് പവേഴ്സ് മൂലം 114-ലേക്കാൾ കൂടുതൽ ജോലിയുണ്ട്. എന്നാൽ കണ്ടക്ടേഴ്സിനും ഇൻസ്പെക്ടേഴ്സിനും അന്ന് ബാറ്റയും അലവൻസും ഇല്ലായിരുന്നു. ഇന്ന് അതു കൊടുക്കുന്നുണ്ട്.

മെഡിക്കൽകാളേജ് ഏരിയാ വികസനം.

❋ 459. [15] ശ്രീ. വി. ശ്രീധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉള്ളൂർ മെഡിക്കൽ കാളേജ് ഏരിയാ വികസനത്തിനു് ആവശ്യമായ പ്ലാൻ തയ്യാറാക്കുവാൻ ഗവണ്മെൻറു് ഏതെങ്കിലും കമ്മിററിയെ നിയമിക്കുകയുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കമ്മിററിയെ എന്നാണു് നിയമിച്ചതു്; കമ്മിററിയിലെ അംഗങ്ങൾ ആരെല്ലാം;

(സി) ഈ കമ്മിററി പ്ലാൻ തയ്യാറാക്കി ഗവണ്മെൻറിലേയ്ക്കു് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഈ പ്ലാൻ അതേപടി നടപ്പിൽ വരുത്താനാണോ ഗവണ്മെൻറുദ്ദേശിക്കുന്നതു്;

(ഇ) ഈ പ്ലാൻ അതേപടി അംഗീകരിച്ചു നടപ്പിൽ വരുത്തുന്നതിൽ സ്ഥലത്തുള്ള നാട്ടുകാർക്കു് ശക്തിയായ എതിർപ്പുണ്ടെന്നുള്ള വസ്തുത ഗവണ്മെൻറിനറിവുണ്ടോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) ഉണ്ടു്.

(ബി) 17-7-51-ൽ തിരുവിതാംകൂർ ടൗൺ & കൺട്രിപ്ലാനിംഗ് ജനറൽ ആർഡർ (1951) പ്രകാരം, പ്രിൻസ് പ്പാൾ, മെഡിക്കൽകാളേജ്, പബ്ലിക്ക് ഹെൽത്തു് ഡയറക്ടർ, ഡിസ്ത്രിക്ററു് കളക്ടർ, തിരുവനന്തപുരം, എന്നീ അംഗങ്ങൾ അടങ്ങിയ ഒരു ഡവലപ്പുമെൻറു് അതാറിട്ടിയെ നിയമിച്ചു.

(സി) ഡ്രാഫ്ററുസ്കീം, പ്ലാൻ ഇവ തയാറാക്കി ഗവണ്മെൻറിനു സമർപ്പിച്ചിട്ടുണ്ടു്.

(ഡി) ഡ്രാഫ്ററു സ്കീം, പൊതുജനങ്ങളുടെ അറിവിനും അഭിപ്രായത്തിനുമായി പരസ്യപ്പെടുത്തിയിട്ടുണ്ടു്. ആഗസ്റ്റ് 1-ാംതീയതിക്കു മുൻപു്, സ്കീമിനെ സംബന്ധിച്ചുള്ള ആക്ഷേപങ്ങളും, അഭിപ്രായങ്ങളും ഗവണ്മെൻറിലേയ്ക്കു സമർപ്പിക്കാവുന്നതും, ടി തീയതിക്കുമേൽ സ്കീം ഗവണ്മെൻറിൻെറ ആലോചനയ്ക്കു വിധേയമാകുന്നതുമാകുന്നു.

(ഇ) സ്കീമിനെ സംബന്ധിച്ചുള്ള അഭിപ്രായങ്ങൾ ആഗസ്റ്റ് 1-ാംതീയതിവരെ സമർപ്പിക്കാവുന്നതാണു്. അതുകൊണ്ടു് ഈ കാലാവധിക്കുമുൻപു് ഇതിനെപ്പററി എന്തെങ്കിലും പറയുന്നതു് വിഹിതമായിരിക്കുകയില്ല.

ശ്രീ. വി. ശ്രീധരൻ: ഈ കമ്മിററിയിൽ എൻജിനീയറിംഗ് സംബന്ധമായി പരിജ്ഞാനമുള്ള ആരെങ്കിലുമുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: അങ്ങനെ പരിജ്ഞാനമുള്ള അംഗങ്ങൾ ഇല്ല.

ശ്രീ. വി. ശ്രീധരൻ: ചീഫ് എൻജിനീയരെ ഈ കമ്മിററിയിൽ ഉൾപ്പെടുത്താതിരിക്കുന്നതിനു വല്ല പ്രത്യേക കാരണവുമുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: പ്രത്യേക കാരണമൊന്നുമില്ല.

ശ്രീ. വി. ശ്രീധരൻ: ഈ കമ്മിററിയിൽ ചീഫ് എൻജിനീയരെ കൂടി ഉൾപ്പെടുത്തുന്ന കാര്യം ഗവണ്മെൻറ് ആലോചിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞു്: ഈ കമ്മിററി തന്നെ തുടൎന്നു കൊണ്ടു പോകണമൊ വേണ്ടയൊ എന്നുള്ള കാര്യം ആലോചനയിലിരിക്കുകയാണു്. അതായതു്, ഈ സ്കീം അനുസരിച്ചു പ്രവൎത്തിക്കണമോ, വേണ്ടയോ എന്നുള്ള കാര്യം തീരുമാനത്തിലെത്തുന്നതിനു മുൻപു് ഇതിനെപ്പററി ഒരു മറുപടി പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. ബാലകൃഷ്ണൻ: ഈ സ്കീമിനെസംബന്ധിച്ചു് ഒരു പുസ്തകം അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: ഉണ്ടു്.

ശ്രീ. കെ. ബാലകൃഷ്ണൻ: അതു നിയമസഭാസാമാജികന്മാൎക്കു വിതരണം ചെയ്യുവാൻ സാധിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞു്: അപ്രകാരം അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയ ബുക്കു എല്ലാ മെംബറന്മാൎക്കും വിതരണം ചെയ്യത്തക്കവിധം സ്റ്റോക്കുണ്ടോ എന്നു അറിയുന്നതിനു മുൻപു മറുപടി പറയാൻ നിവൃത്തിയില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ടു്: മെഡിക്കൽ കാളേജിലേയ്ക്കു് സ്ഥലം എടുക്കുന്നതു സംബന്ധിച്ചു് നാട്ടുകാൎക്കു ശക്തിയായ എതിൎപ്പുണ്ടെന്നു പറയുകയുണ്ടായി. യാതൊരു എതിൎപ്പുംകൂടാതെ സ്ഥലം കൊടുക്കുന്നതിനു തയ്യാറുള്ള സ്ഥലത്തേയ്ക്കു മെഡിക്കൽ കാളേജു് മാററുന്ന കാര്യം ആലോചിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞു്: അങ്ങനെ മെഡിക്കൽ കാളേജു് മാററുന്നതിനു സാധിക്കുമോ എന്ന കാര്യം ബഹുമാനപ്പെട്ട മെംബർതന്നെ ആലോചിക്കേണ്ടതാണു്.

ശ്രീ. കെ. സി. ജോർജ്ജ്: ഈ പ്ലാൻ അംഗീകരിക്കുന്നതിനെ സംബന്ധിച്ചു എതെങ്കിലും പഞ്ചായത്തുകൾ അഭിപ്രായങ്ങൾ അറിയിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: പഞ്ചായത്തുകളുടെ മാത്രമല്ല, മററു പല അഭിപ്രായങ്ങളും വന്നിട്ടുണ്ടു്.

മാനേജുമെൻറും തൊഴിലാളികളും തമ്മിലുണ്ടായിരുന്ന തൎക്കം.

※ 460. [16] ശ്രീ. എൻ. രാഘവക്കുറുപ്പു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട്ടിലുള്ള ലക്ഷ്മീകോയിൽ ററീക്കമ്പനി മാനേജുമെൻറും ററീ തോട്ടത്തിലെ തൊഴിലാളികളും തമ്മിലുണ്ടായിരുന്ന തൎക്കം സംബന്ധിച്ചു് 1952-ൽ 28-ാം നമ്പരായി ഉണ്ടായ എവാർഡു് മാനേജുമെൻറ നടപ്പിൽ വരുത്തിയിട്ടില്ലെന്നു കാണിച്ചു് വല്ല പരാതിയും ലേബർ ഡിപ്പാർട്ടുമെൻറിൽ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതെപ്പററി എന്തു നടപടി നടത്തി?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) ഉണ്ടു്.

(ബി) ആവശ്യമായ നടപടികൾ നടത്തിക്കൊണ്ടിരിക്കുകയാണു്.

പഞ്ചായത്തുകളിലെ മരാമത്തുപണികൾ.

*461. [17] ശ്രീ. എം. എം. മത്തായി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ ബഡ്ജററ പാസായി വരാൻ വളരെ കാലതാമസം വരുന്നുണ്ടോ;

(ബി) പഞ്ചായത്തുകളിലെ പൊതുമരാമത്തുപണികളുടെ എസ്റ്റിമേററുകൾ എടുക്കുന്നതിനും മററും വളരെ കാലതാമസമുണ്ടാകുന്നതു മൂലം മരാമത്തുപണികൾ നടത്തുന്നതിനു് ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) പഞ്ചായത്തുകളുടെ ബഡ്ജററ പാസായിവരാൻ കാലതാമസം വന്നിട്ടുണ്ടു്.

(ബി) ഉണ്ടു്.

ശ്രീ. എം. എം. മത്തായി: എസ്റ്റിമേററ തയ്യാറാക്കാൻ കാലതാമസം നേരിടുന്നതു് അതിലേയ്ക്കാവശ്യമുള്ള സ്റ്റാഫിൻെറ കുറവുകൊണ്ടാണെന്നറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു്: അതുകൊണ്ടല്ല. ബഡ്ജററ പാസാക്കാനുള്ള അധികാരം ഇപ്പോൾ പഞ്ചായത്തു ഡയറക്ടറർക്കു കൊടുത്തിട്ടില്ല. നിയമപ്രകാരം ഈ അധികാരം ഡയറക്ടററെ ചുമതലപ്പെടുത്താനുള്ള റൂൾസു് നിർമ്മിച്ചുകൊണ്ടിരിക്കുകയാണു്. റൂൾസുണ്ടാക്കി തീരുന്നതോടുകൂടി ഈ കാര്യത്തിനു പരിഹാരമുണ്ടാകുന്നതാണു്.

ശ്രീ. എം. എ. ആൻറണി: എസ്റ്റിമേററ തയ്യാറാക്കുന്നതിനു കൂടുതൽ ഉദ്യോഗസ്ഥന്മാരുടെ ആവശ്യമുണ്ടെന്നറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു്: കൂടുതൽ ഉദ്യോഗസ്ഥന്മാർ ഉണ്ടായിരിക്കുന്നതു എന്തുകൊണ്ടും നല്ലതാണു്.

ശ്രീ. എം. എ. ആൻറണി: നാലഞ്ചു പഞ്ചായത്തുകൾ ഉൾപ്പെട്ട ഒരു താലൂക്കിൽ എസ്റ്റിമേററുകൾ തയ്യാറാക്കുന്നതിനു് കൂടുതൽ ഓവർസീയറന്മാരെ നിയമിക്കുന്നകാര്യം ആലോചിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞു്: ആലോചിക്കാം.

ശ്രീ. എം. എ. ആൻറണി: എസ്റ്റിമേററ തയ്യാറാക്കുന്നതു സംബന്ധിച്ചു് ഇന്നുണ്ടായിരിക്കുന്ന കാലതാമസം, ആവശ്യമായ ഓവർസീയറന്മാരുടെ അഭാവംകൊണ്ടാണെന്നു ബോദ്ധ്യമായിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: അതാണു് കാരണമെങ്കിൽ വേണ്ട നടപടികൾ എടുക്കാം.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഏതെല്ലാം മരാമത്തു പണികളാണു് പഞ്ചായത്തുകൾ മുഖേന നടത്താൻ പോകുന്നതെന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. പി. കെ. കുഞ്ഞു്: ആ ചോദ്യം ഇപ്പോൾ സംഗതമാണെന്നു തോന്നുന്നില്ല.

മി. സ്പീക്കർ: ചോദ്യം അനുവദിക്കുന്നില്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: സർ, ഇപ്പോൾ മരാമത്തു പണികൾ നടത്തുന്നതു പബ്ലിക്സ് വർക്സ് ഡിപ്പാർട്ടുമെൻറു മുഖേനയാണു്. ഇനി പഞ്ചായത്തുകളെക്കൊണ്ടു മരാമത്തു പണികൾ ചെയ്യിക്കാൻ ഉദ്ദേശിക്കുന്നതുകൊണ്ടു് ഏതെല്ലാം ജോലികളാണു് പഞ്ചായത്തുകളെക്കൊണ്ടു ചെയ്യിക്കാൻ ഉദ്ദേശിക്കുന്നതെന്നു ഞാൻ ചോദിച്ചതു് ശരിയായ ചോദ്യമാണെന്നാണു് എൻെറ വിശ്വാസം.

(ഉത്തരമില്ല.)

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: പഞ്ചായത്തുകൾ അയയ്ക്കുന്ന ബഡ്ജററു് ഗവണ്മെൻറു് അംഗീകരിക്കുന്നതിനു് ഇത്ര വളരെ കാലതാമസമുണ്ടാകുന്നതിനു് പ്രത്യേക കാരണം വല്ലതുമുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: താമസമുണ്ടാകുന്നതിനുള്ള കാരണങ്ങൾ ഞാൻ മുൻപു പറഞ്ഞുകഴിഞ്ഞു.

ശ്രീ. ആർ. പ്രകാശം: ചോദ്യം (ബി) പിരിവിനു് "ഉണ്ടു്" എന്നു മറുപടി പറഞ്ഞു. അതിനുള്ള കാരണം വ്യക്തമാക്കാമോ?

ശ്രീ. പി. കെ. കുഞ്ഞു്: കാരണങ്ങളാണു് മുൻപു പറഞ്ഞതു്. പഞ്ചായത്തു്, എസ്റ്റിമേററു് തയ്യാറാക്കുന്നതിലുള്ള താമസം, ഇൻജിനീയറിംഗ് ഡിപ്പാർട്ടുമെൻറിൽ ഇതിലേക്കുള്ള സ്റ്റാഫിൻെറ കുറവു മുതലായവകൊണ്ടാണു്.

ശ്രീ. ആർ. പ്രകാശം: ഈ വക താമസങ്ങൾ ഉണ്ടാകുന്നതു് സ്റ്റാഫിൻെറ കുറവുകൊണ്ടല്ലെന്നും ഇതിലേക്കു് നിയോഗിക്കപ്പെട്ടിരിക്കുന്ന അസിസ്റ്റൻറു് ഇൻജിനീയരുടെ അലസതകൊണ്ടാണെന്നും ഉള്ളതിലേക്കു് വല്ല നിവേദനവും ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: നിവേദനം കിട്ടിയിട്ടുണ്ടു്.

ശ്രീ. ആർ. പ്രകാശം: ആ നിവേദനത്തിൽ പറഞ്ഞിരിക്കുന്ന തരായ പരാതികൾ പരിഹരിക്കുന്നതിനായി ആവശ്യമായ നടപടികൾ എടുത്തിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: ഇതിലേക്കാവശ്യമായ നടപടികൾ എടുത്തുവരികയാണെന്നു മുമ്പു പറഞ്ഞുകഴിഞ്ഞു.

ശ്രീ. ആർ. പ്രകാശം: എന്തൊക്കെ നടപടികളാണു് എടുത്തുകൊണ്ടിരിക്കുന്നതെന്നു പറയാമോ?

ശ്രീ. പി. കെ. കുഞ്ഞു്: ജോലികളുടെ നടത്തിപ്പിനുവേണ്ടി ഗവണ്മെൻറിനു യുക്തമെന്നുതോന്നുന്ന നടപടികളാണു് എടുത്തുകൊണ്ടിരിക്കുന്നതു്.

പഞ്ചായത്തുകളുടെ ഗ്രാൻറു്,

*462. [18] ശ്രീ. എം. എം. മത്തായി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾക്കു് ഗ്രാൻറു് കൊടുക്കുന്നതിനു് ഗവണ്മെൻറു് അംഗീകരിച്ചിട്ടുള്ള തത്വമെന്താണു്;

(ബി) 1952-53 വർഷത്തിൽ ഏതെങ്കിലും പഞ്ചായത്തുകൾക്കു് സ്പെഷ്യൽ ഗ്രാൻറു കൊടുത്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തടിസ്ഥാനത്തിലാണു് സ്പെഷ്യൽ ഗ്രാൻറു കൊടുത്തിട്ടുള്ളതു്;

(ഡി) പഞ്ചായത്തിലെ ക്ലാർക്കന്മാർക്കു് കൊടുക്കുന്ന ശമ്പളനിരക്കെന്തു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) രണ്ടുതരത്തിലുള്ള ഗ്രാൻറുകൾ നൽകിവരുന്നുണ്ടു്. പഞ്ചായത്താക്ററു് 55-ാംവകുപ്പനുസരിച്ചു് പഞ്ചായത്തുകൾ നടത്തുന്ന പിരിവിനെ അടിസ്ഥാനമാക്കി രണ്ടായിരം രൂപയിൽ കവിയാത്ത ഗ്രാൻറു് ഓരോ പഞ്ചായത്തിനും ആണ്ടുതോറും നൽകുന്നുണ്ടു്. അതു കൂടാതെ പഞ്ചായത്താക്ററു് 53 (7)-ാം വകുപ്പനുസരിച്ചു് ചില നിർദ്ദിഷ്ട പൊതുമരാമത്തുപണികൾക്കായി സ്പെഷ്യൽഗ്രാൻറു കൊടുക്കുന്നുണ്ടു്.

(ബി) 1952-53-ൽ 180 പഞ്ചായത്തുകൾക്കായി 1,39,126 രൂപ സ്പെഷ്യൽ ഗ്രാൻറായി നൽകിയിട്ടുണ്ടു്.

(സി) പഞ്ചായത്തുകളുടെ ജനസംഖ്യയെ അടിസ്ഥാനമാക്കിയാണു് സ്പെഷ്യൽഗ്രാൻറു് കൊടുത്തിട്ടുള്ളതു്. ഒരാളിനു് ഒരണ എന്ന നിരക്കാണു് സ്വീകരിച്ചതു്.

(ഡി) കൊച്ചി വിഭാഗത്തിലെ പഞ്ചായത്തു ക്ലാർക്കന്മാർ ഗവണ്മെൻറുദ്യോഗസ്ഥന്മാരാണു്. അവരുടെ ശമ്പളം 30-45 രൂപയാണു്. തിരുവിതാംകൂർ വിഭാഗത്തിൽ ഒന്നാംഗ്രേഡു് അമിനാദാർ ക്ലാർക്കിനു് 20 രൂപ ശമ്പളവും 15 രൂപ അലവൻസും, രണ്ടാംഗ്രേഡു് അമിനാദാർ ക്ലാർക്കിനു് 15 രൂപ ശമ്പളവും 15 രൂപ അലവൻസും, പാർട്ടു് ടൈം ക്ലാർക്കിനു് 10 രൂപ ശമ്പളവുമാണു് കൊടുക്കുന്നതു്.

ശ്രീ. എം. എം. മത്തായി: പഞ്ചായത്തിൽ ജോലിചെയ്യുന്ന കൊച്ചി വിഭാഗത്തിലുള്ള ക്ലാർക്കന്മാരുടെ ശമ്പളത്തോതനുസരിച്ചു് തിരുവിതാംകൂറിലും നടപ്പാക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പി. കെ. കുഞ്ഞു്: ആ കാര്യത്തെപ്പററി ആലോചിച്ചുവരുന്നു.

ശ്രീ. ടി. പി. സീതാരാമൻ: പഞ്ചായത്തുകളുടെ കാര്യം സംബന്ധിച്ചു് മുമ്പു് കൊച്ചിയിൽ ഉണ്ടായിരുന്നതുപോലെ ഒരു കമ്മിററിയെ നിയോഗിക്കുന്ന കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: ശ്രദ്ധയിൽ പെട്ടിട്ടില്ല.

ശ്രീ. ടി. പി. സീതാരാമൻ: കമ്മിററിയെ നിയോഗിക്കുന്ന കാര്യം ആലോചിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞ്: ആവശ്യമുണ്ടെന്നു ഗവണ്മെൻറിനു ബോദ്ധ്യപ്പെടുകയാണെങ്കിൽ ആലോചിക്കുന്നതായിരിക്കും.

ശ്രീമതി കെ. ആർ. ഗൗരി: പാർട്ട്ടൈം ക്ലാക്കന്മാർ എന്നു പറയുന്നതു് ആരാണ്?

ശ്രീ. പി. കെ. കുഞ്ഞ്: പഞ്ചായത്തിൽ ജോലിചെയ്യുന്ന ആളുകൾതന്നെ.

ശ്രീമതി കെ. ആർ. ഗൗരി: രാവിലെ എട്ടുമണിമുതൽ വൈകുന്നേരം 5 മണിവരെ ജോലി ചെയ്യുന്ന ആളുകളെ ആണോ പാർട്ട്ടൈം ക്ലാക്കന്മാർ എന്നു മനസ്സിലാക്കേണ്ടതു്?

ശ്രീ. പി. കെ. കുഞ്ഞ്: അങ്ങനെ മനസ്സിലാക്കണ്ട. പാർട്ട് ടൈം ക്ലാക്കന്മാരായിട്ടുമാത്രം കണക്കാക്കിയാൽ മതി.

ശ്രീമതി കെ. ആർ. ഗൗരി: ഓരോ പഞ്ചായത്തിലേയ്ക്കും ഓരോ പാർട്ട് ടൈം ക്ലാർക്ക മാത്രമേ ആവശ്യമുള്ളു എന്നു കാണുന്നതുകൊണ്ടാണ് ഞാൻ ചോദിച്ചതു്.

ശ്രീ. പി. കെ. കുഞ്ഞ്: പാർട്ട്ടൈം ക്ലാക്കന്മാർ എന്നു വച്ചാൽ ഫുൾടൈം ജോലി ചെയ്യാത്തവരാണെന്നാണർത്ഥം.

ശ്രീമതി കെ. ആർ. ഗൗരി: തിരുവിതാംകൂർ വിഭാഗത്തിൽ പഞ്ചായത്തുകളിലേയ്ക്കു് എത്ര പാർട്ട്ടൈം ക്ലാക്കന്മാർ ഉണ്ടെന്നു പറയാമോ?

ശ്രീ. പി. കെ. കുഞ്ഞ്: അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

കടത്തുവള്ളക്കാരുടെ ശമ്പളം.

* 463. [19] ശ്രീ. എം. എം. മത്തായി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് എത്ര കടത്തുവള്ളങ്ങളും, എത്ര ചങ്ങാടങ്ങളും ഉണ്ടു്;

(ബി) കടത്തുകാർക്കു് എന്തു ശമ്പളം കൊടുക്കുന്നുണ്ടു്;

(സി) അവരുടെ ജോലി സമയം ക്ലിപ്തപ്പെടുത്തിയിട്ടുണ്ടോ;

(ഡി) കടത്തുവള്ളങ്ങൾക്കു് കേടു സംഭവിക്കാതിരിക്കുന്നതിനു് തേയ്ക്കാൻ മീനെണ്ണ സപ്ലൈ ചെയ്യാറുണ്ടോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ഏ. അച്യുതൻ):

(എ) ഗവണ്മെൻറു പ്രത്യേകമായി നടത്തുന്ന 513 കടത്തുവള്ളങ്ങളും 44 ചങ്ങാടങ്ങളുമുണ്ടു്.

(ബി) കടത്തുകാരുടെ ശമ്പളനിരക്കു്, ഒരു കടത്തുകാരനു് 20 രൂപ ശമ്പളവും 22 രൂപ ക്ഷാമബത്തയും ഉണ്ടു്.

(സി) ഇല്ല. എങ്കിലും പൊതുവേ അവരുടെ ജോലിസമയം കാലത്തു് 6 മണിമുതൽ രാത്രി 8 മണിവരെയാണു്.

(ഡി) ഉണ്ടു്.

ശ്രീ. എം. എം. മത്തായി: കടത്തുവള്ളക്കാർ രാവിലെ ആറുമണി മുതൽ രാത്രി എട്ടുമണിവരെ ജോലി ചെയ്യുന്നു എന്നു പറയുകയുണ്ടായി. കൂടുതലായുള്ള ജോലിസമയത്തെ പരസ്കരിച്ചു് കൂടുതൽ ആളുകളെ നിയമിക്കാൻ ദയവുണ്ടാകുമോ?

ശ്രീ എ. അച്യുതൻ: ആ കാര്യത്തെപ്പററി ആലോചിക്കാം.

ശ്രീ. എം. എം. മത്തായി: കടത്തുവള്ളക്കാരുടെ നിയമനം നടത്തുന്നതു് ആരാണു്?

ശ്രീ. എ. അച്യുതൻ: പി. ഡബ്ലിയു. ഡി. ആണു്.

ശ്രീ. എം. എം. മത്തായി: ആ ഡിപ്പാർട്ടുമെൻറിൽ ഏതുദ്യോഗസ്ഥനാണു് നിയമനം നടത്തുന്നതെന്നു പറയാമോ?

ശ്രീ. എ. അച്യുതൻ: ഇപ്പോൾ നിയമനം നടത്തുന്നതു് ഏതു ഉദ്യോഗസ്ഥനാണെന്നു പറയാൻവേണ്ടി എൻെറ കൈവശം ഇപ്പോൾ ഫയൽ ഇല്ല.

ശ്രീ. എം. എം. മത്തായി: കടത്തുവള്ളക്കാർക്കു് മാസംതോറും ശമ്പളം കിട്ടുന്നില്ലെന്നുള്ളതിനു വല്ല പരാതിയും കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. അച്യുതൻ: ആ വിധത്തിലുള്ള പരാതികളൊന്നും കിട്ടിയിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഇവർക്കു് അവധി അനുവദിച്ചുകൊടുത്തിട്ടുണ്ടോ?

ശ്രീ. എ. അച്യുതൻ: അതിനെപ്പററി അറിവില്ല.

ശ്രീ. എം. എം. മത്തായി: കടത്തുവള്ളങ്ങൾ ചീത്തയായിപ്പോകാതിരിക്കാൻ കൂടക്കൂടെ മീനെണ്ണ ഇടുന്നതിനു് ഏർപ്പാടുചെയ്തിട്ടുണ്ടോ?

ശ്രീ. എ. അച്യുതൻ: വള്ളങ്ങളുടെ അററകുററപ്പണി തീർക്കുന്നതിനും മററും ഏർപ്പെടുത്തിയിട്ടുള്ള കൺട്രാക്ററന്മാർ ആണു് ഈവക കാര്യങ്ങൾ നിർവ്വഹിക്കുന്നതു്.

ശ്രീ. എം. എം. മത്തായി: കൺട്രാക്ററർമാർ ഈവക പ്രവൃത്തികൾ ചെയ്യുന്നില്ലായെന്നറിയാമോ?

ശ്രീ. എ. അച്യുതൻ: അതിനെപ്പററി അന്വേഷിക്കാം.

ശ്രീ. ടി. പി. സീതാരാമൻ: കൊച്ചിയിലെ കടത്തുവള്ളക്കാരുടെ ശമ്പളവും തിരുവിതാംകൂറിലെ കടത്തുവള്ളക്കാരുടെ ശമ്പളവും തമ്മിൽ ഏകീകരിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. എ. അച്യുതൻ: ആ കാര്യത്തെപ്പററി ആലോചിക്കാം.

ശ്രീ. കെ. കരുണാകരൻ : കടത്തുവള്ളക്കാർ മിക്കവാറും കുറെ അധികം ജോലി ചെയ്യുന്നതുകൊണ്ട് അവരുടെ ജോലിസമയം ക്ലിപ്തപ്പെടുത്തുമോ?

ശ്രീ. ഏ. അച്യുതൻ : ആ കാര്യത്തെപ്പററി ആലോചിക്കാം.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : വള്ളം ഡിപ്പാർട്ടുമെൻറിൽനിന്നു കൊടുക്കാറുണ്ടോ?

ശ്രീ. ഏ. അച്യുതൻ : ചിലപ്പോൾ ഗവണ്മെൻറിൽനിന്നും വള്ളം കൊടുക്കും. ചിലപ്പോൾ കടത്തുകാർതന്നെ വള്ളം കൂലിക്ക് എടുക്കും.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : കടത്തുകാർ വള്ളം കൂലിക്കു എടുക്കുകയാണെങ്കിൽ അതിന്റെ വാടക ഗവണ്മെൻറു കൊടുക്കുമോ?

ശ്രീ. ഏ. അച്യുതൻ : ഗവണ്മെൻറു കൊടുക്കും.

തൊഴിലാളികൾക്ക് എസ്റ്റിമേററിൽ നിശ്ചയിക്കുന്ന റേററ്.

* 464. [20] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പൊതുമരാമത്തുപണികൾ, റെയിൽവേ തുടങ്ങിയ വിവിധ ഗവണ്മെൻറു വേലകൾക്ക് എസ്റ്റിമേററിൽ നിശ്ചയിക്കുന്ന തുക തൊഴിലാളികൾക്ക് ഇന്നു ലഭിക്കുന്നില്ലെന്നുള്ളതു് ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എസ്റ്റിമേററിൽ നിശ്ചയിക്കുന്ന റേററ് കിട്ടത്തക്കവിധം വേണ്ട വ്യവസ്ഥകൾ ഉടനെ ചെയ്യുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ഏ. അച്യുതൻ) :

(എ) ഇല്ല. പി. ഡബ്ലിയു. ഡി. യിൽനിന്നും നേരിട്ടു നടത്തുന്ന ജോലികളിലെ തൊഴിലാളികൾക്ക് എസ്റ്റിമേററിൽ കൊള്ളിച്ചിട്ടുള്ള കൂലിതന്നെയാണ് കൊടുത്തുവരുന്നതു്.

(ബി) കൂലിനിരക്ക് വ്യത്യാസമില്ലാത്തതുകൊണ്ട് ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. സി. കെ. വിശ്വനാഥൻ : എന്തു മാനദണ്ഡം വച്ചുകൊണ്ടാണ് എസ്റ്റിമേററിൽ റേററ് നിശ്ചയിക്കുന്നതു്?

ശ്രീ. ഏ. അച്യുതൻ : ഷെഡ്യൂൾ റേററുണ്ട്. അതനുസരിച്ചാണ് റേററ് നിശ്ചയിക്കുന്നതു്.

ശ്രീ. സി. കെ. വിശ്വനാഥൻ : ഓരോ ജോലിക്കും ഓരോ തരത്തിലാണോ റേററ് നിശ്ചയിച്ചിരിക്കുന്നതു്?

ശ്രീ. ഏ. അച്യുതൻ : അതെ.

ശ്രീ. സി. കെ. വിശ്വനാഥൻ: ആ റേറുകൾ എന്തൊക്കെയാണെന്നു് പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. എ. അച്യുതൻ: അതു് ഞാനിവിടെ വായിക്കാം. പുരുഷനു് 1 രൂപ 8 അണ, സ്ത്രീക്കു് 14 അണ, കുട്ടികൾക്കു് 12 അണ, മേസ്തിരിക്കു് 2 രൂപ 8 അണ, ആശാരിക്കു് 2 രൂപ 8 അണ, കൊല്ലപ്പണി ചെയ്യുന്നവർക്കു് 2 രൂപ 8 അണ, മരം വെട്ടുകാർക്കു് 2 രൂപ, ഫിററർക്കു് 2 രൂപാ 4 അണ മുതൽ 3 രൂപവരെ, സ്രാങ്കിനു് 3 രൂപ, ബോട്ട്മാൻ 2 രൂപ.

ശ്രീ. സി. കെ. വിശ്വനാഥൻ: ഒരേ തരത്തിലുള്ള ജോലിക്കു ഒരേ തരത്തിലുള്ള കൂലിയാണോ കൊടുക്കുന്നതു്?

ശ്രീ. എ. അച്യുതൻ: ഒരു തരത്തിലുള്ള ജോലിയല്ല ചെയ്യുന്നതു്.

ശ്രീ. ടി. കെ. ദിവാകരൻ: 1 രൂപ 8 അണയാണു് ഏററവും കൂടിയ കൂലി എന്നു പറഞ്ഞാൽ കൂടുതൽ കൂലി കൊടുക്കുന്നതിനെ മന്ത്രി ഇല്ലാതാക്കുകയാണെന്നു് അറിയാമോ?

ശ്രീ എ. അച്യുതൻ: ഉള്ളക്കൂലി കുറയ്ക്കുക അല്ല ചെയ്യുന്നതു്.

ശ്രീ. ടി. കെ. ദിവാകരൻ: മിനിമംവേജസ്കമ്മിററി 1 രൂപ 8 അണയിൽ കൂടുതൽ അല്ലേ കൂലി നിശ്ചയിച്ചിട്ടുള്ളതു്?

ശ്രീ. എ. അച്യുതൻ: ഇന്നു നടപ്പിലുള്ള കൂലിയാണു് ഇതു്.

ശ്രീ. ടി. കെ. ദിവാകരൻ: ഗവണ്മെൻറു കൊടുക്കുന്ന കൂലി സ്വകാര്യ ഏജൻസികൾ കൊടുക്കുന്നതിനേക്കാൾ കുറവാണെന്നു ഗവണ്മെൻറിനു് അറിയാമോ?

ശ്രീ. എ. അച്യുതൻ: കുറവല്ല.

ശ്രീമതി കെ. ആർ. ഗൗരി: സ്ത്രീക്കും പുരുഷനും തുല്യജോലിക്കു തുല്യകൂലി കൊടുക്കുന്നകാര്യത്തിൽ ഈ ഗവണ്മെൻറിന്റെ നയമെന്താണെന്നു് പറയാമോ?

ശ്രീ. എ. അച്യുതൻ: മാനുവൽ ലേബറിനെ സംബന്ധിച്ചാണെങ്കിൽ തുല്യജോലി നിശ്ചയിക്കുന്നതിനു് അതിന്റെ തൂക്കം സമയം മുതലായതു് കൊണ്ടു നിശ്ചയിക്കണം.

ശ്രീമതി കെ. ആർ. ഗൗരി: തുല്യജോലിക്കു് തുല്യകൂലി എന്നുള്ളതിന്റെ അടസ്ഥാനത്തിൽ ഈ ഗവണ്മെൻറിന്റെ നയം എന്താണെന്നു് പറയാമോ?

ശ്രീ. എ. അച്യുതൻ: തുല്യജോലിക്കു് തുല്യകൂലി. അതു ആണ ഗവണ്മെൻറിന്റെ നയം.

ശ്രീമതി കെ. ആർ. ഗൗരി: തുല്യജോലിക്കു് തുല്യകൂലിയാണു ഈ ഗവണ്മെൻറിന്റെ നയമെന്നു ഞങ്ങൾക്കു വിശ്വസിക്കാമോ?

ശ്രീ. എ. അച്യുതൻ: വിശ്വസിക്കാമെങ്കിൽ വിശ്വസിക്കാം.

ശ്രീ. തലേക്കര കെ. കൃഷ്ണൻ : കണ്ട്രാക്ടറന്മാരുടെ കീഴിലുള്ള ജോലിക്കാർക്കും ഈ കൂലി കൊടുക്കുമോ ?

ശ്രീ. എ. അച്യുതൻ : അവർക്കും ഈ കൂലി കൊടുക്കും.

ശ്രീ. ടി. ഒ. ബാവാ : സ്ത്രീക്കും പുരുഷനും ചില കാര്യങ്ങളിൽ തുല്യജോലി ചെയ്യുവാൻ നിവൃത്തിയില്ലെന്നു് അറിയാമോ ?

കൊപ്രാ മാർക്കറ്റിംഗ് സൊസൈററികൾ

* 465. [21] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തു് എത്ര കൊപ്രാമാർക്കററിംഗ് സൊസൈററികൾ ഇന്നു് പ്രവർത്തിക്കുന്നുണ്ടു്;

(ബി) വൈക്കത്തെ കൊപ്രാ മാർക്കററിംഗ് സൊസൈററി പ്രവർത്തനം നിറുത്തിയതു എന്തുകൊണ്ടാണു്;

(സി) അതിന്റെ പ്രവർത്തനനഷ്ടം എന്തു്;

(ഡി) ഈ സംഘത്തിന്റെ ഉദ്യോഗസ്ഥഭാരവാഹികൾ ആരെല്ലാം ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്) :

(എ) ഒന്നും ഉള്ളതായി അറിവില്ല.

(ബി) പ്രായോജനകരമല്ലെന്നു കണ്ടതിനാൽ പ്രവർത്തനം നിറുത്തൽ ചെയ്തു.

(സി) കണക്കുകൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണു്.

(ഡി) ഇപ്പോൾ ആരും ഇല്ല.

ശ്രീ. സി. കെ. വിശ്വനാഥൻ : ഈ സംഘത്തിനു് സെൻട്രൽ കോവാപ്പറേററീവു സൊസൈററി എത്ര രൂപ സഹായധനം കൊടുത്തിട്ടുണ്ടു് ?

ശ്രീ. പി. കെ. കുഞ്ഞു് : അതിനെക്കുറിച്ചുള്ള കടലാസുകൾ ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. സി. കെ. വിശ്വനാഥൻ : ഗവണ്മെന്റിൽനിന്നു് എത്ര രൂപ സഹായധനം ലഭിച്ചിട്ടുണ്ടു് എന്നു പറയാമോ?

ശ്രീ. പി. കെ. കുഞ്ഞു് : നോട്ടീസുവേണം.

ശ്രീ. സി. കെ. വിശ്വനാഥൻ : സർ, ഈ ചോദ്യം ഞാൻ നേരത്തെ അയച്ചിരുന്നതാണു്. അതുകൊണ്ടു് ഇങ്ങനെയുള്ള ഉപചോദ്യങ്ങൾക്കു മറുപടി നൽകേണ്ടതല്ലേ?

ശ്രീ. പി. കെ. കുഞ്ഞു് : സഹായധനത്തെ സംബന്ധിച്ചുള്ള ചോദ്യം നേരത്തെ അയച്ചിട്ടില്ല. അതിനു പ്രത്യേകം ഒരു ചോദ്യം അയച്ചാൽ മറുപടി പറയാം.

ശ്രീ. സി. കെ. വിശ്വനാഥൻ: സഹായധനം എത്രമാത്രം കൊടുത്തിട്ടുണ്ടെന്നുള്ളതു് അറിയേണ്ടതല്ലേ?

ശ്രീ. പി. കെ. കുഞ്ഞു്: അതു് അറിയേണ്ടതാണു്.

മി. സ്പീക്കർ: ഒരു കാര്യത്തിൽ എത്ര രൂപ മുടക്കിയെന്നുള്ള കാര്യം അറിയുന്നതിനു് പ്രത്യേകം ചോദ്യമായിട്ടു് തന്നെ ചോദിക്കണം.

ശ്രീ. സി. കെ. വിശ്വനാഥൻ: എന്തെങ്കിലും സഹായധനം ഗവണ്മെന്റിൽനിന്നു് കൊടുത്തിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: കൊടുത്തിട്ടുണ്ടാവും.

ആശുപത്രികളും ഡിസ്പെൻസറികളും.

*466. [22] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കഴിഞ്ഞ വർഷം നമ്മുടെ ആശുപത്രികളിലും ഡിസ്പെൻസറികളിലുമായി വൈദ്യസഹായം നേടിയവരുടെ മൊത്തം സംഖ്യ എത്ര;

(ബി) ഒരാളിനു ശരാശരി എന്തു തുക വീതം ചെലവായിട്ടുണ്ടു്;

(സി) പല ആശുപത്രികളിലും മരുന്നുകൾക്ക പകരം കുറിപ്പു കൊടുക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) വൈക്കം ആശുപത്രിയിൽ മരുന്നില്ലാത്തതുകൊണ്ടു് കുറിപ്പു കൊടുക്കുക മാത്രമായിട്ടുള്ളതു് തടയുവാൻ ഗവണ്മെന്റ ശ്രദ്ധിക്കുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) മെഡിക്കൽ ഡിപ്പാർട്ടുമെന്റിലും തിരുവനന്തപുരം ആയുർവേദആശുപത്രിയിലും കൂടി 51,91,818 പേർക്കു് വൈദ്യസഹായം നൽകിയിട്ടുണ്ടു്. മററ ആയുർവേദആശുപത്രികളിലെയും വൈദ്യശാലകളിലെയും കണക്ക തയ്യാറായിട്ടില്ല.

(ബി) മെഡിക്കൽഡിപ്പാർട്ടുമെന്റിൽ 1 രൂപ 8 അണ 7 പൈസ വീതവും, തിരുവനന്തപുരം ആയുർവേദആശുപത്രിയിൽ 10 അണ 2 പൈസ വീതവും, മററ ആയുർവേദആശുപത്രികളിൽ 13 അണ 11 പൈസ വീതവും ചെലവായിട്ടുണ്ടു്.

(സി) ഉണ്ടു്. ഡിപ്പാർട്ടുമെന്റിൽ സപ്ലൈ ഇല്ലാത്ത ചില പേററന്റ മരുന്നുകൾക്കു് കുറിപ്പു കൊടുക്കുന്നുണ്ടു്.

(ഡി) മരുന്നില്ലാത്ത ആശുപത്രി ഉണ്ടെന്നു് അറിഞ്ഞുകൂടാ. മരുന്നിനു് ചില ആശുപത്രികളിൽ കുറവുണ്ടാകാറുണ്ടു്. അതു് പരിഹരിക്കുന്നതിനു് ഗവണ്മെന്റ ശ്രദ്ധിക്കുന്നുണ്ടു്.

ശ്രീ. സി. കെ. വിശ്വനാഥൻ: ഭോഗന്റെ മരുന്നിനു മാത്രമല്ല, ഉപ്പിനും പഞ്ചസാരക്കും പോലും കുറിപ്പുകൊടുത്തുവരുന്നതായി ഗവണ്മെന്റിനു അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞ്: അറിവില്ല.

കൊച്ചി തുറമുഖത്തിലെ ആദായം.

❋ 467. [23] ശ്രീ. കുട്ടപ്പൻ കോയിക്കൽ: താഴെ പറയുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

കൊച്ചി തുറമുഖത്തിൽനിന്നും വല്ലതെങ്കിലും ആദായം ഈ ഗവണ്മെന്റിനു കിട്ടുന്നുണ്ടോ; ഉണ്ടെങ്കിൽ അതെന്താണെന്നു പറയുമോ; കേന്ദ്രഗവണ്മെന്റിനു കൊച്ചി തുറമുഖത്തുനിന്നും പ്രതിവർഷം കിട്ടുന്ന ആദായത്തിന്റെ കണക്കുകൾ ഈ സക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ 1953-54 വർഷത്തിൽ കേന്ദ്രസംസ്ഥാനഗവണ്മെന്റുകൾക്കു കിട്ടിയ ആദായം എന്തായിരുന്നു എന്നു പറയുമോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ): സാമ്പത്തിക സംയോജനത്തിനുശേഷം കൊച്ചി തുറമുഖത്തുനിന്ന് ഈ ഗവണ്മെന്റിനു യാതൊരു ആദായവും കിട്ടുന്നില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: സാമ്പത്തികസംയോജനത്തിനു ശേഷം കൊച്ചി തുറമുഖത്തുനിന്ന് കേന്ദ്രഗവണ്മെന്റിന് എന്ത് ആദായം കിട്ടുന്നുവെന്നു പറയാമോ?

മി. സ്പീക്കർ: കേന്ദ്രഗവണ്മെന്റിന്റെ കാര്യം ഈ ഗവണ്മെന്റിന് അറിയുവാൻ നിവൃത്തിയില്ലല്ലോ.

ബാർബർ തൊഴിലാളികളുടെ മെമ്മോറാണ്ഡം.

❋ 468. [24] ശ്രീ. കുട്ടപ്പൻ കോയിക്കൽ: താഴെ പറയുന്ന ചോദ്യത്തിന് മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

ലൈസൻസു ഫീസ് കുറയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് മദ്ധ്യതിരുവിതാംകൂർ ബാർബർ തൊഴിലാളി യൂണിയനിൽനിന്നും അയച്ചിട്ടുള്ള മെമ്മോറാണ്ഡം സക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നു പറയുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്): മദ്ധ്യതിരുവിതാംകൂർ ബാർബർ തൊഴിലാളി യൂണിയനിൽനിന്നും മെമ്മോറാണ്ഡം കിട്ടിയിട്ടുണ്ട്. കായംകുളം മുനിസിപ്പൽകൗൺസിൽ ലൈസൻസ്ഫീസ് പട്ടിക പുനഃപരിശോധന ചെയ്യണമെന്ന് തീരുമാനിച്ചിട്ടുണ്ട്.

മിനിമം വേജസ്.

❋ 469. [25] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടംതൊഴിലാളികളുടെ മിനിമംവേജസ് കണക്കാക്കപ്പെടുത്തിയിട്ടും അതു കൊടുക്കാത്ത തോട്ടമുടമകൾ ഉണ്ടോ;

(ബി) മിനിമം വേജസ് കൊടുക്കാത്ത തോട്ടമുടമകളുടെ മേൽ എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ ;

(സി) ബി. ബി. എസ്റ്റേറ്റിൽ ഉൾപ്പെട്ട ഒരു തോട്ടത്തിലെ തൊഴിലാളികൾ മിനിമം വേജസിനു വേണ്ടി സത്യാഗ്രഹം നടത്തുന്നുണ്ടോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്):

(എ) ഉണ്ട്.

(ബി) പരാതികിട്ടിയിട്ടുള്ള കേസുകളെസംബന്ധിച്ച് അന്വേഷിക്കുകയും മിക്ക കേസുകളിലും മിനിമം വേജസ് കൊടുപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. ഇക്കാര്യത്തിൽ വേണ്ട നടപടികൾ നടത്തുവാൻ ലേബർകമ്മീഷണർ, മിനിമം വേജസ് ഇൻസ്പെക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

കക്കാ സഹകരണസംഘം.

* 470. [26] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കക്കാ ശേഖരിക്കുന്നതിനു സഹകരണ സംഘങ്ങൾക്ക് ലൈസൻസ് കൊടുത്തിട്ടുണ്ടോ ;

(ബി) കക്കാ ഒരു മൈനർ മിനറലായി അംഗീകരിച്ചതനുസരിച്ചു പ്രത്യേക നിബന്ധനകൾ വല്ലതും ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) കക്കായിൽനിന്നു സോഡിയം കാർബണേറ്റ്, സോഡിയം ബൈകാർബണേറ്റ് ഇവ നിർമ്മിക്കുവാൻ ആവശ്യമായ നടപടികൾ നടത്താൻ ഗവണ്മെന്റുദ്ദേശിക്കുന്നുണ്ടോ ;

(ഡി) കക്കാ തൊഴിലാളികളുടെ കുറഞ്ഞകൂലി നിജപ്പെടുത്തിയിട്ടുണ്ടോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്):

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഇതിനെക്കുറിച്ച് ഒരു നിവേദനം കിട്ടിയിട്ടുണ്ട്. അത് ആലോചനയിൽ ഇരിക്കുകയാണ്.

(ഡി) ഇല്ല.

Stoppage of Electric current.

* 471. [27] **Shri M. P. Menon**: Will the Minister for Labour be pleased to state:

(a) how many industrial concerns in the State were affected by the stoppage of electric current supply in the first week of May ;

(b) what is the number of working hours lost as a result of the above cut; and

(c) will Government pay any compensation to the workers who were thrown out of employment as a result of the powerscut?

Minister for Works and Transport **(Shri A. Achuthan):**

(a) 50.

(b) Statistics regarding working hours lost have not been collected. The number of working days lost is 325½.

(c) In the case of the workers who were thrown out of employment from Government factories as a result of powerscut, compensation will be given. In the case of the factories under private management, compensation will be payable by the managements according to the provisions of the Industrial Disputes Amendment Act, in necessary cases.

ശ്രീ. എം. പി. മേനോൻ: ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് അമൻഡ്മെൻറ് ആക്റ്റിൻെറ പരിധിയിൽ വരാത്ത ഫാക്റ്ററികൾ ഉള്ളതായി അറിയാമോ?

ശ്രീ. എ. അച്യുതൻ: ആ ചോദ്യം ഈ ചോദ്യത്തിൽ ഉദിക്കുന്നതായി തോന്നുന്നില്ല. ഇവിടെയുള്ള ചോദ്യം ഇലക്ട്രിസിററി കട്ടിനെപ്പററിയുള്ളതാണ്.

ശ്രീ. പി. വി. [illegible]: എൻെറ ഒരു ചോദ്യത്തിനു ഉത്തരമായി പവ്വർകട്ടുമൂലം 552 ദിവസവും നഷ്ടപ്പെട്ടതായി മന്ത്രി പറഞ്ഞിട്ടുണ്ട്. ഇതിൽ 325½ ദിവസം നഷ്ടപ്പെട്ടിട്ടുള്ളതായിട്ടാണ് കാണുന്നതു്. ഈ വ്യത്യാസത്തിനുള്ള കാരണമെന്താണ്?

ശ്രീ. എ. അച്യുതൻ: ഏതാണ് തെററ് എന്നുള്ളതു് നോക്കി അതു് ശരിയാക്കാം.

ശ്രീ. കെ. കരുണാകരൻ: ചോദ്യം (സി) യിൽ പറഞ്ഞിട്ടുള്ളതു് will Government pay any compensation to the workers who were thrown out of employment as a result of power-cut? എന്നാണ്. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് അമൻഡ്മെൻറ് ആക്ററിൻെറ പരിധിയിൽപെടാത്ത തൊഴിലാളികൾക്ക് പവ്വർകട്ടുമൂലം ജോലി മുടങ്ങിയാൽ ഗവണ്മെൻറ് കോമ്പൻസേഷൻ കൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നാണ് ചോദിക്കുന്നതു്.

ശ്രീ. എ. അച്യുതൻ: അതിന് ഗവണ്മെൻറിനു ചുമതലയില്ല. പവ്വർ സപ്ലൈ കൊടുക്കുന്നതുതന്നെ ചില വ്യവസ്ഥകളിന്മേലാണ്. മനുഷ്യരുടെ കൺട്രോളിനു് അതീതമായ സംഗതികളാൽ പവ്വർ കട്ടു ചെയ്താൽ അതുമൂലമുണ്ടാകുന്ന നഷ്ടം അവർതന്നെ സഹിച്ചുകൊള്ളണമെന്നാണ് വ്യവസ്ഥ.

ശ്രീ. ടി. കെ. ദിവാകരൻ: പവ്വർ കട്ടുചെയ്തതിനുണ്ടായ കാരണമെന്താണ്?

ശ്രീ. എ. അച്യുതൻ: വെള്ളത്തിന്റെ ശക്തികൊണ്ടാണ് ഇലക്ട്രിസിറ്റി ഉണ്ടാകുന്നതു്. വെള്ളച്ചാട്ടത്തിന്റെ ശക്തികൊണ്ടാണ് ടർബൈൻ വർക്ക് ചെയ്യുന്നതു്. ടർബൈൻ വർക്ക്ചെയ്യുന്നതുകൊണ്ടാണ് ഇലക്ട്രിസിറ്റി ഉണ്ടാകുന്നതു്. മാട്ടുപ്പെട്ടി അണയിൽ വെള്ളം ഇല്ലാതെവന്നതുമൂലം ടർബൈൻ വർക്ക്ചെയ്യാൻ സാദ്ധ്യമല്ലാതെവന്നു. അപ്പോൾ ഇലക്ട്രിസിറ്റി കിട്ടാൻ നിവൃത്തിയില്ലാതായി. അങ്ങനെ വന്നപ്പോഴാണ് പവ്വർ കട്ടുചെയ്തതു്.

ശ്രീ. ടി. കെ. ദിവാകരൻ: വ്യവസായസ്ഥാപനങ്ങൾക്കു് നോട്ടീസ് കൊടുത്തതിനുശേഷമാണോ പവ്വർ കട്ടു ചെയ്തതു്?

ശ്രീ. എ. അച്യുതൻ: ഒരാഴ്ചത്തെ നോട്ടീസ് കൊടുത്തിട്ടാണ് പവ്വർ കട്ടുചെയ്തതു്.

ശ്രീ. എം. പി. മേനോൻ: ഗവൺമെന്റ് മുടങ്ങാതെ പവ്വർ കൊടുത്തുകൊള്ളാം എന്നു് പറഞ്ഞിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പല സ്വകാര്യസ്ഥാപനങ്ങളും അവരുടെ ജനറേറ്റേഴ്സ് വിറ്റതായിട്ടു് അറിയാമോ?

ശ്രീ. എ. അച്യുതൻ: ഗവൺമെന്റിനു് അറിവില്ല.

ശ്രീ. എം. പി. മേനോൻ: 1952–53-ൽ പവ്വർ കട്ടു ഉണ്ടാകയില്ല എന്നു് ചില സ്വകാര്യസ്ഥാപനങ്ങൾക്കു് ഗവൺമെന്റ് ഉറപ്പുകൊടുത്തിട്ടുള്ളതായി ഗവൺമെന്റിനു് അറിയാമോ?

ശ്രീ. എ. അച്യുതൻ: അങ്ങനെ ഒരു ഉറപ്പുകൊടുക്കുവാൻ ഗവൺമെന്റിനു് സാദ്ധ്യമല്ല.

ശ്രീ. കെ. കരുണാകരൻ: ചില സ്വകാര്യസ്ഥാപനങ്ങളിൽ ഒരു ഷിഫ്റ്റ് അവസാനിച്ചു് മറ്റേ ഷിഫ്റ്റ് തുടങ്ങുന്നതിനുമുമ്പു് പവ്വർ ഇല്ലാതെ വന്നതായി ഗവൺമെന്റിനു് അറിയാമോ?

ശ്രീ. എ. അച്യുതൻ: അങ്ങനെ ഉണ്ടാവുകയില്ല.

ശ്രീ. കെ. കരുണാകരൻ: യാതൊരു നോട്ടീസും കൊടുക്കാതെ ഗവൺമെന്റ് നടത്തുന്ന വ്യവസായസ്ഥാപനങ്ങൾ നിറുത്തിയിട്ടുള്ളതായി അറിയാമോ?

ശ്രീ. എ. അച്യുതൻ: അങ്ങനെ ഉണ്ടായിട്ടില്ലെന്നാണ് എന്റെ അറിവു്.

ശ്രീ. തലേക്കര കെ. കൃഷ്ണൻ: നോട്ടീസില്ലാതെ പവ്വർ കട്ടുചെയ്തിട്ടുണ്ടെന്നു പറഞ്ഞാൽ വിശ്വസിക്കാമോ?

ശ്രീ. എ. അച്യുതൻ: വിശ്വസിക്കുവാൻ നിവൃത്തിയില്ല.

ശ്രീ. കെ. കരുണാകരൻ: മഹാലക്ഷ്മി കാട്ടൺമിൽസ് യാതൊരു മുന്നറിയിപ്പും കൊടുക്കാതെയാണ് പൂട്ടിയതു് എന്നു പറഞ്ഞാൽ വിശ്വസിക്കുമോ?

ശ്രീ. എ. അച്യുതൻ: നോട്ടീസു കൊടുത്തിട്ടുണ്ടാകും. അതു് കിട്ടുന്നതിനു് താമസം വന്നിട്ടുണ്ടെങ്കിൽ അതിനെക്കുറിച്ചു് അന്വേഷിക്കാം.

ശ്രീ. എം. പി. മേനോൻ: പൗവ്വർ കട്ട് ചെയ്യുമെന്നുള്ളതിനെപ്പററി നോട്ടീസ് കിട്ടാത്തതിനെസംബന്ധിച്ച് ഫാക്ടറി ഉടമകൾ ഗവണ്മെൻറിൻെറ അടുത്ത് പരാതി അയച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. എ. അച്യുതൻ: അങ്ങനെ ഒരു പരാതി ഗവണ്മെൻറിന് കിട്ടിയിട്ടില്ല.

WRITTEN ANSWERS.

പട്ടികജാതിവിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യങ്ങൾ.

* 472. [30] ശ്രീ. പി. കെ. ചാത്തൻ:

താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപരിപഠനാർത്ഥം വരുന്ന പട്ടികജാതിവിദ്യാർത്ഥികൾക്ക് മുൻപുനൽകിപ്പോന്നിരുന്ന സൗകര്യപ്രദവും പ്രയോജനകരവുമായ ഹോസ്റ്റൽ സൗകര്യങ്ങൾ കുറെക്കാലമായി തടയപ്പെട്ടിരിക്കുകയാണോ;

(ബി) എത്രകാലമായി പുതിയ ഈ ഏർപ്പാട് ആരംഭിച്ചിട്ടുണ്ട്;

(സി) ഹോസ്റ്റൽ എന്നു പറയുമ്പോൾ ഗവണ്മെൻറ ഉദ്ദേശിക്കുന്നത് കെട്ടിടം മാത്രമാണോ;

(ഡി) അല്ലെങ്കിൽ എന്തെല്ലാം സൗകര്യങ്ങൾ ഒരു ഹോസ്റ്റലിനു വേണം;

(ഇ) ഇന്നു ഉണ്ടെന്നു പറയപ്പെടുന്ന ഹോസ്റ്റലുകളിൽ എന്തെല്ലാം ഏർപ്പാടുകളാണ് വിദ്യാർത്ഥികൾക്കുവേണ്ടി ചെയ്തുകൊണ്ടിരിക്കുന്നത്;

(എഫ്) പഴയ കൊച്ചിഭാഗത്ത് നൽകിപ്പോന്നിരുന്ന സൗകര്യങ്ങളോടുകൂടിയ ഹരിജൻഹോസ്റ്റലുകൾ സംസ്ഥാനത്ത് ആവശ്യമുള്ള കേന്ദ്രങ്ങളിലെല്ലാം തുടങ്ങേണ്ടത് പട്ടികജാതി വിദ്യാർത്ഥികളുടെ പഠനത്തിനു ഒരാവശ്യമായി ഗവണ്മെൻറ് കരുതുന്നുണ്ടോ;

(ജി) പട്ടികജാതിയിൽപ്പെട്ട ബാലികമാർക്കു പ്രത്യേക ഹോസ്റ്റലുകൾ ഉണ്ടോ;

(എച്ച്) ഇല്ലെങ്കിൽ ഉപരിപഠനാർത്ഥം വരുന്ന ഇവർക്ക് എന്തു സൗകര്യം കൊടുക്കാനാണ് ഗവണ്മെൻറ് ഉദ്ദേശിക്കുന്നത്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്):

(എ) ഹോസ്റ്റലുകൾ നിറുത്തി ആവശ്യമുള്ള സ്ഥലങ്ങളിൽ ലാഡ്ജുകൾ നടത്തുന്നതിനു ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

(ബി) മൂന്നു വർഷം.

(സി) അല്ല.

(ഡി) വിദ്യാർത്ഥികൾക്ക് താമസിക്കുന്നതിനും പഠിക്കുന്നതിനും വേണ്ട സൗകര്യങ്ങൾ ഉണ്ടായിരിക്കണം.

(ഇ) ഇന്നു ഹോസ്റ്റലുകൾ ഇല്ല. എന്നാൽ തിരുവനന്തപുരത്തും എറണാകുളത്തും വിദ്യാർത്ഥികൾക്ക് താമസിച്ചു പഠിക്കുന്നതിനു വേണ്ട ഉപകരണങ്ങളോടുകൂടി സൗകര്യപ്രദമായുള്ള ലാഡ്ജുകൾ നടത്തുന്നതിനു

വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. വെള്ളം വിറക് എന്നീ ഇനത്തിലുള്ള ചെലവുകൾ ഗവൺമെൻറിൽനിന്നാണ് വഹിക്കുന്നത്. കൂടാതെ ഓരോ വാച്ചറേയും തൂപ്പുകാരനേയും പ്രസ്തുത ലാഡ്ജുകളിൽ ഗവണ്മെൻറ് ചിലവിൽ നിയമിച്ചിട്ടുണ്ട്.

(എഫ്) മേൽ പറഞ്ഞ താമസ സൌകര്യങ്ങളും സ്റ്റൈപ്പൻറും നൽകുന്നതുകൊണ്ട് ഹരിജൻ ഹോസ്റ്റലുകൾ ആവശ്യമാണെന്ന ഗവണ്മെൻറ് കരുതുന്നില്ല.

(ജി) ഇല്ല.

(എച്ച്) വിദ്യാർത്ഥിനികൾക്കുവേണ്ടി പ്രത്യേകം ലാഡ്ജുകൾ നടത്തുന്നതിന് അവരുടെ എണ്ണം മതിയാകുകയില്ല. അതിനാൽ തൽക്കാലം സ്റ്റൈപ്പൻറ് മാത്രമേ നൽകാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുള്ളു.

കാളനികൾ.

* 473. [31] ശ്രീ. പി. കെ. ചാത്തൻ: താഴെ പ്പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൺഗ്രസ്സ് മന്ത്രിസഭ അധികാരത്തിൽ വരുന്നതിനു മുമ്പ് സംസ്ഥാനത്തു പട്ടികജാതിക്കാർക്കുവേണ്ടി സ്ഥാപിച്ചു നടത്തിപ്പോന്നിരുന്ന എത്ര കാളനികൾ ഉണ്ടായിരുന്നു ;

(ബി) ഓരോ ഡിസ്ട്രിക്ടിലും എത്ര വീതമെന്നു വ്യക്തമാക്കുമോ ;

(സി) ഈ കാളനികൾക്ക് അന്ന് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിക്കൊണ്ടിരുന്നത് ;

(ഡി) കൊച്ചി ഭാഗത്തും തിരുവിതാംകൂർ ഭാഗത്തും നൽകിക്കൊണ്ടിരുന്ന സൌകര്യങ്ങൾ എന്തെല്ലാം ; അവയുടെ വിശദാംശങ്ങൾ എന്ത് ;

(ഇ) കാൺഗ്രസ്സ് ഭരണകാലത്തു പുതുതായി എത്ര കാളനികൾ സ്ഥാപിച്ചിട്ടുണ്ട് ;

(എഫ്) അവയുടെ ഇന്നത്തെ ഡിസ്ട്രിക്ട് തിരിച്ചുള്ള സംഖ്യ എത്ര ;

(ജി) കാൺഗ്രസ്സ് ഭരണകാലത്ത് പുതുതായി എന്തെങ്കിലും ആനുകൂല്യങ്ങൾ കോളനികൾക്കു നൽകിയിട്ടുണ്ടോ ;

(എച്ച്) മുമ്പ് നൽകിക്കൊണ്ടിരുന്ന ആനുകൂല്യങ്ങളിൽ എന്തെല്ലാം നിറുത്തലാക്കിയിട്ടുണ്ട് ;

(ഐ) ഗവണ്മെൻറിൽനിന്നു മുമ്പ് ചെയ്തുപോന്നിരുന്ന കാളനി സംരക്ഷണം കൊച്ചീവിഭാഗത്തെപ്പോലെ തിരുവിതാംകൂർ ഭാഗത്തും ഉണ്ടായിരുന്നുവോ ; അവ ഇന്നും തുടരുന്നുണ്ടോ ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) 149

(ബി) തൃശ്ശൂർ 138,
കൊല്ലം 5

കോട്ടയം 1
തിരുവനന്തപുരം 5

(സി) കാളനികളിൽ വീടുകഠം ഉണ്ടാക്കുക, കിണറുകഠം കുഴിപ്പിക്കുക, വഴികളും ശ്മശാനങ്ങളും ഉണ്ടാക്കുക, പുരകഠം കെട്ടിമേയുന്നതിനു സഹായധനം നൽകുക മുതലായ ആനുകൂല്യങ്ങഠം ചെയ്തുകൊണ്ടിരുന്നു.

(ഡി) കൊച്ചി ഭാഗത്തും തിരുവിതാംകൂർ ഭാഗത്തും ഒരുപോലെയുള്ള ആനുകൂല്യങ്ങളാണ് ചെയ്തുകൊണ്ടിരുന്നത്.

(ഇ) പുതുതായി 34 കാളനികഠം സ്ഥാപിച്ചിട്ടുണ്ട്.

(എഫ്) തിരുവനന്തപുരം 2
കൊല്ലം 6
തൃശ്ശൂർ 26

(ജി) കാളനികളിൽ ഉറപ്പുള്ള നല്ല വീടുകഠം പണിയുന്നതിനും ചില കാളനികളിൽ വിദ്യുച്ഛക്തി വിതരണം ചെയ്യുന്നതിനും വേണ്ട ഏർപ്പാടുകഠം ചെയ്തു.

(എച്ച്) പുരകഠം കെട്ടിമേയുന്നതിനു നൽകിക്കൊണ്ടിരുന്ന ധനസഹായം 1-6-50 മുതൽ നിറുത്തലാക്കിയിട്ടുണ്ട്.

(ഐ) ഉണ്ടായിരുന്നു, ഇന്നും തുടരുകയും ചെയ്യുന്നു.

പട്ടികജാതി വിദ്യാർത്ഥികഠംക്കു സഹായധനം.

❋ 474. [32] ശ്രീ. പി. കെ. ചാത്തൻ: താഴെ പറയുന്ന ചോദ്യങ്ങഠംക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹൈസ്കൂളുകളിലും കാളേജുകളിലും പട്ടികജാതി വിദ്യാർത്ഥികഠംക്ക് 1952-53 ഈ വർഷങ്ങളിൽ അതിനുമുമ്പ് സർക്കാരിൽനിന്നു നൽകിവന്നിരുന്ന സഹായധനത്തിന്റെ നിരക്കിൽ ഏതെങ്കിലും കുറവു വരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ അനുപാതക്രമവും കാരണവുമെന്തു്;

(സി) ഈ കുറവു വരുത്തിയിരുന്നകാലത്തു് പിന്നാക്ക സമുദായോദ്ധാരണ വകുപ്പിന്റെ ചാർജ്ജ് ഏതു മന്ത്രിക്കായിരുന്നു; അദ്ദേഹത്തിന്റെ പേരെന്തു്;

(ഡി) കുറച്ചതുക വർദ്ധിപ്പിക്കുവാൻ ഈ ഗവണ്മെന്റുദ്ദേശിക്കുന്നുണ്ടോ;

(ഇ) ഇതേ സംബന്ധിച്ചു് ഗവണ്മെന്റിലേയ്ക്കു എന്തെങ്കിലും നിവേദനങ്ങഠം ലഭിച്ചിട്ടുണ്ടോ?

തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) ഇല്ല.

(ബി) (സി) (ഡി) (ഇ) ചോദ്യങ്ങഠം ഉദിക്കുന്നില്ല.

പിന്നാക്ക സമുദായോദ്ധാരണ ഡിപ്പാർട്ടുമെന്റിൽനിന്നും നടത്തുന്ന വൈദ്യശാലകൾ.

✻ 475. [35] ശ്രീ. സി. കൊച്ചുകുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്കസമുദായോദ്ധാരണ ഡിപ്പാർട്ടുമെന്റിൽനിന്നും വൈദ്യശാലകൾക്ക് ഗ്രാന്റ് നൽകുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര വൈദ്യശാലകൾക്ക് നൽകിവരുന്നു;

(സി) ഓരോന്നിനും എത്രരൂപവീതം ഗ്രാന്റ് നൽകിവരുന്നു; (എത്ര രൂപ മുതൽ എത്ര രൂപവരെ)

(ഡി) ഈ ഇനത്തിൽ കഴിഞ്ഞ സാമ്പത്തികവർഷത്തിൽ (1953-54) ആകെ ചെലവായ തുക എന്ത്?

തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്):

(എ) ഇപ്പോൾ നൽകുന്നില്ല.

(ബി) (സി) (ഡി) ചോദ്യങ്ങൾ ഉദിക്കുന്നില്ല.

ടൗൺ പ്ലാനിംഗ് വിദഗ്ദ്ധൻ.

✻ 476. [38] ശ്രീ. കെ. സി. എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റിന് ഒരു ടൗൺ പ്ലാനിംഗ് വിദഗ്ദ്ധൻ ഉണ്ടോ; ഉണ്ടെങ്കിൽ അദ്ദേഹത്തെക്കൊണ്ട് വല്ല ജോലിയും ഗവൺമെന്റ് ചെയ്യിക്കുന്നുണ്ടോ;

(ബി) വളരെയധികം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഗ്രാമപ്രദേശങ്ങളിൽ അദ്ദേഹത്തിന്റെ വിദഗ്ദ്ധോപദേശം ഉപയോഗപ്രദമാക്കുവാനുള്ള സാദ്ധ്യതകളുണ്ടോയെന്നു ഗവൺമെന്റ് ആരാഞ്ഞിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്):

(എ) ഇല്ല. മേൽ പറഞ്ഞ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(ബി) (എ)-ക്കു നൽകിയ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

Landless and homeless Anglo-Indians.

✻ 477. [39] **Shri A. A. D. Luiz:** Will the Minister for Local Self Government, be pleased to state whether any requests have been received from landless and homeless Anglo-Indians for allotment of land?

Minister for Finance **(Shri P. S. Nataraja Pillai)**: No.

Municipal Night Soil Depot, Kaloor.

✽ 478. [52] **Shri O. R. Chummar**: Will the Minister for Local Self Government be pleased to state :

(*a*) how long the people of Elamkulam village have been agitating for the removal of the Ernakulam Municipal Night Soil Depot from Kaloor ;

(*b*) have the Government taken any decision on the question; and

(*c*) will the Government be pleased to take steps to remove the Night Soil Depot from Kaloor?

Minister for Local Self Government **(Shri P. K. Kunju):**

(*a*) The people of Elamkulam village have been agitating for the removal of the Night Soil Depot at Kaloor since 1946.

(*b*) Yes.

(*c*) Necessary action is being taken.

ആയുർവേദാശുപത്രികൾ.

✽ 479. [46] ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് ആകെ എത്ര ഗവർമെന്റ് ആയുർവേദാശുപത്രികൾ ഉണ്ട് ;

(ബി) കൂടുതൽ ആയുർവേദാശുപത്രികൾ സ്ഥാപിക്കുവാൻ ഗവൺമെന്റുദ്ദേശിക്കുന്നുണ്ടോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്.)

(എ) ഇപ്പോൾ 13 ഗവൺമെന്റ് ആയുർവേദാശുപത്രികൾ ഉണ്ട്.

(ബി) ഉണ്ട്.

പഞ്ചായത്തുകളിൽ നികുതി.

✽ 480. [47] ശ്രീ. റി. ഒ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നത്തുനാട്ടതാലൂക്കിലെ ചില പഞ്ചായത്തുകളിൽനിന്നും ചുമത്തിയിരിക്കുന്ന നികുതി കൊടുക്കാതിരിക്കണമെന്ന് കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ ചില ആളുകൾ ഗ്രാമീണരുടെയിടയിൽ പ്രചരണം നടത്തുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ എന്തു നടപടി നടത്തി ;

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്.)

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കയർ സഹകരണസംഘങ്ങൾ.

※ 481. [48] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് എത്ര കയർ സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു; എത്രയെണ്ണത്തിന് ഗ്രാൻറും, ലോണും നൽകിയിട്ടുണ്ട്; എത്ര വീതം;

(ബി) തെക്കൻ തിരുവിതാംകൂറിൽ പുതുതായി ഏതെങ്കിലും സഹകരണസംഘം രജിസ്റ്റർ ചെയ്യുന്നതിനു അപേക്ഷ കിട്ടിയിട്ടുണ്ടോ; അതിന്മേൽ എന്ത് നടപടി നടത്തി?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ് നടരാജപിള്ള):

(എ) 75 സംഘങ്ങൾ. നൽകിയിട്ടുള്ള ഗ്രാൻറിൻെറയും വായ്പയുടെയും ലിസ്റ്റ് † മേശപ്പുറത്തുവച്ചിട്ടുണ്ട്.

(ബി) ഉണ്ട്, അതു പരിഗണനയിൽ ഇരിക്കുകയാണ്.

ഹരിജനകോളനികളിലെ വാർഡൻമാർ.

※ 482. [49] ശ്രീ. കെ. പി. ഹാർമിസ്: താഴെ പറയുന്ന ചോദ്യത്തിനു മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹരിജൻ കാളനികളിൽ ഗവണ്മെൻറിൽനിന്നും നിയമിച്ചിരിക്കുന്ന വാർഡൻമാർ അതാതു കാളനികളിൽ ദിവസവും ഹാജരായിക്കൊള്ളണമെന്നു വ്യവസ്ഥയുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ പി. കെ. കുഞ്ഞ്):

ഹരിജൻകാളനികളിൽ വാർഡൻമാർ ദിവസവും ഹാജരാകണമെന്നു വ്യവസ്ഥയുണ്ട്.

ആയുർവേദകാളേജ് പ്രിൻസിപ്പാൾ.

※ 483. [51] ശ്രീ എ. സി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദകാളേജ് പ്രിൻസിപ്പാളായി നിയമിക്കപ്പെടുവാനാവശ്യമായ പരീക്ഷായോഗ്യതകളെന്തെല്ലാം;

(ബി) ഇപ്പോഴത്തെ പ്രിൻസിപ്പാളിൻെറ യോഗ്യതകൾ എന്തെല്ലാമാണ്;

(സി) എഫ്. എ. ഐ. എം. ഒരു പരീക്ഷാ യോഗ്യതയാണോ; ഇതു് ഏതെങ്കിലും ഗവണ്മെൻറ് അംഗീകരിച്ചിട്ടുണ്ടോ; ഇതു് നൽകുന്ന സ്ഥാപനം ഏതാണ്?

---

† Please see Appendix I.

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്.)

(എ) സംസ്കൃതത്തിലും ഇംഗ്ലീഷിലും നല്ല പരിജ്ഞാനവും ആയുർവേദത്തിലും അലോപ്പതിയിലും പാണ്ഡിത്യവും. Allopathy—L. M. S.

(ബി) 1. ഫെല്ലോ ആഫ് ദി അക്കാഡമി ആഫ് ഇൻഡ്യൻ മെഡിസിൻ.

2. ആയുർവ്വേദത്തിലുള്ള പ്രൊഫിഷ്യൻസി സർട്ടിഫിക്കററുകൾ.

3. വിഷവൈദ്യത്തിൽ പ്രത്യേകം പരിശീലിച്ചിട്ടുണ്ടു്.

4. ഗവൺമെൻറിൻെറ നിർദ്ദേശപ്രകാരം ഹരിദ്വാർ യൂണിവേഴ്സിററിയിൽപോയി പരിശീലനം കഴിച്ചിട്ടുണ്ടു്.

(സി) പ്രബന്ധം എഴുതി സമർപ്പിച്ചു് ലഭിക്കുന്ന ഫെല്ലോഷിപ്പ് ആകുന്നു. ഉണ്ടു്. അക്കാഡമി ആഫ് ഇൻഡ്യൻമെഡിസിൻ.

പഞ്ചായത്തുകളുടെ പ്രവർത്തനം.

*484. [52] ശ്രീ. എം. എ. ആൻറണി: താഴെ കാണുന്ന ചോദ്യത്തിനു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനു് എന്തെല്ലാം പരിഷ്കാരങ്ങളാണു് നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നതു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

പഞ്ചായത്തുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി താഴെപ്പറയുന്ന പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തണമെന്നാണു് ഗവൺമെൻറു് ഉദ്ദേശിക്കുന്നതു്.

1. നിലവിലുള്ള പഞ്ചായത്താക്ററിലെയും, ചട്ടങ്ങളിലെയും വ്യവസ്ഥകളിൽ ആവശ്യമുള്ള ഭേദഗതികൾ വരുത്തുക.

2. പഞ്ചായത്താക്ററിൻെറ അടിസ്ഥാനത്തിൽ നിലവിലിരിക്കുന്നതിൽ ഏതെങ്കിലും ഭേദഗതി വരുത്തണമെങ്കിൽ അങ്ങനെ ചെയ്യും കൂടുതൽ ചട്ടങ്ങൾ നിർമ്മിക്കണമെങ്കിൽ നിർമ്മിച്ചും പഞ്ചായത്തു ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനം കൂടുതൽ പ്രയോജനപ്പെടുത്തുക, കാര്യക്ഷമമാക്കുക.

3. പഞ്ചായത്തിൻെറ പ്രവർത്തനത്തിൽനിന്നു ഉപയുക്തമായ ഉപനിയമങ്ങൾ പഞ്ചായത്തുകളെക്കൊണ്ടു പാസാക്കിക്കുക.

4. ഇപ്പോൾ മററു ഡിപ്പാർട്ടുമെൻറുകളിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങൾ പഞ്ചായത്താക്ററിൻെറ അടിസ്ഥാനത്തിൽ പഞ്ചായത്തുകൾക്കു് കൊടുക്കുന്നതിനു് നടപടികൾ എടുക്കുക.

5. പഞ്ചായത്തുപ്രവർത്തനം കാര്യക്ഷമമായ രീതിയിൽ കൊണ്ടുപോകുന്നതിന് ആവശ്യമായ സ്റ്റാഫ് അനുവദിക്കുക.

6. പഞ്ചായത്തുകളിലെ ജോലിക്കാർക്ക് വേണ്ട പരിശീലനം നൽകുക.

7. പഞ്ചായത്തുകളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി ആവശ്യമാണെന്നു കാണുന്ന മററു നടപടികൾ എടുക്കുക.

8. പഞ്ചായത്തുകളുടെ കാര്യക്ഷമമായ പ്രവർത്തനസൗകര്യത്തിനായി കൂടുതൽ അധികാരങ്ങൾ നൽകുക.

ഹരിജനകാളനി.

*. 485. [53] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിച്ചൽ പകുതിയിൽ ഒരു ഹരിജനകാളനി തുടങ്ങാൻ സർക്കാരുദ്ദേശിക്കുന്നുണ്ടോ; ഇതുസംബന്ധിച്ചെന്തെങ്കിലും നിവേദനം കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി നടത്തി;

(ബി) കരുംകുളം പകുതിയിലെ വേടന്മാരുടെ ഉദ്ധാരണത്തിനുവേണ്ടി സർക്കാർ എന്തെങ്കിലും ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്ത്;

(സി) കമ്മ്യൂണിററി പ്രാജക്റ്ററധികൃതരുടെ സത്വരശ്രദ്ധയിൽ ഈ രണ്ടുകാര്യങ്ങളും വരത്തക്കവണ്ണം ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്):

(എ) ഉണ്ട്. നിവേദനം കിട്ടിയിട്ടുമുണ്ട്. കാളനിക്കുവേണ്ടിയുള്ള സ്ഥലത്തിനു പൊന്നുംവിലകൊടുക്കുന്നതിനുള്ള നടപടി എടുത്തിട്ടുണ്ട്.

(ബി) ഉണ്ട്, അവിടെ വേടന്മാർക്കുവേണ്ടി ഒരു കാളനി സ്ഥാപിക്കുന്ന കാര്യം ഗവണ്മെൻറിൻെറ ആലോചനയിൽ ഇരിക്കുകയാണ്.

(സി) ഇതിനെപ്പററി ഗവണ്മെൻറ് ആലോചിക്കുന്നതാണ്.

പുതിയ ആശുപത്രികൾ.

* 486. [54) ശ്രീ. പി. രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) 1954-55-ൽ എത്ര പുതിയ ആശുപത്രികൾ സ്ഥാപിക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ട്;

(ബി) നെടുങ്ങോലം രാമറാവു ആശുപത്രിയുടെ കെട്ടിടങ്ങളും വസ്തുക്കളും എന്തു വ്യവസ്ഥകളിന്മേലാണ് ഗവണ്മെൻറിന് വിട്ടുതന്നിട്ടുള്ളത്;

(സി) ആ ആശുപത്രിയിൽനിന്നു് നിർദ്ധനരായ രോഗികൾക്കു് സൌജന്യമായി മരുന്നു് കൊടുക്കുവാൻ മിഷൻ വിസമ്മതിക്കുന്നതുകൊണ്ടു് ആശുപത്രി ഗവണ്മെൻറു് ഏറെറടുക്കണമെന്നു് അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ഡി) ഗവണ്മെൻറു് പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനം പരിശോധിക്കാറുണ്ടോ ;

(ഇ) ആശുപത്രി ഏറെറടുക്കുന്നതിനു് ഗവണ്മെൻറു് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) 1954–55-ൽ പുതിയ 10 ഡിസ്പെൻസറികൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടു്.

(ബി) കെട്ടിടങ്ങളും വസ്തുക്കളും ഗവണ്മെൻറിലേയ്ക്കു് വിട്ടുതന്നിട്ടില്ല.

(സി) ഉണ്ടു്.

(ഡി) ഉണ്ടു്.

(ഇ) ഈ സംഗതി ഗവണ്മെൻറിൻെറ അന്വേഷണത്തിലിരിക്കയാണു്.

കയർഫാക്ടറിയിലെ കൂലികുറയ്ക്കൽ.

✱ 487. [56] ശ്രീ. പി. വി. അവിരാതരകൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ലേബർവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ–ചേർത്തലതാലൂക്കുകളിൽ കയർ ഫാക്ടറികളിൽ 1954-ൽ എവിടെയെങ്കിലും കൂലി കുറച്ചിട്ടുണ്ടോ ;

(ബി) അത്രൂർ ദി റായൽ യുണൈറഡു് കാർപ്പെററു് ഫാക്ടറിയിൽ ഇന്നു കൊടുത്തുവരുന്ന അടിസ്ഥാനക്കൂലി മററു ഫാക്ടറികളിലേതിനെക്കാൾ കുറവാണെന്നുള്ള വസ്തുത ഗവണ്മെൻറു ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അവിടത്തെ തൊഴിലാളികൾക്കു് ആയതു ലഭിക്കുന്നതിനു് എന്തു നടപടി സ്വീകരിച്ചിട്ടുണ്ടു്;

(ഡി) ഇക്കൊല്ലം ജൂലൈമാസത്തിൽ എന്തെങ്കിലും നിവേദനങ്ങളോ മെമ്മോറാണ്ടങ്ങളോ അവിടത്തെ തൊഴിലാളികളിൽനിന്നു ലഭിച്ചിട്ടുണ്ടോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്) :

(എ) കൂലി കുറച്ചിട്ടുള്ളതായി പരാതികൾ ലഭിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) (ബി)–യുടെ ഉത്തരത്തിൻെറ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഉണ്ടു്.

കോവാപ്പറേററീവ് ഹൗസിംഗ് സ്കീം.

*488. [57] ശ്രീ. ററി. ഓ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കോവാപ്പറേററീവ് ഹൗസിംഗ് സ്കീം അനുസരിച്ച് കഴിഞ്ഞ മൂന്നുകൊല്ലത്തിനിടയ്ക്ക് എത്ര വീടുകൾ നിർമ്മിച്ചിട്ടുണ്ട്?

(ബി) കോവാപ്പറേററീവ് ഹൗസിംഗ് സ്പെഷ്യൽആഫീസർക്കും സ്റ്റാഫിനും ഒരു കൊല്ലത്തിൽ എത്രസംഖ്യ ശമ്പളവും, അലവൻസുമായി ചെലവാകുന്നുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്):

(എ) 271.

(ബി) 55,300 രൂപ.

പഞ്ചായത്തുകൾ.

*489. [59] ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) 1953-ൽ പഞ്ചായത്തു തിരഞ്ഞെടുപ്പു നടത്തുന്നതിനുമുമ്പ് ഈ സംസ്ഥാനത്ത് എത്ര പഞ്ചായത്തുകൾ ഉണ്ടായിരുന്നു;

(ബി) തിരഞ്ഞെടുപ്പിനുശേഷം എത്ര;

(സി) പഞ്ചായത്തു ഡിപ്പാർട്ടുമെൻറിൽ 1953-ൽ ഉണ്ടായിരുന്ന ഉദ്യോഗസ്ഥന്മാരുടെ എണ്ണത്തിൽ വല്ല കൂടുതലും വരുത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്ര;

(ഇ) പഞ്ചായത്തുകളുടെ എണ്ണം വർദ്ധിച്ചതോടുകൂടി ആ തോതനുസരിച്ച് ഉദ്യോഗസ്ഥന്മാരുടെ എണ്ണംകൂടി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) കാര്യക്ഷമത പാലിക്കുവാൻ ഡിപ്പാർട്ടുമെൻറു വിപുലീകരണനയം ഗവണ്മെൻറു സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്):

(എ) കൊച്ചിവിഭാഗത്തു 100 പഞ്ചായത്തുകളും തിരുവിതാംകൂർ വിഭാഗത്തു 7 പഞ്ചായത്തുകളും 171 വില്ലേജുയൂണിയനുകളും 44 ഗ്രാമോദ്ധാരണകേന്ദ്രങ്ങളും ഉണ്ടായിരുന്നു.

(ബി) 548 പഞ്ചായത്തുകൾ.

(സി) ഇല്ല.

(ഡി) (സി)-യുടെ ഉത്തരത്തിൻെറ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(ഇ) തന്നാണ്ടത്തെ ബഡ്ജററിൽ തസ്തികകൾ വർദ്ധിപ്പിക്കാൻ വക കൊള്ളിച്ചിട്ടുണ്ട്.

(എഫ്) സ്വീകരിക്കുന്നതാണ്.

കയർ തൊഴിലാളികളുടെയിടയിലുള്ള തൊഴിലില്ലായ്മ.

*490. [61] ശ്രീ. ആർ. പ്രകാശം: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കഴിഞ്ഞ ഒരാണ്ടുകാലത്തിനിടയിൽ പല താലൂക്കുകളിലും കയർവ്യവസായികൾ ജോലി നിറുത്തിവയ്ക്കുന്നതുമൂലം തൊഴിലാളികളുടെയിടയിൽ ഭീമമായ തൊഴിലില്ലായ്മ വർദ്ധിച്ചിരിക്കുന്ന വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ തൊഴിലില്ലായ്മയുടെ കാരണം അന്വേഷിച്ചിട്ടുണ്ടോ;

(സി) ഈ പൊടുന്നനവെയുള്ള തൊഴിലില്ലായ്മയെക്കുറിച്ച് ട്രേഡ്യൂണിയനുകളിൽനിന്ന് ഏതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തെങ്കിലും നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) കഴിഞ്ഞ ഏതാനും ആണ്ടുകളായി കയറുൽപ്പാദനം അതിനുമുമ്പുണ്ടായിരുന്നതുപോലെ നടത്തിക്കൊണ്ടുപോകുവാൻ സാധിക്കാതെ വന്നതുമൂലം പൊതുവിൽ കയറുൽപ്പാദനത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് തൊഴിൽ കുറവുണ്ടായിട്ടുണ്ട്.

(ബി) കയറിന്റെ ആവശ്യം വിദേശ്യരാജ്യങ്ങളിൽ കുറഞ്ഞൊരു കാലമായി കുറഞ്ഞുവരുന്നതിന്റെ ഫലമായിട്ടാണ് ഉൽപ്പാദനം കുറഞ്ഞുവരുന്നത്. തൊഴിലില്ലായ്മയുണ്ടായിക്കൊണ്ടിരിക്കുന്നതും എല്ലാ കൊല്ലങ്ങളിലും ജൂൺമദ്ധ്യംമുതൽ ആഗസ്റ്റ്മദ്ധ്യംവരെ സാമാന്യേന ഈ ദുഃസ്ഥിതി ഉണ്ടാകാറുണ്ട്. ഇതിനുള്ള ഒരു പ്രധാന കാരണമായി അറിയുന്നത് വിദേശരാജ്യങ്ങളിലേയ്ക്കുവേണ്ടി കയർ വാങ്ങുന്ന സംസ്ഥാനത്തുള്ള വിദേശക്കമ്പനികൾ അവരുടെ വാർഷികകണക്ക് ജൂൺ അവസാനത്തോടുകൂടി പൂർത്തിയാക്കുന്ന ഒരു പതിവ് ഉണ്ടെന്നും, അതിന്റെ ഫലമായി ആഗസ്റ്റ് മദ്ധ്യത്തോടുകൂടിയല്ലാതെ വ്യാപാരത്തിനുള്ള പുതിയ ആർഡറുകൾ ലഭിക്കാറില്ലെന്നുള്ളതുമാണ്.

(സി) ട്രേഡ്യൂണിയനുകളിൽനിന്നും നിവേദനം യാതൊന്നും ലഭിച്ചിട്ടില്ല. തൊഴിലില്ലായ്മ ഈ വർഷം മാത്രം പൊടുന്നനവെ ഉണ്ടായിട്ടുള്ളതല്ല. എല്ലാ വർഷങ്ങളിലും സാമാന്യേന ജൂൺമാസം മദ്ധ്യം മുതൽ ആഗസ്റ്റ്മാസംമദ്ധ്യംവരെ മിക്കവാറും (ബി)-യിൽ പറഞ്ഞ കാരണങ്ങളാൽ തൊഴിലില്ലായ്മ ഉണ്ടാകാറുണ്ട്.

(ഡി) നിവേദനം ലഭിച്ചിട്ടില്ല എന്നുള്ള നിലയിൽ ചോദ്യം ഉദിക്കുന്നില്ല.

UNSTARRED QUESTIONS

Drainage system.

129. [1] **Shri K. Sattanatha Karayalar**: Will the Minister for Works and Transport be pleased to state:

(*a*) whether the Government is aware of the fact that the town of Shencotta is in need of a proper Drainage system; and

(*b*) in view of the urgent necessity do they propose to undertake the construction of underground drainage?

Answer.

(*a*) and (*b*). Considering the elevated position of the town and the dry nature of the tract, Government think that a drainage system is not necessary for Shencotta at present.

ചിറപ്പാലം.

130. [7] ശ്രീ. സി. ജി. സദാശിവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല തണ്ണീർമുക്കം റോഡിൽ കട്ടച്ചിറപാലം പണിതീർക്കുന്നതിന് priority കൊടുക്കണമെന്ന് Works Committee ശുപാർശ ചെയ്തിട്ടില്ലേ;

(ബി) എന്നാണ് ശുപാർശചെയ്ത തീയതി?

ഉത്തരം.

(എ) ഉണ്ട്.

(ബി) 21-11-1952.

പുല്ലറ്റ നാരായണമംഗലം പാലം.

131. [13] ശ്രീ. പി. കെ. അബ്ദുൾഖാദർ: താഴെ പറയുന്ന ചോദ്യത്തിന് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

കൊടുങ്ങല്ലൂരിലെ പുല്ലറ്റ നാരായണമംഗലം പാലം വാഹനഗതാഗതത്തിന് അനുയോജ്യമായ നിലയിൽ പൊളിച്ചു പണിയുവാൻ ദയവുണ്ടാകുമോ?

ഉത്തരം.

ഉണ്ട്.

Removal of Sand from coastal areas.

132. [17] **Shri R. Sankaranarayanan Tampi:** Will the Minister for Works and Transport be pleased to state:

(*a*) whether it has come to the notice of Government that the removal of sand from the coastal areas of Karunagappalli Taluk by the Chavara Mineral Company is causing soil erosion and thereby causing hardship to the inhabitants of the coastal area;

(*b*) has any representation been received regarding the matter referred to above; and

(*c*) the steps taken to redress the grievances of the inhabitants if any representation has been received?

Answer.

(*a*) No.

(*b*) Yes.

(*c*) Protective bund is being laid on the beach wherever there is mining.

Extension of Electricity.

133. [24] **Shri M. William:** Will the Minister for Works and Transport be pleased to state:

(*a*) whether the Government intend extending electric lines within the entire limits of the Kuzhithura Municipality; and

(*b*) how long will it take the Government to complete the extension?

Answer.

(*a*) There is no definite proposal at present.

(*b*) The question does not arise.

ഗ്യാരേജ്.

134. [25] <u>ശ്രീ. ഡി. വിവേകാനന്ദൻ:</u> താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) പൂവാർ ബസ്സ്സ്റ്റാൻഡിൽ ഒരു ഡിപ്പാർട്ടുമെന്റൽ ഗ്യാരേജ് പണിയുന്നതിന് സർക്കാർ സത്വരനടപടികൾ സ്വീകരിക്കുമോ;

(ബി) അവിടെ ഇപ്പോൾ വാടകയ്ക്കെടുത്തിരിക്കുന്ന ഷെഡ്ഡ് ഉപയോഗപ്രദമല്ലെന്ന് സർക്കാരിനറിയാമോ?

ഉത്തരം.

(എ) സത്വരനടപടികൾ എടുത്തുകൊണ്ടിരിക്കയാണ്.

(ബി) ഡിപ്പാർട്ടുമെന്റിന്റെ ആവശ്യത്തിന് അത് മതിയാകുന്നില്ല.

ഇത്തിത്താനം ചാലക്കൽ തോട്.

135. [45] <u>ശ്രീ പി. ജെ. സെബാസ്റ്റ്യൻ:</u> താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഇപ്പോൾ പണി നടത്തിച്ചുകൊണ്ടിരിക്കുന്ന ഇത്തിത്താനം ചാലക്കൽ തോടിന്റെ ഏതെങ്കിലും ഭാഗങ്ങൾ ഇടിഞ്ഞുവീണിട്ടുണ്ടോ;

(ബി) ഇടിഞ്ഞുപോയ ഭാഗം കല്ലുകെട്ടിച്ചും ഇപ്പോൾ പണിതുവരുന്ന ഭാഗത്തിന് കിഴക്കും പടിഞ്ഞാറും ഭാഗങ്ങളിൽ വീതി കുറഞ്ഞുകിടക്കുന്ന ഭാഗം വീതി കൂട്ടി വെട്ടിച്ചും കിട്ടണമെന്നും കാണിച്ച് പല നിവേദനങ്ങളും ഗവണ്മെന്റിന് കിട്ടി വല്ല നടപടിയും നടത്തിയിട്ടുണ്ടോ;

(സി) ഇപ്പോൾ പണിനടത്തുന്നഭാഗം പൂർത്തിയായാലും അതിന്റെ കിഴക്കും പടിഞ്ഞാറും ഭാഗങ്ങളിലുള്ള തോട് വീതികൂട്ടി വെട്ടാത്തപക്ഷം ഈ തോടുകൊണ്ട് പ്രതീക്ഷിക്കുന്ന ഗുണാനുഭവം കിട്ടുമോ;

(ഡി) ഇടിഞ്ഞുവീണ ഭാഗങ്ങൾ നന്നാക്കി കല്ലുകെട്ടിക്കുന്നതിനും കിഴക്കും പടിഞ്ഞാറും ഭാഗങ്ങളിലുള്ള തോട് വീതികൂട്ടി വെട്ടിക്കുന്നതിനുമുള്ള നടപടികൾ സത്വരമായി നടത്തുന്നതിന് ഗവണ്മെന്റിന് ദയവുണ്ടാകുമോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) ഉണ്ട്. ഇടിഞ്ഞുവീണ ഭാഗങ്ങളിൽ കല്ലുകെട്ടിക്കുന്നതിന് നടപടി നടത്തിയിട്ടുണ്ട്. കിഴക്കും പടിഞ്ഞാറും ഭാഗങ്ങളിൽ വീതി കൂട്ടണമെന്ന് സ്ഥലവാസികളുടെ ഒരു നിവേദനം ലഭിച്ചിട്ടുണ്ട്.

(സി) തോട്ടുകൊണ്ടു പ്രതീക്ഷിക്കുന്ന ഗുണം വിളവുവർദ്ധനവും, കൃഷിനാശം തടയുകയുമാണ്. അതു് ഇപ്പോൾ പണി നടത്തുന്ന ഭാഗം പൂർത്തിയായാൽ ലഭിക്കുന്നതാണ്.

(ഡി) ഇടിഞ്ഞുവീണ ഭാഗങ്ങളിൽ കല്ലു കെട്ടിക്കുന്നതിന് നടപടി എടുത്തിട്ടുണ്ട്. വീതി കൂട്ടുന്ന കാര്യം ആലോചിക്കുന്നതാണ്.

Reception to Ministers.

136. [48] **Shri K. P. Hormis**: Will the Minister for Local Self Government be pleased to state:

(*a*) whether local bodies have incurred any expense for giving reception to the Ministers of the present Government; and

(*b*) if answer to (a) is affirmative, the total amount expended?

Answer.

(*a*) Yes; by the Corporation of Trivandrum and the Municipal Councils of Shencottah, Palai, Chittur-Thattamangalam and Perumbavoor.

(*b*) Rs. 716—9—0 out of which Rs. 497—13—0 was spent by the Corporation. The reception given by the Corporation included the members of the Legislative Assembly also.

ADJOURNMENT MOTIONS

Mr. Speaker: Order, Order, Question time is over. രണ്ടു മൂന്ന് അടിയന്തിരപ്രമേയങ്ങൾ കിട്ടിയിട്ടുണ്ട്.
[12 noon] ശ്രീ. തേംപ്പിൽ ഭാസ്കരൻ നായരുടെ പ്രമേയം ആർഡറിലല്ല. അതിനു അർജൻസിയുമില്ല. ശ്രീ. കെ. സി. ജോർജ്ജിന്റെ പ്രമേയമാണു മറ്റൊന്ന്.

> "On 26-7-1954 in support of the T. T. N. C. struggle, the students of Nagercoil boycotted the institutions and staged a demonstration near the District Court where the leaders of the T. T. N. C. were conducting sathyagraha. As a result of the lathi charge of the police without any warning many have been injured. The situation has become very serious and the public are agitated over the wanton attack of the police on the people and particularly on the young boys."

I would like to hear what the Chief Minister has to say.

Shri A. Thanu Pillai: I did not get notice,

Shri K. C. George: I have given two notices to the Secretary, one addressed to the Speaker and the other addressed to the Chief Minister.

മി. സ്പീക്കർ: റൂൾ അനുസരിച്ച് പ്രധാനമന്ത്രിക്കും സ്പീക്കർക്കും നോട്ടീസയയ്ക്കേണ്ടതാണ്. സ്പീക്കർക്കുള്ളത് സെക്രട്ടറിയുടെ കൈയിലും ചീഫ് മിനിസ്റ്റർക്കുള്ളത് ചീഫ് മിനിസ്റ്ററുടെ കൈയിലുമാണ് കൊടുക്കേണ്ടത്. ചീഫ് മിനിസ്റ്റർക്ക് നോട്ടീസ് കിട്ടിയിട്ടില്ലെന്നു പറയുന്നില്ലല്ലോ, വേണമെങ്കിൽ, നോട്ടീസ് കൊടുത്തതിനുശേഷം നാളെ ഇതിനെപ്പറ്റി ആലോചിക്കാവുന്നതാണ്.

മറ്റൊന്ന്, ശ്രീ. പി. ആർ. മാധവൻപിള്ളയുടെ അടിയന്തിര പ്രമേയമാണ്.

"I hereby give notice of an adjournment motion under Rule 27 that the business of the House be adjourned to discuss a matter of urgent public importance *viz.*, the insecurity to the life and property of the people of Edamannoor, Kunnathoor taluk, arising out of the organised gunda activities of the armed Gurkha and Punjabi watchers at Skinnerpuram Estate, Elamannoor."

STATEMENT

"On the 2nd July dozens of Gurkha and Punjabi armed watchers in khaki uniforms threatened the lives of workers who went to work at Skinnerpuram Estate with drawn-out daggers and chased them to the public road..........".

"The Manager of the Estate Mr. A. C. M. Anthraper who is employing the bands of armed gundas against the estate workers and the public of Elamannor had been consistently dispersing the peaceful meetings of the estate workers for the last few months. Complaints against these gunda activities were lodged with the I. G. of Police, the local police and the Chief Minister by the workers' Union, the local Panchayat and myself but no enquiries have been made till now by the authorities."

Mr. Speaker: What has the Chief Minister to say?

Shri A. Thanu Pillai: This is not a matter for discussion in this House. If some people misbehaved or caused some trouble to others, there is the police and the court. It is not a matter of such urgent public importance that this House should take cognisance of and spend the time of the House for that matter. Government is not responsible for it. It is something that was done by somebody. That is the allegation. Why should that matter be discussed here? There is the police and the courts to look into such matters.

Mr. Speaker: The charge is that although complaints were lodged with the I. G. of Police, local police and the Chief Minister by the Workers' Union, no enquiries were made till now by the authorities.

Shri A. Thanu Pillai: Enquiry is being made.

Mr. Speaker: In the light of that assurance, I reject the adjournment motion. Mr. George will have the right to bring the Adjournment Motion tomorrow with proper notice. We will now go on with Voting of Demands for Grants. Mr. Namboodiri was speaking yesterday. He can continue.

VOTING OF DEMANDS FOR GRANTS

DEMAND XXVII. CIVIL WORKS—(*Contd.*)

ശ്രീ. വി. പി. പരമേശ്വരൻ നമ്പൂതിരി: സർ, ബഡ്ജററിന്റെ പൊതുവിമർശനവേളയിലും ധനാഭ്യർത്ഥനയെ സംബന്ധിച്ചുണ്ടായ വിമർശനവേളയിലും പ്രതിപക്ഷകക്ഷിയിൽപ്പെട്ട ഏതാനും ചില മെംബറന്മാർ ഇന്നത്തെ പി. എസ്. പി. മന്ത്രിസഭയുടെ നേരെ വളരെ അധികം ആരോപണങ്ങൾ ഉന്നയിക്കുകയുണ്ടായി. ഈ ആരോപണങ്ങളിൽ ഒരു കാൺഗ്രസ്സ്—കമ്മ്യൂണിസ്റ്റ് ഐക്യമുന്നണിയെ ഞാൻ കാണുന്നുണ്ട്. പക്ഷെ, പരമാർത്ഥമെന്താണ്? ഒരുവശത്തു് കാൺഗ്രസ്സുകാർ തങ്ങളുടെ ബഡ്ജററിന് മൗലികവും സാരതരവുമായ മാററങ്ങൾ പി. എസ്. പി. ഗവണ്മെൻറ് വരുത്തിയിട്ടുണ്ടെന്നു പരാതിപ്പെട്ടപ്പോൾ മറുവശത്തു് കാൺഗ്രസ്സ് വിരുദ്ധമുന്നണിക്കാർ പറയുന്നതു് ഇതു് കാൺഗ്രസ്സിന്റെ ബഡ്ജററുതന്നെയാണെന്നും, ജനാധിപത്യവിരുദ്ധമാണെന്നുമാണ്. ഇതിൽനിന്നും പി. എസ്സ്. പി. യുടെ വ്യക്തിമുദ്രയുടെ തങ്കരേഖകൾ ബഡ്ജററിൽ കാണുന്നുണ്ടെന്ന് തെളിയുന്നു. ഇന്നത്തെ പ്രതിപക്ഷനേതാവായ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ അദ്ദേഹത്തിന്റെ സ്വതസ്സിദ്ധമായ പരിഹാസഭാഷയിൽ ബഡ്ജററിൽ ഏതാനും തുക കുറവു ചെയ്തതിനെപ്പററി പരാതിപ്പെടുകയുണ്ടായി. ആദ്യത്തെ ബഡ്ജററിൽ ഉണ്ടായിരുന്ന തുകയിൽനിന്നും വളരെയധികം തുക കുറവുചെയ്തിട്ടുണ്ട്; വളരെയധികം തുക കൂട്ടുകയും ചെയ്തിട്ടുണ്ട് എന്നുള്ളതാണ് വാസ്തവം.

ശ്രീ. എം. എം. മത്തായി: സർ, ഒരു പായിൻറ് ഓഫ് ഓർഡർ. ഇപ്പോൾ ബഡ്ജററ് വിമർശനത്തിനുള്ള സമയമല്ലല്ലോ. അപ്പോൾ ഇതെല്ലാം സംഗതങ്ങളാണോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെംബർ ഡിമാൻറിനെപ്പററി സംസാരിക്കുകയാണ്; ബഡ്ജററിനെപ്പററിയല്ല.

ശ്രീ. ആർ. പ്രകാശം: സർ, ഒരു പായിൻറ് ഓഫ് ഓർഡർ. ഇവിടെ ഒരു മെംബർ, അതായതു് ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ അദ്ദേഹത്തിന്റെ സ്വതസ്സിദ്ധമായ പരിഹാസമുദ്രപതിഞ്ഞ ശൈലിയിൽ പറഞ്ഞു എന്ന് ബഹുമാനപ്പെട്ട മെംബർ പറയുകയുണ്ടായി. അങ്ങനെ പറയാമോ?

മി. സ്പീക്കർ: അങ്ങനെ പറയാം. കുറച്ചൊക്കെ അങ്ങോട്ടു മിങ്ങോട്ടും വിമർശനങ്ങൾ നടത്താതെ അസംബ്ലി നടക്കുകയില്ലല്ലൊ.

ശ്രീ. ആർ. പ്രകാശം: അപ്പോൾ ആ മെംബർ മററുള്ളവരെ പരിഹസിക്കുന്നു എന്നല്ലേ മനസ്സിലാക്കേണ്ടതു്?

മി. സ്പീക്കർ: അങ്ങനെ മനസ്സിലാക്കണമെന്നില്ല.

ശ്രീ. വി. പി. പരമേശ്വരൻനംപൂതിരി: സർ, ഈ ധനാഭ്യർത്ഥനയിൽ ഒന്നു കണ്ണോടിച്ചാൽ തീർച്ചയായും സോഷ്യലിസ്ററ്പാർട്ടിയുടെ വ്യക്തിത്വം അതിൽ നിഴലിച്ചിട്ടുണ്ടെന്നു് കാണാൻ കഴിയും. എന്റെ മാന്യസ്നേഹിതൻ ശ്രീ ടി. എസ്. രാമസ്വാമി ഇന്നു ഞങ്ങൾക്കെതിരായി ഇരിക്കുകയാണു്. സോഷ്യലിസ്റ്റ് പാർട്ടിയുടെ മാന്യതയെ ചോദ്യം ചെയ്തുകൊണ്ടാണു് അദ്ദേഹം മാറിയിരിക്കുന്നതു്. അദ്ദേഹവും ഈ ബഡ്ജററ് ഒന്നു നോക്കട്ടെ.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, എന്റെ പാർട്ടിയെ ആക്ഷേപിക്കരുതെന്നു പറയണം. (ചിരി)

ശ്രീ. വി. പി. പരമേശ്വരൻ നംപൂതിരി: എനിക്ക് അദ്ദേഹത്തോട് ചൂണ്ടിക്കാണിക്കുവാനുള്ളതു് ഈ ധനാഭ്യർത്ഥനയിൽ രണ്ടുലക്ഷം രൂപാ കൊള്ളിച്ചിട്ടുള്ള ആ വസ്തുതയെ ആണു്. എല്ലാവരും ഒന്നിച്ചു യോജിച്ചുനിന്നുകൊണ്ടു് ആരാധിക്കുന്നുള്ള മഹാത്മാഗാന്ധിയുടെ സ്മരണയ്ക്കു വേണ്ടി, അദ്ദേഹത്തിന്റെ മഹത്തായ സ്മാരകത്തിനുവേണ്ടി രണ്ടു ലക്ഷം രൂപ ഈ ധനാഭ്യർത്ഥനയിൽ കൊള്ളിച്ചിട്ടുണ്ടു്. ഭ്രനയത്തെപ്പററി പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ ശ്രീ. ടി. വി. താമസും മഹാത്മാഗാന്ധിയുടെ ഭ്രനയത്തെപ്പററി പറഞ്ഞു. കാൺഗ്രസ്സുകാരും അദ്ദേഹത്തിന്റെ കാര്യത്തെപ്പററി വളരെ ആവേശത്തോടുകൂടി വളരെ അധികം അവകാശങ്ങൾ പറയാറുണ്ടു്. അങ്ങനെയുള്ള ആ മഹാത്മാഗാന്ധിയുടെ നാമത്തിൽ ഒരു സ്മാരകം പണിയുന്നതിനു് രണ്ടു ലക്ഷം രൂപ ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നതു്, ഒരു നല്ല പദ്ധതിയുടെ ഒരു സദ്സൂചനയായി കണക്കാക്കാവുന്ന ഈ നടപടിയിൽ ഈ മന്ത്രിസഭയുടെ സുധീരമായ ഔചിത്യബോധത്തെപ്പററി നമുക്ക് അഭിമാനം കൊള്ളാവുന്നതാണു്.

ശ്രീ. കെ. കരുണാകരൻ: ഇന്നലെ ശ്രീ. ചന്ദ്രശേഖരൻപിള്ള സംസാരിച്ചപ്പോൾ പറഞ്ഞ ന്യൂനതകളോട് യോജിക്കുകയാണെന്നു് ബഹുമാനപ്പെട്ട മെംബർ ഇന്നലെ സംസാരിച്ചപ്പോൾ പറഞ്ഞതു് എന്തുകൊണ്ടാണു്?

ശ്രീ. വി. പി. പരമേശ്വരൻ നംപൂതിരി: എന്റെ പ്രസംഗം ശ്രീമാൻ കരുണാകരൻ ബോധവാനായി കേട്ടിരുന്നെങ്കിൽ ഞാൻ ചന്ദ്രശേഖരൻപിള്ള പറഞ്ഞ അഭിപ്രായത്തോട് യോജിച്ചിട്ടില്ല എന്നു മനസ്സിലാക്കാമായിരുന്നു. അതിനെപ്പററി ഇപ്പോൾ വിവരിക്കുവാൻ സമയമില്ല.

ഏതായാലും പി. എസ്. പി. ഗവണ്മെൻറ് തയ്യാറാക്കിയിരിക്കുന്ന ഈ ബഡ്ജററിൽ ചില നല്ല കാര്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നു് ഞാൻ അഭിമാനിക്കുന്നുണ്ടു്. ഉദാഹരണമായി ഈ ബഡ്ജററിൽത്തന്നെ പഞ്ചായത്തിലേയ്ക്കു്, സിവിൾവർക്കിലേയ്ക്കു് വച്ചിരിക്കുന്ന ഏതാനും സംഖ്യകൾ

[ശ്രീ. വി. പി. പരമേശ്വരൻ നംപൂതിരി]

ഉൾക്കൊള്ളിച്ചിരിക്കുന്നതുതന്നെ ഈ പാർട്ടിയുടെ നയത്തിനു് അനുഗുണമായിരിക്കുന്നു എന്നു പറയാതെ തരമില്ല. പക്ഷെ, പഞ്ചായത്തിനെപ്പററി ശ്രീ ചന്ദ്രശേഖരൻപിള്ള പറഞ്ഞ അഭിപ്രായത്തോടു് അന്നേരം ഞാൻ യോജിക്കുകയുണ്ടായി. ഈ ഡിപ്പാർട്ടുമെൻറു് വളരെ അഴിഞ്ഞുകിടക്കുന്ന ഒരു ഡിപ്പാർട്ടുമെൻറാണു്. രാജ്യത്തിനു് ആവശ്യമായ നിലയിൽ ഈ പഞ്ചായത്തുകളെ പെട്ടെന്നു് ഒന്നാകെ അഭിവൃദ്ധിപ്പെടുത്തത്തക്ക സാമ്പത്തികനില ഇന്നു് നമുക്കില്ല. എങ്കിലും ആ കാര്യത്തിൽ ഗവണ്മെൻറിൻെറ ശ്രദ്ധ വേണ്ടുവോളം പതിഞ്ഞിട്ടുണ്ടെന്നു കാണുന്നതു് സന്തോഷാവഹമാണു്.

സർ, വി. ആർ. ഡി. എന്നു പറയുന്നതു് വളരെ പണം ആവശ്യമുള്ള ഒരു ഡിപ്പാർട്ടുമെൻറാണെങ്കിലും വളരെ കുറച്ചു പണം മാത്രമേ അതിലേയ്ക്കു് നീക്കിവച്ചിട്ടുള്ളു. ഇതിനെപ്പററി തിരുവല്ലാ സബ്ഡിവിഷൻ കമ്മിററി രേഖപ്പെടുത്തിയിട്ടുള്ള പ്രമേയത്തിലേയ്ക്കു ഞാൻ ഗവണ്മെൻറിൻെറ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. ശ്രീ. എം. എം. മത്തായി ചോദിച്ച ചോദ്യത്തിനുത്തരമായി തിരുവല്ലാത്താലൂക്കിൽ 1500 മൈൽ റോഡു് നാട്ടുകാർ വെട്ടി എങ്കിലും അതിൽ കുറേ ഭാഗം മാത്രമേ ഗവണ്മെൻറിലേയ്ക്കെടുക്കാൻ സാധിച്ചിട്ടുള്ളുവെന്നു ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഇതു് വലിയ അനീതിയാണെന്നു പറയാതെ തരമില്ല. അതുകൊണ്ടു് കൂടുതൽ റോഡുകൾ ഗവണ്മെൻറിലേയ്ക്കെടുക്കാൻ വേണ്ടി വരുന്ന തുക കൂടുതലായി അലാട്ടുചെയ്യണമെന്നുകൂടി ഞാൻ ഗവണ്മെൻറിനോടപേക്ഷിക്കുന്നു. വർക്കു് എസ്റ്റാബ്ലിഷ്മെൻറു് സ്റ്റാഫ് എന്നു പറഞ്ഞു് വളരെ അധികം അവശത അനുഭവിക്കുന്ന ഒരു വിഭാഗം ഈ ഡിപ്പാർട്ടുമെൻറിലുണ്ടു്. 1954 മാർച്ചിൽ നടന്ന ഒരു കാൺഫറൻസിൻെറ ഫലമായി ഇന്നു് അവർ പെർമനെൻറു് ആണെന്നു വന്നിട്ടുണ്ടു്. എങ്കിലും അവരുടെ അവകാശങ്ങൾ അംഗീകരിച്ചുകൊടുക്കേണ്ട ചുമതല ഇനിയും ഈ സർക്കാരിനുണ്ടെന്നു് ഞാൻ അനുസ്മരിപ്പിച്ചുകൊള്ളുന്നു. ആ കാര്യത്തിൽ മദ്ധ്യതിരുവിതാംകൂർ വർക്കു് എസ്റ്റാബ്ലിഷ്മെൻറു് സ്റ്റാഫ് അസോസിയേഷൻ പറഞ്ഞിട്ടുള്ള കാര്യങ്ങളും വകവച്ചു കൊടുക്കേണ്ടതാണു്.

ഈ അവസരം ഉപയോഗിച്ചുകൊണ്ടു് ചില പ്രാദേശികകാര്യങ്ങളെപ്പററി സൂചനാത്മകമായി ചിലതു പറയാമെന്നു് വിചാരിക്കുന്നു. ആദ്യമായി എനിക്കു പറയുവാനുള്ളതു്, പുളിക്കീഴു് പാലത്തെപ്പററിയാണു്. കഴിഞ്ഞ ബഡ്ജററിൽ ഇതിനുള്ള തുക ഉൾപ്പെടുത്തിയിരുന്നു എന്തുകൊണ്ടോ ആ ഗവണ്മെൻറിൻെറ അവസാനകാലത്തിൽ, ഇതിനുള്ള തുക ബഡ്ജററിൽ ഉൾപ്പെടുത്തിയിട്ടുണ്ടു് എന്നു് ജനപ്രതിനിധികൾ ജനങ്ങളെ പറഞ്ഞു മനസ്സിലാക്കിയിരുന്നു എങ്കിലും ബഡ്ജററിൽ അതിനുള്ള തുക കണ്ടില്ല. വളരെയധികം ആവശ്യമുള്ളതും അവിടത്തെ പുതിയ സബ്ഡിവിഷൻ കമ്മിററി ഏററവും അധികം മുൻഗണന കൊടുക്കണമെന്നു് ഗവണ്മെൻറിനോടു് ഒരു പ്രമേയംമുഖേന ആവശ്യപ്പെട്ടിട്ടുള്ളതുമായ ഈ പാലത്തിൻെറ പണി കഴിയുന്നതും വേഗത്തിൽ നടത്തേണ്ടതാണു്. മറെറാന്നു് ഇട്ടിനായർ കടത്തുകടവിലെ പാലം ആണു്. ഇതിനെപ്പററിയും പലതവണ ആവശ്യപ്പെട്ടിട്ടുള്ളതാണു്. ഇതും ഏത്രയും വേഗത്തിൽ തീർത്തുതരണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

സ്വാമിപാലം പണിയുന്നതിലേയ്ക്കു് ടെൻഡർ വിളിച്ചു എങ്കിലും എന്തു കാരണംകൊണ്ടോ ഇതുവരെ പണി നടന്നിട്ടില്ല. പൊടിയാടിത്തോടു്, കാരയ്ക്കൽതോടു്, പന്നായിൽനിന്നും ചെന്നിത്തല-മാന്നാർ പാടങ്ങളിലേയ്ക്കു് ഒരു തോടു് മുതലായ തോടുകൾ അവിടത്തെ കാർഷികാഭിവൃദ്ധിയ്ക്കു് അത്യന്താപേക്ഷിതങ്ങളാണു്. അവിടത്തെ കർഷകജനതയുടെ സഹകരണത്തോടുകൂടി ഈ തോടുകൾ വളരെ എളുപ്പത്തിൽ വെട്ടിത്തീർക്കുവാൻ സാധിക്കും. അതുപോലെതന്നെ, തിക്കപ്പുഴ കലുങ്കും പന്നായിപ്പാലവും പണിയേണ്ടതു വളരെ അത്യാവശ്യമാണു്. ഇല്ലിമല ചങ്ങാടം ഉടൻ അനുവദിക്കണം. ഇനി എനിക്കു് പറയുവാനുള്ളതു്, ചില റോഡുകളുടെ കാര്യമാണു്. സബ്ഡിവിഷൻ വർക്സ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ള റോഡുകൾക്കു് മുൻഗണന കൊടുത്തു് എത്രയും വേഗത്തിൽ പണിതു തീർക്കേണ്ടതാണു്. തൃപ്പെരുന്തുറ, ചെന്നിത്തല, കടപ്ര കിഴക്കുഭാഗം എന്നിവിടങ്ങളിലുള്ള പ്രാദേശികാവശ്യങ്ങൾ വളരെയധികം നിഷേധിക്കപ്പെട്ടു കിടക്കുകയാണെന്നും അക്കാര്യത്തിൽ ഗവണ്മെൻറു് പ്രത്യേകം ശ്രദ്ധിക്കണമെന്നുംകൂടി ഞാൻ ഈ അവസരത്തിൽ അഭിപ്രായപ്പെട്ടുകൊള്ളുന്നു. മണിപ്പുഴ-മാവേലിക്കരറോഡു് സെമിഗ്രൗട്ടു് ചെയ്യേണ്ട കാര്യം അമാന്തിക്കരുതു്.

ശ്രീ. പ്രാക്കുളം ഭാസി: സർ, പബ്ലിക്ക് വർക്സ് ഡിപ്പാർട്ടുമെൻറു് ബാക്കിയുള്ള എല്ലാ ഡിപ്പാർട്ടുമെൻറുകളെക്കാളും കൂടുതൽ ധനാഭ്യർത്ഥന നടത്തുന്ന ഒരു ഡിപ്പാർട്ടുമെൻറാണു്. ഈ ഡിപ്പാർട്ടുമെൻറു് മുഖാന്തരം വളരെയധികം തുക ചെലവുചെയ്യുന്നുണ്ടു്. നല്ല തുക വർഷംതോറും ലാപ്സാകുകയാണെന്നുള്ള പരാതി ഈ സഭയിൽ ബഹുമാനപ്പെട്ട മെംബറന്മാർ എല്ലാ വർഷങ്ങളിലും പറയാറുണ്ടു്. ഇങ്ങനെ തുകകൾ ലാപ്സാകുന്നതു് ഒന്നുകിൽ ഡിപ്പാർട്ടുമെൻറിലെ മേലധ്യക്ഷൻെറയോ അല്ലെങ്കിൽ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരുടെയോ അനാസ്ഥകൊണ്ടാണെന്നുള്ളതിനു് സംശയമില്ല. പക്ഷെ, ഇതിനു് വേറൊരു വശംകൂടിയുണ്ടു്. സർ, ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥയുണ്ടെങ്കിലും അതിനെക്കാൾ കൂടുതലായി ലാൻഡ് അക്വിസിഷൻ, അഡ്മിനിസ്ട്രേറ്റീവ് സാംക്ഷൻ, എസ്റ്റിമേററു് തയ്യാറാക്കൽ എന്നിവയ്ക്കു വേണ്ടിവരുന്ന കാലതാമസവും തുക ലാപ്സാകുന്നതിനുള്ള പ്രധാനമായ കാരണങ്ങളാണു്. എസ്റ്റിമേററു് തയ്യാറാക്കി പണിയാരംഭിക്കുന്നതിനുവേണ്ടി അഡ്മിനിസ്ട്രേറ്റീവ് സാംക്ഷനു പോയാൽ മാസങ്ങളല്ല വർഷങ്ങളായാലും സാംക്ഷൻ കിട്ടുന്നില്ല. ഇങ്ങനെയുള്ള കാര്യങ്ങൾക്കു് ഡിപ്പാർട്ടുമെൻറു് ഉദ്യോഗസ്ഥന്മാരെ മാത്രം കുററപ്പെടുത്തുവാൻ സാധിക്കയില്ല. ലാൻഡ് അക്വിസിഷൻസിനെ സംബന്ധിച്ചിടത്തോളം പി. ഡബ്ലിയു. ഡി.യിലെ ഉദ്യോഗസ്ഥന്മാർക്കു് അധികാരം കൊടുക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്. അതുപോലെതന്നെ "വികേന്ദ്രീകരണം" എപ്പോഴും പറയുന്ന പി എസ്സ്. പി. ഗവണ്മെൻറു് ഇതിനുവേണ്ട പരിഹാരം ഉണ്ടാക്കേണ്ടതാണു്. ഡിപ്പാർട്ടുമെൻറു് മേലധ്യക്ഷനും, ഉയർന്ന ഉദ്യോഗസ്ഥന്മാർക്കും കുറേക്കൂടി അധികാരങ്ങൾ നൽകിയാൽമതി. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി. കെ. കുഞ്ഞു്, പഞ്ചായത്തിലെ ജോലികൾ കാര്യക്ഷമമായി നടക്കുന്നതിലേയ്ക്കു് പഞ്ചായത്തു ഡയറക്ടറേക്കു് കൂടുതൽ അധികാരങ്ങൾ നൽകണമെന്നുപറഞ്ഞതുപോലെ, പി. ഡബ്ലിയു. ഡി. ഉദ്യോഗസ്ഥന്മാർക്കു് അധികാരം കൊടുക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

[ശ്രീ. പ്രാക്കുളം ഭാസി]

ചീഫ് ഇൻജിനീയർക്കും, എക്സിക്യൂട്ടീവ് ഇൻജിനീയർവരെയുള്ള ഉദ്യോഗസ്ഥന്മാർക്കും ആ അധികാരങ്ങൾ വിട്ടുകൊടുക്കുകയാണെങ്കിൽ ജോലികൾ കാലതാമസംകൂടാതെ നടക്കുന്നതാണ്.

സർ, എന്റെ നിയോജകമണ്ഡലമായ തൃക്കടവൂർ നിയോജകമണ്ഡലം സിവിൽ വർക്സ് ലിസ്റ്റ് നോക്കിയതിൽ ഇല്ലെന്നു തോന്നിപ്പോകുന്നു. ബിൽഡിംഗിന് ആയാലും ശരി, റോഡുകൾക്കായാലുംശരി അവിടെ ഒരു ഒററ പൈ പോലും ഗവണ്മെന്റ് ബഡ്ജററിൽ കൊള്ളിച്ചിട്ടില്ല. ആ നിയോജകമണ്ഡലത്തിൽപ്പെട്ട കിളികൊല്ലൂർ, കൊല്ലം, തൃക്കടവൂർ ഈ പകുതികളിൽ ഗവണ്മെന്റ് നാളതുവരെ യാതൊന്നും ചെയ്തിട്ടില്ല. അതിന്റെ കാര്യമെന്താണെന്ന് മനസ്സിലാകുന്നില്ല. സ്വേച്ഛാധികാരസമയത്തും, കാൺഗ്രസ്സ് ഗവണ്മെന്റിന്റെ കാലത്തും തുടർന്നിരുന്ന അതേ നയംതന്നെയാണ് ഈ കാര്യത്തിൽ പി. എസ്. പി. ഗവണ്മെന്റും തുടരുന്നതെന്ന് തോന്നുന്നു. സർ, പെരിനാട്ട്, സാർ തന്നെ പ്രതിനിധീകരിച്ച് ഈ സഭയിൽ വന്നിട്ടുണ്ട്. മെഡിക്കൽവകുപ്പുമന്ത്രിയും അവിടത്തെ പ്രതിനിധിയായിരുന്നിട്ടുണ്ട്. ഇന്നത്തെ കൊല്ലം ടൗണും, പെരിനാട്ടുമായി ബന്ധിക്കുന്നതിന് ഒരു പാലത്തിനുവേണ്ടി നാട്ടുകാർ കഴിഞ്ഞ 26 വർഷങ്ങളായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നതാണ്.

"I write to inform you that the construction of the Perinad Bridge will wait until cement and iron rod become available."

ഇങ്ങനെ ഒരു മറുപടി അനവധി നിവേദനങ്ങൾ ഗവണ്മെന്റിലേയ്ക്ക് അയച്ചതിന്റെ ഫലമായി 1949-ൽ ചീഫ്സെക്രട്ടറിയിൽ നിന്ന് ലഭിക്കുകയുണ്ടായി. സർ, സിമന്റും മററുമെല്ലാം സുലഭമായി ലഭിക്കുന്ന ഈ വേളയിൽ പണിയിക്കരുതോ എന്നാണ് എനിക്കു ചോദിക്കുവാനുള്ളത്. വെങ്കാങ്കര കടവിലായാൽ കുറെക്കൂടി ലാഭത്തിൽ ജോലി തീർക്കാമെന്നാണു തോന്നുന്നത്. ആയിരക്കണക്കിന് ആളുകൾ കൂടിയ ഒരു യോഗത്തിൽ പ്രത്യേകിച്ച് മന്ത്രി ശ്രീ. പി. കെ. കുഞ്ഞ് ആദ്ധ്യക്ഷം വഹിച്ച ആ യോഗത്തിൽ പാസ്സാക്കിയ മുഖ്യപ്രമേയമായിരുന്നു അതു്. കഴിഞ്ഞ ദിവസം ചോദ്യോത്തരവേളയിൽ ഈ കാര്യം രണ്ടാമത്തെ പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്താൻ ആലോചിക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞു. എനിക്കു പറയുവാനുള്ളത് അതു് ആലോചനയിൽമാത്രം കലാശിക്കരുതെന്നാണ്. പെരിനാട്ടുകാരുടെ ന്യായമായ അവകാശങ്ങൾ ഈ ഗവണ്മെന്റെങ്കിലും സാധിച്ചുകൊടുക്കണമെന്നാണ് ഞാൻ ഈ അവസരത്തിൽ ആവശ്യപ്പെടുന്നത്. സർ, എനിക്ക് സംസാരിക്കുവാനുള്ളത് ക്യനാൽ സബ്ഡിവിഷനെക്കുറിച്ചാണ്. ക്യനാൽ സബ്ഡിവിഷനിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ആരായിരുന്നാലുംശരി അദ്ദേഹം ഡിപ്പാർട്ടുമെന്റുകാര്യങ്ങൾ ശരിയായി നോക്കുന്നില്ലെന്നാണ് പറയേണ്ടിയിരിക്കുന്നത്. ഈ രാജ്യത്തെ മിക്ക ബോട്ടുജട്ടികളും പ്രത്യേകിച്ച് "അഷ്ടമുടി" ബോട്ടുജട്ടി തകർന്നിരിക്കുകയാണ്. ജട്ടിയിലെ പലകകൾ ഇളകിപ്പോയതുകൊണ്ട് അനേകം അപകടങ്ങളുണ്ടാകുന്നുണ്ട്. പത്രങ്ങൾ മുഖേനയും മററുവിധത്തിലും ഈ കാര്യം ഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ട്. കൊല്ലം ക്യനാൽ ആഫീസ

റാണെങ്കിൽ പലകകൊണ്ടുള്ള ജട്ടിക്ക് ഒരു എസ്റ്റിമേററും കോൺക്രീററുകൊണ്ടുള്ള ഒരു ജട്ടിക്ക് എസ്റ്റിമേററും തയ്യാറാക്കി സബ്ഡിവിഷനൽ ആഫീസർക്ക് അയച്ചിട്ട് നാലുമാസമായി. ആ കാര്യത്തിൽ ഇതുവരെ സബ്ഡിവിഷൻ ഒന്നും പ്രവർത്തിച്ചിട്ടില്ല. പലകപ്പാലമായാലും മതി ഏതെങ്കിലും ഒരു പാലം അവിടെ വളരെ അത്യാവശ്യമാണ്. അല്ലെങ്കിൽ അവിടെ കൂടുതൽ അപകടങ്ങൾ ഉണ്ടാകും. അതുപോലെതന്നെ അവിടെ നാട്ടുകാർ വെട്ടിയിട്ടുള്ള റോഡുകളാണ് അധികമുള്ളത്. ഗവണ്മെൻറിൽനിന്നും ഇതുവരെയായി യാതൊന്നും ചെയ്തുതന്നിട്ടില്ലെങ്കിലും നാട്ടുകാർ 22 അടി വീതിയിൽ വളരെ അധികം തെങ്ങുകളും മററും നഷ്ടപ്പെട്ട് ഉണ്ടാക്കിയിട്ടുള്ള ഒരു റോഡ് പ്രത്യേകിച്ച് പ്രാക്കുളം ഇംഗ്ലീഷ് ഹൈസ്കൂൾമുതൽ സാമ്പ്രാണിക്കോടിവരെ വെട്ടിയിട്ടുള്ള ആ റോഡ് ഒന്നു നന്നാക്കി, കലുങ്കുകളും മററും കെട്ടി, മെററൽ ചെയ്തുതരണമെന്ന് അഭ്യർത്ഥിക്കുന്നു. ഗ്രാമീണ റോഡുകൾക്കു വേണ്ടിയുള്ള 162 ലക്ഷം രൂപ ചെലവു ചെയ്യുന്ന രണ്ടു പഞ്ചവത്സരപദ്ധതിയിലും (V. R. D.Section) അവിടത്തെ റോഡുകൾ ഒന്നും ഉൾക്കൊള്ളിച്ചിട്ടില്ല. കിളികൊല്ലൂരും കണ്ടച്ചിറയുമായി ചേരുന്ന ഒരു സ്ഥലമുണ്ട്. അവിടെ ഒരു പാലം ഉണ്ട്. ആ പാലത്തിൻെറ രണ്ടുവശമുള്ള റോഡ് നന്നാക്കേണ്ടതാണ്. മാമൂട് എന്ന സ്ഥലത്ത് ഒരു ബോട്ടുജട്ടിയുണ്ട്. അവിടെ ഒരു നൈററ്സായിൽ ഡിപ്പോയും ഉണ്ട്. ഈ സഭാനേതാവ് ശ്രീ. പട്ടം താണുപിള്ള ആ സ്ഥലം സന്ദർശിച്ചിട്ടുണ്ട്. അവിടത്തെ ആ മലംഡിപ്പോ മാററണമെന്ന്, ആളുകൾ പലപ്രാവശ്യവും ഗവണ്മെൻറിലേയ്ക്കു നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ആ ഡിപ്പോ കഴിയുന്നതും വേഗത്തിൽ അവിടന്നു മാററി സ്ഥാപിക്കുവാൻ വേണ്ട നടപടിയെടുക്കേണ്ടതാണ്.

സർ, മോട്ടോർ ബോട്ടുകളുടെ കാര്യംകൂടി പറയണമെന്നു വിചാരിക്കുകയാണ്. മോട്ടോർ ബോട്ടുകൾ സാധാരണയായി യാത്രക്കാരെ കയററുന്നതിനുവേണ്ടിയുള്ളതാണെങ്കിലും ഇപ്പോൾ കൂടുതൽ സാമാനങ്ങളും കയററിക്കൊണ്ടു പോകുന്നത്. അതുമുഖാന്തരം യാത്രക്കാർ ബുദ്ധിമുട്ടുന്നതു കൂടാതെ നാവികത്തൊഴിലാളികളുടെ ഇടയിൽ തൊഴിലില്ലായ്മ വർദ്ധിച്ചിട്ടുണ്ട്. ഞാൻ മെക്കാനൈസേഷൻ എതിർക്കുന്നില്ല. എങ്കിലും ബാർജ് കെട്ടിവലിസമ്പ്രദായവും നിറുത്തൽ ചെയ്യേണ്ടതാണ്. എന്തെന്നാൽ, അത്രമാത്രം നാവികത്തൊഴിലാളികൾ ഇന്നു കഷ്ടപ്പെടുന്നുണ്ട്.

സർ, ഈ ഡിപ്പാർട്ടുമെൻറിലെ കോൺട്രാക്ററ്സിസ്റ്റം അവസാനിപ്പിക്കണം. പഞ്ചായത്തുകൾ മുഖേനയോ, പ്രാദേശിക സംഘടനകൾ മുഖേനയോ ജോലികൾ നടത്തിക്കുവാൻ ഗവണ്മെൻറ് ശ്രദ്ധിക്കണം. ആലപ്പുഴ–ചേർത്തലത്തോട് പൂർത്തിയാക്കണമെന്ന് ഈ ഗവണ്മെൻറ് ആഗ്രഹിക്കുന്നതായി മുഖ്യമന്ത്രി ഇവിടെ പറയുകയുണ്ടായി. അത് കോൺട്രാക്ററു കൊടുക്കാതെ പഞ്ചായത്തുകളെ ഏൽപ്പിക്കുന്നതായാൽ കാലതാമസംകൂടാതെ പൂർത്തിയാകുന്നതാണ്. അവിടെ ഈ പദ്ധതി പി. ഡബ്ലിയു. ഡി. മന്ത്രി ഒന്നു പരീക്ഷിച്ചുനോക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്.

വർക്ക് എസ്റ്റാബ്ലിഷ്മെൻറ്, മസ്റ്റർറോൾസ് എന്നീ ജീവനക്കാർ അവരുടെ യൂണിയൻ മുഖാന്തരം ആവശ്യപ്പെട്ടിരിക്കുന്ന, ന്യായവും മിതവുമായ അവകാശങ്ങൾ അനുവദിച്ചുകൊടുക്കേണ്ടതാണ്. കൊല്ലം

[ശ്രീ. പ്രാക്കുളം ഭാസി]

താലൂക്കിലെ ജലസേചനപദ്ധതികൾ, അവിടത്തെ സബ്ഡിവിഷൻ കമ്മിററി ശുപാർശചെയ്തു അയച്ചിട്ടും അതിനുവേണ്ട തുക ബഡ്ജററിൽ കൊള്ളിച്ചിട്ടില്ല. എന്താണ് കാരണമെന്നറിയുന്നില്ല. ഇതുവരെ ഒന്നും നടന്നിട്ടില്ല. ഈ കാര്യങ്ങളും ഗവമെൻറ് ശ്രദ്ധിക്കേണ്ടതാണ്. കൊല്ലം താലൂക്കിൽ പെരുങ്കുളം ഏലായിലെ കൃഷിനാശത്തിന് വേണ്ട നടപടിയെടുക്കുകയും കിഴക്കേക്കല്ലടയിലെ ജലസേചനപദ്ധതി ഉടനടി ആരംഭിക്കുകയും വേണം. കൊല്ലം ടൗണിലെ ഇരുമ്പു പാലത്തിൻെറ സ്ഥിതി അപകടത്തിലാണ്. ട്രാൻസ്പോർട്ട് ബസ്സുകൾ 6 മൈൽ ചുററിയാണ്, ഈ പാലത്തിൻെറ സ്ഥിതിമൂലം ആലപ്പുഴയ്ക്കു പോകുന്നതു്. ആ പാലം പൊളിച്ചിട്ട് ഒരു നല്ല പാലം ഉടനടി പണിയിക്കേണ്ടതു് അത്യാവശ്യമാണ്. കൊല്ലം തുറമുഖത്തിൻെറ കാര്യംകൂടി പറഞ്ഞുകൊണ്ട് സർ, ഞാൻ എൻെറ പ്രസംഗം അവസാനിപ്പിക്കാം. ആലപ്പുഴ തുറമുഖത്തിന് അനുവദിച്ചിട്ടുള്ള തുകയിൽ മിച്ചം വരികയാണെങ്കിൽ ഈ തുറമുഖത്തിന് ചെലവാക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ചരിത്രപ്രസിദ്ധമായ കൊല്ലത്തെ തുറമുഖം വികസിപ്പിക്കേണ്ടതും ആവശ്യമാണ്. ഇതുസംബന്ധിച്ചു് ദിവാനായിരുന്ന മി. വാട്സിനു് ഒരു പദ്ധതിയുണ്ടായിരുന്നു. കൊച്ചി തുറമുഖം അഭിവൃദ്ധിപ്പെടുത്തിയതുപോലെതന്നെ നീണ്ടകര അഴിയുടെ സൗകര്യം പ്രയോജനപ്പെടുത്തണമെന്ന് അദ്ദേഹത്തിന് ഉദ്ദേശമുണ്ടായിരുന്നു. സർ, അതു് സെക്രട്ടറിയേററിലെ പഴയ ഫയലുകൾ നോക്കിയാൽ കാണാവുന്നതാണ്. ആ ഫയലുകൾ നോക്കി ഈ കാര്യത്തിന് വേണ്ടതു് ഉടനടി ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

ശ്രീ. ഏ. ജെ. ജാൺ: സർ, ശ്രീമാൻ ചന്ദ്രശേഖരപിള്ള അവതരിപ്പിച്ചിരിക്കുന്ന ഈ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു. തിരുവിതാംകൂർ-കൊച്ചിയിൽ ധാരാളം തൊഴിലില്ലായ്മയുണ്ടെന്നു് മിക്കവാറും എല്ലാ മെംബർമാർ പറഞ്ഞുകഴിഞ്ഞു. ഈ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സിവിൽവർക്സിനു ധാരാളംപണം കൊള്ളിക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്. അതിന് ഇപ്പോൾ ചേർത്തിരിക്കുന്ന തുകയെക്കാൾ വളരെക്കൂടുതൽ തുകചേർത്തു് വളരെ കൂടുതൽ വർക്സ് നടപ്പിൽ വരുത്തേണ്ടതു് ആവശ്യമായ സംഗതിയാണ്. പണം ഇവിടെ ഇല്ലെങ്കിൽ കേന്ദ്രഗവമെൻറിൽനിന്നും ഗ്രാൻറായോ ലോണായോ തുകകൾ വാങ്ങേണ്ടതാണ്. ഇന്നു് തിരുവിതാംകൂർ-കൊച്ചിയിൽനിന്നും അന്യരാജ്യങ്ങളിലേയ്ക്കു് കയററി അയയ്ക്കുന്ന അതായതു്, ഡാളർ ഏരിയായിലും സ്റ്റെർലിംഗ് ഏരിയായിലും കയററി അയച്ചുകൊണ്ടിരിക്കുന്ന, സാധനങ്ങളുടെ വിലക്കുറവുമൂലം നമുക്കു ഒരു വലിയതുക നഷ്ടമുണ്ട്. ഡാക്ടർ പി. ജെ തോമസ്സിൻെറ അഭിപ്രായത്തിൽ എഴുപതുകോടിയോളം രൂപ നഷ്ടം ഈ കൊല്ലം ഉണ്ടാകുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നതു്. അങ്ങനെയാണെങ്കിൽ ഈ രാജ്യത്തുള്ള ആളുകൾ കൈകാര്യം ചെയ്യുന്നതിൽ അൻപതോ എഴുപതോ കോടി രൂപ കുറവുണ്ടാകാം. തന്മൂലം തൊഴിൽ കുറയുന്നതാണ്. അങ്ങനെ ഇപ്പോഴുള്ള തൊഴിലില്ലായ്മ കുറെക്കൂടി വർദ്ധിക്കുന്നതിന് എളുപ്പമാണുള്ളതു്. ഏകദേശം 100 ലക്ഷം ആളുകൾ ഉള്ള തിരുവിതാംകൂർ-കൊച്ചിയിൽ, തൊഴിലില്ലായ്മ വളരെ

വർദ്ധിക്കുവാനാണ് ഇടയുള്ളൂ. ഇങ്ങനെയുള്ള സ്ഥിതിഗതികൾ ഇൻഡ്യയിലെ മറ്റൊരു സ്റ്റേറ്റിലും ഇല്ല. ഡാളർ ഏരിയായിലേയ്ക്കും സ്റ്റെർലിംഗ് ഏരിയായിലേയ്ക്കും താരതമ്യേന ഇത്ര വളരെ സാധനങ്ങൾ കയറ്റുമതി അയയ്ക്കുന്നതായി വേറൊരു സ്റ്റേറ്റുമില്ല.

അതുകൊണ്ട് ഈ സ്റ്റേറ്റിന്റെ പ്രത്യേകമായിട്ടുള്ള പരിതഃസ്ഥിതികളെ പരിഗണിച്ച് ഇതിലേയ്ക്ക് ആവശ്യമായ തുകകൾ നാം ആവശ്യപ്പെട്ടാൽ ഇൻഡ്യാഗവണ്മെന്റിൽനിന്നും ലഭിക്കുമെന്നാണ് എനിക്കു പറയുവാനുള്ളത്. ഈ അടുത്തകാലത്തു കേന്ദ്രഫൈനാൻസ് മിനിസ്റ്റർ ഇവിടെവന്ന് ഇവിടത്തെ തൊഴിലില്ലായ്മയെപ്പറ്റി വളരെ നല്ലവണ്ണം മനസ്സിലാക്കിയശേഷം അദ്ദേഹംതന്നെ വളരെ ഉത്തരവാദപ്പെട്ട ആളുകളോടു പറയുകയുണ്ടായി, ഏതെങ്കിലും ശരിയായ പ്ലാനുണ്ടാക്കി ഇവിടത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു ശ്രമിക്കയാണെങ്കിൽ സെൻട്രലിൽനിന്നും ആവശ്യമായ ധനസഹായം ചെയ്യുമെന്ന്. ഈ രാജ്യത്തെ പ്രത്യേകമായ പരിതഃസ്ഥിതികാണിച്ച് ഇൻഡ്യാഗവണ്മെന്റിൽ നിന്നും ഗ്രാൻറായോ അല്ലെങ്കിൽ ലോണായോ ധനസഹായം വാങ്ങാൻ കഴിയും. രാജ്യത്തെ തൊഴിലില്ലായ്മയിൽ നിന്നും രക്ഷിക്കുന്നതിനുവേണ്ടി വലുതായ തുക ഇവിടെ ചെലവാക്കേണ്ടതു ഏററവും അത്യാവശ്യമാണ്. മററ സ്റ്റേറ്റുകൾ പത്തും പതിനഞ്ചും ഇരുപത്തുംകോടി രൂപ വീതം ഈവക സംഗതികൾക്കായി ലോൺ വാങ്ങിയിട്ടുണ്ടെന്നറിയാം. ആ സ്ഥിതിക്ക് മററ സ്റ്റേറ്റുകളെക്കാൾ കൂടുതലായി നമുക്ക് നേരിട്ടിരിക്കുന്ന അത്യാവശ്യ പരിതഃസ്ഥിതികൾ കാണിച്ച് ഇൻഡ്യാഗവണ്മെന്റിനോടു അപേക്ഷിക്കയാണെങ്കിൽ അതിനുവേണ്ട ധനസഹായം കിട്ടുമെന്നാണ് ഞാൻ പറയുന്നത്.

ശ്രീ. പ്രാക്കുളം ഭാസി: കേന്ദ്രഗവണ്മെന്റിൽനിന്നും ഒരു വലിയ തുക വാങ്ങുന്നതിനെക്കുറിച്ച് ഈ സഭയിലെ എല്ലാ പാർട്ടി അംഗങ്ങളും കൂടിച്ചേർന്ന് ഐകകണ്ഠ്യേന ഒരു തീരുമാനം അയയ്ക്കുന്നതു നന്നായിരിക്കയില്ലേ?

ശ്രീ. എ. ജെ. ജാൺ: നന്നായിരിക്കുമെന്നാണ് എനിക്കു തോന്നുന്നത്. വെസ്ററ്ബംഗാൾ അവരുടെ ആവശ്യത്തിലേയ്ക്കു കടം വാങ്ങിയിട്ടുണ്ട്. പക്ഷെ കടംവാങ്ങിച്ചാൽ അതു കൊടുത്തുതീർക്കുന്നതിനു പ്രത്യേക ശ്രമം ചെയ്യേണ്ടിവരും

സർ, ഈ രാജ്യത്തു പൂഞ്ഞാർ എന്നൊരു നിയോജകമണ്ഡലമുണ്ട്. അവിടത്തെ ഒരു പ്രതിനിധിയാണ് ഞാൻ. ആ സ്ഥലത്ത് ഗതാഗത സംബന്ധമായി യാതൊരു സൗകര്യവുമില്ലെന്നു പ്രത്യേകം പറയേണ്ടിയിരിക്കുന്നു. ഗതാഗതസൗകര്യമില്ലാത്തതുകൊണ്ട് പബ്ലിക്ക് വർക്ക്സ് ഡിപ്പാർട്ടുമെന്റുദ്യോഗസ്ഥന്മാർ അവിടെ സാധാരണ പോകാറില്ല. ഉയർന്ന ഉദ്യോഗസ്ഥന്മാർക്കു പോകണമെങ്കിൽ കാറിൽവേണം പോകാൻ. എന്റെ സ്വന്ത അനുഭവംവച്ചുകൊണ്ടുപറഞ്ഞാൽ ആ നിയോജകമണ്ഡലത്തിൽ നടന്നുപോകുന്നതിനുപോലും യാതൊരുമാർഗ്ഗവും ഇല്ലാത്തതുകൊണ്ട് കസേരയിൽ മുളവച്ചുകെട്ടി ആളുകളെ എടുത്തുകൊണ്ടുപോവുകയാണു ചെയ്യുന്നത്.

ശ്രീ. എ. താണുപിള്ള: ഇതു് മെംബർ കാൻഡിഡേററായി അവിടെ പോയപ്പോൾ മാത്രം അറിഞ്ഞതാണോ?

ശ്രീ. എ. ജെ. ജോൺ: അവർ അനുഭവിക്കുന്ന ദുരിതം എന്നെ അറിയിക്കുന്നതിനു ഒരു മലയുടെ മുകളിൽ കയറണമെന്നു് എന്നോടു പറഞ്ഞു. എനിക്കു് സാദ്ധ്യമല്ലെന്നു പറഞ്ഞപ്പോൾ എന്നെ ഒരു കസേരയിൽ ഇരുത്തി മുളവച്ചുകെട്ടി മുകളിലേയ്ക്കു് കൊണ്ടുപോകുകയാണു് ചെയ്തതു്. എല്ലാം മലകളുടേയും മുകൾവരെ തെങ്ങും കൂപ്പാവും റബ്ബറും എല്ലാം വച്ചുപിടിപ്പിച്ചിരിക്കയാണു്. അതു കണ്ടാൽ അമേരിക്കയിലുള്ളവർപോലും അതിശയിച്ചുപോകും. പാലായിൽനിന്നും ഉള്ള ഈരാററുപേട്ട–കാഞ്ഞിരപ്പള്ളിറോഡിൽ വർഷകാലത്തു വെള്ളം റോഡിന്റെ മദ്ധ്യത്തിൽക്കൂടിയാണു് ഒഴുകുന്നതു്. ആ റോഡുകളുടെയെല്ലാം രണ്ടു വശത്തും ഗട്ടർകെട്ടി ശരിപ്പെടുത്തിയില്ലെങ്കിൽ അവിടെയുള്ള റോഡുകൾ ഒന്നുംതന്നെ നിലനിൽക്കുകയില്ല. അവിടെയുള്ള ആളുകൾ വളരെ അധികം ആദായനികുതി കൊടുക്കുന്നവരാണു്. അവിടെ ചെല്ലുമ്പോൾ അവർ ചോദിക്കുന്നതു് ഇത്രയും ആദായനികുതിയും മററു നികുതികളും കൊടുക്കുന്ന ഈ നിയോജകമണ്ഡലംമാത്രം ആരും നോക്കാതിട്ടിരിക്കുന്നതു് എന്തുകൊണ്ടാണെന്നാണു്. അതിനാൽ ആ നിയോജകമണ്ഡലത്തിൽ ഉള്ള റോഡുകളെപ്പററി പ്രത്യേകമായി ഒരു അന്വേഷണം നടത്തി ആവശ്യമായ നടപടികൾ ഉടനെ ആരംഭിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. ഈവക സംഗതികളെപ്പററി പബ്ലിക്ക്‌വർക്ക്സ് മിനിസ്റ്റർ വളരെ നല്ലവണ്ണം ആലോചിച്ചു് സിവിൽവർക്ക്സിനു എത്രമാത്രം വലുതായതുക ചേർക്കാൻ സാധിക്കുമോ അത്രയുംതുക ചേർത്തു തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. വി. കെ. അച്യുതമേനോൻ: സർ, പബ്ലിക്ക്‌വർക്ക്സിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിന്റെ ദൃഷ്ടി ഈ സംസ്ഥാനത്തിന്റെ എല്ലാഭാഗത്തും ഒരുപോലെ എത്തുന്നുണ്ടോ എന്നുള്ളകാര്യം വളരെ സംശയമാണു്.

ഈ തലസ്ഥാനനഗരിയിൽനിന്നും 200 നാഴികയോളം ദൂരത്തു തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിന്റെ വടക്കെ അററമായ തലപ്പിള്ളിതാലൂക്കിൽ ഗതാഗതസൗകര്യങ്ങൾ വളരെ കുറവാണു്. ഉള്ള റോഡുകളിൽത്തന്നെ പലതും ഉപയോഗശൂന്യമായി കിടക്കുകയാണു്. ഉദാഹരണമായി ചിലതു ഞാൻ പറയാം. മുള്ളൂക്കര–ഇരുനിലംകോട് റോഡ്. രണ്ടുനാഴിക മാത്രം നീളമുള്ള ഈ റോഡ് പത്തുപന്ത്രണ്ടു കൊല്ലമായി കുണ്ടുംകുഴിയുംനിറഞ്ഞു വാഹനഗതാഗതത്തിനു തീരെ നിവൃത്തിയില്ലാതെ, മനുഷ്യർക്കു നടക്കുവാൻപോലും നിവൃത്തിയില്ലാതെ കിടക്കുകയാണു്. ഇപ്പോൾ വാഹനങ്ങളെല്ലാം പോകുന്നതു 18 നാഴികയോളം ചുററിവളഞ്ഞാണു്. ഇതുപോലെ വടക്കാഞ്ചേരി റയിൽവേസ്റ്റേഷനടുത്തു പല്ലാനിക്കാട്ടുനിന്നും കിഴക്കോട്ടു് മംഗലം–പനങ്ങാട്ടുകരവഴി മമ്പാട്ട–താണിക്കുടം റോഡിനെ കണക്ററു ചെയ്യുന്ന വേറൊരു റോഡുണ്ടു്. ഇതിന്റെ സ്ഥിതിയും വളരെ കഷ്ടമാണു്. വളരെ പ്രാധാന്യമുള്ള ഈ റോഡ് ഈ സ്ഥിതിയിൽ കിടക്കുന്നതുകൊണ്ടു് കച്ചവടസംബന്ധമായിത്തന്നെ വളരെ കഷ്ടനഷ്ടങ്ങൾ വരുന്നുണ്ടു്. ഇതു ഒരു പഞ്ചായത്തുവഴിയാണു്,

ഇതു പബ്ലിക്ക് വർക്സിലേയ്ക്കു എടുത്തു നല്ല ഒരു മെററൽറോഡു ആക്കുവാൻ ഞാൻ ഗവണ്മെൻറിനോടു അഭ്യർത്ഥിക്കുന്നു. സർ, വടക്കാഞ്ചേരിപ്പുഴയിൽ വെള്ളാററഞ്ചൂർ വില്ലേജിൽ പുഴയുടെ ഭാഗം ഒരു റോഡു വന്നുനിൽക്കുന്നുണ്ടു്. അവിടെ പുഴയ്ക്കു ഒരു പാലം ഇല്ലാത്തതിനാൽ വാഹനഗതാഗതത്തിനു തീരെ സൗകര്യമില്ലാത്തതും ആയതിനാൽ ഈ റോഡ് തീരെ ഉപയോഗശൂന്യമായി കിടക്കുകയുമാണു്. ഇപ്പോൾ വാഹനങ്ങൾ 20 മൈലോളം ചുററി വളഞ്ഞാണു് വരുന്നതു്.

സർ, വളരെ പ്രധാനപ്പെട്ട ഒന്നുരണ്ടുസംഗതികൾകൂടി പറഞ്ഞുകൊള്ളട്ടെ. എൻെറ നിയോജകമണ്ഡലത്തിൽ നടപ്പിൽവരുത്തിക്കൊണ്ടിരിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു പദ്ധതിയാണു് വാഴാനി പദ്ധതി, അഥവാ വടക്കാഞ്ചേരി റിവർ ഡെവലപ്പ്മെൻറ സ്കീം. ഉണക്കു ബാധിച്ചു നശിക്കുന്ന 10,000 ഏക്കർ ഭൂമിക്കു് വെള്ളം കൊടുക്കാം. അതിനുപുറമെ 6500 ഏക്കർ തരിശുഭൂമി, ഒന്നാംതരം കൃഷിഭൂമിയാക്കി എടുക്കുകയും ചെയ്യാം. ഇതാണു് ഈ പദ്ധതികൊണ്ടു് കിട്ടുന്ന ഗുണം. വടക്കാഞ്ചേരിപ്പുഴയിൽ വാഴാനിയിൽ 5500 ക്യൂബിക്കടി വെള്ളം കെട്ടിനിറുത്താവുന്നതരത്തിൽ ഒരു മൺചിറ ഉയർത്തുകയും പുഴയുടെ ഇരുഭാഗങ്ങളിൽക്കൂടി തോടുകൾവെട്ടി ജലസേചനാർത്ഥം വെള്ളമെത്തിക്കുകയുമാണു് ഈ പദ്ധതിയിൽ ഉൾക്കൊള്ളുന്നതു്. കേന്ദ്ര ടെക്നിക്കൽ പവ്വർബോർഡിൻെറ ഇപ്പോഴത്തെ ഡയറക്ടർ ഡാക്ടർ കെ. എൽ. റാവു വാഴാനിപദ്ധതി പരിശോധിക്കുകയുണ്ടായി. അവിടെച്ചെന്നു് അദ്ദേഹം സ്ഥലപരിശോധന കഴിഞ്ഞപ്പോൾ പല അനുകൂലസംഗതികളും നൽകാവുന്ന പ്രത്യേകം വിശേഷപ്പെട്ട ഒരു മൺചിറയാണെന്നാണു് അഭിപ്രായപ്പെട്ടതു്. ഒന്നുരണ്ടുഘട്ടങ്ങളായി ഏററവും ചുരുങ്ങിയ പരപ്പിൽ ഏററവും അധികം വെള്ളം ശേഖരിച്ചുനിറുത്തി വിപുലമായ വിധത്തിൽ ഉപയോഗപ്പെടുത്തുവാൻ കഴിവുള്ള ഈ പദ്ധതിക്കു് കൊച്ചി ഗവണ്മെൻറു പരിമിതമായ പ്ലാൻവെച്ചു തയ്യാറാക്കിയതിനേക്കാൾ എത്രയോ അധികം വികസനസാദ്ധ്യതയുണ്ടെന്നാണു് അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുള്ളതു്. ഈ മൺചിറ 15 അടികൂടി ഉയർത്തുന്നതായാൽ 5500 ലക്ഷം ക്യൂബിക്കടിയുടെ സ്ഥാനത്തു 12,000 ലക്ഷം ക്യൂബിക്കടി വെള്ളം നിറുത്താവുന്നതാണു്. ഇതു വെറും ഒരു മൺചിറയാണു്. മണ്ണു് അവിടെത്തന്നെ ഉണ്ടുതാനും. അതുകൊണ്ടു് ഈ പദ്ധതി ഉടനടി പൂർത്തിയാക്കേണ്ടതാണെന്നു പറഞ്ഞുകൊള്ളുന്നു. എന്നാൽ ഇവിടെ എന്താണു് ചെയ്തതു്. ആ പദ്ധതിയുടെ സംഖ്യയിൽനിന്നും 3 ലക്ഷം രൂപ വെട്ടിക്കുറിച്ചു. ഈ ചിറയുടെ ഉയരം 15 അടികൂടി കൂട്ടുന്നതായാൽ വലിയ ചെലവൊന്നും വരാനില്ലാത്തതും നിശ്ചിതകാലത്തിനുള്ളിൽ പൂർത്തിയാക്കാവുന്നതുമാണു്. അതുകൊണ്ടു് മൂന്നോ നാലോ ഇരട്ടി ഭൂമികൾക്കു് രക്ഷകിട്ടുന്നതുമാണു്. ഇപ്പോൾ ഈ പദ്ധതിയുടെ ലെഫ്ററ്ബാങ്കു് കനാൽ മാത്രമേ പണി തുടങ്ങിയിട്ടുള്ളു. റൈററബാങ്കു് കനാലിൻെറ പണി ഉടനെതന്നെ തുടങ്ങേണ്ടതാണു്.

സർ, ഈ താലൂക്കു് മൂന്നുനാലു കൊല്ലങ്ങളായി വെള്ളപ്പൊക്കു് ബാധിക്കുന്ന സ്ഥലങ്ങളാണു്. തിരുവില്വാമല, പഴയന്നൂർ മുതലായ സ്ഥലങ്ങളിൽ പൊന്നുവിളയുന്ന നെൽപ്പാടങ്ങൾ കരിഞ്ഞുപോകുകയാണെന്നും അതു് തടയുവാനുള്ള നടപടികൾ എടുക്കണമെന്നുമാണു് ഞാൻ

[ശ്രീ. വി. കെ. അച്യുതമേനോൻ]

അപേക്ഷിക്കുന്നതു്. അവിടെ പീരക്കടപ്പുഴയിൽ ഒരു ബണ്ടു നിർമ്മിച്ചു് വെള്ളം കെട്ടിനിർത്തുന്നതായാൽ ഇതിനൊരു അറുതിവരുന്നതാണു്. ഈ ബണ്ടിനുള്ള പ്രിലിമിനറി ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞിട്ടുണ്ടു്. വലിയ ചെലവില്ലാത്തതും എന്നാൽ ചെറുതല്ലാത്ത പ്രയോജനകരമുള്ളതുമാണു് ഈ സ്കീം. തലപ്പിള്ളി താലൂക്ക് ഇതരപ്രദേശങ്ങൾക്കു് നെല്ലുകൊടുക്കുന്ന ഒരു പ്രദേശമാണു്. അവിടെ മൈനർ ഇറിഗേഷൻവർക്സു് ധാരാളം ആവശ്യമാണു്. പുറംപോക്കുവകയായും സ്വകാര്യഉടമവകയായുമുള്ള കുളങ്ങളാണു് അവിടത്തെ കൃഷിക്കു് വെള്ളം തരുന്നതു്. അതെല്ലാം നികന്നും ഇടിഞ്ഞും ഉപയോഗശൂന്യമായി കിടക്കുകയുമാണു്. അവയെല്ലാം സംരക്ഷിച്ചു് സൂക്ഷിക്കുന്നതിനു് ഒരു സ്ഥിരം ഏർപ്പാടുതന്നെ ചെയ്യണം. ഈ കൊല്ലംതന്നെ അടിയന്തിരമായി ഈ കാര്യത്തിൽ ശ്രദ്ധപതിപ്പിക്കണമെന്നു് ഞാൻ ഗവണ്മെന്റിനോടു അഭ്യർത്ഥിക്കുന്നു.

ഒരു കാര്യംകൂടി പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളാം. തിരുവിതാംകൂർ-കൊച്ചിയുടെ വടക്കേ അതിർത്തിയായ ഭാരതപ്പുഴയിലെ വെള്ളം ഉപയോഗശൂന്യമായി ഒഴുകുകയാണു്. ആ പുഴ നിത്യമെന്നോണം ശുഷ്കവരികയുമാണു്. ഈ പുഴയിൽ അഞ്ചാറുനാഴിക ഇടവിട്ടു് ഇടവിട്ടു് ഓരോ ബണ്ടുകെട്ടി വെള്ളം നിർത്തുന്നതായാൽ മലബാറുകാർക്കും നമുക്കും കൃഷിക്കു് വളരെ പ്രയോജനകരമായിരിക്കും. ഇതു് മദ്രാസ് ഗവണ്മെന്റുമായി ആലോചിച്ചു് ചെയ്യേണ്ട ഒരു സംഗതിയാണു്. ഈ പുഴയിൽ വള്ളങ്ങളുടെ ഗതാഗതമില്ലാത്തതുകൊണ്ടു് ഇങ്ങനെ ബണ്ടിടുന്നതുകൊണ്ടു് യാതൊരു അസൗകര്യങ്ങളും നേരിടുന്നതല്ല. ഇതിൽ നിന്നുതന്നെ ലിഫ്റ്റ് ഇറിഗേഷൻപദ്ധതിയും കൊണ്ടുവരാം. പ്രാദേശികമായി വളരെയധികം വിഷയങ്ങൾ എനിക്കു് പറയാനുണ്ടു്. എന്റെ നിയോജകമണ്ഡലം സാധാരണ നിയോജകമണ്ഡലംപോലെ അല്ല. പത്തുനാല്പത്തെട്ടു വില്ലേജുകൾ ഉൾക്കൊള്ളുന്ന ഒരു നിയോജകമണ്ഡലമാണതു്. അവിടത്തെ കാര്യങ്ങളെല്ലാം ഇവിടെ പറയാൻ ഞാൻ ഒരുങ്ങുന്നില്ല. വേണ്ടുന്നസമയത്തു് മന്ത്രിമാരോടു പറഞ്ഞുകൊള്ളാം. അതെല്ലാം അപ്പോൾ നടത്തിത്തരണമെന്നപേക്ഷിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. എ. അച്യുതൻ: എനിക്കു് അനുവദിച്ചിട്ടുള്ള 16 മിനിട്ടിനുള്ളിൽ ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ള സംഗതികളെക്കുറിച്ചു് ചുരുങ്ങിയ രീതിയിൽ ഒരു മറുപടി പറയാമെന്നാണു് ഞാൻ ഉദ്ദേശിക്കുന്നതു്. എല്ലാ സംഗതികളെയും എന്റെ മറുപടിയിൽ സ്പർശിക്കാൻ ഇടയാകാതെവരുന്നുവെങ്കിൽ അതിനുള്ള ഉത്തരവാദിത്വം തികച്ചും എനിക്കല്ലെന്നുകൂടി ബഹുമാനപ്പെട്ട മെമ്പറന്മാർ ധരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ആദ്യമായി എനിക്കു് ശ്രീ. എ. ജെ. ജോൺ ഇവിടെ നൽകിയ നിർദ്ദേശത്തെക്കുറിച്ചാണു് രണ്ടുവാക്കു പറയാനുള്ളതു്. ഇന്നത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി പ്രാദേശികാവശ്യങ്ങളെ മുൻനിറുത്തി കഴിയുന്നിടത്തോളം ജോലികൾ പി. ഡബ്ലിയു. ഡി. ഏറ്റെടുക്കണമെന്നും അതിനാവശ്യമായ പണം ഇൻഡ്യാഗവണ്മെന്റിൽനിന്നും ഗ്രാന്റായിട്ടു കിട്ടുമെങ്കിൽ അങ്ങനെയോ അല്ലാത്തപക്ഷം കടമായിട്ടോ

എടുക്കണമെന്നും അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. ആ നിർദ്ദേശം വളരെ കാര്യമായ ഒരു നിർദ്ദേശമാണെന്ന് സമ്മതിക്കുകയും അതോടൊപ്പം ഈ ഗവണ്മെന്റ് ആ നയം സ്വീകരിക്കാൻ ഉദ്ദേശിക്കുകയും ചെയ്യുന്നുണ്ടെന്നുള്ള വിവരം ഈ സഭയെ അറിയിച്ചുകൊള്ളുന്നു. പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പ്രാദേശികാവശ്യങ്ങളെക്കുറിച്ചും അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. ഈരാറ്റുപേട്ട–കാഞ്ഞിരപ്പള്ളി റോഡിന്റെ കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിലിരിക്കുകയാണ്. അതിനുവേണ്ട നടപടികൾ എടുത്തുകൊള്ളാമെന്ന് ഞാൻ അദ്ദേഹത്തെ അറിയിച്ചുകൊള്ളുന്നു. ശ്രീ അച്യുതമേനോൻ ഇറിഗേഷൻ കാര്യങ്ങളെ സംബന്ധിച്ചും ചില പ്രാദേശികാവശ്യങ്ങളെക്കുറിച്ചും പ്രസ്താവിക്കുകയുണ്ടായി. അതും ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള സംഗതികളാണ്. പല ബഹുമാനപ്പെട്ട മെംബറന്മാരും പൊതുവേ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ച് ചില കാര്യങ്ങൾ സ്പർശിക്കുകയുണ്ടായി.

ശ്രീ. എ. ജെ. ജോൺ: കാഞ്ഞിരപ്പള്ളി-ഈരാറ്റുപേട്ട റോഡിനെപ്പറ്റി ഞാൻ സ്പെസിഫിക്കായി പറഞ്ഞുവെന്നേയുള്ളു. എന്റെ സ്ഥലത്തിനടുത്തുള്ള റോഡതല്ലാ.

ശ്രീ. എ. അച്യുതൻ: പല റോഡുകളുമുണ്ട്. അതേ സംബന്ധിച്ചു പല ഉപക്ഷേപങ്ങളും അവതരിപ്പിക്കുകയുണ്ടായി.

ബഹുമാനപ്പെട്ട കോട്ടയം മെംബറും, തിരുവല്ലാ മെംബറും മറ്റു പലരും ചൂണ്ടിക്കാണിച്ചിട്ടുള്ള ആക്ഷേപങ്ങളിൽ ഒന്ന് ഈ ഡിപ്പാർട്ടുമെന്റിലേക്കനുവദിക്കുന്ന തുക ലാപ്സായിപ്പോകാനിടയാകുന്നു എന്നാണ്. സർ, പഴയ കാലങ്ങളിൽ എങ്ങിനെയിരുന്നാലും ഇന്ന് അങ്ങിനെ വൻതുകകൾ ലാപ്സാകുന്നില്ല എന്ന് ഈ സഭയെ അറിയിക്കുവാൻ എനിക്ക് വളരെ സന്തോഷമുണ്ട്. 1953–54–ലെ കണക്കുകൾ മുഴുവൻ വന്നിട്ടില്ല. 1952–53-ൽ ലാപ്സായിട്ടുള്ളത് രണ്ടു ശതമാനമാണ്. ആഡിറ്റർ ജനറൽപോലും നാലു ശതമാനം ലാപ്സാകുന്നത് സ്വാഭാവികമാണെന്ന് പറഞ്ഞിട്ടുണ്ട്. അതനുവദിക്കാവുന്നതാണ്. അതിൽക്കൂടുതൽ ലാപ്സായാൽമാത്രമേ തെറ്റായി കണക്കാക്കാൻ പാടുള്ളു എന്നുള്ള അഭിപ്രായമാണ് പറഞ്ഞിട്ടുള്ളത്. 1952–53–ൽ ആകെ അനുവദിച്ചിട്ടുള്ളത് 4,18,68,230 രൂപയും ചെലവായത് 4,12,33,423 രൂപയുമാണ് അപ്പോൾ ലാപ്സായ തുക വെറും രണ്ടു ശതമാനമാണ്. അതുകൊണ്ടു കാണുന്നത് ഈ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം വളരെ കാര്യക്ഷമമായി നടക്കുന്നു എന്നുള്ളതാണ്. 1953-54-ലെ അക്കൌണ്ടു മുഴുവൻ വന്നിട്ടില്ല. എങ്കിലും ഉദ്ദേശിക്കുന്നത് ഇക്കൊല്ലത്തിലും ലാപ്സായ തുകയുടെ ശതമാനം വളരെ തുച്ഛമായിരിക്കുമെന്നാണ്.

പിന്നീട് മറ്റൊരു സംഗതി ബഹുമാനപ്പെട്ട പല മെംബറന്മാരും ഉന്നയിച്ചത് ഈ കൺട്രാക്റ്റ് അടിസ്ഥാനത്തിൽ ജോലികൾ കൊടുക്കുന്നതു ശരിയല്ലെന്നും കഴിയുന്നതും നിരുത്സാഹപ്പെടുത്തണമെന്നും ഡിപ്പാർട്ടുമെന്റുതന്നെ നടത്തണമെന്നും ആണ്.

ശ്രീ. കെ. എ. ശിവരാമഭാരതി: ചിറ്റൂർ മുനിസിപ്പാലിറ്റിക്കകത്തുള്ള റോഡുകൾ ടാർചെയ്യുന്നകാര്യം ഗവണ്മെന്റ് ഉടനെ ആരംഭിക്കുമോ?

ശ്രീ. എ. അച്യുതൻ: ചിറ്റൂർ മുനിസിപ്പാലിറ്റിയിലുള്ള റോഡുകൾ സർഫസ് ചെയ്യാനുള്ള ഏർപ്പാടുകളുമുണ്ട്. കാൺട്രാക്റ്റ് സിസ്റ്റം നിരുൽസാഹപ്പെടുത്തുന്നതെപ്പോഴും ശരിയാകുമെന്നു തോന്നുന്നില്ല. ഈ മെറ്റീരിയൽസ് സപ്ലൈ ചെയ്യുന്നതു് മിക്കവാറും കാൺട്രാക്റ്റ സിസ്റ്റത്തിൽ കൊടുക്കുന്നതിനേ ഒക്കുകയുള്ളു. വലിയ പാലങ്ങൾ എല്ലാം പണി ചെയ്യുന്നതു് ഡിപ്പാർട്ടുമെൻറു മുഖാന്തിരംതന്നെ ചെയ്യണമെന്നാണുദ്ദേശിക്കുന്നതു്. അതു പറയുമ്പോൾ ലേബറിനെ സംബന്ധിച്ചാണു് പറയാനുള്ളതു്. ഡിപ്പാർട്ടുമെൻറിൽനിന്നും ചെയ്യാമെന്നു് വിചാരിച്ചാൽത്തന്നെയും ലേബർ ശരിയായിട്ടു സഹകരിക്കാതെ വന്നിട്ടു് വളരെ കഷ്ടപ്പാടുകൾ ഉണ്ടാകുന്നുണ്ടു്. കോവളത്തു് മണ്ണെടുപ്പു് ഉണ്ടായതു് തടയുന്നതിനുവേണ്ടി ശ്രമിച്ചപ്പോൾ ഉണ്ടായ അനുഭവം എന്റെ ചില സ്നേഹിതന്മാരോടു് പറഞ്ഞിട്ടുണ്ടു്. ജനങ്ങളും ഡിപ്പാർട്ടുമെൻറുമായിട്ടു് വേണ്ടതുപോലെ സഹകരിച്ചു പ്രവർത്തിക്കുന്നപക്ഷം കഴിയുന്നതും കാൺട്രാക്റ്റ് സമ്പ്രദായം ഒഴിവാക്കാം. പഞ്ചായത്തു മുഖാന്തിരം ജോലികൾ ചെയ്യിക്കാൻ ഉദ്ദേശിക്കുന്നുണ്ടു്. പല ബഹുമാനപ്പെട്ട മെംബറന്മാരും ചേർത്തല–ആലപ്പുഴ തോടിനെപ്പററി പറയുകയുണ്ടായി. അതും പഞ്ചായത്തുമുഖേനയോ ഡിപ്പാർട്ടുമെൻറു മുഖേനയോ ആലോചിച്ചു ചെയ്യാവുന്നതാണു്.

ഇനി മറെറാരു സംഗതി പറഞ്ഞതു് വർക്ക് എസ്റ്റാബ്ലിഷ്മെൻറിനെ സംബന്ധിച്ചാണു്. ഇന്നു് അവർക്കു് പല വിഷമങ്ങളുമുണ്ടു്. ഈ വർക്ക് എസ്റ്റാബ്ലിഷ്മെൻറുകാരെ സ്ഥിരപ്പെടുത്തുന്നതിനു് ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. 30–45, 45–75 ഇങ്ങനെ രണ്ടു തരത്തിൽ അവരെ സ്ഥിരപ്പെടുത്തുന്നതിനുള്ള ജോലിയിൽ ഇപ്പോൾ ഏർപ്പെട്ടിരിക്കുകയാണു്. അതിലേയ്ക്കു ഒരു പ്രത്യേക ഉദ്യോഗസ്ഥനേയും നിയമിച്ചിട്ടുണ്ടു്. രണ്ടു മാസത്തിനകം ആ ജോലി പൂർത്തിയാക്കണമെന്നു് നിർദ്ദേശവും കൊടുത്തിട്ടുണ്ടു്. അങ്ങിനെ സ്ഥിരപ്പെടുത്തിവരുമ്പോൾ വർക്ക് എസ്റ്റാബ്ലിഷ്മെൻറിൽ വളരെ തുച്ഛമായ ഒരു സംഖ്യയേയുള്ളു. 1200 പേരുള്ളതിൽ ഒരു പത്തോ മുന്നൂറോ പേരേ ബാക്കി വരികയുള്ളു. അവരെ വേക്കൻസിയുള്ളപോലെ സ്ഥിരപ്പെടുത്താവുന്നതാണു്.

ഇനി മറെറാരാക്ഷേപം പറഞ്ഞതു് ഈ ഡിപ്പാർട്ടുമെൻറിൽ എസ്റ്റാബ്ലിഷ്മെൻറു് ചാർജസ് വളരെക്കൂടുതലാണെന്നാണു്. അതായതു് ഉദ്യോഗസ്ഥ ശമ്പളം വളരെക്കൂടുതലാണെന്നാണു് ഒരാക്ഷേപം ഉന്നയിച്ചതു്. അതു് മററു സംസ്ഥാനങ്ങളെ അപേക്ഷിച്ചു നോക്കുകയാണെങ്കിൽ ഇവിടെ വളരെ കുറവാണെന്നുള്ളതു് ബഹുമാനപ്പെട്ട അംഗങ്ങൾക്കു് ബോദ്ധ്യമാകുന്നതാണു്. അതിനെസംബന്ധിച്ചു് ഒരു കമ്പാരിററീവ് സ്റ്റേറ്റുമെൻറു് എടുത്തിട്ടുണ്ടു്. മദ്രാസിൽ 32 മുതൽ 33 ശതമാനം വരേയും ബോംബേയിൽ 25 മുതൽ 28 ശതമാനംവരേയും യു. പി. യിൽ 33 മുതൽ 48 ശതമാനംവരേയുമാണു്. എന്നാൽ തിരുവിതാംകൂർ–കൊച്ചിയിൽ 1951–52-ൽ 9·26 ശതമാനമാണു്. 1952–53-ൽ 8·3 ശതമാനവും 1953–54-ൽ 8·3 ശതമാനവുമാണു്. മററു സ്റ്റേററുകളെ അപേക്ഷിച്ചു നോക്കുകയാണെങ്കിൽ ഇതു വളരെ കുറവാണു്. അതുകൊണ്ടു് നമ്മുടെ ഉദ്യോഗസ്ഥന്മാർക്കു് പല പരാതികളുമുണ്ടു്. അവരുടെ ശമ്പളം വളരെ തുച്ഛമാണു്. അവർക്കു് ജോലി ചെയ്യുന്നതനുസരിച്ചു് ശമ്പളം കിട്ടുന്നില്ല എന്നുള്ള പരാതികളും കിട്ടിക്കൊണ്ടിരിക്കുകയാണു്. അതുകൊണ്ടു് ആ ആക്ഷേപവും അത്ര കാര്യമായിട്ടു ഗണിക്കുവാൻ പാടില്ലാ

എന്നാണെനിക്ക് ഈ സഭയെ വളരെ വിനീതമായി അറിയിക്കുവാനുള്ളത്.

പിന്നീട് പല പ്രാദേശികാവശ്യങ്ങളും ഇവിടെ ഉന്നയിക്കുകയുണ്ടായി. വികേന്ദ്രീകരണത്തെക്കുറിച്ചും പറയുകയുണ്ടായി. ഇന്ന് ഏറെക്കുറെ വികേന്ദ്രീകരണം നടന്നിട്ടുണ്ട്. എല്ലാ തുകകളും സാങ്ഷൻ ചെയ്യുന്നത് ചീഫ് എഞ്ചിനീയറോ ഗവണ്മെന്റോ അല്ല. പതിനായിരം രൂപ വരെ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കൊടുക്കാൻ അധികാരം ചീഫ് എഞ്ചിനീയർക്കും അയ്യായിരം രൂപ വരെയുള്ള അധികാരം സൂപ്രണ്ടിംഗ് എഞ്ചിനീയർക്കും, എക്സിക്യൂട്ടീവ് എൻജിനീയർക്ക് 2000 രൂപ വരേയും സാങ്ഷൻ കൊടുക്കാൻ അധികാരമുണ്ട്. സബ്ഡിവിഷൻ ആഫീസർക്കും, സെക്ഷനാഫീസർക്കും ആ അധികാരം കൊടുത്തിട്ടില്ല. മെഷർമെന്റും മററും എടുക്കേണ്ടതവരാണ്. അപ്പോൾ അവർ ചെയ്യുന്ന ജോലിക്ക് അവർതന്നെ സാങ്ഷൻ കൊടുക്കുന്നത് ശരിയാണെന്നു തോന്നുന്നില്ല. അവരുടെ പേരിൽ ചെക്കും വേണം. അങ്ങിനെ ചെക്കില്ലെങ്കിൽ അധികാരം അവർ ദുർവിനിയോഗം ചെയ്യാനിടവരും. അതുകൊണ്ടാണവർക്ക് സാങ്ഷൻ ചെയ്യാനുള്ള അവകാശം കൊടുക്കാത്തത്.

ശ്രീ. കെ. പി. ഗോപാലമേനോൻ : ഈ ചീഫ് എഞ്ചിനീയർക്കും, സൂപ്രണ്ടിംഗ് എഞ്ചിനീയർക്കും എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും സാങ്ഷൻ കൊടുക്കാവുന്ന തുകകളുടെ പരിമിതി ഒന്നുകൂടി വർദ്ധിപ്പിച്ചാൽ കുറേക്കൂടി സൗകര്യമാവുകയില്ലേ ?

ശ്രീ. എ. അച്യുതൻ : അതേക്കുറിച്ചാലോചിക്കാവുന്നതാണ്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : ഈ പ്രാദേശികാവശ്യങ്ങളുടെ കൂട്ടത്തിൽ കടുത്തുരുത്തിയുടെ കാര്യവും ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ വന്നിട്ടില്ലേ ?

ശ്രീ. എ. അച്യുതൻ : ഈ പ്രാദേശികാവശ്യങ്ങൾ എല്ലാം നിർവ്വഹിക്കണമെന്നാണ് ഗവണ്മെന്റിന്റെ ഉദ്ദേശം.

പിന്നെ, വർക്സ് കമ്മിററികളുടെ പരാതിയെ സംബന്ധിച്ചാണ്. അതിന് ഇന്നതിന്നതു ചെയ്യണമെന്ന് ഗവണ്മെന്റിനു നിർബന്ധമില്ല. സബ്ഡിവിഷൻ വർക്സ്കമ്മിററികളുടെ ശുപാർശ ഗവണ്മെന്റ് അംഗീകരിച്ചിട്ടുണ്ട്. അടുത്തുതന്നെ സെന്ട്രൽ വർക്സ്കമ്മിററി കൂടി വേണ്ട ഭേദഗതി അംഗീകരിച്ചതിനുശേഷം ഈ അത്തരത്തെ ജോലികൾ തീരുമാനിക്കണമെന്നുകൂടിയാണ് വച്ചിട്ടുള്ളത്.

ശ്രീ. കെ. എം. ജോർജ്ജ് : ഇന്ന് ഈ വർക്സ് കമ്മിററികളുടെ പ്രവർത്തനം ഒരു തരം പ്രഹസനമായിട്ടല്ലേ ശേഷിക്കുന്നത് ?

ശ്രീ. എ. അച്യുതൻ : ഫണ്ടുള്ളതുപോലെയാണ് ജോലികൾ ചെയ്യുന്നത്.

ശ്രീ. പ്രാക്കുളം ഭാസി : സമയം അവസാനിക്കുന്നതിനുമുമ്പ് നാവികത്തൊഴിലാളികളുടെ കാര്യംകൂടി ഒന്നു പറഞ്ഞാൽക്കൊള്ളാം.

ശ്രീ. കെ. കരുണാകരൻ : സെൻട്രൽ വർക്സ്കമ്മിററി റീ കൺസ്റ്റിറ്റ്യൂട്ടു ചെയ്യാൻ ആലോചിക്കാമോ ?

ശ്രീ. എ. അച്യുതൻ: ഇന്ന് നിലവിലുള്ള സെൻട്രൽ വർക്സ് കമ്മിററിയെ സംബന്ധിച്ച് വലിയ ആക്ഷേപമുള്ളതായി അറിവില്ല. എല്ലാ പാർട്ടികളെയും പ്രതിനിധീകരിച്ചുള്ളതാണ് ആ കമ്മിററി.

ശ്രീ. കെ. കരുണാകരൻ: ഓരോ സബ്ഡിവിഷൻ കമ്മിററിയിൽനിന്ന് ആളുകളെ എടുത്ത് റീകൺസ്റ്റിററ്യൂട്ട് ചെയ്യുന്നത് നല്ലതല്ലേ?

ശ്രീ. എ. അച്യുതൻ: അത് ആ റൂളിൽ പറയുന്നില്ല. ഇവിടെ ഇറിഗേഷൻകാര്യം പറഞ്ഞിട്ടുണ്ട്. ചേർത്തല–ആലപ്പുഴ തോടിന്റെ കാര്യം പറഞ്ഞു. അവയ്ക്ക് ബഡ്ജററിൽ തുക കൊള്ളിച്ചിട്ടുണ്ട്. ഇനി ടി. എസ്. കനാലിന്റെ കാര്യത്തിലും ഇന്തിക്കര ഏലായുടെ കാര്യത്തിലും ബഡ്ജററിൽ തുക കൊള്ളിച്ചിട്ടില്ലെങ്കിലും അതേപ്പററി ആലോചിച്ചു വേണ്ടതു ചെയ്യുന്നതാണ്. പിന്നീട് തൊടിയൂർ–ആറാട്ടുകടവു റോഡിനെ സംബന്ധിച്ച്, അത് ഓണാട്ടുകര പ്രോജക്ററ് എടുക്കുമ്പോഴേക്കും അതുകൂടി ഗണിക്കുന്നതാണ്.

ശ്രീ. സി. എ. മത്തായി: പെരിയാററിൽ ഒരു പാലമില്ലാത്തതുകൊണ്ട് ഗതാഗതത്തിന് പ്രയാസം നേരിടുന്നുണ്ട്. അതുകൊണ്ട് ആ റെയിൽവേപാലത്തിൽക്കൂടി മോട്ടോർ വാഹനങ്ങൾ പോകുന്നതിന് അനുവദിക്കേണ്ടതിന് വല്ലതും ചെയ്യുമോ?

Mr. Speaker: Order, order. Time is over. Cut motion number 102.

Shri M. P. Chandrasekharan Pillai: I do not press the motion.

The motion was, by leave of the House, withdrawn.

Mr. Speaker: Motion number 30. Do you press it?

Shri P. Bhaskaran Nair: No, Sir.

The motion was, by leave of the House, withdrawn.

The question that the Government be granted a sum of Rs. 1,77,04,000 under Demand XXVII—Civil Works was put and carried.

The grant was made.

(The House rose for lunch at 1 P. M. and re-assembled at 2 P. M. with Mr. Speaker in the Chair.)

Demand I—Agricultural Income Tax and Sales Tax.

Minister for Finance **(Shri P. S. Nataraja Pillai):** Sir, I move for a grant of Rs. 5,16,100 under Demand I—Agricultural Income Tax and Sales Tax.

I need hardly say anything on the necessity of this Demand since this demand is the life blood of the administration of the country as it stands today. My hon. friends know that, and I think without much discussion they will be kind enough to grant the demand.

Shri P. K. Yasodharan: Sir, on a point of order. When nobody has supported this Demand, how can this demand come up for debate ?

Mr. Speaker: Anybody from the party can second the Demand.

Shri P. S. Nataraja Pillai: If my memory is correct budget demands do not require any seconding.

Shri M. P. Chandrasekharan Pillai: Sir, I second the Demand.

Mr. Speaker: Cut motion Nos. 29 and 38 may be moved and the other members can participate in the Debate.

Shri T. V. Thomas: Sir, I move.

"To omit the total allotment under Demand I"

സർ, ഈ ഉപക്ഷേപം അവതരിപ്പിച്ചുകൊണ്ടു സംസാരിക്കുന്ന അവസരത്തിൽ, ധനകാര്യമന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, നമ്മുടെ മേജർ ഹെഡ്സ് ഓഫ് റവന്യൂവിന്റെ 25 ശതമാനം വരുന്ന രണ്ടുകോടി ഏഴുപത്തുലക്ഷം രൂപയുടെ കാര്യത്തെപ്പററിയാണ് ഞാൻ സംസാരിക്കുന്നതെന്നുള്ള പൂർണ്ണബോദ്ധ്യം എനിക്കുണ്ടു്. സർ, ഈ ഉപക്ഷേപം സഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്ന ഈ സന്ദർഭത്തിൽ, എനിക്കു പ്രധാനമായി സംസാരിക്കുവാനുള്ളതു് വില്പനനികുതിയെ സംബന്ധിച്ചും ഈ സ്റ്റേററിൽ നിലവിലിരിക്കുന്ന ടുബാക്കോ ടാക്സും ലൈസൻസും സംപ്രദായത്തെപ്പററിയുമാണ്.

വില്പനനികുതി ഈ സ്റ്റേററിൽ നടപ്പിലാക്കിയതു് മദ്യനിരോധനനിയമം ഏർപ്പെടുത്തുന്നതുമൂലം ഈ സ്റ്റേററിന്റെ റവന്യൂവിൽ വരാനിടയുള്ള നഷ്ടം നികത്തുന്നതിനുവേണ്ടിയായിരുന്നു. ഇന്നു്, മദ്യനിരോധനം കാശിയിലെ ക്ഷൗരംപോലെ, ചുരുക്കം ചില താലൂക്കുകളിലായി സ്ഥംഭിച്ചുനില്ക്കുകയാണ്. രാജ്യത്തിന്റെ ഭൂരിപക്ഷ പ്രദേശങ്ങളിലും ഈ മദ്യനിരോധനനിയമം നടപ്പിലാക്കാതിരുന്നതുകൊണ്ടു്, പ്രതീക്ഷിച്ചിരുന്ന യാതൊരു പ്രയോജനവും ഉണ്ടായില്ലെന്നു മാത്രമല്ല, നാട്ടിലെ സാമാന്യജനങ്ങൾ അവർ വാങ്ങുന്ന എല്ലാ സാധനങ്ങളുടെമേലും നികുതി കൊടുക്കുവാൻ കടപ്പെട്ടവരായിത്തീരുകയുമാണ ചെയ്തതു്. വില്പനനികുതിയുടെ അനീതിയെസംബന്ധിച്ചും അതിൽ അന്തർഭവിച്ചിരിക്കുന്ന അസമത്വത്തെ സംബന്ധിച്ചും സവിസ്തരമായി ഒരു വിശകലനം നടത്താൻ ഞാൻ ഇപ്പോൾ ഒരുങ്ങുന്നില്ല. ഇതേസംബന്ധിച്ചു ഞങ്ങളുടെ പാർട്ടിയുടെ നിലപാടു് ഈ അസംബ്ലിയിൽത്തന്നെ പലപ്രാവശ്യവും വ്യക്തമാക്കിയിട്ടുള്ളതാണ്. നീതീകരിക്കാവുന്ന യാതൊരു നിയമത്തിനും ആവശ്യംവേണ്ട എല്ലാ ഉപാധികളും ലംഘിക്കപ്പെട്ടുകൊണ്ടാണ് ഈ നിയമം നടപ്പിലാക്കിയിരിക്കുന്നതു്. ഇന്നത്തെ ധനകാര്യമന്ത്രി പ്രതിപക്ഷത്തിരുന്ന സന്ദർഭത്തിൽ ഇക്കാര്യത്തെപ്പററി വളരെ സമർത്ഥമായി പ്രതിപാദിച്ചിട്ടുണ്ടു്. വില്പനനികുതിയുടെ കാര്യം പറയുമ്പോൾ, ഒന്നാമതായി പറയാനുള്ള ആക്ഷേപം ഇന്നു് നിലവിലിരിക്കുന്ന വില്പനനികുതിസംപ്രദായം കൂടുതൽ ജനങ്ങൾക്കും ബുദ്ധിമുട്ടുണ്ടാകത്തക്ക വിധത്തിലാണു ഏർപ്പെടുത്തിയിരിക്കുന്നതു എന്നാണ്, വിശേഷിച്ചും, ബഹുമുഖവില്പനനികുതി സംപ്രദായമാണ് ഇവിടെ ഏർപ്പെടുത്തിയിരിക്കുന്നതു്. ബഹുമുഖവില്പന നികുതി

[ശ്രീ. ററി. വി. താമസ്]

എന്നു പറഞ്ഞാൽ, സാധനങ്ങൾ എത്രത്തോളം കൈമാററം ചെയ്യുമോ, അത്രത്തോളം അതിനു് വില കൂടുതൽ ഉണ്ടാകും. അതിന്റെ ഫലം ക്രയ വിക്രയത്തെ തടസ്സപ്പെടുത്തുക എന്നുള്ളതാണു്. കച്ചവടത്തിന്റെ ആദ്യ പായിൻറിൽത്തന്നെ, തുടർന്നുള്ള ഓരോ കച്ചവടത്തിനും പിന്നെയും വില്പന നികുതി കൊടുക്കേണ്ടി വരുന്നതുമൂലം സാമാനത്തിന്റെ വില വർദ്ധിപ്പിക്കുകയും അതുകൊണ്ടു് കച്ചവടത്തിന്റെ ആദ്യ പോയിൻറിൽ ത്തന്നെ കച്ചവടം കേന്ദ്രീകരിക്കുകയും തൻമൂലം കച്ചവടത്തിൽ ശേഷി കുറഞ്ഞ കച്ചവടക്കാർ എല്ലാവരും, ആ രംഗത്തുനിന്നും തിരോധാനം ചെയ്യേണ്ടതായും വരും. അതിന്റെ ഫലം ചെറു കച്ചവടക്കാർ മിക്ക വരും പാപ്പരാകുക, അങ്ങനെയുള്ള കച്ചവടത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കു തൊഴിലില്ലാതെ വരിക ഇതൊക്കെയാണു്. ഈ വസ്തുതയെല്ലാം ഫിനാൻസു മിനിസ്റ്റർ വേണമെങ്കിൽ സമ്മതിച്ചേക്കും.

സർ, ഒരു രാഷ്ട്രത്തിന്റെ പുരോഗതി, അഥവാ ഐശ്വര്യം ആ രാജ്യത്തു നടക്കുന്ന ക്രയവിക്രയത്തിന്റെ വൈപുല്യത്തെ ആശ്രയിച്ചാണിരിക്കുന്നതു്. ക്രയവിക്രയത്തെ തടസ്സപ്പെടുത്തുന്ന എന്തെങ്കിലും ചെയ്താൽ, അതു രാജ്യത്തിനു് ദോഷകരമായി ഭവിക്കുമെന്നുള്ളതു് തീർച്ചയാണു്. ആ നിലയിൽ നോക്കുമ്പോൾ രാജ്യത്തിനു ഏററവും ദോഷം ചെയ്യുന്ന ഒരു സംപ്രദായമല്ലേ ഈ വില്പന നികുതിയെന്നു ഞാൻ ധനകാര്യമന്ത്രിയോടു ചോദിക്കുന്നു. മററു സംസ്ഥാനങ്ങളെ അപേക്ഷിച്ചു് ഇവിടത്തെ സാമാന്യ ജനങ്ങളുടെ ക്രയശക്തി ഇപ്പോൾ വളരെ അധഃപതിച്ചിരിക്കുകയാണു്. ഈ അവസ്ഥ പരിഹരിക്കുവാൻ കഴിവില്ലാതെ വിഷമിക്കുന്ന ധനകാര്യമന്ത്രി ഈ നികുതി സംപ്രദായം ഇതേ നിലയിൽ തുടർന്നുകൊണ്ടു പോകണമോ എന്നുള്ളതിനെപ്പററി കാര്യമായി ചിന്തിക്കേണ്ടതാണു്. സർ, ഈ നികുതിമൂലം സ്റ്റേററിനു് രണ്ടുകോടി എഴുപതുലക്ഷം രൂപ കിട്ടും. അതുകൊണ്ടു് നമ്മുടെ റവന്യുവിന്റെ ഘടനയും നമ്മുടെ റവന്യുവിന്റെ ഇന്നത്തെ പരിമിതിയും വച്ചു നോക്കുകയാണെങ്കിലും വില്പന നികുതി നിറുത്തലാക്കുന്നതിനെപ്പററി എന്തെല്ലാം ന്യായങ്ങൾ പറയാനുണ്ടെങ്കിലും ഇതു ഉപേക്ഷിക്കാൻ വിഷമമുണ്ടെന്നു് ധനകാര്യമന്ത്രി പറഞ്ഞേക്കും. എനിക്കു ചോദിക്കുവാനുള്ളതു്, അങ്ങനെയാണെങ്കിൽ ഈ നിയമം പാടെ നിറുത്തലാക്കിയില്ലെങ്കിലും ഇതുമൂലം സാമാന്യജനങ്ങൾക്കു നേരിട്ടുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾക്കു് ഒരറുതി വരുത്തുവാൻ പര്യാപ്തമാകത്തക്കവണ്ണം ഈ നിയമത്തിനാവശ്യമായ ഭേദഗതി വരുത്താൻ അദ്ദേഹം തയാറാകുമോ എന്നാണു്.

ഒന്നാമതായി, ബഹുമുഖവില്പനനികുതി സംപ്രദായം ഉപേക്ഷിച്ചു് ഏകമുഖ സംപ്രദായം നടപ്പിലാക്കാൻ അദ്ദേഹം തയാറാകണം. അദ്ദേഹത്തിന്റെ ഏതോ ഒരു പ്രസംഗത്തിൽ ബഹുമുഖവില്പന നികുതി മാററിയിട്ടു്, സിങ്കിൾ പോയിൻറ് സെയിൽസ്ടാക്സ് നടപ്പിലാക്കാൻ വിരോധമില്ലെന്നു സൂചിപ്പിച്ചതായി ഞാൻ ഓർക്കുന്നു. പ്രത്യേകിച്ചും, മലഞ്ചരക്കുകളുടെ കാര്യത്തിൽ, ഇതു നിശ്ശേഷം ഉപേക്ഷിച്ചു് സിങ്കിൾ പായിൻറു വില്പനനികുതി ഈടാക്കാൻ ഗവണ്മെൻറു തീരുമാനിച്ചിരിക്കുന്നുവെന്നു് അദ്ദേഹം പറയുന്നുണ്ടു്. എന്നാൽ കയററുമതി സാധനങ്ങളുടെ കാര്യത്തിൽ, വില്പനനികുതി തന്നെ പാടില്ലാത്തതാണു്. എക്സ്പോർട്ടിൽ

നിന്നും വില്പനനികുതി ഈടാക്കാൻ സാധിക്കുകയില്ലെങ്കിൽ അങ്ങനെയുള്ള കയററുമതി സാധനങ്ങളുടെ വില്പനനികുതി തന്നെ നിശ്ശേഷം നിറുത്തേണ്ടതാണ്. കാരണം ഈ നികുതി ഇവിടത്തെ ആഭ്യന്തരകച്ചവടത്തെ സ്തംഭിപ്പിക്കും. തീർച്ചയാണ്, എക്സ്പോർട്ട്കച്ചവടക്കാരുടെ കയ്യിൽനിന്നും നികുതി ഈടാക്കാൻ സാധിക്കുകയില്ലെങ്കിൽ, തീർച്ചയായും ഉല്പാദകർ അവരുടെ സാധനങ്ങൾ, ഇടത്തരം കച്ചവടക്കാരുടെ കയ്യിൽ കൊടുക്കാതെ എക്സ്പോർട്ട് കച്ചവടക്കാർക്ക് നേരിട്ടു കൊടുത്ത് വില്പന നടത്തും. എക്സ്പോർട്ട് കച്ചവടക്കാരനും അല്ലാത്ത ഒരു കച്ചവടക്കാരനും തമ്മിൽ സാധനങ്ങൾ വില്ക്കുവാനുള്ള അനുകൂല സാഹചര്യം എക്സ്പോർട്ട് കച്ചവടക്കാരനുള്ളതുകൊണ്ട് എക്സ്പോർട്ട് ഇല്ലാത്ത കച്ചവടക്കാർ ക്രമേണ രംഗത്തുനിന്ന് പിന്മാറുകയും ചെയ്യും. ഇതാണ് ആലപ്പുഴയിൽ നാം ഇന്നു കണ്ടുകൊണ്ടിരിക്കുന്നതു്. ഉദാഹരണമായി കുരുമുളകിന്റെ കാര്യം തന്നെ എടുക്കാം. കുരുമുളകിന് ഇപ്പോൾ സിങ്കിൾ പോയിന്റ് ടാക്സ് ഏർപ്പെടുത്താൻ തീരുമാനിച്ചിരിക്കുന്നു എന്നു പറയുന്നു. സർ, കച്ചവടക്കാരുടെ പക്കൽനിന്നും ഈ വില്പനനികുതി പ്രായോഗികമായി ഈടാക്കാൻ എങ്ങനെ സാധിക്കും? വില്പനയ്ക്കായി കുരുമുളകു കമ്പോളങ്ങളിൽ കൊണ്ടുവരുന്ന കർഷകന്റെ കയ്യിൽനിന്നും ഈ വില്പനനികുതി എടുക്കാൻ സാദ്ധ്യമല്ല. അതു കൊടുക്കുകയുമില്ല, അങ്ങനെ നിയമവുമില്ല. എക്സ്പോർട്ടറിൽനിന്നും ഈടാക്കാനുമൊക്കുകയില്ല. നേരത്തെ പറഞ്ഞതുപോലെ ഉല്പാദകർ നേരിട്ട് എക്സ്പോർട്ടറുമായി മാത്രമേ കച്ചവടം ചെയ്യുകയുള്ളൂ. പിന്നെ എങ്ങനെയാണ് കുരുമുളകിൽനിന്നും സിങ്കിൾപോയിന്റ് എടുക്കാൻ സാധിക്കുമെന്ന് അദ്ദേഹം കരുതുന്നതു്? ഒരു പക്ഷെ, ഇടയ്ക്കു നില്ക്കുന്ന കച്ചവടക്കാരുടെ പക്കൽനിന്നായിരിക്കാം. അവർക്കു രംഗത്തു വരാൻ പാടില്ല. എക്സ്പോർട്ടുകച്ചവടം ചെയ്യാൻ ആളുകളുണ്ടെങ്കിൽ അവിടെ വില്പനനികുതിയില്ലാത്തതുകൊണ്ട് ആ നില കർഷകന് അനുകൂലമാണെന്നു കണ്ട് തീർച്ചയായും കർഷകനും എക്സ്പോർട്ടു കച്ചവടക്കാരനും തമ്മിൽ മാത്രമേ കച്ചവടം നടക്കുകയുള്ളൂ. ഇടയ്ക്കു നില്ക്കുന്ന കച്ചവടക്കാരും, എക്സ്പോർട്ടു കച്ചവടക്കാരും തമ്മിൽ ഒരുപക്ഷെ കച്ചവടം നടന്നാൽത്തന്നെയും എക്സ്പോർട്ടു കച്ചവടക്കാരും കർഷകനും തമ്മിലുള്ള വിലയെക്കാൾ കൂടുതൽ വിലയ്ക്കു ഇവരുടെ കച്ചവടം നടക്കുകയുള്ളൂവെന്നുവന്നാൽ ഈ ഇടത്തരം കച്ചവടക്കാർക്കു പിന്നെ സ്ഥാനം കാണുകയില്ല. ഈ നിലയിൽ നോക്കുമ്പോൾ എക്സ്പോർട്ടു ചെയ്യുവാനുള്ള സാധനങ്ങളുടെ മേൽ ഏകമുഖവില്പനനികുതിയാണ് ഈടാക്കുന്നെങ്കിൽ തന്നെയും ഈ രാജ്യത്തു തൊഴിൽമാന്ദ്യവും കച്ചവടസ്തംഭനവും ഉണ്ടാകുമെന്നുള്ളതു് തീർച്ചയാണ്.

ഇനി കയറിന്റെ കാര്യം എടുത്തുനോക്കാം. കയറിന്റേതു് ഒരു പ്രത്യേകതയാണ്. കയറിന്റെ വില്പനനികുതിയെന്നു പറഞ്ഞാൽ വേലക്കാരുടെ കൂലിയുടെ മേൽ വില്പനനികുതിയെന്നാണർത്ഥം. കാരണം, കയറിന്റെ മുക്കാൽഭാഗം വിലയും വേലക്കൂലിയാണ്. ഈ വസ്തുത കഴിഞ്ഞ ഗവണ്മെന്റ് മനസ്സിലാക്കിയിട്ടാണെന്നു തോന്നുന്നു, കയറിന്റെമേൽ വില്പനനികുതി ഈടാക്കുന്ന ആ സമ്പ്രദായം സ്റ്റേ ചെയ്തിരിക്കുന്നതു്. സർ, അതിനെപ്പററി ഒരന്ത്യ തീരുമാനം ചെയ്യേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. താൽക്കാലികമായ ഒരു സ്റ്റേ ഓർഡറാണ് ഇപ്പോൾ കൊടുത്തിട്ടുള്ളതു്. ഇടയ്ക്കിടയ്ക്ക് അവരുടെ മേൽ നടപടിയെടുക്കാറുമുണ്ട്.

[ശ്രീ. ററി. വി. താമസ്]

സ്റ്റേ ഇരിക്കുന്ന കാലത്തോളം നികുതി ഈടാക്കാൻ ഒക്കുകയില്ലെങ്കിൽ, പിന്നെ ഈ വില്പനനികുതി റിക്കവറിയുടെ നീതീകരണം എങ്ങനെയാണു സാധൂകരിക്കാൻ കഴിയുന്നതെന്നു ഞാൻ ചോദിക്കുന്നു. അതുകൊണ്ടു് കഴിഞ്ഞകാലങ്ങളിൽ നടത്തിയിരുന്ന കച്ചവടത്തിന്റെ പേരിൽ നികുതി ഈടാക്കേണ്ടാ എന്നു തീരുമാനിക്കുകയും, ഭാവിയിൽ കയറും, അതുപോലെ എക്സ്പോർട്ടു ചെയ്യുന്ന മററു സാധനങ്ങളും വില്പനനികുതിയിൽനിന്നും ഒഴിവാക്കുകയും വേണം. ബഹുമുഖവില്പന നികുതി നിറുത്തി, ഏകമുഖ വില്പന നികുതി ഏർപ്പെടുത്തുന്നതുമൂലം മററുതരത്തിലുള്ള ആശ്വാസം കൂടി കച്ചവടക്കാർക്കു ലഭിക്കും. ചില്ലറക്കച്ചവടക്കാർ, അവർക്കു സഹിക്കവയ്യാത്ത ചെലവും ബുദ്ധിമുട്ടും സഹിച്ചു് കണക്കുകൾ തയ്യാറാക്കണം, അവ വില്പന നികുതി ഉദ്യോഗസ്ഥന്മാരുടെ മുമ്പിൽകൊണ്ടുപോയി കാണിക്കണം. വളരെ ബുദ്ധിമുട്ടുള്ള ഒരു ഏർപ്പാടാണിതു്. ഏകമുഖവില്പനനികുതി സമ്പ്രദായമാണെങ്കിൽ, ഈ ചില്ലറക്കച്ചവടക്കാർക്കു് ഉദ്യോഗസ്ഥന്മാരെ ആശ്രയിക്കേണ്ട ആവശ്യം ഉണ്ടാകുന്നില്ല.

മൂന്നാമതായി, ഇന്നത്തെ സെയിൽസ് ടാക്സ് അപ്പീലിന്റെ പരമാധികാരി ഈ ഡിപ്പാർട്ടുമെന്റിന്റെ ചാർജ്ജു വഹിക്കുന്ന മന്ത്രിയാണു്. അതു മാററണം. മന്ത്രിമാരെ സമീപിക്കുവാൻ കഴിവില്ലാത്തവർക്കു് ഇതു ബുദ്ധിമുട്ടുള്ള കാര്യമാണു്. മാത്രമല്ല, അവരുമായി കൂടുതൽ ബന്ധം സ്ഥാപിക്കുവാൻ കഴിവുള്ളവർക്കു് അന്യായമായ പ്രയോജനം ധാരാളമായി കിട്ടുമെന്നുള്ളതും നിശ്ചയമാണു്. അതുകൊണ്ടു് മദ്രാസിൽ നടപ്പിലാക്കിയിരിക്കുന്നതുപോലെ, ഒരു സെയിൽസ്ടാക്സ് അപ്പലേററ ട്രിബ്യൂണൽ ഇവിടെ ഏർപ്പെടുത്തേണ്ടതാണു്. അതുപോലെതന്നെ, ഈ വില്പന നികുതി നടപ്പിലാക്കുന്ന കാര്യത്തിലും, അതു ഈടാക്കുന്ന കാര്യത്തിലും ഉണ്ടാകുന്ന ക്രമക്കേടുകൾ പരിഹരിക്കുന്നതിനു് വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുന്നതിനുള്ള ചുമതലയോടുകൂടിയ ഒരു അഡൈ്വസറി കമ്മററിയെയെങ്കിലും സംഘടിപ്പിക്കണമെന്നും എനിക്കു നിർദ്ദേശമുണ്ടു്. മദ്രാസിൽ, ഇതുപോലെ, അസംബ്ലിയിലെ മെമ്പറന്മാരും, ചേമ്പർ ആഫ് കാമേഴ്സിലെ മെമ്പറന്മാരും, മന്ത്രിയും എല്ലാവരുംകൂടി ചേർന്നു് ഒരു അഡൈ്വസറികമ്മിററി ഉണ്ടാക്കിയിട്ടുണ്ടു്. എത്രതന്നെ നിഷ്കർഷിച്ചു നോക്കിയാലും, വില്പനനികുതി ഏർപ്പെടുത്തുന്നതിലും ഈടാക്കുന്നതിലും വളരെ ക്രമക്കേടുകൾ ഉണ്ടാകുമെന്നു തീർച്ചയാണു്. ഉദാഹരണമായി, മന്ത്രിയുടെ മുമ്പിൽ നിവേദനം നടത്തുവാനായി വൈക്കത്തുനിന്നും ഇന്നലെ ഇവിടെ വന്നിരുന്ന അബ്കാരി കൺട്രാക്ടറന്മാരുടെ ഒരു മെമ്മോറാണ്ടം ഞാൻ കണ്ടു. ആ മെമ്മോറാണ്ടത്തിൽ അവർക്കു സാധിച്ചുകിട്ടേണ്ട ഒരാവശ്യമായി പറഞ്ഞിരിക്കുന്നതു് കള്ളഷാപ്പുകളിൽ വച്ചിരിക്കുന്ന കറികൾക്കു് സെയിൽസ്ടാക്സ് ഈടാക്കിവരുന്നതു് നിറുത്തണമെന്നാണു്. ഒരു സെയിൽസ് ടാക്സുദ്യോഗസ്ഥൻ കള്ളഷാപ്പിലെ കറിക്കുകൂടി വില്പനനികുതി ഈടാക്കാമെന്നു തീരുമാനിക്കുകയും, അതിനുള്ള നടപടികൾ നടത്തുകയും ചെയ്യുന്നതു് പരിതാപകരമാണു്. അങ്ങനെയുള്ള ക്രമക്കേടുകൾ ധാരാളമായി ഉണ്ടാകാവുന്നതാണു്. ഗവണ്മെന്റ് ഇപ്പോൾ നടപ്പിലാക്കിയിരിക്കുന്ന വില്പനനികുതിയെ സംബന്ധിച്ചു് നിവൃത്തിയില്ലാത്ത ചില ദോഷഫലങ്ങൾ ജനങ്ങൾ അനുഭവിച്ചേതീരു എങ്കിലും പരിഹരിക്കാവുന്നതായ ഇത്തരം ദോഷങ്ങൾ, അതായതു്

സെയിൽസ്ടാക്സ് ഈടാക്കുന്നതിന്റെ നടപടിക്രമംമൂലമുള്ള ദോഷങ്ങൾ പരിഹരിക്കേണ്ടതും അത് ഇത്തരം അഡൈ്വസറികമ്മററിമുഖേന പരിഹരിക്കാൻ സാധിക്കുന്നതുമാണ്. അങ്ങനെ, ചുരുക്കിപ്പറഞ്ഞാൽ, ബഹുമുഖവില്പനനികുതി സംപ്രദായം മാററി ഏകമുഖ വില്പനസംപ്രദായമാക്കണം. എക്സ്പോർട്ട് സാധനങ്ങളുടെ മേൽ നികുതി ഈടാക്കാൻ പാടില്ല. രണ്ടാമത്, സെയിൽസ്ടാക്സ് അഡൈ്വസറികമ്മിററി ഉണ്ടാക്കണം. മൂന്നാമത്, ഒരു അപ്പലേററ ട്രിബ്യൂണൽ സംഘടിപ്പിക്കണം.

സർ, ഇനി എനിക്ക് ഈ സഭയെ അറിയിക്കുവാനുള്ളത് ഈ സ്റ്റേററിലെ പുകയില നികുതിയെപ്പററിയും, ഈ പുകയിലക്കച്ചവടത്തിനുള്ള ലൈസൻസ് സംപ്രദായത്തെപ്പററിയുമാണ്. പുകയില സാധനങ്ങളുടെ മേൽ ബഹുമുഖവില്പനനികുതിയാണ് ഈടാക്കിവരുന്നത്. കൂടാതെ ഒരു രൂപ വിലയുള്ള പുകയിലയ്ക്ക് ഒന്നരയണ ഈടാക്കുന്നുണ്ട്. പ്രത്യേക നികുതിയും അതും കൂടാതെ മദ്രാസിലുള്ള ഒരു ഹോൾസെയിൽ കച്ചവടക്കാരൻ ലൈസൻസിനായി കൊടുക്കേണ്ടതുക നൂറ രൂപയാണെങ്കിൽ, ഈ സംസ്ഥാനത്തുകാരനായ ഒരു ഹോൾസെയിൽകാരൻ 25,000 രൂപ ലൈസൻസ്ഫീസ് കൊടുക്കണം. ഫോർട്ടുകൊച്ചിയിലെ ഒരു കച്ചവടക്കാരൻ 100 രൂപ ലൈസൻസ്ഫീസ് അടച്ചാൽ മതിയാകുന്നതാണ്. എന്നാൽ അടുത്തുകിടക്കുന്ന മട്ടാഞ്ചേരിയിൽ പുകയിലക്കച്ചവടം നടത്തണമെങ്കിൽ 25000 രൂപ അടയ്ക്കണം. ഇത് കച്ചവടക്കാരന്റെ മാത്രം കാര്യമല്ല, പുകയില സാധനങ്ങൾ വാങ്ങി ഉപയോഗിക്കുന്ന സാമാന്യജനങ്ങളുടെ കാര്യം കൂടിയാണ്. അതുകൊണ്ട് ഇതേപ്പററി വളരെ ഗൗരവമായി ഗവണ്മെന്റ് ആലോചിക്കേണ്ടതാണ്. ഫോർട്ടുകൊച്ചിയിലെയും മട്ടാഞ്ചേരിയിലെയും ലൈസൻസ് ഫീസിലുള്ള ഈ വ്യത്യാസംമൂലം സ്റ്റേററിന്റെ റവന്യൂവിൽ വളരെയധികം തുക നഷ്ടം വരുന്നുണ്ടെന്ന കാര്യംകൂടി ഞാൻ ധനകാര്യമന്ത്രിയെ അറിയിച്ചുകൊള്ളട്ടെ. കള്ളക്കച്ചവടത്തിലേയ്ക്ക് ഇവിടത്തെ ചെറുതരം കച്ചവടക്കാരെ തള്ളിവിടുന്നതിന്റെ പ്രധാനകാരണം ഇതാണ്. ഫോർട്ടുകൊച്ചിയിൽനിന്നും പുകയില സാധനങ്ങൾ സ്മഗിൾ ചെയ്ത് ഇവിടെക്കൊണ്ടുവന്നു വിൽക്കുന്നു. ലൈസൻസ്ഫീസ് കുറവുള്ള സ്ഥലങ്ങളിൽനിന്ന് കുറഞ്ഞ വിലയ്ക്കു പുകയിലസാധനങ്ങൾ ലഭിക്കുമല്ലോ. അങ്ങനെ ഈ വ്യവസ്ഥയിലുള്ള വ്യത്യാസംകൊണ്ട് സ്റ്റേററിനും നഷ്ടമുണ്ട്. ഈ പുകയില സാധനങ്ങളുടെ മേലുള്ള ബഹുമുഖവില്പനസംപ്രദായം നിറുത്തണം. ഫോർട്ടിലെയും മട്ടാഞ്ചേരിയിലെയും ലൈസൻസ് ഫീസിന് തുല്യത വരത്തക്കവണ്ണം ലൈസൻസിംഗ് സംപ്രദായവും പരിഷ്ക്കരിക്കണം.

ഈ ഉപക്ഷേപം സഭയുടെ അംഗീകാരത്തിനായി അവതരിപ്പിക്കുന്ന ഈ ഘട്ടത്തിൽ, എനിക്ക് എല്ലാ മെമ്പറന്മാരോടും ഒരപേക്ഷയുണ്ട്. ഈ ഉപക്ഷേപംമൂലം ആവശ്യപ്പെടുന്നത് നമ്മുടെ നാട്ടിൽ ക്രയശക്തി വളരെയധികം അധഃപതിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ ബഹുമുഖ വില്പനനികുതി സംപ്രദായം നിറുത്തൽചെയ്ത് ചെറുകച്ചവടക്കാർക്കും, സാമാന്യജനങ്ങൾക്കും ആശ്വാസം നൽകുകയും, അങ്ങനെ ഈ രാജ്യത്തെ ക്രയശക്തി വർദ്ധിപ്പിക്കുകയും ചെയ്യണമെന്നാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പറന്മാർ എല്ലാവരും ഇതു മനസ്സിലാക്കി കക്ഷിതാൽപ്പര്യം കൂടാതെ എല്ലാ പാർട്ടിയംഗങ്ങളും ഈ ഉപക്ഷേപത്തെ അനുകൂലിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. അങ്ങനെ ഈ മന്ത്രിസഭയെക്കൊണ്ട് സാമാന്യ

[ശ്രീ. റ്റി. വി. തോമസ്]

ജനങ്ങളുടെ ഉന്നതിനായി എന്തെങ്കിലും ചെയ്യിക്കുവാനൊക്കുമോ എന്നു ശങ്കിക്കേണ്ടിവരുന്നതാണ്. അതിനാൽ ഈ ഉപക്ഷേപത്തെ എല്ലാ മെമ്പർമാരും അനുകൂലിക്കണമെന്നപേക്ഷിക്കുന്നു.

ശ്രീ. കെ. ടി. തോമസ്: സർ, എന്റെ ഉപക്ഷേപം ഇതാണ്.

To reduce the total allotment of Rs. 5,16,100 under Demand I by Rs. 10.

ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചുകൊണ്ട് ഈ രാജ്യത്തിലെ കർഷകരെ സംബന്ധിച്ച് ഒന്നു രണ്ടു കാര്യങ്ങൾ ചൂണ്ടിക്കാണിക്കണമെന്നു വിചാരിക്കുന്നു. സർ, നമ്മുടെ സംസ്ഥാനം ഒരു കർഷകസംസ്ഥാനമാണ്. എന്നു പറഞ്ഞാൽ ഈ രാജ്യത്തിന്റെ നട്ടെല്ലുതന്നെ കർഷകരാണ്. ഇന്നു രാജ്യത്തുള്ള വിഭവസമൃദ്ധിക്കു കാരണം കർഷകരുടെ അദ്ധ്വാനമാണ്. നമ്മുടെ നാട്ടിൽ ഉണ്ടായിരിക്കുന്ന ഭക്ഷണക്ഷാമത്തിനെ പരിഹരിക്കുന്നതിനു വേണ്ടി അശ്രാന്തം പരിശ്രമിക്കുന്ന ഒരുകൂട്ടർ കൃഷിക്കാരാണ്. കാർഷികവിഭവങ്ങൾ ഉൽപ്പാദിപ്പിച്ച് ഡാളർ സമ്പാദിക്കുന്നതും അവരാണ്. ഒരിക്കലും നാം അവരെ വിസ്മരിക്കാൻ പാടില്ല. എന്നാൽ ഇന്നത്തെ ഗവണ്മെന്റുനയംമൂലം അവർ തകർന്നുതരിപ്പണമാകുകയാണ്. കൃഷിഭൂമികൾ തുണ്ടുതുണ്ടായി വിഭജിച്ചിരിക്കുന്നത് ദോഷകരമാണെന്നു ധനകാര്യമന്ത്രിതന്നെ പറയുന്നതോടൊപ്പം, ഇനിയും അവശേഷിച്ചിരിക്കുന്ന ഭൂമികൂടി വിഭജിക്കാൻ നിശ്ചയിച്ചിരിക്കുന്നുവെന്നാണ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ നിന്നും എനിക്കു മനസ്സിലാക്കുവാൻ സാധിച്ചത്. ഇപ്രകാരം ഭൂമി ഛിന്നഭിന്നമായി വിഭജിക്കുന്നതുതന്നെ, വിപുലമായ തോതിൽ കൃഷി നടത്തുന്നതിനുള്ള സാദ്ധ്യതകളെ സാരമായി സ്പർശിക്കുന്നതാണ്. കർഷകർ പലവിധ നികുതികൾക്കും വിധേയരായിരിക്കുന്ന ഈ ഘട്ടത്തിൽ കാർഷികാദായനികുതിയുടെ നിരക്കു കൂട്ടി അവരെ ഞെക്കിപ്പിഴിയുകയാണ്. തൻമൂലം അവർക്കു പലവിധ കഷ്ടപ്പാടുകളും ദുരിതങ്ങളും നേരിടുന്നുമുണ്ട്. ധനകാര്യമന്ത്രിതന്നെ പറയുന്നു, കർഷകർ മുണ്ടുമുറുക്കിയുടുത്തുകൊണ്ട് നികുതികൊടുക്കാൻ തയാറാകണമെന്ന്. നികുതിയെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ നിലപാട് സാധൂകരിക്കാൻ വേണ്ടി അങ്ങനെ പ്രസ്താവിച്ചതായിരിക്കണം. അദ്ദേഹം രാജ്യത്തെ മൊത്തം ജനസംഖ്യ കണക്കാക്കിയാണ് ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നത്. കാർഷികാദായനികുതിയെ സംബന്ധിച്ചിടത്തോളം നിശ്ചിതമായ ഒരു വ്യവസ്ഥയും ഗവണ്മെന്റിൽ നിന്നും, അംഗീകരിച്ചുകാണുന്നില്ല. അതായത്, ഒരു സെന്റിന് ഇത്രയെന്നോ അല്ലെങ്കിൽ ഒരേക്കറിന് ഇത്രയെന്നോ, ഉള്ള നിശ്ചിതമായ ഒരു റേറ്റ് നികുതിയെ സംബന്ധിച്ചടത്തോളം ഏർപ്പെടുത്തിയിട്ടില്ല. ഡിപ്പാർട്ടുമെന്റുദ്യോഗസ്ഥന്മാർക്ക് ഇഷ്ടംപോലെയുള്ള തുകയാണ് ആദായനികുതിയായി ഈടാക്കി വരുന്നത്. ഇതിന്മേൽ പല പരാതികളും ഇതിനു മുൻപു ഈ നിയമസഭയിൽത്തന്നെയും ഉന്നയിച്ചിട്ടുണ്ട്. എന്നിട്ടും ആ പതിവു തന്നെയാണ് ഇപ്പോഴും തുടർന്നുവരുന്നത്. സർ, ഈ കാര്യത്തെ സംബന്ധിച്ച് ഇതരസ്റ്റേറ്റുകളെ നാം അനുകരിക്കേണ്ടതാണ്. ഇതരസ്റ്റേറ്റുകളിൽ ഇന്ന് ഒരേക്കർ സ്ഥലത്തിന് നിലവിലുള്ള നികുതിയുടെ ഒരു കണക്ക് എന്റെ കൈവശമുണ്ട്. ഈ കണക്ക് ഇൻഡ്യയിലെ മിക്ക സ്റ്റേറ്റുകളിലും അംഗീകരിച്ചിട്ടുള്ളതാണ്.

		രൂപ	അണ
മദ്ധ്യഭാരതത്തിൽ	ഒരേക്കറിന്നു നികുതി	4	13
സൗരാഷ്ട്രത്തിൽ	,,	6	14
രാജസ്ഥാനത്തിൽ	,,	2	3
ഹൈദരാബാദിൽ	,,	5	5
മൈസൂറിൽ	,,	10	12
തിരുവിതാംകൂർ–കൊച്ചിയിൽ	,,	29	10

സർ, ഞാൻ ഉദ്ധരിച്ച കണക്കുകളിൽ നിന്നും ഏററവും കൂടുതൽ നികുതി ഈടാക്കുന്നതു് തിരുവിതാംകൂർ–കൊച്ചിയിലാണെന്നു കാണാവുന്നതാണ്. ഒന്നുകൂടെ പറയുകയാണെങ്കിൽ രാജസ്ഥാനിൽ കൊടുക്കുന്ന നികുതിയുടെ പതിനഞ്ചിരട്ടിയും ഹൈദരാബാദിൽ കൊടുക്കുന്ന നികുതിയുടെ ആറിരട്ടിയും, മൈസൂറിൽ കൊടുക്കുന്നതിന്റെ മൂന്നിരട്ടിയും തിരുവിതാംകൂർ–കൊച്ചിയിൽ നിന്നു് ഗവണ്മെന്റ് ഈടാക്കിവരികയാണ്. ഈ കണക്കുവച്ചുനോക്കുമ്പോൾ കർഷകർ ഗവണ്മെന്റിന്റെ ഒരു കറവപ്പശുവായിട്ടു മാത്രം കരുതപ്പെട്ടിരിക്കയാണെന്നു തോന്നുന്നു. പക്ഷെ ഒരു കാര്യം ഞാൻ പറയാം. ഈ കറവപ്പശുവിനെ ശരിയായി തീററിപ്പോററി സംരക്ഷിക്കേണ്ട ഒരു കടമകൂടി ഗവണ്മെന്റിനുണ്ടു്. അങ്ങനെ ചെയ്യാതെ കൃഷിക്കാരാകുന്ന കറവപ്പശുക്കളെ കൊല്ലരുതെന്നു കൂടി ഞാൻ ഈയവസരത്തിൽ ഗവണ്മെന്റിനെ അനുസ്മരിപ്പിക്കുന്നു. കാർഷികാദായനികുതിയെ സംബന്ധിച്ചിടത്തോളം നിശ്ചിതമായ വ്യവസ്ഥയും, നിശ്ചിതമായ ഒരു റേററും ഇല്ലാത്തതുകൊണ്ടു് ഉണ്ടായിട്ടുള്ള അഴിമതികളെയും അക്രമങ്ങളെയും പററി പരാതിയുണ്ടാകുന്നതു് ഈ ഡിപ്പാർട്ടുമെന്റുദ്യോഗസ്ഥന്മാരുടെ തോന്ന്യാസങ്ങൾകൊണ്ടാണ്. ഇവരുടെ തോന്ന്യാസം മുഴുവൻ വിലപ്പോകുന്നതു് സാധുക്കളായ കർഷകരിലാണ്. സർ, തൊപ്പിപ്പാളയും തൂമ്പയുമായി നടക്കുന്ന ഈ സാധുക്കൾ, ചിലപ്പോൾ അക്ഷരാഭ്യാസംകൂടെ ഇല്ലാത്ത ഈ സാധുക്കൾ, അവർ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങളിൽ നിന്നും വിററുകിട്ടുന്ന കാശിന്റെ കണക്കുകൾ ഈ ഉദ്യോഗസ്ഥന്മാർക്കു തൃപ്തികരമായ രീതിയിൽ ഹാജരാക്കണം. ഡബിൾ എൻട്രി സിസ്റ്റത്തിൽ ലെഡ്ജറും ജേർണലും വൌച്ചർ സഹിതം ഹാജരാക്കിയില്ലെങ്കിൽ ഇവക്കു് സ്വീകാര്യമല്ലപോലും! മാത്രമല്ല ഉൽപ്പന്നങ്ങളുടെ യഥാർത്ഥവില അടിസ്ഥാനമാക്കിയല്ല ഇവർ നികുതി ഈടാക്കുന്നതു്. ഒരു ഉദാഹരണം പറയാം. നാലായിരം രൂപ വിലയുണ്ടായിരുന്ന കുരുമുളകു് പെട്ടെന്നുണ്ടായ വിലക്കുറവുനിമിത്തം രണ്ടായിരം രൂപയ്ക്കു വിൽക്കേണ്ടിവരും. അങ്ങനെ രണ്ടായിരം രൂപയ്ക്കു വിററുവെന്നു കണക്കുകാണിച്ചാൽപ്പോലും ഇവർ നാലായിരം രൂപയുടെ നികുതിയാണു് ഈടാക്കുന്നതു്. അതുപോലെ തന്നെ, നാളികേരത്തെ സംബന്ധിച്ചാണെങ്കിൽ, കുട്ടനാടൻ പ്രദേശങ്ങളും മലംപ്രദേശങ്ങളും ഒരേ രീതിയിലാണു് കണക്കുകൂട്ടുന്നതു്. ഗവണ്മെന്റിനു് എങ്ങനെയായാലും പണം കിട്ടണമെന്നു മാത്രമല്ലാതെ കർഷകരുടെ ക്ലേശങ്ങളെയോ, അദ്ധ്വാനത്തെയോ പരിഗണിക്കണമെന്നില്ല. ഈ വകയ്ക്കു വേണ്ടി കുറെ ഉദ്യോഗസ്ഥന്മാരെയും നിയമിച്ചിട്ടുണ്ടു്. അവർ കർഷകരെ ഭീഷണിപ്പെടുത്തി സാധുക്കളിൽ നിന്നും അന്യായമായി നികുതി ഈടാക്കുകയും ചെയ്യുന്നു. ഗവണ്മെന്റിന്റെ അനീതിപരമായ ഈ മനോഭാവം കർഷകരോടു പ്രദർശിപ്പിക്കുന്നതു് ആശാസ്യമല്ല. അതുകൊണ്ടു്

[ശ്രീ. കെ. ടി. തോമസ്]

ആദായനികുതിയെ സംബന്ധിച്ചിടത്തോളം ഒരു ഫിക്സിററി ഉണ്ടായിരിക്കേണ്ടതാണ്. അതായത്, അഞ്ചേക്കർവരെയുള്ളവരെ നികുതിയിൽനിന്നും ഒഴിവാക്കണം. അഞ്ചു മുതൽ പത്തുവരെ ഏക്കറിന് ഒരു നിരക്കും, പത്തു മുതൽ പതിനഞ്ചുവരെ ഒരു നിരക്കും, 15 മുതൽ 25 വരെ ഒരു നിരക്കും. ഈ തരത്തിൽ ഒരു സ്ലൈഡിംഗ് സ്കെയിൽ അനുസരിച്ച് നികുതി നിശ്ചയിക്കേണ്ടതാണ്. അതില്ലാത്തതുകൊണ്ട് നികുതികൊടുക്കുന്ന വിഷയത്തിൽ ചിലപ്പോൾ കർഷകരുടെ സ്വത്തും അഭിമാനവും ബലികഴിക്കേണ്ട സന്ദർഭംകൂടി ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് കർഷകരുടെ കൈവശത്തിരിക്കുന്ന ഭൂമിയെ സംബന്ധിച്ചിടത്തോളം ഏക്കറേജു വ്യവസ്ഥയിന്മേൽ റേററ നിശ്ചയിക്കേണ്ടത് ഏററവും അത്യാവശ്യമാകുന്നു.

വിൽപ്പനനികുതിയെ സംബന്ധിച്ച് എന്റെ മാന്യസ്നേഹിതൻ ശ്രീ. ടി. വി. തോമസ് വിശദീകരിച്ചുകഴിഞ്ഞു. ആ സ്ഥിതിക്ക അവയുടെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ലെങ്കിലും ഒരു കാര്യം ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. വിൽപ്പനനികുതിയെ സംബന്ധിച്ച് ഈ കൊല്ലം കൂടുതൽ തുക പ്രതീക്ഷിക്കുന്നില്ലെന്ന് ധനകാര്യമന്ത്രി തന്റെ ബഡ്ജററുപ്രസംഗത്തിൽ പറയുകയുണ്ടായി. കാർഷികോൽപ്പന്നങ്ങൾക്ക് ദൈനംദിനം വില കുറഞ്ഞുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, കൂടുതൽ തുക വിൽപ്പനനികുതിയിനത്തിൽ ഈടാകുമെന്നുള്ള പ്രതീക്ഷ അസ്ഥാനത്തിലാണ്. മാത്രമല്ല, ബഹുമുഖവിൽപ്പനനികുതികൊണ്ട് സംസ്ഥാനത്തുള്ള ചെറുതരം വ്യവസായങ്ങൾ മുഴുവനും നശിച്ചുവരികയാണ്. മലഞ്ചരക്കുകളെ സംബന്ധിച്ചിടത്തോളമാണെങ്കിൽ, വലിയ മുതൽമുടക്കു കൂടാതെ കർഷകരുടെ സമ്മനസ്സിന്റെ അടിസ്ഥാനത്തിൽ ഇടക്കച്ചവടം നടത്തുന്ന വളരെയധികം ആളുകളുണ്ട്. ബഹുമുഖവിൽപ്പനനികുതി മൂലം ഇവരുടെ തൊഴിൽ തുടർന്നുകൊണ്ടുപോകാൻ യാതൊരു ഗത്യന്തരവുമില്ലാതെ കഷ്ടപ്പെടുന്നവരാണ് ഇവരിൽ അധികവും. തേങ്ങാവെട്ട്, പാക്കുവെട്ട്, മലഞ്ചരക്കുവ്യാപാരം ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ അവരുടെ മൊത്തം ടേണോവർ കണക്കാക്കി വമ്പിച്ച തുകകൾ വിൽപ്പനനികുതിയായി കൊടുക്കേണ്ടിവരുന്നു. തന്നിമിത്തം പലരെയധികം ആളുകൾ തൊഴിൽരഹിതരായിത്തീർന്നിട്ടുണ്ട്. കൂടാതെ വിൽപ്പനനികുതി ഉദ്യോഗസ്ഥന്മ് തൃപ്തികരമായ വിധത്തിൽ ഇവർ കണക്കുകൾ കാണിക്കണം. ഇക്കാര്യത്തിലുള്ള ഉദ്യോഗസ്ഥന്മാരുടെ അഴിമതിയും അക്രമവുംകൊണ്ട് ചെറിയ ചെറിയ കച്ചവടക്കാർ അവരുടെ കച്ചവടം തന്നെ നിറുത്തിയിരിക്കുകയാണ്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സത്യമായിട്ടുള്ള കണക്ക് ഹാജരാക്കിയാൽ ഉദ്യോഗസ്ഥന്മാർ അവരെ ഉപദ്രവിക്കുമോ?

ശ്രീ. കെ. ടി. തോമസ്: സാധുക്കളായ കച്ചവടക്കാർക്ക് ശരിയായ ഒരു കണക്കുവയ്ക്കുവാൻ സാദ്ധ്യമല്ല. അല്ലെങ്കിൽ പ്രത്യേകം ഒരാളെ അതിലേയ്ക്കു നിയമിക്കണം. അതിനു നിവൃത്തിയില്ലാത്തതുകൊണ്ടാണ് ഈ ഉപദ്രവം ഉണ്ടാകുന്നത്. മലഞ്ചരക്കുകളിൽ ചില സാധനങ്ങൾ സിങ്കിൾ പായിന്റിൽപ്പെടുത്തിയിട്ടുണ്ടെന്ന് ധനകാര്യമന്ത്രി ഇവിടെ

പറഞ്ഞു. കൊപ്രാ, നാളികേരം, റബ്ബർ, പാക്ക് മുതലായവയെങ്കിലും സിംഗിൾപോയിന്റ ടാക്സിൽ ഉൾപ്പെടുത്തണമെന്ന് അപേക്ഷിച്ചുകൊണ്ട് ഞാൻ എന്റെ ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു.

Shri V. V. Sebastian: Sir, In supporting the cut motion moved by the hon. Member Shri K. T. Thomas I wish to impress on the Government the necessity of a change over from the multi point system of taxation to the single point system of taxation, and also the desirability or necessity of revising the whole Sales Tax Act and the Rules made thereunder and also the necessity to have reorganisation of the whole system of Sales Tax administration. Sir, it has been pointed out from all quarters on the floor of this House that the multi point system of taxation is doing a lot of harm to the merchant community and indirectly to the public at large. The merchant community has been agitating for the avoidance of the multi point system of taxation and for introducing the single point system of taxation from the very inception of this system of taxation in our State. All the various parties in this House are agreed on one point, that the multi point system of taxation is causing much hardship to the small-scale traders of this country. In the first place, this system tends to make distribution the monopoly of a few merchants of a particular locality. It is common knowledge that in a particular locality, by slow process, the bigger ones of the trading class come to be benefited. They gradually monopolise the whole trade of the locality, and a study of the condition of the small scale traders will reveal the fact that several of them had to stop their trade on account of this system of taxation. The multi point system of taxation must be stopped because it affects the poor more than the rich and hence more regressive. As we all know, the poor people ordinarily will have to resort to small scale traders for their purchases, because it is with them that they come more in contact. Sales Tax which is imposed on successive sales adds to the price of the goods, and so the poor man has ordinarily to bear the burden of the multipoint tax most.

Then there is the fact that this system of taxation gives much room for corruption, nepotism and ill-judged assessments. Sir, as every body knows, the ordinary trader, the small scale trader, does not keep proper accounts. Very often he does not know how to keep proper accounts nor has he the ability to appoint a clerk to write his accounts. The result is that invariably his accounts are rejected because they are not properly kept. There have been very sad instances in which even proper accounts have been rejected by assessing authorities simply because others have falsified their accounts with a view to avoid the assessment of tax which they cannot afford to pay. Very often, the assessing authorities, in the absence of evidence to support an assessment, rely on local enquiries which probably they might never have made. Assessments made on such local enquiries have not the least chance of being reversed in appeal because the assessments are made on personal enquiries alleged to have been made the assessing authorities. Speaking on local

[Shri V. V. Sebastian]

enquiries and assessments based on them, I am reminded of an instance where an assessing authority made an assessment of sales tax basing on an alleged local enquiry. Subsequently it was discovered that the poor assessee had stopped his business a year prior to the year of assessment. Ultimately the higher authorities had to intervene and write off the amount from the registers Such instances are not rare. There is also the fact that the small scale traders in their anxiety to escape from the assesment of tax which they dread and which they can ill-afford to pay very often falsify their accounts, and the knowledge of such a practice leads to the rejection *in toto* of even genuine accounts.

ശ്രീ. എം. വി. ചെറിയാൻ: സർ, ഒരു ചോദ്യം. പലപ്പോഴും ചെറിയ കച്ചവടക്കാരിൽനിന്ന് ഒരു ഫിക്സഡ് എമൗണ്ടാണ് സെയിൽസ് ടാക്സുകാർ ഈടാക്കിവരുന്നതെന്ന് മെംബർക്ക് അറിയാമോ?

Shri V. V. Sebastian: That is wrong. According to me it is a wrong practice. As my friend suggested, these small scale traders in a particular locality, are very often classified into certain grades, and certain amounts are fixed for them and they will have to pay that amount whether the turnover warrants such a fixation or not. This has been the experience of the small scale traders. And there is also the painful fact that the assessing authority in his anxiety to get at the target fixed for him, very often victimise these small scale traders. It is not ordinarily possible to tax the big traders because they know how to keep their accounts rather properly or in a presentable form. They know how to escape from assessment. They know the techniques of avoiding an assessment. The small scale trader has not the cleverness nor has he the means to escape from the taxation which, as a matter of fact, he does not deserve.

So the point that I want to stress is, that the Government will be pleased to make a change over from the multi-point system to the single-point system of taxation. The question of revenue may stand in the way of this change. But I would suggest that, if a total change over is not practicable at present, at least a partial change over may be made by increasing the rate of tax and levying an additional impost on luxury goods. I am sure that none of these traders will object to the rate of tax being increased, provided they are relieved of the multi-point system of taxation. What they object to, is the imposition of tax at successive stages which causes most of the small scale traders to stop their business. Many of them have actually stopped their business on account of this and this alone.

Then I suggest that certain amendments are necesssary to the Act and Rules. Our Act is based on the Madras Sales Tax Act of 1949 as it stood then. Since that time, as many as about a hundred amendments have been made to the Madras Act and Rules. Our State, I may be excused for the remark, has gained the notoriety of copying the legislations of other States. But this notoriety has not been extended in copying

these very desirable and necessary amendments to the Sales Tax Law of our State.

There are several provisions in the Sales Tax Act which, owing to their uncertainty and ambiguity, cause untold hardship and harassment to the traders. To site a few instances, I may refer to the provisions relating to the business of Commission Agents, hawkers ; rebate to oil millers Brokers etc. etc. The ambiguity and uncertainty in the provisions relating to these matters lead to untold hardship and difficulty to the trading class.

There is much harassment caused on account of these uncertainties. As one of my hon. friends here has suggested, the appointment of an Appellate Tribunal is overdue. I think in Madras a Tribunal was constituted as early as 1951. Everybody will agree, I believe, that executive autocracy without judicial corrective is opposed to all principles of democracy; and as things stand at present, we have no judicial precedents to follow in the application of our Sales Tax Law. We have got 4 appellate Assistant Commissioners, the Deputy Commissioner, the Commissioner and the Revenue Board exercising appellate and revisional powers. Their decisions are not uniform, and lack in precision. The reason is that we have no precedents to follow. Therefore it is necessary that the Government do take immediate steps to constitute a Tribunal under the Sales Tax Act. And care should be taken to see that the Tribunal is a real judicial body, and not another gallery of executive officers.

I have also to make some remarks regarding the re-organisation of the department. Salestax is the main source of revenue to the State, and it is in the best interests of the Government and the public that this department is manned by honest people who will serve the Government faithfully and contentedly. No doubt, a time-scale has been introduced in the clerical grades, and that is a commendable step taken by the Government. If such a change is made in the higher grades also, it would be desirable and helpful for the proper administration of this department. We have got Appellate Commissioners and Inspecting Commissioners in this department. What I want to bring to the notice of Government is that there is no reason why there should be any discrimination between these officers who do the same sort of work. In the pay and other emoluments that they are now entitled to, there is much disparity and discrimination shown. That is certainly undesirable. There is also another reason why the officers of the departments should be specially considered, apart from the point of view that we want thoroughly honest and efficient men. The Central Taxation Enquiry Committee is expected to file its report shortly and there might be a scheme to introduce uniformity in the matter of taxation laws and even in its administration. If by chance it happens that salestax is also taken over by the Centre, there might come up a difficulty as has been experienced now in the case of the personnel of the Income-tax Department surrendered to the Centre who are now labouring under several disabilities. And it is up to

[Shri V. V. Sebastian]

this Government to see that in the event of such a contingency happening in the case of our Sales Tax Department the officers of our Department do not suffer on account of such absorption. So, for reorganising the department with a view to effective administration and to safeguard the revenues of the State, it is incumbent on the Government to place the status of the officers of this department on a higher level than at present by increasing their scales of pay and by introducing time-scale in the higher grades also.

ശ്രീ. ടി. കെ. ദിവാകരൻ: സർ, ശ്രീ. ടി. വി. തോമസ് അവതരിപ്പിച്ച ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ട് ചില കാര്യങ്ങൾ പറയണമെന്ന് ആഗ്രഹിക്കുന്നു. കോൺഗ്രസ് ഭാഗത്തുനിന്നും സംസാരിച്ച ചില സ്നേഹിതന്മാർ ഈ രാജ്യത്ത് കർഷകന്റെ മേൽ ചുമത്തുന്ന ഇൻകംടാക്സിനെപ്പററി ആവേശത്തോടുകൂടി സംസാരിച്ചു. കാർഷികാദായനികുതി ആകെ വരവിന്റെ 85 ശതമാനത്തിനുമേൽ പതിനായിരം രൂപയ്ക്കുമേൽ വരവുള്ള വലിയ ജന്മിമാരിൽനിന്നാണ് ഈടാക്കിവരുന്നത്. ശരാശരി 141 രൂപ വാർഷികവരവുള്ള ഈ രാജ്യത്തെ കർഷകനിൽനിന്നും ആദായനികുതി ഈടാക്കാതെ വലിയ ജന്മികൾ കൊടുക്കുന്ന നികുതിയെ വർദ്ധിപ്പിച്ചത് നല്ലതായതുകൊണ്ട് ഈ കാര്യത്തിൽ ഗവൺമെന്റിനെ അനുകൂലിക്കുകയും ചെയ്യുന്നു. കാർഷികാദായനികുതി പിരിവിൽ കാണുന്ന പ്രകടമായ ഒരു കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരുവാനുള്ളത് മാർജിനിൽ നിൽക്കുന്ന ആളുകളുടെ കഴുത്തിൽ കൈവയ്ക്കുക എന്നുള്ളതാണ് ടാക്സ് അസസ് ചെയ്യുന്ന ആളുകൾ ചെയ്തുവരുന്നത് എന്നാണ്. അതേയവസരത്തിൽ നികുതികൊടുക്കുവാൻ കഴിവുള്ള പല ജന്മമാരെയും ധനികരായ കർഷകരെയും ഇതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇവിടെ കാർഷികാദായനികുതിയായി ആകെ ഈടാക്കിവരുന്നത്, എന്റെ അറിവു ശരിയാണെങ്കിൽ 1951-52 ലെ കണക്കുപ്രകാരം ഒൻപതിനായിരത്തിനു താഴെയുള്ള ആളുകളിൽനിന്നുമാണ്. ഇതിൽ എണ്ണായിരത്തോളം വ്യക്തികളും 90-ൽ അധികം കമ്പനികളുമാണുള്ളത്. വ്യക്തികളിൽ നിന്നുള്ള വരുമാനം 33 ശതമാനം മാത്രമായിരിക്കുമ്പോൾ രജിസ്റ്റർചെയ്ത കമ്പനികളിൽനിന്നും ലഭിക്കുന്നത് മൊത്തത്തിലുള്ള വരവിന്റെ മൂന്നിൽ രണ്ടുഭാഗമാണ്. പ്ലാന്റേഷൻസിൽനിന്നുമാണ് ഈയിനത്തിൽ ഏററവും കൂടുതലായ വരവ്. അതേയവസരത്തിൽ ഇങ്ങനെ കാർഷികാദായനികുതി കൂടുതലായി ഈടാക്കിവരുന്ന പ്ലാന്റേഷൻ വ്യവസായത്തിന്റെ കാര്യത്തിൽ ഈ ഗവൺമെന്റ് കാര്യമായി ഒന്നും ചെയ്യുന്നില്ല. കാർഷികോല്പന്നങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി പണിയെടുത്തുകൊണ്ടിരിക്കുന്ന ഈ രാജ്യത്തെ തൊഴിലാളികളുടെ സംരക്ഷണത്തിനും അവരുടെ ക്ഷേമത്തിനുംവേണ്ടി ഈ കാർഷികാദായനികുതിയിൽനിന്നും ഒരു വെൽഫെയർഫണ്ട് നീക്കിവയ്ക്കേണ്ടതാണ്. പ്ലാന്റേഷനിൽ പണിയെടുത്തുകൊണ്ടിരിക്കുന്ന തൊഴിലാളികൾക്ക് പാർപ്പിടസൗകര്യമോ വിദ്യാഭ്യാസസൗകര്യമോ ജീവിക്കുന്നതിനാവശ്യമായ ശമ്പളമോ കൊടുക്കുന്നില്ലെന്ന് ഈ നിയമസഭയിലെ പല ചോദ്യങ്ങൾ മുഖേന നമുക്കറിയുവാൻ കഴിഞ്ഞിട്ടുണ്ട്. നാട്ടിലെ ഒരു വൻപിച്ചവിഭാഗം തൊഴിലാളികൾക്കുവേണ്ടി ഒരു വെൽഫെയർഫണ്ട് ഉണ്ടാക്കുന്നതിന് ഈ

കാർഷികാദായനികുതിയിൽനിന്നും ഒരു നല്ലതുക നീക്കിവയ്ക്കുവാൻ ഗവണ്മെൻറ് വേണ്ട നടപടിയെടുക്കേണ്ടതാണ്. അതുമാത്രമല്ല, യഥാർത്ഥത്തിൽ ഈ രാജ്യത്തെ വരവിനങ്ങളിൽ ഒരു നല്ലവിഭാഗംകിട്ടുന്ന കാർഷികോൽപ്പന്നങ്ങളിൽനിന്നും നികുതി വർദ്ധിപ്പിക്കുന്ന അതേസമയത്ത് കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും ഈ കൃഷിഅഭിവൃദ്ധിക്ക് കാര്യമായ പ്രോൽസാഹനമൊന്നും നൽകുന്നുമില്ല. കാർഷികാദായനികുതിയിൽനിന്ന് പ്രതീക്ഷിക്കുന്നതു ഒരുകോടിരൂപയാണ്. മുൻകൊല്ലത്തെക്കാൾ ഈക്കൊല്ലം പത്തുലക്ഷംരൂപാ കൂടുതലുണ്ടാകുമെന്നാണ് ധനകാര്യമന്ത്രിയുടെ പ്രതീക്ഷ. പക്ഷെ ധനകാര്യമന്ത്രിയുടെ പ്രതീക്ഷ, വർദ്ധിച്ചുവരുന്ന സാമ്പത്തികതകർച്ചയുടെ കരിനിഴലിൽ എത്രത്തോളം ശരിയാകുമെന്നും കണ്ടറിയേണ്ടിയിരിക്കുന്നു. കാർഷികോൽപ്പന്നങ്ങളുടെ വില വളരെവളരെ ഇടിഞ്ഞുകഴിഞ്ഞിരിക്കുകയാണ്. അതേ അവസരത്തിൽ അസസ്മെൻറ വളരെ നിഷ്കർഷയോടുകൂടി ചെയ്യുകയാണെങ്കിൽ ഇപ്പോൾ നികുതി കൊടുത്തുവരുന്നവരെ കൂടാതെ പുതിയപുതിയ ആളുകളെ കൂടുതലായി പിടിക്കുവാൻ സാധിക്കുമെന്നാണ് എനിക്കു പറയുവാനുള്ളതു്. ആ അടിസ്ഥാനത്തിൽ കാർഷികാദായനികുതികൊടുക്കാതെ ഒഴിഞ്ഞുമാറിക്കൊണ്ടിരിക്കുന്ന ആളുകളെ അന്വേഷിച്ചുപിടിച്ച് അവരിൽനിന്നും ഗവണ്മെൻറിലേയ്ക്കു കിട്ടുവാനുള്ള തുക ഈടാക്കേണ്ടതാണ്. കഴിഞ്ഞ കാലത്തിരുന്ന ഗവണ്മെൻറിൻെറ രാഷ്ട്രീയനയം ആ ഗവണ്മെൻറിനെ ചുററിപ്പററിനിന്നിരുന്ന പല ആളുകളേയും കാർഷികാദായനികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. എൻെറ ഒരു ബഹുമാന്യ സ്നേഹിതൻ പറയുകയുണ്ടായി മുൻപ് കുരുമുളകിനുണ്ടായിരുന്ന 4000 രൂപ വച്ചാണ് ഇപ്പോഴും ആദായനികുതി ഈടാക്കിവരുന്നതെന്ന്. എൻെറ അറിവു ശരിയാണെങ്കിൽ ഒരുകൊല്ലത്തെ ശരാശരിവരുമാനം കണക്കാക്കിയാണ് നികുതി ഈടാക്കുന്നതെന്നാണ്. ഓരോ ആളിനേയും നോക്കിയാണ് അസസ് ചെയ്യുന്നതെങ്കിൽ ഗവണ്മെൻറ് ആ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അസസ്ചെയ്യുന്നകാര്യത്തിൽ കാർഷികോൽപ്പന്നങ്ങളുടെ വിലയെ സംബന്ധിച്ചിടത്തോളം എല്ലാ ഉദ്യോഗസ്ഥന്മാരും ഏകീകൃതനയംതന്നെ സ്വീകരിക്കേണ്ടതാണ്.

സെയിൽസ്ടാക്സിൻെറ കാര്യത്തിലാണെങ്കിലും ഒന്നു രണ്ടു കാര്യങ്ങൾ ഗവണ്മെൻറ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വില്പനനികുതിയുടെ സ്വഭാവത്തെ സംബന്ധിച്ചിടത്തോളം മുൻപു പ്രസംഗിച്ച പല ആളുകളും ഇതിനെക്കുറിച്ചു പറഞ്ഞിട്ടുള്ളതുകൊണ്ട് ഞാൻ ഇതിനെക്കുറിച്ചധികം പറയുന്നില്ല. കൈത്തറിചരക്കുകളെ സെയിൽസ്ടാക്സിൽനിന്നും ഒഴിവാക്കിയതിൽ ധനകാര്യമന്ത്രിയെ അനുമോദിച്ചുകൊള്ളുന്നു. അതെ അവസരത്തിൽ ഈ രാജ്യത്തെൻെറ അതിപ്രധാനമായ വ്യവസായങ്ങളിൽ ഒന്നായ കയർവ്യവസായത്തെ സംബന്ധിച്ചിടത്തോളം അർത്ഥഗർഭമായ മൗനം അവലംബിച്ചിരിക്കുന്നതായി കാണുന്നു. ഈ രാജ്യത്തെ സാമ്പത്തികനിലയെ കാര്യമായിബാധിക്കുന്ന കയർവ്യവസായത്തിൻെറ സ്തംഭനത്തെ മാററുന്നതിന് യാതൊരു നടപടിയും എടുക്കുന്നതായി കാണുന്നില്ല. ഇന്ന് രാജ്യത്തിലിരിക്കുന്ന വ്യവസായങ്ങളെ സ്റ്റേബിലൈസ് ചെയ്യുകയാണ് ഗവണ്മെൻറിൻെറ നയമെന്നു പ്രഖ്യാപിച്ച ധനകാര്യമന്ത്രി കൈത്തറിവ്യവസായത്തിൽ കാണിച്ച ശ്രദ്ധ കയർവ്യവസായത്തിൻെറ ആരോഗ്യപരമായ നിലവാരത്തെ ഉയർത്തുന്നവിഷയത്തിൽ

[ശ്രീ. ററി. കെ. ദിവാകരൻ]

കാണിച്ചിട്ടില്ലെന്നുള്ളത് ഖേദകരമാണ്. കയർ ഉൽപ്പന്നങ്ങളെയും സെയിൽസ്ടാക്സിൽനിന്നും ഒഴിവാക്കേണ്ടത് അത്യാവശ്യമാണ്. അതിനുള്ള ഒരു പ്രസ്താവന ഈ അസംബ്ലിയിൽതന്നെ ഉണ്ടാകുമെന്നു ഞാൻ പ്രതീക്ഷിക്കുന്നുണ്ട്.

മലഞ്ചരക്കുകൾക്ക് ഏകമുഖനികുതി ആക്കി, എങ്കിലും, രാജ്യത്തെ ഒരു പ്രധാന ഉൽപ്പന്നമായ കൊപ്രായുടെ കാര്യത്തിൽ ആ വഴിക്കു ഒന്നും തന്നെ ചെയ്തിട്ടില്ല. കൊപ്രാക്കുള്ള നികുതിനിമിത്തം കൊപ്രാകച്ചവടക്കാർക്ക് പല വൈഷമ്യങ്ങളുമുണ്ടായിട്ടുണ്ട്. ബഹുമുഖ നികുതിയെസംബന്ധിച്ചുള്ള വൈഷമ്യങ്ങൾ എന്താണെന്നുവച്ചാൽ അത് സാധു ഉൽപ്പാദകനിൽനിന്നും സാധുക്കളായ ഉപഭോക്താക്കളിൽനിന്നും ഈ നികുതി ഈടാക്കുന്നതിനും അതെ അവസരത്തിൽ ശരിയായ കച്ചവടക്കാരനിൽനിന്നും ഈ വിൽപ്പന നികുതി ഈടാക്കാതിരിക്കുന്നതിനുമുള്ള സൗകര്യം അതിലുണ്ട്, എന്നുള്ളതാണ്. വിൽപ്പന നികുതിയിനത്തിൽ ആളുകളിൽനിന്നും പിരിക്കുന്ന തുകയുടെ നല്ലൊരുഭാഗം ഗവണ്മെന്റിലേയ്ക്കു ലഭിക്കുന്നില്ലെന്നുള്ളതാണ് വാസ്തവം. സർ, ഈ ഗവണ്മെന്റ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം പട്ടണത്തിൽതന്നെ വിൽപ്പന നികുതിയിൽനിന്ന് ഒഴിഞ്ഞുപെരുമാറിക്കൊണ്ടിരിക്കുന്ന വലിയ പുകയില വ്യാപാരികളെ ചിലരെ വെളിച്ചത്തുകൊണ്ടുവന്നിട്ടുണ്ട്. ഇനിയും പലരെയും പിടിക്കുവാൻ കഴിയുമെന്നാണ് എനിക്കു മനസ്സിലാക്കാൻ സാധിക്കുന്നത്. അങ്ങിനെ ഈ ഡിപ്പാർട്ടുമെന്റിലുള്ള ഉദ്യോഗസ്ഥന്മാരെ സ്വാധീനപ്പെടുത്തി ഖജനാവിൽ അടയ്ക്കേണ്ട സെയിൽസ്

3 p.m. ടാക്സ് പലരും അടയ്ക്കാതിരിക്കുന്നുവെന്നു മനസ്സിലാക്കാൻ കഴിയുന്നു. കോട്ടഗിരി വിമാനാപകടത്തിൽപ്പെട്ടു മരിച്ച ആർ. എ. കൃഷ്ണൻ, 28000-ത്തോളം രൂപ സെയിൽസ് ടാക്സിനത്തിൽ കൊടുക്കേണ്ടിയിരുന്നു. എന്നാൽ ആ തുക ഈടാക്കുന്നതിലേയ്ക്ക് ഇവിടെയുള്ള ഉദ്യോഗസ്ഥന്മാർക്ക് എഴുതി അയച്ചതിൽ അദ്ദേഹത്തിന്റെ പേരിൽ സ്വത്തുക്കളൊന്നും ഇല്ലാത്തതുകൊണ്ട് ഈടാക്കുന്നതിനു നിവൃത്തിയില്ലെന്നാണ് പറഞ്ഞത്. അദ്ദേഹം ഇൻകംടാക്സിനത്തിലും കുറച്ചു തുക കൊടുക്കേണ്ടിയിരുന്നു. കേന്ദ്രഗവണ്മെന്റ ഇൻകംടാക്സ് ഇനത്തിൽ അവർക്കു കിട്ടാനുള്ള സംഖ്യ അദ്ദേഹത്തിന്റെ കുടുംബത്തിനു കിട്ടാനുണ്ടായിരുന്ന കാമ്പൻസേഷനിൽനിന്നും ഈടാക്കുകയുണ്ടായി. നമ്മുടെ ഗവണ്മെന്റിനു കിട്ടാനുള്ള സെയിൽസ് ടാക്സ് നഷ്ടപ്പെടുകയാണ് ചെയ്തത്. അതുകൊണ്ട് യാതൊന്നും അദ്ദേഹത്തിൽനിന്നും ഈടാക്കാനില്ലെന്ന് ഈ ഗവണ്മെന്റിൽ റിപ്പോർട്ടുസമർപ്പിച്ച ഉദ്യോഗസ്ഥന്മാരുടെ കാര്യത്തിൽ ആവശ്യമായ നടപടികൾ എടുക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. മാത്രമല്ല, അസ്സസ് ചെയ്യുന്ന ഉദ്യോഗസ്ഥന്മാർ വലിയ കുഴപ്പക്കാരായിത്തീരുന്നുണ്ടെന്നും കാണാം. ഈ ഡിപ്പാർട്ടുമെന്റിലെ മൂന്നു പ്രമുഖന്മാരായ വലിയ ഉദ്യോഗസ്ഥന്മാരുടെ പേരിൽ ആന്റി കറപ്ഷൻ വകുപ്പിൽനിന്നും ചില അന്വേഷണങ്ങൾ നടത്തിയതായും, അതിൽ ചന്ദ്രശേഖരൻനായരുടേയും, ചന്ദ്രശേഖരപിള്ളയുടേയും കാര്യം മുകളിലോട്ട് വരാതിരിക്കുകയാണെന്നും, തിരവിയ [illegible] ഗവണ്മെന്റൽ വന്നിട്ടുണ്ടെന്നും അറിയുന്നുണ്ട്. ടാക്സ് അസ്സസ് ചെയ്യുന്ന വിഷയത്തിൽ പാവപ്പെട്ട കച്ചവടക്കാരുടെ നേരെ സിംഹത്തെപ്പോലെ ഗർജ്ജി

കുന്ന ഈ ഉദ്യോഗസ്ഥന്മാർ പണമുള്ളവന്റെ നേരെ നാണത്ത നായ്ക്കളിയെപ്പോലെ വാലും മടക്കി നിൽക്കുകയും ചെയ്യുന്നതായി അറിയാൻ കഴിയുന്നുണ്ട്. ഇങ്ങനെയുള്ള ഉദ്യോഗസ്ഥന്മാരുടെ പേരിൽ കർശനമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ആന്റി കറപ്ഷൻ ബിൽ പാസ്സായില്ലെങ്കിലും യഥാർത്ഥത്തിലുള്ള ടാക്സ് അടയ്ക്കാതിരിക്കാൻ കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് അവർ അർഹിക്കുന്ന ശിക്ഷ നൽകണമെന്ന് ഞാൻ ഗവണ്മെന്റിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു. നമ്മുടെ ഗവണ്മെന്റ് നിയമിച്ച സെയിൽസ് എൻക്വയറി കമ്മിറ്റി അന്വേഷണം നടത്തി ഒരു റിപ്പോർട്ട് ഗവണ്മെന്റിനു സമർപ്പിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിലെ ശുപാർശകൾ ഇതുവരെ നടപ്പിൽ വരുത്തിയിട്ടില്ല. ശ്രീ. ജാൺമത്തായി ചെയർമാനായി കേന്ദ്ര ഗവണ്മെന്റ് രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ റിപ്പോർട്ട് വന്നതിനു ശേഷം എല്ലാംകൂടി ആലോചിക്കാമെന്നായിരിക്കും ഈ ഗവണ്മെന്റ പറയുന്ന മറുപടി. ഏതായാലും ഈ നാട്ടിലെ സാമ്പത്തികസ്ഥിതിയെപ്പറ്റിയും വ്യാപാരസ്ഥിതിയെപ്പറ്റിയും കാർഷികോൽപ്പന്നങ്ങളെപ്പറ്റിയും എല്ലാം അറിവുള്ള ഏതാനും ആളുകളെ ചേർത്തു ഈ ഗവണ്മെന്റ് രൂപീകരിച്ചിരുന്ന എൻക്വയറികമ്മിറ്റിയുടെ റിപ്പോർട്ടിന്മേൽ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് ധനകാര്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെതന്നെ സെയിൽസ് ടാക്സിനെ സംബന്ധിച്ചിടത്തോളം ടാക്സിൽനിന്നും ഒഴിഞ്ഞുനിൽക്കുന്നതിന് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥന്മാരുടെപേരിൽ കൂടുതൽ കർശനമായ അന്വേഷണം നടത്തുന്ന കാര്യത്തിലും ഗവണ്മെന്റ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അപ്പീൽകേസായാലും അസ്സസ് ചെയ്യതിലുള്ള കേസായാലും വർദ്ധിച്ചുവരുന്നു എന്നാണ് കാണുന്നത് ഏതായാലും സെയിൽസ്ടാക്സ്, അഗ്രികൾച്ചറൽ ഇൻകംടാക്സ് ഇനങ്ങളിൽ ധനകാര്യമന്ത്രി പ്രതീക്ഷിക്കുന്ന വരുമാനം കിട്ടാനിടയില്ല. രണ്ടു രംഗങ്ങളിലായി പ്രതീക്ഷിക്കുന്ന 370 ലക്ഷം രൂപ ഇക്കൊല്ലത്തേതായി കിട്ടാനിടയില്ലെന്നറിഞ്ഞുകൊണ്ടുതന്നെയാണ് യഥാർത്ഥത്തിൽ ധനകാര്യമന്ത്രി ഇത്രയും തുക കൊള്ളിച്ചിട്ടുള്ളതെന്നു ഞാൻ വിശ്വസിക്കുന്നു. കഴിഞ്ഞകാലങ്ങളിൽ ഈടാക്കാനുള്ള ഇനത്തിന്റെ അധിക വരുമാനം പ്രതീക്ഷിച്ചിരിക്കുന്നതായി കാണിച്ചിട്ടില്ല. അടുത്ത കാലത്തു സുപ്രീം കോടതിയിൽ ഉണ്ടായ വിധിപ്രകാരം കൊല്ലത്തെ, കശു അണ്ടിഫാക്ടറികളിൽനിന്നു പത്തിരുപതുലക്ഷം രൂപ ടാക്സിനത്തിൽ ഈടാക്കാനുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിലേക്ക് റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുമുണ്ട്. ആ കാര്യത്തെപ്പറ്റിയും അദ്ദേഹം പറഞ്ഞിട്ടില്ല. കഴിഞ്ഞകൊല്ലത്തിൽ കിട്ടാനുള്ള ആദായമാണ് ഇക്കൊല്ലം അദ്ദേഹം പ്രതീക്ഷിക്കുന്ന വരുമാനമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇക്കൊല്ലത്തെ സാമ്പത്തിക തകർച്ചയും വിലയിടിവുംമൂലം ഉണ്ടാകുന്ന നികുതിവിടവ് കഴിഞ്ഞകൊല്ലം കിട്ടാനുള്ള വരുമാനംകൊണ്ട് നികത്തപ്പെടുമെന്നു ന്യായമായി പ്രതീക്ഷിക്കാം.

അടുത്തകാലത്തുനടന്ന ഡിപ്പാർട്ട്മെന്റ ഇന്റിഗ്രേഷൻ സംബന്ധിച്ച് ഒന്നുരണ്ടു കാര്യങ്ങൾ ധനകാര്യമന്ത്രിയുടേയും മുഖ്യമന്ത്രിയുടേയും ശ്രദ്ധയിൽ കൊണ്ടുവരണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. പ്രധാനമായി ഡിപ്പാർട്ടുമെന്റൽ ടെസ്റ്റ് പാസ്സാകുന്നതിനെ സംബന്ധിച്ചിടത്തോളം ഏർപ്പെടുത്തിയിരിക്കുന്ന ചില നിയന്ത്രണങ്ങൾമൂലം യഥാർത്ഥ

[ശ്രീ. റ്റി. കെ. ദിവാകരൻ]

ത്തിൽ ഈ ഡിപ്പാർട്ടുമെന്റിൽ ക്ലാർക്കന്മാരായും ഉദ്യോഗസ്ഥന്മാരായും ഇരിക്കുന്ന ഏകദേശം ഇരുന്നൂറോളം ആളുകൾ റിവർട്ടു ചെയ്യപ്പെടുന്നതിനും 1-4-53-നുശേഷം ഉയർന്ന ഗ്രേഡിൽ വാങ്ങിയിരുന്ന ശമ്പളം തിരിച്ചുകൊടുക്കുന്നതിനും ഇടയാക്കുന്ന ഒരു നിലവാരം ഉണ്ടായിട്ടുണ്ട്. മററു ഡിപ്പാർട്ടുമെന്റുകളിൽ ഇങ്ങനെയുള്ള ഒരു ബുദ്ധിമുട്ട് ഉണ്ടായിട്ടില്ല. 25-6-51-ലാണ് തിരുവിതാംകൂർ-കൊച്ചി ഏകീകരിച്ചുള്ള ടെസ്ററ് നിശ്ചയിച്ചതു്. റ്റി. ഏ. സ്. ആർ-ഉം, സി. എസ്. ആർ-ഉം, ഇൻഡ്യൻ സർവീസ് കോഡും അടങ്ങുന്ന പരീക്ഷ നിശ്ചയിച്ച് 25-6-51 മുതൽ രണ്ടു കൊല്ലത്തിനകം പരീക്ഷ പാസ്സാകണമെന്നു നിർദ്ദേശിക്കുന്ന ഉത്തരവു പുറപ്പെടുവിച്ചതു് 4-1-54-ൽ ആണ്. ആഫീസറന്മാർ ടെസ്റ്റ് പാസ്സാകണമെന്ന ഉത്തരവുണ്ടായതു് 19-7-52-ലാണ്. ഈ ആർഡറിനുമുമ്പുതന്നെ പ്രമോഷൻ ലഭിച്ചിട്ടുള്ള ചില ഉദ്യോഗസ്ഥന്മാർ ഈ ടെസ്റ്റ് പാസ്സാകാത്തതുമൂലം ഇന്നു റിവർട്ടു ചെയ്യാൻ പോവുകയാണ്. ഈ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്. എഡ്യുക്കേഷൻ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം ചെയ്തിരിക്കുന്നതു എന്താണെന്നു ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവന്നുകൊള്ളുന്നു.

> "Government are therefore pleased to order that all persons irrespective of test qualification in accordance with strict seniority should be given places in available vacancies of Rs. 45-75 grade. The list has been prepared accordingly. Those who do not pass such tests will get two chances to qualify."

എഡ്യുക്കേഷൻ ഡിപ്പാർട്ടുമെന്റിൽ ടെസ്ററ് പാസ്സാകുന്നതിനു ഇന്റഗ്രേഷനുശേഷം രണ്ടു ചാൻസു കൊടുത്തു. അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം 25-6-53-നകം ടെസ്ററ് പാസ്സായിട്ടുള്ളവർക്കു മാത്രമേ പ്രമോഷനു അർഹതയുള്ളു എന്നും അതിനകം പാസ്സായിട്ടില്ലാത്ത ആളുകളെ റിവർട്ടുചെയ്യപ്പെടുന്നതിനും അവർ അധികശമ്പളം പററിയിട്ടുള്ളതിനെ തിരിച്ചു വാങ്ങിക്കുന്നതിനും നടപടി എടുത്തുവരുന്നതായിട്ടാണ് അറിവ്. സെക്രട്ടറിയേററു സംയോജനത്തിൽ മറെറാരു നയം സ്വീകരിച്ചിരിക്കുന്നു. 1-4-54-നുമുമ്പ് അവർക്കുള്ള ഗ്രേഡ് ടെസ്റ്റ് പാസ്സായാലും ഇല്ലെങ്കിലും അവിടെ നൽകുന്നുണ്ട്. ഈ ടെസ്റ്റിനെ സംബന്ധിച്ചിടത്തോളം ഓരോ ഡിപ്പാർട്ടുമെന്റിലും പ്രത്യേകതകൾ വച്ചിരിക്കുന്നതു എന്തുകൊണ്ടാണെന്നുള്ളതിനു മുഖ്യമന്ത്രി പ്രത്യേകം ഒരു വിശദീകരണം നൽകേണ്ടതാണ്. ഗസററഡ് ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം അവർക്കു രണ്ടുകൊല്ലം ജനറൽ എക്സംഷൻ കൊടുത്തിരിക്കുകയാണ്. ഇവരെല്ലാം പഠിക്കുന്ന പുസ്തകങ്ങൾ ഒന്നു തന്നെയാണ്. പരീക്ഷകൾ മാത്രം രണ്ടുതന്നെയുള്ളു. അങ്ങിനെ ഗസററഡ് ആഫീസേഴ്സിനു ജനറൽ എക്സംഷൻ കൊടുത്തിട്ട് എൻ. ജി. ഓ.-മാർക്കു പ്രത്യേക കാലാവധി വച്ചിരിക്കുന്നതു തെററാണ്. രണ്ടു ചാൻസ് എല്ലാ എൻ. ജി. ഓ. മാർക്കും കൊടുക്കേണ്ടതാണ്. 25-6-53-നകം ടെസ്ററ് പാസ്സായിട്ടുള്ളവർക്കുമാത്രമേ പ്രമോഷനു അർഹതയുള്ളു എന്ന നിലവാരം മാററി ഇന്റഗ്രേഷനുശേഷം രണ്ടു ചാൻസ് കൊടുക്കുന്നതിനു ഇന്റഗ്രേഷൻ ഉത്തരവിൽ ആവശ്യമായ ഭേദഗതികൾ വരുത്തി റിവർഷൻ ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

Shri A. A. D. Luiz: Sir, I should like to speak a few words on this motion to impress upon the Government the necessity of a Sales Tax Tribunal. With earnestness and sincerety the State Legislature has been addressed and the columns of papers have been filled to justify the levy of sales-tax which as far as India is concerned, dates back to the days of Mauryas. Kautilya in his famous treatise of administration called "Arthashastra" refers to this tax on trade by the name of 'Vyagi.' The statement by Professor Sealigman, an authority on taxation, that sales-tax is the last resort of countries which find themselves in fiscal difficulties that they must subordinate all other principles of taxation to that of adequacy, has been challenged and proved to be incorrect. Most unfortunately, before the people of this State could be reconciled to the fact that sales-tax has only optimistic virtues, lacks rationality and is far away from the prime principles of taxation, the conspicuous display of autocracy by the executive has brought horror to them. To correct this unsatisfactory state of affairs and to give a clear display of democracy by introducing judicial control, there arises the necessity of a Sales-Tax Tribunal in this State.

A tribunal has become an absolute necessity to make up for the absence of provisions and to tide over the uncertainty and ambiguity of certain laws. It cannot be denied that legal views have been much confused by the restrictions imposed by Article 286 of the Constitution of India and the interpretations by the Supreme Court regarding inter-State trade. To quote an example the liability of tax on a sale to a foreigner who purchases and takes the goods away still stands undecided. Ambiguity becomes a monster terrifying the citizens of this State when you consider the taxation of bullion merchants, works contracts, rebate to oil millers, business by commission agents and the absolutely poor definition of dealer.

Every Government, specially the Government of the people, by the people, for the people should think in terms of happiness to the citizens and not horrify them with incomplete and incorrect forms of taxation. Be sure that the administration of the Sales-Tax Act by the Executive to-day is just horrifying and terrifying the people of this State. The total absence of provisions for a Judicial corrective for the Executive intensifies the horror in the hearts of people and obliges them to resort to the most clandestine methods of evasion. Let there be no disillusions. At the moment assessments and appellate orders are not uniform and this is the direct result of the absence of judicial precedences—an absolute necessity in a progressive State. A casual survey of the true state of affairs in the State would be interesting. The aggrieved tax payer has to exhaust all remedies before he can approach the court of law and this is clear from the provisions of the T. C. State Sales-Tax Act. Recently the High Court of the State has rejected several writs on the basis that remedies available with the department have not been exhausted. The Sales-Tax Act of erstwhile Cochin State permitted a reference to the High Court at the discretion of the tax-payer but with integration and the birth of the new Act this

[Shri A. A. D. Luiz]

privilege has been completely eliminated. As matters stand to-day the Executive is permitted a random play—sorry to say that the laws of the State permits them to harass and actually bully the humble tax-payers. This is not a happy state of affairs and should not be permitted to continue. Bear in mind that judicial correctives are imperative dictates of Democracy.

This State stands conspicuous by the absence of a Sales-Tax Tribunal. It may be contended that in the Mysore State there is not a tribunal but bear in mind that in that State there are definite provisions for a reference to the court at the discretion of the tax-payer. There are no two opinions with regard to the necessity of a Sale-Tax Tribunal and the control of the judiciary. All the Chambers of Commerce functioning in this State and even the Chumar Sales-Tax Enquiry Committee have recommended the constitution of a Tribunal. The Government may take shelter under the fact that in this State there are provisions for one appeal and three revisions. This long drawn procedure is something unique to this State and at the same time this can rightly be described as Red-Tapism. Even the, provisions for appeals and revisions are not definite and comprehensive, an example being the directive that an appeal should be filed within thirty days of receipt of demand for tax but usually the assessment order which has to be filed with the appeal will not be available during that period. People of the State are now demanding an independent Tribunal and not for more Red-Tape. All States are agreed on the necessity of a Sales-Tax Tribunal and there is no reason why in this State such a privilege should be denied knowing full well that it is not going to cost the Government anything more. Here in this State the Agricultural Income-Tax Act has provided for a tribunal similar to that in the Income-Tax Act and there is no objection if that tribunal is authorised to act as the Sales-Tax Tribunal as well. At present both Sales-Tax and Agricultural Income-Tax are being administered by one department in this State. The citizens of the State are demanding justice and equity well within the orbit of democracy and a denial cannot be justified. After all, the Sales-Tax Act of this State is just a copy of the Madras Act but unfortunately the amendments that have been repeatedly enacted in Madras are now conspicuously absent in the Act of this State thereby creating considerable hardships for the tax-payer and even for the Executive.

While constituting a tribunal let that not be another gallery of the Executive Officers. Let there be more of independent judicial members that can act without fear of the administrative whip. It would also be advisable that the Tribunal and the assessee are both permitted to refer all questions of law arising out of an order to the High Court of the State. It is only the existence of an independent tribunal that can keep vindictiveness, capriciousness and arbitrary orders completely out of the administrative machinery. At the same time that will bring every order of the Executive as close as possible to justice, equity and good conscience.

ശ്രീ. കെ. എ. ബാലൻ: ബഹുമാനപ്പെട്ട ആലപ്പുഴ മെംബർ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപത്തെ അനുകൂലിച്ചുകൊണ്ടു സംസാരിക്കണമെന്നു ഞാനാഗ്രഹിക്കുന്നു. സർ, ഇവിടെ ഒരു പുതിയ ഗവണ്മെൻറ് ഉണ്ടായിരിക്കുന്നു എന്നു പറയുന്നു. ഈ രാജ്യത്തു ഒരു ജനാധിപത്യഗവണ്മെൻറ് അവസാനിച്ചു് ഒരു സോഷ്യലിസ്ററ് ഗവണ്മെൻറുണ്ടായിട്ടുണ്ടെന്നു ഇവിടത്തെ പ്രമുഖ രാഷ്ട്രീയകക്ഷിയിലെ ആളുകൾ നാടുനീളെ ക്കൂക്കിവിളിക്കുന്നു. ഈ രാജ്യത്തു് ഈ ഗവണ്മെൻറ് ഭരണസമ്പ്രദായത്തിലും നികുതിസമ്പ്രദായത്തിലും ഒരു പുതിയ സമീപനരീതിയുണ്ടാക്കുവാൻപോകുന്നു എന്നു് അവർ അഭിമാനിക്കുന്നു. എന്നാൽ ഈ രാജ്യത്തു ഏററവും കൂടുതൽ അവശത അനുഭവിക്കുന്ന സാധാരണക്കാരായ ജനങ്ങൾക്കു് ആശ്വാസം നൽകുന്നതിനു് കഴിവുള്ള സെയിൽസ്ടാക്സ് സമ്പ്രദായത്തിനു് ഒരു മാററം വരുത്താതെ പഴയ രീതിതന്നെ ഇവർ തുടർന്നുകൊണ്ടു പോവുകയാണു് എന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. ഈ വില്പന നികുതി സമ്പ്രദായം മദിരാശിയിൽ ആവതരിപ്പിച്ച അവസരത്തിൽ അതേസംബന്ധിച്ചു് ഈ രാജ്യത്തെ സാമ്പത്തികവിദഗ്ദ്ധന്മാരിൽ ഒരാളെന്നു ആ ഗവണ്മെൻറുകൂടി സമ്മതിച്ചിട്ടുള്ള ഡാക്ടർ പി. ജെ. തോമസ് ഇതേപ്പററി വളരെ ആക്ഷേപിച്ചിട്ടുണ്ടു്. ഇവിടെ അതു നടപ്പാക്കാൻ പോകുന്നു എന്നറിഞ്ഞപ്പോൾ ഈ രാജ്യം ഒട്ടുക്കു് അതിനെതിരായി പ്രക്ഷോഭണം നടന്നിട്ടുള്ള വസ്തുതയും ഈ ഗവണ്മെൻറ് ഓർമ്മിക്കേണ്ടതാണു്. സൗരാഷ്ട്രയിൽ ആ പ്രക്ഷോഭണം വളരെ വലുതായി, ഒടുവിൽ വെടിവയ്പുവരെ ചെന്നവസാനിച്ചു. നമ്മുടെ ഈ രാജ്യത്തെ സാമാന്യജനങ്ങളെ ബാധിക്കുന്ന അവരുടെ പാക്കററടിക്കുന്ന ഈ നികുതി സമ്പ്രദായത്തിനു മാററം വരുത്തേണ്ടതു് വളരെ ആവശ്യമാണു്. ഇതു് തുടർന്നുകൊണ്ടുപോകുന്നതു് ആക്ഷേപാർഹവുമാണു്.

ഈ വില്പനനികുതിയെ സംബന്ധിച്ചു് ശ്രീമാൻ പി. എസ്സ് നടരാജപിള്ള തന്നെ കഴിഞ്ഞ നിയമസഭാസമ്മേളനാവസരത്തിൽ നിയമസഭാ സമ്മേളനഹാളിൽവച്ചുതന്നെ ചില പ്രസംഗങ്ങൾ നടത്തിയിട്ടുണ്ടു്. ആ പ്രസംഗത്തിൽ ഇതൊരു അപഹാസ്യമായ നികുതിസമ്പ്രദായമാണെന്നു അദ്ദേഹം ആക്ഷേപിച്ചിട്ടുണ്ടു്. നികുതിദായകന്മാരുടെ കഴിവനുസരിച്ചു മാത്രമേ പുതിയ നികുതി നടപ്പിൽ വരുത്താൻ പാടുള്ളു എന്ന തത്വം എല്ലാ പുരോഗമനരാജ്യങ്ങളും അംഗീകരിച്ചിട്ടുള്ള ഒരു തത്വം മാത്രമാണു്. ഏതു രാജ്യത്തും പുതിയ നികുതി സമ്പ്രദായം അംഗീകരിക്കുന്നതിനുള്ള മാനദണ്ഡം കഴിവുള്ളവരെ മാത്രമേ നികുതി ചുമത്താവൂ എന്നുള്ളതാണു്. ഈ സെയിൽസ്ടാക്സാകട്ടെ സാധാരണ ജനങ്ങളെ, അദ്ധ്വാനിക്കുന്ന ജനവിഭാഗത്തെ, സാരമായി ബാധിക്കുന്ന ഒരു നികുതിസമ്പ്രദായമാണു് ഇതു് എന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടു് ഈ നികുതിസമ്പ്രദായം അവസാനിപ്പിക്കുവാൻ ഈ ഗവണ്മെൻറ തയ്യാറില്ലെങ്കിൽ ഈ നികുതിഭാരം ഒന്നു ലഘൂകരിക്കാനുള്ള നടപടിയെങ്കിലും എടുക്കേണ്ടതാണു്. അതിനു് ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഞങ്ങളുടെ പാർട്ടി ലീഡർ ഇവിടെ വച്ചുകഴിഞ്ഞിട്ടുണ്ടു്. ശ്രീമാൻ, പി. എസ്സ്. നടരാജപിള്ള തന്നെ ഈ അസംബ്ലിയിൽ ഇതേസംബന്ധിച്ചു പ്രസ്താവിച്ചിട്ടുള്ള സംഗതി

[ശ്രീ. കെ. എ. ബാലൻ]

കൾ അദ്ദേഹത്തിന്റെ ഓർമ്മയിൽപ്പെടുത്തണമെന്നു ഞാൻ ആഗ്രഹിക്കുന്നു. അദ്ദേഹം പറയുകയുണ്ടായി, കുടിൽ വ്യവസായത്തെ സാരമായി ബാധിക്കുന്ന ഒരു നികുതിയാണ് ഈ സെയിൽസ്ടാക്സ് എന്ന്. എന്നാൽ ഇന്നീ കടലോരപ്രദേശങ്ങളിലും കായലോരപ്രദേശങ്ങളിലും ജീവിച്ചുപോരുന്ന 11 ലക്ഷത്തോളം കയർ വ്യവസായത്തൊഴിലാളികളുടെ കാര്യം അദ്ദേഹം ഇന്നു വിസ്മരിച്ചിരിക്കാം. കയർ വ്യവസായം ഇന്നു തകർന്നിരിക്കുകയാണ്. നാലോ അഞ്ചോ കൊല്ലമായി കയറുൽപ്പന്നങ്ങൾക്ക് വിദേശവിപണികളില്ലാത്തതുമൂലവും ആഭ്യന്തരകമ്പോളങ്ങൾ തകർന്നതുമൂലവും കയറിന്റെ വില ഇടിഞ്ഞുപോയി. തന്മൂലം ആയിരക്കണക്കിന് ആളുകൾക്ക് ഇന്നു ജോലിയില്ലാതായിത്തീർന്നിട്ടുണ്ട്. ഇന്ന് ഇടത്തരക്കാർ പാപ്പരായി, പട്ടിണിയായി, കടക്കാരായി, മാറിക്കഴിഞ്ഞിട്ടുണ്ട്. ഇതൊരു കുടിൽവ്യവസായമാണെന്നുകൂടി നാം മനസ്സിലാക്കണം.

കായലോരങ്ങളിലും കടലോരങ്ങളിലും താമസിക്കുന്ന ആളുകളുടെ ഒരു പ്രധാന കുടിൽവ്യവസായമാണ് എന്നുള്ള സംഗതി പരിഗണിച്ചുകൊണ്ട് ഈ വില്പനനികുതി പാടേ ഒഴിവാക്കേണ്ടതാണെന്നാണെനിക്കു പറയുവാനുള്ളത്. എന്തുകൊണ്ടെന്നാൽ ഈ കാര്യത്തെ സംബന്ധിച്ച് ഒരു സ്റ്റേ ആർഡർ ഇതിനകം ഉണ്ടായിട്ടുണ്ട്. എന്നാൽ സാമ്പത്തികത്തകർച്ച ഉണ്ടായിരിക്കുന്ന ഈ കാലത്ത് ആ നികുതി ഈടാക്കുന്നതിനെ സംബന്ധിച്ച് ഒരു അബ്സല്യൂട്ട് സ്റ്റേ ആർഡർ ഉണ്ടാക്കുന്നതിന് ഗവൺമെന്റ് മുതിർന്നിട്ടില്ല എന്നുള്ളത് സന്ദേഹത്തിനും സംശയത്തിനും ഇട നൽകുന്നുണ്ട്. ഈ കാര്യം ഗവൺമെന്റിന്റെ പ്രത്യേക പരിഗണന അർഹിക്കേണ്ടതായ ഒരു കാര്യമാണ്. ഈ കയർ വ്യവസായം ഒരു കുടിൽ വ്യവസായമായി പരിഗണിക്കണമെന്ന് ഞങ്ങളുടെ പാർട്ടി ലീഡർ ഇവിടെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ചൂണ്ടിക്കാണിക്കയുണ്ടായി. ഈ വ്യവസായത്തിനു മുതൽമുടക്കു വളരെ നിസ്സാരമാണ്. ഈ വ്യവസായത്തിന്റെ സിംഹഭാഗവും കൂലി ഇനത്തിലാണ് പോകുന്നത് എന്നു മാത്രം നാം മനസ്സിലാക്കണം. 170 രൂപ ഒരു കണ്ടി കയറിനു വിലയുണ്ടെങ്കിൽ 70 രൂപാ തൊണ്ടുവിലയും 100 രൂപാ കൂലിയിനത്തിലും കൊടുക്കുകയാണ്. ഇങ്ങനെയുള്ള ഒരു വ്യവസായത്തിൽനിന്നും ഈടാക്കുന്ന വില്പനനികുതി അദ്ധ്വാനത്തിന്മേൽ ഈടാക്കുന്ന നികുതിയായി പരിഗണിക്കേണ്ടതാണ്. ഈ കയർ വ്യവസായോൽപ്പന്നങ്ങളിൽനിന്നും രണ്ടു പായിന്റിലാണ് ഇപ്പോൾ ടാക്സ് ഈടാക്കിവരുന്നത്. അതായത് ഫസ്റ്റ് പായിന്റിലും ലാസ്റ്റ് പായിന്റിലുമാണ് ടാക്സ് കൊടുക്കേണ്ടത്. ഒന്നാമത്തെ പായിന്റിൽ ഉൽപ്പാദകനും രണ്ടാമത്തേത് അതായത് അവസാനം എക്സ്പോർട്ടുചെയ്യുന്നവരുടെ പക്കൽനിന്നും ഈടാക്കുന്നു. ഇന്ന് ആദ്യപായിന്റിലുള്ള ടാക്സ്തന്നെ ഇന്ന് ഈടാക്കുവാൻ സാദ്ധ്യമാകാതെവരുന്നുണ്ട്. ഇന്ന് അവർക്കതു കൊടുക്കാൻ സാദ്ധ്യമല്ല. നേരെ മറിച്ച് എക്സ്പോർട്ടു സംബന്ധിച്ചാണെങ്കിൽ ഭരണഘടനയിലെ 286-ാംവകുപ്പുപ്രകാരം എക്സ്പോർട്ടു ചെയ്യുന്ന ആർട്ടിക്കിൾസിൽനിന്നും എക്സ്പോർട്ടേഴ്സിനെ എക്സെംപ്റ്റ് ചെയ്യപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് എന്തു ന്യായമനുസരിച്ചാണ് ഈ കയർ വ്യവസായത്തിൽനിന്നും രണ്ടു പായിന്റിൽ ടാക്സ് ഈടാക്കിവരുന്നത്. കയർ വ്യവസായത്തെ സംബന്ധിച്ചിടത്തോളം അതു ഇന്നു നഷ്ടപ്പെട്ടിരിക്കുകയാണ്. അങ്ങിനെ

വ്യവസായം നഷ്ടപ്പെട്ടിരിക്കുന്ന സ്ഥിതിക്ക് അതിൽ ഏർപ്പെട്ടിരിക്കുന്ന ഇടത്തരക്കാരായ കച്ചവടക്കാരുമുണ്ട്. ഈ ഇടത്തരക്കാരായ ആദ്യകച്ചവടക്കാരിൽനിന്നാണ് വാസ്തവത്തിൽ അധികത്തെ പായിൻറ നികുതി ഈടാക്കിവരുന്നത്. വാസ്തവത്തിൽ അവർ നികുതി കൊടുക്കേണ്ടവരാണെന്നു ബോദ്ധ്യപ്പെട്ടിരുന്നില്ല. കയറിൻെറ വില വളരെ കൂടിയിരുന്ന കാലത്തു അഞ്ചൂറു ഉറുപ്പികവരെ വിലയുണ്ടായിരുന്ന കാലത്തു പ്രാഥമികമായി ഉൽപ്പാദിപ്പിക്കുന്ന ആളിൽനിന്നും നികുതി ഈടാക്കാൻ സാധിക്കുമായിരുന്നു. എന്നാൽ അന്ന് ഇടത്തരക്കാരായ കച്ചവടക്കാർക്ക് നികുതി കൊടുക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. അതുകൊണ്ട് നികുതി കൊടുക്കണമെന്ന ബോധം അന്നവർക്കുണ്ടായിരുന്നില്ല. ഇടത്തരക്കാരായ കച്ചവടക്കാരിൽനിന്നും കുടിശ്ശികകൾ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കാൻ പോകുന്നതായി അറിഞ്ഞു. ആ നയം ഗവണ്മെൻറ ഉപേക്ഷിക്കേണ്ടതാണ്. ഏതായാലും ഈ കാര്യത്തിൽ ഇതൊരു വമ്പിച്ച കുടിൽ വ്യവസായം എന്ന നിലയ്ക്ക് അതിനെ പരിഗണിച്ച് ഈ വ്യവസായത്തെ വില്പനനികുതിയിൽനിന്നും പാടേ നീക്കം ചെയ്യണമെന്നാണ് എനിക്കു ആദ്യമേ പറയാനുള്ളത്.

അതുപോലെ മറെറാരു കാര്യംകൂടി പറയാനുള്ളത് ഇങ്ങനെ വ്യവസായത്തെ നികുതിയിൽനിന്നും ഒഴിവാക്കുകയാണെങ്കിൽ നികുതിയിനത്തിൽ വളരെ നഷ്ടം വരുമെന്ന് ഒരു പക്ഷേ ഈ ഗവണ്മെൻറ നമ്മുടെ മുമ്പിൽ സങ്കടം പറഞ്ഞേക്കാം. പക്ഷേ, അങ്ങനെയുള്ള കുറവ് നികത്തുന്നതിനെങ്ങനെ സാദ്ധ്യമാകുമെന്നും അവർ ചോദിക്കുമായിരിക്കാം. സാധാരണ ജനങ്ങളെ ബാധിക്കുന്ന നികുതി ചുമത്തിയില്ലെങ്കിലും നേരെ മറിച്ച് ശ്രീമാൻ തോമ്മസ് ആക്ഷേപിച്ചിട്ടുള്ള നികുതി ഇനിയും കൂടുതൽ കർശനമായി ഈടാക്കേണ്ടതാണ്. ശ്രീമാൻ പി. എസ്. നടരാജപിള്ള പറയുകയുണ്ടായി, കുരുമുളകു രാജന്മാരും മലഞ്ചരക്കു രാജന്മാരും കഷ്ടപ്രഭുക്കന്മാരും ഉണ്ടു് എന്നും അവരിൽനിന്നും ശരിയായ നികുതി ഈടാക്കിയിട്ടില്ലെന്നും. എന്നാൽ ഇന്ന് അവരിൽനിന്നും കൂടുതൽ നികുതി ഈടാക്കി സാധാരണക്കാരെ ഒഴിവാക്കണമെന്നും അതോടൊപ്പംതന്നെ ഒരു പായിൻറിൽനിന്നുമാത്രം നികുതി ഈടാക്കുന്ന സമ്പ്രദായം ഉണ്ടാക്കണമെന്നുമാണ്.

മറെറാരു കാര്യം പറയാനുള്ളത് കാർഷികാദായനികുതിയെപ്പററിയാണ്. കാർഷികാദായനികുതിയിൽ ഗവണ്മെൻറ് പ്രതീക്ഷിക്കുന്നത്ര വരുമാനം ഗവണ്മെൻറ ഈ നിലയിൽ പോകുകയാണെങ്കിൽ, ഉണ്ടാകുകയില്ലെന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. വളരെയധികം ആളുകൾ ഈ ആദായനികുതിയിൽനിന്നു ഒഴിവാകുവാനായി ശ്രമിച്ചിട്ടുണ്ട്. എന്തുകൊണ്ടെന്നാൽ സ്വാധീനശക്തിയുള്ള പ്രമുഖന്മാരായ ആളുകളിൽനിന്നാണ് ആദായം ഈടാക്കുന്നത്. ഈ കഷ്ടകരാജാക്കന്മാരിൽനിന്നും ആദായനികുതി ഈടാക്കുന്ന കാര്യത്തിൽ ഗവണ്മെൻറ് യാതൊരു ദാക്ഷിണ്യവും കാണിക്കരുതെന്നു മാത്രമല്ല, കൂടുതൽ നികുതി ഈടാക്കത്തക്ക ഒരു നിർദ്ദയമായ നയം സ്വീകരിക്കണമെന്നുകൂടി എനിക്കു അഭിപ്രായമുണ്ട്.

ശ്രീ. കെ. മഞ്ജുനാഥപ്രഭു: സർ, ഈ രാജ്യത്തെ ആകെ മുതലെടുപ്പിൽ ഏകദേശം 20 ശതമാനം കാർഷികാദായനികുതിയിൽ നിന്നും

[ശ്രീ. കെ. മഞ്ജുനാഥ പ്രഭു]

സെയിൽസ് ടാക്സിൽനിന്നും ലഭിക്കുന്നുണ്ട്. ഇതിൽ വലിയ ഭാഗവും സെയിൽസ് ടാക്സിൽനിന്നാണ് ലഭിക്കുന്നതു്. ഒരു ചെറിയ ഭാഗം മാത്രമെ അഗ്രികൾച്ചറൽ ഇൻകംടാക്സിൽനിന്നു ലഭിക്കുന്നുള്ളു. ഈ രാജ്യത്തു് 16 പേർ മാത്രമാണ് കാർഷികാദായനികുതി കൊടുത്തുവരുന്നതു്. വാസ്തവത്തിൽ അതിലിരട്ടിയാളുകൾ നികുതി കൊടുക്കാത്തവരായിട്ടുണ്ട്. അവരെ കണ്ടുപിടിച്ചു നികുതി വസൂൽചെയ്യാത്തപക്ഷം കൂടുതൽ വരുമാനമുണ്ടാകുമെന്നുള്ളതിനു സംശയമില്ല. ഓരോ പകുതിയിലും കഴിവുള്ള ആളുകളെ ഏർപ്പെടുത്തിയാൽ അതാതു പകുതിയിൽ കാർഷികാദായനികുതി കൊടുക്കുവാൻ അർഹതയുള്ള ആളുകളെ കണ്ടുപിടിക്കാനും അങ്ങനെ ഇപ്പോൾ കിട്ടുന്നതിന്റെ ഇരട്ടി നികുതി വസൂലാക്കുവാനും സാധിക്കും. ഒരേക്കർ ഇരുപ്പൂനിലത്തിൽനിന്നും ആണ്ടിൽ 80 പറ നെല്ലും, ഒരുപ്പൂനിലത്തിൽനിന്നും 40 പറ നെല്ലും ആദായം കിട്ടുമെന്നാണ് കണക്കാക്കിയിരിക്കുന്നതു്. അതുപോലെ സാധാരണ പുരയിടങ്ങൾക്കു് ഏക്കറിനു 200 രൂപ വെച്ചാണ് ആദായം കണക്കാക്കുന്നതു്. പ[illegible]ക്കർ നിലവും പ[illegible]ക്കർ പുരയിടവുമുള്ള ആളുകൾ കാർഷികാദായനികുതിയുടെ പരിധിയിൽ ഇപ്പോൾ വരുന്നില്ല. ഇവ സ്ഥല നിന്നും പത്തുമുപ്പായിരം രൂപയിൽ പരം വരവു ലഭിക്കുന്നുണ്ടെങ്കിലും ഉടമസ്ഥന്മാർ നികുതി കൊടുക്കാതെ ഒഴിഞ്ഞുമാറുകയാണ് ചെയ്യുന്നതു്. ശരിയായ നിലയിൽ നടപടി നടത്തുകയാണെങ്കിൽ കൂടുതൽ നികുതി ഈടാകുന്നതാണ്. ഒരേക്കറിൽനിന്നും കുറഞ്ഞതു് 500 രൂപയെങ്കിലും ആദായം കിട്ടും. 200 രൂപപോലും കിട്ടാത്ത പുരയിടങ്ങളും ഉണ്ട്. ഇതേപ്പറ്റി ശരിയായി അന്വേഷിക്കുവാൻ ആളുകളെ നിയോഗിച്ചാൽ മാത്രം മതിയാകുന്നതാണ്. ഇവിടെ പോലീസ് ഇൻസ്പെക്ടറന്മാർക്ക് ഓരോ ജീപ്പു വാങ്ങിക്കൊടുക്കണമെന്നു പറയുകയുണ്ടായല്ലൊ. അതുപോലെ ഈ ഉദ്യോഗസ്ഥന്മാർക്കും ഓരോ ജീപ്പു കൊടുത്തു ഓരോരുത്തർക്കും കിട്ടുന്ന ആദായത്തെ ശരിയായി മനസ്സിലാക്കി ഒരു കണക്കുണ്ടാക്കിയാൽ ഇന്നുള്ളതിൽ വളരെ കൂടുതൽ തുക ഈടാക്കാൻ സാധിക്കും.

നമ്മുടെ ഇപ്പോഴത്തെ ആക്റ്റ് അനുസരിച്ചു് കാർഷികാദായനികുതി ഈടാക്കുന്ന സമ്പ്രദായത്തിലും കുറെ ബുദ്ധിമുട്ടുകളുണ്ട്. ഇതിലേയ്ക്കു ഇൻസ്പെക്റ്റിംഗ് അസിസ്റ്റന്റ് ആഫീസറന്മാരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതു്. നമുക്കു് ആദായനികുതിയിൽനിന്നും ഒരു പൈപോലും എടുക്കുവാൻ അവകാശമില്ല. ഇൻഡ്യയിൽ ഏറ്റവും കൂടുതൽ ഡാളർസമ്പത്തു തിരുവിതാംകൂർ-കൊച്ചിയിലാണെങ്കിലും നമുക്കു് അവകാശപ്പെടുവാൻ നിവൃത്തിയില്ല. നമുക്കു് ലഭിക്കാവുന്നതു് കാർഷികാദായനികുതിയാണ്. ആ നിലയ്ക്കു കാർഷികാദായനികുതി ശരിക്കു് ഈടാക്കുവാൻ ഊർജ്ജിതമായ നടപടികൾ നടത്തേണ്ടതാണ്. ഇന്നത്തെ ഇൻസ്പെക്റ്റിംഗ് അസിസ്റ്റന്റ് ആഫീസറന്മാർ പ്രായേണ ഒരലസമനോഭാവമാണ് ഈ വിഷയത്തിൽ കാണിക്കുന്നതു്. അതിനു ഒരു കാരണംകൂടി അവർ പറയുന്നുണ്ട്. കാർഷികാദായനികുതി കൊടുക്കേണ്ടവർ ആരാണെന്നു കണ്ടുപിടിക്കുവാൻ പ്രയാസപ്പെടുന്നുണ്ട്. കർഷകർ പ്രായേണ കണക്കു സൂക്ഷിക്കുക പതിവില്ല. പ്രത്യേകമൊരാളെ വെച്ചു് കണക്കെഴുതിച്ചു് അവർക്കെന്തെങ്കിലും ശമ്പളം കൊടുക്കാനുള്ള കഴിവുകേടു

ഒന്നാണ് ഇങ്ങനെ സംഭവിക്കുന്നതു്. രണ്ടുമൂന്നുപേർക്ക് ഒന്നിച്ചു കണക്കെഴുതുവാനുള്ള ഏർപ്പാടു ചെയ്യുകയും കഴിവുള്ളവരെക്കൊണ്ട് കണക്കെഴുതി സൂക്ഷിക്കുവാൻ നിർബന്ധിക്കുകയും ചെയ്താൽ ഈ പ്രയാസം പരിഹരിക്കാവുന്നതാണ്.

ഇനി സെയിൽസ്ടാക്സിനെപ്പററി ഒന്നുരണ്ടു കാര്യങ്ങൾ കൂടി പറയേണ്ടതുണ്ട്. ഇവിടെ സെയിൽസ്ടാക്സ് ഏർപ്പെടുത്തിയിട്ട് കുറച്ചുകാലമേ ആയിട്ടുള്ളു. ഒരു അഖിലേന്ത്യാ അടിസ്ഥാനത്തിലുള്ള നിയമം ഇതിനുവേണ്ടി ഉണ്ടാക്കുന്നതു് കാര്യക്ഷമമായിരിക്കുമെങ്കിലും ഇവിടത്തെ പ്രത്യേക പരിതഃസ്ഥിതിയിലും ഇവിടത്തെ കച്ചവടക്കാരുടെ നിലപാടുംകൂടി പ്രത്യേകം പരിഗണിക്കേണ്ടതായി ഉണ്ട്. ബഹുമാനപ്പെട്ട ആലപ്പുഴമെമ്പർ പറഞ്ഞതുപോലെ ബഹുമുഖവിൽപ്പനനികുതി സമ്പ്രദായം കച്ചവടക്കാർക്കും ജനങ്ങൾക്കും ഒരുപോലെ ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു സമ്പ്രദായമാണ്. ജനങ്ങളെക്കാൾ കൂടുതൽ ബുദ്ധിമുട്ടനുഭവിക്കുന്നതു് കച്ചവടക്കാരാണ്. ഇതുസംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് ചെയ്യാനൊരു കമ്മററിയെ നിയമിക്കുകയും ആ കമ്മററി ഒരു റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട ഫൈനാൻസ്മെമ്പർ ആ കമ്മററിയിൽ ഇതേപ്പററി ശക്തിയായി വാദിച്ചതായി എനിക്കറിയാം. ഏതായാലും ഈ ബഹുമുഖവിൽപ്പനനികുതി സമ്പ്രദായം അവസാനിപ്പിച്ച് ഒരു പായിൻറിലുള്ള വിൽപ്പനനികുതി ഏർപ്പെടുത്തേണ്ടതു് അത്യാവശ്യമാണ്. അങ്ങനെ ചെയ്താൽ രണ്ടുകൂട്ടരുടേയും ബുദ്ധിമുട്ടുകൾ വളരെ കുറയുന്നതാണ്. കയററുമതിചെയ്യുന്ന സാധനങ്ങൾക്ക് വിൽപ്പനനികുതിയേ പാടില്ലെന്നും അതിവിടത്തെ ഉൽപ്പാദനവർദ്ധനവിനെത്തന്നെ ബാധിക്കുമെന്നും ഒരു മെമ്പർ ഇവിടെ പറയുകയുണ്ടായി. ഞാനതിനോടു യോജിക്കുന്നില്ല. കയററുമതി ചെയ്യുന്ന സാധനങ്ങൾക്ക് കസ്റ്റംസ് കൊടുക്കേണ്ടതായി ഉണ്ട്. എന്നിരുന്നാലും കയററുമതി സാധനങ്ങളുടെ വിൽപ്പന ധാരാളമായി നടക്കുന്ന തിരുവിതാംകൂർ—കൊച്ചി പോലെയുള്ള ഒരു സംസ്ഥാനത്തിനു ആ ഇനത്തിൽ ലഭിക്കുന്ന സെയിൽസ്ടാക്സ് നിസ്സാരമായ ഒരു തുകയല്ലെന്നു ഓർമ്മിക്കണം. പക്ഷെ, ഇന്നത്തെ സമ്പ്രദായത്തിൽ ഇടനിലക്കച്ചവടക്കാർ കൂടി സെയിൽസ്ടാക്സ് കൊടുക്കുവാൻ നിർബന്ധിതരായിത്തീരുന്നുണ്ട്. ആ നില മാറേറണ്ടതാണ്. ഹോൾസെയിൽ കച്ചവടം നടത്തുന്നവർക്കു് കസ്റ്റംസ് ഉദ്യോഗസ്ഥന്മാരുമായി ഇടപാടുകൾ നടത്തുമ്പോൾ ഇതുസംബന്ധിച്ച് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകാതെ സൂക്ഷിച്ചാൽ മാത്രം മതിയാകുന്നതാണ്. അതില്ലെങ്കിൽ ഓരോ കൊല്ലത്തിലും ഉണ്ടാകുന്ന ഔട്ടേൺ നോക്കി സെയിൽസ്ടാക്സ് ഈടാക്കിയാൽ മതിയാകുന്നതാണ്.

കസ്റ്റംസ് ഇനത്തിൽ 2,88,75,000 രൂപ ഈ സംസ്ഥാനത്തിനു വരവുണ്ടെങ്കിലും ആ സംഖ്യ മുഴുവനും കേന്ദ്രത്തിൻെറ വകയായിത്തീർന്നിരിക്കുകയാണ്. ഒരു സാമ്പത്തികത്തകർച്ചയുടെ ലക്ഷണം ആകമാനം കാണുന്നുണ്ട്. തൊഴിലില്ലായ്മ നാടൊട്ടുക്കു് പടർന്നുപിടിച്ചിരിക്കുന്നു. ഈ കസ്റ്റംസ് വരവിൽ നല്ലൊരു പങ്ക് നമുക്കുവേണ്ടി ചെലവാക്കുവാൻ കേന്ദ്രത്തോടു നാം ആവശ്യപ്പെടേണ്ടതു് ഈ ഘട്ടത്തിൽ വിശേഷിച്ചും അത്യാവശ്യമായിത്തീർന്നിട്ടുണ്ട്. ഇന്നു ഇൻഡ്യാഗവണ്മെൻറിനു ലഭിച്ചുകൊണ്ടിരിക്കുന്ന ഡാളർക്രെഡിററിൻെറ ഒരു നല്ലഭാഗം തിരുവിതാംകൂർ-കൊച്ചിയിൽ നിന്നാണു സമ്പാദിക്കുന്നതു്. അതിനാൽ ഇന്നത്തെ ഗവ

[ശ്രീ. കെ. മഞ്ജുനാഥപ്രഭു]

ണ്മെന്റിന്റെ പ്രധാന കർത്തവ്യം സെയിൽസ്ടാക്സ് ലെന്നപോലെ കസ്റ്റംസിലും ഗണ്യമായ ഒരു സംഖ്യ രാജ്യത്തിനു പകാരപ്പെടാവുന്നതാണെന്നും അങ്ങനെ നൽകേണ്ട ഒരടിയന്തിരാവസ്ഥ ഇപ്പോൾ സംജാതമായിട്ടുണ്ടെന്നും കേന്ദ്രഗവണ്മെന്റിനെ ഉൽബോധിപ്പിക്കുകയെന്നുള്ളതാണ്. ഈ സഭയിലെ ബഹുമാനപ്പെട്ട എല്ലാ മെംബറന്മാരും ഇതിനോടു യോജിക്കുമെന്ന് എനിക്കു വിശ്വാസമുണ്ട്. ഈ രാജ്യത്തെ കച്ചവടക്കാരുടെ വ്യാപാരസൗഖ്യത്തെ വർദ്ധിപ്പിക്കുന്ന കാര്യത്തിലും ഗവണ്മെന്റു പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

Shri P. S. Nataraja Pillai: Sir, necessarily, I have to confine my remarks to one or two points that have been made in this House. But before trying to explain the position of the Government, I think I am bound to thank Mr. T. V. Thomas for having so fairly conceded that in the present financial structure and the taxation prevalent in India, imposition of sales-tax becomes inevitable for State taxation. That is a realistic approach. That realism, I hope, will benefit the country to a greater extent hereafter at least. Then a point that was made by this hon. friend and others who spoke after him related to the multi point taxation in sales-tax and also about its harrassment on one side. Some friends also brought to the notice of the House, the working of the agricultural income-tax and its hardship.

Taking first sales-tax, I think, Sir, that if sales-tax is to be worked most rationally we will have to make some adjustments. Preferably from the point of view of the tax gatherer it may be advantageous to have single-point taxation on certain kind of articles. On a few articles there may be the necessity to impose taxation on more than one point. Much was said here about the sales-tax being rigorous and becoming a very heavy burden on the ordinary citizen of the State. But I have only to request my hon. friends to read the list of articles that are now exempt from sales-tax today in our State. Sir, under the Travancore-Cochin Sales-Tax Act, the State has exempted food grains, vegetables including tapioca, fresh milk, fresh fish and eggs, cooked food, firewood, kerosene, electrical energy and other fuels sold for domestic consumption. The primary articles of food stuff are completely exempt from sales-tax. Take another instance. Yarn and cloth woven in handlooms are exempted from tax. So Sir, as a matter of fact the primary necessity of the ordinary man, his food and clothing, are exempted from sales-tax. Not only food as such but stuff which goes to make food, even firewood, is exempted and so one cannot reasonably urge that the sales-tax falls very heavily on the ordinary consumer. I do concede there are other articles of necessity which are subject to tax. But the primary necessaries are being exempted from tax The State does not want to charge the primary articles of life and make money out of it. Consistent with the necessities of the State, sales-tax is being imposed on articles of domestic consumption which will not seriously affect the people at large. Even medicine and newspapers are exempt from tax. That is one aspect of the matter,

Another point raised was that there should be no sales-tax on exports. Here I know I am treading on delicate grounds. I am not sure whether that position can be accepted. I, for one feel—even at the time of the financial integration I felt it—that when we are by political circumstances forced to relinquish the right of imposing export duty, has not the State a right of putting a varying sales-tax on export commodities. I would seriously request my hon. friends and the citizens of the State to consider that aspect.

Shri T. V. Thomas: I for one am for the stopping of sales-tax altogether.

Shri P. S. Nataraja Pillai: Sir, I for one believe that human ingenuity can find a way of putting a tax on exported articles at one point. Today I am not in a position to further explain that impression because I myself am not sure of my own ground. I think it will be possible in spite of Article 286 of the Constitution to impose sales-tax on export articles at one particular point so as not to affect the producer. I hope the House will agree that a law could be devised by which the country will enforce sales-tax at one point on export articles which are at least the monopoly for the State, and on articles which give, as was often repeated in the House, dollar exchange value of the Indian continent. I think this House will back up that proposal and will be prepared to extend their help to implement that.

Shri J. A. Bhatt: Are Government taking steps in that line?

Shri P. S. Nataraja Pillai: There are certain sections in the Constitution which all the States would like to get amended. But that is a political issue on which I can least pretend to hazard an opinion. But there are certain other sections in the Constitution which will bring benefit to the State when revised. That apart, coming to the point of sales-tax........

Shri J. A. Bhatt: But then on whom will that tax burden fall? Is it the producer, or seller, or the exporter on whom a charge could be made?

Shri P. S. Nataraja Pillai: Regarding the Supreme Court decision as I have understood it, it was only a transaction called 'export' that was exempted from sales-tax. Whether there are further issues it is for the hon. Members of the House to examine.

Shri T. V. Thomas: That is not the latest decision on the subject. There is a further decision in the matter in the State of "Travancore-Cochin *versus* the Bombay Company" in the Bombay High Court. That is the latest one on the point and gives a comprehensive view.

Shri P. S. Nataraja Pillai: I am not a lawyer as my friend is and I am not prepared to hazard opinion between judgment and judgment. However I request my hon. friends to examine that position.

Shri J. A. Bhatt: May I know whether the Government have taken steps to amend the Constitution in the light of those decisions?

Shri P. S. Nataraja Pillai: That is under preparation and will be coming up for discussion when we will have sufficient opportunities of discussion.

So then, Sir, the concensus of opinion is that sales-tax is advisable if it is enforced at one point. That is the wish of this House as well as Government. I have only to say there are certain articles where it becomes in the practical application of the law necessary to enforce sales tax on more than one point, preferably on two points, and when so done would be low comparatively.

Therefore, the theory that sales-tax as such, is obnoxious, is not right. It is certainly an advisable piece of fiscal legislation.

The second suggestion is that it should not be multi-pointed. This Government agrees with that proposition but with this small reservation that on certain commodities there may be necessity to enforce the tax on more than one point.

ശ്രീ. പി. എം. ഹാർമിസ്: കുടിൽവ്യവസായങ്ങളെ നികുതിയിൽനിന്നു് ഒഴിവാക്കുന്ന നയം ഗവണ്മെന്റ് സ്വീകരിച്ചിട്ടുണ്ടോ?

Shri P. S. Nataraja Pillai: Certainly that question can be examined; that is, on products of cottage industry. Then in regard to the application of the law..........

Shri T. V. Thomas: So, you mean, the rule will be single point and the exception will be multi-point?

Shri P. S. Nataraja Pillai: Yes. The rule will be single point and the exception multi-point. At present, the rule is multi-point and the exception single point. It will be reversed.

Then, in regard to the application of the Act, one suggestion in connection with this was about the appointment of an appellate tribunal. I am one with the proposal. I have had occasion of speaking on that, and I do not want to go back on my words of an earlier occasion. But on an examination of the present set up, we find that there are Assistant Appellate Commissioners functioning as judicial officers. Their qualifications were fixed on the basis of their knowledge and practice of income-tax law. They are directly recruited as Assistant Commissioners. And in regard to the routine administration of the department, I find......

Shri A. A. D. Luiz: Does the Minister realise that the Commissioners are receiving severe mandates from the higher authorities?

Shri P. S. Nataraja Pillai: I do not know that. What I have been able to gather is that in the administration of the Department, they have complete independence of action to function as appellate judicial officers. I will make the matter more clear by an analogy. Till recently, the Government

was making the appointment of Munsiffs. From the fact that they were so appointed by the Government, it does not follow that they are executive officers under the Government. That would be a wrong assumption. Further even under the present Income-Tax law, there is a right of appeal to the Judiciary. Therefore, Sir, it is only a doubt arising from the nomenclature, that these Assistant Commissioners are executive officers. In essence and in fact, they are judicial officers. Simply because they are appointed by the executive authority, you should not draw the inference that they are executive officers.

Shri K. C. George : As long as they are appointed by the executive authority, there is the dependence on this authority.

Shri P. S. Nataraja Pillai : That is inevitable. Then according to that suggestion, any tribunal has to be appointed by an authority, and so long as the appointing authority is there, there is the question of subordination. That is not the correct stand to take. Take the case of the appointment of the judges. In an advanced country like ours, I do not think that there will be any misuse of powers of judicial officers......

Shri A. A. D. Luiz : The hon. Minister referred to the appointment of Munsiffs, in the case of the Munsiffs, do they not get directives regarding their work from time to time from the higher-ups ?

Mr. Speaker : The hon. Minister will conclude.

Shri P. S. Nataraja Pillai : The question is whether the directive is on procedural matters or on decisions. The Munsiffs also get directives on procedural matters, but such directives should not be construed as directives on their decisions. If necessary the present set up may be modified to a certain extent.

Then I take up the question why the report available with the Government was not implemented. When an attempt was made to do so, a new fact emerged. The Indian Taxation Enquiry Committee is expected to publish their report sometime in September or October. We are now in July. If we wait for two or three months, we will be getting the report of an expert body whose terms of reference include Sales-Tax. Therefore, in that set of circumstances, the Government think that they will be well-advised to wait for two or three months more before they make their recommendations. That is our idea. It is not that we are not alive to the importance of the question. We are anxious to get the recommendation sanctioned by the legislature at the earliest possible moment.

Then there were one or two points about coir. At present, Government do not propose to impose Sales-Tax on coir products. It is a matter for study, and after October when the report I mentioned before comes out, the Government will have their definite proposals.

Shri T. V. Thomas: Will it then have retrospective effect?

Shri P. S. Nataraja Pillai: No, no. About tobacco......

Mr. Speaker: You may conclude.

Shri P. S. Nataraja Pillai: In regard to tobacco, I have nothing to say now. About, agricultural income-tax, it is not as my friend Shri Divakaran said that there are 9000 individuals who pay income-tax. The number is only 7210. I request the House to pass this demand.

The cut motion of Shri T. V. Thomas was put and lost.

Shri T. V. Thomas: Sir, I demand a poll.

A poll was taken when the House divided as follows:

AYES—32.

1	Shri	C. C. Ayyappan	17	Shri	T. A. Majeed
2	,,	K. A. Balan	18	,,	P. Narayanan Potti
3	,,	K. Balakrishnan	19	,,	U. Neelakantan
4	,,	Prakkulam Bhasi	20	,,	N. Neelakantaru Pandarathil
5	,,	P. Bhaskaran Nair	21	,,	M. P. Menon
6	,,	K. Chandrasekhara Sastri	22	,,	R. Prakasam
7	,,	P. K. Chathan	23	,,	P. Ravindran
8	,,	K. C. George	24	,,	C. G. Sadasivan
9	,,	P. Gopalan	35	,,	R. Sankaranarayanan Thampi
10	Sry.	K. R. Gouri	26	,,	V. Sridharan
11	Shri	Joseph Mundassery	27	,,	R. Sugathan
12	,,	Thalekkara K. Krishnan	28	Dr.	P. K. Sukumaran
13	,,	K. S. Krishnan Sastry	29	Shri	T. V. Thomas
14	,,	P. K. Kunjachan	30	,,	C. K. Viswanathan
15	,,	Kuttappan Koickal	31	,,	D. Vivekanandan
16	,,	P. R. Madhavan Pillai	32	,,	P. K. Yasodharan

Shri K. C. George: Sir, three members have just now come which, according to rule, is not allowed. The rule is that after the division bell, the door has to be closed. They have come in after counting began.

Shri P. S. Vasudevan Pillai: One member came from that party also.

Dr. A. R. Menon: Any body can come and vote till the door is shut. That is the practice.

Shri M. P. Menon: We must respect the spirit behind the rule. Here the door is not closed before voting. Even though the door was not closed, voting had already started when those members came.

Shri K. C. George: There is the moral obligation to be respected. If that is not going to be respected, we have no objection.

Dr. A. R. Menon: The door has to be closed before counting.

Mr. Speaker: After counting has begun, nobody is allowed to come in. That, I think, is the rule followed here. So, those members who came in after counting has begun, cannot take part in the voting.

NOES—47.

1	Shri	K. C. Abraham	26	Shri	P. K. Kunju
2	,,	A. Achuthan	27	,,	Manjanatha Prabhu
3	,,	J. Alexander Parambithara	28	,,	P. M. Markose
4	,,	J. Anantha Bhatt	29	,,	M. M. Mathai
5	Dr.	P. P. Anthony	30	,,	C. A. Mathew
6	Shri	K. K. Balakrishnan	31	,,	N. Narayana Kurup
7	,,	T. O. Bava	32	,,	K. Narayana Kurup
8	,,	N. G. Chacko	33	,,	P. S. Nataraja Pillai
9	,,	N. Chandrasekharan Nair	34	,,	V. P. Parameswaran Nambudiri
10	,,	K. M. Chandy	35	,,	N. Parameswaran Pillai
11	,,	M. V. Cheriyan	36	,,	A. A. Rahim
12	,,	O. R. Chummar	37	Dr.	A. R. Menon
13	,,	D. Damodaran Potti	38	Shri	C. K. Ramachandran Nair
19	,,	K. M. George	39	,,	P. J. Sebastian
15	,,	K. P. Gopala Menon	40	,,	V. V. Sebastian
16	,,	K. P. Hormis	41	,,	T. P. Sitaraman
17	,,	Idiculla Idiculla	42	,,	K. A. Sivarama Bharathy
18	,,	P. Kesava Menon	43	,,	A. Thanu Pillai
19	,,	T. T. Kesavan Sastry	44	,,	K. T. Thomas
20	,,	C. Kochukunju	45	,,	P. S. Vasudevan Pillai
21	,,	K. Kochukuttan	46	,,	P. Viswambaran
22	,,	P. R. Krishnan	47	,,	A. A. D. Luiz
23	,,	K. Krishna Pillai			
24	Dr.	N. K. Kumaran			
25	Shri	P. Kunjan			

NEUTRALS—1.

Shri T. S. Ramaswami

The motion was lost.

Mr. Speaker: Do you press your motion, Mr. Thomas?

[4 P. M.]

Shri K. T. Thomas: No, Sir.

The motion was, by leave of the House withdrawn.

The question that Government be granted a sum of Rs. 5,16,100 under Demand I—Agricultural Income-tax and Sales-tax was put and carried.

The grant was made.

Demand II—Land Revenue.

Minister for Finance (**Shri P. S. Nataraja Pillai**) : Sir, I beg to move for a grant of Rs. 15,03,900 under Demand II—Land Revenue.

Shri A. Achuthan : I second it.

Mr. Speaker : Sri C. G. Sadasivan will move cut motion No. 55 and other hon. Members can participate in the discussion.

Shri C. G. Sadasivan : Sir, I move to reduce the total allotment of Rs. 15,03,900 under Demand II by Rs. 100.

സർ, ഈ ഉപക്ഷേപം എഴുതി അയക്കുമ്പോൾ ഈ ഗവണ്മെന്റിന്റെ ഭൂനയത്തെപ്പററി ചർച്ചചെയ്യണമെന്നുള്ളതായിരുന്നു എന്റെ ഉദ്ദേശം. എന്നാൽ ഇപ്പോൾ ഞങ്ങൾക്കു ലഭിച്ചിരിക്കുന്ന ഏതാനും ബില്ലുകൾ ചർച്ചയ്ക്കുവരുമ്പോൾ അതിനു മതിയായ സന്ദർഭം ലഭിക്കുമല്ലോ എന്നു കരുതി ഞാൻ ഇപ്പോൾ അതിലേക്കു കൂടുതലായി കടക്കുന്നില്ല.

സർ, ഭൂനയം സംബന്ധിച്ചു ഞങ്ങൾക്കു വ്യക്തമായ ചില വീക്ഷണഗതികളും പരിപാടികളും ഉണ്ടു്. ഭൂമി പ്രധാന ഉൽപ്പാദനോപകരണമെന്ന നിലയ്ക്കു അതു മുഴുവൻ സ്റ്റേററിന്റെ പൊതുസ്വത്തായിരിക്കണമെന്നുള്ളതു് ഞങ്ങളുടെ പരമലക്ഷ്യമാണു്. എന്നാൽ നമ്മുടെ രാജ്യത്തിന്റെ ഇന്നത്തെ പരിതഃസ്ഥിതിയിൽ ആ പരിപാടിയല്ല ഞങ്ങൾ ഉടനടി വേണമെന്നു ആവശ്യപ്പെട്ടിട്ടുള്ളതു്. അതിപ്രാചീനകാലം മുതൽക്കേ നമ്മുടെ രാജ്യത്തിലെ ഭൂരിപക്ഷം ജനങ്ങളും പ്രധാനമായും കൃഷിയെ ആശ്രയിച്ചാണു് ജീവിച്ചുപോന്നിട്ടുള്ളതു്. ഇന്നു് കൃഷിഭൂമിക്കു് താങ്ങാൻവയ്യാത്തവിധം ഭാരതത്തിലുള്ള ജനബാഹുല്യം അത്രയ്ക്കു് അത്യധികമാണു്. എത്രമാത്രം പേർക്കു് മിതമായ തോതിൽ മാന്യമായിട്ടു് ജീവിക്കാമോ അത്രയുംപേരെ മാത്രം അതിൽ നിർത്തിക്കൊണ്ടു് ഒരു പുനഃസംവിധാനം ഉടനടി നടപ്പിലാക്കണം. ജന്മിത്വസമ്പ്രദായം തന്നെ അവസാനിപ്പിക്കണം. കൂടുതൽ ഉള്ള ആളുകളെ മററു തൊഴിലുകൾ സൃഷ്ടിച്ചു് അതിലേക്കു മാററണം. ഇതാണു് ഞങ്ങൾ ഇന്നത്തെ അടിയന്തിര പരിപാടിയായി ആവശ്യപ്പെടുന്നതു്.

സർ, ഇതു ഞങ്ങൾ പറയുമ്പോൾ മനഃപൂർവ്വം ഞങ്ങളെ തെററിദ്ധരിപ്പിക്കുന്നതിനുള്ള ചില ശ്രമങ്ങൾ ഈ സഭയുടെ ചില ഭാഗങ്ങളിൽനിന്നുണ്ടായി. കോൺഗ്രസ്സ് പാർട്ടിനേതാവു് റഷ്യയിൽ ഒരു ഭൂനയം നടപ്പിലാക്കുന്നതിനു് പതിനഞ്ചുകൊല്ലക്കാലം വേണ്ടിവന്നു എന്നൊക്കെ തട്ടിവിടുകയുണ്ടായി. സത്യവിരുദ്ധമായി കാര്യങ്ങൾ പറയുകയും പ്രവർത്തിക്കുകയും ചെയ്യുക എന്നതു് അദ്ദേഹത്തിന്റെ അവകാശമാണെങ്കിൽ എനിക്കതിൽ ആക്ഷേപമില്ല. സർ, എന്താണു് റഷ്യയിൽ നടന്നതു്. വിപ്ലവം കഴിഞ്ഞു് അധികാരത്തിൽ വന്ന ലെനിന്റെ ഗവണ്മെന്റു് ആദ്യമായിട്ടു്—24 മണിക്കൂറിനുള്ളിൽ—ചെയ്തതു് കൃഷിഭൂമി കൃഷിക്കാരനു് എന്നുള്ള തത്വത്തെ ആസ്പദമാക്കി ജന്മിത്വത്തെ ഇല്ലായ്മചെയ്യുന്ന ഉത്തരവിനു് രൂപംകൊടുക്കുകയായിരുന്നു. ലെനിൻ ഈ ഉത്തരവു് പുറപ്പെടുവിക്കുമ്പോൾ നാട്ടിൻപുറങ്ങളിൽ കൃഷിക്കാർ അവരുടെ കമ്മററികൾമുഖേന ചില പൊതുപ്രമാണങ്ങളെ അടിസ്ഥാനമാക്കി കൃഷിഭൂമി മുഴുവൻ പിടി

ച്ചുട്ടുകഴിഞ്ഞിരുന്നു. ഇങ്ങനെ വിഭജിക്കപ്പെട്ടു കഴിഞ്ഞിരുന്ന ഭൂമിയ്ക്കു ഒരു നിയമപ്രാബല്യം കൊടുക്കുക മാത്രമെ ചെയ്യേണ്ടതായിട്ടുള്ളു.

സർ, ജന്മിത്വം പ്രതിഫലംകൊടുക്കാതെ അവസാനിപ്പിക്കണമെന്നു ഞങ്ങൾ പറയുമ്പോൾ ഞങ്ങളെ രക്തദാഹികളാണെന്നും, ജന്മിമാരുടെ തല വെട്ടാൻ നിൽക്കുന്നവരാണെന്നും മററും ആക്ഷേപിക്കപ്പെടാറുണ്ട്. ഗാന്ധിജിക്കും നെഹ്റുവിനും ഇക്കാര്യത്തിൽ എന്തഭിപ്രായമാണുണ്ടായിരുന്നതെന്നു ഈ സന്ദർഭത്തിൽ നാം പരിശോധിക്കുന്നതു നന്നായിരിക്കും.

> "The abolition of landlordism must therefore occupy a prominent place in our programme........How are we to abolish the big estates? Some advocate confiscation and others full compensation. The latter is on the face of it impossible, as we cannot find the enormous amount of money for it. And if we could find money the burden on the land will continue and the present holder will certainly not profit by the change. The only person who will profit will be the zamindar who will be saved from all trouble and worry and will get hard cash instead of a varying and troublesome source of income".

'Land Reforms in India' എന്ന പേരിൽ H. C. Malavya എഴുതി കോൺഗ്രസ്സിൽനിന്നു പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകത്തിൽ ഗാന്ധിജിയും അമേരിക്കക്കാരനായ Luis Fisher-ം തമ്മിൽ നടന്ന സംഭാഷണത്തിന്റെ ഒരു ഭാഗം ഞങ്ങളുടെ നേതാവ് ഇവിടെ ഉദ്ധരിച്ചിട്ടുണ്ട്. മറെറാരു ഭാഗം ഞാൻ വായിച്ചുകൊള്ളട്ടെ.

"In the villages" Gandhi explained, "the peasants will stop paying taxes. They will make salt despite official prohibition. Their next step will be to seize the land."

"With violence ?" I asked.

"There may be violence, but then again the landlord may co-operate."

"You are an optimist", I said.

"They might co-operate by fleeing," Gandhi said.

"Or", I said, "they might organize violent resistance ?"

"There may be fifteen days of chaos," Gandhi speculated, "but I think we could soon bring that under control."

"You feel then that it must be confiscation without compensation", I asked.

"Of course", Gandhi agreed. "It would be financially impossible for anybody to compensate the landlords".

[ശ്രീ. സി. ജി. സദാശിവൻ]

സർ, ഇങ്ങനെയെല്ലാം പറഞ്ഞു കോടാനുകോടി കൃഷിക്കാരെ വിശ്വസിപ്പിച്ചു അവരെ മോഹിപ്പിച്ചുകൊണ്ടു് അധികാരത്തിൽ വന്ന കാൺഗ്രസ്സ് ഇപ്പോൾ പ്രതിഫലത്തിനു ഒരു ഘടനയിൽ ഉറപ്പുകൊടുത്തിരിക്കുകയാണു്. സർ, ഇവിടെ ഉറപ്പുകളെല്ലാം ഈ കാൺഗ്രസ്സുകാർ മറിച്ചു. ജന്മിത്വത്തെ അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തില്ലെന്നതോ പോകട്ടെ; കൃഷിക്കാർക്കു എന്തെങ്കിലും ആശ്വാസം ലഭിക്കുന്ന എന്തെങ്കിലും നടപടികൾ എടുക്കുവാൻ ഇവർ കൂട്ടാക്കിയോ?

സർ, ജന്മിത്വത്തെ തല്ലിത്തല്ലി തകർത്തുകളയുമെന്നു കാൺഗ്രസ്സിന്റെ തന്നെ കാൺഗ്രസ്സ് പാർട്ടിനേതാവും പ്രസ്താവിക്കുകയുണ്ടായി. സത്യവുമായിട്ടു എന്തെങ്കിലും ബന്ധം ഇക്കാര്യത്തിലുണ്ടോ? ജന്മിക്കരം പിരിച്ചുകൊടുക്കുന്നതിനുള്ള ഏജൻസി ഇവർ ഏറ്റെടുത്തിരിക്കയായിരുന്നു. രണ്ടര ശതമാനം കമ്മീഷൻ ഇനത്തിൽ 75,000 രൂപ ജന്മിക്കരം പിരിക്കുന്നതിൽ നിന്നു് ഇവർക്കു് ലഭിച്ചുകൊണ്ടിരിക്കുന്നു. അപ്പോൾ 30,00,000 (മുപ്പതുലക്ഷം) രൂപ ജന്മിമാർക്കു് ഇവർ പിരിച്ചുകൊടുക്കുന്നുണ്ടു്. അതിനു വേണ്ടി കമ്മീഷൻ തുക കൂടാതെ നമ്മുടെ പൊതുസ്വത്തിൽനിന്നു 50,000 രൂപ കൂടി ചെലവഴിച്ചിരുന്നു. അങ്ങനെ ജന്മിത്വത്തെ സേവിച്ചിരുന്ന അതേ നയംതന്നെയാണു് ഇപ്പോഴത്തെ ഗവണ്മെന്റും തുടരുവാൻപോകുന്നതു്. അപ്പോൾ പുതിയ ഒരു സമീപനരീതി ഇവർക്കും ഇല്ലെന്നു വ്യക്തമാണല്ലോ.

സർ, ഭൂപരിഷ്കരണം സംബന്ധിച്ചുള്ള ബില്ലുകളെപ്പറ്റിയുള്ള ഉൽഘോഷണങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ ഈ ഗവണ്മെന്റു ഗവണ്മെന്റുവക ഭൂമികളിലെ കൃഷിക്കാരോടു എങ്ങനെയാണു പെരുമാറുക എന്നു നോക്കാം.

രണ്ടു ദിവസത്തിനുമുമ്പു ഞാൻ കാണിപ്പുറവുഭൂമിയിൽ പോയിരുന്നു. സർ, അവിടെ ആലപ്പുഴയിൽനിന്നും, ചങ്ങനാശേരിയിൽനിന്നും മറ്റുമുള്ള കൃഷിക്കാരെ ഞാൻ കണ്ടു. അവരുടെ സ്ഥലങ്ങളിൽ ജീവിതമാർഗ്ഗം മുട്ടി അവർ സ്വന്തംസ്ഥലവും കുടുംബാംഗങ്ങളെയും വിട്ടു ജീവിക്കുവാൻ വേണ്ടി അവിടെ എത്തിയിരിക്കുകയാണു്. 2, 3, 5 ഏക്കർവരെയുള്ള സ്ഥലങ്ങൾ അവർ കൃഷിചെയ്യുന്നുണ്ടു്. അതേ സമയത്തുതന്നെ നെട്ടയിൽ ബേബി എന്നു പറയുന്ന തോട്ടം ഉടമയും, രാമസ്വാമിനാടാരെപ്പോലെയുള്ള വലിയ പണക്കാരും നൂറുകണക്കിനു, ആയിരക്കണക്കിനു ഏക്കർ ഭൂമി കൈവശമാക്കി എടുത്തിട്ടുണ്ടു്. ഇവർ സാധുക്കളുടെ ഭൂമി കൈയേറി എടുക്കുന്നുമുണ്ടു്. അവിടത്തെ കർഷകസംഘം സെക്രട്ടറി അന്യായമായ ഒരു വിളക്കയ്യേറ്റം പറഞ്ഞൊതുക്കി തീർക്കുന്നതിനുവേണ്ടി ചെന്നപ്പോൾ ഈ വലിയവന്മാരുടെ ഗുണ്ടകൾ ആ സഖാവിനെ ഭയങ്കരമായി മർദ്ദിച്ചു. ആ സഖാവിനെ ഞാൻ നേരിട്ടു കണ്ടതാണു്.

കൂടാതെ മറ്റൊരു സംഭവംകൂടി ഞാൻ പറയാം. കാൺഗ്രസ്സിന്റെ പ്രസിദ്ധമായ വട്ടിയൂർക്കാവു് സമ്മേളനത്തിനു നെയ്യാറ്റിൻകരയിൽനിന്നു് ജാഥാ നയിച്ച ക്യാപ്റ്റനെ അഞ്ചേക്കർ ഭൂമി യാതനപ്രതിഫലമായി കൊടുത്തിരുന്നു. അയാൾ മരിച്ചുപോയി. ഇപ്പോൾ അയാളുടെ മകനും ഭാര്യയുമേയുള്ളൂ. ഈ സ്ഥലത്തിനു തൊട്ടടുത്തു് പത്തുമുപ്പതു ഏക്കർ

ഭൂമിയുള്ള ഒരാൾ അതു ബലമായി കൈവശപ്പെടുത്തിയിരിക്കുകയാണ്. അതിനെ സംബന്ധിച്ചു നിരവധി പരാതികൾ അയച്ചിട്ടും ഫലമില്ല. കയ്യേറ്റക്കാരൻ ഉദ്യോഗസ്ഥസ്വാധീനമുള്ള ആളാണ്. സ്ഥലം കൈവശമില്ലെങ്കിലും ആ സാധുക്കൾ ഇപ്പോഴും കുത്തകപ്പാട്ടം കൊടുക്കുവാൻ കോടതി നടപടികളും ഉണ്ട്.

സർ, തൊഴിലാളികൾ കൂലി ചോദിക്കുമ്പോഴും അവകാശങ്ങൾ പുറപ്പെടുവിക്കുമ്പോഴും അവരെ സംഹരിച്ചുകളയും, ഇവിടെ ഒരു ഗവണ്മെന്റുണ്ടോയെന്നറിയട്ടെ എന്നൊക്കെ അട്ടഹസിക്കാറുള്ള പ്രധാനമന്ത്രിയോടു ഞാൻ ചോദിക്കുകയാണ്, പാവപ്പെട്ടവരുടെ മേൽ ഇമ്മാതിരി അന്യായങ്ങളും അക്രമങ്ങളും നടത്തുമ്പോൾ അദ്ദേഹത്തിന്റെ ഗവണ്മെന്റ് എവിടെയാണെന്ന്.

സർ, കൊട്ടാരക്കരയിലെ കുത്തകപ്പാട്ടക്കൃഷിക്കാരുടെ കഷ്ടം അങ്ങേയ്ക്കും അറിവുള്ളതാണല്ലോ. സർ, പത്തു കൊല്ലത്തെ അന്യായമായ വൃക്ഷക്കരങ്ങൾ ചുമത്തി ഇപ്പോൾ 400 കൃഷിക്കാരെ ഉദ്ദേശം 40,000 രൂപ ഈടാക്കുന്നതിനുവേണ്ടി ഈ ഗവണ്മെന്റ് ഇറങ്ങിവെട്ടുവാൻ പോകുകയാണ്. ഈ കുടിശ്ശിക ഇനം എത്രമാത്രം അന്യായമാണെന്നും, കൃഷിക്കാരനു താങ്ങുവാൻ വയ്യാത്തതാണെന്നും കാണിക്കാൻ ഞാൻ ഒരു ഉദാഹരണം പറയാം. കുമ്മിൾ പകുതിയിൽ അഹമ്മദുപിള്ള എന്നൊരാൾക്ക് 62 സെന്റ് സ്ഥലമുണ്ട്. അതിനെ തന്നാണ്ടത്തെ നിരോധനക്കരം 20 രൂപ, അഡ്വാൻസ് 20 രൂപ, 10 കൊല്ലത്തെ നിരോധനക്കരക്കുടിശ്ശിക 153 രൂപ ഇങ്ങനെ 193 രൂപ ഇപ്പോൾ ആ സാധു കെട്ടിവച്ചില്ലെങ്കിൽ സ്ഥലം നഷ്ടപ്പെടും. ഇവയിൽ അധികംപേരും താമസിക്കാൻ വീടുകൾ പോലും ഇല്ലാത്തവരാണെന്ന സത്യം സർ, അങ്ങേയ്ക്കു നേരിട്ടറിവുള്ളതല്ലേ.

സർ, ഈ ഭീമമായ തുകകൾ വൃക്ഷക്കരം ഇനത്തിലാണു വരുന്നതു. ഇതുതന്നെ കണക്കാക്കപ്പെടുന്നതു എത്രമാത്രം അന്യായമായിട്ടാണെന്നു പ്രത്യേകം പറയേണ്ടതുണ്ട്. സർ, ഒരാൾ 6 നെല്ലിച്ചെടികൾ പിടിപ്പിച്ചിട്ടുണ്ട്. ഈ നെല്ലിച്ചെടികൾ ആറും പുളിമരമായിട്ടു എഴുതിക്കൊണ്ടുപോയി. അതിനു 12 രൂപ ഇപ്പോൾ വൃക്ഷക്കരം കൊടുക്കണം. അതാണു വൃക്ഷക്കരം ചുമത്തുന്നരീതിയും. സർ, ഈ കുത്തകപ്പാട്ടക്കൃഷിക്കാർക്ക് ആവശ്യമായ സാവകാശം കൊടുക്കുകയും അവർക്കു ബേസിക് ടാക്സ് മാത്രം ബാധകമാക്കുകയും വേണം.

സർ, സമയച്ചുരുക്കംകൊണ്ടു ഒരു കാര്യംകൂടി പറഞ്ഞുകൊണ്ടു ഞാൻ വിരമിച്ചുകൊള്ളാം. റവന്യൂ കണക്കന്മാരും വില്ലേജ് അസിസ്റ്റന്റുമാർ പിരിച്ചുവിടപ്പെട്ടു ജോലിയില്ലാതെ കഴിയുന്നുണ്ട്. കുടിശ്ശിക ജോലി തീർക്കുന്നതിനുവേണ്ടി കുറെപ്പേരെ നിയമിക്കുവാൻ ബഡ്ജറ്റിൽ തുക കൊള്ളിച്ചിട്ടുണ്ട്. പിരിച്ചുവിടപ്പെട്ടവരെ അവരുടെ സീനിയോറിട്ടി നോക്കി നിയമിക്കണം. മറ്റു ഡിപ്പാർട്ടുമെന്റുകളിലും ഒഴിവുകൾ വരുമ്പോൾ പുതിയ നിയമനങ്ങൾ നടത്താതെ ഇവരെത്തന്നെ നിയമിക്കണം.

എന്റെ ഉപക്ഷേപം പാസ്സാക്കിത്തരണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ വിരമിക്കുന്നു.

ശ്രീ. കെ. സി. എബ്രഹാം: സർ, ഞാൻ ഈ ഖണ്ഡനോപക്ഷേപത്തെ അനുകൂലിച്ചു കൊള്ളുന്നു. ഗവൺമെൻറിൻെറ അനാസ്ഥമൂലം ഒട്ടേറെ കൃഷിഭൂമികൾ നാശപ്പെട്ടുകൊണ്ടിരിക്കുന്നുവെന്നുള്ള കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുവാനാണു ഈ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നതു്. ഇന്നു് തീരപ്രദേശങ്ങളിലെ പലഭാഗങ്ങളും കടലാക്രമണത്തിനു വിധേയമായിരിക്കുകയാണു്. ഗവൺമെൻറിൻെറ മനസ്ഥിതി ഈശ്വരൻ തന്നഭൂമി, ഈശ്വരൻ തിരിച്ചെടുക്കുന്നു അതിൽ ഞങ്ങളാലൊന്നും ചെയ്യുവാൻ സാദ്ധ്യമല്ല എന്നാണെന്നു തോന്നുന്നു. ഏതാനും ദിവസങ്ങൾക്കുമുമ്പു് പി. ഡബ്ലിയു. ഡി. മന്ത്രി പ്രസ്താവിച്ചു തീരപ്രദേശങ്ങളിൽ നിന്നു വരുന്ന ഞങ്ങൾ ഏതോ ചില ഉദ്ദേശങ്ങളോടുകൂടിയാണു ഗവൺമെൻറിനെ സമീപിക്കുന്നതെന്നും ഞങ്ങൾക്കു് പ്രത്യേക ചില താൽപര്യങ്ങളുണ്ടെന്നും. അദ്ദേഹം ഞങ്ങളുടെ സ്ഥലം സന്ദർശിച്ചാൽ അദ്ദേഹത്തിനു മനസ്സിലാകും ഞങ്ങളുടെ താൽപര്യം എന്താണെന്നു. അദ്ദേഹം താമസിച്ചിരുന്ന വീട്ടിൻെറ ഭിത്തിയിൽ തിരമാലകൾ അടിക്കുകയും അദ്ദേഹത്തിൻെറ പുരയിടത്തിലെ തെങ്ങുകൾ മറിഞ്ഞു വീഴുകയും അദ്ദേഹത്തിൻെറ വയലുകളിലെ കൃഷികൾ കടൽവെള്ളംകയറി നശിക്കുകയും അദ്ദേഹത്തിൻെറ ചുറ്റും താമസിക്കുന്ന ദരിദ്രർ ഭവനരഹിതരും തൊഴിൽരഹിതരുമായി അലഞ്ഞുതിരിഞ്ഞു നടക്കുന്നതു കാണുന്നതിനുള്ള ദൗർഭാഗ്യം അദ്ദേഹത്തിനുണ്ടാവുകയും ചെയ്തിരുന്നെങ്കിൽ ഞങ്ങളുടെ താൽപര്യം എന്താണെന്നു് അദ്ദേഹത്തിനു മനസ്സിലാകുമായിരുന്നു. ചെല്ലാനം പകുതി മുക്കാലും ഇന്നു് കടലിനടിയിലാണു്. തക്കനടപടികൾ തക്കസമയത്തു എടുത്തിരുന്നെങ്കിൽ ഇത്ര നാശം അവിടെ ഉണ്ടാകുകയില്ലായിരുന്നു. ചെല്ലാനത്തെ Tragedy വൈപ്പിനിൽ ആവർത്തിക്കുകയാണു്. ഇതിൻെറ ഉത്തരവാദിത്വം പി. എസ്. പി. ഗവൺമെൻറിനാണുള്ളതു്. കടലാക്രമണം വിജയകരമായി തടയുവാൻ സാധിക്കുമെന്നു് മുൻകാല അനുഭവങ്ങളിൽനിന്നു മനസിലാക്കിയിരുന്നിട്ടും വൈപ്പിൻകരയിലെ കടലാക്രമണം തടയുന്നതിനു് ഈ ഗവൺമെൻറ് ഒന്നും ചെയ്യാത്തതുകൊണ്ടാണു് അതിൻെറ ഉത്തരവാദിത്വം ഈ ഗവൺമെൻറിൻെറ ചുമലിലാണെന്നു ഞാൻ പറയുന്നതു്. വൈപ്പിൻദ്വീപിൽപെട്ട നായരമ്പലം, ഇടവനക്കാട്, കുഴുപ്പിള്ളി എന്നീ വില്ലേജുകളിലെ കടൽത്തീരങ്ങളിൽ അനേകായിരം തെങ്ങുകൾ മറിഞ്ഞുവീണുകിടക്കുന്നതും തൊഴിലാളികളുടെ കുടിലുകളുടെ അവശിഷ്ടങ്ങളും കാണുവാൻ സാധിക്കും. സർ, ഇൻഡ്യയുടെ ധനകാര്യമന്ത്രി ഈ സംസ്ഥാനം സന്ദർശിച്ചപ്പോൾ ഞങ്ങളിൽ ചിലർ അദ്ദേഹത്തെ സമീപിച്ചു ഈ കാര്യത്തെപ്പററി സംസാരിക്കുകയുണ്ടായി. അദ്ദേഹം ഞങ്ങളോടു പറഞ്ഞതു് ഈ പ്രശ്നത്തിൻെറ ഗൗരവം അദ്ദേഹത്തിനു മനസ്സിലായിട്ടുണ്ടെന്നും ഇവിടത്തെ ഗവൺമെൻറു ഈ കാര്യത്തിൽ എന്തെങ്കിലും സഹായം ഇൻഡ്യാഗവൺമെൻറിനോടു ആവശ്യപ്പെടുകയാണെങ്കിൽ അതു ചെയ്തുകൊടുക്കുവാൻ സന്നദ്ധമാണെന്നുമാണു്. തെററിദ്ധാരണയുണ്ടാകാതിരിക്കാൻവേണ്ടി ഒരു കാര്യം പ്രത്യേകിച്ചു് അദ്ദേഹം പറഞ്ഞു. ഗ്രാൻറായിട്ടു കൊടുക്കുകയില്ലെന്നും കടമായിട്ടു മാത്രമെ ആ സഹായം നൽകുകയുള്ളുവെന്നും. അപകടമേഖലയിൽപെട്ടിട്ടുള്ള വൈപ്പിനിലെ ഒരു ലക്ഷം ജനങ്ങളോടു നീതി പ്രവർത്തിക്കണമെന്നു ഗവൺമെൻറ് ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഒരു ആൻറി സീ ഇറോഷൻ പ്രാജക്ററു ഉടൻ രൂപീകരിക്കണം. അതിൽ സാങ്കേതികപരിജ്ഞാനമുള്ള

ഉദ്യോഗസ്ഥന്മാരെ നിയമിച്ച് പ്രവർത്തനത്തിനാവശ്യമുള്ള പണവും അനുവദിക്കണം. ഒരു പക്ഷേ കുറെ ലക്ഷങ്ങൾ തന്നെ അതിനു വേണ്ടി വന്നേക്കാം. കാലാന്തരത്തിൽ അതു സംസ്ഥാനത്തിനു ഒരു നഷ്ടമായിത്തീരുകയില്ല. വിലയേറിയ കൃഷിഭൂമികളാണ് നശിച്ചുകൊണ്ടിരിക്കുന്നതു്.

പുറമ്പോക്കുസ്ഥലങ്ങൾ കൃഷിഭൂമിയാക്കി എടുക്കാവുന്ന പ്രദേശങ്ങളുമുണ്ടു്. പ്രത്യേകിച്ചും ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ, ആളുകൾക്കു് കുടിൽകെട്ടി താമസിക്കുന്നതിനുപോലും സൗകര്യമില്ലാതിരിക്കുമ്പോൾ പുറമ്പോക്കുഭൂമികൾ തരിശായി ഇടുന്നതു തെറ്റാണു്. പത്തോ പതിനഞ്ചോ സെന്റു വീതമെങ്കിലും പുറമ്പോക്കുസ്ഥലങ്ങൾ കുടിൽകെട്ടി കിടക്കുന്നതിനു സൗകര്യമില്ലാത്തവർക്കു് പതിച്ചുകൊടുക്കേണ്ടതാണു്. അതുപോലെതന്നെ നെൽകൃഷിക്കു് ഉപയുക്തമാക്കിയെടുക്കാവുന്ന സ്ഥലങ്ങൾ സഹകരണസംഘങ്ങളെ ഏല്പിക്കുകയും ചെയ്യേണ്ടതാണു്. എന്റെ നിയോജകമണ്ഡലത്തിൽ ഏതാണ്ടു് 800 ഏക്കർ മാത്രമേ പുറമ്പോക്കുസ്ഥലമുള്ളു. ബാക്കിയുള്ള നിയോജകമണ്ഡലങ്ങളിൽ കൂടുതൽ സ്ഥലം കാണും. ബഹുമാനപ്പെട്ട റവന്യൂ മന്ത്രി എന്റെ നിയോജകമണ്ഡലം സന്ദർശിച്ചിട്ടു് ഒരു തെറ്റിദ്ധാരണയോടുകൂടിയാണോ പോന്നിട്ടുള്ളതെന്നു ഞാൻ സംശയിക്കുന്നു. അവിടെ തരിശായി വളരെ സ്ഥലങ്ങൾ കിടപ്പില്ല. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഒരു പ്രദേശമാണതു്. പുറമ്പോക്കുസ്ഥലങ്ങൾ കൈവശപ്പെടുത്തിയിരിക്കുന്നവരിൽ നിന്നും ഒഴിപ്പിച്ചെടുക്കാൻ ഗവണ്മെന്റു നടപടി നടത്തുന്നതായി അറിയുന്നുണ്ടു്. അഞ്ചും പത്തും സെന്റുസ്ഥലത്തു കുടികെട്ടി താമസിക്കുന്ന ദരിദ്രരെ ഉപദ്രവിക്കുന്നതിനുള്ള നടപടി എടുക്കരുതെന്നു് ഞാൻ പ്രത്യേകം അപേക്ഷിക്കുന്നു. ഡിപ്പാർട്ടുമെന്റൽ ഉദ്യോഗസ്ഥന്മാർ വലിയ ആളുകളെ വിട്ടിട്ടു് സാധുക്കളെ പുറത്താക്കുന്നതിനാണു് തയ്യാറാകുന്നതു്. ആ കാര്യത്തെപ്പറ്റി ഗവണ്മെന്റു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. ജനനിബിഡമായ എന്റെ നിയോജകമണ്ഡലത്തിൽ 12 സ്ക്വയർ മൈലിനുള്ളിൽ ഒരു ലക്ഷം ജനങ്ങൾ തിങ്ങിത്താമസിക്കുന്നുണ്ടു്. അവിടെ ഒന്നര സ്ക്വയർ മൈൽ ഒരു സ്ഥലം കൂടി നികത്തി എടുക്കുന്നതിനു സാധിക്കും.

ശ്രീ. എ. ആർ. മേനോൻ കൊച്ചിയിൽ മന്ത്രിയായിരുന്ന കാലത്താണെന്നു തോന്നുന്നു, കൊച്ചിയിൽ ഒരു സാമ്പത്തികസർവ്വെ നടത്തുകയുണ്ടായി. ആ സർവ്വെ റിപ്പോർട്ടിൽ കായൽ നികത്തിയെടുക്കുന്നതിനു ചില നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ടു്. അതിൽ വൈപ്പിൻപ്രദേശത്തെപ്പറ്റി പറഞ്ഞിട്ടുള്ളതു് ഞാൻ ഓർക്കുന്നു. വൈപ്പിനു കിഴക്കുവശത്തു കിടക്കുന്ന കായൽ ആഴം കുറഞ്ഞതും പലടത്തും കരയിലേയ്ക്കു് തള്ളിക്കിടക്കുന്നതുമാണെന്നും, ഞാറയ്ക്കൽമുതൽ കുഴുപ്പിള്ളിവരെ കരയിലേക്കു് തള്ളിക്കിടക്കുന്ന ഭാഗം നികത്തിയെടുക്കുകയാണെങ്കിൽ 12 സ്ക്വയർമൈൽ കര കൂടുതൽ ലഭിക്കുന്നതിനുള്ള സാദ്ധ്യതകൾ ഉണ്ടെന്നും പറഞ്ഞിരുന്നു. 12 സ്ക്വയർ മൈയിലുള്ളിടത്തു ഒന്നര സ്ക്വയർ മൈൽകൂടി നികത്തി എടുത്താൽ വളരെ സൗകര്യമായിരിക്കും. അതുകൊണ്ടു് ആ കാര്യങ്ങളിൽ ഗവണ്മെന്റിന്റെ ശ്രദ്ധ ഉണ്ടായിരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. അതുമൂലം ആളുകൾക്കു് കൂടുതൽ തൊഴിലുണ്ടാകുന്നതിനും ഇടയാകും. തൊഴിൽരഹിതർ ഒരു പക്ഷെ ഇത്ര അധികമുള്ള ഒരു പ്രദേശം വേറെ കാണുകയില്ല.

[ശ്രീ. കെ. സി. എബ്രഹാം]

ലാൻഡുറവന്യൂ ഡിപ്പാർട്ടുമെൻറ ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥ കൊണ്ടുണ്ടാകുന്ന ചില കുറവുകളെപ്പററിയും അല്പം സംസാരിക്കണമെന്നു് എനിക്കാഗ്രഹമുണ്ടു്. പൊതുമരാമത്തുവകുപ്പിൻെറ കാര്യക്ഷമമായ പ്രവർത്തനത്തിനും തടസ്സമായി നിൽക്കുന്നതു ലാൻഡുറവന്യൂ ഡിപ്പാർട്ടുമെൻറ ഉദ്യോഗസ്ഥന്മാരാണു്. നാലും അഞ്ചും കൊല്ലം കൊണ്ടുപോലും ഭൂമി ഏറെടുക്കുന്നതിനു ലാൻഡുറവന്യൂഡിപ്പാർട്ടുമെൻറിനെക്കൊണ്ടു് സാധിക്കുന്നില്ല. പല പ്രവർത്തനങ്ങളും അതുകൊണ്ടു് സ്തംഭനാവസ്ഥയിൽ നിൽക്കേണ്ടിവരുന്നുണ്ടു്. പി. ഡബ്ല്യു. ഡിപ്പാർട്ടുമെൻറിലേക്കു് അനുവദിക്കുന്ന തുകകൾ ലാപ്സാകുന്നതിനുള്ള പ്രധാന കാരണം ഇതാണെന്നു് കാണാം. അതിനു ഈ ഡിപ്പാർട്ടുമെൻറു് പറയുന്ന സമാധാനം ഭൂമിയുടമസ്ഥന്മാർ തടസ്സപ്പെടുത്തുന്നു എന്നാണു്. ഭൂമിയുടമസ്ഥന്മാർ തടസ്സപ്പെടുത്താത്ത സ്ഥലങ്ങൾ എടുത്തുകൊടുക്കുന്നതിനും വളരെ താമസം നേരിട്ടുവരുന്നുണ്ടു്. ഉദാഹരണമായി പലതും സഭയുടെ മുമ്പിൽ വയ്ക്കാൻ ഞാൻ തയ്യാറാണു്. ഇതിനു് ഒരു പ്രതിവിധി ആയി ഒരു നിർദ്ദേശം സഭയുടെ മുമ്പിൽ എനിക്കു് വയ്ക്കാനുണ്ടു്. ഭൂമി എടുക്കുന്നതിനുള്ള അധികാരം റവന്യൂ ഡിപ്പാർട്ടുമെൻറു് ഉദ്യോഗസ്ഥന്മാരിൽ നിന്നും മാററി പബ്ലിക് വർക്സ് ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ ഒരു പ്രത്യേക സ്റ്റാഫിനെ ഏല്പിക്കണമെന്നാണു് ഞാൻ പറയുന്നതു്. എന്നാൽ ഇക്കാര്യം കാര്യക്ഷമമായി നടക്കും. ജനങ്ങൾക്കു് ബുദ്ധിമുട്ടുകൂടാതെ ഇരിക്കയും ചെയ്യും. ഈ അവസരത്തിൽ എനിക്കു് ഒരു കാര്യംകൂടി പറയേണ്ടതുണ്ടു്. റവന്യൂഡിപ്പാർട്ടുമെൻറിലെ വില്ലേജ് ഉദ്യോഗസ്ഥന്മാർക്കു ഇന്നു കൊടുക്കുന്ന ശമ്പളം വളരെ തുച്ഛമായിട്ടുള്ളതാണു്. അതേയവസരത്തിൽ ഗൌരവാവഹമായ ജോലികൾ അവർ ചെയ്യേണ്ടതുമുണ്ടു്. ശമ്പളംകൂടുതൽ കൊടുത്തു് ശരിയായി ജോലി ചെയ്യിപ്പിക്കുന്ന ഒരു നയം ഗവൺമെൻറ സ്വീകരിക്കണം.

ഞങ്ങളുടെ സ്ഥലങ്ങളിൽ കൃഷിഭൂമികളിലേക്കു് കായലിൽ നിന്നു വെള്ളം കൊണ്ടുവരുന്നതിനു ചില തോടുകൾ ഉണ്ടു്. ആ തോടുകളുടെ മുഖത്തു് വല കെട്ടി മത്സ്യം പിടിക്കുന്നതിനുള്ള അവകാശം ഗവൺമെൻറ ലേലം ചെയ്തുകൊടുക്കാറുണ്ടു്. എൻെറ നിയോജകമണ്ഡലത്തിൽ നിന്നും ആയിനത്തിൽ ഒരു ലക്ഷം രൂപ ഗവൺമെൻറിലേക്കു് ആദായം കിട്ടുന്നുണ്ടു്. ദരിദ്രന്മാർക്കു വർഷകാലത്തു ഉപജീവനത്തിനുള്ള ഒരു മാർഗ്ഗമായ ഈ പുറംപോക്കുസ്ഥലങ്ങളിൽ വലവീശുന്നതിനുള്ള അനുവാദം കൊടുക്കേണ്ടതാണു്. ഗവൺമെൻറിനു ഇപ്പോൾ കിട്ടുന്ന ഭീമമായ ആദായം ഉപേക്ഷിക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നില്ല. മിഥുനം, കർക്കടക മാസങ്ങളിൽ പുറംപോക്കുസ്ഥലങ്ങളിൽ വലവീശുന്നതിനു് ഈ സാധുക്കളെ അനുവദിക്കണമെന്നും ഈ കാലത്തു കണ്ട്രാക്ടർമാർക്കു് വലകെട്ടുന്നതിനുള്ള അവകാശം കൊടുക്കരുതെന്നുമാണു് ഞാനാവശ്യപ്പെടുന്നതു്. ഇത്രയും കാര്യങ്ങൾ പ്രസ്താവിച്ചുകൊണ്ടു് ഞാൻ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

ശ്രീ. എം. വി. ചെറിയാൻ: സർ, ഞാൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഖണ്ഡനോപക്ഷേപത്തെ പിന്താങ്ങുന്നു. സാധാരണയായി ലാൻഡുറവന്യൂവിനെപ്പററിയുള്ള വിമർശനങ്ങൾ ഈ സഭയിൽ വരാറില്ല. ഇന്നു്, പ്രത്യേകിച്ചും, രാജ്യത്തെ ആകമാനം കുലുക്കുന്ന ഭൂദായബില്ലിൽ

സർക്കുലേററ് ചെയ്തിരിക്കുന്ന ഒരന്തരീക്ഷത്തിൽനിന്നുകൊണ്ടാണു് ഞാൻ സംസാരിക്കുന്നതു്. ആകപ്പാടെ സാമ്പത്തികനിലയിൽ ഒരനിശ്ചിതാവസ്ഥ, അല്ലെങ്കിൽ അതിന്റെ ലക്ഷണങ്ങളുടെ സൂചനകൾ കാണുന്നുണ്ടു്. ബില്ലിന്റെ ഉള്ളടക്കത്തെപ്പററി കൂടുതലായി പറയാൻ സാദ്ധ്യമാകാത്ത നിലയ്ക്കു് അതിനെപ്പററി ധാരാളം സംസാരിക്കാനുള്ള അവസരം ഉണ്ടാകുമെന്നുള്ളതുകൊണ്ടു് ഇപ്പോൾ അതിനെപ്പററി കൂടുതൽ ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല. ഏതാനും കാര്യങ്ങൾ മാത്രം ഉൾക്കൊള്ളുന്ന ഈ ബില്ലു് എവിടെ ചെന്നു നില്ക്കുമെന്നു് അറിഞ്ഞുകൂടാ. ആ രീതിയിലുള്ള ഒരു പുരോഗമനമേ അതിലുള്ളു.

ലാൻഡ്റവന്യൂവകുപ്പിനെപ്പററിയുള്ള ബഡ്ജററ് അവതരിപ്പിച്ചുകൊണ്ടു് പണ്ഡിതനായ നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി നാം പ്രതീക്ഷിച്ചപോലെ പുരോഗമനപരമായ പല കാര്യങ്ങളും രാജ്യത്തിന്റെ മുമ്പിൽ വയ്ക്കുമെന്നു പ്രതീക്ഷിച്ചിരുന്നു. മുൻ ബഡ്ജററുകളെ അപേക്ഷിച്ചു് വളരെ പ്രത്യേകമായി ഒന്നും തന്നെ ഇതിൽ കണ്ടില്ല. അദ്ദേഹം ചില കാര്യങ്ങൾ പ്രതീക്ഷിക്കുന്നുണ്ടു്. എന്റെ സ്നേഹിതന്റെ ഭാഷയിൽ പറയുകയാണെങ്കിൽ, കൃഷിക്കാരന്റെ നട്ടെല്ലൊടിഞ്ഞു്, അവനേതാണ്ടു് നഷ്ടപ്രായനായി, മരണവക്ത്രത്തിൽ പെട്ടിരിക്കുന്ന അവസരത്തിൽ അവനിൽനിന്നും കൂടുതൽ നികുതി പിരിച്ചെടുക്കുന്നതിനു്, ഒരു നികുതി പിരിക്കുന്ന സേനയെ സംഘടിപ്പിച്ചാൽപ്പോലും സാധിക്കുമോ എന്നു് എനിക്കു സംശയമുണ്ടു്. നമ്മുടെ ഭക്ഷ്യവകുപ്പിൽനിന്നു പിരിച്ചുവിട്ട ഉദ്യോഗസ്ഥന്മാർക്കു് തൊഴിൽ കൊടുക്കാൻ മാത്രമാണു് വിചാരിക്കുന്നതെന്നു് ഫൈനാൻസുമന്ത്രി പറഞ്ഞിരുന്നെങ്കിൽ അതു് നമുക്കു വിശ്വസിക്കാമായിരുന്നു. വളരെക്കാലമായി നമ്മുടെ കരക്കുടിശ്ശികകൾ പിരിക്കാൻ സാധിച്ചിട്ടില്ല. ആ കുടിശ്ശികകൾ ഉപേക്ഷിക്കണമെന്നോ അതിൽനിന്നു ഒഴിഞ്ഞുനില്ക്കുന്നവരോടു ദയയും ദാക്ഷിണ്യവും കാണിക്കണമെന്നോ, ഞാൻ ഉദ്ദേശിക്കുന്നില്ല. അവരിൽനിന്നും രാജ്യത്തിനു കിട്ടേണ്ട മുതൽ മുഴുവനും പിരിച്ചെടുക്കണമെന്നുള്ള അഭിപ്രായമാണു് എനിക്കുമുള്ളതു്. നമ്മുടെ രാജ്യത്തിന്റെ ക്യാഷ്ക്രാപ്പുകൾ ഉണ്ടാകുന്ന വടക്കൻ പ്രദേശങ്ങളെ പ്രതിനിധീകരിക്കുന്ന ഒരാളാണു ഞാൻ. സാധനങ്ങളുടെ വിലയിടിവു മൂലം അനുദിനം ആ പ്രദേശങ്ങൾ ദാരിദ്ര്യത്തിലേയ്ക്കു് അധഃപതിച്ചുകൊണ്ടിരിക്കയാണു്. കുരുമുളകു്, റബ്ബർ മുതലായ സാധനങ്ങൾ കൂടുതലായുള്ള കൃഷിക്കാർക്കു് വല്ലതും കിട്ടുന്നുണ്ടായിരിക്കും. സാധുക്കളായ കപ്പക്കൃഷിക്കാരുടെ കാര്യം പലരും ഇവിടെ സംസാരിച്ചുകഴിഞ്ഞ സ്ഥിതിക്കു് ഞാൻ പ്രത്യേകം പറയേണ്ടതില്ലല്ലോ. നമ്മുടെ രാജ്യത്തെ ഭരണസാരഥ്യം വഹിക്കുന്ന മന്ത്രിമാർ അറിഞ്ഞിട്ടില്ലാത്ത ഒരു സാധനം വടക്കൻ താലൂക്കുകളിൽ ഉണ്ടാകുന്നുണ്ടു്. അതായതു് പുൽത്തൈലം. ലോകത്തിൽ ഈ പുൽത്തൈലത്തിന്റെ കുത്തക നമുക്കാണുള്ളതു്. നമ്മുടെ ലോഹമണൽപോലെ ഇതും ശുദ്ധീകരിച്ചു് ഒരു central നിർമ്മാണവ്യവസായമുണ്ടാക്കി മുന്നോട്ടുകൊണ്ടുപോകുകയാണെങ്കിൽ ആ പ്രദേശങ്ങളിൽ ധാരാളം ആളുകൾക്കു തൊഴിലുണ്ടാകുമെന്നുമാത്രമല്ല, അവിടെ തൊഴിൽ നശിച്ചുപോയിട്ടുള്ള തൊഴിലാളികൾക്കു് ഒരു ജീവിതമാർഗ്ഗമായിത്തീരുന്നതുമാണു്. ഈ ഒരു കാര്യം മന്ത്രിസഭയുടെ മുമ്പിൽ വച്ചുകൊണ്ടു് ഞാൻ മററു കാര്യങ്ങളിലേയ്ക്കു് കടക്കുന്നു.

[ശ്രീ. എം. വി. ചെറിയാൻ]

കരക്കടിശ്ശിക പിരിക്കുന്നതിന് പുതിയ ഉദ്യോഗസ്ഥന്മാരെ നിയോഗിക്കുന്ന കൂട്ടത്തിൽ ഒരു വാചകംകൂടി ചേർത്തിട്ടുള്ളതു് നമ്മിൽ പലരും ശ്രദ്ധിച്ചുകാണും. അവർക്ക് വേറെ ഉദ്യോഗം ഉണ്ടാകുന്നതുവരെ അവരെ അവിടെ സൂക്ഷിക്കണമെന്നാണ് പറയുന്നതു്. അവർക്ക് ശമ്പളംകൊടുത്തുകൊണ്ടു്, ജോലി തീർന്നാലും, അവരെ അവിടത്തന്നെ ഇരുത്തിയേക്കുമെന്നു പറയുന്നതു് എനിക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല. പല മെംബറന്മാരും ഈ രാജ്യത്തു അടിയന്തിരമായി ചെയ്യേണ്ട പല സംഗതികളെ പററിയും പ്രതിപാദിച്ചിട്ടുണ്ടു്. അതിന്റെ വെളിച്ചത്തിൽ അവർക്ക് അനുയോജ്യമായ സ്ഥാനങ്ങൾ നൽകി അവരുടെ സേവനം രാജ്യത്തിന് ഉപയോഗമുള്ളതാക്കിത്തീർക്കേണ്ടതാണ്. 1122-ലെ, 23-ലെ റവന്യൂ ഡിപ്പാർട്ടുമെന്റിൽനിന്നും കുറവു ചെയ്തിട്ടുള്ളവർ അലഞ്ഞു നടക്കുന്നതായി ഞാൻ കണ്ടിട്ടുണ്ടു്. അവരിന്നും പബ്ലിക്ക് സർവീസ് കമ്മീഷന്റെ ദയയെ നോക്കി കഴിയുകയാണ്. സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിൽനിന്നും പിരിച്ചുവിട്ട ഒട്ടേറെ ആളുകളുടെ ഒരു പരാതിയുണ്ട്. ഈ സഹോദരന്മാരുടെ പേരിലും ഗവണ്മെന്റിന് ഉത്തരവാദിത്വമുണ്ടാകേണ്ടതാണ്. നമ്മുടെ രാജ്യത്തെ സേവിച്ചിട്ടുള്ള ആളെ യാതൊരു കാരണവശാലും പിരിച്ചുവിടാൻ പാടില്ല. അവർക്ക് തൊഴിൽ ഉണ്ടാക്കിക്കൊടുക്കേണ്ട ബാദ്ധ്യത ഈ രാജ്യത്തെ ഗവണ്മെന്റിനുണ്ടെന്നു് ഞാൻ പരിപൂർണ്ണമായി വിശ്വസിക്കുന്നു.

ഈ ബഡ്ജററിൽ ഞാൻ ആഹ്ലാദിക്കുന്ന ഒരു സംഗതി നമ്മുടെ കൃഷിവർദ്ധനവിനുവേണ്ടി വനഭൂമി വെട്ടിപ്പിടിക്കുമ്പോൾ ഉണ്ടായിട്ടുള്ള അനധികൃതങ്ങളായ കയ്യേററങ്ങൾ തടയുന്നതിനുവേണ്ടി ഒരു സർവ്വേ നടത്തുന്നതിന് സെററിൽമെന്റ ഡിപ്പാർട്ടുമെന്റിനെപ്പോലെ ഒരു ഡിപ്പാർട്ടുമെന്റ രൂപീകരിക്കുന്നതിന് ബഡ്ജററിൽ പണം വകയിരുത്തിയിട്ടുള്ളതാണ്. അതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. കൃഷിവർദ്ധനവിന്റെ പേരിൽ നമ്മുടെ രാജ്യത്തെ പണക്കാർ പലരും അനധികൃതമായ കയ്യേററം നടത്തിയിട്ടുണ്ടെന്നു് ഈ സഭാതലത്തിൽ ധാരാളം വിമർശനങ്ങൾ ഉണ്ടായിട്ടുണ്ടു്. നമ്മുടെ രാജ്യത്ത് ഒരു നിയമമുണ്ടു്, ആ നിയമമനുസരിച്ച് പ്രവർത്തിക്കാൻ ഓരോ പൗരനും കടപ്പെട്ടവനാണ്. നിയമം അനുസരിക്കാത്തവന്റെ പേരിൽ കർശനമായ നടപടികൾ എടുക്കേണ്ടതു് ഈ ഗവണ്മെന്റിന്റെ ചുമതലയാണ്, അതു് ഗവണ്മെന്റ ചെയ്യേണ്ടതുമാണ്. ശരിയായ വിധത്തിൽ പ്ലാൻ ചെയ്യാതെ അനുമാനമായിരുന്ന അടിയന്തിരാവസ്ഥയെ പരിഗണിച്ച് ഭൂമി സർവ്വേ ചെയ്ത് അതിർത്തികല്ലുകളിടാതെ, ഇഷ്ടംപോലെ നടപടിയെടുത്തു ശരിയായെന്ന് എനിക്കു തോന്നുന്നില്ല. ഏതായാലും അതു് സംബന്ധിച്ചു കഴിഞ്ഞു.

കഴിഞ്ഞ ഒരു ദിവസം ചോദ്യോത്തരവേളയിൽ ഞാൻ പറഞ്ഞ ഒരു കാര്യം മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നു. അതു വളരെ പ്രാധാന്യമർഹിക്കുന്ന ഒരു വിഷയമാണ്. ഈ രാജ്യത്തെ കർഷകരോടു താല്പര്യമുള്ള ആളുകൾക്ക് ആരായിരുന്നാലും ശരി ഏതു പാർട്ടിയിൽപ്പെട്ടവരായാലും ശരി ഒരു കാര്യത്തിൽ താല്പര്യമില്ലാതിരിക്കാൻ നിവൃത്തിയില്ല. സർ, ഞാൻ പറയാനുദ്ദേശിക്കുന്നതു് നമ്മുടെ നാട്ടിലെ മണ്ണൊലിപ്പിനെപ്പററിയാണ്. അതായതു് സോയിൽ ഇറോഷനെപ്പററിയാണ് ഞാൻ സൂചിപ്പിച്ചതു്. അതു തടയുന്നതിന് ആവശ്യമുള്ള

നടപടികൾ എടുക്കണമെന്നുള്ളതു ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണു്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ മന്നാംകണ്ടം സന്ദർശിക്കുവാൻ ക്ഷണിക്കുകയാണു്. അതെന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ഭൂമിയല്ല. എന്നിരുന്നാലും ബഹുമാനപ്പെട്ട മന്ത്രി ആ സ്ഥലങ്ങളിലെ സ്ഥിതി നേരിട്ടു മനസ്സിലാക്കുവാൻവേണ്ടിയാണു്. ആ ഭൂമിയുടെ ഇന്നത്തെ സ്ഥിതി കാണുന്ന ഏതൊരാൾക്കും രാജ്യത്തിന്റെ പൊതുസ്വത്തു ഇങ്ങനെ നഷ്ടപ്പെട്ടുപോകുന്നല്ലോ എന്നു വിചാരിച്ചു് സങ്കടപ്പെടാതിരിക്കാൻ സാദ്ധ്യമല്ല. ഗ്രോമോർ ഫുഡിന്റെ പേരിലും മററും വിട്ടുകൊടുത്തിട്ടുള്ള ഭൂമികൾ ശാശ്വത താല്പര്യമില്ലാത്ത കർഷകർ കിളച്ചു അഭ്യാസിക്കുന്നതിന്റെ ഫലമായി ഭൂമി മണ്ണൊലിച്ചു് ഇങ്ങനെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണു്. ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇവിടെ ഫോറസ്റ്റ് ബഡ്ജററ അവതരിപ്പിച്ച അവസരത്തിൽ അമേരിക്കയിലെ (Contour bunding) കാൻടേർ ബണ്ടിംഗിനെപ്പററി അനുസ്മരിക്കയുണ്ടായി. അമേരിക്കയിലെ വനഭൂമികൾ വെട്ടിത്തെളിച്ചു ശാസ്ത്രീയമായി കൃഷിചെയ്യുകയും ആവാസയോഗ്യമാക്കിത്തീർക്കുകയും ചെയ്യുന്നതായി നാം അറിഞ്ഞിട്ടുണ്ടു്. ഈവക കാര്യങ്ങളിൽ അമേരിക്കയുടെ ആ നയം ഇവിടെ സ്വീകരിക്കുന്നതിൽ യാതൊരു ദോഷവും വരാനിടയില്ലെന്നു വിശ്വസിക്കുന്ന ഒരാളാണു് ഞാൻ. അമേരിക്കയെ എത്ര നല്ല കാര്യങ്ങൾക്കായാലും കുററം പറയുന്ന ഒരു തെററായ വാസന ഇന്നു് ഒരു കൂട്ടർക്കുണ്ടെന്നെനിക്കറിയാം. ഇങ്ങനെ കാൻടേർ ബണ്ടിംഗു നമ്മുടെ രാജ്യത്തു നടപ്പാക്കുകയാണെങ്കിൽ അതു് തൽക്കാലത്തേക്കെങ്കിലും ഭാവികാലത്തേക്കു് ഉ[illegible]വും കുറെപേർക്കു് തൊഴിലുണ്ടാക്കിക്കൊടുത്തു് തൊഴിലില്ലായ്മക്കു കുറെ പരിഹാരമുണ്ടാക്കുന്നതിനു സാദ്ധ്യമാകുന്നതുമാണു്.

മറെറാരുസംഗതി എനിക്കു ചൂണ്ടിക്കാണിക്കുവാനുള്ളതു ഭൂമി ഇങ്ങനെ കൊടുത്തിട്ടുള്ളതു് മിക്കവാറും വനത്തിലെ ചില ഭാഗങ്ങളോടു ചേർന്നുകിടക്കുന്നതാണു്. അങ്ങനെയുള്ള ഭൂമികൾ പലപ്പോഴും സർക്കാർ റിസർവ്വിന്റെ അതിർത്തിവിട്ടു കിടക്കുന്നതായിരിക്കും. കാട്ടാന മുതലായ വന്യമൃഗങ്ങളുടെ ശല്യത്തെ നേരിട്ടു് അവിടെ സാധുക്കൾ കുടിയേറി കൃഷികൾചെയ്തു കഴിഞ്ഞുകൂടുന്നുണ്ടു്. അവർ സർക്കാരിലേക്കു കരം കൊടുക്കാതിരിക്കുന്നതു് പഴയകാലത്തുതന്നെ അവരുടെ പേരിൽ ഭൂമി പതിച്ചുകൊടുക്കാതിരുന്നതുകൊണ്ടാണു്. അങ്ങനെയുള്ള ഭൂമികൾ എന്റെ അയൽ നിയോജകമണ്ഡലമായ തൊടുപുഴ താലൂക്കിൽ ഉണ്ടെന്നെനിക്കറിയാം. അപ്രകാരമുള്ള ഏതാനും സ്ഥലങ്ങൾ പീരുമേട്ട് മുതലായ സ്ഥലങ്ങളിലുമുണ്ടു്. അവ ഗ്രോമോർ ഫുഡ് സ്കീം അനുസരിച്ചു കൊടുത്തിട്ടുള്ളവയല്ല. ആയക്കെട്ടുപതിവിന്റെ കാലത്തു് കൈവശാനുഭവം തുടങ്ങിയവയാണു്. കർഷകർ അവിടെചെന്നു പണം ചെലവുചെയ്തു അവിടം ഒന്നാംതരം കൃഷിഭൂമിയാക്കി താമസിച്ചുവരികയാണു്. അവിടെ പത്തും അമ്പതും കൊല്ലം പ്രായമുള്ള പ്ലാവും മാവും കാണ്മാനുണ്ടു് സർ സി. പി. യുടെ ഭരണകാലത്തു ഈ രാജ്യത്തെ ഗവൺമെൻറവകയായിട്ടുള്ള ഭൂമികളിൽ അനധികൃതമായി പ്രവേശിച്ചിട്ടുള്ളതും പരിപൂർണ്ണമായി തെററാണെന്നും അതൊഴിപ്പിക്കുന്നതായിരിക്കുമെന്നും ആർഡർ പാസ്സാക്കിയെങ്കിലും മുൻ പ്രസ്താവിച്ച തൊടുപുഴ താലൂക്കിലുള്ള ഭൂമികളെപ്പററിയുള്ള ഫയലുകളിൽ വനം വെട്ടിതെളിച്ചു കൃഷിയിറക്കുന്നതിനു പ്രത്യേക പരിഗണന നൽകേണ്ടതാണെന്നു പറഞ്ഞിട്ടുണ്ടു്. ആ ഭൂമികൾ താല്ക്കാലികമായി സ്ഥിരം കുത്തക

[എം. വി. ചെറിയാൻ.]

പ്ലാട്ട വ്യവസ്ഥയിൽ ഭൂമിയുടമസ്ഥന്മാക്കു് വിട്ടുകൊടുത്തിട്ടുള്ളതാണു്. ഈവക ഭൂമികളുടെ ഉടമസ്ഥൻ സക്കാരാണു്. കാട്ടാനകളുടെയും മററും ശല്യത്തെ നേരിട്ടു് അങ്ങിനെയുള്ള ഭൂമികളിൽ പ്രവേശിച്ചു് കൃഷിചെയ്തു താമസിക്കുന്നവക്കു് അതായതു് അതർഹിക്കുന്നവക്കു് യഥാത്ഥത്തിൽ അവർതന്നെ നഷ്ടിഭേദബന്ധങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അങ്ങിനെയുള്ളവക്കു പ്രത്യേകം പരിഗണന നൽകണമെന്നാണെനിക്കു തോന്നുന്നതു്. അങ്ങനെയുള്ള സ്ഥലങ്ങൾക്കു് ഒരു ഫിക്സിററി ത്രേഫ് ഏപ്പെടുത്തണം എന്ന അഭിപ്രായം എനിക്കുണ്ടു്. ആ അഭിപ്രായം ഞാൻ ഗവമ്മെൻറിൻെറ മുമ്പിൽ വച്ചുകൊള്ളുന്നു.

അടുത്തതായി നമ്മുടെ ലാൻഡു് റവന്യൂ ഡിപ്പാർട്ടുമെൻറിൻെറ കായ്യമാണു്. ലാൻഡു് റവന്യൂ ഡിപ്പാർട്ടുമെൻറു് അതിനാവശ്യമായ തരത്തിൽ സംഘടിപ്പിച്ചുണ്ടെപ്പോലാൻ വളരെ പ്രയാസമുണ്ടെന്നു തോന്നുന്നില്ല. അടുത്തകാലത്തു് അവക്കുണ്ടായിരുന്ന ജോലി ഇന്നില്ല. ഇന്നു് പ്രവത്തികച്ചേരികളിൽ പോയി നോക്കുകയാണെങ്കിൽ അവിടെ ആവശ്യമായ സവ്വേ പ്ലാനുകളാകട്ടെ, മററു റിക്കാർഡുകളാകട്ടെ ഒന്നുമില്ലാതെയാണിരിക്കുന്നതു്.

മറെറാന്നെനിക്കു പറയാനുള്ളതു് പണ്ടെങ്ങാണ്ടോ ഉള്ള ഒരു ഏപ്ലാട്ട് അനുസരിച്ചാണു് ഇന്നു പകുതികൾ തിരച്ചിരിക്കുന്നതു്. ആ ഒരു രീതി, മാററി ഇപ്പോൾ പഞ്ചായത്തുകളും മററും ഉണ്ടായിരിക്കുന്ന സ്ഥിതിക്കു് ഓരോ യൂനിററുകളായി തിരിച്ചു വേണ്ട സജ്ജീകരണം ചെയ്യുന്നതു വളരെ നല്ലതാണെന്നു ഞാൻ വിചാരിക്കുന്നു. അങ്ങനെയാണെങ്കിൽ പഞ്ചായത്തുകളുടെ അടിസ്ഥാനത്തിൽ പകുതികളെ പുനഃസംഘടിപ്പിച്ചുകൊണ്ടു് ഗ്രാമീണ പ്രാദേശികസ്ഥാപനങ്ങളുമായി ഒന്നുചേന്നു് പോകുന്നതാണു് ഉത്തമമെന്നെനിക്കു തോന്നുന്നതു്. ഇന്നു് ഡയറക്ട് ടാക്സേഷനെക്കാൾ നല്ലതു് ഇൻഡയറക്ററ് ടാക്സേഷനാണെന്നു പരിഷ്കൃതലോകം വിശ്വസിക്കുന്നു. ലോകം ഇന്നു നിലവിലുള്ള പഞ്ചായത്തുകൾ മുഖേന ഇതിനെ ഉററുനോക്കിക്കൊണ്ടിരിക്കുന്നതുകൊണ്ടു് ലാൻഡു് റവന്യൂ മുഴുവൻ പഞ്ചായത്തുകൾക്കു് വിട്ടുകൊടുക്കുന്നതു നന്നായിരിക്കും. അതിലേക്കു് വില്ലേജാഫീസുകൾ സ്ഥാപിക്കുകയും അങ്ങനെ വില്ലേജുകൾ ഒന്നിച്ചു പ്രത്യേക യൂനിററുകളായി സംഘടിപ്പിച്ചുകൊണ്ടു് പോകുന്നതിനും വേണ്ട നടപടികൾ എടുക്കാൻ ഗവമ്മെൻറു ശ്രദ്ധിക്കണമെന്നും കൂടാതെ പ്രത്യേകമായി പരിഗണനകൾ അർഹിക്കുന്നവക്കു് ഗവമ്മെൻറുവക ഭൂമി കൈവശം വയ്ക്കുന്നതിനുള്ള നിയമമനുസരിച്ചു് സ്ഥിരാവകാശമായി വിട്ടുകൊടുക്കണമെന്നും, വില്ലേജുകളിലെ കരംപിരിവു് പഞ്ചായത്തിനു വിട്ടുകൊടുക്കണമെന്നും പറഞ്ഞുകൊണ്ടു് വിരമിക്കുന്നു.

ശ്രീ. ചെന്നമരപ്പിള്ളി പി. നാരായണൻപോററി: കരംപിരിവു പഞ്ചായത്തുകൾക്കു് വിട്ടുകൊടുത്താൽ ഇൻഡയറക്ററ് ടാക്സാകുമോ?

ശ്രീ. എം. വി. ചെറിയാൻ: അങ്ങിനെ ഞാൻ പറഞ്ഞില്ല. പഞ്ചായത്തുകൾക്കു് അതിനുള്ള അധികാരം കൊടുത്താൽ നല്ലതായിരിക്കുമെന്നാണു് ഞാൻ പറഞ്ഞതു്.

ശ്രീ. കെ. നാരായണക്കുറുപ്പു്: ശ്രീ. എം. വി. ചെറിയാൻ ഈ ഗവമ്മെൻറിൻെറ ഭൂനയബില്ലിനെപ്പററി ഒരു ചെറിയ കമൻറു അടിച്ചി

തായി കേട്ടു. ഈ ഗവണ്മെൻറ് അവതരിപ്പിക്കാൻ പോകുന്ന ഭൂനയബില്ല് പുരോഗമനപരമല്ലെന്ന് അദ്ദേഹം പറഞ്ഞു. ഞാൻ അദ്ദേഹത്തോട് ചോദിക്കുന്നു, പുരോഗമനത്തിൻെറ അർത്ഥം ഏതു വിധത്തിലാണ് അദ്ദേഹം ഉദ്ദേശിക്കുന്നതെന്ന്. അതു കേട്ടപ്പോൾ എനിക്കു ചില സംശയങ്ങൾ തോന്നി. അദ്ദേഹം ഉദ്ദേശിക്കുന്നവിധത്തിലുള്ള ലാൻഡ് ബിൽ അല്ലാത്തതുകൊണ്ടാണ് ഈ അഭിപ്രായം പുറപ്പെടുവിച്ചതു്. ഭൂനയബിൽ കൊണ്ടുവരുന്നു എന്നു കേട്ടപ്പോൾ മുതൽ ഒരു ഉൻപതാമുത്സവം ഉണ്ടാകുന്ന പല ആളുകളുടേയും ഒരു പ്രതിഫലനമാണോ എന്നും ഞാൻ സംശയിക്കുന്നു. ഫിക്സിററി ഓഫ് ടെന്യുവർ വേണമെന്ന് അദ്ദേഹം പറയുന്നുണ്ട്. എന്നാൽ ലിമിറേറഷൻ ഓഫ് ഹോൾഡിംഗ്സ് പാടില്ലാ എന്നും അഭിപ്രായമുണ്ട്. എന്നാൽ ഇവിടെ ഹാജരാക്കാൻപോകുന്ന ബില്ല് ശരിയായ ഒരു ബില്ല് അല്ലെന്നാണ് അദ്ദേഹം പറഞ്ഞിട്ടുള്ളതു്. ആ ബില്ല് ശരിയായി പഠിക്കാതെ അതേപ്പററി ഇങ്ങനെ ഒരഭിപ്രായം പറഞ്ഞതു് ഒട്ടും ശരിയല്ല. ഞാൻ ഈ പറഞ്ഞതു് അദ്ദേഹം ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു. നമ്മുടെ രാജ്യ " 87833 ഏക്കർ നിലവും 2292000 ഏക്കർ പുരയിടവുമാണുള്ളതു്. ഇതിൽ ഏതാനും ഭാഗം ഇവിടത്തെ സാധാരണക്കാരുടെ കൈവശം ഉണ്ടെന്നുള്ളതും പരമാർത്ഥമാണ്. ഇന്നു കുത്തകപ്പാട്ടമായി കൊടുത്തിട്ടുള്ള സ്ഥലങ്ങൾക്കും പാട്ടമായി കൊടുത്തിട്ടുള്ള സ്ഥലങ്ങൾക്കും ബേസിക്ക് ടാക്സ് കൂടുതലായി ഈടാക്കിവരികയാണ്. ബേസിക്ക് ടാക്സിനത്തിൽതന്നെ സാധാരണക്കാരായ ജനങ്ങളുടെ വസ്തുവിൽ നിന്നും ധാരാളമായി കരമീടാക്കിവരുന്നു. ആ ഒരു വ്യവസ്ഥ മാററണം.

അതുപോലെതന്നെ നമ്മുടെ നാട്ടിലുള്ള വളരെ അധികം വനഭൂമി ഈ നാട്ടിലെ ധനവാന്മാരെന്നു പറയുന്ന ആളുകൾ അനധികൃതമായി പ്രവേശിച്ചു കൈവശം വച്ചുവരുന്നുണ്ട്. അങ്ങനെയുള്ളവരെ ആ വനങ്ങളിൽനിന്നും ഇറക്കിവിടുന്നതു് തികച്ചും ആശാസ്യമായ ഒരു സംഗതിയാണ്. ഭൂമിയില്ലാതെ വരുന്നെങ്കിൽ വനങ്ങളിൽ കിടക്കാടംവച്ചു് കിടക്കുന്നതിനു വേണ്ട സ്ഥലം അവർ കൈവശം വച്ചിട്ടുണ്ടെങ്കിൽ അതു് അനധികൃതമാണെന്നെനിക്കു തോന്നുന്നില്ല. ചിലർ നമ്മുടെ ഫോറസ്റ്റ് ഭൂമികൾ അനധികൃതമായി കൈവശപ്പെടുത്തിയിട്ടുണ്ട്. അതിനു് ഒരു ലാൻഡ് അക്കൌണ്ട് ഉണ്ടാക്കാൻവേണ്ടി ഒരു പ്രത്യേക സ്റ്റാഫിനെ നിയമിച്ചിട്ടുണ്ട് എന്നു ബഡ്ജററിൽനിന്നും മനസ്സിലാക്കാൻകഴിഞ്ഞു. പ്രത്യേകിച്ചും അനധികൃതമായി ഭൂമി കൈവശം വച്ചിട്ടുള്ളവരെ സംബന്ധിച്ചു് അന്വേഷിക്കണമെന്ന് എനിക്കു് ഒരപേക്ഷയുണ്ട്. അതല്ലാതെ കിടക്കാടത്തിനുവേണ്ടി മാത്രം ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്നവരിൽനിന്നും ഭൂമി കൈവശപ്പെടുത്തരുതു്.

ഇങ്ങനെ അനധികൃതമായി വനഭൂമി കൈവശം വച്ചിട്ടുള്ള എത്ര കേസുകൾ ഈ നാട്ടിലെ ധനവാന്മാരുടെ പേരിൽ കൊണ്ടുവന്നിട്ടുണ്ട്? അങ്ങനെയുള്ള കേസുകൾ എല്ലാം സാധാരണക്കാരുടെ പേരിലായിരിക്കും ധാരാളമായിട്ടുള്ളതു്. ആ മാതിരി കേസുകൾ സാധാരണക്കാരുടെ പേരിൽ ഉണ്ടെങ്കിൽ അതെല്ലാം പിൻവലിക്കണം. അനധികൃതമായി നമ്മുടെ വനഭൂമികളിൽ പ്രവേശിച്ചിട്ടുള്ള ധനവാന്മാരുടെ പേരിലുള്ള കേസുകൾ ചാർജ്ജ് ചെയ്യുകയും വേണം എന്നു് ഒരിക്കൽകൂടി ഞാൻ പറഞ്ഞുകൊള്ളുന്നു.

[ശ്രീ. കെ. നാരായണക്കുറുപ്പ്]

നമ്മുടെ ലാൻഡ് റവന്യൂ ഡിപ്പാർട്ടുമെന്റ് സ്ഥിരമായി ഒരു ഭൂനയ ബില്ല് കൊണ്ടുവരാൻ പോവുകയാണ്. ഈ നാട്ടിൽ അനേകായിരം ഏക്കർ ഭൂമി കൃഷി ചെയ്യാതെ, ആയിരവും, അയ്യായിരത്തിൽ ചില്വാനവും ഏക്കർ കൃഷിക്കു സൗകര്യമുള്ള സ്ഥലങ്ങൾ കൃഷി ചെയ്യാതെ, കൈവശം വച്ചുകൊണ്ടിരിക്കുന്ന ജന്മികൾ ഉണ്ട്. ഇതു് ഗവണ്മെന്റിൽനിന്നും എടുത്തു് കൃഷിചെയ്യാൻ കഴിവുള്ള സാധാരണക്കാർക്കായി കൊടുക്കണമെന്നാണെനിക്കു പറയാനുള്ളതു്. അങ്ങിനെ കൊടുക്കുന്നപക്ഷം ഇന്ന പത്തേക്കർ ഭൂമിയുള്ളവൻ ഉൽപ്പാദിപ്പിക്കുന്നിടത്തോളം രണ്ടേക്കർ ഭൂമിയുള്ളവൻ ഉൽപ്പാദിപ്പിക്കുന്നതായിക്കാണാം. ഹോൾഡിംഗ്സിന്റെ ലിമിററ് വളരെ കുറച്ചായിരിക്കണം വയ്ക്കേണ്ടതു്. അതു ഒരു തത്വമാണ് ഈ ഭൂനയബില്ലിൽ ആവിഷ്കരിച്ചിരിക്കുന്നതു്. ഈ ബില്ല് പുരോഗമനപരമല്ലെന്ന് പറയുന്നതു് ഈ അസംബ്ലിയിൽ ചില മെംബറന്മാർക്ക് ഉള്ള ചില സംശയങ്ങൾ നിമിത്തമാണെന്നും അതല്ലാതെ ഈ ബില്ലിൽ യാതൊരു കുഴപ്പവുമില്ലെന്നും ഒരിക്കൽക്കൂടി ഞാൻ ഓർമ്മിപ്പിച്ചുകൊള്ളുന്നു.

Mr. Speaker: Order, order. The House will now adjourn and meet again at 11 A. M. tomorrow.

The Assembly adjourned at 5 P. M. to meet again at 11 A. M. on Wednesday the 28th July, 1954.

APPENDIX I.

[*Please See Answer to Question No. * 481 (48).*]

Statement showing the amount of Grants and Loans issued to Coir Co-operative Societies.

				Grant Rs.	*Loan Rs.*
1.	Kandassankadavu Coir Co-operative Society Ltd. No.		821	3,000	20,000
2.	Karuppadanna	do.	822	3,000	..
3.	Kumbalanghi	do.	823	3,000	8,000
4.	Narakkal	do.	833	3,000	20,000
5.	Perumkuzhy	do.	3053	3,000	25,000
6.	Vakkom	do.	3054	3,000	20,000
7.	Kadakkavoor	do.	3055	3,000	10,000
8.	Shertallai	do.	3057	3,000	12,000
9.	Perumathura	do.	3060	3,000	20,000
10.	Kayikara-Nedunganda	do.	3062	3,000	15,000
11.	Mahadevicad	do.	3065	3,000	6,000
12.	Chingoli	do.	3066	3,000	7,000
13.	Karunagappally	do.	3067	3,000	12,000
14.	Vadakkekara	do.	3068	3,000	5,000
15	Puthupally	do	3075	3,000	12,000
16.	Thrikkadavoor	do.	3084	3,000	15,000
17.	Mannancherry	do.	3092	3,000	15,000
18.	Pulluruthy	do.	2	3,000	8,000
19.	Cheriyakadavu	do.	688	3,000	8,000
20.	Cherai	do.	761	3,000	5,000
21.	Sarkara	do.	3052	3,000	25,000
22.	Vaikom	do.	3056	3,000	7,000
23.	Thiruvallom-Pachalloor	do.	3061	3,000	20,000
24.	Murukkumpuzha	do.	3063	3,000	25,000
25.	Kappil	do.	3085	3,000	10,000
26.	Paravoor	do.	3088	3,000	15,000
27.	Cranganore Labour Industries Ltd. No. 326, Eriyad			2,000	3,500
28.	Vypeen Coir Co-operative Society Ltd. No.		710	2,000	12,000
29.	Colachal	do.	4	2,000	..
30.	Ottoor	do.	5	2,000	..
31.	Muthiraparambu	do.	6	2,000	..
32.	Chavara	do.	7	2,000	10,000
33.	Kumarakom	do.	8	2,000	5,000

APPENDIX I.—(*contd.*)

				Grant Rs.	*Loan Rs.*
34.	Muhamma Coir Co-operative Society Ltd. No.		9	2,000	..
35.	Kavilkadavu	do.	10	2.000	..
36.	Vytilla	do.	11	2,000	..
37.	Nanthiattukunnam	do.	12	2,000	..
38.	Kollencode	do.	13	2,000	..
39.	Poochakkal	do.	14	2,000	5,000
40.	Kadakkarapally	do.	15	2,000	..
41.	Thrikkunnapuzha	do.	16	2,000	..
42.	Punnapra	do.	17	2,000	..
43.	Panangad	do.	18	2,000	..
44.	Vetchoor	do.	19	2,000	3,000
45.	Moncomp	do.	20	2,000	..
46.	P. P C. C.	do.	21	2,000	..
47.	Eathamvazhy	do.	27	2,000	..
48.	Chavara South	do.	28	2,000	9,000
49.	Chenganda	do.	32	2,000	5 000
50.	Thirumanivenkitapuram	do.	33	2,000	..
51.	Mangad	do.	35	2,000	11,000
52.	Thumboli	do.	36	2,000	..
53.	Ezhupunna	do.	37	2,000	..
54.	Cherukara	do.	43	2,000	..
55.	West Kallada	do.	45	2,000	..
56.	Kaniyapuram	do.	46	2,000	6,000
57.	Aroor	do.	49	2,000	..
58.	Kanichira	do.	50	1,500	10,000
59.	Vayalar	do.	42	1,500	..
60.	Mayyanad	do.	2983	..	15,000
61.	Panmana	do.	44	..	10,000
62.	Alleppey Central Coir Marketing Co-operative Society Ltd. No.		1	35,000	78,000
63.	Cochin Central Co-operative Coir Marketing Society Ltd. No.		423	15,000	60,000
	Total			1,93,000	5,87,500

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY.

SECOND SESSION—1954.

Wednesday, the 28th July 1954.

Vol. XI] OFFICIAL REPORT [No. 14

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Wednesday, the 28th July 1954, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

Colonising Andamans and Nicobar Islands.

*491. [1] **Shri K. Sattanatha Karayalar**: Will the Chief Minister be pleased to state :

(a) whether there is any scheme for colonising from this State, Andamans and Nicobar Islands ; and

(b) if so, what steps are taken by this Government ?

Chief Minister **(Shri A. Thanu Pillai)** : (a) Yes.

(b) The first batch of emigrants consisting of 35 families has already been sent to Andamans. As regards the next batch, the matter is under correspondence with the Government of India.

Shri K. Sattanatha Karayalar : May I know how many families are proposed to be sent ?

Shri A. Thanu Pillai : 35 families.

Shri K. Sattanatha Karayalar : May I know on what basis hey have been selected ?

Shri A. Thanu Pillai : The Andaman Representative Shri Sadasivan came here and selected the families.

Shri K. Sattanatha Karayalar : May I know whether this Government had any hand in the matter of selection of the families ?

Shri A. Thanu Pillai : Our Government made the proposals and the selection was done by the Representative.

Shri K. Sattanatha Karayalar : May I know when we are sending our people there; are we not entitled to select them ?

Shri A. Thanu Pillai : It is true we are sending our people ; but they have to go there and live. I am afraid we cannot have our own way ; so far as sending is concerned we can, but so far as receiving is concerned we cannot have. The families have to be received by them.

Shri K. Sattanatha Karayalar : Should we not have the assurance that the families sent there are safe ?

Shri A. Thanu Pillai : They are quite safe.

Shri K. Sattanatha Karayalar : Then, may I know what are the amenities given to them ?

Shri A. Thanu Pillai : They are given lands to cultivate.

Shri K. Sattanatha Karayalar : How many acres please ? Has any money been advanced to them ?

Shri A. Thanu Pillai : I want notice.

Shri K. A. Balan : Can we make any recommendation to the Representative in the matter of selection ?

Shri A. Thanu Pillai : Yes. In fact we have done so. We have recommended to the Government of India for selecting the remaining families. The Andaman Representative has written to this Government to have some more families for purposes of colonisation next year and the matter is under correspondence.

Shri K. A. Balan : May I know what is the criterion used with regard to selection ?

Shri A. Thanu Pillai : The families which are willing to go for settlement will be naturally accepted by the Representative.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : കഴിഞ്ഞ പ്രാവശ്യം ആൻഡമാൻസിലേയ്ക്കു് കുടികയറിപ്പാർക്കുന്നതിനു് 12 വീട്ടുകാരെ തിരഞ്ഞെടുക്കുകയും, ഒടുവിൽ എട്ടുവീട്ടുകാരെ മാത്രം അയയ്ക്കുകയും, ബാക്കിയുള്ള നാലുവീട്ടുകാർക്കു് തൻമൂലം നഷ്ടം വരികയും ചെയ്തിട്ടുള്ള വിവരം അറിയാമോ?

ശ്രീ. എ. താണുപിള്ള : നാലു വീട്ടുകാരെ അയയ്ക്കാഞ്ഞതുകൊണ്ടല്ല, അവർ എട്ടുവീട്ടുകാരെ മാത്രമേ സെലക്റ്റുചെയ്തുള്ളു. അതാണു കാരണം.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : തിരഞ്ഞെടുത്തതും, ഒടുവിൽ അയയ്ക്കാഞ്ഞതുമായ നാലുവീട്ടുകാർ ഇതുസംബന്ധിച്ചു പരാതികൾ അയച്ചിട്ടുണ്ടായിരുന്നോ?

ശ്രീ. എ. താണുപിള്ള : പരാതികൾ അയച്ചിട്ടുണ്ടോ എന്ന് റിക്കാർഡുനോക്കിയിട്ടു മാത്രമെ പറയാൻ സാധിക്കൂ.

ശ്രീ. കെ. എം. ചാണ്ടി : ഇപ്പോഴത്തെ സെലക്ഷനിൽ 35 ഫാമിലിയെ തിരഞ്ഞെടുത്തുവെന്നു പറയുകയുണ്ടായി. അവർ അത്രപേരും പോയിക്കഴിഞ്ഞോ?

ശ്രീ. എ. താണുപിള്ള : പോയിക്കഴിഞ്ഞിട്ടുണ്ട്.

ശ്രീ. കെ. എം. ചാണ്ടി : കുടികയറിപ്പാർപ്പുപദ്ധതിയിലെ സെക്രട്ടറി മി. സദാശിവന്റെ സെലക്ഷൻ അനുസരിച്ച് എടുത്തിട്ടുള്ള അനവധി വീട്ടുകാരിൽ കുറെ അധികംവീട്ടുകാരെ പിന്നീടു വിട്ടുകളഞ്ഞുവെന്നറിയാമോ?

ശ്രീ. എ. താണുപിള്ള : അങ്ങനെ വിട്ടുകളഞ്ഞിട്ടുണ്ട്.

ശ്രീ. കെ. എം. ചാണ്ടി : ആദ്യം അവരെ സെലക്ററു ചെയ്യുകയും അതനുസരിച്ച് ആർഡർ കൊടുക്കുകയും, അങ്ങനെ ആർഡർ കൊടുത്തതനുസരിച്ച് അവരുടെ വസ്തുവകകൾ വിൽക്കുകയും, പോകാനായി പാസ്പോർട്ടുവാങ്ങുകയും ചെയ്തിട്ട് ഒടുവിൽ പോകാനുള്ള അനുവാദം നിഷേധിച്ചതായിട്ട് അറിയാമോ?

ശ്രീ. എ. താണുപിള്ള : ഏതാനും വീട്ടുകാരെ പോകാൻ ഒടുവിൽ അനുവാദം കൊടുക്കാതിരുന്നതായിട്ട് അറിയാം. പക്ഷെ അവരുടെ വസ്തുവകകൾ വിററതായിട്ട് അറിവില്ല.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : അടുത്തതവണത്തേയ്ക്കുള്ള സെലക്ഷനിൽ ഇപ്പോൾ അവഗണിക്കപ്പെട്ടവർക്കു മുൻഗണന നൽകുമോ?

ശ്രീ. എ. താണുപിള്ള : ആ കാര്യത്തെപ്പററി ഗവണ്മെൻറ് ആലോചിക്കാം.

ശ്രീ. ടി. പി. സീതാരാമൻ : ഇങ്ങനെ കുടികയറിപ്പാർക്കുന്നതിനു പോയിട്ടുള്ള (ആൻഡമാൻസിലേയ്ക്കും, നിക്കോബാറിലേയ്ക്കും) ആളുകളുടെ ക്ഷേമാവസ്ഥയെപ്പററി ഗവണ്മെൻറ് അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള : പ്രത്യേകം അന്വേഷണം നടത്തിയതായി കാണുന്നില്ല.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : സെലക്ററുചെയ്തിട്ട് അയയ്ക്കാതിരുന്ന നാലു വീട്ടുകാർക്ക് അതു നിമിത്തം പല കഷ്ടനഷ്ടങ്ങളും നേരിട്ടിട്ടുള്ള വിവരം ഞാൻതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കണ്ടുപറഞ്ഞിട്ടുള്ളതു് ഓർക്കുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള : അങ്ങനെ സംഭവിച്ചിരിക്കാം.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി : പണ്ടുകാലത്തു നാടുകടത്തപ്പെടുന്നവരെ താമസിപ്പിക്കുന്നതിനുവേണ്ടി നിശ്ചയിച്ചിരുന്ന സ്ഥലമല്ലേ ആൻഡമാൻ ദ്വീപ്?

ശ്രീ. എ. താണുപിള്ള : അതെ.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി : ഇപ്പോൾ തൊഴിലില്ലായ്മ അധികരിച്ചതുകൊണ്ടല്ലേ ആളുകൾ അവിടെപ്പോകാൻ സന്നദ്ധരാകുന്നത്?

ശ്രീ. ഏ. താണുപിള്ള : അതും ഒരു കാരണംതന്നെ. അതല്ലാതെ, ചില പ്രത്യേക പരിതഃസ്ഥിതികളിൽ ഒളിച്ചോടിപ്പോകുന്നവർക്കും ആൻഡമാൻദ്വീപ് അഭയസ്ഥാനമാണ്?

ശ്രീ. തലേക്കര കെ. കൃഷ്ണൻ : ആൻഡമാൻ ദ്വീപിലേയ്ക്കും, നിക്കോബാർ ദ്വീപിലേയ്ക്കും കുടിയേറിപ്പാർക്കാൻ ഇങ്ങനെ കുടുംബങ്ങളെ അനുവദിക്കുന്നതിന്റെ മാനദണ്ഡം എന്താണ്?

ശ്രീ. ഏ. താണുപിള്ള : ഒന്നാമത്, അവിടെ പോകാനുള്ള സന്നദ്ധത ഉണ്ടായിരിക്കണം. രണ്ടാമത് നല്ല ശരീരശേഷിയും കൃഷികാര്യങ്ങളിൽ പരിജ്ഞാനവും ഉണ്ടായിരിക്കണം. ഇതൊക്കെയാണ് മാനദണ്ഡങ്ങൾ.

ശ്രീ. കെ. സി. ജാർജ്ജ് : ഈ സ്ഥലങ്ങളിൽ കുടിയേറിപ്പാർക്കാൻ വേണ്ടി എത്ര അപേക്ഷകൾ ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. ഏ. താണുപിള്ള : നോട്ടീസുവേണം.

ശ്രീ. കെ. എം. ജാർജ്ജ് : മൈസൂറിലും, ബീഹാറിലും ഇങ്ങനെ കൃഷിചെയ്യാൻ ആഗ്രഹമുള്ളവർക്ക് സ്ഥലസൗകര്യം നൽകാമെന്ന് പ്രധാനമന്ത്രി പണ്ഡിററ്നെഹ്റു പ്രസ്താവിച്ചതനുസരിച്ച് ആ കാര്യത്തിൽക്കൂടി ഗവണ്മെന്റിന്റെ ശ്രദ്ധ പതിയുമോ?

ശ്രീ. ഏ. താണുപിള്ള : ആ കാര്യത്തിൽ ഗവണ്മെന്റ് വേണ്ടതു ചെയ്യും.

Handloom Weavers.

※ 492. [2] **Shri K. Sattanatha Karayalar :** Will the Minister for Finance be pleased to state :

(*a*) the steps this Government have taken to relieve the distress of hand-loom weavers ; and

(*b*) whether this Government have taken up the matter of the high price of yarn with the Central Government ?

Minister for Finance **(Shri P. S. Nataraja Pillai) :** (*a*) (i) A provision of Rs. 15 lakhs has been made in the budget for the current year to relieve distress among weavers and to develop Hand-loom Industry.

(ii) A staff for taking up the work of implementing the scheme has been appointed ;

(iii) Giving loans and rebate on sales. Rules for granting loans, etc. have been framed.

(*b*) No.

Shri K. Sattanatha Karayalar : Is it a fact that societies registered after 13-11-1953 are not entitled to this aid ?

Shri P. S. Nataraja Pillai : No, Sir

Shri K. Sattanatha Karayalar: May I know why? What is the basis for that?

Shri P. S. Nataraja Pillai: What the Member says is not a fact.

Shri K. Sattanatha Karayalar: May I know whether societies registered only after 13-11-1953 alone are entitled for aid of this kind?

Shri P. S. Nataraja Pillai: Yes.

Shri K. Sattanatha Karayalar: Why is it? What about the societies registered earlier?

Shri P. S. Nataraja Pillai: Societies which are purely textile ones will get relief. If the member speaks of Multipurpose societies, I may inform him that they are not entitled to such aid. There are certain conditions to be fulfilled by the societies.

Shri K. Sattanatha Karayalar: The societies I speak of were producing textiles and they were hand-loom weavers registered before that date. My point is, are they not entitled for loans?

Shri P. S. Nataraja Pillai: If those societies are purely composed of hand-loom workers and satisfy the conditions stated in the rule, they will be entitled for subsidies.

Shri K. Sattanatha Karayalar: But the rules say that such societies are not entitled for aid. How is it?

Shri P. S. Nataraja Pillai: Evidently they have not satisfied the rules issued in that behalf.

Shri K. Sattanatha Karayalar: Those societies were registered prior to the period of the notification and they were producing only textile goods and yet why are they not entitled for concessions?

Shri P. S. Nataraja Pillai: That is a question of argument.

Shri K. Sattanatha Karayalar: But they were functioning for years before in that line and it is to such institutions Government are denying aid.

Mr. Speaker: No discussion on that question.

ശ്രീ. പി. രവീന്ദ്രൻ: ഈ സ്കീം അനുസരിച്ച് കൈത്തറി നെയ്ത്തുകാരുടെ ഏതെങ്കിലും സഹകരണസംഘത്തിനു് സഹായധനം നൽകിയിട്ടുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: ഉണ്ടു്.

ശ്രീ. പി. രവീന്ദ്രൻ: എത്ര സഹകരണസംഘങ്ങൾക്കു് കൊടുത്തിട്ടുണ്ടു്?

ശ്രീ. പി. എസ് നടരാജപിള്ള: ഒരു സംഘത്തിനു്.

ശ്രീ. പി. രവീന്ദ്രൻ: ബാക്കിയുള്ള സഹകരണസംഘങ്ങൾക്ക സഹായധനം കൊടുക്കുന്നതിനെപ്പററി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: ഇതിനെ സംബന്ധിച്ചുള്ള റൂൾസ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

Under the rules framed, the right of granting loans and rebate is vested with the Director of Industries to facilitate easy working. The rules have been published in the last Gazette and the working of the same will begin a fortnight hence. Being a member in charge of it I have made enquiries in the department and I find that there are 70 applications ready for payment which in turn will be attended to shortly.

ശ്രീ. ടി. കെ. ദിവാകരൻ: ഈ കാര്യത്തെപ്പററി ആലോചിക്കുന്നതിനായി സെക്രട്ടേറിയററിൽവച്ചുകൂടിയ കാൺഫറൻസിൽ വല്ല തീരുമാനവുമെടുത്തിട്ടുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: നടപടികൾ എടുത്തുവരികയാണ്.

ശ്രീ. ടി. കെ. ദിവാകരൻ: റൂൾസിൽ പറയുന്നതു്, നൂറു കൈത്തറിയുള്ള സൊസൈററികൾക്കുമാത്രമേ ധനസഹായം ചെയ്യുകയുള്ളുവെന്നാണ്. ആ റൂളിൽ അല്പം അയവുവരുത്തുന്നതിനെപ്പററി ആലോചിക്കുമോ?

Shri P. S. Nataraja Pillai: That is considered by the All-India Hand-loom Committee and it is to the effect that membership of 100 weavers will be reckoned as one economic unit for producing and selling purposes and the number coming short of that do not form that kind of economic unit. That is the principle.

ശ്രീ. ടി. പി. സീതാരാമൻ: തിരുവിതാംകൂർ-കൊച്ചിയെ സംബന്ധിച്ചിടത്തോളം ഈ റൂൾസനുസരിച്ച് നന്മയുണ്ടാകുന്ന സൊസൈററികൾ വളരെ ചുരുക്കമാണെന്നറിയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള: അതു ശരിയല്ല. 150 സൊസൈററികൾ വരെ ഈ റൂൾസിന് ബാധകമാകുന്നുണ്ട്. ഇനിയും കൂടുകയേയുള്ളു.

ശ്രീ. ടി. പി. സീതാരാമൻ: 150 സൊസൈററികൾ ഉണ്ടെന്നു പറയുന്നു. ഓരോ സൊസൈററിക്കും, 100 തറിവീതം ഉണ്ടെന്നാണോ അർത്ഥമാക്കേണ്ടതു്?

ശ്രീ. പി. എസ്. നടരാജപിള്ള: അതെ.

Shri M. Bhaskaran Nair: May I know the amount allotted for the society at Neyyattinkara?

Shri P. S. Nataraja Pillai: This year 9 lakhs are put in addition.

Shri M. Bhaskaran Nair: Will the Government see to the spending of the allotment?

Shri P. S. Nataraja Pillai: Yes.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: നെയ്ത്തുകാരുടെ സഹകരണ സംഘങ്ങൾ മാത്രമേ ഈ റൂൾസിനു വിധേയമാകുകയുള്ളോ?

Shri P. S. Nataraja Pillai : Membership is confined to handloom weavers who produce and sell. No factory owner gets aid.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : വെളിയിലുള്ള തൊഴിലാളികളെക്കൊണ്ടു ജോലിചെയ്യിച്ച്, തുണിത്തരങ്ങൾ വിൽക്കുകയല്ലേ ഈ സംഘങ്ങൾ ചെയ്യുന്നത് ?

ശ്രീ. പി. എസ്. നടരാജപിള്ള : അല്ല.

ശ്രീ. ടി. കെ. ദിവാകരൻ : ഇപ്പോൾ സെൻട്രൽ കോവാപ്പറേറ്റീവ് സൊസൈറ്റിയിൽ എത്ര രൂപയുടെ തുണിത്തരങ്ങൾ സ്റ്റാക്കുണ്ടെന്നു പറയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള : അവിടെ ഏകദേശം ഒരു ലക്ഷം രൂപയുടെ തുണിത്തരങ്ങൾ സ്റ്റാക്കുകാണുമെന്നാണുദ്ദേശിക്കുന്നത്.

Zoo at Trivandrum and Trichur.

* 493. [3] **Shri K. Sattanatha Karayalar** : Will the Chief Minister be pleased to state :

(*a*) the number of annual visitors to the Zoo at Trivandrum and Trichur and the amount collected by way of entrance fees in the years 1951—1953 and in this year so far ;

(*b*) the number of personnel engaged for regulating the admission and their pay ; and

(*c*) the amount spent for re-erecting the fence round the Zoo at Trivandrum ?

Chief Minister **(Shri A. Thanu Pillai)** : Rs.

(*a*)	1951-52	Trivandrum	2,25,460
		Trichur	1,40,000
	1952-53	Trivandrum	1,10,364
		Trichur	1,45,000
	1953-54	Trivandrum	1,69,031
		Trichur	1,24,000
	1954 April,	Trichur	
	May & June.	Trivandrum	62,471
			25,242

Amount collected :

1951-52	Trivandrum	Rs. 14,192-12-0
	Trichur	free till 1953.
1952-53	Trivandrum	Rs. 13,268-8-0
10-5-1953 to 10-1-54	Trichur	Rs. 3,350-8-0
1953-54	Trivandrum	Rs. 17,396-10-0
1954 April, May & June.	Trivandrum	Rs. 7,191-12-0
	Trichur	Rs. 1,577-10-0

(*b*)	Trivandrum	One clerk on Rs. 30-45.
		One Attender on Rs. 20-22.
		Four Watchers on Rs. 20.
	Trichur	One peon on Rs. 20.

(*c*) The estimate for constructing a concrete fence separating the Garden and the Zoo is Rs. 25,890.

Shri K. Sattanatha Karayalar : Since there is very little margin left as income, what is the necessity for the fees ?

Shri A. Thanu Pillai : That has to be considered.

ശ്രീ. എം. എം. മത്തായി : മൃഗങ്ങൾക്കും പക്ഷികൾക്കും റേഷനു വേണ്ടി എന്തു ചെലവായിട്ടുണ്ടെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള : അതു് ഈ ചോദ്യത്തിൽ വരികയില്ല.

കശുഅണ്ടി ഗവേഷണ കേന്ദ്രം.

✱ 494. [5] ശ്രീ. റ്റി. കെ. ദിവാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കരയിൽ ആരംഭിച്ചിട്ടുള്ള കശുഅണ്ടി ഗവേഷണ കേന്ദ്രത്തിനു് കേന്ദ്രഗവണ്മെന്റിൽനിന്നും എന്തെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു സഹായം കിട്ടി;

(ബി) ഈ കേന്ദ്രത്തിൽനിന്നും എന്തെങ്കിലും റിപ്പോർട്ടു് ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ;

(സി) ലഭിച്ചിട്ടുണ്ടെങ്കിൽ കശുഅണ്ടി വ്യവസായത്തിന്റെയും കൃഷിയുടെയും അഭിവൃദ്ധിക്കായി എന്തെല്ലാം നിർദ്ദേശങ്ങളാണു് ലഭിച്ചിട്ടുള്ളതു്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

(എ) കൊട്ടാരക്കരയിൽ ആരംഭിച്ചിട്ടുള്ള കശുഅണ്ടി ഗവേഷണ കേന്ദ്രത്തിനു് കേന്ദ്രഗവണ്മെന്റിൽനിന്നും യാതൊരു സഹായവും ലഭിക്കുന്നില്ല. ഇൻഡ്യൻ അഗ്രികൾച്ചറൽ റിസർച്ചു് കൗൺസിലിൽ നിന്നാണു് സഹായം ലഭിക്കുന്നതു്. ഗവേഷണകേന്ദ്രത്തിൽ ചെലവുവരുന്ന സംഖ്യയുടെ 50 ശതമാനമാണു ലഭിക്കുന്നതു്.

(ബി) കേന്ദ്രത്തിലെ വാർഷികപ്രോഗ്രസ്സു് റിപ്പോർട്ടുകൾ കൃഷിഡിപ്പാർട്ടുമെന്റിലേയ്ക്കു് അയയ്ക്കുകയാണു പതിവു്. ഈ റിപ്പോർട്ടുകൾ ഇൻഡ്യൻ അഗ്രികൾച്ചറൽ റിസർച്ചു് കൗൺസിലിലേയ്ക്കു് അയച്ചുകൊടുക്കുന്നുണ്ടു്.

(സി) കേന്ദ്രത്തിലെ പ്രവർത്തനം ശാസ്ത്രപരമായും ഗവേഷണപരമായും ഉള്ളതാണു്. ഗവേഷണങ്ങളുടെ ഫലങ്ങളെപ്പറ്റിയുള്ള വിവരങ്ങളാണു് റിപ്പോർട്ടുകളിൽ അടങ്ങിയിരിക്കുന്നതു്. ഗവേഷണഫലങ്ങൾ പൂർത്തിയായി അറിഞ്ഞതിനുശേഷം കശുഅണ്ടിവ്യവസായത്തിന്റെയും കൃഷിയുടെയും അഭിവൃദ്ധിക്കായി എന്തെല്ലാം ചെയ്യണമെന്നു് ഈ കേന്ദ്രം ആലോചിക്കുന്നതാണു്.

ശ്രീ. ടി. കെ. ദിവാകരൻ: കശുവണ്ടി കയററുമതിചെയ്യുന്നതിൽ കേന്ദ്രഗവണ്മെൻറു ഈടാക്കുന്ന സംഖ്യയിൽ ഏതെങ്കിലും ഭാഗം ഇവിടെയുള്ള കശുവണ്ടി ഗവേഷണകേന്ദ്രത്തിനു കിട്ടുന്നുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: ഇപ്പോൾ കിട്ടുന്നതു് ഇൻഡ്യൻ അഗ്രികൾച്ചറൽ റിസർച്ച് കൗൺസിലിൽനിന്നാണു്.

ശ്രീ. ടി. കെ. ദിവാകരൻ: കശുവണ്ടിവ്യവസായപ്രോത്സാഹനാർത്ഥം എന്തെങ്കിലും സഹായം കേന്ദ്രഗവണ്മെൻറിൽനിന്നു കിട്ടുന്നുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: ഇല്ല.

ശ്രീ. ടി. കെ. ദിവാകരൻ: കശുവണ്ടി വ്യവസായത്തിൻെറ അഭിവൃദ്ധിക്കായി എന്തെങ്കിലും പബ്ലിഷ് ചെയ്യുന്നതിനു ഈ ഗവേഷണകേന്ദ്രത്തിൽ വല്ല ഏർപ്പാടും ചെയ്തിട്ടുണ്ടോ?

Shri P. S. Nataraja Pillai: The centre conducts research on cashewnut. The object of the scheme is to find the best types of seed, agricultural practices and manures suited to the soil of the State and to improve them both in quality and quantity. It is purely a research station and not a demonstration farm. As such, whenever a research work is taken up it takes time to give its results and so far no result has been obtained for publication.

ഡിസ്ട്രിക്ററ് ഡവലപ്പ്മെൻറ് കമ്മിററി.

* 495. [6] ശ്രീ. ടി. കെ. ദിവാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ നിലവിലിരിക്കുന്ന ഡിസ്ട്രിക്ററ് ഡവലപ്മെൻറ് കമ്മിററികളിലെ അംഗങ്ങൾ ആരെല്ലാം;

(ബി) ഈ കമ്മിററികളിൽ എം. എൽ. എ. മാരെക്കൂടി ഉൾപ്പെടുത്തി പുനഃസംഘടിപ്പിക്കുന്നതിനു ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ധനകാര്യമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ടു്. *

(ബി) കമ്മിററികൾ പുനഃസംഘടിപ്പിക്കുന്ന കാര്യം ഗവണ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുകയാണു്. എം. എൽ. എ. മാരെ ഉൾപ്പെടുത്തുന്നകാര്യം ആലോചിക്കുന്നതാണു്.

Political sufferers.

*496. (a) [7] **Shri T. S. Ramaswami**: Will the Chief Minister be pleased to state:

(*a*) the area of land leased out or assigned for political sufferers during the last seven years;

(*b*) the number of political sufferers who were given lands as above; and

(*c*) maximum area of land given to a political sufferer and the name of that person?

* Please see Appendix I,

Minister for Finance (**Shri P. S. Nataraja Pillai**) :

(*a*) 579 acres.

(*b*) 144 persons.

(*c*) 8 acres. Shri Krishnan Atchuthan Vaidyan of Kunnathunad taluk.

Shri T. S. Ramaswami : May I know the criterion taken for fixing political suffering ?

Shri P. S. Nataraja Pillai : The one which is accepted generally in India.

Shri T. S. Ramaswami : May I know whether all the persons who went to jail during the democratic movement were given these grants ? Or have even those who did not go to jail also been given ?

Shri P. S. Nataraja Pillai : That is a matter for assessment at each time. Political sufferer is a common terminology used to denote people who engaged themselves in the liberation movement. Standards may differ with different people.

Shri T. S. Ramaswami : May I know the standard which the Government has used ?

Shri P. S. Nataraja Pillai : I am not in a position to answer that question, Sir.

ശ്രീ. കെ. സി. ജാർജ്ജ് : ഇങ്ങനെ യാതനക്കാക്ക് കുത്തകപ്പാട്ടമായിട്ടും മററം കൊടുത്തിട്ടുള്ള വസ്തുക്കൾ വല്ലവരുടേയും പക്കൽനിന്നു ഗവണ്മെൻറ മടക്കി എടുത്തിട്ടുണ്ടോ?

Shri P. S. Nataraja Pillai : No information is available.

ശ്രീ. കെ. സി. ജാർജ്ജ് : സ്ഥലം പതിച്ചുകൊടുത്തതിൽ ആദ്യം കൊടുത്തതും പിന്നീട് കൊടുത്തതും തമ്മിൽ വിസ്തീർണ്ണത്തിൽ വ്യത്യാസമുണ്ടോ? അതിനു കണക്കുണ്ടോ?

Shri P. S. Nataraja Pillai : If a separate question is put, I shall give the answer.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : കൃഷിക്കു ഉപയുക്തമായിട്ടുള്ള സ്ഥലങ്ങൾ വല്ലതും യാതനക്കാക്ക് പതിച്ച് കൊടുത്തിട്ടുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള : യാതനക്കാക്ക് ഉപയോഗപ്പെടുത്തുവാനാണ് ലാൻഡ് പതിച്ചുകൊടുത്തിട്ടുള്ളതു്.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : കൃഷിക്കുപയുക്തമായ സ്ഥലങ്ങൾ പതിച്ചുകൊടുത്തു എന്നു് പൊതുജനങ്ങളിൽനിന്നു വല്ല പരാതിയും കിട്ടിയിട്ടുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള : പരാതി കിട്ടിയിട്ടുണ്ടു്.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : തോട്ടറകായൽ പതിച്ചുകൊടുത്തതിനെപ്പററി അവിടത്തെ ജനങ്ങളിൽനിന്നും വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള : ഉണ്ടോ എന്നു അറിയുന്നില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : പതിച്ചുകൊടുക്കുന്ന സ്ഥലങ്ങളും എല്ലാം കൃഷിക്കുപയുക്തമായ സ്ഥലങ്ങളായിരിക്കണം എന്ന് അന്വേഷിക്കുവാൻ ഗവൺമെൻറിനു ദയവുണ്ടാകുമോ?

ശ്രീ. പി എസ്. നടരാജപിള്ള : കൃഷിക്കുപയുക്തമായിട്ടുള്ള സ്ഥലങ്ങളാണ് മിക്കവാറും പതിച്ചുകൊടുക്കുന്നതു്.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : കൃഷിക്ക് ഉപയുക്തമായ മേൽചിറ യാതനക്കാർക്ക് പതിച്ചുകൊടുത്തിട്ടുണ്ട്. കൃഷിക്ക് ജലസേചനത്തിനാവശ്യമായ സ്ഥലങ്ങളും പതിച്ചുകൊടുത്തിട്ടുണ്ടെങ്കിൽ അവ തിരിച്ചെടുക്കണമെന്നാണ് പറയുന്നതു്.

ശ്രീ. പി. എസ്. നടരാജപിള്ള : എല്ലാ സ്ഥലങ്ങളും തിരിച്ചെടുക്കണമെന്നാണ് ഗവൺമെൻറ വിചാരിക്കുന്നതു്.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ഒരു പ്രത്യേകവൈദ്യന് 8 എക്കർ സ്ഥലം പതിച്ചുകൊടുത്തിട്ടുണ്ടെന്നു പറഞ്ഞുവല്ലോ? ആ വൈദ്യൻെറ പ്രത്യേക പൊളിററിക്കൽ സഫറിംഗ് എന്താണെന്നു പറയാമോ?

ശ്രീ പി. എസ്. നടരാജപിള്ള : അതിനെക്കുറിച്ച് അന്വേഷിക്കാം.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : യാതനക്കാരുടെ ഒരു കാസ്ററുവാർ സ്റ്റേററുമെൻറ തയാറാക്കിയിട്ടുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള : ഇല്ല.

ശ്രീ. ടി. കെ. ദിവാകരൻ : യാതനക്കാർക്ക് ഭൂമി പതിച്ചുകൊടുക്കുന്ന സമ്പ്രദായം ഇനിയും തുടർന്നുകൊണ്ടുപോകുവാൻ ഗവൺമെൻറ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള : ഇങ്ങനെയുള്ള ഭൂമികൾ നമ്മുടെ രാജ്യത്തു ഉണ്ടാകുരുതെന്നാണ് ഗവൺമെൻറ് വിചാരിക്കുന്നതു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : പൊളിററിക്കൽ സഫറേഴ്സിനു് സ്ഥലം മാത്രമേ കൊടുത്തിട്ടുള്ളോ? ഉദ്യോഗം കൊടുത്തിട്ടുണ്ടോ?

Mr. Speaker : That is a separate question which does not come within the scope of the main question.

ശ്രീ. പി. എം. മക്കോസ് : ഭൂമി പതിച്ചു കിട്ടുന്നതിനുവേണ്ടിയുള്ള യാതനക്കാരുടെ അപേക്ഷകൾ ഇനിയും കിട്ടുന്നുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള : അപേക്ഷകളുണ്ട്.

ശ്രീ. പി എം. മക്കോസ് : ആ അപേക്ഷകളെല്ലാം കഴിയുന്നതും വേഗം തീർക്കാമോ?

ശ്രീ. പി. എസ്. നടരാജപിള്ള : ഈ രാജ്യത്തുള്ള എല്ലാവരും യാതനക്കാരാണ്.

Assault on workers of Palkulam Estate.

* 497. [8] **Shri T. S. Ramaswami :** Will the Chief Minister be pleased to state :

(*a*) whether the Government received any representation regarding the assault on workers by the Managing Proprietor of Palkulam Estate in the month of May ; and

(*b*) what action the Government took in the matter ?

Chief Minister (**Shri A. Thanu Pillai**) : (*a*) Yes. A phonocom was received on 19-5-54 from the Secretary, Estate Workers' Union, Nagercoil, stating that three estate workers were assaulted by Shri Kumaraswami, owner of Pioneer Estates, etc,

(*b*) The Sub-Inspector of Police, Bhoothapandi enquired into the matter and it was found that no offence cognizable by the Police has been committed. However the Police have been on the alert and no breach of the peace took place.

ടാക്സേഷൻ എൻക്വയറി കമ്മീഷൻ.

❋ 498. (*a*) [10] ശ്രീ. യു. നീലകണ്ഠൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കേന്ദ്രത്തിൽനിന്നും നിയുക്തമായിരുന്ന ടാക്സേഷൻ എൻക്വയറി കമ്മീഷൻ മുമ്പാകെ സർക്കാർ എന്തു ശുപാർശ ചെയ്തു ;

(ബി) പ്രസ്തുത ശുപാർശകൾ എന്തെല്ലാമായിരുന്നു ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി എസ്. നടരാജപിള്ള) :

(എ & ബി) ടാക്സേഷൻ എൻക്വയറി കമ്മിഷന്റെ മുമ്പാകെ ഈ ഗവൺമെന്റ സമർപ്പിച്ച മെമ്മോറാണ്ടങ്ങളുടെ പ്രതികൾ 16-7-1954-ൽ 680-ാം നമ്പർ ചോദ്യത്തിൽ ആവശ്യപ്പെട്ടിരുന്ന പ്രകാരം മേശപ്പുറത്തു വച്ചിട്ടുണ്ട്. ഗവൺമെന്റിന്റെ ശുപാർശകൾ ആ മെമ്മോറാണ്ടങ്ങളിൽ കൊള്ളിച്ചിട്ടുണ്ട്.

സെൻട്രൽ മാർക്കറ്റിംഗ് സൊസൈററി.

❋ 499. [11] ശ്രീ. യു. നീലകണ്ഠൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കയർ സെൻട്രൽ മാർക്കറ്റിംഗ് സൊസൈററിയിൽ കയർ ഇറക്കുന്നതുകൊണ്ട് ഉല്പാദകന്നുള്ള പ്രത്യേക ആനുകൂല്യമെന്ത് ;

(ബി) ഈ ആനുകൂല്യങ്ങൾ കയർ സഹകരണസംഘാംഗങ്ങൾ അല്ലാത്തവർക്കും ലഭിക്കാൻ വ്യവസ്ഥയുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഈ വ്യവസ്ഥ സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഹാനികരമല്ലേ ;

(ഡി) ഈ ഏർപ്പാട് നിറുത്തൽ ചെയ്യുമോ ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

(എ) കയർ സെൻട്രൽ മാർക്കറ്റിംഗ് സൊസൈററിയുടെ ഗോഡൗണിൽ കയർ ഇറക്കുന്നതായ ഉല്പാദകർക്ക് മററുള്ള ഗോഡൗണുകളെ അപേക്ഷിച്ച് കുറഞ്ഞ നിരക്കും കമ്മിഷനും പലിശയും കൊടുത്താൽ മതിയാകുന്നതാണ്.

(ബി) വ്യവസ്ഥയില്ല.

(സി & ഡി) ബിയുടെ ഉത്തരംകൊണ്ടു് ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

ശ്രീ. യു. നീലകണ്ഠൻ: കയർ സെൻട്രൽ മാർക്കറ്റിംഗ് സൊസൈറ്റിയിൽ കയർ ഇറക്കുന്ന കയർ സൊസൈറ്റികൾക്കു് എന്തെല്ലാം ആനുകൂല്യങ്ങളാണു് ഉള്ളതു്?

Shri P. S. Nataraja Pillai: When other societies realise Rs. 5 and more as commission, the Central Society at Alleppey takes only Rs. 3 under that item. So also when interest is realised at the rate of 12½ per cent. by private godowns on the goods stocked, the Central Society realises only 8 per cent. The Central Society takes a moral responsibility for the goods stocked with them being marketed early, with advantage to the parties. These are the benefits of the Central Society.

ശ്രീ. യു. നീലകണ്ഠൻ: സെൻട്രൽ മാർക്കറ്റിംഗ് സൊസൈറ്റിക്കു് അനുവദിച്ചിട്ടുള്ള തുക അവർ മുഴുവൻ ഉപയോഗപ്പെടുത്തിയതായി അറിയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള: അങ്ങനെ അറിവു കിട്ടിയിട്ടില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: സഹകരണസംഘങ്ങൾ കയറുല്പന്നങ്ങൾ ഇറക്കുന്നതു് ഏതെങ്കിലും വ്യവസ്ഥയനുസരിച്ചാണോ?

ശ്രീ. പി. എസ്. നടരാജപിള്ള: അതിനു പ്രത്യേക വ്യവസ്ഥയൊന്നുമില്ല. കൊണ്ടുപോകുന്നതെല്ലാം അവർ വാങ്ങിക്കും.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: കയർ ഉല്പന്നങ്ങൾ ഇപ്പോൾ എക്സ്പോർട്ടുചെയ്യുന്നുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: ഇല്ല.

ശ്രീ. യു. നീലകണ്ഠൻ: സ്വകാര്യവ്യക്തികൾക്കു് പ്രത്യേകമായ ആനുകൂല്യങ്ങൾ നൽകുന്നുണ്ടെന്നറിയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള: അങ്ങനെ പാടില്ലെന്നു പറഞ്ഞുകൊണ്ടു് 16-7-1954-ൽ ആർഡർ കൊടുത്തിട്ടുണ്ടു്. If this practice is continued the middle man will continue to derive the benefit and therefore the society has been asked to modify its byelaws.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: എക്സ്പോർട്ടു ചെയ്യുന്നില്ലെങ്കിൽ എന്നു പറഞ്ഞാൽ ഈ ഉല്പന്നങ്ങൾ എങ്ങനെ ചെലവാകും?

ശ്രീ. പി. എസ്. നടരാജപിള്ള: എക്സ്പോർട്ടു ചെയ്യാതെ ഇവിടെ ചെലവാകുന്നുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ: ഈ സഹകരണസംഘങ്ങൾക്കു് എന്തു് ധനസഹായമാണു് നൽകുന്നതു്?

Shri P. S. Nataraja Pillai: I am not able to give the figures now.

ശ്രീ. യു. നീലകണ്ഠൻ: നിബന്ധനകൾക്ക് വിപരീതമായി എഴര ശതമാനം ഈ സൊസൈററികൾ കമ്മീഷൻ ചുമത്തുന്നതായി അറിയാമോ?

Shri P. S. Nataraja Pillai: I shall enquire into it.

മുസ്ലീം എഡ്യൂക്കേഷൻ ആഫീസർ.

✻ 500. [12] ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുസ്ലീം എഡ്യൂക്കേഷൻ ആഫീസർ എന്ന ഒരു ഉദ്യോഗം ഇപ്പോഴും തുടരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അദ്ദേഹത്തിൻെറ ജോലി എന്ത്;

(സി) അറബി മുൻഷിമാരുടെ കാര്യത്തിലെങ്കിലും എന്തെങ്കിലും നിർദ്ദേശം നൽകാൻ അദ്ദേഹത്തിനധികാരമുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): (എ) പ്രൈമറി സെക്കണ്ടറി സ്കൂൾ വിദ്യാഭ്യാസപദ്ധതിയനുസരിച്ച് അങ്ങനെയൊരു ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്. അതായത് ഇൻസ്പെക്ടർ ആഫ് മുസ്ലീം എഡ്യൂക്കേഷൻ.

(ബി) അറബിക്ക് അദ്ധ്യയനം പരിശോധിക്കുകയും അതിനു വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

(സി) അറബിക്കിനെ സംബന്ധിച്ചു വേണ്ട നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്.

അറബി മുൻഷിമാർ.

✻ 501. [13] ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറിസ്കൂളുകളിലെ അറബി മുൻഷിമാരിൽ പരീക്ഷായോഗ്യതയും സർവീസുമുള്ളവരെ ഉയന്ന ഗ്രേഡിലേയ്ക്കു പ്രമോട്ടു ചെയ്യാറുണ്ടോ;

(ബി) ഇവരുടെ അവകാശങ്ങളെ അവഗണിച്ചുകൊണ്ട് ഉയന്ന ഗ്രേഡുകളിലേയ്ക്ക് പുതുതായി നിയമനം നടത്താറുണ്ടോ;

(സി) ഉയന്ന ഗ്രേഡുകളിലേയ്ക്ക് ഒഴിവു വരുമ്പോൾ സർവീസിലുള്ളവക്ക് അവരുടെ സർവ്വീസും പരീക്ഷായോഗ്യതയും പരിഗണിച്ച് മുൻഗണന നൽകാൻ വ്യവസ്ഥ ചെയ്യുമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള: (എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഇപ്പോൾതന്നെ അതിനുള്ള വ്യവസ്ഥകളുണ്ട്. ആ വ്യവസ്ഥകളനുസരിച്ചു മാത്രമെ ഉയന്ന ജോലികളിൽ പ്രമോഷൻ നൽകാറുള്ളു.

ശ്രീ. ടി. ഒ. ബാവാ: സ്കൂളുകളിൽ അദ്ധ്യാപകന്മാർ കുറവുള്ളതുകൊണ്ട് അറബി മുൻഷിമാരെകൊണ്ട് മററു സബ്ജക്റ്റുകൾ പഠിപ്പിക്കുവാൻ വല്ല നിർദ്ദേശം ഗവണ്മെൻറ നൽകിയിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: അതിനു നോട്ടീസ്വേണം.

അറബി മുൻഷിമാർ.

※ 502. [14] ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അറബിഭാഷ പഠിക്കുന്ന എത്ര വിദ്യാർത്ഥികളുള്ള സ്കൂളുകളിലാണ് അറബി മുൻഷിമാരെ നിയമിക്കാൻ വ്യവസ്ഥയുള്ളത്;

(ബി) ഈ വിധത്തിൽ വേണ്ടത്ര കുട്ടികളുള്ള സ്കൂളുകളിൽ മുൻഷിമാരെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി എത്ര സ്കൂളുകളിൽ മുൻഷിമാരെ നിയമിക്കാനുണ്ട്; അതിനുള്ള കാരണമെന്ത്;

(സി) ഈ സ്കൂളുകളിൽ ഉടനടി മുൻഷിമാരെ നിയമിക്കാൻ വ്യവസ്ഥ ചെയ്യുമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): (എ) 100.

(ബി) യും (സിയും) നിയമനത്തിനുള്ള തത്വമനുസരിച്ച് നിയമനം നടത്താത്ത സ്കൂളുകൾ കുറെയുണ്ട്. അതിനു കാലതാമസം വരുന്നത് ആണ്ടുതോറും കുട്ടികളുടെ എണ്ണം വ്യത്യാസപ്പെടുന്നതു കൊണ്ടും മററും ആണ്. മുസ്ലീം കുട്ടികൾ ധാരാളമുള്ള സ്കൂളുകളിൽ അറബി മുൻഷിമാരെ നിയമിക്കുന്നതിൽ നടപടിയെടുത്തു കഴിഞ്ഞിട്ടുണ്ട്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: മുസ്ലീം വിദ്യാർത്ഥികൾ അല്ലാത്തവർക്ക് അറബി പഠിച്ചുകൂടേ?

ശ്രീ. എ. താണുപിള്ള: പഠിക്കുന്നതിൽ യാതൊരു വിരോധവുമില്ല.

ഖാദി വ്യവസായം.

※ 503. [15] ശ്രീ. എൻ. ജി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഖാദിവ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനു വല്ല പദ്ധതിയും ഗവൺമെൻറിനുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം?

ധനകാര്യമന്ത്രി ശ്രീ. പി. എസ്. നടരാജപിള്ള:

(എ-യും, ബി-യും)

ഖാദി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുവാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ താഴെ പറയുന്നവയാണ്. സഹകരണാടിസ്ഥാനത്തിൽ രൂപവൽക്കരിച്ചിട്ടുള്ളതും അഖിലേന്ത്യാ നൂൽനൂൽപ്പു സമിതിയോ മററേതെങ്കിലും സ്വീകൃതസംഘടനയോ അംഗീകരിച്ചിട്ടുള്ളതുമായ സ്ഥാപനങ്ങൾക്കു പലിശകൂടാതെയുള്ള ദീർഘകാല വായ്പകളും സബ്സിഡികളും അനുവദിച്ചിട്ടുണ്ട്. വായ്പത്തുക അവയുടെ അടച്ചുതീർത്ത മൂലധനത്തിൻെറയും കരുതൽ ധനത്തിൻെറയും തുകയുടെ നാലിരട്ടി ആയിരിക്കുന്നതും അതു് 6000 രൂപയായി ക്ലിപ്തപ്പെടുത്തിയിട്ടുള്ളതും പത്തു തുല്യ വാർഷിക തവണകളായി മടക്കി കൊടുക്കേണ്ടതുമാകുന്നു.

വായ്പ മടക്കി കൊടുക്കുന്നതിനു നൂൽനൂൽപ്പുകാർക്കും കടച്ചിലുകാർക്കും നെയ്ത്തുകാർക്കും നൽകപ്പെടുന്ന വേതനത്തിൻെറ മൂല്യത്തിന്മേൽ

4 ശതമാനം നിരക്കിൽ സബ്സിഡികൾ വായ്പ മടക്കി കൊടുക്കുന്നതിനുള്ള പദ്ധതിയനുസരിച്ച് അനുവദിച്ചിട്ടുണ്ട്. അപ്രകാരമുള്ള വായ്പകൾ ലഭിച്ചിട്ടില്ലാത്ത സംഘങ്ങൾക്കു അവയാൽ നൽകപ്പെട്ടിട്ടുള്ള വേതനങ്ങളിന്മേൽ 3 ശതമാനം നിരക്കിൽ സബ്സിഡി ലഭിക്കുന്നതായിരിക്കും. പക്ഷെ, അതു് അവയുടെ അടച്ചുതീർത്ത ഓഹരി മൂലധനം മുതലായതിന്റെ 10 ശതമാനം വിലയായി ക്ലിപ്തപ്പെടുത്തിയിരിക്കുന്നു.

ഈ ആനുകൂല്യങ്ങളെല്ലാം അടങ്ങിയിട്ടുള്ള ചട്ടങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. എൻ. ജി. ചാക്കോ: കേന്ദ്രഗവണ്മെന്റിൽനിന്നു് ഇതു സംബന്ധിച്ച് എന്തെങ്കിലും സഹായധനം ഈ ഗവണ്മെന്റിനു് ലഭിച്ചിട്ടുണ്ടോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഇല്ല.

ശ്രീ. എം. വി. ചെറിയാൻ: സബ്സിഡി ഏതു വിധത്തിലാണു കൊടുക്കുന്നതു്?

ശ്രീ. പി. എസ്. നടരാജപിള്ള: നാലുശതമാനം സബ്സിഡി മടക്കി കൊടുക്കും.

ശ്രീ. എം. വി. ചെറിയാൻ: ഖദർ വീവിംഗ് സൊസൈററി ഈ സംസ്ഥാനത്തു് എത്ര എണ്ണം ഉണ്ടു്?

ശ്രീ. പി. എസ്. നടരാജപിള്ള: അതിന്റെ കണക്കു് എന്റെ കൈവശമില്ല.

ശ്രീ. എം. വി. ചെറിയാൻ: സഹായധനം ലഭിക്കുന്ന എത്ര സൊസൈററികൾ ഇവിടെയുണ്ടു്?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അതിന്റെ കണക്കു് എന്റെ കൈവശമില്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഖദർ ബോർഡിൽനിന്നും സഹായധനം ലഭിക്കുന്നുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: ആ കാര്യം പരിഗണിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. പി. കെ. യശോധരൻ: ആളുകൾ കൂടുതൽ ഖദർവാങ്ങിക്കുന്നതു് സംബന്ധിച്ചു എന്തെങ്കിലും പദ്ധതിയുണ്ടോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അതിനു പ്രത്യേകപദ്ധതികളൊന്നും ഗവണ്മെന്റിനില്ല.

ശ്രീ പി. വി. അവിരാത്തരകൻ: കള്ള ഖാദി മാർക്കററിലുണ്ടെന്നറിയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള: മനുഷ്യൻ ജനിച്ചപ്പോഴേ കള്ളം ഉണ്ടു്.

അഴിമതി നിരോധനം.

❋ 504. [16] ശ്രീ. എൻ. ജി. ചാക്കോ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ :

(എ) അഴിമതി നിരോധനം സംബന്ധിച്ച് ഗവണ്മെൻറിൻെറ നടപടി എന്തെല്ലാമായി ;

(ബി) ഇതേപ്പററി ഗവണ്മെൻറിന് ഉപദേശം നല്കുന്നതിന് പി. എസ്സ്. പി. പ്ലക്സികൃട്ടീവിലെ അംഗമായ മി. പുരുഷോത്തമദാസ് ത്രികംദാസിനെ ഗവണ്മെൻറ് ഇവിടെ വരുത്തീട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): ഇതിനുമുമ്പ് ഉത്തരം പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. എൻ. ജി. ചാക്കോ : ബി—യുടെ ഉത്തരം കിട്ടിയിട്ടില്ല.

ശ്രീ. എ. താണുപിള്ള : (ബി) വരുത്തിയിട്ടില്ല. അദ്ദേഹം ഇവിടെ വന്നതാണ്. അല്ലാതെ ഗവണ്മെൻറ് അദ്ദേഹത്തെ ക്ഷണിച്ചുവരുത്തിയിട്ടില്ല.

ഗവണ്മെൻറാവശ്യത്തിനാവശ്യമുള്ള തുണി.

❋ 505. [17] ശ്രീ. പി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ :

(എ) ഈ ഗവണ്മെൻറിന് വിവിധഡിപ്പാർട്ടുമെൻറുകളുടെ ആവശ്യത്തിനായി പ്രതിവർഷം എത്ര വാര തുണി ആവശ്യമുണ്ട് ;

(ബി) ഗവണ്മെൻറാവശ്യങ്ങൾക്കായി ഇവിടത്തെ കൈത്തറി നെയ്ത്തുകാർ ഉൽപ്പാദിപ്പിക്കുന്ന തുണി ഗവണ്മെൻറ് എടുക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്ര വാര ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) : (എ) പല ഇനങ്ങളിലായി പ്രതിവർഷം 28,000 വാരത്തുണി ആവശ്യമുണ്ട്.

(ബി) ഗവണ്മെൻറ് ജയിൽ ഡിപ്പാർട്ടുമെൻറിൽനിന്നും യൂണിവേഴ്സിററിയുടെ കീഴിലുള്ള ടെക്സ്റ്റയിൽസ് ടെക്നാളജി ഇൻസ്റ്റിട്ട്യൂട്ടിൽനിന്നും ഏകദേശം ഒരു ലക്ഷത്തി അൻപത്തയ്യായിരം വാര തുണികൾ വാങ്ങിക്കുന്നുണ്ട്. മററുള്ള കൈത്തറി ഡീലേഴ്സിൻെറ പക്കൽനിന്നും തുണിയെടുത്തിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) കാക്കി മുതലായ നിറങ്ങളുള്ള തുണികൾ ഈ കൈത്തറിയിൽ ഇല്ലാത്തതുകൊണ്ട് മിൽതുണിതന്നെയാണ് ഉപയോഗിക്കുന്നത്? ബാക്കിയുള്ളത് മുൻപറഞ്ഞതുപോലെ ജയിലിൽനിന്നും ടെക്സ്റ്റയിൽ ടെക്നാളജി ഇൻസ്റ്റിട്ട്യൂട്ടിൽനിന്നും വാങ്ങിക്കുന്നുണ്ട്. ഗവണ്മെൻറ് ആവശ്യങ്ങൾക്ക് നൂൽത്തിയുള്ളിടത്തോളം ഖദറും കൈത്തറി നെയ്ത്തുതുണികളും മാത്രമെ ഉപയോഗിക്കാൻ പാടുള്ളുവെന്ന് ഗവണ്മെൻറ് സർക്കുലർ ഇഷ്യു ചെയ്തിട്ടുണ്ട്.

റൈസ്മില്ലുകളും തവിടുപാററുന്ന യന്ത്രങ്ങളും.

※ 506. [19] ശ്രീ. പി. ഭാസ്കരൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) റൈസ്മില്ലുകളുടെ പ്രവർത്തനം നിരോധിക്കുവാൻ ഗവൺമെന്റുദ്ദേശിക്കുന്നുണ്ടോ;

(ബി) കോട്ടയത്തെ ചില നെല്ലുകുത്തു മില്ലുകളിൽ തവിടു പാററുന്ന യന്ത്രം അടുത്ത കാലത്തു സ്ഥാപിച്ചിട്ടുള്ള കാര്യം ഗവൺമെന്റു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സ) പെരുകിവരുന്ന തൊഴിലില്ലായ്മയെ പിന്നെയും വർദ്ധിപ്പിക്കുന്ന ഈ വിധ യന്ത്രവൽക്കരണസംരംഭങ്ങളെ ഗവൺമെന്റ് സത്വര നടപടികളെടുത്തു തടയുമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) (ബ) (സ) ഇതു് ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രശ്നമാണ്. വളരെ വിഷമമുള്ള ഒരു പ്രശ്നമായതുകൊണ്ടു ആലോചിച്ചു് വേണ്ടതു ചെയ്യാം.

G. M. F. Scheme.

※ 507. [20] **Shri Prakkulam Bhasi**: Will the Chief Minister be pleased to state:

(*a*) whether the Government of India granted a loan of 10 lakhs of rupees to this Government for financing agricultural loans and Perinchani irrigation scheme in connection with intensive cultivation scheme in September 1950;

(*b*) if so how much amount has been utilised for agricultural loans; and

(*c*) what was the term of the above loan?

Minister for Finance **(Shri P. S. Nataraja Pillai)**:

(*a*) Rs. 5 lakhs for each.

(*b*) Rs. 4,17,400.

(*c*) 5 years.

ശ്രീ. പ്രാക്കുളം ഭാസി: ലോൺ അനുവദിച്ചതു് ലാപ്സാക്കികളഞ്ഞിട്ടുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: അഞ്ചുലക്ഷംരൂപ അനുവദിച്ചു. അതിൽ നാലുലക്ഷത്തിപതിനേഴായിരംരൂപ കൊടുത്തിട്ടുണ്ട്. ബാക്കിയുള്ളതു് കൊടുക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്.

ഭക്ഷ്യവിതരണം.

※ 508. [21] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫെഡറൽ സാമ്പത്തിക സംയോജനത്തിനുശേഷം കേന്ദ്രഗവൺമെന്റിൽനിന്നു് ഭക്ഷ്യവിതരണത്തിലുണ്ടാകുന്ന നഷ്ടത്തിനു് സബ്സിഡിയായി ഇന്നുവരെ എന്തു കിട്ടി;

(ബി) സബ്സിഡി കൂടാതെ എക്സ്ഗ്രാഷ്യാ ഗ്രാൻറായും എത്ര രൂപ കിട്ടി?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) 1-4-1950-31-12-1950 വരെ 1,70,01,942 രൂപ 6 അണ. 1951-ൽ 2 കോടി 25 ലക്ഷം രൂപ. 1952-ൽ, 3 കോടി രൂപ. 1953-1954-ൽ റേഷൻ അരിയുടെ വില്പന വിലയായ മന്നിന് 17 രൂപ വ ലയ്ക്കു വിതരണം ചെയ്യുമ്പോൾ സംസ്ഥാനഗവണ്മെൻറിനു 2 കോടി രൂപയുടെ നഷ്ടം വരാതിരിക്കത്തക്കവണ്ണം അരി വിതരണം നൽകാമെന്നു (വരുന്ന രണ്ടുകൊല്ലത്തേയ്ക്കു) കേന്ദ്രഗവണ്മെൻറു സമ്മതിച്ചിട്ടുണ്ട്.

(ബി) 1951-ൽ 63½ ലക്ഷം രൂപ.

ശ്രീ. പ്രാക്കുളം ഭാസി: സബ്സിഡി 75 ശതമാനംതരണമെന്നു വ്യവസ്ഥയില്ലേ?

ശ്രീ. എ. താണുപിള്ള: അതുണ്ടോയെന്നറിഞ്ഞുകൂട. ഏതായാലും അവർ ഇപ്പോൾ തരുന്നതു ഇതാണ്.

ശ്രീ. പ്രാക്കുളം ഭാസി: സാമ്പത്തികകരാറ അനുസരിച്ചു 75 ശതമാനം സബ്സിഡി തരണമെന്നു വ്യവസ്ഥയില്ലേ?

ശ്രീ. എ. താണുപിള്ള: അതിനെപ്പററി തർക്കമുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: നഷ്ടം ഈ ഗവണ്മെൻറിനാണോ കേന്ദ്രഗവണ്മെൻറിനാണോ?

ശ്രീ. എ. താണുപിള്ള: ഈ ഗവണ്മെൻറിനാണ്.

ശ്രീ. ടി. കെ. ദിവാകരൻ: സബ്സിഡി 75 ശതമാനത്തിൽ കൂടുതൽ കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: റിക്കാർഡുനോക്കിയേ പറയാൻ സാധിക്കുകയുള്ളു.

നിർബന്ധിതപ്രാഥമിക വിദ്യാഭ്യാസപദ്ധതി.

* 509. [22] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സ്റ്റേററിൽ, നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസ പദ്ധതി ഏതെല്ലാം താലൂക്കുകളിൽ ഇന്നുവരെ നടപ്പിലാക്കി;

(ബി) നടപ്പിലാക്കിയതു ഏതു വർഷത്തിലാണ്;

(സി) 1952-53 ഈ വർഷങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ ഏതെല്ലാം താലൂക്കുകളിൽ;

(ഡി) ഈ പദ്ധതിയെക്കുറിച്ചുള്ള ഇന്നത്തെ ഗവണ്മെൻറിന്റെ നയം എന്താണ്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവംകോട്, നെടുമങ്ങാട്, ചെങ്കോട്ട, കുന്നത്തൂർ, പറവൂർ, പത്തനാപുരം, ചിററൂർ.

(ബി) തോവാള, അഗസ്തീശ്വരം തിരുവനന്തപുരം സിററി ഇവിടങ്ങളിൽ 46-47-ൽ; കൽക്കുളം, വിളവംകോട്ട്, തിരുവനന്തപുരം റൂറൽ, കുന്നത്തൂർ, പറവൂർ ഇവിടെ 47-48-ൽ; നെടുമങ്ങാട്ട്, പത്തനംചുരം, 48-49-ൽ; ചെങ്കോട്ട, ചിറവൂർ ഇവിടെ 51-52-ൽ.

(സി) പ്രസ്തുതവർഷത്തിൽ ഈ പദ്ധതി കൂടുതൽ താലൂക്കുകളിൽ നടപ്പാക്കിയിട്ടില്ല.

(ഡി) ഈ പദ്ധതി എല്ലാതാലൂക്കുകളിലും നടപ്പാക്കണമെന്നാണ്.

ശ്രീ. എം. എം. മത്തായി : പ്രാഥമികവിദ്യാഭ്യാസപദ്ധതി നടപ്പാക്കിയിട്ടുള്ള സ്ഥലങ്ങളിൽ പള്ളിക്കൂടത്തിൽപോകാത്ത കുട്ടികളുടെ കണക്കു് എടുക്കുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള : ഇപ്പോൾ അതൊക്കെ ക്ലിപ്തമായി എടുക്കാറില്ല.

ശ്രീ. എം. എം. മത്തായി : അങ്ങനെ കുട്ടികളെ സ്കൂളിൽ അയക്കാത്ത രക്ഷകർത്താക്കളുടെമേൽ എന്തെങ്കിലും നടപടിനടത്താൻ വ്യവസ്ഥയുണ്ടോ?

ശ്രീ. എ. താണുപിള്ള : ഇപ്പോൾ നടപടി ഒന്നും എടുക്കുന്നില്ല.

ശ്രീ. പി. എം. മർക്കോസ് : പ്രാഥമികവിദ്യാഭ്യാസം ചെയ്യാൻ നിവൃത്തിയില്ലാതെ അലഞ്ഞുനടക്കുന്ന കുട്ടികളെ വിദ്യാഭ്യാസം ചെയ്യിപ്പിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതി ഇതിലുണ്ടോ?

ശ്രീ. എ. താണുപിള്ള : അതു മാററാൻ ശ്രമിക്കാം. എല്ലാവരുടേയും സഹകരണം വേണം.

ശ്രീ. കെ. ജോർജ്ജ് : ലക്ഷക്കണക്കിനു കുട്ടികൾ ഭക്ഷണവും വസ്ത്രവും ഇല്ലാത്തതുകൊണ്ടു് പ്രാഥമികവിദ്യാലയങ്ങളിൽ പോകുന്നില്ലെന്നു ഗവമെൻറുതന്നെ സമ്മതിച്ചിട്ടുള്ളസ്ഥിതിക്കു് പ്രാഥമികവിദ്യാഭ്യാസം എല്ലായിടത്തും നടപ്പാക്കാമെന്നു മിനിസ്റ്റർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള : നിർബന്ധിതവിദ്യാഭ്യാസ മേഖലകളിൽ പലസഹായവും കുട്ടികൾക്കുചെയ്യാൻ വ്യവസ്ഥയുണ്ട്. ചിലർക്കു ആഹാരവും മററും കൊടുക്കുന്നുണ്ടു്. എല്ലാവ്യവസ്ഥകളും നേരെ നടക്കുന്നില്ല. അതു നമുക്കു് നേരെയാക്കാം.

ശ്രീ. എം. വി. ചെറിയാൻ : സാധുക്കളായ കുട്ടികൾക്കു് കൊച്ചിവിഭാഗത്തു ഉച്ചഭക്ഷണം കൊടുത്തുവരുന്നില്ലേ?

ശ്രീ. എ. താണുപിള്ള : ഉണ്ടു്.

ശ്രീ. എം. വി. ചെറിയാൻ : തിരുവിതാംകൂറിലും അങ്ങനെ ചെയ്യുമോ?

ശ്രീ. എ. താണുപിള്ള : തിരുവിതാംകൂറിലും ചില സ്ഥലങ്ങളിൽ ഉച്ചഭക്ഷണം കൊടുക്കുന്നുണ്ടു്.

ശ്രീ. പ്രാക്കുളം ഭാസി : ഈ പദ്ധതി പത്തുവർഷംകൊണ്ടു് പൂർത്തിയാക്കണമെന്നല്ലേ തീരുമാനിച്ചിരുന്നതു്?

ശ്രീ. എ. താണുപിള്ള : ആദ്യം അങ്ങനെ തീരുമാനിച്ചിരുന്നു, അതു നടപ്പിലാക്കാൻ ശ്രമിക്കാം.

ശ്രീ. കെ. പി. ഹാർമിസ് : നിർബന്ധിതമേഖലകളിൽ ആവശ്യമുള്ളിടത്തോളം സ്കൂളുകളുണ്ടെന്നു ബോദ്ധ്യമായിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള : ആവശ്യമുള്ളിടത്തോളം ഉണ്ടെന്നു ബോദ്ധ്യം വന്നിട്ടില്ല.

ശ്രീ. കെ. പി. ഹാർമിസ് : അതിനുവേണ്ട നടപടികൾ നടത്താതെ പ്രാഥമിക വിദ്യാഭ്യാസപദ്ധതി വിജയിക്കുകയില്ലെന്നു ഗവണ്മെൻറിനു് അറിയാമോ?

ശ്രീ. എ. താണുപിള്ള : അതെല്ലാം ഒരുമിച്ചുപോകേണ്ട കാര്യങ്ങളാണു്.

ശ്രീ. കെ. പി. ഹാർമിസ് : അതു ഗവണ്മെൻറ അടിയന്തിരമായി ചെയ്യേണ്ട ഒരു സംഗതിയാണെന്നു ബോദ്ധ്യംവന്നിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള : അതും ചെയ്യേണ്ടതാണു്.

ശ്രീ. എൻ. ജെ. ചാക്കോ : അടുത്ത സ്കൂൾവർഷം നിർബന്ധിത വിദ്യാഭ്യാസം മററു താലൂക്കുകളിൽ വ്യാപിപ്പിക്കുന്നതിനു ശ്രമിക്കുമോ?

ശ്രീ. എ. താണുപിള്ള : ശ്രമിക്കും.

ശ്രീ ടി. കെ. ദിവാകരൻ : നിർബന്ധിതവിദ്യാഭ്യാസം നടപ്പിലാക്കുന്നതിൽ ഏതെങ്കിലും വിഭാഗത്തിനു എതിരുണ്ടോ?

ശ്രീ. എ. താണുപിള്ള : അങ്ങനെ അറിവില്ല.

വാടകക്കെട്ടിടത്തിൽ നടക്കുന്ന ആഫീസുകൾ.

* 510. [24] ശ്രീ. എം. ഒ. മത്തായി : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവല്ലാ മുനിസിപ്പൽ ടൗണിൽ എത്ര പബ്ലിക്കു് ആഫീസുകൾ വാടകക്കെട്ടിടത്തിൽ നടക്കുന്നുണ്ടു്;

(ബി) അതിലേയ്ക്കു് പ്രതിവർഷം എത്ര രൂപാ വാടകകൊടുക്കുന്നുണ്ടു്?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ) :

(എ) 18.

(ബി) 11429 രൂപ.

ശ്രീ. എം. ഒ. മത്തായി : വാടകക്കെട്ടിടങ്ങളിൽ ആഫീസുകൾ നടക്കുന്നതുകൊണ്ടു് പല ആഫീസുകൾക്കും അസൗകര്യം നേരിടുന്നുണ്ടെന്നു ഗവണ്മെൻറിനു അറിയാമോ?

ശ്രീ. എ. അച്യുതൻ : അസൗകര്യങ്ങൾ ഉണ്ടായിരിക്കും. പക്ഷെ ഗവണ്മെൻറ കെട്ടിടങ്ങൾ വേണ്ടിടത്തോളം ഇല്ലാത്തതുകൊണ്ടു് വാടകക്കെട്ടിടത്തിൽ ഇരിക്കേണ്ടി ഇപ്പോൾ നിവൃത്തിയുള്ളൂ.

ശ്രീ. എം. എം. മത്തായി : തിരുവല്ലാ താലൂക്കകച്ചേരി പരിഷ്കരിച്ചു പണിതാൽ എല്ലാ ആഫീസുകളും അവിടെ സ്ഥാപിക്കാമെന്നു് ഒരു നിർദ്ദേശം അവിടത്തെ പി. ഡബ്ലിയു. ഡി. സബ്ഡിവിഷൻ ആഫീസർ ഗവൺമെൻറിലേക്കു് അയച്ചിട്ടുണ്ടോ ?

ശ്രീ. എ. അച്യുതൻ : അതിനെക്കുറിച്ചു് അന്വേഷിച്ചേ പറയാൻ നിവൃത്തിയുള്ളൂ.

ശ്രീ. എം. ഭാസ്കരൻ നായർ : ഗവൺമെൻറാഫീസുകൾ സ്ഥാപിക്കുന്നതിനു കെട്ടിടങ്ങൾ ആവശ്യമുള്ളപ്പോൾ ഏതെങ്കിലും സ്ഥലത്തു സഹകരണസംഘങ്ങളുടെ കെട്ടിടങ്ങളും സ്വകാര്യവ്യക്തികളുടെ കെട്ടിടങ്ങളുമുണ്ടെങ്കിൽ സഹകരണസംഘങ്ങളുടെ കെട്ടിടം എടുക്കുന്ന ഒരു നയം ഗവൺമെൻറ സ്വീകരിക്കുമോ ?

ശ്രീ. എ. അച്യുതൻ : ന്യായമായ വാടകയ്ക്കു് ആരുതരുമോ അവരുടെ കെട്ടിടങ്ങളിൽ സ്ഥാപിക്കാമെന്നാണു് വിചാരിക്കുന്നതു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ചില ആളുകളുടെ കെട്ടിടത്തിനു വാടക കൊടുക്കാൻ വേണ്ടിമാത്രം കെട്ടിടം വാടകയ്ക്കെടുക്കുന്നുണ്ടെന്നു ഗവൺമെൻറിനു അറിയാമോ ?

ശ്രീ. എ. അച്യുതൻ : അങ്ങിനെ ഇല്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : അങ്ങിനെ വല്ല പരാതിയും ഗവൺമെൻറിനു കിട്ടിയിട്ടുണ്ടോ ?

ശ്രീ. എ. അച്യുതൻ : ഇല്ല.

ശ്രീ. എം. എ. ആൻറണി : ഒരു ബിൽഡിംഗ് ഫണ്ടുണ്ടാക്കി ഇവിടെ ആവശ്യമുള്ള ആഫീസുകെട്ടിടങ്ങൾ പണിയാൻ ആലോചിക്കുമോ ?

ശ്രീ. എ. അച്യുതൻ : അതാലോചിക്കാവുന്നതാണു്.

ശ്രീ. എം. ഭാസ്കരൻ നായർ : ഗവൺമെൻറവക ആഫീസുകൾ വ്യക്തികളുടെ കെട്ടിടങ്ങളിൽ കിടക്കുന്നതു സഹകരണസംഘംവക കെട്ടിടങ്ങൾ അവിടെ ഉണ്ടെങ്കിൽ അങ്ങോട്ടുമാററി സ്ഥാപിക്കുന്നതിനു നടപടി നടത്തുമോ ?

ശ്രീ. എ. അച്യുതൻ : അതൊരു ജനറൽ ചോദ്യമായതുകൊണ്ടു് ഇപ്പോൾ മറുപടി പറയാൻ നിവൃത്തിയില്ല.

വ്യവസായങ്ങൾക്കു് ധനസഹായം.

*511. [25] ശ്രീ. എം. എം. മത്തായി : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1952-53 വർഷത്തിൽ ഏതെല്ലാം സ്വകാര്യവ്യവസായങ്ങൾക്കു് ഗവൺമെൻറു് ധനസഹായം ചെയ്തിട്ടുണ്ടു് ;

(ബി) ഈ ഇനത്തിൽ ഗവൺമെൻറിനു് എന്തു തുക ചിലവായി ;

(സി) എന്തു് വ്യവസ്ഥയിലാണു് ധനസഹായം ചെയ്തിട്ടുള്ളതു് ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

(എ) രണ്ടു് സ്വകാര്യവ്യവസായങ്ങൾക്കു് ധനസഹായം നൽകിയിട്ടുണ്ടു്.

(ബി) അളകപ്പാ ടെക്സ്റ്റയിൽസ് ലിമിററഡ്, അളകപ്പാനഗർ, കൊച്ചി. 6 ലക്ഷം രൂപ.

വെസ്ററകോസ്ററ ഫിഷറീസ്, കൊച്ചി, 1,26,913 രൂപ.

(സി) ഇതിൽ ആദ്യത്തെ കമ്പനിക്കു് കൊല്ലത്തിൽ 5 ശതമാനം പലിശയിൽ മാസംതോറും 10,000 രൂപ വീതം മടക്കിത്തരണമെന്ന വ്യവസ്ഥയിൽ കൊടുത്തിട്ടുണ്ടു്. രണ്ടാമത്തെ കമ്പനിക്കു് കൊല്ലത്തിൽ മൂന്നരശതമാനം പലിശവീതം അടുത്തവർഷം മുതൽ 6 കൊല്ലം തുല്യതവണകളായി മടക്കിത്തരണമെന്നുള്ള വ്യവസ്ഥയിലാണു് കൊടുത്തിട്ടുള്ളതു്.

ശ്രീ. എം. എം. മത്തായി : ഈ വ്യവസ്ഥയനുസരിച്ചു് ഏതെങ്കിലും കമ്പനികൾ തുക മടക്കിത്തന്നിട്ടുണ്ടോ ?

ശ്രീ. പി. എസ്. നടരാജപിള്ള : അളകപ്പാടെക്സ്റ്റയിൽസ് പണം അടച്ചു കൊണ്ടിരിക്കയാണു്.

ശ്രീ. എം. എം. മത്തായി : ഇങ്ങനെ ധനസഹായംചെയ്യുന്ന കമ്പനികളുടെ മാനേജുമെൻറിൽ ഗവണ്മെൻറിനു എന്തെങ്കിലും അധികാരമുണ്ടോ ?

ശ്രീ. പി. എസ്. നടരാജപിള്ള : ഇല്ല.

ശ്രീ. എം. എം. മത്തായി : ധനസഹായം ചെയ്യുന്നതു് കമ്പനികളുടെ സ്വത്തുക്കൾ തിട്ടപ്പെടുത്തി നോക്കിയിട്ടാണോ ?

ശ്രീ. പി. എസ്. നടരാജപിള്ള : അതേ.

ശ്രീ. കെ. പി. ഹാർമിസ് : വെസ്ററകോസ്ററ ഫിഷറീസ് പണം തിരിച്ചടച്ചിട്ടുണ്ടോ ?

ശ്രീ. പി. എസ്. നടരാജപിള്ള : ഇല്ലെന്നാണു് തോന്നുന്നതു്.

ശ്രീ. കെ. പി. ഹാർമിസ് : എന്തുകൊണ്ടാണു് ആ കമ്പനി പണം തിരിച്ചടയ്ക്കാത്തതു് ?

ശ്രീ. പി. എസ്. നടരാജപിള്ള : അതിൻെറ സാമ്പത്തികസ്ഥിതി അത്ര സൗകര്യത്തിലല്ല.

ശ്രീ. കട്ടപ്പൻ കോയക്കൻ : ഗവണ്മെൻറിനു ആ കമ്പനിയിൽ ഷെയറുണ്ടോ ?

ശ്രീ. പി. എസ്. നടരാജപിള്ള : ഉണ്ടു്.

ശ്രീ. കട്ടപ്പൻ കോയക്കൻ : എത്ര ശതമാനം ഷെയറുകൾ ഉണ്ടു് ?

ശ്രീ. പി. എസ്. നടരാജപിള്ള : 40 ശതമാനം.

ശ്രീ. കട്ടപ്പൻ കോയിക്കൽ : ആ കമ്പനിയുടെ പ്രവർത്തനം നഷ്ടത്തിലാണെന്നു പറയുന്നതു ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : അതിൻെറ പ്രവർത്തനം നഷ്ടത്തിലാണെന്നറിയാം.

ശ്രീ. കട്ടപ്പൻകോയിക്കൽ : നഷ്ടത്തിൽ പ്രവർത്തനം നടത്തുന്ന കമ്പനിക്കു പണം കൊടുത്തപ്പോഴും അതിനെപ്പറ്റി അന്വേഷിച്ചോ ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : നഷ്ടത്തിൽ ഇരിക്കുന്നതിനെ കുറച്ചു പണം കൊടുത്താൽ നഷ്ടം തീരുമെന്ന കരുതിയായിരിക്കണം കൊടുത്തതു്.

ഇരിഞ്ഞാലക്കുട ലോക്കപ്പ്.

* 512. [26] ശ്രീ. പി. വി. അവിരാത്തരകൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മേയ് (1954) 8-ാംനു- മുതൽ ഇരിഞ്ഞാലക്കുട ലോക്കപ്പിൽ കിടന്നിരുന്ന പുള്ളികളിൽ ആരെങ്കിലും കാണാതെ വന്നിട്ടുണ്ടോ;

(ബി) കാണാതെ വന്നിട്ടുണ്ടെങ്കിൽ അയാളുടെ പേരു് എന്തു്; എന്നു കാണാതായി ;

(സി) ഏതു കേസു സംബന്ധിച്ചാണു് അദ്ദേഹത്തെ അറസ്റ്റു് ചെയ്തിരുന്നതു്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

(എ) ആരെയും കാണാതെ വന്നിട്ടില്ല.

(ബി) (സി) ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

ഗവണ്മെൻറിനെപ്പറ്റിയുള്ള വിമർശനങ്ങളും പരാതികളും.

* 513. [27] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) വിവിധ ഡിപ്പാർട്ടുമെൻറുകളെ സംബന്ധിച്ചും ഗവണ്മെൻറിനെപ്പററിയുമുള്ള വിമർശനങ്ങളും പരാതികളും മററുമടങ്ങുന്ന പത്രറിപ്പോർട്ടുകളും ലേഖനങ്ങളും ശേഖരിച്ചു ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുന്നതു് ഏതു ഡിപ്പാർട്ടുമെൻറാണു് ;

(ബി) കഴിഞ്ഞ വർഷത്തിൽ ഇത്തരം എത്ര പ്രസ്താവനകൾ ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടു് ;

(സി) അവയിൽ എത്ര എണ്ണത്തിനു് അവസരോചിതവും ആവശ്യവുമായ നടപടികൾ എടുത്തിട്ടുണ്ടു്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള)

(എ) പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ടുമെൻറു്.

(ബി) 5078.

(സി) ആവശ്യമായ നടപടികൾ അപ്പോഴപ്പോൾ എടുത്തുവരുന്നുണ്ടു്.

ശ്രീ. സി. കെ. വിശ്വനാഥൻ: ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുന്ന ഇത്തരം പ്രശ്നങ്ങളെക്കുറിച്ച് ഒരു സൂക്ഷ്മാന്വേഷണം നടത്തുന്ന പതിവുണ്ടോ?

ശ്രീ. എ. താണുപിള്ള: അതു് വിമർശനങ്ങളുടേയും പരാതികളുടേയും സ്വഭാവമനുസരിച്ചിരിക്കും.

ശ്രീ. സി. കെ. വിശ്വനാഥൻ: ആരാണ് അന്വേഷണം നടത്തുന്നതു്?

ശ്രീ. എ. താണുപിള്ള: ഏതു് ഡിപ്പാർട്ടുമെൻറിനെ സംബന്ധിക്കുന്ന പരാതിയാണെന്നു നോക്കി ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരെക്കൊണ്ടോ മററു പ്രകാരത്തിലോ അന്വേഷണം നടത്തും.

ശ്രീ. സി. കെ. വിശ്വനാഥൻ: ഗൗരവമായ കാര്യങ്ങളെക്കുറിച്ചു മന്ത്രിമാർ തന്നെ നേരിട്ടു അന്വേഷണം നടത്തുമോ?

ശ്രീ. എ. താണുപിള്ള: മന്ത്രിമാർതന്നെ നേരിട്ടു എല്ലാററിലും അന്വേഷണം നടത്തുന്നതു സാദ്ധ്യമാണെന്നു തോന്നുന്നില്ല. കാര്യങ്ങളുടെ സ്വഭാവം അനുസരിച്ചായിരിക്കും അന്വേഷണം നടത്തുന്നതു്.

ശ്രീ. കെ. പി. ഹാർമിസ്: നടപടി എടുത്ത കാര്യം അതാതു പത്രങ്ങളെ അറിയിക്കുന്ന പതിവുണ്ടോ?

ശ്രീ. എ. താണുപിള്ള: അങ്ങിനെ ചെയ്തിട്ടുള്ളതായി കാണുന്നില്ല

ശ്രീ. കെ. പി. ഹാർമിസ്: അങ്ങിനെ ചെയ്യുന്നതു ആവശ്യമാണെന്നു തോന്നുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള: അതു ഓരോ പരാതികളുടെ സ്വഭാവം പോലിരിക്കും.

അദ്ധ്യാപകശമ്പളം.

✻ 514. [28] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) അദ്ധ്യാപകന്മാരുടെ ശമ്പളവർദ്ധനവു് ഈ സാമ്പത്തികവർഷത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണമെന്താണു്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): (എ) 1-8-52 മുതൽ ശമ്പളസമീകരണം നടപ്പാക്കിയതോടുകൂടി അദ്ധ്യാപകന്മാരുടെ ശമ്പളവർദ്ധനവും നടപ്പിലാക്കിയിട്ടുണ്ടു്,

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. സി. കെ. വിശ്വനാഥൻ: പ്രൈവററ പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്ന കാര്യം ആലോചിക്കുമോ?

ശ്രീ. എ. താണുപിള്ള: ആലോചിക്കാം.

ശ്രീ. റി. എ. മജീദ്: പ്രൈവററ സെക്കണ്ടറിസ്കൂൾ അദ്ധ്യാപകന്മാർക്ക് അനുവദിച്ചിട്ടുള്ള ഇൻക്രിമെൻറുകൾ അനുവദിച്ചുകൊടുക്കുന്നുണ്ടോ ?

ശ്രീ. എ. താണുപിള്ള: റൂളനുസരിച്ചുള്ളത് അനുവദിക്കുന്നുണ്ട്.

ശ്രീ. പി. കെ. യശോധരൻ: ഫിക്സ് ചെയ്തിട്ടുള്ള ഇൻക്രിമെൻറ കിട്ടുന്നില്ലെന്നുള്ള പരാതിയുണ്ടോ ?

ശ്രീ. എ. താണുപിള്ള: അങ്ങിനെ വന്നിരിക്കാം.

ശ്രീ. കെ. കരുണാകരൻ: കൊച്ചിൻ എയിഡഡ് പ്രൈമറിസ്കൂൾ ടീച്ചേഴ്സ് അസോസിയേഷനിൽ നിന്നും ശമ്പളക്രമീകരണത്തെപ്പററി പരാതികൾ വല്ലതും കിട്ടിയിട്ടുണ്ടോ ?

ശ്രീ. എ. താണുപിള്ള: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എൻ. ജെ. ചാക്കൊ: സർക്കാർ മിഡിൽസ്കൂൾ അദ്ധ്യാപകന്മാരുടെ പരാതികളിന്മേൽ എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ ?

ശ്രീ. എ. താണുപിള്ള: അങ്ങിനെ ഒരു പരാതി കിട്ടിയിട്ടുണ്ട്.

ശ്രീ. കെ. സി. എബ്രഹാം: പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെയിടയിൽ വലിയ അസംതൃപ്തിയും അതൃപ്തിയുമുണ്ടെന്നു ഗവണ്മെൻറിനു അറിയാമോ ?

ശ്രീ. എ. താണുപിള്ള: സ്വാഭാവികമായി അങ്ങനെ ഉണ്ടെന്നറിയാം.

ശ്രീ. എം. വി. ചെറിയാൻ: പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്ക് മിഡിൽസ്കൂളിൽ പ്രമോഷൻ കൊടുക്കുമ്പോൾ അവരുടെ ശമ്പളം കുറയുന്നതായി അറിയാമോ?

ശ്രീ. എ. താണുപിള്ള: മുമ്പ് അങ്ങിനെ വന്നിട്ടുണ്ട്.

ശ്രീ. എം. വി. ചെറിയാൻ: അങ്ങിനെ വന്നിട്ടുള്ളവരുടെ കാര്യത്തിൽ എന്തു നടപടി നടത്തിയിട്ടുണ്ടെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള: പൊതുവേ ശമ്പളം കൂട്ടിയപ്പോൾ അവർക്കും കിട്ടി

ശ്രീ. എം. റി. ചെറിയാൻ: സ്കൂൾഫൈനൽ പാസായി മിഡിൽസ്കൂളുകളിൽ ഹെഡ്മാസ്റ്റരന്മാരായിരിക്കുന്നവർക്ക് വേണ്ടതരത്തിൽ അലവൻസും മററും കിട്ടുന്നുണ്ടെന്നു ഗവണ്മെൻറിനു ബോദ്ധ്യമുണ്ടോ ?

ശ്രീ. എ. താണുപിള്ള: മതിയായ ശമ്പളം അദ്ധ്യാപകന്മാർക്ക് കിട്ടുന്നില്ലെന്നു ബോദ്ധ്യമുണ്ട്.

ശ്രീ. എം. റി. ചെറിയാൻ: പ്രൈമറിസ്കൂൾ ഹെഡ്മാസ്റ്റർക്ക് കിട്ടുന്ന അലവൻസു പോലും മിഡിൽസ്കൂൾ ഹെഡ്മാസ്റ്റർക്ക് കിട്ടുന്നില്ലെന്ന് അറിയാമോ ?

ശ്രീ. എ. താണുപിള്ള: അലവൻസ് അവിടെയില്ല.

ശ്രീ. എൻ. ജെ. ചാക്കൊ: പരാതികളെപ്പററി ആലോചിച്ച് വേണ്ട നടപടികൾ എടുക്കുന്നു സ്വീകരിക്കുമോ ?

ശ്രീ. എ. താണുപിള്ള : എല്ലാ പരാതികളെപ്പറ്റിയും ആലോചിക്കാം.

ശ്രീ. പി. വി. അവിരാത്തരകൻ : എസ്സ്. പി. ററി. എ. യുടെ പരാതികളിന്മേൽ എന്തെങ്കിലും നടപടികൾ നടത്താനുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള : ഓരോ താലൂക്കുകളിലും പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ അസോസിയേഷൻ ഉണ്ടോ എന്ന് എനിക്കറിഞ്ഞുകൂട. ഏതായാലും പരാതി ഉണ്ടെങ്കിൽ അതിനെപ്പററി നോക്കാം.

ശ്രീ. ടി. പി. സീതാരാമൻ : പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം 30 രൂപയെന്നു ക്ലിപ്തപ്പെടുത്തുന്നതിനുമുമ്പുണ്ടായിരുന്ന ശമ്പളഗ്രേഡ് അവർക്ക് കൊടുക്കുമോ?

ശ്രീ. എ. താണുപിള്ള : അതെല്ലാം ആലോചിക്കാം.

WRITTEN ANSWERS.

ഉൽപ്പന്നങ്ങളുടെ വിൽപ്പനനികുതി.

* 515 [30] ശ്രീ. സി. ജി. സദാശിവൻ : താഴെ പറയുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കയറിന്റേയും കയർ ഉൽപ്പന്നങ്ങളുടേയുംമേൽ വിൽപ്പനനികുതി ഈടാക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

ഇക്കാര്യത്തിൽ ഗവണ്മെന്റ് അവസാന തീരുമാനം എടുത്തിട്ടില്ല.

കയർബോർഡ്.

* 516. [31] ശ്രീ. സി. ജി. സദാശിവൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർബോർഡ ലേക്കു ഇവിടെനിന്നും എടുക്കേണ്ട അംഗങ്ങളെ സംബന്ധിച്ച ഗവണ്മെന്റ് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ;

(ബി) ഈ സംസ്ഥാനത്തിനു ബോർഡിൽ എത്ര അംഗങ്ങളെ ലഭിക്കും ?

Minister for Finance **(Shri P. S. Nataraja Pillai):**

(a) The matter is under correspondence with the Government of India.

(b) It is not known how many seats will be reserved for this State on the Board.

ലൈസൻസില്ലാത്തവരുടെ പേരിൽ നടപടി.

* 517. [35] ശ്രീ പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷറീസ് ആക്റ്റ് അനുസരിച്ച് ലൈസൻസ് ഇല്ലാതെ കക്കാ വാരുന്നവരുടെ പേരിൽ കേസ്സെടുത്തിട്ടുണ്ടോ;

(ബി) കുമരകത്തെ കക്കാവ്യവസായസഹകരണസംഘത്തിൽ തൊഴിലാളികൾ അംഗങ്ങളായി ചേർന്നിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്):

(എ) ഉണ്ട്.

(ബി) ഉണ്ട്. (140 തൊഴിലാളികൾ ഇപ്പോൾ കുമരകം കക്കാവ്യവസായസഹകരണസംഘത്തിൽ അംഗങ്ങളായി ഉണ്ട്.)

ടൈറ്റാനിയം ഫാക്ടറി.

*518. [42] ശ്രീ. എൻ. എൻ. പണ്ടാരത്തിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ ടൈറ്റാനിയം ഫാക്ടറി പ്രവർത്തനമാരംഭിച്ചിട്ട് ഇപ്പോൾ എത്ര വർഷമായിട്ടുണ്ട്;

(ബി) ഈ ഫാക്ടറിയിൽ ഗവണ്മെന്റിനു ആകെയുള്ളതിന്റെ എത്ര ശതമാനം ഷെയറുകളുണ്ട്?

(സി) ഈ ഫാക്ടറിയുടെ കണക്കുകൾ ഗവണ്മെന്റ് ആഡിററു ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) രണ്ടുവർഷവും 9 മാസവുമായി.

(ബി) 51 ശതമാനം.

(സി) ആഡിററു ചെയ്തിട്ടുണ്ട്.

District Development Committees.

*519. [46] **Shri K. M. George**: Will the Chief Minister be pleased to state:

(a) when the District Development Committees were constituted;

(b) how many meetings were held by the Kottayam District Development Committee;

(c) how many works were taken up by this Committee;

(d) how much amount was spent by this Committee;

(e) when the Panchayats submitted the schemes to the Kottayam Development Committee; and

(f) whether this Committee has fixed the priority of the works submitted by the Panchayats?

Minister for Finance (**Shri P. S. Nataraja Pillai**): (a) The District Development Committees were constituted as per G. P. GM. 1-7395/52/Fd. D. dated 14th September 1953.

(b) Nine meetings were held till June 1954.

(c) The Committee has not taken up any work for execution.

(d) Nil.

(e) The Panchayats are seen to have submitted their schemes through the local Tahsildars.

(f) No.

കുടിയാൻ സത്യഗ്രഹം.

✻ 520. [44] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒററി കുടിയാൻ കൃഷിക്കാർ കഴിഞ്ഞ മാസത്തിൽ ഏതാണ്ട് 21 ദിവസം സത്യഗ്രഹവും നിരാഹാരസത്യഗ്രഹവും അവരുടെ അവശതകൾ പരിഹരിക്കുന്നതിനുവേണ്ടി സെക്രട്ടറിയേററു ഗേററിനു മുമ്പിൽ നടത്തിവന്നതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എന്തൊക്കെയായിരുന്നു അവർ ഉന്നയിച്ചിരുന്ന ആവശ്യങ്ങൾ;

(സി) അവരുടെ അവശതകൾ പരിഹരിക്കുന്നതിനു് ഗവൺമെൻറ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) സമരം അവസാനിപ്പിക്കുന്നതിനുവേണ്ടി ഗവൺമെൻറ് എന്തെങ്കിലും ഉറപ്പ് അവർക്ക് നൽകിയിരുന്നോ;

(ഇ) ഉറപ്പ് നൽകിയിരുന്നെങ്കിൽ അതു് എന്തായിരുന്നു;

(എഫ്) അതു് എന്നത്തേക്കു് നടപ്പിൽ വരുമെന്നു വ്യക്തമാക്കുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) ജന്മി കുടിയാൻ സംഘത്തിൻെറ പേരിൽ കുറെ ആളുകൾ സെക്രട്ടറിയേററ് ഗേററിനുമുമ്പിൽ സത്യഗ്രഹം നടത്തുകയുണ്ടായി.

(ബി) കോടതികളിൽ നിലവിലുള്ള വസ്തു ഒഴിപ്പിക്കൽ കേസുകൾ നിറുത്തിവയ്ക്കുന്നതിനുള്ള ഒരു ഓർഡിനൻസ് പുറപ്പെടുവിക്കണമെന്നുള്ളതായിരുന്നു അവരുടെ ആവശ്യം.

(സി) കുടിയാൻസംഘം ഉന്നയിച്ചിട്ടുള്ള സംഗതികൾകൂടി പരിഗണിച്ചിട്ടാണു് ഭൂനയബില്ലുകൾ തയ്യാറാക്കിവരുന്നതു്.

(ഡി) ഇല്ല.

(ഇ) & (എഫ്) ചോദ്യം ഉദിക്കുന്നില്ല.

West Coast Fisheries Ltd.

✻ 521. [56] **Shri K. P. Hormis:** Will the Minister for Finance be pleased to state:

(*a*) the amount of investment by the Government by way of shares in the West Coast Fisheries Ltd., and the number of shares held; and

(*b*) what is the present market value of the said investment in shares calculated on the basis of rates quoted at the Stock Exchanges?

Minister for Finance **(Shri P. S. Nataraja Pillai):**

(*a*) Rs. 5 lakhs for 50,000 shares.

(*b*) The present market value of the shares is Rs. 2 to Rs. 2-8-0.

Fertilisers and Chemicals Ltd.

※ 522. [57] **Shri K. P. Hormis** : Will the Minister for Finance be pleased to state :

(*a*) The amount of investment by the Government by way of shares in Fertilisers and Chemicals, Ltd., and the number of shares held ;

(*b*) what is the present market value of the said investment in shares calculated on the basis of rates quoted at the Stock exchanges ?

Minister for Finance **(Shri P. S. Nataraja Pillai)** :

(*a*) Government have invested Rs. 2,17,50,000 in the Fertilisers and Chemicals, Ltd., by way of shares; Government hold 21,75,000 shares in the Concern.

(*b*) Rs. 1,08,75,000.

Travancore Bank Ltd.

※ 523. [58] **Shri K. P. Hormis** : Will the Minister for Finance be pleased to state :

(*a*) The amount of investment by the Government by way of shares in the Travancore Bank, Ltd., and the number of shares held ; and

(*b*) what is the present market value of the said investment in shares calculated on the basis of rates quoted at the stock exchanges ?

Minister for Finance **(Shri P. S. Nataraja Pillai)** :

(*a*) Government have invested Rs. 36,36,047-1-6 in the Travancore Bank, Ltd., by way of shares ; Government hold 131060 shares in the Bank.

(*b*) Rs. 18,02,075.

മെഡിക്കൽ കാളേജിലെ പ്രവേശനം.

※ 524. [60] ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) 1954–55 വിദ്യാഭ്യാസവർഷത്തിൽ തിരുവനന്തപുരം മെഡിക്കൽകാളേജിൽ അഡ്മിഷനുവേണ്ടി ആയുർവേദത്തിൽ ബിരുദം നേടിയിട്ടുള്ള ഇന്റർമീഡിയറ്റുകാരോ ബി. എ. ക്കാരോ അപേക്ഷിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര;

(സി) അതിൽ എത്രപേൎക്കു പ്രവേശനം കൊടുത്തു;

(ഡി) കഴിഞ്ഞ വിദ്യാഭ്യാസവർഷത്തിൽ മേൽപ്പറഞ്ഞ യോഗ്യതയുള്ളവർ എത്രപേർ അപേക്ഷിച്ചു;

(ഇ) അതിൽ എത്രപേൎക്ക് പ്രവേശനം കൊടുത്തു?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്) :

(എ) ഉണ്ട്.

(ബി) രണ്ടുപേർ.

(സി) അവർ കഴിഞ്ഞ പ്രായം കഴിഞ്ഞവരായിരുന്നു. അതുകൊണ്ട് പ്രവേശനം അനുവദിച്ചില്ല.

(ഡി) ഒരാൾ.

(ഇ) ആർക്കും പ്രവേശനം നൽകിയില്ല.

പെൻഷൻ അലവൻസിൻ വ്യത്യാസം.

※ 525. [64] ശ്രീ. ടി. ഒ. ബാവാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂറിലേയും കൊച്ചിയിലേയും പെൻഷൻകാർക്ക് നൽകി വരുന്ന അലവൻസിൽ വ്യത്യാസമുണ്ടോ?

(ബി) എട്ടുരൂപ പെൻഷൻ ലഭിക്കുന്ന തിരുവിതാംകൂർകാരനും അതേ പെൻഷൻകിട്ടുന്ന കൊച്ചിക്കാരനും എന്തു വീതമാണ് അലവൻസ് നൽകിവരുന്നത്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) തിരുവിതാംകൂറിലെയും കൊച്ചിയിലെയും പെൻഷൻകാരുടെ അലവൻസിൽ ഉണ്ടായിരുന്ന വ്യത്യാസംമാററി ഇപ്പോൾ അലവൻസ് ഏകീകരിച്ചിട്ടുണ്ട്.

എന്നാൽ 1–7–54-നു മുമ്പ് പെൻഷൻപററിയ കൊച്ചി ഉദ്യോഗസ്ഥന്മാർക്ക് ഏകീകരണത്തിനു മുമ്പ് കൊച്ചിയിൽ നിലവിലിരുന്ന അലവൻസ് നിരക്ക വാങ്ങിക്കുവാൻ അനുവദിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ ഏകീകരിച്ച നിരക്കനുസരിച്ച് ഇരുവിഭാഗത്തിലെയും എട്ടു രൂപ പെൻഷൻകാരന് 7 രൂ. 8 അണ അലവൻസ് ലഭിക്കും.

കൃഷിത്തോട്ടം.

※ 526. [66] ശ്രീ. പി. കുഞ്ഞൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പേരൂർക്കട ഹാർവിപുരത്തിൽ മാതൃകാപരമോ, പരീക്ഷണാർത്ഥമോ ആയ ഒരു കൃഷിത്തോട്ടം ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനു എത്ര ഏക്കർ സ്ഥലം നീക്കിവച്ചിട്ടുണ്ട്; സ്റ്റാഫിൽ എത്രപേരുണ്ട്; ആണ്ടിൽ വരവുചെലവ് എന്ത്;

(സി) ഈ സംരംഭം ഒരു തികഞ്ഞ പരാജയമാണെന്നും ഇതു നിർത്തിയിട്ട് ആ സ്ഥലം സെററിൽമെൻറ പദ്ധതി അനുസരിച്ച് ഭവന നിർമ്മാണത്തിനു നൽകണമെന്നു വല്ല പരാതിയോ നിർദ്ദേശമോ ഉണ്ടായിട്ടുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) ഉണ്ട്.

(ബി) 19 ഏക്കർ വിസ്തീർണ്ണം.

	സ്റ്റാഫ്		ശമ്പളം
1.	ഫാറം മാനേജർ	1	80-120
2.	ക്ലാർക്ക്	1	30-45
3.	പ്യൂൺ	1	20
4.	വാച്ചർ	1	20

1953-54-ൽ വരവ് രൂപ 1420-9-7

,, ചെലവ് ,, 4100-13-0

(സി) ഇല്ല.

കൃഷിവളങ്ങൾ.

* 527. [70] ശ്രീ. ടി. ടി. കേശവൻശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി പറയുമോ :

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ പെട്ട തലയാഴം, വെച്ചൂർ നിലങ്ങളിലേയും, വടയാർ കരിനിലങ്ങളിലേയും കൃഷിവകയ്ക്കു വളങ്ങളും മററു സഹായങ്ങളും നൽകുവാൻ പൊതുജനാഭ്യർത്ഥനകൾ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷകളിൽ എന്തു നടപടി നടത്തി ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള) :

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

Development of Bell Metal (Cottage) Industry.

* 528. [76] **Shri V. P. Parameswaran Nambudiri** : Will the Minister for Finance be pleased to state:

Whether the Government have any scheme for the development of bell metal (cottage) industry in Mannar (Kadapra)?

Minister for Finance (**Shri P. S. Nataraja Pillai**) :

Government have not formulated any scheme for the development of the bell metal industry , but a proposal is under consideration.

താലൂക്ക് വിഭജനം.

* 529. [78] ശ്രീ. സി. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെങ്ങന്നൂർ കേന്ദ്രമാക്കി ഒരു പ്രത്യേക താലൂക്ക് സ്ഥാപിച്ചു കിട്ടണമെന്നുള്ള ചെങ്ങന്നൂർ നിവാസികളുടെ ചിരകാലമായ അപേക്ഷ ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു് എത്രയും വേഗം സാധിച്ചുതരുവാൻ ഈ ഗവണ്മെൻറ വേണ്ടതു ചെയ്യുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

(എ) ഉണ്ട്.

(ബി) സ്റ്റേററിലെ താലൂക്കുകളുടെ പുനർവിഭജനം സംബന്ധിച്ചു മാത്രമേ ഇതിനെപ്പററി എന്തെങ്കിലും തീർച്ച ചെയ്യാൻ നിവൃത്തിയുള്ളു.

വനങ്ങൾ കൃഷിക്കായി പതിച്ചുകൊടുക്കുന്നതിനുള്ള കമ്മിററി.

* 530. [81] ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : താഴെ പറയുന്ന കാര്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) റിസർവു വനങ്ങൾ കൃഷിക്കായി പതിച്ചുകൊടുക്കുന്നതിന് കമ്മിററി ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആകെ എത്ര കമ്മിററികൾ; ഓരോന്നിലും എത്ര അംഗങ്ങൾ വീതം ഉണ്ട്; ആരെല്ലാം;

(ബി) ആകെ എത്ര ഏക്കർ സ്ഥലം കൃഷിക്കായി തിരിച്ചിട്ടിട്ടുണ്ട്; എവിടെ എല്ലാം; എത്ര ഏക്കർ കൃഷിക്കായി കൊടുത്തു;

(സി) പതിച്ചുകൊടുത്തിട്ടുള്ളതിൽ കമ്മിററി അംഗങ്ങൾ ചെയ്തിട്ടുള്ള ക്രമക്കേടുകൾ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഡി) പതിച്ചുകൊടുത്തിട്ടുള്ള ഗവണ്മെൻറ് സ്ഥലത്തെ സംബന്ധിച്ച് എന്തെല്ലാം വ്യവസ്ഥകളാണ് ഭോക്താക്കൾക്ക് നൽകിയിട്ടുള്ളത് ;

(ഇ) കമ്മിററി അംഗങ്ങളുടെയും അവരുടെ സ്വജനങ്ങളുടെയും പേരിൽ പതിച്ചെടുത്തിട്ടുള്ള സ്ഥലത്തെപ്പററി ഒരു പുനഃപരിശോധന നടത്താമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) :

(എ) റിസർവു വനങ്ങൾ കൃഷിക്കായി പതിച്ചുകൊടുക്കുന്നതിന് ഏർപ്പെടുത്തിയ കമ്മിററികൾ ഒന്നുംതന്നെ ഇപ്പോൾ നിലവിലില്ല.

(ബി) ഓരോ ഫോറസ്ററ് ഡിവിഷനിൽ നിന്നും കൃഷിക്കായി വിട്ടുകൊടുത്തിട്ടുള്ള സ്ഥലങ്ങളുടെ ഏകദേശവിസ്തീർണ്ണം താഴെ ചേർക്കുന്നു.

	ഏക്കർ
തൃശ്ശൂർ	4200
ചാലക്കുടി	3700
മലയാററൂർ	5000
കോട്ടയം	5600
കോന്നി	8500
ചെങ്കോട്ട	1700
കൊല്ലം	4200
തിരുവനന്തപുരം	2100
ആകെ	35000

കൃഷിക്കായി തിരിച്ചിട്ടുള്ള സ്ഥലങ്ങൾ എല്ലാം കൃഷിക്കു വിട്ടുകൊടുത്തിട്ടുണ്ട്.

(സി) വിതരണസമയത്ത് ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെടുത്തിയ ക്രമക്കേടുകൾക്ക് അപ്പഴപ്പോൾ പരിഹാരനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) കൃഷിക്ക് വിട്ടുകൊടുത്തിട്ടുള്ള സ്ഥലങ്ങളിൽ ഭക്ഷ്യധാന്യങ്ങൾ കൃഷി ചെയ്യുന്നതിന് 4 കൊല്ലത്തെ താൽക്കാലിക പാട്ടവ്യവസ്ഥയിലാണ് നൽകിയിരുന്നത്. അതിനുശേഷം പാട്ടകാലാവധി കൊല്ലംതോറും ദീർഘിപ്പിച്ചുവരികയാണ്.

(ഇ) പുനഃപരിശോധന നടത്തി പുനർവിഭജനം ചെയ്യുന്നതിന് ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതി നടപ്പിലാകുമ്പോൾ ബോദ്ധ്യപ്പെടുന്ന ക്രമക്കേടുകൾ പരിഹരിക്കുന്നതാണ്.

Village Assistants.

*531. [85] **Shri M. Bhaskaran Nair:** Will the Finance Minister be pleased to state :

(a) the number of Village Assistants who are relieved from service in the year 1123, 1124 and 1125;

(b) whether they are re-appointed; and

(c) the policy adopted by Government for re-absorbing them into service?

Minister for Finance (**Shri P. S. Nataraja Pillai**):

(a) Travancore area.

Year.	*Number.*
1123	273
1124	194
1125	110
	577

In the erstwhile Cochin area no qualified Village Assistants were thrown out of employment during the years 1123, 1124 and 1125.

(b) Some of the 577 Village Assistants have since been re-appointed on the advice of the Public Service Commission.

(c) The disbanded personnel have to apply to the Public Service Commission for re-registration of their names and they are re-appointed in service as and when they are again advised by the Public Service Commission.

Printers in the Stamp Manufactory.

*532. [86] **Shri M. Bhaskaran Nair:** Will the Minister for Finance be pleased to state:

(a) the number of Printers now employed in the Stamp Manufactory;

(b) have they got any special qualification for being appointed as Printers;

(c) are there cases where printers who were acting till January 1952 and since relieved are not re-appointed;

(d) have vacancies arisen after January 1952; and

(e) have these vacancies been filled up and the qualification of persons who are appointed to the places ?

Minister for Finance (**Shri P. S. Nataraja Pillai**):

(a) Twenty two,

(b) Yes.

(c) No.

(d) Yes.

(e) Yes. All the persons appointed have the prescribed qualifications of English literacy and proficiency in printing.

UNSTARRED QUESTIONS.

Kodayar Project.

137. [2] **Shri T. S. Ramaswami:** Will the Minister for Finance be pleased to state:

(a) the cost of construction of the Kodayar Project;

(b) the total amount collected as water cess per annum from the paddy lands converted after the Project; and

(c) total amount collected so far by way of water cess from these areas?

Answer.

(a) (i) The capital outlay incurred on Pechippara Dam and channels is Rs. 81,39,000.

(ii) The cost incurred up to 5/54 for the Kodayar extension project (Perunchani and Thriparappu weir) is Rs. 69,46,560.

(b) Rs. 1,57,305.

(c) Rs. 73,01,959-3-7 (Up to September 1953).

Encroachments.

138. [3] **Shri T. S. Ramaswami:** Will the Minister for Finance be pleased to state:

(a) the area of encroachments on Revenue porambokes in each division that was brought to the notice of the Government ;

(b) the nature of the encroachments ;

(c) whether they are whole scale by a few or small scale by many;

(d) the area of encroachments on reserve areas in each Range;

(e) the nature of encroachments ;

(f) the steps taken by the Government to evict or regularise these encroachments; and

(g) the policy that is to be followed by the present Government regarding these encroachments and their eviction?

Answer.

		Acre.	Cent.
(a) Trivandrum	..	9,840	62
Quilon	..	7,963	77
Kottayam	..	6,291	34
Trichur	..	15,489	93

(b) The areas have been brought under cultivation or used for residential purposes.

(c) The encroachments are mostly on small scale by a larger number of people.

(d) The survey of the areas under encroachment has not been completed and hence it is not possible to furnish the information correctly, at present.

(e) The areas have been brought under cultivation mostly with food crops, besides erecting temporary sheds.

(f) Action is being taken to assess the encroachments and for the eviction or regularisation of encroachments after conducting a regular survey.

(g) These encroachments will be dealt with under the scheme of Survey and Settlement proposed to be undertaken shortly as laid down in G. P. dated 22-6-1954.

വഴി.

139. [9] ശ്രീ. തലേക്കര കെ. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് പത്മനാഭസ്വാമിക്ഷേത്രത്തിന്റെ തെക്കേനടയിൽ നിന്നും ക്ഷേത്രമതിലിനു വെളിയിൽക്കൂടി ക്ഷേത്രത്തിനു കിഴക്കുവശം റോഡിലേയ്ക്കും അവിടെനിന്നും ക്ഷേത്രത്തിന് തെക്കുവശമുള്ള റോഡിലേയ്ക്കും ഉള്ള വഴി ആർക്കെങ്കിലും ഗവണ്മെന്റിൽ നിന്നും പതിച്ചുകൊടുത്തിട്ടുണ്ടോ;

(ബി) ടി വഴി പതിച്ചുകൊടുക്കണമെന്നു ഗവണ്മെന്റിലേയ്ക്ക് ആരെങ്കിലും അപേക്ഷിച്ചിട്ടുണ്ടോ; തിരുവിതാംകൂർ മഹാരാജാവ് അപേക്ഷിച്ചിട്ടുണ്ടോ?

ഉത്തരം.

(എ) ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിലേക്ക് കുത്തകപ്പാട്ടം കൊടുത്തിരിക്കുന്നു.

(ബി) തിരുവിതാംകൂർ മഹാരാജാവിന്റെ പ്രൈവറ്റ്സെക്രട്ടറിയുടെ അപേക്ഷ വന്നിട്ടുണ്ട്.

അട്ടൂർ ടൗൺഹാൾ.

140. [10] ശ്രീ. പി. ആർ. മാധവൻപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടൂർ ടൗൺഹാളിനു വേണ്ടി ഗവണ്മെന്റിൽ നിന്നും തടിയും ഇരുമ്പുകമ്പിയും നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ ഡെലിവറി എടുത്തതു് ആരൊക്കെയാണു്;

(സി) എന്തുവില നിരക്കിൽ എത്രകണ്ടി തടി കൊടുത്തു;

(ഡി) സർക്കാർ നിരക്കും അയാൾ കമ്മിററിക്കു് വിററ നിരക്കും തമ്മിലുള്ള വ്യത്യാസം ആരുടെ പോക്കററിലാണു് ചെന്നൊളിച്ചതെന്നു് ഗവൺമെന്റു് അന്വേഷിച്ചിട്ടുണ്ടോ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) അട്ടർ ടൗൺഹാൾ കമ്മിററിസെക്രട്ടറി പത്തനാപുരം ഡിപ്പോയിൽനിന്നും തടി ഏറെറടുത്തിട്ടുണ്ടു്. ഇരുമ്പുകമ്പി ഡെലിവറി എടുത്തിട്ടുള്ളതു് പ്രസ്തുത ടൗൺഹാൾ സെക്രട്ടറി ശ്രീ. എം. കെ. വർഗ്ഗീസും പ്രസിഡന്റു് ശ്രീ. എ. സി. എം. അന്ത്രപ്പേരും ആണു്.

(സി) കുററിക്കാണം + കോൾവില (Seigniorage + working charges) നിരക്കിൽ 897.9 ക്യൂബിക്കടി തടി കൊടുത്തു.

(ഡി) ചോദ്യത്തിൽ സൂചിപ്പിച്ചിരിക്കുന്ന തരത്തിൽ ഒരാരോപണം ഗവൺമെന്റിന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ല.

Survey Superintendent.

141. [11] **Shri A. Kunjan Nadar:** Will the Minister for Finance be pleased to state:

(a) What is the qualification of the person now in charge of the Survey Superintendent's place;

(b) What is the minimum qualification required for a Pakuthy Accountant;

(c) How many persons are senior to the Survey Superintendent in the Tahsildar's grade in the Revenue Department;

(d) What is the pay in the highest grade of Tahsildars;

(e) What is the pay of the Survey Superintendent in charge; and

(f) Are there not better qualified men in the Department senior to him?

Answer.

(a) (i) M. A. & B. L.
(ii) Madras Government Higher Survey and Levelling Examination (I Class).
(iii) Divisional Accountants' Examination.
(iv) P. W. D. Divisional Test, and
(v) Travancore Account and Revenue Tests.

(b) (i) V. S. L. C.
(ii) Village Officer's Test and Chain Survey.

(c) All his seniors in the grade of Tahsildars are acting as Deputy Collectors,

(d) There is only one scale of pay for the Tahsildars *viz.*, Rs. 175-10-225.

(e) Rs. 225 in the scale of Rs. 175-225.

(f) No.

T. A. of Survey Superintendent.

142. [12] **Shri A. Kunjan Nadar:** Will the Minister for Finance be pleased to state:

(a) Whether the Government will supply the date-war list of travelling of the Survey Superintendent in charge for his official business in the years 1952-53 and 1953-54;

(b) What is the total T. A. claimed by him for the years 1952-53 and 1953-54 respectively; and

(c) Is it a fact that he so adjusts his tour programme as to consume the largest amount as T. A. ?

Answer.

(a) * List is placed on the table.

(b) Rs. 2365-13-0 for the year 1952-53.
Rs. 3910- 2-0 for the year 1953-54.

(c) No. He had to attend to the duties of the Superintendent of Survey and the Assistant Superintendent of Survey and frequent inspection tours were necessary.

വില്പനനികുതി.

143. [17] ശ്രീ. എൻ. ജി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ നിലവിലിരിക്കുന്ന Multipoint വില്പനനികുതി ഏർപ്പാട് നിറുത്തലാക്കി Single point ആക്കണമെന്നു കാണിച്ച് വല്ല നിവേദനവും ഗവണ്മെന്റിന് കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെപ്പറ്റി എന്തു് നടപടി നടത്തിയിട്ടുണ്ട്;

(സി) വില്പനനികുതി Single point ആക്കുമോ?

ഉത്തരം.

(എ) ഉവ്വ്.

(ബി) നിലവിലിരിക്കുന്ന വില്പനനികുതി ചട്ടങ്ങളെ പരിശോധിച്ച് ആവശ്യമെന്നു തോന്നുന്ന ഭേദഗതികൾ നിർദ്ദേശിക്കുവാൻ ഗവണ്മെന്റ് ഒരു കമ്മിറ്റിയെ നിയമിച്ചു. കമ്മിറ്റി സമർപ്പിച്ച നിർദ്ദേശങ്ങൾ ഗവണ്മെന്റിന്റെ പര്യാലോചനയിലിരിക്കുകയാണ്.

(സി) ഇക്കാര്യവും ഗവണ്മെന്റിന്റെ പര്യാലോചനയിലിരിക്കുകയാണ്.

* Please see Appendix II.

പുതിയ വ്യവസായങ്ങൾ.

144. [19] ശ്രീ. എൻ. ജി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. പി. ഗവണ്മെൻറ് അധികാരത്തിൽ വന്നതിൽ പിന്നീട് എത്ര പുതിയ വ്യവസായങ്ങൾ ആരംഭിച്ചു;

(ബി) ആരംഭിച്ചിട്ടുണ്ടെങ്കിൽ അതു് എവിടെയെല്ലാം?

ഉത്തരം.

(എ) ഒന്നുമില്ല.

(ബി) എ-യുടെ ഉത്തരംകൊണ്ടു് ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്മശാനസ്ഥലം.

145. [21] ശ്രീ. കെ. ററി. താമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി വടക്കേപകുതിയിൽ മണ്ണാറക്കയം-കൂവപ്പള്ളി റോഡിനു സമീപം പട്ടിമററം എന്ന സ്ഥലത്തു് സർവ്വെ 276/20-ൽ 25 സെൻറ് സ്ഥലം അവശസമുദായക്കാരുടെ ആവശ്യത്തിലേയ്ക്കു് ഒരു ശ്മശാനത്തിനുവേണ്ടി ഗവണ്മെൻറ് അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നനുവദിച്ചു;

(സി) പ്രസ്തുത സ്ഥലം കൈവശക്കാരിൽനിന്നും ഒഴിപ്പിച്ചെടുത്തു കൊടുത്തിട്ടുണ്ടോ;

(ഡി) അങ്ങനെ ഒഴിപ്പിച്ചിട്ടില്ലെങ്കിൽ കാരണമെന്തു്;

(ഇ) ഈ സ്ഥലം പ്രസ്തുത ഉപയോഗത്തിലേയ്ക്കു് ഉടനേതന്നെ വിട്ടുകൊടുക്കുന്നതിനു് വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം.

(എ) അനുവദിച്ചിട്ടുണ്ടു്.

(ബി) 13-7-1953-ൽ.

(സി) ഇല്ല.

(ഡി & ഇ) ശ്മശാനത്തിനുദ്ദേശിച്ചിട്ടുള്ള സ്ഥലം കുത്തകപ്പാട്ടത്തിനു് കൊടുത്തിരുന്നതും ഇപ്പോൾ കുത്തകപ്പാട്ടക്കാരൻെറ കൈവശം ഇരിക്കുന്നതുമാകുന്നു. പാട്ടം ഒഴിയുന്നതിനുവേണ്ടി കുത്തകപ്പാട്ടക്കാരനു് ചട്ടപ്രകാരം നോട്ടീസ് കൊടുത്തിട്ടുണ്ടു്. നോട്ടീസ്സിലെ കാലാവധി കഴിയുന്ന മുറയ്ക്കു് സ്ഥലം സർക്കാരിൽനിന്നും കൈവശപ്പെടുത്തുന്നതാകുന്നു.

സബ്ട്രഷറി കെട്ടിടം.

146. [23] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) നെയ്യാററിൻകര സബ്ട്രഷറിയുടെ ആവശ്യത്തിനുവേണ്ടി ഒരു പുതിയ കെട്ടിടം പണിയുന്നതിനു് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻെറ പണി തുടങ്ങാൻ കാലതാമസം വരുന്നതെന്തുകൊണ്ടു്?

<u>ഉത്തരം.</u>

(എ) ഇല്ല. പഴയ കെട്ടിടത്തിനോടനുബന്ധിച്ചു് ട്രഷറിയുടെ സൗകര്യത്തിനായി കൂടുതൽ മുറികൾ ഉണ്ടാക്കുന്നതിനു് തീരുമാനിച്ചിട്ടുണ്ടു്.

(ബി) ഈ കൊല്ലത്തെ ബഡ്ജററിൽ മററു കെട്ടിടങ്ങൾ പുതുക്കി പണിയുന്നതിനുള്ള തുകയോടുകൂടി പണം ഉൾപ്പെടുത്തിയിട്ടുണ്ടു്. ബഡ്ജററിനു് അനുമതി ലഭിച്ചതിനുശേഷം ഊർജ്ജിത നടപടികൾ എടുക്കുന്നതാണു്.

Excise Guards.

147. [24] **Shri P. V. Avira Tharakan**: Will the Minister for Finance be pleased to state:

(a) The salary amount due to the Excise Guards in Alleppey Circle, Mararikulam Range in 1952, 1953 and 1954;

(b) The reason for the delay in the payment of the salary; and

(c) Was there any request from the Guards to pay the salaries due to them?

Answer.

(a) Rs. 6,264 for each of the years 1952 and 1953 and Rs. 3,132 for the first 6 months of 1954.

(b) Payment of salary of some Guards of the Range for certain months has been delayed due to technical audit objections.

(c) No.

ADJOURNMENT MOTION.

12 Noon]

Mr. Speaker: Order. Order. Question time is over. Mr. George, have you given notice of your motion for adjournment *re* alleged lathi charge on students and the public at Nagercoil to the Chief Minister ?

Shri K. C. George: Yes, Sir; I have given it yesterday.

Mr. Speaker: Have you got anything to say on it Mr. Chief Minister.

Shri A. Thanu Pillai: Yes, Sir.

അവിടെ ലാത്തിച്ചാർജ്ജ് നടന്നു എന്നു പറയുന്നതു് ശരിയല്ല സർ, ലാത്തിച്ചാർജ്ജ് നടന്നിട്ടുമില്ല. അതാണു പരമാർത്ഥം. എന്നാൽ എനിക്കതേപ്പററി പറയാനുള്ളതു് എൻെറ സ്നേഹിതൻ ശ്രീ. കെ. സി. ജോർജ്ജിൻെറ പാർട്ടിക്കാർ പോലീസുകാരെക്കൊണ്ടു് ലാത്തിച്ചാർജ്ജ് നടത്തിക്കാൻ കഴിയുന്നതൊക്കെ അവിടെ ചെയ്യുമെന്നാണു്. ഇന്നുവരെ പോലീസുകാർ ലാത്തിച്ചാർജ്ജ് ചെയ്യാതെ കഴിയുകയാണു്. എന്നുവച്ചു് ആവശ്യം വേണ്ടി

വന്നാൽ അതു നടത്താതെ കഴിയുകയില്ല. അവിടെ നടക്കുന്നതെന്താണെന്നു് ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താനായി ചുരുക്കമായി പറയാം.

സർ, തമിഴ്നാട്ടുകോൺഗ്രസ്സുകാർ, തമിഴർ അധികമായി താമസിക്കുന്ന താലൂക്കുകൾ മദ്രാസിനോടു ചേർക്കണമെന്നുള്ള ഒരു പ്രക്ഷോഭണം നടത്തിവരികയാണു്. അതിനിടയ്ക്കു് അവർ ഗവണ്മെൻറിനെ ഭൂഷിച്ചു് പലതും ചെയ്യുന്നുണ്ടു സർ. അങ്ങനെ ചെയ്യുന്ന കൂട്ടത്തിൽ 25-ാം തീയതി അവർ നാഗർകോവിൽ ഡിസ്ട്രിക്റ്റ് കോടതിയിൽചെന്നു് ബഹളമുണ്ടാക്കി. ജഡ്ജി കണ്ടംപ്റ്റ് ആഫ് കോർട്ട് എന്ന കുററം ചുമത്തി ബഹളമുണ്ടാക്കിയ മൂന്നുപേരെ ശിക്ഷിച്ചു. അന്നു് പോലീസ് ഒന്നും ചെയ്തില്ല. പിറേറദിവസവും അതുപോലെ ഡിസ്ട്രിക്റ്റ്കോടതിയിൽ ബഹളംകൂട്ടാൻ ചില ആളുകൾ ചെന്നു. അവരേയും അറസ്റ്റ ചെയ്തു ശിക്ഷിച്ചു. പിന്നെ ഡിസ്ട്രിക്റ്റ്കോടതിയിൽ മാത്രമല്ല സബ് രജിസ്ട്രാർകച്ചേരിയിലും, രണ്ടാംക്ലാസ്സ് മജിസ്ട്രേട്ടുകോടതിയിലും ചെന്നു് ശല്യമുണ്ടാക്കാനായി വളരെ സാഹസങ്ങൾ ചെയ്തു. കുട്ടികളെ ഇളക്കിവിട്ടു. നമ്മുടെ കമ്മ്യൂണിസ്റ്റ നേതാവായ ശ്രീ. ടി. വി. താമസ് അവിടെ ചെന്നു് ഈ പ്രക്ഷോഭണത്തിനു് അവരോടു സഹായവാഗ്ദാനം ചെയ്തു. കുട്ടികളുടെ നേതൃത്വംതന്നെ ആ പാർട്ടിക്കു കിട്ടിയിരിക്കുകയാണു സർ. ചില കമ്മ്യൂണിസ്റ്റകാരേയും അവിടെ അറസ്റ്റചെയ്തു ശിക്ഷിച്ചിട്ടുണ്ടു്.

26-ാംനു-യും 27-ാംനു-യും കുഴിത്തുറ മുൻസിഫ്കോടതിയിലും, രണ്ടാം ക്ലാസ്സ് മജിസ്ട്രേട്ടുകോടതിയിലും അവർ ശല്യമുണ്ടാക്കി. ഇതിനിടയാക്കിയ സംഭവങ്ങളിൽ എനിക്കു് മനസ്താപവും, അത്ഭുതവും തോന്നുന്നു. ഈ കുട്ടികളെ ഇളക്കിവിടുന്നതിൽ പ്രത്യേക താൽപര്യം കാണിക്കുന്നതു് കമ്മ്യൂണിസ്റ്റകാരാണു്. ലാത്തിച്ചാർജ്ജ് അവിടെ നടത്തി ഒരു വിഷമസ്ഥിതി ഉണ്ടാക്കാമെന്നുകരുതി. എന്നാൽ അവിടെ ലാത്തിച്ചാർജ്ജ് ഉണ്ടായില്ല. അവിടെ ലാത്തിച്ചാർജ്ജ് ഉണ്ടായി എന്നും അവിടത്തെ സ്ഥിതി വളരെ ഗുരുതരമാണെന്നും മററും പറഞ്ഞു് ഈ സഭയുടെ സമയം ചെലവാക്കാമെന്നു് എൻെറ സ്നേഹിതൻ ശ്രീമാൻ കെ. സി. ജാർജ്ജ് കരുതുന്നതിൽ എനിക്കു മനസ്താപമുണ്ടു്. കാര്യങ്ങൾ ഇപ്പറഞ്ഞപോലെ ഒന്നും അവിടെ ഉണ്ടായിട്ടില്ല. സർ, അവിടെ പോലീസുകാർ വളരെ അന്തസ്സോടുകൂടി അവരുടെ ജോലി നിർവ്വഹിച്ചിട്ടുണ്ടു്. അക്രമത്തിനു വന്നവരെ അറസ്റ്റചെയ്യുകയും ശിക്ഷിക്കുകയും ചെയ്തു എന്നുള്ളതു മാത്രമാണു് പരമാർത്ഥം. ഈ പ്രവർത്തനങ്ങളിൽ നിന്നു് നമ്മുടെ നിയമസഭാസാമാജികന്മാർ വിരമിക്കുന്നതു നന്നായിരിക്കുമെന്നാണു് എനിക്കു പറയുവാനുള്ളതു്.

തമിഴ്നാട്ടുകാരുടെ വാദത്തെ സംബന്ധിച്ചിടത്തോളം അതു് ഇപ്പോൾ സെൻട്രൽഗവണ്മെൻറിൽനിന്നും നിയമിച്ചിരിക്കുന്ന ഹൈപവ്വർ കമ്മിഷൻെറ ശ്രദ്ധയിൽ ഇരിക്കുന്ന ഒരു കാര്യമാണു്. അതിൻെറ തീരുമാനംവരെ ബഹളം കൂട്ടുന്നതു ശരിയാണോ? അവരുടെ തീരുമാനം എങ്ങനെ വരുമെന്നു നോക്കി തമിഴരെ മദ്രാസിനോടു ചേരാൻ അനുവദിക്കുന്നപക്ഷം അവർക്കു പോകാവുന്നതാണു്. അതിനുവേണ്ട നടപടികൾ സെൻട്രൽഗവണ്മെൻറ് സ്വീകരിച്ചിരിക്കുന്ന ഈ അവസരത്തിൽ ഇങ്ങനെ ഈ നാട്ടിൽ കുഴപ്പമുണ്ടാക്കാമെന്നു വിചാരിച്ചു് പ്രവർത്തനം നടത്തുന്നതു് ശരിയല്ല. അതിനു് സഹായവാഗ്ദാനമാണു് ഇന്നി കമ്മ്യൂണിസ്റ്റ

[ശ്രീ. എ. താണുപിള്ള]

പാർട്ടി ചെയ്യിരിക്കുന്നതു്. സർ, ഏതായാലും പ്രമേയത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ഒരു ലാത്തിച്ചാർജ്ജ് അവിടെ ഉണ്ടായിട്ടില്ലെന്നു് ഈ സഭയെ സ്പഷ്ടമായി അറിയിക്കുന്നു. പ്രമേയം കൊണ്ടുവരുന്നതിനു് യാതൊരു കാരണവും അവിടെയില്ല.

Shri K. C. George : Sir, before the matter is finally disposed of, I may be permitted to speak a few words.

സർ, ഇന്നു രാവിലെ വന്ന പത്രങ്ങളിൽനിന്നു് ഗവണ്മെന്റിൽനിന്നും ഇതേ സംബന്ധിച്ചു പുറപ്പെടുവിച്ച ഔദ്യോഗിക റിപ്പോർട്ടു് ഞാൻ വായിക്കയുണ്ടായി. അതിൽ മുഖ്യമന്ത്രി ഇപ്പോൾ പറഞ്ഞതുപോലെ തന്നെ ലാത്തിച്ചാർജ്ജ് അവിടെ നടന്നില്ല എന്നുള്ള സംഗതി ഞാൻ വായിച്ചു. തിരുവനന്തപുരത്തിരുന്നുകൊണ്ടു് ചീഫ്മന്ത്രിക്കു് കിട്ടിയിട്ടുള്ള അറിവു വിശ്വസിക്കണമെന്നു പറയുമ്പോൾ അതുപോലെ വിശ്വസിക്കാവുന്ന ഒരു റിപ്പോർട്ടു് എനിക്കും കിട്ടിയിട്ടുണ്ടു്. അതിന്റെ ശരിയോ തെറ്റോ നോക്കണമെന്നു് ഇപ്പോൾ ഞാനുദ്ദേശിക്കുന്നില്ല.

ഏതായാലും ഇന്നു തെക്കൻ തിരുവിതാംകൂറിൽ നടക്കുന്ന സംഭവങ്ങൾ എന്താണെന്നുള്ളതു് ഈ സഭ അറിയണമെന്നാണു് ഞാൻ ഇതുകൊണ്ടുദ്ദേശിച്ചിരിക്കുന്നതു്. കാരണം ഈ സമരം കുറെ ദിവസങ്ങൾക്കു മുമ്പു് ദേവികുളത്തു 144-ാം വകുപ്പു പാസ്സാക്കിയതിനുശേഷം തുടങ്ങിയിട്ടുള്ളതാണു്. അവിടെ 144-ാം വകുപ്പു പാസ്സാക്കിയതു് അനാവശ്യമായിപ്പോയി എന്നു് പി. എസ്. പി. യുടെ ഔദ്യോഗിക വക്താവു തന്നെ പറഞ്ഞിട്ടുള്ളതാണു്.

ഇനി ഞങ്ങളുടെ പാർട്ടിയുടെ നിലപാടു് വിവരിക്കേണ്ടതായിട്ടുണ്ടു്. ഞങ്ങളുടെ പാർട്ടിയിൽനിന്നു് പ്രത്യേകിച്ചു് ആളുകളെ അയച്ചു് അവിടത്തെ സ്ഥിതിഗതികളെക്കുറിച്ചു് അന്വേഷണം നടത്തിയതിൽ അങ്ങനെ 144-ാം വകുപ്പു് പാസ്സാക്കേണ്ട ആവശ്യം ഇല്ലായിരുന്നു എന്നു് അവരിൽ നിന്നും റിപ്പോർട്ടു് ഞങ്ങൾക്കു് കിട്ടിയിട്ടുണ്ടു്. അതിൽ പിന്നീടു് ആ സമരം വളരെ വളർന്നിരിക്കുകയാണു്. വിദ്യാർത്ഥികൾ സ്കൂളിൽ നിന്നും കാളേജുകളിൽനിന്നും............

<u>ശ്രീ. പി. കെ. കുഞ്ഞു്</u> : എന്തിനാണു് ഈ വിദ്യാർത്ഥികൾ സ്കൂളുകളിൽനിന്നും കാളേജുകളിൽനിന്നും ഇറങ്ങുന്നതു്. അതിനുള്ള പരിതഃസ്ഥിതി ഇവിടെയുണ്ടായിട്ടുണ്ടോ?

<u>ശ്രീ. കെ. സി. ജോർജ്ജ്</u> : അതേപ്പറ്റി ഇന്നത്തെ മന്ത്രിമാർക്കറിയാം. അവർ അതു് മനസ്സിലാക്കുന്നില്ലെങ്കിൽ അവരുടെ മറവിയെപ്പറ്റി ഞാൻ പരിതപിക്കുകയാണു്. ഒരു കാലത്തു് അവർ, വിദ്യാർത്ഥികൾ സമരം ചെയ്യണം, തൊഴിലാളികൾ സമരം ചെയ്യണം എന്നു പറഞ്ഞിട്ടുള്ള ആ പഴയ ചരിത്രത്തിലേയ്ക്കു് ഞാൻ മന്ത്രിയുടെ ശ്രദ്ധയെ ക്ഷണിക്കുകയാണു്.

<u>ശ്രീ. എൻ. ഇ. ചാക്കോ</u> : അടിയന്തിരപ്രമേയം അവതരിപ്പിക്കാമെന്നല്ലാതെ അതേപ്പറ്റി പ്രസംഗിക്കാൻ പ്രമേയ പ്രയോക്താവിനു് അവകാശമുണ്ടോ ?

Mr. Speaker : He is making a statement on the admissibility of the motion.

<u>ശ്രീ. കെ. സി. ജോർജ്ജ്</u> : ഇന്നു് ആ സമരം വളരെ ഗൗരവമായ ഒരു സമരമായിത്തീർന്നിട്ടുണ്ടു്. ഏററവും പ്രാധാന്യമർഹിക്കുന്ന ഈ

ബഡ്ജററ് സെഷനിൽ തെക്കൻതിരുവിതാംകൂറിലെ ഒരു വിഭാഗം മുഴുവൻ പത്തോ, പന്ത്രണ്ടോ എം. എൽ. എ-മാർ ഇവിടെ ഹാജരായിട്ടില്ല. ജനങ്ങൾ മുഴുവൻ ഇന്നു് ആ സമരത്തിന്റെ പിന്നിലുണ്ടു്. ഇതേപ്പററിയെല്ലാം സമയമനുവദിക്കുകയാണെങ്കിൽ പറയാം. ഏതായാലും ഇന്നു് ഗവണ്മെൻറ് അവരുടെ നേരേ ഒരു അനീതിപരമായ മനോഭാവമാണു് എടുത്തിരിക്കുന്നതു്. ഗവണ്മെൻറ പറയുന്നു അവിടെ ഒന്നും നടന്നില്ലാ എന്നു്. ലാത്തിച്ചാർജ്ജ് ആണെങ്കിൽ അവിടെ ഒന്നും നടത്തിയില്ലാ എന്നു പറയുന്നു.

കമ്മ്യൂണിസ്ററുപാർട്ടിയുടെ നയവും പരിപാടിയും അനുസരിച്ചു് എല്ലാഭാഗക്കാർക്കും ഭാഷാസംസ്ഥാന രൂപീകരണം അവരുടെ ജന്മാവകാശമാണെന്നാണു് ഞങ്ങൾ വിശ്വസിക്കുന്നതു്. ആ നിലവച്ചു നോക്കുമ്പോൾ കമ്മ്യൂണിസ്ററുപാർട്ടി തമിഴ്നാട്ടുകാരുടെ സമരത്തിനു് പിൻതുണ നൽകേണ്ടതുണ്ടു്.

ശ്രീ. കളത്തിൽ വേലായുധൻനായർ: ഒരു പായിൻറ് ആഫ് ആർഡർ. ഇത്ര കൂടുതൽ സമയം അടിയന്തിരപ്രമേയത്തെപ്പററി പ്രസംഗിക്കുന്നതു് ശരിയാണോ? പ്രമേയത്തിൽ പറഞ്ഞിരിക്കുന്ന ആവശ്യമെന്താണെന്നുള്ളതിനെ അടിസ്ഥാനപ്പെടുത്തി മറുപടി പറയേണ്ടതാണു്. ഈ പ്രമേയം ന്യായമോ അന്യായമോ എന്നുള്ളതിനെപ്പററി വാദം ചെയ്യണം.

മി. സ്പീക്കർ: ഈ അവസരത്തിൽ അടിയന്തിരപ്രമേയത്തെക്കുറിച്ചു് വാദപ്രതിവാദം ചെയ്യാൻ പാടില്ല. പക്ഷേ, ഇവിടെ അവതരിപ്പിച്ച മോഷനെപ്പററി കൂടുതൽ ഫാക്ററ്സ് അറിയുന്നതിനു് ഒരു അവസരം കൊടുത്തു എന്നല്ലാതെ മറെറാന്നുമല്ല. സെൻട്രൽ അസംബ്ലി നടപടികളിൽ ഇപ്രകാരം സമയം അനുവദിച്ചുകാണുന്നുണ്ടു്.

Dr. A. R. Menon: Sir, on a point of order. Can the Member explain the attitude of the Communist party towards this question?

Mr. Speaker: No. No. I am not going to allow that.

ശ്രീ. കെ. സി. ജോർജ്ജ്: കമ്മ്യൂണിസ്ററുപാർട്ടിയുടെ അവിടത്തെ പ്രവർത്തനത്തെ സംബന്ധിച്ചു് ഇവിടെ ചില ആരോപണങ്ങൾ പറയുകയുണ്ടായി.

ശ്രീ. പി. വിശ്വംഭരൻ: ഒരു പായിൻറ് ആഫ് ആർഡർ. ഒരു സംഭവം നടന്നുകഴിഞ്ഞു എന്നുള്ളതിനെക്കുറിച്ചു് അടിയന്തിരപ്രമേയം കൊടുത്തുകഴിഞ്ഞു. അതു നടന്നില്ലാ എന്നു പറഞ്ഞുകഴിഞ്ഞതിനുശേഷം അങ്ങിനെ നടന്നു എന്നു് അസ്സർട്ടു് ചെയ്യാൻ അവകാശമുണ്ടോ?

മി. സ്പീക്കർ: അതിന്റെ ഫാക്ററ്സിനെക്കുറിച്ചു് ഈ ഹൗസിനെ അറിയിക്കുന്നതിനു് സൗകര്യം കൊടുക്കാൻ സ്പീക്കർക്കു് അധികാരമുണ്ടു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതു ശരിയല്ല. ഗവണ്മെൻറിൽനിന്നും പറയുന്ന സംഗതികൾ അക്സപ്ററ് ചെയ്യുക എന്നുള്ളതല്ലേ ഈ സഭയിലെ പതിവു്?

മി. സ്പീക്കർ: ഗവണ്മെന്റ പറയുന്നതിനു് അതർഹിക്കുന്ന പരിഗണനതന്നെ കൊടുക്കുന്നതാണു്. അതുകൊണ്ടു് മററല്ലു് അവഗണിക്കണമെന്നില്ല.

ശ്രീ. എം. എം. മത്തായി: അതിന്റെ ഫാക്ററ്സ് അറിയാവുന്ന മററാളുകൾക്കും സംസാരിക്കുന്നതിനു് അനുവദിക്കുമോ?

മി. സ്പീക്കർ: ഫാക്ററ്സ് അറിയാൻ കഴിവുള്ളവക്കു് വേണമെങ്കിൽ സംസാരിക്കാം.

Dr. A. R. Menon: When certain points are raised and when those points are controverted, is it in order for another member to intervene and speak on them? Then it becomes a discussion.

Mr. Speaker: I am not allowing discussion on the matter. I made it clear that the Chief Minister has presented certain facts before the House and I have asked the mover of the motion to present the facts in his possession before the House.

ശ്രീ. കെ. സി. ജോർജ്ജു്: അതുകൊണ്ടു് ഇന്നു് അവിടെ നടക്കുന്ന സമരത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയെപ്പററിയുള്ള ആരോപണമുണ്ടെങ്കിൽ അതിൽ കൂടുതൽ ശക്തിയായ ആരോപണമാണു് എനിക്കു് പറയാനുള്ളതു്. ഇന്നു് അവിടെ നടക്കുന്ന സമരത്തിനു് കാരണം ഈ ഗവണ്മെന്റിന്റെ നയം ആണു്. അതുകൊണ്ടു് അതു ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നുള്ളതിനാണു് ഈ പ്രമേയം അവതരിപ്പിച്ചിട്ടുള്ളതു്.

ശ്രീ. എം. പി. മേനോൻ: അവിടെ ലാത്തിച്ചാർജ്ജുണ്ടായില്ലെന്നു് ചീഫ്മിനിസ്റ്റർ തറച്ചു തറച്ചുപറഞ്ഞാലും, തമിഴ്പ്രദേശങ്ങളിൽ വ്യാപകമായ കുഴപ്പങ്ങളും അസ്വാസ്ഥ്യങ്ങളുമുണ്ടെന്നു് അദ്ദേഹംതന്നെ ചൂണ്ടിക്കാണിക്കുകയുമുണ്ടായി. ഗുരുതരമായ ഒരു നിലയാണെങ്കിൽ അതിനെപ്പററി ചർച്ച ആവശ്യമാണു്. ഈ സഭയുടെ മുമ്പാകെ ഭാഷാസംസ്ഥാനരൂപീകരണപ്രശ്നത്തേയും തമിഴ്നാട്ടുകാരുടെ അവകാശവാദങ്ങളേയുംപററി ചർച്ച ചെയ്യുന്നതിനു് ഒരവസരം നൽകാമെന്നു് ചീഫ് മിനിസ്റ്റർ മുമ്പൊരിക്കൽ പറയുകയുമുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പ്രമേയം അനുവദിച്ചാൽക്കൊള്ളാം.

ശ്രീ. ടി. വി. താമസ്: സർ, മുഖ്യമന്ത്രിയുടെ പ്രസംഗത്തിൽ തന്റെ നിലപാടിനെ സംബന്ധിച്ചു ചില ഭ്രാന്തൻ സ്റ്റേറ്റുമെന്റുകൾ ചെയ്തു.

Shri A. Thanu Pillai: Sir, I want a definite ruling from the Chair whether the Member should not withdraw that statement.

മി. സ്പീക്കർ: ഭ്രാന്തൻ സ്റ്റേറ്റുമെന്റുകൾ എന്നു് പറയാൻ പാടില്ല.

ശ്രീ. ടി. വി. താമസ്: ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് അതാണെങ്കിൽ അതിനെ ഞാൻ ആദരിക്കുന്നു. ഞാൻ അതു പിൻവലിക്കുന്നു. അടിസ്ഥാനരഹിതമായ ചില പ്രസ്താവനകൾ അദ്ദേഹം ചെയ്തിരിക്കുന്നു. അതുകൊണ്ടു് എന്റെ നില വിശദമാക്കേണ്ടിയിരിക്കുന്നു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഈ അവസരത്തിൽ ഒരു മെംബർക്ക് ഇങ്ങനെ പ്രസംഗം ചെയ്യാൻ അവകാശമുണ്ടോ ?

Mr. Speaker : He was referred to by the Chief Minister and he is now offering his personal explanation.

ശ്രീ. ടി. വി. തോമസ് : ഇവിടത്തെ ജനസാമാന്യത്തിന്റെ എല്ലാ മൗലികമായ പ്രശ്നങ്ങൾക്കും എതിരായ ഒരു പിൻതിരിപ്പൻനയം തുടർന്നുകൊണ്ടുപോകുന്ന ഇന്നത്തെ ചീഫ്മിനിസ്റ്റർ ഇങ്ങനെ ഒരു സ്റ്റേറ്റുമെന്റു ചെയ്തിരിക്കുന്നതിൽ എനിക്കു സന്താപമോ അത്ഭുതമോ ഇല്ല. ഭാഷാ പ്രവിശ്യ ഭാരതത്തിലെ ഏതൊരു പൌരന്റേയും മൗലികാവകാശമാണ്. ഐക്യകേരളം വേണമെന്ന് മലയാളികൾ അവകാശപ്പെടുന്നതുപോലെ തന്നെ ഐക്യതമിഴകം വേണമെന്ന് തമിഴർക്കും അവകാശപ്പെടാവുന്നതാണ്. അതു് മനസ്സിലാക്കാതെ എന്റെ പാർട്ടിയെപ്പറ്റി ഇങ്ങനെ ഒരു പ്രസ്താവന അദ്ദേഹം ചെയ്തതു് അത്യന്തം ഖേദകരമായിരിക്കുന്നു. പക്ഷേ, എനിക്കൊരു കാര്യം പറയാനുണ്ട്. ചീഫ്മിനിസ്റ്റർ തീകൊണ്ടു കളിക്കുകയാണെന്നു ഓർമ്മിക്കണം.

Dr. A. R. Menon : Sir, on a point of order. What has this to do with the adjournment motion before the House ? He cannot go on talking anything in the Assembly. He picks up a quarrel with the Leader of the House. They may settle it between themselves. But here is an adjournment motion and the Chair has to give a ruling whether the adjournment motion is in order ; and only the limited explanation or reasoning advanced for the purpose of adjourning the House is to be considered here. We are not here concerned with family quarrels.

Shri K. Sattanatha Karayalar : Sir,...... *நான் அந்த ஊருக்கு, அந்த இடத்திற்குப் போயிருந்தேன். அங்கே அடிபட்டவர்களையும் நேரில் பார்த்தேன்....................*

Mr. Speaker : Order, order. I have sufficient information now............

Shri K. Sattanatha Karayalar : When a false statement is made, am I not entitled to say what I saw ?

Mr. Speaker : Order, order. Now I have collected sufficient information from members of different Benches and I cannot allow any further discussion on the matter. Of course, the question of Tamil Nad was discussed on the floor of the Assembly once. Though the motion is in order, there will not be any useful purpose in discussing it further and so in the light of the statements made on the floor of the House both by the Chief Minister and by the hon. Members belonging to the opposite side, I withhold my consent to move this adjournment motion.

VOTING OF DEMANDS FOR GRANTS—(*contd.*)

Demand No. II Land Revenue—(*contd.*)

ശ്രീ. കെ. നാരായണക്കുറുപ്പ്: സർ, എനിക്ക് ഈ ഡിപ്പാർട്ടുമെന്റിൽനിന്നും പിരിച്ചുവിട്ട ആളുകളെപ്പറ്റിയാണ് ഇനി പറയുവാനുള്ളതു്. 1924 മുതൽ ഈ ഡിപ്പാർട്ടുമെന്റിൽ ജോലി നോക്കുന്ന പല ആളുകളേയും പിരിച്ചുവിട്ടിട്ടുണ്ട്. അവർ പലതരത്തിൽ നിവേദനങ്ങൾ ഗവണ്മെന്റിലേയ്ക്കു കൊടുത്തിട്ടുണ്ടെങ്കിലും ഗവണ്മെന്റ് ഇതുവരെ അതിനെപ്പറ്റി യാതൊന്നും ഗൗനിച്ചിട്ടില്ല. അതുകൊണ്ട് ഇന്ന് ഏകദേശം നാനൂററിചില്വാനം കുടുംബങ്ങൾ നിരാശ്രയരായി കഴിയുകയാണ്. ഈ ഡിപ്പാർട്ടുമെന്റിൽനിന്നും പിരിച്ചുവിട്ട ആരേയും ഇതുവരെ ഒരിടത്തും ജോലിയിൽ പ്രവേശിപ്പിച്ചിട്ടില്ല. ആ കാര്യത്തിൽ ഗവണ്മെന്റ് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എക്സൈസ് ഡിപ്പാർട്ടുമെന്റിൽനിന്നും പിരിച്ചുവിട്ട അനേകംപേരെ പോലീസ് ഡിപ്പാർട്ടുമെന്റിലേയ്ക്കു് എടുത്തിട്ടുണ്ട്. അതേയവസരത്തിൽ യാതൊരുത്തരവാദിത്വവുമില്ലാത്ത വിധത്തിൽ ഈ ഡിപ്പാർട്ടുമെന്റിൽനിന്നും പിരിച്ചുവിട്ടവരെ എങ്ങും എടുക്കാതെ തള്ളിയിരിക്കുന്നതു് കഷ്ടമാണ്. ഇവരെ, റവന്യു ഡിപ്പാർട്ടുമെന്റിൽ വേക്കൻസികൾ ഇല്ലെങ്കിൽ മറ്റേതെങ്കിലും ഡിപ്പാർട്ടുമെന്റുകളിൽ വരുന്ന ഒഴിവുകളിൽ നിയമിക്കണമെന്നും എനിക്കഭിപ്രായമുണ്ട്.

സർ, ദേവസ്വംവക വസ്തുക്കളിലെ കരക്കുടിശ്ശികകൾ റവന്യു റിക്കവറി ആക്റ്റിൻപ്രകാരം, പണ്ട് തമ്പുരാക്കന്മാർ ഭരിച്ചിരുന്ന കാലത്തു ഈടാക്കിക്കൊണ്ടിരുന്നു. ഇന്നു കൊച്ചിയിൽ ദേവസ്വംബോർഡു് നിയമപ്രകാരം കുടിശ്ശികകൾ ഈടാക്കിവരുന്നുണ്ട്. ഇങ്ങനെ റവന്യു റിക്കവറി ആക്റ്റിൻപ്രകാരം കരക്കുടിശ്ശിക ഈടാക്കുവാൻ ഈ ദേവസ്വം ബോർഡിനു് അധികാരമുണ്ടോ? ഇല്ലെങ്കിൽ അവരെ ആ കാര്യത്തിൽനിന്നും പിന്തിരിപ്പിക്കേണ്ടതാണ്. ദേവസ്വംവക പുറംപോക്കുകൾ ഏതെല്ലാം താലൂക്കുകളിൽ ഉണ്ടെന്നു കണ്ടുപിടിക്കാൻ പ്രത്യേകം ഏർപ്പാടുകൾ ചെയ്താലും തരക്കേടില്ല. അവ കണ്ടുപിടിച്ചു് കിടപ്പാടമില്ലാത്തവക്കു് ആ സ്ഥലം പതിച്ചുകൊടുക്കുന്നതു് നന്നായിരിക്കും.

ഈ ഗവണ്മെന്റു മുമ്പാകെ ഒരു ചെറിയ അഭിപ്രായം പുറപ്പെടുവിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളാം. പുരോഗമനപരമായ ഒരു രാഷ്ട്രത്തിൽ ഭൂനികുതി നിറുത്തൽ ചെയ്യണമെന്ന അഭിപ്രായമാണുള്ളതു്. സർ. സി. പി. രാമസ്വാമി അയ്യരുടെ കാലത്തു് ആ അഭിപ്രായത്തിനു് പ്രാബല്യം കൊടുത്തതിന്റെ ഫലമായിട്ടാണ് ഇവിടെ ബേസിക്ക്ടാക്സ് സിസ്റ്റംതന്നെ ഏർപ്പെടുത്തിയതു്. അതിനാൽ ഇവിടത്തെ ഭൂനികുതി നിശ്ശേഷം നിറുത്തി അതിനുപകരം അഗ്രിക്കൾച്ചറൽ ടാക്സ് കൂട്ടുകയാണു വേണ്ടതു്. അഗ്രിക്കൾച്ചറൽ ടാക്സ് ജനങ്ങളുടെ ഇടയിൽ ഉയന്ന തരത്തിൽ ജീവിക്കുന്ന ആളുകൾക്കുമാത്രമേ കൊടുക്കേണ്ടതായി വരുന്നുള്ളു എന്ന ഒരു ഗുണം അതിനുണ്ട്. പാവങ്ങൾക്കു് ആ ഭാരം ഉണ്ടാകുന്നതല്ല. ആ കാര്യവും ഗവണ്മെന്റ് ശ്രദ്ധിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. ജെ. അലക്സാണ്ടർ പറമ്പിത്തറ: സർ, ഞാൻ എന്റെ ഖണ്ഡനോപക്ഷേപത്തെ അവതരിപ്പിച്ചുകൊള്ളുന്നു. മുമ്പാലു് അഭിപ്ര

ധാനമായ കാര്യങ്ങൾ എനിക്കു് ഇവിടെ പ്രസ്താവിക്കുവാനുണ്ടെങ്കിലും സമയച്ചുരുക്കംകൊണ്ടു് ഒന്നുരണ്ടു കാര്യങ്ങൾ മാത്രം പറയാമെന്നു വിചാരിക്കുന്നു.

ആദ്യമായി നെൽ കൃഷിയും മത്സ്യബന്ധനവും തമ്മിലുണ്ടാകുന്ന സംഘട്ടനംമൂലം കൃഷിക്കാർക്കുണ്ടാകാവുന്ന പരാജയത്തെപ്പററിയാണു് പറയാനുള്ളതു്. ജന്മിമാരുടെ വകയായ പല സ്ഥലങ്ങളും കൃഷിക്കാർക്കു പാട്ടം കൊടുത്തിട്ടുണ്ടു്. അതേ സ്ഥലങ്ങൾതന്നെ മത്സ്യബന്ധനത്തിനു വേണ്ടി ലേലം ചെയ്തു കൊടുക്കുകയും ചെയ്തു. തൻമൂലം അവിടെ കൃഷി നടത്തുന്ന പാട്ടക്കാരനു കൃഷി വളരെ നഷ്ടത്തിൽ കലാശിക്കുന്നുണ്ടു്. ഈ അനുഭവമാണു് കുമ്പളങ്ങി മുതലായ സ്ഥലങ്ങളിൽ കൃഷി നടത്തുന്നവർക്കു് ഉണ്ടാകുന്നതു്. മത്സ്യബന്ധനം ഫിഷറി ആക്ടിൻപ്രകാരമാണു നടത്തുന്നതു്. അതു് ആദായമുള്ള ഒരു തൊഴിലുമാണു്. എങ്കിലും മത്സ്യബന്ധനംമൂലം നെൽകൃഷി ചെയ്യാൻ സാധിക്കാതെ വന്നതുകൊണ്ടു് ഈയിടെയായി അനവധി നിലങ്ങൾ കൃഷി ചെയ്യാതെ തരിശായി ഇടേണ്ട ഒരു പ്രതിസന്ധിഘട്ടത്തിൽ കൃഷിക്കാർ എത്തിയിരിക്കുന്നു. ഇതുസംബന്ധിച്ചു് ഏതെങ്കിലും നിയമത്തിനു വ്യത്യാസം വരുത്തേണ്ടതായി വന്നാൽ അതും ചെയ്തു മത്സ്യബന്ധനംമൂലം നെൽകൃഷിക്കു് തടസ്സമുണ്ടാകാത്ത ഒരു പരിതഃസ്ഥിതിയും സൃഷ്ടിക്കേണ്ടതാണു്. ഇപ്രകാരം നെൽ കൃഷി ചെയ്യാൻ സാധിക്കാതെ വന്നതിനാൽ പാട്ടം കൊടുക്കാൻ നിവൃത്തിയില്ലാതെവരികയും തൻമൂലം പാട്ടക്കാർക്കു് പല അവശതകൾ ഉണ്ടാകുകയും ചെയ്തിട്ടുണ്ടു്. അതിനെപ്പററി പല നിവേദനങ്ങളും ഗവൺമെൻറിലേയ്ക്കു് സമർപ്പിച്ചിട്ടുണ്ടു്. നെല്ലു കൊടുക്കുവാൻ നിവൃത്തിയില്ലാതെ വന്നപ്പോൾ പണമായിട്ടു കൊടുത്താൽ മതിയെന്നു തീരുമാനിക്കുകയും ഒരു പറ നെല്ലിനു 3 രൂപാ 6 അണ 9 പൈസ നിരക്കുവച്ചു് ജന്മി ഈടാക്കി വരികയും അങ്ങനെ കൊടുക്കുവാൻ പാട്ടക്കാരെ നിർബന്ധിക്കുകയും ചെയ്തു. ഇപ്പോൾ നെല്ലിനു വില കുറഞ്ഞ നിലയ്ക്കു ഈ കൂടുതൽ വില കൊടുക്കുവാൻ സാദ്ധ്യമല്ലാത്തതുകൊണ്ടു് ഇതിനെസംബന്ധിച്ചു ഒരു തീരുമാനം ഉണ്ടാക്കണമെന്നു ഗവൺമെൻറിൻെറ മുമ്പാകെ പലപ്പോഴും നിവേദനപ്പെട്ടിട്ടുണ്ടെങ്കിലും ഗവൺമെൻറു ആലോചിച്ചു വരുന്നുവെന്നു പറയുന്നതല്ലാതെ യാതൊരു തീരുമാനവും ഇതുവരെ ഉണ്ടാക്കിയിട്ടില്ല. ഗവൺമെൻറ് എത്രയും വേഗത്തിൽ അതിനെപ്പററി ഒരു തീരുമാനം ചെയ്യേണ്ടതാണു്.

മത്സ്യബന്ധനത്തെ സംബന്ധിച്ചു് ഒരു സംഗതികൂടി എനിക്കു പറയുവാനുണ്ടു്. മത്സ്യവ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി കോൾഡു് സ്റ്റോറേജു് പല സ്ഥലത്തും ഏർപ്പെടുത്താൻ പോകുന്നതായി പറയുന്നുണ്ടു്. കോൾഡ് സ്റ്റോറേജുപോലെതന്നെ അത്യാവശ്യമായ ഒരേർപ്പാടാണു ഡീ-ഹൈഡ്രേററർ സ്ഥാപിക്കുന്നതും. കോൾഡ് സ്റ്റോറേജ് വലിയ മത്സ്യങ്ങളെ സംബന്ധിച്ചിടത്തോളം മാത്രമെ കൂടുതലായി ഉപയോഗപ്പെടുകയുള്ളു. ചെറിയ മത്സ്യങ്ങൾ ഡീ-ഹൈഡ്രേററ് ചെയ്യുന്നതുകൊണ്ടു് ഈ വ്യവസായം കൂടുതലായി പുഷ്ടിപ്പെടുന്നതിനിടയുണ്ടു്. തൻമൂലം മത്സ്യബന്ധനത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്കു് കൂടുതൽ വരുമാനത്തിനും വകയുണ്ടു്. അതിൻെറ ആവശ്യകതയേയും സാദ്ധ്യതയേയും സംബന്ധിച്ചു് ഗവൺമെൻറ് പ്രത്യേകം പരിഗണിക്കണം.

[ശ്രീ. ജെ. അലക്സാണ്ടർ പറമ്പിത്തറ]

നാട്ടിൻപുറങ്ങളിൽ ഇന്നത്തെ ജീവിതസ്ഥിതി വളരെ ദുസ്സഹമായിത്തീർന്നിരിക്കുകയാണു്. ആളുകൾ വളരെയധികം തിങ്ങി താമസിക്കുന്നതാണു അതിനു കാരണം. 3000-ൽ ചില്വാനം ആളുകൾ തിങ്ങിത്താമസിക്കുന്ന പല പ്രദേശങ്ങളും ഈ നാട്ടിൽ ഉണ്ടു്. അവർക്കു് ജീവിക്കുവാനുള്ള യാതൊരു സൌകര്യവും ലഭിക്കുന്നില്ല. വെള്ളമില്ല, വേണ്ടിടത്തോളം കന്നുകാലികളില്ല, ആവശ്യമുള്ള കെട്ടിടങ്ങളില്ല, ശ്മശാനസ്ഥലംപോലുമില്ല. അവർക്കു് ജീവിക്കുവാനുള്ള സ്ഥലംപോലുമില്ലാതിരിക്കെ, മൃതശരീരങ്ങളെ വീട്ടിനടുത്തുതന്നെ സംസ്കരിക്കേണ്ടതായി വരുന്നു. തന്മൂലം അവിടത്തെ ജലം ഒന്നുകൂടി മലിനപ്പെട്ടുപോകുന്നു. കുമ്പളങ്ങി, ചെല്ലാനം, പനങ്ങാട്ടു്, കുമ്പളം, നെട്ടൂർ മുതലായ സ്ഥലങ്ങളിലെല്ലാം ഈ അനുഭവമാണുള്ളതു്. അത്രയേറെ ജനനിബിഡമായ സ്ഥലങ്ങളാണു ഇവയെല്ലാം. പെട്ടെന്നു ഇതിനൊരു പരിഹാരം ഉണ്ടാക്കുവാൻ സാദ്ധ്യമല്ല എന്നെനിക്കറിയാം. ഒരു പഞ്ചവത്സരപദ്ധതിയൊ, ദശവത്സരപദ്ധതിയൊ അല്ലെങ്കിൽ അൻപതുവത്സര പദ്ധതിയൊ ഏർപ്പെടുത്തിയിട്ടായാലും വേണ്ടുകയില്ല, ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ചില സ്ഥലങ്ങൾക്കു് പ്രയോറിററി കൊടുത്തു് ഇതിനു പോംവഴി ഉണ്ടാക്കിക്കൊടുത്താൽ ആ ഒരു നല്ല കാലത്തെ പ്രതീക്ഷിച്ചുകൊണ്ടെങ്കിലും ജനങ്ങൾക്കു് മരിക്കാൻ സാധിക്കുന്നതാണു്.

അവസാനമായി എനിക്കു് ചില ഉദ്യോഗസ്ഥന്മാരുടെ കാര്യത്തെക്കുറിച്ചാണു പറയുവാനുള്ളതു്. രണ്ടാംക്ലാസ്സ് മജിസ്ട്രേട്ടന്മാരായി റിക്രൂട്ടു ചെയ്തിരുന്നതു് അടുത്തകാലംവരെ സിക്രട്ടറിയേററിലുള്ള പരീക്ഷായോഗ്യതയുള്ള ആളുകളെയായിരുന്നു. എന്നാൽ ഈയിടെ ഗവണ്മെൻറ തീരുമാനപ്രകാരം അതിൽ 50 ശതമാനം പേരെ റവന്യൂ ഡിപ്പാർട്ടുമെൻറിൽ നിന്നും 25 ശതമാനംപേരെ മററു ഡിപ്പാർട്ടുമെൻറുകളിൽനിന്നും 25 ശതമാനം സെക്രട്ടറിയേററിൽനിന്നും റിക്രൂട്ടു ചെയ്യുവരുന്നു. ഇതു് സെക്രട്ടറിയേററിലെ ഉദ്യോഗസ്ഥന്മാരോടു് കാണിക്കുന്ന ഒരു അനീതിയാണെന്നു പറയേണ്ടിയിരിക്കുന്നു. അതുകൊണ്ടു് അക്കാര്യം ഗവണ്മെൻറ് ഒന്നുകൂടി പുനരാലോചിച്ചാൽ കൊള്ളാം.

ശ്രീ. എം. എ. ആൻറണി: സർ, ലാൻഡു റവന്യൂ സംബന്ധിച്ചു ഇവിടെ നടക്കുന്ന ഈ വാദപ്രതിവാദത്തിൽ പങ്കുകൊണ്ടു്, അതിപ്രധാനങ്ങളായ ചില കാര്യങ്ങളിലേക്കു ഗവണ്മെൻറിൻെറ ശ്രദ്ധ ക്ഷണിക്കുവാൻ ഞാനാഗ്രഹിക്കുന്നു.

ആദ്യമായി എനിക്കു പറയുവാനുള്ളതു് ഈ രാജ്യത്തെ വനഭൂമികൾ വെട്ടിത്തെളിച്ചു് കുന്നും മലയും വെട്ടി നിരത്തി പൊന്നു വിളയുന്ന കൃഷിഭൂമികളാക്കി, മലമ്പനിയോടും, കാട്ടുമൃഗങ്ങളോടും മല്ലടിച്ചു്, ആരോഗ്യം നശിച്ചു് കഷ്ടപ്പെട്ടു് പണിയെടുക്കുന്ന സാധുക്കളായ കൃഷിക്കാരെ ചട്ടമ്പികളുടെയും മററു അക്രമങ്ങളിൽനിന്നു് രക്ഷപ്പെടുത്തി അവരുടെ ജീവനു് ഉറപ്പുനൽകുന്ന ഒരു പരിതസ്ഥിതി ഉണ്ടാക്കുന്നതിനു് ആവശ്യമായ നടപടികൾ ഗവണ്മെൻറ കൈക്കൊള്ളണമെന്നാണു്. ഞാൻ ഇതു പറയുന്നതു് ഈ അടുത്ത ദിവസങ്ങളിൽ നെയ്യാററിങ്കരതാലൂക്കിൽ കാണിപ്പാററ എന്ന സ്ഥലത്തു നടന്ന സംഭവം മനസ്സിൽവച്ചുകൊണ്ടാണു്. അവിടത്തെ സാധുക്കളായ കൃഷിക്കാരുടെ മേൽ ഈ കഴിഞ്ഞ 20-ാംനു- ചില

ചട്ടമ്പികളും ഗുണ്ടാകളുംകൂടി അക്രമങ്ങൾ നടത്തുകയുണ്ടായി. എല്ലും മുള്ളും പൊടിഞ്ഞു് വേലയെടുത്തുണ്ടാക്കിയ കൃഷി നശിപ്പിച്ചും, പാവങ്ങളായ കൃഷിക്കാരുടെമേൽ മർദ്ദനം നടത്തിയും ഇവരെ അവിടെനിന്നു ആട്ടിപ്പായിക്കുവാൻ ഒരു സംരംഭം നടത്തുകയുണ്ടായി. ഇതിന്റെ പുറകിൽ ആ നാട്ടിലെ കമ്മ്യൂണിസ്റ്റുകാരുടെ കറുത്തകൈകൾ ഉണ്ടെന്നു ഞങ്ങൾക്കു ബോദ്ധ്യമായിട്ടുണ്ടു്. ഏതായാലും പോലീസു അതിനെ സംബന്ധിച്ചു് അന്വേഷിക്കുകയും ഒരു കേസു രജിസ്റ്റർചെയ്യുകയും ചെയ്തിട്ടുള്ളതിനാൽ കൂടുതലായൊന്നും ഞാൻ അതിനെപ്പററി പറയുന്നില്ല. ഗവണ്മെന്റിനോടു എനിക്കു പറയുവാനുള്ളതു്, ഈ വക സംരംഭങ്ങളെ ധീരമായിത്തന്നെ എതിരിടണമെന്നും, സമാധാനമായ ഒരന്തരീക്ഷം സൃഷ്ടിക്കുന്നതിനു വേണ്ട എല്ലാ നടപടികളും അടിയന്തിരമായി എടുക്കണമെന്നുമാണു്.

സർ, ഇനി എനിക്കു പറയുവാനുള്ളതു്, നമ്മുടെ താലൂക്കുകളും റവന്യൂ വില്ലേജുകളും പുനഃസംഘടിപ്പിക്കേണ്ടതിന്റെ ആവശ്യകതയെപ്പററിയാണു്. തലമുറ തലമുറയായി നിലനിന്നുപോന്ന ഏകാധിപത്യ ഭരണത്തിന്റെ അവശിഷ്ടമായിട്ടാണു് ഇന്നു അവ അനുഭവപ്പെടുന്നതു്. ഈ ജനകീയയുഗത്തിൽ വർദ്ധിച്ചുവരുന്ന ജനങ്ങളുടെ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനും, ഭരണപരമായ കാര്യങ്ങൾ നടത്തുന്നതിനും തീരെ അസൗകര്യമായ വിധത്തിലാണു താലൂക്കുകളും പകുതികളും സംഘടിപ്പിച്ചിരിക്കുന്നതു്. അതിനാൽ അടിയന്തരമായി ശ്രദ്ധിക്കേണ്ട ഒരു കാര്യമാണു് ഇതു്. നമ്മുടെ രാജ്യത്തു് ഒരു താലൂക്കിന്റെ രണ്ടുമൂന്നു ഇരട്ടി വലുപ്പമുള്ള റവന്യൂവില്ലേജുകളും, റവന്യൂവില്ലേജുകളെക്കാൾ വളരെ വിസ്താരം കുറഞ്ഞ താലൂക്കുകളും ഉണ്ടു്. മററുവിധത്തിൽ പറഞ്ഞാൽ, ഒരു ഭാഗത്തു് അഞ്ചും പത്തും മൈൽ വിസ്തീർണ്ണമുള്ള റവന്യൂവില്ലേജുകൾ മുതൽ നൂറു നൂററിയൻപതു മൈൽ വിസ്തീർണ്ണമുള്ള റവന്യൂ പകുതികൾ, വേറൊരു ഭാഗത്തു് 50 മുതൽ 500വരെ മൈൽ വിസ്തീർണ്ണമുള്ള താലൂക്കുകൾ ഇങ്ങനെ ഒരു ഏകീകരണമില്ലാത്ത റവന്യൂ ഘടകങ്ങളാണു് നാം കാണുന്നതു്. കൊച്ചിയിലെ റവന്യൂ വില്ലേജുകൾ താരതമ്യേന വളരെ ചെറുതാണെങ്കിൽ, തിരുവിതാംകൂറിലേതു് താരതമ്യേന വളരെ വലുതാണു്. തൻമൂലം ഭരണപരമായി വളരെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ഉണ്ടാകുകയും, അതു പൊതുജനങ്ങളുടെ ആവശ്യനിർവ്വഹണത്തിനു് കാലവിളംബവും അസൗകര്യവും ഉണ്ടാക്കുകയും ചെയ്യുന്നു. നൂററിൽ ചില്വാനം മൈൽ വിസ്താരമുള്ള ഒരു റവന്യൂവില്ലേജിന്റെ ഭരണം, നിസ്സാര ശമ്പളക്കാരനായ ഒരു വില്ലേജാഫീസറോ, പാർവ്വത്യകാരനോ, എങ്ങനെയാണു സമർത്ഥമായി നടത്തുന്നതു്? അതുപോലെതന്നെ ഒരു താലൂക്കിന്റെ അധികാരിയായ തഹശീൽദാർ അതി വിസ്തൃതമായി കിടക്കുന്ന താലൂക്കിന്റെ എല്ലാ ഭാഗങ്ങളിലും ശരിയായി ശ്രദ്ധ ചെലുത്തി ഭംഗിയായി ഭരിക്കുവാൻ എത്ര ശ്രമിച്ചാലും അതു കാര്യക്ഷമമാകുകയില്ല. അതിന്റെ ഫലം നാട്ടുകാരാണു് അനുഭവിക്കേണ്ടതു്. അതുകൊണ്ടു ഈ താലൂക്കുകളും, വില്ലേജുകളും പുനഃസംഘടിപ്പിക്കുന്നതിനു് ആവശ്യമായ നടപടികൾ എടുക്കുവാൻ ഞാൻ ഗവണ്മെന്റിനെ ഉൽബോധിപ്പിക്കുന്നു. വില്ലേജുകൾ പുനഃസംഘടിപ്പിക്കുന്നതു ഗ്രാമീണ ജീവിതത്തിന്റെ വികസനത്തിനു് അനുകൂലമായ വിധത്തിലായിരിക്കണം. ജനകീയഭരണത്തിന്റെ മൂലക്കല്ലായ ഗ്രാമപ്പഞ്ചായത്തുകളുടെ അടിസ്ഥാനത്തിലായിരിക്കണം റവന്യൂ

[ശ്രീ. എം. എ. ആന്റണി]

വില്ലേജുകളുടെ പുനഃസംഘടന നടത്തേണ്ടതു്. ഇതു വളരെ എളുപ്പമായ കാര്യമാണെന്നു ഞാൻ പറയുന്നില്ല. വളരെ വ്യാമിശ്രവും ബുദ്ധിമുട്ടും ഉൾക്കൊള്ളുന്ന ഒരു സംരംഭമാണിതു്. പക്ഷെ ഇതിന്റെ പ്രാരംഭ നടപടികൾ ഇപ്പോൾ തന്നെ ആരംഭിക്കണം.

സർ, ഇത്തരുണത്തിൽ അതിപ്രധാനമായ ഒരു സംഗതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെടുത്തുവാൻ ഞാനാഗ്രഹിക്കുന്നു. പെരിയാറിനും ചാലക്കുടിക്കും മദ്ധ്യേ കിടക്കുന്ന സ്ഥലങ്ങൾ എല്ലാം ചേർന്നു് ഒരു താലൂക്ക രൂപീകരിക്കേണ്ടതു് വളരെ അത്യാവശ്യമായ ഒരു കാര്യമാണു്. കഴിഞ്ഞ നിയമസഭയിൽ ഇതുസംബന്ധിച്ചു് ഒരു പ്രമേയം ഞാൻ അയച്ചിരുന്നു. എന്നാൽ സമയദൌർല്ലഭ്യംകൊണ്ടു് അതു ചർച്ചചെയ്യുവാൻ സാധിച്ചില്ല. ഇതു ചിരപ്രതീക്ഷിതമായ ഒരു അഭിലാഷമാണു്. ഈ വില്ലേജുകളിൽ താമസിക്കുന്ന ഏതാണ്ടു് രണ്ടുലക്ഷത്തോടു് അടുത്തുവരുന്ന ജനങ്ങളുടെ ആഗ്രഹമാണു്, അഭിപ്രായമാണു്. ജനങ്ങളുടെ അഭിപ്രായങ്ങൾക്കു് രൂപംകൊടുക്കുന്ന ഒരു ഗവണ്മെന്റാണു് ഇതെങ്കിൽ ഈ കാര്യത്തെപ്പററി അവഗാഢമായി ആലോചിച്ചു് അനുകൂലമായ ഒരു തീരുമാനം ചെയ്യേണ്ടതാണു്. ഈ നാട്ടിലെ നേതാക്കന്മാരുടേയും ഗവണ്മെന്റിന്റെയും ശ്രദ്ധ പതിയാതെ കിടക്കുന്ന സ്ഥലങ്ങളാണു് പെരിയാറിനു വടക്കുവശമുള്ള പ്രദേശങ്ങൾ. ഈ പ്രദേശങ്ങൾ യാതൊരഭിവൃദ്ധിയുമില്ലാതെ അവഗണിക്കപ്പെട്ടുകിടക്കുന്ന സ്ഥലങ്ങളാണു്. വിസ്തൃതമായ താലൂക്കുകളുടെ മൂലയിൽ കിടക്കുന്ന സ്ഥലങ്ങളാകകൊണ്ടു് ഗവണ്മെന്റു അധികാരികളുടെ ദൃഷ്ടി അധികമൊന്നും ഇവിടേക്കു പതിയാറില്ല. അതിവിസ്തൃതമായ കുന്നത്തുനാട്ടു് താലൂക്കിന്റെ വടക്കെയററത്തു്, പെരിയാറിനാൽ വിച്ഛേദിക്കപ്പെട്ടു കിടക്കുന്ന കോതകുളങ്ങര, മഞ്ഞപ്ര, മാണിക്കമംഗലം എന്നീ പകുതികൾ പണ്ടുമുതലെ എല്ലാവരാലും അവഗണിക്കപ്പെട്ട പകുതികളായിട്ടാണു സ്ഥിതിചെയ്യുന്നതു്. അതുപോലെ തന്നെ പറവൂർ താലൂക്കിൽപെട്ട ചെങ്ങമനാടു്, പാറക്കടവു്, അയിരൂർ മുതലായ റവന്യൂ വില്ലേജുകളും ഗവണ്മെന്റിന്റെ ശ്രദ്ധ ആകർഷിക്കാതെ കിടക്കുന്ന പ്രദേശങ്ങളാണു്. ജനങ്ങളുടെ ഗതാഗതത്തിനു് ഒരു റോഡുപോലുമില്ലാത്ത വില്ലേജുകളാണിവ. അതുപോലെതന്നെ മലയാററൂർ, ചൊവ്വര, കാഞ്ഞൂർ മുതലായ പ്രദേശങ്ങളും ഇന്നു അവഗണിക്കപ്പെട്ടുകിടക്കുകയാണു്. ഈ പ്രദേശത്തു കുറെ ജനങ്ങൾ ഉണ്ടെന്നും, അവർക്കു് ചില ആവശ്യങ്ങൾ ഉണ്ടെന്നും ഗവണ്മെന്റു ഇതേവരെ മനസ്സിലാക്കി, അവിടങ്ങളിൽ കാര്യമായിട്ടൊന്നും പ്രവർത്തിച്ചിട്ടില്ലെന്നു ഞാൻ പറയുമ്പോൾ അതു നഗ്നമായ പരമാർത്ഥമാണെന്നു ഗവണ്മെന്റു മനസ്സിലാക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. പെരിയാറിനു വടക്കുവശമുള്ള വില്ലേജുകൾ എല്ലാം ഭൂമിശാസ്ത്രപരമായും, സാമൂഹ്യമായും, തൊഴിൽപരമായും ഒരു ഘടകമായി സ്ഥിതിചെയ്യുന്നു. കൃഷിയും കൈത്തൊഴിലുമാണു് അവിടത്തെ ജനങ്ങളുടെ ഉപജീവനമാർഗ്ഗം. വ്യവസായങ്ങളോ, അതുപോലുള്ള മററു പ്രവർത്തനങ്ങളോ ഒന്നും അവിടെയില്ല. ജനങ്ങളുടെ സാമ്പത്തികവും സാമൂഹ്യവുമായ നിലവച്ചുനോക്കിയാലും വലിയ വ്യത്യാസങ്ങൾ അവിടെയില്ല. സാധുക്കളും ഇടത്തരക്കാരുമല്ലാതെ മികച്ച ധനാഢ്യന്മാരായി ആരുമില്ലെന്നുതന്നെ പറയാം.

സർ, തിരുവിതാംകൂർ-കൊച്ചിയുടെ സംയോജനത്തോടുകൂടി കൊച്ചിയുടെ അതിർത്തിയിൽ കിടക്കുന്ന പല വില്ലേജുകൾ പുനഃസംഘടിപ്പിക്കേണ്ടതായിരുന്നു. മുൻ കൊച്ചി വിഭാഗത്തിൽപെട്ടതും, പെരിയാറിന്റെ വടക്കെ തീരത്ത്, കുന്നത്തുനാടുതാലൂക്കിലെ വില്ലേജുകളാൽ ചുററപ്പെട്ടു കിടക്കുന്ന ഒരു ചെറിയ ഗ്രാമമാണ് മലയാററൂർ. ഇതു കൊച്ചി കണയന്നൂർ താലൂക്കിൽ ഉൾപ്പെട്ടു കിടക്കുന്നു. ഇവിടെനിന്നും ഏതാണ്ടു മുപ്പതു മൈൽ ദൂരെയുള്ള എറണാകുളത്താണ് അവരുടെ താലൂക്കാഫീസും, കോടതികളും. അതുപോലെതന്നെ കുന്നത്തുനാട്, പറവൂർ താലൂക്കുകളിൽപെട്ട വില്ലേജുകളുടെ മദ്ധ്യേ സ്ഥിതിചെയ്യുന്നതാണ് വടക്കുംഭാഗം, തെക്കുംഭാഗം, കിഴക്കുംഭാഗം, ചൊവ്വര മുതലായി കൊച്ചി കണയന്നൂർ താലൂക്കിൽപെട്ട വില്ലേജുകൾ. ഇവിടത്തെ ജനങ്ങൾക്കും 25 മൈൽ ദൂരെയുള്ള എറണാകുളം താലൂക്കുകച്ചേരിയും, കോടതികളുമാണു സങ്കേതസ്ഥലം. ഈ പരിതഃസ്ഥിതികൊണ്ടു് അവിടത്തെ ജനങ്ങൾക്കുമാത്രമല്ല, ഉദ്യോഗസ്ഥന്മാർക്കുപോലും വളരെ അസൗകര്യവും ബുദ്ധിമുട്ടും ഉണ്ടാകുന്നുണ്ട്. മുൻപറഞ്ഞ കൊച്ചി വില്ലേജുകളും കുന്നത്തുനാട്, പറവൂർ താലൂക്കുകളിലെ മേൽ പ്രസ്താവിച്ച പകുതികളും ഒരു പോലീസ് സ്റ്റേഷന്റെയും, എക്സൈസ് സർക്കിളിന്റെയും കീഴിലാകയാൽ ഇതിന്റെ ഉദ്യോഗസ്ഥന്മാർക്ക് പെരുമ്പാവൂർ, എറണാകുളം, പറവൂർ, മുതലായ മജിസ്ട്രേട്ടുകോടതികളിലും താലൂക്കുകച്ചേരികളിലും കൂടക്കൂടെ പോകേണ്ടതായി വരുന്നു. അതുകാരണം, അവരുടെ കൃത്യനിർവ്വഹണത്തിനു് കൂടുതൽ ബുദ്ധിമുട്ടും അസൗകര്യവും ഉണ്ടാകുന്നു. മേൽപറഞ്ഞ കാരണങ്ങളെല്ലാം അടിസ്ഥാനമാക്കിയാണ് ഇവിടെ ഒരു പുതിയ താലൂക്കുവേണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നതു്. കുന്നത്തുനാട്ട് താലൂക്കിലെ കോതകുളങ്ങര, മഞ്ഞപ്ര, മാണിക്കമംഗലം പകുതികളും അവയോടുചേർന്നുകിടക്കുന്ന കൊച്ചി കണയന്നൂർ താലൂക്കിലെ മലയാററൂർ, വടക്കുംഭാഗം, കിഴക്കും ഭാഗം, തെക്കുംഭാഗം, ചൊവ്വര മുതലായ വില്ലേജുകളും, പറവൂർ താലൂക്കിൽ ഉൾപ്പെട്ട ചെങ്ങമനാട്, പാറക്കടവ് പകുതികളും, അയിരൂർ പകുതിയിലെ ഏതാനും വില്ലേജുകളുംകൂടിച്ചേർത്ത് ചാലക്കുടി പുഴയ്ക്കു് തെക്കുവശം മുകുന്ദപുരം താലൂക്കിൽ ഉൾപ്പെട്ടു കിടക്കുന്ന മുരിങ്ങൂർ, കൊരട്ടി, കല്ലൂർ, മേലൂർ മുതലായ വില്ലേജുകളുംകൂടി യോജിപ്പിച്ചു് ഒരു പുതിയ താലൂക്കു രൂപീകരിക്കണമെന്നാണ് എനിക്കു ഗവണ്മെന്റിനോടു ആവശ്യപ്പെടുവാനുള്ളതു്. ഇങ്ങനെ രൂപീകരിക്കുന്ന താലൂക്കിൽ ഏതാണ്ടു് രണ്ടുലക്ഷത്തോളംവരുന്ന ഒരു ജനസംഖ്യ ഉണ്ടായിരിക്കും. മുകുന്ദപുരം താലൂക്കും, കുന്നത്തുനാടുതാലൂക്കും വളരെ വലുതാകയാൽ അവയിൽനിന്നും ഏതാനും വില്ലേജുകൾ വേർപെടുത്തുകയാണെങ്കിൽ ഈ രണ്ടുതാലൂക്കുകളും ഭരണപരമായി വളരെ സൗകര്യമുള്ളവയായിരിക്കും. പറവൂർ താലൂക്കിനോടു് ഇപ്പോൾ മററു താലൂക്കുകളിൽ ഉൾപ്പെട്ടു കിടക്കുന്നതും, അതിനോടു് അടുത്തുള്ളതുമായ ചില വില്ലേജുകൾ യോജിപ്പിച്ചാൽ പറവൂർ താലൂക്കിൽനിന്നു ചെങ്ങമനാട്, പാറക്കടവ് മുതലായ പകുതികൾ വിട്ടുപോകുന്നതിന്റെ കുറവു പരിഹരിക്കാവുന്നതാണ്. സാമ്പത്തികമായി വളരെ ചെലവുവരുന്ന ഒരു സംഗതിയാണിതെന്നു ഒരുപക്ഷെ, ഗവണ്മെന്റ് പറയുമായിരിക്കും. പക്ഷെ എനിക്കു അതിനു പറയുവാനുള്ള മറുപടി താലൂക്കുകളും വില്ലേജുകളും പുനസ്സംഘടിപ്പിക്കുകയാണെങ്കിൽ, ചില താലൂക്കുകളും പകുതികളും മററു ചിലതിനോടു് യോജിപ്പിക്കുവാനും, അങ്ങനെ ചില താലൂക്കുകളും

[ശ്രീ. എം. എ. ആൻറണി]

പകുതികളും ഇല്ലാതാക്കുവാനും അത്യാവശ്യമുള്ള സ്ഥലങ്ങളിൽ അവ പുതിയതായി രൂപീകരിക്കുവാനും സാധിക്കുമെന്നുണ്ട്. അപ്പോൾ സാമ്പത്തികമായി വളരെ ചെലവുവരുന്ന ഒരു കാര്യമല്ല ഇത്. അതുകൊണ്ട് ഈ കാര്യങ്ങളെപ്പററി അന്വേഷിച്ച് ശരിയായ റിപ്പോർട്ട് സമർപ്പിക്കുവാൻ ജനകീയാഭിലാഷങ്ങളെ മാനിക്കുന്ന സമർത്ഥനായ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുവാൻ ഞാൻ ഗവണ്മെൻറിനോടു അപേക്ഷിക്കുന്നു.

സർ, ലാൻഡ് അക്വിസിഷൻസംബന്ധിച്ച് ചില വസ്തുതകൾ പറയുവാൻ ഞാനാഗ്രഹിക്കുന്നു. വളരെയധികം ജോലിയുള്ള റവന്യൂ ഡിപ്പാർട്ട്മെൻറിലെ ആളുകളെ ഇതു ഏല്പിക്കുന്നതുമൂലം ഒരുകാര്യവും നടക്കുന്നില്ല. സ്ഥലം എടുത്തുകിട്ടാതെ റോഡുകളും, അതുപോലുള്ള മരാമത്തു വേലകളും നടത്തുവാൻ സാധിക്കുന്നില്ല. ഒന്നുംരണ്ടും കൊല്ലം കഴിഞ്ഞിട്ടും സ്ഥലം എടുത്തുകിട്ടാത്തതുകൊണ്ട് മുടങ്ങിക്കിടക്കുന്ന വേലകൾ അനവധിയുണ്ട്. അനുവദിച്ച വേലയ്ക്കുള്ള പണം ലാപ്സാകും, പണി നടക്കുകയുമില്ല. ഈ വസ്തുത പൊതുമരാമത്തു മന്ത്രി ചോദ്യോത്തരവേളയിൽ സമ്മതിക്കുകയുണ്ടായി. അതിനാൽ ലാൻഡ് അക്വിസിഷൻ നടപടികൾക്ക് പ്രത്യേകം സ്റ്റാഫിനെ നിയമിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

സർ, അതുപോലെതന്നെ പഞ്ചായത്തുകളിലെ സെസ്സ് പിരിക്കുന്ന ജോലി വില്ലേജ് ആഫീസറന്മാരെയാണ് ഇപ്പോൾ ഏല്പിച്ചിരിക്കുന്നത്. വളരെ ബുദ്ധിമുട്ടുള്ള ഒരു ജോലിയാണിത്. കരം കൊടുക്കുവാൻ വരുന്നവരിൽനിന്നും സെസ്സു ഈടാക്കി അതിന് പ്രത്യേകം രസീതു എഴുതി നാട്ടുവഴിയിൽ കയററി പഞ്ചായത്തു പ്രസിഡൻറിനെ ഏല്പിക്കുന്ന ഏർപ്പാടാണ് ഇപ്പോൾ നടക്കുന്നത്. റവന്യൂകാര്യങ്ങൾതന്നെ ശരിക്കു നടത്തുവാൻ അസൗകര്യമുള്ള പാർവ്വത്യകാരന്മാർ ഇതിൽ അമാന്തം വിചാരിക്കുന്നതിൽ അവരെ കുററപ്പെടുത്തിയിട്ടു കാര്യമില്ല. തന്മൂലം പല പഞ്ചായത്തുകളിൽ കുടിശ്ശികയിനത്തിൽ വളരെ സംഖ്യ പിരിഞ്ഞുകിട്ടുവാനുണ്ട്. അതിനാൽ കരംകൊടുക്കുന്ന ആളിൽനിന്നു സെസ്സു പിരിച്ച് ഒന്നിച്ച് റവന്യൂ അക്കൗണ്ടിൽ അടച്ചു ഒടുവിൽ ഓരോ പഞ്ചായത്തിനും ലഭിക്കേണ്ട വീതം അതാതു പഞ്ചായത്തുകളിലെ പി. ഡി. അക്കൗണ്ടിലേക്കു കൈമാററംചെയ്താൽ വളരെ നന്നായിരിക്കുമെന്നാണ് എൻെറ അഭിപ്രായം.

നിസ്സാരശമ്പളക്കാരായ വില്ലേജു ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നകാര്യവും ഗവണ്മെൻറ ഗാഢമായി പര്യാലോചിക്കേണ്ടതാണ്. അവർചെയ്യുന്ന ജോലിക്കു അനുസൃതമായ ശമ്പളം ഇന്നവർക്ക് ലഭിക്കുന്നില്ല. വളരെ അധികംജോലിയുള്ള വില്ലേജുകളിൽ ആവശ്യത്തിനുള്ള സ്റ്റാഫില്ല. അതുകൊണ്ട് അങ്ങനെയുള്ള സ്ഥലങ്ങളിൽ വേണ്ട സ്റ്റാഫിനെ നിയമിക്കുകയും, വില്ലേജു ആഫീസറന്മാർക്ക് കൂടുതൽ ശമ്പളം കൊടുക്കുകയും ചെയ്യുന്നകാര്യം ഗവണ്മെൻറ അടിയന്തിരമായി ശ്രദ്ധിക്കേണ്ടതാണ്.

സർ, വെള്ളക്കരം പിരിക്കുന്നതിനെസംബന്ധിച്ചുകൂടി രണ്ടുവാക്കു പറഞ്ഞുകൊള്ളട്ടെ. എൻെറ നിയോജകമണ്ഡലത്തിൽപെട്ട അവണം

കോട്ട്, പാറക്കടവ് തുടങ്ങിയ സ്ഥലത്തു ലിഫ്റ്റ് ഇറിഗേഷൻമൂലം വെള്ളം കിട്ടാത്ത നിലങ്ങളുടെ ഉടമസ്ഥരിൽനിന്നും വെള്ളക്കരം ഈടാക്കി വരുന്നുണ്ട്. ഇതു വളരെ അനീതിയാണ്. കൊയ്ത്തുകാലമാകുമ്പോൾ പാർവ്വത്യകാർവന്ന് വിളവു ജപ്തിചെയ്യുക, ലാൻഡ് റവന്യൂ റിക്കവറി ആക്റ്റ് അനുസരിച്ചുള്ള നടപടികൾ നടത്തുക എന്നിവ സാധാരണമാണ്. വെള്ളം ലഭിക്കാത്ത സ്ഥലങ്ങളെ വെള്ളക്കരത്തിൽനിന്നു ഒഴിവാക്കാമെന്നു കഴിഞ്ഞ നിയമസഭയിൽ എന്റെ ഒരു ചോദ്യത്തിന് ഉത്തരം നൽകുകയുണ്ടായി. എന്നാൽ അതിനുശേഷം, യാതൊരു നടപടിയും ഉണ്ടായില്ല. വെള്ളക്കരത്തിൽനിന്ന് ഒഴിവാക്കേണ്ട സ്ഥലങ്ങൾ ഏതെല്ലാമാണെന്നു റവന്യൂ അധികാരികൾ ഒരു റിപ്പോർട്ട് തയാറാക്കി ഗവണ്മെന്റിലേയ്ക്കു അയച്ചിട്ടുണ്ടെന്നാണ് എന്റെ അറിവ്. ആ റിപ്പോർട്ട് അനുസരിച്ച് ആ സ്ഥലങ്ങൾ വെള്ളക്കരത്തിൽനിന്നു ഒഴിവാക്കുകയും, വെള്ളം കയറാത്ത നിലങ്ങളിൽ ഉണ്ടാക്കിയിരിക്കുന്ന ബണ്ടുകൾ തട്ടിനിരത്തി കൃഷിചെയ്യുന്നതിന് ഉപയുക്തമായ നിലമാക്കി അതാതു കൃഷിക്കാർക്കു കൊടുക്കുകയും ചെയ്യുന്നതിനു അടിയന്തിരമായ നടപടികൾ എടുക്കുവാൻ ഞാൻ ഗവണ്മെന്റിനോടു ആവശ്യപ്പെടുന്നു. അതുപോലെതന്നെ പറവൂർ താലൂക്കിൽ പല സ്ഥലത്തും ഒരുപ്പൂവ് കൃഷിക്കുമാത്രം വെള്ളം കിട്ടുന്നസ്ഥലങ്ങളിൽനിന്നും ഇരുപ്പൂവ് കൃഷിക്കുവെള്ളംകിട്ടുന്നസ്ഥലങ്ങളിൽനിന്നും പിരിക്കുന്ന കരമാണ് ഇപ്പോൾ പിരിച്ചുവരുന്നതു്. ഇതു തെറ്റായ നടപടിയാണ്. ഇരുപ്പൂവുകൃഷിക്കു വെള്ളംകിട്ടുന്ന സ്ഥലങ്ങളിൽനിന്നു് പിരിക്കുന്ന കരത്തിന്റെ പകുതിവെച്ചു മാത്രമെ ഒരുപ്പൂവുകൃഷിക്കുമാത്രം വെള്ളംകിട്ടുന്ന സ്ഥലങ്ങളിൽനിന്നു പിരിക്കാവൂ.

സർ, ഒരുകാര്യംകൂടി പറഞ്ഞുകൊണ്ടു് എനിക്കു് അനുവദിച്ച സമയം അവസാനിച്ചതിനാൽ എന്റെ പ്രസംഗം ഞാൻ അവസാനിപ്പിച്ചുകൊള്ളാം. ചാലക്കുടി ഇറിഗേഷൻ ഇടതുഭാഗം കനാലിന്റെ ഇരുവശവും അനേകായിരം ഏക്കർ വനഭൂമി വനമില്ലാതെ നിരന്നു പരന്നു കിടക്കുന്നുണ്ടു്. സമനിരപ്പായ ഭൂമിയായതുകൊണ്ടും ജലസേചനത്തിനു വളരെ സൗകര്യമുള്ളതുകൊണ്ടും കൃഷിചെയ്യുന്നതിന് ഇതു ഏററവും നല്ല ഭൂമിയാണ്. കുന്നത്തുനാട്ടുതാലൂക്കിലെ മഞ്ഞപ്ര, കോതകുളങ്ങര പകുതികളിലാണ് ഈ തരിശുഭൂമിയുള്ളതു്. അതുകൊണ്ടു് സാധുക്കളായ കൃഷിക്കാർക്ക് ഈ ഭൂമി അഞ്ചേക്കർവീതം കുത്തകപ്പാട്ടവ്യവസ്ഥയിൽ കൃഷിചെയ്യുന്നതിന് വിട്ടുകൊടുക്കുവാൻ ഞാൻ ഗവണ്മെന്റിനോടു അപേക്ഷിക്കുന്നു.

സർ, മേൽപ്രസ്താവിച്ച കാര്യങ്ങളിലെല്ലാം ഗവണ്മെന്റിന്റെ അടിയന്തിരമായ ശ്രദ്ധ പതിയണമെന്നു അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ ഉപസംഹരിക്കുന്നു.

<u>ശ്രീ. കുട്ടപ്പൻ കോയിക്കൽ</u>: സർ, ഒരു പായിന്റു ആഫ് ആർഡർ. 45 അംഗങ്ങളുള്ള കാൺഗ്രസ്സ് പാർട്ടിയിൽനിന്നും ഈ വിഷയത്തെപ്പററി ഇന്നലെ രണ്ടുപേർ സംസാരിച്ചു, ഇന്നും രണ്ടുപേർ സംസാരിച്ചു. അതേസമയം 31 അംഗങ്ങളുള്ള ഞങ്ങളുടെ പാർട്ടിക്കു് സംസാരിക്കാനുള്ള അനുവാദംകൊടുത്തതു് ഒരംഗത്തിനുമാത്രമാണ്. പാർട്ടിയുടെ സംഖ്യയനുസരിച്ച് സംസാരിക്കാൻ സമയം അനുവദിച്ചുകിട്ടണമെന്നുള്ളതിലേയ്ക്കു ഒരു റൂളിംഗ് ഉണ്ടാകണമെന്നപേക്ഷിക്കുന്നു.

മി. സ്പീക്കർ: എല്ലാ പാർട്ടികളിൽനിന്നും ഇതുപോലുള്ള പരാതികൾ ഉണ്ടായിട്ടുണ്ട്. ഈ ഹൗസിന്റെ സെൻസ് അനുസരിച്ചു പ്രവർത്തിക്കാൻ ഞാൻ ഒരുക്കമാണ്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രാക്റ്റീസ് കട്ട്മോഷൻസ് അവതരിപ്പിക്കുന്ന മെമ്പറന്മാർ ഉൾക്കൊള്ളുന്ന പാർട്ടികളുടെ ഒരു ലിസ്റ്റ് തയ്യാറാക്കി ആ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ കട്ട്മോഷന്റെ പ്രാധാന്യം അനുസരിച്ച്, ഓരോ പാർട്ടിയിൽപ്പെട്ട മെമ്പറന്മാർക്കും ഇത്രയിത്ര സമയമെന്നു ക്ലിപ്തപ്പെടുത്തുകയാണ്. അതനുസരിച്ചു ഓരോ ഡിമാൻഡിനെപ്പറ്റിയുള്ള ചർച്ചകൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ള ആകെ സമയത്തെ വീതിച്ചുകൊടുത്തിരിക്കുകയാണ്. അങ്ങനെ വരുമ്പോൾ എല്ലാവർക്കും ഒരു ഡിമാൻഡിനെപ്പറ്റി സംസാരിക്കാൻ സാധിച്ചില്ലെന്നുവന്നേക്കും. വിശേഷിച്ച് ഇന്നാണെങ്കിൽ അടിയന്തിരപ്രമേയം സംബന്ധിച്ചു കുറെ അധികം സമയം എടുത്തിരിക്കുകയാണ്. അതു നിർഭാഗ്യകരമായിപ്പോയി എന്നു പറയാതിരിക്കാൻ തരമില്ല. മാത്രമല്ല, ഈ ഡിമാൻഡിനെപ്പറ്റി മറുപടി പറയുന്നതിനു ബഹുമാനപ്പെട്ട മന്ത്രിക്കു സമയംകൊടുക്കാതിരിക്കാൻ നിവൃത്തിയുമില്ല.

ശ്രീ. ജോസഫ് ചാഴികാട്ട്: ഓരോ ഡിമാൻഡിനും അനുവദിക്കപ്പെട്ടിട്ടുള്ള സമയം കുറവായതുകൊണ്ട് ഓരോരുത്തർക്കും അഞ്ചുമിനിട്ടുവീതം അനുവദിച്ചാൽ എല്ലാവർക്കും സംസാരിക്കാൻ സാധിക്കും.

മി. സ്പീക്കർ: ഓരോ ബഹുമാനപ്പെട്ട മെമ്പറിനും 5 മിനിട്ടിൽ കൂടുതൽ വേണ്ടെന്നു നിർബ്ബന്ധമായിട്ടു പറയുകയാണെങ്കിൽ അങ്ങനെ ചെയ്യുന്നതിനും എനിക്കു വിരോധമില്ല. പാർട്ടിയുടെ അടിസ്ഥാനത്തിൽ സമയം ക്ലിപ്തപ്പെടുത്തിയതുകൊണ്ടാണ് എല്ലാവർക്കും സംസാരിക്കാൻ സാധിക്കാതിരിക്കുന്നതു്. ബഹുമാനപ്പെട്ട മെമ്പറിന്റെ അഭിപ്രായമനുസരിച്ച് സഭ അനുകൂലിക്കുകയാണെങ്കിൽ അതേപ്പറ്റി ആലോചിക്കാം.

Shri P. S. Nataraja Pillai: Some little extension of time can be allowed if it is the sense of the House.

മി. സ്പീക്കർ: ഓരോ ഡിമാൻഡിനും മൊത്തം അനുവദിക്കപ്പെട്ടിട്ടുള്ള സമയം കുറെക്കൂടി കൂട്ടണമെന്നാണെങ്കിൽ, അതേപ്പറ്റിയും ആലോചിക്കാവുന്നതാണ്.

ശ്രീ. വി. പി. പരമേശ്വരൻ നമ്പൂതിരി: സർ, ഞങ്ങളുടെ ചാർജ്ജ് ഈ ഡിമാൻഡിനെപ്പറ്റി അഞ്ചുമിനിട്ടുപോലും സംസാരിക്കാനുള്ള അനുവാദം ഇതുവരെ കിട്ടിയില്ലെന്നാണ്.

Shri P. S: Nataraja Pillai: I have no objection to increase the time for the Demand.

ശ്രീ. ജോസഫ് ചാഴികാട്ട്: ഇപ്പോൾ തീരുമാനിച്ചിരിക്കുന്നതുപോലെ തുടർന്നാൽ മതിയാകുന്നതാണ്.

Mr. Speaker: The time for the Demand will expire by 2-15 p. m. instead of 2 p. m. in the circumstances.

(Mr. Deputy Speaker in the Chair)

ശ്രീ. കുട്ടപ്പൻ കോയിക്കൽ: സർ, ഞാൻ ശ്രീ. സി. ജി. സദാശിവൻ ഇവിടെ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപത്തെ അനു

ക്കുലിച്ചുകൊണ്ട് ഏതാനും ചില സംഗതികൾ ഗവൺമെൻറിൻെറ ദൃഷ്ടിയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നു. ലാൻഡ് റവന്യൂ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം നിശിതവും സമഗ്രവുമായ ഒരു വിമർശനം ഈ സഭയിൽ നടത്തണമെന്ന് എനിക്കാഗ്രഹമുണ്ടായിരുന്നുവെങ്കിലും ആ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം ചർച്ചാവിഷയമാകുന്നതിന് ചില ബില്ലുകൾ ഞങ്ങൾക്കു ലഭിച്ചതുകൊണ്ട് ഞാൻ ആഗ്രഹിച്ചിരുന്ന വിമർശനങ്ങളും ആരോപണങ്ങളും ആ ബില്ലിൻെറ ചർച്ചാവേളയിൽ പ്രതിപാദിക്കാമെന്നു പ്രതീക്ഷിച്ചുകൊണ്ട് തൽക്കാലം ആ ഭാഗത്തേയ്ക്കു് കടക്കുന്നില്ല. സർ, നമ്മുടെ ഇന്നത്തെ ഭ‍ൂപ്രശ്നം ഏററവും സങ്കീർണ്ണവും ഗൗരവമർഹിക്കുന്നതുമായ ഒരു പ്രശ്നമാണെന്നു ഞാൻ പറയാതെ തന്നെ അറിയാവുന്നതാണ്. നമ്മുടെ ഭൂമിയുടെ കാര്യം കൈകാര്യം ചെയ്യുന്ന ഈ ഡിപ്പാർട്ടുമെൻറ പൊതുജനങ്ങൾക്കു വേണ്ടത്ര ഉപകാരപ്രദമായ രീതിയിലല്ല പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു്. കാര്യക്ഷമമായ യാതൊരു പ്രവർത്തനവും ഇന്നു നടക്കുന്നില്ലെന്നുള്ളതു ഒരു പരമാർത്ഥം മാത്രമാണ്.

സർ, കഴിഞ്ഞകാലത്ത് ഇവിടം ഭരിച്ചുകൊണ്ടിരുന്നതു ജന്മി നാടുവാഴികളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിൽ അതീവ ജാഗ്രതയോടു കൂടിയ ഒരു മുക്ക്യാർഗവൺമെൻറായിരുന്നെങ്കിൽ, അതേ വാചകംതന്നെ ഇന്നും ഉപയോഗിച്ച് എനിക്കു പറയുവാൻ കഴിയും P. S. P. സർക്കാരും ഒരു മുക്ക്യാർ സർക്കാരാണെന്ന്. കാരണം മുൻഗാമികളുടെ അതേകാലടികളെ പിൻതുടരുന്ന P. S. P. സർക്കാർ കഴിഞ്ഞ ദിവസം ഞങ്ങൾക്കു പഠിക്കാൻതന്ന ബില്ലുകൾ പരിശോധിച്ചാൽ അതു വളരെ വ്യക്തമാവും. ബില്ലുകളുടെ വ്യവസ്ഥകളിലേയ്ക്കു തൽകാലം ഞാൻ കടക്കുന്നില്ല. അതിനവസരം വേണ്ടത്രകിട്ടുമല്ലോ അപ്പോൾ പറയാം. ജന്മിമാരെയും നാടുവാഴികളെയും ഒഴിവാക്കികൊണ്ടുള്ള P. S. P. യുടെ ഭൂനയം അപലപനീയമാണെന്നു പറയേണ്ടിവന്നതിൽ ഖേദിക്കുന്നു. പഴയതിൽനിന്നൊന്നും വ്യത്യസ്ഥമായ യാതൊന്നുംതന്നെ ഇന്നത്തെ സർക്കാരിൻെറ ബില്ലുകളിലില്ല. സർ, നമ്മുടെ ഗവൺമെൻറ് ഈ അടുത്തകാലത്തു് ജന്മിവക വസ്തുക്കളെസംബന്ധിച്ചിടത്തോളം ഒരു ഉത്തരവു പാസാക്കയുണ്ടായി. അകവൂർമന, പാഴൂർമന മുതലായ ജന്മി വസ്തുക്കളെക്കുറിച്ചാണെനിക്കുപറയാനുള്ളതു് കൈവശക്കാരനായ കുടിയാനവൻ ജന്മക്കരവും ജന്മഭോഗങ്ങളും മററും കൂടാതെ എട്ടുകൊല്ലത്തെ അടിസ്ഥാനനികുതി ഒരുമിച്ചു കൊടുക്കണമെന്നാണ് ആ ഉത്തരവ്. ജന്മിതപച്ചൂഷണവും കാർഷികവിഭവങ്ങളുടെ വില കുറവും നിമിത്തം നട്ടെല്ലുതകർന്നിരിക്കുന്ന കുടിയാനവൻ എപ്രകാരമാണു എട്ടുകൊല്ലത്തെ കരം ഒന്നിച്ചുകൊടുക്കുക? കുടിയാനവന്മാർ ഒരു ഡെപ്യൂട്ടേഷൻവന്നു സർക്കാരിനെ കണ്ടതിൻെറഫലമായി ആ നടപടി നിറുത്തിവച്ചു. എന്നാൽ ഏതാനും ദിവസങ്ങൾക്കുമുമ്പു വീണ്ടും ഉത്തരവു പുറപ്പെടുവിച്ചിരിക്കുകയാണ് എട്ടുകൊല്ലത്തെ അടിസ്ഥാനനികുതി ഒന്നിച്ചടച്ചു കൊള്ളണം, എന്ന്. സർ, ഇതു ഭയാനകമാണ്. ഇതുടനേ നിറുത്തിവയ്ക്കണമെന്നാണെനിക്കു മന്ത്രിസഭയോടപേക്ഷിക്കുവാനുള്ളതു്.

നമ്മുടെ ഡിപ്പാർട്ടുമെൻറിൽ ആവശ്യമുള്ള വിവരങ്ങൾ ഒന്നുംതന്നെയില്ല. കഴിഞ്ഞ ഒരുദിവസം സ: തോപ്പിൽ ഭാസിയുടെ ഒരു ചോദ്യത്തിനുത്തരം പറയേണ്ടതായി വന്നപ്പോൾ—ജന്മിവക, ഇടവക മുതലായ വസ്തുക്കളുടെ വിസ്തീർണ്ണം, അതെത്രമാത്രമുണ്ടെന്നുള്ള വിവരംപോലും

[ശ്രീ. കുട്ടപ്പൻ കോയിക്കൽ]

നമ്മുടെ ഡിപ്പാർട്ടുമെൻറിലില്ല എന്നാണു മറുപടി പറഞ്ഞതു്. അവശ്യം വേണ്ട കണക്കുകൾപോലുമില്ലാതെയാണു് P. S. P. യുടെ ഭൂനയബില്ലും കൊണ്ടുവന്നിരിക്കുന്നതു്. അഷ്ടവൂർമന പഴൂർമന തുടങ്ങിയവർക്കു് ഇന്നു് വേണ്ട ആനുകൂല്യങ്ങൾ നൽകികൊണ്ടുള്ള ഈ ബില്ലുകൾ സാധാരണക്കാർക്കു ഗുണമുള്ളതാണോ എന്നാലോചിക്കേണ്ടതാണു്.

ഈ ജന്മികളുടെ വസ്തുക്കൾ കൈവശംവച്ചുപോരുന്ന കുടിയാന്മാർ മറെറാരു വിഷമംകൂടി അനുഭവിച്ചുവരുന്നുണ്ടു്. കണ്ടെഴുത്തു നടത്തിയ കാലത്തു ചില വസ്തുക്കൾക്കു കരം ചുമത്തിയപ്പോൾ നെൽക്കരംകൂടി നിശ്ചയിച്ചു. അതാണു വളരെ ഉപദ്രവമായിരിക്കയാണു്. ഉദാഹരണം ഒന്നേകാൽരൂപ കരം നിശ്ചയിക്കുകയും ആ ഒന്നേകാൽരൂപയ്ക്കു പകരം അഞ്ചുപറനെല്ലു് കരം ഈടാക്കുവാൻ വ്യവസ്ഥ ചെയ്യുകയും ചെയ്തിരുന്നു. അന്നു ഒരുപറനെല്ലിനു് ഏഴുചക്രമാണു വില നിശ്ചയിച്ചിരുന്നതു്. ഇന്നു അടിസ്ഥാനനികുതി ചുമത്തപ്പെട്ടിരിക്കുന്ന വസ്തുക്കൾ കൈവശംവച്ചുകൊണ്ടിരിക്കുന്ന പാട്ടക്കാരോടു ജന്മികൾ നെല്ലു് പാട്ടത്തിനുപകരം രൂപ കൊടുത്താൽമതിയെന്നു ആവശ്യപ്പെട്ടിരിക്കുകയാണു്. അതിന്റെഫലമായി ഒരു പറനെല്ലിനു് ഇന്നത്തെവിലയായ മൂന്നുരൂപ, മൂന്നരരൂപ പാട്ടംവച്ചു ജന്മികൾ പാട്ടം ഈടാക്കിക്കൊണ്ടിരിക്കുകയാണു്. ഇങ്ങനെയുള്ള അനാവശ്യമായ നികുതിസമ്പ്രദായം കൊച്ചിവിഭാഗത്തും ഉണ്ടെന്നാണു എനിക്കു മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളതു്. നമ്മുടെ ഭൂമികളിൽനിന്നും കരം ഈടാക്കുന്നതിനുവേണ്ടി ഗവണ്മെൻറു പാസ്സാക്കിയിട്ടുള്ളതായ നിയമത്തെ ആധാരമാക്കി ദേവസ്വത്തിന്റെ പരിധിയിൽപ്പെടാത്ത ചില കുടുംബങ്ങളുടെയും, വ്യക്തികളുടേയും ക്ഷേത്രംവക വസ്തുക്കളിൽനിന്നും നികുതി ഈടാക്കിവരുന്നുണ്ടു്. ലാൻഡ്റവന്യൂറിക്കവറി നിയമം അതിനു് ഉപയോഗിക്കാവുന്നതാണോ എന്നു ചോദ്യംചെയ്തുകൊണ്ടു ഹൈക്കോടതിയിൽ ഇന്നു ഒരു കേസുണ്ടു്. അതുകൊണ്ടു് ഈവക കാര്യത്തിലും ഗവണ്മെൻറു ശ്രദ്ധിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

മറെറാരുസംഗതി എനിക്കു പറയുവാനുള്ളതു് ഇടപ്പള്ളി സ്വരൂപത്തെപ്പററിയാണു്. ആ കാര്യം പ്രത്യേകമായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെടേണ്ടിയിരിക്കുന്നു. ഭയങ്കരമായ കടലാക്രമണംമൂലം ഇടപ്പള്ളി സ്വരൂപംവക കുറെ വസ്തുക്കൾ നഷ്ടപ്പെട്ടുപോയിട്ടുണ്ടു്. കടലാക്രമണംമൂലം വെറും കടലായിത്തീർന്നിട്ടുള്ള ആ ഭൂഭാഗത്തിനു് ഇന്നും കരം ഈടാക്കിവരുന്ന ഒരു സമ്പ്രദായമുണ്ടു്. മാത്രമല്ല, ഇടപ്പള്ളി സ്വരൂപംവക വസ്തുക്കളിൽ താമസിക്കുന്ന കുടിയാന്മാർ താൽക്കാലികമായി ബേസിക് ടാക്സ് കൊടുക്കണമെന്നു ഒരു തീരുമാനമുണ്ടായിട്ടുണ്ടു്. ഇതിനെസംബന്ധിച്ചു ഇടപ്പള്ളിസ്വരൂപംവക വസ്തുക്കളിൽ താമസിക്കുന്ന കുടിയാന്മാർ ഗവണ്മെൻറിനെ സമീപിച്ചിട്ടുണ്ടു്. അതിനെ സംബന്ധിച്ചു ഗവണ്മെൻറു ഒരു തീരുമാനം എടുത്തിട്ടില്ല. ആ കാര്യവും ഞാൻ ഗവണ്മെൻറിന്റെ ശ്രദ്ധയിൽകൊണ്ടുവരികയാണു്. നമ്മുടെ ഗവണ്മെൻറിന്റെ വക പുറമ്പോക്കു ഭൂമികൾ കയ്യൂക്കുള്ള ആളുകൾ കൈവശപ്പെടുത്തുന്ന ഒരു പതിവാണു് ഇവിടെയുള്ളതു്. അതിന്റെഫലമായി എവിടെ നല്ല പുറമ്പോക്കു ഭൂമികളുണ്ടോ അതെല്ലാം ഇന്നു കയ്യൂക്കുള്ള ആളുകൾ കൈവശംവച്ചുകൊണ്ടിരിക്കുകയാണു്. പാവപ്പെട്ട ആളുകൾ താമസിക്കുവാൻ സ്ഥലമില്ലാതെ പുറമ്പോക്കു ഭൂമിയിൽ എവിടെയെങ്കിലും ഒരു ചെറുകൂരവച്ചുകെട്ടി

യാൽ അതു അവിടെനിന്നു എടുത്തുകളയാൻ അതീവ ജാഗ്രതകാണിക്കുന്ന റവന്യൂ ഉദ്യോഗസ്ഥന്മാർ വലിയവലിയ ആളുകൾ പുറമ്പോക്കുഭൂമികൾ കൈവശപ്പെടുത്തുമ്പോൾ മിണ്ടാതിരിക്കുകയാണു ചെയ്യുന്നതു്. വള്ളിക്കുന്നം പഞ്ചായത്തിൽപ്പെട്ട രണ്ടായിരപ്പറയ്ക്കുള്ള പുഞ്ചനിലം ഇപ്പോൾ വെറുതെ കിടക്കുകയാണു്. അതിന്റെ ഒരു മേൽച്ചിറ നന്നാക്കിയാൽ ആ സ്ഥലങ്ങൾ കൃഷിയ്ക്കു് ഉപയുക്തമാക്കാമെന്നു അവിടത്തെ ജനങ്ങൾ ഗവണ്മെന്റിനെ അറിയിച്ചു. അതു ശരിയാക്കിത്തരുമെന്നു പറഞ്ഞു ജനങ്ങൾ കാത്തിരിക്കുകയാണു്. എന്നാൽ ഈ അടുത്തകാലത്തു ഒരു മന്ത്രിയുടെ ബന്ധുവായ ഒരാൾക്കു് അതിന്റെ മേൽച്ചിറ പതിച്ചുകൊടുക്കുവാൻ നടപടിയെടുക്കുന്നുണ്ടെന്നു് അറിയുന്നു. അങ്ങനെ നടപടി എടുക്കുന്നുണ്ടെങ്കിൽ ആ നടപടി ഉടനടി നിറുത്തിവയ്ക്കണമെന്നാണു് എനിക്കു പറയാനുള്ളതു്. പി. എസ്. പി. ഗവണ്മെന്റ അങ്ങനെയുള്ള നടപടി നിറുത്തവയ്ക്കണം. അല്ലെങ്കിൽ കാൺഗ്രസ്സ് ഗവണ്മെന്റിനുവന്ന അനുഭവം നിങ്ങൾക്കും അചിരേണ വന്നുചേരുന്നതായിരിക്കുമെന്നു ഞാൻ മുന്നറിയിപ്പു നൽകുകയാണു ചെയ്യുന്നതു്.

ശ്രീ. പി. എസ്സ്. നടരാജപിള്ള: വള്ളിക്കുന്നം പഞ്ചായത്തിലെ മേൽചിറ ആർക്കാണു പതിച്ചുകൊടുക്കാൻ പോകുന്നതു്?

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ബഹുമാനപ്പെട്ട പി. ഡബ്ലിയു. ഡി. മന്ത്രിയുടെ ഒരു അകന്ന ബന്ധുവിനാണെന്നാണു നാട്ടുകാർ പറയുന്നതു്. പേർ എനിക്കറിഞ്ഞുകൂടാ. പേർ ബഹുമാനപ്പെട്ട മന്ത്രിയോടു ചോദിച്ചാൽ അറിയാം.

സർ, ഇങ്ങനെയുള്ള ചില നടപടികൾ ഇന്നു നമ്മുടെ നാട്ടിൽ നടക്കുന്നുണ്ടു്. മാവേലിക്കര താലൂക്കിൽ തോന്നല്ലൂർ പകുതിയിൽ ഒരു ദേവാലയത്തിനടുത്തായി കുറെ സ്ഥലം ഒരു മാംഗക്കാർ കൈവശപ്പെടുത്തിയിരിക്കുകയാണു്. കൈവശപ്പെടുത്തിയ സ്ഥലത്തു ഒരു ആരാധനാസ്ഥലം പണിയുവാൻ പോകുന്നതായിട്ടാണു അറിയുന്നതു് ഗവണ്മെന്റിന്റെ പുറമ്പോക്കുസ്ഥലം കൈവശപ്പെടുത്തി ഒരു മുസ്ലീം ദേവാലയത്തിന്റെ ഏറാവും അടുത്തു വേറൊരു ആരാധനാസ്ഥലം പണിയുകയാണെങ്കിൽ അതുനിമിത്തം വളരെ സമുദായസ്പർദ്ധയും കുഴപ്പവും ഉണ്ടാകുവാൻ സാദ്ധ്യതയുണ്ടെന്നു പ്രത്യേകം ഓർക്കേണ്ടതുണ്ടു്. അതുകൊണ്ടു് ഗവണ്മെന്റിൽനിന്നും അതിനെസംബന്ധിച്ചു നടപടി എടുക്കേണ്ടതു് അത്യാവശ്യമാണു്.

മറ്റൊരു സംഗതികൂടി എനിക്കു ആ സ്ഥലത്തെപ്പറ്റി പറയുവാനുണ്ടു്. അവിടത്തെ പകുതിയിൽ ഒരു പ്ലാനില്ല. നമ്മുടെ കൃഷിക്കാർ തമ്മിൽ എപ്പോഴും അതിർത്തിതർക്കം ഉണ്ടാകാറുണ്ടു്. സർവ്വേക്കല്ലുകൾ അവിടെ പലസ്ഥലത്തുമില്ല. അവയെല്ലാം നഷ്ടപ്പെട്ടിരിക്കുകയാണു്. സർവ്വേക്കല്ലു മോഷണം പോകുന്നതു് ഒരു പതിവാണല്ലോ? അവിടെ ഒരു പ്ലാൻ ഉണ്ടായിരുന്നുവെന്നും അതു എങ്ങനെയോ നഷ്ടപ്പെട്ടുപോയി എന്നുമാണു അറിയുന്നതു്. പ്ലാൻ നഷ്ടപ്പെട്ടതിന്റെ പിന്നിൽ പല ചരിത്രങ്ങളുമുണ്ടെന്നാണു പറയുന്നതു്. സഭയുടെ അന്തസ്സിനെ കരുതി അതിനെപ്പറ്റി ഒന്നും ഞാൻ പറയുന്നില്ല. നമ്മുടെ രാജ്യത്തു പുറമ്പോക്കുഭൂമികൾ കൈവശപ്പെടുത്തിയിട്ടുള്ള ആളുകൾ വളരെയുണ്ടു്. വലിയ ആളുകൾ

[ശ്രീ. കുട്ടപ്പൻ കോയിക്കൽ]

കൈവശപ്പെടുത്തിയിട്ടുള്ള ഭൂമികൾ അവരിൽനിന്നു ഒഴിപ്പിച്ചെടുക്കുകയും കുടിൽകെട്ടി താമസിക്കുവാൻവേണ്ടി കയറിയിട്ടുള്ളവർക്കു് ആ ഭൂമി പതിച്ചു കൊടുക്കുകയും ചെയ്യുന്നമെന്നു ആവശ്യപ്പെട്ടുകൊണ്ടു് ഞാൻ ഈ ഖണ്ഡനോപക്ഷേപത്തെ അനുകൂലിക്കുന്നു

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : സർ, നമ്മുടെ രാജ്യം ഒരു കാർഷിക രാജ്യമാണു്.

ശ്രീ എൻ. നീലകണ്ഠരു പണ്ടാരത്തിൽ : സർ, ഒരു പായിൻറു് ആഫു് ആർഡർ. കാൺഗ്രസ്സു് പാർട്ടിയിൽനിന്നു ഒരാളും, പി. എസ്. പി. യിൽനിന്നു ഒരാളും, ഐക്യമുന്നണി പാർട്ടിയിൽനിന്നു ഒരാളും ഇങ്ങനെ മാറി മാറി പ്രസംഗിക്കണമെന്നു സ്പീക്കർ കുറച്ചുമുമ്പു് റൂൾ ചെയ്തിട്ടുണ്ടു്. ഡെപ്യൂട്ടി സ്പീക്കർ സ്പീക്കറുടെ ആ റൂളിംഗു് വകവയ്ക്കാതിരിക്കുന്നതു ശരിയാണെന്നു പറയാമോ?

Mr. Deputy Speaker : Because there is no P. S. P. Member to speak now, I have called upon a Congress Member to speak. I have got the list of names.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: ഈ രാജ്യത്തു് ഗവണ്മെൻറുവക വളരെ അധികം കൃഷിഭൂമികൾ ഇന്നു അനധികൃതമായി ചില മുതലാളികൾ കൈവശം വച്ചുകൊണ്ടിരിക്കുകയാണു്. തൃശ്ശൂർ ഡിസ്ട്രിക്ടു് കണിമംഗലം വില്ലേജിൽ നെടുപുഴ, മാനാഞ്ചേരി, മത്സ്യക്കാപ്പു് എന്ന ഒരു മത്സ്യക്കാപ്പുണ്ടു്. ആ കാപ്പുകൊണ്ടു് നെടുപുഴ നിവാസികളായ പടന്നന്മാരുടെ 150 വീട്ടുകാരോളം മത്സ്യം പിടിച്ചു് ജീവിക്കുന്നുണ്ടു്. കഴിഞ്ഞ കൊല്ലം ഗവണ്മെൻറു് ആ സ്ഥലം നെൽകൃഷിക്കായി ചിലക്കു പതിച്ചുകൊടുക്കുകയുണ്ടായി. ആ നാട്ടുകാരായ ഉദ്ദേശം 500 പടന്ന മത്സ്യത്തൊഴിലാളികൾ മത്സ്യംപിടിച്ചു് ജീവിച്ചുകൊണ്ടിരുന്ന ഒരു സ്ഥലമായിരുന്നു അതു്. അവിടെയുള്ള മത്സ്യത്തൊഴിലാളികൾക്കായിട്ടുതന്നെ ആ സ്ഥലം കൃഷി ആവശ്യത്തിനു് കുത്തകപ്പാട്ടത്തിനു പതിച്ചുകൊടുക്കണമെന്നു അവർ കഴിഞ്ഞ വർഷം ഗവണ്മെൻറിനോടു അപേക്ഷിച്ചു. എന്തോ ചില തെററിദ്ധാരണകൾ വച്ചുകൊണ്ടു് ആകെ 82 ഏക്കർ ഉള്ളതിൽ പത്തേക്കർ സ്ഥലം മാത്രമാണു ഗവണ്മെൻറു് അവക്കു കൊടുത്തതു്. പത്തേക്കർ സ്ഥലം 201-ാംനമ്പർ പടന്ന പരസ്പരസഹായസംഘം ഏറെറടുത്തു് കൃഷി ചെയ്യുകയുണ്ടായി. ആ സ്ഥലം മുഴുവനും അവക്കുതന്നെ അടുത്തവർഷം പതിച്ചുകൊടുത്തു് പാവപ്പെട്ട പടന്ന മത്സ്യത്തൊഴിലാളികളെ പട്ടിണിയിൽനിന്നു് രക്ഷിക്കണമെന്നുള്ള കാര്യം മന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ പെടുത്തിക്കൊള്ളുന്നു. 150 പടന്ന മത്സ്യത്തൊഴിലാളികുടുംബങ്ങൾ ആ പ്രദേശത്തു ജീവിക്കുന്നുണ്ടു്. അവക്കു് ഒരു കോ-ഓപ്പറേററീവു് സൊസൈററിയുണ്ടു്. ആ സൊസൈററിക്കു് ആ സ്ഥലം കൃഷിയാവശ്യത്തിനു അടുത്ത കൊല്ലം പതിച്ചുകൊടുക്കുകയും അങ്ങിനെ അവക്കു നേരിട്ടിരിക്കുന്ന ഈ ദുഃസ്ഥിതിയിൽനിന്നു അവരെ മോചിപ്പിക്കുകയും ചെയ്യണമെന്നു ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോടു് വീണ്ടും വിനീതമായി അപേക്ഷിക്കുകയാണു്. അതേ സംബന്ധിച്ചു് ഗവണ്മെൻറിലേയ്ക്കു അവർ ഒരു അപേക്ഷ കൊടുത്തിട്ടുണ്ടെന്നും ഞാൻ മനസ്സിലാക്കുന്നു. ഇങ്ങനെയുള്ള പുറംപോക്കായി കിടക്കുന്ന

ഭൂമികൾ യാതൊരു ജോലിയുമില്ലാതെ കഷ്ടപ്പെടുന്ന, അദ്ധ്വാനിച്ച് കൃഷി ചെയ്യുവാൻ സന്നദ്ധരായിട്ടുള്ള ആളുകൾക്ക്, പതിച്ചുകൊടുത്ത് അവരുടെ കഷ്ടപ്പാടുകളിൽനിന്നും തൊഴിലില്ലായ്മയിൽനിന്നും മോചിപ്പിക്കുവാൻ ഞാൻ വീണ്ടും ഗവണ്മെന്റിനോടപേക്ഷിക്കുന്നു. അതുപോലെ തന്നെ പുറംപോക്കായി കിടക്കുന്ന ചില സ്ഥലങ്ങളിൽ പുരവെച്ചുകെട്ടി താമസിക്കുവാൻ തീരെ സ്ഥലമില്ലാത്ത കുറെ അധഃകൃതർ കയറി താമസിക്കുന്നുണ്ട്. ഇരിഞ്ഞാലക്കുട ഷൺമുഖം കനാലിന്റെ തീരത്ത് ഏതാണ്ട് ഇരുന്നൂറ്റിഅൻപതോളം വീട്ടുകാർ പുരവച്ച് കയറി പാർക്കുന്നുണ്ട്. ഗവണ്മെന്റിൽനിന്നു ഇപ്പോൾ അവരെ കുടി ഒഴിപ്പിക്കണമെന്ന് നിർദ്ദേശം കൊടുത്തിട്ടുള്ളതായി ഞാൻ മനസ്സിലാക്കുന്നു. സർ, അവർ എവിടെയാണു പോകുന്നത്? സ്വന്തം സ്ഥലമില്ലാത്തതുകൊണ്ടാണ് അവർ അങ്ങിനെ താമസിക്കുന്നത്. താമസിക്കുവാൻപോലും സ്ഥലമില്ലാത്ത അനേകം കുടുംബങ്ങൾ എന്റെ നിയോജകമണ്ഡലത്തിൽ (ഇരിഞ്ഞാലക്കുട) ഉള്ളതായിട്ട് എനിക്കറിയാം. ഇരിഞ്ഞാലക്കുട നിയോജകമണ്ഡലത്തിൽ, പൊയ്യ, ഇളന്തിക്കര, പൊറത്തിശ്ശേരി എന്ന പ്രദേശങ്ങളിൽ പുറമ്പോക്കായിക്കിടക്കുന്ന ധാരാളം സ്ഥലങ്ങളുണ്ട്. ആ സ്ഥലങ്ങൾ അതിന്നു ചുറ്റും കിടക്കുന്ന ഭൂമിയില്ലാത്ത കർഷക്ക് പതിച്ചുകൊടുക്കാൻ ഞാൻ അപേക്ഷിക്കുന്നു.

The House rose for lunch at 1 P. M. and reassembled at 2 P. M. with Mr. Speaker in the Chair.

Mr. Speaker: The hon. Minister will reply.

Shri P. S. Nataraja Pillai: Sir, the land policy and the approach to the land problem which this Government has made, was the subject matter of comment in this House. I believe I will have an opportunity to discuss this matter at a later stage. That being the case, I think, Sir, I need not now reply to all the comments that were made by my hon. friends as regards the land policy. That apart, when we go to the details of the administration, of the comments that came from the different parts of the House during the debate, the most important question that attracted the attention of the House was encroachment. Almost all members who spoke on this demand, referred, in one way or another, to the fact that Government-owned lands, porambokes or waste lands, have come into the possession of private individuals. One section of the House stated that the Government should be alert in preserving its right intact and see that large holdings are not taken possession of by private individuals to make capital. At the same time, there was noticeable another trend of opinion that poor people who have come into possession unauthorisedly should not be evicted, but allowed to continue on that land. Now, what is the real position? The fact of the matter is that, by long practice, our people have fallen into the habit of considering that it is their right and privilege to enter upon Government land without permission of Government, and when anybody questions that right or takes steps to remove such unauthorised entry, it is termed as harassing. That attitude of mind, Sir, I would earnestly plead, must go.

[Shri P. S. Nataraja Pillai]

Of course, land is for cultivation, land is for people to live in. I also concede that the first preference on Government's waste lands is for the indigent, landless people. The man who owns land has no right for additional land in this country where the ratio of man to land is so poor. So far I concede. But that right of entry, that right of possession, and that right of occupation must be subject to Government orders and the right of the Government to control. That is what we do not find here. My friends here plead that there should not be harassing or excessive penalties. Under the existing law, when a man enters upon a land which is not legally granted to him by the competent authority, the Land Revenue Department is bound to take notice of it and set into motion the Land Conservancy Act. When that Act is set in motion, poramboke cases are charged and unauthorised entry is punished with prohibitory assessment. These prohibitory assessments are usually ten times ordinary assessment. Some member here said that there have been instances where people have been charged Rs. 18 and 20 by way of such assessment. That is quite possible under the process of law. I do realise that it is a hardship. But I can only say that........

ശ്രീ. പി. ആർ. മാധവൻപിള്ള: ചിലാന്തമരത്തെ പുളിമരമായി കണക്കാക്കി അസെസ് ചെയ്തിട്ടുള്ളതായി അറിയാമോ?

Shri P. S. Nataraja Pillai: They are all due to the inherent defects in our character. And as long as the corrective hand of the Legislature and of the Government is not placed on the people erring, that will happen. And it is essential that we must have a service which is above suspicion. Certainly we will be able to build a service which is above corruption.

But what I am saying here is that a practical solution of the problem will be to infuse into the public mind the impression that Government are not going to allow them to break the law in any manner.

ശ്രീ. തലേക്കര കെ. കൃഷ്ണൻ: പുറമ്പോക്ക ഭൂമിയിൽ പ്രവേശിച്ചതിനശേഷം കരം കൊടുക്കാതെ, കുറെ നാളു കഴിഞ്ഞ്, കരം ഇളവുചെയ്തു തരണമെന്ന് പറഞ്ഞ് അപേക്ഷകൾ അയയ്ക്കുന്നതായിട്ടറിയാമോ?

Shri P. S. Nataraja Pillai: I am coming to that. First of all, let us create a psychological change in the minds of our people that Government land should not be encroached upon. Let us all try to create public opinion in that way. Let us all be united on that question. This is a national asset of our country. We want to conserve land for the people who need it. Who are the people in utmost need? The landless indigent. Let us conserve the land for them. Let us instil into the minds of our people that Government lands are to be preserved for their sake.........

ശ്രീ. കെ. പി. ഹാർമിസ്: ഗവണ്മെന്റിനാവശ്യമില്ലാത്തതും സാധുക്കൾ താമസിക്കുന്നതുമായ സ്ഥലങ്ങളിൽനിന്ന് അവരെ കുടിയിറക്കിയതായിട്ടറിയാമോ?

Shri P. S. Nataraja Pillai: I have only to say that as long as people trespass, Government have perforce to enforce the law. But, as we all know, justice has to be tempered with mercy. And certainly Government will be prepared to take into consideration the real difficulties of the people who have no other recourse but to build a hut for them to live in. Those acts will be treated leniently. But that tempering should not be discounted. It should not be construed as negligence on the part of the department or want of care on the part of the Government. I am asking for your co-operation to see that the rules which you have framed are being enforced in the country in the proper manner. I am at one with the members who suggested that, at the same time, we would see that unnecessary hardship is not caused and that people who are poor and without land should be given priority. I am free and I think I am bound to say that as far as the present procedure of collecting the arrears and of eviction of unauthorised encroachments are concerned, it will be done with the greatest consideration for the poor. That is Government's attitude. They do not want to cause suffering to any one but to help the people as far as possible to conserve the land for the common good of our people.

The incidents at Neyyattinkara in regard to certain kanapattom lands where thousands of acres were encroached upon by the capitalists and poor people subjected to great difficulties. How does it occur? Because that is the trend of the present. But we will be able to remedy these things. This Government, as a matter of fact, as soon as they came into power had that matter in mind. They published a G. P. on 22nd June.........

ശ്രീ. ടി. ഏ മജീദ്: മാനസികപരിവര്‍ത്തനം കൊണ്ടല്ലാതെ വേറെ വല്ല തരത്തിലും നടപടിയെടുക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ?

Shri P. S. Nataraja Pillai: The difficulty today is there is so much of pleading on behalf of people who have broken the law.

There was a comment from one side that the present Government seems to be setting up a machinery to collect money. I honestly confess that one of the principal objectives in controlling this department has been the inordinate delay and the utter callousness with which arrears of revenue have been allowed to accumulate. There is no meaning, as far as I can see, in allowing arrears to accumulate like this. From a rough estimate of the figures which I was able to get, it is found that these arrears come very nearly to 45 lakhs of rupees which the Land Revenue Department is liable to collect. It is not the land revenue that is in arrears; the Abkari dues, Grow More Food loan dues, forest contract defaulters' dues and ever so many dues are in arrears and have to be collected by the Land Revenue Department. The accumulated arrears come somewhere to Rs. 45 lakhs. Sir, it was the huge arrears that drew my attention as far as this department is concerned. I felt that the Land Revenue Department should not sleep over the matter. I have also seen some slight, very faint awakening in the department. I do not say that the

[Shri P. S. Nataraja Pillai]

department has fully responded to my orders. There too, I say when arrears are accumulated, Government will be prepared to face realities and grant time and receive the money in instalments, but not, Sir, to wipe away the amount which is due to Government and which is to be utilised for the common good of the people of the State. I have provided in the Budget which I have placed before you, for the staff whose duty it will be to concentrate their attention to realise the arrears that is due to this Government.

ശ്രീ. സി. എ. മാത്യു: നെല്ലെടുപ്പു നിറുത്തിയതോടുകൂടി ജോലി കുറഞ്ഞിട്ടുള്ള താലൂക്കധികാരികൾക്ക് പ്രത്യേകമായി എന്തെങ്കിലും ജോലി നിർദ്ദേശിച്ചിട്ടുണ്ടോ ?

Shri P. S. Nataraja Pillai : Sir, as far as that is concerned, I do not feel that the work of the Land Revenue Department has decreased. I know that the additional responsibilities that the Land Revenue Department were having, have led to the neglect of the ordinary revenue work, and wherever we go there was some complaint or other against the administration of the department. Plans are wanting, sub-divisions and mutation of names have not been effected in the patta. Kuthagapattom dues are not properly checked, in fact every item of work which the Land Revenue Department has to do is in arrears. That is because of want of staff. So, additional staff is necessary for wiping out the arrears. The Land Revenue Department is one of the over-worked departments, where the emoluments at least in the case of lower subordinates are not adequate for the responsibility they have to undertake. Take for instance the village staff. It was properly pointed out by some hon. members that pakuthies are so different in their areas, or jurisdiction and that the jurisdiction of taluks are also different. A redistribution of jurisdiction is absolutely necessary, as some hon. members have pointed out. I also agree that there must be a redistribution of jurisdiction in all the taluks and a redistribution of the pakuthies in a proper manner. That is not an easy matter which can be done at a stroke of the pen. It requires patient study. Then the revision of the existing registers and the preparation of new registers must necessarily take time. But a beginning can be made in that matter and the Government will be prepared to do whatever it can in that direction.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: റവന്യൂറിക്കവറി ആക്റ്റ് പ്രൈവറ്റ ഇൻസ്റ്റിറ്റ്യൂഷനു് ഉപയോഗപ്പെടുത്തുന്നതിനെപ്പറ്റി ഗവണ്മെന്റിന്റെ നയമെന്താണു് ?

Shri P. S. Nataraja Pillai : Whether the Revenue Recovery Act can be enforced for recovering the dues of other institutions is a very doubtful question. As far as I know, Revenue Recovery Act can be enforced only by Government for Government dues. There is statutory provision for invoking the aid of the Revenue Recovery Act for collecting the dues of institutions like Sripadam, Sripandaravaka and Devaswom Board and so on, Whether

private institutions or private organisations can invoke that Act for recovering dues is a doubtful matter. That is a matter that has to be examined in detail. Certainly, Government will take legal opinion on that aspect and see whatever that is possible is done to relieve the people from harassment.

Mr. Speaker : Mr. Sadasivan, do you press your cut motion?

Mr. C. G. Sadasivan: No.

The motion of Shri C. G. Sadasivan was, by leave of the House, withdrawn.

The question that Government be granted a sum of Rs. 15,03,900 under Demand II—Land Revenue was put and carried.

The grant was made.

Announcement re: Extension of the Session.

Mr. Speaker : Before we go to the next demand, I have to make an announcement. Since the official business to be transacted in this Session will not be completed before the 31st July, I am, as desired by the Chief Minister extending the current Session by three days, *viz.*, from the 5th to the 7th August both days inclusive. These three days will be utilised for the transaction of official business.

VOTING OF DEMANDS FOR GRANTS—(*contd.*)

DEMANDS III—EXCISE.

Minister for Finance (**Shri P. S. Nataraja Pillai**) : I beg to move for a grant of Rs. 11,50,500 under Demand III—Excise.

Shri A. Achuthan : I second it.

Mr. Speaker : Dr. A. R. Menon and Shri K. A. Balan will move their cut motions (No. 2) and (No. 37) and other hon. members can participate in the discussion. I now call upon Dr. A. R. Menon to move his cut motion.

Dr. A. R. Menon : Sir, I rise to move to reduce the allotment of Rs. 57,600 for Pay of Establishment by Rs. 10.

There is no question that is engaging the attention of the whole of India so much as this question of prohibition. Whether the Government have any right to decide what people should eat or what people should drink is the first proposition. Whatever may be the function of Government at the beginning of civilisation, when the function is only to maintain peace and order and to see that no foreign aggression takes place and establish institutions necessary for imparting fair and equitable justice. But with the growth of society and with the complex nature of the society, the machinery of Government has also become complex. Now, Government interferes, is bound to interfere in almost all walks of life and in all aspects of human life. They decide the question of marriage, they decide the question of contribution

[Dr. A. R. Menon]

from Government, they decide as to what should be eaten and what should be drunk. Now, Sir, in many civilised countries, attempts have been made to introduce prohibition and on the whole it has not been successful. For years, the Chinese Government were carrying on an uphill fight against the consumption of opium, because this fell habit has reduced the national strength and they have gone down in competition with other nations. Though they have taken all vigorous measures to reduce the consumption of opium and rid this fell habit from the people of China, yet it took years and years and it has yet not wholly put a stop to.

The two questions to be raised in this House, as I believe, are (1) whether the prohibition is not a failure in all countries which tried to introduce this reform and (2) whether this involves loss of revenue. I hope the house will not think me the less for introducing an analogy. I admit that it is rather a vicious analogy. But it fits in with this subject completely and squarely. Sir, from the earliest stage when men began to live together as a community, the first thing that Government or the agency that ruled the community undertook, was to see prostitution eradicated. The oldest profession in the world, *viz.* prostitution, has been tackled with from time immemorial; and though different degrees of success were achieved in different countries, complete prohibition of prostitution did not succeed. Now, I am asking this House,—because prohibition of prostitution did not yield cent per cent result, are we justified in saying that no action should be taken against prostitution? Similarly can the Government say that carrying on prostitution will enable the Government to get income from these vices? Similarly, can anybody say that prohibition involves loss of revenue, therefore prohibition should be put an end to or scrapped? Where does the money come from? This money comes from the poor people, rich people or from the people to whom this money has to be utilised. Do you want this filthy money from prostitution to enlarge your treasury? Therefore, if you consider this analogy—and I believe this is a very fair analogy because this fight which has been going on from the very beginning of civilisation of the human race, did not succeed in completely annihilating this vice. Are we not justified in giving a fair trial to prohibition? Can we say that because prohibition has failed to some extent, it should be scrapped? Can we say that because prohibition has not been introduced all over the State, therefore prohibition should be scrapped? This is a reform which requires not only the strength of the Government, but the strength of public opinion, and that moral influence which the hon. Members of this House can exert. When a man comes back to his own home when the little ones come and grasp round his neck like tender reeds on a tree all his anxieties vanish like clouds before the sun. Sir, I have been the witness of an incident of a very respectable man belonging

to an aristocratic family who had this fell habit of drinking coming inside the house with blood-shot eyes and demoniac appearance and his poor wife in a most pathetic manner standing there and the little children of 4 and 6 hiding behind their mother's back fearing their own father, the very father who has begotten them, because of the demonical appearance this man exhibited as a result of drunkenness. Is that not sufficient to show that prohibition should be encouraged and should be introduced whatever be the consequences? That is the reason why we as a party have decided to support prohibition, and we would request Government, as time and conditions favour, to extend the area of prohibition.

Sir, the other day, the Lady Member rightly and aptly said that she not only represents her constituency but she represents also nearly 50% of the whole population of the State because she represents the womanhood of this State. I am asking the Lady Member whether she would dare oppose this motion respecting party consideration or party ties. I want to say, Sir, that the majority of the women folk of this State are against the abolition of prohibition. Besides, Sir, when I was in the Tamil portion of our State I asked various people how prohibition has affected them, I got the invariable answer to the effect that prohibition has brought in a remarkable change in the economic and moral conditions of the working people there. Now, it is possible for the women of the working class to have ornaments and dress themselves better. In those days when their men used to drink they were not able even to feed their children. Sir, if we could redeem even 10 percent of the persons who are drunkards, I say that Government are justified in introducing this measure and persisting carrying on prohibition. Let this be not a party question. You, who oppose prohibition seem to think that you are representing the people by a divine ordinance. I have no objection to that. But I do object to the view that others who are not in the way of your thinking do not represent the people. I have got as much sympathy for the poor man as anyone sitting there. Therefore, in a question like this you must not approach the issue for any party advantage or for propaganda. This is a national question and we are working for the national regeneration of this land. Let it not be said that this House which is represented by the pick of the intelligentsia of the State has voted against prohibition. It will be a blot upon us and the future generation will condemn of this thoughtless action of ours. Therefore, Sir, whatever be the consequences of this policy of prohibition, whatever impact it may have on the present generation, I have not the least doubt in my mind that the future generation will be very much benefited by this piece of legislation. Every generation has to go through difficulties and disadvantages: It is our generation that is to bear the brunt of this legislation. Just as we eat the mango planted by our ancestors, what you plant today will be eaten by your children of the next generation. Remember that this House is being watched by the whole of India to see what action you are going to take on this question. Your action will have a great effect and a great

[Dr. A. R. Menon]

incentive to the rest of India. If you support the Government in carrying out this prohibition more vigorously and more enthusiastically it will be a lesson for the other States.

Sir, in this connection, I cannot help saying that the Government are a little lukewarm in matters like this. All Governments are like that. Either they should forget the revenue or scrap prohibition. It is absurd, Sir, to have a bamboo stick placed at one spot and say "on this side you can drink". You can get a bottle from the other side and drink. That is an absurdity. We must somehow or other get rid of this.

Sir, these are the two points insisted upon and the loss of revenue should not affect the verdict of this House. A partial failure is inherent in a piece of legislation like this because we are interfering with a habit acquired through a long period of time. No Government, or no law can change a person unless adequate moral support by public opinion, friendly guidance and advice are forthcoming. When you condemn Government for the partial success of this legislation, you should consider that you are also partly responsible for it, because instead of discouraging, you by your talk encourage the people to offer a kind of resistance against this legislation. I hope, Sir, especially the Lady Member of this House will impress upon the people the necessity of prohibition. Whatever may be the difference in our politics I have a great admiration for her bold championing of the cause of women. And, it is essential that we must be guided and supported by the women of this land in matters like this and I look to you the lady member to give her support—strong support—for prohibition to the credit of her sex.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: പ്രൊഹിബിഷൻ ഏർപ്പെടുത്തിയതുമൂലം അനേകായിരം ആളുകൾക്ക് ഈ നാട്ടിൽ തൊഴിലില്ലാതെ വന്നിട്ടില്ലേ?

Shri A. R. Menon: Yes. It may be. We must find out some other ways for that. Do you want prostitution legalised to solve unemployment?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: പ്രാസ്റ്റിറ്റ്യൂഷൻകൊണ്ട് ഗുണമൊന്നും ഉണ്ടാകുവാൻ ഇടയില്ല. എന്നാൽ പ്രൊഹിബിഷൻകൊണ്ട് ദോഷമുണ്ടെന്ന് അറിയാമോ?

Mr. Speaker: No discussion please.

Shri K. A. Balan: Sir, I move "to reduce the total allotment of Rs. 11,50,500 under Demand III by Re. 1."

ഈ ഖണ്ഡനോപക്ഷേപം ഇവിടെ അവതരിപ്പിക്കുന്നത് എക്സൈസ് ഡിപ്പാർട്ടുമെന്റിനെപ്പറ്റി ചില കാര്യങ്ങൾ ഈ സഭയുടെ മുമ്പിൽ വയ്ക്കുന്നതിനുവേണ്ടിയാണ്. ഈ സന്ദർഭത്തിൽ ധനകാര്യമന്ത്രി ഒരു ബഡ്ജററ്

അവതരിപ്പിക്കയുണ്ടായി. അതിൽ 19 കോടി രൂപ ചെലവും 17½ കോടി രൂപ വരവും ഒന്നരക്കോടി രൂപ കമ്മിയുമായ ഒരു ബഡ്ജററാണ് അവതരിപ്പിച്ചിട്ടുള്ളതു്. അദ്ദേഹം വളരെ അധികം സങ്കടപ്പെടുന്നുണ്ടു്, ദുഃഖിക്കുന്നുണ്ടു്. നമ്മുടെ രാജ്യത്തിനു ശരിയായ വരവില്ലെന്നും അദ്ദേഹം പറയുകയുണ്ടായി. പക്ഷേ, ഇന്നു് ഈ ഗവണ്മെൻറ് ആദർശത്തിന്റെ കൊടുമുടിയിൽ നിന്നുകൊണ്ടു് അപ്രായോഗികമായും പ്രായോഗിക വൈഷമ്യങ്ങൾ പരിഗണിക്കാതെയും 13 താലൂക്കുകളിൽ മദ്യനിരോധനം ഏർപ്പെടുത്തിയതുകൊണ്ടു് കൊല്ലംതോറും ഒരു കോടി രൂപയോളം നഷ്ടം വരുന്നുണ്ടെന്നുമാത്രമല്ല, ഈ രാജ്യത്തുള്ള കുന്നംകുളത്തും കൊടുങ്ങല്ലൂരും എന്നുമാത്രമല്ല, ഈ മദ്യനിരോധനം ഏർപ്പെടുത്തിയിട്ടുള്ള മററു താലൂക്കുകളിലുമുള്ള 20,000 തൊഴിലാളികൾക്കു് ഇതുമൂലം പണിയില്ലാതായിട്ടുണ്ടു്. അതുകൊണ്ടു് ഈ കാര്യത്തെപ്പററി വളരെ ഗൗരവമായി ആലോചിക്കേണ്ട ഒരു പ്രതിസന്ധിഘട്ടത്തിലാണു് നാമിന്നു നിൽക്കുന്നതെന്നു അറിയിക്കാൻ ഞാനാഗ്രഹിക്കുകയാണു്.

വളരെ നല്ല ഒരു കാര്യമായിരിക്കാം മദ്യനിരോധനം. പക്ഷേ, അതു ഈ ഗവണ്മെൻറുദ്ദേശിക്കുന്ന നിയമനിർമ്മാണംകൊണ്ടു് വിജയപ്രദമാക്കാൻ സാദ്ധ്യമല്ല എന്നു ഞാൻ പറയുന്നു. ഡോക്ടർ എ. ആർ. മേനോൻ അതുകൊണ്ടുണ്ടാകുന്ന ദോഷങ്ങളെപ്പററിയും അപകടങ്ങളെപ്പററിയും നമ്മുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. പക്ഷേ, എനിക്കു പറയാനുള്ളതു അതു ശിക്ഷയുടെ ഭീഷണികൊണ്ടോ നിയമനിർമ്മാണംകൊണ്ടോ നിവർത്തിക്കാൻ സാധിക്കുന്നതല്ല. ഒരു പുതിയ സാമൂഹ്യവ്യവസ്ഥിതി ഇവിടെ വരുത്തിയെങ്കിൽമാത്രമെ ഈ മാതിരിയുള്ള സാമൂഹ്യാചാരങ്ങളും സ്വഭാവദൂഷ്യങ്ങളും അവസാനിപ്പിക്കുവാൻ സാധിക്കുകയുള്ളു. അതല്ലാതെ ഈ സാമൂഹ്യസ്വഭാവം സാന്മാർഗ്ഗികപരമായ ഉപദേശങ്ങൾകൊണ്ടും നിയമനിർമ്മാണംകൊണ്ടും നിർത്താമെന്നു വിചാരിക്കുന്നുണ്ടെങ്കിൽ അവർ മൂഢസ്വർഗ്ഗത്തിലാണു ജീവിക്കുന്നതു്.

ആരാണു് ഈ മദ്യം സേവിക്കുന്നതെന്നു നാം ആലോചിച്ചുനോക്കുകയാണെങ്കിൽ വാസ്തവത്തിൽ പണിചെയ്തു് ക്ലേശിച്ചിരിക്കുന്നവർക്കു് ഒരു ആശ്വാസത്തിനും അവരുടെ ആരോഗ്യം വീണ്ടെടുക്കുന്നതിനുമാണു്; അതിനുള്ള സാഹചര്യങ്ങൾ ഇല്ലാത്തതുകൊണ്ടും മററുമാണു് വാസ്തവത്തിൽ അവർ കള്ളു കുടിക്കുന്നതു്. അങ്ങിനെ അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിനു് കൂടുതൽ വേതനം കൊടുത്തുകൊണ്ടു് അങ്ങിനെയുള്ള സാഹചര്യങ്ങൾ ഉണ്ടാക്കിയിട്ടു് കള്ളു കുടിക്കുവാൻ ആരും പ്രേരിതരാവരുതെന്നും കള്ളു കുടിക്കരുതെന്നും പറയണം. അതിനുള്ള സാഹചര്യങ്ങളാണു് ഇന്നു് ഉണ്ടാക്കേണ്ടതു്. അല്ലാതെ ആദർശത്തിന്റെ കൊടുമുടിയിൽനിന്നു ഗിരിപ്രസംഗങ്ങൾ ചെയ്തതുകൊണ്ടു് ഈ മദ്യനിരോധനം വിജയപ്രദമാകാൻ പോകുന്നില്ല എന്നു് സധൈര്യം ചരിത്രത്തിന്റെ വെളിച്ചത്തിൽ നിന്നുകൊണ്ടു് ഞാൻ പറയുകയാണു്.

സർ, ഈ മദ്യനിരോധനംമൂലം ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അദ്ധ്വാനിക്കുന്ന ഒരു ജനവിഭാഗത്തിന്റെ സ്ഥിതിയെപ്പററി ഈ അവസരത്തിൽ അറിയിക്കുവാൻ ഞാനാഗ്രഹിക്കുന്നു. തെക്കൻതിരുവിതാംകൂറിൽ സഖാവ് രാമസ്വാമിയുടെ നാട്ടിൽ പോകുകയാണെങ്കിൽ ഇന്നവർ പരതിക്കൂട്ടുകയാണു് സർ, 25 കൊല്ലമായി അവർ ചെയ്തുവന്ന ജോലി

[Shri. K. A. Balan]

ആ ജോലിയിൽതന്നെ മരിച്ചിട്ടുള്ളവരുമുണ്ട് സർ; തലമുറയായി ആ ജോലിയിൽ ഏർപ്പെട്ടിരുന്നവർ ഇന്ന് അവർ തൊഴിലില്ലാതെ, ജീവിക്കുന്നതിനു മാർഗ്ഗമില്ലാതെ കഷ്ടപ്പെടുകയാണ്. അവരെയെല്ലാം ഈ മദ്യനിരോധനംമൂലം തെരുവുതെണ്ടികളാക്കി മാററി, പട്ടിണിയിൽ കൊണ്ടുചെന്നെത്തിച്ചിരിക്കുകയാണ് സർ.

ഈ ഡിപ്പാർട്ടുമെൻറിൽനിന്നും ഇന്നു വലിയ വരുമാനം ഗവണ്മെൻറിനു കിട്ടിക്കൊണ്ടിരിക്കുന്നുണ്ട്. അതിൽ ഏററവും വലിയ വരുമാനം കള്ളുഷാപ്പു ലേലത്തിൽ വിൽക്കുന്നതുകൊണ്ടു കിട്ടുന്നതാണ്. ഇന്ന് ഗവണ്മെൻറ് പറയുന്നു, മദ്യം ആരും സേവിക്കരുതെന്ന്. അതേസമയം ഷാപ്പുകൾ ലേലം വിളിച്ചുകൊടുക്കുകയും ചെയ്യുന്നു. ഇങ്ങനെ കള്ളുഷാപ്പുകൾ ലേലം വിളിച്ചുകൊടുക്കുന്ന ഒരു സമ്പ്രദായമുണ്ട് സർ. അത് ഈ രാജ്യത്തെ മുഖ്യവരുമാനമാണ്. കഴിഞ്ഞ കൊല്ലം ബഡ്ജററിൽ രണ്ടു കോടി നാല്പതുലക്ഷം രൂപയാണ് അബ്കാരി ഇനത്തിൽനിന്നു വരവായി ചേർത്തിരുന്നത്. എന്നാൽ ഗവണ്മെൻറിൻെറ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ മൂന്നുകോടി രൂപയോളം ഈ ഖജനാവിലേയ്ക്ക് വന്നുചേർന്നിട്ടുണ്ടെന്നു കാണുന്നു. ഈ സമ്പ്രദായം അവസാനിപ്പിക്കണമെന്നുള്ള കാര്യം നാം വളരെ ഗൗരവമായി പര്യാലോചിക്കേണ്ടതാണ്. ഈ വ്യവസായത്തെ വളർത്തുന്നതിനും വികസിപ്പിക്കുന്നതിനുംവേണ്ടി ഈ ഗവണ്മെൻറ് എന്തുചെയ്യുമെന്നാണ് ഞങ്ങൾക്കറിയേണ്ടത്. ഇതൊരു വ്യവസായമായി ഗവണ്മെൻറ് പരിഗണിക്കുന്നുണ്ടോ? ലേലസമ്പ്രദായം എന്നു പറയുന്നത് ഗവണ്മെൻറിനു കള്ളു വിൽക്കുന്നതിനുള്ള അവകാശമാണ്. ആ അവകാശം മററുള്ളവർക്ക് വിട്ടുകൊടുക്കുന്നതിനു കിട്ടുന്ന പ്രതിഫലമാണ് ഈ ലേലംകൊണ്ടു കിട്ടുന്ന 'കിസ്ത്' എന്നു പറയുന്നത്. അതുകൊണ്ടാണ് ഞങ്ങൾ പറയുന്നത് ഇതിനോടു ഒരു വ്യവസായസമീപനരീതി ഈ ഗവണ്മെൻറ് കാണിക്കേണ്ടതാണ് എന്ന്. ഇതേവരെ ഈ കാര്യം ഗവണ്മെൻറ് ഗൗനിച്ചിട്ടില്ല. എന്നുമാത്രമല്ല, ഈ വ്യവസായത്തിൽനിന്നും കൊല്ലംതോറും വലിയ വരുമാനമുണ്ടായിട്ടും ഈ വ്യവസായത്തിൻെറ വികസനത്തിനും ഈ വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ ജോലിസ്ഥിരത ഉണ്ടാക്കുന്നതിനും നല്ല ശമ്പളം കൊടുക്കുന്നതിനും അവർ തയാറില്ല.

വെറും കങ്കാണിയെപ്പോലെ മററുള്ളവരെക്കൊണ്ട് ജോലിചെയ്യിപ്പിക്കുന്ന ഒരു സമ്പ്രദായം ഈ വ്യവസായത്തിനുണ്ട്. ഈ വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് എന്തെല്ലാം ബുദ്ധിമുട്ടുകൾ ഉണ്ടെന്നോ, അവശതകളുണ്ടെന്നോ മനസ്സിലാക്കാതെ അവരെക്കൊണ്ട് ജോലി എടുപ്പിക്കുന്ന ആ കങ്കാണിസമ്പ്രദായം മാററേണ്ടതാണ്. ഈ വ്യവസായത്തിൽ അടിമകളെപ്പോലെ വേലയെടുപ്പിക്കുന്ന കുറെ ആളുകളുണ്ട്. അങ്ങനെയുള്ള വമ്പിച്ച ഒരു തൊഴിലാളിപ്രശ്നത്തെയാണ് ഗവണ്മെൻറിനു അഭിമുഖീകരിക്കേണ്ടതായിട്ടുള്ളത്. അതിനെപ്പററി ഗവണ്മെൻറ് യാതൊന്നും ചിന്തിക്കുന്നില്ല. അവരുടെ ബുദ്ധിമുട്ടുകളെന്തെന്നോ, അവശതകളെന്തെന്നോ മനസ്സിലാക്കാതെ ഗവണ്മെൻറ് മാറിനിൽക്കുകയാണ്. തൊഴിലാളികളുടെ കാര്യത്തെപ്പററി ഒരു സൗഹാർദ്ദമനോഭാവത്തോടുകൂടി ഗവണ്മെൻറ് പെരുമാറേണ്ടതാണ്. ഇന്നത്തെ

കങ്കാണിസമ്പ്രദായവും അടിമസമ്പ്രദായവും പുലർത്തിക്കൊണ്ടുപോകുന്നതിൽ ഒരു സമൂലപരിവർത്തനം വരുത്തിയേ കഴിയൂ.

ഇതിലേയ്ക്കു ഒരു വ്യക്തമായ പരിപാടി ഗവണ്മെന്റിനുണ്ടായിരിക്കേണ്ടതാണ്. ഈ വ്യവസായത്തെ പരിഷ്കരിച്ച് വികസിപ്പിക്കാവുന്നതാണ്. കള്ളിൽനിന്നും നല്ല ഒന്നാംതരം മധുരപാനീയങ്ങൾ ഉണ്ടാക്കാം. അതുപോലെയുള്ള മററു സാധനങ്ങളും ഇതുകൊണ്ടു് ഉണ്ടാക്കാവുന്നതാണ്. പഞ്ചസാരയും പെട്രോളും കള്ളിൽനിന്നു ഉണ്ടാക്കാൻ കഴിയുമെന്നു ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നുണ്ട്. അതിനുള്ള സാദ്ധ്യതയുണ്ടെങ്കിൽ ആ വ്യവസായങ്ങളും ഇവിടെ ഭംഗിയായി നടപ്പിലാക്കാൻ കഴിയും. ഇങ്ങനെയുള്ള വ്യവസായശാലകൾ ഗവണ്മെന്റ് തുറക്കേണ്ടതാണ്. അതൊന്നും ചെയ്യാതെ മദ്യനിരോധനം നടപ്പിലാക്കുന്നതു ഒരിക്കലും ബുദ്ധിപൂർവ്വകമല്ല. മദ്യനിരോധനം ഏർപ്പെടുത്തിയ സ്ഥലങ്ങളിൽ ഈ വ്യവസായത്തിലേർപ്പെട്ടിരുന്ന തൊഴിലാളികൾക്കു കൂടുതൽ തൊഴിൽ കൊടുക്കുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുവാൻ ഈ ഗവണ്മെന്റ് ഇതുവരെ തയ്യാറായിട്ടില്ല. അതു അനുവദിച്ചിരിക്കുന്ന സ്ഥലങ്ങളിൽത്തന്നെയും ഈ വ്യവസായം മറെറാരേജൻസിക്കു് വിട്ടുകൊടുത്തിരിക്കുകയാണ്. എന്നിട്ടു് ആ ഏജൻസിയോടു പറയുകയാണ് നിങ്ങൾ അവരെക്കൊണ്ടു് ജോലിയെടുപ്പിക്കണമെന്ന്. അതുമാത്രം പോരാ, ഞങ്ങൾക്കു് കിട്ടേണ്ട തുക മുഴുവൻ കിട്ടുകയും വേണം.

സർ, ഈ തൊഴിലാളികൾക്കു് ഇപ്പോഴുള്ള അവശതകൾ എന്തെല്ലാമാണ്? മററു സംഘടിതതൊഴിലാളികൾ നേടിയിട്ടുള്ള അവകാശങ്ങളൊന്നുംതന്നെ ഗവണ്മെന്റ് ഇതുവരെ ഈ തൊഴിലാളികൾക്കു് അനുവദിച്ചുകൊടുത്തിട്ടില്ല. ഈ തൊഴിലാളികൾ ഒരു ദിവസം 16 മണിക്കൂറോളം വേലചെയ്യേണ്ടിയിരിക്കുന്നു. തന്റെ സ്വന്തം ജീവനുപോലും അപകടം ഉണ്ടാക്കാവുന്നതും ബുദ്ധിമുട്ടുള്ളതുമായ ഒരു ജോലിയിലാണു അവർ ഏർപ്പെട്ടിരിക്കുന്നതു്. എന്നിട്ടുപോലും ഇക്കൂട്ടർക്കു് ഇതുവരെ സംഘടിതതൊഴിലാളിവർഗ്ഗത്തിനു ലഭിച്ചുകൊണ്ടിരിക്കുന്ന നഷ്ടപരിഹാരനിയമത്തിന്റെ ഗുണാനുഭവം ലഭിച്ചിട്ടില്ല. ആ നിയമത്തിന്റെ പരിധിക്കുള്ളിൽ ഇവരെക്കൂടി ഉൾപ്പെടുത്തുവാൻ ഗവണ്മെന്റ് ശ്രമിച്ചിട്ടില്ല. ഈ തൊഴിലാളികളുടെ കൂലി വെട്ടിക്കുറച്ചതിൽ ഗവണ്മെന്റിന്റെ മൌനാനുവാദം നൽകുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ ആ ഭാഗത്തു്, അതായതു്, വടക്കൻപറവൂർ താലൂക്കിൽ ചെത്തുതൊഴിലാളികളുടെ കൂലി വെട്ടിക്കുറച്ചിരിക്കുന്നതു് ഇപ്പോൾ ഒരു സജീവപ്രശ്നമായിരിക്കുകയാണ്. ആയിരത്തോളം വരുന്ന തൊഴിലാളികൾ ഇപ്പോൾ പണിമുടക്കിനു നോട്ടീസു കൊടുത്തിരിക്കുകയാണ്. ഈ ഘട്ടത്തിൽ ഇവരുടെ പ്രശ്നം എത്രയും വേഗം പരിഹരിക്കേണ്ടതാണെന്നുള്ളതിനെപ്പററി ഗവണ്മെന്റ് കാര്യമായ ചിന്തിക്കേണ്ടതുണ്ടു് അവിടെ ആയിരത്തോളം വരുന്ന തൊഴിലാളികളുടെ കൂലി വെട്ടിക്കുറച്ചു. അവർക്കു ശരിയായി കൂലി കൊടുക്കുന്നില്ല. ബോണസ്സ് കൊടുക്കുന്നില്ല. ഉള്ളകൂലി വെട്ടിക്കുറയ്ക്കുകയും ചെയ്തു. എന്നു മാത്രമല്ല, അവിടെ ഷാപ്പുടമസ്ഥന്മാർ ചെത്തുന്ന തെങ്ങുകളുടെ എണ്ണം കുറയ്ക്കുകയും ചെയ്തു. തന്നിമിത്തം നൂറോളം തൊഴിലാളികൾ ഇപ്പോൾ വേലയില്ലാതായിത്തീർന്നിരിക്കുന്നു. അങ്ങനെ വരുമാനം കുറഞ്ഞും അദ്ധ്വാനഭാരം കൂടിയും വന്നിരിക്കുന്ന ഒരവസരത്തിലാണ് വീണ്ടും കൂലി വെട്ടിക്കുറച്ചിരിക്കുന്നതെന്നു മനസ്സിലാ

[Shri K. A. Balan]

ക്കണം. ഇതിനെ പ്രതിഷേധിച്ചുകൊണ്ടാണ ഈ തൊഴിലാളികൾ പണിമുടക്കന്ന നോട്ടീസു കൊടുത്തിരിക്കുന്നതു്.

ഈ അവസരത്തിൽ മറ്റൊരുകാര്യംകൂടി എനിക്കു ഗവണ്മെൻറിന്റെ മുമ്പിൽ വയ്ക്കുവാനുണ്ടു്. ചേർത്തല, അമ്പലപ്പുഴ, ആലപ്പുഴ, മട്ടാഞ്ചേരി ഇവിടെയൊക്കെ ചെറു തൊഴിലുകളുണ്ടു്. എന്നാൽ അവരുടെ കൂലി കുറച്ചിട്ടില്ലെന്നു മാത്രമല്ല അവർക്കു ബോണസ്സുവരെ ലഭിക്കുന്നുണ്ടു്. പറവൂർതാലൂക്കിലെ ഷാപ്പുടമസ്ഥന്മാർക്കു് ഈ വ്യവസായത്തിൽ ഇതുപോലെ മററു പ്രദേശത്തുള്ള ഷാപ്പുടമകളിൽനിന്നും എന്തു പ്രത്യേക സാഹചര്യമാണു് വന്നിട്ടുള്ളതെന്നു ഞാൻ ചോദിക്കുന്നു. എന്നിട്ടും കൂലി വെട്ടിക്കുറച്ചു. അതുകൊണ്ടു് ഗവണ്മെൻറു് ഒരു ജായിൻറു് കാൺഫറൻസു് വിളിച്ചുകൂട്ടി ഈ തൊഴിലാളികളുടെ പ്രശ്നം കഴിയുന്നതും വേഗം പരിഹരിക്കേണ്ടതാണു്. അതു് ഗവണ്മെൻറിന്റെ ഒരു കടമയാണെന്നു ഈ ഷാപ്പുടമസ്ഥന്മാരെ ബോദ്ധ്യപ്പെടുത്തുവാൻ വേണ്ടിയെങ്കിലും ചെയ്യേണ്ടതാണു്.

ഈ അവസരത്തിൽ മറ്റൊരുകാര്യംകൂടി എനിക്കു പറയുവാനുണ്ടു്. തൊഴിലാളികളുടെ കാര്യത്തെപ്പററി ഞങ്ങൾ പറയുമ്പോൾ ഞങ്ങളുടെ മുമ്പിൽ ഗവണ്മെൻറു് ഒരു പരാതി പറഞ്ഞുകൊണ്ടു നിൽക്കുമെന്നു ഞങ്ങൾക്കറിയാം. ഈ ഷാപ്പുടമസ്ഥന്മാർ ഗവണ്മെൻറിനോടു് ഇപ്പോൾ ഒരു നിവേദനം നടത്തിക്കൊണ്ടിരിക്കുകയാണു്. സാമ്പത്തികം അധഃപതനം നിമിത്തം വ്യാപാരം കുറഞ്ഞുപോയെന്നും അതുകൊണ്ടു് കിസ്തുകൾ കുറച്ചുകിട്ടണമെന്നുമാണു അവർ ആവശ്യപ്പെട്ടിരിക്കുന്നതു്. ഈ വ്യവസായം നടത്തുന്നതിനുവേണ്ടി ഗവണ്മെൻറു് എന്തു തുക ചെലവാക്കുന്നു? യാതൊരു മുതലും മുടക്കാതെ എത്രയോ കോടി രൂപ ഗവണ്മെൻറിലേയ്ക്കു സംഭാവന ചെയ്തിരിക്കുന്ന ചെത്തുതൊഴിലാളികൾക്കു് ബോണസ്സു് നിജപ്പെടുത്തുവാൻപോലും ഗവണ്മെൻറു് തയ്യാറല്ല എന്നു പറയുന്നതു് വാസ്തവത്തിൽ വളരെ കഠിനമാണു്. ഈ ഷാപ്പുകൾക്കു് ഇന്നത്തെ സാമ്പത്തികത്തകർച്ചയുടെ നിലപാടിനെ പരിഗണിച്ചു് കിസ്തു ഇളവുചെയ്തുകൊടുക്കുന്നതിനു എനിക്കു് വിരോധമില്ല. ഇന്നു സാധനങ്ങളുടെ വില കുറഞ്ഞിട്ടുണ്ടു്; ജോലികുറഞ്ഞിട്ടുണ്ടു്; കൂലി കുറഞ്ഞിട്ടുണ്ടു്; വ്യാപാരമാന്ദ്യം സര്വ്വത്രയുണ്ടു്. അങ്ങനെ നോക്കുമ്പോൾ ഈ ഷാപ്പുടമസ്ഥന്മാർക്കും പലവിധത്തിൽ കഷ്ടപ്പാടുകൾ ഉണ്ടെന്നു വരാം. 114-ലും 117-ലും ഇതുപോലെ സാമ്പത്തികത്തകർച്ചയുണ്ടായിരുന്ന കാലത്തു് ഗവണ്മെൻറു് കിസ്തു് ഇളവുചെയ്തുകൊടുത്തിട്ടുള്ളതാണു്. പോരെങ്കിൽ ഈ വ്യവസായത്തിനു ഗവണ്മെൻറു് യാതൊരു മുതലും മുടക്കിയിട്ടില്ലെന്നുള്ള ധാരണവച്ചുകൊണ്ടു് അവർക്കു് കിസ്തു് ഇളവുചെയ്തുകൊടുക്കാവുന്നതാണെന്നു ഞാൻ പറയുന്നു. പക്ഷെ, അങ്ങനെ ഇളവുചെയ്തുകൊടുക്കുമ്പോൾ ഈ തൊഴിലാളികൾക്കു് കൂലി കൊടുക്കുമോ എന്നും, ബോണസ്സ് കൊടുക്കുന്നവരാണോ, അവരുടെ അവകാശങ്ങൾ അനുവദിച്ചുകൊടുക്കുന്നവരാണോ എന്നു നോക്കണം. അങ്ങനെയുള്ളവർക്കു് കിസ്തു ഇളവുചെയ്തുകൊടുക്കുന്നതിൽ ഞങ്ങൾ എതിരല്ല.

സർ, ഈ വ്യവസായം വളർത്തുന്നതിനുവേണ്ടി ഇന്നത്തെ ഈ ലേലസമ്പ്രദായം അവസാനിപ്പിക്കണം. ഗവണ്മെൻറു് ഈ വ്യവസായം മുഴവൻ ഏറെറടുക്കണം. മററു വ്യവസായങ്ങളിലെല്ലാം ഗവ

ണ്മെൻറിനു മുതൽ മുടക്കേണ്ടതുണ്ട്. സാധനങ്ങൾ പലതും വരുത്തേണ്ടതുണ്ട്. അതിനുള്ള സാമഗ്രികൾ സംഘടിപ്പിക്കേണ്ടതുണ്ട്. അങ്ങനെയുള്ള ഒരു ചെലവുംകൂടാതെ തന്നെ, ഒരു പൈപോലും മുടക്കാതെ ഈ വ്യവസായം ഏറെറടുക്കുവാൻ ഗവണ്മെൻറിനു കഴിയും. മദ്യവർജ്ജനം നടപ്പിലാക്കി ഗവണ്മെൻറിനു ഇന്നു കിട്ടിക്കൊണ്ടിരിക്കുന്ന വമ്പിച്ച വരുമാനം ഇല്ലാതാക്കുന്നതിനു പകരം ഒരു നല്ല ആദായം ഇതുകൊണ്ടു് ഗവണ്മെൻറിനുണ്ടാക്കുവാൻ സാധിക്കുകയും ചെയ്യും, മാത്രമല്ല, കൂടുതൽ ഗവേഷണങ്ങൾ ഇതേപ്പററി ഗവണ്മെൻറിനു നടത്തുവാൻ സാധിക്കുന്നതാണു്. അതിനും ഈ വ്യവസായം ഗവണ്മെൻറ് ഏറെറടുത്തു നടത്തുന്നതുകൊണ്ടു് ലഭിക്കും. ശാസ്ത്രീയമായി ഇതെപ്പററി അന്വേഷിക്കുന്നതിനും ഗവേഷണശാലകൾ തുറക്കുന്നതിനും ഒരുങ്ങിയാൽ ഈ വ്യവസായത്തെ മററു പലതരത്തിലും പുഷ്ടിപ്പെടുത്തുവാൻ കഴിയും. അങ്ങനെ ചെയ്യുവാൻ ഗവണ്മെൻറ് തയാറല്ലെങ്കിൽ മറെറാരു കാര്യമെങ്കിലും ചെയ്യണം. സർ, ഇന്നു കാണുന്ന കുഴപ്പമെന്താണു്? ഇതിലേർപ്പെട്ടിരിക്കുന്ന ആളുകൾ ഈ വ്യവസായത്തിൽ കാര്യമായി മുതൽമുടക്കുന്നതിനുള്ള താൽപ്പര്യം കാണിക്കുന്നില്ല. കൊല്ലംതോറും മാറിമാറി വിൽപ്പന നടത്തുന്ന ഇന്നത്തെ വ്യവസ്ഥിതിയാണു് അതിനു പ്രധാനകാരണം. കള്ളുകുടിയെ പ്രോത്സാഹിപ്പിക്കണമെന്നു ഞാൻ പറയുന്നില്ല. പക്ഷെ, കൊല്ലംതോറും ലേലംചെയ്തുകൊണ്ടിരിക്കുന്ന ഇന്നത്തെ ഈ പരിതഃസ്ഥിതിയിൽ ഈ വ്യവസായത്തിൽ കാര്യമായി മുതൽമുടക്കുന്നതിനും കാര്യമായി ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും ആത്മാർത്ഥതയോ താൽപ്പര്യമോ പ്രദർശിപ്പിച്ചു കാണുന്നില്ല. അതിനാൽ ഈ ലേലസംപ്രദായം അവസാനിപ്പിച്ചുകൊണ്ടു് ഒന്നുകിൽ ഈ ഷാപ്പുകളെല്ലാം ഗവണ്മെൻറ് ഏറെറടുക്കുകയോ, അല്ലാത്ത പക്ഷം, ഈ വ്യവസായം ഷാപ്പുടമസ്ഥന്മാർ തുടർന്നു നടത്തിക്കൊണ്ടുപോകത്തക്കവണ്ണം ഷാപ്പുകൾ കുറെകാലത്തേയ്ക്കു അവർക്കുതന്നെ ഉറപ്പിച്ചുകൊടുക്കുകയോ ചെയ്യണമെന്നാണു എനിക്കു് പറയുവാനുള്ളതു്. അങ്ങനെ ഏറെറടുക്കുകയാണെങ്കിൽ ഗവണ്മെൻറിനു കൂടുതൽ ആദായം കിട്ടുന്നതുമാണു്. ഈ ഷാപ്പുടമസ്ഥന്മാരുടെ പരാതി കൂടാതെ കഴിക്കുകയും ചെയ്യാം. ആണ്ടുതോറുമുള്ള ഈ ലേലസംപ്രദായംനിമിത്തം ഈ ഷാപ്പുടമസ്ഥന്മാർക്കു് ഇപ്പോൾ നഷ്ടംവരുന്നുണ്ടു്. അവരിൽ പലരും പാപ്പരായിത്തീരുന്നുമുണ്ടു്. അതുകൊണ്ടു് ഒന്നുകിൽ ഈ വ്യവസായം ഗവണ്മെൻറ് ഏറെറടുക്കുകയോ, അല്ലാ പക്ഷം ഷാപ്പുകൾ കുറെക്കാലത്തേയ്ക്കു അവരുടെ പേരിൽത്തന്നെ ഉറപ്പിച്ചുകൊടുക്കുകയോ ചെയ്യേണ്ടതു് അത്യന്താപേക്ഷിതമാണു്.

മറെറാരു കാര്യം കൂടി ചുരുക്കി എനിക്കു് പറയുവാനുണ്ടു്. ചുങ്കം ഇനത്തിൽ ഗവണ്മെൻറിനു നല്ലൊരു വരുമാനമുണ്ടു്. ശീമമദ്യത്തിലും ഗവണ്മെൻറിനു നല്ല വരവുണ്ടു്. ശീമമദ്യം ഇവിടെ കൊണ്ടുവരുന്നതിനു ഡ്യൂട്ടി കൊടുക്കണം. വെറും ആഡംബരത്തിനുവേണ്ടിയാണു ശീമമദ്യം ഇവിടെ കൊണ്ടുവരുന്നതു്. അതു് നിരോധിക്കുന്നതുകൊണ്ടു് ഒരു ദോഷവും വരാനില്ല. ശ്രീ. പി. ആർ. മേനവൻ പറഞ്ഞതുപോലെ ഇവിടെ ശീമമദ്യം ഇറക്കുന്നതു് വാസ്തവത്തിൽ ഒരനാവശ്യമാണു്. എന്നാൽ കള്ളിന്റെ കാര്യം അങ്ങനെ അല്ല. അതു് അത്ര ഏറെ നാശം ചെയ്യുന്ന ഒന്നല്ല.

ശ്രീ. പി. വിശ്വംഭരൻ: ചാരായമോ?

ശ്രീ. കെ. സി. ബാലൻ: ചാരായം കുറെയൊക്കെ അനാവശ്യമാണ്. എന്നാൽ കള്ള് സാധുക്കളുടെ ഒരാഹാരംകൂടിയാണ്. കള്ളിന്റെ ലഹരി കുറയ്ക്കാൻ സാധിക്കും. അങ്ങനെ അതു നല്ല പാനീയമാക്കിത്തീർക്കാൻ കഴിയും. സർ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടു നോക്കിയാൽ നമുക്കു കാണാൻ കഴിയുന്ന ഒരു വസ്തുത, ഇപ്പോൾ പ്രൊഹിബിഷൻ നടപ്പിൽ വരുത്തിയിരിക്കുന്ന 13 താലൂക്കുകളിൽ, കഴിഞ്ഞ മൂന്നു നാലുകൊല്ലങ്ങളായി കുററങ്ങൾ വളരുകയാണു ചെയ്തിട്ടുള്ളതെന്നാണ്. അല്ലാതെ കുറയുകയല്ല ചെയ്തതു്. അതുകൊണ്ടു് മദ്യവർജ്ജനമുണ്ടായാൽ ജനങ്ങൾ വളരെയധികം കുററം ചെയ്യുകയില്ല, അവരുടെ സദാചാരബോധം കൂടും, എന്നു പറയുന്നതു് തെററാണെന്നു വരുന്നു. ഞാൻ പറഞ്ഞുകൊണ്ടുവരുന്നതു് ഈ ശീമമദ്യത്തിന്റെ കീടമത്സരം അവസാനിപ്പിക്കുവാൻ അതിനു് കൂടുതൽ ഡ്യൂട്ടി ചുമത്തണമെന്നാണ്. അതുപോലെ ബീഡിച്ചുരുട്ടിന്റെ ഇന്നത്തെ ലൈസൻസിംഗ് സമ്പ്രദായവും അവസാനിപ്പിക്കണം. ഇപ്പോൾ എ. ബി. സി. എന്ന മൂന്നുതരം ലൈസൻസ് കൊടുക്കുന്നുണ്ട്. ബി. ലൈസൻസ് മാത്രമേ കൊടുക്കാവൂ. ബീഡിത്തൊഴിലാളികൾക്കു് മിനിമം വേജസ് ആക്ട് അനുസരിച്ചു് 1 രൂപ 14 അണ കൂലി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഒരു കടയിലും ഈ കൂലി കൊടുത്തിട്ടില്ല. സംഘടിതരായ തൊഴിലാളികളുടെ ശക്തിയെ ഭയന്നിട്ടു തങ്ങളുടെ ഇഷ്ടംപോലെ ഇവരെക്കൊണ്ടു് ജോലിചെയ്യിപ്പിക്കുന്നതിലേയ്ക്കു കാൺഗ്രസ്സുഗവമെന്റ എടുത്തിട്ടുള്ള ഒരു സൂത്രവിദ്യയാണ് ഈ മൂന്നുതരം ലൈസൻസ് സമ്പ്രദായം. അതുകൊണ്ടു് ബി. ലൈസൻസുകാർക്കുമാത്രം ബീഡിതെറുക്കുന്നതിനുള്ള അവകാശം കൊടുക്കണം.

ഇവിടുത്തെ ചന്തകൾ ഒക്കെ മിക്കവാറും അവസാനിപ്പിച്ചിരിക്കുകയാണല്ലോ. തൊഴിലാളികൾ അവിടെയെല്ലാം പ്രവർത്തിച്ചിട്ടുണ്ട്. ചന്തകൾ നിറുത്തിക്കളഞ്ഞതിനാൽ അവരുടെ പ്രവർത്തനം നിലച്ചു. അവർക്ക് ഇപ്പോൾ ജോലിയില്ല. എന്നുമാത്രമല്ല, അവരുടെ വേതനത്തിൽ ഒരു പങ്കായി ഗവമെന്റിനെ ഏൽപ്പിച്ചിരുന്ന ആ സംഖ്യ ഇതുവരെ ഏൽപ്പിച്ചിട്ടില്ലെന്നു ഇവിടെ ഉണ്ടായ ഒരു ചോദ്യത്തിനുത്തരമായി ഗവമെന്റുഭാഗത്തുനിന്നും മറുപടി പറയുന്നതുകേട്ടു. ആ സൗജന്യമെങ്കിലും ഗവമെന്റ് അവർക്ക് ചെയ്തുകൊടുത്താൽ കൊള്ളാമെന്നു ആവശ്യപ്പെടുകയാണ്. അക്കാര്യത്തിൽ ഗവമെന്റിന്റെ ശ്രദ്ധ പതിഞ്ഞാൽ കൊള്ളാം.

അതേയവസരത്തിൽ പറവൂർതാലൂക്കിൽ ഉണ്ടാകാനിടയുള്ള ആ സ്ട്രൈക്കിനെപ്പററിയും ഗവമെന്റ് പ്രത്യേകം പര്യാലോചിക്കേണ്ടതാണ്. അതിന്റെ വിവരങ്ങൾ ശേഖരിച്ചുകൊണ്ടു് ഒരടിയന്തിരപ്രമേയം ഇവിടെ അവതരിപ്പിക്കണമെന്നു ഞാനാഗ്രഹിക്കുകയാണ്. അവിടത്തെ ചെത്തുതൊഴിലാളികളെ മാത്രമല്ല, ഇതരതൊഴിലാളികളേയും ബാധിക്കുന്ന ഒരു പ്രശ്നമാണിതെന്നു കരുതി ഇക്കാര്യത്തിൽ ഗവമെന്റ് സത്വരനടപടികൾ എടുക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. കെ. എം. ശിവരാമഭാരതി: സർ, എനിക്ക് മുൻപു സംസാരിച്ച പല അംഗങ്ങളും ഈ കോൺഗ്രസ്സ് മെമ്പറന്മാരുടെയും വാദഗതി, പ്രൊഹി
3. P. M. ബിഷനെയും, അതു സംബന്ധിച്ചുണ്ടായിട്ടുള്ള തൊഴിലില്ലായ്മയെയും സംബന്ധിച്ചായിരുന്നു. പ്രൊഹിബിഷൻ ഒരു നല്ല

കാര്യമാണെങ്കിൽതന്നെയും, നാട്ടിലെ ആയിരക്കണക്കിലുള്ള തൊഴിലാളികൾ ഇന്നു തൊഴിലില്ലാതെ കഷ്ടപ്പെടുന്നതുകൊണ്ടു പ്രൊഹിബിഷൻ പാടില്ലെന്നാണ് എന്റെ മാന്യസുഹൃത്തുക്കളിൽ ചിലരുടെ അഭിപ്രായം. മനുഷ്യജീവിതത്തെ സ്പർശിക്കാത്ത ഏതെങ്കിലും കാര്യങ്ങൾ നടപ്പിൽ വരുത്തുന്നതുമൂലം ഒരു തൊഴിൽ കുഴപ്പമുണ്ടാകുന്നുവെന്നു പറഞ്ഞാൽ അതു മനസ്സിലാക്കാൻ സാധിക്കും. നേരെമറിച്ച്, മനുഷ്യരെ മനുഷ്യരല്ലാതാക്കിത്തീർക്കുന്ന, അതായത് മനുഷ്യന്റെ സംസ്കാരത്തെയും, ശാരീരികമായ കഴിവിനെയും ഇല്ലാതാക്കിത്തീർക്കുന്ന ഒരേർപ്പാട് നിറുത്തലാക്കിയതിൽ ഒരു പക്ഷെ തൊഴിലില്ലായ്മ വർദ്ധിച്ചിട്ടുണ്ടെങ്കിൽ തന്നെ അവ മനുഷ്യമൂല്യങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടിയും, നിലനിറുത്തുന്നതിനുവേണ്ടിയും കരുതിക്കൂട്ടി ചെയ്ത ഒരു നന്മയാണെന്നു കരുതി സമാധാനിക്കാവുന്നതാണ്. സർ, മദ്രാസുപ്രവിശ്യയിലും, അതുപോലെ മററു സംസ്ഥാനങ്ങളിലും മദ്യനിരോധനം നടപ്പിലാക്കിയിട്ടുണ്ട്. ചില സ്ഥലങ്ങളിൽ വിജയപ്രദമാകയും മററു ചില സ്ഥലങ്ങളിൽ ഏതാണ്ടു പരാജയമടയുകയും ചെയ്തിട്ടുണ്ട്. മദ്യനിരോധനം നടപ്പിൽവരുത്തുന്നതു നന്മയാണൊ, തിന്മയാണോ എന്നു മൊത്തമായി നോക്കുന്നപക്ഷം, നിശ്ചയമായും തിന്മയാണെന്നു ആരെങ്കിലും പറയുമെന്നു ഞാൻ വിചാരിക്കുന്നില്ല. മനുഷ്യരുടെ സാംസ്കാരികനില വളരെയേറെ അധഃപതിച്ച് അങ്ങേയററത്തെ നിലയിൽ എത്തിയപ്പോൾ മാത്രമാണ് ഗവണ്മെന്റിൽനിന്നും ഈ മദ്യനിരോധനം നടപ്പിലാക്കിയത്. അതിനുമുൻപ് പൊതുജനങ്ങളുടെ ഇടയിൽ, മദ്യപാനികളിൽനിന്നും ഉണ്ടായിക്കൊണ്ടിരുന്ന പലവിധ അഴിമതികൾക്കും അക്രമങ്ങൾക്കും പോലീസു ഇടപെട്ട് എത്രത്തോളം കേസുകൾ ശിക്ഷയിൽകൊണ്ടുവന്നിട്ടുണ്ടെന്നു കണക്കാക്കിയാൽ, മനുഷ്യർ എത്രത്തോളം സാംസ്കാരികമായി അധഃപതിച്ചിരിക്കുകയായിരുന്നുവെന്നു ബോദ്ധ്യപ്പെടുന്നതാണ്. സർ, എന്റെ നിയോജകമണ്ഡലമായ ചിററൂർ താലൂക്കിൽ, മദ്യനിരോധനം നടപ്പാക്കിയതുമൂലം വളരെയധികം അടിപിടിക്കേസുകളും, കൊലപാതകങ്ങളും ഇല്ലാതായിത്തീർന്നിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽമാത്രമല്ല, മദ്യനിരോധനം നടപ്പാക്കിയ മേഖലകളിൽ എല്ലാംതന്നെ മുൻപുണ്ടായിരുന്നതിനേക്കാൾ ശാന്തതയും സമാധാനവും പൊതുജനങ്ങളുടെയിടയിൽ ഇന്നുണ്ടെന്നു ധൈര്യമായി പറയാൻകഴിയും. ഇതിൽ ഏർപ്പെട്ടിരിക്കുന്ന ചെത്തുതൊഴിലാളികൾക്കുണ്ടായിട്ടുള്ള തൊഴിൽക്കുഴപ്പത്തെയൊ, അല്ലെങ്കിൽ, ഗവണ്മെന്റിനു ആണ്ടിനാൽവരുന്ന നഷ്ടത്തെയോ പരിഗണിച്ച് പ്രൊഹിബിഷൻ നിറുത്തൽ ചെയ്യരുതെന്നും, ആണ്ടുതോറും കുറഞ്ഞതു ഒരു താലൂക്കിലെങ്കിലും ഈ പദ്ധതി നടപ്പിൽവരുത്തണമെന്നും ഞാൻ ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു.

പ്രൊഹിബിഷൻ നടപ്പാക്കിയതുമൂലം സാമൂഹ്യാചാരാനുഷ്ഠാനങ്ങളിൽ പൊതുവേ മനുഷ്യസമുദായം ഉയർന്നിട്ടുണ്ടെന്നുവേണം പറയാൻ. ഇങ്ങനെ അധഃപതിച്ചുകിടന്ന മനുഷ്യസമുദായത്തെ പുനരുദ്ധരിക്കാൻ പര്യാപ്തമായ ഈ പദ്ധതി വർഷംതോറും ഒന്നോരണ്ടുതാലൂക്കുകളിലേക്കെങ്കിലും വികസിപ്പിക്കാൻ ഗവണ്മെന്റിൽനിന്നും വ്യവസ്ഥചെയ്യുമെന്നു തന്നെയാണ് ഞാൻ പ്രതീക്ഷിച്ചിരുന്നത്. എന്നാൽ ആ പ്രതീക്ഷ ഇപ്പോൾ അസ്ഥാനത്തായിരിക്കുകയാണ്. എങ്കിലും അടുത്ത കാലത്തു

[ശ്രീ. കെ. എ. ശിവരാമഭാരതി]

തന്നെ നമുക്കു സാമ്പത്തികമായ എന്തു തകർച്ച നേരിട്ടാലും ഈ കാര്യം ഗവൺമെൻറിൻെറ സത്വരമായ നടപടികൾക്കു് വിധേയമാകണമെന്നു ഞാൻ അപേക്ഷിക്കുന്നു. മറെറാരു കാര്യം, മധുരക്കള്ളു് ചെത്തുന്നതു കൊണ്ടുമാത്രം തൊഴിലാളികൾക്കു് പറയത്തക്കവണ്ണമുള്ള ജോലിയില്ലെന്നു പറയേണ്ടിയിരിക്കുന്നു. സർ, ഇന്നു ചെത്തുതൊഴിലാളികൾ ഭൂരിഭാഗവും ചക്കര വ്യവസായത്തിൽ ഏർപ്പെട്ടിരിക്കയാണു്. ചക്കരയ്ക്കു് നാൾക്കുനാൾ വില കുറഞ്ഞുവരുന്നു. ഒന്നാമത്തെ കാരണം, പഞ്ചസാരയുടെ വിലക്കുറവും, രണ്ടാമത്തേതു് ചക്കരയ്ക്കു് മാർക്കററില്ലായ്കയുമാണു്. നമ്മുടെ സംസ്ഥാനത്തു മധുരക്കള്ളിൽ നിന്നെടുക്കുന്ന ചക്കര അതർഹിക്കുന്നവിധത്തിൽ വിററഴിക്കുന്നതിനുള്ള മാർക്കററുണ്ടാക്കേണ്ടതു ഗവൺമെൻറിൻെറ കർത്തവ്യമാണു്. സർ, കോയമ്പത്തൂർ, പൊള്ളാച്ചി മുതലായ സ്ഥലങ്ങളിൽ നമ്മുടെ ചക്കരയ്ക്കു് നല്ല മാർക്കററുണ്ടു്. അതുകൊണ്ടു മതിയാകുന്നില്ല. ഇനിയും ധാരാളം മാർക്കററുകൾ ചക്കരവ്യവസായം പോഷിപ്പിക്കുന്നതിനുവേണ്ടി നമുക്കാവശ്യമാണു്. ആ കാര്യത്തിൽ ഗവൺമെൻറു് പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണു്. മാത്രമല്ല കാര്യക്ഷമമായ പ്രവർത്തനവും അതിനു ആവശ്യമാണു്. ഈ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചു വളരെ കാര്യങ്ങൾ എനിക്കു പറയാനുണ്ടെങ്കിലും സമയച്ചുരുക്കത്താൽ വിശദാംശങ്ങളിലേയ്ക്കു് ഞാൻ കടക്കുന്നില്ല. ഈ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെൻറു വന്നതിനുശേഷം, കുറെ നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്നു പറയാതെ തരമില്ല. എങ്കിലും ജനങ്ങളുടെ ബോദ്ധ്യത്തിനുവേണ്ടി ഇനിയും പല കാര്യങ്ങളും ചെയ്തു തീർക്കേണ്ടതായിട്ടുണ്ടു്. മദ്യനിരോധനം സംബന്ധിച്ചു് കൂടുതൽ സ്റ്റാഫിനെ നിയമിക്കാൻ പോകുന്നു എന്നു കേൾക്കുന്നു. സർ, അതു തികച്ചും സ്വാഗതാർഹമാണു്. എന്നാൽ അതോടുകൂടി എനിക്കൊരു കാര്യം പറയാനുള്ളതു്, മദ്യനിരോധനമേഖലകളിൽ വ്യാജവാററുകൾ കണ്ടുപിടിക്കാൻ നിയോഗിക്കപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ ആത്മരക്ഷയ്ക്കായി വാഹനം മുതലായവ ഗവൺമെൻറിൽനിന്നും കൊടുക്കേണ്ടതാണെന്നാണു്. മാത്രമല്ല, അവർ താമസിക്കുന്നതിനുള്ള സൗകര്യങ്ങളും വേണ്ടിവന്നാൽ ചെയ്തുകൊടുക്കേണ്ടതാണു്. മറെറാരു കാര്യം, ഈ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന തുച്ഛമായ ശമ്പളക്കാർക്കു് അവരുടെ ശമ്പളം സമയാസമയങ്ങളിൽ കിട്ടുന്നില്ലെന്നു പരാതികൾ ഉണ്ടായിട്ടുണ്ടു്. അവരുടെ ശമ്പളത്തെ സംബന്ധിച്ചിടത്തോളം താമസമുണ്ടാക്കുന്ന ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരെ കണ്ടുപിടിച്ചു ശിക്ഷിക്കുകയോ, താക്കീതു ചെയ്യുകയോ ചെയ്യണമെന്നുകൂടി ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു.

ശ്രീ. എം. വി. ചെറിയാൻ: മെമ്പറിൻെറ നിയോജകമണ്ഡലത്തിൽ മദ്യം വ്യാജമായി വാററുന്നുണ്ടോ?

ശ്രീ. കെ. എ. ശിവരാമഭാരതി: വ്യാജവില്പന എന്നു ഞാൻ പറഞ്ഞതു് എൻെറ നിയോജകമണ്ഡലത്തെ മാത്രമല്ല, മദ്യനിരോധനമേഖലകളെ ഒന്നടങ്കം സ്പർശിച്ചാണു് പറഞ്ഞതു്. സർ, ഈ കാര്യങ്ങൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെടുത്തിക്കൊണ്ടു ഞാൻ ഉപസംഹരിക്കുന്നു.

ശ്രീ. കെ. എം. ജാർജ്ജ്: സർ, ബഹുമാനപ്പെട്ട ചീഫ്വർ മെംബർ ഇവിടെ അവതരപ്പിച്ച ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുകയാണു ചെയ്യുന്നത്. മദ്യനിരോധനത്തെ സംബന്ധിച്ച് വളരെയേറെ പ്രതീക്ഷകഠം ഈ നാട്ടിലെ ജനങ്ങഠംക്കുണ്ടായിരുന്നു. ഈ പ്രസ്ഥാനം ആണ്ടുതോറും വിപുലമാക്കാൻ പോകുന്നുവെന്നാണു ഇതു തുടങ്ങിയപ്പോഠം ഉണ്ടായിരുന്ന ഉദ്ദേശം. എന്നാൽ, രാജ്യത്തെ ബാധിച്ചിരിക്കുന്ന സാമ്പത്തികക്കുഴപ്പംമൂലം മദ്യനിരോധനപദ്ധതി മന്ദഗതിയിലായിരിക്കുകയാണ്. എന്നു വരികിലും, മദ്യനിരോധനം ഏർപ്പെടുത്തിയിട്ടുള്ള മേഖലകളിലെ പൊതുജനങ്ങഠംക്ക് തന്മൂലം പല നന്മകളും, സാംസ്കാരികമായും, സാമൂഹ്യമായും ഉണ്ടായിട്ടുണ്ട്. സർ, എന്റെ ഓർമ്മ ശരിയാണെങ്കിൽ, ഈ പദ്ധതി ആദ്യം നടപ്പിൽ വരുത്തിയതു് മുൻപു് മന്ത്രിയായിരുന്ന ശ്രീ. രാമചന്ദ്രനായിരുന്നു. അതിനുശേഷം അദ്ദേഹം തെക്കൻ തിരുവിതാംകൂറിൽ സഞ്ചരിച്ചുപോവുകയും, ആ അവസരത്തിൽ അവിടെയുള്ള ജനങ്ങളുടെ ക്ഷേമാദികളെ അന്വേഷിക്കുകയും ചെയ്തപ്പോഴാണ് ഇതുകൊണ്ടു് തെക്കൻതിരുവിതാംകൂറിലെ സഹോദരിമാക്ക് എത്രത്തോളം ആശ്വാസവും സമാധാനവും ഉണ്ടായിട്ടുണ്ടെന്നു ബോദ്ധ്യപ്പെട്ടതു്. സർ, അദ്ദേഹത്തെ കണ്ട ഉടനെതന്നെ ആ സഹോദരിമാർ, അദ്ദേഹത്തിന്റെ സമീപം അടുത്തുകൂടുകയും, ആഹ്ലാദഭരിതരായി "അയ്യാ, നീങ്കഠം നൻറായിരുക്കണം, ഉങ്കഠംക്കു ഏരാളമാന കുഴന്തൈകുട്ടികഠം പിറക്കട്ടും" എന്നു അനുഗ്രഹിക്കുകയും ചെയ്തു. അതിനുശേഷവും അതിനു മുമ്പും, മന്ത്രിയായും അല്ലാതെയും ശ്രീ. പട്ടം ഈ നാട്ടിൽ ആകമാനം മദ്യനിരോധനത്തെ സംബന്ധിച്ചുള്ള പ്രചരണങ്ങഠം നടത്തിയിട്ടുണ്ടു്. കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ അദ്ദേഹം അദ്ദേഹത്തിന്റെ പ്രസംഗമദ്ധ്യേ പറയുകയുണ്ടായി, സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തും മദ്യനിരോധനം ഏർപ്പെടുത്തുന്നതാണെന്നു്. മദ്യനിരോധനം സാർവ്വത്രികമാക്കുന്നതിനുമുൻപു് കോൺഗ്രസ്സു മന്ത്രിമാർ പിരിയുകയാണുണ്ടായതു്. ഇപ്പോഠം ഭരണഭാരം ഏറ്റിരിക്കുന്ന പി. എസ്സ്. പി. ഗവണ്മെൻറു മദ്യനിരോധനം, സംസ്ഥാനത്തു വ്യാപിപ്പിക്കുന്നതിന്റെ ആവശ്യകതയെ കാര്യമായി ഗൗനിച്ചിട്ടില്ലെന്നാണു തോന്നുന്നതു്. അല്ലെങ്കിൽ, അതിനുള്ള ധാർമ്മികനട്ടെല്ല് ഇല്ലാതെപോയെന്നു കരുതേണ്ടിയിരിക്കുന്നു. സർ, മദ്യനിരോധനം ഏർപ്പെടുത്തുന്നതുമൂലം നമുക്കു കൂടുതൽ സാമ്പത്തികക്കുഴപ്പം ഉണ്ടാകുമെന്നുള്ള ഭീതികൊണ്ടായിരിക്കണം, കൂടുതൽ സ്ഥലങ്ങളിലേയ്ക്കു വ്യാപിപ്പിക്കാത്തതെന്നാണെങ്കിൽ, പൊതുജനങ്ങളുടെ സാമൂഹ്യവും സംസ്കാരികവുമായ നല്ല ഉയർത്തുന്നതിനുവേണ്ടി എല്ലാ നഷ്ടം സഹിച്ചാൽതന്നെയും ഈ വർഷം ഒന്നോ രണ്ടോ താലൂക്കുകളിൽ കൂടി മദ്യനിരോധനം ഏർപ്പെടുത്തേണ്ടതു് വളരെ ആവശ്യമായ ട്ടുള്ളതാണെന്നാണു് എനിക്ക് പറയുവാനുള്ളതു്. മദ്യനിരോധനത്തിന്റെ പേരിൽ പൊതുജനങ്ങളെ വഞ്ചിക്കുക ചെയ്യുന്ന ഒരു നികുതിയാണു ഇന്നു ഏർപ്പെടുത്തിയിരിക്കുന്നതു്. ഈ നികുതിയിൽനിന്നും അതാതു് സംസ്ഥാനത്തു ഏർപ്പെടുത്തിയിരിക്കുന്ന ഈ വില്പനനികുതിയിൽനിന്നും ഒരു വലിയ തുകയാണു ഗവണ്മെൻറ് പൊതുജനങ്ങളിൽനിന്നും ഞെക്കിപ്പിഴിഞ്ഞെടുക്കുന്നതു്. എങ്കിലും ഈ ഗവണ്മെൻറു ധൈര്യപൂർവ്വം മദ്യനിരോധനം ഏർപ്പെടുത്തുന്നതിനുവേണ്ട ആവശ്യമായ നടപടികഠം കൈക്കൊണ്ടിരുന്നുവെങ്കിൽ അങ്ങനെയെങ്കിലും ഈ ഗവണ്മെൻറിനെ അഭിനന്ദിക്കാമായിരുന്നു.

[ശ്രീ. കെ. എം. ജോർജ്ജ്]

പക്ഷെ, ആ കാര്യത്തിൽ വൈമുഖ്യം കാണിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ബാലൻ പറയുകയുണ്ടായി ഷാപ്പുകൾ ലേലം പിടിച്ചിട്ടുള്ള കൺട്രാക്ടർമാർക്ക് നേരിട്ടിട്ടുള്ള സാമ്പത്തിക തകർച്ചയുടെ ഫലമായി അവർ നാൾക്കുനാൾ അധഃപതിച്ചുകൊണ്ടിരിക്കുന്നുവെന്നും, അതുകൊണ്ട് അവർ അടയ്ക്കുവാനുള്ള തുകയ്ക്ക് സാവകാശം കൊടുക്കണമെന്നും, അവരുടെ കിസ്തിൽ കുറവു ചെയ്യണമെന്നും അങ്ങനെ അവരെ സാമ്പത്തികമായി സഹായിക്കണമെന്നും. അദ്ദേഹം കൺട്രാക്ടർമാർക്കു വേണ്ടി വളരെ ശക്തിയായി മുഖ്യമന്ത്രിയുടെ ശ്രദ്ധയെ ആകർഷിക്കാൻ വേണ്ടി വാദിച്ചിട്ടുണ്ട്.

സർ, ഞാൻ അതിനോട് യോജിക്കുന്നു. ഇപ്പോഴത്തെ സാമ്പത്തിക തകർച്ചയെ പരിഗണിച്ച്, ഈ കൺട്രാക്ടർമാരിൽ അർഹരായവർക്ക് വേണ്ട സൌജന്യങ്ങളും സാവകാശങ്ങളും അനുവദിച്ചുകൊടുക്കേണ്ടതാണ്. ചെത്തുതൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കപ്പെടണം. അവക്ക് ഇന്നു വന്നുചേർന്നിരിക്കുന്ന പരാധീനതകളെപ്പററി ഒരു സൂചന ബഹുമാനപ്പെട്ട ഗവണ്മെൻറിൻേറയും എക്സൈസ് വകുപ്പുമന്ത്രിയുടെയും മുമ്പിൽ ഞാൻ വയ്ക്കുകയാണ്. സർ, ചെത്തുതൊഴിലാളികളെ സംബന്ധിച്ച് യാതൊരു തരത്തിലും അഭിപ്രായവ്യത്യാസമുള്ള കക്ഷികൾ ഇവിടെയില്ല. പക്ഷെ ഇന്ന് നമ്മുടെ സംസ്ഥാനത്തുള്ള ചെത്തുതൊഴിലാളി സംഘടനകൾ ചെങ്കൊടിയുടെ കീഴിൽ സംഘടിച്ചിരിക്കുകയാണ്. വൈക്കം, വെച്ചൂർ മുതലായ സ്ഥലങ്ങളിൽ ഇന്നു ബോട്ടുകളിൽ കമ്മ്യൂണിസ്ററുകാരുടെ അകമ്പടിയോടുകൂടി വന്ന് ഷാപ്പുകളിൽ അവർ കുഴപ്പം ഉണ്ടാക്കുന്നു. ഷാപ്പുടമകളെ അവഗണിച്ച് തൊഴിലാളികൾ നുഴഞ്ഞുകയറുകയാണ്. പത്ത് ചെത്തുതൊഴിലാളികൾ ആവശ്യമുള്ള സ്ഥലങ്ങളിൽ 20 ആളുകൾ കമ്മ്യൂണിസ്ററുകാരുടെ അകമ്പടിയോടുകൂടി നുഴഞ്ഞുകയറി ഷാപ്പുടമകളെ വിഷമിപ്പിക്കുകയാണ്. അങ്ങനെ ഷാപ്പുടമകൾ ഇന്ന് ഏററവും അധികം വിഷമിക്കുന്നുണ്ട് എന്ന വസ്തുത ഞാൻ ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതോടൊപ്പം ഷാപ്പു നടത്തുന്നവരുടെ ന്യായമായ അവകാശങ്ങൾ തുലയ്ക്കുന്നതിനും ഷാപ്പുടമകളെ തകർക്കുന്നതിനും അങ്ങനെ ഗവണ്മെൻറിന് ഒരു സാമ്പത്തികത്തകർച്ച ഉണ്ടാക്കുന്നതിനും വേണ്ടി ഇന്ന് കമ്മ്യൂണിസ്ററുകാർ ബോധപൂർവം ഒരു ശ്രമം നടത്തിക്കൊണ്ടിരിക്കയാണ്. അതിൻെറ ഫലം എൻെറ നിയോജകമണ്ഡലത്തിൽ വളരെയേറെ അനുഭവപ്പെട്ടുതുടങ്ങിയിട്ടുണ്ടെന്നു ഞാൻ ഗവണ്മെൻറിൻെറ ദൃഷ്ടിയിൽ പെടുത്തുകയാണ്. ഈ ഡിപ്പാർട്ടുമെൻറിനെപ്പററി പറയുമ്പോൾ മററു ചില ഡിപ്പാർട്ടുമെൻറുകളിൽ ഉള്ളതുപോലെ, അതിൽ ഒട്ടും കുറവല്ലാത്ത വിധത്തിൽ, കൊള്ളരുതായ്മകൾ ഇന്നും നിലനില്ക്കുന്നുണ്ട് എന്നുള്ള വസ്തുത ഞാൻ എക്സൈസ് വകുപ്പുമന്ത്രിയുടെ മുമ്പിൽ വച്ചുകൊള്ളട്ടെ. ഇന്നു മിക്ക ഷാപ്പുടമകളും വ്യാജമായി ചെത്തു നടത്തുന്നുണ്ട്. ഷാപ്പുകൾ ലേലം വിളിക്കുന്നതോടുകൂടി ഗവണ്മെൻറും ലേലം വിളിച്ചെടുക്കുന്ന ഷാപ്പുടമകളും തമ്മിൽ ഒരു കാൺട്രാക്ടിൽ ഏർപ്പെടുന്നുണ്ട് എന്നുള്ള വസ്തുത ഞാൻ പറയാതെ എല്ലാവർക്കും അറിയാവുന്നതാണ്. ആ കൺട്രാക്ററു പ്രകാരം 30 തെങ്ങ് ചെത്തുവാൻ അനുവാദമുള്ള ഷാപ്പുടമകൾ ഉദ്യോഗസ്ഥന്മാരുടെ അറിവോടുകൂടി 50 തെങ്ങു ചെത്തുന്നുണ്ട്. അതുമൂലം

ഗവൺമെൻറിന് കിട്ടേണ്ട വരുമാനം വളരെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്. ഇതു് പരസ്യമായ ഒരു രഹസ്യമാണ്.

എക്സൈസിലെ പുകയില മുതലായ വകുപ്പുകൾ കേന്ദ്രത്തിലേയ്ക്കു് എടുത്തതോടുകൂടി കേന്ദ്രസർക്കാരിലേയ്ക്കു് പോയിട്ടുള്ള ഉദ്യോഗസ്ഥന്മാർക്കു് നല്ല ശമ്പളം കിട്ടുന്നുണ്ട്. കേന്ദ്ര ഗവൺമെൻറിൽ ആ ഡിപ്പാർട്ടുമെൻറിലുള്ള ഉദ്യോഗസ്ഥന്മാർക്കു് കിട്ടുന്ന ശമ്പളം ഇവിടെയുള്ള ഉദ്യോഗസ്ഥന്മാർക്കു് ഇപ്പോഴും കിട്ടുന്നില്ല. അങ്ങനെയുള്ള ഉദ്യോഗസ്ഥന്മാർക്കു് കേന്ദ്ര ഗവൺമെൻറിലെ ഉദ്യോഗസ്ഥന്മാർക്കു് കിട്ടുന്നതുപോലെയുള്ള ശമ്പളം കിട്ടുവാൻ വേണ്ട ഊർജ്ജിത നടപടികൾ ഗവൺമെൻറ് എടുക്കാത്തതു് എന്തുകൊണ്ടാണെന്നു് എനിക്കു മനസ്സിലാകുന്നില്ല. തിരുവിതാംകൂർ–കൊച്ചി സംയോജനത്തിനുശേഷം അനവധി ചാവടികൾ ഗവൺമെൻറ നിറുത്തിയിട്ടുണ്ട്. അങ്ങനെയുള്ള ചാവടികളും അതിലുള്ള കെട്ടിടങ്ങളും വായനശാലയ്ക്കു വേണ്ടിയോ, വല്ല സാംസ്കാരികസംഘടനയ്ക്കു വേണ്ടിയോ നാട്ടുകാർ ആവശ്യപ്പെട്ടാൽ ഗവൺമെൻറ കൊടുക്കുന്നില്ല. അവയെല്ലാം ചില വ്യക്തികൾ അവരുടെ സ്വന്താവശ്യത്തിനു വേണ്ടി ഉപയോഗപ്പെടുത്തുവാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കയാണ്. ഈ വക സ്ഥലങ്ങൾ വായനശാലകൾക്കൊ സാംസ്കാരികസംഘടനകൾക്കൊ വിട്ടുകൊടുക്കാത്തതു് എന്തുകൊണ്ടാണെന്നു് ഞാൻ ചോദിക്കുന്നു?

ഒരു കാര്യംകൂടി ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. പബ്ലിക്കു് നിരത്തുകളുടേയും ദേവാലയങ്ങളുടേയും 40 വാര അകലേ ഷാപ്പു നടത്താവൂ എന്നു ഒരു നിബന്ധന പണ്ടു് കൊച്ചിയിൽ നിലവിലിരുന്നു. എന്നാൽ ഇന്നു് ദേവാലയങ്ങളുടെയും വിദ്യാലയങ്ങളുടേയും മററും തൊട്ടടുത്തു് ഷാപ്പുകൾ നടത്തുന്നുണ്ട്. ഇതു് വളരെ അവഹേളനാപരമായ ഒരു പ്രവൃത്തിയാണെന്നു് പറയാതെ നിവൃത്തിയില്ല. കാലാന്തരത്തിൽ ഈ ഡിപ്പാർട്ടുമെൻറ് നിറുത്തൽ ചെയ്യേണ്ട ഒരു ഡിപ്പാർട്ടുമെൻറാണ്. നമ്മുടെ രാജ്യത്തെ സാമ്പത്തികസ്ഥിതി വച്ചുനോക്കുമ്പോൾ ഒരു കാലത്തും നിറുത്തൽ ചെയ്യാൻ സാദ്ധ്യമല്ലാത്ത ഒരു ഡിപ്പാർട്ടുമെൻറാണ് എന്നു തോന്നാം. എന്നുവരികിലും അതിൻെറ പ്രവർത്തനംകൊണ്ടു് നമ്മുടെ സംസ്കാരത്തിനു കഴിയുന്നത്ര ഇടിവു വരാതെ നോക്കുന്നതിനുള്ള കടമ ഭരണക്കൂടത്തിനുണ്ട്. മഹനീയമായ മദ്യനിരോധന ആശയം നമ്മുടെ സംസ്ഥാനത്തു് പടിപ്പടിയായിട്ടെങ്കിലും നടപ്പാക്കുന്നതിനു വേണ്ടി പ്രവർത്തിക്കണമെന്നു ഉൽബോധിപ്പിച്ചുകൊണ്ടു് ഞാൻ ഖണ്ഡനോപക്ഷേപത്തെ പിന്താങ്ങിക്കൊള്ളുന്നു.

ശ്രീ. കെ. ബാലകൃഷ്ണൻ: സർ, മദ്യനിരോധനത്തെപ്പററി പ്രധാനമായ ഇവിടെ ചർച്ച നടന്നു വരുന്നതിനാൽ അതിനെപ്പററി എനിക്കും ചില കാര്യങ്ങൾ ഈ അവസരത്തിൽ പറഞ്ഞാൽ കൊള്ളാമെന്നുണ്ട്. അതിനു മുൻപു ഒന്നു രണ്ടു കാര്യങ്ങൾ ഗവൺമെൻറിൻെറ പ്രത്യേകമായ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതു് അത്യാവശ്യമാണെന്നു തോന്നുന്നു. എക്സൈസ് ഡിപ്പാർട്ടുമെൻറിലുള്ള എക്സൈസ് ഗാർഡുമാർക്കു് ഉത്തരവാദഭരണം വരുന്നതിനു മുൻപുവരെ പൊലീസുകാർക്കുള്ളതുപോലെയുള്ള ശമ്പളക്രമമായിരുന്നു ഉണ്ടായിരുന്നതു്. ഉത്തരവാദഭരണം വന്നതിനു ശേഷമാണു് രണ്ടു പോലീസുകാർക്കു് ശമ്പളം വർദ്ധിപ്പിക്കുകയുണ്ടായി. എന്നാൽ എക്സൈസ് ഗാർഡുകളുടെ ശമ്പളം വർദ്ധിപ്പിക്കുകയുണ്ടായിട്ടില്ല. എക്സൈസ് ഡിപ്പാർട്ടുമെൻറിൽനിന്നു കേന്ദ്രഗവൺമെൻറിൻെറ കീഴിലേയ്ക്കു

[ശ്രീ. കെ. ബാലകൃഷ്ണൻ]

പോയിട്ടുള്ള ആളുകൾക്ക് ഇപ്പോൾ 75 രൂപ ശമ്പളമായിട്ടുണ്ട്. ഇവിടെ എക്സൈസ് ഗാർഡുകളായി പണ്ടേയുള്ള ആളുകൾ ഇന്നും പഴയ ശമ്പളത്തിൽത്തന്നെ കഴിയുകയാണ്. യാതൊരു ശമ്പള വർദ്ധനയുമില്ലാതെ പഴയ ശമ്പളത്തിൽത്തന്നെ കഴിയുന്ന എക്സൈസ് ഗാർഡുകളുടെ കാര്യത്തിൽ ഗവൺമെന്റിന്റെ സത്വരമായ ശ്രദ്ധ പതിയണമെന്നും അവരുടെ ശമ്പളം വർദ്ധിപ്പിക്കുവാൻ ആവശ്യമായ നടപടികൾ എടുക്കണമെന്നും ഞാൻ ആദ്യമായി അഭ്യർത്ഥിച്ചുകൊള്ളുന്നു.

ചെത്തുകാരായിട്ടു നാട്ടിൽ വളരെയേറെ ആളുകളുണ്ട്. തൊഴിലാളികൾക്ക് ന്യായമായ കൂലി നിശ്ചയിക്കുന്നതിനു വേണ്ടി നാട്ടിലെ മററു ചില തൊഴിലുകളുടെ കാര്യത്തിൽ മിനിമം വേജസ് കമ്മിററികൾ സംഘടിപ്പിച്ചിട്ടുണ്ട്. വളരെ അധികം ആളുകൾ ജോലിയെടുക്കുന്ന ഒരു തൊഴിൽ എന്ന നിലയിൽ ചെത്തുതൊഴിലിനും ന്യായമായ കൂലി കിട്ടത്തക്ക രീതിയിൽ ഒരു മിനിമം വേജസ് കമ്മിററി സംഘടിപ്പിക്കുവാനും അവർക്ക് തുടരെ ജോലി കിട്ടുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാനും ഞാൻ അഭ്യർത്ഥിക്കുന്നു.

ഷാപ്പുകളുടെ ലേലത്തെപ്പററി സഖാവു ബാലൻ പറഞ്ഞു. ആളുകൾ സ്ഥിരമായി ഷാപ്പു ലേലം വിളിച്ചു ഇപ്പോൾ കൊടുക്കുവാൻ സാദ്ധ്യമല്ലെങ്കിലും ഒരു വർഷംവച്ചു ഷാപ്പു ലേലം ചെയ്തു കൊടുക്കുന്ന വ്യവസ്ഥ മാററി കുറെക്കൂടി ദീർഘമായ കാലയളവുവച്ചു് ലേലം വിളിച്ചു കൊടുക്കുന്ന ഏർപ്പാടുണ്ടാക്കിയാൽ നന്നായിരിക്കുമെന്ന് എനിക്കു തോന്നുന്നു.

ശ്രീ. ജോസഫ് ചാഴികാട്ട്: മുമ്പു രണ്ടു വർഷത്തേയ്ക്ക് ഷാപ്പു ലേലം വിളിച്ചുകൊടുത്തിരുന്നതായും പിന്നീട് അതു് ദോഷമാണെന്ന് കണ്ടിട്ടാണ് ഒരു കൊല്ലമാക്കിയതെന്നും അറിയാമോ?

ശ്രീ. കെ. ബാലകൃഷ്ണൻ: അങ്ങനെയല്ല ഉണ്ടായിട്ടുള്ളതെന്ന് എനിക്കറിയാം. ഷാപ്പു കോൺട്രാക്ററ് ഒരു കൈക്കൂലിപോലെ നല്കിക്കൊണ്ടിരുന്ന കാലത്ത് അധികാരികളുടെ സൗകര്യത്തിനു വേണ്ടി രണ്ടു വർഷം ഒരു വർഷമായി കുറച്ചതാണ്. ഷാപ്പുകൾ കോൺട്രാക്ററു കൊടുക്കുന്ന ഉടനെ കോൺട്രാക്ററർമാർക്ക് സ്ഥിരമായിട്ടു ആ വ്യവസായത്തെ സംഘടിപ്പിക്കുവാനും തൊഴിലിനെ തുടർച്ചയായി ഇംപ്രൂവ് ചെയ്യുവാനും നിവൃത്തിയില്ലാത്ത അവസ്ഥ മാററി മുമ്പുണ്ടായിരുന്നതുപോലെ രണ്ടു വർഷത്തേയ്ക്കോ അതിൽ ദീർഘമായ ഒരു കാലയളവുവച്ചോ കോൺട്രാക്ററു കൊടുക്കുന്നതു് നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം.

ഇപ്പോൾ കുറെ അധികം രൂപ ഡിപ്പാർട്ടുമെന്റിൽനിന്നു ചെലവാക്കിക്കൊണ്ടിരിക്കുന്ന പ്രോഹിബിഷൻ സ്ക്വാഡ് വളരെ ആവശ്യമുണ്ടെന്ന് എനിക്കു തോന്നുന്നില്ല. ഈ ജോലി പോലീസ് ക്രൈംബ്രാഞ്ചിനെ ഏല്പിച്ചു് അവരെക്കൊണ്ടു് ചെയ്യിക്കാവുന്നതാണ്. അക്കാര്യവും ഗവൺമെന്റ് കാര്യമായിട്ടു ആലോചിക്കണമെന്നുമാത്രം ഞാൻ അഭിപ്രായപ്പെടുന്നു.

സഖാവു ബാലൻ പറഞ്ഞു കള്ളിന്റെ വില വളരെ കുറഞ്ഞുവരികയാണെന്നും അതുകൊണ്ടു് കോൺട്രാക്ററർക്ക് കിസ്തു ഇളവു ചെയ്തു കൊടുക്ക

ണമെന്നും. സർ, ഷാപ്പു കോൺട്രാക്ടറൻമാരുടെ കാര്യം വളരെ കഷ്ടമായിട്ടുണ്ടെന്നു എനിക്കു തോന്നുന്നു. എനിക്കു ഈയിടെ കുറെ ഷാപ്പു കോൺട്രാക്ടറൻമാരെ കാണാൻ കഴിഞ്ഞു. കള്ളുവില വല്ലാതെ ഇടിഞ്ഞിട്ടുണ്ടെന്നാണ് അവർ പറയുന്നതു്. എനിക്കു ഷാപ്പു കോൺട്രാക്ടറൻമാരുടെ കാര്യത്തെപ്പററി കൂടുതൽ അറിഞ്ഞുകൂടെങ്കിലും ഉള്ളതൊ വല അറിഞ്ഞുകൂടെങ്കിലും ആ കാര്യം ഗവൺമെൻറ അന്വേഷിക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

ഇനി മദ്യനിരോധനത്തെപ്പററിയാണ് ഒന്നു രണ്ടു വാക്കുകൾ പറയുവാനുള്ളതു്. ഡാക്ടർ എ. ആർ. മേനോൻ വളരെ വികാരഭരിതനായി മദ്യനിരോധനനയത്തെപ്പററി ഇവിടെ പറയുകയുണ്ടായി. ഏതാനും ചില പ്രദേശത്തുമാത്രം മദ്യനിരോധനം ഏർപ്പെടുത്തിക്കൊണ്ടുള്ള ഇന്നത്തെ നയം തുടരുന്നതിൽ ഗവൺമെൻറ കാണിക്കുന്ന അശ്രദ്ധയും മടിയും ചൂണ്ടിക്കാണിച്ചുകൊണ്ടു് റവന്യൂ നഷ്ടപ്പെടുമല്ലോ എന്നു നോക്കാതെ പൂർണ്ണമായ മദ്യനിരോധനം നടപ്പാക്കുന്നതിനു് ധീരമായ നടപടി ഗവൺമെൻറ് എടുക്കണമെന്നു് ഡാക്ടർ മേനവൻ പറഞ്ഞു. മദ്യനിരോധനം കോൺഗ്രസ്സുകാർ കൊണ്ടുവന്ന ഒരു നല്ല കാര്യമാണെന്നു് ചിലർ ഇവിടെ പറഞ്ഞുകേട്ടു. വാസ്തവത്തിൽ കോൺഗ്രസ്സുകാർ അല്ലാ ആദ്യമായി ഇവിടെ പ്രൊഹിബിഷൻ കൊണ്ടുവന്നതു് എന്നാണ് എനിക്കു പറയുവാനുള്ളതു്. ഈ രാജ്യത്തു് ആദ്യം പ്രൊഹിബിഷൻ ഏർപ്പെടുത്തിയതു് 1104-ൽ ആണു്. 1104-ൽ ചങ്ങനാശ്ശേരിയിൽ പ്രൊഹിബിഷൻ ഏർപ്പെടുത്തുകയുണ്ടായി. ഏഴു വർഷം ആ പരീക്ഷണം നീണ്ടുനിന്നു. അവിടെ അതു് പരാജയപ്പെട്ടശേഷം 1112-ൽ ഒരു കൊല്ലം ആററിങ്ങൽ ഏർപ്പെടുത്തി ഒന്നു പരീക്ഷിച്ചു നോക്കി. അങ്ങനെ രണ്ടു സ്ഥലത്തു് പ്രൊഹിബിഷൻ ഏർപ്പെടുത്തി പരീക്ഷണം നടത്തിയശേഷം അതിനെക്കുറിച്ചു് ഗവൺമെൻറ പാസ്സാക്കിയിട്ടുള്ള അഭിപ്രായം, ഞാൻ ഇവിടെ വായിക്കാം.

"With reference to the correspondence ending with your letter No. 17466/A. 6096 dated 23rd June 1937 re: the introduction of local option at Attingal, I have the honour to inform you that local option has been a ghastly failure in Madras and in a country full of cocoanut palm trees and possibilities of illicit distillation as this, it is bound to be futile with the sole result of loss of revenue to Government."

1104 മുതൽ 1111 വരെ ചങ്ങനാശേരിയിലും അതിനുശേഷം ഒരു കൊല്ലം ആററിങ്ങലും പ്രൊഹിബിഷൻ ഏർപ്പെടുത്തിയതിനെപ്പററി അന്നത്തെ ഗവൺമെൻറ പാസ്സാക്കിയിട്ടുള്ള അഭിപ്രായമാണിതു്. അന്നു് എക്സൈസ് കമ്മീഷണർ മി. സി. ഒ. മാധവനായിരുന്നു.

ശ്രീ. കളത്തിൽ വേലായുധൻ നായർ: സർ, ചങ്ങനാശേരിയിൽ പ്രൊഹിബിഷൻ നടത്തിയെന്നാണോ പറയുന്നതു്? അന്നു് ചങ്ങനാശേരി ടൗണിൽ കുടിക്കുവാൻ പാടില്ല എന്നു ഒരേർപ്പാടു ചെയ്യുകയാണു് ചെയ്തതു്.

ശ്രീ. കെ. ബാലകൃഷ്ണൻ: സമ്പൂർണ്ണമായ മദ്യനിരോധനത്തിന്റെ ആദ്യപടിയായിട്ടാണു് ഞാൻ അതിനെ കരുതുന്നതു്. അന്നും പ്രിവൻറീവ് ആഫീസറന്മാരും ഇന്നത്തെ മദ്യനിരോധനത്തിന്റെ മററു ചട്ടങ്ങളുമെല്ലാമുണ്ടായിരുന്നു. അതു കഴിഞ്ഞു് 1939-ൽ സർ സി. പി. രാമസ്വാമി

[ശ്രീ. കെ. ബാലകൃഷ്ണൻ]

അയ്യരുടെ കാലത്തു മദ്യനിരോധനം സംബന്ധിച്ചു് ഒരു പ്രമേയം ഈ സഭ പാസാക്കിയിട്ടുണ്ടു്. പ്രമേയം ഇതാണ്:—

> "This Assembly recommends to the Government that a scheme for the prohibition of the vending and consumption of intoxicating drinks within a limited area with a view to bring under control the drink evil be devised and put through immediately."

ഇതൊരു നാൺഒഫീഷ്യൽ റെസലൂഷനായിരുന്നു. ശ്രീ. എസ്. നാരായണപിള്ളയാണ് അവതരിപ്പിച്ചതു്. അതു പാസാക്കുകയും ചെയ്തു. പക്ഷെ അതിനുശേഷം അതിൽ എന്തെങ്കിലും നടപടി എടുത്തതായി അറിയുന്നില്ല. മദ്യനിരോധനം ആവശ്യമാണെന്നു പറയുന്നവർ പറയുന്ന കാരണങ്ങളും, താണ നിലയിലുള്ള ആളുകൾ കള്ളുകുടിച്ചു വീട്ടിലെ ഭാര്യയെയും കുട്ടികളെയും പട്ടിണിയിട്ടു, ശണ്ഠയും ലഹളയും കൂട്ടി അങ്ങനെ സാമൂഹ്യജീവിതം അലങ്കോലപ്പെടുത്തുന്നു എന്നുള്ളതാണ്. സർ, അങ്ങനെയുള്ള വീടുകളിൽ മദ്യനിരോധനംകൊണ്ടു് വളരെ പ്രയോജനം ഉണ്ടായിട്ടുണ്ടെന്നുള്ള കാര്യം പരമാർത്ഥമാണ്. വീട്ടിൽ കഞ്ഞി വയ്ക്കുന്നതിനുപോലും അരിയില്ലാതെ, എപ്പോഴും ശണ്ഠയും ലഹളയുമായി കഴിഞ്ഞിരുന്ന താണനിലയിലുള്ള കുടുംബങ്ങളിൽ മദ്യനിരോധനംകൊണ്ടു് കുറെ പ്രയോജനമുണ്ടായിട്ടുണ്ടെന്നുള്ള പരമാർത്ഥം ഞാൻ നിഷേധിക്കുന്നില്ല. സായംസന്ധ്യയ്ക്കു വീട്ടിൽ മടങ്ങിയെത്തുന്ന പിതാവിന്റെ കണ്ണുനാളത്തെ വലയം ചെയ്യുന്ന ലതകൾ പോലുള്ള പിഞ്ചു കരങ്ങളെപ്പറ്റി ഡാ. മേനോൻ പറഞ്ഞു. ശരിയാണ്. പിഞ്ചു കുഞ്ഞുങ്ങളുടെ ഓമനത്തമുള്ള മുഖം ആഴം നിർണ്ണയിക്കാത്ത ആനന്ദാനുഭൂതിയുടെ ഉറവിടമാണ്. പക്ഷെ ഞാൻ ചോദിക്കട്ടെ, ഈ ആനന്ദം ഇന്നു് എത്ര വീടുകളിൽ കാണുവാൻ സാധിക്കുന്നുണ്ടു്. മദ്യനിരോധനംകൊണ്ടു് പാവപ്പെട്ട കുടിലുകളിൽ ആനന്ദം ഓളംവെട്ടുകയില്ല. ആനന്ദിക്കാൻ വകയുണ്ടായിരിക്കണം. വകയുണ്ടാകണമെങ്കിൽ തൊഴിലുണ്ടായിരിക്കണം. ഈ ഘട്ടത്തിലാണ് നാം മദ്യനിരോധനത്തെ കാണേണ്ടതു്. നമുക്കു വളരെയേറെ പണമില്ല. ഇല്ലാത്ത പണത്തിൽ ഒരു നല്ല പങ്കു മദ്യനിരോധനച്ചെലവിനു കളയുന്നതു് ന്യായമാണോ എന്നതാണ് പ്രശ്നം. നാട്ടിൽ ആശുപത്രികളുണ്ടാക്കാനും തൊഴിലില്ലായ്മയ്ക്കു പരിഹാരമുണ്ടാക്കാനും ചെലവാക്കാൻ പണമില്ലാത്തപ്പോൾ ഏതാനും കുടിയന്മാരെ രക്ഷപ്പെടുത്താൻ മാത്രമായി, അവർ രക്ഷപ്പെടുമോ എന്ന കാര്യം സംശയത്തിലിരിക്കെ, പണം ചെലവാക്കാൻ നമുക്കാവുമോ എന്നതാണ് പ്രശ്നം. സർ, ഈ നിയമസഭയിൽ തന്നെ ബഹുമാനപ്പെട്ട മെമ്പർ മി. കെ. സി. ജാർജ്ജ് പറഞ്ഞു, അദ്ദേഹത്തിന്റെ കാലിലെ ഒരു മുറിവു വെച്ചുകെട്ടുവാൻ, ആശുപത്രിയിൽ ചെന്നപ്പോൾ, അവിടെ പഞ്ഞിയില്ലാത്തതുകൊണ്ടു് അദ്ദേഹത്തിന്റെ ടവ്വൽ കീറിക്കൊടുത്തുവെന്നു്. സർ, ഇന്നു പല ആശുപത്രികളിലും മരുന്നിനുള്ള ഡാപ്പു കുറിച്ചുകൊടുക്കുന്നതല്ലാതെ, മരുന്നു കൊടുക്കുന്നില്ലെന്നാണ് ഞാൻ സൂക്ഷ്മമായി അറിഞ്ഞിട്ടുള്ളതു്. ഇങ്ങനെ ദയനീയമായ നിലയിൽ നോക്കുകയാണെങ്കിൽ ആശുപത്രിയിൽ മരുന്നുകളില്ല, മുറിവു കെട്ടുവാൻ പഞ്ഞിയില്ല. ആളുകൾക്കു തൊഴിലില്ല. താണ പടിയിലുള്ള ആളുകളുടെ ഇടയിൽ ഉണ്ടായിരിക്കുന്ന ഗുരുതരമായ പ്രശ്നം മദ്യപാനമാണെന്നു പറയുക ക്രൂരമാണ്. രാജ്യത്തുള്ള ജനങ്ങളിൽ എത്ര

ശതമാനമാണ് മദ്യപാനം ചെയ്യുന്നതെന്ന് ഒരു കണക്ക് എടുക്കേണ്ടതാണ്. പ്രശ്നം ശരിക്കു മനസ്സിലാക്കാതെ ഗിരിപ്രസംഗം നടത്തിയതുകൊണ്ടു കഥയില്ല. മദ്യനിരോധനത്തിനു നാം ഭീമമായ തുക ചെലവാക്കുന്നുണ്ട്. അതുകൊണ്ട് ആനുപാതികമായ പുരോഗതി ഉണ്ടായിട്ടുണ്ടോ എന്നുള്ള കാര്യമാണ് നാം പരിശോധിക്കേണ്ടതു്. മദ്യനിരോധനത്തിനു മുൻപും പിൻപുമുള്ള സമൂഹനിലവാരത്തിന്റെ ആകെത്തുകയെടുക്കണം. തൊഴിലും കൂലിയും വൈദ്യസഹായവും, കിടപ്പാടവും, സംസ്കാരവുമെല്ലാംകൂടി കണക്കു കൂട്ടണം. അപ്പോഴേ മദ്യനിരോധനം ഒരത്ഭുതകൃത്യമാണെന്ന ധാരണ മാറുകയുള്ളൂ. മറ്റൊരു പ്രശ്നം കൂടിയുണ്ട്. മദ്യനിരോധനംമൂലം ഒരു നല്ല വിഭാഗം തൊഴിലാളികളുടെയിടയിൽ ഗുരുതരമായ തൊഴിലില്ലായ്മ ഉണ്ടായിട്ടുണ്ട്. ഈ തൊഴിലില്ലായ്മ ഒരു പുതിയ സമൂഹപ്രശ്നം അവതരിപ്പിച്ചിട്ടുണ്ട്. അതിനു ഒരു പരിഹാരം നിർദ്ദേശിക്കാത്ത സമൂഹപരിഷ്കാരം ഒരു പരിഷ്കാരമാകുന്നതെങ്ങിനെയാണ്? ഈ തൊഴിലാളികൾ തെങ്ങും പനയും ചെത്തുന്നവരാണ്. ഇവയിൽനിന്നു ഒരുതരം ദ്രാവകം ചെത്തിയെടുക്കുന്നുണ്ട്. മധുരക്കള്ള്. ഈ മധുരക്കള്ള് കുടിക്കുന്നതുകൊണ്ട് യാതൊരു തകരാറുമില്ല. സർ, ഏതു മലയുടെ മുകളിൽനിന്നും, ഏതു പബ്ലിക്ക് പ്ലാററ്ഫാറത്തിൽനിന്നും ഇതു് പറയുവാൻ എനിക്ക് മടിയില്ല. ഇതു് എന്റെ അഭിപ്രായം മാത്രമല്ല മദ്യനിരോധനം ഏർപ്പെടുത്തിക്കൊണ്ടുള്ള ഒരു തീരുമാനം തിരുവിതാംകൂറിൽ വന്നപ്പോൾ, തിരുവിതാംകൂർ റേഡിയോനിലയത്തിൽനിന്ന്, ഡാക്ടർ മേനവനെപ്പോലെയുള്ള ആളുകൾ അംഗീകരിക്കുന്ന ഡാക്ടർ സാമർവെല്ലിനെപ്പോലെ അഖിലലോക പ്രശസ്തിയുള്ള ഒരു ഭിഷഗ്വരൻ മധുരക്കള്ളിന്റെ ഗുണത്തെപ്പററിയും അതു് ആളുകൾ കുടിക്കേണ്ടതാണെന്നുള്ള കാര്യത്തെപ്പററിയും പ്രക്ഷേപണം ചെയ്തിട്ടുള്ളതാണ്. മധുരക്കള്ളിനെപ്പോലെ വിററാമിൻ 'ബി' കണ്ടെൻറ് ഉള്ള മറെറാരാഹാരസാധനമില്ലെന്നാണ് അദ്ദേഹം പറഞ്ഞതു്. മദ്യനിരോധനത്തെപ്പററി ഫാസിസ്റ്റ് ചിന്താഗതി ഉള്ളവർ അതിന്റെ പിന്നിൽ ഗുരുതരമായ തൊഴിലില്ലായ്മ അവശേഷിക്കുന്നുവെന്നുള്ളകാര്യം വിസ്മരിച്ചു പോകുന്നതിൽ അതിശയിക്കാനില്ല. സർ, എന്റെ ചില സുഹൃത്തുക്കൾ സൂചിപ്പിച്ചതുപോലെ കൂടുതൽ ആൽക്കഹോൾ കണ്ടെൻറുള്ള, ലഹരപദാർത്ഥങ്ങൾക്ക് നികുതി വർദ്ധിപ്പിച്ചുകൊണ്ട് മധുരക്കള്ളുപോലെയുള്ള സാധനങ്ങൾ ചെത്തുവാനും വിൽക്കുവാനും യഥേഷ്ടം അനുവദിക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്. ഞാൻ ഇതു പറയുന്നതു് ആളുകൾ മധുരക്കള്ള് കുടിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിത്തന്നെയാണ്. അതുകൊണ്ട് പതിനായിരക്കണക്കിനുള്ള ആളുകൾക്ക് തൊഴിൽ കിട്ടുകയും ചെയ്യും. തേറും കുടുക്കയും ജീവിതോപകരണങ്ങളായി സമ്പാദിച്ചു്, ജീവിതവൃത്തിക്കുവേണ്ടി ചെത്തുതൊഴിൽ അഭ്യസിച്ചു വന്നിരുന്ന പതിനായിരക്കണക്കിനുള്ള തൊഴിലാളികളുടെ കുടുംബങ്ങളിൽ ഈ മദ്യനിരോധനംനിമിത്തം പട്ടിണിയും ദുരിതവും നടമാടുന്നുവെന്നു പറഞ്ഞാൽ ഇതിൽ കൂടുതൽ അവരുടെ അവശതയെക്കുറിച്ച് എങ്ങിനെയാണു പറഞ്ഞറിയിക്കുക. ഒരു തുള്ളിക്കഞ്ഞിപോലും അകത്തുചെല്ലാതെ ദിവസങ്ങൾ കഴിച്ചുകൂട്ടുന്ന ആ പിഞ്ചുപൈതങ്ങളുടെ കൈകൾ കഴുത്തിൽ ചുററിപ്പിടിക്കുവാൻ എങ്ങനെ ഉത്സുകമെന്നോ, ആ പിഞ്ചുപൈതങ്ങളെ പിടിച്ചുമറുക്കുവാൻ, ആഹാരമില്ലാതെ ദിനരാത്രങ്ങൾ കഴിച്ചുകൂട്ടുന്ന ആ സാധു

[ശ്രീ. കെ. ബാലകൃഷ്ണൻ]

തൊഴിലാളികൾക്ക് എങ്ങനെ സാധിക്കുമെന്നോ ഡാക്ടർ മേനോൻ പറഞ്ഞുതന്നാൽ നന്നായിരുന്നേനെ, ഇങ്ങനെ ആസ്പത്രികളിലുള്ള മരുന്നുദാരിദ്ര്യം നീക്കാതെ, രാജ്യത്തുള്ള ആഹാരക്ഷാമത്തിനു പരിഹാരംകാണാതെ, തൊഴിലാളികളുടെ തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിന് യാതൊരു നടപടികളുമെടുക്കാതെ, മദ്യനിരോധനംമാത്രം ഏർപ്പെടുത്തുന്നതുകൊണ്ട് എന്തു ഗുണമാണുള്ളതു്? കൂടുതൽ ആൽക്കഹോളിക് കണ്ടെന്റ് ഉള്ള ലഹരിപദാർത്ഥങ്ങൾ വിൽക്കുകയും കുടിക്കുകയും ചെയ്യുന്നതിനെ നിരുത്സാഹപ്പെടുത്തുന്നതിനെക്കുറിച്ച് എനിക്കു തർക്കമില്ല. പക്ഷെ, മധുരക്കള്ള് കുടിക്കുവാൻ പാടില്ലെന്നു പറയുന്നതിൽ തർക്കമുണ്ട്. സർ, വ്യഭിചാരം മനുഷ്യനുണ്ടായ കാലം മുതലുള്ളതാണ്. വ്യഭിചാരനിരോധനവും അന്നുമുതൽ ആരംഭിച്ചതാണ്. ഇതുവരെ അതു പ്രയോജനപ്പെട്ടിട്ടില്ലാത്തതുകൊണ്ട് വ്യഭിചാരനിരോധനം ആവശ്യമില്ലെന്നു വാദിക്കാമോ എന്നു ഡാക്ടർ മേനോൻ ചോദിക്കുകയുണ്ടായി. എൺപത്തഞ്ചു ശതമാനവും തൊണ്ണൂറു ശതമാനവും വ്യഭിചാരമുണ്ടായിരുന്ന രാജ്യങ്ങളിൽ സാമൂഹ്യചിന്താഗതി വളർന്നുവളർന്ന് അതു് ഏതാണ്ട് പൂർണ്ണമായിത്തന്നെ തടയാൻ അവർക്കു കഴിഞ്ഞിട്ടുണ്ട്. സാമ്പത്തികമായ പുരോഗതി ഉണ്ടായി വരുന്നതോടുകൂടി സാമൂഹ്യമായ പുരോഗതിയും സ്വാഭാവികമായുണ്ടാകുമെന്നും സാമ്പത്തികമായ പുരോഗതി ഉണ്ടാകാതെ അതു് സാദ്ധ്യമല്ലെന്നുമാണ് ഇതു തെളിയിക്കുന്നതു്. ഒരു രാജ്യത്തെ ജനങ്ങളുടെ സാമ്പത്തികമായ നില ഉയർത്താതെ, രാജ്യത്തിന്റെ സാമൂഹ്യമായ അധഃപതനത്തിനു കാരണം സാംസ്കാരികമായ അധഃപതനമാണെന്നു പ്രസംഗിക്കുന്നവരോടു് എനിക്കു പറയുവാനുള്ളതു്, ഇതു് പ്രസംഗിക്കാൻ കൊള്ളാമെന്നല്ലാതെ നമ്മെ തുറിച്ചുനോക്കിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങളെ യാഥാർത്ഥ്യങ്ങളിൽക്കൂടി വേണ്ടവണ്ണം സമീപിക്കുകയായിരിക്കുകയില്ല എന്നാണ്. അതുകൊണ്ട് ലഹരിപദാർത്ഥങ്ങളുടെ നികുതി വർദ്ധിപ്പിക്കുന്നതോടൊപ്പം അവയുടെ ഉപയോഗം കർശനമായി നിയന്ത്രിക്കുകയും മധുരക്കള്ള് ചെത്താനും വിൽക്കുവാനും അനുവദിക്കുകയും ചെയ്യണമെന്നു അഭിപ്രായപ്പെട്ടുകൊണ്ട് ഞാൻ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

ശ്രീ. കെ. പി. ഗോപാലമേനോൻ: സർ, ഡാക്ടർ എ. ആർ. മേനോൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. അനുകൂലിച്ചുകൊണ്ട് എനിക്കു പറയാനുള്ളതു്, ഈ ഡിപ്പാർട്ടുമെന്റിലുള്ള ജീവനക്കാരുടെ നിസ്സഹായതയെക്കുറിച്ചാണ്. ഫൈനാൻഷ്യൽ ഇന്റിഗ്രേഷൻ കഴിഞ്ഞതോടുകൂടി, അതായതു രാജ്യത്തുള്ള ചുങ്കക്കടകളെല്ലാം നിറുത്തലാക്കിയതോടുകൂടി ഇവിടത്തെ എക്സൈസ് വകുപ്പ് തിരുവിതാംകൂർ-കൊച്ചിയിലെ ഒരു പ്രധാന വകുപ്പല്ലാതായിത്തീർന്നിട്ടുണ്ടെന്നാണ് എക്സൈസിലെ ഉദ്യോഗസ്ഥന്മാരുടെ സ്ഥിതി ആലോചിച്ചാൽ തോന്നുന്നതു്. ഞാൻ പറയുവാൻ ഉദ്ദേശിക്കുന്നതു് എക്സൈസ് ഗാർഡുകളുടെയും പ്രിവന്റീവ് ആഫീസർമാരുടെയും സ്ഥിതികളെക്കുറിച്ചാണ്. ശ്രീ. ബാലകൃഷ്ണൻ പറഞ്ഞതുപോലെ, ഒരുകാലത്തു് കൂടുതൽ ശമ്പളമുണ്ടായിരുന്ന എക്സൈസ് ഗാർഡുകളുടെയും, പ്രിവന്റീവ് ആഫീസർമാരുടെയും സ്ഥിതി (ഇന്നത്തെ സ്ഥിതി) ആലോചിച്ചാൽ വളരെ പരിതാപകരമാണ്. ഇന്നു് ഒരു പോലീസ് കാൺസ്റ്റബിളിനു് 25, 28, 31, 35 രൂപ വരെയുള്ള നാലു ഗ്രേഡുകളാണുള്ളതു്. എന്നാൽ ഇന്നത്തെ എക്സൈസ്

ഡിപ്പാർട്ടുമെൻറിൽ ഗാർഡുകളുടെ ശമ്പളം 22, 25, 28 രൂപയാണ്. അതുപോലെതന്നെ പ്രിവൻറീവ് ആഫീസർമാരുടെ ശമ്പളമാണെങ്കിൽ 30, 35, 40 രൂപയാണ്. അതേ സമയത്തു പോലീസ് ഡിപ്പാർട്ടുമെൻറിലെ ഹെഡ്കാൺസ്റ്റബിളിൻെറ ശമ്പളം 40, 45, 50 രൂപയാണ്. ഇങ്ങനെ മിക്കവാറും ഒരേതരം ജോലി ചെയ്തുകൊണ്ടിരിക്കുന്ന ഇവരുടെ ശമ്പളത്തിൽ ഈ വ്യത്യാസത്തിൻെറ ആവശ്യമില്ല. ഒരേ നിലയിൽ തന്നെ പ്രവർത്തിച്ചുവരുന്നവരാണ് ഈ രണ്ടു ഡിപ്പാർട്ടുമെൻറിലേയും ഈ പറഞ്ഞ ഉദ്യോഗസ്ഥന്മാർ. പോലീസ് ഡിപ്പാർട്ടുമെൻറ നടത്തുന്ന തായ ചില സംഗതികൾ എക്സൈസ് ഡിപ്പാർട്ടുമെൻറിലെ ഗാർഡുകൾ നടത്തുന്നുണ്ട്. അതുകൊണ്ട് അവരുടെ പ്രവൃത്തികൾക്കും പ്രവർത്തനങ്ങൾക്കും അനുയോജ്യമായ ശമ്പളമല്ല, അവർക്ക് ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്നത് എന്ന കാര്യത്തെ അടിസ്ഥാനമാക്കി അവർക്കു കൂടുതൽ ശമ്പളം കൊടുത്തു് ഒരു ടൈംസ്കെയിൽ അനുവദിക്കേണ്ടതാണ്. അതുപോലെതന്നെ അവരുടെ നിയമനകാര്യത്തിൽതന്നെയും ഒരു സംഗതി ഗവണ്മെൻറ് പ്രത്യേകമായി ഓർമ്മിക്കേണ്ടതുണ്ട്. അഡ്മിനിസ്ട്രേറ്റീവ് ലൈനിലിരിക്കുന്ന ആളുകളെ എക്സിക്യൂട്ടീവ് ലൈനിൽ നിയമിക്കുന്ന ഒരു ഏർപ്പാടു് ഇന്ന് ഈ ഡിപ്പാർട്ടുമെൻറിൽ ഉണ്ട്. അതായതു്, എന്തെങ്കിലും ഒരു ഇൻസ്പെക്ടറുടെ ഒഴിവു വന്നാൽ, അതിൽ പരിചയവും യോഗ്യതയുമുള്ള പ്രിവൻറീവ് ആഫീസർമാരെ നിയമിക്കാതെ, ക്ലാർക്കുമാരെ നിയമിക്കുന്നതു് പ്രിവൻറീവ് ആഫീസർമാരുടെ പ്രമോഷനെ തടയുന്ന ഒന്നാണ്. ഇന്നു വരെയുള്ള ന്യായമായ പ്രമോഷനെ തടഞ്ഞിരിക്കുന്നതുകൊണ്ട് ഒരുകാലത്തു് ഒരു പ്രിവൻറീവ്ആഫീസറായിട്ടോ ഒരു ഗാർഡായിട്ടോ തെരഞ്ഞെടുക്കാൻ യോഗ്യതയില്ലാതെ തള്ളപ്പെട്ടുപോയ ആളുകൾ എതെങ്കിലും വിധത്തിൽ ആഫീസിൽ ക്ലാർക്കുമാരായി പ്രവേശിച്ചുകഴിഞ്ഞാൽ ആ ക്ലാർക്കുമാർ ഗാർഡിൻെറയും പ്രിവൻറീവ് ആഫീസറുടേയും മുകളിൽ ഒരു ഇൻസ്പെക്ടരായി പോകുന്നതിനുള്ള സാഹചര്യമുണ്ട്. ഈ പ്രിവൻറീവ് ആഫീസേഴ്സിനെ നിരുത്സാഹപ്പെടുത്തുന്നതിനാലാണ് ഗവണ്മെൻറിൻെറ വരുമാനം കുറയുന്നതിനുഇടയായിട്ടുള്ളതെന്ന വസ്തുതയും ഗവണ്മെൻറ് ഓർക്കേണ്ടതാണ്. അതും പരിഹരിക്കേണ്ട അത്യാവശ്യമായ ഒരു വിഷയമാണ്. ആഫീസുകളിൽ ജോലി ചെയ്യുന്ന ക്ലാർക്കുമാർക്ക് ഈ എക്സിക്യൂട്ടീവ് ലൈനിൽ പ്രമോഷൻ കൊടുക്കുന്നതിനു പകരം അവർക്കു ടൈംസ്കെയിൽ നൽകി അവരുടെ ശമ്പളം ഉയർത്തണമെന്നാണ് എനിക്കു പറയുവാനുള്ളതു്. ഇതിനെ സംബന്ധിച്ചും മററുകാര്യങ്ങളെ സംബന്ധിച്ചും ഇവരുടെ അസോസിയേഷൻ ഗവണ്മെൻറിലേക്ക് മെമ്മോറാണ്ടം സമർപ്പിച്ചിട്ടുള്ളതായി അറിയുന്നുണ്ട്. എന്നാൽ അതിന് ഇതുവരെ ഒരു പരിഹാരവും ഉണ്ടായിട്ടില്ല. ചാരായക്കള്ളുമാറും നിറുത്തലാക്കിയതോടുകൂടി അനവധി ഗാർഡന്മാരെ ഗവണ്മെൻറ കുറവുചെയ്യാൻ തീരുമാനിച്ചിട്ടുള്ളതായും അതു തൽക്കാലം സ്റ്റേ ചെയ്തിട്ടുള്ളതായും അറിയുന്നുണ്ട്. ഇന്നു സിവിൽസപ്ലൈസ് ഡിപ്പാർട്ടുമെൻറിൽ നിന്നും കുറവുചെയ്ത ആളുകളെ മററു ഡിപ്പാർട്ടുമെൻറുകളിൽ അബ്സോർബ് ചെയ്യുന്നതുപോലെ അഞ്ചും പത്തും പന്ത്രണ്ടും കൊല്ലം ജോലിചെയ്തിട്ടുള്ള ഈ ഗാർഡുകളേയും ഈ ഡിപ്പാർട്ടുമെൻറിലോ അല്ലെങ്കിൽ മററു ഡിപ്പാർട്ടുമെൻറുകളിലോ നിയമിക്കുന്നതിനുള്ള നടപടികൾ ഗവണ്മെൻറ് എടുക്കേണ്ടതാണ്. ഇന്നു ഈ എക്സൈസ് ഉദ്യോഗസ്ഥന്മാരുടെ പ്രധാനമായ ജോലി കള്ളുകൺട്രാക്ടു

[ശ്രീ. കെ. പി. ഗോപാലമേനോൻ]

ന്മാരിൽ നിന്നും കിസ്ററ പിരിച്ചെടുക്കുക, തെങ്ങ് ചെത്തുന്നതിനെ പരിശോധിക്കുക, കള്ളവാററ് കണ്ടുപിടിക്കുക എന്നിവയാണ്. എന്നാൽ ഈ ജോലികൾ ഓരോ സ്ഥലങ്ങളിലും ഏതു തരത്തിലാണ് നിർവഹിക്കുന്നതെന്നു ഗവണ്മെന്റ് അന്വേഷിക്കേണ്ടതാണ്. വാസ്തവം പറഞ്ഞാൽ ഇന്നവർ ശരിയായ വിധത്തിൽ അവരുടെ ജോലി നിർവഹിക്കുന്നില്ല. അതിന് അവരെ ഞാൻ കുററപ്പെടുത്തുന്നില്ല. ഒരു പാർട്ടിയിൽപ്പെട്ട രണ്ടോ നാലോ ഗാർഡുകളെക്കൊണ്ട് ആ സ്ഥലങ്ങളിലുള്ള വ്യാജച്ചാരായവാററ് അവസാനിപ്പിക്കാൻ സാധിക്കുന്നതല്ല, മാത്രമല്ല അതിന് ശമ്പളത്തിലായാലും ട്രാവലിംഗ് അലവൻസിലായാലും യാതൊരു പ്രോത്സാഹനവും കിട്ടാതെ അവർ കഴിഞ്ഞുകൂടുകയാണ്. ശ്രീ. ബാലൻ ഇവിടെ പറയുകയുണ്ടായി, പ്രോഹിബിഷൻ നടപ്പിലാക്കിയതിന്റെ ഫലമായി ഇരുപതിനായിരത്തിൽ ചില്വാനം ആളുകൾക്ക് വേലയില്ലാതായിട്ടുണ്ടെന്ന്. അതു് കുറച്ചു ശരിയാണെങ്കിലും അവർ അതു് പരിഹരിക്കുന്നതു് ഇന്നത്തെ ഗാർഡുകളുടെ പ്രവർത്തനരാഹിത്യത്തെ ചൂഷണം ചെയ്തു് നടത്തുന്ന കുടിൽവ്യവസായം മൂലമാണ്. കൊടുങ്ങല്ലൂർ പ്രോഹിബിഷൻ ഉള്ളതുകൊണ്ട് അതിനടുത്ത മുത്തകുന്നം—പറവൂരുള്ള മററു സ്ഥലങ്ങൾ, ചേന്ദമംഗലം വില്ലേജ് മുതലായ സ്ഥലങ്ങളിൽ ചാരായംവാററ് ഒരു കുടിൽവ്യവസായമായിത്തീർന്നിട്ടുണ്ട് എന്നാണ് ഞാൻ സൂചിപ്പിച്ചതു്. അങ്ങനെ ചെത്തുതൊഴിലാളികൾക്ക് ജോലിയില്ലാതായിത്തീർന്നിട്ടുണ്ടെങ്കിൽ ഈ കുടിൽ വ്യവസായംമൂലം അതു് ഏതാണ്ട് പരിഹരിച്ചിട്ടുണ്ടെന്നു പറയുമ്പോൾ എന്റെ സ്നേഹിതൻ ശ്രീ. ബാലൻ അതു നിഷേധിക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. അതിലേക്ക് ചെത്തുതൊഴിലാളികളുടെ നേതാവായ ശ്രീ. ബാലനും ഇന്നത്തെ ഗവണ്മെന്റുമായി സഹകരിച്ച് ഏതുനിലയിലും ന്യായരഹിതമായി നടത്തിവരുന്ന വ്യാജവ്യവസായം അവസാനിപ്പിക്കുന്നതിനു ശ്രമിക്കേണ്ടതുണ്ട്. അതിലേക്ക് ശ്രീ. ബാലനും അദ്ദേഹത്തിന്റെ കീഴിലുള്ള തൊഴിലാളികളും സഹകരിക്കേണ്ടതായിട്ടുണ്ട്. ഈ കുടിൽവ്യവസായംമൂലം ഗവണ്മെന്റിലേക്ക് കിട്ടേണ്ട നികുതി ഇല്ലാതാകുന്നെന്നു മാത്രമല്ല കൺട്രാക്ററന്മാർക്ക് വലുതായ നഷ്ടവും വരുന്നുണ്ട്. ഇന്നു കൺട്രാക്ററന്മാർക്ക് ഭാരിച്ച നഷ്ടംവരുന്നതു് ഈ കുടിൽവ്യവസായത്തിൽ നിന്നും കിട്ടുന്ന നല്ല സാധനത്തിന്റെ ഉപയോഗം കൊണ്ടാണെന്നു പറയാൻ ഞാൻ മടിക്കുന്നില്ല. ഇന്നു കുടിക്കാൻ ഷാപ്പിൽ പോകേണ്ട. അവരവരുടെ വീട്ടിൽതന്നെ ഉണ്ട്. അല്ലെങ്കിൽ വീട്ടിൽ എത്തിച്ചുകൊടുക്കും. അതു് നല്ല സാധനവുമായിരിക്കും. അതിന്റെ ഗുണത്തെപ്പററിയുമെല്ലാം വഴിനീളെ പറഞ്ഞുകൊണ്ടുപോകുന്നതു് നമുക്കുതന്നെ കേൾക്കാൻ കഴിയും. അതുകൊണ്ട് ഈ സംഗതി നിറുത്തണമെങ്കിൽ ഞാൻ മുമ്പു പറഞ്ഞതുപോലെ ഗാർഡുകൾക്ക് വേണ്ട പ്രോത്സാഹനം നൽകേണ്ടതാണ്. അതുപോലെതന്നെ ആളുകളെ കൂടുതലായി നിയമിക്കുകയും വേണം. യഥാർത്ഥം പറഞ്ഞാൽ ഇന്നു മിക്ക വീടുകളിലും വാററ് നടക്കുന്നുണ്ട്. അതിനാൽ രണ്ടോ മൂന്നോ ആളുകൾ പോയാൽ കേസ് പിടിക്കാൻ സാദ്ധ്യമല്ല. അതുകൊണ്ട് സ്ക്വാഡുകൾ ഏർപ്പെടുത്തി അവരുമായി യോജിച്ച് പ്രവർത്തിച്ചാലേ ഇതു് തടയാൻ സാധിക്കുകയുള്ളൂ. ഈ വ്യവസായംകൊണ്ട് സാമൂഹ്യമായും സാമ്പത്തികമായും വളരെ നഷ്ടം ഗവണ്മെന്റിനു

ആളുകൾക്കും ഉണ്ടാകുന്നുണ്ടു്. ഇനി പ്രൊഹിബിഷനെപ്പററി പറയാനുണ്ടു്. ശ്രീ. ബാലകൃഷ്ണൻ പറയുകയുണ്ടായി സാമൂഹ്യപരമായ അടിസ്ഥാനത്തിലാണു് ഇങ്ങനെയുള്ള പരിഷ്കാരങ്ങൾ ആലോചിക്കേണ്ടതെന്നും അപ്രകാരം ഒരടിസ്ഥാനം പ്രൊഹിബിഷനു് ഇല്ലെന്നും അതേയവസരത്തിൽതന്നെ അദ്ദേഹം പറയുകയുണ്ടായി. നാട്ടിലുള്ള പട്ടിണിപാവങ്ങളുടെ സാമ്പത്തികമായും സാമൂഹ്യമായും സാംസ്കാരികമായും ഉള്ള ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കുന്ന ഏതെങ്കിലും പ്രവർത്തനത്തെ മാത്രമേ സാധൂകരിക്കാൻ സാധിക്കയുള്ളു എന്നും. അങ്ങനെ ചൂടിനും തണുപ്പിനും വേണ്ടി അദ്ദേഹം ഒരേ ശ്വാസംകൊണ്ടു് ഊതുന്നു. അദ്ദേഹത്തിന്റെ ആ പ്രശ്നം തന്നെയാണു് പ്രൊഹിബിഷൻ നടപ്പിലാക്കാൻ കാൺഗ്രസ്സിനേയോ ഗവണ്മെൻറിനേയോ പ്രേരിപ്പിച്ചിട്ടുള്ളതെന്നാണു് എനിക്കു പറയാനുള്ളതു്. അതായതു് ഈ നാട്ടിലെ ജനങ്ങളുടെ സാമൂഹ്യമായും സാമ്പത്തികമായും സാംസ്കാരികമായുമുള്ള നില ഉയർത്തുന്നതിനുവേണ്ടി ഈ പരിഷ്കാരം അത്യാവശ്യമായിട്ടുള്ളതാണെന്നു കാൺഗ്രസ്സ് വിശ്വസിക്കുന്നു. കാരണം ശ്രീ. ബാലകൃഷ്ണൻ പറഞ്ഞതുപോലെ ഈ നാട്ടിലെ ജനങ്ങളിൽ ഭൂരിപക്ഷവും അദ്ധ്വാനിക്കുന്നവരും കഷ്ടപ്പെടുന്നവരുമാണെന്നുള്ളതാണു്. അവരുടെ ഉന്നമനത്തിനു വേണ്ടിയാണു് കാൺഗ്രസ്സ് പ്രൊഹിബിഷനു വേണ്ടി നിലകൊള്ളുന്നതു്. പണച്ചാക്കുകൾ എത്രതന്നെ കുടിച്ചാലും കാൺഗ്രസ്സിനോ ഈ സ്റ്റേററിനോ വലിയ നഷ്ടമൊന്നും സംഭവിക്കാൻ പോകുന്നില്ല. നേരേമറിച്ചു് ഇവിടത്തെ ഭൂരിപക്ഷംവരുന്ന സാധുക്കൾ അവർക്കു കിട്ടുന്ന ജീവസ്സുകൂലി ചെലവാക്കി മനുഷ്യന്റെ ഉള്ളു പൊള്ളിച്ചു് മനുഷ്യനെ മൃഗങ്ങളാക്കി കഷ്ടമാക്കുന്ന ദ്രവകം ഉള്ളിൽ ചെലുത്തി സാമ്പത്തികമായ അധഃപതനം അനുഭവിക്കുന്നതിനു പുറമേ, സാമൂഹ്യമായും സാംസ്കാരികമായും യാതൊരുവിധത്തിലും സമുദായത്തിന്റെ ഇടയിൽ സ്ഥാനമില്ലാത്തവരായി, അമ്മയേയും അച്ഛനേയും കെട്ടിപ്പിടിച്ചു് ഉമ്മവയ്ക്കുന്ന കുഞ്ഞുങ്ങളുടെ വായ്ക്കരിക്കു് കൊടുക്കാൻ കഴിയാതെ അധഃപതിക്കുന്ന ഒരു പരിതാപകരമായ പരിതഃസ്ഥിതി ഇല്ലാതാക്കാൻ കോൺഗ്രസ്സ് ആഗ്രഹിക്കുന്നുണ്ടു്. മൊത്തത്തിൽ സമൂഹത്തിന്റെ ഉന്നമനത്തിനുവേണ്ടിയാണു് പ്രൊഹിബിഷൻ ഏർപ്പെടുത്താൻ ആഗ്രഹിക്കുന്നതു്. ഒരു ചെറിയ വിഭാഗത്തിന്റെ ഉന്നമനത്തെ ലക്ഷ്യമാക്കിയിട്ടുള്ളതായിരുന്നാലും വലിയ വിഭാഗത്തിന്റെ ഉന്നമനത്തെ ലക്ഷ്യമാക്കിയിട്ടുള്ളതായിരുന്നാലും ഒരു വിഭാഗത്തിന്റെ ഉന്നമനം എല്ലാ വിഭാഗങ്ങളുടേയും ഉന്നമനത്തിനു ഒരു പടിയായി തീരുമെന്ന തത്വം സ്വീകരിച്ചുകൊണ്ടാണു്.......

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഇങ്ങനെ ഒരു പരിഷ്കാരത്തിനു ശാസ്ത്രീയമായ വല്ല അടിസ്ഥാനവും കാൺഗ്രസ്സിനു പറയാനുണ്ടോ?

ശ്രീ. കെ. പി. ഗോപാലമേനോൻ: ശാസ്ത്രീയമായ അടിസ്ഥാനം ഇതുതന്നെ. കുടുംബത്തിനു് ആഹാരം കഴിക്കാൻ കിട്ടാത്തതാണു് ഒന്നാമത്തെ പ്രശ്നം. ആ പ്രശ്നം പരിഹരിക്കുന്നതിനു് ജനങ്ങൾക്കു കിട്ടുന്ന വേലക്കൂലിയിൽനിന്നും ശരിയായ ഒരംശം ആഹാരത്തിനു് ചിലവാക്കണമെന്നുള്ളതാണു്. അങ്ങനെ ആഹാരം കഴിക്കാനുള്ള വക കയ്യിൽ ഉണ്ടാകയും ആഹാരം കഴിക്കയും ചെയ്യുമ്പോൾ സാമ്പത്തികമായും ആരോഗ്യപരമായും ജനങ്ങൾ ഉയരുന്നു. അതാണു് ശാസ്ത്രീയമായ അടിസ്ഥാനം. കിട്ടുന്ന കാശിൽ കുടുംബത്തിന്റെ ആഹാരാദികൾക്കു് ചിലവാക്കിയ

[ശ്രീ. കെ. പി. ഗോപാലമേനോൻ]

ശേഷം ബാക്കി ഉള്ളതു് മററുകാര്യങ്ങൾക്കു് വിനിയോഗിക്കുകയാണു വേണ്ടതു്. ഈ തത്വം സ്വീകരിച്ചാണു് കാൺഗ്രസ്സ് മുന്നോട്ടു പോയിട്ടുള്ളതു്. ശ്രീ. ബാലകൃഷ്ണൻ പറഞ്ഞു, ഇതു നല്ലതാണെങ്കിലും ചില ദോഷങ്ങൾ ഉണ്ടെന്നു്. ഒരു നല്ല കാര്യം ഏതാനും പേൎക്കു് ദോഷം ചെയ്യുന്നുണ്ടെന്നുവിചാരിച്ചോ, താല്ക്കാലികമായി ദോഷം ചിലൎക്കുണ്ടെന്നു വിചാരിച്ചോ, ഉപേക്ഷിക്കേണ്ട ആവശ്യമില്ല. ഇൻഡ്യ സ്വതന്ത്രയാകുന്നതിനുമുമ്പു് സ്വാതന്ത്ര്യം നേടുന്നതിനു് ഉപയോഗിച്ചിട്ടുള്ള മാൎഗ്ഗങ്ങളെപ്പററി നിശിതമായി അന്നും ഇന്നും വിമൎശിക്കാൻ ഒരുങ്ങിയിട്ടുള്ള ആളുകൾ ഈ പരിപാടി പാശ്ചാത്യരാജ്യങ്ങളിൽ സ്വീകരിച്ചിട്ടു് വേണ്ടിടത്തോളം ഫലപ്രദമാകാൻ കഴിഞ്ഞിട്ടില്ലെന്നും അതുകൊണ്ടു ഇവിടെ ഇതു് പരാജയപ്പെടുമെന്നും പറഞ്ഞാൽ അതു നമുക്കു് സ്വീകരിക്കാൻ നിവൃത്തിയില്ല. ഇൻഡ്യയുടെ സംസ്കാരത്തിനു് യോജിച്ചതും, ഇൻഡ്യൻ ജനതയുടെ അഭിവൃദ്ധിക്കു് യോജിച്ചതുമായ മാൎഗ്ഗങ്ങൾ ഏതെന്നു് കാൺഗ്രസ്സ് തെളിയിച്ചുകഴിഞ്ഞിട്ടുണ്ടു്. കാൺഗ്രസ്സ് ആ മാൎഗ്ഗത്തിൽ പൂൎണ്ണമായി വിശ്വസിക്കുന്നു. ആ നിലയിൽ പ്രൊഹിബിഷൻ സാമൂഹ്യമായും, സാമ്പത്തികമായും, സംസ്കാരികമായും പുരോഗമനപരമായ ഒരു വ്യവസ്ഥയാണെന്നു കാണാം. അതുകൊണ്ടു് പി. എസ്. പി. ഗവണ്മെൻറ് പ്രൊഹിബിഷൻ പൂൎണ്ണമായി നടപ്പിൽ വരുത്തണമെന്നാണു് ഞാൻ പറയുന്നതു്. പട്ടിണി പരിഹരിച്ചു ഒരു സാമൂഹ്യവ്യവസ്ഥിതിയിൽ പ്രൊഹിബിഷൻ കൊണ്ടുവരുന്നതിൽ വിരോധമില്ലെന്നു് ശ്രീ. ബാലൻ ഇവിടെ പറഞ്ഞിട്ടുണ്ടു്. ആ സാമൂഹ്യവ്യവസ്ഥിതിക്കു വേണ്ടിയാണു് ഈ മാൎഗ്ഗം സ്വീകരിച്ചിട്ടുള്ളതെന്നു് സഭയിലെ മെമ്പറന്മാരെ ഓൎമ്മിപ്പിച്ചുകൊണ്ടും ചെത്തുതൊഴിലാളികളെ ഈ കുടിൽവ്യവസായത്തിൽനിന്നും വിരമിപ്പിച്ചു് ഗവണ്മെൻറിനു് നഷ്ടം വരുത്താതിരിക്കത്തക്ക ഏൎപ്പാടുകൾ ശ്രീ. ബാലൻ ചെയ്യണമെന്നു പ്രസ്താവിച്ചുകൊണ്ടും ഞാൻ ഉപസംഹരിച്ചുകൊള്ളുന്നു.

Shri P. S. Nataraja Pillai: Sir, the discussion on Excise Demand has centred round the question of prohibition. Before saying what I have to say on the matter, I would just like to dispose of one or two matters that were brought to the notice of the House by Mr. Menon, the last speaker. He said that the emoluments now being given to the preventive staff are not adequate enough and their departmental structure must be so adjusted as to give satisfaction to the employees there. Certainly, Government do realise that the subordinate staff of the Department is not being adequately paid and the Government also feel that in general in Travancore-Cochin State, the ministerial and lower subordinates are not getting a scale of pay which is adequate for a living wage. The matter of providing for a time-scale, though very difficult and thorny in the existing conditions of finance, has to be tackled and the Government will do what it can do in the matter.

Then, Sir, he referred to the Preventive Squad for enforcing prohibition and also to the illicit distillation

4 P. M. that has become a cottage industry in certain portions of the dry area. That too is a matter for serious consideration of this House. As far as illicit distillation is

concerned, the arguments advanced by two or three members for allowing tapping of toddy, did not in any way justify the drinking of liquors with a higher percentage of alcohol. Whatever may be the vitamin content of the juice of our *kalpaka* tree in its fresh state, the distillation process results in a higher percentage of alcohal. So, Sir, illicit distillation in the country, apart from tapping, is an occupation which should not be condoned by anyone who loves his country. Public opinion must be created that illicit distillation is not only a deed which disobeys the existing law but causes real injury to the people as a whole. If that kind of public opinion is created, I am sure that my friend Mr. Menon will certainly feel that this cottage industry of illicit distillation that is going on will have to be adequately and effectively combated with. And, in doing that work the Prohibition Preventive Squad that has been employed must be adequately strengthened to discharge their duties efficiently and effectively. Under the recent reorganisation some more prohibition squads were created and their number has been increased.

As the staff functioning at present was found to be inadequate to strictly enforce prohibition especially in troublesome areas, a special staff consisting of 1 Excise Circle Inspector, 4 Excise Inspectors, 16 Preventive Officers and 80 Guards were appointed and they have commenced functioning on 1-7-1954. They are supplied with arms to protect themselves in the various crime centres. That is the latest order on the subject. What I want to bring home to the House by this is that Government is not slack in the matter of giving the services adequate facilities to discharge their duties efficiently. To move about quickly, particularly in the peculiar nature and difficulty of discharging their duty, they have been armed with necessary weapons and conveniently grouped in large parties. If public opinion will also back them up, I am sure that in the very near future this illicit distillation which has spread out and developed as a cottage industry will certainly disappear from our country.

There is one other aspect of the matter, Sir, which I want to stress. That is about the system of auctioning the shops. Whether it should be biennial auction or annual auction and whether permanency to the auction bidder should be given, are all other matters. Sir, it was pointed out that we had the biennial system of auction tried for a number of years. When it was found that it was a failure, the annual system was adopted. As a result of recent experience it has been found that the annual auction system itself was not so very beneficial and regular in collection as was anticipated. When you scrutinise the list of auction bidders, you will find that in the majority of cases the same bidder appears to bid continuously for successive years. Practically, except in the case of a few new-comers it is only the old shop contractors who continue in the trade. Not only that, Sir, due to certain circumstances prevailing in the country, arrears of kist for two or three years have not been cleared by the bidders. The Department realised that the only way to recover these arrears is to

[Shri P. S. Nataraja Pillai]

give the shops to the previous bidders as far as possible. As a matter of fact, this year's auctions are over and Government will earnestly look into the situation and try to do what will be best under their careful judgment.

Then, in the matter of accruing arrears among shop contractors the problem has two sides. The contractors come and ask Government to give them time to pay up the arrears and allow them small reductions and payment by instalments. They say that for tapping wages have gone high and they are not able to make both ends meet. They go even further and say that because of the collective bargaining that has come.....

ശ്രീ. ടി. വി. തോമസ്: തൊഴിലാളികൾക്ക് കൂലി കൂടുതൽ കൊടുക്കാൻ ഇടവന്നതുകൊണ്ട് കിസ്റ്റ് കുറച്ചുകൊടുക്കണമെന്ന് അവർ പറഞ്ഞിട്ടുണ്ടോ ?

Shri P. S. Nataraja Pillai : It is a fact, Sir, and contractors came to me even this morning and said that wages have gone high in view of the collective bargaining which has become something like a fashion now-a-days and that they find it difficult.

Shri K. A. Balan : Did the contractors say that the wages are high ?

Shri P. S. Nataraja Pillai : Yes. Wages have gone high and sales have gone down and there is collective bargaining in the area. Sir, whatever it may be, I have formed that impression. I don't want to go into the matter further.

Shri K. A. Balan: Have they raised wages ?

Shri P. S. Nataraja Pillai : That is another question. They refused to give higher wages. They find it impossible to continue even with the present wages. These contractors raised all such difficulties. That is one complaint from one side. Then there is the question of unemployment among tappers. They are trained only in the profession of tapping. They should not be thrown out of that profession without any means of livelihood. I do not wish to sit in judgment over the two points of view and say which is correct and which is wrong. But in view of the greater interest of the country Government has a duty to perform. About the ethics of the revenue that has been got by auctioning my friend Mr. Balan had something to say this morning, that Government by themselves may remove the intermediary contract and become toddy vendors themselves. That will be the position if we adopt nationalisation of arrack and toddy sales. To me it appears a little bit novel. Whatever it may be, I feel Sir, that Government have a duty to see that certain laws that were introduced in the State in the olden days by the old Legislative Councils, more as fiscal laws than as social laws, should be changed. Perhaps those people did not understand the matter in the proper perspective of social justice and social good. Whatever

that might be, it is not with the primary motive of getting revenue alone that laws are being enacted. You put in certain restrictions, and if some revenue accrues thereby, that may also be utilized for the public good. It is something like the Sugar Factory producing byproducts which are also utilised.

Thus in the conflict of claims that are made by the wage-earners or the workers and the intermediaries who are licensees, the Government have to stand upon its right to collect the maximum that they can get out of it. It is one of the important functions of the Government, of any good Government, which looks to the good of the people. But it will not be at the cost of the Labour. I do not say that the Labour there will be thrown away without protection. The case of Labour will be looked into for the purpose of giving them protection in the same way as the intermediary licensee is treated. Even-handed justice will be meted out to all. One aspect of the thing which I wanted to say is...........

Mr. Speaker: You have four minutes more.

Shri P. S. Nataraja Pillai: Then about the question of prohibition. I do not want to enter into the arena. Sir, where the two sides were clearly expounded by such able men and I do not want to contribute anything to that. But one thing alone I may point out. At any rate, personally speaking, I stand by prohibition. I believe in it. In certain things of a cardinal nature, you may take it, even my friends will excuse me if I say it—it is a faith with me. And certainly, in matters of faith there is no question of argument.

Shri K. A. Balan: How is that the Government do not extend prohibition to other areas ?

Shri P. S. Nataraja Pillai: There is some limit. I may desire to cover five hundred feet at a jump. But my capacity does not allow me to jump that distance.

Shri Joseph Mundassery: If half a dozen persons in the State have faith in that will it be advisable to implement it?

Shri P. S. Nataraja Pillai: I shall come to it. We the Government feel it right to enforce prohibition. The Government feel, whatever may be the other arguments for it, that it is uneconomic, in a sense, if the people are allowed to injure their health and cause misery in the world.

You talk of the revenue that Government are fore going in this behalf. But what is the amount that is being wrenched out of the people who are addicts to the drink habit?

ശ്രീ. സി. സി. അച്യുതൻ: മദ്യനിരോധനം മൂലം തൊഴിൽ ഇല്ലാതായിത്തീർന്നിട്ടുള്ളവർക്ക് തൊഴിൽ ഉണ്ടാക്കിക്കൊടുക്കുവാൻ ഗവണ്മെന്റ് എന്തെങ്കിലും ചെയ്തിട്ടുണ്ടോ ?

Shri P. S. Nataraja Pillai : I am coming to that. Therefore, it is a colossal national waste, a drain on the people's money which is being wasted like the fireworks of the olden days.

Shri Joseph Mundassery : But the Government do not prohibit fireworks.

Shri P. S. Nataraja Pillai : I did not expect a question like that from the hon. Member. Crores and crores of rupees are being wasted in that way. One of the primary objects is to put the money that will be available with the people as a result of prohibition to be utilised for productive employment for the benefit of the community as a whole.

Apart from that, the State has to set the moral standard to the people. The Government would like to affirm that they would like to implement it to the extent to which they are capable. With these words, I would request the members to vote the grant.

Mr. Speaker : Mr. Balan, do you press the motion ?

Shri K. A. Balan : No, Sir.

Dr. A. R. Menon : In the light of the assurance given by the Government I do not wish to press the motion.

The motions of Shri K. A. Balan and Dr. A. R. Menon were, by leave of the House, withdrawn.

The question that the Government be granted a sum of Rs. 11,50,500 under Demand III—Excise was put and carried.

The grant was made.

DEMAND IV—STAMPS.

Minister for Finance **(Shri P. S. Nataraja Pillai) :** Sir, I beg to move that Government be granted a sum of Rs. 2,23,500 under Demand IV—Stamps.

Shri A. Achuthan : I second it.

Mr. Speaker : Shri Ravindran and Shri Hormis may move their cut motions Nos. 11 and 7 and the other hon. Members who have given their names for participating in the debate shall be given five minutes each.

Shri P. Ravindran: Sir, I move to reduce the total allotment of Rs. 2,23,500 under demand IV by Rs. 100.

സർ, ഈ ഖണ്ഡനോപക്ഷേപം അവതരിപ്പിച്ചുകൊണ്ടു് ചില കാര്യങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവരുന്നതിനുമുമ്പായി സ്റ്റാമ്പിനത്തിലുള്ള വരവിന്റേയും ചെലവിന്റേയും ഒരു പ്രത്യേകത ചൂണ്ടിക്കാണിക്കണമെന്നു് ഞാനാഗ്രഹിക്കുന്നു. 1954–55-ൽ 80 ലക്ഷത്തിൽപ്പരം രൂപ വരവു് ഗവണ്മെന്റ് സ്റ്റാമ്പിനത്തിൽ പ്രതീക്ഷിക്കുന്നുണ്ടു്. അതേ സമയം 3,22,500 രൂപയേ ചെലവുണ്ടാകുമെന്നു പ്രതീക്ഷിക്കുന്നുള്ളു. മുൻ കാലങ്ങളിലെ വരവും ചെലവും നോക്കിയാലും ഈയൊരു പ്രത്യേകത കാണാൻ കഴിയും. 1952–53-ൽ ഈ ഇനത്തിൽ 3,83,000 രൂപ

ചെലവും, 77,49,000 രൂപ വരവുമുണ്ട്. ഇങ്ങനെ മൊത്തത്തിൽ വരവ് വളരെക്കൂടുതലും, ചിലവ് വളരെ കുറവുമുള്ള ഒന്നാണ് സ്റ്റാമ്പുനിർമ്മാണം. ചെലവിനത്തിൽ വെണ്ടർമാർക്കുള്ള ഡിസ്കൗണ്ടുകൂടി കൂട്ടിയാണ് തുക ഉൾപ്പെടുത്തിയിട്ടുള്ളത്. ഇങ്ങനെ താരതമ്യേന ചെലവ് കുറവും വരവു കൂടുതലുമുള്ള ഒരു ഇനം എന്ന അടിസ്ഥാനത്തിൽ സ്റ്റാമ്പിന്റെ വിതരണത്തിൽകാണുന്ന ചില ന്യൂനതകൾ ചൂണ്ടിക്കാണിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

ഇന്ന് നാമെല്ലാം ഒരുതരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ പരോക്ഷമായി ടാക്സ് കൊടുക്കുന്നുണ്ട്. സ്ഥാവരജംഗമസ്വത്തുക്കൾ വിൽക്കുമ്പോഴും വാങ്ങുമ്പോഴും കൈമാറ്റം ചെയ്യുമ്പോഴും സ്റ്റാമ്പ് മിക്കവാറും ഉപയോഗിക്കാറുണ്ട്. അതുപോലെതന്നെ സ്വഭാവസർട്ടിഫിക്കറ്റുകൾ തുടങ്ങിയ സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുമ്പോഴും, ഏതെങ്കിലും ഉടമ്പടികൾ നടത്തുമ്പോഴും, ഇലക്ഷന്റെ കണക്കുകളും മറ്റും ഹാജരാക്കുമ്പോഴും, കോടതികളിലോ കച്ചേരികളിലോ അപേക്ഷകൾ സമർപ്പിക്കുമ്പോഴും ഒക്കെ സ്റ്റാമ്പ് വാങ്ങുന്നുണ്ട്. ഇങ്ങനെ മനുഷ്യന്റെ ദൈനംദിന ഇടപാടുകളിൽ സ്റ്റാമ്പ് പ്രധാനമായ ഒരു പങ്ക് വഹിക്കുന്നുണ്ട്. പക്ഷെ, സ്റ്റാമ്പിന്റെ വിതരണകാര്യത്തിൽ ക്രമക്കേടുകൾ ധാരാളമുണ്ട്. വിതരണം സുഗമവും എളുപ്പവുമാക്കുന്നതിനുള്ള നടപടികൾ ഗവണ്മെന്റ് സ്വീകരിക്കേണ്ടതാണ്. ലോവർ ഡിനാമിനേഷനിലുള്ള സ്റ്റാമ്പുകൾ ഇപ്പോൾ ലഭിക്കുവാൻ വളരെ വിഷമം നേരിടുന്നുണ്ട്. അതുകൊണ്ട് അവ നിർമ്മിക്കുന്നതിലും വിതരണം ചെയ്യുന്നതിലും കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. കച്ചേരികളിൽ ലോവർ ഡിനാമിനേഷനിലുള്ള സ്റ്റാമ്പുകൾ വളരെ കുറവായിട്ടാണു കാണുന്നത്. തന്മൂലം സാധാരണക്കാർ വളരെയധികം വിഷമിക്കുന്നുണ്ട്. ഇലക്ഷൻകണക്കുകൾ ഹാജരാക്കുന്നതിന് രണ്ടുരൂപയുടെ നാൺജുഡീഷ്യൽ സ്റ്റാമ്പ് ഒട്ടിക്കണമെന്ന് Representation of the people, conduct of election rules–ൽ പറയുന്നുണ്ട്. എന്നാൽ ഈ നാൺജുഡീഷ്യൽ സ്റ്റാമ്പു കിട്ടാൻ വളരെ വിഷമമുണ്ട്. രണ്ടുരൂപയുടെ മുദ്രപ്പത്രത്തിൽ ഡിക്ലറേഷൻ എഴുതി അതോടുകൂടി ഇലക്ഷൻ കണക്ക് ഹാജരാക്കിയപ്പോൾ കൊല്ലത്തെ ഡിസ്ട്രിക്റ്റ് കലക്റ്റർ പറഞ്ഞത് നാൺജുഡീഷ്യൽ സ്റ്റാമ്പ് ഒട്ടിച്ചുകൊണ്ടുവന്നാലേ ഡിക്ലറേഷൻ സ്വീകരിക്കുകയുള്ളുവെന്നാണ്. രണ്ടുരൂപയുടെ ജനറൽസ്റ്റാമ്പ് ഉപയോഗിച്ചുവർ പിന്നീട് അതു നഷ്ടപ്പെടുത്തിക്കൊണ്ട് നാൺജുഡീഷ്യൽ സ്റ്റാമ്പ് വാങ്ങേണ്ടിവന്നു. രണ്ടുരൂപയുടെ നാൺജുഡീഷ്യൽ സ്റ്റാമ്പു വാങ്ങുന്നതിന് വളരെ ബുദ്ധിമുട്ടുകൾ നേരിട്ടു. എന്റെ സ്വന്തം അനുഭവത്തിൽനിന്നാണ് ഞാൻ ഇതു പറയുന്നത്. ഈ സഭയിലെ പല മെമ്പർമാർക്കും അതേ അനുഭവങ്ങൾ തന്നെ നേരിട്ടിട്ടുള്ളതായി എനിക്കറിയാം. കുറഞ്ഞ വിലയ്ക്കുള്ള സ്റ്റാമ്പുകൾ കൂടുതലായി കച്ചേരികൾക്കും, വെണ്ടർമാർക്കും കൊടുക്കുന്നതിനുള്ള നടപടികൾ എത്രയും വേഗത്തിൽ സ്വീകരിക്കേണ്ടതാണ്.

ഇതല്ലാതെ മറ്റൊരു പ്രയാസംകൂടി നേരിടുന്നുണ്ട്. കുറഞ്ഞ വിലയ്ക്കുള്ള സ്റ്റാമ്പുകൾ പ്രായേണ കിട്ടാൻ വിഷമമുള്ളതുകൊണ്ട് അവ കൈവശം വച്ചുകൊണ്ടിരിക്കുന്ന വെണ്ടർമാർ ഈ സ്റ്റാമ്പുകൾക്കും, അതുപോലെ കുറഞ്ഞ വിലയ്ക്കുള്ള മുദ്രപത്രങ്ങൾക്കും വില കൂട്ടുന്നതായി കാണുന്നുണ്ട്. കൃത്രിമമായ ദൗർലഭ്യം സൃഷ്ടിച്ച് സ്റ്റാമ്പുകളുടേയും മുദ്രപ്പത്രങ്ങളു

[Shri P. Ravindran]

ടേയും വില കൂട്ടാറുണ്ട്. സർ, ഇക്കാര്യം പറയുമ്പോൾ മറ്റൊരു സംഗതി കൂടി എന്റെ ഓർമ്മയിൽവരുന്നു. ഇന്ന് അവർക്കു കിട്ടിക്കൊണ്ടിരിക്കുന്ന ഡിസ്കൗണ്ട് വളരെ കുറവാണ്. സർ സി. പി. രാമസ്വാമി അയ്യരുടെ ഭരണകാലത്ത് അവർക്ക് മൂന്നുശതമാനം ഡിസ്കൗണ്ട് അനുവദിച്ചിരുന്നു. പക്ഷേ, കാൺഗ്രസ്സ് അധികാരത്തിൽ വന്നതിനുശേഷം അത് രണ്ടു ശതമാനമായി കുറയ്ക്കുകയാണുണ്ടായത്. ഈ വെണ്ടറന്മാർ അവരുടെ ആഫീസ്സുകളിൽ രാവിലെമുതൽ വൈകുന്നേരംവരെ ഇരിക്കണം. അവർക്ക് ആഫീസ്സിന്റെ വാടക കൊടുക്കണം. മററു പലതരത്തിലുള്ള ചെലവുകളും ഉണ്ട്. പക്ഷെ, അവർക്കു കൊടുക്കുന്ന ഡിസ്കൗണ്ട് വളരെ തുച്ഛമാണെന്നു പറയാതിരിക്കാൻ തരമില്ല. അതുകൊണ്ടുകൂടിയാണ് ഇവർ ഈ ലോവർ ഡിനോമിനേഷനിലുള്ള സ്റ്റാമ്പുകൾക്ക് കൃത്രിമ ദൗർല്ലഭ്യമുണ്ടാക്കി വില കൂട്ടി വിൽക്കുന്നത്. കഴിഞ്ഞ അസംബ്ലിയിൽ, അതായത് പിരിച്ചുവിട്ട അസംബ്ലിയിൽ, അതിന്റെ ആദ്യത്തെ സമ്മേളനത്തിൽ അന്നത്തെ ഫൈനാൻസു മിനിസ്റ്റർ സ്റ്റാമ്പിന്റെ സപ്ലിമെൻററി ഡിമാൻറ് കൊണ്ടുവന്ന അവസരത്തിൽ വെണ്ടറന്മാരുടെ ഡിസ്കൗണ്ട് വർദ്ധിപ്പിക്കുന്ന കാര്യത്തെപ്പററി പരാമർശിക്കുകയുണ്ടായി. കൊച്ചിയിൽ ഡിസ്കൗണ്ട് കൂടുതലാണ്. തിരുവിതാംകൂർ വിഭാഗത്തിലും അതേ നിരക്ക് അനുവദിക്കണമെന്ന് അഭിപ്രായമുണ്ടായി. അന്ന് ഗവണ്മെൻറുഭാഗത്തുനിന്നും പറഞ്ഞ മറുപടി ഈ ഡിപ്പാർട്ടുമെൻറിലെ സംയോജനം നടന്നിട്ടില്ല, മററു പല കാര്യങ്ങളിലും സംയോജനം നടന്നുകഴിഞ്ഞിട്ടില്ല, സംയോജനം നടക്കുന്നതോടുകൂടി ഈ വെണ്ടറന്മാർക്കുള്ള ഡിസ്കൗണ്ട് ഭേദഗതി ചെയ്യുന്നതിനെപ്പററി ആലോചിക്കാം എന്നായിരുന്നു. എന്നാൽ ഇതുവരെയും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ ഗവണ്മെൻറ് പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. കൊച്ചിയിലുള്ള ഒരു വെണ്ടർക്ക് 50 രൂപവരെയുള്ള മുദ്രപ്പത്രങ്ങൾ വില്ക്കുന്നതിന് അനുവാദംകൊടുക്കുമ്പോൾ തിരുവിതാംകൂറിലെ വെണ്ടറന്മാർക്ക് 35 രൂപവരെ വിലവരുന്ന പത്രങ്ങൾ മാത്രമേ വില്ക്കുവാൻ അനുവാദം ഉള്ളൂ. ഈ വ്യത്യാസം അവസാനിപ്പിക്കണം.

ജനങ്ങൾക്ക് വളരെ ആവശ്യമുള്ള ഈ സ്റ്റാമ്പിന്റെ വിതരണകാര്യത്തിൽ ക്രമക്കേടുകൾ ഇല്ലാതാക്കുന്നതിനും കുറഞ്ഞ വിലയ്ക്കുള്ള സ്റ്റാമ്പുകൾ കച്ചേരികളിൽനിന്നും വെണ്ടറന്മാരിൽനിന്നും സുലഭമായി കിട്ടുന്നതിനും ഗവണ്മെൻറ് സത്വരനടപടികൾ കൈക്കൊള്ളണമെന്ന് ഉദ്ബോധിപ്പിച്ചുകൊണ്ട് ഞാൻ ഈ ഉപക്ഷേപം അവതരിപ്പിക്കുന്നു.

Shri K. P. Hormis: Sir, I move to reduce the total allotment of Rs. 2,23,500 under Demand IV by Rs. 100 to discuss the desirability of reducing stamp duty on trade bills.

കമ്മേർസ്യൽ ബില്ലുകളിന്മേലുള്ള സ്റ്റാമ്പുഡ്യൂട്ടിയിൽ കുറവുവരുത്തേണ്ട ആവശ്യകത സഭയുടെയും ഗവണ്മെൻറിന്റെയും ശ്രദ്ധയിൽപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. 1125-ലെ തിരുവിതാംകൂർ-കൊച്ചി സ്റ്റാമ്പ് ആക്ററ് ഷെഡ്യൂളിൽ ആർട്ടിക്കിൾസ് 12 ബി, 49 ബി മേലിനം ബില്ലുകളുടെ സ്റ്റാമ്പുഡ്യൂട്ടി എത്രയാണെന്നു നിശ്ചയിച്ചിരിക്കുന്നു. ബില്ലുകളുടെ വിവരണം.

Article 12. Bill of Exchange as defined by Section 3 (2) and (3) not being a bond, bank-note or currency note

....

b where payable otherwise than on demand, but not more than one year after date or sight.

49. Pronote.

....

b where payable otherwise than or demand but not more than one year after date or sight

1125-ലെ തിരുവിതാംകൂർ-കൊച്ചി സ്റ്റാമ്പ് ആക്റ്റ് തിരുവിതാംകൂറിൽ നിലവിലിരുന്ന 1080-ലെയും കൊച്ചിയിൽ നിലവിലിരുന്ന 1083-ലെയും സ്റ്റാമ്പ് ആക്റ്റുകളിലുണ്ടായിരുന്ന വ്യവസ്ഥകൾ അങ്ങനെ തന്നെ ഏകീകരിച്ചതാണ്. പ്രസ്തുത ആക്റ്റുകൾ 1899-ലെ ഇൻഡ്യൻ സ്റ്റാമ്പ് ആക്റ്റിലെ വ്യവസ്ഥകളെ പിൻതുടരുകയാണു ചെയ്യുന്നു. ഇൻഡ്യൻ സ്റ്റാമ്പ് ആക്റ്റ് ഷെഡ്യൂൾ ആർട്ടിക്കിൾസ് 13, 49 ബി. ഞാൻ പ്രസ്താവിച്ച ഇനം ബില്ലുകളുടെ സ്റ്റാമ്പുഡ്യൂട്ടി വ്യവസ്ഥചെയ്തിരിക്കുന്നു. അതനുസരിച്ചും തിരുവിതാംകൂർ-കൊച്ചിയിലെ 1125-ലെ സ്റ്റാമ്പാക്റ്റനുസരിച്ചും ബില്ലുകളെ സംബന്ധിച്ചിടത്തോളം നിർദ്ദേശിച്ചിട്ടുള്ള സ്റ്റാമ്പുഡ്യൂട്ടി വളരെ കൂടുതലാണ്. 30 ദിവസത്തെ അവധി വച്ചുള്ള ഒരു ബില്ലിന് സ്റ്റാമ്പുഡ്യൂട്ടിതന്നെ ഒരു ശതമാനം പലിശയോളം വരുന്നു. 30 ദിവസത്തെ ബില്ലാണെങ്കിൽ സ്റ്റാമ്പുഡ്യൂട്ടി അര ശതമാനവും പതിനഞ്ചുദിവസത്തെ അവധ വച്ചുള്ള ബില്ലാണെങ്കിൽ ആയതു ഉദ്ദേശം രണ്ടു ശതമാനത്തോളവും വരുന്നു.

1926 മുതൽക്കുതന്നെ പ്രസ്തുത ബില്ലുകളിന്മേലുള്ള സ്റ്റാമ്പുഡ്യൂട്ടിയിൽ കുറവുവരുത്തണമെന്നുള്ള അഭിപ്രായം പ്രബലപ്പെട്ടിട്ടുണ്ട്. സർ ഹിൽട്ടൻയംഗിന്റെ നേതൃത്വത്തിലുള്ള 1926-ലെ റോയൽ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ സ്റ്റാമ്പുഡ്യൂട്ടി കുറയ്ക്കണമെന്നു ശുപാർശ ചെയ്തിരിക്കുന്നു. ആ ഭാഗം ഞാൻ വായിക്കാം.

> "With a view to promote the growth of these commercial bills we recommend that the stamp duty on bills of exchange be abolished; with the same aim we also recommend the sale by Post Offices of bill forms in the English language and the Vernacular in parallel.
>
> It is stated in evidence that in America there was at one time a stamp duty on bills of exchange. It was found to restrict the development of the type of paper essential to the functioning of a money market, to render difficult the adjustment of the Federal Reserve Bank rates and to interfere with the operation of the Reserve Bank. This duty was the first to be abandoned when at the end of the recent war America undertook the reduction of taxation" (The Royal Commission on Indian Currency and Finance Page 48 Paragraph, 116.)

1931-ൽ നിയുക്തമായ ഇൻഡ്യൻ സെൻട്രൽ ബാങ്കിംഗ് എൻക്വയറി കമ്മിറ്റിയും ഹിൽട്ടൻയംഗ് കമ്മീഷന്റെ ശുപാർശയെ ഉദ്ധരിച്ചു

[ശ്രീ. കെ. പി. ഹോർമിസ്]

കൊണ്ട് ബില്ലുകളുടെ മേലുള്ള സ്റ്റാമ്പുഡ്യൂട്ടി കുറവുചെയ്യണമെന്ന് ശക്തിയായി ഉൽബോധിപ്പിച്ചിരിക്കുന്നു. ആ ഭാഗവും ഞാൻ ഉദ്ധരിക്കാം.

> "The present rate of stamp duty on bills is 18 pies per cent. As the bills current in the market are generally payable at 61 days, the duty works out at 9 pies per cent. per month or 9 annas per cent. per annum. It is admitted on all hands that this high rate of stamp duty militates against a greater use of bills.
>
> In this connection we recall that the Royal Commission on Indian Currency and Finance, 1926, recommended the abolition of the stamp duty on bills of exchange. We repeat that recommendation, with the further suggestion that it should be given effect to within a period of five years so that necessary steps may be taken by the Provincial Governments to make good the revenue deficit consequent on the acceptance of the proposal. As an initial step we recommend that the stamp duty on all bills of less than one year's usance should be reduced to a uniform rate of two annas per one thousand rupees. The argument adduced by the Royal Commission on Currency and Finance that in America the abolition of the stamp duty on bills was one of the first consequence of the institution of the Reserve Bank system should also be borne in mind in this connection."

(The Indian Central Banking Enquiry Committee, 1931 Report page 411, Paragraph 593 (5).)

സ്റ്റാമ്പുഡ്യൂട്ടിയിൽ കുറവുവരുത്തുന്നതുകൊണ്ട് സ്റ്റേറ്റുകൾക്കുണ്ടാകുന്ന നഷ്ടം ഇതരമാർഗ്ഗങ്ങളിൽകൂടി പരിഹരിക്കുന്നതിനുവേണ്ടി 5 കൊല്ലത്തെ സാവകാശം കൊടുക്കണമെന്ന് മേൽറിപ്പോർട്ടിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. തിരുവിതാംകൂർ കൊച്ചി സ്റ്റേറ്റിനെ സംബന്ധിച്ചിടത്തോളം നഷ്ടത്തിന്റെ ഒരു പ്രശ്നമേ ഇല്ല എന്നുവേണം പറയുവാൻ. കാരണം വർദ്ധിച്ച സ്റ്റാമ്പുഡ്യൂട്ടികൊണ്ട് ബില്ലുകൾ ഈ സ്റ്റേറ്റിൽ പ്രയോഗത്തിൽ വന്നിട്ടില്ല. സ്റ്റാമ്പുഡ്യൂട്ടിയിൽ കുറവുചെയ്തു ബില്ലുകൾക്ക് പ്രചുരപ്രചാരം വരുന്നതോടുകൂടി സ്റ്റേറ്റിനു കൂടുതൽ ആദായമുണ്ടാകുവാനേ മാർഗ്ഗമുള്ളു. ബാങ്കിംഗ് എൻക്വയറികമ്മീഷൻ ശുപാർശചെയ്തിരിക്കുന്ന കുറഞ്ഞ സ്റ്റാമ്പുഡ്യൂട്ടി 1000 ഉറുപ്പികയ്ക്കു രണ്ടണയാണ്. തിരുവിതാംകൂർ കൊച്ചിയിലെ നിലവിലിരിക്കുന്ന റേറ്റ് 1000 ഉറുപ്പികയ്ക്കു 15 അണയാണ്. മേൽ ശുപാർശകളെ ആധാരമാക്കി ഇൻഡ്യാഗവൺമെന്റ് 1899-ലെ ഇൻഡ്യൻ സ്റ്റാമ്പ് ആക്റ്റ് സെക്ഷൻ 9 പ്രകാരം നിക്ഷിപ്തമായിരിക്കുന്ന അധികാരംവിനിയോഗിച്ച് 1940 ജനുവരി 13, 1940 നവംബർ 13, എന്നീ തീയതികളിലെ നോട്ടിഫിക്കേഷൻ അനുസരിച്ച് ബില്ലുകളുടെ മേലുള്ള സ്റ്റാമ്പുഡ്യൂട്ടി 1000 ഉറുപ്പികയ്ക്ക് രണ്ടണയായി കുറവുചെയ്തിരിക്കുന്നു. മേൽ കുറവ് തിരുവിതാംകൂർ കൊച്ചിയിലും വരുത്തുന്ന

തിനവേണ്ട നിയമനിർമ്മാണം ഉടനടി വരുത്തണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

കമേർസ്യൽബില്ലുകൾക്ക് സാമ്പത്തികരംഗത്തു ഒരു സുപ്രധാനമായ പങ്കുവഹിക്കുവാനുണ്ട്. തങ്ങിനിൽക്കുന്ന പണം, തടഞ്ഞുനില്ക്കുന്ന പണം ഹ്രസ്വകാലവായ്പകൾ വഴിയായി ഉപയോഗപ്പെടുത്തുന്നതിന് ബില്ലുകൾക്ക് സാധിക്കും. തകർന്നുകൊണ്ടിരിക്കുന്ന ഒരു സാമ്പത്തികപരിതഃസ്ഥിതിയിൽ ബിൽ മാർക്കററിന്റെ അഭിവൃദ്ധി പരോക്ഷമായ ഒരുപശാന്തിമാർഗ്ഗമായിരിക്കുമെന്നു സംശയമില്ല. അതിനാൽ ബിൽ മാർക്കററ് വേണ്ടവിധം അഭിവൃദ്ധിപ്പെടുത്തുവാൻ കഴിയുന്ന സകല ഒത്താശകളും ഉടനടി ചെയ്യേണ്ടിയിരിക്കുന്നു.

മറെറാരു കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനുള്ളത് കർഷകർ വായ്പക്കായി വസ്തു പണയമെഴുതുമ്പോൾ അവർ വഹിക്കേണ്ടിവരുന്ന ഭീമമായ സ്റ്റാമ്പുഡ്യൂട്ടിയെസംബന്ധിച്ചാണ്. പണയത്തിനു സ്റ്റാമ്പുഡ്യൂട്ടി ഒരു ശതമാനമായി നിശ്ചയിച്ചിരിക്കുന്നു. രജിസ്ട്രേഷൻ ചെലവു ഏതാണ്ട് ഒരുശതമാനം വരും. ബാദ്ധ്യത സർട്ടിഫിക്കററ മുതലായ ഇനങ്ങളിലേയ്ക്ക് ചെലവ് ഏതാണ്ട് ഒരു ശതമാനം വരും. അങ്ങനെ ഒരു കൊല്ലത്തെ അവധിക്കുള്ള ഒരു കടം വാങ്ങുന്ന കർഷകന് ബാങ്കുകളിൽ കൊടുക്കേണ്ട പലിശകൾക്കു പുറമേ 3 ശതമാനത്തോളം വരുന്ന തുക പ്രാരംഭ ചെലവായി വരും. ഇതു ഭീമമായ ഒരു തുകയാണ്. പട്ടണവാസികൾക്ക് പ്രമാണങ്ങൾ പണയം വച്ച് ക്രെഡിററസ്ഥാപനങ്ങളിൽ നിന്നു പണം വാങ്ങുന്നതിനുള്ള സൗകര്യമുണ്ട്. ആയതിനു കുറഞ്ഞ സ്റ്റാമ്പുഡ്യൂട്ടിയേ തീർക്കേണ്ടതായിട്ടുള്ളു. തത്തുല്യമായ സൗജന്യങ്ങൾ എന്തെങ്കിലും സാധുക്കളായ കർഷകർക്കുകൂടി ചെയ്തുകൊടുക്കുവാൻ വേണ്ട ഭേദഗതികൾ സ്റ്റാമ്പുനിയമത്തിൽ വരുത്തണമെന്ന് ഞാനഭ്യർത്ഥിക്കുന്നു.

മറെറാരു കാര്യം സ്റ്റാമ്പുകളും മുദ്രപ്പത്രങ്ങളും സ്റ്റേററിന്റെ എല്ലാഭാഗത്തും ആവശ്യപ്പെടുമ്പോൾ ലഭിക്കത്തക്കവിധം വേണ്ട നടപടികൾ ഗവണ്മെന്റു കൈക്കൊള്ളണമെന്നാണ്. കഴിഞ്ഞ മൂന്നുമാസക്കാലം ആലുവായെപ്പോലെ വാണിജ്യപ്രാധാന്യമുള്ള ഒരു പട്ടണത്തിൽ സ്റ്റാമ്പുകളും മുദ്രപ്പത്രങ്ങളും വിററിരുന്നില്ല എന്നുള്ള വാസ്തവം ഗവണ്മെന്റു ധരിക്കണം. തിരഞ്ഞെടുപ്പുറിട്ടേൺ സംബന്ധിച്ച ഡിക്ലറേഷന് ആവശ്യമായ മുദ്രപ്പത്രം വാങ്ങുവാൻ എനിക്ക് ആലുവായിൽനിന്ന് അങ്കമാലിവരെ പോകേണ്ടിവന്നു. ഈവക അസൗകര്യങ്ങൾ ആവർത്തിക്കാതിരിക്കാൻ സത്വരനടപടികൾ ഉടനെ എടുക്കണം. അധികാരവികേന്ദ്രീകരണം അതിനു വളരെയധികം സഹായിക്കുമെന്നാണ് എന്റെ അഭിപ്രായം.

മാത്രമല്ല, സ്റ്റാമ്പുവെണ്ടറന്മാർക്കുള്ള കമ്മീഷൻ സംബന്ധിച്ച് പഴയ തിരുവിതാംകൂറിലും കൊച്ചിയിലും വ്യത്യസ്തങ്ങളായ പരിഗണനകൾ നിലവിലിരിക്കുന്നു എന്നറിയുന്നു. ഈ നിസ്സാരമായ കാര്യങ്ങളിലെല്ലാം ഉടനെ ഐകരൂപ്യം വരുത്തണം. ഞാൻ ഉപസംഹരിക്കുന്നു.

ശ്രീ. ടി. കെ. ദിവാകരൻ: സർ, ശ്രീ. രവീന്ദ്രൻ ഇവിടെ അവതരിപ്പിച്ച ഉപക്ഷേപത്തെ പിൻതാങ്ങിക്കൊണ്ട് ഒന്നുരണ്ടു വസ്തുതകൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താമെന്നു വിചാരിക്കുന്നു. സ്റ്റാമ്പുഡ്യൂട്ടിയിനത്തിൽ യഥാർത്ഥത്തിൽ ഗവണ്മെന്റിനു ലഭിക്കേണ്ടതായ തുകയിൽ വളരെ ചോർച്ചകൾ സംഭവിക്കുന്നുണ്ട്. രജിസ്ട്രേഷൻ സംബന്ധിച്ച് ചില നിയമങ്ങളുടെ പഴുതുകളെ അടിസ്ഥാനപ്പെടുത്തി ഇ

[ശ്രീ. ടി. കെ. ദിവാകരൻ]

റവന്യൂ സംബന്ധിച്ച് ചോർച്ചയുണ്ടാകുന്നുണ്ട്. അങ്ങനെ നിയമങ്ങളുടെ നിഴലിൽ പിടിച്ചുകൊണ്ട് ഗവൺമെന്റിലേയ്ക്കുള്ള വരുമാനത്തിൽ കുറവു വരുത്തുന്ന ഒരു സമ്പ്രദായം ചില ഡിപ്പാർട്ടുമെന്റുദ്യോഗസ്ഥന്മാർ ഇപ്പോഴും സ്വീകരിച്ചുവരികയാണ്. ഒരു ഉദാഹരണം പറയാം. കൊല്ലത്തു് ധനലക്ഷ്മിവിലാസം കാഷ്യൂ ഫാക്ടറി ഉടമസ്ഥൻ മി. വെണ്ടർ കൃഷ്ണപിള്ള അദ്ദേഹത്തിന്റെ വളരെ ലക്ഷം രൂപ വിലപിടിപ്പുള്ള വസ്തുക്കൾ വളരെ ചുരുങ്ങിയ വിലയുള്ള മുദ്രപ്പത്രത്തിലാണ് ഭാഗപത്രം തയ്യാറാക്കിയതും രജിസ്റ്റർ ചെയ്തതും. ഈ രജിസ്ട്രേഷൻ നടന്നതു് കൊല്ലം വടക്കെവാള രജിസ്റ്റർ കച്ചേരിയിലാണ്. അവിടെയുള്ള സബ്‌രജിസ്ട്രാറും കക്ഷിയുമായി ഒത്തുചേർന്നുകൊണ്ട് ഒരു വൻതുക മുദ്രപ്പത്രത്തിനു വിലയായി അടയ്ക്കാനുള്ളതിനു പകരം നിസ്സാരതുക വില അടച്ച് സബ്‌രജിസ്ട്രാറുടെ ബുദ്ധികൂർമ്മത പ്രയോഗിച്ച് ആധാരം രജിസ്റ്റാക്കപ്പെട്ടു. ഇങ്ങനെ ഇവിടെ മാത്രമല്ല, പല രജിസ്റ്റർ കച്ചേരികളിലും അവിടങ്ങളിലെ സബ്‌രജിസ്ട്രാർമാർ ചില നിയമങ്ങളുടെ പഴുതിൽ ഇപ്രകാരം പ്രവർത്തിക്കുന്നുണ്ട്. അതുകൊണ്ട് സ്റ്റാമ്പാക്റ്റനുസരിച്ച് ഗവൺമെന്റിലേയ്ക്കു വരുവാനുള്ള തുക മുഴുവനും അടയുന്നുണ്ടോ എന്നു ഗവൺമെന്റു പരിശോധിക്കേണ്ടതാണ്. അതിനോടൊപ്പം ഞാൻ മുമ്പു പറഞ്ഞ ആധാരത്തെപ്പററിയും ഗൗനിക്കേണ്ടതാണ്. മുദ്രവില ശരിയായിട്ടു അടച്ചിട്ടുണ്ടോ എന്നു പരിശോധിക്കുന്നതു് ഇപ്പോൾ ഡിസ്ട്രിക്റ്റ രജിസ്ട്രാറാണ്. സർ, അതുമാത്രം പോരാ എന്നാണു ഞാൻ പറയുന്നതു്. ഈവക കാര്യങ്ങൾ നല്ലതുപോലെ പരിശോധിക്കുന്നതിനും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനും മററുമായി ഡിസ്ട്രിക്റ്റ രജിസ്ട്രാറെ കൂടാതെ ഒരു ആഡിററ സ്റ്റാഫിനെക്കൂടെ നിയമിക്കേണ്ടതു അത്യാവശ്യമാണ്. മാത്രമല്ല, ആവശ്യമുള്ളതിനും ഇല്ലാത്തതിനും ചിലപ്പോൾ രജിസ്റ്റർകച്ചേരികളിൽ സ്റ്റാമ്പുഡ്യൂട്ടി കൊടുക്കേണ്ടതായിട്ടാണ് വന്നിരിക്കുന്നതു്. 5 രൂ. മുദ്രവില കൊടുത്താൽ മതിയാകുന്ന ആധാരത്തിനു് സബ്‌രജിസ്ട്രാർ വിചാരിച്ചാൽ ചിലപ്പോൾ രണ്ടോ മൂന്നോ ഇരട്ടി മുദ്രവില അടയ്ക്കേണ്ടതായ ന്യായങ്ങൾ കൊണ്ടുവരും. അതേ സമയം വൻതുകകൾ മുദ്രവിലയായി അടയ്ക്കാനുള്ളതു നിസ്സാരതുകയായി അടച്ചാൽ മതിയെന്നുള്ളതിലേയ്ക്കും അവർ ന്യായം പറയാൻ കാണും. സർ, നമ്മുടെ സംസ്ഥാനത്തുള്ള സാധുക്കളായ തൊഴിലാളികൾക്കു ഇൻഡസ്ട്രിയൽ ട്രിബ്യൂണലിലേയ്ക്കു ഒരു ഹർജി കൊടുക്കണമെങ്കിൽപോലും, സ്റ്റാമ്പു ഒട്ടിക്കാതെ കൊടുക്കാൻ പാടില്ലെന്നാണു വ്യവസ്ഥ ചെയ്തിരിക്കുന്നതു്. എന്നാൽ ഈ വ്യവസ്ഥ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിനു വെളിയിലുള്ള യാതൊരു പ്രവിശ്യകളിലും നടപ്പില്ല. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തുള്ള രണ്ടു വ്യവസായ കോടതികളിലും സാധുക്കളായ തൊഴിലാളികൾ അപേക്ഷ കൊടുക്കുന്നതായാൽ ആ അപേക്ഷയിന്മേൽ ഒരു ഫീസ് കൊടുക്കേണ്ടതാണെന്നു നിയമം വച്ചിരിക്കുന്നു. അതേ അവസരത്തിൽ രണ്ടു വ്യവസായകോടതികളിലും രണ്ടുതരത്തിലാണ് നിയമം അവർ സ്വീകരിച്ചിരിക്കുന്നതു്. സർ, ഇങ്ങനെ തൊഴിൽത്തർക്കകോടതികളിൽ പരാതി ബോധിപ്പിക്കാൻ പോകുന്ന തൊഴിലാളികളിൽനിന്നും ഭരദേയം കിട്ടണമെന്നു കരുതുന്നതു കഷ്ടമാണ്. തൊഴിലാളികളുടെ ഹർജികൾ സ്റ്റാമ്പൊട്ടിക്കാതെ കൊടുക്കാൻ പാടി

ല്ലെന്നു നിർബന്ധിക്കുന്നതും ശരിയല്ല. അതുകൊണ്ടു ഇങ്ങനെയുള്ളവരിൽ നിന്നും ഗവണ്മെൻറ ആദായം പററാതെ, അവരെ സ്റ്റാമ്പുഡ്യൂട്ടിയിൽ നിന്നും (വ്യവസായകോടതികളെ സംബന്ധിച്ചുമാത്രമെങ്കിലും) ഒഴിവാക്കണമെന്നു എനിക്കപേക്ഷയുണ്ടു്.

ഇൻഡസ്ട്രിയൽ ട്രിബ്യൂണൽകോടതികളെ സ്റ്റാമ്പിൽനിന്നും പരിപൂർണ്ണമായി ഒഴിവാക്കണമെന്നു ഞാൻ ധനകാര്യമന്ത്രിയോടപേക്ഷിക്കുന്നു. അതുപോലെതന്നെ പ്രസവകാലവേതനത്തിനു അപേക്ഷിക്കുമ്പോൾ പാർട്ട്യൂത്യാരുടെ സർട്ടിഫിക്കേറേറാടുകൂടി അതു ഹാജരാക്കണമെന്നുണ്ടു്. ആ അടിസ്ഥാനത്തിൽ ഫാക്ടറി തൊഴിലാളികൾ പ്രസവകാലവേതനത്തിനു അപേക്ഷിക്കുവാനായി പാർട്ട്യൂത്യാരുടെ സർട്ടിഫിക്കററ കിട്ടുന്നതിനു അപേക്ഷിക്കുന്നമെങ്കിൽ എട്ടണയുടെ സ്റ്റാമ്പൊട്ടിച്ചു് അപേക്ഷിക്കണമെന്നു നിർബന്ധിക്കുന്നു. അതു യഥാർത്ഥത്തിൽ നിയമസാധുതയുമുള്ള ഒരു നടപടിയാണോ എന്നു അറിയുവാൻ പാടില്ല. ഏതായാലുംശരി എട്ടണ സ്റ്റാമ്പൊട്ടിച്ചു് അപേക്ഷ കൊടുത്തിട്ടാണു് ഇന്നു പാർട്ട്യൂത്യാരുടെ സർട്ടിഫിക്കററ കിട്ടുന്നതു്. പ്രസവകാലവേതനത്തിനു് പാർട്ട്യൂത്യാരുടെ സർട്ടിഫിക്കററ വാങ്ങുന്നതിനുള്ള അപേക്ഷയിൽ എട്ടണയുടെ സ്റ്റാമ്പൊട്ടിക്കണമെന്ന സമ്പ്രദായംകൂടാതെ കഴിഞ്ഞാൽ കൊള്ളാമെന്നുള്ളകാര്യം ഗവണ്മെൻറിൻെറ ദൃഷ്ടിയിൽ പെടുത്തിക്കൊണ്ടു് ഞാൻ വിരമിക്കുന്നു.

ശ്രീ. മഞ്ജുനാഥപ്പള്ള: സ്റ്റാമ്പിൽ പശയില്ലാത്തതുകൊണ്ടു് അതു കടലാസിൽ ഒട്ടിക്കാൻ വലിയ വിഷമമുണ്ടു്. അതുകൊണ്ടു് അതിലേക്കു ഒരു നിസ്സാരസംഖ്യ ചിലവാക്കിയാലും തരക്കേടില്ല സ്റ്റാമ്പിൽ കാര്യമായ വിധത്തിൽ പശ ഉണ്ടായിരിക്കാൻ വേണ്ട ഏർപ്പാടു ചെയ്താൽ കൊള്ളാം. കുറെ നല്ല പശ അതിൽ ഉണ്ടായിരുന്നാൽ പ്രയോജനകരമായിരിക്കും.

സ്റ്റാമ്പിനെപ്പററി പറയുമ്പോൾ എനിക്കു ആധാരമെഴുത്തിനെ സംബന്ധിച്ചു് ഒരു സംഗതി പറയുവാനുണ്ടു്. ലൈസൻസുള്ള ആളുകൾക്കു മാത്രമെ ആധാരമെഴുതുവാൻ പാടുള്ളു. ലൈസൻസുകൂടാതെ ആർക്കും ആധാരമെഴുതാമെന്നുവച്ചാൽ അതുമൂലം കൂടുതൽ ആളുകൾക്കു തൊഴിലുണ്ടാകുന്നതുമാണു്. അതുകൊണ്ടു് ആ കാര്യത്തിൽ ഗവണ്മെൻറ ശ്രദ്ധിക്കണമെന്നു് ഞാൻ ആവശ്യപ്പെടുന്നു.

അടുത്തതായി എനിക്കു പറയുവാനുള്ളതു് കോപ്പിയിംഗ് ഷീററിനെപ്പററിയാണു്. എല്ലാ സംഗതികൾക്കും കോപ്പിയിംഗ് ഷീററ് വേണമെന്നാണു് വച്ചിരിക്കുന്നതു്. കൊച്ചി പ്രദേശത്തു് കോടതികളിൽനിന്നു എന്തൊരു രേഖവേണമെങ്കിലും കോപ്പിയിംഗ് ഷീററായ്ക്കണം. മജിസ്ട്രേട്ടുകോടതിയിൽ കേസ്സു ഇപ്പോൾ അധികരിച്ചിരിക്കുന്നതുകൊണ്ടു് കോപ്പിയിംഗ് ഷീററിൻെറ ആവശ്യവും അധികരിച്ചിട്ടുണ്ടു്. കോപ്പിയിംഗ് ഷീററുകൾ ആവശ്യത്തിനു കിട്ടാതെ ആളുകൾ വിഷമിക്കുന്നുണ്ടു്. അതുകൊണ്ടു് കോപ്പിയിംഗ് ഷീററുകൾ കൂടുതൽ അച്ചടിപ്പിക്കണം. വെണ്ടറന്മാരാണു് കോപ്പിയിംഗ് ഷീററുകൾ വില്ക്കുന്നതു്. അവർക്കു കിട്ടുന്ന കമ്മിഷൻ കുറവായതുകൊണ്ടു് കാലത്തു മുതൽ വൈകുന്നേരംവരെ ഇരുന്നു് സ്റ്റാമ്പു വിററാൽ അവരുടെ ഉപജീവനത്തിനു് വക കിട്ടുന്നില്ല. അതുകൊണ്ടു് സ്റ്റാമ്പുപേപ്പറിനുള്ള കമ്മിഷൻ കൂട്ടേണ്ടതാണു്. അതുകൂടാതെ പലതരം സ്റ്റാമ്പുകളുടെ കുറവു ഇന്നനുഭവപ്പെടുന്നുണ്ടു്. അച്ചടിക്കുമ്പോൾതന്നെ ഇന്നയിന്നതരം സ്റ്റാമ്പുകൾ ഇത്രയെന്ന കണക്കിന്നാണു്

[ശ്രീ. മഞ്ജുനാഥപ്രഭു]

അച്ചടിക്കുന്നതു്. ചില ഇനം സ്റ്റാമ്പുകളുടെ ചിലവു കൂടുതലായി വന്നിട്ടുണ്ടു്. ചിലയിനം സ്റ്റാമ്പുകളുടെ ചിലവു കുറവായും വന്നിട്ടുണ്ടു്. അതിനെപ്പററി ഒരു സർവ്വേ നടത്തി കൂടുതൽ ആവശ്യമുള്ള സ്റ്റാമ്പുകൾ കൂടുതൽ അച്ചടിക്കയും മററുള്ളവ കുറവായി അച്ചടിക്കുകയും ചെയ്യാൻ കൊള്ളാമെന്നുള്ള കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു.

ശ്രീ. കളത്തിൽ വേലായുധൻ നായർ: സർ, ഒരു ഗൗരവമായ ചർച്ചയ്ക്കു സ്റ്റാമ്പു് വിഷയമായി എന്നു കാണുന്നതിൽ സന്തോഷിക്കുന്നു. വളരെ കൂടുതലായി ഒന്നും എനിക്കു ഇതിനെപ്പററി പറയാനില്ല. രണ്ടു കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കാനുണ്ടു്. സ്റ്റാമ്പു് മിക്കവാറും ആവശ്യത്തിനു കിട്ടുന്നില്ലായെന്നു് ഇവിടെ പരാതിയുണ്ടു്. എന്നാൽ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടു് നോക്കിയാൽ സ്റ്റാമ്പു് അടിക്കുന്നതു മുഴുവൻ ചിലവാകാതെ മിച്ചം വരുന്നു എന്നാണു് കാണുന്നതു്. സ്റ്റാമ്പു് കിട്ടാതെ വരുന്നതു് സ്റ്റാമ്പിനു യഥാർത്ഥത്തിൽ ദൌർലഭ്യമുണ്ടായതുകൊണ്ടല്ല എന്നാണു് എനിക്കു തോന്നുന്നതു്. സ്റ്റാമ്പൊട്ടിച്ചു ഒരപേക്ഷ കൊടുക്കേണ്ടിവന്നാൽ അപേക്ഷ കൊടുക്കേണ്ടതിനു രണ്ടുദിവസം മുമ്പു് അതിനു് ആവശ്യമുള്ള സ്റ്റാമ്പു് വെണ്ടരുടെ പക്കൽ കാണുകയില്ല. എന്നാൽ വെണ്ടരുടെ അടുത്തു ചില കടകളിൽ കൂടുതൽവിലയ്ക്കുള്ള സ്റ്റാമ്പു എപ്പോഴും കിട്ടുകയും ചെയ്യും. സ്റ്റാമ്പു് ഇല്ലാതെ വരുന്നതു് കൃത്രിമമായി ഉണ്ടാക്കുന്ന ദൌർല്ലഭ്യംമൂലമല്ലേ എന്നു തോന്നുന്നുണ്ടു്. വെണ്ടർ അദ്ധ്വാനിക്കുന്ന വിഭാഗത്തിൽപ്പെട്ട ആളാണെന്നുള്ള അടിസ്ഥാനത്തിൽ വെണ്ടർക്കുവേണ്ടി വാദിക്കുന്നതു് ശരിയാണെന്നുതോന്നുന്നില്ല. പണം മുടക്കി ആദായമുണ്ടാക്കുന്നവരാണു് അവർ. ഗവണ്മെൻറു് ആലോചിക്കേണ്ടതു് സ്റ്റാമ്പൊട്ടിച്ചു് അപേക്ഷ കൊടുക്കേണ്ട ആഫീസുകളിലെല്ലാം സ്റ്റാമ്പു് വിൽക്കുവാൻ ഏർപ്പാടുചെയ്താൽ കൊള്ളാമെന്നാണു്. കമ്മിഷൻ പോരായെന്നുള്ള വെണ്ടരുടെ പരാതിയും തീരും. സ്റ്റാമ്പിൻെറ ദൗർലഭ്യവും തീരും. കോപ്പിയിംഗ്ഷീററു കൂടുതൽ ആവശ്യമുള്ളതു് കോടതികളിലാണു്. മുൻസിഫ്കോടതിയിൽ ചെല്ലുമ്പോൾ കോപ്പിയിംഗ് ഷീററു കിട്ടുകയില്ല. ആ കോപ്പിയിംഗ് ഷീററു മുൻസിഫ്കോടതിയിൽ എന്തുകൊണ്ടു് നേരിട്ടുതന്നെ വിററുകൂടാ? ഈ കാര്യത്തെപ്പററി ഗവണ്മെൻറു ആലോചിക്കേണ്ടതുണ്ടു്. സ്റ്റാമ്പാക്ററു് റാഷ്ണലൈസ് ചെയ്യേണ്ടകാര്യം എൻെറ സ്നേഹിതൻ പറഞ്ഞു. പ്രായോഗികമായ ചില വിഷമങ്ങൾ പൊതുജനങ്ങൾക്കുണ്ടാകുന്നുണ്ടു്. രജിസ്ട്രേഷൻ ആക്ററ് അനുസരിച്ചു് ഒരു ഡിക്രി രജിസ്റ്റർചെയ്യുന്നതിനു് പഴയകാലത്തു് കൊച്ചി വിഭാഗത്തും തിരുവിതാംകൂർ വിഭാഗത്തും അഞ്ചുരൂപ കോടതിയിൽ കൊടുത്താൽമതിയായിരുന്നു. ഇപ്പോൾ ഡിക്രിയുടെ വിലയനുസരിച്ചുള്ള സ്റ്റാമ്പു ഫീസ്തീർത്തു രജിസ്റ്റർ കച്ചേരിയിൽ കൊണ്ടുചെന്നു് രജിസ്റ്റർ ചെയ്യേണ്ടിയിരിക്കുന്നു. ഒരു പണയാധാരത്തെ സംബന്ധിച്ചുള്ള ഡിക്രി രജിസ്റ്റർ കച്ചേരിയിൽ കൊണ്ടുചെന്നു് രജിസ്റ്റർ ചെയ്യണമൊ എന്നു പല രജിസ്റ്റർകച്ചേരിയിലും നിശ്ചയമില്ല. അതുകൊണ്ടു് ഈ കാര്യത്തെപ്പററിയും റാഷ്ണലൈസ് ചെയ്തു നിയമങ്ങൾ ഉണ്ടാക്കാൻ ആലോചിക്കേണ്ടിയിരിക്കുന്നു. ജനങ്ങൾക്കു് സ്റ്റാമ്പു കിട്ടുവാനുള്ള എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കണമെന്നു് അപേക്ഷിച്ചുകൊണ്ടു് എൻെറ സ്നേഹിതൻെറ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

ശ്രീ. എൻ. ജി. ചാക്കോ: സർ, ഒരു സംഗതിമാത്രം ഞാൻ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു. അതായതു് ഇപ്പോൾ സ്റ്റാമ്പുവില്പന നടത്തുന്നതു് വെണ്ടർമാർ വഴിക്കാണു്. ആഴ്ചയിൽ ഒരു ദിവസം മാത്രമേ വെണ്ടർക്കു് ട്രഷറിയിൽനിന്നു സ്റ്റാമ്പുകൊടുക്കുകയുള്ളു. ഒരാഴ്ചത്തേയ്ക്കു കൊടുക്കുന്ന സ്റ്റാമ്പു പെട്ടെന്നു തീർന്നുപോയാൽ പിന്നെ ട്രഷറിയിൽനിന്നു സ്റ്റാമ്പു കിട്ടുന്നതുവരെ കാത്തിരിക്കണം. അതുകൊണ്ടു് പൊതുജനങ്ങൾക്കു് വളരെ ബുദ്ധിമുട്ടുണ്ടു്. അതുകൊണ്ടു് വെണ്ടർക്കു ആവശ്യമുള്ള സ്റ്റാമ്പു ട്രഷറിയിൽനിന്നു എപ്പോൾ വേണമെങ്കിലും കൊടുക്കാമെന്നുള്ള ഒരു സമ്പ്രദായം വരുത്തിയാൽ കൊള്ളാം.

Shri P. S. Nataraja Pillai : I am grateful to my hon. friends Shri Divakaran and Shri Kalathil Velayudhan Nair for the suggestions they have given to the Government to see that the Stamp Act is better rationalised, and that the Stamp duty is properly realised. In regard to the scarcity in stamps, it never struck me that it was due to artificial scarcity, created by some people, but from the Government orders on the subject, I find that stamps are always made available whenever the need is felt. Stamps of every denomination are kept in stock in sufficient quantities. Whenever an indent is received, particular care is taken to supply stamps with the least possible delay.

Another question raised was in regard to commission to the vendors. I did not properly understand how that difficulty arises. Sir, under the Notification dated the 17th September 1952; the rules are made applicable to both Travancore and Cochin areas. According to the rules which are uniform for both States, the rate of commission is 2 per cent. on Stamps of all denominations of non-judicial category, below the value of Rs 50. In Devicolam and Peermade taluks, it is 3 per cent. on One-anna receipt stamps. So the rates are uniform for both States, except for the taluks of Devicolam and Peermade. It is true that there have been a number of petitions from stamp vendors after April 1953 for revising the rates of discount allowed to them. It is a matter pending with the Government and Government have not come to any decision on that matter. But the notion that different rates prevails in Travancore and Cochin is erroneous.

ശ്രീ. എം. ടി. ചെറിയാൻ: ഇത്ര രൂപാ വരെയുള്ള മുദ്രപ്പത്രങ്ങളെ വെണ്ടർക്കു വില്ക്കാൻ പാടുള്ളു എന്നുണ്ടോ?

Shri P. S. Nataraja Pillai: The rules in regard to the sale of stamps are that stamps and stamp papers up to the value of Rs. 50 will be supplied by the Treasuries to the vendors at specified rates of discount and they will sell them to the public. Stamps of higher denominations are sold to the public from the Treasury direct. I do not understand how the scarcity in stamps has arisen and how there can be different rates of discount for the two areas.

<u>ശ്രീ. പി. കേശവമേനോൻ</u>: കൊച്ചിയിൽ വെണ്ടക്ക് സ്റ്റാമ്പു വില്ക്കുന്ന നടക്കുന്നതിനു ലൈസൻസു വേണമെന്നും തിരുവിതാംകൂറിലെ വെണ്ടക്കു ലൈസൻസു ഇല്ലെന്നും അറിയുന്നു. ഈ വ്യത്യാസത്തിനുള്ള കാരണമെന്താണ് ?

<u>ശ്രീ. പി. എസ്. നടരാജപിള്ള</u> : അങ്ങനെയുണ്ടെന്നു തോന്നുന്നില്ല. എത്രകാലത്തേയ്ക്കാണ് അവക്കു ലൈസൻസു കൊടുത്തതെന്നു നിശ്ചയമില്ല. ലൈസൻസ് ഇവിടെയും കാണുമെന്നാണ് എനിക്കു പറയുവാനുള്ളതു്.

<u>ശ്രീ. ടി. കെ. ദിവാകരൻ</u> : ഇൻഡസ്ട്രിയൽ ട്രൈബ്യൂണലുകളിൽ സ്റ്റാമ്പുവേണമോ എന്നുള്ള കാര്യത്തെപ്പറ്റി ഗവണ്മെൻറിൻെറ അഭിപ്രായം അറിഞ്ഞാൽ കൊള്ളാം.

Shri P. S. Nataraja Pillai : That is a matter which I have to examine carefully.

The motions of Shri P. Ravindran and Shri K. P. Hormis were, by leave of the House, withdrawn.

The question that Government be granted a sum of Rs. 2,23,500 under Demand IV—Stamps, was put and carried.

The grant was made.

Demand VI—Registration.

The question that Government be granted a sum of Rs. 9,04,300 under Demand VI—Registration, was put and carried.

The grant was made.

Demand VII—Motor Vehicle Acts.

The question that Government be granted a sum of Rs. 4,00,000 under Demand VII—Motor Vehicles Acts, was put and carried.

The grant was made.

Demand VIII—Irrigation.

The question that Government be granted a sum of Rs. 46,27,000 under Demand VIII—Irrigation, was put and carried.

The grant was made.

Demand X—State Legislature.

The question that Government be granted a sum of Rs. 2,94,500 under Demand X—State Legislature, was put and carried.

The grant was made.

Demand XI—Elections.

The question that Government be granted a sum of Rs. 5,94,900 under Demand XI—Elections, was put and carried.

The grant was made.

Demand XII—District Administration and Miscellaneous.

The question that Government be granted a sum of Rs. 4,90,700 under Demand XII—District Administration and Miscellaneous, was put and carried.

The grant was made.

Demand XIII—Administration of Justice.

The question that Government be granted a sum of Rs. 26,74,800 under Demand XIII—Administration of Justice was put and carried.

The grant was made.

Demand XIV—Jails.

The question that Government be granted a sum of Rs. 4,71,700 under Demand XIV—Jails was put and carried.

The grant was made.

Demand XVI—Ports.

The question that Government be granted a sum of Rs. 29,300 under Demand XVI—Ports was put and carried.

The grant was made.

Demand XVII—Scientific Departments.

The question that Government be granted a sum of Rs. 2,30,700 under Demand XVII—Scientific Departments was put and carried.

The grant was made.

Demand XXII—Rural Development.

The question that Government be granted a sum of Rs. 11,70,500 under Demand XXII - Rural Development was put and carried.

The grant was made.

Demand XXIII—Veterinary.

The question that Government be granted a sum of Rs. 4,05,900 under Demand XXIII—Veterinary was put and carried.

The grant was made.

Demand XXIV—Co-operation.

The question that Government be granted a sum of Rs. 4,31,600 under Demand XXIV—Co-operation was put and carried.

The grant was made.

Demand XXVIII—Electricity.

The question that Government be granted a sum of Rs. 36,30,000 under Demand XXVIII—Electricity was put and carried.

The grant was made.

Demand XXIX—Pensions.

The question that Government be granted a sum of Rs. 51,86,000 under Demand XXIX—Pensions was put and carried.

The grant was made.

Demand XXX—Stationery and Printing.

The question that Government be granted a sum of Rs. 17,36,600 under Demand XXX—Stationery and Printing was put and carried.

The grant was made.

Demand XXXI—Miscellaneous.

The question that Government be granted a sum of Rs. 16,22,600 under Demand XXXI—Miscellaneous was put and carried.

The grant was made.

Demand XXXII—Extraordinary Charges.

The question that Government be granted a sum of Rs. 1,46,08,900 under Demand XXXII—Extraordinary Charges was put and carried.

The grant was made.

Demand XXXV—Capital Outlay on Irrigation.

The question that Government be granted a sum of Rs. 33,55,000 under Demand XXXV—Capital Outlay on Irrigation was put and carried.

The grant was made.

Demand XXXVI—Capital Outlay on Agricultural Improvement.

The question that Government be granted a sum of Rs. 48,400 under Demand XXXVI—Capital Outlay on Agricultural Improvement was put and carried.

The grant was made.

Demand XXXVII—Capital Outlay on Industrial Development.

The question that Government be granted a sum of Rs. 81,58,800 under Demand XXXVII—Capital Outlay on Industrial Development was put and carried.

The grant was made.

Demand XXXVIII—Capital Outlay on Civil Works.

The question that Government be granted a sum of Rs. 48,07,000 under Demand XXXVIII—Capital Outlay on Civil Works was put and carried.

The grant was made.

Demand XXXIX—Capital Outlay on Electricity Schemes.

The question that Government be granted a sum of Rs. 1,37,04,700 under Demand XXXIX—Capital Outlay on Electricity Schemes was put and carried.

The grant was made.

Demand XL—Capital Outlay on Transport Schemes Outside the Revenue Accounts.

The question that Government be granted a sum of Rs. 24,27,000 under Demand XL—Capital Outlay on Transport Schemes outside the Revenue Accounts was put and carried.

The grant was made.

Demand XLI—Capital Outlay on State Schemes of Government Trading.

The question that Government be granted a sum of Rs. 17,86,05,500 under Demand XLI—Capital Outlay on State Schemes of Government Trading was put and carried.

The grant was made.

Demand XLII—Loans and Advances bearing Interest.

The question that Government be granted a sum of Rs. 37,37,000 under Demand XLII—Loans and Advances bearing interest was put and carried.

The grant was made.

The Assembly adjourned at 5-5 P. M. to meet again at 11 A. M. on Friday the 30th July 1954.

APPENDIX I

[Please see answer to question No. ✳495 (6) (*a*)]

എ. ലിസ്റ്റ്.

(1) തിരുവനന്തപുരം ഡിസ്ട്രിക്റ്റ്.

1. ഡിസ്ട്രിക്റ്റ്കളക്റ്റർ (ചെയർമാൻ)
2. എക്സിക്യൂട്ടീവ് ഇഞ്ചിനീയർ, പി. ഡബ്ലിയു. ഡി., തിരുവനന്തപുരം.
3. എക്സിക്യൂട്ടീവ് ഇഞ്ചിനീയർ, പി. ഡബ്ലിയു. ഡി, നാഗർകോവിൽ.
4. എക്സിക്യൂട്ടീവ് എഞ്ചിനീയർ, എലക്ട്രിക്കൽ, തിരുവനന്തപുരം.
5. ഡിസ്ട്രിക്റ്റ അഗ്രിക്കൾച്ചറൽ ആഫീസർ, തിരുവനന്തപുരം (സെക്രട്ടറി).
6. കമ്മ്യൂണിററിപ്രാജക്റ്റ് എക്സിക്യൂട്ടീവ് ആഫീസർ, നെയ്യാററിൻകര.
7. ശ്രീ. കെ. രാമസ്വാമിപ്പിള്ള, അഡ്വക്കേററ്, നാഗർകോവിൽ.
8. എസ്. ഡി. പാണ്ഡ്യനാടാർ, റിട്ടയർഡ് ഗവണ്മെൻറ് അസിസ്ററൻറ് സെക്രട്ടറി, അഗസ്തീശ്വരം.
9. കെ. ആർ. ഇലങ്കത്ത്, ശാസ്തമംഗലം, തിരുവനന്തപുരം.
10. പി. ഐ. വേലുക്കുട്ടി, എഡിററർ, 'വേലക്കാരൻ', തിരുവനന്തപുരം.

(2) കൊല്ലം ഡിസ്ട്രിക്റ്റ്.

1. ഡിസ്ട്രിക്റ്റ കളക്റ്റർ (ചെയർമാൻ)
2. ഡിസ്ട്രിക്റ്റ് അഗ്രിക്കൾച്ചറൽ ആഫീസർ, മാവേലിക്കര, (സെക്രട്ടറി).
3. എക്സിക്യൂട്ടീവ്ഇഞ്ചിനീയർ, പി. ഡബ്ലിയു. ഡി., കൊല്ലം.
4. എക്സിക്യൂട്ടീവ് ഇഞ്ചിനീയർ, എലക്ട്രിക്കൽ, കൊല്ലം.
5. പഞ്ചായത്തു അസിസ്റ്റൻറ് ഡയറക്ടർ, കൊല്ലം.
6. കുട്ടനാട്ടബ്ലാക്ക് ഡെവലപ്മെൻറ് ആഫീസർ, ആലപ്പുഴ.
7. സബ്ഡിവിഷൻ ആഫീസർ പി. ഡബ്ലിയു. ഡി. ,,
8. സബ്ഡിവിഷൻ ആഫീസർ, എലക്ട്രിക്കൽ ,,
9. ശ്രീ. കേശവനുണ്ണിത്താൻ, പനങ്ങാട്ട്, അടൂർ
10. ആർ. ശങ്കർ, കൊല്ലം.
11. കെ. പി. അമൃതനാഥഅയ്യർ, മങ്കൊമ്പ്.
12. പാണ്ഡവത്തു് ശങ്കരപ്പിള്ള, പല്ലന.
13. ജോസഫ് ചെറിയാൻ, പൂപ്പള്ളിൽ, ആലപ്പുഴ.

(3) കോട്ടയം ഡിസ്ട്രിക്റ്റ്.

1. ഡിസ്ട്രിക്റ്റ് കളക്റ്റർ (ചെയർമാൻ).
2. ഡിസ്ട്രിക്റ്റ് അഗ്രിക്കൾച്ചറൽ ആഫീസർ, മൂവാററുപുഴ, (സെക്രട്ടറി).
3. എക്സിക്യൂട്ടീവ് ഇഞ്ചിനീയർ, പി. ഡബ്ല്യു. ഡി., കോട്ടയം.
4. എക്സിക്യൂട്ടീവ് ഇഞ്ചിനീയർ, പി. ഡബ്ല്യു. ഡി., മൂവാററുപുഴ.
5. എക്സിക്യൂട്ടീവ് ഇഞ്ചിനീയർ, ഇലക്ട്രിസിററി, പള്ളം.
6. ജനറേഷൻ എക്സിക്യൂട്ടീവ് ഇഞ്ചിനീയർ, ചിത്തിരപുരം.
7. ബ്ലാക്ക് ഡെവലപ്പ്മെൻറ് ആഫീസർ, മൂവാററുപുഴ.
8. ശ്രീ. ചാന്നി, കുട്ടിപ്പറമ്പൻ, വൈക്കം.
9. പി. സി. ചെറിയാൻ, മൗണ്ട്‌വാർഡ്, കോട്ടയം.
10. കേശവപിള്ള, വരകപ്പള്ളിൽ, മീനച്ചൽ.
11. കെ. കെ. കൃഷ്ണൻ, കുന്നംപുറത്തുവീട്ട്, കോട്ടയം.
12. എം. കെ. മക്കാർപിള്ള, എക്സ്-എം. എൽ. സി., മൂവാററുപുഴ.

(4) തൃശ്ശൂർ ഡിസ്ട്രിക്റ്റ്.

1. ഡിസ്ട്രിക്റ്റ് കളക്റ്റർ, തൃശ്ശൂർ, (ചെയർമാൻ).
2. എക്സിക്യൂട്ടീവ് ഇഞ്ചിനീയർ, പി. ഡബ്ല്യു. ഡി., തൃശ്ശൂർ.
3. എക്സിക്യൂട്ടീവ് ഇഞ്ചിനീയർ, പി. ഡബ്ല്യു. ഡി., എറണാകുളം.
4. എക്സിക്യൂട്ടീവ് ഇഞ്ചിനീയർ. പി. ഡബ്ല്യു. ഡി., മൂവാററുപുഴ.
5. എക്സിക്യൂട്ടീവ് ഇഞ്ചിനീയർ, ഇലക്ട്രിക്കൽ, തൃശ്ശൂർ.
6. കമ്മ്യൂണിററിപ്രോജക്റ്റ് എക്സിക്യൂട്ടീവ് ആഫീസർ, ചാലക്കുടി.
7. ഡിസ്ട്രിക്റ്റ് അഗ്രിക്കൾച്ചറൽ ആഫീസർ, തൃശ്ശൂർ, (സെക്രട്ടറി).
8. പ്രോജക്റ്റ് ഇഞ്ചിനീയർ, തൃശ്ശൂർ.
9. ഈ. ഇക്കണ്ടവാര്യർ, തൃശ്ശൂർ.
10. എ. എൻ. മേനോൻ, പഴയന്നൂർ.
11. ഡാ. ഈ. കെ. മാധവൻ, പറവൂർ.
12. പി. മാണി, എക്സ്-എം. എൽ. എ., കണയന്നൂർ.
13. സി. സ്. പണിക്കർ, വാലൂർ.

APPENDIX II.

[Please see Answer to Question No. *142 (12) (a)].

Date	Travelled From	Travelled To	Purpose of journey.
			April 1952.
1-4-52	Trivandrum	Haripad	To conduct the L. R. M. inspection of the Karthigapally taluk and back.
6-4-52	do.	Peermade	Inspection of survey work in S. No. 245 of Peermade pakuthi and to attend the inspection of the Second Member, Board of Revenue and back.
21-4-52	do.	Eraniel	Inspection of survey work in S. No. 5350 of Eraniel pakuthi.
23-4-52	do.	Devicolam	To attend the conference regarding the future allotment of the lands in Devicolam and Peermade taluks and back.
			May 1952.
1-5-52	Trivandrum	Quilon	L. R. M. inspection of Quilon taluk and back.
4-5-52	do.	Bhoothapandi	L. R. M. inspection of Thovala taluk and back.
10-5-52	do.	Punalur	L. R. M. inspection of Pathanapuram taluk and back.
14-5-52	do.	Thazhakudi and Aloor	Inspection of survey work at Thazhakudi and Aloor Village site and back.

APPENDIX II—(*contd.*)

Date.	Travelled From.	Travelled To.	Purpose of journey.
		May 1952—(*contd.*)	
22-5-52	Trivandrum	Vellavoor, Perumbavoor and Vetchoor	Inspection of survey work at the Kangazha-Velloor ryots road and L. R. M. inspection of Kunnathunad taluk and inspection of survey work in S. No. 5398 of Vetchoor pakuthi and S. Nos. 7 and 8 of Kangazha pakuthi.
		June 1952.	
9-6-52	Trivandrum	Eraniel	Inspection of survey work in S. No. 5359 of Eraniel pakuthi and back.
14-6-52	do.	Changanacherry	L. R. M. inspection of Changanacherry taluk and back.
18-6-52	do.	Kaliel	Inspection of survey work at Kaliel and back.
23-6-52	do.	Palode	Inspection of site involved in L. C. No. 10 of 25 and back.
24-6-52	do.	Darsanamcope	Inspection of survey work at Darsanamcope and back.
26-6-52	do.	Kottayam	To conduct the Entrance and Final Examination at the Survey School, Kottayam and back.
		July 1952.	
6-7-52	Trivandrum	Nedumangad	L. R. M. inspection of Nedumangad taluk and back.

APPENDIX II—(*contd.*)

Date.	Travelled From	Travelled To	Purpose of journey.
		July 1952—(*contd.*)	
12-7-52	Trivandrum	Neyyattinkara	L. R. M. inspection of Neyyattinkara taluk and back.
15-7-52	do.	Shencottah	Inspection of village site survey work at Shencottah and back.
17-7-52	do.	Aloor	Inspection of village site survey work at Aloor and back.
22-7-52	do.	Shertallai and Meenad	L. R. M. inspection of Shertallai taluk and inspection of survey work at Meenad and back.
		August 1952.	
4-8-52	Trivandrum	Eraniel	Inspection of survey work in S. No. 5350 of Eraniel pakuthi and back.
6-8-52	do.	Peermade	Inspection of survey work at Peermade and back.
10-8-52	do.	Aloor	Inspection of survey work at Aloor Village site and back.
13-8-52	do.	Meenad	Inspection of survey work in S. No. 5527 A/17 of Meenad pakuthi and back.
18-8-52	do.	Shencottah	Inspection of village site survey at Shencottah and back.
23-8-52	do.	Kottarakara	L. R. M. inspection of Kottarakara taluk and back.
26-8-52	do.	Nagercoil	Inspection of survey work in Asamboo Reserve and back.

APPENDIX II—(*contd.*)

Date.	Travelled From	To	Purpose of journey.
		September 1952.	
8-9-52	Trivandrum	Aloor	Inspection of survey work in S. No. 5475 of Aloor pakuthi.
12-9-52	do.	Peermade and Thrikkakara	Inspection of survey work in S. No. 1360 of Peermade pakuthi and inspection of survey work in Kangazha-Vellavoor road and back.
19-9-52	do.	Palukal	Inspection of survey works in Palukal pakuthi and back.
21-9-52	do.	Shencottah	L. R. M. inspection of Shencottah taluk and back.
23-9-52	do.	Nagercoil	L. R. M. inspection of Agastiswaram taluk and back.
28-9-52	do.	Kottayam	To conduct the Entrance and Final Examinations in the Survey School, Kottayam.
		October 1952.	
1-10-52	Trivandrum	Thuckalai	L. R. M. inspection of Kalkulam taluk and back.

APPENDIX II—(*contd.*)

Date.	Travelled From.	Travelled To	Purpose of journey.
		Octobor 1952 (*Contd*).	
5-10-52	Trivandrum	Thekadi and Thodupuzha	Inspection of survey works at the Rustic Hotel site and L. R. M. inspection of Thodupuzha taluk and back.
14-10-52	do.	Nedumangad	Inspection of site involved in L. C. No. 8/126 and back.
20-10-52	do.	Shencottah	Inspection of survey work in Shencottah and back.
26-10-52	do.	Palai	L. R. M. inspection of Meenachil taluk and back.
		November 1952.	
1-11-52	Trivandrum	Attingal	L. R. M. inspection of Chirayinkil Taluk and back.
3-11-52	do.	Kuzhithura	L. R. M. inspection of Vilavancode Taluk and back.
5-11-52	do.	Oommannur	Inspection of site involved in L. C. case No. 82/120 and back.
8-11-52	do.	Thiruvella	L. R. M. inspection of Thiruvella Taluk and back.
11-11-52	do.	Shencottah	Inspection of survey work in village site at Shencottah and back.
17-11-52	do.	Vamanapuram	Inspection of site involved in L. C. No. 1 124 and back.
19-11-52	do.	Thuckalai	Inspection of survey work in S. No. 1134 of Thuckalai pakuthi and back.
24-11-52	do.	Kottayam	Inspection of survey works in Vembanad kayal and back.

Date.	Travelled. From	To	Purpose of journey.
		December 1952.	
4-12-52	Trivandrum	Shencottah	Inspection of survey work at Shencottah and back.
15-12-52	do.	S. No. 16/1 of Periyar pakuthi	Inspection of the Rustic hostel site and back to Kottayam.
18-12-52	Kottayam	Vaikom	L. R. M. inspection of Vaikom Taluk and back.
22-12-52	Trivandrum	Anad	Inspection of site involved in L. C. 7/125 and back.
29-12-52	do.	Kottayam	Conducting the entrance and final examinations.
		January 1953.	
3-1-53	Trivandrum	Alleppey	L. R. M. inspection of Ambalapuzha Taluk.
5-1-53	Alleppey	Thuarvoor North pakuthi	Inspection of survey work in S. No. 196|4 of the Thuravoor North pakuthi and back.
7-1-53	Trivandrum	Aloor	Inspection of survey work in S. No. 5475 of Aloor pakuthi and back.
17-1-53	do.	Pallivasal	Inspection of survey work in S. No. 435 of Pallivasal pakuthi.
20-1-53	Pallivasal	Kothamangalam	Inspection of survey work in S. No. 1242/1 of Kothamangalam pakuthi and back.
29-1-53	Trivandrum	Oommannur	Inspection of site involved in L. C. No. 99|120 and 1|121 and back.

APPENDIX II—(*contd.*)

Date.	Travelled From	To	Purpose of Journey.
		February 1953.	
2-2-53	Trivandrum	Karunagapalli	L. R. M. Inspection of Karunagapalli Taluk.
4-2-53	Karunagapally	Mavelikara	L. R. M. Inspection of Mavelikara Taluk and back.
6-2-53	Trivandrum	Aloor	Inspection of survey work at Aloor and back.
9-2-53	do.	Shencottah	Inspection of survey work at Shencottah and back.
16-2-53	do.	Pallivasal	Inspection of survey works at Pallivasal pakuthi.
18-2-53	Pallivasal	Parur	L. R. M. inspection of Parur Taluk and back.
24-2-53	Trivandrum	Oommannur	Inspection of site involved in L. C. Nos. 6, 7, 8, 9 and 10, 20, 28, 42, 66|121 and back.
		March 1953.	
7-3-53	Trivandrum	Muvattupuzha	L. R. M. inspection of Muvattupuzha Taluk.
9-3-53	Muvattupuzha	Devicolam	Inspection of survey works in S. No. 308 of Kannan Devan pakuthi and back.
16-3-53	Trivandrum	Shencottah	Inspection of survey work at Shencottah and back.
22-3-53	do.	Shertallai	Inspection of survey work in Thuravoor North pakuthi and back.
29-3-53	do.	Kottayam	Conducted the Entrance and final examinations in the Survey School, Kottayam.

2|1708|V

APPENDIX—II. *(contd.)*

Date.	Travelled From.	Travelled To.	Purpose of journey.
		April 1953.	
7-4-53	Trivandrum	Thovala	L. R. M. Inspection of Thovala Taluk and back.
11-4-53	do.	Kottayam	L. R M. inspection of Kottayam Taluk.
14-4-53	Kottayam	Perumbavoor	L. R. M. inspection of Kunnathunad Taluk.
17-4-58	Perumbavoor	Pallivasal	Inspection of survey work at Pallivasal and back.
23-4-53	Trivandrum	Thamarakulam	Inspection of survey work at Shri Sankara allom and back
26-4-53	Trivandrum	Oommannur	L. C. enquiry in case Nos. 71/19 91, 96, 98, 100, 110, 117/20 and 14, 15, 22, 29, and 31/21 and back.
		May 1953.	
2-5-53	Trivandrum	Thuckalai	L. R. M. inspection of Kalkulam Taluk and back.
5-5-53	do.	Kothamangalam	Inspection of survey work in S. No. 1242/1 of Kothamangalam pakuthi.
7-5-53	Kothamangalam	Chinnar	Inspection of State boundary work at Chinnar and back.
22-5-53	Trivandrum	Adoor	L. R. M. inspection of Kunnathur Taluk.
26-5-53	Adoor	Shencottah	Inspection of survey works at Shencottah and back.
		June 1953.	
4-6-53	Trivandrum	Azhoor	Inspection of survey work in S. No. 5475 of Azhoor pakuthi and back.
11-6-53	do.	Oommannur	Inspection of sites involved in L. C. Nos. 90, and 95 of 116 and back.

APPENDIX—II. (*contd.*)

Date.	Travelled From.	Travelled To.	Purpose of journey.
		June 1953.	
13-6-53	Trivandrum	Nedumangad	L. R. M. inspection of Nedumangad Taluk and back.
18-6-53	do.	Haripad	L. R. M. inspection of Karthigapalli Taluk and back
22-6-53	do.	Pallivassal	Inspection of survey work at Pallivasal and back.
27-6-53	do.	Kottayam	Conduct the Entrance and Final examinations and back.
		July 1953	
1-7-53	do.	Thamarakulam	Inspection of survey works in Sri Sankara Allom and back.
4-7-53	do.	Meenachil	L. R. M. inspection of Meenachil Taluk and back.
13-7-53	do.	Neyyattinkara	L. R. M. inspection at Neyyattinkara Taluk and back.
15-7 53	do.	Velinalloor	Inspection of sites involved in S. No. 131 of Velinalloor pakuthi and back.
18-7-53	do.	Aloor	Inspection of village site survey at Aloor and back.
21-7-53	do.	Shencottah	Inspection of village site survey at Shencottah and back.
27-7-53	do.	Shertallai, and Kothamangalam	L. R. M. inspection at Shertallai Taluk and inspection of survey works at Kothamangalam.
		August 1953.	
2-8-53	do.	Kottarakara	L. R. M. inspection of Kottarakara Taluk and back.
6-8-53	do.	Thrippathisaram	Inspection of survey works at Thrippathisaram and back.

Date.	Travelled From.	To.	Purpose of journey.
12-8-53	Trivandrum	Wazhur	Inspection of survey works at Kangazha-Vellavoor road
13-8-53	Wazhur	Vengoor	and survey works at Vengoor pakuthy and back.
17-8-53	Trivandrum	Aloor	Inspection of village site survey at Aloor and back.
19-8-53	do.	Shencottah	Inspection of survey work in Puliyara pakuthi and back.
26-8-53	do.	Thamarakulam	Inspection of survey in Sri Sankara Allom and back.
29-8-53	do.	Quilon	L. R. M. inspection of Quilon Taluk and back.
31-8-53	do.	Nedumangad	Inspection of sites involved in L. C. case No. 51/52 and back.
		September 1953.	
5-9-53	do.	Punalur	L. R. M. inspection at Pathanapuram Taluk and back.
10-9-53	do.	Thamarakulam	Inspection of survey works in Sri Sankara Allom and back.
14-9-53	do.	Wazhur	Inspection of survey works in Kangazha-Vellavoor road,
16-9-53	Vazhur	Kothamangalam	and Kothamangalam pakuthy and back.
21-9-53	Trivandrum	Nedumangad	Inspection of sites involved in L. C. case No. 5/51 and back.
22-9-54	do.	Shencottah	Inspection of village site work at Shencottah and back.
25-9-53	do.	Kuzhithura	L. R. M. inspection of Vilavancode and back.
29-9-53	do.	Kottayam	Conducting the Entrance and Final examinations at Survey School, Kottayam.

APPENDIX—II (*contd.*)

Date.	Travelled. From	Travelled. To	Purpose of journey.
		October 1953.	
4-10-53	Trivandrum	Vandanmettu	Inspection of survey work in Vandanmettu pakuthi, and Vijayapuram pakuthi in Kottayam Taluk and back.
11-10-53	do	Thamarakulam	Inspection of survey works in Sri Sankara Allom and back.
13-10-53	do.	Shencottah	L. R. M. inspection of Shencottah Taluk and back.
20-10-53	do.	Devicolam	Inspection of survey works in Pottenkad Thavalam & back.
24-10-53	do.	Nedumangad	Inspection of sites involved in Land complaint case and back.
28-10-53	do.	Pathanamthitta	Inspection of L. R. M. works in Pathanamthitta Taluk and back.
		November 1953.	
4-11-53	do.	Thrikkadavur	Inspection of sites involved in L. C. No. 2, 3 22 and back.
7-11-53	do.	Nagercoil	L. R, M. inspection of Agastiswaram Taluk and back.
10-11-53	do.	Kothakulangara	Inspection of survey works at Kothakulangara and Wazhur and back
21-11-53	do.	Devicolam	To attend the inspection of the Second Member, Board of Revenue, and back.
28-11-53	do.	Shencottah	Inspection of survey work at Shencottah and back.

Date.	Travelled. From	To	Purpose of journey.
		December 1953.	
2-12-53	Trivandrum	Thamarakulam	Inspection of survey works in Sri Sankara Allom and back.
5-12-53	do.	Devicolam	Inspection of survey works at Devicolam Taluk and back.
10-12-53	do.	Kaliel	Inspection of survey works at Kaliel pakuthi and back.
12-12-53	do.	Attingal	L. R M. inspection of Chirayinkil Taluk and back.
17-12-53	do.	Peermade	Inspection of survey works at Peermade and back.
21-12-53	do.	Chadayamangalam	Inspection of sites involved in L. C. case No. 12 of 121 and 150 of 116 and back.
27-12-53	do.	Nedumangad	Inspection of site involved in L. C. case No. 4/124 and back.
28-12-53	do.	Kottayam	Conducting the Entrance and Final examinations in Survey school, Kottayam and back.
		January 1954.	
3-1-54	do.	Thuckalai	L. R. M. inspection, Kalkulam Taluk.
6-1-54	do.	Peermade	Inspection of survey works at Palace premises at Peermade and back.

APPENDIX—II (*contd.*)

Date.	Travelled. From	To	Purpose of journey.
	January 1954. (*contd.*)		
17-1-54	Trivandrum	Thodupuzha	L. R. M. inspection of Thodupuzha Taluk.
21-1-54	Thodupuzha	Vaikom	L. R. M. inspection of Vaikom Taluk and back.
24-1-54	Trivandrum	Palode	Site inspection in L. C. No. 7/52 and back.
27-1-54	do.	Devicolam	Inspection of survey works at Devicolam and back.
	February 1954.		
2-2-54	do.	Wazhur	Inspection of survey works in Kangazha Vellavoor pakuthies
"	Wazhur	Chadayamangalam	Inspection of sites in S. No. 83 of Chadayamangalam and back.
7-2-54	Trivandrum	Vellanad	Inspection of sites involved in L. C. 7|53 and back.
8-2-54	do.	Kuthiathode	Inspection of sites involved in L. C. case No. 16/53 and back.
13-2-54	do.	Ottasekkaramangalam	Inspection of survey works at Puthuvettu muri and back.
15-2-54	do.	Anchal	Inspection of survey works in S. No. 666/1 of Anchal pakuthi and back.
18-2-54	do.	Thiruppathisaram	Inspection of survey works of the Agricultural farm at Thrippathisaram and back.
22-2-54	do.	Devicolam	Inspection of survey works at Pottenkad Thavalam in Devicolam Taluk and back.

APPENDIX—II. (*contd.*)

Date.	Travelled. From	To	Purpose of journey.
		March, 1954.	
3-3-54	Trivandrum	Thrippathisaram	Inspection of survey works in Thrippathisaram and back.
6-3-54	do.	Devicolam	Attended the inspection of the Second Member, Board of Revenue and attended the conference at Munnar and back.
13-3-54	do.	Nedumangad	Inspection of survey works in S. No. 2439 of Nedumangad pakuthy and back.
15-3-54	do.	Konni and Changanacherry	Inspection of survey work of the surveyers deputed to the Forest Department for detection of encroachments in Reserve Forests and L. R. M. inspection of Changanacherry Taluk.
22-3-54	do.	Ambalapuzha	L. R. M. inspection of Ambalapuzha Taluk and back.
27-3-54	do.	Arumanalloor	Inspection of survey work in Thadikkarankonam camp shed premises and back.
29-3-54	do.	Kottayam	To conduct the Entrance and Final examinations in the Survey School, Kottayam and back.

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY.

SECOND SESSION—1954.

Friday, the 30th July 1954.

Vol. XI] **OFFICIAL REPORT** **[No. 15**

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock, on Friday, the 30th July 1954, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day)

ORAL ANSWERS.

Minor Ports.

* 533. [3] **Shri T. S. Ramaswami:** Will the Minister for Works and Transport be pleased to state :

(a) whether the Government have made any enquiry or survey for the improvement of the minor ports of Leepuram and Colachel ;

(b) if so, the year and the person who made the survey ;

(c) whether any report was submitted to Government after the survey ;

(d) the main recommendations of the report ; and

(e) whether the Government will be pleased to develop these two places into good minor ports ?

Minister for Works and Transport **(Shri A. Achutan)** : (a) & (b) A preliminary investigation of the Leepuram Port was made in 1925-26 by Capt. Leveritt, the then Principal Port Officer. Enquiries for improving the Colachel Port were made in 1937 and 1940 by the Public Works Department and the Marine Department.

(c) The results of the enquiries and investigations made have been reported to Government.

(d) The report showed that there was no scope for improving these ports.

(e) Leepuram is not a port now. In view of the answer to (d) above, Government do not consider it worthwhile to develop these places into ports.

Shri T. S. Ramaswami: May I know whether the Government will be pleased to place the reports on the table?

Shri A. Achutan: Yes. The reports are very old, and if they are available, Government have no objection to place them on the table.

Quilon Port.

*534. [4] **Shri T. S. Ramaswami:** Will the Minister for Works and Transport be pleased to state:

(a) whether any enquiry is being made or was conducted for the development of the port in Quilon into a harbour;

(b) if so the authority who does or did the survey and

(c) whether any report was submitted to the Government?

Minister for Works and Transport (**Shri A. Achutan**): (a) & (b) Shri S. Nanjundiah, Special Officer of the Government of India, conducted an investigation of all the minor ports in the State including Quilon.

(c) Shri Nanjundiah submitted his report to the Government of India, and this Government have received a copy of that report.

Shri T. S. Ramaswami: Is it a fact that research has been conducted at Poona in respect of the Quilon Port?

Shri A. Achutan: No. Shri Nanjundiah came here and made investigations and submitted his report.

Shri T. S. Ramaswami: May I know what his recommendations are?

Shri A. Achutan: He has recommended that Quilon, Alleppey and Trivandrum should be developed.

ശ്രീ. എ. എ. റഹിം: കൊല്ലം പ്രധാനപ്പെട്ട ഒരു വ്യാപാരകേന്ദ്രമെന്നനിലയ്ക്ക് അവിടെ ഒരു കടൽപ്പാലം പണിയുന്ന കാര്യം ആലോചിക്കുമോ?

ശ്രീ. എ. അച്യുതൻ: അവിടെ ഒരു കടൽപ്പാലം ആവശ്യമാണെന്നു തോന്നി; അതിനുവേണ്ട നടപടികൾ എടുത്തുകൊണ്ടിരിക്കയുമാണ്.

റൂറൽ ഇലക്ട്രിഫിക്കേഷൻ സ്കീം.

*535. [6] ശ്രീ. എൻ. ജി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റൂറൽ ഇലക്ട്രിഫിക്കേഷൻ സ്കീം എന്നൊരു സ്കീം ഗവണ്മെന്റിനുണ്ടോ;

(ബി) ഈ സ്കീം അനുസരിച്ച് എല്ലാവർഷവും റൂറൽപാർട്ട്സിൽ ഇലക്ട്രിസിററി സപ്ലൈ ചെയ്യുമോ;

(സി) പത്തനംതിട്ട താലൂക്കിൽ കുഴിക്കാലാ, മേലൂകര, ചെറുകോൽ, കീക്കൊഴൂർ, കാട്ടൂർ, വയലത്തല എന്നീ കരകളിൽ ഇലക്ട്രിസിററി നീട്ടുവാൻ അപേക്ഷിച്ചിട്ടുണ്ടോ;

(ഡി) ആ അപേക്ഷകളെപ്പററി എന്തു നടപടി നടത്തിയിട്ടുണ്ട്?

മരാമത്തും ഗതാഗതവുംവകുപ്പമന്ത്രി (ശ്രീ. ഏ. അച്യുതൻ):

(എ) ഉൾനാടൻപ്രദേശങ്ങളിലേയ്ക്ക് വിദ്യുച്ഛക്തി വിതരണത്തിനുവേണ്ടി ലൈനുകൾ തീർക്കുന്ന ഒരു പദ്ധതി ഗവണ്മെൻറിനുണ്ട്.

(ബി) ചെയ്യുന്നതാണ്.

(സി) ഉണ്ട്.

(ഡി) കുഴിക്കാലായിൽ വിദ്യുച്ഛക്തി വിതരണംചെയ്യുന്നകാര്യം ബഡ്ജററ് പാസ്സായശേഷം ഗൗനിക്കുന്നതാണ്. ചെറുകോൽ, വയലത്തല, കാട്ടൂർ, കീക്കൊഴൂർ മുതലായ സ്ഥലങ്ങളിലേയ്ക്ക് ലൈൻ നീട്ടുന്ന കാര്യം ഡിപ്പാർട്ടുമെൻറൽ ചട്ടങ്ങളനുസരിച്ചുള്ള വരുമാനം പ്രതീക്ഷിക്കാമെങ്കിൽ, പരിഗണിക്കുന്നതാണ്. മേലൂകരയിലേയ്ക്ക് ലൈൻ നീട്ടുന്ന കാര്യം അന്വേഷണത്തിലിരിക്കുകയാണ്. അന്വേഷണഫലമനുസരിച്ച് മേൽനടപടികൾ നടത്തുന്നതാണ്.

ശ്രീ. എൻ. ജി. ചാക്കോ: പി. ഡബ്ളിയു. ഡി. ക്ക് ഉള്ളതുപോലെ ഇതിനും ഒരു അഡ്വൈസറിക്കമ്മിററി രൂപീകരിക്കാൻ ഗവണ്മെൻറ് ആലോചിക്കുമോ?

ശ്രീ. ഏ. അച്യുതൻ: ആലോചിക്കാം.

ശ്രീ. എം. വി. ചെറിയാൻ: ജനറേഷൻ ഡിവിഷനിൽ എത്രമാത്രം വിതരണം ചെയ്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ഏ. അച്യുതൻ: അവിടെ വിതരണം കുറവാണെന്നാണ് കാണുന്നത്.

ശ്രീ. എം. വി. ചെറിയാൻ: അങ്ങനെ കുറയുന്നതിനുള്ള കാരണം എന്താണ്?

ശ്രീ. ഏ. അച്യുതൻ: പരിശോധനയിൽ അതു് ആദായകരമല്ലെന്നാണു കാണുന്നതു്. അങ്ങനെ ആദായകരമായി വിതരണം നടത്തുന്നതിനുള്ള സാദ്ധ്യത കുറവായതുകൊണ്ടാണ് വിതരണം കുറഞ്ഞിട്ടുള്ളതെന്ന് അറിയുന്നു.

ശ്രീ. എം. വി. ചെറിയാൻ: റൂറൽ ഇലക്ട്രിഫിക്കേഷൻ ആദായത്തെ ഉദ്ദേശിച്ചാണോ നടത്തുന്നതു്?

ശ്രീ. ഏ. അച്യുതൻ: ആദായം മാത്രമല്ല ജനങ്ങളുടെ സൗകര്യം കൂടി നോക്കിയാണ് ചെയ്യുന്നതു്.

ശ്രീ. എം. വി. ചെറിയാൻ: ആ കുറവ് പരിഹരിക്കുന്നതിന് വേണ്ട സത്വരനടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. ഏ. അച്യുതൻ: അതു് ആലോചിച്ചുവരികയാണു്,

ശ്രീ. കെ. കരുണാകരൻ: നാട്ടിൻപുറങ്ങളിൽ ഇലക്ട്രിസിററി കിട്ടുന്നതിലേയ്ക്കു് എന്തെങ്കിലും പ്രത്യേക വ്യവസ്ഥകളുണ്ടോ?

ശ്രീ. എ. അച്യുതൻ: ഉണ്ടു്. മിനിമം ഗാറന്റി തുടങ്ങിയ വ്യവസ്ഥകൾ ഉണ്ടു്. അതനുസരിച്ചു് അപേക്ഷകൾക്കു് പ്രയോറിററിയും നിശ്ചയിച്ചിട്ടുണ്ടു്. ഇതെല്ലാം നോക്കിയാണു് ചെയ്യുന്നതു്.

ശ്രീ. കെ. കരുണാകരൻ: കാർഷികാവശ്യങ്ങൾക്കു് മുൻഗണന നൽകുന്നുണ്ടോ?

ശ്രീ. എ. അച്യുതൻ: ഉണ്ടു്. ലിഫ്ററിറിഗേഷനു് മുൻഗണന നൽകുന്നുണ്ടു്.

ശ്രീ. എം. എ. ആന്റണി: ചാലക്കുടി-കന്നാറ്റുനാടു് കമ്മ്യൂണിററി പ്രൊജക്ററിലേയ്ക്കു് നൽകിയിട്ടുള്ള ഒരു പദ്ധതി ഗവണ്മെന്റ് അംഗീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. അച്യുതൻ: പദ്ധതി എന്താണെന്നു് അറിഞ്ഞുകൂടാ.

ശ്രീ. എം. എ. ആന്റണി: ആ പ്രോജക്ററ് ഏറിയായിലേയ്ക്കു് ഇലക്ട്രിസിററിക്കു് 5 ലക്ഷം രൂപ മാററിവച്ചിട്ടുള്ള പദ്ധതി അംഗീകരിച്ചു് ഗവണ്മെന്റ് നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

Mr. Speaker: He has already answered that question.

ശ്രീ. കെ. പി. ഹാർമിസ്: റൂറൽ ഏരിയാസിൽ ലൈൻ നീട്ടുന്ന ജോലി പൂർത്തിയായി മൂന്നുനാലുമാസം കഴിഞ്ഞിട്ടും ഇലക്ട്രിക്കു് കണക്ഷൻ കൊടുത്തിട്ടില്ലെന്നറിയാമോ?

ശ്രീ. എ. അച്യുതൻ: ചിലടത്തു താമസം വന്നിട്ടുണ്ടു്. കണക്ഷൻ കൊടുക്കുന്നതിനു് ഇപ്പോൾ ഏർപ്പാടു ചെയ്യുന്നുണ്ടു്.

ശ്രീ. കെ. പി. ഹാർമിസ്: അങ്ങനെ താമസം വരുന്നതിനുള്ള കാരണം എന്താണു്?

ശ്രീ. എ. അച്യുതൻ: സ്റ്റാഫിനെ നിയമിക്കാൻ താമസം നേരിട്ടതാണു്.

ശ്രീ. കെ. പി. ഹാർമിസ്: ഇതുകൊണ്ടു് ഗവണ്മെന്റിനു് വലിയ നഷ്ടം സംഭവിച്ചിട്ടില്ലേ?

ശ്രീ. എ. അച്യുതൻ: ഇല്ല, ഉള്ള കറന്റ് മുഴുവൻ ചെലവാകുന്നുണ്ടു്.

ശ്രീ. എം. എ. ആന്റണി: നാട്ടുകാരിൽ നിന്നും മിനിമം ഗാറന്റിയായി എത്രശതമാനമാണു് ഗവണ്മെന്റിലേയ്ക്കു് ലഭിക്കേണ്ടതു്?

ശ്രീ. എ. അച്യുതൻ: അതിനു് നോട്ടീസ് വേണം.

ശ്രീ. കെ. എം. ജോർജ്ജ്: ബാലവാക്കളും തുടങ്ങിയ സ്ഥലങ്ങളിലേയ്ക്കു് ജനറേഷൻ ഡിവിഷൻ നീട്ടണമെന്നു് നിവേദനം കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. അച്യുതൻ: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. വി. ദേവീരാമരകൻ: ചേർത്തലയിൽ പമ്പിംഗ് ആവശ്യത്തിന് കറന്റ് കൊടുക്കാതെ ചില പ്രത്യേക ആളുകളുടെ വീടുകളിൽ കറന്റ് കൊടുത്തതിനു വല്ല പ്രത്യേക കാരണവുമുണ്ടോ?

ശ്രീ. എ. അച്യുതൻ: പ്രത്യേക കാരണമൊന്നുമില്ല.

ശ്രീ. കെ. എ. ബാലൻ: ചെമ്പുകമ്പിയുടെ ദൗർലഭ്യംമൂലം പല സ്ഥലത്തും പണി പൂർത്തിയാകാതിരിക്കുന്നതായി അറിയാമോ?

ശ്രീ. എ. അച്യുതൻ: കൺട്രാക്ടറുടെ സിമന്റ ദൗർലഭ്യംമൂലം പണി പൂർത്തിയാകാതിരിക്കുന്നുണ്ട്.

ശ്രീ. കെ. എ. ബാലൻ: പറവൂരിൽ കുറ്റി നാട്ടിയിട്ട് മൂന്നുമാസമായിട്ടും പണി പൂർത്തിയാക്കാത്തതു എന്തുകൊണ്ടാണ്?

ശ്രീ. എ. അച്യുതൻ: അതിനെപ്പറ്റി അന്വേഷിച്ചു പറയാം.

ശ്രീ. പ്രാക്കുളം ഭാസി: ഈ റൂറൽ ഇലക്ട്രിഫിക്കേഷൻ പദ്ധതി ഏതു വർഷത്തിലാണ് ആവിഷ്ക്കരിച്ചതെന്നു പറയാമോ?

ശ്രീ. എ. അച്യുതൻ: ഇലക്ട്രിസിറ്റി ജനറേററു ചെയ്യാൻ തുടങ്ങിയപ്പോഴേ അങ്ങനെ ഒരു പദ്ധതിയുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി: പഞ്ചായത്തുകളുടെ റക്കമെൻഡേഷൻ സ്വീകരിച്ച് ഇലക്ട്രിസിറ്റി വിതരണം ചെയ്യാൻ ആലോചിക്കുമോ?

ശ്രീ. എ. അച്യുതൻ: അതു് ആലോചിക്കാവുന്നതാണ്.

ശ്രീ. ററി. പി. സീതാരാമൻ: ഇലക്ട്രിസിററി സംസ്ഥാനത്തിനു പുറത്തു വിതരണം ചെയ്യുന്നുണ്ടോ?

ശ്രീ എ. അച്യുതൻ: ഇല്ലെന്നാണ് തോന്നുന്നതു്. സൂക്ഷ്മവിവരം അന്വേഷിച്ച് പറയാം.

ശ്രീ. എൻ. നാരായണക്കുറുപ്പ്: എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട തലവടി, കോഴിമുക്ക് മുതലായ സ്ഥലങ്ങളിൽ പണി തുടങ്ങിയിട്ട് നിറുത്തിവച്ചിരിക്കുന്നതു് എന്നു തുടങ്ങുമെന്നു പറയാമോ?

ശ്രീ. എ. അച്യുതൻ: അതു് അന്വേഷിച്ചു പറയാം.

ശ്രീ. എം. വി. ചെറിയാൻ: റൂറൽ ഇലക്ട്രിസിററി സ്കീം മിനിമം ഗാരന്റിബേസിസിൽ അല്ലായിരുന്നു എന്നറിയാമോ?

ശ്രീ. എ. അച്യുതൻ: അതു് അന്വേഷിച്ചേ പറയാൻ കഴികയുള്ളു.

കുഴൽക്കിണറുകൾ.

✱ 536. [7] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(a) കുഴൽക്കിണറുകൾ സ്ഥാപിക്കാൻ ഗവണ്മെന്റുവക എത്ര യന്ത്രങ്ങൾ ഉണ്ട്;

(ബി) രണ്ടെണ്ണം പ്രവർത്തനയോഗ്യമല്ലാതിരുന്നത് നന്നാക്കിയോ;

(സി) യന്ത്രങ്ങൾക്ക് ആവശ്യമുള്ള പൈപ്പുകൾ, കേസിംഗുകൾ മുതലായവ കിട്ടിത്തുടങ്ങിയോ;

(ഡി) എത്ര കുഴൽക്കിണറുകൾ ഇന്നുവരെ നിർമ്മിച്ചിട്ടുണ്ട്;

(ഇ) ഈ ബഡ്ജറ്റുവർഷത്തിൽ എത്ര കുഴൽകിണറുകൾ, എവിടെയെല്ലാം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) 4.

(ബി) ഒന്നും പ്രവർത്തനയോഗ്യമല്ലാതായിരുന്നിട്ടില്ല.

(സി) കിട്ടിത്തുടങ്ങി.

(ഡി) 15.

(ഇ) പൊതുമരാമത്തുഡിപ്പാർട്ടുമെന്റിൽനിന്നും 12 കുഴൽക്കിണറുകൾ താഴെ പറയുന്ന സ്ഥലങ്ങളിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു.

1.	പല്ലന	7.	കുമരകം
2.	കനകക്കുന്ന്	8.	പട്ടുകടവ്
3.	മൺറോത്തുരുത്ത്	9.	വക്കല
4.	കള്ളിക്കാട്	10.	എറിയാട്
5,	കായംകുളം	11.	അഴീക്കൽ,
6.	കൈനകരി	12.	ആലപ്പാട്

ഇതിനുപുറമെ നാഷണൽ വാട്ടർസപ്ലൈ ആൻഡ് സാനിട്ടേഷൻ സ്കീം പ്രകാരം തീരദേശതാലൂക്കുകളിൽ ഏതാനും കുഴൽക്കിണറുകൾകൂടി കുഴിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി: ഇതിനുമുമ്പ് നിശ്ചയിച്ചിരുന്ന സ്ഥലങ്ങൾ ഇപ്പോൾ വ്യത്യാസപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. എ. അച്യുതൻ: വ്യത്യാസപ്പെടുത്തിയിട്ടില്ലെന്നാണ് എന്റെ അറിവ്.

ശ്രീ. പ്രാക്കുളം ഭാസി: കഴിഞ്ഞതവണ വായിച്ചതിൽ ശക്തികുളങ്ങരയും മററും ഉൾപ്പെട്ടിരുന്നു. ഇപ്പോഴത്തെ ലിസ്ററ് അതിൽനിന്നും വ്യത്യസ്തമായിട്ടാണ് കാണുന്നത്. അതിനെപ്പററി അന്വേഷിക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. എ. അച്യുതൻ: അന്വേഷിക്കാം.

ശ്രീ. പ്രാക്കുളം ഭാസി: പുതിയ കുഴൽക്കിണറുകൾ കുഴിപ്പിക്കാനുള്ള ലിസ്ററ് തയാറാക്കിയിട്ടുണ്ടോ?

ശ്രീ. എ. അച്യുതൻ: ലിസ്ററ തയാറാക്കുന്നതേ ഉള്ളു.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: എത്ര കിണറുകൾ മൺറോത്തുരുത്തിൽ കുഴിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്?

ശ്രീ. എ. അച്യുതൻ: അതിനു നോട്ടീസാവശ്യം.

ശ്രീ. എ. എ. റഹിം: പുതിയ സ്കീമുകളുടെ കൂട്ടത്തിൽ കരുനാഗപ്പള്ളി പ്രദേശംകൂടി ഉൾപ്പെടുത്തുമോ?

ശ്രീ. എ. അച്യുതൻ: ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. എം. എം. മത്തായി: തീരപ്രദേശങ്ങളിൽ മാത്രം കുഴൽക്കിണറുകൾ കുഴിപ്പിക്കുന്നതു എന്തുകൊണ്ടാണെന്നു പറയാമോ?

ശ്രീ. എ. അച്യുതൻ: തീരപ്രദേശങ്ങൾ ശുദ്ധജലം തീരെ കിട്ടാത്ത സ്ഥലങ്ങളാണ്. അവിടം തീർന്നശേഷം മററു സ്ഥലങ്ങളെപ്പററി ആലോചിക്കാം.

ശ്രീ. എം. എം. മത്തായി: മലംപ്രദേശങ്ങളിൽ വെള്ളത്തിനു പ്രയാസമുണ്ടെന്നറിയാമോ?

ശ്രീ. എ. അച്യുതൻ: ഈ കുഴൽക്കിണറുകളാണോ മലംപ്രദേശത്തു വേണ്ടതെന്നു ആലോചിക്കേണ്ടതാണ്. ചിലപ്പോൾ അതു ശരിയായില്ലെന്നു വരാം.

ശ്രീ. ടി. വി. തോമസ്: ചേർത്തലതാലൂക്കിനെ കുഴൽക്കിണറുകൾ കുഴിക്കുന്ന സ്ഥലങ്ങളുടെ കൂട്ടത്തിൽനിന്നും മാററാനുള്ള കാരണം എന്താണ്?

ശ്രീ. എ. അച്യുതൻ: അതു മാററിയിട്ടില്ല. നാഷണൽ വാട്ടർ സപ്ലൈ ആൻറ് സാനിട്ടേഷൻ സ്കീമിൽ കൊല്ലം, ആലപ്പുഴ, ചേർത്തല മുതലായ സ്ഥലങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നാണ് തോന്നുന്നതു്.

ശ്രീ. ടി. വി. തോമസ്: കഴിഞ്ഞ പ്രാവശ്യം ഇവിടെ വായിച്ച ലിസ്റ്റിൽ ചേർത്തല താലൂക്കിന് പ്രയോററി കൊടുക്കാമെന്നു പറഞ്ഞിട്ടുണ്ടായിരുന്നു. അതു് മാററാനുള്ള കാരണമെന്താണ്?

ശ്രീ. എ. അച്യുതൻ: മാററിട്ടുള്ളതായി അറിവില്ല.

ശ്രീ. ചെങ്ങാരപ്പിള്ളി പി. നാരായണൻ പോററി: ശുദ്ധജലത്തിനു വളരെ ദൌർലഭ്യമുള്ള ആലപ്പുഴ, അമ്പലപ്പുഴ താലൂക്കുകൾ കുഴൽക്കിണറുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നുള്ളതു് അറിയാമോ?

ശ്രീ. എ. അച്യുതൻ: അമ്പലപ്പുഴയും ആലപ്പുഴയും ഈ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നു പറയുന്നതു മുഴുവൻ ശരിയല്ല.

ശ്രീ. ചെങ്ങാരപ്പിള്ളി പി. നാരായണൻ പോററി: ആലപ്പുഴ ഒന്നാം നിയോജകമണ്ഡലത്തിലും അമ്പലപ്പുഴ നിയോജകമണ്ഡലത്തിലും പെട്ട സ്ഥലങ്ങൾ കുഴൽക്കിണർ സ്ഥാപിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നറിയാമോ?

ശ്രീ. എ. അച്യുതൻ: ആലപ്പുഴയിൽ ഒരു വാട്ടർ സപ്ലൈ ഇപ്പോൾ ഉണ്ട്. അവിടെ കുഴൽക്കിണർ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ ഇപ്പോൾ തീരുമാനിച്ചിരിക്കുന്ന ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ അതേപ്പററി നോക്കാം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ഇപ്പോൾ കുഴിച്ചിട്ടുള്ള കിണറുകളിൽ ശുദ്ധജലം ലഭിക്കുന്നില്ലെന്നറിയാമോ?

ശ്രീ. എ. അച്യുതൻ: കുഴിച്ച കിണറുകളിൽ വെള്ളമുണ്ട്.

ശ്രീ. കെ. എം. ജോർജ്ജ്: വൈക്കം താലൂക്കിൽക്കൂടെ കുഴൽക്കിണർ കുഴിപ്പിക്കുന്ന കാര്യത്തിൽ ഗവണ്മെന്റാലോചിക്കുമോ?

ശ്രീ. എ. അച്യുതൻ: ആലോചിക്കാം.

ഉപ്പുവെള്ളംമൂലമുള്ള കൃഷിനാശം.

* 537. [8] ശ്രീ. വി. ശ്രീധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തിന്റെ പടിഞ്ഞാറൻ തീരപ്രദേശത്ത് പല സ്ഥലങ്ങളിലുമുള്ള നെൽക്കൃഷി ഉപ്പുവെള്ളംകയറി നശിക്കുന്നുണ്ടോ;

(ബി) കഠിനംകുളം കായലിൽ മുതലപ്പൊഴിയിൽ വേലിയേററ സമയത്ത് ഉണ്ടാകുന്ന ഉപ്പുവെള്ളം തിരുവനന്തപുരം, ചിറയിൻകീഴ് എന്നീ താലൂക്കുകളിലെ തീരപ്രദേശത്തുള്ള നെൽക്കൃഷിയെ പ്രതികൂലമായി ബാധിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ കൃഷിനാശം തടയുവാൻ ഏതെങ്കിലും സംരക്ഷണനടപടി സ്വീകരിക്കുവാൻ ഗവണ്മെന്റുദ്ദേശിക്കുന്നുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) പടിഞ്ഞാറൻ തീരപ്രദേശത്തു ചില നെൽക്കൃഷിയുള്ള പ്രദേശങ്ങളിൽ വേലിയേററംമൂലം ഉപ്പുവെള്ളം കയറി വിളവുനാശം സംഭവിക്കാറുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

ശ്രീ. വി. ശ്രീധരൻ: എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

ശ്രീ. പി. എസ്. നടരാജപിള്ള: അതിന്റെ ഒരു സർവ്വേ എടുക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്.

ശ്രീ. പി. കെ. യശോധരൻ: എന്തു സംരക്ഷണനടപടികളാണ് എടുക്കാൻ ഉദ്ദേശിക്കുന്നത്.

Shri P. S. Nataraja Pillai: Measures to prevent the ingress of salt water into the field.

ശ്രീ. പി. കെ. യശോധരൻ: ഒരു മേജർ സ്കീമായിട്ടു നടത്താനാണോ ഉദ്ദേശിക്കുന്നത്?

ശ്രീ. പി. എസ്. നടരാജപിള്ള: മേജർസ്കീമോ, മൈനർസ്കീമോ എന്നു തീരുമാനിച്ചിട്ടില്ല. അതു് എക്സ്പേർട്ട്സ് തീരുമാനിക്കേണ്ടതാണ്.

ശ്രീ. പി. കെ. യശോധരൻ: അവിടെ ഒരു ബണ്ട് കെട്ടുന്നതിനുവല്ല സ്കീമും ഇപ്പോഴും ഉണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: ഇപ്പോഴും ഇല്ല.

ശ്രീ. കട്ടപ്പൻ കോയിക്കൽ: സർ സി. പി. യുടെ കാലത്തു് ഇതു സംബന്ധിച്ചു് ഒരു സ്കീം ഉണ്ടായിരുന്നതായറിയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള: അക്കാര്യങ്ങളിൽ മെംബറെക്കാൾ കൂടുതൽ പരിചയം എനിക്കുണ്ടായിരുന്നു. അങ്ങിനെ അന്നൊരു സ്കീമില്ലായിരുന്നുവെന്നാണ് എന്റെ അറിവ്.

റോഡുകളുടെ കരം.

* 538. [11] ശ്രീ. എം. എം. മത്തായി: താഴെ പറയുന്ന ചോദ്യത്തിനു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുടികൾ വെട്ടി സർക്കാർ ഏറെറടുത്തിട്ടുള്ള നിരവധി റോഡുകളുടെ കരം ഇപ്പോഴും അതതു വസ്തു ഉടമസ്ഥന്മാരോട് സർക്കാർ ഈടാക്കിവരുന്നുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

കരം കുറവു ചെയ്തിട്ടുള്ളതായ നടപടികൾ പൂർത്തിയാകാത്ത ചില കേസുകൾ ഉണ്ട്. ഈ കേസുകളുടെ നടപടി എത്രയുംവേഗം പൂർത്തയാകുന്നതാണ്.

ശ്രീ. എം. എം. മത്തായി: അങ്ങനെ പൂർത്തിയാകാതെ കിടക്കുന്ന കേസുകളിൽ കുടികൾ കൊടുത്തിട്ടുള്ള കരം, കേസുകൾ പൂർത്തയാകുമ്പോൾ കുറവുചെയ്തുകൊടുക്കാൻ വല്ല പദ്ധതിയും ഗവണ്മെന്റാലോചിക്കുന്നുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: അതു് കേസുകൾ പൂർത്തിയായതിനുശേഷം കക്ഷികൾതന്നെ ആവശ്യപ്പെടേണ്ട കാര്യങ്ങളാണ്.

റോഡുപണി.

* 539. [12] ശ്രീ. എം. എം. മത്തായി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1952–53-ൽ വി. ആർ. ഡി. ഡിപ്പാർട്ടുമെന്റ് എത്ര റോഡുകളുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്;

(ബി) പ്രസ്തുത വർഷത്തിൽ പണി ആരംഭിച്ച പല റോഡുകളും പണം ഇല്ലെന്നുള്ള കാരണംകൊണ്ടു് പണി നിർത്തിവച്ചിട്ടുണ്ടോ;

(സി) തിരുവല്ലാ വി. ആർ. ഡി. സബ് ഡിവിഷനിൽ ഇപ്പോൾ എത്ര റോഡുകൾ വെട്ടുന്നുണ്ട്; ഏതെല്ലാം?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) 40 റോഡുകളുടെ പണി പൂർത്തയാക്കീട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 16. ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്. *

ശ്രീ. എം. എം. മത്തായി: വി. ആർ. ഡി. സ്കീം അനുസരിച്ച പണം അനുവദിക്കാത്തതുകൊണ്ടാണു് പണി പൂർത്തിയാകാത്തതെന്നറിയാമോ?

---

* Please see Appendix I

ശ്രീ. എ. അച്യുതൻ: പണം ഇല്ലാത്തതുകൊണ്ടുമാത്രമല്ല. ഇക്കൊല്ലത്തേയ്ക്കു് 13,72,000 രൂപയോളം അതിനു മാററിവച്ചിട്ടുണ്ടു്.

ശ്രീ. എം. എം. മത്തായി: ഈ ആണ്ടിൽ ഇത്രയും പണം മാററിവച്ചിരിക്കുന്നതു് കഴിഞ്ഞ ആണ്ടിൽ പണി നടത്തിയ കൺട്രാക്ടറന്മാൎക്കു് കൊടുക്കുന്നതിനുവേണ്ടിയല്ലേ?

ശ്രീ. എ. അച്യുതൻ: അതിനല്ല.

ശ്രീ. എം. എം. മത്തായി: പഞ്ചവത്സരപദ്ധതിയുടെ കാലാവധിയ്ക്കുള്ളിൽ ഈ റോഡിന്റെ പണികൾ പൂൎത്തിയാക്കാനുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. അച്യുതൻ: പൂൎത്തിയാക്കണമെന്നാണു് ഉദ്ദേശം.

ശ്രീ. കെ. പി. ഹാൎമിസ്: ഈ റോഡുകളുടെ മെയിൻറനൻസ് ചെയ്യുന്നതിനു് ആരെയാണു് ഏൎപ്പെടുത്തിയിരിക്കുന്നതു്?

ശ്രീ. എ. അച്യുതൻ: ഗവൺമെന്റിലേയ്ക്കെടുത്തിട്ടുള്ള റോഡുകളുടെ മെയിൻറനൻസ് ഗവൺമെൻറ് നടത്തും.

ശ്രീ. പ്രാക്കുളം ഭാസി: വി. ആർ. ഡി. സ്കീം പത്തു കൊല്ലത്തേയ്ക്കുള്ള ഒരു പദ്ധതിയല്ലേ?

ശ്രീ. എ. അച്യുതൻ: അതേ.

ശ്രീ. പ്രാക്കുളം ഭാസി: അതിലേയ്ക്കു് 168 ലക്ഷം രൂപയാണോ ചെലവാക്കാനുദ്ദേശിക്കുന്നതു്?

ശ്രീ. എ. അച്യുതൻ: അതേ.

ശ്രീ. പ്രാക്കുളം ഭാസി: ഈ 168 ലക്ഷത്തിൽ ഇതുവരെ എത്ര രൂപ ചെലവാക്കി എന്നു പറയാമോ?

ശ്രീ. എ. അച്യുതൻ: സൂക്ഷ്മമായി ഇപ്പോൾ പറയുന്നതിനു് നോട്ടീസുവേണം.

കന്യാസ്ത്രീകളും മതപ്രചരണവും.

*540. [13] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) നമ്മുടെ ആസ്പത്രികളിലൊക്കെക്കൂടി എത്ര കന്യാസ്ത്രീകൾ നഴ്സിംഗ് നടത്തുന്നുണ്ടു്;

(ബി) ഇവരിൽ ഒരാളിനു് ഗവൺമെന്റിൽനിന്നു എത്ര വേതനം വീതം നൽകുന്നുണ്ടു്;

(സി) ഇവൎക്കു രോഗികളുടെ ഇടയിൽ തങ്ങളുടെ മതപ്രചരണത്തിനു സ്വാതന്ത്ര്യം അനുവദിച്ചിട്ടുണ്ടോ;

(ഡി) വൈക്കം ആസ്പത്രിയിൽ ഡാക്ടരും കന്യാസ്ത്രീകളും കൂടി ഒരു കത്തോലിക്കാ അന്തരീക്ഷം സൃഷ്ടിക്കുന്നതായി ഏതെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) 61.

(ബി) ഇവക്കു് താഴെ പറയുംപ്രകാരം വേതനം നൽകുന്നു.—ഏഴുപേക്കു് മാസത്തിൽ 60 രൂപാമുതൽ 100 രൂപവരെ. രണ്ടുപേക്കു് മാസത്തിൽ 100 രൂപമുതൽ 120 രൂപവരെ. 52 പേക്കു് മാസത്തിൽ 100 രൂപ മുതൽ 175 രൂപ വരെ ആണറേറിയം കൊടുക്കുന്നു.

(സി) ഇല്ല.

(ഡി) ഇല്ല.

ശ്രീ. സി. കെ. വിശ്വനാഥൻ: അവരുടെ സേവനവ്യവസ്ഥകൾ എന്തൊക്കെയാണു്?

ശ്രീ. പി. കെ. കുഞ്ഞു്: ആശുപത്രികളിൽ മററു നേഴ്സുമാക്കുള്ള സേവനവ്യവസ്ഥകൾ തന്നെയാണു് ഇവക്കും ബാധകമാകുന്നതു്.

ശ്രീ. സി. കെ. വിശ്വനാഥൻ: അവർ മററു നേഴ്സുമാരെപ്പോലെ രോഗികളെ ശുശ്രൂഷിക്കുക മാത്രമല്ല ചെയ്യുവരുന്നതു്. അങ്ങനെയുണ്ടെങ്കിൽ അതു് ശരിയാണെന്നു വിചാരിക്കുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: നഴ്സിംഗ്ജോലികൾക്കായി അവരെ നിയോഗിച്ചിരിക്കുകയാണു്.

ശ്രീ. സി. കെ. വിശ്വനാഥൻ: ഒരുവക്കം ആശുപത്രിയിൽ ഈ കന്യാസ്ത്രികൾ രോഗികളുടെയിടയിൽ ക്രിസ്തുമതപ്രചരണം നടത്തുന്നതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. സി. കെ. വിശ്വനാഥൻ: ഇവർ വിദേശത്തുള്ളവരാണെന്നറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു്: വിദേശത്തുള്ളവരാണെന്നറിയാം.

ശ്രീ. കെ. സി. അബ്രഹാം: കത്തോലിക്കാ അന്തരീക്ഷം സൃഷ്ടിക്കുന്നു എന്നു പറഞ്ഞാൽ എന്താണു്?

ശ്രീ. പി. കെ. കുഞ്ഞു്: അതു് ഒരു പ്രത്യേകം ചോദ്യമായി ചോദിച്ചാൽ പറയാം.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഇവക്കു് ഈ നാട്ടിലുള്ള നഴ്സുകമാക്കാൾ വ്യത്യാസമായി കൂടുതൽ വേതനം കൊടുക്കുന്നതിനു വല്ല പ്രത്യേകതയുമുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: അവരുടെ പരീക്ഷായോഗ്യതയും പരിചയവും അവരുടെ കൂടുതൽ ചെലവും മററും പരിഗണിച്ചും അവരുടെ ജീവിതത്തോടു് വ്യത്യസ്തമായ രീതിയിലുള്ളതായതുകൊണ്ടും ഗവണ്മെൻറ ഇതിനുമുമ്പു ചെയ്തിട്ടുള്ളതാണു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഇവിടെയുള്ള നഴ്സുകൾക്കു് പരിചയമില്ലാ എന്നാണോ പറയുന്നതു്?

ശ്രീ. പി. കെ. കുഞ്ഞു്: ഇവിടെയുള്ളവക്കും പരിചയമുണ്ടു്.

ശ്രീ. പി. വി. അവിരാതരകൻ: കത്തോലിക്കാ അന്തരീക്ഷം സൃഷ്ടിക്കുന്ന എന്നു പറഞ്ഞതെന്താണെന്നു ചോദിച്ചതിനു് ആ ചോദ്യം പ്രത്യേകം ചോദിച്ചാൽ മറുപടി പറയാം എന്നു പറയുന്നതു ശരിയാണോ?

ശ്രീ. പി. കെ. കുഞ്ഞു്: അദ്ദേഹത്തിന്റെ ഉദ്ദേശം എന്താണെന്നുള്ളതിനു് പ്രത്യേകം ചോദിക്കണമെന്നാണു് പറഞ്ഞതു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: വിദേശത്തുനിന്നും വന്നിട്ടുള്ളവർക്കു് കൂടുതൽ ശമ്പളം കൊടുക്കുന്ന നയം നിറുത്താനാലോചിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞു്: അങ്ങനെ കൊടുക്കുന്നതു് ശരിയല്ലെന്നു ഗവണ്മെന്റിനു ബോദ്ധ്യമായാൽ അങ്ങനെ ചെയ്യാം.

ശ്രീ. ഇടിക്കുള ഇടിക്കുള: ഈ നേഴ്സുകളുടെ ശുശ്രൂഷകൊണ്ടു് രോഗികൾക്കു് വളരെ ഗുണം സിദ്ധിക്കുന്നുണ്ടെന്നറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു്: അങ്ങനെയാണെന്നാണു് ഇതുവരെ ധരിച്ചിരിക്കുന്നതു്.

ശ്രീ. ചെങ്ങാരപ്പിള്ളി പി. നാരായണൻ പോററി: ഈ കന്യാസ്ത്രീകളെല്ലാം വിദേശികളാണോ?

ശ്രീ. പി. കെ. കുഞ്ഞു്: എല്ലാം വിദേശികളല്ല.

ആശുപത്രികളും ഡിസ്പെൻസറികളും.

* 541. [15] ശ്രീ. കട്ടപ്പൻ കോയിക്കൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) 1954–55 ബഡ്ജററ വർഷത്തിൽ എത്ര ആശുപത്രികളും ഡിസ്പെൻസറികളുമാണു് സർക്കാർ പണികഴിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതു് എന്നും അവ എവിടെയെല്ലാമാണെന്നും പറയുമോ;

(ബി) വള്ളിക്കുന്നം, പന്തളം തെക്കേക്കര, എന്നീ സ്ഥലങ്ങളിൽ ഓരോ ഡിസ്പെൻസറികൾ സ്ഥാപിച്ചു കിട്ടണമെന്നു് പൊതുജനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവിടങ്ങളിൽ ഡിസ്പെൻസറികൾ എന്നു സ്ഥാപിക്കുവാനാണു് ഗവണ്മെന്റുദ്ദേശിക്കുന്നതെന്നു പറയുമോ?

ശ്രീ. കട്ടപ്പൻ കോയിക്കൽ: സർ, 15 (ബി) യ്ക്കു് മാത്രം ഉത്തരം പറഞ്ഞാൽ മതിയാകുന്നതാണു്.

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്): വള്ളിക്കുന്നത്തു് ഒരാശുപത്രി സ്ഥാപിച്ചുകിട്ടണമെന്നു് ഏതാനും പേരുടെ അപേക്ഷ കിട്ടിയിട്ടുണ്ടു്. പ്രസ്തുത ആശുപത്രിക്കു് ആവശ്യമുള്ള കെട്ടിടവും ഉപകരണങ്ങളും അപേക്ഷകർ ഗവണ്മെന്റിനെ ഏല്പിക്കാൻ തയ്യാറാകുമ്പോൾ മാത്രമേ എപ്പോൾ ഡിസ്പെൻസറി സ്ഥാപിക്കാൻ സാധിക്കുമെന്നു് പറയാൻ കഴികയുള്ളു. പന്തളം ആശുപത്രിക്കായും ഗവണ്മെന്റിന്റെ പര്യാലോചനയിൽ ഇപ്പോൾ ഇല്ല.

ശ്രീ. കട്ടപ്പൻ പോയിക്കൽ: ഇങ്ങനെ കെട്ടിടവും ഉപകരണങ്ങളും ജനങ്ങൾ ഉണ്ടാക്കിക്കൊടുക്കണമെന്ന നയം മാററാൻ ഗവണ്മെൻറ് ആലോചിക്കുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: അതാണ് ഗവണ്മെൻറിൻെറ ഇതുവരെയുള്ള നയം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: കെട്ടിടവും ഉപകരണങ്ങളും നാട്ടുകാർ കൊടുത്തതിനു ശേഷം അതേപ്പററി ആലോചിക്കാമെന്നു പറയുന്നതു് ശരിയാണോ?

ശ്രീ. പി. കെ. കുഞ്ഞു്: കെട്ടിടവും ഉപകരണങ്ങളും നൽകിയാൽ ആശുപത്രി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കാം എന്നുള്ളതാണു് പറഞ്ഞതു്.

ചെത്തുതൊഴിലാളികൾ.

※ 542. [17] ശ്രീ. സി. ജി. സദാശിവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെത്തുതൊഴിലാളികൾക്കു് ഈ സംസ്ഥാനത്തു് എവിടെയെല്ലാം ബോണസ് അനുവദിച്ചിട്ടുണ്ടു്;

(ബി) ചേർത്തലയിലെ ചെത്തുതൊഴിലാളികൾക്കു് ബോണസ് അനുവദിക്കാനുള്ള പ്രക്ഷോഭണത്തിൽ ലേബർ ഡിപ്പാർട്ടുമെൻറു് ഇടപെട്ടു തീരുമാനം ഉണ്ടാക്കാതെ കാലതാമസം വരുത്തുന്നതു് എന്തുദ്ദേശത്തിലാണു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) കൊല്ലം, ആലപ്പുഴ, ചേർത്തല, വടക്കൻ പറവൂർ.

(ബി) കാലതാമസം വരുത്തേണ്ട കാര്യമില്ല വരുത്തിയിട്ടുമില്ല.

ശ്രീ. സി. ജി. സദാശിവൻ: മററു സ്ഥലങ്ങളിൽക്കൂടി ബോണസ അനുവദിക്കാത്തതെന്തുകൊണ്ടാണു്?

ശ്രീ. പി. കെ. കുഞ്ഞു്: പ്രത്യേക കാലങ്ങളിൽ ആ സ്ഥലങ്ങളിൽ കൊടുക്കേണ്ടിവരുന്നപക്ഷം ആവശ്യമനുസരിച്ചു് അങ്ങനെ ചെയ്യാവുന്നതേയുള്ള.

ശ്രീ. സി. ജി. സദാശിവൻ: ഈ വ്യവസായത്തിനു ചില സ്ഥലങ്ങളിൽ മാത്രം ബോണസ്സ് കൊടുക്കാതിരുന്നതു് എന്താണു്?

ശ്രീ. പി. കെ. കുഞ്ഞു്: അതിലേയ്ക്കു് ആവശ്യമായ നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടില്ലാത്തതുകൊണ്ടാണു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ഈ ബോണസ്സ് കൊടുക്കുന്നതു് ഗവണ്മെൻറിൽ നിന്നാണോ?

ശ്രീ. പി. കെ. കുഞ്ഞു്: അല്ല.

ശ്രീ. സി. കെ. വിശ്വനാഥൻ: ഇതിലേയ്ക്കു് എന്തു നടപടിയാണു് ഗവണ്മെൻറ സ്വീകരിക്കുന്നതു്?

ശ്രീ. പി. കെ. കുഞ്ഞ്: അതാതു സ്ഥലങ്ങളിലെ ആവശ്യമെന്താണെന്നു മനസ്സിലാക്കി ആ അടിസ്ഥാനത്തിൽ ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ട നടപടികൾ എടുക്കും.

ശ്രീ. കെ. എ. ബാലൻ: ബോണസ് അനുവദിച്ചിട്ടുള്ള സ്ഥലങ്ങളിൽ തന്നെ കൊടുക്കാതിരുന്നതിനെ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: കൈവശമുള്ള രേഖകളിൽ നിന്നും അതിനു മറുപടി പറയാൻ നിവൃത്തിയില്ല. അങ്ങനെ പരാതി ലഭിച്ചതായി ഓർക്കുന്നില്ല.

ശ്രീ. കെ. എ. ബാലൻ: വടക്കൻ പറവൂരിൽ അതേ സംബന്ധിച്ച് പ്രക്ഷോഭണങ്ങൾ നടത്തിയിട്ടും, നിവേദനങ്ങൾ നടത്തിയിട്ടും അതിന് എന്തു നടപടി നടത്തിയിട്ടുണ്ട്?

ശ്രീ. പി. കെ. കുഞ്ഞ്: 10-5-1952-ലാണ് അതേ സംബന്ധിച്ച് ഗവണ്മെന്റ് ഇടപെട്ടത്. റവന്യൂബോർഡ് ഫസ്റ്റ് മെംബറാണ് അതിനു തീരുമാനമെടുത്തിട്ടുള്ളത്.

ബസ്സ് റൂട്ട് ദേശീകരണം.

* 543. [18] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ബസ്സ് റൂട്ടുകൾ കൂടുതലായി ദേശീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്;

(ബി) ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിലെ കഴിഞ്ഞ വർഷത്തെ മൊത്തവരവും ചെലവും എന്ത്?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) തൽക്കാലം എറണാകുളം ടൗൺസർവീസ് മാത്രം.

(ബി) വരവ് ഉദ്ദേശം 155 ലക്ഷം രൂപ.
ചെലവ് ഉദ്ദേശം 138 ലക്ഷം രൂപ.
കണക്ക് ആഡിറ്റുചെയ്തു വന്നിട്ടില്ല.

ശ്രീ. പി. ഗോപാലൻ: ദേശീകരണത്തെപ്പററി വല്ല പദ്ധതിയും ഗവണ്മെന്റ് ആസൂത്രണം ചെയ്തിട്ടുണ്ടോ?

ശ്രീ. എ. അച്യുതൻ: ട്രാൻസ്പോർട്ട് നാഷണലൈസേഷനാണ് ഗവണ്മെന്റിന്റെ സ്കീം. അതു പൂർത്തിയാക്കാനുള്ള പദ്ധതികൾ ഇപ്പോൾ ഗവണ്മെന്റിന്റെ ആലോചനയിലുണ്ട്.

ശ്രീ. എം. എ. ആന്റണി: ഇപ്പോഴത്തെ ട്രാൻസ്പോർട്ട് ഡയറക്റ്ററെ അവിടെ നിന്നും മാററാൻ ഉദ്ദേശിക്കുന്നുണ്ടോ?

Mr. Speaker: You must ask a separate question for that.

ശ്രീ. കെ. എം. ജാർജ്ജ്: കോട്ടയം-വൈക്കം ലയിൻ ഇപ്പോൾ ദേശീകരിക്കാൻ ആലോചനയുണ്ടോ?

ശ്രീ. എ. അച്യുതൻ: പല ലയിനുകളും ദേശീകരിക്കാൻ ആലോചനയുണ്ട്.

ശ്രീ. സി. എ. മാത്യു: ഇപ്പോൾ ദേശീകരിക്കാത്ത ലൈനുകളിൽ ഗതാഗതസൗകര്യം വർദ്ധിപ്പിക്കാൻ എക്സ്പ്രസ് സർവീസുകൾ തുടങ്ങാൻ ഗവണ്മെൻറ് ആലോചിക്കുന്നുണ്ടോ ?

ശ്രീ. എ. അച്യുതൻ: പൊതുജനങ്ങളുടെ താൽപ്പര്യം അനുസരിച്ച് ഏതെല്ലാം ലൈനുകളാണ് അങ്ങനെ എടുക്കേണ്ടതെന്ന് ആലോചിച്ചുവരികയാണ്.

ശ്രീ. ടി. വി. തോമസ്സ്: നൂററിമുപ്പത്തെട്ടു ലക്ഷം രൂപ ചെലവുണ്ടെന്നു പറയുന്നു. ഈ ചെലവിൽ റോഡു ഫണ്ടിലേയ്ക്കു എത്ര രൂപ ഉൾപ്പെടുത്തിയിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. എ. അച്യുതൻ: എത്രയാണെന്നുള്ളതു കൃത്യമായി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി. വി. തോമസ്സ്: എന്തെങ്കിലും തുക ഉൾപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. എ. അച്യുതൻ: ഉണ്ട്.

ശ്രീ. ടി. വി. തോമസ്സ്: ഏകദേശം, എത്രയുണ്ടെന്നു പറയാമോ?

ശ്രീ. എ. അച്യുതൻ: തുക എത്രയുണ്ടെന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ലെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു.

Ernakulam General Hospital.

*544. [19] **Shri M. P. Menon:** Will the Minister for Local Self Government, Public Health and Medicine be pleased to state:

(a) what amount was allotted to the Ernakulam General Hospital for supply of drugs and medicines to the out-patients in the year 1948; and

(b) what is the amount now being annually allotted?

Minister for Local Self-Government **(Shri P. K. Kunju):** (a) No separate amount was allotted to the Ernakulam General Hospital. The required quantity is being supplied from the Central Medical Stores, Ernakulam on indents received from the Superintendent of the Hospital, who is also the officer in charge of the Stores.

(b) Does not arise in view of answer to part (a).

ശ്രീ. എം. പി. മേനോൻ: 1948-നുശേഷം, എറണാകുളം ആശുപത്രിയിൽ മരുന്നുകൾക്ക് കുറവുവന്നിട്ടുണ്ടെന്നു അറിയാമോ ?

ശ്രീ. പി. കെ. കുഞ്ഞു: അതിനെപ്പററി ഗവണ്മെൻറിനു അറിവില്ല.

ശ്രീ. എം. പി. മേനോൻ: കൊച്ചി വിഭാഗത്ത് എറണാകുളത്താണ് ഒരു ഒന്നാംഗ്രേഡ് ആശുപത്രിയുള്ളത്. എറണാകുളത്തുള്ള ആ ആശുപത്രി കൊച്ചി-തിരുവിതാംകൂർ സംയോജനത്തിനുശേഷം വളരെ അധഃപതിച്ചുപോയി എന്നു പരാതികൾ കിട്ടിയിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: അധഃപതിച്ചുവെന്നു പരാതികൾ കിട്ടിയിട്ടില്ല. എന്നാൽ ചില സൗകര്യങ്ങൾ ചെയ്തുകൊടുക്കണമെന്നു കാണിച്ച അപേക്ഷകൾ കിട്ടിയിട്ടുണ്ട്.

പോർട്ടർമാരുടെ ശമ്പളം.

※ 545. [20] ശ്രീ. കുട്ടപ്പൻ കോയിക്കൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറു വക എക്സ്പ്രസ്സ്, മെയിൽ എന്നീ ബസ്സുകളിൽ ഉള്ള പോർട്ടറന്മാർക്ക് ഗവർമ്മെൻറിൽ നിന്നും ശമ്പളം കൊടുക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ ശമ്പളത്തോത് എന്തെന്നു പറയുമോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ.):

(എ) & (ബി) ശമ്പളം കൊടുക്കുന്നില്ല. എന്നാൽ, മെയിൽ ബസ്സുകളിൽ പോസ്റ്റൽ ഉരുപ്പടികൾ കയററി ഇറക്കുന്നതിന് അവയുടെ ചാർജ്ജിൻെറ മൂന്നിലൊരു ഭാഗം ഇവക്ക് വേതനമായിട്ടു നൽകുന്നുണ്ട്. ഈ സംഖ്യ, അതായത് ഇതിൻെറ ചാർജ്ജ് മുഴവനും പോസ്റ്റൽ ഡിപ്പാർട്ടുമെൻറിൽനിന്നും ഈടാക്കിവരുന്നു.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ഈ പോർട്ടറന്മാരുടെ നിയമനം നടത്തുന്നത് ഡിപ്പാർട്ടുമെൻറുമുഖേനയല്ലേ?

ശ്രീ. എ. അച്യുതൻ: അതെ.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ഇങ്ങനെ നിയമിക്കപ്പെടുന്ന പോർട്ടറന്മാർക്ക് പ്രതിമാസം എന്തു വരുമാനം ശമ്പളയിനത്തിൽ കിട്ടുമെന്നു പറയാമോ?

ശ്രീ. എ. അച്യുതൻ: ഒരു പോർട്ടർക്ക് ഒരു മാസത്തേയ്ക്ക് എന്തു വേതനം കിട്ടുമെന്നു റിക്കാർഡു നോക്കാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി. കെ. ദിവാകരൻ: പോസ്റ്റൽ ഡിപ്പാർട്ടുമെൻറിൽനിന്നും ഉരുപ്പടികൾ കൊണ്ടുപോകുന്നതിന് പ്രതിമാസം എന്തു തുക വസൂൽ ആകുന്നുണ്ടെന്നു പറയാമോ?

ശ്രീ. എ. അച്യുതൻ: ഏകദേശം 700 രൂപ വരെ വസൂലാകുന്നുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: ഡിപ്പാർട്ടുമെൻറിൽ ഇപ്പോൾ എത്ര പോർട്ടറന്മാരുണ്ടെന്നു പറയാമോ?

ശ്രീ. എ. അച്യുതൻ: ഏകദേശം മൂന്നൂറോളമുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: പോസ്റ്റൽ വകുപ്പിൽനിന്നും പ്രതിമാസം കിട്ടുന്ന ഈ 700 രൂപയും പോർട്ടറന്മാർക്കുവേണ്ടി വേതനം കൊടുക്കുകയാണോ?

ശ്രീ. എ. അച്യുതൻ: ആ തുക മുഴവനും കൊടുക്കുന്നില്ല. ബസ്സുകളിൽകൊണ്ടുപോകുന്ന ഉരുപ്പടികൾക്ക് പോസ്ററൽഡിപ്പാർട്ടുമെൻറിൽനിന്നും കിട്ടുന്ന തുകയുടെ ഏകദേശം മൂന്നിലൊരുഭാഗം പോർട്ടറന്മാർക്കു മാസംതോറും കൊടുത്തുവരികയാണ്.

ശ്രീ. ടി. കെ. ദിവാകരൻ: ഈ കണക്കനുസരിച്ച് അവർക്കു പഴയ കുടിശ്ശിക ഇനത്തിൽ എന്തെങ്കിലും കൊടുക്കാനുണ്ടോ?

ശ്രീ. എ. അച്യുതൻ: കുടിശ്ശിക കൊടുക്കാനുള്ള തുക കൊടുക്കണമെന്നു ഈയിടെ നടന്ന ഒരു കാൺഫറൻസിൽ തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ചു കൊടുക്കുന്നതായിരിക്കും.

ശ്രീ. ടി. കെ. ദിവാകരൻ: പോസ്ററൽ ഉരുപ്പടികൾ കൊണ്ടുപോകുന്നതിന് ഡിപ്പാർട്ടുമെൻറിൽനിന്നും കിട്ടുന്ന ചാർജിന്റെ മൂന്നിലൊരുഭാഗം പോർട്ടറന്മാർക്കു കൊടുക്കുന്നുവെന്നു പറയുകയുണ്ടായി. അതു മൂന്നിൽ രണ്ടാക്കി ഉയർത്തുവാൻ ദയവുണ്ടാകുമോ?

ശ്രീ. എ. അച്യുതൻ: അതിനെപ്പററിയും ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: പോർട്ടറന്മാരെയെല്ലാം ഗവണ്മെൻറു ജീവനക്കാരായി നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. അച്യുതൻ: ഇപ്പോൾ അങ്ങനെ ഉദ്ദേശിക്കുന്നില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: പോർട്ടറന്മാരെ എടുക്കുന്നതുപോലെതന്നെ, പിരിച്ചുവിടുന്നതും ഡയറക്ടരുടെ ഇഷ്ടംപോലെയല്ലേ?

മി. സ്പീക്കർ: ചോദ്യം അനുവദിക്കുന്നില്ല.

ശ്രീ. എം. എ. ആന്റണി: ബസ്സുകളിൽ മെയിൽ സർവ്വീസു നടത്തുന്നതിനു ലഗ്ഗേജുകൂലി നിശ്ചയിച്ചിരിക്കുന്നതിന്റെ മാനദണ്ഡം എന്താണ്?

ശ്രീ. എ. അച്യുതൻ: 28 പൗണ്ടിന് ഒരണയാണെന്നു തോന്നുന്നു നിശ്ചയിച്ചിരിക്കുന്നതു്.

ശ്രീ. ഡി. ദാമോദരൻ പോററി: പോർട്ടറന്മാർ ഗവണ്മെൻറിലേയ്ക്കു വല്ല മെമ്മോറാണ്ടവും സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. എ. അച്യുതൻ: ഉണ്ടു്.

ശ്രീ. ഡി. ദാമോദരൻ പോററി: അതിന്മേൽ എന്തെങ്കിലും നടപടി നടത്തിയിട്ടുള്ളതായി പറയാമോ?

ശ്രീ. എ. അച്യുതൻ: ഇതിനെക്കുറിച്ച് അടുത്തകാലത്തു പോർട്ടറന്മാരുടെ പ്രതിനിധികളും ഡിപ്പാർട്ടുമെൻറു മേലധികാരികളും തമ്മിൽ നടത്തിയ കാൺഫറൻസിന്റെ ഫലമായി, അവരുടെ കുടിശ്ശികശമ്പളം

യാത്രാസൗകര്യത്തിനുവേണ്ടിയുള്ള ഫ്രീപാസ്സ്, യൂണിഫാറം ഇവയെല്ലാം കൊടുക്കുന്നതിനു തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: പോർട്ടറന്മാർക്കു ഒരു സംഘടനയുണ്ടോ?

ശ്രീ. എ. അച്യുതൻ: ഉണ്ട്.

മി. സ്പീക്കർ: ചോദ്യം 23-ന്റെ ഉത്തരം മുൻചോദ്യ ദിവസങ്ങളിൽ പറഞ്ഞിട്ടുള്ളതുകൊണ്ട് 24-ാമത്തെ ചോദ്യം എടുക്കാമെന്നു വിചാരിക്കുന്നു.

ശ്രീ. യു. നീലകണ്ഠൻ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. 23-ാം ചോദ്യത്തിലെ (ബി) വകുപ്പിലെ ഉത്തരം മുൻപു പറഞ്ഞിട്ടുള്ളതല്ല. അതുകൊണ്ട് അതിന്റെ ഉത്തരം കിട്ടേണ്ടതാണ്.

മി. സ്പീക്കർ: അങ്ങനെയാണെങ്കിൽ (ബി) വകുപ്പിനുള്ള ഉത്തരം നൽകേണ്ടതാണ്.

കൈത്തറിനെയ്ത്തു സഹകരണസംഘങ്ങൾ.

※ 546. [23] ശ്രീ. യു. നീലകണ്ഠൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറിനെയ്ത്തു സഹകരണസംഘങ്ങൾ എത്രയെണ്ണം രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഏതെല്ലാം സംഘങ്ങൾക്ക് ലോൺ അനുവദിച്ചിട്ടുണ്ട്;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(ബിയും സിയും) കൈത്തറിനെയ്ത്തുസംഘങ്ങൾക്കു പൊതുവെ ലോൺ കൊടുക്കുന്നതിനെപ്പററിയുള്ള റൂൾസ് ഉണ്ടാക്കിവരികയാണ്. റൂൾസ് കംപ്ലീററാകുന്നതോടുകൂടി അതു ഗസററിൽ പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും.

ശ്രീ. യു. നീലകണ്ഠൻ: ഒരു കൈത്തറിസംഘത്തിന് ലോൺ കൊടുത്തിട്ടുണ്ടെന്നു കാണുന്നു. അങ്ങനെയൊരു സംഘത്തിനുമാത്രം കൊടുക്കാനുള്ള കാരണമെന്താണെന്നു വെളിപ്പെടുത്താമോ?

ശ്രീ. പി. എസ്. നടരാജപിള്ള: താൽക്കാലികമായിട്ട് ഒരു ലോൺ ആ സംഘത്തിന് അനുവദിച്ചു എന്നുള്ളതിൽ കവിഞ്ഞു പ്രത്യേകമായ യാതൊരു കാരണവുമില്ല. എല്ലാ സംഘങ്ങൾക്കും ലോൺ കൊടുക്കേണ്ടതായിട്ടാണിരിക്കുന്നത്. അതിലേയ്ക്കാണ് റൂൾസുണ്ടാക്കിവരുന്നുവെന്നു ഞാൻ പറഞ്ഞത്.

ശ്രീ. യു. നീലകണ്ഠൻ: താൽക്കാലികമായി കൊടുത്തിട്ടുള്ള സംഘത്തിന്റെ പേരെന്താണെന്നു പറയാമോ?

Shri P. S. Nataraja Pillai: Sums of Rs. 500 and Rs. 4,000 has been sanctioned under Share and Working Capital to the Attipra Handloom Weavers' Co-operative Society Limited, No. 3334.

Third Party Insurance.

*547. [24] **Shri P. Bhaskaran Nair**: Will the Minister for Works and Transport be pleased to state:

(a) is third party insurance intended to give any compensation or relief to relatives or victims of bus and motor accidents;

(b) if so, how many persons have so far been benefited during the last four years;

(c) what is the maximum amount paid and to whom was it given during this period; and

(d) how many claims for third party insurance payments are at present awaiting disposal?

Minister for Works and Transport (**Shri A. Achuthan**): (a) Third party insurance is intended to indemnify the person insured against any liability which may be incurred by him in respect of the death of or bodily injury to any person caused by or arising out of the use of the vehicle in a public place.

The compensation or relief to relatives or victims of bus and motor accident arises out of the above liability only.

(b) 163 persons.

(c) The maximum amount paid in respect of one single accident is Rs. 21,500. It was in respect of what is known as "Irinjalakuda Bus Accident" dated 7-7-1950.

The maximum amount paid to an individual is Rs. 5,000. It was to one Dr. Ayyadurai, Anglo-indigenous Clinic, Neyyoor, Eraniel.

(d) 10 claims pending investigation and 9 claims pending final disposal of police case.

ശ്രീ. പി. ഭാസ്കരൻ നായർ: മോട്ടോർ ആക്സിഡന്റ് ഉണ്ടായാൽ തേഡ്പാർട്ടി ഇൻഷുറൻസ് അനുസരിച്ച്, അതിലേക്കുള്ള സംഖ്യ കിട്ടുന്നതിനുവേണ്ടി ബസ്സുടമസ്ഥൻതന്നെ ഗവണ്മെന്റിലേക്കു റിപ്പോർട്ട് ചെയ്യണമെന്നു വ്യവസ്ഥയുണ്ടോ?

ശ്രീ. എ. അച്യുതൻ: അങ്ങനെ ബസ്സുടമസ്ഥന്റെ റിപ്പോർട്ടുണ്ടെങ്കിൽമാത്രമേ ഇൻഷുർ ചെയ്തിട്ടുള്ള തുക അവകാശികൾക്കു കൊടുക്കുകയുള്ളു.

ശ്രീ. പി. ഭാസ്കരൻ നായർ: പല മോട്ടോർകമ്പനികളിലുംഉണ്ടായിട്ടുള്ള ആക്സിഡന്റുകളെസംബന്ധിച്ച് വിവരം ഉടമകൾ ഗവണ്മെന്റിനെ അറിയിച്ചിട്ടില്ലെന്നു അറിയാമോ?

ശ്രീ. എ. അച്യുതൻ: അതു ശരിയാണെന്നുതോന്നുന്നില്ല. അന്വേഷണത്തിൽ ശരിയാണെന്നുകാണുന്നപക്ഷം വേണ്ടതുചെയ്യാം.

ശ്രീ. പി. ഭാസ്കരൻ നായർ: ഈ നിബന്ധന മാററുന്നതിനുവേണ്ട നടപടി നടത്തുമോ?

ശ്രീ. എ. അച്യുതൻ: ഈ നിബന്ധന മാററത്തക്കതാണെന്നു തോന്നുന്നില്ല.

ശ്രീ. പി. ഭാസ്കരൻ നായർ: ഈ നിബന്ധന നടപ്പിൽ ഇരിക്കുന്നതുകൊണ്ട് പലർക്കും തേഡ്പാർട്ടി ഇൻഷ്വറൻസിന്റെ ഗുണഫലങ്ങൾ ലഭിക്കുന്നില്ലെന്നുള്ള പരാതികൾ ഉണ്ടായിട്ടുള്ളതുകൊണ്ട് ഈ നിബന്ധന മാററുന്നതിനെപ്പററി ആലോചിക്കുമോ?

ശ്രീ. എ. അച്യുതൻ: അങ്ങനെ ഗുണംകിട്ടുന്നില്ലെന്ന പരാതികൾ കിട്ടിയിട്ടില്ല.

Shri A. A. D. Luiz: Are the Government aware that the premium collected by the Government is much higher than the premium that is collected by private companies when they were having third party insurance business?

ശ്രീ. എ. അച്യുതൻ: അങ്ങനെ തോന്നുന്നില്ല.

Shri A. A. D. Luiz: Is the policy issued by the Government under third party insurance valid outside the State?

Shri A. Achuthan: I claim notice.

ശ്രീ. എം. എം. മത്തായി: ഓരോ ക്ലെയിമിനുവേണ്ടിയും ഇന്നയിന്ന തുകയെന്നു നിശ്ചയിക്കുന്നതു് ആരാണ്?

ശ്രീ. എ. അച്യുതൻ: അതിനധികാരപ്പെട്ടവരാണ്.

ശ്രീ. എം. എം. മത്തായി: ഗവണ്മെന്റോ, അതോ ട്രാൻസ്പോർട്ട് അധികാരിയോ?

ശ്രീ. എ. അച്യുതൻ: ആരാണെന്നു അന്വേഷിച്ചു പറയാം.

ശ്രീ. എം. എം മത്തായി: ഇൻഷ്വറൻസു തുക കൊടുക്കുന്നതിനു് വളരെയധികം കാലതാമസം നേരിടുന്നുണ്ടെന്നു വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ?

ശ്രീ. എ. അച്യുതൻ: അങ്ങനെ പരാതിയുണ്ടായിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ: ക്ലെയിം അനുവദിക്കുന്നതു് ആരാണ്?

ശ്രീ. എ. അച്യുതൻ: ഇൻഷ്വറൻസ് ആഫീസറാണ്.

ശ്രീ. ടി. കെ. ദിവാകരൻ: ഇൻഷ്വർചെയ്യാത്ത ബസ്സിനെ സംബന്ധിച്ചിടത്തോളം അപകടം ഉണ്ടായാൽ അതിലേക്കുള്ള നഷ്ടപരിഹാരം കൊടുക്കേണ്ടതു് ആരാണ്?

ശ്രീ. എ. അച്യുതൻ: ഉടമസ്ഥൻതന്നെ കൊടുക്കണം.

ശ്രീ. ടി. കെ. ദിവാകരൻ: ഉടമസ്ഥൻ വിസമ്മതിക്കുന്നുവെങ്കിൽ?

ശ്രീ. എ. അച്യുതൻ: മററ പരിഹാരമാർഗ്ഗം അന്വേഷിക്കണം.

ശ്രീ. കെ. പി. ഹാർമിസ്: ഈ ചോദ്യത്തിന്റെ (ബി) പടിവിൽ 163 ആളുകൾ എന്നു പറഞ്ഞിരിക്കുന്നതിൽ മരിച്ചവർകൂടി ഉൾപ്പെടുമോ?

ശ്രീ. എ. അച്യുതൻ: ഉൾപ്പെടുമെന്നാണു കാണുന്നതു്.

ശ്രീ. കെ. എം. ജോർജ്ജ്: തേഡ്പാർട്ടി ഇൻഷ്വറൻസു നടത്താത്ത ഏതെങ്കിലും ബസ്സുടമകൾ ഉണ്ടോ?

ശ്രീ. ഏ. അച്യുതൻ: അതു വേണമെന്നു നിർബന്ധമാണ്.

മി. സ്പീക്കർ: ചോദ്യം 25-ം, 26-ം മുൻപു ഉത്തരം നൽകപ്പെട്ടിട്ടുള്ളതാണ്. അതുകൊണ്ട് 27-ാമത്തെ ചോദ്യം ചോദിക്കാം.

Shri N. N. Pandarathil: Sir, in Question No. 25 parts (a) and (b) have not been answered.

ശ്രീ. കെ. എം. ജാർജ്ജ്: സർ, ഒരു പായിൻറ് ഓഫ് ഓർഡർ. 26-ാമത്തെ ചോദ്യത്തിൽ, (ഏ) വകുപ്പിൽ 1953-54-ലും 1954-55-ലും ഇലക്ട്രിഫിക്കേഷനുവേണ്ടി എത്ര സ്ഥലങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നുള്ളതിലേക്ക് ശരിയായ മറുപടി ലഭിച്ചിട്ടില്ല.

Mr. Speaker: Yes, I shall allow you to put that question.

Mr. Pandarathil will have answers to parts (a) and (b) of question 25.

ട്രാൻസ്പോർട്ട് ബസ് സർവീസ്.

* 548. [25] ശ്രീ. എൻ. എൻ. പണ്ടാരത്തിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1953-54 ബഡ്ജറ്റിൽ പുതിയ റൂട്ടുകളിൽ ട്രാൻസ്പോർട്ട് ബസ് സർവ്വീസ് ഏർപ്പെടുത്തുന്നതിനുവേണ്ടി എന്തു തുക കൊള്ളിച്ചിരുന്നു;

(ബി) ഏതെങ്കിലും പുതിയ റൂട്ട് 1953-54-ൽ ഗവൺമെൻറ് ഏറ്റെടുക്കുകയുണ്ടായിട്ടുണ്ടോ;

(സി) 1954-55 വർഷത്തിൽ ഏതെല്ലാം പുതിയ റൂട്ടുകളിൽ ട്രാൻസ്പോർട്ട് ബസ് സർവ്വീസുകൾ നടപ്പിലാക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ട്?

Minister for Works and Transport **(Shri A. Achuthan):** Sir, the answer to Question 25 is not ready.

Shri P. Bhaskaran Nair: Sir, a point of order. Is any discussion allowed?

ശ്രീ. കെ. എം. ജാർജ്ജ്: സർ, ഒരു പായിൻറ് ഓഫ് ഓർഡർ.

Mr. Speaker: When one hon. Member has raised a point of order, no other Member should raise anothor point of order before the other point of order is disposed of.

Shri K. M. George: I am sorry. I never knew he was raising a point of order.

Mr. Speaker: No discussion is allowed.

Shri A. Achuthan: Sir, answer to number 25 is available.

(എ) 9,64,000 രൂപ.

(ബി) ഇല്ല. എന്നാൽ ഡിപ്പാർട്ടുമെൻറിൽനിന്ന് ചില സ്ഥലങ്ങളിലേക്കു് സർവ്വീസ് നീട്ടിയിട്ടുണ്ട്.

(സി) എറണാകുളം ടൗൺ സർവ്വീസ്.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : പുതിയ വട്ടകൾക്കുവേണ്ടി ഇത്രവലിയ ഒരു തുക നീക്കിവച്ചിട്ട് അതിൽ ഒന്നും ചെലവാക്കിട്ടില്ലെന്നാണോ പറയേണ്ടതു്?

Mr. Speaker: Question disallowed.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : അതു് ചെലവാക്കാതിരുന്നതു് എന്തുകൊണ്ടാണെന്നു് പറയാമോ?

ശ്രീ. എ. അച്യുതൻ : പുതിയ വട്ടകൾ കിട്ടാത്തതുകൊണ്ടാണു്.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : പുതിയ വട്ടകൾ കിട്ടാത്തതു് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറ മേധാവിയും ട്രാൻസപോർട്ട് മന്ത്രിയും പ്രൈവററബസ്സുടമകളും തമ്മിലുള്ള ബന്ധംകൊണ്ടാണെന്നു് ഗവണ്മെൻറിനറിയാമോ?

ശ്രീ. എ. അച്യുതൻ : ഇല്ല.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : ഇപ്പോഴത്തെ മന്ത്രിസഭയിൽ പ്രൈവററ ബസ്സുടമകളുമായി ബന്ധമുള്ള ആളുകൾ ഉണ്ടോ?

ശ്രീ. എ. അച്യുതൻ : ഇല്ല.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : ഒരു മന്ത്രിക്കു് സ്വന്തം ബസ്സുള്ളതായി ഗവണ്മെൻറിനു് അറിയാമോ?

(ഉത്തരം ഇല്ല.)

ശ്രീ പി. കെ. കുഞ്ഞച്ചൻ : സർ, ആൻസർ ഇല്ലെന്നു പറഞ്ഞു കുറച്ചു കഴിഞ്ഞപ്പോൾ ആൻസർ ഉണ്ടെന്നു പറഞ്ഞതു് കളവാണോ?

(ചിരി)

Electrification.

※549. [26] Shri K. M. George: Will the Minister for Works and Transport be pleased to state:

(a) how many places were included for electrification in the budget of 1953-54 and 1954-55 in the Generation Division;

(b) are Government in receipt of representations from the people for the electrification of Kaduthuruthi, Parampram, Vettithara, Mamelassery, Pampakuda, Kavana, Kallorkadu, Kolencherry, Puthenkruz?

Minister for Works and Transports (Shri A. Achuthan): (a) 1953-54—18.

1954-55—A specific provision has been made for six places in addition. A certain portion of the allotment under Capital Works provided in the current budget for opening new distribution centres will also become available. There are certain additional centres that would be adequately remunerative in the Generation Division.

(b) Representation for the electrification of centres other than Mamelassery has been received.

ശ്രീ. കെ. എം. ജാർജ്ജ്: 18+6=24 കേന്ദ്രങ്ങളിലേയ്ക്കു് ഇലക്ട്രിഫിക്കേഷൻ നീട്ടുന്നതിനു് അനുവദിച്ചിട്ടുണ്ടെന്നു പറഞ്ഞിട്ടുള്ളതിൽ ഒരെണ്ണമെങ്കിലും പൂർത്തിയായിട്ടുണ്ടോ ?

ശ്രീ. എ. അച്യുതൻ: നോട്ടീസുവേണം.

ശ്രീ. കെ. എം. ജാർജ്ജ്: ഇറിഗേഷനുവേണ്ടി ഇതു പറയുന്ന സ്ഥലങ്ങളിലേയ്ക്കു് ഇലക്ട്രിസിറ്റി നീട്ടുന്നതിനുള്ള അപേക്ഷയെപ്പറ്റി പ്രത്യേകം ഗൗനിച്ചു് ഈ സ്ഥലങ്ങളിലേയ്ക്കു് ഇലക്ട്രിസിറ്റി നീട്ടുവാൻ ഗവണ്മെന്റ ശ്രദ്ധിക്കുമോ ?

ശ്രീ. എ. അച്യുതൻ: ശ്രദ്ധിക്കാം.

ശ്രീ. എം. വി. ചെറിയാൻ: ഈ ബഡ്ജറ്റിൽ പുതിയതായ 6 വർക്കുകൾ കൊള്ളിച്ചിട്ടുണ്ടെന്നു പറഞ്ഞു, അതു് ബഡ്ജറ്റിൽ എവിടെ കൊടുത്തിട്ടുണ്ടെന്നു പറയാമോ ?

Mr Speaker: The hon Member himself can find that out.

ശ്രീ. എം. വി. ചെറിയാൻ: സർ, ഒരു പായിന്റ് ആഫ് ആർഡർ ബഡ്ജറ്റിൽ ഇല്ലാത്ത സംഗതികളെപ്പറ്റി മന്ത്രി പറഞ്ഞാൽ അതിനു് തെളിവു തരേണ്ടതല്ലേ ?

Mr. Speaker: The hon. Minister can answer the point if information is available.

ശ്രീ. എ. അച്യുതൻ: ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ടെന്നാണു് കാണുന്നതു്.

ശ്രീ. എം. വി. ചെറിയാൻ: ബഡ്ജറ്റിൽ രണ്ടെണ്ണമേ ഉള്ളു. 6 എണ്ണം ഉണ്ടെന്നു് മന്ത്രി പറഞ്ഞു. അതിനെപ്പറ്റി മന്ത്രി ശ്രദ്ധിക്കുമോ?

ശ്രീ. എ. അച്യുതൻ: ശ്രദ്ധിക്കാം.

ശ്രീ. എം. എം. മത്തായി: ബഹുമാനപ്പെട്ട മെംബർ മിസ്റ്റർ ചെറിയാൻ ബഡ്ജറ്റിൽ രണ്ടെണ്ണമേ ഉള്ളു എന്നുപറഞ്ഞു; ബഹുമാനപ്പെട്ട മന്ത്രി ആറെണ്ണം ഉണ്ടെന്നും പറഞ്ഞു. ഇതിൽ ഏതാണു ഞങ്ങൾ വിശ്വസിക്കേണ്ടതു്?

മി. സ്പീക്കർ: ഏതാണു് വിശ്വസിക്കേണ്ടതു് എന്നു മന്ത്രിതന്നെ പറയും.

ശ്രീ. ടി. പി. സീതാരാമൻ: മന്ത്രിമാരെ നിയന്ത്രിക്കേണ്ടതു് സ്പീക്കറല്ലേ ? അതുകൊണ്ടു് സ്പീക്കർ പറഞ്ഞാൽ ഞങ്ങൾ വിശ്വസിക്കാം.

ശ്രീ. എ. അച്യുതൻ: ആറെണ്ണം ഉണ്ടെന്നാണു് രേഖകൾ കൊണ്ടു കാണുന്നതു്.

ശ്രീ. എം. വി. ചെറിയാൻ: 6 പുതിയ വർക്കുകൾ എടുക്കുവാൻ വിചാരിക്കുന്നുണ്ടെന്നാണോ ഞങ്ങൾ ധരിക്കേണ്ടതു് ?

ശ്രീ. എം. അച്യുതൻ: പ്രൊവിഷൻ ഉണ്ടെങ്കിൽ എടുക്കും.

✽550. [27] **Shri M. V. Cherian**: Will the Minister for Works and Transport be pleased to state:

(*a*) the percentage of return expected for giving electricity extensions in the State;

(*b*) the criterion for giving rural electrification;

(*c*) the percentage of return calculated from the rural electrification in each of the proposed works for this year in the Generation Division;

(*d*) has any representation been received by the Government and the Electricity Department for the extension of electric line from Kakkadu in Piravam to Pampakuda market side along the Uzhavoor Thodu—a tributory of the Muvattupuzha River; and

(*e*) has any preliminary estimate been prepared for the above extension and if so, the percentage of return calculated?

Minister for Works and Transport (**Shri A. Achuthan**): (*a*) 10 per cent. of the capital investment; and on the basis of minimum guarantee, 7½ per cent for a period of 3 years;

(*b*) remunerativeness adjudged on the above basis;

(*c*)	(1)	South Marady	—	12½% on H. T. work
		Perumballoor	—	20% on L. T. work
	(2)	Vazhithala	—	12½% on H. T. work
		Maria	—	20% on L. T. work
	(3)	Puthencruz & Vadayampadi	—	proposal not finalised and so percentage not worked out.

(*d*) Yes.

(*e*) Yes; percentage return has not yet been worked out as an alternative proposal is being examined to see whether the capital cost could be reduced further.

ശ്രീ. എം. വി. ചെറിയാൻ: സർ, കക്കാട്ട്, പമ്പക്കുട ഇലക്ട്രിഫിക്കേഷനെ സംബന്ധിച്ചുള്ള കടലാസു ഏതു നിലയിൽ ഇരിക്കുന്നു എന്നു പറയാമോ?

ശ്രീ. എ. അച്യുതൻ: നോട്ടീസ് വേണം.

ശ്രീ. എം. വി. ചെറിയാൻ: ജലസേചനത്തിനു സൌകര്യമുള്ള സ്ഥലത്തു് റൂറൽ ഇലക്ട്രിഫിക്കേഷനു് പ്രത്യേകം മുൻഗണന നൽകുമോ?

(ഉത്തരമില്ല.)

കയർ സഹകരണസംഘങ്ങൾ.

✽ 553. [28] ശ്രീ. കെ. സി. എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വില്ലേജിൽ രണ്ടു കയർ സഹകരണ സംഘങ്ങൾ പാടില്ലെന്നു നിയമമുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ നിയമം മാറുന്നതിനു വിരോധമുണ്ടോ ?

ധനകാര്യമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള) : (എ) അങ്ങനെ നിയമമില്ല.

(ബി) (എ) യുടെ ഉത്തരംകൊണ്ടു് ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. സി. എബ്രഹാം : അങ്ങനെയുള്ള വല്ല അപേക്ഷകളും കിട്ടിയിട്ടുണ്ടോ ?

ശ്രീ. പി. എസ്. നടരാജപിള്ള : അപേക്ഷ കിട്ടിയിട്ടുണ്ടോ എന്നു അറിഞ്ഞുകൂടാ. ഇതാണു് ഗവണ്മെന്റിന്റെ പൊസിഷൻ.

There is no law or order prohibiting more than one coir society in one village. But it is considered it would be better for the proper working of the society that the societies are sufficiently away from one another. The departmental officers might have advised the people who wanted to start societies not to start them in the same centre as there may not be that kind of co-operation as is needed for the development of such institutions.

ശ്രീ. കെ. സി. എബ്രഹാം : പതിനയ്യായിരവും ഇരുപതിനായിരവും, ആളുകൾ താമസിക്കുന്ന വില്ലേജുകളിൽ എങ്കിലും ജനങ്ങൾ ആവശ്യപ്പെട്ടാൽ രണ്ടു സംഘങ്ങൾ സ്ഥാപിക്കുവാൻ അനുവദിക്കുമോ ?

ശ്രീ. പി. എസ്. നടരാജപിള്ള : അങ്ങനെ ജനങ്ങൾ ആവശ്യപ്പെട്ടാൽ രജിസ്റ്റർചെയ്തു കൊടുക്കുകയില്ല എന്നു പറയുവാൻ നിയമമില്ല.

ശ്രീ. കെ. സി. എബ്രഹാം : അങ്ങനെ ജനങ്ങൾ ആവശ്യപ്പെട്ടിട്ടു് സൊസൈററികൾ രജിസ്റ്റർചെയ്തു കൊടുത്തില്ലെന്നു ഞാൻ പറഞ്ഞാൽ അതു ഗവണ്മെന്റു വിശ്വസിക്കുമോ ?

ശ്രീ. പി. എസ്. നടരാജപിള്ള : വ്യവസായത്തിന്റെ അഭിവൃദ്ധിയെ കരുതി ഈ വ്യവസായത്തിന്റെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥന്മാരോ ഡിപ്പാർട്ടുമെന്റോ അങ്ങനെ ഒരു വില്ലേജിൽ രണ്ടു സൊസൈററികൾ രജിസ്റ്റർ ചെയ്യാൻ പാടില്ല എന്നു ഉപദേശിച്ചിരിക്കാം എന്നു വിശ്വസിക്കുന്നു.

ശ്രീ. കെ. സി. എബ്രഹാം : നെടുങ്ങാടു് ദ്വീപിൽ ഒരു സൊസൈററി വേണമെന്നു ജനങ്ങൾ ആവശ്യപ്പെട്ടിട്ടു് അതു് അനുവദിക്കാതിരിക്കയാണു്. അവിടെ അതു് അനുവദിക്കുവാൻ നിർദ്ദേശം കൊടുക്കാമോ ?

ശ്രീ. പി. എസ്. നടരാജപിള്ള : അവിടെ അതു് അത്യാവശ്യമാണെങ്കിൽ അതിനെപ്പററി ആലോചിക്കാം.

ശ്രീ. ടി. കെ. ദിവാകരൻ : രണ്ടു സഹകരണസംഘങ്ങൾ തമ്മിൽ ഓവർലാപ്പ് ചെയ്യാതിരിക്കുവാൻ ഗവണ്മെന്റു ശ്രദ്ധിക്കുമോ ?

ശ്രീ. പി. എസ്. നടരാജപിള്ള : സൊസൈററികൾ തമ്മിൽ ഓവർലാപ്പ് ചെയ്യാതിരിക്കണമെന്നാണു് ഗവണ്മെന്റിന്റെ ഉദ്ദേശം.

ശ്രീ. പി. വിശ്വംഭരൻ: സഹകരണസംഘങ്ങൾ ഇല്ലാത്ത പ്രദേശങ്ങൾക്ക് സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിൽ മുൻഗണന കൊടുക്കുമോ ?

ശ്രീ. പി. എസ്. നടരാജപിള്ള: സഹകരണസംഘങ്ങൾ എവിടെയെല്ലാം ഉണ്ടാക്കണമോ അവിടെയെല്ലാം ഉണ്ടാക്കണമെന്നും ഈ വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനു എന്തെല്ലാം ചെയ്യണമോ അതെല്ലാം ചെയ്യണമെന്നും ഗവണ്മെന്റ് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി: ഇക്കൊല്ലം എത്ര കയർ സഹകരണ സംഘങ്ങൾ അനുവദിച്ചിട്ടുണ്ട് എന്നു പറയാമോ ?

ശ്രീ. പി. എസ്. നടരാജപിള്ള: എത്ര സംഘങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് ഇപ്പോൾ പറയാൻ സാദ്ധ്യമല്ല. കൂടുതൽ സംഘങ്ങൾ രൂപീകരിക്കുന്നതിനാണ് ഗവണ്മെന്റ് ഡിപ്പാർട്ടുമെന്റിനോട് പറഞ്ഞിട്ടുള്ളതു്.

അലവൻസ്.

*552. [29] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ട്രാൻസ്പോർട്ട് തൊഴിലാളികൾക്ക് ഓവർടൈം അലവൻസും ബാററയും കൊടുക്കുന്ന നിരക്ക് എന്താണ്;

(ബി) ഇൻഡ്യാ ഗവണ്മെന്റുകൂടി ഭാഗഭാക്കായിട്ടുള്ള ഐ. എൽ. ഓ. ഓവർടൈമിനു് ഒന്നര ഇരട്ടി അലവൻസ് കൊടുക്കണമെന്നു തീരുമാനിച്ചിട്ടുണ്ടോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ):

(എ) ഡ്രൈവർമാർക്കും കണ്ടക്ടർമാർക്കും ശമ്പളത്തിന്റെ ഒന്നര ഇരട്ടിയും മെക്കാനിക്കൽ സ്റ്റാഫിനു് ശമ്പളത്തിന്റെ രണ്ടിരട്ടിയുമാണ്. ഡ്രൈവർക്കും കണ്ടക്ടർക്കും 12 അണ വീതവും ഇൻസ്പെക്ടർക്ക് ഒരു രൂപ വീതവും അററൻഡർക്ക് 6 അണ വീതവും ആണു് ബത്ത.

(ബി) അറിവില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഐ. എൽ. ഓ. എന്ന ഒരു സംഘടന ഉള്ളതായി ഗവണ്മെന്റിനു് അറിയാമോ ?

ശ്രീ. എ. അച്യുതൻ: അങ്ങനെ ഒരു സംഘടന ഉണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: ഓവർടൈം കൊടുക്കുന്നതു് എത്ര മണിക്കൂർ ജോലിക്കുശേഷമുള്ള ജോലിക്കാണ് ?

ശ്രീ. എ. അച്യുതൻ: ഷെഡ്യൂൾമണിക്കൂറിനു ശേഷമുള്ള ജോലിക്കാണ്.

ശ്രീ. ടി. കെ. ദിവാകരൻ: മണിക്കൂറിനെ ആശ്രയിച്ചോ, ജോലിയെ ആശ്രയിച്ചോ ഓവർടൈം കൊടുക്കുന്നതു് ?

ശ്രീ. എ. അച്യുതൻ: ഓവർടൈംകൊടുക്കുന്നതു് അവരുടെ ഡ്യൂട്ടി അനുസരിച്ചുള്ള ജോലിക്കു ശേഷമുള്ള ജോലിക്കാണ്.

ശ്രീ. ആർ. പ്രകാശം : ഒരു മന്ത്രിയെ ഉത്തരം പറയുന്നതിന് വേറൊരു മന്ത്രിക്ക് സഹായിക്കാമോ ?

മി. സ്പീക്കർ : അവക്ക് കൂട്ടുത്തരവാദിത്വം ഉള്ളതുകൊണ്ട് ഒരു മന്ത്രിയെ മറ്റൊരു മന്ത്രിക്ക സഹായിക്കാം.

WRITTEN ANSWERS

മുനിസിപ്പാലിററിയിലെ ഹെൽത്താഫീസർ.

※ 553. [31] ശ്രീ. പി. എം. മാർക്കോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തിരുവിതാംകൂർ–കൊച്ചിയിലെ എത്ര മുനിസിപ്പാലിററികളിൽ ഹെൽത്താഫീസറന്മാരെ നിയമിച്ചിട്ടുണ്ട് ;

(ബി) ഹെൽത്താഫീസറന്മാരെ നിയമിക്കേണ്ടതായിട്ടുള്ള എത്ര മുനിസിപ്പാലിററികളിൽ നിയമനങ്ങൾ നടത്തിയിട്ടില്ല ;

(സി) തിരുവിതാംകൂർ–കൊച്ചിയിൽ കൊച്ചി വിഭാഗത്തുള്ള മുനിസിപ്പൽ ഹെൽത്താഫീസറന്മാരുടേയും തിരുവിതാംകൂർ ഭാഗത്തുള്ള ഹെൽത്താഫീസറന്മാരുടേയും ശമ്പളസ്കെയിൽ തമ്മിൽ വ്യത്യാസം ഉണ്ടോ ?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്) :

(എ) ഒൻപതു്.

(ബി) അങ്ങനെ നടത്താതിരുന്നിട്ടുള്ളതായി അറിവില്ല.

(സി) ഇല്ല.

പഞ്ചായത്തുകരംപിരിവ്.

※ 554. [32] ശ്രീ. ബി. ബി. പണ്ടാരത്തിൽ : താഴെ പറയുന്ന ചോദ്യത്തിന് മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

സംസ്ഥാനത്തെ ചില പഞ്ചായത്തുകളിൽ അന്യായമായ കരംപിരിവു നടത്തുന്നതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനെ തടയത്തക്കവിധത്തിൽ പഞ്ചായത്താക്ററിൽ വേണ്ട ഭേദഗതികൾ വരുത്തുമോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്) :

ചില പരാതികൾ ഉണ്ടായിട്ടുണ്ട്. പരാതികൾ ഉള്ളവക്ക് പഞ്ചായത്താക്റ്റ് 115–ാം വകുപ്പനുസരിച്ച് പഞ്ചായത്ത് ഡയറക്ററുടെയും അതിനുശേഷം ഗവണ്മെൻറിൻെറയും അടുക്കൽ അപ്പീൽ ബോധിപ്പിക്കാവുന്നതുമാണ്. ഈ സ്ഥിതിക്ക് ആക്റ്റ് ഭേദഗതി ചെയ്യേണ്ട ആവശ്യമുണ്ടെന്നു ഗവണ്മെൻറിന് തോന്നുന്നില്ല.

ആയുർവേദ ഗ്രാൻറ വൈദ്യന്മാർ.

❋ 555. [35] ശ്രീ. ററി. ഭാസ്കരൻപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തിരുവിതാംകൂർ-കൊച്ചിയിൽ ആകെ എത്ര ആയുർവേദ ഗ്രാൻറ വൈദ്യന്മാരുണ്ട് ;

(ബി) അവർക്കിന്നുള്ള പ്രതിമാസ ഗ്രാൻറ് എത്ര ;

(സി) ഈ ഗ്രാൻറ വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു) :

(എ) 318 ഗ്രാൻറ വൈദ്യന്മാരുണ്ട്.

(ബി) 5 പേർക്ക് പ്രതിമാസം 50 രൂപ വീതവും ഒരാളിന് പ്രതിമാസം 40 രൂപ വീതവും ആശുപത്രി ഗ്രാൻറും, 30 രൂപ വീതം 9 പേർക്ക് ഫസ്റ്റ്ഗ്രേഡും, 25 രൂപ വീതം 25 പേർക്ക് സെക്കൻഡുഗ്രേഡും, 278 പേർക്ക് 20 രൂപ വീതം മൂന്നാംഗ്രേഡ് വൈദ്യശാല ഗ്രാൻറും നൽകി വരുന്നു.

(സി) ഇക്കാര്യം ഗവണ്മെൻറിൻെറ പര്യാലോചനയിലിരിക്കുകയാണ്.

Works Committees.

❋ 556. [37] **Shri K. P. Hormis:** Will the Minister for Works and Transport be pleased to state:

(*a*) the year in which works committees were first constituted;

(*b*) the details of roads recommended by the first works committee in Kunnathunad taluk;

(*c*) whether all the works recommended by the said committee now complete; and

(*d*) if the answer to (*c*) is negative, details of incomplete works and the reasons for the same?

Minister for Works and Transport **(Shri A. Achuthan)** (*a*) 1949.

(*b*) Vide list placed on the table. *

(*c*) Most of the works are completed.

(*d*) Works which have not been completed are shown so in the list placed on the table together with the reasons.

ഭവനനിർമ്മാണപദ്ധതി.

❋ 557. [38] ശ്രീ. പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ-കൊച്ചിയിൽ ഒരു ഭവനനിർമ്മാണപദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത് ഏതടിസ്ഥാനത്തിലാണ് ;

* Please see Appendix II.

(ബി) ആ പദ്ധതിമൂലം, ഉദ്ദേശിക്കുന്ന ഗുണം ഉണ്ടാകുന്നില്ലെന്ന് ഇതുവരെയുള്ള പ്രവർത്തനംകൊണ്ടും, നാട്ടുകാരിൽനിന്നുണ്ടായിട്ടുള്ള പരാതിയും നിസ്സഹകരണംമൂലവും ഗവണ്മെൻറിനു ബോദ്ധ്യമായിട്ടുണ്ടോ ;

(സി) സെററിൽമെൻറ്, ഹൗസിംഗും, കാളനൈസേഷനും പദ്ധതികൾ അനുസരിച്ച് എവിടെയെല്ലാം എത്ര ഭവനങ്ങൾ നിർമ്മിച്ചിട്ടുണ്ട് ;

(ഡി) സെററിൽമെൻറുപദ്ധതിയനുസരിച്ചുള്ള ഭവനനിർമ്മാണ പ്രവർത്തനത്തിൽ എവിടെയെല്ലാം സാധനങ്ങൾ വാങ്ങാതെ നിസ്സഹകരണം ഉണ്ടായിട്ടുണ്ട് ;

(ഇ) ഈ പദ്ധതി പൊളിച്ചെഴുതുവാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്) :

(എ) തിരുവിതാംകൂർ-കൊച്ചിയിൽ സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത സാധുക്കൾ വളരെ ഉണ്ടെന്നും അങ്ങനെ ഉള്ളവരെ സഹായിക്കേണ്ടതു് ഒരു ജനകീയഗവണ്മെൻറിന്റെ കടമയാണെന്നും ഉള്ള ബോദ്ധ്യത്തെ അടിസ്ഥാനപ്പെടുത്തിയാണു് ഭവനനിർമ്മാണപദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളതു്.

(ബി) ഇല്ല. ഇതുവരെയുള്ള പ്രവർത്തനംകൊണ്ടും, നാട്ടുകാരിൽനിന്നു തുടരെ ലഭിച്ചുകൊണ്ടിരിക്കുന്ന, നിർല്ലോഭമായ സഹകരണവും, നിവേദനംമൂലവും, ഭവനനിർമ്മാണപദ്ധതികൾക്കു് സ്റ്റേററിന്റെ നാനാഭാഗങ്ങളിലും അസൂയാർഹമായ സ്വാഗതം ലഭിക്കുന്നതായിട്ടാണറിയുന്നതു്. ഗവണ്മെൻറിനു് ഇതു സംബന്ധിച്ചു് യാതൊരു പരാതിയും ഇതുവരെ കിട്ടിയിട്ടില്ല.

(സി) ഈ പദ്ധതികളനുസരിച്ചു് നിർമ്മിച്ചിട്ടുള്ള ഭവനങ്ങളുടെ ഒരു ലിസ്ററ മേശപ്പുറത്തു വച്ചിട്ടുണ്ടു്. *

(ഡി) അങ്ങനെ എവിടെയെങ്കിലും നിസ്സഹകരണം ഉണ്ടായിട്ടുള്ളതായി ഗവണ്മെൻറിനറിവില്ല.

(ഇ) ഇല്ല.

പിന്നാക്കസമുദായ ഡിപ്പാർട്ടുമെൻറു്.

✱ 558. [42] ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പ്രത്യേകവകുപ്പായിട്ടു് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന തിരുവിതാംകൂർ-കൊച്ചി പിന്നാക്കസമുദായോദ്ധാരണഡിപ്പാർട്ടുമെൻറ ലേബർ ഡിപ്പാർട്ടുമെൻറുമായി യോജിപ്പിക്കുവാൻ ആലോചിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള പ്രത്യേക കാരണമെന്തു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്) :

(എ) ഇല്ല.
(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

* Please see Appendix—III.

കളരിക്കറപ്പസംഘത്തിന്റെ മെമ്മോറാണ്ഡം.

✽ 559. [44] ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) മുഖ്യമന്ത്രി അവർകളുടെ മുമ്പാകെ കളരിക്കറപ്പസംഘത്തിനുവേണ്ടി 11-5-1954-ൽ പ്രസിഡന്റ് സമർപ്പിച്ച മെമ്മോറാണ്ഡം ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതിന്റെപേരിൽ എടുക്കവാനുദ്ദേശിക്കുന്ന നടപടിയെന്തു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) ഉണ്ടു്.

(ബി) ഗവണ്മെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

ആയുർവേദകാളേജ് കെട്ടിടം.

✽ 560. [47] ശ്രീ. എ. സി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദകാളേജിന്റെ ആവശ്യത്തിലേയ്ക്കായി വാടകയ്ക്കു കെട്ടിടങ്ങൾ എടുത്തിട്ടുണ്ടോ;

(ബി) പ്രതിമാസം എത്ര വാടകകൊടുക്കുന്നു;

(സി) കാളേജിനു് സ്വന്തമായി കെട്ടിടം പണി തീർന്നിട്ടില്ലേ;

(ഡി) ഇപ്പോൾ വാടകക്കെട്ടിടത്തിന്റെ ആവശ്യമെന്തു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) ഉണ്ടു്.

(ബി) 350 രൂ.

(സി) ഇല്ല. ഒരു Wing (Science വിഭാഗം) തീൎന്നു.

(ഡി) ആഫീസിനും വിദ്യാൎത്ഥികളുടെ ഹോസ്റ്റലിനും.

പഞ്ചായത്തു ഡിപ്പാർട്ടുമെന്റുദ്യോഗസ്ഥന്മാർ.

✽ 561. [55] ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജനത്തിനുമുമ്പ് കൊച്ചിയിലെ പഞ്ചായത്താഫീസുകൾ ഡിപ്പാർട്ടുമെന്റു ഘടകങ്ങളായ സർക്കാരാഫീസുകളായിരുന്നില്ലേ;

(ബി) ഈ ആഫീസുകളിലേയ്ക്കു നിയുക്തരായ ക്ലാർക്കന്മാർ സർക്കാർ ആഫീസുകളിലേയ്ക്കു നിയമിതരായിരുന്ന ക്ലാർക്കന്മാരെപ്പോലെ സർവ്വീസ് കമ്മിഷനിൽനിന്നും തിരഞ്ഞെടുക്കപ്പെട്ടു ഡിപ്പാർട്ടുമെന്റു ക്ലാർക്കന്മാരായിരുന്നില്ലേ;

(സി) അവരുടെ സർവീസ് വ്യവസ്ഥകൾ സി. എസ്. ആർ. അനുസരിച്ച് ക്ലിപ്തപ്പെടുത്തിയതല്ലേ;

(ഡി) അവർ എത്രപേർ ഈ ഡിപ്പാർട്ടുമെൻറിൽനിന്നും ശമ്പളം കൊടുത്തു നിർത്തിവരുന്നുണ്ട്;

(ഇ) സർവീസ് സംയോജനത്തിൽ അവരെ മററ ഉദ്യോഗസ്ഥന്മാരെപോലെ കണക്കാക്കേണ്ടതല്ലേ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു):

(എ) സർക്കാർ ആഫീസുകൾ ആയിരുന്നു.

(ബി) ഡിപ്പാർട്ടുമെൻറ് ക്ലാർക്കന്മാരാകുന്നു.

(സി) ക്ലിപ്തപ്പെടുത്തിയിട്ടുള്ളതാണ്.

(ഡി) 95 പേർ.

(ഇ) കൊച്ചി വിഭാഗത്തിലെ പഞ്ചായത്തു ക്ലാർക്കന്മാരുടെ കാര്യം, സംസ്ഥാനത്തു ആകെയുള്ള പഞ്ചായത്തു സർവീസ് സംയോജനം പൂർത്തിയാകുമ്പോൾ പരിഗണിക്കുന്നതാണ്.

പഞ്ചായത്തു ആക്റ്റ് അനുസരിച്ചുള്ള റൂൾസ്.

*562. [56] ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തു ആക്റ്റ് അനുസരിച്ചുള്ള റൂൾസ് മുഴുവനും ഉണ്ടാക്കി കഴിഞ്ഞുവോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത്;

(സി) പഞ്ചായത്തു പ്രവർത്തനങ്ങളെ കാര്യമായി ബാധിക്കുന്ന ഈ വിഷയത്തിൽ ഗവണ്മെൻറിൻെറ ശ്രദ്ധ പ്രത്യേകം പതിയുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു):

(എ) ഇല്ല.

(ബി) പഞ്ചായത്തുകളുടെ കാര്യക്ഷമമായ നടത്തിപ്പിന് അത്യന്താപേക്ഷിതമായിട്ടുള്ള റൂളുകൾ ഉണ്ടാക്കികഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള റൂളുകളും ഉടനെതന്നെ ഉണ്ടാക്കുന്നതിന് വേണ്ട നടപടി നടത്തിവരുന്നുണ്ട്.

(സി) ഈ വിഷയത്തിൽ ഗവണ്മെൻറ് പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നതാണ്.

UNSTARRED QUESTIONS.

Water supply.

148 [1.] **Shri K. Sattanatha Karayalar:** Will the Minister for Works and Transport be pleased to state the stage at which the proposed water supply to Cape Comorin is?

Answer.

The scheme for Water Supply to Cape has been sanctioned and the Chief Engineer has been asked to proceed with the work. The work is expected to begin soon.

കോട്ടയം ഡിസ്പെൻസറി.

149. [10] ശ്രീ. പി. ഭാസ്കരൻനായർ: താഴെ പറയുന്ന ചോദ്യത്തിനു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടയം പട്ടണത്തിലെ ആയുർവേദ ഡിസ്പെൻസറി രോഗികളുടെ ആധിക്യത്തെ പരിഗണിച്ചു് ഒരു ആശുപത്രിയായി വികസിപ്പിക്കാൻ ഗവണ്മെൻറ ശ്രദ്ധിക്കുമോ?

ഉത്തരം.

കൂടുതൽ ആശുപത്രികൾ തുടങ്ങുമ്പോൾ ഇക്കാര്യം ആലോചിക്കാമെന്നുദ്ദേശിച്ചിരിക്കുകയാണു്.

ടെലിഫോൺ പബ്ലിക്ക്കാൾ ആഫീസ്.

150. [14] ശ്രീ. പി. ആർ. മാധവൻപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ ടൗണിൽ ഒരു ടെലിഫോൺ പബ്ലിക്ക്കാൾ ആഫീസ് തുറക്കണമെന്ന നിവേദനം ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ;

(ബി) പബ്ലിക്ക്കാൾ ആഫീസ് അവിടെ ഇതുവരെയും അനുവദിക്കാതിരിക്കാൻ എന്തെങ്കിലും കാരണമുണ്ടോ;

(സി) എന്നു മുതൽ അവിടെ ഒരു പബ്ലിക്ക്കാൾ ആഫീസ് അനുവദിക്കാൻ കഴിയുമെന്നു് ദയവായി പറയുമോ?

ഉത്തരം.

(എ) ഇല്ല.

(ബി) എന്തെങ്കിലും കാരണമുള്ളതായി ഗവണ്മെൻറിനറിവില്ല.

(സി) ടെലിഫോൺ പബ്ലിക്ക്കാൾ ആഫീസുകൾ അനുവദിക്കേണ്ടതു് പോസ്റ്റ് ടെലഗ്രാഫ് ഡിപ്പാർട്ടുമെൻറാണു്. അതു് കേന്ദ്രഗവണ്മെൻറിൻെറ ഒരു വകുപ്പാണു്. അതിനാൽ ഈ ചോദ്യത്തെ സംബന്ധിച്ചു് ഈ ഗവണ്മെൻറിനു ഒന്നും പറയുവാൻ നിവൃത്തിയില്ല.

എലക്ട്രിക്കൽ പവ്വർ കണക്ഷൻ.

151. [24] ശ്രീ. പി. കെ. ചാത്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട ടൌണിൽ എത്ര എലക്ട്രിക്കൽ പവ്വർ കണക്ഷൻ ഉണ്ടായിരുന്നു;

(ബി) ഇപ്പോൾ എത്ര എണ്ണം ഡിസ്കണക്ട് ചെയ്തിട്ടുണ്ട്;

(സി) എന്തു കാരണമാണു് ഡിസ്കണക്ഷനുവേണ്ടി പറഞ്ഞിരിക്കുന്നതു്;

(ഡി) ഇതുമൂലം എന്തു നഷ്ടം കൊല്ലത്തിൽ ഗവണ്മെൻറിനു വരുന്നുണ്ട്?

ഉത്തരം.

(എ) 18.

(ബി) 4.

(സി) മൂന്നെണ്ണം ഉപഭോക്താക്കളുടെ ആവശ്യപ്രകാരവും ഒന്നു് കറൻറ് ചാർജ്ജ് കൊടുക്കാതിരുന്നതുമൂലവും.

(ഡി) ഒന്നുമില്ല.

മിഡ്വൈഫറി കോഴ്സ്.

152. [27] ശ്രീ. എൻ. ജി. ചാക്കോ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട താലൂക്കിൽ നാരങ്ങാനം എന്ന സ്ഥലത്തു് ഒരു മിഡ്വൈഫറി കോഴ്സ് സ്ഥാപിക്കണമെന്നു് വല്ല ഹർജിയും ഗവണ്മെൻറിനു് കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി നടത്തിയിട്ടുണ്ട്;

(സി) നാരങ്ങാനത്തു ഒരു മിഡ്വൈഫിനെ ഉടനെ നിയമിക്കുമോ?

ഉത്തരം.

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ആലോചിക്കാം.

മിഡ്വൈഫിനെ നിയമിക്കണമെന്നുള്ള നിവേദനം.

153. [28] ശ്രീ. എൻ. ജി. ചാക്കോ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട താലൂക്കിൽ കഴിക്കാലാ, പുന്നക്കാട്, ഓതേകാട്ട്, കാരംവേലി ആദിയായ സ്ഥലവാസികളുടെ ആവശ്യത്തിനു ഒരു മിഡ്വൈഫിനെ നിയമിക്കണമെന്നുകാണിച്ചു് വല്ല നിവേദനവും ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ;

2|1709|V.

(ബി) ഉണ്ടെങ്കിൽ എന്തു നടപടി എടുത്തിട്ടുണ്ട്;

(സി) ഉടനെ ഒരു മിഡ്‌വൈഫിനെ അവിടെ നിയമിക്കുമോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) ആ കാര്യം ഗവണ്മെന്റിന്റെ പര്യാലോചനയിലിരിക്കയാണ്.

(സി) ഗവണ്മെന്റ ശ്രദ്ധിക്കുന്നതാണ്.

എലക്ട്രിസിറ്റി.

154. [31] ശ്രീ. പി. കെ. ഫാർമിസ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ഡിസ്ട്രിക്റ്റിൽ ഇലക്ട്രിസിറ്റി അനുവദിച്ചിട്ടുള്ള സ്ഥലങ്ങളിൽ, തൽസംബന്ധമായ ജോലികൾ പൂർത്തിയായിട്ട് നാലുമാസത്തോളമായെങ്കിലും ലൈറ്റകണക്ഷൻ കിട്ടീയിട്ടില്ലെന്നുള്ള വിവരം ഗവണ്മെന്റിനറിയാമോ?

ഉത്തരം.

അറിയാം. കണക്ഷൻ കൊടുക്കുന്നതിനുള്ള പ്രാരംഭനടപടികളെല്ലാം തീർന്നുകൊണ്ടിരിക്കയാണ്. ഈ മാസാവസാനത്തിനു മുമ്പിൽ എല്ലാ സ്ഥലങ്ങളിലും കണക്ഷൻ കൊടുക്കുന്നതാണ്.

കോട്ടുകാൽ തോട്.

155. [32] ശ്രീ. പി. വിശ്വംഭരൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര താലൂക്കിലെ കോട്ടുകാൽതോട് കൃഷിക്കുപയുക്തമായിത്തീരത്തക്കവിധത്തിൽ നന്നാക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം.

ഈ ജോലിയുടെ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള എസ്റ്റിമേറ്റ് പരിഗണനയിലിരിക്കുന്നു. ഇൻവെസ്റ്റിഗേഷന്റെ ഫലം അറിഞ്ഞതിനുശേഷമേ ജോലി നടത്തുന്നകാര്യം തീരുമാനിക്കയുള്ളു.

ആശുപത്രി ജനറൽ വാർഡ്.

156. [38] ശ്രീ. എൻ. ജെ. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ഗവണ്മെന്റ ഡിസ്പെൻസറിയിൽ 12 ബെഡ്ഡുകളുള്ള ഒരു ജനറൽ വാർഡ് ഇല്ലാത്തതിനാൽ പൊതുജനങ്ങൾ കഷ്ടപ്പെടുന്നുണ്ടോ;

(ബി) ഈ ആശുപത്രിയിൽ ഒരു ജനറൽവാർഡ് പണിയിക്കുന്നതിന് ഗവൺമെൻറ് വേണ്ട നടപടി നടത്തുമോ?

ഉത്തരം.

(എ) അങ്ങനെയൊരു ആവലാതി ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടില്ല.

(ബി) അതിൻെറ ആവശ്യകതയെക്കുറിച്ച് അന്വേഷിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യാം.

Extension of Electric lines.

157. [40] **Shri M. A. Antony**: Will the Minister for Works and Transport be pleased to state whether the Government will sanction the extension of electric lines to Kariyad, Vappalassery, Mekad and Mekkavu of Chengamanad pakuthy in Parur taluk ?

Answer.

Action is being taken for the extension of electric lines to Kariyad and Meckad. Extension to Vappalassery and Mekkavu can be considered only if the interested parties guarantee the required minimum revenue to the department.

Division of assets of Panchayats.

158. [50] **Shri V. V. Sebastian**: Will the Minister for Local Self Government be pleased to state what are the principles set by the Government in the matter of division of assets of Panchayats under the old Act in cases where the area of such Panchayats has been included in more than one Panchayat constituted under the Panchayat Act of 1950 ?

Answer.

Joint meetings of the Panchayats concerned are convened and the Panchayats come to a mutual agreement. In dividing the assets, the area, population, rate, tax, work done etc., are taken into consideration.

Adjournment Motion.

മി. സ്പീക്കർ: ചോദ്യോത്തരത്തിനുള്ള സമയം കഴിഞ്ഞു. ശ്രീ. സി. കെ. വിശ്വനാഥൻെറ തൊഴിൽ തർക്കത്തെപ്പററി 12 noon ഒരു അടിയന്തിരപ്രമേയം വന്നിട്ടുണ്ട്. അത് ഈ സഭാനടപടികളെ നിറുത്തിവയ്ക്കത്തക്കവണ്ണം പ്രാധാന്യമുള്ളതല്ല. ലേബർ കമ്മീഷണറുമായി കൂടിആലോചന നടത്തി അക്കാര്യം തീരുമാനിക്കാവുന്നതേയുള്ളു. അതിനാൽ ആ അടിയന്തിരപ്രമേയം തള്ളിയിരിക്കുന്നു.

Motion of Privilege.

Mr. Speaker : I have received notice of a motion under Rule 57 of the Travancore-Cochin Legislative Assembly rules by Shri N. N. Pandarathil. He refers to a publication in the issue of Navajivan under the caption. "തൊഴിലില്ലാത്തവർക്കു് ഒരു പുതിയ ശിക്ഷയോ'.

കോട്ടയം, ജൂലായ് 22. ഏതാണ്ട് മൂന്നാഴ്ചയ്ക്കു മുമ്പുള്ള ഒരു ദിവസത്തെ ദേശബന്ധുവിൽ ഒരു പരസ്യം കാണാനിടയായി. നോർത്തീസ്റ്റേൺ റെയിൽവേയിലേയ്ക്കു് 300 ക്ലാർക്കന്മാരെ ആവശ്യമുണ്ടെന്നും ഇതിന്റെ കൂടുതൽ വിവരങ്ങൾ അറിയണമെങ്കിൽ പി. കുഞ്ഞൻ എം. എൽ. എ-ക്കു് എഴുതിയാൽ മതിയെന്നുമായിരുന്നു പരസ്യത്തിന്റെ ഉള്ളടക്കം. ഇവിടത്തെ വളരെയധികം യുവാക്കന്മാർ ബദ്ധപ്പെട്ടു എം. എൽ. എ-ക്കു് കത്തിടുകയും ചെയ്തു. അപേക്ഷാഫാറത്തിൽ 12 ണ. സഹിതം അദ്ദേഹത്തിനു് എഴുതിയാൽ മതിയെന്നായിരുന്നു എം. എൽ. എ. യുടെ മറുപടി. ഇതനുസരിച്ചു് വളരെ ആളുകൾ 12 ണ. സഹിതം അപേക്ഷിക്കുകയും വളരെ വിചിത്രതരമായ മറുപടി ലഭിക്കുകയും ചെയ്തിരിക്കുന്നതായറിയുന്നു. കൽക്കട്ടയിലെ റെയിൽവേ സർവ്വീസ് കമ്മീഷണർ പുറപ്പെടുവിച്ചിരിക്കുന്ന ഫാറത്തിലാണു് അപേക്ഷിക്കേണ്ടതു് എന്നായിരുന്നു 12 ണ. അയച്ചുകൊടുത്തതിന്റെ മറുപടി. ബുക്കുപോസ്റ്റായി അയച്ച മറുപടികൾ കവറൊട്ടിച്ചിരുന്നതിനാൽ രണ്ടരയണ കൊടുത്തു് എടുക്കേണ്ടതായും വന്നു. ആർക്കും പറയാമായിരുന്ന ഈ മറുപടി കൊടുത്തു് ബദ്ധപ്പെട്ട പി. എസ്. പി. എം. എൽ. എ. ഇത്രയധികം ബുദ്ധിമുട്ടു് സഹിക്കേണ്ടിയിരുന്നില്ല. തൊഴിലില്ലാതെ നടക്കുന്നതിനു് ഇതു് ഒരു ശിക്ഷയാണോ എന്നു് നാട്ടുകാർ ചോദിക്കുവാൻ തുടങ്ങിയിരിക്കുന്നു.

To constitute a breach of privilege, a libel upon a member must concern the character or conduct of the member in that capacity and the conduct or language on which the libel is based must be actions performed or words uttered in the actual transactions of the business of the House. In this case the publication refers to some action of Shri Kunjan in his private capacity and not as a member of the House. I, therefore, hold that the notice is not in order and therefore refuse consent.

Shri P. S. Nataraja Pillai : On a matter of personal explanation Sir. Yesterday, during the debate on Revenue, one hon. Member said that a particular piece of land was applied for by a relative of the hon. Minister for Public Works. The hon. Member also said that this Government, or rather the members of the Treasury Benches should not take advantage of their position to misuse their power. When I pointedly asked him who was the person, the hon. Member said it was one of the relatives of the Minister. I immediately asked him to give the name and he said that he would give the name later on. "ചിരങ്ങോലിയിൽനിന്നും ഒരാളാണെന്നു തോന്നുന്നു." he wrote. Yesterday I called for the petition. It is, found to be from one Ramakrishna Pillai, residing at Mampara Madom. The petition had been sent to me and I had sent it to the Board of Revenue. It is now being

dealt with by the Board of Revenue. There are two petitions one from Ramakrishna Pillai, and another from Bhaskaran Unnithan.

To the best of my knowledge, this Ramakrishna Pillai or Bhaskaran Unnithan does not belong to the caste, community or family to which the hon. Minister belongs. I want to request my hon. friends not to indulge in such indiscriminate and wild charges. I would request my hon. friends to approach all questions arising here with a spirit of charity and to make enquiries before they make allegations. We, on the Treasury Benches, are prepared to face criticisms. Every action of ours is open for review by the members. But let such kind of flinging of charges be avoided.

ശ്രീ. തോപ്പിൽ ഭാസ്കരൻ നായർ: സർ, ഇതിനെപ്പററി ഒരു സംഗതി എനിക്കു പറയുവാനുണ്ട്.

ശ്രീ. എം. വി. ചെറിയാൻ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട മന്ത്രിയുടെ പേരിൽ ഉണ്ടായ ഒരു ആരോപണത്തിനു വിശദീകരണം നൽകുവാൻ മന്ത്രിക്കവകാശമുണ്ടെങ്കിലും അതിനെപ്പററി ഒരു വാദപ്രതിവാദം നടത്തുന്നതു് സംഗതമാണോ?

മി. സ്പീക്കർ: ഈ ഘട്ടത്തിൽ ഒരു വാദപ്രതിവാദം നടത്താൻ അനുവദിക്കുകയില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻ നായർ: സർ, വള്ളികുന്നം പഞ്ചായത്തിലെ പ്രസിഡൻറാണ് ഞാൻ. ആ പഞ്ചായത്തിൻെറ നേതൃത്വത്തിൽ അവിടെ പുറമ്പോക്കായി കിടക്കുന്ന ഒരു സ്ഥലം പഞ്ചായത്തിനുവേണ്ടി പതിച്ചുതരണമെന്ന് പി. ഡബ്ലിയു. ഡി. മന്ത്രിയെ കണ്ട് നിവേദനം നടത്തുകയുണ്ടായി. എന്നാൽ അതിനുശേഷം ബഹുമാനപ്പെട്ട മന്ത്രിയുടെ അയൽവാസിയായ ചിങ്ങോലിക്കാരൻ ഒരു ഉണ്ണിത്താന് പതിച്ചുകൊടുത്തതായി അറിഞ്ഞു. ഞങ്ങൾ വന്ന് നിവേദനം നടത്തിയതിനുശേഷമായിരുന്നു ഈ നടപടിയുണ്ടായതു്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി സ്വജനപക്ഷപാതപരമായിട്ടാണ് പ്രവൃത്തിച്ചതെന്ന് ഞാൻ പറയുന്നില്ല. എങ്കിലും ആ നാട്ടിൽ പരക്കെ ഇതേപ്പററി ഒരു ധാരണയുണ്ടായിട്ടുണ്ട്. ആ അടിസ്ഥാനത്തിലാണ് ശ്രീമാൻ കോയിസ്സൽ ആ പ്രസ്താവന ഇവിടെ ചെയ്തതു്. ഞാനാണ് അങ്ങനെ പ്രസ്താവിക്കുവാൻ കോയിസ്സലിനെ പ്രേരിപ്പിച്ചതു്. സ്വജനപക്ഷപാതം എന്നു പറഞ്ഞാൽ സ്വന്തജാതിയിൽപ്പെട്ട ആളുകൾക്കോ ബന്ധുക്കൾക്കോ ചെയ്തുകൊടുത്തു എന്നുള്ള അർത്ഥത്തിലല്ല പറഞ്ഞതു്. വള്ളികുന്നത്തുനിന്നും മുപ്പതുമൈൽ അകലെയാണ് ചിങ്ങോലി. അങ്ങനെ മുപ്പതു മൈൽ അകലത്തുള്ള ചിങ്ങോലിക്കാരന് ഈ സ്ഥലം പതിച്ചുകൊടുത്തതു് സംശയം ജനിപ്പിക്കത്തക്ക ഒരു കാര്യമാണ്. പോരെങ്കിൽ എക്സിക്യൂട്ടീവ് ഇൻജിനീയർ ഒരു രാത്രിയിൽ വന്നാണ് ഇതു സംബന്ധിച്ചുള്ള നടപടിയെടുത്തതു്. പി. ഡബ്ലിയു. ഡി. മന്ത്രിയുടെ അടിയന്തിരമായ നിർദ്ദേശമനുസരിച്ചാണ് അപ്രകാരം ചെയ്തതെന്ന് പരക്കെ ഒരു കേൾവിയുണ്ട്.

മി. സ്പീക്കർ: ഇനി അടുത്ത നടപടിയിലേയ്ക്കു പ്രവേശിക്കാം.

ശ്രീ. തോപ്പിൽ ഭാസ്കരൻ നായർ: സർ, ഒരു പായിൻറ് ഓഫ് ഇൻഫർമേഷൻ. ജൂലൈ 29-ാം തീയതിയിലത്തെ ദിനമണിപത്രത്തിൽ ....

മി. സ്പീക്കർ: ഒരു ക്വസ്റ്റ്യൻ ഓഫ് പ്രിവിലേജിനെപ്പററിയാണ മെംബർ പറയുന്നതെങ്കിൽ അതിന പ്രത്യേകം നോട്ടീസ് അയക്കണം.

ശ്രീ. തോപ്പിൽ ഭാസ്കരൻ നായർ: അല്ല, ഒരു വസ്തുത അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ആ ദിനമണിപത്രത്തിൽ "ഉണ്ടാകാത്ത ലാത്തിച്ചാർജ്ജ്" "വേണ്ടാത്ത അടിയന്തിരപ്രമേയം", "അരുതാത്ത ചർച്ച കൊണ്ട് നിയമസഭയിൽ കോളിളക്കമുണ്ടായി" എന്നു കാണുന്നു. അരുതാത്ത ചർച്ച നിയമസഭയിലുണ്ടായി എന്ന് പറഞ്ഞാൽ അതു് ഈ സഭയുടെയും ആ ചർച്ചയുടെയും അന്തസ്സിനെ ബാധിക്കുന്നതല്ലേ എന്നു അങ്ങ് ആലോചിക്കേണ്ടതാണ്.

ശ്രീ. ടി. കെ. ദിവാകരൻ: സർ, മന്ത്രിയുടെ വിശദീകരണത്തിൽ നിന്നും അപേക്ഷ റവന്യൂബോർഡിലേയ്ക്കു് പോയിരിക്കുന്നു എന്നു മനസ്സിലാക്കാനാണ കഴിഞ്ഞതു്. തോപ്പിൽ ഭാസ്കരപിള്ളയുടെ സ്റ്റേറ്റുമെൻറനുസരിച്ച് ആ സ്ഥലം ഒരു ചിങ്ങോലിക്കാരന് പതിച്ചുകൊടുത്തു എന്നറിയുന്നു. ഇതിൽ ഏതാണ് വാസ്തവമെന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: അതിനെപ്പററി ഒരു വാദപ്രതിവാദം ഇവിടെ നടത്തേണ്ട കാര്യമില്ല. ശ്രീ. തോപ്പിൽ ഭാസ്കരപിള്ളയുടെ വിശദീകരണത്തോടുകൂടി ആ സംഗതി അവസാനിപ്പിച്ചിരിക്കയാണ്.

ശ്രീ. എ. അച്യുതൻ: ശ്രീ. തോപ്പിൽ ഭാസ്കരപിള്ള എക്സിക്യൂട്ടീവ് ഇൻജിനീയർ അവിടെ പോയി എന്നു പറഞ്ഞല്ലോ. അതിനെപ്പററി രണ്ടു വാക്കു പറയണമെന്നു് ആഗ്രഹിക്കുന്നു.

മി. സ്പീക്കർ: ആ സംഗതി അവസാനിപ്പിച്ചിരിക്കയാണ്. അതിനാൽ യാതൊരു വാദപ്രതിവാദവും അനുവദിക്കുന്നതല്ല.

LEGISLATIVE BUSINESS.

THE TRAVANCORE-COCHIN APPROPRIATION No. (2) BILL.

Minister for Finance **(Shri P. S. Nataraja Pillai)**: Sir, I beg to introduce the Travancore-Cochin Appropriation (No. 2) Bill for 1954.

Mr. Speaker: The Bill stands introduced.

Shri P. S. Nataraja Pillai: I move that the Bill may be taken up for consideration.

Shri A. Achuthan: I second it.

Mr. Speaker: It is a formal bill and I think the House can adopt it without much discussion.

ശ്രീ. എം. പി. മേനോൻ: സർ, വളരെയേറെ ചർച്ചകൾ ഈ ബഡ്ജററിനെക്കുറിച്ച് നടന്നിട്ടുണ്ടെങ്കിലും ഇന്ന് ഈ നാടിനെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രധാന പ്രശ്നങ്ങൾ ഏവ എന്ന് മന്ത്രിസഭയുടെ ശ്രദ്ധയിൽ ഒരിക്കൽക്കൂടി പതിപ്പിക്കുന്നതിനും അവയ്ക്കു പരിഹാരം കാണാൻ ഈ ഗവണ്മെൻറ അംഗീകരിച്ചിരിക്കുന്ന സമീപനരീതിയെ സംബന്ധിച്ച് ഞങ്ങൾക്കുള്ള അഭിപ്രായവ്യത്യാസം രേഖപ്പെടുത്തുന്നതിനും വേണ്ടി മാത്രം ഏതാനും സംഗതികൾ പറയണമെന്നു വിചാരിക്കുന്നു. ഈ നാട്ടിലെ എല്ലാവരും അവിതർക്കിതമായി സമ്മതിക്കുന്ന ഒരു കാര്യം ഉണ്ടെങ്കിൽ അതു് ഈ രാജ്യത്തെ തൊഴിലില്ലായ്മ പ്രശ്നമാണ്. ഏററവും ഗൗരവമായിട്ടുള്ള ഒരു പ്രശ്നമാണ് അതു്. അതിനു പരിഹാരം കാണുവാൻ വേണ്ടത്ര നടപടികൾ എടുത്തിട്ടില്ലെന്നും, ബഡ്ജററിലോ മററു രൂപത്തിലൊ കാണുന്ന പ്രവർത്തനങ്ങൾ പര്യാപ്തങ്ങളല്ലെന്നും, ഗവണ്മെൻറിനെ വിട്ടുവീഴ്ചയില്ലാതെ എതിർക്കുന്ന ഞങ്ങൾ മാത്രമല്ല, ഗവണ്മെൻറിനെ എതിർക്കുന്നു എന്നു ഭാവിച്ചുകൊണ്ട് അവരെ പിൻതാങ്ങി സദാ സമയവും കൈപൊക്കിക്കൊണ്ടിരിക്കുന്ന ഗവണ്മെൻറിന്റെ ഔദ്യോഗിക പ്രതിപക്ഷവും ചൂണ്ടിക്കാണിച്ചിട്ടുള്ള ഒരു കാര്യമാണ്. ഇന്നത്തെ ട്രഷറി ബഞ്ചുകളുടെ ഒരു ഭാഗമായി പരിഗണിക്കാവുന്ന ഔദ്യോഗിക പ്രതിപക്ഷം ആ സംഗതി പ്രത്യക്ഷപ്പെടുത്തിയിരിക്കുന്നതുകൊണ്ട്, അതിനെ സംബന്ധിച്ച വാഗ്ദാനങ്ങളും കരാറുകളും ഗവണ്മെൻറും അവരും തമ്മിൽ കൈമാറിയിട്ടുണ്ടോ ഇല്ലയോ എന്നു ഗണിക്കാതെ, ഇന്ന് തൊഴിൽ ഉള്ളവരെയെങ്കിലും പിരിച്ചു വിടാതിരിക്കുവാൻ, ഉള്ള തൊഴിലെങ്കിലും ഇല്ലാതാക്കിതീർക്കാതിരിക്കുവാൻ, വേണ്ട നടപടി ഗവണ്മെൻറ എടുക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്. നമ്മുടെ നാട്ടിൽ അനേകം പേർക്ക് ഇനിയും തൊഴിൽ ഉണ്ടാകേണ്ടതുണ്ട്. അതിനെപ്പററി ഗവണ്മെൻറ ഒന്നും ചെയ്തില്ലെങ്കിൽത്തന്നെയും ഉള്ളവരെ വഴിയാധാരമാക്കാതിരിക്കുക, അവർക്കെങ്കിലും ജീവിക്കുവാനാവശ്യമുള്ള നില ഉണ്ടാക്കിക്കൊടുക്കുക, അത്രയുമെങ്കിലും ചെയ്തുകൊടുക്കുവാൻ ഗവണ്മെൻറ് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഈ നാട്ടിലെ തൊഴിലാളികളുടേയും ഇടനിലക്കാരുടേയും പൊതുവെയുള്ള കാര്യങ്ങൾ മാററിവച്ചുകൊണ്ട് ഗവണ്മെൻറന്റെ കീഴിൽ ശമ്പളം പററുന്ന ആ വിഭാഗത്തിൽപ്പെട്ട ജോലിക്കാരെ സംബന്ധിച്ചാണ് എനിക്കു പറയാനുള്ളതു്. സ്വന്തം ജോലിക്കാരോട് സർക്കാർ അനുവർത്തിക്കുന്ന നയമെന്താണ് എന്നുള്ളതിനെ ആധാരമാക്കിയിരിക്കും മററു ജോലിക്കാരോട് അനുവർത്തിക്കുന്ന നയത്തെപ്പററി മററുള്ളവർ വിധിയെഴുതുവാൻ ഒരുങ്ങുന്നതു്. ഗവണ്മെൻറ് ജീവനക്കാരുടെ കഷ്ടപ്പാടുകളെപ്പററി ഈ സഭയിൽ ധാരാളം ചർച്ച ചെയ്തിട്ടുള്ളതാണ്. വളരെ ചുരുക്കം ചില ഉദാഹരണങ്ങൾ മാത്രം ഞാൻ പറയാം. ഗവണ്മെൻറിന്റെ കീഴിൽ ജോലി നോക്കുന്ന എറണാകുളത്തെ പ്രസ്സ് വർക്ക്ഷോപ്പിന്റെ പ്രശ്നങ്ങളെ സംബന്ധിച്ച് എന്റെ കൂട്ടുകാരായ മെംബറന്മാർ ഇവിടെ പ്രസ്താവിച്ചിട്ടുണ്ട്. തിരുവനന്തപുരത്തുള്ള സർക്കാർപ്രസ്സിലെ ജീവനക്കാരും അവരുടെ ആവശ്യങ്ങളെക്കുറിച്ച് അതൃപ്തരായിട്ടാണു കഴിയുന്നതു്. കൊടുത്തുകഴിഞ്ഞ ഇംക്രിമെൻറുപോലും തൊഴിലാളികളുടെ ഇടയിൽനിന്നും മടക്കിവാങ്ങിക്കുന്ന ആ മനോഭാവം ഗവണ്മെൻറ് ഉപേക്ഷിക്കണമെന്ന് എനിക്കു പ്രത്യേകം അപേക്ഷയുണ്ട്. ഗവണ്മെൻറിന്റെ കീഴിൽ പ്രവ

[ശ്രീ. എം. പി. മേനോൻ]

ത്തനം നടത്തിവരുന്ന തൃശ്ശൂരിൽ മണ്ണുത്തി എന്ന സ്ഥലത്തുള്ള അഗ്രിക്കൾച്ചറൽ ഫാമിലെ തൊഴിലാളികളെ കണ്ടമാനം പിരിച്ചുവിട്ടുകൊണ്ടിരിക്കയാണു ഇപ്പോൾ. അവിടത്തെ ഉദ്യോഗസ്ഥന്മാരുടെ ഹിതത്തിനും അഹിതത്തിനും അനുരൂപമായി ഇവരെ കൊള്ളുകയും തള്ളുകയും ചെയ്തുകൊണ്ടിരിക്കുന്ന സമ്പ്രദായം മാററി കഴിവുള്ളിടത്തോളം അവരെയും പിരിച്ചുവിടാതിരിക്കുവാൻ നോക്കേണ്ടതാണ്. എട്ടും പത്തും കൊല്ലം തുടർച്ചയായി അവിടെ ജോലിനോക്കിക്കൊണ്ടിരിക്കുന്ന ആളുകളെയെങ്കിലും സ്ഥിര ശമ്പളത്തിൽ സ്വീകരിക്കുന്ന കാര്യത്തിൽ ഗവൺമെന്റ പ്രത്യേകം ശ്രദ്ധിക്കണം. കഴിഞ്ഞ നാലുകൊല്ലമായി ഗവൺമെന്റിൽനിന്നും കിട്ടുന്ന വേതനംകൊണ്ട് കഴിഞ്ഞുകൂടിയവരായ മൂന്നുപേരെ പിരിച്ചുവിട്ടതിനു എതിരായി അവിടെ ഒരു പണിമുടക്കു ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. അക്കാര്യം ഗവൺമെന്റ ഗൗരവമായി ശ്രദ്ധിക്കുമെന്നു വിശ്വസിക്കുന്നു.

ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിലെ തൊഴിലാളികൾക്കുള്ള അവശതകളെപ്പററി ഇവിടെ പറഞ്ഞപ്പോൾ അതിനു ട്രാൻസ്പോർട്ടുമന്ത്രി പറഞ്ഞതുപോലുള്ള മറുപടി ഗവൺമെന്റിന്റെ അന്തസ്സിനു യോജിച്ചതല്ല. അതുപോലെതന്നെ ഗവൺമെന്റിന്റെ ഒരു വിഭാഗമായ എക്സൈസ് ഡിപ്പാർട്ടുമെന്റിൽ 82 എക്സൈസ് ഗാർഡുകളുടെ ഇന്നത്തെ സ്ഥിതി നിസ്സഹായാവസ്ഥയിലാണ്. അവർക്ക് 12 കൊല്ലത്തോളം സർവീസുണ്ട്. 12 കൊല്ലം ഗവൺമെന്റിന്റെ കീഴിൽ ജോലിനോക്കിയതിനുശേഷം ഗവൺമെന്റിന്റെ ഒരു വിഭാഗം ഉദ്യോഗസ്ഥന്മാർക്ക് അല്ലെങ്കിൽ തൊഴിലാളികൾക്ക്, ജോലിസ്ഥിരത നൽകുകയില്ലെന്നു പറയുകയാണെങ്കിൽ അതു കഷ്ടമാണ്. മാത്രമല്ല ഈ 82 പേർക്ക്, കഴിഞ്ഞ നാലുമാസങ്ങളായി ശമ്പളം കൊടുത്തിട്ടില്ല. അങ്ങനെയുള്ള പരാതികൾ പലതുമുണ്ട്. സ്വകാര്യ മുതലാളിമാർ നടത്തുന്ന വ്യവസായങ്ങളിൽ ഇങ്ങനെ ശമ്പളം കുടിശ്ശിക ഇട്ടിരുന്നാൽ അവരെ പ്രോസിക്യൂട്ട് ചെയ്യുന്നതിനും അവർക്കു മിനിമംവേജസ് കൊടുപ്പിക്കുന്നതിനും മററും ഇവിടെ നാടുവാഴികൾ ഭരിച്ചിരുന്ന കാലത്ത് നടപടികളെടുത്തിട്ടുണ്ടായിരുന്നു. ഈ ജനകീയം വന്നതിനുശേഷം പുത്തനായ നിയമങ്ങൾ ഉണ്ടാക്കിയില്ലെങ്കിലും പഴയ നടപടികളെ വച്ചുകൊണ്ടു ഭരിക്കുന്നതിനെങ്കിലും തയ്യാറാകണം. ഏഴും ഏഴരയും മാസങ്ങളായി പബ്ളിക്ക സർവീസ് കമ്മീഷന്റെ അപ്രൂവൽ വന്നില്ലെന്നുള്ള കാരണത്താൽ ശമ്പളം കൊടുക്കാത്തതായി വളരെയധികം കേസ്സുകളുണ്ട്. നാലുകൊല്ലക്കാലം ഗവൺമെന്റിന്റെ കീഴിൽ ജോലി ചെയ്തതിനുശേഷം യാതൊരു പരിഗണനയും ഇല്ലാതെ പിരിച്ചുവിടപ്പെട്ടിട്ടുള്ള ജോലിക്കാർ ഇന്നുണ്ട്. വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിലെ ജീവനക്കാരോടും അനുകമ്പയില്ലാത്ത രീതിയിലാണു ഗവൺമെന്റ പ്രവർത്തിച്ചുവരുന്നത്. എയിഡഡ് പ്രൈമറിസ്കൂളിലെ ടീച്ചേഴ്സിനു ഇന്നു കിട്ടുന്ന ശമ്പളം 30 രൂപയാണെന്നു പറയുമ്പോൾ അവരുടെ ഉത്തരവാദിത്വത്തെക്കുറിച്ചും, അവരോട് ഗവൺമെന്റിനുള്ള ഉത്തരവാദിത്വത്തെക്കുറിച്ചും വളരെയേറെ പ്രസംഗിക്കുന്ന മുഖ്യമന്ത്രിയ്ക്കു അവരോടു ഏതു മനോഭാവമാണുള്ളതെന്നു പ്രത്യേകിച്ചു പറയേണ്ട ആവശ്യമില്ലല്ലോ. അവർക്കു കിട്ടുന്ന വേതനം മതിയായില്ലെങ്കിൽ പിരിഞ്ഞു

പോകാനുള്ള അവകാശമുണ്ടെന്ന് സൌജന്യബുദ്ധി പ്രകടിപ്പിച്ച ഈ ഗവണ്മെന്റിനോട് എല്ലാവരും പ്രത്യേകിച്ച് ആ അദ്ധ്യാപകരും, കൃതജ്ഞരാണ്. അദ്ധ്യാപകർക്കുള്ള വിചിത്രമായ ഈ സൌജന്യം എല്ലാ ഗവണ്മെന്റ് ഉദ്യോഗസ്ഥന്മാർക്കും നൽകിയിട്ടുണ്ടോ എന്നുള്ളതിനെ സംബന്ധിച്ച ഒരു മറുപടി അദ്ദേഹത്തിന്റെ മറുപടിയിൽ തരുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. പ്രൈവററ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകന്മാരെ സംബന്ധിച്ചിടത്തോളമാണെങ്കിൽ ഇന്ന് ഗവണ്മെന്റസർവ്വീസിലെ ഒരു വെറും പ്യൂണിനു കിട്ടുന്ന 20 രൂപയാണ് ഡിയർനസ് അലവൻസുപോലും ഗ്രാഡുവേററുകൾക്ക് കിട്ടുന്നില്ല. അവക്കു ഡിയർനസ് അലവൻസായി കിട്ടുന്നത് വെറും 15 രൂപയാണ്. ഗ്രാഡുവേററുകളായി ഇങ്ങനെ ജോലിനോക്കുന്ന മുഖ്യമന്ത്രിയുടെഭാഷയിൽ, ഉത്തരവാദിത്വമുള്ള ഒരു അദ്ധ്യാപകനു ഒരു പ്യൂണിനു കിട്ടുന്ന ഡിയർനസ് അലവൻസെങ്കിലും നൽകേണ്ടതാണ്. അവക്കാണെങ്കിൽ ഇന്നു അവധിപോലുമില്ല. ഇങ്ങനെ അനേകം കാര്യങ്ങൾ നാട്ടുകാരുടെ മുമ്പിൽ വന്നിട്ടുണ്ട്. അതിനെല്ലാം ഗവണ്മെന്റ്, അന്വേഷിക്കാം, ആലോചിക്കാം എന്നും മററുമുള്ള ഉറപ്പു തരുന്നു. ഇങ്ങനെ ആലോചിക്കാം അന്വേഷിക്കാം എന്നും മററുമുള്ള ഉറപ്പുകൾ അനുസരിച്ചു പ്രവർത്തിക്കുകയാണെങ്കിൽ ഒരു പുരുഷായുസ്സു മുഴുവൻ അതിനുവേണ്ടി ചെലവാക്കിയാലും തീരാത്ത ഉറപ്പുകളാണ് നമുക്കു തന്നിട്ടുള്ളത്. ഞാൻ പറയുന്നത് കഴിഞ്ഞ കാര്യങ്ങളെപ്പററി ആലോചിച്ച് വിഷമിക്കാതെ, ഇപ്പോൾ തൊഴിലുള്ള ആളുകളുടെ തൊഴിൽ എടുത്തുകളയാതെ അവക്കു ജീവിക്കുന്നതിനാവശ്യമുള്ള വേതനം നൽകത്തക്ക ഒരു പരിതഃസ്ഥിതിയുണ്ടാക്കുന്നതു സംബന്ധിച്ച ഗവണ്മെന്റ് ഒരു അവസാനതീരുമാനമെടുക്കണമെന്നാണ്.

1950–51–ൽ കൊച്ചി വിഭാഗത്തിൽപ്പെട്ട കുറെ ടീച്ചേഴ്സിനെ ബി. ററി. ട്രയിനിംഗിനു അയച്ചു. അവക്ക് സ്റ്റൈപ്പന്റ കൊടുക്കാമെന്നുള്ള അടിസ്ഥാനത്തിലാണ് അവരെ എടുത്തത്. 50–ലെ കാര്യം പോയിട്ട് 54-ജൂലൈയായിട്ടും അവക്ക് ഇതുവരെ സ്റ്റൈപ്പന്റ കൊടുത്തിട്ടില്ല. അതുപോലെതന്നെ ഇൻഡ്യൻ ഭരണഘടനപ്രകാരം ഹിന്ദിയെ പോഷിപ്പിക്കേണ്ടതുണ്ട്. ഹിന്ദിയെ രാഷ്ട്രഭാഷയായി അംഗീകരിക്കുന്നതിനു ഞാൻ എതിരാണെങ്കിലും അതു മാതൃഭാഷയാക്കണമെന്ന് വിശ്വസിക്കുന്ന ഒരു ഗവണ്മെന്റ് ഹിന്ദിയെ പോഷിപ്പിക്കുന്ന വിഷയത്തിൽ കാണിക്കുന്ന ശ്രദ്ധ അഭിനന്ദനാർഹമല്ല. ഹിന്ദി നിർബന്ധിതമാക്കാൻ പോകുന്നുവെന്നു പറയുന്ന ഗവണ്മെന്റ് പാർട്ട് ടൈം ഹിന്ദി അദ്ധ്യാപകനു ഇന്നു നൽകുന്ന ശമ്പളം 25 രൂപയാണ്. 1950-ൽ ഹിന്ദി സാർവത്രികമാക്കുന്നതിനുവേണ്ടി കുറെ ഹിന്ദി അദ്ധ്യാപകന്മാരെ നിയമിച്ചു. എന്നാൽ ഇപ്പോൾ അവരെ അന്നു നിയമിച്ചിട്ടുള്ളതു താൽക്കാലികമായിട്ടാണെന്നും അവക്ക് പബ്ലിക്ക സർവ്വീസ് കമ്മീഷന്റെ അംഗീകാരം സിദ്ധിക്കേണ്ടിയിരിക്കുന്നു എന്നും പറഞ്ഞ് മെമ്മോകൾ കൊടുത്തിട്ടുണ്ട്. പക്ഷെ, അവക്ക് ഈ കാര്യത്തിൽ പബ്ലിക്ക സർവ്വീസ് കമ്മീഷൻ മുമ്പാകെ പോകാനുള്ള ചില തടസ്സങ്ങളുണ്ട്. മിക്കവക്കും എജ്ജുബാർ കഴിഞ്ഞിട്ടുണ്ട്. അവരെ ഇതിൽനിന്നും ഒഴിവാക്കണമെന്നും നാലുകൊല്ലം ഗവണ്മെന്റിന്റെ കീഴിൽ ജോലി ചെയ്തിട്ടുള്ളതുകൊണ്ട് അവരെ സർവ്വീസിൽ സ്ഥിരമായി നിയമിക്കണമെന്നും അവർ നിവേദനങ്ങൾ നൽകിയിട്ടുണ്ട്. ആ കാര്യം ഗവണ്മെന്റ് ആലോചിക്കേണ്ടതാണ്.

[ശ്രീ. എം. പി. മേനോൻ]

സറണ്ടേഡ് (Surrendered) സ്കൂളിനെ സംബന്ധിച്ചു ഒരു കാര്യം. സറണ്ടേഡ് സ്കൂളിലെ ടീച്ചേഴ്സിനെ 60 വയസ്സുവരെ ജോലിനോക്കാൻ അനുവദിച്ചിട്ടുണ്ട്. അവർക്ക് ആകെ ഒരു കൊല്ലത്തിൽ കൊടുക്കുന്ന ലീവ് 15 ദിവസത്തെ ക്യാഷ്വൽലീവു മാത്രമാണ്. ഇങ്ങനെ സർക്കാരിൻെറ കീഴിൽ ജോലിചെയ്തുകൊണ്ടിരിക്കുന്ന ആളുകളോട് ഗവണ്മെൻറിൻെറ മനോഭാവം ഇതാണെങ്കിൽ പൊതുവെ ഈ രാജ്യത്തെ തൊഴിലാളികളോട് ഈ ഗവണ്മെൻറിൻെറ മനോഭാവം ഏതുവിധത്തിലായിരിക്കുമെന്ന് പറയേണ്ട ആവശ്യമില്ലല്ലോ. തൊഴിലില്ലാത്തവർക്ക് തൊഴിലുണ്ടാക്കി കൊടുക്കുന്ന കാര്യമോ പോകട്ടെ, തൊഴിലുള്ളവരെ അതിൽനിന്നും പിരിച്ചു വിടാതിരിക്കാനുള്ള നടപടികളെങ്കിലും ഗവണ്മെൻറ ചെയ്യേണ്ടതാണ്. അവർക്ക് ജീവിക്കുവാൻ പററിയ നിസ്സാരമായ ആനുകൂല്യങ്ങളെങ്കിലും ഈ ഗവണ്മെൻറ ചെയ്തുകൊടുക്കേണ്ടതാണ്. എല്ലാ കാര്യങ്ങളും ആലോചിക്കാം, അന്വേഷിക്കാമെന്നു പറയുന്നതല്ലാതെ ആ വഴിയിൽ ഗവണ്മെൻറ യാതൊന്നും പ്രവർത്തിച്ചിട്ടില്ല.

അടുത്തതായി പറയുവാനുള്ളത് സെക്രട്ടറിയേററിലെ ഫയലുകളുടെ കാര്യത്തിലും അതുപോലെതന്നെ മററ ഡിപ്പാർട്ടുമെൻറുകളുടെ ഫയലുകളുടെ കാര്യത്തിലും വരുന്ന കാലതാമസത്തെക്കുറിച്ചാണ്. ഈ കാലതാമസം അവസാനിപ്പിക്കാമെന്നു മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ടെങ്കിലും മുൻപുണ്ടായിരുന്ന കാലതാമസത്തിനു ഇപ്പോൾ യാതൊരു വ്യത്യാസവും വന്നിട്ടില്ല. അദ്ദേഹം ഒരു പക്ഷെ അവകാശപ്പെട്ടമായിരിക്കും ഇപ്പോൾ മുമ്പിലത്തെപോലെയുള്ള കാലതാമസമില്ലെന്നു്. പക്ഷെ, മുമ്പിലത്തെപോലെതന്നെ ഇപ്പോഴും കാലതാമസം വരുന്നുണ്ടെന്നാണ് എനിക്കു പറയുവാനുള്ളത്. അതിനെക്കുറിച്ച് ഫിഗേഴ്സ് ഇല്ലെന്നും എങ്കിലും കാലതാമസം കഴിയുന്നത്ര കുറഞ്ഞിട്ടുണ്ടെന്നുമാണ് അദ്ദേഹത്തിൻെറ വിശ്വാസം. ഭരിക്കാൻ അവസരംകിട്ടുന്ന ഏതു പ്രമാണിക്കും പറയാവുന്ന ഒരുകാര്യമാണിത്.

ആധാരപത്രികളെ സംബന്ധിച്ചാണെങ്കിൽ, ഓരോവർഷവും ചെലവാക്കികൊണ്ടിരുന്നതിനെസംബന്ധിച്ച് യാതൊരു കണക്കും ഇല്ലെന്നു ബന്ധപ്പെട്ട മന്ത്രി പറഞ്ഞു. മുൻകാലത്തു് ആധാരപത്രികൾക്കു അനുവദിച്ചുകൊണ്ടിരുന്ന സംഖ്യ എത്രയാണ്, ഇപ്പോൾ ഓരോ ആധാരപത്രിക്കും നൽകിക്കൊണ്ടുവരുന്ന തുകയെന്താണ്, എന്നൊന്നും അതിനുചുമതലപ്പെട്ട മന്ത്രിക്കറിഞ്ഞുകൂടാ.

ശ്രീ. പി. കെ. കുഞ്ഞു്: ഞാൻ അങ്ങനെ പറഞ്ഞില്ല.

ശ്രീ. എം. പി. മേനോൻ: I stand corrected. വേറൊരു കാര്യം പറയുവാനുള്ളതു് ബാക്ക്വേഡ് കമ്മ്യൂണിററിയെക്കുറിച്ചാണ്. ഇൻഡ്യൻഭരണഘടനയിൽത്തന്നെ അവർക്കുവേണ്ടത്ര സംരക്ഷണം നൽകാൻ വ്യവസ്ഥയുണ്ട്. കാൺഗ്രസ്സുകാർ ഇവിടെ ഭരിച്ചിരുന്നകാലത്തു് അവർക്ക് ഒരു മന്ത്രിയുണ്ടായിരുന്നു. ഇപ്പോൾ അവർക്ക് അതുമില്ല. കോളനൈസേഷൻ, വീടില്ലാത്തവർക്ക് വീടുണ്ടാക്കികൊടുക്കുക മുതലായ പല സ്കീമുകളും, മുഴുവൻ ആക്കാതെ സ്റ്റേചെയ്തുനിറുത്തിയിരിക്കുകയാണ്. ഈ പദ്ധതികൾ കഴിയുന്നതും നേരത്തെ പൂർത്തിയാക്കേണ്ടതാണ്.

കഴിഞ്ഞ കാലത്തു് കുറെ വിദ്യാർത്ഥികൾ സമരം നടത്തി. ആ വിദ്യാർത്ഥികളെ കാളേജുകളിൽനിന്നും ബഹിഷ്കരിക്കുകയും ചെയ്തു. അവരെ തിരിച്ചെടുക്കണമെന്നു് ഗവണ്മെൻറിനോടു പറയുമ്പോൾ ഗവണ്മെൻറ അതുകേൾക്കാൻ ഭാവമില്ല. നാഗർകോവിലിൽ വിദ്യാർത്ഥികളെ വിദ്യാലയങ്ങളിൽനിന്നും പുറത്താക്കുവാൻ സഖാവ് ടി. വി. തോമസ് പരിശ്രമിച്ചുവെന്നു് ഇവിടെ മുഖ്യമന്ത്രി പറയുകയുണ്ടായി. ഇത്ര ഹൃദയമുള്ള ഒരു മുഖ്യമന്ത്രി ഈ വിദ്യാർത്ഥികളെ തിരികെ കാളേജിൽ പ്രവേശിപ്പിക്കുന്നകാര്യത്തെക്കുറിച്ചു ഒരു എതിർമനോഭാവമാണു് അംഗീകരിക്കുന്നതു്. ഇതിനെനോക്കിയാൽ കഴിഞ്ഞകാലത്തെ ഗവണ്മെൻറ് ചെയ്തുകൊണ്ടിരുന്നതിൽനിന്നും യാതൊരു വ്യത്യാസവുമില്ലാത്ത തരത്തിലാണു ഇപ്പോഴും ഗവണ്മെൻറ പ്രവർത്തിക്കാറുള്ളതു്. ആ രീതിയ്ക്കു ഒരണുപോലും വ്യത്യാസംവന്നിട്ടില്ല. ഇതു് ഞാൻ പറയുന്നതു് രാഷ്ട്രീയപ്രചരണത്തിനുവേണ്ടിയല്ല. ഭരണകൂടം അതേരീതിയിൽ തന്നെയാണു ഇന്നു് നീങ്ങിക്കൊണ്ടിരിക്കുന്നതു്. തൊഴിലാളികൾക്കു് ഗുണകരമായി യാതൊന്നും ചെയ്തില്ലെങ്കിലും ദ്രോഹപരമായ പ്രവൃത്തികളെങ്കിലും നിറുത്തിവയ്ക്കേണ്ടതാണു്.

പോലീസിനെക്കുറിച്ചു് എന്തെങ്കിലുംപറയുമ്പോൾ വളരെ ഉദ്വേഗത്തോടുകൂടി അവരുടെ പ്രവൃത്തികളെ ന്യായീകരിച്ചുകൊണ്ടുപോകുകയാണു മുഖ്യമന്ത്രി ചെയ്യുന്നതു്. തമിഴ്നാട്ട് കാൺഗ്രസ്സുകാരോടുള്ള നിലപാടിനെപ്പററി പറഞ്ഞപ്പോൾ, ഒരു പക്ഷെ, ഇതിലധികവും പോലീസുകാർ പ്രവർത്തിക്കേണ്ടതായിവരും എന്നുള്ള സൂചനയാണു് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ കണ്ടതു്. എന്നുവച്ചാൽ രൂക്ഷതരമായ മർദ്ദനങ്ങൾ ഇനി ഉണ്ടാകാൻപോകുന്നുവെന്നുള്ള രീതിയിലാണു് അദ്ദേഹം പറഞ്ഞതു്. സർ, ഇന്നു എനിക്കു് രാജ്യത്തിലെ പ്രധാനപ്പെട്ട രണ്ടു സ്ഥലങ്ങളിൽനിന്നും രണ്ടു കമ്പി ലഭിക്കുകയുണ്ടായി. ഒന്നു്, വരാപ്പുഴ കുറെ കൃഷികത്തൊഴിലാളികളെ പറവൂർ ഇൻസ്പെക്ടർ മർദ്ദിച്ചതായിട്ടാണു്. ഒരു പക്ഷെ, ഇതു് ഐക്യമുന്നണിക്കാരുടെതാണെന്നു പറഞ്ഞു് മുഖ്യമന്ത്രി തള്ളിയേക്കും. എന്നാൽ മററെകമ്പിയെസംബന്ധിച്ചിടത്തോളം അദ്ദേഹത്തിനു അത്ര നിസ്സാരമായിതള്ളുവാൻ സാധിക്കുകയില്ല. അതു് അംഗീകരിക്കാതിരിക്കുവാൻ അദ്ദേഹത്തിനു നിർവാഹമില്ല. അതു് അയച്ചിരിക്കുന്നതു് ആലുവായിലെ ടൗൺ കാൺഗ്രസ്സ് പ്രസിഡണ്ടാണു്. ചുമട്ടുകാരായ കുറെ തൊഴിലാളികളെ അവിടത്തെ പോലീസ് ഇൻസ്പെക്ടർ പിടിച്ചുകൊണ്ടുപോയി ഒരു മണിക്കൂറോളം പോലീസ് സ്റ്റേഷനിൽനിറുത്തി ഭയങ്കരമായി മർദ്ദിച്ചുവെന്നാണു്. ഐക്യമുന്നണിക്കാരായതുകൊണ്ടു് നിസ്സാരമായി തള്ളാമെങ്കിലും കാൺഗ്രസ്സുകാരെ സംബന്ധിച്ചിടത്തോളം അങ്ങനെ സാദ്ധ്യമല്ല. പോലീസുകാരോടു് ചോദിച്ചാൽപറയുന്നതു്, ഇതു് പി. എസ്. പി. ഗവണ്മെൻറല്ലേ, ഇതിനു വിലകല്പിക്കാൻ സാദ്ധ്യമല്ലെന്നാണു്. കാൺഗ്രസ്സിൻെറ പിൻതുണയോടുകൂടി ഭരിക്കുന്ന പി. എസ്. പി. ഗവണ്മെൻറിനു യാതൊരു വിലയും കല്പിക്കുവാൻ സാദ്ധ്യമല്ലെന്നാണു അവർ പറയുന്നതു്. ഇന്നുകാലത്തു് സഖാവു് വിവേകാനന്ദനും ഞാനുമായി ഇതിനകത്തു കടക്കുമ്പോൾ പോലീസ് മേധാവികളോടു് അവർ ഉപചാരം രേഖപ്പെടുത്തി. ആ ഉദ്യോഗസ്ഥമേധാവികളോടു് കാണിക്കുന്ന ബഹുമാനാദരങ്ങൾ പോലും ഇന്നു പി. എസ്. പി. ഗവണ്മെൻറിനു ഇവർ നൽകാറില്ല.

[ശ്രീ. എം. പി. മേനോൻ]

ഇതിൽകൂടുതൽ ഒന്നും പ്രസ്താവിക്കാനമെന്നുവിചാരിക്കുന്നില്ല. അധികാരം മാറുമ്പോൾ മനോഭാവവും അല്പംമാറുമെന്നാണ ഞങ്ങൾ പ്രതീക്ഷിച്ചതു്. അതു് കാണുന്നില്ല. ഇത്രയുംകാര്യങ്ങൾ ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നുകൊണ്ടു് ഞാൻ പിരമിക്കുന്നു.

ശ്രീ. കെ. പി. ഫോർമിസ്: സർ, ഈ ബില്ലിനെ അനുകൂലിക്കുന്നതോടൊപ്പം ചില കാര്യങ്ങൾ മന്ത്രിസഭയുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു് ആഗ്രഹിക്കുന്നു. ഈ ബില്ല് പാസാക്കുന്നതോടുകൂടി 69 കോടിയിൽ ചില്വാനം രൂപ ചെലവാക്കുന്നതിനുള്ള അധികാരം ഗവണ്മെന്റിനു ലഭിക്കുന്നതാണു്. പക്ഷെ ഈ ഗവണ്മെന്റിനു 118 അംഗങ്ങളുള്ള ഈ സഭയിൽ 17 അംഗങ്ങൾമാത്രമുള്ള ഒരു കക്ഷിയുടെ മന്ത്രിസഭയാണുള്ളതു്. തിരുവിതാംകൂർ-കൊച്ചിയിലെ ജനങ്ങളോടു് പതിനേഴ അംഗങ്ങളുള്ള പാർട്ടിയുടെ മന്ത്രിസഭയ്ക്കു് ഈ ഭാഗത്തുള്ള പാർട്ടിയുടെ ആനുകൂല്യം വാഗ്ദാനംചെയ്തിരിക്കുന്നു. ഈ പരിതഃസ്ഥിതിയിൽ ഞങ്ങളുടെ പാർട്ടിയ്ക്കു തിരുവിതാംകൂർ-കൊച്ചിയിലെ ജനങ്ങളോടും മന്ത്രിസഭയ്ക്കു കാൺഗ്രസ്സുപാർട്ടിയോടും കൂടുതൽ ഉത്തരവാദിത്വമുണ്ടു്.

The House rose for lunch at 12-30 P. M. and re-assembled at 2-30 P. M. with Mr. Speaker in the Chair.

ശ്രീ. കെ. പി. ഫോർമിസ്: മേൽപ്രസ്താവിച്ച ഉത്തരവാദിത്വങ്ങളുടെ അടിസ്ഥാനത്തിൽ എനിക്കു് ഈ മന്ത്രിസഭയോടു ചെയ്യാനുള്ള വിനീതമായ അഭ്യർത്ഥന നിങ്ങളുടെ പ്രവർത്തനങ്ങളിൽ രാജ്യതാൽപ്പര്യത്തെ കക്ഷിതാൽപര്യത്തിനുപരിയായി നിലനിറുത്തണമെന്നാണു്. ഈ സമ്മേളനം അടുത്ത നവംബറിലോമറ്റൊ കൂടുമ്പോൾ ഈ ഒരു കാര്യത്തെക്കുറിച്ചു് ചോദ്യംചെയ്യുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കരുതെന്നാണു് ഞാൻ പറയുന്നതു്.

ഇവിടത്തെ ഏറ്റവും വലിയ പ്രശ്നം തൊഴിലില്ലായ്മയാണെന്നു സമ്മതിച്ചുകഴിഞ്ഞിരിക്കയാണു്. അതിനു പ്രത്യക്ഷമായി സ്വീകരിക്കേണ്ട നടപടി ഇവിടത്തെ വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തുക എന്നുള്ളതാണു്. അതിലേയ്ക്കു് പുതിയ വ്യവസായങ്ങൾ ആരംഭിക്കേണ്ടതുണ്ടു്. ഈ വർഷത്തിൽ പുതുതായി ഏതെങ്കിലും വ്യവസായം ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ എന്നുള്ള ഒരു ചോദ്യത്തിനു മേശപ്പുറത്തു വച്ച മറുപടിയിൽനിന്നും മനസ്സിലാക്കാൻകഴിഞ്ഞതു് യാതൊരു മേജർവ്യവസായങ്ങളും ആരംഭിക്കുന്നതിനു ഗവണ്മെന്റു് ഉദ്ദേശിക്കുന്നില്ലെന്നാണു്. ഇതു ഏറ്റവും വേദനാജനകമായ ഒരു കാര്യമാണു്. ഈ നാട്ടിൽ പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള സാദ്ധ്യതകൾ ധാരാളമുണ്ടു്. ഒന്നുമില്ലെങ്കിൽ രണ്ടുമൂന്നു ടെക്സ്റ്റയിൽമില്ലുകളെങ്കിലും ഉടനെ ആരംഭിക്കാം. സർ, പണമില്ലെന്നുള്ള സമാധാനമാണെങ്കിൽ ഞാൻ അതിനു ഒരുപടികൂടി കടന്നുപറയുകയാണു്, നാം ഇവിടെ ആരംഭിച്ചിട്ടുള്ള വ്യവസായങ്ങളിൽ മുടക്കിയിരിക്കുന്ന പണം ലിക്വിഡേറ്റുചെയ്തെങ്കിലും പുതിയ വ്യവസായങ്ങൾ ആരംഭിക്കണമെന്നു്. ഇന്നു ഗവണ്മെന്റു നിക്ഷേപിച്ചിട്ടുള്ള ചില കമ്പനിഷെയറുകൾ വിറ്റാൽ പത്തു രൂപയ്ക്കു് പതിനാറോ പതിനേഴോ രൂപ കിട്ടുന്നതാണു്, ട്രാവൻകൂർ റയാൺസ്, അലൂമിനിയം ഇൻ

ഡസ്ട്രീസ് മുതലായ കമ്പനികൾ അഭിവൃദ്ധിപ്പെട്ടുവരികയാണ്. അതു വിൽക്കണമെന്നല്ല ഞാൻ പറയുന്നത് എന്നാൽ പണത്തിന്റെ അഭാവമാണു പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനു പ്രതിബന്ധമായി നിൽക്കുന്നതെങ്കിൽ അതിലേക്ക് ഗവണ്മെന്റിനുള്ള ഷയറുകൾ ഓപ്പൺ മാർക്കററിൽ വിററ് പണമുണ്ടാക്കാൻ ഗവണ്മെന്റ മടിക്കരുതെന്നാണ് എനിക്കു പറയാനുള്ളത്. പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനു ചില പ്രയാസമുണ്ടെന്ന് എനിക്കറിയാം. കാൺഗ്രസ്സുകാർ രാജ്യം മുടിക്കുന്നവരാണെന്നു പറഞ്ഞുനടക്കുന്ന ലോകംമുടിയ്ക്കുന്ന കമ്മ്യൂണിസ്ററുകാർ ഇവിടെയുള്ളപ്പോൾ ഒരുപക്ഷേ ഇവിടെ പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനു പല പ്രതിബന്ധങ്ങളും ഉണ്ടായെന്നുവരാം. ആ പ്രതിബന്ധങ്ങളെ എല്ലാം തരണംചെയ്തുകൊണ്ട്, കാൺഗ്രസ്സ് ഇവിടെ അധികാരത്തിലിരുന്നപ്പോൾ, പല വ്യവസായങ്ങളും ആരംഭിച്ചിരുന്നു. ആ നിലയ്ക്കു കാൺഗ്രസ്സ് പാർട്ടിയുടെ സഹകരണത്തോടുകൂടി ഭരിക്കുന്ന ഈ ഗവണ്മെന്റിന് ഈ വിഷയത്തിലും ഞങ്ങളുടെ സഹകരണമുണ്ടാകും. അതുകൊണ്ട് പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ഈ വർഷം തന്നെ എടുക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

കുടിൽവ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നകാര്യം ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടെന്നു കാണുന്നതിൽ വളരെ സന്തോഷമുണ്ട്. ഇതിനെപ്പററി പറയുമ്പോൾ എനിക്ക് കുന്നത്തുനാട്ടുതാലൂക്കിലെ പനമ്പു വ്യവസായത്തെപ്പററിയാണ് പറയാനുള്ളത്. ഏതാണ്ട് ഒരുലക്ഷത്തോളം ആളുകൾ അവിടെ പനമ്പുവ്യവസായത്തിലേർപ്പെട്ടു കഴിഞ്ഞുകൂടുന്നുണ്ടെന്നുപറയുമ്പോൾ ആ വ്യവസായത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കൂടുതലൊന്നും പറയേണ്ടകാര്യമില്ലല്ലോ. ഇന്നുകാലത്ത് ഈ വ്യവസായത്തെ സംബന്ധിച്ച സമഗ്രമായ ഒരു റിപ്പോർട്ട് ധനകാര്യമന്ത്രിയുടെ അടുക്കൽ ഞാൻ സമർപ്പിക്കുകയും ഈ വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ നൽകുകയുംചെയ്തിട്ടുണ്ട്. ആ റിപ്പോർട്ടിൽ അടങ്ങിയിട്ടുള്ള നിർദ്ദേശങ്ങളെ അതർഹിക്കുന്ന ഗൗരവത്തോടുകൂടി വീക്ഷിച്ച് അതിനുവേണ്ട നടപടികൾ എടുക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. ഇത്രയും പററിയ ഒരു വ്യവസായം ഈ നാട്ടിൽ വേറെ ഉണ്ടെന്ന് എനിക്കഭിപ്രായമില്ലെന്ന് ഈ സഭയുടെ അറിവിനായി പ്രസ്താവിച്ചുകൊള്ളുന്നു. കാരണം ഈ വ്യവസായത്തിനാവശ്യമായ ഈററ നമ്മുടെ വനങ്ങളിൽ സുലഭമായികിട്ടും. യാതൊരു പണച്ചെലവും അതിനില്ല. താനെ വളർന്നുവരുന്ന ഈററ ഉപയോഗിച്ച് അഭിവൃദ്ധിപ്പെടുത്താവുന്ന ഒരു വ്യവസായമാണ് പനമ്പുനെയ്ത്ത്. ഭാഗ്യവശാൽ പനമ്പിന് നല്ല ഒരു മാർക്കററ ഇൻഡ്യയിൽത്തന്നെ ഉണ്ട്. ഇൻഡ്യയുടെ ഏതു ഭാഗത്തും പനമ്പു വിററഴിക്കാൻ പ്രയാസമില്ല. അസംസ്കൃതസാധനം സുലഭമായി ലഭിക്കുന്നതും, മാർക്കററുള്ളതും, യന്ത്രങ്ങളുടെ ആവശ്യമില്ലാത്തതുമായ ഒരു വ്യവസായം വേറെ ഇല്ല. അങ്ങനെയുള്ള ഈ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുന്നകാര്യത്തിൽ ഗവണ്മെന്റ അടിയന്തിരശ്രദ്ധ പതിപ്പിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

കയററുവ്യവസായത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി ഈ ഗവണ്മെന്റ 63 ലക്ഷത്തോളം രൂപ ചെലവുചെയ്യുന്നു. അതുപോലെ തന്നെ നെയ്ത്തുവ്യവസായത്തിനുവേണ്ടി 25 ലക്ഷത്തോളം രൂപ ചെലവുചെയ്യുന്നുണ്ട്. ഇതിലൊന്നും എനിക്ക് പരിഭവമില്ല. ഇതിൽ കൂടുതലും ചെലവു ചെയ്യു

[ശ്രീ. കെ. പി. ഹൊർമിസ്]

ണ്ടതാണെന്നാണ് എന്റെ അഭിപ്രായം. പ്രത്യേക കുന്നത്തുനാട്ടതാലൂക്കിലെ പനമ്പുവ്യവസായത്തിന്റെ കാര്യത്തിൽക്കൂടി ഗവണ്മെൻറിന്റെ ശ്രദ്ധ പതിയണമെന്നാണ് ഞാൻ പറയുന്നതു്. അതുകൊണ്ടു് ഗവണ്മെൻറ ഇക്കാര്യത്തിൽ വേണ്ടനടപടികൾ സ്വീകരിക്കണമെന്നു് അപേക്ഷിക്കുന്നു.

നമ്മുടെ പെരുമ്പാവൂർ റയൺസ് ഫാക്ടറിയിൽ ധാരാളം കൃത്രിമപട്ടുനൂൽ നിർമ്മിക്കുന്നുണ്ടു്. അതു് തിരുവിതാംകൂർ-കൊച്ചിക്കു പുറമെ ഇൻഡ്യയിലുള്ള മറ്റുഭാഗങ്ങളിലാണ് വില്ക്കുന്നതു്. ഈ നൂൽ ഉപയോഗിച്ചു് എന്തുകൊണ്ടു് നമുക്കു് ഈ വ്യവസായം അഭിവൃദ്ധിപ്പെടുത്തിക്കൂടാ എന്നാണ് ഞാൻ ചോദിക്കുന്നതു്. തിരുവിതാംകൂർ-കൊച്ചിക്കു് പുറത്തുനിന്നും ധാരാളം കൃത്രിമപട്ടുതുണി വരുത്തി നാം ഇവിടെ വില്ക്കുന്നുണ്ടു്. ആ നിലയ്ക്കു് നമ്മുടെ ഫാക്ടറിയിൽ ഉണ്ടാക്കുന്ന പട്ടുനൂൽ ഉപയോഗിച്ചു് ഈ വ്യവസായം അഭിവൃദ്ധിപ്പെടുത്താനുള്ള സാദ്ധ്യതകളുണ്ടു്. ഒരു 5000 പേർക്കുകൂടി ജോലികൊടുക്കുന്നതിനു സാദ്ധ്യതയുള്ള ഒരു വ്യവസായമാണിതു്. ഈ വ്യവസായത്തിന്റെ കാര്യത്തിലും ഗവണ്മെൻറിന്റെ ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു. എന്റെ ഓർമ്മ ശരിയാണെങ്കിൽ ഡാക്ടർ പി. ജെ. തോമസിന്റെ കുടിൽവ്യവസായറിപ്പോർട്ടിൽ ഈ സംഗതി എടുത്തുപറഞ്ഞിട്ടുണ്ടെന്നാണ് ഞാൻ വിശ്വസിക്കുന്നതു്. പെരുമ്പാവൂർ പരിസരങ്ങളിൽ വളരെ ദാരിദ്ര്യമുണ്ടു്. യാതൊരു തൊഴിലുമില്ലാതെ അവിടെയുള്ള ആളുകൾ വിഷമിക്കുകയാണ്. അതുകൊണ്ടു് ഈ വ്യവസായം ഉടൻതന്നെ അഭിവൃദ്ധിപ്പെടുത്തണമെന്നാണ് ഗവണ്മെൻറിനോടു എനിക്കു് പറയുവാനുള്ളതു്.

അടുത്തതായി എനിക്കു് ലിഫ്ററ ഇറിഗേഷനെ സംബന്ധിച്ചാണ് രണ്ടുവാക്കു് പറയുവാനുള്ളതു്. കഴിഞ്ഞ സമ്മേളനത്തിൽ ലിഫ്ററ ഇറിഗേഷനെ സംബന്ധിച്ച എല്ലാ കാര്യത്തിലും ഗവണ്മെൻറ അടിയന്തിര ശ്രദ്ധ പതിപ്പിക്കുന്നതാണെന്നു പ്രസ്താവിച്ചിരുന്നു. പെരിയാറിന്റെ വടക്കും തെക്കുംഭാഗങ്ങളിൽ ലിഫ്ററ ഇറിഗേഷൻ ഉപയോഗിച്ചു് കൃഷിചെയ്യാവുന്ന വളരെ പ്രദേശങ്ങളുണ്ടു്. എന്നാൽ അവിടെ കാര്യക്ഷമമായി പ്രവൎത്തനങ്ങൾ നടക്കുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു. വല്ലം ലിഫ്ററ ഇറിഗേഷൻ സ്കീമിനെ സംബന്ധിച്ചു് സംസാരിച്ചുതുടങ്ങിയിട്ടു് ഏതാണ്ടു് 5 കൊല്ലത്തോളമായി. ഇപ്പോൾ പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിൽ നിന്നും ഇൻവെസ്റ്റിഗേഷൻ പൂൎത്തിയാക്കി എസ്റ്റിമേററ തയ്യാറാക്കിയിട്ടുണ്ടു്. ഒരുലക്ഷത്തി എണ്ണായിരം രൂപയോളം ചെലവു എസ്റ്റിമേററചെയ്തിട്ടുള്ള മേൽപ്പറഞ്ഞ സ്കീം നടപ്പിൽവരുത്തേണ്ടതാണ്. എന്റെ അറിവു ശരിയാണെങ്കിൽ ആ ഫയൽ ധനകാൎയ്യമന്ത്രിയുടെ മുറിയിൽ ഇരിക്കയാണ്. പ്രസ്തുത ഫയൽ സ്വതന്ത്രമാക്കി പദ്ധതി ഉടനെ അനുവദിക്കണം.

അടുത്തതായി എനിക്കു് വർക്സ്കമ്മിററികൾ പുനസ്സംഘടിപ്പിക്കുന്ന കാര്യത്തെക്കുറിച്ചാണ് മന്ത്രിസഭയെ അറിയിക്കാനുള്ളതു്. അക്കാൎയ്യത്തിൽ യാതൊരു ദാക്ഷിണ്യവും വിചാരിക്കേണ്ടതില്ല. ഇന്നത്തെ കമ്മററികൾ ഇപ്പോഴുള്ളനിലയിൽ പ്രവൎത്തിച്ചിട്ടു് യാതൊരു വിശേഷവുമില്ല. അതുകൊണ്ടു് സെൻട്രൽ വർക്സ്കമ്മററിയിലേക്കു് അനന്ത്യോഗ

സ്ഥമെമ്പറന്മാരെ തെരഞ്ഞെടുക്കേണ്ടതു സബ്ഡിവിഷൻ കമ്മററികളിൽനിന്നായിരിക്കണമെന്നാണ് ഞാൻ നിർദ്ദേശിക്കുന്നതു്. എന്നാൽ സെൻട്രൽകമ്മററിക്കും സബ്ഡിവിഷൻകമ്മററിക്കും പരസ്പരധാരണയോടുകൂടി പ്രവത്തിക്കാൻ കഴിയും. അതുപോലെ തന്നെ സബ്ഡിവിഷൻ കമ്മററിയിലേക്കു് അംഗങ്ങളെ നാമിനേററുചെയ്യുന്നതു ഏതെങ്കിലും ഒരു തത്വത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം. അതായതു് ആ സബ്ഡിവിഷന്റെ അതിർത്തിയിൽപ്പെട്ട പിന്നോക്കപ്രദേശങ്ങൾ ഉണ്ടായിരിക്കും. ആ പ്രദേശങ്ങളിൽനിന്നും ആളുകളെ തിരഞ്ഞെടുക്കുന്നതിനു സാധിക്കും. ഭാഗ്യവശാൽ ജനങ്ങൾതന്നെ തിരഞ്ഞെടുത്ത പഞ്ചായത്തുകൾ എല്ലായിടത്തും ഉള്ളതുകൊണ്ടു് അക്കാര്യത്തിൽ യാതൊരു പ്രയാസവും വരികയില്ല. എന്തുകൊണ്ടു് അവിടത്തെ പഞ്ചായത്തുപ്രസിഡന്റന്മാരിൽ രണ്ടോ മൂന്നോ ആളുകളെ നാമിനേററുചെയ്തുകൂടാ എന്നാണ് ഞാൻ ചോദിക്കുന്നതു്? എന്റെ നിയോജകമണ്ഡലത്തിൽപ്പെടുന്ന മലയാററൂർ, കാഞ്ഞൂർ മുതലായ സ്ഥലങ്ങളിൽ ഒരു രൂപപോലും പി. ഡബ്ലിയു. ഡിപ്പാർട്ടുമെന്റിലെ കമ്മ്യൂണിക്കേഷൻ സെക്ഷൻ ഇക്കൊല്ലം ചെലവുചെയ്യുന്നില്ല. കൊച്ചിപ്രദേശത്തുള്ള ചൊവ്വര..........

മി. സ്പീക്കർ: പ്രാദേശികമായ കാര്യങ്ങളിൽ പ്രവേശിക്കാതെ പൊതുനയത്തെപ്പററി സംസാരിച്ചാൽകൊള്ളാം.

ശ്രീ. കെ. പി. ഹോർമിസ്: ചൊവ്വര–മലയാററൂർ റോഡ് പ്രധാനപ്പെട്ട ഒരു റോഡാണ്. ഏതാണ്ടു് ഇരുന്നൂറോളം ലോറികളും ആറേഴു ബസ്സുകളും പ്രസ്തുത റോഡിൽ ഓടിക്കൊണ്ടിരിക്കുന്നു. മെററൽചെയ്തിട്ടു് വളരെക്കാലമായി. കൊച്ചിയും തിരുവിതാംകൂറും യോജിച്ചതിന്റെ ഫലമാണോ ഇതെന്നു പലരും ചോദിക്കുന്നുണ്ടു്. ഇപ്രകാരം ആരെക്കൊണ്ടും പറയിപ്പിക്കാതെ ആ റോഡ് സ്പെഷ്യലായി എടുത്തു് ടാർചെയ്യണം. ആലുവാപാലം പണി ആരംഭിക്കുവാൻ പോകുകയാണ്. ആ പാലത്തിന്റെ പ്രയോജനം ചൊവ്വര, കാഞ്ഞൂർ, മലയാററൂർ മുതലായ പ്രദേശത്തുകാർക്കു് കിട്ടണമെങ്കിൽ ആലുവാ-മലയാററൂർ റോഡ് അങ്കമാലിദേശം റോഡുമായി യോജിപ്പിക്കണം. പൊതുവെ മറെറാരു സംഗതി പറയുവാനുള്ളതു് കടത്തുകടവുകളെ സംബന്ധിച്ചാണ്. ഇവിടെ ചില നിർദ്ദേശങ്ങൾ നൽകുകയുണ്ടായി, അതായതു കൊച്ചിയിലെ സിസ്റ്റം മാററി തിരുവിതാംകൂറിലെ സിസ്റ്റം കൊച്ചിയിലും നടപ്പിൽവരുത്തണമെന്നു്. ഞാൻ ആ അഭിപ്രായത്തോടു യോജിക്കുന്നില്ല. ചങ്ങാടങ്ങളുടെ പിരിവുഅവകാശം ലേലം വിളിച്ചുകൊടുക്കുന്നതുകൊണ്ടു് ഒരു നല്ല തുക ഗവണ്മെന്റിനു വരുന്നുണ്ടു്. ഗവണ്മെന്റ എന്തു പരിഷ്കാരം നിർദ്ദേശിച്ചാലും പണമില്ലെന്നുള്ളപേരിലാണ് അതു തള്ളുന്നതു്. കൊച്ചിയിലെ ചൊവ്വരകടത്തിൽ നല്ലതുക വരുന്നുണ്ടു്. ആലുവായിലേയും, താന്നിപ്പുഴയിലേയും കടത്തുകൾ സൗജന്യമാണ്. ആളുകളെ കടത്തുന്നതിനെ സംബന്ധിച്ചിടത്തോളം എല്ലായിടത്തും സൗജന്യമാക്കണം. ചങ്ങാടങ്ങളെ സംബന്ധിച്ചിടത്തോളം ലേലംചെയ്യുന്ന പതിവു് തുടരുന്നതിൽ യാതൊരു വിരോധവുമില്ല. അങ്ങനെ ഗവണ്മെന്റു കുറെ പണമുണ്ടാക്കുന്നതിൽ ആർക്കും പരിഭവമില്ല. സൗജന്യകടത്തായാലും ലേലംചെയ്യുന്ന കടത്തായാലും കടത്തു

[ശ്രീ. കെ. പി. ഹോർമിസ്]

കാക്കു കൊടുക്കാനുള്ളതു കൊടുക്കണം. അതുകൊണ്ടു് ഗവണ്മെന്റു അക്കാര്യത്തിൽ നഷ്ടപ്പെടേണ്ട ആവശ്യമില്ല. താന്നിപ്പുഴകടത്തിൽ ഒരു ചങ്ങാടം മാത്രമെ ഉള്ളു. ഒരു ചങ്ങാടംകൂടി ഇട്ടുകൊടുക്കണമെന്നു വളരെ അധികം നിവേദനങ്ങൾ നടന്നിട്ടുണ്ടു്; വർക്കു്സ് കമ്മററികൾ ഖണ്ഡിതമായി ശുപാർശ ചെയ്തിട്ടുമുണ്ടു്. അക്കാര്യത്തിൽ വേണ്ടതു ഉടനടി ചെയ്യേണ്ടതാണു്. കടത്തുകൾ ലേലം ചെയ്യുന്നതുകൊണ്ടു് ആളുകൾക്കു് ഒരസൗകര്യവും ഉണ്ടാകുകയില്ലെന്നു ഞാൻ ഉറപ്പു പറഞ്ഞുകൊള്ളുന്നു. പെരുമ്പാവൂരിലും ആലുവായിലും മദ്ധ്യേ മഞ്ഞപ്പെട്ടിയിൽ ഒരു ചങ്ങാടകടത്തിടേണ്ടതു വളരെ ആവശ്യമാണു്. ലേലംചെയ്തുകൊടുത്തെങ്കിലും ഒരു പുതിയ കടത്തു അവിടെ ഏർപ്പെടുത്തേണ്ടതാണു്.

പി. ആർ. ഡി.-യിൽനിന്നും പഞ്ചായത്തുകളിൽനിന്നും പണിതീർത്ത റോഡുകൾ കാലാകാലങ്ങളിൽ മെയിൻറനൻസു നടത്തിയില്ലെങ്കിൽ അവ നശിച്ചുപോകും. അതിലേയ്ക്കുവേണ്ടി ചെലവാക്കിയ പണവും വ്യർത്ഥമായിപ്പോകും. അതുകൊണ്ടു് പ്രസ്തുത റോഡുകൾ കൊല്ലംതോറും മെയിൻറനൻസു ചെയ്യാൻ വേണ്ട നടപടികൾ ഉടനെ എടുക്കണം.

മറെറാരു കാര്യം പറയാനുള്ളതു കാലടി ആസ്പത്രിയെ സംബന്ധിച്ചാണു്. അവിടത്തെ ആസ്പത്രി തൊഴുത്തിനേക്കാൾ കഷ്ടമാണു്. മൃഗങ്ങൾക്കുപോലും കിടക്കുന്നതിനു സാദ്ധ്യമല്ലാതെ അത്ര വൃത്തിഹീനമായിട്ടുള്ള കെട്ടിടത്തിലാണു് ആസ്പത്രി ഇട്ടിരിക്കുന്നതു്. അതേസംബന്ധിച്ചിവിടെ കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ ചോദിച്ചപ്പോൾ ഗവണ്മെൻറിൽനിന്നും കിട്ടിയ മറുപടി അതേപ്പററി അന്വേഷിക്കാമെന്നാണു്. പക്ഷേ, ഇതേവരെ അതു സംബന്ധിച്ചു് ഒരു നടപടിയും എടുത്തു കാണുന്നില്ല. കാലടി ആസ്പത്രിയെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിന്റെ നയമനുസരിച്ചു കെട്ടിടവും ഉപകരണങ്ങളും നാട്ടുകാർ ഉണ്ടാക്കിക്കൊടുക്കാൻ സാദ്ധ്യമല്ലാതെയാണിരിക്കുന്നതു്.

ശ്രീ. പി. വിശ്വംഭരൻ: സർ, ഒരു പായിൻറു് ഓഫ് ആർഡർ. അപ്രോപ്രിയേഷൻ ബില്ലിനെപ്പററി ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന അവസരത്തിൽ പ്രാദേശികകാര്യങ്ങളെപ്പററി പറയാനുള്ള അവകാശമില്ലെന്നു പറഞ്ഞു. എന്നാൽ ഇപ്പോൾ പ്രാദേശികകാര്യങ്ങളാണു പറയുന്നതു്. അതു ശരിയാണോ എന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: അതു ഞാൻ നേരത്തേ വ്യക്തമാക്കിയതാണു്. പ്രാദേശികകാര്യങ്ങളെപ്പററി നേരത്തേ ചർച്ച ചെയ്തിരിക്കുന്ന ഈ സഭയിൽ വീണ്ടും അതു ആവർത്തിച്ചുതുടങ്ങിയാൽ നമുക്കു ദിവസങ്ങൾ എത്രയുണ്ടായിരുന്നാലും മതിയാകാതെവരും. കൂടാതെ അതു ശരിയായ നടപടിയുമല്ല. നമ്മുടെ നിയമസഭ മററു നിയമസഭകളെ അപേക്ഷിച്ചു സംസാരിക്കാൻ കൂടുതൽ ആളുകൾ ഉള്ളതായതുകൊണ്ടു് ഇവിടത്തെ ബഹുമാനപ്പെട്ട അംഗങ്ങളുടെ പ്രസംഗസ്വാതന്ത്ര്യത്തിൽ ഞാൻ കഴിയുന്നിടത്തോളം കൈവയ്ക്കണമെന്നു വിചാരിക്കുന്നില്ല. പ്രാദേശികമായ കാര്യങ്ങളെപ്പററി ചർച്ചചെയ്യാൻ പാടില്ല.

ശ്രീ. കെ. പി. ഹോർമീസ്: ഞാൻ ഈ സഭയിലെ പുതിയ ഒരു മെംബറാണ്. ഇവിടത്തെ നടപടിക്രമത്തെ സംബന്ധിച്ചുള്ള പതിവു വച്ചുകൊണ്ടു് ഇത്രയും പറഞ്ഞതാണ്. അങ്ങയുടെ റൂളിംഗിനു വിപരീതമായി ഞാൻ ഒരിക്കലും പ്രവർത്തിക്കുകയില്ല.

സർ, ഞാൻ പൊതുവായ കാര്യങ്ങളാണ് പറയുന്നത്. കെട്ടിടവും സ്ഥലവും കൊടുത്തെങ്കിൽ മാത്രമേ ഒരു സ്ഥലത്തു ഗവണ്മെന്റ ആസ്പത്രി അനുവദിക്കുകയുള്ളു എന്നുള്ള നയം അത്ര ശരിയാണെന്നു തോന്നുന്നില്ല. കാരണം ഒരു സ്ഥലത്ത് ആസ്പത്രി വളരെ ആവശ്യമാണെങ്കിലും അവിടത്തെ ജനങ്ങൾ ധനവാന്മാരല്ലാത്തതുകൊണ്ടു് കെട്ടിടം പണിതുകൊടുക്കാൻ സാധ്യമായില്ലെന്നുവന്നേക്കാം. അതുകൊണ്ടു് ഗവണ്മെന്റ് ആസ്പത്രി എവിടെയാണ് ആവശ്യമെന്ന് ആദ്യമായി ആലോചിക്കണം. അവിടെ കെട്ടിടവും മററും സൗകര്യമായുണ്ടെങ്കിൽ അതിനു വേണ്ട പ്രോത്സാഹനവും, മുൻഗണനയും കൊടുക്കണം.

മററൊന്നു പറയാനുള്ളതു് മിഡ്‌വൈഫിന്റെ നിയമനത്തെ സംബന്ധിച്ച ഗവണ്മെന്റിന്റെ നയത്തെപ്പററിയാണ്. മുമ്പ് കൊച്ചി സംസ്ഥാനത്ത് ഗ്രാന്റ്-ഇൻ-എയിഡ് വൈദ്യസ്ഥാപനങ്ങളിൽ ഗവണ്മെന്റിൽനിന്നും മിഡ്‌വൈഫിനെ നിയമിച്ചിരുന്നു. എന്നാൽ സംയോജനത്തിനുശേഷം ആ ഒരു നയം മാററിയിരിക്കുകയാണ്. മുപ്പതു കൊല്ലത്തോളം മലയാററൂർ വില്ലേജിൽ ഒരു മിഡ്‌വൈഫ് ഉണ്ടായിരുന്നതു് ഇപ്പോൾ ഇല്ലാതിരിക്കുകയാണ്. ഗവണ്മെന്റിന്റെ നയംമാററംകൊണ്ടു് അവിടത്തെ നാട്ടുകാർ അനുഭവിക്കുന്ന കഷ്ടതയെക്കുറിച്ചാണ് ഞാൻ പറയുന്നതു്. ഒരു മിഡ്‌വൈഫിനെ ഉടനെ മലയാററൂരിൽ നിയമിക്കണം.

വിദ്യാഭ്യാസത്തെ സംബന്ധിച്ച് ഒരു സംഗതി പറയാനുള്ളതു് ഇവിടത്തെ അദ്ധ്യാപകന്മാരുടെ കാര്യമാണ്. ബഹുമാനപ്പെട്ട [illegible] മെംബർ ശ്രീ. [illegible] മേനോൻ സൂചിപ്പിച്ചതുപോലെ അവരുടെ കാര്യത്തിൽ ഗവണ്മെന്റൊന്നും ചെയ്യുന്നുണ്ടെന്നില്ല. ഒന്നും രണ്ടും ഫാറങ്ങളിൽ ഇന്നു ഫീസ് ഇളവുചെയ്തു കൊടുത്തിരിക്കുകയാണല്ലോ. ഗവണ്മെന്റിന്റെ ഈ തീരുമാനത്തിന്റെ പേരിൽ ആ നയത്തിന് ഒരു വ്യതിയാനം വരുത്താൻ മടിയുണ്ടായിരിക്കും. സ്കൂളുകളിൽ പഠിക്കുന്ന ധനവാന്മാരുടെ കുട്ടികളിൽനിന്നും 'ടീച്ചേഴ്സ് വെൽഫെയർ ഫണ്ട്' എന്നോ മററോ പേരിൽ ഒരു ഫീസു പിരിക്കണം. 1500-ം 2000-വും രൂപയിൽ കൂടുതൽ വരവുള്ള ധനവാന്മാരുടെ കുട്ടികളിൽനിന്നും പിരിച്ചെങ്കിലും അദ്ധ്യാപകന്മാർക്ക് ജീവിക്കാനാവശ്യമായ ശമ്പളം കൊടുക്കേണ്ടതാണ്. അദ്ധ്യാപകന്മാർ ഇന്ന് അനുഭവിക്കുന്ന അവശതകളെപ്പററി പ്രത്യേകം പറയേണ്ട ആവശ്യമില്ല. ഒരുകാലത്തു ഗ്രാമങ്ങളിൽ അദ്ധ്യാപകന്മാർ ബഹുമാന്യവ്യക്തികളായിരുന്നു. ഇന്ന് അതെല്ലാം പോയി. അവരുടെ കാര്യം വളരെ കഷ്ടമാണ്. അതുകൊണ്ടു തീരുമാനത്തിന്റെ പേരിൽ ഇപ്പോഴും ഗവണ്മെന്റിന്റെ പാളിസി മാററാൻ കഴിയാത്തതുകൊണ്ടു് ഞാൻ പറഞ്ഞതുപോലെ ഏതുതരത്തിലെങ്കിലും ഒരു ഫണ്ടുണ്ടാക്കി അവരുടെ നില നന്നാക്കാൻ ഗവണ്മെന്റ പരിശ്രമിക്കണം. ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ ഉപസംഹരിക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഞാനീ ബില്ലിനെ എതിർക്കുകയാണ്. ഈ ബില്ലിനെ എതിർക്കുന്നതുതന്നെ ഇന്ന് ഈ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ ചില സംഗതികൾ കൊണ്ടുവരണമെന്ന് ആഗ്രഹിച്ചും, ഈ ഗവണ്മെൻറ് കൈക്കൊണ്ടിരിക്കുന്ന നയത്തിൽത്തന്നെ ചില വ്യതിയാനങ്ങൾ വരുത്തണമെന്ന് അഭ്യർത്ഥിക്കുന്നതിനുമാണ്. സർ, നമ്മുടെ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ധനകാര്യമന്ത്രി ചെയ്ത പ്രസംഗത്തിൽനിന്നും, അതുപോലെതന്നെ ഭക്ഷ്യമന്ത്രി ഇന്നു നിയമസഭയിൽ പ്രസിദ്ധം ചെയ്തിരിക്കുന്ന സ്റ്റേറ്റുമെൻറിൽനിന്നും ഈ നാട്ടിൽ ഒരു കാര്യം വ്യക്തമായി ഞങ്ങൾക്കു മനസ്സിലാക്കാൻ സാധിച്ചിരിക്കുന്നത്, ഇവിടെ റേഷനിംഗ് തുടർന്നുകൊണ്ടുപോകാൻ അദ്ദേഹം ആഗ്രഹിക്കുന്നില്ലെന്നാണ്. അതിനു അദ്ദേഹം ചില കാരണങ്ങളും ഉന്നയിക്കുന്നുണ്ട്. അതായത് ഇന്ന് ഇൻഡ്യാ ഗവണ്മെൻറ് കൺട്രോൾ എടുത്തുകളഞ്ഞിരിക്കുകയാണ്, ഇന്നു മാർക്കറ്റിൽ വേണ്ടപോലെ ഇഷ്ടംപോലെ ആഹാരസാധനങ്ങൾ നമുക്കു വാങ്ങിക്കുവാൻ കിട്ടും. അതുകൊണ്ട് റേഷനിംഗ് തുടരേണ്ട ആവശ്യമില്ലെന്നുമാണ്. അതുപോലെ ഇന്നദ്ദേഹം പറയുന്നു, ഒരു ലക്ഷംരൂപാ നമ്മുടെ ട്രഷറിയിൽനിന്നും ഭക്ഷ്യസബ്സിഡിക്കായി ദിവസംപ്രതി ചോർന്നുപൊയ്ക്കൊണ്ടിരിക്കുന്നു എന്നും ഈ ചെലവില്ലെങ്കിൽ സബ്സിഡിയിനത്തിൽ നമുക്കു ലഭിക്കുന്ന ഈ തുക ഡവലപ്പ്മെൻറ് പ്രോഗ്രാമിലേയ്ക്കു ഉപയോഗിക്കാമെന്നും ഈവിധത്തിലുള്ള അനാവശ്യച്ചെലവുകൾ ഇല്ലാതാക്കാമെന്നും അതുകൊണ്ട് റേഷനിംഗ് തുടർന്നുകൊണ്ടുപോകേണ്ട ആവശ്യമില്ലെന്നുമാണ് പറഞ്ഞിരിക്കുന്നത്. വില അധികം ഉയരാതിരിക്കുവാൻ Vulnerable points-ൽ fair price Shops തുടർന്നു പ്രവർത്തിക്കുമെന്നും, അങ്ങനെ സുലഭമായി അരി ജനങ്ങൾക്കു കിട്ടുമെന്നും—ഈ നില ഭക്ഷ്യസാധനങ്ങൾക്കു മൊത്തത്തിൽ വില കുറയുന്നതുവരെ തുടർന്നുപോകാമെന്നും പറഞ്ഞിട്ടുണ്ട്. ഇതു് [illegible]മാണെന്നു ചൂണ്ടിക്കാണിക്കുവാൻ വേണ്ടിയാണ് ഞാൻ ഇപ്രകാരം സംസാരിക്കുന്നതു്. Rationing സമ്പ്രദായം നിലനിർത്തണമെന്നും, അതു നിറുത്തരുതെന്നു് അപേക്ഷിക്കുകയുമാണ്.

സർ, നമ്മുടെ രാജ്യം ഒരു കമ്മി രാജ്യമാണ്. ഇൻഡ്യ ഒട്ടുക്കു് കൺട്രോൾ പിൻവലിച്ചതിനു ഒരു വിശദീകരണം കൊടുത്തു കേന്ദ്രഭക്ഷ്യമന്ത്രി ശ്രീ. കിദ്വായി ഒരു കാരണമായി പറഞ്ഞതു് രണ്ടുമൂന്നു കൊല്ലമായി നമ്മുടെ നാട്ടിലുള്ള കൃഷി വളരെ നന്നായിരിക്കുന്നതുകൊണ്ടു നമ്മുടെ നാട്ടിൽ ആവശ്യമുള്ള ഭക്ഷണസാധനങ്ങൾ ലഭ്യമാകുമെന്നും അതുപോലെതന്നെ പുറത്തുനിന്നും കച്ചവടക്കാർക്കു് അരി ഇവിടെ ഇറക്കുമതി ചെയ്യുവാൻ ലൈസൻസ് കൊടുത്തിട്ടുള്ളതുകൊണ്ടും ഇവിടെ കൺട്രോൾ തുടർന്നുകൊണ്ടുപോകേണ്ട ആവശ്യമില്ലെന്നുമാണ്. തിരുവിതാംകൂർ-കൊച്ചി സ്വയംപര്യാപ്തതയുള്ള രാജ്യമെന്ന്, ഇതിനർത്ഥമില്ല. നമ്മുടെ രാജ്യം കമ്മി രാജ്യമാണ് എന്നു് ഞാൻ പറഞ്ഞാൽ ഈ സഭയിലെ വേറൊരംഗവും എതിർക്കുമെന്നു തോന്നുന്നില്ല. നമ്മുടെ മുൻപിലുള്ള എല്ലാ റിക്കാർഡുകളിലും ഇതു പരിപൂർണ്ണമായിക്കാണുന്നുമുണ്ട്. കഴിഞ്ഞ ഭക്ഷ്യവകുപ്പുമന്ത്രി, പി. എസ്. പി. യുടെ ജനനനേരത്തെ ഈ ബില്ലിനെപ്പറ്റി പറഞ്ഞ കൂട്ടത്തിൽ, പറയുകയുണ്ടായി, കോൺഗ്രസ്സ് ഗവണ്മെൻറ് അനുവർത്തിച്ചുവന്ന തൃപ്തികരമായ ഭക്ഷ്യനയത്തിൻെറ അനന്തരഫലമായും Grow more food, Campaign വിജയിച്ചതുമൂലവും, അവർ ഭരണമൊഴി

യുന്നകാലത്തു് സ്റ്റേററ് ഗോഡൌണുകളിൽ ഒരുകാലത്തും നീക്കിബാക്കി വരാത്തവിധം 90 ദിവസത്തെ റേഷൻ നീക്കിബാക്കി വന്നിരുന്നതായിട്ടു പറയുകയുണ്ടായി. അത്രയും അരി നീക്കിബാക്കി വന്നതു ശരിയാണു്. പക്ഷെ അങ്ങനെ വരുവാനുള്ള കാരണത്തെപ്പററി മാത്രമാണു് അഭിപ്രായവ്യത്യാസമുള്ളതു്. നമ്മുടെ നാട്ടിലെ റേഷൻ നിലനിർത്തിവന്നതു് Internal Procurement മൂലവും, ഇൻഡ്യാഗവൺമെൻറിൽനിന്നുള്ള സപ്ലൈ കൊണ്ടുമാണല്ലൊ. 1951 മുതൽ കാൺഗ്രസ്സ് ഒഴിയുന്ന കാലംവരെയുള്ള Internal procurement ഓരോ കൊല്ലവും കുറവും, 1953-ൽ 1951-നേക്കാൾ 75 ലക്ഷം പറ നെല്ലു കുറവായിരുന്നു. 1951-നേക്കാൾ ഒരു മണി അരിപോലും കൂടുതലായി സബ്സിഡി ആയി സ്റ്റേററ് ഗവൺമെൻറ് കേന്ദ്രഗവൺമെൻറിൻെറ അടുക്കൽനിന്നു് വാങ്ങിയിട്ടുമില്ല. പിന്നെ ഈ 90 ദിവസം അരി നീക്കിബാക്കി വന്നതു് നമുക്കു് മനസ്സിലാക്കുവാൻ വിഷമമില്ലേ?

ധനകാര്യമന്ത്രിയുടെ സ്റ്റേററുമെൻറിൽത്തന്നെ ഓരോ കൊല്ലവും, 60,000 വീതം തൊഴിലില്ലാത്ത ആളുകൾ കൂടിവരുന്നുണ്ടെന്നു പറഞ്ഞു. ഇതിനോടുകൂടി, ജീവിക്കുന്നതിനു ആവശ്യമായ ജോലിയും കൂലിയും, കിട്ടാത്ത വലിയ വിഭാഗത്തെക്കൂടി ചേർത്താൽ ഏതാണ്ടു നമ്മുടെ നാട്ടിലെ സ്ഥിതി മനസ്സിലാകും. അഞ്ചുകൊല്ലക്കാലമായി, നമ്മുടെ വർത്തമാനപ്പത്രങ്ങൾ എടുത്തുനോക്കിയാലും, പട്ടിണികൊണ്ടുള്ള ആത്മഹത്യകളുടെയും, കൊലപാതകങ്ങളുടെയും, മാതൃപുത്രബന്ധം വേർപെടുന്നതിൻെറയും, കഥ കാണാത്ത ഒരു ദിവസംപോലും കാണുകയില്ല. ഇതിൽനിന്നെല്ലാം നാം മനസ്സിലാക്കേണ്ടതു്, ഈ വിഭാഗത്തെ സംബന്ധിച്ചെങ്കിലും, ആഹാരത്തിനു വില കുറച്ചുകിട്ടണമെന്നാണു്. സ്ഥിതിഗതികൾ ഈ നിലയിൽ നിൽക്കുമ്പോൾ തീർച്ചയായും, ആഹാരസാധനത്തിൻെറ റേഷനിംഗ് എടുത്തുകളയുവാനുള്ള തീരുമാനം ആപത്കരമാണെന്നു ചൂണ്ടിക്കാണിക്കുകയാണു്. മനുഷ്യനെ വെറും ഉപദേശംകൊണ്ടു നന്നാക്കാമെന്നു വിചാരിക്കുന്നതു് അബദ്ധമാണു്. നമ്മുടെ നാട്ടിലെ ഭക്ഷ്യസ്ഥിതി റേഷനിംഗ് നിർത്തിക്കളയുവാൻ മാത്രം നന്നായിട്ടില്ല, അതു തീർച്ചയാണു്. സർ, ഈ അവസരത്തിൽ 1942-ൽ നമ്മുടെ നാടു് ഭക്ഷണക്ഷാമംകൊണ്ടു് ഏററവും ബുദ്ധിമുട്ടിയ ഒരു നാടാണു്, അനേകായിരം മരണങ്ങൾ നടന്ന നാടാണു്. ബംഗാൾ കഴിഞ്ഞാൽ കൂടുതൽ ബുദ്ധിമുട്ടിയതു് നാമാണു്. അന്നു് ശ്രീമാൻ പട്ടം താണുപിള്ള ഉൾപ്പെടെ ചേർത്തലയിൽ മരച്ചീനിക്കമ്പുമായി വരികയുണ്ടായി. അങ്ങനെ ഒരു കാലം നമ്മുടെ നാട്ടിൽ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കണം. റേഷനിംഗ് എടുത്താൽപോലും കുറഞ്ഞ വരുമാനമുള്ള വിഭാഗക്കാർക്കു് സബ്സിഡൈസ്ഡ് ആയിട്ടു റേഷൻ നിലനിറുത്തുകതന്നെ വേണം. തൊഴിലില്ലായ്മയ്ക്കെതിരായ Emergency പ്രവർത്തനങ്ങളിൽ ഒന്നായിപ്പോലും ഇതിനെ കണക്കാക്കാവുന്നതാണു്. ഗവൺമെൻറ് ഈ വകുപ്പിലേയ്ക്കുള്ള നയം വശദീകരിക്കുമെന്നു വിശ്വസിക്കുന്നു.

അടുത്തതായി ഒരു കാര്യം എനിക്കു സംസാരിക്കുവാനുള്ളതു ഡിപ്പാർട്ടുമെൻറ് സർവീസിൽ ഇരിക്കുന്ന സ്ത്രീകളോടു് ഗവൺമെൻറ് അനുവർത്തിക്കുന്ന പക്ഷപാതപരമായ നയത്തെപ്പററിയാണു്. സർ, ഇതു് ഞാൻ

[ശ്രീമതി കെ. ആർ. ഗൗരി]

പറയുന്നതു് സ്ത്രീവിഭാഗത്തിന്റെ പ്രതിനിധിയായിട്ടുമാത്രം കൊണ്ടല്ല. അതുപോലെതന്നെ, സ്ത്രീയും, പുരുഷനും, രണ്ടാണെന്നു് സമർത്ഥിച്ചു് പുരുഷവിദ്വേഷം ഇളക്കിവിടുന്നതിനുമല്ല. കഴിഞ്ഞ പ്രാവശ്യം മിസ്സ് മണി എഴുത്, സ്ത്രീകളുടെ അവകാശങ്ങൾക്കുവേണ്ടി വാദിച്ച വനിതാ മെമ്പർ വാദിച്ചപ്രകാരം പുരുഷന്മാരെല്ലാം നിസ്സഹായരായി പോകുമായിരുന്നു. സർ, ഞാനിന്നുന്നയിക്കുന്ന പ്രശ്നം, സ്ത്രീകളെ മാത്രമായി ബാധിക്കുന്നതായി വേർതിരിച്ചുകാണരുതെന്നു് അപേക്ഷിക്കുകയാണു്. മനുഷ്യസമുദായത്തിലെ രണ്ടു ഘടകങ്ങളായ സ്ത്രീയും, പുരുഷനും—സമുദായത്തിന്റെ പുരോഗതിയിലേയ്ക്കുള്ള പ്രയാണത്തിൽ ഒരുമിച്ചു നീങ്ങാതിരുന്നാൽ നാട്ടിനാപത്തായിരിക്കും. സമുദായത്തിലെ രണ്ടു വിഭാഗവും, ഒന്നിച്ചു മുന്നോട്ടുപോയി, നാട്ടിൽ സമാധാനം സൃഷ്ടിക്കണമെന്നു് ഞാനൊന്നുകൂടി അഭ്യർത്ഥിക്കുകയാണു്.

സർവീസിലുള്ള സ്ത്രീകളുടെ ബുദ്ധിമുട്ടിനെപ്പറ്റി പറയുമ്പോൾ ഉദാഹരണമായി എനിക്കു എടുത്തുകാണിക്കുവാനുള്ളതു് Education Department ആണു്. ഈ Service ന്റെ Integration കഴിഞ്ഞു. Integration-ൽ "Promotion is to be determined according to the seniortiy of the cadre" എന്നു് എഴുതിയിരിക്കുകയാണു്. പക്ഷെ ഈ നിയമം, സ്ത്രീക്കും, പുരുഷനും ഒരുപോലെ ബാധകമാകുമെന്നു് ഗവണ്മെന്റ കരുതുന്നില്ല. സർ ഇതു് Lady graduate teachers-നെയാണു് കൂടുതലായി ബാധിക്കുന്നതു്. തിരുവിതാംകൂറിൽ ഉദ്ദേശം 40 കൊല്ലങ്ങൾക്കു മുമ്പു് സ്ത്രീകൾക്കു് 36 സ്ഥാനങ്ങൾ മാത്രം പെർമനന്റായി ഗവണ്മെന്റ് നീക്കി വച്ചിരുന്നു. അന്നു പത്തു് Ladies' High Schools ഉണ്ടായിരുന്നു. 10 Head mistressമാരും. കാലാന്തരത്തിൽ പെൺകുട്ടികൾ സ്കൂളുകളിലേക്കു ധാരാളമായി വന്നുതുടങ്ങി. നാട്ടിൽ Mixed Schools ഉണ്ടായി. പെൺകുട്ടികൾ Mixed school-ൽ വരാൻ തുടങ്ങി Lady Graduate teachers ന്റെ എണ്ണം വർദ്ധിച്ചു. അവർ Mixed school ൽ പഠിപ്പിച്ചു തുടങ്ങി. എന്നിരുന്നാലും lady graduate teachers ന്റെ permanent Strength കൂട്ടിയില്ല. അവർക്കു് അന്നും 36 permanent സ്ഥാനങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. ladies-list-ഉം gentlemen's list-ഉം വേറെ വേറെതന്നെ വച്ചിരുന്നു. Dr. Koshi, Director of Public Instruction ആയിരുന്ന കാലത്തു്, ശ്രീമാൻ പനമ്പിള്ളി ഗോവിന്ദമേനോൻ Education Minister ആയിരുന്നപ്പോൾ, ഈ list കൾ രണ്ടുംകൂടെ യോജിപ്പിച്ചു്, സീനിയോറിറ്റി അനുസരിച്ചു് ടീച്ചേഴ്സിനു പ്രമോഷൻ അനുവദിച്ചു. ഇന്നത്തെ പരിതഃസ്ഥിതിയിൽ രണ്ടു ലിസ്റ്റു് ആവശ്യമില്ലെന്നു ബോദ്ധ്യമായി. എങ്കിലും അദ്ദേഹം, ഹെഡ്മാസ്റ്റർമാരുടേയും ഹെഡ്മിസ്ട്രസ്മാരുടേയും ലിസ്റ്റു രണ്ടായിത്തന്നെ വച്ചിരുന്നു. സർ, ഇന്നു് സർവീസിൽ പെർമനെന്റു് graduate teachers ആയി 400 സ്ത്രീകളും 700 പുരുഷന്മാരും ഉണ്ടു്. 88 ഹൈസ്കൂളുകൾ ഉണ്ടു്. I st grade-ൽ എത്തിയ അനവധി lady graduates-ഉം ഉണ്ടു്. Senior most ആയിരിക്കുകയാണു്. ഇങ്ങനെ 400 Senior കാരും 88 ഹൈസ്കൂളുകളും ഉണ്ടെങ്കിലും 10 ഹൈസ്കൂളുകളിൽ മാത്രമേ ഇന്നും Head Mistress ആകാൻ അനുവാദമുള്ളു. ഇതു മനസ്സിലാക്കുമ്പോൾ ഈ procedure വച്ചുകൊണ്ടിരിക്കുന്ന
3 P. M ന്റെ Anomaly മനസ്സിലാകും. ഇതു മാറ്റികിട്ടണമെന്നു സ്ത്രീകൾ വളരെക്കാലമായി, ആവശ്യപ്പെട്ടു

ജൂടങ്ങിയിട്ട്. പി. എസ്സ്. പി. ഗവണ്മെൻറ് അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസം ദേശവൽക്കരിക്കുകയും, ഈ ഡിപ്പാർട്ടുമെൻറിൽ റീ ആർഗനൈസേഷൻ നടപ്പിലാക്കുകയും ചെയ്തു. എന്നാൽ സ്ത്രീകളെ സംബന്ധിച്ച് ആ ഡിപ്പാർട്ടുമെൻറിൽ അവർക്കു കിട്ടിയ അനുഭവം, ഒററയടിക്ക് 22 പേരുടെ സീനിയാറിററി അവഗണിച്ച് അവരുടെ താഴെയിരുന്നവരെ അവർക്കു മുകളിൽ ഹെഡ്മാസ്റ്റർമാരാക്കി എന്നുള്ളതാണ്. ഇതു സോഷ്യലിസമാണെന്നു പറഞ്ഞാൽ വിശ്വസിക്കുവാൻ പ്രയാസമാണ്. സമത്വത്തിൻെറ ധാരണതന്നെ പഴയ മുഷിച്ചുനാറിയ ഫ്യൂഡലിസത്തിൽനിന്ന് ഉടലെടുത്തതായിട്ടാണു കാണുന്നത്. സ്ത്രീകളുടെ കഴിവ് കുറവാണെന്ന ധാരണയുള്ള ഒരു ഗവണ്മെൻറ് തീർച്ചയായും നേർവഴിയിൽ കൂടിപ്പോകുന്നു എന്നു വിശ്വസിക്കുവാൻ പ്രയാസമാണ്. അതും പ്രത്യേകിച്ച് എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിൽ പുരുഷന്മാർപോലും, വിദ്യാഭ്യാസകാര്യത്തിൽ Student psychology മനസ്സിലാക്കാനും നിയന്ത്രിക്കാനും സ്ത്രീകളാണു നല്ലതെന്നു സമ്മതിച്ചിരിക്കെ ഇതു് അത്ഭുതമാണ്. വളരെക്കാലം സർവീസിലിരുന്നു്, ഒടുവിൽ ഇറങ്ങിപ്പോകുന്ന അവസരത്തിൽ ഗവണ്മെൻറ് ശത്രുവായിട്ടു കണക്കാക്കുവാനുള്ള മാറ്റംമാത്രമാണ്. Mixed school-ൽ VI വരെ പഠിപ്പിക്കാം. V വരെ ഹെഡ് മിസ്ട്രസ്സ് ആകാം, ഹൈസ്കൂളിൽ ഹെഡ്മിസ്ട്രസ്സ് ആകാൻ പാടില്ലപോലും. കാര്യമായ പ്രോത്സാഹനം കിട്ടിയാൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിലും, മെഡിക്കൽ ഡിപ്പാർട്ടുമെൻറിലുമുള്ള പുരുഷന്മാരെക്കാൾ സ്തുത്യർഹമായവിധത്തിൽ സ്ത്രീകൾ സേവനം അനുഷ്ഠിക്കുമെന്നുള്ളതിനു തർക്കമില്ല. മാത്രമല്ല, കൃത്യനിർവഹണത്തിലും കാര്യക്ഷമതയിലും സ്ത്രീകൾക്കുള്ള പ്രവർത്തനസാമർത്ഥ്യം സീമാതീതമാണെന്നു് ധാരാളം ഉദാഹരണങ്ങൾ വേണമെങ്കിൽ തരാൻ തയ്യാറാണ്. ഗവണ്മെൻറ് സേവനം അനുഷ്ഠിക്കുന്നതിൽ നമ്മുടെ സംസ്ഥാനത്തുമാത്രം സ്ത്രീകളെ ഒരുമാതിരി അവഗണിക്കുന്നുവെന്നല്ലാതെ മററു രാജ്യങ്ങളിൽ സ്ത്രീകൾക്ക് പുരുഷന്മാരോടൊപ്പം സ്ഥാനം കൊടുത്തിട്ടുണ്ടെന്നുള്ളതിന് റഷ്യയുടെയും ചൈനയുടെയും സേവനചരിത്രം തെളിവാണ്. ഇവിടെയാണെങ്കിൽ സ്ത്രീസമുദായം മൊട്ടാകെ ഒരു ബാക്കുവേർഡ് സെക്ഷനായിട്ടു തള്ളപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് അഭ്യസ്തവിദ്യരായ സ്ത്രീകളുടെ കാര്യത്തിൽ മാത്രമല്ല, മററു സ്ത്രീകളുടെ കാര്യത്തിലും എനിക്കു പറയാനുള്ളതു്, അവരുടെ കഴിവുകൾ രാജ്യത്തിനു ലഭിക്കത്തക്കവിധം ഒരു സന്ദർഭം ഗവണ്മെൻറുണ്ടാക്കിക്കൊടുക്കേണ്ടതു് ഗവണ്മെൻറിൻെറ ഒരു കടമകൂടിയാണ്. സർ, ഗവണ്മെൻറിൽ സേവനം അനുഷ്ഠിക്കുന്നതിനെ സംബന്ധിച്ച് സ്ത്രീകളായ ഞങ്ങൾക്ക് പുരുഷന്മാരോടു പലപ്പോഴും എതിർക്കേണ്ടി വന്നിട്ടുണ്ടെന്ന് എന്നോടു തന്നെ എത്രയോ സ്ത്രീകൾ പറഞ്ഞിട്ടുണ്ട്. ഗവണ്മെൻറ് സേവനത്തിൽ പുരുഷന്മാരെ അപേക്ഷിച്ച് എത്രത്തോളം അവശത അവർ അനുഭവിക്കുന്നുവെന്നുള്ളതിനു ഉദാഹരണമാണ് ഞാൻ ഈ പറഞ്ഞതു്. ശ്രീ. നടരാജപിള്ളയാണ് സ്ത്രീകളുടെ യഥാർത്ഥ അവകാശങ്ങൾ നൽകുന്നതിൽ എതിരായി നിൽക്കുന്നതെന്ന് ഞാൻ പറയുമ്പോൾ സർ, ഇതു എൻെറ അഭിപ്രായം മാത്രമല്ല, ഇന്ന് സാർവ്വത്രികമായിത്തീർന്നിട്ടുള്ള ഒരഭിപ്രായമാണ്. ഞാൻ മുൻപു പറഞ്ഞ 22 അദ്ധ്യാപികമാരുടെ സീനിയാറിട്ടി അവഗണിച്ചതു്, ശ്രീ. നടരാജപിള്ളയ്ക്കുവേണ്ടി എലക്ഷൻ സംബന്ധിച്ചു പ്രവർത്തിച്ചിട്ടുള്ള ആളുകളുടെ നിർബ്ബ

[ശ്രീമതി കെ. ആർ. ഗൗരി.]

ന്ധത്തിന്റെ പേരിലാണെന്നാണറിയുന്നതു്. സംസ്ഥാനത്തുള്ള ഗവണ്മെന്റ സർവീസിൽ പുരുഷനും സ്ത്രീക്കും ഒരുപോലെ പ്രോത്സാഹനം അനുവദിക്കുന്നില്ല എന്നു പറഞ്ഞാൽ പുരോഗമനപരമായി ഭരണം നടത്തുന്നുവെന്നു് അവകാശപ്പെടുന്ന ഈ ഗവണ്മെന്റ്, ഒരു സോഷ്യലിസ്റ്റ് ഗവണ്മെന്റ്, സർ, സോഷ്യലിസത്തെപ്പററിത്തന്നെ ഒരു തെററിദ്ധാരണയുളവാക്കുകയാണു ചെയ്യുന്നതു്.

അതേ സമയം മറെറാരു കാര്യം എനിക്കു പറയാനുള്ളതു്, സ്ത്രീകൾ പ്രസവിക്കുന്നതു് പുരുഷന്മാർക്കു വലിയൊരു ബുദ്ധിമുട്ടുപോലെ തോന്നുന്നു. ഉദാഹരണത്തിനു് ധാരാളം പറയുവാനുണ്ടെങ്കിലും ഒരു കാര്യം ഇവിടെ ചൂണ്ടിക്കാണിക്കാമെന്നു വിചാരിക്കുന്നു. സംസ്ഥാനത്തു നിലവിലിരിക്കുന്ന ഏതാനും ഡിപ്പാർട്ടുമെന്റുകളിൽ സേവനം അനുഷ്ഠിക്കുന്ന സ്ത്രീകൾക്കു് കല്യാണം കഴിക്കാൻ പാടില്ലെന്നു വ്യവസ്ഥ ചെയ്തിരിക്കുകയാണു്. പോലീസ് ഡിപ്പാർട്ടുമെന്റിലുള്ള സ്ത്രീകൾക്കു് കല്യാണം കഴിക്കുന്നതിനുവേണ്ടി അനുവാദം ചോദിച്ചാൽ നിഷേധിക്കുകയാണു ചെയ്യുന്നതു്. തന്മൂലം ആരും അറിയാതെ അവർ കല്യാണം കഴിക്കുകയും, ഗർഭംധരിക്കുകയും ചെയ്യുന്നതോടുകൂടി ഡിപ്പാർട്ടുമെന്റിൽനിന്നും ഡിസ്മിസ്സ് ചെയ്യുകയാണു പതിവു്. കല്യാണം കഴിക്കാൻ ആഗ്രഹമുള്ള സ്ത്രീകളെ തടഞ്ഞു നിറുത്തുന്നതുകൊണ്ടു് അവരുടെ മോറൽസൈഡു് ദുഷിച്ചുപോകാൻ കാരണമായിത്തീരുന്നു. പോലീസ് ഡിപ്പാർട്ടുമെന്റിലുള്ള സ്ത്രീകൾക്കു് ഈ കഷ്ടപ്പാടു് ഉണ്ടായിട്ടുണ്ടു്. സർ, ഈ ഡിപ്പാർട്ടുമെന്റിലുള്ള സ്ത്രീകൾക്കു് കവാത്തു വെച്ചിരിക്കുന്നു. ഇതു് ആവശ്യമില്ല, കാരണം ഇവർക്കു് ആകെ ജോലി, തടവിൽകിടക്കുന്ന സ്ത്രീകളെ സൂക്ഷിക്കുകമാത്രമാണു്. ഇതുപോലെതന്നെ മെഡിക്കൽ ഡിപ്പാർട്ടുമെന്റിലെ നഴ്സുകൾക്കും ഒരു നിശ്ചിതകാലത്തേയ്ക്കു കല്യാണം കഴിക്കാൻ പാടില്ലെന്നൊരു വ്യവസ്ഥ നിലവിലുണ്ടു്. സർ, ജനായത്തഭരണം നടപ്പിലിരിക്കുന്ന ഈ സംസ്ഥാനത്തു്, ചില പ്രത്യേക കാരണങ്ങളെ അടിസ്ഥാനമാക്കി സ്ത്രീകളുടെ ജന്മാവകാശത്തിൽ കൈകടത്തുന്നതു് ഒരിക്കലും അനുവദനീയമല്ല. ഡിപ്പാർട്ടുമെന്റുകളിൽ സേവനം അനുഷ്ഠിക്കുന്ന സ്ത്രീകൾക്കു് കല്യാണം കഴിക്കുവാനും പ്രസവിക്കുവാനുമുള്ള അനുവാദം നൽകുകയും, മാതൃത്വം അഭിലഷിക്കുന്നവർക്കു് അഭിമാനപൂർവ്വം സേവനം അനുഷ്ഠിക്കുന്നതിനുള്ള ഒരു സാഹചര്യം സൃഷ്ടിക്കുകയും ചെയ്യേണ്ടതു് ഗവണ്മെന്റിന്റെ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു കർത്തവ്യമാണു്. ഈ നിയമസഭയിൽത്തന്നെ നമ്മുടെ അവകാശങ്ങൾ നിലനിറുത്തിക്കൊണ്ടുപോകണമെങ്കിൽ സ്ത്രീകൾക്കു് കല്യാണം കഴിക്കുവാനും, പ്രസവിക്കുവാനുമുള്ള അവകാശം അനുവദിച്ചുകൊടുക്കേണ്ടതാണെന്നു് ഞാൻ മുഖ്യമന്ത്രിയെ ഈ അവസരത്തിൽ അനുസ്മരിപ്പിച്ചുകൊള്ളുന്നു. ഈ കാര്യത്തിൽ ഗവണ്മെന്റിന്റെ സത്വരശ്രദ്ധ പതിപ്പിക്കാമെന്നു് അപേക്ഷിച്ചുകൊണ്ടു് എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. എൻ. നാരായണക്കുറുപ്പു്: സർ, പത്തൊൻപതു പേരടങ്ങിയ പി. എസ്സ്. പി. ഗവണ്മെന്റിനു് ഭരണപരമായിട്ടുള്ള നിസ്സഹായത കാണുമ്പോൾ എനിക്കു് സഹതാപമാണു തോന്നുന്നതു്. ഏതു പാർട്ടിയിൽ നിന്നുണ്ടാകുന്ന പ്രസംഗങ്ങളും, വിമർശനങ്ങളും വളരെ പരിമിതമായ അംഗസംഖ്യയോടു കൂടിയുള്ളവെന്നു് എടുത്തു കാണിക്കുന്നുണ്ടു്. വളരെ

ഷിച്ച് ശ്രീ. എം. പി. മേനോന്റെ പ്രസംഗം കേട്ടപ്പോൾ, 31 അംഗങ്ങൾ അടങ്ങിയ അവരുടെ പാർട്ടിക്ക് ഇത്രത്തോളം പി. എസ്സ്. പി-യെ വിരട്ടാമെങ്കിൽ, 45 പേരടങ്ങിയ ഞങ്ങളുടെ പാർട്ടിക്ക് ഇവരെ വളരെ വളരെ വിരട്ടാമെന്ന് ഒരു തോന്നൽ എനിക്കുണ്ടായി. പൊതുജനതാൽപര്യസംരക്ഷണത്തിന്റെ പേരിൽ പ്രതിനിധികളായി നിയമസഭയിൽ വന്നിട്ട്, കർത്തവ്യങ്ങളും, കടമകളും അവഗണിച്ചുകൊണ്ട് വെറും വിരട്ടലുകൊണ്ട് സമയം കളയുകയാണു ചെയ്യുന്നത്. വെറും നാലു മാസം മാത്രം പ്രായമുള്ള പി. എസ്സ്. പി. ഗവണ്മെന്റ് ഭരണമേറ്റതിൽപ്പിന്നീട്, ഉണ്ടായിട്ടുള്ള നന്മകളെന്തെല്ലാമാണെന്ന് ഒന്നു സ്മരിക്കുന്നതിനുപോലും ഇവർക്ക് സന്മനസ്സുണ്ടാകാതെ പോയതിൽ ഞാൻ ഖേദിക്കുന്നു. സർ, തിരുവിതാംകൂർ-കൊച്ചിയിലെ ജനങ്ങൾ അനുഭവിച്ചുകൊണ്ടിരുന്ന പലവിധദുരിതങ്ങൾക്ക് ഇന്നത്തെ ഭരണംകൊണ്ട് ഏതാണ്ടൊരാശ്വാസം ഉണ്ടായിട്ടുണ്ടെന്നു ധൈര്യമായി പറയാൻ സാധിക്കും. ഗ്രാമപ്രദേശങ്ങളെ ഉന്നമിപ്പിക്കുന്നതിനും, പരിപോഷിപ്പിക്കുന്നതിനുമായി ഒരു വലിയ തുക ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. അതുപോലെതന്നെ, ലേബർ ഡിപ്പാർട്ടുമെന്റിനെപ്പറ്റിയാണെങ്കിൽ ഏറ്റവും അനുകൂലമായ ഒരു പരിതഃസ്ഥിതിയാണ് തൊഴിലാളികളെ സംബന്ധിച്ച് ഉണ്ടാക്കിയിരിക്കുന്നത്. ഗതാഗതസൗകര്യം വർദ്ധിപ്പിക്കുകയും, ഏറ്റവും മെച്ചമായ തരത്തിലുള്ള റോഡുനിർമ്മാണം നടത്തുകയും, തിരുവിതാംകൂർ-കൊച്ചിയിൽ കുഴഞ്ഞുമറിഞ്ഞു കിടന്ന വിദ്യാഭ്യാസപ്രശ്നം അഭികാമ്യമായ നിലയിൽ പുനഃസ്സംവിധാനം ചെയ്യുകയും, തിരുവിതാംകൂർ-കൊച്ചി സർവീസ് സംയോജനം മിക്കവാറും പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഭക്ഷ്യസാധനങ്ങൾ, വിശേഷിച്ച് അരിയുടെ കാര്യത്തിൽ മുൻപിലത്തെക്കാൾ വിലകുറയുകയും, ധാരാളമായി എവിടെയും കിട്ടുകയും ചെയ്യുന്ന ഒരു നില വന്നുചേർന്നിട്ടുണ്ട്. മാത്രമല്ല, അനേകകൊല്ലമായി മുറവിളികൂട്ടിക്കൊണ്ടിരുന്ന ഭൂനയപരിഷ്കാരം നടപ്പിൽവരുത്തുന്നതിനായി ബില്ലുകൾ കൊണ്ടുവന്നിരിക്കുന്നു. ഇങ്ങനെ നോക്കിയാൽ പൊതുജനങ്ങൾക്ക് അത്യന്താപേക്ഷിതമായ പല കാര്യങ്ങളും ചെയ്തിട്ടുണ്ട്. ഇനിയും ചെയ്യാൻ സന്നദ്ധമാണെന്നും കാണുന്നു. എന്നിട്ടും ഇപ്പോഴത്തേതിൽ കൂടുതൽ നല്ലകാര്യങ്ങൾ ചെയ്ത കാൺഗ്രസ്സ് ഗവണ്മെന്റിനെ ദുഷിക്കുന്നതുപോലെ ഇവരെയും ദുഷിച്ച് അലട്ടുകയാണു ചെയ്യുന്നത്. മാത്രമല്ല, കാൺഗ്രസ്സുഗവണ്മെന്റിന്റെ കാലടികളെത്തന്നെ ഇവരും പിൻതുടരുകയെന്നുള്ള ആരോപണങ്ങളും ഉന്നയിച്ചുകൊണ്ട് നിശിതമായ വിമർശനങ്ങൾ നടത്തുകയാണ്. സർ, ഈ ആരോപണങ്ങളുടെയെല്ലാം അടിയിൽ കിടക്കുന്നത് വെറും ഇച്ഛാഭംഗം മാത്രമാണ്. മന്ത്രിക്കസേരകൾ സ്വപ്നം കണ്ട ഇവർ അതു കിട്ടിയില്ലെന്നു വന്നപ്പോൾ ആരോപണങ്ങളും വിമർശനങ്ങളുമാകുന്ന ആയുധങ്ങൾ പ്രയോഗിക്കാൻ തുടങ്ങിയിരിക്കുകയാണ്. അനാവശ്യമായ ആരോപണങ്ങളുന്നയിക്കുന്ന ഈ പാർട്ടി അംഗങ്ങൾ മന്ത്രിമാരായി വന്നാൽ കാൺഗ്രസ്സും, പി. എസ്സ്. പിയും ഗവണ്മെന്റുകൾ ജനക്ഷേമകരമായി പ്രവർത്തിച്ചിടത്തോളമോ അവയുടെ അംശമോ നല്ല കാര്യങ്ങൾ ചെയ്യുവാൻ സാധിക്കയില്ലായിരുന്നു. നിയമസഭയുടെ അന്തസ്സിനെയും അഭിമാനത്തെയും അവഗണിച്ചുകൊണ്ടാണ് അവർ പാർലമെന്ററിയായിട്ട് വിമർശിക്കുന്നത്. സർ, 1954—55-ലെയുള്ള സകല ഡിമാൻഡുകളും പാസ്സാക്കിയശേഷം, അവയുടെ അപ്രോപ്രിയേ

[ശ്രീ. എൻ. നാരായണക്കുറുപ്പ്]

ഷൻ ബിൽ കൊണ്ടുവന്നപ്പോൾ ഇത്ര നിശിതമായി വിമർശിക്കാൻ തുടങ്ങിയതു് എന്തടിസ്ഥാനത്തിലാണെന്നു എനിക്കു മനസ്സിലാകുന്നില്ല. നിയമസഭാസാമാജികന്മാർ നിയമസഭയിൽ വരുന്നതു് ഭരണപരമായി അവരുടെ നിയോജകമണ്ഡലത്തിൽ നിലവിലുള്ള പോരായ്മകളെപ്പററി പ്രസ്താവിക്കുകയും പരിഹാരം നേടുന്നതിനു് ശ്രമിക്കുകയും ചെയ്യുന്നതിനാണു്. അതിനുപകരം, മുൻപിലത്തെ കാൺഗ്രസ്സ് ഗവണ്മെൻറിനെയും, ഇപ്പോഴത്തെ പി. എസ്സ്. പി. ഗവണ്മെൻറിനെയും രാഷ്ട്രീയമായും, ഭരണപരമായും, അവരുടെ കഴിവുകേടുകളെ ഉയർത്തിപ്പിടിച്ചു വിമർശിക്കുകയാണു് ചെയ്യുന്നതു്. പൊതുജനങ്ങളുടെ പക്കൽനിന്നും പിരിക്കുന്ന നികുതിയിൽ നിന്നും എഴുലക്ഷത്തിൽപ്പരം രൂപ അതിനിടയിൽ ചെലവു ചെയ്യിച്ചു്, പടിയും യാത്രച്ചെലവും പററിക്കൊണ്ടു്, അവർക്കുവേണ്ടി യാതൊന്നും പറയാതെ പാർട്ടിതർക്കങ്ങളും മററും പറഞ്ഞു് സമയം പാഴാക്കുന്നതപരാധമായിട്ടാണു് ഞാൻ കരുതുന്നതു്. എല്ലാ ഡിമാൻറുകളും പാസാക്കിയിരിക്കുന്ന സ്ഥിതിക്കു് യാതൊരു വിധമായ തടസ്സവും കൂടാതെ ഈ ബിൽ പാസ്സാക്കണമെന്നാണു് എൻെറ അഭിപ്രായം.

സർ, ഞാൻ ഈയവസരത്തിൽ ഒരു കാര്യം ഗവണ്മെൻറിൻെറ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നാഗ്രഹിക്കുന്നു. അപ്രോപ്രിയേഷൻ ബില്ലിലെ വ്യവസ്ഥകളെ സംബന്ധിച്ചിടത്തോളം, ഒരു പരാതി എനിക്കു പറയാനുള്ളതു് എന്തെന്നാൽ, സിവിൽവർക്കിനുവേണ്ടി ഇപ്പോൾ ഗവണ്മെൻറ് അനുകരിച്ചുവരുന്ന നയത്തിൽ അല്പം വ്യതിയാനം വരുത്തണമെന്നുള്ളതാണു്. സിവിൽ വർക്കിനെ സംബന്ധിച്ചിടത്തോളം ഗ്രാമപ്രദേശങ്ങളെ അവഗണിക്കുന്നില്ലേ എന്നു ഞാൻ ബലമായി സംശയിക്കുന്നു. ആണ്ടുതോറും, പൊതുമരാമത്തുപണികൾ പട്ടണങ്ങളിലല്ലാതെ, ഗ്രാമപ്രദേശങ്ങളിൽ ചെന്നെത്തുകയില്ലെന്നുള്ളതു് ഇന്നും ഇന്നലെയുമുള്ള ഒരു സമ്പ്രദായമല്ല. വളരെ മുൻപിനാലെ ഈ പതിവു് നിലനിന്നുവരികയാണു്. അതുകൊണ്ടു് ഗ്രാമപ്രദേശങ്ങളിലെ ഗതാഗതസൗകര്യം, ജലസേചനം, റോഡുകൾ, കലുങ്കുകൾ, മുതലായ നിർമ്മാണപരമായ പദ്ധതികൾ നടപ്പിൽ വരുത്തേണ്ടതു് അത്യന്താപേക്ഷിതമാണു്. ഇന്നു ജനകീയഭരണം നിലവിലിരിക്കുകയാണു്. ജനായത്തഭരണസമ്പ്രദായത്തിൽ, രാജ്യഭരണം നടത്തുകയാണു്. ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഒരു മന്ത്രിസഭയാണു് ഇന്നു ഭരണം നടത്തുന്നതു്. അതുകൊണ്ടു് പൊതുജനങ്ങൾ സംസ്ഥാനത്തിൻെറ ഏതു ഭാഗത്തുള്ളവരായിരുന്നാലും സ്ഥലഭേദമോ, അവസ്ഥാഭേദമോ നോക്കാതെ നിഷ്പക്ഷമായി പെരുമാറേണ്ടതു് ഗവണ്മെൻറിൻെറ കടമയാണു്. ഗ്രാമപ്രദേശങ്ങളിൽ സിവിൽവർക്സ് നടത്തേണ്ടതു് ഓരോ പ്രദേശത്തിൻെറയും വിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയായിരിക്കണം എന്നാണെൻെറ അഭിപ്രായം. സർ, ഞാൻ പ്രതിനിധീകരിക്കുന്ന തകഴി നിയോജകമണ്ഡലം കുട്ടനാട്ടിൻെറ ഒരു ഭാഗമാണു്. കുട്ടനാടു് എന്നു പറയുന്ന സ്ഥലം ഏകദേശം 200 ചതുരശ്രമൈൽ വിസ്തീർണ്ണമുള്ളതാണു്. അതായതു് തിരുവിതാംകൂറിൻെറ വിസ്തീർണ്ണതയിൽ നാല്പത്തഞ്ചിലൊരുഭാഗം വിസ്താരമുള്ള ഒരു സ്ഥലമാണു് കുട്ടനാടൻ പ്രദേശം. അവിടെയുള്ള ജനസംഖ്യ തിരുവിതാംകൂർ-കൊച്ചിയുടെ ജനസംഖ്യയുടെ ഇരുപത്തിമൂന്നിൽ ഒന്നുമാണു്. എന്നാൽ സിവിൽ

വർക്കിനെ സംബന്ധിച്ച് പറയത്തക്കവണ്ണമുള്ള ആനുകൂല്യങ്ങളൊന്നും കുട്ടനാടൻപ്രദേശങ്ങൾക്ക ലഭിക്കുന്നുണ്ടെന്നു പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. ഭാസ്കരൻ നായർ: സർ, ഒരു പായിൻറ് ഓഫ് ഓർഡർ. അപ്രോപ്രിയേഷൻ ബില്ലിനെ സംബന്ധിച്ചിടത്തോളം പൊതുവെ സംസാരിക്കാമെന്നല്ലാതെ, പ്രാദേശികാവശ്യങ്ങൾ ഉന്നയിക്കാൻ പാടില്ലെന്നു സ്പീക്കർ ഒരു റൂളിംഗ് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെംബർ ആ റൂളിംഗിനെ അതിലംഘിക്കുകയാണ്.

ശ്രീ. എൻ. നാരായണക്കുറുപ്പ്: സർ, ഞാൻ സ്പീക്കറുടെ റൂളിംഗിനെ അതിലംഘിക്കുകയല്ല. ഞാൻ പറഞ്ഞതു് ഇരുനൂറു ചതുരശ്രമൈൽ വിസ്താരമുള്ള എൻെറ നിയോജകമണ്ഡലം ഉൾപ്പെടുന്ന കുട്ടനാടൻ പ്രദേശത്തെ കാര്യമാണ്. അതു് സ്പീക്കറുടെ റൂളിംഗിനു് വിരുദ്ധമാണെന്നു പറയുന്നതു് എനിക്കു് മനസ്സിലാക്കാൻ സാധിക്കുന്നില്ല. സർ, ഇരുനൂറു ചതുരശ്രമൈൽ വിസ്തീർണ്ണമുള്ളതും, തിരുവിതാംകൂറിലെ ജനസംഖ്യയ, ഇരുപത്തിമൂന്നിൽ ഒരു ഭാഗം ജനങ്ങൾ അധിവസിക്കുന്നതുമായ കുട്ടനാട്ടിനെപ്പററിയാണ് ഞാൻ പറഞ്ഞതു്. അതൊരു പ്രാദേശികാവശ്യമാണെന്നു് ഞാൻ കരുതുന്നില്ല. എൻെറ മാന്യസ്നേഹിതൻ ശ്രീ. ചെങ്ങാരപ്പള്ളി നാരായണൻപോററി കുട്ടനാടിൻെറ ഒരു ഭാഗമായ പ്രക്കാട്ട്, കുരുവാററാ, ചെറുതന മുതലായ സ്ഥലങ്ങളെ പ്രതിനിധീകരിക്കുന്ന ഒരു മെംബറാണ്. ചങ്ങനാശ്ശേരിയെ പ്രതിനിധീകരിക്കുന്ന എൻെറ സ്നേഹിതൻ ശ്രീ. പരമേശ്വരൻപിള്ള, കുട്ടനാട്ടിൻെറ ഭാഗമായ രാമങ്കരി, വെളിയനാട്, മുതലായ സ്ഥലങ്ങളെ പ്രതിനിധീകരിക്കുന്നുണ്ട്.

അതുപോലെതന്നെ ശ്രീ. കെ. സി. ജാർജ്ജ് കുട്ടനാടൻ പ്രദേശത്തിൻെറ ഒരുഭാഗം പ്രതിനിധീകരിക്കുന്നുണ്ട്. അതുപോലെതന്നെ ശ്രീ. ചന്ദ്രശേഖരപിള്ള കുട്ടനാടിൻെറ ഒരുഭാഗം പ്രതിനിധീകരിക്കുന്നുണ്ട്. അവർ ആരുംതന്നെ കുട്ടനാടിൻെറ കാര്യത്തെപ്പററി ഒന്നും അവരുടെ പ്രസംഗത്തിൽ പറഞ്ഞിട്ടില്ല. അവർ കുട്ടനാടിനെ അവഗണിച്ചതു് ശരിയായില്ല. തെക്കൻതിരുവിതാംകൂറിലെ തമിഴ് താലൂക്കുകൾ നാലും ഇവിടെനിന്നുംപോയാൽ നിങ്ങൾ ഭക്ഷണത്തിനുവേണ്ടി ആശ്രയിക്കുവാനുള്ള താലൂക്ക് കുട്ടനാട്ട് ആണെന്നു് ബഹുമാനപ്പെട്ട സ്പീക്കറും മെംബറന്മാരും ആലോചിച്ചാൽ കൊള്ളാം. അതുകൊണ്ടു് കുട്ടനാട്ടിലേയ്ക്കു് കൂടുതൽ സംഖ്യ ഗവണ്മെൻറ് ചിലവഴിക്കേണ്ടതു് അത്യാവശ്യമായിരിക്കുന്നു. കുട്ടനാട്ടിലേയ്ക്കു് ഏററവും പ്രധാനമായ ഒരു റോഡാണ് തിരുവല്ല–അമ്പലപ്പുഴ റോഡ്. ഈ റോഡ് എൻെറ പ്രദേശത്തു മാത്രം ആവശ്യമുള്ള ഒരു റോഡല്ല. കുട്ടനാടൻ പ്രദേശത്തേയ്ക്കു് എല്ലാം ആവശ്യമുള്ള ഒരു റോഡാണ്. ഈ റോഡിൻെറ പണി തുടങ്ങിയിട്ടു് ഏതാണ്ടു് 40 കൊല്ലമായി. ദിവാൻഭരണകാലത്തു് തുടങ്ങിയ ഈ റോഡ് 9മൈൽ തീർക്കുകയും പിന്നീടുള്ളതു് ഇപ്പോഴും തീരാതിരിക്കുകയും ചെയ്യുന്നു എന്നു കാണുമ്പോൾ ഈ ഗവണ്മെൻറും മുൻഗവണ്മെൻറും കുട്ടനാട്ടിനെ അവഗണിച്ചിരിക്കുന്നതായി തോന്നുന്നു. അതുകൊണ്ടു്, അടുത്ത പഞ്ചവത്സര പദ്ധതിയിൽ തിരുവിതാംകൂറിലേയ്ക്കു് ഏററവും ആവശ്യമുള്ള തിരുവല്ല-അമ്പലപ്പുഴ റോഡിൻെറ പണികൂടി ഉൾപ്പെടുത്തണമെന്നു് ഞാൻ ഉൽബോധിപ്പിക്കുകയാണു ചെയ്യുന്നതു്. രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉണ്ടാക്കാനുദ്ദേശിക്കുന്ന റോഡിൻെറ നീളം ഏതാണ്ടു് 900 മൈൽ

[ശ്രീ. എൻ. നാരായണക്കുറുപ്പ്]

ആണെന്നു തോന്നുന്നു. അതിൽ $\frac{1}{43}$ നീളം റോഡു കുട്ടനാട്ടിലുള്ള കുട്ടനാട്ടിലേയ്ക്കുവേണ്ടി തിരുവല്ല-അമ്പലപ്പുഴ റോഡ് പൂർത്തിയാക്കണമെന്നു പറയുന്നതു് കേവലം ന്യായമാണ്. കുട്ടനാട് എന്നു പറയുന്നതു് വെള്ളത്താൽ ചുററപ്പെട്ട ഒരു സ്ഥലമാണ്. ഞാൻ ഈ നിയമസഭാസാമാജികന്മാരെയും ബഹുമാനപ്പെട്ട മന്ത്രിമാരെയും ആ സ്ഥലത്തേയ്ക്കു് ക്ഷണിക്കുകയാണ്. ഏതെങ്കിലും ഒരുകാലത്ത് കുട്ടനാട്ടിലെ ജനങ്ങൾക്ക് ശുദ്ധജലം കിട്ടുവാൻ അവസരം ഉണ്ടെന്ന് കാണിക്കുവാൻ നിങ്ങൾക്ക് സാധിക്കുമോ എന്നു് ഞാൻ വെല്ലുവിളിക്കുന്നു. ഇടവം, മിഥുനം, കർക്കടകം ഈ വർഷകാലങ്ങളിൽ കലങ്ങിമറിഞ്ഞ വെള്ളമാണ് അവിടത്തെ ജനങ്ങൾക്ക് കിട്ടുന്നതു്. ചിങ്ങം, കന്നി, തുലാം, വൃശ്ചികം ഈ മാസങ്ങളിൽ പാടങ്ങളിലെ വെള്ളം കൃഷിയിറക്കുന്നതിന് യന്ത്രങ്ങൾവഴി വെളിയിലേയ്ക്കു് തള്ളുന്നതിനാൽ വെള്ളം കലങ്ങിമറിഞ്ഞിരിക്കും. ആ കാലത്തും കലങ്ങിമറിഞ്ഞ വെള്ളമാണ് അവിടത്തെ ജനങ്ങൾക്ക് കിട്ടുന്നതു്. പിന്നീട് ധനു, മകരം ഈ മാസങ്ങളിൽ ഉപ്പുവെള്ളമാണ്. എല്ലാ സമയത്തും നൂറോളം ബോട്ടുകൾ അവിടെക്കൂടി സർവീസ് ഓടുന്നുണ്ട്. അതിലേക്കൂടി സഞ്ചരിക്കുന്ന അനേകായിരം യാത്രക്കാരുടെ മലമൂത്രവിസർജ്ജനംകൊണ്ട് മലീമസമായിരിക്കുന്ന വെള്ളമാണ് അവിടെയുള്ളവർക്കു കിട്ടുന്നതു്. അതുകൊണ്ട് കുട്ടനാട്ടിലേയ്ക്കു് ഒരു വാട്ടർസപ്ലൈ സ്കീം ഉടനടി സ്റ്റാർട്ടു ചെയ്യേണ്ടതു് ഏററവും അത്യാവശ്യമാണ്. അതുപോലെതന്നെ അവിടെ വൈദ്യസഹായത്തിന്റെ ആവശ്യവുമുണ്ട്. എട്ടുകൊല്ലംമുൻപ് അവിടെ തുടങ്ങിയ ഒരു ആയുർവേദ ഡിസ്പെൻസറി ഇന്നും ആയുർവേദഡിസ്പെൻസറിയായിട്ടുതന്നെയാണ് ഇരിക്കുന്നതു്. അവിടെ ഈ ഡിസ്പെൻസറി തുടങ്ങിയതിനുശേഷം നാട്ടിൽ പല ഭാഗങ്ങളിലായി പല ആശുപത്രികളും ഉണ്ടായിട്ടുണ്ട്. എന്നാൽ ഈ ഡിസ്പെൻസറി ഒരു ആശുപത്രിയായി ഉയർത്തുന്നതിന് ഗവണ്മെൻറ് യാതൊന്നും ചെയ്തിട്ടില്ല. അതു് ഒരു ആശുപത്രിയായി ഉയർത്തുന്നതായാൽ അവിടെയുള്ള അനേകായിരം സാധുക്കളായ തൊഴിലാളികൾക്ക് വൈദ്യസഹായം കിട്ടുവാൻ സൌകര്യമായിത്തീരുന്നതായിരിക്കും. ഇന്നു് അവിടെയുള്ള തൊഴിലാളികൾ ഈ ആയുർവേദ ഡിസ്പെൻസറിയേയാണ് ആശ്രയിച്ചിരിക്കുന്നതു്. പട്ടണപ്രാന്തങ്ങളിൽ ആശുപത്രികളുണ്ടാക്കുന്നതിൽ താൽപര്യം കാണിക്കുന്ന ഈ ഗവണ്മെൻറ് ഗ്രാമപ്രദേശത്തുള്ള ഈ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്താത്തതു് ഏററവും പരിതാപകരമാണ്. കുട്ടനാട്ടിലെ ജനങ്ങളിൽ 75 ശതമാനവും തൊഴിലാളികളാണ്. ബാക്കി 25 ശതമാനം ഇടത്തരം സമ്പന്നരുമാണ്. സമ്പന്നർക്ക് വൈദ്യസഹായത്തിനുവേണ്ടി എവിടേയും പോകാൻ സാധിക്കും.

ശ്രീ. പി. കെ. കുഞ്ഞു്: അവിടെ ഒരു അലോപ്പതിക്ക് ഡിസ്പെൻസറി കിട്ടുകയാണെങ്കിൽ ഈ വിഷമങ്ങളെല്ലാം പരിഹരിക്കപ്പെടുമോ?

ശ്രീ. എൻ. നാരായണക്കുറുപ്പ്: ഒരു അലോപ്പതിക്ക് ഡിസ്പെൻസറി കിട്ടുകയാണെങ്കിൽ അത്രയും പരിഹാരമാകും. ഒരു ആയുർവേദ ആശുപത്രിയാണ് അവിടെ ഏററവും ആവശ്യമായിട്ടിരിക്കുന്നതു്.

അതുകൊണ്ട് ശുദ്ധജലം സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനുംവേണ്ടി കുട്ടനാട്ടിലേയ്ക്കു് പ്രത്യേകം ഒരു സ്കീം നടപ്പിൽവരുത്തണമെന്നു് ഞാൻ ഗവണ്മെൻറിനോട് അപേക്ഷിക്കുകയാണ്.

ഗ്രാമപ്രദേശങ്ങളിലേയ്ക്കു് വൈദ്യുതലയിൻ നീട്ടുന്നതിനെപ്പററിയും എനിക്കു് രണ്ടുവാക്കു് സംസാരിക്കാനുണ്ടു്. കുടിൽവ്യവസായം ഇവിടെ പോഷിപ്പിക്കണമെങ്കിൽ അതു് വെറും കൈകൊണ്ടു് വേലചെയ്യുന്ന ഏർപ്പാടു മാത്രമാണെങ്കിൽ അതുകൊണ്ടു് വലിയ ആദായം കിട്ടുകയില്ല. ജപ്പാനിലും മററും ഉള്ളതുപോലെ എല്ലാ ഗ്രാമങ്ങളിലും പൗവ്വർലൂം ഉപയോഗിക്കുവാനും, അവക്കു് ലൂമും മററും കൊടുത്തു് അതിന്റെ കൂലി കൊടുക്കുവാനും ഉള്ള വ്യവസ്ഥ ഉണ്ടാക്കി കുടിൽവ്യവസായത്തെ പോഷിപ്പിക്കണമെങ്കിൽ ഗ്രാമങ്ങളിലെല്ലാം ഇലക്ട്രിഫിക്കേഷൻ പദ്ധതി ആവശ്യമാണു്. ഗവണ്മെൻറു് തുടങ്ങിയിട്ടുള്ള പദ്ധതികളെല്ലാം രാമേശ്വരത്തെ ക്ഷൗരംപോലെ ഇരിക്കുകയാണു്. ഗവണ്മെൻറു് ഒരു പദ്ധതി തുടങ്ങിയാൽ അതു് പൂർത്തിയാക്കുവാൻ ഉത്സാഹിച്ചുകാണുന്നില്ല. എന്റെ നിയോജകമണ്ഡലത്തിലെ സ്ഥിതി അങ്ങനെയാണെന്നു് പറയാതിരിക്കുവാൻ നിവൃത്തിയില്ല. ഉദാഹരണമായി തലവടി, കോഴിമുക്കു് പഞ്ചായത്തു് അതിർത്തിയിൽ ഇലക്ട്രിഫിക്കേഷനുള്ള മെയിൻലയിൻ വലിച്ചു് തൂണുകളും നാട്ടി. അതിനുശേഷം ട്രാൻസ്ഫോർമർ കൊണ്ടുവന്നു. അവിടെ എടത്വാ പള്ളിയിലെ പെരുന്നാളിനു് 129 മേടത്തിൽ താല്ക്കാലികമായ കണക്ഷൻ കൊടുത്തു. ഇതുകണ്ടു് ഇലക്ട്രിസിററി കണക്ഷൻ ഉടനേ കിട്ടുമല്ലോ എന്നുകരുതി എല്ലാ ആളുകളും അവരുടെ വീടുകളിൽ വളരെ പണം ചെലവുചെയ്തു് വയറിംഗ് ചെയ്തു. എന്നാൽ ഇപ്പോഴും അവിടേയ്ക്കു് ലൈൻ വലിക്കുവാൻ അനുവാദം കൊടുത്തിട്ടില്ല. എൽ. ടി. ലയിൻ വലിച്ചെങ്കിലേ വിദ്യുച്ഛക്തി വിതരണം നടത്തുകയുള്ളുവെന്നും അതിനനുവാദമില്ലെന്നും അധികാരികൾ പറയുന്നു. ഗവണ്മെൻറു് ഒന്നു തുടങ്ങിയാലും രാമേശ്വരത്തെ ക്ഷൗരംപോലെ അതു് പൂർത്തിയാക്കാതെ ഇടയ്ക്കുവച്ചു നിറുത്തുന്ന ഏർപ്പാടു് അവസാനിപ്പിക്കണം. ഗ്രാമങ്ങളെ ഉദ്ധരിക്കുവാൻവേണ്ടി ഗവണ്മെൻറു് പ്രത്യേകം ശ്രദ്ധിക്കണം. തലവടി കോഴിമുക്കു് പഞ്ചായത്തതിർത്തിയിൽ ഉടനടി എൽ. ടി. ലയിൻ വലിക്കുന്നതിനും തദ്വാരാ വൈദ്യുതദീപത്തിനു് കറണ്ടു കൊടുക്കുന്നതിനും വേണ്ട സത്വരനടപടി നടത്തണമെന്നപേക്ഷിച്ചുകൊണ്ടു് ഞാൻ ഉപസംഹരിക്കുന്നു.

ശ്രീ. ടി. കെ. ദിവാകരൻ: സർ, പതിന്നാലുദിവസമായി ബഡ്ജററിനെപ്പററി വളരെയധികം ചർച്ചകൾ നടക്കുകയും ആ ചർച്ചകളെല്ലാം മിക്കവാറും അവസാനിച്ചുകഴിഞ്ഞിരിക്കുകയുമാണു്. ഈ രാജ്യത്തെ ഏററവും സജീവപ്രശ്നമായ തൊഴിലില്ലായ്മയെപ്പററി ഇന്നത്തെ ഔദ്യോഗികപ്രതിപക്ഷത്തിന്റെ നേതാവായ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ഒരു ഖണ്ഡനോപക്ഷേപം അവതരിപ്പിച്ചുകൊണ്ടു് വളരെ ശ്രദ്ധേയമായ ഒരു പ്രസംഗം ചെയ്യുകയുണ്ടായി. അതിനു് വ്യക്തമായ യാതൊരുറപ്പും ഔദ്യോഗികപക്ഷത്തുനിന്നും ഉണ്ടാകാതെ തന്നെ അദ്ദേഹം ആ ഉപക്ഷേപം പിൻവലിക്കുകയും ചെയ്യുകയുണ്ടായി. പക്ഷേ, യഥാർത്ഥത്തിൽ കാൺഗ്രസ്സിന്റെ പിൻതുണയോടുകൂടിയാണു് തങ്ങൾ ഭരിക്കുന്നതെന്നുള്ള അനുസ്മരണയ്ക്കുവേണ്ടിയും അതിന്റെ അടിസ്ഥാനത്തിലുള്ള ഒരുറപ്പിനുവേണ്ടിയുമായിരുന്നു പ്രധാനമായി ഉപക്ഷേപം അവതരിപ്പിച്ചതെന്നു് മുഖ്യമന്ത്രിയുടെ മറുപടിപ്രസംഗത്തിൽനിന്നു് ഏറെക്കുറെ മനസ്സിലാക്കുവാൻ കഴിഞ്ഞു. സർ, ഇന്നു് ഈ നിയമസഭ തുടങ്ങിക്കഴിഞ്ഞതിനുശേഷം നമ്മുടെ സാമ്പത്തികരംഗത്തു്

[ശ്രീ. ടി. കെ. ദിവാകരൻ]

വലിയ മാററങ്ങൾ ഉണ്ടാകുന്ന ഒരു സ്ഥിതി ഉണ്ടായിക്കൊണ്ടിരിക്കുന്നു. നമ്മുടെ കാർഷികോല്പന്നങ്ങൾക്കു് വില വളരെ ഇടിഞ്ഞുകഴിഞ്ഞിരിക്കുകയാണു്. മററു വ്യാവസായികരംഗങ്ങളിലും കൂടുതൽ കൂടുതൽ രൂക്ഷതരമായ വിധത്തിൽ തൊഴിലില്ലായ്മ അനുഭവപ്പെട്ടുതുടങ്ങിയിട്ടുണ്ടു്. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന [illegible] നമ്മുടെ സാമ്പത്തികരംഗത്തു് പലവിധത്തിൽ മാററങ്ങളുണ്ടാകുവാൻ [illegible]മാകുകയും ചെയ്യും. അന്താരാഷ്ട്രീയരംഗത്തു് നോക്കിയാലും 1930-ൽ മുതലാളിത്തലോകം അനുഭവിച്ചപോലെയുള്ള ഒരു സാമ്പത്തികത്തകർച്ചയിലേയ്ക്കു് മിക്ക രാഷ്ട്രങ്ങളും നീങ്ങിക്കൊണ്ടിരിക്കുകയാണെന്നു കാണാം. കയർ, കുരുമുളകു്, റബ്ബർ ഇവ തുടങ്ങിയിട്ടുള്ള നമ്മുടെ കയററുമതിസാധനങ്ങൾക്കെല്ലാം ഉണ്ടായിരിക്കുന്ന വിലയിടിവു് അതിന്റെ നാന്ദിയാണു്. വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയും, കാർഷികോല്പന്നങ്ങളുടെ വിലയിടിവും ഒരു സാമ്പത്തികത്തകർച്ചയ്ക്കുള്ള വേദി കൂട്ടിക്കൊണ്ടിരിക്കുകയാണു്. ഇൻഡ്യയെ സംബന്ധിച്ചു് കാൺഗ്രസ്സിന്റെ മഹാരഥന്മാർ എല്ലാംതന്നെ വളരെയധികം ഉയർത്തിക്കാണിക്കുന്ന പഞ്ചവത്സരപദ്ധതിയുടെ സുഗമമായ പ്രവർത്തനത്തെ ഈ വിലയിടിവു് ബാധിക്കുന്നതാണെന്നു് അതിന്റെ പ്രയോക്താക്കൾതന്നെ അടുത്ത കാലത്തു് സംശയിച്ചുതുടങ്ങിയിട്ടുണ്ടു്. ഈ അവസരത്തിൽ ഇൻഡ്യയിൽ എല്ലാ സംസ്ഥാനങ്ങളിലും ഇന്നിരിക്കുന്ന ഗവണ്മെൻറുകളിൽ വ്യത്യസ്തമായി മറെറാരു രാഷ്ട്രീയകക്ഷിയുടെ ഭരണം നിലവിലിരിക്കുന്ന ഒരു സംസ്ഥാനമെന്നനിലയിൽ ഈ സംസ്ഥാനത്തിന്റെ പ്രത്യേകമായ വ്യക്തിമുദ്രയും നയവും ഈ ബഡ്ജററിൽ ഇല്ലെന്നുള്ളതു് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. ഈ കാര്യത്തിലുള്ള ഗവണ്മെൻറിന്റെ പരാധീനത എനിക്കു് നല്ലപോലെ അറിയാം. ഇന്നും ന്യൂനപക്ഷകക്ഷിയായിരിക്കുന്ന കാൺഗ്രസ്സിന്റെ പിൻതുണയോടുകൂടിയും അവരുടെ ആശീർവാദത്തോടുകൂടിയും ഭരണത്തിലിരിക്കുന്ന ഒരു കക്ഷിയ്ക്കു്, ആ കക്ഷിയ്ക്കു് സ്വന്തമായി എത്ര നല്ല പരിപാടികൾതന്നെയും ഉണ്ടായിരുന്നാലും നടപ്പിൽവരുത്താൻ സാദ്ധ്യമല്ലെന്നു് സമ്മതിക്കുന്ന അതേ അവസരത്തിൽ പി. എസ്സ്. പി. ഗവണ്മെൻറിന്റെ വ്യക്തമായ വ്യക്തിമുദ്ര യാതൊന്നും ബഡ്ജററിലില്ലെന്നു മാത്രമാണു് ബഡ്ജററിന്റെ പതിന്നാലാംദിവസത്തെ ചർച്ചാദിനമായ ഇന്നു് എനിക്കു പറയുവാനുള്ളതു്. കാൺഗ്രസ്സ് ഗവണ്മെൻറിന്റെ പ്രവൃത്തികളിൽനിന്നും വ്യത്യസ്തമായ ഒന്നും ഈ ബഡ്ജററു് മെമ്മോറാണ്ടത്തിൽ കാണുവാൻ കഴിയുന്നില്ലെന്നുള്ള വിവരം ഞാൻ സഭാനേതാവിനെ അറിയിക്കുകയാണു്. കഴിഞ്ഞ തിരഞ്ഞെടുപ്പുകാലത്തു് നടന്ന ചില സംഗതികൾ ഞാൻ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഈ രാജ്യത്തു് കാൺഗ്രസ്സ് ഭരണം അവസാനിക്കണമെന്നും കഴിഞ്ഞ ആറുകൊല്ലമായി നമ്മുടെ സാമ്പത്തികവും സാമൂഹ്യവുമായ രംഗത്തു് ആവക കാര്യങ്ങളിലേയ്ക്കു് ശ്രദ്ധിച്ചിട്ടില്ലാത്ത ഒരു ഗവണ്മെൻറു് ഇവിടെനിന്നു പോകണമെന്നുമുള്ള ആഗ്രഹത്താൽ കഴിഞ്ഞ തിരഞ്ഞെടുപ്പുകാലത്തു് ജനങ്ങൾ കാണിച്ച വികാരാവേശങ്ങളിലേയ്ക്കു് ഇന്നത്തെ മുഖ്യമന്ത്രിയുടെ ശ്രദ്ധയെ ഞാൻ ക്ഷണിക്കുകയാണു്. മുഖ്യമന്ത്രി അധികാരത്തിൽ വന്നതിനുശേഷം ഏതു രംഗത്തു് നോക്കിയാലും പരാജയമാണു് അദ്ദേഹത്തിനുണ്ടായിട്ടുള്ളതു്. സർ, ആദ്യമായി അദ്ദേഹത്തിന്റെ ഭരണത്തിന്റെ മാററു് അനു

ഭവപ്പെടുന്നതു് സർവ്വീസിനെ സംതൃപ്തിപ്പെടുത്തുവാനുള്ള ഗവണ്മെന്റിന്റെ കഴിവിൽനിന്നാണു്. ഇവിടത്തെ സർവ്വീസിനെ സംബന്ധിച്ചിടത്തോളം കഴിഞ്ഞകാലത്തുണ്ടായിരുന്നതായ അതേ അഴിമതിയും അസംതൃപ്തിയും ഇന്നും നിലനിൽക്കുകയാണു്. സെക്രട്ടറിയേറ്റിലുള്ള ഗവണ്മെന്റുജീവനക്കാരുടെ ഇടയിൽപോലും സംതൃപ്തി സ്ഥാപിക്കുവാൻ സാധിച്ചിട്ടില്ല. സോഷ്യലിസത്തിന്റെ പേരിൽ ഭരിക്കുന്ന ഒരു ഗവണ്മെന്റിനു് ഗവണ്മെന്റും ജനങ്ങളുമായിട്ടുള്ള ബന്ധത്തിൽ എത്രമാത്രം അടുപ്പമുണ്ടാക്കുവാൻ കഴിഞ്ഞുവെന്നുള്ളതു് പരിശോധിക്കുകയാണെങ്കിൽ ഒരു ഭരണമാറ്റം നമുക്കു്. അനുഭവപ്പെടുന്നില്ല. കാൺഗ്രസ്സു് ഗവണ്മെന്റിൽനിന്നും വ്യത്യസ്തമായ മനോഭാവം പൊതുവായി ആകെക്കൂടി സർവ്വീസിൽ വളർത്തുവാൻ ഈ ഗവണ്മെന്റിനു് കഴിഞ്ഞിട്ടില്ലാ എന്നുള്ളതു് ഈ ഗവണ്മെന്റിന്റെ ഒരു പരാജയമായിട്ടു് കാണാവുന്നതാണു്.

ഇന്നത്തെ സിവിൽസർവ്വീസ് നോക്കുകയാണെങ്കിൽ പഴയപോലെ കടലാസുവച്ചു താമസിപ്പിക്കുക, നോട്ടുകൾ എഴുതുക, ഉത്തരങ്ങൾ എഴുതിവയ്ക്കുക ഇതൊക്കെയാണു് കാണുന്നതു്. യാതൊരു വ്യത്യാസവും ജനകീയഭരണസമ്പ്രദായം നടപ്പിൽവന്നിട്ടും ഉണ്ടായിട്ടില്ല. ഇന്നു് സെക്രട്ടേറിയറ്റിലേക്കു കാലുവയ്ക്കുന്ന ആളുകൾക്കു് അവിടെ നിരത്തിവച്ചിരിക്കുന്ന അനവധി ബോർഡുകളാണു് ആദ്യമായി കാണാൻ സാധിക്കുന്നതു്. സെക്രട്ടറി, ഡപ്യൂട്ടി സെക്രട്ടറി, അഡീഷനൽ സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി ഇങ്ങനെ അനവധി സെക്രട്ടറിമാരുടെ ബോർഡുകൾ അവിടെ നിരത്തി വച്ചിട്ടുണ്ടു്. വ്യക്തികൾക്കുവേണ്ടി ഉദ്യോഗങ്ങൾ സൃഷ്ടിക്കുന്ന ഏർപ്പാടു് കാൺഗ്രസ് അധികാരത്തിൽ വന്ന കാലംമുതൽക്കെ ആരംഭിച്ചിട്ടുള്ളതാണു്. യഥാർത്ഥത്തിൽ പി. എസ്. പി. ഗവണ്മെന്റും അതിനെ തുടർന്നുകൊണ്ടുപോകുകയാണു ചെയ്യുന്നതു്. അടുത്തകാലത്തു നടന്ന സെക്രട്ടേറിയറ്റു സംയോജനത്തിനോടുകൂടി വീണ്ടും സെക്രട്ടറിമാരുടെ എണ്ണം വർദ്ധിപ്പിക്കുവാൻ ഇടയുള്ളതായി കാണുന്നു. ആരെങ്കിലും ഒരു നോട്ടു് എഴുതിയാൽ തന്റെ മുഴുവൻ ബുദ്ധിയും ഉപയോഗിച്ചു് അതിനെതിരായി മറ്റൊരു നോട്ടു് എഴുതുവാനുള്ള സാമർത്ഥ്യമാണു് സെക്രട്ടേറിയറ്റിലുള്ളതു്. ഇന്നും അതാണു് കാണിക്കുന്നതു്. രാജ്യത്തിന്റെ അടിയന്തിരമായ ആവശ്യത്തേയും ജനക്ഷേമതാൽപ്പര്യത്തേയും മുൻനിറുത്തി കാലത്തിനു അനുസരണമായ രീതിയിൽ കാലതാമസം വരാതെ ഏതെങ്കിലും ഒരു സംഗതിയെ സംബന്ധിച്ചു് ഒരു തീരുമാനം ഉണ്ടാക്കുക എന്നുള്ള രീതി ഇനിയും ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നതു്. സർവ്വീസ്സംയോജനകാര്യത്തിൽ ഗവണ്മെന്റിനെ അനുമോദിക്കേണ്ടതായില്ലെന്ന ഒരു അഭിപ്രായം മറുഭാഗത്തു കാണുകയുണ്ടായി. സംയോജനം സംബന്ധിച്ചു് അടിയന്തിര നടപടികൾ സ്വീകരിച്ചതിനു് ഗവണ്മെന്റിനെ അഭിനന്ദിക്കേണ്ടതായി ഉണ്ടെങ്കിലും അതിലും പല അനീതികളും കാണുന്നുണ്ടു്. ഇന്നത്തെ പബ്ലിക്ക്സർവ്വീസ് നോക്കിയാൽ ഏതൊരാളെ വിളിച്ചുചോദിച്ചാലും അവരുടെ അസംതൃപ്തിയെപ്പറ്റിയും സങ്കടത്തെപ്പറ്റിയും ഉള്ള നീണ്ട കഥകളാണു് അവർക്കു പറയുവാനുള്ളതു്. അങ്ങനെ അസംതൃപ്തമായ ഒരു സിവിൽ സർവ്വീസ് ഇപ്പോഴും രാജ്യത്തുണ്ടായിരിക്കുന്നതു് ജനാധിപത്യത്തിന്റെ വിജയത്തിനു യോജിച്ചതല്ല. ടൈംസ്കെയിൽ നടപ്പിലാക്കുന്ന കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണു്. ഇന്നു് ഇരിക്കുന്ന ഗ്രേഡു് സമ്പ്രദായത്തെ വ്യക്തികൾ പലതരത്തിൽ

[ശ്രീ. ടി. കെ. ദിവാകരൻ]

ദുരുപയോഗപ്പെടുത്തുന്നുണ്ട്. അമിതമായ സ്വാധീനം ചെലുത്തി പലരും അനർഹമായ നിലയിൽ ഉയർന്ന ഗ്രേഡിൽ കയറിക്കൂടുന്നുണ്ട്. ചില ഡിപ്പാർട്ടുമെൻറ അദ്ധ്യക്ഷന്മാരെയോ മന്ത്രിമാരെയോ സ്വാധീനപ്പെടുത്തി ഒരു ഡിപ്പാർട്ടുമെൻറിൽനിന്നും വേറൊരു ഡിപ്പാർട്ടുമെൻറിലേക്കു ചാടി, അവിടെനിന്നും മറ്റൊരു ഡിപ്പാർട്ടുമെൻറിലേക്കു ചാടി അങ്ങനെ ഓരോ ചാട്ടത്തിലും ഓരോ ഗ്രേഡ് വീതം പടിപടിയായി ഉയർന്നുകൊണ്ടുപോകുന്ന ഒരു നില ഇന്നു തിരുവിതാംകൂർ-കൊച്ചിയിൽ കാണുന്നുണ്ട്. ഇതു് തുല്യസർവീസുകാർക്ക് അസംതൃപ്തിയുണ്ടാകുവാൻ ഒരു പ്രധാനകാരണമാണ്. സർവീസിനെ സംബന്ധിച്ചിടത്തോളം അതിലുള്ള ആളുകൾ തമ്മിൽ പരസ്പരസ്നേഹവും വിശ്വാസവും കാണിക്കേണ്ടതിനുപകരം പരസ്പരം വിദ്വേഷവും പരസ്പരം ദ്രോഹവുമാണ് ഇന്നു കാണിച്ചുകൊണ്ടിരിക്കുന്നതു്. അതുപോലെതന്നെയാണ് ശമ്പളത്തിന്റെ കാര്യവും. ഒരു ഗവണ്മെന്റെന്നുള്ള നിലയിൽ പുറത്തു പരസ്യപ്പെടുത്താൻതന്നെ ലജ്ജതോന്നത്തക്കവണ്ണം അത്രക്കുമാത്രം ശമ്പളക്കുറവാണ് ഇവിടത്തെ ഉദ്യോഗസ്ഥന്മാർക്കുള്ളതു്. ഇന്നു ഇൻഡ്യാ, ഏകമാണ്, അവിഭാജ്യമാണ് എന്നെല്ലാം കാൺഗ്രസിന്റെ നേതാക്കന്മാർ പഞ്ചവത്സരപദ്ധതിയെപ്പറ്റി ചൂണ്ടിക്കാണിച്ചു് ഉൽഘോഷിക്കാറുണ്ട്. ഇതു ശരിയാണെങ്കിൽ ക്ഷേമരാഷ്ട്രത്തിന്റെ അവിഭാജ്യഘടകങ്ങളിൽ ഒന്നായി കണക്കാക്കുന്ന തിരുവിതാംകൂർ-കൊച്ചി സർവീസിലുള്ളവരും അതുപോലെ തിരുവിതാംകൂർ-കൊച്ചിയിലെ ജനങ്ങളും കൂടുതൽ കഷ്ടപ്പാടു അനുഭവിക്കുന്നതു് ഏതു അടിസ്ഥാനത്തിൽ ആണെന്നുകൂടി ചിന്തിക്കേണ്ടതാണ്. ഇൻഡ്യാഗവണ്മെന്റിനെക്കൊണ്ടു് ഈ കാര്യം ചിന്തിപ്പിക്കുവാൻ ഗവണ്മെന്റ് തയ്യാറാകണം. ഇന്നത്തെ മുഖ്യമന്ത്രിയായ ശ്രീ. പട്ടം താണുപിള്ള കാൺഗ്രസ് ഗവണ്മെന്റ ഇവിടെ അധികാരത്തിൽ ഇരുന്നപ്പോൾ, നമ്മുടെ അവകാശങ്ങളെപ്പറ്റി നട്ടെല്ലു നിവർന്നു ഈ ഗവണ്മെന്റ കേന്ദ്രഗവണ്മെന്റിനോടു് ആവശ്യപ്പെടാത്തതിനെപ്പറ്റി ഉശിരേറിയ പ്രസംഗങ്ങൾ ഇവിടെ ചെയ്തിട്ടുണ്ട്. പക്ഷെ ഇന്നു് കേന്ദ്രത്തെ ചൊല്ലി കണ്ണുനീർ ഒഴുക്കുന്നതല്ലാതെ കേന്ദ്രത്തോടു് ഉറച്ചുനിന്നുകൊണ്ടു് നമ്മുടെ പ്രശ്നങ്ങൾ കേന്ദ്രത്തെക്കൊണ്ടു് പരിഹരിപ്പിക്കുവാൻ ആത്മാർത്ഥമായ ശ്രമം ഈ ഗവണ്മെന്റ ചെയ്തിട്ടില്ല. പല അംഗങ്ങളും കേന്ദ്രഗവണ്മെന്റിന്റെ അനാസ്ഥയെപ്പറ്റി ആലോചിക്കുന്നതിനു ഒരു ദിവസത്തെ ചർച്ച ആവശ്യമാണെന്നു ആവശ്യപ്പെട്ടിട്ടും ഗവണ്മെന്റ ഭാഗത്തുനിന്നും അതിനെപ്പറ്റി യാതൊന്നും പറഞ്ഞില്ല.

ഈ രാജ്യത്തിന്റെ പ്രശ്നം പ്രത്യേകമായിട്ടുള്ളതാണ്. ഭൂമിയുടെ മേലുള്ള സമ്മർദ്ദം അനുദിനം വളർന്നുവരുന്നു. ജനസംഖ്യ അമിതമായി വർദ്ധിച്ചിരിക്കുന്നു. വിദ്യാസമ്പന്നന്മാരെക്കൊണ്ടു് രാജ്യം സമൃദ്ധമായിരിക്കുകയാണ്. തൊഴിലില്ലായ്മ വേണ്ടുവോളമുണ്ട്. ഗതാഗതസൌകര്യങ്ങളെ സംബന്ധിച്ചിടത്തോളം ഇൻഡ്യയിലെ പദ്ധതികളൊന്നുംതന്നെ നമുക്കു പര്യാപ്തമല്ല. ഇൻഡ്യയിലെ ഇതരഭാഗങ്ങളിലെ ഗ്രാമജീവിതം പോലെ അല്ല ഇവിടത്തെ ഗ്രാമജീവിതം. അതുകൊണ്ടു് ഇവിടത്തെ പ്രത്യേകമായ സ്വഭാവത്തിൽതന്നെ നമ്മുടെ അവകാശങ്ങളെപ്പറ്റി നാം കേന്ദ്രത്തോടു് ആവശ്യപ്പെടേണ്ടതാണ്. ഇന്നുവരെ ഗവണ്മെന്റ് അതിലേക്കു് സുശക്തമായ നടപടികൾ എടുത്തിട്ടില്ല. അതിനുള്ള

നടപടികൾ എടുത്താൽ ഈ സഭയുടെ എല്ലാ ഭാഗത്തുനിന്നും ഉറച്ച പിൻതുണ ഗവണ്മെൻറിനുണ്ടാകുന്നതാണ്. മുൻമന്ത്രിയായിരുന്ന ശ്രീ. എ. ജെ. ജാൺ ആവേശത്തോടുകൂടി ഗവണ്മെൻറിനു ആവശ്യമത്രയിൽ പിൻതുണകൊടുക്കേണ്ടതാണെന്നു അദ്ദേഹത്തിൻെറ പ്രസംഗത്തിൽ സൂചിപ്പിക്കയുണ്ടായി. ആളുകൾക്ക് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ഇവിടെ തിരുവിതാംകൂർ-കൊച്ചി ഇൻറഗ്രേഷൻ നടന്നു; ഇൻറഗ്രേഷനിൽ ഉണ്ടായിരുന്ന ക്രമക്കേടുകളെപ്പററി, വിശേഷിച്ചും സിവിൽ സർവ്വീസ് സംയോജനത്തിലുണ്ടായിട്ടുള്ള ക്രമക്കേടുകളെപ്പററി അന്വേഷിക്കുവാൻ ഒരു കമ്മീഷനെ ഏർപ്പെടുത്തി ആ വക അനീതികൾക്ക് പരിഹാരം കാണേണ്ടതാണ്.

ഇനി എനിക്ക് നമ്മുടെ ഗവണ്മെൻറിൽനിന്നും കേന്ദ്രത്തിലേക്കു അയച്ച സിവിൽസർവ്വീസ് ഉദ്യോഗസ്ഥന്മാരെപ്പററിയാണ് പറയുവാനുള്ളത്. ഇവിടെ കോൺഗ്രസ് ഗവണ്മെൻറ് അധികാരത്തിലിരുന്നപ്പോൾ കേന്ദ്രത്തിലേക്കു അയച്ച നമ്മുടെ സിവിൽസർവ്വീസ് ഉദ്യോഗസ്ഥന്മാരെപ്പററിയും അവർ അവിടെ അനുഭവിക്കുന്ന വിഷമതകളെപ്പററിയും ഒരു ചർച്ച നടത്തുകയുണ്ടായി. ആ ചർച്ചയിൽ അവരുടെ അവശതകൾ എത്രയും വേഗത്തിൽ പരിഹരിക്കുവാൻ കേന്ദ്രഗവണ്മെൻറിനോട് ആവശ്യപ്പെടണമെന്നുള്ള കാര്യത്തിൽ ഈ സഭയിലെ എല്ലാഭാഗത്തുമുള്ള ആളുകൾ അനുകൂലിക്കുകയും ചെയ്തു. പക്ഷെ ഇതുവരെ യാതൊരു മാററവും കേന്ദ്രഗവണ്മെൻറിലേക്കു അയച്ച ഉദ്യോഗസ്ഥന്മാർക്ക് ഉണ്ടായിട്ടില്ല. ടെലഫോൺ ഡിപ്പാർട്ടുമെൻറിലെ ഭൂരിപക്ഷം ആളുകളേയും സ്ഥിരപ്പെടുത്തിയിട്ടില്ല. ചില ആളുകൾ ഇന്നും ടെമ്പററിയായിട്ടു തന്നെ ആ ഡിപ്പാർട്ടുമെൻറുകളിൽ പ്രവർത്തിച്ചുവരുന്നു. പത്തും ഇരുപത്തും കൊല്ലം സർവ്വീസുള്ള ആളുകൾ കേവലം നാമമാത്രമായ പെൻഷനും പററി പിരിഞ്ഞുപോകേണ്ടതായിട്ടാണിരിക്കുന്നത്. അതുകൊണ്ട് അക്കാര്യത്തിൽ ഏററവും അടിയന്തിരവും ധീരവുമായ നടപടികൾ ഇന്നത്തെ മന്ത്രിസഭ എടുക്കണം. ഇന്നലെ ഇവിടെ ഒരു ചോദ്യത്തിനു മറുപടിയായി പറഞ്ഞത് കേന്ദ്രം ഫുഡ്സബ്സിഡിയെ സംബന്ധിച്ചിടത്തോളം വാഗ്ദാനം ചെയ്തിരുന്ന 75 ശതമാനംപോലും തരുന്നില്ലായെന്നാണ്. നമ്മുടെ അവകാശങ്ങൾ അവർ അവഗണിക്കുന്നു. അക്കാര്യത്തിൽ ശ്രീ. പട്ടം താണുപിള്ള അദ്ദേഹത്തിൻെറ നല്ല കഴിവുള്ള ശബ്ദം ഉയർത്തിതന്നെ കേന്ദ്രഗവണ്മെൻറിനോട് ആവശ്യപ്പെടുവാൻ മുതിരുമെന്നും ഞാൻ വിശ്വസിക്കുന്നു.

മറെറാരു കാര്യം തിരുവിതാംകൂർ ഗവണ്മെൻറിൻെറ മേൽനോട്ടത്തിലുള്ളതും ഗവണ്മെൻറ് പ്രോത്സാഹനത്തിൽ ആരംഭിച്ചിട്ടുള്ളതുമായ വ്യവസായങ്ങളെപ്പററിയാണ്. ആ വ്യവസായങ്ങളെപ്പററി പഴയ ഗവണ്മെൻറിൽനിന്നും വ്യത്യസ്തമായ യാതൊരു നയവും ആവിഷ്ക്കരിക്കുന്നതായി ബഡ്ജററു നോക്കിയാലും ധനകാര്യമന്ത്രിയുടെ പ്രസംഗം നോക്കിയാലും കാണുന്നില്ല. ഇവിടത്തെ മിനറൽ കമ്പനികളുടെ ഭാവി എന്തായിരിക്കുമെന്നു ഗവണ്മെൻറിനോട് ആവർത്തിച്ചാവർത്തിച്ചു ചോദിച്ചിട്ടും ഉത്തരം പറയുവാൻ ഗവണ്മെൻറിനു സാധിച്ചിട്ടില്ല. എനിക്കു ഗവണ്മെൻറിനോടു പറയുവാനുള്ളത് ഈ മിനറൽകമ്പനികൾ കേന്ദ്രഗവണ്മെൻറു ഏറെറടുക്കുന്നതിനുമുൻപ് പൊതുജനതാൽപ്പര്യമുൻനിറുത്തി ഇതിനൊരു മറുപടി പറയുവാനുള്ള സന്നദ്ധത ഗവണ്മെ

[ശ്രീ. ടി. കെ. ദിവാകരൻ]

ൻറിനുണ്ടാകണമെന്നാണ്. ആററംബാംബിൻെറയുംയുറേനിയത്തിൻെറയും മറവുംപേരിൽ ഈ മിനറൽ കമ്പനികളുടെ ഭരണം കേന്ദ്രഗവണ്മെൻറ ഏറെറടുത്തു നടത്തുവാനുള്ള സാദ്ധ്യത ഉണ്ടാകും. ചിലപ്പോൾ ചില നിയന്ത്രണങ്ങളും ചില ഉത്തരവുകളും ഉണ്ടാകാൻതന്നെ ഇടയുണ്ട്. അങ്ങനെ കേന്ദ്രം കണ്ണുവച്ചിരിക്കുന്ന ഈ വ്യവസായംകൂടി കേന്ദ്രത്തിലേക്കു പോയാൽ നമുക്കു ഇന്നു കിട്ടിക്കൊണ്ടിരിക്കുന്ന നല്ല ഒരു ധനാഗമമാർഗ്ഗം നാശപ്പെട്ടുപോകുകയെന്നുള്ളതായിരിക്കും ഫലം. അതുകൊണ്ട് അതിൻെറ യഥാർത്ഥം എന്താണെന്നു ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാനുള്ള ചുമതല ഇന്നത്തെ വ്യവസായമന്ത്രിക്ക് ഉണ്ടെന്നു ഞാൻ അദ്ദേഹത്തെ ഓർമ്മിപ്പിച്ചുകൊള്ളുന്നു.

വിദ്യാഭ്യാസരംഗത്ത് അദ്ധ്യാപകന്മാർ അനുഭവിച്ചുവരുന്ന അവശതകളെപ്പററി ശ്രീ. എം. പി. മേനോനും ശ്രീ. ഹോർമ്മീസും ഇവിടെ സംസാരിക്കുകയുണ്ടായി. വിശേഷിച്ചും പ്രൈവററ വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരെ സഹായിക്കേണ്ട ചുമതല ഇന്നത്തെ ഗവണ്മെൻറിനുണ്ട്. പ്രൈവററ സെക്കണ്ടറിസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം നിശ്ചയിക്കുന്ന കാര്യത്തിൽ ഒരു സ്പെഷ്യൽ ആഫിസറെ നിയമിച്ച് ഒരു കൊല്ലം കഴിഞ്ഞിട്ടും അവരുടെ ശമ്പളത്തെപ്പററി കാര്യമായി യാതൊന്നും തീരുമാനിക്കാതെ കിടക്കുകയാണ്. തീരുമാനിച്ച കാര്യങ്ങളിൽതന്നെ പല പരാതികളും ഉണ്ട്. ട്രെയിനിംഗിന് പോകുന്ന അദ്ധ്യാപകന്മാർക്ക് സ്റ്റൈപ്പൻറ കൊടുക്കണമെന്ന് ഉത്തരവുകൾ ഉണ്ടായിട്ടും കിട്ടാതെയാണിരിക്കുന്നത്.

കഴിഞ്ഞകൊല്ലം കാളേജിൽനിന്നും ബഹിഷ്കൃതരായ ഏതാനും വിദ്യാർത്ഥികളുടെ കാര്യംകൂടി ഈയവസരത്തിൽ വിദ്യാഭ്യാസമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു. യൂനിവേഴ്സററി പരമാധികാരമുള്ള ഒരു സമിതിയാണെന്നും അതുകൊണ്ട് അവിടെനിന്നും പുറംതള്ളപ്പെട്ട വിദ്യാർത്ഥികളെ എടുക്കുന്ന കാര്യത്തിൽ ഗവണ്മെൻറിനു യാതൊന്നും ചെയ്യാനില്ലെന്നും പറഞ്ഞതുകൊണ്ടു ഫലമില്ല. എന്തിനാണ് ഇവരെ ബഹിഷ്കരിച്ചത്? വളരെ ത്യാഗസമ്പൂർണ്ണമായ ഒരു സമരമാണ് അവർ നടത്തിയത്. 144-ാം വകുപ്പ് പ്രയോഗിക്കുവാനുള്ള സാഹചര്യംവരെ അന്നത്തെ സമരംമൂലമുണ്ടായി. അന്ന് ഇന്നത്തെ മുഖ്യമന്ത്രിതന്നെ ആ നിരോധനം ലംഘിക്കുമെന്നു പറയുകയും ഈ വിദ്യാർത്ഥികളെ തിരിച്ചെടുക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഒരു കാളേജു യൂനിയൻ വേണമെന്ന ഏററവും മിതവും ന്യായവുമായ ആവശ്യത്തിനു വേണ്ടിയാണ് അവർ സമരം നടത്തിയത്. യൂനിവേഴ്സിററി ഒരു ആട്ടോണമസ് ബാഡി ആണെന്നു പറഞ്ഞ് ആ കാര്യത്തിൽനിന്നും മാറാൻ ഗവണ്മെൻറിന് സാധിക്കുകയില്ലെന്ന് യൂണിവേഴ്സിററി ആക്ററിൽനിന്നും ചില വകുപ്പുകൾ ഉദ്ധരിച്ചുകൊണ്ട് ഞാൻ ഗവണ്മെൻറിനെ ബോദ്ധ്യപ്പെടുത്താം. ആക്ററ അഞ്ചാംവകുപ്പിൽ പറയുന്നത് ഇങ്ങനെയാണ്:

Rule 5. "No person shall be excluded from membership of any of the authorities of the University or from admission to any degree or course of study on the sole ground of sex, race, creed,

class or political views, and it shall not be lawful for the University to adopt or impose on any person any test whatsoever relating to religious belief or profession or political views in order to be entitled to be admitted to the University either as a teacher or a student or to graduation thereat or to enjoy or exercise any privileges thereof except where in any particular benefaction accepted by the University such condition is made thereof."

രാഷ്ട്രീയമായ യാതൊരു പരിഗണനയും വച്ചുകൊണ്ട് ഒരു വിദ്യാർത്ഥിയുടെ അഡ്മിഷൻ തടയാൻപാടില്ലെന്നു് യൂണിവേഴ്സിറ്റി ആക്റ്റിലെ അഞ്ചാംവകുപ്പിലെ ചട്ടം പ്രത്യേകം നിഷ്കർഷിക്കുന്നുണ്ട്. ഇരുപത്തിരണ്ടാംവകുപ്പിൽ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങളെപ്പററി ഗവണ്മെൻറിനു് അവരോട് സമാധാനം ചോദിക്കുവാനും അവ തിരുത്തുവാനും അവകാശമുണ്ടെന്നു് പറയുന്നു. (22-ബി)യിൽ പറയുന്നതു്:

Rule 22. "Our Government may, at any time, cause an inspection to be made by such person or persons as they may direct of the University, its buildings, laboratories, libraries museums, workshops and other appurtenances and of the institutions controlled by or admitted to the privileges of the University and also of teachings and other work conducted on behalf of the University and cause an enquiry to be made in respect of any matter connected with the University" എന്നാണു്.

സർ, ഈ വക വകുപ്പുകൾ അനുസരിച്ചു് ഇതിനെപ്പററി ഒരു കമ്മീഷനെവച്ചു് അന്വേഷണം നടത്തി ഇന്നു് വിദ്യാലയജീവിതം നഷ്ടപ്പെട്ടു പോയിരിക്കുന്ന മുപ്പത്തഞ്ചിൽപ്പരം വിദ്യാർത്ഥികളെ തിരിച്ചെടുക്കുന്നതിനുള്ള മൌലികവും ധാർമ്മികവുമായ ചുമതല ഇന്നത്തെ മുഖ്യമന്ത്രിക്കുണ്ടെന്നു് ഞാൻ അദ്ദേഹത്തെ ഓർമ്മിപ്പിക്കുന്നു.

സർ, ഡെവലപ്പ്മെൻറുപദ്ധതികളെ സംബന്ധിച്ചും ഇന്നു് വളരെ അധികം ശബ്ദം കേൾക്കുന്നുണ്ട്. ഡെവലപ്പ്മെൻറു പദ്ധതികൾക്കു വേണ്ടി ഉൾക്കൊള്ളിച്ചിട്ടുണ്ടായിരുന്ന തുക ഈ ഗവണ്മെൻറ് വെട്ടിക്കുറച്ചുവെന്നും മററും ആരോപിച്ചുകൊണ്ട് ഇവിടത്തെ ഔദ്യോഗിക പ്രതിപക്ഷത്തിൻെറ നേതാവു് മററുള്ള കക്ഷികളെയെല്ലാം ചുററികൊണ്ട് ഒരു പ്രസംഗംചെയ്തു. എന്നാൽ ഈ ഡെവലപ്പ്മെൻറു പദ്ധതികൾ എത്രമാത്രം ശ്രദ്ധയോടുകൂടിയാണു് കാൺഗ്രസ്സ്ഗവണ്മെൻറും ഈ ഗവണ്മെൻറും കൈകാര്യം ചെയ്തിട്ടുള്ളതു് എന്നുള്ളതിനെപ്പററി കാൺഗ്രസ്സ്ഗവണ്മെൻറും ഈ ഗവണ്മെൻറും ഇവയ്ക്കുവേണ്ടി നിയമിച്ചിട്ടുള്ള കമ്മിററികളിൽ ഉൾപ്പെടുത്തിട്ടുള്ള മെംബർമാരുടെ പേരുവിവരങ്ങൾ നോക്കിയാൽ മനസ്സിലാക്കാവുന്നതാണു്. ഈ മാതിരി കമ്മിററികളിൽ യഥാർത്ഥ ജനപ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് പുരോഗമിക്കണമെന്നു് ഗവണ്മെൻറിനു് ആഗ്രഹമില്ലെന്നു് ഇതിൽനിന്നു തെളിയുന്നുണ്ട്. രാഷ്ട്രീയമനോഭാവം വച്ചുകൊണ്ട്, എം. എൽ. എ. മാരെ തെരഞ്ഞെടുക്കാതെ ചില ഉദ്യോഗസ്ഥന്മാരെയും ഗവണ്മെൻറിനെ താങ്ങിനിൽക്കുന്ന ചില അനുദ്യോഗസ്ഥന്മാരെയുമാണു് ഡിസ്ട്രിക്റ്റ് ഡെവലപ്പ്മെൻറ് കമ്മിററികളിൽപോലും നിയമിക്കുന്നതു്. അടുത്ത പഞ്ചവൽസരപദ്ധതിയെപ്പററി ഈ ഗവണ്മെൻറ് ഇപ്പോൾ ആലോചിച്ചുകൊണ്ടിരിക്കുകയാണു്. ആ പദ്ധതിയുടെ പ്രവർത്തനത്തിലെങ്കിലും തിരഞ്ഞെടുക്കപ്പെട്ട സാമാജിക

[ശ്രീ. ടി. കെ. ദിവാകരൻ]

ന്മാരെ ഡിസ്ട്രിക്റ്റ കമ്മിററികളിൽ നിയമിച്ച് വേണ്ടതുപോലെ പ്രവർത്തിക്കണമെന്നു ഞാൻ ഗവണ്മെൻറിനോടു അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ നാഷണൽ എക്സ്റ്റൻഷൻ ബ്ലോക്കുകൾ തെരഞ്ഞെടുക്കുന്നതിലും അവയുടെ ഭരണത്തിലും അനുദ്യോഗസ്ഥസാമാജികന്മാരെ ഉൾപ്പെടുത്തുന്നതിനും അങ്ങനെ അവരുടെ അഭിപ്രായം പറയുന്നതിനുമുള്ള അവസരം ഉണ്ടാക്കിക്കൊടുക്കേണ്ടതാണ്.

എന്റെ നിയോജകമണ്ഡലത്തിനടുത്ത് നാർവീജിയൻ സ്കീമിന്റെ പ്രവർത്തനം നടക്കുന്നുണ്ട്. അതിന്റെ പ്രവർത്തനം തീരെ അനാശാസ്യമായ രീതിയിലാണ് നടക്കുന്നത്. ഏകദേശം 25 ലക്ഷത്തോളം രൂപാ ഇതുവരെ ചെലവായിട്ടുണ്ടെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. പക്ഷെ എന്നും കുറെ സായിപ്പന്മാർ ഒരു വിനോദയാത്ര പോകുന്നതും അങ്ങുമിങ്ങുമായി ഒന്നുരണ്ടു ഷെഡ്ഡുകൾ ഉയരുന്നതുമല്ലാതെ കാര്യമായി യാതൊന്നും നടന്നിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. അവിടെ മൂന്നുനാലു കെട്ടിടങ്ങളുണ്ട്. ഒരാശുപത്രിയിൽ ഏതാനംപേർക്ക് ചികിത്സയും നടക്കുന്നുണ്ട്. ഇത്രയുംമാത്രമെ നാർവീജിയൻ സ്കീമുകാരുടെ പ്രവർത്തനമായിട്ടു കാണുന്നുള്ളു. അവിടെ ഓവർസീയർ ആയിരിക്കുന്ന മി. ഒ. സി. ചെറിയാൻ അദ്ദേഹത്തിന്റെ പാക്കററിലേയ്ക്കു മുതൽ കൂട്ടുന്നതിനുവേണ്ടി ചില ശ്രമങ്ങൾ അവിടെ നടത്തിക്കൊണ്ടിരിക്കുന്നതായിട്ടു കാണാൻകഴിയും. ചുരുക്കിപ്പറഞ്ഞാൽ അവിടെ ഇന്ന് ഒരു ഓവർസീയരുടെ ഭരണം മാത്രമാണ് നടക്കുന്നത്. ആരെയെങ്കിലും അവിടെ നിയമിക്കണമെങ്കിൽ ഫിഷറീസ് ഡയറക്ടറുടെ ശുപാർശവേണമെന്നുംമററും പറഞ്ഞ് അവിടെയുള്ള ആളുകളെ ആരും അതിൽ നിയമിക്കാതെ സ്വന്തമായി മുതലെടുക്കുന്നതിന് ഇദ്ദേഹം ഇതൊരു വഴിയായി കണ്ടിട്ടുണ്ട്. ഈ സ്കീമിനെക്കുറിച്ച് അവിടത്തെ ജനങ്ങൾക്ക് എതിരാണുള്ളത്. അതുകൊണ്ട് നാർവീജിയൻ സ്കീമിന്റെ പ്രവർത്തനം കൂടുതൽ പ്രാദേശിക താൽപര്യമുള്ള പൊതുജന പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി നടത്തേണ്ടതാണ്. ഈ കാര്യത്തിൽ ഗവണ്മെൻറ് മുൻകൈ എടുത്തു പ്രവർത്തിക്കണം.

ഡീകൺട്രോൾമൂലം ഇന്ന് രാജ്യത്തെ തൊഴിലില്ലായ്മ വളരെ വർദ്ധിച്ചിരിക്കുകയാണ്. ഫുഡ് ട്രാൻസ്പോർട്ടുകൊണ്ട് ഇവിടത്തെ നാവികത്തൊഴിലാളികൾക്ക് തൊഴിൽ കിട്ടിക്കൊണ്ടിരുന്നു. കഴിഞ്ഞ പത്തുപതിനാലുകൊല്ലങ്ങളായി ഭക്ഷ്യധാന്യവിതരണം നടത്തിക്കൊണ്ടിരുന്ന ഈ രാജ്യത്തെ നാവികത്തൊഴിലാളികളിൽ നല്ലൊരു വിഭാഗത്തിന് തൊഴിലില്ലാതായിത്തീരുകയും അതുനിമിത്തം അവർ ക്ലേശങ്ങൾ അനുഭവിക്കുകയും ചെയ്യുന്നുണ്ട്. നാവികതൊഴിലാളികളുടെ വൈഷമ്യങ്ങൾ ബഹുമാനപ്പെട്ട പി. ഡബ്ലിയു. ഡി. മന്ത്രിക്കും തൊഴിൽവകുപ്പുമന്ത്രിക്കും നേരിട്ടറിയാവുന്നതാണ്. ഇതുപോലെതന്നെ ഭക്ഷ്യധാന്യങ്ങൾ ശേഖരിച്ചിരുന്ന ഗോഡൗണുകളിലും മററും ജോലി ചെയ്തിരുന്ന പതിനായിരക്കണക്കിനുള്ള ഹെഡ്ലോഡ് തൊഴിലാളികൾക്കും ഇന്നു തൊഴിലില്ലാതായിത്തീർന്നിട്ടുണ്ട്. ഡിപ്പാർട്ടുമെൻറിലുണ്ടായിരുന്ന എൻ. ജി. ഒ. മാരിൽ പലർക്കും കണ്ടിജൻസി ജീവനക്കാർക്കും ഇതുമൂലം തൊഴിലില്ലാതെ വന്നിട്ടുണ്ട്. അതേസമയം മററ സ്റ്റേററുകളിൽ വിനിയന്ത്രണം ഏർപ്പെടുത്തിയതോടുകൂടി അങ്ങനെ തൊഴിലില്ലാതെ വരുന്ന ആളുകൾക്ക് റയിൽവേ

യിൽ മുൻഗണന കൊടുക്കണമെന്ന് കേന്ദ്രഗവണ്മെന്റിനോട് ആവശ്യപ്പെടുകയും കേന്ദ്രഗവണ്മെന്റ് അതിനുവേണ്ട നിർദ്ദേശങ്ങൾ റയിൽവേ മിനിസ്ട്രിക്ക് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ ഗവണ്മെന്റ് ആ കാര്യത്തിൽ എന്തെങ്കിലും നടപടിയെടുത്തതായി അറിയുന്നില്ല. വി. നിയന്ത്രണം ഏർപ്പെടുത്തിയതോടുകൂടി തൊഴിലില്ലാതായ വരുന്ന സാമിൽതൊഴിലാളികൾക്ക വ്യാപാരികളെക്കൊണ്ട് ജോലി കൊടുപ്പിക്കുവാനും ഗവണ്മെന്റ് മുൻകൈ എടുത്തുപ്രവർത്തിക്കണം.

അടുത്തതായി എനിക്ക് പറയുവാനുള്ളതു് ഈ രാജ്യത്തുനിന്നും യാതൊരു നിയന്ത്രണവും ഇല്ലാതെ ഉരുളൻതടി കയററി അയയ്ക്കുന്നതുകൊണ്ട് രാജ്യത്തെ സാമിൽവ്യവസായത്തിനു സ്തംഭനവും വിറകിനു ദൗർലഭ്യവും നേരിട്ടിട്ടുണ്ടെന്നാണ്. പന്ത്രണ്ടരശതമാനം സർചാർജ്ജ് ചുമത്തിയിട്ടുണ്ട്. അതുകൊണ്ട് അവയ്ക്കു മററു നിയന്ത്രണങ്ങൾ ആവശ്യമില്ലായെന്ന് ഒരു ചോദ്യത്തിനുത്തരമായി മന്ത്രി പറയുകയുണ്ടായി. ഈ ഉരുളൻതടികൾ ഉരുപ്പടികളായി പണിചെയ്ത് പുറത്തേയ്ക്ക് അയയ്ക്കുകയാണെങ്കിൽ രാജ്യത്തിനു കൂടുതൽ ആദായം കിട്ടുന്നതുകൂടാതെ ഒരു വലിയ വിഭാഗം ജനങ്ങൾക്ക് തൊഴിൽ കിട്ടുകയും ചെയ്യുന്നതാണ്. കുറഞ്ഞ ചിലവിൽ വ്യവസായാവശ്യങ്ങൾക്കും പൊതുജനങ്ങൾക്കും വിറകു ലഭിക്കുന്നതിനും സൗകര്യം ലഭിക്കും. സാമിൽ തൊഴിലാളികളുടെ അവശതകൾക്ക് ഒരു ചെറിയ തോതിൽ ഇതു് ഒരു പരിഹാരമായിരിക്കും.

കൊല്ലത്ത് ഏകദേശം പതിനഞ്ചോളം ഓട്ടുകമ്പനികൾ പ്രവർത്തനം നടത്തുന്നുണ്ട്. അവിടെയും തൊഴിലില്ലായ്മ വളരെ വർദ്ധിച്ചിട്ടുണ്ട്. അതേ അവസരത്തിൽ ഓട് വേവിക്കുന്നതിനുള്ള വിറകിന്റെ ദൗർലഭ്യം മൂലം വിറകിന് ക്രമത്തിലധികം വില വർദ്ധിച്ചിട്ടുണ്ട്. ഈ കമ്പനികൾക്ക് ന്യായമായിട്ടുള്ള വിലയ്ക്കു വിറകു ലഭിക്കുന്നതിനുള്ള വേണ്ട ഏർപ്പാടു ചെയ്യേണ്ടതാണ്. ഇതിനെസംബന്ധിച്ച് ഒന്നുകൂടി പറയുവാനുണ്ട്. സി. പി. മാമന്റെയും എച്ച്. ആന്റ് സി. കമ്പനിയിൽനിന്നും ഉള്ള ഓടുകൾമാത്രമേ വാങ്ങിക്കാവൂ എന്ന് ഗവണ്മെന്റിൽനിന്നും വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിനും മററു ഡിപ്പാർട്ടുമെന്റുകൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതായി അറിയുന്നു. ഈ കമ്പനികളോടുമാത്രം ഒരു പ്രത്യേകത കാണിക്കുന്നതു ശരിയല്ല. നല്ല ഓട് കിട്ടുന്ന ഏതു കമ്പനികൾക്കും ആഡേഴ്സ് കൊടുക്കേണ്ടതാണ്.

മറെറാരുകാര്യം ഇവിടത്തെ പോലീസിനെക്കുറിച്ചാണ്. ഇവിടത്തെ പോലീസിന്റെ Morale-നെപ്പററി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. കഴിഞ്ഞ കോൺഗ്രസ്സിന്റെ ഭരണകാലത്ത് പൊയ്ക്കൊണ്ടിരുന്ന അതേ വഴിതന്നെയാണ് ഇപ്പോഴും പോലീസ് പൊയ്ക്കൊണ്ടിരിക്കുന്നതു്. പറവൂരിൽ മി. ബെഷീറിനുണ്ടായ അനുഭവം ചീഫ് മന്ത്രിയ്ക്കു ഒരു പക്ഷെ അറിയാമായിരിക്കും. പറവൂരിലെ മുൻപിരുന്ന പോലീസ് ഇൻസ്പെക്ടറുടെ, ആളുകളോടുള്ള പെരുമാററത്തെയും നടപടികളെയും കുറിച്ച് അദ്ദേഹം പരാതി പറഞ്ഞിട്ടുണ്ടായിരുന്നു. ആ ഇൻസ്പെക്ടർ അവിടെനിന്നും സ്ഥലം മാറിപോയതിനുശേഷം പിന്നീടുവന്ന ആൾ മി. ബഷീറിനെ വേറെ ഏതോ ഒരു കുററം ചുമത്തി കയ്യിൽ വിലങ്ങുവച്ചു പറവൂർ കമ്പോളത്തിൽക്കൂടി നടത്തിക്കൊണ്ടുപോയി. മി. ബഷീറിന്റെ പിൽക്കാലത്തെ ചെയ്തികൾ എന്തുതന്നെ

[ശ്രീ. ടി. കെ. ദിവാകരൻ]

യായാലും അവരും ഈ രാജ്യത്തെ രാഷ്ട്രീയസമരത്തിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ളവരാണ്. അവരും കുററം ചെയ്തിരിക്കാം, ഇല്ലായിരിക്കാം. ഒരു ഇൻസ്പെക്ടറുടെ പേരിൽ പരാതി പറഞ്ഞുവെന്നുള്ള അടിസ്ഥാനത്തിൽ വേറെ ഏതെങ്കിലും ചാർജ്ജുചുമത്തി ഇപ്രകാരം അഴിമതികൾ കാണിക്കുന്ന പോലീസിന്റെ നടപടി ഒരു രാജ്യത്തിനും ഒരു ഗവണ്മെന്റിനും ഭൂഷണമല്ല. ദിവാൻ ഭരണ കാലത്തുപോലും ഈ മാതിരി അക്രമങ്ങൾ നടക്കുകയില്ല. എന്നാൽ കോൺഗ്രസ്സിന്റെ ഭരണകാലത്ത് അതു നടക്കുകയുണ്ടായി, പി. എസ്. പി. ഗവണ്മെന്റിന്റെ കാലത്തും അതു നടന്നുവരുന്നുണ്ട്. അതുപോലെതന്നെ പുനലൂരിൽ ഒരു സബ് ഇൻസ്പെക്ടർ ഉണ്ട്. അദ്ദേഹത്തിന്റെ കൃത്യം സാധുക്കളെ കുടിയിറക്കിവിടുകയെന്നുള്ളതാണ്. കുളത്തുപ്പുഴയ്ക്കടുത്ത് ഏഴംകുളത്ത് കൊച്ചുഞ്ഞിലിമൂട് ചതുപ്പിന്റെ അടുത്ത് ഇതുപോലൊരു സംഭവമുണ്ടായി. മി. കൊച്ചുകുട്ടൻ മന്ത്രിയായിരുന്ന കാലത്ത് അവിടെ താമസിച്ചുവരുന്ന ഹരിജനങ്ങൾക്ക് നേരിട്ടുവരുന്ന ക്ലേശങ്ങളെപ്പററി പരാതികൾ അയച്ചിട്ടുള്ളതാണ്. അദ്ദേഹം അതിനെക്കുറിച്ചുള്ള നിവേദനങ്ങൾ വന്ന അവസരത്തിൽ ആ സ്ഥലം സന്ദർശിക്കുകയും ഒരു എം. എൽ. എ. ആയിരുന്ന മി. എം. പപ്പുവിനോട് ഈ കാര്യത്തെക്കുറിച്ചു വേണ്ട നടപടികളെടുക്കാമെന്ന് വാഗ്ദാനം ചെയ്യുകയും ചെയ്തിരുന്നു. കാളനൈസേഷൻ പദ്ധതിയനുസരിച്ച് കുറെ സ്ഥലം അവിടെ പുത്തൂർ ചന്ദ്രനെന്നു പറയുന്ന ഒരാളിന് നൽകിയിരുന്നു. മണിമല കൃഷ്ണപിള്ളയെന്നു പറയുന്ന ആൾ ഈ സ്ഥലങ്ങൾ അഞ്ഞൂറുരൂപയ്ക്കു വിലയ്ക്കു വാങ്ങിച്ചതായി 8 അണ പത്രത്തിൽ ഒരു രേഖയുണ്ടാക്കി അവിടെനിന്നും ആ സാധുക്കളെ ഇറക്കിവിടുകയാണുണ്ടായത്. 500 രൂപയ്ക്കു വസ്തു കൈമാററം ചെയ്യുന്നുള്ള രജിസ്റ്റർ 8 അണ പത്രം മൂലം സാധിക്കുകയില്ല. ഈ വസ്തു കൈമാററം ചെയ്യാൻ ചന്ദ്രന് അവകാശമുള്ളതുമല്ല. എങ്കിലും അതുവച്ചുകൊണ്ട് ഈ ജന്മി പോലീസിന്റെ ഉള്ളോട്ടുകൂടി അവിടത്തെ സാധുക്കളെ കുടിയിറക്കുകയാണ് ചെയ്തത്. ഇതേപ്പററി അവിടത്തെ താമസക്കാർ അനേകം പ്രാവശ്യം മന്ത്രിമാരുടെ അടുക്കലും മജിസ്ട്രേട്ടുകോടതിയിലും അന്യായം ബോധിപ്പിച്ചിട്ടും ഇതുവരെ അതിനു യാതൊരു പരിഹാരവും ഉണ്ടായിട്ടില്ല. ഒടുവിൽ ഒരു ഡി. എസ്. പി. വന്നിട്ട് അതിൽ ഒരു ഹർജിയെവച്ചുകൊണ്ട് പരിശോധനനടത്തി ഈ സ്ഥലങ്ങളിൽ പകുതി അവിടെ കുടിയിരുന്ന ആളുകൾക്കും ബാക്കി പകുതി, വാങ്ങിച്ചുവെന്നു റിക്കാർഡുണ്ടാക്കിയ ആളിനും കൊടുക്കുവാൻ വേണ്ട ഉത്തരവുണ്ടാക്കി. സർ, ഈ ഡി. എസ്. പി. ക്കു ഇങ്ങനെ ഒരു ഉത്തരവ് ഇടുവാൻ എന്തധികാരമാണുള്ളതെന്നു ഞാൻ ചോദിക്കുന്നു. അദ്ദേഹം അങ്ങനെ ഉത്തരവിട്ടിട്ടുപോയശേഷവും ആ കുടികളിൽ കയറിയ ആ സാധുക്കളെ വീണ്ടും ആ ജന്മി കുടിയിറക്കിയതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. അവരുടെ നാലുകുടിലുകൾ തീവെച്ചു നശിപ്പിച്ചു. ഇങ്ങനെ നാടെങ്ങും അരാജകത്വം വിളയാടുകയാണ്. ഡി. എസ്. പി. വന്ന് അന്വേഷണം നടത്തിയിട്ട് സ്ഥലം വാങ്ങിച്ചുവെന്നു റിക്കാർഡുണ്ടാക്കിയ ആളിനെക്കൊണ്ട് അവിടെ കൃഷിചെയ്യിക്കുവാൻ പാടില്ലെന്നു പറഞ്ഞിട്ടുപോയിയെങ്കിലും പിറെറ ദിവസം അയാളുടെ സഹചരന്മാർ പോലീസിന്റെ പിൻബലത്തോടുകൂടി ഈ സാധുക്ക

ളുടെ വസ്തുവകകൾ നശിപ്പിക്കുകയുണ്ടായി. ഇങ്ങനെയുള്ള ഉദ്യോഗസ്ഥന്മാർ ഡിപ്പാർട്ടുമെൻറിന് ദോഷമുണ്ടാക്കുന്നവരാണ്. ഇവരുടെ ഉടുപ്പും വാങ്ങി ചാട്ടവാറകൊണ്ട് അടിച്ച് ചാണകവെള്ളം തളിച്ച് ചന്ദനത്തിരിയും കത്തിക്കണമെന്നാണ് എൻെറ അഭിപ്രായം. അങ്ങനെ ആയാൽ മാത്രമെ രാജ്യത്ത് അഴിമതി അവസാനിക്കുകയുള്ളു. ആൻറി കറപ്ഷൻ ഡിപ്പാർട്ടുമെൻറിനെക്കൊണ്ട് ഇതിനെക്കുറിച്ച് വേണമെങ്കിൽ ന്യായമായ രീതിയിൽ അന്വേഷിച്ചാൽ കാര്യങ്ങൾ മനസ്സിലാകുന്നതാണ്. പറവൂരിലെയും പുനലൂരിലെയും അനുഭവം വച്ചുകൊണ്ടു നോക്കുകയാണെങ്കിൽ പോലീസിൻെറ മനോഭാവത്തിനു മുൻപിരുന്നതിൽനിന്നും യാതൊരു വ്യത്യാസവും വന്നിട്ടില്ല, എന്നുള്ള ആരോപണമാണു പറയുവാനുള്ളതു്. തീർച്ചയായും ഗവണ്മെൻറ ഈ കാര്യത്തിൽ വേണ്ട നടപടി എടുക്കേണ്ടതാണ്. പക്ഷെ, അതൊന്നും ചെയ്യാതെ പ്രമോഷൻ കാര്യത്തിൽമാത്രം ഗവണ്മെൻറ് ജാഗ്രതയായി പ്രവർത്തിക്കുന്നുണ്ട്. സർവീസിൻെറ കാര്യത്തിൽ ഗവണ്മെൻറും പൊതുജനങ്ങളുമായി ആരോഗ്യകരമായ ബന്ധം വളർത്തുന്നതിന് വേണ്ടതു പ്രവർത്തിക്കേണ്ടതാണ്. ഇന്നത്തെ രീതി നോക്കിയാൽ ഡിപ്പാർട്ടുമെൻറുകൾക്കോ ഗവണ്മെൻറിനോ പൊതുജനങ്ങൾക്കോ തമ്മിൽ യാതൊരു ബന്ധവുമില്ലാതെയാണിരിക്കുന്നതു്. സോഷ്യലിസ്റ്റ്മന്ത്രിസഭയെന്നു അഭിമാനിക്കുന്ന ഇന്നത്തെ മന്ത്രിസഭ ഇതിൽ ശ്രദ്ധിക്കേണ്ടതാണ്.

ലേബർ ഡിപ്പാർട്ടുമെൻറ് ഒരു മേജർ ഡിപ്പാർട്ടുമെൻറാക്കിയതിൽ ഞാൻ ഗവണ്മെൻറിനെ അനുമോദിക്കുന്നു. പക്ഷെ, ലേബർ കമ്മീഷണരുടെയും ഡെപ്യൂട്ടികമ്മീഷണരുടെയും ശമ്പളം വർദ്ധിപ്പിച്ചതുകൊണ്ടു മാത്രമായില്ല. ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. മിനിമംവേജസ് കമ്മിററികളുടെ റിപ്പോർട്ടുകളെല്ലാംതന്നെ ഗവണ്മെൻറ് നടപ്പിൽ വരുത്തണം. ഗവണ്മെൻറിൻെറ കീഴിലുള്ള വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിന് ഒരേ രീതിയിലുള്ള പൊതുനയം ഉണ്ടായിരിക്കണം.

അതിനുവേണ്ടി ഗവണ്മെൻറ ഒരു എംപ്ലോയർ എന്ന നിലയിൽ ഗവണ്മെൻറിൻെറ കീഴിലുള്ള സകല വ്യവസായങ്ങളെയും സംബന്ധിച്ച്, അവിടെയുള്ള തൊഴിലാളികളുടെ ശമ്പളം, ബോണസ്, തുടങ്ങിയ കാര്യങ്ങൾക്ക് പരാതിക്കിടയാകാതെ ഒരു തീരുമാനം ഉണ്ടാക്കുന്നതിനുവേണ്ടി ഒരു ഇൻഡസ്ട്രിയൽ ലയിസാൺ ആഫീസറെ നിയമിക്കുകയും, അദ്ദേഹത്തിൻെറ ഉപദേശങ്ങൾ ഈവക കാര്യങ്ങളിൽ ഗവണ്മെൻറ സ്വീകരിക്കുകയും ചെയ്യണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഇത്രയും കാര്യങ്ങളിൽ അടിയന്തിരമായ നടപടികൾ നടത്തണമെന്ന് അപേക്ഷിച്ചുകൊണ്ടു എൻെറ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

Dr. A. R. Menon: Sir, I take part in today's discussion with great diffidence and with a feeling of sorrow.

4 p. m.

It is supposed that these two States have been integrated some six years ago. But was there a real integration of these two States? Certainly, there was an integration, a geographical integration. But there never was an integration of hearts, of sympatheis, and of sentiments. Even today, there is the same feeling that these two States are different; and

[Dr. A. R. Menon]

therefore there is a feeling, a grievance that the major partner is taking advantage of the weakness of the smaller. I have nothing against integration. But I have done all I possibly can against this integration anticipating the trouble that will be caused and I believe the Chief Minister also was not in favour of this integration—an integration has been effected without previously exploring the conditions, and without understanding the background of the two States, with the result that we are experiencing trouble. It is said, Sir, that disproportionate combination ever leads to the disadvantage of the weaker party and I feel that the weaker party is experiencing difficulties. Now, it is too late to reconsider this question.

I will only give one instance of the mentality of the major party or the Government. I do not attribute the blame to this Government alone but also to my own party. At the time of integration it was decided that the Central Government should be established in Trivandrum and the High Court should be established in Ernakulam, because both the States have got all the paraphernalia of independent Government. It was decided that some accommodation should be effected, and the Central Government was established in Trivandrum and the High Court in Ernakulam. What have you done? You have gone back on your word of promise, on your solemn undertaking that the High Court will be there and the Central Government will be here. You went back on your promise and brought in the "thin end of the wedge," as I call it. What was the reason? The reason is this; that it is very inconvenient for the South Travancore people to go to Ernakulam, a distance of 150 or 180 miles, or put it even as 200 miles. The distance from Mangalore to Madras is 530 miles. If distance is the only criterion, then is it not proper that the Quilon Division should have representation in the High Court here? That is not it. You are sorry you yielded even to that extent during integration and you wanted to do away with this concession by this indirect means. I believe this attitude does not reflect much credit to the integrity, and to the dignity of this House, after solemnly pledging an agreement to violate it. I have not the least doubt that all the other considerations brought forward for the establishment of the High Court in Trivandrum are only excuses. If there are more students in the Medical College, I understand that there were applications of about 3 to 4 times the number of seats available in the Medical College—are you prepared to start another Medical College at another place? Simply because you have got a large number of students, does it stand to reason? No less an authority than the Chief Justice of the Federal Court advised you not to upset the arrangements. In spite of that advice you did divide the High Court. What we find is that one after another attempt is being made to subjugate that part of the country which unfortunately entered into this integration in spite of repeated warnings not to do so.

Sir, I said this as a preamble to point out various other grievances. I have received a number of communications and some telegrams saying that the proposed integration of services has affected very adversely the Cochin people. I fully believe the same complaint will be raised by the Travancore people also. I being a stranger to this place, nobody approached me from the Travancore side. Whenever an integration is effected, there will always be some grievance. Through this integration all our troubles arise from the civil services and the sooner we settle this matter in a fair way, the better.

I will give you one or two instances of the way in which this is done. In the Education Department there are three grades for a certain post—I do not know the name. Do not be under the impression that I am taking brief for anybody either from Cochin or Travancore, I am equally interested in both. There are three grades—Rs. 225—275, Rs. 275—325 and Rs. 350—450. A person of the lowest grade on Rs. 225-275 was appointed on Rs. 350-450. I do not know who is affected by that, may be a Cochin or a Travancore man. What is your explanation for that? Are you going to say that in the lowest grade there are more competent men? Is it not because you wanted to show some favouritism? Unless you convince us with reasons, we must presume that you were actuated by partiality and also favouritism. A Government which is open to such a charge, loses its strength, loses its prestige, loses its stability and I believe that a spirit of impartiality is the strongest acquisition that a Government can have. This one instance is sufficient to create discontent among the rank and file of your officials. I believe a contented officialdom is necessary for proper administration, especially of a democratic Government, and therefore, the Government should be very careful. Whatever may be your feelings, whatever may be your interests, you must try to eschew all those feelings and must act and do according to what is right and proper irrespective of any other consideration.

Now, sir, there is another case. I speak all these things subject to correction. In the Survey Department, there are two posts, one in Cochin and the other in Travancore. The grades of the posts were Rs. 175—225 and Rs. 350—450. The man who is now holding the post on Rs. 350—450 was put over the man who was senior in service and also in qualification. Why do you neglect the senior man and give this post to the other man who is junior to him. After all, what does it matter to you whether A gets it or B gets it, whether a Travancorean gets it or a Cochinite gets it? Why should you introduce personal feelings in the discharge of your public duty? I feel very much grieved to find that Government are doing this sort of thing and keeping it as a running sore between these two States by this kind of irritation. Government should not stoop to do such petty things as putting one man over the other. I quite understand that with all the good intentions of the Ministers, the Secretariat is manipulating in all these things and presenting them to the Ministers who could not possibly do these things. But what I want to say is that Government should warn the Secretariat that unless

[Dr. A. R. Menon]

proper advice is given to the Ministers, or Government, serious action will be taken against them. If they know that Government will take action, then there will be a great change in the Secretariat. This is everywhere the case and nothing particular about our Secretariat. Do not think that our Government is a worse Government than any other Government. The same thing obtains in the Madras Government and Government of other States. The Secretariat is playing with the Ministers like a beggar with the monkey.

I want to represent a group of officers of the Panchayat Department. The Panchayat Department in Cochin State is much more advanced than it has been here. I personally have had some responsibility in organising that Department in that State. Every square inch of that State is under a Panchayat. These Panchayat clerks possess higher qualifications than those in Travancore. Now, what do you propose to do? Instead of raising the pay of the clerks of the Travancore area, you are reducing the pay of the clerks in the Cochin area. Why can't you raise the pay of the clerks of the Travancore Area? That is another complaint I have heard. I have said, and I do say, Sir, that whatever may be the changes that would come about from integration, these officers are not responsible for the integration and no officer shall be affected adversely in the matter of pay. In making this integration it is your duty to follow a certain fixed principle irrespective of personalities and other considerations. Then there will be a feeling among the officers that justice has been done to them. So long as you do not do that, if you do this sort of thing— may be inadvertently or may be intentionally—you are sure to have greater trouble in the Secretariat and among the officers; and the greater the trouble, the greater the deterioration of the Government in the estimation of the people of the State. I really feel very strongly in this matter. What I want you is only to do what is proper and just, forgetting every other consideration. There is no use putting this man over that man. You should not do it. You work according to rules and regulations, forgetting the man. Do not know the person, and I will not be influenced by the name. It is only to show this disparity that I have risen to speak. And because I am anxious that this Government should continue, because continuity of Government is necessary for the progressive prosperity of the nation, I am anxious that nothing should be done to undermine the integrity, the strength and influence of the Government. This kind of irregularities should not be allowed, because allowing these irregularities will affect the administration; and an administration which has started so well, which has succeeded in gathering the good-will of the majority of the people of the State irrespective of some hostile criticism, a Government which is gaining in popularity and which is anxiously trying to do the very best it can to the people, I am anxious that that Government should not be affected by any of these minior things in the matter of policy and governance. It is only to point out these things that I have stood up to say a few words.

<u>ഡാക്ടർ പി. കെ. സുകുമാരൻ</u>: സർ, ഈ രാജ്യത്തിന്റെ ഭാവിക്ക് രൂപം നൽകാനുള്ള ഒരു ധനവിനിയോഗബില്ല് ഇവിടെ അവതരിപ്പിച്ചിരിക്കയാണ്. ഈ സഭയിൽ നിന്നുകൊണ്ട് ആ ബില്ലിനെപ്പററി സംസാരിക്കുമ്പോൾ എന്റെ ശ്രദ്ധ തിരിയുന്നത് സഭയ്ക്ക് വെളിയിലേയ്ക്കാണ്. ഈ സഭയിൽ നടക്കുന്ന പ്രവർത്തനങ്ങളേയും തീരുമാനങ്ങളേയും വളരെ അധികം ഉൽക്കണ്ഠയോടുകൂടി നോക്കിക്കൊണ്ടിരിക്കുന്ന ഒരു ജനത ഈ സഭയ്ക്കു വെളിയിലുണ്ടെന്നും ആ കൂട്ടത്തിൽ അദ്ധ്വാനിക്കുന്ന വർഗ്ഗങ്ങളും, വ്യവസായികളും, വിദ്യാർത്ഥികളും എല്ലാം ഉണ്ടെന്നും നാം ഓർമ്മിക്കേണ്ടതാണ്. ഈ ജനവിഭാഗങ്ങളുടെയെല്ലാം അവശതകൾ പരിഹരിക്കുന്നതിനു കാര്യമാത്രമായി എന്തുചെയ്യാൻ കഴിയുമെന്നുള്ള കാര്യത്തെപ്പററിയാണ് ഈ സഭ ആലോചിക്കേണ്ടത്. ഒരു കാര്യം എനിക്ക് കിട്ടിയ ചുരുങ്ങിയ സമയത്തിനുള്ളിൽ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നുണ്ട്. എല്ലാഭാഗവും ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്ന ഒരു പരമാർത്ഥമുണ്ട്. അതായത് ഇന്നു നമ്മുടെ രാജ്യം അഭൂതപൂർവ്വമായ ഒരു സാമ്പത്തിക കുഴപ്പത്തെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതാണ്. തൊഴിലില്ലായ്മ ഈ രാജ്യത്ത് ഏററവും വലിയ വിപത്തായി പരിണമിച്ചിരിക്കുന്നു. തൊഴിലില്ലായ്മയ്ക്കു പരിഹാരം ഉണ്ടാക്കുന്നതിന് രാജ്യത്തെ വ്യവസായവൽക്കരിക്കണം. ആ സംഗതിയെ സംബന്ധിച്ചിടത്തോളം യാതൊരു ഭാഗത്തും അഭിപ്രായവ്യത്യാസങ്ങളില്ല. പക്ഷെ ഈ രാജ്യത്തെ വ്യവസായീകരിക്കാൻ സാധിക്കുമോ എന്നും അതിന് എന്തു നയമാണ് ഗവണ്മെൻറ് സ്വീകരിക്കാൻ പോകുന്നുവെന്നും കണ്ടു തന്നെ അറിയേണ്ടതാണ്. കുറച്ചുമുമ്പ് ശ്രീ. ഹാർമിസ് ഇവിടെ പ്രസംഗിച്ചപ്പോൾ പറയുകയുണ്ടായി, ഈ രാജ്യത്ത് പുതിയ വ്യവസായങ്ങൾ തുടങ്ങേണ്ടത് അത്യാവശ്യമാണെന്നും അതിന് കമ്മ്യൂണിസ്ററുകാരാണ് തടസ്സമായി നിൽക്കുന്നതെന്നും. ഈ ഗവണ്മെൻറുതന്നെ നേരിട്ടു നടത്തുന്ന ഒരു വ്യവസായശാലയാണ് കുണ്ടറ സിറാമിക്ക്ഫാക്ററി. ഏതാണ്ട് 23 ലക്ഷത്തിൽപരം രൂപ ചെലവാക്കിയിട്ടുള്ളതാണ് ആ ഫാക്ററി. ആ വ്യവസായശാലയിൽ കഴിഞ്ഞകൊല്ലം 1,31,000 രൂപയ്ക്കു സാധനങ്ങൾ ഉൽപ്പാദിപ്പിക്കപ്പെടുകയും അതിന് 1,25,000 രൂപ വില കിട്ടുകയും ചെയ്തുവെന്ന് കണക്കുകളിൽ നിന്നും മനസ്സിലാക്കാൻ കഴിയും. അതിൽനിന്നും 6000 രൂപ നഷ്ടമാണ് ആ വ്യവസായശാലയ്ക്കു ഉണ്ടായിട്ടുള്ളത്. അതിനും പുറമേ 4000-ത്തിനും, 5000-ത്തിനും ഇടയ്ക്കു തൊഴിലാളികൾക്ക് തൊഴിൽ നൽകിക്കൊണ്ടിരുന്ന ആ വ്യവസായശാലയിൽ ഇന്ന് 150-ഓ, 200-ഓ പേരെ ജോലിക്കാരായുള്ളു. കൂടാതെ 5 ലക്ഷത്തിനും 6 ലക്ഷത്തിനും ഇടയ്ക്കു സാധനങ്ങൾ അവിടെ വിററഴിയാതെ കിടക്കുകയാണ്. അവിടത്തെ സ്റ്റോർ റൂമിൽ അതെല്ലാം അങ്ങനെ കെട്ടിയിട്ടിരിക്കുകയാണ്. ഈ രാജ്യത്തെ വ്യവസായ കാര്യങ്ങളെപ്പററി അറിയാവുന്നവർക്ക് ഇതു കണ്ടാൽ വളരെ അധികം വേദനയുണ്ടാകും. ഈ 6 ലക്ഷം രൂപയുടെ സാധനം ചെലവില്ലാതെ കിടക്കുന്നതിനിടയായത് വ്യവസായം ശരിയായി നടത്താൻ കഴിവില്ലാത്ത ഒരു ഗവണ്മെൻറിന്റെ കുററംകൊണ്ടാണോ അതല്ല, ഈ രാജ്യത്തെ കമ്മ്യൂണിസ്ററുകാരുടെ പ്രവർത്തനങ്ങളുടെ ഫലമായിട്ടാണോ എന്ന് എന്റെ പ്രിയപ്പെട്ട ഹാർമിസിനോട് ഞാൻ ചോദിക്കുകയാണ്. അതുപോലെതന്നെ ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം വളരെ

[ഡാക്ടർ പി. കെ. സുകുമാരൻ]

അധികം പ്രാധാന്യമർഹിക്കുന്ന ഒരു വ്യവസായമാണ് റബ്ബർവ്യവസായം. സിലോൺറബ്ബറിനും, ബർമ്മാറബ്ബറിനും മുന്നേമുക്കാൽരൂപ വിലയുള്ളപ്പോൾ ഇവിടെയുള്ള റബ്ബറിനു ഒന്നേകാൽ രൂപയായി ഇൻഡ്യാഗവണ്മെൻറ് കൺട്രോൾ ചെയ്തിരിക്കയാണ്. സുലഭമായി റബ്ബർ ലഭിക്കുന്ന ഈ രാജ്യത്തു നടത്തപ്പെടുന്ന റബ്ബർ ഫാക്ടറി ഇന്നു കാര്യമായ പ്രവർത്തനം നടത്തുന്നില്ല. ഈ രാജ്യത്തു സാധാരണയായി ഉപയോഗിക്കാവുന്ന ടയറുകൾ ഈ ഫാക്ടറിയിൽ ഉണ്ടാക്കുന്നില്ല. ഈ കാര്യത്തെപ്പററി ശ്രീ. ഹാർമിസ് വ്യക്തമായി ആലോചിക്കേണ്ടതാണ്. അങ്ങനെ ഒന്നേകാൽരൂപയായി ഒരു പൌണ്ട് റബ്ബർ വില്ക്കുന്ന കാലത്ത് ഈ രാജ്യത്തെ റബ്ബർഫാക്ടറി കാര്യക്ഷമമായി നടത്തപ്പെടുന്നില്ല. ഇതിനു കാരണക്കാർ ശരിയായി വ്യവസായം നടത്താത്ത ഗവണ്മെൻറാണോ അതല്ല, കമ്മ്യൂണിസ്റ്റുകാരാണോ എന്നു ശ്രീ. ഹാർമിസും കൂട്ടരും ആലോചിക്കേണ്ടതാണ്.

ശ്രീ. പി. എസ്. നടരാജപിള്ള : ഇപ്പോഴും റബ്ബറിനു ഇപ്പറഞ്ഞ വിലയാണോ?

ഡാക്ടർ പി. കെ. സുകുമാരൻ : മുന്നേമുക്കാൽരൂപ വില സിലോൺറബ്ബറിനും ബർമ്മാറബ്ബറിനും കിട്ടുന്നുണ്ട്.

ശ്രീ. പി. എസ്. നടരാജപിള്ള : ഇൻഡ്യൻ റബ്ബറിനു വിദേശ റബ്ബറിനേക്കാൾ വില കൂടുതലാണോ, കുറവാണോ?

ഡാക്ടർ പി കെ സുകുമാരൻ : വിദേശത്തുള്ള റബ്ബറിനേക്കാൾ വില കുറവാണ് ഇൻഡ്യൻ റബ്ബറിന്. ഈ സംഗതി ഇവിടെ വെളിപ്പെടുത്താൻ ഇടയായതിൽ ഞാൻ സന്തോഷിക്കുന്നു. ഒന്നേകാൽരൂപ വിലവച്ച് റബ്ബറിന്റെ വില കൺട്രോൾ ചെയ്തിരിക്കുന്നതുകൊണ്ട് ഇവിടെ ഉണ്ടാക്കുന്ന റബ്ബർ സാധനങ്ങൾക്ക് വില കുറഞ്ഞുപോകുന്നു എന്നു നാം മനസ്സിലാക്കണം. ഇൻഡ്യയിൽ ഏററവും വലിയ റബ്ബർഫാക്ടറികൾ നടത്തുന്ന ഡൺലപ്പിനും, ഫയർസ്റ്റോണിനും, കോഹിന്നൂറിനും ഏററവും കുറഞ്ഞ വിലയ്ക്കു റബ്ബർ കിട്ടുന്നതിനുവേണ്ടി ഈ രാജ്യത്തെ റബ്ബറിന്റെ വില ഇൻഡ്യാഗവണ്മെൻറ് നിയന്ത്രിച്ചിരിക്കുന്നതു വളരെ അധികം ആക്ഷേപകരവും ഖേദകരവുമായ ഒരു സംഗതിയാണ്. അങ്ങനെ ഡൺലപ്പിനും മററും ഒത്താശ നൽകി രാജ്യം ഭരിക്കുന്ന കോൺഗ്രസ്സിന്റെ പിന്നിൽ നില്ക്കുന്ന ശ്രീ. ഹാർമിസാണോ അതല്ല കമ്മ്യൂണിസ്റ്റുകാരാണോ ഈ രാജ്യത്തെ വ്യവസായപുരോഗതിക്കു പ്രതിബന്ധമായി നില്ക്കുന്നതെന്നു എല്ലാവരും ആലോചിക്കേണ്ടതാണ്.

ഈ രാജ്യത്തെ വളരെ അധികം ആളുകളുടെ സാമ്പത്തിക ജീവിതത്തെ ബാധിക്കുന്ന ഒരു സാധനമാണ് നാളികേരം. നാളികേരത്തിന്റെ വില വളരെ കുറഞ്ഞിരിക്കയാണ്. കഴിഞ്ഞ കൊല്ലങ്ങളിൽ 25-ഉം, 30-ഉം രൂപയായിരുന്നതു് ഇപ്പോൾ പത്തും പന്ത്രണ്ടും രൂപയായി തീർന്നിരിക്കയാണ്. ഇറക്കുമതിയിനത്തിൽ ഇൻഡ്യാഗവണ്മെൻറ് വരുത്തിയ താരിപ്പു നീതിമൂലമാണ് ഈ കുറവിന് ഇടയായതു്. അങ്ങനെ കുറെ അധികം ഈ നാട്ടിലെ കൃഷിക്കാർക്ക് നഷ്ടം വരുത്തിവച്ചിരിക്കയാണ്. ഇതുമൂലം വെളിച്ചെണ്ണയിൽ വരുന്ന വിലക്കുറവു് ഈ നാട്ടിലെ

ജനങ്ങൾക്ക് യാതൊരു തരത്തിലും പ്രയോജനപ്പെടുന്നില്ല. വെളിച്ചെണ്ണ കൊണ്ടുണ്ടാക്കുന്ന സോപ്പിനോ മററു സംസ്കൃത സാധനങ്ങൾക്കോ ആനുപാതികമായിട്ടുള്ള വിലക്കുറവുണ്ടായിട്ടില്ലെന്ന് ഈ ഗവണ്മെൻറ് അറിയേണ്ടതാണ്. ഇൻഡ്യയിലെ ഏററവും വലിയ വെളിച്ചെണ്ണക്കമ്പനിക്കാർ ആരാണെന്നു നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഒരു ബ്രിട്ടീഷ് കമ്പനിയായ ലിവർ ബ്രദേഴ്സാണ് ആ വ്യവസായം നടത്തുന്നതെന്നു നാം മനസ്സിലാക്കണം. ഈ ലിവർബ്രദേഴ്സ് കമ്പനിക്കും അവരുടെ അന്തേവാസിയായി പ്രവർത്തനം നടത്തുന്ന ടാററാ കമ്പനിക്കും വിലകുറച്ച് വെളിച്ചെണ്ണ കിട്ടാനാണ് താരിപ്പുനിയമം ഇൻഡ്യാഗവണ്മെൻറ സ്വീകരിച്ചത്. അങ്ങനെ നാളികേര കൃഷിക്കാരെ ലിവർബ്രദേഴ്സിനു വേണ്ടിയും ടാററായ്ക്കുവേണ്ടിയും മററും നഷ്ടപ്പെടുത്തുന്നത് ശ്രീ. ഹാർമിസിൻെറ പാർട്ടിയാണോ, അതല്ല എല്ലാ വിദേശമുതലാളികളുടേയും ആധിപത്യം അവസാനിപ്പിച്ച് ദേശീയമായ വ്യവസായം വളരാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കണമെന്നാവശ്യപ്പെടുന്ന കമ്മ്യൂണിസ്ററുകാരാണോ എന്ന് ഈ സഭസ്സിലുള്ള എല്ലാവരും ആലോചിക്കേണ്ടതാണ്. ഈ രാജ്യത്തെ വളരെ അധികം ആളുകളുടെ ഉപജീവനമാർഗ്ഗമാണ് കയർ വ്യവസായം. ഇന്നും പിയേഴ്സ്‌ലെസ്ലി, വാൾക്കാട്ട ബ്രദേഴ്സ് തുടങ്ങിയ കമ്പനികളാണ് കയർ വ്യവസായത്തിൻെറ എക്സ്പ്പോർട്ട് കുത്തക മുഴുവൻ കയ്യടക്കിവച്ചിരിക്കുന്നത്. കമ്പനികളുടെ പേര് ഞാൻ ഓർക്കുന്നില്ല, ഇവിടെയുള്ള രണ്ടു കമ്പനികളുടെ റിട്ടേൺസ് വായിച്ചപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞു എക്സ്പ്പോർട്ടുവില 52 രൂപ കിട്ടുമ്പോൾ ഇവിടത്തെ ഹോൾസെയിൽ ഡീലേഴ്സിനു 37 രൂപയാണ് കിട്ടുന്നതെന്ന്. അതു് ലോക്കൽ ഏരിയായിലേയ്ക്ക് കടക്കുമ്പോൾ 27 രൂപയാകും. അങ്ങനെ 52 രൂപ കയററുമതി ചെയ്യുന്ന മുതലാളിക്ക് കിട്ടുമ്പോൾ ലോക്കൽ പ്രൊഡ്യൂസേഴ്സിനു കിട്ടുന്നത് 27 രൂപയാണ്. അങ്ങനെ ഒരു വലിയതുക തട്ടിയെടുത്ത് ഈ രാജ്യത്തെ തൊഴിലാളികളുടെ രക്തവും മാംസവും ഊററിയെടുക്കുന്ന കമ്പനികളുടെ സംരക്ഷണത്തിനു് ആവശ്യമായ സാഹചര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നത് ഈ രാജ്യത്തെ കാൺഗ്രസ്സാണോ അതല്ല, കമ്മ്യൂണിസ്ററുകാരാണോ എന്ന് എല്ലാവരും ചിന്തിച്ചുനോക്കേണ്ടതാണ്. അങ്ങനെ ഏതുരംഗത്തു നോക്കിയാലും നമുക്ക് കാണാൻ കഴിയും ഈ രാജ്യത്തു ദേശീയമായ വ്യവസായത്തിനു് പ്രതിബന്ധമായി നില്ക്കുന്നത് ആരാണെന്ന്. കാൺഗ്രസ്സുകാർ അധികാരത്തിലിരിക്കുന്നത് വ്യവസായവൽക്കരണത്തിനു് പ്രതിബന്ധമാണെന്ന് ഡാക്ടർ പി. ജെ. തോമസ്സ് തുടങ്ങിയ ധനശാസ്ത്രപണ്ഡിതന്മാർപോലും സമ്മതിക്കുന്നുണ്ട്. ഇന്നു നിലവിലിരിക്കുന്ന ഫ്യൂഡൽ വ്യവസ്ഥിതി നിലവിലിരിക്കുമ്പോൾ ഈ രാജ്യത്തെ ജനങ്ങളുടെ ക്രയശക്തി വർദ്ധിക്കുകയില്ലെന്ന് നമുക്കറിയാം. ഇപ്പോൾ വ്യവസായ ഉടമസ്ഥന്മാർ മറെറാരു പുതിയനയം സ്വീകരിച്ചിട്ടുണ്ട്. മിനിഞ്ഞാന്ന് ധനകാര്യവകുപ്പമന്ത്രിയോട് നാഷണലൈസേഷൻ എന്താണെന്ന് ചോദിച്ചപ്പോൾ അതു തന്നെയാണ് എന്നാണ് പറഞ്ഞത്. നിശ്ചയമായും അദ്ദേഹം ഈ രാജ്യത്തെ സ്നേഹിക്കുന്നുവെങ്കിൽ നാഷണലൈസേഷൻ വ്യവസായികളേയും തൊഴിലാളികളേയും എങ്ങനെ ബാധിക്കുന്നുവെന്ന് മനസ്സിലാക്കണം. ലാഭം കിട്ടുന്നതിനുവേണ്ടി തൊഴിലാളികളുടെ അധ്വാനശക്തി വർദ്ധിപ്പിച്ചുകൊണ്ടാണ് നാഷണലൈസേഷൻ ഉണ്ടാക്കുന്നത്. ഈ രാജ്യത്തെ സാമ്പത്തികശക്തിയേയും തൊഴിലാളികളേയും തകർക്കുന്ന ഈ നാഷണ

[ഡാക്ടർ പി. കെ. സുകുമാരൻ]

ലൈസേഷൻകൊണ്ടു് അദ്ദേഹം എന്താണുദ്ദേശിക്കുന്നതെന്നു് മനസ്സിലാകുന്നില്ല. കുടിൽ വ്യവസായങ്ങൾ ഉണ്ടാക്കുക, കമ്മ്യൂണിററി പ്രൊജക്ററ ഉണ്ടാക്കുക, എന്നൊക്കെ ഈ രാജ്യത്തെ വ്യവസായപുനരുദ്ധാരണകാര്യത്തെപ്പററി പറയുന്നുണ്ടു്. ശ്രീ. ടി. കെ. ദിവാകരൻ ചൂണ്ടിക്കാണിച്ച സംഗതി എനിക്കും പറയേണ്ടിയിരിക്കുന്നു. നാർവീജിയൻ പദ്ധതി നടത്തുന്നതിനടുത്തുള്ള ഒരാളാണു് ഞാൻ. ഈ ഡെവലപ്പ്മെൻറ പദ്ധതി കൊണ്ടു് നാം പ്രധാനമായി ഉദ്ദേശിക്കുന്നതു് അവിടെയുള്ള ആളുകൾക്കു് തൊഴിലുണ്ടാക്കിക്കൊടുക്കുക എന്നാണു്. എന്നാൽ ഈ നീണ്ടകര പ്രൊജക്ററേറിയായിൽനിന്നും ഒരൊററ മനുഷ്യനെപോലും തൊഴിൽ കൊടുത്തിട്ടില്ല. ആകെ 12 പേർക്കു് ട്രയിനിംഗ് കൊടുത്തതാണു് ഒന്നരക്കൊല്ലത്തിനകം നടത്തിയിട്ടുള്ള സംഗതി. ട്രെയിനിംഗ് കൊടുത്ത ആ പന്ത്രണ്ടു പേരേയും ഇന്നു വെളിയിൽ നിറുത്തിയിരിക്കുകയാണു്. ഈമാതിരി നയമാണു് ഇന്നു് ഈ രാജ്യത്തുള്ള തൊഴിലാളികളോടു് ഗവണ്മെൻറു് സ്വീകരിച്ചുകൊണ്ടിരിക്കുന്നതു്.

ഇനിയും ഈ രാജ്യത്തെ കുടിൽ വ്യവസായം വികസിപ്പിക്കുവാൻ വേണ്ടതു ചെയ്യുമെന്നു് പറഞ്ഞ ഗവണ്മെൻറു് കൈത്തറിനെയ്ത്തുകാരെ സഹായിക്കാൻ കേന്ദ്രത്തിൽനിന്നും അനുവദിച്ച 23 ലക്ഷം രൂപ സെസ്സു് ഫണ്ടിൽനിന്നും ഇതേവരെ ഒരൊററ കോ-ഓപ്പറേററിവു സൊസൈററിക്കു മാത്രമേ അതു കൊടുക്കാൻ കഴിഞ്ഞുള്ളു എന്നും ബാക്കി സൊസൈററികൾക്കു കൊടുക്കാമെന്നും പറഞ്ഞതല്ലാതെ കൊടുത്തിട്ടില്ല. കൊടുക്കാമെന്നു പറഞ്ഞതിൽ ഞാൻ അഭിനന്ദിക്കുന്നു. ഈ കുടിൽ വ്യവസായവും സഹകരണസംഘങ്ങളും വികസിപ്പിക്കുവാൻ ഇന്നു് ഈ ഗവണ്മെൻറു് സ്വീകരിച്ചിരിക്കുന്ന നയംകൊണ്ടു് സാദ്ധ്യമാകുന്നതല്ല എന്നു വ്യക്തമാക്കുവാൻ ഞാനാഗ്രഹിക്കുന്നു. ഇന്നത്തെ കോ-ഓപ്പറേററീവു് അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾകൊണ്ടു് വ്യവസായങ്ങൾക്കും കുടിൽ വ്യവസായങ്ങൾക്കും പ്രയോജനമുണ്ടാകാൻ പോകുന്നില്ലെന്നുള്ളതാണു് യാഥാർത്ഥ്യം. ഇന്നു് യഥാർത്ഥത്തിൽ സഹകരണസംഘം എന്നു പേരു കേട്ടാൽ പേടിയാകുന്നതേ എന്നുള്ള ഒരു നിലയാണു വന്നുചേർന്നിരിക്കുന്നതു്. ഇവിടെ കയർ സഹകരണസംഘങ്ങളുണ്ടു്, നൂൽ സഹകരണസംഘങ്ങളുണ്ടു്. എന്നാൽ കയർ സഹകരണസംഘങ്ങളിൽ കയർ തൊഴിലാളികളോ, കയർ പ്രൊഡ്യൂസേഴ്സോ ഇല്ല. സഖാവു് പ്രാക്കുളം ഭാസി പറഞ്ഞു, പ്രാക്കുളത്തു് ഒരു കയർ സഹകരണസംഘത്തിൽ പ്രവേശനം ലഭിക്കുന്നതിനുവേണ്ടി യഥാർത്ഥ കയർ പ്രൊഡ്യൂസേഴ്സും കയർ തൊഴിലാളികളും സമരം നടത്തിക്കൊണ്ടിരിക്കുകയാണെന്നു്.

ഇനി തൊഴിലാളികളുടെ മിനിമം വേജസ്സിനെപ്പററി പറയാം. ഞാൻ ധനകാര്യവകുപ്പുമന്ത്രിയോടും ലേബർവകുപ്പുമന്ത്രിയോടും ചോദിക്കുന്നു, കശുഅണ്ടി വ്യവസായ രംഗത്തു് മിനിമം വേജസ്സ് ആക്ററ് നടപ്പിലാക്കുന്നതിനുവേണ്ടി തൊഴിലാളി പ്രതിനിധികളും, മുതലാളി പ്രതിനിധികളും, ഗവണ്മെൻറിൻെറ പ്രതിനിധികളും ചേർന്നു സമഗ്രമായ ഒരു റിപ്പോർട്ടാണു് സമർപ്പിച്ചിട്ടുള്ളതു്. എന്നാൽ ഇന്നു് തങ്ങൾകുഞ്ഞു മുസലിയാരുടെ ഫാക്ടറിയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കു് മിനിമം വേജസ് ആക്ററിലെ വ്യവസ്ഥ അനുസരിച്ചു് കൂലി കൊടുക്കു

നില്ല. അതിനു പകരം തൊഴിലാളികളെ കൂടുതൽ കഷ്ടപ്പെടുത്തി കൂടുതൽ ജോലി ചെയ്യിപ്പിച്ചു വരികയാണു്. അവിടെ പീലിംഗ് സെക്ഷനും സാർട്ടിംഗ് സെക്ഷനും കൂടി ഒരൊററ സെക്ഷനാക്കിയിട്ടു് മൂന്നുപേരു ചെയ്യേണ്ട ജോലി ഒരൊററ ആളിനെക്കൊണ്ടു നിർവ്വഹിപ്പിക്കുകയാണു്. ഇങ്ങനെ തൊഴിലാളികൾക്കു് അധ്വാനഭാരം വർദ്ധിപ്പിച്ചു പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണു്. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ വ്യവസായികപുരോഗതി എങ്ങനെയുണ്ടാകും. ഇന്നത്തെ ഇമ്പീരിയലിസ്റ്റിക്കു് ചൂഷണസമ്പ്രദായവും ഫ്യൂഡലിസ്റ്റിക്കു് വ്യവസ്ഥിതിയും, നാഷനലൈസേഷനും എല്ലാം ഇല്ലാതായെങ്കിൽ മാത്രമേ ഇവിടെ വ്യാവസായികപുരോഗതിയുണ്ടാകയുള്ളൂ. പക്ഷെ ഇന്നത്തെ ഗവണ്മെൻറു് ഈ പിൻതിരിപ്പൻ ശക്തികളുടെയും വിഭാഗങ്ങളുടെയും സംരക്ഷകന്മാരായിട്ടാണു് ഭരണം നടത്തുന്നതു്.

ബഹുമാനപ്പെട്ട കാൺഗ്രസ്സ് ലീഡർ അന്നൊരു ദിവസം തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി ഒരു കോടി രൂപയുടെ ഒരു ഖണ്ഡനോപക്ഷേപം ഹാജരാക്കിയതും അതു് പിൻവലിച്ചതും ഒരു നാടകീയ രംഗംപോലെ നമുക്കെല്ലാം തോന്നുന്നുണ്ടു്. അതുകൊണ്ടു് എനിക്കു ഈ സദസ്സിനെ അനുസ്മരിപ്പിക്കുവാനുള്ളതു് ഈ വ്യാവസായികരംഗത്തെ സംബന്ധിച്ചിടത്തോളമെങ്കിലും വ്യാവസായികപുരോഗതിക്കുവേണ്ടി ഗവണ്മെൻറും ഈ സഭയും കക്ഷിഭേദംകൂടാതെ യോജിച്ചു രാജ്യസ്നേഹത്തോടുകൂടി സഹകരിക്കണമെന്നുള്ള നിർദ്ദേശമാണു് എനിക്കു പറയുവാനുള്ളതു്.

Mr. Speaker : Before I call the hon. Minister to reply, I have to make an announcement. The supplementary financial statement for 1954-55 which is laid before the House has been circulated to the Members. I may inform the House that tomorrow is allotted for the consideration of the Demands for Supplementary Grants. If the discussion is not over at Five of the clock, under the Rules the question to dispose of the Supplementary Demands will be put to the vote of the House. Now I call upon the hon. Minister to reply.

Shri T. S. Ramaswami: Sir, an independent Member wanted to speak on this Bill and he has had no chance. Unless a closure motion is moved he has the right to speak on this Bill.

Mr. Speaker : The Speaker has the inherent power to control such things. So, I am calling upon the hon. Minister.

Shri Kalathil Velayudhan Nair : Can we not fix the priority for the subjects to be taken up regarding the supplementary grants ?

Mr. Speaker : Yes, that can be done.

Shri P. S. Nataraja Pillai : Sir, as a matter of fact, the hon. Members had an occasion again to draw the attention of the House to the unemployment problem and the failure of the Government to tackle it in an adequate way and to see that the whole population is fully employed and get the full economic benefit out of it. Sir, I for one feel that it would be a very desirable thing. But in practical life a man seeking to do a practical job will find it a colossal task and however much time and attention he may devote it may not be possible to solve it in its entirety.

[Shri P. S. Nataraja Pillai]

With the limited resources that are available with the State and in the existing circumstances of the country, Government have tried to get the maximum benefit out of the amount that has been provided for expenditure. They have also planned for an expenditure for the development of the country which will bring economic development and with that, additional employment.

It is a fact, Sir, that for finding more employment in the country, the main thing, the tempo of development plans, must be highly increased and the scope and utility of the activities have to be explored. Very often Members have emphasised the need for factory industries in our country. One hon. Member went to the extent of advocating more Textile Mills in the country when India is seeking markets to send textile products manufactured in India to foreign countries. Taking the case of Travancore-Cochin, this State has more spinning mills than it can afford and the production of yarn in our State is so much that the Travancore weavers cannot absorb the yarn produced in the Travancore mills. Necessarily, spinning mill owners have to seek other fields to dispose of their production. With our limited natural facilities, we have to think twice, nay, thrice before we can launch on factory industries. The possibility of starting industries must more or less depend on the natural resources the country has and in that aspect, I have only to say, as I told the House a day or two ago, that the perenniel forest resources must be developed as far as we can. Whether we can start a pulp industry or paper industry or whether we can utilise the forest produce in a better way or to greater advantage are facts that have to be enquired into, studied, collated and then acted upon. Sir, the Government are anxious to see that some practical scheme of development is devised for the State to see that the acute unemployment that exists in the country today is relieved by intense application and ploughing in of more and more money so that there may be economic development in the country. Sir, that is a scheme engaging the anxious consideration of the Government. I am thinking whether we could not take up a scheme at one time adumbrated by Mr. Watts that a thirty-thousand acre teak plantation being organised on a co-operative basis in the grasslands in the High Ranges, so that we may have a big scheme where we may explore the resources of the State with the help of the Central Government. In this aspect the Government is at the present moment more concerned to put the industries which the Government has started in the country on a better basis by efficient management and effective running. With this idea in mind, the Government is anxious to devise a method which can immediately be adopted a sphere of activity in which the people of the country can immediately act so as to bring greater employment and greater economic benefit in the long run. In addition to this investigation, there is necessity to get adequate financial resources to sponsor a scheme and in that Government thinks that help in an adequate measure will be available from the Centre. It is not a question, as some of my

hon. friends put it, of insisting or demanding aid from the Centre. After all, the Central Government is our own Government. Our representatives are there. There, the Government is responsible to the Parliament. In the Parliament we are represented according to our proportion to the total population. The Ministers' function there as representatives of the people and the objectives are the same though the functions may be divided. And in the scheme of constitution we have today—that of two Governments—there are exclusive rights and responsibilities. After all, it is only one Government in which we function. We function in our State within the field allotted to us leaving the other sphere for the Central Government to function. It is not a question of asserting our strength or whatever it be. It is not the strength or the pressure brought to bear upon them, but it is the reasonableness of the demand that has to be taken into account. It is the reasonableness of the attitude we take that counts. We need not necessarily pose the position that there is an antagonistic attitude to turn down any proposal. It is not something which we demand as a matter of grace. It is a privilege which we enjoy and it is the responsibility of that side to realise the right with which we demand, and accept it. It is a question not of a superior authority granting something to an inferior authority. As far as I am concerned, I feel that the State authority is not an inferior authority to the Central authority, though the Central Government has in certain spheres a right of supervision. And in such matters, when two Governments are functioning, it is the reasonableness of the approach and the way in which the case is put forward that counts more than the strength or peremptory request, or anything like that. Thus, I feel that if our case is properly represented and if the case is reasonable we can legitimately expect the help which we require to carry on the development activities we want to get done in this State and relieve the acute distress that prevails in this part of India at the present moment.

Shri K. Balakrishnan: Is it the experience of this Government in their relationship with the Centre that if an issue is reasonably and logically put before them, they would concede it?

Shri P. S. Nataraja Pillai: From my experience, very very limited though it be, I am of that view. After examination of the pros and cons of a particular problem we come to the conclusion that it is a fit matter to be put before the Centre and if we do it in the proper manner and to the best of our knowledge and convince them of the need, the Government of India is prepared to concede our position. Such is my recent experience.

Shri K. Balakrishnan: Then, was it due to a defect in our representation that even very legitimate demands on prior occasions were not granted by the Centre?

Shri P. S. Nataraja Pillai: Certainly not. It may be an instance of a bad case. But I had the good fortune to take a good case before the Centre. My friend Mr. Balan might have preferred a bad case. When I put up a good case I felt no difficulty at all in getting it readily granted from the Centre.

[Shri P. S. Nataraja Pillai]

Sir, pointed attention of the House was drawn by Sry. Gouri to the dangers of de-control. That is a big question for me and I do not feel in a position to handle it so well. But there are two approaches to this problem. Are we to control the economic activity or not in the State?. That is the basic fact underlying a free Government. Free trade in rice has been allowed by the Centre to private traders. We too had to concede it. We know well that trade depends on demand and supply. When the Government feels that rice supply is adequate and with the enterprise of private trader, it will be sufficient to meet the demands in the country, that position was considered and acted upon. Artificial scarcity is another thing which any Government is bound to take note of and counter-act. Suppose cornernig of goods takes place, certainly any Government should take note of it and counter-act it promptly. Suppose artificial scarcity in grains is created or a genuine scarcity is felt in certain pockets of the State, certainly it is the duty of Government to answer that and see that it is made available at the prevailing market rate of the country. As a matter of fact, in all Indian States, Government have come to the conclusion that food supply has reached that stage when the control could be done away with and that rice supplied at a fair price to all places.

ശ്രീ. ടി. വി. താമസ്: ലേഡിമെമ്പർ പറഞ്ഞതു് ഫുഡ് കൺട്രോളിനെ എതിർക്കുന്നതിനെക്കാളും ഉള്ളതു് സബ്സിഡൈസ്ഡ് റേറ്റിനെ എതിർക്കുകയല്ലേ എന്നാണു്.

Shri P. S. Nataraja Pillai: From the trend of her argument that was the inference I could draw. What I wish to say is that the time has arrived when free trade has to be allowed in food stuff in the State. Conditions in India now are such that as a necessary corrollory thisGovernment has fallen in line with other Governments in the matter of supplying adequate rice to places where scarcity may occur or whereever prices of rice may go up. Adequate provision has been made by Government to maintain fair price shops in all places in the State to meet shortage. In other words, Government have undertaken themselves to supply rice at the prevailing rate.

As to the question of Shri T. V. Thomas whether the purchasing power is equated to the prevailing subsidised price, that is another question entirely. As to how long this state of affairs is to continue, time alone can answer. But the one underlying idea is, it is the State's responsibility to feed citizens of the State when they are not in a position to feed themselves. That is the basic principle. It is the moral duty of the Government. It is certainly the duty of any Government to see that no man starves in the country. As sure as anything we have so to organise, so develop ourselves, and create a machinery that is capable of responding to that demand of the people. That exists in the form of fair price shops all over the State. Not only that. At present Government believes that in the existing conditions the

subsidised rate is equated to purchasing capacity of the average Travancorean. Despite loss incurred by Government they have thought it fit to maintain that supply of rice all over and as long as it is required in the country. Such is the plain undertaking. Such is the decision as revealed in the Government order of very recent date. The matter is very very explicit. In other words, this Government is prepared to maintain the subsidised sale of rice through Governmental agency at the present subsidised rate as long as that state of affairs warrant. Unfortunately I am not in possession of the figures now.

Shri K. A. Balan: May I know whether the Government have compared the relationship between the price of rice in fair price shops with that of the purchasing capacity of the people of Travancore-Cochin?

Shri P. S. Nataraja Pillai: With the available information in the possession of Government, they have fixed the present price of rice and it is being absorbed in the country. Their experience also goes to show that it is at such price that rice is being absorbed in the country. An argument may be raised that being the primary necessity of man, people will buy it at any price. I do understand it. But it is exactly where what people in other places are paying. One thing is sure in our State; the existing price level of rice is the lowest obtaining anywhere in the Indian subcontinent. You can review the retail selling price of rice and form your own decision.

Shri M. P. Menon: Can we compare this rate with that in Kashmir?

Shri P. S. Nataraja Pillai: I have not said so. As far as Government—controlled selling prices existing in A and B States in India are concerned, ours is the lowest prevailing rate.

Shri K. C. George: Has this Government compared the purchasing capacity of our people with that of other States?

Shri P. S. Nataraja Pillai: I do not refer to that. But I say at the same time that we are maintaining the lowest price. Our experience proves that the quantity made available at this rate has all been fully absorbed in the country.

Then one point was made out by the Lady Member that the off-take was less at a time when the Government price was low, and procurement was less in successive years and so on. The fact has to be remembered that when procurement was less, plenty of paddy was otherwise available for people in the country. That surplus paddy circulated among the people, and therefore the off-take became less. But that does not affect food supply.

ശ്രീമതി കെ. ആർ. ഗൌരി: സർക്കലേറവ് ചെയ്തിരിക്കുന്ന നെല്ലിന്റെവില സബ്സിഡൈസ്ഡ് നെല്ലിന്റെ വിലയിൽ കൂടിയതായിരിക്കുകയില്ലേ?

Shri P. S. Nataraja Pillai: It is not to be believed that a higher off-take will call for greater subsidy. The available figures do not show that posture of affairs. It is unreasonable

to expect that a man will buy at 6 annas a measure when rice is avalable for four annas.

ശ്രീമതി കെ. ആർ. ഗൗരി : അരി ബാക്കിവരുന്നതു് വാങ്ങുവാനുള്ള കഴിവുകേടുകൊണ്ടല്ലേ ?

Shri P. S. Nataraja Pillai: I have already explained that and prefer to leave the matter there.

ശ്രീമതി കെ. ആർ. ഗൗരി : ലേഡീ ടീച്ചേഴ്സിന്റെ കാര്യംകൂടി ഒന്നു പറഞ്ഞാൽ കൊള്ളാം.

Shri P. S. Nataraja Pillai: There is one peculiar experience of mine which I take this opportunity to acquaint the House in this connection. I have contested the elections 4 or 5 times and during those occasions I had not depended on Government servants· I solely dependedon non-Government officers and—

ശ്രീമതി കെ. ആർ. ഗൗരി : ഇന്നു് എഡ്യൂക്കേഷൻ സർവ്വീസിൽ ഇന്റിഗ്രേഷൻപ്രകാരം പ്രമോഷൻ സീനിയോറിട്ടി അനുസരിച്ചുവേണം എന്നു് തീരുമാനിച്ചും അതിനുശേഷം സീനിയോറിട്ടി അനുസരിച്ചു് കൊടുക്കാതിരിക്കുന്നതു ന്യായമാണോ ?

Shri P. S. Nataraja Pillai: I do not know of having done any injustice knowingly in the integration of services. Knowingly no harm was done to any individual· So far I can assure the hon. Member and the House, if unknowingly any mistake has been committed in the matter, we are prepared to rectify it.

ശ്രീമതി കെ. ആർ. ഗൗരി : പി. എസ്സ്. പി. ഗവണ്മെന്റു വന്നതിനു് ശേഷം 22 പേരുടെ പ്രമോഷൻ തടഞ്ഞിട്ടുണ്ടു് എന്നാണറിയുന്നതു്. അങ്ങനെ ചെയ്തിട്ടുണ്ടെങ്കിൽ അതു് ക്യാൻസൽ ചെയ്യുമോ ?

Shri P. S. Nataraja Pillai: As I said, if unknowingly any injustice was done, if it has crept in our arrangement, a clause has been inserted to the effect that the aggrieved party can prefer representations within 30 days to Government to look into. Such cases are coming in·

ശ്രീമതി കെ. ആർ. ഗൗരി : നിയമമനുസരിച്ചു് പ്രവർത്തിക്കുന്നതിനു് ഗവണ്മെന്റുതന്നെ എതിരായിരിക്കുമ്പോൾ knowingly or unknowingly നോക്കേണ്ട കാര്യമുണ്ടോ ?

Shri P. S. Nataraja Pillai: That is not the point· Whether a headmaster's place in combined schools should be given to lady teachers or gentlemen—that question is pending. That is a question of policy or principle to be taken note of.

ശ്രീമതി കെ. ആർ. ഗൗരി : റൂൾസ് ഫ്രെയിം ചെയ്തതിനുശേഷം അതിനെ എതിർത്തുകൊണ്ടു് വേറെ റൂൾസ് ഉണ്ടാക്കിയിട്ടുണ്ടോ ?

Shri P. S. Nataraja Pillai: Every rule may have an exception.

ശ്രീമതി കെ. ആർ. ഗൗരി : റൂൾസിൽ പറയാത്ത എക്സപ്ഷൻസ് ഉപയോഗിക്കുന്നതിനു സാധ്യമല്ലേ ?

Shri P. S. Nataraja Pillai: I wonder whether exceptions are included in the rules. I think it is the other way about. Exception is surely outside the rule.

There is yet one more question and I am bound to say a word on it. It is about integration. I am sorry I have to draw the attention of the House to a very sensitive and emotional subject. It is much more than what I should say, and so I am rather diffident about it, because my revered friend the Doctor from Trichur has broached the subject. The position is this. Perhaps I agree with the view taken by him. Nobody wanted this integration. Somehow by a political set up, by evolution of events integration has resulted. In this context one specific reference was made that somebody went back from an assurance made in the House in the matter of the "High Court". If it is to be laid on somebody, it must be at the doors of those who did it and certainly not of others who are innocent in those matters. I am sorry a charge has been made to say "you have gone back on the solemn assurance made in the House." That charge must be levelled against those who did it and not against others who are innocent. People may have their own notions as to where and how the High Court is to function and the rest of it. I may tell my friend that it is the people who brought the High Court here. It is not at all the work of A or B or C that was responsible for shifting it.

Dr. A. R. Menon: How do you assert it when the proof is otherwise ?

Shri P. S. Nataraja Pillai: It was the Assembly that did it.

Dr. A. R. Menon: A reference to the proceedings of the Assembly will enlighten facts in the matter.

Shri P. S. Nataraja Pillai: It was on a motion accepted by the House, such a change has come about.

Mr. Speaker: Order, order.

The question that the Travancore-Cochin Appropriation No. 2 Bill, 1954, be taken into consideration was put and carried.

CLAUSES 2 & 3.

The question that clauses 2 and 3 stand part of the Bill was put and carried.

The clauses were added to the Bill.

The question that the Schedule stands part of the Bill was put and carried.

The Schedule was added to the Bill.

The question that clause 1 stands part of the Bill was put and carried.

Clause 1 was added to the Bill.

The question that the Title and the Preamble stand part of the Bill was put and carried.

The Title and Preamble were added to the Bill.

Shri P. S. Nataraja Pillai: I move that The Travancore-Cochin Appropriation No. 2 Bill—1954, be passed.

Shri A. Achuthan: I second it.

The question that the Travancore-Cochin Appropriation No. 2 Bill, 1954 be passed was put and carried.

The Bill was passed.

The Assembly adjourned at 5 P. M. to meet again at 11 A. M. on Saturday the 31st July 1954.

APPENDIX I.

[Please see answer to question No. *539 (12)]

List of Roads.

1. Moolapilakal-Cheruvally road.
2. Thiruvatta-Nattassery road to Kudamaloor *via* Pallarikunnu.
3. Koottikal-Thottakad road.
4. Mutholi-Palai road—2nd Section from Valia Pally to Kadapathoor.
5. Mutholi-Poovarani road.
6. Erangal-Thiruvanchoor road.
7. Kummannoor-Vembally road up to Puthen Kudaloor.
8. Mevada-Kanjiramattom road.
9. Pallickal thodu to Erattupuzha road.
10. Erapuzha-Perisseri road.
11. Mavelikara-Sabarimala road.
12. Cherukolpuzha-Ranni road.
13. Road from Second mile T. K. road to 78th mile M. C. road.
14. Paippad-Mamood road.
15. Road from eastern end of Vallamkulam bridge to Thottapuzha.
16. Jaliakuzhi to Kaithayil road.

APPENDIX II

[*Please see answer to Question No.* *556 (37)]

Priority list of works selected by the Taluk Works Committee—Kunnathunad Taluk

Sl. No.	Name of Work.	Remarks as to the present stage of work.
1	Shelcrete carpeting the bad portions of Alwaye-Edapally road.	Completed.
2	Taking under departmental maintenance the road from ½ Kuruppampadi Kuttical road reaching the Periyar river.	Completed.
3	Do. road from Mookannoor to Ezhattumukkom.	Work in 1st section almost completed. Balance works are arranged as the original contractor failed to do the same.
4	Do. road from Kumarapuram to Palarivattom.	Work completed except earthwork for which tenders are invited.
5	Opening a road from Puthencruz to Puthen Chungom.	The work has been completed.
6	Road from 8th mile W. F. road to 8th mile P. P. road—construction of cross drainage.	Completed.
7	Remetalling M. C. road miles 151/7 to 154/7.	Completed.
8	Raising the low portions and providing R. C. box culvert at cross drainages in P. A. road miles 1 to 4.	The work could not be started for want of sanction to estimate and funds.
9	Remetalling the bad protions of M. C. road miles 139, 140/2 to 8 and 143/1 to 6.	Completed.
10	Metalling Perumbavur Alwaye road miles 8/1 to 9/5.	Since semigrouted.
11	Do. miles 1 and 2.	Do.

APPENDIX II—(*contd.*)

Sl. No.	Name of Work.	Remarks as to the present stage of work.
12	Metalling the Hospital Loop road Alwaye.	Works completed.
13	Metalling the worst portions of A. M. road miles 13/5 to 8 and 14/5 to 15/4.	Completed.
14	Do. Do. A. V. road miles 6/1 to 4, 7/1 to 4 and 8¦1 to 4.	Do.
15	Metalling Kuruppampadi-Koottical road first 4½ miles.	Do.
16	Renewing the wooden decking of the Kottapuram bridge in 2¦6 Chengal-Pallipot Thodu road.	Do.
17	Repairs to the bridge in 153/6 M. C. road.	Do
18	Widening and improving the junction of A. M. road and M. C. road at Perumbavur.	Not completed due to non-acquisition of lands and buildings by Revenue Department.
19	Improving Keezhillam-Kurichilacode road miles 5 and 6.	Work completed.
20	Taking under departmental maintenance the Thambili Thottuva Ryots road.	The work had no provision and hence not taken up.
21	Do. road from 142nd mile M. C. road to Edapally- Muvattupuzha road 17th mile crossing Alwaye Muvattupuzha road.	This road is included in the first Five Year Plan of the V. R. D. Not yet taken up.
22	Opening road near the Adwaith-asramam, Alwaye.	Works completed except turfing L.A. in progress only.
23	Installing an electric pumping set in the Government House at Alwaye.	Not done for want of Budget provision.
24	Water supply and sanitary installations to the Rest House at Alwaye.	Completed.
25	Investigation for the construction of a bridge over the Cheranallur crossing in Ankamaly-Manjapra road.	Investigation completed.

APPENDIX II—(*contd.*)

Sl. No.	Name of Work.	Remarks as to the present stage of work.
26	Investigation for the construction of the bridge over Kumapallithodu in Piravom Mamala-road.	Work completed.
27	Improvements to 17/6 A. M. road and deepening the Odakali chira.	Do.
28	Investigation for the reconstruction of the Kattupalam bridge, Edapally	Work not started for want of sanction and Budget provision.
29	Taking under departmental maintenance the road from 2nd mile Ramangalam road to Kudumbanad crossing *via.* Thammanimattom.	Completed.
30	Constructing a culvert at Erapunkal in Bhoothathankettu road.	Completed.
31	Improvements to Pulluvazhi-Mazhuvannur road.	Completed.
32	Constructing a foot bridge over the thodu in the 2nd furlong of the village road from 139th mile M. C. road to Mazhuvannur.	Work was transferred to V. R. D. but not taken up for want of funds.
33	Constructing a road from 1/1 Odakalil Kattil temple road to Thalapunja.	Completed.
34	Constructing a road from Moozhikulam Karukutty road to Peechanicad.	The work is not yet taken up for want of lands for which L. A. Proceedings in progress.
35	Widening and improving Muvattupuzha-Edapally road.	Completed.
36	Opening a new road from 151st mile M. C. road to Kuzhipalam thodu first section of the road up to Vapalasseri.	Work not taken up for want of sanction to estimate and budget provision.
37	Improvements to the road from 148th mile M. C. road to Kariathu (Road from 4th mile A. A. road to Kaladi)	Work not taken up for want of sanction to estimate and budget provision.

APPENDIX II—(*contd.*)

Sl. No.	Name of Work.	Remarks as to the present stage of work.
38	Taking under departmental maintenance the road from Vettikal Chowkey joining Piravom-Mamala road to Karookavu station.	The road is under Departmental maintenance as Piravom - Vettical trace.
39	Do. road from 139/4 M. C. road to the 6th mile Muvattupuzha Edapally road.	The road is included in the first Five Year Plan of the V. R. D. work and is not yet taken up.
40	Construction of a road from Edapally Bazar to Arakalakadavu.	Work completed under V. R. D. Scheme.
41	Raising and metalling the approaches to the Bridge at 3/2 A. E. road.	Work completed under National Highways.

APPENDIX III.

[*Please see answer to Question No. 557 (38)*]

(സി) ഭവനങ്ങൾ നിർമ്മിച്ചിട്ടുള്ളതിന്റെ ലിസ്റ്റ്.

<u>സെറ്റിൽമെൻറ് പദ്ധതി അനുസരിച്ച്</u>

		വീടുകൾ
1.	പുളിംകുന്ന്	160
2.	ഹാർവിപുരം (പേരൂർക്കട)	175
3.	ബാർട്ടൺഹിൽ (തിരുവനന്തപുരം)	100
	ആകെ	435

<u>ഭവനനിർമ്മാണപദ്ധതി അനുസരിച്ച്</u>

		വീടുകൾ
1.	കന്യാകുമാരി	17
2.	തേരൂർ	20
3.	കുളച്ചൽ	36
4.	എനയം	30
5.	വിഴിഞ്ഞം	30
6.	തമലം (തിരുവനന്തപുരം)	30
7.	കൊല്ലം	10
8.	പുനലൂർ	18
9.	പടിഞ്ഞാറെ കല്ലട	18
10.	വള്ളാക്കാവ്	5
11.	കൃഷ്ണപുരം	7
12.	പന്തളം	15
13.	ഇരവിപേരൂർ	1
14.	പള്ളം	15
15.	കിടങ്ങൂർ	18
16.	കുമരകം	10
17.	ആലപ്പുഴ	24
18.	വൈക്കം	10
19.	ആലുവാ	30
20.	F. A. C. T.	14

APPENDIX III—(*contd.*)

		വീടുകൾ.
21.	പറവൂർ	8
22.	തേവര	36
23.	ആനന്ദപുരം	8
24.	അഴീക്കോട്	11
25.	ഇടവിലങ്ങ്	12
26.	ഇരിഞ്ഞാലക്കുട	24
27.	Do.	32
	ആകെ	489

കൂടാതെ താഴെ പറയുന്ന സ്ഥലങ്ങളിൽ കെട്ടിടങ്ങളുടെ പണി നടന്നു വരുന്നു.

		വീടുകൾ
1.	വർക്കല	20
2.	കാലടി	15
3.	നേരിയമംഗലം	25
4.	തേവര	14
5.	ആനന്ദപുരം	8
6.	കരമന	17
	ആകെ	99

PROCEEDINGS OF THE TRAVANCORE-COCHIN
LEGISLATIVE ASSEMBLY

SECOND SESSION—1954

Saturday, the 31st July 1954.

Vol. XI] OFFICIAL REPORT [No. 16.

The Assembly met in the Legislative Chamber, Trivandrum, at Eleven of the Clock on Saturday, the 31st July 1954, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day).

ഇൻഡോ—നാർവീജിയൻ ഫൌണ്ടേഷൻ സ്കീം.

* 563. [4] ശ്രീ. ടി. കെ. ദിവാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡോ-നാർവീജിയൻ ഫൌണ്ടേഷൻ സ്കീം അഡ്വൈസറി ബോർഡിലെ അംഗങ്ങൾ ആരെല്ലാം;

(ബി) നാർവീജിയൻ സ്കീം ഉൾക്കൊള്ളുന്ന പ്രദേശങ്ങളെ പ്രതിനിധീകരിക്കുന്ന എം. എൽ. എ. മാരെക്കൂടി കമ്മിററിയിലെടുക്കാൻ ഗവൺമെൻറ് നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): ചീഫ് സെക്രട്ടറി, മിസ്റ്റർ ലുണ്ട്, പ്രാജക്ററ് ഡയറക്ടർ, മി. പി. ബോഗ്, അസിസ്റ്റൻറ് ഡയറക്ടർ, ഡാക്ടർ ഹാൾവേർഡ് ലിഡ്, നാർവീജിയൻ ഡാക്ടർ, ഗവൺമെൻറ് സെക്രട്ടറി (ഡെവലപ്പ്മെൻറ്), ഗവൺമെൻറ് സെക്രട്ടറി (ഫുഡ്), ഗവൺമെൻറ് സെക്രട്ടറി (വർക്ക്സ്), ഗവൺമെൻറ് സെക്രട്ടറി

(ഫൈനാൻസ് ഡിപ്പാർട്ടുമെൻറ്), ചീഫ് എൻജിനീയർ (P. W. D.), സഹകരണസംഘം രജിസ്ട്രാർ, ഫിഷറി ഡയറക്ടർ, പബ്ലിക്ക് ഹെൽത്തു് ഡയറക്ടർ.

(ബി) ആലോചിക്കാം.

ശ്രീ. എം. എം. മത്തായി: ഈ കമ്മിററി തെരഞ്ഞെടുക്കപ്പെട്ടതാണോ?

ശ്രീ. എ. താണുപിള്ള: ഗവണ്മെൻറ് കാൺസ്റ്റിട്യൂട്ട് ചെയ്യുതാണ്.

Shri A. A. D. Luiz: May I know whether the State Government has any financial commitment or investment in the Norwegian Scheme?

ശ്രീ. എ. താണുപിള്ള: സ്റ്റേററ ഗവണ്മെൻറിനു് ഈ ആവശ്യത്തിലേയ്ക്കു് ചെലവുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി: ഈ ഗവണ്മെൻറിനു ഇതിൻെറ അഡ്മിനിസ്ട്രേഷനിൽ നിയന്ത്രണമുണ്ടോ?

ശ്രീ. എ. താണുപിള്ള: ഈ കമ്മിററിയുടെ ഉപദേശമനുസരച്ചാണ് അവിടെ പ്രവർത്തനം നടത്തുന്നതു്. ജോലി നടത്തിപ്പിനെ സംബന്ധിച്ചു് ഗവണ്മെൻറിൻെറ അനുവാദം വേണമെന്നുണ്ട്.

ശ്രീ. എം. എം. മത്തായി: ഉപദേശകസമിതിക്കു് എന്തധികാരമാണുള്ളതു്?

ശ്രീ. എ. താണുപിള്ള: ഉപദേശം കൊടുക്കുകമാത്രമെയുള്ളു.

ശ്രീ. പ്രാക്കുളം ഭാസി: ഈ ഉപദേശകസമിതിയിൽ പഞ്ചായത്തു പ്രതിനിധികളെക്കൂടി ഉൾപ്പെടുത്താമോ?

ശ്രീ. എ. താണുപിള്ള: ആ കാര്യം ആലോചിക്കാം. പക്ഷെ അതുകൊണ്ടു് കൂടുതൽ പ്രയോജനമുണ്ടെന്നു തോന്നുന്നില്ല. നിവൃത്തിയുള്ളടത്തോളം പ്രാദേശികമായ കാര്യങ്ങൾക്കു് ആ പ്രദേശത്തുള്ള ആളുകളെക്കൂടി ഉൾപ്പെടുത്തി ചെയ്യുന്നതായിരിക്കും നല്ലതെന്നു ഗവണ്മെൻറിനു അഭിപ്രായമുണ്ട്.

ശ്രീ. ചന്ദ്രാരപ്പള്ളി പി. നാരായണൻ പോററി: കമ്മിററി അംഗങ്ങളുടെ ഉപദേശം നിഷേധിക്കുവാൻ ഈ കമ്പനിക്കു അധികാരമുണ്ടോ?

ശ്രീ. എ. താണുപിള്ള: ഇവരുടെ ഉപദേശം അനുസരിച്ചു കാര്യം നടക്കണമെന്നാണു ഗവണ്മെൻറിൻെറ നിശ്ചയം.

ശ്രീ. കെ. സി. ജോർജ്ജ്: ഗവണ്മെൻറിനു ഇതിലെന്തെങ്കിലും നിയന്ത്രണാധികാരമുണ്ടോ?

ശ്രീ. എ. താണുപിള്ള: ഉണ്ട്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ഈ കമ്മിററിയുടെ ചെയർമാൻ ആരാണ്?

ശ്രീ. എ. താണുപിള്ള: ചീഫ് സെക്രട്ടറിയാണ്.

ശ്രീ. സി. കൊച്ചുകുഞ്ഞ്: കമ്മററി രൂപീകരിച്ചിട്ട് എത്ര നാളായി?

ശ്രീ. എ. താണുപിള്ള: ഇതിന്റെ പ്രവർത്തനം തുടങ്ങിയപ്പോൾതന്നെ രൂപീകരിച്ചു.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: നാർവെ ഗവണ്മെന്റും സംസ്ഥാന ഗവണ്മെന്റുമായി ഇതിനെ സംബന്ധിച്ചു നടത്തിയ എഗ്രിമെന്റ് എന്താണ്?

ശ്രീ. എ. താണുപിള്ള: നാർവെ ഗവണ്മെന്റും ഇൻഡ്യാ ഗവണ്മെന്റുമായിട്ടാണ് എഗ്രിമെന്റ്, അതനുസരിച്ച് ഈ സംസ്ഥാന ഗവണ്മെന്റ് പ്രവർത്തിക്കുന്നു.

ശ്രീ. ആർ. പ്രകാശം: എം. എൽ. എ. മാരെക്കൂടി ഈ കമ്മററിയിൽ ഉൾപ്പെടുത്താത്തതിനു പ്രത്യേകം കാരണമുണ്ടോ?

ശ്രീ. എ. താണുപിള്ള: അങ്ങനെ ഉൾപ്പെടുത്താത്തതിന് പ്രത്യേക കാരണമൊന്നുമില്ല.

ശ്രീ. സി. കൊച്ചുകുഞ്ഞ്: ഇതിന്റെ പ്രവർത്തനം തൃപ്തികരമല്ലെന്നു പരാതിയുണ്ടായിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: ഉണ്ടോയെന്നറിഞ്ഞുകൂടാ, ഏതായാലും പ്രവർത്തനം ഗവണ്മെന്റിനു തൃപ്തികരമായിട്ടാണു കാണുന്നത്.

Five Year Plan.

*564. [5] **Shri T. S. Ramaswami**: Will the Chief Minister be pleased to state:

(*a*) the number and names of tanks renovated under the Five Year Plan and the expenses incurred for each;

(*b*) whether any major tank in South Travancore was deepened and work completed;

(*c*) if so, the names of the tank, the catchment capacity of each, the respective improvement in catchment area; and

(*d*) if not, why?

Chief Minister (**Shri A. Thanu Pillai**): (*a*) Full details required have not been received. The information so far obtained is given below:

Improvements and construction of tanks in the Travancore-Cochin State during the first two years of the Plan—1951-53:

Number of works completed—383.

Cost of works completed 10,00,000.

(*b*), (*c*) and (*d*) The information is being collected.

തൊണ്ടുവില നിയന്ത്രണം.

✱ 565. [6] ശ്രീ. യു. നീലകണ്ഠൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഫിനാൻസുമന്ത്രി സദയം മറുപടി പറയുമോ:

(എ) കയർ സഹകരണസംഘങ്ങൾ താഴ്ത്തിയിട്ടുള്ള തിരുവനന്തപുരം തൊണ്ടിന്റെ ശരാശരി വില എന്താണ്;

(ബി) ഈ വില കയറിന്റെ വിലയുമായി പൊരുത്തമില്ലാത്താണെന്ന് സക്കാരിനറിയാമോ;

(സി) ആണെങ്കിൽ ഒരു കണ്ടിക്കുള്ള വിലയിൽ എത്ര രൂപ നഷ്ടം പ്രതീക്ഷിക്കുന്നു;

(ഡി) ഈ നഷ്ടം പരിഹരിക്കുന്നതിന് തൊണ്ടുവില നിയന്ത്രിക്കേണ്ടതാവശ്യമാണെന്ന് സക്കാരിനു തോന്നുന്നുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) കയർ സഹകരണസംഘങ്ങൾ താഴ്ത്തിയിട്ടുള്ള തിരുവനന്തപുരം തൊണ്ടിന്റെ ശരാശരി വില 1000-ത്തിനു 40 രൂപ.

(ബി) ഈ സംഘങ്ങൾ താഴ്ത്തിയ തൊണ്ടിന്റെ വിലയും കയറിന്റെ വിലയും തൊണ്ടുതാഴ്ത്തിയ സമയത്ത് അല്പം കൂടുതലായിരുന്നു.

(സി) കയറിന്റെ വിലക്കുറവുകൊണ്ട് സംഘങ്ങൾക്ക് പ്രതീക്ഷിച്ചിരുന്ന ലാഭം കിട്ടിയിരുന്നില്ല. പക്ഷെ, നഷ്ടം ഉണ്ടാകുകയില്ല.

(ഡി) കയറിന്റെ വിലക്കുറവോടുകൂടി തൊണ്ടിന്റെ വില കുറഞ്ഞിട്ടുണ്ട്. സംഘങ്ങൾക്ക് ഇപ്പോൾ കുറഞ്ഞവിലയ്ക്ക് തൊണ്ട് താഴ്ത്താവുന്നതാണ്. ഈ പരിതഃസ്ഥിതിയിൽ തൊണ്ടിന്റെ വില നിയന്ത്രിക്കണമെന്ന് തോന്നുന്നില്ല.

ശ്രീ. യു. നീലകണ്ഠൻ: സഹകരണസംഘങ്ങൾ ഇതിനുവേണ്ടി എത്ര പണം നിക്ഷേപിച്ചിട്ടുണ്ടെന്നറിയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള: അറിഞ്ഞുകൂടാ.

ശ്രീ. യു. നീലകണ്ഠൻ: ഒരു കണ്ടി കയർ ഉല്പാദിപ്പിക്കുന്നതിനു എത്ര തൊണ്ട് വേണമെന്നറിയാമോ?

Shri P. S. Nataraja Pillai: The average cost price of coconut husks in the Trivandrum Centre during the months of Makaram to Edavam of the year was Rs. 40 per thousand. Particulars regarding the price per candy of coir during that period is being collected. It is understood it is not a loss.

ശ്രീ. യു. നീലകണ്ഠൻ: 40 രൂപ തൊണ്ടിനു വിലയുണ്ടായിരുന്നപ്പോൾ കയറിന്റെ വില 25 രൂപയിൽ കൂടുതൽ അല്ലായിരുന്നുവെന്ന് അറിയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള: ഇപ്പോഴത്തെ ആവറേജ് പ്രൈസ് തൊണ്ടിനു 1000-ത്തിനു 30 രൂപയാണ്. കയറിനു അതനുസരിച്ച് കൂടുതൽ വിലയുണ്ട്. ഏകദേശം 280 രൂപയാണ് ഒരു കണ്ടി കയറിന്റെ ഇപ്പോഴത്തെ ആവറേജ് വില.

ശ്രീ. യു. നീലകണ്ഠൻ: ഒരു കണ്ടി കയർ ഉല്പാദിപ്പിക്കുന്നതിന് എത്ര തൊഴിലാളികൾ വേണമെന്നറിയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള: അതിന് നോട്ടീസ് വേണം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: തൊണ്ടിന്റെ വില നിയന്ത്രിക്കണമെന്ന് സഹകരണസംഘം പരാതിപ്പെട്ടിട്ടുണ്ടോ?

Shri P. S. Nataraja Pillai: The control orders have been declared *ultra vires* and it is doubtful whether we can do anything at the present moment, because the Travancore-Cochin Cocoanut and Husk Control Order, 1951 issued under the provisions of the Public Safety Measures Act has since become inoperative by the decision of the High Court. I think it is legally not possible to fix the maximum and minimum prices for the cocoanut husks at the present moment and the Government do not think, in view of the prices that exist in the case of coir and husk that, a fresh piece of legislation can be undertaken.

പ്രൈമറി സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ.

* 566. [7] ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി പ്രൈമറി സ്കൂൾ ടീച്ചേഴ്സ് അസോസിയേഷനിൽ നിന്ന് അവരുടെ ആവശ്യങ്ങളെപ്പറ്റി ഗവണ്മെന്റിന് ഒരു നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൽ എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്;

(സി) ആ ആവശ്യങ്ങളിൽ ഇതിനകം എന്തെല്ലാം സാധിച്ചുകൊടുത്തിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): തിരുവിതാംകൂർ-കൊച്ചി പ്രൈമറി സ്കൂൾ ടീച്ചേഴ്സ് അസോസിയേഷനിൽനിന്നും നിവേദനം ലഭിച്ചിട്ടില്ല. എന്നാൽ തിരുവിതാംകൂറിലേയും കൊച്ചിയിലേയും പ്രൈമറി സ്കൂൾ ടീച്ചേഴ്സിന്റെ നിവേദനം ലഭിച്ചിട്ടുണ്ട്. തിരുവിതാംകൂർ-കൊച്ചി സർക്കാർ പ്രൈമറി സ്കൂൾ ടീച്ചേഴ്സ് അസോസിയേഷന്റെ നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി. ആൻഡ് സി.) അതിൽ ഉന്നയിച്ചിരുന്ന കാര്യങ്ങളിൽ ഗവണ്മെന്റിൽനിന്നു സ്വീകരിച്ചിട്ടുള്ള നടപടിയെപ്പറ്റിയുള്ള വിവരങ്ങൾ മേശപ്പുറത്തു വച്ചിട്ടുണ്ട്. ഇതു ദീർഘമായ ഒരു പട്ടികയാണ്.*

ശ്രീ. ടി. എ. മജീദ്: ഇവരുടെ എഗ്രിമെന്റ ഫോറത്തിൽ വ്യത്യാസം വരുത്തിയിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: ആദ്യമുണ്ടായിരുന്ന ഉത്തരവിനുശേഷം അതിനെ ഭേദഗതിചെയ്തിട്ടില്ല.

* Please See Appendix No. I.

ശ്രീ. ടി. എ. മജീദ്: 30–1–40–2–50 എന്നുള്ള സ്കെയിൽ വളരെ കുറവാണെന്നു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: ശമ്പളം ഉയർത്തണമെന്ന് അവർ ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. ടി. എ. മജീദ്: പ്രതിവർഷം ഒരു രൂപ ഇൻക്രിമെന്റ വളരെ കുറവാണെന്നറിയാമോ?

ശ്രീ. എ. താണുപിള്ള: രണ്ടു രൂപ ഇൻക്രിമെന്റിനെക്കാൾ ഒരു രൂപ ഇൻക്രിമെന്റ കുറവുതന്നെയാണ്.

എസ്. എസ്. എൽ. സി. പരീക്ഷ.

*567. [8] ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ എസ്. എസ്. എൽ. സി. പരീക്ഷയിൽ എത്ര ശതമാനം വിദ്യാർത്ഥികൾ വിജയികളായി;

(ബി) വിജയശതമാനം ഇത്ര കുറഞ്ഞുപോയതിന്റെ കാരണങ്ങൾ എന്താണെന്ന് അന്വേഷിച്ചിട്ടുണ്ടോ;

(സി) കാരണങ്ങൾ എന്ത്;

(ഡി) ഇതിനു എന്തെങ്കിലും പരിഹാരം ഗവണ്മെന്റിന്റെ മുമ്പിലുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) 46.9.

(ബി) കഴിഞ്ഞകൊല്ലത്തെ അപേക്ഷിച്ചു ഇക്കൊല്ലം വിജയശതമാനം കൂടുതലാണ്.

(സി-യും ഡി-യും) ബി-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഇതു ഉദിക്കുന്നില്ല.

ശ്രീ. ടി. എ. മജീദ്: ഓരോ സബ്ജക്ററിലും ഒരു ക്ലിപ്ത ശതമാനം മാത്രമെ പാസ്സാക്കാവു എന്നു ചീഫ് എക്സാമിനർമാർ നിർദ്ദേശം നൽകാറുണ്ടോ?

ശ്രീ. എ. താണുപിള്ള: അങ്ങനെ നിർദ്ദേശം നൽകാറുള്ളതായി അറിഞ്ഞുകൂടാ.

ശ്രീ. ടി. എ. മജീദ്: അഭ്യസ്തവിദ്യരുടെ ഇടയിലുള്ള തൊഴിലില്ലായ്മ കുറയ്ക്കുന്നതിനുവേണ്ടിയാണോ ഇങ്ങനെ വിജയശതമാനം കുറയ്ക്കുന്നത്?

ശ്രീ. എ. താണുപിള്ള: സർ, എന്റെ മുൻമറുപടിയിൽനിന്നു ഇതു ഉദിക്കുന്നില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: 46.9 ശതമാനമെന്നുള്ളതു വളരെ കുറവാണെന്നു ബോദ്ധ്യമുണ്ടോ?

ശ്രീ. എ. താണുപിള്ള: അതൊരഭിപ്രായം മാത്രമാണ്.

ശ്രീ. കെ. സി. ജോർജ്ജ്: വിജയശതമാനം വർദ്ധിപ്പിക്കത്തക്ക വിധത്തിൽ എന്തെങ്കിലും നടപടികളുണ്ടാകുമോ?

ശ്രീ. എ. താണുപിള്ള: വിജയശതമാനം നൂറ് ആയി വർദ്ധിപ്പിക്കണമെന്നാണ് ഗവണ്മെന്റിന്റെ ആഗ്രഹം.

ശ്രീ. കെ. കൊച്ചുകുട്ടൻ: തോററുപോയ വിഷയങ്ങൾക്കു മാത്രം വീണ്ടും ചേർന്ന് പാസ്സാകാനുള്ള സൗജന്യങ്ങൾ ഇപ്പോഴുണ്ടോ?

ശ്രീ. എ. താണുപിള്ള: ഇപ്പോൾ ഇല്ല. അതിനെപ്പററി ആലോചിക്കാവുന്നതാണ്.

Shri T. P. Sitaraman: May I know the number of students that have passed last year?

ശ്രീ. എ. താണുപിള്ള: അതിന്റെ കണക്ക് എന്റെ കയ്യിലില്ല.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: സ്റ്റാൻഡേഡ് കുറയുന്നതുകൊണ്ട് സ്റ്റാൻഡേഡ് വർദ്ധിപ്പിച്ചുവെന്ന് കാണിക്കുന്നതിനുവേണ്ടിയാണോ ഇങ്ങനെ വിജയശതമാനം കുറയുന്നത്?

ശ്രീ. എ. താണുപിള്ള: ഞാൻ മുമ്പുതന്നെ പറഞ്ഞു അങ്ങനെ നിർദ്ദേശങ്ങളൊന്നുമില്ലായെന്ന്.

ശ്രീ. ചന്ദ്രശേഖരപ്പിള്ളി പി. നാരായണൻ പോററി: വിജയശതമാനം കൂട്ടുന്നതിനുവേണ്ടി ട്രയിൻഡ് ടീച്ചേഴ്സിനെ കൂടുതലായി നിയമിക്കാമോ?

ശ്രീ. എ. താണുപിള്ള: ട്രെയിൻഡ് ടീച്ചേഴ്സിനെ കൂടുതൽ നിയമിച്ചാൽ വിജയശതമാനം വർദ്ധിക്കുമെങ്കിൽ അങ്ങനെയാകാം.

ഫീസ് സൌജന്യം.

*568. [9] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നാംഫാറത്തിലും രണ്ടാംഫാറത്തിലും ഫീസ് സൗജന്യം ഗവണ്മെന്റ് അനുവദിച്ചിട്ടുണ്ടോ;

(ബി) ഇതുമൂലം എത്ര ലക്ഷം രൂപയുടെ നഷ്ടം ഗവണ്മെന്റ് സഹിക്കേണ്ടിവരും;

(സി) ഈ നഷ്ടം നികത്തുന്നതിനു വല്ല പദ്ധതിയും ഗവണ്മെന്റിനുണ്ടോ;

(ഡി) 14 വയസ്സിനു താഴെ പ്രായമുള്ള സംസ്ഥാനത്തെ സകല കുട്ടികൾക്കും ഫീസുസൗജന്യം അനുവദിക്കുന്നതിന് ഗവണ്മെന്റ് സന്മനസ്സു കാണിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) ഉണ്ട്.

(ബി) ഗവണ്മെന്റ റവന്യൂവിൽ ആറരലക്ഷം രൂപയുടെ നഷ്ടം ഉണ്ടാകുമെന്നു് ഉദ്ദേശിക്കുന്നു. പ്രൈവറ്റ സ്കൂളുകളിൽ പതിനെട്ടലക്ഷം രൂപയും പ്രതീക്ഷിക്കുന്നു.

(സി) ഈ നഷ്ടം പരിഹരിക്കുന്ന കാര്യം ഗവണ്മെന്റു് ആലോചിച്ചുവരുന്നു.

(ഡി) അതാണു് ഗവണ്മെന്റിന്റെ ഉദ്ദേശം.

വാടകക്കെട്ടിടങ്ങളിൽ നടത്തുന്ന സ്കൂളുകൾ.

*569. [10] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെന്റ വക സ്കൂളുകൾ വാടകക്കെട്ടിടങ്ങളിൽ നടത്തുന്നുണ്ടോ;

(ബി) ഗവണ്മെന്റവക കെട്ടിടങ്ങൾ ഇല്ലാഞ്ഞിട്ടല്ലേ വാടകക്കെട്ടിടങ്ങളിൽ സ്കൂളുകൾ നടത്തുന്നതു്;

(സി) പത്തനംതിട്ട താലൂക്കിൽ കോഴഞ്ചേരി ഈസ്റ്റ് പ്രൈമറി ഗവണ്മെന്റസ്കൂൾ ഒരു വാടകക്കെട്ടിടത്തിലാണോ നടത്തുന്നതു്;

(ഡി) അവിടെ ഒരു പുതിയ സ്കൂൾകെട്ടിടം പണിതു് സ്കൂൾ നടത്തുവാൻ ഗവണ്മെന്റു് തയ്യാറാകുമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) ഉണ്ടു്.
(ബി) അതെ.
(സി) അതെ.
(ഡി) പുതിയ സ്കൂൾകെട്ടിടം പണിയുന്നതിനുവേണ്ടി സ്ഥലം പൊന്നുംവിലയ്ക്കെടുക്കുവാൻ നടപടി നടത്തിക്കൊണ്ടുവരികയാണു്.

ശ്രീ. എൻ. ജി. ചാക്കോ: എത്ര സ്കൂളുകൾ ഇങ്ങനെ വാടകക്കെട്ടിടത്തിൽ നടത്തുന്നുണ്ടെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള: അതിന്റെ കണക്കു് ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. എൻ. പരമേശ്വരൻപിള്ള: ഗവണ്മെന്റ സ്കൂൾകെട്ടിടത്തിൽ മറ്റാഫീസുകൾ നടത്തുന്നതായി അറിയാമോ?

ശ്രീ. എ. താണുപിള്ള: സ്കൂളിനു് ആവശ്യമില്ലെന്നുകണ്ടാൽ അങ്ങനെയും ചെയ്യുന്നുണ്ടാവാം.

അദ്ധ്യാപകന്മാരുടെ ശമ്പളം.

*570. [11] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സെക്കൻഡറി സ്കൂൾ പദ്ധതിയനുസരിച്ചു് അദ്ധ്യാപകന്മാരുടെ ടൈംസ്കെയിൽ പ്രകാരമുള്ള ശമ്പളം അദ്ധ്യാപകർക്കു് ഗവണ്മെന്റു് കൊടുക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) : കൊടുത്തുവരുന്നുണ്ട്.

ശ്രീ. എൻ. ജി. ചാക്കോ : ഈ പദ്ധതിയിൽ ചേർന്നിട്ടുള്ള എല്ലാ അദ്ധ്യാപകന്മാർക്കും ടൈം സ്കെയിൽ കിട്ടുന്നില്ലെന്നു ഗവണ്മെന്റിനു അറിയാമോ?

ശ്രീ. എ. താണുപിള്ള : ഇതിലേയ്ക്കു് ഒരു സ്പെഷ്യലാഫീസർ ഉണ്ട്. ധാരാളം ജോലികൾ ചെയ്തുതീർക്കേണ്ടതായി വരും. ഇതുവരെ ചെയ്തുതീർത്തിട്ടില്ലാത്ത ജോലികൾ കഴിയുന്നതും വേഗത്തിൽ ചെയ്തുതീർക്കുന്നതിനു നിർദ്ദേശം നൽകാം.

Anti-Corruption Measures.

*571. [13] **Shri T. S. Ramaswami**: Will the Chief Minister be pleased to state:

(*a*) what anti-corruption measures are taken by the Government;

(*b*) the number of corruption charges made against Division Officers of P. W. D. for the last five years;

(*c*) number enquired departmentally;

(*d*) number and names of officers involved;

(*e*) nature of charges; and

(*f*) action taken in each case?

Chief Minister (**Shri A. Thanu Pillai**): (*a*) For setting up an efficient machinery to investigate and bring to the notice of Government cases of corruption in the services or in public life, an Anti-Corruption Department now known as X-Branch was organised towards the close of 1953 as a part of the regular Police, under a Deputy Inspector-General of Police with an executive staff consisting of 3 A. S. Ps., 4 C. Is., 6 S. Is., 10 H. Cs., and 14 P. Cs., and a ministerial staff of one Office Superintendent, 2 clerks, one steno-typist and a typist.

(*b*) One.

(*c*) No departmental enquiry has been made.

(*d*) One. It is not proper to divulge the officer's name at this stage.

(*e*) Suspected of his honesty in passing the bills of contractors and showing favouritism.

(*f*) The alleged charges have been enquired into confidentially and the report received in the matter is being examined by Government.

Shri T. S. Ramaswami: May I know the number of charges involved in this matter?

Shri A. Thanu Pillai: One.

Shri T. S. Ramaswami: In answer to part (*d*) may I know the number of officers involved?

Shri A. Thanu Pillai: One.

Colonisation.

*572. [14] **Shri T. S. Ramaswami**: Will the Chief Minister be pleased to state:

(*a*) the steps taken by our Government for sending fishermen and agriculturists for colonisation in the Andamans;

(*b*) the quota allotted to our State during the last selection;

(*c*) the number selected;

(*d*) whether the Government received any memorandum from the firshermen of Cape Comorin in the matter; and

(*e*) what steps the Government have taken on the memorandum?

Chief Minister **(Shri A. Thanu Pillai)**: (*a*) As a result of strong and persistent representations made to the Government of India by this Government, a batch of 35 families have already been sent to Andamans. Out of this 27 families are agriculturists and eight families are fishermen. As regards the question of sending the next batch, this Government are in correspondence with the Government of India.

(*b*) 90 families 60 agriculturists and 30 fishermen families).

(*c*) 35 families.

(*d*) Yes.

(*e*) The memorialists have been given a reply stating that the cases referred to by them will be considered by Government at the time of the next selection of families to Andamans.

Shri T. S. Ramaswami: May I know when the quota was 90 why 30 families alone were sent for colonisation?

Shri A. Thanu Pillai: The Representative found only those 30 families fit for colonisation.

Shri T. S. Ramaswami: May I know when there were a hundred applications in that connection why the selection was confined to such a low number?

Shri A. Thanu Pillai: As I have already said, the selection was made by the Representative of the Andaman Administration.

Shri T. S. Ramaswami: May I know whether this Government will play an effective part in increasing the number of the families to be taken for colonisation purpose?

Shri A. Thanu Pillai: Of course this Government will do their best in the matter; but the final selection has to be made by him.

Shri K. C. George: May I know what are the conditions to be fulfilled in the matter of getting selected for colonisation purpose?

Shri A. Thanu Pillai: The particular family must be prepared to go there and take to agriculture and work in connection with that. These factors were considered by the officer in selecting the families.

Shri K. C. George: My question is if 70 families have been chosen to go to Andamans and take to agriculture etc., what is meant by saying that only 35 families were found fit ?

Shri A. Thanu Pillai: The representative has to satisfy himself that the families selected are fit for the purpose. Any way we will try to see that more and more families are sent outside for colonisation.

Shri K. C. George: My question is what exactly the Government wants in the matter of selection of families so that we may recommend some more people for that purpose?

Shri A. Thanu Pillai: The Member may well make the recommendation and we will try to see that all are sent outside.

സർക്കാർസർവ്വീസിൽനിന്നും രാഷ്ട്രീയ പരിഗണനകളാൽ പിരിച്ചയയ്ക്കപ്പെട്ടവർ.

* 573. [15] ശ്രീ. പി. ഭാസ്കരൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) ഈ സംസ്ഥാനത്തെ സർക്കാർസർവ്വീസിൽ നിന്നും 1948 മുതൽ നാളിതുവരെ രാഷ്ട്രീയ പരിഗണനകളാൽ എത്രപേരെ പിരിച്ചുവിട്ടിട്ടുണ്ട്;

(ബി) ഇപ്പോഴത്തെ മന്ത്രിസഭ അധികാരത്തിൽ വന്നതിനശേഷം അത്തരം വല്ല പിരിച്ചുവിടലും ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെ, എന്നു പിരിച്ചുവിട്ടു;

(സി) ആകെ ഏതേതു ഡിപ്പാർട്ടുമെന്റുകളിൽനിന്ന് എത്രപേരെ വീതം, ഏതു കൊല്ലങ്ങളിൽ പിരിച്ചുവിട്ടു;

(ഡി) കേവലം രാഷ്ട്രീയ കാരണങ്ങളാൽ കൈക്കൊണ്ട ശിക്ഷണ നടപടികൾ പുനഃപരിശോധന ചെയ്യുവാൻ ഗവണ്മെന്റ് ശ്രമിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): (എ) രാഷ്ട്രീയ പ്രവർത്തനങ്ങളിൽ പങ്കെടുത്തതിന് 4 പേരെ പിരിച്ചുവിട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിൽനിന്നും ഒരാളെ 1950-ൽ, ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റിൽനിന്നും ഒരാളെ 1949-ൽ, ലേബർ ഡിപ്പാർട്ടുമെന്റിൽനിന്നും ഒരാളെ 1949-ൽ. പോലീസ് ഡിപ്പാർട്ടുമെന്റിൽനിന്നും ഒരാളെ 1950-ൽ.

(ഡി) ഇല്ല.

ശ്രീ. പി. ഭാസ്കരൻനായർ: തൊടുപുഴ കോടതിയിൽനിന്നും ഒരു എൻ. ജി. ഒ. യെ ഈ സോഷ്യലിസ്റ്റ് ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം പിരിച്ചുവിട്ടിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: ഈ ഗവണ്മെന്റ് ആരെയും പിരിച്ചുവിട്ടിട്ടില്ല. ഹൈക്കോടതി അങ്ങിനെ ചെയ്തിട്ടുണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാ.

ശ്രീ. തലേക്കര കെ. കൃഷ്ണൻ: ഡിപ്പാർട്ടുമെന്റ മേലദ്ധ്യക്ഷന്മാർ പിരിച്ചുവിട്ട എത്രയാളുകൾ ഉണ്ടെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള: ഞാൻ പറഞ്ഞ നാലുപേരെ അല്ലാതെ വേറെ ആരെയും പിരിച്ചുവിട്ടിട്ടുള്ളതായി ഗവണ്മെന്റിന് അറിവില്ല.

ശ്രീ. പി. കെ. യശോധരൻ: ഈ പിരിച്ചുവിട്ടവരുടെ പേരുകളും പിരിച്ചുവിടാനുണ്ടായ കാരണങ്ങളും വ്യക്തമാക്കാമോ?

Shri A. Thanu Pillai: (i) Shri Easau, clerk, Office of the Conservator of Forests, Trichur was dismissed from service in 1950, for associating himself with the Communist Party which was an unlawful political organisation then.

(ii) Shri K. Sukumaran Nair, acting clerk in the Electricity Department, was dismissed from service in 1949 for R. S. S. activities.

(iii) Shri V. Somanathan, clerk, Labour Department, was dismissed from service in 1949 for engaging himself in activities intended to paralyse Government.

(iv) Shri M. M. Ayyappan, clerk, Office of the District Superintendent of Police was dismissed from service in 1950, for giving shelter and assistance to one K. C. Kunjunni, a proclaimed Communist and a wanted person. Sir, when political activities are prohibited and Government servants who engage themselves in activities of such kind are involved, Government have no other course but to send them out of service. That is why these persons have been dealt with in this way.

Shri Thalekkare K. Krishnan: Are the Government aware that the High Court has declared these punishments as illegal?

ശ്രീ. എ. താണുപിള്ള: ഹൈക്കോടതി എന്തു ചെയ്തിരുന്നാലും ഗവണ്മെന്റ സർവ്വീസ് നടക്കേണ്ടതുപോലെ നേരെ നടത്തണം. അതു നടക്കേണ്ടതു് നമ്മുടെ ആവശ്യമാണ്. പൊളിറ്റിക്കൽ ആക്റ്റിവിറ്റീസിൽ ഉൾപ്പെടുന്നവർ ഗവണ്മെന്റ സർവ്വീസിൽ പ്രവേശിച്ചുകൂടെന്നു് നിയമമുണ്ട്. ആ നിയമം ലംഘിക്കുന്നവരെ സർവ്വീസിൽ വച്ചുകൊണ്ടിരിക്കുന്നതിന് ഗവണ്മെന്റിന് ഒക്കുകയില്ല. അതാണ് ഗവണ്മെന്റിന്റെ നയം.

ശ്രീ. ടി. വി. തോമസ്: കമ്മ്യൂണിസ്റ്റ പാർട്ടിയിൽ അംഗമായിരിക്കുന്നതു് പൊളിറ്റിക്കൽ ആക്റ്റിവിറ്റിയാകുമോ?

ശ്രീ. എ. താണുപിള്ള: പൊളിറ്റിക്കൽ പാർട്ടിയിൽ അംഗമായിരിക്കുന്നവർക്ക് ഗവണ്മെന്റുദ്യോഗം പാടില്ലെന്നു നിയമമുണ്ട്.

ശ്രീ. ടി. വി. തോമസ്: ഇതിൽനിന്നും പി. എസ്. പി. യിൽ അംഗമായിരിക്കുന്ന ഉദ്യോഗസ്ഥന്മാരെയും ഇറക്കിവിടുമെന്നാണോ മനസ്സിലാക്കേണ്ടത്?

ശ്രീ. എ. താണുപിള്ള: അവർ ഗവണ്മെന്റ സർവ്വീസിലില്ല. അങ്ങിനെ ഇല്ലാതിരിക്കുന്നതിന് പി. എസ്. പി. യും, ഗവണ്മെന്റും കരുതുന്നുണ്ട്. കമ്മ്യൂണിസ്റ്റ പാർട്ടി കൃത്രിമമായി ആളുകളെ ഗവണ്മെന്റിൽ കടത്തിവിട്ട് ഉപദ്രവമുണ്ടാക്കാൻ ശ്രമിക്കുകയാണ് ചെയ്യുന്നത്.

ശ്രീ. പി. കെ. യശോധരൻ: പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നിയമിക്കുന്ന ആളുകളെ രാഷ്ട്രീയ പരിഗണനകൾവച്ച് തടയുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: നിർദ്ദേശം ഉണ്ടോ ഇല്ലയോ എന്നുള്ളതല്ല പ്രശ്നം. നമുക്ക് ഒരു ഗവണ്മെന്റ സർവ്വീസ് വേണം. അതിൽ കൃത്രിമമില്ലാതിരിക്കാൻ ഞാനും എന്റെ കമ്മ്യൂണിസ്റ്റ സ്നേഹിതന്മാരും ശ്രമിക്കണം. അതാണ് സ്നേഹത്തോടുകൂടി എനിക്ക് ചെയ്യാനുള്ള അപേക്ഷ.

ശ്രീ. ടി. വി. തോമസ്: കാൺഗ്രസ്സ് പാർട്ടിയിൽ അംഗമായിരിക്കുന്നവരെ സർവ്വീസിൽനിന്നും ഇറക്കിവിടുമോ?

ശ്രീ. എ. താണുപിള്ള: ഇറക്കിവിടും.

ശ്രീ. കെ. ബാലകൃഷ്ണൻ: ഈ പിരിച്ചുവിട്ട നാലു ഉദ്യോഗസ്ഥന്മാരുടെ പേരിൽ അന്വേഷണം നടത്തിയത് ആരാണെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള: ഗവണ്മെന്റ് മിഷ്യനറി എന്നല്ലാതെ കൂടുതൽ വിവരം പറയാൻ ഇപ്പോൾ നിവൃത്തിയില്ല.

ശ്രീ. കെ. ബാലകൃഷ്ണൻ: ഇവരുടെ ആരോപണങ്ങളെപ്പററി സമാധാനം നൽകുന്നതിനുള്ള അവസരം കൊടുത്തോ?

ശ്രീ. എ. താണുപിള്ള: കൊടുത്തിരിക്കും. എല്ലാ റിക്കാർഡുകളും ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീമതി കെ. ആർ. ഗൌരി: മുൻസിഫ് കോട്ടിലെ ഉദ്യോഗസ്ഥന്മാരെ പിരിച്ചുവിടുന്നത് ഹൈക്കോടതിയാണോ; ഗവണ്മെന്റാണോ?

ശ്രീ. എ. താണുപിള്ള: പിരിച്ചുവിടാൻ ഹൈക്കോടതിക്ക് അധികാരമുണ്ട്.

ശ്രീമതി കെ. ആർ. ഗൌരി: ഈ അടുത്തകാലത്ത് ഒരു കമ്മ്യൂണിസ്റ്റകാരിയായ അധ്യാപികയുടെ സഹോദരനായതുകൊണ്ട് ഒരാളെ പിരിച്ചുവിട്ടതായി അറിയാമോ?

ശ്രീ. എ. താണുപിള്ള: കേവലം സഹോദരനായതുകൊണ്ടുമാത്രം പിരിച്ചുവിടുകയല്ല. കമ്മ്യൂണിസ്റ്റ പ്രവത്തനങ്ങളിൽ പങ്കെടുത്താലേ പിരിച്ചുവിടുകയുള്ളൂ.

Hydro-Electric and Irrigation Scheme.

*574. [16] **Shri Prakkulam Bhasi**: Will the Minister for Finance be pleased to state :

(*a*) whether a loan of Rs. 200 lakhs was received by this Government from the Central Government on 7-2-1950 for financing two Postwar Development Schemes;

(*b*) if so, whether the amount has been utilised for the above purposes; and

(*c*) the term of the loan?

Minister for Finance (**Shri P. S. Nataraja Pillai**) : (*a*) Yes.

(*b*) The loan was used for the purposes for which it was taken.

(*c*) The loan is for 20 years, interest being charged at 3 1/8 per cent. The repayment of the principal of the loan will commence after ten years. For the first ten years, interest will be charged half-yearly. After ten years, the loan will be repaid in ten equated annual instalments, including principal and interest.

Compensation.

✽ 575 [18] **Shri Prakkulam Bhasi** : Will the Minister for Finance be pleased to state:

(*a*) whether the Government paid a temporary Judge of the High Court compensation of Rs. 10,809; and

(*b*) if so, why?

Chief Minister (**Shri A. Thanu Pillai**) : (*a*) Yes.

(*b*) He was given the amount as compensation for the loss of his appointment.

ശ്രീ. പ്രാക്കുളം ഭാസി: അദ്ദേഹത്തിന് പെർമനൻറ് സർവീസില്ലാത്തതുകൊണ്ട് കോമ്പൻസേഷൻ കൊടുത്തത് തെററാണെന്ന് കമ്പ്ട്രോളർ ചൂണ്ടിക്കാണിച്ചിട്ടില്ലേ?

ശ്രീ. എ. താണുപിള്ള: ശരിയായിട്ടാണ് കൊടുത്തിട്ടുള്ളത്. കമ്പ്ട്രോളർ സ്വീകരിച്ചിട്ടുമുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി: ഇന്നത്തെ തിരുവിതാംകൂർ–കൊച്ചി സർവീസ് വ്യവസ്ഥയനുസരിച്ച് കോമ്പൻസേഷൻ കൊടുത്തത് തെററല്ലേ?

ശ്രീ. എ. താണുപിള്ള: തെററല്ല. ഗവൺമെൻറ് അംഗീകരിച്ചിട്ടുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി: അത് ശരിയായിരുന്നോ?

ശ്രീ. എ. താണുപിള്ള: ഗവൺമെൻറിന് അത് ശരിയാണെന്നു തോന്നി.

ശ്രീ. എം. പി. മേനോൻ: ആ ജഡ്ജിയുടെ പേരെന്താണ്?

ശ്രീ. എ. താണുപിള്ള: ശ്രീ. മാത്യു മുരിക്കൻ.

ശ്രീ. എം. പി. മേനോൻ: ആ ഉദ്യോഗസ്ഥനെ ഇവിടെ അഡ്വക്കേററ് ജനറലായി നിയമിച്ചിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: നിയമിച്ചിട്ടുണ്ട്.

ശ്രീ. എം. പി. മേനോൻ: നഷ്ടപരിഹാരംകൊടുത്തു് പിരിച്ചുവിട്ട ഒരാളെ വീണ്ടും നിയമിക്കാമോ?

ശ്രീ. എ. താണുപിള്ള: പിരിച്ചുവിട്ട ഒരാളെ വീണ്ടും നിയമിക്കാൻ പാടില്ലാതില്ല.

ശ്രീ. എം. പി. മേനോൻ: അദ്ദേഹത്തിൻെറ കാലാവധി എന്നാണു് അവസാനിച്ചതെന്നു് പറയാമോ?

ശ്രീ. എ. താണുപിള്ള: അതിനുള്ള ഫയൽ എൻെറ കൈവശമില്ല.

ശ്രീ. എം. പി. മേനോൻ: അദ്ദേഹത്തിൻെറ കാലാവധി അവസാനിച്ചു് പോയതാണോ?

ശ്രീ. എ. താണുപിള്ള: അങ്ങിനെയാണെങ്കിൽ തിരിയെ എടുക്കുകയില്ലല്ലോ.

ശ്രീ. എം. പി. മേനോൻ: ഈ ഗവൺമെൻറാണോ അദ്ദേഹത്തെ പിരിച്ചുവിട്ടതു്?

ശ്രീ. എ. താണുപിള്ള: അല്ല.

ഫണ്ടു്.

* 576. [20] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുദ്ധാനന്തരപുനസ്സംവിധാന ഫണ്ടിൽനിന്നു് മട്ടാഞ്ചേരി ഇഞ്ചിനീയേഴ്സ് കംബയിൻഡ് കോഓപ്പറേറ്റീവ് സൊസൈററിക്കു് വായ്പ നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപയാണു്;

(സി) ഈ സൊസൈററിയുടെ ചുമതലക്കാരുടെ പേരുകളും വിവരങ്ങളും;

(ഡി) റാന്നിയിലെ വിമുക്തഭടസഹകരണകാളനിക്കും, ഹരിപ്പാട്ട് വിമുക്തഭടസംഘത്തിനും വായ്പ നൽകിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എത്ര രൂപ വീതമാണു്;

(എഫ്) ഈ സംഘങ്ങളുടെ ചുമതലക്കാരുടെ പേരുകളും വിവരങ്ങളും;

(ജി) വിദ്യാഭ്യാസ ധനസഹായമെന്ന നിലയിൽ വിതരണം ചെയ്ത തുക 1951, 1952, 1953 ഈ വർഷങ്ങളിൽ എത്ര;

(എച്ച്) ആർക്കെല്ലാം; അവരുടെ പേരുകളും വിവരങ്ങളും?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) യുദ്ധാനന്തരപുനസ്സംവിധാനഫണ്ടിൽനിന്നും മട്ടാഞ്ചേരി ഇഞ്ചിനീയേഴ്സ് കമ്പൈൻഡ് കോഓപ്പറേറ്റീവ് സൊസൈററിക്കു് വായ്പ നൽകിയിട്ടുണ്ടു്.

(ബി) 1,20,000 രൂപ.

(സി) ശ്രീ. എം. ജെ. ജോസഫ് (പ്രസിഡന്റ്)
,, മാത്യു ഡിക്കോത്തു് (ഡയറക്ടർ)
,, പി. ആർ. ആന്റണി ,,

ഈ സൊസൈറ്റിയുടെ നടത്തിപ്പിലേയ്ക്കായി ഗവണ്മെന്റിൽ നിന്നും ഒരു പെയിഡ് സെക്രട്ടറിയെ നിയമിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) റാന്നി കാളനിക്ക് അനുവദിച്ചിട്ടുള്ള 3 ലക്ഷം രൂപയിൽ നിന്നും 20,000 രൂപ കൊടുത്തിട്ടുണ്ട്. ഹരിപ്പാട്ട് സൊസൈറ്റിക്ക് 50,000 രൂപ വായ്പ നൽകിയിട്ടുണ്ട്.

(എഫ്) റാന്നി കാളനിയുടെ ഭരണസമിതി അംഗങ്ങൾ:—

1. ഡി. എഫ്. ഒ. കോന്നി (പ്രസിഡന്റ്)
2. മാവേലിക്കര അഗ്രിക്കൾച്ചറൽ ഡിവിഷനൽ ആഫീസർ (മെംബർ)
3. കൊല്ലം കോവാപ്പറേറ്റീവ് ഡെപ്യൂട്ടി രജിസ്ട്രാർ (മെംബർ)
4. സെക്രട്ടറി, എസ്. പി. ഡബ്ല്യു. ആർ. ഫണ്ട് (മെംബർ)
5. ശ്രീ. ആർ. ബി. ഉണ്ണിത്താൻ (സെറ്റ്ലർ മെംബർ)
6. ,, എൻ. മാത്യു ,,
7. ,, ഫിലിപ്പോസ് ജോൺ ,,
8. ,, ഐ. നാരായണപിള്ള (സെക്രട്ടറി)

ഹരിപ്പാട്ട് സൊസൈറ്റിയുടെ ഭരണസമിതി അംഗങ്ങൾ:—

1. ശ്രീ. തോമസ് എ. ഫിലിപ്പ്
2. ,, പി. എം. മാമ്മൻ
3. ,, എം. ഓ. ചെറിയാൻ
4. ,, എം. പി. വറുഗീസ്
5. ,, എം. മത്തായി
6. ,, പി. സി. ചാക്കോ
7. ,, ഏ. ആർ. വേലായുധൻ

ഈ സൊസൈറ്റിയുടെ നടത്തിപ്പിലേയ്ക്കായി ഒരു പെയിഡ് സെക്രട്ടറിയെക്കൂടി ഗവണ്മെന്റിൽനിന്നും നിയമിച്ചിട്ടുണ്ട്.

(ജി) വിദ്യാഭ്യാസസൌജന്യം എന്ന നിലയിൽ കാളേജു് കുട്ടികൾക്ക് വിതരണം ചെയ്ത തുകയുടെ വിവരം താഴെ ചേർക്കുന്നു.

സ്കൂൾക്കുട്ടികൾക്ക് വിതരണം ചെയ്ത തുകയുടെ കണക്ക് കിട്ടിയതു്:—

		രൂ.	ണ.	സ.
1950–51	—	56,372	15	3
1951–52	—	39,149	1	6
1952–53	—	8,522	3	0

(എച്ച്) ടി വർഷങ്ങളിൽ കാളേജ് വിദ്യാഭ്യാസത്തിന് സഹായധനം നൽകിയിട്ടുള്ള വിദ്യാർത്ഥികളുടെ പേരുവിവരം മേശപ്പുറത്തു് വച്ചിരിക്കുന്നു.* സ്കൂൾക്കുട്ടികളുടെ പേരു വിവരം കിട്ടിയിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസി: മട്ടാഞ്ചേരി ഇൻജിനിയേഴ്സ് കമ്പൈൻഡ് കോവാപ്പറേറ്റീവ് സൊസൈറ്റി ഇപ്പോഴും പ്രവർത്തനം നടത്തുന്നുണ്ടോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അതു് ഇപ്പോഴും ഉണ്ട് എന്നാണറിവ്.

ശ്രീ. പ്രാക്കുളം ഭാസി: അതെടുത്തിരിക്കുന്ന ഗ്രാൻറുകൊണ്ട് ഇപ്പോൾ എന്തു പ്രവർത്തനം നടത്തുന്നു എന്ന് അന്വേഷിക്കുമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അന്വേഷിക്കാം.

സഹകരണ സംഘങ്ങൾ.

※ 577. [22] ശ്രീ. വി. അവിരാതരകൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1953 മാർച്ചുമാസത്തിനുശേഷം ജൂലൈ 30 വരെ കയർ സഹകരണസംഘങ്ങൾക്കായി എത്ര രൂപ കൊടുത്തു;

(ബി) ഇൻഡ്യാ ഗവണ്മെൻറിൽ നിന്നും എത്ര രൂപ ഈ ആവശ്യത്തിലേയ്ക്കു ലഭിച്ചു?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) ഈ കാലാവധിക്കിടയ്ക്കു് ഒന്നും കൊടുത്തിട്ടില്ല. 1953 ഡിസംബർ മുതലാണ് സഹകരണസംഘങ്ങൾക്ക് വായ്പ കൊടുക്കാൻ തുടങ്ങിയതു്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പ്രൈവററ മാനേജുമെൻറ കാളേജുകളിലേയും സ്കൂളുകളിലേയും ഫീസ്.

※ 578. [23] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) കഴിഞ്ഞ വർഷത്തിൽ പ്രൈവററ് മാനേജുമെൻറിലുള്ള സ്കൂളുകൾ, കാളേജുകൾ തുടങ്ങിയവയിൽ ഫീസിനത്തിൽ വിദ്യാർത്ഥികളിൽ നിന്ന് എന്തു തുക പിരിച്ചിട്ടുണ്ട്;

* Please see Appendix II

(ബി) സ്വകാര്യ ഉടമകളുടെ കയ്യിലുള്ള എത്ര കാളേജുകളും സ്കൂളുകളും ഉണ്ട്;

(സി) സക്കാർ നടത്തുന്ന സ്കൂളുകളിലും കാളേജുകളിലും നിന്നു് കഴിഞ്ഞ വർഷത്തിൽ ഫീസിനത്തിൽ എത്ര തുക ഈടാക്കിയിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) പ്രൈവററ് സ്കൂളുകളിൽ നിന്നു് 45,15,556 രൂപായും, പ്രൈവററ് കാളേജുകളിൽനിന്നു് (അഞ്ചെണ്ണമൊഴികെ) 22,16,861 രൂപയും പിരിച്ചിട്ടുണ്ട്. അഞ്ചു് കോളേജുകളെ സംബന്ധിച്ചുള്ള വിവരം ഇനിയും ലഭിക്കാനുണ്ട്.

(ബി) സ്വകാര്യ ഉടമകളുടേതായി 27 കാളേജുകളും, 477 ഹൈസ്കൂളുകളും 592 മിഡിൽസ്കൂളുകളും, 1890 പ്രൈമറിസ്കൂളുകളും ഉണ്ട്

(സി) സക്കാർ സ്കൂളുകളിൽ നിന്നു് 18,58,783 രൂപയും ഗവണ്മെൻറിൻേറയും യൂണിവേഴ്സിററിയുടേയും മേൽനോട്ടത്തിൽ നടത്തപ്പെടുന്ന കാളേജുകളിൽ നിന്നു് 8,25,920 രൂപയും ഈടാക്കിട്ടുണ്ട്.

ശ്രീ. സി. കെ. വിശ്വനാഥൻ: ഗവണ്മെൻറ് കാളേജുകളിലേക്കാൾ പ്രൈവററ് കാളേജുകളിൽ കൂടുതൽ ഫീസ് പിരിച്ചുവരുന്നതായി അറിയാമോ?

ശ്രീ. എ. താണുപിള്ള: ചില കാളേജുകളിൽ അങ്ങനെ ഈടാക്കിവരുന്നുണ്ട്.

ശ്രീ. സി. കെ. വിശ്വനാഥൻ: അങ്ങിനെ പിരിച്ചിട്ടുള്ള കാളേജുകളിൽ കൂടുതൽ വാങ്ങിയ തുക തിരിച്ചുകൊടുപ്പിക്കാൻ ഗവണ്മെൻറ് വേണ്ടതു ചെയ്യുമോ?

ശ്രീ. എ. താണുപിള്ള: അതിനു വേണ്ട നടപടികൾ നടത്തേണ്ടതു് യൂണിവേഴ്സിററിയാണ്.

ശ്രീ. സി. കെ. വിശ്വനാഥൻ: ഈ വിവരം യൂണിവേഴ്സിററിയെ അറിയിച്ചു് വേണ്ടതു ചെയ്യാൻ ഗവണ്മെൻറ് തയ്യാറാകുമോ?

ശ്രീ. എ. താണുപിള്ള: യൂണിവേഴ്സിററിയെ അറിയിക്കാം.

ശ്രീ. സി. കെ. വിശ്വനാഥൻ: പ്രൈവററ് കാളേജുകളിലെ അദ്ധ്യാപകന്മാക്ക് ഗവണ്മെൻറ കാളേജുകളിലെ അദ്ധ്യാപകന്മാരെക്കാൾ ശമ്പളം കുറവാണെന്നറിയാമോ?

ശ്രീ. എ. താണുപിള്ള: അറിയാം.

ശ്രീ. സി. കെ. വിശ്വനാഥൻ: ഇതു പരിഹരിക്കണമെന്നു ഗവണ്മെൻറിനു് ആഗ്രഹമുണ്ടോ?

ശ്രീ. എ. താണുപിള്ള: ആഗ്രഹമുണ്ട്.

വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൻെറ സംയോജനം.

✻ 579. [24] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൻെറ സംയോജനം പൂർത്തിയായിട്ടുണ്ടോ;

(ബി) സംയോജനവ്യവസ്ഥകൾ പൂർത്തിയാകുമ്പോൾ കൊച്ചിയിലെ പ്രൈമറിസ്കൂളദ്ധ്യാപകർക്കു കിട്ടുന്ന ശമ്പളസ്കെയിൽ തിരുവിതാംകൂറിലെ പ്രൈമറിസ്കൂളദ്ധ്യാപകന്മാർക്കും കിട്ടുമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൻെറ സംയോജനം പൂർത്തിയായിട്ടുണ്ടു്.

(ബി) അദ്ധ്യാപകന്മാരെ സംബന്ധിച്ചിടത്തോളം അവരുടെ സംയോജനം 1–8–1952 മുതൽ നടപ്പിലാക്കി അന്നു മുതൽ സർക്കാർ പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്കു് കൊച്ചി വിഭാഗത്തു പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്കു കിട്ടിക്കൊണ്ടിരുന്ന 30–50 രൂപ സ്കെയിൽ ഇവിടെയും ആക്കി. ആ ശമ്പളം അവർക്കു് കിട്ടുന്നുണ്ടു്.

ശ്രീ. സി. കെ. വിശ്വനാഥൻ: കൊച്ചിൻ പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്കു് എന്തു ശമ്പളം കൊടുത്തുവന്നിരുന്നു?

ശ്രീ. എ. താണുപിള്ള: മുപ്പതു മുതൽ അൻപതുവരെ രൂപയായിരുന്നു.

ശ്രീ. സി. കെ. വിശ്വനാഥൻ: ഏകീകരിച്ചപ്പോൾ നിശ്ചയിച്ചിട്ടുള്ള ശമ്പളത്തിൽ കുറവായിട്ടാണോ അവർക്കു് ലഭിക്കുന്നതു്?

ശ്രീ. എ. താണുപിള്ള: അല്ല. ഇപ്പോൾ 30 മുതൽ 50 വരെ ആണു് അവരുടെ സ്കെയിൽ.

നാർവീജിയൻ പദ്ധതിപ്രകാരമുള്ള മീൻപിടിത്തം.

✻ 580. [25] ശ്രീ. കുട്ടപ്പൻ കോയിക്കൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) നാർവീജിയൻ പദ്ധതിപ്രകാരമുള്ള വള്ളവും വലയും ഉപയോഗിച്ചു് മീൻപിടിത്തം തുടങ്ങിയോ; പ്രവൃത്തനത്തിൽ ആ പദ്ധതി വിജയകരമാണെന്നു് സർക്കാരിനു് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; ഇപ്പോൾ എത്ര വള്ളങ്ങൾ (ഈ പദ്ധതിപ്രകാരമുള്ള) മീൻപിടിത്തം നടത്തുന്നു;

(ബി) എൻജിൻ ഉപയോഗിച്ചുള്ള ഇത്തരം വള്ളങ്ങളുടെ പ്രവൃത്തനഫലമായി മററ വള്ളങ്ങളുപയോഗിച്ചു് മീൻപിടിത്തം നടത്തുന്നവർക്കു് മത്സ്യം കിട്ടുന്നില്ലെന്നുള്ള പരാതി സർക്കാരിനു കിട്ടിയിട്ടുണ്ടോ; അതിന്മേൽ എന്തു നടപടി എടുത്തുവെന്നു പറയുമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) യന്ത്രം ഘടിപ്പിച്ചിട്ടുള്ള രണ്ടു തിരുവിതാംകൂർ-കൊച്ചി വള്ളങ്ങളും നാർവേയിൽനിന്നും കൊണ്ടുവന്നിട്ടുള്ള ഒരു മോഡേൺ ബോട്ടും

മീൻപിടിക്കുന്നതിനുവേണ്ടി പരീക്ഷണാർത്ഥം പ്രവർത്തനം നടത്തിവരുന്നു. പരീക്ഷണം പൂർത്തിയായതിനുശേഷമേ അതേപ്പററി തീർത്തുപറയുവാൻ സാധിക്കയുള്ളു.

(ബി) പരാതികളൊന്നും കിട്ടിയിട്ടില്ല.

ശ്രീ. കുട്ടപ്പൻ കേ. യിക്കൽ: പരീക്ഷണാർത്ഥം ഇതുവരെ പ്രവർത്തനം നടത്തിയിട്ട് അതിൽനിന്നും എത്രമാത്രം മത്സ്യം കിട്ടിയെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള: ഫയൽ കൈവശമില്ല.

കക്കാ.

※ 581. [26] ശ്രീ. സി. ജി. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) സംസ്ഥാനത്ത് കക്കാ (ലൈം ഷെൽ) യുടെ ഡിപ്പോസിററ് ഇന്നത്തെ ഉപയോഗക്രമമനുസരിച്ച് എത്ര കൊല്ലത്തേയ്ക്കു ഉണ്ടാകുമെന്നുള്ള എന്തെങ്കിലും സർവ്വേ ഗവണ്മെൻറ് നടത്തിയിട്ടുണ്ടോ;

(ബി) കക്കയിൽനിന്നും നീററി എടുക്കുന്ന കുമ്മായം എന്തെല്ലാം വ്യവസായങ്ങൾക്ക് ഉപയോഗപ്പെടുന്നുണ്ട്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) ഗവണ്മെൻറ് സർവ്വേ ഒന്നും നടത്തിയിട്ടില്ല. എന്നാൽ സിമൻറ ഫാക്‌ററി സ്ഥാപിക്കുന്നതിനുമുമ്പായി വേമ്പനാട്ടു കായലിലെ കക്കായുടെ ഡെപ്പോസിററിനെപ്പററി സർവ്വേ നടത്തിയിട്ടുള്ളതായി റിപ്പോർട്ട് ഉണ്ട്. അതിനെപ്പററിയുള്ള കൂടുതൽ വിവരങ്ങൾ ഇപ്പോൾ അറിവില്ല.

(ബി) സിമൻറ്, വളങ്ങൾ, പ്രാണിസംഹാരി (ഇൻസെക്‌ററിസൈഡ്) മുതലായവ ഉണ്ടാക്കുന്നതിനു ഉപയോഗിക്കുന്നു.

ശ്രീ. സി. ജി. സദാശിവൻ: ബെന്നററ്സ് എന്ന ഒരു സായിപ്പ് ഒരു സർവ്വേ നടത്തിയതായി ഗവണ്മെൻറിനറിയാമോ?

Shri P. S. Nataraja Pillai: At first Mr. Gillson, an American geologist roughly computed the extent of these deposits. Later Mr. Bennets of the Associated Cements, India conducted a detailed survey. A further survey was done by the Travancore Cements Limited. That is all the information which is available,

ശ്രീ. സി. ജി. സദാശിവൻ: ആ സർവ്വേയിൽനിന്നുള്ള അറിവു വച്ചുകൊണ്ട് എത്ര കൊല്ലത്തേയ്ക്കു ഇവിടെ കക്കാ ഉണ്ടാകുമെന്ന് പറയാൻ സാധിക്കുമോ?

Shri P. S. Nataraja Pillai: No report has been made. It is only a layman's opinion that has been recorded,

ശ്രീ. സി. ജി. സദാശിവൻ: എത്ര നാളത്തേക്ക് കക്കാ ഉണ്ടാകുമെന്ന് അന്വേഷിച്ചിട്ടുണ്ടോ? അതിലേയ്ക്ക് ഒരു സർവ്വേ നടത്താൻ ആലോചിക്കുമോ?

Shri P. S. Nataraja Pillai: Government will consider the question of conducting a survey of the deposits not only in the backwaters but in the foreshore.

Shri T. S. Ramaswami: May I know whether one who came here made any report.

Shri P. S. Nataraja Pillai: I think he made some reference.

കക്കാ.

*582. [27] ശ്രീ. സി. ജി. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ:

(എ) കക്കാ (ലൈം ഷെൽ) ഈ ഗവണ്മെന്റോ കേന്ദ്രഗവണ്മെന്റോ സ്റ്റേറ്റ് പ്രോപ്പർട്ടിയായി ഡിക്ലയർ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ന്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്):

(എ) സ്റ്റേറ്റ് ഗവണ്മെന്റ് അങ്ങനെ പ്രസ്താവിച്ചിട്ടില്ല. കേന്ദ്രഗവണ്മെന്റും അങ്ങനെ ചെയ്തതായി അറിവില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

Shri N. Raghava Kurup: Is any royalty collected from anybody?

Shri P. K. Kunju: No. There is a licensee.

മണ്ണൊലിപ്പു തടയുന്നതിനുള്ള പദ്ധതി.

*583. [28] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) മഴമൂലമുള്ള മണ്ണൊലിപ്പിനെ തടയുന്നതിനു ഗവണ്മെന്റ് വല്ല പദ്ധതിയും നടപ്പിൽ വരുത്തിയിട്ടുണ്ടോ;

(ബി) അടുത്തകാലങ്ങളിൽ വനവൃക്ഷങ്ങൾ വെട്ടി നശിപ്പിച്ചതുമൂലം വളരെ അധികം മണ്ണൊലിച്ചുപോകുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) മണ്ണൊലിപ്പു തടയുന്നതിനുവേണ്ടി തിരുവിതാംകൂർ-കൊച്ചി ലാൻഡ് ഡെവലപ്പ്മെന്റ് ആക്ട് XXXVI of 1950 എന്ന നിയമം പാസ്സാക്കിയിട്ടുണ്ട്. ഈ ആക്ട് ഊർജ്ജിതത്തിലിരിക്കുകയാണ്. ഇതിന്റെ പ്രവർത്തനാർത്ഥം ഒരു ലാൻഡ് ഡവലപ്പ്മെന്റ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്.

(ബി) മണ്ണൊലിപ്പു തടയാൻവേണ്ടിയുള്ള നടപടികൾ എടുക്കാതെ വനങ്ങളിൽ കൃഷിചെയ്യുന്നതുകൊണ്ട് മണ്ണൊലിപ്പു സംഭവിക്കുന്നതിന് ഇടയുണ്ടെന്നറിയാം. അതു തടയുന്നതിലേയ്ക്കാണു മുൻപറഞ്ഞ ഏർപ്പാടുകൾ ചെയ്തിട്ടുള്ളത്.

ശ്രീ. പി. ഗോപാലൻ: ഈ നിയമപ്രകാരം എന്തെങ്കിലും പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ടോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഈ ആക്റ്റനുസരിച്ച് ഒരു ഡവലപ്പ്മെന്റ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. മാത്രമല്ല, ഒരു ഡെവലപ്പ്മെന്റ് ആഫീസറെയും നിയമിച്ചിട്ടുണ്ട്. അത്രയേ ചെയ്തിട്ടുള്ളു.

ശ്രീ. പി. ഗോപാലൻ: ഈ ആഫീസറെ നിയമിച്ചിട്ട് എത്ര കൊല്ലമായെന്നു പറയാമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: നോട്ടീസു വേണം.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള: ആഫീസറുടെ പ്രവർത്തനത്തിനു വേണ്ടി മേശ, കസേര, മുതലായ സാമാനങ്ങൾ കൊടുത്തിട്ടുണ്ടോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: പ്രവർത്തനം ഇപ്പോൾ നടക്കുന്നില്ലെന്നാണു ഞാൻ പറഞ്ഞത്.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള: എത്രയും വേഗം ഇതിന്റെ പ്രവർത്തനം നടപ്പിലാക്കുവാൻ ഗവണ്മെന്റ് ശ്രദ്ധിക്കുമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: ആ കാര്യം ശ്രദ്ധിക്കാം.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോറ്റി: ലാൻഡ് ഡവലപ്പ്മെന്റ് ബോർഡിന്റെ റിപ്പോർട്ടു വരുത്താൻ ദയവുണ്ടാകുമോ?

Shri P. S. Nataraja Pillai: Yes.

ശ്രീ. എം. വി. ചെറിയാൻ: പ്രൈവറ്റുടമകളുടെ വസ്തുക്കളിൽ ഉണ്ടാകുന്ന മണ്ണൊലിപ്പുകൂടി ഈ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഉൾപ്പെടും.

ശ്രീ. എം. വി. ചെറിയാൻ: അങ്ങനെയാണെങ്കിൽ, ആ വസ്തുക്കളിന്മേൽ മണ്ണൊലിപ്പിനെ തടയുന്നതിനുവേണ്ടി ഉണ്ടാകുന്ന ചെലവുകൾ വഹിക്കേണ്ടതു് ഗവണ്മെന്റാണോ, പ്രൈവറ്റുടമകളാണോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: ആരാണു ചെലവാക്കേണ്ടതെന്നുള്ളതിലേയ്ക്കു് പ്രത്യേകം വ്യവസ്ഥയുണ്ട്. ആ വ്യവസ്ഥകൾ നോക്കാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. എം. ജോർജ്ജ്: വനങ്ങൾ വെട്ടിത്തെളിച്ച ഭാഗങ്ങളിലുണ്ടാകുന്ന മണ്ണൊലിപ്പിനെ തടയുന്നതിനു്, ആ സ്ഥലം അവർക്കുതന്നെ പതിച്ചു കൊടുക്കുന്നതല്ലേ ഏററവും നല്ലതു്?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അതു വലിയ ദ്രോഹമായിരിക്കും.

ഭൂനയപരിഷ്കരണം.

※ 584. [29] ശ്രീ. പി. ഗോപാലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂനയ പരിഷ്കരണം ത്വരിതപ്പെടുത്തുന്നതിനു് കാൺഗ്രസ്സ് ജനറൽ സെക്രട്ടറി മുഖ്യമന്ത്രിയുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ;

(ബി) പഞ്ചവത്സരപദ്ധതിയനുസരിച്ചുള്ള ഭൂപരിഷ്കരണം നടപ്പിൽ വരുത്തിയിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

(എ) ഇല്ല.

(ബി) അതനുസരിച്ചുള്ള ബില്ലുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അവ നിയമസഭയിൽ അവതരിപ്പിക്കപ്പെടും.

ശ്രീ. പി. ഗോപാലൻ : ഭൂനയപരിഷ്കാരബില്ലുകളെ സംബന്ധിച്ചിടത്തോളം കേന്ദ്രഗവണ്മെൻറിൽനിന്നും വല്ല നിർദ്ദേശവും നൽകിയിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള : പ്ലാനിംഗ് കമ്മീഷൻെറ ചില നിർദ്ദേശങ്ങൾ പൊതുവെ ഉണ്ട്.

ശ്രീ. എൻ. ജി. ചാക്കോ : ഭൂനയ പരിഷ്കാരം സംബന്ധിച്ച്, കമ്മ്യൂണിസ്ററ്പാർട്ടിയുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള : പലരോടും സംസാരിക്കുകയും, അഭിപ്രായങ്ങൾ അറിയുകയും ചെയ്തിട്ടുണ്ട്.

കുത്തകപ്പാട്ട വ്യവസ്ഥ.

* 585. [30] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കുത്തകപ്പാട്ട വ്യവസ്ഥയിൽ കൊടുക്കുന്ന ഭൂമി കൈമാററം ചെയ്യാൻ ഗവണ്മെൻറ് അനുവദിച്ചിട്ടുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള) :

അപൂർവ്വം ചില കേസുകളിൽ അനുവദിച്ചിട്ടുണ്ട്.

ശ്രീ. എം. എ. ആൻറണി : കുത്തകപ്പാട്ടം കൊടുക്കുന്നതിനെ സംബന്ധിച്ചിടത്തോളം അവയുടെ കാലാവധി ക്ലിപ്തപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : കാലാവധി നിശ്ചയിച്ചാണ് സാധാരണ കുത്തകപ്പാട്ടം കൊടുക്കാറുള്ളത്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : അപൂർവ്വം എന്ന പദത്തിൻെറ ഭാഷ്യം എന്താണെന്നു പറയാമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : എക്സെപ്ഷനൽ കേസുകളിൽ എന്നർത്ഥം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : അതിൻെറ അർത്ഥം തന്നെ എന്താണ്?

Shri P. S. Nataraja Pillai : In certain deserving cases such transfers have been sanctioned by Government.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : അത്തരം കേസുകളുടെ സ്വഭാവമെന്താണെന്നാണ് ഞാൻ ചോദിച്ചത്?

Shri P. S. Nataraja Pillai : I have not taken a list of the people who have been granted such concessions.

ശ്രീ. എം. പി. ചെറിയാൻ : ഭൂമി സ്ഥിരം കുത്തകപ്പാട്ട വ്യവസ്ഥയിൽ കൊടുത്തിട്ടില്ലേ ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : സ്ഥിരമായി കുത്തകപ്പാട്ടം കൊടുക്കാൻ വ്യവസ്ഥയില്ല.

ശ്രീ. എം. പി. ചെറിയാൻ : പണ്ടാരപ്പാട്ട വസ്തുക്കൾ സ്ഥിരമായിട്ട കുത്തകപ്പാട്ടത്തിന കൊടുക്കുന്നില്ലേ ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : പണ്ടാരപ്പാട്ട വസ്തുക്കൾ അങ്ങനെ കൊടുക്കുന്നുണ്ട്.

Collection of Ferry charges.

※586. [31] **Shri M. P. Menon :** Will the Minister for Finance be pleased to state :

(*a*) whether the system of collecting ferry charges from the travelling public of the former Cochin area still continues in those areas ;

(*b*) are similar charges collected in the Travancore area ; and

(*c*) if there is any difference, will steps be taken to make the system uniform for the whole State ?

Minister for Works and Transport (**Shri A. Achuthan**) :

(*a*) Yes.
(b) No.
(c) This will be considered.

ശ്രീ. ടി. പി. സീതാരാമൻ : ഈ മാതിരി രണ്ടു സ്റ്റേററിലും ഉള്ള ഫെറി ചാർജ്ജിന്റെ വ്യത്യാസം ഏകീകരിക്കാൻ ആലോചിക്കുന്നുണ്ടോ ?

ശ്രീ. എ. അച്യുതൻ : ഫെറി ചാർജ്ജിനെ സംബന്ധിച്ചിടത്തോളം രണ്ടു പ്രാവശ്യം ഇതിന മുൻപ് ക്യാബിനററിൽ വന്നതാണ്. എന്നാൽ മുൻപു തുടന്നതുപോലെതന്നെ തുടൎന്നുകൊള്ളുവാനാണ് ക്യാബിനററ തീരുമാനിച്ചത്.

ശ്രീ. കെ. കൊച്ചുകുട്ടൻ : കൊച്ചിയിലെയും തിരുവിതാംകൂറിലെയും ഫെറി ചാർജ്ജിൽ ഉണ്ടായിട്ടുള്ള വ്യത്യാസം പരിഗണിക്കപ്പെടുമെന്ന് പറയുകയുണ്ടായി. കൊച്ചിയിൽ നിലവിലിരിക്കുന്ന ചാർജ്ജ് അബാളിഷ് ചെയ്യുകയാണോ, ഇവിടെ ഫെറി ചാർജ്ജ് ഏർപ്പെടുത്തുകയാണോ ചെയ്യാൻ ഉദ്ദേശിക്കുന്നത് ?

ശ്രീ. എ. അച്യുതൻ : എങ്ങിനെ വേണമെന്ന് ആലോചിക്കാം.

Harbour Police Station.

※587 [32] **Shri M. P. Menon :** Will the Chief Minister be pleased to state :

(*a*) whether any contribution is received from the Central Government towards the pay and emoluments of the

police constables and officers attached to the Harbour Police Station, Cochin ;

(b) if so, what is the contribution and in what form ; and

(c) are these benefits being fully transferred to the police staff in the Willingdon Island ?

Chief Minister **(Shri A. Thanu Pillai)** : (a) No. The contribution is received from the port of Cochin.

(b) 42 per cent of the cost of the harbour police in the form of bank draft.

(c) The contribution is being paid for the services rendered by the State. The police staff are engaged on their normal duties. They are paid from the Department at the existing rate. The question of benefit does not therefore arise.

ശ്രീ എം. പി. മേനോൻ: ഈ 42 ശതമാനം എന്നു പറയുന്നതു ഏതു തോതനുസരിച്ചുള്ള കണക്കാണു്?

ശ്രീ. എ. താണുപിള്ള: കൊച്ചി ഹാർബറിലെ പോലീസിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ മെയിൻറയിൻചെയ്യാനുള്ള ബാദ്ധ്യത ഈ സ്റ്റേറ്റിനാണു്. അതു ചെയ്യുന്നുണ്ടു്. അതിനുവേണ്ടി നിശ്ചയിച്ചിട്ടുള്ള തുകയാണു്, ഈ 42 ശതമാനം.

ശ്രീ. എം. പി. മേനോൻ: കൊച്ചി ഹാർബറിലെ പോലീസിന്റെ നിവേദനഫലമായി അനുവദിച്ചിട്ടുള്ള സ്പെഷ്യൽ അലവൻസു് പണ്ടുതൊട്ടുകൂടി ഉൾപ്പെടുത്തിയാണോ കേന്ദ്രഗവണ്മെൻറിൽ നിന്നും വാങ്ങുന്നതു്?

ശ്രീ. എ. താണുപിള്ള: നോട്ടീസു വേണം.

ശ്രീ. എം. പി. മേനോൻ: സ്റ്റേറ്റിലെ പോലീസിന്റെ ശമ്പളത്തോതിനെ അടിസ്ഥാനമാക്കിയാണോ ഈ 42 ശതമാനം കേന്ദ്രത്തിൽ നിന്നും വാങ്ങുന്നതു്?

ശ്രീ. എ. താണുപിള്ള: അതെ.

അമേരിക്കൻ മിഷനറിമാർ.

* 588. [33] ശ്രീ. തലേക്കര കെ. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിൽ എത്ര കേന്ദ്രങ്ങളിൽ അമേരിക്കൻ മിഷനറിമാർ പ്രവർത്തനം നടത്തുന്നുണ്ടു്;

(ബി) അവരുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നു ചെക്കു് ചെയ്യാറുണ്ടോ;

(സി) തൃശ്ശൂർ പട്ടണത്തിൽ എത്ര അമേരിക്കൻ മിഷനറിമാരുണ്ടു്;

(ഡി) അവരുടെ പ്രവർത്തനങ്ങൾ എന്തെല്ലാം;

(ഇ) അവർക്കു് എത്ര കാലത്തേയ്ക്കാണു് വിസ അനുവദിച്ചിട്ടുള്ളതു്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

(എ) 31 കേന്ദ്രങ്ങളിൽ പ്രവർത്തനം നടത്തുന്നുണ്ട്.

(ബി) സാമാന്യമായി ശ്രദ്ധിക്കുന്നുണ്ട്.

(സി) അമേരിക്കൻ മിഷനറിമാർ ഇല്ല.

(ഡി, ഇ) ചോദ്യങ്ങൾ ഉദിക്കുന്നില്ല.

ശ്രീ. തലേക്കര കെ. കൃഷ്ണൻ : തൃശ്ശൂരിൽ സഹോദരിമാരുടെ സാക്ഷികൾ എന്നൊരു കൂട്ടർ പ്രവർത്തനം നടത്തുന്നുവെന്നറിയാമോ ?

ശ്രീ. എ. താണുപിള്ള : അവിടെ നാലു ക്യാനഡാക്കാർ മിഷനറി പ്രവർത്തനം നടത്തുന്നുണ്ട്.

ശ്രീ. തലേക്കര കെ. കൃഷ്ണൻ : അവർ ഇവിടത്തെ രാഷ്ട്രീയ സ്ഥിതിഗതികൾ നിരീക്ഷിക്കുന്നു എന്നറിയാമോ ?

ശ്രീ. എ. താണുപിള്ള : അറിഞ്ഞുകൂടാ.

ശ്രീ. എൻ. ജി. ചാക്കോ : കമ്മ്യൂണിസ്റ്റ് പാർട്ടി ഈ രാജ്യത്ത് വ്യാജമായി രാഷ്ട്രീയപ്രവർത്തനം നടത്തുന്നതായി അറിയാമോ ?

ശ്രീ. എ. താണുപിള്ള : ഇല്ലെന്നാണു തോന്നുന്നത്.

മി. സ്പീക്കർ : 34-ാമത്തെ ചോദ്യത്തിന് മുൻപ് ഉത്തരം നൽകിയിട്ടുള്ളതുകൊണ്ട് 35-ാമത്തെ ചോദ്യം ചോദിക്കാം.

ശ്രീ. തലേക്കര കെ. കൃഷ്ണൻ : സർ, ഒരു പായിൻറ ഓഫ് ആർഡർ. (സി) പിരിവിന് ഉത്തരം കിട്ടിയിട്ടില്ല.

ഭൂമി പതിവ്.

* 589. [34] ശ്രീ. തലേക്കര കെ. കൃഷ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1947 ആഗസ്റ്റ് 15-ാം തീയതിക്കുശേഷം എത്രപേർക്ക് രാഷ്ട്രീയയാതനയുടെ പേരിൽ ഭൂമി പതിച്ചുകൊടുത്തിട്ടുണ്ട്;

(ബി) അങ്ങനെ പതിച്ചു കൊടുത്തിട്ടുള്ള ഭൂമിയുടെ വിസ്തീർണ്ണം എന്ത് ;

(സി) നെയ്യാററിൻകര രാഘവൻെറ കുടുംബത്തിന് ഗവൺമെൻറ് എന്തെങ്കിലും സഹായം ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ത്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള:)

(സി) ഉണ്ട്. രാഘവൻെറ കുടുംബത്തിന് 9 ഏക്കർ 54 സെൻറ സ്ഥലം കുത്തകപ്പാട്ടത്തിന് കൊടുക്കാൻ ഉത്തരവായിട്ടുണ്ട്.

ദുരിതാശ്വാസത്തിനുള്ള തുക.

※ 590. [35] ശ്രീ. തലേക്കര കെ. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സർക്കാരിൽനിന്നും 5 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നതായി 1953-ലെ ബഡ്ജററ പ്രസംഗത്തിൽ ധനകാര്യവകുപ്പുമന്ത്രി പ്രസ്താവിച്ചതനുസരിച്ച് ഈ തുക എവിടെ എന്തിനെല്ലാം എങ്ങനെ ചെലവാക്കി?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള): ആവശ്യപ്പെട്ട വിവരങ്ങൾ കാണിക്കുന്ന ഒരു പട്ടിക മേശപ്പുറത്തുവച്ചിട്ടുണ്ട് †

മരച്ചീനി ഗവേഷണകേന്ദ്രം

※ 591. [36] ശ്രീ. കുട്ടപ്പൻ കോയിക്കൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു മരച്ചീനി ഗവേഷണകേന്ദ്രം ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെ എത്രകാലമായി പ്രവർത്തിക്കുന്നു;

(സി) പ്രസ്തുത ഗവേഷണകേന്ദ്രത്തിൽ, കൃത്രിമമായി മരച്ചീനിക്കമ്പുകൾ ഉൽപ്പാദിപ്പിക്കുന്നുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള:)

(എ) ഉണ്ട്.

(ബി) തിരുവനന്തപുരത്തും, തിരുവല്ലായിലും ഒല്ലൂർക്കരയിലും ഓരോ മരച്ചീനി ഗവേഷണകേന്ദ്രം ഉണ്ട്. തിരുവനന്തപുരത്തുള്ള ഗവേഷണകേന്ദ്രം 1944 മുതലും, മററ രണ്ടുകേന്ദ്രങ്ങളും 1952 മുതലും പ്രവർത്തിക്കുന്നുണ്ട്.

(സി) ഉണ്ട്. തിരുവനന്തപുരം ഗവേഷണകേന്ദ്രത്തിൽ കൃത്രിമമായി മരച്ചീനിക്കമ്പുകൾ ഉൽപ്പാദിപ്പിച്ച്, മററ രണ്ടു കേന്ദ്രങ്ങളിലും പരീക്ഷിക്കുന്നുണ്ട്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ഈ മരച്ചീനി ഗവേഷണകേന്ദ്രങ്ങൾ എന്തൊക്കെയാണു പ്രവർത്തിക്കുന്നത്?

ശ്രീ. പി. എസ്സ്. നടരാജപിള്ള: മരച്ചീനികേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്നതു ഗവേഷണപരമായ പ്രവർത്തനങ്ങളാണ്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: മരച്ചീനിയുടെ ഗവേഷണമല്ലാതെ, മററ വല്ല ഗവേഷണങ്ങളും നടത്തുന്നുണ്ടോ?

Shri P. S. Nataraja Pillai: The production of new high breeds and their yield and other characters is a very slow process and that is done under research conditions, and it takes 7 to 10 years to produce any reliable results.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: ഈ കേന്ദ്രങ്ങളിൽ സിന്തററിക്കൈറ്റ്സ് ഉൽപ്പാദിപ്പിക്കുന്നുണ്ടോ?

† Placed in the library.

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഇല്ല.

ശ്രീ. എം. വി. ചെറിയാൻ: മരച്ചീനിക്ക ഇടക്കാലങ്ങളിൽ ഒരു മാതിരി പ്ലേഗുരോഗം പിടിപെട്ട് പാടെ നശിച്ചുപോയതായി റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അങ്ങനെ റിപ്പോർട്ട് കിട്ടിയിട്ടില്ല.

ശ്രീ. എം. വി. ചെറിയാൻ: മരച്ചീനിക്ക് പ്ലേഗുരോഗം പിടിപ്പെടുന്നുണ്ടോ എന്നു അന്വേഷിക്കുമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അന്വേഷിക്കാം.

നിയമനം.

*592. [40] ശ്രീ. യു. നീലകണ്ഠൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾഫൈനൽ അസിസ്റ്റൻറു എക്സാമിനേഴ്സായി എത്ര പേരെ നിയമിച്ചു;

(ബി) അവരിൽ തമിഴരെത്ര; മലയാളികളെത്ര;

(സി) മലയാളികൾക്ക് 'തമിഴ്' പേപ്പറും, തമിഴർക്ക് 'മലയാളം' പേപ്പറും കൊടുത്തിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): (എ) 1211 പേർ.

(ബി) മലയാളത്തിൽ പരിജ്ഞാനമുള്ളവർ 1119, തമിഴിൽ 92 പേർ.

(സി) ഇല്ല. എന്നാൽ കഴിഞ്ഞ തവണ നിയമിച്ച പരീക്ഷകന്മാരിൽ ഒരാൾക്ക് ഉത്തരക്കടലാസു നൽകിയപ്പോൾ ആ ഭാഷ നിശ്ചയമില്ലെന്നു പറഞ്ഞതുകൊണ്ട് അദ്ദേഹത്തിന് അറിവുള്ള ഭാഷയിലുള്ള പേപ്പർ കൊടുക്കുകയാണുണ്ടായത്.

ശ്രീ. യു. നീലകണ്ഠൻ: അങ്ങനെയല്ല ചെയ്തിട്ടുള്ളതെന്നു ഗവണ്മെൻറിനെ ബോദ്ധ്യപ്പെടുത്തിയാൽ വേണ്ട നടപടിയെടുക്കുമോ?

ശ്രീ. എ. താണുപിള്ള: ബോദ്ധ്യപ്പെടുത്തിയാൽ ആ കാര്യം ആലോചിക്കാം.

ശ്രീ. എൻ. ജി. ചാക്കോ: പരീക്ഷകന്മാരെ നിശ്ചയിക്കുന്ന കാര്യത്തിൽ പലരെ പക്ഷപാതം കാണിക്കുന്നുവെന്നു അറിയാമോ?

ശ്രീ. എ. താണുപിള്ള: എന്നറിവില്ല. അങ്ങനെ ഉണ്ടെങ്കിൽ മേലാൽ ഉണ്ടാകാതെ ശ്രദ്ധിക്കാം.

WRITTEN ANSWERS.

കശുഅണ്ടി വ്യവസായം.

*593. [19] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തു് 157 കശുഅണ്ടി വ്യവസായശാലകൾ, ഗവണ്മെൻറ് ദേശവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ വ്യവസായത്തിൻെറ സുഗമമായ പുരോഗതിക്ക് വേണ്ടതു് ഉടനടി ചെയ്യുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) ഇല്ല.

(ബി) ഈ വ്യവസായത്തിൻെറ സുഗമമായ പുരോഗതിക്കാവശ്യമായ നടപടികൾ ഗവണ്മെൻറ് സ്വീകരിച്ചിട്ടുണ്ട്.

സാങ്കേതിക വിദ്യാലയവികസനപദ്ധതി.

❋ 594. [21] ശ്രീ. വി. ശ്രീധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) ഈ സംസ്ഥാനത്തെ സാങ്കേതികവിദ്യാലയവികസനം സംബന്ധിച്ച് ഗവണ്മെൻറ് എന്തെങ്കിലും പദ്ധതി നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ പൂർണ്ണരൂപം വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതിക്ക് ആകെ എത്ര രൂപ ചെലവുവരും?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) ഉണ്ട്.

(ബി) ഈ പദ്ധതി ഇപ്പോൾ ഗവണ്മെൻറിൻെറ ആലോചനയിൽ ഇരിക്കുകയാണ്.

(സി) ചെലവിനെപ്പററി കൃത്യമായി അറിയുവാൻ കമ്മിററിയുടെ ശുപാർശകൾ ഗവണ്മെൻറ് കൂലങ്കഷമായി പരിശോധിച്ചതിനു ശേഷമേ സാധിക്കുകയുള്ളു.

മൺപാത്രവ്യവസായം.

❋ 595. [45] ശ്രീ. എൻ. എൻ. പണ്ടാരത്തിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിൽ മൺപാത്രവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആകെ സംഖ്യ എത്ര;

(ബി) കാട്ടേജ് ഇൻഡസ്ട്രീസ് ബോർഡിൻെറ പരിധിയിൽ ഈ വ്യവസായവും ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ഈ വ്യവസായത്തിനു് ഗവണ്മെൻറ് എന്തെങ്കിലും പ്രോത്സാഹനവും സഹായവും ഇതുവരെ നൽകിയിട്ടുണ്ടോ;

(ഡി) നെടുമങ്ങാട്ടു താലൂക്കിലെ മൺപാത്രവ്യവസായികൾ സൗജന്യനിരക്കിൽ വിറകും, കളിമണ്ണും ലഭിക്കണമെന്നു കാണിച്ചു് വല്ല നിവേദനവും ഗവണ്മെൻറിൽ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) ഒരു ലക്ഷത്തോളം വരും.

(ബി) ഉണ്ട്.

(സി) ഗവണ്മെന്റിൽനിന്നും ഈ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുവാൻ 40,600 രൂപ ചെലവുവരുന്ന ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. മൺപാത്രവ്യവസായികളുടെ പരസ്പരസഹായസംഘങ്ങൾ ഏർപ്പെടുത്തി അവയ്ക്കുവേണ്ട ധനസഹായവും സാങ്കേതിക ഉപദേശങ്ങളും നൽകുന്നതാണ്.

(ഡി) അങ്ങനെ ഒരു നിവേദനം ലഭിച്ചതായി കാണുന്നില്ല.

ഗ്രോ മോർ ഫുഡ്.

*596. [47] ശ്രീ. കെ. എം. ജോർജ്ജ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) ഗ്രോ മോർ ഫുഡ് വായ്പകൾക്ക് ഓരോ ഡിസ്ട്രിക്റ്റിൽ നിന്നും എത്ര അപേക്ഷകൾ ഉണ്ടായിരുന്നു;

(ബി) ഓരോ ഡിസ്ട്രിക്റ്റിലും നൽകിയ വായ്പകളുടെ തുക എത്ര;

(സി) മൂവാറ്റുപുഴ-വൈക്കം താലൂക്കുകളിൽ നിന്നും എത്ര അപേക്ഷകരുണ്ടായിരുന്നു; എത്ര പേർക്ക് വായ്പ നൽകി; എന്തു തുക?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള)

(എ)	തിരുവനന്തപുരം ഡിസ്ട്രിക്റ്റ്		55	അപേക്ഷകൾ.
	കൊല്ലം	,,	114	,,
	കോട്ടയം	,,	116	,,
	തൃശ്ശൂർ	,,	4	,,
		ആകെ.	289	,,

(ബി)	തിരുവനന്തപുരം ഡിസ്ട്രിക്റ്റ്		1,56,000	രൂപ
	കൊല്ലം	,,	2,53,700	,,
	കോട്ടയം	,,	4,76,100	,,
	തൃശ്ശൂർ	,,	6,300	,,
		ആകെ.	8,92,100	,,

(സി)

	മൂവാറ്റുപുഴ	വൈക്കം
അപേക്ഷകരുടെ എണ്ണം	8	4
വായ്പനൽകപ്പെട്ടവരുടെ എണ്ണം	3	3
തുക.	രൂപ 4,000	രൂപ 1,26,000

Prohibition.

* 597. [55] **Shri A. A. D. Luis**: Will the Minister for Finance be pleased to state whether it is proposed to constitute a committee to enquire into the working of prohibition in this State.

Minister for Finance (**Shri P. S. Nataraja Pillai**): No.

ട്രാവൻകൂർ മേട്ടൂർ കെമിക്കൽസ് ലിമിറ്റെഡ്.

✽ 598. [64] ശ്രീ. കെ. പി. ഹാർമിസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ മേട്ടൂർ കെമിക്കൽസ് ലിമിറ്റഡിൽ തിരുവിതാംകൂർ-കൊച്ചിക്കു പുറമേനിന്നും ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര; അവരുടെ വിദ്യാഭ്യാസയോഗ്യതകൾ എന്തെല്ലാം? അവരുടെ ശമ്പളമെന്തു്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ)-(ബി) ട്രാവൻകൂർ മേട്ടൂർ കെമിക്കൽസ് ഇപ്പോൾ പ്രവർത്തനം നടത്തുന്നില്ല. ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസിൽ തിരുവിതാംകൂർ-കൊച്ചിക്കു പുറമെ നിന്നും നാലുദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടു്. അവരുടെ യോഗ്യതയും ശമ്പളവും താഴെ പറയുന്ന വിധമാണു്.

1. Shri A. R. Narasimham, B. Sc. (Hons.)—General Superintendent—Salary Rs. 840 p. m.
2. Shri L. R. Krishnamurthi, B. Sc. (Eng.)—Chief Engineer—Salary Rs. 800 p. m.
3. Shri C. P. Rangarajan, B. Sc., Diploma in Book keeping (Higher), Stenography—Office Manager—Salary Rs. 300 p. m.
4. Shri P. S. Krishnamurthy, Intermediate, A. M. I. C. A. (London)—Accountant—Salary Rs. 210 p. m.

ഭൂപണയബാങ്കു്.

✽ 599. [66] ശ്രീ. ടി. ഓ. ബാവാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെയും തിരുവിതാംകൂറിലെയും ഭൂപണയബാങ്കിൽ നിന്നും 1952-53-ൽ എത്ര സംഖ്യ വീതം കടം കൊടുത്തിട്ടുണ്ടു്;

(ബി) ഈ ബാങ്കുകളുടെ സംയോജനം നടന്നിട്ടുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) തിരുവിതാംകൂർ ക്രെഡിററ് ബാങ്കു് Rs 12,97,948
കൊച്ചി ഭൂപണയബാങ്കു് ലിമിററഡ് Rs. 5,61,984

(ബി) ഇല്ല.

കശുഅണ്ടി ബോർഡ്.

✽ 600. [67] ശ്രീ. ടി. ഓ. ബാവാ: താഴെ പറയുന്ന ചോദ്യത്തിനു ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറ് രൂപീകരിക്കുവാനുദ്ദേശിക്കുന്ന കശുഅണ്ടി ബോർഡിൽ തോട്ടണ്ടി കർഷകർക്ക് പ്രാതിനിധ്യം നൽകാനുദ്ദേശിക്കുന്നുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

കണ്ട്രോളിങ്ങ് കമ്മിററി രൂപീകരിക്കുന്ന അവസരത്തിൽ ഇതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

പനമ്പു നെയ്ത്ത്.

* 601. [68] ശ്രീ. കെ. പി. ഹാർമിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പനമ്പുനെയ്ത്തു വ്യവസായികളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുവാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി നാളതുവരെ സ്വീകരിച്ചു?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) ഉണ്ട്.

(ബി) കുന്നത്തുനാട്-ചാലക്കുടി കമ്മ്യൂണിററി പ്രോജക്ററ് ഏരിയായിൽ കോവാപ്പറേററീവു അടിസ്ഥാനത്തിൽ പനമ്പുനെയ്ത്തുകാരുടെ സംഘടനകൾ രൂപീകരിക്കുവാൻ വേണ്ട നടപടികൾ എടുത്തിട്ടുണ്ട്. ഇതിനായി 60,000 രൂപ അനുവദിച്ചിട്ടുണ്ട്. നല്ലതായി കാണുന്ന കോവാപ്പറേററീവ് സംഘടനകൾക്കു പനമ്പുവ്യവസായം പ്രോത്സാഹിപ്പിക്കുവാൻ, കടംകൊടുക്കുവാൻ 24,000 രൂപ വകകൊള്ളിച്ചിട്ടുണ്ട്. വേണ്ട സാമഗ്രികൾ കൊണ്ടുപോകുവാൻ ഒരു ലോറി വാങ്ങുന്നതിലേയ്ക്കു 33,000 രൂപയും കത്തിമുതലായ സജ്ജീകരണങ്ങൾ വാങ്ങി കൊടുക്കുന്നതിലേക്കു 3000 രൂപയും ഗവണ്മെൻറിൽനിന്നും അനുവദിച്ചിട്ടുണ്ട്.

ഇൻഡസ്ട്രിയൽ ഫിനാൻസ് കാർപ്പൊറേഷൻ.

* 602. [72] ശ്രീ. സി. എ. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിൽ ഇൻഡസ്ട്രിയൽ ഫിനാൻസ് കാർപ്പൊറേഷൻ പ്രവർത്തനം നടത്തുന്നുണ്ടോ;

(ബി) എത്രമാത്രം തുക തിരുവിതാംകൂർ-കൊച്ചിക്ക് അനുവദിച്ചിട്ടുണ്ട്;

(സി) പ്രസ്തുത തുകയുടെ വിനിമയത്തെപ്പററി എന്തു തീരുമാനമാണ് എടുത്തിട്ടുള്ളത്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) (ബി) (സി) ദി ട്രാവൻകൂർ-കൊച്ചിൻ ഫിനാൻഷ്യൽ കാർപ്പറേഷൻ എന്ന പേരിൽ ഒരു കാർപ്പൊറേഷൻ പ്രവർത്തനം നടത്തുന്നുണ്ട്. ഇതിന്റെ പിരിച്ചെടുത്ത മൂലധനമായ ഒരുകോടി രൂപയും വ്യവസായങ്ങൾക്ക് ധനസഹായം നൽകാൻ ഉപയോഗിക്കുന്നതാണ്. കാർപ്പൊറേഷന്റെ നിയമങ്ങൾ അനുസരിച്ചു ധനസഹായം നൽകുന്നതാണ്.

സിറാമിക് ഫാക്ടറി.

✱ 603. [86] ശ്രീ. കെ. ചന്ദ്രശേഖര ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) സിറാമിക് ഫാക്ടറിയിൽ എത്ര റാഷിംഗ് പ്ലാൻറ് ഉണ്ട്. അവയിൽ എത്ര എണ്ണം പ്രവൎത്തനരഹിതമാക്കിയിട്ടുണ്ട്? അതിനുള്ള കാരണമെന്ത്;

(ബി) ഫാക്ടറിയിൽ ഉണ്ടായിരുന്ന ഡ്രൈയിംഗ് ചേമ്പർ ഇപ്പോഴും പ്രവൎത്തനത്തിലുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്; നശിപ്പിച്ചതെന്നാണ്;

(സി) പൈപ്പ്, സാസർ, കപ്പ്, പ്ലേററ് എന്നീ മെഷീനുകളും ഇൻസുലേററർ പ്രസ്, ഹാൻഡ് പ്രസ് എന്നീ മെഷീനുകളും പ്രവൎത്തനത്തിലാണോ;

(ഡി) ബുഷ് ഇൻസുലേററർ, എന്നൊരുസാധനം നിൎമ്മിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ ആരുടെ ആർഡറിൻപ്രകാരം; എത്ര എണ്ണം നിൎമ്മിച്ചിട്ടുണ്ട്

(ഇ) ഒന്നിന് എന്തു വിലവച്ചുതരാമെന്നു പറഞ്ഞു; എന്തു വില ചോദിച്ചിട്ടുണ്ട്;

(എഫ്) ഇതു വിററഴിക്കാതിരുന്നതുകൊണ്ട് ഗവമ്മെൻറിനു എന്തു നഷ്ടം വന്നു;

(ജി) കമ്മിഷൻവ്യവസ്ഥ എങ്ങിനെ; ഈ വ്യവസ്ഥ ഏകീകരിക്കുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) രണ്ട്. ഒന്ന്. കൂടുതൽ ഉൽപാദനം ആവശ്യമില്ലാത്തതുകൊണ്ട്.

(ബി) ഇപ്പോഴും ഡ്രൈയിംഗ് ചേമ്പർ ഉപയോഗിക്കുന്നില്ല. പ്രവൎത്തനത്തിൽ ലാഭകരമല്ലെന്നു കണ്ടതുകൊണ്ട്. 1945-ൽ ഒരു ചേമ്പർ നീക്കം ചെയ്തു.

(സി) അല്ല.

(ഡി) ഉണ്ട്. M/s Crompton Parkinsons, Madras എന്ന കമ്പനിക്കാരുടെ ആർഡറിൻപ്രകാരം 120 എണ്ണം ഉണ്ടാക്കിയിട്ടുണ്ട്.

(ഇ) എന്തു വില തരാമെന്നു സ്പഷ്ടമായി പറഞ്ഞില്ല. ഒന്നിനു 20 രൂപയാണു ചോദിച്ചതു്.

(എഫ്) നഷ്ടമൊന്നും വന്നിട്ടില്ല. ഉണ്ടാക്കിയവ വിററഴിക്കുവാൻ സാധിക്കുന്നതാണ്.

(ജി) 100 രൂപയിൽ കൂടുതലും 500 രൂപയിൽ താഴെയും സംഖ്യയ്ക്കു സാധനങ്ങൾ ഒരേ സമയത്തു വാങ്ങുന്നവൎക്ക് $6\frac{1}{4}$ ശതമാനം കമ്മിഷനും, 500 രൂപയിൽ കൂടുതൽ സംഖ്യയ്ക്കു സാധനങ്ങൾ ഒരേ സമയത്തു വാങ്ങുന്നവൎക്കു 10 ശതമാനം കമ്മിഷനും നൽകുന്നുണ്ട്. ചില്ലറ കച്ചവടക്കാൎക്കും മൊത്തക്കച്ചവടക്കാൎക്കും ഒരേ നിരക്കിൽ കമ്മിഷൻ വ്യവസ്ഥചെയ്യുന്നതു് അത്ര ആശാസ്യമാണെന്നു തോന്നുന്നില്ല.

UNSTARRED QUESTIONS.

Encroachments.

159. [5] **Shri A. Kunjan Nadar:** Will the Minister for Finance be pleased to state:

(*a*) whether the Government is aware of the fact that there are large scale encroachments of Government lands in the Kanipat area of Neyyattinkara Taluk and Kaliel Pakuthi of Vilavancode Taluk by North Travancoreans;

(*b*) whether it is a fact that the revenue subordinates connive at these people; and

(*c*) whether it is a fact that the local Revenue Authorities harass and take eviction proceedings against local landless people who have settled in these areas years ago at the instance of the North Travancore settlers who made recent encroachments?

Answer.

(*a*) There are encroachments on the Kanipat lands in the Neyyattinkara Taluk, by persons from North Travancore. There is no large scale encroachment in the Kaliel Village.

(*b*) No such instance has been brought to the notice of Government.

(*c*) No.

Tirupuram Pakuthi Accountant.

160. [6] **Shri A. Kunjan Nadar:** Will the Minister for Finance be pleased to state:

(*a*) whether the Government have got any complaint that the Pakuthi Accountant, Tirupuram Pakuthi, cut and removed an Anjili tree belonging to a private individual on the plea that it is a poramboke tree;

(*b*) whether any auction proceedings have been taken regarding the said tree; and

(*c*) what action is taken on the petition?

Answer.

(*a*) Yes.

(*b*) No.

(*c*) The matter is under enquiry.

വ്യാവസായിക പുരോഗതി.

161. [19] **ശ്രീ. കെ. കൃഷ്ണപിള്ള:** താഴെ പറയുന്ന ചോദ്യങ്ങൾക്ക ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(a) കേന്ദ്രഗവണ്മെന്റിൽ നിന്നും 1953-54 സാമ്പത്തികവർഷത്തിൽ ഈ സംസ്ഥാനത്തെ വ്യാവസായികപുരോഗതിക്കുവേണ്ടി എന്തെങ്കിലും തുക സഹായധനമായി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര;

(സി) ഈ ഇനത്തിൽ കേന്ദ്രത്തിൽ നിന്നും അനുവദിച്ചിരുന്ന എന്തെങ്കിലും തുക ലാപ്സായിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിനിടയാക്കിയ സാഹചര്യമെന്ത്; തുക എത്ര?

Answer.

(എ) ഉണ്ട്.

(ബി) താഴെ പറയുന്ന സംഖ്യകൾ കേന്ദ്രഗവണ്മെന്റിൽ നിന്നും ലഭിച്ചിട്ടുണ്ട്.

മരപ്പണി	രൂപ	1,25,482
ഇരുമ്പുപണി (താഴ്, താക്കോൽ മുതലായവ നിർമ്മിക്കാൻ)	,,	16,626
തോൽപ്പണി	,,	69,770
പുൽപ്പായ് നെയ്ത്ത്	,,	20,000
കളിമൺവ്യവസായം	,,	11,526
കളിക്കോപ്പുനിർമ്മാണം	,,	11,404
തഴപ്പായ് നെയ്ത്ത്	,,	1,000
ആകെ	,,	2,55,808

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

UNSTARRED SHORT NOTICE QUESTION.

Students dismissed for struggle for recognition of College Union.

1. [2] **Shri K. C. George**: Will the Chief Minister be pleased to state:

(*a*) whether Government have received any communication from the University regarding the question of the readmission of those students dismissed from various Colleges in the State consequent on their struggle for recognition of College Unions;

(*b*) if so what is it; and

(*c*) whether the Government have taken any decision on the matter?

Answer.

(*a*) Yes.

(*b*) The University has stated that the question of readmission of the expelled students is under the consideration of the Syndicate.

(c) It does not call for any decision by Government as the question of readmission of the students has to be decided by the University.

ADJOURNMENT MOTION.

മി. സ്പീക്കർ : മി. ടി. കെ. ബാവായുടെ അടിയന്തിരപ്രമേയം അതിന്റെ ചാർജ്ജ് വഹിക്കുന്ന മന്ത്രിയുമായി ആലോചിച്ച് തീരുമാനിക്കാനുള്ള ഒരു കാര്യമേ ഉള്ളൂ. അതുകൊണ്ട് ഈ പ്രമേയത്തിന് സമ്മതം നിഷേധിച്ചിരിക്കുന്നു.

DEMANDS FOR SUPPLEMENTARY GRANTS.

Mr. Speaker : The parties have not given me an agreed list as I wanted. How should we proceed then ? There is no agreed list before me. So, we will proceed in the order in the printed list already circulated.

ശ്രീ. പി. കെ. യശോധരൻ : സർ, ഒരു പായിന്റ് ഓഫ് ഓർഡർ. ലാൻഡ് റിഫോംസിനെ സംബന്ധിച്ചുള്ള ബില്ലുകളുടെ ചർച്ചകൾ ഇന്നലെ നടക്കുമെന്നാണു പറഞ്ഞിരുന്നതു്. ആ പ്രകാരം നടന്നില്ല. ഇനി അതിനെ സംബന്ധിച്ച ചർച്ചകൾ എന്നേയ്ക്കു നടക്കുമെന്ന് അറിഞ്ഞാൽ കൊള്ളാം.

Mr. Speaker : The House will be informed of that in due course.

ശ്രീ. എ. അച്യുതൻ : ഇന്നലെ 26-ാമത്തെ ചോദ്യത്തിനു ഉത്തരമായി ജനറേഷൻ ഡിവിഷനിൽ ആറു സ്ഥലത്തു് ഇലക്ട്രിസിറ്റി കൊടുക്കുവാൻ വേണ്ട പ്രൊവിഷൻ ബഡ്ജറ്റിൽ ഉണ്ടെന്ന് ഞാൻ പറഞ്ഞു. എന്റെ സ്നേഹിതൻ മിസ്റ്റർ ചെറിയാൻ അതു് ബഡ്ജറ്റിൽ ഇല്ലെന്നു പറയുകയുണ്ടായി. അതിനെ സംബന്ധിച്ച സ്റ്റേറ്റുമെന്റ് എന്റെ കൈവശമില്ലാതിരുന്നതുകൊണ്ട് അതു് അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തുവാൻ കഴിഞ്ഞില്ല. അതു ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ട് എന്നുള്ളതിന് അദ്ദേഹത്തിന്റെ ശ്രദ്ധയെ ബഡ്ജറ്റിന്റെ 50-ം 54-ം പേജുകളിലേയ്ക്കു് ഞാൻ ക്ഷണിച്ചുകൊള്ളുന്നു.

ശ്രീ. മഞ്ജുനാഥപ്രഭു : സർ, ഇന്നലെ അപ്രോപ്രിയേഷൻ ബില്ലിന്മേൽ ഇവിടെ സംസാരിച്ചപ്പോൾ എല്ലാ പാർട്ടികൾക്കും സമയം കൊടുക്കുകയുണ്ടായില്ല. അതുകൊണ്ട് എല്ലാ പാർട്ടികൾക്കും ഒരുപോലെ പ്രസംഗിക്കുവാൻ സമയം അനുവദിക്കണമെന്ന് അപേക്ഷയുണ്ട്.

മി. സ്പീക്കർ : സപ്ലിമെന്ററി ഗ്രാന്റാണ് ഇപ്പോൾ ആലോചനയ്ക്കു വരുന്നതു്. ചില ബഹുമാനപ്പെട്ട സ്നേഹിതന്മാർ സപ്ലിമെന്ററി ഡിമാന്റുകൾക്ക് ചില ടോക്കൺകട്ടുകൾ അയച്ചിട്ടുണ്ട്. സപ്ലിമെന്ററി ഡിമാന്റുകൾക്ക് ടോക്കൺകട്ടുകൾ അനുവദനീയമല്ലെന്നു് എല്ലാ ബഹുമാനപ്പെട്ട മെമ്പറന്മാർക്കും അറിയാമെന്ന് ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ട് അവയൊന്നും അനുവദിക്കുന്നതല്ല. സപ്ലിമെന്ററി ഡിമാന്റുകൾ എല്ലാം ഗവണ്മെന്റിന്റെ പോളിസിയെപ്പറ്റി വോട്ടുചെയ്തിട്ടുള്ള ഡിമാന്റുകളായതുകൊണ്ട്

സപ്ലിമെൻററി ഡിമാൻറിന് ഓരോ സബ് ഹെഡ്ഡിൽവരുന്ന സംഗതികളെ പ്പററി മാത്രമേ സംസാരിക്കുവാൻ പാടുള്ളു. ഈ സപ്ലിമെൻററി ഡിമാൻഡുകൾ എല്ലാം വേഗം കഴിച്ചതിനുശേഷം വേഗം പ്രധാനപ്പെട്ട ലജിസ്ലേററീവ് ബിസിനസ്സിലേയ്ക്കു പോകാൻ. അതുകൊണ്ട് സപ്ലിമെൻററി ഗ്രാൻഡുകൾ അവതരിപ്പിക്കുവാൻ മന്ത്രിയെ ക്ഷണിച്ചുകൊള്ളുന്നു.

DEMAND II —7—LAND REVENUE.

Minister for Finance **(Shri P. S. Nataraja Pillai)** : I move for a supplementary grant of Rs. 1,89,500 under Demand II—7—Land Revenue.

Shri A. Achuthan : I second it.

ശ്രീ ആർ. ശങ്കരനാരായണൻ തമ്പി : സർ, ഈ സപ്ലിമെൻററി ഡിമാൻറിനെ ഞാൻ എതിർക്കുകയാണ്. ഈ തിരുവിതാംകൂർ-കൊച്ചിയെ സംബന്ധിച്ചിടത്തോളം ഭൂമിയിൽ ജന്മിയും കുടിയാനും തമ്മിലുള്ള സമ്പർക്കം വളരെ ഏറെ ഉണ്ടായിരുന്നു എന്നുള്ള വസ്തുത ഈ സഭാതലത്തിൽത്തന്നെ വെളിഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്. ആദ്യമായി ഈ രാജ്യത്ത് കുടിയാനെ സംബന്ധിച്ചിടത്തോളം അല്പമെങ്കിലും ഭൂമിയിൽ സുരക്ഷിതത്വം നൽകുന്ന ഒരു നിയമം അവതരിപ്പിച്ചു പാസ്സാക്കിയിട്ടുള്ളത് 1108-ലാണ്. അതായത് 1108-ലെ ജന്മികുടിയാൻ നിയമമാണ് ഞാൻ ഉദ്ദേശിക്കുന്നത്. അത് ജന്മിയും കുടിയാനും തമ്മിൽ ചില കാര്യങ്ങളിന്മേലുള്ള ബന്ധത്തെ നിർവഹിക്കുന്നതും കുടിയാൻ ജന്മിയ്ക്കു എന്തു ജന്മിഭോഗം കൊടുക്കണമെന്ന് തീരുമാനിക്കുന്നതും അതുപോലെ കുടിയാനെ ഒഴിപ്പിക്കാൻ പാടില്ലായെന്നു നിരോധിക്കുന്നതുമായ ഒരു നിയമമായിരുന്നു. അക്കാലത്ത് നിയമസഭയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന അന്നത്തെ സ്റ്റേററ്കോൺഗ്രസ്സ് ആപ്പോസിഷൻ ലാൻഡ് റവന്യൂ ഡിമാൻറ് ലാൻഡ് റവന്യൂകമ്മീഷണർ അവതരിപ്പിച്ചപ്പോൾ......

Shri P. S. Nataraja Pillai : On a point of order, Sir. This is a supplementary demand. As to whether discussion on general policies is allowed I would like to have a ruling, especially in view of the fact that the Jenmi-kudiyan act is being discussed. There is nothing in the Demand before the House which relates to that Act.

Mr. Speaker : The hon. Member will please confine his speech to the demand for supplementary grant. സപ്ലിമെൻററി ഡിമാൻറിലെ സബ് ഹെഡ്സിനെ മാത്രം സ്പർശിച്ചു സംസാരിക്കുവാനേ മി. തമ്പിക്കു നിവൃത്തിയുള്ളൂ.

Shri R. Sankaranarayanan Thampi : It has not been defined in the Supplementary Grant to which items of expenditure the supplementary grant is demanded.

Shri P. S. Nataraja Pillai : I would invite the attention of the hon. Member to page 31 of the Memorandum on Demands for Grants for expenditure for 1954-55 circulated.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: സർ, എന്റെ ഓർമ്മ ശരിയാണെങ്കിൽ ഈ സപ്ലിമെന്ററി ഡിമാന്റ് ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്നതു് കരക്കുടിശ്ശിക പിരിക്കുന്നതിന് പുതിയതായി കുറെ ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുള്ളതിനാണ്. നെല്ലെടുപ്പു പദ്ധതിയും മററും ഇല്ലായ്മ ചെയ്തതോടുകൂടി കുറെ ആളുകൾക്ക് ഉദ്യോഗം ഇല്ലാതെവന്നപ്പോൾ അവരെയെല്ലാം ഓരോ ഉദ്യോഗത്തിൽ നിയമിച്ചിട്ടുണ്ട്. അങ്ങനെയുള്ള ഉദ്യോഗസ്ഥന്മാർക്ക് ശമ്പളം കൊടുക്കുന്നതിനായിട്ടാണ് ഈ സപ്ലിമെന്ററി ഡിമാന്റ് അവതരിപ്പിച്ചിട്ടുള്ളതു് എന്നാണ് എന്റെ ഓർമ്മ. അതു് ശരിയാണെങ്കിൽ ഈ ഉദ്യോഗങ്ങൾ നിലനിർത്തുന്നതിനെ സംബന്ധിച്ചിടത്തോളംതന്നെ വളരെ അധികം ആക്ഷേപം പറയുവാനുണ്ട്.

1122-ലാണ് ജന്മികരം നിറുത്തൽ ചെയ്തതു്; അടിസ്ഥാനനികുതി കുടിയാനിൽനിന്നു പിരിക്കുവാനുള്ള ഉത്തരവു പാസ്സായതു്. ജന്മി കുടിയാൻ നിയമം നിയമമാകുന്ന കാലത്തു് ജന്മിഭോഗം നിശ്ചയിക്കുന്നതിന് അന്നു നിലവിലിരുന്ന എല്ലാ ജന്മിത്വ അവകാശങ്ങളും സംരക്ഷിച്ചിരിക്കുന്നു എന്നാണ് എനിക്കു മനസ്സിലാക്കാൻ കഴിയുന്നതു്. ഓണക്കാഴ്ച, തിരുനാൾ കാഴ്ച, ഉത്സവക്കാഴ്ച മുതലായി നിരവധി ഭാരങ്ങൾ ജന്മഭോഗമായി കുടിയാൻ കൊടുക്കേണ്ടതുണ്ടായിരുന്നു. ഇങ്ങനെയുള്ള ജന്മിഭോഗം കൊടുക്കണമെന്നു് അന്നത്തെ കാണാധാരത്തിൽ വ്യവസ്ഥയുണ്ടായിരുന്നു. അതെല്ലാം എടുത്തുകളഞ്ഞില്ലെന്നു മാത്രമല്ല, കാണാധാരത്തിൽ ജന്മിക്കു് അവകാശപ്പെടാത്തതും അവകാശപ്പെടുവാൻ നിവൃത്തിയില്ലാത്തതും, ജനകീയമായിട്ട് ചിന്തിക്കുകയാണെങ്കിൽ ഒരിക്കലും ജന്മിക്കു് അവകാശപ്പെടുവാൻ നിവൃത്തിയില്ലാത്തതും ആയ എല്ലാ ഭാരങ്ങളും കുടിയാന്റെമേൽ ചുമത്തിയിരിക്കുന്ന ഒന്നാണ് ജന്മികരം എന്നുള്ളതു്. പിന്നീട്ട് ജന്മകരം ചുമത്തിയിട്ടുള്ള കുടിയാന്റെ മേൽ അടിസ്ഥാനനികുതി ഏർപ്പെടുത്തി. അങ്ങനെ 1122 മുതൽ ഇന്നുവരെയുള്ള അടിസ്ഥാനനികുതി മുഴുവൻതന്നെ കുടിയാന്മാരിൽനിന്നു ഈടാക്കുന്നതിന് കുറെ ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ട്.

പിന്നെ കുത്തകപ്പാട്ടം എന്ന അവകാശത്തിന്മേൽ ഈ രാജ്യത്തു് കുറെ ആളുകൾ കുറെ ഭൂമി കൈവശംവച്ചു് അനുഭവിക്കുന്നുണ്ട്. ഗവണ്മെന്റിന്റെ ഒരു സ്ഥിരം പാളിസി എന്ന നിലയിൽ കുത്തകപ്പാട്ടത്തിന് മേലാൽ വസ്തുക്കൾ പതിച്ചുകൊടുക്കാൻ പാടില്ലെന്നു തീരുമാനിച്ചിട്ടുള്ളതായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറയുകയുണ്ടായിട്ടുണ്ട്. ഇനി മേലാൽ ഭൂമിയില്ലാത്ത കർഷകത്തൊഴിലാളികൾക്കേ ഭൂമി പതിച്ചുകൊടുക്കുകയുള്ളു എന്നാണ് അദ്ദേഹം പറഞ്ഞതു്. കുത്തകപ്പാട്ടത്തിന് വസ്തു കൈവശപ്പെടുത്തിയിരിക്കുന്ന ഒരാൾ വളരെ വമ്പിച്ചതോതിൽ ഭൂമി കൈവശപ്പെടുത്തി അതിൽ കൃഷിയിറക്കി അനുഭവിച്ചുവരുന്നുണ്ട്. അങ്ങനെയുള്ള ആളുകളിൽനിന്നു്, യാതൊരു നടപടിയും എടുക്കാതെ, കുത്തകപ്പാട്ടം ഈടാക്കിവരുന്നുണ്ട് എന്നുള്ളതിന് നിരവധി ഉദാഹരണങ്ങൾ ഉണ്ട്. അനവധി കുടികിടപ്പുകാർ വസ്തു കൈവശംവച്ചു് കൃഷിയിറക്കിയിട്ടുള്ള പല സ്ഥലങ്ങളും വമ്പിച്ചതോതിൽ ഭൂമി കൈവശപ്പെടുത്തിയിട്ടുള്ള ആളുകൾക്ക് കുത്തകപ്പാട്ടത്തിനു പതിച്ചുകൊടുത്തിട്ടുണ്ട്. ഉദാഹരണമായി നായർസർവീസ് സൊസൈററിക്ക് കുത്തകപ്പാട്ടത്തിന

കൊടുത്ത സ്ഥലത്ത് അനവധി കുടികിടപ്പുകാരുണ്ടായിരുന്നു. ആ കുടികിടപ്പുകാർക്ക് അതേവരെയുണ്ടായിരുന്ന എല്ലാ സൗകര്യങ്ങളും നഷ്ടപ്പെട്ടിട്ട് അവർ ഇപ്പോൾ വേറെ ദിക്കിലേയ്ക്ക് മാറിയിരിക്കുകയാണ്. അതുപോലെതന്നെ കൊട്ടാരക്കരയിൽ കുറെ സ്ഥലം ഒരാൾക്ക് ഗവണ്മെൻറ് കുത്തകപ്പാട്ടം കൊടുത്തു. ആ സ്ഥലത്ത് കർഷകത്തൊഴിലാളികളും അദ്ധ്വാനിക്കുന്ന കർഷകരുമാണ് ഉള്ളത്. ഒരേക്കർ, ഒന്നരയേക്കർ മുതൽ അഞ്ച് ഏക്കർ വരെ ഭൂമി കൈവശംവച്ച് അദ്ധ്വാനിക്കുന്ന കർഷകത്തൊഴിലാളികളാണ് അവിടെയുള്ളത്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സപ്ലിമെൻററി ഡിമാൻറിനെപ്പററി എല്ലാവരും സംസാരിക്കുന്നതിന് സൗകര്യം കിട്ടുന്നതിനുവേണ്ടി ഓരോരുത്തർക്കും കുറച്ചു സമയം അനുവദിച്ചാൽ കൊള്ളാമെന്ന് അപേക്ഷയുണ്ട്.

Mr. Speaker ; Hon. Members are requested to speak only for 10 minutes on the supplementary demands.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: കുത്തകപ്പാട്ടത്തിനു ചെറിയ തോതിൽ വസ്തുക്കൾ പതിച്ചുകൊടുത്തിട്ടുള്ള ആളുകളിൽനിന്ന് വളരെക്കാലത്തെ കരക്കുടിശ്ശിക ഈടാക്കുവാനുണ്ടായിരുന്നു. ആ കുടിശ്ശികകളെല്ലാം ഒന്നിച്ച് ഈടാക്കുവാൻ ഈ സോഷ്യലിസ്ററ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം നടപടികൾ എടുത്തിട്ടുണ്ട്. ഈ സ്ഥലങ്ങളിലെ വൃക്ഷങ്ങളെല്ലാം കണക്കെടുക്കുന്നതിന് കുറെ ഉദ്യോഗസ്ഥന്മാരെ വച്ചിട്ടുണ്ട്. ആ സ്ഥലത്തു താമസക്കാർ പ്ലാവോ, മാവോ വച്ചിട്ടുണ്ടെങ്കിൽ അതു കുത്തകപ്പാട്ടം അനുഭവിക്കുന്ന ആളുകളുടെ വകയായിട്ടാണ് നിശ്ചയിക്കുന്നത്. നേരെ മറിച്ച് അവർ നിസ്സാരമായി എന്തെങ്കിലും കൃഷി ചെയ്തിട്ടുണ്ടെങ്കിൽ അവർ അനുഗ്രഹീതരാണ്. പ്ലാവോ, മാവോ വച്ചു പിടിപ്പിച്ചിട്ടുണ്ടെങ്കിൽ അവർ വൃക്ഷക്കരം കൊടുക്കണം. മൂന്നു കൊല്ലം പ്രായമുള്ള ഒരു പ്ലാവിന് വൃക്ഷക്കരം ചുമത്തി 12 കൊല്ലത്തെ കരക്കുടിശ്ശിക കണക്കാക്കുകയാണ് കണക്കെടുത്ത ഉദ്യോഗസ്ഥന്മാർ ചെയ്യുന്നത്. ഈ ഉദ്യോഗസ്ഥന്മാർ ആദ്യംതന്നെ കുറെ കടലാസും കക്ഷത്തിൽവച്ചുകൊണ്ട് കുത്തകപ്പാട്ടക്കാരുടെ കാര്യവും അന്വേഷിച്ച് അങ്ങോട്ടും ഇങ്ങോട്ടും നടക്കും. അതു കഴിഞ്ഞു കുത്തകപ്പാട്ടക്കാരൻ അവരെ സമീപിക്കുമ്പോൾ വല്ലതും തരാമെങ്കിൽ നിങ്ങളുടെ കാര്യം ശരിയാക്കാമെന്നു പറയും. അങ്ങനെ തക്കതായ സംഖ്യ കൊടുക്കാമെന്നു ഏൽക്കുന്ന കുത്തകപ്പാട്ടക്കാർക്ക് എത്ര പ്രായമായ വൃക്ഷങ്ങളുണ്ടായാലും ആ വൃക്ഷങ്ങളെല്ലാം പ്രായമാകാത്ത വൃക്ഷങ്ങളായി എഴുതുകയും സംഖ്യയൊന്നും കൊടുക്കാത്ത ആളുകളുടെ വൃക്ഷങ്ങൾ ഉള്ളതെല്ലാം പ്രായമായ വൃക്ഷങ്ങളാക്കി എഴുതുകയുമാണ് ചെയ്തു വരുന്നത്. എന്നു തന്നെയല്ല ഒന്നും കൊടുക്കാത്തവർക്കു പത്തു പന്ത്രണ്ടു കൊല്ലത്തെ കുടിശ്ശിക എഴുതുകയും ചെയ്യും. ഇങ്ങനെയുള്ള കുടിശ്ശികകളെല്ലാം ഒന്നായിട്ടു പിരിക്കാനാണ് ഗവണ്മെൻറ് തീരുമാനിച്ചിരിക്കുന്നത്. ഇങ്ങനെ നോക്കുമ്പോൾ ഒരു മുക്കാൽ ഏക്കർ കൈവശമുള്ള ഒരു കർഷകൻ 200, 300 രൂപ കരക്കുടിശ്ശിക കൊടുത്തു തീർക്കേണ്ടതായി വരുന്നതാണ്. ഈ സംഖ്യകളെല്ലാം ഒന്നായി ഒരാഴ്ചയ്ക്കു മുൻപു കൊടുത്തു തീർക്കണമെന്നു ഗവണ്മെൻറ് ആർഡറായിട്ടുണ്ട്. ഈ തുക ഈടാക്കാൻ വേണ്ടിയാണ് ഇത്തരത്തിലുള്ള വിപുലമായ നടപടികൾ എടുക്കുന്നത്.

[ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി]

കർഷകരെ സംരക്ഷിക്കാനാണ് ഇതൊക്കെ എടുക്കുന്നത് എന്നാണ് പറയുന്നത്. പക്ഷെ കളിപ്പിച്ചു കളിപ്പിച്ച് കഞ്ഞിയില്ലെന്നുള്ള മട്ടിൽ ആക്കിത്തീർക്കരുതെന്നേ എനിക്കു പറയുവാനുള്ളൂ. ഇപ്പോൾ അവരൊക്കെ എഴുന്നൂറു രൂപ ഓരോരുത്തർക്കും കൊടുത്തുകൊള്ളണം എന്ന് നിർബ്ബന്ധിച്ചുകൊണ്ടിരിക്കയാണ്. അതു ഈടാക്കാനുള്ള സത്വരനടപടികൾ എടുത്തുകൊണ്ടിരിക്കയാണ്. സർ, താൽക്കാലികമായി സ്റ്റേ കൊടുത്തു എന്നു പറഞ്ഞതുകൊണ്ട് പരിഹാരമാകയില്ല. ഇതിനെപ്പറ്റി ചോദിച്ചപ്പോൾ മുഖ്യമന്ത്രിയും മറ്റുള്ളവരും താൽക്കാലികമായി സ്റ്റേ കൊടുത്തിട്ടുണ്ടെന്നു പറഞ്ഞ് തൃപ്തിപ്പെടുകയാണ് ചെയ്യുന്നത്. അതുകൊണ്ടു കാര്യമായില്ല. കർഷകന് യഥാർത്ഥമായി കൃഷിചെയ്യുവാൻ പ്രേരണ കൊടുക്കുന്നതായുള്ള നടപടികളായിരിക്കണം എടുക്കേണ്ടത്. കൂടാതെ, കുടിശ്ശിക ഈടാക്കാൻ ചില ഉദ്യോഗസ്ഥന്മാരെ നിയമിക്കയും അവർ റവന്യൂ റിക്കവറി ആക്റ്റിൻപ്രകാരം ഈ കുടിശ്ശിക ഈടാക്കാനുള്ള നടപടികൾ നടത്തുകയും ചെയ്താൽ കുറെയൊക്കെ പരിഹാരം നേടാവുന്നതാണ്. ഇതു ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ സത്വരശ്രദ്ധയും അടിയന്തിരമായ നടപടികൾക്കുംവേണ്ടി പറയുന്നതാണ്. അല്ലാതെ പ്രചരണത്തിനു വേണ്ടിയല്ല.

അതുപോലെതന്നെ അകവൂർമനവകയായി പെരുങ്ങാലയിൽ ദേശത്തിനകത്ത്, അവിടെ എഴുകൊല്ലത്തേയ്ക്കു ബേസിക് ടാക്സ് ചുമത്തി അതു ഈടാക്കുവാനുള്ള നടപടി നടത്തിത്തുടങ്ങിയപ്പോൾ കഴിഞ്ഞുപോയ കാൺഗ്രസ്സ്മന്ത്രിസഭ ഒരു സ്റ്റേ പാസ്സാക്കി. ആ സ്റ്റേ റദ്ദ്ചെയ്തു വീണ്ടും നടപടി നടത്തുവാൻ ഇപ്പോഴത്തെ മന്ത്രിസഭ ആലോചിക്കുന്നു എന്നു കേൾക്കുന്നു. ഈ മാതിരി കാര്യങ്ങളിൽ ഗവൺമെന്റ് കർശനമായ നടപടികൾ എടുത്താൽ ജനങ്ങൾക്കു തെറ്റിദ്ധാരണ വരാൻ ഇടയുണ്ട്.

ശ്രീ. ഇടിക്കുള ഇടിക്കുള: ആ തെറ്റിദ്ധാരണ നീക്കാൻവേണ്ടി സംസാരിക്കയാണോ?

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: ഞാൻ പറയുന്നത് ഇത്തരം നടപടികളാൽ ജനങ്ങൾക്ക് യഥാർത്ഥമായി ഉപദ്രവം ഉണ്ടാകാതെകൂടി സൂക്ഷിക്കണമെന്നാണ്. തെറ്റിദ്ധാരണയെപ്പറ്റി പറഞ്ഞത്......

Mr. Speaker: You may conclude.

Shri. R. Sankaranarayanan Tampi: Sir, the hon. Minister is not attending to what I was saying. Naturally I was prompted to stop for a while,

അതുകൊണ്ട് തുടങ്ങിയിരിക്കുന്ന നടപടികൾ ഉടനെ നിറുത്തണം.

ശ്രീ. എ. താണുപിള്ള: അകവൂർ മനവക പ്രദേശങ്ങളിൽനിന്നു ബേസിക് ടാക്സ് ഈടാക്കുന്ന നടപടി നിറുത്തണമെന്നാണോ പറയുന്നത്.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: ഇപ്പോൾ ഏഴുകൊല്ലത്തെ ബേസിക് ടാക്സ് ആണ് ഈടാക്കിവരുന്നത്.

I can show why the tenant should not be burdened with basic tax. I shall narrate the history of that. But I am afraid I may not get time.

അതുകൊണ്ടു് ഞാൻ പറയുന്നതു് ഏഴകൊല്ലത്തെ പാട്ടബാക്കി കൊടുക്കണമെന്നുള്ള നടപടി കർഷകരുടെ മേൽ നടത്തരുതെന്നും അതു ജന്മിയുടെ കയ്യിൽനിന്നും ഈടാക്കണമെന്നുള്ള നടപടിയാണു് എടുക്കേണ്ടതെന്നുമാണു്. ഇത്രയും പ്രസ്താവിച്ചുകൊണ്ടു് ഞാൻ ഈ ഡിമാൻറിനെ എതിർക്കുന്നു.

<u>ശ്രീ. എ. എ. റെഹിം:</u> സർ, ലാൻഡ് റവന്യൂ ഡിപ്പാർട്ടുമെൻറിലെ കുടിശ്ശിക പിരിക്കുന്നതിനുവേണ്ടി സിവിൽസപ്ലൈ ഡിപ്പാർട്ടുമെൻറിൽ നിന്നു് പിരിച്ചുവിടുന്ന ആളുകളെ നിയമിക്കുന്നതിലേക്കായിട്ടാണു ലക്ഷത്തിൽപരം രൂപ സപ്ലിമെൻററി ഗ്രാൻറു് ആവശ്യപ്പെട്ടിട്ടുള്ളതു്. ഇതെല്ലാം കാണുമ്പോൾ പി. എസ്സ്. പി. ഗവണ്മെൻറു് ഉദ്യോഗസ്ഥന്മാരെ സൃഷ്ടിക്കുന്ന ഒരു വ്യവസായംതന്നെ ആരംഭിച്ചിരിക്കയാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. പി. എസ്സ്. പി. കഴിഞ്ഞ ഏതാനും മാസക്കാലം ഈ ഭരണത്തിൽ വന്നതിനുശേഷം ഉദ്യോഗസ്ഥന്മാരുടെ ഗ്രേഡ്കയററങ്ങളും പുതിയ ഉദ്യോഗനിയമനങ്ങളും നടന്നിട്ടുണ്ടു്. സിവിൽസപ്ലൈസ് ഡിപ്പാർട്ടുമെൻറിൽനിന്നും തൽക്കാലം ജോലിയില്ലാതായ ആളുകളെ കരക്കുടിശ്ശിക പിരിക്കുന്നതിനുവേണ്ടി ലാൻഡ്റവന്യൂ ഡിപ്പാർട്ടുമെൻറിലേക്കു് എടുക്കാനാണു് ഇതുകൊണ്ടു ഉദ്ദേശിക്കുന്നതു്. കരം എത്ര കുടിശ്ശികയുണ്ടെന്നോ, അതു എത്രകൊല്ലംകൊണ്ടു് പിരിച്ചെടുക്കുവാൻ കഴിയുമെന്നോ, എത്രകാലം ഇവരെ ഡിപ്പാർട്ടുമെൻറിൽവച്ചു് സൂക്ഷിക്കേണ്ടിവരുമെന്നോ, ഒന്നും വ്യക്തമല്ല. മററു ഡിപ്പാർട്ടുമെൻറിലേക്കു ഇവരെ അബ്സോർബു് ചെയ്യുന്ന കാലംവരെ ഇവർ ഈ ഡിപ്പാർട്ടുമെൻറിൽ തുടരുവാനാണു് ഉദ്ദേശിക്കുന്നതു എന്നുവേണം മനസ്സിലാക്കാൻ. ഇതിൽനിന്നും വ്യക്തമാകുന്നതു് കുടിശ്ശിക പിരിവു് എത്രകാലം നീട്ടിക്കൊണ്ടുപോകുവാൻ സാധിക്കുമോ അത്രയുംകാലം അവർ സുഗമമായി ഈ ഡിപ്പാർട്ടുമെൻറിൽ കഴിഞ്ഞുകൂടുവാൻ സാധിക്കും എന്നുള്ള ഒരു സൂചനകൂടി ലഭിക്കുന്നുവെന്നുള്ളതാണു്. ഇതു് വളരെ വിചിത്രമായ ഒരു കാര്യമാണു്.

<u>ശ്രീ. ഇടിക്കുള ഇടിക്കുള:</u> ഇപ്പോൾ സിവിൽസപ്ലൈസ് ഡിപ്പാർട്ടുമെൻറിൽ ജോലിഇല്ലാതെ ഇരിക്കുന്നവരെ പിരിച്ചയക്കണമെന്നാണോ മെമ്പർ അഭിപ്രായപ്പെടുന്നതു്.

<u>ശ്രീ. എ. എ. റെഹിം:</u> അവരെ പഴയ ലാവണത്തിലേക്കു മടക്കി അയക്കണം.

<u>ശ്രീ. ഇടിക്കുള ഇടിക്കുള:</u> പഴയ ലാവണം ഇപ്പോൾ ഇല്ലെന്നു അറിയാമോ?

<u>ശ്രീ. എ. എ. റെഹിം:</u> പഴയ ലാവണം ഇല്ലെങ്കിൽ, പുതിയ നിയമനങ്ങൾ ഉണ്ടാകുമ്പോൾ അവരെത്തന്നെ നിയമിക്കുവാൻ ഏർപ്പാടു് ചെയ്യണം. ജോലിയില്ലാതെ അവരെ സർവീസിൽവച്ചുകൊണ്ടു് അവർക്കു ശമ്പളം കൊടുത്തുകൊണ്ടിരിക്കണമെന്നുള്ള നയം ഗവണ്മെൻറു് തുടരണമോ എന്നതിൽ എനിക്കു സംശയമുണ്ടു്. ഗവണ്മെൻറിൻെറ ധനസ്ഥിതി തൃപ്തികരമല്ലാതിരിക്കുമ്പോൾ, ഇവിടെ ആസൂത്രണം ചെയ്തിരി

[ശ്രീ. എ. എ. റെഹിം]

കുന്ന പദ്ധതികൾക്ക് പണം ഇല്ലെന്ന് പരാതി പറഞ്ഞുകൊണ്ടിരിക്കുമ്പോൾ, സംയോജനം കാരണം ഓരോ ആഫീസുകളിലും വേണ്ടതിലധികം ഉദ്യോഗസ്ഥന്മാർ ഉണ്ടാകുകയും അവരെ പിരിച്ചുവിടാൻ സാധിക്കാതിരിക്കുകയും ചെയ്യുമ്പോൾ, ഈ വിധത്തിൽ നിർത്തൽ ചെയ്യുന്ന ഡിപ്പാർട്ടുമെന്റിലെ ആളുകളെ വീണ്ടും ജോലി കൊടുത്തു പുലർത്തുവാനാണ് ഗവണ്മെന്റ് ആഗ്രഹിക്കുന്നതെങ്കിൽ ആ നടപടി സ്വീകാര്യമല്ലെന്നാണ് എന്റെ അഭിപ്രായം. സിവിൽസപ്ലൈസ് ഡിപ്പാർട്ടുമെന്റിൽ ഇരിക്കുന്ന ആളുകളെ പിന്നെ എങ്ങോട്ടയയ്ക്കണമെന്ന് ചോദ്യം ഉണ്ടാകാം. അന്യഡിപ്പാർട്ടുമെന്റിൽനിന്നും എടുത്ത ആളുകളാണ് അവരിൽ അധികവും. അവരെയൊക്കെ അവരുടെ പേരന്റ് ഡിപ്പാർട്ടുമെന്റിലേക്കു അയയ്ക്കുകയോ അല്ലാത്തപക്ഷം ഇനി ഏതെങ്കിലും ഡിപ്പാർട്ടുമെന്റിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമനം നടത്തുമ്പോൾ ഇവർക്കു പ്രാധാന്യം നല്കി ഇവരെ നിയമിക്കുകയോ ചെയ്യാമെന്നാണ് എന്റെ അഭിപ്രായം. ഒന്നരലക്ഷം രൂപ ചിലവാക്കി ഇവരെ കുടിശ്ശിക പിരിക്കുവാനായി നിയോഗിക്കുന്നപക്ഷം പിരിക്കുന്ന തുക മുഴുവനും ഇവർക്കു ശമ്പളമായി കൊടുക്കേണ്ട ഒരു പരിതഃസ്ഥിതിയായിരിക്കും വന്നുചേരുന്നത്.

ഇപ്പോൾ അനധികൃതമായി ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്നവരിൽനിന്ന് ഭൂമി കൈവശപ്പെടുത്തുവാൻ ഒരു പ്രത്യേക ഏജൻസിയും അതിനുവേണ്ടി ചില പുതിയ നിയമനങ്ങളും ഗവണ്മെന്റ് ആഗ്രഹിക്കുന്നതായി കാണുന്നു. വനഭൂമി കൈവശംവച്ചുകൊണ്ടിരിക്കുന്നതിനെപ്പററി പല പരാതികളും ഉണ്ടെന്ന് ഞാൻ സമ്മതിക്കുന്നു. അതു സംബന്ധിച്ചുള്ള കൊള്ളരുതായ്മകളും ക്രമക്കേടുകളുമെല്ലാം പരിഹരിക്കുവാൻ വേണ്ടിയാണ് ഇവരെ നിയമിക്കുന്നതെങ്കിൽ അതുകൂടാതെതന്നെ കഴിക്കാമായിരുന്നു. ഇപ്പോൾ ജുഡീഷ്യറിയും എക്സിക്യൂട്ടീവും തമ്മിൽ വേർതിരിക്കാൻ പോകുന്നു എന്നു പറയുന്നുണ്ട്. ഇവ തമ്മിൽ വേർതിരിഞ്ഞാൽ ഡിസ്ട്രിക്ട് കലക്ടറന്മാർക്കു ഉണ്ടായിരിക്കുന്ന മജിസ്ട്രേട്ടധികാരം ഇല്ലാതാകുന്നതാണ്. അതുപോലെ മററു പല ജോലികളും ഇന്നിരിക്കുന്ന റവന്യൂ ഉദ്യോഗസ്ഥന്മാർക്ക് കുറയുന്നതാണ്. ആ നിലയ്ക്കു ഇവർക്കുതന്നെ ആവശ്യാനുസരണം സമയം ലഭിക്കുമെന്നുള്ളപ്പോൾ കുടിശ്ശികകൾ കഴിയുംവേഗം പിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനും അന്യായമായ ഭൂമി കൈവശപ്പെടുത്തലുകളെക്കുറിച്ചന്വേഷിക്കുകയും ചെയ്യുന്നതിനുള്ള സാഹചര്യം ലഭിക്കയില്ലയോ എന്നു ഞാൻ ചോദിക്കുന്നു. അനാവശ്യമായ ഈ നിയമനങ്ങളും ഗവണ്മെന്റിന്റെ പുതിയ ഉദ്യോഗസൃഷ്ടികളും എല്ലാംതന്നെ ഗവണ്മെന്റിന്റെ ഭാവി പ്രവർത്തനത്തിനു വളരെയേറെ വിഘാതമായി തീരുകയില്ലയോ എന്നു ഞാൻ സംശയിക്കുന്നു.

ശ്രീ. എ. താണുപിള്ള: ഈ ക്രമക്കേടുകൾ വന്നതുതന്നെ സാധാരണഗതിയിൽ റവന്യൂ ഉദ്യോഗസ്ഥന്മാർക്ക് നടത്താവുന്നതിൽ കവിഞ്ഞ നിലയിൽ കൂടുതൽ ഭൂമി മരമിച്ച് കൃഷിക്കു കൊടുത്തതുകൊണ്ടാണെന്നും അതുകൊണ്ട് ശരിയായ നിലയിൽ അതു പരിശോധിക്കുന്നതിനും സൂക്ഷിക്കുന്നതിനും ഉദ്യോഗസ്ഥന്മാർക്കു സമയം കിട്ടാത്തതുകൊണ്ടാണെന്നും അറിയാമോ?

ശ്രീ. എ. എ. റെഹിം: ക്രമക്കേടുകൾ വന്നതിനു വളരെ ഏറെ കാരണങ്ങൾ ഉണ്ടെന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നത്. പല ആളുകളും വസ്തുക്കൾ അവരുടെ വേലക്കാരുടെയും മററും പേരുകളിൽ പതിച്ചുവാങ്ങി കൈമാററം ചെയ്യതായി അറിയാം. ദേവികുളം പീരുമേട്ട മുതലായ സ്ഥലങ്ങളിൽ കുത്തകപ്പാട്ടത്തിന്റെ പേരിൽ വളരെ ഏറെ വസ്തുക്കൾ വാങ്ങി വീണ്ടും അതു കൈമാററം ചെയ്ത് വളരെ രൂപ പലരും സമ്പാദിച്ചിട്ടുണ്ടെന്നറിയാം. അവിടെ താമസിക്കുവാൻ ആഗ്രഹിക്കുന്നവരും അഞ്ചേക്കറിൽ കുറവായി ഭൂമി കൈവശംവച്ചുകൊണ്ടിരിക്കുന്നവരുമായി, യഥാർത്ഥത്തിൽ ഭൂമിയില്ലാത്തവരായ ആരെങ്കിലും ഉണ്ടെങ്കിൽ അവരെ ഇറക്കിവിടാതിരിക്കണം എന്നുംകൂടി അഭിപ്രായപ്പെടുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. ഭൂമി ഉള്ളവർ ഭൂമിയില്ലാത്ത ആളുകളുടെ പേരിൽ ഭൂമിപതിപ്പിച്ചുവാങ്ങുന്നു എന്നു മാത്രമല്ല ഭൂമിഉള്ളവർ പതിച്ചുവാങ്ങുന്ന ഭൂമികൾ ഭൂമിയില്ലാത്ത സാധുക്കളുടെ കൈയിൽനിന്നും രൂപ വാങ്ങിക്കൊണ്ട് അവർ ഭൂമി കൈമാററം ചെയ്തു കൊടുക്കുന്നുമുണ്ട്. അങ്ങനെ വാങ്ങി കൃഷിചെയ്യുന്ന സാധുക്കളെ അവിടെനിന്നും ഇറക്കിവിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതു ഭംഗിയായിരിക്കുകയില്ല ഈ ഇനം ഭൂമികൾ അഞ്ചേക്കറിൽ കൂടുതൽ ആരു് കൈവശം വച്ചുകൊണ്ടിരിക്കുന്നുവോ അവരിൽ നിന്നും മടക്കി എടുക്കുന്നതിൽ തെററില്ല. ഇങ്ങനെ പലതും പറഞ്ഞു, കുടിശ്ശികയുടെയും, ക്രമക്കേടുകളുടെയും പേരിൽ താങ്ങാനാവാത്ത ചെലവുഭാരം വലിച്ചുവച്ചാൽ അതു് എങ്ങനെയെങ്കിലും നിവ്വഹിച്ചുകൊള്ളാമെന്ന് ഇന്നത്തെ ഗവണ്മെന്റ ഇപ്പോൾ വിചാരിക്കുന്നുണ്ടെങ്കിലും അഡ്മിനിസ്ട്രേഷൻ ചെലവുകൾ ക്രമാതീതമായി വർദ്ധിപ്പിക്കുന്നതു് ശരിയായിരിക്കുകയില്ലെന്നും ഏതു ഗവണ്മെന്റിനും ഇതു് ഒരു ഭാരമായിത്തീരുകയും ഇത്തരം ചെലവുകൾ വെട്ടിക്കുറയ്ക്കുവാൻ വളരെ പ്രയാസം നേരിടുകയും ചെയ്യുമെന്നും ഓർക്കേണ്ടതാണ്. കേവലം പത്തുപതിനെട്ടംഗങ്ങൾ മാത്രമുള്ള ഇന്നത്തെ പി. എസ്സ്. പി. ഗവണ്മെന്റ, ആവശ്യമില്ലാത്ത ഉദ്യോഗങ്ങൾ ഇപ്പോൾ സൃഷ്ടിച്ചുവച്ചാൽ അതിനുശേഷംവരാവുന്ന മറെറാരു ഗവണ്മെന്റിന് ഒരു പ്രകാരത്തിൽ പരിഹാരമുണ്ടാക്കാൻ നിവൃത്തിയില്ലാത്ത വിധത്തിൽ കുഴപ്പങ്ങൾ സൃഷ്ടിച്ചുവയ്ക്കുകയായിരിക്കും ചെയ്യുന്നതു്. അതുകൊണ്ട് എനിക്ക് ഈ ഗവണ്മെന്റിനോട് പറയുവാനുള്ളതു് വരുന്ന ഗവണ്മെന്റുകൾക്ക് ഭരിക്കുവാൻ സാദ്ധ്യമല്ലാത്തവിധം നിങ്ങൾ കുഴപ്പം ഉണ്ടാക്കിവയ്ക്കരുതേ എന്നാണ്. സർ സി. പി. രാമസ്വാമി അയ്യരുടെ കിരാതഭരണത്തിനു ശേഷം, തുടന്ന് ശ്രീ. പട്ടം താണുപിള്ള പ്രധാനമന്ത്രിയായി ഭരിച്ചു തുടങ്ങിയ കാലത്തു്, അന്നു് സി. പി. വരുത്തിവച്ചു പോയ കുഴപ്പങ്ങളെ പരിഹരിക്കുവാൻ ഖജനാവിൽ സൂക്ഷിച്ചുവച്ചിരുന്ന 40 ലക്ഷം രൂപയുടെ വെള്ളി വിൽക്കേണ്ടതായി വന്നു എന്നുള്ള കാര്യം നാം ഓർക്കേണ്ടതാണ്. അതു പോലെതന്നെ ശ്രീ. എ. ജെ. ജാൺ ഫിനാൻസുമന്ത്രിയായിരുന്നകാലത്തു് ആ ആളുകളുടെ അരി വാങ്ങാൻ കൊട്ടാരത്തിൽനിന്നും മുപ്പതുലക്ഷം രൂപ കടം വാങ്ങുകയും ചെയ്തു എന്നും കേട്ടിട്ടുണ്ട്. അങ്ങനെയുള്ള ഒരു അവസ്ഥയിലേക്കാണ് നാം ഇപ്പോൾ പോകുന്നതു് എന്നു് ഭയപ്പെടേണ്ടിയിരിക്കുന്നു. ഈ അവസ്ഥയിൽനിന്നും തരണംചെയ്യുവാനുള്ള പോംവഴികളാണ് നാം ഇപ്പോൾ ആരായേണ്ടതു്. ഇനി വില്ക്കുവാൻ വെള്ളിയോ കടംവാങ്ങാൻ സൗകര്യമോ ഇല്ല. ഈ ഘട്ടത്തിൽ അനാവശ്യമായ പണച്ചെലവുചെയ്യാതിരിക്കുവാൻ പ്രത്യേകം സൂക്ഷിക്കേണ്ടിയി

[ശ്രീ. എ. എ. റഹിം]

രിക്കുന്നു. ഇതെല്ലാം ചെയ്യുന്നതു് ചീപ്പ് പോപ്പുലാരിററിക്കുവേണ്ടിയാണെന്നു് ഒരാരോപണം ഉണ്ടു്. അതിൽ കുറച്ചു് പരമാർത്ഥം ഇല്ലേ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു. ഒരുപക്ഷെ പി. എസ്സ്. പി. ക്കു് നല്ല പേർ ലഭിക്കുവാനായിട്ടാണു് ഇതെല്ലാം ചെയ്യുന്നതെങ്കിൽ മററു കാര്യങ്ങളിൽക്കൂടി ഈ മനോഭാവം അവർ പ്രകടിപ്പിക്കേണ്ടതായിരുന്നു. അവർ നിയമിക്കുന്ന കമ്മിററികളിൽ എല്ലാംതന്നെ പി. എസ്സ്. പി. ക്കാരെ എടുത്തുകൊള്ളണം. അതിൽ ഞങ്ങൾക്കു പരാതിയില്ല. പക്ഷെ ജനക്ഷേമത്തെയാണു് പി. എസ്സ്. പി. കരുതുന്നതെങ്കിൽ പൊതുമുതൽ അനാവശ്യമായി ദുർവിനിയോഗം ചെയ്യാതെ സൂക്ഷിക്കണം. ഞാൻ പറഞ്ഞ ഈവിധ കാര്യങ്ങളിൽ ഈ ഗവണ്മെൻറിൻെറ ശ്രദ്ധ പ്രത്യേകം പതിയേണ്ടതുണ്ടെന്നാണു് എൻെറ അഭിപ്രായം.

ശ്രീ. കളത്തിൽ വേലായുധൻനായർ: സർ, ഞാൻ ഈഡിമാൻറിനെ എതിർക്കുകയാണു്. എതിർക്കുന്നതിൻെറ ഒരു കാരണം ഇതു് സപ്ലിമെൻററി ഡിമാൻറായി കൊണ്ടുവരാവുന്നതാണോ എന്നു് ഞാൻ സംശയിക്കുന്നതുകൊണ്ടാണു്. സാധാരണ ബഡ്ജററു തയ്യാറാക്കുന്ന അവസരത്തിൽ പ്രതീക്ഷിക്കുന്ന ചെലവല്ലാതെ ആ ബഡ്ജററുവർഷത്തിൽ മററു ചെലവുകളുണ്ടായാൽ അതിനെ സംബന്ധിച്ചു ഒരു സപ്ലിമെൻററി ഡിമാൻറു് അവതരിപ്പിക്കുകയെന്നുള്ളതാണു് നടപടിക്രമം. എന്നാൽ ഇന്നു് അവതരിപ്പിച്ചിരിക്കുന്ന സപ്ലിമെൻററി ഡിമാൻറിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ചെലവുകൾ ബഡ്ജററുണ്ടാക്കുന്ന അവസരത്തിൽത്തന്നെ ആവശ്യമായിരുന്ന ചെലവിനങ്ങളാണു്. ആ നിലയിൽ ബഡ്ജററു അവതരിപ്പിച്ചപ്പോൾത്തന്നെ ഇതിൽ ഉൾപ്പെടുത്താത്തതു് ശരിയായില്ല. അങ്ങനെ കൊണ്ടുവരാതെ, ബഡ്ജററു പാസ്സാക്കി അപ്രോപ്രിയേഷൻബില്ലും പാസ്സാക്കിക്കഴിഞ്ഞു് അടുത്തദിവസംതന്നെ സപ്ലിമെൻററി ഡിമാൻറു കൊണ്ടുവരികയെന്നുള്ളതു തെററായ നടപടിക്രമമാണു്. രണ്ടുകാര്യങ്ങൾക്കുവേണ്ടിയാണു് ഈ സപ്ലിമെൻററി ഡിമാൻറു കൊണ്ടുവന്നിരിക്കുന്നതു്. ഒന്നു് ലാൻറു് റവന്യൂ ഡിപ്പാർട്ടുമെൻറിലെ കുടിശ്ശിക പിരിക്കുന്നതിനു് സ്റ്റാഫിനെ നിയമിക്കുക, രണ്ടാമതു് കുത്തകപ്പാട്ടം കൊടുത്തിരിക്കുന്ന വസ്തുക്കൾ അളവു നിർണ്ണയിക്കുന്നതിനുവേണ്ടി ഒരു സ്റ്റാഫിനെ നിയമിക്കുക; ഈ രണ്ടു കാര്യങ്ങളും റവന്യൂ ഡിപ്പാർട്ടുമെൻറിൻെറ സാധാരണ ജോലിയിൽപ്പെട്ടതാണു്.

Shri P. S. Nataraja Pillai: May I ask a question, whether this procedure was not the one that was adopted in the House when the hon. Member was in the Treasury Bench?

Shri Kalathil Velayudhan Nair: Yes, Sir, I took a lesson from my friend who objected to it at that time.

യഥാർത്ഥത്തിൽ അതു് അദ്ദേഹം വളരെ ഗൗരവമായി ചോദിച്ച ചോദ്യമല്ല. മാത്രമല്ല ഒരു തെററിനെ ആസ്പദമാക്കി വേറൊരു തെററു് ചെയ്യാമെന്നാണു് ബഹുമാനപ്പെട്ട മി. നടരാജപിള്ള വിചാരിക്കുന്നതെങ്കിൽ അതു തെററാണു്.

Shri P. S. Nataraja Pillai: May I know whether the precedents in a House of Legislature are binding or not?

Shri Kalathil Velayudhan Nair: They are not. A wrong precedent is never binding.

Shri A. Thanu Pillai: On what basis does he say that it is a wrong precedent?

Shri Kalathil Velayudhan Nair: According to precedents supplementary demands should be brought into a House only for expenditure which could not be anticipated at the time when the Budget is presented. That is a well-known rule of procedure.

ഏതായാലും ഞാൻ രണ്ടു കാര്യങ്ങളെപ്പററിയാണ് ഇവിടെ പറയുവാൻ പോകുന്നത്. കുടിശ്ശിക വരുന്നതിനുള്ള കാര്യം ഞാനും സമ്മതിക്കുന്നു. അതുപോലെതന്നെ പുറമ്പോക്കിൽ ആളുകൾ കയറി കൃഷി ചെയ്യുകയും മററും ചെയ്യുന്നുണ്ട്. ഇതു രണ്ടും റവന്യൂ ഡിപ്പാർട്ടുമെൻറ് നോക്കേണ്ട കാര്യമാണ്. അതിന് കൂടുതൽ സ്റ്റാഫിനെ നിയമിക്കേണ്ട ആവശ്യമില്ല. ഈ കുഴപ്പങ്ങൾക്കെല്ലാം ഒരു കാരണം റവന്യൂ ബോർഡിൻെറ സൃഷ്ടിയാണെന്നാണ് എനിക്കു തോന്നുന്നത്. റവന്യൂ ബോർഡ് എന്നൊരു സൃഷ്ടി ഈ അടുത്ത കാലത്തുണ്ടായതാണ്. മുമ്പിലത്തെ തിരുവിതാംകൂർ സംസ്ഥാനത്തും കൊച്ചി സംസ്ഥാനത്തും ഇങ്ങനെയൊരു ബോർഡുണ്ടായിരുന്നില്ല. എന്നാൽ ഇവിടെ ഒരു റവന്യൂബോർഡ് സൃഷ്ടിക്കുന്നതിനുള്ള സാഹചര്യമുണ്ടായി.

<u>ശ്രീ. കെ. കൃഷ്ണപിള്ള</u>: ഈ അഭിപ്രായം ഇപ്പോഴുണ്ടായതാണോ അതോ ബോർഡു രൂപീകരിച്ചപ്പോൾതന്നെ ഉണ്ടായതാണോ?

<u>ശ്രീ. കളത്തിൽ വേലായുധൻ നായർ</u>: ബോർഡ് രൂപീകരിച്ചപ്പോൾ ഇതിനെക്കുറിച്ചു സംശയമുണ്ടായി. പക്ഷെ, ഇപ്പോൾ ആ സംശയം സ്ഥിരീകരിക്കപ്പെട്ടു. റവന്യൂബോർഡിൻെറ പ്രവർത്തനം എന്താണെന്നു ബഹുമാന്യസ്നേഹിതൻ മി. കൃഷ്ണപിള്ള ധരിച്ചിരുന്നുവെങ്കിൽ ഇതു ചോദിക്കുകയില്ലായിരുന്നു. രണ്ടോ മൂന്നോ ഉദ്യോഗസ്ഥന്മാരുടെ കീഴിൽ കുറെ ഡിപ്പാർട്ടുമെൻറുകൾ പ്രവർത്തനം നടത്തുകയാണ്. എക്സൈസ് കമ്മീഷണർ, റവന്യൂ കമ്മീഷണർ ഇവർ ചെയ്തുകൊണ്ടിരുന്ന ജോലിയെക്കാൾ കൂടുതലായി ഈ റവന്യൂബോർഡ് എന്തു ജോലിയാണ് ചെയ്യുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. ഈ റവന്യൂബോർഡിൻെറ പ്രവർത്തനം പരിശോധിക്കാൻ ഗവണ്മെൻറ് തയ്യാറാകുമെങ്കിൽ ഈ ബോർഡിൽ എക്സൈസ് ഡിപ്പാർട്ടുമെൻറിൻെറയും റവന്യൂഡിപ്പാർട്ടുമെൻറിൻെറയും ജോലി പുരോഗമിക്കുന്നതിനുപകരം തടസ്സപ്പെടുകയാണ് ചെയ്യുന്നതെന്നു കാണാൻ സാധിക്കുന്നതാണ്. പുറമ്പോക്കിനെ സംബന്ധിച്ചിടത്തോളം കൂടുതൽ സ്റ്റാഫോ ഒരു സർവ്വെ പാർട്ടിയോ നിയമിച്ചതുകൊണ്ട് കുഴപ്പം തീരാൻ പോകുന്നില്ല. എല്ലാ പുറമ്പോക്കു പ്രദേശങ്ങളിലും ആളുകൾ പ്രവേശിക്കുന്നതു സാധാരണയായിത്തീർന്നിട്ടുണ്ട്. ആററിൻെറ വക്കത്തായാലും കുളവക്കത്തായാലും പൊന്നുംവിലയ്ക്കെടുത്തു വച്ചിട്ടുള്ള സ്ഥലങ്ങളായാലും തരംകിട്ടുമ്പോൾ പുറമ്പോക്കുകളിൽ പ്രവേശിച്ചു സ്വന്തമാക്കിക്കഴിയുന്ന ഒരേർപ്പാട് സാധാരണയാണ്. വീടില്ലാത്തവരായിരിക്കാം ഒരുപക്ഷെ ഇങ്ങനെ പ്രവേശിക്കുന്നത്. പക്ഷെ, അവരെ സംബന്ധിച്ചിടത്തോളം ഭവനനിർമ്മാണപദ്ധതിയും മററും അനുസരിച്ചു സൗജന്യങ്ങൾ ചെയ്യാമെന്നല്ലാതെ ഇതു അനുവദിച്ചുകൂടാ. റവന്യൂഡിപ്പാർട്ടുമെൻറ് അവരുടെ ചുമതല എന്താണെന്നു അറിയാത്തതു

[ശ്രീ. കളത്തിൽ വേലായുധൻനായർ]

കൊണ്ടാണ് ഇങ്ങനെ വരുന്നത്. റവന്യൂഡിപ്പാർട്ടുമെന്റിലെ തഹശീൽദാർ മുതലായ ഉദ്യോഗസ്ഥന്മാർക്ക് അവരവരുടെ അധികാരാതിർത്തിയിലുള്ള പുറംപോക്കുകളെ സംബന്ധിച്ചിടത്തോളം അനധികൃതമായ പ്രവേശനത്തെ തടയണമെന്ന് ചട്ടമുണ്ട്. പക്ഷെ, ഇന്നത്തെ സ്ഥിതിയാണെങ്കിൽ താലൂക്കുകച്ചേരിയിലെ മുൻവശത്തുള്ള പുറമ്പോക്കുസ്ഥലത്ത് ആളുകൾ പ്രവേശിച്ചാൽപ്പോലും തഹശീൽദാർക്ക് അറിയാൻ സാധിക്കാതെയാണിരിക്കുന്നത്. ഇന്ന സ്ഥലത്ത് ഒരു റോഡ് പുറമ്പോക്കുസ്ഥലമുണ്ട് എന്നും മറ്റും P. W. ഡിപ്പാർട്ടുമെന്റിൽനിന്നു എഴുതിഅയച്ചാൽപ്പോലും അതിനു യാതൊരു നടപടിയും എടുത്തുകാണാറില്ല. ആ രീതിയിലാണ് റവന്യൂ ഡിപ്പാർട്ടുമെന്റിലെ ഇന്നത്തെ നില. ഏതായാലും ഇങ്ങനെയുള്ള അനധികൃതമായ പ്രവേശനത്തിനെ തടയേണ്ടതാണ്. പക്ഷെ, ബഹുമാനപ്പെട്ട മി. ശങ്കരനാരായണൻ തമ്പിയെപ്പോലുള്ളവർ പറയും അവർ വീടുവച്ച് വാഴയും മറ്റുമെല്ലാം കൃഷിചെയ്തിരിക്കുകയാണ്, അതുകൊണ്ട് അവരെ ഉപദ്രവിക്കുന്നതു കഷ്ടമാണെന്ന്. ഭൂമിയിൽ ദേഹണ്ഡം ചെയ്തതിനുശേഷം അവരെ അവിടെനിന്നും പുറത്തിറക്കിവിടുന്നത് തെറ്റാണെന്നു എനിക്കറിയാം. അനധികൃതമായി പ്രവേശിക്കുമ്പോൾതന്നെ പ്രവേശനം തടഞ്ഞാൽ ഈ അപാകതം കൂടാതെ കഴിക്കാം. പക്ഷെ, ഈ കാര്യത്തിന് ഒരു സർവ്വേപാർട്ടിയെ നിയമിച്ചു പുറംപോക്കിനെ ശരിയാക്കുകയെന്നുള്ളത് ശരിയല്ല. ഇതിനെ സംബന്ധിച്ചിടത്തോളം വളരെ ഊർജ്ജിതമായ നടപടികൾ എടുക്കുവാൻ അധികൃതന്മാർക്ക് നിർദ്ദേശങ്ങൾ നൽകണമെന്നു പറഞ്ഞുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

ശ്രീ. ടി. പി. സീതാരാമൻ: സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിലെ പിരിച്ചുവിടപ്പെട്ട ഉദ്യോഗസ്ഥന്മാരെ റവന്യൂ ഡിപ്പാർട്ടുമെന്റിൽ കുടിശ്ശിക പിരിക്കുവാൻ ആളുകളെ നിയമിക്കുമ്പോൾ, ഉൾക്കൊള്ളിക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. പക്ഷെ എനിക്കു തോന്നുന്നത് ഈ കാര്യത്തിന് പബ്ലിക്ക് സർവ്വീസ് കമ്മീഷനു്, വേണ്ട നിർദ്ദേശം നൽകണമെന്നാണ്. വരുന്ന ഒന്നുരണ്ടു കൊല്ലത്തേയ്ക്കെങ്കിലും പുതിയതായി ആളുകളെ റിക്രൂട്ടുചെയ്യാതെ സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിൽനിന്ന് പിരിച്ചുവിടപ്പെട്ട ഉദ്യോഗസ്ഥന്മാരെ മറ്റ ഡിപ്പാർട്ടുമെന്റുകളിൽ നിയമിക്കുവാൻ വേണ്ട നിർദ്ദേശം നല്കേണ്ടതാണ്. എട്ടും പത്തും കൊല്ലങ്ങൾ യൗവ്വനകാലത്ത് ഗവണ്മെന്റിന്റെ കീഴിൽ കഴിച്ചുകൂട്ടിയതിനുശേഷം പിന്നീടു അവരെ പിരിച്ചുവിടുന്നത് കഷ്ടമാണ്. ഇപ്പോൾ പെരിങ്ങൽകുത്തിൽ വർക്ക് എസ്റ്റാബ്ലിഷ്മെന്റുകാരിൽ 80 പേരെ പിരിച്ചുവിട്ടിട്ടുണ്ട്. അതുപോലെതന്നെ ഇൻഡസ്ട്രിയൽ സ്കൂൾമാസ്റ്റേഴ്സ് കുറേപേരെ പിരിച്ചുവിട്ടിട്ടുള്ളതായി അറിയുന്നു. ഇപ്പോൾ എക്സൈസ് ഡിപ്പാർട്ടുമെന്റിൽനിന്നും കുറേപ്പേരെ പിരിച്ചുവിട്ടിട്ടുണ്ട്. പുറമെ ഓരോ വകുപ്പിലും കൺഫർമേഷൻ കഴിയാത്ത പലരും thrown out ആയും പലരും കണ്ടിജൻസി ജീവനക്കാരായും ഉണ്ട്. ഇവരെയൊക്കെ മറ്റ ഡിപ്പാർട്ടുമെന്റുകളിൽ സ്ഥിരമായി നിയമിക്കുന്നതുവരെ പബ്ലിക്ക്സർവ്വീസ് കമ്മീഷൻ പുതിയ റിക്രൂട്ടുമെന്റ് ചെയ്യരുതെന്ന നിർദ്ദേശം നല്കേണ്ടതാണ്. ഫോറസ്റ്റ്ഡിപ്പാർട്ടുമെന്റ്, ഇഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റ് മുതലായി ടെക്നിക്കലായി ആളുകളെ ആവശ്യമുള്ള സ്ഥലങ്ങളിൽ ഒഴിച്ചു

ബാക്കി സ്ഥലങ്ങളിൽ ഇവരെത്തന്നെ നിയമിക്കുവാൻ വ്യക്തമായി നിർദ്ദേശം നൽകേണ്ടതാണ്.

അടുത്തതായി എനിക്കു പറയുവാനുള്ളതു് എവിക്ട് ചെയ്യിക്കുന്നതിനെ സംബന്ധിച്ചുള്ള റൂളുകളിൽ ചില ഭേദഗതികൾ ചെയ്യണം. ദേവികുളം, പീരുമേട് മുതലായ പ്രദേശങ്ങളിൽനിന്നും ആളുകളെ എവിക്ട് ചെയ്യിക്കുമ്പോൾ അവർക്ക് സമനിരപ്പിലുള്ള ഭൂമികൾ കോളനൈസേഷൻ സ്കീം അനുസരിച്ചു Co-operative basis-ൽ കൊടുക്കുവാൻ വേണ്ട നടപടികൾ എടുക്കണം. ഭൂമിയില്ലാത്ത ആളുകൾക്ക് കുടിയിട വയ്ക്കുവാൻ അഞ്ചു സെൻറുവീതം ചോദിക്കുവാനുള്ള പരമാധികാരമുണ്ട്, അതു് അവരുടെ ജന്മാവകാശമാണ്. എൻെറ നിയോജകമണ്ഡലത്തിൽ പാലപ്പിള്ളി റബ്ബർതോട്ടത്തിനടുത്തു ഉദ്ദേശം 20,000 ഏക്ര സമനിരപ്പായ വനഭൂമികളുണ്ട്. വരന്തരപ്പിള്ളി, മുപ്ലിയം, ആമ്പല്ലൂർ, കല്ലൂർ, എന്നീ വില്ലേജുകളിലെ ഭവനരഹിതരായിരിക്കുന്നവരെ ഒരു പദ്ധതി അനുസരിച്ച് ഇവിടെ താമസിപ്പിക്കുവാനും, പാലപ്പിള്ളി തോട്ടം തൊഴിലാളികൾക്ക് തോട്ടംജോലി ചെയ്യാത്ത സമയം അവർക്ക് കൃഷി ചെയ്തു തോട്ടക്കൂലികൊണ്ടു് പോരാതെവരുന്ന ചെലവു നികത്തുവാനും ഈ സ്ഥലം ഉപയോഗിക്കേണ്ടതാണ്. ശാസ്ത്രപരമായി ഈ സംസ്ഥാനത്തിന് ആവശ്യമായ വനഭൂമികൾ ഒരു സർവ്വെ നടത്തി ഉടനെ തിട്ടപ്പെടുത്തി, ബാക്കി ഭൂമി ഒരു പ്ലാൻ അനുസരിച്ചു് വീടില്ലാത്തവർക്കും ജോലി ഇല്ലാത്ത കൃഷിയിൽ വാസന ഉള്ളവർക്കും പതിച്ചുകൊടുക്കുന്നതായാൽ നമ്മെ ഇന്നു് അഭിമുഖീകരിക്കുന്ന പല പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാകുമെന്നുള്ളതു് ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവന്നു കൊണ്ടു് എൻെറ ചെറുപ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. മഞ്ജുനാഥപ്പിള്ള : ഈ ഡിമാൻറിൽ പറയുന്നതു് ഇതാണ്.

"It is proposed to provide for the staff retrenched from the Civil Supplies Department on account of the abolition of food procurement in the Land Revenue Department to clear up arrears, till they are absorbed elsewhere. Additional funds to the extent of Rs. 54,900 are necessary to meet their pay. Out of the above staff, 36 Village Officers on Rs. 25-40 and 72 Village Assistants on Rs. 25-30 are to be posted for collection of arrears of Revenue due to Government under the Revenue Recovery Act".

റവന്യൂറിക്കവറിആക്ടിൻപ്രകാരം കുടിശ്ശിക പിരിക്കുന്നതിനും മററും ചില നിയമങ്ങളുണ്ട്. എന്നാൽ അവയെപ്പററി എന്തെങ്കിലും തർക്കം കൊടുക്കുന്നതിനു നിവൃത്തിയില്ലാത്ത രീതിയിലാണ് ഇരിക്കുന്നതു്. എനിക്ക് അതിനെക്കുറിച്ചു പറയാനില്ലെങ്കിലും ഈ കരം പിരിക്കുന്നതിന് സ്വല്പം സാവകാശം ആളുകൾക്കു കൊടുക്കണമെന്നു പറഞ്ഞുകൊള്ളുന്നു. ഇപ്പോൾ ഇൻകംടാക്സ്, സെയിൽസ്ടാക്സ്, വെഹിക്കിൾ ടാക്സ് ഇങ്ങനെ രണ്ടുമൂന്നു ഇനങ്ങളിലായിട്ടാണ് ഗവണ്മെൻറിന് കുടിശ്ശിക വരുന്നതു്. വെഹിക്കിൾ ടാക്സിനെ സംബന്ധിച്ചാണെങ്കിൽ ഇപ്പോൾ പെട്രോളിൻെറ ചാർജ്ജിനുപോലും തികയാത്ത രീതിയിലാണ് കാറുടമസ്ഥന്മാർക്ക് കൂലി കിട്ടുന്നതു്. അങ്ങനെയിരിക്കുമ്പോൾ പഴയ കുടിശ്ശികയെല്ലാം ഉടൻ കൊടുക്കണമെന്നു പറഞ്ഞാൽ അവർ വളരെ വിഷമിക്കും. അതുപോലെതന്നെ സാധനങ്ങളുടെ വിലക്കുറവുനിമിത്തം കച്ച

[ശ്രീ. മഞ്ജുനാഥപ്രഭു]

വടക്കാരുടെയും നില അല്പം പരുങ്ങലിലായിട്ടുണ്ട്. അബ്കാരി കൺട്രാക്റ്റർമാരുടെ കാര്യവും ഇതുപോലെതന്നെയാണ്. 1952-ലും 53-ലും കിസ്ററ് രണ്ടായിരത്തിനും മൂവായിരത്തിനും വന്നതുകൊണ്ട് ഇപ്പോൾ അധികം കുടിശ്ശിക വന്നിരിക്കയാണ്. ഇപ്പോൾ കള്ളിന്റെ വില കുറവുള്ളതുകൊണ്ട് പെട്ടെന്ന് കരം കൊടുക്കുവാൻ നിവൃത്തിയില്ലാത്ത രീതിയിലാണിരിക്കുന്നത്. അതിനാൽ അവക്ക് കുറെ സൗകര്യം കൊടുക്കുന്ന കാര്യംകൂടി ആലോചിക്കണമെന്നാണ് എനിക്കു ഗവണ്മെന്റിനോട് അഭ്യർത്ഥിക്കുവാനുള്ളത്. മുൻപ് മാർത്താണ്ഡവർമ്മയുടെ കാലത്ത് രാമയ്യൻദളവാ കരം പിരിക്കാൻ ചെന്ന സമയത്ത് ചേർത്തല താലൂക്കിലും മററും കരം പിരിക്കുന്നത് കുടികളെ നശിപ്പിക്കാത്ത രീതിയിലായിരിക്കണമെന്ന് പറഞ്ഞിട്ടുള്ളതായി റിക്കാർഡുകളുണ്ട്. അതുപോലെ കുടികൾക്ക് ഉപദ്രവം ഉണ്ടാകാത്ത രീതിയിൽ കരം പിരിക്കുന്നതിന് വേണ്ട ഏർപ്പാടുകൾ ചെയ്യേണ്ടതാണ്.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: സർ, ഞാൻ ഈ സപ്ളിമെന്ററി ഡിമാന്റിനെ എതിർക്കുന്നു. ഞാൻ എതിർക്കുന്നത് പുതിയ പുതിയ ഉദ്യോഗങ്ങൾ സൃഷ്ടിച്ച് ഒരു വിഭാഗം ആളുകളെ തീററിപ്പോററുന്നതു സംബന്ധിച്ചു രണ്ടുമൂന്നു വാക്കു പറയാനാണ്. കഴിഞ്ഞ കാലത്ത് റവന്യൂ ഡിപ്പാർട്ടുമെന്റിലുള്ള നിയമനങ്ങളെല്ലാംതന്നെ ഇങ്ങനെയായിരുന്നു. ഈ രാജ്യത്തെ കേസുകളിൽ 60 ശതമാനവും റവന്യൂഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർ സൃഷ്ടിക്കുന്നതാണ്. സിവിലായാലും ക്രിമിനലായാലും കരക്കുടിശ്ശികയെന്നും പുറംപോക്കാക്രമണമെന്നും മററുമുള്ള പേരിൽ അധികം കേസുകളും ഈ ഡിപ്പാർട്ടുമെന്റിലുള്ളതാണ്. മററു ഡിപ്പാർട്ടുമെന്റിലെ മേലദ്ധ്യക്ഷന്മാർക്ക് അവരുടെ കീഴിലുള്ള ഉദ്യോഗസ്ഥന്മാരെ സ്ഥലംമാററാനുള്ള അധികാരം മാത്രമേയുള്ളു. ഈ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർക്ക് ആളുകളുടെ വീടു മാററുന്നതിനും, വേണ്ടിവന്നാൽ പറമ്പുകൾതന്നെയും മാററുന്നതിനും മററുമുള്ള കഴിവുകൾ ഉണ്ട്. ഈ അധികാരം ആരു കൊടുത്തുവെന്നറിഞ്ഞുകൂടാ. കഴിഞ്ഞ കാൺഗ്രസ്സ് മന്ത്രിസഭയുടെ കാലത്ത് വലിയ അഴിമതികൾ ഈ രാജ്യത്ത് തൊഴിലാളികളോടും പ്രത്യേകിച്ചു കർഷകതൊഴിലാളികളോടും അവർ കാണിച്ചിരുന്നതാണ്. അതിൽനിന്നും അല്പംപോലും വ്യത്യാസമില്ലാത്ത നിലയിലാണ് ഇപ്പോഴത്തെ ഗവണ്മെന്റും തുടർന്നുപോകുന്നതു. ഇതു പറയുമ്പോൾ പ്രത്യേകമായി ഒരു കാര്യം പറയുവാൻ ഞാനാഗ്രഹിക്കുന്നു. കൽക്കുളം-വിളവങ്കോടുമുതലായ താലൂക്കുകളിൽ കഴിഞ്ഞ കാലത്തു ഊടുക്കൂർ സെററിൽമെൻറുപൂർത്തീകരണത്തിന് 26 കണ്ടിജൻസിക്കാരെ നിയമിച്ചു. അതിൽ ഗവണ്മെന്റിന്റെ പണം ചെലവാക്കി പഠിച്ചിട്ടുള്ള ഒരൊററ പട്ടികജാതിക്കാരെപ്പോലും നിയമിച്ചില്ല. പട്ടികജാതിക്കാരും ഇതിനു അപേക്ഷിച്ചിരുന്നു. അവരിലൊരൊററ ആളെപ്പോലും ഇതിൽ നിയമിച്ചിട്ടില്ലെന്നുള്ള കാര്യം ഞാൻ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

അതുപോലെതന്നെ തിരുവനന്തപുരം-ചെങ്കോട്ട റെയിൽവേ ലയിൻ റീസർവ്വെ നടത്തുന്നതിനുവേണ്ടി 27 സർവ്വെയറന്മാരെ കണ്ടിജൻസിയായി നിയമിച്ചിട്ടുണ്ട്. അതിലും ഒരു പട്ടികജാതിക്കാരനെയും എ

ത്തിട്ടില്ല. സർവ്വേസ്കൂളിൽ പഠിച്ച് പരീക്ഷ പാസ്സായിട്ടുള്ള അനവധി ആളുകൾ ഉണ്ടായിരുന്നിട്ടും ഈ അടുത്ത കാലത്ത് രണ്ടോ മൂന്നോപേരെ വില്ലേജാഫീസറന്മാരായി നിയമിച്ചിട്ടുള്ളതായേ അറിയാൻ കഴിയുന്നുള്ളു. ഇങ്ങനെയെല്ലാം ചെയ്യുന്നത് സാധുക്കൾ താമസിക്കുന്ന സ്ഥലങ്ങളിൽനിന്നും അവരെ മാററി പണം വാങ്ങിക്കൊണ്ട് മററുള്ളവർക്ക് കൊടുക്കാൻ ഉദ്യോഗസ്ഥന്മാർക്ക് സൗകര്യം ഉണ്ടായിരിക്കുന്നതിനുവേണ്ടിയാണ്. ഈ അടുത്ത കാലത്തു നടന്ന ചില സംഭവങ്ങൾ ഇവിടെ പ്രസ്താവിക്കണമെന്നു ഞാൻ വിചാരിക്കുന്നു. കഴിഞ്ഞ നിയമസഭയിൽ ഞാൻ ഉന്നയിച്ചിട്ടുള്ള ഒരു കാര്യമാണ് എനിക്കിപ്പോഴും പറയാൻ പോകുന്നത്. മൂവാററുപുഴയിൽ ഒരു സാധു കർഷകതൊഴിലാളി ഏതാണ്ട് 32 വർഷമായി സർക്കാർഭൂമിയിൽ പ്രവേശിച്ച് തെങ്ങ്, പ്ലാവ് മുതലായ വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച് അവിടെ കുടികെട്ടി താമസിച്ചിരുന്നു. ഈ മാസം 24-ാനു-ആവിടത്തെ പുതുവൽ പതിച്ചുകൊടുക്കുന്ന സ്പെഷ്യൽക്ലാർക്ക് മി. ചാക്കോ വേറൊരാളിൽനിന്നും കൈക്കൂലി വാങ്ങി പുതുതായി ലേലംചെയ്തു കൊടുത്തു് ആ സാധു കുടുംബത്തെ ഇറക്കിവിട്ടു എന്ന വാർത്ത ഖേദകരമാണ്. ഈ വിവരം ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രിയെ ഞാൻ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെയുള്ള നൂറുനൂറു കാര്യങ്ങൾ ഈ രാജ്യത്തു ഇന്നും നടന്നുകൊണ്ടിരിക്കയാണ്. അടുത്ത കാലത്തു ചാത്തന്നൂർ മീനാട്ടുപകുതിയിൽ കുടികെട്ടി താമസിച്ചിരുന്ന രണ്ടു കുടുംബങ്ങളെ ഒരു മഴദിവസം കുടി പൊളിച്ച് അവരെ റോഡിൽ ഇറക്കിയിട്ടുണ്ട്. ഇതുകൊണ്ടും അവരുടെ അരിശം തീരാഞ്ഞിട്ട് പരവൂർ പോലീസ്സ്റ്റേഷനിൽ കേസുകൊടുത്ത് അവിടെ പിടിച്ചുകൊണ്ടുപോയി ഈ സാധുക്കളെ മർദ്ദിച്ചുകൊണ്ടിരിക്കയാണ്. മൂന്നു മടൽ ഓല വച്ചുകെട്ടി അതിന്റെ കീഴിൽ ഒതുങ്ങി കിടക്കാൻപോലും അനുവദിക്കാത്ത ഒരു ഡിപ്പാർട്ടുമെന്റാണ് ഈ റവന്യൂഡിപ്പാർട്ടുമെന്റ്. ഈ ഡിപ്പാർട്ടുമെന്റിൽ നടക്കുന്ന അഴിമതി നിറുത്താൻ ശ്രമിച്ചില്ലെങ്കിൽ സാധുക്കൾക്ക് ഈ രാജ്യത്തു കഴിഞ്ഞുകൂടുന്നതിനുതന്നെ സാദ്ധ്യമല്ലാതെ വരും. ഈ രാജ്യത്തു ഉൽപ്പാദനം വർദ്ധിപ്പിച്ച് നമ്മുടെ ശരീരത്തിനു രക്തവും മാംസവും നൽകുന്ന കർഷകതൊഴിലാളികളുടെ മേൽ റവന്യൂഉദ്യോഗസ്ഥന്മാർ കാണിക്കുന്ന അക്രമങ്ങൾക്ക് ഒരു പരിഹാരം ഉണ്ടാക്കാൻ ഈ പി. എസ്സ്. പി. ഗവണ്മെന്റ് തയ്യാറാകുന്നില്ലെങ്കിൽ ഞങ്ങൾക്ക് ഇവിടെ ജീവിക്കാൻ സാദ്ധ്യമല്ലാതെ വരുന്നതാണ്. മുകുന്ദപുരം താലൂക്കിൽ താമസിച്ചിരുന്ന 500-ൽപരം കുടിലുകൾ പൊളിച്ച് അവിടെനിന്നും ആളുകളെ ഇറക്കി. അതുപോലെതന്നെ പോളശ്ശേരിയിലും പോലീസ് ഉദ്യോഗസ്ഥന്മാരും റവന്യൂഉദ്യോഗസ്ഥന്മാരും കൂടിച്ചേർന്ന് കുടിയിറക്കു നടത്തിയിട്ടുണ്ട്. ഇവിടെ കൃഷിസ്ഥലങ്ങളെല്ലാം യഥാർത്ഥ കൃഷിക്കാർക്ക് പതിച്ചുകൊടുക്കണമെന്നെല്ലാം പറയുന്നുണ്ട്. ഞങ്ങൾ പത്തും പതിനഞ്ചും ഏക്കർവീതം ചോദിക്കുന്നില്ല. ഞങ്ങൾക്ക് കുടിൽകെട്ടി താമസിച്ച് ജീവിക്കുന്നതിനു ഒന്നോ രണ്ടോ ഏക്കർ സ്ഥലം മതിയാകും. ഞങ്ങൾ സ്ഥലം ആവശ്യപ്പെടുന്നതു് ജീവിക്കാനാണ്, സമ്പാദിക്കാനല്ല. അങ്ങിനെ ജീവിക്കാൻവേണ്ടി എവിടെയെങ്കിലും കുടികയറി താമസിക്കമെങ്കിൽ അതിന്റെ നേരെയാണ് നമ്മുടെ റവന്യൂ ഉദ്യോഗസ്ഥന്മാരുടെ കോപാഗ്നി വമിക്കുന്നതു്. ഈ ഉപദ്രവത്തിൽനിന്നും ഞങ്ങളെ മോചിപ്പിക്കണമെന്നാണ് എനിക്കു ബഹുമാനപ്പെട്ട ഗവണ്മെന്റി

[ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി]

നോടു് അഭ്യർത്ഥിക്കാനുള്ളതു്. എന്റെ നിയോജകമണ്ഡലത്തിലുൾപ്പെട്ട കൊട്ടിയം എന്ന സ്ഥലത്തു് ഏതാണ്ടു് 50 ഏക്കറോളം സ്ഥലം ഒരു കുഞ്ഞുരാമൻ വൈദ്യനു മരുന്നു കൃഷി ചെയ്യുന്നതിനു കുത്തകപ്പാട്ടമായി കൊടുത്തിട്ടുണ്ടു്. ഒരു തെററിപോലും അവിടെ നട്ടുപിടിപ്പിച്ചിട്ടില്ല. ഒരു പറങ്കിമാംതോട്ടമായിട്ടാണു് അതു കിടക്കുന്നതു്. അതിൽ കുറെ സ്ഥലം മറുപാട്ടം കൊടുത്തു ലാഭം എടുക്കുകയാണു് വൈദ്യൻ ചെയ്തിട്ടുള്ളതു്. അതുപോലെതന്നെ കൊട്ടാരക്കരയിൽ ശ്രീ. ആർ. ഈശ്വരപിള്ളക്കു് 300 ഏക്കർ സ്ഥലം കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടുണ്ടു്. അതും മററുള്ളവർക്കു് പാട്ടത്തിനു് കൊടുത്തു് ലാഭം എടുക്കുന്നു. സാധുക്കൾക്കു് കയറിക്കിടക്കാൻ സ്ഥലമില്ലാതിരിക്കുമ്പോഴാണു് ഇങ്ങനെയുള്ളവർക്കു് കുത്തകപ്പാട്ടത്തിനു ഭൂമി കൊടുക്കുന്നതു്.

ശ്രീ. കൊച്ചുകുഞ്ഞു്: ഏതു ഗവണ്മെന്റാണു് ഇങ്ങനെ കൊടുത്തതു്?

ശ്രീ. കെ. ചന്ദ്രശേഖരൻശാസ്ത്രി: ഏതു ഗവണ്മെന്റിന്റെ കാലത്തു കൊടുത്തിരുന്നാലും കാൺഗ്രസ്സ് ഗവണ്മെന്റിന്റെ കാലത്തു ഇക്കാര്യങ്ങളൊന്നും ശരിയായി പരിഗണിച്ചിട്ടില്ലെന്നുള്ള പരമാർത്ഥം മനസ്സിലാക്കിയിട്ടാണു് ഞാൻ പറയുന്നതു്.

ആ നയം ഇന്നലെവരെയും ഈ ഗവണ്മെന്റു് അംഗീകരിച്ചിരിക്കുന്നതുകൊണ്ടു് ഞാൻ വ്യക്തമായി ഈ ഗവണ്മെന്റിനോടു് ആവശ്യപ്പെടുകയാണു്, കാൺഗ്രസ്സ് ഗവണ്മെന്റിന്റെ ആ നയം തുടരാതെ പാവപ്പെട്ടവർക്കു് ജീവിക്കാനുള്ള ഒരു നിലപാടു് അംഗീകരിക്കണമെന്നു്. ഇങ്ങനെ പലർക്കും കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടുള്ള സ്ഥലങ്ങൾ തിരിച്ചെടുത്തു് പാവപ്പെട്ടവർക്കു നല്കേണ്ടതാണു്. ഏഴുകോൺ എന്ന സ്ഥലത്തു് രണ്ടു നമ്പരിലായിട്ടു് 300 ഏക്കർ സ്ഥലം ഉള്ളതിൽ ഇരുനൂറോളം ആളുകൾ കുടിയേറിപ്പാർക്കുന്നുണ്ടു്. ആ സ്ഥലം അവിടെയുള്ള പാവപ്പെട്ടവർക്കു് പതിച്ചുകൊടുക്കണമെന്നു് ആവശ്യപ്പെട്ടപ്പോൾ ഈ ഗവണ്മെന്റിൽനിന്നും കിട്ടിയ ആർഡർ 50 ഏക്കർ മാത്രമേ പതിച്ചുകൊടുക്കാൻ സാധിക്കയുള്ളു എന്നാണു്. സോഷ്യലിസം നടപ്പിൽവരുത്താൻ സാധിച്ചില്ലെങ്കിലും കാൺഗ്രസ്സിന്റെ നയം തുടരാതെ ഈ രാജ്യത്തെ കർഷകത്തൊഴിലാളികൾക്കും കിടപ്പാടമില്ലാത്തവർക്കും ഗവണ്മെന്റുവക പുറമ്പോക്കുസ്ഥലങ്ങൾ പതിച്ചുകൊടുക്കണമെന്നാണു് ഞാൻ പറയുന്നതു്.

അടുത്തതായി എനിക്കു വനഭൂമിയെപ്പററി ഒരു കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെടുത്തേണ്ടതുണ്ടു്. കാൺഗ്രസ്സ് ഭരണകാലത്തു് വനഭൂമികൾ പതിച്ചുകൊടുക്കുന്നതിനു് നിയമസഭയിൽ ഉണ്ടായിരുന്ന മെംബറന്മാരെ ഉൾപ്പെടുത്തി ചില കമ്മിററികൾ ഉണ്ടാക്കിയിരുന്നു. ആ കമ്മിററിയിലെ മെംബറന്മാർ അവരുടെ കുടുംബക്കാരുടെയും ബന്ധുജനങ്ങളുടെയും പേരിൽ സ്വന്തമായി അപേക്ഷകൾ നിർമ്മിച്ചു് വളരെ സ്ഥലം കൈവശപ്പെടുത്തിയിട്ടുണ്ടു്. അവർ സ്വന്തമായി നിർമ്മിച്ചിട്ടുള്ള അപേക്ഷകരിൽ പലരും മരിച്ചുപോയിട്ടുള്ളവരും ജനിച്ചിട്ടില്ലാത്തവരും ആയിരുന്നു. അങ്ങനെ വളരെയധികം സ്ഥലം പലരും കയ്യടക്കിയിട്ടുണ്ടു്. ആ സ്ഥലവും ഒരു സർവ്വേ നടത്തി പാവപ്പെട്ട ആളുകൾക്കു് കുടിതാമസിക്കാൻ എടുത്തുകൊടുക്കണമെന്നു് ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

ശ്രീ. കൊച്ചുകുഞ്ഞ്: സർ, ഞാൻ സപ്ലിമെൻററി ഡിമാൻറിനെ അനുകൂലിച്ചാണ് സംസാരിക്കുന്നത്. കോൺഗ്രസ്സ് ഗവണ്മെൻറ് അധികാരത്തിലിരുന്ന സമയത്തും റവന്യൂഡിപ്പാർട്ടുമെൻറ് പ്രത്യേകിച്ചും ഫോറസ്റ്റ്ഡിപ്പാർട്ടുമെൻറ്, ഈ രാജ്യത്തുള്ള പിന്നാക്കസമുദായത്തിൽപ്പെട്ട കൃഷിക്കാർക്ക് നിരവധി ക്ലേശങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെന്നുള്ള വസ്തുത ഞാൻ അന്നത്തെ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. ആ കാര്യം ഇന്നത്തെ ഗവണ്മെൻറിന്റെ ശ്രദ്ധയിലും പെടുത്താൻ ഞാൻ ഒരുങ്ങുകയാണ്. കോൺഗ്രസ്സ് ഗവണ്മെൻറ് അധികാരത്തിലിരുന്ന കാലത്തു സ്വന്തമായി ഒരു സെൻറ് ഭൂമിപോലുമില്ലാതെ കഷ്ടപ്പെടുന്ന പിന്നാക്കസമുദായത്തിൽപ്പെടുന്ന കർഷകജനതയ്ക്കു് കുടിയേറിപ്പാർക്കുന്നതിന് വനങ്ങളിൽനിന്നും ഭൂമി കൊടുത്തിട്ടുണ്ടോ എന്നുള്ളകാര്യം അന്വേഷിച്ചുനോക്കിയാൽ വളരെ കുറച്ചേ നല്കിയിട്ടുള്ളു എന്ന വസ്തുത നമുക്കറിയാൻ കഴിയും. അന്നത്തെ ഗവണ്മെൻറ് ഫോറസ്റ്റിൽനിന്നും യതൊരുത്തർക്കും കുത്തകപ്പാട്ടവ്യവസ്ഥയിൽ ഭൂമി കൊടുക്കുന്നതല്ലെന്നു ഒരു പ്രസ്സ്നോട്ടു പുറപ്പെടുവിച്ചിരുന്നതായി ഞാൻ ഓർക്കുന്നുണ്ട്. ആ പ്രസ്സ്നോട്ടിന്റെ വെളിച്ചത്തിൽ പിന്നാക്കസമുദായവർഗ്ഗത്തിൽപ്പെട്ട പാവങ്ങൾ ഭൂമിക്കുവേണ്ടി ഗവണ്മെൻറിനെ സമീപിച്ചിട്ടില്ലെങ്കിലും ഭൂമിക്ക് ആവശ്യമുള്ള ആളുകൾ അന്ന് ഗവണ്മെൻറിനെ സമീപിച്ചിരുന്നു. ഫോറസ്റ്റിൽനിന്നും അക്കൂട്ടർ ഭൂമി കയ്യടക്കിയിട്ടുണ്ടെന്നുള്ള വസ്തുത മറച്ചുവയ്ക്കാൻ ഞാൻ വിചാരിക്കുന്നില്ല. ഈ രാജ്യത്തെ റവന്യൂബോർഡിന്റെ ആഭിമുഖ്യത്തിൽ ഇന്നു നടക്കുന്ന അഴിമതിയും കൈക്കൂലിയും എത്രമാത്രം ക്രമാതീതമായിട്ടുണ്ടെന്നു ഈ നിയമസഭയിലിരിക്കുന്ന ഓരോ സാമാജികനും ഇതിനകം മനസ്സിലാക്കാൻ അവസരം കിട്ടിയിരിക്കുമെന്ന് ഞാൻ ബലമായി വിശ്വസിക്കുന്നു. 20-ഉം, 30-ഉം, 40-ഉം കൊല്ലക്കാലമായി ഒരു സെൻറു ഭൂമിപോലും സ്വന്തമായില്ലാത്ത പാവപ്പെട്ട കൃഷിക്കാർ ഭൂമി കൈവശംവച്ച് വെട്ടിക്കിളച്ച് കൃഷിക്കുപയുക്തമാക്കുമ്പോൾ അവരെ അവിടെനിന്നും വെളിയിലിറക്കുന്ന ഒരു പതിവ് ഇന്നും നിലവിലുണ്ട്. കഴിഞ്ഞ കോൺഗ്രസ്സ് ഗവണ്മെൻറിന്റെ കാലത്തും ഈ പരമാർത്ഥം ഞാൻ ഇവിടെ പ്രസ്താവിച്ചിട്ടുള്ളതാണ്. കുറച്ചധികം കൊല്ലം വസ്തു കൈവശം വച്ച് ദേഹണ്ഡിച്ച് തെങ്ങ്, പാക്ക് തുടങ്ങിയ ആദായങ്ങൾ എടുക്കത്തക്ക സ്ഥിതിയിലാകുമ്പോൾ ആ വസ്തുക്കൾ സ്വന്തഭൂമിയുള്ള അവിടത്തെ ഏതെങ്കിലും ജന്മിമാർക്ക് അനുഭവയുക്തമാക്കുന്ന നടപടികളാണ് ഇന്നു സ്വീകരിച്ചുവരുന്നത്. ഈ ജന്മിമാർ അവിടെനിന്നും ഇറങ്ങിപ്പോകാതിരിക്കുന്നതിനു ഒരു സ്റ്റേ ആർഡറും വാങ്ങിവച്ചേയ്ക്കും. അനേകകൊല്ലമായി കൈവശംവച്ച് ദേഹണ്ഡിച്ചിട്ടുള്ളവർക്ക് യാതൊരവകാശവും വസ്തുക്കളിൽ ഇല്ലാതാകുന്നതായിട്ടാണു കണ്ടുവരുന്നത്. ഈ ദുരവസ്ഥ അവസാനിപ്പിക്കത്തക്കതരത്തിലുള്ള ഒരു നയം ഇന്നധികാരത്തിലിരിക്കുന്ന പി. എസ്സ്. പി. ഗവണ്മെൻറ് സ്വീകരിക്കേണ്ടതാണ്. ഒരു ഭരണപക്ഷ പാർട്ടിയല്ലെങ്കിൽ തന്നെയും ഈ രാജ്യത്തു നിവസിക്കുന്ന സാധുക്കളുടെ കഷ്ടപ്പാടുകൾക്ക് അറുതിവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനു് ഞാനുൾപ്പെടുന്ന ഇവിടത്തെ പി. എസ്സ്. പി. പാർട്ടി മുൻകൈ എടുക്കണമെന്ന് എനിക്ക് അഭ്യർത്ഥനയുണ്ട്. ഒരാഴ്ചക്കു മുമ്പ് കൊട്ടാരക്കര താലൂക്കിൽത്തന്നെ വളരെ കുടിയിറക്കുകൾ നടന്നിട്ടുള്ളതായി അറിയാം. ഒരു ദേവശങ്കരനും മുന്നപേക്ഷകനുമായിരുന്ന ഒരാളിന് 50 സെൻറു

[ശ്രീ. കൊച്ചുകുഞ്ഞു്]

സ്ഥലം കൊടുക്കാൻ റവന്യൂബോർഡിൽ നടപടി നടന്നുകൊണ്ടിരിക്കുമ്പോൾ ആ സ്ഥലത്തെ ഒരു ജന്മി മേൽപ്പറഞ്ഞ സ്ഥലം സ്വന്തമാക്കുന്നതിനു വേണ്ടി കൊട്ടാരക്കര തഹശീൽദാരെ അദ്ദേഹത്തിന്റെ വസതിയിൽ കൊണ്ടുവന്നിരുത്തി കുത്തകപ്പാട്ടത്തിനു ആ സ്ഥലം വാങ്ങിയിട്ടുള്ളതായി ഞാനിവിടെ പ്രസ്താവിച്ചുകൊള്ളുന്നു. മുൻകൈവശക്കാരനും അപേക്ഷകനുമായ ആ പാവപ്പെട്ടവന് ഭൂമി കിട്ടിയില്ല. ഇങ്ങനെയുള്ള സ്ഥിതിഗതികൾ ഇവിടെ സംജാതമാകാതിരിക്കാൻ പി. എസ്സ്. പി. ഗവണ്മെന്റ് മുൻകൈ എടുത്തു പ്രവർത്തിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

The Assembly rose for lunch at 1 P. M. and re-assembled at 2 P. M. with Mr. Speaker in the Chair.

ശ്രീ. പി. ആർ. മാധവൻപിള്ള: ഈ സപ്ലിമെന്ററി ഡിമാന്റ് അവതരിപ്പിച്ചിരിക്കുന്നതു് സർക്കാർ വക വനഭൂമികളിലും പുറമ്പോക്കു ഭൂമികളിലും തരിശുകളിലും കയറി പ്രവേശിച്ചിട്ടുള്ള ആളുകളെ അവരുടെ കൈവശമുള്ള ഭൂമികൾ അളന്നുനോക്കി ഇറക്കിവിടുന്നതിനുള്ള ചെലവിലേക്കുകൂടിയായിട്ടാണ്. പുറമ്പോക്കും തരിശും ഭൂമികളെ സംബന്ധിച്ചു ഗവണ്മെന്റു നയം നടപ്പാക്കുന്നതു് രണ്ടു പരസ്പരവിരുദ്ധമായ രീതികളിലാണ്. പാവപ്പെട്ടവർക്കെതിരായും ധനവാന്മാർക്കനുകൂലമായും ഒരേ ഒരു നയം പ്രയോഗിക്കപ്പെടുന്നതിന്റെ ഒരു ഉദാഹരണമാണതു്. മദ്ധ്യതിരുവിതാംകൂറിലെ ഏറ്റവും പ്രസിദ്ധപ്പെട്ട ചന്തയാണ് പറക്കോട്ടു ചന്ത. ആ പറക്കോട്ടു ചന്തക്കു് 9 ഏക്കർ 37 സെന്റ് പുറമ്പോക്കാണ് ഒഴിച്ചിട്ടിരുന്നതു്. ഇന്നു് ചന്തയുടെ ആവശ്യത്തിനായി മൂന്നോ മൂന്നേകാലോ ഏക്കർ ഭൂമിയേ അവിടെയുള്ളു. പതിനായിരക്കണക്കിനുള്ള ആളുകൾക്കു് അവിടെ വന്നു് സാധനങ്ങൾ വാങ്ങുന്നതിനും വിൽക്കുന്നതിനും വേണ്ടി ഒഴിച്ചിട്ടിരിക്കുന്നതു് വെറും മൂന്നേക്കർ സ്ഥലം മാത്രമാണ്. അതുകൊണ്ടു് അവർ റോഡുകളിലും മറ്റും വച്ചു് കച്ചവടം നടത്തുന്നു. ഇങ്ങനെ റോഡിൽ വരെ ഇരുന്നു് കച്ചവടം നടത്തുന്നവരെ പോലീസു ശല്യം ചെയ്തുവരുന്നുണ്ടു്. ഏതാണ്ടു് നൂറോ നൂററിരുപതോ പേർ ആ ഭൂമിയിൽ പ്രവേശിച്ചു് കൃഷിനടത്തുകയും പുരവച്ചും താമസിക്കുന്നുണ്ടു്. 80 പേർ ഇപ്പോഴും അനധികൃതപ്രവേശനക്കാരാണത്രേ! 40 പേർക്കു് സ്ഥലം പതിച്ചുകൊടുത്തിട്ടുണ്ടെന്നാണ് പറയുന്നതു്. ഈ നൂററിരുപതുപേരെയും അവിടെനിന്നിറക്കേണ്ടതും പറക്കോട്ടു ചന്ത വീണ്ടെടുത്തു ജനങ്ങൾക്കു വിധേയമാക്കേണ്ടതു് ആവശ്യമാണ്. പക്ഷേ ഗവണ്മെന്റ് അക്കാര്യത്തിൽ മൗനം ഭജിക്കയാണ്.

അതുപോലെ തന്നെ പറക്കോട്ടു ചന്തയ്ക്കു രണ്ടു രണ്ടര മൈൽ പടിഞ്ഞാറായി പുതിയ കാവിൽ ചിറ എന്നൊരു ചിറയുണ്ടു്. അവിടെ ഒരു ലക്ഷം പറ നെൽപ്പാടങ്ങൾക്കു ജലസേചനം നടത്തുന്ന ഒരു തലച്ചിറയാണതു്. ആ ചിറയുടെ പുറമ്പോക്കുഭൂമി മുഴുവൻ ആളുകൾ കയ്യേറിയിരിക്കുകയാണ്. ഈ രാജ്യത്തിന്റെ ഏതു ഭാഗത്തുനോക്കിയാലും ജലസേചനത്തിനുവേണ്ടിയുണ്ടാക്കിയിരിക്കുന്ന എല്ലാ ചിറകളും കയ്യേറിയിരിക്കുകയാണെന്നു കാണാം. ഈ ചിറകളെക്കൊണ്ടു് കർഷകർക്കു് ജലസേചനസൗകര്യം ലഭിക്കണമെന്നുള്ളതു് അവരുടെ മൗലികാവകാശമാണ്. ഇന്നു് അങ്ങനെയുള്ള തലച്ചിറകൾ നാശമായിക്കിടക്കയാണ്. അന്യാധീന

പ്പെട്ടും നികന്നും നശിച്ചു കിടക്കയാണ്. പുറമ്പോക്കുകളിൽ നിന്നും ആരെയെങ്കിലും ഇറക്കിവിടാൻ ഗവണ്മെൻറ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അതു ചെയ്യേണ്ടതു ജലസേചനസൗകര്യത്തിനുവേണ്ടി മാററിവച്ചിരിക്കുന്ന തലച്ചിറകളിൽ നിന്നും പബ്ലിക്കുമാർക്കററുകളിൽ നിന്നുമൊക്കെയാണ്. അത്തരം പുറമ്പോക്കുകളിലും തരിശുഭൂമികളിലും നിന്നും കയ്യേററക്കാരെ ഇറക്കിവിടുക എന്നുള്ളതു് സാധാരണക്കാർക്കും അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിനും ഒഴിച്ചുവയ്ക്കാനാവാത്ത ഒരാവശ്യമാണ്.

പറക്കോട്ടു ചന്തയിലും പുതിയകാവിൽ ചിറ മുതലായ സ്ഥലങ്ങളിലും കയ്യേറിയിരിക്കുന്നവരെ ഇറക്കിവിടുക എന്നുള്ളതായിരിക്കണം ഗവണ്മെൻറിൻെറ നയം. ഇന്നു് ഈ ഗവണ്മെൻറ് ആദ്യമായിട്ടു ചെയ്യുവാനുള്ളതു് ഈ നാട്ടിലെ സാധാരണ ജനങ്ങൾക്കും അദ്ധ്വാനിക്കുന്നവർക്കും അത്യന്തം ആവശ്യമായിട്ടുള്ള സ്ഥലങ്ങളിൽ കയ്യേറിയിരിക്കുന്നവരെ ആ സ്ഥലങ്ങളിൽ നിന്നും ഇറക്കിവിടുക എന്നുള്ളതാണ്. ഇത്തരക്കാരെ ഇറക്കിവിടണമെന്നു് ആരെങ്കിലും ഹർജികൾ അയക്കുകയാണെങ്കിൽ തന്നെ അതു് സൂര്യപ്രകാശം തട്ടാതെ ആറു കണക്കിനു് ഫയലുകൾക്കിടയിൽ പെട്ടുകിടക്കുകയാണ് സാധാരണ പതിവു്. കാശുള്ളവരെ ഇറക്കാൻ സർക്കാരിനു തൻേറടമില്ല. നേരെ മറിച്ചു് സാധുക്കളുടെ കാര്യമാണെങ്കിൽ ആരും ഹർജി അയക്കേണ്ട. അവരെ ഇറക്കാൻ ഗവണ്മെൻറ് എപ്പോഴും മുമ്പിലുണ്ടു്. ഇങ്ങിനെയുള്ള പത്തോ അൻപതോ ഉദാഹരണങ്ങൾ എടുത്തുകാണിക്കുവാൻ ഞാൻ തയ്യാറാണ്.

ഇന്നു്, അനധികൃതമായി കയ്യേററം നടത്തിയിരിക്കുന്ന കൃഷിക്കാരെ കുടിയൊഴിപ്പിക്കുന്നതു രണ്ടു പ്രകാരത്തിലാണ്. ഒന്നാമതായി പാവങ്ങൾക്കു് എതിരായിട്ടും ധനവാന്മാർക്കു ഗുണകരമായിട്ടുമുള്ള വിധത്തിൽ പുറമ്പോക്കിലും തരിശിലും നിന്നും ഒഴിപ്പിക്കുകയാണ് ഗവണ്മെൻറിൻെറ ഇപ്പോഴത്തെ നയം. ഗവണ്മെൻറിൻെറ ആ നയം നടപ്പിലാക്കുന്നതു് തികഞ്ഞ പക്ഷാഭേദത്തോടുകൂടിയാണ് ഈ നാട്ടിലെ പാവംപിടിച്ച ആളുകൾക്കെതിരായിട്ടുതന്നെയാണ്. ഗവണ്മെൻറ നയം നടപ്പിലാക്കുന്നതു്. എന്തുകൊണ്ടാണെന്നു ചോദിച്ചാൽ ഇത്തരം ഭൂമികൾ ഒന്നും പതിച്ചുകൊടുക്കുന്നതല്ലെന്നുള്ള ജൂൺ 22-ാം തീയതിയിലെ ഓർഡർ ഗവണ്മെൻറ് ഉയർത്തിപ്പിടിക്കുകയും, പിന്നെ, ആർക്കാണ് ഈ ഭൂമികൾ കൊടുക്കാൻ പോകുന്നതു്? കൃഷകസഹകരണ സംഘങ്ങൾക്കു് കൊടുക്കാൻ പോകുന്നു എന്നു മന്ത്രിമാർ പറയുന്നുണ്ടു്. അതേ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭിച്ച ആ ദിവസംതന്നെ, സർ, ഞാൻ പറയുന്നതു് മന്ത്രിമാരുടെകൂടെ ശ്രദ്ധിക്കാൻ വേണ്ടിയാണ്. ജന്മിമാർ വനഭൂമിയും തരിശും പുറമ്പോക്കുമൊക്കെ കയ്യടക്കാൻ ശ്രമം തുടങ്ങിയിട്ടുണ്ടു്. മുന്നൂറും നാനൂറും നാനൂററമ്പതും ഏക്കർ സ്ഥലം കൈവശമുള്ള ജന്മിമാർ കുടുംബത്തിലുള്ള പതിനഞ്ചും ഇരുപതും അംഗങ്ങളെ ഉൾപ്പെടുത്തി സഹകരണസംഘങ്ങൾ ഉണ്ടാക്കിയിരിക്കുകയാണ്. കൂട്ടുകൃഷി സഹകരണസംഘങ്ങൾ എന്ന പേരുമവരിട്ടുവരുന്നു. ഇന്നു് ഇങ്ങനെ കയ്യേറിയിട്ടുള്ളതും അല്ലാത്തതുമായ ഭൂമികൾ വ്യാജമായി പടച്ചുവച്ചിരിക്കുന്ന സംഘത്തിൻെറ പ്രസിഡൻറായ സ്വന്തം ജ്യേഷ്ഠൻെറ പേരിൽ കുന്നത്തൂർ താലൂക്കിലെ ഒരു ജന്മിയായ പനക്കാട്ടു കേശവനുണ്ണിത്താൻ മാററിയിരിക്കുകയാണ്. പാടം കൂട്ടുകൃഷി സഹകരണസംഘം അത്തരത്തിലുള്ള ഒരു ജന്മി സംഘമാണ്. വനഭൂമി ഇത്തരം കൂട്ടുകൃഷി സഹകരണ സംഘങ്ങൾക്കു് പതിച്ചുകൊടുക്കാമെന്നാണ് ജൂൺ 22-ലെ

[ശ്രീ. പി. ആർ. മാധവൻപിള്ള]

ആർഡറിൽ പറയുന്നതു്. പി. എസ്.പി. ഗവണ്മെൻറിന്റെ ഭൂവുടമ നിയന്ത്രണബില്ലിൽ നിന്നു് ഇത്തരം ജന്മിമാരുടെ കർഷകസഹകരണ സംഘങ്ങളെയും ഒഴിവാക്കിയിരിക്കയാണു്. അങ്ങനെ പനങ്ങാട്ടുണ്ണി ത്താനേപ്പോലുള്ള ജന്മിമാർക്കു സർക്കാർ ഭൂമി കയ്യേറുന്നതിനും കയ്യേറിയിരിക്കുന്ന ഭൂമിയിൽ കവിഞ്ഞ ഭൂമി വീട്ടുകൊടുക്കാതിരിക്കുന്നതിനും സഹായകമായ നയമാണു് ഗവണ്മെൻറിനുള്ളതു്. ഈ ഗവണ്മെൻറിന്റെ ഭൂനയവും ജൂൺ 22-ലെ ഉത്തരവും തുടർന്നുള്ള നടപടികളും പാവപ്പെട്ട ഭൂമിയില്ലാത്ത കൃഷിക്കാർക്കും കർഷകത്തൊഴിലാളികൾക്കും കടുത്ത ദ്രോഹമാണു് ചെയ്യുന്നതു്. ധനവാന്മാരുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ വേണ്ടി സാധുക്കളുടെ താൽപര്യങ്ങളെ ചവുട്ടിത്തേയ്ക്കുന്ന നയമാണു് മറ്റെല്ലാ രംഗങ്ങളിലുമെന്നപോലെ പുറമ്പോക്കു തരിശു വനഭൂമികളിൽ നിന്നു കയ്യേറ്റക്കാരെ ഇറക്കിവിടുമെന്ന നയം നടപ്പാക്കലിലും സ്ഥാപിതതാൽപര്യക്കാരുടേതായ ഈ ഗവണ്മെൻറു തുടരുന്നതു്. ഈ സപ്ലിമെൻററി ഡിമാൻറിനെ ഞാൻ ശക്തിയുക്തം എതിർക്കുന്നു.

ശ്രീ. കെ. എ. ശിവരാമഭാരതി: ഈ സഭയിലെ എന്റെ സ്നേഹിതന്മാരായ പല ആളുകളിൽ നിന്നും പല അഭിപ്രായങ്ങളും കേട്ടുകഴിഞ്ഞു. പിരിയാനുള്ള കരം പിരിച്ചെടുക്കുന്നതിനുവേണ്ടി ഗവണ്മെൻറു് എടുത്തിട്ടുള്ള നടപടി വളരെ ബുദ്ധിപൂർവ്വമായിട്ടുള്ളതല്ലെന്നു പറഞ്ഞതു് എനിക്കു് വളരെ അധികം വേദനാജനകമായിട്ടാണു് തോന്നിയതു് എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഇവിടെ നമുക്കു പിരിഞ്ഞു കിട്ടാനുള്ളതു് എന്തു സംഖ്യയാണു് എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം എന്റെ സ്നേഹിതന്മാർ മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ തീർച്ചയായിട്ടും ഒന്നര ലക്ഷമോ അതിലധികമോ ചെലവാക്കിയിട്ടാണെങ്കിൽ പോലും അതു പിരിച്ചെടുക്കാൻ മുതിരുന്നതു് ഒരു നല്ല നയമാണെന്നു വിശ്വസിക്കുമെന്നു് ഞാൻ വിചാരിക്കുന്നു. സർ, ഏതാണ്ടു് 75 ലക്ഷത്തോളം രൂപയാണു് ഈ ഇനത്തിൽ നമുക്കു് പിരിഞ്ഞുകിട്ടാനുള്ളതെന്നു് നാം പരിഗണിക്കേണ്ടതുണ്ടു്. അപ്പോൾ ഒന്നര ലക്ഷം രൂപാ ചെലവാക്കിയിട്ടു് 75 ലക്ഷം രൂപാ പിരിക്കുന്നതു് നമുക്കു് ഒരു ലാഭമായിട്ടാണു് നാം കരുതേണ്ടതു്.

പിന്നെ കണ്ടമനം പുറമ്പോക്കു ഭൂമി കയ്യേറി അനുഭവിച്ചുകൊണ്ടിരിക്കുന്നവർ ഇന്നു നാട്ടിൽ ധാരാളമായിട്ടുണ്ടു്. അങ്ങിനെ കയ്യേറിയിട്ടുള്ള പുറമ്പോക്കായിട്ടും വനഭൂമിയായിട്ടുമുള്ള സ്ഥലങ്ങളെ സംബന്ധിച്ചു് ഗവണ്മെൻറിനു് യാതൊരു കണക്കുമില്ലാതെയാണിരിക്കുന്നതു്. ഇന്നു് കയ്യേറ്റമുള്ളവരുടെ കൈയ്യിൽ ആയിരത്തിഅഞ്ഞൂറും രണ്ടായിരവും ഏക്കർ ഭൂമിവരെ ഇരിപ്പുള്ളതായറിയാം. ഉദാഹരണമായി എനിക്കു് തൃശ്ശൂർ ഡിസ്ത്രിക്ടിൽ തന്നെ ചില ആളുകൾ വളരെ ഏറെ ഭൂമി കയ്യേറിവച്ചിട്ടുള്ളതായി അറിയാം. അങ്ങിനെ അനധികൃതമായി കൈയ്യേറിയിട്ടുള്ളവരുടെ കൈവശമുള്ള ഭൂമികൾ അളന്നു തിട്ടപ്പെടുത്തുന്നതിനും അതു് അനധികൃതമാണെന്നു തെളിയുന്നപക്ഷം അവരിൽ നിന്നും പിടിച്ചെടുത്തു ഒരു കുടി വച്ചുകെട്ടാൻ പോലും ഭൂമിയില്ലാത്തവർക്കുവേണ്ടി പതിച്ചുകൊടുക്കുക എന്നുള്ളതാണു് ഗവണ്മെൻറിന്റെ നയമെന്നു വ്യക്തമാക്കിയിട്ടുണ്ടു്. അങ്ങിനെ ചെയ്യുന്ന പക്ഷം വാസ്തവ

ത്തിൽ നമുക്കു സന്തോഷിക്കാം. അതിലേയ്ക്കു് ഈ ഗവണ്മെൻറ് എടുത്തിട്ടുള്ള നടപടികൾ അനുമോദനാർഹമാണു്. പിന്നെ ഈ റവന്യൂ പുറംപോക്കുകളിൽ ചെററക്കുടികൾ വച്ചുതാമസിക്കുന്നവരെ ഇറക്കി വിടുന്നതിനെ സംബന്ധിച്ചു സഭയുടെ പല ഭാഗത്തുനിന്നും കേൾക്കാൻ സാധിച്ചിട്ടുണ്ടു്. അവയെല്ലാം അടിസ്ഥാനരഹിതമല്ല കുറെയെല്ലാം വാസ്തവമാണു്. ആ മാതിരിയുള്ള കാര്യങ്ങളിൽ കർക്കശമായിട്ടുള്ള നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥന്മാർക്കു് നൽകേണ്ടതാണു്. കുടികൾ വച്ചുകെട്ടി താമസിക്കുന്നവർക്കു് അതിന്റെ സ്ഥലം വിട്ടുകൊടുക്കത്തക്കവണ്ണം അവരെ നിവൃത്തിയുള്ളിടത്തോളം ഇറക്കിവിടാതെ ഇരിക്കത്തക്കവിധത്തിൽ ഒരു അന്തരീക്ഷം സൃഷ്ടിക്കണം. അതിനൊരു സന്ദർഭം ഉണ്ടാക്കിക്കൊടുക്കണമെന്നു് ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

ശ്രീ. പി. കെ. യശോധരൻ: സർ, ലാൻഡ് റവന്യൂ സംബന്ധിച്ചുള്ള ഡിമാൻറിനെപ്പററി മാത്രം സംസാരിച്ചു സമയം തീർക്കണമെന്നാണോ വിചാരിക്കുന്നതു്. കഴിഞ്ഞ നടപടി ക്രമമനുസരിച്ചു് ടൈം അഡ്ജസ്റ്റ് ചെയ്യുകിൽ സൗകര്യമായിരുന്നു.

മി. സ്പീക്കർ. ഒരു ക്ലോഷർ മോഷൻ വന്നാൽ ഇതു് അവസാനിപ്പിക്കാം.

ശ്രീ. കെ. എം. ജോർജ്ജ്: നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഭൂമിയുടെ പ്രശ്നം വളരെ മൗലികമായ ഒരു പ്രശ്നമാണു്. തിരുവിതാംകൂർ-കൊച്ചിയെപ്പോലെ ഇത്ര ജനപ്പെരുപ്പമുള്ള ഒരു രാജ്യം വേറെയില്ല. ഇത്ര കുറച്ചു ഭൂമിയുള്ള ഒരു രാജ്യം ഇൻഡ്യയിൽ മറെറാരിടത്തുമല്ല. ലോകത്തുതന്നെ ഉണ്ടെന്നു തോന്നുന്നില്ല. നമ്മുടെ രാജ്യത്തെ എല്ലാവിധ അഭിവൃദ്ധിയുടേയും ഉറവിടം നമ്മുടെ ഭൂമിയിൽ നിന്നായതുകൊണ്ടു് നാം എടുക്കേണ്ട ഭൂനയം തീർച്ചയായും ബുദ്ധിപൂർവമായി ചിന്തിച്ചു തീരുമാനിക്കേണ്ട ഒന്നാണെന്നുള്ളതിനു് തർക്കമില്ല. അതുകൊണ്ടു് ഭൂനയത്തെപ്പററി ഇനിയെങ്കിലും പുനഃപരിശോധന നടത്തേണ്ടതാണെന്നാണു് എന്റെ അഭിപ്രായം. നമ്മുടെ ഇന്നത്തെ വ്യവസ്ഥിതിയും സമ്പ്രദായവും, ആളോഹരിവീതവും എല്ലാം ഭൂമിയെ തുണ്ടുതുണ്ടാക്കി ഏതാനും സെൻറുകൾ മാത്രമുള്ള തുണ്ടുകളാക്കി വിഭജിച്ചു സൂക്ഷിക്കുന്നതുകൊണ്ടു് അവ ഇപ്പോൾ എക്കണോമിക്കു് ഹോൾഡിംഗ്സ് അല്ലാതെയായിരിക്കുന്നതു്. അതിനാൽ കൃഷിയിറക്കി കൂടുതൽ വിളവെടുക്കുന്നതിനും നമ്മുടെ ഉൽപ്പാദനങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിനും നിവൃത്തിയില്ലാതെ വന്നിരിക്കുന്നു. അതിലേയ്ക്കു് നിവാരണമാർഗ്ഗം കണ്ടുപിടിച്ചുകൊണ്ടുള്ള ഒരു നയം ഗവണ്മെൻറ് കൈക്കൊള്ളാൻ തയാറാകാത്തതു് വാസ്തവത്തിൽ ഖേദകരമാണു്. അടുത്ത കാലത്തു് നമ്മുടെ നാട്ടിൽ മണ്ണൊലിപ്പു് വളരെ ഭയങ്കരമായിത്തീർന്നിട്ടുണ്ടു്.

മി. സ്പീക്കർ: ലാൻറ് റവന്യൂ പാളിസിയെപ്പററി ഇപ്പോൾ പറയുന്നതു ശരിയല്ല. ഈ ഗ്രാൻറിൽ അടങ്ങിയിട്ടുള്ള കാര്യത്തെപ്പററി മാത്രമേ ഇപ്പോൾ സംസാരിക്കാവൂ.

ശ്രീ. കെ. എം. ജോർജ്ജ്: സർ, ഈ കൊണ്ടുവന്ന തുക അക്കാര്യത്തിലേയ്ക്കു് ഡൈവർട്ടു് ചെയ്യണമെന്നാണു് ഞാൻ പറയുന്നതു്. ഗവണ്മെൻറ് കൊണ്ടുവന്നിട്ടുള്ള ഗ്രോമോർഫുഡിന്റെ പേരിൽ നിർബ്ബന്ധിച്ചിട്ടു്

[ശ്രീ. കെ. എം. ജോർജ്ജ്]

വളരെപ്പേർ വനപ്രദേശങ്ങളിലേയ്ക്കു് പോയിട്ടുണ്ടു്. അങ്ങനെ പോയിട്ടുള്ളവരിൽ അധികംപേരും പാവപ്പെട്ടവരാണു്. പക്ഷെ ഇവർ അവിടെച്ചെന്നു് അത്യദ്ധ്വാനം ചെയ്തു് കൃഷി ചെയ്യുന്നതിന്റെ ഫലമായിട്ടുകൂടിയാണു് ഭക്ഷ്യപ്രശ്നത്തിന്റെ രൂക്ഷത കുറഞ്ഞിട്ടുള്ളതു്. എന്നാൽ ഭയങ്കരമായ മണ്ണൊലിപ്പുമൂലം നമ്മുടെ സമ്പത്തു്, മണ്ണിന്റെ ശക്തി, ക്ഷയിച്ചുവരികയാണു്. അവിടെ കൃഷി ചെയ്യുന്നവർക്കു് അഞ്ചേക്കർ വീതം സ്ഥലം കൊടുക്കുകയാണെങ്കിൽ അവർ ഈ മണ്ണൊലിപ്പിനെ തടയുവാൻ വേണ്ടി കയ്യാലകളും ഇടക്കയ്യാലകളും മററും കെട്ടി കൃഷി ചെയ്യുന്നതുകൊണ്ടു് ഭയങ്കരമായ മണ്ണൊലിപ്പു് എന്ന ആ ആപത്തിൽനിന്നും കൃഷിഭൂമിയെ ഇവർ രക്ഷിക്കുമെന്നു് ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. ഇത്തരം ഭൂമികൾ സർവ്വേ ചെയ്യുന്ന അവസരത്തിൽ ഇക്കാര്യംകൂടി ഗവൺമെൻറു് ശ്രദ്ധിക്കേണ്ടതുണ്ടു്. വനങ്ങളിൽ ഏതാനുംഭാഗം ഭൂമി അധികൃതമായും അനധികൃതമായും കയ്യേറി വെട്ടിത്തെളിച്ചിട്ടുണ്ടു്. ധാരാളം തടി വെട്ടിനശിപ്പിച്ചിട്ടുമുണ്ടു്. ഫാറസ്ററ് ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ കൈക്കൂലി വാങ്ങിക്കൊണ്ടു് നിങ്ങൾ കയറിക്കോ, കയറിക്കോ എന്നു് ജനങ്ങളോടു് പറഞ്ഞു് പലരേയും അവിടെ കയററി തീ വച്ചും വെട്ടിയും മുറിച്ചും ധാരാളം തടികൾ നശിപ്പിച്ചിട്ടുണ്ടു്. അനേകം കോടി രൂപയുടെ തടി ഇങ്ങനെ നശിച്ചുപോയിട്ടുമുണ്ടു്. ഇവർ ഈ ഭൂമിയിൽ കൃഷി ചെയ്യുവാൻ അനുവദിക്കപ്പെടുകയാണെങ്കിൽ മാവു്, പ്ലാവു്, കമുകു് മുതലായ വൃക്ഷങ്ങൾ അവർ അവിടെ കൃഷി ചെയ്യും. നശിക്കപ്പെട്ട വൃക്ഷങ്ങൾക്കുപകരം ഈ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുകയും ചെയ്യും. അങ്ങനെ ചെയ്യുന്നപക്ഷം മഴ ഉണ്ടാകുകയില്ല എന്നു് ആരെങ്കിലും ഭയപ്പെടുന്നെങ്കിൽ അതിൽ വലിയ കഴമ്പൊന്നുമില്ലെന്നാണു് എനിക്കു് പറയുവാനുള്ളതു്. ആ വേദാന്തം ഇന്നു് ആരും വകവയ്ക്കുന്നില്ല. അങ്ങനെ ഈ ഭൂമി കൃഷി ചെയ്യുന്നതിനനുവദിക്കപ്പെട്ടാൽ മണ്ണൊലിപ്പുമൂലവും തടി വെട്ടി നശിപ്പിച്ചതുമൂലവും നമ്മുടെ രാജ്യത്തിനുണ്ടായിക്കൊണ്ടിരിക്കുന്ന രണ്ടപകടങ്ങൾ നീങ്ങുന്നതാണു്. ഒരു അതിർത്തി നിർണ്ണയിച്ചു് അതിനപ്പുറം ആരും പോകരുതെന്നു് നിശ്ചയിച്ചാൽ നമുക്കാവശ്യമുള്ള വനപ്രദേശം വനമായിട്ടുതന്നെ സൂക്ഷിക്കാവുന്നതുമാണു്. ചുരുങ്ങിയതു് അഞ്ചുലക്ഷം ഏക്കർ ഭൂമിയെങ്കിലും രാജ്യത്തിന്റെ തെക്കേഅററംമുതൽ വടക്കേ അററംവരെ കൃഷി ചെയ്യുന്നതിനു് വനത്തിൽനിന്നും അനുവദിക്കപ്പെടുകയാണെങ്കിൽ അതു് രാജ്യത്തിനു് എത്രയും ഗുണകരമായ ഒന്നായിരിക്കുമെന്നുള്ളതിനു സംശയമില്ല. വെട്ടിത്തെളിച്ച ഭൂമി എത്രയുണ്ടെന്നും അതിൽ കൃഷി ചെയ്യത്തക്ക ഭൂമി എത്രയുണ്ടെന്നും മനസ്സിലാക്കാതെ ഇപ്പോൾ കൃഷി ചെയ്തുകൊണ്ടിരിക്കുന്ന ആളുകളെ അവർ യഥാർത്ഥ കൃഷിക്കാരാണോ അല്ലയോ എന്നു് കണക്കാക്കാതെ അവരെ ഈ ഭൂമിയിൽനിന്നും ഇറക്കിവിടുന്നപക്ഷം അതിന്റെ പ്രത്യാഘാതം എന്തായിരിക്കുമെന്നു് ഞാൻ പ്രത്യേകിച്ചു പറയേണ്ടതില്ല. ഗവൺമെൻറു് അതു് വേണ്ടവണ്ണം മനസ്സിലാക്കി യഥാർത്ഥ കർഷകനു് ഭൂമിയിൽ കൃഷി ചെയ്യുന്നതിനുള്ള പ്രോത്സാഹനം കൊടുക്കേണ്ടതാണു്.

സർ, ഒരു കാര്യംകൂടി പറഞ്ഞുകൊണ്ടു് ഞാനവസാനിപ്പിക്കാം. ഈ നിയമസഭയ്ക്കകത്തും പുറത്തും നമ്മിൽ പലരും അനേകമനേകം പ്രാവശ്യം നദീതടപദ്ധതികളെപ്പററി വളരെയേറെ സംസാരിച്ചിട്ടുണ്ടു്.

ഈ നാട്ടിലെ മണ്ണിന്റെ ഫലപുഷ്ടി കുറഞ്ഞു് ഇപ്പോൾ വളരെ മോശമായി തീർന്നിട്ടുണ്ടു്. ഈ സഭയിൽത്തന്നെ അനേകം പ്രാവശ്യം ബഹുമാനപ്പെട്ട മെമ്പർമാർ തെങ്ങു്, കമുകു്, കരിമ്പു്, നെല്ലു് മുതലായവയ്ക്കു് പ്ലേഗ് രോഗം പിടിക്കുന്നുണ്ടെന്നും ആ രോഗം വർദ്ധിച്ചുവരികയാണെന്നും പ്രസ്താവിച്ചിട്ടുണ്ടു്. മരച്ചീനിക്കൃഷിയെപ്പറ്റി ഇവിടെ സംസാരിച്ചപ്പോൾ മരച്ചീനിക്കുണ്ടാകുന്ന സുഖക്കേടിനെപ്പറ്റി ഗവണ്മെന്റിനറിയാൻ പാടില്ലായെന്നു് മന്ത്രി പറഞ്ഞതു് ഖേദകരമാണു്. ഇന്നു് രാജ്യത്തിന്റെ ഭക്ഷ്യസാധനങ്ങളിൽ പ്രഥമസ്ഥാനം വഹിക്കുന്ന കപ്പക്കൃഷിക്കു് രോഗം ബാധിച്ചതുകൊണ്ടു് കൃഷിക്കു് നാശം വന്നിട്ടുള്ള വിവരം ഒരു പരമാർത്ഥമായിരിക്കെ അക്കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നു് ചോദിച്ചപ്പോൾ അറിഞ്ഞുകൂടാ, നിശ്ചയമില്ല എന്നു പറഞ്ഞാൽ അതു് ഹൃദയഭേദകമാണെന്നേ എനിക്കു് പറയുവാനുള്ളു. ഞാൻ മന്ത്രിയെ കുറ്റം പറയുകയല്ല. നദീതട പദ്ധതിയെപ്പറ്റി എല്ലാവരും പറയുന്നുണ്ടു്. നമ്മുടെ നാട്ടിലെ നദികളിൽ ഇത്രയേറെ വെള്ളം വെറുതെ കടലിൽപോയി നഷ്ടപ്പെടുന്നതിനിടയാക്കാതെ ജലസേചനത്തിനുവേണ്ടിയും, വൈദ്യുതശക്തിയുടെ ഉൽപ്പാദനത്തിനുവേണ്ടിയും വിനിയോഗിക്കുകയാണെങ്കിൽ രാജ്യത്തു് ഒരു സമൂലസാമ്പത്തിക പരിവർത്തനം വരുത്താൻ കഴിയുന്നതാണു്. എങ്കിൽമാത്രമേ തിരുവിതാംകൂർ-കൊച്ചിക്കു് അഭിവൃദ്ധി ഉണ്ടാകുകയുള്ളു. അടുത്ത പഞ്ചവത്സര പദ്ധതിയിൽ നദീതടപദ്ധതികൾക്കു് പ്രാമുഖ്യം നൽകണം. വളരെ ചുരുങ്ങിയ ചെലവിൽ ഏറ്റവും കൂടുതൽ വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കാവുന്ന ഒന്നാണു് ഇടുക്കിപദ്ധതി. ഭാവനാശക്തിയോടുകൂടി ധൈര്യപൂർവ്വം ഈ പദ്ധതിയെ ഗവണ്മെന്റ് സമീപിക്കണം. വളരെ പണം ചെലവുചെയ്തു് ഗവണ്മെന്റ് അതേപ്പറ്റി അന്വേഷിച്ചു് ഒരു റിപ്പോർട്ടു തയാറാക്കുകയും ചെയ്തിട്ടുണ്ടു്. ഇൻഡ്യയിലെ ഏറ്റവും പ്രയോജനകരവും ലാഭകരവുമായ ഒരു പദ്ധതിയാണു് ഇതെന്നു് ആ റിപ്പോർട്ടിൽ പറയുന്നുണ്ടു്. ഈ പദ്ധതി പൂർത്തിയായാൽ 5 ലക്ഷം കിലോവാട്ട്സ് വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കാമെന്നു് ആ റിപ്പോർട്ടിൽ പറയുന്നുണ്ടു്. മാത്രമല്ല അതുകൊണ്ടു് അനേകായിരം ഏക്കർ നിലങ്ങൾക്കുംമറ്റും ജലസേചനസൗകര്യം ഉണ്ടാകുവാനുള്ള സാദ്ധ്യത ഉണ്ടെന്നും കാണുന്നു. ഈ പദ്ധതിക്കു് 24 കോടി രൂപാ വേണം എന്നു പറയപ്പെടുന്നു. അതു് ഒരു വലിയ തുകയാണെന്നു് പറഞ്ഞു് ഇക്കാര്യം തള്ളാവുന്നതല്ല. ഇടുക്കി പദ്ധതികൂടി രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾക്കൊള്ളിച്ചു് ഈ സംസ്ഥാനത്തിനും ദക്ഷിണ ഇൻഡ്യയ്ക്കു് മുഴുവനും ഇലക്ട്രിക്സപ്ലൈ ചെയ്യുവാനുള്ള മാർഗ്ഗം ഗവണ്മെന്റ് തുറന്നുകൊടുക്കുകയാണെങ്കിൽ ഈ സംസ്ഥാനത്തെ ഓരോ വില്ലേജും ഓരോ വ്യവസായകേന്ദ്രമായിത്തീരുന്നതിനും പലവിധത്തിലുള്ള കുടിൽവ്യവസായങ്ങൾ പുഷ്ടിപ്പെടുന്നതിനും ഇടവരുന്നതാണു്. ഈ രാജ്യത്തെ സ്ഥിതി നോക്കുമ്പോൾ വൻകിട വ്യവസായങ്ങളെക്കാൾ ചെറുകിട വ്യവസായങ്ങളെ പോഷിപ്പിക്കുന്നതിനാണു് ഗവണ്മെന്റ് തയാറാകേണ്ടതു്. അതിനു് ധൈര്യപൂർവ്വം ഗവണ്മെന്റ് നടപടി നടത്തണമെന്നപേക്ഷിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

Shri T. O. Bava: Sir, I move for a closure.

The motion was put and carried.

Shri P. S. Nataraja Pillai rose to speak.

Shri N. Raghava Kurup: Sir, I rise to a point of order. Once a closure motion is moved and once it has been accepted by the House, is it proper for a member, whether official or non-official, to participate in the debate?

Mr. Speaker: He has got a right to reply.

Shri P. S. Nataraja Pillai: According to precedent, after a closure, there is a right to reply.

Sir, the demand I moved was for Rs. 1,89,500. It comes under three items. In the first item it is proposed to transfer the staff retrenched from the Civil Supplies Department on account of the abolition of food procurement to the Land Revenue Department to clear off arrears, till they are absorbed elsewhere. Additional funds to the extent of Rs. 54,900 are necessary to meet their pay. Out of the above staff, 36 Village Officers on Rs. 25-40 and 72 Village Assistants on Rs. 25-30 are to be posted for collection of arrears of revenue due to Government under the Revenue Recovery Act. Sir, there was pointed criticism on this item. It was urged that this is a provision made for unnecessary appointments. I may inform the House that not a single person has been appointed. There was in the Civil Supplies Department personnel drafted from various departments. All of them had to be reverted to their parent departments thereby throwing out persons who were working in those departments who had already put in service of more than seven years. That was the problem that the Government had to face. I would request Mr. Sitaraman who spoke on that to remember the case of the Excise Department staff when the Frontier customs was abolished, the number of persons that were found without jobs and the position taken up by my friend and others, that it will not be right to treat them as supernumerary but that they should be absorbed. Now it is not merely a case of providing for these people. The facts are these. A preliminary enquiry made by the Land Revenue Department brought to light that a sum of nearly Rs. 75 lakhs was due to be collected as arrears, not the arrears due from Land Revenue only but arrears of Abkari revenue, arrears of forest contractor's dues, arrears from Grow-more Food loan dues, and so on. When this problem came before the Government and when the Government were considering about the agency which will promptly attend to this work, the Civil Supplies Department had to be reorganised and a sufficient number of persons who were there as Village Assistants and Village Officers were available. So, Government thought that their services may be utilised for this work.

Now sir, I will meet the criticism of my friend Mr. Velayudhan Nair. He was saying that arrears to such a large extent ought not to have been allowed to accumulate and that the appointment of an additional staff for that purpose is wrong in principle. I do not comment on that. I am only sorry that my hon. friend has not been more charitable to his friends who are also responsible in bringing about that situation. After having allowed the arrears to accumulate to the extent of 3/4 of a crore,

when he sees an earnest attempt being made and some agency devised to do that additional work and collect the amount at the earliest possible date, and then, on top of all these to make this charge against us, is hardly being charitable. We know that in our country when any money is to be paid to Government, even people with means try to avoid payment. So, that kind of evasion of liability has to be encountered and active steps have to be taken to realise the money from people who are capable of paying. Government have to do all they can in this matter, to conserve Government interests and the interests of the people as a whole.

The second item refers to large-scale encroachments on lands leased out for food production under the control of the Revenue Department and in Reserved forests. Instances of unauthorised transfers of lands and other irregularities in the occupation of these lands are many. These have not only affected the conservancy of Government lands but have also resulted in considerable loss of revenue to Government. An enquiry was made with the Board of Revenue and the Conservator of Forests. The Conservator of Forests was able to give only an approximate figure. It is found that something like 50,000 acres have been leased out from reserved forests, but the actual area under occupation is much more, and the Conservator is not in a position to give the exact figure, because there was widespread encroachment. Regarding the encroachments on revenue porambokes, the exact figure apart from the area involved in cases registered under the L. C. Act and the leases granted by the Revenue Department, are not available. But at the same time, the District Collectors report that there are much more encroachments on revenue porambokes and revenue waste lands. What should Government do ? A man who is entitled to have 5 acres of kuthagapattom land, is seen to be enjoying 50 acres or 100 acres and more. There are areas which under the revenue records and the Forest Department records, are reserved lands and which are actually occupied by a colony of people cultivating them and making permanent improvements on them. There is absolutely no record available in the Revenue Department or in the Forest Department as to the exact extent of the area under occupation by each individual. No survey was conducted and no proper revenue accounts were maintained.

The situation in the country being so abnormal, so undesirable and so dangerous for the future prosperity of the State itself, Government thought that their first duty will be to have a thorough survey and examination. Government noticed that three departments were engaged in these works. Under the Forest Department, there was a set of people who are asked to survey encroachments on forest lands. Under the Revenue Department there was a party set apart to do the very same work in regard to other areas, and under the Survey Department, there was a staff doing the same kind of work, and there was absolutely no co-ordination in their work. So, Government decided that this work should be co-ordinated and done effectively

[Shri P. S. Nataraja Pillai]

and systematically. They also came to the conclusion that the subject required serious handling. Therefore, in a Government Proceedings passed on 22nd June 1954 they decided to bring into existence an agency which would undertake this work.

Dr. A. R. Menon: Did you take any action for this gross neglect on the part of the officers concerned ?

Shri P. S. Nataraja Pillai: On account of acquiescence on the part of Government in having allowed them to continue in this condition, we thought that at the moment it would be improper to take action against the Government officers.

As a first step in this direction, Government wish to lay down the following:

(1) that no new grants of land will be made to individuals for purposes of grow more food in future ;

(2) that future allotments of land will be only for purposes of settlement and colonisation ;

(3) that applications from Farming Societies registered under the Co-operative Societies Act will alone be considered for assignment of lands and the lands available for cultivation will be granted to them only ; and

(4) that all applications for assignment of lands should in future be made through the Revenue Department and that applications made otherwise will not be countenanced.

Under the Grow More Food Scheme lands were leased out by the Forest Department, Revenue Department and by some Committees and other individual officers who were authorised in that behalf by Government.

The following are the main items of work to be undertaken by the Special agency :—

(1) A field survey should be conducted and sketches according to occupation prepared.

(2) A thorough enquiry will be conducted as to how the occupants came into possession of the lands—whether under lease or assignment granted by Government or by transfer of assignment or lease or by unauthorised encroachment.

(3) An examination as to whether the lands under occupation are forest lands or other Government lands. In the case of forest lands, the question whether the lands should be classified as revertible or non-revertible to the Forest Department should be decided. A decision as to whether these lands should and could be assigned, will also be taken.

It was considered necessary in the interests of forest conservancy and the natural resources of the State to have a classification of the lands which ought to be maintained as forests and those which can be thrown open for assignment. That is a question on which a decision has to be taken.

Shri R. Sankaranarayanan Tampi: Are the Government aware that in the occupation of lands, there are instances where the occupation has been very many years old and for which there is no record ?

Shri P. S. Nataraja Pillai: My hon. friend will have the patience to hear the other provisions also.

It was found necessary to make a classification as to the area that should be preserved as reserved forests and the area that can be thrown open for assignment. The agency consists of a Special Officer of the status of a District Collector. He will have under him a Revenue Officer of experience—preferably a Deputy Collector—an officer of the Forest Department (an Assistant Conservator of Forests) and the necessary staff. The agency will take steps for the eviction of the occupants of the lands that have to be resumed, as expeditiously as possible. The following principles will be adopted for the settlement of lands that are to be assigned:—

(1) In making assignments of lands, the aim of bringing the lands under colonisation and settlement will be kept in view. I will explain the intention of Government. If any assignment is granted to any individual, that individual should cultivate the land. He should not be an absentee landlord. Therefore, we make it a principle that in making assignments the aim of bringing the lands under colonisation and settlement will be kept in view.

(2) The lands will be demarcated into "economic holding" which is to be fixed on the recommendation of the Special Officer and the extent of the land to be leased to an individual will normally be limited to such an economic holding and the assignment will be for cultivation alone. In different areas, the area of an economic holding may differ. In one area, it may be 5 acres, in another it may be 10 acres. The Special Officer will recommend the economic unit in each particular area, get the sanction of Government and then allot the lands in that economic unit. We have fixed a minimum rent of Rs. 7 per acre. The lands fit for dwelling sites will, however, be separately demarcated into plots of 20 to 30 cents and will be set apart for assignment as house sites, at a nominal rate of rent. That is, to people who have no house sites, if they want themselves to be rehabilitated, leases will be granted. Government realise the difficulty in giving short term leases of land.

Unless there is a permanent interest created in the worker on the land, there is always the danger of the land not being put to the best advantage possible. Therefore, to create an interest in the lease-holder we decided that the leases will be granted without limit of time, so that he may have the assurance, subject to certain conditions, that he will have a right of perpetuity of enjoyment. Therefore we did not want to put a limit of time on the lease. And, if the land is resumed for public purposes, the lessee will be entitled to the value of the improvements made on the land, according to rules to be framed in the matter. Under the kuthagapattom rules the lease is resumed at the option of Government. Suppose there is some hydro-electric project to be set up in the area given on lease. When it is a public necessity, Government resumes that land, and the actual worker who has improved the land must be entitled to get the wages of his labour.

[Shri P. S. Nataraja Pillai]

Next, in the case of authorised occupation, where the occupant has effected valuable improvements, an excess area over and above the economic unit may be granted to the occupant on lease, as a matter of concession. Suppose a man has made valuable improvements on 50 acres of land. He is entitled to compensation for the valuable improvements he has made. The economic holding is 5 acres. To compensate for the work of improvement, he is given an extra area as a concession. In the cases of unauthorised occupations, whether by encroachment or by transfer of assignment, the question of lease of the land to the occupant will be considered only after payment of rent for the whole period of prior occupation at the rate of Rs. 7 per acre. Such occupants will be eligible for assignment of the lands occupied by them only if they are resident cultivators. These are the principles that have been thought out and put into the Government proceedings, on the basis of which we intend to proceed. For these we want an agency.

Shri R. Sankaranarayanan Tampi : Is it meant by the Minister that the purpose of colonisation is kept in view while this order is put in operation? How is it that when the order is passed and actually operated upon it will not be detrimental to the land owner?

Shri P. S. Nataraja Pillai : It will not be detrimental to the land owner. No one's legitimate right is sought to be denied.

Shri R. Sankaranarayanan Tampi : Has not eviction been ordered?

Shri P. S. Nataraja Pillai; I will answer that question, Sir. Let me complete my argument in the vein in which I have been proceeding. Now, to implement the scheme, we had to appoint new staff. Fortunately or rather accidently, among Government servants now in service, we had excess personnel working in different departments. We took them from those departments and put them on to this work for one year. As a matter of fact, no new appointment was made except one or two controlling officers.

Then about the major question of occupation, two different lines of approaches were made in the House. There is the charge that people get lands from Government and lease them out to sub-lessees and thus exploit the poor worker on the land. That is abhorrant and no one is in favour of that kind of system. There are large areas of land in the possession of these middlemen and the propertied class. At the same time there is the other argument that there are large numbers of people who are houseless and indigent who have squatted on these lands to make a living and find a shelter. Those people are ejected. That is also abhorrant, illegal and iniquitous. Now Sir, what are the real facts? Lands may be divided into Government property and non-Government property. That ought to be recognised Nobody has the right to occupy them unauthorisedly. If any one takes it into his head to set at naught the laws prevailing in the country and take the law into his own hands.........

Shri M. P. Menon: You are acquiscing in all these things.

Shri P. S. Nataraja Pillai: Sir, it is a fact that Government have been acquiscing in this to a certain extent when there was acute food scarcity. Now the situation has changed and therefore Government think of reversing the process. There is absolutely nothing illegal or abhorrant in the Government enforcing the law as it exists today. To my hon. Friend who, in his flowery language, has depicted the hardships the circuiting village officer and proverthicar are visiting on the people dwelling in these assigned lands in the course of their duty, I would say this. Law is common, whether it is for the poor who live in huts or those who live in palaces.

Shri R. Sankaranarayanan Tampi: Is it not the fact that the power of those who live in palaces is derived from the people who live in huts?

Shri P. S. Nataraja Pillai: Under the social system it springs from the assertive power of the individual concerned irrespective of palaces or huts where they dwell. I feel, Sir, that a certain amount of power can be exerted by a collective agency. What I was saying was that the people who live in those lands set at naught the Government agency thinking that they were the masters, continued their occupation unchallenged. But we have to make a realistic approach to the problem. Whenever there is genuine necessity it has to be conceded. Land must be settled in the name of the really indigent and allotted to them. Eviction comes when a decision is arrived at that that piece of land is absolutely necessary in the common interest. Of course, common interest cannot be sacrificed for individual interest. My hon. Friend Mr. Tampi himself will concede that.

Shri R. Sankaranarayanan Tampi: I am not opposing eviction.

Shri P. S. Nataraja Pillai: That is the position, Sir. When public necessity becomes imperative the law will be set in motion.

Shri R. Sankaranarayanan Tampi: Is it by decolonising that you are bringing into operation the principles of colonisation ?

Shri P. S. Nataraja Pillai: I never said that. I did not mean that eviction will have to be resorted to at one stage and colonisation brought into effect at the next stage. But what I said was that both go side by side. Moreover, I may, on behalf of the Treasury Benches say, Sir, that it is their hope that every homeless indigent will be able to get a piece of land to call his own and also enjoy the privilege of owning a house of his own. Whether it is going to be a pious hope because of my friends' hurry in the matter, I do not know. But it is the earnest trust and hope of the Government that with the kind sympathy, co-operation and good-will of all in this House, this desirable state of affairs would become practicable in the near future.

[Shri P. S. Nataraja Pillai]

Another argument advanced against this Demand was that this was a new approach for currying cheap popularity. Can Government, Sir, gain cheap popularity by putting into operation the Revenue Recovery Act against a large number of people? Also, can eviction of a large number of people from the land gain cheap popularity? If we like to have cheap popularity, we will have to adopt measures that will be least irksome to people who have made encroachments upon forest lands in large numbers.

The next question is about the Oodukoor settlement. But this question did not attract universal attention because it is confined to only three or four taluks of the State. The work of settlement was started in 1112, and when we came to office, we found one-third of the work was completed and two-third was pending. Steps were taken to expedite the work. Reports were called for by Government. It was found from the report that the work could be completed within the next 12 months with some more staff. On that specific understanding and with particular instructions on the matter, additional staff has been granted for that work. I don't want to go into the merits of the settlement. In any case, it is a fruitful source of litigation in the country.

Sir, in the Land Revenue demands we have made provisions for three main items *viz.*, for the recovery of dues which are in arrears, for survey and resettlement, demarcation and assignment under these principles, of all Government lands that are now encroached upon and other lands as well, and then about the settlement of Oodukoor lands.

<u>ശ്രീ കെ. എം. ജാർജ്ജ്</u>: കൊച്ചിയിലെ ഊട്ടുപൊള്ളി ലാൻഡു സംബന്ധിച്ച് എന്താണു ചെയ്യാൻ പോകുന്നത്?

<u>ശ്രീ. പി. എസ്. നടരാജപിള്ള</u>: രാമമംഗലം പകുതിയിൽ കൊച്ചി സർക്കാരിന്റെ വക കുറെ ഭൂമിയുണ്ട്. അതുപോലെയുള്ള ഭൂമികളെ സംബന്ധിച്ചും വേണ്ട നടപടികൾ എടുക്കുന്നുണ്ട്.

But I have not taken them as a separate item at all. These are the three items for which I have come before you.

Shri M. P. Menon: When do you expect to complete this process of resumption? That is, the completion of the work of assigning the land belonging to the Government?

Shri P. S. Nataraja Pillai: As far as the completion of the arrears is concerned, this is a matter which can be decided only by the progress of work that has been done. We have called for quarterly reports. Before the next Budget comes up we would be in a position to know the exact amount of the arrears that are pending and the amount that is collected. We would then be able to know the return we are getting for the investment we make etc.

As far as the Settlement scheme is concerned, the present orders are that it should be completed in the two taluks of Devikulam and Pathanamthitta before the end of this year. As for the Oodukoor settlement, it is to be completed this year. Sir, we have taken pains to see that we are not making any addition to the permanent services of the State.

There was a remark made by some hon. Member here about the propriety of a minority party in charge of the Government doing all this. Whatever may be the constitutional propriety of that remark, our position is that we do not want to commit the country any way. We thought that the demand for this item is satisfied by this proposition. We are making a provision for this year also. To that extent I am asking for this grant and I think I have explained my position.

Then, there is the procedural objection raised by my hon. friend Shri Velayudhan Nair whether I am entitled to move a supplementary grant after the Appropriation Bill is over. I think the procedure adopted is quite right and proper.

Shri R. Sankaranarayanan Tampi: Sir, a point of order. The hon. Member Shri Kalathil Velayudhan Nair has raised a point of order. Should the Minister reply? Is it not for the Speaker to pass a ruling upon that point?

Shri P. S. Nataraja Pillai: If my hon. friend is so desirous that I should not answer Mr. Velayudhan Nair, I shall not do so. I thank him.

Shri Kalathil Velayudhan Nair: It is not like that. If the Minister should not answer, how can Mr. Tampi answer? Do not take shelter under Mr. Tampi's answer.

Mr. Speaker: That is left to the Minister concerned. He can choose to answer or not to answer.

ശ്രീ. ടി. സി. സീതാരാമൻ: പുറമ്പോക്കുകളെ സംബന്ധിച്ച് സർവെ ചെയ്യുന്നതോടുകൂടി ഇവിടെ ആരെയുമുള്ള ഭൂമികളെ സംബന്ധിച്ച് എന്തെങ്കിലും കണക്കെടുക്കുവാൻ വിചാരിക്കുന്നുണ്ടോ ?

ശ്രീ. പി. എസ്. നടരാജപിള്ള: ഇതും വേണ്ടതാണ്. പക്ഷെ അത് വേറൊരു പ്രശ്നമാണ്.

The question that a supplementary sum not exceeding Rs. 1,89,500 be granted under Demand II-7 Land Revenue was put and carried.

The grant was made.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, ഒരു പായിന്റ് ഓഫ് ഓർഡർ. ഞാൻ കഴിഞ്ഞ ഒരു സംഗതിയെപ്പറ്റി ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് ആവശ്യപ്പെടുകയാണ്. ഈ ഹൗസിൽ നിയോജകമണ്ഡലങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ വന്നിട്ടുണ്ട്. ഇവിടെ കോൺഗ്രസ്സുകാരും ഐക്യമുന്നണിക്കാരും പി. എസ്. പി. ക്കാരും അങ്ങനെ മൂന്നു പാർട്ടിക്കാരുണ്ട്. എന്നാൽ ഞാൻ ഏക

[ശ്രീ. ജോസഫ് ചാഴിക്കാട്ട്]

മാത്രനായ ഒരു സ്വതന്ത്രനാണ്. എനിക്കും മററുള്ളമെംബർമാരെപ്പോലെ തന്നെ ഈ സഭാനടപടികളിൽ പങ്കെടുക്കുവാനും അഭിപ്രായം പറയുവാനും അവകാശമുണ്ടെന്നു കണ്ടിട്ട് ബഡ്ജററിനെപ്പററി പൊതുവിമർശനം നടന്നുകൊണ്ടിരുന്ന അവസരത്തിൽ ആ മൂന്നുദിവസങ്ങളിലും ഞാൻ സംസാരിക്കുന്നതിനു അനുവാദംചോദിച്ചു. അതു് തന്നില്ല. പിന്നീടുള്ള അവസരങ്ങളിലും മററപാർട്ടിക്കാർക്കു് സമയം വീതിച്ചുകൊടുത്തുപോയതിനാൽ അനുവാദം തരുവാൻ സാദ്ധ്യമല്ലെന്നു് ഒന്നുരണ്ടുപ്രാവശ്യം പറയുകയുണ്ടായി. അപ്പോൾ ഞാൻ പാർലമെൻറിൻെറ ഒരു ലേററസ്ററ ഡിസിഷൻ കൊണ്ടുവന്നുകാണിച്ചു്, എനിക്കു അനുവാദം നിഷേധിക്കുവാൻ പാടില്ലെന്നു പറഞ്ഞു. ഞാനിപ്പോൾ ആ കാര്യം ഒന്നുകൂടി ഓർമ്മപ്പെടുത്തുകയാണു്. എനിക്കും മററമെംബർമാരെപ്പോലെ ഓരോ വിഷയത്തെക്കുറിച്ചു് സംസാരിക്കുന്നതിനു് അവകാശമുണ്ടോയെന്നുള്ളതിനെക്കുറിച്ചു ഒരു റൂളിംഗ് കിട്ടിയാൽകൊള്ളാം.

ശ്രീ. കെ. സി. ജോർജ്ജ്: മെംബർക്കു പാർട്ടി വല്ലതുമുണ്ടോ?

മി. സ്പീക്കർ: ഞാൻ ഇതിനെപ്പററിയുള്ള റൂളിംഗ് നേരത്തെ തന്നെ തന്നിട്ടുണ്ടു്. ഈ സഭയിലുള്ള ഓരോ അംഗവും പ്രസംഗിക്കുവാനുള്ള സമയം ചെയറിനോടു ചോദിച്ചാൽ എല്ലാവർക്കും ഒരുപോലെ കൊടുക്കുവാൻ ഒക്കുകയില്ലെന്നുള്ളതു് ബഹുമാനപ്പെട്ട മെംബർമാർക്കെല്ലാവർക്കും അറിയാവുന്നതാണു്. അതുകൊണ്ടു് പാർലമെൻററി സമ്പ്രദായത്തിൽ, പരിഷ്കൃതലോകംമുഴുവനും അംഗീകരിച്ചിട്ടുള്ള പാർട്ടി സിസ്റ്റത്തിൻെറ അടിസ്ഥാനത്തിൽ പാർട്ടികളുടെ അഭിപ്രായമനുസരിച്ചാണു് സഭാനടപടികൾ മുമ്പോട്ടുകൊണ്ടുപോകുവാൻ ശ്രമിക്കുന്നതു്. ഇതിനെ സംബന്ധിച്ചു ഞാൻ ഉറപ്പിച്ചു് റൂളിംഗ് നൽകിയിട്ടുള്ളതാണു്. സംഘടിതമായ പൊതുജനാഭിപ്രായത്തെ പ്രതിനിധീകരിക്കുന്ന പ്രബലമായ രാഷ്ട്രീയകക്ഷികൾക്കു് കൊടുത്തുകഴിഞ്ഞു്, ബാക്കി വരുന്ന സമയം മാത്രമെ മററുള്ളവർക്കു കൊടുക്കുവാൻ നിർവാഹമുള്ളു എന്ന വസ്തുത വളരെ വ്യക്തമായി ഉറപ്പിച്ചുപറയുന്നു.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: അങ്ങനെയാണെങ്കിൽ സ്പീക്കറിൻെറ റൂളിംഗിനോടുള്ള പ്രതിഷേധസൂചകമായി ഞാൻ ഈ സഭയിൽനിന്നും വാക്കൗട്ട് ചെയ്യുന്നു.

(Shri. Chazhikkattu Joseph walked out)

ശ്രീ. പി. വിശ്വംഭരൻ: സർ, ഒരു പായിൻറ ആഫ് ആർഡർ. റൂളിംഗിൻെറ വെളിച്ചത്തിൽ വേറൊരു പായിൻറ ആഫ് ആർഡർ ഉന്നയിക്കുന്നു. ഗവണ്മെൻറ പാർട്ടിയെന്നും പ്രതിപക്ഷമെന്നുമുള്ള അടിസ്ഥാനത്തിൽ സമയം വീതിക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്. ഏകദേശം 100 പേരോളം ഗവണ്മെൻറിനെ വിമർശിക്കുവാനുള്ളപ്പോൾ 17 പേർക്കു മാത്രമെ മറുപടി പറയുവാൻ സമയംലഭിക്കുന്നുള്ളു. അങ്ങനെ ശരിയായി നോക്കുകയാണെങ്കിൽ പി. എസ്. പി.-ക്കു അതനുസരിച്ചു സമയം ലഭിക്കുന്നില്ല. അതിനാൽ ആളുകളുടെ എണ്ണം അനുസരിച്ചു ആനുപാതികമായി സമയം വീതിക്കാതെ ഗവണ്മെൻറുപാർട്ടിയെന്നും പ്രതിപക്ഷമെന്നുമുള്ള നിലയിൽ സമയം വീതിക്കേണ്ടതാണു്,

മി. സ്പീക്കർ : ചെയറിനു ഇതിനെസംബന്ധിച്ചു പ്രത്യേകം അഭിപ്രായമൊന്നുമില്ല. പാർട്ടിനേതാക്കൾ പറയുന്നതുപോലെ ചെയ്യാൻ തയ്യാറാണ്.

DEMAND III—8 STATE EXCISE DUTIES.

(*Minister for Finance*) **Shri P. S. Nataraja Pillai :** Sir, I move for a supplementary grant of Rs. 58,500 under Demand III—8. State Excise Duties.

Shri A. Achuthan : Isecond it.

ശ്രീ. എൻ. ജി. ചാക്കോ : സർ, ഇതിൽ പറയുന്നത് ഇങ്ങനെയാണ്.

"Government have sanctioned a special staff for the strict enforcement of Prohibition and suppression of malpractices both in the wet and dry areas of the State."

സർ, ഈ സഭയിൽ ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന സപ്ലിമെൻററി ഡിമാൻറിനെ ഞാൻ ഹാർദ്ദമായി പിൻതാങ്ങുന്നു. മദ്യനിരോധനമെന്നുള്ളത് കാൺഗ്രസ്സിൻെറ മുഖ്യമായ പരിപാടിയിൽപ്പെട്ടതാണ്. എൻെറ ഓർമ്മ ശരിയാണെങ്കിൽ 123-ൽ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ശ്രീ. പട്ടംതാണുപിള്ള അവർകൾ മുഖ്യമന്ത്രിയായി ചാർജ്ജെടുത്തതിനുശേഷം ഒരു പത്രപ്രതിനിധി ഒരു കാര്യം ചോദിച്ചതിനു അദ്ദേഹം പറഞ്ഞ മറുപടിയാണ് എൻെറ മനസ്സിൽ ഇപ്പോൾ വരുന്നത്. ഈ സംസ്ഥാനത്ത് മദ്യനിരോധനം ഏർപ്പെടുത്തുമെന്ന് അദ്ദേഹം പ്രസ്താവിച്ചപ്പോൾ ആ പത്രപ്രതിനിധി ചോദിച്ചു, അതുമൂലം രാജ്യത്തിനുണ്ടാകുന്ന നഷ്ടത്തെ എങ്ങനെ പരിഹരിക്കാൻ സാധിക്കുമെന്ന്. അദ്ദേഹം മറുപടി പറഞ്ഞത് മദ്യംവിററ് പണമുണ്ടാക്കുന്നതിനെക്കാൾ നല്ലത് അതുണ്ടാക്കാതെ ഇരിക്കുന്നതാണ് എന്നാണ്. അദ്ദേഹം പ്രധാനമന്ത്രിയായിരുന്നപ്പോൾ 6 താലൂക്കുകളിൽ മദ്യവർജ്ജനം ഏർപ്പെടുത്തി. ഇന്ന് 13 താലൂക്കുകളിൽ മദ്യനിരോധനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് എക്സൈസ്മന്ത്രി ഒരു ചോദ്യത്തിനുത്തരമായി പറഞ്ഞു. മദ്യനിരോധനം മററു താലൂക്കുകളിൽ കൂടി വികസിപ്പിക്കുകയെന്നുള്ളതാണ് ഗവണ്മെൻറിൻെറ നയമെന്നു വ്യക്തമായ ഭാഷയിൽ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞിട്ടുണ്ട്. എനിക്ക് ഈ അവസരത്തിൽ പറയുവാനുള്ളത് അങ്ങനെ ഈ മദ്യനിരോധനം വികസിപ്പിക്കുമ്പോൾ പത്തനംതിട്ട താലൂക്കിനെ മറന്നുകളയരുതേയെന്നാണ്. ഇന്ന് പത്തനാപുരം താലൂക്കുവരെ എത്തിയിട്ടുണ്ട്. അതു പത്തനംതിട്ട താലൂക്കിൽക്കൂടി ഏർപ്പെടുത്തേണ്ടതാണ്. മദ്യവർജ്ജനം വർദ്ധിപ്പിക്കാനാണ് ഈ തുക ഇന്നാവശ്യപ്പെട്ടിരിക്കുന്നത്. ഇന്നു മദ്യനിരോധനം ഏർപ്പെടുത്തിയിരിക്കുന്ന പല താലൂക്കുകളിലും മദ്യം ധാരാളം ലഭിക്കുന്നുണ്ട്. അതിനെപ്പററി ശരിയായി അന്വേഷിക്കുന്നതിനും വേണ്ട നടപടിയെടുക്കുന്നതിനും ഗവണ്മെൻറു ശ്രദ്ധിക്കേണ്ടതാണ്. മദ്യനിരോധനം ശരിയായി കൊണ്ടുപോകുന്നതിനു വേണ്ടി ഒരു പ്രത്യേക സ്റ്റാഫിനെ നിയമിക്കുവാൻ പോകുന്നുവെന്ന് ഗവണ്മെൻറു പറഞ്ഞതിൽ ഗവണ്മെൻറിനെ അനുമോദിക്കുന്നു. രാജ്യത്ത് അക്രമങ്ങളും അഴിമതികളും കൂടുതലുണ്ടാകുന്നത് മദ്യംനിമിത്തമാണെന്നാണ് എൻെറ അഭിപ്രായം. അതിനാൽ മദ്യനിരോധനം ഏർപ്പെടുത്തുന്നതിനു വേണ്ടി കൊണ്ടുവന്നി

[ശ്രീ. എൻ. ജി. ചാക്കൊ]

രിക്കുന്ന ഈ ഗ്രാന്റു അനുവദിക്കേണ്ടതാണെന്നാണ് എനിക്കു സഭയോടു അഭ്യർത്ഥിക്കുവാനുള്ളതു്. വ്യാജചാരായങ്ങളും വാററുന്നതും മററും നമ്മുടെ നാട്ടിൽ സാധാരണമാണു്. അതുകൊണ്ടു് ആ കാര്യങ്ങളെല്ലാം അന്വേഷിച്ചു കണ്ടുപിടിക്കുന്നതിനാവശ്യമായ ഒരു സ്റ്റാഫിനെ നിയമിക്കേണ്ടതാണു്.

മദ്യനിരോധനം ഏർപ്പെടുത്തിയിട്ടില്ലാത്ത സ്ഥലങ്ങളിൽ പലയിടത്തും ഉപഷാപ്പുകൾ നടത്തുന്നുണ്ടു്. എന്റെ സ്ഥലമായ പത്തനംതിട്ട താലൂക്കിൽതന്നെയും എന്റെ സ്വന്തം സ്ഥലമായ നാരാങ്ങാനം കരയിലും ഇങ്ങനെയുള്ള ഉപഷാപ്പുകൾ വളരെയുണ്ടു്. പല പരാതികളും ഇതിനെപ്പററി അയച്ചിട്ടും കാര്യമായി ഇതുവരെ ഒന്നും ചെയ്തിട്ടില്ല. അതുകൊണ്ടു് ഇതു തടയുന്നതിനു പ്രത്യേകം ഒരു സ്ക്വാഡിനെ നിയമിക്കേണ്ടതാണു്. കൂടാതെ വ്യാജചാരായവാററും നടക്കുന്നുണ്ടു്. അതെല്ലാം തടയുന്നതിനു വേണ്ടി ഒരു പ്രത്യേക സ്റ്റാഫിനെ നിയമിക്കുന്നതിൽ ഈ ഗവണ്മെന്റു മുൻകൈ എടുത്തുകാണുന്നതിൽ ഞാൻ ഗവണ്മെന്റിനെ അനുമോദിക്കുകയാണു് ചെയ്യുന്നതു്. ഗവണ്മെന്റു ശ്രദ്ധാപൂർവ്വം നോക്കേണ്ട ഒരുകാര്യം കൂടിയുണ്ടു്. മുകളിൽപറഞ്ഞ കാര്യങ്ങൾ നിർവഹിക്കുന്നതിനുവേണ്ടി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്മാർ മദ്യപാനത്തിൽ താല്പര്യമുള്ളവരായിരിക്കാൻപാടില്ല. അക്കാര്യത്തിൽ ഗവണ്മെന്റു പ്രത്യേക ശ്രദ്ധ പതിപ്പിക്കണം. ഈവക ജോലികൾക്കു് നിയമിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ പ്രവൃത്തികളെക്കൂടി സസൂക്ഷ്മം പരിശോധിക്കേണ്ടതാണു്. അല്ലെങ്കിൽ കള്ളനെ കാവലേല്പിക്കുന്നതുപോലെയാകും സംഗതികൾ. ഈവക കാര്യങ്ങളിൽ ഗവണ്മെന്റിന്റെ സത്വരമായ ശ്രദ്ധ പതിപ്പിക്കണമെന്നു പ്രസ്താവിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു. ഈ ഉപധനാഭ്യർത്ഥന സഭ അംഗീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. ടി. ഒ. ബാവാ: 108100 രൂപ മദ്യനിരോധനം കർക്കശമാക്കുന്നതിനുവേണ്ടി ഗവണ്മെന്റു ഈ വർഷത്തിൽ ചെലവുചെയ്യാൻ പോവുകയാണു്. അങ്ങിനെ ഒരു ലക്ഷത്തിൽപരം രൂപ ചിലവു ചെയ്യുന്ന സന്ദർഭത്തിൽ ഈ നാട്ടിലെ മററു ഭാഗങ്ങൾക്കു് ആ തുക പ്രയോജനപ്പെടുന്നുണ്ടോ എന്നാലോചിക്കുന്ന പക്ഷം നിശ്ചയമായും കഷ്ടമായ ഒരു സ്ഥാനത്തു അടങ്ങിനിൽക്കുന്നതല്ലാതെ ഒട്ടുംതന്നെ മററുഭാഗങ്ങൾക്കു് പ്രയോജനപ്പെടുന്നില്ലെന്നു മനസ്സിലാക്കാൻ കഴിയും. ഈ രാജ്യത്തെ ജനങ്ങൾ മദ്യം കുടിക്കരുതെന്നുള്ളതാണു് പി. എസ്സ്. പി. ഗവണ്മെന്റിന്റെ ലക്ഷ്യമെന്നു പ്രഖ്യാപിച്ചിട്ടുണ്ടു്. അതോടുകൂടി മദ്യനിരോധനം കർശനമാക്കുന്നതിനുവേണ്ടി ഭീമമായ ഒരു തുക ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുകയാണു്. എന്നാൽ ഇന്നു് മദ്യനിരോധനം നിലവിലിരിക്കുന്ന താലൂക്കുകളെവിട്ടു് ഒരഞ്ചുസ്ഥലത്തുപോലും മദ്യനിരോധനം ഏർപ്പെടുത്താൻ ഗവണ്മെന്റു സന്നദ്ധത കാണിക്കുന്നില്ല. ഇന്നുള്ള ഉദ്യോഗസ്ഥന്മാരെത്തന്നെ ശരിക്കു് പ്രയോജനപ്പെടുത്തുന്നപക്ഷം ഇന്നുള്ള നിരോധനമേഖലകളിൽ കുറച്ചുകൂടി നിയമം പാലിക്കാൻ സാധിക്കുമെന്നാണു് ഞാൻ പറയുന്നതു്. മദ്യനിരോധനമേഖലകളിൽ ചെന്നുനോക്കിയാൽ പ്രിവന്റീവ് ആഫീസന്മാർ അലസന്മാരായി കഴിഞ്ഞുകൂടുന്നതായി കാണാൻ കഴിയും. അവർ മദ്യനിരോധനനിയമം ലംഘിക്കുന്നതു്

കണ്ടുപിടിക്കാൻ ഉത്സുകരായിട്ടില്ല കണ്ടുവരുന്നതു്. ഇത്ര ഭീമമായ ഒരു തുക ഇക്കാര്യത്തിനുവേണ്ടി വ്യയംചെയ്യുമ്പോൾ ഈ നാട്ടിലെ കുറെ അധികം ആളുകൾക്കുകൂടി പ്രയോജനം ഉണ്ടാകാത്തക്കവിധത്തിൽ ഇതിന്റെ വ്യാപ്തി വർദ്ധിപ്പിക്കേണ്ടതാണെന്നുള്ള അഭിപ്രായമാണു് എനിക്കുള്ളതു്. ഗവണ്മെന്റ ഈ വർഷം അങ്ങിനെ വ്യാപ്തി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടില്ലെങ്കിൽ അടുത്ത വർഷത്തിലെങ്കിലും കൊടുങ്ങല്ലൂർതാലൂക്കിനു് അടുത്തുകിടക്കുന്ന പറവൂർ കുന്നത്തുനാട്ടു താലൂക്കുകൾ മദ്യനിരോധനമേഖലയായി പ്രഖ്യാപിക്കണമെന്നു് ഞാനപേക്ഷിക്കുന്നു. എവിടെ നോക്കിയാലും പാവപ്പെട്ട തൊഴിലാളികളെ അക്രമങ്ങൾക്കും മററും പ്രേരിപ്പിക്കുന്ന ഒരു വിഷമാണു് ഈ മദ്യമെന്നു് കാണാൻ കഴിയും. ഈ മദ്യവിൽപ്പനയുള്ള പ്രദേശങ്ങളിലാണു് കൂടുതലായി അക്രമങ്ങളും മററും നടന്നുകൊണ്ടിരിക്കുന്നതു്. ഇവിടെ മദ്യനിരോധനത്തിനെ എതിർത്തുകൊണ്ടിരിക്കുന്ന എന്റെ സുഹൃത്തുക്കളുടെ ഉദ്ദേശവും അതുതന്നെയാണെന്നു ഞാൻ വിചാരിക്കുന്നു. പാവപ്പെട്ട തൊഴിലാളികളെ കുടിപ്പിച്ചു് സ്വബോധം നശിപ്പിച്ചെങ്കിൽമാത്രമേ തങ്ങളുടെ പിന്നിൽ അവർ പററിനിൽക്കുകയുള്ളു എന്നു വിചാരിച്ചാണു് തിരുവിതാംകൂർ-കൊച്ചി മുഴുവൻതന്നെ 'മദ്യനിരോധം പാടില്ല എന്നു അവർ വാദിക്കുന്നതു്. ഏതായാലും ഭീമമായ ഒരു തുക ഇതിലേക്കുവേണ്ടി മാററിവയ്ക്കുമ്പോൾ അതു നാട്ടിലെ കുറെ ആളുകൾക്കുകൂടി പ്രയോജനപ്പെടത്തക്കവിധത്തിൽ കൊല്ലംതോറും ഇതിന്റെ വ്യാപ്തി വർദ്ധിപ്പിക്കണമെന്നു് ഞാൻ ഗവണ്മെന്റിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: തികച്ചും പരാജയപ്പെട്ടുകഴിഞ്ഞതും യാതൊരു ശാസ്ത്രീയ അടിസ്ഥാനമില്ലാത്തതും ഏതാനും ചിലരുടെ ധാരണയ്ക്കും വിശ്വാസത്തിനുംവേണ്ടി നിലകൊള്ളുന്നതുമായ ഒരു പദ്ധതി നടപ്പിലാക്കാൻവേണ്ടി, കള്ളുകുടി നിറുത്തലാക്കാൻവേണ്ടി കൊണ്ടുവന്നിരിക്കുന്ന ഈ സപ്ലിമെന്ററി ഗ്രാന്റിനെ എതിർക്കാതിരിക്കാൻ യാതൊരു നിർവ്വാഹവുമില്ല. ഈ മദ്യനിരോധനം നടപ്പിലാക്കിയ മേഖലകളിൽ അതുകൊണ്ടുണ്ടായ നേട്ടങ്ങളെ സംബന്ധിച്ചു് ചില ബഹുമാനപ്പെട്ട മെമ്പറന്മാർ പറഞ്ഞതു ഞാനും കേട്ടു. എന്തു വസ്തുതകളെ അടിസ്ഥാനമാക്കിക്കൊണ്ടാണു് അവർ അങ്ങിനെ പറഞ്ഞതെന്നു എനിക്കു് മനസ്സിലാകുന്നില്ല. മദ്യനിരോധനം ഏർപ്പെടുത്തിയ മേഖലകളിൽ ഉണ്ടായിട്ടുള്ള ക്രിമിനൽകേസുകളുടെ നമ്പരും ആ സ്ഥലങ്ങളിൽതന്നെ നിരോധനം ഏർപ്പെടുത്തുന്നതിനു മുമ്പുണ്ടായിരുന്ന കേസുകളുടെ നമ്പരും കണക്കാക്കിയിട്ടാണു് ഇവർ പറഞ്ഞിരുന്നതെങ്കിൽ എനിക്കു് അതു് മനസ്സിലാക്കാൻകഴിയുമായിരുന്നു. അതുപോലെതന്നെ മദ്യനിരോധനം ഏർപ്പെടുത്തിയ മേഖലകളിലെ സാംസ്കാരികമുന്നേററത്തിന്റെ വസ്തുതകൾ ശേഖരിച്ചു് അതിന്റെ വെളിച്ചത്തിൽ മെമ്പറന്മാർ സംസാരിച്ചിരുന്നെങ്കിൽ അതും എനിക്കു് മനസ്സിലാക്കാൻ കഴിയുമായിരുന്നു. ഇന്നു ലക്ഷക്കണക്കിനു രൂപ മദ്യനിരോധനം നടപ്പിലാക്കാൻവേണ്ടി ചെലവുചെയ്യാൻ തയ്യാറാകുമ്പോൾ എത്രയോ കുടുംബങ്ങളെ പട്ടിണിയിലേക്കു് തള്ളിവിട്ടുകൊണ്ടാണു് രാജ്യം മുന്നോട്ടുനീങ്ങുന്നതു്. കുറെ ആളുകളെ യാതൊരു തൊഴിലുമില്ലാത്തവരാക്കിവിട്ടുകൊണ്ടാണു് കുറെ ആളുകൾക്കുവേണ്ടി മദ്യനിരോധനം നടപ്പിലാക്കുന്നതു്. ഇവിടെ ചില ഭാഗങ്ങളിൽ മദ്യനിരോധനം നടപ്പാക്കിയിട്ടുണ്ടു്. മദ്യനിരോധനമേഖലയായ നില

[ശ്രീ. പി. കെ. കുഞ്ഞച്ചൻ]

മേൽ നാട്ടിയിരിക്കുന്ന ബോർഡിൽ പററിനിന്നുകൊണ്ടു് വടക്കോട്ടു തിരിഞ്ഞുനിന്നു കുടിച്ചാൽ അതു കുററമല്ല. അതേയവസരത്തിൽ തെക്കോട്ടു തിരിഞ്ഞുനിന്നു കുടിച്ചാൽ കുററവുമാണു്. അതുപോലെതന്നെ ഈ തിരുവനന്തപുരം പട്ടണത്തിൽ ചാലയിലും പഴവങ്ങാടിയിലും ഇന്നും മദ്യം കിട്ടും. അങ്ങിനെ തികച്ചും പരാജയപ്പെട്ടിട്ടുള്ള ഒരു പദ്ധതിക്കുവേണ്ടി കൂടുതൽ കൂടുതൽ പണം നമ്മുടെ ഖജനാവിൽനിന്നും ചെലവാക്കാൻ പാടില്ലെന്നാണു് എനിക്കു് പറയുവാനുള്ളതു്.

മദ്യനിരോധനത്തിന്റെ നേട്ടങ്ങളെ സംബന്ധിച്ചു പറയുമ്പോൾ മദ്രാസ് അസംബ്ലി പാസാക്കിയ ഒരു പ്രമേയമാണു് എന്റെ ഓർമ്മയിൽ വരുന്നതു്. അവിടത്തെ മദ്യനിരോധനം പൊളിഞ്ഞു കഴിഞ്ഞുവെന്നു മനസ്സിലാക്കി അതു നിറുത്തിവയ്ക്കണമെന്നും തുടരാൻ പാടില്ലെന്നും ഒരു പ്രമേയം അസംബ്ലി പാസാക്കിയിരിക്കുന്നു. ഇന്നു ഈ രാജ്യങ്ങളോളം ഇത്രത്തോളം ആയിരക്കണക്കിനു തൊഴിലാളികൾ തൊഴിലില്ലാത്തവരായി തീർന്നിട്ടുണ്ടു്. ആ നിലയ്ക്കു് ഇനിയും അനേകം തൊഴിലാളികളെ തൊഴിലില്ലാതാക്കിക്കൊണ്ടുള്ള ഒരു പരിഷ്കാരം ഇവിടെ തുടർന്നുകൊണ്ടുപോകേണ്ടതു ആവശ്യമാണോ അല്ലയോ എന്നുള്ളതു് നാം ഗൗരവമായി ആലോചിക്കേണ്ടതാണു്. ഈ മദ്യനിരോധനം തുടർന്നുകൊണ്ടുപോകുന്നതു ബുദ്ധിപൂർവ്വകമല്ലെന്നാണു് ഞാൻ പറയുന്നതു്.

ഏതു മദ്യത്തിൽനിന്നാണു് ഏററവും കൂടുതൽ കുഴപ്പങ്ങളും തകരാറുകളും ഉണ്ടാകുന്നതെന്നും നാം അറിയേണ്ടതുണ്ടു്. വിദേശങ്ങളിൽനിന്നും വരുന്ന ലിക്കേഴ്സാണു് കൂടുതൽ കുഴപ്പങ്ങൾ ഉണ്ടാക്കുന്നതു്. അതിനു ഡ്യൂട്ടി കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിൽ അതു മനസ്സിലാക്കാൻ കഴിയുമായിരുന്നു. എന്നാൽ ഡാക്ടർമാർപോലും പറഞ്ഞിട്ടുള്ള ആൾക്കഹോൾകണ്ടൻസ് ഇല്ലാത്ത മദ്യമാണു് ഇവിടെ നിരോധിക്കുന്നതു്. ഈ നിരോധനം തുടരാൻ പാടില്ലെന്നും അതുകൊണ്ടു് ഈ സപ്ലിമെൻററി ഡിമാൻറു അനുവദിക്കാൻ പാടില്ലെന്നും പ്രസ്താവിച്ചുകൊള്ളുന്നു.

ശ്രീ. എൻ. പരമേശ്വരൻപിള്ള: സാധാരണക്കാരെ കള്ളുകുടിപ്പിച്ചേ അടങ്ങൂ എന്നു ശാഠ്യംപിടിക്കുന്ന ഒരുവിഭാഗക്കാരുടെ അഭിപ്രായത്തെ ലംഘിച്ചു് മുന്നോട്ടുപോകുന്നതിനു തന്റേടമുള്ള ഒരു ഗവണ്മെൻറു് രാജ്യരക്ഷയ്ക്കു് അത്യാവശ്യമായിചെയ്യേണ്ട ഒരു കാര്യമാണു് മദ്യനിരോധനം. മദ്യനിരോധനത്തിനെ സംബന്ധിച്ചിടത്തോളം യാതൊരാക്ഷേപവും പുറപ്പെടുവിക്കാനില്ലെന്നുള്ള കാര്യം എല്ലാവരാലും സമ്മതിച്ചിരിക്കേ, ആ മദ്യനിരോധനനിയമം ശരിയായി നടത്തുന്നില്ലെന്നും ചിലപ്പോൾ ചിലർ അതു ലംഘിക്കുന്നുണ്ടെന്നുമുള്ള കാരണത്താൽ അതു മാററിവയ്ക്കണമെന്നു് അഭിപ്രായപ്പെടുന്നതു് കേവലം ബാലിശമാണെന്നേ കരുതാൻ നിവൃത്തിയുള്ളു.

ഭൂമി എടുക്കുമ്പോൾ കാമ്പൻസേഷൻ കൊടുക്കേണ്ടെന്നു് മഹാത്മജി പറഞ്ഞിട്ടുണ്ടെന്നു പ്രമാണങ്ങൾ ഉദ്ധരിക്കുന്ന ആളുകൾ മദ്യനിരോധനത്തെ സംബന്ധിച്ചിടത്തോളം മഹാത്മജിക്കുള്ള അഭിപ്രായം എന്തായിരുന്നുവെന്നു് ആരാഞ്ഞിട്ടില്ലെന്നു കാണുന്നതു് വളരെ കഷ്ടമാണു്. മററു ചില രാജ്യങ്ങളിൽ മദ്യനിരോധനം പരാജയപ്പെട്ടുകഴിഞ്ഞിട്ടുണ്ടെങ്കിൽ

തന്നെയും അവിടങ്ങളിൽ പരാജയപ്പെട്ടിട്ടുള്ള പല പരീക്ഷണങ്ങളും വിജയകരമായി പര്യവസാനിപ്പിച്ചിട്ടുള്ള ഒരു മഹാരാജ്യമാണു് നമ്മുടെ രാജ്യമെന്നു് നാം വിസ്മരിക്കരുതു്. അങ്ങനെ മദ്യനിരോധനത്തെ സംബന്ധിച്ചിടത്തോളം അതു നമ്മുടെ സാധാരണ ജനങ്ങളുടെ ജീവിതത്തെ ഉയർത്തുന്നതിനും അവരെ ശരിയായ മാർഗ്ഗങ്ങളിൽക്കൂടി കൊണ്ടുപോകുന്നതിനും ആവശ്യമായ ഒരു നടപടിയാണെന്നു് നമുക്കു ബോദ്ധ്യമുള്ളസ്ഥിതിക്കു് അതിനു തടസ്സമുണ്ടാക്കാൻ ശ്രമിക്കുന്നതു ഒരിക്കലും ശരിയല്ല. ഒരു വലിയ അണകെട്ടുമ്പോൾ അതിനു് അൽപ്പം ചില ലീക്കേജുകളുണ്ടെന്നുള്ള കാരണത്താൽ അതു മുഴുവൻ പൊളിച്ചുകളയണമെന്നു വാദിക്കുന്നതുപോലെയാണു്, ചില്ലറ തകരാറുകൾ ഈ മദ്യനിരോധനവിഷയത്തിൽ ഉണ്ടാകുന്നുണ്ടെന്നുള്ളതുകൊണ്ടു് അതു വേണ്ടെന്നുവയ്ക്കണമെന്നു പറയുന്നതു്. ഇവിടെ സപ്ലിമെന്ററിയായി തുക ആവശ്യപ്പെടുന്നതു് മദ്യനിരോധനനിയമം കർശനമാക്കുന്നതിനാണു്. എന്നാൽ അതിലേക്കു് ഏതാനും ഉദ്യോഗസ്ഥന്മാരെ മാത്രം കൂടുതലായി സൃഷ്ടിച്ചാൽമതിയോ എന്നു നാം ആലോചിക്കണം. മദ്യനിരോധനമേഖലകളിൽ കുറെ ഉദ്യോഗസ്ഥന്മാരുണ്ടു്. അവർ കാര്യക്ഷമമായി ജോലി നിർവ്വഹിക്കുന്നപക്ഷം മദ്യനിരോധനം ശരിയായി നടക്കാൻകഴിയും. പക്ഷെ ഉദ്യോഗസ്ഥന്മാരുടെ സംഖ്യ വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പ്രവണത പലകാര്യങ്ങളിലും പി. എസ്സ്. പി. ഗവണ്മെന്റ കാണിക്കുന്നുണ്ടു്. ഉദ്യോഗസ്ഥന്മാരുടെ എണ്ണം വർദ്ധിപ്പിച്ചതുകൊണ്ടുമാത്രം കാര്യങ്ങൾ ശരിക്കു മുന്നോട്ടുപോകുമെന്നു് എനിക്കു് അഭിപ്രായമില്ല. മദ്യനിരോധനമേഖല വികസിപ്പിക്കുന്നതിനുള്ള ഒരു ശ്രമം ചെയ്തിരുന്നെങ്കിൽ വേണ്ടുകില്ലായിരുന്നു എന്നാണു് ഞാൻ പറയുന്നതു്. ഇവിടെനിന്നും വടക്കോട്ടുപോകുമ്പോൾ ഇടയ്ക്കു ചില സ്ഥലത്തു ബസ്സുകളിൽ മദ്യനിരോധന ഉദ്യോഗസ്ഥന്മാർ പരിശോധിക്കുന്നതുകാണാം. അവിടെ കുറച്ചുസ്ഥലത്തു കുടിച്ചുകൂടാ, അല്പംകൂടി പോയാൽ അവിടെ കുടിക്കാം. ഈമാതിരി സ്ഥലങ്ങൾകൂടി മദ്യനിരോധനമേഖലയിൽ ഉൾപ്പെടുത്തുന്നതിനു് ഈ സപ്ലിമെന്ററിഗ്രാന്റു് ഉപയോഗിച്ചിരുന്നെങ്കിൽ അതു കുറേക്കൂടി നന്നാകുമായിരുന്നില്ലേ എന്നു ആലോചിക്കേണ്ടതുണ്ടു്. പണ്ഡിറ്റ നെഹ്റുവിന്റെയും, ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെയും ഈ വിഷയത്തിലുള്ള അഭിപ്രായങ്ങൾ ഇവിടെ പലപ്പോഴും ദുർവ്യാഖ്യാനംചെയ്തുകാണുന്നുണ്ടു്. പണ്ഡിറ്റനെഹ്റുവിന്റേയും എ. ഐ. സി. സി.യുടെയും അഭിപ്രായം എന്താണെന്നുള്ളതു് വളരെ വ്യക്തമാക്കിയിട്ടുണ്ടു്. മനുഷ്യനെ നന്നാക്കുന്നതിനുള്ള ഏതു കാര്യത്തെയും എതിർക്കുന്ന ഒരുവിഭാഗം ആളുകൾ ഇങ്ങനെ ചില പഴുതുകൾ കണ്ടുപിടിക്കുന്നതിൽ വലിയ വില കല്പിക്കേണ്ടതില്ല. സ്കൂളുകളുടേയും കോളേജുകളുടെയും വാതുക്കൽ കള്ളുഷാപ്പുകൾ നടത്തുന്നതായിക്കാണാം. അതു മാറ്റുന്നതിനു് എന്തെങ്കിലും ഏർപ്പാടു ചെയ്യേണ്ടതാണു്.

രാജ്യവ്യാപകമായി മദ്യനിരോധനം നടപ്പിലാക്കുന്നതിനുള്ള പരിപാടി ആസൂത്രണംചെയ്യുന്നതിനു് ഗവണ്മെന്റ തയ്യാറാകണം. ഈ വിഷയത്തിൽ പൊതുജനങ്ങളുടെ അഭിപ്രായം രൂപീകരിക്കുന്ന ചില അനൌദ്യോഗസ്ഥസംഘടനകൾ പ്രവർത്തിക്കുന്നുണ്ടു്. അങ്ങിനെയുള്ള സംഘടനകൾക്കു് വേണ്ട പ്രോത്സാഹനം നൽകേണ്ടതാണു്. പൊതുജനാരോഗ്യവകുപ്പിൽനിന്നും പബ്ലിക്‌റിലേഷൻസ് വകുപ്പുമൊന്തിരവും പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിനുള്ള നടപടികളും നടത്തേണ്ടതാണു്.

[ശ്രീ. എൻ. പരമേശ്വരൻപിള്ള]

ഇവക്ക് കാര്യങ്ങൾക്കുവേണ്ടി ഈ സപ്ലിമെൻററി ഗ്രാൻറ ഉപയോഗിച്ചിരുന്നെങ്കിൽ അതു കുറേക്കൂടി ഉപയോഗപ്രദമാകുമായിരുന്നു എന്നു തോന്നുന്നു. ഇപ്പോൾ കുറെ ഉദ്യോഗങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഈ രാജ്യത്തെ തൊഴിലില്ലായ്മ ഇല്ലാതാക്കണമെന്നുകരുതിയായിരിക്കും ഇങ്ങനെ പുതിയ ഉദ്യോഗങ്ങൾ സൃഷ്ടിക്കുന്നതെന്നു തോന്നിപ്പോകുന്നു. ഉദ്യോഗസൃഷ്ടികൊണ്ടുമാത്രം പ്രശ്നത്തെ സാരമായി സ്പർശിക്കുന്നതിന് സാധിക്കുകയില്ലെന്ന് ഗവണ്മെൻറ് ഓർമ്മിക്കേണ്ടതാണ്. തിരുവനന്തപുരത്ത് ചാലയിലും പഴവങ്ങാടിയിലും മദ്യം വിൽക്കുന്നുണ്ടെന്നു ഒരു മെമ്പർ ഇവിടെ പറയുകയുണ്ടായി. എന്നാൽ തിരുവനന്തപുരത്തു മദ്യനിരോധനം ഏർപ്പെടുത്തിയതുകൊണ്ട് അത്രയും സുഗമതയായി നടക്കാൻ കഴിയുമെന്ന് ഏകദേശമുള്ളവർക്ക് മനസ്സിലാക്കാൻ കഴിയും. 'ഈ മദ്യനിരോധനം എല്ലാ ദിക്കിലും തുടങ്ങിയിരുന്നെങ്കിൽ' എന്നു ഞാൻ ആഗ്രഹിക്കുകയാണ്. ഇങ്ങനെ മനുഷ്യരെ മനുഷ്യരാക്കുന്ന ഗവണ്മെൻറിന്റെ ഉദ്യമത്തെ നമ്മുടെ സംസ്കാരത്തിനനുഗുണമായി ഈ രാജ്യത്താകമാനം ഏർപ്പെടുത്തണമെന്നുള്ളതാണ് ഗവണ്മെൻറിന്റെ ഉദ്ദേശമെന്നറിയുന്നതിലും സന്തോഷമുണ്ട്. ആന്ധ്രയിൽ മദ്യനിരോധനം നിർത്തലാക്കണമെന്ന് ഒരു റെസൊല്യൂഷൻ പാസ്സാക്കിയതായി ഇവിടെ പറയുന്നതു കേൾക്കയുണ്ടായി. എന്നാൽ അതിനെ കാൺഗ്രസ്സുപാർട്ടി എതിർക്കുകയാണു ചെയ്തിട്ടുള്ളത്. അവിടെ മദ്യനിരോധനം ആകാം എന്നുള്ളതിന് ഒരു സൂചനപോലും ഉണ്ടായിട്ടില്ല. ഈ മദ്യനിരോധനത്തിന് എതിരായിട്ട് കാൺഗ്രസ്സിലുള്ളവർതന്നെയുണ്ടെന്നു പറയുന്നതും ശരിയല്ല. ഇത്രയും കാര്യങ്ങൾ പറഞ്ഞുകൊണ്ട് ഞാൻ തൽക്കാലം അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ സി. സി. അയ്യപ്പൻ: ഈ സപ്ലിമെൻററി ഗ്രാൻറിനെ ഞാൻ സർവ്വശക്തിയുമുപയോഗിച്ച് എതിർക്കുകയാണ്. സർ, ഇതിനെ എതിർക്കുമ്പോൾ എനിക്ക് അഭ്യർത്ഥിക്കുവാനുള്ളതു് ഈവക കാര്യങ്ങൾ കുറച്ചുകൂടി വ്യക്തമായി ശാസ്ത്രീയമായ വീക്ഷണത്തിൽകൂടി കാണണം എന്നുള്ളതാണ്. സർ, ഇവിടെ ഒരു പാർട്ടി സാധാരണക്കാരെ കള്ളുകുടി നിർത്തിച്ച് നന്നാക്കുന്നതിനായി മദ്യനിരോധനവും മററും നടപ്പിലാക്കി ഇത്രയും ഭരിച്ചതു് നാം കണ്ടുകഴിഞ്ഞു. ആ ഭരണംകൊണ്ടുണ്ടായ അനുഭവം എന്താണെന്നും നാം കണ്ടുകഴിഞ്ഞു. മദ്യനിരോധനം ഇവിടെ അവർ ഏർപ്പെടുത്തി ഇത്രയുംകാലം ഭരണം നടത്തിയിട്ടും അതു് ഒരു വമ്പിച്ച പരാജയമാണെന്ന് നമുക്കനുഭവപ്പെട്ടുകഴിഞ്ഞു.

സർ, മദ്യനിരോധനം നമ്മുടെ രാജ്യത്തു മാത്രമല്ല ഈ ലോകത്തു് എവിടെയും പരാജയപ്പെട്ടു. 1916-ൽ റഷ്യയിൽ മദ്യനിരോധനം ഏർപ്പെടുത്തിയതു് പരാജയപ്പെട്ടു. അമേരിക്കയിൽ അതു പരാജയപ്പെട്ടു. ഏതെല്ലാം സ്ഥലത്തു് മദ്യനിരോധനം ഏർപ്പെടുത്തിയോ അവിടെയെല്ലാം പരാജയപ്പെട്ടു. എന്താണ് സർ, അതിനു കാരണം. അതിനു വ്യക്തമായിട്ടുള്ള കാരണങ്ങൾ ഉണ്ട്. ശരിയായിട്ടുള്ള അടിസ്ഥാനമുണ്ട്. വ്യക്തമായ പരിപാടികൾ ഒന്നുമില്ലാതെ വെറും ആദർശത്തിന്റെ പേരിൽ മാത്രം നടത്തിയാൽ അതു പരാജയപ്പെടും. മദ്യം കുടിക്കണമെന്ന് മനുഷ്യൻ ആഗ്രഹിക്കുന്നു. എന്തുകൊണ്ടെന്നാൽ അവൻ [illegible]

മായതും ദുരിതപൂർണ്ണമായതുമായ ഒരു ജീവിതമാണു് നയിച്ചുവരുന്നതു്. അങ്ങനെയുള്ള അവന്റെ ജീവിതത്തിനു് ഒരു ആശ്വാസം കിട്ടാൻ അതിൽനിന്നും ഒരു അര നിമിഷനേരമെങ്കിലും അവനു് മറവി കിട്ടണം എന്നുള്ള ആഗ്രഹത്തോടുകൂടി മനുഷ്യൻ കുടിക്കുവാൻ പ്രേരിതനാകുന്നു.

ശ്രീ. എ. താണുപിള്ള: റഷ്യയിൽ ഇപ്പോൾ കുടിയുണ്ടോ?

ശ്രീ. സി. സി. അയ്യപ്പൻ: ഞാൻ പറയാം. അതുകൊണ്ടാണു് മനുഷ്യനു് കുടിക്കണമെന്നുള്ള ആഗ്രഹമുണ്ടാകുന്നതു്.

ശ്രീ. കെ. കൊച്ചുകുട്ടൻ: അതാണോ അതു ശാസ്ത്രീയമാക്കണം എന്നു പറയുന്നതു്.

ശ്രീ. സി. സി. അയ്യപ്പൻ: അതേ, അതുകൊണ്ടു മദ്യം കുടിക്കാൻ പാടില്ല, പ്രോഹിബിഷൻ ആവശ്യമാണു് എന്നെല്ലാം നാം പറയുന്നതിനുമുമ്പുതന്നെ സാധാരണക്കാരായ നമ്മുടെ നാട്ടിലെ ഭൂരിപക്ഷം ജനങ്ങൾക്കും ജീവിക്കാനുള്ള അതായതു് സുഖമായി ജീവിക്കാനുള്ള പരിതഃസ്ഥിതി ഉണ്ടാക്കിക്കൊടുക്കണം. ഇന്നു തൊഴിലാളികൾക്കു് വേലയില്ല, കൂലിയില്ല. ഉള്ള ജോലിക്കുതന്നെ കൂലി വെട്ടിക്കുറയ്ക്കുന്നു. ഇങ്ങനെ അവർ അവശത അനുഭവിക്കുമ്പോൾ അതിനുടെ നേരെ കണ്ണടച്ചുകൊണ്ടു് പ്രോഹിബിഷൻ ഏർപ്പെടുത്തി ഇത്ര നിർബന്ധം ചെലുത്തുകയാണെങ്കിൽതന്നെയും അതു വിജയിക്കുകയില്ല സർ.

ഒരു പ്രമുഖ ഗ്രന്ഥകാരനായ 'ഡൈസൺ കാർടൺ' എഴുതിയിട്ടുള്ള 'സിൻ ആൻഡ് സയൻസ്'' എന്ന പുസ്തകത്തിൽ പറഞ്ഞിട്ടുള്ളതു് ഞാൻ വായിക്കാം. സർ, അതിൽ പറയുന്ന പേജ് 140

> "More people drink because they are miserable than are made miserable because they drink. People drink because they are miserable, their lives are wretched, unsatisfied. It is useless to preach, or to teach or force abstinence without first creating for the vast majority the condition of life in which addiction to liquor is unnecessary."

സർ, അതിൽനിന്നും നമുക്കു് വ്യക്തമാകുന്നതു് ഈ സ്ഥിതിക്കു് നാട്ടുകാർക്കു് സുലഭമായി ജീവിക്കാൻ ഉള്ള പരിതഃസ്ഥിതി ഉണ്ടാക്കിക്കൊടുക്കുന്നെങ്കിലല്ലാതെ ഈ മദ്യനിരോധനം ഇവിടെ വിജയിക്കാൻ പോകുന്നില്ല എന്നുള്ളതാണു് പരമാർത്ഥം. പക്ഷേ, ഗവൺമെന്റു് അതിനു നേരെ കണ്ണടയ്ക്കുകയാണു്. ഇന്നു് ആയിരക്കണക്കിനു തൊഴിലാളികൾ തൊഴിലില്ലാതെ കഴിഞ്ഞുകൂടുകയാണു്. നമ്മുടെ പത്രങ്ങൾതന്നെ നോക്കുന്നപക്ഷം പട്ടിണിമൂലം ഉള്ള മരണവാർത്ത കാണാത്ത ദിവസം കുറയും. മാതാക്കൾ കുട്ടികളെ കിണററിൽ എറിയുന്നതായും, അവർ ആത്മഹത്യ ചെയ്യുന്നതായും, അച്ഛൻ കുട്ടിയെ കഴുത്തറുത്തു കൊല്ലുന്നതായും മററുമുള്ള വാർത്തകൾ നാം കാണുന്നുണ്ടു്. ഇതെല്ലാം അവർക്കു് ജീവിക്കാനുള്ള സാഹചര്യങ്ങളില്ലാതെ ക്ലേശഭൂയിഷ്ഠവും ദുരിതപൂർണ്ണവുമായുള്ള ജീവിതംമൂലം ജീവിതനൈരാശ്യംകൊണ്ടു ചെയ്തുപോകുന്നതാണു്. സാധാരണക്കാരായ ജനങ്ങൾ ഇന്നു് ജീവിക്കാനുള്ള മാർഗ്ഗമില്ലാതെ ആത്മഹത്യയ്ക്കും മററു ഹീനകൃത്യങ്ങൾ ചെയ്യുന്നതിനും പ്രേരിതരാകുന്നു. അതിന്റെയെല്ലാം നേരെ കണ്ണടച്ചുകൊണ്ടാണു് മദ്യനിരോധനം അങ്ങേയററം മുറുകിപ്പിടി

[ശ്രീ. സി. സി. അയ്യപ്പൻ]

ക്കാൻ വെമ്പൽകൊള്ളുന്നതു്. ഞാൻ ശാസ്ത്രീയമായി പറയുകയാണു് നമുക്കു് മദ്യനിരോധനം നിറുത്താൻ തീർച്ചയായും സാധിക്കയില്ലെന്നു്. ഇന്നു് ശാസ്ത്രം അങ്ങേയററം പുരോഗമിച്ചുകഴിഞ്ഞിരിക്കുകയാണു്. അരിയിൽനിന്നും മദ്യം ഉണ്ടാക്കാം എന്നു കണ്ടുകഴിഞ്ഞിരിക്കുന്നു. ഇന്നു മദ്യനിരോധനം ഏർപ്പെടുത്തിയ മേഖലകളിൽ എത്രയും കർശനമാക്കുന്നുവോ അത്രയും ഉപദ്രവങ്ങൾക്കു് കാരണമായിത്തീരുന്നതാണു്. ഇന്നു് മദ്യനിരോധനമേഖലകളിൽ പല മരുന്നുകളും ചേർത്തു് മദ്യം വാററി എടുക്കുന്നു. അമോണിയം സൾഫേററു് മുതലായ മരുന്നുകൾകൂടി കലർത്തി മദ്യം ഉണ്ടാക്കി വില്പന നടത്തുന്നു. അതുകൊണ്ടു് ആളുകൾക്കു് രോഗം വർദ്ധിക്കുകയും തൻമൂലം ആശുപത്രികളും വൈദ്യന്മാരും ദിനംപ്രതി പെരുകിവരുന്നു. സർ, അതുകൊണ്ടു് സാംസ്കാരികമായി മനുഷ്യരെ ഉയർത്തുവാൻ ഉള്ള സന്ദർഭങ്ങൾ ആദ്യമായി അവർക്കു ഉണ്ടാക്കിക്കൊടുക്കുക. അവർക്കു് ജീവിക്കാനുള്ള പരിതഃസ്ഥിതി ഉണ്ടാക്കിക്കൊടുക്കുക. അങ്ങനെ അവരെ നല്ല മനുഷ്യരാക്കിക്കൊണ്ടുവരുന്നതിനും നല്ല സൊസൈററിയിൽ ജീവിക്കുന്നതിനുള്ള ഒരു ധാരണ അവർക്കുണ്ടാക്കിക്കൊടുക്കണം. അങ്ങനെയുള്ള ഒരു സാഹചര്യം ഉണ്ടാക്കിക്കൊടുത്തിട്ടു് മദ്യനിരോധനം ഏർപ്പെടുത്തുകയാണെങ്കിൽ ശാസ്ത്രീയമായി അതു നടപ്പിലാക്കുന്നപക്ഷം അതു വിജയിക്കും; വിജയിച്ചിട്ടുമുണ്ടു്. സർ, ഞാൻ അതിനൊരു ഉദാഹരണം പറയാം. സോവിയററു് റഷ്യയിലെ കാര്യം ഞാൻ നേരത്തേ പറഞ്ഞു.

> "The manner in which facts are brought home to the public was entirely novel. Theatres, and movies were widely used. With plays and screen shows, the Russians were given the facts about alcoholic drinks, and of everyday activities directly related to the new great Soviet plans for making an industrial and agricultural nation-"

അങ്ങനെയാണു് സോവിയററു റഷ്യയിൽ കുടി നിയന്ത്രിച്ചിട്ടുള്ളതു്. അതു രാജ്യത്തെ ജനങ്ങളുടെ ആരോഗ്യത്തിനെത്തന്നെ ബാധിക്കുന്ന ഒന്നാണു്. അങ്ങനെ വമ്പിച്ച പദ്ധതികൾ നാം ആസൂത്രണം ചെയ്യേണ്ടതുണ്ടു്. അതിനുവേണ്ടി പദ്ധതികളുണ്ടാക്കിക്കൊടുത്തതിനുശേഷമാണു് അവിടെ മദ്യനിരോധനം നിയന്ത്രിച്ചിട്ടുള്ളതു്. അതും ഒരു കർശനമായ നിയന്ത്രണമാണു്. നമുക്കും ഈമാതിരി സാഹചര്യങ്ങൾ ഇവിടെ ഉണ്ടാക്കിക്കൊടുക്കുന്നപക്ഷം മദ്യനിരോധനം ഏർപ്പെടുത്തുന്നതിനും കള്ളുകുടി നിയന്ത്രിക്കുന്നതിനും കഴിയും. ഇന്നു് തലപ്പിള്ളി, ചിററൂർ, കൊടുങ്ങല്ലൂർ ഈ താലൂക്കുകളിൽ മദ്യനിരോധനം ഏർപ്പെടുത്തിയതുമൂലം തൊഴിലാളികൾ തൊഴിലില്ലായ്മനിമിത്തം അവർ നാടുവിട്ടുതന്നെ പോകുന്നുണ്ടു്. അവിടെയുള്ള സാധുക്കൾ ഇഞ്ചിഞ്ചായി മരിച്ചുകൊണ്ടിരിക്കുന്നു സർ. അതിനു് എന്തെങ്കിലും ഈ ഗവൺമെൻറു് ചെയ്യുന്നുണ്ടോ? ഇങ്ങനെ മദ്യനിരോധനം ഏർപ്പെടുത്തുന്നതുകൊണ്ടു് ഇന്നത്തേക്കാൾ അധികം ദോഷമാണുണ്ടാകുന്നതു്. ഇന്നു് ഇതു് ഏർപ്പെടുത്തണമെങ്കിൽത്തന്നെ വിദേശമദ്യമാണു് ആദ്യമായി നിരോധിക്കേണ്ടതു്. ഇന്നു് വിദേശമദ്യങ്ങൾ കുടിച്ചു് മത്തരായി നടക്കുന്നതു് പണക്കാരാണു്. കാശില്ലാത്തവർ കുടിക്കുന്നില്ല. പണക്കാർക്കു് ഇന്നു ധാരാളമായി കുടിക്കാൻ സാധിക്കു

നുണ്ട്. കാശില്ലാത്തവർ ഇന്ന് കുടിക്കാൻ അപ്രാപ്തരായിരിക്കുകയാണ്. അവർക്ക് ജോലിയും തൊഴിലുമില്ലാതെ അങ്ങനെ കഴിയുകയാണ്. സാധാരണക്കാരായവരുടെ കുടി നിയന്ത്രിക്കുക എന്നുള്ളതാണ് നാം ചെയ്യേണ്ടതു്. ഞാൻ ഈ ഡിമാൻറിനെ എതിർക്കുന്നു.

ശ്രീ. സി. കെ. രാമചന്ദ്രൻനായർ: ഞാൻ ഈ ഡിമാൻറിനെ അനുകൂലിക്കുന്നു. ഈ ഡിമാൻറിനെ സംബന്ധിച്ച് അധികം സംസാരിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. സർ, മദ്യം മനുഷ്യനെ അധഃപതിപ്പിക്കും എന്ന അഭിപ്രായക്കാരനാണ് ഞാൻ എന്ന് ഈ സഭയെ അറിയിക്കാനാഗ്രഹിക്കുന്നു. മദ്യം കുടിക്കരുതെന്നുതന്നെയാണെൻെറയും അഭിപ്രായം. സാധാരണക്കാരെപ്പററി ഇവിടെ വളരെയൊക്കെ പറയുകയുണ്ടായി. ഈ കുടി മൂലം സാധാരണക്കാരനെന്നല്ലാ എല്ലാവരുംതന്നെ സാമ്പത്തികമായി നശിക്കുന്നതിനിടയാകുന്നതാണ്. അതേ സമയം തന്നെ നിർബന്ധമായി കുടിച്ചുകൂടാ എന്നു പറയുന്നതിനോടും ഞാൻ അനുകൂലിക്കുന്നില്ല. സാംസ്കാരികപരമായും സാമ്പത്തികപരമായും നോക്കിയാൽ ഇതു് ഇന്നത്തേക്കാൾ അധികം ദോഷമാണു ചെയ്യുന്നതു്. അങ്ങനെ മദ്യവർജ്ജനം നിർബന്ധമായി നടപ്പാക്കുന്നതിന് സർക്കാർ പണം ധാരാളമായി ചെലവാക്കുന്നതുകൊണ്ട് വേണ്ട പ്രയോജനമില്ലെന്നും അതിനു പകരം സർക്കാർ അതിൻെറ ഉത്തരവാദിത്വം അങ്ങു വിട്ടുകളഞ്ഞിട്ട് പഴയ രീതിതന്നെ തുടരുന്നതല്ലേ നല്ലതെന്നുപോലും ഞാൻ ചിലപ്പോൾ ആലോചിച്ചിട്ടുണ്ട്. ഇവിടെ ചാരായം ധാരാളം കിട്ടുമെന്ന് ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. ഒരുപക്ഷേ, സാധാരണക്കാർക്ക് കിട്ടുന്നില്ലായിരിക്കാം. പണമുള്ളവർ ഇന്ന് കുപ്പിക്ക് ആറു രൂപാ കൊടുത്താൽ എത്ര കുപ്പി ചാരായം വേണമെങ്കിലും തരാമെന്ന് ഒരാൾ എന്നോടുതന്നെ പറഞ്ഞു. ആ നിലക്ക് ഇവിടെ ചാരായം സുലഭമായി കിട്ടുമ്പോൾ ഇവിടെ ചാരായം നിർബന്ധമായി കുടിക്കരുതെന്നു പറഞ്ഞാൽ അതു നടപ്പിലാക്കാൻ എത്ര ഉദ്യോഗസ്ഥന്മാരുണ്ടായാലും അതു സാദ്ധ്യമാകുമെന്ന് എനിക്കു തോന്നുന്നില്ല.

ശ്രീ. സി. കൊച്ചുകുഞ്ഞു്: തിരുവനന്തപുരത്താണോ ആറു രൂപയ്ക്കു ചാരായം കിട്ടുമെന്നു പറഞ്ഞതു്?

ശ്രീ. സി. കെ. രാമചന്ദ്രൻനായർ: അതേ.

ശ്രീ. കെ. സി. ജോർജ്ജ്: അക്കാര്യം അതാറിററിസിനോട് പറഞ്ഞിട്ടുണ്ടോ?

ശ്രീ. സി. കെ. രാമചന്ദ്രൻനായർ: അതാറിററീസ് ഇവിടെ നോക്കി നടക്കുകയാണ്. ഏതായാലും അടുത്തകാലത്തു ഇന്നത്തെ സർക്കാർ വളരെ കർശനമായ നടപടികൾ എടുത്തിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. സി. സി. അയ്യപ്പൻ: അതു കർശനമായി പാലിക്കണമെന്നു അഭിപ്രായമില്ലെങ്കിൽ പിന്നെ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിൽ അനുകൂലിച്ചതെന്തിനാണ്?

ശ്രീ. സി. കെ. രാമചന്ദ്രൻനായർ: മദ്യനിരോധനം ഒന്നുകിൽ രാജ്യവ്യാപകമായി നടത്തണം. ഇൻഡ്യമുഴുവനും നടത്താൻ സാധിക്കുമെങ്കിൽ

[ശ്രീ. സി. കെ. രാമചന്ദ്രൻനായർ]

അത്രയും നന്ന് അല്ലെങ്കിൽ തിരുവിതാംകൂർ—കൊച്ചിയിലെങ്കിലും രാജ്യവ്യാപകമായി നടപ്പാക്കാൻ നോക്കണം. ഒരു കേസ്സ ഇവിടെ വിജയകരമായി മദ്യനിരോധനം നടപ്പാക്കാൻ കഴിയുമെന്നാണ എന്റെ വിശ്വാസം. ഞാൻ ഇവിഷയത്തിലേയ്ക്കു് കടക്കണമെന്നു വിചാരിക്കുന്നില്ല. കാരണം. കുടിച്ചേകഴിയു എന്നു നിർബ്ബന്ധമുള്ളവർ ഇവിടെയുണ്ട്. ആ നിലയ്ക്കു ഇതു ഒരു വിവാദവിഷയമാക്കണമെന്നു ഞാനാഗ്രഹിക്കുന്നില്ല. ഏതായാലും കുടിക്കാൻ തീർച്ചയാക്കിക്കഴിഞ്ഞു. അതിനാൽ എനിക്കു ഗവണ്മെന്റിനോടു അപേക്ഷിക്കുവാനുള്ളതു് നല്ല കള്ളും നല്ല ചാരായവും കൊടുക്കുവാനുള്ള ഏർപ്പാടുകൾ ചെയ്യണമെന്നാണ്. ഇതു പറയുവാൻ കാരണമുണ്ട്. തിരുവല്ലായിൽ പമ്പാനദിയുടെ തീരത്തു സ്ഥാപിച്ചിരിക്കുന്നപാര ആന്റ് സമ്പനക്കാർക്കാണ് ചാരായമുണ്ടാക്കാൻ അനുവാദംകൊടുത്തിരിക്കുന്നതു്. ആ സ്ഥലത്തു ഒരു പ്രാവശ്യംപോയി ചാരായം ഉണ്ടാക്കുന്നതിന്റെ പ്രോസസ്സ് കാണുന്ന ഒരാളിന് നിശ്ചയമായും ആ ആളിന്റെ ആയുസ്സിൽ അവിടെയുണ്ടാക്കുന്ന ചാരായം കുടിക്കണമെന്നു തോന്നുകയില്ല. കരിമ്പിൻ ശർക്കരയുടെ കീടം എല്ലാംകൂടെ ഒരു ടാങ്കിനകത്തിട്ടു വച്ചിരിക്കും. അതിൽ ഒരുപക്ഷെ നിക്കോലിയും മാക്രിയുമൊക്കെക്കാണും. ഈ കീടത്തിനകത്തു്, അതു തിളപ്പിക്കുവാൻ ആവശ്യമായ വിറകു് നഷ്ടഹേതുകമായാൽ സൽഫ്യൂറിക് ആസിഡ് ഒഴിച്ചാണ് അതു തിളപ്പിക്കുന്നതു്. പിന്നീടു് അതു പുളിക്കുന്നതിനു് അമോണിയം ചേർക്കും. ഇതു കിടന്നു തിളച്ചിട്ടു് ഇതിന്റെ ആവിയെടുത്തു ചാരായം ഉണ്ടാക്കുകയാണ ചെയ്യുന്നതു്. ഈ ചാരായമാണ് ഇവിടെയുള്ള ജനങ്ങൾ കുടിക്കുന്നതു്, ഇവിടെയുള്ള അനവധി ചെറുപ്പക്കാരും വിദ്യാർത്ഥികളുംമററു പലരും ഇതു കുടിക്കുന്നുണ്ടു്. ഇതു കുടിച്ചാൽ ലിവറും ഹാർട്ടും എരിഞ്ഞുപോകുമെന്നുള്ളതുകൊണ്ടു്, സക്കാരിന്റെ ചുമതലയിൽ ചാരായവിതരണംചെയ്യുന്ന ഈ രാജ്യത്തു്, ഇവിടത്തെ ജനങ്ങളുടെ ആരോഗ്യത്തെ കരുതി ഈ ഏർപ്പാടു് ഭേദഗതിചെയ്യേണ്ടതാണ്. അവിടെ ചാരായം ഉണ്ടാക്കുന്ന രീതി ഈ തരത്തിലാണ്. നേരേമറിച്ചു്, നാഗർകോവിലിലെ കരുപ്പട്ടിയിൽനിന്നും ഒന്നാംതരം ചാരായം എടുക്കാം. അതു കുടിച്ചാൽ ലഹരിയുണ്ടാകുമെന്നല്ലാതെ ആരോഗ്യഹാനിയുണ്ടാകുന്നതല്ല.

ശ്രീ. എം. എം. മത്തായി : സർ, മദ്യനിരോധനം കർശനമാക്കാൻ വേണ്ടി എത്രതന്നെ തുക ഗവണ്മെന്റ ആവശ്യപ്പെട്ടാൽ അതു അനുവദിക്കുന്നതിൽ വലിയ ആക്ഷേപമുണ്ടെന്നു തോന്നുന്നില്ല. മദ്യനിരോധനത്തെപ്പററി രണ്ടഭിപ്രായങ്ങൾ ഈ സഭയിലെ അംഗങ്ങളുടെ ഇടയിൽകാണുന്നുണ്ടു്. ഐക്യമുന്നണി ബഞ്ചുകളിൽനിന്നും മദ്യനിരോധനത്തെ എതിർത്തു കൊണ്ടുവരുന്ന അഭിപ്രായമാണ് അതിലൊന്ന്. അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിനുവേണ്ടി മുറവിളി കൂട്ടുന്ന അവർ, കള്ളുകുടിക്കാൻ അനുവദിക്കണംഎന്നു് പറയുന്നതു് മനസ്സിലാക്കാൻ നിവൃത്തിയില്ല. അദ്ധ്വാനിക്കുന്നജനവിഭാഗത്തിനു് തൊഴിൽ വേണമെന്നു പറയുന്നതു് മനസ്സിലാക്കാം. അദ്ധ്വാനം ചെയ്യുന്ന വിഭാഗത്തിന്റെ സംരക്ഷകന്മാർ എന്നു് സ്വയം അഭിമാനിക്കുന്ന ഇവർ അവരുടെ ആരോഗ്യത്തെ ഉദ്ദേശിച്ചു ആത്മാർത്ഥമായി പറയുന്നതാണോ ഇതു്. ഐക്യമുന്നണിക്കാർ ഇങ്ങനെ വാദിക്കുന്നതുകേട്ടപ്പോൾ, ഐക്യമുന്നണി മെംബറന്മാർക്ക് മദ്യനിരോധനമേഖലയായ തിരുവനന്തപുരത്തു് വരുമ്പോൾ മദ്യം സേവിക്കാൻ

നിവൃത്തിയില്ലാത്തതുകൊണ്ട് വിഷമം തോന്നി ഇങ്ങനെ പറയുന്നതല്ലേ എന്നു പോലും സംശയിച്ചുപോകും. ഈയവസരത്തിൽ ഒരു കാര്യം മാത്രമേ ഞാൻ പറയാനുദ്ദേശിക്കുന്നുള്ളു. കഴിഞ്ഞ ദിവസം മുഖ്യമന്ത്രി പറയുകയുണ്ടായി, തെക്കൻതിരുവിതാംകൂറിലെ മുക്കുവരുടെയും, പാവപ്പെട്ടവരുടെയും സ്ത്രീകൾ, അവിടെ മദ്യനിരോധനം ഏർപ്പെടുത്തിയതു മൂലം അവരുടെ ഭർത്താക്കന്മാർ കുടിക്കാതിരിക്കുന്നതുകൊണ്ടു ആഹ്ലാദഭരിതരായി തുള്ളി ചാടുന്നതു് മന്ത്രി തന്നെ കണ്ടുവെന്ന്. ഞാൻ ചോദിക്കുന്നു, തെക്കൻതിരുവിതാംകൂറിലെ ഭർത്താക്കന്മാർ കുടിക്കാതിരിക്കുന്നതുകൊണ്ട് അവിടത്തെ സ്ത്രീകൾ ആഹ്ലാദിക്കുന്നതുപോലെ വടക്കൻതിരുവിതാംകൂറിലെ സ്ത്രീകൾക്കും ആഹ്ലാദംകൊണ്ടു തുള്ളിച്ചാടുവാനുള്ള അവസരം ഗവണ്മെന്റ എന്തുകൊണ്ടാണു കൊടുക്കാത്തതു്? ഞങ്ങളുടെ നാട്ടിലെ ഭർത്താക്കന്മാർ വളരെയധികം കുടിക്കുന്നവരായിട്ടുണ്ട്. തന്നിമിത്തം വളരെ കൂടുതൽ കൊലപാതകവും, കൊള്ളിവയ്പും മററക്രമങ്ങളും അവിടെ നടക്കുന്നുണ്ട്. ക്രിമിനൽ കേസുകളുടെ ഒരു സെൻസസ് എടുത്താൽ, തെക്കൻതിരുവിതാംകൂറിനെക്കാൾ കൂടുതൽ കുടിയുള്ളതു് വടക്കൻതിരുവിതാംകൂറിലാണെന്നു കാണാം. ഈ രാജ്യത്തെ ജനങ്ങളെയെല്ലാം ഒരുപോലെ രക്ഷിക്കുന്നവരാണു ഈ രാജ്യം ഭരിക്കുന്നതെങ്കിൽ എന്തുകൊണ്ടാണ് ആറേഴുകൊല്ലമായിട്ടും തിരുവനന്തപുരം ഡിസ്ത്രിക്ററിന്റെ വടക്കെയററത്തിട്ടിരിക്കുന്ന 'മുള' ഈ സംസ്ഥാനത്തിന്റെ വടക്കെയററത്തേയ്ക്കു മാററിയിടാത്തതു്? സർ, ഈ മദ്യനിരോധനത്തിനുവേണ്ടി ചെലവാക്കുന്ന തുക, കുടിക്കുന്ന സ്ഥലങ്ങളിലെ ജനങ്ങളിൽനിന്നും പിരിച്ചെടുത്ത തുക കൂടിയാണ്. ഒരു സ്ഥലത്തെ ആളുകളെ മദ്യം കുടിപ്പിച്ച് കിട്ടുന്ന പണം മറെറാരിടത്തെ ആളുകളെ കുടിപ്പിക്കാതിരിക്കാൻ ചെലവാക്കുന്നതു് ശരിയാണോ? ആ നിലയ്ക്കു നിരോധനമേഖലകളിലെ ആളുകളെ, അല്ലാത്ത മേഖലകളിലെ ആളുകൾക്ക് അസൂയയോടുകൂടയല്ലാതെ വീക്ഷിക്കുവാൻ നിവൃത്തിയില്ല. തെക്കൻതിരുവിതാംകൂറിൽമാത്രം മദ്യനിരോധനം നിഷ്കർഷയായി നടത്തുവാനാണ് ഗവണ്മെന്റ വിചാരിക്കുന്നതെങ്കിൽ അതിലേയ്ക്കാവശ്യമുള്ള പണം അവരിൽനിന്നു മാത്രമെ ഈടാക്കാവൂ എന്നാണ് എനിക്കു് പറയാനുള്ളതു്.

സർ, എനിക്കു ഒരു സംശയംകൂടി തോന്നുന്നുണ്ട്. മദ്യപാനംകൊണ്ടു തെക്കൻതിരുവിതാംകൂറിലെ ജനങ്ങൾ സാംസ്കാരികമായി ഉയർന്നുപോയി എന്നതിനോടു എനിക്കു യോജിക്കുവാൻ നിവൃത്തിയില്ല. അവർ ഇപ്പോഴും പേ പിടിച്ചു ഇളകിക്കൊണ്ടിരിക്കുകയാണെന്നു ബഹുമാനപ്പെട്ട മന്ത്രിക്കും അറിയാം. അവർ ഒന്നാകെ തമിഴ്നാട്ടിലേയ്ക്കു പോകുവാൻ തീരുമാനിച്ചിരിക്കുകയാണ്. അവർക്കു ഗവണ്മെന്റ എന്തിനാണു ഞങ്ങളുടെ പണവുംകൂടി ഉപയോഗിച്ചു മദ്യനിരോധനം ഏർപ്പെടുത്തുന്നതു്? തെക്കൻതിരുവിതാംകൂറിൽ കള്ളുകുടി ഇല്ലെങ്കിലും കള്ളുകുടികൊണ്ടുണ്ടാകുന്നതിനെക്കാൾ കൂടുതൽ അക്രമങ്ങളും, നശീകരണപ്രവത്തനങ്ങളും അവർ അവിടെ നടത്തിക്കൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മെംബർ വിഷയത്തിൽനിന്നു അകന്നു പോകുന്നു.

ശ്രീ. എം. എം. മത്തായി : മദ്യനിരോധനം കർശനമാക്കണമെന്നാണു ഞാൻ പറയുന്നതു്. പക്ഷെ, വടക്കൻ തിരുവിതാംകൂറിൽ അതുകൊണ്ടു പ്രയോജനമുണ്ടാകുന്നില്ലെന്നുള്ളതാണ് എന്റെ പരാതി.

[ശ്രീ എം. എം. മത്തായി]

സർ, മദ്യനിരോധനം കർശനമാക്കുന്നതിന് കൂടുതൽ ആളുകളെ നിയമിക്കേണ്ട ആവശ്യമില്ല. കള്ളും, ചാരായവും നിരോധിച്ചിട്ടും, നിരോധനമേഖലയിൽ അവ കുടിക്കുന്നവരായുണ്ടെങ്കിൽ, സർ. ഉദ്യോഗസ്ഥന്മാരുടെ അറിവോടുകൂടിയാണ്, അവർ കുടിക്കുന്നതെന്നുള്ളതു തീർച്ചയാണ്. സർ, ഉപധനാഭ്യർത്ഥന മദ്യനിരോധനമില്ലാത്തിടത്തെ വ്യാജമദ്യവിൽപ്പനയും മററും തടയുന്നതിനു കൂടിയാണ്. സർ, ഞങ്ങളുടെ സ്ഥലങ്ങളിൽ ചില വ്യാജക്കേസുകൾ പിടിക്കുന്നതായി പറയുന്നുണ്ട്. എങ്ങനെയാണ് ഇവർ കണ്ടുപിടിക്കുന്നതു്? ഒരു ഉദ്യോഗസ്ഥൻ ഒരു കൺട്രാക്ടറെ വിളിച്ചു ഒരു കേസുണ്ടാക്കാൻ പറയും. അങ്ങനെ ഒരു കേസുണ്ടാക്കി കോടതിയിൽ കൊണ്ടുവരും. കുററം സമ്മതിച്ചുകൊള്ളണമെന്നു ഈ എക്സൈസുദ്യോഗസ്ഥന്മാർ നേരത്തെ ഏർപ്പാടുചെയ്തിരിക്കും. അവരെ ശിക്ഷിക്കുകയും ചെയ്യും. എന്തിനാണ് ഇതൊക്കെ ചെയ്യുന്നതു്? കുറെ കേസുകൾ കണ്ടുപിടിച്ചു എന്നു വരുത്തുവാൻ, അതു് ഗവണ്മെന്റിനെ ബോദ്ധ്യപ്പെടുത്താൻ. ഈ കേസുകളിൽ അധികവും ഇങ്ങനെയുള്ള കൃത്രിമ കേസുകളാണ്. ഏതെങ്കിലും ഒരു പ്രദേശത്തെ എക്സൈസ് കുത്തകപാട്ടി രഹസ്യമായ അന്വേഷണത്തിനു വരുന്നു എന്നറിഞ്ഞാൽ ഉടൻതന്നെ സ്ഥലം എക്സൈസുകാർ വ്യാജവ്യാപാരികൾക്ക് അറിവുകൊടുക്കുകയായി. സി. ഐ. ഡി. ഉദ്യോഗസ്ഥന്മാരുടെയോ, എക്സൈസ കുത്തകപ്പാർട്ടിയുടെയും രഹസ്യാന്വേഷണങ്ങൾകൊണ്ടൊന്നും പറയത്തക്ക ഗുണങ്ങൾ ഒന്നുംതന്നെ ഉണ്ടാകുന്നില്ല. ഇപ്പോൾ ഉള്ള ഉദ്യോഗസ്ഥന്മാരെക്കൊണ്ടു മാത്രം, അവർ നിഷ്കർഷയായി ജോലി ചെയ്യുമെങ്കിൽ, മദ്യനിരോധനം കർശനമായി നടപ്പിലാക്കാൻ കഴിയുമെന്ന് ഞാൻ ഉറപ്പു പറയുന്നു. ഒരഞ്ചുരൂപാ ഒരു എക്സൈസ് ശിപായിക്കു കൊടുത്താൽ, ഇവിടെ ചാരായം ആരെങ്കിലും വാങ്ങിക്കുന്നതിലൊ, കുടിക്കുന്നതിലോ അവർക്കു വിരോധമില്ല. ഇങ്ങനെയുള്ള ഉദ്യോഗസ്ഥന്മാരെക്കൊണ്ടാണു മദ്യനിരോധനം നടപ്പിലാക്കുന്നതെങ്കിൽ ഗവണ്മെന്റ എന്തുചെയ്താലും അതു പരിപൂർണ്ണമായി വിജയിക്കുവാൻ പോകുന്നില്ല. ഇക്കാര്യത്തിൽ മന്ത്രിക്ക് എത്രതന്നെ ആത്മാർത്ഥത ഉണ്ടെങ്കിലും ഉദ്യോഗസ്ഥന്മാർക്കു ആത്മാർത്ഥതയില്ലെങ്കിൽ ഇതിനുവേണ്ടി എത്ര രൂപ അനുവദിച്ചാലും എത്ര ഉദ്യോഗസ്ഥന്മാരെ നിയമിച്ചാലും ഫലമില്ല. അതുകൊണ്ടു് ഇവരെക്കൊണ്ടു് സത്യസന്ധതയോടുകൂടി ജോലി ചെയ്യിക്കുന്നതിനുള്ള മാർഗ്ഗം ആരായുകയാണ് വേണ്ടതു്.

ഈ അവസരത്തിൽ ഒരുകാര്യംകൂടി എനിക്കു പറയുവാനുണ്ട്. ഇപ്പോൾ മദ്യനിരോധനം ഉള്ള പ്രദേശത്തു് അതു് എടുത്തുകളയണമെന്നു ഞാൻ പറയുന്നില്ല. ഞങ്ങളുടെ പ്രദേശത്തും മദ്യനിരോധനം ഏർപ്പെടുത്തേണ്ടതാണെന്നും എനിക്ക് ശക്തിയായ അഭിപ്രായമുണ്ട്. പക്ഷെ, കള്ള് ഒരു നല്ല പാനീയമാണ്. അതുകൊണ്ടു് ആ വ്യവസായം നിറുത്തൽ ചെയ്യുന്നതു ആലോചിച്ചുവേണ്ടതാണ്. കള്ളു പ്രിസർവ്വ് ചെയ്തു് എടുക്കാമെങ്കിൽ അതു ബീയറിനെക്കാൾ വിലകുറവുള്ള ഒരു നല്ല പാനീയമാക്കിയെടുക്കാം. ഇവിടെ ആർക്കും കുടിക്കാനല്ല, വിദേശമാർക്കററിൽ അതിനു നല്ല വിലകിട്ടും. അതുകൊണ്ടു ഈ രാജ്യത്തിന് കൂടുതൽ ഡാളർ സമ്പാദിക്കുവാനും കഴിയും. അതുകൊണ്ടു് അതിനുവേണ്ടി ഗവേഷണങ്ങളും പരീക്ഷണങ്ങളും നടത്തണമെന്നു അഭ്യർത്ഥിച്ചുകൊണ്ടും, കൂടുതൽ

ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടില്ല. മദ്യനിരോധനം വിജയപ്രദമാക്കേണ്ടതെന്നു ഉദ്ബോധിപ്പിച്ചുകൊണ്ടും ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

Mr. Speaker: Shall we close the debate now ?

(The House agreed to the suggestion)

Shri P. S. Nataraja Pillai: Sir, the demand is only for Rs. 58,500. When the Government brought forward this proposal they were confronted with a dilemma as far as this provision is concerned. In the ordinary course of events, during the last few years, a trade in spirituous medicated drugs came into vogue under the guise of medicine commonly known as essence. It was so prevalent in the country that it created a feeling in the country that the Prohibition Act was not in force. So the first step that this Government took was to revise the orders and to make certain changes in the licensing system to see that the system of using essence was discouraged effectively so as to make this drug not available to the ordinary public.

It was thought by this Government that the work of prohibition would be more effectively done by organising a flying squad. With that object in view Government organised a squad consisting of four batches under one Excise Inspector with six Preventive Officers and twenty-eight armed Guards. They were provided with motor vans also so that they may be able to control the districts in which they were posted and detect offences by surprise visits and create the moral tone of the general public so far as this offence is concerned.

It was with that object in view that this squad was organised. The expenditure on this account is estimated at Rs. 1,08,100. There is a saving of Rs. 49,600 under the Budget provision. This amount is not sufficient for carrying on the work. So, a sum of Rs. 58,500 more is required to bring into existence the new flying squads. In that connection, I have to say another fact. By the abolition of the chowkies in Cochin area a large number of Excise Guards are thrown out of employment. The only alternative that faced Government was to terminate their services and then to allow them to be recruited by the Public Service Commission. But now a necessity for staff came by itself and at the same time, there was the available personnel, and their services were utilised. As a matter of fact, under this provision not a single new person has been added to the permanent service as it existed previous to the Budget. In spite of the specific and clear statement of facts as revealed by the Budget, I am sorry that my friends should, one after another, stand up and say that this is for increasing the personnel. If the Budget is scrutinised, it will be easily found that no personnel is to be increased. There may be one or two instances of increase in personnel in some departments. But no large scale increase in the establishment charges has been made. That is the hard fact. Government hope that the organisation of the prohibition squad will help in the detention of prohibition offences more effectively and in enforcing prohibition as a whole.

[Shri P. S. Nataraja Pillai]

Then, Sir, about the question of prohibition, after the scientific exposition of Mr. Ayyappan, I was a little bit nervous, when I heard him utter the prophetic words that "it is not going to be a success in the world". He started with a scientific exposition and contradicted that at the end.

ശ്രീ. സ. സി. അയ്യപ്പൻ: പണക്കാർ ധാരാളമായി മദ്യപാനം ചെയ്തിരിക്കുന്നത് അവർക്ക് ജീവിക്കാനുള്ള സൗകര്യമുള്ളതുകൊണ്ടും, ഇവിടെ കള്ള് ഇല്ലാത്തതുകൊണ്ടുമാണ്. സംഘങ്ങൾ തങ്ങളുടെ നിത്യവൃത്തി കഴിക്കാൻതന്നെ വിഷമിച്ചുകൊണ്ടിരിക്കുകയാണ്. ആ സ്ഥിതിക്ക് അവർക്കുകൂടി ധനവാന്മാരെപ്പോലെ അല്ലെങ്കിലും ഒരു വിധമെങ്കിലും ജീവിക്കാനുള്ള പരിതഃസ്ഥിതി ഉണ്ടാക്കിക്കൊടുക്കേണ്ടതല്ലേ?

Shri P. S. Nataraja Pillai: I acknowledge it, Sir. I have absolutely nothing more to add. I request the House to grant this allotment.

The question that a supplementary sum not exceeding Rs. 58,500 be granted under Demand III—8. State Excise Duties, was put and carried.

The grant was made.

DEMAND VI—11. REGISTRATION.

Minister for Local Self Government **(Shri P. K. Kunju):** I move for a Supplementary Grant of Rs. 1,400 under Demand VI—11. Registration. Consequent on the shifting of a Division bench of the High Court to the Shri Mulam Buildings, the Office of the Inspector General of Registration has been shifted and housed in a private building and hence the necessity for additional funds.

Shri A. Achuthan: I second it.

The question that a supplementary sum not exceeding Rs. 1,400 be granted under Demand VI—Registration, was put and carried.

The grant was made.

DEMAND VII—12. CHARGES ON ACCOUNT OF MOTOR VEHICLES ACT.

Minister for Works and Transport **(Shri A. Achuthan):** I move for a supplementary grant of Rs. 32,400 under Demand VII—12. Charges on account of Motor Vehicles Acts.

Shri P. K. Kunju: I second it.

The question that a supplementary sum not exceeding Rs. 32,400 be granted under Demand VII—12. Charges on account of Motor Vehicles Acts, was put and carried.

The grant was made.

DEMAND XIII—27. ADMINISTRATION OF JUSTICE.

Chief Minister **(Shri A. Thanu Pillai):** I move for a supplementary grant of Rs. 1,94,000 under Demand XIII—27. Administration of Justice.

Shri P. K. Kunju: I second it.

ശ്രീ. കെ. കരുണാകരൻ: സർ, ഈ സപ്ലിമെൻററി ഗ്രാൻറിൽ, ഗവണ്മെൻറ പ്ലീഡേഴ്സായിട്ട് നിയമിതരായിരിക്കുന്ന രണ്ടു
4 P.M. പേരുടെ ശമ്പളത്തിനുവേണ്ടി 6000 രൂപ കൊള്ളിച്ചിരിക്കുകയാണ്. ഒരു ഗവണ്മെൻറ പ്ലീഡർ ആവശ്യമുള്ള സ്ഥലത്ത് രണ്ടുപേരെയാണു നിയമിച്ചിരിക്കുന്നത്. ഇങ്ങനെയൊരു സംപ്രദായം മറെറങ്ങും ഇല്ല. ഇത് ആരെയെങ്കിലും പ്രീണിപ്പിക്കാൻവേണ്ടി ചെയ്തതാണോ എന്നുംകൂടി ഞാൻ സംശയിക്കുന്നു. ഒരു ഗവണ്മെൻറ പ്ലീഡർക്ക് നടത്താനുള്ള ജോലിയെയുള്ളു. പക്ഷെ രണ്ടു നിയമനമാണു ഇവിടെ നടന്നിരിക്കുന്നത്. എന്തടിസ്ഥാനത്തിലാണ് ഈ നിയമനം നടന്നിട്ടുള്ളതെന്നു കാര്യമായി ശ്രദ്ധിക്കേണ്ടതാണ്.

ശ്രീ. പ്രാക്കുളം ഭാസി: സർ, രണ്ടു ഹൈക്കോട്ട് പ്ലീഡർമാരെ ഒരൊഴിവിൽ നിയമിച്ചതുകൊണ്ട് ഹൈക്കോടതിയിൽതന്നെ എതിരുണ്ടെന്നു ഞാൻ ഈ സഭയെ അറിയിച്ചുകൊള്ളുന്നു.

ശ്രീ. എ. താണുപിള്ള: സർ, എനിക്കു ഇതിനെപ്പററി പറയാനുള്ളത്, ഇതാണ്. മുൻപ് ഇവിടെ അഞ്ചു ഗവണ്മെൻറ പ്ലീഡറന്മാരെ നിയമിച്ചിട്ടുണ്ടായിരുന്നു. ഇപ്പോൾ ഒരാളെക്കൂടി കൂടുതലായി നിയമിച്ചിട്ടുണ്ട്. അങ്ങനെ ആറു പ്ലീഡറന്മാരാണ് ഇപ്പോഴുള്ളത്. രണ്ടുനിയമനം നടത്തിയെന്നുപറയുന്നതു് ഒരു വേക്കൻസി fill up ചെയ്തതു് ഉൾപ്പെടുത്തിയാണ്. ഈ ആറുപേരിൽ എറണാകുളം ഹൈക്കോടതിയിൽ നാലുപേരും, തിരുവനന്തപുരം ഹൈക്കോടതിയിൽ രണ്ടുപേരുമാണു ജോലിനോക്കുന്നത്. ഇവർ പരിശോധിക്കേണ്ടതായ കേസുകളുടെ എണ്ണംനോക്കിയാൽ സിവിൽ അപ്പീൽ കേസുകൾ എറണാകുളത്തുള്ളതു് 150-ൽ ചില്വാനവും, തിരുവനന്തപുരത്തുള്ളതു 100-ൽ ചില്വാനവുമാണ്. ക്രിമിനൽ അപ്പീലുകൾ അറുപതോളം എറണാകുളത്തും, മുപ്പതോളം തിരുവനന്തപുരത്തുമുണ്ട്. ഈ സ്ഥിതിക്ക് രണ്ടു ഗവണ്മെൻറ പ്ലീഡറന്മാർ തിരുവനന്തപുരത്തുതന്നെ ആവശ്യമുണ്ടെന്നു അഡ്വക്കേററ ജനറൽ ബലമായി ശുപാർശചെയ്തിട്ടുണ്ട്. മാത്രമല്ല, ചീഫ്ജസ്റ്റീസും ശുപാർശചെയ്തിട്ടുണ്ട്. ഇന്നു ജഡ്ജിമാരുടെ എണ്ണം നോക്കുകയാണെങ്കിൽ ആകെ എട്ടുപേരുണ്ട്. രണ്ടുപേർ തിരുവനന്തപുരത്തും, ചീഫ്ജസ്റ്റീസിനെ ഉൾപ്പെടുത്തി ആറുപേർ എറണാകുളത്തും. എന്നാൽ ചീഫ്ജസ്റ്റീസ് എറണാകുളത്തും തിരുവനന്തപുരത്തുമുള്ള കോടതികളിൽ അററൻഡ ചെയ്യേണ്ടതായി വരുന്നതുകൊണ്ട് ജഡ്ജിമാരുടെ ആവറേജ് എടുക്കുകയാണെങ്കിൽ, എറണാകുളത്ത് അഞ്ചരയും, തിരുവനന്തപുരത്തു രണ്ടരയും ജഡ്ജിമാരുണ്ടെന്നു കാണാം. ഗവണ്മെൻറ പ്ലീഡറന്മാരെസംബന്ധിച്ചിടത്തോളം അവക്കുള്ള ജോലിയിൽ നാല്പതുശതമാനം തിരുവനന്തപുരം ഹൈക്കോടതിയിലുണ്ട്. അങ്ങനെ നാല്പതുശതമാനം ജോലി തിരുവനന്തപുരം ഹൈക്കോടതിയിലുള്ളതുകൊണ്ടാണു അഡ്വക്കേററ ജനറൽ രണ്ടു പ്ലീഡറന്മാരെ തിരുവനന്തപുരത്തു നിയമിക്കണമെന്നു ശുപാർശചെയ്തിട്ടുള്ളതു്. ആ ശുപാർശയനുസരിച്ചാണ് നിയമിക്കേണ്ടിവന്നതു്. അതല്ലാതെ ശ്രീ. കരുണാകരൻ പറഞ്ഞതുപോലെ ആരെയും പ്രീണിപ്പിക്കുവാനല്ലെന്നു എനിക്കു ധൈര്യമായി പറയുവാൻ കഴിയും. നിയമനം സംബന്ധിച്ചാണെങ്കിൽ, തിരുവനന്തപുരത്തു പ്രാക്ടീസുചെയ്തുകൊണ്ടിരിക്കുന്ന വിദഗ്ദ്ധന്മാരായ രണ്ടു വക്കീലന്മാരെയാണ് നിയമിച്ചിരിക്കുന്നതു്. രണ്ടു നിയമനം ഉണ്ടായിരുന്നിട്ടു

[ശ്രീ. ഏ. താണുപിള്ള]

അവരിൽ ഒരാൾമാത്രമെ അപേക്ഷ ബോധിപ്പിച്ചിരുന്നുള്ളു. മറെറയാൾ അപേക്ഷിച്ചിരുന്നില്ല. അദ്ദേഹത്തെ ഞാൻതന്നെ ആളയച്ചുവരുത്തി ചോദിച്ചു് സമ്മതംവാങ്ങിയശേഷമാണു് നിയമനംതന്നെ നടത്തിയിട്ടുള്ളതു്. ഇങ്ങനെ നിയമനം നടത്തപ്പെട്ടവരിൽ ഒരാൾ, ശ്രീ. ആർ. നാരായണപിള്ളയും, മറെറയാൾ ഒരു മി. അയ്യങ്കാരുമാണു്. നിയമസംബന്ധമായ വിദഗ്ദ്ധന്മാരാണു് ഇവർ രണ്ടുപേരുമെന്നു എനിക്കു നേരിട്ടറിയാമെന്നുള്ളതുകൂടാതെ, മററ പലരും അഭിപ്രായപ്പെടുകയും ഉണ്ടായിട്ടുണ്ടു്. ഇപ്രകാരമാണു ഞാൻതന്നെ ഉദ്യോഗം സ്വീകരിക്കണമെന്നു സമ്മതിപ്പിക്കുകയാണുചെയ്തതു്. ഇതു് ആരെയും സന്തോഷിപ്പിക്കാനൊ, തൃപ്തിപ്പെടുത്താനൊ ചെയ്തതല്ലെന്നു ശ്രീ. കരുണാകരൻ ധരിക്കേണ്ടതുണ്ടു്. ചീഫു് ജസ്റ്റീസും, അഡ്വക്കേററ ജനറലും ചെയ്തിട്ടുള്ള ശുപാർശയുടെ വെളിച്ചത്തിൽ നിയമനം നടത്തേണ്ടിവന്നതുകൊണ്ടാണു വിദഗ്ദ്ധന്മാരായ രണ്ടുപേരെ നിയമിക്കാനിടയായതു്. ഇതിൽ അന്യഥാ ധരിക്കേണ്ട ആവശ്യമില്ല.

ശ്രീ. ടി. എം. വർഗ്ഗീസ്: ചീഫ് ജസ്റ്റീസ് ഇവിടെവന്നാലും ഡിവിഷൻബഞ്ചു് ഒന്നല്ലേ കൂടുകയുള്ളു ?

ശ്രീ. ഏ. താണുപിള്ള: ഡിവിഷൻബഞ്ചു് ഒന്നേഉള്ളു. എപ്പോഴും ഡിവിഷൻ ബഞ്ചല്ല. സിംഗിൾബഞ്ചും ഉണ്ടു്.

ശ്രീ. ഏ. ജെ. ജാൺ: ഹൈക്കോടതി ജഡ്ജിമാരുടെ എണ്ണം കൂട്ടിയിട്ടുണ്ടോ ?

ശ്രീ. ഏ. താണുപിള്ള: എണ്ണം കൂട്ടിയില്ലെങ്കിലും രണ്ടിടത്തായിട്ടല്ലേ ഇരിക്കുന്നതു് ? ഇപ്പോൾ ഒരാളേയുള്ളു. അയാൾ അവധിയെടുത്താൽ സർക്കാരിൻെറ കേസു നടക്കുകയില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പു്: അഡ്വക്കേററു് ജനറൽ ഇല്ലാതെ ഗവണ്മെൻറിൻെറ കേസു നടത്തുവാൻ സാധിക്കുമോ ?

ശ്രീ. ഏ. താണുപിള്ള: അഡ്വക്കേററ് ജനറൽ കേസുനടത്തുവാൻ പോകുന്നപതിവില്ല. പ്ലീഡർമാരാണു് കോടതികളിൽ ഹാജരായി കേസുകൾ വാദിക്കുന്നതു്.

ശ്രീ. കെ. കരുണാകരൻ: ഇവിടെ ഒരാളെ നിയമിച്ചുള്ളുവെന്നും എറണാകുളത്തുനിന്നു ഒരാളെ കൊണ്ടുവന്നുഎന്നും പറഞ്ഞു; അതെന്താണു് ?

ശ്രീ. ഏ. താണുപിള്ള: ഒരാളെവച്ചിരുന്നില്ല. 5 പേരെ നിയമിച്ചിരുന്നു എങ്കിലും 4 പേരേ ജോലി ചെയ്യുന്നുള്ളു.

ശ്രീ. കെ. കരുണാകരൻ: 4 പേർ മതിയെന്നുള്ളതുകൊണ്ടല്ലേ ഒരാളെ വയ്ക്കാതിരുന്നതു് ?

ശ്രീ. ഏ. താണുപിള്ള: രണ്ടു ജഡ്ജിമാരെ ഇങ്ങോട്ടുവച്ചാലും അവിടെ നാലുപേർ വേണം.

Shri Panampilli Govinda Menon: Only a few observations, Sir, with your permission.

സർ, ഇവിടെ ഈ ഹൈക്കോടതിയുടെ ബഞ്ചിൽ സാധാരണയായിട്ടു രണ്ടു ജഡ്ജിമാർ മാത്രമാണുള്ളതെന്നും ഈ രണ്ടു ജഡ്ജിമാർ ഒന്നുകിൽ രണ്ടുപേർകൂടിച്ചേർന്നു ഒരു ഡിവിഷൻബഞ്ചായും അല്ലെങ്കിൽ രണ്ടുപേർ ഒററയ്ക്കൊററയ്ക്കു രണ്ടു സിങ്കിൾ സിററിംഗ്സായും ഇരിക്കാൻ സാധ്യതയുള്ളതുകൊണ്ടു് ഗവണ്മെൻറ പ്ലീഡർമാർക്കു കേസു എത്രതന്നെ ഉണ്ടായിരുന്നാലും ഒരു ഗവണ്മെൻറ പ്ലീഡർക്കു മാത്രമേ കേസു വാദിക്കുവാൻ കഴിയുകയുള്ളു. സാമാന്യമായിട്ടു പറയുകയാണെങ്കിൽ സിങ്കിൾ ബഞ്ചിൽ ഗവണ്മെൻറ കക്ഷിയായ കേസു വളരെ അപൂർവമായിരിക്കും. ഗവണ്മെൻറ കക്ഷിയായിട്ടുള്ള കേസു സാധാരണയായി ഡിസ്ട്രിക്ററ കോടതികളിൽനിന്നുവരുന്ന കേസുകളാണു്. ഈ സിങ്കിൾ ജഡ്ജിയായിരിക്കുന്ന കോടതിയിൽ...........

ശ്രീ. എൻ. രാഘവക്കുറുപ്പു്: ഒരു പായിൻറ ഓഫ് ഓർഡർ, സർ, ക്ലോഷർ മൂവ്ചെയ്തുകഴിഞ്ഞാൽ പിന്നീടു സ്പീക്കർക്കു് അനുവദിക്കാവുന്ന ഒരൊററ സംഗതി മറുപടി പ്രസംഗത്തിനു് മന്ത്രിയെ അനുവദിക്കുകമാത്രമാണു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ക്ലോഷർ ആരും മൂവ് ചെയ്തിട്ടില്ല.

മി. സ്പീക്കർ: ക്ലോഷർ മൂവ് ചെയ്തിട്ടില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അപ്പോൾ ഞാൻ ധരിച്ചിടത്തോളം ഈ സിങ്കിൾ ജഡ്ജിയായിരിക്കുന്ന കോടതിയിൽ മുൻസിഫ് കോടതിയിൽനിന്നു് സെക്കൻഡു അപ്പീലുകൾ വരും. അതിൽ ഗവണ്മെൻറ് കക്ഷിയാകുകയില്ല. പിന്നെ മുൻസിഫ്കോടതിയിലെ ഉത്തരവിന്മേൽ റിവിഷൻ വരും. അതിലും ഗവണ്മെൻറ കക്ഷിയാകയില്ല. ഡിവിഷൻ ബഞ്ചുകളിൽ സാധാരണ ഗവണ്മെൻറ കക്ഷിയായിട്ടുള്ള കേസുകൾ വിചാരണയ്ക്കു വരുന്നുണ്ടു്. ജില്ലാക്കോടതിയിൽനിന്നുള്ള അപ്പീലുകളും സെഷനിൽനിന്നുള്ള അപ്പീലുകളും സിങ്കിൾബഞ്ചുള്ള ജഡ്ജിക്കു് ഉണ്ടാകുകയില്ല എന്നു ഞാൻ പറയുന്നില്ല. തിരുവനന്തപുരത്തുള്ള ബഞ്ചിൽ ഇടയ്ക്കിടയ്ക്കു ചീഫ് ജസ്റ്റീസ് ഇരിയ്ക്കുകയാണെങ്കിലും രണ്ടു ഗവണ്മെൻറ് പ്ലീഡർമാർക്കു് ജോലി ചെയ്യുവാൻ സാദ്ധ്യമാണെന്നു തോന്നുന്നില്ല. അങ്ങനെയിരിക്കെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അദ്ദേഹം ചെയ്തതിൻെറ ആത്മാർത്ഥതയെ ചോദ്യം ചെയ്യുകയല്ല, തെരഞ്ഞെടുത്ത വക്കീലന്മാർ അതിനു യോഗ്യരല്ല എന്നു പറയുകയല്ല......

Shri R. Sankaranarayanan Tampi: Sir, on a point of order. May I know whether the hon. Member for Chalakudi is interpellating or making a speech.

Mr. Speaker: He is making a speech with my permission. That was made clear.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ തെരഞ്ഞെടുത്തിട്ടുള്ള ആളുകൾ യോഗ്യന്മാരാണെന്നുതന്നെയാണു് കേട്ടിട്ടുള്ളതു്. ജൂൺ 14-ാംതീയതിയോ മററോ ആണു് തിരുവനന്തപുരത്തു് ഹൈക്കോടതി ഇരിക്കുവാൻ പോകുന്നു എന്നു കേട്ടു. ജൂൺ 14-ാംതീയതി കോടതി

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

തുറക്കുവാൻ പോകുന്നു എന്നു കേട്ട ഉടനെ അതായതു് ജൂൺ 1-ാംനു-തി തിരുവനന്തപുരത്തു് രണ്ടു ഗവണ്മെന്റ് പ്ലീഡർമാരെ നിയമിച്ചതു് അറിഞ്ഞോ അറിയാതെയോ ചെയ്ത ഒരു അധികച്ചിലവാണെന്നു പറയാതെ തരമില്ല. അഞ്ചര ജഡ്ജി രണ്ടര ജഡ്ജി എന്നും മററും അനുപാതം കാണിക്കലൊക്കെ അതു ജസ്റ്റിഫൈ ചെയ്യുന്നതിനാകാം. ഇവിടത്തെ പ്രശ്നം ഒരു ജഡ്ജിയുണ്ടു്, ഒരു കോടതിയും ഉണ്ടു്. ആ കോർട്ടിൽ രണ്ടു പ്ലീഡർമാർക്കു പ്രവൃത്തിയെടുക്കുവാൻ സാദ്ധ്യമല്ല എന്നതാണു്. അതുകൊണ്ടാണു് ഞങ്ങളുടെ പാർട്ടിയിലെ വിപ്പ് ബഹുമാനപ്പെട്ട മന്ത്രിയോടു പറഞ്ഞതു് രണ്ടു ഗവണ്മെന്റു പ്ലീഡർമാരെ വച്ചിട്ടുള്ളതു് അധികമായിപ്പോയി എന്നു്. ഒരു പോസ്റ്റ് വേക്കന്റായി കിടന്നിരുന്നു. ആ പോസ്ററു ഇങ്ങോട്ടു ട്രാൻസ്ഫർ ചെയ്തു് എടുത്താൽ മതിയായിരുന്നു. പണത്തിനു വളരെ വിഷമിക്കുന്ന ഈ ഘട്ടത്തിൽ പണം ദുർവ്വിനിയോഗം ചെയ്യുന്നതു് ശരിയല്ല. നിയമിക്കപ്പെട്ടിരിക്കുന്നവർ യോഗ്യന്മാരല്ല എന്നൊന്നും ഞാൻ പറയുന്നില്ല. രണ്ടു ഗവണ്മെന്റു പ്ലീഡർമാർക്കു ഒരു സമയത്തു പ്രവൃത്തിക്കുവാനുള്ള നിവൃത്തി രണ്ടു ജഡ്ജിമാരുള്ള ഒരു കോടതിയിൽ ഉണ്ടാകയില്ല. അഡ്വക്കേററു് ജനറൽ സാധാരണ റിപ്പോർട്ടു ചെയ്യും. ഡിപ്പാർട്ടുമെന്റു മേലധികാരികളുടെ ഒരു സ്വഭാവമാണു് അതു്. അവർക്കു എത്ര ഉദ്യോഗസ്ഥന്മാർ ഉണ്ടായാലും മതിയാകയില്ല. എറണാകുളം ഹൈക്കോടതിയിൽ നാലു പോര അഞ്ചു വേണം; അഞ്ചു് എന്നുള്ളതു് ആറെണ്ണമാക്കണം എന്നൊക്കെ പറയും. ജില്ലാക്കോടതി ഒന്നുപോര രണ്ടു വേണമെന്നു പറയും. പക്ഷെ ഗവണ്മെന്റ് അതൊക്കെ സ്ക്രൂട്ടിനൈസ് ചെയ്യണം. സ്ക്രൂട്ടിനൈസ് ചെയ്തു് വളരെ അത്യാവശ്യമുണ്ടെന്നു കണ്ടാലേ അതു് അനുവദിക്കാൻ പാടുള്ളു. അങ്ങനെയുള്ള സ്ക്രൂട്ടിനി കൂടാതെ ആണെന്നു തോന്നുന്നു ഈ പ്ലീഡർമാരെ നിയമിച്ചിട്ടുള്ളതു്.

ശ്രീ. എ. താണുപിള്ള: എറണാകുളത്തു ഹൈക്കോടതിയിൽ അഞ്ചു ജഡ്ജിമാരുണ്ടായിരുന്നപ്പോഴും അവിടെ അഞ്ചു ഗവണ്മെന്റു പ്ലീഡർമാരുണ്ടായിരുന്നു. അതിൽ ഒടുവിൽവന്ന ഒരു വേക്കൻസിയിൽ ആരെയും വച്ചിട്ടില്ലായിരുന്നു എന്നേയുള്ളു.

ശ്രീ. എ. ജെ. ജാൺ: അഡ്വക്കേററ് ജനറലിനെ കൂടാതെ അഞ്ചു ഗവണ്മെന്റു പ്ലീഡർമാരുണ്ടെന്നാണോ പറയുന്നതു്?

ശ്രീ. എ. താണുപിള്ള: അതെ, ഇന്നും അവിടെ നാലു ഗവണ്മെന്റു പ്ലീഡർമാരുണ്ടു്. അവിടെ ആറു ജഡ്ജിമാരുള്ളതിൽ ചീഫ് ജസ്റ്റീസ് പലപ്പോഴും തിരുവനന്തപുരത്തു വരാറുണ്ടു്. അദ്ദേഹം ഇവിടെ കോടതി തുടങ്ങിയപ്പോഴും വന്നിരുന്നു. അതിനുശേഷം ഒരു പ്രാവശ്യംകൂടി വന്നു് കോടതിയിൽ ജോലി ചെയ്തതായിട്ടു എനിക്കറിയാം. കൂടുതൽ തവണ അദ്ദേഹം വന്നിട്ടുണ്ടോ എന്നു എനിക്കറിവില്ല. അദ്ദേഹത്തോടു ഞാൻ ആവശ്യപ്പെട്ടിട്ടുള്ളതു് കൂടക്കൂടെ ഇവിടെ വന്നു് ഇവിടത്തെ ജോലിയിൽ പങ്കെടുക്കണമെന്നാണു്. അപ്രകാരം ചെയ്യാനാണു് അദ്ദേഹവും ഉദ്ദേശിച്ചിരിക്കുന്നതു് എന്നു് അദ്ദേഹവും പറഞ്ഞിട്ടുണ്ടു്. ഏതായിരുന്നാലു ഇന്നു് അവിടെ നാലുപേരുണ്ടു്. ഇവിടെ രണ്ടുപേരും ഉണ്ടു്. ഡിപ്പാ

മെൻറ ഹെഡ്ഡിന്റെ പ്രബലമായ അഭിപ്രായവും ഇവിടെ രണ്ടുപേർ വേണമെന്നാണ്. ഒരാൾ മതിയാകയില്ലേ എന്നു ഞാൻ ചോദിച്ചു. രണ്ടാമാൾ ഉണ്ടെങ്കിലേ ജോലി നടക്കുകയുള്ളു എന്ന് അദ്ദേഹം നിർബ്ബന്ധമായി പറഞ്ഞു. ഒരാൾ ഇവിടെയുണ്ട്; ഒരാളെക്കൂടി അഡീഷണലായിട്ടു നിയമിച്ചാൽ മതി. ഈ കാര്യം വളരെ ശരിയാണെന്നു ഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടതിന്റെ ഫലമായിട്ടാണ് ഒരാളെക്കൂടി ഇവിടെ നിയമിച്ചതു്. ജോലിയുടെ കാര്യമാണെങ്കിൽ ഞാൻ പറഞ്ഞതുപോലെ 150 ഡിവിഷൻ അപ്പീലുകൾ അവിടെയുള്ളപ്പോൾ നൂറിൽക്കൂടുതൽ ഇവിടെയുണ്ട്. ക്രിമിനൽ കേസുകൾ 60 കേസുകൾ അവിടെയുള്ളപ്പോൾ മുപ്പതിൽ ചില്വാനം കേസുകൾ ഇങ്ങോട്ടു പോന്നു. മററ പല ജോലികളും ഉണ്ട്. ജോലികൾ ശരിക്കു നടന്നുകൊണ്ടുപോകണം. ജോലിക്കു തടസ്സം വരരുതു്.

ശ്രീ. എം. പി. മേനോൻ: കേസുകൾ കൂടുതൽ ഉണ്ടാകാം. ഒരു കോടതിയിൽ ഇരുന്ന് രണ്ടുപേർ കേസുവാദിച്ചാൽ എങ്ങിനെ കേൾക്കും? രണ്ടു സിങ്കിൾ ബെഞ്ചുണ്ടാകും. ചീഫ് ജസ്റ്റീസ് വരുമ്പോൾ ജോലിയും ഉണ്ട്. അപ്പീൽ കേൾക്കുക; പിന്നെ മററ കോടതികളിൽനിന്നുവരുന്ന പരിശോധന, ഇങ്ങനെ പല ജോലികളും അവർക്കുണ്ട്. അതുകൊണ്ടു ജോലി വളരെ കൂടുതലാണെന്നു പറയുവാൻ നിർവാഹമില്ല. പിന്നെ ഒരു കാര്യംകൂടിയുണ്ട്. ഗവണ്മെൻറ പ്ലീഡർമാർ ഫുൾടൈം ജോലിക്കാരല്ല. സർക്കാരിന്റെ മററുദ്യോഗസ്ഥന്മാരെപ്പോലെ ജോലി ചെയ്യണമെന്നുള്ള ഉദ്യോഗമല്ലാ അതു്.

ശ്രീ. കെ. കരുണാകരൻ: ഗവണ്മെൻറ കേസുള്ളപ്പോൾ മററ കേസുകൾ അവർക്കു പാടില്ലല്ലോ?

ശ്രീ. എ. താണുപിള്ള: ആ ജോലിയുണ്ട്. വേറെ ജോലിയും അവർക്കു നടത്താം.

ശ്രീ. കെ. കരുണാകരൻ: ഗവണ്മെൻറ ജോലിയില്ലാത്തപ്പോൾ മററ ജോലികൾ എടുക്കുന്നുവെന്നല്ലേ ആ പറഞ്ഞതിന്റെ അർത്ഥം?

ശ്രീ. എ. താണുപിള്ള: അതാണ് പറഞ്ഞതു്; ഫുൾടൈം ഉദ്യോഗസ്ഥന്മാർ അല്ലാ അവർ എന്ന്. ക്രിമിനൽ അപ്പീലുകൾ ആണെങ്കിൽ 14 അപ്പീലുകൾ വന്നിട്ടുണ്ട്.

ശ്രീ. ടി. എം. വർഗ്ഗീസ്: സർക്കാർ വക്കീലന്മാരാക്കുന്നതിൽ അവർക്കു മററ ജോലികൾ ഉള്ളവരാണ് എന്നുള്ളതിനു എന്തു മാനദണ്ഡമാണ് ഗവണ്മെൻറ് എടുത്തതു്?

ശ്രീ. എ. താണുപിള്ള: ജോലിയില്ലാത്ത വക്കീലന്മാരെ നിയമിക്കാറില്ല. അതുകൊണ്ടു ജോലിയുള്ളവരാണോ എന്നുള്ളതു് തെരഞ്ഞെടുക്കുന്നതിൽ പരിഗണനെ അർഹിക്കുന്നുണ്ട്. തിരുവനന്തപുരത്തു 14 അപ്പീലുകൾ ഫയൽ ചെയ്തിട്ടുണ്ട്. 30 ഫയൽ എറണാകുളത്തുനിന്നു കൊണ്ടുവന്നു, അതിൽ ഏതാനും കേസുകൾ തീർന്നിട്ടുണ്ട്. അവിടെനിന്നു 111 സിങ്കിൾ അപ്പീലുകൾ കൊണ്ടുവന്നതായിട്ടാണ് കാണുന്നതു്. അതിനിടയ്ക്കു ആറ അപ്പീലുകൾ പതിച്ചിട്ടുണ്ട്. അതു നോക്കുമ്പോൾ ഇതു അനാവശ്യമാണ് എന്നു പറയുന്നതിനോടു യോജിക്കാൻ നിവൃത്തിയില്ല.

ശ്രീ. എ. ജെ. ജാൺ: ഹൈക്കോടതി ജഡ്ജിമാരുടെ എണ്ണം കൂട്ടിയിട്ടില്ലാത്തതുകൊണ്ടു് എറണാകുളത്തുള്ള നാലു പ്ലീഡർമാരിൽ ഒരാളെ ഇങ്ങോട്ടു മാററിയാൽ പോരായിരുന്നോ?

ശ്രീ. എ. താണുപിള്ള: അപ്പോൾ അവിടെ ഒരാൾ കുറയും.

ശ്രീ. എ. ജെ. ജാൺ: എട്ടു ജഡ്ജിമാരുള്ളപ്പോൾ നാലു ഗവൺമെൻറ് പ്ലീഡർമാരെ ഉണ്ടായിരുന്നുള്ളു. ഇപ്പോൾ ആറു ജഡ്ജിമാരുള്ളപ്പോൾ ആറു പ്ലീഡർമാരുടെ ആവശ്യമുണ്ടെന്നാണോ പറയുന്നതു്?

ശ്രീ. എ. താണുപിള്ള: രണ്ടു ജഡ്ജിമാരുള്ളപ്പോൾ ഒരു പ്ലീഡർകൂടി വരുന്നതു് അധികപ്പററാണെന്നു എനിക്കു തോന്നുന്നില്ല. ജഡ്ജിയുടെ എണ്ണം കൂട്ടുന്നില്ലല്ലോ, അതുകൊണ്ടു് അതു പോരായിരുന്നോ എന്നു നോക്കുകയാണെങ്കിൽ അതു ശരിയാണെന്നു തോന്നുന്നില്ല. ഇവിടെ പല ജോലികളുമുണ്ടു്. ചീഫ് ജസ്റ്റീസ് ഇവിടെ വരുന്നു. അതുകൊണ്ടു് മൂന്നു ജഡ്ജിമാർ ഉള്ളതായിട്ടുതന്നെ അതിനെ കരുതണം. ഒരാൾക്കു് സുഖക്കേടു വന്നുപോയാൽ ഗവൺമെൻറു കേസുകൾ നടത്തുന്നതിൽ തടസ്സമുണ്ടാകരുതു്. അതുകൊണ്ടാണു് ഒരാളെക്കൂടി വയ്ക്കണമെന്നു പറയുന്നതു്. മാത്രമല്ല, ഡിപ്പാർട്ടുമെൻറിൽനിന്നും പ്രബലമായ ശുപാർശയുണ്ടായിരുന്നു. അതുകൊണ്ടു് എനിക്കു പറയുവാനുള്ളതു് സംശയിക്കത്തക്ക യാതൊരു സംഗതിയും ഇതിലില്ല. അങ്ങനെയുള്ള കാര്യങ്ങളൊന്നും മിനിസ്റ്റർമാർ ആരും ചെയ്തിട്ടില്ല. രണ്ടുപേർ അത്യാവശ്യമാണെന്നു ഡിപ്പാർട്ടുമെൻറിൽനിന്നും ശുപാർശ ചെയ്തു, അതാവശ്യമാണെന്നു് ഗവൺമെൻറിനും ബോദ്ധ്യപ്പെട്ടു. അതുകൊണ്ടു് അതു് അനുവദിച്ചു. ഇതിനെ ഒരു വലിയ കാര്യമാക്കാതെ ഡിമാൻറ് അനുവദിക്കണമെന്നാണു് എനിക്കു ഈ സഭയോടു അഭ്യർത്ഥിക്കുവാനുള്ളതു്.

The question that a supplementary sum not exceeding Rs. 1,94,000 under Demand XIII—Administration of Justice was put and declared carried.

Shri Panampilli Govinda Menon: Sir, I demand a poll. A poll was taken when the House divided as follows:—

AYES—14.

1 Shri A. Achuthan
2 „ N. Chandrasekharan Nair
3 „ Idicula Idicula
4 „ P. Kesava Menon
5 „ P. Kunjan
6 „ P. K. Kunju
7 „ Manjanatha Prabbu
8 „ Narayana Kurup
9 Shri P. S. Nataraja Pillai
10 „ Parameswaran Nambudiri
11 „ C. K. Ramachandran Nair
12 „ K. A. Sivarama Bharathy
13 „ A. Thanu Pillai
14 „ P. Viswambaran

NOES—33.

1 Shri Abdul Khadir
2 ,, C. Abraham
3 ,, Alexander Parambithara
4 ,, J. Anantha Bhatt
5 ,, M. A. Antony
6 ,, K. K. Balakrishnan
7 ,, T. O. Bava
8 ,, N. G. Chacko
9 ,, K. M. George
10 ,, K. P. Gopala Menon
11 ,, Panampilli Govinda Menon
12 ,, A. J. John
13 ,, V. J. Joseph
14 ,, K. Karunakaran
15 ,, T. T. Kesavan Sastry
16 ,, K. Kochukuttan
17 ,, P. R. Krishnan
18 Shri N. K. Kumaran
19 ,, P. M. Markose
20 ,, Mathai
21 ,, N. Narayana Kurup
22 ,, P S. Nataraja Pillai
23 ,, N. Parameswaran Pillai
24 Dr. A. R. Menon
25 Shri P. J. Sebastian
26 ,, T. P. Sitaraman
27 ,, T. Thomas
28 Dr. P. T. Thomas
29 Shri K. P. Urumese
30 ,, P. S. Vasudevan Pillai
31 ,, K. I. Velayudhan
32 ,, T. M. Verghese
33 ,, A. A. D. Luiz

NEUTRALS—27.

1 Shri C. C. Ayyappan
2 ,, B. B. Pandarathil
3 ,, Prakkulam Bhasi
4 ,, P. Bhaskaran Ñair
5 ,, K. Chandrasekhara Sastri
6 ,, P. K. Chathan
7 ,, K. C. George
8 ,, P. Gopalan
9 Sry. K. R. Gouri
10 Shri Joseph Mundassery
11 ,, Thalekkare K. Krishnan
12 ,, K. S. Krishnan Sastry
13 ,, P. K. Kunjachan
14 Shri Kuttappan Koickal
15 ,, P. R. Madhavan Pillai
16 ,, T. A. Majeed
17 ,, M. P. Menon
18 ,, N. Raghava Kurup
19 ,, T. S. Ramaswami
20 ,, P. Ravindran
21 ,, C. G. Sadasivan
22 ,, R. Sankaranarayanan Tampi
23 ,, R. Sugathan
24 Dr. P. K. Sukumaran
25 Shri T. V. Thomas
26 ,, Vivekanandan
27 ,, P. K. Yasodharan

The Demand was Declared Lost.

ശ്രീ. എൻ. നാരായണക്കുറുപ്പ്: സർ, ഒരു പായിന്റ് ഓഫ് ഓർഡർ. സർക്കാർ വക്കീലന്മാരെ നിയമിക്കുന്നതിനെയാണ് എതിർത്തത്. അതിന് 6000 രൂപയേ കൊള്ളിച്ചിട്ടുള്ളു. ബാക്കിയുള്ളത് ജുഡിഷ്യറിയെ എക്സിക്യൂട്ടീവിൽനിന്നും വേർതിരിക്കുന്നതു സംബന്ധിച്ചാണ്. അതുകൊണ്ട് ഇപ്പോൾ നഷ്ടപ്പെട്ടത്, മുഴുവൻ ഡിമാൻറാണോ, അതോ സർക്കാർ വക്കീലന്മാരെ നിയമിക്കുന്നതിനുള്ള തുകമാത്രമാണോ ?

മി. സ്പീക്കർ: മുഴുവൻ ഡിമാൻറും നഷ്ടപ്പെട്ടു. It was the whole Demand that was put to vote.

Shri Panampilli Govinda Menon: Mr. Speaker, I want to make a statement.. This morning some Members of my Party tabled certain cut motions and in one of those cut motions this point of the additional expenditure involved in the appointment of one Government Pleader more than is necessary in Trivandrum was raised. But we were informed that there is no scope for moving cut motions at this stage when Supplementary Demands are being moved. Therefore, in order to make our point felt we were constrained to oppose the whole Demand. But we want to make it clear that the point of the Opposition is that in Trivandrum the Government has appointed one Government Pleader more than is necessary.

ശ്രീ പി. വിശ്വംഭരൻ : മുഴുവൻ ഡിമാൻഡും പരാജയപ്പെട്ടിരിക്കുന്ന സ്ഥിതിക്ക് ജുഡീഷ്യറിയെ എക്സിക്യൂട്ടീവിൽനിന്നും വേർതിരിക്കാൻ സാധിക്കുകയില്ലല്ലോ.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : തരമാകുകയില്ല.

Shri A. Thanu Pillai: Sir, now the entire Demand of Rs. 1,94,000 has been voted out. This consists of the following items: Law Officers, and Provision for separation of the Judiciary from the Executive.

Shri Panampilli Govinda Menon: That is all. These are the two items.

Shri A. Thanu Pillai: This amount includes the additional funds required to meet the expenditure required in connection with the separation of the Judiciary from the Executive and also the provision for the Government Law Officers, including Purchase of Books and so on. The entire Supplementary Demand is now voted out. Therefore, I do not propose to ask for other Grants.

Mr. Speaker: So, we will now adjourn and meet again on Monday.

Shri T. S. Ramaswami: Sir, on a point of order. Now that this Demand is voted out, are the other Demands postponed? What will happen to them? Should this be considered as a censure motion?

Mr. Speaker: All that will be made known in due course.

Shri N. Raghava Kurup: Sir, the amount was demanded on two accounts, namely, the appointment of two Officers and in connection with the major policy of the Government, namely, separation of the Judiciary from the Executive. These are the items before the House. Therefore, the Government has lost on a major policy. Does it not amount to a vote of censure and should not the Government resign on this account?

Mr. Speaker: That is for the Government to decide.

The House will now adjourn to meet again on Monday at 11 A. M.

The Assembly adjourned at 4-40 P. M. to meet again at 11 A. M. on Monday, the 2nd August 1954.

APPENDIX I.

*[Please see answer to question No. * 558 (7)]*

നിവേദനങ്ങളിൽ ഉന്നയിക്കപ്പെട്ടിരുന്ന കാര്യങ്ങൾ.

(1) പ്രൈവററ് പ്രൈമറി സ്കൂൾ.

1. സർക്കാരും പ്രൈവററുംസ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ ശമ്പളവും ക്ഷാമബത്തയും ഏകീകരിക്കുക.
2. പ്രൈവററുസ്കൂൾ അദ്ധ്യാപകന്മാർക്ക് വിലക്കൂടുതൽഅലവൻസ് (ക്ഷാമബത്ത) അനുവദിക്കുക.
3. പ്രൈവററു സ്കൂൾ അദ്ധ്യാപകന്മാർക്ക് പ്രാവിഡൻറഫണ്ട് നിബ്ബന്ധിതമാക്കുക.
4. പ്രൈവററു സ്കൂൾ അദ്ധ്യാപകന്മാർക്ക് ക്യാഷ്വൽ ലീവിനു പുറമെ മററു ലീവുകളും അനുവദിക്കുക.
5. സ്കൂൾക്കെട്ടിടം, സ്ഥലം എന്നിവയെപ്പററിയുള്ള വ്യവസ്ഥകൾ പാലിക്കാത്തതിനാൽ തടഞ്ഞുവയ്ക്കപ്പെട്ടിട്ടുള്ള ഗ്രാൻറ സംഖ്യ അനുവദിക്കുക.
6. ഹൈസ്കൂൾ, മിഡിൽസ്കൂൾ, ട്രെയിനിംഗ്സ്കൂൾ ഇവകളോടു ചേർന്നുള്ള പ്രൈമറി സ്കൂളുകളിലെ ഹെഡ്മാസ്റ്ററന്മാർക്ക് സൂപ്പർവിഷൻ അലവൻസ് നൽകുക.
7. അദ്ധ്യാപകസംഘടനാപ്രതിനിധികൾക്കും ടെക്സ്ററ്ബുക്ക കമ്മിററിയിൽ സ്ഥാനം നൽകുക.
8. പ്രൈവററുസ്കൂൾ അദ്ധ്യാപകന്മാർക്ക് ക്ഞ്ഛസമയങ്ങളിൽ ശമ്പളം നൽകുക.
9. പുതിയതായി തുറക്കുന്ന ക്ലാസ്സുകൾക്ക് അംഗീകാരം നൽകപ്പെടുന്ന വർഷം മുതല്ക്കുതന്നെ ഗ്രാൻറ നൽകുക.
10. ഷിഫ്ററ സമ്പ്രദായം നിറുത്തലാക്കുക.
11. പ്രൈവററ് പ്രൈമറിസ്കൂൾ അദ്ധ്യപകന്മാർക്ക് സർക്കാർ സർവ്വീസിൽ പ്രവേശിക്കുവാൻ മുൻഗണന നൽകുക.
12. പ്രൈവററ് പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ സന്താനങ്ങൾക്ക് ഫീസ് സൗജന്യം അനുവദിക്കുക.
13. വിവാഹിതരായ പ്രൈവററ് പ്രൈമറിസ്കൂൾ അദ്ധ്യാപികമാർക്ക് പ്രസവാവധി അനുവദിക്കുക.
14. ഉദ്യോഗത്തിലിരിക്കുമ്പോൾ അകാലചരമമടയുന്ന അദ്ധ്യാപകരുടെ അവകാശികൾക്ക് ഗ്രാററുവിററി നൽകുക.

(2) ഡിപ്പാർട്ടുമെൻറൽ പ്രൈമറിസ്കൂൾ.

15. ഡിപ്പാർട്ടുമെൻറൽ പ്രൈമറിസ്കൂൾ അദ്ധ്യാപകരുടെയും ഹെഡ്മാസ്റ്ററന്മാരുടേയും ശമ്പളവും ഗ്രേഡും ഉയർത്തുക.

APPENDIX I—(*Contd.*)

16. ഡിപ്പാർട്ടുമെൻറൽ പ്രൈമറിസ്കൂളുകൾക്കു ഷോപ്പ് അനുവദിച്ചിട്ടുള്ള കണ്ടിൻജൻസി തുക കൂട്ടുക.
17. മലംപ്രദേശങ്ങളിൽ ജോലിനോക്കുന്ന അദ്ധ്യാപകർക്ക് ഭവന സൗകര്യങ്ങൾ നൽകുക.
18. സ്വദേശങ്ങളിലോ അല്ലാത്തപക്ഷം അതിനടുത്തോ അദ്ധ്യാപകരെ പോസ്റ്റ ചെയ്യുക.
19. സർവീസുകാലം അറുപതുവയസ്സുവരെയായി ദീർഘിപ്പിക്കുക.

ഗവണ്മെൻറിൽനിന്നും അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ.

സ്കൂൾക്കെട്ടിടം, സ്ഥലം എന്നിവയെ സംബന്ധിച്ചുള്ള വ്യവസ്ഥകൾ പാലിക്കാത്ത മാനേജുമെൻറ സ്കൂളുകളിലെമാത്രം ഗ്രാൻറ് തടഞ്ഞുവയ്ക്കപ്പെടുന്നു. അത്തരം വ്യവസ്ഥകൾ പാലിച്ചുകഴിഞ്ഞാൽ ഉടൻതന്നെ ഗ്രാൻറ് കൊടുത്തുതുടങ്ങുന്നതാണ്. വ്യവസ്ഥകൾ ചെയ്തുതീർക്കുവാൻ മാനേജരന്മാരെ ഉത്തേജിതപ്പെടുത്തുവാനുപകരിക്കുന്ന ഒന്നാണ് ഈ നടപടി.

പ്രൈവററസ്കൂൾ അദ്ധ്യാപകരുടെ പ്രതിമാസശമ്പളം കൃത്യസമയത്തുതന്നെ കൊടുത്തുതീർക്കുവാനും അക്കാര്യത്തിൽ ഉണ്ടാകുന്ന കാലതാമസം ഉടനടി പരിഹരിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ഉദ്യോഗത്തിലിരിക്കുമ്പോൾ അകാലചരമമടയുന്ന അദ്ധ്യാപകരുടെ അവകാശികൾക്ക് ഗ്രാറവിററി നൽകുന്ന കാര്യം ഗവണ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുന്നു.

പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ അവധിനിയമങ്ങൾ പരിഷ്കരിക്കുന്ന കാര്യം ഗവണ്മെൻറിൻെറ പര്യാലോചനയിലിരിക്കുന്നു.

പബ്ലിക്ക് സർവീസ് റിക്രൂട്ടുമെൻറ ചട്ടങ്ങൾപ്രകാരം യോഗ്യരായുള്ള അദ്ധ്യാപകർ ഗവണ്മെൻറസ്കൂൾ അദ്ധ്യാപകജോലിക്കപേക്ഷിക്കാവുന്നതാണ്.

വിവാഹിതരായ അദ്ധ്യാപികമാർക്ക് പ്രസവാവധി നൽകുന്ന കാര്യം ഗവണ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുന്നു.

തിരുവിതാംകൂർ-കൊച്ചി സർക്കാർ പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളസ്കെയിൽ ഏകീകരിച്ചുകൊണ്ടുള്ള ഉത്തരവ് ഈയിടെ പുറപ്പെടുവിച്ചിട്ടുണ്ട്.

APPENDIX II.

[*Please see answer to question No. * 568 (20)*]

(എച്ച്) 1950–51-ൽ പഠിച്ചിരുന്നവരുടെ പേരും വിവരവും.

Training College, Trivandrum.

			രൂ.	ണ.	പ.
1	ടി. വി. ജോൺ	B. T.	520	0	0
2	ഇ. സി. ഏലിയാസ്	,,	220	0	0
3	എൻ. കെ. പത്മനാഭൻ	,,	220	0	0
4	പി. വേലു	,,	220	0	0
5	എൻ. ജെ. ചാക്കോ	,,	170	0	0
6	എൻ. ശങ്കരൻ നായർ	,,	170	0	0
7	എ. ഒ. മാത്യു	,,	220	0	0
8	ശിവരാമൻ നായർ	,,	520	0	0
9	പി. ജെ. എലിസാ	,,	520	0	0
10	എം. എ. ചന്ദ്രശേഖരൻ	,,	520	0	0

Calcutta Dental College.

11	Mathew K. Mammen	III yr. Dip.	625	0	0

Trivandrum Co-operative College.

12	പി. ശിവശങ്കരപ്പിള്ള	Dip. I.	231	5	3
13	എം. ജെ. രാമവർമ്മരാജാ	,,	231	5	3

Diploma Course in Shorthand & Typewriting.

14	എ. മേഴ്സി	Dip. II yr.	460	0	0
15	എ. പി. കൃഷ്ണൻ നായർ	Dip. I yr.	480	0	0

Law College, Ernakulam.

16	എൻ. കെ. ശ്രീധരൻ	F. L.	550	0	0
17	എ. ജി. അഗസ്റ്റിൻ	,,	550	0	0
18	കെ. കെ. കുഞ്ഞുമുഹമ്മദ്	,,	550	0	0
19	തോമസ് അറോജി	,,	550	0	0
20	ഒ. സി. വർഗ്ഗീസ്	,,	550	0	0
21	കെ. വി. തോമസ്	B. L.	550	0	0

Industrial Training Centre, Nagercoil.

22	എം. ടി. മാത്യു	Carpentry	100	0	0
23	കെ. മാധവൻ നായർ	Motor Mechanic	100	0	0
24	എൻ. ചെല്ലപ്പൻ ആശാരി	,,	100	0	0

M. G. College, Trivandrum.

25	ആർ. മാധവൻപിള്ള	III. U. C.	471	13	9
26	വി. സുകുമാരൻ നായർ	,,	471	13	9
27	എ. മനോഹർമണി	I. U. C.	451	13	9

APPENDIX II.—(*Contd.*)

M. G. College, Trivandrum—(*Contd*)

			രൂ.	ണ.	സ.
28	പി. മാധവൻപിള്ള	I. U. C.	451	13	9
29	എം. ജെ. സ്റ്റീഫൻ	,,	451	13	9
30	കെ. വേലായുധൻ തമ്പി	II. U. C.	452	4	9
31	ജി. കൃഷ്ണപിള്ള	III. U. C.	471	13	9

Maharaja's Technological Institute, Trichur.

32	കെ. വി. പുന്നൻ	I. yr. Dip.	448	13	9
33	ആർ. ബാലകൃഷ്ണൻ നായർ	,,	448	13	9
34	കെ. വി. തമ്പി	II. yr. Dip.	373	13	9

City College, Calcutta.

35	എം. ആർ. പത്മനാഭൻ		433	0	0

St. Berchman's College, Changanacherry.

36	ഫർണാൻഡസ്, ഡി. എസ്.	I. U. C.	451	13	9
37	ഏബ്രഹാം തോമസ്	,,	451	13	9
38	തോമസ്, വി. ടി.	III. U. C.	451	13	9
39	മത്തായി എം. എം.	,,	471	13	9
40	ജോസഫ്, കെ. ഡി.	,,	471	13	9
41	അന്ത്രയോസ്, എ.	,,	471	13	9
42	തോമസ്, എം. ടി.	,,	471	13	9

S. N. College, Quilon.

43	പി. ജെ. ചാക്കോ	III. U. C.	471	13	9
44	രാജസിംഹൻ	I. U. C.	451	13	9
45	എസ്. മോഹനദാസ്	,,	451	13	9
46	എസ്. രാമകൃഷ്ണൻ നായർ	,,	451	13	9
47	ഗോപിനാഥൻ നായർ	,,	451	13	9
48	വി. എ. മുഹമ്മദ് കുഞ്ഞ്	III. U. C.	471	13	9
49	എ. മൊഹമ്മദ് കുഞ്ഞ്	I. U. C.	451	13	9
50	എൻ. ബാലകൃഷ്ണപിള്ള	III. U. C.	471	13	9
51	എൻ. ഭാസ്കരപിള്ള	,,	471	13	9
52	എൻ. സുകുമാരൻ	,,	471	13	9

Mar Ivanios College.

53	എസ്. ജെ. സുന്ദരരാജ്	I. U. C.	451	13	9
54	വി. എച്ച്. ജോൺസൺ	,,	451	13	9
55	പി. വി. ഡാനിയൽ	I. U. C.	451	13	9
56	ജി. കൃഷ്ണൻകുട്ടി	,,	451	13	9
57	സി. ഐ. ജോർജ്ജ്	III. U. C.	471	13	9

Union Christian College, Alwaye.

58	പി. ജെ. ജോസഫ്	I. U. C.	451	13	9

St. Thomas College, Palai,

			രൂ.	ണ.	സ.
59	ജോസഫ്, എം. ജെ.	I. U. C.	451	13	9
60	വി. എ. എബ്രഹാം	,,	451	13	9
61	പി. വി. പൌലോസ്	III. U. C.	471	13	9
62	കെ. സി. കോശി	,,	471	13	9

N. S. S. College, Changanacherry.

63	ആർ. രാജശേഖരൻ പിള്ള	I. U. C.	451	13	9
64	ടി. സി. തേവൻ	,,	451	13	9
65	മത്തായി	,,	451	13	9

C. M. S. College, Kottayam.

66	എം. മാധവൻപിള്ള	I. U. C.	451	13	9
67	എൻ. പി. ഫിലിപ്പ്	,,	451	13	9
68	നാരായണക്കുറുപ്പ്	,,	463	13	9

N. S. S. College, Pandalam.

69	സി. കെ. കൃഷ്ണൻ നായർ	I. U. C.	451	13	9
70	കെ. എൻ. ഗോപാലകൃഷ്ണപിള്ള	,,	451	13	9
71	ജി. ഉണ്ണികൃഷ്ണൻ നായർ	,,	451	13	9
72	എം. ആർ. രാമകൃഷ്ണൻ നായർ	,,	451	13	9
73	കെ. ദാമോദരൻ നായർ	,,	451	13	9

University College, Trivandrum.

74	എൻ. സുകുമാരൻ നായർ	III. U. C.	451	13	9
75	എൻ. കെ. പരമേശ്വരൻ നായർ	,,	451	13	9
76	വി. ഗംഗാധരൻപിള്ള	II. yr.	451	13	9
77	വി. കൃഷ്ണപിള്ള	,,	451	13	9
78	ഗോപിനാഥപിള്ള, കെ.	III. U. C.	451	13	9
79	വി. എൻ. കേശവക്കുറുപ്പ്	I. yr. (Hons.)	451	13	9
80	ബി. ജോഷ്വാ	III. yr.	451	13	9
81	എൻ. വേലായുധൻ നായർ	I. yr.	466	13	9
82	പി. കരുണാകരൻ നായർ	II. D. C.	451	13	9
83	കെ. കുട്ടപ്പൻ നായർ	III. U. C.	451	13	9
84	എ. വി. മേരി	,,	451	13	9

Scott's Christian College, Nagercoil.

85	ഡബ്ല്യു. ആർ. ഡാനിയൽ	I. U. C.	451	13	9
86	എച്ച്. ജെ. ഡി. രാജ്	,,	451	13	9

APPENDIX II—(*Contd*)

			രൂ.	ണ.	പ.
	S. D. College, Alleppey.				
87	എസ്. ഗോവിന്ദൻപിള്ള	I. U. C.	430	0	0
	University Intermediate College, Trivandrum.				
88	എ. ശിവശങ്കരൻ നായർ	I. U. C.	451	13	9
89	വി. ഗോപിനാഥൻ നായർ	,,	451	13	9
	St. Berchman's College, Changanacherry.				
90	എസ്. പി. മാത്യു	I. U. C.	451	13	9
	Sacred Heart College, Thevara.				
91	പി. ബേബി വർഗ്ഗീസ്	III. U. C.	471	13	9
	Annamalai University, Annamalai Nagar.				
92	പി. ഭാസ്കരൻ നായർ	III. yr. (Hons.)	548	0	0
	Undergraduate Teacher's Training, N. S. S. Training School, Thadiyar.				
93	കെ. വി. ഡാനിയൽ		400	0	0
94	പി. എം. ഐപ്പ്		400	0	0
	P. G. M. Training School, Parakode,				
95	എം. പി. മാത്യു		400	0	0
	Training School, Ezhukone.				
96	ജി. രാമകൃഷ്ണപിള്ള		400	0	0
97	എം. കെ. ശ്രീധരൻ		400	0	0
	E. H. and Training School, Kadampanad.				
98	ഒ. ഗീവർഗ്ഗീസ്		400	0	0
	Training School, Attingal.				
99	വി. കെ. സദാനന്ദൻ		400	0	0
100	എൻ. മാധവൻ		400	0	0
	Q. M. I. Training School, Kottayam.				
101	കെ. ഐ. കുരുവിള		400	0	0
	St. Mary's Training School, Kamukinkode.				
102	പി. ഗോപാലൻ നാടാർ		400	0	0
	E. H. & Training School, Kottiyam.				
103	കുഞ്ഞുകുഞ്ഞു, വൈ.		400	0	0
	Training School, Mavelikara.				
104	കെ. ഭാസ്കരൻ നായർ		400	0	0

Govt. Training School, Neyyattinkara,

		രൂ.	ണ.	ന.
105	വി. കെ. കൃഷ്ണൻ നായർ	400	0	0

[St. Joseph's Training School, Mylapra.

106	ടി. കെ. ജോർജ്ജ്	400	0	0
107	എൻ. എം. ജോർജ്ജ്	400	0	0

Govt. Training School, Edappally.

108	പി. എ. തങ്കമ്മ	400	0	0

Govt. Training School, Nagercoil.

109	ഡി. സുന്ദരം	400	0	0
110	എ. രാമകൃഷ്ണപിള്ള	400	0	0

S. N. V. Training & Middle School, Kakkazham.

111	എ. നാരായണക്കുറുപ്പ്	400	0	0
112	വി. രാമചന്ദ്രൻ നായർ	400	0	0
113	പി. ഗീവർഗ്ഗീസ്	400	0	0
114	എ. വാസുക്കുറുപ്പ്	400	0	0
115	വി. യോഗാനന്ദൻ	400	0	0

Sree Chithra Raja Vilasom Middle & Training School, Angadical, Chengannur.

116	വി. കെ. കേശവപ്പണിക്കർ	400	0	0

Training School, Chirayinkil.

117	പി. ശ്രീധരൻപിള്ള	400	0	0
118	എം. കൃഷ്ണൻ നായർ	400	0	0

N. S. S. Training School, Perunnai.

119	സി. കെ. രാഘവൻ നായർ	400	0	0

N. S. S. Training School, Karukachal.

120	എം. കരുണാകരൻ നായർ	400	0	0
121	എൻ. ജെ. ചാക്കോ	400	0	0

A. M. M. Training & Middle School, Maramon.

122	സി. ടി. തോമസ്	400	0	0
123	എം. കെ. പരമേശ്വരൻ നായർ	400	0	0

J. M. E. H. & I. M. Training School, Sasthamkotta.

124	[illegible]. പത്മനാഭൻ പിള്ള	400	0	0

APPENDIX II.—(*Contd.*)

Training School, Ettumanoor.

			രൂ.	ണ.	സ.
125	കെ. കെ. ശങ്കരപ്പിള്ള		400	0	0

St. George's Mount Training School, Kaipattur.

126	ഗീവറുഗീസ് സക്കറിയ		400	0	0

T. D. Training School, Thuravoor.

127	വി. കെ. ദിവാകരൻ		400	0	0
128	ഏ. ജെ. പാഠം		400	0	0

N. M. Training School, Ayroor.

129	എം. ടി. ആന്റണി		400	0	0

Training School, Chettikulangara.

130	വി. ജി. മാധവൻ		400	0	0
131	ജി. മാധവൻപിള്ള		400	0	0
132	ഏ. വേലായുധൻ		400	0	0
133	എം. ഒ. മാത്യു		400	0	0

1951–52-ൽ ഫീസ് സൌജന്യം കിട്ടിയവരുടെ

പേരും വിവരങ്ങളും

S. N. College, Quilon.

1	എസ്. രാമകൃഷ്ണൻനായർ	II U. C.	452	4	9
2	ഏ. മഹമ്മദുകുഞ്ഞ്	,,	452	4	9
3	എൻ. ഗോപിനാഥൻനായർ	,,	452	4	9
4	എസ്. മോഹനദാസ്	,,	452	4	9
5	എം. രാജസിംഹൻ	,,	452	4	9
6	വി. ഏ. മഹമ്മദുകുഞ്ഞ്	,,	495	4	9
7	എൻ. ബാലകൃഷ്ണപിള്ള	,,	495	4	9
8	വി. ജെ. ചാക്കോ	IV U. C.	495	4	9
9	എൻ. സുകുമാരൻ	,,	495	4	9
9(a)	എൻ. ഭാസ്കരപിള്ള	,,	495	4	9

City College, Calcutta.

10	എം. ആർ. പത്മനാഭൻ		490	0	0

Union Christian College, Alwaye.

11	വി. ഏ. ഇബ്രാഹിം	II U. C.	452	4	9
12	കെ. സി. കോശി	IV U. C.	495	4	9
13	പി. വി. പൌലോസ്	,,	495	4	9

College of Engineering, Trivandrum.

			രൂ.	ണ.	സ.
14	ടി. എസ്. ഗോപാലകൃഷ്ണപിള്ള	III D. C.	429	4	9

St. Berchman's College, Changanacherry.

15	ഫെർണാൻഡസ്, ഡ. എസ്.	II U. C.	452	4	9
16	ഏബ്രഹാം തോമസ്	,,	452	4	9
17	തോമസ് പി. ടി.	,,	452	4	9
18	മാത്യു, എസ്. പി.	,,	452	4	9
19	ജോസഫ്, കെ. സി.	IV U. C.	495	4	9
20	തോമസ്, എം. ടി.	,,	495	4	9
21	അന്ത്രയോസ്, ഏ.	,,	495	4	9
21(a)	എം. എം. മാത്യു	,,	495	4	9

C. M. S. College, Kottayam.

22	എം. മാധവൻപിള്ള	II U. C.	452	4	9
23	എം. വി. ഫിലിപ്പ്	,,	452	4	9
24	കെ. നാരായണക്കുറുപ്പ്	,,	464	4	9

S. D. College, Alleppey.

25	എസ്. വിശ്വനാഥൻ	II Dip.	459	4	9
26	വി. കെ. ചെല്ലപ്പൻനായർ	III Dip.	459	4	9
27	എസ്. ഗോവിന്ദപ്പിള്ള	II Dip.	415	4	9

Scotts Christian College.

28	എസ്. ആർ. ഡാനിയൽ	II U. C.	475	4	9

N. S. S. College, Pandalam.

29	സി. കെ. കൃഷ്ണൻനായർ	II U. C.	452	4	9
30	കെ. എൻ. ഗോപാലകൃഷ്ണപിള്ള	,,	452	4	9
31	കെ. ദാമോദരൻനായർ	II U. C.	452	4	9
32	എം. ആർ. രാമകൃഷ്ണൻനായർ	,,	452	4	9
33	ജി. ഉണ്ണികൃഷ്ണൻനായർ	,,	452	4	9

University College, Trivandrum.

34	എൻ. സുകുമാരൻനായർ	IV U. C.	475	4	9
35	എൻ. കെ. പരമേശ്വരൻനായർ	,,	475	4	9
36	വി. ഗംഗാധരൻപിള്ള	III Degree	457	4	9
37	വി. കൃഷ്ണപിള്ള	,,	457	4	9
38	കെ. ഗോപിനാഥപിള്ള	IV U. C.	475	4	9
39	ബി. ജോഷ്വാ	,,	475	4	9
40	എൻ. വേലായുധൻനായർ	II U. C.	427	4	9

			രൂ.	ണ.	സ.
41	ആർ. ജയചന്ദ്രപണിക്കർ	III yr. (Hons)	487	4	9
42	വി. കരുണാകരൻനായർ	III D. C.	475	4	9
43	എസ്. സാമുവൽ തോമസ്	,,	487	4	9
44	കെ. കുട്ടപ്പൻനായർ	IV U. C.	475	4	9
45	വി. എൻ. കേശവക്കുറുപ്പ്	II yr (Hons.)	427	4	9
46	എം. പി. മണി	IV U. C.	475	4	9
47	പി. വി. ശിവദാസ്	III U. C.	487	4	9

University Intermediate College, Trivandrum.

48	ഏ. ശിവശങ്കരൻനായർ	II U. C.	428	4	9
49	വി. ഗോപിനാഥൻനായർ	,,	304	6	0

Mar Ivanios College, Trivandrum.

50	എസ്. ജെ. സുന്ദരരാജ്	II U. C.	452	4	9
51	വി. എച്ച്. ജോൺസൺ	,,	452	4	9
52	പി. വി. ഡാനിയൽ	,,	452	4	9
53	ജി. കൃഷ്ണൻകുട്ടി	,,	452	4	9
54	ജെ. എ. ജോർജ്ജ്	IV U. C.	495	4	9

St. Thomas College, Palai.

55	ജോസഫ് എം. ജെ.	II U. C.	452	4	9

N. S. S. Hindu College, Changanacherry.

56	ആർ. രാജശേഖരൻപിള്ള	II U. C.	452	4	9
57	ടി. സി. തേവൻ	,,	452	4	9
58	ഏ. മത്തായി	,,	452	4	9

Annamalai University, Annamalai Nagar.

59	പി. ഭാസ്കരൻ നായർ	IV yr (Hons.)	505	0	

Maharaja's Technological Institute, Trichur.

60	കെ. വി. പുന്നൻ	Dip. II yr	424	4	9
61	കെ. വി. തമ്പി	Dip. III yr.	429	4	9

Law College, Ernakulam.

62	എൻ. കെ. ശ്രീധരൻ	B. L.	550	0	0
63	ഏ. ജി. അഗസ്റ്റിൻ	,,	550	0	0
64	തോമസ് അലെൻജി	,,	550	0	0

Diploma Course in Typewriting & Shorthand.

65	ഏ. പി. കൃഷ്ണൻ നായർ	II U. Dip.	443	6	9

Industrial Training Centre, Pioneer Motor Service, Nagercoil.

			രൂ.	ണ.	സ.
66	എം. ടി. മാത്യു	Carpentry	70	0	0
67	കെ. മാധവൻ നായർ	Motor mechanic	70	0	0
68	എൻ. ചെല്ലപ്പൻ ആശാരി	,,	70	0	0

Trivandrum Co-operative College.

69	എം. ജെ. രാമവർമ്മരാജ	Dip. in Commerce	399	4	9

Mahathma Gandhi College, Trivandrum.

70	വി. ശ്രീധരൻ നായർ	IV U. C.	495	4	9
71	എം. ജെ. സ്റ്റീഫൻ	,,	452	4	9
72	ജി. കൃഷ്ണപിള്ള	IV U. C.	495	4	9
73	ആർ. മാധവൻപിള്ള	,,	495	4	9

Q. M. T. School, Kirkee.

74	G. Pappen				
75	K. C. Chacko				
76	T. K. Chackku				
77	M. N. Shanmugham				
78	V. I. George				
79	A. J. Varghese				
80	A. R. P. Kurup				
81	എൻ. ശിവരാമൻ				
82	എം. എം. തോമസ്				
83	സി. ടി. കുട്ടി				
84	കെ. ഗോപാലക്കുറുപ്പ്				
85	പി. എസ്. സാമുവൽ				
86	കെ. വി. പത്മനാഭൻ				
87	വി. ജോൺ തോമസ്				
88	വി. എസ്. സി. പിള്ള				
89	എൻ. വാസുദേവൻപിള്ള				
90	കെ. കൊച്ചുണ്ണി				
91	വി. സുകുമാരൻ നായർ				
92	പി. പോതിക്കുട്ടി				
93	വാസു				
	ആകെ		രൂ. 5438	0	0

1952–53-ൽ ഫീസ് സൌജന്യം കിട്ടിയവരുടെ

പേരും വിവരങ്ങളും

University College, Trivandrum

1	പി. എൻ. കേശവക്കുറുപ്പ്	III yr. (Hons.)	497	4	9
2	എൻ. വേലായുധൻ നായർ	,,	497	4	9

S. D. College, Alleppey.

			രൂ.	ണ.	സ.
3	എസ്. ഗോവിന്ദപ്പിള്ള	Dip. II yr.	475	4	9

Annamalai University, Annamalai Nagar.

4	പി. ഭാസ്കരൻ നായർ	III yr. (Hons)	570	0	0

Maharaja's Technological Institute, Trichur.

5	കെ. വി. പുന്നൻ	Dip. III yr.	434	4	9

Q. M. T. School. Kirkee.

6 പി. പോത്തുക്കുട്ടി
7 ജി. പാപ്പൻ
8 ടി. കെ. ചാക്ക
9 എൻ. ഷൺമുഖം
10 വി. ഐ. ജോർജ്ജ്
11 വി. ജോൺ കൊച്ചുകുട്ടി
12 എൻ. തങ്കപ്പൻ നായർ
13 ആർ. കുട്ടപ്പൻ പിള്ള
14 കെ. എസ്. നായർ
15 എം. ഇ. സൈമൺ
16 വി. എ. അഗസ്തി
17 എൻ. ഭാനു
18 പി. കെ. കൃഷ്ണൻ
19 കെ. പി. സാമുവൽ
20 പി. ചന്ദ്രശേഖരൻ നായർ
21 ജോൺ തോമസ്
22 പി. എസ്. സി. പിള്ള
23 വാസു
24 സി. എസ്. കുറുപ്പ്
25 പി. എസ്. സാമുവൽ
26 കെ. സി. ചാക്കോ

ആകെ	രൂ.	6048	0	0

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

SECOND SESSION—1954

Monday, the 2nd August 1954.

Vol. XI] OFFICIAL REPORT [No. 17

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Monday, the 2nd August 1954, with Mr. Speaker in the Chair.

DEBATE ON MOTION UNDER RULE 43 RE: CONFIDENCE IN THE MINISTRY.

മി. സ്പീക്കർ: കഴിഞ്ഞ ദിവസം അഡ്മിനിസ്ട്രേഷൻ ഓഫ് ജസ്റ്റിസിനുള്ള സപ്ലിമെന്ററി ഗ്രാന്റ് മൂവ് ചെയ്തപ്പോൾ അത് പരാജയപ്പെട്ടതിനെ തുടർന്ന് ഞാൻ അസംബ്ലി അഡ്ജേൺ ചെയ്യുകയായിരുന്നല്ലോ ചെയ്തത്. അതിനെ തുടർന്ന് ശ്രീ. ജോസഫ് ചാഴിക്കാടന്റെ, റൂൾ 43-ന് വിധേയമായ ഒരു മോഷൻ കിട്ടുകയും അത് ലീഡർ ഓഫ് ദി ഹൌസിനോട് ആലോചിച്ച് ഇന്നേദിവസത്തേക്ക് ചർച്ചയ്ക്കു വയ്ക്കുകയും ചെയ്തിട്ടുണ്ട്. ഗവണ്മെന്റിന്റെ നിലപാട് മനസ്സിലാക്കാതെ മുമ്പോട്ടു പോകാൻ സാദ്ധ്യമല്ലാത്തതിനാലാണ് ഞാൻ അങ്ങിനെ ചെയ്തത്. ഇന്ന് ആ മോഷൻ ഡിസ്കസ്സ് ചെയ്യുന്നതിനു വച്ചിരിക്കുന്നാണ്. അതുകൊണ്ട് ഇന്നത്തെ മററു ബിസിനസ്സ് മുഴുവൻ മറെറാരു ദിവസത്തേക്കു മാററിവച്ചിരിക്കുന്നു.

ശ്രീ. ചങ്ങാരപ്പള്ളി പി. നാരായണൻ പോററി: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഇന്നു നിലവിലിരിക്കുന്ന മന്ത്രിസഭയിൽ ഈ സഭയ്ക്കു വിശ്വാസമില്ലെന്നു സ്ഥാപിക്കുന്ന ഒരു പ്രമേയം മി. സ്പീക്കർ തന്നെ പല അവസരങ്ങളിലും ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിട്ടുള്ളതുപോലെ ഒരു സംഘടിത രാഷ്ട്രീയപാർട്ടിയിൽപ്പെടാത്ത ഒരാളിന് കൊണ്ടുവരാൻ അവകാശമുണ്ടോ എന്ന് ഒരു റൂളിംഗ് വേണം.

രണ്ടാമതായി ഈ ലോകത്തുള്ള പാർലമെന്റുകളിലൊന്നിലും ഒരിക്കലും കക്ഷിയിൽപ്പെട്ട ആളുകളല്ലാതെ ഒരു വിശ്വാസപ്രമേയം അവതരിപ്പിച്ചിട്ടുള്ളതായി പല പാർലമെന്ററി നടപടികൾ വായിച്ചു നോക്കിയിട്ടും ഞങ്ങൾക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. അതു സംബന്ധിച്ചും ഒരു റൂളിംഗ് നൽകേണ്ടതാണ്.

[ശ്രീ. ചങ്ങാരപ്പള്ളി പി. നാരായണൻ പോററി.]

മൂന്നാമതായി എനിക്കു് പറയുവാനുള്ളതു് റൂൾ 40–സി ഉപവകുപ്പിൽ ഇങ്ങിനെ അനുശാസിക്കുന്നുണ്ടു്.

> "It shall not raise a question substantially identical with one on which the Assembly has given a decision within the space of one year previous :......"

ഇതുപ്രകാരം 1953 സെപ്റ്റംബർ 23-ാംനു ഒരു വിശ്വാസപ്രമേയം അവതരിപ്പിച്ചിട്ടു് ഇന്നു് ഒരുകൊല്ലം ആയിട്ടില്ലെന്നു കാണാം. അസംബ്ലി എന്നു പറയുന്ന നിർവ്വചനത്തിൽ ട്രാവൻകൂർ ലെജിസ്ലേററീവ് അസംബ്ലി എന്നുമാത്രമേ ഉള്ളൂ. ഇതു് ഒരു പുതിയ നിയമസഭ എന്നു വ്യാഖ്യാനിക്കാവുന്ന ഒരു നിർവ്വചനം അതിൽനിന്നും കിട്ടുന്നില്ല. ഈ കാരണങ്ങളാൽ ഈ പ്രമേയം അവതരിപ്പിച്ചു് ചർച്ചചെയ്യാൻ, വിശേഷിച്ചും ഭരിക്കുന്നകക്ഷിയുമായി യാതൊരു ബന്ധവുമില്ലാത്ത ഒരംഗത്തിനു്, അവകാശമുണ്ടോ എന്നു് അറിയേണ്ടിയിരിക്കുന്നു.

മി. സ്പീക്കർ: ഒന്നാമതു പറഞ്ഞ കാര്യത്തെപ്പററിയാണെങ്കിൽ ഇത്തരം ഒരു മോഷൻ ഏതൊരു അംഗത്തിനും കൊണ്ടുവരാൻ അർഹതയുണ്ടെന്നാണു് ഞാൻ പറയുന്നതു്. വിശേഷിച്ചും ഒരു പാർട്ടിയിലും പെടാത്ത ഒരാളു് ഇങ്ങനെ ഒരു മോഷൻ കൊണ്ടുവരുന്നതിൽ കൂടുതൽ പ്രസക്തിയുണ്ടെന്നാണു് എന്റെ അഭിപ്രായം. രണ്ടാമത്തെ കാര്യത്തെപ്പററിയാണെങ്കിൽ, ഒരു വിശ്വാസപ്രമേയം അവതരിപ്പിച്ച നിയമസഭയല്ല ഇതു്. ഇതു് പുതിയനിയമസഭയാണു്. ആ നിലയിൽ ഈ മോഷൻ അംഗീകരിക്കാമെന്നു് ഞാൻ റൂൾചെയ്യുന്നു.

ശ്രീ. ചങ്ങാരപ്പള്ളി പി. നാരായണൻപോററി: റൂൾ 43 പ്രകാരമുള്ള ചർച്ചകൾ എവിടെയും നടത്തി എന്നതു മന്ത്രിസഭയിലെ അംഗങ്ങൾ കൊണ്ടുവന്ന പ്രമേയത്തിന്മേലാണു്.

മി. സ്പീക്കർ: ഇങ്ങിനെ ഒരു പരിതഃസ്ഥിതി ഒരു പാർലമെൻറിലും ഉണ്ടായിരിക്കയില്ല. ഇവിടെ അങ്ങിനെ ഒരു പരിതഃസ്ഥിതി ആവിർഭവിച്ചിരിക്കയാണു്.

ശ്രീ. എം. വി. ചെറിയാൻ: ശ്രീ. ജോസഫ് ചാഴിക്കാടൻ കൊണ്ടുവന്ന പ്രമേയത്തോടു് ഭരണകക്ഷിക്കു അനുകൂലമുണ്ടോ എന്നു് ആരായാതെ അവതരിപ്പിക്കുന്നതു ശരിയാണോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): ഇവിടെ അന്നു് വോട്ടിംഗ് നടന്നതിന്റെശേഷം അതു മിനിസ്ട്രിയെ സംബന്ധിച്ചിടത്തോളമുള്ള ഒരു അവിശ്വാസമായി കണക്കാക്കരുതെന്നു് കാൺഗ്രസ്സുപാർട്ടി ലീഡർ തന്നെ...............

ശ്രീ. എൻ. രാഘവക്കുറുപ്പു്: സർ, ഒരു പായിൻറ് ഓഫ് ആർഡർ. റൂളിലെ ഏതു പ്രൊവിഷൻ അനുസരിച്ചാണു് ഈ സ്റ്റേററമെൻറ് പുറപ്പെടുവിക്കുന്നതെന്നു അറിഞ്ഞാൽക്കൊള്ളാം.

Mr. Speaker: Of course any hon. Member can make a statement at any time with the permission of the Chair,

ശ്രീ. എ. താണുപിള്ള : അങ്ങിനെ കാൺഗ്രസ്സ്പാർട്ടി ലീഡർ തന്നെ എഴുതി അയച്ച് ഉറപ്പുതന്നിട്ടുണ്ടു്. വിശ്വാസസംബന്ധമായ ഒരു കാര്യമായി അതിനെ കണക്കാക്കേണ്ടെന്നാണ് അന്നു ഡിമാൻറിനു എതിരായി വോട്ടുചെയ്ത പാർട്ടിലീഡർ എന്നെ രേഖാമൂലമായി അറിയിച്ചിട്ടുള്ളതു്. മററു പാർട്ടി മെംബറന്മാർ അന്നു നിഷ്പക്ഷത പാലിക്കയാണ് ചെയ്തതു്. ആ നിലയ്ക്കു് ഇങ്ങിനെ ഒരു വിശ്വാസപ്രമേയത്തിൻെറ ആവശ്യമുണ്ടോ എന്നുള്ള സംശയംതന്നെ എനിക്കുണ്ടു്. ഏതായാലും സംഗതികൾ സ്പഷ്ടമാക്കുന്നതിനായി ഇങ്ങിനെ ഒരു പ്രമേയം വന്നതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ് ചെയ്യുന്നതു്. എന്നാൽ ഈ പ്രമേയമനുസരിച്ചുള്ള തീരുമാനം മന്ത്രിസഭ സ്വീകരിക്കുമോ എന്നു് ഒരു സംശയം എൻെറ സ്നേഹിതൻ ശ്രീ. ചെറിയാൻ ഉന്നയിച്ചുകണ്ടു. അതിനെപ്പററി സംശയിക്കേണ്ട ആവശ്യമില്ല. ഇതു് ഈ പാർട്ടിയിലെ ഒരു മെമ്പറല്ല കൊണ്ടുവന്നിരിക്കുന്നതെങ്കിലും ഈ പാർട്ടിയിൽനിന്നും കൊണ്ടുവന്ന ഒരു പ്രമേയമെന്ന നിലയിലെന്നപോലെ ആ പ്രമേയത്തിലടങ്ങുന്ന തീരുമാനം ഈ പാർട്ടിയും മിനിസ്ട്രിയും അംഗീകരിക്കാൻ തന്നെ നിശ്ചയിച്ചിരിക്കയാണ്. അതുകൊണ്ടു് ഭരിക്കുന്ന പാർട്ടിയിൽ നിന്നും കൊണ്ടുവന്നതല്ലെന്നുള്ള അടിസ്ഥാനത്തിൽ യാതൊരു നിലപാടും സ്വീകരിക്കേണ്ട ആവശ്യമില്ലെന്നു സഭയെ ഞാൻ അറിയിച്ചുകൊള്ളുന്നു.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ബഹുമാനപ്പെട്ട സ്പീക്കർ, കഴിഞ്ഞ ശനിയാഴ്ച നാലരമണിക്ക് എനിക്ക് ഈ സഭയിൽ സംസാരിക്കുന്നതിനുള്ള അവകാശത്തെ നിശ്ചയിക്കുന്ന ഒരു റൂളിംഗ് വേണമെന്നു പറഞ്ഞ അവസരത്തിൽ ഇവിടെയുള്ള 116 മെമ്പറന്മാരും സംസാരിച്ചുകഴിഞ്ഞ ശേഷം സമയമുണ്ടായിരുന്നാൽ എന്നെ സംസാരിക്കാൻ അനുവദിയ്ക്കാമെന്നു റൂളിംഗ്നൽകിയ സ്പീക്കർതന്നെ ഇന്നു് ചീഫ്മിനിസ്റ്റർ സംസാരിച്ച് കഴിഞ്ഞയുടനെ എന്നെ സംസാരിക്കാൻ ക്ഷണിച്ചതിൽ ഞാൻ ബഹുമാനപ്പെട്ട സ്പീക്കറെ അഭിനന്ദിച്ചുകൊള്ളുന്നു.

Mr. Speaker : There is no scope for such references at this stage.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ഞാൻ അവതരിപ്പിക്കുന്നതിനായി എന്നെ ക്ഷണിച്ചിട്ടുള്ളതും ഞാൻ അയച്ചിട്ടുള്ളതുമായ വിശ്വാസപ്രമേയത്തിലേയ്ക്കു് പ്രവേശിച്ചുകൊള്ളുന്നു.

"I move that the House records its full confidence in the present Ministry."

ഇതാണ് എൻെറ പ്രമേയം. ഇംഗ്ലീഷ് അറിയാൻ പാടില്ലാത്ത ചിലരും ഇവിടെ കാണുമല്ലോ. അവർക്കുവേണ്ടി മലയാളത്തിൽ പറഞ്ഞാൽ, "ഈ സഭ ഇന്നത്തെ മന്ത്രിസഭയിൽ പരിപൂർണ്ണ വിശ്വാസം രേഖപ്പെടുത്തുന്നു" എന്നുള്ളതാണ് ആ പ്രമേയത്തിൻെറ സാരം. പ്രമേയം അവതരിപ്പിക്കേണ്ടതായി വന്നിട്ടുള്ള പശ്ചാത്തലത്തെപ്പററിയും ഒന്നുരണ്ടുവാക്കുകൾ ഞാൻ പറഞ്ഞുകൊള്ളട്ടെ. 1954-55 വർഷത്തിലേക്ക് പതിനേഴര കോടിരൂപ വരവും പതിനെട്ടേമുക്കാൽകോടിരൂപ ചെലവും പ്രതീക്ഷിച്ചുകൊണ്ടുള്ള ഒരു വിശദമായ ബഡ്ജററ് ഈ സഭയിൽ അവതരിപ്പിക്കയും ആ ബഡ്ജററിനെ സംബന്ധിച്ച് കഴിഞ്ഞ 15 ദിവസമായി വേണ്ടുവോളം

[ശ്രീ. ജോസഫ് ചാഴിക്കാട്ടു്.]

മെമ്പറന്മാരും പാർട്ടിയംഗങ്ങളും കൂലംകഷമായി വിമർശിച്ചതിന്റെശേഷം അതു പാസാക്കിക്കൊടുത്തു് ഇന്നത്തെ ഭരണം തുടർന്നുനടത്തിക്കൊണ്ടുപോകുന്നതിനു് ഈ സഭ അനുമതി നൽകുകയും ചെയ്തു. അതു കഴിഞ്ഞു് അപ്രോപ്രിയേഷൻബിൽ ഈ സഭയിൽ കൊണ്ടുവന്നു. അതും പരിപൂർണ്ണമായി പാസാക്കിക്കൊടുത്തു. അതിനുശേഷം സപ്ലിമെന്ററി ഗ്രാന്റായി ഏതാനും തുകകൾകൂടി അനുവദിച്ചുതരണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഇന്നത്തെ ഭരണാധികാരികൾ ഈ സഭയുടെ മുമ്പിൽ ചില ഡിമാന്റുകൾ വയ്ക്കുകയുണ്ടായി. അങ്ങനെ വച്ചിട്ടുള്ള ഡിമാന്റുകളിൽ നീതിന്യായവകുപ്പിലേയ്ക്കു് കൊള്ളിച്ചിരുന്ന ഒരുലക്ഷത്തി തൊണ്ണൂററിനാലായിരം രൂപയുടെ ഒരു ധനാഭ്യർത്ഥന ഈ സഭമുമ്പാകെ വന്നു. ആ രൂപയിൽനിന്നും ഒരു 6000 രൂപ കുറയ്ക്കണമെന്നുള്ള ഒരു എതിർപ്പാണു് ആ സന്ദർഭത്തിൽ ഉണ്ടായതു്. 25000 രൂപയ്ക്കു് ആനവാങ്ങിയശേഷം നാലണവിലയുള്ള തോട്ടി കൊടുക്കുകയില്ലെന്നുള്ള മട്ടിൽ ഒരു എതിർപ്പാണു് ഇവിടെ കണ്ടതു്. അങ്ങനെ ഒരു സന്ദർഭമുണ്ടാക്കി ഈ 6000 രൂപ കൊടുക്കുന്നകാര്യത്തെപ്പററി വിമർശിച്ചുകൊണ്ടു് ആ മുഴുവൻ ഡിമാന്റും എതിർത്തു തോൽപ്പിക്കപ്പെട്ടതായ ഒരു പരിതഃസ്ഥിതിയാണു് ഇവിടെ ഉണ്ടായിട്ടുള്ളതു്. ആ 6000 രൂപ രണ്ടു സർക്കാർവക്കീലന്മാരായി നിയമിച്ചിട്ടുള്ളവരുടെ ആഫീസ ലേക്കു് ലാ റിപ്പോർട്ടും അതുപോലുള്ള മററു പുസ്തകങ്ങളും വാങ്ങുന്നതിനായി കൊള്ളിച്ചിരുന്നതാണു്. അങ്ങനെ വക്കീലന്മാരുടെ ആവശ്യത്തിലേയ്ക്കു് പുസ്തകങ്ങൾ വാങ്ങിക്കൊടുക്കുന്നതിനുവേണ്ടി 6000 രൂപ വേണമെന്നാവശ്യപ്പെട്ടതിനെ പ്രതിപക്ഷത്തിൽനിന്നും എതിർത്തു തോൽപ്പിച്ചിട്ടുള്ളതു് വളരെ പരിതാപകരമായ ഒരു സംഗതിയാണു്. 1,94,000 രൂപ ചോദിച്ചപ്പോൾ രണ്ടോ മൂന്നോ നോട്ടുബുക്കും പുസ്തകങ്ങളും വാങ്ങുന്നതിനുള്ള 6000 രൂപ കുറയ്ക്കണമെന്നു പറയുന്നതു ബാലിശമാണെന്നാണു് എന്റെ ബലമായ അഭിപ്രായം. പള്ളിക്കൂടത്തിൽപോകുന്ന കുട്ടികൾക്കു പുസ്തകങ്ങളും ഫീസുംമററും കൊടുത്തിട്ടു് ഒരു പെൻസിൽ വാങ്ങിച്ചു കൊടുക്കാൻ ചോദിച്ചാൽ സാധിക്കയില്ലെന്നു പറയുന്ന ഒരു സമ്പ്രദായമാണു് ഈ എതിർപ്പിൽ കണ്ടതെന്നാണു് എന്റെ വിനീതമായ അഭിപ്രായം. ഇങ്ങനെ ഒരു ചെറിയസംഖ്യ അനുവദിക്കുന്നതിനെപ്പററി മഹാരഥന്മാരായിരിക്കുന്ന കാൺഗ്രസ്സ് അംഗങ്ങൾ ഒരെതിർപ്പു പ്രകടിപ്പിക്കയും അതു് അവർക്കുള്ള ഭൂരിപക്ഷംമൂലം ഇവിടെ പാസാക്കുകയും ചെയ്തിരിക്കുന്ന അവസരത്തിൽ ആ എതിർപ്പു് മന്ത്രിസഭയിലുള്ള വിശ്വാസത്തിനു ഭംഗംവരുന്നതാണോ എന്നു പരിശോധിച്ചുനോക്കേണ്ടതു് ആവശ്യമാണു്. കാൺഗ്രസ്സിന്റെ നേതാവു് ഇതൊരു അവിശ്വാസപ്രമേയമായി പരിഗണിക്കേണ്ടതില്ലെന്നു് തുടർച്ചയായി രണ്ടോ മൂന്നോ എഴുത്തുകൾ അയച്ചിട്ടുണ്ടെന്നും പത്രങ്ങളിൽ കാണുകയുണ്ടായി. ഏതായാലും പണം കൊടുക്കണമെന്നുള്ള അപേക്ഷയെ തോൽപ്പിച്ചതിനുശേഷം അതവിശ്വാസമായി കരുതേണ്ടതില്ലെന്നു പറഞ്ഞാൽ അതു രണ്ടുംകൂടി മഹാബുദ്ധിജീവികൾക്കല്ലാതെ സാധാരണ ബുദ്ധിജീവികൾക്കു് മനസ്സിലാക്കാൻ നിവൃത്തിയില്ലാത്ത ഒരു സംഗതിയാണു്. അതുകൊണ്ടു് അതൊരു അവിശ്വാസപ്രമേയമാണോ എന്നു് പരീക്ഷിച്ചുനോക്കേണ്ടതായിരുന്നു. അങ്ങനെവന്നപ്പോൾ വിശ്വാസം ഉണ്ടോ ഇല്ലയോ എന്നു ചോദിക്കേണ്ട ഒരവസരം ഉണ്ടായി. ആ സന്ദർഭത്തിലാണു് ഈ വിശ്വാസപ്രമേയം അവതരിപ്പിക്കുന്നതിനിടയായിട്ടുള്ളതു്.

എന്തുകൊണ്ട് ഞാൻ ഈ വിശ്വാസപ്രമേയം അവതരിപ്പിക്കുന്നു എന്നു ചോദിച്ചേക്കാം. ഒരു സ്വതന്ത്രമെംബർക്ക് വിശ്വാസപ്രമേയം അവതരിപ്പിക്കാൻ അവകാശമുണ്ടോ എന്ന് ചിലർ ചോദിക്കയുണ്ടായി. സത്യം പറയുന്നതിനു വല്ലവരോടും ചോദിക്കേണ്ട ആവശ്യമുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നതു്. ഞാൻ ഈ സഭയിലെ എല്ലാ മെംബറന്മാരോടും ചോദിക്കുകയാണ് ഈ വിശ്വാസപ്രമേയവും അവിശ്വാസപ്രമേയവും കൊണ്ടുവരുന്നതിന് ഒരു സ്വതന്ത്രമെംബർക്ക് അവകാശമുണ്ടോ ഇല്ലയോ എന്നു പരീക്ഷിക്കേണ്ട ഘട്ടമല്ലേ ഇതെന്ന്. ഈ വിശ്വാസപ്രമേയം കൊണ്ടുവരേണ്ടതു കഴിഞ്ഞ 40 മണിക്കൂറുകൾക്കിടയിൽ ഇവിടെയുണ്ടായ കോളിളക്കവും, ഗവണ്മെന്റിലുള്ള അവിശ്വാസ ധ്വനി പ്രതിധ്വനിപ്രഘോഷിതങ്ങളിൽനിന്നും ഞാൻ മനസ്സിലാക്കി. ഭരിക്കുന്ന കക്ഷിയിൽനിന്നും വിശ്വാസപ്രമേയം കൊണ്ടുവന്നാൽ അതു കോൺഗ്രസ്സ് ഭാഗത്തു ഇരിക്കുന്നവർ അനുകൂലിക്കുമെന്നും അവർക്കു വിശ്വാസമുണ്ടെന്നു രേഖപ്പെടുത്താമെന്നും അതല്ലെങ്കിൽ വിശ്വാസപ്രമേയത്തെ മറുഭാഗത്തുനിന്നും എതിർക്കുമെന്നും ഇവിടെ അറിയുകയുണ്ടായി. ഭരിക്കുന്ന കക്ഷിയിൽനിന്നും വിശ്വാസപ്രമേയം കൊണ്ടുവരുന്നതിനുള്ള സാഹചര്യങ്ങൾ ഒന്നു ഉണ്ടാകയില്ല എന്ന് അഭിമാനംകൊണ്ടു അവരും, ഭരണകക്ഷി എന്തുകൊണ്ടു വിശ്വാസപ്രമേയം കൊണ്ടുവരുന്നില്ല എന്നു ദുരഭിമാനംകൊണ്ടും മറുഭാഗത്തുനിന്നും ശഠിക്കുന്ന പല സംഭവ വികാസങ്ങൾ ഉണ്ടായിട്ടുള്ളതു് നമുക്കു ബോദ്ധ്യമായിട്ടുള്ള സംഗതികളാണ്. അങ്ങനെ രണ്ടു പ്രബല കക്ഷികൾ തമ്മിൽ വിശ്വാസപ്രമേയം കൊണ്ടുവരുന്നതിനെ സംബന്ധിച്ചു തർക്കം ഉണ്ടായതുകൊണ്ടു് വിശ്വാസപ്രമേയം ഞാൻ കൊണ്ടുവരികയാണെങ്കിൽ ഇരുകക്ഷികളും അതു സമ്മതിക്കുമെന്നും അതിനെ സപ്പോർട്ടു് ചെയ്തു പാസ്സാക്കുമെന്നും ഈ പ്രബല കക്ഷികൾ തെളിയിച്ചിരിക്കുന്ന ഈ അവസരത്തിൽ രാജ്യസ്നേഹത്തിന്റെ പേരിൽ ഞാൻ പറയുന്നു, നിങ്ങൾ തമ്മിൽ തർക്കിക്കേണ്ട, നിങ്ങളുടെ ഈ അടുക്കള വഴക്കുകൾ അവസാനിപ്പിക്കുക, ഞാൻ ഈ വിശ്വാസപ്രമേയംകൊണ്ടുവന്നേക്കാമെന്ന്. അങ്ങനെ ഞാൻ ഈ റസല്യൂഷൻ മൂവ് ചെയ്യാം എന്നു പറഞ്ഞതു് എന്റെ രാജ്യസ്നേഹത്തിന്റെ തള്ളൽ കൊണ്ടാണ്. അങ്ങനെയാണ് ഞാൻ ഈ റസല്യൂഷൻ അവതരിപ്പിക്കുന്നതിനിടയായതു്.

ഈ വിശ്വാസപ്രമേയം ഞാൻ കൊണ്ടുവരാൻ വേറെയും അനേകം കാരണങ്ങൾ ഉണ്ട്. സർ, ഈ പി. എസ്. പി. ഗവണ്മെന്റ് ഇവിടെ ഭരണം തുടങ്ങിയിട്ട് നാലു മാസക്കാലമേ ആയിട്ടുള്ളു. എന്നാൽ ഈ നാലു മാസക്കാലത്തെ ഭരണഭാരം ഏറ്റെടുത്തു നടത്തിക്കൊണ്ടിരിക്കുന്ന മന്ത്രിസഭ ഭരണമേറ്റ 24 മണിക്കൂറിനകം ചെയ്തതെന്താണെന്നുവച്ചാൽ 750 രൂ പ്രതിമാസം ശമ്പളം പറ്റിക്കൊണ്ട് ആറുവർഷം രാജ്യം ഭരിച്ച മന്ത്രിമാരിൽനിന്നും വ്യത്യസ്തമായി അഞ്ഞൂറ് രൂപാ ശമ്പളം മതി എന്നു സമ്മതിച്ചു് അങ്ങനെ ഭരണം നടത്തിത്തുടങ്ങിയതാണ്. ഇതൊരു ത്യാഗമല്ലേ? ഈ ഇരുനൂറ്റിൽ ചില്വാനം രൂപാ രാജ്യത്തിനുവേണ്ടി വിട്ടുകൊടുത്തുകൊണ്ടു ഭരണം നടത്തിക്കൊള്ളാമെന്ന് സന്നദ്ധരായി ഇവർ നാലുപേർ മുമ്പോട്ടുവന്നു. അവരെ അഭിനന്ദിക്കേണ്ടതല്ലേ സർ. അതിൽ അവരുടെ പേരിൽ വിശ്വാസമുണ്ടെന്നു പറയുന്നതിന് ഈ രാജ്യത്തെ സകല പൗരന്മാർക്കും കടമ ഉണ്ടെന്നാണ് എന്റെ വിശ്വാസം,

[ശ്രീ. ജോസഫ് ചാഴിക്കാട്ടു്.]

അതേ അവസരത്തിൽ സർ, നമ്മളുടെ കുട്ടികളെ പള്ളിക്കൂടത്തിൽ പഠിപ്പിക്കുന്നതിനു നമ്മുടെ ഇൻഡ്യൻ കോൺസ്റ്റിററ്യൂഷനിലെ നിയമം അനുസരിച്ചു പതിനാലുവയസ്സുവരെ നിർബന്ധിത വിദ്യാഭ്യാസം സൗജന്യമായി നടത്തുന്നതിനുള്ള പദ്ധതികൾ ആദ്യമായി നടപ്പിൽ വരുത്തിയതു് ഈ മന്ത്രിസഭയല്ലേ? ഇതൊരു അഭിനന്ദനീയമായ പ്രവർത്തിയല്ലേ സർ? ഈ പതിനാലുവയസ്സുവരെ നിർബ്ബന്ധിത സൗജന്യ വിദ്യാഭ്യാസം നടപ്പിലാക്കണമെന്നു് ഭരണഘടനയിൽ വ്യവസ്ഥയുണ്ടെങ്കിലും സെൻട്രൽ ഗവൺമെൻേറാ ബോംബേയിലൊ കൽക്കട്ടായിലോ ബീഹാറിലോ ഒറീസായിലോ ഈ പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ടോ? ഇതു് ഈ രാജ്യത്തിൻെറ രക്ഷക്കും നമ്മുടെ പുരോഗതിക്കും വളരെ ആവശ്യമായ ഒരു സംഗതിയല്ലേ സർ? ആകയാൽ ഈ മന്ത്രി സഭയിൽ നമുക്കു വിശ്വാസമുണ്ടെന്നു രേഖപ്പെടുത്തേണ്ടതു് നമ്മുടെ കടമയല്ലേ സർ?

ഞാൻ 117 മെംബറന്മാരോടും ചോദിക്കുകയാണു്, ഇവർ നാലുമാസക്കാലം ഭരണം നടത്തി, കുറച്ചുകൂടി അവരെ ഭരിയ്ക്കാൻ അനുവദിക്കരുതോ? അവരുടെ ഭരണത്തിൽ തെററു വരികയാണെങ്കിൽ നിങ്ങൾക്കു് ഒരു അവിശ്വാസപ്രമേയം കൊണ്ടുവന്നു് അവരെ പുറംതള്ളരുതോ? അതിനുള്ള അവകാശവും അധികാരവും നിങ്ങൾക്കുണ്ടല്ലോ. ആ സ്ഥിതിക്കു് ഇന്നു് ഇവർ കുറച്ചുകൂടി തുടർന്നു ഭരണം നടത്താൻ അനുവദിക്കേണ്ടതു് രാജ്യസ്നേഹമുള്ള എല്ലാവരുടേയും കടമയല്ലേ?

സർ, വേറെ ഒന്നു പറയുവാനുള്ളതു്, ഇവിടെ ട്രാൻസ്പോർട്ടുകാർ സ്ട്രൈക്കുണ്ടാക്കുന്നതിനായി ശ്രമം നടത്തുന്നുണ്ടു്. ഇവിടെ ട്രാൻസ്പോർട്ടുതൊഴിലാളികളിൽ തൊണ്ണൂററിരണ്ടോ തൊണ്ണൂററിനാലോ ശതമാനം ആളുകൾ സ്ട്രൈക്കു നടത്തുന്നതിനു് അനുകൂലിച്ചിട്ടുള്ളതായി എനിക്കറിയാൻ കഴിഞ്ഞു. അങ്ങിനെ സമരം നടത്താൻ അനുവദിക്കുന്നതു് നല്ലതാണോ എന്നു എൻെറ സ്നേഹിതന്മാരോടു ഞാൻ ചോദിക്കുന്നു. ഈ അവസരത്തിൽ അതിൻെറ ന്യായാന്യായത്തെപ്പററി ഞാൻ പറയുന്നില്ല. ഇന്നു തെക്കൻ തിരുവിതാംകൂറിലെ തമിഴ്നാട്ടുകാരുടെ ഇടയിൽ പല സമരങ്ങൾ നടക്കുകയാണു്. ഇങ്ങനെ ആളുകൾ നാനാവശങ്ങളിൽ നിന്നും സമരം നടത്തിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ ഇവിടത്തെ ജനങ്ങളുടെ ജീവനേയും സ്വത്തിനേയും അപകടം കൂടാതെ സൂക്ഷിക്കേണ്ട ഒരു അവസരത്തിൽ ബലമുള്ള ഒരു ഗവൺമെൻറു ഭരണം നടത്തിക്കൊണ്ടു പോകാൻ അനുവദിക്കേണ്ടതു് നമ്മുടെ കടമയല്ലേ സർ?

സർ, നാം ഒന്നാലോചിക്കണം. ഐക്യമുന്നണിയിലിരിക്കുന്ന സ്നേഹിതന്മാർ ഒന്നാലോചിക്കണം. ഇന്നു് താമസിക്കാൻ ഭൂമിയില്ലാതെ ജോലിയില്ലാതെ, കൂലിയില്ലാതെ അലഞ്ഞുനടക്കുന്ന ആളുകൾ ഈ രാജ്യത്തു ധാരാളമുണ്ടു്. അവർക്കു് കിടപ്പാടത്തിനുവേണ്ടി ഭൂമിയുണ്ടാക്കിക്കൊടുക്കുന്നതിനും മററും സൗകര്യമായതരത്തിൽ വേണ്ടതു ചെയ്യുന്നതിനു് ഈ മന്ത്രിസഭ തീരുമാനിക്കയും അതിലേയ്ക്കു് ഒരു ഭൂനയബിൽ ഈ നിയമസഭയിൽ കൊണ്ടുവന്നു നമ്മൾ പാസ്സാക്കികൊടുക്കേണ്ടതിനു് അവർ തയ്യാറായിരിക്കയും ചെയ്യുന്ന ഈ നിമിഷത്തിൽ നാം ഈ മന്ത്രിസഭയെ അനുകൂലിക്കേണ്ടതല്ലേ ?

സർ, കഴിഞ്ഞ ആറുകൊല്ലക്കാലമായിട്ട് ഈ കാൺഗ്രസ്സ് ഗവണ്മെൻറ് ഉദ്യോഗസ്ഥന്മാരുടെ ഇൻറിഗ്രേഷൻ പൂർത്തിയാക്കാതെ ഇട്ടിരിക്കുകയായിരുന്നു. തന്മൂലം കൊച്ചിയിലും തിരുവിതാംകൂറിലും ഉള്ള ഉദ്യോഗസ്ഥന്മാർ രണ്ടും രണ്ടു കക്ഷികളായി കഴിഞ്ഞുവരികയുമായിരുന്നു. ഇക്കഴിഞ്ഞ അഞ്ചാറു കൊല്ലക്കാലമായി ഈ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ സമാധാനമുണ്ടാക്കിക്കൊടുക്കുന്നതിനു സാധിക്കാതെ എത്ര വിദഗ്ദ്ധന്മാരാണെങ്കിൽതന്നെയും അതിന് ശരിയായ പരിഹാരമുണ്ടാക്കാൻ സാദ്ധ്യമല്ലെന്നു വിചാരിച്ച് കാലം കഴിച്ചുകൂട്ടി. അതേ സമയം ഈ രാജ്യത്ത് സാമ്പത്തികത്തകർച്ചയും അധഃപതനവും ഉണ്ടാവുകയും ചെയ്തു. ഇതിനെയെല്ലാം നേരിട്ടു ഇന്നത്തെ ഗവണ്മെൻറ ഈ രാജ്യത്തെ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയും സക്കാർ ഉദ്യോഗസ്ഥന്മാരുടെ ഇടയിലുള്ള അസംതൃപ്തിക്കു തൃപ്തികരമായ ഒരു പരിഹാരം കണ്ടെത്തുകയും ചെയ്തു. ഈ രാജ്യഭരണം മുമ്പോട്ടുപോകണമെന്നുള്ള ഉദ്ദേശത്തോടുകൂടി അവരുടെ ഫയലുകളെല്ലാം ഒന്നൊന്നായി പരിശോധിച്ചു ഉദ്യോഗസ്ഥന്മാരുടെ അവശതകളെ കഴിയുന്നതും തൃപ്തികരമായി പരിഹരിച്ച ഇന്നത്തെ മന്ത്രിസഭയെ നാം അനുകൂലിക്കണ്ടേ സർ? ഇങ്ങനെ നല്ല നല്ല കാര്യങ്ങൾ ചെയ്യുന്നതിനുള്ള സന്മനസ്സോടുകൂടി രാജ്യശ്രേയസ്സിനുവേണ്ടി 18-ം 20-ം മണിക്കൂർ ജോലിചെയ്തുവരുന്ന ഈ മന്ത്രിസഭയെ നാം അനുകൂലിക്കേണ്ടേ സർ? അല്ലാതെ ഇതിനു മുമ്പിരുന്ന മന്ത്രിമാരെപ്പോലെ രാജ്യത്തിൻെറ നാനാഭാഗങ്ങളിലും ചായക്കടകളും ഹോട്ടലുകളും മററും തുറക്കുന്നതിനുവേണ്ടി ഓടിനടക്കുകയല്ലാ ഇന്നത്തെ മന്ത്രിമാർ ചെയ്യുന്നത്.

തിരുവനന്തപുരത്തു ഒരു ഹൈക്കോടതി സ്ഥാപിക്കുന്നതിൻെറ ആവശ്യകത ഇത്രയും നാളായി ഇവിടെ ഉണ്ടായിരുന്നിട്ടും അതു് ഇവിടെ സ്ഥാപിക്കുന്നതിന് വേണ്ട പരിശ്രമങ്ങൾ ചെയ്തു അതു ഇവിടെക്കൊണ്ടുവന്നതും ഈ മന്ത്രിസഭയാണ്. ഇവിടത്തെ ഹൈക്കോടതിയിൽ ഇതിനകം 130 കേസുകളോളം വന്നുകഴിഞ്ഞിട്ടുണ്ട്. 40 കേസുകൾ ഇവിടെ ഒറിജിനലായി ഫയൽചെയ്തുകഴിഞ്ഞു. ഇതിലേക്ക് എറണാകുളത്തുള്ള രണ്ടു ഗവണ്മെൻറ പ്ലീഡറന്മാരെ ഇങ്ങോട്ടും അങ്ങോട്ടും ഷിഫ്ററ് സംമ്പ്രദായത്തിൽ അയച്ചാൽ മതിയോ എന്ന് എൻെറ സ്നേഹിതന്മാരോടു വിനീതമായി ഞാൻ ചോദിക്കുന്നു. ഇതിലേയ്ക്കു രണ്ടു സക്കാർ വക്കീലന്മാരെ ഇവിടെ നിയമിച്ചു. അതു വച്ചുകൂടാ എന്നു പറയുന്നതു ശരിയാണോ? ആറായിരം രൂപായല്ലേ സർ, അതിലേയ്ക്കു വച്ചിട്ടുള്ളതു്.

സർ, കഴിഞ്ഞ അൻപതു കൊല്ലക്കാലമായിട്ട് എക്സിക്യൂട്ടീവും ജുഡീഷ്യറിയും വേർതിരിച്ചു രണ്ടാക്കണമെന്നു ജനങ്ങൾ ആവശ്യപ്പെട്ടുകൊണ്ടിരുന്നു. എന്നാൽ ഇന്നത്തെ മന്ത്രിസഭ അതു് വിഭജിക്കണമെന്ന് തീരുമാനിച്ചു. ഇതെത്ര അഭിനന്ദനീയമായ ഒരു കാര്യമാണ്. സർ, പാവപ്പെട്ട 150 രൂപാ ശമ്പളവാങ്ങിക്കുന്ന മജിസ്രേട്ടന്മാരുടെ കാര്യംകൂടി ഈ അവസരത്തിൽ ഓക്കേണ്ടതാണ്. അവക്കു വീട്ടുവാടകയ്ക്കും അരി വാങ്ങുന്നതിനും അത്യാവശ്യമായ ശമ്പളം അവക്കിന്നു കിട്ടുന്നില്ല. അവരുടെ ശമ്പളം ഉയത്തണം എക്സിക്യൂട്ടീവും ജുഡീഷ്യറിയും രണ്ടാക്കണമെന്നുള്ളതു് ഏററവും ആവശ്യമായ ഒരു കാര്യമാണ്. എക്സിക്യൂട്ടീവ് ജുഡീഷ്യറിയിൽനിന്നും

[ശ്രീ. ജോസഫ് ചാഴിക്കാട്ട്.]

പരിപൂർണ്ണമായി സ്വതന്ത്രമാക്കണം. ഇന്നു് അതിലേയ്ക്കു വേണ്ടി, ഈ രാജ്യത്തെ ജനങ്ങളുടെ മൗലികാവകാശസംരക്ഷണത്തിനുവേണ്ടി, ഒരു ധീരകൃത്യം ചെയ്തിട്ടുള്ള ഈ മന്ത്രിസഭയെ നാം അഭിനന്ദിക്കേണ്ടതല്ലേ സർ. ഇതു കൂടാതെ ഇനിയും പല നല്ല കാര്യങ്ങൾ ഇവർ ചെയ്തിട്ടുള്ളതായറിയാം.

ഇവിടെ പുതിയതായി പഞ്ചായത്തുകൾ ഏർപ്പെടുത്തി. ഇതു ജനങ്ങളുടെ ആവശ്യപ്രകാരം സ്വയംഭരണസ്ഥാപനങ്ങൾ ഉണ്ടാക്കേണ്ടതാവശ്യമാണെന്നുകണ്ടു് പുതിയതായി പഞ്ചായത്തുകൾ ഉണ്ടാക്കിയെങ്കിലും പഞ്ചായത്തുകളിൽ ജനങ്ങൾക്കാവശ്യമായ കാര്യങ്ങൾ ചെയ്തു തീർക്കുന്നതിനു പണം കൊടുക്കുന്നതിനുള്ള അവകാശം ഇല്ലാതിരിക്കയായിരുന്നു. കൂടുതൽ പണം ചെലവാക്കാൻ അവകാശമില്ലാതിരുന്ന പഞ്ചായത്തുകൾക്കു കൂടുതൽ പണം ഗവണ്മെന്റിൽനിന്നും അനുവദിക്കുന്നതിനുള്ള ഒരു ബിൽ നമ്മുടെ മുമ്പിൽ കൊണ്ടുവന്നു വച്ചിട്ടില്ലേ. ആ ബിൽ കൊണ്ടുവരാതിരുന്നെങ്കിൽ ഈ പഞ്ചായത്തുകൾക്കു് കൂടുതൽ പണം ലഭിക്കുവാൻ സാദ്ധ്യമാകുമോ? നാം സ്വയംഭരണസ്ഥാപനങ്ങളുടെ അവകാശികളല്ലേ? ഇന്നു് ഓരോ പഞ്ചായത്തിനും 2000 രൂപാവരെ കൊടുക്കാമെന്നാണു് വച്ചിരിക്കുന്നതു്. അതിൽ കൂടുതൽ കിട്ടുകയില്ല. അതിനെ ഭേദഗതി ചെയ്തു മറെറാരു നിയമം കൊണ്ടുവന്നിരിക്കുകയാണു്. അതു നാം പാസ്സാക്കിയാൽ പതിനായിരമോ ഇരുപതിനായിരമോ ഇരുപത്തിഅയ്യായിരമോ ഗവണ്മെന്റിൽനിന്നും ലഭിക്കത്തക്കവിധം ഇന്നത്തെ മന്ത്രിസഭ ഒരു നിയമം കൊണ്ടുവന്നിരിക്കയാണു്. അതു നാം പാസ്സാക്കിക്കൊടുക്കുന്നപക്ഷം നമുക്കു കൂടുതൽതുക പഞ്ചായത്തുകളുടെ വിനിയോഗത്തിനായി ലഭിക്കുന്നതിനവകാശം സിദ്ധിക്കുന്നതാണു്. ഇങ്ങനെ ഒരു സൗകര്യം ഉണ്ടാക്കിത്തന്ന മന്ത്രിസഭയിൽ വിശ്വാസമില്ലെന്നു പറയുവാൻ ഏതവിശ്വാസികൾക്കു സാധിക്കും? അതുകൊണ്ടു് നാം ഈ മന്ത്രിസഭയിൽ വിശ്വാസമുണ്ടെന്നു രേഖപ്പെടുത്തേണ്ടതു നമ്മുടെ കടമയാണു്.

ഈ വിശ്വാസപ്രമേയത്തിന്റെ കാര്യം പറയുന്ന അവസരത്തിൽ എനിക്കു് നിങ്ങളോടൊരു കഥ പറയുവാനുണ്ടു്. സീസറുടെ ഭാര്യയുടെ കഥയാണു. സീസറുടെഭാര്യ സംശയാതീതയായിരിക്കണം അതായതു് സീസറുടെ വൈഫിന്റെ മുറിയിൽ ആരോ സ്ത്രീവേഷത്തിൽ കയറിച്ചെന്നുവെന്നു സംശയമുണ്ടായി. ജൂലിയസ് സീസർ ആ കേസു് അന്വേഷിക്കുന്നതിനായി സിസാറൊ എന്നയാളിനു ആർഡർ കൊടുത്തു. സിസാറോ അക്കാലത്തു റോമിലെ അഡ്വക്കേററു് ജനറലായിരുന്നു. അദ്ദേഹം മൂന്നു കൊല്ലക്കാലം ആ കേസു നടത്തി. ഏഴുപത്തു സാക്ഷികളേയും വിസ്തരിച്ചതിനുശേഷം Ceasor's wife is above suspicion എന്നു വിധിയുണ്ടായി.

സർ, നിങ്ങൾ ഒന്നുകൂടി ആലോചിക്കേണ്ടതാണു്. ഇന്നു് ഭരണം നടത്തുന്നവരുടെ പേരിൽ വല്ല തെററുകളുമുണ്ടോ? ഇന്നു ഭരണം നടത്തുന്ന മന്ത്രിമാർ പറയും നിങ്ങൾക്കു സംശയമുള്ള കാലത്തോളം ഞങ്ങൾ ഇവിടെ ഭരണം നടത്തണമെന്നു് ആഗ്രഹിക്കുന്നില്ല എന്നു്. എനിക്കു പറയാനുള്ളതു് സർ, ധീരതയോടുകൂടി മുമ്പോട്ടു വന്നു ഞങ്ങളെ നിങ്ങൾക്കു വിശ്വാസമുണ്ടോ എന്നു ചോദിക്കാൻ മുതിർന്ന നിങ്ങളെ നാലുപേരേയും ഞാൻ അഭിനന്ദിച്ചുകൊള്ളുന്നു എന്നാണു്.

സർ, എട്ടുമാസക്കാലത്തെ ഭരണച്ചെലവിലേക്കായി 18¾ കോടി രൂപാ ഞങ്ങൾ അനുവദിച്ചുതന്നിട്ടുണ്ട്. ഈ പതിനെട്ടേമുക്കാൽ കോടി രൂപാ ചെലവാക്കാൻ അടുത്ത മാർച്ചുമാസം 31-ാംതീയതിവരെ നിങ്ങൾക്കധികാരം തന്നിട്ടുണ്ട്. അതുപോലെ തന്നെ ഈ രാജ്യത്തെ ജനങ്ങൾക്ക് ഉപയോഗപ്രദമായ കാര്യങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സകല അവകാശങ്ങളും നിങ്ങൾക്കു തന്നിട്ടുണ്ട്. അങ്ങിനെയിരിക്കുന്ന സ്ഥിതിക്ക് ആറായിരം രൂപാ കൂടുതൽ ചെലവാക്കുന്നതിന് സമ്മതം തരാതെവരികയും അതിലേക്കുള്ള 13-ാംനമ്പർ ഡിമാൻറ വോട്ടു ചെയ്തു പാസ്സാക്കാതെ ഇരിക്കയും ചെയ്ത ഈ സന്ദർഭത്തിൽ കോൺഗ്രസ്സിൻെറ തീരുമാനത്തിനു എതിരായി ഈ നാട്ടിലെ ജനങ്ങളുടെ പിൻതുണ നിങ്ങളുടെ പിന്നിൽ ഉണ്ടോ എന്ന സംശയം വരുന്ന ഈ അവസരത്തിൽ ഒരു വിശ്വാസപ്രമേയം കൊണ്ടുവരുവാൻ തയ്യാറാകേണ്ടതു അഭിമാനമുള്ളവരുടെ കടമയാണ്.

ഒരു കേവലം നിസ്സാരതുകയായ ആറായിരം രൂപയുടെ കാര്യത്തിൽ മനഃപൂർവ്വമായി ഒരെതിർപ്പുണ്ടാക്കണമെന്നുള്ള വിചാരത്തോടുകൂടി, അല്ലെങ്കിൽ എങ്ങിനെയെങ്കിലും ഈ നിയമസഭയ്ക്കകത്തു് ഒരു കുഴപ്പം സൃഷ്ടിക്കേണ്ടതാണെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ലേ, രാജ്യഭരണത്തിനാവശ്യമായ സകല തുകകളും പാസാക്കുകയും, അവയുടെ അപ്രോപ്രിയേഷൻ ബില്ലുകൂടി പാസാക്കുകയും ചെയ്തിട്ട് ഒടുവിൽ നിസ്സാരമായ ഒരു കാര്യത്തിനുവേണ്ടി എതിർത്തതു്? അതു് എന്തടിസ്ഥാനത്തിലാണെന്നു് എനിക്കു മനസ്സിലാകുന്നില്ല. സർ, സീസറിൻെറ ഭാര്യയെ വിശ്വസിക്കാനെ തരമുള്ളു. സർ, എനിക്കു അനുവദിച്ചിട്ടുള്ള സമയംതന്നെ വളരെ പരിമിതമാണ്. പരിമിതമായ ഈ സമയത്തിനുള്ളിൽ എനിക്കു പറയാനുള്ള സകല കാര്യങ്ങളും തുറന്നു പറയാനുള്ള സമയം എനിക്കു അനുവദിച്ചിട്ടില്ലെങ്കിലും കിട്ടിയ സമയംകൊണ്ട് അത്യാവശ്യം പറയേണ്ടവ ഈ സഭയിൽ പറയണമെന്നുതന്നെയാണു ഞാനുദ്ദേശിക്കുന്നതു്. അല്പസമയം കൂടുതലായി എടുത്തുപോയിരുന്നാൽതന്നെയും, ബഹുമാനപ്പെട്ട സ്പീക്കർ സദയം ക്ഷമിക്കുമെന്നാണു ഞാൻ വിശ്വസിക്കുന്നതു്. എന്നിരുന്നാലും എൻെറ പ്രസംഗത്തിൽ സമയദൈർഘ്യം ഉണ്ടാകാതെ നിവൃത്തിയുള്ളിടത്തോളം ചുരുക്കമായിത്തന്നെ പ്രസ്താവിച്ചുകൊള്ളാം.

സർ, ഞാനവതരിപ്പിച്ചിരിക്കുന്ന വിശ്വാസപ്രമേയം ബഹുമാനപ്പെട്ട ഈ സഭ തള്ളിയാലും, അഥവാ സ്വീകരിച്ചാലും എനിക്കു നിങ്ങളോടെല്ലാവരോടും പറയുവാനുള്ളതു്, രാജ്യനന്മയെ മുൻനിറുത്തി, ജനക്ഷേമകരങ്ങളായ കാര്യങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിനുവേണ്ടി, ജനപ്രതിനിധികളായ നിങ്ങൾ എല്ലാവരും എൻെറ വിശ്വാസപ്രമേയത്തെ ഐകകണ്ഠ്യേന അനുകൂലിക്കുന്നതു എത്രയും അവസരോചിതമാണെന്നു മാത്രമാണ്. ഇന്നു നിലവിലിരിക്കുന്ന ഗവണ്മെൻറിൻെറ പേരിൽ യാതൊരുവിധത്തിലുള്ള അവിശ്വാസവും പൊതുജനങ്ങളുടെ ഇടയിൽ ഉണ്ടായിട്ടില്ലെന്നുള്ളതിൻെറ ഒരു തെളിവായിട്ടാണു ഞാൻ കൊണ്ടുവന്നിരിക്കുന്ന വിശ്വാസപ്രമേയമെന്നു എനിക്കു ധൈര്യമായി പറയാൻ കഴിയും. സത്യസന്ധതയുടെയും, കൃത്യനിഷ്ഠയുടെയും രാജ്യസ്നേഹത്തിൻെറയും പേരിൽ പൊതുജനപ്രാതിനിദ്ധ്യം വഹിച്ചു് ഇവിടെ

[ശ്രീ. ജോസഫ് ചാഴിക്കാട്ട്]

വന്നിരിക്കുന്ന ബഹുമാനപ്പെട്ട മെംബറന്മാർ, സത്യസന്ധതയോടും, കൃത്യനിഷ്ഠയോടുംകൂടി പൊതുജനസേവനം അനുഷ്ഠിക്കണമെന്നു ആത്മാർത്ഥമായി ആഗ്രഹിക്കുന്ന എന്നെപ്പോലെയുള്ള സകല വ്യക്തികളും രാജ്യക്ഷേമത്തെ ലാക്കാക്കി ഗവണ്മെന്റിന്റെ ഭരണം തുടരേണ്ടതാണെന്നുള്ളതിലേയ്ക്കു വോട്ടുചെയ്യേണ്ടതാണ്. ഈ തരുണത്തിൽ ഈ വിശ്വാസപ്രമേയം പ്രതിഷേധിക്കാനോ, നിരാകരിക്കാനോ നിങ്ങൾക്കൊ എനിക്കൊ മാത്രമല്ല, "വാലുള്ള വാനരന്മാർക്കും ചിതം വരാ."

സർ, രാജ്യത്താകമാനമുള്ള ജനങ്ങളുടെയിടയിൽ സംതൃപ്തിയും സമാധാനവും ഉണ്ടാകണമെന്നുള്ള മനഃപൂർവ്വവിചാരത്തോടുകൂടി പ്രവർത്തിച്ചുതുടങ്ങിയിരിക്കുന്ന, മുൻകാലങ്ങളിൽ ഉണ്ടായിരുന്ന ഗവണ്മെന്റുകളെക്കൊണ്ട് സാധിക്കാതെയുള്ള കാര്യങ്ങൾ ഓരോന്നോരോന്നായി സാധിച്ചു മുൻപോട്ടുപോകാൻ ആഗ്രഹിക്കുന്ന, മുൻപോട്ടു പൊയ്ക്കൊണ്ടിരിക്കുന്ന, ഈ ഗവണ്മെന്റിനെ മൂക്കുകയറിട്ടു പുറകോട്ടു പിടിക്കണമെന്നുള്ളതു ബുദ്ധിശൂന്യതയുടെയോ, പക്ഷപാതത്തിന്റെയോ, അല്ലെങ്കിൽ വ്യക്തിവൈരാഗ്യത്തിന്റെയോ, ഇതൊന്നുമല്ലെങ്കിൽ കാര്യമില്ലാത്ത ഒരു വിപ്ലവമനസ്ഥിതിയുടെയോ ഫലമായിട്ടാണെന്നുതന്നെയാണു ഞാൻ വിശ്വസിക്കുന്നതു്. 45 പേരടങ്ങിയിട്ടുള്ള കാൺഗ്രസ്സു കക്ഷിയുടെ അനുകൂലംകൊണ്ടുമാത്രമാണ് ഈ മന്ത്രിസഭ ഭരണം നടത്തുന്നതെന്നു കാലത്തും, ഉച്ചയ്ക്കും, വൈകിട്ടും, രാത്രിയും, പ്രഭാതത്തിലും, പ്രദോഷത്തിലും ഇടതടവില്ലാതെ പറഞ്ഞുകൊണ്ടിരുന്നാൽ രാജ്യഭരണം സുരക്ഷിതമായി എങ്ങനെ നടക്കുമെന്നു എനിക്കു മനസ്സിലാകുന്നില്ല. ഒരുപക്ഷെ, എന്റെ വിശ്വാസപ്രമേയത്തെ ആരെങ്കിലും എതിർക്കണമെന്നു വിചാരിക്കുന്നെങ്കിൽ സർ, ന്യായത്തിന്റെയൊ, നീതിയുടെയൊ പേരിലല്ല അവർ എതിർക്കുന്നതെന്നും, നേരേമറിച്ചു പൊതുജനങ്ങളുടെ പ്രതിനിധിയായി പൊതുജനതാൽപ്പര്യത്തിനുവേണ്ടി പ്രവർത്തിക്കാൻ വന്നിരിക്കുന്ന ഇവർ പ്രകടിപ്പിക്കുന്നതു് ഒരു വഞ്ചനയാണെന്നും, അതുമാത്രമല്ല, രാജ്യത്തു് എങ്ങനെയെങ്കിലും കുഴപ്പമുണ്ടാക്കണമെന്നു മനഃപൂർവ്വം വിചാരിക്കുന്ന ഇക്കൂട്ടർ രാജ്യദ്രോഹികളാണെന്നും പറയാതിരിക്കാൻ തരമില്ല. മുൻപുണ്ടായിരുന്ന ഗവണ്മെന്റുകളെ അപേക്ഷിച്ചു നിലവിലിരിക്കുന്ന ഗവണ്മെന്റു ഈ ശിശുപ്രായത്തിൽ, പൊതുജനതാൽപ്പര്യത്തിനുവേണ്ടി ചെയ്തിട്ടുള്ള നന്മകൾ ആസ്പദമാക്കി ആത്മാർത്ഥതയുടെയും, മനുഷ്യത്വത്തിന്റെയും പേരിൽ അവർക്ക് ഭരണപരമായി കഴിയുന്നത്ര സഹകരണങ്ങൾ നൽകേണ്ടതു് നമ്മുടെ ഓരോരുത്തരുടെയും കടമയാണെന്നുള്ളതു ചിന്തിക്കാതെ, ലേശംപോലും ഗുണദോഷവിവേചനംകൂടാതെ എങ്ങിനെയെങ്കിലും ഒരു വാശി നിറവേറുന്നതിനുവേണ്ടി ഗവണ്മെന്റിനെ മാറിച്ചിട്ടാൽ മതിയെന്നു വിചാരിക്കുന്നുണ്ടെങ്കിൽ സർ, അങ്ങനെ വിചാരിക്കുന്നവർ നിശ്ചയമായും ജനദ്രോഹികളാണ്, രാജ്യദ്രോഹികളാണ്. അതുകൊണ്ടു് നിലവിലിരിക്കുന്ന ഗവണ്മെന്റിനുവേണ്ടി സകല ഒത്താശകളും ചെയ്യുന്നതിനുള്ള സന്മനസ്സു് നിങ്ങൾക്കെല്ലാവർക്കും ഉണ്ടായിരിക്കേണ്ടതാണെന്നു ഈയവസരത്തിൽ അനുസ്മരിപ്പിച്ചുകൊണ്ടാണ് എന്റെ പ്രമേയം ഇവിടെ അവതരിപ്പിക്കുന്നതു്. സർ, കാൺഗ്രസ് പാർട്ടി നേതാവായ ശ്രീ. പനമ്പിള്ളിയോട് ഞാൻ അഭ്യർത്ഥിക്കുന്നതു്, ഏതാനും വർഷം രാജ്യഭരണം നടത്തിയിട്ട്, പിന്മാറിയ അദ്ദേഹത്തിനു് ഭരണപരമായ വൈഷ

മൃങ്ങൾ സുപരിചിതമാണല്ലോ. മാത്രമല്ല, ബുദ്ധിമാന്മാരിൽ ബുദ്ധിയുള്ള ഒരാളാണെന്നു ഒരു ധാരണയും അദ്ദേഹത്തെപ്പററി നാട്ടിൽ ഉണ്ടായിട്ടുണ്ടു്. അതു് ഞാനും സമ്മതിക്കുന്നു. അങ്ങനെയിരിക്കെ, അനധികൃതമായി, അവിചാരിതമായി ഈ രാജ്യത്തു് ഒരു ഭരണക്കുഴപ്പം സൃഷ്ടിക്കണമെന്നു ആർക്കെങ്കിലും ഉദ്ദേശമുണ്ടായിരുന്നാൽതന്നെയും, ബുദ്ധിമാനും, സമർത്ഥനും, സമചിത്തനും, ആയ ശ്രീ. പനമ്പിള്ളി ഇത്തരുണത്തിൽ ഈ പ്രമേയത്തെ അതേപടി സ്വീകരിക്കുമെന്നും, അതിനുവേണ്ടി സർവ്വാത്മനാ അദ്ദേഹത്തിന്റെ പാർട്ടിയെ പ്രേരിപ്പിക്കുകയും ചെയ്യുമെന്നുതന്നെയാണു ഞാൻ വിശ്വസിക്കുന്നതു്. അതുപോലെതന്നെ എന്റെ ഇടതുവശത്തിരിക്കുന്ന ശ്രീ. രാമസ്വാമിയും വിശ്വാസപ്രമേയം പാസായില്ലെങ്കിൽ ഉണ്ടാകാൻപോകുന്ന ഭവിഷ്യൽ ഫലങ്ങളെ സമാധാനമായും ശാന്തമായും ചിന്തിച്ചു തീരുമാനിക്കാൻ കഴിവുള്ള ഒരു വ്യക്തിയെന്ന നിലയിൽ എന്നെ സഹായിക്കുന്നതിനുവേണ്ടി അപേക്ഷിക്കുകയാണു്. കാൺഗ്രസ് പാർട്ടി കഴിഞ്ഞാൽ, ശക്തിമത്തായ മറെറാരു പാർട്ടി ശ്രീ. ടി. വി. യുടെ പാർട്ടിയാണു്. ശ്രീ. ടി. വി. യോടു എനിക്കു പറയാനുള്ളതു് ഭരണപരമായി നിങ്ങളുടെ ആഗ്രഹം നിലനിറുത്തിക്കൊണ്ടുപോകണമെന്നുദ്ദേശമുണ്ടെങ്കിൽ എന്റെ പ്രമേയത്തെ യാതൊരു എതിർപ്പുംകൂടാതെ അനുകൂലിക്കണമെന്നാണു്. അതുപോലെതന്നെ ശ്രീ. ടി. കെ. ദിവാകരനോടും എനിക്കു പറയാനുള്ളതു് മുൻപിലത്തേതിനെക്കാൾ പല പ്രതീക്ഷകൾക്കും ഇടംനൽകിയിട്ടുള്ള ഈ ഗവൺമെൻറു തുടന്നുകൊണ്ടുപോകുന്നതിൽ എന്തു ദോഷമാണു നിങ്ങൾക്കു വരാൻപോകുന്നതെന്നാണു്. അതേ അവസരത്തിൽ ഇവിടെ ഹാജരാക്കപ്പെട്ട പ്രമേയത്തെ അതർഹിക്കുന്ന ഗൗരവത്തോടുകൂടി, പി. എസ്സ്. പി. യിലുള്ള അംഗങ്ങളും അനുകൂലിക്കണമെന്നു അപേക്ഷിച്ചുകൊള്ളുന്നു. 45 അംഗങ്ങളുള്ള കാൺഗ്രസ് പാർട്ടിയാണു് ഈ സംസ്ഥാനത്തുള്ള ശക്തിമത്തായ പാർട്ടിയെന്നും, പൊതുജനങ്ങളുടെ ക്ഷേമതാല്പര്യങ്ങളെ സംരക്ഷിക്കുന്നതിനുള്ള കഴിവും കടപ്പാടും അവരിലാണു കൂടുതൽ സ്ഥിതിചെയ്യുന്നതെന്നും ഒന്നുകൂടി അനുസ്മരിപ്പിച്ചുകൊള്ളുന്നു. മാത്രമല്ല, വേണ്ടപ്പോൾ വേണ്ടതു വേണ്ടതുപോലെ ചെയ്തില്ലെങ്കിൽ ഫലം അപകടകരമാണെന്നുകൂടി ഞാൻ ഉത്ബോധിപ്പിക്കുന്നു. എന്റെ അപേക്ഷ രാജ്യതാല്പര്യത്തെ മുൻനിറുത്തി സ്വീകരിച്ചില്ലെങ്കിൽ അങ്ങനെ സ്വീകരിക്കാത്തവർ ഓർക്കണം, നിങ്ങളുടെ മർക്കടമുഷ്ടിക്കു് വിപരീതമായി 95 ലക്ഷം ജനങ്ങൾ പുറകിൽ നിൽക്കുന്നുവെന്നു്. ഈ പ്രമേയം പാസാക്കിയില്ലെങ്കിൽ തൻമൂലം നിങ്ങൾക്കു രാജ്യത്തുണ്ടാകാവുന്ന സ്ഥാനമെന്തായിരിക്കുമെന്നും, പിന്നീടുള്ള നിങ്ങളുടെ അവസ്ഥയെന്തായിരിക്കുമെന്നും നല്ലപോലെ ഓർക്കണം. അതുകൊണ്ടു മഹാമനസ്കതയോടുകൂടി, ധർമ്മബോധത്തോടുകൂടി ആത്മാർത്ഥമായി ഈ പ്രമേയത്തെ പിൻതാങ്ങണമെന്നു അഭ്യർത്ഥിച്ചുകൊണ്ടു ഈ പ്രമേയം അവതരിപ്പിച്ചുകൊള്ളുന്നു.

<u>ശ്രീ. പി. വിശ്വംഭരൻ</u> : സർ, ശ്രീ. ചാഴികാട്ടു ജോസഫ് ഇവിടെ അവതരിപ്പിച്ച വിശ്വാസപ്രമേയത്തെ ഞാൻ അനുകൂലിക്കയാണു ചെയ്യുന്നതു്. ഞങ്ങളുടെ പാർട്ടിയുടെ ഈ മന്ത്രിസഭയോടു ഞങ്ങൾക്കു വിശ്വാസമുണ്ടെന്നു് ഞങ്ങൾ പ്രത്യേകം രേഖപ്പെടുത്തേണ്ട ആവശ്യമില്ലാത്തതാണു്. എന്നാൽ ശ്രീ. ചാഴികാട്ടു ജോസഫ് ഈ വിശ്വാസപ്രമേയം അവതരി

[ശ്രീ. പി. വിശ്വംഭരൻ]

പ്പിച്ചിരിക്കുന്ന സമിതിക്ക് അതിന് പിൻതുണ നൽകേണ്ടതു് ഭരണകക്ഷിയുടെ ചുമതലയാണ്. ഈ സംസ്ഥാനത്തു് കഴിഞ്ഞ ഏഴുവർഷക്കാലത്തോളം ഭരണം നടത്തിയിട്ടുള്ള മുൻമന്ത്രിസഭകളെക്കാൾ കൂടുതൽ ജനക്ഷേമകരമായും സത്യസന്ധതയോടും, ആത്മാർത്ഥതയോടും, നീതിപൂർവ്വകമായുമാണ് ഈ മന്ത്രിസഭ കഴിഞ്ഞ നാലരമാസക്കാലം പ്രവർത്തിച്ചിട്ടുള്ളതെന്നതു് അവിതർക്കിതമായ വസ്തുതയാണ്. ഈ മന്ത്രിസഭയ്ക്കു ഇതുവരെയുണ്ടായിട്ടുള്ള നേട്ടങ്ങളും തൻമൂലം പൊതുജനങ്ങൾക്കു മന്ത്രിസഭയോടുള്ള സ്നേഹവിശ്വാസങ്ങളും ഇതിനകം സംസ്ഥാനമൊട്ടാകെ സമ്മതിക്കപ്പെട്ടിട്ടുള്ള ഒരു വസ്തുതമാത്രമാണ്. അതു ഞാൻ വിവരിക്കേണ്ടയാവശ്യമില്ല; മറ്റുള്ളവരാണ് അതു പറയേണ്ടതു്. അതുകൊണ്ടു് മന്ത്രിസഭയുടെ പ്രവർത്തനങ്ങളെപ്പറ്റി പൊതുവായി ഒന്നുംതന്നെ പറയുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ ഈ വിശ്വാസപ്രമേയത്തിന് ഇടയാക്കിയ കഴിഞ്ഞ ദിവസം പരാജയപ്പെട്ട ഉപധനാഭ്യർത്ഥനയെപ്പറ്റി ഒരു വാക്കു് പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞദിവസം തിരുവനന്തപുരത്തെ ഗവണ്മെൻറ് പ്ലീഡർമാരുടെ നിയമനത്തെ സംബന്ധിച്ചു് ബഹുമാനപ്പെട്ട മണലൂർമെമ്പർ പ്രസ്താവിക്കുകയുണ്ടായി, ആരെയോ പ്രീണിപ്പിക്കുവാൻ വേണ്ടിയാണു ആ നിയമനം നടത്തിയതെന്നു് സംശയിക്കേണ്ടിയിരിക്കുന്നുവെന്നു്. സർ, അതേപ്പറ്റി എനിക്കു പറയുവാനുള്ളതു് കഴിഞ്ഞ മന്ത്രിസഭ ചെയ്തിട്ടുള്ള നിയമനങ്ങളെയും ഇപ്പോഴത്തെ മന്ത്രിസഭ നടത്തിയിട്ടുള്ള നിയമനങ്ങളെയും തമ്മിൽ തുലനംചെയ്തു നോക്കിയാൽ കാണാം ഈ പ്രീണിപ്പിക്കൽ നയം ആർക്കാണുണ്ടായിരുന്നതെന്നു്. ഇപ്പോഴത്തെ മന്ത്രിസഭ ആരെയും പ്രീണിപ്പിക്കുവാൻവേണ്ടി യാതൊരു നിയമനവും നടത്തിയിട്ടില്ല. കഴിഞ്ഞകാലങ്ങളിൽ നിയമിതരായിട്ടുള്ള ഗവണ്മെൻറ് പ്ലീഡറന്മാർ ആരെല്ലാമായിരുന്നു എന്നുള്ളതു അല്പം ഒന്നു ചിന്തിച്ചു നോക്കേണ്ടതാണ്. തെരഞ്ഞെടുപ്പിൽ കാൺഗ്രസ് ടിക്കററിൽനിന്നു പരാജയമടഞ്ഞവരും അതുപോലുള്ളവരുമാണ് അവരെന്നു ഞാൻ പറയാതെതന്നെ എല്ലാവർക്കും അറിയാവുന്നതാണ്. ആ കാര്യങ്ങളൊക്കെ അവഗണിച്ചുകൊണ്ടാണ് മുൻപറഞ്ഞ ആരോപണം ഉന്നയിച്ചിരിക്കുന്നതു്. സർ, ഞാൻ ഒന്നു ചോദിക്കുന്നു, ഒരാവശ്യവുമില്ലാതെ സുപ്രീംകോടതിയിൽ വാദിക്കുന്നതിനുവേണ്ടി ഒരാളെ കാൺഗ്രസ് ഗവണ്മെൻറു മുൻപു നിയമിച്ചിരുന്നില്ലേ എന്നു്. ഞാൻ പറയുന്നതു് മി. ബാലകൃഷ്ണ അയ്യരെ നിയമിച്ചതു സംബന്ധിച്ചാണ് സുപ്രീംകോടതിയിൽ യാതൊരു കേസുമില്ലാത്ത അവസരത്തിൽ വൻപിച്ച ശമ്പളവും സുഖമായ താമസസൗകര്യങ്ങളും നൽകിക്കൊണ്ടു് അദ്ദേഹത്തെ എന്തിനാണ് നിയമിച്ചതെന്നു് ഞാൻ ചോദിക്കുന്നു. നേരേമറിച്ചു് ഇവിടെ നിയമിതരായിരിക്കുന്ന ഗവണ്മെൻറ് പ്ലീഡറന്മാർക്കു് നല്ല ജോലിയുണ്ടെന്നു മുഖ്യമന്ത്രി കേസുകളുടെ എണ്ണം ഉദ്ധരിച്ചുകൊണ്ടു് ഇവിടെ പറയുകയുണ്ടായി, മാത്രമല്ല, രണ്ടുപേരെ നിയമിക്കേണ്ടതു് ആവശ്യമാണെന്നു അഡ്വക്കേററു ജനറലും, ചീഫ്ജസ്റ്റിസും ശുപാർശ ചെയ്തിട്ടുമുണ്ടെന്നു് പ്രസ്താവിക്കപ്പെടുകയുണ്ടായി. ഇങ്ങനെ നിയമിതരായിട്ടുള്ള രണ്ടു വ്യക്തികളെപ്പററി അവരുടെ കാര്യക്ഷമതയെ സംബന്ധിച്ചു തനിക്കു അഭിപ്രായവ്യത്യാസമില്ലെന്നു ചാലക്കുടി മെമ്പർതന്നെ പറഞ്ഞുവെങ്കിലും അതേ അവസരത്തിൽതന്നെ അദ്ദേഹം നിയമനത്തെ മനഃപൂർവ്വമായി എതിർക്കുകയാണു ചെയ്യുന്നതു്.

ഗവൺമെന്റ പ്ലീഡറന്മാരെ സംബന്ധിച്ചിടത്തോളം അവർക്ക് കഴിഞ്ഞ കാലങ്ങളിൽ ഭീമമായ ശമ്പളം നൽകിക്കൊണ്ടിരിക്കവെതന്നെ പ്രധാനമായ കേസുകളെസംബന്ധിച്ചിടത്തോളം പ്രോസിക്യൂഷൻഭാഗം വാദിക്കുന്നതിനുവേണ്ടി ഗവൺമെന്റിൽനിന്നും വൻപിച്ച പ്രതിഫലംകൊടുത്തു വെളിയിൽനിന്നും നല്ല വക്കീലന്മാരെ ഏർപ്പെടുത്തുകയായിരുന്നു പതിവ്. ഇതിൽനിന്നും നാം മനസ്സിലാക്കേണ്ടതു്, ഇപ്രകാരമുള്ള നിയമനങ്ങൾ കാൺഗ്രസ്സ ഗവൺമെന്റ നടത്തിയിട്ടുള്ളതു് അവശത പിണഞ്ഞിട്ടുള്ള പാർട്ടിയംഗങ്ങളെ സഹായിക്കാൻ വേണ്ടിമാത്രമായിരുന്നുവെന്നാണു്. ഒന്നുകൂടി പറയുകയാണെങ്കിൽ, എന്റെ സ്നേഹിതൻ ശ്രീ. കരുണാകരൻ പറഞ്ഞതുപോലെ ചിലരെ പ്രീണിപ്പിക്കാൻവേണ്ടി മാത്രമായിരുന്നു കാൺഗ്രസ്സ ഗവൺമെന്റുകൾ ഇത്തരം നിയമനങ്ങൾ നടത്തിയിരുന്നതു്. സർ, ഗവൺമെന്റ പ്ലീഡറന്മാരായി ഈ ഗവൺമെന്റ നിയമിച്ചിട്ടുള്ള രണ്ടു വ്യക്തികൾ ബാറിലെ ലീഡേഴ്സാണു്. അല്ലാതെ യാതൊരുത്തരേയും പ്രീണിപ്പിക്കുന്നതിനോ, തൃപ്തിപ്പെടുത്തുന്നതിനോ അല്ല. പിന്നെ എന്തിനാണു് ബഹുമാനപ്പെട്ട ചാലക്കുടി മെംബറും അദ്ദേഹത്തിന്റെ പാർട്ടിയും ഉപധനാഭ്യർത്ഥനയ്ക്കെതിരായി ഇത്ര നിർബ്ബന്ധമായ നിലപാടു് സ്വീകരിച്ചതെന്നാണു് എനിക്കു് ചോദിക്കുവാനുള്ളതു്. ശ്രീ. ചാഴിക്കാടന്റെ വിശ്വാസപ്രമേയത്തെ പിൻതാങ്ങുവാൻ ഈ സഭയിലെ എല്ലാ അംഗങ്ങളോടും വിശേഷിച്ചും കാൺഗ്രസ് പാർട്ടി അംഗങ്ങളോടും ഞാൻ അപേക്ഷിക്കുന്നു. ഈ പ്രമേയത്തിനു് ഇടവരുത്തിയതു് കാൺഗ്രസ്സുകാരായതുകൊണ്ടാണു്. കഴിഞ്ഞദിവസത്തെ വോട്ടിംഗിനെ ഒരു അവിശ്വാസപ്രകടനമായി കരുതേണ്ടതില്ലെന്നു് ഐക്യമുന്നണി കക്ഷിനേതാവു് പ്രസ്താവിച്ചതായി പത്രങ്ങളിൽ റിപ്പോർട്ടുകൾ കണ്ടു. ആ പത്രപ്രസ്താവനയുടെ വെളിച്ചത്തിൽ ഈ പ്രമേയത്തെ അനുകൂലിക്കണമെന്നു് ഐക്യമുന്നണി കക്ഷിയോടും അതുപോലെതന്നെ മററ എല്ലാം പാർട്ടിയംഗങ്ങളോടും ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, മിനിയാന്നാൾ വൈകുന്നേരം ഇവിടെ ഒരു വോട്ടു കഴിഞ്ഞതിന്റെ ശേഷം വളരെ ഏറെ അനാവശ്യമായ കോലാഹലങ്ങൾ ആ വിഷയത്തെപ്പററി ഉണ്ടായിട്ടുണ്ടു്. ആ വോട്ടിന്റെ ഫലമായി ഈ മന്ത്രിസഭയ്ക്കു് അധികാരത്തിൽ തുടരുവാൻ ഒരു വിശ്വാസപ്രമേയം ആവശ്യമാണെന്നു് ഞാൻ വിശ്വസിക്കുന്നില്ല. അങ്ങനെ ഒരു വിശ്വാസപ്രമേയം ആവശ്യമാണെന്നു് മുഖ്യമന്ത്രിയുടെ കാൺസ്റ്റിററ്യൂഷണൽ കാൺഷ്യൻസ് അദ്ദേഹത്തെ അനുശാസിക്കുന്നുണ്ടെങ്കിൽ അദ്ദേഹംതന്നെ ഈ വിധത്തിലുള്ള ഒരു പ്രമേയം കൊണ്ടുവരികയായിരുന്നു കൂടുതൽ അന്തസ്സെന്നും എനിക്കു് അഭിപ്രായമുണ്ടു്. എങ്കിലും ഈ പ്രമേയം സഭാവേദിയിൽ വന്നയുടനെ മുഖ്യമന്ത്രി യാതൊരു ദുരഭിമാനചിന്തയും കൂടാതെ ഈ പ്രമേയം തന്റേതാണെങ്കിൽ ഏതു വിധത്തിൽ സ്വീകരിക്കപ്പെടുമോ ആ വിധത്തിൽ സഭ സ്വീകരിക്കണമെന്നു പറഞ്ഞതിൽ ഞാൻ അദ്ദേഹത്തെ ഹാർദ്ദമായി അനുമോദിക്കുന്നു. എനിക്കു മുഖ്യമന്ത്രിയെ ഉപദേശിക്കുവാനുള്ള പ്രായവും അതിനുള്ള തന്റേടവും ബുദ്ധിയും ഇല്ലെങ്കിലും ഞാൻ അദ്ദേഹത്തോടു് അപേക്ഷ ചെയ്യുകയാണു്. അതു് എന്തെന്നാൽ മഹാനായ ബേർക്ക് ഒരവ

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

വസരത്തിൽ പറയുകയുണ്ടായി വലിയ കാര്യങ്ങളും ദുരഭിമാനവുംകൂടി
ഒന്നിച്ചു് പോവുകയില്ലെന്നു്. അതുപോലെ ഒരു രാജ്യത്തിന്റെ ഭരണം
നടത്തുവാൻ നിയുക്തനായ അദ്ദേഹത്തെ ആ ഭരണത്തിൽ സാമാന്യമായ
പിൻതുണ ചെയ്യാമെന്നു വാഗ്ദാനം ചെയ്തിട്ടുള്ള ഞാൻ അദ്ദേഹത്തോടു്
വിനയാന്വിതനായി സംസാരിക്കുകയാണു് ഈ വക കാര്യങ്ങളിൽ ദുരഭി
മാനം മനസ്സിൽ ഉണ്ടാകരുതെന്നു്. അദ്ദേഹം അതൊന്നും ഇല്ലാതെ ഒരു
പ്രസ്താവന ചെയ്തതിൽ എനിക്കും എന്റെ പാർട്ടിക്കും വളരെ സന്തോ
ഷമുണ്ടു്. ഇങ്ങനെ ഒരു വിശ്വാസപ്രമേയം വരികയാണെങ്കിൽ അതു്
വരേണ്ടതു് മുഖ്യമന്ത്രിയിൽനിന്നായിരിക്കണമെന്നു മാത്രം ഞാൻ ആഗ്ര
ഹിക്കുന്നു. ആ വിധത്തിൽ ഞാൻ അദ്ദേഹത്തെ രേഖാമൂലം അറിയി
ച്ചിട്ടും ഉണ്ടു്. ഞാൻ അതു് ഒളിച്ചുവയ്ക്കുന്നില്ല. അങ്ങനെ ഒരു നില
ഞാൻ എടുത്തതു് ദുരഭിമാനംമൂലമല്ലെന്നു് ഈ പ്രമേയത്തിന്റെ അവതാ
രകനായ ശ്രീ. രാമപുരം മെമ്പറുടെ പ്രസംഗം കേട്ടുകഴിഞ്ഞപ്പോൾ മുഖ്യ
മന്ത്രിക്കു ബോധ്യമായിട്ടുണ്ടാകും എന്നു ഞാൻ വിശ്വസിക്കുന്നു. ഈ നിയ
മസഭയിൽ തനിക്കുവേണ്ടി, അധികാരത്തിൽ തുടരുന്നതിനു്, ഈ സഭ
യുടെ ഒരുവോട്ടു വേണമെന്നു് ആഗ്രഹമുണ്ടെങ്കിൽ തീർച്ചയായും മുഖ്യമന്ത്രി
അതു് അവതരിപ്പിക്കുകയായിരുന്നു കുറെക്കൂടി ഭംഗിയുള്ളതും കുറേക്കൂടി
അന്തസ്സുള്ളതും കുറെക്കൂടി പ്രസക്തവും. തന്റെ പ്രസംഗത്തിനുശേഷം
നിവൃത്തിയുണ്ടെങ്കിൽ അതിനു് എല്ലാപേരും വോട്ടു ചെയ്യുമെന്നുള്ള
വിശ്വാസം രാമപുരം മെമ്പർക്കുണ്ടായിരുന്നു എന്നു് അദ്ദേഹത്തിന്റെ
രസകരമായ പ്രസംഗം കേട്ടുകൊണ്ടിരുന്നപ്പോൾ എനിക്കു തോന്നി.
എങ്കിലും ഇങ്ങനെ രാമപുരം മെമ്പർ ആവശ്യമില്ലാത്ത പ്രസ്താവന
കൾ ചെയ്യുമെന്നുകരുതി ഇന്നു് പ്രധാനപ്പെട്ട കാര്യങ്ങളിൽ ന്യായം
വിട്ടുള്ള ഒരു തീരുമാനം ചെയ്യുവാൻ ഞങ്ങൾക്കു് നിർവാഹമില്ല. ഈ
പ്രമേയത്തെപ്പററി ഞാൻ രണ്ടുവാക്കു് പറയുന്നതു്, ഈ പ്രമേയം
വോട്ടിനു വരികയാണെങ്കിൽ ഈ പ്രമേയത്തെ ഞങ്ങൾ വോട്ടുചെയ്യു
വാൻ തീരുമാനിച്ചിരിക്കുന്നതു് ഈ പ്രമേയത്തിന്റെ അക്ഷരാർത്ഥത്തി
ലല്ല. ഈ പ്രമേയം ഇവിടെ ആവശ്യമില്ലെന്നു് ഞാൻ പറയുകയുണ്ടായി.
കഴിഞ്ഞ 45, 46 മണിക്കൂറുകൾക്കിടയിൽ പത്രങ്ങളിലായും പ്രസംഗ
വേദികളിലായും കാപ്പിക്കടകളിലായും നടന്ന ഘോരഘോരവിവാദ
ത്തള്ളൽമൂലം ഇവിടെ എന്താണു് ഉണ്ടായതു്? അത്ര വലിയ പ്രമാദമായ
കാര്യം ഉണ്ടായോ? വാസ്തവത്തിൽ ഇതു് ചായക്കോപ്പയിലെ ഒരു കൊടും
കാററായിരുന്നു. എന്താണു് സർ, ഇവിടെ ഉണ്ടായതു്? ഈ മന്ത്രിസഭയ്ക്കു്
പരിപൂർണ്ണമായ പിൻതുണ വാഗ്ദാനം ചെയ്യാമെന്നു കാൺഗ്രസ്സു് പാർട്ടി
ഏററിട്ടില്ല. കാൺഗ്രസ്സു് പാർട്ടി പറഞ്ഞിട്ടുള്ളതു് ശ്രീ. താണുപിള്ള
യുടെ നേതൃത്വത്തിൽ ഇവിടെ ഒരു ഗവണ്മെൻറു് ഉണ്ടാവുകയാണെങ്കിൽ
ആ ഗവണ്മെൻറിനു ജനറൽ സപ്പോർട്ടു കൊടുക്കാമെന്നാണു്. ജനറൽ
സപ്പോർട്ടു കൊടുക്കാമെന്നു പറഞ്ഞതിന്റെ അർത്ഥം എന്താണെന്നു
പലരും തെററിദ്ധരിച്ചിട്ടുള്ളതുപോലെ തോന്നുന്നു. ഈ മന്ത്രിസഭ അധി
കാരത്തിൽ തുടരുവാൻ ആവശ്യമായ നിലപാടുകൾ എന്തെല്ലാമാണോ
അതെല്ലാം ചെയ്യാമെന്നുള്ളതിൽ കവിഞ്ഞു് ഇവിടെ വരുന്ന മന്ത്രി
സഭയുടെ എല്ലാ പ്രമേയങ്ങളും, മന്ത്രിസഭയുടെ എല്ലാ ഡിമാൻഡു
കളും, മന്ത്രിസഭയുടെ എല്ലാബില്ലുകളും, മന്ത്രിസഭയുടെ എല്ലാവിധത്തി
ലുള്ള കാര്യങ്ങളും പിൻതാങ്ങി 46 അംഗങ്ങളുള്ള ഈ പാർട്ടിയെ നിർബ്ബ

ഷ്ഠവും നിശ്ചലവും ഉപയോഗശൂന്യവും ആക്കാമെന്ന് ആ വാഗ്ദാനങ്ങൾക്ക് അർത്ഥമില്ല. കഴിഞ്ഞ മാർച്ചുമാസം 14-ാംതീയതി ആ വിധത്തിലുള്ള ഒരു പ്രസ്താവനയാണ് ഞാൻ ചെയ്തതു്. സർ, ന്യൂനപക്ഷഗവണ്മെൻറുകൾ ലോകത്തിൽ പലഭാഗത്തും പല സന്ദർഭത്തിലും ഉണ്ടായിട്ടുണ്ട്. ആ ഗവണ്മെൻറുകൾ ചിലപ്പോൾ കൊണ്ടുവരുന്ന ചില പ്രമേയങ്ങൾ തള്ളിപ്പോയി എന്നു വന്നേക്കാം. അങ്ങനെ തള്ളിപ്പോകുന്ന ഓരോ പ്രമേയവും മന്ത്രിസഭയുടെ രാജിക്കു കാരണമാകണമെന്നുള്ള തത്വം നിയമജ്ഞന്മാരോ രാജ്യതന്ത്രജ്ഞന്മാരോ സ്വീകരിച്ചിട്ടില്ല. ഞാൻ ഈ സഭാതലത്തിൽനിന്നുകൊണ്ട് നിയമസംബന്ധമായ ഒരു വാദം തുടരുവാൻ മുതിരുന്നില്ല. ഉത്തരവാദഭരണസമ്പ്രദായത്തിൽ പ്രവർത്തിക്കുവാനുദ്ദേശിച്ചിട്ടുള്ള നാം അതു് മനസ്സിലാക്കുന്നതു് നന്നായിരിക്കും. ഇംഗ്ലണ്ടിൽ മൈനാറിട്ടി ഗവണ്മെൻറുകൾക്ക് ഏതെങ്കിലും ഒരു കാര്യത്തിൽ പരാജയം നേരിടുകയാണെങ്കിൽ ഉടനെ അവിടെ രാജി വയ്ക്കുകയില്ല. പിന്നെയും ആ പരാജയത്തെ സ്വീകരിച്ചുകൊണ്ട് തുടരുകയാണ് ചെയ്യുന്നതു്. ഈ കാര്യത്തിൽ എന്തെങ്കിലും സംശയലേശത്തിന് അവകാശമില്ലായിരുന്നു- മിനിഞ്ഞാന്ന് നാലരമണിക്ക് വോട്ടുകഴിഞ്ഞ ഉടനെ ഞാൻ ഈ സഭയിൽ ഒരു സ്റ്റേറ്റുമെൻറു ചെയ്തു സർ, അങ്ങ് ഓർക്കുന്നുണ്ടായിരിക്കും. ഇതാണ് ഞാൻ ചെയ്ത സ്റ്റേറ്റുമെൻറ്.

"Mr. Speaker, I want to make a statement. This morning some members of my party tabled certain cut motions and in one of those cut motions, this point of the additional expenditure involved in the appointment of one Govrevnment Pleader more than is necessary, was raised. But we were informed that there is no scope for moving cut motions at this stage when supplementary demands are being moved. Therefore, in order to make our point felt, we are constrained to oppose the whole demand. But we want to make it clear that the point of the opposition is that in Trivandrum the Government has appointed one Government Pleader more than is necessary."

സർ, ബഹുമാനപ്പെട്ട രാമപുരം മെമ്പറുടേയും ബഹുമാനപ്പെട്ട നേമം മെമ്പറുടേയും മന്ത്രിസഭയ്ക്കു വേണ്ടിയുള്ള, മന്ത്രിസഭയുടെ നല്ല ചെയ്തികളെപ്പററിയുള്ള, വാദപ്രതിവാദങ്ങൾക്കു യാതൊരു വിധത്തിലും ആവശ്യമില്ലാത്തവിധം അന്നുതന്നെ ഈ കാര്യത്തിൽ ഉന്നയിച്ചിരിക്കുന്ന സംഭവവികാസങ്ങളെ തടയുന്നതിനുവേണ്ടി തൽസമയം ഞാൻ ഇവിടെ ഒരു സ്റ്റേറ്റുമെൻറ് ചെയ്തതാണ്. എൻെറ പ്രസംഗത്തിൽ ബഹുമാനപ്പെട്ട രാമപുരം മെമ്പറോ ബഹുമാനപ്പെട്ട നേമം മെമ്പറോ പറഞ്ഞ വിവാദപരമായ യാതൊരു കാര്യങ്ങളിലും പ്രവേശിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. വിവാദപരമായ കാര്യങ്ങൾ പറഞ്ഞു എൻെറ പ്രസംഗത്തിനുണ്ടാകുന്ന ഏകാഗ്രതയ്ക്കു ഭംഗം വരുത്തുവാനും ഞാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ ഒരു വിശ്വാസപ്രമേയം ആവശ്യമാണോ അല്ലയോ എന്നാണെങ്കിൽ ആവശ്യമില്ലെന്നാണ് എൻെറ അഭിപ്രായം. ആവശ്യം ആകുമെങ്കിൽ ആകാം, എൻേറതായ ഈ സ്റ്റേറ്റുമെൻറ് ഇവിടെ പറഞ്ഞു ഉടനെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അല്പം അസ്വസ്ഥതയോടുകൂടി ഇനി ഇവിടെ ഡിമാൻറുകളൊന്നും അവതരിപ്പിക്കുവാൻ ഉദ്ദേശിക്കു

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ന്നില്ല എന്നു് പറയുകയുണ്ടായി. അതു് അദ്ദേഹം രാജിവയ്ക്കുവാൻ ഉദ്ദേശിക്കുന്ന ലക്ഷണമാണെന്നു ഭയപ്പെട്ടു എന്നുള്ളതുകൊണ്ടും ആ വിധത്തിലുള്ള ഒരു സംഭവവികാസം ഇവിടെ ഉണ്ടാകരുതു് എന്നു കരുതി, ഇങ്ങനെ ഒരു സംഭവവികാസം ഉണ്ടാകണമെന്നു് ഉദ്ദേശിക്കാതെ ഞാൻ ചെയ്ത ഒരു നടപടിയുടെ ഫലമായി ഈ വിധമെല്ലാം സംഭവവികാസം ഉണ്ടായതു് കണ്ടിട്ടു് അന്നു് അഞ്ചുമണിക്കുതന്നെ ഞങ്ങളുടെ വിപ്പു് മുഖേന എന്റെ ഒരു കത്തു് അദ്ദേഹത്തിനു നൽകുകയുണ്ടായി. ആ കത്തു ഈ സഭയിൽ വായിക്കുന്നതു് നന്നായിരിക്കും.

31-7-1954.

My dear Chief Minister,

With reference to the vote today by which the supplementary demand for Administration of Justice was negatived by us, I hasten to assure you, as stated by me on the floor of the House, that the only point of the vote is that there is need for only one Government Pleader in the High Court at Trivandrum. The vote was not intended to register want of confidence in the Ministry."

ഈ കത്തു് മിനിയാന്നു് അഞ്ചുമണിക്കു് ഞങ്ങളുടെ വിപ്പു് മുഖ്യമന്ത്രിക്കു നൽകുകയുണ്ടായി. അതിനു ശേഷം ഉണ്ടായ ഊഹാപോഹങ്ങളുടെ പ്രതിധ്വനികൾ എനിക്കു് പാർക്ക്‌വ്യൂ ബംഗ്ലാവിൽ കേൾക്കുവാനിടയായി. ഞാൻ ആഗ്രഹിക്കാത്ത ഞാൻ അഭിലഷിക്കാത്ത വിധത്തിൽ കാര്യങ്ങൾ പരിണമിക്കരുതു് എന്നു് ഉദ്ദേശിച്ചു് ഇന്നലെ കാലത്തു് ഞാൻ വീണ്ടും ഒരു കത്തെഴുതി. ആ കത്തു് ഇങ്ങനെയാണു്.

1-8-1954.

My dear Chief Minister,

"Further to my letter yesterday, which our whip handed over to you, I wish to assure you that in case you deem it necessary to bring a motion of confidence we shall support it.

With kind regards.

അപ്പോൾ ഇന്നലെ കാലത്തുതന്നെ ഇങ്ങനെ ഒരു സപ്പോർട്ടു തരാമെന്നു പറഞ്ഞു. ഇവിടെ ഒരു വിശ്വാസപ്രമേയം കൊണ്ടുവരേണ്ട കാര്യം ഇല്ല. മന്ത്രിസഭ രാജിവയ്ക്കേണ്ട ആവശ്യമില്ല. പിന്നെ ഇവിടത്തെ അന്തരീക്ഷം തെളിക്കുന്നതിനു വേണ്ടിയും സംശയം അകററുന്നതിനു വേണ്ടിയും കാര്യങ്ങളെപ്പററി നിസ്സംശയമായ ഒരു നില എടുക്കുന്നതിനു വേണ്ടിയും 'വോട്ടു് ഓഫ് കാൺഫിഡൻസ് വേണമെങ്കിൽ കൊണ്ടുവരിക, സപ്പോർട്ടുചെയ്യാം' എന്നു പറഞ്ഞു. ആ നില കാൺഗ്രസ്സ് പാർട്ടി എടുത്തു് രാമപുരം മെംബർ ചെയ്ത പ്രസംഗം കൂടാതെ, ശ്രീ നേമം മെംബർ പി. എസ്. പി. ഭരണത്തിനു വേണ്ടി ചെയ്ത അവകാശവാദങ്ങൾ ഉൽഘോഷിക്കുന്നതിനു മുമ്പുതന്നെ മററാരും ആവശ്യപ്പെടാതെ മററാരും പ്രചോദനം കൊടുക്കാതെ ചെയ്തതാണു്. ഒന്നു് മിനിഞ്ഞാന്നു് അഞ്ചുമണിക്കു്, ഒന്നു് ഇന്നലെ കാലത്തു്, ഇങ്ങനെ രണ്ടു് എഴുത്തുകളുമയച്ചു. അതുകൊണ്ടു 'ബഹുമാനപ്പെട്ട രാമപുരം മെംബറുടെ പ്രമേയത്തിനു' അനുകൂലമായി വോട്ടുചെയ്യുവാൻ പോകുന്നതു് ഈ മന്ത്രിസഭയിൽ നോ-കാൺഫിഡൻസ് ഉണ്ടെന്നുള്ള അർത്ഥത്തിലല്ല. ഞങ്ങൾക്കു് ഈ മന്ത്രിസഭ

അധികാരത്തിൽ തുടരുന്നതിൽ വിരോധമില്ല. മാർച്ച് 14-ാംതീയത ഞങ്ങൾ കൊടുത്ത ഉറപ്പ് പിൻവലിച്ചിട്ടില്ല. അതുകൊണ്ട് ഈ മന്ത്രിസഭ ഈ സന്ദർഭത്തിൽ മിനിയാന്നത്തെ വോട്ടിന്റെ കാരണം കൊണ്ടു മാത്രം രാജിവയ്ക്കേണ്ട ആവശ്യമില്ലെന്നു തെളിയിക്കുവാനും ഞങ്ങൾ മറെറാരു വിധത്തിൽ പ്രവർത്തിക്കുകയാണെങ്കിൽ അങ്ങനെ സംഭവിച്ചേക്കും എന്നുള്ളതുകൊണ്ടും മാത്രം രാമപുരം മെംബറുടെ പ്രസംഗത്തിലെ പല ഭാഗങ്ങളെയും പ്രതിഷേധിച്ചുകൊണ്ട് അവയ്ക്ക് മറുപടി പറഞ്ഞാൽ ഈ അവസരം വൃത്തികേടാകും എന്നു കരുതി ഈ പ്രമേയത്തെ ഞങ്ങൾ അനുകൂലിക്കുകയാണ്

ഒരു കാര്യംകൂടി എനിക്ക് പറയുവാനുണ്ട്. മിനിഞ്ഞാന്ന് ഈ ഉപക്ഷേപം പാസ്സായ ഉടൻ കാൺഗ്രസ്സ് പാർട്ടിയുടെയും എന്റെയും പേരിൽ വൃത്തികെട്ട ആരോപണങ്ങൾ ചെയ്യുന്നതിനുവേണ്ടിയുള്ള ഒരു വ്യഥാശ്രമം ചില കേന്ദ്രങ്ങളിൽ നടക്കുകയുണ്ടായി. ഞാൻ കണ്ട പത്രറിപ്പോർട്ടുകളെ അടിസ്ഥാനപ്പെടുത്തി പറയുകയാണ്. എന്റെ ബഹുമാന്യ സ്നേഹിതൻ മന്ത്രി പി. കെ. കുഞ്ഞുപോലും ഈ വോട്ടു കഴിഞ്ഞ ഉടനെ, ഇവിടെ വരാൻപോകുന്ന ലാൻഡു ലജിസ്ലേഷൻ കൂടാതെ കഴിക്കുവാൻ കാൺഗ്രസ്സ് പാർട്ടി എടുത്ത ഒരു അടവാണ് ഇതു് എന്ന് പ്രസ്താവിച്ചതായി പത്രത്തിൽ കാണുകയുണ്ടായി. അദ്ദേഹം അങ്ങനെ പറഞ്ഞിട്ടില്ലെന്ന് അറിയുവാൻ എനിക്ക് അതിയായ ആഗ്രഹമുണ്ട്.

ശ്രീ. പി. കെ. കുഞ്ഞ് : ഞാൻ പറഞ്ഞതാണ്, ഞാൻ അങ്ങനെ വിശ്വസിച്ചു പറഞ്ഞതുമാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ വിശ്വസിച്ചു പറഞ്ഞതാണെങ്കിൽ എനിക്ക് അദ്ദേഹത്തിന്റെ ആ പ്രസ്താവനയെ ചോദ്യം ചെയ്യേണ്ടതായും അദ്ദേഹത്തിന്റെ വിശ്വാസത്തിന് മറുപടി പറയേണ്ടതായും ഉണ്ട്. അദ്ദേഹത്തിന്റെ മനോഹരമായ പുഞ്ചിരിക്കു പിന്നിൽ ഇങ്ങനെ ഒരു കഠാരിയുണ്ടെന്ന് എനിക്ക് മനസ്സിലായില്ല. എനിക്ക് വേണമെങ്കിൽ പി. എസ്സ്. പി. മന്ത്രിസഭ രാജിവച്ചതു നിയമസഭയിൽ ഈ നിയമനിർമ്മാണം കൊണ്ടുവരാതിരിക്കാൻവേണ്ടിയാണെന്ന് പറയരുതേ? അങ്ങനെ പറഞ്ഞാൽ അതു് ശരിയാകുമോ? പക്ഷെ അങ്ങനെ ഒരാരോപണം പി. എസ്സ്. പി. യുടെ പേരിൽ കൊണ്ടുവരേണ്ട ആവശ്യം എനിക്കോ എന്റെ പാർട്ടിക്കോ ഇല്ല.

സർ, ലാൻറു പാളിസിയെ സംബന്ധിച്ച് കാൺഗ്രസ്സിന്റെ നില എന്താണെന്നുകൂടി ഞാൻ ഇവിടെ വിശദമാക്കാം. നാലു ദിവസത്തിനു മുമ്പ് ആജ്മീറിൽവച്ചുകൂടിയ എ. ഐ. സി. സി. സമ്മേളനത്തിൽ വച്ച് ഈ ലാൻറു റിഫാമിനെ സംബന്ധിച്ച് ഇൻഡ്യയിൽ എവിടെയും എടുക്കേണ്ട നയത്തെപ്പററി രണ്ടു ദിവസത്തെ ചർച്ചകൾക്കുശേഷം സുചിന്തിതമായ ഒരു തീരുമാനം എടുക്കുകയുണ്ടായി. ആ തീരുമാനം അനുസരിച്ച് കാൺഗ്രസ്സ് പ്രവർത്തിച്ചുകൊള്ളണമെന്ന് കാൺഗ്രസ്സ് പ്രസിഡൻറ് എല്ലാം പാർട്ടി ഘടകങ്ങൾക്കും സർക്കലർ അയച്ചിട്ടുണ്ട്. ഞാൻ ആ തീരുമാനം പത്രത്തിൽനിന്ന് വായിക്കുകയാണ്.

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

"The resolution on land reform reads:

The reform of the land system has always been a matter of deep concern to the Congress. Considerable progress has been made in regard to the abolition of the zamindari and jagirdari and the like systems. But much remains to be done in order to ensure social justice and, at the same time, to help in the economic development of the country. While, in a large number of States, intermediaries have been eliminated, this has not necessarily resulted in the tiller owning the land,

ശ്രീ. ജോസഫ് ചാഴികാട്ട്: പത്രപ്രസ്താവനകളും, വിശേഷിച്ചും അനധികൃതമായ പത്രപ്രസ്താവനകളും, ഈ സമയത്ത് വായിക്കാമോ?

മി. സ്പീക്കർ: ഈമാതിരിയുള്ള കാൺഗ്രസ്സിന്റെ പ്രമേയവും മററും ആവശ്യമുള്ളപ്പോൾ വായിക്കാം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതാണ് പ്രമേയ അവതാരകന്റെ രീതി.

"As conditions differ in various States a uniform approach is not feasible, but the general principles and objectives should..........

ശ്രീ. എൻ. രാഘവക്കുറുപ്പ്: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ കാൺഗ്രസ്സിന്റെ മാത്രം പ്രമേയം വായിക്കണമെന്നാണോ? മററു പാർട്ടികളുടെ പ്രമേയങ്ങളും വായിക്കുന്നതിൽ വിരോധമുണ്ടോ?

മി. സ്പീക്കർ: ഒരു വിരോധവുമില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ; ഞാൻ ഇതു വായിക്കുമ്പോൾ മി. കുറുപ്പിനു കുറച്ച് അസ്വാസ്ഥ്യം ഉണ്ടാകുമെന്ന് എനിക്കറിയാം. ഞാൻ തുടർന്നു വായിക്കാം.

"apply to all parts of the country. The process of eliminating the intermediaries must be completed all over India without delay.

In a number of States, legislation has been enacted as a result of which rents have been progressively brought down and tenants have obtained security of tenure and the right to acquire ownership of their holdings on payment of a moderate compensation. The pace of progress in this direction has, however, not been rapid enough.

The essential purpose underlying all these measures of reform is to make the tiller have full rights over the land he cultivates and, at the same time, to build up a co-operative organisation of rural life and agricultural activities so as to ensure the most rational and effective use of the country's resources.

The enforcement of an upper limit both for purposes of future acquisition of land and in respect of existing holdings is a necessary step and early attention should be given by the

States to this aspect of land reform. To take effective steps to this end, adequate data is necessary. For this purpose a census of land holdings was initiated some time ago. The committee regrets that there has been delay in carrying out this census. It trusts that every effort will be made to expedite this process."

സർ, ഈ പ്രമേയം പാസ്സാക്കിയതു് നാലഞ്ചു ദിവസങ്ങൾക്കു മുൻപാണു്. ഈ സഭയിൽ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നതായ ലാൻഡ് റിഫാം ബില്ലുകൾ കോൺഗ്രസ്സ് പാർട്ടിക്കു് കിട്ടിയ ഉടനെ അവയെപ്പററി കോൺഗ്രസ്സ് പാർട്ടി അവധാനമായി പര്യാലോചിക്കയും വളരെ സൂക്ഷ്മമായി പരിശോധിക്കയും ചെയ്തശേഷം കോൺഗ്രസ്സ് പാർട്ടി എടുത്ത തീരുമാനമെന്താണെന്നു് അനൗപചാരികമായി മുഖ്യമന്ത്രിയെ അറിയിക്കുകയും പത്രത്തിനു് നൽകുകയും ചെയ്തിട്ടുണ്ടു്. അങ്ങനെ ചെയ്തതു് എന്താണെന്നുവച്ചാൽ, ആ ബില്ലിനെ സപ്പോർട്ട് ചെയ്യണം എന്നുകരുതിത്തന്നെയാണു്. ഗവണ്മെൻറിൻെറ ലാൻഡ് റിഫാംബിൽ ജൂലൈ 30-ാം തീയതി നിയമസഭയിൽ അവതരിപ്പിച്ചു് അതു് സർക്കുലേഷനുവേണ്ടി മൂവ് ചെയ്യുമെന്നാണു് ഞങ്ങളെ അറിയിച്ചിട്ടുള്ളതു്. ഇന്നു് ഈ മന്ത്രിസഭ പരാജയപ്പെടാതെ അധികാരത്തിൽ തുടരണമെന്നു് കോൺഗ്രസ്സ് പാർട്ടി ആഗ്രഹിക്കുന്നതിൻെറ പല കാരണങ്ങളിൽ ഏററവും പ്രധാനമായതു് ഈ ബില്ല് ഈ നിയമസഭയിൽ അവതരിപ്പിക്കാനുള്ള അവസരം അവർക്കു് പാഴായിപ്പോകരുതു് എന്നുള്ളതാണു്. ഇങ്ങനെയിരിക്കെ എൻെറ ബഹുമാന്യസ്നേഹിതൻ കുഞ്ഞു് ഈ വാദത്തിൽ പറയാൻ ഇടയായതു് അൽപ്പം വിശദമായിപ്പോയി എന്നു പറഞ്ഞാൽ കൊള്ളാമെന്നുണ്ടു്. അദ്ദേഹത്തിനു് ഇനിയും മന്ത്രിയായി തുടരാം എന്നുള്ളതിലേയ്ക്കു് വോട്ടു ചെയ്യാൻ പോകുന്ന ഈ അവസരത്തിൽ ഞാൻ ഇതിനെപ്പററി കുഞ്ഞിനോടു കൂടുതലൊന്നും പറയാൻ ഉദ്ദേശിക്കുന്നില്ല.

ഇങ്ങനെ കോൺഗ്രസ്സ് പാർട്ടി ഒരിക്കലും ഉദ്ദേശിക്കാത്തതും ഒരിക്കലും ആഗ്രഹിക്കാത്തതുമായ ഒരു സംഭവവികാസം നേരിടുന്നതിനുവേണ്ടി രാമപുരം മെംബർ കൊണ്ടുവന്നിരിക്കുന്ന ഈ പ്രമേയത്തെ, ഈ മന്ത്രിസഭ രാജിവയ്ക്കേണ്ടതില്ലെന്നുള്ള അർത്ഥത്തിൽ, അനുകൂലിച്ചു് വോട്ടു ചെയ്യുവാൻ ഞങ്ങൾ ഉദ്ദേശിച്ചിരിക്കയാണു്. കോൺഗ്രസ്സ് പാർട്ടി നാലുമാസത്തിനു മുമ്പു് ഇന്നത്തെ മുഖ്യമന്ത്രിയോടും അദ്ദേഹത്തിൻെറ പാർട്ടിയോടും സൗമനസ്യത്തോടുകൂടി നീട്ടിയ സൗഹാർദ്ദഹസ്തം ഇപ്പോഴും പിൻവലിച്ചിട്ടില്ലെന്നും അങ്ങനെ സൗഹാർദ്ദഹസ്തം നീട്ടിയതനുസരിച്ചു് കോൺഗ്രസ്സ് പാർട്ടി വല്ലപ്പോഴും ഈ മന്ത്രിസഭയെ വിമർശിക്കയാണെങ്കിലും അതിനെതിരായി വോട്ടുചെയ്യുകയാണെങ്കിലും അന്നെടുത്ത നിലയ്ക്കു് വിപരീതമാണെന്നു് തെററിദ്ധരിക്കരുതെന്നു് ഇന്നത്തെ മുഖ്യമന്ത്രിയോടും, സർ, അങ്ങയോടും ഈ സഭയോടും അപേക്ഷിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

ശ്രീ. എം. പി. മേനോൻ: സർ, ശനിയാഴ്ച ഉച്ചതിരിഞ്ഞു മന്ത്രിസഭ കൊണ്ടുവന്ന ഒരു സപ്ലിമെൻററി ഡിമാൻഡ് കോൺഗ്രസ്സ് പാർട്ടിയുടെ മാത്രം എതിർപ്പോടുകൂടി തള്ളിപ്പോയതിനുശേഷം, അതു് ഒരു അവിശ്വാസ സൂചനയായി പരിഗണിക്കേണ്ടതില്ലെന്നു് ഈ സഭയ്ക്കകത്തും

[ശ്രീ. എം. പി. മേനോൻ]

പുറത്തുംവച്ച് ഒന്നിലധികം തവണ കാൺഗ്രസ്സുപാർട്ടിയുടെ നേതാവ് വിശദീകരിച്ചതിനുശേഷം, കാൺഗ്രസ്സും, പി. എസ്സ്. പി. യും തമ്മിലുള്ള ഒരു കുടുംബകലഹത്തെ വലിയ രാഷ്ട്രീയ പ്രതിസന്ധിഘട്ടമായി ദുർവ്യാഖ്യാനിച്ച് അതു് തരണം ചെയ്യുവാൻ ബഹുമാനപ്പെട്ട രാമപുരം മെംബർ ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ അനുകൂലിക്കുവാൻ എനിക്കു് നിർവ്വാഹമില്ല. പ്രജാസോഷ്യലിസ്റ്റു പാർട്ടിയുടെയും ആ പാർട്ടിയുടെ നേതാവായ ശ്രീ. പട്ടം താണുപിള്ളയുടെയും ഈ അപകടസന്ധിയിൽ അവരെ സഹായിക്കുവാൻ വന്നതു് രാമപുരം മെംബറാണ്. ഉണ്ണിയെ കണ്ടാൽ അറിയാം ഊരിലെ പഞ്ഞം. തമിഴ്നാട്ടിലെ ചില സ്നേഹിതന്മാർ അവിടുത്തെ തൊഴിലാളികളുടെ ചില അവകാശങ്ങൾക്കു വേണ്ടി ശബ്ദമുണ്ടാക്കിയപ്പോൾ അതു് കൂക്കുവിളിയാണെന്നു് നിർല്ലജ്ജം അട്ടഹസിച്ച ഒരു മന്ത്രിസഭയ്ക്കു് ഇങ്ങനെയുള്ളവരോടു് ക്രൂരമായ വിധത്തിൽ പെരുമാറണമെന്നും അവരുടെ നേരെ മർദ്ദനം പ്രയോഗിക്കണമെന്നും ഭാവനാശൂന്യനായി ഉപദേശം നൽകിയ ഒരു മെമ്പറാണ് രാമപുരം മെംബർ. അങ്ങനെയുള്ള ഒരു മെംബർ കൊണ്ടുവന്നിരിക്കുന്ന ഈ പ്രമേയത്തെ അനുകൂലിക്കാൻ പ്രയാസമുണ്ടു്.

എന്തിനു് ഞങ്ങൾ ഈ പ്രമേയത്തെ അനുകൂലിക്കണം? ഞങ്ങളോടും ഞങ്ങൾ പ്രതിനിധാനം ചെയ്യുന്ന പാർട്ടിയോടും ഇന്നത്തെ മുഖ്യമന്ത്രി കാണിച്ച മനോഭാവത്തിനു് ഞങ്ങൾ എങ്ങനെയാണ് അദ്ദേഹത്തിന്റെ ഗവണ്മെന്റിനെ പിന്താങ്ങുന്നതു്? ഞങ്ങളേയോ ഞങ്ങളുടെ പാർട്ടിയേയോ ഞങ്ങൾ പ്രതിനിധാനം ചെയ്യുന്ന താല്പര്യങ്ങളെയോപറ്റി ഒരു നല്ലവാക്കുപോലും പറയുവാൻ അദ്ദേഹത്തിനു് മനസ്സുണ്ടാകുന്നില്ല. രാഷ്ട്രീയമായ അഭിപ്രായവ്യത്യാസം ആർക്കും ഉണ്ടാകാവുന്നതാണ്. കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പുകാലത്തു് പി. എസ്സ്. പി. യും ഐക്യമുന്നണിയും തമ്മിൽ ഉണ്ടാക്കിയ എല്ലാ കരാറുകൾക്കും വിപരീതമായി അദ്ദേഹം ഭരണഭാരം ഒറ്റയ്ക്കു് ഏറ്റെടുത്തു. ഇപ്പോൾ അങ്ങനെ കരാറുകൾ ഒന്നുംതന്നെ ഇല്ലെന്നു് അദ്ദേഹം പറയുന്നു. സർ, കള്ളം എന്ന വാക്കു് പാർലമെന്ററി ആണെന്നു് അങ്ങു് ഒരിക്കൽ റൂളിംഗ് നൽകുകയുണ്ടായി. എങ്കിലും ഈ സഭയിൽ ആ വാക്കു് ഞാൻ ഉപയോഗിക്കുന്നില്ല. ഈ രാജ്യത്തെ മററു പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം അദ്ദേഹം എടുക്കുന്ന നിലപാടു് എന്തായിരുന്നാലും, മറെറല്ലാം കാര്യങ്ങളേയും അദ്ദേഹം വിസ്മരിച്ചാലും, പ്രതിപക്ഷക്കാരായ ഞങ്ങളോടു് അന്തസ്സോടുകൂടി പെരുമാറുവാനെങ്കിലും ഇന്നത്തെ മുഖ്യമന്ത്രി തയ്യാറായിരുന്നുവെങ്കിൽ ഈ പ്രമേയത്തെ വളരെ സന്തോഷത്തോടുകൂടി അനുകൂലിക്കാമായിരുന്നു. ഈ രാജ്യത്തെ ഒരു വിഭാഗത്തിൽ തിങ്ങിപ്പാർക്കുന്ന ആളുകൾക്കു്, തമിഴ്നാട്ടുകാർക്കു്, അവർ ആവശ്യപ്പെടുന്ന ജനാധിപത്യപരമായ അവകാശങ്ങൾ സാധിച്ചുകൊടുക്കണമെന്നാണ് ഐക്യമുന്നണിക്കാരായ ഞങ്ങളുടെ അഭിപ്രായം. അക്കാര്യത്തിൽ മുഖ്യമന്ത്രിക്കു് അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ അതെനിക്കു് മനസ്സിലാക്കുവാൻ കഴിയും. പക്ഷെ ആ രീതിയിൽമാത്രമല്ല, തന്റെ കൈവശമുള്ള എല്ലാ സംഹാരശക്തികളും ഉപയോഗിച്ചുകൊണ്ടാണ് അക്കാര്യത്തിൽ അദ്ദേഹം ജനങ്ങളുടെ നേരെ ചാടിവീഴുന്നതു്. ഇതിന്റെ കുഴപ്പക്കാർ മുഴുവൻ ഇടതുപക്ഷങ്ങളാണെന്നു് രാഷ്ട്രീയമര്യാദയെ ലംഘിച്ചുകൊണ്ടു് മുഖ്യമന്ത്രി ശഠിക്കു

ന്നിടത്തോളംകാലം അദ്ദേഹത്തെ സഹായിക്കാനോ അനുകൂലിക്കാനോ ഞങ്ങൾ തയാറല്ല. തെരഞ്ഞെടുപ്പുകാലത്ത് കുറച്ചുനാൾ ഈ ഐക്യമുന്നണിക്കാരുമായി കൂട്ടുചേർന്നു നിന്നതിന്റെ പാഠങ്ങൾ പഠിച്ചു എന്നു കഴിഞ്ഞ സമ്മേളനത്തിൽ അദ്ദേഹം പറയുകയുണ്ടായി. വാസ്തവത്തിൽ പഠിച്ചതും പഠിക്കേണ്ടതും ഞങ്ങളാണ്. തെരഞ്ഞെടുപ്പുകാലത്ത് കുറെക്കാലം അദ്ദേഹത്തെ പരിരക്ഷിക്കുവാൻ ഞങ്ങൾ പാടുപെട്ടതിന്റെ തിക്താനുഭവം ഞങ്ങളും പഠിച്ചിട്ടുണ്ട്. അതിനുശേഷം ഇനി ഈ പാഴ്‌വേലയ്ക്കു പോകുന്നതല്ലെന്ന് ഞങ്ങളും ഉറച്ചിട്ടുണ്ട്.

ഇവിടെ വാലുള്ള വാനരന്മാരെക്കുറിച്ച് ബഹുമാനപ്പെട്ട രാമപുരം മെംബർ പ്രമേയം അവതരിപ്പിച്ചുകൊണ്ട് പ്രതീക്ഷിക്കാത്ത ലാഘവത്തോടുകൂടി പറയുന്നതുകേട്ടു. വാലുള്ള വാനരന്മാരെപ്പററി മാത്രമല്ല, ഒററമരത്തിലെ കുരങ്ങിനെപ്പററിയും ഞാൻ കേട്ടിട്ടുണ്ട്. ഈ സഭയിൽ 118 മെംബറന്മാരുള്ളതിൽ ഏകനായി നിൽക്കുന്ന ആളാണ് അദ്ദേഹം. കല്യാണസൗഗന്ധികത്തിൽ ആ പുഷ്പത്തിനുവേണ്ടി ഭീമൻ ഗദയുമായി മുമ്പോട്ടു പോകുമ്പോൾ വഴിയിൽ തനിയെ ഒരു വാലുള്ള കുരങ്ങൻ കിടക്കുന്നതായി ഭീമൻ കണ്ടു എന്നു പറയുന്നുണ്ട്. ഭീമൻ ഒററയ്ക്കു കിടക്കുന്ന ആ കുരങ്ങിനോടു ചോദിക്കുകയാണ്,

"ചാട്ടത്തിൽനിന്നു പിഴച്ചുപോയോ നിന്റെ
കൂട്ടത്തിൽ മററാരുമില്ലാത്തതെന്തെടാ"

ശ്രീ. ജോസഫ് ചാഴിക്കാട്ട്: എന്റെ കൂട്ടത്തിൽ ചേർക്കാൻ യോഗ്യന്മാരായ ആളുകൾ ഇല്ലാഞ്ഞിട്ടു ആണ്.

ശ്രീ. എം. പി. മേനോൻ: അതെന്തെങ്കിലുമാകട്ടെ, ഈ നിയമസഭ മിനിഞ്ഞാന്ന് സപ്ലിമെന്ററി ഡിമാന്റ് തള്ളിയതിനുശേഷം അതിനെപ്പററി രണ്ടുതരത്തിൽ ഇവിടെ വ്യാഖ്യാനിക്കുന്നുണ്ട്. ഒന്ന് അതു് സാരമില്ലെന്നും, അതുകൊണ്ട് വകവയ്ക്കാനില്ലെന്നുമാണ്. മറെറാന്ന് അതു് ഒരവിശ്വാസമായി പരിഗണിക്കണമെന്നാണ്. പക്ഷെ, ഇന്നെനിക്ക് മനസ്സിലാക്കുവാൻ സാധിച്ചത്, ഈ രണ്ടുതരത്തിലും ആ സംഭവത്തെ മുഖ്യമന്ത്രി എടുക്കുവാൻ തയ്യാറില്ലെന്നാണ്. കാൺഗ്രസ്സ് നൽകിയ ജനറൽ ആൻഡ് റെസ്പോൺസിവ് കോഓപ്പറേഷന്റെ അടിസ്ഥാനത്തിലാണ് പി. എസ്സ്. പി. ഇവിടത്തെ ഭരണഭാരം ഏറെറടുത്തത്. അതു പിൻവലിച്ചിട്ടില്ലെന്ന് ശ്രീ. പനമ്പിള്ളി ആവർത്തിക്കുമ്പോൾ പിന്നെ എന്തിനാണ് ഈ വിശ്വാസപ്രമേയം കൊണ്ടുവന്നിരിക്കുന്നത്? ഇന്ന് ഗവണ്മെന്റ് സ്വീകരിച്ചിട്ടുള്ള ഒരു മേജർപാളിസിയെ സംബന്ധിച്ച് അടിസ്ഥാനപരമായി കാൺഗ്രസ്സും, പി. എസ്. പി. യും തമ്മിൽ എന്തെങ്കിലും അഭിപ്രായവ്യത്യാസം ഉണ്ടായിരുന്നുവെങ്കിൽ ഈ കളികളുടെയൊക്കെ അർത്ഥം ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുമായിരുന്നു. എന്നാൽ, അങ്ങനെയുള്ള യാതൊരഭിപ്രായവ്യത്യാസവുമില്ലെന്ന് ഇന്നത്തെ മന്ത്രിസഭ അനുവർത്തിച്ചുവരുന്ന നയങ്ങൾകൊണ്ടും അവരുടെ പ്രവർത്തനങ്ങൾകൊണ്ടും ഞങ്ങൾക്ക് നല്ലപോലെ മനസ്സിലാക്കുവാൻ കഴിയും. എല്ലാ ഇനങ്ങളിലും കാൺഗ്രസ്സിന്റെ അഭിപ്രായം അറിഞ്ഞതിനുശേഷം മാത്രമേ കാര്യങ്ങൾ നടത്തുകയുള്ളുവെന്ന് ഒരു തീരുമാനം മുഖ്യമന്ത്രി എടുത്തിട്ടുണ്ട്. കാൺഗ്രസ്സിന് ഇഷ്ടമുള്ള നയം മാത്രമേ പി. എസ്സ്. പി.

[ശ്രീ. എം. പി. മേനോൻ]

ഗവണ്മെൻറ് ഏറ്റെടുക്കുകയുള്ളുവെന്ന ഉറപ്പ് കാൺഗ്രസ്സിന് ഈ ഗവണ്മെൻറ് നൽകിയിട്ടുള്ളതായി ഈ സഭയിലെ എല്ലാപേർക്കുമറിയാം. ഇതിൽ നിന്നും ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുന്നത്, "പൊതുനയത്തെ സംബന്ധിച്ചിടത്തോളംമാത്രം ഞങ്ങൾക്ക് ഇഷ്ടമുള്ള കാര്യങ്ങൾ ചെയ്താൽ പോരാ, minor administrative details-ൽപോലും ഞങ്ങളുടെ തീട്ടൂരം ഇല്ലാതെ പ്രവർത്തിക്കരുത്" എന്ന ഒരു താക്കീതാണ് കഴിഞ്ഞ ശനിയാഴ്ച കാൺഗ്രസ്സ്പക്ഷത്തുനിന്നും വന്നതെന്നാണ്. ആൺപിറന്നവരെല്ലാം താൻ പിറന്ന കുലത്തിൻെറ അഭിമാനം പുലർത്താറുണ്ട്. വേലുത്തമ്പി ദളവായുടെ വീരരക്തം ഇവിടെ ചിലരുടെ സിരകളിൽ ഓടുന്നുണ്ടെന്ന് പറഞ്ഞുകേട്ടിരുന്നു. എന്നാൽ, കാൺഗ്രസ്സ് തുടർച്ചയായി നടത്തുന്ന അവഹേളനങ്ങളും പരിഹാസങ്ങളും അധിക്ഷേപങ്ങളും സഹിച്ച്, എങ്ങനെങ്കിലും തരത്തിൽ സ്ഥാനം പോകാതിരിക്കുവാൻമാത്രം ലജ്ജാശൂന്യനായി മുഖ്യമന്ത്രി സഹായം ഇരക്കുന്നത് കാണുമ്പോൾ, പണ്ടത്തെ വീരരക്തത്തിൻെറ സ്ഥാനത്ത് ഇന്നവരുടെ സിരകളിൽ ഡിസ്റ്റിൽഡ് വാട്ടർ ഒഴുകുന്നുവെന്നാണ് തോന്നിപ്പോകുന്നത്. സാമാന്യം അഭിമാനബോധമുള്ള ആർക്കും രാജിവച്ചിറങ്ങിപ്പോകാവുന്നതാണ് ഇന്നത്തെ സാഹചര്യങ്ങൾ. തൊഴിലാളികളോട് ഈ ഗവണ്മെൻറ് അനുവർത്തിച്ചുവരുന്ന നയം, ഈ രാജ്യത്തെ ദേശീയജനവിഭാഗങ്ങളോട് അനുവർത്തിച്ചുവരുന്ന നയം, ജനാധിപത്യപ്രസ്ഥാനങ്ങളോട് അനുവർത്തിച്ചുവരുന്ന നയം ഇങ്ങനെ ചുരുക്കത്തിൽ, കാൺഗ്രസ്സിനെ എതിർത്തുകൊണ്ട് കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് ഞങ്ങൾ എന്തെല്ലാം അപരാധം പറഞ്ഞുവോ ആ പ്രശ്നങ്ങളുടെ സമീപനരീതിയെ സംബന്ധിച്ചിടത്തോളം പുതിയ ഗവണ്മെൻറ് അനുവർത്തിക്കുന്ന പൊതുനയം, ഞങ്ങൾക്ക് സ്വീകാര്യമല്ല. അതു മാറാത്ത കാലത്തോളം, ഈ ഗവണ്മെൻറിന് പിൻതുണ നൽകുവാൻ ഉള്ള ആവശ്യം ഞങ്ങൾക്കില്ല. ഇന്നലെയും മിനഞ്ഞാന്നും ഇവിടെ അസംബ്ലി കൂടിക്കൊണ്ടിരുന്നപ്പോൾ അനേകമനേകം വിദ്യാർത്ഥികൾ ഈ അസംബ്ലിഹാളിന് വെളിയിൽ മുറവിളി കൂട്ടുന്നുണ്ടായിരുന്നു. അവർക്ക് പഠിക്കുവാൻ സൗകര്യമുണ്ടാക്കിക്കൊടുക്കണമെന്ന യാതൊരു നഷ്ടവുമില്ലാത്ത ഒരു ചില്ലറക്കാര്യമാണ് അവർ ഗവണ്മെൻറിൻെറ മുമ്പിൽ വച്ചിരിക്കുന്നത്. ഒരു കൂക്കുവിളിയിൽ കവിഞ്ഞ് മറെറാന്നും അതിലില്ലെന്നമാതിരി മുഖ്യമന്ത്രി അതിനെ ഉപേക്ഷിച്ചു. ഈ മനോഭാവത്തെ ഞങ്ങൾ എതിർക്കുന്നു. പുതിയ ഗവണ്മെൻറിൻെറ ഭൂനയത്തെക്കുറിച്ചും പറയാനുണ്ട്. ഇവിടെ കൊണ്ടുവരാൻപോകുന്ന ഏഴ് ബില്ലുകളേയും ഞാൻ സൂക്ഷ്മമായി പരിശോധിച്ചുനോക്കി. പറയത്തക്ക വിപ്ലവമൊന്നും അതിൽ കണ്ടില്ല. സെമീന്ദാരി ഉൻമൂലനത്തെപ്പോലെയുള്ള കൈലാസശിഖരങ്ങളെടുത്ത് അമ്മാനമാടിയ കാൺഗ്രസ്സിലെ രാവണന്മാർക്ക് ഇതെല്ലാം മലർമാലപോലെ കഴുത്തിലെടുക്കാവുന്നതേ ഉള്ളുവെന്ന് അവർതന്നെ പറഞ്ഞുകഴിഞ്ഞു. പരമാർത്ഥത്തിൽ ഇവിടെ വരുന്ന ഭൂനയബില്ലിനെ അനുകൂലിക്കുവാൻ കാൺഗ്രസ്സിന് യാതൊരു വൈമനസ്യവും ഉണ്ടാകുകയില്ല. ശ്രീപാദം, കണ്ടുകൃഷി ഭൂമിയെ സംബന്ധിച്ചിടത്തോളവും, ചില ഇടവകകളെ സംബന്ധിച്ചിടത്തോളവും അല്പം ചില മാററങ്ങൾ വരുമെന്നല്ലാതെ അടിസ്ഥാനപരമായ വ്യത്യാസം ഭൂഉടമയെ സംബന്ധിച്ചിടത്തോളം ഈ ബില്ലുകൾകൊണ്ട് വരുന്നില്ല. കാൺഗ്രസ്സുകാരുടെ

എതിർപ്പ് പ്രതീക്ഷിക്കത്തക്ക യാതൊന്നും അതിലില്ല. രാവണന്മാരുടേയും രാക്ഷസന്മാരുടേയും കയ്യിൽ മലർമാലയുടെ ഭാവി എന്തായെന്ന് കവികൾ പാടിയിട്ടില്ലെന്നു ഞാനോർക്കുന്നു. നേരെമറിച്ച്, ഭൂമിയ്ക്ക് വിലകുറഞ്ഞുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കാർഷികവിഭവങ്ങൾക്ക് വില കുറഞ്ഞുകൊണ്ടിരിക്കുന്ന ഇപ്പോഴത്തെ ചുറ്റുപാടിൽ ഈ നിയമം ജന്മിമാർക്ക് കൂടുതൽ സ്വാഗതാർഹമായിരിക്കും. അങ്ങനെയിരിക്കെ ഞങ്ങൾ തമ്മിൽ വഴക്കാണെന്ന് ആളുകളെ അറിയിക്കുവാൻവേണ്ടി ഇങ്ങനെ നമ്മുടെ സമയം മിനക്കെടുത്തേണ്ട ആവശ്യമില്ല. ബഹുമാനപ്പെട്ട ചാലക്കുടി മെമ്പർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പ്രമേയത്തെ അനുകൂലിക്കുന്നതുകൊണ്ട് പരിപൂർണ്ണമായി ഈ മന്ത്രിസഭയെ അനുകൂലിക്കുന്നുവെന്ന് അർത്ഥമാക്കരുതെന്ന് പറയുകയുണ്ടായി. സർ, ഇവിടെയുള്ള പ്രമേയം ഇതാണ്.

"I move that the House records its full confidence in the present Ministry."

ഫുൾ കാൺഫിഡൻസ് ഉണ്ടെന്ന് എഴുതിവച്ചിട്ടുള്ള ഈ പ്രമേയത്തിന് കൈയ് പൊക്കിയശേഷം ഫുൾ കാൺഫിഡൻസ് ഇല്ലായെന്നു പറയുവാൻ വക്കീലന്മാർക്കു മാത്രമേ സാധിക്കുകയുള്ളു. ഇംഗ്ലീഷും അതുപോലെ മലയാളവും അറിയാവുന്ന ഞങ്ങൾ ഫുൾ കാൺഫിഡൻസ് എന്നു പറയുമ്പോൾ പരിപൂർണ്ണമായ വിശ്വാസമെന്നാണ് മനസ്സിലാക്കുന്നത്. അതല്ല അർത്ഥമെങ്കിൽ ബഹുമാനപ്പെട്ട ചാലക്കുടി മെമ്പർ പറഞ്ഞുതരണം. അല്ലെങ്കിൽ അദ്ദേഹം വക്രോക്തി അവസാനിപ്പിക്കണം. ജനദ്രോഹം സ്വന്തം ടിക്കറ്റിൽ നടത്താൻ കാൺഗ്രസ്സിന് നിവൃത്തിയില്ലാതെ വന്നപ്പോൾ, സോഷ്യലിസത്തിന്റെ ലേബലൊട്ടിച്ച് അതു നടപ്പാക്കാൻ മുന്നോട്ടുവന്ന താണുപിള്ളയെ ബഹുമാനപ്പെട്ട ചാലക്കുടി മെമ്പറും പാർട്ടിയും പൂർണ്ണമായി പിൻതാങ്ങുന്നതായിട്ടാണ് ഞങ്ങൾക്ക് കാണാൻ കഴിയുന്നത്. വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളവും, ജനങ്ങളെ അടിയന്തിരമായി ബാധിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളവും, രാഷ്ട്രീയതടവുകാരുടെ മോചനത്തെ സംബന്ധിച്ചിടത്തോളവും, തമിഴ്നാട്ടുകാരുടെ അവകാശത്തെ സംബന്ധിച്ചിടത്തോളവും, കാൺഗ്രസ്സിന്റെ നയത്തിൽനിന്നും യാതൊരു വ്യത്യാസവുമില്ലാത്ത നയം അവലംബിക്കുന്ന പി. എസ്സ്. പി. ഗവൺമെന്റിനെ ഞങ്ങൾക്ക് അനുകൂലിക്കുവാൻ സാദ്ധ്യമല്ല. മണപ്പിച്ച്, ചുംബിച്ച്, നക്കികുടിച്ചിട്ട് ദൂരത്തെറിയാനാണ് ഈ സംരംഭം എന്നുണ്ടെങ്കിൽ കാൺഗ്രസ്സ് നേതാവ് ആ കാര്യം തുറന്നു പറയുന്നതാണ് നല്ലത്. ഒന്നുകിൽ ഫുൾ കാൺഫിഡൻസ് ഉണ്ടെന്നു പറഞ്ഞിട്ട് ഇതിന് വോട്ടുചെയ്യുക. അല്ലെങ്കിൽ ഇൻകംപ്ലീറ്റ് കാൺഫിഡൻസ് എന്നുള്ള ഭേദഗതിയോടുകൂടി ഇതു പാസ്സാക്കുക. അല്ലാതെ ആവശ്യമില്ലാത്ത വിതണ്ഡവാദം കൊണ്ടുവന്ന് ആളുകളെ കളിപ്പിക്കരുത്. ഞങ്ങളെ സംബന്ധിച്ചിടത്തോളമാണെങ്കിൽ ഞങ്ങൾക്ക് ഈ മന്ത്രിസഭയിൽ വിശ്വാസമില്ല. കാരണം ഈ ഗവൺമെന്റ് അനുവർത്തിച്ചിരിക്കുന്ന നയം, സാമാന്യജനങ്ങളുടെ താല്പര്യത്തെ സംബന്ധിച്ചിടത്തോളം, ഞങ്ങൾക്ക് സ്വാഗതാർഹമല്ല. ഈ സഭയിലെ effective opposition ആയ ഞങ്ങൾക്ക് ഒരു ആപൽഘട്ടത്തിൽ ഈ മന്ത്രിസഭയെ രക്ഷിക്കുവാനുള്ള കടമയില്ല. അതിനാൽ ഞാൻ പ്രമേയത്തെ എതിർക്കുന്നു.

ശ്രീ. ടി. കെ. ദിവാകരൻ: സർ, ബഹുമാനപ്പെട്ട രാമപുരം മെംബർ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെ പിൻതാങ്ങുവാൻ നിവൃത്തിയില്ലെന്നുള്ള വിവരം ഞാൻ അറിയിച്ചുകൊള്ളുന്നു. അതിനുള്ള പ്രധാനകാരണം ഐക്യമുന്നണിക്കുവേണ്ടി സംസാരിച്ച ശ്രീ. എം. പി. മേനോൻ പറഞ്ഞതുപോലെ, ഏതെങ്കിലും നല്ലവാക്കു പറയാത്തതുകൊണ്ടോ ഞങ്ങളോട് പ്രത്യേകിച്ച് മഹാമനസ്കത കാണിക്കാത്തതുകൊണ്ടോ അല്ല. ഈ ഗവണ്മെൻറ് അധികാരത്തിലിരിക്കുന്നതുതന്നെ യഥാർത്ഥത്തിൽ കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ജനങ്ങൾ നൽകിയിട്ടുള്ള വിധിക്കെതിരാണ്. അതുകൊണ്ടാണ് ഞാൻ ഇതിനെ പ്രധാനമായി എതിർക്കുന്നത്. സർ, ഞാനും ഞങ്ങളുടെ കക്ഷിയിലിരിക്കുന്ന മററുള്ളവരും തിരഞ്ഞെടുക്കപ്പെട്ടതു് എന്തടിസ്ഥാനത്തിലാണെന്നു് ഈ അവസരത്തിൽ പ്രസ്താവിക്കുന്നതു് സംഗതമാണെന്നാണു തോന്നുന്നതു്. കഴിഞ്ഞ നിയമസഭയിൽ കാൺഗ്രസ്സ് വിശ്വാസപ്രമേയം ഹാജരാക്കുകയും അതു് പരാജയപ്പെടുകയും ചെയ്ത അവസരത്തിൽ കാൺഗ്രസ്സിനു് ഈ രാജ്യം ഭരിക്കുവാൻ അവകാശമുണ്ടോ ഇല്ലയോ എന്ന അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പു നടത്തിയതിൻെറ ഫലമായിട്ടാണ് ഞാനും മററുള്ളവരും ഇവിടെ തെരഞ്ഞെടുക്കപ്പെട്ടതു്. കാൺഗ്രസ്സ് അധികാരത്തിൽ വരുന്നതു് ഈ രാജ്യത്തെ ജനങ്ങൾക്കു് ദ്രോഹകരമാണെന്ന അടിസ്ഥാനത്തിലാണ്, കാൺഗ്രസ്സിനെ അധികാരത്തിൽ വരുത്തരുതെന്ന ഉദ്ദേശത്തിൽ തന്നെയാണ്, ഇന്നത്തെ മുഖ്യമന്ത്രിയും ഇതര പ്രതിപക്ഷപാർട്ടികളും തമ്മിൽ ഒരു തിരഞ്ഞെടുപ്പു സംഖ്യം ഉണ്ടാക്കിയതു്. അതിൻെറ ഫലമായി ഒരു സംയുക്തകക്ഷി എന്ന നിലയിൽ പി. എസ്സ്. പി. യും ഇതര പാർട്ടികളും ചേർന്ന് തിരഞ്ഞെടുപ്പിനെ അഭിമുഖീകരിച്ചു. ഈ നാട്ടിൽ കാൺഗ്രസ്സിനു് ഭരിക്കാൻ അവകാശമില്ലെന്നു് കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിൽ ജനത വിധിയെഴുതി. ഇനി ഈ നാട്ടിൽ കാൺഗ്രസ്സ് ഒരിക്കലും അധികാരത്തിൽ വരുവാൻ പാടില്ലെന്ന വികാരാവേശങ്ങളോടുകൂടി ജനങ്ങൾ എല്ലാ നിയോജകമണ്ഡലങ്ങളിലും പോളിംഗ് ബൂത്തുകളിലേയ്ക്കുപോയി കാൺഗ്രസ്സിനെതിരായി വോട്ടുചെയ്തു. എന്നാൽ അങ്ങനെയുള്ള കാൺഗ്രസ്സിൻെറ പിൻതുണയോടുകൂടി പി. എസ്സ്. പി. ഇപ്പോൾ ഭരണം നടത്തുകയാണ്. കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിൽ ജനങ്ങൾ നൽകിയ വിധിക്കെതിരായി ഈ മന്ത്രിസഭ അധികാരത്തിൽ വന്നു. ഈ രാജ്യത്തു് കാൺഗ്രസ്സ് ഒരു രാഷ്ട്രീയകക്ഷിയായിവീണ്ടും ഉയരണമെന്നു് ഈ രാജ്യത്തെ ജനങ്ങൾ ആഗ്രഹിക്കുന്നില്ല. പക്ഷെ, പി. എസ്സ്. പി. ഭരണം എററെടുത്തതു് കാൺഗ്രസ്സിൻെറ പിൻതുണയോടുകൂടിയും ഉറപ്പോടുകൂടിയുമാണ്. ആദ്യമാദ്യം അവർ അതു് പറഞ്ഞില്ലെങ്കിലും ശ്രീ. പനമ്പിള്ളി ഗോവിന്ദമേനവൻെറ ഉപക്ഷേപം വന്നപ്പോൾ അതു പറയേണ്ടിവന്നു. അവർ തമ്മിൽ നടത്തിയ രാഷ്ട്രീയ ബാന്ധവം ഇന്നു് തെളിഞ്ഞിരിക്കുകയാണ്. മടിശ്ശീല കുത്തിപ്പിടിച്ചിട്ടു് അങ്ങു് വാങ്ങിച്ചുതന്ന മുണ്ടുതന്നെയാണ് ഞാനുടുക്കുന്നതെന്നു് പെരുവഴിയിൽവച്ചു് സമ്മതിപ്പിക്കുന്ന തരത്തിലാണ് ഈ രാഷ്ട്രീയ ബാന്ധവം ഇപ്പോൾ എത്തിയിരിക്കുന്നതു്. ഈ പി. എസ്സ്. പി. മന്ത്രിസഭ ആ കക്ഷിക്കുതന്നെ ആക്ഷേപമായിട്ടാണ് ഇന്നു് തിരുവിതാംകൂർ-കൊച്ചിയിൽ ഭരണം നടത്തുന്നതു്. ഈ പി. എസ്സ്. പി. കാൺഗ്രസ്സ്

കക്ഷിയുടെ ഒരു റിബൽ ഗ്രൂപ്പല്ലാതെ മറ്റൊന്നുമല്ല. അല്ലെങ്കിൽ കാൺഗ്രസ്സിനകത്തുള്ള ഒരു പി. എസ്സ്. പി. എന്നതിൽ കൂടുതലായി അഖിലേന്ത്യാ വ്യക്തിത്വം ഒന്നുംതന്നെ ഈ മന്ത്രിസഭയ്ക്കു് ഉണ്ടോയെന്നു് ഞാൻ സംശയിക്കുന്നു പരമാർത്ഥം നോക്കുകയാണെങ്കിൽ ഒരു അടിമത്വത്തിന്റെ സ്വഭാവമാണു് ഇന്നു് ഈ ഗവണ്മെന്റിനു് കാണുന്നതു്. 'അടിയന്റെ ശരീരം മറ്റുള്ളോരുടെ ചോറാണു്' എന്നുള്ള മട്ടിൽ കാൺഗ്രസ്സിന്റെ അടിമയായി പി. എസ്സ്. പി. ഭരണം നടത്തുകയാണു് ചെയ്യുന്നതു്. വേറൊരുതരത്തിൽ പറയുകയാണെങ്കിൽ ഈ പി. എസ്സ്. പി. മന്ത്രിസഭ കൂട്ടിലകപ്പെട്ട ഒരു സർക്കസ് മൃഗമാണു്. സർക്കസ്സുമാനേജർ ചാട്ടുന്നതനുസരിച്ചു് ആ മൃഗം ചാടണം. അയാൾ കൊടുക്കുന്ന ഭക്ഷണം അതു കഴിക്കണം ചുരുക്കിപ്പറഞ്ഞാൽ പല്ലുകൊഴിഞ്ഞു് സട പൊഴിഞ്ഞു് അവശനായി കിടക്കുന്ന ഒരു സർക്കസ് മൃഗരാജനാണു് ഇന്നത്തെ മുഖ്യമന്ത്രി. സർ, നാട്ടിലെ ജനങ്ങളുടെ വികാരങ്ങൾക്കും ജനങ്ങളുടെ അഭിമാനത്തിനും ആഗ്രഹത്തിനും എതിരായി അധികാരത്തിൽ പ്രവേശിച്ച ഈ കക്ഷി യഥാർത്ഥത്തിൽ ഇന്നു് എന്താണു് ചെയ്യുന്നതെന്നു് ഈ അടുത്തകാലത്തെ പ്രസ്താവനകളിൽനിന്നും കാണാൻ കഴിയുന്നതാണു്.

സർ, ആദ്യമായി ഈ തിരുവനന്തപുരം പട്ടണത്തിലുള്ള സെൻട്രൽ ജയിലിൽ കിടക്കുന്ന രാഷ്ട്രീയതടവുകാരെപ്പറ്റി അനുസ്മരിക്കേണ്ടതുണ്ടു്. ഈ രാജ്യം ഭരിച്ചിരുന്ന കിരാതനായ സർ സി. പി. രാമസ്വാമി അയ്യരുടെ സ്വതന്ത്രതിരുവിതാംകൂർ പ്രക്ഷോഭണത്തിനെതിരായി സമരം ചെയ്ത ദേശാഭിമാനികൾ സെൻട്രൽ ജയിലിൽ കിടന്നു നരകയാതനകൾ അനുഭവിക്കുകയാണു്. പ്രതിപക്ഷകക്ഷിയായിരുന്ന പി. എസ്സ്. പി. പാർട്ടി മുമ്പിവിടെ അധികാരത്തിലിരുന്ന ഗവണ്മെന്റിനെ മാറ്റി അധികാരത്തിൽ പ്രവേശിച്ചിരിക്കയാണു്. ആ പി. എസ്സ്. പി. ഗവണ്മെന്റിന്റെ മുഖ്യമന്ത്രി ഈ നിയമസഭ സമ്മേളിച്ചശേഷവും ലജ്ജയില്ലാതെ പ്രഖ്യാപിക്കുകയുണ്ടായി, അവർ രാഷ്ട്രീയ തടവുകാരല്ലെന്നും, അവരെ മോചിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ലെന്നും മദ്രാസിലും, ആന്ധ്രായിലും മററുമെല്ലാം നടന്നതെന്താണു്? അവിടെയുള്ള കാൺഗ്രസ്സ് പാർട്ടിയിൽനിന്നുതന്നെ ഉണ്ടായ മന്ത്രിസഭകൾ ചെയ്ത കാരുണ്യംപോലും ഒരു പാർട്ടി അധികാരത്തിൽനിന്നും മാറി വേറൊരു പാർട്ടി അധികാരത്തിൽ വന്നിട്ടുപോലും ഇവർ ചെയ്യാൻ തയ്യാറില്ലെന്നാണു് പറയുന്നതു്.

ഈ ഗവണ്മെന്റിന്റെ തൊഴിലാളിനയത്തെ സംബന്ധിച്ചും ഞങ്ങൾക്കു് നോക്കേണ്ടതുണ്ടു്. ഗവണ്മെന്റിന്റെ കീഴിലുള്ള ജീവനക്കാർക്കു് സംഘടിക്കാൻ അവകാശം വേണമെന്നുള്ള വാദത്തെ തുടർന്നു ഗവണ്മെന്റു ദേശീകരിച്ചിട്ടുള്ള വ്യവസായങ്ങളിലെ തൊഴിലാളികൾക്കു് സംഘടിക്കുന്നതിനു് അവകാശമുണ്ടോ ഇല്ലയോ എന്നുള്ളതിനെപ്പറ്റി ഈ മന്ത്രിസഭയിലെ രണ്ടു മന്ത്രിമാർ ചില പുതിയ വാദങ്ങൾ ഈ അടുത്ത കാലത്തു് പുറപ്പെടുവിക്കയുണ്ടായി. ഒരു ഇടതുപക്ഷപാർട്ടിയായി അവകാശപ്പെടുന്ന ആളുകൾ, ഈ രാജ്യത്തു് സോഷ്യലിസം നടപ്പിലാക്കാൻ ആഗ്രഹിക്കുന്ന ഒരു കക്ഷിയായിരുന്ന പി. എസ്സ്. പി., ദേശീകരിച്ചിട്ടുള്ള വ്യവസായങ്ങളിലെ തൊഴിലാളികൾക്കു് സംഘടിക്കുന്നതിനു പോലും അവകാശമില്ലെന്നുള്ള ഒരു നിലയിൽ എത്തിയിരിക്കുകയാണു്.

[ശ്രീ. ടി. കെ. ദിവാകരൻ]

ഇതൊരു ഫാസിസ്റ്റ് ചിന്താഗതിയാണെന്നു പറയാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. തൊഴിലാളികളുടെ പ്രാഥമികമായ സംഘടനാസ്വാതന്ത്ര്യത്തിൽപോലും യഥാർത്ഥത്തിൽ കോൺഗ്രസ്സിന്റെ അത്രത്തോളംതന്നെയുള്ള ഒരു നിലപാട് പി. എസ്സ്. പി. ക്കു് ഇല്ലെന്നാണ് പറയേണ്ടിയിരിക്കുന്നതു്. അതുപോലെതന്നെ തൊഴിലാളികളുടെ കുറഞ്ഞകൂലി നിശ്ചയിക്കുന്ന കാര്യത്തിലും കോൺഗ്രസ്സ് ഗവണ്മെന്റ് നിന്നിടത്തു് നിൽക്കുന്നതല്ലാതെ ഒരടിപോലും മുമ്പോട്ടു പോയിട്ടില്ലെന്നു് നാം ഓർക്കേണ്ടതാണ്. ഈ സമ്മേളനം കൂടിയതിനുശേഷം പലപ്പോഴും പൊന്തിവന്നിട്ടുള്ളതും, നമ്മുടെ ബഹുമാന്യനായ ചാലക്കുടിമെംബർ വളസത്തിൽ കൂടി അവതരിപ്പിച്ചശേഷം വളയവും ഭേദിച്ചു് പിൻവലിച്ചതുമായ ഖണ്ഡനോപക്ഷേപംവഴി ഈ സഭയിൽ കൊണ്ടുവന്ന തൊഴിലില്ലായ്മ പ്രശ്നത്തെപ്പറ്റി ഈയവസരത്തിലും നാം ഓർമ്മിക്കേണ്ടതാണ്. ഇവിടെ 6000 രൂപ മന്ത്രിസഭയുടെ ചെലവിനു് കൊണ്ടുവന്നതു് അനുവദിക്കാതിരുന്നതു് ഒരവിശ്വാസപ്രമേയമായി കരുതണമോ വേണ്ടയോ എന്നുള്ളതല്ല പ്രശ്നം. ഈ മന്ത്രിസഭയ്ക്കു് ഈ സഭയുടെ പൂർണ്ണമായ പിന്തുണ ഉണ്ടോ ഇല്ലയോ എന്നുള്ളതാണ് പ്രശ്നം. കഴിഞ്ഞ ശനിയാഴ്ച നടന്ന സംഭവം വളരെയധികം ഉയർത്തിപ്പിടിക്കുന്നതു് അപ്രസക്തമാണെന്നു് പറയാൻ ഞങ്ങൾ നിർബന്ധിതരായിത്തീരുന്നു. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി യാതൊരു നടപടിയും എടുത്തിട്ടില്ലാത്ത ഒരു ഗവണ്മെന്റിനു് സഭയുടെ പൂർണ്ണമായ പിന്തുണ ഉണ്ടായിരിക്കണമെന്നു് പറയുന്നതിന്റെ അർത്ഥം ഇന്നു ഫാക്ടറിയിൽനിന്നു് പുറംതള്ളപ്പെട്ടവരുടേയും, തൊഴിലില്ലാതെ നട്ടംതിരിയുന്ന അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന്റെയുംനേരെ കണ്ണടയ്ക്കുന്നതായി രേഖപ്പെടുത്തണമെന്നാണ്. ഈ രാജ്യത്തു് തൊഴിലില്ലായ്മകൊണ്ടും, സാധനങ്ങളുടെ വിലയിടിവുകൊണ്ടും ഉണ്ടായിട്ടുള്ള സാമ്പത്തിക തകർച്ചയ്ക്കെതിരായി ഈ ഗവണ്മെന്റ് മൗലികമായി കോൺഗ്രസ്സ് ഗവണ്മെന്റിൽനിന്നും വ്യത്യസ്തമായി ഒരു നടപടിയും എടുത്തിട്ടില്ലാത്ത സ്ഥിതിക്കു് കോൺഗ്രസ്സ് ഗവണ്മെന്റിനെ വിശ്വാസമില്ലെന്നു രേഖപ്പെടുത്തിയ ജനപ്രതിനിധികൾ ഈ മന്ത്രിസഭയെ പിന്താങ്ങണം എന്നു പറയുന്നതു് വങ്കത്വമാണ്. പോലീസിന്റെ കാര്യത്തിലും യഥാർത്ഥത്തിലുള്ള അനുഭവം മുമ്പിലത്തേതു തന്നെയാണ്. പോലീസിന്റെ മൊറയിലിനെപ്പറ്റി കോൺഗ്രസ്സ് മന്ത്രിമാർ വളരെ അധികം ആവേശത്തോടുകൂടി സംസാരിച്ചിട്ടുണ്ട്. അതേ മനോഭാവവും സമീപനവും അതേ മുറപടിയുമാണ് ഈ ഗവണ്മെന്റും സ്വീകരിച്ചിരിക്കുന്നതു്. കേവലം കോൺഗ്രസ്സ് പ്രതിനിധാനം ചെയ്തിരുന്ന അതേ താല്പര്യങ്ങൾ തന്നെയാണ് ഇവരും പ്രതിനിധീകരിക്കുന്നതു്. പോലീസിന്റെ ജനദ്രോഹനടപടികൾക്കു് ഒരു മാറ്റം വരുത്തുന്നതിനു് അങ്ങനെ ഒരുമാറ്റം വരുത്തുന്നതിനു് പരിശ്രമിക്കുമെന്നു് ഒരു ഉറപ്പു നൽകുന്നതിനോ ഇതുവരെ പി. എസ്സ്. പി. ഗവണ്മെന്റിനു് സാധിച്ചിട്ടില്ല. കഴിഞ്ഞ ദിവസം ജുഡീഷ്യറിക്കുവേണ്ടിയുള്ള തുക വോട്ടുചെയ്തു തോൽപ്പിച്ചതു ട്രൂനയബില്ലിനോടുള്ള കോൺഗ്രസ്സിന്റെ എതിർപ്പുകൊണ്ടാണെന്നു് ലേബർമന്ത്രി പറഞ്ഞതിനെ അജ്മീർപ്രമേയത്തിനെ ഉദ്ധരിച്ചു് ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ എതിർക്കുകയുണ്ടായി. ഈ രാജ്യത്തു ആദ്യമായി ഉത്തരവാദഭരണത്തിനുവേണ്ടി പൊതുതെരഞ്ഞെടുപ്പു നടന്ന കാലത്തു് ഇവിടത്തെ കോൺഗ്രസ്സുകാർ പുറപ്പെടുവിച്ച പ്രകടനപത്രിക

യിൽ പ്രസ്താവിച്ചിട്ടുള്ളതാണ് ഭൂപരിധി നിർണ്ണയിക്കുമെന്ന്. അധികാരത്തിലിരുന്ന ആറുകൊല്ലവും അതിനെ അവഗണിച്ചു കോൺഗ്രസ്സുകാർ മിനിഞ്ഞാന്നുകൂടിയ എ. ഐ. സി. സി. യുടെ പ്രമേയത്തിന്റെ തണലിൽ നിന്നുകൊണ്ടാണ് ഇപ്പോൾ സംസാരിക്കുന്നത്. കോൺഗ്രസ്സിന്റെ പ്രമേയങ്ങളെപ്പറ്റി പറയുകയാണെങ്കിൽ കുറച്ചു പ്രമേയവും നാം കേട്ടിട്ടുള്ളതാണ്. പ്രമേയത്തിന്റെ കുറവല്ല കോൺഗ്രസ്സിനെ തുരത്തിയത്; ജനങ്ങൾ അധികാരത്തിൽനിന്നും ഏതുകാര്യവും പ്രമേയരൂപത്തിൽ കൊണ്ടുവന്നാൽ അതിന്മേൽ എന്തുനടപടി എടുക്കുന്നു എന്നുള്ള അടിസ്ഥാനത്തിലാണ് ജനങ്ങൾ ചിന്തിക്കുന്നത്. ഭൂനയബിൽ കൊണ്ടുവരുമെന്നു പറഞ്ഞപ്പോൾ കോൺഗ്രസ്സ്കക്ഷിയിൽ പല കോളിളക്കവും ഉണ്ടായിട്ടുള്ളതു് ആർക്കും നിഷേധിക്കാൻ കഴിയാത്ത ഒരു പരമാർത്ഥമായി ശേഷിക്കുന്നുണ്ട്. കോൺഗ്രസ്സ് അധികാരത്തിലിരിക്കുന്നതിനു പ്രേരണയും പിന്തുണയും നൽകുന്ന കോട്ടയം പത്രങ്ങളെല്ലാം വളരെ ഒച്ചപ്പാട് ഇതിനെസംബന്ധിച്ച് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നുണ്ട്. ഭൂനയപരിഷ്കാരം മാററിവയ്ക്കാൻ കോൺഗ്രസ്സിന് പറയാൻ നിർവാഹമില്ലാത്ത നിലയിൽ ഈ നാട്ടിലെ ജനങ്ങൾക്ക് ഭൂമിക്കുവേണ്ടിയുള്ള ദാഹം വർദ്ധിച്ചിട്ടുണ്ടെന്നുള്ളതാണ് വാസ്തവം. ആ നിലയ്ക്ക് കോൺഗ്രസ്സ് രാഷ്ട്രീയമായ വ്യാപാരം നടത്തണമെന്നുള്ള ആഗ്രഹത്തോടുകൂടി കട തുറന്നിരിക്കുന്നതുകൊണ്ട് പൊതുജനാഭിപ്രായത്തിനെതിരായി അവർക്കൊരു നിലപാട് സ്വീകരിക്കുവാൻ നിർവാഹമില്ല. അതിനാൽ ബിൽ അവതരിപ്പിക്കുന്നതിന് അനുമതി നൽകണമെന്നും എന്നാൽ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ചെല്ലുമ്പോൾ വേണ്ടതു ചെയ്തുകൊള്ളാമെന്നുമുള്ള ഉറപ്പ് കോൺഗ്രസ്സ് പാർലമെന്ററി പാർട്ടിയിൽ പാർട്ടിനേതാവ് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് പാലമ്പടം തോമസ്സിന്റെ പ്രമേയം പിൻവലിക്കുന്നതിന് ഇടയായിട്ടുള്ളതെന്നു പത്രങ്ങളിൽ കാണുവാൻ കഴിഞ്ഞു.

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u> : അതു ശരിയല്ല.

<u>ശ്രീ. ടി. കെ. ദിവാകരൻ</u> : ഏതായിരുന്നാലുംശരി തനിക്ക് അതിനുള്ള കഴിവുണ്ടെന്നു അദ്ദേഹം വിശ്വസിക്കുന്നു. പാർട്ടിയിൽ ആ വിശ്വാസം ഉറപ്പിക്കുന്നതിനുവേണ്ടി മാത്രമാണ് ഈ 6,000 രൂപായുടെ കാര്യം കൊണ്ടുവന്ന് ഇത്രയുമധികം ശബ്ദമുണ്ടാക്കിയിട്ടുള്ളതു്. ഇതു കേട്ടിരുന്നാൽതോന്നും, ശ്രീ. പട്ടം താണുപിള്ളയുടെ ഉരഭിമാനവും ചാലക്കുടി മെമ്പറുടെ അഭിമാനവുംതമ്മിൽ ചായക്കോപ്പയിൽ നടന്ന ഒരു കൊടുങ്കാററാണ് ഇവിടെ നടന്നതെന്ന്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ എല്ലാകാര്യങ്ങളിലും പിൻതുണ നൽകാമെന്നു പറഞ്ഞിട്ടില്ലെന്നും ചിലപ്പോൾ തങ്ങൾക്ക് എതിർക്കാനുള്ള അവകാശമുണ്ടെന്നും വ്യക്തമാക്കുകയുണ്ടായി. ഈ ഗവണ്മെന്റിന്റെ പൊതുവായ നയപരിപാടികളെപ്പററി മാത്രമല്ല, ദൈനംദിനഭരണകാര്യങ്ങളിൽപ്പോലും തങ്ങൾക്ക് ശബ്ദമുണ്ടാക്കാമെന്ന് അദ്ദേഹം പറയുന്നു. വല്ലവരുടേയും പുരയിടത്തിലെ പുല്ലുകണ്ടുകൊണ്ട് നമ്മുടെ പശുവിനെ വളർത്താമെന്നു വിചാരിക്കരുതു്. കോൺഗ്രസ്സിന്റെ മണ്ണിൽ സോഷ്യലിസം വളരുകയില്ല. ആ പരീക്ഷയിൽ പി. എസ്സ്. പി. പരാജയപ്പെട്ടിരിക്കയാണ്. അന്തസ്സോടുകൂടി, ധീരമായി ഈ മന്ത്രിസഭയിൽ തുടർന്നിരിക്കേണ്ടെന്നു തീരുമാനിക്കുമെ

[ശ്രീ. ടി. കെ. ദിവാകരൻ.]

നാണ് ഞങ്ങൾ മന്ത്രിസഭയിൽനിന്നും പ്രതീക്ഷിക്കുന്നത്. കോൺഗ്രസ്സിന്റെ
പിന്തുണയോടുകൂടിയിരുന്നാൽ യഥാർത്ഥത്തിൽ ആ പാർട്ടിയുടെ വ്യക്ത
മായിട്ടുള്ള പരിപാടികൾ നടപ്പിൽവരുത്താൻ കഴിയുകയില്ലെന്നു പല
അനുഭവങ്ങളും പി. എസ്സ്. പി.-യെ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്.
പി. എസ്സ്. പി. ഒരു രാഷ്ട്രീയപാർട്ടിയായി നിലനിൽക്കണമെന്നാഗ്ര
ഹമുണ്ടെങ്കിൽ, പി. എസ്സ്. പി.-യെന്നാൽ പട്ടത്തിന്റെ സ്വന്തം പാർട്ടി
എന്നല്ലെങ്കിൽ തീർച്ചയായും കോൺഗ്രസ്സിന്റെ പിന്തുണയോടുകൂടി നില
കൊള്ളാൻ സാധിക്കുന്നതല്ലെന്നു പല അനുഭവങ്ങളും തെളിയിച്ചുകഴി
ഞ്ഞിട്ടുണ്ട്. കോൺഗ്രസ്സിന്റെ അണികളിൽനിന്നും സമ്മർദ്ദംചെലുത്തി
കോൺഗ്രസ്സിന്റെ നയപരിപാടികളിൽ നിന്നു അപ്പുറമായി യാതൊന്നും
ചെയ്‌വാൻ ഈ മന്ത്രിസഭയ്ക്കു കഴിവില്ലാത്തവണ്ണം എത്തിക്കുന്ന ചില
നാടകീയരംഗങ്ങളാണ് ഇതെന്നു നാട്ടുകാർ മനസ്സിലാക്കുന്നുണ്ട്. ഭൂനയ
ബില്ലിനെ സംബന്ധിച്ചിടത്തോളം കോൺഗ്രസ്സുപാർട്ടിയുടെ പിന്തുണയെ
ന്നു പറഞ്ഞാൽത്തന്നെ എന്താണ്. ആത്മാർത്ഥമായി പിന്തുണ നൽകുമെന്നി
രുന്നാൽ തന്നെ എന്താണുവരുക കോൺഗ്രസ്സിന്റെ ഭൂനയത്തിനു അപ്പുറ
ത്തേക്കു് ഞങ്ങളില്ലെന്നാണ് അവർ വ്യക്തമാക്കിയിട്ടുള്ളത്. പി. എസ്സ്.
പി. മുഖ്യമന്ത്രി അതിനുത്തരം പറയേണ്ടതാണ്. കോൺഗ്രസ്സ് ഭൂനയവും
പി. എസ്സ്. പി. ഭൂനയവും തമ്മിൽ ഏതു മേഖലയിലാണ് സാത്മ്യം
പ്രാപിക്കുന്നതെന്നു് അദ്ദേഹം ആലോചിച്ചുനോക്കേണ്ടതാണ്. ആജ്മീർ
പ്രമേയത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു ഭൂനയം ഈ രാജ്യത്തെ ജന
ങ്ങൾക്കു് ഗുണകരമാക്കാൻ കഴിയുമോ എന്നും അദ്ദേഹത്തിന്റെ പാർട്ടി
യുടെ പരിപാടിയുടെ അടിസ്ഥാനത്തിൽ എത്രമാത്രം അതു് ഫലിപ്പി
ക്കാൻ കഴിയുമെന്നും ശാന്തമായി അദ്ദേഹം നോക്കേണ്ടതാണ്. ഇപ്പോൾ
കൊണ്ടുവന്നിരിക്കുന്ന ബില്ലുതന്നെയെന്താണ്? ആവശ്യത്തിലധികം നഷ്ട
പരിഹാരം കൊടുക്കുന്നതിനു ബില്ലിൽ നിർദ്ദേശിച്ചിട്ടുണ്ട്. മറ്റൊരു
സംസ്ഥാനത്തിലും 16 2/3 ശതമാനം നഷ്ടപരിഹാരം കൊടുത്തിട്ടില്ല.
ഭൂമിയുടെ പരിധി നിർണ്ണയിച്ചിരിക്കുന്നതുതന്നെ 15 ഏക്കറിനപ്പുറത്തുള്ള
ഉടമസ്ഥാവകാശത്തെ നിഷേധിക്കാത്ത രീതിയിലുമാണ്. അതുപോലെ
തന്നെ അധികം കൈവശമുള്ള ഭൂമി 6 മാസത്തിനകം പാട്ടംകൊടുക്കണ
മെന്നുമാണ് വ്യവസ്ഥ. 45 അംഗങ്ങളെ പ്രതിനിധീകരിച്ചുകൊണ്ടു് ശക്ത
നായിരിക്കുന്ന ചാലക്കുടി മെമ്പർ 19 അംഗങ്ങളുള്ള പി. എസ്സ്. പി.-യെ
ഭരിപ്പിക്കുന്നതുപോലെ ജന്മിക്കു് വീട്ടിൽനിൽക്കുന്ന വേലക്കാരന്റെ
പേരിൽ പാട്ടം എഴുതിവച്ചിരുന്നാൽ യഥാർത്ഥത്തിൽ ഇന്നിരിക്കുന്ന ഗുണ
ങ്ങളെല്ലാംതന്നെ അയാൾക്കു കിട്ടും. വസ്തുമുഴുവൻ കയ്യിൽത്തന്നെയിരിക്കും.
അങ്ങനെയുള്ള ഒരു ബിൽ കൊണ്ടുവരുന്നതിനെ സഹിക്കാനുള്ള സഹി
ഷ്ണുതപോലും മറുഭാഗത്തു കാണുന്നില്ല. കോൺഗ്രസ്സിന്റെ പല പ്രമേയ
ങ്ങളും അധികാരത്തിൽ കയറിയശേഷം സൗകര്യപൂർവ്വം ഒതുക്കിയിട്ടുള്ള
കോൺഗ്രസ്സ് ഈ ബില്ലിനേയും തട്ടത്തുവയ്ക്കുന്നതിനോ മാറ്റിവയ്ക്കുന്ന
തിനോ തയ്യാറാകുമെന്നു നാം മനസ്സിലാക്കണം. എ. ഐ. സി. സി.
പ്രമേയം പാസാക്കിയിട്ടുണ്ടെങ്കിൽ നാഷനൽ പ്ലാനിംഗ് കമ്മീഷന്റെ
നിർദ്ദേശമനുസരിച്ചു് കോൺഗ്രസ്സുകാർ ഭൂനയം കൊണ്ടുവരാൻ കേന്ദ്ര
ത്തിൽ ആലോചന നടന്നുകൊണ്ടിരിക്കയാണ്. ഈ കാര്യം ഇൻഡ്യാഗവ
ണ്മെന്റിന്റെ പൊതുനയം നോക്കിയാൽ നമുക്കു് മനസ്സിലാക്കാൻ
കഴിയും. എ. ഐ. സി. സി.യുടെ പ്രമേയം ഒരുവശത്തിരിക്കും. നാഷ

നൽപ്ലാനിംഗ്കമ്മീഷന്റെ നിർദ്ദേശം നടപ്പിൽവരുത്തിക്കൊണ്ടിരിക്കയുംചെയ്യും. അങ്ങനെ ഒരു നിലയിലാണു് കാൺഗ്രസ്സ് ഇപ്പോൾ എത്തിച്ചേർന്നിരിക്കുന്നതു്. അപ്പോൾ പി. എസ്സ്. പി.-ക്കു് സ്വന്തമായി ഒരു ഭൂനയം യഥാർത്ഥത്തിൽ ഇവിടെ നടപ്പാക്കാൻ കഴിയുമോ? കാൺഗ്രസ്സിന്റെയും നാഷനൽ പ്ലാനിംഗ് കമ്മീഷന്റെയും പരിധിയിൽനിന്നു് അപ്പുറത്തേക്കടപായി എന്തെങ്കിലും ചെയ്യാൻ കഴിയുമോ? അതുകൊണ്ടു് ഭൂനയം നടപ്പിലാക്കുന്നതിനെപ്പററി യഥാർത്ഥത്തിൽ പി. എസ്സ്. പി. വലിയ അഭിമാനം കൊള്ളേണ്ടതില്ല. എന്നാൽ ധൈര്യപൂർവം കാൺഗ്രസ്സ് അഭിമാനംകൊള്ളുന്നുമുണ്ടു്. ഈ ബിൽ ഇവിടെ അവതരിപ്പിക്കാനുള്ള അനുവാദത്തിനുവേണ്ടി കൊണ്ടുവരുന്ന മോഷനിൽതന്നെ ബില്ല് സർക്കുലേഷനു് അയയ്ക്കും എന്ന രഹസ്യധാരണയുടെ അടിസ്ഥാനത്തിലാണു് ബിൽ അവതരിപ്പിക്കാൻ അനുവദിച്ചിട്ടുള്ളതു്. അങ്ങിനെയാണു് കാൺഗ്രസ്സ്പാർട്ടി തീരുമാനിച്ചിരിക്കുന്നതു്. അതുകൊണ്ടു് കാൺഗ്രസ്സിന്റെ ഭൂനയത്തിനു വിപരീതമായി ഒരു വരിയെങ്കിലും ബില്ലിൽ വീണ്ടും ചേർക്കാനിടയുണ്ടെങ്കിൽ കൊടുങ്കാററു് ചായക്കോപ്പയ്ക്കകത്തു ഒതുങ്ങുകയില്ലെന്നു് മുഖ്യമന്ത്രി ഓർമ്മിക്കണമെന്നും ഞാൻ അറിയിച്ചുകൊള്ളുന്നു. അങ്ങനെ കാൺഗ്രസ്സിന്റെ പൂർണ്ണമായ അംഗീകാരമില്ലാതെ ഒരു ഭൂനയബിൽ ഇവിടെ കൊണ്ടുവരുമോ എന്നു ഞാൻ ബഹുമാനപ്പെട്ട രാമപുരം മെമ്പറോടു ചോദിക്കുന്നു. മുഖ്യമന്ത്രി നിങ്ങളോടാലോചിക്കുമോ? സ്വതന്ത്രനായ—ഏകനായ—നിങ്ങൾക്കെന്തു ചെയ്യാൻ കഴിയും? ഈ നിയമസഭയിൽതന്നെ കാൺഗ്രസ്സിന്റെ നയത്തിനു വിപരീതമായിട്ടല്ല പി. എസ്സ്. പി. ഇവിടെ പെരുമാറിയിട്ടുള്ളതെന്നുള്ളതിനു പല തെളിവുകളും ഈ സഭയുടെ മുൻപാകെ വന്നിട്ടുള്ളതിൽനിന്നും നമുക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടു്. പറയുന്നതിനു് വിപരീതമായിത്തന്നെ പെരുമാറുന്നതിനു് മടിയില്ലെന്നു ബഹുമാനപ്പെട്ട ചാലക്കുടി മെമ്പർ ഈ സഭയിൽതന്നെ തെളിയിച്ചിട്ടുള്ളതാണു്. ഇവിടെ ഒററിവസ്തുക്കളെ സംബന്ധിച്ചിടത്തോളം ഒററിഒഴിപ്പിക്കൽ നടപടികൾ നിറുത്തിവയ്ക്കുന്ന കാര്യത്തിൽ വീറോടെ വാദിച്ച അദ്ദേഹം അവസാനനിമിഷത്തിൽ വ്യത്യസ്തമായ ഒരു നില സ്വീകരിച്ചു് പാരമ്പര്യം സൃഷ്ടിച്ചിട്ടുണ്ടു്. രാമപുരം മെമ്പറുടെ വിശ്വാസപ്രമേയത്തിനു പൂർണ്ണമായ വിശ്വാസമില്ലെന്നുള്ള ഭേദഗതി അവതരിപ്പിക്കാതെ പരിപൂർണ്ണമായ വിശ്വാസമില്ലെന്നു പറഞ്ഞുകൊണ്ടു് പ്രമേയത്തെ പിൻതാങ്ങുകയാണു് ചെയ്തതു്. ഭൂനയബിൽ ചർച്ചയ്ക്കെടുക്കുമ്പോഴേയ്ക്കും പരിപൂർണ്ണവിശ്വാസം സമ്പാദിക്കത്തക്കവണ്ണം ഇന്നുള്ള അപൂർണ്ണതകൾകൂടി പരിഹരിക്കാൻ പി. എസ്സ്. പി. തയ്യാറാകണമെന്നാണു് ബഹുമാനപ്പെട്ട ചാലക്കുടി മെമ്പർ മുഖ്യമന്ത്രിയോടു് വ്യംഗ്യമായി സൂചിപ്പിച്ചിരിക്കുന്നതു്. അതു ഇല്ലാത്തപക്ഷം നിങ്ങൾ പോകണം എന്നുള്ളതാണു് അദ്ദേഹം വ്യക്തമാക്കിയിട്ടുള്ളതു്. ആ നിലയിൽ കാൺഗ്രസ്സിന്റെ പരിപൂർണ്ണമായ പിൻതുണയോടുകൂടി കാൺഗ്രസ്സിന്റെ ചാട്ടവാറുകൊണ്ടുള്ള അടിയും തോട്ടികൊണ്ടുള്ള വലിയുംകൊണ്ടു് അധികാരത്തിലിരുന്നു് ഈ രാജ്യത്തിലെ പ്രാധാന്യമർഹിക്കുന്നതും ആഴമേറിയതുമായ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും എന്നുള്ളതു് ഇന്നത്തെ മന്ത്രിസഭ ആലോചിക്കണം. മറെറാരു രാഷ്ട്രീയപാർട്ടിയുടെ പിൻതുണയോടുകൂടി മാത്രമെ തുടരാൻ കഴിയുകയുള്ളു എന്നു വ്യക്തമായിരിക്കുന്നതുകൊണ്ടു്

[ശ്രീ. ടി. കെ. ദിവാകരൻ]

ഈ പാർട്ടി ഇങ്ങനെ ഭരിച്ചുവരുന്നതു തീർച്ചയായും ദയനീയമായ ഒരവസ്ഥയാണ്. ഈ നാമമാത്രമായ ഭരണത്തെപ്പററി അദ്ദേഹവും അദ്ദേഹത്തിന്റെ കക്ഷിയിലെ മററംഗങ്ങളും ആലോചിക്കേണ്ടതാണ്.

ഭരണപരമായ ചില കാര്യങ്ങളിലും ചില മാററങ്ങളിലും നിയമനങ്ങളിലുമെല്ലാം ചില പൊടിക്കൈകൾ കാൺഗ്രസ്സിൽനിന്നു വ്യത്യസ്തമായി ചെയ്യാൻ കഴിയുമായിരിക്കാം. അങ്ങിനെയും യഥാർത്ഥത്തിൽ ഇല്ലെന്നാണ് കേൾക്കുന്നതു്. സർ, വലിയ നിയമനങ്ങളുടെ കാര്യത്തിൽതന്നെ ചില കുഴപ്പങ്ങൾ ഉള്ളതായി അറിയാൻ കഴിഞ്ഞിട്ടുണ്ടു്. സർവ്വേസുപ്രണ്ടിന്റെ നിയമനത്തിലും തിരുവനന്തപുരത്തു് കാർപ്പൊറേഷൻ കമ്മീഷണരുടെ നിയമനകാര്യത്തിലും മന്ത്രിസഭയിൽത്തന്നെ ചില ചലനങ്ങളും മററുമുണ്ടായതായുള്ള വാർത്ത തിരുവനന്തപുരത്തെ രാഷ്ട്രീയാന്തരീക്ഷത്തെ മലിനപ്പെടുത്തിക്കൊണ്ടിരിക്കുന്നു. കാൺഗ്രസ്സിന്റെ ഭരണകാലത്തും ഈ അപശബ്ദങ്ങൾ ഉണ്ടായിട്ടുണ്ടു്. അതെല്ലാം ഇപ്പോഴും കേൾക്കുന്നുണ്ടു്.

സർ, ഒരു മന്ത്രിസഭ മാറിയാൽ അതുകൊണ്ടു് ജനങ്ങൾ നോക്കുന്നതു് ഇവിടത്തെ ഭരണരീതിയിൽ മാററം വന്നിട്ടുണ്ടോ എന്നാണ്. എന്നാൽ ഇവിടെ കാൺഗ്രസ്സ്ഭരണം മാറി പി. എസ്സ്. പി. ഭരണം വന്നിട്ടും ഗവമെന്റിന്റെ ചട്ടക്കൂട്ടിനു് ഒരു മാററവും വന്നിട്ടില്ല. മാത്രമല്ല ജനങ്ങളുടെ ആവേശത്തെ ഉദ്ദീപിപ്പിക്കുന്ന യാതൊന്നുംതന്നെ ഗവമെന്റിന്റെ പ്രവർത്തനത്തിൽനിന്നും കാണാനും കഴിയുന്നില്ല. കാൺഗ്രസ്സുഗവമെന്റ് ഡവലപ്പുമെന്റുപദ്ധതികൾ ആരംഭിച്ചകാലത്തു എത്രമാത്രം അകൽച്ചയോടുകൂടിയാണോ ജനങ്ങൾ ആ വക പ്രവർത്തനങ്ങളെ കണ്ടുകൊണ്ടിരുന്നതു അതിനേക്കാൾ ഒരിഞ്ചുപോലും ജനങ്ങളെ ഈ പ്രവർത്തനങ്ങളുമായി അടുപ്പിക്കുന്നതിനു് ഈ ഗവമെന്റിനു കഴിഞ്ഞിട്ടില്ല. ജനങ്ങൾക്കു് ഉപകാരപ്രദമായ ഒരു പുനരുദ്ധാരണപദ്ധതി ഗവമെന്റിനു് ആസൂത്രണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. സർ, ഇന്നു് ഡവലപ്പുമെന്റ് കമ്മിററികളിലായാലും കമ്മ്യൂണിററിപ്രൊജെക്ററ് അഡൈ്വസറികമ്മിററികളിലായാലും ഈ നാട്ടിലെ ജനങ്ങളുടെ ശബ്ദമുയർത്തുന്ന പ്രതിനിധികളെ രാഷ്ട്രീയപരിഗണനവച്ചു് മുദ്രകുത്തി അവിടെ പ്രതിനിധീകരിക്കുന്നതിനു് സൗകര്യം കൊടുക്കുന്നില്ല.

സർ, ഇവർ നാലുമാസക്കാലമായി അധികാരത്തിൽ വന്നതിനു ശേഷം ജുഡിഷ്യറി എക്സിക്യൂട്ടീവിൽനിന്നും വേർപെടുത്തുന്നതിനു ശ്രമിച്ചു എന്നു പറഞ്ഞു. സർ അതിൽ വലിയ പുതുമയൊന്നുമില്ല. കാൺഗ്രസ്സുകാർ ഭരിക്കുന്ന പല സംസ്ഥാനങ്ങളിലും ഈ പരിഷ്കാരം നടപ്പിൽ വന്നിട്ടു വർഷങ്ങൾതന്നെയായി.

സർവീസിന്റെ കാര്യവും അതുപോലെതന്നെയാണ്. യഥാർത്ഥത്തിൽ ഇവർ സർവ്വീസിനും ഒന്നും ചെയ്തിട്ടില്ല. ജനങ്ങൾക്കും ഒന്നും ചെയ്തിട്ടില്ല. ഒരു ഭരണകക്ഷി മാറി മറെറാരു ഭരണകക്ഷി വന്നാൽ എല്ലാ പ്രശ്നങ്ങൾക്കും ഒരു പുതിയ സമീപനം ഉണ്ടാകുമെന്നു് ഒരു ധാരണയുണ്ടായിരുന്നു. എന്നാൽ ജനഹൃദയങ്ങളിൽ യാതൊരു ചലനവും ഉണ്ടാക്കുവാൻ ഇവർക്കു് കഴിഞ്ഞിട്ടില്ല, എന്നു് വിളിച്ചുപറയുവാൻ എനിക്കു് കഴിയുന്നതാണ്. പഴയ നിലയിൽതന്നെ സർവീസും സെക്രട്ടറിയേററും എല്ലാം നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇവർ 10 ദിവസം കഴിഞ്ഞു്

ഇറങ്ങിപ്പോകേണ്ടവരാണെന്ന് ഒരു ബോധം ഉദ്യോഗസ്ഥലോകത്ത് ജനകീയഭരണകാലം മുതൽ വളർന്നുവന്നിട്ടുള്ളതാണ്. ആ ഒരു ബോധം മാററുന്നതിനുപോലും ഈ ഗവണ്മെന്റ് പരാജയപ്പെട്ടിരിക്കുകയാണ്. തിരുവിതാംകൂർ-കൊച്ചി സർവീസിന്റെ ശമ്പളം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ പി. എസ്സ്. പി. ഗവണ്മെന്റ് പലതും ചെയ്യുമെന്ന് വാഗ്ദാനങ്ങളും പ്രസ്താവനകളും ഉണ്ടായി. എന്നാൽ ഇന്നും ഇവർ ആ പഴയ നിലയിൽത്തന്നെ നീങ്ങുകയാണ്. യഥാർത്ഥത്തിൽ ഈവക കാര്യങ്ങളിൽ കാൺഗ്രസ്സിൽനിന്നും വ്യത്യസ്തമായി ഇവിടെ എന്തുണ്ടായി?

ഇവർ രണ്ടു ക്ലാസ്സുകളിലേയ്ക്ക് ഫീസ് ഇളവു ചെയ്തുകൊടുത്തു. ജുഡിഷ്യറിയും, എക്സിക്യൂട്ടീവും വേർപെടുത്തി എന്നെല്ലാം പറയാമെന്നല്ലാതെ ഒരു നയംമാററം ഈ ഗവണ്മെന്റിന് ചൂണ്ടിക്കാണിക്കുവാൻ കഴിയുമോ എന്നാണ് ഞാൻ സംശയിക്കുന്നത്. ഇവർ കാൺഗ്രസ്സിന്റെ അനന്തരാവകാശികളായി കഴിഞ്ഞ തിരഞ്ഞെടുപ്പുകാലത്ത് ഇവിടത്തെ ജനങ്ങളോടു ചെയ്ത വാഗ്ദാനത്തെ നിഷേധിച്ച് അധികാരത്തിൽ വരികയും തുടരുകയും ചെയ്യുന്ന ഈ സന്ദർഭത്തിൽ ഞങ്ങളുടെ പിൻതുണയും വിശ്വാസവും ഈ ഗവണ്മെന്റിന് ഉണ്ടെന്നു പറയുവാൻ ഞങ്ങൾക്ക് നിർവാഹമില്ല. അതിനാൽ രാമപുരം മെംബർ അവതരിപ്പിച്ച വിശ്വാസപ്രമേയത്തെ ഞാൻ എതിർക്കുന്നു.

ശ്രീ. ഇടിക്കുള ഇടിക്കുള: എന്റെ സ്നേഹിതൻ ശ്രീ. ചാഴിക്കാട്ടു ജോസഫ് അവതരിപ്പിച്ച വിശ്വാസപ്രമേയത്തെ പിൻതാങ്ങുവാൻ ഞാനാഗ്രഹിക്കുന്നു. ഈ രാജ്യത്തെ ജനങ്ങൾ ഇവിടെ ആറുവർഷക്കാലം ഭരണം നടത്തിയ കാൺഗ്രസ്സ് അധികാരത്തിൽ നിന്നു മാറണമെന്ന് ആത്മാർത്ഥമായി ആഗ്രഹിച്ചു. അവരുടെ ഭരണവൈകല്യങ്ങളിൽ ആത്മാർത്ഥമായ അമർഷം ഉണ്ടായിരുന്നു എന്നുള്ളത് ആർക്കും നിഷേധിക്കാവുന്ന സംഗതിയല്ല. അങ്ങനെ ജനങ്ങളുടെ ആത്മാർത്ഥമായ അഭിലാഷം പ്രവൃത്തിയിൽ കൊണ്ടുവരുന്നതിന് പി. എസ്സ്. പി. അവരുടെ കഴിവിനു തക്കവണ്ണം പ്രവർത്തിച്ചിട്ടുണ്ട്. അതേസമയത്ത് ഈ രാജ്യത്ത് അക്രമത്തിലും കൊള്ളിവയ്പിലും വിശ്വസിക്കുന്ന പാർട്ടി ഭരണത്തിൽ വരരുതെന്നും ജനങ്ങൾ ആഗ്രഹിച്ചു. ഏതായാലും പി. എസ്സ്. പി. ഭൂരിപക്ഷം ജനങ്ങളുടെ അഭിലാഷം ആദരിച്ചുകൊണ്ട് ഭരണഭാരം കാൺഗ്രസ്സിന്റെ ഹസ്തങ്ങളിൽ നിന്നും ഏറെറടുത്ത് അവരുടെ കഴിവിനു തക്കവണ്ണം പ്രവർത്തിച്ചിട്ടുമുണ്ട്. അതാണ് ഇന്നിവിടെ നടന്നിട്ടുള്ള സംഭവം.

സർ, ഒരു കാര്യം ഞാൻ ഈ അവസരത്തിൽ വിശദീകരിക്കാൻ ആഗ്രഹിക്കുന്നു. ഇന്നത്തെ മന്ത്രിസഭ ചെയ്തിട്ടുള്ള അടിസ്ഥാനപരമായ കാര്യങ്ങളെക്കുറിച്ച് അവയുടെ സാധൂകരണത്തിനായി പ്രസംഗിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. അവ ഈ രാജ്യത്തെ ജനങ്ങൾ അനുഭവിച്ചറിഞ്ഞുകൊണ്ടിരിക്കുന്നു. ഈ നിയമസഭയിൽ ശ്രീ. ചാഴിക്കാട്ടു ജോസഫ് പ്രസ്താവിച്ചുകഴിഞ്ഞിട്ടുള്ള കാര്യങ്ങളിൽ ഉപരിയായി ഒന്നും തന്നെ പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. പാർട്ടി പരിഗണനയ്ക്കു അതീതമായി ഈ രാജ്യത്ത് ഐശ്വര്യവും സമാധാനവും സ്ഥാപിക്കുന്നതിനുവേണ്ടി ആത്മാർത്ഥമായി പരിശ്രമം നടത്തിയിരുന്നതിനാൽ അവ

[ശ്രീ. ഇടിക്കുള ഇടിക്കുള]

രുടെ ഭരണം വളരെ പ്രയോജനകരമായിരുന്നു. ഇന്നു് യാതൊരുവിധ പാർട്ടിപരിഗണനയും വച്ചുകൊണ്ടല്ല ഇവർ ഭരണം നടത്തുന്നതെന്നു് ഈ രാജ്യത്തെ ആത്മാർത്ഥമായി സ്നേഹിക്കുന്ന ആർക്കും മനസ്സിലാക്കാൻ കഴിയും.

ഭൂഉടമസംപ്രദായത്തിലും കൈവശാവകാശത്തിലും യഥാർത്ഥമായ ഒരു പരിവർത്തനം വരുത്തിക്കൊണ്ടുള്ള ഒരു ബിൽ പി. എസ്സ്. പി. മന്ത്രിസഭ ഇപ്പോൾ അവതരിപ്പിക്കാൻ ഉദ്ദേശിച്ചിരിക്കുന്നു. ഭൂഉടമ പരിധി നിശ്ചയിക്കാനും കുടിയിറക്കുകൾ നിർത്തിവയ്ക്കുന്നതിനുള്ള ബില്ലിനെ സംബന്ധിച്ചും ഇവിടെ ചില സ്നേഹിതന്മാർ ആക്ഷേപിച്ചു സംസാരിക്കയുണ്ടായി. എന്നാൽ എനിക്കവരോടു് പറയാനുള്ളതു് ഈ രാജ്യത്തെ ജന്മിത്വത്തിന്റെയും മുതലാളിത്വത്തിന്റെയും നാരായവേരറുക്കുന്നതിനുള്ള ആദ്യത്തെ കാൽവയ്പാണു് ഈ ബില്ലു് എന്നാണു്. അങ്ങനെ നല്ല നല്ല കാര്യങ്ങൾ ചെയ്യുന്നതിനും ഇവിടത്തെ തൊഴിലാളികൾക്കു് പ്രയോജനപ്രദമായ കാര്യങ്ങൾ നടപ്പിലാക്കുന്നതിനും ആത്മാർത്ഥമായി പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ഒരു മന്ത്രിസഭക്കെതിരായി ഇത്ര വളരെ ശകാരവർഷം പൊഴിക്കുന്നതെന്തു ഉദ്ദേശിച്ചാണെന്നു നാം ഈ അവസരത്തിൽ ആലോചിക്കണം. നമ്മുടെ മുഖ്യമന്ത്രി ഇവിടെ പറഞ്ഞിട്ടുള്ളതു് നല്ല നല്ല കാര്യങ്ങൾ ഇവിടെ ചെയ്യുന്നതിനു് തുടങ്ങുമ്പോൾ അതിനു് പ്രതിബന്ധമായി നിൽക്കാതെ പൊതുകാര്യങ്ങൾക്കു് തടസ്സം ഉണ്ടാക്കാതെയിരിക്കണമെന്നും അങ്ങനെ നിൽക്കുന്നതുകൊണ്ടു് യഥാർത്ഥ രാജ്യസ്നേഹികൾക്കു് അവരുടെ ലക്ഷ്യം നടപ്പിൽ വരുത്താൻ സാദ്ധ്യമല്ലെന്നുമാണു്. നല്ല നല്ല കാര്യങ്ങൾ ഈ മന്ത്രിസഭ ചെയ്യാനാഗ്രഹിക്കുന്നുണ്ടു്. അതിനു പ്രോത്സാഹനം കൊടുത്തുകൊണ്ടു് ഈ രാജ്യത്തിന്റെ സൃഷ്ടിപരപ്രവർത്തനങ്ങളിൽ ആത്മാർത്ഥതയോടെ എല്ലാ പാർട്ടികളുടേയും അഭിലാഷത്തെ ആദരിച്ചു പ്രവർത്തിക്കുന്ന പക്ഷം ഈ രാജ്യത്തു സമാധാനവും ശാന്തിയും ഐശ്വര്യവും തീർച്ചയായുമുണ്ടാകുമെന്നുള്ളതിനു സംശയമില്ല. അതിനു വേണ്ടി എന്റെ സ്നേഹിതന്മാർ ചിന്തിക്കണം, പ്രവർത്തിക്കണം. അതിനു വേണ്ട പ്രവർത്തനങ്ങളെപ്പറ്റി നിശ്ചയിക്കുന്നതിനു പകരം ഈ നിയമസഭയുടെ സമയം വെറുതെ പാഴാക്കാതെ സൃഷ്ടിപരമായ നിർദ്ദേശങ്ങൾ നൽകുന്നതിനു് എല്ലാ വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും പരിപൂർണ്ണമായ സഹകരണമുണ്ടാകണമെന്നഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ വിരമിക്കുന്നു.

Mr. Speaker : Order, Order. We will now adjourn for lunch and meet again at 2 P. M.

The House rose for lunch at 1. P. M. and re-assembled at 2. P. M. with Mr. Speaker in the Chair.

ശ്രീ. ടി. വി. തോമസ്: സർ, ബഹുമാനപ്പെട്ട രാമപുരം മെംബർ നിലവിലിരിക്കുന്ന മന്ത്രിസഭയിൽ, ഈ നിയമസഭയ്ക്കു പരിപൂർണ്ണമായ
2 P. M.] വിശ്വാസമുണ്ടെന്നുള്ള പ്രമേയം ഇവിടെ അവതരിപ്പിച്ചിരിക്കുകയാണു്. പ്രമേയത്തെപ്പറ്റിയുള്ള ഞങ്ങളുടെ നിലപാടു് വ്യക്തമാക്കാൻ ഈ സഭയുടെ മുൻപിലും ജനങ്ങളുടെമുൻപിലും ചില വസ്തുതകൾ സമർപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു. രാമപുരം മെംബർ പ്രമേയം അവതരിപ്പിച്ചുകൊണ്ടു ചെയ്ത പ്രസ്താവനയ്ക്കു ഒരു മറുപടി പറയാൻ ഞാൻ ഒരുങ്ങു

കയില്ലായിരുന്നു. എന്നാൽ അതിനെ അതേപടി ആദരിച്ചുകൊണ്ട് ഈ
പ്രമേയത്തെ പിൻതാങ്ങണമെന്നു ഈ മന്ത്രിസഭയ്ക്ക് പിൻതുണ നൽകണ
മെന്നു നേമം മെമ്പർ കമ്മ്യൂണിസ്റ്റുകാരോട് അഭ്യർത്ഥിക്കുകയുണ്ടായി.
എനിക്ക് നേമം മെമ്പറോടും അതുപോലെതന്നെ പി. എസ്സ്. പി.
യിലെ മററംഗങ്ങളോടും ഒരുകാര്യം ചോദിക്കാനുണ്ട്. നിങ്ങൾ എന്തടി
സ്ഥാനത്തിലാണ് കമ്മ്യൂണിസ്റ്റുകാരോട് പിൻതുണ അഭ്യർത്ഥിക്കുന്നതു്.
സർ, ഇതേപ്പററി സംസാരിക്കുന്ന അവസരത്തിൽ പി. എസ്സ്. പി.
ഇവിടെ സൃഷ്ടിച്ചു വച്ചിരിക്കുന്ന ചരിത്രത്തിലേക്കൊന്നു തിരിഞ്ഞു
നോക്കുന്നതു് എന്റെ ഒരു കടമകൂടിയാണെന്നു ഞാൻ വിശ്വസിക്കുന്നു.
സംസ്ഥാനത്തെ ഭൂരിപക്ഷം ജനങ്ങളുടെ ആഗ്രഹം അനുസരിച്ചാണ്
പി. എസ്സ്. പി. അധികാരം ഏറെറടുത്തതെന്നു ശ്രീ. വസലാ ഇടിക്കുള്ള
പ്രസ്താവിക്കുകയുണ്ടായി. സർ, ഈ പ്രസ്താവനയിൽ സത്യസന്ധത
യുടെയോ, ആത്മാർത്ഥതയുടെയോ അണുപോലും ഉണ്ടോ എന്നു ഞാൻ
ചോദിക്കുന്നു. സർ, കഴിഞ്ഞ ആറുവർഷക്കാലമായിട്ട് കാൺഗ്രസ്സ്
പാർട്ടി സ്വീകരിച്ചിരുന്ന ജനദ്രോഹപരമായ നടപടിക്രമങ്ങൾ ഇല്ലായ്മ
ചെയ്തു അവരെ ഭരണകാര്യങ്ങളിൽ നിന്നും ഒഴിച്ചുനിർത്തുന്നതിനായി
പി. എസ്സ്. പി. യും ഐക്യമുന്നണിയും തമ്മിൽ ഒരു സഖ്യമുണ്ടായി.
അതിന്റെ പരിണതഫലം എന്തായിരുന്നുവെന്നും നാട്ടിലുള്ള എല്ലാവർക്കും
അറിയാവുന്നതാണ്. ഒരു കൂട്ടമന്ത്രിസഭയുണ്ടാക്കാമെന്നുള്ള പരസ്പര
ധാരണയോടുകൂടി, കാൺഗ്രസ്സിനെ പരാജയപ്പെടുത്തുന്നതിനു വേണ്ടി
യാണ് ഇടതുപക്ഷപാർട്ടികൾ പി. എസ്സ്. പി. യുമായി ചേർന്ന് ഒരു
ഐക്യമുന്നണി പാർട്ടി രൂപീകരിച്ചു തെരഞ്ഞെടുപ്പിൽ മത്സരിച്ചതു്.
എന്നാൽ അവസാനം ഇന്നത്തെ മുഖ്യമന്ത്രിയായിരിക്കുന്ന ശ്രീ.
താണുപിള്ള ജനങ്ങളുടെ മുഖത്തുനോക്കി പറഞ്ഞതു് ഞാൻ അങ്ങനെ
യൊന്നും വാഗ്ദാനം ചെയ്തിട്ടില്ല എന്നാണ്. സത്യസന്ധതയും ആത്മാർത്ഥ
തയുമില്ലാത്ത ഇത്തരം വാഗ്ദാനങ്ങളും പ്രസ്താവനകളും പുറപ്പെടുവിച്ച
തിൽ നാട്ടിലെ ജനങ്ങൾക്ക് എത്രത്തോളം അമർഷമുണ്ടെന്നു മനസ്സിലാ
ക്കേണ്ടതാണ്. സർ, ഈ ഹജ്ജൂരാഫീസിന്റെ വാതുക്കൽ കൊടിയും
പിടിച്ചുകൊണ്ട് എട്ടു വിദ്യാർത്ഥികൾ, അവരുടെ അവകാശങ്ങൾക്ക
വേണ്ടി മുഖ്യമന്ത്രിയുടെ ഭാഷയിൽ കൂകിവിളിക്കുകയാണ്. വിദ്യാർത്ഥി
കൾക്ക് ന്യായമായി കിട്ടാനുള്ള അവകാശത്തിനു വേണ്ടിയാണ്, അവർ
സത്യാഗ്രഹം അനുഷ്ഠിക്കുന്നതു്. ഇപ്പോൾ അവർ ഉന്നയിക്കുന്ന അവ
കാശവാദങ്ങൾ ഭാവിതലമുറകൾക്കുകൂടി വേണ്ടിയാണ്. പക്ഷേ, ഗവ
ണ്മെന്റ് ഇങ്ങനെയൊരു സംഭവം നടക്കുന്നുണ്ടോ എന്നുകൂടി അറിഞ്ഞ
തായി ഭാവിക്കുന്നില്ല. സർ, ഇന്നു കാലത്ത് ഇവിടെ അവതരിപ്പിക്ക
പ്പെട്ട പ്രമേയത്തെ മുഴുവനും അനുകൂലിക്കുന്നില്ലെന്നു പറയുകയും ഒടുവിൽ
ആത്മാർത്ഥമായി അനുകൂലിച്ചു പ്രസംഗിക്കുകയും ചെയ്ത കാൺഗ്രസ്സ്
പാർട്ടി നേതാവിന്റെ ഭരണകാലത്തു് കാളേജുയൂണിയനു വേണ്ടി
വിദ്യാർത്ഥികൾ സമരം നടത്തിയതിന് കാൺഗ്രസ്സ് ഗവണ്മെന്റ്
നൽകിയ ശിക്ഷതന്നെയാണ് ഇപ്പോഴത്തെ പി. എസ്സ്. പി. ഗവ
ണ്മെന്റ ശരിവയ്ക്കുന്നതു്. ഇൻഡ്യൻ വൈസ്പ്രസിഡന്റ് ഡാക്ടർ
രാധാകൃഷ്ണൻ അഭിപ്രായപ്പെട്ടിട്ടുണ്ട്, വിദ്യാർത്ഥികളുടെ ന്യായമായ
അവകാശങ്ങൾ പരിരക്ഷിക്കുന്നതിനുവേണ്ടി അവർക്ക് കാളേജുയൂണിയൻ
ആവശ്യമാണെന്ന്. ആ വിവരം ഞാൻ ഇവിടത്തെ ഒരു കാൺഗ്രസ്സ

[ശ്രീ. ടി. വി. തോമസ്സ്]

മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തിയപ്പോഴും, മന്ത്രി പറയുകയാണ്, അദ്ദേഹം ഭ്രാന്തനാണെന്ന്. സർ, എനിക്കു തോന്നുന്നു, ആ അഭിപ്രായം തന്നെയാണ് ഇന്നത്തെ പി. എസ്സ്. പി. ഗവണ്മെന്റിനും ഉള്ളതെന്ന്. ഇവിടെ ഈ പി. എസ്സ്. പി. സർക്കാരിന്റെ പേരിൽ വിദ്യാർത്ഥികൾക്കുണ്ടായിട്ടുള്ള വെറുപ്പിന്റെയും അവജ്ഞയുടെയും ഒരു പ്രകടനമാണ് നാം ഈ വാർത്തകളിൽ കാണുന്നത്. സർ, അതുപോലെതന്നെ, ഇവിടെ പോലീസ് ജനങ്ങളോടു പെരുമാറുന്ന നയത്തെ സംബന്ധിച്ചും ഈ സഭയിലെ എല്ലാഭാഗത്തുനിന്നും പരാതിയുണ്ടായി. മുഖ്യമന്ത്രി അതിനു പറഞ്ഞ മറുപടി നാം ഓർക്കുന്നു. എന്താണത്? പോലീസ് ചീത്തയായിരിക്കാം. എന്നാൽ നാട്ടുകാരോ. നാട്ടുകാർക്കു പറ്റിയ പോലീസ്. ഇതിൽ കൂടുതൽ അവമതി നാട്ടുകാരോടുണ്ടാകാനുണ്ടോ. പ്രബുദ്ധതയുടെ ഭണ്ഡാകാരമായ തിരുവിതാംകൂർ-കൊച്ചിയിലെ ജനങ്ങളുടെ മുഖത്തു നോക്കിക്കൊണ്ട് ഇപ്രകാരം ഇതിനു മുമ്പ് യാതൊരു ഭരണാധികാരിയും പുച്ഛിച്ചിട്ടില്ല, അവമാനിച്ചിട്ടില്ല. ഇനി എനിക്കു മറ്റൊരു കാര്യം പറയാനുള്ളത് ഇവിടത്തെ രാഷ്ട്രീയ തടവുകാരുടെ സ്ഥിതിഗതികളെപ്പറ്റിയാണ്. സർ, ഇന്നത്തെ രാഷ്ട്രീയ തടവുകാർ, യഥാർത്ഥത്തിൽ ആരാണെന്നുള്ളത് നാം ചിന്തിക്കേണ്ടതാണ്. ഇവർ സ്വാതന്ത്ര്യത്തിനു വേണ്ടി വയലാർ പുന്നപ്രയിൽ സമരം ചെയ്ത ധീരദേശാഭിമാനികളാണ്. ഒരു ക്രൂരനായ ഭരണാധികാരിയുടെ ഭീകരവാഴ്ചയെ അവസാനിപ്പിക്കാൻവേണ്ടി സധീരം പോരാടിയ സഖാക്കളാണവർ. ആ സമരത്തിന്റെ പ്രതിഫലം അനുഭവിക്കാൻ ഇടയായത് കാൺഗ്രസ്സ് ഗവണ്മെന്റിനും, പി. എസ്സ് പി. ഗവണ്മെന്റിനുമാണ്. കാൺഗ്രസ്സ് ഗവണ്മെന്റും തുടർന്നുവന്ന പി. എസ്സ്. പി. ഗവണ്മെന്റും രാഷ്ട്രീയ തടവുകാരായ പുന്നപ്ര വയലാർ സഖാക്കളെ തുറുങ്കിലിട്ട് ഇഞ്ചിഞ്ചായി മരിക്കാൻ അനുവദിക്കുകയാണ് ചെയ്തത്. പി. എസ്സ്. പി. ഗവണ്മെന്റ് ഇവിടെ ഒരു പുതിയ ഭരണക്കൂടം വരുത്തിയിട്ടുണ്ടെന്നു പറയുന്നു. അതിലെന്തെങ്കിലും യുക്തിയുണ്ടെങ്കിൽ അതു വിശ്വസിക്കണമെങ്കിൽ പഴയ ഭരണക്കൂടത്തെ എതിർത്തവരെ മാനിക്കുകയെങ്കിലും വേണ്ടേ? മാനിച്ചില്ലെങ്കിലും അവമാനിക്കാതിരുന്നാൽ മതിയായിരുന്നു.

സർ, കമ്മ്യൂണിസ്റ്റുകാർ രാജ്യത്തു കുഴപ്പമുണ്ടാക്കിയവരാണെന്നും അവരുമായി ഒരിക്കലും സഹകരിക്കുകയില്ലെന്നും പറഞ്ഞ മുഖ്യമന്ത്രി ഇന്ന് ഞങ്ങളുടെ സഹായം അഭ്യർത്ഥിക്കുകയാണ്. കാൺഗ്രസ്സുമായിട്ടുള്ള ഒരു സൗന്ദര്യപ്പിണക്കത്തിൽ അവരോടു വിലപേശാനായി ഇപ്പോഴും പി. എസ്സ്. പി. ഞങ്ങളുടെ സഹായം ആവശ്യപ്പെടുന്നു. പി. എസ്സ്. പി. ഒരു ദുർഘടസന്ധിയിൽ വന്നുവീണപ്പോഴാണ് ഞങ്ങളോടു സഹായം വേണമെന്നാവശ്യപ്പെടുന്നത്.

ശ്രീ. എ. താണുപിള്ള: ആരാണ് നിങ്ങളുടെ സഹായം ആവശ്യപ്പെട്ടത്?

ശ്രീ. ടി. വി. തോമസ്സ്: ഞാൻ പറഞ്ഞത് മി. വിശ്വംഭരന്റെ അഭ്യർത്ഥനയെപ്പറ്റിയാണ്.

ശ്രീ. എ. താണുപിള്ള: അങ്ങ്ഹാ! അതാണോ?

ശ്രീ. ടി. വി. തോമസ്: മി. വിശ്വംഭരൻ പി. എസ്സ്. പി. യിലെ അംഗമാണ്. പി. എസ്സ്. പി. പാർട്ടിയിലെ ഒരു പ്രമുഖനാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തെ പുച്ഛിക്കുന്ന ഒരു മുഖ്യമന്ത്രി.....

ശ്രീ. പി. കെ. കുഞ്ഞ്: സഹായം ആവശ്യപ്പെട്ടത് ആരാണെന്നു മാത്രമല്ലേ ചോദിച്ചത്?

ശ്രീ. ടി. വി. തോമസ്: അങ്ഹം! എന്ന പുച്ഛരസത്തിൽ പറഞ്ഞതിനെപ്പറ്റിയാണ് എനിക്കത്ഭുതം.

സർ, പി. എസ്സ്. പി. യുടെ അംഗമെന്ന നിലയിൽ ശ്രീ. വിശ്വംഭരൻ ഇപ്പോൾ ഞങ്ങളുടെ സഹകരണം ആവശ്യപ്പെട്ടിരിക്കുകയാണ്. മുഖ്യമന്ത്രികൂടി ഉൾപ്പെട്ട ഒരു പാർട്ടിയിലെ അംഗമായതുകൊണ്ട് അദ്ദേഹത്തിന്റെ അഭ്യർത്ഥന മുഖ്യമന്ത്രിയുടേതുകൂടിയായിരിക്കണമല്ലോ.

ശ്രീ. എ. താണുപിള്ള: നിയമസഭയിൽ അഭ്യർത്ഥിച്ചിട്ടുള്ള സഹകരണത്തെപ്പറ്റിയല്ലെങ്കിൽ ഞാൻ തന്നെ നിങ്ങളോട് ഇപ്പോൾ സഹകരിക്കണമെന്നാവശ്യപ്പെടാൻ പോകുകയാണ്.

ശ്രീ. ടി. വി. തോമസ്: സഹായം ആവശ്യപ്പെടുന്നതും അഭ്യർത്ഥിക്കുന്നതും കൊള്ളാം. കഴിഞ്ഞ കാലത്തെ വാഗ്ദാനലംഘനത്തിൽ പശ്ചാത്താപമില്ലെന്നു മാത്രം. വാഗ്ദാനലംഘനം ചെയ്തതിന് തിരുവിതാംകൂർ-കൊച്ചിയിലെ പ്രബുദ്ധരായ ജനങ്ങൾ പകവീട്ടിക്കൊള്ളും. സർ, തെരഞ്ഞെടുപ്പുകാലത്ത് ചെയ്തിട്ടുള്ള വാഗ്ദാനങ്ങൾ എന്തെല്ലാമായിരുന്നുവെന്നു ഈ സഭയിൽ ആവർത്തിച്ചു പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. എങ്കിലും ഒരുകാര്യം സഭയുടെ മുൻപിൽ വയ്ക്കണമെന്ന് എനിക്കാഗ്രഹമുണ്ട്. ഇവിടെ ഒരു ഇടതുപക്ഷഗവണ്മെന്റുണ്ടാകാത്തതു കമ്മ്യൂണിസ്റ്റുകാർ മന്ത്രിസഭയിൽ കൂടുതൽ സീറ്റ് ആവശ്യപ്പെട്ടതുകൊണ്ടാണെന്നു മുഖ്യമന്ത്രി ഒരിക്കൽ പ്രഖ്യാപിക്കുകയുണ്ടായി. ഞാനിതുവരെ പറയാതിരുന്ന സന്ദർഭം കിട്ടുമ്പോൾ മാത്രം പറയണമെന്നു കരുതിയിരുന്ന ചില കാര്യങ്ങൾ, ഇതിനെപ്പറ്റി ഞാൻ പറയാൻ പോകുകയാണ്. അതിനു മറുപടി പറയാൻ ഒരവസരം കാത്തുകൊണ്ടിരിക്കുകയായിരുന്നു ഞാൻ. സർ, ശ്രീ. പട്ടം താണുപിള്ള പി. എസ്സ്. പി. നാഷണൽ എക്സിക്യൂട്ടീവിൽ സംബന്ധിക്കുന്നതിനായി മദ്രാസിലേയ്ക്കു പോകുന്ന ദിവസം നടന്ന കൂടിയാലോചനയിൽ, കമ്മ്യൂണിസ്റ്റ് പാർട്ടിയിൽനിന്നും രണ്ടു പേരെയും, ആർ. എസ്സ്. പി. യിൽനിന്നും ഒരാളെയും, പി. എസ്സ്. പി. യിൽ നിന്നു മൂന്നു പേരെയും ചേർത്തു ഒരു മന്ത്രിസഭ രൂപീകരിക്കാനുള്ള നിർദ്ദേശം വയ്ക്കുകയുണ്ടായി. എന്നാൽ ഐക്യമുന്നണിയുടെ പ്രതിനിധിയെന്ന നിലയിൽ സംഭാഷണത്തിൽ ഏർപ്പെട്ടിരുന്ന എനിക്ക് ഇപ്രകാരം ഐക്യമുന്നണിയുടെ മറെറാരു ഘടകമായ കെ. എസ്സ്. പി. ക്കു പ്രാതിനിധ്യം കൊടുക്കാതുള്ള നിർദ്ദേശം അംഗീകരിക്കാൻ സാധ്യമല്ലായിരുന്നു. ഐക്യമുന്നണിയുടെ അസ്തിത്വംതന്നെ ചോദ്യംചെയ്യപ്പെടാനിടയാക്കുന്ന നിർദ്ദേശത്തെ ഞാൻ എതിർക്കുകയുണ്ടായി. അതിനുശേഷം കെ. എസ്സ്. പി. യിലെ ഒരാളെക്കൂടി മന്ത്രിസഭയിൽ ഉൾപ്പെടുത്തി മന്ത്രിസഭ വികസിപ്പിക്കുമെങ്കിൽ ഞങ്ങൾ സഹകരിക്കാൻ തയ്യാറാണെന്നു മറുപടി പറഞ്ഞു. എന്നാൽ, ഈ കാര്യത്തിൽ ഉണ്ടായ അഭിപ്രായവ്യത്യാസംമൂലം പിണങ്ങി

[ശ്രീ. ടി. വി. തോമസ്സ്]

പ്പിരിയുകയാണു ചെയ്തതു്. ഇതാണു് പരമാർത്ഥം. കമ്മ്യൂണിസ്റ്റുകാർ സീററ കൂടുതൽ ചോദിച്ചു എന്നു പറയുന്നതു ഈ വസ്തുതകളുടെയടിസ്ഥാനത്തിൽ ശരിയാണോ? ഞങ്ങളെ വഞ്ചിച്ചുകൊള്ളുക. ജനങ്ങളെ വഞ്ചിച്ചുകൊള്ളുക. അതിനവർ പകരം ചോദിച്ചുകൊള്ളും. ഞങ്ങളെ അപമാനിക്കരുതു്. ഞങ്ങളെ അപമാന്യരാക്കരുതു്. ഞങ്ങളതു പൊറുക്കുകയില്ല. അങ്ങനെയുള്ള അഭിപ്രായവ്യത്യാസം നിമിത്തം കോൺഗ്രസ്സുകാരുടെ പിൻതുണയോടുകൂടി ഒരു ന്യൂനപക്ഷപാർട്ടിയായ പി. എസ്സ്. പി. തെരഞ്ഞെടുപ്പു കാലത്തുണ്ടായ വാഗ്ദാനങ്ങളും പരസ്പരധാരണകളും അവഗണിച്ചുകൊണ്ടു ഭരണം ഏറെറടുക്കുകയാണു ചെയ്തതു്. മാത്രമല്ല, തെരഞ്ഞെടുപ്പു അവസരത്തിൽ സത്യസന്ധതയോടും ആത്മാർത്ഥതയോടുംകൂടി പ്രവർത്തിച്ച ഞങ്ങളെപ്പററി പലവിധത്തിലുള്ള തെററിദ്ധാരണകൾ പൊതുജനങ്ങളുടെയിടയിൽ പ്രചരിപ്പിക്കുകയും ചെയ്തു. സർ, ഇപ്രകാരമുള്ള പി. എസ്സ്. പി. ഗവണ്മെൻറിനോടു ഞങ്ങൾക്കു സഹകരിക്കാൻ ഇന്നത്തെ പരിതസ്ഥിതിയിൽ സാധ്യമല്ല. അതുകൊണ്ടു രാമപുരം മെമ്പർ അവതരിപ്പിച്ചിരിക്കുന്നതും, നേമം മെമ്പറുടെ ഭേദഗതിയോടുകൂടിയതുമായ ഈ പ്രമേയത്തെ ഞങ്ങൾ എതിർക്കുകയാണു ചെയ്യുന്നതു്

ശനിയാഴ്ച നടന്ന വോട്ടിംഗിൻെറ കാൺസ്റ്റിററ്യൂഷനൽ ഇംപ്ലിക്കേഷൻസിനെപ്പററിയൊന്നും ഞാൻ ചർച്ചചെയ്യുവാൻ ഉദ്ദേശിക്കുന്നില്ല. ഇതിൻെറ പിന്നിൽ രാഷ്ട്രീയ ഉദ്ദേശം യാതൊന്നുംതന്നെയില്ലെന്നു പറയുന്നതിൽ വലിയ കഴമ്പൊന്നുമില്ല. ഇവിടെ അവതരിപ്പിച്ച ഗ്രാൻറിനെതിരായി കോൺഗ്രസ്സ് പാർട്ടി നിലകൊണ്ടപ്പോൾ ഞങ്ങൾ നിഷ്പക്ഷരായി നിൽക്കുകയായിരുന്നു ചെയ്തതു്. സ്പീഡറന്മാരെ നിയമിക്കുന്ന രാഷ്ട്രീയത്തിൽ ഞങ്ങൾക്കു താല്പര്യമൊന്നുമില്ല. എന്നാൽ ഇന്നത്തെ പി. എസ്സ്. പി. ഗവണ്മെൻറിൽ ഞങ്ങൾക്കു വിശ്വാസമുണ്ടോ എന്നു ചോദിച്ചാൽ ഇല്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. പി. എസ്സ്. പി. തന്നെ സമ്മതിച്ചിട്ടുണ്ടു് കോൺഗ്രസ് ഗവണ്മെൻറ് ജനക്ഷേമത്തിനെതിരായി ബോധപൂർവം പ്രവർത്തിച്ചുകൊണ്ടിരുന്നുവെന്നു്. ചില കാര്യങ്ങളിൽ പി. എസ്സ്. പി. കോൺഗ്രസ്സിനെക്കാൾ ജനദ്രോഹം ചെയ്യുന്നുണ്ടു്. അതുകൊണ്ടു് പി. എസ്സ്. പി. യും കോൺഗ്രസ്സുംകൂടി ഒന്നിച്ചു തിരോധാനം ചെയ്യണമെന്നാണു് ഞങ്ങൾ ആഗ്രഹിക്കുന്നതു്. വിദ്യാർത്ഥികളുടെ കാര്യത്തെപ്പററിയാണെങ്കിലും, പോലീസിൻെറ ഭീകരമായ നടപടികളെപ്പററിയാണെങ്കിലും, അതുപോലെ മർദ്ദനങ്ങൾ നേരിട്ടതിൽ പരാതപ്പെടുമ്പോൾ സ്വീകരിക്കുന്ന നടപടിയെപ്പററിയാണെങ്കിലും ജനങ്ങൾക്കു അനുകൂലമായ ഒരു നയം സ്വീകരിക്കാത്തകാലത്തോളം ഈ പി. എസ്സ്. പി. ഗവണ്മെൻറിനെ പിൻതാങ്ങുവാൻ ഞങ്ങൾക്കു നിർവ്വാഹമില്ല. സാമാന്യജനങ്ങളുടെ നന്മയ്ക്കു വേണ്ടി പ്രവർത്തിക്കുവാൻ പി. എസ്സ്. പി. ഗവണ്മെൻറ തയ്യാറില്ലാത്തിടത്തോളംകാലം അവരുടെ പേരിൽകൊണ്ടുവന്ന ഒരു വിശ്വാസപ്രമേയത്തെ അനുകൂലിക്കുവാൻ ഞങ്ങൾ തയ്യാറല്ല. ഇവിടെ പാനപാത്രത്തിലെ കൊടുങ്കാററാണു് ഉണ്ടായതു്, അത്ര ഗൗരവതരമായി യാതൊന്നും ഇവിടെ നടന്നിട്ടില്ല. ഗവണ്മെൻറിനെ പറഞ്ഞു മനസ്സിലാക്കുവാൻ കോൺഗ്രസ്സ് പാർട്ടി നേതാവു് ശ്രമിച്ചു. ഉണ്ടെന്നു വിശ്വസിക്കുന്നവരാണു് ഞങ്ങൾ. കഴിഞ്ഞ ശനിയാഴ്ച നടന്ന വോട്ടിംഗ് ഇനയബിൽ അവതരിപ്പിക്കാതിരിക്കാനുള്ള പരിതസ്ഥിതി സൃഷ്ടിക്കാനാണെന്നു ഒരു മന്ത്രി പറഞ്ഞു.

അങ്ങനെ അല്ലെന്നു കാൺഗ്രസ്സ്പാർട്ടി നേതാവും പറഞ്ഞു. അവസാനം രണ്ടു കൂട്ടരും തമ്മിൽ ഒത്തുതീർപ്പുമുണ്ടായി.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട മെംബറും അങ്ങനെ അല്ലെന്നു പറഞ്ഞല്ലോ. പത്രത്തിൽ കണ്ടതാണ്.

ശ്രീ. ടി. വി. തോമസ്: ജനങ്ങളെ കബളിപ്പിക്കുന്നതിനുവേണ്ടിയാണ് മന്ത്രി അപ്രകാരം ഒരു പ്രസ്താവന ചെയ്തതെന്നു ഞാൻ പറഞ്ഞു. കാരണം, പി. എസ്സ്. പി. ഗവൺമെന്റ ഈ ഭൂനയബില്ലുകൾ വെറും അവതരിപ്പിക്കുകമാത്രം എന്ന നയമാണ് സ്വീകരിച്ചിരുന്നതു്. ഈ സ്ഥിതിക്കു പി. എസ്സ്. പി. ക്കു ഇതുപോലും ഒരു പരാതിപറയാനവകാശമേയില്ല. കാൺഗ്രസ്സും പി. എസ്സ്. പി. യും തമ്മിലുണ്ടായ ഒത്തുതീർപ്പിന്റെ ഫലമായി ബില്ലുകൾ സർക്കുലേഷനുവേണ്ടി അയയ്ക്കാമെന്നും സെലക്റ്റ കമ്മിറ്റിക്കയയ്ക്കുകയില്ലെന്നും തീരുമാനിച്ചിരിക്കുകയാണ്.

Shri Panampilli Govinda Menon: I contradict that statement.

ശ്രീ. ടി. വി. തോമസ്: ഞാൻ പറഞ്ഞതിനെയാണോ, ശ്രീ. പനമ്പിള്ളി നിഷേധിക്കുന്നതു? ഞാൻ പറഞ്ഞതിനെ ഞാനല്ലേ നിഷേധിക്കേണ്ടതു്. അതിനെ നിഷേധിക്കുവാൻ ശ്രീ. പനമ്പിള്ളിക്കു എങ്ങനെ കഴിയുമെന്നു എനിക്കു മനസ്സിലാകുന്നില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതല്ല, ഭൂനയബില്ലിനെപ്പറ്റി കാൺഗ്രസ്സും പി. എസ്സ്. പി. യും തമ്മിൽ ഒത്തുതീർപ്പുണ്ടായി എന്നു പറഞ്ഞതിനെയാണു ഞാൻ ഡിനൈ ചെയ്യുന്നതു്. ഞങ്ങൾ തമ്മിൽ അതിനെപ്പറ്റി യാതൊരു ഒത്തുതീർപ്പും ഉണ്ടായിട്ടില്ല.

ശ്രീ. ടി. വി. തോമസ്: സർ, ഞാൻ വലിയ ഒരു നിയമജ്ഞനല്ല. എങ്കിലും അല്പം നിയമം പഠിച്ചിട്ടുണ്ടു്. നിയമത്തിൽ ഒരുകാര്യം പറയുന്നുണ്ടു്. സാക്ഷികൾ കള്ളം പറഞ്ഞേക്കും. രേഖകൾ ചിലപ്പോൾ സത്യം തെളിയിക്കുകയില്ലായിരിക്കാം. എന്നാൽ സാഹചര്യം ഒരിക്കലും കള്ളം പറയുകയില്ല. കാൺഗ്രസ്സുപാർട്ടിക്കു ഭൂനയബില്ല് അവതരിപ്പിക്കുന്നതിൽ എതിരില്ല. അതു പൊതുജനാഭിപ്രായത്തിനായി സർക്കുലേറ്റ ചെയ്യാനാണാവശ്യപ്പെടുന്നതു്. പക്ഷെ, സർക്കുലേറ്റചെയ്തുകഴിഞ്ഞാൽ അതിന്റെ ഫലം എന്താണ്? നശിക്കുക എന്നുള്ളതുതന്നെ. ഇൻഡ്യയിലെ സർവ്വാധിപതിയായി ഭരിക്കുന്ന കേന്ദ്രഗവൺമെന്റ ഇതുപോലെ ഒരു ബില്ല് പാർലമെന്റിൽ അവതരിപ്പിച്ചു സർക്കുലേറ്റചെയ്തു, ഹിന്ദുക്കോഡുബില്ലിൽ ഫലമെന്തായി? ഇതുവരെ ഹിന്ദുക്കോഡുബില്ല് വെളിച്ചംകണ്ടിട്ടില്ല. സർ, ഏതു ബില്ലുകളാണു സർക്കുലേറ്റചെയ്യേണ്ടതു്? മൗലികമായ വിഷയത്തിൽ അഭിപ്രായവ്യത്യാസം ഉണ്ടാകുന്നകാര്യങ്ങൾ ഉൾക്കൊള്ളുന്ന ബില്ലുകളാണു സർക്കുലേറ്റചെയ്യേണ്ടതു്. ഇവിടെ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന ഭൂനയബില്ലുകളുടെ തത്വങ്ങളെപ്പറ്റി പി. എസ്സ്. പി. ക്കാരെക്കാൾ കൂടുതൽ താൽപര്യം കാൺഗ്രസ്സുകാർക്കുണ്ടെന്നു കാൺഗ്രസ്സ് പറയുന്നു. പിന്നെ ഇതെന്തിനു സർക്കുലേറ്റ ചെയ്യുന്നു? എന്തുകൊണ്ടു ഈ ബില്ലുകൾ അവതരിപ്പിച്ചു ഉടൻതന്നെ സെലക്റ്റ കമ്മിറ്റിക്കയയ്ക്കാൻ തയ്യാറാകുന്നില്ല. സെലക്റ്റ് കമ്മിറ്റിക്കു

[ശ്രീ. ടി. വി. തോമസ്സ്]

വേണമെങ്കിൽ പൊതുജനാഭിപ്രായം ആരായുവാനും, അതു രേഖപ്പെടുത്തുവാനും കഴിയുകയില്ലേ? അതു ചെയ്യാതെ ബിൽ അവതരിപ്പിച്ച് സർക്കുലേററു ചെയ്യുന്നതുകൊണ്ട് ഹിന്ദുകോഡുബില്ലിൻെറ ജാതകം ഈ ബില്ലുകൾക്കും കുറിക്കുവാൻ പോകുന്നുവൊന്നുവേണം വിചാരിക്കുവാൻ. ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന കുടിയാൻബില്ലുകൾക്കു ഉള്ളിൽ വലിയ നേട്ടമൊന്നുമില്ല. അതിൽ കുടിയാൻമയുടെ പരിധി നിശ്ചയിച്ചിട്ടുണ്ടെന്നു പറയുന്നു. കള്ളം പറയുന്നതിനും ഒരതിരുവേണം. സർ, ഞാൻ കള്ളം എന്നു പറഞ്ഞതുകൊണ്ടു് ആരും അതിനെ എതിർക്കരുതു്. എൻെറ അഭിപ്രായത്തിൽ അതിൽ യാതൊരു സത്യവുമില്ല.

ശ്രീ. എ. താണുപിള്ള: സർക്കുലേഷനുശേഷം, ഹിന്ദുകോഡുബിൽ നശിച്ചുപോയി എന്നു ബഹുമാനപ്പെട്ട മെംബർ പറഞ്ഞു. വീണ്ടും അതു പാർലമെൻറിൽ വന്നു പാസ്സായില്ലേ?

ശ്രീ. ടി. വി. തോമസ: ഹിന്ദുകോഡുബിൽ പാർലമെൻറിൽ വീണ്ടും വന്നിട്ടില്ല. ആ ബില്ലു വെട്ടിമുറിച്ച് ചില കൈകളും, കാലുകളുമെല്ലാം അവിടെ കൊണ്ടുവന്നു പാസ്സാക്കിയിട്ടുണ്ട് എന്നാണു എൻെറ ഓർമ്മ. എനിക്കു തെററിയെങ്കിൽ തിരുത്താം.

ഏതായാലും എനിക്കു അതിനെപ്പററി പറയുവാനുള്ളതിതാണു്. വിതരണം ചെയ്തിരിക്കുന്ന കുടിയാൻബില്ലുകൾ ഇവിടത്തെ സാമാന്യജനങ്ങളുടെ മൗലികങ്ങളായ വിവിധപ്രശ്നങ്ങൾ സ്പർശിക്കുന്നവയാണ്. ഇത്ര അടിയന്തിരമായ പ്രാധാന്യമുള്ള ബില്ലുകൾ സെലക്ററു കമ്മിററിക്കു അയയ്ക്കുകയാണു വേണ്ടതു്. പൊതുജനാഭിപ്രായം അറിയുന്നതിനും, ആരായുന്നതിനും ഉള്ള അധികാരം സെലക്ററു കമ്മിററിക്കുണ്ട്. സെലക്ററു കമ്മിററി ഈ ചുമതല നിർവഹിച്ചുകൊള്ളും. ഇന്നത്തെ റൂളുകളിൽ സെലക്ററു കമ്മിററിക്കു ആ അധികാരമില്ലെന്നു കണ്ടാൽ 4-ാംതീയതി നാം അംഗീകരിക്കുവാൻപോകുന്ന പുതിയ റൂളുകളിൽ ഈ വ്യവസ്ഥകൂടി ഉൾപ്പെടുത്താവുന്നതാണ്. അങ്ങനെ ഈ ബില്ലുകൾ സെലക്ററു കമ്മിററിക്കു അയയ്ക്കുന്നപക്ഷം ഇവകൊണ്ടു ജനങ്ങൾക്ക് ഉണ്ടാകാനിടയുള്ള പരിമിതമായ നേട്ടങ്ങളെങ്കിലും ഒരുപക്ഷെ കിട്ടിയേയ്ക്കും. അല്ലാതെ ഈ ബില്ലുകൾ സർക്കുലേററു ചെയ്യുന്നമെന്നാണ് വിചാരിക്കുന്നതെങ്കിൽ, ക്ഷമിക്കണം ചാലക്കുടി മെംബർ; പി. എസ്സ്. പി. മുഖ്യമന്ത്രിയും ക്ഷമിക്കണം. ജനങ്ങളെ കബളിപ്പിക്കാൻ വേണ്ടിമാത്രമാണ് ഈ നടപടി സ്വീകരിക്കുന്നതു്.

ഇങ്ങനെ ജനങ്ങളുടെ എല്ലാ ആവശ്യങ്ങളെയും ചവിട്ടിമെതിച്ചുകൊണ്ടു കഴിഞ്ഞ ആറേഴുവർഷങ്ങളായി ഇവിടെ ഭരിച്ചുകൊണ്ടിരുന്ന കാൺഗ്രസ്സിൻെറ നയംതന്നെ തുടർന്നുകൊണ്ടുപോകുന്ന ഈ പി. എസ്സ്. പി. ഗവണ്മെൻറുമായി യാതൊരു വിധത്തിലും സഹകരിക്കുവാൻ ഞങ്ങൾക്കു സാധിക്കുകയില്ല. അതുകൊണ്ടു് രാമപുരം മെംബർ അവതരിപ്പിച്ച ഈ പ്രമേയം ഞങ്ങൾ എല്ലാവരും ഏകകണ്ഠമായി, ഏകാഭിപ്രായത്തോടുകൂടി എതിർക്കുകയാണ്.

ശ്രീ. കെ. ബാലകൃഷ്ണൻ: സർ, വളരെ പ്രാധാന്യമുള്ള ഒരു പ്രമേയമാണ് ഇപ്പോൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. ചരിത്രം സൃഷ്ടിച്ച ഒരു മന്ത്രിസഭ ഇവിടെ ഭരണം നടത്തുകയാണ്. 118 അംഗ

ങ്ങളുള്ള ഈ നിയമസഭയിൽ, അഞ്ച് സ്പീക്കറായിപ്പോയതിനുശേഷം ഒരു മെംബർ ആ പാർട്ടിയിൽ നിന്ന് രാജിവച്ചതോടുകൂടി 17 അംഗങ്ങളുള്ള ഒരു പാർട്ടി ഇന്ന് അധികാരത്തിലിരിക്കുകയാണ്. ആ 17 അംഗങ്ങളെ താങ്ങി നിറുത്തുവാൻ വേണ്ടി പ്രതിപക്ഷത്ത് 46 പേർ ഇരിക്കുന്നുണ്ട്. ഈ രണ്ടു കൂട്ടക്കാരും കൂടി ശ്രമിച്ചിട്ടും മന്ത്രിസഭ നിലനിൽക്കുമോ എന്ന ഭയപ്പാട് ഉണ്ടായതുകൊണ്ട് ഒരംഗം മാത്രമുള്ള ഒരു പാർട്ടിയിലെ അംഗങ്ങളെല്ലാവരും കൂടി ഒരു വിശ്വാസപ്രമേയം ഇവിടെ അവതരിപ്പിച്ചിരിക്കുകയാണ്. ആകെക്കൂടി നോക്കുമ്പോൾ നമ്മുടെ നാട്ടിൽ ചരിത്രം സൃഷ്ടിപ്പ് വളരെ വിപുലമായ തോതിൽ ഇന്നു നടന്നുകൊണ്ടിരിക്കുന്നുവെന്നുവേണം പറയാൻ. മറ്റൊരു ചരിത്രം സൃഷ്ടിപ്പുകൂടി ഇന്നു നടന്നിരിക്കുകയാണ്. സാധാരണയായി നിയമസഭയ്ക്കകത്ത് ഉദ്യോഗസ്ഥാംഗങ്ങളോ അല്ലാത്ത ആളുകളോ വിശ്വാസപ്രമേയം അവതരിപ്പിക്കാറില്ല. ഉദ്യോഗസ്ഥാംഗമല്ലാത്ത ഒരു മെംബർ ഒരു മന്ത്രിസഭയെ നിലനിർത്താൻ വേണ്ടി ഒരു വിശ്വാസപ്രമേയം അവതരിപ്പിക്കുമെന്ന ചരിത്രം സൃഷ്ടിപ്പ് ഇന്നു നടന്നിരിക്കുകയാണ്. ഒരു നിയമസഭയോട് മന്ത്രിസഭയെപ്പറ്റിയുള്ള വിശ്വാസം രേഖപ്പെടുത്തണമെന്നാവശ്യപ്പെടുന്നത്, നിയമസഭാ നടപടികളെപ്പറ്റിയുള്ള എന്റെ ജ്ഞാനം വെച്ചുകൊണ്ട് ഞാൻ പറയുകയാണ്, ഇരിക്കുന്ന മന്ത്രിസഭയിലെ ഒരംഗം ആയിരിക്കണം. അതിനു പകരം ഈ നിയമസഭയ്ക്കകത്തുള്ള ഒരംഗം എഴുന്നേറ്റുനിന്ന് നിങ്ങളിൽ ഞങ്ങൾക്കു വിശ്വാസമുണ്ടെന്ന് പറയുന്നതു സാധാരണഗതിയിൽ ആവശ്യമില്ലാത്ത ഒരേർപ്പാടാണെന്ന് എനിക്കു അഭിപ്രായമുണ്ട്. ഇവിടെ ഭരണകൂടത്തിലിരിക്കുന്ന ഒരു കക്ഷിയുണ്ട്. അവരെ താങ്ങിനിറുത്തുന്ന ഒരു പ്രതിപക്ഷകക്ഷിയുമുണ്ട്. ഇവർക്കു രണ്ടുപേർക്കും, ഒരു വിശ്വാസപ്രമേയം ഇവിടെ അവതരിപ്പിക്കുവാനുള്ള നട്ടെല്ലുറപ്പ് ഉണ്ടാകാത്തതുകൊണ്ടാണെന്ന് ഞാൻ മനസ്സിലാക്കുന്നു. രാമപുരത്തുനിന്ന് സ്വതന്ത്രസ്വതന്ത്രനായി മത്സരിച്ച് അതിലേറെ സ്വതന്ത്രനായി ഇവിടെവന്നു വിഹരിക്കുന്ന ഒരു മെംബർ ഈ രാജ്യത്തിന്റെ ഭരണഭാരം ഇന്നത്തെ മന്ത്രിസഭയിൽ തന്നെ ഏൽപ്പിക്കുക, എന്ന ഗൗരവതരമായ ആ പ്രശ്നത്തെ വളരെ ലാഘവത്തോടുകൂടി കൈകാര്യം ചെയ്തിരിക്കുന്നതു്. അങ്ങനെ ബഹുമാനപ്പെട്ട രാമപുരം മെംബർക്കും ഈ മന്ത്രിസഭയുടെ രാജ്യഭരണ ചരിത്രമെഴുതുമ്പോൾ ഒരു ചരിത്രം സൃഷ്ടിപ്പുനടത്തിയതായി അവകാശപ്പെടാൻ കഴിയും. കഴിഞ്ഞ രണ്ടു ദിവസമായി രാജധാനിയിൽ താമസിക്കുന്ന ആളുകൾക്ക് ഈ വിശ്വാസപ്രമേയവുമായി രാമപുരത്തുള്ള മെംബർ ഈ സഭയിൽ വരുവാനുണ്ടായ സാഹചര്യങ്ങൾ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

കാൺഗ്രസ്സ് ഭാഗത്തുനിന്നും ഒരു ഉപധനാഭ്യർത്ഥന നിരസിച്ചതിനെ തുടർന്ന് മുഖ്യമന്ത്രി രാജിവയ്ക്കുവാൻ പോകുന്നു എന്ന ധാരണ പ്രകടമാക്കിയെങ്കിലും ഈ മന്ത്രിസഭതന്നെ തുടരുവാൻ പ്രതിപക്ഷനേതാവ് സമ്മതിച്ചതു് ഈ മന്ത്രിസഭ തന്നെ നിലനിൽക്കേണ്ടതു് ഞങ്ങളെപ്പോലെതന്നെ കാൺഗ്രസ്സിന്റെയും ആവശ്യമല്ലയോ എന്നുള്ള ആത്മാർത്ഥമായ രോഷം കൊണ്ടായിരിക്കാമെന്നെനിക്കു തോന്നുന്നു. മുഖ്യമന്ത്രി ഒരു വിശ്വാസപ്രമേയം അവതരിപ്പിക്കേണ്ട അത്യാവശ്യമൊന്നും വന്നുചേർന്നിട്ടില്ലെന്നു വിചാരിച്ചു. ഈ മന്ത്രിസഭ രാജിവയ്ക്കേണ്ടിവരുകയാണെങ്കിൽ എവിടെ നിൽക്കണമെന്നും എങ്ങനെ നിൽക്കണമെന്നും നിശ്ചയ

[ശ്രീ. കെ. ബാലകൃഷ്ണൻ]

മില്ലാതെ പ്രതിപക്ഷത്തിന്റെ ആഭാസമായ വേഷം ധരിച്ചുകൊണ്ട് അധികാരത്തിലിരിക്കുന്നവരെ അടിച്ചു മാററുവാൻ രാഷ്ട്രീയക്കസർത്തുകൾ നടത്തി നാട്ടിന്റെ രക്ഷാധികാരികളായി സ്വയം ഭാവിച്ചുകൊണ്ട് വളരെ അന്തസ്സോടുകൂടി നിൽക്കുന്ന എതിർപക്ഷകക്ഷികൾ, അധികാരത്തിലിരിക്കുന്നവർക്കെന്തുകൊണ്ട് ഒരു വിശ്വാസപ്രമേയം അവതരിപ്പിച്ചുകൂടാ എന്നു ഒരു കൊതിയും ഉണ്ടായി. ഇന്ന് പി. എസ്. പി. യും കാൺഗ്രസ്സും യോജിച്ച് രാമപുരത്തുനിന്നുള്ള ഒരു മെമ്പറെ ഈ വിശ്വാസപ്രമേയം അവതരിപ്പിക്കുവാൻ ഒരു ദത്തപുത്രനായി എടുത്തിരിക്കുകയാണ്. നിർഭാഗ്യകരമായ ഒരവസ്ഥയാണ് സർ. എനിക്ക് വാസ്തവത്തിൽ ഇവരോടു സഹതാപം തോന്നുന്നുണ്ട്. ഒരു കക്ഷിയോടല്ല, രണ്ടു കക്ഷികളോടും. ഇന്നത്തെ മന്ത്രിസഭ ഭരണാധികാരത്തിൽ നിന്നു പോകുന്നല്ലോ എന്നുള്ള അങ്കലാപ്പ് ഇടതുപക്ഷത്തിരിക്കുന്നവർക്കും ഇവർ പോയാലോ എന്ന അങ്കലാപ്പ് വലതുവശത്തിരിക്കുന്നവർക്കും ഉണ്ടായതിന്റെ പരിണതഫലമാണ് ഈ വിശ്വാസപ്രമേയം. ചിലപ്പോൾ നാക്കിന്റെ വശക്കേടുകൊണ്ട് സത്യം ആരും പറഞ്ഞുപോകും. ഉപധനാഭ്യർത്ഥന പരാജയപ്പെട്ടതോടുകൂടി ക്ഷോഭവാനായി മുഖ്യമന്ത്രി ഇറങ്ങിപ്പോയപ്പോൾ ഭയപ്പെട്ടുണ്ടായി എന്ന സത്യം ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ പറയുകയുണ്ടായി. പിന്നീട് ഭയപ്പാട് എന്ന വാക്കിനൊരു ടിപ്പണി അദ്ദേഹം പറയുകയുണ്ടായി. ഈ നാട്ടിൽ, ബഹുമാനപ്പെട്ട ചാലക്കുടി മെമ്പർ എത്ര തന്നെ പറഞ്ഞു ഫലിപ്പിക്കാൻ ശ്രമിച്ചാലും അദ്ദേഹത്തെ സംബന്ധിച്ചടത്തോളം ഈ നാട്ടിൽ ഒരു നിർഭാഗ്യമുണ്ട്. ഈ നാട്ടിലെ ജനങ്ങൾക്ക് വിവേകവും വിവരവുമുണ്ട്. ഈ നാട്ടിലെ ജനങ്ങളോട് ഈ രാജ്യത്തിന്റെ താൽപര്യങ്ങളും നാട്ടിന്റെ ഭാവിയും ജനങ്ങളുടെ രക്ഷയും ഈ 46 പേരിലാണിരിക്കുന്നതെന്ന് ദേവലോകത്തുനിന്നും പൊട്ടിവീണ ഏതു ദൈവദൂതികൾ വന്നുവെളിപ്പെടുത്തിയാലും നാട്ടുകാർ അതു വിശ്വസിക്കുമെന്ന് എനിക്കു തോന്നുന്നില്ല. ഇവിടെ ഈ മന്ത്രിസഭ അധികാരത്തിൽ വന്നുകഴിഞ്ഞതിനു ശേഷം ഈ മന്ത്രിസഭയെക്കൊണ്ട് സ്വന്തം പാർട്ടിയുടെ താൽപര്യങ്ങൾ നടപ്പിലാക്കാനുള്ള വേവലാതിയോടൊപ്പംതന്നെ കഴിഞ്ഞ ആറേഴുവർഷക്കാലമായി ന്യായമായും അന്യായമായും അധികാരം കയ്യടക്കിവച്ചുകൊണ്ടിരുന്ന ആ പ്രതിപക്ഷകക്ഷി പല സന്ദർഭങ്ങളിലും ഈ മന്ത്രിസഭയുടെ നേരെ വെല്ലുവിളി നടത്തുകയും കുള്ളിമുള്ളുകൊണ്ടു കുത്തുകയും കൊഞ്ഞനം കാണിക്കുകയും മററും ചെയ്യുന്നതും നാം കാണുന്നു. കുറേക്കാലം ഭരിച്ചവർ എന്നും, പല കാര്യങ്ങളിലും വിജ്ഞരായവർ എന്നും ഭാവിച്ചുകൊണ്ട് എന്റെ വലതുവശത്തിരിക്കുന്ന 46 പേർ ഇവിടെക്കാണിച്ച ഈ നയപരമായ ബുദ്ധിവൈഭവം ഇനിയും മനസ്സിലാക്കേണ്ടതായിട്ടാണിരിക്കുന്നത്. സർ, രണ്ടു കാര്യങ്ങൾ മാത്രം ഞാനിവിടെ ചൂണ്ടിക്കാണിക്കാം. ഇതു രണ്ടാമത്തെ പാനപാത്രത്തിലെ കൊടുങ്കാററാണ്. ഇതിനു മുൻപ് കാൺഗ്രസ്സ്പാർട്ടി നേതാവ് ഈ നാട്ടിലെ തൊഴിലില്ലായ്മ ഉണ്ടാകുന്നതിൽ വേവലാതിപ്പെട്ട്, കഴിഞ്ഞ ആറേഴു വർഷം തൊഴിലില്ലാതെയും കൂലിയില്ലാതെയും ജനങ്ങൾ കഷ്ടപ്പെട്ട സമയത്ത് ഒരു ചെവിരൽ പോലും അനക്കുവാൻ തോന്നാതെ വന്ന അദ്ദേഹം മററാരെങ്കിലും അധികാരത്തിൽ വരുമ്പോൾ മനുഷ്യസ്നേഹവും അനുകമ്പയും ഓടിയെത്തണമെന്ന് ആഗ്രഹിക്കുന്നതുകൊണ്ടായിരിക്കാം തൊഴിലില്ലായ്മ പരി

ഹരിക്കാൻ ഒരു കോടി രൂപാ ബഡ്ജററിൽ നീക്കിവയ്ക്കണമെന്ന ഒരു ഖണ്ഡനോപക്ഷേപം ഇവിടെ അവതരിപ്പിക്കുകയുണ്ടായി. ഉത്തരവാദഭരണം വന്നുകഴിഞ്ഞ് ഒട്ടേറെ നിയമസഭകൾ നടന്നതിനുശേഷവും ഈ സഭയിലും ഇടതുപക്ഷഅംഗങ്ങൾക്ക് കാൺഗ്രസ്സുകാരുമായി യോജിക്കുവാൻ ഇതുവരെ അവസരം കിട്ടിയില്ലെങ്കിലും, ഇദംപ്രഥമമായി തൊഴിലില്ലായ്മ പരിഹരിക്കുവാൻ കാൺഗ്രസ്സുപാർട്ടി നേതാവു തയ്യാറായപ്പോൾ ഇന്നത്തെ മന്ത്രിസഭയുടെ മേൽ സമ്മർദ്ദം ചെലുത്തിയപ്പോൾ, അവരോട് യോജിക്കാമെന്ന ഞങ്ങൾക്കു തോന്നിയതിന്റെ ഫലമായി ആ ഖണ്ഡനോപക്ഷേപത്തെ ഞങ്ങൾ അനുകൂലിക്കുകയാണ് ചെയ്തത്. അതവതരിപ്പിച്ചുകൊണ്ട് അദ്ദേഹം ചെയ്ത പ്രസംഗവും അതിന്റെ അത്യാവശ്യത്തെപ്പററിയുള്ള ഉത്ബോധനവും കേട്ടപ്പോൾ ഞങ്ങളുടെ അല്പബുദ്ധിക്കു കാര്യം ശരിയാണെന്നു തോന്നിപ്പോയി.

ആ ഖണ്ഡനോപക്ഷേപത്തോടൊന്നിച്ച് ഭരണപരമായ കാര്യങ്ങളിൽ സാമാന്യമായി പരിജ്ഞാനമുള്ള ഒരാളിന്റെ ബുദ്ധിവൈഭവം കാണുന്നതോടൊപ്പം എന്നെപ്പോലെയുള്ള നിയമസഭാബാലപാഠക്കാർക്ക് പോലും തോന്നാത്ത ചില കാര്യങ്ങളെപ്പററിയുള്ള അജ്ഞതയും എനിക്ക് കാണ്മാൻ കഴിഞ്ഞു. നിയമസഭാകാര്യങ്ങളിൽ പരമപണ്ഡിതൻ എന്നു സമ്മതിക്കേണ്ട ഒരാൾ ബഡ്ജററിനെപ്പററി പരിശോധിക്കാൻ ഒരു കമ്മിററിയെ വയ്ക്കണമെന്നു പറഞ്ഞു. ഈ വക കാര്യത്തിനുവേണ്ടി ഖണ്ഡനോപക്ഷേപം അവതരിപ്പിച്ചുകഴിഞ്ഞപ്പോൾ എന്റെ ഇടതുവശത്തുനിന്ന് മുഖ്യമന്ത്രി പറഞ്ഞു തൊഴിലില്ലായ്മ ഒരെട്ടുമാസം അങ്ങനെ തുടരട്ടെ, അടുത്ത ബഡ്ജററു വരുമ്പോൾ നമുക്കെല്ലാവർക്കും ഒരുമിച്ചിരുന്ന് ആലോചിച്ച് വേണ്ടതൊക്കെ ചെയ്യാമെന്ന്. ബഡ്ജററു പരിശോധിക്കാനാണെങ്കിൽ ഇപ്പോൾതന്നെ ഒരു എസ്റ്റിമേററ് കമ്മിററിയുണ്ട്. വലതുവശത്തിരിക്കുന്ന നിയമസഭാ കാര്യങ്ങളിൽ പണ്ഡിതനായ കോൺഗ്രസ്സ് പാർട്ടിയുടെ നേതാവിനു ഈവക കാര്യങ്ങൾ അറിഞ്ഞുകൂടായിരുന്നു. സർ, അടുത്ത വർഷത്തിൽ ഒരു ബഡ്ജററു വരുമെന്നും ഈ നിയമസഭയിൽ എസ്റ്റിമേററു കമ്മിററിയുണ്ടെന്നും ബഹുമാനപ്പെട്ട ചാലക്കുടി മെംബർക്ക് അറിഞ്ഞുകൂടായിരുന്നു. അതു രണ്ടും പറഞ്ഞുകഴിഞ്ഞപ്പോൾ തൊഴിലില്ലായ്മയിൽ അദ്ദേഹത്തിനുണ്ടായിരുന്ന ആവേശവും ബഡ്ജററു പരിശോധിക്കാനായി അദ്ദേഹം നിർബ്ബന്ധപൂർവ്വം ഉന്നയിച്ച വാദങ്ങളുമെല്ലാം മുഖ്യമന്ത്രിയുടെ ഉറപ്പിന്മേൽ പിൻവലിക്കാൻ അദ്ദേഹത്തിനു വിഷമം ഉണ്ടായിരുന്നില്ല. ആ സംഭവം കഴിഞ്ഞ് ബഡ്ജററു പാസ്സായി, അപ്രോപ്രിയേഷൻബില്ലും പാസായി; സപ്ലിമെൻററി ഗ്രാൻറിന്റെ പല അയിററംസും പാസായി. അതിനുശേഷം ഈ സർക്കാർ വക്കീലന്മാരെ നിയമിച്ചതു അബദ്ധമായിപ്പോയി എന്നു പറഞ്ഞു. ഹൈക്കോടതിയിൽ പുസ്തകം വാങ്ങിക്കുവാൻ വച്ചിരുന്ന 6000രൂപ ഉൾപ്പെട്ട 1,94,000 രൂപയുടെ ഒരു സപ്ലിമെൻററി ഗ്രാൻറ് വോട്ടുചെയ്തു പരാജയപ്പെടുത്തുക എന്നു പറഞ്ഞാൽ ഒരു സർക്കാർ വക്കീലിന്റെ നിയമനം 1,94,000 രൂപയ്ക്കകത്ത് എങ്ങിനെ അടങ്ങുമെന്നു മനസ്സിലാക്കാൻ എന്റെ നിയമസഭാ പരിജ്ഞാനം പ്രതിബന്ധമായിരിക്കുന്നു. വളരെ ബുദ്ധിമാനും വളരെ പരിണതപ്രജ്ഞനുമായ ആൾക്കു മനസ്സിലാക്കാം. എന്നെപ്പോലെയുള്ള പരിജ്ഞാനം കുറഞ്ഞ ആളുകൾക്കു മനസ്സിലാക്കാൻ വിഷമ

[ശ്രീ. കെ. ബാലകൃഷ്ണൻ]

മായിരിക്കും. ഈ നിയമസഭയ്ക്കകത്ത് ബഡ്ജററ സമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ ബഡ്ജററും അപ്രോപ്രിയേഷൻ ബില്ലും പാസാക്കിക്കൊണ്ടുകൊണ്ട് ഒരു ധനാഭ്യർത്ഥനയുടെ പേരിൽ അതിനെ വാദിക്കാം; ഒരു വാദം ഉന്നയിച്ച് അതിനെപ്പററി സംസാരിക്കാമെന്നല്ലാതെ ആ വാദത്തെ അടിസ്ഥാനപ്പെടുത്തി ചെയ്ത വോട്ടിംഗ് കൊണ്ട് ഗവണ്മെൻറിനെ പരാജയപ്പെടുത്തിയിട്ടുള്ളതിനു ഒരു ഉദാഹരണം ന്യൂനപക്ഷ ഗവണ്മെൻറുകൾ ഭരിച്ചിട്ടുള്ള ചരിത്രത്തിലെ എതെങ്കിലും ഒരു രാജ്യത്തുണ്ടായിട്ടുണ്ടോ എന്നു ഞാൻ നിയമസഭാ കാൺഗ്രസ് പാർട്ടി നേതാവിനെ വെല്ലുവിളിക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ നിയമസഭയിൽ തന്നെ ഉണ്ടായിട്ടുണ്ട്.

ശ്രീ. കെ. ബാലകൃഷ്ണൻ: ബഡ്ജററ സെഷനിൽതന്നെ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഡ്ജററ സെഷനിൽ തന്നെയായിരുന്നു. കെ.ട്ടങ്ങല്ലൂര തമ്പുരാക്കന്മാരുടെ കാര്യമായിരുന്നു

ശ്രീ. കെ. ബാലകൃഷ്ണൻ: ഞാൻ പറഞ്ഞതു് ഒരു ന്യൂനപക്ഷ ഗവണ്മെൻറ അധികാരത്തിൽ ഇരിക്കുന്ന ഒരു സ്ഥലത്തുണ്ടാകുന്ന കാര്യത്തെപ്പററിയാണ്. എന്തായാലും ഗൗരവമേറിയ രാജ്യകാര്യവും ആ രാജ്യസ്നേഹവും എല്ലാം 6000 രൂപയിൽ ഒതുങ്ങിനിൽക്കുന്നതു കാണുമ്പോൾ കാൺഗ്രസ് പാർട്ടി നേതാവിൻെറ രാജ്യതാല്പര്യത്തിൽ ഒരു മതിപ്പും ഞാൻ കാണുന്നില്ല.

സർ, ഈ മന്ത്രിസഭ രാജിവയ്ക്കുമെന്നു പറഞ്ഞപ്പോൾ മന്ത്രിസഭ രാജിവച്ചാൽ ഉണ്ടാകുവാനിടയുള്ള സംഭവവികാസങ്ങളിൽ കാൺഗ്രസ് പാർട്ടിയെ ബാധിക്കുന്ന സംഭവവികാസങ്ങളുണ്ടാകുമെന്നു കരുതി പി. എസ്. പി. യെ രക്ഷിക്കുന്നതിൽ കവിഞ്ഞു്, ആത്മഹത്യയിൽനിന്നു രക്ഷപ്പെടുവാനുള്ള അങ്കലാപ്പിൽകവിഞ്ഞു്, ബഹുമാനപ്പെട്ട ചാലക്കുടി മെംബറുടെ പ്രസംഗത്തിൽ വേറെ ഒന്നും ഞങ്ങൾ കാണുന്നില്ല സർ. തിരുവനന്തപുരം ഹൈക്കോടതിയിൽ ഒരു സക്കാർ വക്കീൽ വേണമോ രണ്ടു സക്കാർ വക്കീൽ വേണമോ എന്നുള്ളതിൽ രാജ്യത്തിനു് ആവശ്യമില്ലാത്ത ഉദ്യോഗങ്ങൾ സൃഷ്ടിക്കുന്ന പാരമ്പര്യത്തെ എതിർക്കതിനാണ് കാൺഗ്രസ്സ് ഉപധനാഭ്യർത്ഥനയെ എതിർത്തതും നിരസിച്ചതും. പക്ഷെ കാൺഗ്രസ്സുകാർ അവരുടെ ചരിത്രത്തിലേയ്ക്കു നോക്കിയാൽ എത്ര പ്രാവശ്യം അവരെ എതിർത്തു് വോട്ടുചെയ്യേണ്ടതുണ്ടാകുമെന്നു ഓർമ്മിക്കുന്നതു് നന്നായിരിക്കുമെന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

സർ, ഞങ്ങൾക്കു് ഇവരോടു് എതിർപ്പുണ്ടു്, അതു് ഉദ്യോഗനിയമനങ്ങളിലല്ല. ഞങ്ങളും അവരുമായി യോജിച്ചു് ഈ നാട്ടിലെ ജനങ്ങൾക്കു് കൊടുത്തിട്ടുള്ള ഉറപ്പിനു് എതിരായ ഒരു നിലപാടു് സ്വീകരിച്ചുകൊണ്ടു്, നാട്ടിലെ ജനങ്ങൾ ആവേശപൂർവ്വം അവരിൽ അർപ്പിച്ച രീതിയിലല്ല ഇവർ ഭരണം മുന്നോട്ടുകൊണ്ടുപോകുന്നതു് എന്നുള്ളതാണ് സർ, ഞങ്ങൾക്കു് അവരോടുള്ള എതിർപ്പു്. മന്ത്രിസഭ രൂപീകരിച്ച കൂടിയാലോചനകളേയും സംഭവവികാസങ്ങളെയും പററി എൻെറ പാർട്ടിയുടെ നേതാക്കന്മാർ സഖാവു് ടി. കെ. ദിവാകരനും, സഖാവു് ടി. വി. തോമസും ഇവിടെ പറഞ്ഞു. ശ്രീ. ടി. വി.

തോമസ് പറഞ്ഞു, കൂടിയാലോചനയുടെ അവസാനഘട്ടത്തിൽ ചില രഹസ്യമായ കാരണങ്ങളാൽ ഇടതുപക്ഷങ്ങളുമായി യോജിക്കുവാൻ നിവൃത്തിയില്ലാതെവന്നതിൽ ഇന്നത്തെ മുഖ്യമന്ത്രി ഖേദം പ്രകടിപ്പിക്കുകയായിരുന്നു എന്നു്. അദ്ദേഹം നിയമസഭാമന്ദിരത്തിൽവച്ചു് ഒരിക്കൽ പറയുകയുണ്ടായി ഇടതുപക്ഷങ്ങളുമായി ഒന്നിച്ചു് മന്ത്രിസഭ രൂപീകരിക്കാമെന്നു ഒരിക്കലും പറഞ്ഞിട്ടില്ലാ എന്നു്. ഞാനുംകൂടി പങ്കെടുത്തിട്ടുള്ള ഒരു കൂടിയാലോചനയിൽ അദ്ദേഹവും കൂടിയിരുന്നു. അതു് ഇടതുപക്ഷങ്ങളുടെ ഒരു കക്ഷിയുണ്ടാക്കണമെന്നും ഐക്യമുന്നണി പി. എസ്സ്. പി. സംയുക്തകക്ഷി എന്നായിരിക്കും ആ കക്ഷിയുടെ പേരെന്നും, ആ കക്ഷിയുടെ പരിപാടികൾ ഐക്യമുന്നണിയുടെ പ്രകടനപത്രികയും പി. എസ്സ്. പി. യുടെ പ്രകടനപത്രികയും അടിസ്ഥാനപ്പെടുത്തിയായിരിക്കുമെന്നും പറഞ്ഞിട്ടുള്ളതു്. ആ കൂടിയാലോചനയിൽവച്ചു് അദ്ദേഹംതന്നെ പറഞ്ഞിട്ടുള്ളതാണു്, മന്ത്രിസഭയിൽ ഐക്യമുന്നണികക്ഷിയിൽനിന്നു മൂന്നുപേരും പി. എസ്സ്. പി. കക്ഷിയിൽനിന്നു മൂന്നുപേരും ഉണ്ടായിരിക്കണമെന്നു്. അന്നു് സഖാവു് തോമസ് പറഞ്ഞ തർക്കം ഒരു തർക്കവിഷയമായിരുന്നില്ല. അന്നും ഇന്നും ഞങ്ങൾ ചില രാഷ്ട്രീയ അടിസ്ഥാനത്തിൽ പി. എസ്സ്. പി. മന്ത്രിസഭയുണ്ടാകുന്ന കാര്യത്തിൽ അനുകൂലികളാണു്. രാജ്യത്തു് പ്രയോജനകരമായ കാര്യങ്ങൾ ചെയ്യുവാൻ ഞങ്ങളുടെ ഇടയിൽനിന്നു് ഒരാൾകൂടി ആ ബഞ്ചിൽ ഇരിക്കേണ്ടതാണെന്നു് ഞങ്ങൾക്കു് അഭിപ്രായമില്ല. ഈ രാജ്യത്തു് അടിയന്തരമായി സ്വീകരിക്കേണ്ട ചില നടപടികൾ സ്വീകരിച്ചാൽ എതു ഗവണ്മെന്റായാലും. പി. എസ്സ്. പി. ഗവണ്മെന്റായാലും, കമ്മ്യൂണിസ്റ്റുകാരുടെ ഗവണ്മെന്റായാലും ആ ഗവണ്മെന്റിനു പരിപൂർണ്ണമായ പിൻതുണ വാഗ്ദാനംചെയ്യുവാൻ തയ്യാറാണു് എന്ന ഒരു രാഷ്ട്രീയനിലപാടാണു് അന്നും ഇന്നും സ്വീകരിച്ചിരിക്കുന്നതു്. കാൺഗ്രസ്സിന്റെ വോട്ടുകൊണ്ടു് ഈ നാട്ടിന്റെ പുരോഗതിക്കുള്ള ചുക്കാൻ പിടിക്കാമെന്നുള്ള വ്യാമോഹം ശ്രീ. താണുപിള്ളയ്ക്കുണ്ടെങ്കിൽ ആ ആഗ്രഹം മിഥ്യയാണെന്നു ഒരു മുന്നറിയിപ്പു് നൽകുകയുണ്ടായി. അദ്ദേഹത്തിനു ഐക്യമുന്നണിയുമായുള്ള ബന്ധത്തിൽ അവരോടു് ഒരു കാലത്തും യോജിക്കുവാൻ നിവൃത്തിയില്ല എന്നു പറയുവാൻ കഴിഞ്ഞതുപോലെ നാലരമാസമായിട്ടുള്ള കാൺഗ്രസ്സു വോട്ടുകൊണ്ടു് എന്തു പറയുവാൻ സാധിച്ചു എന്നു അറിഞ്ഞുകൂടാ. ഈ പ്രസംഗത്തെപ്പറ്റി അദ്ദേഹം പ്രസംഗിക്കുമ്പോൾ ആ കാര്യം പറയുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

ഇന്നു പി. എസ്സ്. പി. ഗവണ്മെന്റിൽ വിശ്വാസം അർപ്പിക്കുന്ന പ്രമേയത്തെ അനുകൂലിക്കുമ്പോൾ യഥാർത്ഥത്തിൽ രാജ്യതാൽപ്പര്യങ്ങൾക്കു് എതിരായി പി. എസ്സ്. പി. ഗവണ്മെന്റു സ്വീകരിച്ചിട്ടുള്ള നിലപാടുകൾ ഞങ്ങളുടെ മനസ്സിൽ ഉണ്ടു്. സർ, വളരെ കാര്യമായി ഇവിടുത്തെ ജനങ്ങൾ ആഗ്രഹിക്കുന്ന ഒരു കാര്യമാണു് ഐക്യകേരളം. അതോടുകൂടി ഭാഷാപ്രവിശ്യയ്ക്കു വേണ്ടിയുള്ള തമിഴരുടെ ഒരു വാദം കൂടിയുണ്ടു്. ഒരു നാട്ടിലെ ജനങ്ങൾ തങ്ങൾക്കു് ഇന്ന ഭരണരീതിയാണു് ആവശ്യമെന്നും ഇന്ന ഭരണരീതിയാണു് തങ്ങൾ സ്വീകരിക്കാൻ പോകുന്നതെന്നും പറയുകയാണെങ്കിൽ അതിനെ തടയുവാൻ ഭൂമുഖത്തുള്ള ഒരു അധികാരശക്തിക്കും സാദ്ധ്യമല്ലെന്നു ലോകചരിത്രം തെളിയിച്ചുകഴിഞ്ഞിട്ടുണ്ടു്. ഈ ഗവണ്മെന്റ ഐക്യകേരളത്തിനു എതിരായിട്ടാണു് അതിർത്തി

[ശ്രീ. കെ. ബാലകൃഷ്ണൻ]

നിർണ്ണയക്കമ്മീഷൻ വന്നപ്പോൾ അവരുടെ മുമ്പിൽ തെളിവു കൊടുത്തിട്ടുള്ളതു്. തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറിനു് കേന്ദ്രത്തിൽനിന്നു കിട്ടേണ്ട സഹായങ്ങൾ മുഴുവനും കിട്ടിയിട്ടില്ലാ എന്നും അതു് കിട്ടുന്നതിനു ആവശ്യമായ നില സ്വീകരിക്കണമെന്നും, കേന്ദ്രത്തിനു ഈ രാജ്യത്തേയും ഈ രാജ്യത്തെ സമ്പത്തിനേയും അടിയറവച്ചു് ഈ രാജ്യത്തെ ചൂഷണം ചെയ്തുകൊണ്ടുപോകാൻ കാൺഗ്രസ്സുഗവണ്മെൻറിനെ ഒരിക്കലും സമ്മതിക്കാൻ പാടില്ലെന്നും സ്വതസിദ്ധമായ ശൈലിയിൽ ഇന്നത്തെ മുഖ്യമന്ത്രിയായിരിക്കുന്ന പട്ടം താണുപിള്ള ഈ നിയമസഭയിൽവച്ചു് പറയുകയുണ്ടായി. ശ്രീ. താണുപിള്ള ഭരണഭാരം ഏറെറടുക്കുകയാണെങ്കിൽ നാട്ടിൻെറ അഭിമാനം സംരക്ഷിക്കുന്നതിനുവേണ്ടി കേന്ദ്രഗവണ്മെൻറിൻെറ മുൻപിൽചെന്നു നട്ടെല്ലുറപ്പോടെ വാദിച്ചു് നമുക്കുവേണ്ട ആനുകൂല്യങ്ങൾ വാങ്ങിക്കുമെന്നു വിശ്വസിച്ചിരുന്ന ഒരാളാണു് ഞാൻ.

പക്ഷെ അദ്ദേഹത്തിൻെറ ഇന്നത്തെ നിലയാകട്ടെ, അദ്ദേഹത്തിനു പിൻതുണ വാഗ്ദാനം ചെയ്യുന്ന ആളുകൾ എന്തെങ്കിലും പറയുമ്പോൾ സ്വന്തം നട്ടെല്ലിനെ മറന്നു് പണ്ടു ആരോ പറഞ്ഞതുപോലെ സംഘിപ്പിനെ കാണുമ്പോൾ കവാത്തു മറക്കുന്ന സ്വഭാവമാണു്. ഞാൻ അദ്ദേഹത്തോടു പറയുന്നതു് ഇതു് രാജ്യത്തിൻെറ താൽപ്പര്യത്തിനു അപകടമാണെന്നാണു്. സഖാവു് തോമസ്സു് സെക്രട്ടറിയേററിൻെറ മുൻപിൽ നടത്തുന്ന പ്രകടനങ്ങളെപ്പററി പറഞ്ഞിട്ടുള്ളതുകൊണ്ടു് ഞാൻ പ്രത്യേകിച്ചൊന്നും പറയുന്നില്ല. കാളേജുയൂനിയൻ അനുവദിക്കണമെന്നു് പറഞ്ഞ വിദ്യാർത്ഥികളെ യൂണിവേഴ്സിററിയിൽ പഠിക്കുകയേ വേണ്ടാ എന്നു പറഞ്ഞയച്ച യൂണിവേഴ്സിററി ഒരു യൂണിവേഴ്സിററിയാണോയെന്നു ഞാൻ ചോദിക്കുന്നു. നമ്മുടെ രാജ്യത്തെ ഭാവി പൗരന്മാരായ വിദ്യാർത്ഥികൾ യാതൊരു സൗജന്യവും അർഹിക്കാത്ത രീതിയിലാണു് അദ്ദേഹം ഇന്നു് ഇതിനെ വീക്ഷിച്ചുകൊണ്ടിരിക്കുന്നതു്. ഇവിടത്തെ യൂനിവേഴ്സിററിയേയും അതിലെ നടപടികളെയുംകുറിച്ചു ശ്രീ. മുണ്ടശ്ശേരി ഈ നിയമസഭയിൽത്തന്നെ പല പ്രാവശ്യവും പറഞ്ഞിട്ടുണ്ടു്. ഈ യൂണിവേഴ്സിററിയുടെ കാര്യത്തിൽ യാതൊരു ഗ്രാൻറും അനുവദിക്കേണ്ട ആവശ്യമല്ല, അവർക്കു് യാതൊരു പൊതു പരിപാടിയും ഇല്ല, കാളേജു യൂനിയൻ വേണമെന്നു പ്രക്ഷോഭണം നടത്തിയ വിദ്യാർത്ഥികളെ കാളേജിൽ പഠിക്കുകയേ വേണ്ടായെന്നു പറഞ്ഞതു് ശരിയായില്ല, എന്നെല്ലാം പറഞ്ഞു. സർ, ഞാൻ ഇവിടെ പറയുന്നതു് വിഷമംകൊണ്ടാണു്. അദ്ദേഹം അധികാരം ഏറെറടുത്തപ്പോൾ ഇവിടത്തെ രാഷ്ട്രീയതടവുകാരുടെ മോചനത്തിനുവേണ്ടി ഒരു കമ്മിററിയെ നിയമിക്കുവാൻ പോകുന്നുവെന്നു പറഞ്ഞു. പക്ഷെ, ഡൽഹിവരെ ഒരിക്കൽ വിമാനത്തിൽ പോയിട്ടു് തിരികെ വിമാനത്തിൽ വന്നു ഇറങ്ങിയിട്ടു് അദ്ദേഹം പറഞ്ഞതു് അതിനെപ്പററി ആലോചിക്കുന്നില്ലെന്നാണു്. പത്രപ്രതിനിധികളോടു അദ്ദേഹം പ്രസ്താവിച്ചതു് രാഷ്ട്രീയപരിഗണനകൾ വച്ചുകൊണ്ടു് ആർക്കും ഉദ്യോഗം നൽകുവാൻ പോകുന്നില്ലെന്നാണു്. മലയാററൂർ രാമകൃഷ്ണൻ ആയാലും വൈകുണ്ഠം പരമേശ്വരൻ ആയാലും ആ മാതിരി പരിഗണനകൾ വച്ചുകൊണ്ടു് യാതൊന്നും പ്രവർത്തിക്കുവാൻ പോകുന്നില്ലെന്നു പറഞ്ഞു. പക്ഷെ, ഇപ്പോൾ പറയുകയാണു് ഈ കാര്യങ്ങളൊന്നും പരിഗണിക്കാതെ യാതൊന്നും ചെയ്യുവാൻ സാദ്ധ്യമല്ലെന്നു്. ഞങ്ങൾ ആദ്യം വിചാരിച്ചതുപോലെ നട്ടെല്ലു നിവർന്നു

പ്രവർത്തിക്കാനുള്ള തന്റേടം അദ്ദേഹത്തിനുണ്ടാകുമെന്നുള്ള പ്രതീക്ഷപോലും ഇപ്പോൾ ഞങ്ങൾക്കില്ല. ഇങ്ങനെ കൈ പൊക്കുന്ന 46 പേരുടെ താല്പര്യത്തിനുവേണ്ടി സ്വന്തം താൽപര്യത്തെ നശിപ്പിക്കാൻ തയ്യാറുള്ളപ്പോൾ അദ്ദേഹത്തിനു പിന്തുണ നൽകുവാനുള്ള ഈ പ്രമേയത്തെ എതിർക്കാതിരിക്കുവാൻ ഞങ്ങൾക്കു സാദ്ധ്യമല്ല. കൃപലാനി പറഞ്ഞിട്ടുണ്ടു്, ഇങ്ങനെയുള്ള പ്രത്യ സന്ധിഘട്ടം വരികയാണെങ്കിൽ ഞങ്ങൾ അദ്ദേഹത്തെ രാജിവയ്ക്കുവാൻ ഉപദേശിക്കുമെന്നു്. ആ വാക്കു ഇങ്ങനെ പറയുവാൻ അങ്കലാപ്പുണ്ടു്. അവർ പോകാൻ പറയുകയുമില്ല ഇവർ പോകാൻ തയാറുമില്ല. ഇതിനനുകൂലമായി അവർ ഇരിക്കാനും അവരെ ഇരുത്താനും, കുത്താനും കോൺഗ്രസ്സുകാർ തയ്യാറാണു്. അതിനു വേണ്ട കളമൊരുക്കുന്ന തത്രത്തിലാണു് ശ്രീ. ചാഴികാട്ടിന്റെ പ്രമേയം. അതിനു അദ്ദേഹത്തിനു കഴിയുമെങ്കിലും അങ്ങനെ ഞങ്ങൾക്കു് അനുവദിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടാണു് ഞങ്ങൾ അതിനെ എതിർക്കുന്നതു്. ഭൂനയബിൽ അവതരിപ്പിക്കാതിരിക്കുവാനുള്ള ഒരു അടവാണു് കോൺഗ്രസ്സ് പാർട്ടിനേതാവിന്റെ അടവെന്നു് മന്ത്രി മി. പി. കെ. കുഞ്ഞു് പറയുകയുണ്ടായി. സർ, ഇത്തരം സന്ദർഭത്തിൽ സാധാരണ മനുഷ്യർക്കു് കാണാത്ത ധൈര്യമായിട്ടുള്ള ഈ പ്രസ്താവനയിൽ ഞാൻ അദ്ദേഹത്തെ രഹസ്യമായി അനുമോദിക്കുന്നു.

സർ, ഭൂനയബിൽ ഇവിടെ വരുന്നതു് നല്ലതുതന്നെയാണു്. ഭൂമിദാഹം വളർന്നുവരുന്ന ഒരു ജനതയുടെ അഭിലാഷങ്ങളെ മാനിക്കാതിരിക്കുവാൻ ആർക്കും കഴിയുകയില്ല. അങ്ങനെയുള്ള കാര്യങ്ങൾ വരുമ്പോൾ ഒരു ഉമ്മാക്കി കാണിച്ചുകൊണ്ടു് പിന്തുണ വാഗ്ദാനം ചെയ്യുന്ന ഒരു രീതിയെയാണു് ഞങ്ങൾ അപലപിക്കുന്നതു്. ഭൂനയബിൽ ജനങ്ങളുടെ മുമ്പിൽ വച്ചിട്ടുള്ള അടിസ്ഥാനത്തിൽ വരികയാണെങ്കിൽ ഞങ്ങളുടെ പാർട്ടി സംപൂർണ്ണമായ പിന്തുണ നൽകുമായിരുന്നു. പക്ഷെ, ആ രീതിയിലല്ല അതു് ഇവിടെ വരാൻ പോകുന്നതു്. മാത്രമല്ല, ഇത്ര നിസ്സാരമായ ഒരു കാര്യത്തെ സംബന്ധിച്ചു് ഒരു അവിശ്വാസപ്രമേയം അല്ലെങ്കിൽ വിശ്വാസപ്രമേയം ഈ രാജ്യത്തെ എന്നല്ല ഒരു നിയമസഭയിലെയും ചരിത്രത്തിലുണ്ടായിട്ടില്ല. അതിനാൽ ഞാൻ ഈ പ്രമേയത്തെ സർവ്വശക്തികളും ഉപയോഗിച്ചു എതിർത്തുകൊള്ളുന്നു.

ശ്രീ. കെ. കൃഷ്ണപിള്ള: സർ, അതിമോഹത്തിന്റെ പേരിൽ അധികാരത്തിന്റെ കല്യാണസൗഗന്ധികം കയ്ക്കലാക്കുവാൻ ഗദയുമേന്തി ചാടിപ്പുറപ്പെട്ടിട്ടു് മാർഗ്ഗമദ്ധ്യേ കിടന്ന മൂത്ത കുരങ്ങിന്റെ വാലിന്റെ തുമ്പിലെ നാലഞ്ചു രോമംപോലും ഒന്നുമേന്തും ഇളക്കുവാൻ തരപ്പെടാതെ ഇളിഭ്യനായി ഗദയും കുത്തി വിയർത്തൊലിച്ചു നില്ക്കുന്ന ഭീമസേനനായ ഐക്യമുന്നണിനേതാവിന്റെയും, അദ്ദേഹത്തിന്റെ കൊച്ചനുജൻ ശ്രീ. എം. പി. മേനോന്റെയും പ്രസംഗങ്ങൾ ഞാൻ സശ്രദ്ധം കേട്ടുകൊണ്ടിരിക്കയായിരുന്നു. ആലപ്പുഴമെമ്പറും അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന പാർട്ടിയും ഇന്നു അംഗീകരിച്ചിട്ടുള്ള പ്രവർത്തനവിധങ്ങൾ നേരാംവണ്ണം മനസ്സിലാക്കുന്ന ഒരാൾക്കു് ആ വക ആരോപണങ്ങൾക്കു് മറുപടിയായി വല്ലതും ഒന്നും പറയേണ്ട ആവശ്യമുണ്ടാവില്ല. അധികാരം മോഹിച്ചു് അതു കിട്ടാതെ വരുമ്പോൾ ആശ നിരാശയായി മാറും. നിരാശ പലപ്പോഴും വൈരാഗ്യമായി കലാശിക്കുകയും ചെയ്യും. അത്തരം

[ശ്രീ. കെ. കൃഷ്ണപിള്ള]

വൈരാഗ്യത്തിന്റെ പേരിൽ സ്ഥാനത്തും അസ്ഥാനത്തും എതിർപ്പിനുവേണ്ടി എതിർക്കുക എന്നൊരു പരിപാടി പലരും പലപ്പോഴും സ്വീകരിക്കുക സഹജമാണ്. നിരാശാജന്യമായ അത്തരം വൈരാഗ്യത്തിന്റെ പേരിൽ നടന്ന എതിർപ്പാണ് ഈ സഭയുടെ പരിഗണനയ്ക്കു വിധേയമായിരിക്കുന്ന വിശ്വാസപ്രമേയത്തിന്റെനേരെയും ഇന്നിവിടെ നടത്തിയ ഉൽക്രിയാട്ടങ്ങൾക്കും പ്രഹസനങ്ങൾക്കും അടിസ്ഥാനം. പ്രജാ സോഷ്യലിസ്റ്റുപാർട്ടി തങ്ങളോടുള്ള കരാറ ലംഘിച്ചു എന്നും തങ്ങളെ വഞ്ചിച്ചു എന്നും ദ്രോഹിച്ചു എന്നുമെററും തട്ടിമൂളിക്കുന്ന ഐക്യമുന്നണി നേതാവിനോടും അദ്ദേഹത്തിന്റെ പാർട്ടിയോടും എനിക്കു ചോദിക്കുവാനുള്ളതു് ഐക്യമുന്നണിതറവാട്ടിലെ മൂത്ത അനന്തിരവനായിരുന്ന ആർ. എസ്സ്. പി. ഇന്നു് എവിടെയാണെന്നാണ്. ഇന്നത്തെ പത്രങ്ങളിൽ വളരെ വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്, ഐക്യമുന്നണിതറവാടലെ ശേഷിക്കുന്ന ഏക അനന്തിരവനായ കെ. എസ്സ്. പി.യും ഭൂനയബില്ലിനെ സംബന്ധിച്ച് കാരണവരായ കമ്മ്യൂണിസ്റ്റുപാർട്ടിയുമായുള്ള അഭിപ്രായവ്യത്യാസത്തിന്റെ പേരിൽ താമസിയാതെ ഓഹരി വാങ്ങിപിരിയാൻ തീരുമാനിച്ചിരിക്കുകയാണെന്നു്.

ശ്രീ. എം. പി. മേനോൻ: ഒരു ചോദ്യം.................

ശ്രീ. കെ. കൃഷ്ണപിള്ള: ചോദ്യം ഒന്നും വേണ്ടാ. ഇന്നത്തെ പത്രങ്ങളിൽ കണ്ടതാണ്. സർ, രാഷ്ട്രീയമായ പകപോക്കലിനുവേണ്ടി പ്രജാസോഷ്യലിസ്റ്റുപാർട്ടിയുടെയും, ഗവണ്മെന്റിന്റെയും മുഖത്തു കരിതേക്കുവാനുള്ള ദുരുപദിഷ്ടമായ ഒരു വ്യഥാശ്രമമാണ് ഐക്യമുന്നണിബഞ്ചുകളിൽനിന്നും കാൺഗ്രസ്സുബഞ്ചുകളിൽനിന്നും ഇന്നിവിടെ നടന്നതു്. ഈ സന്ദർഭത്തിൽ എനിക്കു മലയാളത്തിലെ ഒരു സുപ്രസിദ്ധ ഫലിതസാഹിത്യകാരനായ ഈ. വി. കൃഷ്ണപിള്ളയുടെ ഒരു നാടകമാണ് ഓർമ്മ വരുന്നതു്. വിസ്മൃതി എന്നാണ് സർ ആ നാടകത്തിന്റെ പേരു്. ആകസ്മികമായി അനുഭവിക്കേണ്ടിവന്ന ഒരു ആഘാതംനിമിത്തം ഒരു ചെറുപ്പക്കാരൻ അയാളുടെ അതുവരെയുള്ള ജീവിതസംഭവങ്ങൾ അപ്പാടെ മറന്നുപോകുന്നതാണ് ആ നാടകത്തിന്റെ ഹേതു. കാൺഗ്രസ്സുബഞ്ചുകളിൽനിന്നും ഐക്യമുന്നണിബഞ്ചുകളിൽനിന്നും ഇന്നു പൊന്തിവന്ന വിമർശനങ്ങളും ഈ കഥയാണ് എന്നെ ഓർമ്മിപ്പിച്ചതു്.

ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ: കാൺഗ്രസ്സുബഞ്ചിൽനിന്നും ഒരൊററ പ്രസംഗംമാത്രമെ ഉണ്ടായുള്ളു. പ്രസംഗങ്ങൾ ഉണ്ടായില്ല.

ശ്രീ. കെ. കൃഷ്ണപിള്ള: എന്തിനധികം, ഒന്നു മതിയല്ലൊ. കയ്യിലിരുന്ന അധികാരം നഷ്ടപ്പെട്ട ആഘാതം ഒരു കൂട്ടർക്ക്, അധികാരം കിട്ടാത്ത മനോവെപ്രാളം മറെറാരു കൂട്ടർക്ക്. രണ്ടു കൂട്ടരും ഒപ്പം അവരവരുടെ ഭൂതകാലചരിത്രങ്ങൾ ഒന്നാകെ മറന്നുകൊണ്ടു അധികാരത്തിൽ പ്രവേശിച്ച പാർട്ടിയെ വിമർശിക്കുകയായി. വിസ്മൃതി അല്ലെങ്കിൽ പിന്നെന്താണു സർ ഇതു്? ഏതായാലും കഴിഞ്ഞ ദിവസങ്ങളിലും ഇന്നും ഇവിടെയുണ്ടായ വിമർശനങ്ങൾ ഇതാണു സൂചിപ്പിക്കുന്നതു്. ഇവിടെ പ്രജാസോഷ്യലിസ്റ്റുപാർട്ടി അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ നാലരമാസക്കാലമായി ഈ സഭയ്ക്കകത്തും പുറത്തും ഉണ്ടായിട്ടുള്ള നിരൂപണങ്ങൾ എന്റെ അഭിപ്രായത്തെ ശരിവയ്ക്കുകയാണ്.

Shri Panampilli Govinda Menon: Sir, is it relevant for a member to refer to debates which happened earlier? I think the debates which take place are the subject matter of the controversy.

Mr. Speaker: The hon. Member will concentrate on relevant matters.

ശ്രീ. കെ. കൃഷ്ണപിള്ള: ഭൂതകാലചരിത്രം വിസ്മരിച്ചുകൊണ്ടു എതിർപ്പിനുവേണ്ടി എതിർക്കുക എന്ന മനോഭാവമാണ് സർ, ഇവർ പ്രകടമാക്കുന്നതു്. അതിനാലാണ് ഞാൻ ഇത്രയും പറയേണ്ടി വന്നതു്. ഈ രാജ്യത്തു് അധികാരത്തിൽ തുടരുവാൻ കോൺഗ്രസ്സിനു് നിവൃത്തിയില്ലാതെവന്ന ഒരു സന്ദർഭത്തിൽ, കോൺഗ്രസ്സിനു ഈ രാജ്യത്തു നിൽക്കക്കള്ളിയില്ലാതെ വന്ന ഒരു സന്ദർഭത്തിൽ, ഗതികേടിന്റെ പേരിൽ കോൺഗ്രസ്സിനു അധികാരം വച്ചൊഴിഞ്ഞുപോകേണ്ടിവന്നു. അങ്ങനെ ഒഴിഞ്ഞുപോയതിനുശേഷം മററു യാതൊരു പോംവഴിയുമില്ലാഞ്ഞിട്ടു പ്രജാസോഷ്യലിസ്ററപാർട്ടി ഗവണ്മെന്റിനു് പിന്തുണ നൽകാമെന്നു അവർ വാഗ്ദാനം ചെയ്തതാണ്. അല്ലാതെ പ്രജാസോഷ്യലിസ്ററപാർട്ടി ആരിൽനിന്നും സഹായസഹകരണങ്ങൾ ആവശ്യപ്പെട്ടില്ല, ആവശ്യപ്പെടാൻ ഉദ്ദേശിക്കുന്നുമില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഹീയർ, ഹീയർ.

ശ്രീ. കെ. കൃഷ്ണപിള്ള: ഇതുകൊണ്ടു സ്ഥാനത്തും അസ്ഥാനത്തും ഉമ്മാക്കി കാണിച്ചു് പ്രജാസോഷ്യലിസ്ററപാർട്ടിയെയോ, അതിന്റെ ഗവണ്മെന്റിനെയോ ഭീഷണിപ്പെടുത്താമെന്നു ആരെങ്കിലും ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ അതിവിടെ ചെലവാകുകയില്ലെന്നാണ് എനിക്കു പറയുവാനുള്ളതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഹീയർ, ഹീയർ.

ശ്രീ. എൻ. രാഘവക്കുറുപ്പ്: സർ, പ്രസംഗിക്കാതെ അധികനേരം എഴുന്നേററുനിന്നു് സമയം നഷ്ടപ്പെടുത്തുന്നതു ശരിയാണോ?

മി. സ്പീക്കർ: പ്രസംഗം നിറുത്താതെ തുടർന്നു പ്രസംഗിക്കേണ്ടതാണ്.

ശ്രീ. കെ. കൃഷ്ണപിള്ള: സർ, മെംബറുടേയും, കൂട്ടരുടേയും പൊട്ടിച്ചിരികൊണ്ടാണ് ഞാൻ പ്രസംഗം നിറുത്തിയതു്. കാററുകഴിഞ്ഞാകാം മഴ എന്നു കരുതി. കോൺഗ്രസ്സ് അധികാരം വച്ചൊഴിഞ്ഞപ്പോൾ അപ്രതീക്ഷിതങ്ങളായ സംഭവവികാസങ്ങളാണ് ഈ രാജ്യത്തുണ്ടായതു്. പ്രജാസോഷ്യലിസ്ററപാർട്ടി അധികാരത്തിൽ വരേണ്ടതു് ഈ രാജ്യത്തിന്റേയും, രാജ്യവാസികളുടേയും ചരിത്രപരമായ ഒരാവശ്യമായിരുന്നു. രാജ്യതാല്പര്യത്തിനു അത്തരം ഒരു പരിവർത്തനം അനിവാര്യം ആയിരുന്നു. അഡ്മിനിസ്ട്രേററർഭരണമോ, ഭരണഘടനാപരമായ സ്തംഭനാവസ്ഥകളോ വരാതെ കഴിക്കാനുള്ള മഹത്തായ ഒരു സംരംഭത്തിലാണ് പ്രജാസോഷ്യലിസ്ററപാർട്ടി അധികാരം ഏറെറടുക്കുവാൻ തയാറായതും, അതിനിടയായതും. ഇന്നും അത്തരം ഒരു പ്രതിസന്ധിഘട്ടത്തെയാണ് നമ്മുടെരാജ്യം അഭിമുഖീകരിക്കുന്നതു്. അതിനെ ഒഴിവാക്കുവാൻ ഈ രാജ്യത്തെയും, രാജ്യവാസികളേയും സ്നേഹിക്കുന്ന, രാജ്യവാസികളോടുത്തര

[ശ്രീ. കെ. കൃഷ്ണപിള്ള]

വാദിത്വമുള്ള എല്ലാ രാഷ്ട്രീയകക്ഷികളും കടമപ്പെട്ടവരാണ്. അക്കാരണംകൊണ്ടാണ് ബഹുമാനപ്പെട്ട രാമപുരംമെംബർ ഇന്ന് ഈ സഭാസമക്ഷം അവതരിപ്പിച്ചിരിക്കുന്നതും, ഇന്നത്തെ മന്ത്രിസഭയിൽ പരിപൂർണ്ണമായ വിശ്വാസം രേഖപ്പെടുത്തുന്നതുമായ പ്രമേയത്തെ അനുകൂലിക്കണമെന്ന്, രാജ്യനന്മയുടെ പേരിൽ, രാജ്യവാസികളുടെ പേരിൽ ഞാൻ ബഹുമാനപ്പെട്ട ഈ സഭയോട് അഭ്യർത്ഥിക്കുന്നതു്. രാഷ്ട്രീയമായ അഭിപ്രായവ്യത്യാസങ്ങളേക്കാൾ, തെരഞ്ഞെടുപ്പുകാലത്തെ കടിപ്പുകളേക്കാൾ, രാജ്യനന്മയ്ക്കു പ്രാധാന്യം കല്പിക്കണമെന്നും ആ അടിസ്ഥാനത്തിൽ ഈ പ്രമേയത്തെ അനുകൂലിക്കണമെന്നും അപേക്ഷിച്ചുകൊണ്ട് ഞാൻ ഈ ചെറുപ്രസംഗം അവസാനിപ്പിക്കുകയായി.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: സർ, ബഹുമാനപ്പെട്ട രാമപുരം മെമ്പർ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ എതിർക്കുന്നു. കഴിഞ്ഞ ദിവസം ഇവിടെ ഉണ്ടായ സംഭവത്തിനു അത്രയും ഗൗരവം കല്പിക്കാനില്ലെന്നു ആ സംഭവവികാസങ്ങൾക്കു ഉത്തരവാദപ്പെട്ട രണ്ടുകക്ഷികളും ഇവിടെ പ്രസ്താവിച്ചു. ഞങ്ങളും യഥാർത്ഥത്തിൽ അത്ര ഗൗരവമുള്ള ഒരു കാര്യമായി അതിനെ കണക്കാക്കിയില്ല. ആ കാരണത്താൽ തന്നെയാണ് ഇന്നു ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ ഞങ്ങൾ അന്നു നിഷ്പക്ഷനില അവലംബിച്ചതു്. പക്ഷെ ഇന്നു കാലത്തുമുതൽ ആ കാര്യത്തിന്റെ പേരിൽ ഒരു പ്രഹസനം ഇവിടെ നടക്കുകയാണ്. അതിന്റെ അവസാനത്തെ രംഗം ഇപ്പോൾ കണ്ടതേയുള്ളു. അപ്രതീക്ഷിതമായിട്ട് ഈ മന്ത്രിസഭയിൽ പൂർണ്ണവിശ്വാസം രേഖപ്പെടുത്തുന്ന ഒരു പ്രമേയമാണ് സഭയുടെ മുമ്പിൽ ഉള്ളതു്. പൂർണ്ണവിശ്വാസം രേഖപ്പെടുത്തുക എന്നതു വളരെ ഗാഢമായി ആലോചിച്ച് ചെയ്യേണ്ട ഒരു കാര്യമാണ്. ഏതെങ്കിലും, ഒരു ഉപധനാഭ്യർത്ഥന തള്ളിക്കളഞ്ഞതിനെച്ചൊല്ലിയുള്ള ഒരു ചർച്ചയല്ല ഇപ്പോൾ നടക്കുന്നതു്. മന്ത്രിസഭയിൽ പരിപൂർണ്ണമായ വിശ്വാസം രേഖപ്പെടുത്താനാണ് ഈ പ്രമേയം മൂലം ആവശ്യപ്പെടുന്നതു്. ഇങ്ങനെ ഒരു പ്രമേയം അവതരിപ്പിച്ചാൽ ഞങ്ങൾ എങ്ങിനെ പെരുമാറണമെന്നുള്ളതിനെപ്പറ്റി കഴിഞ്ഞകൊല്ലത്തിൽ വെറും ശ്രീ. താണുപിള്ളയായ അന്ന ഇന്നത്തെ മുഖ്യമന്ത്രി നിർദ്ദേശം നൽകിയിട്ടുണ്ടു്. അതു വായിക്കാം.

" . . . . We would be inclined to support. But those conditions are not available here and I am sorry I cannot support . . "

വളരെ അർത്ഥവത്തായ ഒരു പ്രസ്താവനയാണതു്. അന്ന് അദ്ദേഹം ബോധപൂർവ്വം ചെയ്തിട്ടുള്ള ഒരു പ്രസ്താവനയാണ് ഇതെന്നാണ് ഞാൻ വിചാരിക്കുന്നതു്. നിശ്ചയമായും ഉത്തരവാദപ്പെട്ട ഒരു ഭരണാധികാരി ഏതെങ്കിലും കക്ഷിയിലെ മെമ്പറന്മാരോട് സഹകരണം ആവശ്യപ്പെടുമ്പോൾ ആ കക്ഷി ജനങ്ങളുടെ പേരിൽ എന്തെല്ലാം നയപരിപാടികൾക്കു വേണ്ടി നിലകൊള്ളുന്നുണ്ടോ ആ നയപരിപാടികൾക്ക് ഒരുറപ്പുകൊടുത്തല്ലാതെ അവരുടെ സഹകരണം ആവശ്യപ്പെടുന്നതിൽ അർത്ഥമില്ല. അതു മനസ്സിലാക്കിക്കൊണ്ടാണ് അന്ന് അദ്ദേഹം കാൺഗ്രസിനോടു അപ്രകാരം പ്രസ്താവിച്ചതു്. ഇന്നദ്ദേഹമല്ല നേരിട്ട് സഹകരണം ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വാദിക്കയില്ലെന്നു തോന്നുന്നു. ശ്രീ. ചാഴിക്കാടൻ അവതരിപ്പിച്ച പ്രമേയം തന്റേതിനു തുല്യമായി കണക്കാക്കി ഈ സഭ എന്തുനിലയെടു

താലും അതു സ്വീകരിക്കാമെന്നു പറഞ്ഞിട്ടുള്ള സ്ഥിതിക്ക് അദ്ദേഹം മുമ്പു ചെയ്ത പ്രസ്താവനയനുസരിച്ച് നയപരിപാടികൾ ഈ സഭയുടെ മുമ്പിൽ വയ്ക്കേണ്ടതാണ്. അങ്ങിനെയാണെങ്കിൽ ഈ സഭയിൽ ജനകീയതാൽപ്പര്യങ്ങൾക്കു വേണ്ടി നിലകൊള്ളുന്ന എല്ലാകക്ഷികൾക്കും അദ്ദേഹത്തോടു സഹകരിക്കേണ്ടകാര്യം ആലോചിക്കേണ്ടിവരും. അങ്ങിനെ പറയത്തക്ക നയപരിപാടികൾ ഒന്നും അദ്ദേഹം അവതരിപ്പിച്ചിട്ടില്ല. കഴിഞ്ഞ പത്തിരുപതുദിവസത്തെ നടപടികളിൽ നിന്നും അങ്ങിനെ ഒരുനയം സ്വീകരിച്ചിട്ടുണ്ടെന്നു ബോദ്ധ്യം വന്നിട്ടില്ല. അതു ഖേദകരമായ ഒരു പരമാർത്ഥമാണ്. ദിവാൻജിമാരുടെ കാലത്തുണ്ടായിരുന്ന കൗൺസിലിന്റെ നിലവാരത്തിൽ നിന്നും ഇവിടെയുള്ള നിയമസഭകൾ ഉയർന്നിട്ടില്ലെന്നു ഈ നിയമസഭയിലും ഇതിനുമുമ്പുണ്ടായിരുന്ന നിയമസഭയിലും കുറെക്കാലം ഞാൻ പങ്കെടുത്തതിന്റെ ഫലമായി എനിക്കു പറയാൻ കഴിയും. ദിവാൻജിമാർ ഭരിച്ചിരുന്നകാലത്തു ജനപ്രതിനിധികൾ പ്രാദേശികകാര്യങ്ങൾ ഉന്നയിച്ച് ഏറക്കുറെ ഭിക്ഷാംദേഹിയുടെ മനോഭാവത്തോടുകൂടി ദിവാൻജിയുടെ മുമ്പിൽ കേഴുകയാണ് ചെയ്തിരുന്നത്. അവർ എത്ര ഉച്ചത്തിൽ പ്രസംഗിച്ചാലും ഞാൻ മുമ്പുപറഞ്ഞ നിലയിൽത്തന്നെയാണ് ദിവാൻജിമാർ അവരുടെ അഭ്യർത്ഥന കൈക്കൊണ്ടിരുന്നത്. ഇന്നു ഇവിടെവന്നിട്ടും ഇതിനുമുമ്പുണ്ടായിരുന്ന നിയമസഭയിൽ സംബന്ധിച്ചിരുന്നിട്ടും നിയമസഭ ആ നിലവാരത്തിൽ നിന്നും ഉയർന്നതായി എനിക്ക് മനസ്സിലായിട്ടില്ല. പ്രാദേശികകാര്യങ്ങൾക്കുവേണ്ടി താഴ്മയായി, വിനീതമായി, ഭയഭക്ത്യാദരങ്ങളോടുകൂടി നിവേദനങ്ങൾ സമർപ്പിക്കാനുള്ള സൗകര്യമേ ഇന്നും ലഭിച്ചിട്ടുള്ളുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ ഭരണഘടനകൊണ്ടു് നിയമസഭാമെമ്പറന്മാർക്കുണ്ടാകേണ്ട രാഷ്ട്രീയമായ വളർച്ചയെ നൂറു ശതമാനവും നിഷേധിച്ചുകൊണ്ടല്ലാതെ ഈ നിയമസഭ ഇന്നുവരെ പ്രവർത്തിച്ചിട്ടില്ലെന്നാണ് എന്റെ ബോധം. അതു് ചോദ്യങ്ങളിൽ മാത്രമല്ല, ഉത്തരങ്ങളിലും തെളിഞ്ഞുകാണാൻ കഴിയും. ജനപ്രതിനിധികളാണ് ചോദ്യങ്ങൾ ചോദിക്കുന്നതെന്നും, ഒരു ജനാധിപത്യവാദിയായ ഭരണാധികാരിയാണ് ഉത്തരങ്ങൾ പറയുന്നതെന്നും ജനങ്ങൾ വിചാരിക്കത്തക്കരീതിയിലല്ല ഇവിടെ നടന്നിട്ടുള്ള ചോദ്യോത്തരങ്ങൾ. എല്ലാം പര്യാലോചിക്കാം, വേണ്ടപോലെ ചെയ്യും, നല്ലകാര്യങ്ങൾ ചെയ്യാൻ സന്നദ്ധരാണ്, രാജ്യതാൽപ്പര്യങ്ങൾ നോക്കി ചെയ്യും, ഇങ്ങനെയൊക്കെയുള്ള മറുപടികളാണ് ജനപ്രതിനിധികൾക്ക് മന്ത്രിമാർ നൽകുന്നത്. അവിടം വിട്ട് പൊതുക്കാര്യങ്ങളെപ്പററി ചോദിച്ചാൽ, പൊതുനയങ്ങളെപ്പററി വല്ലവരും വല്ലചോദ്യവും ചോദിച്ചാൽ, നിശ്ചയമായും ഭാവം മാറും. ഇതിനു പല ഉദാഹരണങ്ങളും നൽകാൻകഴിയും. രാഷ്ട്രീയമായ കാര്യങ്ങളെപ്പററി രണ്ടോ മൂന്നോ പ്രാവശ്യം വാഗ്വാദം ഉണ്ടായി. രാഷ്ട്രീയത്തെ പുല്ലുപോലെ വലിച്ചെറിഞ്ഞുള്ള ഉത്തരമാണ് കിട്ടിയത്. ഈ രാജ്യത്തോടു് ചുമതലയുള്ളവനാണ് ഈ രാജ്യത്തെ മുഖ്യമന്ത്രിയെന്നുള്ള വസ്തുത തന്നെ വിസ്മൃതമായിക്കണ്ടു. രാഷ്ട്രീയം രാഷ്ട്രീയം എന്നുള്ളതു് വെറും വിപ്ലവത്തിന്റെ പര്യായമായി കരുതാവുന്നതാണോ എന്ന് ഞാൻ ചോദിക്കുന്നു. അതുപോലെതന്നെ പല പൊതുക്കാര്യങ്ങളെ സംബന്ധിച്ചും മുഖ്യമന്ത്രിയിൽ നിന്നും അദ്ദേഹത്തിന്റെ സഹമന്ത്രിമാരിൽ നിന്നും കിട്ടിയിട്ടുള്ള ഉത്തരങ്ങൾ ഒട്ടും തൃപ്തികരമായി തോന്നിയില്ല. ആഡിററ

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

റിപ്പോർട്ടിനെതിരായിപ്പോലും ഉത്തരങ്ങളുണ്ടായി. പോലീസിനെ സംബന്ധിച്ച് മുഖ്യമന്ത്രി നൽകിയിട്ടുള്ള പ്രസ്താവനകൾ ആകെക്കൂടിവച്ചു് നോക്കിയാൽ എനിക്ക് തോന്നുന്നതു് ഇപ്രകാരമാണ്. ഈ നാട്ടിലെ ജനങ്ങളുടെ സൈക്കോളജിക്ക് പരിവർത്തനം വന്നല്ലാതെ പോലീസ് നന്നാവുകയില്ല. ഞാൻ ഒരു രാഷ്ട്രീയനേതാവിന്റെ നിലയിൽ പറയുകയല്ല, ജനാധിപത്യാടിസ്ഥാനത്തിൽ ചിന്തിച്ചു പറയുകയാണ് ചെയ്യുന്നതു്. ആന്തരം ഒരു സമീപനം തെറ്റാണ്. ഈ രാജ്യത്തെ ജനങ്ങളുടെ സൈക്കോളജി മാറുന്നതുവരെ പോലീസിന്റെ സൈക്കോളജി മാറേണ്ടെന്നു ഉത്തരവാദപ്പെട്ട ഒരു മന്ത്രി പറയുന്നതു് പ്രതിഷേധാർഹമാണ്. ഇതു പ്രത്യേകിച്ചും ചൂണ്ടിക്കാണിക്കുന്നതിനുള്ള കാരണം പോലീസിനെപ്പറ്റി പറയുമ്പോഴും, മർദ്ദനമെന്നു പറയുമ്പോഴും, അതു കേൾക്കുമ്പോൾ അദ്ദേഹവും അദ്ദേഹത്തിന്റെ സഹമന്ത്രിമാരും ക്ഷോഭിക്കുന്നു എന്നുള്ളതാണ്. പോലീസ് അങ്ങനെയൊക്കെ ചെയ്യും, കുറെയൊക്കെ ശരിയും കുറെയൊക്കെ തെറ്റുമാകും, എല്ലാം ശരിപ്പെടുത്താൻ പറഞ്ഞിട്ടുമുണ്ടു്; എന്നൊക്കെയാണു പറയുന്നതു്. പ്രായോഗികമായി ചിന്തിച്ചാൽ ഇക്കാര്യത്തിൽ കുറെയൊക്കെ വിഷമമുണ്ടെന്നു ഞാനും സമ്മതിക്കാം. എന്നാൽ ഇവിടെ ഒരു ഭരണഘടനയുണ്ടു്. ആ ഭരണഘടനയുടെ അടിസ്ഥാനത്തിൽ പ്രായപൂർത്തിയുള്ളവർക്കെല്ലാം പൗരത്വമുണ്ടു്. ആ നിലക്ക് 5 രൂപയിൽ കൂടുതൽ നികുതികൊടുക്കുന്ന ആളുകളുടെ സംരക്ഷണത്തിനു വേണ്ടിമാത്രമാണ് പോലീസെന്നുള്ള പഴയധാരണക്കിനി സ്ഥാനമില്ല. ഈ രാജ്യത്തെ എല്ലാപൗരന്മാരുടേയും ജീവനും സ്വത്തും രക്ഷിക്കാൻ പോലീസിനു ചുമതലയുണ്ടെന്നു മനസ്സിലാക്കണം. ആ വാസ്തവം സ്മരിക്കാതെ മുഖ്യമന്ത്രി ഉത്തരം പറയുന്നതു് വളരെ ദൌർഭാഗ്യകരമാണ്. പോലീസിനെ ഉപയോഗപ്പെടുത്തുന്ന കാര്യത്തിൽ ഈ മന്ത്രിസഭയ്ക്കു ഒരു സ്പഷ്ടമായ നയമില്ല. ഇനി പൊതുഭരണം നോക്കുക. ദിവാൻജിമാരുടെ കാലത്തു് നടന്നിരുന്ന രീതിയിൽനിന്നും വ്യത്യസ്തമല്ല ഇന്നത്തെ ഭരണരീതി. ഉദ്യോഗസംബന്ധമായി കശപിശകൾ സൃഷ്ടിക്കുന്ന ഭരണമേ ഇവിടെയുള്ളു. എത്ര പറഞ്ഞാലും അതിൽ ഒരു മാറ്റവും വരുത്തുന്നില്ല. ഇങ്ങിനെയെല്ലാമിരിക്കുമ്പോൾ ഏതടിസ്ഥാനത്തിലാണ് സഹകരണം ആവശ്യപ്പെടുന്നതെന്നു് മനസ്സിലാക്കാൻ കഴിയുന്നില്ല.

" Lay down specific conditions for Co-operation and we are ready to consider "

ഞങ്ങൾക്കു പറയാനുള്ളതു് അതാണ്. ഈ രാജ്യത്തിന്റെ താൽപ്പര്യം ഉന്നിക്കൊണ്ടു് പ്രജാസോഷ്യലിസ്റ്റ് പാർട്ടിയുടെ വീക്ഷണഗതിയോടുകൂടി താഴെ പറയുന്ന അടിസ്ഥാനത്തിൽ രാജ്യംഭരിക്കാൻ പോകുകയാണെന്നു പറയട്ടെ. അങ്ങിനെയുള്ള ഒരടിസ്ഥാനത്തിൽ ഈ നിയമസഭയിലെ മെമ്പറന്മാരുടെ സഹകരണം ആവശ്യപ്പെട്ടാൽ ഒരു പക്ഷേ സഹകരണത്തെക്കുറിച്ചാലോചിക്കാൻ കഴിയും. ഇവിടെ ആകെക്കൂടി ഒന്നു വരാൻ പോകുന്നതു ഭൂനയമാണ്. എന്തൊരു കൊട്ടുംകാറ്റാണ് അതുണ്ടാക്കിയതു്. അതിനകത്തു് ഒരു ചുക്കുമില്ല. എങ്കിലും വേണ്ടുകില്ല. ആറനോറ്റ് ഒരു ഭൂനയമുണ്ടാക്കി സഭയിൽവച്ചു് മെമ്പറന്മാർക്കു അതിനെപ്പറ്റി ചിന്തിക്കാനുള്ള അവസരം കിട്ടുമെങ്കിൽ കൊള്ളാം.

പക്ഷേ അതുണ്ടോ ഉണ്ടാകുന്നു. ഭൂനയബില്ലിനെ പ്രേതം ബാധിച്ചുവെന്നാണ് കേൾവി. അവതരിപ്പിക്കുമെന്ന് പറഞ്ഞിട്ടേ ഉള്ളൂ. അപ്പോഴേയ്ക്കും അസുഖകരമായ ഒരന്തരീക്ഷം ഇവിടെ ഉണ്ടായി എന്നു എല്ലാവർക്കും അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഭൂനയബിൽ അവതരിപ്പിച്ച് കഴിയുന്നതും വേഗത്തിൽ അത് നടപ്പിൽ വരത്തക്കവണ്ണം സെലക്ട് കമ്മിറ്റിക്ക് റഫർചെയ്ത് അടുത്ത സെഷനിൽ റിപ്പോർട്ടുവരുത്തി, ബിൽ പാസ്സാക്കി എടുക്കണമെന്ന് ഈ നിയമസഭയ്ക്ക് ആത്മാർത്ഥമായ ഉദ്ദേശമുണ്ടോ എന്നു ഞാൻ ചോദിക്കുന്നു? അങ്ങിനെയുണ്ടെങ്കിൽ അതൊരു പ്രസ്താവനകൊണ്ട് വിശദമാക്കണം. അതിനെ ഒരു നയമായി ഞങ്ങൾ കൈക്കൊള്ളാം. ഈ രാജ്യത്തെ സർവ്വാംശം ബാധിക്കുന്ന ഒരു പ്രശ്നമാണത്. ഈ രാജ്യത്തു ഭൂരിപക്ഷമാളുകളും കൈകാര്യം ചെയ്യുന്ന വ്യവസായം കൃഷിയാണ്. അങ്ങിനെയുള്ള കൃഷികാര്യത്തിൽ കൂടുതലാളുകൾക്ക ജോലി കിട്ടത്തക്കവണ്ണവും ആളുകളുടെ ക്രയശക്തി വർദ്ധിപ്പിക്കത്തക്കവണ്ണവും കൃഷി കാര്യക്ഷമമായി നടത്തത്തക്കവണ്ണവുമുള്ള ഒരു നയപരിപാടിയാണ് ഉദ്ദേശിക്കുന്നതെങ്കിൽ അതിന്റെ പേരിൽ സഹകരണം ആവശ്യപ്പെടുക. എങ്കിൽ ഏതു പുരോഗമനപരമായ കക്ഷിക്കും സഹകരണം നൽകാൻ കഴിയും. പക്ഷേ അങ്ങിനെ നടപ്പിലാക്കാൻ പോകുന്നു എന്നു പറഞ്ഞിട്ടില്ല. ശ്രീ. പി. കെ. കുഞ്ഞ് സ്വന്തം അടിസ്ഥാനത്തിൽ പറഞ്ഞു ഭൂനയബില്ലിൽ തങ്ങൾക്ക പ്രത്യേകമായ കൗതുകമുണ്ടെന്നും അതിനെ എതിർക്കുന്ന ഒരു പരിപാടിയാണ് കോൺഗ്രസ്സിന്റേതെന്നും അദ്ദേഹം വ്യക്തമാക്കി. എന്തൊക്കെയാണ് ഈ രഹസ്യരാഷ്ട്രീയം? ഏതായാലും ഇവർ തമ്മിൽ നടക്കുന്ന സമരഭീഷണികൊണ്ട് ഇന്നാട്ടിലെ മൊത്തം നേരും നെറിയുമുള്ള കൃഷിക്കാരും തൊഴിലാളികളുമൊക്കെ പട്ടിണികിടക്കണമെന്നുള്ള ഒരു നിലവന്നാൽ സഹിച്ചിരിക്കാൻ വിഷമമാണ്. നയപരിപാടികൾ വ്യക്തമായി വയ്ക്കാതെ ജനങ്ങളെ കളിപ്പിച്ച് കാര്യങ്ങൾ നടത്തുന്ന ഈ തിരുമാലിരാഷ്ട്രീയം കോൺഗ്രസ്സിനായാലും പ്രജാസോഷ്യലിസ്റ്റ് പാർട്ടിക്കായാലും നന്നല്ല, പ്രായോഗികവുമല്ല. ഈ രാജ്യത്തു പണിയെടുത്തു ജീവിക്കുന്ന മനുഷ്യർ ബുദ്ധിയുള്ളവരാണ്. അവരെ അനാദരിച്ചുകൊണ്ട്, അവരെ കബളിപ്പിച്ചുകൊണ്ട് നിങ്ങൾക്ക ഭരിക്കാൻ സാദ്ധ്യമല്ല. ഈ രാജ്യത്തുള്ള എല്ലാതരം അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്ക് അനുകൂലമായ ഒരു വീക്ഷണഗതി ഈ ഗവണ്മെന്റു കൈക്കൊണ്ടിട്ടില്ലെന്നുള്ളത് ഇക്കഴിഞ്ഞ ദിവസങ്ങളിലെ എല്ലാ പ്രസ്താവനകളിൽനിന്നും വെളിവായിട്ടുണ്ട്. തൊഴിലാളികൾക്ക് അനുകൂലനിയമങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെന്നെല്ലാം പറയും. അഡ്ജുഡിക്കേഷൻ അനുവദിക്കുന്നുണ്ട്, അനുകൂലമായ തീരുമാനങ്ങൾ ഉണ്ടാകുന്നുണ്ട് എന്നൊക്കെ പറയും. എന്നാൽ തൊഴിലാളികളുടെ കാര്യത്തിൽ പ്രകടമായി ഇന്നയിന്നകാര്യങ്ങൾ ചെയ്യുമെന്ന് ഇന്നുവരെ ഉറപ്പുപറഞ്ഞു കണ്ടില്ല. ഒന്നിനെപ്പറ്റിയും ഒരു വ്യവസ്ഥയില്ലാത്ത നിലയാണ്. പ്രസ്താവനകളും, പ്രമേയങ്ങളും വാഗ്ദാനങ്ങളുമാണ്, നോക്കുന്നേടത്തൊക്കെ കുറെ ദിവസങ്ങൾക്ക മുമ്പ് എന്റെ സ്നേഹിതൻ ചാലക്കുടിമെമ്പർ രാജപ്രമുഖന്റെ പ്രസംഗത്തിൽ ഇന്നായിന്ന വാഗ്ദാനങ്ങൾ ചെയ്തിരുന്നിട്ട് ഈ മന്ത്രിസഭ എന്തുകൊണ്ട് ആ വാഗ്ദാനങ്ങൾ നിറവേറ്റിയില്ലെന്ന് ഒരു യജമാനൻ കാര്യസ്ഥനോട് ചോദിക്കുന്നതുപോലെ തട്ടിക്കേറുന്നതു കണ്ടു. എത്രയോ തവണ തിരുമേനിയെക്കൊണ്ട് ഘോരഘോര വാഗ്ദാനങ്ങൾ ചെയ്യിച്ചു

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

പിൻമാറിയിട്ടുള്ള ഒരു മുൻമന്ത്രിയാണു് എന്റെ സ്നേഹിതൻ. ഒരൊററ വാഗ്ദാനമെങ്കിലും നിറവേററിയിട്ടുണ്ടോ എന്നാണു് ഞാൻ ചോദിക്കുന്നതു്. സംയോജനത്തിനുശേഷം രാജപ്രമുഖന്റെ പ്രസംഗത്തിൽ ചെയ്തിട്ടുള്ള എല്ലാ വാഗ്ദാനങ്ങളും, ടി. കെ. മന്ത്രിസഭ തുടങ്ങി ഇക്കഴിഞ്ഞകാലം വരെ ഇരുന്നിട്ടുള്ള എല്ലാ മന്ത്രിസഭകളും ലംഘിച്ചിട്ടുണ്ടു്. അങ്ങിനെ ലംഘിച്ചുകൂട്ടത്തിലുള്ള ഒരാളാണു് ആ കാര്യം പറഞ്ഞു് ഈ മന്ത്രിസഭയുടെ മേൽ കുററപത്രം തയ്യാറാക്കിയതു്. ഇവക്കും നിങ്ങളുടെ പാരമ്പര്യമേ ഉള്ളൂ സർ. നിങ്ങൾ, രാജപ്രമുഖന്റെ പ്രസംഗത്തിൽ ചെയ്തിട്ടുള്ള വാഗ്ദാനങ്ങൾ ചവുട്ടിമെതിച്ച പാരമ്പര്യം അതുപോലെ തന്നെ ഇപ്പോൾ നിങ്ങളുടെ പാർശ്വസ്ഥന്മാരും പുലർത്തുന്നു. നിങ്ങൾ തമ്മിൽ ഇന്നു വഴക്കാണെങ്കിൽ മൂന്നുനാലുദിവസം കഴിയുമ്പോൾ മൂഷികസ്ത്രീ പിന്നെയും മൂഷികസ്ത്രീയാകും. ശനിയാഴ്ച കഴിഞ്ഞു് തിങ്കളാഴ്ച വന്നപ്പോൾ കാര്യങ്ങൾ 'തക്കിടതരികിട'യായില്ലേ? ഈ 'തക്കിടതരികിട' രാഷ്ട്രീയത്തിൽ നേരും നെറിയും ഉള്ള ജനപ്രതിനിധികൾക്കു സഹകരിക്കാൻ സാദ്ധ്യമല്ല. വാഗ്ദാനങ്ങളും പ്രമേയങ്ങളും കേട്ടു കേട്ടു മടുത്തു. ഈ കപടകേളിക്കൊരു അവതിവരുത്തണം എന്നു ഞാൻ ഇരു കക്ഷികളേയും ഓർമ്മിപ്പിച്ചുകൊള്ളട്ടെ.

സാധാരണക്കാരായ ജനങ്ങളുടെ താല്പര്യങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി അവരുടെ പ്രതിനിധികളായിട്ടു ഇവിടെ വന്നിട്ടുള്ള എല്ലാവരോടും ഈ ഗവമ്മെൻറിനു വളരെ പുച്ഛമാണു്. ഞങ്ങൾ അക്രമത്തിന്റെ കൂട്ടാളികളാണെന്നാണു് മുഖ്യമന്ത്രിയുടെ പക്ഷം. ഉന്നയിക്കുന്ന കാര്യങ്ങൾ യുക്തിക്ഷമമാണോ എന്നു നോക്കാതെ ഈ കാർക്കിച്ചു തുപ്പുന്ന സമ്പ്രദായം ജനാധിപത്യത്തിനു യോജിച്ചതാണോ, സർ. ഈ മനോഭാവം വെച്ചുകൊണ്ടു് നിങ്ങളോടു സഹകരിക്കണം എന്നു പറയുന്നതിന്റെ അർത്ഥം? ഈ കമ്മ്യൂണിസ്ററും, കെ. എസ്സ്. പി. യും, സ്വതന്ത്രന്മാരുമൊക്കെ വെറും വിപ്ലവകാരികളോ ഉത്തരവാദിത്വമില്ലാത്തവരോ അല്ല. നാട്ടുകാരെ പ്രതിനിധീകരിച്ചുകൊണ്ടു് അവരുടെ കാര്യങ്ങൾക്കുവേണ്ടി ചെയ്യാവുന്നതെല്ലാം ചെയ്യും എന്നുള്ള ഉറപ്പുകൊടുത്തു വന്നിട്ടുള്ളവരാണു് ഈ ഭാഗത്തിരിക്കുന്നവർ. അവരുടെ കാര്യങ്ങൾ നിർവ്വഹിച്ചല്ലാതെ അങ്ങോട്ടു പോകാൻ പാടില്ല എന്നുള്ള മനസ്ഥിതിക്കാരാണു് ഞങ്ങൾ. നാട്ടുകാരോടു യാതൊരുത്തരവാദിത്വവുമില്ലാതെ അവരുടെ ആവശ്യങ്ങൾ നിർവ്വഹിക്കാതെ തിരഞ്ഞെടുപ്പുവരുമ്പോൾ പണവും പത്രാസും പിർപ്പിടിയും കൊണ്ടു് വോട്ടു സമ്പാദിക്കാം എന്നു് വിശ്വസിക്കുന്നവർ ഈ സഭയിലുണ്ടാകാം. ഞങ്ങളുടെ കയ്യിൽ പണമില്ല; ഞങ്ങൾക്കു പത്രാസുമില്ല; ഞങ്ങളെ ഏല്പിച്ചിരിക്കുന്ന കാര്യങ്ങൾ എങ്ങിനെ ഒക്കെ ചെയ്തു എന്നു് തിരിയെ ചെല്ലുമ്പോൾ നാട്ടുകാരെ ധരിപ്പിക്കണം. ആ ഒരൊററ ബലമേ ഞങ്ങൾക്കുള്ളൂ. അതിനെച്ചൊല്ലി ഞങ്ങൾ സംസാരിക്കുമ്പോൾ ഞങ്ങൾ ഉത്തരവാദിത്വമില്ലാതെ പ്രവർത്തിക്കുന്ന കക്ഷികളാണെന്നു മുഖ്യമന്ത്രിയും സഹമന്ത്രിമാരും ധരിക്കുന്നതു വിചിത്രമാണു്. ഇങ്ങനെ നാട്ടുകാരുടെ പ്രതിനിധികളായി വന്നിട്ടുള്ളവരോടു അവജ്ഞയോടും ധിക്കാരത്തോടും പെരുമാറുന്ന നിങ്ങളോടെങ്ങനെ സഹകരിക്കും? ഈ രാജ്യത്തെ ജനങ്ങളുടെ അവശതകൾക്കു് പരിഹാരമുണ്ടാക്കാൻ കൂട്ടാക്കാത്ത ഇവിടത്തെ ഒളിച്ചുകളി രാഷ്ട്രീയത്തെ പ്രോത്സാഹിപ്പിക്കാൻ ഞങ്ങൾക്കു് സാദ്ധ്യമല്ല. സഹകരണം വേണമോ? ഇന്ന ഇന്ന കാര്യങ്ങൾ ചെയ്യാൻ തയ്യാ

ഗാണ് എന്നു വ്യക്തമാക്കണം. തൊഴിലാളികളെ സംബന്ധിച്ചും അദ്ധ്യാപകന്മാരെ സംബന്ധിച്ചും എൻ. ജി. ഒ. മാരെ സംബന്ധിച്ചും കർഷകരെ സംബന്ധിച്ചും വ്യവസായങ്ങളെ സംബന്ധിച്ചും എന്നു വേണ്ട അങ്ങിനെയുള്ള ഓരോ പ്രധാന കാര്യങ്ങളെ സംബന്ധിച്ചും ഇന്നയിന്ന വ്യവസ്ഥകളിന്മേൽ പുരോഗമനപരമായി പ്രവർത്തിക്കും എന്നു വ്യക്തമാക്കണം. അങ്ങിനെ വ്യക്തമാക്കുന്നപക്ഷം ഞങ്ങളുടെ സഹകരണം നൽകുന്ന കാര്യത്തെപ്പററി പരിചിന്തനം ചെയ്യുന്നതാണ്. ഇന്നുള്ള ഭരണഘടനയുടെ കീഴിൽ വലിയ പരിഷ്കാരങ്ങൾ സാദ്ധ്യമല്ലായിരിക്കാം. എന്നാലും അതിനു വിധേയമായി എന്തൊക്കെ ചെയ്യാനൊരുക്കം ഉണ്ടെന്നു എണ്ണിയെണ്ണിപ്പറയണം. ഞങ്ങൾക്കും അറിയാം എന്തൊക്കെ ചെയ്യാം എന്നു്. അങ്ങിനെയൊന്നും പറയാതെ 'വളവള' വാഗ്ദാനങ്ങളിന്മേൽ വിശ്വാസം രേഖപ്പെടുത്താൻ ഞങ്ങളാളല്ല.

ഈ നിയമസഭയിൽ ഈ കഴിഞ്ഞ ദിവസങ്ങളിൽ ഒക്കെ സഹകരണസംഘങ്ങളെക്കുറിച്ച് ധനകാര്യമന്ത്രി പി. എസ്. നടരാജപിള്ള ഒരു പാടു പ്രസംഗിച്ചു. ചെറുകിട വ്യവസായങ്ങളെ ഉദ്ധരിച്ചും പട്ടിണി മാററാനുള്ള പദ്ധതിയാണ് സഹകരണമെന്ന് അദ്ദേഹം പറയുന്നു. സഹകരണസംഘങ്ങൾവഴി കാര്യങ്ങൾ എങ്ങിനെ നിർവഹിക്കാം എന്നും നിയമപരമായിട്ടും ശാസ്ത്രീയമായിട്ടും ഏതേതു വ്യവസ്ഥയിൽ പ്രവർത്തിക്കാം എന്നും ഉള്ളതിനെ സംബന്ധിച്ചു അദ്ദേഹം ഒന്നും കാര്യമായിപ്പറഞ്ഞില്ല. എങ്ങിനെ ഇന്നാട്ടിലെ അദ്ധ്വാനിക്കുന്ന ജനവിഭാഗത്തെ സഹകരണപ്രസ്ഥാനംകൊണ്ടു് ഉദ്ധരിക്കാൻ സാധിക്കും എന്നു ഞാൻ ചോദിക്കുന്നു. അതേപ്പററി അദ്ദേഹം പഠിച്ചോ കാര്യവിവരത്തോടുകൂടിയോ ആണ് സംസാരിച്ചതെന്നു എനിക്കു തോന്നിയില്ല. സഹകരണസംഘങ്ങളുടെ പാരമ്പര്യം അറിയാവുന്ന എനിക്ക്, അതേ സംബന്ധിച്ചു ഔദ്യോഗികമായിത്തന്നെ ചിലതറിയാവുന്ന എനിക്ക് ഈ പറഞ്ഞതൊക്കെ കള്ളമാണെന്നു ഞാൻ പറയുന്നില്ല, വെറും തന്ത്രമാണെന്നു തോന്നുകയാണ്. ഇന്നത്തെ രീതിയിലുള്ള സഹകരണസംഘങ്ങളെക്കൊണ്ടു് നാടു നന്നാക്കാൻ സാദ്ധ്യമല്ലെന്നു ഞാൻ തീർത്തുപറയുന്നു. ഇതൊന്നും ഒരു നയമല്ല, സർ. ചുരുക്കത്തിൽ പറയട്ടെ. ശ്രീ. പട്ടം താണുപിള്ള അദ്ദേഹത്തിന്റെ കണ്ടിഷൻ ആഫ് പാളിസി എന്താണെന്നു വ്യക്തമാക്കിയിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ സ്നേഹിതൻ ചാഴിക്കാട്ടു് ജോസഫ് അവതരിപ്പിച്ച വിശ്വാസപ്രമേയത്തെപ്പററി ഒന്നാലോചിക്കുമായിരുന്നു. പക്ഷെ, അങ്ങിനെ ഒരു നിലപാടു വ്യക്തമായിട്ടില്ലാത്ത സ്ഥിതിക്കു് ഞങ്ങൾ ഈ പ്രമേയത്തെ എതിർക്കുന്നു. നിങ്ങളുടെ കശപിശ രാഷ്ട്രീയത്തിൽ ഞങ്ങൾക്കു ഒരു പങ്കുമില്ല. ഈ രാജ്യത്തെ പൊതുജനങ്ങളുടെ താൽപ്പര്യത്തെ മുൻനിറുത്തി പൊതുപരിപാടിയോടുകൂടി ഒരു സ്റ്റേററുമെൻറു പുറപ്പെടുവിച്ചെങ്കിലല്ലാതെ ഇങ്ങിനെയുള്ള ഒരു മന്ത്രിസഭയോടു സഹകരിക്കാൻ തയാറില്ലെന്നു ഞങ്ങൾ വളരെ വ്യക്തമായിട്ടു പ്രസ്താവിച്ചുകൊള്ളുന്നു. ഈ നാട്ടിലെ ആർ. എസ്സ്. പി., കെ. എസ്സ്. പി., കമ്മ്യൂണിസ്ററ് മററു പുരോഗമനവാദികൾ ഇവക്കൊന്നും നിങ്ങളോടു യോജിക്കാൻ സാദ്ധ്യമല്ല, ആരുടേയും സ്വന്ത കാര്യത്തിനുവേണ്ടിയല്ല ഞങ്ങൾ ഈ നിലപാടെടുക്കുന്നതു്. പുതിയ ഒരു വീക്ഷണഗതി, പുതിയൊരു ഭരണപാരമ്പര്യം, പുതിയൊരു രാജ്യോദ്ധാരണപരിപാടി, ജനകീയതാൽപര്യങ്ങളെ കുതിരകയറാത്ത പുതിയൊരുനയം ഇതൊന്നും ആവിഷ്കരിച്ചിട്ടില്ലാത്തതുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു.

ஸ்ரீ. டி. எஸ். ராமஸ்வாமி: ஸர், அரசியலிலே நான் புகுந்தது முதலாக, சோஷியலிஸ்ட்டாகவே பல வருடங்கள் கழித்து வந்த நான் இன்றையதினம் பி. எஸ். பி. யின் பெயரால் அரசாங்கத்தை ஓட்டிச் செல்கிற இம்மந்திரிசபையின் மேல் கொண்டுவரப்பட்டுள்ள நம்பிக்கைத் தீர்மானத்தை எதிர்த்து ஒரு சில வார்த்தைகள் கூற விரும்புகிறேன். சந்தோஷத்துடன் அல்ல, நான் இவ்விதம் கூறுகிறேன் என்பதை இங்கு எடுத்துச் சொல்லவும் ஆசைப்படுகிறேன். ஸர், என்னுடைய நண்பரான ராமபுரம் அங்கத்தினர் அவர்கள் இங்கு கொண்டுவந்திருக்கும் இத்தீர்மானத்தை, நான் சோஷியலிஸ்ட் கட்சியில் இருந்தால் மனப்பூர்வமாக ஆதரித்திருக்க வேண்டியவன். ஆனால் இன்று நான், இங்கு கொண்டுவரப்பட்டிருக்கும் இத்தீர்மானத்தை ஆதரிக்க முடியாத நிலையில் ஏன் இருக்கிறேன் என்பதைப் பற்றி இந்த சபையில் எடுத்துக் கூறவேண்டிய நிர்பந்தம் எனக்கு ஏற்பட்டிருக்கிறது.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: എതിർക്കുന്നതിനെനിക്കു് വിരോധമില്ല.

ஸ்ரீ. டி. எஸ். ராமஸ்வாமி: ஸர், அன்று நான் கலாசாலையில் படித்துக்கொண்டிருந்தபொழுது என்னையும், என்னோடு சேர்ந்த ஆயிரம் ஆயிரம் மாணவர்களையும் அன்றைய அரசாங்கம் சிறைச்சாலைக்கு கொண்டுபோனபோது, நாங்கள் சோஷியலிஸம் என்றால் என்ன? சமதர்மம் என்றால் என்ன? என்பதைப் பற்றிக் கனவு கண்டுகொண்டிருந்தோம். நம் நாட்டில் சமதர்மத்தை நிலைநாட்டுவதற்காக, தொழிலாளிகளின், பஞ்சை பாமரர்களின் நலனுக்காக, அடக்குமுறையை எதிர்த்தும், ஜெயிலுக்கும், தூக்குமேடைக்கும் அஞ்சாது சென்றோம். 10, 12, 13, வருடங்களுக்கு முன்னால் என்னைப்போன்ற மாணவர்களும், இளைஞர்களும் ஆயிரக்கணக்கில் சிறைக்குச் சென்றபோது, அன்று எங்களது கண் முன்னால் இருந்த சோஷியலிஸம், அன்று கனவு கண்ட சோஷியலிஸம் வேறு விதமானதாக இருந்தது. ஆனால் இன்று நாம் இங்கு காணக்கூடிய சோஷியலிஸம் வேறு விதமாக இருக்கிறது என்று நான் மிகவும் மனவருத்தத்துடன் சொல்லிக்கொள்கிறேன். நாலைந்து வருடங்களுக்கு முன்னர் ஸ்ரீமான் பட்டம் தாணுபிள்ளை அவர்கள் மந்திரி பதவியை இழந்து, எங்களுடன், அதாவது சோஷியலிஸ்ட் கட்சியில் சேர வேண்டுமென்று வந்தார்கள். அப்பொழுது, ஸ்ரீமான் பட்டம் தாணுபிள்ளை அவர்களை சோஷியலிஸ்ட் பார்ட்டியில் எடுக்கக்கூடாதென்று அன்றைய எக்ஸிக்யூட்டிவ் கமிற்றியில் கூறினோம். பட்டம் தாணுபிள்ளை அவர்கள் வெறும் ஒரு கம்யூனலிஸ்ட் என்றும், ஒரு கன்ஸர்வேட்டிவ் என்றும், சோஷியலிஸத்தையும், கம்யூனிஸத்தையும் இந்நாட்டு மண்ணில் முளைக்க விடமாட்டேன் என்று சொன்னவர் என்றும் ஆதலால் அவரை சோஷியலிஸ்ட் பார்ட்டியில் சேர்க்கக்கூடாது என்றும் கூறினோம். ஸ்ரீமான் பட்டம் தாணுபிள்ளை அவர்களைப் போன்ற ஒரு பெரிய மனிதரை, இந்நாட்டில் மக்கள் ஆட்சி

வரவேண்டுமென்பதற்காக அரிய தியாகங்கள் புரிந்த ஸ்ரீமான் பட்டம் தாணுபிள்ளை அவர்களை சோஷியலிஸ்ட் பார்ட்டியில் எடுக்கக் கூடாது என்று போராடியவர்களில் நானும் ஒருவனாவேன். என்னையும் வேறு ஒருவரையும் தவிர யாரும் அதை ஆமோதிக்கவில்லை. ஆனால், இன்று நாம் காண்பதென்ன? அன்று சர்ச்சில் சொன்னார், "I have not become the Prime Minister of Britain to preside over the liquidation of the Empire."

ஆனால் நம்முடைய பட்டம் தாணுபிள்ளை சார் அவர்கள் சர்ச்சிலை விட ஒரு பெரிய டிப்ளமாட்டாகி விட்டார்கள். நேஷனல் எக்ஸிக்யூட்டிவும், ஸ்ரீ. ஜெயப்பிரகாஷ் போன்றவர்களும், ஸ்ரீ. வில்ஸன் அவர்களும் கூறினார்கள், எப்படியாவது ஸ்ரீ. தாணுபிள்ளை அவர்களை சோஷியலிஸ்ட் கட்சியில் கொண்டுவரவேண்டுமென்று. ஸ்ரீ. பட்டம் தாணுபிள்ளை அவர்களை இந்த நாட்டின் பொக்கிஷம் என்று சொன்னவர்கள், இப்பொழுது அவர் எந்த நிலையில் ஆட்சிபுரிகிறார் என்று பார்க்கவேண்டும். இன்று, எத்தனை எத்தனையோ மக்கள், ஆயிரக்கணக்கான பாட்டாளி மக்கள், தொழிலாளிகள் போன்றவர்கள், நமது திருவிதாங்கூர்-கொச்சி ராஜ்யத்தில் உள்ளவர்கள் மட்டுமல்ல இந்தியாவிலுள்ள எல்லா மக்களும் நமது திருவிதாங்கூர்-கொச்சி ராஜ்யத்தை கண்ணோடு கண்ணாக எதிர் நோக்கிக்கொண்டிருக்கிறார்கள். அவர்களை ஏமாற்றக்கூடிய விதத்தில்தான் இங்கு இன்றைய பி. எஸ். பி. சர்க்கார் தனது ஆட்சியை நடத்திச் செல்கிறதென்று சொல்லும்போது எனது மனம் மிகவும் வேதனைப் படுகிறது.

நான் பதிமூன்று வருடங்களாக வளர்த்த ஸ்தாபனத்தை, பசியோடும், பட்டினியோடும் சிறைச்சாலைகளுக்குச் சென்ற ஆயிரக்கணக்கான தோழர்களோடு ஒத்து கட்டிவளர்த்த சோஷியலிஸ்ட் ஸ்தாபனத்தை விட்டு லேசாகப் பிரியக்கூடியவன் அல்ல நான், என்பதை இங்கு எடுத்துச் சொல்ல ஆசைப்படுகிறேன். நான், சோஷியலிஸ்ட் பார்ட்டியிலிருந்து ஏன் பிரிந்தேன் என்றால், காரிய காரணங்களோடுதான் பிரிந்தேன் என்று இங்கு எடுத்துச் சொல்ல விரும்புகிறேன். ஸ்ரீமான் பட்டம் தாணுபிள்ளை அவர்களும் அதை அறிவார்கள். ஸ்ரீமான் பட்டம் தாணுபிள்ளை அவர்கள் ஒரு பிரஸ் கான்பரன்ஸில் வைத்துச் சொன்னார்கள், நான் ஏதோ பயந்து போய் விட்டேன் என்று. இதற்கு முன்னால் இங்கு ஸ்ரீமான் சிதம்பரநாதன் அவர்கள் மந்திரியாக இருந்தபோது அவர்கள் அக்கிரமம் செய்தார்கள் என்று நான் சொன்னபோது, நான் தென் திருவிதாங்கூருக்குப் போக பயப்பட்டேன் என்றும் சொன்னார்களாம். ஸர், வேறு யார் சொன்னாலும் பரவாயில்லை. ஆனால் நமது சீப்மினிஸ்டர் அவர்கள் அவ்விதம் சொன்னார்கள் என்றால், தெரிந்து சொல்கிறார்களா இல்லை தெரியாமல் சொல்லுகிறார்களா என்று நான் கேட்கவேண்டியதாயிருக்கிறது. அன்று ஸ்ரீ. ஸி. கேசவன் போன்றவர்கள் கூறினார்கள், ஐயோ! நீ இப்படிச் சொல்லிவிட்டாயே, ஊருக்கு எக்ஸ்கார்ட்டுடன் போ என்று. அதற்கு நான், அங்குள்ள

[ஸ்ரீ. டி. எஸ். ராமஸ்வாமி]

ஜனங்களுக்கு சிதம்பரநாதன் எவ்வளவு சொந்தமோ அதே சொந்தம் எனக்கும் உண்டென்று சொன்னேன். தமிழனாய் பிறந்தது என் குற்றமா? ஆனால் நான் ஒன்று சொல்கிறேன்! தமிழர்களிடையில் செக்ஷனலிஸம் கிடையாது. தமிழனின் பண்பாட்டிற்கு, ஒரு உதாரணம் சொல்கிறேன். "யாதும் ஊரே யாவரும் கேளிர்" என்ற சொல்லே போதும். உலகத்திலுள்ள எல்லா மக்களும் நம்முடைய பந்துக்கள் என்று நாம் நினைக்கவேண்டும். உலகத்திலுள்ள எல்லா கிராமங்களையும் நமது கிராமம்போல் நாம் நினைக்கவேண்டும். ஆகவே நான் தமிழ்நாட்டிற்கு திரும்பிப்போக பயந்துகொண்டுதான் சோஷியலிஸ்ட் பார்ட்டியிலிருந்து விலகினேன் என்று ஸ்ரீமான் பட்டம் தாணுபிள்ளை அவர்கள் சொன்னது, என் மனதை மிகவும் புண்படுத்துகிறது. பட்டாளம், போலீஸ் ஒன்றையும் குறித்து நான் பயப்படுபவன் அல்ல. அடித்தால் அடிபடத் தயாராய் இருக்கிறேன். "சாகத்துணிந்தால் சமுத்திரம் எம்மாத்திரம் மாயையே" என்று சொல்வதுபோல் எனக்கு ஒன்றைக்குறித்தும் பயமில்லை. ஆனால் நம்முடைய சீப்மினிஸ்டர் அவர்கள் குழித்துறைக்கு போகவில்லையே என்பதைப் பற்றி நான் வருந்துகிறேன்.

நான் இதைப்பற்றி அதிகம் ஒன்றும் கூற விரும்பவில்லை. ஒரே ஒரு விஷயத்தைப்பற்றி மாத்திரம் கூற விரும்புகிறேன். இன்று, நமது திருவிதாங்கூர்—கொச்சி ராஜ்யம் ஒரு பெரிய அதளபாதாளத்தில் சென்று கொண்டிருக்கிறது. நமது திருவிதாங்கூர்-கொச்சி ராஜ்யத்தில் உள்ளதைப்போல், வேலையில்லாத் திண்டாட்டப் பிரச்னை வேறு எந்த தேசத்திலும் கிடையாது, அது ஒரு அர்ஜன்ட் பிராப்ளமாய் தீர்ந்திருக்கிறது. இந்த வேலையில்லாத் திண்டாட்டப் பிரச்னையை கையாளுவதற்கு நீங்கள் என்ன செய்திருக்கிறீர்கள் என்று கேட்டபோது, நமது மதிப்பிற்குரிய மந்திரியவர்கள், எங்கள் அண்ணாச்சி ஸ்ரீமான் பி. எஸ். நடராஜபிள்ளை அவர்கள் கையை விரித்துவிட்டார்கள். அன்று ஸ்ரீமான் பனம்பிள்ளி கோவிந்த மேனோன் அவர்கள் வேலையில்லாத் திண்டாட்டத்தைப்பற்றி கூறிய போது ஸ்ரீமான் நடராஜ பிள்ளை அவர்கள், இந்தப் பிரச்னையை நாம் எல்லோரும் சேர்ந்து ஆலோசித்து வேண்டியதைச் செய்யலாமென்று சொன்னார்கள். இந்த நாட்டில் "காப்பிடலிஸ்ட் ஆர்டர்," (முதலாளித்துவ அமைப்பு) இருக்கிறது. முதலாளித்துவ அமைப்பு எங்கெல்லாம் இருக்கின்றதோ அங்கெல்லாம் வேலையில்லாத் திண்டாட்டம் இருந்துதான் ஆகும்! பசி, பட்டினி இவைகள் இருக்கத்தான் செய்யும் என்பதுதான் சோஷியலிஸ்ட் அடிஸ்தானம். அப்படிப்பட்ட முதலாளித்துவ அமைப்பை மாற்றி சமதர்மத்தை நிலைநாட்டுவதற்காக, சமதர்மத்தை அமைக்க வேண்டுமென்பதற்காகப் போராடினார்கள், இளைஞர்கள். அதற்கு வேண்டி பல ஆயிரக்கணக்கில் இளைஞர்களும், மாணவர்களும் அன்று சிறை சென்றார்கள். அதற்காக, பலர் தியாகத்தீயில் குதித்தார்கள். எத்தனை எத்தனையோ ஆயிரக்கணக்கான பேர்கள் இன்று அத்தனைக்கும் பிறகு நமது சர்க்கார் வந்துவிட்டது என்று சந்தோஷப்பட்டார்கள். நம்முடைய

சர்க்கார் வந்துவிட்டது என்ற எக்களிப்போடு இருக்கும் சோஷியலிஸ்ட் தோழர்கள் இன்று என்ன காண்கிறார்கள்? சோஷியலிஸ்ட் மந்திரிமார்கள் கூறுகிறார்கள், இன்று நம் நாட்டில் வேலையில்லாத் திண்டாட்டப் பிரச்னை ஒரு பெரிய பிரச்னையாய் தீர்ந்திருக்கிறதென்று. ஆனால் அதைப் போக்குவதற்கு வேண்டிய திட்டங்கள் வகுக்க அவர்கள் தயாராயில்லை. இதைவிட வெட்கக்கேடான விஷயம் வேறு என்ன இருக்கிறது.

சென்ற மே 24-ம் தேதி அன்று சீப்மினிஸ்டர் அவர்களுக்கு நான் ஒரு கடிதம் எழுதியனுப்பினேன். வேலையில்லாத் திண்டாட்டத்தைப் போக்குவதற்கு என்ன கொள்கைகளை கையாண்டிருக்கிறீர்கள் என்று கேட்டிருந்தேன். பட்டினி கிடக்கும் மக்கள் அன்று, "பட்டம் தாணுபிள்ளை சிந்தாபாத்", "பிரஜா சோஷியலிஸ்ட் கட்சி சிந்தாபாத்" என்று சொன்னவர்கள், நாலைந்து நாட்களுக்கு முன்னால் "தொழிலாளியைத்தொட்டால் பட்டம் பொட்டும்" என்று சொல்வதை நான் கேட்டேன். "பட்டம் சிந்தாபாத்", "சோஷியலிஸ்ட் பார்ட்டி சிந்தாபாத்" என்று சொன்னவர்கள் இன்றும் கண்ணீர் வடிக்கத்தான் செய்கிறார்கள், பட்டினியால் வாடும் ஏழைமக்கள், தங்களது அரசாங்கம் வந்துவிட்டது என்று கனவு கண்டார்கள், சோஷியலிஸ்ட் கட்சி அரசாங்கத்தை ஏற்றவுடன், நமது திருவிதாங்கூர்-கொச்சி ராஜ்யத்தில் ஒரு தொழிலாளி அரசாங்கம் வந்துவிட்டது; ஆகவே இந்நாட்டிலுள்ள வேலையில்லாத் திண்டாட்டத்தைப் போக்குவதற்கான திட்டம் அமைக்கப்படுமென்று அவர்கள் எதிர்பார்த்தார்கள். இந்நாட்டிலுள்ள வறுமையையும் பட்டினியையும் போக்குவதற்கு வேண்டிய திட்டங்கள் வகுக்கப்படுமென்று நினைத்தார்கள். ஆனால் அவர்களின் எண்ணத்தில் மண்ணைவாரிப்போட்டு விட்டார்கள், நமது பட்டம் தாணுபிள்ளை சார் அவர்கள். கழிந்த ஜூன் 10-ம் தேதியன்று பட்டம் தாணுபிள்ளை அவர்களுக்கு நான் இவைகளை எடுத்துக்காட்டி ஒரு கடிதம் எழுதியிருந்தேன். தொழிலாளிகளின் பிரச்னைகளைத் தீர்ப்பதில் காங்கிரஸ் கவர்ன்மென்டைவிட மோசமாய் போய்விட்டது இப் பி. எஸ். பி. சர்க்கார். உப்பளம் தொழிலாளிகளின் குறைகள் ஒரு பக்கம். துறைமுகத் தொழிலாளிகள் வேலையில்லாத் திண்டாட்டத்தினால் தவிக்கிறார்கள். எஸ்டேட் தொழிலாளிகள் 4-ம் தேதி முதல் நிராகார சத்தியாக்கிரகம் தொடங்கப் போகிறார்கள். சோஷியலிஸ்ட் பார்ட்டியின் அரசாங்கம் இப்படியா இருக்கவேண்டும்? டிரான்ஸ்போர்ட் தொழிலாளிகள், சோஷியலிஸ்ட் கட்சியின் கீழ் இருந்தவர்கள் ஏன் இன்று 'பட்டம் பொட்டும்' என்று சொல்கிறார்கள்? பட்டம் அவர்களின் பேரிலுள்ள விரோதத்தினால் அல்ல நான் இவ்விதம் கூறுவது. இன்னும் இரண்டு மூன்று வருடங்களில் இந்நாட்டில் பெரிய குழப்பங்கள் வரும் என்ற நிலையில் தான் இன்று நம் நாடு இருக்கிறது என்பது எனது எளிய அபிப்பிராயம். இன்று நம் நாட்டில் சுமார் 30 லட்சம் ஜனங்கள் வேலையில்லாத் திண்டாட்டத்தினால் தவிக்கிறார்கள். ஒவ்வொரு கிராமங்களிலுமுள்ள குடிசைகளில் வாழும் ஜனங்களை நாம் பார்க்கவேண்டும்.

[ஸ்ரீ. டி. எஸ். ராமஸ்வாமி]

இன்று நம் நாட்டில் இரண்டும் மூன்றும் நாட்கள் பட்டினி கிடக்கக் கூடிய குடும்பங்கள், ஆயிரக்கணக்கில் உள்ளன. அவர்களின் பட்டினியை போக்குவதற்கு நீங்கள் என்ன வழி கண்டுபிடித்திருக்கிறீர்கள். இந்நாட்டிலுள்ள வேலையில்லாத் திண்டாட்டத்தைப் போக்குவதற்கு, பல புதிய தொழிற்சாலைகள் ஆரம்பிக்கப்பட வேண்டும்; புதிய ஸிவில் ஒர்க்ஸ், பப்ளிக் ஒர்க்ஸ் போன்றவைகள் ஆரம்பிக்கப்பட வேண்டும். இதைப்பற்றி எல்லாம் நான் சீப்மினிஸ்டர் அவர்களுக்கு ஜூன் 10-ம் தேதி எழுதியிருந்தேன். இது, நான் மாத்திரம் சொல்வதல்ல. டாக்டர் பி. ஜெ. தாமஸ் அவர்களும் இப்படித்தான் சொல்கிறார்கள். சோஷியலிஸ்ட் கட்சியின் நிலைமை இங்கு பாதிக்கப்பட்டிருக்கிறது, நீங்கள் சோஷியலிஸ்ட் லட்சியத்தையே கெடுத்துவிடாதீர்கள் என்றும், இந்நாட்டிலுள்ள வேலையில்லாத் திண்டாட்டத்தைப் போக்குவதற்க வேண்டிய நடவடிக்கைகள் உடனடி எடுக்காவிட்டால் எனக்கு உங்களிடம் மதிப்பு இருந்தபோதிலும் சரி இன்னும் பதினைந்து நாட்களில் உங்களிடமிருந்து விடைபெற்று கொள்ள வேண்டி வரும் என்றும் எழுதியிருந்தேன். இன்னும் கொஞ்ச நாட்களில் ஏதேனும் செய்வார்களா என்று பார்த்தேன். ஆனால் ஒன்றும் செய்யவில்லை. ஆதலால் இந்த அரசாங்கத்தின் மீது எனக்கு நம்பிக்கை இல்லை என்று நான் சொல்லவேண்டி வந்தது, ஏதோ வேடிக்கைக்காக அல்ல. எனக்கு தமிழன் மலையாளி என்ற வித்தியாசம் இல்லை. தொழிலாளிகளின், அவர்கள் தமிழர்களாய் இருந்தாலும் சரி மலையாளிகளாய் இருந்தாலும் சரி, அவர்களின் லட்சியம் சோஷியலிஸம் என்றுதான் நான் கருதுகிறேன். அவர்களின் ஊழியனாகத்தான் நான் என்னைக் கருதுகிறேன். ஆகவே தொழிலாளி மக்களின், பாட்டாளி மக்களின் வேலையில்லாத் திண்டாட்டத்தைப் போக்குவதற்கு ஒரு திட்டமும் வகுக்காத இந்த அரசாங்கத்தினிடம் எனக்கு நம்பிக்கை இல்லை என்பதைத் தெரிவித்துக்கொண்டு நான் எனது பேச்சை முடித்துக்கொள்கிறேன்.

ശ്രീ. എ. താണുപിള്ള: സർ, ഈ പ്രമേയം ആവശ്യമായിരുന്നോ അല്ലയോ എന്നുള്ളതിനെപ്പററി ഇനി ചർച്ചചെയ്യേണ്ട ആവശ്യമില്ല. സഭയുടെ മുമ്പിൽ ഈ പ്രമേയം അവതരിപ്പിച്ചിട്ടുണ്ടു്. കാൺഗ്രസ്സുപക്ഷത്തുനിന്നും ഈ പ്രമേയത്തിനു കാരണമായ വോട്ടിംഗിന്റെ ഫലവും കാൺഗ്രസ്സുകക്ഷി ഗവണ്മെന്റുകക്ഷിയോടു അനുവർത്തിക്കുന്ന നയവും സംബന്ധിച്ചു മാത്രമാണു് പ്രസ്താവനകളുണ്ടായതു്. അല്ലാതെ ഇതിൽക്കവിഞ്ഞു് ഈ ഗവണ്മെന്റിന്റെ ഭരണത്തെപ്പററിയുള്ള വിമർശനത്തിനു കാൺഗ്രസ്സുപക്ഷത്തുനിന്നു ആരുംതന്നെ ഒരുങ്ങിയില്ല. ഇന്നത്തെ ഈ പ്രമേയത്തിന്റെ നിലയ്ക്കു് അതു വളരെ ശരി എന്നാണു് സർ എനിക്കു തോന്നുന്നതു്. ഇവിടെ ബഡ്ജററു വിമർശനം വളരെ ദിവസങ്ങളായി നടന്നു. ബഡ്ജററു കഴിഞ്ഞു സപ്ലിമെന്ററി ഡിമാൻഡു വരുന്നതിനുമുമ്പു് ഉണ്ടായ ധനാഭ്യർത്ഥനകളിൽനിന്നു് ഒന്നുംതന്നെ കുറവുചെയ്യാതെ ഈ സഭ അനുവദിച്ചുതരികയാണു് ചെയ്തതു്. അതുകഴിഞ്ഞുവന്ന ഉപധനാഭ്യർത്ഥനയെ സംബന്ധിച്ചുള്ള വോട്ടിംഗിലാണു് ഇന്നത്തെ ഈ പ്രമേയത്തിനു കാരണമായ സംഭവം നടന്നതു്. അതിനെപ്പററി ഈ

അവസരത്തിൽ എന്തെങ്കിലും പറയണമെന്ന് ഞാനുദ്ദേശിക്കുന്നില്ല. ആ വോട്ടിംഗിന്റെ ഫലമായി മന്ത്രിസഭയ്ക്കു് ഒരു വിശ്വാസപ്രകടനം ഈ സഭയിൽനിന്നു ലഭിക്കണമോ വേണ്ടയോയെന്നുള്ളതിനെപ്പററി സംശയം നീക്കാമെന്നു് കരുതിയാണ് ഈ പ്രമേയം ഇവിടെ വന്നിട്ടുള്ളതു്. അതുകൊണ്ടാണ് ഞാൻ ആ വോട്ടിംഗിനെപ്പററി എന്തെങ്കിലും പറയണമെന്നുതന്നെ ഉദ്ദേശിക്കുന്നില്ല എന്നു പറഞ്ഞതു്. സപ്ലിമെന്ററി ഡിമാന്റിൽ ഉൾപ്പെട്ട തുകയെ സംബന്ധിച്ചാണെങ്കിൽ ഈ സഭയിൽ ആലോചനയ്ക്കു അതു മേലാൽ വിഷയമാകും എന്നേ ഉള്ളൂ. അങ്ങനെ നോക്കുമ്പോൾ ഈ പ്രമേയത്തെ ഇന്നെതിർക്കുന്നതിനു കാരണം ഒന്നുംതന്നെയില്ല.

സർ, ഇന്നു പി. എസ്സ്. പി. ഒരു ന്യൂനപക്ഷകക്ഷിയാണെന്നു നമുക്കെല്ലാവർക്കുമറിയാം. ഒരു ന്യൂനപക്ഷകക്ഷി ഭരണം നടത്തുന്നതിൽ സാധാരണയിൽ കവിഞ്ഞ വൈഷമ്യമുണ്ടെന്നുള്ളതും നമുക്കൊക്കെ അറിയാം. അതു അറിഞ്ഞുകൊണ്ടുതന്നെയാണ് ഈ ഗവണ്മെന്റു രൂപീകരിക്കാൻ പി. എസ്സ്. പി. തയ്യാറായതു്. യാഥാർത്ഥ്യങ്ങൾ നാമാരും മറക്കരുതു് എന്നാണ് എനിക്കു ഈ സഭയിലെ എല്ലാ കക്ഷികളോടും അഭ്യർത്ഥിക്കുവാനുള്ളതു്. നിയമസഭാതിരഞ്ഞെടുപ്പിനുശേഷം ഇങ്ങനെയൊരു ഗവണ്മെന്റുണ്ടാകുകയാണ് ഏററവും പ്രായോഗികമായ വഴിയെന്ന് എല്ലാവർക്കും ബോദ്ധ്യപ്പെട്ടതിന്റെ ഫലമായിട്ടാണ് ഈ ഗവണ്മെന്റു രൂപീകരിച്ചിട്ടുള്ളതു്. ഇങ്ങനെയൊരു ഗവണ്മെന്റു നടത്തുന്നതിൽ വലിയ വൈഷമ്യമുണ്ടു്. ഈ സഭയിൽ ഭൂരിപക്ഷം കിട്ടത്തക്കവിധത്തിലല്ല ഗവണ്മെന്റു എടുക്കുന്ന നയം എങ്കിൽ ഗവണ്മെന്റു പരാജിതരാകും. അതുകൊണ്ടു് നയപരമായി വളരെ സൂക്ഷിച്ചുതന്നെ ഈ ഗവണ്മെന്റു പ്രവർത്തിക്കണം. എന്നുവച്ചു് ഇതു് എങ്ങനെയും തുടർന്നുകൊണ്ടുപോണമെന്നു കരുതിമാത്രം ഈ ഗവണ്മെന്റു ഒരു നയവും സ്വീകരിച്ചിട്ടില്ലെന്നു ഞാൻ പറയുന്നതു് നിങ്ങൾ വിശ്വസിക്കണം. മറെറാരു കക്ഷിയുടെ താൽപ്പര്യങ്ങൾക്കോ അനുഗ്രഹങ്ങൾക്കോ നിർദ്ദേശങ്ങൾക്കോ വിധേയമായിട്ടാണ് ഈ ഗവണ്മെന്റ് പ്രവർത്തിക്കുന്നതു് എന്നു ആരും തെററിദ്ധരിക്കയും വേണ്ട.

ഇവിടെ ആക്ഷേപമുണ്ടായി, കാൺഗ്രസ്സ് ഗവണ്മെന്റിന്റെ നയത്തിനും പി. എസ്സ്. പി. ഗവണ്മെന്റിന്റെ നയത്തിനും തമ്മിൽ എന്താണു വ്യത്യാസം ഉള്ളതു് എന്നു്. കാൺഗ്രസ്സ് ഗവണ്മെന്റംഗീകരിച്ചിട്ടുള്ള നയത്തിൽനിന്നും ഗണ്യമായ വ്യത്യാസം പി. എസ്സ്. പി ഗവണ്മെന്റിനില്ലെന്നുവരാം. ചില അവസരത്തിൽ നയപ്രഖ്യാപനമുണ്ടായാലും ഒരു കക്ഷിക്കു സാധിക്കാത്തതു മറെറാരു കക്ഷിക്കു നയവ്യത്യാസം കൂടാതെതന്നെ സാധിച്ചുവെന്നു വരാം. അതുകൊണ്ടു കാൺഗ്രസ്സുതന്നെ പ്രഖ്യാപിച്ചനയങ്ങളാണ് പി. എസ്സ്. പി. യും സ്വീകരിച്ചിട്ടുള്ളതു എന്നു പറയുന്നതിൽ വലിയ കഴമ്പൊന്നുമില്ല. ഇവിടെ നോക്കേണ്ടതു ഈ ഗവണ്മെന്റു സ്വീകരിച്ചിട്ടുള്ളകാര്യങ്ങൾ സ്വീകാര്യങ്ങളാണോ അല്ലയോ എന്നാണ്. വളരെ വലുതായ പരിവർത്തനങ്ങളൊന്നും ഈ ഗവണ്മെന്റു വരുത്തിയിട്ടില്ല. വളരെ മൗലികങ്ങളായ മാററങ്ങൾ നാം ഭാവന ചെയ്യുമ്പോൾ ഭരണഘടനയ്ക്കു വിധേയമായിട്ടാണ് നാം പ്രവർത്തിക്കുന്നതെന്നു ഓർക്കണം. ആ ഭരണഘടനയെ വകവക്കാതെ ചെയ്യരുതോ എന്നു ചോദിക്കാം. പക്ഷെ നിവൃത്തിയുള്ളിടത്തോളം ഭരണഘടനയെ വിഗണിച്ചു് ഒന്നും ഈ ഗവണ്മെന്റു ചെയ്യാനുദ്ദേശിക്കുന്നില്ല. എന്റെ ഈ

[ശ്രീ. എ. താണുപിള്ള]

അഭിപ്രായം കമ്മ്യൂണിസ്റ്റ് സ്നേഹിതന്മാർക്കും ആർ. എസ്. പി. സ്നേഹിതന്മാർക്കും അസ്വീകാര്യമാണെന്നു വരാം. പക്ഷെ ആ അസ്വീകാര്യത നമ്മെ എവിടെക്കൊണ്ടെത്തിക്കും, എന്ന് ആലോചിക്കണം. നമ്മുടെ പല കാര്യങ്ങളും ഭരണഘടനയ്ക്കകത്തുനിന്നുകൊണ്ടുതന്നെ പ്രവർത്തിക്കാമെന്നു കരുതിയാണ് പി. എസ്. പി. ഇവിടെ ഗവണ്മെന്റ് രൂപീകരിച്ചിട്ടുള്ളതു്.

ശ്രീ. ടി. വി. തോമസ്: ഭരണഘടനയെ എതിർത്തു പ്രവർത്തിക്കണമെന്നു ഞങ്ങൾ പറഞ്ഞിട്ടില്ല. ഭരണഘടനയ്ക്കുള്ളിൽതന്നെ നിന്നുകൊണ്ടു് ഗവണ്മെന്റ് ആത്മാർത്ഥമായി പ്രവർത്തിക്കുന്നില്ല എന്നുള്ളതാണ് ഞങ്ങളുടെ പരാതി.

ശ്രീ. എ. താണുപിള്ള: സർ, ഇവിടെ ലാൻഡു ബില്ലിനെപ്പറ്റി പ്പറഞ്ഞു. അതിൽ പ്രതിഫലം കൊടുക്കുന്ന കാര്യത്തെപ്പറ്റി കമ്മ്യൂണിസ്റ്റ് മെംബറന്മാരും ആർ. എസ്. പി. മെംബറന്മാരും എതിർത്തു സംസാരിക്കയുണ്ടായി. പ്രതിഫലംകൊടുക്കാതെ ഭൂനയപരിഷ്കാരം വരുത്തുവാൻ ഭരണഘടന സമ്മതിക്കുന്നില്ല. അതുകൊണ്ടു് ഈ ഗവണ്മെന്റ് ഭരണഘടനയ്ക്കു വിധേയമായി പ്രതിഫലംകൂടാതെ ലാൻഡ്ബിൽ കൊണ്ടുവരുവാനുദ്ദേശിക്കുന്നില്ല. അതിനുള്ള പരിശ്രമം മൌഢ്യത്തിന്റെ ലക്ഷണമായിരിക്കും.

ശ്രീ. എൻ. രാഘവക്കുറുപ്പ്: സർ, ഒരു പായിന്റ് ആഫ് അർഡർ.

Shri A. Thanu Pillai : Please sit down.

ശ്രീ. എൻ. രാഘവക്കുറുപ്പ്: . സർ, ഒരാൾ എഴുന്നേററുനിന്നു ഒരു പായിന്റ് ആഫ് ആർഡർ ഉന്നയിക്കുമ്പോൾ, please sit down എന്നു Treasury ബഞ്ചിലിരിക്കുന്ന മെംബർ ആയിരുന്നാലുംശരി, പറയാമോ?

മി. സ്പീക്കർ: അങ്ങനെ പറയാൻ പാടില്ല. ഒരു മെംബർ മറെറാരു മെംബറെ ശാസിക്കേണ്ട ആവശ്യമില്ല. സ്പീക്കർ ആ കാര്യം നോക്കുന്നതാണ്. കൂടാതെ ബഹുമാനപ്പെട്ട മെംബറന്മാർ ക്ഷോഭിക്കാതെ സംസാരിക്കണമെന്നുകൂടി ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. എൻ രാഘവക്കുറുപ്പ്: സർ, ഒരു ചോദ്യം.

ശ്രീ. എ. താണുപിള്ള: ഞാൻ ഈൽഡു ചെയ്യുന്നില്ല സർ.

ശ്രീ. എൻ. രാഘവക്കുറുപ്പ്: സർ, ഒരു പായിന്റ് ആഫ് ആർഡർ. ഒരു മിനിസ്റ്ററോടു് ഒരു ചോദ്യം ചോദിക്കുമ്പോൾ, ഈൽഡു ചെയ്യാതിരിക്കുന്നതു മര്യാദയാണോ? അതിനു സമയമില്ലാത്തതുകൊണ്ടാണെങ്കിൽ എനിക്കതു മനസ്സിലാക്കാം. എന്നാൽ ഇന്നു നാലരമണിവരെ സമയം അനുവദിച്ചിട്ടുള്ളതുകൊണ്ടു എന്റെ ചോദ്യം എന്താണെന്നു കേൾക്കേണ്ടതല്ലേ?

മി. സ്പീക്കർ: ഏതായാലും ഈൽഡുചെയ്യാത്ത ഒരു മെംബറെ നിർബന്ധിക്കാൻ സ്പീക്കർക്കധികാരമില്ല.

ശ്രീ. ഏ. താണുപിള്ള : സാധാരണയായി അന്തസ്സോടും അഭിമാനത്തോടുംകൂടി പെരുമാറുന്ന ഒരു സദസ്സിൽ ഒരു മന്ത്രിയുടെ പ്രസംഗത്തിനുശേഷം, ചോദ്യങ്ങൾ ചോദിക്കുകയാണ് വേണ്ടതു്. അല്ലാതെ സമയം മിനക്കെടുത്താൻവേണ്ടി ചോദ്യം ചോദിക്കുന്നതു ശരിയല്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ് : എനിക്കു അതിനെപ്പററി ഒരു കാര്യം പറയാനുണ്ടു്. ബഹുമാനപ്പെട്ട മെംബർ സംസാരിച്ചുകൊണ്ടു നിന്നപ്പോഴാണ് ബഹുമാനപ്പെട്ട ആലപ്പുഴ മെംബർ ഒരു ചോദ്യംചോദിച്ചതു്. ആ ചോദ്യത്തിനു് മുഖ്യമന്ത്രി ഈൾഡുചെയ്യുകയുണ്ടായി. പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾതന്നെ ചോദ്യങ്ങൾ ചോദിക്കാറുണ്ടു്. പ്രത്യേകിച്ചു അങ്ങനെ ചോദിക്കാമെന്നു റൂൾസിലുമുണ്ടു സർ. എന്നാൽ ഏതെങ്കിലും ഒരു മെംബർ പ്രസംഗിച്ചുശേഷം, ഇരുന്നുകഴിഞ്ഞാൽ ചോദിക്കാൻ പാടില്ലെന്നും റൂളിലുണ്ടു്. പ്രസംഗിച്ചുകൊണ്ടു നിൽക്കുമ്പോഴാണു ഞാൻ ചോദിച്ചതു്.

മി. സ്പീക്കർ : ഒരു മെംബർ പ്രസംഗിച്ചുകൊണ്ടു നിൽക്കുമ്പോൾ ചോദ്യം ചോദിക്കാനും, ഉത്തരം പറയാനും അവകാശമുണ്ടു്. പക്ഷെ ഒരു മന്ത്രിയെക്കൊണ്ടു ഉത്തരം പറയിക്കാൻ സ്പീക്കർക്കു് അവകാശമില്ല. അതേ അവസരത്തിൽ, ചോദിക്കുന്ന ചോദ്യങ്ങൾക്കു് മന്ത്രിമാർ ഈൾഡ് ചെയ്യാതിരിക്കുന്നതും ശരിയാണെന്നു തോന്നുന്നില്ല. ഹൗസ് ആഫ് കാമൺസിലെ നടപടികൾ നോക്കിയാൽ മന്ത്രിമാർ സാധാരണ ഈൾഡ് ചെയ്യാറാണ് പതിവുള്ളതെന്നു കാണാം.

ശ്രീ. ഏ. താണുപിള്ള: ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിനെ ഞാൻ അതേപടി അംഗീകരിക്കുന്നു. എന്നാലും, ചോദ്യങ്ങൾ ചോദിക്കുന്നതിനും ഒരതിരുവേണം.

സർ, എവിടെയാണ് കാൺസ്റ്റിററ്യൂഷനെ ലംഘിക്കുന്നതെന്നുള്ളതു നോക്കണം. ഭരണഘടനെ ലംഘിക്കുന്നുവെന്നുള്ളതിനെ സംബന്ധിച്ചു് കമ്മ്യൂണിസ്ററപാർട്ടിയിൽനിന്നും നിരവധി ആരോപണങ്ങൾ ഉന്നയിക്കുകയുണ്ടായി. ഇന്നു കമ്മ്യൂണിസ്ററപാർട്ടിയുടെയും, ആർ. എസ്. പി.യുടെയും, കെ. എസ്. പി. യുടെയും ഭൂനയബില്ലിനെപ്പററി, അതു് ഇവിടെ അവതരിപ്പിക്കാൻ പോകുന്നതിനെ സംബന്ധിച്ചു് നടത്തിയിട്ടുള്ള പ്രസംഗങ്ങളും മററും കേട്ടശേഷം അവരിൽനിന്നും ബില്ലിനെ സംബന്ധിച്ചിടത്തോളം ആനുകൂല്യങ്ങൾ ഉണ്ടാകയില്ലെന്നുതന്നെയാണ് എനിക്കു തോന്നുന്നതു്. എന്നാൽ, കാൺഗ്രസ്സ് പാർട്ടിയിൽനിന്നും പറയുകയുണ്ടായി, സാമാന്യേന ബില്ലിനെ അനുകൂലിക്കാമെന്നു്. മററു കക്ഷികൾക്കുണ്ടായ അഭിപ്രായവ്യത്യാസം ഈ ബില്ലിൽ കൃഷിക്കാരെപ്പോലെ തന്നെ ജന്മിമാർക്കും കൂടുതൽ പ്രയോജനം ഉണ്ടാകുന്നുവെന്നുള്ളതിലാണു്. ഒരു ബിൽ രൂപീകരിക്കുമ്പോൾ അതിന്റെ ഭവിഷ്യൽഫലങ്ങളെപ്പററി ചിന്തിക്കുകയും, പൊതുവെ സാധാരണക്കാർക്കു് അല്ലെങ്കിൽ കർഷകർക്കു് നന്മയുണ്ടാകത്തക്കവണ്ണമുള്ള നിയമങ്ങൾ ഉൾക്കൊള്ളിക്കുകയും ചെയ്യേണ്ടതു് ഈ ഗവൺമെൻറിന്റെ കടമയാണ്. ആ ഒരു തത്വത്തെ അടിസ്ഥാനമാക്കിയാണ് ബില്ലുകൾ രൂപീകരിച്ചിട്ടുള്ളതു്. എന്നാൽ ആ ഭാഗങ്ങളൊക്കെ നിശ്ശേഷം അവഗണിച്ചുകൊണ്ടാണ് മററു കക്ഷികൾ അവരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതു്. ഇതെല്ലാംവെച്ചു

[ശ്രീ. എ. താണുപിള്ള]

നോക്കുമ്പോൾ ഈ ബില്ലുകൾ ഇവിടെ പരാജയപ്പെടുകയാണെങ്കിൽ തന്നെ അതിനു കാരണം കാൺഗ്രസ്സ് പാർട്ടിയല്ലെന്നും മററു പാർട്ടികളിലുള്ള അംഗങ്ങൾ ആയിരിക്കുമെന്നും ആണ് ഞാൻ വിശ്വസിക്കുന്നത്. ഏതായാലും ഇൻഡ്യൻ ഭരണഘടനയ്ക്കുള്ളിൽ നിന്നുകൊണ്ടുതന്നെ ഈ വക കാര്യങ്ങളെല്ലാം പ്രവർത്തിക്കണമെന്നുള്ള നിർബന്ധം ഉള്ളതുകൊണ്ടാണ് ക്രനയബില്ലിനെ സംബന്ധിച്ചിടത്തോളം ജന്മിമാരുടെ അവകാശങ്ങൾക്ക് ഒരു പരിമിതി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ഇവിടെ അവതരിപ്പിക്കുന്ന ബില്ല് സർക്കുലേറ്റുചെയ്തു പാസ്സാക്കുകയോ, അതോ, സെലക്റ്റുകമ്മിററിക്ക് അയയ്ക്കുകയോ ഏതാണു വേണ്ടതെന്നു തീരുമാനിക്കാനുള്ള അവകാശം എല്ലാ ബഹുമാനപ്പെട്ട മെംബർമാർക്കുമാണ്. പക്ഷെ, ഒരുകാര്യം എല്ലാവരും ഓർക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. ഒരു കക്ഷിയുടെയും നിർദ്ദേശമോ, ഉപദേശമോ അനുസരിച്ചല്ല പി. എസ്. പി. ഭരണം നടത്തുന്നത്. അങ്ങനെയുള്ള തെററിദ്ധാരണകൾ വച്ചുകൊണ്ടിരിക്കുന്നത് ശരിയല്ലെന്നും ഞാൻ വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. സർ, പ്രജാസോഷ്യലിസ്റ്റ് പാർട്ടിയുടെ തത്വങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചുകൊണ്ട് ഈ ഗവൺമെൻറിനെ നിലനിറുത്തണമെന്നു എനിക്കാഗ്രഹമില്ല. ഒരു ന്യൂനപക്ഷകക്ഷിയായ പി. എസ്. പി. ഭരണഭാരം ഏല്ക്കുന്നതാണ് രാജ്യക്ഷേമത്തിന് നല്ലതെന്നു തോന്നിയതുകൊണ്ടാണ് ഞങ്ങൾ ഭരണം കയ്യേററത്. കഴിവുള്ളിടത്തോളം പി. എസ്. പി. തത്വത്തെ മുൻനിറുത്തി, ഭരണഘടനയ്ക്ക് വിധേയമായി, രാജ്യക്ഷേമകരമെന്നുതോന്നുന്ന പ്രവർത്തനങ്ങൾ, നിങ്ങളുടെ എല്ലാവരുടേയും സഹകരണം ലഭിക്കുമെങ്കിൽ, നടത്താമെന്നുമാത്രമേ പി. എസ്. പി. ഉദ്ദേശിച്ചിട്ടുള്ളു. കാൺഗ്രസ്സ് പാർട്ടിയുടെ ഭരണനയത്തെ അനുകരിച്ചാണ് പി. എസ്. പി. ഭരണം നടത്തുന്നതെന്ന് ആരോപണങ്ങളുണ്ടായിട്ടുണ്ട്. ഭരണപരമായ കാര്യങ്ങളിൽ സ്വീകരിക്കുന്ന നടപടികൾ ഏതുഭാഗത്തുനിന്നായാലും സ്വീകരിക്കുന്നതിൽ യാതൊരു വൈമനസ്യവുമില്ല. എന്നാൽ, പി. എസ്. പി. യുടെ തത്വങ്ങൾ ബലികഴിച്ചുകൊണ്ട് ഒരു പാർട്ടിയുടേയും നിർദ്ദേശങ്ങൾക്കോ, ഉപദേശങ്ങൾക്കോ വിധേയമായി പ്രവർത്തിക്കുകയില്ലെന്ന് ഉറപ്പിച്ചു പറയാൻ സാധിക്കും. സർ, ഭരണപരമായ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം എല്ലായ്പോഴും നിയമത്തെ മാത്രം അടിസ്ഥാനപ്പെടുത്തി പ്രവർത്തിച്ചുയെന്നു വരികയില്ല. ഈ ഗവൺമെൻറിനല്ല; ഒരു ഗവൺമെൻറിനും ഈ കാര്യങ്ങൾ ഞാൻ പറഞ്ഞതുപോലെയല്ലാതെ നടത്തിക്കൊണ്ടുപോകാൻ സാധിക്കുകയില്ല. ഇന്നത്തെ പരിതഃസ്ഥിതിയിൽ പി. എസ്. പി, യുടെ ഒരു ഗവൺമെൻറ് രൂപീകരിക്കുമ്പോൾ പല എതിർപ്പുകളും മററു കക്ഷികളിൽനിന്നും ഉണ്ടായിരിക്കുമെന്നുള്ള പ്രതീക്ഷയോടുകൂടിത്തന്നെയാണ് ഈ ഗവൺമെൻറ് രൂപീകരിച്ചിട്ടുള്ളത്. എന്നാൽ, സാമാന്യേനയുള്ള പിൻതുണ കാൺഗ്രസ്സ് പാർട്ടിക്കാർ വാഗ്ദാനം ചെയ്തിട്ടുണ്ടെന്നുള്ളതു അനുസ്മരിച്ചുകൊണ്ടുതന്നെയാണ് ഞാൻ ഈ പറയുന്നത്. മററു കക്ഷികളുമായി ഭരണപരമായ കാര്യങ്ങളെ സംബന്ധിച്ചോ, അല്ലെങ്കിൽ ഇവിടെ അവതരിപ്പിക്കാൻ പോകുന്ന ബില്ലുകളെ സംബന്ധിച്ചോ എന്തൊക്കെയോ സംഭാഷണങ്ങൾ നടന്നിട്ടുണ്ടെന്നുള്ള കാര്യം കമ്മ്യൂണിസ്റ്റ് പാർട്ടിയിൽനിന്നും പരാമർശമുണ്ടായി. സർ, എന്തൊക്കെ സംഭാഷണം നടന്നിട്ടുണ്ടെങ്കിലും അവയെല്ലാം പി. എസ്. പി. സെൻട്രൽ എക്സിക്യൂട്ടിവിന്റെ തീരുമാന

ത്തിന് വിധേയമായിട്ടുള്ളതാണെന്നു മാത്രമേ എനിക്കു പറയാനുള്ളു. സർ, യു. എഫ്. എൽ-ൽനിന്നും ആർ. എസ്. പി. അഭിപ്രായവ്യത്യാസങ്ങൾമൂലം മാറിയിരിക്കുകയാണ്. അങ്ങനെയിരിക്കെ, കമ്മ്യൂണിസ്റ്റ് പാർട്ടിയും, പി. എസ്. പി. യും കൂടിച്ചേർന്ന് ഒരു ഗവണ്മെന്റ് രൂപീകരിച്ചിരുന്നുവെങ്കിൽ അതിന്റെ സ്ഥിതി എന്തായിരിക്കുമായിരുന്നു എന്നു ചിന്തിക്കേണ്ടതാണ്. ഇപ്പോൾത്തന്നെ ആപ്പൊസിഷൻ പാർട്ടിയിലുള്ള രണ്ടു ഘടകങ്ങൾ തമ്മിൽ, പരസ്പരമായ അധികാരങ്ങൾ ഇല്ലാതിരിക്കു പിണങ്ങിപ്പിരിഞ്ഞിരിക്കുന്ന സ്ഥിതിക്ക് ഇവരെക്കൂടി ചേർത്തുള്ള ഒരു സംയുക്തഗവണ്മെന്റ് ഉണ്ടാക്കിയിരുന്നുവെങ്കിൽ ഇതിനു മുൻപെ ഈ ഗവണ്മെന്റ് തകർന്നുപോകുമായിരുന്നു. അതുകൊണ്ടാണ് ഞാൻ പറയുന്നത്, അന്നു പി. എസ്. പി. ഗവണ്മെന്റ് അവലംബിച്ച നിലപാടിന്റെ സാധുതയെ ഒന്നുകൂടി ബലപ്പെടുത്തുകയാണു ചെയ്യുന്നതെന്ന്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: സർ, ഒരു ചോദ്യം. പി. എസ്. പി. ഗവണ്മെന്റ ....

ശ്രീ. എ. താണുപിള്ള: സഭയിൽ സംസാരിച്ചുകൊണ്ടുനിൽക്കുന്നയാൾ ഇരിക്കുന്നതിനുമുൻപ്, മറ്റൊരു മെംബർക്ക് ചോദ്യം ചോദിക്കാമോ?

മി. സ്പീക്കർ: ഏതെങ്കിലും ഒരു മെംബർ ചോദ്യം ചോദിക്കുമ്പോൾ പ്രാസംഗികൻ ഇരിക്കേണ്ടതാണ്.

ശ്രീ. എ. താണുപിള്ള: ചോദ്യം ഞാൻ ഇൗൽഡു ചെയ്യുന്നില്ലെങ്കിൽ?

മി. സ്പീക്കർ: ഇൗൽഡുചെയ്യുന്നില്ലെങ്കിൽ തുടർന്നു സംസാരിക്കാം.

ശ്രീ. എ. താണുപിള്ള: സർ, അതുകൊണ്ടു മുൻപു നടന്നിട്ടുള്ള പല സംഗതികളെപ്പറ്റിയും പ്രതിപക്ഷത്തുനിന്നും എടുത്തെടുത്തു പറയുന്നതു് ഈയവസരത്തിൽ സംഗതമാണെന്നു തോന്നുന്നില്ല. ഏതു കാര്യത്തെപ്പറ്റിയും, എതിർപ്പിനുവേണ്ടി എതിർക്കാനിരിക്കുന്ന മററു കക്ഷികൾ ഈ സഭയിലുള്ളപ്പോൾ പി. എസ്. പി. ഗവണ്മെന്റിനു് കാൺഗ്രസ്സിന്റെ ആനുകൂല്യം അത്യന്താപേക്ഷിതമാണ്. അതില്ലായിരുന്നുവെങ്കിൽ ഈ ഗവണ്മെൻറുതന്നെ നിലനിൽക്കുമോ എന്നു എനിക്കു സംശയമാണ്. എന്നുവിചാരിച്ച് കാൺഗ്രസ്സുകാരുടെ നിർദ്ദേശങ്ങൾ അനുസരിച്ചുതന്നെ പ്രവർത്തിക്കണമെന്നു ഈ ഗവണ്മെന്റ് വിചാരിക്കുന്നില്ല, അതുപോലെ തന്നെ അവരുടെ നിർദ്ദേശങ്ങൾ അനുസരിച്ച് ഗവണ്മെന്റ് പ്രവർത്തിക്കുമെന്ന് അവരും വിശ്വസിക്കുന്നില്ല. കാരണം പി. എസ്. പി. തത്വത്തിൽനിന്നും അണുപോലും വ്യതിചലിക്കുകയില്ലെന്നു കാൺഗ്രസ്സുകാർക്കറിയാം. കാര്യം പറയുന്നതുകൊണ്ടു ആർക്കും പരിഭവം വേണ്ട. പിന്നീട്, ഇവിടെ അവതരിപ്പിച്ച സപ്ലിമെൻററി ഗ്രാൻറിനു് അടിസ്ഥാനമായ നിയമനങ്ങളെ സംബന്ധിച്ചാണു എനിക്കു പറയാനുള്ളതു്. സർ, ഈ കാര്യത്തിൽ ഗവണ്മെൻറിനു് കുറെയൊക്കെ സ്വാതന്ത്ര്യം ഉണ്ടായിരിക്കേണ്ടതാണ്. അങ്ങനെ സ്വാതന്ത്ര്യമില്ലാതെ ഭരിക്കാൻ ആരുവന്നാലും സാധിക്കുമോ എന്ന് എനിക്കു തോന്നുന്നില്ല. ഈ നിയമനങ്ങളെ സംബ

[ശ്രീ. എ. താണുപിള്ള]

ന്ധിച്ച് പല വാദപ്രതിവാദങ്ങളും, കർക്കശമായ നിരൂപണങ്ങളും ഈ സഭയിൽ നടന്നിരിക്കുകയാണ്. ഇതു് എത്ര നിർഭാഗ്യകരമായിപ്പോയി എന്നു ചിന്തിക്കേണ്ടതാണ്. കാരണം, 1954–55-ലെ ബഡ്ജററ്, ഒരു ഭീമമായ സംഖ്യ ഈ അസംബ്ലി പാസ്സാക്കുകയും, അതിനെസംബന്ധിച്ചുള്ള അപ്രോപ്രിയേഷൻ ബില്ലും പാസ്സാക്കിയശേഷം, സപ്ലിമെൻററി ഗ്രാൻറിനാസ്പദമായ ഒരു നിസ്സാര കാര്യത്തെപ്പററി ഒരു എതിർപ്പുണ്ടാക്കിയതു് നിർഭാഗ്യകരമായിപ്പോയി എന്നു് ഞാൻ പറയുന്നതിൽ വല്ല അതിശയോക്തിയുമുണ്ടോ? എന്തെങ്കിലും അല്പസ്വല്പം എതിർപ്പില്ലാതെ നിയമസഭയിൽ കഴിച്ചുകൂട്ടുന്നകാര്യം വിഷമമാണെന്നു തോന്നുന്നതുകൊണ്ടായിരിക്കാം ഇങ്ങനെ ചെയ്തിട്ടുള്ളതു്. അതു പോകട്ടെ. ഇവിടെ പല ആക്ഷേപങ്ങളും ഉന്നയിച്ചിട്ടുള്ളതു് കമ്മ്യൂണിസ്ററ്, ആർ. എസ്. പി. എന്നീ പാർട്ടികളിൽനിന്നാണ്. സർ, ഒരാൾ ഇവിടെ കാൺഗ്രസ്സും, പി. എസ്. പി.യും ഒരുമിച്ചുവസാനിക്കണമെന്നുവരെ പറയുകയുണ്ടായി. അവരുടെ ആഗ്രഹം എങ്ങനെ നടക്കുമെന്നുള്ളതിനെപ്പററി പിന്നീടെ അറിയാൻ തരമുള്ളു. അതുകഴിഞ്ഞു് ഐക്യകേരളത്തെപ്പററി ഒരു ചർച്ച ഉണ്ടാകേണ്ട ആവശ്യമില്ലെങ്കിലും ഉന്നയിക്കുകയുണ്ടായി. സർ, ഞാൻ റീ ആർഗനൈസേഷൻ കമ്മിഷന്റെ മുൻപിൽ എന്തെല്ലാം കാര്യങ്ങൾ ബോധിപ്പിച്ചിട്ടുണ്ടോ അവയെല്ലാംതന്നെ നാട്ടുകാർക്ക് വളരെ പ്രയോജനപ്രദമാണെന്നുള്ള കാര്യം മനസ്സിലാക്കേണ്ടതാണ്. ഇതുകൂടാതെ, വിദ്യാർത്ഥികളും, കാളേജുയൂണിയനും ഫെഡിപ്പിച്ചുകൊണ്ടു് എന്റെ ഒരു മാന്യസ്നേഹിതൻ ചില ആക്ഷേപങ്ങൾ ഉന്നയിക്കുകയുണ്ടായി. ഈ കാര്യങ്ങളെ സംബന്ധിച്ചു് പലതരത്തിലുള്ള സംഭാഷണമുണ്ടാകുകയും മറുപടി പറയുകയും ചെയ്തിട്ടുള്ളതാണ്. അതിനെപ്പററി ഒന്നുകൂടി പറയാനുള്ളതു്, ദൈനംദിനം മാറിക്കൊണ്ടിരിക്കുന്ന രാഷ്ട്രീയ പരിതഃസ്ഥിതിയെ അടിസ്ഥാനമാക്കി നോക്കിയാൽ ഈ കാര്യങ്ങളൊന്നും ഭരണപരമായ നയങ്ങൾക്കും സമ്പ്രദായങ്ങൾക്കും മററും യോജിച്ചതല്ലെന്നാണ്. വിദ്യാർത്ഥികൾക്കു് മിഡിൽസ്കൂൾക്ലാസ്സിൽ ഫീസ വേണ്ടെന്നുവച്ചു എങ്കിൽ മിഡിൽസ്കൂൾക്ലാസ്സുവരെ സൌജന്യവിദ്യാഭ്യാസം ഗവൺമെൻറിന്റെ നയം ആയതുകൊണ്ടാണ്. ജൂഡിഷ്യറിയും എക്സിക്യൂട്ടീവും വേർതിരിക്കുകയാണെങ്കിൽ അതു് ഗവൺമെൻറിന്റെ നയമാണ്. ഗവൺമെൻറ് ഒരു നയവും പരിപാടിയും വച്ചുകൊണ്ടല്ലാ പ്രവർത്തിക്കുന്നതെന്നു പറഞ്ഞാൽ അതു് കേൾക്കുവാൻ സുഖമാണ്. പ്രത്യേകിച്ചും പ്രൊഫസർ മുണ്ടശ്ശേരിയെപ്പോലെയുള്ള ഒരു വാഗ്മിയുടെ മുഖത്തുനിന്നു വരുമ്പോൾ വളരെ സുഖംതോന്നും. പക്ഷെ പ്രായോഗികമായിട്ടു നോക്കുമ്പോൾ അതൊക്കെ വളരെ വിഷമമുള്ള സംഗതിയാണ്. പിന്നെ ഒരു ധാരണയുടെ പിന്നിലാണ് ഈ പ്രമേയം വന്നതെന്നു പറഞ്ഞു. എന്താണ് ധാരണ. അഥവാ ധാരണയുണ്ടെങ്കിൽ, ധാരണയെന്നുള്ളതുകൊണ്ടു് അതു തെററാകണമെന്നുണ്ടോ? ന്യായമായ ധാരണകൾ ചില കക്ഷികളുമായിട്ടില്ലാതെ ഒരു ഗവൺമെൻറിനും നടക്കുവാൻ ഒക്കുകയില്ല. ധാരണ ഐക്യകക്ഷിയോടും ആകാം. നല്ല ധാരണ ആരോടും ആകാം.

പിന്നെ ട്രൈബ്യൂണൽ നടപ്പിലാക്കണമെന്നു് ഉദ്ദേശമില്ല എന്നു് എങ്ങനെയോ കണ്ടുപിടിച്ചിരിക്കുന്നു. അതു കണ്ടുപിടിച്ചതും എങ്ങനെ എവിടെനിന്നു കിട്ടി എന്നു് എനിക്കു അറിഞ്ഞുകൂടാ. സർ, ഞങ്ങൾ

വളരെ വിഷമിച്ചു് ഭൂനയത്തെ സംബന്ധിക്കുന്ന പല സംഗതികളേയും അടിസ്ഥാനപ്പെടുത്തി ബില്ലുകൾ തയാറാക്കുന്നതു് വിനോദമല്ല. പരസ്പരവിരുദ്ധമായ അഭിപ്രായങ്ങൾ ഉൾക്കൊള്ളുന്ന ബില്ലുകളാണു് അവ. വളരെ ജോലി ചെയ്തു് അതിനൊക്കെ ഒരു രൂപം കൊടുത്തു് തയാറാക്കിയതാണു് ആ ബില്ലുകൾ. അതെല്ലാം വിനോദത്തിനുവേണ്ടിയാണെന്നു് എന്റെ സ്നേഹിതൻ വിചാരിക്കുന്നെങ്കിൽ അതിൽ അർത്ഥമൊന്നുമില്ല. ആ ബില്ലുകൾ എല്ലാം പരിപൂർണ്ണമാണെന്നു ഞാൻ പറയുന്നില്ല. വളരെ കുറവുകളുണ്ടു്. അഭിപ്രായവ്യത്യാസങ്ങൾക്കു വളരെ വകയുണ്ടു്. പക്ഷെ ആ ബില്ലുകളെല്ലാം നമ്മളൊക്കെ കൂടിയാലോചിച്ചു് നന്നാക്കുവാൻ നോക്കണം. എല്ലാം സാധിച്ചുകളയാമെന്ന മൗഢ്യം ഞങ്ങൾക്കില്ല. ഭൂമിയുടെ കാര്യത്തിനു് ഒരു നിയമം ആവശ്യമാണെന്നു് വളരെക്കാലമായി ജനങ്ങൾ ആവശ്യപ്പെട്ടുതുടങ്ങിയിട്ടുള്ളതാണു്. അതിനു് ഞങ്ങൾ ബുദ്ധിമുട്ടിയിട്ടുണ്ടു്. ഈ ബുദ്ധിമുട്ടുകൾ സഹിച്ചു് അതു് നടപ്പാക്കാനല്ലെങ്കിൽ പിന്നെ ആരെ ബോദ്ധ്യപ്പെടുത്താനാണു്. അവരെ ബോദ്ധ്യപ്പെടുത്താനാണെങ്കിൽ അതു് നല്ലതല്ലേ ?

ശ്രീ. എം. പി. മേനോൻ: നാട്ടുകാരെ ബോദ്ധ്യപ്പെടുത്താനാണു്.

ശ്രീ. എ. താണുപിള്ള: 60-ം 70-ം വയസ്സായ ആളുകളാണു് കളിക്കുന്നതു്. ഇത്ര പ്രായമായിട്ടുള്ള ആളുകൾ എന്തെങ്കിലും ചെയ്യുമ്പോൾ അതിൽ കളിയൊന്നുമില്ലെന്നു യുവാക്കന്മാരായ ആളുകൾ ധരിക്കണം. ഇതിൽ അധികം പറയണമെന്നു് ഞാൻ ഉദ്ദേശിക്കുന്നില്ല. ഈ ഗവണ്മെന്റിന്റെ ഉദ്ദേശങ്ങളെപ്പറ്റി ഞാൻ പറഞ്ഞു. പല കുറവുകളും ഈ ഗവണ്മെന്റിനുണ്ടു്. എന്നാൽ ഗവണ്മെന്റിന്റെ ഉദ്ദേശങ്ങളെപ്പറ്റി നിങ്ങൾ ആരും ചോദ്യംചെയ്യരുതെന്നേ എനിക്കു് അപേക്ഷയുള്ളു. നമുക്കു കഴിയുന്നതും യോജിച്ചു് പ്രവർത്തിക്കാം. ഏതെങ്കിലും ഒരു കക്ഷിക്കു അതീതമായിട്ടാണെന്നു് ആരും ധരിക്കേണ്ട. ഒരുകാര്യം ഞാൻ പറയാം. ഈ ഗവണ്മെന്റു് കുറെനാളുകൂടി തുടർന്നാൽ കൊള്ളാമെന്നുണ്ടു്. ഇന്നു് അതു് നാട്ടിന്റെ ആവശ്യമാണു്. നമുക്കു് പ്രസിഡന്റിന്റെ ഭരണമോ അല്ലെങ്കിൽ മററുപ്രകാരത്തിലുള്ള വ്യവസ്ഥകളോ ഒന്നും ഈ നാട്ടിൽ വരരുതു് എന്നുണ്ടു്. നമുക്കു് അടുത്തടുത്തു് ഇലക്ഷൻകൂടാതെ കഴിക്കണം. ഇതൊക്കെ എല്ലാവരും ചിന്തിക്കേണ്ട കാര്യങ്ങളാണു്. അതുകൊണ്ടു് ഈ പ്രമേയത്തെ എല്ലാവരും ഈ ഭാഗത്തിരിക്കുന്ന ഐക്യമുന്നണിക്കക്ഷിയും ആർ. എസ്. പി. കക്ഷിയും, മറെറല്ലാവരും അനുകൂലിക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു. അവർ ചില കാര്യങ്ങളൊക്കെ പറഞ്ഞു. അതിനൊക്കെ ഈ കാൺഗ്രസ്സുകാരുമായിട്ടുള്ള ബന്ധമാണല്ലോ കാര്യം എന്നു പറഞ്ഞു. അങ്ങനെയൊന്നുമില്ല. ഈ പക്ഷത്തിരിക്കുന്ന കക്ഷികളുമായിട്ടുള്ളതിൽക്കവിഞ്ഞതൊന്നും കാൺഗ്രസ്സുമായിട്ടില്ല. പക്ഷെ ഈ പക്ഷത്തിരിക്കുന്നവർ വിചാരിക്കുന്ന കാര്യങ്ങളെല്ലാം ഉടനെ ചെയ്തുകൊടുക്കുവാൻ ഈ ഗവണ്മെന്റിനു സാധിക്കാത്തതുകൊണ്ടു് അവർ പറയുന്നുവെന്നേയുള്ളു. നമുക്കു ചെയ്യാനുള്ളതെല്ലാം രാജ്യക്ഷേമത്തെ കരുതി ചെയ്യാം. ഈ പ്രമേയം എല്ലാവരും അനുകൂലിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു.

Mr. Speaker: Mr. Chazhikattu Joseph, you have a right to reply. Do you reply ?

Shri Joseph Chazhikattu: Yes, Sir. സർ, ഞാൻ അവതരിപ്പിച്ച വിശ്വാസപ്രമേയത്തെ സംബന്ധിച്ച് ഇവിടെ പ്രസംഗിച്ചിട്ടുള്ള എല്ലാവരോടും വേണ്ടത്ര ബഹുമാനത്തോടുകൂടിയും അവരോടും വിരോധമില്ലാതെയും എനിക്ക് ഈ മൂന്നു പേരോട് കുറെ മറുപടി പറയാനുണ്ട്. ഒന്നാമതായി കോൺഗ്രസ്സ് അദ്ധ്യക്ഷനായ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോനോടാണ് എനിക്കു പറയുവാനുള്ളത്. അദ്ദേഹം എന്റെ ഈ പ്രമേയത്തിൽ Full confidence എന്നുള്ളത് വേണ്ടായിരുന്നുവെന്നും confidence എന്നു മതിയായിരുന്നുവെന്നും പറഞ്ഞു. ശ്രീ. ജോസഫ് മുണ്ടശ്ശേരിയും ഈ കോൺഫിഡൻസിൽ അല്പം സംശയം പ്രകടിപ്പിച്ചു. ഈ രണ്ടു മഹാശയന്മാരുടെ അഭിപ്രായം കേട്ടപ്പോൾ ചേംബേഴ്സ് ഡിക്ഷനറിയിൽ കോൺഫിഡൻസ് എന്നുള്ള വാക്കിന്റെ അർത്ഥം ഒന്നു നോക്കാം എന്നു ഞാൻ വിചാരിച്ചു. Confidence എന്നുള്ളതിന്റെ അർത്ഥം firm trust or belief എന്നാണ്. അപ്പോൾ confidence എന്നുള്ളതിന്റെ അർത്ഥം പൂർണ്ണമായ വിശ്വാസം എന്നാണ്. അപ്പോൾ എന്റെ സ്നേഹിതന്മാർ സപ്പോർട്ടുചെയ്തിട്ടുള്ളത് കോൺഫിഡൻസിനെ തന്നെയാണ് എന്നുള്ളതിൽ അഭിപ്രായ വ്യത്യാസമില്ല. ഈ കോൺഫിഡൻസ് മോഷൻതന്നെ ആവശ്യമില്ലായിരുന്നുവെന്ന് ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ഒടുവിൽ പറയുകയുണ്ടായി. 6000 രൂപായുടെ കുറവു വരുത്തണമെന്നു പറഞ്ഞുകൊണ്ടു 13-ാമത്തെ സപ്ലിമെന്ററി ഗ്രാന്റായ 1,94,000 രൂപായുടെ ധനാഭ്യർത്ഥന തള്ളിക്കളഞ്ഞപ്പോൾ അദ്ദേഹം അകമെ ഒരു വിജയം നടിച്ചുകൊണ്ട് മന്ദഹാസത്തോടുകൂടി ഇന്നത്തെ ഗവണ്മെന്റിന്റെ മേൽ ഒരു പുച്ഛരസത്തോടുകൂടി,

> "Mischief, thou art afoot
> Take, thou what course thou wilt."

എന്ന ഷേക്സ്പീയറിലെ മാർക്ക് ആന്റണി പറഞ്ഞതുപോലെ ആത്മഗതം ചെയ്തിരിക്കണം.

Mr. Speaker: Please conclude.

ശ്രീ. ജോസഫ് ചാഴികാട്ട്: സർ, ഒരാളെപ്പറ്റി മാത്രമേ പറഞ്ഞുള്ളു. എന്നെ എതിർത്ത ഒന്നുരണ്ടു ആളുകളെപ്പറ്റിക്കൂടി രണ്ടു വാക്ക് പറയാനുണ്ട്. ഇനി ശ്രീ. എം. പി. മേനോനെപ്പറ്റിയാണ് എനിക്കു പറയുവാനുള്ളത്. പശുവിന്റെ അകിട്ടിൽ പാലാണ് ഉള്ളതെന്ന് എല്ലാവർക്കും അറിയാമല്ലോ. അങ്ങനെയുള്ള പശുവിന്റെ അകിട്ടിൽ ചെള്ളുകൾ വന്നിരുന്നാൽ അത് പാൽ കുടിക്കാതെ പശുവിന്റെ രക്തം വലിച്ചുകുടിക്കും. അതുപോലെ ഏതു നല്ല കാര്യമുണ്ടായാലും ദോഷൈകദൃക്കുകൾ അതിന്റെ ദോഷവശങ്ങളേ കാണുകയുള്ളു. അതുപോലെയാണ് ശ്രീ. എം. പി. മേനോൻ എന്റെ പ്രമേയത്തെ എതിർത്തു പ്രസംഗിച്ചതെന്ന് എനിക്കു തോന്നുന്നു.

> "ക്ഷീരമുള്ളോരകിടിൻചുവട്ടിലും
> ചോരതന്നെ കൊതുകിന്നു കൗതുകം"

ഇനി ശ്രീ. ടി. കെ. ദിവാകരൻ പറഞ്ഞതിനെപ്പററിയാണ് പറയാനുള്ളതു്. അദ്ദേഹം പറഞ്ഞതു് ഭൂനയത്തെ സംബന്ധിച്ചുള്ള ബില്ലുകൾ ഇവിടെ പാസ്സാക്കാതിരിക്കണം എന്നാണ് പി. എസ്. പി. യുടെ ഉദ്ദേശം എന്നാണ്. സർ, ഇന്നത്തെ ഗവണ്മെൻറ് ഒരു ഭൂനയബിൽ അവതരിപ്പിക്കാൻ പോകുന്നുണ്ടു്. അതു് നമ്മുടെ മുമ്പിൽ ഉടനെ വരുമെന്നു നമുക്കു നോട്ടീസു തന്നിട്ടുണ്ടു്. വളരെക്കാലമായി ഇവിടത്തെ ജനങ്ങൾ ആഗ്രഹിച്ചുകൊണ്ടിരുന്ന ഭൂമിയെസംബന്ധിച്ചുള്ള ബിൽ കൊണ്ടുവരുന്നതിൽ അവരെ അഭിനന്ദിക്കുകയല്ലേ വേണ്ടതു്. ബില്ല് നമ്മുടെ മുമ്പിൽ വരുമ്പോൾ നമുക്കു അതിൽ കൂട്ടിച്ചേർക്കുകയോ കുറയ്ക്കുകയോ ചെയ്യരുതോ? എന്തെങ്കിലും ഒരു ഭൂനയബിൽ ഇന്നത്തെ ഗവണ്മെൻറല്ലേ കൊണ്ടുവന്നതു്? അതുകൊണ്ടു് അദ്ദേഹം പറഞ്ഞതൊക്കെ പിൻവലിച്ചു് ഈ പ്രമേയത്തെ പിൻതാങ്ങണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. ടി. വി. തോമസ് പറഞ്ഞതു് ഓർക്കുമ്പോൾ എനിക്കു ഒരു ശ്ലോകം ഓർമ്മ വരുന്നു. കാളിദാസന്റെ ശാകുന്തളത്തിൽ താതകണ്വന്റെ സമ്മതംകൂടാതെ ഗർഭിണിയായ ശകുന്തള ഭർത്തൃഗൃഹത്തിലേയ്ക്കു പുറപ്പെടാനായി വന്നപ്പോൾ കണ്വമഹർഷി പറഞ്ഞു:

"ഞങ്ങളോടരിയാടാതെ
നിങ്ങൾതന്നെ രഹസ്യമായ്
തങ്ങളിൽ ചെയ്തു വെച്ചല്ലോ"—ഞാനെന്താണു ചെയ്യുക

ശ്രീ. പട്ടം താണുപിള്ളയും ശ്രീ. ടി. വി. തോമസ്സുമായി ഏതോ രഹസ്യത്തിൽ മൂന്നു മന്ത്രിമാർ ഞങ്ങൾക്കു് തരാം മൂന്നു മന്ത്രിമാർ നിങ്ങൾക്കു തരാം എന്നൊക്കെ പറഞ്ഞുപോലും. അതൊന്നും ഈ സഭയ്ക്കു അറിയേണ്ടതല്ല. ഇതൊക്കെ നിങ്ങൾതന്നെ തമ്മിൽത്തമ്മിൽ പറഞ്ഞാൽ മതി. ഈ വക കാര്യങ്ങളെപ്പററിയൊന്നും ഞങ്ങൾക്കു് അറിഞ്ഞുകൂടാ. ഞങ്ങളോടരിയാടാതെ നിങ്ങൾതന്നെ രഹസ്യമായി ചെയ്തതൊക്കെ അങ്ങു വച്ചുകൊള്ളുക.

അടുത്തതായി എന്റെ പ്രമേയത്തെ എതിർത്തതു് ശ്രീ. ബാലകൃഷ്ണനാണ്. അദ്ദേഹത്തിന്റെ പ്രസംഗം കേട്ടപ്പോൾ അദ്ദേഹം ആരാണെന്നു അടുത്തിരിക്കുന്ന ആളിനോടു ഞാൻ ചോദിച്ചു. അദ്ദേഹം പറഞ്ഞതു് അതു് പേട്ട മെംബറാണെന്നു്. വേറൊരാൾ പറഞ്ഞു അദ്ദേഹം ശ്രീ. സി. കേശവന്റെ മകനാണെന്നു്. ശ്രീ. സി. കേശവൻ ഇവിടത്തെ പൗരപ്രമുഖന്മാരിൽ ഒരാളും രാജ്യത്തിലെ പത്രങ്ങളെല്ലാം ഒരു കാലത്തു് കിരീടം വയ്ക്കാത്ത രാജാവാണെന്നു പ്രകീർത്തിക്കപ്പെട്ടിട്ടുള്ള ഒരു മാന്യദേഹവുമാണ്. കോഴഞ്ചേരി, ചേർത്തല, കടനാടു മുതലായ സ്ഥലങ്ങളിൽ 25,000; 50,000 ആളുകൾ കൂടിയിരുന്ന മഹായോഗങ്ങളിൽ ഞാനും അദ്ദേഹവും ഒന്നിച്ചു പ്രസംഗിച്ചിട്ടുണ്ടു്. അദ്ദേഹത്തെപ്പററി എനിക്കു വലിയ ബഹുമാനമാണ്. ഇതു സത്യമാണോ എന്നു വേണമെങ്കിൽ വീട്ടിൽച്ചെന്നു ചോദിക്കണം. അങ്ങനെയുള്ള ഒരാളിന്റെ മകനാണെന്നു കേട്ടപ്പോൾ ശ്രീ. ബാലകൃഷ്ണനെപ്പററി എനിക്കു വളരെ ബഹുമാനം തോന്നി. പക്ഷെ, അദ്ദേഹത്തിന്റെ പ്രസംഗം കേട്ടപ്പോൾ ബ്രൂക്കലാക്കു് വായിലിട്ടതുപോലെയുള്ള അനുഭവം ഉണ്ടായി.

[ശ്രീ. ജോസഫ് ചാഴിക്കാട്ട്]

അടുത്തതായി പ്രസംഗിച്ചതു് ശ്രീ. മുണ്ടശ്ശേരിയാണു്. അദ്ദേഹം ഒരു മഹാനാണു്, പ്രശസ്തനാണു്, ഒരു പ്രൊഫസറാണു്, വേറെ എന്തെല്ലാമൊക്കെയോ ആണു്. അദ്ദേഹം പ്രധാനമായി പറഞ്ഞതു് ഇവിടത്തെ പോലീസുകാരുടെ നയം മാറിയിട്ടില്ലായെന്നാണു്. എനിക്കു് അദ്ദേഹത്തോടു പറയുവാനുള്ളതു് ഈ പോലീസുകാരെല്ലാം നമ്മുടെ ചാർച്ചക്കാരാണു്; സംബന്ധക്കാരാണു്, എല്ലാം നമ്മളുടെ ആളുകൾതന്നെ. അവർ എത്യോപ്പിയായിൽനിന്നോ ന്യൂസിലൻഡിൽനിന്നോ ഐർലണ്ടിൽനിന്നോ വന്നവരല്ല. നമ്മെപ്പോലെ അല്ലാതെ അവർക്കു പെരുമാറുവാൻ സാധിക്കുമോ? അപ്പൻ വല്ലവരെയും അടിക്കുകയോ ഇടിക്കുകയോ ചെയ്താൽ മകനും അതുപോലെ ചെയ്യുമെന്നു വരാം. അതുകൊണ്ടു് നാം ചീത്തയായാൽ അവരും ചീത്തയാകും. നാം നന്നായാൽ അവരും നന്നാകും. പോലീസുകാരെ പ്രത്യേകിച്ചു കുറ്റം പറയാൻ ഒന്നുമില്ല. മാത്രമല്ല, ശ്രീ. പട്ടം താണുപിള്ള വിചാരിച്ചാൽ പോലീസുകാരുടെ നയം മാറ്റുവാൻ ഒന്നും സാദ്ധ്യമല്ല. വേണമെങ്കിൽ കുറെ ശിക്ഷിക്കാം അത്രയുള്ളു. അതുകൊണ്ടൊന്നും അവരുടെ നയം മാറുകയില്ല. വേറൊന്നു പറയുവാനുള്ളതു് ശ്രീ. രാമസ്വാമി പറഞ്ഞ കാര്യമാണു്. അദ്ദേഹം പറഞ്ഞതിനെപ്പറ്റി കാര്യമായി ആലോചിക്കണം. തമിഴ്നാട്ടുകാർക്കു് കുറെ സങ്കടമുണ്ടു്. അതു് പരിഹരിച്ചുകൊടുക്കേണ്ടതാണു്. അതിനു് ഈ നിയമസഭയിൽനിന്നും എല്ലാ പാർട്ടികളിലുംചേർന്നു് ഒരു കമ്മിറ്റി തിരഞ്ഞെടുത്തു് അവരുടെ കാര്യങ്ങളെപ്പറ്റി അന്വേഷിച്ചു വേണ്ടതു ചെയ്യണം. അവർക്കു് തൊഴിലില്ലായ്മ ഉണ്ടോ, ദേവികുളവും പീരുമേടുമെല്ലാം തമിഴ്നാട്ടിനോടു ചേർക്കണമോ ഇതെല്ലാം അറിയണം. അവരിലും വിവരമുള്ളവർ ധാരാളമുണ്ടു്. നേശമണി മുതലായവർ നല്ല വിവരമുള്ളവരാണു്. പ്രധാനമന്ത്രി ആകാനും മററും യോഗ്യതയുള്ളവരാണു്. പ്രധാനമന്ത്രിമാരായവരെല്ലാം ജയിലിൽപോയി വന്നവരാണല്ലോ. ഒരുപക്ഷെ ഇപ്പോഴും ജയിലിൽ പോയിട്ടുള്ളതുകൊണ്ടു് എന്റെ അഭിപ്രായത്തിൽ അദ്ദേഹം താമസിയാതെ പ്രധാനമന്ത്രിയായേക്കാം. രാമസ്വാമി പറഞ്ഞതു് തമിഴിലായതിൽ എനിക്കു് മുഴുവൻ മനസ്സിലായില്ലെങ്കിലും എനിക്കു് ഹൃദയവേദന തോന്നുന്നുണ്ടു്. തമിഴ് അറിയാമായിരുന്നെങ്കിൽ ഞാൻ ഒരു പക്ഷെ, കരഞ്ഞുപോകുമായിരുന്നു. ഇവിടെ മന്ത്രിക്കസേരയിൽ ഇരിക്കുന്നവരും, അവരുടെ പിന്നിലുള്ളവരും, മന്ത്രിക്കസേരയിൽനിന്നും ഇറങ്ങിപ്പോയവരും അവരുടെ കൂട്ടരും, മന്ത്രിക്കസേര ആശിച്ചിട്ടു കിട്ടാതെ നിരാശപ്പെട്ടവരും പാർട്ടിയും ആയിട്ടുള്ള Three Cornered fight ആണു ഉണ്ടായതു്. അതുകൊണ്ടു് ശ്രീ. രാമസ്വാമിപ്പിള്ള പറഞ്ഞ സംഗതിയെപ്പററി കാര്യമായി തന്നെ ആലോചിക്കണം.

നാം എല്ലാം രാജ്യരക്ഷയ്ക്കായി ഇവിടെ വന്നിട്ടുള്ളവരാണു്. ഇപ്പോഴത്തെ മന്ത്രിമാരെ തള്ളിമാറ്റിച്ചിട്ടു ആ കസേരകളിൽ കയറിയിരിക്കാൻ ശ്രമിക്കാതെ ഇപ്പോഴും ഭരിക്കുന്നവർക്കു കുറച്ചു അവധികൂടി കൊടുത്തു് അവരെ ഭരിക്കാൻ അനുവദിക്കുക. എല്ലാ കക്ഷിവിഭാഗക്കാരും കക്ഷിതാല്പര്യം മറന്നു എന്റെ ഈ വിശ്വാസപ്രമേയത്തെ അനുകൂലിക്കണമെന്നു വീണ്ടും വീണ്ടും വിനീതമായി അഭ്യർത്ഥിച്ചുകൊള്ളുന്നു.

Mr. Speaker: Order, order. The question is that the House records its full confidence in the present Ministry.

The question that the House records its full confidence in the present Ministry was put and carried.

Shri K. C. George: Sir, I demand a poll.

A poll was taken when the House divided as follows:

AYES 61.

1 Shri P. K. Abdul Khadir
2 „ K. C. Abraham
3 „ A. Achuthan
4 „ V. K. Atchutha Menon
5 „ J. Alexander Parampithara
6 „ J. A. Bhatt
7 „ M. A. Antony
8 „ K. K. Balakrishnan
9 „ T. O. Bava
10 „ M. Bhaskaran Nair
11 „ N. G. Chacko
12 „ A. C. Chacko
13 „ N. Chandrasekharan Nair
14 „ M. P. Chandrasekharan Pillai
15 „ K. M. Chandy
16 „ M. V. Cheriyan
17 „ D. Damodaran Potti
18 „ K. M. George
19 „ K. P. Gopala Menon
20 „ Panampilli Govinda Menon
21 „ K. P. Hormis
22 „ Idiculla Idiculla
23 „ A. J. John
24 „ V. J. Joseph
25 „ Joseph Chazhikatt
26 „ K. Karunakaran
27 „ P. Kesava Menon
28 „ T. T. Kesavan Sastry
29 „ C. Kochukunju
30 „ K. Kochukuttan
31 „ K. M. Korah
32 Shri P. R. Krishnan
33 „ K. Krishna Pillai
34 „ P. Kunjan
35 „ P. K. Kunju
36 „ Manjanatha Prabhu
37 „ P. M. Markose
38 „ M. M. Mathai
39 „ C. A. Mathew
40 „ N. Narayana Kurup
41 „ K. Narayana Kurup
42 „ P. S. Nataraja Pillai
43 „ V. P. Parameswaran Nambudiri
44 „ N. Parameswaran Pillai
45 „ A. A. Rahim
46 Dr. A. R. Menon
47 Shri C. K. Ramachandran Nair
48 „ P. J. Sebastian
49 „ V. V. Sebastian
50 „ T. P. Sitaraman
51 „ K. A. Sivarama Bharathy
52 Dr. N. K. Kumaran
53 Shri A. Thanu Pillai
54 „ K. T. Thomas
55 Dr. P. T. Thomas
56 Shri P. S. Vasudevan Pillai
57 „ K. I. Velayudhan
58 „ Kalathil Velayudhan Nair
59 „ T. M. Varghese
60 „ P. Viswambaran
61 „ A. A. D. Luiz

NOES 40.

1 Shri P. V. Avira Tharakan
2 „ C. C. Ayyappan
3 „ Baby John
4 „ K. A. Balan
5 „ K. Balakrishnan
6 „ R. Balakrishna Pillai
7 „ B. B. Pandarathil
8 „ Prakulam Bhasi
9 „ P. Bhaskaran Nair
10 „ Thoppil Bhaskaran Pillai
11 „ K. Chandrasekhara Sastri
12 „ P. K. Chathan
13 „ T. K. Divakaran
14 „ K. C. George
15 „ P. Gopalan
16 Sry. K. R. Gouri
17 Shri Joseph Mundassery
18 „ Thalekkare K. Krishnan
19 „ K. S. Krishnan Sastry
20 „ P. K. Kunjachan
21 „ Kuttappan Koickal
22 Shri P. R. Madhavan Pillai
23 „ T. A. Majeed
24 „ Chengarapalli P. Narayanan Potti
25 „ U. Neelakantan
26 „ N. Neelakantaru Pandarathil
27 „ M. P Menon
28 „ R. Prakasam
29 „ N. Raghava Kurup
30 „ P. Ravindran
31 „ C. G. Sadasivan
32 „ R. Sankaranarayanan Thampi
33 „ K. Sattanatha Karayalar
34 „ V. Sridharan
35 „ R. Sugathan
36 Dr. P. K. Sukumaran
37 Shri T. V. Thomas
38 „ C. K. Viswanathan
39 „ Vivekanandan
40 „ P. K. Yasodharan

NEUTRAL—(1)

Shri T. S. Ramaswami.

The motion was passed.

Mr. Speaker: Order, order. The House will now adjourn and meet again at 11 A. M. tomorrow.

The Assembly adjourned at 4-30 p. m. to meet again at 11 a. m. on Tuesday, the 3rd August 1954.

acc: 51593
Proceedings of the Travancore Cochin Legislative Assembly
vol: 11 yea: 1954

p899 Jul 23, 1954-Point of Order

p900 Jul 23, 1954-Questions and Answers

p928 Jul 23, 1954-Public Health-Voting of Demands for Grants

p959 Jul 23, 1954-Agriculture-Voting of Demands for Grants

p979 Jul 24, 1954-Questions and Answers

p1017 Jul 24, 1954-Motion of Condolence

p1017 Jul 24, 1954-Agriculture-Voting of Demands for Grants

p1059 Jul 24, 1954-Community Development-Voting of Demands for Grants

p1078 Appendix

p1085 Jul 26, 1954-Questions and Answers

p1114 Jul 26, 1954-Unstarred Questions

p1115 Jul 26, 1954-Amendments to the Rules of Procedure and Conduct Business

p1116 Jul 26, 1954-Community Development Projects-Voting of Demands for Grants

p1129 Jul 26, 1954-Forest-Voting of Demands for Grants

p1159 Jul 26, 1954-Civil Works-Voting of Demands for Grants

p1177 Appendix

p1199 Jul 27, 1954-Questions and Answers

p1237 Jul 27, 1954-Unstarred Questions

p1242 Jul 27, 1954-Adjournment Motions

p1244 Jul 27, 1954-Civil Works-Voting of Demands for Grants

p1258 Jul 27, 1954-Agricultural Income Tax and Sales tax-Voting of Demands for Grants

p1288 Jul 27, 1954-Land and Revenue-Voting of Demands for Grants

p1301 Appendix

p1303 Jul 28, 1954-Questions and Answers

p1329 Jul 28, 1954-Written Answers

p1342 Jul 28, 1954-Adjournment Motion

p1365 Jul 28, 1954-Excise-Voting of Demands for Grants

p1393 Jul 28, 1954-Stamps-Voting of Demands for Grants

p1402 Jul 28, 1954-Registration-Voting of Demands for Grants

p1402 Jul 28, 1954-Motor Vehicle Act-Voting of Demands for Grants

p1402 Jul 28, 1954-Irrigation-Voting of Demands for Grants

p1402 Jul 28, 1954-State Legislature-Voting of Demands for Grants

p1403 Jul 28, 1954-District Administration and Miscellaneous-Voting of Demands for Grants

p1403 Jul 28, 1954-Administration of Justice-Voting of Demands for Grants

p1403 Jul 28, 1954-Jails-Voting of Demands for Grants

p1403 Jul 28, 1954-Ports-Voting of Demands for Grants

p1403 Jul 28, 1954-Scientific Departments-Voting of Demands for Grants

p1403 Jul 28, 1954-Rural Developments-Voting of Demands for Grants

p1403 Jul 28, 1954-Veterinary-Voting of Demands for Grants

p1403 Jul 28, 1954-Co-operation-Voting of Demands for Grants

p1403 Jul 28, 1954-Electricity-Voting of Demands for Grants

p1404 Appendix

p1423 Jul 30, 1954-Questions and Answers

p1449 Jul 30, 1954-Written Answers

p1457 Jul 30, 1954-Adjournment Motion

p1460 Jul 30, 1954-Travancore and Cochin Appropriation Bill-Legislative Business

p1507 Appendix

p1515 Jul 31, 1954-Questions and Answers

p1548 Jul 31, 1954-Unstarred Questions

p1549 Jul 31, 1954-Unstarred Short Notice Question

p1550 Jul 31, 1954-Adjournment Motion

p1551 Jul 31, 1954-Land Revenue-Demands for Supplementary Grants

p1581 Jul 31, 1954-State Excise Duties-Demands for Supplementary Grants

p1594 Jul 31, 1954-Registration-Demands for Supplementary Grants

p1594 Jul 31, 1954-Charges on Account of Motor Vehicles Act-Demands for Supplementary Grants

p1594 Jul 31, 1954-Administration of Justice-Demands for Supplementary Grants

p1603 Appendix

p1615 Aug 2, 1954-Debate on Motion under Rule Confidence in the Ministry